എ.ഡി. ഒന്നാം നൂറ്റാണ്ടിൽ മലപ്പുറം പ്രദേശം പാലക്കാട്, കോഴിക്കോട് എന്നീ പ്രദേശങ്ങൾ ഉൾപ്പെട്ട നെടുംപുറയൂർ എന്ന ഒറ്റ രാജ്യമായിരുന്നു. നെടുംപുറയൂർ സ്വരൂപത്തിലെ വടമലപ്പുറം, തൊലപ്പുറം എന്നീ സ്ഥലങ്ങളിൽ വടമലപ്പുറമാണ് ഇന്നത്തെ മലപ്പുറമെന്ന് ചരിത്രകാരൻമാർ സംശയം പ്രകടിപ്പിച്ചിട്ടുണ്ട്. വടമലപ്പുറത്തിന്റെയും തൊലപ്പുറത്തിന്റെയും നടുവിൽ നടുവട്ടം എന്ന ഒരു സ്ഥലമുണ്ട് ഈ മൂന്നു പ്രദേശങ്ങളും പാലക്കാട് ജില്ലയിലാണ് എന്നാണ് വില്യം ലോഗൻ രേഖപ്പെടുത്തിയിട്ടുള്ളത്. വടമലപ്പുറം ആണ് ഇന്നത്തെ മലപ്പുറം എന്ന് പരിഗണിക്കുവാൻ കൃത്യമായ തെളിവുകൾ ഒന്നും തന്നെയില്ല.

എ.ഡി. രണ്ടാം നൂറ്റാണ്ടിനു ശേഷം ചേര ചക്രവർത്തിമാരും പിന്നീട് പല്ലവ രാജവംശവും ഈ പ്രദേശം കീഴടക്കി. സംഘ കാലഘട്ടത്തിൽ ഈ ജില്ല ചേരസാമ്രാജ്യത്തിന്റെ ഭാഗമായി രൂപീകരിക്കപ്പെട്ടു. തൃപ്രങ്ങോട് ക്ഷേത്രത്തിലെ ലിഖിതങ്ങളിൽ നിന്നുള്ള തെളിവുകൾ സൂചിപ്പിക്കുന്നത് ചേര സാമ്രാജ്യത്തിലെ ഗോദാവരിയാണ് ഈ പ്രദേശത്തിന്റെ മേൽ ആധിപത്യം സ്ഥാപിച്ചിരുന്നത് എന്നാണ്. ഏറനാടിന്റെ ഭരണാധികാരികൾ സാമൂതിരിയുടെ പൂർവികർ ആയിരുന്നു. പിൽക്കാലത്ത് ചരിത്രത്തിൽ സാമൂതിരിമാരുടെ

പേരുമായി ഇഴചേർന്നാണ് ഈ പ്രദേശത്തിന്റെ ചരിത്രം അറിയപ്പെട്ടത്.

സാമൂതിരി പിന്നീട് പരപ്പനാടും വെട്ടത്തുനാടും (താനൂർ) പിടിച്ചടക്കി. വള്ളുവക്കോനാതിരിയുമായുള്ള യുദ്ധത്തിൽ സാമൂതിരി തന്റെ മേൽക്കോയ്മ സ്ഥാപിക്കുകയും മാമാങ്കത്തിന്റെ അദ്ധ്യക്ഷ പദവി ഏറ്റെടുക്കുകയുമുണ്ടായി. ക്രിസ്തു വർഷം 1400 മാണ്ടോടെ ജില്ലയുടെ മുഴുവൻഭാഗങ്ങളിലും തന്റെ ആധിപത്യം സ്ഥാപിച്ചെടുക്കുകയും ചെയ്തു. 1796-93 കാലഘട്ടത്തിൽ മൈസൂർ സുൽത്താൻ മലബാറിലേക്ക് രാഷ്ട്രീയ അധിനിവേശം നടത്തി. മൈസൂർ സുൽത്താന്റെ ആസ്ഥാനം മഞ്ചേരിയായിരുന്നു. പിന്നീട് 1788 ൽ ടിപ്പു സുൽത്താൻ തന്റെ വലിയ സൈന്യവുമായി എത്തുകയും മലബാറിൽ തന്റെ ആധിപത്യമുറപ്പിച്ച ഫറോക്ക് ആസ്ഥാനമാക്കുകയും ചെയ്തു. 1792 ൽ ശ്രീരംഗപട്ടണം കരാറിൽ ഒപ്പ് വെച്ചതിനെ തുടർന്ന് മൈസൂർ രാജവംശം തകർച്ചയെ നേരിടുകയും മൈസൂറിന്റെ അധീനതയിലായിരുന്ന മലബാറിന്റെ വലിയൊരു ഭാഗം ബ്രിട്ടീഷ് അധീനതയിലായിത്തീരുകയും സാമൂതിരിയെ ഈ മേഖലയുടെ ഭരണത്തിനായി ചുമതലപ്പെടുത്തുകയും ചെയ്തു. 1798 ഒക്ടോബറിൽ ബ്രിട്ടിഷുകാർ സാമൂതിരിയിൽ നിന്നും പൂർണ്ണമായും നിയന്ത്രണം ഏറ്റെടുത്തു. അതിനുശേഷം കളക്ടർമാർ ഇപ്പോഴത്തെ മലപ്പുറം ജില്ലയും ഉൾപ്പെടുന്ന മലബാർ ഭരിച്ചു. സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി നിസ്സഹകരണ പ്രസ്ഥാനവും ഖിലാഫത്ത് പ്രസ്ഥാനവും ജില്ലയിൽ ശക്തി പ്രാപിച്ചു. ബ്രിട്ടീഷ് ഭരണാധികാരികളുടെ ദുർഭരണത്തിന്റേയും അടിച്ചമർത്തലിന്റേയും അനന്തരഫലമാണ് നിസ്സഹകരണ പ്രസ്ഥാനവും ഖിലാഫത്ത് പ്രസ്ഥാനവും. ഖിലാഫത്ത് പ്രസ്ഥാനത്തെ അടിച്ചമർത്താൻ ശ്രമിച്ചതിന്റെ ഫലമായി മലബാറിൽ 1921 ൽ മാപ്പിള ലഹള പൊട്ടിപ്പുറപ്പെട്ടു. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു അദ്ധ്യക്ഷത വഹിച്ച 1928 ലെ പയ്യന്നൂർ കോൺഫറൻസിനെ തുടർന്ന് പ്രചോദനം ഉൾക്കൊണ്ട മലബാറിലെ പ്രവർത്തകർ 1930 ലെ ഉപ്പു സത്യാഗ്രഹത്തിലും പങ്കെടുത്തു. 1934 ൽ ശ്രീ.കൃഷ്ണപിള്ളയുടേയും, ഇ.എം.എസിന്റേയും നേതൃത്വത്തിൽ ഇടതുപക്ഷ പാർട്ടി രൂപീകരിച്ചു.

1942 ൽ നടന്ന ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനത്തിൽ മലബാറിൽ നിന്നും ധാരാളം പ്രവർത്തകർ അണി നിരന്നു. മുസ്ലീം ഭൂരിപക്ഷ പ്രദേശമായ മലബാറിൽ പിന്നീട് സെയ്ത്ത് അബ്ദുൾ റഹ്മാൻ ബാഖഫി തങ്ങൾ, കെ.എം. സീതി സാഹിബ്, സി.എച്ച്. മുഹമ്മദ് കോയ എന്നിവരുടെ നേതൃത്വത്തിൽ കേരള മുസ്ലീം ലീഗ് രൂപം കൊണ്ടു.

സംഘകാലം മലപ്പുറത്തെ സാമൂഹിക-ഭൗമ ചരിത്രവുമായി ഇഴ ചേർന്നിരിക്കുന്നു. ആ കാലത്ത് സമൂഹത്തിൻറെ ഉന്നത സ്ഥാനത്ത് നിലനിന്നിരുന്നവരായിരുന്നു പാണരും, പട്ടരും (ബ്രാഹ്മണർ അല്ല), പറയരും, കുറവരുമൊക്കെ. ഇക്കൂട്ടർ അധിവസിച്ചിരുന്ന ധാരാളം സ്ഥലങ്ങൾ മലപ്പുറം ജില്ലയിൽ ഉണ്ട്. ജില്ലയിലെ പ്രശസ്തമായ തങ്ങൾ തറവാട് ഉൾപ്പെടുന്ന പാണക്കാട് പാണൻമാർ അധിവസിച്ചിരുന്ന പ്രദേശമായിരുന്നു. പട്ടൻമാർ അധിവസിച്ചിരുന്ന പ്രദേശമായിരുന്നു പട്ടർകടവ്. പറയർ, പുലയർ, പാണർ തുടങ്ങിയ സമുദായ നാമങ്ങളുമായി ബന്ധമുള്ള ധാരാളം വീട്ടുപേരുകൾ മലപ്പുറം ജില്ലയിലെ വിവിധ ഭാഗങ്ങളിൽ കണ്ടുവരുന്നു. ഇവയെല്ലാം തമിഴ് സംഘകാല സംസ്കാരവുമായി ബന്ധപ്പെട്ടിരിക്കുന്നു. അരിമ്പ്ര മലയുടെ അടിവാരത്തിലൂടെ മലപ്പുറം വഴി പടിഞ്ഞാറ് ഭാഗത്തേക്ക് ഒരു നടവഴി ഉണ്ടായിരുന്നു. ഒന്നാം ചേര സാമ്രാജ്യത്തിന്റെ തുറമുഖമായിരുന്ന തൊണ്ടി (കടലുണ്ടി) യിലേക്ക് പാലക്കാട് ചുരം കടന്ന് യാത്ര ചെയ്യേണ്ടി വരുമ്പോൾ മലപ്പുറം വഴിയും കടന്നുപോയിരുന്നു. പല പ്രശസ്ത തമിഴ് കവികളും തൊണ്ടിയിലെ രാജാക്കൻമാരെ കണ്ട വിവരം അവരുടെ കവിതകളിൽ എഴുതിയിട്ടുണ്ട്.

പ്രാചീന കാലം തൊട്ടേ മലപ്പുറത്ത് വള്ളുവനാട്, ഏറനാട് എന്നിങ്ങനെ അറിയപ്പെട്ട വിവിധ ജനപഥങ്ങൾ ഉണ്ടായിരുന്നു. മലബാർ ജില്ലയിലെ ഏറ്റവും വിസ്തൃതിയുള്ള താലൂക്ക് ആയിരുന്ന ഏറനാട്. പടിഞ്ഞാറ് അറബിക്കടൽ മുതൽ കിഴക്ക് നീലഗിരി വരെ നീണ്ടു കിടക്കുന്ന ഏറനാട്ടിൽ

കൃഷിപ്പണിയും, പലവിധമായ കൂലിപ്പണികളും, നഗരസ്ഥലങ്ങളിൽ ചില്ലറ വാണിഭവുമായിരുന്ന ജനങ്ങളുടെ പ്രധാന ജീവിത മാർഗ്ഗം.

എ.ഡി. ന്യറാം ആണ്ടിൽ രാജാവായിരുന്ന ഭാസ്കര രവിവർമ്മൻ, ജൂത വ്യാപാരിയായ ജോസഫ് റബ്ബാൻ ഒരു പട്ടയം എഴുതികൊടുത്തു. ഇത് ചരിത്രത്തിൽ ജൂതപട്ടയം എന്നറിയപ്പെടുന്നു. ഇതിൽ സാക്ഷികളായ പല നാടുവാഴികളുടെ കൂട്ടത്തിൽ ഏറനാട് ഉടയവർ എന്നു കാണാം. അദ്ദേഹത്തിന്റെ പേര് മാനവേലപ്പമാനവീയൻ എന്നാണ്. അന്ന് ഏറനാട്ടിൽ ശക്തമായ ഒരു രാജഭരണം നിലനിന്നിരുന്നുവെന്ന് ഈ ചരിത്ര വസ്തുതകളിൽ നിന്നും മനസ്സിലാക്കാം. അന്നത്തെ ഏറനാട് ഇന്നത്തെ നിലമ്പൂർ, കൊണ്ടോട്ടി, തിരൂർ, മഞ്ചേരി എന്നീ താലൂക്കുകൾ അടങ്ങിയതാണ്.

വള്ളുവ ജാതിയിൽപ്പെട്ടവരുടെ ആധിപത്യം മൂലമാണ് വള്ളുവനാട് എന്ന ദേശനാമം രൂപം കൊണ്ടത്. വള്ളുവനാടിന്റെ വാണിജ്യ സിരാകേന്ദ്രമായിരുന്ന അങ്ങാടിപ്പുറം. ഇന്നും പഴമക്കാർ വെള്ളാട്ടങ്ങാടി എന്നാണ് ഈ പ്രദേശത്തെ വിളിക്കുന്നത്. ചരിത്രമുറങ്ങുന്ന തിരുമാന്ധാംകുന്ന് ക്ഷേത്രവും, ചാവേർതറയും, തളിയും, കോട്ടപ്പറമ്പും, അൽപാകുളവും, ചാവേർക്കാട്ടും അങ്ങാടിപ്പുറം പഞ്ചായത്തിലാണ്. പന്ത്രണ്ട് വർഷത്തിലൊരിക്കൽ തിരുന്നാവായ മണൽപ്പുറത്ത് നടത്തിയിരുന്ന ചരിത്ര പ്രസിദ്ധമായ മാമാങ്കത്തിന്റെ അധീശത്വം വള്ളുവക്കോനാതിരിക്ക് ആയിരുന്നു. പിന്നീട് പതിമൂന്നാം ന്യറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ വള്ളുവക്കോനാതിരിയെ ശിരച്ഛേദം ചെയ്ത് സാമൂതിരിയുടെ പടയാളികൾ ആ സ്ഥാനം കരസ്ഥമാക്കി. എണ്ണൂറ് വർഷത്തോളം സാമൂതിരിയുടെ ഭരണത്തിൻകീഴിലായിരുന്ന മലപ്പുറം.

ചേര സാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന മലപ്പുറത്തിന്റെ പടിഞ്ഞാറെ തീരങ്ങളിൽ റോമിൽ നിന്നും, ചൈനയിൽ നിന്നും, അറേബ്യയിൽ നിന്നും ഉള്ള കപ്പലുകൾ നങ്കൂരമിട്ടിരുന്നു. മലപ്പുറം ജില്ലയിലെ ഒരേയൊരു തുറമുഖമായ പൊന്നാനിയ്ക്ക് ഏറെ ചരിത്ര പ്രാധാന്യമുണ്ട്. എ.ഡി. മൂന്നാം ന്യറ്റാണ്ടിൽ എഴുതപ്പെട്ട 'എരിത്രിയൻ കടലിലെ പെരിപ്ലസ്' എന്ന ഗ്രീക്ക് ഗ്രന്ഥത്തിൽ പരാമർശിക്കപ്പെടുന്ന 'തിണ്ടിസ് 'എന്ന തുറമുഖ നഗരം പൊന്നാനിയാണെന്ന് പ്രമുഖ ചരിത്ര കാരൻമാർ അവകാശപ്പെടുന്നു.

പതിനഞ്ചാം ന്യറ്റാണ്ടിൽ വാസ്കോഡ ഗാമയുടെ കപ്പലോട്ടങ്ങളുടെ ഗതി മലബാർ തീരങ്ങളിലേക്ക് തിരിച്ചത് കേരള ചരിത്രത്തിലെ കറുത്ത അദ്ധ്യായങ്ങളിൽ ഒന്നാണ്. സാമൂതിരിയുടെ നാവികപ്പടയുടെ മേധാവിയായ കുഞ്ഞാലി മരക്കാരുടെ നേതൃത്വത്തിൽ പോർച്ചുഗീസുകാർക്കെതിരെ നടന്ന ധീരമായ യുദ്ധത്തിൽ ആശയപരമായ നേതൃത്വം നൽകിയത് മലപ്പുറം ജില്ലയിലെ തീര നഗരമായ 'കേരളത്തിന്റെ മക്ക' എന്നിയപ്പെടുന്ന പൊന്നാനിയാണ്. പോർച്ചുഗീസ്-ഡച്ച് ഏറ്റുമുട്ടലിൽ പരാജയപ്പെട്ടതിനെ തുടർന്ന് ശത്രുക്കളിൽ നിന്ന് രക്ഷ നേടാൻ കുഞ്ഞാലി മരയ്ക്കാരുടെ ഭടൻമാർ കടലോരങ്ങളിൽ നിന്നൊഴിഞ്ഞ് ഉൾപ്രദേശങ്ങളിൽ താമസം ആരംഭിച്ചു. ഇവിടങ്ങളിൽ ആണ് പിന്നീട് വ്യാപകമായ മുസ്ലീം കുടിയേറ്റം ഉണ്ടായത്.

പതിനെട്ടാം ന്യറ്റാണ്ടിന്റെ മദ്ധ്യത്തോടുകൂടി മലപ്പുറം മൈസൂർ സുൽത്താൻമാരുടെ അധീനതയിലായി. ടിപ്പുവിന്റെ പടയോട്ടകാലത്ത് നിർമ്മിക്കപ്പെട്ട ആദ്യത്തെ ഗതാഗത പാതയാണ് ഇന്നത്തെ കോഴിക്കോട് പാലക്കാട് ദേശീയപാത. ടിപ്പുസുൽത്താൻ വെട്ടിയ റോഡുകളിലൂടെയാണ് ഇന്നും മലപ്പുറത്തിന്റെ യാത്രകൾ തുടരുന്നത്. ടിപ്പു വരച്ചിട്ട അതിരുകളും, അളവുകളുമായാണ് ഇന്നും മലപ്പുറം ജില്ല രേഖപ്പെട്ടു കിടക്കുന്നത്. 1792 ലെ ശ്രീരംഗപട്ടണം ഉടമ്പടിയെ തുടർന്ന് മലപ്പുറത്തിന്റെ ചുവന്ന മണ്ണ് തേടി വന്നത് ബ്രിട്ടീഷുകാരാണ്. ഹരിതഭംഗി നിറഞ്ഞ ഈ താഴ്വാരം തങ്ങളുടെ വിശ്രമ മന്ദിരങ്ങൾ പണിത് അവർ സ്വന്തമാക്കി. ഇവിടുത്തെ വനവിഭവങ്ങൾ സ്വന്തം നാട്ടിലേക്ക് കടത്തി, ഇവിടുത്തെ സംസ്കാരത്തെയും, സ്വസ്ഥ ജീവിതത്തേയും വ്രണപ്പെടുത്തി. അതോടെ മലപ്പുറത്തിന്റെ പോരാട്ട വീര്യം വീണ്ടും ഉണർന്നു.

1800 കളിൽ ആണ് മദ്രാസ് സംസ്ഥാനത്തിലെ ഒരു ജില്ലയായ ഈ പ്രദേശം ഉൾപ്പെടുന്ന മലബാർ നിലവിൽ വന്നത്. 1919 ലെ മൊണ്ടേഗു ചെംസ്ഫോർഡ് ഭരണ പരിഷ്കാരങ്ങൾക്ക് എതിരായി 1920 ഏപ്രിൽ 28-ന മഞ്ചേരിയിൽ വെച്ചു നടന്ന രാഷ്ട്രീയ സമ്മേളനം മലബാറിന്റെ സ്വാതന്ത്ര്യ സമര ചരിത്രത്തിലെ തിളങ്ങുന്ന അദ്ധ്യായമാണ്. ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്നായി 1300-ഓളം പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു.

പതിനെട്ടാം നൂറ്റാണ്ടിന്റെ പകുതി മുതൽ 1921 വരെ നീണ്ടു നിന്ന മാപ്പിള പോരാട്ടങ്ങളുടെ ദീർഘ ചരിത്രം മലപ്പുറത്തിന്റെ അധിനിവേശ വിരുദ്ധ സമരങ്ങളുടെ നാൾവഴികളാണ്. വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയും, ആലി മുസ്ലിയാരും, കെ.മാധവൻനായരും, മുഹമ്മദ് അബ്ദുറഹിമാൻ സാഹിബും ഈ മണ്ണിൽ സ്വാതന്ത്ര്യ സമരത്തിന്റെ ആവേശം വിതച്ചവരാണ്. കോട്ടക്കുന്നിന്റെ മലഞ്ചെരുവിൽ വെച്ചാണ് വാരിയം കുന്നത്ത് കുഞ്ഞഹമ്മദ് ഹാജി അടക്കമുള്ള മാപ്പിള പോരാളികളെ ബ്രിട്ടീഷ് സൈന്യം വെടി വെച്ചു കൊന്നത്.

ബ്രിട്ടീഷ് ഭരണത്തിന്റെയും, ജാതി നാടുവാഴിത്തത്തിന്റെയും കരാള ഹസ്തങ്ങളിൽ പെട്ട് സഹികെട്ട മലബാറിലെ ജനത ഒറ്റക്കെട്ടായി തിരിച്ചടിച്ച വിപ്ലവപരമ്പരകളാണ് 1921 ലെ മലബാർ കലാപത്തിൽ (മാപ്പിള ലഹളയിൽ) കലാശിച്ചത്. പ്രസ്തുത കർഷക സമരം ഒറ്റപ്പെട്ട ചില സാമൂഹ്യദ്രോഹികൾ അവസാനഘട്ടത്തിൽ വഴിതെറ്റിക്കുകയായിരുന്നുവെന്ന് ചില ചരിത്രകാരൻമാർ വിലയിരുത്തിയിട്ടുണ്ട്. മലപ്പുറം, തിരുരങ്ങാടി, മഞ്ചേരി, പെരിന്തൽമണ്ണ, പാണ്ടിക്കാട്, തിരൂർ, പൂക്കോട്ടൂർ, തുടങ്ങിയ സ്ഥലങ്ങളിലായിരുന്നു കലാപത്തിന്റെ പ്രഭവ കേന്ദ്രങ്ങൾ. കലാപത്തിനു നേതൃത്വം നൽകിയവരിൽ വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി, സീതിക്കോയ തങ്ങൾ, ആലി മുസ്ല്യാർ തുടങ്ങിയവരായിരുന്നു പ്രമുഖർ. ജാലിയൻവാലാബാഗ് കൂട്ടക്കൊല കഴിഞ്ഞാൽ അത്യന്തം നിർദയവും ഭീകരവുമായ കൂട്ടക്കൊല ആയിരുന്നു മലബാർ കലാപത്തിനോടനുബന്ധിച്ച് നടന്ന വാഗൺ ട്രാജഡി. ഇതിന്റെ കുറ്റ ഓർമ്മയടയാളമായി തിരൂരിൽ ഒരു സ്മാരകം നിലവിലുണ്ട്. മലബാർ കലാപം അടിച്ചമർത്താൻ ബ്രിട്ടീഷുകാർ രൂപീകരിച്ച പോലീസ് സേനയാണ് മലബാർ സ്പെഷ്യൽ പോലീസ് (എംഎസ്പി). 1930 ലെ ഉപ്പു സത്യാഗ്രഹത്തിലും 1942 ലെ ക്വിറ്റ്-ഇന്ത്യാ പ്രക്ഷോഭത്തിലും മലപ്പുറത്തെ ധീര ദേശാഭിമാനികൾ പങ്കെടുക്കുകയും, ദീർഘകാലം ജയിൽവാസം അനുഭവിക്കുകയും ചെയ്തു. 1947 ആഗസ്റ്റ് 15 ന് സ്വതന്ത്രയായ നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യ സമര ചരിത്രത്തിൽ മലപ്പുറത്തെ സമര പോരാളികൾക്ക് യഥാർത്ഥത്തിൽ വലിയ ഒരു സ്ഥാനമാണുള്ളത്.

1956 നവംബർ-1 ലെ കേരള പിറവിക്ക് ശേഷം മദിരാശി സംസ്ഥാനത്തിലെ പ്രമുഖ ജില്ലയായിരുന്ന മലബാർ കണ്ണൂർ, കോഴിക്കോട്, പാലക്കാട് എന്നീ 3 ജില്ലകളായി വിഭജിക്കപ്പെട്ടു. അതിൽ കോഴിക്കോട് ജില്ലയിലെ ഏറനാട് താലൂക്കും, തിരൂർ താലൂക്കും പാലക്കാട് ജില്ലയിലെ പൊന്നാനി, പെരിന്തൽമണ്ണ താലൂക്കിലെ ഭൂരിഭാഗം വരുന്ന പ്രദേശങ്ങളും കൂട്ടിച്ചേർത്തുകൊണ്ടാണ് 1969 ജൂൺ 16 ന് മലപ്പുറം ജില്ല രൂപീകരിച്ചത്.

1.1 – കലാ-കായിക-സാംസ്കാരിക ചരിത്രം

കേരളത്തിലെ കലാ-കായിക-സാംസ്കാരിക-രാഷ്ട്രീയ മേഖലകളിൽ ഉദാത്തമായ സംഭാവനകൾ നൽകിയ നാടാണ് മലപ്പുറം. കിളിപ്പാട്ടു പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവും, ഭാഷാ പിതാവുമായ തുഞ്ചത്ത് രാമാനുജൻഎഴുത്തച്ഛൻ ജൻമം കൊണ്ടത് മലപ്പുറം ജില്ലയിലെ തിരുരിനടുത്തുള്ള തുഞ്ചൻപറമ്പ് എന്ന ഗ്രാമത്തിലാണ്. വരേണ്യർക്കു മാത്രം പ്രാപ്തമായിരുന്ന മതവിശ്വാസത്തെയും, മോക്ഷ ചിന്തയേയും കണ്ടാൽ അറയ്ക്കുന്നവനും, തൊട്ടാൽ തീണ്ടുന്നവനും അധ:സ്ഥിതർക്കും കൂടി അവകാശമാക്കി തീർക്കാൻ സരളവും സുതാര്യവുമായ ഭാഷ ആവിഷ്കരിച്ച മഹാപുരുഷൻകൂടിയായിരുന്നു എഴുത്തച്ഛൻ. മലയാള ഭാഷയെ കൂടുതൽ അടുത്തറിയാനും, ഗവേഷണങ്ങൾ നടത്തുവാനും ഉതകുന്ന രീതിയിൽ സ്ഥാപിതമായ മലയാള സർവ്വകലാശാല സ്ഥിതി ചെയ്യുന്നതും തിരൂരിൽ ആണ്.

തുഞ്ചന്റെ മണ്ണ് കേവലം ഭാഷയുടെ വിതാനത്തിൽ മാത്രം ഒതുങ്ങുന്നില്ല. ഒരുപിടി ലോകോത്തര ഗണിത ശാസ്ത്രജ്ഞൻമാരുടെ ജൻമഭൂമി കൂടിയാണ് ഇവിടം. ഐസക് ന്യൂട്ടന് ഒന്നര നൂറ്റാണ്ട് മുൻപു തന്നെ 'ഇൻഫിനിറ്റി സീരീസ്' രചിച്ച സംഗ്രാമ മാധവന്റെ പിൻമുറക്കാരായ നീലകണ്ഠ സോമയാജി, അച്ചുത പിഷാടരി, ജ്യേഷ്ഠ ദേവൻ എന്നിവർ അവരിൽ പ്രമുഖരാണ്. വൈജ്ഞാനികരംഗത്ത് (കേരളാ സ്കൂൾ ഓഫ് മാത്തമാറ്റിക്സ്) എന്ന ലോക പ്രശസ്തി നേടിയ ചിന്താസരണിയുടെ വേരുകൾ മലപ്പുറം ജില്ലയിലെ തിരൂരാണെന്ന് അറിയുന്നത് കൗതുകകരമാണ്. മലപ്പുറത്തിന്റെ ഗണിത വിജ്ഞാനം പ്രകാശ വർഷങ്ങൾ താണ്ടുകയാണ്.

'ജ്ഞാനപ്പാന' രചിച്ച ഭക്തകവി പൂന്താനം നമ്പൂതിരിയും, 'നാരായണീയം' രചിച്ച മേൽപ്പത്തൂർ നാരായണ ഭട്ടതിരിപ്പാടും ജൻമം കൊണ്ടത് മലപ്പുറത്തിൻറെ മണ്ണിലാണ്. ആധുനിക കവിത്രയങ്ങളിലെ തിളങ്ങുന്ന നക്ഷത്രം വള്ളത്തോൾ നാരായണമേനോന്റെ ജൻമഗൃഹം പൊന്നാനിക്കടുത്താണ്. പട്ടാള കഥകളിലൂടെ പ്രശസ്തനായ നന്തനാർ, വള്ളുവനാടൻ കാർഷിക സംസ്കൃതിയുടെ നേരനുഭവങ്ങളെ സാഹിത്യത്തിലേക്ക പകർത്തിയ ചെറുകാട്, കഥകളി ആചാര്യനായിരുന്ന പത്മശ്രീ വാഴേങ്കട കുഞ്ചുനായർ, സ്വാതന്ത്ര്യ സമര സേനാനികളായ എം.പി. നാരായണ മേനോൻ, കട്ടിലശ്ശേരി മുഹമ്മദ് മുസ്ല്യാർ, നാലമ്പലങ്ങളിൽ ഒതുങ്ങി നിന്നിരുന്ന സോപാന സംഗീതത്തെ ജനമധ്യത്തിൽ എത്തിച്ച ലോക പ്രശസ്ത സോപാന സംഗീതജ്ഞൻ ഞരളത്ത് രാമപ്പൊതുവാൾ തുടങ്ങിയവരുടെ കർമ്മ മണ്ഡലം പെരിന്തൽമണ്ണ ആയിരുന്നു.

ആധുനിക കേരളത്തിന്റെ ഉപജ്ഞാതാവ് എന്നറിയപ്പെടുന്ന ഇ.എം.എസ്. നമ്പൂതിരിപ്പാട് ജനിച്ചു വളർന്ന ഏലംകുളം മന ചരിത്രസാക്ഷിയായി ഇന്നും നിളാ തീരത്ത് നിലകൊള്ളുന്നു. ഏഷ്യയിൽ ആദ്യമായി ബാലറ്റ് പേപ്പറിലൂടെ കേരളത്തിൽ അധികാരത്തിലേറിയ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയുടെ അമരക്കാരനായിരുന്നു ഇ.എം.എസ്.

കേരള നാടക ചരിത്രത്തിലെ അതുല്യ പുരുഷനായ കെ.ടി. മുഹമ്മദ് മഞ്ചേരി സ്വദേശിയാണ്. അദ്ദേഹം രചിച്ച 'ജ്ജ് നല്ല മൻസനാവാൻ നോക്ക്" എന്ന നാടകത്തിലെ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിച്ച നിലമ്പൂർ ആയിഷയും, നിലമ്പൂർ ബാലനും മലപ്പുറത്തിന്റെ സാമൂഹിക നവോത്ഥാനത്തിനു വഴി തെളിയിച്ചവരാണ്.

സ്വാതന്ത്ര്യ സമര സേനാനിയും, മാതൃഭൂമി പത്രത്തിൻറെ സ്ഥാപക പത്രാധിപരുമായ കെ.മാധവൻനായരുടെയും, മലബാർ കലാപത്തിന്റെ അമരക്കാരൻആയിരുന്ന വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയുടെയും ജൻമഭൂമി മഞ്ചേരി ആണ്.

പ്രണയവും, വൈദ്യവും സമന്വയിപ്പിച്ച മാപ്പിളപ്പാട്ട പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായ മഹാകവി മോയിൻകുട്ടി വൈദ്യർ കൊണ്ടോട്ടിയിൽ ആണ് ജനിച്ചത്. കൊണ്ടോട്ടി വലിയ തങ്ങളുടെ മഖ് ബറയായ കോണ്ടോട്ടി ഖുബ്ബയിലെ ആയത്തുൽ ഖുർസിയ്യ് ആലേഖനം ചെയ്ത ശിലാലിഖിതം നൂറ്റാണ്ടുകൾ പിന്നിട്ട വിശിഷ്ടമായ ഒരു ചരിത്ര രേഖയാണ്. അറേബ്യൻ- പേർഷ്യൻ വാസ്തു വിദ്യയിൽ കേരളത്തിലെ ആദ്യ നിർമ്മിതിയാണ് ഇത്.

കേരളത്തിലെ ഏറ്റവും പുരാതന ക്ഷേത്രങ്ങളിൽ ഒന്നായ കേരളാധീശ്വര പുരക്ഷേത്രം കാര്യമായ കേടുപാടുകൾ ഒന്നും കൂടാതെ ഇന്നും ജില്ലയിൽ നിലനിൽക്കുന്നു. നീണ്ടകാലം മധ്യകേരളത്തിലെ 32 നമ്പൂതിരി ഗ്രാമങ്ങളുടെ അധിപനായിരുന്ന ആഴ് വാഞ്ചേരി തമ്പ്രാക്കളുടെ മന ചരിത്ര പ്രസിദ്ധമാണ്.

1902 ൽ വൈദ്യരത്നം പി.എസ്. വാരിയർ സ്ഥാപിച്ച കോട്ടക്കൽ ആര്യവൈദ്യശാലയാണ് വൈദ്യ ശാസ്ത്ര ലോകത്തിനു ആയുർവേദത്തിന്റെ മഹത്വം മനസ്സിലാക്കികൊടുക്കുന്നതിൽ

നിർണ്ണായക പങ്കു വഹിച്ചത്. ആരോഗ്യ വിനോദ സഞ്ചാര ഭൂപടത്തിൽ കേരളത്തിന് പ്രമുഖ സ്ഥാനം നേടികൊടുത്തതും ആര്യവൈദ്യശാലയാണ്. നാടകം പഠിക്കുവാനും കളിക്കുവാനുമായി ആര്യവൈദ്യശാലക്കു കീഴിൽ രൂപീകരിച്ച 'പി.എസ്.വി. നാട്യ സംഘം' ഇന്ന് അറിയപ്പെടുന്ന കഥകളി പഠന കേന്ദ്രമാണ്. കോട്ടക്കൽ കോവിലകത്തു വെച്ചാണ് 'കേരള വ്യാസൻ' എന്നറിയപ്പെടുന്ന കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ 'മഹാഭാരതം' മലയാളത്തിലേക്ക് തർജ്ജമ ചെയ്യുന്നത്.

പരപ്പനങ്ങാടി കോടതിയിൽ ജഡ്ജി ആയിരുന്ന കാലത്താണ് ഒ.ചന്തുമേനോൻ മലയാളത്തിലെ ആദ്യത്തെ ലക്ഷണമൊത്ത നോവലായ 'ഇന്ദുലേഖ' രചിക്കുന്നത്. ശൈഖ് സൈനുദ്ദീൻ മഖ്ദൂം രണ്ടാമൻ രചിച്ച വിശ്വപ്രസിദ്ധമായ 'ഇഹ്ഹത്തുൽ മുജാഹിദീൻ' ആണ് നമ്മുടെ ദേശത്തിന്റെ എഴുതപ്പെട്ട ആദ്യ ചരിത്ര കൃതി.

കാർഷിക സംസ്കാരത്തിൻറെ ഈരടികൾ രചിച്ച ഇടശ്ശേരി, സ്വാതന്ത്ര്യ സമരസേനാനി ഇ.കെ.ഇമ്പിച്ചിബാവ, ചരിത്രകാരൻ കെ.പി.എസ്. പണിക്കർ, പത്മിനി, സാഹിത്യകാരൻ ഉറൂബ്, നോവലിസ്റ്റ് സി.രാധാകൃഷ്ണൻ, ആർടിസ്റ്റ് നമ്പൂതിരി, കമ്മ്യൂണിസ്റ്റ് ചിന്തകനും ചരിത്ര പണ്ഡിതനുമായ കെ.ദാമോദരൻ, സാഹിത്യകാരൻ എൻ.പി.മുഹമ്മദ്, ചരിത്രകാരൻമാരും ചിന്തകരുമായ ഡോ.ഗംഗാധരൻ, എം.ജി. എസ് നാരായണൻ എന്നിവർ മലപ്പുറത്തെ പൊന്നാനി മണ്ണിന്റെ മക്കളാണ്.

'ഒരു വിലാപം' എന്ന കൃതിയിലൂടെ പ്രശസ്തനായ വി.സി. ബാലകൃഷ്ണപ്പണിക്കർ, വിശ്രുത ഖുർആൻ ആദ്യമായി മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയ സി.എൻ.അഹമ്മദ് മൗലവി, വിശ്വ പ്രശസ്ത മജീഷ്യൻ ഗോപിനാഥ് മുതുകാട്, ആർ.കെ.മലയത്ത്, മജീഷ്യൻ സാമ്രാജ്, കവി കുറ്റിപ്പുറം കേശവൻനായർ, കവിയും ചിന്തകനുമായ എം.ഗോവിന്ദൻ, കേരള ഗാന്ധി കെ. കേളപ്പൻ, ചലച്ചിത്ര ഛായാഗ്രാഹകൻ മങ്കട രവിവർമ്മ, മുൻ വിദേശകാര്യ സെക്രട്ടറി നിരുപമ റാവു, സിവിൽ സർവ്വീസ് രംഗത്ത് പ്രശസ്തരായ ടി.വി അനുപമ, മുഹമ്മദലി ശിഹാബ് തുടങ്ങി ഒട്ടനവധി പ്രമുഖ വ്യക്തിത്വങ്ങളുടെ ജൻമഭൂമിയാണ് മലപ്പുറം.

കേരളത്തിന്റെ 'സോക്കർ ക്യാപിറ്റൽ' എന്നറിയപ്പെടുന്ന ജില്ലയാണ് മലപ്പുറം. കാൽപ്പന്തുകളിയെ തങ്ങളുടെ നെഞ്ചോടു ചേർത്തു വയ്ക്കുന്നവരാണ് ഇവിടത്തുകാർ. ബ്രിട്ടീഷുകാരോട് നഗ്നപാദരായി കോട്ടപ്പടി മൈതാനത്ത് ഫുട്ബാൾ യുദ്ധം നടത്തിയവരാണ് മലപ്പുറത്തിന്റെ ചുണക്കുട്ടികൾ. ഈ മൈതാനത്ത് കളിച്ചു വളർന്ന ഇരുമ്പൻ മൊയ്തീൻ, ഇന്ത്യയെയും പാക്കിസ്ഥാനെയും പ്രതിനിധീകരിച്ച് ഫുട്ബാൾ കളിച്ചിരുന്നു. മൊയ്തീൻകുട്ടി, മലപ്പുറം അസീസ്, എം.ആർ.സി. ചേക്കു, അലി അക്ബർ, മഞ്ഞക്കണ്ടൻ അബൂബക്കർ തുടങ്ങി അനസ് എടത്തൊടിക വരെ എത്തിനിൽക്കുന്നുണ്ട് മലപ്പുറത്തിന്റെ പാരമ്പര്യം. കാൽപ്പന്തു കളിക്കു പുറമെ ലോക ഡ്വാർഫ് ഒളിമ്പിക്സിൽ വിജയിയായ ആകാശ് മാധവൻ, ഒളിമ്പ്യൻപി.ടി. ഇർഫാൻ എന്നിവർ ലോക കായിക രംഗത്ത് കേരളത്തിന്റെ പാദമുദ്ര പതിപ്പിച്ചവരാണ്.

ആരാധനാലയങ്ങൾ ഒട്ടനവധി ഉണ്ടെങ്കിലും മതമൈത്രിയുടെ കാര്യത്തിൽ മാതൃകയാണ് മലപ്പുറം. ഉയർന്ന സാംസ്കാരിക ബോധവും കറകളഞ്ഞ മത സൗഹാർദ്ദവും ഇന്നാട്ടുകാരുടെ സവിശേഷതയാണ്. ഉച്ചഭാഷിണി ഉണ്ടായിരുന്നിട്ടും പെരിന്തൽമണ്ണ ജുമാ മസ്ജിദിൽ നോമ്പുതുറ സമയം നാട്ടുകാർ അറിഞ്ഞിരുന്നത് ഹൈന്ദവ സഹോദരനായ പരിയാണിയുടെ കതിന വെടിയൊച്ചയിലൂടെ ആയിരുന്നു. ഒരേ മതിൽകെട്ടിനകത്ത് സ്ഥിതി ചെയ്യുന്ന അങ്ങാടിപ്പുറം തളി മഹാദേവ ക്ഷേത്രവും, പള്ളിയും മതമൈത്രിയുടെ മകുടോദാഹരണങ്ങളായി ജില്ലയിൽ തല ഉയർന്നു നിൽക്കുന്നു.

1.2 – വികസന ചരിത്രം

1969 ജൂൺ 16 ന് രൂപീകൃതമായ മലപ്പുറം ജില്ല വിവിധ മേഖലകളിൽ ഇതേ വരെ ജനസംഖ്യാനുപാതികമായ പുരോഗതി കൈവരിച്ചിട്ടില്ലായെങ്കിലും താരതമ്യേന ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ടെന്ന് കാണാൻകഴിയും. പ്രധാനമായി ഗൾഫ് മേഖലയിലേക്കുള്ള ജനങ്ങളുടെ കുടിയേറ്റം ഈ പുരോഗതിക്ക് ആക്കം കൂട്ടി. നേട്ടങ്ങളുടെ പട്ടിക ഒട്ടനവധിയുണ്ടെങ്കിലും ജനസംഖ്യക്ക് ആനുപാതികമായ അടിസ്ഥാന സൗകര്യ വികസനത്തിന്റെ കാര്യത്തിൽ ജില്ലയ്ക്ക് ഇനിയും മുന്നേറാനുണ്ട് എന്ന് നാം വിസമരിച്ചുകൂടാ. ജനസംഖ്യാടിസ്ഥാനത്തിലും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണത്തിലും സംസ്ഥാനത്തിൽ ഒന്നാമതാണെങ്കിലും അതിനനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ എല്ലാ മേഖലകളിലും ഊന്നൽ നൽകികൊണ്ടുള്ള ഒരു വികസനം അനിവാര്യമാണ്.

1.3 – സാമൂഹിക സാമ്പത്തിക സാഹചര്യം

1. 1958 നു ശേഷം നിലവിൽ വന്ന കേരളത്തിലെ ഭൂനിയമങ്ങൾ പാട്ടക്കാരെ ഭൂവുടമകളാക്കിയെങ്കിലും മലപ്പുറത്തെ കൃഷിയുടെ ഉത്പാദനക്ഷമത വർദ്ധിച്ചില്ല.
2. മലപ്പുറം ജില്ലയിൽ വാണിജ്യ മേഖലകളിൽ പരമ്പരാഗത വ്യവസായങ്ങൾ കുറവായിരുന്നു. ഉണ്ടായിരുന്നവ മുരടിക്കുകയോ നശിക്കുകയോ ആണ് ചെയ്തത്. വ്യവസായ മേഖലയിൽ വേണ്ട രീതിയിൽ വികസനം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ആധുനിക വ്യവസായ സംരംഭങ്ങൾ വരേണ്ടതുണ്ട്.
3. മലപ്പുറത്തെ സമ്പദ്ഘടന ഗൾഫ് പണത്തെ ആശ്രയിച്ചാണ് നിൽക്കുന്നത്. ഈ മേഖലയിൽ ഉണ്ടാകുന്ന തിരിച്ചുവരവ് താങ്ങിനിർത്താനുള്ള കഴിവ് സമ്പദ്ഘടനക്കില്ല.
4. വർദ്ധിച്ചുവരുന്ന ജനസംഖ്യ വളർച്ച നിരക്ക്, അഭ്യസ്തവിദ്യരുടെ എണ്ണംകൂടുതൽ എന്നിവ കണക്കിലെടുക്കുമ്പോൾ കാർഷിക മാന്ദ്യത്തെ മറികടന്ന് കാർഷികോത്പാദനം വൻതോതിൽ വർദ്ധിപ്പിക്കുകയും പുതിയ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങേണ്ടതും, പ്രാദേശികതലത്തിൽ ഉപജീവന സാദ്ധ്യതകൾ കണ്ടെത്തേണ്ടതുമുണ്ട്.

2 – കുടിയേറ്റങ്ങൾ

തിരുവിതാംകൂറിൽ നിന്നും ഏറനാട്, വള്ളുവനാട് രാജാക്കന്മാരുടെ പെരുമയും മാമാങ്കത്തിന്റേയും മലബാർ കലാപത്തിന്റെയും ദുരന്ത സ്മൃതികളും അയവിറക്കുന്ന മലപ്പുറത്തിന്റെ മണ്ണിലേക്ക് അദ്ധ്വാനശാലികളായ കർഷകർ 1942 മുതലാണ് കുടിയേറ്റം നടത്തിയതെന്ന് ചരിത്ര ഗ്രന്ഥങ്ങളിലൂടെ നമുക്ക് മനസ്സിലാക്കാം.

1943 മുതൽ കരുവാരക്കുണ്ട്, കൽക്കുണ്ട്, ചോക്കാട്, കാളികാവ്, നിലമ്പൂർ, എടക്കര, പോത്തുകല്ല്, ചുങ്കത്തറ, അടക്കാക്കുണ്ട്, തുവ്വൂർ എന്നീ മലയോര പ്രദേശങ്ങളിലാണ് ജില്ലയിലെ കുടിയേറ്റങ്ങൾ ആരംഭിച്ചത്. അന്നു നടത്തിയ കർഷക കുടിയേറ്റങ്ങൾ 1960 വരെയും, പിന്നീടങ്ങോട്ട് ക്രമാനുഗതമായും നടന്നുപോന്നു. 1947 ന്റെ അവസാനത്തോടെ നെന്മേനി, പന്തല്ലൂർ എന്നീ പ്രദേശങ്ങളിലും കുടിയേറ്റം നടന്നിരുന്നു.

1947-ന്റെ അവസാനത്തോടെ നെന്മേനി, പന്തല്ലൂർ എന്നീ പ്രദേശങ്ങളിലും കരുവാരക്കുണ്ട്, കൽക്കുങ്ങ്, ചോക്കാട്, കാളികാവ്, നിലമ്പൂർ, എടക്കര, പോത്തുകല്ല്, ചുങ്കത്തറ, അടയ്ക്കാകുണ്ട് കാളികാവ്, തുവ്വൂർ എന്നീ മലയോര പ്രദേശങ്ങളിൽ 1943 മുതൽ തുടങ്ങിയ കുടിയേറ്റങ്ങൾ 1960 വരേയും പിന്നീടങ്ങോട്ട് ക്രമാനുഗതമായും കർഷക കുടിയേറ്റങ്ങൾ നടന്നു.

1948-ലാണ് അങ്ങാടിപ്പുറത്തിനടുത്തുള്ള പരിയാപുരത്തും കുടിയേറ്റം ആരംഭിച്ചു. ക്രൈസ്തവ വിശ്വാസികളായ കുടിയേറ്റക്കാരുടെ ആഗമനത്തോടെ ആ സ്ഥലം മരിയാപുരം എന്നറിയപ്പെടാൻ തുടങ്ങി. 1951-ൽ മാലാപറമ്പിലും കുടിയേറ്റം ആരംഭിച്ചു. തുടർന്ന് ഊരകം, മഞ്ചേരി, പയ്യനാട്, ക്ഷമംകുളം എന്നീ സ്ഥലങ്ങളിൽ 1950 കൾ മുതൽ അദ്ധ്വാനശീലരായ കർഷകർ ഭൂവുടമകളിൽ നിന്നും ഭൂമി വാങ്ങി കൃഷിയോടൊപ്പം തന്നെ വാസവും തുടങ്ങി.

ജില്ലയുടെ പടിഞ്ഞാറൻ മേഖലകളായ തിരൂർ, കുറ്റിപ്പുറം, പരപ്പനങ്ങാടി, കോട്ടയ്ക്കൽ എന്നീ സ്ഥലങ്ങളിലും ജോലിക്കും വ്യാപാരത്തിനുമായി എത്തിയ തിരുവിതാംകൂർ വാസികൾ കുടിയേറ്റങ്ങൾ നടത്തിയിട്ടുണ്ട്.

കുടിയേറ്റങ്ങൾ മലപ്പുറം ജില്ലയുടെ മലയോര പ്രദേശത്തിന്റെ കാർഷികാഭിവൃദ്ധിക്കും വികസനത്തിനും കാരണമായെന്ന് നിസ്സംശയം പറയുവാൻ കഴിയും. മലപ്പുറം ജില്ലയിലെ കുടിയേറ്റക്കാരായ ക്രൈസ്തവ വിശ്വാസികളുടെ എണ്ണം ആകെ ജനസംഖ്യയുടെ 2 ശതമാനത്തിൽ താഴെയാണ്.

വികസനത്തിന്റെ ഉന്നതിയിലേക്ക് കുതിക്കുന്ന മലപ്പുറം ജില്ലയുടെ സാമ്പത്തികാഭിവൃദ്ധി, കേരള ജനതയിൽ കാണപ്പെടുന്ന-തൊഴിൽ അലസതയുടെ ഫലമായി അന്യസംസ്ഥാന തൊഴിലാളികൾക്ക് നല്ല വളക്കൂറുള്ള മണ്ണായി മാറുന്ന കാഴ്ചയാണ് ഇപ്പോൾ നാം കണ്ടുവരുന്നത്. മലപ്പുറം ജില്ലയ്ക്ക് കെട്ടിട നിർമ്മാണ രംഗത്തും, കൃഷി മേഖലയിലും, മറ്റു ജോലികൾക്കുമായി ബീഹാർ, ബംഗാൾ, ആസ്സാം, തമിഴ്നാട് മുതലായ അന്യസംസ്ഥാന തൊഴിലാളികൾ ഇന്ന് മലപ്പുറം ജില്ലയുടെ തൊഴിൽ രംഗങ്ങൾ കയ്യടക്കിയിരിക്കുന്നു. ആരോഗ്യ വകുപ്പ് ജില്ലാ മെഡിക്കൽ ഓഫീസറുടെ കണക്കു പ്രകാരം അന്യസംസ്ഥാന തൊഴിലാളികൾ ഇപ്പോൾ മലപ്പുറത്തും ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ ജോലികളിൽ ഏർപ്പെട്ടിരിക്കുന്നതായി കണക്കാക്കുന്നു. എന്നാൽ ശരിയായ കണക്ക് തിട്ടപ്പെടുത്താൻ സർക്കാർ-സർക്കാരിതര ഏജൻസികൾക്ക് കഴിയുന്നില്ലായെന്നതാണ് യാഥാർത്ഥ്യം. ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള മലപ്പുറത്ത് അന്യസംസ്ഥാന തൊഴിലാളികളുടെയും അവരുടെ കുടുംബാംഗങ്ങളുടേയും എണ്ണത്തിൽ അഭൂതപൂർവ്വമായ വർദ്ധനവാണ് അനുഭവപ്പെടുന്നത്. ഇവരുടെ വാസസ്ഥലങ്ങളിലെ ശുചിത്വമില്ലായ്മ ഗുരുതരമായ ആരോഗ്യ പാരിസ്ഥിതിക സാമൂഹിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

2.1 – വിദേശ മലയാളികൾ

ജില്ലയിലെ സമ്പദ്ഘടനയിൽ ഗൾഫ് മലയാളികൾ വഹിക്കുന്ന പങ്ക് വലുതാണ്. 2008 മുതൽ 2014 വരെയുള്ള പ്രവാസികളുടെ ജില്ല തിരിച്ചുള്ള അനുപാതം പരിശോധിച്ചാൽ സംസ്ഥാനത്തിന്റെ മൊത്തം ശരാശരിയുടെ 19% മലപ്പുറം ജില്ലയിലാണ്. ഒരു കുടുംബത്തിൽ നിന്നും കൂടുതൽ പ്രവാസികളുള്ളതും ജില്ലയിലാണ്. എന്നാൽ മധ്യ പൗരസ്ത്യ രാജ്യങ്ങളിലെ സ്വദേശി നയങ്ങളും ലോകം മുഴുവൻ വ്യാപിച്ച സാമ്പത്തിക അസ്ഥിരതയും മൂലം കേരളത്തിലേക്ക് തിരിച്ചുവരുന്ന പ്രവാസികളുടെ എണ്ണം കൂടിവരികയാണ്. ജില്ല തിരിച്ചുള്ള വിശകലനം നടത്തുമ്പോൾ തിരിച്ചുവരുന്ന പ്രവാസികളുടെ എണ്ണത്തിൽ മലപ്പുറം ജില്ല ഒന്നാം സ്ഥാനത്താണ്(24%). മലപ്പുറം ജില്ലയിലുള്ള പ്രവാസി മലയാളികളിൽ ഏറ്റവും കൂടുതൽ സൗദി അറേബ്യയിലാണ്. അനുബന്ധം 1.1

3. ഭൂപ്രകൃതി

കിഴക്ക് നീലഗിരി കുന്നുകളും, പടിഞ്ഞാറ് അറബിക്കടലും, വടക്ക് കോഴിക്കോട്, വയനാട് ജില്ലകളും, തെക്ക് തൃശ്ശൂർ, പാലക്കാട് ജില്ലകളും മലപ്പുറത്തെ അതിരിടുന്നു. മലപ്പുറം ജില്ലയുടെ ആകെ

ഭൂമിശാസ്ത്ര വിസ്തീർണ്ണം 3550 ചതുരശ്ര കിലോമീറ്റർ ആണ്. ഇത് സംസ്ഥാനത്തിന്റെ മൊത്തം വിസ്തൃതിയുടെ 9.13 ശതമാനം ആണ്. വിസ്തൃതിയിൽ മൂന്നാം സ്ഥാനമാണ് ജില്ലയ്ക്ക് ഉള്ളത്.

ഭൂമിശാസ്ത്ര പരമായി ഉത്തര അക്ഷാംശം $10^0$42' നും $11^0$82' നും ഇടയിലും പൂർവ്വരേഖാംശം $75^0$48' നും $76^0$33' നും ഇടയിലായി ആണ് മലപ്പുറം ജില്ല സ്ഥിതി ചെയ്യുന്നത്. ജില്ലയ്ക്ക് പെരിന്തൽമണ്ണയും, തിരുരും ആസ്ഥാനമായി രണ്ട് റവന്യൂ ഡിവിഷനുകൾ ആണ് ഉള്ളത്. 7 താലൂക്കുകളും 15 ബ്ലോക്കുകളും, 12 മുനിസിപ്പാലിറ്റികളും, 94 പഞ്ചായത്തുകളും, 135 വില്ലേജുകളും ആണ് ജില്ലയിൽ ഉള്ളത്.

ഏതൊരു പ്രദേശത്തിന്റെയും ചരിത്രപരവും സാംസ്കാരികവുമായ സവിശേഷതകൾ ആ പ്രദേശത്തിൻറെ ഭൗതിക വികസനവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. തദ്ദേശീയ ആസൂത്രണത്തിനും, വികസനത്തിനും വ്യക്തമായ ദിശാബോധം നിർണ്ണയിക്കുന്നതിൽ അവിടെ നിലനിന്ന ആശയ ലോകത്തിൻറെയും, അത് രൂപംകൊടുത്ത ജീവിത വ്യവസ്ഥയുടെയും പ്രത്യേകതകൾ വിലയിരുത്തേണ്ടതുണ്ട്. പ്രതിസന്ധികളിലൂടെ കടന്നുപോയ മുൻതലമുറകളുടെ ആവേശകരമായ അനുഭവങ്ങളിൽ നിന്ന് ഊർജ്ജം ഉൾക്കൊണ്ട് കൂടുതൽ ശോഭനമായ ഭാവിയ്ക്ക് വേണ്ടി പ്രവർത്തിക്കുന്നതിൽ ഒരു ജനതയെ സജ്ജമാക്കുന്നതിനും വർത്തമാന കാലത്തോടുള്ള കടമകൾ നിറവേറ്റുന്നതിൽ യുവജനങ്ങളെ അണിനിരത്തുന്നതിനും ഈ വിലയിരുത്തൽ അനിവാര്യമാണ്. ഈ പശ്ചാത്തലത്തിലാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതിക്ക് വേണ്ടിയുള്ള ജില്ലയുടെ സമഗ്ര വികസനത്തിന്റെ രൂപ രേഖയ്ക്ക് ചരിത്രപരവും, സാംസ്കാരികവുമായ ഒരു ഭൂമിക പ്രസക്തമാവുന്നത്.

മലപ്പുറം ജില്ലയുടെ ഭൂപ്രകൃതി കിഴക്ക് വന നിബിഡമായ നീലഗിരി കുന്നുകളിൽ നിന്നും തുടങ്ങി ചെറു കുന്നുകളും താഴ്വരകളും കടന്ന് വിശാലമായ ഫലഭൂയിഷ്ടമായ കൃഷിയിടങ്ങളിലൂടെ പടിഞ്ഞാറ് അറബിക്കടലിൽ അവസാനിക്കുന്നു.

3.1 – പ്രധാന ഭൂപ്രദേശങ്ങൾ :

സമുദ്ര നിരപ്പിൽ നിന്നുള്ള ഉയരം ആസ്പദമായി ജില്ലയിൽ പ്രധാനമായും 6 ഭൂപ്രദേശങ്ങൾ ആണ് ഉള്ളത്.

1. താഴ്ന്ന പ്രദേശം (കടൽനിരപ്പിൻ 20 മീറ്റർ താഴെ)
2. മദ്ധ്യ പ്രദേശം (കടൽനിരപ്പിൻ20–100 മീറ്റർ ഉയരത്തിൽ)
3. ഉയർന്ന മദ്ധ്യ പ്രദേശം (കടൽനിരപ്പിൻ100–300 മീറ്റർ ഉയരത്തിൽ)
4. ഉയർന്ന പ്രദേശം (കടൽനിരപ്പിൻ300–600 മീറ്റർ ഉയരത്തിൽ)
5. ഉയർന്ന മലമ്പ്രദേശം (കടൽനിരപ്പിൻ600–1200 മീറ്റർ ഉയരത്തിൽ)
6. പർവ്വത നിരകൾ (കടൽനിരപ്പിൻ1200 മീറ്റർ മുകളിൽ)

3.2 – പുഴകൾ, കായലുൾ:

നാല് പുഴകളും അവയുടെ പോഷക നദികളും ജില്ലയിലൂടെ ഒഴുകുന്നുണ്ട്. ഭാരതപ്പുഴ, ചാലിയാർ, കടലുണ്ടിപ്പുഴ തിരൂർപ്പുഴ എന്നിവയാണ് ജില്ലയിലൂടെ ഒഴുകുന്ന പുഴകൾ

ചിത്രം 1.2 ഭാരതപ്പുഴ



ബിയ്യം കായൽ, പുതുപൊന്നാനി കായൽ, പൂരപ്പുഴ കായൽ, കടലുണ്ടി കായൽ എന്നിവയാണ് ജില്ലയിലെ പ്രധാന കായലുകൾ.

3.3 – കാലാവസ്ഥ :

സംസ്ഥാനത്തെ മറ്റെവിടേയും പോലെ ഏറെക്കുറെ സമാനമായ കാലാവസ്ഥയാണ് മലപ്പുറം ജില്ലയിലും. ജില്ലയിൽ പൊതുവെ വരണ്ട കാലാവസ്ഥയാണ് അനുഭവപ്പെടുന്നത്. ജൂൺ മുതൽ ആഗസ്റ്റ് വരെ ഉള്ള തെക്ക്-പടിഞ്ഞാറ് മൺസൂൺ കാലവും, സെപ്തംബർ മുതൽ ഒക്ടോബർ വരെയുള്ള വടക്ക കിഴക്കൻമൺസൂൺ കാലവുമാണ് പ്രധാനപ്പെട്ട മഴക്കാലങ്ങൾ. മൊത്തം മഴയുടെ 70 ശതമാനത്തിൽ അധികവും ലഭിക്കുന്നത് ജൂൺ മുതൽ ആഗസ്റ്റ് വരെയുള്ള മാസങ്ങളിൽ ആണ്. നവംബർ മുതൽ മെയ് വരെ വരണ്ട കാലാവസ്ഥയാണ് അനുഭവപ്പെടുന്നത്. ശരാശരി താപനില 27° സെൽഷ്യസ് ആണ്. വാർഷിക ശരാശരി മഴ 2420 മില്ലിമീറ്റർ ആണ്.

പട്ടിക–1.1 : ജില്ലയിൽ 2012 മുതൽ 2016 വരെ ലഭിച്ച മഴയുടെ കണക്ക് (മില്ലി മീറ്ററിൽ)

ക്രമ നം	വർഷം	ജനുവരി	ഫെബ്രുവരി	മാർച്ച്	ഏപ്രിൽ	മെയ്	ജൂൺ	ജൂലൈ	ആഗസ്റ്റ്	സെപ്തംബർ	ഒക്ടോബർ	നവംബർ	ഡിസംബർ
1	2012	0.0	2.1	0.9	171.3	31	495..3	420.3	440.3	203.0	142.0	70.8	9.0
2	2013	0.0	7.7	28.2	8.5	104.8	1066	911.5	351.7	348.4	200.8	175.3	11.9
3	2014	1.1	0.5	0.0	49.8	236.4	542.1	856.8	615.9	297.4	371.1	121.3	40.7
4	2015	0.0	0.0	37.2	167	187.2	593.8	411.5	264	266.8	291.8	232.0	36.3
5	2016	0.0	1.8	2.6	4.7	154.5	585.2	406.5	186.3	73.2	87.1	14.8	16.3

അവലംബം: മെറ്റീരിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യ

4. 2011 സെൻസസും മലപ്പുറം ജില്ലയും

സെൻസസ് ഡയറക്ടറേറ്റ് പ്രസിദ്ധീകരിച്ച അന്തിമ സ്ഥിതിവിവരക്കണക്കുകൾ പ്രകാരം 2011 മാർച്ചിൽ മലപ്പുറത്തിന്റെ ജനസംഖ്യ 4112920 ആണ്. ഇതിൽ 1960328 (48%) പുരുഷൻമാരും 2152592

(52%) സ്ത്രീകളുമാണ്. 2001 ലെ കാനേഷുമാരി കണക്കുപ്രകാരം ജില്ലയുടെ ആകെ ജനസംഖ്യ 3625471 ഉം അതിൽ പുരുഷൻമാർ 1754576 (48%) വും സ്ത്രീകൾ 1870895 ഉം (52%) ആയിരുന്നു. ജനസംഖ്യയുടെ ദശാബ്ദ വളർച്ചാനിരക്ക് നോക്കുമ്പോൾ സംസ്ഥാനത്ത് ഏറ്റവും കൂടിയ നിരക്ക് മലപ്പുറം ജില്ലയുടേതാണ്: 13.45%. അതേ സമയം, സംസ്ഥാനത്തിന്റെ ജനസംഖ്യാ വളർച്ചാനിരക്ക് 4.9% മാത്രമാണ്. കഴിഞ്ഞ 2 ദശകങ്ങളിലെ വളർച്ചാനിരക്കിൽ കേരള സംസ്ഥാനത്തിന്റെ വ്യത്യാസം 4.5% ആയിരുന്നപ്പോൾ മലപ്പുറം ജില്ലയുടേത് 3.6% മാത്രമാണ്.

പട്ടിക 1.2 : മലപ്പുറം – ജനസംഖ്യയും അനുബന്ധ വസ്തുതകളും

ക്രമ നം	മലപ്പുറം			
	ആകെ ജനസംഖ്യ	ആകെ	പുരുഷൻ	സ്ത്രീ
		4112920	1960328	2152592
1	ഗ്രാമീണ ജനസംഖ്യ	2295709	1095308	1200401
2	നഗര ജനസംഖ്യ	1817211	865020	952191

അവലംബം: സെൻസസ് 2011

സംസ്ഥാനത്തിൽ ജനസംഖ്യയിലും, ജനസംഖ്യാ വളർച്ചയിലും മുൻനിരയിൽ നിൽക്കുന്ന മലപ്പുറം ജില്ല, ജോലിയെടുക്കുന്ന ആകെ പുരുഷൻമാരുടെ എണ്ണത്തിലും, നഗരങ്ങളിൽ മുഖ്യ കാർഷിക വൃത്തിയിലേർപ്പെട്ടിരിക്കുന്നവരുടെ എണ്ണത്തിലും ഒന്നാം സ്ഥാനത്തുണ്ട് എന്നതും ശ്രദ്ധേയമാണ്. മുഖ്യതൊഴിൽ ഏർപ്പെട്ടിരിക്കുന്ന പുരുഷൻമാരുടെ എണ്ണത്തിലും, ഗ്രാമ പ്രദേശങ്ങളിൽ താമസിക്കുന്ന കുടുംബങ്ങളുടെ എണ്ണത്തിലും, ഗ്രാമ പ്രദേശങ്ങളിലെ തൊഴിൽ എടുക്കുന്നവരുടെ എണ്ണത്തിലും, നഗര പ്രദേശങ്ങളിൽ മുഖ്യ കാർഷികവൃത്തിയിലേർപ്പെട്ടിരിക്കുന്നവരുടെ എണ്ണത്തിലും രണ്ടാം സ്ഥാനത്തുണ്ട് എന്നതും ശ്രദ്ധേയമാണ്. അനുബന്ധം–1.2 മുതൽ അനുബന്ധം –1.15 വരെ

സ്ത്രീ പുരുഷാനുപാതത്തിൽ ആറാം സ്ഥാനത്തും സാക്ഷരതാ നിരക്കിൽ ഒൻപതാം സ്ഥാനത്തും ഉള്ള മലപ്പുറം ജില്ല, എന്നാൽ ജോലിയെടുക്കുന്ന സ്ത്രീകളുടെ എണ്ണത്തിലും, മുഖ്യ തൊഴിലെടുക്കുന്ന സ്ത്രീകളുടെ എണ്ണത്തിലും, മുഖ്യ കാർഷിക വൃത്തിയിലേർപ്പെട്ടിരിക്കുന്ന സ്ത്രീകളുടെ എണ്ണത്തിലും പതിനൊന്നാം സ്ഥാനത്ത് മാത്രമാണ്.

ആകെ ജനസംഖ്യയിൽ ഒന്നാം സ്ഥാനത്തുള്ള മലപ്പുറം ജില്ല ജനസാന്ദ്രതയിൽ നാലാമതും, കുടുംബങ്ങളുടെ എണ്ണത്തിൽ മൂന്നാമതുമാണ്. (കാളികാവ് ബ്ലോക്ക്, കൊണ്ടോട്ടി മുനിസിപ്പാലിറ്റി എന്നിവയുടെ ജനസംഖ്യ സംബന്ധിച്ച വിവരങ്ങൾ 2011 സെൻസസ് പ്രകാരം ലഭ്യമല്ലാത്തതിനാൽ ഇതു സംബന്ധിച്ച പട്ടികകളിലും കണ്ടെത്തലുകളിലും അവ സംബന്ധിച്ച വിവരങ്ങൾ ചേർക്കാൻ സാധിച്ചിട്ടില്ല)

4.1 – മലപ്പുറം ജില്ലയിലെ 2011 സെൻസസ് അനുസരിച്ചുള്ള ജനസംഖ്യാ നിരക്ക് താഴെ ചേർക്കുന്നു.

പട്ടിക 1.3 : ജനസംഖ്യ അനുബന്ധ നിരക്കുകൾ (താരതമ്യം– ഒറ്റനോട്ടത്തിൽ)

ക്രമ നം	വിവരണം	2001	2011
1	ജനസംഖ്യ	3625471	4112920
2	പുരുഷൻ	1754576	1960328
3	സ്ത്രീ	1870895	2152592
4	ആകെ ജനസംഖ്യയുടെ സ്ത്രീ ശതമാനം	51.6	52.34
5	ആകെ ജനസംഖ്യയുടെ പുരുഷ ശതമാനം	48.4	47.66

ക്രമ നം	വിവരണം	2001	2011
6	സ്ത്രീ-പുരുഷാനുപാതം	1066	1096
7	കുട്ടികളുടെ സ്ത്രീ-പുരുഷാനുപാതം	960	960
8	ജനസാന്ദ്രത/കി.മീ.സ്ക്വയർ	1021	1158
9	ആകെ കുട്ടികളുടെ ജനസംഖ്യ (0-6 വയസ്സ്)	551525	574041
10	പുരുഷ ജനസംഖ്യ (0-6 വയസ്സ്)	281449	292132
11	സ്ത്രീ ജനസംഖ്യ (0-6 വയസ്സ്)	270076	281909
12	ആകെ സാക്ഷരതാ നിരക്ക്	89.61	93.55
13	പുരുഷ സാക്ഷരത	93.25	95.78
14	സ്ത്രീ സാക്ഷരത	86.26	91.55
15	ആകെ സാക്ഷരർ	2754509	3311315
16	പുരുഷ സാക്ഷരർ	1373688	1597404
17	സ്ത്രീ സാക്ഷരർ	1380821	1713911

അവലംബം: ജെൻഡർ സ്റ്റാറ്റിസ്റ്റിക്സ് 2015-16

2001-ൽ ജില്ലയിലെ നഗര ജനസംഖ്യ 356170 എന്നത് 2011-ൽ 1817211 ആയി വർദ്ധിച്ചപ്പോൾ ഗ്രാമ ജനസംഖ്യ 2001-ൽ 3269301 എന്നത് 2011-ൽ 2295709 ആയി കുറഞ്ഞു. അതായത് 2001-ലെ നഗര-ഗ്രാമ തോത് 9:1 എന്നത് 2011-ൽ 6:5 ആയി മാറി. മാത്രമല്ല 2001 ൽ നഗര ജനസംഖ്യയിൽ മുന്നിട്ട് നിൽക്കുന്ന തലൂക്കുകൾ 1.ഏറനാട്,2.തിരൂർ, 3.പെരിന്തൽമണ്ണ എന്നീക്രമത്തിൽ ആയിരുന്നത് 2011-ൽ 1.തിരൂരങ്ങാടി, 2.തിരൂർ,3.ഏർനാട് എന്ന ക്രമത്തിലായി മാറി.

4.2 - സ്ത്രീ-പുരുഷ അനുപാതം.

ജില്ലയുടെ സ്ത്രീ-പുരുഷാനുപാതം 2001-ൽ 1066 എന്നത് വർദ്ധിച്ച് 2011-ൽ 1098 ആയി.

പട്ടിക 1.4 : ജില്ലയുടെ സ്ത്രീ-പുരുഷാനുപാതം

ക്രമ നം	സ്ത്രീ-പുരുഷ അനുപാതം	2001	2011
1.	കേരളം	1058	1084
2.	മലപ്പുറം ജില്ല	1066	1098
3.	ഏറനാട്	1024	1052
4.	തിരൂരങ്ങാടി	1062	1090
5.	പെരിന്തൽമണ്ണ	1069	1104
6.	നിലമ്പൂർ	1065	1096
7.	തിരൂർ	1094	1129
8.	പൊന്നാനി	1104	1147

അവലംബം: സെൻസസ് 2011

2011-ലെ സംസ്ഥാന സ്ത്രീ-പുരുഷാനുപാതം 1084 മായി താരതമ്യം ചെയ്യുമ്പോൾ ഏറനാട് തലൂക്ക് (1052) ഒഴികെയുള്ള താലൂക്കുകൾ എല്ലാം സംസ്ഥാന ശരാശരിയ്ക്ക് മുകളിലാണ്.

ചിത്രം 1.3: സ്ത്രീ-പുരുഷ അനുപാതം



അവലംബം: സെൻസസ് 2011

പട്ടിക 1.5 : ബ്ലോക്കടിസ്ഥാനത്തിലുള്ള സ്ത്രീ- പുരുഷ അനുപാതം

ക്രമ നം	ബ്ലോക്കിന്റെ പേര്	സ്ത്രീപുരുഷാനുപാതം
1	അരീക്കോട്	1025
2	കൊണ്ടോട്ടി	1052
3	വണ്ടൂർ	1086
4	മലപ്പുറം	1081
5	നിലമ്പൂർ	1101
6	പെരിന്തൽമണ്ണ	1097
7	മങ്കട	1114
8	താനൂർ	1132
9	കുറ്റിപ്പുറം	1106
10	തിരൂർ	1138
11	തിരൂരങ്ങാടി	1089
12	വേങ്ങര	---
13	പൊന്നാനി	1108
14	പെരുമ്പടപ്പ്	1192
ആകെ		1096

അവലംബം: സെൻസസ് 2011

ജില്ലയിലെ ബ്ലോക്കടിസ്ഥാനത്തിലുള്ള ഗ്രാമീണ ജനസംഖ്യയുടെ സ്ത്രീ പുരുഷ അനുപാതമാണ് ഈ പട്ടികയിൽ നൽകിയിരിക്കുന്നത്. ഏറ്റവും കൂടുതൽ സ്ത്രീ പുരുഷ അനുപാതം പെരുമ്പടപ്പ് ബ്ലോക്കിലും, ഏറ്റവും കുറവ് അരീക്കോട് ബ്ലോക്കിലുമാണ്. എല്ലാ ബ്ലോക്കിലും അനുപാതം അധിസംഖ്യാണ്. കൂടാതെ, നിലമ്പൂർ, മങ്കട, താനൂർ, കുറ്റിപ്പുറം, തിരൂർ, പൊന്നാനി, പെരുമ്പടപ്പ് എന്നീ ബ്ലോക്കുകളിൽ സ്ത്രീപുരുഷ അനുപാതം 1100ന മുകളിലുമാണ്.

4.3 ജോലികൾക്കനുസരിച്ചുള്ള തരം തിരിവ്

പട്ടിക 1.6 : മുഖ്യ തൊഴിൽ (വർഷത്തിൽ ആറു മാസമോ അതിൽ കൂടുതലോ ജോലിയുള്ളവർ)

ക്രമ നം		2001	2011
1.	കേരളം	25.9%	27.9%
2.	മലപ്പുറം ജില്ല	19.1%	20.7%
3.	ഏറനാട്	18.9%	20.4%
4.	തിരൂരങ്ങാടി	17.8%	19.7%
5.	പെരിന്തൽമണ്ണ	19.6%	21.2%
6.	നിലമ്പൂർ	22.0%	24.0%
7.	തിരൂർ	17.6%	19.4%
8.	പൊന്നാനി	20.4%	20.9%

അവലംബം: സെൻസസ് 2011

4.4 ജനസംഖ്യ 2011 സെൻസസ് – വയസ്സടിസ്ഥാനത്തിൽ അനുബന്ധം 1.5, 1.6, 1.7 കാണുക

ചിത്രം 14 : മലപ്പുറം ജില്ല-വയസ്സ് അടിസ്ഥാനത്തിലുള്ള ജനസംഖ്യ
(ഗ്രാഫ് അടിസ്ഥാനമാക്കിയുള്ള ചിത്രീകരണം)



അവലംബം: സെൻസസ് 2011

ചിത്രം 15 : 0 മുതൽ 6 വയസ്സ് വരെയുള്ളവരുടെ ആകെ ജനസംഖ്യ



അവലംബം: സെൻസസ് 2011

പട്ടിക 17 : വിവിധ ബ്ലോക്കുകളിൽ സ്ത്രീ-പുരുഷ അനുപാത കണക്കുകൾ

ക്രമ നം.	ബ്ലോക്കുകൾ	ആകെ	ആൺ	പെൺ	സ്ത്രീ-പുരുഷ അനുപാതം
1	അരീക്കോട്	35765	18055	17710	981
2	കൊണ്ടോട്ടി	15187	7672	7515	980
3	വണ്ടൂർ	51024	25902	25122	970
4	മലപ്പുറം	18569	9457	9112	964
5	നിലമ്പൂർ	41831	21178	20653	975
6	പെരിന്തൽമണ്ണ	31125	16010	15115	944
7	മങ്കട	35071	17981	17090	950
8	താനൂർ	28928	14802	14126	954
9	കൂറ്റിപ്പുറം	16469	8568	7901	922
10	തിരൂർ	17027	8646	8381	969
11	തിരൂരങ്ങാടി	8186	4066	4120	1013
12	വേങ്ങര	.....	.....	.....	.....
13	പൊന്നാനി	8803	4434	4369	985
14	പെരുമ്പടപ്പ്	12066	6147	5919	963
ആകെ		320051	162918	157133	964

അവലംബം: സെൻസസ് 2011

4.5 കണ്ടെത്തലുകൾ :

1. ഏറ്റവും കൂടുതൽ സ്ത്രീ പുരുഷ അനുപാതമുള്ള ബ്ലോക്ക് തിരൂരങ്ങാടി- 1013.
2. ഏറ്റവും കുറവ് സ്ത്രീ പുരുഷാനുപാതമുള്ള ബ്ലോക്ക് - കൂറ്റിപ്പുറം - 922.
3. ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ബ്ലോക്ക് - വണ്ടൂർ - 51024.
4. ഏറ്റവും കൂടുതൽ പുരുഷൻമാരുള്ള ബ്ലോക്ക് - വണ്ടൂർ- 25902.
5. ഏറ്റവും കൂടുതൽ സ്ത്രീകളുള്ള ബ്ലോക്ക് - വണ്ടൂർ - 25122.
6. ഏറ്റവും കുറവ് ജനസംഖ്യയുള്ള ബ്ലോക്ക് - തിരൂരങ്ങാടി - 8186.
7. ഏറ്റവും കുറവ് പുരുഷൻമാരുള്ള ബ്ലോക്ക് - തിരൂരങ്ങാടി— 4066.

4.5.1 - 2011 ലെ ജനസംഖ്യ പ്രകാരം സി.ഡി* ബ്ലോക്കിന്റെ ഗ്രാമീണ മേഖലയിലെ പട്ടികജാതി-പട്ടികവർഗ്ഗ സ്ത്രീ-പുരുഷ അനുപാതം

പട്ടിക 1.8 : വിവിധ ബ്ലോക്കുകളിൽ ഗ്രാമീണ മേഖലയിലെ പട്ടികജാതി-പട്ടികവർഗ്ഗ സ്ത്രീ-പുരുഷ അനുപാതം

ക്രമ നം.	ബ്ലോക്ക്	പട്ടികജാതി	പട്ടികവർഗ്ഗം
1	അരീക്കോട്	1015	995
2	കൊണ്ടോട്ടി	1025	946
3	വണ്ടൂർ	1049	1035
4	മലപ്പുറം	1002	899
5	നിലമ്പൂർ	1084	1068

ക്രമനം	ബ്ലോക്ക്	പട്ടികജാതി	പട്ടികവർഗ്ഗം
6	പെരിന്തൽമണ്ണ	1017	977
7	മങ്കട	1050	947
8	താനൂർ	1050	1042
9	കുറ്റിപ്പുറം	1008	1063
10	തിരൂർ	1026	966
11	തിരുരങ്ങാടി	1059	917
12	വേങ്ങര	...	...
13	പൊന്നാനി	1006	1175
14	പെരുമ്പടപ്പ്	1059	1115
ആകെ		1037	1044

അവലംബം: സെൻസസ് 2011

*സി.ഡി ബ്ലോക്ക് -കമ്മ്യൂണിറ്റി ഡെവലപ്പ്മെൻറ് ബ്ലോക്ക്.

1. 2011 സെൻസസ് പ്രകാരം ഏറ്റവും കൂടുതൽ ജനസംഖ്യയുള്ളത് വണ്ടൂർ ബ്ലോക്കിലാണ്.
2. ഏറ്റവും കൂടുതൽ പട്ടികജാതി ജനസംഖ്യയുള്ളത് വണ്ടൂർ ബ്ലോക്കിലാണ്.
3. ഏറ്റവും കൂടുതൽ പട്ടികവർഗ്ഗ ജനസംഖ്യ നിലമ്പൂർ ബ്ലോക്കിലാണ്.
4. മലപ്പുറം ജില്ലയിൽ ആകെ ജനസംഖ്യയുടെ 8.38% പട്ടിക ജാതി ജനസംഖ്യയും 0.79% പട്ടികവർഗ്ഗ ജനസംഖ്യയുമാണ്.

4.5.3 ആശ്രിതത്വ അനുപാതം*

2011 സെൻസസ് അനുസരിച്ച് കേരളത്തിന്റെ പൊതു ആശ്രിതത്വ അനുപാതം 47 ആണെങ്കിൽ, ജില്ലയുടേത് 55 ആണ്. എന്നാൽ യുവ ആശ്രിതത്വ അനുപാതം കേരളത്തിന്റേത് 34 ആകുമ്പോൾ മലപ്പുറം ജില്ലയുടേത് 47 ആണ് എന്നത് ശ്രദ്ധേയമാണ്.വാർദ്ധക്യ ആശ്രിതത്വ അനുപാതം കേരളത്തിൻറെ 54 എന്നതിൽ നിന്ന് 26 ഉള്ള മലപ്പുറം ജില്ല ഏറെ പിന്നിലാണ്.

പട്ടിക 1.9 : ആശ്രിതത്വ അനുപാതം

ആശ്രിതത്വ അനുപാതം	പൊതു ആശ്രിതത്വ അനുപാതം	യുവ ആശ്രിതത്വ അനുപാതം	വാർദ്ധക്യ ആശ്രിതത്വ അനുപാതം
മലപ്പുറം	55	47	26
കേരളം	47	34	54

അവലംബം: സെൻസസ് 2011

ഇതര രാജ്യങ്ങളിൽ ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന യുവാക്കളുടെ എണ്ണത്തിൽ മുന്നിലുള്ള ജില്ലകളിലൊന്നാണ് മലപ്പുറം. പ്രവാസികളുടെ എണ്ണത്തിലും ജില്ല മുൻപന്തിയിലാണ്. യുവ ആശ്രിതാനുപാതത്തിൽ സംസ്ഥാന ശരാശരിയിൽ നിന്നും ഏറെ മുന്നിലാണ് ജില്ല എന്നതിനോടൊപ്പം ഇക്കാര്യം കൂടി ചേർത്തുവായിക്കേണ്ടതാണ്.

4.5.4 ജില്ലയിൽ വിവിധ മത വിഭാഗങ്ങളിൽ വിശ്വസിക്കുന്നവരുടെ ജനസംഖ്യ

2888849 പേർ ഇസ്ലാം മത വിശ്വാസികളും, 1135259 പേർ ഹിന്ദു മത വിശ്വാസികളും, 81556 പേർ ക്രിസ്തു മത വിശ്വാസികളും ആണ്. പ്രത്യേക മതം രേഖപ്പെടുത്താത്തവർ 1514 പേർ ഉണ്ട്.

5. പ്രാഥമിക സ്ഥിതിവിവരക്കണക്കുകൾ:

5.1 കാർഷിക മേഖല

കൃഷി, ജലസേചന വകുപ്പുകൾ, മറ്റ് വികസന ഏജൻസികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവ മുഖേന നടപ്പിലാക്കിയ വികസന പദ്ധതികളുടെ ഫലമായി ആശാവഹമായ ഒരു മാറ്റം ഉണ്ടായിട്ടുണ്ട്. എന്നിരുന്നാലും കാർഷികോൽപ്പന്നങ്ങളുടെ വിലക്കുറവ്, വർദ്ധിച്ചുവരുന്ന കൃഷിച്ചെലവ് തൊഴിലാളി ദൗർലഭ്യം കാലാവസ്ഥാ വ്യതിയാനം എന്നിവ ഈ മേഖലയെ മുഖ്യധാരയിൽ നിന്ന് അകറ്റി നിർത്തുന്നുണ്ട്.

ജില്ലയുടെ ആകെ വിസ്തൃതിയുടെ 68% വിള വിസ്തൃതിയുണ്ട്. ഇതിൽ പ്രധാനമായും ജില്ലയ്ക്ക് മറ്റ ജില്ലകളെ അപേക്ഷിച്ച് കൃഷി ചെയ്യുന്ന വിളകളായ തെങ്ങ്, കമുക്, മധുരക്കിഴങ്ങ്, എള്ള്, വെറ്റില എന്നിവയുടെ സ്ഥാനം.

പട്ടിക 1.10 : വിവിധ കാർഷിക വിളകളുടെ ഉത്പാദനത്തിൽ ജില്ലയുടെ സ്ഥാനം

വിള	വിസ്തൃതി	ജില്ലയുടെ സ്ഥാനം സംസ്ഥാനത്തിൽ
തെങ്ങ്	103391	രണ്ടാം സ്ഥാനം
കമുക്	17895	രണ്ടാം സ്ഥാനം
മധുര ക്കിഴങ്ങ്	81	രണ്ടാം സ്ഥാനം
വെറ്റില	158	ഒന്നാം സ്ഥാനം
എള്ള്	109	ഒന്നാം സ്ഥാനം

2014-15 (അനലിറ്റിക്കൽ സ്റ്റഡി ഓൺ അഗ്രികൾച്ചർ ഇൻകേരള – കൃഷി വകുപ്പ്).

5.2 വ്യവസായ മേഖല

ജില്ലയിൽ വ്യവസായ മേഖല മൊത്തത്തിൽ പുരോഗതയിലാണെങ്കിലും തടി വ്യവസായം, ഖനനം എന്നിവയിൽ മുതൽ മുടക്കുന്നതും, തൊഴിൽ നൽകുന്നതും കുറഞ്ഞുവരുന്ന പ്രവണതയിലാണ്. ജനറൽ എഞ്ചിനീയർ, ഫർണ്ണിച്ചർ നിർമ്മാണം, ഭക്ഷ്യസംസ്കരണം, പേപ്പർ നിർമ്മാണം, വസ്ത്ര നിർമ്മാണം, സിമെന്റ് ബേസ്ഡ് ഉല്പാദനം എന്നിവയിൽ പുരോഗതി കൈവരിക്കുന്നതായി കാണപ്പെടുന്നു. മേജർ മിനറൽസിൽ നിന്നും ജില്ലയുടെ വരുമാനം ആശാവഹമല്ല. എന്നാൽ മൈനർ മിനറൽസ് ആയ ടൈൽസ് ബ്രിക്സ് മേഖലകളിൽ ജില്ല പുരോഗതി കൈവരിച്ചുവരുന്നു. ജില്ലയിൽ രജിസ്റ്റർ എസ്.എസ്.ഐ, എം.എസ്.എം.ഇ യൂണിറ്റുകളുടെ വിവരങ്ങൾ 14552 എണ്ണം ആണ്. അതിൽ 15.6% വനിതകൾ കൈകാര്യം ചെയ്ത് വരുന്നു. ഈ രംഗത്ത് ആകെ നിക്ഷേപം 9855.592 ലക്ഷം രൂപയാണ്. ഉല്പാദിപ്പിച്ച സാധന സേവനങ്ങളുടെ മൂല്യം 227542.3 ലക്ഷം രൂപയാണ്. സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങൾ 65683 (E.R 2016)

ജില്ലയിലെ ആകെ സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങളുടെ എണ്ണം 12055 എണ്ണം മാത്രമാണ്. നമ്മുടെ ജനസംഖ്യാ വളർച്ചയ്ക്ക് അനുസരിച്ച് വ്യവസായങ്ങളുടെ വളർച്ച വളരെ അനിവാര്യമാണ്. വ്യാവസായധിഷ്ഠിത സംരംഭങ്ങൾക്കുള്ള സാഹചര്യങ്ങൾ ഒരുക്കുവാനും അതു വഴി പാവപ്പെട്ടവരും, നാമമാത്ര കർഷകരുമായിട്ടുള്ള ആളുകൾക്ക് തൊഴിൽ നൽകിക്കൊണ്ട് തദ്ദേശ സ്വയം ഭരണ പ്രദേശത്തെ ജനങ്ങളുടെ സർവ്വതോന്മുഖമായ വികസനത്തിൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ക്രിയാത്മകമായ കർമ്മപരിപാടികൾ ആവിഷ്കരിക്കേണ്ടതുണ്ട്.

നിർമ്മാണ മേഖലയിലാണ് മലപ്പുറം ജില്ല അതിവേഗം പുരോഗമിക്കുന്നത്. അന്യസംസ്ഥാന തൊഴിലാളികളെയാണ് ജില്ല കൂടുതൽ ആശ്രയിക്കുന്നത്. ബംഗാൾ, ഒറീസ, തമിഴ്നാട് തുടങ്ങിയ സംസ്ഥാ നങ്ങളിലെ തൊഴിലാളികൾ മലപ്പുറം ജില്ലയെ ആശ്രയിക്കുന്നു. സ്ത്രീ തൊഴിൽ പങ്കാളിത്ത നിരക്ക് ശരാശരിയേക്കാൾ കുറവാണ് മലപ്പുറംജില്ലയിൽ.

പട്ടിക 1.11 : ജില്ലാ വരുമാനം

അടിസ്ഥാന വർഷം 2011-12 (രൂപ ലക്ഷത്തിൽ)						
ക്രമ നമ്പർ	മേഖല	വർഷങ്ങൾ				
		2011-12	2012-13	2013-14	2014-15 (Provisional)	2015-16 (Quick)
I	പ്രാഥമിക മേഖല					
1	കൃഷി, വനം, മത്സ്യബന്ധനം	317997	311023	293144	317393	306317
1.1	വിളകൾ	149177	128231	130103	126974	126962
1.2	കന്നുകാലി സമ്പത്ത്	102870	116818	116260	141617	112018
1.3	വനം, വനവിഭവങ്ങൾ	49804	50294	34037	33654	33472
1.4	മത്സ്യബന്ധനം	16146	15681	12744	15148	33866
2	ഖനനം (Mining & Quarrying)	21512	16290	22443	24081	25512
	ആകെ	339509	327314	315587	341474	331830
II	ദ്വിതീയ മേഖല					
3	ഉത്പാദനം	186000	223434	205886	215253	240766
4	വൈദ്യുതി, ഗ്യാസ്, ജലവിതരണം & മറ്റുള്ളവ	10662	10690	16124	21377	24391
4.1	വൈദ്യുതി, ഗ്യാസ് & മറ്റുള്ളവ	9316	9423	14799	20047	23177
4.2	ജലവിതരണം	1346	1267	1325	1330	1214
5	നിർമ്മാണ മേഖല	592235	568919	619129	662225	705173
	ആകെ	788897	803043	841139	898855	970330
III	തൃതീയ മേഖല					
6	ഹോട്ടലുകൾ, വ്യാപാരം	477060	594461	583456	647508	691975
7	ഗതാഗതം, വാർത്താവിനിമയം	240743	217823	262208	259932	276363
8	സാമ്പത്തിക സേവനം	117496	99672	125049	127675	142534
9	റിയൽ എസ്റ്റേറ്റ്	516961	453029	609629	644695	748180
10	പൊതു ഭരണം	59955	65786	64301	69372	71298
11	മറ്റുള്ളവ	435762	455506	450994	461260	492700
	ആകെ	1847977	1886277	2095637	2210442	2423050
	ജില്ലയുടെ ആകെ വരുമാനം	2976383	3016634	3252363	3450771	3725210
	ആകെ ജനസംഖ്യ	4143325	4195979	4244697	4298583	4353153
	ജില്ലയുടെ ആളോഹരി വരുമാനം (രൂപ)	71836	71893	76622	80277	85575

അവലംബം : സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, മലപ്പുറം.

കാർഷിക മേഖല ഉൾപ്പെടുന്ന പ്രാഥമിക മേഖലയിലെ ഏറ്റക്കുറച്ചിലുകൾ ശ്രദ്ധിക്കേണ്ടതുണ്ട്. പ്രാഥമിക മേഖലയിൽ കൃഷി, മത്സ്യബന്ധനം, കന്നുകാലി വികസനം എന്നീ മേഖലകളിൽ കൂടുതൽ തൊഴിൽ സംരംഭങ്ങൾ സംജാതമാക്കിയും തരിശു ഭൂമി കൃഷിയോഗ്യമാക്കിക്കൊണ്ട് കാർഷിക മേഖലയുടെ വളർച്ചക്ക് ആവശ്യമായ പദ്ധതികളും കർമ്മ പരിപാടികളും ആവിഷ്കരിക്കേണ്ടതും ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള മലപ്പുറം ജില്ലയെ സംബന്ധിച്ചിടത്തോളം പ്രാധാന്യമർഹിക്കുന്നു.

5.2.2 – സാമ്പത്തിക സെൻസസ്

രാജ്യത്തിന്റെ സമ്പദ്ഘടനയെ വിശകലനം ചെയ്യുന്നതിനായി സംഘടിതവും അസംഘടിതവുമായ സ്ഥാപനങ്ങളുടേയും സംരംഭങ്ങളുടേയും വിവരങ്ങൾ സാമ്പത്തിക സെൻസസിലൂടെ ശേഖരിക്കുന്നു. കേന്ദ്ര സംസ്ഥാന സർക്കാറുകളുടെ പദ്ധതി രൂപീകരണം, നയ രൂപീകരണം, വിവിധ മേഖലകളിലെ ഗവേഷണം തുടങ്ങിയ കാര്യങ്ങൾക്കായി ഈ വിവരങ്ങൾ ഉപയോഗിക്കുന്നു.

ആറാമത് സാമ്പത്തിക സെൻസസ് പ്രകാരം മലപ്പുറം ജില്ല സ്ഥാപന/ സംരംഭങ്ങളുടെ എണ്ണത്തിൽ മൂന്നാമത് നിൽക്കുന്നു. കാർഷികേതര സംരംഭങ്ങളിൽ ചില്ലറ വ്യാപാരം, ഉത്പാദനം എന്നീ മേഖലകളും കാർഷിക സംരംഭങ്ങളിൽ കന്നുകാലി വളർത്തലുമാണ് മുൻപന്തിയിൽ വരുന്നത്.

ജില്ലയിൽ ഗ്രാമ പ്രദേശങ്ങളിൽ 186707, പട്ടണ പ്രദേശങ്ങളിൽ 147543 ഉൾപ്പെടെ ആകെ 334250 സ്ഥാപനം/സംരംഭങ്ങൾ പ്രവർത്തിക്കുന്നു.

പട്ടിക 1.12 : ഗ്രാമ-നഗര പ്രദേശങ്ങളിലെ സംരംഭങ്ങളുടെ സംക്ഷിപ്തം

ക്രമ നമ്പർ	സംരംഭങ്ങൾ	ഗ്രാമ പ്രദേശം	പട്ടണ പ്രദേശം	ആകെ
1	കാർഷികം	58116	31985	90101
2	കാർഷികേതരം	128591	115558	244149
3	ആകെ	186707	147543	334250

അവലംബം :സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ച ആറാമത് സാമ്പത്തിക സെൻസെസ് റിപ്പോർട്ട്)

5.2.3 – സ്ഥാപനങ്ങളുടെ സ്വഭാവം

പട്ടിക 1.13 : വിവിധ സംരംഭങ്ങളുടെ സ്വഭാവം

ദീർഘകാലാടിസ്ഥാനം	കാലികം	ആകസ്മികം	ആകെ
306875	15016	12359	334250

അവലംബം :സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ച ആറാമത് സാമ്പത്തിക സെൻസെസ് റിപ്പോർട്ട്.

6. ജലസംരക്ഷണവും കുടിവെള്ളവും

ജില്ലയിൽ ആകെ കുടിവെള്ള വിതരണ പദ്ധതികൾ 2236 ഉം വിതരണ ഇതര കുടിവെള്ള പദ്ധതികൾ 1903 ഉം ഉൾപ്പെടെ 4139 പദ്ധതികൾ നിലവിലുണ്ട്.

പട്ടിക 1.14 : കുടിവെള്ള വിതരണ പദ്ധതികളുടെ സ്രോതസ്സുകൾ

കിണർ	കുഴൽ കിണർ	കുളം	പുഴ	മഴവെള്ളം	മറ്റുവിധം	ആകെ
2975	1092	33	26	8	5	4139

അവലംബം:-സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് കുടിവെള്ള സർവ്വെ 2013

പട്ടിക 1.15 : പ്രവർത്തിക്കാത്ത കുടിവെള്ള പദ്ധതികൾ

പൂർത്തിയാകാത്തവ	തുടങ്ങാത്തവ	അറ്റകുറ്റ പണികൾ വേണ്ടവ	ജല ദൗർലഭ്യമുള്ളവ	വൈദ്യുതി കണക്ഷൻ ഇല്ലാത്തവ	മറ്റ് കാരണങ്ങൾ	ആകെ
110	11	1036	66	34	62	1319

അവലംബം:-സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് കുടിവെള്ള സർവ്വെ 2013

മുൻവർഷങ്ങളിൽ കടുത്ത വരൾച്ചയെ നേരിട്ട ജില്ല ജലസംരക്ഷണത്തിനായി ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കുന്നു. ജലാശയങ്ങളുടെ സംരക്ഷണത്തിന് പ്രത്യേക ശ്രദ്ധ പതിപ്പിച്ചുകൊണ്ട് പൊതുകുളങ്ങൾ, പൊതുകിണറുകൾ, നദികൾ എന്നിവ വേനൽകാലത്ത് കുടിവെള്ളം ലഭ്യമാക്കുവാൻ വേണ്ട നടപടികൾ കൈകൊള്ളേണ്ടതാണ്. ജലാശയങ്ങൾ സംരക്ഷിക്കപ്പെടേണ്ട ആവശ്യകതയെ കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കുവാനും വേണ്ട നടപടികൾ സ്വീകരിക്കണം. വേനൽ ആരംഭത്തിൽ തന്നെ നദികൾക്കും തോടുകൾക്കും തടയണകൾ നിർമ്മിക്കേണ്ടതും വളരെ അത്യാവശ്യമായ കാര്യമാണ്. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓരോ വർഷവും അവരുടെ വാർഷിക പദ്ധതിയിൽ തടയണ നിർമ്മാണം ഉൾപ്പെടുത്തേണ്ടതാണ്.

7- ആരോഗ്യം

ഒരു സമൂഹത്തിന്റെ സാമൂഹ്യ വികസനത്തിൻറെ നിർണ്ണായക മേഖലകളിലൊന്നാണ് ജനങ്ങളുടെ മെച്ചപ്പെട്ട ആരോഗ്യ നിലവാരം. അടിസ്ഥാന ജീവിത സൗകര്യങ്ങളും അവകാശങ്ങളും നിഷേധിക്കപ്പെട്ട വിഭാഗങ്ങളിലേക്ക് കൂടി മെച്ചപ്പെട്ട ആരോഗ്യ സേവനങ്ങൾ എത്തിക്കാൻകഴിഞ്ഞാൽ മാത്രമേ ഇത് നേടിയെടുക്കാൻകഴിയൂ. 1994 ന് ശേഷം ജനാധിപത്യ വികേന്ദ്രീകരണത്തിന്റെ ഭാഗമായി കേരളത്തിലെ പ്രാഥമിക, ദ്വിതീയ ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളും, സജ്ജീകരണങ്ങളും മെച്ചപ്പെട്ടപ്പോൾ അതേ നിലവാരത്തിൽ ഉയരാൻ മലപ്പുറം ജില്ലക്ക് കഴിയും.

പട്ടിക 1.16 : മലപ്പുറം ജില്ലയിലെ ആരോഗ്യസ്ഥാപനങ്ങളും കിടക്കകളും 2016 ലെ സ്ഥിതിവിവരണം

ക്രമ നമ്പർ	ആശുപത്രി	എണ്ണം	കിടക്കകൾ
1.	ജനറൽ ആശുപത്രി	1	501
2.	ജില്ലാആശുപത്രി (തിരൂർ, പെരിന്തൽമണ്ണ, നിലമ്പൂർ)	3	483
3.	പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ	65	164
4.	കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ	22	473
5.	സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ	0	0
6.	ടി.ബി.ക്ലിനിക്ക്	1	52
7.	താലൂക്ക് ആശുപത്രികൾ	6	497
8.	പബ്ലിക് ഹെൽത്ത് സെന്റർ	19	302
9.	മറ്റുള്ളവ	6	36

അവലംബം : ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

പട്ടിക 1.17 : ജില്ലയിൽ 2013 വർഷം മുതൽ 2016 വരെ വിവിധ ആശുപത്രികളിൽ ചികിത്സ നൽകിയ വിവരങ്ങൾ

ക്രമ നമ്പർ	വർഷം	ഇൻ പേഷ്യന്റ്	ഔട്ട് പേഷ്യന്റ്
1.	2013	152257	8100776
2.	2014	146606	8864280
3.	2015	273385	9204420
4.	2016	128995	8566524

അവലംബം : ജില്ലാ മെഡിക്കൽ ഓഫീസ് മലപ്പുറം

ജനസംഖ്യാനുപാതികമായി താരതമ്യം ചെയ്യുമ്പോൾ ഈ മേഖലയിൽ കാര്യമായ ഒരു മുന്നേറ്റം കൈവരിക്കാൻ ജില്ലക്ക് കഴിഞ്ഞിട്ടില്ല. മാറിവരുന്ന ഭക്ഷണ ശീലങ്ങളിലുണ്ടാകുന്ന ജീവിത ശൈലീരോഗങ്ങളും, ജീവനക്കാരുടെ എണ്ണത്തിലെ കുറവും ഈ മേഖലയെ കൂടുതൽ പ്രതിസന്ധിയിലെത്തിച്ചിരിക്കുന്നു. ജില്ലയിൽ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന 3 ദന്തൽ കോളേജുകളുണ്ട്. മലപ്പുറം ജില്ലയിൽ സർക്കാർ മേഖലയിൽ മഞ്ചേരിയിൽ പ്രവർത്തിക്കുന്ന ഒരു മെഡിക്കൽ കോളേജും, സ്വകാര്യ മേഖലയിൽ പെരിന്തൽമണ്ണയിൽ പ്രവർത്തിക്കുന്ന എം.ഇ.എസ് മെഡിക്കൽ കോളേജും ആണ് ആകെ ഉള്ളത്

7.1 – ആയുർവേദം

ആയുർവേദ ചികിത്സാരംഗത്ത് ലോക പ്രശസ്തമായ കോട്ടക്കൽ ആര്യവൈദ്യശാല മലപ്പുറം ജില്ലയിലാണ്. ആയുർവേദ ഡയറക്ടറുടെ 2016 ലെ കണക്കുപ്രകാരം ജില്ലയിൽ 11 ആയുർവേദ ആശുപത്രികളും 77 ഡിസ്പെൻസറികളും 88 മറ്റു സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. ഈ മേഖലയിൽ ആകെ 93 ഡോക്ടർമാർ സേവനം ചെയ്യുന്നുണ്ട്.

സർക്കാർ ഹോമിയോപ്പതി വകുപ്പിനു കീഴിൽ 4 ആശുപത്രികളും 55 ഡിസ്പെൻസറികളും, 59 മറ്റു സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. 67 ഡോക്ടർമാർ 2016 ലെ കണക്കനുസരിച്ച് ഈ മേഖലയിൽ സേവനം ചെയ്യുവരുന്നു.

7.2 – മലപ്പുറം ജില്ല നേരിടുന്ന പ്രധാന ആരോഗ്യപ്രശ്നങ്ങൾ

ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യക്കുറവുകൾ പോഷകാഹാര കുറവു മൂലം ഉണ്ടാകുന്ന രോഗങ്ങൾ, ജീവിത ശൈലീരോഗങ്ങൾ, മാലിന്യസംസ്കരണത്തിൻറെ അഭാവം മൂലം ഉണ്ടാകുന്ന രോഗങ്ങൾ, പ്രതിരോധ വാക്സിൻകൊണ്ട് തടയാവുന്ന രോഗങ്ങൾ നിലനിൽക്കുന്ന അവസ്ഥ തുടങ്ങിയവ ജില്ലയിലെ ആരോഗ്യ മേഖല നേരിടുന്ന വെല്ലുവിളികളാണ്. ജില്ലയിൽ 2016 സെപ്തംബർ വരെ എലിപ്പനി ബാധിച്ച് 5 പേർ ചികിത്സ നേടുകയും ഒരാൾ മരണപ്പെടുകയും ചെയ്തു. ജില്ലയിൽ ഡിഫ്തീരിയ രോഗം അടുത്തകാലത്തായി റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നത് ആരോഗ്യമേഖലയിലെ മുന്നേറ്റങ്ങളെ തളർത്തുന്നതായി പറയാനാകും. 34 ലക്ഷത്തിലധികം വരുന്ന ജനസംഖ്യയ്ക്ക് ആനുപാതികമായി ജില്ലയിലെ ആരോഗ്യമേഖല വികസിക്കേണ്ടതുണ്ട്. ആതുര ശുശ്രൂഷാ രംഗത്ത് സാധാരണക്കാരന്റെ അത്താണിയായ സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെ സേവനവും കിടക്കകളുടെ എണ്ണവും ആധുനിക ആശുപത്രി സൗകര്യങ്ങളും ലഭ്യമാകാനുള്ള നടപടികൾ അനിവാര്യമാണ്.

7.3 – സ്വകാര്യ മെഡിക്കൽ ലബോറട്ടറികൾ – സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിന്റെ കണക്കു പ്രകാരം ജില്ലയിൽ 477 സ്വകാര്യ മെഡിക്കൽ ലബോറട്ടറികൾ പ്രവർത്തിക്കുന്നുണ്ട്.

7.4 – ഹോട്ടലുകളും റസ്റ്റോറന്റുകളും – സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് 2015 ൽ നടത്തിയ ഹോട്ടൽ & റസ്റ്റോറന്റ് സർവ്വെ പ്രകാരം ഹോട്ടലുകളും റസ്റ്റോറന്റുകളുടെ എണ്ണം താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

പട്ടിക 1.18 : ഹോട്ടലുകളും റസ്റ്റോറന്റുകളും

വിഭാഗം	പഞ്ചായത്ത്	മുനിസിപ്പാലിറ്റി	ആകെ
ഹോട്ടലുകൾ	95	101	196
റസ്റ്റോറന്റുകൾ	3213	589	3802
ചായക്കടകൾ	1954	411	2365

അവലംബം : സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ കേരളത്തിലെ ഹോട്ടൽ ആൻഡ് റെസ്റ്റോറന്റുകളെ കുറിച്ചുള്ള റിപ്പോർട്ട്- 2014-15.

ജില്ലയിലെ ഗ്രാമങ്ങളിലും പട്ടണങ്ങളിലുമുള്ള അറവുശാലകൾ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ എന്നിവിടങ്ങളിൽ നിന്നുള്ള മാലിന്യം ശരിയായ രീതിയിൽ സംസ്കരിക്കാതെ ഓടകളിലും പുഴയോരങ്ങളിലും ജലാശയങ്ങളിലും നിക്ഷേപിക്കുന്ന പ്രവണത കണ്ടുവരുന്നു. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ഇക്കാര്യത്തിൽ അടിയന്തിര ശ്രദ്ധ പതിപ്പിച്ച് കൃത്യമായ നയപരിപാടികളോടെ മാലിന്യനിർമ്മാർജ്ജന പരിപാടികൾ നടപ്പിലാക്കുകയും കൂടിവെള്ള സ്രോതസ്സുകളായ നദികൾ ജലാശയങ്ങൾ കിണറുകൾ കുളങ്ങൾ എന്നിവയെ സംരക്ഷിക്കാനുതകുന്ന ബോധവത്ക്കരണം നടത്തുകയും ചെയ്യേണ്ടത് അനിവാര്യമാണ്.

8– വിദ്യാഭ്യാസ മേഖല

കുറഞ്ഞ പ്രതിശീർഷ വരുമാനവും ഉയർന്ന മാനവ വികസനവും എന്ന കേരളത്തിന്റെ അനന്യമായ ശൈലി ഇന്ന് അന്താരാഷ്ട്ര ശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്. ഇതിൽ ജില്ലയ്ക്ക് അതിന്റെതായ പങ്ക് വഹിക്കാൻകഴിഞ്ഞിട്ടുണ്ട്. ജില്ല പിറവിയെടുക്കുന്ന കാലത്ത് വിദ്യാഭ്യാസപരമായി നാം വളരെയധികം പിന്നോക്കാവസ്ഥയിലായിരുന്നു. എങ്കിലും ഈ അടുത്ത രണ്ട് ദശാബ്ദങ്ങളിലായി വിദ്യാഭ്യാസ രംഗത്ത് ഒരു വലിയ കുതിച്ചുചാട്ടം നടത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

പട്ടിക 1.19 : സാക്ഷരത നിരക്ക് കേരളവും–മലപ്പുറം ജില്ലയും– 2016 ലെ സാക്ഷരതനിരക്ക് താരതമ്യം

സംസ്ഥാനം/ജില്ല	വ്യക്തികൾ	ആൺ	പെൺ
കേരളം	94.57	96.61	95.52
മലപ്പുറം	93.56	95.78	91.55

അവലംബം : സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, മലപ്പുറം.

2004 ൽ നിന്ന് 2016 ലേക്ക് എത്തുമ്പോൾ ജില്ലയുടെ സാക്ഷരത നിരക്ക് ഏകദേശം 5% വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. സമ്പൂർണ്ണ സാക്ഷരത കൈവരിക്കാനുള്ള പ്രയത്നത്തിലാണ് ജില്ലയിപ്പോൾ. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളുടെ എണ്ണത്തിലും, സ്കൂളിലെത്തുന്ന കുട്ടികളുടെ എണ്ണത്തിലും മറ്റു ജില്ലകളെ അപേക്ഷിച്ച് ജില്ല ബഹുദൂരം മുന്നിലാണ്.

8.1 – ജില്ലയിലെ സ്കൂളുകളുടെ എണ്ണം 2015-16

പട്ടിക 1.20 : ജില്ലയിലെ സർക്കാർ, എയ്ഡഡ്, അൺ-എയ്ഡഡ് സ്കൂളുകളുടെ എണ്ണം

ക്രമ നമ്പർ	സ്കൂളുകളുടെ തരം	സർക്കാർ	എയ്ഡഡ്	അൺ-എയ്ഡഡ്	ആകെ
1.	ഹൈസ്കൂൾ	106	85	125	316
2.	യു.പി	94	229	39	362
3.	എൽ.പി	346	488	46	880
4.	ഹയർസെക്കന്ററി	86	89	73	248
5.	വൊക്കേഷണൽ ഹയർ സെക്കന്ററി	24	3	-	27
	ആകെ	656	873	294	1823

(അവലംബം : ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം, മലപ്പുറം)

8.2 – സംസ്ഥാന സിലബസിലല്ലാത്ത സ്കൂളുകൾ 2015-16

പട്ടിക 1.21 : സംസ്ഥാന സിലബസിലല്ലാത്ത സ്കൂളുകളുടെ എണ്ണം

സി.ബി.എസ്.ഇ	ഐ.സി.എസ്.ഇ	കേന്ദ്രീയ വിദ്യാലയം	ജവഹർ നവോദയ
113	3	1	1

അവലംബം : ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം, മലപ്പുറം.

8.3 – ജില്ലയിലെ ഹൈസ്കൂൾ വരെയുള്ള കുട്ടികളുടെ എണ്ണം 2015-16

പട്ടിക 1.22 : ജില്ലയിലെ ഹൈസ്കൂൾ വരെയുള്ള കുട്ടികളുടെ എണ്ണം

കാറ്റഗറി	എൽ.പി, യു.പി	ഹൈസ്കൂൾ	ആകെ
ആൺ	284326	82827	367153
പെൺ	272401	77804	350205
ആകെ	556727	160631	717358

അവലംബം : ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം

ജില്ലയിലെ ഗവൺമെന്റ് സ്കൂളുകളിൽ ഹൈസ്കൂൾ തലം വരെ ആകെയുള്ള 546 സ്കൂളുകളിൽ 520 എണ്ണം സ്വന്തം കെട്ടിടങ്ങളിൽ പ്രവർത്തിക്കുമ്പോൾ 20 എണ്ണം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 15 സ്കൂളുകൾ കുടിവെള്ള സൗകര്യമില്ലാത്തവയും, 12 സ്കൂളുകൾ കക്കൂസ്/മൂത്രപ്പുര സൗകര്യം എന്നിവ ഇല്ലാത്തവയുമാണ്. ജില്ലയിലെ കുട്ടികളുടെ കൊഴിഞ്ഞ്പോക്ക് 2014-15 കണക്ക് സൂചിപ്പിക്കുന്നത് എൽ.പി.യിൽ 0.24%, യു.പി യിൽ 0.12%, ഹൈസ്കൂൾ 0.17% ആണ്. ജില്ലയിൽ അൺ ഇക്കണോമിക് സ്കൂളുകൾ ഗവൺമെന്റ് തലത്തിൽ 113 ഉം എയ്ഡഡ്തലത്തിൽ 118 ഉം ആകുന്നു.

8.4 – സർവ്വകലാശാലയും ഉന്നത വിദ്യാഭ്യാസവും

ഉന്നത വിദ്യാഭ്യാസ രംഗത്ത് സംസ്ഥാനത്തെ സർവ്വകലാശാലകളിൽ 2 എണ്ണം മലപ്പുറം ജില്ലയിലാണ്. കോഴിക്കോട് സർവ്വകലാശാലയും, മലയാളം സർവ്വകലാശാലയും.

8.4.1 – ആർട്സ് & സയൻസ് കോളേജുകളുടെ എണ്ണം

പട്ടിക 1.23 : ആർട്സ് & സയൻസ് കോളേജുകളുടെ എണ്ണം

സർക്കാർ കോളേജുകൾ	പ്രൈവറ്റ് കോളേജുകൾ (എയ്ഡഡ്)
8 എണ്ണം	20 എണ്ണം

അവലംബം : ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം

8.4.2 – സാങ്കേതിക വിദ്യാഭ്യാസം

എഞ്ചിനീയറിംഗ് കോളേജുകളുടെ എണ്ണം പരിശോധിക്കുമ്പോൾ അൺ എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന 11 സ്ഥാപനങ്ങളുണ്ട്. സർക്കാർ, എയ്ഡഡ് മേഖലകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഒന്നുംതന്നെയില്ല.

ജില്ലയിൽ 10 പോളിടെക്നിക്കുകൾ ഉണ്ട്. 4 എണ്ണം സർക്കാർ മേഖലയിലുള്ളതാണ്.

9 – റോഡുകളും ഗതാഗത സൗകര്യവും

വ്യോമയാന ഗതാഗതത്തിൽ 1998 ൽ കരിപ്പൂർ വിമാനത്താവളം ജില്ലയുടെ മുഖച്ഛായ മാറ്റിയെങ്കിലും അന്താരാഷ്ട്ര വിമാനങ്ങൾ വന്നു പോകുന്നതിൽ പുരോഗതി കാണുന്നില്ല. റോഡ് ഗതാഗത മേഖലയിൽ ജില്ലയിലൂടെ കടന്നു പോകുന്ന പാതയുടെ നീളം താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

പട്ടിക 1.24 : ജില്ലയിലൂടെ കടന്നു പോകുന്ന പാതയുടെ നീളം

ദേശീയ പാത	സംസ്ഥാന പാത	പ്രധാന റോഡുകൾ	മറ്റ ജില്ലാ ഗ്രാമീണ റോഡുകൾ
166.89 കി.മീ	385.5 കി..മീ	2305.38 കി..മീ	18557.5 കി..മീ

(പൊതുമരാമത്ത്, ജില്ലാ പഞ്ചായത്ത്, ഗ്രാമ പഞ്ചായത്തുകൾ)

മലപ്പുറം ജില്ലയിലെ മുനിസിപ്പാലിറ്റി/ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകളിൽ ഓരോ വർഷവും റോഡുകളുടെ ദൈർഘ്യം കൂടിവരികയാണ്. എങ്കിലും ഉൾനാടൻ പഞ്ചായത്തുകളിൽ ഇപ്പോഴും റോഡ് വികസനം സാധ്യമാകാത്ത പഞ്ചായത്തുകളുണ്ട്. ഉൾനാടൻ പഞ്ചായത്തുകളിൽ സാധ്യമാകുന്ന ഇടങ്ങളിൽ ഗ്രാമീണ റോഡുകൾ ഗതാഗത യോഗ്യമാക്കുകയും കാലവർഷത്തെ അതിജീവിക്കുന്ന തരത്തിലുള്ള റോഡു സംരക്ഷണം നടത്തുകയും ചെയ്യേണ്ടതാണ്.

മലപ്പുറം ജില്ലയിൽ എല്ലാ ഇനത്തിലും പെട്ട വാഹനങ്ങൾ 2015-16 വരെ 963670 എണ്ണമാണ്. കഴിഞ്ഞ 5 വർഷം ജില്ലയിലെ വിവിധ ആർ.ടി ഓഫീസുകളിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ എണ്ണം താഴെ പട്ടികയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

പട്ടിക 1.25 : ജില്ലയിലെ വിവിധ ആർ.ടി ഓഫീസുകളിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ എണ്ണം.

ക്രമ നം.	വാഹനങ്ങൾ	രജിസ്റ്റർ ചെയ്തിട്ടുള്ള വാഹനങ്ങളുടെ എണ്ണം					കഴിഞ്ഞ 5 വർഷത്തിൽ മലപ്പുറം ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ആകെ വാഹനങ്ങളുടെ എണ്ണം
		2012-13	2013-14	2014-15	2015-16	2016-17	
1	ഇരുചക്ര വാഹനങ്ങൾ	75535	87238	71725	68079	69654	372231
2	മുച്ചക്രവാഹനങ്ങൾ	10530	7352	4210	3292	3000	28384
3	നാല് ചക്ര വാഹനങ്ങൾ	24021	24782	20611	20553	20289	110256
4	ബസ്	385	325	188	231	212	1341
5	മറ്റ്ഹെവി വാഹനങ്ങൾ	168	203	115	138	110	734
6	മറ്റുള്ളവ	5666	4361	2698	2403	2277	17405
	ആകെ	116305	124261	99547	94696	95542	530351

അവലംബം : മോട്ടോർ വാഹന വകുപ്പ്, മലപ്പുറം

വാഹനങ്ങളുടെ അനിയന്ത്രിതമായ പെരുപ്പം സൃഷ്ടിക്കുന്ന ശബ്ദ-വായു മലിനീകരണം ലഘൂകരിക്കുവാൻ ക്രിയാത്മകമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

10- ടൂറിസം

കേരളത്തിലെ സാമ്പത്തിക വളർച്ചയിൽ പ്രധാന പങ്കുവഹിക്കുന്ന വിനോദ സഞ്ചാര മേഖലയിൽ കുറവല്ലാത്ത ഒരു പ്രാധാന്യം വഹിക്കുവാൻ മലപ്പുറം ജില്ലക്ക് കഴിഞ്ഞിട്ടുണ്ട്. കേരള സംസ്ഥാനത്തെ വിസ്തീർണ്ണത്തിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന ജില്ലയായ മലപ്പുറം പടിഞ്ഞാറ് കടൽതീരം മുതൽ കിഴക്ക് പശ്ചിമഘട്ട മലയോരം വരെ പരന്നുകിടക്കുന്ന മലപ്പുറം ജില്ലക്ക് ടൂറിസം മേഖലയിൽ അനന്ത സാധ്യതകളാണുള്ളത്. ചരിത്രത്തിൽ ഇടംനേടിയ ബ്രിട്ടീഷ് മേൽക്കോയ്മയുടെ അടയാളങ്ങളായ എം.എസ്.പി., മലപ്പുറം സിവിൽ സ്റ്റേഷൻ കെട്ടിടങ്ങൾ, കോട്ടക്കുന്ന്, മലപ്പുറം വലിയ പള്ളി തുടങ്ങിയ ഒട്ടനേകം വിനോദസഞ്ചാര കേന്ദ്രങ്ങൾ മലപ്പുറത്തെ ടൂറിസത്തിന് പ്രേരകശക്തിയായി നിലകൊള്ളുന്നു. ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വിവരണം താഴെ കൊടുക്കുന്നു.

1. കോട്ടക്കുന്ന് 2. വലിയ ജുമാമസ്ജിദ് 3. പടിഞ്ഞാറെക്കര ബീച്ച് 4. തിരൂർ തുഞ്ചൻപറമ്പ് 5. തിരുന്നാവായ 6. കോട്ടക്കൽ ആര്യവൈദ്യശാല 7. കടലുണ്ടി പക്ഷി സങ്കേതം 8. നിലമ്പൂർ തേക്ക് മ്യൂസിയം 9. നിലമ്പൂർ കനോലി തേക്ക് തോട്ടം 10. കൊണ്ടോട്ടി മോയിൻകുട്ടി വൈദ്യർ സ്മാരകം 11. ആഢ്യൻപാറ വെള്ളച്ചാട്ടം 12. തിരുമാന്ധാംകുന്ന് 13. വൈരംകോട് ദേവീക്ഷേത്രം 14. കരുവാരക്കുണ്ട് ഇക്കോ ടൂറിസം വില്ലേജ് 15. കേരളാകുണ്ട് വെള്ളചാട്ടം 16. ബിയ്യംകായൽ 17. നെടുങ്കയം എക്കോ ടൂറിസം പദ്ധതി 18. കൊടികുത്തിമല തുടങ്ങിയവയെല്ലാം തന്നെ പ്രകൃതിദത്തമായ ടൂറിസ്റ്റ് കേന്ദ്രങ്ങളാണ്.ജില്ലയുടെ കടൽതീരം 70 കിലോമീറ്ററോളം വരുന്ന ജില്ലയുടെ കടൽതീരത്ത് സാധ്യതാ പഠനം നടത്തിക്കൊണ്ട് ബീച്ച് ടൂറിസം പ്രോത്സാഹിപ്പിക്കാനുള്ള നടപടികളും കൂടാതെ മേൽപറഞ്ഞിട്ടുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വികസനവും സംരക്ഷണവും

ഉറപ്പാക്കുന്ന നടപടികൾ സ്വീകരിക്കുകയാണെങ്കിൽ ജില്ലയുടെ ടൂറിസം മറ്റു ജില്ലകളുടേതിനേക്കാൾ കൂടുതൽ മെച്ചപ്പെടുത്തുവാൻ കഴിയും.

11 – കെട്ടിട നിർമ്മാണ മേഖല

സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് 2015–16 ൽ നടത്തിയ സിമന്റ് ബ്രിക്സ് നിർമ്മാണ യൂണിറ്റുകളെ കുറിച്ചുള്ള സർവ്വെയിൽ ജില്ലയിൽ ആകെ 346 യൂണിറ്റുകൾ – 304 എണ്ണം പഞ്ചായത്തിലും 42 എണ്ണം മുനിസിപ്പാലിറ്റികളിലും പ്രവർത്തിക്കുന്നതായി കാണുന്നു.

ജില്ലയിൽ ആകെ താമസത്തിനുവേണ്ടിയുള്ള വീടുകളുടെ എണ്ണം 905503 ആണ്. കെട്ടിടനിർമ്മാണ മേഖലയും അനുബന്ധ സാമഗ്രികളുടെ വിപണനവും ജില്ലയിൽ ധാരാളം തൊഴിൽ അവസരങ്ങൾ ഉണ്ടാക്കുന്നുവെങ്കിലും നിർമ്മാണ മേഖലയിലെ ഭൂരിപക്ഷം തൊഴിലാളികളും അന്യസംസ്ഥാന തൊഴിലാളികളാണ്.

12– സാമൂഹ്യ സുരക്ഷയും ക്ഷേമവും

സാമൂഹ്യ സുരക്ഷാ പരിപാടികൾ രണ്ട് വിഭാഗമായി തരംതിരിക്കാം.

എ) സ്ഥാപനങ്ങളിലൂടെ നൽകുന്ന സംരക്ഷണം.
ബി) സാമൂഹ്യ സഹായപരിപാടികളിലൂടെ നടത്തുന്നവ.

12.1 – മലപ്പുറം ജില്ലയിലെ സാമൂഹ്യനീതി വകുപ്പിൻറെ കീഴിലുള്ള ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾ 2016 മാർച്ച് വരെ.

പട്ടിക 1.26 : സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള അന്തേവാസികളുടെ എണ്ണം

സ്ഥാപനത്തിന്റെ പേര്	അന്തേവാസികളുടെ എണ്ണം
വൃദ്ധസദനം	59
മഹിളാമന്ദിരം	32
റെസ്ക്യൂ ഹോം	27
പ്രതീക്ഷാഭവൻ	84

അവലംബം : സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ 2013–14 ലെ എൻ പി ഐ –ഓർഫനേജ് / കെയർ ഹോം സർവ്വേ).

12.2 – രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾ (2016 മാർച്ച് വരെ)

പട്ടിക 1.27 : രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികളുടെ എണ്ണം

ക്രമ നം	സ്ഥാപനത്തിന്റെ പേര്	അന്തേവാസികളുടെ എണ്ണം
1.	വൃദ്ധസദനങ്ങൾ	1
2.	ഫൌണ്ടലിംഗ് ഹോമുകൾ	6
3.	സൈക്കോസോഷ്യൽ റീഹാബിലിറ്റേഷൻ സ്ഥാപനങ്ങൾ	60
4.	മാനസിക പ്രതിബന്ധമുള്ളവർക്കുള്ള സ്ഥാപനങ്ങൾ	109
5.	അനാഥ മന്ദിരങ്ങൾ	7128
6.	യാചക ഭവനങ്ങൾ	367
7.	നിർഭയ ഷെൽട്ടർ ഹോമുകൾ	43

ക്രമ നം	സ്ഥാപനത്തിന്റെ പേര്	അന്തേവാസികളുടെ എണ്ണം
8.	മറ്റുള്ളവ (ഓർഫനേജ് കൺട്രോൾ വഴിയുള്ളത്)	163

അവലംബം : സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ 2013-14 ലെ എൻ.പി.ഐ-ഓർഫനേജ്/ കെയർ ഹോം സർവ്വേ.

13 -പശ്ചാത്തല വികസനം

പശ്ചാത്തല വികസന രംഗത്ത് മറ്റ ജില്ലകളോട് മറികടക്കാൻപറ്റന്ന തരത്തിലല്ലെങ്കിലും പുരോഗതിയിലെത്തിച്ചേരാനുള്ള ശ്രമങ്ങൾ ജില്ല പിറവിയെടുക്കുന്ന സമയം മുതലേ ഉണ്ടായിട്ടുണ്ട്. റെയിൽ ഗതാഗത മേഖലയിൽ ഏകദേശം 142.09 കി.മീ റെയിൽപാത ജില്ലയിലൂടെ കടന്നുപോകുന്നു. വർദ്ധിച്ചുവരുന്ന വാഹനങ്ങളുടെ എണ്ണവും, റോഡപകടങ്ങളുടെ എണ്ണവും പരിശോധിക്കുകയാണെങ്കിൽ റോഡ് ഗതാഗതമേഖലയിൽ ജില്ലക്ക് അർഹിക്കാവുന്ന ഒരു പുരോഗതി ഇനിയും കൈവരിച്ചിട്ടില്ല.

ഉൾനാടൻ ജലഗതാഗത മേഖലയിൽ കേരള ഷിപ്പിംഗ് ആൻറ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന്റെ സഹായത്തോടെ താനൂർ കൂട്ടായി കനാലിന്റെ ആഴം കൂട്ടലും പാർശ്വഭിത്തി സംരക്ഷണം പൂർത്തീകരിക്കുകയും പി.സി കനാലിൻറെ മൂന്ന് റീച്ചുകളുടെ പുനരുദ്ധാരണം പ്രവർത്തനം പൂർത്തീകരിക്കുകയും ചെയ്തത് 2015-16 ൽ ആണ് എന്നത് ഈ മേഖലയിലെ നേട്ടമായി കാണാവുന്നതാണ്.

14 - വിവരസാങ്കേതിക മേഖല

വിവരസാങ്കേതിക രംഗത്തെ വിടവ് നികത്തുക എന്ന ലക്ഷ്യത്തോടെ 2002 നവംബർ 18 അക്ഷയ ആരംഭിച്ചത് മലപ്പുറം ജില്ലയിലാണ്. പൊതുസ്വകാര്യ പങ്കാളിത്ത രീതിയിലൂടെ പ്രവർത്തിക്കുന്ന അക്ഷയ കുടുംബത്തിലെ ഒരാൾക്കെങ്കിലും ഇ-സാക്ഷരത നൽകുക എന്ന ലക്ഷ്യം കൈവരിക്കാനായി. ഇപ്പോൾ പൗരൻമാർക്ക് സേവനം നൽകുക എന്നതു കൂടി അക്ഷയയുടെ പ്രവർത്തനത്തിൽ ഉൾപ്പെടുന്നു. മലപ്പുറം ജില്ലയിൽ 291 കേന്ദ്രങ്ങളിൽ അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ഇത് സംസ്ഥാനത്ത് ഒന്നാം സ്ഥാനത്ത് ആണ്. ഈ മേഖലയിൽ ഏകദേശം 960 പേർക്ക് ജോലി നൽകുവാനായി ജില്ലക്ക് കഴിഞ്ഞു.

15 - പുതിയ പരിപ്രേക്ഷ്യം

മാലിന്യ സംസ്കരണത്തിന് പ്രാധാന്യം നൽകുന്നതും നീർത്തട വികസനത്തിലൂന്നിയതുമായ സമഗ്ര കാർഷിക വികസന പദ്ധതികൾ ഉറപ്പുവരുത്തേണ്ടതുണ്ട്. മഴവെള്ളം സംഭരിച്ച് കൃഷിക്ക് ഉപയോഗപ്പെടുത്താനുള്ള സംവിധാനം ഉറപ്പു വരുത്തേണ്ടതാണ്. ചെറുകിട ജലസേചന പദ്ധതികൾക്ക് രൂപം നൽകുന്നതോടെ നെല്ല്, തെങ്ങ് എന്നിവയുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കാനും, പഴം, പച്ചക്കറി, അലങ്കാര പുഷ്പകൃഷി, ഉൾനാടൻ മത്സ്യകൃഷി വികസിപ്പിക്കാനും സാദ്ധ്യതയേറെയുണ്ട്.

കൃഷിയിടങ്ങൾ പുരയിടങ്ങളാകുന്നതോടെ നീർച്ചാലുകൾ അപ്രത്യക്ഷമാവുന്നു. തോടുകളും, പുഴകളും, കുളങ്ങളും, കാവുകളും സംരക്ഷിക്കുന്നതിൽ പ്രത്യേകം ശ്രദ്ധ അനിവാര്യമാണ്.തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നീർത്തട വികസന പദ്ധതികളും മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളും ഫലപ്രദമായി നടപ്പാക്കുന്നതിൻവേണ്ട വിധത്തിലുള്ള അടിയന്തിര പരിശ്രമങ്ങൾ ഉണ്ടാവേണ്ടതുണ്ട്.

ജില്ലയുടെ തീരപ്രദേശങ്ങളിൽ മത്സ്യബന്ധന സംസ്കരണ വിപണന മേഖലകളിൽ വന്നുകൊണ്ടിരിക്കുന്ന സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുകയും, ടൂറിസം ഉൾപ്പെടെയുള്ള വിനോദസഞ്ചാര സാദ്ധ്യതകൾ വർദ്ധിപ്പിക്കാനും കഴിയും. മനുഷ്യവിഭവ വികാസ ത്തിലൂന്നിയ പുതിയ ശ്രമങ്ങൾ ജില്ലക്ക് കൂടുതൽ അഭികാമ്യമാകും.

സംസ്ഥാനത്തെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ജില്ലയിൽ മുഴുവൻ ജന വിഭാഗങ്ങൾക്കും ജനസംഖ്യാനുപാതികമായ വികസനം എല്ലാ മേഖലയിലും സാദ്ധ്യമാവാൻ ഈ ജില്ലാ പദ്ധതി ഒരു നിമിത്തമാകട്ടെ എന്ന് പ്രത്യാശിച്ചു കൊണ്ട് ഈ ആമുഖം സമർപ്പിക്കുന്നു.

അധ്യായം 2

വിഭവ ലഭ്യത

വികസന ക്ഷേമ പ്രവർത്തനങ്ങൾക്കാവശ്യമായ വിഭവങ്ങളുടെ ദൗർലഭ്യം ശരിയായ ആസൂത്രണത്തിന്റെ ആവശ്യകതയിലേക്ക് നയിക്കുന്നു. വികസനത്തിനാവശ്യമായ വിഭവങ്ങളുടെ ലഭ്യതയും ലഭ്യമായ വിഭവങ്ങളുടെ കാര്യക്ഷമവും സംതുലിതവുമായ ഉപയോഗവും വികസന പ്രവർത്തനങ്ങൾക്ക് അനിവാര്യമാണ്. മൊത്തം ആഭ്യന്തര ഉത്പന്നത്തിന്റെ വർദ്ധനവ് വളർച്ചയുടെ മാനകമായി വർത്തിക്കുന്നു. ജില്ലയ്ക്ക് സമ്പന്നമായ മനുഷ്യ വിഭവ ശേഷിയുണ്ട്. ജില്ലാ പദ്ധതിയിലൂന്നി മലപ്പുറം ജില്ലയുടെ സംപുഷ്ടമായ ഭാവി സൃഷ്ടിക്കുന്നതിലേക്കായി പരിമിതമായ പ്രകൃതി സ്ഥാപന, ധന, വിഭവ ശേഷിയെ യഥാവിധി വിനിയോഗിക്കേണ്ടതുണ്ട്.

വിഭവ ലഭ്യത എന്ന അധ്യായത്തിൽ മാനവ, പ്രകൃതി, ധന, സ്ഥാപന വിഭവങ്ങളുടെ സാധ്യതകൾ വിശദമായി വിശകലനം ചെയ്തിരിക്കുന്നു.

2.1 മനുഷ്യ വിഭവശേഷി

ലോകത്തിൽ പ്രകൃതിവിഭവങ്ങളാൽ സമ്പന്നമായഒട്ടേറെരാജ്യങ്ങൾ പരമദരിദ്രമായി കഴിയുമ്പോൾ പ്രകൃതിവിഭവങ്ങൾ കുറവായിരുന്നിട്ടും സമ്പന്നമായി ചില രാജ്യങ്ങൾനിലനിൽക്കുന്നു.ഈ വൈരുദ്ധ്യങ്ങൾ പരിശോധിക്കുമ്പോൾ പ്രത്യേകിച്ച് പ്രകൃതി വിഭവ ലഭ്യത കുറവായിരുന്നിട്ടും ത്വരിതമായ സാമ്പത്തിക വളർച്ചയും വികസനവും നേടുന്നതിൽ മനുഷ്യ വിഭവ ശേഷിയുടെ ക്രിയാത്മകമായ ഉപയോഗം പ്രധാന പങ്ക് വഹിക്കുന്നു.

മനുഷ്യവിഭവവും പ്രകൃതി വിഭവവും ഏറെ ലഭ്യമായ ജില്ലക്ക് അവയുടെ നൈസർഗ്ഗികവും ക്രിയാത്മകവുമായ വിനിയോഗത്തിലൂടെ അസൂയാവഹമായ വളർച്ചനേടാനാവുമെന്നതാണ് യാഥാർത്ഥ്യം. വിദ്യഭ്യാസം, ആരോഗ്യം, തൊഴിൽ പരിശീലനം തുടങ്ങിയവ ലഭ്യമാവുന്നതോടെ സമ്പന്നമായ മനുഷ്യ വിഭവം രൂപാന്തരപ്പെടുന്നു. മലപ്പുറം ജില്ലയിലെ മനുഷ്യ വിഭവശേഷിയുടെ പരിപ്രേക്ഷ്യം മനസ്സിലാക്കുന്നത് ജില്ലയുടെ സാധ്യതകൾ പഠിക്കുന്നതിന് സഹായകമാകും.

ജനസംഖ്യാ വളർച്ച

സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും 1971-2011 കാലഘട്ടങ്ങളിലെ ജനസംഖ്യയിലുള്ള വ്യതിയാനവും, ജനസംഖ്യയുടെ വളർച്ചാ നിരക്കും പട്ടികയിൽ കൊടുത്തിരിക്കുന്നു.

പട്ടിക 2.1.1 : ജില്ലകളിലെ ജനസംഖ്യയുടെ കാലിക വ്യതിയാനവും വളർച്ചാ നിരക്കും 1971-2011

ക്രമ നമ്പർ	ജില്ലയുടെ പേര് / സംസ്ഥാനം	വിസ്തീർണ്ണം (ച.കി.മീ)	ജനസംഖ്യ					വളർച്ചാ നിരക്ക്			
			1971	1981	1991	2001	2011	1971-81	1981-91	1991-01	2001-11
1	കാസർഗോഡ്	1992	-	-	1071508	1204078	1302600	-	22.78	12.37	8.18
2	കണ്ണൂർ	2966	2235829	2803467	2251727	2408956	2525637	25.39	16.63	6.98	4.84
3	വയനാട്	2131	413850	554026	672128	780619	816558	33.87	21.32	16.14	4.6
4	കോഴിക്കോട്	2344	1821734	2245265	2619941	2879131	3089543	23.25	16.69	9.89	7.31
5	മലപ്പുറം	3550	1856357	2402701	3096330	3625471	4112920	29.43	28.87	17.09	13.45
6	പാലക്കാട്	4480	1685347	2044399	2382235	2617482	2810892	21.3	16.52	9.88	7.39
7	തൃശ്ശൂർ	3032	2128797	2439543	2737311	2974232	3110327	14.6	12.2	8.66	4.58
8	എറണാകുളം	2407	2163674	2535294	2817236	3105798	3279860	17.18	11.12	10.24	5.6
9	ഇടുക്കി	5019	765608	971636	1078066	1129221	1107453	26.91	11.22	4.75	-1.93

ക്രമ നമ്പർ	ജില്ലയുടെ പേര് / സംസ്ഥാനം	വിസ്തീർണ്ണം (ച.കി.മീ)	ജനസംഖ്യ					വളർച്ചാ നിരക്ക്			
			1971	1981	1991	2001	2011	1971-81	1981-91	1991-01	2001-11
10	കോട്ടയം	2203	1539030	1697442	1828271	1953646	1979384	10.29	7.71	6.86	1.32
11	ആലപ്പുഴ	1414	2125722	2350145	2001217	2109160	2121943	10.56	7.28	5.39	0.61
12	പത്തനംതിട്ട	2642	-	-	1188332	1234016	1195537	-	5.6	3.84	-3.12
13	കൊല്ലം	2491	2412821	2813650	2407566	2585208	2629703	16.61	10.68	7.38	1.72
14	തിരുവനന്തപുരം	2192	2198606	2596112	2946650	3234356	3307284	18.08	13.5	9.76	2.25
	കേരളം	38863	21347375	25453680	29098518	31841374	33387677	19.24	14.32	9.43	4.86

അവലംബം : സെൻസസ് റിപ്പോർട്ട്

ചിത്രം 2.1.1 : ജില്ലകളിലെ ജനസംഖ്യയുടെ വളർച്ചാ നിരക്ക്



സ്രോതസ്സ് : സെൻസസ് റിപ്പോർട്ട് 2011

ജനസംഖ്യയും വളർച്ചാനിരക്കും

സെൻസസ് ഡയറക്ടറേറ്റ് 2011 ൽ പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം മലപ്പുറം ജില്ലയിലെ ജനസംഖ്യ 41,12,920 ആണ്. ഇതിൽ 22,95,709 (55.8%) പേർ ഗ്രാമീണരും 18,17,211 (44.2%) പേർ നഗരവാസികളുമാണ്.

പട്ടിക 2.1.2 : താലൂക്ക് അടിസ്ഥാനത്തിൽ ഗ്രാമ നഗര ജനസംഖ്യ-2011

ക്രമ നമ്പർ	താലൂക്ക്	ഗ്രാമം	നഗരം
1.	ഏറനാട്	594599	316379
2.	നിലമ്പൂർ	527693	46366
3.	പെരിന്തൽമണ്ണ	474612	131784
4.	തിരൂർ	476158	452514
5.	തിരൂരങ്ങാടി	60691	652326
6.	പൊന്നാനി	161956	217842
ആകെ		2295709	1817211

സ്രോതസ്സ് : സെൻസസ് റിപ്പോർട്ട് 2011

പുതുതായി രൂപീകരിച്ച കൊണ്ടോട്ടി താലൂക്ക് 2011-ലെ സെൻസസിൽ ഉൾപ്പെടുത്തിയിട്ടില്ല

സ്ത്രീ പുരുഷ ജനസംഖ്യ-2011

ജില്ലയിലെ ജനസംഖ്യ പരിശോധിക്കുമ്പോൾ പുരുഷൻമാരുടെ എണ്ണം 19,60,328 (47.7%) ഉം സ്ത്രീകളുടെ എണ്ണം21,52,592 52.34%) ഉം ആണ്. 2001 ലെ കാനേഷുമാരി പ്രകാരം ആകെ ഉണ്ടായിരുന്ന 36,25,471 ജനങ്ങളിൽ 17,54,576 (48.47%) പുരുഷന്മാരും 18,70,895 (51.6%) സ്ത്രീകളുമായിരുന്നു.

പട്ടിക 2.1.3 : താലൂക്കടിസ്ഥാനത്തിൽ സ്ത്രീപുരുഷ ജനസംഖ്യ-2011

ക്രമ നമ്പർ	താലൂക്ക്	പുരുഷൻമാർ	സ്ത്രീകൾ
1.	ഏറനാട്	443977	467001
2.	നിലമ്പൂർ	273909	300150
3.	പെരിന്തൽമണ്ണ	288250	318146
4.	തിരൂർ	436113	492559
5.	തിരൂരങ്ങാടി	341192	371825
6.	പൊന്നാനി	176887	202911
	ആകെ	1960328	2152592

സ്രോതസ്സ് : സെൻസസ് റിപ്പോർട്ട് 20111

ജില്ലയിലെ താലൂക്കുകളിൽ പുരുഷൻമാരുടെ ജനസംഖ്യ കൂടുതൽ ഏറനാട് താലൂക്കിലും സ്ത്രീ ജനസംഖ്യ കൂടുതൽ തിരൂർ താലൂക്കിലുമാണ്. രണ്ട് വിഭാഗങ്ങളിലും കുറവ് കാണിക്കുന്നത് പൊന്നാനി താലൂക്കിലാണ്. വളരെ നേരിയ വ്യതിയാനം മാത്രം സ്ത്രീ പുരുഷ ജനസംഖ്യയിൽ ഏറനാട് താലൂക്ക് കാണിക്കുമ്പോൾ തിരൂർ താലൂക്കിൽ കൂടിയ തോതിലുള്ള വ്യതിയാനം വ്യക്തമാണ്. ജില്ലയിൽ വിവിധ താലൂക്കുകളിലെ സ്ത്രീ പുരുഷ ജനസംഖ്യ താഴെ കൊടുത്തിരിക്കുന്ന ബാർ ഡയഗ്രം (ചിത്രം-2.1.2) വിശദീകരിക്കുന്നു.

ചിത്രം-2.1.2 : താലൂക്കടിസ്ഥാനത്തിൽ സ്ത്രീ പുരുഷ ജനസംഖ്യ-2011



സ്രോതസ്സ് : സെൻസസ് റിപ്പോർട്ട് 2011

ജനസംഖ്യയുടെ ദശാബ്ദ വളർച്ചാ നിരക്ക്

ജനസംഖ്യയുടെ ദശാബ്ദ വളർച്ചാ നിരക്കിലും കേരളത്തിലെ ജില്ലകളിൽ ഒന്നാം സ്ഥാനം മലപ്പുറത്തിനാണ്. മലപ്പുറം ജില്ല 13.45% വളർച്ച കാണിക്കുമ്പോൾ ഇടുക്കി, പത്തനംതിട്ട ജില്ലകൾ പൂജ്യത്തിനു താഴെയാണ് വളർച്ചകാണിക്കുന്നത്.അതേ സമയം കേരളത്തിന്റെ വളർച്ചാ നിരക്ക് 4.9 ശതമാനവും ഇന്ത്യയുടെ 17.6 ശതമാനവുമാണ്. 1951 മുതൽ2011 വരെയുള്ള ജില്ലയുടെ ദശാബ്ദ വളർച്ചാ നിരക്ക് പരിശോധിക്കുമ്പോൾ 1971 വരെ ജനസംഖ്യാ നിരക്ക് കൂടിക്കൊണ്ടിരുന്നതായും അതിനുശേഷം കുറയുന്ന

പ്രവണതയും കാണിക്കുന്നു. ദേശീയതലത്തിൽ സംസ്ഥാനത്തിന്റെ നിരക്ക് പരിശോധിച്ചാലും ഇതേ പ്രവണത കാണാം.

പട്ടിക-2.1.4 : 1951 മുതൽ2011 വരെയുള്ള ജനസംഖ്യാ വളർച്ചാ നിരക്ക് ഇന്ത്യ-കേരളം-മലപ്പുറം ജില്ല

ക്രമ നമ്പർ	ജനസംഖ്യയും വളർച്ചാ നിരക്കും						
	സെൻസസ് വർഷം	ഇന്ത്യ		കേരളം		മലപ്പുറം*	
		ജനസംഖ്യ (കോടിയിൽ)	ദശക വളർച്ച(%)	ജനസംഖ്യ (കോടിയിൽ)	ദശക വളർച്ച(%)	ജനസംഖ്യ (കോടിയിൽ)	ദശക വളർച്ച (%)
1.	1951	36.10	13.31	1.36	22.82	0.12	17.67
2.	1961	43.92	21.64	1.69	24.76	0.15	20.67
3.	1971	54.82	24.80	2.13	26.29	0.18	33.8
4.	1981	68.63	24.66	2.55	19.24	0.24	29.43
5.	1991	84.34	23.86	2.91	14.32	0.30	28.87
6.	2001	102.70	21.34	3.18	9.42	0.36	17.09
7.	2011	121.06	17.70	3.34	4.91	0.41	13.45

സ്രോതസ്സ് : 197-ന മുൻപുള്ള മലപ്പുറം ജില്ലയുടെ കണക്കുകൾ അനുപാതം ഉപയോഗിച്ച് തയ്യാറാക്കിയിരിക്കുന്നു.

11951 മുതൽ 2011 വരെയുള്ള ജനസംഖ്യയും ദശക വളർച്ചാ നിരക്കും താഴെ കൊടുത്തിരിക്കുന്ന ലൈൻ ഡയഗ്രം (ചിത്രം-2.1..3) വിശദീകരിക്കുന്നു.

ചിത്രം 2.1.3 : ജനസംഖ്യാ ദശക വളർച്ച നിരക്ക്



സ്രോതസ്സ് : 1971-ന മുൻപുള്ള മലപ്പുറം ജില്ലയുടെ കണക്കുകൾ അനുപാതം ഉപയോഗിച്ച് തയ്യാറാക്കിയിരിക്കുന്നു.

1957 മുതൽ 2011 വരെയുള്ള ഇന്ത്യയിലേയും, കേരളത്തിലേയും ജില്ലയിലേയും ജനസംഖ്യാ വളർച്ച താരതമ്യം ചെയ്യുമ്പോൾ, ആദ്യ മൂന്ന് കാനേഷുമാരി വർഷങ്ങളിൽ കൂടുന്നതായാണ് കാണുന്നത്. എന്നാൽ 1971-ന ശേഷം ക്രമാതീതമായ ഒരു താഴ്ചയാണ് മൂന്ന് തലങ്ങളിലും കാണുന്നത്. 1951-ൽ കുടുംബാസൂത്രണ പ്രക്രിയ ആരംഭിക്കുകയും 1971-ഓടു കൂടി കൂടുതൽ ശാസ്ത്രീയമായ രീതികൾ അവലംബിക്കുകയും ചെയ്തതിന്റെ ഫലമായി ജനസംഖ്യാ ദശക വളർച്ചാനിരക്ക് കുറഞ്ഞു വരുന്നതായി കാണുന്നു. 1971-ന ശേഷമുള്ള വർഷങ്ങളിൽ ഇന്ത്യയിലെ വളർച്ചാ നിരക്കിനെ വെച്ചു താരതമ്യം ചെയ്യുമ്പോൾ സംസ്ഥാനത്തെയും ജില്ലയിലേയും വളർച്ചാ നിരക്ക് കൂടിയ തോതിൽ താഴ്ന്ന പോകുന്നതായാണ് കാണാനാകുന്നത്. 2001 മുതൽ 2011 വരെയുള്ള കണക്കുകൾ പരിശോധിക്കുമ്പോൾ മലപ്പുറം ജില്ല ദേശീയ ശരാശരിക്കും സംസ്ഥാന ശരാശരിക്കും ഇടയിലായിട്ടാണ് വരുന്നത് (13.45%).

കുട്ടികളുടെ ജനസംഖ്യാ ശതമാനവും ദശാബ്ദപരമായ വ്യതിയാനവും

2001 ലെ സെൻസസ് പ്രകാരം ജില്ലയിലെ 0-6 വയസ് വരെയുള്ള കുട്ടികളുടെ ജനസംഖ്യ 5,51,525 എന്നത് 2011-ൽ 5,74,041 ആയി വർദ്ധിച്ചു (വർദ്ധന നിരക്ക് : 4.1% കൂടിയിരിക്കുന്നു). എന്നാൽ ആകെ ജനസംഖ്യയുമായി താരതമ്യം ചെയ്യുമ്പോൾ സംസ്ഥാനത്ത് കുട്ടികളുടെ ജനസംഖ്യ വളർച്ചാ നിരക്ക് കുറയുന്നതായാണ് കാണുന്നത്. (-8.4%). കുട്ടികളുടെ എണ്ണത്തിലെ വർദ്ധന വരും ദശകങ്ങളിൽ തൊഴിൽസേനയുടെ വർദ്ധനവിനും ആയതിലൂടെ മനുഷ്യ വിഭവശേഷിയിലുന്നിയ വികസനത്തിനും പ്രാപ്തമാക്കുന്നതാണ്. 2001 ലെ സെൻസസ് അനുസരിച്ച് മലപ്പുറം ജില്ലയിൽ കുട്ടികളുടെ ജനസംഖ്യ (5,51,525) ആകെ ജനസംഖ്യയുടെ 15.21 ശതമാനമായിരുന്നത് 2011 ൽ 14.00 ശതമാനമായി കുറഞ്ഞിട്ടുണ്ട്. ജില്ലയിൽ കുട്ടികളുടെ ജനസംഖ്യ പരിശോധിക്കുമ്പോൾ ഏറ്റവും ഉയർന്ന അനുപാതം തിരൂരങ്ങാടി (14.5%) താലൂക്കിലും കുറവ് പൊന്നാനി താലൂക്കിലുമാണ്. കുട്ടികളുടെ ജനസംഖ്യാനുപാതം കുറയുന്ന പ്രവണത കേരളത്തിലെ മറ്റു ജില്ലകളിൽ എന്ന പോലെ ജില്ലയിലെ താലൂക്കുകളിലും കാണുന്നു താഴെ കൊടുത്തിരിക്കുന്ന ചിത്രം താലൂക്കടിസ്ഥാനത്തിലുള്ള കുട്ടികളുടെ ജനസംഖ്യയും ദശാബ്ദ വ്യതിയാനവും കാണിക്കുന്നു.

ചിത്രം 2.1.4 : കുട്ടികളുടെ താലൂക്കടിസ്ഥാനത്തിലുള്ള ജനസംഖ്യാ ശതമാനവും ദശാബ്ദപരമായ വ്യതിയാനവും



സ്രോതസ്സ് : സെൻസസ് റിപ്പോർട്ട് 2011

ജനസംഖ്യയുടെ പ്രൊജക്ഷൻ

എല്ലാ വികസന പ്രവർത്തനങ്ങളുടേയും അടിസ്ഥാന ഘടകമാണ് ജനസംഖ്യ.. ജനസംഖ്യയുടെ നിലവിലെ പ്രവണതകൾ, അവയുടെ താരതമ്യം, ഇതിൽ നിന്നുള്ള കണ്ടെത്തലുകളുടെ പരിണിത ഫലം എന്നിവയെ അടിസ്ഥാനമാക്കി വരും കാല വികസന സങ്കൽപങ്ങൾ ആസൂത്രണം ചെയ്യുന്നതിൽ ജനസംഖ്യയുടെ വളർച്ചാ സാദ്ധ്യത വിശകലനം ചെയ്യുന്നുണ്ട്.

ജനസംഖ്യാ പ്രൊജക്ഷൻ നടത്തുന്നത് കണക്കാക്കുന്ന കാലഘട്ടത്തിൽ ഒരു പ്രദേശത്തുണ്ടാകുന്ന ജനന-മരണങ്ങളുടെ എണ്ണത്തേയും, പ്രദേശത്ത് നിന്നും പുറത്തേക്കും, പ്രദേശത്തിലേക്കുമുള്ള കുടിയേറ്റക്കാരുടെ എണ്ണത്തേയും ആശ്രയിച്ചാണ്.ജനസംഖ്യാ പ്രൊജക്ഷൻ ചെയ്യുന്നതിന് രണ്ട് വ്യത്യസ്ത രീതികളുണ്ട്. ഇവയിൽ മൂല്യക്ഷയരീതി, വിഭജനരീതി എന്നീ മാർഗ്ഗങ്ങളിലൂടെയാണ് ജില്ലയിലെ ജനസംഖ്യ പ്രൊജക്ട് ചെയ്തിരിക്കുന്നത്.

മൂല്യക്ഷയരീതി

പട്ടിക 2.1.5 : ജനസംഖ്യാ പ്രൊജക്ഷൻ-മൂല്യക്ഷയരീതി (സെൻസസ് 2011)

ക്രമ നമ്പർ	വർഷം	ആകെ ജനസംഖ്യ (ജില്ല)	ജനസംഖ്യയിലെ വ്യത്യാസം	ജനസംഖ്യാ വളർച്ചാ നിരക്ക്	വ്യത്യാസം	ജനസംഖ്യാ വളർച്ചാ നിരക്കിൽ ശതമാനാടിസ്ഥാനത്തിൽ വരുന്ന കുറവ്
1.	1971	1856362				
2.	1981	2402701	546339	29.43		
3.	1991	3096330	693629	28.87	-0.56	-1.9
4.	2001	3625471	529141	17.09	-11.78	-40.8
5.	2011	4110956	485485	13.39	-3.7	-21.7
6.	2021	4542195	431239	10.49	-2.9	-21.7
7.	2031	4886948	344753	7.59	-2.9	-21.7

സ്രോതസ്സ് : സെൻസസ് റിപ്പോർട്ട് 2011

വിഭജന രീതി

പട്ടിക 2.1.6 : ജനസംഖ്യാ പ്രൊജക്ഷൻ-മൂല്യക്ഷയരീതി (സെൻസസ് 2011)

ക്രമ നമ്പർ	വർഷം	ആകെ ജനസംഖ്യ		ജില്ലയും സംസ്ഥാനവും തമ്മിലുള്ള ജനസംഖ്യാ അനുപാതം	അനുപാതത്തിൽ വരുന്ന മാറ്റം
		കേരളം	മലപ്പുറം		
		X	y	y/x	
1.	1971	21347375	1856362	0.087	
2.	1981	25453680	2402701	0.094	0.007
3.	1991	29098518	3096330	0.106	0.012
4.	2001	31841374	3625471	0.114	0.007
5.	2011	33406061	4110956	0.123	0.009
6.	2021	34902653	4607150	0.132	0.009
7.	2031	35715885	5035940	0.141	0.009

സ്രോതസ്സ് : സെൻസസ് റിപ്പോർട്ട് 2011

രണ്ടു രീതികൾ അനുസരിച്ച് കണക്കാക്കുന്ന പ്രൊജക്ഷനുകൾ തമ്മിൽ നേരിയ വ്യത്യാസം ഉണ്ടാകും. അതിനാൽ ഇവയുടെ ശരാശരിയാണ് എടുക്കുന്നത്. ഇതു പ്രകാരമുള്ള മലപ്പുറം ജില്ലയുടെ ജനസംഖ്യാ പ്രൊജക്ഷൻ താഴെ പട്ടിക (2.1.7) ൽചേർത്തിരിക്കുന്നു.

പട്ടിക 2.1.7 : ജനസംഖ്യാ പ്രൊജക്ഷൻ-മൂല്യക്ഷയരീതി (സെൻസസ് 2011)

വർഷം	ആകെ ജനസംഖ്യ-മൂല്യക്ഷയരീതി	ആകെ ജനസംഖ്യ-വിഭജന രീതി	ശരാശരി ജനസംഖ്യ
2021	45,42,195	46,07,150	45,74,673
2031	48,86,948	50,35,940	49,61,444

സ്രോതസ്സ് : സെൻസസ് റിപ്പോർട്ട് 2011

ഇപ്രകാരം പ്രൊജക്ട് ചെയ്തതിൽ നിന്നും 2021 ലേയും 2031 ലേയും മലപ്പുറം ജില്ലയിലെ ജനസംഖ്യ യഥാക്രമം 45,74,673, 49,61,444 എന്നിങ്ങനെയാണ്.

കുടുംബങ്ങൾ

ജില്ലയിലെ ആകെ കുടുംബങ്ങളുടെ എണ്ണം 2001-ൽ 6,12,413 എന്നത് 2011-ൽ 7,93,999 ആയി വർദ്ധിച്ചു (29.7%). അതോടൊപ്പം ഒരു കുടുംബത്തിലെ ശരാശരി വ്യക്തികളുടെ എണ്ണം 2001-ൽ 5.92 എന്നത് 2011-ൽ 5.18 ആയി കുറഞ്ഞിട്ടുണ്ട്

പട്ടിക 2.1.8 : താലൂക്കാടിസ്ഥാനത്തിൽ കുടുംബങ്ങളുടെയും വ്യക്തികളുടെയും എണ്ണവും ശരാശരി കുടുംബ വലിപ്പവും

ജില്ല / താലൂക്ക്	കുടുംബങ്ങൾ			വ്യക്തികളുടെ		ശരാശരി	
	2001	2011	ദശാബ്ദ വളർച്ചാ ശതമാനം 2001-2011	2001	2011	2001	20111
ഏറനാട്	135253	178209	31.76	782850	910978	5.79	5.11
നിലമ്പൂർ	95900	120552	25.71	509940	574059	5.32	4.76
പെരിന്തൽമ	90656	118792	31.04	528756	60639	5.83	5.1
തിരൂർ	131732	170514	29.44	834817	928672	6.34	5.45
തിരൂരങ്ങാടി	99303	131272	32.19	619635	713017	6.24	5.43
പൊന്നാനി	59569	74660	25.33	349473	379798	5.87	5.09
മലപ്പുറം	612413	793999	29.65	3625471	4112920	5.92	5.18

സ്രോതസ്സ് : സെൻസസ് റിപ്പോർട്ട് 2011

ഇതിൽ നിന്നും കൂട്ടുകുടുംബങ്ങളിൽ നിന്നും അണുകുടുംബങ്ങളിലേക്കുള്ള പരിവർത്തനം വ്യക്തമാണ്. ശരാശരി അംഗങ്ങളുടെ എണ്ണത്തിൽഏറ്റവും മുന്നിൽ തിരൂർ താലൂക്കും (5.45), ഏറ്റവും പിന്നിൽ നിലമ്പൂർ താലൂക്കുമാണ് (4.76) .

പ്രായ വിഭാഗ വിതരണം

വിവിധ പ്രായ വിഭാഗങ്ങളിലെ ജനസംഖ്യയുടെ വിതരണം പരിശോധിക്കുമ്പോൾ 0-14 പ്രായ വിഭാഗത്തിന്റെ ജനസംഖ്യ 1991 ൽ 39% എന്നത്, 2011-ൽ 30% ആയി കുറഞ്ഞു. എന്നാൽ തൊഴിൽസേന ഉൾപ്പെടുന്ന 15-59 വിഭാഗത്തിന്റെ അനുപാതം 1991-ൽ 54 ശതമാനമായിരുന്നത് 2011-ൽ 61 ശതമാനം ആയി ഉയർന്നു. അതുപോലെ 60 വയസ്സിനു മുകളിലുള്ളവരുടെ അനുപാതവും ഉയരുന്നതായിട്ടാണ് കാണുന്നത്.

പട്ടിക 2.1.9 : വിവിധ പ്രായവിഭാഗങ്ങളിലെ ജനസംഖ്യയുടെ സെൻസസ് ശതമാനം

പ്രായ വിഭാഗം	സെൻസ് ശതമാനം		
	1991	2001	2011
0-14	39	34	30
15-59	54	59	61
60 ഉം അതിനു മുകളിലും	7	7	8

സ്രോതസ്സ് : സെൻസസ് റിപ്പോർട്ട് 2011

2001 ൽ 15-59 പ്രായവിഭാഗത്തിൽവരുന്നവരുടെ ജനസംഖ്യ 59 ശതമാനത്തിൽ നിന്ന് 2011 സെൻസസ് ആയപ്പൊഴേക്കും 61 ശതമാനം ആയി ഉയർന്നിട്ടുണ്ട്. ഇത് തൊഴിൽ സേനയിൽ ഉയർന്ന പങ്കാളിത്തം സൂചിപ്പിക്കുന്നു. 2001-ലെ കാനേഷുമാരി കണക്കുമായി താരതമ്യം ചെയ്യുമ്പോൾ 0-14 വരെ പ്രായത്തിലുള്ള കുട്ടികളുടെ എണ്ണം 34 ശതമാനത്തിൽ നിന്നും 2011 ആയപ്പോഴേക്കും 30 ശതമാനമായി കുറഞ്ഞിട്ടുണ്ട്. കൂടാതെ 60 വയസ്സിനു മുകളിൽ പ്രായമുള്ളവരുടെ ശതമാനം 2001-2011 കാലയളവിൽ7 ശതമാനത്തിൽനിന്നും 8 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. ഇത് തൊഴിൽ സേനയെ ആശ്രയിച്ച് ജീവിക്കുന്ന

വിഭാഗത്തിന്റെ വർദ്ധനവാണ് കാണിക്കുന്നത്. 60 വയസ്സിനു മുകളിൽ പ്രായമുള്ള ജനങ്ങളുടെ എണ്ണം കൂടുന്നത് കാരണം ചികിത്സാ ചെലവ് വർദ്ധിക്കുകയും കൂടാതെ ആശുപത്രികളുടെയും മറ്റു അടിസ്ഥാന സൗകര്യങ്ങളുടെയും പുരോഗതി ഉറപ്പു വരുത്തേണ്ടതുമാണ്. ജില്ലയിലെ വിവിധ പ്രായവിഭാഗങ്ങളിലെ ജനസംഖ്യയുടെ സെൻസസ് ശതമാനം താഴെ കൊടുത്തിരിക്കുന്ന ബാർഡയഗ്രം (ചിത്രം-2.1.5) വിശദീകരിക്കുന്നു.

ചിത്രം 2.1.5 : വിവിധ പ്രായവിഭാഗങ്ങളിലെ ജനസംഖ്യ



സ്രോതസ്സ് : സെൻസസ് റിപ്പോർട്ട് 2011

2011-ലെ സെൻസസ് പ്രകാരം സ്ത്രീ പുരുഷ പ്രായ വിഭാഗങ്ങൾ പരിശോധിക്കുമ്പോൾ 0-14 വയസ്സ് വിഭാഗത്തിൽ ആൺകുട്ടികളുടെ എണ്ണം കൂടുതലായും മറ്റു പ്രായ വിഭാഗത്തിൽ സ്ത്രീകളുടെ എണ്ണം കൂടുതലായും കാണുന്നു.

പട്ടിക 2.1.10 : വിവിധ പ്രായവിഭാഗങ്ങളിലെസ്ത്രീപുരുഷ ശതമാനം

പ്രായ വിഭാഗം	2011 സെൻസസ് ശതമാനം	
	പുരുഷൻ	സ്ത്രീ
0-14	32.3	28.3
15-59	59.8	62.9
60 ഉം അതിനുമുകളിലും	7.9	8.7

സ്രോതസ്സ് : സെൻസസ് റിപ്പോർട്ട് 2011

ജില്ലയിലെ വിവിധ സ്ത്രീ പുരുഷ പ്രായവിഭാഗങ്ങളിലെ 2011 സെൻസസ് താഴെ കൊടുത്തിരിക്കുന്ന ബാർഡയഗ്രം ഉപയോഗിച്ച് താരതമ്യം ചെയ്യാവുന്നതാണ്.

ചിത്രം 2.1.6 : വിവിധ സ്ത്രീ പുരുഷ പ്രായവിഭാഗങ്ങളിലെ 2011 സെൻസസ്



സ്രോതസ്സ് : സെൻസസ് റിപ്പോർട്ട് 2011

വിവിധ വയസ്സ് ഗ്രൂപ്പിൽ ഉൾപ്പെടുന്ന ജനങ്ങൾ 991, 2001, 2011 കനേഷുമാരി കണക്ക് പ്രകാരം പട്ടിക അനുബന്ധം 2.1.1 ൽ കൊടുത്തിരിക്കുന്നു.

ജനസാന്ദ്രത

മലപ്പുറം ജില്ലയിലെ ജനസാന്ദ്രത 2011-ൽ ഒരു ചതുരശ്ര കിലോമീറ്ററിന് 1157 ആണ്. ഇത് സംസ്ഥാന ശരാശരിയായ 860/ച.കി.മീ, ദേശീയ ശരാശരിയായ 382/ച.കി.മീ എന്നിവയെക്കാൾ വളരെ ഉയർന്നതാണ്. കേരളത്തിലെ ജില്ലകളിൽ മലപ്പുറം ജനസാന്ദ്രതയിൽ നാലാം സ്ഥാനത്താണ്.2001-ൽ ജില്ലയിലെ ജനസാന്ദ്രത 1308/ച.കി.മീ എന്നതായിരുന്നു. ജില്ലയിലെ താലൂക്കുകളിൽ ഏറ്റവും ഉയർന്ന ജനസാന്ദ്രത തിരൂരങ്ങാടി (2214/ച.കി.മീ), താലൂക്കിലും കുറവ് നിലമ്പൂർ താലൂക്കിലുമാണ് (427/ചി.കി.മീ) (പട്ടിക 2.1.11). നിലമ്പൂർ താലൂക്കിൽ ഭൂരിഭാഗവും വനപ്രദേശമായതാണ് ഇതിനു കാരണം. തിരൂരങ്ങാടി താലൂക്കിൽ നഗരപ്രദേശങ്ങൾ കൂടുതലായതാണ് ജനസാന്ദ്രതയുടെ വർദ്ധനവെന്ന് വിലയിരുത്താവുന്നതാണ്.

പട്ടിക 2.1.11 : മലപ്പുറം ജില്ലയിൽ വിവിധ താലൂക്കുകളിലെ ജനസാന്ദ്രത

സംസ്ഥാനം/താലൂക്ക്/ജില്ല/	ജനസാന്ദ്രത ച.കി.മി.	
	2001	2011
കേരളം	819	860
മലപ്പുറം ജില്ല	921	1159
ഏറനാട് താലൂക്ക്	870	1294
നിലമ്പൂർ താലൂക്ക്	380	427
പെരിന്തൽമണ്ണ താലൂക്ക്	957	1199
തിരൂർ താലൂക്ക്	1745	2074
തിരൂരങ്ങാടി താലൂക്ക്	1924	2214
പൊന്നാനി താലൂക്ക്	1308	1896

സ്രോതസ്സ് : സെൻസസ് റിപ്പോർട്ട് 2011

ജില്ലയിൽ വിവിധ താലൂക്കുകളിലെ ജനസാന്ദ്രത താഴെ കൊടുത്തിരിക്കുന്ന ബാർ ഡയഗ്രത്തിലൂടെ താരതമ്യം ചെയ്യാവുന്നതാണ് (ചിത്രം-2.1.7) .

ചിത്രം-2.1.7 : മലപ്പുറം ജില്ലയിലെ വിവിധ താലൂക്കുകളിലെ ജനസാന്ദ്രത



സ്രോതസ്സ് : സെൻസസ് റിപ്പോർട്ട് 2011

സാക്ഷരത

മലപ്പുറം ജില്ലയിലെ സാക്ഷരതാ നിരക്ക് 2011-ൽ 93.6 ശതമാനമാണ്. ഇത് സംസ്ഥാന ശരാശരിയോട് അടുത്ത് നിൽക്കുന്നു. 2001-ൽ സാക്ഷരതാ നിരക്ക് 89.6 ശതമാനമായിരുന്നു.

പട്ടിക-2.1.12 : സാക്ഷരതാ നിരക്ക്

കേരളം	2001 (ശതമാനത്തിൽ)	2011 (ശതമാനത്തിൽ)
	90.9	94.0
മലപ്പുറം ജില്ല	89.6	93.6
ഏറനാട് താലൂക്ക്	91.3	94.6
നിലമ്പൂർ താലൂക്ക്	88.4	92.3
പെരിന്തൽമണ്ണ താലൂക്ക്	90.7	94.3
തിരൂർ താലൂക്ക്	88.8	93.2
തിരൂരങ്ങാടി താലൂക്ക്	89.7	93.7
പൊന്നാനി താലൂക്ക്	87.9	92.5

സ്രോതസ്സ് : സെൻസസ് റിപ്പോർട്ട് 2011

പുരുഷൻമാരുടെ സാക്ഷരതാ നിരക്ക് 2011-ൽ 95.76 ശതമാനവും സ്ത്രീ സാക്ഷരതാ നിരക്ക് 91.6 ശതമാനവുമാണ്. പുരുഷ-സ്ത്രീ സാക്ഷരതാ നിരക്കിൽ 4.14 ശതമാനത്തിന്റെ വ്യത്യാസം കാണുന്നുണ്ട്. 2001-ലെ സാക്ഷരതാ നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ പുരുഷ സാക്ഷരത 2011-ൽ 2.46 ശതമാനവും സ്ത്രീ സാക്ഷരത 5.3 ശതമാനവും വർദ്ധിച്ചിരിക്കുന്നു. സ്ത്രീ സാക്ഷരതയിലുള്ള വർദ്ധനവ് ശ്രദ്ധേയമാണ്. ഈ വർദ്ധനവ് വരും കാലങ്ങളിലെ സ്ത്രീയുടെ തൊഴിൽ മേഖലയിലെ കൃതിപ്പിനും കുട്ടികളുടെ വിദ്യാഭ്യാസ നിലവാര പുരോഗതി ഉറപ്പ് വരുത്തുന്നതിനുമുള്ള ആശാവഹമായ സൂചകമാണ്.

ജില്ലയിലെ താലൂക്കുകളിൽ ഏറനാട് താലൂക്ക് ഏറ്റവും ഉയർന്ന സാക്ഷരതാ നിരക്ക് (94.6%) കാണിക്കുമ്പോൾ ഏറ്റവും കുറവ് നിലമ്പൂർ താലൂക്കിലാണ് (92.32%). നിലമ്പൂർ മേഖലയിലെ പട്ടികവർഗ്ഗ മേഖലയിലെ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകേണ്ട സാഹചര്യം നിലവിലുണ്ട്.

സ്ത്രീ-പുരുഷാനുപാതം

1901-മുതലുള്ള ജില്ലയുടെ സ്ത്രീ പുരുഷാനുപാതം പരിശോധിക്കുമ്പോൾ, ഇത് 1901-ൽ ആയിരം പുരുഷൻമാർക്ക് 1017 സ്ത്രീകൾ എന്നത് 2011-ൽ 1098 സ്ത്രീകൾ എന്ന നിലയിൽ ഉയർന്നിരിക്കുന്നു. 1901 മുതലുള്ള എല്ലാ സെൻസസ് വർഷങ്ങളിലും സ്ത്രീ-പുരുഷാനുപാതം ഉയർന്ന തന്നെയാണ് കാണുന്നത്. മാത്രമല്ല ജില്ലയുടെ അനുപാതം എല്ലായ്പ്പോഴും കേരളത്തിന്റെ അനുപാതത്തേക്കാൾ ഉയർന്നതാണ്. 2011-ൽ കേരളത്തിന്റെ സ്ത്രീ-പുരുഷാനുപാതം 1084-ഉം ഇന്ത്യയുടെ അനുപാതം 943-ഉം ആണ്. ജില്ലയിൽ പൊന്നാനി താലൂക്കിൽ ഏറ്റവും ഉയർന്ന സ്ത്രീ പുരുഷാനുപാതമായ 1104 കാണിക്കുമ്പോൾ ഏറ്റവും കുറവ് ഏറനാട് താലൂക്കിലാണ് (1024).

വിവിധ പ്രായ വിഭാഗങ്ങളിൽ സ്ത്രീ-പുരുഷാനുപാതം പരിശോധിക്കുമ്പോൾ 2011 വർഷത്തിൽ 0-19 വയസ്സുവരെയുള്ള കുട്ടികളുടെ അനുപാതം 1000-ന താഴെയായിട്ടാണ് കാണുന്നത്. അതുപോലെ 60 വയസ്സിനു മുകളിലേയ്ക്ക് സ്ത്രീകളുടെ എണ്ണം ഓരോ അഞ്ചു വർഷ പ്രായ വിഭാഗത്തിലും കൂടിക്കൂടി വരുന്നതായി കാണുന്നു. ആശ്രിത വിഭാഗത്തിൽ സ്ത്രീകളുടെ എണ്ണം വളരെ കൂടുതലാണെന്നാണ് ഇത് സൂചിപ്പിക്കുന്നത്.

താഴെ കൊടുത്തിരിക്കുന്ന പട്ടിക 2.1.13 ജില്ലയിലെ വിവിധ പ്രായ വിഭാഗങ്ങളിലെ സ്ത്രീപുരുഷാനുപാതം സൂചിപ്പിക്കുന്നു.

പട്ടിക 2.1.13 : വിവിധ പ്രായവിഭാഗങ്ങളിലെ ജില്ലയിലെ സ്ത്രീപുരുഷാനുപാതം

ക്രമ നമ്പർ	പ്രായ വിഭാഗം	സ്ത്രീപുരുഷാനുപാതം
1.	4-0	966
2.	9-5	961
3.	14-10	959
4.	19-15	980
5.	24-20	1093
6.	29-25	1217
7.	34-30	1262
8.	39-35	1324
9.	44-40	1265
10.	49-45	1222
11.	54-50	1086
12.	59-55	1018
13.	64-60	1055
14.	69-65	1215
15.	74-70	1247
16.	79-75	1441
17.	80+	1686

സ്രോതസ്സ് : സെൻസസ് റിപ്പോർട്ട് 2011

0-4 പ്രായംവിഭാഗം തൊട്ട് 15-19 വയസ്സുവരെ സ്ത്രീപുരുഷാനുപാതത്തിൽ ശ്രദ്ധേയമായ വ്യത്യാസങ്ങൾ ഒന്നും തന്നെ കാണിക്കുന്നില്ല. എന്നാൽ 15-19 മുതൽ 35-39 വയസ്സു വരെ വർദ്ധനവ് വ്യക്തമാകുന്നുണ്ട്. ഇതിനു മുഖ്യ കാരണം ഈ കാലയളവിൽജോലി തേടി പുറത്തേക്ക് പോകുന്ന പുരുഷൻമാരുടെ എണ്ണം കൂടുന്നതായി രേഖകൾ സൂചിപ്പിക്കുന്നു. പിന്നീടങ്ങോട്ട് 55-59 പ്രായം വരെ അനുപാതം കുറയുന്നതായി കാണുന്നു. ജോലി തേടി പോയവർതിരിച്ചു നാട്ടിലേക്ക് മടങ്ങിവരുന്നതാകാം ഈ കുറവ് സൂചിപ്പിക്കുന്നത്. ഈ പ്രായത്തിനു മുകളിലോട്ടു പോകുന്തോറും വീണ്ടും വർദ്ധനവ് കാണിക്കുന്നു. കേരളത്തിലെ സ്ത്രീകളുടെ ആയുർദൈർഘ്യം പുരുഷൻമാരെ അപേക്ഷിച്ച് കൂടുന്നതായി കാണുന്നു.

വിവിധ പ്രായവിഭാഗങ്ങളിലെ ജില്ലയിലെ സ്ത്രീപുരുഷാനുപാതംതാഴെ കൊടുത്തിരിക്കുന്ന ലൈൻ ഡയഗ്രത്തിൽ (ചിത്രം-2.1.8) വിശദീകരിക്കുന്നു.

ചിത്രം 2.1.8 : വിവിധ പ്രായവിഭാഗങ്ങളിലെ ജില്ലയിലെ സ്ത്രീപുരുഷാനുപാതം



സ്രോതസ്സ് : സെൻസസ് റിപ്പോർട്ട് 2011

പട്ടികജാതി -പട്ടിക വർഗ്ഗ വിഭാഗം

2011 സെൻസസ് പ്രകാരം ജില്ലയിലെ പട്ടികജാതി വിഭാഗക്കാരുടെ എണ്ണം 3,08,266-ഉം പട്ടിക വർഗ്ഗ വിഭാഗക്കാർ 22,990-ഉം ആണ്. ഇതിൽ പട്ടികജാതി വിഭാഗം ആകെ ജനസംഖ്യയുടെ 7.5 ശതമാനമായിരിക്കുമ്പോൾ, പട്ടിക വർഗ്ഗ വിഭാഗം 0.56 ശതമാനമാണ്. സ്ത്രീ-പുരുഷ അനുപാതം നോക്കുമ്പോൾ പട്ടികജാതി വിഭാഗം 1000 പുരുഷൻമാർക്ക് 1034 സ്ത്രീകളും, പട്ടികവർഗ്ഗ വിഭാഗത്തിൽ 1040 എന്നതുമാണ്. ഇത് ജില്ലയുടെ ആകെ സ്ത്രീ പുരുഷാനുപാതത്തേക്കാൾ കുറവായിട്ടാണ് കാണിക്കുന്നത്. മലപ്പുറം ജില്ലയിലെ ആകെ പട്ടികജാതി വിഭാഗക്കാരിൽ 27.6 ശതമാനവും ഏറനാട് താലൂക്കിലും കുറവ് തിരൂർ (4.9%) താലൂക്കിലുമാണ്. പട്ടിക വർഗ്ഗ വിഭാഗത്തിന്റെ 59.3 ശതമാനവും നിലമ്പൂർ താലൂക്കിലാണ്. രണ്ടു വിഭാഗത്തിലും ഏറ്റവും കുറഞ്ഞ നിരക്ക് പൊന്നാനി താലൂക്കിലാണ്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 2.1.14 : മലപ്പുറം – പട്ടിക ജാതി പട്ടിക വർഗ്ഗം ആകെ ജനസംഖ്യാ ശതമാനം

സംസ്ഥാനം/ജില്ല/താലൂക്ക്	പട്ടിക ജാതി	പട്ടിക വർഗം
കേരള സംസ്ഥാനം	9.1	1.5
മലപ്പുറം ജില്ല	7.5	0.6
ഏറനാട് താലൂക്ക്	9.3	0.4
നിലമ്പൂർതാലൂക്ക്	9.6	2.4
പെരിന്തൽമണ്ണ താലൂക്ക്	8.7	0.2
തിരൂർതാലൂക്ക്	4.9	0.3
തിരൂരങ്ങാടി താലൂക്ക്	5.4	0.2
പൊന്നാനി താലൂക്ക്	8.4	0.2

സ്രോതസ്സ് : സെൻസസ് റിപ്പോർട്ട് 2011

മലപ്പുറം – പട്ടിക ജാതി പട്ടിക വർഗ്ഗം ആകെ ജനസംഖ്യാ ശതമാനം താഴെ കൊടുത്തിരിക്കുന്ന ചിത്രത്തിൽ (ചിത്രം 2.1.9) വിശദീകരിക്കുന്നു.

ചിത്രം 2.1.9 : മലപ്പുറം പട്ടികജാതി പട്ടിക വർഗ്ഗ ആകെ ജനസംഖ്യാ ശതമാനം



സ്രോതസ്സ് : സെൻസസ് റിപ്പോർട്ട് 2011

സംസ്ഥാനത്തെയും മലപ്പുറം ജില്ലയിലെയും ആകെ പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളുടെയും നഗരം, ഗ്രാമം എന്നിവ തിരിച്ചുള്ള വിവരണം പട്ടിക 2.1.15 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 2.1.15 : സ്ത്രീപുരുഷ പട്ടിക ജാതി പട്ടിക വർഗ്ഗ ജനസംഖ്യ

		പട്ടിക ജാതി ജനസംഖ്യ			പട്ടിക വർഗ്ഗജനസംഖ്യ		
		ആകെ	പുരുഷൻ	സ്ത്രീ	ആകെ	പുരുഷൻ	സ്ത്രീ
കേരളം	ആകെ	3039573	1477808	1561765	484839	238203	246636
	നഗരം	1818281	883819	934462	433092	213208	219884
	ഗ്രാമം	1221292	593989	627303	51747	24995	26752
മലപ്പുറം	ആകെ	308266	151557	156709	22990	11272	11718
	നഗരം	192270	94367	97903	18247	8927	9320
	ഗ്രാമം	115996	57190	58806	4743	2345	2398
മലപ്പുറം %	ആകെ	10.14	10.26	10.03	4.74	4.73	4.75
	നഗരം	10.57	10.68	10.48	4.21	4.19	4.24
	ഗ്രാമം	9.50	9.63	9.37	9.17	9.38	8.96

സ്രോതസ്സ് : സെൻസസ് റിപ്പോർട്ട് 20111

ഭിന്നശേഷിയുള്ളവരുടെ ജനസംഖ്യ

ജില്ലയിൽ ഭിന്നശേഷിക്കാരുടെ എണ്ണം മറ്റ ജില്ലകളേക്കാൾ താരതമ്യേന കൂടുതലാണ്. ആകെ ജനസംഖ്യയുടെ 2.09 ശതമാനം (85762 എണ്ണം) ഭിന്നശേഷിക്കാരാണ്. ഭിന്നശേഷിയുള്ളവരുടെ ജനസംഖ്യ പട്ടികജാതി /പട്ടിക വർഗ്ഗ/ ജനറൽ വിഭാഗം തിരിച്ച് വിലയിരുത്തുമ്പോൾ എസ്.റ്റി വിഭാഗം, എസ്.സി/ജനറൽ-വിഭാഗത്തേക്കാളും എസ്.സി വിഭാഗം, ജനറൽ വിഭാഗത്തേക്കാളും കൂടുതലായി കാണുന്നു. ജനറൽ, എസ്.സി, എസ്.ടി വിഭാഗം ഭിന്നശേഷി ജനസംഖ്യ യഥാക്രമം 78657, 6543, 562 (2.08, 2.12, 2.44 ശതമാനം) എന്നിങ്ങനെയാണ്. ഭിന്നശേഷിക്കാർക്കായി ഒരു സമഗ്ര പാക്കേജിന്റെ ആവശ്യകതയുണ്ടെന്ന് കാണുന്നു. പ്രതിരോധ കുത്തിവെപ്പിലുള്ള പിന്നോക്കാവസ്ഥ ഒരു പ്രധാന കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. 2015 ലെ അംഗപരിമിത സെൻസസ് പ്രകാരം ഭിന്ന ശേഷിയുള്ളവരുടെ എണ്ണം 96,447 ആയി ഉയർന്നിട്ടുണ്ട്. വർദ്ധനവ് 12.56 ശതമാനമാണ്.

പട്ടിക 2.1.16 : ഭിന്നശേഷിയുള്ളവരുടെ ജനസംഖ്യ വിഭാഗം തിരിച്ച്

വിഭാഗം	ആകെ ജനസംഖ്യ	ഭിന്ന ശേഷിജനസംഖ്യ	ശതമാനം
ജനറൽ	3781664	78657	2.08
എസ്സി.	308266	6543	2.12
എസ്റ്റി.	22990	562	2.44
ആകെ	4112920	85762	2.09

സ്രോതസ്സ് : സെൻസസ് റിപ്പോർട്ട് 20111

പട്ടിക 2.1.17 : ഭിന്നശേഷിയുള്ളവരുടെ ജനസംഖ്യ പട്ടികജാതി /പട്ടിക വർഗ്ഗ/ ജനറൽ വിഭാഗം തിരിച്ച്

വിഭാഗം	ജനറൽ	എസ്സി.	എസ്റ്റി.	ആകെ
കാഴ്ചയില്ലാത്തവർ	12412	1147	90	13649
കേൾവിശക്തിയില്ലാത്തവർ	9430	847	92	10369
സംസാരശേഷിയില്ലാത്തവർ	3680	330	43	4053
ചലനശേഷിയില്ലാത്തവർ	16518	1507	121	18146
ബുദ്ധിമാന്ദ്യമുള്ളവർ	8397	457	28	8882
മാനസികരോഗമുള്ളവർ	8066	533	57	8656

വിഭാഗം	ജനറൽ	എസ്സി.	എസ്റ്റി.	ആകെ
മറ്റുവൈകല്യമുള്ളവർ	9212	870	83	10165
ഒന്നിലധികം വൈകല്യമുള്ളവർ	10942	852	48	11842
ആകെ	78657	6543	562	85762

സ്രോതസ്സ് : സെൻസസ് റിപ്പോർട്ട് 2011

ചിത്രം. 2.1.10 : ഭിന്നശേഷിയുള്ളവരുടെ ജനസംഖ്യ ജനറൽ വിഭാഗം (എണ്ണം)



സ്രോതസ്സ് : സെൻസസ് റിപ്പോർട്ട് 2011

ചിത്രം 2.1.11. : ഭിന്നശേഷിയുള്ളവരുടെ ജനസംഖ്യ പട്ടികജാതി വിഭാഗം



സ്രോതസ്സ് : സെൻസസ് റിപ്പോർട്ട് 2011

ചിത്രം 2.1.12. : ഭിന്നശേഷിയുള്ളവരുടെ ജനസംഖ്യ പട്ടിക വർഗ്ഗ വിഭാഗം



സ്രോതസ്സ് : സെൻസസ് റിപ്പോർട്ട് 2011

തൊഴിൽഘടന

ഒരു പ്രദേശത്തെ തൊഴിൽ ഘടന ആ പ്രദേശത്തിന്റെ സാമ്പത്തിക പ്രവർത്തനങ്ങളുടെ പ്രധാന സൂചകമാണ്. വ്യത്യസ്ത സെൻസസുകളിൽ തൊഴിലാളികളെ തരംതിരിച്ചിരിക്കുന്നതിന്റെ രീതി വ്യത്യസ്തമായതിനാൽ താരതമ്യ പഠനത്തിനും തൊഴിലാളികളുടെ തരംതിരിക്കലിലെ വ്യത്യാസം മനസ്സിലാക്കാനും പ്രയാസമാണ്.

ഒരു പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങളുമായി നഗരവൽക്കരണത്തിനു വളരെ അടുത്ത ബന്ധമുണ്ട്. സെൻസസ് പ്രക്രിയയിൽ ഒരു പ്രദേശത്തെ നഗരമായി പ്രഖ്യാപിക്കുന്നതിന് സ്വീകരിക്കുന്ന മൂന്ന് മാനദണ്ഡങ്ങളാണ് താഴെ പറയുന്നത്.

എ) കുറഞ്ഞ ജനസംഖ്യാ വലിപ്പം 5,000

ബി) കുറഞ്ഞ ജനസാന്ദ്രത 400/ച.കി.മീ

സി) കാർഷികേതര മേഖലയിൽ പണിയെടുക്കുന്ന പുരുഷൻമാരുടെ എണ്ണം 75 ശതമാനത്തിനു മുകളിൽ.

ജില്ലയിലെ ഭൂരിഭാഗവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആദ്യത്തെ രണ്ടു മാനദണ്ഡങ്ങളും പാലിക്കുന്നു. മേഖലയിലെ സാമ്പത്തിക പ്രവർത്തനവുമായി ബന്ധമുള്ള മൂന്നാമത്തെ മാനദണ്ഡം വളരെ നിർണ്ണായകമാണ്.

2011 സെൻസസ് അനുസരിച്ച് മലപ്പുറം ജില്ലയിൽ തൊഴിൽ പങ്കാളിത്ത നിരക്ക് 25.8% (പുരുഷന്മാർ45.8%, സ്ത്രീകൾ7.6%) ആണ്. ഇത് സംസ്ഥാനത്തെ ഏറ്റവും കുറഞ്ഞ നിരക്കാണ്. ആകെ ജനസംഖ്യ 41.13 ലക്ഷം, ആയതിൽ 10.61 ലക്ഷം ജനങ്ങൾ മാത്രമാണ് തൊഴിലാളികൾ. ആകെ തൊഴിലാളികളെ വീണ്ടും പ്രധാന തൊഴിലാളികൾ എന്നും നാമമാത്ര തൊഴിലാളികൾ എന്നും രണ്ടായി വിഭജിച്ചിരിക്കുന്നു. പ്രധാന തൊഴിലാളികൾ ആകെ ജനസംഖ്യയുടെ 20.7% വും നാമമാത്ര തൊഴിലാളികൾ 5.1% വും വരുന്നു. 2011 സെൻസസ് അനുസരിച്ച് ജില്ലയിൽ തൊഴിലെടുക്കാത്തവരുടെ എണ്ണം 74.2 ശതമാനമാണ്. ഇത് താഴെ ചിത്രം 2.1.13, 2.1.14 എന്നിവയിൽ കാണിച്ചിരിക്കുന്നു.

ചിത്രം 2.1.13 : ജില്ലയിലെ തൊഴിൽഘടന 2011 (ശതമാനത്തിൽ)



ചിത്രം 2.1.14 : ജില്ലയിലെതൊഴിൽ പങ്കാളിത്തനിരക്ക് (ശതമാനത്തിൽ)



സ്രോതസ്സ് : സെൻസസ് റിപ്പോർട്ട് 2011

തൊഴിലാളികളുടെ എണ്ണത്തിലുള്ള കാലികവ്യതിയാനം

ആകെ തൊഴിലാളികളുടെ എണ്ണത്തിലും പ്രധാന തൊഴിലാളികളുടെ എണ്ണത്തിലുമുണ്ടായ കാലിക വ്യതിയാനം ചിത്രം 2.1.15 ലും പട്ടിക 2.1.18 ലും നല്കിയിരിക്കുന്നു.

പട്ടിക 2.1.18 : തൊഴിലാളികളുടെ എണ്ണത്തിലുള്ള കാലികവ്യതിയാനം (സെൻസസ് 2011)

വിശദാംശങ്ങൾ	1981	1991	2001	2011
ആകെ ജനസംഖ്യ	2402701	3096330	3625471	4112920
ആകെ തൊഴിലാളികൾ	604736	770033	874476	1062424
പ്രധാന തൊഴിലാളികൾ	522883	665399	691848	852047
വളർച്ചാനിരക്ക്	-	27.33	13.56	21.5

സ്രോതസ്സ് : സെൻസസ് റിപ്പോർട്ട് 2011

ചിത്രം 2.1.15 : തൊഴിലാളികളുടെ വളർച്ചാ നിരക്ക്





സ്രോതസ്സ് : സെൻസസ് റിപ്പോർട്ട് 2011

ആകെ തൊഴിലാളികളുടേയും പ്രധാന തൊഴിലാളികളുടേയും എണ്ണം കഴിഞ്ഞ മൂന്ന് ദശാബ്ദങ്ങളിലായി ക്രമേണ വർദ്ധിച്ചു വരുന്നതായി കാണാം. (1981 മുതൽ 2011 വരെ). എന്നാൽ 1991 മുതൽ 2011 വരെ

തൊഴിലാളികളുടെ വർദ്ധനവിന്റെ നിരക്ക് കൂടിയും കുറഞ്ഞുമിരിക്കുന്നു. കൂടാതെ 2001 വരെ തൊഴിലാളികളുടെ വർദ്ധനവിന്റെ നിരക്ക് ജനസംഖ്യാ വളർച്ചാനിരക്കിനേക്കാൾ കുറഞ്ഞാണിരിക്കുന്നത്. എന്നാൽ 2011 ലെ തൊഴിലാളികളുടെ വർദ്ധനവിന്റെ നിരക്ക് 8.06% കാണിക്കുന്നു. അതോടൊപ്പം ജില്ലയിലെ തൊഴിൽപങ്കാളിത്തനിരക്കിൽ 1.7% വർദ്ധനവും കാണിക്കുന്നു.

2011 സെൻസസ് അനുസരിച്ച് മലപ്പുറം ജില്ലയിലെ തൊഴിലാളികളെ നാല് വിഭാഗങ്ങളായി തിരിച്ചത് ചിത്രം 2.1.16ൽ കാണിച്ചിരിക്കുന്നു.

ചിത്രം 2.1.16 : ജില്ലയിലെ തൊഴിലാളികളുടെ വർഗ്ഗീകരണം



സ്രോതസ്സ് : സെൻസസ് റിപ്പോർട്ട് 2011

വിശകലനം ചെയ്യുന്നതിനുള്ള സൗകര്യത്തിനായി തൊഴിലാളികളെ പ്രാഥമികം, ദ്വിതീയ , തൃതീയം എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ആയത് ചിത്രം 2.1.17 ൽ കാണിച്ചിരിക്കുന്നു.

ചിത്രം 2.1.17 : തൊഴിലാളികൾ–പ്രാഥമികം, ദ്വിതീയം, തൃതീയം



സ്രോതസ്സ് : സെൻസസ് റിപ്പോർട്ട് 2011

പ്രാഥമിക മേഖലയിൽ കാർഷിക തൊഴിലാളികൾ, കർഷകർ, കന്നുകാലി വളർത്തൽ, മത്സ്യബന്ധനം, വേട്ടയാടൽ, തോട്ടങ്ങൾ എന്നിവ ഉൾപ്പെടുന്നു. ദ്വിതീയ മേഖലയിൽ കുടിൽ വ്യവസായങ്ങളൊഴികെ മറ്റുള്ളവയും ഉൾപ്പെടുന്നു. തൃതീയ മേഖലകളിൽ വാണിജ്യവും, ബാങ്കിംഗും, ഗതാഗതം, സംഭരണവും,കമ്മ്യൂണിക്കേഷനും മറ്റു സർവീസുകളും ഉൾപ്പെടുന്നു.

മേൽപ്പറഞ്ഞ വിഭാഗങ്ങളുടെ അടിസ്ഥാനത്തിൽ 16% തൊഴിലാളികൾ പ്രാഥമിക മേഖലയിലും, 2% തൊഴിലാളികൾ ദ്വിതീയ മേഖലയിലും, 82% തൃതീയ മേഖലയിലും ഉൾപ്പെടുന്നു.

2011 ലെ സെൻസസ് അനുസരിച്ച് പ്രധാന തൊഴിലാളികളെ കർഷകർ, കർഷകത്തൊഴിലാളികൾ, കുടിൽവ്യവസായ തൊഴിലാളികൾ, മറ്റു തൊഴിലാളികൾ എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു. സേവന മേഖലയിലെ തൊഴിലാളികളാണ് പ്രധാനമായും മറ്റു തൊഴിലാളികൾ എന്ന വിഭാഗത്തിൽപെടുന്നത്. എന്നിരുന്നാലും പ്രാഥമിക മേഖലയിലെ തൊഴിലാളികളിൽ മത്സ്യബന്ധനക്കാർ, ഖനി തൊഴിലാളികൾ, തോട്ടം തൊഴിലാളികൾ എന്നീ വിഭാഗങ്ങൾ കൂടി മറ്റ് തൊഴിലാളികൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയതായി കാണുന്നു.

താലൂക്കടിസ്ഥാനത്തിൽ 2011 ലെ സെൻസസ് പ്രകാരമുള്ള തൊഴിലാളികളുടെ എണ്ണം പട്ടിക 2.1.19 ൽ കാണിച്ചിരിക്കുന്നു.

പട്ടിക 2.1.19 : താലൂക്കടിസ്ഥാനത്തിൽ സെൻസസ് പ്രകാരമുള്ള തൊഴിലാളികളുടെ എണ്ണം -2011

ക്രമ നമ്പർ	താലൂക്ക്	കർഷകർ	കർഷകർ	കുടിൽ വ്യവസായ തൊഴിലാളികൾ	മറ്റ് തൊഴിലാളികൾ
1	ഏറനാട്	14403	33612	3343	189894
2	നിലമ്പൂർ	10597	27074	3140	131144
3	പെരിന്തൽമണ്ണ	12594	24040	3073	119033
4	തിരൂർ	10505	14673	3933	190845
5	തിരൂരങ്ങാടി	5923	11800	2617	150595
6	പൊന്നാനി	3545	6206	2317	87518

സ്രോതസ്സ് : സെൻസസ് റിപ്പോർട്ട് 2011

തൊഴിൽഘടന – നഗര ഗ്രാമ പ്രദേശങ്ങളിലെ വ്യതിയാനം

നഗര ഗ്രാമ പ്രദേശങ്ങളിലെ കൃഷിക്കാരുടേയും കർഷക തൊഴിലാളികളുടേയും ആകെ പങ്ക് യഥാക്രമം 10% വും 21% വും ആണ്. കുടിൽ വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ നഗര ഗ്രാമ പ്രദേശങ്ങളിൽ ഒരു പോലെ 2% വുമാണ്.തൊഴിലാളികളുടെ വർഗ്ഗീകരണം കണക്കിലെടുക്കുമ്പോൾ നഗര പ്രദേശങ്ങളിലെ തൊഴിലാളികളുടെ 88.7% വും ഗ്രാമപ്രദേശങ്ങളിലെ തൊഴിലാളികളുടെ 76.7% വും സേവന മേഖലകളെ ആശ്രയിക്കുന്നതായാണ് കാണുന്നത്. തൊഴിലാളികളെ നാല് വിഭാഗങ്ങളായി തിരിച്ചു കൊണ്ടുള്ള നഗര ഗ്രാമ പ്രദേശങ്ങളിലെ തൊഴിലാളികളുടെ എണ്ണം താഴെ ചിത്രം 2.1.18 ലും 2.1.19 ലും ജില്ലയിലെ തൊഴിൽഘടന വ്യതിയാനം ചിത്രം 2.1.20 ലും കാണിച്ചിരിക്കുന്നു.

ചിത്രം 2.1.18 : തൊഴിൽഘടന
ഗ്രാമപ്രദേശങ്ങളിലെ വ്യതിയാനം



ചിത്രം 2.1.19 : തൊഴിൽഘടന
നഗര പ്രദേശങ്ങളിലെ വ്യതിയാനം



സ്രോതസ്സ് : സെൻസസ് റിപ്പോർട്ട് 2011

ചിത്രം 2.1.20 : തൊഴിൽഘടന – ജില്ലയിലെ വ്യതിയാനം



സ്രോതസ്സ് : സെൻസസ് റിപ്പോർട്ട് 2011

തൊഴിൽഘടന – കാലിക വ്യതിയാനം

1981 മുതൽ 2011 വരെയുള്ള കാലയളവിൽ കർഷകരുടേയും കർഷക തൊഴിലാളികളുടേയും എണ്ണത്തിൽ വലിയ തോതിൽ കുറവ് സംഭവിക്കുകയുണ്ടായി. അതേ സമയം മറ്റ തൊഴിലാളികളുടെ എണ്ണത്തിൽ മൂന്നിരട്ടി വർദ്ധനവാണുണ്ടായത്. ജില്ലയിലെ പ്രാഥമിക മേഖലയുടെ പ്രത്യേകിച്ചും കാർഷിക മേഖലയുടെ തളർച്ചയെയാണിത് സൂചിപ്പിക്കുന്നത്.

1981 മുതൽ 2011 വരെയുള്ള കാലയളവിൽ നഗര ഗ്രാമപ്രദേശങ്ങളിലെ വിവിധ വിഭാഗം തൊഴിലാളികളുടെ എണ്ണത്തിലുണ്ടായ വ്യതിയാനമാണ് ചിത്രം 2.1.21 ൽ നൽകിയിരിക്കുന്നത്.

ജില്ലയിലെ വിവിധ വിഭാഗം തൊഴിലാളികളുടെ എണ്ണത്തിൽ 1981 മുതൽ 2011 വരെ ഉണ്ടായ കാലിക വ്യതിയാനം താഴെ പട്ടിക 2.1.20 ലും ചിത്രം 2.1.21 ലും നൽകിയിരിക്കുന്നു.

പട്ടിക 2.1.20 : ജില്ലിയലെ വിവിധ വിഭാഗം തൊഴിലാളികളുടെ എണ്ണം

വർഷം	കർഷകർ	കർഷക തൊഴിലാളികൾ	കുടിൽവ്യവസായ തൊഴിലാളികൾ	മറ്റ് തൊഴിലാളികൾ
1981	68561	194693	14827	244802
1991	88408	225737	17296	333958
2001	57388	155747	17612	643729
2011	57567	117405	18423	869029

സ്രോതസ്സ് : സെൻസസ് റിപ്പോർട്ട് 2011

ചിത്രം 2.1.21 : മലപ്പുറം ജില്ലയിലെ തൊഴിൽഘടന കാലിക വ്യതിയാനം



സ്രോതസ്സ് : സെൻസസ് റിപ്പോർട്ട് 2011

പട്ടിക 2.1.21 : നഗരങ്ങളിലെ വിവിധ വിഭാഗം തൊഴിലാളികളുടെ എണ്ണത്തിലുണ്ടായ വ്യതിയാനം

വർഷം	കർഷകർ	കർഷക തൊഴിലാളികൾ	കുടിൽ വ്യവസായ തൊഴിലാളികൾ	മറ്റ് തൊഴിലാളികൾ
1981	1812	5233	745	29067
1991	4487	12146	1224	41497
2001	2116	7084	1567	75946
2011	14032	29822	6757	398651

സ്രോതസ്സ് : സെൻസസ് റിപ്പോർട്ട് 2011

മുകളിലെ പട്ടിക വിശകലനം ചെയ്യുമ്പോൾ മറ്റ് തൊഴിലാളികൾ എന്ന വിഭാഗത്തിൽ ഇക്കാലയളവിൽ ഗണ്യമായ വർദ്ധനവും അതേ സമയം കർഷകർ, കർഷക തൊഴിലാളികൾ എന്ന വിഭാഗത്തിൽ കുറവും വന്നതായി കാണാവുന്നതാണ്.

പട്ടിക 2.1.22 : ഗ്രാമങ്ങളിലെ വിവിധ വിഭാഗം തൊഴിലാളികളുടെ എണ്ണത്തിലുണ്ടായ വ്യതിയാനം

വർഷം	കർഷകർ	കർഷക തൊഴിലാളികൾ	കൂടിൽവ്യവസായ തൊഴിലാളികൾ	മറ്റ് തൊഴിലാളികൾ
1981	66749	189460	14082	215735
1991	83921	213591	16072	292461
2001	55272	148663	16045	567783
2011	43535	87583	11666	470378

സ്രോതസ്സ് : സെൻസസ് റിപ്പോർട്ട് 2011

1981 മുതൽ 2011 വരെ കാലയളവിൽ ഗ്രാമ പ്രദേശങ്ങളിലെ വിവിധ വിഭാഗം തൊഴിലാളികളുടെ എണ്ണത്തിലുള്ള വ്യതിയാനം പട്ടിക 2.1.22 ലും കാണിക്കുന്നു. ഗ്രാമപ്രദേശങ്ങളിലെ വിവിധ വിഭാഗം തൊഴിലാളികളുടെ എണ്ണത്തിലുള്ള മാറ്റത്തിന്റെ രൂപ മാതൃക നഗര പ്രദേശങ്ങളിലേതിനു സമാനമാണ്. ജില്ലയിൽ ഗ്രാമ പ്രദേശങ്ങളിലും പ്രാഥമിക മേഖലയുടെ പ്രധാനമായും കാർഷിക മേഖലയുടെ പ്രവർത്തനങ്ങൾ തളരുന്നു എന്ന് ഇത് സൂചിപ്പിക്കുന്നു. ഒരു പ്രദേശത്തിന്റെ സമ്പദ് വ്യസ്ഥയുടെ നട്ടെല്ലാണ് ഉൽപ്പാദന മേഖല എന്നിരിക്കെ അതിന്റെ ശോഷണം ആ പ്രദേശത്തിന്റെ സ്വയം പര്യാപ്തത, സാമ്പത്തിക ഭദ്രത എന്നിങ്ങനെ ബഹുമുഖ തലങ്ങളിൽ ഇത് പ്രതിഫലിക്കും.

ചിത്രം 2.1.22 : ഗ്രാമങ്ങളിലെ വിവിധ വിഭാഗം തൊഴിലാളികളുടെ എണ്ണത്തിലുണ്ടായ വ്യതിയാനം



സ്രോതസ്സ് : സെൻസസ് റിപ്പോർട്ട് 2011

മലപ്പുറം ജില്ലയിലെ ജനങ്ങളിൽ 25.83 ശതമാനം പേർ തൊഴിലിൽ ഏർപ്പെടുന്നതായി 2011 സെൻസസ് റിപ്പോർട്ട് ചെയ്യുന്നു.ഇതിൽ തന്നെ 20.72 ശതമാനം പേർ മുഖ്യ തൊഴിലിൽ ഏർപ്പെടുമ്പോൾ 5.12 ശതമാനം പേർ നാമമാത്രമായ തൊഴിലിൽ ഏർപ്പെടുന്നവരാണ്. ആകെ തൊഴിലെടുക്കുന്നവരിൽ 84.5 ശതമാനം പുരുഷൻമാരും 15.5 ശതമാനം സ്ത്രീകളുമാണ്. ജില്ലയിലെ മൊത്തം സ്ത്രീകളുടെ എണ്ണം കണക്കിലെടുക്കുമ്പോൾ 7.6 ശതമാനം മാത്രമാണ് തൊഴിലിൽ ഏർപ്പെടുന്നത്. സംസ്ഥാന തലത്തിൽ 18.2 ശതമാനം സ്ത്രീകളും തൊഴിലിൽ ഏർപ്പെടുന്നവരാണ്.

ജില്ലയിലെ ആകെ തൊഴിലാളികളിൽ 5.42 ശതമാനം പേർ കർഷകരും 11.05 ശതമാനം പേർ കർഷക തൊഴിലാളികളുമാണ്. 1.73 ശതമാനം പേർ കൂടിൽ വ്യവസായ മേഖലയിൽ തൊഴിലെടുക്കുമ്പോൾ 81.8 ശതമാനം പേരും തൊഴിലിനായി മറ്റു മേഖലകളെ ആശ്രയിക്കുന്നു.

ജില്ലയിൽ കാർഷിക മേഖലയിൽ ജോലി ചെയ്യുന്നവരുടെ എണ്ണം കൂടുതലാണ്. കാർഷിക മേഖലയിൽ ഉത്പാദനവും ഉത്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനാവശ്യമായ പാക്കേജുകൾനടപ്പിലാക്കേണ്ടതുണ്ട്. ആധുനിക കാർഷിക തന്ത്രങ്ങളും ആശയങ്ങളും കൃഷി രീതികളും ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്.

ജില്ലയിൽ 15-59 പ്രായവിഭാഗത്തിൽവരുന്ന ജനങ്ങളുടെ എണ്ണം വർദ്ധിച്ചു വരുന്ന പ്രവണത കാണുന്നതിനാൽ ഇവർക്ക് അനുയോജ്യമായ തൊഴിൽ നൽകി ജില്ലയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനാശ്യമായ പുതിയ സംരംഭങ്ങളും ആവിഷ്കരിക്കേണ്ടതാണ്. സംസ്ഥാനത്തിന്റെയും മലപ്പുറം ജില്ലയുടെയും വിവിധ തൊഴിൽ മേഖലയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ വിശദ വിവരങ്ങൾ അനുബന്ധം 2.12 ൽ ചേർത്തിരിക്കുന്നു.

പ്രവാസം (Migration)

മലപ്പുറം ജില്ലയുടെ സാമ്പത്തിക പുരോഗതിയിൽ പ്രവാസികളുടെ പങ്ക് വളരെ വലുതാണ്. ഇത് സംബന്ധിച്ച് ആശ്രയിക്കാവുന്ന സുപ്രധാന വിവരങ്ങൾ ലഭിക്കുന്നത് 1) 2013 ലെ സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പും നോർക്കയും നടത്തിയ പ്രവാസി മലയാളി സെൻസസ് പ്രകാരവും 2) 2007 ലെ സെന്റർ ഫോർ ഡവലപ്പ്മെന്റ് സ്റ്റഡീസിനു വേണ്ടി (വർക്കിംഗ് പേപ്പർ നം.395) ഡോ. കെ.സി.സക്കറിയ, ഡോ. എസ് ഇരുദയ രാജൻ എന്നിവരുടെ പഠനവും വഴിയാണ്.

2013 ലെ പ്രവാസി മലയാളി സർവ്വെ പ്രകാരം സംസ്ഥാനത്ത് ആകെ 16,25,653 പ്രവാസികളാണ് ഉള്ളത്. അതിൽ മലപ്പുറം ജില്ലയിൽ തന്നെ 2,92,753 പ്രവാസികളുണ്ട്. ഇത് സംസ്ഥാനത്തെ ആകെ പ്രവാസികളുടെ 18 ശതമാനം ആണ്. പ്രവാസികൾ ഉള്ള വീടുകളുടെ എണ്ണത്തിലും (228706) ആകെ പ്രവാസികളുടെ എണ്ണത്തിലും (2,92,753) മലപ്പുറം ജില്ലയാണ് സംസ്ഥാനത്ത് മുന്നിൽ നിൽക്കുന്നത്. തൃശ്ശൂർ, കണ്ണൂർ, കോഴിക്കോട് ജില്ലകളാണ് തൊട്ടു പിന്നിൽ. കേരളത്തിന്റെ വടക്ക് ഭാഗത്തു നിന്നുള്ള ഈ നാല് ജില്ലകളിൽ നിന്നായി സംസ്ഥാനത്തിന്റെ ആകെ പ്രവാസികളുടെ 48.6% വും ഉൾപ്പെടുന്നു. കൂടുതൽ വിവരങ്ങൾ പട്ടിക 2.1.23 ൽ നൽകിയിരിക്കുന്നു.

പട്ടിക 2.1.23 : പ്രവാസികളുടെ എണ്ണവും പ്രവാസികളുള്ള വീടുകളുടെ എണ്ണവും ജില്ല തിരിച്ച്

ക്രമ നമ്പർ	ജില്ല	പ്രവാസികൾ ഉള്ള	ആകെ പ്രവാസികൾ	ശതമാനം
1	കാസർഗോഡ്	46235	65209	4.01
2	കണ്ണൂർ	107822	162514	9.99
3	വയനാട്	13442	17113	1.05
4	കോഴിക്കോട്	124448	161236	9.91
5	മലപ്പുറം	228706	292753	18.00
6	പാലക്കാട്	69745	91514	5.62
7	തൃശ്ശൂർ	125702	174447	10.73
8	എറണാകുളം	62718	104508	6.42
9	ഇടുക്കി	8154	14575	0.89
10	കോട്ടയം	48989	100625	6.18
11	ആലപ്പുഴ	66954	94154	5.79
12	പത്തനംതിട്ട	60185	98354	6.05
13	കൊല്ലം	102667	126346	7.77
14	തിരുവനന്തപുരം	95539	122305	7.52
ആകെ		1161306	1625653	100.00

അവലംബം : പ്രവാസി മലയാളി സെൻസസ് , 2012-13

ജില്ലയിൽ നിന്ന് ആകെയുള്ള 2,92,753 പ്രവാസികളിൽ വിവിധ തരങ്ങളിലുള്ള തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളവർ 2,78,396 പേരാണ്. അതായത് പ്രവാസികളായി പുറത്ത് പോയിട്ടുള്ള ആളുകളിൽ മലപ്പുറം ജില്ലയിൽ നിന്നുള്ള 95.1 5% പേരും വിവിധ ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. എന്നാൽ സംസ്ഥാന

ശരാശരി ഇത് 87.7% മാത്രമാണ്. കുടുംബത്തോടെ അല്ലാതെയാണ് ഇവിടെ നിന്നുള്ള പ്രവാസികൾ കൂടുതൽ താമസിക്കുന്നത് എന്നതായിരിക്കാം ഇതിനു കാരണം.

ജോലിയുള്ള പ്രവാസികളിൽ ആൺ പെൺ തിരിച്ചും കുടുംബത്തോടെയും അല്ലാതെയും താമസിക്കുന്നവരുടെ വിശദാംശങ്ങൾ പട്ടിക 2.1.24 ൽ നൽകിയിരിക്കുന്നു. ആയത് പ്രകാരം ജില്ലയിൽ നിന്ന് പുറത്ത് ജോലി ചെയ്യുന്നവരിൽ 99.37% പേരും പുരുഷൻമാരാണ്. 0.62% സ്ത്രീകൾ മാത്രമാണ് പ്രവാസികളായിപുറത്ത് ജോലി ചെയ്യുന്നത് എന്നും കാണാൻ സാധിക്കും. സംസ്ഥാന ശരാശരി എടുക്കുകയാണെങ്കിൽ 93% പുരുഷൻമാരും 7% സ്ത്രീകളുമാണ് പ്രവാസികളായി ജോലി ചെയ്യുന്നതെന്ന് കാണാം. ഇതോടൊപ്പം തന്നെ ജില്ലയിൽ നിന്ന് പ്രവാസികളായി ജോലി ചെയ്യുന്നവരിൽ 66% പേരും കുടുംബത്തോടെയല്ല താമസിക്കുന്നതെന്നും കാണാം.സംസ്ഥാന ശരാശരി ഇത് 63. 65 % ആണ്.

പട്ടിക 2.1.24 : ജില്ലയിൽ പ്രവാസികളായി തൊഴിലെടുക്കുന്നവരുടെ വിശദാംശങ്ങൾ

ക്രമനം	ജില്ല	ജോലിയുള്ളവർ					
		ആൺ	പെൺ	ആകെ	കുടുംബത്തോടെതാമസിക്കുന്നവർ	കുടുംബത്തോടെ അല്ലാതെ താമസിക്കുന്നവർ	ആകെ
1	കാസർഗോഡ്	59330	1240	60570	26180	34390	60570
2	കണ്ണൂർ	139269	4419	143688	66547	77141	143688
3	വയനാട്	14328	1332	15660	4427	11233	15660
4	കോഴിക്കോട്	144583	3413	147996	46689	101307	147996
5	മലപ്പുറം	276645 (99.3%)	1751 (0.62 %)	278396 (100%)	94076 (37.7%)	184320 (66.2%)	278396 (100%)
6	പാലക്കാട്	81608	2169	83777	27710	56067	83777
7	തൃശ്ശൂർ	143381	6433	149814	50261	99553	149814
8	എറണാകുളം	63204	16322	79526	35617	43909	79526
9	ഇടുക്കി	7361	3598	10959	5385	5574	10959
10	കോട്ടയം	48714	22585	71299	42747	28552	71299
11	ആലപ്പുഴ	71749	8731	80480	26967	53513	80480
12	പത്തനംതിട്ട	63407	14395	77802	34450	43352	77802
13	കൊല്ലം	109595	6871	116466	28072	88394	116466
14	തിരുവനന്തപുരം	104353	6067	110420	30441	79979	110420
ആകെ		1327527 (93.0%)	99326 (7%)	1426853 (100 %)	519569 (36.4 %)	907284 (63.5 %)	1426853 (100 %)

അവലംബം : പ്രവാസി മലയാളി സെൻസസ്, 2013

മലപ്പുറം ജില്ലയിൽ നിന്നുള്ള പ്രവാസികളുടെ രാജ്യം തിരിച്ചുള്ള കണക്ക് പട്ടിക 2.1.25 ലും പ്രവാസികളുടെ തൊഴിൽ തിരിച്ചുള്ള വിശദാംശങ്ങൾ പട്ടിക 2.1.26 ലും നൽകിയിരിക്കുന്നു. പട്ടിക 2.1.25 പ്രകാരം ജില്ലയിൽ നിന്നുള്ള പ്രവാസികളിൽ 97. 8 % പേരും ഗൾഫ് മേഖലയിലാണ് പ്രവർത്തിക്കുന്നതെന്ന് കാണാം. അതിൽ തന്നെ കൂടുതൽ പേരും സൗദി അറേബ്യയിലാണ് ജോലി ചെയ്യുന്നത്. യു.എ.ഇ, ഖത്തർ, ഒമാൻ എന്നീ രാജ്യങ്ങളാണ് തൊട്ടു പിറകിൽ. എന്നാൽ അമേരിക്ക, യൂറോപ്പ്, ആഫ്രിക്ക തുടങ്ങിയ വൻകരകളിലേക്ക് മലപ്പുറം ജില്ലയിൽ നിന്നുള്ള കുടിയേറ്റം കുറവാണെന്നും കാണാം. കുടിയേറ്റത്തിലെ പരമ്പരാഗതമായ കേന്ദ്രീകൃത പ്രവണതയാണ് ഇത് കാണിക്കുന്നത്. ജില്ലയിൽ നിന്നുള്ള തൊഴിൽ വൈദഗ്ധ്യം അന്തർദേശീയമായി സ്വീകരിക്കപ്പെടുന്നു എന്നതോടൊപ്പം തന്നെ തൊഴിൽ നിപുണതയും കഴിവുകളും കൂടുതൽ പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകതയും ഇത് സൂചിപ്പിക്കുന്നു.

പട്ടിക 2.1.25 : മലപ്പുറം ജില്ലയിലെ പ്രവാസികളുടെ എണ്ണം രാജ്യംതിരിച്ച്

ക്രമ നം	രാജ്യം	ആകെ പ്രവാസികൾ	ജോലിയുള്ള പ്രവാസികൾ
I	ഗൾഫ് മേഖല		
1	സൗദി അറേബ്യ	154246	147452
2	യുഇ.എ.	93294	88457
3	കുവൈത്ത്	9897	9460
4	ഒമാൻ	10209	9673
5	ഖത്തർ	14409	13698
6	ബഹറൈൻ	4462	4160
7	ഇറാഖ്	44	44
8	ഇറാൻ	25	25
	ഗൾഫ് മേഖല ആകെ	286586 (97.89%)	272969
II	അമേരിക്കൻ മേഖല	2006(0.68 %)	1659
III	യൂറോപ്പ് ആകെ	1233(0.42 %)	1095
IV	ആഫ്രിക്ക ആകെ	330(0.11 %)	300
V	ബാക്കി മറ്റരാജ്യങ്ങൾ ആകെ	2598(0.88 %)	2373
	ആകെ മൊത്തം	292753(100 %)	278396

അവലംബം : പ്രവാസി മലയാളി സെൻസസ്, 2013

ഈ കേന്ദ്രീകൃത പ്രവണത തൊഴിൽ ഘടനയിലും കാണാവുന്നതാണ്. ആകെ വിവിധ തൊഴിലുകളിൽ ഏർപ്പെടുന്ന 2,78,396 പേരിൽ 1,64,573 പേരും മറ്റ തൊഴിലുകളിൽ ആണ് വ്യാപൃതരായിരിക്കുന്നത്. 44848 പേർ ഡ്രൈവർ ജോലിയിലും 42,364 പേർ സെയിൽസ്മാൻ ജോലിയിലും ബന്ധപ്പെട്ടിരിക്കുന്നു. പ്രൊഫഷണൽ ജോലികൾ കണക്കിലെടുത്താൽ 2999 പേർ എഞ്ചിനീയർമാരായും 2782 പേർ ഐ.ടി. മേഖലയിലും 321 പേർ ഡോക്ടർമാരായും 1530 പേർ മാനേജർമാരായും 802 പേർ നേഴ്സുമാരായും ജില്ലയിൽ നിന്നുള്ളവർ പ്രവർത്തിക്കുന്നതായി കാണാം. ഇത്തരം തൊഴിലുകളിൽ സ്വദേശത്ത് ലഭിക്കുന്ന സാധ്യതകളാവാം ഇതിന് കാരണം.

പട്ടിക 2.1.26 : മലപ്പുറം ജില്ലയിൽ നിന്നുള്ള പ്രവാസികൾ ചെയ്യുന്ന തൊഴിൽ തരം തിരിച്ച്

ക്രമ നമ്പർ	തൊഴിൽ	ആൺ	പെൺ	ആകെ
1	ഡോക്ടർ	269	52	321
2	നഴ്സ്	380	422	802
3	എഞ്ചിനീയർ	2924	75	2999
4	ബാങ്ക്	630	16	646
5	ഐടി.	2723	59	2782
6	അദ്ധ്യാപകൻ	576	249	825
7	മാനേജർ	1518	12	1530
8	ഡ്രൈവർ	44848	0	44848
9	ബിസിനസ്സ്	16661	45	16706
10	സെയ്ൽസ്മാൻ	42283	81	42364
11	മറ്റതൊഴിലാളികൾ	163833	740	164573
	ആകെ	276645	1751	278396

അവലംബം : പ്രവാസി മലയാളി സെൻസസ് , 2013

മലപ്പുറം ജില്ലയിലെ പ്രവാസികളെ ബ്ലോക്ക് അടിസ്ഥാനത്തിൽ പരിശോധിച്ചാൽ, ഏറ്റവും മുന്നിൽ താനൂർ ബ്ലോക്കും (8.5%) പിന്നിൽ നിലമ്പൂർ ബ്ലോക്കും (2.97%) നിൽക്കുന്നു. മുനിസിപ്പാലിറ്റികളിൽ ഏറ്റവും മുന്നിൽ പൊന്നാനി മുനിസിപ്പാലിറ്റിയും (2.4%) ഏറ്റവും പിന്നിൽ നിലമ്പൂർ (0.6%) മുനിസിപ്പാലിറ്റിയും നിൽക്കുന്നു. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കുടുംബങ്ങളിൽ നിന്ന് പ്രവാസികളുള്ളത് തിരൂരങ്ങാടി ബ്ലോക്കിലെ മുന്നിയൂർ പഞ്ചായത്തിലാണ്. (4034 കുടുംബങ്ങളിൽനിന്ന് 5019 പേർ). മലപ്പുറം ജില്ലയിൽ നിന്നുള്ള പ്രവാസി കുടുംബങ്ങളുടെ ബ്ലോക്ക്/മുനിസിപ്പാലിറ്റി തിരിച്ചുള്ള ഭൂമിശാസ്ത്രപരമായ വിന്യാസം ചിത്രം 2.1.23 ലും പ്രവാസികളുടെ എണ്ണം അനുസരിച്ചുള്ള ഭൂമിശാസ്ത്രപരമായ വിന്യാസം ചിത്രം 2.1.24 ലും നൽകിയിരിക്കുന്നു.

ചിത്രം 2.1.23 : പ്രവാസി കുടുംബങ്ങളുടെ ജില്ലയിലെ ബ്ലോക്ക്/മുനിസിപാലിറ്റി തിരിച്ചുള്ള വിന്യാസം



ചിത്രം 2.1.24 : പ്രവാസികളുടെ എണ്ണം അനുസരിച്ചുള്ള ഭൂമിശാസ്ത്രപരമായ വിന്യാസം



അവലംബം (ചിത്രം-1, 2) പ്രവാസി മലയാളി സെൻസെസിന്റെ അടിസ്ഥാനത്തിൽ ജില്ലാ ടൗ ൺ പ്ലാനിങ് ഓഫീസ് തയ്യാറാക്കിയത്

ചിത്രം–2.1.23 ചിത്രം–2.1.24 എന്നിവ പരിശോധിച്ചാൽ ജില്ലയിൽ നിന്നുള്ള പ്രവാസികളുടെ കൂടുതൽ കേന്ദ്രീകരണം തിരുരങ്ങാടി, വേങ്ങര, താനൂർ, കുറ്റിപ്പുറം, പെരിന്തൽമണ്ണ ബ്ലോക്കുകളിലും പൊന്നാനി മുനിസിപ്പാലിറ്റിയിലുമാണെന്ന് കാണാൻ സാധിക്കും. കൂടാതെ പ്രവാസികളുടെയോ പ്രവാസി കുടുംബങ്ങളുടെയോ കേന്ദ്രീകരണത്തിൽ വലിയ വ്യത്യാസമില്ലെന്നും കാണാം. പ്രവാസികൾക്കായി നിക്ഷേപമേഖല , വ്യവസായ ക്ലസ്റ്ററുകൾ, നൈപുണ്യ വികസന പദ്ധതികൾ, സാംസ്കാരിക കേന്ദ്രങ്ങൾ, ആരോഗ്യ പദ്ധതികൾ, ഗതാഗത വാർത്താ വിനിമയ സൗകര്യങ്ങൾ എന്നിവ ആസൂത്രണം ചെയ്യുന്നതിന് ഈ വിവരങ്ങൾ അത്യന്തം പ്രയോജനം ചെയ്യും.

പ്രവാസത്തിന്റെ മറ്റ് രണ്ട് പ്രധാന ഘടകങ്ങളാണ് പ്രവാസികളുടെ വരുമാനവും പ്രവാസികളുടെ തിരിച്ചു വരവും. ഇത് സംബന്ധിച്ച വിവരങ്ങൾ പ്രവാസി മലയാളി സെൻസെസിൽ ലഭ്യമല്ലാത്തതിനാൽ ഇക്കാര്യങ്ങൾക്ക്ആശ്രയിക്കാവുന്നത് ഡോ.കെ.സി സക്കറിയ, ഡോ.ഇരുദയ രാജൻ എന്നിവരുടെ 2007, 2013 വർഷങ്ങളിൽ നടത്തിയ പഠനങ്ങളാണ്. ആയതിന്റെ അടിസ്ഥാനത്തിൽ തിരിച്ചു വന്ന പ്രവാസികളുടെ (Immigrants) ജില്ല തിരിച്ചുള്ള വിവരങ്ങൾ പട്ടിക 2.1.27 ലും പ്രവാസികൾ വഴി സംസ്ഥാനത്തേക്ക് വരുന്ന വിദേശ വരുമാനത്തിന്റെ വിശദാംശങ്ങൾ പട്ടിക 2.1.28 ലു മായി നൽകിയിരിക്കുന്നു.

പട്ടിക 2.1.27 : മടങ്ങി വന്ന പ്രവാസികളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ

ക്രമ നമ്പർ	ജില്ല	മടങ്ങിവന്ന പ്രവാസികളുടെ എണ്ണം വർഷം തിരിച്ച്			
		2011	2008	2003	1998
1	തിരുവനന്തപുരം	196101	215280	103059	118878
2	കൊല്ലം	116927	124066	69314	74106
3	പത്തനം തിട്ട	15297	60554	83502	54537
4	ആലപ്പുഴ	54688	51024	43109	34572
5	കോട്ടയം	11846	26448	28368	18164
6	ഇടുക്കി	6738	3213	3766	5017
7	എറണാംകുളം	62312	68860	74435	45028
8	തൃശ്ശൂർ	149132	174655	86029	116788
9	പാലക്കാട്	83388	85318	55008	39238
10	മലപ്പുറം	154122	219736	141537	123750
11	കോഴിക്കോട്	114424	72405	109101	60910
12	വയനാട്	14489	1930	3852	3327
13	കണ്ണൂർ	125303	26416	45394	28263
14	കാസർകോട്	45580	27222	47468	16667
	ആകെ	1150347	1157127	893942	739245

അവലംബം: 2007, 2011 വർഷങ്ങളിലെ ഡോ.കെസി സക്കറിയ, ഡോ.ഇരുദയ രാജൻ എന്നിവരുടെ പഠന റിപ്പോർട്ട്. (CDS)

പട്ടിക 2.1.27 പരിശോധിച്ചാൽ ജില്ലയിലേക്കുള്ള പ്രവാസികളുടെ തിരിച്ച് വരവ് 1998 നെ അപേക്ഷിച്ച് വർദ്ധിച്ചിട്ടുണ്ടെങ്കിലും (1,23,750 ൽ നിന്ന് 1,54,122 ആയി കൂടി) 2008 നെ അപേക്ഷിച്ച് കുറഞ്ഞിട്ടുള്ളതായും (2,19,736 ൽ നിന്ന് 1,54,122 ആയി കുറഞ്ഞു) കാണാം. ഇതേ രീതി തന്നെയാണ് സംസ്ഥാനത്ത് പ്രവാസികളുടെ തിരിച്ച് വരവിന്റെ എണ്ണത്തിലും കാണുവാൻ സാധിക്കുക. പ്രവാസികൾ നാട്ടിലേക്കയച്ച പണത്തിന്റെ ജില്ല തിരിച്ചുള്ള കണക്ക് പട്ടിക 2.1.28 ൽ നൽകിയിരിക്കുന്നു.

പട്ടിക 2.1.28 : ജില്ലാടിസ്ഥാനത്തിലുള്ള പണം വരവ് (റെമിറ്റൻസസ്)

ക്രമ നമ്പർ	ജില്ല	ആകെ പണം വരവ് (രൂപ കോടിയിൽ)		ഒരുകുടുംബത്തിന് ലഭിച്ച ശരാശരി പ്രവാസികളിൽ നിന്നുള്ള വരുമാനം (രൂപയിൽ)	പ്രവാസി വരുമാനം ലഭിച്ച കുടുംബങ്ങളുടെ ശതമാനം
1	തിരുവനന്തപുരം	2504	10.2%	29157	13.8
2	കൊല്ലം	1882	7.7%	28307	16.0
3	പത്തനംതിട്ട	869	3.5%	27017	15.8
4	ആലപ്പുഴ	1455	5.9%	26957	16.3
5	കോട്ടയം	525	2.1%	10819	6.2
6	ഇടുക്കി	70	0.3%	2410	1.8
7	എറണാകുളം	2247	9.2%	28458	9.4
8	തൃശ്ശൂർ	2960	12.1%	40851	18.1
9	പാലക്കാട്	1104	4.5%	18771	9.8
10	മലപ്പുറം	4632	18.9%	68577	32.4
11	കോഴിക്കോട്	3156	12.9%	48638	22.7
12	വയനാട്	433	1.8%	22847	6.0
13	കണ്ണൂർ	1818	7.4%	34889	23.7
14	കാസർഗോഡ്	871	3.6%	33926	20.7
	കേരള	24526	100.0%	32467	16.1

അവലംബം: 2007 ലെ ഡോ.കെസി സക്കറിയ, ഡോ.ഇരുദയ രാജൻ എന്നിവരുടെ പഠന റിപ്പോർട്ട്. (CDS)

2007 ലെ ഡോ.കെ.സി സക്കറിയ, ഡോ.ഇരുദയ രാജൻ എന്നിവരുടെ പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തേക്ക് പ്രവാസികൾ വഴി ശരാശരി വരുന്ന വിദേശ പണം ഏകദേശം 24,526 കോടി രൂപയാണ്. (ഡോളർ വില 42.5 രൂപയായി കണക്കാക്കിയാണ് ഇത് കണക്ക് കൂട്ടിയിട്ടുള്ളത്. ഇന്നത്തെ ഡോളർ വിലയായ 70 രൂപ കണക്കാക്കിയാൽ ഇതിന്റെ മൂല്യം 40,395 കോടി രൂപ വരും). അതിൽ 4632 കോടി രൂപയും മലപ്പുറം ജില്ലയിൽ നിന്നുള്ള പ്രവാസികൾ വഴിയാണ് ലഭിച്ചിട്ടുള്ളതെന്ന് കാണാൻ സാധിക്കും. സംസ്ഥാനത്തിന് ലഭിച്ച ആകെ തുകയുടെ 18.9% വരുന്നു ഇത്. സംസ്ഥാനത്തെ ആകെ കുടുംബങ്ങളിൽ 16.1 % കുടുംബങ്ങളാണ് പ്രവാസികളിൽ നിന്നുള്ള ഈ വരുമാനത്തെ ആശ്രയിക്കുന്നതെങ്കിൽ മലപ്പുറം ജില്ലയിൽ ഇത് 32.4% ആണ്. പ്രവാസികൾ ഉള്ള ഒരു കുടുംബത്തിന് ശരാശരി 68,577 രൂപ ഈ മാർഗ്ഗം ജില്ലയിൽ ലഭിക്കുമ്പോൾ സംസ്ഥാനത്ത് ഇത് 32,467 രൂപ മാത്രമാണ്. ഇത് സൂചിപ്പിക്കുന്നത് മലപ്പുറം ജില്ലയുടെ സാമ്പത്തിക നിലനിൽപ്പിനും സുസ്ഥിരതയ്ക്കും പ്രവാസികൾ നൽകുന്ന പങ്കും പ്രാധാന്യവും ആണ് .

മലപ്പുറം ജില്ലയിലെ വിവിധ ബാങ്കുകളിലായി നിക്ഷേപിക്കപ്പെട്ട പ്രവാസി അക്കൗണ്ടുകളുടെ ബാലൻസ് തുക ചിത്രം – 2.1.25 ൽ നൽകിയിരിക്കുന്നു.

ചിത്രം 2.1.25 : മലപ്പുറം ജില്ലയിലെ പ്രവാസി അക്കൗണ്ടുകളിലെ ബാലൻസ് തുക (കോടി രൂപയിൽ)



അവലംബം : ലീഡ് ഡിസ്ട്രിക്ട് ബാങ്ക് , മലപ്പുറം 2018

ചിത്രം-2.1.25 പ്രകാരം 2017 ഡിസംബർ 31 ന് മുകളിൽ കൊടുത്തിട്ടുള്ള ബാങ്കുകളുടെ പ്രവാസി അക്കൗണ്ടുകളിലായി മലപ്പുറം ജില്ലയിൽ 9365 കോടി രൂപ ബാലൻസ് തുക ഉള്ളതായി കാണാം. സഹകരണ ബാങ്കുകളിലെ വിവരങ്ങൾ ഉൾക്കൊള്ളുന്നില്ല എന്നുണ്ടെങ്കിലും പ്രവാസി അക്കൗണ്ടുകളിലെ ബാലൻസ് തുക വർദ്ധിച്ചു വരുന്നതായി കാണാം .

ബോക്സ് – 1

പ്രവാസികളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും

പ്രവാസികൾ സംസ്ഥാനത്തിന് നൽകുന്ന സേവനവും സംഭാവനകളും കണക്കിലെടുത്തും തിരിച്ച് വരുന്ന പ്രവാസികളോടുള്ള സാമൂഹ്യപ്രതിബദ്ധതയുടെ ഭാഗമായും പുതിയ വാതായനങ്ങൾ തുറന്നു കൊടുത്തുമാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതി പ്രവാസി ക്ഷേമത്തിന് ഊന്നൽ നൽകുന്നത്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ സമീപന രേഖയിൽ പറയുന്നു" കേരള സമൂഹത്തിന്റെ ഒരു വലിയ പരിച്ഛേദത്തിൽ പ്രവാസികൾ ഒരു പ്രധാന ഭാഗമാകുന്നു.കേരളത്തിന്റെ സമ്പദ് ഘടന, സമൂഹം,സംസ്കാരം(സാഹിത്യം,സംഗീതം,സിനിമ, മതപരമായ ചടങ്ങുകൾ) എന്നിവ ഉൾപ്പെടെ ബഹുവിധ മണ്ഡലങ്ങളിൽ അവർ സക്രിയമായി ഇടപെടുന്നു. അത്തരമൊരു പശ്ചാത്തലത്തിൽ, പ്രവാസികളിലെ അംഗങ്ങൾക്ക് കേരളത്തിലെ സംവാദങ്ങളിലും സാമൂഹിക പ്രവർത്തനങ്ങളിലും പങ്കെടുക്കാനൊരവസരം കൊടുക്കുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്."പതിമൂന്നാം പദ്ധതി കൂടിയേറിയവരിൽ നിയമ സഹായം ആവശ്യമുള്ളവർക്ക് അത് നൽകാനുള്ള നടപടികൾ എടുക്കും, വിദേശത്തേക്ക് പോകുന്നതിനു മുൻപുള്ള പരിശീലനത്തിലൂടെ കാര്യശേഷി ഉള്ളവർക്ക് നൈപുണ്യ വികസനത്തിന്റെ അന്തിമ പാഠങ്ങൾ പകർന്നു നൽകും. കൂടിയേറ്റക്കാർക്ക് ഗുണകരമാകുന്ന ഇൻഷുറൻസിനും സാമൂഹ്യ സുരക്ഷാ പരിപാടികൾക്കും സംസ്ഥാനം രൂപം കൊടുക്കും, തിരിച്ച് വരുന്ന പ്രവാസികൾക്കായി ഒരു സമഗ്ര പുനരധിവാസ പരിപാടി ആവിഷ്കരിക്കും".(സമീപന രേഖ, പതിമൂന്നാം പഞ്ചവത്സര പദ്ധതി പേജ് 77,78)

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ സമീപന രേഖയുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും അവരുടെ മേഖലയിൽ ഇടപെടാവുന്ന മേഖലകൾ തിരിച്ചറിഞ്ഞ് മുന്നോട്ട് പോയിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗ രേഖയിൽ പറയുന്നു. പദ്ധതി രൂപീകരണ നിർവ്വഹണ കാര്യങ്ങളിൽ തദ്ദശ ഭരണ സ്ഥാപനം ഉൾക്കൊള്ളുന്ന പ്രദേശത്തുനിന്നും മറ്റ സംസ്ഥാനങ്ങളിലേക്കും വിദേശ രാജ്യങ്ങളിലേക്കും ജോലി തേടിപോയ പ്രവാസികളായ നാട്ടുകാരുടെ അഭിപ്രായങ്ങളെ കണക്കിലെടുക്കാനും അവരുടെ പ്രശ്നങ്ങൾ ഉൾക്കൊള്ളുവാനും ഒപ്പം സഹകരണം ഉറപ്പിക്കാനും ശ്രദ്ധിക്കണം"."പ്രവാസി ജീവിതം

കഴിഞ്ഞ് കേരളത്തിലേക്ക് തിരിച്ച് വന്നവരിലും സമൂഹത്തിന്റെ കൈത്താങ്ങും പരിഗണനയും ഇല്ലാതെ മുന്നോട്ട് പോകാൻ കഴിയാത്തവരുണ്ട്. അവർക്കു വേണ്ടിയും ഉചിതമായ ക്ഷേമ പുനരധിവാസ പരിപാടികൾ (സാമൂഹ്യ നീതി മേഖല) ആവിഷ്കരിക്കാവുന്നതാണ്" "പ്രവാസികളുടെ പുനരധിവാസത്തിന് നോർക്ക വകുപ്പടക്കമുള്ള സർക്കാർ / അർദ്ധ സർക്കാർ ഏജൻസികളുമായി സഹകരിച്ചോ സ്വന്തം നിലയിലോ പദ്ധതികൾ (സൂക്ഷ്മ സംരംഭങ്ങൾ) ആവിഷ്കരിക്കാവുന്നതാണ്. അത്തരം പ്രോജക്ടുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നതിനും വായ്പാ പദ്ധതികളിലെ പലിശക്ക് ഇളവ് നൽകുന്നതിനുമുള്ള വ്യവസ്ഥകൾ സബ്സിഡി ഉത്തരവിൽ ചേർത്തിട്ടുണ്ട്"(സ.ഉ. നം. 72 /2017/തസ്വഭവ തീയ്യതി 29/03/2017 പേജ് 6, 46) ആയതുപ്രകാരം സർക്കാർ പുറത്തിറക്കിയ സബ്സിഡി ഉത്തരവിൽ (സ.ഉ. നം. 22/2018/ തസ്വഭവ ഉത്തരവു പ്രകാരം) താഴെ പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ പ്രവാസികൾക്ക്/പ്രവാസി ഗ്രൂപ്പുകൾക്ക് മുൻഗണന നൽകിയിട്ടുണ്ട്.

പദ്ധതി ഇനം	കാറ്റഗറി	സബ്സിഡി നിരക്ക്	മാനദണ്ഡം (വിശദാംശങ്ങൾ ഉത്തരവ് പരിശോധിക്കുക)
ബ്രോയിലർ യൂണിറ്റ് കുറഞ്ഞത് 1000 എണ്ണം	എല്ലാ വിഭാഗങ്ങൾക്കും	ജനറൽ 50%, എസ്.സി 75% എസ്.ടി 100%	പ്രവാസി ഗ്രൂപ്പുകൾക്ക് മുൻഗണന
കമ്മ്യൂണിറ്റി കാറ്റിൽ ഷെഡ് എന്റർ പ്രൈസസ് കം മിനി ഡയറി ഫാം	പ്രവാസി ഗ്രൂപ്പ് സംരഭകത്വം	5,00,000 (ഓരോ യൂണിറ്റിനും)	പ്രവാസി സംരഭകരിലൂടെ കേരളത്തിലെ എല്ലാ ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾക്കും നഗര ഭരണ സ്ഥാപനങ്ങൾക്കും പ്രൊജക്ട് പ്രകാരം ഡയറി ഫാം ആരംഭിക്കുക.
ഗോമൂത്രം – കാർഷിക ഉൽപാദനത്തിന് ക്ഷീരസംഘം പദ്ധതി	പ്രവാസി ഗ്രൂപ്പ് സംരഭകത്വം	2,50,000 രൂപ ആകെ അടങ്കൽ സബ്സ്ഡി പരമാവധി 1,50,000 രൂപ	പ്രവാസി ഗ്രൂപ്പുകൾക്കും ഏറ്റെടുക്കാം
ഗോട്ട് ബ്രീഡിങ്ങ് യൂണിറ്റ്	സ്ഥാപനങ്ങൾ/ ഗ്രൂപ്പുകൾ	ഒരു യൂണിറ്റിന് 1,00,000 രൂപ വീതം സബ്സിഡിയായി നൽകാം	പ്രവാസി ഗ്രൂപ്പുകൾക്ക് നടപ്പിലാക്കാം
സ്വയം തൊഴിൽ വ്യക്തിഗതം, വനിത വ്യക്തിഗതം,ഗ്രൂപ്പ് സംരംഭങ്ങൾ	എല്ലാ വിഭാഗങ്ങൾക്കും	50 % മുതൽ 75% വരെ	പ്രവാസികൾക്ക് മുൻഗണന
ഓട്ടോറിക്ഷ/പിക്ക് അപ്പ് ഓട്ടോറിക്ഷ (ടാക്സി)	എല്ലാ വിഭാഗങ്ങൾക്കും	50,000 മുതൽ 70,000 വരെ	പ്രവാസികൾക്ക് മുൻഗണന
സ്വയം തൊഴിലിന് ടാക്സി കാർ, പിക് അപ്പ് വാൻ	പട്ടിക ജാതി പട്ടിക വർഗ്ഗക്കാർക്കും, എല്ലാ വിഭാഗം വനിതകൾക്കും	പരമാവധി 75,000 രൂപ	പ്രവാസികൾക്ക് മുൻഗണന

മേൽതട്ട് നിർദ്ദേശങ്ങൾ

1. തിരിച്ച് വരുന്ന പ്രവാസികളുടെ ഉന്നമനത്തിനായി പ്രവാസി പുനരധിവാസ പാക്കേജ് നടപ്പിലാക്കണം.
2. പ്രവാസി നിക്ഷേപം ഫലപ്രദമായി സംസ്ഥാനത്തിന്റെ വികസനത്തിന് ഉപയോഗിക്കുന്നതിനായി വികസന നിധി രൂപീകരിക്കുകയും അതിലേക്ക് ആകർഷണീയമായ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യ
3. വിദേശത്തേക്ക് പോകുന്നതിനു മുമ്പുള്ള പരിശീലനത്തിലൂടെ നൈപുണ്യ വികസനം നൽകുക.
4. സ്ത്രീ സാക്ഷരതയും സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തവും വർദ്ധിപ്പിക്കുക.
5. പ്രവാസി നിക്ഷേപ മേഖല രൂപീകരിക്കുക.
6. പ്രവാസി മെഡിക്കൽ ഇൻഷൂറൻസ് നടപ്പിലാക്കുക.
7. മലയാളികൾ ഏറെയുള്ള സ്ഥലങ്ങളിൽ സാസ്കാരിക കേന്ദ്രങ്ങൾ ആരംഭിക്കുക.
8. പ്രവാസ ജീവിതം കഴിഞ്ഞ് തിരിച്ച് വന്നവരുടെ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള സ്ഥിരം സംവിധാനം ഒരുക്കുക.

കീഴ് തട്ട് നിർദ്ദേശങ്ങൾ

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ പ്രവാസികൾക്ക് മുൻഗണന ലഭിക്കുന്നത് മുഖ്യമായും സ്വയം തൊഴിൽ - സംരംഭകത്വ - മൂഗസംരക്ഷണ മേഖലകളിലാണ്. അവരുടെ പ്രാവിണ്യവും പരിചയവും ഉപോയഗിക്കുന്നതിനായി കൂടുതൽ മേഖലകളിലായി വൈവിധ്യവത്കരണം കണ്ടെത്തുക.
2. സുരക്ഷിത പ്രവാസത്തിനുള്ള ബോധവത്കരണ പരിപാടികൾ ആവിഷ്കരിക്കുക.
3. തിരികെ വരുന്നവരുടെ പുനരിധിവാസത്തിനായി റീ - ഇന്റഗ്രേഷൻ ട്രൈനിംഗ് നടത്തുക.
4. പ്രവാസികൾക്കും അവരുടെ മക്കൾക്കുമായി മലയാളം മിഷൻ പ്രവർത്തനങ്ങൾ ആരംഭിക്കുക.

കുറിപ്പുകൾ

1. പ്രവാസി മലയാളി സർവ്വെ 2013 ൽ നടന്ന കാലയളവ് 2013 മെയ് 1 മുതൽ ജൂലൈ 15 വരെയാണ്.
2. പ്രവാസി മലയാളി സർവ്വെയിൽ 7 മുനിസിപാലിറ്റികളുടെ വിവരങ്ങളാണ് ശേഖരിച്ചിട്ടുള്ളത് .
3. ചിത്രം 2.1.25 ലെ വിവരങ്ങൾ 2014-15, 2015-16, 2016-17, എന്നിവ മാർച്ച് 31 സാമ്പത്തിക വർഷാവസാനത്തെ അടിസ്ഥാനപ്പെടുത്തിയും 2017-18 വർഷത്തെ വിവരങ്ങൾ 2017 ഡിസംബർ 31 വെച്ചും തയ്യാറാക്കിയിരിക്കുന്നു.

അവലംബം:

1. പ്രവാസി മലയാളി സെൻസസ് 2013
2. ഡോ.കെ.സി.സക്കെറിയ ,ഡോ.എസ്.ഇരുദയ രാജൻ (മൈഗ്രേഷൻ, റെമിറ്റൻസസ് & എംപ്ലോയ്മെന്റ് - ഷോർട്ട് ടേം ട്രന്റ്സ് & ലോങ്ടേം ഇപ്ലിക്കേഷൻസ്) വർക്കിംഗ് പേപ്പർ നം.395 സി.ഡി.എസ്. തിരുവനന്തപുരം.
3. ഡോ.കെ.സി.സക്കെറിയ ,ഡോ.എസ്.ഇരുദയ രാജൻ (ഫ്രം കേരള ടു കേരള വയ ദ ഗൾഫ്) വർക്കിംഗ് പേപ്പർ നം. 443 സി.ഡി.എസ്. തിരുവനന്തപുരം.
4. സമീപന രേഖ , പതിമൂന്നാം പഞ്ചവത്സര പദ്ധതി, സംസ്ഥാന ആസൂത്രണ ബോർഡ്.
5. സാമ്പത്തിക സർവ്വേ 2017 സംസ്ഥാന ആസൂത്രണ ബോർഡ്
6. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി മാർഗ്ഗ രേഖ- (സ.ഉ. നം. 72 /2017/തസ്വഭവ തീയ്യതി 29/03/2017 , സ.ഉ. നം. 80 /2017/തസ്വഭവ തീയ്യതി 14/02/2018)
7. ഡോ. പി.കെ. സുജാതൻ (ഇന്റർ നാഷണൽ മൈഗ്രേഷൻ & സോഷ്യോ ഇക്കോണമിക്ക് ഇഷ്യൂസ് ഓഫ് ദ ലെഫ്റ്റ് ബിഹൈൻഡ് എൽഡറലി ഇൻ കേരള), ഡോക്ടറൽ തീസിസ്, 2013 കോഴിക്കോട് സർവ്വകലാശാല.
8. സമകാലിക ജനപഥം, ഫെബ്രുവരി 2018.

2.2 പ്രകൃതി വിഭവങ്ങൾ.

ഭൂവിനിയോഗ ഘടന-കേരള

NRDB (Nature Resource Data Base) ൽ നിന്നും ലഭ്യമായ ഭൂവിനിയോഗത്തെ അടിസ്ഥാനമാക്കി കേരളത്തിലെ ഭൂവിനിയോഗത്തെ 9 പ്രധാന വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ആയതിന്റെ ശതമാനക്കണക്ക് പട്ടിക 2.2.1 ലും ചിത്രം 2.2.1 ലും കാണിച്ചിരിക്കുന്നു.

പട്ടിക 2.2.1 : കേരളത്തിന്റെ ഭൂവിനിയോഗത്തിന്റെ വിഭജനം

ക്രമ നമ്പർ	ഭൂവിനിയോഗ ഘടന	വിസ്തൃതി (ച.കി.മീ)	ആകെ വിസ്തൃതിയുടെ ശതമാനം
1	വന പ്രദേശം	8426.6	23.18
2	ജലാശയങ്ങൾ	1061.34	2.92
3	ചതുപ്പ് നിലം	102.51	0.28
4	പാർപ്പിട സംബന്ധം	1253.86	3.45
5	കൃഷിയിടങ്ങൾ	3695.24	10.17
6	തോട്ടങ്ങൾ	3638.05	10.01
7	പാർപ്പിട കാർഷിക സമ്മിശ്ര മേഖല	15043.82	41.38
8	മറ്റ നിർമ്മിത ഭൂവിനിയോഗം	173.36	0.48
9	മറ്റുള്ളവ	2956.94	8.13
	ആകെ	36351.73	100

അവലംബം: എൻആർഡിബി ഡാറ്റ

ഇതനുസരിച്ച് ഭൂവിനിയോഗം പാർപ്പിട-കാർഷിക സമ്മിശ്ര മേഖല, ആകെ ഭൂവിനിയോഗത്തിന്റെ 41.38% വരുന്നു. സംസ്ഥാനത്തിന്റെ മൊത്തം വിസ്തൃതിയുടെ 23.18% വരുന്ന വനമേഖല രണ്ടാം സ്ഥാനത്താണ് നിൽക്കുന്നത്. കാർഷിക-ഭൂവിനിയോഗവും തോട്ടങ്ങളും കൂടി ആകെ വിസ്തൃതിയുടെ 20.18% വരുന്നു. (കാർഷിക ഭൂവിനിയോഗം 10.17%. തോട്ടം 10.16%.)

ചിത്രം 2.2.1 : കേരളത്തിന്റെ ഭൂവിനിയോഗത്തിന്റെ വിഭജനം



അവലംബം: എൻആർഡിബി ഡാറ്റ

ഭൂവിനിയോഗ രീതി

മലപ്പുറം ജില്ലയെ ഭൂപ്രകൃതിയനുസരിച്ച് മലനാട്, ഇടനാട്, തീരദേശം എന്നിങ്ങനെ മൂന്നായി തരംതിരിക്കാവുന്നതാണ്. സഹ്യപർവ്വത നിരകൾ ഉയർന്നു നില്ക്കുന്ന കിഴക്കൻ മലയോര പ്രദേശങ്ങൾ (നിലമ്പൂർ വനമേഖലയും അവിടത്തെ പ്രശസ്തമായ തേക്കിൻതോട്ടവും ഉൾപ്പെടെ) ഉൾക്കൊള്ളുന്നതാണ് മലനാട്. മലനാടിനും അറബിക്കടലിന്റെ ഓരം ചേർന്ന് കിടക്കുന്ന തീരദേശത്തിനും ഇടയിൽ സ്ഥിതി ചെയ്യുന്ന പ്രദേശമാണ് ഇടനാട്. ജില്ലയിലെ പൊന്നാനി, പെരുമ്പടപ്പ്, തിരൂർ, താനൂർ, പരപ്പനങ്ങാടി, വള്ളിക്കുന്ന് മുതലായ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന 70 കി.മീറ്റർ നീളത്തിൽ കിടക്കുന്നതാണ് തീരപ്രദേശം.

മലപ്പുറം ജില്ലയുടെ മൊത്തം ഭൂവിസ്തൃതി 3,550 സ്ക്വയർ കി.മീറ്റർ (3,55,446 ഹെക്ടർ) ആണ്. ഇത് കേരള സംസ്ഥാന ഭൂ വിസ്തൃതിയുടെ (38863 സ്ക്വയർ കി.മീറ്റർ – 38,86,287 ഹെക്ടർ) 9.13 ശതമാനമാണ്. അതേ സമയം, 2011-ലെ ജനസംഖ്യാ സെൻസസ് പ്രകാരം ജില്ലയുടെ മൊത്തം ജനസംഖ്യ 41.13 ലക്ഷം ആണ്. ഇത് സംസ്ഥാന ജനസംഖ്യയുടെ (334.01 ലക്ഷം) 12.3 ശതമാനമാണ്. സംസ്ഥാന ജനസാന്ദ്രത 860/സ്ക്വയർ കി.മീറ്റർ ആകുമ്പോൾ ജില്ലയുടെ ജനസാന്ദ്രത 1157/സ്ക്വയർ കി.മീറ്റർ ആണ്. 2001 ലെ സെൻസസ് പ്രകാരം ജില്ലയുടെ ജനസംഖ്യ ശതമാനം 11.4 ഉം ജനസാന്ദ്രത 10.21 ഉം ആയിരുന്നു. ഇതിനർത്ഥം ജില്ലയിലെ നിശ്ചിതമായ ഭൂ വിസ്തൃതിയിലും ഭൂ വിനിയോഗത്തിലും ജനസംഖ്യ വർദ്ധനവ് സ്ഥിരമായി സമർദ്ദം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു എന്നതാണ്.

2014-15 സ്ഥിതി വിവര കണക്കുകളുടെ അടിസ്ഥാനത്തിൽ ജില്ലയുടെ മൊത്തം ഭൂ വിസ്തൃതിയിൽ 1,03,417 ഹെക്ടർ വനഭൂമിയാണ് (29.09%). കാർഷികാവശ്യങ്ങൾക്കായി വിനിയോഗിക്കുന്ന ഭൂമി 1,76,683 ഹെക്ടർ ആണ്. (49.71%) കാർഷികേതര ആവശ്യങ്ങൾക്കുപയോഗിക്കുന്ന ഭൂമി 50,126 ഹെക്ടർ ആണ് (14.10%). കൃഷി യോഗ്യമല്ലാത്ത് തരിശ്ശു ഭൂമിയായി ജില്ലയിൽ 11526 ഹെക്ടറും (3.24%) 6148 ഹെക്ടർ വരുന്ന ജലാശയങ്ങളും ജില്ലയിലുണ്ട്. (1.73%) വെള്ളക്കെട്ടുള്ള ചതുപ്പ് ഭൂമി 63 ഹെക്ടർ വരും (0.01%) മേച്ചിൽ പുറങ്ങളായി ഏകദേശം 76 ഹെക്ടർ ഭൂമിയും ജില്ലയിലുണ്ട് (0.02%) മറ്റുള്ളവ 7407 ഹെക്ടർ (2.10%). മലപ്പുറം ജില്ലയിലെ ഭൂ വിനിയോഗ രീതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക 2.2.2 : മലപ്പുറം ജില്ലയിലെ ഭൂവിനിയോഗ രീതി – 2014-15

ക്രമ നം	ഇനം	ഭൂവിസ്തൃതി (ഹെക്ടർ)	ശതമാനം
1	വനം	103417	29.09%
2	കാർഷിക ഭൂമി (NET)	174237	49.02%
3	കാർഷികേതര ആവശ്യങ്ങൾക്കുള്ള ഭൂമി (വീടുകൾ, കെട്ടിടങ്ങൾ, റോഡുകൾ, കനാലുകൾ, പുഴകൾ, ബസ്സ്റ്റാൻഡുകൾ, റെയിൽവേ, ലോക്കൽ റിസർവോയറുകൾ മുതലായവ)	51203	14.41%
4	കൃഷിയോഗ്യമല്ലാത്ത തരിശ്ശുഭൂമി	6110	1.72%
5	ജലാശയങ്ങൾ (പുഴകൾ,തടാകങ്ങൾ,കുളങ്ങൾ, റിസർവോയറുകൾ, കനാൽ, ടാങ്കുകൾ മുതലായവ)	6148	1.73%
6	വെള്ളക്കെട്ടുള്ള പ്രദേശം/ചതുപ്പുകൾ	62	0.02%
7	മേച്ചിൽപുറങ്ങൾ	0	0.00%
8	*മറ്റുള്ളവ	14269	4.01%
	മലപ്പുറം ജില്ലയുടെ മൊത്തം ഭൂവിസ്തൃതി	355446	100.00%

അവലംബം – 1. അഗ്രികൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ് -2015-16 (DO, E&S, Kerala) & സാമ്പത്തിക അവലോകനം -2016

കാർഷിക മേഖല

നെല്ലിന്റെ വിള വിസ്തീർണ്ണത്തിൽ പുരോഗതി കാണപ്പെടുന്നുണ്ടെങ്കിലും മറ്റ വിളകളുടെ വിള വിസ്തീർണ താരതമ്യേന കുറഞ്ഞു വരുന്നതായി കാണാം. നാണ്യവിളകളായ തെങ്ങ്, കമുക്, കൊക്കോ, ജാതി, വാഴ എന്നിവ ജില്ലയിൽ ഉത്പ്പാദിപ്പിക്കുന്നുവെങ്കിലും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റന്ന സംരംഭങ്ങൾ കുറവാണ്. മലപ്പുറത്തിന്റെ കാർഷിക മേഖലയിലുള്ള വ്യവസായങ്ങൾക്ക് ശരിയായ രീതിയിലുള്ളള ഭൗതിക സാഹചര്യങ്ങൾ ഒരുക്കുകയാണെങ്കിൽ തൊഴിൽ മേഖലയ്ക്ക് പുത്തൻ ഉണർവ്വ് നൽകുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കും.

ജില്ലയുടെ മലയോര മേഖലകളിൽ പ്രധാനമായും റബ്ബർ കൃഷി ചെയ്യുന്നു. റബ്ബർ കൃഷി ചെയ്യുന്ന ജില്ലകളിൽ ഒരു പ്രമുഖ സ്ഥാനമാണ് മലപ്പുറത്തിനുള്ളത്. റബ്ബർ അനുബന്ധ വ്യവസായങ്ങൾ മറ്റ് ജില്ലകളെ അപേക്ഷിച്ച് മലപ്പുറത്ത് വളരെ കുറവാണ്. മലപ്പുറത്തിന്റെ ജനസംഖ്യാനുപാതികമായി വളരെയേറെ സാദ്ധ്യതയുള്ള മേഖലയാണ് റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ

ചിത്രം 2.2.2 : നെല്ല് വിള വിസ്തൃതി (ഹെക്ടറിൽ)



അവലംബം - 1. അഗ്രികൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ് -2015-16 (DO, E&S, Kerala)

പട്ടിക. 2.2.3 മലപ്പുറം ജില്ലയിലെ 2011 മുതൽ 2016 വരെയുള്ള വർഷത്തെ പ്രധാന വിളകളുടെ കാർഷികോത്പ്പാദന വിവരം താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു. (വിസ്തീർണ്ണം ഹെക്ടറിൽ)

വർഷം	നെല്ല്				തെങ്ങ്	കുരുമുളക്	അടയ്ക്ക	ജാതി	കശുവണ്ടി	റബ്ബർ	കിഴങ്ങുവർഗ്ഗങ്ങൾ	മരച്ചീനി	വാഴ	മൊത്തം
	വിരിപ്പ്	മുണ്ടകൻ	ഞാറ്	ആകെ										
1	2	3	4	5	6	7	8	9	10	11	12	13	14	15
2010-11	1088	6091	1770	8949	104178	5732	19620	304	7844	2560	3572	5500	289	39520
2011-12	767	5141	1620	7528	109229	2590	19978	315	6866	2845	3826	5268	183	40230
2012-13	493	4723	1458	6674	102417	2517	19411	292	7529	3071	3347	5010	150	40230
2013-14	121	5630	1798	7549	105481	2631	18644	302	7740	3392	2913	4317	174	42470
2014-15	494	5968	1940	8402	103691	2913	18352	312	6986	3988	2582	5405	171	42670
2015-16	395	6134	2158	8687	103391	2938	17895	367	7762	3587	1981	5117	158	42750
ജില്ലാ ശരാശരി	560	5615	1791	7965	104731	3220	18983	315	7455	3241	3037	5103	188	41312
സംസ്ഥാന മൂല്യം 2015—16	60418	89118	47334	196870	790223	85948	99126	21678	59835	57683	43090	69405	333	550840

അവലംബം - 1. അഗ്രികൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ് -2015-16 (DO, E&S, Kerala)

പ്രശ്നങ്ങൾ /പരിഹാരങ്ങൾ

1. മറ്റു ജില്ലയിലെ പോലെ മലപ്പുറം ജില്ലയിലും കാർഷിക ഭൂമി അനിയന്ത്രിതമായി കാർഷികേതര ആവശ്യങ്ങൾക്കായി തരംമാറ്റി വിനിയോഗിക്കുന്ന പ്രവണത വർദ്ധിച്ചു വരുന്നു. ജനസാന്ദ്രത കൂടുതലായതുകൊണ്ട് പരിമിതമായ ഭൂമിയുടെ തുണ്ട് വൽക്കരണം ത്വരിത ഗതിയിൽ നടന്നുവരുന്നു. വീടുകൾ, ഫ്ലാറ്റുകൾ, വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ മുതലായവയാണ് കാർഷിക ഭൂമി വിനിയോഗിച്ചുവരുന്നത്.
2. മലകളും കുന്നുകളും ഇടിച്ചു നിരപ്പാക്കുന്നു, പുഴയിലെ മണൽ ഖനനം അനിയന്ത്രിതമാകുന്നു, മണ്ണ്, കരിങ്കല്ല്, ചെങ്കല്ല്, തുടങ്ങിയ നിർമ്മാണ സാമഗ്രികളുടെ അനിയന്ത്രിതമായ ഖനനം മൂലം ജില്ലയുടെ പാരിസ്ഥിതിക സന്തുലനം താറുമാറാകുന്നു. തണ്ണീർതടങ്ങളും വയലുകളും മണ്ണിട്ടു നികത്തി കാർഷികേതര ആവശ്യങ്ങൾക്ക് നിയന്ത്രണമില്ലാതെ വിനിയോഗിച്ചുകൊണ്ടിരിക്കുന്നു.
3. കാർഷികവൃത്തി നഷ്ടത്തിലാകുന്നതു കൊണ്ട് മിക്ക ആളുകളും കൃഷി സ്ഥലങ്ങൾ കൃഷി ചെയ്യാതെ തരിശിടുന്ന പ്രവണതയും വർദ്ധിച്ചു വരുന്നു. കാർഷികോൽപ്പന്നങ്ങൾക്ക് മതിയായ വില ലഭിക്കുന്നില്ല. കൃഷി ചെലവ് വർദ്ധിച്ചുവരുന്നു. വിലക്കയറ്റം രൂക്ഷമാണ്. തൊഴിലാളികളെ ലഭിക്കാത്ത പ്രശ്നമുണ്ട്. അന്യ സംസ്ഥാന തൊഴിലാളികളാണ് ഈ പ്രശ്നം വലിയൊരളവിൽ പരിഹരിക്കുന്നത്.
4. ഭൂമിയുടെ വിസൃതി വികസിക്കാത്ത സാഹചര്യത്തിൽ കെട്ടിട നിർമ്മാണ രംഗത്ത് ഏറ്റവും കുറച്ച് ഭൂമി ഉപയോഗിച്ചുകൊണ്ടുള്ള സ്പേഷ്യൽ പ്ലാനിംഗ് (സ്ഥലപരാസൂത്രണം) അവലംബിക്കാൻ ആളുകളെ ബോധവൽക്കരിക്കേണ്ടതുണ്ട്.
5. പരിസ്ഥിതിക്ക് കനത്ത ആഘാതം സൃഷ്ടിക്കുന്ന വിധത്തിൽ കരിങ്കല്ല്/ചെങ്കല്ല് ക്വാറികളുടെ അനിയന്ത്രിതമായ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇതിനു നിയന്ത്രണം വേണം. അതേ സമയം ഒരു പൗരൻ സ്വന്തം സ്ഥലം ഗാർഹിക/ഗാർഹികേതര ആവശ്യങ്ങൾക്ക് വേണ്ടി മണ്ണെടുക്കുന്നതിനും നിരപ്പാക്കുന്നതിനും മറ്റു നിയമ ചട്ടങ്ങളും കർശനമായി അധികൃതർ പാലിക്കാൻ നിർബന്ധിക്കുകയും ചെയ്യുന്നു.
6. വരും കാലങ്ങളിൽ ഭക്ഷ്യ സുരക്ഷ, ജല സുരക്ഷ എന്നിവ ലക്ഷ്യമാക്കിയുള്ള ഭൂവിനിയോഗം നടപ്പിലാക്കിയെങ്കിൽ മാത്രമേ രൂക്ഷമായ വരൾച്ചയിൽ നിന്നും ജലക്ഷാമത്തിൽ നിന്നും ഭക്ഷ്യ ക്ഷാമത്തിൽ നിന്നും ജില്ലയ്ക്ക് കരകയറാനാകുകയുള്ളൂ. ഇതു വഴി മാത്രമേ കാർഷിക മേഖലയുടെ പ്രാമുഖ്യം നമുക്ക് തിരിച്ചു പിടിക്കുവാൻകഴിയുകയുള്ളൂ.

ജലലഭ്യത

ജില്ലയിലെ കാർഷിക മേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നാണ് ജല ദൗർലഭ്യം. കാർഷിക വിളകൾക്ക് വേനൽ കാലത്ത് ജലസേചനം കൃത്യമായി നടത്തിയില്ലെങ്കിൽ കാർഷികോൽപ്പാദനം വളരെ കുറയുകയും കാർഷിക സമ്പദ് വ്യവസ്ഥയെ സാരമായി ബാധിക്കുകയും ചെയ്യുന്നു. കഴിഞ്ഞ നാല് അഞ്ച് വർഷമായി കാലാവസ്ഥയിലുള്ള വ്യതിയാനം കാർഷികോൽപ്പാദനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ് നടത്തുന്ന കാർഷിക സ്ഥിതിവിവര കണക്ക് പ്രകാരം ജലസേചനം നടത്തിയിട്ടുള്ള വിസ്തൃതി ഹെക്ടറിൽ താഴെ കൊടുക്കുന്നു.

പട്ടിക 2.2.4 : ജലലഭ്യത ജലസ്രോതസ്സുകൾ/ പദ്ധതികൾ (എണ്ണം)

തോട്/കനാൽ	സർക്കാർ	2443
	സ്വകാര്യം	378
കുളം	സർക്കാർ	157
	സ്വകാര്യം	4332
കിണറുകൾ	സർക്കാർ	69
	സ്വകാര്യം	16019
കുഴൽകിണറുകൾ	--	1362

ചെറുകിട ജലസേചന പദ്ധതികൾ		1290
പുഴയിൽ നിന്നും തടാകത്തിൽ നിന്നും	പമ്പ്	1072
	മറ്റ വിധത്തിൽ	1726
മറ്റ മാർഗ്ഗങ്ങൾ	1356	
ആകെ	30204	

അവലംബം : അഗ്രികൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ്2015

ഓരോ കാർഷിക വർഷത്തിലും വേനൽ കാലത്തിനുമുന്നോടിയായി ജില്ലയിലെ പ്രധാന കൃഷി മേഖലകളെ തൊട്ട കിടക്കുന്ന പുഴകളിൽ തടയണകൾ സൃഷ്ടിച്ച് ജലസേചനത്തിനുള്ള സൗകര്യം ചെയ്ത കൊടുക്കുവാൻഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അടിയന്തരമായി ജനപങ്കാളിത്തത്തോടെ പ്രത്യേക കർമ്മപരിപാടികൾ നടപ്പിലാക്കേണ്ടതാണ് .

ഉപരിതലം

ചാലിയാർപുഴ, കടലുണ്ടിപുഴ, ഭാരതപുഴ, തിരൂർ-പൊന്നാനിപുഴ എന്നിവയാണ് ജില്ലയിലെ പ്രധാന ഉപരിതല സ്രോതസ്സുകൾ. കൂടാതെ ചില കായലുകളും തടാകങ്ങളും (മനുഷ്യനിർമ്മിത) വേറെയും ഉണ്ട്.

പട്ടിക 2.2.5 : മലപ്പുറം ജില്ലയിലെ പുഴകളുടെ വിശദാംശങ്ങൾ

ക്രമനം	പേര്	നീളം	ഉത്ഭവ സ്ഥാനം	പതന സ്ഥലം	ഒഴുകുന്ന പ്രധാന പ്രദേശങ്ങൾ
1	ചാലിയാർ പുഴ	169 കി. മീ	തമിഴ് നാട്ടിലെ ഇളമ്പൽ ചേരിക്കുന്ന് (ഗ്രഡല്ലൂർ താലൂക്ക്)	അറബിക്കടൽ	ചുങ്കത്തറ, നിലമ്പൂർ, മച്ചാട്, വാഴക്കാട്, അരീക്കോട്,എടവണ്ണ
2	കടലുണ്ടി പുഴ	130 കി.മീ	പേരകൊമ്പൽ മല	അറബിക്കടൽ	പാണ്ടിക്കാട്, ആനക്കയം, മലപ്പുറം, ഒളുക്കുങ്ങൽ, ഊരകം, കീഴ്മറി
3	ഭാരതപുഴ	251 കി.മീ	തമിഴ് നാട്ടിലെ ആനമല	അറബിക്കടൽ	കുറ്റിപ്പുറം, തിരുനാവായ, ചമ്രവട്ടം, പുറത്തൂർ, പൊന്നാനി, തിരൂർ, കൂട്ടായി, വെട്ടം, പുറത്തൂർ, മംഗലം
4	തിരൂർ പൊന്നാനി പുഴ	48 കി.മീ	ആതവനാട്	ഭാരതപുഴ	തിരൂർ, തിരൂർ, വെട്ടം, പുറത്തൂർ, മംഗലം

അവലംബം : ജലസേചന റിപ്പോർട്ട്

കടലുണ്ടി പുഴ

ഇതിന്റെ ഉത്ഭവ സ്ഥാനത്തിന് ഒലിപുഴ എന്നാണ് പേര്. താഴെ ഭാഗത്ത് എത്തുമ്പോഴാണ് കടലുണ്ടി പുഴയായി അറിയപ്പെടുന്നത്. തുവ്വൂർ, അമരമ്പലം, നിലമ്പൂർ എന്നീ ഭാഗങ്ങളിലാണ് ഒലിപുഴ എന്ന പേര് നിലനില്ക്കുന്നത്. കൂടാതെ ജില്ലയുടെ കിഴക്കൻ അതിർത്തി പ്രദേശത്ത് കൂടി ഭൂതപുഴയും ഒഴുകുന്നുണ്ട്. ജില്ലയിലെ ആലിപറമ്പ് ഭാഗം ഭൂതപുഴ സ്പർശിക്കുന്നുണ്ട്.

ഭാരതപുഴ

കേരളത്തിലെ രണ്ടാമത്തെ നീളം കൂടിയ നദിയായ ഭാരതപുഴ പശ്ചിമഘട്ടത്തിൽ നിന്നാണ് ഉത്ഭവിക്കുന്നത്. പേരാറ്, കോരയാട്, വരട്ടാറ്, വാളയാറ് എന്നീ ദ്രാവിഡ നാമങ്ങളും ഭാരതപുഴ, നിള, ഗായത്രി, മംഗല നദി എന്നീ സംസ്കൃത നാമങ്ങളും ഇതിനുണ്ട്. ഈ പേരുകൾ ആര്യ സംസ്കാരത്തിന്റെ സംഭാവനകളാണ്. മാമാങ്കം, കേരള കലാമണ്ഡലം ഓട്ടൻതുള്ളൽ, പൈങ്കുളം കൂടിയാട്ടം, തൃക്കടായിലെ തായമ്പക, തിരുനാവായയിലെ ബലിതർപ്പണം, അങ്ങനെ നിരവധി സംഭവങ്ങൾ ഈ നദീതീരവുമായി ബന്ധപ്പെട്ടു നിറഞ്ഞു നിൽക്കുന്നു. കോയമ്പത്തൂർ, പാലക്കാട്, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിൽ കൂടി ഒഴുകുന്ന

ഗായത്രിപുഴ, കണ്ണാടിപുഴ, കല്പാത്തിപുഴ, ശുതപുഴ എന്നിവ പ്രധാന പോഷകനദികളാണ്. പൊന്നാനിയിൽ വെച്ചാണ് ഇത് അറബിക്കടലിൽ ചേരുന്നത്.

ചാലിയാർ

സമുദ്രനിരപ്പിൽ നിന്ന് 2066 ച.മീ. ഉയരത്തിലുള്ള മലനിരകളിൽ നിന്ന് ഉത്ഭവിച്ച് കൂടുതൽ ദൂരവും മലപ്പുറം ജില്ലയിലൂടെ ഒഴുകുന്നു. ചാലിപുഴ, പുന്നപുഴ, പാങ്ങിയാറ, കരിമ്പുഴ, ചെറുപുഴ, കാഞ്ഞിരപ്പുഴ, കരുമ്പൻപുഴ, വടപുറംപുഴ, ഇരുവഴിഞ്ഞിപുഴ, ഇരുനില്ലിപുഴ, കുറിഞ്ഞിപുഴ എന്നിവ പ്രധാന പോഷകനദികളാണ്. കോഴിക്കോട്, മലപ്പുറം, വയനാട് ജില്ലകളിലൂടെ ഒഴുകുന്ന ചാലിയാർ സമുദ്രത്തോടടുക്കുമ്പോൾ ബേപ്പൂർ പുഴ എന്നറിയപ്പെടുന്നു. ബേപ്പൂരിൽ വെച്ചാണ് അറബിക്കടലിൽ ചേരുന്നത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തിലും നിലമ്പൂർക്കാടുകളിൽ നിന്ന് വെട്ടുന്ന വൻതടി മരങ്ങൾ കോഴിക്കോട് കല്ലായി പുഴയിലേക്ക് എത്തിപ്പിക്കുന്നത് ഈ ജല ലഭ്യതയിലൂടെയായിരുന്നു. വലിയ നദികളിൽ നീളത്തിൽ ഈ നദിക്ക് നാലാം സ്ഥാനമാണുള്ളത്.

തിരൂർ – പൊന്നാനി പുഴ

മലപ്പുറം ജില്ലയിൽ നിന്ന് തന്നെ ആരംഭിക്കുന്ന ജലസ്രോതസ്സാണിത്. തിരൂർ, കൂട്ടായി, പറവണ്ണ, വെട്ടം, പൂറത്തൂർ ഭാഗങ്ങളൽ കൂടി ഒഴുകുന്ന ഈ പുഴ പൊന്നാനി ഭാഗത്ത് വെച്ച് ഭാരതപുഴയോട് ചേരുകയും തുടർന്നു പൊന്നാനിയിൽ നിന്ന് പെരുമ്പടപ്പ് പൊന്നാനി ബ്ലോക്കുകളിലൂടെ തെക്കോട്ടൊഴുകുകയും ചെയ്യുന്നു. കൂട്ടായി ഭാഗത്ത് വെച്ച് കനോലി കനാൽ ഈ പുഴയോട് ചേരുന്നുണ്ട്.

കനോലി കനാൽ തീരദേശ മേഖലയിൽ കൂടിയാണ് ഒഴുകുന്നത്. ടിപ്പുവിന്റെ പടയോട്ടക്കാലം മുതൽ ഇത് ചരിത്ര പ്രസിദ്ധമാണ്. കൂടാതെ ചെറിയ പറപ്പൂർ കായൽ ബീയ്യം കായൽ എന്നിവയും ഉപരിതല ജലസ്രോതസ്സുകളാണ്. ശുദ്ധജല തടാകങ്ങളായി ജില്ലയിൽ ഒന്നും തന്നെയില്ല.

മനുഷ്യ നിർമ്മിതമായ തടാകങ്ങളും ജില്ലയിലുണ്ട് അവ ഇവയാണ്.

1. കവണക്കല്ല് – മാവൂരിലെ ഗ്വാളിയോർ റയോൺസ് എന്ന സ്ഥാപനത്തിനടുത്ത് ചാലിയാർ പുഴക്ക് കുറുകെ അറബിക്കടലിൽ നിന്നുള്ള ഉപ്പ് വെള്ളമുക്കയറ്റം തടയാനാണിത്
2. മണ്ണട്ടംപാറ വിയർ കം ലോക്ക്–കടലുണ്ടി പുഴക്കു കുറുകെ ഉപ്പുവെള്ള കയറ്റം തടയാൻ
3. ബീയ്യം റഗുലേറ്റർ–കാഞ്ഞിരപുഴക്കു കുറുകെ
4. കൂട്ടായി റഗുലേറ്റർ–തിരൂർ പുഴക്കു കുറുകെ ഉപ്പുവെള്ളം തടയാൻ

മേൽ പറഞ്ഞ പദ്ധതികൾ പരിഷ്കരിച്ച് പുതിയ പദ്ധതികൾക്ക് രൂപം നല്കിയാൽ ശുദ്ധജല ലഭ്യതക്ക് മുതൽ കൂട്ടാകും. 19 കി.മീ. നീളത്തിൽ ജില്ലയിലൂടെ കടന്നു പോകുന്ന കനോലി കനാലിലേക്ക് തിരൂർ പുഴയിൽ നിന്ന് ഉപ്പുവെള്ളം കയറുന്നത് തടയാൻ ഷണിനു കുറുകെ റഗുലേറ്റർ സ്ഥാപിച്ചാൽ തീരദേശങ്ങളായ താനൂർ, വെട്ടം, പറവണ്ണ, ഉണ്യാൽ, കൂട്ടായി തീരപ്രദേശങ്ങളിൽ ശുദ്ധജല ലഭ്യതക്ക് മൂതൽ കൂട്ടാകും.

ഭൂഗർഭ ജലം

കൂടാതെ മേൽ സൂചിപ്പിച്ച പുഴകളുമായി ബന്ധപ്പെടുന്ന ധാരാളം തോടുകളും ജില്ലയുടെ പല ഭാഗങ്ങളിലായിട്ടുണ്ട്. സാധ്യമാകുന്ന തരത്തിൽ സൗകര്യപ്പെടുത്തുവാൻ പദ്ധതികൾ ആവിഷ്കരിച്ചാൽ കുടിവെള്ളത്തിനും കാർഷിക ആവശ്യങ്ങൾക്കും ഈ തോടുകളിലെ ജലം ഉപയോഗപ്പെടുത്താൻ കഴിയും. കാർഷിക മേഖലയായ നമ്മുടെ ജില്ലയിൽ ആവശ്യാനുസരണം ഉദ്ദേശ്യാധിഷ്ഠിത പരിപാടികൾ രൂപീകരിക്കാൻ സാധിച്ചാൽ ഒരു വലിയ മാറ്റം ജില്ലയിൽ ഉണ്ടാക്കാൻ സാധിക്കും. പൂർണ്ണമായ കണക്ക് ലഭ്യമായിട്ടില്ലെങ്കിലും ജില്ലയിലെ ചില പ്രധാന തോടുകളെ സംബന്ധിച്ച വിവരങ്ങൾ ഇവയാണ്. 1) ഒമാന്തൂർ–മുണ്ടക്കൽ – എടവണ്ണപ്പാറ വലിയതോട് 2) ആട്ടീരിത്തോട് 3) കരുമ്പിലിത്തോട് 4) പുറത്തൂർ നായർത്തോട് 5) തലക്കാട് തലേക്കരത്തോട് 6) പുത്തൻവീട്ടിൽ കൈത്തോട് 7) കരിയിലത്തോട് 8) ചേന്നര വലിയതോട് 9) എടക്കഴിത്തോട് 10) വെട്ടം വാലില്ലാപുഴ. ഈ തോടുകളും നമ്മുടെ ജില്ലയിലെ ജലവിഭവ സ്രോതസ്സുകളായി

കാണേണ്ടതും ഉപയോഗിക്കേണ്ടതുമുണ്ട്. ജില്ലയിലെ ഭൂഗർഭ ജലവിഭവത്തിന്റെ വിശദാംശങ്ങൾ പട്ടിക 2.2.5 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 2.2.6 : മലപ്പുറം ജില്ലയിലെ ഭൂഗർഭ ജല വിഭവം

ജില്ല	യഥാർത്ഥ വാർഷിക ഭൂഗർഭ ജല ലഭ്യത (ഹെ.മി)	എല്ലാ ആവശ്യത്തിനും വേണ്ടി നിലവിലുള്ള മൊത്തം ഭൂഗർഭജലം (ഹെ.മി)	ഗാർഹിക ആവശ്യത്തിനും വ്യവസായിക ആവശ്യത്തിനും വേണ്ടി 2025 വരെയുള്ള ഭൂഗർഭജലത്തിന്റെ വിഹിതം (ഹെ.മി)	നിലവിലുള്ള ഭൂഗർഭജല വികസനത്തിന്റെ സ്ഥിതി (ശതമാനത്തിൽ)
മലപ്പുറം	49555	28401.08	24392.1	57.31

അവലംബം : സാമ്പത്തിക അവലോകനം 2016.

വനമേഖല:

മലപ്പുറം ജില്ലയിൽ 723.91 ച.കി.മീ. വനഭൂമിയുണ്ട്. പ്രധാനമായും വനമേഖല കേന്ദ്രീകരിച്ചിരിക്കുന്നത് നിലമ്പൂർ ഭാഗത്താണ്. 1846 ൽ മലബാർ കളക്ടർ ആയിരുന്ന കൊനോലി സായിപ്പിന്റെ നിർദ്ദേശ പ്രകാരം അധികാരി ചാത്തുമേനോൻ നട്ടുപിടിപ്പിച്ച തേക്കിൻതോട്ടം ലോകത്തിലെ ആദ്യത്തെ തേക്ക് പ്ലാന്റേഷൻ ആണ്. രണ്ടാം ലോക മഹായുദ്ധ കാലത്ത് ഈ തേക്കു കൊണ്ടാണ് സഖ്യ കക്ഷികളുടെ തടി ആവശ്യങ്ങൾ നിറവേറ്റിയിരുന്നത്. നിലമ്പൂരിലെ തേക്ക് കൃഷിയുടെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നതിനും ഗവേഷണ ആവശ്യത്തിനുമായി കേരളാ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് നിലമ്പൂർ തേക്ക് മ്യൂസിയം.

ജില്ലയിലെ വനപ്രദേശത്തിന്റെ സംരക്ഷണവും വികസനവും പ്രധാനമായും 2 ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് വഴിയാണ് നടത്തുന്നത്. റേഞ്ച് അടിസ്ഥാനത്തിലുള്ള വനപ്രദേശത്തിന്റെ വിസ്തൃതി താഴെകൊടുക്കുന്നു.

പട്ടിക 2.2.7 : റേഞ്ച് അടിസ്ഥാനത്തിലുള്ള വനപ്രദേശത്തിന്റെ വിസ്തൃതി

ഡിവിഷൺ	റേഞ്ച്	വനപ്രദേശത്തിൻറെ വിസ്തീർണ്ണം ച.കി.മീ.
നിലമ്പൂർ നോർത്ത്	നിലമ്പൂർ	140.6156
	എടവണ്ണ	102.8365
	വഴിക്കടവ്	155.1878
നിലമ്പൂർ സൗത്ത്	കാളികാവ്	59.6702
	കരുളായ്	265.6076
ആകെ		723.9177

അവലംബം : സാമ്പത്തിക അവലോകനം 2016.

നിലമ്പൂർ വനങ്ങളിലെ ആദിവാസി ഗോത്ര വിഭാഗങ്ങൾ ചോലനായ്ക്കർ, കാട്ടുനായ്ക്കർ, മലമുത്തപ്പൻമാർ, അറനാടൻ, പണിയർ എന്നീ വിഭാഗങ്ങളാണ്. ആസ്ട്രലോയ്ഡ് നരവംശത്തിൽപ്പെട്ട ചോലനായ്ക്കർ ഏഷ്യയിലെ ഏക ഗുഹാനിവാസികളാണ്. ചരിത്രാതീത കാലത്തോളം പഴക്കമുള്ള ഇവരിൽ ഇന്ന് ഇരുന്നൂറിൽ താഴെ മാത്രമേ അവശേഷിക്കുന്നുള്ളു. അവർ സംസാരിക്കുന്ന ചോലനായ്ക്കൻ ഭാഷ ദ്രാവിഡ വിഭാഗത്തിലെ അപൂർവ്വമായ ഗോത്ര ഭാഷയാണ്.

നമ്മുടെ ജില്ലയുടെ കാലാവസ്ഥ ഗതിവിഗതികളെ നിർണ്ണയിക്കുന്ന പശ്ചിമഘട്ടത്തോട് ചേർന്നു കിടക്കുന്നതാണ് നമ്മുടെ വനസമ്പത്ത്. ആഗോളതാപനം മൂലമുണ്ടാകുന്ന ഭവിഷ്യത്തുകളെ ഒരു പരിധിവരെ നിയന്ത്രിക്കുന്ന നമ്മുടെ വനസമ്പത്തിനെ സംരക്ഷിക്കുന്നതിനും അടുത്ത തലമുറക്കായി സൂക്ഷിക്കുന്നതിനുമുള്ള

പ്രതിബദ്ധതയോടെയുള്ള വനസംരക്ഷണ പ്രവർത്തനങ്ങൾ വിഭാവനം ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്.

വന സമ്പത്ത്

ജൈവ വൈവിധ്യങ്ങളാൽ നിറഞ്ഞു നിൽക്കുന്ന പശ്ചിമഘട്ടത്തിന്റെ കേരളാതിർത്തിയോട് ചേർന്നു നിൽക്കുന്ന ഭാഗമാണ് നമ്മുടെ ജില്ലയുടെ വനപ്രദേശം. മലപ്പുറം ജില്ലയുടെ തന്നെ കാലാവസ്ഥയും പ്രകൃതിയുടെ സന്തുലിതാവസ്ഥയും നിലനിർത്തുന്നതിൽ നമ്മുടെ വനമേഖലക്ക് ഗണ്യമായ പങ്കുണ്ട്. മൺസൂണിന്റെയും കാലവർഷത്തിന്റെയും ഗതിവിഗതികളെ സ്വാധീനിക്കുവാൻ നമ്മുടെ വനമേഖലക്ക് കഴിയുന്നു.

വനപ്രദേശത്തിന്റെ വിസ്തൃതി

ജില്ലയിലെ വന പ്രദേശത്തിന്റെ വിസ്തൃതി (ഫോറസ്റ്റ് കവർ) പട്ടിക 2.2.7 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 2.2.8 : മലപ്പുറം ജില്ലയിലെ വനപ്രദേശത്തിന്റെ (ഫോറസ്റ്റ് കവർ) വിസ്തൃതിപട്ടിക

ജില്ലയുടെ ആകെ വിസ്തൃതി (ച. കി.മീ)	നിബിഡ വനം (ച. കി.മീ)	താരതമ്യേന നിബിഡ വനം (ച. കി.മീ)	ഇറസ്സായ വനം (ച. കി.മീ)	ആകെ (ച. കി.മീ)	ശതമാനം
3549	142	417	916	1475	41.56

അവലംബം : സാമ്പത്തിക അവലോകനം 2016.

മലപ്പുറം ജില്ലയിലെ രണ്ട് ഫോറസ്റ്റ് ഡിവിഷനുകളായ നിലമ്പൂർ നോർത്ത് ഡിവിഷനും നിലമ്പൂർ സൗത്ത് ഡിവിഷനും വഴി വനപ്രദേശത്തിന്റെ സംരക്ഷണവും വികസനവും നടത്തി വരുന്നു. ആദിവാസികളുടെയും വനവിഭവങ്ങളുടെയും സംരക്ഷണവും വികസന പ്രവർത്തനങ്ങളും ഡിവിഷൻ ഓഫീസുകൾ കേന്ദ്രീകരിച്ച് നടത്തപ്പെടുന്നു.

പ്രധാന ആകർഷണങ്ങൾ

തേക്കു തോട്ടങ്ങളുടെ ഭൂമിയായ നിലമ്പൂർ പ്രദേശത്തിന് ലോക പൈതൃക പ്രദേശമെന്ന നിലയിൽ ഗണ്യമായ സ്വാധീനമുണ്ട്. പ്രശസ്തമായ കനോലി പ്ലോട്ടും കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സബ് സെന്ററായ നിലമ്പൂർ തേക്ക് മ്യൂസിയവും നിബിഡ വനപ്രദേശമായ നെടുങ്കയവുമെല്ലാം തന്നെ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നു. ഒപ്പം തന്നെ സംസ്ഥാനത്തിന് വരുമാനവും നേടിത്തരുന്നു.

സംസ്ഥാന വരുമാനത്തിന്റെ പങ്ക്

സംസ്ഥാന വരുമാനത്തിന്റെ ഒരു പ്രധാന സ്രോതസ്സായ വനവൃക്ഷങ്ങളുടെ പരിപാലനം വഴി ലഭ്യമാകുന്ന തടികളും മറ്റുല്പന്നങ്ങളും പ്രത്യേകിച്ച് തേക്കുമര വില്പന വഴി ഗണ്യമായ വരുമാനം കേരള സർക്കാറിന് നേടിത്തരുന്നു. വനൃവൃക്ഷത്തോട്ടങ്ങളുടെ ഇനം തിരിച്ചുള്ള വിസ്തീർണ്ണം റേഞ്ച് അടിസ്ഥാനത്തിൽ (ഹെക്ടറിൽ) താഴെ കൊടുക്കുന്നു.

പട്ടിക 2.2.9 : വനവൃക്ഷ തോട്ടങ്ങളുടെ ഇനംതിരിച്ചുള്ള വിസ്തീർണ്ണം

ഇനങ്ങൾ	നിലമ്പൂർ സൗത്ത് ഡിവിഷൻ	നിലമ്പൂർ നോർത്ത് ഡിവിഷൻ
കടുപ്പം കൂടിയ തടി	4659.978	4155.359
കടുപ്പം കുറഞ്ഞ തടി	–	41.580
മുള ചൂരൽ	177.500	1311.484
മറ്റുള്ളവ	539.680	1267.660
ആകെ	5377.158	6776.063

അവലംബം : സാമ്പത്തിക അവലോകനം 2016.

തേക്ക് മരങ്ങൾ മുറിക്കുന്നത് വഴി ലഭിക്കുന്ന ഉരുപ്പടികൾ ലേലം ചെയ്ത് ഉപഭോക്താവിന് നല്കുന്നതിനായി ടിമ്പർ സെയിൽസ് ഡിപ്പോ നിലമ്പൂരിൽ പ്രവർത്തിക്കുന്നു. വൃക്ഷത്തോട്ടങ്ങളിലെ 73 ശതമാനവും തേക്ക വൃക്ഷങ്ങളാണ്.

പട്ടിക 2.2.10 : ജില്ലയിലെ വനമേഖല വിശദാംശങ്ങൾ

നിലമ്പൂർ നോർത്ത് ഡിവിഷൻ സ്ക്വയർ കി.മീ.					നിലമ്പൂർസൗ ത്ത് ഡിവിഷൻ സ്ക്വയർ കി.മീ.				
റേഞ്ചുകൾ	റിസർവ്വ് ഫോറ സ്റ്റ്	പ്രൊപ്പോ സ്ഡ് റിസർവ്വ്	വെസ്റ്റഡ് ഇഎഫ് എൽ	ആകെ	റേഞ്ചുക ൾ	റിസർവ്വ് ഫോറസ്റ്റ്	പ്രൊപ്പോ സ്ഡ് റിസർവ്വ്	വെസ്റ്റ ഡ് ഇഎഫ് എൽ	ആകെ
നിലമ്പൂർ	57.9196	0.0171	340.7032	1406156	കാളികാ	267.3894	---	57.8888	59.6907
എടവണ്ണ	---	---	---	102.8365	കരുളാ	---	---	--	265.676
വഴിക്കടവ്	--	---	---	155.1878	--	---	--	---	-
ആകെ	57.9196	0.017	340.7032	398.6399	ആകെ	267.3894	--	57.8888	325.2782

സ്രോതസ്സ് : എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിസ്റ്റ്, മലപ്പുറം

ജില്ലയിൽ 325.309 സ്ക്വയർ കി.മീ. സംരക്ഷണവും 398.592 സ്ക്വയർ കി.മീ. ഇടതൂർന്ന വനവും ഉണ്ട്. വനവിഭവങ്ങളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നത് പ്രസിദ്ധമായ നിലമ്പൂർ തേക്ക് തന്നെയാണ്. കൂടാതെ ഈട്ടി, മഹാഗണി, മുള, കുമ്മാവ്, മറ്റു കാട്ടു മരങ്ങൾ എന്നിവയും, തേനും പ്രധാന വനവിഭവങ്ങളാണ്.

സാമൂഹ്യ വനവത്കരണം

വികസന പ്രവർത്തനങ്ങളും വനനശീകരണവും മൂലം നശിച്ചുകൊണ്ടിരിക്കുന്ന ഹരിത മേഖലയെ നിലനിർത്തുന്നതിനു വേണ്ടി ജില്ലയിൽ സാമൂഹ്യ വനവത്കരണം വഴി മരങ്ങൾ വെച്ചു പിടിപ്പിച്ചു കൊണ്ട് സംരക്ഷിക്കുന്നു. കേരള സർക്കാരിന്റെ എന്റെ മരം പദ്ധതി, നമ്മുടെ മരം പദ്ധതി, വഴിയോര തണൽ പദ്ധതി, ഹരിത തീരം പദ്ധതി എന്നിവ വഴി ഹരിതാഭ ലക്ഷ്യ പ്രാപ്തിക്കായി ശ്രമിക്കുന്നു. നിലമ്പൂർ മേഖലയിൽ ഒരു റേഞ്ച് ഓഫീസറുടെ നേതൃത്വത്തിൽ സാമൂഹിക വനവത്കരണ വിഭാഗം പ്രവർത്തിക്കുന്നു.

വന്യ മൃഗങ്ങൾ

വനമേഖലയുടെ സംരക്ഷണത്തോടൊപ്പം വന്യ മൃഗങ്ങളുടെ സംരക്ഷണവും ഗവൺമെന്റിന്റെ പ്രധാന പ്രവർത്തനങ്ങളിൽ ഒന്നാണ്.ശക്തമായ നിയമവും ബോധവത്കരണ പ്രവർത്തനങ്ങളും കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷയും വനനശീകരണത്തിനും വന്യ മൃഗങ്ങളെ വേട്ടയാടലിനുമെല്ലാം ഗണ്യമായ കുറവ് ഉണ്ടാകുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു .

വനനശീകരണങ്ങളും കയ്യേറ്റങ്ങളും

നമ്മുടെ വനമേഖല ഇന്ന് അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളാണ് വനനശീകരണവും വന കയ്യേറ്റങ്ങളും. കുടിയേറ്റങ്ങൾക്കു ശേഷവും അതിനു മുമ്പും വനം കയ്യേറ്റം നടന്നിട്ടുണ്ടെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. വന നശീകരണ പ്രവർത്തനങ്ങളെ തടയിടാൻ ഒത്തൊരുമിച്ച് പ്രവർത്തിച്ചെങ്കിൽ മാത്രമേ നമ്മുടെ ഹരിതശോഭ നില നില്ക്കയുള്ളുവെന്ന് ഗവണ്മെന്റിനും മറ്റു ജനപ്രതിനിധികൾക്കും ബോധ്യപ്പെട്ടിട്ടുണ്ട്. വേനൽക്കാലത്തുണ്ടാകുന്ന കാട്ടുതീയാണ് വന നശീകരണത്തിന് പ്രധാന കാരണം. വനപ്രദേശത്തെ ഫയർലൈനുകൾ വർഷാവർഷം യഥാവിധി സംരക്ഷിക്കുയാണെങ്കിൽ ഇതിനൊരു പരിധി വരെ പരിഹാരമാകും. ഇക്കാര്യം ഗൗരവമായി പരിഗണിക്കേണ്ടതായിട്ടുണ്ട്.

മൃഗ സംരക്ഷണം :

മൃഗ സംരക്ഷണ മേഖലയിൽ ജില്ലയ്ക്ക് കാര്യമായ ഒരു പുരോഗതി കൈവരിക്കാനായിട്ടില്ല. വർദ്ധിച്ചു വരുന്ന ജനസംഖ്യക്ക് അനുസരിച്ച് പാലിന്റേയും, മുട്ടയുടേയും, ഇറച്ചിയുടേയും ഉത്പാദനവും വർദ്ധിക്കേണ്ടതുണ്ട്. 2010-2011 ലെ കന്നുകാലി സെൻസസ് പ്രകാരം സംസ്ഥാനത്തിന്റെ മൊത്തം കന്നുകാലി എണ്ണത്തിന്റെ 6.06% മാത്രമേ മലപ്പുറം ജില്ലയിലുള്ളൂ. ജില്ലയിലെ മാട്ട് ഇറച്ചി ഉപഭോഗത്തിന്റെ പകുതി ഭാഗമേ ജില്ലയിൽ ഉത്പാദിപ്പിക്കപ്പെടുന്നുള്ളൂ. ക്ഷീര മേഖലയിൽ ആഭ്യന്തര ഉത്പാദനവും ഉപഭോഗവും തമ്മിൽ വളരെ അധികം അന്തരം നിലനിൽക്കുന്നു. കാര്യമായ പദ്ധതി പ്രവർത്തനത്തിലൂടെ ഈ മേഖല മെച്ചപ്പെടുത്തേണ്ടത് അനിവാര്യമാണ്.

കന്നുകാലി സമ്പത്ത്-2012 കന്നുകാലി സെൻസ്

കേരളത്തിലെ ചെറുകിട നാമമാത്ര കർഷകരും ഭൂരഹിത തൊഴിലുടമകളുമാണ് കന്നുകാലി സമ്പത്തിൽ ഭൂരിഭാഗത്തിന്റെയും ഉടമകൾ. കന്നുകാലി വളർത്തൽ ഈ മേഖലയുടെ സുസ്ഥിരമായ വികസനത്തിനും സ്ത്രീ ശാക്തീകരണത്തിലേക്കും നയിക്കുന്നു.

കന്നുകാലികളിൽ നിന്നുള്ള പ്രധാന ഉൽപ്പന്നങ്ങൾ പാൽ, മാംസം, മുട്ട എന്നിവയാണ്. സംസ്ഥാന വരുമാനത്തിന് നാമമാത്രമായ സംഭാവന കന്നുകാലി സമ്പത്തിൽ നിന്നാണെങ്കിലും പാൽ, മാംസം എന്നിവ വഴി ലക്ഷകണക്കിന് ആളുകൾ ഉപജീവനം നടത്തുന്നത് കന്നുകാലി സമ്പത്ത് വഴിയാണ്. 19-മത് ലൈവ് സ്റ്റോക്ക് സെൻസസ് അനുസരിച്ച് കേരളത്തിലെ ആകെ കന്നുകാലികളുടെ എണ്ണം 27 മില്യൺ ആണ്. മലപ്പുറം ജില്ലയുടെ കന്നുകാലി സമ്പത്തിന്റെ വിവരങ്ങൾ (2012 ലൈവ്സ്റ്റോക്ക് സെൻസസ് പ്രകാരം) താഴെ കൊടുക്കുന്നു.

ജില്ലയിൽ നിലവിൽ പാലിന്റെ ഉൽപ്പാദനം ഏകദേശം 4.00 ലക്ഷം ലിറ്ററാണ്. നമ്മുടെ ജില്ലയ്ക്ക് ഏകദേശം വേണ്ട പാലിന്റെ അളവ് 8.5 – 9 ലക്ഷം ലിറ്ററാണ്. ആയതിനാൽ ക്ഷീര വികസന മേഖലയുടെ വികസനത്തിന് വികസന തന്ത്രത്തിൽ പ്രാധാന്യം നൽകേണ്ടതുണ്ട്.

പട്ടിക 2.2.11 : കന്നുകാലി സമ്പത്ത് (എണ്ണം)

കന്നുകാലി	കേരളം	മലപ്പുറം
പശു	1328621	80547
പോത്ത്	102269	19855
ആട്	1246077	137718
പന്നി	55782	969
നായ	923369	20151
മുയൽ	230550	24429
കോഴി	10611984	1531322

അവലംബം : കന്നുകാലി സെൻസസ് 2012

പട്ടിക 2.2.12 : ജില്ലയിലെ പാൽ-മാംസം-മുട്ട കഴിഞ്ഞ നാലു വർഷത്തെ ഉത്പ്പാദന വിവരം

വർഷം	പാൽ (1000 ടണ്ണിൽ	മാംസം (കോഴി ഇനം ഒഴികെ) (1000 മെട്രിക് ടണ്ണിൽ)	കോഴി ഇനം (1000 മെട്രിക് ടണ്ണിൽ)	ആകെ മാംസ ഉല്പാദനം (1000 മെട്രിക് ടണ്ണിൽ	മുട്ടയുടെ ഉല്പാദനം (ലക്ഷത്തിൽ)
2013-14	121.413	43.077	16.5907	59.6677	2317.102
2014-15	124.19	46.4763	17.947	64.4233	2337.46
2015-16	162.24	31.75	6.62	38.37	3141.69998
2016-17	149.34	46.82	21.06	67.88	3111.64233

അവലംബം സ്ഥിതി വിവരകണക്ക് സാമ്പിൾ സർവേ

മത്സ്യമേഖല :

മലപ്പുറം ജില്ലയുടെ 70 കിലോമീറ്ററോളം വരുന്ന തീരദേശം പൊന്നാനിയിലെ പാലപ്പെട്ടി മുതൽ കടലുണ്ടി നഗരം വരെ നീണ്ടുകിടക്കുന്നു. കേരളത്തിന്റെ ആകെ തീരദേശത്തിന്റെ 11.9 ശതമാനമാണ് മലപ്പുറം ജില്ലയുടെ തീരദേശ ദൈർഘ്യം. 2011 ൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പൊന്നാനിയിലെ മീൻപിടുത്ത തുറമുഖം കമ്മീഷൻചെയ്തു.

ജില്ലയിലെ പ്രധാന മീൻപിടുത്ത കേന്ദ്രങ്ങൾ:

1.പാലപ്പെട്ടി 2. വെളിയങ്കോട് 3. പൊന്നാനി 4. കൂട്ടായി 5. വാക്കാട് 6. പറവണ്ണ 7. തേവർ കടപ്പുറം 8.താനൂർ 9. പരപ്പനങ്ങാടി 10. വടക്കെ കടലുണ്ടി നഗരം എന്നിവയാണ്. 2014-15 വർഷത്തെ എസ്റ്റിമേറ്റ് അനുസരിച്ചുള്ള മീൻപിടുത്ത തൊഴിലാളികളുടെ എണ്ണം താഴെ പട്ടികയിൽ കൊടുക്കുന്നു.

പട്ടിക 2.2.13 : മീൻപിടുത്ത തൊഴിലാളികളുടെ എണ്ണം

മേഖല	ആൺ	പെൺ	കുട്ടികൾ	ആകെ
സമുദ്ര മത്സ്യമേഖല	35574	28491	25803	89868
ഉൾനാടൻ മത്സ്യമേഖല	1809	1577	852	4238
ആകെ	37383	30068	26655	94106

അവലംബം : ഫിഷറീസ് വകുപ്പ്, മലപ്പുറം

പട്ടിക 2.2.14 : 2015-16 ൽ ജില്ലയിലെ മത്സ്യ ഉത്പാദനം (ലക്ഷം ടൺ)

സമുദ്ര മത്സ്യ ഉത്പാദനം	0.6
ഉൾനാടൻമത്സ്യ ഉത്പാദനം	0.07
ആകെ	0.67

(അവലംബം : ഫിഷറീസ് വകുപ്പ്, മലപ്പുറം)

23 മത്സ്യ ഗ്രാമങ്ങളിലായി 18730 മത്സ്യ തൊഴിലാളികളാണുള്ളത്. മത്സ്യ തൊഴിലാളി ഗ്രാമങ്ങളിൽ കുടിവെള്ളം, വൃത്തിയുള്ള ശൗചാലയങ്ങൾ, മാലിന്യ നിർമ്മാർജ്ജന സംവിധാനം എന്നിവ കാര്യക്ഷമമായി നടപ്പാക്കേണ്ടതുണ്ട്. എല്ലാ മത്സ്യ ബന്ധന കേന്ദ്രങ്ങളിലും നിർബ്ബന്ധമായും മാലിന്യ നിർമ്മാർജ്ജനത്തിനു വേണ്ട പദ്ധതികൾ ആവിഷ്കരിക്കുകയും അവ നടപ്പാക്കുകയും ചെയ്യേണ്ടതാണ്.

മൽസ്യ സമ്പത്ത്

കേരളത്തിന്റെ ആകെ സമുദ്ര തീരത്തിന്റെ 590 കി.മീറ്ററിൽ 70 കി.മീറ്റർ ദൈർഘ്യമാണ് നമ്മുടെ ജില്ലയുടെ തീരപ്രദേശത്തിനുള്ളത്. പൊന്നാനിയിലെ പാലപ്പെട്ടി മുതൽ കടലുണ്ടി നഗരം വരെ ദൈർഘ്യമുള്ള തീരദേശത്ത് 23 മൽസ്യ ഗ്രാമങ്ങളിലായി 2015-16-ലെ കണക്കുകൾ പ്രകാരം 94,107 മൽസ്യ തൊഴിലാളികൾ ഉപജീവനം നടത്തുന്നു. പാലപ്പെട്ടി, വെളിയങ്കോട്, പൊന്നാനി നഗരം, കൂട്ടായി, വാക്കാട്, പരവണ്ണ, തേവർ കടപ്പുറം, താനൂർ, പരപ്പനങ്ങാടി,വടക്കെ കടലുണ്ടി നഗരം എന്നിവ നമ്മുടെ തീരദേശത്തെ പ്രധാന മീൻപിടുത്ത കേന്ദ്രങ്ങളാണ്. മത്സ്യഫെഡിന്റെ കീഴിൽ 39 ഫിഷർമെൻ സഹകരണ സംഘങ്ങളും 9 വനിതാ സഹകരണ സംഘങ്ങളും 18 ഉൾനാടൻ സഹകരണ സംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്.

കേരളത്തിന്റെ മൊത്തം മൽസ്യ ഉത്പ്പാദനം 2015-16 വർഷത്തിൽ 7.28 ലക്ഷം ടണ്ണിൽ 0.67 ലക്ഷം ടൺ ആണ് മലപ്പുറം ജില്ലയിൽ നിന്ന് ഉത്പ്പാദിപ്പിച്ചത്. ഇത് സംബന്ധിച്ച കൂടുതൽ വിശദാംശങ്ങൾ പട്ടിക 2.2.15 ൽ ചേർത്തിരിക്കുന്നു. മൊത്തം മത്സ്യസമ്പത്തിന്റെ 9.2 ശതമാനം ആണ് ജില്ലയിൽ നിന്ന് 2015-16 വർഷം ഉത്പ്പാദിപ്പിച്ചതായി കാണുന്നത്.

പട്ടിക 2.2.15 : മത്സ്യ ഉത്പ്പാദനം 2015-16

ജില്ല	സമുദ്ര മത്സ്യ ഉത്പ്പാദനം (ലക്ഷം ടൺ)	ഉൾനാടൻമത്സ്യ ഉത്പ്പാദനം (ലക്ഷം ടൺ)	ആകെ മത്സ്യ ഉത്പ്പാദനം (ലക്ഷം ടൺ)
മലപ്പുറം	0.6	0.67	0.67
കേരളം	5.17	2.11	7.28

അവലംബം : സാമ്പത്തിക അവംലബം- 2016.

കേരളത്തിന്റെ കടൽ മൽസ്യത്തിന്റെ ഉൽപ്പാദനത്തിൽ ഏറ്റ കുറച്ചിലുകൾ ഉണ്ടായിരിക്കുമ്പോഴും ഉൾനാടൻ മത്സ്യ ഉൽപ്പാദനം കൂടി വരികയാണ്. സംസ്ഥാന ആഭ്യന്തര മൂലധന വർദ്ധനവിൽ മൽസ്യ മേഖലയുടെ പങ്ക് 11.58 ശതമാനമാണ്. നമ്മുടെ ജില്ലയിലെ തീരദേശങ്ങളിൽ കൂടുതലായും മത്തി, അയല, കണവ, ചൂര, ചെമ്മീൻ മുതലായവയാണ് കാണപ്പെടുന്നത്.

ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ഗവ. ഫിഷറീസ് ടെക്നിക്കൽ ഹയർസെക്കണ്ടറി സ്കൂൾ താനൂരിൽ പ്രവർത്തിക്കുന്നു. കൂടാതെ വള്ളിക്കുന്ന്, വെളിയംക്കോട്, കൂട്ടായി, പരപ്പനങ്ങാടി, തേവർകടപ്പുറം എന്നിവിടങ്ങളിൽ വകുപ്പിന്റെ കീഴിൽ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നു. പൊന്നാനിയിൽ മൊബൈൽ ഡിസ്പെൻസറിയും പ്രവർത്തിക്കുന്നു. ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് പൂർത്തിയാക്കിയ പൊന്നാനി ഇറമുഖം, തീരദേശത്തിന്റെ മുഖഛായ മാറ്റുവാനുള്ള വാണിജ്യ ഇറമുഖമായി മാറുമെന്ന് പ്രത്യാശിക്കുന്നു. താനൂർ ഇറമുഖം അടിയന്തിരമായി പൂർത്തികരിക്കപ്പെടേണ്ട പദ്ധതിയാണ്.

2.3 സ്ഥാപന വിഭവങ്ങൾ.

നിലനിൽക്കുന്ന സർക്കാരുകളുടെ വികസന ക്ഷേമ പ്രവർത്തനങ്ങൾ ജനങ്ങളിലേക്കെത്തിക്കുന്നതിൽ അവിടുത്തെ സ്ഥാപനങ്ങൾക്കുള്ള പങ്ക് വളരെ വലുതാണ്. ജില്ലയുടെ സമഗ്രവും, സ്ഥായിയായതുമായ വളർച്ചയ്ക്ക് ഓരോ സ്ഥാപനവും വലിയ സംഭാവനകൾ നൽകാറുണ്ട്. സർക്കാർ അർദ്ധ സർക്കാർ മേഖലയിലും, സഹകരണ മേഖലയിലും, സ്വകാര്യ മേഖലയിലുമായി നിരവധി സ്ഥാപനങ്ങൾ ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. സമൂഹത്തിലെ അടിസ്ഥാന ജനവിഭാഗങ്ങൾക്കും, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും, മുതിർന്ന പൗരൻമാർക്കും, ഭിന്നശേഷിയുള്ളവർക്കും സമൂഹത്തിന്റെ മുഖ്യധാരയിലെത്തുന്നതിന് ഈ സ്ഥാപനങ്ങൾ സ്തുത്യർഹമായ സേവനങ്ങളാണ് നൽകി വരുന്നത്.

2017-18 വർഷത്തെ കണക്കനുസരിച്ച് ജില്ലയിൽ വിവിധ മേഖലകളിലായി ഏകദേശം 55826 സ്ഥാപനങ്ങൾ പ്രവർത്തിച്ച് വരുന്നു. കുടുംബശ്രീക്ക് കീഴിൽ 29,178 യുണിറ്റുകളും , 12,054 വ്യവസായ യൂണിറ്റുകളും സ്ഥിതി ചെയ്യുന്നു. സാമൂഹ്യ നീതി വകുപ്പിനു കീഴിൽ 3966 സ്ഥാപനങ്ങളും ആരോഗ്യമേഖലയിൽ എല്ലാ വകുപ്പുകൾക്കും കീഴിൽ 2890 സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. സ്ഥാപനങ്ങളുടെ എണ്ണം ചിത്രം 2.3.1,2.3.2,2.3.3.,2.3.4 ൽ വിവരിക്കുന്നു.

സംക്ഷിപ്തം അനുബന്ധം പട്ടിക 2.3.1, ജില്ലയിൽ ഉപ ഓഫീസുകളില്ലാത്ത 37 ജില്ലാതല ഓഫീസകളില്ലാത്ത 37 ജില്ലാതല ഓഫീസുകളുണ്ട് ആയത് അനുബന്ധം പട്ടിക 2.3.2 ൽ ചേർത്തിരിക്കുന്നു.

സംസ്ഥാനത്തിലെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ഈ ജില്ലയിൽ പല മേഖലയിലും ജനസംഖ്യാനുപാതികമായി സർക്കാർ സ്ഥാപനങ്ങൾ നിലവിലുണ്ടോയെന്ന് പരിശോധിക്കപ്പെടേണ്ടതുണ്ട് .

ചിത്രം 2.3.1 : വകുപ്പ് തിരിച്ച് സ്ഥാപനങ്ങളുടെ എണ്ണം -2017-18 (10 ൽ താഴെ)



സ്രോതസ്സ് : ബന്ധപ്പെട്ട വകുപ്പുകൾ

ചിത്രം 2.3.2 : വകുപ്പ് തിരിച്ച് സ്ഥാപനങ്ങളുടെ എണ്ണം 2017-18 (100ൽ താഴെ)



സ്രോതസ്സ് : ബന്ധപ്പെട്ട വകുപ്പുകൾ

ചിത്രം 2.3.3 : വകുപ്പ് തിരിച്ച് സ്ഥാപനങ്ങളുടെ എണ്ണം 2017-18 (1000 ൽ താഴെ)



സ്രോതസ്സ് : ബന്ധപ്പെട്ട വകുപ്പുകൾ

ചിത്രം 2.3.4 : വകുപ്പ് തിരിച്ച് സ്ഥാപനങ്ങളുടെ എണ്ണം -2017-18 (1000 ന് മുകളിൽ)



സ്രോതസ്സ് : ബന്ധപ്പെട്ട വകുപ്പുകൾ

റവന്യൂ വകുപ്പ്

ജില്ലയിൽ റവന്യൂ വകുപ്പിനു കീഴിൽ താഴെ കൊടുത്തിരുക്കുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

പട്ടിക 2.3.1 : റവന്യൂ സ്ഥാപന വിശദാംശങ്ങൾ

ക്രമ നം.	വിഭാഗം	എണ്ണം
1	കളക്ടേറ്റ്	1
2	റവന്യൂ ഡിവിഷനുകൾ	2
3	താലൂക്കുകൾ	7
4	വില്ലേജുകൾ	138
5	അസിസ്റ്റന്റ് ജില്ലാ മജിസ്ട്രേറ്റ് ഓഫീസ്	1
6	ഡെപ്യൂട്ടി കലക്ടർ ലാന്റ് അക്വിസിഷൻ	1
7	ഡെപ്യൂട്ടി കലക്ടർ ലാന്റ് റിക്വിസിഷൻ	1
8	ഡെപ്യൂട്ടി കലക്ടർ ഡിസാസ്റ്റർ മാനേജ്മെന്റ്	1
9	ഡെപ്യൂട്ടി കലക്ടർഇലക്ഷൻ	1
10	ഡെപ്യൂട്ടി കലക്ടർ ആർ ആർ	1
11	സ്പെഷൽ ഡെപ്യൂട്ടി കലക്ടർ (ലാന്റ് അക്വിസിഷൻ എൻ.എച്ച്)	1
12	സ്പെഷൽ ഡെപ്യൂട്ടി കലക്ടർ (ലാന്റ് അക്വിസിഷൻ എയർപോർട്ട്)	1
	ആകെ	156

(സ്രോതസ്സ് : റവന്യൂവകുപ്പ്, മലപ്പുറം)

ജില്ലയിൽ തിരൂർ, പെരിന്തൽമണ്ണ എന്നീ 2 റവന്യൂ ഡിവിഷണൽ ഓഫീസുകളും, പൊന്നാനി, തിരൂർ, തിരൂരങ്ങാടി, കൊണ്ടോട്ടി, ഏറനാട്, പെരിന്തൽമണ്ണ, നിലമ്പൂർ എന്നീ 7 താലൂക്ക് ഓഫീസുകളുമാണ് പ്രവർത്തിക്കുന്നത്. കൂടാതെ ഈ 7 താലൂക്കുകളിലായി 138 വില്ലേജ് ഓഫീസുകളും പ്രവർത്തിച്ചു വരുന്നു. ജനങ്ങളുടെ ഭൂമി സംബന്ധമായ വിവരങ്ങൾ പൂർണ്ണമായും കമ്പ്യൂട്ടർ വൽക്കരിച്ച് 100 ശതമാനം ഡിജിറ്റൽ രേഖയുള്ള ജില്ലയാക്കി പ്രഖ്യാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരുന്നുണ്ട്.

ഗ്രാമ വികസന വകുപ്പ്

ഗ്രാമ വികസന വകുപ്പിന്റെ കീഴിലുള്ള ജില്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് (ഡി.ആർ.ഡി.എ) ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ജില്ലയിൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സഹായിക്കും. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, സ്വച്ഛ് ഭാരത് മിഷൻ, സംയോജിത നീർത്തട വികസന പദ്ധതി, പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന (പി.എം.ജി.എസ്.വൈ) തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സുഗമമായ നടത്തിപ്പിനും ഇത് പ്രയോജനപ്പെടും.

പട്ടിക 2.3.2 : ഗ്രാമ വികസന വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളുടെ വിശദാംശങ്ങൾ

ക്രമ നം.	വിഭാഗം	എണ്ണം
1	പ്രൊജക്ട് ഡയറക്ടർ,ദാരിദ്ര നിർമ്മാർജ്ജന വിഭാഗം (ഡി.ആർ.ഡി.എ)	1
2	ജോയിൻറ് പ്രോഗ്രാം കോ-ഓർഡിനേറ്റർ,എം.ജി.എൻ.ഇ.ജി.എസ്	1
3	ഇന്റഗ്രേറ്റഡ് വാട്ടർഷെഡ് മാനേജ്മെന്റ് പ്രോഗ്രാം (ഐ.ഡബ്ല്യു.എം.പി)	1
4	ശുചിത്വമിഷൻ	1
5	പദ്ധതി നിർവ്വഹണയൂണിറ്റ് പി.എം.ജി.എസ്.വൈ	1
6	അസി.ഡവലപ്മെന്റ് കമ്മീഷണർ (പെർഫോമൻസ് ഓഡിറ്റ്)	1
7	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ	189
	ആകെ	195

സ്രോതസ്സ് - എൻ.ഐ.സി, മലപ്പുറം

സാമൂഹ്യ നീതി വകുപ്പ്

സമൂഹത്തിലെ എല്ലാ വ്യക്തികൾക്കും സാമൂഹിക സാമ്പത്തിക സമത്വവും സുരക്ഷിതത്വവും ഉറപ്പു വരുത്തുക എന്നത് ഭരണ സംവിധാനത്തിന്റെ അടിസ്ഥാന ധർമ്മമാണ്. സമൂഹത്തിൽ ഗുണകരവും പുരോഗമനവുമായ മാറ്റങ്ങൾ സാധ്യമാകണമെങ്കിൽ എല്ലാ ജനവിഭാഗങ്ങൾക്കും ഒരുപോലെ സാമൂഹിക സുരക്ഷിതത്വം ഉറപ്പാക്കുന്ന പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

ജില്ലയിൽ സ്ത്രീകൾ, 5 വയസ്സിനു താഴെയുള്ള കുട്ടികൾ, കൗമാര പ്രായത്തിലുള്ള പെൺകുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്നവർ വിധവകൾ, വിവാഹ മോചനം നേടിയവർ, മാനസികാസ്വസ്ഥ്യമുളളവർ, മുതിർന്ന പൗരൻമാർ, ട്രാൻസ്ജെന്റേഴ്സ് തുടങ്ങി സമൂഹത്തിന്റെ സമസ്ത മേഖലയിലുമുള്ള ക്ലേശജന വിഭാഗങ്ങൾക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളൊരുക്കി അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനുതകുന്ന വിവിധ ക്ഷേമ പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നു. കുട്ടികൾക്കും സ്ത്രീകൾക്കും ആവശ്യമായ വിവിധ ജനക്ഷേമ പരിപാടികൾ ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസുകളുടെ മേൽനോട്ടത്തിൽ അംഗൻവാടികളിലൂടെയാണ് നടപ്പിലാക്കി വരുന്നത്.

2017-18 വർഷത്തെ കണക്കനുസരിച്ച് ജില്ലയിൽ നിലവിലുള്ള 3,808 അംഗൻവാടികളിൽ 2,741 എണ്ണം സ്വന്തം കെട്ടിടത്തിലും 120 എണ്ണം പൊതു കെട്ടിടത്തിലും 120 എണ്ണം വാടക കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. സ്വന്തമായി കെട്ടിടമില്ലാത്ത മുഴുവൻ ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസുകൾക്കും, അംഗൻവാടികൾക്കും മതിയായ അടിസ്ഥാന സൗകര്യങ്ങളോടെ കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. സാമൂഹ്യ നീതി വകുപ്പിന്റെ ഫണ്ടും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും, എംപിലാഡ്, എം.എൽ.എ.എസ്.ഡി.എഫ് എന്നീ ഫണ്ടുകളും ഇതിലേക്ക് വിനിയോഗിക്കാവുന്നതാണ്. കൂടാതെ സ്വന്തം വീടുകളിൽ സുരക്ഷിത ജീവിത സാഹചര്യങ്ങളില്ലാത്തതിനാൽ നിർഭയ കേന്ദ്രങ്ങളിൽ കഴിയുന്ന പെൺകുട്ടികൾക്ക് ജീവിതമാർഗ്ഗം കണ്ടെത്തുന്നതിന് നിർഭയ തൊഴിൽ പരിശീലന കേന്ദ്രങ്ങളും ആരംഭിക്കേണ്ടതുണ്ട്.

2017-18 വർഷം ജില്ലയിൽ സർക്കാർ ഉടമസ്ഥതയിൽ ഒരു ഒബ്സർവേഷൻഹോം, ഒരു മഹിളാ മന്ദിരം, ഒരു പ്രതീക്ഷാ ഭവൻ എന്നിവ തവന്നൂരിൽ സ്ഥിതി ചെയ്യുന്നു. കൂടാതെ ഒരു വൃദ്ധ സദനം ഗവൺമെന്റ് മേഖലയിലും 5 എണ്ണം പ്രൈവറ്റ് മേഖലയിലും സ്ഥിതി ചെയ്യുന്നു. ആയതിൽ 4 സ്ഥാപനങ്ങളിൽ സൗജന്യമായാണ് സേവനങ്ങൾ നൽകി വരുന്നത്. എന്നാൽ ഒരു കേന്ദ്രം പെയ്ഡ് ഹോം ആയാണ് പ്രവർത്തിച്ചു വരുന്നത്. നിർഭയ ഷെൽട്ടർ ഹോം മഞ്ചേരിയിൽ പ്രവർത്തിക്കുന്നു. ജില്ലയിൽ പ്രവർത്തിക്കുന്ന മുഴുവൻ അനാഥ മന്ദിരങ്ങളും സ്വകാര്യ മേഖലയിലാണ് പ്രവർത്തിക്കുന്നത്. നിലവിലെ സ്ഥാപനങ്ങളിൽ പലതിലും അംഗങ്ങളുടെ എണ്ണം വളരെ കൂടുതലാണ്. ജില്ലയിലെ ജനസംഖ്യയും ആവശ്യകതക്കും അനുസരിച്ച് കൂടുതൽ വൃദ്ധ സദനങ്ങളും അനാഥാലയങ്ങളും നിലവിൽ വരേണ്ടതുണ്ട്. അരക്ഷിത ജനവിഭാഗങ്ങളെ സുരക്ഷിതരാക്കേണ്ടത് സർക്കാരിന്റെ ലക്ഷ്യങ്ങളിൽപ്പെടുന്നു .

കൃഷി -കാർഷിക ക്ഷേമ വകുപ്പ്

കാർഷിക മേഖലയിലെ നിലവിലുള്ള അസ്ഥിരതകളും പ്രതികൂല കാലാവസ്ഥാ വ്യതിയാനങ്ങളും കാർഷിക വൃത്തിയെ സാരമായി ബാധിക്കാറുണ്ട്. സർക്കാരിന്റെ വിവിധ പദ്ധതികളിലൂടെ നെൽകൃഷി വികസനത്തിന് പ്രോത്സാഹനം നൽകിയതു മൂലം 2017-18 വർഷത്തിൽ നെൽകൃഷി ചെയ്യുന്ന പ്രദേശത്തിന്റെ വിസ്തൃതി വളരെയധികം വർദ്ധിച്ചിട്ടുണ്ട്. ഇപ്രകാരം കർഷകർ ഉൽപ്പാദിപ്പിക്കുന്ന നെല്ലിന്റെ ഉൽപ്പാദന ചെലവിനാനുപാതികമായ താങ്ങുവില യഥാസമയം നൽകി സൗകര്യപ്രദമായ ശേഖരണ കേന്ദ്രങ്ങളിലൂടെ ശേഖരിക്കുന്നതിന് ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്

2017-18 വർഷത്തെ കണക്കനുസരിച്ച് ജില്ലയിൽ ജില്ലാതല കാർഷിക വികസന കർഷക ക്ഷേമ വകുപ്പും, 15 കൃഷി അസിസ്റ്റന്റ് ഡറക്ടർ ഓഫീസും 106 കൃഷി ഭവനുകളും സ്ഥിതി ചെയ്യുന്നു. ജില്ലയിൽ 2 മണ്ണ് പരിശോധനാ ശാലകൾ നിലവിലുണ്ട്. ആയതിൽ ഒന്ന് സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ ശാലയാണ്. നിലവിലുള്ള ഫാമുകളിൽ മുണ്ടേരി കൃഷിത്തോട്ടം കുറുകിയ തെങ്ങുകളുടെ ഉൽപ്പാദനത്തിന് പേരു കേട്ടതാണ്. ജില്ലാ കൃഷിത്തോട്ടം-ചുങ്കത്തറ, സ്റ്റേറ്റ് സീഡ് ഫാം -ചോക്കാട്, ആനക്കയം, തവന്നൂർ എന്നിവിടങ്ങളിൽ സ്റ്റേറ്റ് സീഡ് ഫാമുകളും പരപ്പനങ്ങാടിയിൽ കോക്കനട്ട് നഴ്സറിയും സ്ഥിതി ചെയ്യുന്നു.

അഗ്രിക്കൾച്ചർ റിസർച്ച് സ്റ്റേഷൻ- ആനക്കയം

ജില്ലയിലെ ആനക്കയത്ത് പ്രവർത്തിച്ചുവരുന്ന കശുമാവ് ഗവേഷണ കേന്ദ്രം 2011 മുതൽ അഗ്രിക്കൾച്ചർ റിസർച്ച് സെന്റർ എന്ന പേരിൽ അറിയപ്പെടുന്നു. പ്രധാനമായും കാർഷിക വിളകളുടെ ഗവേഷണങ്ങളും വിദ്യാർത്ഥികൾക്ക് പ്രോജക്ടുകൾ ചെയ്യാനുള്ള സൗകര്യങ്ങളും ഇവിടെ ഒരുക്കി കൊടുക്കുന്നു. ടിഷ്യൂ കൾച്ചർലാബ്, വെജിറ്റബിൾ പ്രോസസ്സിംഗ് യൂണിറ്റ് എന്നിവ ഇവിടെ സ്ഥിതി ചെയ്യുന്നു.

ഹൈടെക് അഗ്രിക്കൾച്ചർ രീതികൾ ഇവിടെ പ്രോത്സാഹിപ്പിക്കുന്നു. പോളി ഹൗസുകൾ/റെയ്ൻ ഷെൽട്ടറുകൾ/മിസ്റ്റ് ചേമ്പർ തുടങ്ങിയ ആധുനിക കൃഷി രീതികൾ ഇവിടെ പ്രോത്സാഹിപ്പിക്കുന്നു.

കൂടാതെ അഗ്രിക്കൾച്ചർ ടൂറിസത്തിന്റെ ഭാഗമായി ഒരു വാച്ച് ടവർ ഇവിടെ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഒന്നര കോടി ലിറ്റർ മഴവെള്ളം ഉൾക്കൊള്ളാൻ സാധിക്കുന്ന സംഭരണി ഇവിടുത്തെ ഒരു പ്രത്യേകതയാണ്.

കൃഷി വിജ്ഞാൻകേന്ദ്ര - തവന്നൂർ

കർഷകർക്കാവശ്യമായ അറിവുകൾ പകർന്നു കൊടുക്കുന്നതിൽ ജില്ലയിലെ ഈ സ്ഥാപനം പ്രധാന പങ്കാണ് വഹിക്കുന്നത്. പല മേഖലകളിലും കർഷകർക്കാവശ്യമായ അറിവുകൾ പകർന്ന് കൊടുക്കുന്നതിന് പരിശീലന പരിപാടികൾ ഇവിടെ നടപ്പിലാക്കി വരുന്നു. സാങ്കേതികമായ അറിവുകൾ കൃഷി രീതിയിൽ എങ്ങനെ പ്രയോഗിക്കണം എന്നതിനെ കുറിച്ച് കർഷകർക്ക് അറിവുകൾ പകർന്ന് കൊടുക്കുകയും അവരുടെ കാർഷിക തോട്ടങ്ങളിൽ പരീക്ഷിക്കുന്നതിന്റെ സാധ്യതകൾ ആരായുകയും ചെയ്യുന്നു. പലതരത്തിലുള്ള സാങ്കേതിക വിദ്യകൾ പരീക്ഷിക്കുന്നതിന് കർഷകരെ പ്രോത്സാഹിപ്പിക്കുന്നു. കൂടാതെ നിലവിൽ വിജയിച്ച

സാങ്കേതിക വിദ്യകൾ കൃഷിയിൽ ഉൾപ്പെടുത്തുന്നതിനും ശ്രദ്ധിക്കുന്നു. ജില്ലയ്ക്കത്ത് ധാരാളം എക്സ്റ്റിബിഷനുകൾ കൃഷി വിജ്ഞാൻകേന്ദ്ര മുൻകൈ എടുത്ത് സംഘടിപ്പിച്ചു വരുന്നു.

കേളപ്പജി കോളേജ് ഓഫ് അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി

ജില്ലയിലെകാർഷിക കോളജ് തവനൂരിൽ സ്ഥിതി ചെയ്യുന്നു. ഇവിടെ ബി.ടെക്, എം.ടെക് കോഴ്സുകളും ഗവേഷണ പ്രവർത്തനങ്ങളും നടന്നു വരുന്നു.

മൃഗസംരക്ഷണ വകുപ്പ്

90 ശതമാനം ജനങ്ങളും സസ്യേതര ഭക്ഷണം കഴിക്കുന്ന ജില്ലയിൽ കോഴിമുട്ടയ്ക്കും, കോഴിയിറച്ചിക്കും കൂടുതൽ ആവശ്യക്കാരുണ്ട്. ഇറച്ചിക്കോഴി വളർത്തുന്നതിനും മുട്ടക്കോഴി വളർത്തുന്നതിനും പ്രോത്സാഹനം നൽകുന്ന പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്. ജില്ലക്കാവശ്യമായ കോഴി കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കാൻ പര്യാപ്തമായ നിലയിലേക്ക് ആതവനാട് കോഴി വളർത്തൽ കേന്ദ്രത്തെ ഉയർത്തണം.

ജില്ലയിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ഏകദേശം 229 സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു. ഒരു എ.ബി.സി ക്ലിനിക്ക് നിലവിൽ തിരൂരിൽ പ്രവർത്തിച്ചു വരുന്നു. കൂടുതൽ ക്ലിനിക്കുകൾ ജില്ലക്കാവശ്യമുണ്ട്.

ക്ഷീരവികസന വകുപ്പ്

ക്ഷീര വികസന സംഘങ്ങളിലൂടെ പശു/എരുമ വളർത്തുന്നതിന് ധനസഹായം നൽകി പ്രവാസികളുൾപ്പെടെയുള്ള പുതിയ സംരഭകരെ ഈ മേഖലയിലേക്ക് ആകർഷിച്ച് പാലുൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിക്കേണ്ടതുണ്ട്.

നിലമ്പൂർ, കോട്ടക്കൽ എന്നിവിടങ്ങളിൽ മിൽമ ചില്ലിംഗ് പ്ലാന്റും, പുരാൽ സൊസൈറ്റിയുടെ കീഴിൽ ഒരു പ്രൊക്വയർമെന്റ് പ്ലാന്റും മലപ്പുറത്ത് സ്ഥിതി ചെയ്യുന്നു.

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

ജില്ലയിൽ ആരോഗ്യ രംഗത്ത്, അലോപ്പതി, ആയുർവ്വേദം, ഹോമിയോപ്പതി, എന്നീ വകുപ്പുകളും സിദ്ധ, യൂനാനി, നച്ചറോപതി എന്നീ ചികിൽസാ സമ്പ്രദായങ്ങളും നിലവിലുണ്ട്. ചികിത്സാ രംഗത്തും പ്രതിരോധ പ്രവർത്തനങ്ങളിലും ജില്ലാ രൂപീകരണ സമയത്തെ അപേക്ഷിച്ച് കാര്യമായ വർദ്ധനവ് ജില്ലയിൽ ഉണ്ടായിട്ടുണ്ട്. ജില്ലയിലെ ആരോഗ്യ രംഗത്തെ മുന്നേറ്റത്തിന് എല്ലാ വകുപ്പുകളുടേയും ഏകോപനം ആവശ്യമാണ്. ഇത്തരത്തിലുള്ള ഏകോപനത്തിലൂടെ മാത്രമേ ആരോഗ്യമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കാൻ സാധിക്കുകയുള്ളൂ.

2017-18 വർഷത്തെ കണക്കനുസരിച്ച് ജില്ലയിൽ വിവിധ മേഖലകളിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ അലോപ്പതിക്ക് കീഴിൽ 1290 സ്ഥാപനങ്ങളും ആയുർ വേദ വകുപ്പിന് കീഴിൽ 131 സ്ഥാപനങ്ങളും ഹോമിയോ വകുപ്പിനു കീഴിൽ 100 സ്ഥാപനങ്ങളും പ്രവർത്തിച്ച് വരുന്നു.

ജില്ലയിലെ ഏക സർക്കാർ മെഡിക്കൽ മെഡിക്കൽ കോളേജ് മെഡിക്കൽ കൗൺസിൽ അനുശാസിക്കുന്ന രീതിയിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ജില്ലയുടെ ജനസാന്ദ്രതയ്ക്കനുപാതികമായി ആരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതുണ്ട്. വാഹനപകടങ്ങളുടെ കാര്യത്തിൽ മുൻപന്തിയിലുള്ള ജില്ലയിൽ അപകടങ്ങളിൽപ്പെടുന്നവർക്ക് യഥാസമയം മതിയായ ചികിത്സ ലഭ്യമാക്കുന്നതിനായി ട്രോമാ കെയർ നടപ്പിലാക്കുന്നതിനും ശ്രദ്ധിക്കണം.. മഞ്ചേരി മെഡിക്കൽ കോളേജിനോടനുബന്ധിച്ച് ഡെന്റൽ കോളേജ്, ഫാർമസി കോളേജ്, നഴസിംഗ് കോളേജ് എന്നിവ ആരംഭിക്കുന്നത് നന്നായിരിക്കും. എല്ലാ ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റികളിലും ആയുർവേദ ഡിസ്പെൻസറികളും സ്ഥാപിക്കുന്നതും പരിഗണിക്കാവുന്നതാണ്.

വിദ്യാഭ്യാസ വകുപ്പ്

ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിൽ വിദ്യാഭ്യാസത്തിന് പ്രധാന പങ്കാണുള്ളത്. വ്യക്തിത്വ രൂപീകരണത്തിനും, അറിവ് നേടിയെടുക്കുന്നതിനും വിദ്യാഭ്യാസം വലിയ പങ്കാണ് വഹിച്ചിട്ടുള്ളത്. വിദ്യാർത്ഥികളുടെ കഴിവ് കണ്ടെത്തി വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിലുള്ള വിദ്യാഭ്യാസ സംവിധാനങ്ങളാണ് നമുക്കാവശ്യം.

ജില്ലയിൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഒരു ഓഫീസും മലപ്പുറം, തിരൂർ, വണ്ടൂർ, തിരുരങ്ങാടി എന്നിവിടങ്ങളിൽ നാല് ജില്ലാ വിദ്യാഭ്യാസ ഓഫീസുകളും , 17 അസിസ്റ്റന്റ് വിദ്യാഭ്യാസ ഓഫീസുകളും ഒരു എസ്.എസ്.എ ഓഫീസും ജില്ലയിൽ പ്രവർത്തിക്കുന്നു. കൂടാതെ ഹയർസെക്കണ്ടറി മേഖലയിൽ റീജ്യണൽ ഡെ.ഡയറക്ടർ ഓഫീസും മലപ്പുറത്ത് സ്ഥിതി ചെയ്യുന്നു. ജില്ലയിൽ മൊത്തം വിദ്യഭ്യാസ സ്ഥാപനങ്ങളുൾപ്പെടെ 2710 സ്ഥാപനങ്ങൾ വിദ്യഭ്യാസ മേഖലയിൽ പ്രവർത്തിച്ചുവരുന്നു.

വനം, വന്യജീവ് വകുപ്പ്

ജില്ലയിൽ ഫോറസ്റ്റ് വകുപ്പ് രണ്ട് ഡിവിഷനുകളുടെ കീഴിലാണ് പ്രവർത്തിക്കുന്നത് . ഫോറസ്റ്റ് ഡിവിഷൻ നിലമ്പൂർ നോർത്ത് ഓഫീസും അതിനു കീഴിൽ നിലമ്പൂർ, എടവണ്ണ, വഴിക്കടവ് എന്നിങ്ങനെ 3 റേഞ്ച് ഓഫീസുകളും, നിലമ്പൂർ സൗത്ത് ഡിവിഷനു കീഴിൽ കാളികാവ്, കരുളായി എന്നിങ്ങനെ 2 ഡിവിഷനുകളും സ്ഥിതിചെയ്യുന്നു. ഇതു കൂടാതെ അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്ട്രിയുടെ ഒരു ഓഫീസും ഇതിനു കീഴിൽ നിലമ്പൂർ, മലപ്പുറം എന്നിവിടങ്ങളിലായി 2 റേഞ്ച് ഓഫീസുകളും സ്ഥിതിചെയ്യുന്നു

പൊതുമരാമത്ത് വകുപ്പ്

രണ്ട് ദേശീയപാതകളും നിരവധി സംസ്ഥാന പാതകളും കടന്നുപോകുന്ന ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന് റോഡുകൾ, പാലങ്ങൾ, ദേശീയപാതകൾ എന്നീ വിഭാഗങ്ങളിലായി എക്സ്കിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ഓഫീസുകളും, അസിസ്റ്റൻറ് എക്സ്കിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ഓഫീസുകളും ഉണ്ട്. കൂടാതെ ഇലക്ട്രിക്കൽ, മെക്കാനിക്കൽ വിഭാഗങ്ങളുടെ ജില്ലാ ഓഫീസും പ്രവർത്തിക്കുന്നു.

പട്ടികജാതി വികസന വകുപ്പ്

2017-18 വർഷത്തെ കണക്കനുസരിച്ച് വകുപ്പിന് കീഴിൽ ജില്ലാ പട്ടികജാതി ഓഫീസും, 15 ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളും സ്ഥിതി ചെയ്യുന്നു. ജില്ലയിൽ 5 പട്ടികജാതി പ്രീ മെട്രിക്ക് ഹോസ്റ്റലുകളും 4 ഐ.ടി.ഐ-കളും പ്രവർത്തിക്കുന്നു. കൂടാതെ ജില്ലാ ഓഫീസിന്റെ കീഴിൽ 7 പട്ടികജാതി ഗവ. നഴ്സറി സ്കൂളും, ജവഹർ കോളനി നഴ്സറിയും പ്രവർത്തിക്കുന്നു. വാടക കെട്ടിടത്തിലും, മതിയായ അടിസ്ഥാന സൗകര്യങ്ങളില്ലാതെയും പ്രവർത്തിക്കുന്ന പ്രീമെട്രിക്ക് ഹോസ്റ്റലുകൾക്ക് സ്വന്തമായി കെട്ടിടം യഥാർത്ഥ്യമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്..

പട്ടിക വർഗ്ഗ വികസന വകുപ്പ്

2017-18 വർഷത്തെ കണക്കനുസരിച്ച് വകുപ്പിന്റെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി നിലമ്പൂരിൽ ഐ.ടി.ഡി.പി ഓഫീസ് പ്രവർത്തിക്കുന്നു. കൂടാതെ 3 ടൈബൽ എക്സ്റ്റൻഷൻ ഓഫീസുകൾ നിലമ്പൂർ, പെരിന്തൽമണ്ണ, എടവണ്ണ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നു. വകുപ്പിന്റെ കീഴിൽ 10 പ്രീമെട്രിക്ക് ഹോസ്റ്റലുകൾ സ്ഥിതി ചെയ്യുന്നു. ആയതിൽ 6 എണ്ണം സ്വന്തം കെട്ടിടത്തിലും, 4 എണ്ണം സ്വകാര്യ കെട്ടിടത്തിലും പ്രവർത്തിച്ചു വരുന്നു. പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കായി എം.ആർ.എസ്. സ്കൂൾ നിലമ്പൂരിൽ പ്രവർത്തിച്ചു വരുന്നു. ആയത് 1 മുതൽ +2 വരെയുള്ള വിദ്യാഭ്യാസത്തിന് അവസരമൊരുക്കി കൊടുക്കുന്നു. കൂടാതെ ഒന്ന് കിന്റർഗാർട്ടനും മൂന്ന് ബാല വിജ്ഞാന കേന്ദ്രവും ഒരു പെരിപ്പതറ്റിക് സെന്ററും സ്ഥിതി ചെയ്യുന്നു. കൂടാതെ നിലമ്പൂർ, ചുങ്കത്തറ എന്നിവിടങ്ങളിൽ രണ്ട് ഇന്നൽ പരിശീലന കേന്ദ്രങ്ങളും സ്ഥിതിചെയ്യുന്നു. പരമ്പരാഗത തൊഴിലവസരങ്ങളിൽ നിന്നും മാറി കൂടുതൽ സാങ്കേതിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള സ്ഥാപനങ്ങൾ ജില്ലയിൽ അത്യന്താപേക്ഷിതമാണ്.

സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് അകന്നു കഴിയുന്ന ഇവരെ മുഖ്യധാരയിലെത്തിക്കുന്നതിനു വേണ്ട നടപടികൾ തുടരേണ്ടയിരിക്കുന്നു.

പട്ടികജാതി /പട്ടികവർഗ്ഗ കോർപറേഷൻ

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ദേശീയ പട്ടികജാതി/ പട്ടികവർഗ്ഗ വികസന കോർപറേഷന്റെയും കേരള സർക്കാരിന്റെയും പല തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. പ്രധാനമായും സ്വയം തൊഴിൽ വായ്പകളും, വിവാഹ ധന സഹായങ്ങളും നൽകി വരുന്നു.

ജില്ലാ ഓഫീസ് മലപ്പുറത്തും, സബ് ഓഫീസ് വണ്ടൂരിലും സ്ഥിതി ചെയ്യുന്നു. സ്ഥാപനത്തിന്റെ ഘടന താഴെ കൊടുത്തിരിക്കുന്നു.

പട്ടിക 2.3.3 : പട്ടികജാതി പട്ടികവർഗ്ഗ/കോർപറേഷൻ ഓഫീസ് വിശദാംശങ്ങൾ

ക്രമനം.	പേര്	എണ്ണം
1	ജില്ലാ പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപറേഷൻ	1
2	ജില്ലാ പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപറേഷൻ സബ് ഓഫീസ്	1
	ആകെ	2

സ്രോതസ്സ് പട്ടികജാതി /പട്ടികവർഗ്ഗ കോർപറേഷൻ ,മലപ്പുറം

വ്യവസായ വാണിജ്യ വകുപ്പ്

പുതിയ വ്യവസായ വാണിജ്യ സംരംഭങ്ങളുടെ സ്ഥാപനത്തിനും, നിലവിലുള്ളവയുടെ ഉന്നമനത്തിനു വേണ്ട നിർദ്ദേശങ്ങളും, സഹായങ്ങളും ചെയ്യുന്ന വകുപ്പിന് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ഓഫീസും, താലൂക്ക് തലത്തിൽ താലൂക്ക് വ്യവസായ ഓഫീസുകളും പ്രവർത്തിക്കുന്നു. വലിയ വ്യവസായ സ്ഥാപനങ്ങൾ അധികമൊന്നും ജില്ലയിൽ പ്രവർത്തിക്കുന്നില്ല.

വ്യാവസായികമായി വളരെ പിന്നോക്കം നിൽക്കുന്ന ഒരു ജില്ലയാണ് മലപ്പുറം ജില്ല. വിവിധ സർക്കാർ ഏജൻസികൾ, ജില്ലാ വ്യവസായ കേന്ദ്രം, ഖാദി ഗ്രാമ വ്യവസായ ബോർഡ്, കയർ പ്രോജക്ട്, ത്രിതല പഞ്ചായത്തുകൾ എന്നിവ മുഖേനയാണ് ജില്ലയിൽ വിവിധ വികസന പദ്ധതി നടപ്പിലാക്കി വരുന്നത്.

ജില്ലയിൽ കോ-ഓപ്പറേറ്റീവ് മേഖലയിൽ 3 സ്പിന്നിംഗ് മില്ലുകളായ മലപ്പുറം സ്പിന്നിംഗ് മിൽ, മാല്ലോ ടെക്സ് , കെൽ ടെക്സ് എന്നിവ പ്രവർത്തിച്ചു വരുന്നു. ഇതിൽ മാല്ലോ ടെക്സ് , കെൽ ടെക്സ് എന്നിവക്ക് ഗവേണിംഗ് ബോഡി ഉണ്ടെങ്കിലും മലപ്പുറം സ്പിന്നിംഗ് മില്ലിന് ഗവേണിംഗ് ബോഡി ഇല്ല. കൂടാതെ എടരിക്കോട് ടെക്സ്റ്റൈൽ മിൽ പൊതുമേഖലയിൽ ജില്ലയിൽ പ്രവർത്തിക്കുന്ന ഒരേ ഒരു ടെക്സ്റ്റൈൽ മില്ലാണ്.

ഖാദി ഗ്രാമ വ്യവസായ വകുപ്പ്

ഖാദി, ഗ്രാമ വ്യവസായ മേഖലയിൽ ഖാദി ബോർഡിന് ജില്ലയിൽ ഒരു ഓഫീസ് നിലവിലുണ്ട്. 2017-18 വർഷം ഖാദി ബോർഡിനു കീഴിൽ 12 നൂൽ നൂൽപ്പ് കേന്ദ്രങ്ങളും 6 നെയ്ത്ത് കേന്ദ്രങ്ങളും ഗ്രാമ വ്യവസായ മേഖലയിൽ 2 സ്ഥാപനങ്ങളും നടത്തി വരുന്നുണ്ട്. കൂടാതെ പി.എം.ഇ.ജി.പി വഴി 128 യൂണിറ്റുകളും എന്റെ ഗ്രാമം മുഖേന 50 വ്യവസായ സംരംഭങ്ങളും ആരംഭിച്ചിട്ടുണ്ട്. ഖാദി ബോർഡിനു കീഴിൽ ജില്ലയിൽ 189 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും 17 എണ്ണം മാത്രമേ ഇപ്പോൾ പ്രവർത്തിച്ചു വരുന്നുള്ളൂ. ഖാദി ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി ജില്ലയിൽ 14 വിൽപ്പന ശാലകൾ പ്രവർത്തിച്ചു വരുന്നുണ്ട്.

ജില്ലയിൽ 9 കൈത്തറി സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ 6 എണ്ണം മാത്രമേ ഇപ്പോൾ നല്ലനിലയിൽ പ്രവർത്തിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ സൗജന്യ കൈത്തറി യൂണിഫോം

വിതരണം നടത്തുന്നതിന് ജില്ലയിൽ ഒരു സൊസൈറ്റി പ്രവർത്തിക്കുന്നത്.ജില്ലയിൽ കയർ വ്യവസായത്തിനായി രജിസ്റ്റർ ചെയ്ത 18 സഹകരണ സംഘങ്ങളിൽ 11 എണ്ണം മാത്രമേ ഇപ്പോൾ പ്രവർത്തിച്ചു വരുന്നുള്ളൂ.ഗൾഫിൽ നിന്നും മടങ്ങിയെത്തുന്ന പ്രവാസികളിൽ ധാരാളം പേർക്ക് ഇത്തരത്തിലുള്ള മേഖലകളിലേക്ക് കടന്നു വരുന്നതിന് ജില്ല പ്രോത്സാഹനം നൽകേണ്ടതുണ്ട്. തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ഉദാര നയങ്ങൾ ആവിഷ്കരിച്ച് ധാരാളം ആളുകളെ ഈ മേഖലയിലേക്ക് ആകർഷിക്കാവുന്നതാണ്.

ഭക്ഷ്യ പൊതുവിതരണ വകുപ്പ്

വകുപ്പിന് കീഴിൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

പട്ടിക 2.3.4 : വകുപ്പിൻ കീഴിലെ പ്രധാന സ്ഥാപനങ്ങൾ

ക്രമ നം.	വിഭാഗം	എണ്ണം
1	ജില്ലാ സപ്ലൈ ഓഫീസ്	1
2	താലൂക്ക് സപ്ലൈ ഓഫീസുകൾ	7
3	റേഷൻകടകൾ	1244
	ആകെ	1252

സ്രോതസ്സ് ജില്ലാ സപ്ലൈ ഓഫീസ് മലപ്പുറം

മുൻഗണനാ വിഭാഗത്തിൽപ്പെട്ടവർക്കും, അന്ത്യോദയാ അന്നപൂർണ്ണ വിഭാഗത്തിൽപ്പെടുന്നവർക്കും പൊതുവിതരണ കേന്ദ്രങ്ങളിലൂടെ ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യുന്നതിന് നേതൃത്വം നല്കുന്നത് ഭക്ഷ്യ പൊതു വിതരണ വകുപ്പാണ്.

ടൂറിസം വകുപ്പ്

ജില്ലയിലെ ടൂറിസം മേഖലയുടെ വികസനത്തിനായി പ്രവർത്തിക്കുന്ന സ്ഥാപനമാണ് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ (ഡി.ടി.പി.സി). നിലവിലുള്ള ടൂറിസം കേന്ദ്രങ്ങളുടെ സംരക്ഷണവും അടിസ്ഥാന സൗകര്യങ്ങളുടെ വിപുലീകരണവും. പുതിയ ടൂറിസം സാദ്ധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി വികസിപ്പിക്കൽ, പൊതുജനങ്ങൾക്ക് ടൂറിസം കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിന് കുറഞ്ഞ നിരക്കിൽ വാഹന സൗകര്യമൊരുക്കൽ തുടങ്ങിയ കാര്യങ്ങൾ ഡി.ടി.പി.സി-യുടെ ചുമതലകളിൽ ഉൾപ്പെടുന്നു.

പോലീസ് വകുപ്പ്

ജില്ലയിൽ പോലീസ് വകുപ്പിന് കീഴിൽ ജില്ലാ പോലീസ് ഓഫീസും മലബാർ സ്പെഷ്യൽ പോലീസും സ്ഥിതിചെയ്യുന്നു.

മലബാർ സ്പെഷ്യൽ പോലീസ് വകുപ്പിനു കീഴിൽ എം.എസ്.പി കമാൻഡന്റ് ഓഫീസും മൂന്ന് ഡിറ്റാച്ച്മെന്റ് ക്യാമ്പുകളും ഉണ്ട്. മേൽമുറി, പെരുമണ്ണക്ലാരി, അരീക്കോട് എന്നിവിടങ്ങളിലാണ് ഡിറ്റാച്ച്മെന്റ് ക്യാമ്പുകൾ സ്ഥിതി ചെയ്യുന്നത്. ജില്ലയിലെ പോലീസ് സേനയിൽ പ്രവേശിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ഇവിടെ പരിശീലനം നൽകുന്നു.

2017 – 18 വർഷം ജില്ലാ പോലീസ് ഓഫീസിന്റെ കീഴിൽ 3 ഡി.വൈ.എസ്.പി ഓഫീസുകളും 13 സി.ഐ ഓഫീസുകളും 34 സ്റ്റേഷൻ ഹൗസ് ഓഫീസും സ്ഥിതി ചെയ്യുന്നു. ജില്ലയിൽ ഒരു വനിത സെൽ സി.ഐ-യുടെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ ഈ വർഷം പൊന്നാനി കേന്ദ്രമാക്കി കോസ്റ്റൽ പോലീസ് സ്റ്റേഷനും നിലവിൽ വന്നിട്ടുണ്ട്. ജില്ലയുടെ ക്രമസമാധാനം കാത്തു സൂക്ഷിക്കുന്നതിൽ എടുത്തുപറയത്തക്ക പങ്ക് പോലീസ് വകുപ്പിനുണ്ട്. ജില്ലയിലെ പോലീസ് വകുപ്പിനു കീഴിലുള്ള ഓഫീസുകളുടെ വിശദാംശങ്ങൾ താഴെ കൊടുത്തിരുക്കുന്നു.

പട്ടിക 2.3.5 : പോലീസ് വകുപ്പിന് കീഴിലെ പ്രധാന സ്ഥാപനങ്ങൾ–2017–18

ക്രമ നം.	വിഭാഗം	എണ്ണം
1	മലബാർ സ്പെഷൽ പോലീസ്, മലപ്പുറം	1
2	ഡിറ്റാച്ച്മെന്റ് ക്യാമ്പ്	3
3	കേരള ആംഡ് ബറ്റാലിയൻ, പാണ്ടിക്കാട്	1
4	ജില്ലാ പോലീസ് മേധാവി ഓഫീസ്	1
4	സബ് ഡിവിഷണൽ ഓഫീസ് (ഡി പി.എസ്.വൈ.ഓഫീസ്)	3
5	സ്പെഷൽനാർക്കോട്ടിക്ക് സെൽ	1
6	ജില്ലാ ക്രൈം റെക്കോർഡ് ബ്യൂറോ	1
7	സ്പെഷ്യൽ ബ്രാഞ്ച്	1
8	ജില്ലാ ക്രൈം ബ്രാഞ്ച്	1
9	എ.ആർ. ക്യാമ്പ്	1
10	സി.ഐ. ഓഫീസുകൾ	13
11	വനിത സെൽ	1
12	സ്റ്റേഷൻ ഹൗസ് ഓഫീസ്	34
13	കോസ്റ്റൽ പോലീസ് സ്റ്റേഷൻ	1
14	സബ് ജെയിലുകൾ	4
	ആകെ	67

സ്രോതസ്സ്: എൻ.ഐ.സി മലപ്പുറം

ട്രഷറി വകുപ്പ്

2017–18 ലെ കണക്ക് അനുസരിച്ച് ജില്ലയിൽ ട്രഷറി വകുപ്പിന് കീഴിൽ ഒരു ജില്ലാ ട്രഷറിയും 18 സബ് ട്രഷറികളും ഒരു സ്റ്റാമ്പ് ഡിപ്പോയും പ്രവർത്തിച്ച് വരുന്നു. ജില്ലയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടേയും ജനസംഖ്യയുടെയും അടിസ്ഥാനത്തിൽ ജില്ലയിൽ കൂടുതൽ ട്രഷറി ഓഫീസുകൾ ആവശ്യമുണ്ട്.

സഹകരണ വകുപ്പ്

സഹകരണ വകുപ്പിനു കീഴിൽ ജോയിന്റ് രജിസ്റ്റാർ ജനറൽ ഓഫീസും ഓഡിറ്റ് ഓഫീസും പ്രവർത്തിക്കുന്നു. സഹകരണ വകുപ്പ് ജോയിന്റ് രജിസ്ട്രാർ ഓഫീസിനു (ജനറൽ, ഓഡിറ്റ്) കീഴിൽ 6 അസി. രജിസ്ട്രാർ സർക്കിൾ ഓഫീസുകൾ യഥാക്രമം പ്രവർത്തിച്ചു വരുന്നു.

ബാങ്കുകൾ

ജില്ലയിൽ നാഷണലൈസ്ഡ് ബാങ്കുകളും അവയുടെ ശാഖകളും ഉൾപ്പെടെ 309 എണ്ണവും പ്രൈവറ്റ് ബാങ്കുകളും അവയുടെ ശാഖകളും അടക്കം 138 എണ്ണവും പ്രവർത്തിച്ചു വരുന്നു. ജില്ലാ സഹകരണ ബാങ്കിന് 54 ശാഖകളും കേരള സ്റ്റേറ്റ് കോപ്പറേറ്റീവ് ബാങ്കിന്റെ ഒരു ശാഖയും പ്രവർത്തിക്കുന്നു. ജില്ലയിൽ 124 സർവ്വീസ് സഹകരണ ബാങ്കുകൾ ഉണ്ട് കൂടാതെ കേരള ഫിനാൻഷ്യൽ കോർപറേഷന്റെ ഒരു ശാഖയും നിലവിലുണ്ട്.

കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്

കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിന്റെ റീജ്യണൽ ഓഫീസാണ് മലപ്പുറത്ത് സ്ഥിതി ചെയ്യുന്നത്. ഈ റീജ്യണിന്റെ കീഴിൽ പാലക്കാട് ജില്ലയിലെ മണ്ണാർക്കാട്, പട്ടാമ്പി, ഒറ്റപ്പാലം താലൂക്കുകൾ

ഉൾപ്പെട്ടിട്ടുണ്ട്. റീജ്യണിന്റെ കീഴിൽ 44 ബ്രാഞ്ചുകൾ പ്രവർത്തിക്കുന്നു. ജില്ലയിൽ 33 ബ്രാഞ്ചാണ് കെ.എസ്.എഫ്.ഇ-ക്കുള്ളത്.

ലൈബ്രറി കൗൺസിൽ

ജില്ലാ ലൈബ്രറി കൗൺസിലിന്റെ ആസ്ഥാനം മലപ്പുറത്താണ് സ്ഥിതി ചെയ്യുന്നു. 7 താലൂക്കുകളും താലൂക്ക് ലൈബ്രറി കൗൺസിലുകളും അതിനു കീഴിൽ 460 ലൈബ്രറികളും പ്രവർത്തിക്കുന്നു.

റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസ്

ജില്ലയിൽ റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസിനു പുറമെ നിലമ്പൂർ, തിരൂർ, പെരിന്തൽമണ്ണ, പൊന്നാനി, തിരൂരങ്ങാടി എന്നിവിടങ്ങളിലായി 5 സബ് ആർ.ടി.ഒ ഓഫീസുകൾ സ്ഥിതിചെയ്യുന്നു. കൂടാതെ ജില്ലക്കായി മലപ്പുറത്തും തിരൂരങ്ങാടിയിലുമായി 2 മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡും വഴിക്കടവിൽ ഒരു മോട്ടോർ വെഹിക്കിൾ ചെക്ക് പോസ്റ്റും നിലവിലുണ്ട്.

ജലസേചന വകുപ്പ്

ജില്ലയിൽ ജലവിഭവ വകുപ്പിന് കീഴിൽ ഭൂഗർഭ ജല വകുപ്പ്, ചെറുകിട ജലസേചന വകുപ്പ്, ഇറിഗേഷൻ വകുപ്പ്, കേരള ജല അതോറിറ്റി എന്നീ ഓഫീസുകൾ പ്രവർത്തിച്ചു വരുന്നു.

കോടതികൾ

2017-18 വർഷത്തെ കണക്ക് അനുസരിച്ച് ജില്ലയിൽ 18 സിവിൽ കോടതികളും 8 ക്രിമിനൽ കോടതികളും ആണുള്ളത്. ഇതിൽ സിവിൽ കോടതിയിൽ 2 കുടുംബ കോടതികൾ മലപ്പുറം, തിരൂർ എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്നു. ജില്ലയിൽ ജുവൈനൽ/പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്നതിന് മഞ്ചേരിയിൽ ഒരു കോടതിയും സ്ഥിതി ചെയ്യുന്നു. കൂടാതെ ഒരു ഫോറസ്റ്റ് കോടതിയും തിരൂർ, മഞ്ചേരി എന്നിവിടങ്ങളിലായി 2 മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രൈബ്യൂണലും സ്ഥിതി ചെയ്യുന്നു. ജില്ലാ ബാർ അസോസിയേഷൻ, ജില്ലാ പ്രൊബേഷൻ ഓഫീസ്, ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റി എന്നിവയും പ്രവർത്തിച്ചുവരുന്നു.

കുടുംബശ്രീ

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള സ്ത്രീകൾക്കായുള്ള സാമൂഹ്യാധിഷ്ഠിത സംഘടനാ സംവിധാനത്തിലൂടെ സ്വയം സഹായക സംഘങ്ങൾ രൂപീകരിക്കുകയും ലഭ്യമായ എല്ലാ സേവനങ്ങളെയും വിഭവങ്ങളേയും കോർത്തിണക്കി തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ദാരിദ്ര്യത്തിന്റെ വിവിധ വശങ്ങളും ലക്ഷണങ്ങളും കണ്ടെത്തി സമഗ്രമായി പരിഹരിക്കുക എന്ന സമീപനമാണ് കുടുംബശ്രീമിഷൻ സ്വീകരിച്ചിട്ടുള്ളത്. സാധാരണക്കാരായ ഗ്രാമീണ സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് കുടുംബശ്രീമിഷൻ ഒരു വലിയപങ്കാണ് വഹിക്കുന്നത്. ജില്ലയിൽ 110 കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റികളും 2225 ഏരിയാ ഡെവലപ്മെന്റ് സൊസൈറ്റികളും നിലവിൽ പ്രവർത്തിച്ചു വരുന്നു.

എംപ്ലോയ്മെന്റ് ഓഫീസ്

ജില്ലാ എംപ്ലോയ്മെന്റ് ഓഫീസിനു കീഴിൽ 5 ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ നിലമ്പൂർ, പെരിന്തൽമണ്ണ, തിരൂർ, പൊന്നാനി, തിരൂരങ്ങാടി എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്നു. വണ്ടൂർ, കൊണ്ടോട്ടി എന്നിവിടങ്ങളിൽ എംപ്ലോയ്മെന്റ് വിവര സഹായ ബ്യൂറോയും യൂണിവേഴ്സിറ്റിയിൽ യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് വിവര സഹായ ബ്യൂറോയും സ്ഥിതിചെയ്യുന്നു.

തൊഴിൽ പുനരധിവാസ വകുപ്പ്

ഈ വകുപ്പിന് ജില്ലാതലത്തിൽ ഒരു ഓഫീസും ജില്ലയിലെ 7 താലൂക്കുകളിൽ അസിസ്റ്റന്റ് ലേബർ ഓഫീസുകളും സ്ഥിതിചെയ്യുന്നു. കൂടാതെ വകുപ്പിനു കീഴിൽ വിവിധ ക്ഷേമനിധി ഓഫീസുകളും പ്രവർത്തിച്ച് വരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു..

തൊഴിലാളി ക്ഷേമനിധി ഓഫീസുകൾ

പട്ടിക 2.3.6 : ജില്ലയിലെ പ്രധാന ക്ഷേമനിധി ഓഫീസുകൾ

ക്രമ നം.	ചുമട്ടുതൊഴിലാളി ക്ഷേമനിധി ഓഫീസ്	എണ്ണം
1	ചുമട്ടുതൊഴിലാളി ക്ഷേമനിധി ഓഫീസ്	1
2	ചുമട്ടുതൊഴിലാളി ക്ഷേമനിധി സബ് ഓഫീസ്	11
3	മോട്ടോർ തൊഴിലാളി ക്ഷേമനിധി ഓഫീസ്	1
3	കള്ള് ചെത്ത് തൊഴിലാളി ക്ഷേമനിധി ഓഫീസ്	1
4	പീടികതൊഴിലാളി ക്ഷേമനിധി ഓഫീസ്	1
5	നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഓഫീസ്	1
6	കർഷക തൊഴിലാളി ക്ഷേമനിധി ഓഫീസ്	1
7	തയ്യൽ തൊഴിലാളി ക്ഷേമനിധി ഓഫീസ്	1
8	സോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്	1
9	കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്	1
	ആകെ	20

സ്രോതസ്സ് ലേബർ ഓഫീസ്, മലപ്പുറം

അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് ബാർബർ , ബ്യൂട്ടിഷൻ, അലക്കുതൊഴിലാളി, ഗാർഹിക തൊഴിലാളി, ക്ഷേത്ര ജീവനക്കാർ, പാചക തൊഴിലാളി, ആർട്ടിസൻസ് ക്ഷേമനിധി ബോർഡുകൾ എന്നിവ കൂടിചേർന്നതാണ്.

ഫയർ ആന്റ് റെസ്ക്യൂ

ജില്ലയിൽ ഫയർ ആന്റ് റെസ്ക്യൂ വിഭാഗത്തിനു കീഴിൽ ജില്ലാ ഓഫീസും തിരൂർ, തിരുവാലി, പൊന്നാനി, മലപ്പുറം, മഞ്ചേരി, നിലമ്പൂർ, പെരിന്തൽമണ്ണ എന്നിവിടങ്ങളിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനും സ്ഥിതി ചെയ്യുന്നു.

ഊർജ്ജം

ജില്ലയിൽ ഊർജ്ജ മേഖലയിൽ കെ.എസ്.ഇ.ബി, അനർട്ട്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നീ ഓഫീസുകൾ സ്ഥിതി ചെയ്യുന്നു. കെ.എസ്.ഇ.ബി ജില്ലയിൽ ഡിസ്ട്രിബ്യൂഷൻ വിഭാഗം, ട്രാൻസ്മിഷൻ വിഭാഗം, ജനറേഷൻ വിഭാഗം എന്നിങ്ങനെ 3 മേഖലകളായിട്ടാണ് പ്രവർത്തിക്കുന്നത്. കൂടാതെ അനർട്ടിന്റെ ഒരു ജില്ലാ ഓഫീസും, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വിഭാഗവും പ്രവർത്തിക്കുന്നു.

റെയിൽവേ സ്റ്റേഷനുകൾ

ജില്ലയിൽ 14 പ്രധാന റയിൽവേ സ്റ്റേഷനുകളുണ്ട്. റെയിൽ യാത്രാ സൗകര്യങ്ങൾ മറ്റ ജില്ലകളെ അപേക്ഷിച്ച് മലപ്പുറം ജില്ലയിൽ കുറവാണ്. പുതിയ പാതകളും മറ്റും അനുവദിക്കുന്നത് വഴി ജില്ലയിലെ

യാത്രാ ക്ലേശം പരിഹരിക്കാൻ സഹായിക്കും. ഒരു ജില്ലയിൽ ഒരു സ്റ്റോപ്പെങ്കിലും അനുവദിക്കേണ്ടതിന്റെ ഭാഗമായി ജില്ലയിലെ തിരൂർ സ്റ്റേഷനിൽ ദീർഘദൂര തീവണ്ടികൾ നിർത്തേണ്ടതിന്റെ ആവശ്യകത ഉയർന്നു വന്നിട്ടുണ്ട്.

കരിപ്പൂർ എയർപ്പോർട്ട്

ജില്ലയിൽ കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളം പള്ളിക്കൽ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു. പ്രവാസികൾ ധാരാളം ഉള്ള ജില്ലയിൽ കരിപ്പൂർ വിമാനത്താവളം അനുഗ്രഹീതമാണ്. ആയതിന്റെ വിപുലീകരണം അത്യന്താപേക്ഷിതമാണ്.

കെ.എസ്.ആർ.ടി.സി

ജില്ലയിൽ കെ.എസ്.ആർ.ടി.സി-ക്കു കീഴിൽ നിലമ്പൂർ, പെരിന്തൽമണ്ണ, മലപ്പുറം, പൊന്നാനി എന്നിവിടങ്ങളിലായി 4 ഡിപ്പോകളും എടപ്പാൾ, തിരൂർ എന്നിവിടങ്ങളിൽ ബസ് സ്റ്റേഷനുകളും സ്ഥിതിചെയ്യുന്നു. കൂടാതെ എടപ്പാളിൽ ഒരു റീജ്യണൽ വർക്ക്ഷോപ്പും സ്ഥിതി ചെയ്യുന്നു. ജില്ലയിലെ ഗ്രാമ പ്രദേശങ്ങളിലേക്ക് കൂടി കെ.എസ്.ആർ.ടി.സി-യുടെ സേവനം വ്യാപിപ്പിക്കേണ്ടതുണ്ട്.

പോസ്റ്റൽ വകുപ്പ്

മഞ്ചേരി, തിരൂർ പോസ്റ്റൽ സൂപ്രണ്ടിന്റെ കീഴിലാണ് ജില്ലയിലെ പോസ്റ്റൽ വകുപ്പുകൾ പ്രവർത്തിക്കുന്നത്. മഞ്ചേരി, മലപ്പുറം, തിരൂർ, പൊന്നാനി എന്നിവിടങ്ങളിൽ ഹെഡ് പോസ്റ്റോഫീസുകൾ പ്രവർത്തിച്ചു വരുന്നു. ഇവിടങ്ങൾ എസ്.ബി. അക്കൗണ്ടുകൾ, ആർ.ഡി, നാഷണൽ സേവിംഗ്സ് എന്നീ സൗകര്യങ്ങൾ ലഭ്യമാകുന്നു.

ഭാരത് സഞ്ചാർ നിഗം ലിമിറ്റഡ്

ടെലഫോൺ രംഗത്ത് ആകർഷകമായ പ്ലാനുകൾ വഴി ഇന്ന് ധാരാളം ആളുകളെ ആകർഷിക്കുന്നതിന് ബി.എസ്.എൻ.എൽ-ന് സാധിക്കുന്നുണ്ട്. വൈഫൈ സൗകര്യങ്ങളും മറ്റു അനുബന്ധ സൗകര്യങ്ങളും ബി.എസ്.എൻ.എൽ നൽകി വരുന്നു. വകുപ്പിന്റെ കീഴിൽ ഒരു ജനറൽ മാനേജർ ഓഫീസും ഒരു ടെലഫോൺ റവന്യൂ അക്കൗണ്ട്സ് ഓഫീസും 108 ടെലഫോൺ എക്സ്ചേഞ്ചുകളും കീഴിൽ ജില്ലയിൽ പ്രവർത്തിച്ച് വരുന്നു.

എക്സൈസ് വകുപ്പ്

പട്ടിക 2.3.7 : ജില്ലയിലെ പ്രധാന എക്സൈസ് ഓഫീസുകൾ

ക്രമനം.	വിഭാഗം	എണ്ണം
1	എക്സൈസ് ഡിവിഷൻഓഫീസ് മലപ്പുറം,	1
2	എക്സൈസ് സർക്കിൾ ഓഫീസ്	6
3	ജില്ലാ സ് ക്വോഡ്	1
4	ജനമൈത്രി എക്സൈസ്ഓഫീസ്	1 (എടക്കര)
5	എക്സൈസ് റേഞ്ച് ഓഫീസ്	9
6	കേരള ബിവറേജ് കോർപ്പറേഷൻ (വെയർ ഹൗസ് എഫ്എൽ .9)	2 (അങ്ങാടിപ്പുറം പെരിന്തൽമണ്ണ)
7	ചെക്ക്പോസ്റ്റ്	1 (വഴിക്കടവ്)
8	എക്സൈസ് ഇൻറലിജൻസ് & ഇൻറലിജൻസ് ബ്യുറോ മലപ്പുറം	1
	ആകെ	22

സ്രോതസ്സ് എക്സൈസ് ഡിവിഷൻ മലപ്പുറം

ഫിഷറീസ് വകുപ്പ്

ജില്ലയിൽ മത്സ്യഭവൻ ഓഫീസുകളിൽ മത്സ്യഫെഡ്/ മത്സ്യബോർഡ് ഇൻസ്പെക്ടർ ഓഫീസ് എന്നിവ പ്രവർത്തിക്കുന്നു. ജില്ലയിൽ മത്സ്യഭവനുകൾ കടലുണ്ടി നഗരം, താനൂർ, നിറമരുതൂർ, കൂട്ടായി, പൊന്നാനി, വെളിയങ്കോട് എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്നു. ഫിഷറീസ് ഡവലപ്മെന്റ് ഓഫീസ് താനൂരിലും സ്ഥിതി ചെയ്യുന്നു.

സർവെ & ലാന്റ് റെക്കോർഡ്സ്

ജില്ലയിൽ ജില്ലാ സൂപ്രണ്ട് ഓഫീസ്, അസിസ്റ്റന്റ് ഡയറക്ടർ റീസർവ്വെ എന്നിവയ്ക്ക് ഒന്നു വീതം ഓഫീസുകളും നിലമ്പൂർ, മഞ്ചേരി, തിരൂർ എന്നിവിടങ്ങളിൽ റീസർവ്വെ സൂപ്രണ്ട് ഓഫീസുകളും സ്ഥിതി ചെയ്യുന്നു.

ഹാർബർ എൻജിനീയറിംഗ് ഡിവിഷൻ

ഹാർബർ എൻജിനീയറിംഗ് ഡിവിഷന്റെ ചുമതല എക്സിക്യൂട്ടീവ് എൻജിനീയർക്കാണ്. ജില്ലയിൽ ഈ ഓഫീസ് പൊന്നാനിയിൽ സ്ഥിതി ചെയ്യുന്നു. പൊന്നാനി, തിരൂർ എന്നിവിടങ്ങളിൽ 2 സബ്ഡിവിഷൻ ഓഫീസുകളും സ്ഥിതി ചെയ്യുന്നു.

രജിസ്ട്രേഷൻ വകുപ്പ്

ജില്ലയിൽ രജിസ്ട്രേഷൻ വകുപ്പിന്റെ കീഴിൽ ഒരു ജില്ലാ രജിസ്ട്രാർ ജനറൽ ഓഫീസും ഒരു ജില്ലാ രജിസ്ട്രാർ ഓഫീസും , 27 സബ് രജിസ്ട്രാർ ഓഫീസുകളും പ്രവർത്തിക്കുന്നു.

ലീഗൽ മെട്രോളജി ഓഫീസ്

2017-18 വർഷം ജില്ലയിൽ ലീഗൽ മെട്രോളജി വകുപ്പിന് കീഴിൽ 1 അസിസ്റ്റന്റ് കൺട്രോളർ (ജനറൽ) ഓഫീസ് , 1 അസിസ്റ്റന്റ് കൺട്രോളർ ഫ്ലയിം സ്കാഡ് ഓഫീസ്, 2 സീനിയർ ഇൻസ്പെക്ടർ ഓഫീസുകൾ ,6 ഇൻസ്പെക്ടർ ഓഫീസുകൾ എന്നിവ പ്രവർത്തിച്ചു വരുന്നു.

സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്

2017-18 വർഷം ജില്ലാ ഓഫീസിനു പുറമെ ഏറനാട്,പെരിന്തൽമണ്ണ,തിരൂർ,പൊന്നാനി എന്നീ താലൂക്കുകളിൽ താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസുകൾ പ്രവർത്തിക്കുന്നു. കൂടാതെ പല വകുപ്പുകളിലും ഈ വകുപ്പിലെ ഉദ്യോഗസ്ഥർ പ്രവർത്തിച്ച് വരുന്നു.

ഡ്രഗ് ഇൻസ്പെക്ടർ ഓഫീസുകൾ

ജില്ലയിൽ സോൺ 1, സോൺ 2, സോൺ 3 എന്നിങ്ങനെ മൂന്ന് സോണുകളിലായി 6 ഡ്രഗ് ഇൻസ്പെക്ടർ ഓഫീസുകൾ പ്രവർത്തിച്ചു വരുന്നു. സോൺ 1 ൽ ഏറനാട് താലൂക്കും സോൺ 2 ൽ പൊന്നാനി, നിലമ്പൂർ, പെരിന്തൽമണ്ണ,, താലൂക്കുകളും സോൺ 3 ൽ തിരൂർ,തിരൂരങ്ങാടി താലൂക്കുകളും പ്രവർത്തിച്ചു വരുന്നു

ജില്ലാ സോയിൽ കൺസർവേഷൻ ഓഫീസ്

ജില്ലയിലെ മണ്ണ് സംരക്ഷണ പ്രവർത്തികൾ നടപ്പിലാക്കുന്നതിനായി ജില്ലാ ഓഫീസിനു പുറമെ രണ്ട് സബ് ഓഫീസുകളും പ്രവർത്തിച്ചു വരുന്നു.

ചരക്ക് സേവന നികുതി വകുപ്പ്

ചരക്ക് സേവന നികുതി വകുപ്പിനു കീഴിൽ ജില്ലാ ഓഫീസും 7 തിരൂർ, ഏറനാട്, തിരൂരങ്ങാടി, നിലമ്പൂർ, പെരിന്തൽമണ്ണ, കൊണ്ടോട്ടി, പൊന്നാനി എന്നീ താലൂക്കുകളിലും സബ് ഓഫീസുകളും പ്രവർത്തിച്ച് വരുന്നു.

പട്ടിക 2.3.8 : ജില്ലയിൽ പ്രവർത്തിക്കുന്ന മറ്റ് പ്രധാന വകുപ്പുകൾ

ക്രമ നം	വകുപ്പുകൾ	ക്രമ നം	വകുപ്പുകൾ
1.	നഗര ഗ്രാമാസൂത്രണ വകുപ്പ്	16	ഫാക്ടറീസ് ആന്റ് ബോയിലേർസ് വകുപ്പ്
2.	ജില്ലാ പ്ലാനിംഗ് ഓഫീസ്	17	മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്
3.	കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്	18	ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ്
4.	ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഇൻസ്പെക്ടർഓഫീസ്	19	ജില്ലാ സോയിൽ കൺസർവേഷൻഓഫീസ്
5.	ജില്ലാ ഇൻഷുറൻസ് ഓഫീസ്	20	ജില്ലാ സോയിൽ സർവെ
6.	പിന്നോക്ക വികസന ഓഫീസ്	21	യുവജന ക്ഷേമ വകുപ്പ്
7.	ജിയോളജി ഓഫീസ് മഞ്ചേരി	22	പൊല്യൂഷൻ കൺട്രോൾ ബോർഡ്
8.	ജില്ലാ സാക്ഷരത മിഷൻ	23	ജില്ലാ ഇൻഷുറൻസ് ഓഫീസ്
9.	ഇൻഫർമേഷൻ കേരള മിഷൻ	24	ഫിനാൻസ് ഇൻസ്പക്ടറേറ്റ്
10.	ഹരിത കേരള മിഷൻ	25	ജില്ലാ സ്റ്റേഷനറി ഓഫീസ്
11.	ഐടി അറ്റ് സ്കൂൾ.	26	പോർട്ട് ആന്റ് ഷിപ്പിംഗ് ഓഫീസ് പൊന്നാനി
12.	അക്ഷയ ഓഫീസ്	27	സെൻട്രൽ എക്സൈസ് ഓഫീസ് മഞ്ചേരി
13.	ഫിനാൻസ് ഇൻസ്പക്ടറേറ്റ്	28	കേന്ദ്ര ഇൻകം ടാക്സ് ഓഫീസ് തിരൂർ
14.	ജില്ലാ സ്റ്റേഷനറി ഓഫീസ്	29	ദൂരദർശൻ റിലെ കേന്ദ്രം മലപ്പുറം
15.	പാസ്പോർട്ട് ഓഫീസ് മൂന്നാംപടി	30	ആകാശവാണി FM സ്റ്റേഷൻ മഞ്ചേരി

സ്രോതസ്സ് : ചരക്ക് സേവന നികുതി വകുപ്പ് മലപ്പുറം

2.4 ധനവിഭവം.

കേന്ദ്ര - സംസ്ഥാന തദ്ദേശ ഭരണ സ്ഥാപന ധനകാര്യ സ്രോതസ്സുകളാണ് പ്രധാനമായി ഇവിടെ വിലയിരുത്തിയിട്ടുള്ളത്. സംസ്ഥാന ആസൂത്രണ ബോർഡ് 2017-18 വാർഷിക പദ്ധതിയിൽ അവതരിപ്പിച്ച ജില്ലാ അടിസ്ഥാനത്തിലുള്ള ഫണ്ട് വിതരണം സംബന്ധിച്ച വിശകലനം താഴെ നല്കുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ ലഭ്യമായിട്ടുള്ള വിഭവ സ്രോതസ്സുകൾ ചുവടെ ചേർക്കുന്നു.

പട്ടിക 2.4.1 : പദ്ധതികളുടെ വിഭാഗം തിരിച്ചുള്ള വിശദാംശങ്ങൾ

സംസ്ഥാനതല പദ്ധതികൾ	വിഭാഗം I	പ്രത്യേക പ്രദേശം നിഷ്കർഷിക്കാതെ മുഴുവൻ സംസ്ഥാനത്തിലും പ്രയോജന പ്രദമായ പദ്ധതികൾ
	വിഭാഗം II	ഒരു ജില്ലയിൽ സ്ഥിതി ചെയ്യുന്നതും എന്നാൽ മുഴുവൻ സംസ്ഥാനത്തിനും സേവനം പ്രദാനം ചെയ്യുന്ന പദ്ധതികൾ
പ്രത്യേക പ്രദേശ പദ്ധതികൾ	വിഭാഗം III	മറ്റൊരു പ്രദേശത്തും കാണാത്ത പ്രത്യേക സവിശേഷതകൾ ഉള്ള പ്രദേശത്ത് സ്ഥിതിചെയ്യുന്നതും ആ പ്രദേശത്ത് ഗുണപ്രദവുമായ പദ്ധതികൾ
ജില്ലാതല പദ്ധതികൾ	വിഭാഗം IV	സംസ്ഥാനത്തെ എല്ലാ ജില്ലകളിലോ ഭൂരിഭാഗം ജില്ലകളിലോ ഉള്ള പദ്ധതികൾ

ജില്ലക്ക് 2017-18 സാമ്പത്തിക വർഷത്തിൽ ഏകദേശം ലഭിക്കുന്ന സർക്കാർ വിഹിതം 167035.71 ലക്ഷം രൂപയാണ്. (പട്ടിക 2.4.2 പട്ടിക 2.4.3).

പട്ടിക 2.4.2 : കേന്ദ്ര- സംസ്ഥാന തദ്ദേശ ഭരണ സ്ഥാപന വിഹിതങ്ങളുടെ വിശദാംശങ്ങൾ -2017-18
(ഇക രൂപ ലക്ഷത്തിൽ)

ക്രമ നമ്പർ	വിഭവ സ്രോതസ്സ്	മലപ്പുറം ജില്ല	സംസ്ഥാനം
1	കേന്ദ്ര വിഹിതം (സംസ്ഥാന പദ്ധതികളുടേത്) വിഭാഗം 2,3,4	7127.43	128571.78
	സംസ്ഥാന വിഹിതം (വിഭാഗം 2,3,4)	56919.97	849981.75
3	തദ്ദേശ ഭരണ സ്ഥാപന വിഹിതം	75687.94	839241.61
4	എം.പി മാരുടെ പ്രാദേശിക വികസന പദ്ധതി (എം.പിലാഡ്സ്)	1500.00	15000.00
5	എം.എൽ.എ മാരുടെ പ്രത്യേക വികസന ഫണ്ട് (എം.എൽ.എ-എസ്.ഡി.എഫ്)	1600.00	14100.00
6	എം.എൽ.എ- ആസ്തിവികസന ഫണ്ട്. (നോൺ പ്ലാൻ)	8000.00	70500.00
ആകെ		150835.34	1917395.14

അവലംബ : സൂലേഖ പ്ലാൻവെബ്സൈറ്റ്/ എം.പി.എൽ.എ.ഡി.എസ് (എം.എൽ.എ.എസ്. ഡി.എഫ് മാർഗ്ഗ നിർദ്ദേശങ്ങൾ

പട്ടിക 2.4.3 : കേന്ദ്ര വിഹിതങ്ങളുടെ വിശദാംശങ്ങൾ 2017-18 (ഇക ലക്ഷത്തിൽ) മറ്റു പദ്ധതികൾ

ക്രമ നമ്പർ	വിഭവ സ്രോതസ്സ്	ജില്ല
1	പ്രത്യേക ഘടക പദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായം (എസ്.സി.എ - എസ്.എസ്.സി.പി)	24.42
2	സ്പെഷ്യൽ സെൻട്രൽ അസിസ്റ്റൻസ് ടു ട്രൈബൽ സബ് പ്ലാൻ (എസ്.സി.എ - ടി.എസ്.പി)	294.85
3	പ്രൈം മിനിസ്റ്റേർസ് ഗ്രാമ സഡക് യോജന (പിഎം.ജി.എസ്.വൈ)	15851.10
4	മഹിള കിസാൻ സശാക്തീകരണ പരിയോജന (എം.കെ എസ്.പി)	30.00
ആകെ		16200.37

(അവലംബം : സംസ്ഥാന സർക്കാർ ഉത്തരവുകൾ / ജില്ലാ പുരോഗതി റിപ്പോർട്ട്)

ഇതു കൂടാതെ സംസ്ഥാനത്തിന് ലഭ്യമായിട്ടുള്ള വിഭാഗം 1 - ൽ 11772.68 കോടി രൂപ സംസ്ഥാന വിഹിതമായും 6753.23 കോടി രൂപ കേന്ദ്രവിഹിതമായും ഉള്ളതിൽ ജില്ലക്ക് വിഹിതം ലഭ്യമാകുന്നതാണ്.

ദേശസാൽകൃത ബാങ്കുകളിലെ നിക്ഷേപവും വായ്പയും

റിസർവ്വ് ബാങ്ക് പ്രസിദ്ധീകരിച്ച 2015 മാർച്ചിലെ കണക്കുപ്രകാരം മലപ്പുറം ജില്ലയിലെ ദേശസാൽകൃത ബാങ്കുകളിൽ 15351 കോടി രൂപയുടെ നിക്ഷേപവും 9240 കോടി രൂപ വായ്പയുമുണ്ടെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ദേശസാൽകൃത ബാങ്കുകളിൽ ഏറ്റവും കൂടുതൽ നിക്ഷേപവും വായ്പയുമുള്ളത് എറണാകുളത്തും (67585കോടി രൂപയും38193 കോടി രൂപയും) ഏറ്റവും കുറവ് നിക്ഷേപവും വായ്പയുമുള്ളത് വയനാടും (2088 കോടി രൂപയും നിക്ഷേപവും 2806 രൂപ വായ്പ) ആണ്. ദേശസൽകൃത ബാങ്കുകളിലെ നിക്ഷേപവും വായ്പയും താരതമ്യം ചെയ്യുമ്പോൾ വയനാട്, കാസർഗോഡ് ജില്ലകളിൽ നിക്ഷേപത്തേക്കാൾ കൂടുതൽ വായ്പാ ഇനത്തിൽ ഫണ്ട് വിനിയോഗിച്ചതായി കണ്ടെത്താവുന്നതാണ്.

മലപ്പുറം ജില്ലയിൽ അടുത്ത അഞ്ചു വർഷക്കാലത്തെ പ്രതീക്ഷിത ഫണ്ട്

മലപ്പുറം ജില്ലക്ക് 2017-18 മുതൽ 5 വർഷത്തേക്കുള്ള പ്രതീക്ഷിത ഫണ്ട്, 2017-18 വാർഷിക പദ്ധതി വിഹിതത്തിന്റെ 10 ശതമാനം വർദ്ധനവ് ലഭിക്കുമെന്ന പ്രതീക്ഷയിൽ താഴെ സൂചിപ്പിച്ച പ്രകാരം കണക്കാക്കിയിട്ടുണ്ട്. 2017-18 വാർഷിക പദ്ധതിയിൽ 150835.34 ലക്ഷം രൂപ ജില്ലയ്ക്ക് ലഭ്യമായിട്ടുണ്ട്. 2017-18

വർഷത്തെ കണക്കനുസരിച്ച് അടുത്ത 4 വർഷത്തേക്ക് 2018-19 ൽ 165918.873 ലക്ഷം രൂപ, 2019-20 ൽ 182510.76 ലക്ഷം രൂപ) 2020-21 ൽ 200761.789 ലക്ഷം രൂപ, 2021-22 ൽ 220838.01 ലക്ഷം രൂപ വിവിധ വർഷങ്ങളിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 2017-18 സാമ്പത്തിക വർഷം മുതൽ 2021-22 സാമ്പത്തിക വർഷം വരെ ഏകദേശം 920864.772 രൂപ ജില്ലക്ക് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. വിശദാംശങ്ങൾ പട്ടിക 2.4.5 ൽ ചേർത്തിരിക്കുന്നു.

പട്ടിക 2.4.4 : മലപ്പുറം ജില്ലയിലെ അടുത്ത അഞ്ചു വർഷക്കാലത്തെ പ്രതീക്ഷിത ഫണ്ട് വർഷാടിസ്ഥാനത്തിൽ (ലക്ഷത്തിൽ)

ഫണ്ട് ഇനം	വർഷം (ഇക ലക്ഷത്തിൽ)				
	2017-18	2018-19	2019-20	2020-21	2021-22
കേന്ദ്ര വിഹിതം	7127.43	7840.173	8624.19	9486.60	10435.27
സംസ്ഥാന വിഹിതം	56919.97	62611.97	68873.16	75760.4	83336.53
തദ്ദേശ സ്ഥാപന വിഹിതം	75687.94	83256.73	91582.41	100740.6	110814.7
എം.പി മാരുടെ പ്രാദേശിക വികസന പദ്ധതി (എം.പിലാഡ്സ്)	1500	1650	1815	1996.5	2196.15
എം.എൽ.എ മാരുടെ പ്രത്യേക വികസന ഫണ്ട് (എം.എൽ.എ-എസ്.ഡി.എഫ്)	1600	1760	1936	2129.6	2342.56
എം.എൽ.എ- ആസ്തിവികസന ഫണ്ട്. (നോൺ പ്ലാൻ)	8000	8800	9680	10648	11712.8
ആകെ	150835.34	165918.873	182510.7	200761.7	220838.01

അവലംബം : സംസ്ഥാന ആസൂത്രണ ബോർഡ്

2021 – 22 വരെയുള്ള പ്രതീക്ഷിത കേന്ദ്ര -സംസ്ഥാന വിഹിതം – വിഭാഗം ഉപവിഭാഗം തിരിച്ച്-(വിഭാഗം II,III, IV)

സംസ്ഥാന ആസൂത്രണ ബോർഡ് പ്രസിദ്ധീകരിച്ച 2017-18 വാർഷിക പദ്ധതി ഫണ്ടിന്റെ 10 ശതമാനം വർദ്ധനവ് കണക്കാക്കി 2021-22 സാമ്പത്തിക വർഷം വരെ ജില്ലക്ക് കേന്ദ്ര - സംസ്ഥാന വിഹിതമായി ലഭിക്കാവുന്ന പ്രതീക്ഷിത ഫണ്ട് മുൻകൂട്ടി കാണാവുന്നതാണ്. 11 മേഖലകളിലും 51 ഉപമേഖലകളിലുമായി തിരിച്ചുള്ള കാറ്റഗറി II,III, IV അനുസരിച്ച് ഫണ്ട് ലഭ്യത വിശകലനം ചെയ്യുമ്പോൾ സാമൂഹ്യവും സാമൂഹ്യ സേവനപരവുമായ സർവ്വീസുകൾ, കൃഷിയും അനുബന്ധ മേഖലകളും, ഊർജ്ജം, ഗതാഗതവും വാർത്താവിനിമയവും എന്നീ മേഖലകളിലേക്കാണ് ഏറ്റവും കൂടുതൽ സംസ്ഥാന വിഹിതം ലഭിക്കുക. ഇതിൽതന്നെ സാമൂഹികവും സാമൂഹ്യ സേവനപരവുമായവ മാത്രം 33795.32 ലക്ഷം രൂപ, 37174.85 ലക്ഷം രൂപ, 40892.34 ലക്ഷം രൂപ, 44981.57 ലക്ഷം രൂപ എന്നിങ്ങനെ യഥാക്രമം 2018-19, 2019-20, 2020-21, 2021-22 വർഷങ്ങളിൽ പ്രതീക്ഷിക്കുന്നു. ശാസ്ത്ര സർവ്വീസുകളും ഗവേഷണവും ആവാസ വ്യവസ്ഥയും, പരിസ്ഥിതിയും, പൊതു സേവനങ്ങൾ, സഹകരണം എന്നീ ഉപ വിഭാഗ മേഖലകളിലാണ് പ്രതീക്ഷിത ഫണ്ടിൽ ഏറ്റവും കുറവ് രേഖപ്പെടുത്തിയിരിക്കുന്നതെന്ന് കാണാവുന്നതാണ്. വിശദാംശങ്ങൾ പട്ടിക 2.4.5 ൽ കൊടുത്തിരിക്കുന്നു.

പട്ടിക. 2.4.5 : 2021-22 വരെയുള്ള പ്രതീക്ഷിത സംസ്ഥാന വിഹിതം – വിഭാഗം ഉപവിഭാഗം തിരിച്ച്- (വിഭാഗം II,III, IV)(രൂപ ലക്ഷത്തിൽ)

ക്രമനം	വിഭാഗം	2017-18	2018-19	2019-20	2020-21	2021-22
1	കൃഷിയും അനുബന്ധ മേഖലകളും	10624	11686.4	12855.04	14140.55	15554.6
2	ഗ്രാമ വികസനം	4495.23	4944.753	5439.228	5983.151	6581.466
3	സഹകരണം	363	399.3	439.23	483.153	531.4683
4	ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും	3753	4128.3	4541.13	4995.243	5494.767
5	ഊർജ്ജം	6405	7045.5	7750.05	8525.055	9377.561
6	വ്യവസായവും മിനറൽസും	1805.5	1986.05	2184.655	2403.121	2643.433

7	ഗതാഗതവും വാർത്താവിനിമയവും	5207	5727.7	6300.47	6930.517	7623.569
8	ശാസ്ത്ര സർവ്വീസുകളും ഗവേഷണവും ആവാസ വ്യസസ്ഥയും, പരിസ്ഥിതിയും	28	30.8	33.88	37.268	40.9948
9	സാമൂഹ്യവും സാമൂഹ്യ സേവനപരവുമായ സർവ്വീസുകൾ	30723.02	33795.32	37174.85	40892.34	44981.57
10	സാമ്പത്തിക സേവനങ്ങൾ	473.65	521.015	573.1165	630.4282	693.471
11	പൊതു സേവനങ്ങൾ	170	187	205.7	226.27	248.897
	ആകെ	64047.4	70452.138	77497.3495	85247.0962	93771.7971

അവലംബം സംസ്ഥാന ആസൂത്രണ ബോർഡ്

ചിത്രം. 2.4.1 : 2021-22 വരെയുള്ള പ്രതീക്ഷിത സംസ്ഥാന വിഹിതം – വിഭാഗം ഉപവിഭാഗം തിരിച്ച്- (വിഭാഹം II,III, IV) (രൂപ ലക്ഷത്തിൽ)



അവലംബം : സംസ്ഥാന ആസൂത്രണ ബോർഡ്

തദ്ദേശ സ്ഥാപനങ്ങൾക്കുള്ള പ്രതീക്ഷിത ഫണ്ട്

വാർഷിക പദ്ധതി 2017-18 ൽ തദ്ദേശഭരണ സ്ഥാപനങ്ങൾ അടങ്കൽ തുക 125894.80 ലക്ഷം രൂപയാണ്. പതിമൂന്നാം പഞ്ചവൽസര പദ്ധതിയിൽ സംസ്ഥാന ബജറ്റ് വിഹിതത്തിന്റെ പ്രതീക്ഷിത ഫണ്ട് 2017-18 സാമ്പത്തിക വർഷത്തിൽ മലപ്പുറം ജില്ലക്ക് ലഭ്യമായ 125894.80 ലക്ഷം രൂപയുടെ 10 ശതമാനം വർദ്ധനവ് കണക്കാക്കുകയാണെങ്കിൽ 2018-19, 2019-20, 2020-21&2021-22 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം ജില്ലക്ക് 138484.28 ലക്ഷം രൂപ, 152332.70 ലക്ഷം രൂപ, 167565.98 ലക്ഷം രൂപ 184322.57 ലക്ഷം രൂപ എന്നിങ്ങനെ പ്രതീക്ഷിക്കുന്നു. അടുത്ത 5 വർഷത്തേക്ക് ഗ്രാമ പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തിനും ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ലഭിച്ചേക്കാവുന്ന ഫണ്ടിന്റെ വിശദാംശങ്ങൾ പട്ടിക 2.4.6 ൽ ചേർത്തിരിക്കുന്നു.

പട്ടിക 2.4.6 : പതിമൂന്നാം പഞ്ച വൽസര പദ്ധതി കാലത്തെ പ്രതീക്ഷിത ബജറ്റ് വിഹിതം (വികസന ഫണ്ട് + ധനകാര്യ കമ്മീഷൻ ഗ്രാ ന്റ്) (ലക്ഷം രൂപയിൽ) തദ്ദേശസ്ഥാപനങ്ങൾക്കുള്ള പ്രതീക്ഷിത ഫണ്ട് രൂപ ലക്ഷത്തിൽ

തദ്ദേശ സ്ഥാപനങ്ങൾ	2017-18 (Actual)	2018-19	2019-20	2020-21	2021-22
ഗ്രാമപഞ്ചായത്ത്	42316.18	46547.8	51202.58	56323	61955
ബ്ലോക്ക്പഞ്ചായത്ത്	8731.89	9605.079	10565.59	11622	12784
മുനിസിപ്പാലിറ്റി	13270.92	14598.01	16057.81	17664	19430
ജില്ലാപഞ്ചായത്ത്	11368.95	12505.85	13756.43	15132	16645
ആകെ	75687.94	83256.739	91582.41	100741	110814

അവലംബം:സംസ്ഥാന ആസൂത്രണ ബോർഡ് 2017-18 അനുബന്ധം 4

2016-2017 മാർച്ച് വരെയുള്ള സംസ്ഥാന കേന്ദ്രാവിഷ്കൃത പദ്ധതി പുരോഗതി റിപ്പോർട്ട്

2016-17 നടപ്പു സാമ്പത്തിക വർഷത്തിൽ ലഭിച്ച ആകെ ഫണ്ട് 92,290.04 ലക്ഷം രൂപയും ആകെ ചെലവ് 88,974.60 രൂപയും ആണ് (96.41%).വകുപ്പ് തിരിച്ചുള്ള 2017 മാർച്ച് മാസത്തെ വിശദാംശങ്ങൾ അനുബന്ധം 2.4.1 ൽ ചേർത്തിരിക്കുന്നു.

പട്ടിക 2.4.7 : മലപ്പുറം ജില്ല-പദ്ധതി ചെലവ് - (മാർച്ച് 2017 ലെ പദ്ധതി പുരോഗതി റിപ്പോർട്ട് പ്രകാരം)
(തുക രൂപ ലക്ഷത്തിൽ)

പദ്ധതി വിഭാഗം	തൻമാസത്തിൽ ലഭിച്ച തുക	ആകെ ലഭ്യമായ തുക	തൻമാസ ചെല്	ആകെ ചെലവ്	ചെലവ് %
സംസ്ഥാനാവിഷ്കൃത പദ്ധതി	9129.82	61007.81	11757.10	57944.70	94.98
100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതി	3,287.64	22,400.65	3,325.60	22,149.83	98.88
മറ്റുള്ള കേന്ദ്രാവിഷ്കൃത പദ്ധതി	2,023.03	8,881.58	2,500.30	8,880.07	99.98
ആകെ തുക	14,440.49	92,290.04	17,583.00	88,974.6	96.41

അവലംബം പ്ലാൻസ്പേസ് സോഫ്റ്റ് വെയർ

ചിത്രം 2.4.2: ഒറ്റ നോട്ടത്തിൽ സംസ്ഥാന കേന്ദ്രാവിഷ്കൃത പദ്ധതി ചെലവ് -

മാർച്ച് 2017 ലെ പദ്ധതി പുരോഗതി റിപ്പോർട്ട് പ്രകാരം (തുക രൂപലക്ഷത്തിൽ)



ഉറവിടം -പ്ലാൻസ്പേസ്

സംസ്ഥാന കേന്ദ്രാവിഷ്കൃത പദ്ധതി പുരോഗതി റിപ്പോർട്ട് നവംബർ വരെ 2017

2017-18 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക 63647.52 ലക്ഷം രൂപയും നവംബർ മാസം വരെ ചിലവഴിച്ച തുക 28822.17 ലക്ഷം രൂപയും (45.28%) ആണ്. വകുപ്പ് തിരിച്ചുള്ള 2017 നവംബർ വരെയുള്ള വിശദാംശങ്ങൾ അനുബന്ധം 2.4.2 ൽ ചേർത്തിരിക്കുന്നു.

പട്ടിക 2.4.8 : 2017-18-ലെ പുരോഗതിയുപയോഗിച്ച് ജില്ലയിലെ പദ്ധതി ചെലവ് 2017 നവംബർ വരെ

പദ്ധതിവിഭാഗം	പദ്ധതികളുടെ എണ്ണം	അടങ്കൽ (രൂപ ലക്ഷത്തിൽ)	ചെലവ് (രൂപലക്ഷത്തിൽ)	ചെലവ് %
സംസ്ഥാനാവിഷ്കൃത	210	30451.32	16631.08	54.62
100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതി	5	477.58	271.54	56.86

മറ്റുള്ള കേന്ദ്രാവിഷ്കൃത		23	32718.62	11919.55	36.43
ആകെ തുക		238	63647.52	28822.17	45.28

ഉറവിടം പ്ലാൻസ്പേസ്

ചിത്രം 2.4.3 : 2017-18-ലെ സംസ്ഥാന കേന്ദ്രാവിഷ്കൃത പദ്ധതി പുരോഗതി -2017 നവംബർ വരെ



അവലംബം പ്ലാൻ സ്പേസ്

2016 – 17 &2 017 – 18 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാർഷിപക പദ്ധതി അലോട്ട്മെന്റും ചെലവും

2016-17 സാമ്പത്തിക വർഷത്തെ തദ്ദേശീയ സ്ഥാപനങ്ങൾക്കുള്ള ബജറ്റ് വിഹിതത്തിൽ മലപ്പുറം ജില്ലക്ക് 69370.82 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 2016-17 സാമ്പത്തിക വർഷത്തേക്കാൾ 7539.59 ലക്ഷം രൂപ 2017-18 വർഷത്തിൽ ജില്ലക്ക് അധികമായി ലഭിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തെ കണക്കു പ്രകാരം മലപ്പുറം ജില്ല 62.77% ചെലവഴിച്ചിരുന്നു. ജില്ലാടിസ്ഥാനത്തിലുള്ള വിശകലനത്തിൽ തിരുവനന്തപുരം ജില്ല ഏറ്റവും കൂടുതലും, തൃശ്ശൂർ ജില്ല ഏറ്റവും കുറവ് ചെലവ് ശതമാനവും രേഖപ്പെടുത്തിയിരിക്കുന്നു.

ചിത്രം. 2.4..4 : 2016-17 ജില്ല തിരിച്ചുള്ള പദ്ധതി ചെലവ് (ശതമാനത്തിൽ)



അവലംബം: സുലേഖ ആപ്ലിക്കേഷൻ, ഐ.കെ.എം

2017-18 വർഷത്തെ വാർഷിക പദ്ധതി ചെലവ് പരിശോധിക്കുമ്പോൾ മലപ്പുറം ജില്ലയുടെ മൊത്തം ചെലവ് 86.9% ആണ്. 2017-18 വാർഷിക പദ്ധതി ചെലവിൽ കൊല്ലം (90.92%) കണ്ണൂർ ജില്ലയും (90.52%) ഒന്നും രണ്ടും സ്ഥാനങ്ങളിൽ നിൽക്കുന്നു. 2017-18 വാർഷിക പദ്ധതി വിനിയോഗത്തിൽ വയനാട് ജില്ലയും (80.46%) തിരുവനന്തപുരം (80.61%) ജില്ലയുമാണ് ഏറ്റവും പുറകിൽ എന്ന് കണ്ടെത്താവുന്നതാണ്. പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ കാതലായ മാറ്റം പദ്ധതി ആസൂത്രണ പ്രക്രിയ ജൂൺ മാസത്തോടെ

പൂർത്തികരിക്കുകയും പദ്ധതി നിർവ്വഹണ പ്രക്രിയക്ക് ഏറ്റവും കൂടുതൽ സമയം ലഭിക്കുകയും ചെയ്ത വാർഷിക പദ്ധതി കാലഘട്ടം കൂടിയാണ് 2017-18 സാമ്പത്തിക വർഷം. മാത്രമല്ല, സമയബന്ധതിമായി പദ്ധതികൾ പൂർത്തീകരിക്കുന്നതിന് ഓരോ ത്രൈമാസ ഘട്ടത്തിലും പദ്ധതി ചെലവ് ശതമാനം സർക്കാർ നിശ്ചയിച്ച് നൽകുകയും ചെയ്തിരുന്നു. ഇതനുസരിച്ച് ഡിസംബർ മാസത്തോടെ തദ്ദേശ സ്ഥാപനങ്ങൾ 70 ശതമാനം പദ്ധതി വിനിയോഗിക്കണമെന്നും മാർച്ച് മാസത്തിൽ 15 ശതമാനത്തിലധികം ചെലവ് അനുവദിക്കുകയുമില്ലെന്ന് സർക്കാർ അറിയിച്ചിരുന്നു. 2017-18 സംസ്ഥാന വാർഷിക പദ്ധതി ചെലവ് ഈ വർഷം 85.44% വും വാർഷിക പദ്ധതിയുടെ പൂർത്തീകരിച്ച പ്രവൃത്തികളുടെ കൂ ബിൽ കൂടി ഉൾപ്പെടുത്തിയാൽ ചെലവ് 90 ശതമാനത്തിലധികം വരുന്നുണ്ട്. ജനകീയാസൂത്രണ പദ്ധതിയുടെ ചരിത്രത്തിലാദ്യമായാണ് 90 ശതമാനത്തിലധികം വാർഷിക പദ്ധതി ചെലവ് കൈവരിച്ചിട്ടുള്ളത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ജില്ലാടിസ്ഥാനത്തിലുള്ള 2017-18 വാർഷിക പദ്ധതി ചെലവ് ശതമാന വിശദംശങ്ങൾ ചിത്രം 2.4..5 ൽ ചേർത്തിട്ടുണ്ട്.

ചിത്രം. 2.4.5 : 2017-18 ജില്ല തിരിച്ചുള്ള പദ്ധതി ചെലവ് (ശതമാനത്തിൽ)



അവലംബം: സൂലേഖ ആപ്ലിക്കേഷൻ, ഐ.കെ.എം

കേന്ദ്രവിഹിതം

സംസ്ഥാനങ്ങൾക്കുള്ള കേന്ദ്രവിഹിതം രണ്ടുതരത്തിലാണ്.

1. 100% കേന്ദ്രാവിഷ്കൃത പദ്ധതികൾ (എംപി മാരുടെ പ്രാദേശിക വികസന പദ്ധതി - MPLADS, പ്രത്യേക ഘടക പദ്ധതിയ്ക്കുള്ള പ്രത്യേക കേന്ദ്ര സഹായം - SCA-SSP, ട്രൈബൽ സബ് പ്ലാൻ - SCA-TSP, അഡീഷണൽ ട്രൈബൽ സബ് പ്ലാൻ- ATSP, ത്വരിത ഗ്രാമീണ കുടിവെള്ള പദ്ധതി - ARWSS, MGNREAS)

2. സംസ്ഥാനാവിഷ്കൃത പദ്ധതിയുടെ കേന്ദ്ര വിഹിതം. (പശ്ചിമ ഘട്ട വികസന പദ്ധതി - WGDP, സർവ്വ ശിക്ഷാ അഭിയാൻ - SSA, രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ - RMSA)

ആദ്യത്തെ ഇനത്തിലുള്ള പദ്ധതികൾക്ക് മുഴുവൻ ഫണ്ടും കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമാകും . രണ്ടാമത്തെ ഇനത്തിൽ പദ്ധതിയുടെ മൊത്തം അടങ്കലിനനുസൃതമായി കേന്ദ്രസർക്കാരിൽ നിന്നും വിഹിതം ലഭിക്കുന്നു. സംസ്ഥാന ആസൂത്രണ ബോർഡ് 2017-18 വാർഷിക പദ്ധതിയിൽ അവതരിപ്പിച്ച ജില്ലാ അടിസ്ഥാനത്തിലുള്ള ഫണ്ട് വിതരണം സംബന്ധിച്ച വിശകലനം താഴെ നല്കുന്നു. 11 മേഖലകളിലും 51 ഉപമേഖലകലളിലുമായി പദ്ധതി ഫണ്ട് വകയിരുത്തിയിട്ടുണ്ട്. എം.ജി.എൻ.ആർ.ഇ.ജി.എസ്., എം.പി.ലാഡ്സ് പോലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളും പ്രസ്തുത പ്രസിദ്ധീകരണത്തിൽ സംയോജിപ്പിക്കേണ്ടതായിട്ടുണ്ട്

2017-18 വാർഷിക പദ്ധതിയിലെ കേന്ദ്ര വിഹിതം - മേഖല തിരിച്ച്, വിഭാഗം തിരിച്ച് - സംക്ഷിപ്തം.

സംസ്ഥാന സർക്കാരിന് 2017-18 സാമ്പത്തിക വർഷത്തിൽ നാല് വിഭാഗങ്ങളിലായി 8038.95 കോടി ലഭ്യമായിട്ടുണ്ട്. ആയതിന്റെ 84 ശതമാനം തുക വകയിരുത്തിയിരിക്കുന്നത് വിഭാഗം-1 ലാണ്. 6753.23 കോടി

രൂപയാണ്. വിഭാഗം രണ്ടിൽ 107.99 കോടി രൂപ (1 %)യും വിഭാഗം-3 ൽ 261 കോടി (3%) രൂപയും വിഭാഗം-4 ൽ 916.73 കോടി രൂപയും (11%) ആണ് ലഭ്യമായിട്ടുള്ളത്.

ചിത്രം. 2.4.6 : 2017-18 സംസ്ഥാന വാർഷികപദ്ധതി ജില്ലാടിസ്ഥാനത്തിലുള്ള കേന്ദ്ര വിഹിതത്തിന്റെ മേഖലാതല വിഭജനം



അവലംബം : സംസ്ഥാന ആസൂത്രണ ബോർഡ്

2017-18 സംസ്ഥാന വാർഷിക പദ്ധതി – ജില്ലാടിസ്ഥാനത്തിലുള്ള കേന്ദ്ര വിഹിതത്തിന്റെ മേഖലാതല വിഭജനം

സംസ്ഥാന വാർഷിക പദ്ധതി 2017-18 ൽ 11 മേഖലകളിലായി 8,038.95 കോടി രൂപ കേന്ദ്ര വിഹിതമായി വകയിരുത്തിയിട്ടുണ്ട്. ഇതിൽ ഏറ്റവും പ്രാധാന്യം നൽകിയിട്ടുള്ളത് സാമൂഹ്യ സേവന മേഖലയ്ക്കും (48.34ശതമാനം), ഗ്രാമീണ വികസനത്തിനുമാണ് (43.82 ശതമാനം), മൂന്നാമത്തെ മുൻഗണനാ മേഖല കാർഷികവും, അനുബന്ധ മേഖലയ്ക്കും ആണ്. (5.24 ശതമാനം).

ഊർജ്ജം, വ്യവസായവും ഖനനവും, ഗതാഗതവും വാർത്താ വിനിമയം എന്നീ മേഖലകളിൽ തുക നീക്കിവെച്ചിട്ടില്ല. ശാസ്ത്ര സർവ്വീസുകളും ഗവേഷണവും ആവാസ വ്യവസ്ഥയും, പരിസ്ഥിതി (0.01 ശതമാനം), സാമ്പത്തിക സേവനം (0.31 ശതമാനം), ഇതര സേവനങ്ങൾ (0.47 %), സഹകരണം (0.68%), ജലസേചനം വെള്ളപ്പൊക്ക നിവാരണം (1.07%) എന്നിവയ്ക്ക് തുച്ഛമായ തുകയാണ് വകയിരുത്തിയിരിക്കുന്നത്. അതായത് ഒരു ശതമാനത്തിനും താഴെ തുകയാണ് ഉള്ളത്.

പട്ടിക 2.4.9 : 2017-18 വാർഷിക പദ്ധതിയിൽ മേഖലാടിസ്ഥാനം/വിഭാഗാടിസ്ഥാനത്തിൽ ഉള്ള കേന്ദ്രവിഹിതം (തുക കോടിയിൽ)

ക്രമ നം.	മേഖല	വിഭാഗം 1	വിഭാഗം 2	വിഭാഗം 3	വിഭാഗം 4	ആകെ	%
1	കൃഷിയും അനുബന്ധ വൃത്തികളും	33.5	58.5	6	322.88	420.88	5.2
2	ഗ്രാമ വികസനം	3552.89	0	0	169.82	3522.71	43.8
3	സഹകരണം	0	0	55	0	55	0.68
4	ജലസേചനവും, വെള്ളപ്പൊക്ക നിയന്ത്രണവും	36.2	0	50	0	86.02	1.03
5	ഊർജ്ജം	0	0	0	0	0	0
6	വ്യവസായവും ഖനനവും	0	0	0	0	0	0
7	ഗതാഗതം, വാർത്താ വിനിമയം	0	0	0	0	0	0
8	ശാസ്ത്ര സർവ്വീസുകളും വേഷണവും ആവാസ വ്യസന്ഥയും,	0.6	0	0	0	0.6	0
9	സാമൂഹ്യവും സാമൂഹ്യ സേവനപരവുമായ സർവ്വീസുകൾ	3262.14	49.49	150	424.03	3883885.665	48.34
10	സാമ്പത്തിക പ്രവർത്തനങ്ങൾ	30.05	0	0	0	30.05	0.33
11	ഇതര സേവനങ്ങൾ	38.03	0	0	0	38.03	0.43
	ആകെ	6753.23	107.99	261	916.73	8038.95	100

അവലംബം: സംസ്ഥാന ആസൂത്രണ ബോർഡ്

ചിത്ര 2.4.7 : സംസ്ഥാന ആസൂത്രണ പദ്ധതി പ്രസിദ്ധീകരിച്ച വാർഷിക പദ്ധതി 2017-18 ജില്ലാ അടിസ്ഥാനത്തിലുള്ള കേന്ദ്രവിഹിതത്തിന്റെ മേഖലാതല വിഭജനം



അവലംബം: സംസ്ഥാന ആസൂത്രണ ബോർഡ്

മലപ്പുറം ജില്ല -കേന്ദ്രാവിഷ്കൃത പദ്ധതികൾ കേന്ദ്ര വിഹിതം മേഖല തിരിച്ച്

2017-18 വാർഷിക പദ്ധതി കാലയളവിൽ സി.എസ്.എസ്.ന വേണ്ടിയുള്ള കേന്ദ്രവിഹിതം മുഴുവനും ലഭിച്ചത് കാറ്റഗറി 4-ൽ ആണ്. (കാറ്റഗറി 2 ൽ 2.00 ലക്ഷം രൂപ ഒഴികെ) സാമൂഹ്യവും സാമൂഹ്യ സേവനപരവുമായ സർവ്വീസുകൾ എസ്.സി., എസ്.ടി., ഒ.ബി.സി. ക്ഷേമവും ന്യൂനപക്ഷ മുൻഗണനാ സമുദായവും മേഖലയുടെ കീഴിലാണ്. (പട്ടിക2.4.11 ചിത്രം-2.4.8). സാമൂഹ്യവും സാമൂഹ്യ സേവനപരവുമായ സർവ്വീസുകൾ കൃഷി, അനുബന്ധ പ്രവർത്തനങ്ങൾ, ഗ്രാമവികസനം തുടങ്ങിയ വിഭാഗങ്ങൾക്കാണ് തുക വകയിരിത്തിയിട്ടുള്ളത്.

പട്ടിക 2.4.10 : ജില്ലാടിസ്ഥാനത്തിലുള്ള കേന്ദ്ര ഫണ്ട് വിഭജനം

ക്രമ നം	സെക്ടർ	കേന്ദ്രാവിഷ്കൃത വിഹിതം (രൂപലക്ഷത്തിൽ)
1	കൃഷിയും അനുബന്ധ പ്രവൃത്തികളും	2139.09
2	ഗ്രാമവികസനം	1373.84
3	സഹകരണം	0
4	ജലസേചനം, വെള്ളപ്പൊക്ക നിയന്ത്രണം	0
5	ഊർജ്ജം	0
6	വ്യവസായവും ഖനനവും	0
7	ഗതാഗതം, വാർത്താവിനിമയം	0
8	ശാസ്ത്രസർവ്വീസുകളും ഗവേഷണവും ആവാസ വ്യവസ്ഥയും, പരിസ്ഥിതിയും	0
9	സാമൂഹ്യവും സാമൂഹ്യസേവനപരവുമായ സർവ്വീസുകൾ	3614.50
10	സാമ്പത്തിക സേവനങ്ങൾ	0
11	ഇതരസേവനങ്ങൾ	0
	ആകെ	7127.43

(അവലംബം : സംസ്ഥാന ആസൂത്രണ ബോർഡ്)

ചിത്രം .2.4.8 : 2017-18 വാർഷികപദ്ധതി കാലയളവിൽ മലപ്പുറം ജില്ല കേന്ദ്രാവിഷ്കൃത പദ്ധതികൾ- കേന്ദ്ര വിഹിതം മേഖല തിരിച്ച്



അവലംബം : സംസ്ഥാന ആസൂത്രണ ബോർഡ് പ്രസിദ്ധീകരിച്ച 2017-18 വാർഷിക പദ്ധതിയിൽ

31.03.18 വരെ ജില്ലയിൽ ലഭ്യമായ എംപിലാഡ്സ് ഫണ്ട്- വിശദാംശങ്ങൾ

ജില്ലക്ക് നോഡലായി 2 ലോകസഭ എം.പിമാരും ഒരു രാജ്യസഭ എം.പിയുമാണ് നിലവിലുള്ളത്. പതിനാറാം ലോകസഭ കാലയളവിൽ ജില്ലയ്ക്ക് 5500 ലക്ഷം രൂപയുടെ പ്രവൃത്തികൾ നിർദ്ദേശിക്കാവുന്നതാണ്. ആയതിൽ 4893.03 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും 3150.58 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 2.4.11 എംപിലാഡ്സ് 31.03.18 വരെ ജില്ലക്ക് ലഭ്യമായ ഫണ്ട് വിശദാംശങ്ങൾ (തുക ലക്ഷത്തിൽ)

സാമ്പത്തിക വർഷം	ബഡ്ജറ്റ് വിഹിതം	ആകെ ലഭ്യമായ തുക (പലിശയടക്കം)	അനുമതി നൽകിയ തുക	ചെലവ്
2014-15	1000	504.27	925.91	874.81
2015-16	1500	1090.86	1535.01	1297.66
2016-17	1500	1644.37	1727.5	905.24
2017-18	1500	1303.65	1112.53	95.91
ആകെ	5500	4037.18	4893.03	3150.58

അവലംബം : എംപിലാഡ്സ് ഇൻറഗ്രേറ്റഡ് വെബ് പോർട്ടൽ

രാജ്യസഭാ എം.പി.

2015-16,2016-17,2017-18 സാമ്പത്തിക വർഷങ്ങളിൽ 1219.24 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും ആയതിൽ 678.88 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 2.4.12 : എംപിലാഡ്സ് രാജ്യസഭ എം.പി - 31.03.18 വരെയുള്ള ജില്ലയിലെ ഫണ്ട് വിശദാംശങ്ങൾ (തുക ലക്ഷത്തിൽ)

സാമ്പത്തിക വർഷം	ബഡ്ജറ്റ് വിഹിതം	ആകെ ലഭ്യമായ തുക (പലിശയടക്കം)	അനുമതി നൽകിയ തുക	ചെലവ്
2015-16	500	303.93	492.69	381.07
2016-17	500	276.95	397.23	234.97
2017-18	500	294.82	329.32	60.84
Total	1500	875.7	1219.24	676.88

അവലംബം : എംപിലാഡ്സ് ഇൻറഗ്രേറ്റഡ് വെബ് പോർട്ടർ

പൊന്നാനി ലോകസഭ

2014-15, 2015-16, 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ പൊന്നാനി ലോകസഭ മണ്ഡലത്തിൽ 2095-31 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും ആയതിൽ 978.58 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 2.4.13 : എംപിലാഡ്സ്- പൊന്നാനി ലോകസഭ എം.പി - 31.03.18 വരെയുള്ള ജില്ലയിലെ ഫണ്ട് വിശദാംശങ്ങൾ (തുക ലക്ഷത്തിൽ)

സാമ്പത്തിക വർഷം	ബഡ്ജറ്റ് വിഹിതം	ആകെ ലഭ്യമായ തുക (പലിശയടക്കം)	അനുമതി നൽകിയ തുക	ചെലവ്
2014-15	500	254.27	442.95	405.52
2015-16	500	267.51	475.61	353.97
2016-17	500	518.55	801.46	207.06
2017-18	500	485.62	375.29	12.03
Total	2000	1525.95	2095.31	978.58

അവലംബം : എംപിലാഡ്സ് ഇൻറഗ്രേറ്റഡ് വെബ് പോർട്ടർ

മലപ്പുറം ലോകസഭ

2014-15, 2015-16, 2016-17, 2017-18, കാലയളവുകളിലായി മലപ്പുറം ലോകസഭ മണ്ഡലത്തിൽ 1578.48 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും ആയതിൽ 1495.12 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 2.4.14 : എംപിലാഡ്സ്- മലപ്പുറം ലോക്സഭ എം.പി - 31.03.18 വരെയുള്ള ജില്ലയിലെ ഫണ്ട് വിശദാംശങ്ങൾ (തുക ലക്ഷത്തിൽ)

സാമ്പത്തിക വർഷം	ബഡ്ജറ്റ് വിഹിതം	ആകെ ലഭ്യമായ തുക (പലിശയടക്കം)	അനുമതി നൽകിയ തുക	ചെലവ്
2014-15	500	250.00	482.96	469.29
2015-16	500	519.42	566.71	562.62
2016-17	500	848.87	528.81	463.21
2017-18	500	523.21	407.92	23.04
Total	2000	1635.53	1578.48	1495.12

അവലംബം എംപിലാഡ്സ് ഇൻറഗ്രേറ്റഡ് വെബ് പോർട്ടർ

സംസ്ഥാന വിഹിതം 18-2017

- കേരളത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ 4 വിഭാഗങ്ങളിലായി 20,272.50 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 4 വിഭാഗങ്ങളിൽ 2017-18 സാമ്പത്തിക വർഷത്തിൽ വിഭാഗം 1 ഒഴികെയുള്ള പദ്ധതികളുടെ സാമ്പത്തിക വിശകലനം ചുവടെ ചേർക്കുന്നു.
- മലപ്പുറം ജില്ലയിൽ അനുവദിച്ചിരിക്കുന്ന സംസ്ഥാനാവിഷ്കൃത വിഹിതം 56,919.97(0.06%) ലക്ഷം രൂപയാണ്
- സമാനമായ സംസ്ഥാന വിഹിതം 8,49,981.75 ലക്ഷം രൂപയാണ്

പട്ടിക 2.4.15 : സംസ്ഥാന വിഹിതം 18-2017 കാറ്റഗറി IV - 2017-18 (തുകലക്ഷത്തിൽ)

മലപ്പുറം	46,670.07(8.54%)
തിരുവനന്തപുരം	60,364.66 (11.05%)
പാലക്കാട്	50,760.84 (9.29%)
സംസ്ഥാനം	5,46,314.39

അവലംബം: സൂലേഖ ആപ്ലിക്കേഷൻ, ഐ.കെ.എ)

മലപ്പുറം ജില്ല വിസ്തൃതിയിൽ മൂന്നാം സ്ഥാനത്തും ജനസംഖ്യയിൽ സംസ്ഥാനത്തിൽ ഒന്നാമതുമാണ്. എന്നാൽ വിഭാഗം IV-ലെ വിഭവ ലഭ്യതയിൽ മലപ്പുറം മൂന്നാം സ്ഥാനത്താണ്. കൂടാതെ പ്രവാസികളുടെ എണ്ണത്തിലും (2,92,753 - 2013 പ്രവാസി മലയാളി സെൻസസ്), ഭിന്നശേഷിക്കാരുടെ എണ്ണത്തിലും (96,447 - 2015 ലെ അംഗപരിമിത സെൻസസ്) ഒന്നാമതായി നിൽക്കുന്ന ജില്ലയെന്ന നിലയ്ക്ക് ഇന്നത്തെ ആഗോള പ്രതിഭാസ പ്രതിഫലനമായുള്ള പ്രവാസി തിരിച്ചുവരവിനെ അഭിമുഖീകരിക്കുന്നതിനായി പ്രവാസി പുനരധിവാസ പദ്ധതിക്കും ഭിന്നശേഷി വിഭാഗങ്ങളുടെ ക്ഷേമപദ്ധതിക്കും കൂടുതൽ മുൻഗണന നൽകേണ്ടതുണ്ട്. ജില്ലയുടെ സാമ്പത്തിക സാമൂഹ്യ പുരോഗതിക്ക് പ്രവാസികൾക്കും ഭിന്നശേഷിക്കാർക്കും പ്രത്യേകമായുള്ള സമഗ്ര പാക്കേജ് ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്.

സംസ്ഥാന വിഹിതം - വിഭാഗം 2,3,4 വിവിധ മേഖലകൾ തിരിച്ചുള്ള വിശകലനം

മലപ്പുറം ജില്ലയ്ക്ക് സംസ്ഥാന വിഹിതമായി സാമ്പത്തിക വർഷത്തിൽ വിഭാഗം 2,3,4 ഇനങ്ങളിലായി 11 മേഖലകളിലും 51 ഉപമേഖലകളിലുമായി ലഭ്യമായ 56,920 ലക്ഷം രൂപയിൽ 21,109 ലക്ഷം രൂപ (48%) ഏറ്റവും കൂടുതൽ തുക വകയിരുത്തിയിരിക്കുന്നത് സാമൂഹ്യവും സാമൂഹ്യ സേവനപരവുമായ സർവ്വീസുകൾക്കാണ്. വിവിധ ഉപമേഖല തിരിച്ച് മലപ്പുറം ജില്ലക്ക് ലഭ്യമായ (2,3,4 ഘടകങ്ങൾ) സംസ്ഥാന ധന വിഹിതംഅനുബന്ധം 2.4.4 ൽ ചേർത്തിരിക്കുന്നു.

സാമൂഹ്യവും സാമൂഹ്യ സേവനപരവുമായ സർവ്വീസുകൾ സേവനങ്ങളിൽ എസ്.സി/എസ്.റ്റി/ഒ.ബി.സി/ന്യൂനപക്ഷ ക്ഷേമത്തിനാണ് കൂടുതൽ തുക 13,619 ലക്ഷം രൂപ (24%) വകയിരുത്തിയിരിക്കുന്നത്. വിദ്യാഭ്യാസം, കായികവും യുവജനക്ഷേമവും, തൊഴിലും തൊഴിലാളി ക്ഷേമവും പദ്ധതികൾക്ക് തുക വകയിരുത്തിയിട്ടില്ല.

രണ്ടാം സ്ഥാനത്തായി ഫണ്ട് ലഭ്യമായിട്ടുള്ളത് കൃഷി അനുബന്ധ മേഖലയ്ക്ക് 8,485 ലക്ഷം രൂപ (15%) കൃഷി അനുബന്ധ മേഖലകളിൽ കൂടുതൽ പരിഗണന നൽകിയിട്ടുള്ളത്. (വിള സംരക്ഷണത്തിന് -3,914 ലക്ഷം രൂപ, മത്സ്യ മേഖല - 852 ലക്ഷം രൂപ)

മൂന്നാം സ്ഥാനത്തായി തുക വകയിരുത്തിയിരിക്കുന്നത് വൈദ്യുത മേഖലയിലാണ്-6,405 ലക്ഷം രൂപ (11.00%) നാലാമതായി തുക വകയിരുത്തിയിട്ടുള്ളത് ഗതാഗതവും വാർത്താവിനിമയവും എന്ന മേഖലയ്ക്കാണ് 5,207 ലക്ഷം രൂപ (9.14%). ശാസ്ത്ര സർവ്വീസുകളും ഗവേഷണവും ആവാസ വ്യവസ്ഥയും പരിസ്ഥിതിയും (0.05%), ഇതര സേവനങ്ങൾ (0.3%), സഹകരണ മേഖല (0.6%), സാമ്പത്തിക സേവനം (0.8%) എന്നീ മേഖലകളിൽ ഒരു ശതമാനത്തിൽ താഴെ മാത്രമാണ് ഫണ്ട് ലഭ്യമായിട്ടുള്ളത്.

പട്ടിക 2.4.16 : മലപ്പുറം ജില്ലയ്ക്ക് മേഖല അടിസ്ഥാനത്തിൽ വിഭാഗം 2,3,4 ഇനത്തിൽ അനുവദിച്ചിട്ടുള്ള സംസ്ഥാന വിഹിതം 2017-18

ക്രമ നം	മേഖല	സംസ്ഥാന ധനവിഹിതം II,III,IV	ശതമാനത്തിൽ
1	കൃഷിയും അനുബന്ധ മേഖലകളും (ലക്ഷം രൂപയിൽ)	8485	14.91
2	ഗ്രാമവികസനം	3121	5.48
3	സഹകരണം	363	0.64

ക്രമ നം	മേഖല	സംസ്ഥാന ധനവിഹിതം II,III,IV	ശതമാനത്തിൽ
4	ജലസേചനം, വെള്ളപ്പൊക്ക നിയന്ത്രണം	3753	6.56
5	ഊർജ്ജം	6405	11.26
6	വ്യവസായവും ഖനനവും	1806	3.17
7	ഗതാഗതവും വാർത്താവിനിമയവും	5207	9.15
8	ശാസ്ത്ര സർവ്വീസുകളും ഗവേഷണവും ആവാസ വ്യവസ്ഥയും പരിസ്ഥിതിയും	28	0.05
9	സാമൂഹ്യവും സാമൂഹ്യ സേവനപരവുമായ സർവ്വീസുകൾ	27109	47.63
10	സാമ്പത്തിക സേവനങ്ങൾ	474	0.83
11	ഇതര സേവനങ്ങൾ	170	0.3
	ആകെ തുക	56920	100

ഉറവിടം: വാർഷിക പദ്ധതി 2017-18, സംസ്ഥാന ആസൂത്രണ ബോർഡ്

ചിത്രം 2.4.9 : വിവിധ മേഖലയിൽ മലപ്പുറം ജില്ലയ്ക്ക് നൽകിയ സംസ്ഥാന ധനവിഹിതം (2,3,4 ഘടകങ്ങൾ)



(ഉറവിടം: വാർഷിക പദ്ധതി 2017-18, സംസ്ഥാന ആസൂത്രണ ബോർഡ്)

ചിത്രം 2.4.10 : വിവിധ മേഖലയിൽ മലപ്പുറം ജില്ലയ്ക്ക് നൽകിയ സംസ്ഥാന ധനവിഹിതം % (2,3,4 ഘടകങ്ങൾ)



ഉറവിടം: വാർഷിക പദ്ധതി 2017-18, സംസ്ഥാന ആസൂത്രണ ബോർഡ്

വിവിധ മേഖലയിൽ മലപ്പുറം ജില്ലയ്ക്ക് ലഭ്യമായ സംസ്ഥാന ധനവിഹിതം വിഭാഗം 4 - വാർഷിക പദ്ധതി 2017-18

വിഭാഗം 4 ന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയ്ക്ക് 2017-2018 വാർഷിക പദ്ധതി പ്രകാരം വിഭാഗം 4 ലൂടെ ലഭിച്ചത് 46670.07 ലക്ഷമാണ്. ഇതിൽ സാമൂഹ്യവും സാമൂഹ്യ സേവനപരവുമായ സർവ്വീസുകൾക്കാണ് ഏറ്റവും കൂടുതൽ തുക ലഭിച്ചത് 25637.76 (55%). അടുത്ത മുൻഗണന കിട്ടിയ ഭാഗം കാർഷിക മേഖലയാണ്. കാർഷിക മേഖലയിൽ 7164.17 ലക്ഷം (15%). മൂന്നാമതായി മുൻഗണന ലഭ്യമായിട്ടുള്ളത് ഊർജമേഖലയിലാണ് (13%). ഗതാഗത വാർത്താവിനിമയ മേഖലയിൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

പട്ടിക 2.4.17 : വിവിധ മേഖലയിൽ മലപ്പുറം ജില്ലയ്ക്ക് നൽകിയ സംസ്ഥാന ധനവിഹിതം % (4 ഘടകം)

ക്രമനം.	മേഖല	സംസ്ഥാന വിഹിതം IV	ശതമാനത്തിൽ
1	കൃഷിയും അനുബന്ധ മേഖലകളും	7164.17	15.35
2	ഗ്രാമ വികസനം	3021.39	6.47
3	സഹകരണം	363	0.78
4	ജലസേചനം വെള്ളപ്പൊക്ക നിയന്ത്രണം	2740	5.87
5	ഊർജ്ജം	6290	13.48
6	വ്യവസായവും ധാതുക്കളും	823.5	1.76
7	ഗതാഗതവും ആശയവിനിമയവും	0	0
8	ശാസ്ത്ര സർവ്വീസുകളും ഗവേഷണവും ആവാസ വ്യവസ്ഥയും പരിസ്ഥിതിയും	28	0.06
9	സാമൂഹ്യവും സാമൂഹ്യ സേവനപരവുമായ സർവ്വീസുകൾ	25637.76	54.93
10	സാമ്പത്തിക സേവനങ്ങൾ	432.25	0.93
11	പൊതുസേവനം	170	0.36
	ആകെ തുക	46670.07	100

ഉറവിടം: വാർഷിക പദ്ധതി 2017-18, സംസ്ഥാന ആസൂത്രണ ബോർഡ്

വിവിധ ഉപമേഖലകളിൽ മലപ്പുറം ജില്ലയ്ക്ക് ഘടകം 4 ൽ ലഭ്യമായ സംസ്ഥാന ധനവിഹിതം അനുബന്ധം 2.4.5 ൽ നൽകിയിരിക്കുന്നു.

31.03.18 വരെയുള്ള ജില്ലയിലെ എം.എൽ.എ പ്രാദേശിക വികസന ഫണ്ട്-വിശദാംശങ്ങൾ

ജില്ലയിൽ 16 നിയോജക മണ്ഡലങ്ങളാണ് നിലവിലുള്ളത്. ബഹു. എം.എൽ.എ മാരുടെ പ്രാദേശിക വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലക്ക് 1600 ലക്ഷം രൂപയുടെ പ്രവൃത്തികൾ നിർദ്ദശിക്കാവുന്നതാണ്. ആയതിൽ 2017-18 സാമ്പത്തികവർഷം 1339.46 ലക്ഷം രൂപയ്ക്ക് 388 പ്രവൃത്തികൾ ജില്ലയിൽ നിർദ്ദശിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 2.4.18 : എം.എൽ.എ. എസ്ഡിഎഫ് നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള പുരോഗതി (2017-18) തുക ലക്ഷത്തിൽ

ക്രമനം	നിയോജക മണ്ഡലത്തിന്റെ പേര്	ബജറ്റ് വിഹിതം	പ്രൊജക്ടുകളുടെ എണ്ണം	അനുവദിച്ച തുക
1	ഏറനാട്	100	15	61.8
2	കൊണ്ടോട്ടി	100	38	99.5
3	കോട്ടക്കൽ	100	30	99
4	മലപ്പുറം	100	32	93.75
5	മഞ്ചേരി	100	25	69.75
6	മങ്കട	100	46	100

ക്രമനം	നിയോജക മണ്ഡലത്തിന്റെ പേര്	ബജറ്റ് വിഹിതം	പ്രൊജക്ടുകളുടെ എണ്ണം	അനുവദിച്ച തുക
7	നിലമ്പൂർ	100	19	84.5
8	പെരിന്തൽമണ്ണ	100	31	90.13
9	പൊന്നാനി	100	17	91
10	താനൂർ	100	15	68.4
11	തവനൂർ	100	14	83.52
12	തിരൂരങ്ങാടി	100	28	100
13	തിരൂർ	100	9	44.5
14	വള്ളിക്കുന്ന്	100	23	97.15
15	വേങ്ങര	100	29	100
16	വണ്ടൂർ	100	17	56.4605
	ആകെ	1600	388	1339.4605

അവലംബം : പ്ലാൻ സ്പേസ്

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ബജറ്റ് വിഹിതവും

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള അധികാരം കൈമാറികൊണ്ട് 1996 ൽ ജനകീയാസൂത്രണ പദ്ധതി ആരംഭിച്ചതു മുതൽ സംസ്ഥാന സർക്കാരിന്റെ വാർഷിക ബജറ്റിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗണ്യമായ വിഹിതം വകയിരുത്തുന്നുണ്ട്. 2014-15 വാർഷിക പദ്ധതി മുതൽ 2017-18 വാർഷിക പദ്ധതി വരെയുള്ള കണക്കുകളിൽ നിന്നും ഇത് വ്യക്തമാണ്. 2017-18 വാർഷിക പദ്ധതിയുടെ മൊത്തം വിഹിതം (ബജറ്റ് എസ്റ്റിമേറ്റ്) 34538.95 കോടി രൂപയിൽ 6227.50 കോടി രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ് വകയിരുത്തിയിട്ടുള്ളത്. ഇത് സംസ്ഥാന ബജറ്റ് വിഹിതത്തിന്റെ 18.03 ശതമാനം വരുന്നുണ്ട്. മുൻ വർഷങ്ങളിലും സംസ്ഥാന ബജറ്റ് വിഹിതത്തിന്റെ ഗണ്യമായ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്തിയിരുന്നു. 2014-15, 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന ബജറ്റ് വിഹിതത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥാക്രമം 23.5%, 17.34%, 18.3% വകയിരിത്തിയിരിന്നു. വിശദാംശങ്ങൾ (പട്ടിക 2.4..19 ൽ) കൊടുത്തിരിക്കുന്നു. തദ്ദേശ ഭരണ സ്ഥാപന തലം തിരിച്ചുള്ള 2016-17 വാർഷികപദ്ധതി ചെലവും അനുവദിച്ച തുകയും അനുബന്ധം 2.4.3 ൽ നൽകിയിരിക്കുന്നു.

പട്ടിക 2.4.19 : തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ബജറ്റ് വിഹിതവും – വർഷം തിരിച്ച്

വർഷം	സംസ്ഥാന ബജറ്റ് വിഹിതം (കോടിയിൽ)	തദ്ദേശ സ്ഥാപനങ്ങളുടെ വിഹിതം (കോടിയിൽ)	തദ്ദേശ സ്ഥാപനങ്ങളുടെ വിഹിതം (കോടിയിൽ)
2014-15	20000.00	4700.00	23.50
2015-16	27686.32	4800.00	17.34
2016-17	30534.17	5500.00	18.01
2017-18	34538.95	6227.50	18.03

അവലംബം: വാർഷിക പദ്ധതി 2016-17 & 2017-18 സംസ്ഥാന ആസൂത്രണ ബോർഡ്

ചിത്രം 2.4.11 : സംസ്ഥാന ബജറ്റ് വിഹിതവും തദ്ദേശസ്ഥാനങ്ങളുടെ വിഹിതവും (കോടിയിൽ)



അവലംബം: വാർഷിക പദ്ധതി 2016-17&2017-18 സംസ്ഥാന ആസൂത്രണ ബോർഡ്

ചിത്രം 2.4.12 : സംസ്ഥാന ബജറ്റ് വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും (ശതമാനത്തിൽ)



അവലംബം: വാർഷിക പദ്ധതി 2016-17 & 2017-18 സംസ്ഥാന ആസൂത്രണ ബോർഡ്)

സ്റ്റേറ്റ് ബജറ്റ് വിഹിതത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് 2017-18 വർഷത്തിൽ 18.03 ശതമാനവും 2016-17 വർഷത്തിൽ 18.01 ശതമാനവും വകയിരുത്തിയിട്ടുണ്ട്. 2014-15 വർഷത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള മൊത്തം ബജറ്റ് വിഹിതത്തിന്റെ 23.5 ശതമാനം വകയിരുത്തിയിരുന്നു.

2016 – 17 & 2017 – 18 വാർഷിക പദ്ധതി അവലോകനം

2016-17 സാമ്പത്തിക വർഷത്തിൽ വികസന ഫണ്ട്, മെയിന്റനൻസ്, തനതു ഫണ്ട്, വായ്പാ ബന്ധിത വിഹിതം, ഉണഭോക്തൃവിഹിതം എന്നിവ ഉൾപ്പടെ 1121.72 കോടി രൂപയുടെ പ്രൊജക്ടുകൾ ജില്ലയിൽ ഏറ്റെടുക്കുകയും ജില്ലാ പദ്ധതികളുടെ വിനിയോഗം ശരാശരി 47.41 ശതമാനവുമായിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഗ്രാമപഞ്ചായത്തിന് 648.26 കോടി രൂപയും മുനിസിപാലിറ്റികൾക്ക് 209.445 കോടി രൂപയും ബ്ലോക്ക് പഞ്ചായത്തുകൾക്ക് 140.129 കോടി രൂപയും വകയിരുത്തിയിരുന്നു. ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഗ്രാമപഞ്ചായത്തുകളിലാണ് ഏറ്റവും കൂടുതൽ ഫണ്ട് വിനിയോഗിച്ചിട്ടുള്ളത്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ട്, മെയിന്റനൻസ്, തനതു ഫണ്ട്, വായ്പാ ബന്ധിത വിഹിതം, ഉണഭോക്തൃവിഹിതം എന്നിവ ഉൾപ്പടെയുള്ള ചെലവ് ശരാശരി പരിശോധിക്കുമ്പോൾ, ഗ്രാമപഞ്ചായത്ത് ശരാശി 51.40% (2016-17) 62.7% (2017-18) വർഷത്തിലും വിനിയോഗിച്ചിട്ടുണ്ട്. ഇത് ജില്ലാ ശരാശരിയായ 47.14 (2016-17), 47.63 (2017-18) ശതമാനത്തേക്കാളും കൂടുതലാണ്. ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതി ചെലവ് ശരാശരി 36.72%(2016-17), 49.4% (2017-18) വും

മുനിസിപാലിറ്റിയുടെ ചെലവ് ശരാശരി 46.82% (2016-17) , 51% (2017-18) വും ജില്ലാ പഞ്ചായത്ത് പദ്ധതി ചെലവ് 37.70 (2016-17), 47.8 (2017-18) ശതമാനവുമാണ്.

പട്ടിക 2.4.20 : 2016 – 17&2017 – 18 വാർഷിക പദ്ധതി – അലോക്കേഷനും ചെലവും തദ്ദേശ ഭരണ സ്ഥാനങ്ങൾ തിരിച്ച് (കോടിയിൽ)

	2016-17			2017-18 നവംബർ വരെ		
തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തരങ്ങൾ	വിഹിതം (crs)	ചെലവ്	% ചെലവ്	വിഹിതം (crs)	ചെലവ്	% ചെലവ്
ജില്ലാ പഞ്ചായത്ത്	123.8851286	46.655121	37.70	188.4477279	90.135772	47.83
ബ്ലോക്ക് പഞ്ചായത്ത്	140.1290783	50.7575854	36.72	147.3498764	74.8559758	49.40
നഗരസഭകൾ	209.4456319	98.0567634	46.82	286.3474785	146.0362141	51.00
ഗ്രാമ പഞ്ചായത്ത്	648.2622267	333.25739	51.40	791.4249603	495.9647416	62.67
ആകെ	1121.722066	528.726859	47.14	188.4477279	90.135772	47.83

അവലംബം: സുലേഖ ആപ്ലിക്കേഷൻ, ഐ.കെ.എം

ചിത്രം 2.4.13 : 2016 – 17&2017 – 18 വാർഷിക പദ്ധതി അവലോകനം തദ്ദേശ ഭരണ സ്ഥാനങ്ങൾ തിരിച്ച് (കോടിയിൽ)



അവലംബം: സുലേഖ ആപ്ലിക്കേഷൻ, ഐ.കെ.എം

2016-17 സാമ്പത്തിക വർഷത്തിൽ ജില്ലയിൽ ആകെ വകയിരുത്തിയിട്ടുള്ളത് 1421.43 കോടി രൂപയാണ്. ഇവിടെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് വിഹിതവും കേന്ദ്ര വിഹിതവും ഉണഭോക്തൃ വിഹിതവും ഉൾപ്പെടെ ജില്ലയിൽ വാർഷിക പദ്ധതിയിൽ ലഭ്യമായ തുകയുടെ വിശദാംശമാണ് വിശകലനത്തിലുൾപ്പെടുത്തിയിട്ടുള്ളത്. ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾക്ക് 792.19 കോടി രൂപയും, ബ്ലോക്ക് പഞ്ചായത്തുകൾക്ക് 149.32 കോടി രൂപയും, മുനിസിപാലിറ്റികൾക്ക് 283.76 കോടി രൂപയും, ജില്ലാ പഞ്ചായത്തിന് 196.15 കോടി രൂപയും വാർഷിക പദ്ധതിയായി വകയിരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ പട്ടികയിൽ (2.4.20) കൊടുത്തിരിക്കുന്നു.

2016-17 വാർഷിക പദ്ധതി അവലോകനം –ജനറൽ / എസ്.സി / എസ്.ടി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി ചെലവുകൾ വിശകലന വിധേയമാക്കുമ്പോൾ വികസന ഫണ്ട് ജനറൽ വിഭാഗത്തിൽ താരതമ്യേന ചെലവ് കൂടുതലും പട്ടികജാതി - പട്ടികവർഗ്ഗ വികസന ഫണ്ട് പ്രൊജക്ടുകളുടെ പദ്ധതി ചെലവ് കുറവ് രേഖപ്പെടുത്തിയതായും

കാണാവുന്നതാണ്. 2016-17 സാമ്പത്തിക വർഷത്തെ മൊത്തം പ്ലാൻ വിഹിതത്തിൽ ജനറൽ വിഭാഗത്തിൽ 72.66 ശതമാനം ചെലവ് രേഖപ്പെടുത്തിയപ്പോൾ പട്ടികജാതി വികസന മേഖലയിൽ 62.62 ശതമാനവും പട്ടിക വർഗ്ഗമേഖലയിൽ 53.85 ശതമാനവുമാണ് പദ്ധതി ചെലവുള്ളത്. ഇത് സൂചിപ്പിക്കുന്നത് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവുകളിൽ പട്ടികജാതി പട്ടിക വർഗ്ഗവികസന പ്രോജക്ടുകൾക്ക് നിർവ്വഹണത്തിൽ വേണ്ടത്ര സൂക്ഷമത പുലർത്തുന്നില്ലെന്ന് വ്യക്തമാണ്. ഗ്രാമപഞ്ചായത്ത് തലത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ ജനറൽ വിഭാഗത്തിൽ 81.87% പദ്ധതി ചെലവ് വന്നപ്പോൾ പട്ടികജാതി വിഭഗത്തിൽ 65.9 ശതമാനവും പട്ടികവർഗ്ഗ മേഖലയിൽ പദ്ധതി ചെലവ് 57.52 ശതമാനവുമാണ്. ബ്ലോക്ക് തലത്തിൽ ജനറൽ വിഭാഗത്തിൽ 66.83% പദ്ധതി ചെലവ് വന്നപ്പോൾ പട്ടികജാതി മേഖലയിൽ 61.77 ശതമാനവും പട്ടികവർഗ്ഗമേഖലയിൽ പദ്ധതി ചെലവ് 44.83 ശതമാനവുമാണ്. മുനിസിപാലിറ്റി വിഭാഗത്തിൽ വികസനഫണ്ട് വിനിയോഗത്തിൽ ജനറൽ വിഭാഗത്തിൽ 83.42% നവും പട്ടികജാതി വിഭാഗത്തിൽ 61.09 ശതമാനവും പട്ടികവർഗ്ഗമേഖലയിൽ പദ്ധതി ചെലവ് 30.99 ശതമാനവുമാണ്. ജില്ലാ പഞ്ചായത്ത് ജനറൽ വിഭാഗത്തിൽ 44.52 ശതമാനവും പട്ടികജാതി മേഖലയിൽ 55.35 ശതമാനവും പട്ടിക വർഗ്ഗ മേഖലയിൽ 57.68 ശതമാനവുമാണ് ചെലവഴിച്ചിട്ടുള്ളത്.

ചിത്രം 2.4.14 : 2016-17 വാർഷിക പദ്ധതി അവലോകനം - ജനറൽ/എസ്.സി /എസ്.ടി



അവലംബം : സൂലേഖ ആപ്ലിക്കേഷൻ, ഐ.കെ.എം

പട്ടിക വർഗ്ഗമേഖലയിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായ വികസന ഫണ്ട് വിഹിതത്തിന്റെ 53.68 ശതമാനം മാത്രമാണ് 2016-17 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചിട്ടുള്ളത്. വിശദാംശങ്ങൾ പട്ടികയിൽ ചേർത്തിരിക്കുന്നു.

പട്ടിക 2.4.21 : 2016-17 വാർഷിക പദ്ധതി അവലോകനം - ജനറൽ/എസ്.സി /എസ്.ടി

തദ്ദേശ സ്ഥാപനങ്ങൾ	പദ്ധതി ചെലവ്- ജനറൽ (%)	പദ്ധതി ചെലവ്- പട്ടികജാതി (%)	പദ്ധതി ചെലവ്- പട്ടിക വർഗ്ഗം (%)	ആകെ ചെലവ് (%)
ഗ്രാമ പഞ്ചായത്ത്	81.87	65.90	57.52	70.49
ബ്ലോക്ക് പഞ്ചായത്ത്	66.83	61.77	44.83	65.15
മുനിസിപ്പാലിറ്റി	83.42	61.09	30.99	70.95
ജില്ലാ പഞ്ചായത്ത്	44.52	55.35	57.68	47.6
ആകെ	72.66	62.62	53.85	67.06

അവലംബം : സൂലേഖ ആപ്ലിക്കേഷൻ, ഐ.കെ.എം

പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിന്റെ സാമ്പത്തിക സാമൂഹിക വിദ്യാഭ്യാസപരമായ ഉന്നതി ലക്ഷ്യം വെച്ച് കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും വിവിധ പദ്ധതികൾ

സമയബന്ധിതമായി പൂർത്തീകരിക്കാത്തതു മൂലം അർഹമായ പല ആനുകൂല്യങ്ങളും കൃത്യസമയത്ത് ലഭ്യമാകാതെ വരുന്നു. പട്ടികജാതി – പട്ടികവർഗ്ഗ മേഖലയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കാര്യക്ഷമമായി ഇടപെടാനും പദ്ധതി കൂടുതൽസമയ ബന്ധിതമായി പൂർത്തീകരിക്കുവാനും സാധിക്കുന്നതാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയുടെ ആസൂത്രണ നിർവ്വഹണ ഘട്ടം മുതൽ പദ്ധതി പൂർത്തീകരണം വരെ നിരന്തര മോണിറ്ററിംഗ് സംവിധാനം ഇതിനായി മെച്ചപ്പെടുത്തേണ്ടതുണ്ട്. പട്ടികജാതി – പട്ടികവർഗ്ഗ മേഖലയിൽ ഏറ്റെടുക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വകുപ്പ് തലത്തിലും ആസൂത്രണ സമിതിയുടെ മേൽ നോട്ടത്തിലും പ്രത്യേകം അവലോകനവും നടത്തേണ്ടതുണ്ട്.

പ്രധാന നിർദ്ദേശങ്ങൾ

- വിദ്യാഭ്യാസ മേഖലയിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നൽകികൊണ്ട് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ രൂപീകരിക്കേണ്ടതാണ്.
- ജില്ലയിൽ സ്ത്രീ സാക്ഷരതാ നിരക്ക് കുറവാണ്.സ്ത്രീ സാക്ഷരതാ നിരക്ക് വർദ്ധിപ്പിച്ച് സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കേണ്ടതാണ് .
- ഭിന്നശേഷി വിഭാഗക്കരുടെ എണ്ണം ജില്ലയിൽ വർദ്ധിച്ചു വരുന്നു ഇവർക്ക് അനുയോജ്യമായ തൊഴിൽ സംരംഭങ്ങൾ സൃഷ്ടിച്ച് തൊഴിൽ പങ്കാളിത്ത നിരക്ക് വർദ്ധിപ്പിക്കാവുന്നതാണ്.
- പ്രവാസി പുനരധിവാസത്തിനായി വ്യവസായ യൂണിറ്റുകൾക്ക് മുൻഗണന നൽകേണ്ടതുണ്ട്.

ഉപസംഹാരം

ജില്ലയുടെ ലഭ്യമായ വിഭവങ്ങളെ കാര്യക്ഷമമായും ക്രിയാത്മകമായും ഉപയോഗിച്ച് മനുഷ്യ വിഭവ ശേഷി ജില്ലക്ക് അനുഗ്രഹമായ രീതിയിൽ ഉപയോഗിക്കുന്നതിന് ആവശ്യമായ പദ്ധതികളും നയപരിപാടികളും ആവിഷ്കരിക്കേണ്ടതുണ്ട്. പ്രകൃതി വിഭവങ്ങൾ നീതിയുക്തമായി ഉപയോഗിക്കേണ്ടതും അതിനാവശ്യമായ ധന വിഭവങ്ങൾ ജില്ലയുടെ ഇപ്പോഴത്തെയും ഭാവിയിലെയും ആവശ്യങ്ങൾക്കുതകുന്നവിധം വിവിധ സർക്കാർ തലങ്ങളിലും മറ്റും വകയിരുത്തേണ്ടതുണ്ട്. ജില്ലയുടെ വികസന പരിപ്രേക്ഷ്യങ്ങളിലും മേൽത്തട്ട്-കീഴ്ത്തട്ട് നിർദ്ദേശങ്ങളിലും എല്ലാ വകുപ്പുകളിൽ നിന്നും വിവിധങ്ങളായ നൂതന ആശയങ്ങളും പദ്ധതി നിർദ്ദേശങ്ങളും ജില്ലാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് .

നമ്മുടെയും വരും തലമുറയുടെയും ആവശ്യങ്ങൾക്കുതകും വിധം വിഭവങ്ങളുടെ വിനിയോഗത്തിന് വൈവിധ്യങ്ങളായ പദ്ധതികൾ വരും നാളുകളിൽ ഉണ്ടാവുമെന്ന് നമുക്ക് പ്രത്യാശിക്കാം .

3. വികസനത്തിന്റെ സ്ഥലമാനങ്ങൾ

3.1. ആമുഖം

1969 ജൂൺ 16 ന് രൂപീകൃതമായ മലപ്പുറം ജില്ല മലബാർ മേഖലയുടെ തെക്കേ അറ്റത്ത് സ്ഥിതി ചെയ്യുന്നു. കോഴിക്കോട് ജില്ലയുടേയും പാലക്കാട് ജില്ലയുടേയും ഭാഗങ്ങൾ കൂട്ടിച്ചേർത്താണ് മലപ്പുറം ജില്ലക്ക് രൂപം നൽകിയത്. ഉത്തര അക്ഷാംശം $10^0 42'$ നും $11^0 82'$ നും ഇടയിലും പൂർവ്വരേഖാംശം $75^0 48'$ നും $76^0 33'$ നും ഇടയിലായി സ്ഥിതി ചെയ്യുന്നു. ജില്ലയുടെ പ്രാദേശിക സ്ഥാനം ചിത്രം 3.1 ൽ നൽകിയിരിക്കുന്നു

ചിത്രം 3.1 : ജില്ലയുടെ പ്രാദേശിക സ്ഥാനം



ജില്ല രൂപീകരണ വേളയിൽ ഒരു നഗരസഭയും, 92 ഗ്രാമപഞ്ചായത്തുകളുമാണ് ജില്ലയിൽ ഉണ്ടായിരുന്നത്.

ജില്ലയുടെ ഭരണ സംവിധാനത്തിൽ ഇപ്പോൾ 2 റവന്യൂ ഡിവിഷനുകൾ, 7 താലൂക്കുകൾ, 132 വില്ലേജുകൾ എന്നിവ ഉൾപ്പെടുന്നു. പെരിന്തൽമണ്ണ, തിരൂർ ഡിവിഷനുകളും, പെരിന്തൽമണ്ണ, പൊന്നാനി, തിരൂർ, തിരൂരങ്ങാടി, ഏറനാട്, നിലമ്പൂർ, കൊണ്ടോട്ടി എന്നിങ്ങനെ 7 താലൂക്കുകളുമാണ് മലപ്പുറം ജില്ലയിലുള്ളത്. താലൂക്കുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, നഗരസഭകൾ എന്നിവയുടെ അതിരുകൾ സൂചിപ്പിക്കുന്ന ജില്ലാ ഭൂപടം ചിത്രം 3.2, 3.3 എന്നിവയിൽ നൽകിയിരിക്കുന്നു. പെരിന്തൽമണ്ണ, തിരൂർ, തിരൂരങ്ങാടി, മഞ്ചേരി, നിലമ്പൂർ, പൊന്നാനി, കൊണ്ടോട്ടി എന്നിവയാണ് താലൂക്ക് ആസ്ഥാനങ്ങൾ. 94 ഗ്രാമപഞ്ചായത്തുകളും, 12 മുനിസിപ്പാലിറ്റികളും, 15 ബ്ലോക്ക് പഞ്ചായത്തുകളും, ജില്ലാ പഞ്ചായത്തുമാണ് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ.

ചിത്രം 3.2 : ജില്ലയിലെ താലൂക്കുകൾ



ചിത്രം 3.3 : ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകളും/നഗരസഭകളും



അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം

പട്ടിക 3.1 : ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകളും അവയുടെ ആസ്ഥാനവും

ക്രമ നമ്പർ	ബ്ലോക്ക് പഞ്ചായത്തിന്റെ പേര്	വിസ്തൃതി	ജനസംഖ്യ 2011	ആസ്ഥാനം
1	അരീക്കോട്	236.67	267890	അരീക്കോട്
2	കാളികാവ്	138.63	361501	കാളികാവ്
3	കൊണ്ടോട്ടി	162.91	283309	കൊണ്ടോട്ടി
4	കുറ്റിപ്പുറം	162.43	236065	തൊഴുവാന്നൂർ
5	മലപ്പുറം	129.66	229691	വലിയങ്ങാടി
6	മങ്കട	239.62	332110	രാമപുരം
7	നിലമ്പൂർ	1113.92	358956	നിലമ്പൂർ
8	പെരിന്തൽമണ്ണ	231.88	224563	പെരിന്തൽമണ്ണ
9	പെരുമ്പടപ്പ്	90.41	160238	പെരുമ്പടപ്പ്
10	പൊന്നാനി	85.12	129069	എടപ്പാൾ
11	താനൂർ	131.36	332933	താനൂർ
12	തിരൂർ	102.69	225648	തെക്കുമുറി
13	തിരൂരങ്ങാടി	142.30	338605	ചെമ്മാട്
14	വേങ്ങര	116.58	263808	വേങ്ങര
15	വണ്ടൂർ	465.82	368534	വണ്ടൂർ

അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം.

പുരാതന ചരിത്രവുമായി ബന്ധപ്പെട്ട് ധാരാളം സ്ഥലങ്ങൾ ജില്ലയിൽ ഉണ്ട്. മലയാള ഭാഷയുടെ പിതാവായ തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛന്റെ ജന്മദേശം പൊന്നാനി താലൂക്കിലെ തിരുരിലാണ്. പ്രസിദ്ധ ഭക്തകവിയായ പൂന്താനം നമ്പൂതിരിയുടെ ജന്മ ഗൃഹം ജില്ലയിലെ

കീഴാറ്റൂർ പഞ്ചായത്തിലാണ്. ആയുർവേദ ചികിത്സാ രംഗത്തെ കുലപതിയായ വൈദ്യരത്നം പി.എസ്. വാരിയരുടെ കോട്ടക്കൽ ആര്യവൈദ്യശാല മലപ്പുറം ജില്ലയിലെ കോട്ടക്കലിൽ സ്ഥിതി ചെയ്യുന്നു. ലോകത്തിലെ ഏറ്റവും പഴക്കമുള്ള തേക്കിൻ തോട്ടം എന്നറിയപ്പെടുന്ന കനോലി പ്ലോട്ട് നിലമ്പൂരിലാണ്. സ്വാതന്ത്ര്യ സമര ചരിത്രവുമായി ബന്ധപ്പെട്ട് വളരെ പ്രധാനപ്പെട്ട പല സംഭവങ്ങൾക്കും മലപ്പുറം ജില്ല സാക്ഷ്യം വഹിച്ചിട്ടുണ്ട്. ധാരാളം വിനോദ സഞ്ചാര കേന്ദ്രങ്ങളും ജില്ലയിലുണ്ട്.

3.1.1 സ്ഥലപരാസൂത്രണം

"സ്ഥലപരാസൂത്രണം" എന്നാൽ സമൂഹത്തിന്റെ വികസനപരവും സാമ്പത്തികവും സാമൂഹികവും സാംസ്കാരികവും പാരിസ്ഥിതികവും, ആവാസവ്യവസ്ഥയെ സംബന്ധിച്ചുള്ളതുമായ നയങ്ങൾക്ക് ഭൂമിശാസ്ത്രപരമായ ആവിഷ്കാരം നൽകുന്ന, നഗര-ഗ്രാമപ്രദേശങ്ങളുടെ സുസ്ഥിരവും സർവ്വതോൻമുഖവുമായ വികസനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള, ഒരു സമഗ്രനയത്തിന് അനുസൃതമായി സ്ഥലത്തിന്റെ ഭൗതിക ഘടനയ്ക്ക് രൂപം നൽകുന്നതിനുവേണ്ടി സംസ്ഥാനത്തെ നഗര-ഗ്രാമാസൂത്രണത്തിനായി സ്വീകരിക്കപ്പെട്ട സമഗ്ര സമീപനത്തോടെയുള്ള ഒരു ശാസ്ത്ര വിഷയം എന്നർത്ഥമാകുന്നു.

ഒരു പ്രദേശത്തിന്റെ വികസനം, അത് പഞ്ചായത്തായാലും ജില്ലയായാലും ഒറ്റപ്പെട്ടല്ല നിൽക്കുന്നത്. ഒരു പഞ്ചായത്തിന്റെ വികസനം സമീപ പഞ്ചായത്തുകളുമായി ബന്ധപ്പെട്ടിരിക്കുന്നു. അതുപോലെ ജില്ലയുടെ വികസനം പഞ്ചായത്തുകളെ മറന്നു കൊണ്ട് ചിന്തിക്കാനുമാവില്ല. കൂടാതെ ഒരു പ്രദേശത്തിന്റെ വികസനം വിവിധ വികസന മേഖലകളുടെ സംയോജനത്തിലൂടെയാണ് കൈവരുന്നത്. വികസന മേഖലകളുടെ സംയോജനം പ്രദേശത്തിന്റെ പ്രത്യേകതകൾക്ക് അനുസൃതമായിരിക്കുകയും വേണം. ചുരുക്കത്തിൽ പ്രാദേശിക പ്രത്യേകതകൾക്ക് മുൻതൂക്കം നൽകി വിവിധ തലങ്ങളിലെ, വിവിധ മേഖലകളുടെ സംയോജനത്തിലൂടെയാണ് ഒരു പ്രദേശത്തിന്റെയഥാർത്ഥ വികസനം കൈവരിക്കാൻ സാധിക്കുന്നതെന്നർത്ഥം. ഇതിനായി പ്രദേശത്തെ മർമ്മ പ്രധാനമായ ചില മേഖലകളെയെങ്കിലും ഏകോപിപ്പിച്ച് അവയ്ക്ക് അനുപൂരകമായി മറ്റ മേഖലകളെ സ്ഥലപരമായി സംയോജിപ്പിക്കേണ്ടതുണ്ട്. ഒരു പ്രദേശത്തിന്റെ പ്രത്യേകതയ്ക്ക് മുൻതൂക്കം നൽകി വികസനം ആസൂത്രണം ചെയ്യുമ്പോൾ, സമഗ്ര പ്രാദേശിക വികസനത്തിന് എല്ലാവികസന മേഖലകളിലും മുതൽ മുടക്കേണ്ട ആവശ്യമില്ല. മറിച്ച് ഏറ്റവും അനുയോജ്യമായ വികസന മേഖലകൾ കണ്ടെത്തി അവിടെ മുതൽ മുടക്കിയാൽ മതി. ഇത് മൂലമുണ്ടാകുന്ന വികസന പ്രചോദനങ്ങൾ മറ്റ് വികസന മേഖലകളുടെ വളർച്ചയ്ക്ക് കാരണമാകുകയും, ആ പ്രദേശത്തിന്റെ സ്ഥലപരക്രമത്തിൽ മാറ്റമുണ്ടാകുകയും ചെയ്യുന്നു. അനുയോജ്യ വികസന മേഖലകളിൽ വേണ്ട വിധം മുതൽ മുടക്കുന്നതിനാവശ്യമായ നയങ്ങളും തന്ത്രങ്ങളും രൂപീകരിക്കുകയും അതുമൂലമുണ്ടാകാവുന്ന ഭൗതീക മാറ്റങ്ങൾ മുൻകൂട്ടി മനസ്സിലാക്കി സ്ഥലപരക്രമത്തിന് അനുയോജ്യമായ തരത്തിൽ നിയന്ത്രിക്കുകയും ചെയ്യാം. ഇത്തരത്തിലുള്ള ഒരു സമഗ്ര ആസൂത്രണ രീതിയെ സ്ഥലപരാസൂത്രണ രീതി എന്നു പറയുന്നു. കേരളത്തെ സംബന്ധിച്ചിടത്തോളം അമൂല്യമെന്ന് പറയാവുന്ന തീരദേശം, ഇടനാട്, മലനാട് എന്നിങ്ങനെയുള്ള തരംതിരിവിൽ തീരദേശംതീരദേശ പരിപാലന നിയമം മൂലവും, മലനാട് ചരിവുകൂടി പരിസ്ഥിതിലോല പ്രദേശങ്ങളാലും വികസനത്തിന് ഉപയുക്തമാകുന്നതിന് പരിമിതികളുണ്ട്. ഇതുമൂലം വികസനത്തിന് പ്രയോജനപ്പെടുത്താവുന്ന സ്ഥലം സംസ്ഥാനത്ത് പരിമിതമാണ്. സ്ഥലപരാസൂത്രണത്തിന് സംസ്ഥാനത്ത് ഇതുമൂലം വർദ്ധിച്ച പ്രാധാന്യമാണുള്ളത്.

നിലവിലെ സ്ഥലപര ഘടന രൂപീകരിക്കുന്നതിന് ജില്ലയിലെ പ്രധാന വിഭവങ്ങളുടെ വിതരണം, കേന്ദ്രീകരണം, മാനവ വിഭവശേഷിയുടെ ലഭ്യത, വിതരണം, ഭൂവിനിയോഗവിന്യാസം, ഭൂപ്രകൃതിയുടെ വ്യതിയാനങ്ങൾ, പരിസ്ഥിതിലോല പ്രദേശങ്ങളുടെ വിന്യാസം, വിവിധ പ്രദേശങ്ങൾ തമ്മിലുള്ള ഗതാഗത ബന്ധം ഗ്രാമീണ/നാഗരികസ്വഭാവം,

നഗരവത്കരണം, വിവിധ പശ്ചാത്തല സൗകര്യങ്ങളുടെ വിതരണം എന്നിവ ഇവിടെ പഠന വിധേയമാകുന്നു.

3.2 പ്രാദേശിക പശ്ചാത്തലം

കേരളത്തിന്റെ വടക്കേ അറ്റത്തു നിന്നും അഞ്ചാമതായി മലപ്പുറം ജില്ല സ്ഥിതി ചെയ്യുന്നു. വടക്ക് കോഴിക്കോട്, വയനാട്, കിഴക്ക് തമിഴ്നാട്ടിലെ നീലഗിരി ജില്ല, തെക്ക് പാലക്കാട്, തൃശ്ശൂർ ജില്ലകളും പടിഞ്ഞാറ് അറബിക്കടലുമാണ് ജില്ലയുടെ അതിരുകൾ.

സംസ്ഥാന തലസ്ഥാനമായ തിരുവനന്തപുരത്ത് നിന്നും റോഡ് മാർഗ്ഗം 400 കി.മീ. ഉം വാണിജ്യതലസ്ഥാനമായ എറണാകുളത്തു നിന്നും 160 കി.മീ. ഉം വടക്ക് മാറിയും മലബാറിലെ പ്രധാന വാണിജ്യകേന്ദ്രമായ കോഴിക്കോട് നിന്നും 50 കി.മീ. തെക്ക് മാറിയും ജില്ലാ ആസ്ഥാനം സ്ഥിതി ചെയ്യുന്നു. ജില്ലയുടെ സമീപ നഗരങ്ങളായ തൃശ്ശൂർ, പാലക്കാട്, ഗുരുവായൂർ എന്നിവിടങ്ങളിൽ നിന്നും യഥാക്രമം 90 കി.മീ., 90 കി.മീ., 60 കി.മീ. അകലവുമാണുള്ളത്. ജില്ലയുടെ പ്രാദേശിക ബന്ധം കാണിക്കുന്ന ഭൂപടം ചിത്രം 3.4 ൽ കാണിച്ചിരിക്കുന്നു.

ചിത്രം 3.4 : ജില്ലയുടെ
പ്രാദേശിക ബന്ധങ്ങൾ



കൊച്ചി-മംഗലാപുരം ദേശീയപാതയും (എൻ.എച്ച് 66) പാലക്കാട്-കോഴിക്കോട് ദേശീയപാതയും (എൻ.എച്ച് 966) ആണ് ജില്ലയിലൂടെ കടന്നു പോകുന്ന രണ്ട് പ്രധാന റോഡുകൾ. ജില്ലയിലൂടെ കടന്നു പോകുന്ന പ്രധാന സംസ്ഥാന പാതകളാണ് പെരുമ്പിലാവ് - നിലമ്പൂർ റോഡ്, കോഴിക്കോട്- നിലമ്പൂർ - ഗൂഡല്ലൂർ റോഡ്, തിരൂർ -മലപ്പുറം റോഡ്, പരപ്പനങ്ങാടി - മലപ്പുറം റോഡ് എന്നിവ.

തെക്ക് തിരുവനന്തപുരം വരെയും വടക്ക് കാസർഗോഡുമായും കിഴക്ക് പാലക്കാട് ജില്ലയിലേക്കും റെയിൽ വഴിയും ജില്ല ബന്ധപ്പെട്ടിരിക്കുന്നു. ജില്ലാ ആസ്ഥാനമായ മലപ്പുറത്തിന് റെയിൽ ശൃംഖലയോട് സാമീപ്യമില്ല. എന്നാൽ ഷൊർണ്ണൂർ-മംഗലാപുരം പാതയും, ഷൊർണൂർ-നിലമ്പൂർ പാതയും ജില്ലയിലൂടെ കടന്നു പോകുന്നു. കുറ്റിപ്പുറം, തിരൂർ, താനൂർ, പരപ്പനങ്ങാടി, അങ്ങാടിപ്പുറം, നിലമ്പൂർ റോഡ് എന്നിവയാണ് ജില്ലയിലെ പ്രധാന റെയിൽവേ സ്റ്റേഷനുകൾ. സംസ്ഥാനത്തെ പ്രധാന കേന്ദ്രങ്ങളായ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവ ജില്ലയിലെ പ്രധാന റെയിൽവേ സ്റ്റേഷനായ തിരൂരിൽ നിന്നും യഥാക്രമം 373കി.മീ., 152 കി.മീ, 40 കി.മീ അകലത്തിൽ സ്ഥിതി ചെയ്യുന്നു.

മലബാർ മേഖലയിലെ ഒരേയൊരു എയർപോർട്ടായ കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളം പള്ളിക്കൽ പഞ്ചായത്തിലെ കരിപ്പൂരിൽ മലബാർ മേഖലയിലെ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊണ്ട് സ്ഥിതി ചെയ്യുന്നു. ഇത് ജില്ലാ ആസ്ഥാനത്ത് നിന്നും 22 കി.മീ അകലെയാണ്.

ജില്ലയിലെ നിലവിലെ റോഡ്, റെയിൽ ശൃംഖല കാണിക്കുന്ന ഭൂപടം ചിത്രം 3.5 ൽ കാണിച്ചിരിക്കുന്നു.

ചിത്രം 3.5 : നിലവിലെ റോഡ് –റെയിൽ ശൃംഖല



അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം.

3.2.1 സംഗ്രഹം

റെയിൽ, റോഡ്, വായു മാർഗ്ഗേന സംസ്ഥാനത്തിന്റേയും രാജ്യത്തിന്റേയും മറ്റു ഭാഗങ്ങളുമായി നല്ല രീതിയിൽ മലപ്പുറം ജില്ല ബന്ധപ്പെട്ടിരിക്കുന്നു.

3.3 ഭൂ പ്രകൃതി

ഒരു പ്രദേശത്ത് വരുന്ന പ്രവർത്തനങ്ങളെ നിർണ്ണയിക്കുന്ന പ്രധാന ഘടകമാണ് അവിടുത്തെ ഭൂപ്രകൃതി. മലപ്പുറം ജില്ല അതിന്റെ പേരിനെ അന്വർത്ഥമാക്കുന്ന വിധം ധാരാളം കുന്നുകളും മലകളുമുള്ള ജില്ലയാണ്. ധാരാളം തെങ്ങിൻതോപ്പുകളും കാടും പുഴകളും എല്ലാം കൂടിക്കലർന്ന വളരെ സവിശേഷതയാർന്ന ഒരു ഭൂപ്രകൃതിയാണുള്ളത്. ഈ ഭൂപ്രകൃതിക്ക് മാറ്റുകൂട്ടും വിധം ജലസമൃദ്ധമായ പുഴകൾ –ചാലിയാർ കടലുണ്ടിപ്പുഴ, ഭാരതപ്പുഴ, തിരൂർപ്പുഴ, പൂരപ്പുഴ, കരിമ്പുഴ, കുതിരപ്പുഴ, ഇരുപ്പുഴ എന്നീ പുഴകൾ വളഞ്ഞുപുളഞ്ഞ് ജില്ലയിലൂടെ ഒഴുകുന്നു.

3.3.1 ഭൂപ്രകൃതിയും ഭൗതിക സവിശേഷതകളും

ജില്ലയെ അതിന്റെ ഭൂപ്രകൃതിയുടേയും ഭൗതിക സവിശേഷതകളുടേയും അടിസ്ഥാനത്തിൽ മലനാട്, ഇടനാട്, തീരപ്രദേശം എന്നിങ്ങനെ മൂന്നായി തരംതിരിച്ചിരിക്കുന്നു. നിലമ്പൂർ താലൂക്ക് പൂർണ്ണമായും മലനാട്ടിൽ ഉൾപ്പെടുന്നു. തിരൂരങ്ങാടി, തിരൂർ, കൊണ്ടോട്ടി താലൂക്കുകൾ തീരപ്രദേശത്തും ഇടനാട്ടിലുമായി വ്യാപിച്ചു കിടക്കുന്നു. ജില്ലയുടെ ഭൂപ്രകൃതിയെ അടിസ്ഥാനമാക്കിയുള്ള വിവിധ മേഖലകൾ ചിത്രം 3.6 ൽ കാണിച്ചിരിക്കുന്നു.

ചിത്രം 3.6 : ജില്ലയുടെ ഭൂപ്രകൃതിയെ അടിസ്ഥാനമാക്കിയുള്ളവിവിധ മേഖലകൾ



അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം

പൊന്നാനി, താലൂക്ക് പൂർണ്ണമായും തീരപ്രദേശത്താണ്. പെരിന്തൽമണ്ണ, ഏറനാട് എന്നീ താലൂക്കുകൾ ഇടനാട്ടിലാണ് സ്ഥിതി ചെയ്യുന്നത്. ജനസാന്ദ്രത ഏറ്റവും കൂടുതൽ തീരദേശങ്ങളിലും ഏറ്റവും കുറവ് മലനാട്ടിലുമാണ്.

ജില്ലയുടെ ഭൂപ്രകൃതി വിശകലനം ചെയ്തതിൽ ജില്ലയുടെ ആകെ വിസ്തൃതിയുടെ 18.48% തീരപ്രദേശങ്ങളിലും 44.93% ഇടനാട്ടിലും, 36.59% മലനാട്ടിലും ഉൾപ്പെടുന്നു. ജില്ലയിലെ വനപ്രദേശത്തിന്റെ ഭൂരിഭാഗവും നിലമ്പൂർ താലൂക്കിലാണ് ഉൾപ്പെടുന്നത്. ഈ മേഖല ജനസാന്ദ്രത വളരെ കുറഞ്ഞ പ്രദേശമാണ്.

ജില്ലയിലെ പ്രകൃതിഭംഗി നിലനിർത്തിക്കൊണ്ടുതന്നെ വികസനത്തിന് അനുയോജ്യമായതും അല്ലാത്തതുമായ പ്രദേശങ്ങൾ കണ്ടെത്തുന്നതിനായി ജില്ലയുടെ കോണ്ടൂർ ഭൂപടം വിശകലനം ചെയ്യേണ്ടതുണ്ട്. ജില്ലയുടെ കോണ്ടൂർ ഭൂപടം ചിത്രം3.7 ൽ കാണിച്ചിരിക്കുന്നു.

ചിത്രം 3.7 : ജില്ലയുടെ കോണ്ടൂർ മാപ്പ്



അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം

ജില്ലയുടെ കോണ്ടൂർ മാപ്പിനെ അടിസ്ഥാനമാക്കി ജില്ലയിലെ വിവിധ പ്രദേശങ്ങളുടെ ചരിവ് വിലയിരുത്തുകയുണ്ടായി. ഓരോ പ്രദേശത്തും സാധ്യമാവുന്ന വികസന പ്രവർത്തനങ്ങളെ നിർണ്ണയിക്കുന്ന പ്രധാന ഘടകം ആ പ്രദേശത്തിന്റെ ചരിവ് ആണ്. ഒരു പ്രദേശത്തിന്റെ ചരിവ് 0^0 ക്കും 15^0 ക്കും ഇടയിലാണെങ്കിൽ പ്രധാനമായും മനുഷ്യ ആവാസ വ്യവസ്ഥക്ക് അനുയോജ്യവും, 15^0 ക്കും 30^0 ക്കും ഇടയിലാണെങ്കിൽ കൃഷിയും അനുബന്ധ ഉപയോഗങ്ങൾക്കും അനുയോജ്യമായതും, 30^0 ക്കും 50^0 ക്കും ഇടയിലാണെങ്കിൽ പ്രധാനമായും ഹോർട്ടിക്കൾച്ചറിന് യോജിച്ചതുമാണ്. ചരിവ് 50^0 യിലും അധികമുള്ള പ്രദേശങ്ങൾ കൂടുതലും വനപ്രദേശങ്ങളും, മറ്റ് വികസന പ്രവർത്തനങ്ങൾക്ക് അനുയോജ്യമല്ലാത്തതും, മണ്ണിടിച്ചിലിന് സാധ്യതയുള്ള പ്രദേശങ്ങളും ആണ്.

ചിത്രം 3.8 : ജില്ലയുടെ ചരിവ്



ചിത്രം 3.9 : ജില്ലയുടെ ഭൂപ്രകൃതി



അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം

ചിത്രം 3.10 : ജില്ലയിലെ
വനമേഖലയുടെ കേന്ദ്രീകരണം

3.3.2 വനങ്ങളും പർവതങ്ങളും

ജില്ലയുടെ ആകെ വിസ്തൃതി 3550 ചകിമീ ആണ്. അതിൽ 835.92 ചകിമീ. വനപ്രദേശമുൾകൊള്ളുന്നു. ഇതിൽ റിസർവ് വനങ്ങളും നിക്ഷിപ്ത വനമേഖലയും ഉൾപ്പെടുന്നു. (വനം വകുപ്പിന്റെ കീഴിലുള്ള റബ്ബർ തോട്ടങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല). വനമേഖല നിലമ്പൂർ, വണ്ടൂർ ബ്ലോക്കുകളിലും, പശ്ചിമഘട്ട താഴ്വരയിലുള്ള മേലാറ്റൂർ പ്രദേശങ്ങളിലുമാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. മലപ്പുറം ജില്ലയിലെ വനങ്ങളെ നിത്യഹരിത വനങ്ങളെന്നും, ഇലപൊഴിയും വനങ്ങളെന്നും രണ്ടായി തിരിച്ചിരിക്കുന്നു. ഇതിൽ 80 ശതമാനവും ഇലപൊഴിയും വനങ്ങളും ശേഷിക്കുന്നവ നിത്യഹരിത വനങ്ങളുമാണ്.

നിത്യഹരിത വനങ്ങൾ പശ്ചിമഘട്ടത്തിന്റെ ചരിവുകളിലും, ഇലപൊഴിയും വനങ്ങൾ പശ്ചിഘട്ടത്തിന്റെ തന്നെ താഴ്ന്ന പ്രദേശങ്ങളിലും സമതല പ്രദേശങ്ങളിലുമാണ് കാണപ്പെടുന്നത്. വനമേഖല സ്ഥിതി ചെയ്യുന്നത് അമരമ്പലം, എടക്കര, ചുങ്കത്തറ, കാളികാവ്, നിലമ്പൂർ. മമ്പാട്, ഊർങ്ങാട്ടിരി, കരുവാരക്കുണ്ട്, നിലമ്പൂർ താലൂക്കിലെ പെരകമണ്ണ പ്രദേശങ്ങൾ, പെരിന്തൽമണ്ണ താലൂക്കിലെ മങ്കട, വെട്ടത്തൂർ, കാര്യവട്ടം, അരക്കുപറമ്പ് പ്രദേശങ്ങളിലും ആണ്.



അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം

ജില്ലയുടെ വടക്ക് കിഴക്കൻ ഭാഗങ്ങളിൽ പർവതങ്ങളും മലകളുമാണ്. ജില്ലയിലുള്ള പ്രധാന മലകളാണ് വായുത് മല, വെള്ളരി മല, ചക്ക മല, ഈരോത്ത് മല, പന്തല്ലൂർ മല എന്നിവ. ധാതുലവണ സമ്പത്തിന്റെ കാര്യത്തിൽ മലപ്പുറം ഒട്ടും സമ്പന്നമല്ല. പ്രാദേശികമായി വെട്ടുകല്ല് എന്നറിയപ്പെടുന്ന ലാറ്ററൈറ്റ് സ്റ്റോൺ ഇടനാട്ടിൽ ധാരാളമായി കാണപ്പെടുന്നു. നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഇത് വളരെ ലാഭകരമായി ഉപയോഗിക്കാൻ കഴിയുന്നു. ഈ മേഖലയിൽ ആയിരക്കണക്കിന് ആളുകൾക്ക് തൊഴിൽ നൽകിക്കൊണ്ട് നൂറുകണക്കിന് വെട്ടുകല്ല് ക്വാറികൾ ജില്ലയിൽ പ്രവർത്തിക്കുന്നു.

3.3.3 ജലാശയങ്ങൾ

സംസ്ഥാനത്തെ പ്രധാന ജലസ്രോതസ്സുകളാൽ അനുഗ്രഹീതമായ ജില്ലയാണ് മലപ്പുറം. ചാലിയാർ, കടലുണ്ടിപ്പുഴ, ഭാരതപ്പുഴ, തിരൂർപ്പുഴ എന്നിവയാണ് പ്രധാന നദികൾ. തമിഴ് നാട്ടിലെ ഇല്ലമ്പതേരി കുന്നുകളിൽ നിന്ന് ഉത്ഭവിച്ച് ബേപ്പൂരിൽ വെച്ച് കടലിൽ പതിക്കുന്ന ചാലിയാറിന്റെ നീളം 169 കി.മീ. ആണ്. കോഴിക്കോട് ജില്ലയുടേയും, മലപ്പുറം ജില്ലയുടേയും ആവശ്യങ്ങൾ നിറവേറ്റിയിരുന്നു. ഇരുവഴിഞ്ഞിപ്പുഴ, ചെറുപുഴ, ഈങ്ങപ്പുഴ, നീർപ്പുഴ, പാണ്ടിപ്പുഴ, കാഞ്ഞിരംപുഴ, ഉറുവൻപുഴ എന്നിവ ചാലിയാറിന്റെ പോഷക നദികളാണ്.

ഒലിപ്പുഴയും വേളിയാറും കൂടി സംഗമിച്ചൊഴുകുന്ന കടലുണ്ടിപ്പുഴ (130 കി.മീ.) വളഞ്ഞുപുളഞ്ഞൊഴുകി കടലുണ്ടിൽ വെച്ച് അറബിക്കടലിൽ പതിക്കുന്നു. പൂർണ്ണമായും മലപ്പുറം

ജില്ലയിലൂടെ ഒഴുകുന്ന കടലുണ്ടിപ്പുഴയുടെ ഡ്രെയിനേജ് ഏരിയ 1274 ച.കി.മീ ആണ്.

ചിത്രം 3.1 : ജില്ലയിലെ പ്രധാന ജലാശയങ്ങൾ



അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം

കേരളത്തിലെ രണ്ടാമത്തെ നീളം കൂടിയ നദിയായ ഭാരതപ്പുഴ ജില്ലയുടെ തെക്ക് ഭാഗത്തു കൂടി ഒഴുകി അറബിക്കടലിൽ പതിക്കുന്നു. തൂതപ്പുഴ സൈലന്റ് വാലിയിൽ നിന്നുത്ഭവിച്ച് ഏലംകുളം, പുലാമന്തോൾ എന്നിവിടങ്ങളിലൂടെ ഒഴുകി പള്ളിപ്പുറത്ത് വെച്ച് ഭാരതപ്പുഴയിൽ ചേരുന്നു. പൗരാണിക കാലഘട്ടത്തിലെ ലിഖിതങ്ങളിൽ ഭരതപ്പുഴക്ക് പേരാർ എന്ന് പേര് രേഖപ്പെടുത്തിയതായി കണ്ടിട്ടുണ്ട്. തൂതപ്പുഴ, ഗായത്രിപ്പുഴ, കൽപ്പാത്തിപ്പുഴ, കണ്ണാടിപ്പുഴ എന്നിവയാണ് പോഷക
നദികൾ. എക്കാലവും ജലസമൃദ്ധമായിരുന്ന ഭാരതപ്പുഴയും ചാലിയാറും ഇന്ന് മരിച്ചു കൊണ്ടിരിക്കുകയാണ്. അനിയന്ത്രിതമായ മണലൂറ്റലും, മാലിന്യ നിക്ഷേപവും പുഴയെ അങ്ങേയറ്റം നശിപ്പിച്ചു കഴിഞ്ഞിരിക്കുന്നു.

വർഷക്കാലത്തെ നീരൊഴുക്ക് കഴിഞ്ഞാൽ പുഴ പൂർണ്ണമായും വറ്റി വരണ്ടു പോകുന്ന ദയനീയ കാഴ്ചയാണ് ഇപ്പോൾ കാണാനുള്ളത്. 3 ജില്ലകൾക്കും ഉപകാരപ്രദമായിട്ടുള്ള ഭാരതപ്പുഴയേയും, 2 ജില്ലകൾക്ക് ഉപകാരപ്രദമായിട്ടുള്ള ചാലിയാറിനേയും സംരക്ഷിച്ചു നിർത്തുന്നതിനും ജലസമൃദ്ധമാക്കുന്നതിനും ആവശ്യമായ പദ്ധതികൾ തയ്യാറാക്കേണ്ടതുണ്ട്. 48 കി.മീ. നീളമുള്ള തിരൂർ പുഴ തിരൂർ താലൂക്കിലെ ആതവനാട് കുന്നുകളിൽ നിന്നുത്ഭവിച്ച് തെക്ക് പടിഞ്ഞാറ് ദിശയിൽ ഒഴുകുന്ന പുഴ കടലിന് സമാന്തരമായി ഒഴുകി പൊന്നാനിയിൽ വെച്ച് ഭാരതപ്പുഴയിൽ ചേരുന്നു.

ബിയ്യം കായൽ, പൊന്നാനിക്ക് സമീപമുള്ള വെളിയംകോട് കായൽ എന്നിവയാണ് ജില്ലയിലെ പ്രധാന കായലുകൾ. ബിയ്യം കായൽ ഒരു വിനോദ സഞ്ചാര കേന്ദ്രമാണ്. ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ അവിടെ ബോട്ടിംഗിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. പൊന്നാനി താലൂക്കിലെ മണിയാർ കായൽ, വളാഞ്ചേരി കായൽ, മാറഞ്ചേരി കായൽ എന്നിവയാണ് മറ്റു ചെറിയ കായലുകൾ.

3.3.4 ഭൂവിനിയോഗവും ജനസംഖ്യാ കേന്ദ്രീകരണവും

ജനസംഖ്യയുടെ വ്യത്യാസം, ഭൗതിക സൗകര്യങ്ങളുടെ വിതരണം, ഭൂവിനിയോഗം എന്നിവയിൽ ജില്ലയുടെ ഭൂപ്രകൃതിയുടെ പ്രത്യേകതകൾ സ്വാധീനം ചെലുത്തുന്നു. ജില്ലയിലെ ഉയർന്ന പ്രദേശം പ്രധാനമായും വനഭൂമിയാണ്. തോട്ട ഭൂമിയുടെ കേന്ദ്രീകരണം ജില്ലയുടെ വടക്കും, വടക്ക് കിഴക്ക് ഭാഗത്തുമാണ് പ്രധാനമായിട്ടുള്ളത്. ജില്ലയുടെ ജനസംഖ്യയുടെ മൂന്നിൽ രണ്ട് ഭാഗവും ഇടനാട്ടിലും തീരപ്രദേശത്തുമായി 38.81% വരുന്ന ഭൂപ്രദേശത്താണ് കേന്ദ്രീകരിച്ചിരിക്കുന്നത്. ഇടനാട്ടിലും തീരപ്രദേശങ്ങളിലുമായാണ് ജനസംഖ്യയുടെ കൂടുതൽ ഭാഗവും കേന്ദ്രീകരിച്ചിരിക്കുന്നത്. ജില്ലയിലെ ഉയർന്ന പ്രദേശങ്ങളിലാണ് ജനസാന്ദ്രത വളരെ

കുറഞ്ഞ നിരക്ക് കാണിക്കുന്നത്. ഭൗതിക സൗകര്യങ്ങളുടെ ഏറ്റക്കുറച്ചിലും ഭൂപ്രകൃതിയും ജനസാന്ദ്രതയെ സ്വാധീനിക്കുന്നു.

3.3.5 സംഗ്രഹം

ജില്ലയുടെ ഭൂപ്രകൃതിയുടെ വിശകലനത്തിൽ ജില്ലയുടെ ഏകദേശം 23.55% വരുന്ന ഭാഗം കുത്തനെയുള്ള ചരിവോടു കൂടിയ ഉയർന്ന പ്രദേശവും വനഭൂമിയുമാണ്. ശേഷിക്കുന്ന ഭാഗം ഇടനാട്, തീരപ്രദേശം എന്നീ ഭൂവിഭാഗത്തിൽ ഉൾപ്പെടുന്നു. ഉയർന്ന പ്രദേശങ്ങൾ പരിസ്ഥിതി ലോല പ്രദേശങ്ങളാണ്. ശേഷിക്കുന്ന ഭാഗത്ത് വികസന നിയന്ത്രിത പ്രദേശങ്ങൾ ഒഴികെ വരുന്ന ഭാഗത്ത് വികസന പ്രവർത്തനങ്ങൾ നിയന്ത്രിച്ചു നിർത്തേണ്ടതാണ്. പരിസ്ഥിതിക്കും വനത്തിനും ദോഷകരമായി ബാധിക്കാത്ത വിധത്തിലുള്ള കൃഷിയും അനുബന്ധ പ്രവർത്തികളും ഉയർന്ന പ്രദേശങ്ങളിലെ അധിവാസ കേന്ദ്രങ്ങളിൽ പ്രോത്സാഹിപ്പിക്കാവുന്നതാണ്. ചരിവ് കൂടുതലുള്ള പ്രദേശങ്ങളിൽ മണ്ണ് സംരക്ഷണത്തിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്.

3.4 ഭൂവിനിയോഗത്തിന്റെ വിന്യാസം, കേന്ദ്രീകരണം

ജില്ലയുടെ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഭൂമിയുടെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഏത് വികസന മേഖലക്കാണ് (കൃഷിഭൂമി, വാസഭൂമി, വാണിജ്യഭൂമി, വനം മുതലായവ) മുൻതൂക്കമെന്ന് മനസ്സിലാക്കുവാൻ കഴിയുന്നു. ഒരു പ്രദേശത്തെ മുഖ്യപ്രവർത്തനം അവിടുത്തെ ഭൂവിനിയോഗത്തെ സൂചിപ്പിക്കുന്നു. ഇത് കൃഷിയോ പാർപ്പിട സംബന്ധമോ വാണിജ്യപരമോ വനമേഖലയോ ഏതുമാകാം. ഒരു പ്രദേശത്തെ മുഖ്യമായ സാമ്പത്തിക പ്രവർത്തനവും അതുപോലെ ഭാവിയിലെ സാമ്പത്തിക പ്രവർത്തനത്തിന് ആവശ്യമായ ഉറസ്സായ സ്ഥലലഭ്യതയും കണ്ടെത്തുവാൻ നിലവിലെ ഭൂവിനിയോഗത്തിന്റെ വിശകലനം അനിവാര്യമാണ്. ജില്ലയിലെ ഭൂവിനിയോഗ ഘടനയും സാമ്പത്തിക പ്രവർത്തനവും അതുപോലെ അവ തമ്മിലുള്ള പരസ്പര ബന്ധവും കണ്ടെത്തുന്നതിന് 106 തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലേയും ഭൂവിനിയോഗ സർവെ പൂർണ്ണമാക്കേണ്ടതുണ്ട്. ഇതിന് വളരെയധികം സമയം ആവശ്യമാണ്. ഇക്കാരണത്താൽ NREDB യിൽ നിന്ന് ആവശ്യമായ വിവരങ്ങളും, കേരള ലാൻഡ് യൂസ് ബോർഡിൽ നിന്നും ലഭിക്കുന്ന ഭൂവിനിയോഗവും ഉപയോഗിച്ച് സ്ഥലപരവിശകലനം നടത്തുന്നു. വിവരങ്ങളുടെ സ്രോതസ്സ് IRS P6, LISSIV, IC/ID LISS III+PAN Satellite Data (ഇന്ത്യയുടെ സാറ്റലൈറ്റിൽ നിന്നുള്ള ഡാറ്റ) മേൽപ്പറഞ്ഞ ഡാറ്റാ ബേസ് മുഖ്യമായും കൃഷിയോട് അനുബന്ധവുമാണ്. ഇക്കാരണത്താൽ തന്നെ ഇതിന് പരിമിതിയുണ്ട്.

3.4.1 മലപ്പുറം ജില്ലയിലെ ഭൂവിനിയോഗം

ജില്ലയുടെ ആകെ വിസ്തൃതി 3550 ച.കി.മീറ്ററാണ്. ജില്ലയുടെ ഭൂവിനിയോഗ ഭൂപടം ആണ് ചിത്രം 3.12 ൽ കാണിച്ചിരിക്കുന്നത്.

ചിത്രം 3.12 : മലപ്പുറം ജില്ലയിലെ ഭൂവിനിയോഗം



അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം.

ജില്ലയുടെ ഭൂവിനിയോഗത്തിന്റെ വിഭജനവും ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ അതിന്റെ ശതമാനവും പട്ടിക 3.2 ൽ കാണിച്ചിരിക്കുന്നു.

പട്ടിക 3.2 : മലപ്പുറം ജില്ലയിലെ ഭൂവിനിയോഗത്തിന്റെ വിഭജനം

നിലവിലുള്ള ഭൂവിനിയോഗം	വിസ്തൃതി (ച.കി.മീ)	വിസ്തൃതി (%)
കാർഷിക ഭൂവിനിയോഗം	2583.58	72.78
നിർമ്മിത ഭൂവിനിയോഗം	42.89	1.21
വനം	835.92	23.55
ജലാശയങ്ങൾ	87.61	2.47
ആകെ	3550	100

അവലംബം: എൻ.ആർ.ഇ.ഡി.ബി ഡാറ്റ 2010

3.4.2 ഭൂവിനിയോഗങ്ങളുടെ കേന്ദ്രീകരണം

ജില്ലയുടെ ആകെ വിസ്തൃതിയിൽ എറിയ പങ്കും കാർഷിക മേഖലയിലാണ് വരുന്നത്. ഇത് 2583.58 വരും. ഈ മേഖലയിൽ വാസ ഗൃഹങ്ങളും പുരയിട കൃഷിഭൂമിയും ഒരുമിച്ച് കാണുന്നു. സ്വാഭാവിക ഭൂവിനിയോഗങ്ങളായ 87.61 ച.കി.മീ. വരുന്ന ജലാശയങ്ങളും 535.92 ച.കി.മീ. വിസ്തൃതി വരുന്ന വനപ്രദേശവും ഭൂവിനിയോഗത്തിൽ പ്രധാന പങ്കു വഹിക്കുന്നു. ആകെയുള്ള കാർഷിക ഭൂവിനിയോഗത്തിൽ വിവിധ തരം ഭൂവിനിയോഗങ്ങളായി വീണ്ടും വിഭജിച്ചതിന്റെ പട്ടിക 3.3 ൽ താഴെ ചേർത്തിരിക്കുന്നു.

പട്ടിക 3.3 : കാർഷിക ഭൂവിനിയോഗത്തിൽ വിവിധ തരം ഭൂവിനിയോഗങ്ങളുടെ വിഭജനം

ക്രമ നമ്പർ	ഭൂവിനിയോഗം	വിസ്തൃതി (ച.കി.മീ)
1	കമുക്	241.164
2	വാഴ	43.507

ക്രമ നമ്പർ	ഭൂവിനിയോഗം	വിസ്തൃതി (ച.കി.മീ)
3	വാഴ, മരച്ചീനി	0.294
4	പാറ നിറഞ്ഞ സ്ഥലങ്ങൾ	6.630
5	കശുവണ്ടി	1.996
6	തെങ്ങ്	14.276
7	തെങ്ങ്, കമുക്	1.752
8	മറ്റ വിളകളോടു കൂടിയ തെങ്ങിൻ തോട്ടം	1099.858
9	ഡബിൾ ക്രോപ്പ്	48.581
10	കുറ്റിച്ചെടികൾ നിറഞ്ഞ സ്ഥലങ്ങൾ	159.367
11	കുറ്റിച്ചെടികൾ ഇല്ലാത്ത സ്ഥലങ്ങൾ	2.695
12	മിക്സഡ് ക്രോപ്പ്	340.421
13	മിക്സഡ് ടീസ്	0.366
14	കുരുമുളക്	0.474
15	റബ്ബർ	416.12
16	മരച്ചീനി	0.177
17	തേക്ക്	4.527
18	ടിപ്പിൾ ക്രോപ്പ്	0.952
19	വിരിപ്പ് (ഒന്നാം വിള)	200.420
	ആകെ	2583.58

അവലംബം: എൻ.ആർ.ഇ.ഡി.ബി ഡാറ്റ 2010.

ജില്ലയിലെ കാർഷിക മേഖലയുടെ ആകെ വിസ്തൃതിയുടെ 9.66% നെൽവയലുകളാണ്. ആകെ വിസ്തൃതിയുടെ 42.52% തെങ്ങ് കൃഷി മുഖ്യമായിട്ടുള്ള സമ്മിശ്ര കൃഷിമേഖലയും, 13.16% മറ്റ സമ്മിശ്ര കൃഷികളും ആണ്. ആകെ വിസ്തൃതിയുടെ 16.18% റബ്ബർ കൃഷിയും, 10% കവുങ്ങും വരുന്നു. ഇത് കൂടാതെ യൂക്കാലി, മുള, കശുമാവ് മുതലായവയും ജില്ലയിൽ കൃഷി ചെയ്യപ്പെടുന്നു.

ജില്ലയുടെ ഭൂവിനിയോഗത്തിന്റെ വിശകലനത്തിൽ ജില്ലയുടെ മൊത്തം വിസ്തൃതിയുടെ ഭൂരിഭാഗവും പാർപ്പിട കാർഷിക സമ്മിശ്ര മേഖല (72.78%), വനമേഖല (23.55%), ജലാശയങ്ങളും (2.47%) എന്നിങ്ങനെ മൂന്ന് മേഖലകളിലാണ് വരുന്നത് എന്ന് വ്യക്തമാണ്. ഭൂവിനിയോഗ വിശകലനം നടത്തിയതിൽ നിന്നും ജില്ല സമൃദ്ധ വിഭവങ്ങളായ കൃഷിഭൂമിയാലും, വനമേഖലയാലും സമ്പുഷ്ടമാണ് എന്ന് കാണാം.

കശുവണ്ടി/ഓറഞ്ച്/കുരുമുളക്/പൈനാപ്പിൾ/വിരുപ്പ് (ഒന്നാം വിള) / മുണ്ടകൻ/ ഡബിൾ ക്രോപ്പ്/ടിപ്പിൾ ക്രോപ്പ്/കൃഷി ഫാം/മിക്സഡ് ടീസ് എന്നീ വിഭാഗങ്ങളിൽപ്പെട്ട ഭൂവിനിയോഗങ്ങൾ എന്നിവ എൻആർഇഡിബി യിൽ നിന്നും ലഭിച്ച മാപ്പിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഭൂവിനിയോഗ മാപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കാർഷിക ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണ ഘടനയിൽ നിന്ന് കാർഷിക ഭൂവിനിയോഗം ജില്ലയുടെ ഉയർന്ന പ്രദേശങ്ങളിലൊഴികെ മറ്റെല്ലാ ഭാഗത്തും കേന്ദ്രീകരിച്ചിരിക്കുന്നതായി കാണാം. ജലസ്രോതസ്സുകളുടെ സ്ഥാനവും കാർഷിക ഭൂവിനിയോഗത്തിൽ സ്വാധീനം ചെലുത്തു . കാർഷിക ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണം ചിത്രം 3.13 ൽ കാണിച്ചിരിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കാർഷിക ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണ സൂചകത്തിന്റെ വ്യതിയാനം ചിത്രം 3.14 ൽ കാണിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അവയുടെ കേന്ദ്രീകരണ സൂചകവും അനുബന്ധം 3.1 ൽ കാണിച്ചിരിക്കുന്നു.

ചിത്രം 3.13 :മലപ്പുറം ജില്ലയിലെ കാർഷിക ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണം



ചിത്രം 3.14 :മലപ്പുറം ജില്ലയിലെ കാർഷിക ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണത്തിലെ വ്യതിയാനം



അവലംബം: എൻ.ആർ.ഇ.ഡി.ബി ഡാറ്റ 2010.

കാർഷിക ഭൂവിനിയോഗത്തിന്റെ ഏറ്റവും ഉയർന്ന കേന്ദ്രീകരണം കാണുന്നത് ഇടനാട്ടിലുള്ള തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലാണ്.

3.4.3 നിർമ്മിത ഭൂവിനിയോഗം

ചിത്രം 3.15 : മലപ്പുറം ജില്ലയിലെ നിർമ്മിത ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണം



ചിത്രം 3.16 : മലപ്പുറം ജില്ലയിലെ ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണത്തിന്റെ വ്യതിയാനം



അവലംബം: എൻ.ആർ.ഇ.ഡി.ബി ഡാറ്റ 2010.

നിർമ്മിത ഭൂവിനിയോഗങ്ങളായ താമസ, വാണിജ്യ/വ്യാവസായിക നിർമ്മാണങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുതലായ എല്ലാ നിർമ്മാണങ്ങളും ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു. ചിത്രം 3.15 ൽ ഈ ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണ ഘടന കാണിച്ചിരിക്കുന്നു. ഈ ഭൂവിനിയോഗം പ്രധാനമായും ജില്ലയുടെ പടിഞ്ഞാറു ഭാഗത്തും തെക്ക് കിഴക്ക് ഭാഗത്തും കേന്ദ്രീകരിച്ചിരിക്കുന്നതായി കാണാം. നഗര അധിവാസ കേന്ദ്രങ്ങളിലെ ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണ സൂചകവും പ്രധാന ഗതാഗത ഇടനാഴികളോട് ചേർന്നുള്ള തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലെ കേന്ദ്രീകരണ സൂചകവും മറ്റ് പ്രദേശങ്ങളിലേതിനേക്കാൾ ഉയർന്നതാണെന്ന് കാണാം. ജില്ലയിലെ ഉയർന്ന പ്രദേശങ്ങളിലെ തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലെ കേന്ദ്രീകരണ സൂചകം, ആ പ്രദേശങ്ങളിലെ സാമ്പത്തിക പ്രവർത്തനങ്ങൾ ദ്വിതീയ, തൃതീയ മേഖലകളെ പൂർണ്ണമായും ആശ്രയിച്ചല്ല എന്നതിന്റെ സൂചനയാണ്. നിർമ്മിത ഭൂവിനിയോഗത്തിന്റെ ഉയർന്ന സൂചകമുള്ള തദ്ദേശ സ്വയംഭരണ പ്രദേശങ്ങളുടെ (കേന്ദ്രീകരണ സൂചകം ഒന്നിനേക്കാൾ കൂടുതൽ) പട്ടിക അനുബന്ധം 3.1 ൽ കൊടുത്തിരിക്കുന്നു. നിർമ്മിത ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണ സൂചകം 1 ൽ കൂടുതലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കേന്ദ്രീകരണ സൂചകത്തിന്റെ വ്യതിയാനം ചിത്രം 3.16 ൽ കൊടുത്തിരിക്കുന്നു.

3.4.4 വനഭൂവിനിയോഗം

വനഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണ ഘടന താഴെ ചിത്രം 3.17 ൽ നൽകിയിരിക്കുന്നു. ഈ ഭൂവിനിയോഗം പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത് ജില്ലയുടെ വടക്ക് കിഴക്കൻ ഭാഗങ്ങളിലാണ്. ജില്ലയുടെ വനഭൂമിയുടെ വിസ്തൃതി 835.92 ച.കി.മീ. ആണ് ഇത് ജില്ലയുടെ ആകെ വിസ്തൃതിയുടെ 23.55 ശതമാനമാണ്. വനഭൂവിനിയോഗം കേന്ദ്രീകരിച്ചിരിക്കുന്നത് പോത്തുകല്ല്, ചുങ്കത്തറ, ചാലിയാർ, എടക്കര, വഴിക്കടവ്, കരുളായി, അമരമ്പലം, ചോക്കാട്, കരുവാരക്കുണ്ട്, ഊർങ്ങാട്ടിരി, മമ്പാട് എന്നീ തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലാണ്.

ചിത്രം 3.17 : വനഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണം



അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം.

3.4.5 ജലാശയങ്ങൾ

വറ്റാത്ത ജലാശയങ്ങൾ, ജലസംഭരണികൾ, കനാലുകൾ, റിസർവോയർ സൈഡ്, റിവർ സൈഡ്, റിവർ ഐലന്റ്, ജലാശയങ്ങൾ, കായലുകൾ എന്നിവ ഇതിലുൾപ്പെടുന്നു. പ്രധാന നദികളായ ചാലിയാർ, കടലുണ്ടി, ഭാരതപ്പുഴ, തിരൂർ പുഴ, ബിയ്യം കായൽ, വെളിയംകോട് കായൽ എന്നിവയാണ് ഈ ഭൂവിനിയോഗത്തിൽ ഉൾപ്പെടുന്നത്.

3.4.6 തോട്ടങ്ങൾ

റബ്ബർ, തേയില, കാപ്പി, ഏലം, യൂക്കാലി, തേക്ക്, മുള മുതലായ എല്ലാ വിഭാഗം തോട്ടങ്ങളും ഈ വിഭാഗത്തിൽ പെടുന്നു. ജില്ലയുടെ കിഴക്കും, വടക്ക് കിഴക്കൻ ഭാഗങ്ങളിലും ഈ മേഖല കേന്ദ്രീകരിച്ചിരിക്കുന്നു. ഈ മേഖലയുടെ കേന്ദ്രീകരണ ഘടന ചിത്രം 3.18 ൽ കാണിച്ചിരിക്കുന്നു. ചിത്രത്തിൽ നിന്നും മുള ചാലിയാർ, ചുങ്കത്തറ, പോത്തുകല്ല് എന്നീ പ്രദേശങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്നതായി കാണാം.

ചിത്രം 3.18 : തോട്ടങ്ങളുടെ കേന്ദ്രീകരണ ഘടന



അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം.

3.4.7 തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ ഭൂവിനിയോഗ ഘടനയെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തന സ്വഭാവം

പ്രധാന ഭൂവിനിയോഗങ്ങളുടെ കേന്ദ്രീകരണ പ്രദേശങ്ങൾ മുകളിൽ വിശകലനം ചെയ്യുകയുണ്ടായി. പ്രധാന ഭൂവിനിയോഗങ്ങളും അതിന്റെ കേന്ദ്രീകരണ ഘടനയും സ്ഥലപരമായി വിശകലനം ചെയ്തതിൽ വിവിധ വിഭാഗം ഭൂവിനിയോഗങ്ങളെ കാർഷികം, നഗരം, തോട്ടം, കാർഷികേതരം, വനം എന്നിങ്ങനെ നാല് വിഭാഗങ്ങളാക്കി പ്രവർത്തന മേഖലകളെ കണ്ടെത്തുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലുള്ള വിവിധ

മേഖലകളുടെ കേന്ദ്രീകരണ ഘടന ചിത്രം 3.19 ൽ കാണിച്ചിരിക്കുന്നു. ഇതിനെ അടിസ്ഥാനമാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവർത്തനം കണ്ടെത്തുന്നു.

ചിത്രം 3.19 : കാർഷിക ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണ ഘടന



അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം.

അപ്രകാരം ഭൂവിനിയോഗ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലയെ നാല് വ്യത്യസ്ത മേഖലകളായി – നാഗരിക പ്രവർത്തന മേഖല, കാർഷിക മേഖല, തോട്ടം മേഖല, വന വിഭവ മേഖല എന്നിങ്ങനെ മുകളിൽ സൂചിപ്പിച്ച മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ പ്രവർത്തന മേഖലകളെ ചിത്രം 3.20 ലും, പട്ടിക 3.4 ലും കാണിച്ചിരിക്കുന്നു.

ചിത്രം 3.20 : ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവർത്തന മേഖലകൾ



അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം.

പട്ടിക 3.4 : ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവർത്തന മേഖലകൾ

ക്രമ നം	തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര്	ഭൂവിനിയോഗത്തെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തന ഘടന	ക്രമ നം	തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര്	ഭൂവിനിയോഗത്തെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തന ഘടന
1.	എ.ആർ നഗർ	നഗരം	54	മമ്പാട്	വനം
2.	ആലങ്ങോട്	നഗരം	55	മംഗലം	നഗരം
3.	ആലിപറമ്പ്	കൃഷി	56	മഞ്ചേരി	നഗരം
4.	അമരമ്പലം	വനം	57	മങ്കട	കൃഷി
5.	ആനക്കയം	കൃഷി	58	മാറാക്കര	നഗരം
6.	അങ്ങാടിപ്പുറം	നഗരം	59	മാറഞ്ചേരി	കൃഷി
7.	അരീക്കോട്	നഗരം	60	മേലാറ്റൂർ	കൃഷി
8.	ആതവനാട്	നഗരം	61	മൂർക്കനാട്	കൃഷി
9.	ചാലിയാർ	വനം	62	മൊറയൂർ	കൃഷി
10.	ചേലമ്പ്ര	നഗരം	63	മൂന്നിയൂർ	നഗരം
11.	ചെറിയമുണ്ടം	കൃഷി	64	മൂത്തേടം	കൃഷി
12.	ചെറുകാവ്	കൃഷി	65	മുതുവല്ലൂർ	നഗരം
13.	ചീക്കോട്	നഗരം	66	മക്കരപറമ്പ്	കൃഷി
14.	ചോക്കാട്	വനം	67	നന്നമ്പ്ര	കൃഷി
15.	ചുങ്കത്തറ	വനം	68	നന്നംമുക്ക്	കൃഷി
16.	എടക്കര	വനം	69	നിലമ്പൂർ	കൃഷി
17.	എടപ്പാൾ	കൃഷി	70	നിറമരുതൂർ	നഗരം
18.	എടപ്പറ്റ	കൃഷി	71	ഒതുക്കുങ്ങൽ	നഗരം
19.	എടരിക്കോട്	നഗരം	72	ഒഴൂർ	നഗരം
20.	എടവണ്ണ	നഗരം	73	പള്ളിക്കൽ	നഗരം
21.	എടയൂർ	കൃഷി	74	പാണ്ടിക്കാട്	കൃഷി
22.	ഏലംകുളം	നഗരം	75	പരപ്പനങ്ങാടി	നഗരം
23.	ഇരിമ്പിളിയം	കൃഷി	76	പറപ്പൂർ	നഗരം
24.	കാലടി	കൃഷി	77	പെരിന്തൽമണ്ണ	നഗരം
25.	കാളികാവ്	കൃഷി	78	പെരുമണ്ണ ക്ലാരി	കൃഷി
26.	കൽപ്പകഞ്ചേരി	നഗരം	79	പെരുമ്പടപ്പ്	നഗരം
27.	കണ്ണമംഗലം	കൃഷി	80	പെരുവള്ളൂർ	നഗരം
28.	കരുളായി	വനം	81	പൊന്മള	കൃഷി
29.	കരുവാരക്കുണ്ട്	വനം	82	പൊന്മുണ്ടം	നഗരം
30.	കാവനൂർ	കൃഷി	83	പൊന്നാനി	നഗരം
31.	കീഴാറ്റൂർ	കൃഷി	84	പൂക്കോട്ടൂർ	കൃഷി
32.	കീഴുപറമ്പ്	നഗരം	85	പോരൂർ	കൃഷി
33.	കോഡൂർ	കൃഷി	86	പോത്തുകല്ല്	വനം
34.	കൊണ്ടോട്ടി	നഗരം	87	പുലാമന്തോൾ	കൃഷി
35.	കൂട്ടിലങ്ങാടി	കൃഷി	88	പുളിക്കൽ	കൃഷി
36.	കോട്ടക്കൽ	നഗരം	89	പുൽപ്പറ്റ	കൃഷി
37.	കുറുവ	കൃഷി	90	പുറത്തൂർ	നഗരം
38.	കുറ്റിപ്പുറം	നഗരം	91	പുഴക്കാട്ടിരി	കൃഷി
39.	കുഴിമണ്ണ	നഗരം	92	താനൂർ	നഗരം
40.	മലപ്പുറം	നഗരം	93	തവനൂർ	കൃഷി

ക്രമ നം	തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര്	ഭൂവിനിയോഗത്തെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തന ഘടന	ക്രമ നം	തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര്	ഭൂവിനിയോഗത്തെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തന ഘടന
41.	തലക്കാട്	നഗരം	94	ഊർങ്ങാട്ടിരി	വനം
42.	താനാളൂർ	നഗരം	95	വളാഞ്ചേരി	നഗരം
43.	താഴേക്കോട്	കൃഷി	96	വളവന്നൂർ	നഗരം
44.	തേഞ്ഞിപ്പലം	നഗരം	97	വള്ളിക്കുന്ന്	നഗരം
45.	തെന്നല	കൃഷി	98	വട്ടംകുളം	നഗരം
46.	തിരുനാവായ	നഗരം	99	വാഴക്കാട്	നഗരം
47.	തിരൂർ	നഗരം	100	വാഴയൂർ	നഗരം
48.	തിരൂരങ്ങാടി	നഗരം	101	വഴിക്കടവ്	വനം
49.	തിരുവാലി	കൃഷി	102	വെളിയംകോട്	നഗരം
50.	തുക്കലങ്ങോട്	കൃഷി	103	വേങ്ങര	നഗരം
51.	തുവ്വൂർ	കൃഷി	104	വെട്ടത്തൂർ	കൃഷി
52.	തൃപ്രങ്ങോട്	കൃഷി	105	വെട്ടം	നഗരം
53.	ഊരകം	കൃഷി	106	വണ്ടൂർ	കൃഷി

അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം.

വളരെ ഉയർന്ന കാർഷിക പശ്ചാത്തലമുള്ള ജില്ലയിൽ കാർഷികോത്പന്നങ്ങളുടെ സംസ്കരണവുമായി ബന്ധപ്പെട്ടും കാർഷിക മേഖലയുമായി ബന്ധപ്പെട്ടതുമായ പലതരം ചെറുകിട വ്യവസായങ്ങൾക്ക് സാധ്യതയുണ്ട്. സീസണലായി ലഭിക്കുന്ന ധാരാളം കാർഷിക ഉൽപ്പന്നങ്ങൾ മലപ്പുറം ജില്ലയിൽ ലഭ്യമായതിനാൽ ഇതിനെ കേന്ദ്രീകരിച്ചും സ്ത്രീ തൊഴിൽ പങ്കാളിത്ത നിരക്ക് വളരെ കുറവു കാണിക്കുന്ന ജില്ലയിൽ തൊഴിൽ പങ്കാളിത്ത നിരക്ക് ഉയർത്തുന്നതിനും അതു വഴി ജില്ലക്ക് സാമ്പത്തിക നേട്ടം കൈവരിക്കുന്നതിനും സ്ത്രീ സൗഹൃദ വ്യവസായങ്ങൾക്ക് സാധ്യതയുള്ളതായി കാണുന്നു.

ജനസാന്ദ്രത, ഭൂവിനിയോഗം, വികസന നിയന്ത്രിത മേഖലകൾ എന്നിവയെ അടിസ്ഥാനമാക്കി വിശകലനം നടത്തിയതിൽ നിന്നാണ് ജില്ലയിൽ ചെറുകിട വ്യവസായങ്ങൾക്ക് അനുയോജ്യമായ മേഖലകൾ ചിത്രം 3.21 ലും പട്ടിക 3.5 ലും താഴെ കാണിച്ചിരിക്കുന്നു.

ചിത്രം 3.21 : ജില്ലയിൽ ചെറുകിട വ്യവസായങ്ങൾക്ക് അനുയോജ്യമായ മേഖലകൾ



അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം.

പട്ടിക 3.5 : ചെറുകിട വ്യവസായങ്ങൾക്ക് അനുയോജ്യമായ മേഖലകൾ

ക്രമ നമ്പർ	ചെറുകിട വ്യവസായങ്ങൾക്ക് അനുയോജ്യമായ മേഖലകൾ	ക്രമ നമ്പർ	ചെറുകിട വ്യവസായങ്ങൾക്ക് അനുയോജ്യമായ മേഖലകൾ	ക്രമ നമ്പർ	ചെറുകിട വ്യവസായങ്ങൾക്ക് അനുയോജ്യമായ മേഖലകൾ
1	എ.ആർ നഗർ	31	കുറ്റിപ്പുറം	61	പോത്തുർ
2	ആലങ്ങോട്	32	കുഴിമണ്ണ	62	പുലാമന്തോൾ
3	ആലിപറമ്പ്	33	മലപ്പുറം	63	പുളിക്കൽ
4	ആനക്കയം	34	മംഗലം	64	പുൽപ്പറ്റ
5	അങ്ങാടിപ്പുറം	35	മഞ്ചേരി	65	പുറത്തുർ
6	അരീക്കോട്	36	മങ്കട	66	പുഴക്കാട്ടിരി
7	ആതവനാട്	37	മാറാക്കര	67	തവനുർ
8	ചേലമ്പ്ര	38	മാറഞ്ചേരി	68	തലക്കാട്
9	ചെറിയമുണ്ടം	39	മേലാറ്റുർ	69	താനാളുർ
10	ചെറുകാവ്	40	മൂർക്കനാട്	70	താഴേക്കോട്
11	ചീക്കോട്	41	മൊറയുർ	71	തേഞ്ഞിപ്പലം
12	എടപ്പാൾ	42	മൂന്നിയൂർ	72	തെന്നല
13	എടപ്പറ്റ	43	മൂത്തേടം	73	തിരുനാവായ
14	എടരിക്കോട്	44	മുതുവല്ലുർ	74	തിരുവാലി
15	എടവണ്ണ	45	മക്കരപറമ്പ്	75	തുക്കലങ്ങോട്
16	എടയുർ	46	നന്നമ്പ്ര	76	തുവ്വുർ
17	ഏലംകുളം	47	നന്നംമുക്ക്	77	തൃപ്രങ്ങോട്
18	ഇരിമ്പിളിയം	48	നിലമ്പുർ	78	ഊരകം
19	കാലടി	49	ഒതുക്കുങ്ങൽ	79	വളാഞ്ചേരി
20	കാളികാവ്	50	ഒഴുർ	80	വളവന്നുർ
21	കൽപ്പകഞ്ചേരി	51	പള്ളിക്കൽ	81	വള്ളിക്കുന്ന്
22	കണ്ണമംഗലം	52	പാണ്ടിക്കാട്	82	വട്ടംകുളം
23	കാവനുർ	53	പറപ്പുർ	83	വാഴക്കാട്
24	കീഴാറ്റുർ	54	പെരിന്തൽമണ്ണ	84	വാഴയുർ
25	കീഴുപറമ്പ്	55	പെരുമണ്ണ ക്ലാരി	85	വെളിയംകോട്
26	കോഡുർ	56	പെരുമ്പടപ്പ്	86	വേങ്ങര
27	കൊണ്ടോട്ടി	57	പെരുവള്ളുർ	87	വെട്ടത്തുർ
28	കൂട്ടിലങ്ങാടി	58	പൊന്മള	88	വെട്ടം
29	കോട്ടക്കൽ	59	പൊന്മുണ്ടം	89	വണ്ടുർ
30	കുറുവ	60	പൂക്കോട്ടുർ		

അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം.

രണ്ടും മൂന്നും ക്രമത്തിലുള്ള അധിവാസ കേന്ദ്രങ്ങൾ, ജനസാന്ദ്രത, ഭൂമിയുടെ ചരിവ്, വികസന നിയന്ത്രിത മേഖലകൾ എന്നിവയെ അടിസ്ഥാനമാക്കി വിശകലനം നടത്തിയതിൽ നിന്നാണ് ജില്ലയിൽ വൻകിട വ്യവസായങ്ങൾക്ക് അനുയോജ്യമായ തദ്ദേശ സ്വയംഭരണ പ്രദേശങ്ങൾ കണ്ടെത്തിയത്.

ജില്ലയിൽ വൻകിട വ്യവസായങ്ങൾക്ക് അനുയോജ്യമായ മേഖലകൾ കാണിക്കുന്ന ചിത്രം 3.22 ലും പട്ടിക 3.6 ലും താഴെ കാണിച്ചിരിക്കുന്നു.

ചിത്രം 3.22 : ജില്ലയിൽ വൻകിട വ്യവസായങ്ങൾക്ക് അനുയോജ്യമായ മേഖലകൾ



അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം.

പട്ടിക 3.6 : വൻകിട വ്യവസായങ്ങൾക്ക് അനുയോജ്യമായ മേഖലകൾ

ക്രമ നമ്പർ	വൻകിട വ്യവസായങ്ങൾക്ക് അനുയോജ്യമായ മേഖലകൾ	ക്രമ നമ്പർ	വൻകിട വ്യവസായങ്ങൾക്ക് അനുയോജ്യമായ മേഖലകൾ
1	അങ്ങാടിപ്പുറം	5	തേഞ്ഞിപ്പലം
2	കൊണ്ടോട്ടി	6	വളാഞ്ചേരി
3	മഞ്ചേരി	7	വാഴക്കാട്
4	നിലമ്പൂർ	8	വണ്ടൂർ

അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം.

ഭൂവിനിയോഗം, ജനസാന്ദ്രത, അധിവാസ കേന്ദ്രങ്ങളുടെ സ്വഭാവം, ഭൂമിയുടെ ചരിവ് എന്നിവയെ അടിസ്ഥാനമാക്കി വിശകലനം നടത്തിയതിൽ നിന്നാണ് ജില്ലയിൽ കൃഷിക്ക് അനുയോജ്യമായ തദ്ദേശസ്വയംഭരണ പ്രദേശങ്ങൾ കണ്ടെത്തിയത്.

ജില്ലയിൽ കൃഷിക്ക് അനുയോജ്യമായ മേഖലകൾ കാണിക്കുന്ന ചിത്രം 3.23 ലും പട്ടിക 3.7 ലും താഴെ കാണിച്ചിരിക്കുന്നു.

ചിത്രം 3.23 : ജില്ലയിൽ കൃഷിക്ക് അനുയോജ്യമായ മേഖലകൾ



അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം.

പട്ടിക 3.7 : കൃഷിക്ക് അനുയോജ്യമായ മേഖലകൾ

ക്രമ നമ്പർ	കൃഷിക്ക് അനുയോജ്യമായ മേഖലകൾ	ക്രമ നമ്പർ	കൃഷിക്ക് അനുയോജ്യമായ മേഖലകൾ	ക്രമ നമ്പർ	കൃഷിക്ക് അനുയോജ്യമായ മേഖലകൾ
1	ആലങ്ങോട്	20	കൂട്ടിലങ്ങാടി	39	പോത്തൂർ
2	ആലിപറമ്പ്	21	കുറുവ	40	പുലാമന്തോൾ
3	ആനക്കയം	22	കുറ്റിപ്പുറം	41	പുളിക്കൽ
4	അങ്ങാടിപ്പുറം	23	കഴിമണ്ണ	42	പുൽപ്പറ്റ
5	ആതവനാട്	24	മങ്കട	43	പുഴക്കാട്ടിരി
6	ചീക്കോട്	25	മാറാക്കര	44	തവനൂർ
7	എടപ്പാൾ	26	മേലാറ്റൂർ	45	താഴേക്കോട്
8	എടപ്പറ്റ	27	മൂർക്കനാട്	46	തേഞ്ഞിപ്പലം
9	എടരിക്കോട്	28	മൊറയൂർ	47	തിരുവാലി
10	എടവണ്ണ	29	മൂത്തേടം	48	തൃക്കലങ്ങോട്
11	എടയൂർ	30	മുതുവല്ലൂർ	49	തുവ്വൂർ
12	ഏലംകുളം	31	മക്കരപറമ്പ്	50	തൃപ്രങ്ങോട്
13	ഇരിമ്പിളിയം	32	നന്നംമുക്ക്	51	ഊരകം
14	കാലടി	33	പള്ളിക്കൽ	52	വള്ളിക്കുന്ന്
15	കാളികാവ്	34	പാണ്ടിക്കാട്	53	വട്ടംകുളം
16	കണ്ണമംഗലം	35	പെരുമ്പടപ്പ്	54	വാഴക്കാട്
17	കാവനൂർ	36	പെരുവള്ളൂർ	55	വാഴയൂർ
18	കീഴാറ്റൂർ	37	പൊന്മള	56	വെട്ടത്തൂർ
19	കീഴുപറമ്പ്	38	പൂക്കോട്ടൂർ	57	വണ്ടൂർ

അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം.

3.4.9 സംഗ്രഹം

വിസ്തൃതമായ ഭൂമിയാലും പ്രകൃതി വിഭവങ്ങളാലും അനുഗ്രഹീതമായ ജില്ലയാണ് മലപ്പുറം. ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശങ്ങളിലും കാർഷിക ഭൂവിനിയോഗത്തിന്റെ സാന്ദ്രത ഉയർന്നതാണ്.

ജില്ലയുടെ വടക്കും വടക്ക് കിഴക്കും ഭാഗത്തുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വനഭൂമിയുമായി ബന്ധപ്പെട്ട പ്രവർത്തന സ്വഭാവമാണ്. തീരപ്രദേശത്തോട് ചേർന്നു വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നാഗരിക സ്വഭാവമാണ്. ഇടനാട്ടിൽ വരുന്ന തദ്ദേശ സസ്വയംഭരണ പ്രദേശങ്ങൾ കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തന സ്വഭാവമാണ്.

നഗരവൽക്കരണത്തിന്റെ തോത് ഉയർന്നു വരുന്നതായി കാണുന്നു. ആയതിനാൽ ഉയർന്നുവരുന്ന നഗരവൽക്കരണത്തിന്റെ തോത് കൂടി പരിഗണിച്ചു കൊണ്ടാവണം വിവിധ മേഖലകളിലെ പദ്ധതികൾക്കായി ഉചിതമായ സ്ഥലം തെരെഞ്ഞെടുക്കുന്നത്.

3.5 വികസന നിയന്ത്രിത മേഖലകൾ

ജില്ലയിലെ എല്ലാ പ്രദേശങ്ങളും വികസനത്തിന് അനുയോജ്യമായിരിക്കണമെന്നില്ല. ഭൂപ്രകൃതി, ഭൂവിനിയോഗം, തുടങ്ങിയ ഘടകങ്ങൾക്കു പുറമെ സംരക്ഷിക്കപ്പെടേണ്ട പരിസ്ഥിതിലോല പ്രദേശങ്ങൾ, പ്രകൃതി ദുരന്തം സംഭവിക്കാവുന്ന പ്രദേശങ്ങൾ, ഏതെങ്കിലും നിയമത്തിന്റെ അടിസ്ഥാനത്തിൽ വികസനം നിയന്ത്രിക്കപ്പെട്ടിരിക്കുന്ന പ്രദേശങ്ങൾ എന്നിവ മാറ്റി നിർത്തിക്കൊണ്ടു മാത്രമേ ജില്ലയിലെ വികസന പ്രവർത്തനങ്ങൾ വിഭാവനം ചെയ്യാൻ സാധിക്കുകയുള്ളൂ. ജില്ലയിലെ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത് താഴെ പറയുന്ന ഘടകങ്ങളെ ആസ്ഥാനമാക്കിയാണ്.

3.5.1 നെൽവയൽ – തണ്ണീർത്തട സംരക്ഷണ നിയമം

അനിയന്ത്രിതമായ നികത്തലുകളിൽ നിന്നും രൂപാന്തരപ്പെടലുകളിൽ നിന്നും നെൽവയലുകളേയും, തണ്ണീർത്തടങ്ങളേയും സംരക്ഷിക്കുന്നതിനായി കേരള സർക്കാർ നടപ്പാക്കിയ നിയമമാണ് നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം 2008. കേരളത്തിലെ അതിവേഗം നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന നെൽവയലുകളേയും, തണ്ണീർത്തടങ്ങളേയും സംരക്ഷിച്ചു നിർത്തുന്നതിനും, കേരളത്തിലെ കാർഷിക മേഖലയുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുക, പരിസ്ഥിതി സംതുലനാവസ്ഥ നില നിർത്തുക എന്നീ ഉദ്ദേശ്യങ്ങളോടെയാണ് ഈ നിയമം നടപ്പാക്കിയിട്ടുള്ളത്. കേരളത്തിൽ 1970 ൽ 8.75 ലക്ഷം ഹെക്ടർ നെൽപ്പാടങ്ങൾ ഉണ്ടായിരുന്നതിൽ മുക്കാൽ പങ്കും നികത്തിക്കഴിഞ്ഞു. മലപ്പുറം ജില്ലയിലും ഭൂരിഭാഗം വയലുകളും നികത്തപ്പെട്ടു കഴിഞ്ഞു.

പിതാമഹന്മാരിൽ നിന്നും നമുക്ക് കൈമാറി വന്ന ഭൂമി വലിയ പരിക്കുകളൊന്നുമില്ലാതെ അടുത്ത തലമുറക്ക് കൈമാറേണ്ടതുണ്ടെന്നും അത് നമ്മുടെ കടമയാണെന്നുമുള്ള തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ മാനവികമായ ഉൾക്കാഴ്ചയോടെ പ്രയോഗത്തിൽ വരുത്തിയ നിയമമാണിത്. ഈ നിയമം നിലവിൽ വന്നതു മുതൽ കേരളത്തിലെ നീർത്തടങ്ങൾ എങ്ങനെയാണോ നിലനിൽക്കുന്നത് അപ്രകാരം സംരക്ഷിക്കപ്പെടേണ്ടതുണ്ട്.

മലപ്പുറം ജില്ലയിൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്ന ഭാഗങ്ങൾ ഉൾക്കൊള്ളുന്ന ഭൂപടം താഴെ ചേർക്കുന്നു.

ചിത്രം 3.24 : തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങൾ



അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം.

3.5.2 തീരദേശ പരിപാലനവും തീരദേശ നിയന്ത്രണവും

തീരദേശ സംരക്ഷണം ഉറപ്പാക്കുന്നതിനും തീരദേശത്തിന്റെ സുസ്ഥിര വികസനം കൈവരിക്കുന്നതിനും വേണ്ടി പരിസ്ഥിതി സംരക്ഷണ നിയത്തിന്റെ പരിധിയിലുൾപ്പടുത്തി 1991 ൽ നിയമം വിജ്ഞാപനം ചെയ്തു.

വർദ്ധിച്ച ജനസാന്ദ്രതയാൽ വീർപ്പു മുട്ടുന്ന ഒരു പ്രദേശമാണ് തീരദേശം. അതിനാൽ പാർപ്പിടങ്ങൾക്കും തൊഴിൽ സംരഭങ്ങൾക്ക് വേണ്ടിയും ധാരാളം നിർമ്മാണ പ്രവർത്തനങ്ങൾ ഈ പ്രദേശത്ത് അനിയന്ത്രിതമായി നടന്നു വരുന്നു. തീരദേശത്തിന്റേയും തീരക്കടലിന്റേയും, കായലുകൾ, നദികൾ എന്നിവയുടേയും പരിസ്ഥിതി സംതുലിതാവസ്ഥയെ ഹാനികരമായി ബാധിക്കുന്ന തരത്തിലുള്ള എല്ലാത്തരം ഇടപെടലുകളേയും ഒഴിവാക്കി തീരദേശവാസികൾക്കും അവിടുത്തെ ജൈവ വൈവിദ്ധ്യത്തിനും സുസ്ഥിര വികസനം ഉറപ്പു വരുത്തുന്നതിനായാണ് ഈ നിയമം ലക്ഷ്യം വെക്കുന്നത്.

3.5.3 മലപ്പുറം ജില്ലയിലെ തീര നിയന്ത്രണ പ്രദേശങ്ങൾ

കേരളത്തിലെ തീരപ്രദേശത്തോട് ചേർന്ന് 8 പഞ്ചായത്തുകളും 3 മുനിസിപ്പാലിറ്റികളും നിലവിലുണ്ട്. ഇത് കൂടാതെ കായൽ, നദി എന്നിവയോട് ചേർന്ന് കിടക്കുന്ന 6 പഞ്ചായത്തുകളും മലപ്പുറം ജില്ലയിൽ നിലവിലുണ്ട്. തീരത്തിനോട് സമാന്തരമായി ഒഴുകുന്ന കനോലി കനാലും തീരദേശ നിയന്ത്രണത്തിന്റെ പരിധിയിൽ വരുന്നുണ്ട്. കനാലിന്റെ വശങ്ങളിൽ കനാലിന്റെ വീതിക്കു തുല്യമായ ഭാഗം മാത്രമാണ് നിയന്ത്രണ വിധേയമായിട്ടുള്ളത്.

3.5.4 തീരദേശ നിയന്ത്രണ മേഖലകളും നിയന്ത്രണങ്ങളും

ജൈവ വ്യവസ്ഥയുടെ സാന്നിദ്ധ്യം, പരിസ്ഥിതി പ്രാധാന്യം, വികസിത-അവികസിത പ്രദേശങ്ങൾ എന്നിയെ അടിസ്ഥാനമാക്കി കേരളത്തിലെ തീരപ്രദേശങ്ങളെ CRZ-I, CRZ-II, CRZ-III എന്നീ മേഖലകളായി തിരിച്ചിട്ടുണ്ട്. ഓരോ മേഖലയിലും തീരദേശ നിയന്ത്രണ നിയമം വ്യത്യസ്തമായിട്ടാണ് നടപ്പാക്കുന്നത്. എല്ലാ മേഖലയിലും പൊതുവായി നിരോധിച്ചിട്ടുള്ള പ്രവർത്തികളും ഉണ്ട്.

കണ്ടൽക്കാട് പ്രദേശങ്ങൾ, ചതുപ്പുകൾ, മത്സ്യ പ്രജനന കേന്ദ്രങ്ങൾ, ചരിത്ര സ്മാരകങ്ങൾ, അനിതര സാധാരണ പ്രകൃതി ദൃശ്യ പ്രദേശങ്ങൾ, സാംസ്കാരിക പൈതൃക പ്രദേശങ്ങൾ തുടങ്ങിയവ CRZ-Iപ്രദേശങ്ങളിൽപ്പെടുന്നു.

തീരദേശ മുനിസിപ്പാലിറ്റികളിലേയും കോർപ്പറേഷനുകളിലേയും CRZ I ൽ പെടാത്ത വികസിത പ്രദേശങ്ങളാണ് CRZ-IIവിഭാഗത്തിൽ പെടുന്നത്. കേരളത്തിലെ എല്ലാ തീരദേശ മുനിസിപ്പാലിറ്റികളും, കോർപ്പറേഷനുകളും ഇതിൽപ്പെടുത്തിയിരിക്കുന്നു. ഈ മേഖലയിൽ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നിയന്ത്രണങ്ങൾ പരിമിതമാണ്. തീരദേശ റോഡുകളുടെ അല്ലെങ്കിൽ നിർമ്മാണാനുമതി ലഭിച്ചിട്ടുള്ള റോഡുകളുടേയും അംഗീകൃത കെട്ടിടങ്ങളുടേയും കരഭാഗത്തേക്ക് നിർമ്മാണ പ്രവർത്തനങ്ങൾ അനുവദനീയമാണ്. തീരദേശ നിയമം പ്രാബല്യത്തിൽ വന്ന തീയതിക്കു മുൻപ് നിലവിലിരുന്ന റോഡുകളും കെട്ടിടങ്ങളുമാണ് ഇതിനായി പരിഗണിക്കുന്നത്.

അവികസിത പ്രദേശങ്ങളാണ് CRZ-III വിഭാഗത്തിൽ വരുന്നത്. കേരളത്തിലെ എല്ലാ തീരദേശ പഞ്ചായത്തുകളിലേയും CRZ-I ൽ പെടാത്ത തീര നിയന്ത്രണ പ്രദേശം CRZ-III ൽ ഉൾപ്പെടുന്നു. വേലിയേറ്റ രേഖയിൽ നിന്ന് 200 മീറ്റർ മുതൽ 500 മീറ്റർ വരെയുള്ള ഭാഗത്ത് പരമ്പരാഗത തീരദേശവാസികൾക്ക് വീടുകൾ നിർമ്മിക്കാവുന്നതാണ്.

നടപ്പിലാക്കാനുള്ള അധികാര കേന്ദ്രങ്ങൾ

1. തദ്ദേശ സ്വയംഭരണ വകുപ്പ്
2. കേരള സംസ്ഥാല തീരദേശ മാനേജ്മെന്റ് അതോറിറ്റി
3. ദേശീയ തീരദേശ മാനേജമെന്റ് അതോറിറ്റി

മലപ്പുറം ജില്ലയിലെ തീരദേശ നിയന്ത്രണ നിയമങ്ങൾ ബാധകമാകുന്ന തദ്ദേശസ്വയംഭരണ പ്രദേശങ്ങൾ താഴെ ചിത്രത്തിൽ കാണിച്ചിരിക്കുന്നു.

ചിത്രം 3.25 : തീരദേശ നിയന്ത്രണ മേഖലകൾ



അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം.

3.5.5 ഹരിതതീരം പദ്ധതി

കടലാക്രമണം, സുനാമി, ചുഴലിക്കൊടുങ്കാറ്റ് എന്നിവയാലുള്ള വിപത്തുകൾ, മൺസൂൺ അവക്ഷിപ്തം മുതലായ വിപത്തുകൾക്ക് വിധേയമാണ് കേരളത്തിലെ സമുദ്രതീരങ്ങൾ. മത്സ്യബന്ധന തൊളിലാളികൾ ഉൾപ്പെടെയുള്ള ദരിദ്രരായ തീരദേശവാസികൾ ഈ വിപത്തുകളെ നേരിടേണ്ടി വരുന്നു. ഉപരിതലജല വാഹകവ്യവസ്ഥ, ഉപരിതലത്തിന് താഴെയുള്ള ജലമണ്ഡലം എന്നിവയേയും, തീരദേശവാസികളുടെ ജീവനും സ്വത്തും എന്നിവയേയും ബാധിക്കുകയും ഭൂമിയുടെ രൂപത്തിന് തന്നെ മാറ്റം വരുത്തുകയും ചെയ്യുന്ന ഈ വിപത്തുകൾ. ഇത്തരം പ്രകൃതി ദുരന്തങ്ങളുടെ ശക്തിയും സ്വാധീനവും വളരെയേറെ കുറക്കുന്നതിനും കണ്ടൽ കാടുകൾ പോലെയുള്ള ജൈവകവചങ്ങൾ സഹായകമാവും. ഇതിനായി തീരപ്രദേശത്ത് ഉടനീളം ജൈവകവചം നട്ട പിടിപ്പിച്ച് തീരത്തിന്റെ നൈസർഗ്ഗിക പരിസരവ്യവസ്ഥ കടലാക്രമണം, സുനാമി, ചുഴലിക്കൊടുങ്കാറ്റ് എന്നിവയുടെ സ്വാധീനം കുറക്കാൻ കഴിയും. അതോടൊപ്പം തന്നെ മത്സ്യസമ്പത്തിന്റെ വർദ്ധനവിന് അനുകൂല സാഹചര്യം സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. ഇന്ധനം, കാലിത്തീറ്റ, ചെറുതടികൾ, എന്നിങ്ങനെ പരിസരവാസികൾക്ക് ആവശ്യമായി വരുന്നതും പ്രാദേശികമായി അനുയോജ്യമായതുമായ സസ്യാവരണങ്ങൾ ജനകീയ പങ്കാളിത്തത്തോടെ തീരപ്രദേശങ്ങളിലെ വീട്ടുവളപ്പുകളിൽ നട്ടുപിടിപ്പിക്കുന്നതും പ്രകൃതി ദുരന്തങ്ങളുടെ ശക്തി കുറക്കുന്നതിനും തീരസംരക്ഷണത്തിനും സഹായകമാവും.

3.5.6 നഗരാസൂത്രണ പദ്ധതികൾ

തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ നഗര ഗ്രാമാസൂത്രണ ആക്ട് പ്രകാരം ഉള്ള നടപടിക്രമങ്ങളിലൂടെ നഗരാസൂത്രണ വകുപ്പ് നഗരസഭകൾക്കായി തയ്യാറാക്കിയ മാസ്റ്റർ പ്ലാനുകളും വിശദ നഗരാസൂത്രണ പദ്ധതികളും നിലവിലുള്ള നഗരസഭകളിൽ പ്രസ്തുത വികസന പദ്ധതികളുടെ മേഖല നിയന്ത്രണ ചട്ടങ്ങൾക്കും അനുബന്ധ നിയമങ്ങൾക്കും വിധേയമായി മാത്രമാണ് വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്നത്. മലപ്പുറം ജില്ലയിൽ മലപ്പുറം, പെരിന്തൽമണ്ണ എന്നീ നഗരസഭകളിൽ മാസ്റ്റർ പ്ലാനുകളും തിരൂർ, മഞ്ചേരി, പൊന്നാനി, മലപ്പുറം എന്നീ നഗരസഭകളിൽ വിശദ നഗരാസൂത്രണ പദ്ധതികളും നിലവിലുണ്ട്.

ചിത്രം 3.26 : ജില്ലയിലെ വികസന നിയന്ത്രിത മേഖലകൾ



അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം.

3.5.7 ജലാശയങ്ങൾ

ജലാശയങ്ങൾ സംബന്ധിച്ച് വിശദമായി അദ്ധ്യായം 3.3 ൽ നൽകിയിട്ടുണ്ട്.

3.5.8 സംഗ്രഹം

മലിനീകരണം കുറച്ചുകൊണ്ട് പച്ചപ്പുള്ള ഉറസ്സായ പ്രദേശങ്ങളും, താഴ്ന്ന വിതാനത്തിലുള്ള പ്രദേശങ്ങളും ഉൾപ്പെടെയുള്ള പരിസര വ്യവസ്ഥകളേയും വിഭവങ്ങളേയും സംരക്ഷിച്ചുകൊണ്ടും പരിസ്ഥിതി വിഭവങ്ങളെ കാര്യക്ഷമമായി ഉപയോഗപ്പെടുത്തിയും പരമ്പരാഗതമായ സാമ്പത്തിക പ്രവർത്തനങ്ങൾക്ക് കോട്ടം തട്ടാതേയും പരിസര സൗഹൃദ ജില്ലയാക്കി മാറ്റുവാൻ കഴിയും. ഇതിനായി ജലാശയങ്ങൾ, കണ്ടൽക്കാടുകൾ, കാവുകൾ, കുന്നുകൾ എന്നിവയുടെ സംരക്ഷണം, മലിനീകരണ നിയന്ത്രണം, ഖര ദ്രവ മാലിന്യ പരിചരണം വായു, ശബ്ദ മലിനീകരണം ഇല്ലാതാക്കൽ എന്നീ നിർണായക തന്ത്രങ്ങൾ സ്വീകരിക്കേണ്ടതുണ്ട്.

3.6 വിഭവങ്ങൾ

ജില്ലയിൽ ലഭ്യമായ വിഭവങ്ങൾ ഏതെന്ന് കണ്ടെത്തുകയും അവയെ സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ ഉന്നമനത്തിനായി ഉപയോഗപ്പെടുത്തുകയും അതോടൊപ്പം പരിസ്ഥിതി സംരക്ഷിക്കപ്പെടുകയും ചെയ്യേണ്ടതുണ്ട്. പ്രകൃതിദത്ത, മനുഷ്യനിർമ്മിത, മാനുഷിക വിഭവങ്ങളെപ്പറ്റിയാണ് ഇവിടെ പ്രതിപാദിച്ചിട്ടുള്ളത്.

3.6.1 മത്സ്യബന്ധനം

രാജ്യത്ത് ഏറ്റവും കൂടുതൽ സമുദ്ര മത്സ്യ സമ്പത്തുള്ള പ്രമുഖ സംസ്ഥാനങ്ങളിലൊന്നാണ് കേരളം. രാജ്യത്തെ മത്സ്യോത്പാദനത്തിന്റെ ഏകദേശം കാൽഭാഗത്തോളം കേരളത്തിന്റെ സമുദ്രതീരങ്ങളിൽ നിന്നുമാണ്. കോഴിക്കോട് രാജവംശത്തിന്റെ രണ്ടാം തലസ്ഥാനമായിരുന്ന പൊന്നാനി. പൊന്നാനി മലപ്പുറം ജില്ലയുടെ പഴയ തുറമുഖ പട്ടണമാണ്. വളരെ സമ്പന്നമായ ഒരു മത്സ്യ പാരമ്പര്യമാണ് മലപ്പുറം ജില്ലക്കുള്ളത്. 590 കി.മീ. ദൈർഘ്യമുള്ള കേരളത്തിന്റെ തീരദേശത്തിന്റെ 11.9% മാണ് മലപ്പുറം ജില്ലയിലുള്ളത്. വടക്ക് കടലുണ്ടി നഗരം മുതൽ തെക്ക് പാലപ്പെട്ടി വരെ ഇത് വ്യാപിച്ചു കിടക്കുന്നു.

പട്ടിക 3.8 : സംസ്ഥാനത്തെ മത്സ്യോത്പാദന രംഗത്തെ 2015-16 വർഷത്തെ സ്ഥിതി

Sl.No	District	Length of Coastal Line	No. of Fishing Villages		Fisher folk population 2015-16						No. of Fishermen Co-operative Societies			Number of Marine Fish Landing Centres	Annual Fish Production 2015-16				Number of beneficiaries of Savings-cum-Relief Scheme		GSDP at current price (Quick Estimate 2014-15)@ (Rs. in lakh) (Base year 2011-12)	
					Marine		Inland		Total						Marine		Inland					
			Marine	Inland	Population	Active Fishermen	Population	Active Fishermen	Population	Active Fishermen	Affiliated to Matsyafed	Others	Total		Quantity (in MT)	Value (in Rs. Lakh)	Quantity (in MT)	Value (in Rs. Lakh)	Marine	Inland	GSDP from Fisheries sector	Total Gross State Domestic Product
1	Thiruvananthapuram	78	42	4	168701	49762	1413	167	170114	49929	73	7	80	48	63518	72463	5562	6383	33446	...	37301	5592751
2	Kollam	37	27	26	93022	18546	34379	7317	127401	25863	78	14	92	18	108686	227687	19757	26242	27630	1617	87875	4363745
3	Pathanamthitta	...	...	3	...	...	2119	199	2119	199	0	0	0	...	...	...	3525	4646	...	107	4219	1357543
4	Alappuzha	82	30	24	128497	29424	61929	13396	190426	42820	126	28	154	17	44388	35759	34930	54667	34146	7433	122230	3249150
5	Kottayam	...	...	8	...	...	24937	4894	24937	4894	28	10	38	...	...	...	12308	15829	...	3229	16320	2786541
6	Idukki	...	...	1	...	...	706	182	706	182	0	0	0	...	...	...	3536	5190	...	57	3400	1924082
7	Ernakulam	46	21	15	72526	13314	63813	12834	136339	26148	102	22	124	20	80394	88523	38951	79009	16110	5371	106770	7389811
8	Thrissur	54	18	8	55971	5691	19780	1118	75751	6809	41	17	58	23	21057	20482	26781	34488	5399	600	65773	4410936
9	Palakkad	...	...	2	...	...	2590	481	2590	481	0	6	6	...	...	...	22064	24328	...	255	36732	3282311
10	Malappuram	70	23	6	89869	32787	4238	1717	94107	34504	66	0	66	11	59920	48272	6831	7633	14953	206	27181	4483756
11	Kozhikode	71	34	8	98540	21928	11986	1877	110526	23805	72	5	77	19	93443	100955	6124	6870	19712	600	85300	3771974
12	Wayanad	...	...	1	...	...	235	...	235	0	0	0	0	...	...	...	2273	3001	...	...	2608	897710
13	Kannur	82	11	5	37840	5251	6358	1574	44198	6825	25	5	30	12	23254	18117	4787	5847	3543	1096	41169	3486656
14	Kasaragod	70	16	2	43358	10129	989	538	44347	10667	24	0	24	19	22085	15193	23333	14733	8130	212	67441	1313499
	TOTAL	590	222	113	788324	186832	235472	46294	1023796	233126	635	114	749	187	516745	627451	210762	288866	163069	20783	704319	48310465

അവലംബം: കേരള ഫിഷറീസ് സ്റ്റാറ്റിസ്റ്റിക്സ് അറ്റ് എ ഗ്ലാൻസ് – 2016

ചെറുതും വലുതുമായ 11 മത്സ്യബന്ധന കേന്ദ്രങ്ങളാണ് ജില്ലയിലുള്ളത്. വള്ളിക്കുന്ന്, പരപ്പനങ്ങാടി, താനൂർ, വെട്ടം, പുറത്തൂർ, വെളിയംകോട്, പെരുമ്പടപ്പ്, പൊന്നാനി, ക്ടാട്ടായി എന്നിവയാണവ. പുതിയ തരം മത്സ്യബന്ധനോപാധികൾ നിലവിൽ വന്നത് മത്സ്യത്തൊഴിലാളികളുടെ പ്രതിശീർഷ വരുമാനത്തിൽ വർദ്ധനവുണ്ടാക്കാൻ സഹായകമായി. പ്രധാന കടവുകളുമായി ബന്ധമുള്ള തീരദേശ റോഡുകൾ നിലവിലുണ്ട്. രാത്രികാല മത്സ്യബന്ധനത്തിന് സഹായകമായ രീതിയിൽ ഗൈഡ് ലൈറ്റുകൾ പൊന്നാനിയിലും താനൂരുമുണ്ട്.

ചിത്രം 3.27 : മലപ്പുറം ജില്ലയിലെ പ്രധാന മത്സ്യബന്ധന കേന്ദ്രങ്ങൾ



അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം.

കഴിഞ്ഞ 3 വർഷങ്ങളിൽ മത്സ്യോൽപാദനത്തിലുണ്ടായ കാലിക വ്യതിയാനം താഴെ ചിത്രം 3.28 ൽ നൽകിയിരിക്കുന്നു.

ചിത്രം 3.28 : മത്സ്യവിഭവങ്ങളുടെ കാലിക വ്യതിയാനം



അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം.

2015-16 വർഷത്തെ അപേക്ഷിച്ച് 300% വർദ്ധനവ് ആണ് മത്സ്യബന്ധന രംഗത്ത് ഉണ്ടായത്. പൊന്നാനിയിലാണ് ഏറ്റവുമധികം യന്ത്രവൽക്കൃത ബോട്ടുകളുള്ളത്. യന്ത്രവൽക്കൃത സംവിധാനങ്ങൾ ഉപയോഗിച്ച് ആഴക്കടൽ മത്സ്യബന്ധനം പൊന്നാനി, പരപ്പനങ്ങാടി എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് നടത്തുന്നുണ്ട്.

കടലും കായലും ഉൾനാടൻ ജലാശയങ്ങളും ചേർന്ന് സമൃദ്ധമായ ജലവിഭവങ്ങളാൽ സമ്പന്നമാണ് മലപ്പുറം ജില്ല. ഈ ജലാശയങ്ങളെല്ലാം തന്നെ അനേകതരം ജലസസ്യ ജന്തുജാലങ്ങൾക്ക് വളരാൻ അവസരമൊരുക്കുന്നു.

മത്സ്യബന്ധനത്തിൽ മലപ്പുറം ജില്ല സംസ്ഥാനത്ത് രണ്ടാം സ്ഥാനത്താണ്. പൊന്നാനി ഫിഷിംഗ് ഹാർബറിന്റെയും താനൂർ ഫിഷിംഗ് ഹാർബറിന്റേയും സാന്നിദ്ധ്യമാണ് ഇതിന് കാരണമായിരിക്കുന്നത്. വരുമാനം, ജീവിതനിലവാരം, വിദ്യാഭ്യാസം, സാമൂഹിക നിലവാരം മുതലാവയുടെ കാര്യത്തിൽ മത്സ്യബന്ധനത്തൊഴിലാളികൾ വളരെ പിന്നോക്കാവസ്ഥയിലാണ്. മൊത്തത്തിലുള്ള പിന്നോക്കാവസ്ഥയാണ് മത്സ്യത്തൊഴിലാളി സമൂഹങ്ങളുടെ പൊതുവായ മുഖമുദ്ര. നിലനിൽപ്പിനുതകുന്ന സാമ്പത്തിക സ്ഥിതി മാത്രമുള്ളവരാണ് ഇവർ. സംസ്ഥാനത്തെ മറ്റ ജില്ലകളിലെന്ന പോലെ മലപ്പുറം ജില്ലയിലും മത്സ്യത്തൊഴിലാളികൾ സമൂഹത്തിലെ ദുർബല വിഭാഗമാണ്. അവരിൽ ഭൂരിഭാഗവും തീരദേശത്തോട് ചേർന്നുള്ള കടലോര ഗ്രാമങ്ങളിലാണ് വസിക്കുന്നത്. 23 മത്സ്യബന്ധനത്തൊഴിലാളി ഗ്രാമങ്ങളാണ് മലപ്പുറം ജില്ലയിലുള്ളത്. ഭൂമിശാസ്ത്രപരവും തൊഴിൽപരവുമായുള്ള സവിശേഷതകൾ കാരണം ഇവർ സമൂഹത്തിന്റെ പൊതുധാരയിൽ നിന്നും ഒറ്റപ്പെട്ടിരിക്കുന്നു. അവരുടെ വൈകാരികവും സാമ്പത്തികവുമായ അവസ്ഥ വളരെ ദയനീയമാണ്.

സംസ്ഥാനത്തെ ഫിഷറീസ് വകുപ്പും മത്സ്യഫെഡും ചേർന്ന് വിവിധ തരം ഫിഷർമെൻ വെൽഫയർ പ്രോഗ്രാമുകൾ നടപ്പിലാക്കി വരുന്നുണ്ട്. ഫിഷറീസ് വകുപ്പിന്റെ ജില്ലാ ഓഫീസ് പൊന്നാനിയിലും മത്സ്യഫെഡിന്റെ ജില്ലാ ഓഫീസ് തിരൂരിലും പ്രവർത്തിക്കുന്നു. മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുന്നതിന് സാമ്പത്തിക സഹായം, വീടുകൾ, ശൗചാലയങ്ങൾ, മറ്റ് സൗകര്യങ്ങൾ, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, മത്സ്യബന്ധനമില്ലാത്ത കാലങ്ങളിലെ സാമ്പത്തിക സഹായങ്ങൾ മുതലായ സഹായങ്ങൾ ഫിഷറീസ് വകുപ്പും മത്സ്യഫെഡും ചേർന്ന് നൽകി വരുന്നു.

3.6.2 വനം

ചിത്രം 3.29 : ജില്ലയിലെ വനമേഖലയുടെ കേന്ദ്രീകരണം



അവലംബം: ജില്ലാ നഗര കാര്യാലയം

ജില്ലയിലെ വന മേഖല കേന്ദ്രീകരിച്ചിരിക്കുന്നത് ജില്ലയുടെ വടക്കും, വടക്ക് കിഴക്ക് ഭാഗങ്ങളിലുമാണ്. ജില്ലയുടെ ആകെ വിസ്തൃതി 3550 ച.കി.മീ ആണ്. അതിൽ 759 ച.കി.മീ വനപ്രദേശ മുൾക്കൊള്ളുന്നു. ഇതിൽ 325 ച.കി.മീ റിസർവ് വനങ്ങളും 434 ച.കി.മീ. നിക്ഷിപ്ത വനമേഖലയുമാണ്. വനമേഖല നിലമ്പൂർ, വണ്ടൂർ ബ്ലോക്കുകളിലും പശ്ചിമഘട്ട താഴ്വരയിലുള്ള മേലാറ്റൂർ പ്രദേശങ്ങളിലുമാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. മലപ്പുറം ജില്ലയിലെ വനങ്ങളെ നിത്യഹരിതവനങ്ങളെന്നും ഇലപൊഴിയും വനങ്ങളെന്നും രണ്ടായി തിരിച്ചിരിക്കുന്നു. ഇതിൽ 80% വും ഇലപൊഴിയും വനങ്ങളും ശേഷിക്കുന്നവ നിത്യഹരിത വനങ്ങളുമാണ്.

ധാരാളം സ്പീഷിസുകളിൽ പെട്ട സസ്യസമ്പത്ത് ഉൾക്കൊള്ളുന്നതും പശ്ചിമഘട്ട മലനിരകളിലെ ഭാഗമായി വരുന്നതും പാരിസ്ഥിക മൂല്യം വളരെ ഉയർന്നതുമായ ജില്ലയിലെ വനപ്രദേശങ്ങളിലെ വിനോദ സഞ്ചാരത്തിന് ഉചിതമായ നിലവിലുള്ള സ്ഥലങ്ങൾ പരിസ്ഥിതിക്ക് നാശമുണ്ടാകാതെ നില നിർത്തുകയും പുതിയത് കണ്ടെത്തി പരിസ്ഥിതി സൗഹൃദ വിനോദ സഞ്ചാര മേഖലയെ പരിപോഷിപ്പിക്കുകയും ചെയ്യാറുണ്ട്.

നിത്യഹരിത വനങ്ങൾ പശ്ചിമഘട്ടത്തിന്റെ ചരിവുകളിലും ഇലപൊഴിയും വനങ്ങൾ പശ്ചിമഘട്ടത്തിന്റെ തന്നെ താഴ്ന്ന പ്രദേശങ്ങളിലും സമതല പ്രദേശങ്ങളിലുമാണ് കാണപ്പെടുന്നത്. വനമേഖല സ്ഥിതി ചെയ്യുന്നത് അമരമ്പലം എടക്കര, ചുങ്കത്തറ, കാളികാവ്, നിലമ്പൂർ, മമ്പാട്, ഊർങ്ങാട്ടിരി, കരുവാരക്കുണ്ട്, നിലമ്പൂർ താലൂക്കിലെ പെരകമണ്ണ പ്രദേശങ്ങൾ, പെരിന്തൽമണ്ണ താലൂക്കിലെ മങ്കട, വെട്ടത്തൂർ, കാര്യവട്ടം, അരക്കുപറമ്പ്, പ്രദേശങ്ങളിലും ആണ്. ജില്ലയുടെ വന പ്രദേശം കാണിക്കുന്ന ഭൂപടം ചിത്രം 3.29 ൽ കാണിച്ചിരിക്കുന്നു. ജില്ലയുടെ വടക്ക് കിഴക്കൻ ഭാഗങ്ങളിൽ പർവതങ്ങളും മലകളുമാണ്. ജില്ലയിലുള്ള പ്രധാന മലകളാണ് വായുത്തമല, വെള്ളരിമല, ചക്കുമല, ഊരോത്ത് മല, പന്തല്ലൂർ മല എന്നിവ.

മലപ്പുറം ജില്ലയിലെ വന പ്രദേശങ്ങളിൽ നിന്ന് ലഭ്യമാവുന്ന വിഭവങ്ങളുടെ പട്ടിക 3.9 ൽ ചേർക്കുന്നു.

പട്ടിക 3.9 : വനവിഭവങ്ങളുടെലഭ്യത

ക്രമ നമ്പർ	ഇനം	വാർഷിക ലഭ്യത
1	തേൻ (കാട്ടു തേൻ)	7500 കി.ഗ്രാം
2	തേൻ (ചെറുതേൻ)	400 കി.ഗ്രാം
3	കണ്ണിമാങ്ങ	1000 കി.ഗ്രാം
4	ശതാവരിക്കിഴങ്ങ്	500 കി.ഗ്രാം
5	നെല്ലിക്ക	3000 കി.ഗ്രാം

ക്രമ നമ്പർ	ഇനം	വാർഷിക ലഭ്യത
6	കുന്തിരിക്കം	800 കി.ഗ്രാം
7	പാടക്കിഴങ്ങ്	100 കി.ഗ്രാം
8	കുറുന്തോട്ടി	1000 കി.ഗ്രാം
9	കരിങ്കുറിഞ്ഞി	250 കി.ഗ്രാം
10	ചീനിക്ക	500 കി.ഗ്രാം
11	ഓരില	500 കി.ഗ്രാം
12	മൂവില	800 കി.ഗ്രാം
13	ഈന്ത്	100 കി.ഗ്രാം
14	ദന്തപാല ഓയിൽ	100 ലിറ്റർ
15	ഇഞ്ചി	400 കി.ഗ്രാം
16	മുളയരി	200 കി.ഗ്രാം
17	കുടമ്പുളി	1000 കി.ഗ്രാം
18	കാട്ടു കുരുമുളക്	100 കി.ഗ്രാം

അവലംബം: വനം വകുപ്പ്

വനപ്രദേശങ്ങളിൽ നിന്ന് ലഭ്യമാവുന്ന വിഭവങ്ങളുടെ കാലിക വ്യതിയാനം താഴെ ചിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ചിത്രം 3.30 : മലപ്പുറം ജില്ലയിലെ വനവിഭവങ്ങളുടെ കാലിക വ്യതിയാനം



അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം.

മേൽ ചിത്രത്തിൽ നിന്നും വനവിഭവങ്ങളുടെ ലഭ്യത മുൻ വർഷങ്ങളിലേതിനെ അപേക്ഷിച്ച് കുറഞ്ഞു വരുന്നതായി കാണുന്നു.

3.6.3 നദികൾ

സംസ്ഥാനത്തെ പ്രധാന ജല സ്രോതസ്സുകളാൽ അനുഗ്രഹീതമായ ജില്ലയാണ് മലപ്പുറം. ചാലിയാർ, കടലുണ്ടിപ്പുഴ, ഭാരതപ്പുഴ, തിരൂർപ്പുഴ എന്നിവയാണ് പ്രധാന നദികൾ. തമിഴ്നാട്ടിലെ ഇല്ലമ്പലേരി കുന്നുകളിൽ നിന്ന് ഉത്ഭവിച്ച് ബേപ്പൂരിൽ വെച്ച് കടലിൽ പതിക്കുന്ന ചാലിയാറിന്റെ നീളം 169 കി.മീ. ആണ്. കോഴിക്കോട് ജില്ലയുടേയും, മലപ്പുറം ജില്ലയുടേയും ആവശ്യങ്ങൾ നിറവേറ്റിയിരുന്നു. ഇരുവഴിഞ്ഞിപ്പുഴ, ചെറുപുഴ, ഈങ്ങപ്പുഴ, നീർപ്പുഴ, പാണ്ടിപ്പുഴ, കാഞ്ഞിരംപുഴ, ഉറുവൻ പുഴഎന്നിവ ചാലിയാറിന്റെ പോഷക നദികളാണ്.

ഒലിപ്പുഴയും വേളിയാറും കൂടി സംഗമിച്ചൊഴുകുന്ന കടലുണ്ടിപ്പുഴ (130 കി.മീ) വളഞ്ഞു പുളഞ്ഞൊഴുകി കടലുണ്ടിയിൽ വെച്ച് അറബിക്കടലിൽ പതിക്കുന്നു. പൂർണമായും മലപ്പുറം ജില്ലയിലൂടെ ഒഴുകുന്ന കടലുണ്ടിപ്പുഴയുടെ ഡ്രെയിനേജ് ഏരിയ 1274 ച.കി.മീ. കേരളത്തിലെ രണ്ടാമത്തെ നീളം കൂടിയ നദിയായ ഭാരതപ്പുഴ ജില്ലയുടെ തെക്ക് ഭാഗത്ത് കൂടി ഒഴുകി

അറബിക്കടലിൽ പതിക്കുന്നു. ഭൂതപ്പുഴ സൈലന്റ് വാലിയിൽ നിന്നുത്ഭവിച്ച് ഏലംകുളം, പുലാമന്തോൾ എന്നിവിടങ്ങളിലൂടെ ഒഴുകി പള്ളിപ്പുറത്ത് വച്ച് ഭാരതപ്പുഴയിൽ ചേരുന്നു. പൗരാണിക കാലഘട്ടത്തിലെ ലിഖിതങ്ങളിൽ ഭാരതപ്പുഴക്ക് പേരാർ എന്ന പേര് രേഖപ്പെടുത്തിയതായി കണ്ടിട്ടുണ്ട്. ഭൂതപ്പുഴ, ഗായത്രിപ്പുഴ, കൽപ്പാത്തിപ്പുഴ, കണ്ണാടിപ്പുഴ എന്നിവയാണ് പോഷക നദികൾ.

എക്കാലവും ജലസമൃദ്ധമായിരുന്ന ഭാരതപ്പുഴയും ചാലിയാറും ഇന്ന് മരിച്ചു കൊണ്ടിരിക്കുകയാണ്. അനിയന്ത്രിതമായ മണലൂറ്റലും, മാലിന്യ നിക്ഷേപവും പുഴയെ അങ്ങേയറ്റം നശിപ്പിച്ചുകഴിഞ്ഞിരിക്കുന്നു. വർഷക്കാലത്തെ നീരൊഴുക്ക് കഴിഞ്ഞാൽ പുഴപൂർണമായും വറ്റിവരണ്ടു പോകുന്ന ദയനീയ കാഴ്ചയാണ് ഇപ്പോൾ കാണാനുള്ളത്. മൂന്ന് ജില്ലകൾക്കും ഉപകാരപ്രദമായിട്ടുള്ള ഭാരതപ്പുഴയേയും, രണ്ട് ജില്ലകൾക്ക് ഉപകാരപ്രദമായിട്ടുള്ള ചാലിയാറിനേയും സംരക്ഷിച്ചു നിർത്തുന്നതിനും ജലസമൃദ്ധമാക്കുന്നതിനും ആവശ്യമായ പദ്ധതികൾ തയ്യാറാക്കേണ്ടതുണ്ട്.

48 കിലോമീറ്റർ നീളമുള്ള തിരൂർപുഴ തിരൂർ താലൂക്കിലെ ആതവനാട് കുന്നുകളിൽ നിന്നുത്ഭവിച്ച് തെക്ക് പടിഞ്ഞാറ് ദിശയിൽ കടലിന് സമാന്തരമായി ഒഴുകി പൊന്നാനിയിൽ വെച്ച് ഭാരതപ്പുഴയിൽ ചേരുന്നു. ബിയ്യം കായൽ, പൊന്നാനിക്ക് സമീപമുള്ള വെളിയംകോട്കായൽ എന്നിവയാണ് ജില്ലയിലെ പ്രധാന കായലുകൾ. ബിയ്യംകായൽ ഒരു വിനോദസഞ്ചാര കേന്ദ്രമാണ്. ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ അവിടെ ബോട്ടിംഗിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. പൊന്നാനി താലൂക്കിലെ മണിയാർകായൽ, വളാഞ്ചേരികായൽ, മാറഞ്ചേരികായൽ എന്നിവയാണ് മറ്റുചെറിയ കായലുകൾ.

3.6.4 മൃഗസംരക്ഷണം

മൃഗസംരക്ഷണമേഖല മലപ്പുറം ജില്ലയിലെ ഗ്രാമപ്രദേശത്തെ ജനങ്ങളുടെ പ്രത്യേകിച്ചും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനങ്ങളുടെ മുഖ്യ സാമ്പത്തിക സ്രോതസ്സാണ്. കേരളത്തിലെ മൃഗസമ്പത്തിന്റെ ഭൂരിഭാഗവും ഗ്രാമങ്ങളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. കർഷകരും കർഷക തൊഴിലാളികളുമാണ് പ്രധാനമായും കന്നുകാലി വളർത്തലിലും അനുബന്ധ പ്രവർത്തികളിലും ഏർപ്പെട്ടിരിക്കുന്നത്. ആയതിനാൽ ഏതൊരു വികസനവും ഗ്രാമീണ സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്തും. വളരെ ചെറിയ മുതൽ മുടക്കിൽ വളരെ പെട്ടെന്ന് വരുമാനം ഉറപ്പുനൽകുന്ന മേഖലയാണിത്. മൃഗസംരക്ഷണമേഖല നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടനയേയും വളർച്ചയേയും സ്വാധീനിക്കുന്നത് താഴെപറയുന്ന സംഭാവനകൾ കൊണ്ടാണ്.

1. തൊഴിലവസരങ്ങൾ
2. ദൈനംദിന വരുമാനം
3. പാല്, മുട്ട, മാംസം മുതലായ പോഷക സമൃഷ്ടമായ ആഹാരം
4. പരിസ്ഥിതിക്കനുകൂലമായ മൃഗശക്തി
5. ജൈവവളം
6. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ ഉറവിടം

പാല്, മുട്ട, മാംസം മുതലായവയാണ് ഈ മേഖലയിൽനിന്നുള്ള പ്രധാന ഉല്പ്പന്നങ്ങൾ. കൂടാതെ ഉണക്കയിറച്ചി, തുകൽ, വളം, തൊഴിൽശക്തി മുതലായവ വിതരണം ചെയ്യുന്നതുവഴി വ്യാവസായിക വികസനത്തിലും അതിന്റേതായ പങ്ക് നിർവഹിക്കുന്നുണ്ട്. മലപ്പുറം ജില്ലയിലെ ഈ വിഭാഗത്തിലെ സെൻസസ് താഴെ പട്ടികപ്പെടുത്തിയിരിക്കുന്നു.

പട്ടിക 3.10 : കന്നുകാലി സെൻസസ്

വിഭാഗം	എണ്ണം
വളർത്തു മൃഗങ്ങൾ	
കന്നുകാലികൾ	105329
എരുമ	13532
ചെമ്മരിയാട്	257
ആട്	248403
പന്നി	2401
മറ്റു വളർത്തു മൃഗങ്ങൾ	2
ആകെ	369924
വളർത്തു പക്ഷികൾ	
കോഴികൾ	1423259
താറാവുകൾ	54908
മറ്റുള്ളവ	44650
ആകെ	1522817

അവലംബം: മൃഗസംരക്ഷണ വകുപ്പ്

മലപ്പുറം ജില്ലയിലെ കന്നുകാലി സെൻസസ് സംസ്ഥാനത്തെ കന്നുകാലി സെൻസസിന്റെ 6.9% മാത്രമാണ്. കഴിഞ്ഞ 3 വർഷങ്ങളിലെ പാലുൽപാദനത്തിന്റേയും കഴിഞ്ഞ 2 വർഷങ്ങളിലെ ഇറച്ചി, മുട്ട എന്നിവയുടെ ഉൽപ്പാദനത്തിന്റേയും കണക്കുകൾ താഴെ ചേർക്കുന്നു.

ചിത്രം 3.31 : മലപ്പുറം ജില്ലയിലെ പാൽ ഉൽപ്പാദനത്തിലെ കാലിക വ്യതിയാനം



ചിത്രം 3.32 : മലപ്പുറം ജില്ലയിലെ മുട്ട ഉൽപ്പാദനത്തിലെ കാലിക വ്യതിയാനം



അവലംബം: മൃഗസംരക്ഷണ വകുപ്പ്

പട്ടിക 3.11 :മലപ്പുറം ജില്ലയിലെ മാംസ ഉത്പാദനത്തിലെ കാലിക വ്യതിയാനം

വർഷം	വിഭാഗം	ഉൽപ്പാദനം (മെട്രിക് ടൺ)
2015-16	കോഴിയിറച്ചി	6.62
	കോഴിയിറച്ചി ഒഴികെയുള്ള മാംസം	31.75
2016-17	കോഴിയിറച്ചി	21.06
	കോഴിയിറച്ചി ഒഴികെയുള്ള മാംസം	46.82

അവലംബം: മൃഗസംരക്ഷണ വകുപ്പ്

ഇറച്ചി, മുട്ട എന്നിവയുടെ ഉപയോഗത്തിന്റെ കാര്യത്തിൽ ജില്ല വളരെ മുൻപന്തിയിലാണ്. ജില്ലയിലേക്ക് ആവശ്യമായത്ര അളവിൽ ഈ മേഖലയിൽ നിന്നുള്ള ഉല്പ്പാദനം

വർദ്ധിപ്പിക്കുന്നതിനും ഗ്രാമീണമേഖലയിലുള്ള ഇറച്ചി, മുട്ട, പാൽ എന്നിവ ലഭ്യമാക്കുന്നതിനും സ്വയം പര്യാപ്തതയിലെത്തിക്കുന്നതിനും വളരെയധികം ഉയർന്ന കാർഷിക പശ്ചാത്തലമുള്ള മലപ്പുറം ജില്ലയിൽ സൗകര്യങ്ങളേറെയാണ്.

മലപ്പുറം ജില്ലയിൽ ക്ഷീരോത്പാദന വിതരണ രംഗത്ത് ശക്തമായ ഒരു ശൃംഖല പ്രവർത്തിക്കുന്നുണ്ട്. എങ്കിലും പാലുല്പാദനത്തിൽ കഴിഞ്ഞവർഷം മുൻ വർഷത്തേക്കാളും കുറഞ്ഞ അളവു മാത്രമാണ് ഉല്പാദനം ഉണ്ടായത്. മലപ്പുറം ജില്ലയിൽ ആവശ്യമായ ചെറിയ ഒരുഭാഗം മാത്രമാണ് ഇവിടെ ഉല്പ്പാദിപ്പിക്കപ്പെടുന്നത്.

ജില്ല കൂടുതൽ നഗര വൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ മൃഗസംരക്ഷണമേഖലയിൽ നിന്ന് കർഷകർ അകന്നു പോകുന്നതിന് വളരെയധികം കാരണങ്ങളുണ്ട്. ഉല്പ്പാദന ചിലവിലെ വർദ്ധനവ് ജന്തുജന്യരോഗങ്ങളുടെ ആവിർഭാവം, കുറഞ്ഞ ഉല്പ്പാദനക്ഷമത, തൊഴിലധിഷ്ഠിതമായ സ്വഭാവം, കന്നുകാലികളുടെ എണ്ണംകുറയുന്ന പ്രവണത എന്നിവയൊക്കെയാണ് കാരണങ്ങൾ.

3.6.5 കൃഷി

വളരെയധികം ഉയർന്ന കാർഷിക പശ്ചാത്തലം ഉണ്ടായിരുന്ന ജില്ലയാണ് മലപ്പുറം. എന്നാൽ ഇന്ന് ജനസംഖ്യാ വർദ്ധനവിന്റേയും നഗരവൽക്കരണത്തിന്റേയും ഭാഗമായി കൃഷിഭൂമികൾ ഭൂരിഭാഗവും വാസമേഖലകളായി മാറ്റപ്പെട്ടു. എന്നിരുന്നാലും ഭൂവിസ്തൃതിയിൽ ഉയർന്ന സ്ഥാനംഉള്ള മലപ്പുറം ജില്ലക്ക് കാർഷികരംഗത്ത് മെച്ചപ്പെട്ട നേട്ടം കൈവരിക്കാൻ തക്കശേഷിയുണ്ട്.

ജനങ്ങളുടെ മുഖ്യ ഉപജീവനോപാധി കൃഷിയാണ്. മലപ്പുറം ജില്ലയിൽ കൃഷി ചെയ്യപ്പെടുന്ന പ്രധാന വിളകൾ തെങ്ങ്, കപ്പ, കവുങ്ങ്, കശുവണ്ടി, വാഴ, കുരുമുളക്, റബ്ബർ, ധാന്യങ്ങൾ, ഇഞ്ചി, മഞ്ഞൾ മുതലായവയാണ്. കൂടുതൽ പ്രദേശങ്ങളിലും സമ്മിശ്ര കൃഷിരീതിയാണ് നടന്നു വരുന്നത്. മലപ്പുറം ജില്ലയിലെ ഭൂവിനിയോഗത്തിന്റെ അടിസ്ഥാനത്തിലുള്ള വിസ്തൃതി താഴെ രേപ്പെടുത്തിയിരിക്കുന്നു.

പട്ടിക 3.12 : കാർഷിക ഭൂവിനിയോഗത്തിൽ വിവിധതരം ഭൂവിനിയോഗങ്ങളുടെ വിഭജനം

ക്രമ നമ്പർ	ഭൂവിനിയോഗം	വിസ്തൃതി (ച.കി.മീ.)
1	കമുക്	241.164
2	വാഴ	43.507
3	വാഴ, മരച്ചീനി	0.294
4	പാറ നിറഞ്ഞ സ്ഥലങ്ങൾ	6.630
5	കശുവണ്ടി	1.996
6	തെങ്ങ്	14.276
7	തെങ്ങ്, കമുക്	1.752
8	മറ്റ വിളകളോടു കൂടിയ തെങ്ങിൻ തോട്ടം	1099.858
9	ഡബിൾ ക്രോപ്പ്	48.581
10	കുറ്റിച്ചെടികൾ നിറഞ്ഞ സ്ഥലങ്ങൾ	159.367
11	കുറ്റിച്ചെടികൾ ഇല്ലാത്ത സ്ഥലങ്ങൾ	2.695
12	മിക്സഡ് ക്രോപ്പ്	340.421
13	മിക്സഡ് ട്രീസ്	0.366
14	കുരുമുളക്	0.474
15	റബ്ബർ	416.12
16	മരച്ചീനി	0.177
17	തേക്ക്	4.527
18	ട്രിപ്പിൾ ക്രോപ്പ്	0.952

19	വിരിപ്പ് (ഒന്നാം വിള)	200.420
ആകെ		2583.58

അവലംബം: കാർഷിക സ്ഥിതിവിവരക്കണക്ക് 2015-2016

സംസ്ഥാനത്തെ പ്രധാന ഭക്ഷ്യധാന്യവും നമ്മുടെ കാർഷിക സംസ്കാരത്തിന്റെ പ്രധാനഭാഗവുമായ നെൽക്കൃഷിയുടെ കഴിഞ്ഞ രണ്ട് വർഷങ്ങളിലെ ഉൽപ്പാദനത്തിന്റെ പട്ടിക താഴെ ചേർത്തിരിക്കുന്നു.

പട്ടിക 3.13 : നെല്ല് ഉത്പാദനത്തിലെ കാലിക വ്യതിയാനം

തരം	സീസൺ	2014-15(ടൺ)	2015-16(ടൺ)
നെല്ല്	വിരിപ്പ്	494	395
	മുണ്ടകൻ	5968	6134
	പുഞ്ച	1940	2158
	ആകെ	8402	8687

അവലംബം: കാർഷിക സ്ഥിതിവിവരക്കണക്ക് 2015-2016

ജില്ലയിലെ വിവിധതരം കാർഷിക ഭൂവിനിയോഗങ്ങളുടെ വിന്യാസം താഴെ ചിത്രത്തിൽ കാണിച്ചിരിക്കുന്നു.

ചിത്രം 3.33 : മലപ്പുറം ജില്ലയിലെ കാർഷിക ഭൂവിനിയോഗങ്ങളുടെ വിന്യാസം



അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം

ജില്ലയുടെ ആകെ വിസ്തൃതിയുടെ ഏറിയപങ്കും കാർഷിക മേഖലയിലാണ് വരുന്നത്. ഇത് 2583.58 ച.കി.മീവരും. ഈ മേഖലയിൽ വാസഗൃഹങ്ങളും പുരയിടകൃഷിഭൂമിയും ഒരുമിച്ച് കാണുന്നു. സ്വാഭാവിക ഭൂവിനിയോഗങ്ങളായ 87.61 ച.കി.മീ. വരുന്ന ജലാശയങ്ങളും 835.92 ച.കി.മീ. വിസ്തൃതിവരുന്ന വനപ്രദേശവും ഭൂവിനിയോഗത്തിൽ പ്രധാന പങ്കുവഹിക്കുന്നു.

ജില്ലയിലെ കാർഷിക മേഖലയുടെ ആകെ വിസ്തൃതിയുടെ 9.66% നെൽ വയലുകളാണ്. ആകെ വിസ്തൃതിയുടെ 42.52% തെങ്ങ് കൃഷി മുഖ്യമായിട്ടുള്ള സമ്മിശ്ര കൃഷി മേഖലയും 13.16% മറ്റു സമ്മിശ്ര കൃഷികളും ആണ്. ആകെ വിസ്തൃതിയുടെ 16.18% റബ്ബർ കൃഷിയും 10% കവുങ്ങും വരുന്നു. ഇത് കൂടാതെ യൂക്കാലി, മുള, കശുമാവ് മുതലായവയും ജില്ലയിൽ കൃഷി ചെയ്യപ്പെടുന്നു.

3.6.6 സംഗ്രഹം

ജില്ലയിൽ നിലവിലുള്ള കൃഷിഭൂമി ഫലപ്രദമായി ഉപയോഗിച്ച് പരിസ്ഥിതി സൗഹൃദ കൃഷി സമ്പ്രദായങ്ങൾ സ്വീകരിച്ച് കാർഷികോത്പാദനം വർദ്ധിപ്പിക്കാവുന്നതാണ്. ദൈർഘ്യമേറിയ കടൽത്തീരത്തിനാലും ധാരാളം ഉൾനാടൻ ജലാശയങ്ങളാലും അനുഗ്രഹീതമാണ് മലപ്പുറം. മത്സ്യസമ്പത്തിന്റെ കാര്യത്തിൽ അനുഗ്രഹീതമാണ്. മത്സ്യബന്ധന രംഗത്ത് മുന്നേറുന്നതിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ലഭിക്കുന്ന മഴ വെള്ളത്തിന്റെ പ്രധാന പങ്കും നദികളിലൂടെ ഒഴുകി കടലിലെത്തുന്നു. മഴ ലഭ്യത കുറവായ മാസങ്ങളിൽ പല പ്രദേശങ്ങളിലും കുടിവെള്ള ക്ഷാമം രൂക്ഷമാവുന്നു. ജലവിഭവത്തിന്റെ മാനേജ്മെന്റിനായി പ്രത്യേക പദ്ധതികൾ തയ്യാറാക്കേണ്ടതാണ്. മൃഗസംരക്ഷണ മേഖലയിൽ നിന്നുള്ള ഉത്പന്നങ്ങളുടെ ഉപയോഗം ജില്ലയിൽ വർദ്ധിച്ച തോതിലാണ്. ജില്ലയിലെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കൃഷിയോടൊപ്പം അനുബന്ധ മേഖലയായ മൃഗസംരക്ഷണ മേഖലയും പരിപോഷിപ്പിക്കപ്പെടേണ്ടതുണ്ട്.

3.7. മാനവ വിഭവശേഷി

ജില്ലയിലെ ജനസംഖ്യയിൽ കാലക്രമേണ ഉണ്ടായ മാറ്റങ്ങൾ ജനസാന്ദ്രത, ജനസാന്ദ്രതയുടെ കേന്ദ്രീകരണം, സ്ഥലപരവിന്യാസം, തൊഴിലാളികളുടെ കേന്ദ്രീകരണം, വിന്യാസം, പിന്നോക്കാവസ്ഥയുടെ വിന്യാസം എന്നിവ ഇവിടെ വിശകലനം ചെയ്തിരിക്കുന്നു. 1969 ജൂൺ 16 ന് മലപ്പുറം ജില്ല രൂപീകൃതമായതിന് ശേഷം 1971 ൽ നടന്ന സെൻസസിൽ ജില്ലയിലെ ജനസംഖ്യ 18,56,357 ആയിരുന്നു. അത് 2011 സെൻസസിൽ 41,12,920 ആയി വർദ്ധിച്ചിരിക്കുന്നു. അഞ്ച് ദശാബ്ദക്കാലം കൊണ്ട് 121 ശതമാനം വർദ്ധനവ് ആണ് ജനസംഖ്യയിൽ ഉണ്ടായത്.

ചിത്രം 3.34 : ജില്ലയിലെ ജനസംഖ്യയിലെ നഗര ഗ്രാമ അനുപാതം (അവലംബം: സെൻസസ് 2011)



2011 ലെ സെൻസസ് അനുസരിച്ച് ജില്ലയിലെ ആകെ ജനസംഖ്യ 41,12,920. ഇതിൽ 19,60,328 പുരുഷൻമാരും, 21,52,592 സ്ത്രീകളും. കഴിഞ്ഞ മൂന്ന് ദശാബ്ദങ്ങളായി സംസ്ഥാനത്തെ ഏറ്റവും കൂടുതൽ ജനസംഖ്യയും ഏറ്റവും ഉയർന്ന വളർച്ചാ നിരക്കും കൈവരിച്ചത് മലപ്പുറം ജില്ലയാണ്. സംസ്ഥാനത്തിന്റെ ആകെ ഭൂവിസ്തൃതിയുടെ 9.13 ശതമാനം മാത്രം വരുന്ന മലപ്പുറം ജില്ല ജനസംഖ്യയുടെ 12.31% ത്തെ ഉൾക്കൊള്ളുന്നു. ജില്ലയുടെ ആകെ ഭൂവിസ്തൃതി 3550 ച.കി.മീ. ഭൂവിസ്തൃതിയിൽ ജില്ല മൂന്നാം സ്ഥാനത്താണ്. ജില്ലയിലെ നഗര ഗ്രാമ ജനസംഖ്യയുടെ അനുപാതം ചിത്രം 3.34 ൽ കാണിച്ചിരിക്കുന്നു.

1961 മുതൽ 1971 വരെയുള്ള ദശാബ്ദത്തിൽ ജില്ലയിലെ ജനസംഖ്യയുടെ വളർച്ച ബൃഹത്തായിരുന്നു. അതിനുശേഷം ജനസംഖ്യയുടെ വളർച്ചാ നിരക്ക് ഒരേ രീതിയിൽ ശോഷിച്ചു

വന്നു. 1981 മുതൽ 1991 വരെ വളർച്ചാ നിരക്ക് സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും വളർച്ചാ നിരക്കിനേക്കാൾ ഏറ്റവും ഉയർന്ന നിരക്കും (28.87%) സംസ്ഥാനത്തെ വളർച്ചാ നിരക്കിന്റെ (14.32%) രണ്ടിരട്ടിയിൽ കൂടുതലും ആയിരുന്നു. 2001 ലെ സെൻസസ് പ്രകാരം വളർച്ചാ നിരക്ക് 17.10 ശതമാനവും 2011 സെൻസസ് പ്രകാരം 13.45 ശതമാനവും ആണ്. ജില്ലയിലെ വളർച്ചാ നിരക്ക് സംസ്ഥാനത്തെ വളർച്ചാ നിരക്കിനേക്കാൾ (4.86%) ഏകദേശം രണ്ടിരട്ടിയോളം കൂടുതലാണ്.

3.7.1 സ്ത്രീ-പുരുഷ അനുപാതം

2011 സെൻസസ് അടിസ്ഥാനമാക്കി ജില്ലയിലെ സ്ത്രീ-പുരുഷാനുപാതം 1098 (1000 പുരുഷന്മാർക്ക് 1098 സ്ത്രീകൾ). ഇത് സംസ്ഥാനത്തെ ഏഴാം സ്ഥാനമാണ്. സംസ്ഥാനത്തെ സ്ത്രീപുരുഷാനുപാതം 1084 ആണ്. 2001 ലും സംസ്ഥാനത്തെ സ്ത്രീ-പുരുഷാനുപാതത്തേക്കാൾ കൂടുതലാണ് ജില്ലയിലേത്. 1981 മുതൽ സ്ത്രീ-പുരുഷാനുപാതത്തിലുള്ള വർദ്ധനവിന് ജില്ല സാക്ഷ്യം വഹിച്ചിട്ടുണ്ട്. സാധാരണയായി നഗര പ്രദേശങ്ങളേക്കാൾ ഗ്രാമ പ്രദേശങ്ങളിലാണ് സ്ത്രീ-പുരുഷാനുപാതം ഉയർന്ന തോതിൽ കാണുന്നത്. 2011 സെൻസസ് അനുസരിച്ച് സംസ്ഥാനത്തെ നഗരപ്രദേശങ്ങളിലേയും ഗ്രാമപ്രദേശങ്ങളിലേയും സ്ത്രീ-പുരുഷാനുപാതം യഥാക്രമം 1091, 1078 എന്നിങ്ങനെയാണ്. ആയത് ജില്ലയിലേത് 1101, 1098 എന്നിങ്ങനെയാണ്. ജില്ലയിൽ കുട്ടികളുടെ സ്ത്രീ-പുരുഷാനുപാതം 965, ആയത് സംസ്ഥാനത്തേത് 964 ആണ്.

3.7.2 സാക്ഷരത

മലപ്പുറം ജില്ലയിലെ സാക്ഷരതാ നിരക്ക് 93.57% ആണ്. ഇത് സംസ്ഥാനത്ത് ഒൻപതാം സ്ഥാനമാണ്. ജില്ലയിലെ സ്ത്രീ സാക്ഷരതാ നിരക്ക് 91.62% ആണ്.

3.7.3 പിന്നോക്കാവസ്ഥയുടെ വിന്യാസം

ജില്ലയിലെ പട്ടികജാതി ജനസംഖ്യ 308266 ആണ്. ഇത് മൊത്തം ജനസംഖ്യയുടെ 7.5% ആണ്. പട്ടികവർഗ്ഗ ജനസംഖ്യ 22990 ആണ്. ഇത് മൊത്തം ജനസംഖ്യയുടെ 0.56% ആണ്.

ചിത്രം 3.35 ജില്ലയിലെ പട്ടികജാതി വിഭാഗത്തിന്റെ വർഗ്ഗീകരണം



ചിത്രം 3.36 ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗത്തിന്റെ വർഗ്ഗീകരണം



അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം

ജില്ലയിലെ പട്ടികജാതി വിഭാഗം കേന്ദ്രീകരിച്ചിരിക്കുന്നത് മലപ്പുറം, പെരിന്തൽമണ്ണ, പൊന്നാനി, മഞ്ചേരി, പാണ്ടിക്കാട്, തുക്കലങ്ങോട്, എടവണ്ണ, വണ്ടൂർ. കൊണ്ടോട്ടി എന്നിവിടങ്ങളിലാണ്. ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗം കേന്ദ്രീകരിച്ചിരിക്കുന്നത് പോത്തുകല്ല്. ചുങ്കത്തറ, ചാലിയാർ, ഊർങ്ങാട്ടിരി, മമ്പാട് എന്നിവിടങ്ങളിലാണ്.

3.7.4 പ്രവാസികൾ

കേരളത്തിന്റെ സാമ്പത്തിക വളർച്ചയിൽ വിദേശ രാജ്യങ്ങളിൽ നിന്നും പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ നിന്നുമുള്ള സമ്പത്തിന്റെ പങ്ക് വളരെ വലുതാണ്. വിദേശ മലയാളികൾ നാടിന്റെ പുരോഗതിയിൽ വഹിക്കുന്ന പങ്ക് കുടുംബതലത്തിലും പ്രാദേശിക സാമൂഹിക തലത്തിലും രാജ്യതലത്തിലും ദൃശ്യമാണ്. മദ്ധ്യ ഏഷ്യൻ രാജ്യങ്ങളിലേക്കുള്ള ഏറ്റവും അധികം കുടിയേറ്റക്കാരുള്ളത് മലപ്പുറം ജില്ലയിലാണ് (ഒന്നാം സ്ഥാനം). കേരളത്തിന്റെ മൊത്തം പ്രവാസികളുടെ 19 ശതമാനമാണ് മലപ്പുറത്തുള്ളത്. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ റിപ്പോർട്ട് പ്രകാരം മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപാദനത്തിന്റെ ജില്ലാ വിതരണം പരിശോധിച്ചതിൽ അനുബന്ധം 3.2 ജില്ലാതല മൊത്ത ആഭ്യന്തര ഉൽപാദനത്തിൽ മലപ്പുറം ജില്ല നാലാം സ്ഥാനം വഹിക്കുന്നു. എന്നാൽ ജില്ലാതല പ്രതിശീർഷ വരുമാനത്തിൽ മലപ്പുറം ജില്ല പതിനാലാം സ്ഥാനത്താണ്. 2011 സെൻസസ് അനുസരിച്ച് സംസ്ഥാനത്തെ തൊഴിൽ ഘടനയിൽ ഏറ്റവും കുറഞ്ഞ തൊഴിൽ പങ്കാളിത്ത നിരക്കും, സ്ത്രീ തൊഴിൽ പങ്കാളിത്ത നിരക്കും മലപ്പുറം ജില്ലയിലാണ്.

ജില്ലയിലെ തൊഴിൽഘടനയിലെ കുറഞ്ഞ തൊഴിൽ പങ്കാളിത്ത നിരക്കും, കുറഞ്ഞ ആളോഹരി വരുമാനവും വർദ്ധിച്ച രീതിയിലുള്ള കുടിയേറ്റത്തെ സൂചിപ്പിക്കുന്നു. സംസ്ഥാനത്തെ ജില്ലകളിലെ പ്രവാസികളുടെ എണ്ണം അനുബന്ധം 3.3 ൽ കൊടുത്തിരിക്കുന്നു.

മദ്ധ്യ ഏഷ്യയിലെ സ്വദേശി നയങ്ങളും ലോകം മുഴുവൻ ബാധിച്ച സാമ്പത്തിക അസ്ഥിരതയും മൂലം കേരളത്തിലേക്ക് തിരിച്ചു വരുന്ന പ്രവാസികളുടെ എണ്ണം കൂടിക്കൊണ്ടിരിക്കുന്നു. വർദ്ധിച്ച തോതിലുള്ള തിരിച്ചു വരവിന്റെ സാഹചര്യത്തിൽ പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിന് സാഹചര്യം ഒരുക്കേണ്ടതുണ്ട്. മലപ്പുറം ജില്ലയിലെ സാമ്പത്തിക പുരോഗതിയിൽ പ്രവാസികൾ വളരെയധികം പങ്കു വഹിക്കുന്നു. ജില്ലയിലെ തൊഴിലെടുക്കുന്ന പ്രവാസികളിൽ സ്ത്രീകളുടെ സാന്നിദ്ധ്യം നാമമാത്രമാണ്.

3.7.5 ജനസാന്ദ്രത

ചിത്രം 3.37 : ജില്ലയിലെ ജനസാന്ദ്രതയിലെ നഗര ഗ്രാമ അനുപാതം

ജനസംഖ്യയുടെ കേന്ദ്രീകരണത്തിന്റെ പ്രധാന സൂചകങ്ങളിലൊന്നാണ് ജനസാന്ദ്രത. 2011 സെൻസസ് പ്രകാരം ജില്ലയിലെ ജനസാന്ദ്രത 1157/ച.കി.മീ. ഇത് സംസ്ഥാനത്തെ അഞ്ചാം സ്ഥാനമാണ്. ജില്ല ഒന്നാകെ പരിഗണിക്കുമ്പോൾ ഗ്രാമ പ്രദേശങ്ങളുമായി താരതമ്യം ചെയ്താൽ നഗര പ്രദേശങ്ങൾ ഉയർന്ന ജനസാന്ദ്രത പ്രകടിപ്പിക്കുന്നു. നഗര ജനസാന്ദ്രതയിൽ ജില്ല രണ്ടാം സ്ഥാനത്താണ്. 2011 സെൻസസ് പ്രകാരം നഗരകേന്ദ്രങ്ങളിലെ ശരാശരി സാന്ദ്രത 2177/ച.കി.മീ. ആണ്. എന്നാൽ ഗ്രാമപ്രദേശത്തെ ജനസാന്ദ്രത 1055/ച.കി.മീ. ജില്ലയിലെ ഗ്രാമങ്ങളും നഗരങ്ങളും വേർതിരിച്ച് ജനസാന്ദ്രത താഴെ ചിത്രത്തിൽ കാണിച്ചിരിക്കുന്നു.



അവലംബം: സെൻസസ് 2011

നഗര കേന്ദ്രങ്ങളിൽ പൊന്നാനി മുനിസിപ്പാലിറ്റിയിലാണ് ഏറ്റവും ഉയർന്ന ജനസാന്ദ്രത. 3880/ച.കി.മീ. താനൂർ നഗരസഭ 3585/ച.കി.മീറ്ററുമായി രണ്ടാം സ്ഥാനം വഹിക്കുന്നു. ഏറ്റവും കുറഞ്ഞ ജനസാന്ദ്രത കാണിക്കുന്നത് ചാലിയാർ (125/ച.കി.മീ), കരുളായി (132/ച.കി.മീ), ചുങ്കത്തറ (156/ച.കി.മീ) പഞ്ചായത്തുകളിലാണ്. ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനസാന്ദ്രതയിലുള്ള വ്യതിയാനം താഴെ ചിത്രം 3.38 ൽ കാണിച്ചിരിക്കുന്നു.

ചിത്രം 3.38 : ജനസാന്ദ്രതയിലുള്ള വ്യതിയാനം



അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം

3.7.6 ജനസംഖ്യാ കേന്ദ്രീകരണം

ജില്ലയിലെ തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലെ ജനസാന്ദ്രത വിശകലനം ചെയ്തതിൽ ആകെ ജനസംഖ്യയുടെ 2/3 ഭാഗവും കേന്ദ്രീകരിച്ചിരിക്കുന്നത് തീരപ്രദേശങ്ങളിലും ഇടനാട്ടിലുമാണ്. ജനസംഖ്യാകേന്ദ്രീകരണ ഘടന താഴെ ചിത്രം 3.7.6 ൽ കൊടുത്തിരിക്കുന്നു.

ചിത്രം 3.39 : ജനസംഖ്യയുടെ കേന്ദ്രീകരണ ഘടന



അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം

3.7.7 തൊഴിൽഘടന

ആകെ ജനസംഖ്യയും ആകെ തൊഴിലാളികളുടെ എണ്ണവും തമ്മിലുള്ള അനുപാതമാണ് തൊഴിൽ പങ്കാളിത്ത നിരക്ക്. 2011 സെൻസസ് അനുസരിച്ച് മലപ്പുറം ജില്ലയിലെ തൊഴിൽ പങ്കാളിത്തനിരക്ക് 25.8% (പുരുഷന്മാർ 45.8%, സ്ത്രീകൾ 7.6%) ആണ്. അത് സംസ്ഥാനത്തെ ഏറ്റവും കുറഞ്ഞ നിരക്കാണ്. ആകെ ജനസംഖ്യ 41.13 ലക്ഷം. 10.61 ലക്ഷം ജനങ്ങൾ മാത്രമാണ് തൊഴിലാളികൾ. ജില്ലയിലെ ആകെ തൊഴിലാളികളിൽ സ്ത്രീകളുടെ സാന്നിദ്ധ്യം 15.41% മാത്രമാണ്.

താലൂക്കടിസ്ഥാനത്തിൽ 2011 ലെ സെൻസസ് പ്രകാരമുള്ള തൊഴിലാളികളുടെ എണ്ണം താഴെ പട്ടിക 3.14 ലും ചിത്രം 3.40 ലും കാണിച്ചിരിക്കുന്നു. (2011 ന് ശേഷം രൂപീകൃതമായ കൊണ്ടോട്ടി താലൂക്ക് വിശകലനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.)

പട്ടിക 3.14 : താലൂക്കടിസ്ഥാനത്തിൽ സെൻസസ് പ്രകാരമുള്ള തൊഴിലാളികളുടെ എണ്ണം – 2011

ക്രമ നമ്പർ	താലൂക്ക്	കർഷകർ	കർഷകർ	കുടിൽ വ്യവസായ തൊഴിലാളികൾ	മറ്റ് തൊഴിലാളികൾ
1	ഏറനാട്	14403	33612	3343	189894
2	നിലമ്പൂർ	10597	27074	3140	131144
3	പെരിന്തൽമണ്ണ	12594	24040	3073	119033
4	തിരൂർ	10505	14673	3933	190845
5	തിരൂരങ്ങാടി	5923	11800	2617	150595
6	പൊന്നാനി	3545	6206	2317	87518

അവലംബം : 2011 ലെ സെൻസസ്.

ചിത്രം 3.40 : താലൂക്കടിസ്ഥാനത്തിലുള്ള തൊഴിലാളികളുടെ വർഗ്ഗീകരണം



അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം

കർഷകരും, കർഷകത്തൊഴിലാളികളും ആകെയുള്ള പ്രധാന തൊഴിലാളികളുടെ 16.5% വരുന്നു. എന്നാൽ പ്രധാന തൊഴിലാളികളിൽ സിംഹഭാഗവും (81.8%) മറ്റ് തൊഴിലാളി വിഭാഗത്തിൽ പെടുന്നു. മുൻപ് സൂചിപ്പിച്ചത് പോലെ പ്രാഥമിക മേഖലയിൽ മത്സ്യബന്ധനക്കാർ, ഖനി തൊഴിലാളികൾ പോലുള്ളവർ മറ്റ് തൊഴിലാളികളുടെ ഏകദേശം 10% പ്രാഥമിക മേഖലയിൽ ഉൾപ്പെടുന്നുവെന്ന് സങ്കൽപ്പിച്ചാൽ പോലും 50 ശതമാനത്തിലേറെ തൊഴിലാളികൾ തൃതീയ മേഖലയിൽ ഉൾപ്പെടുന്നു. അതിൽ ആകെ തൊഴിലാളികളുടെ 60% പ്രാഥമിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. ഇത് മലപ്പുറം ജില്ലയിലെ സമ്പദ്ഘടനയിൽ പ്രാഥമിക മേഖലയുടെ പ്രവർത്തനം കുറയുന്നതിന്റെ സൂചകമാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ തൊഴിലാളികളെ മൂന്ന് വിഭാഗങ്ങളായി തിരിച്ചതിന്റെ അടിസ്ഥാനത്തിലുള്ള തൊഴിലാളികളുടെ വിതരണവും പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലാടിസ്ഥാനത്തിലുള്ള വിതരണവും താഴെ ചിത്രം 3.41 ൽ കാണിച്ചിരിക്കുന്നു.

ചിത്രം 3.41 : തൊഴിലാളികളുടെ മൂന്ന് വിഭാഗങ്ങളായുള്ള വിതരണം



അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം

പ്രാഥമിക മേഖലയിലുള്ള തൊഴിലാളികൾ പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത് ജില്ലയുടെ മദ്ധ്യഭാഗങ്ങളിലും വടക്ക് കിഴക്കൻ മേഖലകളിലുമാണ്. പ്രധാന തൊഴിലാളികളുടെ തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലുള്ള ശതമാനം 2.5 മുതൽ 39.5 വരെ വ്യത്യാസപ്പെട്ട് കാണുന്നു. മഞ്ചേരി ഒഴികെയുള്ള നഗരകേന്ദ്രങ്ങളും ജില്ലയുടെ പടിഞ്ഞാറ് ഭാഗത്തോട് ചേർന്ന് വരുന്ന മിക്ക ഗ്രാമപഞ്ചായത്തുകളും പ്രധാന തൊഴിലാളികളുടെ നിരക്ക് വളരെ കുറവാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ ദ്വിതീയ മേഖലയിലെ തൊഴിലാളികളുടെ നിരക്ക് 1 മുതൽ 5 വരെയാണ്. ഉയർന്ന കേന്ദ്രീകരണ സൂചക നിരക്കുകൾ ഉള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വടക്ക് കിഴക്ക് ഭാഗത്തു നിന്നും തെക്ക് ഭാഗം വരെ കൂട്ടുതലായി കേന്ദ്രീകരിച്ച് കാണുന്നു. മറ്റ് പ്രദേശങ്ങളിൽ ഏറെക്കുറെ ഒരു പോലെ വിന്യസിച്ചിരിക്കുന്നു.

തൃതീയ മേഖലയിലെ തൊഴിലാളികൾ വടക്ക് കിഴക്ക് ഭാഗത്തു നിന്നും തെക്ക് ഭാഗം വരെ കൂടുതലായി കേന്ദ്രീകരിച്ച് കാണുന്നു. മറ്റ് പ്രദേശങ്ങളിൽ ഏറെക്കുറെ ഒരു പോലെ വിന്യസിച്ചിരിക്കുന്നു. കേന്ദ്രീകരണം നഗരകേന്ദ്രങ്ങളോട് ചേർന്ന് കൂടി വരുന്നു. തൃതീയ മേഖലയിലെ തൊഴിലാളികളുടെ നിരക്ക് 56 മുതൽ 95 വരെ ആണ്.

3.7.8 മുഖ്യതൊഴിലാളി വിഭാഗങ്ങളുടെ സ്ഥലപര വിന്യാസം

പ്രധാന വിഭാഗം തൊഴിലാളികളുടെ (അതായത് കർഷകർ, കാർഷിക തൊഴിലാളികൾ, കുടിൽ വ്യവസായ തൊഴിലാളികൾ, മറ്റുള്ള തൊഴിലാളികൾ) സ്ഥലപര വിന്യാസം അവയുടെ കേന്ദ്രീകരണ സൂചകത്തിന്റെ അടിസ്ഥാനത്തിലാണ് വിശകലനം ചെയ്തത്. കേന്ദ്രീകരണ സൂചകത്തിന്റെ സഹായത്താൽ ഒരു പ്രത്യേക വിഭാഗം തൊഴിലാളികൾ ജില്ലയിൽ എവിടെയാണ് കേന്ദ്രീകരിച്ചിരിക്കുന്നതെന്ന് കണ്ടെത്താം. നാല് വിഭാഗം തൊഴിലാളികളുടേയും കേന്ദ്രീകരണത്തിന്റെ വ്യതിയാനം താഴെ ചിത്രം 3.42, 3.43, 3.44, 3.45 എന്നിവയിൽ നൽകിയിരിക്കുന്നു.

ചിത്രം 3.42 : കർഷക തൊഴിലാളികളുടെ കേന്ദ്രീകരണത്തിന്റെ വ്യതിയാനം



ചിത്രം 3.43 : കർഷകരുടെ കേന്ദ്രീകരണത്തിന്റെ വ്യതിയാനം



ചിത്രം 3.44 വ്യവസായ തൊഴിലാളികളുടെ കേന്ദ്രീകരണത്തിന്റെ വ്യതിയാനം



ചിത്രം 3.45 മറ്റു തൊഴിലാളികളുടെ കേന്ദ്രീകരണത്തിന്റെ വ്യതിയാനം



അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം

കാർഷിക തൊഴിലാളികളുടെ കേന്ദ്രീകരണ സൂചകത്തിന്റെ വ്യതിയാനം ചിത്രത്തിൽ കാണിച്ചിരിക്കുന്നു. ജില്ലയുടെ വടക്കു കിഴക്കൻ ഭാഗങ്ങളിൽ കാർഷിക തൊഴിലാളികൾ കേന്ദ്രീകരിച്ചിരിക്കുന്നതായി ഭൂപടത്തിൽ നിന്ന് വ്യക്തമാണ്.

3.7.9 തൊഴിൽഘടനയെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തന മാതൃക

പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകളിലെ കേന്ദ്രീകരണ സൂചകത്തിന്റെ വ്യതിയാനം വിശകലനം ചെയ്യുകയും അവയുടെ സ്ഥലപര വ്യതിയാനം വിശകലനം ചെയ്യുന്നതിൽ നിന്നും ജില്ലയുടെ പ്രവർത്തന മാതൃക നിർണ്ണയിക്കുകയും ചെയ്തിരിക്കുന്നു.

പ്രാഥമിക മേഖലയിലെ തൊഴിലാളികൾ മലനാട്, ഇടനാട് മേഖലകളിലും, ദ്വിതീയ മേഖലകളിലെ തൊഴിലാളികൾ വടക്ക് കിഴക്ക് ഭാഗത്തു നിന്നും തെക്ക് ഭാഗം വരെ കേന്ദ്രീകരിച്ചിരിക്കുന്നതായും, തൃതീയ മേഖലകളിലെ ഭൂരിഭാഗം തൊഴിലാളികളും തീരദേശത്തോട് ചേർന്നും മറ്റ് നഗരപ്രദേശങ്ങളിലും കരുവാരക്കുണ്ട്, വണ്ടൂർ, അരീക്കോട് എന്നീ പ്രദേശങ്ങളിലും കൂടുതലായി വിതരണം ചെയ്യപ്പെട്ടതായി ചിത്രത്തിൽ നിന്നും വ്യക്തമാകുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ പ്രാഥമിക, ത്വിതീയ, തൃതീയ മേഖലകളിലെ തൊഴിലാളികളുടെ വിന്യാസം താഴെ ചിത്രം 3.46, 3.47, 3.48 എന്നിവയിൽ കാണിച്ചിരിക്കുന്നു.

ചിത്രം 3.46 പ്രാഥമിക മേഖലയിലെ തൊഴിലാളികളുടെ വിന്യാസം



ചിത്രം 3.47 ദ്വിതീയ മേഖലയിലെ തൊഴിലാളികളുടെ വിന്യാസം



അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം

ചിത്രം 3.48 : തൃതീയ മേഖലയിലെ തൊഴിലാളികളുടെ വിന്യാസം



അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം

കർഷകരും കർഷക തൊഴിലാളികളും ജില്ലയിൽ നഗരകേന്ദ്രങ്ങളിലും തീരദേശ തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശങ്ങളൊഴികെ മറ്റെല്ലായിടത്തും ഒരേപോലെ വിതരണം ചെയ്യപ്പെട്ടിരിക്കുന്നു. കൂടിൽ വ്യവസായ തൊഴിലാളികൾ കേന്ദ്രീകരിച്ചിരിക്കുന്നത് തീരദേശ തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലും കിഴക്കൻ പ്രദേശങ്ങളിലുമാണ്. മറ്റു തൊഴിലാളികൾ കൂടുതലായും ഇടനാട്ടിലും തീരപ്രദേശങ്ങളിലുമാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകളിലെ കേന്ദ്രീകരണ ഘടന ഓവർലേചെയ്യുന്നതിലൂടെ തൊഴിൽഘടനയെ അടിസ്ഥാനമാക്കിലുള്ള പ്രവർത്തന മാതൃക ലഭിക്കും. അത് താഴെ പറയും പ്രകാരമാണ്.

1. പ്രാഥമിക പ്രവർത്തനം
2. ദ്വിതീയ പ്രവർത്തനം
3. തൃതീയ പ്രവർത്തനം
4. പ്രാഥമികം+ദ്വിതീയം
5. പ്രാഥമികം+തൃതീയം
6. ദ്വിതീയം+തൃതീയം

തൊഴിൽഘടനയെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തന ഘടന താഴെ ചിത്രം 3.49 ലും അനുബന്ധം 3.4 ലും കാണിച്ചിരിക്കുന്നു.

ചിത്രം 3.49 : തൊഴിൽഘടനയെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തന ഘടന



അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം.

ഈ വിശകലനത്തിൽ നിന്നും ഉയർന്നക്രമമുള്ള അധിവാസ കേന്ദ്രങ്ങളിൽ സാമ്പത്തിക മേഖല ദ്വിതീയ മേഖലയിൽ നിന്നും തൃതീയ മേഖലയിലേക്ക് കേന്ദ്രീകരിച്ചിരിക്കുന്നതായി കാണാം.

27 തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശങ്ങളിൽ പ്രധാന പ്രവർത്തനം പ്രാഥമികം, 3 പ്രദേശങ്ങളിൽ ദ്വിതീയം, 29 എണ്ണത്തിൽ തൃതീയം. 24 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാഥമികവും ത്വിതീയവും ഒരുപോലെ പ്രധാനമാണ്. 21 സ്ഥാപനങ്ങളിൽ ദ്വിതീയവും തൃതീയവും, 7 സ്ഥാപനങ്ങളിൽ പ്രാഥമികവും തൃതീയവും ആണ് പ്രധാനമായിട്ടുള്ളത്.

3.7.10 സംഗ്രഹം

കഴിഞ്ഞ കുറേ ദശാബ്ദങ്ങളിലും സംസ്ഥാനത്തെ ഏറ്റവും ഉയർന്ന ജനസംഖ്യയുള്ള ജില്ലയാണ് മലപ്പുറം. കൂടാതെ ഏറ്റവും ഉയർന്ന ജനസംഖ്യാ വളർച്ച നിരക്കും. വളർച്ചാ നിരക്കിൽ സംസ്ഥാനത്ത് രണ്ടാം സ്ഥാനത്താണ്. ജനസംഖ്യയുടെ 2/3 ഭാഗം ജീവിക്കുന്നത് ജില്ലയുടെ 38.81 ശതമാനം വിസ്തൃതിയിലാണ്. കൂടുതലായി ഇടനാട്ടിലും തീരപ്രദേശങ്ങളിലും.

ജില്ലയുടെ തൊഴിൽ ഘടനയെക്കുറിച്ചുള്ള അപഗ്രഥനം കാഴ്ച വെക്കുന്നത് ഏകദേശം 74.2% ജനങ്ങളും തൊഴിലാളികളല്ലാത്തവരാണ്. സംസ്ഥാനത്തെ ഏറ്റവും കുറഞ്ഞ തൊഴിൽ പങ്കാളിത്ത നിരക്കുള്ള ജില്ലയാണ് മലപ്പുറം. പ്രാഥമിക മേഖലയിൽ തൊഴിലെടുക്കുന്നവരുടെ എണ്ണത്തിൽ കുത്തനെയുള്ള ശോഷണം സംഭവിച്ചിട്ടുണ്ട്. വളർച്ച കാണിക്കുന്ന ഒരേയൊരു മേഖല തൃതീയ മേഖലയാണ് (സർവീസ് മേഖല). ജില്ലയിലെ ഗ്രാമപ്രദേശങ്ങളിൽ നിന്നും സാവകാശം പ്രാഥമിക മേഖല പിൻവാങ്ങുന്നതായും സർവീസ് മേഖലയെ ആശ്രയിക്കുന്നതായും കാണുന്നു. കൂടാതെ ഗ്രാമപ്രദേശങ്ങളിൽ നടക്കുന്ന നഗരവൽക്കരണത്തിന്റെ ഫലമായും ആളുകൾ പ്രാഥമിക മേഖലയിൽ നിന്നും അകന്നു പോകുന്നു. കൂടാതെ തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പ്രാതിനിധ്യം വളരെ കുറഞ്ഞ ശതമാനം മാത്രമാണുള്ളത്. കൂടാതെ കുട്ടികളിലെ സ്ത്രീപുരുഷാനുപാതം കുറയുന്നതായും കാണുന്നു. ജനസംഖ്യ കേന്ദ്രീകരണം കൂടുതലുള്ള

മേഖലകളിൽ മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ള വിതരണം മുതലായ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതക്ക് പ്രാധാന്യം കൂടുതൽ പ്രാധാന്യം നൽകേണ്ടതുണ്ട്. ജില്ലയിലെ പകുതിയോളം ഭാഗങ്ങളിൽ പ്രധാന പ്രവർത്തന സ്വഭാവം കൃഷിയാണെങ്കിലും കർഷകരുടേയും കർഷകത്തൊഴിലാളികളുടേയും എണ്ണത്തിലുണ്ടായ കുറവ് കാർഷികോത്പാദനത്തേയും ബാധിക്കുന്നു. വികസന സങ്കൽപ്പങ്ങളും കാഴ്ചപ്പാടുകളും ഈ മേഖലയുടെ സമഗ്ര വികസനത്തിനായി രൂപീകരിക്കേണ്ടതുണ്ട്.

3.8 അധിവാസ കേന്ദ്രങ്ങളുടെ ശ്രേണീകരണം

ജില്ലയിലെ അധിവാസ കേന്ദ്രങ്ങളുടെ ക്രമം അവിടെ ലഭ്യമായ സൗകര്യങ്ങളുടെ എണ്ണത്തിന്റേയും നിലവാരത്തിന്റേയും അടിസ്ഥാനത്തിലാണ് നിശ്ചയിക്കുന്നത്. മലപ്പുറം ജില്ലയിൽ 106 അധിവാസ കേന്ദ്രങ്ങൾ (തദ്ദേശസ്വയംഭരണ പ്രദേശങ്ങൾ) ആണ് നിലവിലുള്ളത്. ഇതിൽ 94 ഗ്രാമപഞ്ചായത്തുകളും, 12 എണ്ണം നഗരസഭകളുമാണ്. അധിവാസ കേന്ദ്രങ്ങളുടെ സ്ഥലപരമായ പ്രാധാന്യത്തിന്റെ അടിസ്ഥാനത്തിൽ വരും കാലത്തെ ക്രമം കണ്ടെത്താനും സൗകര്യങ്ങളുടെ വിതരണത്തിൽ സംതുലനാവസ്ഥ സാധ്യമാക്കാനും കഴിയും.

3.8.1 അധിവാസ കേന്ദ്രങ്ങളുടെ നിലവിലുള്ള ക്രമം

അധിവാസ കേന്ദ്രങ്ങളുടെ ക്രമം കണ്ടെത്തുന്നതിന് സഞ്ചിത പ്രവർത്തന സൂചക രീതിയാണ് ഉപയോഗിക്കുന്നത്. ഒരു അധിവാസ കേന്ദ്രത്തിലെ താഴെ പറയുന്ന തരം സൗകര്യങ്ങളുടെ എണ്ണവും സാന്നിദ്ധ്യവും ആസ്പദമാക്കിയാണ് അധിവാസകേന്ദ്രത്തിന്റെ സഞ്ചിത നിർവഹണ സൂചകം (Composit Functional Index) കണക്കാക്കുന്നത്.

1. വിദ്യാഭ്യാസ സൗകര്യങ്ങൾ
2. ആരോഗ്യമേഖലയിലെ സൗകര്യങ്ങൾ
3. കമ്പോള സൗകര്യങ്ങൾ
4. കാർഷിക മേഖലയിലേയും അനുബന്ധ മേഖലയിലേയും സൗകര്യങ്ങൾ
5. പശ്ചാത്തല സൗകര്യങ്ങൾ
6. ഗതാഗത സൗകര്യങ്ങൾ

മേൽപ്പറഞ്ഞ ഓരോ സൗകര്യങ്ങൾക്കും ജില്ലയിലുള്ള വെയിറ്റേജും അതിന്റെ അടിസ്ഥാനത്തിൽ കണക്കാക്കിയ സഞ്ചിത പ്രവർത്തന സൂചകവും അനുബന്ധം 5 ൽ നൽകിയിരിക്കുന്നു. ഓരോ അധിവാസ കേന്ദ്രങ്ങളുടെ നമ്പരിനു നേരെയുള്ള സൂചക സംഖ്യ രേഖപ്പെടുത്തി ജില്ലയിലെ അധിവാസ കേന്ദ്രങ്ങളുടെ ക്രമം കണ്ടെത്താം. ഇപ്രകാരം രേഖപ്പെടുത്തിയതിൽ പെരിന്തൽമണ്ണ നഗരമാണ് ഏറ്റവും ഉയർന്ന മൂല്യം കാണിച്ചിരിക്കുന്നത്. ഇത് ജില്ലയിലെ മറ്റ് അധിവാസകേന്ദ്രങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വളരെയധികമാണ്. അതിനാൽ പെരിന്തൽമണ്ണ നഗരത്തെ ജില്ലയിലെ ഒന്നാം ക്രമമുള്ള അധിവാസ കേന്ദ്രമായി കണക്കാക്കാം.

രണ്ടാം ക്രമമുള്ള 3 ഉം മൂന്നാം ക്രമമുള്ള 12 ഉം നാലാം ക്രമമുള്ള 90 ഉം അധിവാസ കേന്ദ്രങ്ങളാണ് ജില്ലയിലുള്ളത്.

ഒന്നാം ക്രമം	–	പെരിന്തൽമണ്ണ
രണ്ടാം ക്രമം	–	പൊന്നാനി, തിരൂർ, മഞ്ചേരി
മൂന്നാം ക്രമം	–	വളാഞ്ചേരി, വാഴക്കാട്, പരപ്പനങ്ങാടി, വണ്ടൂർ, താനൂർ. തിരൂരങ്ങാടി, കൊണ്ടോട്ടി, അങ്ങാടിപ്പുറം, കോട്ടക്കൽ, നിലമ്പൂർ, തേഞ്ഞിപ്പലം, മലപ്പുറം,
നാലാം ക്രമം	–	മറ്റു പഞ്ചായത്തുകൾ (അനുബന്ധം 3.5)

വിവിധ ക്രമത്തിലുള്ള അധിവാസ കേന്ദ്രങ്ങളുടെ സ്ഥലപരവിതരണം ചിത്രം 3.50 ൽ കാണിച്ചിരിക്കുന്നു. ഒന്നാം ക്രമ അധിവാസ കേന്ദ്രമായ പെരിന്തൽമണ്ണ ദേശീയപാത 966 ന്റേയും സംസ്ഥാനപാത 39 ന്റേയും സംഗമസ്ഥാനമാണ്. തിരൂർ, തേഞ്ഞിപ്പലം, മഞ്ചേരി, നിലമ്പൂർ എന്നിവയൊഴികെ മൂന്നാം ക്രമം വരെയുള്ള മറ്റെല്ലാ അധിവാസ കേന്ദ്രങ്ങളും ദേശീയ പാതയുടേയും സംസ്ഥാനപാതയുടേയും സംഗമസ്ഥാനമാണ്.

ചിത്രം 3.50 : അധിവാസ കേന്ദ്രങ്ങളുടെ നിലവിലെ ക്രമം



അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം,മലപ്പുറം.

3.8.2 അധിവാസ കേന്ദ്രങ്ങളുടെ നിർദ്ദിഷ്ട ക്രമം

അധിവാസ കേന്ദ്രങ്ങളുടെ ഭാവിയിലെ ക്രമം ക്രിസ്റ്റലറുടെ കേന്ദ്രസ്ഥാന സിദ്ധാന്തത്തിനെ അടിസ്ഥാനമാക്കിയാണ് കണ്ടെത്തിയത്. ലോകത്തെമ്പാടുമുള്ള നഗരങ്ങളുടേയും പട്ടണങ്ങളുടേയും എണ്ണം, വലുപ്പം, വിതരണഘടന എന്നിവയുടെ പിന്നിലുള്ള കാരണങ്ങളെക്കുറിച്ച് വിശദീകരിക്കാൻ ശ്രമിക്കുന്ന പാശ്ചാത്യ ഭൂമിശാസ്ത്രത്തിലെ സ്ഥലപര സിദ്ധാന്തമാണിത്. നഗരങ്ങളിൽ ജനങ്ങൾ ഒന്നിച്ചു കൂടുന്ന സാധനങ്ങളും ആശയങ്ങളും പങ്കുവെക്കുന്നതിനും അത് നിലനിൽക്കുന്നത് തീർത്തും സാമ്പത്തിക കാരണങ്ങളാലാണ് എന്നും ഈ സിദ്ധാന്തം നഗരം/ഉയർന്ന ക്രമത്തിലുള്ള സൗകര്യങ്ങളുള്ള കേന്ദ്രം മദ്ധ്യഭാഗത്തായി സ്ഥാപിക്കപ്പെടുകയും ചുറ്റുപാടുള്ള ജനതക്ക് ചരക്കുകളും സേവനങ്ങളും നൽകുന്നതിനും എന്നതിനെയും അടിസ്ഥാനമാക്കിയാണ്.

ക്രിസ്റ്റലറുടെ മറ്റൊരു പ്രധാന സങ്കൽപമാണ് threshold. ഒരു കേന്ദ്രീകൃത ബിസിനസ്സിനേയോ പ്രവർത്തനത്തിനേയോ സജീവവും സമ്പന്നവുമായി നിലനിർത്തുന്നതിനുള്ള ഏറ്റവും കുറഞ്ഞ എണ്ണം ജനസംഖ്യയാണിത്. ചെറുകിട ഓർഡർ സാധനങ്ങൾ കൈകാര്യം ചെയ്യുന്ന ചെറുകിട ബിസിനസുകൾക്ക് ചെറുകിട പട്ടണങ്ങളിൽ അതിജീവിക്കാൻ കഴിയും. എന്തുകൊണ്ടെന്നാൽ ജനങ്ങൾ അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി നഗരങ്ങളിലേക്ക് പോകുന്നതിന്പകരം അടുത്തുള്ള ചെറുകിട പട്ടണങ്ങളെ ആശ്രയിക്കുകയാണ് ചെയ്യുന്നത്. എന്നാൽ ഉന്നത ശ്രേണിയിലുള്ള ബിസിനസ്സുകൾക്ക് ചെറിയ ജനസംഖ്യയുള്ള

പ്രദേശങ്ങളിൽ അതിജീവിക്കാൻ കഴിയില്ല. അതുകൊണ്ടുതന്നെ ചുറ്റുമുള്ള പ്രദേശങ്ങളിലെ വലിയ ജനസംഖ്യയെ സേവിക്കാൻ കഴിയുന്നതരത്തിൽ വലിയനഗരങ്ങൾ സ്ഥാപിക്കപ്പെടുന്നു.

മലപ്പുറം ജില്ലയിലെ ജനസാന്ദ്രതാ ഘടന കാണിക്കുന്നത് തീരദേശ മേഖല ഉൾപ്പെടുന്ന ജില്ലയുടെ പടിഞ്ഞാറൻ ഭാഗങ്ങളിൽ ജനസാന്ദ്രത വളരെ കൂടുതലാണെന്നാണ്. രണ്ടാം ക്രമ അധിവാസ കേന്ദ്രങ്ങളിലെ രണ്ട് അധിവാസ കേന്ദ്രങ്ങളും മൂന്നാം ക്രമ അധിവാസ കേന്ദ്രങ്ങളിലെ മൂന്നെണ്ണവും വീതികുറഞ്ഞ ഈ ഭാഗത്താണ് സ്ഥിതിചെയ്യുന്നത്. ജില്ലയുടെ കിഴക്കൻ ഭാഗങ്ങൾ പ്രധാനമായും വനമേഖലയും തോട്ടങ്ങളുമാണ്.

ക്രിസ്റ്റലറിന്റെ കേന്ദ്രസ്ഥാന സിദ്ധാന്തം (Central Place Theory) അനുസരിച്ച് കേന്ദ്രഭാഗത്ത് സ്ഥാപിതമായതും ജില്ലയുടെ മുഴുവൻ സേവന പ്രദേശമായതുമായ ഒരു ഒന്നാം ക്രമ അധിവാസ കേന്ദ്രം ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ മലപ്പുറം ജില്ലയിൽ ഒന്നാം ക്രമ അധിവാസ കേന്ദ്രമായ പെരിന്തൽമണ്ണ ജില്ലയിലെ കേന്ദ്രഭാഗത്തല്ല നിലകൊള്ളുന്നത്. ജില്ലയുടെ തെക്ക്കിഴക്ക് ഭാഗത്താണ് സ്ഥിതിതിചെയ്യുന്നത്. ജില്ലയിലെ ജനങ്ങൾക്ക് ആരോഗ്യ മേഖലയിൽ ഏറ്റവും കൂടുതൽ സേവനം നൽകപ്പെടുന്ന പെരിന്തൽമണ്ണ സമീപ ജില്ലയായ പാലക്കാടിന്റെ സേവനമേഖല കൂടിയാണ്. അതിനാൽ വികസന അസന്തുലിതാവസ്ഥ ഒഴിവാക്കുന്നതിന് ഭ്രമിശാസ്ത്രപരമായി ജില്ലയിലെ എല്ലാ ഭാഗത്തും ഒരുപോലെ സേവനം ലഭ്യമാക്കുന്നതിനായി ജില്ലയിലെ രണ്ടും മൂന്നും ക്രമങ്ങളിലുള്ള അധിവാസ മേഖലകളെ പരിഗണിച്ചിരിക്കുന്നു. ക്രിസ്റ്റലറിന്റെ തിയറി പ്രകാരം താഴ്ന്ന ശ്രേണിയിലുള്ള അധിവാസ കേന്ദ്രങ്ങൾ ഉയർന്ന ശ്രേണിയിലുള്ള അധിവാസ കേന്ദ്രങ്ങളുടെ ഷഡ്ഭുജാകൃതിയിലുള്ള സേവന പ്രദേശത്തിന്റെ ശീർഷങ്ങളിലായി സ്ഥിതി ചെയ്യണം. എന്നാൽ ജില്ല ആകമാനം ഒന്നാം ക്രമ നഗരത്തിന്റെ സേവന മേഖലയായി കണക്കാക്കിയതിനാൽ മേൽപ്പറഞ്ഞ തിയറി ഇവിടെ ബാധകമാവുന്നില്ല. അതിനാൽ അധിവാസ കേന്ദ്രങ്ങളുടെ നിലവിലുള്ള ഭരണപരമായ സ്ഥാനം, അധിവാസക്രമം, ഗതാഗത സൗകര്യം, ജനസംഖ്യ, കേന്ദ്രീകൃത സ്ഥാനം എന്നിവയുടെ അടിസ്ഥാനത്തിൽ ജില്ലയിലെ അധിവാസ കേന്ദ്രങ്ങളുടെ ക്രമം താഴെപ്പറയുന്ന രീതിയിൽ നിശ്ചയിച്ചിരിക്കുന്നു.

ഒന്നാംക്രമം – പെരിന്തൽമണ്ണ

രണ്ടാംക്രമം – മഞ്ചേരി, പൊന്നാനി, തിരൂർ, കൊണ്ടോട്ടി, മലപ്പുറം, കോട്ടക്കൽ, താനൂർ, തിരൂരങ്ങാടി, വളാഞ്ചേരി, നിലമ്പൂർ, പരപ്പനങ്ങാടി, അങ്ങാടിപ്പുറം, തേഞ്ഞിപ്പലം, വാഴക്കാട്, വണ്ടൂർ

മൂന്നാംക്രമം – എടവണ്ണ, പെരുമ്പടപ്പ്, എടപ്പാൾ,വട്ടംകുളം,തവനൂർ,അരീക്കോട്, കുറ്റിപ്പുറം

നാലാംക്രമം – മറ്റുപഞ്ചായത്തുകൾ (അനുബന്ധം 3.6)

ചിത്രം 3.51 : അധിവാസ കേന്ദ്രങ്ങളുടെ വിഭാവിത ക്രമം



അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം,മലപ്പുറം

3.8.3 സംഗ്രഹം

അധിവാസ കേന്ദ്രങ്ങളുടെ നിർദ്ദേശിക്കപ്പെട്ട ക്രമത്തിൽ ഒരു ഒന്നാം ക്രമ അധിവാസ കേന്ദ്രവും, പതിനഞ്ച് രണ്ടാം ക്രമ അധിവാസകേന്ദ്രവും, ഏഴ് മൂന്നാം ക്രമ അധിവാസ കേന്ദ്രങ്ങളും ജില്ലയിലുണ്ട്. പെരിന്തൽമണ്ണ നഗരസഭ ഒന്നാം ക്രമ അധിവാസ കേന്ദ്രവും തുടർന്ന് ജില്ലയിലെ പതിനൊന്ന് മുനിസിപ്പാലിറ്റികളും, തേഞ്ഞിപ്പലം, വാഴക്കാട്, വണ്ടൂർ, എന്നീ ഗ്രാമ പഞ്ചായത്തുകൾ രണ്ടാം ക്രമത്തിലും, എടവണ്ണ, പെരുമ്പടപ്പ്, എടപ്പാൾ, വട്ടംകുളം, തവനൂർ, അരീക്കോട്, കൂറ്റിപ്പുറം എന്നിവ മൂന്നാം ക്രമത്തിലും ഉൾപ്പെടുന്നു. (അധിവാസ കേന്ദ്രങ്ങളുടെ പ്രവർത്തന സ്വഭാവം അനുബന്ധം 3.7 ൽ പ്രതിപാദിച്ചിരിക്കുന്നു.)

3.9 നഗരവൽക്കരണം

നഗരം എന്നർത്ഥമുള്ള urbs എന്ന ലാറ്റിൻ പദത്തിൽ നിന്നാണ് നഗരവൽക്കരണം എന്ന വാക്ക് ഉത്ഭവിച്ചത്. ജനസംഖ്യാശാസ്ത്രപരമായ ഒരു പ്രതിഭാസമായ നഗരവൽക്കരണം പരമ്പരാഗത ഗ്രാമീണ സമ്പദ് വ്യവസ്ഥകളിൽ നിന്ന് ആധുനിക വ്യാവസായിക സമ്പദ് വ്യവസ്ഥകളിലേക്കുള്ള മാറ്റത്തിന്റെ സൂചകം കൂടിയാണ്. ഒരു പ്രദേശമോ ഒരു പട്ടണമോ മറ്റേതെങ്കിലും സ്ഥലമോ നഗരമാകുന്ന പ്രക്രിയയിലൂടെ ജനസാന്ദ്രത വർദ്ധിക്കുകയും തത്ഫലമായി അതിന്റെ വികസനത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. ചരിത്രാതീത കാലത്ത് സംസ്കാരത്തിന്റെ ഉത്ഭവത്തിനും ഉദയത്തിനും പിന്നീട് രാഷ്ട്രീയ പ്രക്രിയയുമായിരുന്ന നഗരവൽക്കരണം സമീപകാലത്ത് വ്യാവസായിക സാമ്പത്തിക വികസനവുമായും ബന്ധപ്പെട്ടിരിക്കുന്നു. ഗ്രാമപ്രദേശങ്ങളിൽ നിന്ന് നഗരപ്രദേശങ്ങളിലേക്കുള്ള ജനസംഖ്യാ കേന്ദ്രീകരണത്തിന്റെ തുടർച്ചയായ പ്രക്രിയയാണ് നഗരവൽക്കരണം.

3.9.1 നഗരം-നിർവ്വചനം

നഗരപ്രദേശങ്ങളെ 1961 സെൻസസ് മുതൽക്ക് താഴെ പറയുന്ന രണ്ട പ്രധാന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് നിർവ്വചിച്ചിരിക്കുന്നത്.

1. നിയമാനുസൃത ഭരണനിർവ്വഹണം: പട്ടണങ്ങളുടെ നിയമാനുസൃത പദവി ഇതിൽ ഉൾപ്പെടും. ഭരണനിർവ്വഹണ സംവിധാനത്തിൽ പട്ടണങ്ങളായി തരംതിരിച്ചിരിക്കുന്ന പ്രദേശങ്ങളെയാണ് നിയമാനുസൃതമായ പട്ടണം അഥവാ നഗരസഭ എന്നു വിളിക്കുന്നത്.
2. സാമ്പത്തികവും ജനസംഖ്യാ ശാസ്ത്രപരവുമായ വശങ്ങൾ: ജനസംഖ്യയുടെ വലുപ്പം, ജനസാന്ദ്രത, കാർഷികേതര മേഖലയിലെ തൊഴിൽ ശക്തി എന്നിവയാണ് മാനദണ്ഡങ്ങൾ. സാമ്പത്തികവും, ജനസംഖ്യാ ശാസ്ത്രപരവുമായ വശങ്ങളെ അടിസ്ഥാനമാക്കി നിർവ്വചിക്കുന്ന പട്ടണങ്ങളെ സെൻസസ് പട്ടണങ്ങൾ അഥവാ മുനിസിപ്പൽ ഇതര പട്ടണങ്ങൾ എന്നു വിളിക്കുന്നു. ഒരു പ്രദേശത്ത് ഏറ്റവും കുറഞ്ഞത് 5000 ജനങ്ങളുണ്ടായിരിക്കുകയും, ഏറ്റവും കുറഞ്ഞത് ചതുരശ്ര കിലോമീറ്ററിന് 400 പേര് എന്ന ജനസാന്ദ്രത ഉണ്ടായിരിക്കുകയും ഏറ്റവും കുറഞ്ഞത് 75 ശതമാനം പുരുഷ തൊഴിൽ ശക്തി കാർഷികേതര മേഖലയിൽ ഉണ്ടായിരിക്കുകയും ചെയ്യുന്നെങ്കിൽ ഭാരതീയ സെൻസസ് ആ പ്രദേശത്തെ നഗരമായി തരം തിരിക്കുന്നു.

സെൻസസ് പ്രകാരം ജനസംഖ്യയുടെ അടിസ്ഥാനത്തിൽ നഗരങ്ങളെ പല ക്ലാസുകളായി തരംതിരിച്ചിരിക്കുന്നു. ആയത് താഴെ പട്ടിക 3.15 -ൽ കാണിച്ചിരിക്കുന്നു.

പട്ടിക: 3.15 : ജനസംഖ്യയുടെ അടിസ്ഥാനത്തിലുള്ള നഗരങ്ങൾ

തരം	ജനസംഖ്യ
I	1,00,000 വും മുകളിലും
II	50,000 മുതൽ 99,999 വരെ
III	20,000 മുതൽ 49,999 വരെ
IV	10,000 മുതൽ 19,999 വരെ
V	5,000 മുതൽ 9,999 വരെ
VI	5000 ൽ കുറവ്

അവലംബം : 2011 സെൻസസ്

3.9.2 നഗരവൽക്കരണ പ്രവണത - കേരളത്തിൽ

ജനസംഖ്യാ വളർച്ചയേക്കാൾ എപ്പോഴും ഉയർന്നു നിൽക്കുന്ന നഗരജനസംഖ്യയുടെ വളർച്ചാ നിരക്ക് നഗരവൽക്കരണത്തിന്റെ ഉയർന്ന ഗതിവേഗത്തെ സൂചിപ്പിക്കുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ പ്രാരംഭഘട്ടത്തിൽ 63.96 ലക്ഷമായിരുന്ന കേരളത്തിലെ ജനസംഖ്യ. ഇതിൽ 59.42 ലക്ഷം ഗ്രാമപ്രദേശങ്ങളിൽ വസിക്കുന്നവരായിരുന്നു. സംസ്ഥാനത്തെ മൊത്തം ജനസംഖ്യയുടെ 92.89 ശതമാനമായിരുന്നു ഇത്. ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ ആദ്യ ദശകം പിന്നിട്ടപ്പോൾ കേരളത്തിന്റെ ജനസംഖ്യ 3.34 കോടിയായും, ഗ്രാമീണ ജനസംഖ്യ 1.59 കോടിയായും (47.72%) വർദ്ധിച്ചു. 2011 ൽ കേരളത്തിലെ ആകെ ജനസംഖ്യയുടെ 52.28 ശതമാനമായി ഗ്രാമീണ ജനസംഖ്യ കുറഞ്ഞു. കേരളത്തിന്റെ നഗരവൽക്കരണ പ്രവണതയിൽ സംഭവിച്ച മാറ്റമാണ് ഇതിൽ വ്യക്തമാകുന്നത്. 2011 സെൻസസ് പ്രകാരമുള്ള സംസ്ഥാനത്തെ ജനസംഖ്യാ കണക്കുകൾ താഴെ പട്ടികപ്പെടുത്തിയിരിക്കുന്നു.

പട്ടിക 3.16 കേരളത്തിൻറെ നഗര-ഗ്രാമ ജനസംഖ്യാവർദ്ധനവ്

വിശദാംശങ്ങൾ	2000		2011	
	ജനസംഖ്യ	ശതമാനം	ജനസംഖ്യ	ശതമാനം
ആകെ ജനസംഖ്യ	31838619		33387677	
ഗ്രാമ ജനസംഖ്യ	23571484	74.04	17455506	52.28
നഗര ജനസംഖ്യ	8267135	25.96	15932171	47.72

അവലംബം : 2011 സെൻസസ്

കേരളത്തിലെ നഗര ജനസംഖ്യ ശതമാനം ഇന്ത്യയുടേതുമായും ലോകത്തിന്റേതുമായും താരതമ്യം ചെയ്തിരിക്കുന്നത് ചിത്രം 3.52 ൽ കാണാവുന്നതാണ്. കേരളത്തിൽ നഗരവൽക്കരണം വളരെ ഉയർന്ന തോതിലാണുള്ളത് എന്ന് ഈ ചിത്രം വ്യക്തമാക്കുന്നു.

ചിത്രം 3.52 : കേരളത്തിലെ നഗര ജനസംഖ്യയുടെ ശതമാനം ഇന്ത്യയുടേതുമായും ലോകത്തിന്റേതുമായുള്ള താരതമ്യം



2001 ലെ സെൻസസ് അനുസരിച്ച് നഗരവൽക്കരണത്തിന്റെ കാര്യത്തിൽ ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ കേരളം പത്തൊമ്പതാം സ്ഥാനത്തായിരുന്നത് 2011 ആയപ്പോൾ ഒൻപതാം സ്ഥാനത്തേക്ക് ഉയർന്നതായി കാണുന്നു. കേരളത്തിൽ 3.9% മാത്രം നഗര ജനസംഖ്യയുള്ള വയനാട് ജില്ല ഏറ്റവും പിന്നിലും 68% നഗര ജനസംഖ്യയുള്ള എറണാകുളം ജില്ല ഏറ്റവും മുന്നിലും ആണ്. നഗരവൽക്കരണത്തിന്റെ ഗതിവേഗം ഏറ്റവും കൂടുതൽ കാണിക്കുന്നത് മലപ്പുറം ജില്ലയും രണ്ടാം സ്ഥാനം കോഴിക്കോടുമാണ്.

1951 മുതൽ 2011 വരെയുള്ള നഗര ജനസംഖ്യ വർദ്ധനവ് ചിത്രം 3.53 ൽ കാണിച്ചിരിക്കുന്നു. 2011 സെൻസസ് പ്രകാരം നഗര ജനസംഖ്യ ഗ്രാമ ജനസംഖ്യക്ക് തുല്യമായി വരുന്ന സ്ഥിതിയാണ് കാണുന്നത്. വിഭവങ്ങൾ, പരിസ്ഥിതി എന്നിവയിൽ നഗര വൽക്കരണം ഉണ്ടാക്കുന്ന മാറ്റങ്ങൾ വളരെ വലുതായതിനാൽ നഗരകേന്ദ്രങ്ങളെ കൂടുതൽ ശാസ്ത്രീയമായ സംവിധാനങ്ങളിലൂടെ, ഭൗതിക, സാമൂഹിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും കൂടുതൽ സാന്ദ്രീകരിക്കുകയും ചെയ്യുകൊണ്ട് ജനങ്ങൾക്ക് ഏറ്റവും മെച്ചപ്പെട്ട അധിവാസ കേന്ദ്രങ്ങളാക്കേണ്ടതുമാണ്.

ചിത്രം 3.53 : നഗരഗ്രാമ ജനസംഖ്യ ശതമാനം – കേരളം



അവലംബം : 2011 സെൻസസ്

കഴിഞ്ഞ ഒരു നൂറ്റാണ്ടിനുള്ളിൽ കേരളത്തിലെ ജനസംഖ്യയിൽ 400 ശതമാനം വർദ്ധനവുണ്ടായി. ഇക്കാലഘട്ടത്തിൽ നഗരജനസംഖ്യയിൽ 300 ശതമാനവുമാണ് വർദ്ധനവുണ്ടായത്. കഴിഞ്ഞ നാല് ദശകങ്ങളിലെ ജനസംഖ്യാ വിവരങ്ങൾ താഴെ പട്ടിക 3.17 ൽ രേഖപ്പെടുത്തിയിരിക്കുന്നു. പട്ടിക വിശകലനം ചെയ്താൽ തൊട്ടു മുൻപുള്ള ദശകങ്ങളിലെ നഗരവൽക്കരണ പ്രവണത എന്തെന്ന് വ്യക്തമാകും.

പട്ടിക 3.17 : സംസ്ഥാനത്തെ നഗര-ഗ്രാമ ജനസംഖ്യ

വർഷം	ആകെ ജനസംഖ്യ	നഗര ജനസംഖ്യ	നഗര ജനസംഖ്യയുടെ ശതമാനം	മൊത്തം ജനസംഖ്യാ വളർച്ചാ നിരക്ക്	നഗര ജനസംഖ്യയിലെ വളർച്ചാ നിരക്ക്
1981	25453680	4771275	18.7	19.24	37.64
1991	29098518	7680294	25.96	14.32	60.97
2001	31841374	8267135	26	9.43	7.64
2011	3 3,406,061	1 5,934,926	47.7	4.91	92.75

അവലംബം: സെൻസസ് 2011

കഴിഞ്ഞ നാല് ദശകങ്ങളിലെ ജനസംഖ്യാ വളർച്ചാ നിരക്കിൽ കാര്യമായ കുറവ് സംഭവിച്ചിട്ടുണ്ട്. ജനസംഖ്യാ വളർച്ചാ നിരക്ക് 1981 ൽ 19.24 ശതമാനമായിരുന്നത് 2011 ആയപ്പോൾ 4.9 ശതമാനമായി കുറഞ്ഞു. 1991–2001 കാലയളവിൽ മുൻ ദശകങ്ങളിലെ ജനസംഖ്യയേക്കാൾ 27.43 ലക്ഷം അധികം ജനസംഖ്യ ഉണ്ടായി. എന്നിരിക്കെ 15.67 ലക്ഷം അധിക ജനസംഖ്യ മാത്രമാണ് അടുത്ത ദശകത്തിൽ വർദ്ധിച്ചത്. കഴിഞ്ഞ നാല് ദശകങ്ങളിൽ സംസ്ഥാനത്തെ നഗര ജനസംഖ്യയുടെ വളർച്ചാ നിരക്ക് കൂടിയും കുറഞ്ഞുമാണ് കാണുന്നത്. 1971–81, 1981–91 എന്നീ ദശാബ്ദങ്ങളിൽ നഗരജനസംഖ്യാ വളർച്ച കുത്തനെ ഉയർന്നിരുന്നു. 37.64 ശതമാനം 1971–81 ലും, 60.97 ശതമാനം 1981–91 ലും. എന്നാൽ 2001 ൽ ഇത് കുത്തനെ താഴ്ന്ന 7.64 ശതമാനമായി. ഇത് മുൻ ദശകത്തെ അപേക്ഷിച്ച് 87.5 ശതമാനം കുറവാണ്. അതേ സമയം ആകെ ജനസംഖ്യയുടെ വളർച്ചാ നിരക്ക് 14.32 ശതമാനത്തിൽ നിന്ന് 9.43 ശതമാനമായി കുറഞ്ഞു. 34.2 ശതമാനം മാത്രമാണ് കുറവുണ്ടായത്.

കേരളത്തിലെ നഗരപ്രദേശങ്ങളുടെ സ്ഥലപരമായ വിന്യാസം പ്രകടമാക്കുന്നത് തീരപ്രദേശങ്ങളിലും ഇടനാടുകളിലുമായാണ് കേരളത്തിലെ നഗരപ്രദേശങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്നത് എന്നാണ്. ഇടനാടുകളും ഉയർന്ന ഭൂപ്രദേശങ്ങളും നഗര വൽക്കരണത്തിന്റെ ഉയർന്ന തലത്തിലുമാണ്. നഗര വൽക്കരണത്തിന്റെ രീതി അനുസരിച്ച് പരിസ്ഥിതി ലോലമായ ഉയർന്ന പ്രദേശങ്ങളെ നഗര വൽക്കരണത്തിൽ നിന്നും ഒഴിവാക്കപ്പെട്ട എങ്കിലും ഇടനാടുകളിലെ ഫലഭൂയിഷ്ടമായ കൃഷി ഭൂമി കാർഷികേതര ആവശ്യങ്ങൾക്കായി പരിവർത്തനം ചെയ്യപ്പെടുന്നതാണ്.

3.9.3 ജില്ലയിലെ നഗരങ്ങൾ

2011 ലെ സെൻസസ് അനുസരിച്ച് മലപ്പുറം ജില്ലയിലെ ആകെ ജനസംഖ്യ 41,12,920 ആണ്. ഇത് സംസ്ഥാനത്തെ ആകെ ജനസംഖ്യയുടെ 12.31 ശതമാനമാണ്. ജനസംഖ്യയുടെ എണ്ണത്തിൽ സംസ്ഥാനത്തെ 14 ജില്ലകളിൽ ഒന്നാം സ്ഥാനത്ത് നില കൊള്ളുന്നു. ജില്ലയിലെ മൊത്തം ജനസംഖ്യയിൽ 1817211 നഗര ജനസംഖ്യ. ഇത് ജില്ലയിലെ മൊത്തം ജനസംഖ്യയുടെ 44.2 ശതമാനമാണ്. 2001 സെൻസസ് പ്രകാരം 5 നഗര പ്രദേശങ്ങളാണുണ്ടായിരുന്നത്. മലപ്പുറം, പെരിന്തൽമണ്ണ, മഞ്ചേരി, തിരൂർ, പൊന്നാനി എന്നീ നഗരസഭകളാണുണ്ടായിരുന്നത്. 2011 സെൻസസിനു ശേഷം നിലമ്പൂർ, കോട്ടക്കൽ, പരപ്പനങ്ങാടി, താനൂർ, തിരുരങ്ങാടി, കൊണ്ടോട്ടി, വളാഞ്ചേരി എന്നിവ നഗരസഭകളായി ഉയർത്തപ്പെട്ടു. ഇപ്പോൾ മലപ്പുറം ജില്ലയിൽ ആകെ 12 നഗരസഭകളാണുള്ളത്. (നിലമ്പൂർ, കോട്ടക്കൽ എന്നീ തദ്ദേശസ്വയംഭരണ പ്രദേശങ്ങൾ 2010 അവസാനത്തിൽ നഗരസഭകളായി ഉയർത്തപ്പെട്ടുവെങ്കിലും 2011 ലെ സെൻസസിൽ ഉൾപ്പെട്ടിട്ടില്ല.)

ചിത്രം 3.54 : നിലവിലെ നഗരസഭകൾ



അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം,മലപ്പുറം

3.9.4 നഗര ജനസംഖ്യയുടെ തോത് (നിലവിലുള്ളത്)

ഒരു പ്രദേശത്തിന്റെ നഗരവൽക്കരണ പ്രക്രിയ നിശ്ചയിക്കുന്നത് ആ പ്രദേശത്ത് ഉൾക്കൊള്ളുന്ന ജനസംഖ്യയുടെ തോത് അനുസരിച്ചാണ്. സംസ്ഥാന നഗര ജനസംഖ്യയുടെ തോത് 47.7 ശതമാനമാണെങ്കിലും ജില്ലയിലേത് 44.2 ശതമാനമാണ്. സംസ്ഥാനത്തെ 14 ജില്ലകളിലേയും നഗര ജനസംഖ്യയുടെ തോത് താരതമ്യം ചെയ്യുമ്പോൾ മലപ്പുറം ജില്ല എട്ടാം സ്ഥാനത്താണ് എന്ന് കാണാം. ജില്ലകളിലെ നഗര ജനസംഖ്യയുടെ തോത് താഴെ പട്ടിക 3.18 ൽ ചേർത്തിരിക്കുന്നു.

പട്ടിക 3.18 : ജില്ലകളിലെ നഗരജനസംഖ്യയുടെ തോത്

ക്രമ നമ്പർ	ജില്ലയുടെ പേര്/സംസ്ഥാനം	ജനസംഖ്യ 2011				നഗര അംശത്തിന്റെ സ്ഥാനം
		നഗരം	ഗ്രാമം	ആകെ	നഗര അംശത്തിന്റെ ശതമാനം	
1	എറണാകുളം	2232564	1047296	3279860	68.08	1
2	തൃശ്ശൂർ	2089790	1020537	3110327	67.19	2
3	കോഴിക്കോട്	2074778	1014765	3089543	67.15	3
4	കണ്ണൂർ	1642892	882745	2525637	65.05	4
5	ആലപ്പുഴ	1147027	974916	2121943	54.06	5
6	തിരുവനന്തപുരം	1779254	1528030	3307284	53.79	6
7	കൊല്ലം	1186340	1443363	2629703	45.11	7
8	മലപ്പുറം	1817211	2295709	4112920	44.18	8
9	കാസർഗോഡ്	505176	797424	1302600	38.78	9
10	കോട്ടയം	565611	1413773	1979384	28.58	10
11	പാലക്കാട്	677193	2133699	2810892	24.09	11
12	പത്തനംതിട്ട	131461	1064076	1195537	10.99	12
13	ഇടുക്കി	52025	1055428	1107453	4.69	13
14	വയനാട്	31577	784981	816558	3.87	14

അവലംബം: സെൻസസ് 2011

3.9.5 നഗരജനസംഖ്യയുടെ വളർച്ചാ നിരക്ക്

നാല് ദശകങ്ങളിലായി ആകെ നഗര ജനസംഖ്യ 124852 ൽ നിന്ന് 1817211 ലേക്ക് ഉയർന്നിട്ടുണ്ട്. 2001 വരെ നഗര ജനസംഖ്യയിൽ വന്ന വ്യതിയാനം ഏറെക്കുറെ ഒരു പോലെയാണ്. എന്നാൽ 2011 ൽ നഗര ജനസംഖ്യയിൽ വലിയ വർദ്ധനവാണുണ്ടായത്.

കഴിഞ്ഞ മൂന്ന് ദശകങ്ങളിലെ ജില്ലയിലെ നഗരജനസംഖ്യയുടെ വളർച്ചാനിരക്കും ജില്ലയിലെ ആകെ ജനസംഖ്യയുടെ വളർച്ചാ നിരക്കും താഴെ ചിത്രീകരിച്ചിരിക്കുന്നു. ജില്ലയിലെ ആകെ ജനസംഖ്യ ജില്ലയുടെ രൂപീകരണത്തിനു ശേഷം ഇരട്ടിയായിട്ടുണ്ട്. എന്നാൽ ജില്ലയിലെ നഗര ജനസംഖ്യ അതേ കാലഘട്ടങ്ങളിൽ മൂന്നിരട്ടി ആയിട്ടുണ്ട്.

ചിത്രം 3.55 : ജനസംഖ്യാ വളർച്ച – ജില്ല നഗര വ്യതിയാനം



അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം,മലപ്പുറം

രാജ്യത്തേയും സംസ്ഥാനത്തേയും ജനസംഖ്യയുടെ വളർച്ചാ നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ 1971-81, 1981-91 ദശകങ്ങളിൽ ജില്ലയിലെ ജനസംഖ്യയുടെ വളർച്ചാ നിരക്ക് കൂടുതലാണ്. എന്നാൽ 1991-01 ലെ ദേശീയ വളർച്ച നിരക്കിനേക്കാൾ കുറവാണ്. ജില്ലയിലെ നഗര ജനസംഖ്യയുടെ വളർച്ചാ നിരക്കിനെ സംസ്ഥാനത്തേയും രാജ്യത്തേയും വളർച്ചാ നിരക്കുമായി താരതമ്യം ചെയ്യുന്നത് താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

പട്ടിക 3.19 : ജില്ലയിലെ നഗരജനസംഖ്യയുടെ വളർച്ചാ നിരക്ക് സംസ്ഥാനവും രാജ്യവുമായുള്ള താരതമ്യം

	1981-1991	1991-2001	2001-2011
കേരളം	60.97	7.64	47.7
മലപ്പുറം	58.88	26.1	44.2
ഇന്ത്യ	36.47	31.13	15.02

അവലംബം: സെൻസസ് 2011

സംസ്ഥാനത്തേയും ജില്ലയിലേയും നഗരജനസംഖ്യയുടെ വളർച്ചാ നിരക്കിൽ 2001 ൽ വളരെ വലിയ കുറവ് സംഭവിച്ചിരിക്കുന്നതായി പട്ടികയിൽ കാണാം. എന്നാൽ രാജ്യത്തെ നഗര ജനസംഖ്യയുടെ വളർച്ചാ നിരക്കിൽ വലിയ കുറവ് കാണുന്നില്ല. 2015 ൽ പുതിയ 5 നഗരസഭകൾ കൂടി നിലവിൽ വന്നപ്പോൾ നഗരജനസംഖ്യ 1817211 ഉം വളർച്ചാ നിരക്ക് 44.2% ആയി ഉയർന്നു.

2011 ലെ സെൻസസ് അനുസരിച്ച് ജില്ലയിലെ നഗരസഭാ പ്രദേശങ്ങളോട് ചേർന്ന് കിടക്കുന്ന തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലേയും പ്രധാന ഗതാഗത ഇടനാഴികളോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിലേയും ജനസംഖ്യയുടെ വളർച്ചാ നിരക്ക് ഏറ്റവും ഉയർന്നതായി കാണുന്നു.

3.9.6 നഗര അധിവാസ കേന്ദ്രങ്ങൾ-1971 മുതൽ 2011 വരെ

ജില്ലയിലെ നഗര അധിവാസ കേന്ദ്രങ്ങളുടെ എണ്ണം 1971 ലെ 4 ൽ നിന്ന് 2017 ൽ 12 ൽ എത്തി നിൽക്കുന്നു. 1971 ൽ മഞ്ചേരി, മലപ്പുറം, തിരൂർ, പൊന്നാനി, എന്നിവയായിരുന്നു നഗര അധിവാസ കേന്ദ്രങ്ങൾ. പിന്നീട് 1990 ൽ പെരിന്തൽമണ്ണ, 2010 ൽ നിലമ്പൂർ, കോട്ടക്കൽ, 2015 ൽ താനൂർ, തിരൂരങ്ങാടി, പരപ്പനങ്ങാടി, വളാഞ്ചേരി, കോണ്ടോട്ടി എന്നിവയും നഗര അധിവാസ കേന്ദ്രങ്ങളായി ഉയർത്തി.

3.9.7 ജില്ലയുടെ നിർദ്ദിഷ്ട നഗരവൽക്കരണം - ഒരു രൂപരേഖ

ജില്ലയിലെ തൊഴിൽപരമായ ഘടന വിശകലനം ചെയ്യുമ്പോൾ ഉൽപാദന മേഖലകൾ തകർച്ചയിലാണെന്ന് കാണാം. പുരോഗതി ദൃശ്യമാകുന്ന ഏക മേഖല സേവന മേഖലയാണ്. മൊത്തം നഗര ജനസംഖ്യയുടെ 50 ശതമാനത്തിലേറെയും തങ്ങളുടെ ജീവസന്ധാരണത്തിന് ആശ്രയിക്കുന്നത് സേവന മേഖലയെയാണ്. ജില്ലയിലെ ഗ്രാമപ്രദേശങ്ങളും പ്രാഥമിക മേഖലയിൽ നിന്നും പിൻവാങ്ങുന്നതായും സേവന മേഖലയെ ആശ്രയിച്ചു തുടങ്ങുന്നതായും കാണാം. തൊഴിൽ ഘടനയിലുണ്ടായിരിക്കുന്ന ഈ മാറ്റം നിമിത്തം ചില ഗ്രാമപ്രദേശങ്ങളിലെങ്കിലും പുരുഷ തൊഴിലാളികൾ 75 ശതമാനത്തിലേറെ പേരെങ്കിലും സമീപ ഭാവിയിൽ കാർഷികേതര വിഭാഗത്തിലേക്ക് മാറാനിടയുണ്ട്. തന്നിമിത്തം പ്രസ്തുത ഗ്രാമ പ്രദേശങ്ങൾ സെൻസസ് തരം തിരിവനുസരിച്ച് നഗര സ്വഭാവം കൈക്കൊള്ളുകയും ചെയ്യും. ഇതിന്റെ ഫലമായി നഗരജനസംഖ്യയുടെ ഗണ്യമായ വർദ്ധനവും നഗരപ്രദേശങ്ങളുടെ വിസ്തൃതിയിലുള്ള വർദ്ധനവും ഭാവിയിൽ പ്രതീക്ഷിക്കാം. നിലവിലുള്ള നഗരപ്രദേശങ്ങളിലെ നഗരജനസംഖ്യയുടെ തോത് ഇപ്പോൾ കുറഞ്ഞു കൊണ്ടിരിക്കുകയാണ് എന്നത് ഒരു വൈരുദ്ധ്യമായി അനുഭവപ്പെടും.

കേരളത്തിന്റെ സാഹചര്യത്തിൽ ജനസംഖ്യാ വർദ്ധനവ് കൂടിയ തോതിൽ ആവുമ്പോൾ ഗ്രാമങ്ങൾ നഗര വൽക്കരിക്കുന്നതിന്റെ ഭാഗമായി കാർഷിക മേഖല തളരുന്നു. 2011 സെൻസസ് അനുസരിച്ച് ജില്ലയിലെ നഗര ജനസംഖ്യയിൽ വലിയ വർദ്ധനവാണുണ്ടായത്.

ഈ സാഹചര്യത്തിൽ ജനങ്ങൾ ഗ്രാമീണ ജോലികളിൽ നിന്നും അകന്ന് നഗരത്തിന്റെ സാമ്പത്തിക-സാമൂഹിക സാഹചര്യങ്ങളിലേക്ക് ചലിക്കുന്നു. സംസ്ഥാനത്തിന്റെ സമ്പദ് ഘടനയിൽ വളരെ പ്രധാനപ്പെട്ട കാർഷിക രംഗം കൂടുതൽ ക്ഷയിക്കുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ കേരളത്തിലെ നഗരവൽക്കരണ പ്രവണതയെക്കുറിച്ച് പഠിക്കുന്നതിനും അതുവഴി ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും സാമ്പത്തികമായി സുസ്ഥിരത കൈവരിക്കുന്നതിന് ആവശ്യമായ വികസന പദ്ധതികൾ തയ്യാറാക്കുന്നതിനുമായി നഗര ഗ്രാമാസൂത്രണ വകുപ്പ് പഠനം നടത്തിയിരുന്നു. ജനസംഖ്യ, നിലവിലുള്ള നഗരകേന്ദ്രങ്ങൾ, സെൻസസ് നഗരങ്ങൾ, അധിവാസ കേന്ദ്രങ്ങ ടെ നിലവിലുള്ള പദവി, അധിവാസ കേന്ദ്രങ്ങളുടെ നിലവിലുള്ള ക്രമം, നഗരവൽക്കരണത്തെ ത്വരിതപ്പെടുത്തുന്ന പ്രോജക്ടുകൾ, വികസിത പ്രദേശങ്ങളുടെ വിന്യാസം എന്നീ മാനദണ്ഡങ്ങളാണ് ഭാവി നഗരകേന്ദ്രങ്ങളെ കണ്ടെത്തുന്നതിനായി സ്വീകരിച്ചത്.

സെൻസസ് നഗരമാകാൻ വേണ്ട ഒന്നാമത്തെ നിബന്ധനയായ കുറഞ്ഞ ജനസംഖ്യ 5000 എന്നത് ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശങ്ങളിലും ഉണ്ട്. എന്നാൽ രണ്ടാമത്തെ നിബന്ധനയായ ഏറ്റവും കുറഞ്ഞ ജനസാന്ദ്രത 400 എന്നത് അമരമ്പലം, ചുങ്കത്തറ, കരുളായി, ചാലിയാർ എന്നിവയൊഴികെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശങ്ങളിലും ഉണ്ട്. മൂന്നാമത്തെ നിബന്ധനയായ കാർഷികേതര മേഖലയിലെ പുരുഷ തൊഴിലാളികളുടെ എണ്ണം 75 ശതമാനത്തിലധികം വരുന്ന 34 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജില്ലയിലുണ്ട്.

സംസ്ഥാന സർക്കാർ നടപ്പിലാക്കിയ പ്രധാന പദ്ധതിയായ ചമ്രവട്ടം റഗുലേറ്റർ കം ബ്രിഡ്ജ് തീരദേശ ദേശീയപാതയുടെ രൂപീകരണത്തിന് വഴി തെളിച്ചു. പദ്ധതി പൂർത്തിയാകുന്നതോടെ എറണാകുളത്തു നിന്നും കോഴിക്കോട്ടുള്ള ദൂരം 20 കിലോ മീറ്റർ കുറയുകയും, കുടിവെള്ള വിതരണം, ജലസേചനം മുതലായവയുടെ സൗകര്യങ്ങൾ മെച്ചപ്പെടുകയും ഈ മേഖലയിൽ മെച്ചപ്പെട്ട ജല ഗതാഗതത്തിനും വിനോദ സഞ്ചാരത്തിനുമുള്ള സാധ്യത വർദ്ധിക്കുകയും ചെയ്യും. ഈ പദ്ധതി പൂർണ്ണമായും നടപ്പിലാകുന്നതോടെ വരും കാലങ്ങളിൽ തൃപ്രങ്ങോട്, തലക്കാട് എന്നീ പഞ്ചായത്തുകളിൽ അതിന്റെ സ്വാധീനമുണ്ടാകുന്നതാണ്.

പൊന്നാനിയിലെ നിർമ്മാണം പൂർത്തിയായ മത്സ്യബന്ധന തുറമുഖവും കാർഗോ പോർട്ടും നിർമ്മാണം പൂർത്തിയാവാനുള്ള താനൂർ, പരപ്പനങ്ങാടി എന്നിവിടങ്ങളിലെ മത്സ്യബന്ധന തുറമുഖങ്ങളും നഗര വൽക്കരണത്തെ സ്വാധീനിക്കുന്നു. ജില്ലയിലെ നഗര വൽക്കരണത്തെ സ്വാധീനിക്കുന്ന ചില പദ്ധതികളാണ് ചേലമ്പ്ര പഞ്ചായത്തിലെ കിൻഫ്ര ഫുഡ് ആൻഡ് ഐ.ടി പാർക്ക്, തേഞ്ഞിപ്പലം പഞ്ചായത്തിലെ എൽ.പി.ജി ബോട്ടിലിംഗ് പ്ലാന്റ് (ഐ.ഒ.സി), പൊന്നാനിയിലെ ഫിഷിംഗ് ആൻഡ് കാർഗോ പാർക്ക്, ചമ്രവട്ടത്തെ റഗുലേറ്റർ കം ബ്രിഡ്ജ് എന്നിവ.

ചേലമ്പ്ര പഞ്ചായത്തിലെ കാക്കഞ്ചേരിയിൽ സ്ഥാപിച്ചിരിക്കുന്ന കിൻഫ്ര വ്യാവസായിക പാർക്കിൽ ധാരാളം ഭക്ഷ്യസംസ്കരണ ശാലകൾ, ഐ.ടി വ്യവസായങ്ങൾ, ഒരു ബയോ ടെക്നോളജി യൂണിറ്റ്, 10 ഏക്കർ നോളജ് സിറ്റി ശരാശരി 300 ടൺ വസ്തുക്കൾ ഒരു ദിവസം ദേശീയ പാതയിലൂടെ വ്യാപാരം ചെയ്യുന്നു. ഇത് തീർച്ചയായും ജില്ലയിലെ വ്യാവസായിക പരിവർത്തനത്തെ ഉത്തേജിപ്പിക്കുകയും നഗരവികസനത്തിൽ സ്വാധീനം ചെലുത്തുകയും ചെയ്യും.

കൊണ്ടോട്ടി നഗരസഭയിലും, പള്ളിക്കൽ പഞ്ചായത്തിലുമായി സ്ഥിതി ചെയ്യുന്ന കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളം പള്ളിക്കൽ പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങളെ

സ്വാധീനിക്കുന്നുണ്ട്. പെരിന്തൽമണ്ണ നഗര കേന്ദ്രത്തിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന അങ്ങാടിപ്പുറം പഞ്ചായത്ത് സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്താണെങ്കിലും കാർഷികേതര മേഖലയിൽ തൊഴിൽ എടുക്കുന്ന പുരുഷ തൊഴിലാളികളുടെ എണ്ണം 70%ത്തിൽ താഴെയാണെങ്കിലും പെരിന്തൽമണ്ണ നഗരകേന്ദ്രത്തിലെ വികസനങ്ങളുടെ നേരിട്ടുള്ള സ്വാധീനം ഈ പഞ്ചായത്തിലെ വികസനത്തെ സ്വാധീനിക്കുന്നുണ്ട്.

3.9.8 നഗര ഇടനാഴികൾ

കേരളത്തിൻറെ പ്രത്യേകതയായ നഗര – ഗ്രാമീണ ഇടർച്ച, സാമൂഹിക-സാമ്പത്തിക സ്ഥിതി, പരിസ്ഥിതി, നഗരവൽക്കരണ പ്രവണതയുടെ ഗതിവേഗം, തൊഴിൽ മേഖലയിലെ മാറ്റം അഥവാ പങ്കാളിത്ത നിരക്കിലെ മാറ്റങ്ങൾ, നഗരവൽക്കരണത്തിന്റെ ഭൗതികവശങ്ങൾ ഇടങ്ങി വിവിധ വിഷയങ്ങൾ വിശദവും ശാസ്ത്രീയവുമായ പഠനത്തിനു വിധേയമാക്കി കൊണ്ടുള്ള സംസ്ഥാന നഗരവൽക്കരണ റിപ്പോർട്ടിൽ വളരെ വ്യക്തമായ ഭാവി നഗര വൽക്കരണ കാഴ്ചപ്പാട് രേഖപ്പെടുത്തിയിട്ടുണ്ട്.

നഗരവൽക്കരണ റിപ്പോർട്ടിൽ നഗരവീക്ഷണം 2021 പ്രകാരം നഗര സമുച്ചയങ്ങൾ രൂപപ്പെട്ടു വരുന്നുവെന്നാണ് കണ്ടെത്തിയിരിക്കുന്നത്. പ്രസ്തുത റിപ്പോർട്ട് പ്രകാരം വളര നിബിഡമായ ഭൗതിക വികസനവും വ്യത്യസ്ത ക്രമമുള്ള നഗരപ്രദേശങ്ങളിലെ പരസ്പര സാമീപ്യവും പരിഗണിച്ച് 2021 ആവുമ്പോഴേക്കും കോഴിക്കോട് – മലപ്പുറം നഗരസമുച്ചയം രൂപപ്പെടുമെന്ന് കണ്ടെത്തിയിരിക്കുന്നു. നഗര സമുച്ചയങ്ങൾ ഇടനാഴികളിലൂടെ പിന്നെയും വളരുകയും പ്രധാന ദേശീയപാതയിൽ ഏറ്റവും അടുത്ത നഗര സമുച്ചയങ്ങൾ കൂട്ടിച്ചേർത്ത് 2031 ആവുമ്പോഴേക്കും നഗര ഇടനാഴികൾ രൂപപ്പെടുമെന്ന് കണ്ടെത്തിയിരിക്കുന്നു.

ചിത്രം 3.56 :കേരള – നഗര വീക്ഷണം 2021 – നഗര സുച്ചയങ്ങളും മറ്റ് നഗര കേന്ദ്രങ്ങളും

ചിത്രം 3.57 :കേരള നഗരവീഷണം 2031 – നഗര ഇടനാഴികളും മറ്റ് നഗര പ്രദേശങ്ങളും



അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം,മലപ്പുറം

താഴെ പറയുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നഗര സമുച്ചയത്തിന്റെയും നഗര ഇടനാഴിയുടേയും ഭാഗമായി മാറുകയും ചെയ്യുന്നു.

പട്ടിക 3.20 : വിഭാവിത കോഴിക്കോട്-മലപ്പുറം നഗര സമുച്ചയം

കോഴിക്കോട് – മലപ്പുറം സമുച്ചയം		നഗരസമുച്ചയത്തിനു പുറത്തെ ഉയർന്ന ക്രമമുള്ള നഗര തദ്ദേശഭരണ സ്ഥാപനങ്ങൾ	താഴ്ന്ന ക്രമമുള്ള നഗര പ്രദേശങ്ങൾ (ജില്ലാ നഗരവൽക്കരണ റിപ്പോർട്ടിന്റെ പഠനത്തിൽ നിന്ന്)
മലപ്പുറം U/A	മലപ്പുറം	പെരിന്തൽമണ്ണ	അങ്ങാടിപ്പുറം
	ആനക്കയം	പൊന്നാനി	കൂറ്റിപ്പുറം
	മഞ്ചേരി	നിലമ്പൂർ	അരീക്കോട്
വാഴയൂർ	എടരിക്കോട്	വളാഞ്ചേരി	തവനൂർ
ചെറുകാവ്	നന്നമ്പ്ര	---	എടപ്പാൾ
ചേലമ്പ്ര	തെന്നല	---	വണ്ടൂർ
പള്ളിക്കൽ	താനൂർ	---	---
കൊണ്ടോട്ടി	കോട്ടക്കൽ	---	---

കോഴിക്കോട് – മലപ്പുറം സമുച്ചയം		നഗരസമുച്ചയത്തിനു പുറത്തെ ഉയർന്ന ക്രമമുള്ള നഗര തദ്ദേശഭരണ സ്ഥാപനങ്ങൾ	താഴ്ന്ന ക്രമമുള്ള നഗര പ്രദേശങ്ങൾ (ജില്ലാ നഗരവൽക്കരണ റിപ്പോർട്ടിന്റെ പഠനത്തിൽ നിന്ന്)
മൊറയൂർ	പെരുമണ്ണ ക്ലാരി	---	-
നെടിയിരുപ്പ്	ഒഴൂർ	---	-
തേഞ്ഞിപ്പലം	പൊൻമുണ്ടം	---	-
വള്ളിക്കുന്ന്	കൽപ്പകഞ്ചേരി	---	-
പൂക്കോട്ടൂർ	താനാളൂർ	--	-
പെരുവള്ളൂർ	വളവന്നൂർ		-
കണ്ണമംഗലം	ചെറിയമുണ്ടം	-	-
മൂന്നിയൂർ	ആതവനാട്	-	-
ഊരകം	തിരൂർ	-	-
എ.ആർ നഗർ	നിറമരുതൂർ	-	-
പരപ്പനങ്ങാടി	തിരുനാവായ	-	-
വേങ്ങര	വെട്ടം		-
ഒതുക്കുങ്ങൽ	തലക്കാട്	-	-
തിരുരങ്ങാടി	തൃപ്രങ്ങോട്	-	-
കോഡൂർ	മംഗലം	-	
പറപ്പൂർ	-	--	-

അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം,മലപ്പുറം

നഗരസമുച്ചയത്തിനു പുറത്തുള്ള ഉയർന്നക്രമം തദ്ദേശഭരണ സ്ഥാപനങ്ങൾ പെരിന്തൽമണ്ണ, പൊന്നാനി, നിലമ്പൂർ, വളാഞ്ചേരി എന്നിവയാണ്. ജില്ലയുടെ ഭാവി നഗര രേഖാ ചിത്രത്തിൽ 2021 ൽ ഉണ്ടാകുന്ന മാറ്റം താഴെ ചിത്രം 3.58 ൽ കാണിച്ചിരിക്കുന്നു.

ചിത്രം 3.58 : ജില്ലയുടെ ഭാവിനഗരരേഖാ ചിത്രം



അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം,മലപ്പുറം

3.9.9 നഗരവീക്ഷണം 2031

2021 ലെ നഗരവീക്ഷണത്തിൽ ഉൾപ്പെടുന്ന നഗരസമുച്ചയങ്ങൾ ഇടനാഴികളിലൂടെ പിന്നെയും വളരുകയും പ്രധാന ദേശീയപാതയിൽ ഏറ്റവും അടുത്തുള്ള സമുച്ചയങ്ങളെ കൂട്ടിച്ചേർത്ത് നഗര ഇടനാഴികൾ രൂപപ്പെടുകയും ചെയ്യുമെന്ന് അനുമാനിക്കുന്നു. ഭൗതിക വികസനവും നഗര സമുച്ചയങ്ങളുമായും മറ്റ നഗര പ്രദേശങ്ങളുമായും ഉള്ള സാമീപ്യവും കണക്കിലെടുത്താണ് നഗര ഇടനാഴികൾ നിർണ്ണയിച്ചിരിക്കുന്നത്. ഇതനുസരിച്ച് മലപ്പുറം–കോഴിക്കോട് നഗര ഇടനാഴി രൂപപ്പെടുന്നു. 2031 ലെ നഗരവീക്ഷണം ജനസംഖ്യാ വിന്യാസവും പ്രധാന വികസന പ്രോജക്ടുകളുമായും യോജിക്കുന്നതായി കാണാം.

വിഭാവിത കോഴിക്കോട് – മലപ്പുറം നഗരസമുച്ചയത്തിൽ ഉൾപ്പെട്ട പരപ്പനങ്ങാടി, താനൂർ, തിരൂരങ്ങാടി എന്നിവ 2015 ൽ നഗരസഭാ പദവി കൈവരിച്ചു. കൂടാതെ കൊണ്ടോട്ടി, നെടിയിരുപ്പ് എന്നീ തദ്ദേശസ്വയംഭരണ പ്രദേശങ്ങൾ കൂട്ടിച്ചേർത്തു കൊണ്ട് കൊണ്ടോട്ടി നഗരസഭയും 2015 ൽ രൂപീകൃതമായി.

3.9.10 നഗരപശ്ചാത്തല വികസനം

രാജ്യത്തിന്റെ സാമ്പത്തിക വികസന സ്ഥിരതക്ക് വേണ്ടിയുള്ള ഒരു ആവശ്യഘടകമായി അടിസ്ഥാന സൗകര്യ വികസനത്തെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. അടിസ്ഥാന സൗകര്യത്തിന്റെ ഗുണമേന്മ, കാര്യക്ഷമത, ഉത്പാദനക്ഷമത എന്നിവ സാമൂഹിക ജീവിത നിലവാരം, ആരോഗ്യം, നിലനിൽപ്പ് എന്നിവയെ സ്വാധീനിക്കുന്നു. വിവിധ നഗരപശ്ചാത്തല വികസന പരിപാടികൾ ആസൂത്രണം ചെയ്യുമ്പോൾ നഗരവൽക്കരണത്തിന്റെ പ്രത്യേകത, ഭൂമിശാസ്ത്രപരമായ സവിശേഷതകൾ എന്നിവക്ക് പ്രത്യേകം ഊന്നൽ നൽകേണ്ടതാണ്. സംസ്ഥാനത്തെ ഉയർന്ന ജനസാന്ദ്രതയും, അങ്ങിങ്ങായുള്ള നഗരവൽക്കരണവും നഗര പശ്ചാത്തലമൊരുക്കുന്നതിന് വലിയ വെല്ലുവിളിയാണ്. മാലിന്യ പരിപാലനം, നഗരശുചീകരണ പദ്ധതികൾ, പൊതു ശൗചാലയങ്ങൾ സ്ഥാപിക്കലും അവയുടെ വ്യാപനവും, അഴുക്കുചാലുകളുടെ നിർമ്മാണം, ഓവുചാലുകളുടെ നിർമ്മാണം, ഫലപ്രദമായ വാഹന പാർക്കിംഗ് നിർമ്മാണം, നഗരങ്ങളുടെ മനോഹാരിത വർദ്ധിപ്പിക്കൽ, ഹരിത നഗരം സൃഷ്ടിക്കൽ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള യന്ത്രവൽക്കൃതമല്ലാത്ത നഗരഗതാഗത സംവിധാനം എന്നിവ നഗരപശ്ചാത്തല വികസന പരിപാടികളാണ്. അതിവേഗത്തിലുള്ള നഗരവൽക്കരണവും തീവ്രമായ വാണിജ്യ വികസനവും കാരണം നഗരങ്ങളിൽ ഗതാഗതമാർഗ്ഗങ്ങളും പാർപ്പിട സൗകര്യങ്ങളും വർദ്ധിപ്പിക്കേണ്ടി വരുന്നു. ജലവിതരണം, ശുചീകരണം, ഗതാഗതം, വൈദ്യുതി എന്നീ നഗര സൗകര്യങ്ങളോട് കൂടിയ പാർപ്പിടമെന്നത് സമൂഹത്തിന്റെ അടിസ്ഥാന ആവശ്യമാണ്. നഗര പ്രദേശത്തിന്റെ സുസ്ഥിര വികസനം.

3.9.11 സംഗ്രഹം

2021 ആകുമ്പോഴേക്കും ജനസംഖ്യയിൽ ഉണ്ടാകുന്ന വർദ്ധനവ് 45.75 ലക്ഷമാണ്. ജില്ലയിലെ തൊഴിലാളികളേറെയും കാർഷികേതര പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതായി കാണുന്നു. ജില്ലയിലെ കൃഷിഭൂമി പൂർണ്ണമായി വിനിയോഗിക്കാതിരിക്കുന്നു എന്ന് ഇതിൽ നിന്നും അർത്ഥമാക്കേണ്ടതുണ്ട്. നഗരവൽക്കരണത്തിന്റെ ഭാഗമായി പുരയിടങ്ങളുടെ തുണ്ടുവൽക്കരണം വളരെയധികം വർദ്ധിച്ചതിനാൽ വലിയ വികസനങ്ങൾക്കാവശ്യമായ കൂടുതൽ വിസ്തൃതിയിൽ സ്ഥലലഭ്യത ഇല്ലാതാവുന്നു. പ്രധാന ഗതാഗത ഇടനാഴികളോട് ചേർന്നുള്ള റിബ്ബൺ ഡവലപ്പ്മെന്റ് ഉള്ളിലേക്കുള്ള പ്രദേശങ്ങളുടെ ഉപയോഗം കുറക്കുന്നു. നഗരവൽക്കരണത്തിന്റെ ഗതിവേഗം കൂടുന്നതിനനുസരിച്ച് ഗ്രാമപ്രദേശങ്ങളിലെ ശേഷിക്കുന്ന കൃഷിഭൂമി പാർപ്പിടങ്ങൾക്കും മറ്റ് വികസന പ്രവർത്തനങ്ങൾക്കുമായി ഉപയോഗപ്പെടുത്തുന്നു. കൂടാതെ ആ പ്രദേശത്തിന്റെ സാമ്പത്തിക അടിത്തറ കാർഷിക മേഖലയിൽ നിന്നും സേവന മേഖലയിലേക്ക് മാറുകയും ചെയ്യും. തൊഴിൽ ഘടനയും ഇതാണ് സൂചിപ്പിക്കുന്നത്.

മേൽ പരാമർശിച്ച പഠനങ്ങളിൽ നിന്നും ജില്ലയിലെ നഗരവൽക്കരണ പ്രവണത വർദ്ധിച്ചു കൊണ്ടിരിക്കുന്നതായാണ് കാണുന്നത്. സംസ്ഥാന ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ മലപ്പുറം ജില്ലയുടെ നഗരവൽക്കരണം സംസ്ഥാനത്തിന്റെ നിരക്കിനോടടുത്തു നിൽക്കുന്നതായാണ് കാണിക്കുന്നത്. കഴിഞ്ഞ ദശാബ്ദത്തിൽ ജില്ലയിലെ നഗര ജനസംഖ്യയിലെ വർദ്ധനവ് കൂടുതലാണ്. സമീപകാലത്ത് സംസ്ഥാനത്തെ ഏറ്റവും കൂടുതൽ നഗരവൽക്കരിക്കപ്പെട്ട ജില്ലയാണ് മലപ്പുറം. നിലവിലുള്ള നഗരകേന്ദ്രങ്ങൾ, സെൻസസ് നഗരങ്ങൾ, തദ്ദേശസ്വയംഭരണ പ്രദേശങ്ങളുടെ തരം, അധിവാസകേന്ദ്രങ്ങളുടെ ക്രമം, ജനസംഖ്യ, നഗരവൽക്കരണത്തെ ത്വരിതപ്പെടുത്തുന്ന പ്രോജക്ടുകൾ എന്നിവയെ അടിസ്ഥാനമാക്കിയാണ് ഭാവിനഗര രേഖാ ചിത്രത്തിന് രൂപം നൽകിയത്. ജില്ലയിൽ 2031 ഓടെ 49 നഗര കേന്ദ്രങ്ങളുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

3.10 ഗതാഗത ശൃംഖല

ചിത്രം 3.59 : ജില്ലയുടെ പ്രാദേശിക ബന്ധങ്ങൾ



ഒരു രാജ്യത്തിന്റെ വളർച്ചയിൽ അതിന്റെ സമ്പദ് വ്യവസ്ഥക്കൊപ്പം ഏറ്റവും നിർണ്ണായകമായ പങ്ക് വഹിക്കുന്ന ഘടകമാണ് ഗതാഗത ശൃംഖല. മലപ്പുറം ജില്ലയെ സംബന്ധിച്ച് ഗതാഗത ശൃംഖലയിൽ ലഭ്യമായ സൗകര്യങ്ങൾ താഴെ ചേർക്കുന്നു.

മലപ്പുറം ജില്ലയിലൂടെ കടന്നുപോകുന്ന രണ്ട് ദേശീയപാതകളാണ് കൊച്ചി-മംഗലാപുരം ദേശീയപാതയും (എൻ.എച്ച് 66) കോഴിക്കോട്-പാലക്കാട് ദേശീയപാതയും (എൻ.എച്ച്. 966). മലപ്പുറം ജില്ലയിലെ നിലവിലുള്ള റോഡ് ശൃംഖലയിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള 8 സംസ്ഥാന പാതകളും, എം.ഡി.ആറും, തദ്ദേശ സ്വയം ഭരണവകുപ്പിന്റെ കീഴിലുള്ള മറ്റ് റോഡുകളും ഉൾപ്പെടുന്നു. ജില്ലയിൽ 2 ദേശീയ പാതകളിലായി 166.89 കി. മീറ്റർ നീളമാണുള്ളത്. ജില്ലയിൽ 680 മീറ്റർ മുതൽ 7 കി.മീറ്റർ വരെ നീളം വരുന്ന 28 സംസ്ഥാന പാതകളിലായി ആകെ 385.5 കി.മീറ്റർ നീളമാണ് ഉള്ളത്.

3.10.1 റെയിൽവേ

ഷൊർണ്ണൂർ-മംഗലാപുരം, ഷൊർണ്ണൂർ-നിലമ്പൂർ എന്നിവയാണ് ജില്ലയിലെ രണ്ട് റയിൽവേ ലൈനുകൾ. റെയിൽവേയുടെ ചരിത്രം പരിശോധിച്ചാൽ ഷൊർണ്ണൂർ-മംഗലാപുരം റെയിൽപാതയിലെ കടലുണ്ടി-തിരൂർ എന്നിവയെ തമ്മിൽ ബന്ധിപ്പിക്കുന്ന റെയിൽവേ ലൈനാണ് മദ്രാസ് റെയിൽ കമ്പനിയാൽ 1681 മാർച്ച് പന്ത്രണ്ടാം തീയതി തുറന്നു കൊടുത്ത ആദ്യത്തെ റെയിൽപാത. പിന്നീട് അത് 1861 മെയ് 1 ന് കുറ്റിപ്പുറം വരെ നീട്ടുകയും ചെയ്തു. ശാഖാ തീവണ്ടിപാതയായ ഷൊർണ്ണൂർ-നിലമ്പൂർ പാത ഗതാഗതത്തിനായി 1902 ഫെബ്രുവരിയിൽ തുറന്നു കൊടുത്തു. ഈ പാത പ്രധാനമായും വന വിഭവങ്ങൾ കടത്തിക്കൊണ്ടു പോകുന്നതിലേക്കായി നിർമ്മിച്ചതാണ്. റെയിൽവെ ലൈനിന് ജില്ലയിലുള്ള ആകെ നീളം 91 കി.മീ. ഷൊർണ്ണൂർ-മംഗലാപുരം പാതയിലെ പ്രധാന സ്റ്റേഷനുകൾ കുറ്റിപ്പുറം, തിരുനാവായ, തിരൂർ, താനൂർ, പരപ്പനങ്ങാടി, വള്ളിക്കുന്ന്, കടലുണ്ടി എന്നിവയും ചെറുകര, അങ്ങാടിപ്പുറം, പട്ടിക്കാട്, മേലാറ്റൂർ, തുവ്വൂർ, തൊടിയപ്പുലം, വാണിയമ്പലം, നിലമ്പൂർ റോഡ് എന്നിവ ഷൊർണ്ണൂർ-നിലമ്പൂർ റോഡ് ലൈനിലെ സ്റ്റേഷനുകളുമാണ്. തിരൂർ ആണ് ജില്ലയിലെ ഏറ്റവും പ്രധാന സ്റ്റേഷൻ. സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും വിവിധ സർവീസുകൾ ഇവിടെ നിന്നും ലഭ്യമാണ്. ഷൊർണ്ണൂർ-മംഗലാപുരം പാതയിൽ 2 വരി ബ്രോഡ്ഗേജ് പാതയും

ഷൊർണ്ണൂർ-നിലമ്പൂർ റോഡ് (ബ്രോഡ്ഗേജ്) ഒറ്റവരിപ്പാതയും മലപ്പുറം ജില്ലയിൽ നിലവിലുണ്ട്. ഷൊർണ്ണൂർ-മംഗലാപുരം പാത വൈദ്യുതീകരിച്ചതാണ്.

3.10.2 ജല ഗതാഗതം

ജലഗതാഗതം പൊന്നാനി മേഖലയിൽ മാത്രമാണുള്ളത്. ഭാരതപ്പുഴയുടെ അഴിമുഖത്തിനോ ചേർന്നുള്ളതും ആഴം കുറഞ്ഞതുമായ ചെറിയ തുറമുഖമാണ് പൊന്നാനി. പൊന്നാനി, തിരൂർ, തിരുരങ്ങാടി എന്നിവയാണ് ജലമാർഗ്ഗത്താൽ ബന്ധിക്കപ്പെട്ടിരിക്കുന്ന പ്രധാന പ്രദേശങ്ങൾ. വടക്ക്-തെക്ക് ദിശയിലൊഴുകുന്ന തിരൂർ പുഴ തീര ദേശ ജലഗതാഗത മാർഗ്ഗത്തിന്റെ ഭാഗമാണ്. ഗതാഗതത്തിന്റെ മമറ്റ മാർഗ്ഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ജില്ലയിൽ ജലഗതാഗതത്തിന്റെ പങ്ക് വളരെ ചെറുതാണ്.

3.10.3 വ്യോമ ഗതാഗതം

കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളം ജില്ലാ ആസ്ഥാനത്തു നിന്നും 24 കി.മീ. അകലെ പള്ളിക്കൽ പഞ്ചായത്തിലെ കരിപ്പൂരിൽ മലബാർ മേഖലയിലെ ജനങ്ങളുടെ വ്യോമഗതാഗത ആവശ്യങ്ങൾ നിറവേറ്റിക്കൊണ്ട് സ്ഥിതിചെയ്യുന്നു. രാജ്യത്തിലെ പ്രധാന സ്ഥലങ്ങളിലേക്കും ഗൾഫ് രാജ്യങ്ങളിലേക്കും ധാരാളം സർവീസുകൾ ഇവിടെ നിന്നും നടത്തുന്നുണ്ട്. ജില്ലയിലെ പൊതു ഗതാഗത വ്യവസ്ഥയിൽ ഏറ്റവും പ്രാമുഖ്യം റോഡ് ഗതാഗത്തിനാണ്.

3.10.4 ജംഗ്ഷനുകൾ

നഗര ഗ്രാമ തുടർച്ച നിലവിലുള്ള കേരളത്തിൽ ജംഗ്ഷനുകൾക്ക് രാജ്യത്തിന്റെ മറ്റേതൊരു ഭാഗത്തേക്കാളും പ്രാധാന്യമുണ്ട്. രണ്ടോ അതിലധികമോ റോഡുകളുടെ സംഗമ സ്ഥാനമാണ് ജംഗ്ഷനുകൾ. ജംഗ്ഷനുകൾക്ക് ചുറ്റുമായി തദ്ദേശഭരണ സ്ഥാപനത്തിന്റെ വാണിജ്യ കേന്ദ്രമായി പ്രവർത്തിക്കുന്ന പ്രദേശങ്ങളുടെ കൂട്ടത്തെയാണിത് സൂചിപ്പിക്കുന്നത്. ജംഗ്ഷനുകൾ പൂർണ്ണമായും തദ്ദേശ ഭരണ സ്ഥാപനത്തിന് പ്രദേശത്തിനുള്ളിൽ തന്നെ സേവനം നൽകണമെന്നില്ല. മിക്കപ്പോഴും അത് സ്ഥിതി ചെയ്യുന്ന തദ്ദേശഭരണ സ്ഥാപനത്തിന്റെ അതിരുകൾക്കപ്പുറത്തേക്ക് അതിന്റെ സേവനം വ്യാപിപ്പിക്കാറുണ്ട്. രണ്ടോ മൂന്നോ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അതിർത്തികളിൽ സ്ഥിതിചെയ്യുന്ന ജംഗ്ഷനുകളും ഉണ്ട്. ജില്ലയിലെ പ്രധാന ജംഗ്ഷനുകളും അവ തമ്മിലുള്ള പരസ്പര ബന്ധവും പ്രത്യേക പഠനം നടത്തേണ്ടതുണ്ട്. പഠനത്തിലൂടെ തെരെഞ്ഞെടുക്കപ്പെട്ട ജംഗ്ഷനുകളുടെ വ്യാപ്തി അനുസരിച്ച് അവയുടെ ക്രമം നിശ്ചയിക്കുകയും പ്രധാനപ്പെട്ടവ ജില്ലയിലെ ഗതാഗത ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിന് വിഭാവനം ചെയ്തിരിക്കുന്നു. ജംഗ്ഷനുകൾ തെരെഞ്ഞെടുക്കുന്നത് താഴെപറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്.

1. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശങ്ങളിലുമുള്ളതും വാണിജ്യ പ്രവർത്തനങ്ങൾ കൂടുതലായി കേന്ദ്രീകരിച്ചിട്ടുള്ളതുമായ പ്രധാന റോഡുകളുടെ സംഗമ സ്ഥാനങ്ങൾ.
2. കൂടുതൽ വാണിജ്യ പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ചിട്ടുള്ളത്/അല്ലെങ്കിൽ ഭൗതിക വികസനം ഏറ്റവും കുറഞ്ഞത് 250 മീറ്റർ എല്ലാ വശങ്ങളിലേക്കും ഉള്ളത്.
3. അല്ലെങ്കിൽ വരിവരിയായുള്ള വികസനത്തിൽ വാണിജ്യ പ്രവർത്തനങ്ങൾ. ഭൗതിക വികസനങ്ങൾ 250 മീറ്ററിൽ

ജംഗ്ഷനുകളുടെ സ്ഥലപര വിതരണം താഴെ ചിത്രത്തിൽ

ചിത്രം 3.60 : ജംഗ്ഷനുകളുടെസ്ഥലപരവിതരണം



അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം,മലപ്പുറം

മഞ്ചേരി ഒന്നാം ക്രമ ജംഗ്ഷനും മലപ്പുറം, അരീക്കോട്, കൊണ്ടോട്ടി, പെരിന്തൽമണ്ണ, കോട്ടക്കൽ, തിരൂർ എന്നിവ രണ്ടാം ക്രമവും, വേങ്ങര, എടവണ്ണ, കുറ്റിപ്പുറം, നിലമ്പൂർ, പുത്തനത്താണി എന്നിവ താഴ്ന്ന ഗ്രേഡിലുള്ള ജംഗ്ഷനുകളുമാണ്.

ചിത്രം 3.61 : നിലവിലെറോഡ്ശൃംഖല



അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം,മലപ്പുറം

ജില്ലയിൽ ചില നഗരങ്ങളിലെങ്കിലും നഗരാസൂത്രണ പദ്ധതികളുമായി ബന്ധപ്പെട്ടോ അല്ലാതെയോ റോഡ് അലൈൻമെന്റുകൾ തയ്യാറാക്കപ്പെട്ടുണ്ടെങ്കിലും പലവിധ കാരണങ്ങളാൽ റോഡിന്റെ പണികളിൽ സിംഹഭാഗവും പൂർത്തീകരിച്ചാലും ആ റോഡിന്റെ

സൗകര്യം നഗരത്തിന് ലഭ്യമാകുന്നില്ല. കൂടാതെ വകുപ്പുകളുടെ ഏകോപനമില്ലായ്മ കൊണ്ടും തയ്യാറാക്കുന്നതും നടപ്പിൽ വരുന്നതുമായ അലൈൻമെന്റുകൾ വളരെ വ്യത്യസ്തമായിവരുന്നു. അതു കൊണ്ടുതന്നെ നിർമ്മാണത്തിന് വളരെയധികം കാലതാമസം നേരിടുന്നു. മലപ്പുറം ജില്ലയിലെ പലനഗരങ്ങളിലും ഗതാഗതക്കുരുക്കുകൾ നിത്യ സംഭവമായി മാറിക്കൊണ്ടിരിക്കുന്നു. ഗതാഗത സാന്ദ്രതക്ക് അനുസൃതമായി വാഹനത്തിന് നീങ്ങാൻ തക്ക വീതിയില്ലായ്മ, പാതവരമ്പുകളുടെ അഭാവം, പാതയോരത്തെ തിക്കുംതിരക്കും, അനധികൃതകയ്യേറ്റം, നിലവാരം കുറഞ്ഞ പ്രതലങ്ങൾ എന്നിവയെല്ലാം ഗതാഗതക്കുരുക്കിന് കാരണമാകുന്നു.

അധിവാസ കേന്ദ്രങ്ങളുടെ ക്രമം, ജംഗ്ഷനുകളുടെ ക്രമം, നിലവിലുള്ള റോഡ് ബന്ധങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി മേഖലയിലെ ഭാവിഗതാഗത ശൃംഖല വിഭാവനം ചെയ്തിരിക്കുന്നു. ഇതിനായി ഉയർന്ന ശ്രേണിയിലുള്ള ജംഗ്ഷനുകളുമായി ബന്ധിപ്പിച്ച കൊണ്ട് ഒരു സാങ്കൽപ്പിക റോഡ് ശൃഖലക്ക് രൂപം കൊടുത്തു. ഇതിനെ നിലവിലുള്ള റോഡ് ശൃംഖലയുമായി താരതമ്യം ചെയ്ത് പുതുതായി റോഡുകൾ കൂട്ടിച്ചേർക്കേണ്ടതുണ്ടോ എന്ന് തിരിച്ചറിഞ്ഞു. സാങ്കൽപ്പിക റോഡ് ശൃഖലയും നിലവിലുള്ള ശൃംഖലയും തമ്മിൽ പരിശോധിച്ചതിൽ ബന്ധിപ്പിക്കേണ്ടതായി കണ്ടെത്തിയ ഭാഗങ്ങളിലെല്ലാം നിലവിൽ റോഡുകളുള്ളതായി കണ്ടെത്തി. എന്നാൽ അതിൽ ചില റോഡുകൾ വീതി കൂട്ടുകയോ, അലൈൻമെന്റ് പരിഷ്കരിക്കുകയോ വേണ്ടതുണ്ട് എന്ന് കണ്ടെത്തി.

വിഭാവിത റോഡ് ശൃംഖല ചിത്രം 3.62 ൽ കാണിച്ചിരിക്കുന്നു. വിഭാവിത റോഡുകൾ താഴെ ചേർത്തിരിക്കുന്നു.

ചിത്രം 3.62 : വിഭാവിത റോഡ് ശൃംഖല



അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം,മലപ്പുറം

സാങ്കൽപ്പിക റോഡ് ശൃംലയിലുള്ള പ്രധാന റോഡുകൾ താഴെ പട്ടികപ്പെടുത്തിയിരിക്കുന്നു.

വിഭാവിത റോഡ് ശൃംഖലയിൽ ഉൾപ്പെടുന്ന റോഡുകളുടെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. മംഗലാപുരം – എടപ്പള്ളി (കോഴിക്കോട് – തൃശ്ശൂർ എൻ. എച്ച്)
2. കോഴിക്കോട് – പാലക്കാട് (എൻ. എച്ച്)
3. തിരൂർ – മഞ്ചേരി (എസ്. എച്ച്)
4. പൊന്നാനി – പാലക്കാട് (എം. ഡി. ആർ)
5. തൃശ്ശൂർ – കുറ്റിപ്പുറം (എസ്. എച്ച്)
6. പരപ്പനങ്ങാടി – മലപ്പുറം (എസ്. എച്ച്)
7. പരപ്പനങ്ങാടി – അരീക്കോട് (എസ്. എച്ച്)
8. ചെമ്മാട് – തലപ്പാറ (എം.ഡി.ആർ)
9. കോട്ടപ്പുറം – കാക്കഞ്ചേരി (എം.ഡി.ആർ)
10. പടപ്പറമ്പ് – അങ്ങാടിപ്പുറം (എം.ഡി. ആർ)
11. പുത്തൂർ – പടപ്പറമ്പ് (എൻ.എച്ച്)
12. വളാഞ്ചേരി – അങ്ങാടിപ്പുറം (എം.ഡി.ആർ)
13. തിരൂർക്കാട് – ആനക്കയം (എം.ഡി.ആർ)
14. എടവണ്ണ – കൊയിലാണ്ടി (എസ്.എച്ച്)
15. സി.എൻ.ജി റോഡ് (എസ്. എച്ച്)
16. പെരുമ്പിലാവ് – നിലമ്പൂർ (എസ്. എച്ച്)
17. പെരിന്തൽമണ്ണ – വടപുറം (എം.ഡി.ആർ)
18. ബി.പി. അങ്ങാടി – ചമ്രവട്ടം (എം.ഡി. ആർ)
19. മഞ്ചേരി – അരീക്കോട് (എം.ഡി.ആർ)
20. തിരുവാലി – എടവണ്ണ (എം.ഡി.ആർ)
21. തിരുവാലി – വണ്ടൂർ (എം.ഡി.ആർ)
22. തുക്കലങ്ങോട് – വണ്ടൂർ (എം.ഡി.ആർ)

മേൽ കൊടുത്ത സാങ്കൽപ്പിക റോഡ് ശൃംഖലയിലെ റോഡുകൾക്ക് ചില ഭാഗങ്ങളിൽ വികസനങ്ങളും ചില റോഡുകൾക്ക് പരിഷ്കരണങ്ങളും ആവശ്യമാണ്. തിരൂർ–വളാഞ്ചേരി, തിരൂർ–തിരുരങ്ങാടി എന്നീ റോഡുകൾക്ക് നീളം കൂടുതലായതിനാൽ പരിഷ്കരണം ആവശ്യമാണ്. മഞ്ചേരിയിൽ നിന്നും വണ്ടൂരിലേക്ക് റോഡ് നിലവിലുണ്ടെങ്കിലും അത് അപ്രധാന റോഡ് ആയതിനാൽ വികസനം ആവശ്യമാണ്.

ഈ വിശകലനത്തിൽ നിന്നും ലഭിച്ചഫലവും 'എം.ജി.പി' യിൽ ഉൾപ്പെടുത്തി 2006–07 ൽ മലപ്പുറം ജില്ലക്കായി തയ്യാറാക്കിയ സമഗ്ര റോഡ് ശൃംഖല പദ്ധതിയുമായി താരതമ്യപ്പെടുത്തിയപ്പോൾ കാണാൻ കഴിഞ്ഞത് നീളം കൂടിയ ചില റോഡുകൾക്ക് പകരമുള്ള അലൈൻമെന്റുകൾ /വൃട്ടകൾ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കാരണം സാധ്യമാവുകയില്ല. അതിനാൽ വിശദമായ പഠനം ആവശ്യമാണ്.

ജനവാസ കേന്ദ്രങ്ങൾ ധാരാളമുള്ള ജില്ലയിലെ മലയോര മേഖലകളിലൂടെ കടന്ന് പോകുന്ന സംസ്ഥാന പാതകൾ മലയോര പ്രദേശങ്ങളെ മറ്റ പ്രദേശങ്ങളുമായി കൂട്ടിയിണക്കുന്നുണ്ടെങ്കിലും മലയോര മേഖലകളിലൂടെ തെക്ക് വടക്ക് ദിശയിലുള്ള പൂർണ്ണമായ റോഡിന്റെ അഭാവം സുഗമമായ യാത്രക്ക് തടസ്സമുണ്ടാക്കുന്നു. തൊട്ടടുത്ത ജില്ലയായ വയനാടുമായി ബന്ധപ്പെടുത്തി മലയോര റോഡ് അത്യന്താപേക്ഷിതമാണ്. ഇപ്പോൾ തൊട്ടടുത്ത ജില്ലയായ വയനാട്ടിലേക്ക് പോകേണ്ടുന്ന ജനങ്ങൾ തമിഴ് നാട്ടിലൂടെ പോവേണ്ടുന്ന സ്ഥിതി വിശേഷമാണുള്ളത്.

ജില്ലയിലെ ജനസംഖ്യയുടെ മൂന്നിൽ രണ്ട് ഭാഗവും അധിവസിക്കുന്നതും, സുനാമി ചുഴലിക്കൊടുങ്കാറ്റ്, കടലാക്രമണം മുതലായ പ്രകൃതി ദുരന്തങ്ങൾക്ക് ഇരയാവുന്നതുമായ തീരദേശത്തു കൂടിയുള്ള തീരദേശ പാതയുടെ അഭാവം അടിക്കടി ഉണ്ടാവുന്ന പ്രകൃതി ക്ഷോഭങ്ങളിൽ രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിന് തടസ്സമാവുന്നുണ്ട്. കൂടാതെ തീരദേശ മേഖലയിലുള്ള വിനോദ സഞ്ചാര സാധ്യതയേയും ഇത് പ്രതികൂലമായി ബാധിക്കുന്നു.

നിർമ്മാണം പൂർത്തിയായ പൊന്നാനി മത്സ്യബന്ധന ഇറമുഖം, നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന താനൂർ മത്സ്യബന്ധന ഇറമുഖം, നിർമ്മാണത്തിനായി പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്ന പരപ്പനങ്ങാടി മത്സ്യബന്ധന ഇറമുഖം എന്നിവയുടെ സാന്നിദ്ധ്യവും സംസ്ഥാന നഗരവൽക്കരണ റിപ്പോർട്ട് പ്രകാരം 2030 ലേക്ക് വികാസം പ്രാപിക്കുന്ന കോഴിക്കോട്-മലപ്പുറം നഗര ഇടനാഴിയും, പൂർണ്ണ തോതിലുള്ള തീരദേശ പാതയുടെ ആവശ്യകത വർദ്ധിപ്പിക്കുന്നു.

വിഭാവിത റോഡ് ശൃംഖലയിലെ പുതിയ റോഡ് നെറ്റ് വർക്കുകൾ താഴെ പറയുന്നു.

1. തിരൂർ – വളാഞ്ചേരി
2. വളാഞ്ചേരി – മലപ്പുറം
3. തിരൂർ – തിരൂരങ്ങാടി
4. തിരൂരങ്ങാടി – വള്ളുവമ്പ്രം
5. വണ്ടൂർ – നിലമ്പൂർ
6. മലയോര ഹൈവേ
7. തീരദേശ ഹൈവേ

3.10.5 സംഗ്രഹം

ഗതാഗത ശൃംഖലയുടെ പഠനത്തിൽ നിന്നും മലപ്പുറം ജില്ല സംസ്ഥാനത്തെ മറ്റ് ജില്ലകളുമായി റോഡ്, റെയിൽ, വ്യോമ മാർഗ്ഗങ്ങൾ വഴി നല്ല രീതിയിൽ ബന്ധിപ്പിച്ചിരിക്കുന്നതായി കാണുന്നു. മറ്റ് ഗതാഗത മാർഗ്ഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ജലഗതാഗതത്തിന്റെ പ്രാധാന്യം നാമമാത്രമാണ്. ജില്ലക്കുള്ളിൽ ചില റോഡുകൾ വീതി കൂട്ടേണ്ടതായും അലൈൻമെന്റുകൾ പരിഷ്കരിക്കേണ്ടതായും പുതിയ ചില റോഡുകളെക്കുറിച്ച് പഠനം നടത്തേണ്ടതായും ഉണ്ട്.

3.11 പ്രവർത്തന സ്വഭാവം

ഒരു അധിവാസ കേന്ദ്രത്തിന്റെ പ്രവർത്തനം ആ അധിവാസ കേന്ദ്രത്തിനുള്ളിലെ പ്രധാന പ്രവർത്തിയാണ്. അത് കൃഷിയുമായോ അനുബന്ധ പ്രവൃത്തികളുമായോ ബന്ധപ്പട്ട ഗ്രാമീണ സ്വഭാവമുള്ള പ്രവർത്തനങ്ങളാകാം. അല്ലെങ്കിൽ ദ്വിതീയ തൃതീയ മേഖലകളുമായി ബന്ധപ്പെട്ട നഗര സ്വഭാവമുള്ള പ്രവർത്തനങ്ങളുമാകാം. അധിവാസ കേന്ദ്രത്തിലെ പ്രധാന ഭൂവിനിയോഗവും പ്ലോട്ടുകളുടെ ശരാശരി വലുപ്പവും പരിഗണിച്ച് അധിവാസ കേന്ദ്രത്തിന്റെ പ്രധാന പ്രവർത്തനം നിർണ്ണയിക്കാനുള്ള ശ്രമമാണ് ഇവിടെ നടത്തുന്നത്.

കേരളത്തിലെ അധിവാസ കേന്ദ്രങ്ങളുടെ രൂപ മാതൃക മറ്റിടങ്ങളുടേതിൽ നിന്ന് ഭിന്നവും സവിശേഷവുമാണ്. അതിനാൽ അധിവാസ കേന്ദ്രങ്ങളുടെ പ്രവർത്തനം വെച്ചു കൊണ്ട് നഗര-ഗ്രാമ പ്രദേശങ്ങളെ സാധാരണ രീതിയിൽ വേർതിരിക്കാനാവില്ല. നഗരത്തിന്റേയും ഗ്രാമത്തിന്റേയും പ്രത്യേകതകൾ സംയോജിക്കുന്ന ഒരു സ്വഭാവം നിലനിൽക്കുന്നുണ്ട്. അത് കണ്ടെത്തേണ്ടതുണ്ട്. നഗരത്തിന്റേയും ഗ്രാമത്തിന്റേയും സ്വഭാവ വിശേഷം പ്രകടിപ്പിക്കുന്ന അധിവാസ കേന്ദ്രങ്ങളിൽ അർദ്ധഗ്രാമ സ്വഭാവവും അർദ്ധനഗര സ്വഭാവവും കൂടി പ്രകടമാണെന്ന് ഭൂവിനിയോഗത്തിന്റേയും പ്ലോട്ടിന്റേയും വലിപ്പത്തേയും അടിസ്ഥാനമാക്കി നടത്തിയ അപഗ്രഥനങ്ങൾ വ്യക്തമാക്കുന്നു. (ഇതിന്റെ രീതി ശാസ്ത്രം അനുബന്ധം 3.6, വോളിയം 1, വികസന പരിപ്രേക്ഷ്യം, IDDP കൊല്ലം വിശദമാക്കിയിട്ടുണ്ട്.)

നിലവിൽ തീരപ്രദേശങ്ങൾ അല്ലെങ്കിൽ ദേശീയപാതയോട് ചേർന്നു കിടക്കുന്ന പ്രദേശങ്ങൾ മിക്കവാറും തന്നെ നാഗരിക സ്വഭാവം കാണിക്കുന്നു. ഒരു പ്രദേശത്തിന്റെ പ്രവർത്തനങ്ങൾ അതായത് ആ പ്രദേശത്ത് നിലവിലുള്ളതും ഭാവിയിൽ വരാവുന്നതുമായ പ്രവർത്തനങ്ങൾ ആപ്രദേശത്തെ നിലവിലെ ഭൂവിനിയോഗവുമായി ബന്ധപ്പെട്ടിരിക്കുന്നു. നിലവിൽ വാണിജ്യം, വ്യവസായം, ആശുപത്രി, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മറ്റു പൊതു ആവശ്യത്തിനുള്ള സ്ഥലങ്ങൾ എന്നിവയുടെ വിന്യാസത്തിന്റെ അടിസ്ഥാനത്തിൽ നാഗരിക

സ്വഭാവം കാണിക്കുന്ന പ്രദേശം എന്നോ ഒന്നാം ശ്രേണിയിൽ ഉള്ളവയെന്നോ പറയാം. സൗകര്യങ്ങളുടെ ലഭ്യത അനുസരിച്ച് പിന്നീട് രണ്ട്, മൂന്ന്, നാൽ ശ്രേണികളിലേക്ക് തരം തിരിക്കാവുന്നതാണ്. നിലവിൽ കൃഷിഭൂമി പകുതിയോ അതിൽ കൂടുതലോ ഉള്ള പ്രദേശങ്ങളുടെ പ്രവർത്തന സ്വഭാവം ഗ്രാമീണം എന്ന രീതിയിലും, നഗരമാണോ, ഗ്രാമമാണോ എന്ന് വ്യക്തമായി തിരിച്ചറിയാൻ പറ്റാത്ത വിധം പ്രധാന ഭൂവിനിയോഗം വാസസ്ഥലവും കൃഷിഭൂമിയുമായി കൂടിക്കലർന്ന് ഒരു സമ്മിശ്ര സ്വഭാവത്തോടെ കാണപ്പെടുന്ന എങ്കിൽ ഈ പ്രദേശങ്ങളിലെ ശരാശരി പുരയിട വിസ്തീർണ്ണം കണക്കിലെടുത്ത കൊണ്ട് ഈ പ്രദേശങ്ങളെ പൂർണ്ണ തോതിലുള്ള വാസഗൃഹമേഖല, കാർഷിക വാസഗൃഹമേഖല, കാർഷിക സ്വഭാവത്തിന് മുൻതൂക്കമുള്ള വാസമേഖല, പൂർണ്ണതോതിലുള്ള കാർഷിക പ്രവർത്തനം സാധ്യമായ മേഖല എന്നിങ്ങനെ തരംതിരിക്കാം.

സംസ്ഥാനത്ത് ചുരുക്കം ചില പ്രദേശങ്ങൾ പൂർണ്ണഗ്രാമീണ സ്വഭാവം കാണിക്കുന്നു. എന്നാൽ ഭൂരിഭാഗം പ്രദേശങ്ങളും സമ്മിശ്ര ഭൂവിനിയോഗ (കാർഷിക താമസ സമ്മിശ്ര ഭൂവിനിയോഗം) സ്വഭാവമുള്ളവയാണ്. ഇക്കാരണത്താലാണ് സംസ്ഥാനത്ത് നഗര ഗ്രാമ വേർതിരിവ് ദുഷ്കരമായ വരുന്നത്. അതുകൊണ്ടു തന്നെ ഒരു പ്രദേശത്തിന്റെ പൊതുവായ പ്രവർത്തന സ്വഭാവത്തെ സൂചിപ്പിക്കുന്ന ഘടകമായി മാറുന്നത് സമ്മിശ്ര ഭൂവിനിയോഗമാണ്.

3.11.1 അധിവാസ കേന്ദ്രങ്ങളുടെ സ്വഭാവം

കേരളത്തിന്റെ സാഹചര്യത്തിൽ നഗരഗ്രാമ തുടർച്ച നിലനിൽക്കുന്നതിനാൽ, അധിവാസ കേന്ദ്രങ്ങൾ പൂർണ്ണ നഗരമോ, പൂർണ്ണ ഗ്രാമമോ അല്ലെങ്കിൽ സമ്മിശ്ര സ്വഭാവമോ (വാസമേഖലയും കാർഷികവും) പ്രകടിപ്പിക്കാം. സമ്മിശ്ര സ്വഭാവ ഭൂവിനിയോഗത്തെ നഗരം, അർദ്ധ നഗരം, അർദ്ധ ഗ്രാമം എന്നിങ്ങനെ വീണ്ടും വിഭജിക്കാം. ഒരു അധിവാസ കേന്ദ്രത്തിന്റെ പരിധിയിൽ മേൽപ്പറഞ്ഞതിൽ ഏതിനാണ് പ്രാമുഖ്യം എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ആ അധിവാസ കേന്ദ്രത്തിന്റെ സ്വഭാവം നിശ്ചയിക്കപ്പെടുന്നു. ജില്ലയിലെ എല്ലാ അധിവാസ കേന്ദ്രങ്ങളുടേയും പ്രവർത്തന സ്വഭാവം മുൻപ് സൂചിപ്പിച്ച രീതിശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയത് അനുബന്ധം 3.7 ൽ ചേർത്തിരിക്കുന്നു.

ചിത്രം 3.63 : അധിവാസ കേന്ദ്രങ്ങളുടെ പ്രവർത്തന സ്വഭാവം



അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം,മലപ്പുറം

3.11.3 സംഗ്രഹം

അധിവാസ കേന്ദ്രങ്ങളുടെ പ്രവർത്തന സ്വഭാവം വിശകലനം ചെയ്തതിൽ 106 തദ്ദേശസ്വയംഭരണ പ്രദേശങ്ങളിൽ 26 നഗരവും, 50 ഗ്രാമവും, 11 അർദ്ധ ഗ്രാമവും, 19 അർദ്ധനഗരവുമാണെന്ന് കണ്ടെത്തിയിരിക്കുന്നു. നഗരവൽക്കരണത്തിന്റെ താരതമ്യേന ഉയർന്ന നിരക്കിനെ ഇത് സൂചിപ്പിക്കുന്നു.

3.12 സ്ഥലപര രൂപ മാതൃക

3.12.1 പ്രവർത്തന ഘടന

ഒരു പ്രദേശത്തിന്റെ സാമ്പത്തിക പ്രവർത്തനങ്ങളുടെ സൂചകമാണ് ആ പ്രദേശത്തെ പ്രവർത്തന ഘടന. ഭൂവിനിയോഗകേന്ദ്രീകരണ ഘടന, പ്രവർത്തന സ്വഭാവം, ഭാവിനഗരരേഖാ ചിത്രം എന്നിവയെ അടിസ്ഥാനമാക്കിയാണ് ഒരോ തദ്ദേശസ്വയംഭരണ പ്രദേശത്തേയും പ്രവർത്തന ഘടന നിശ്ചയിക്കപ്പെടുന്നത്. ഇതിൽ നിന്നും 106 തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശങ്ങളിൽ 34 എണ്ണം പ്രാഥമിക പ്രവർത്തനങ്ങളും, 8 എണ്ണത്തിൽ തോട്ടങ്ങളും, 28 എണ്ണത്തിൽ പ്രാഥമിക, ദ്വിതീയ മേഖലകൾ ചേർന്ന സമ്മിശ്ര ഘടനയും, 36എണ്ണം കൃഷിയും, ദ്വിതീയ മേഖലയിലെ പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യമുള്ളതായും കണ്ടെത്തി. തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലെ പ്രവർത്തന ഘടന കാണിക്കുന്ന ചിത്രം താഴെ കാണിക്കുന്നു.

ചിത്രം 3.64 : തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലെ പ്രവർത്തന ഘടന



അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം,മലപ്പുറം

3.12.2 അധിവാസ കേന്ദ്രങ്ങളുടെ പഠനത്തെ ആസ്പദമാക്കിയുള്ള സ്ഥലപര രൂപമാതൃക

ജില്ലയിലെ അധിവാസ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന സ്ഥിതികളാണ് അധിവാസ കേന്ദ്രങ്ങളുടെ വിശകലനത്തിൽ പഠനവിധേയമാക്കുന്നത്.

1. ഭൂവിനിയോഗ വിതരണം
2. ജനസംഖ്യാ വിതരണം
3. തൊഴിൽ ഘടന
4. പ്രവർത്തന സ്വഭാവം
5. അധിവാസ കേന്ദ്രങ്ങളുടെ ക്രമം
6. കവലകളുടെ ക്രമം
7. നഗര രേഖാ ചിത്രം

ഭൂവിനിയോഗ കേന്ദ്രീകരണം ഭാവി നഗര രേഖാ ചിത്രം, പ്രവർത്തന സ്വഭാവം എന്നിവയെ അടിസ്ഥാനമാക്കി ആവിഷ്കരിക്കുന്ന പ്രവർത്തന ഘടന, വിഭാവിത റോഡ് ശൃംഖല, അധിവാസ കേന്ദ്രങ്ങളുടെ ക്രമം എന്നിവയെ അടിസ്ഥാനമാക്കിയാണ് ജില്ലയുടെ സ്ഥലപര രൂപമാതൃക കണ്ടെത്തിയത്. ആയതിന്റെ രീതി താഴെ ചിത്രം 3.65 ൽ നൽകിയിരിക്കുന്നു.

ചിത്രം 3.65 : ജില്ലയുടെ സ്ഥലപര രൂപീകരണം



അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം,മലപ്പുറം

മേൽപ്പറഞ്ഞ 3 ഘടകങ്ങളുടേയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ സ്ഥലപര രൂപ മാതൃക താഴെ ചിത്രം 3.66 ൽ നൽകിയിരിക്കുന്നു.

ചിത്രം 3.66 : ജില്ലയുടെ സ്ഥലപര രൂപ മാതൃക



അവലംബം: ജില്ലാ നഗരാസൂത്രണ കാര്യാലയം,മലപ്പുറം.

3.13 വികസന പരിപ്രേക്ഷ്യം

സ്ഥല സംബന്ധിയായ ഘടകങ്ങൾ, ജില്ലാ സ്ഥലപരഘടനയുടെ രൂപീകരണം എന്നിവയുടെ അടിസ്ഥാനത്തിൽ ജില്ലയുടെ വികസനം സംബന്ധിച്ച പൊതുവായ ആശയമാണ് ഇവിടെ ആവിഷ്കരിക്കുന്നത്. പ്രാദേശിക ക്രമീകരണം, ഭൂപ്രകൃതി, ഭൂവിനിയോഗം, വികസന നിയന്ത്രിത മേഖലകൾ, വിഭവങ്ങൾ, മാനവവിഭവശേഷി, വികസന ശ്രേണിയിലെ ക്രമം, നഗരവത്ക്കരണ രീതി, ഗതാഗത ശൃംഖല, പ്രവർത്തന സ്വഭാവം എന്നീ പത്ത് ഘടകങ്ങളുടെ വിശകലനങ്ങളുടെ അടിസ്ഥാനത്തിൽ ജില്ലയുടെ അടിസ്ഥാന സ്വഭാവമുള്ള പ്രദേശങ്ങൾ മേഖലകളായി തിരിക്കുകയും, ഈ മേഖലയുടെ പരസ്പര ബന്ധം കണ്ടെത്തുകയും ചെയ്തു. അവ താഴെ പറയുന്നു.

1. ഓരോ തദ്ദേശ ഭരണ സ്ഥാപനങ്ങളും ഊന്നൽ നൽകേണ്ട വികസന മേഖലകൾ.
2. ജില്ലയിൽ സംരക്ഷിക്കപ്പെടേണ്ട മേഖലകൾ.
3. മാനവ വിഭവശേഷിയുടെ യുക്തമായ ഉപയോഗം.
4. നഗരവൽക്കരണത്തിന്റെ പ്രവണതകൾ.
5. ലഭ്യമായ വിഭവങ്ങളുടെ കാര്യക്ഷമമായ ഉപയോഗം.
6. ജില്ലയുടെ റോഡ് നെറ്റ് വർക്കിൽ വരുത്തേണ്ട മാറ്റങ്ങൾ.
7. വിവിധ പശ്ചാത്തല സൗകര്യങ്ങൾ ജനങ്ങളുടെ വിതരണത്തിന്റെ അടിസ്ഥാനത്തിൽ എവിടെ സ്ഥാപിക്കണം.

ഇതിനെ അടിസ്ഥാനമാക്കി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുന്നു.

1. ആരോഗ്യമേഖലയിലേയും (വിശിഷ്യ ആയുർവേദം), ടൂറിസം മേഖലയിലേയും സാധ്യതകൾ സമന്വയിപ്പിച്ച് സാമ്പത്തിക വളർച്ച ത്വരിതപ്പെടു ക.
2. വനത്തിന് കോട്ടം തട്ടാത്ത വിധത്തിൽ പരിസ്ഥിതി സൗഹാർദ്ദ വിനോദ സഞ്ചാരത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതാണ്.
3. തീരമേഖലയെ കൂടുതൽ പ്രയോജനപ്പെടുത്തി ബ്ലൂ ഇക്കോണമി അടിസ്ഥാനപ്പെടുത്തി സാമ്പത്തിക മേഖലയെ ശക്തിപ്പെടുത്തുക.

4. കോഴിക്കോട്-മലപ്പുറം നഗര ഇടനാഴി വികാസം ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്.
5. കൃഷിക്കും വ്യവസായത്തിനും അനുയോജ്യമായ സ്ഥലലഭ്യത പ്രയോജനപ്പെടുത്തി അഗ്രോ ആൻഡ് അലൈഡ്, ഫിഷറീസ് ഇൻഡസ്ട്രീസ് കൂടുതലായി വരേണ്ടതുണ്ട്.
6. കാൽപ്പന്ത കളിയിലെ ജില്ലയുടെ വികാരപരമായ താൽപര്യം പരിഗണിച്ചും വരും തലമുറയെ പോഷിപ്പിക്കാനും, ജില്ലയെ കായിക കേന്ദ്രമായി ഉയർത്താനുള്ള വികസന പ്രവർത്തനങ്ങൾ തുടങ്ങേണ്ടതുണ്ട്.
7. മാനവ വിഭവശേഷിക്ക് ആനുപാതികമായി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടതുണ്ട്.
8. പ്രവാസികളുടെ പുനരധിവാസം ഉറപ്പാക്കേണ്ടതുണ്ട്.
9 ജില്ലയുടെവിവിധ പ്രദേശങ്ങളുടെ ചരിവ്, ഉയരം എന്നിവയെ അടിസ്ഥാനമാക്കി വികസന മേഖലകൾ രൂപീകരിക്കണം. പരിസ്ഥിതി സംരക്ഷണത്തിനായുള്ള വികസന കാഴ്ച്ചപ്പാട് രൂപീകരിക്കുകയും, പരിസ്ഥിതി ലോല പ്രദേശങ്ങൾ സംരക്ഷിക്കുകയും വേണം.
10. ജില്ലയിലെ വികസന നിയന്ത്രണ മേഖലയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളൊഴികെയുള്ള ഭാഗങ്ങളാണ് വികസന പ്രവർത്തനങ്ങൾക്കായി ഉപയുക്തമാകുന്നത്. ഏറ്റവും മൂല്യം കൂടിയ വിഭവങ്ങളിലൊന്നായ ഭൂമിയുടെ കൃത്യമായ ഉപയോഗത്തിലൂടെ സുസ്ഥിര വികസനം സാദ്ധ്യമാകണം.
11. ജില്ലയിൽ നഗരവൽക്കരണത്തിന്റെ തോത് വളരെ കൂടുതലാണ്. പരിസ്ഥിതി ദുർബല പ്രദേശങ്ങളെ ഒഴിവാക്കിക്കൊണ്ടും, കാർഷിക മേഖലയെ സംരക്ഷിച്ചു നിർത്തുന്നതിനും, ഭക്ഷ്യ സുരക്ഷ കൈവരിക്കുന്നതിനും നഗര പ്രദേശങ്ങളുടെ വ്യാപ്തി വർദ്ധിപ്പിക്കാതെ നഗര പ്രദേശങ്ങളെ കൂടുതൽ സാന്ദ്രീകരിക്കേണ്ടതാണ്.
12. ജില്ലയിലെ വിവിധ തദ്ദേശസ്ഥാപനങ്ങളെ ലഭ്യമായ സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ ശ്രേണീകരണം നടത്തിയിട്ടുണ്ട്. സേവനങ്ങൾ എല്ലാ ഭാഗത്തും തുല്യമായ രീതിയിൽ ലഭ്യമാക്കുന്നതിലേക്കായി ഒന്ന്, രണ്ട്, മൂന്ന് എന്നീ ശ്രേണിയിൽ വരുന്ന ആവാസ കേന്ദ്രങ്ങളുടെ വിന്യാസം ഉറപ്പു വരുത്തണം.

അധ്യായം 4

വികസന മേഖലകൾ : അവസ്ഥയും പരിപ്രേക്ഷ്യവും

4.1 ഉൽപാദന മേഖല

ജനങ്ങളുടെ സാമ്പത്തിക വികസനത്തിന് ഉതകുന്ന രീതിയിലുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുക എന്നതാണ് സർക്കാരിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാമതായിട്ടുള്ളത്. നീർത്തടാധിഷ്ഠിത വികസനം, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യവികസനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, വനവികസനം, വ്യവസായം, വാണിജ്യം, തൊഴിൽ സംരംഭങ്ങൾ എന്നിവ ഉൾപ്പെട്ടിട്ടുള്ളതാണ് ഉൽപാദന മേഖലയിൽ ഉൾപ്പെടുന്ന വിവിധ വികസനമേഖലകൾ. 2016-17 വർഷം ഉത്പാദന മേഖലയിൽ സംസ്ഥാനത്തിന്റെ മൊത്തം സംയോജിത മൂല്യത്തിൽ മലപ്പുറം ജില്ലയുടെ പങ്ക് 8.5 ശതമാനമാണ്. മലപ്പുറം ജില്ലയുടെ ആകെ ഭൂവിസ്തൃതി 355446 ആണ്.

പട്ടിക 4.1.1 : മലപ്പുറം ജില്ല-ഭൂവിസ്തൃതി ക്രമം 2016-17

ക്രമ നമ്പർ	വിഭാഗം	വിസ്തീർണ്ണം (ഹെക്ടറിൽ)	ആകെ ഭൂവിസ്തൃതി (ശതമാനത്തിൽ)
1	വനഭൂമി	103417	29%
2	കൃഷിയേതര ഭൂമി	51678	14.5%
3	പാഴ് നിലം	844	0.23%
4	മറ്റ് വിളകൾ	203	0.05%
5	കൃഷിയോഗ്യമായ തരിശുനിലങ്ങൾ	6048	1.7%
6	തൽവർഷ തരിശുനിലങ്ങൾ	13656	2.08%
7	വെള്ളക്കെട്ട് ഭൂമി	6231	1.8%
8	സാമൂഹ്യ വനവത്കരണം	191	0.05%
9	ആകെ വിത ഭൂമി	173178	49%
10	വർഷത്തിൽ ഒന്നിലേറെ കൃഷി ചെയ്യുന്ന ഭൂമി	64682.22	18%
11	ആകെ കൃഷി ഭൂമി	237860.22	67%

അവലംബം: അഗ്രികൾചറൽ സ്റ്റാറ്റിസ്റ്റിക്സ് 2016-17, എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്

മലപ്പുറം ജില്ലയുടെ വൈവിധ്യ സമ്പന്നമായ ഭൂപ്രകൃതി ഉത്പാദന മേഖലക്ക് എത്രമാത്രം അനുയോജ്യമാണെന്ന് പട്ടികയിൽ സൂചിപ്പിക്കുക.

സംസ്ഥാന സർക്കാർ 2017-18 വാർഷിക പദ്ധതിയിൽ 4 വിഭാഗങ്ങളിലായി 5552.73 കോടി രൂപ (27%) ആണ് ഈ മേഖലയ്ക്ക് വകയിരുത്തിയിട്ടുള്ളത്. കേന്ദ്രവിഹിതമായി ഈ മേഖലക്ക് ലഭ്യമായ തുക 561.9 കോടി രൂപ (6%) ആണ്. ത്രിതല പഞ്ചായത്തുകൾ ഉത്പാദന മേഖലക്ക് പൊതു വിഭാഗം വികസന ഫണ്ടിന്റെ ഏറ്റവും കുറഞ്ഞത് 30 ശതമാനം തുകയെങ്കിലും വകയിരുത്തണമെന്ന് ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. അതുപോലെ കാർഷിക മേഖല, ജലാശയ സംരക്ഷണം, ശുചിത്വം എന്നീ മേഖലകളുൾപ്പെടുന്ന ഹരിതകേരള മിഷൻ പദ്ധതിയിൽ ഏറ്റവും കുറഞ്ഞത് 10 ശതമാനമെങ്കിലും വകയിരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

മലപ്പുറം ജില്ലയിൽ ഉത്പാദന മേഖലക്ക് ലഭ്യമായിട്ടുള്ള സംസ്ഥാന വിഹിതം (വിഭാഗം2,3,4) 20811.4 ലക്ഷം രൂപ (37%). കേന്ദ്രവിഹിതം 2139.09 (30%). തദ്ദേശഭരണ സ്ഥാപനങ്ങൾ മലപ്പുറം ജില്ലയിൽ ഉത്പാദനമേഖലക്ക് വകയിരുത്തിയ തുക 151.75 കോടി രൂപയാണ്. ഈ മേഖലയിൽ ആകെ പ്രൊജക്ടുകളുടെ എണ്ണം 2242 ആണ്. ഇതുകൂടാതെ എസ് സി എ ടു എസ് സി പി, (പ്രത്യേക ഘടക പദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായം) ഡബ്ലു ജി ഡി പി (പശ്ചിമഘട്ട വികസന പദ്ധതി) എന്നീ മേഖലയിലും പ്രൊജക്ട് നിലവിലുണ്ട്.

പട്ടിക 4.1.2 : ഉൽപാദന മേഖല (കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും) മൊത്തം സംയോജിത മൂല്യം സ്ഥിരവിലയിൽ

വർഷം	ജില്ല	സംസ്ഥാനം
2014-15	383469	4598266
2015-16	365206	4367362
2016-17	383414	4494128

അവലംബം : സാമ്പത്തിക അവലോകനം 2017,സംസ്ഥാന ആസൂത്രണ ബോർഡ്

ചിത്രം 4.1.1 : വളർച്ചാനിരക്ക് വ്യതിയാനം



അവലംബം : സാമ്പത്തിക അവലോകനം 2017

മലപ്പുറം ജില്ലയിൽ ഉൽപാദന മേഖലയിൽ 2015-16 & 2016-17 വർഷങ്ങളിലെ വളർച്ചാ നിരക്ക്, ചിത്രം 4.1.1 ൽ സംസ്ഥാന വളർച്ചാനിരക്കുമായി താരതമ്യപ്പെടുത്തിയിട്ടുണ്ട്.

4.1.1 നീർത്തടാധിഷ്ഠിത വികസനം

ഒരു പ്രദേശത്തിന്റെ സമഗ്രവും ശാസ്ത്രീയവും ദീർഘകാലാടിസ്ഥാനത്തിലുള്ളതുമായ വികസനം പരിഗണിക്കുമ്പോൾ വികസനത്തിനുള്ള അടിസ്ഥാന പ്രവർത്തന യൂണിറ്റ്/തലം തീരുമാനിക്കേണ്ടിവരും. നമ്മുടെ ഭൂതലത്തിനെ ഭരണ സൗകര്യാർത്ഥം ജില്ലകൾ, താലൂക്കുകൾ, പഞ്ചായത്തുകൾ, വില്ലേജുകൾ എന്നിങ്ങനെ യൂണിറ്റുകളായി തരം തിരിച്ചിട്ടുണ്ട്. വികസനത്തിന്റെ പ്രധാന ഉപഭോക്താക്കൾ മനുഷ്യരായതിനാൽ പലപ്പോഴും വികസന യൂണിറ്റ്/ പ്രദേശം നിശ്ചയിക്കുന്നത് ജനസംഖ്യാടിസ്ഥാനത്തിലുള്ള മുൻഗണനകൾ നൽകിയായിരിക്കും. അടിസ്ഥാന വിഭവങ്ങളായ മണ്ണ്, ജലം, ജൈവ സമ്പത്ത് എന്നിവയുടെ സമഗ്ര പരിപാലനത്തിലൂടെ മാത്രമേ സ്ഥായിയായ വികസനം സാധ്യമാവുകയുള്ളൂ. നീർത്തട വികസനം നടപ്പിലാക്കുന്നതു വഴി മണ്ണ്, ജല സംരക്ഷണം, കാർഷിക വികസനം, മൃഗ സംരക്ഷണം, ക്ഷീരവികസനം, സാമൂഹ്യ വനവത്കരണം, കാർഷികാനുബന്ധ വ്യവസായ വികസനം, സാമൂഹ്യ ക്ഷേമം തുടങ്ങിയ നാനോൻമുഖ വികസന പ്രക്രിയകൾ സമഗ്രമായി സംയോജിക്കപ്പെടുന്നു.

കൃഷി കേന്ദ്രീകൃതമായ വികസന കാഴ്ചപ്പാടിൽ വിഭവങ്ങളുടെ ശാസ്ത്രീയവും ഫലപ്രദവുമായ ഉപയോഗത്തിനായിരിക്കണം മുൻതൂക്കം നൽകേണ്ടത്. അടിസ്ഥാന വിഭവങ്ങളുടെ സമഗ്രതയിലൂന്നിയ വികസന സമീപനത്തിനു മാത്രമേ കൃഷിയേയും അനുബന്ധ മേഖലകളേയും നിലനിറുത്താനാകൂ അതുകൊണ്ടുതന്നെ കാർഷിക വികസനത്തിന്റെ അടിസ്ഥാന പ്രവർത്തന പ്രദേശമായി നീർത്തടങ്ങളെ പരിഗണിക്കാവുന്നതാണ്.

ഒരു നീർത്തടം പ്രതിനിധീകരിക്കുന്നത് എല്ലാ അരുവികളും അതിലേക്ക് വന്നു ചേരുന്ന കൈവഴികളും ചേർന്ന് പൊതുവായ ഒരു ചാനലിൽ എത്തിച്ചേരുന്ന പ്രദേശത്തെയാണ്. ഒരു നീർത്തട പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ ലഭ്യമായ മണ്ണ്, ജലം, ജൈവ സമ്പത്ത് എന്നീ വിഭവങ്ങളുടെ യുക്തിസഹവും സന്തുലിതവുമായ പരിപാലനവും ഉപയോഗവും ആ നീർത്തടത്തിനുള്ളിൽ ഒരു

സ്ഥായിയായ ഉൽപ്പാദന നിരക്കിനും സാഹചര്യമൊരുക്കുന്ന അവസ്ഥയാണ് നീർത്തട വികസനമെന്നതു കൊണ്ടു വിവക്ഷിക്കുന്നത്. മണ്ണും ജലവും ജൈവവ്യവസ്ഥകളും പൂരകമായ ഒരവസ്ഥയിൽ വർത്തിക്കുന്ന പ്രകൃത്യ ഉള്ള ഒരു സ്ഥല-ജലമാത്രയാണ് നീർത്തട പ്രദേശം.

4.1.1.1 കൃഷി

ആമുഖം

മലപ്പുറം ജില്ല അറബിക്കടൽ മുതൽ പശ്ചിമഘട്ടം വരെ നീണ്ടു കിടക്കുന്ന മലനാട്, ഇടനാട്, തീരദേശം എന്നീ മൂന്നു ഭൂപ്രകൃതി വിഭാഗങ്ങളും അടങ്ങിയ കാർഷിക പ്രധാനമായ ഭൂപ്രദേശമാണ്. ഫലഭൂയിഷ്ഠത വളരെ കുറഞ്ഞ ചെങ്കൽ പ്രദേശമാണ് ജില്ലയുടെ ഭൂരിഭാഗം പ്രദേശങ്ങളും. നെല്ല്, തെങ്ങ്, പച്ചക്കറി, വാഴ, റബ്ബർ, സുഗന്ധ വിളകൾ, മരച്ചീനി എന്നിവയാണ് പ്രധാന വിളകൾ. 90% കൃഷിയും മഴയെ മാത്രം ആശ്രയിച്ചാണ് നടത്തുന്നത്. ജലലഭ്യത ഏറെയുള്ള താഴ്വാരങ്ങളിലും നദീതടങ്ങളിലും മുഖ്യവിള നെല്ല് തന്നെയായിരുന്നു. നെൽപാടങ്ങൾക്കരികിലുള്ള സമതല പ്രദേശങ്ങളിലും കുന്നിൻ ചെരിവുകളിലും വീട്ടുവളപ്പുകളിലും മുഖ്യവിള തെങ്ങാണ് അതോടൊപ്പം കിഴങ്ങുവർഗ്ഗങ്ങളും, വാഴയും, കമുകും, കുരുമുളകും, പച്ചക്കറികളും, പഴവർഗ്ഗങ്ങളും, ഔഷധ സസ്യങ്ങളും, തീറ്റപുല്ലുകളും, എല്ലാ കൃഷിയിടങ്ങളിലും സ്ഥാനം പിടിച്ചിരുന്നു. പശുക്കളും, ഉഴവുകാളകളും, എരുമയും, പോത്തും, ആടും, കോഴിയും, താറാവുമൊക്കെ ഓരോ കൃഷിയിടത്തിലും ഉണ്ടായിരുന്നതിനാൽ ഭക്ഷ്യസുരക്ഷക്കു പുറമെ സമൃഷ്ടമായ ജൈവ വളവും സുലഭമായിരുന്നു. ജില്ലയിലെ കൃഷി അനുബന്ധ പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ വിവിധ സൂക്ഷ്മ പാരിസ്ഥിതിക ഘടകങ്ങൾ നില നിൽക്കുന്നു എന്ന പ്രത്യേകതയുമുണ്ട്. ജില്ലയിലെ ജൈവ വൈവിധ്യ സാധ്യതകൾ ഉപയോഗപ്പെടുത്തി ജനങ്ങൾക്ക് വരുമാനമാക്കി മാറ്റാൻ കഴിഞ്ഞാൽ ജില്ലക്ക് ത്വരിതഗതിയിലുള്ള വളർച്ച നേടിയെടുക്കാൻ സാധിക്കും.

സംയോജിത കൃഷിയിടങ്ങളും കുടുംബ കൃഷിയിടങ്ങളും ധാരാളമുള്ള ജില്ലയിലെ പുരയിട കൃഷി ശാസ്ത്രീയമായി പുനഃവിന്യസിക്കുന്നതിലൂടെ കർഷകരുടെ വരുമാന വർദ്ധനവിലും കൃഷി ഭൂമിയിൽ നിന്നുള്ള പൊതുവായ ഉത്പാദന വർദ്ധനവിനും സാധിക്കുന്നതാണ്.

മലപ്പുറം ജില്ലയിലെ പ്രധാന വിളകളുടെ 2016-17 വർഷത്തിലെ വിസ്തീർണ്ണം, ഉത്പാദനം, ഉത്പാദനക്ഷമത എന്നിവയുടെ വിശദാംശങ്ങൾ താഴെ ചേർത്തിട്ടുള്ള പട്ടികകളിലും ചിത്രത്തിലുമായി പ്രതിപാദിച്ചിട്ടുണ്ട്. ജില്ലയിൽ ഏറ്റവും അധികം വിസ്തീർണ്ണം തെങ്ങുകൃഷിക്കാണ്. ജില്ലയിൽ 2015-16 വർഷം താരതമ്യപ്പെടുത്തുമ്പോൾ 2016-17 വർഷത്തിൽ റബർ, കുരുമുളക് എന്നീ വിളകളിൽ മാത്രമാണ് വർദ്ധനവ് പ്രകടമാകുന്നത്. ചിത്രം 4.1.3.ൽ ജില്ലയിൽ വിവിധ വിളകളുടെ ഉത്പാദനക്ഷമത സംസ്ഥാന കണക്കുമായി താരതമ്യപ്പെടുത്തി രേഖപ്പെടുത്തിയിട്ടുണ്ട്.

പട്ടിക 4.1.3 : മലപ്പുറം ജില്ലയിലെ പ്രധാന വിളകളുടെ വിസ്തീർണ്ണം (ഹെക്ടറിൽ)

ക്രമ നം	വിള	കേരളം (ഹെ)	മലപ്പുറം (ഹെ)
1.	നെല്ല്	171398	7140
2.	തെങ്ങ്	781496	102836
3.	പച്ചക്കറി	46732	4845
4.	പഴ വർഗം	327210	32718
5.	റബർ	551050	42770
6.	മരച്ചീനി	68664	5283
7.	വെറ്റില	261	99
8.	അടക്ക	97696	18379
9.	കുരുമുളക്	85207	2641

അവലംബം : അഗ്രികൾചറൽ സ്റ്റാറ്റിസ്റ്റിക്സ് 2016-17, ഡിപ്പാർട്മെന്റ് ഓഫ് ഇകണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്

പട്ടിക 4.1.4 : മലപ്പുറം ജില്ലയിലെ പ്രധാന വിളകളുടെ ഉത്പാദനം

ക്രമ നം	വിള ഉത്പാദനം (ടൺ) 2016-17	2015-16	2016-17	വേരിയൻസ് ശതമാനത്തിൽ
1.	നെല്ല്	23649	17211	-27.22
2.	തെങ്ങ്	1046	878	-16.06
3.	പച്ചക്കറി	1613.5	1642	1.77
4.	പഴ വർഗം	148238	123385	-16.77
5.	റബർ	32450	40000	23.3
6.	മരച്ചീനി	198203	185880	-6.22
7.	വെറ്റില	5519	3615	-34.5
8.	അടക്ക	23359	16519	-29.28
9.	കുരുമുളക്	460	584	26.96

അവലംബം: അഗ്രികൾചറൽ സ്റ്റാറ്റിസ്റ്റിക്സ് 2015-16, 2016-17, ഡിപ്പാർട്മെന്റ് ഓഫ് ഇകണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്

ചിത്രം 4.1.2 : ഉത്പാദനക്ഷമത



അവലംബം:അഗ്രികൾചറൽ സ്റ്റാറ്റിസ്റ്റിക്സ് 2015-16, 2016-17, ഡിപ്പാർട്മെന്റ് ഓഫ് ഇകണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്

നിലവിലെ അവസ്ഥ:

നെൽകൃഷി

ജൈവരീതിയിൽ ഓരോ പ്രദേശത്തിനുമിണങ്ങുന്ന നെൽകൃഷി സമ്പ്രദായം നൂറ്റാണ്ടുകൾക്കുമുന്നേ നിലവിൽ വന്നു. ജില്ലയുടെ ഭൂപ്രകൃതിയും മറ്റു പാരിസ്ഥിതിക ഘടകങ്ങൾക്കും അനുസൃതമായി വൈവിധ്യമാർന്ന പദ്ധതികൾ നെൽകൃഷിയിൽ ചെയ്തു പോരുന്നു.

- ജില്ലയിലെ ആകെ നെൽകൃഷി വിസ്തൃതി : 7140 ഹെക്ടർ
- ഒന്നാം വിള - 269 ഹെക്ടർ (മെയ് - സെപ്തംബർ)
- രണ്ടാം വിള - 4989 ഹെക്ടർ (ഒക്ടോബർ- ജനുവരി)
- മൂന്നാം വിള - 1882 ഹെക്ടർ (പുഞ്ച)

ഒന്നാം വിളയായി 269 ഹെക്ടറും, രണ്ടാം വിളയായി 4989 ഹെക്ടറും മൂന്നാം വിളയായി 1882 ഹെക്ടറും നെൽകൃഷി നടപ്പിലാക്കിവരുന്നുണ്ട്. ഒരു ഹെക്ടറിന് ശരാശരി 2411 കിലോഗ്രാം ആണ് നിലവിൽ നെല്ലിന്റെ ഉൽപ്പാദനക്ഷമത. 17211 ടൺ നെല്ലാണ് ജില്ലയിൽ ഉൽപ്പാദിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഉമ, ജ്യോതി, പൊൻമണി, ആതിര, ഐശ്വര്യ, കാഞ്ചന എന്നിവയാണ് കൃഷി ചെയ്തുവരുന്ന അത്യുൽപാദനശേഷിയുള്ള വിത്തുകൾ. ഏതാണ്ട് 50% നെൽപ്പാടങ്ങളിലും അത്യുൽപാദന ശേഷിയുള്ള വിത്തുകളാണ് ഉപയോഗിച്ചുവരുന്നത്. അത്യുൽപാദന ശേഷിയുള്ള വിത്തുകൾക്ക് ശരാശരി ഹെക്ടറിന് 6 മെട്രിക് ടൺ വരെ വിളവ് ലഭിക്കുമ്പോൾ പരമ്പരാഗത വിത്തിനങ്ങളുടെ ഉത്പാദനക്ഷമത ഹെക്ടറിന് 2 ടൺ വരെ മാത്രമാണ്.

പട്ടിക 4.1.5 : വിവിധതരം നെൽ വിത്തുകളുടെ ഉത്പാദനവും ഉത്പാദനക്ഷമതയും

അത്യുത്പാദനശേഷിയുള്ള വിത്ത്			പരമ്പരാഗത വിത്ത്		
ഉത്പാദന ക്ഷമത (കി/ഹെ)	വിസ്തൃതി (ഹെ)	ഉത്പാദനം (ടൺ)	ഉത്പാദന ക്ഷമത (കി/ഹെ)	വിസ്തൃതി (ഹെ)	ഉത്പാദനം (ടൺ)
2378	3348.73	7961.89	1024	1640.66	1680.22

അവലംബം : അഗ്രികൾചറൽ സ്റ്റാറ്റിസ്റ്റിക്സ് 2016-17

കോൾപാടങ്ങൾ

തൃശ്ശൂർ ജില്ലയിലെ തലപ്പള്ളി ചാവക്കാട് താലൂക്കുകളും മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കും ഉൾപ്പെടുന്നതാണ് 3400 ഹെക്ടർ പൊന്നാനി കോൾമേഖല. മലപ്പുറം ജില്ലയിൽ പൊന്നാനി താലൂക്കിൽ പെട്ട പെരുമ്പടപ്പ് തവനൂർ ബ്ലോക്കുകളിലെ കോൾപാടങ്ങളിലാണ് മൂന്നാം വിള (പുഞ്ച) സമയത്ത് നെൽകൃഷി ചെയ്യുവരുന്നത്. കിഴക്കൻ മലകളിൽനിന്നും മഴവെള്ളത്തോടൊപ്പം ഒഴുകി വരുന്ന ഫലഭൂയിഷ്ടമായ മണ്ണ് ഇവിടെ അടിഞ്ഞുകൂടുകയും കൃഷി അനുകൂലമാവുകയും ചെയ്യുന്നു. സമുദ്ര നിരപ്പിൽ നിന്നും താഴ്ന്ന സ്ഥിതി ചെയ്യുന്ന ഇവിടെ മഴക്കാലത്ത് വെള്ളം കെട്ടികിടക്കുന്നു. സമ്പന്നമായ തണ്ണീർത്തട ജൈവ വ്യവസ്ഥ കൂടിയായ ഇവ ഒട്ടനവധി ജനുസുകളിലെ ശുദ്ധജല മത്സ്യങ്ങൾക്കും ചെമ്മീൻ, തവള, ഞവിണി, കക്ക, ഞണ്ട് എന്നിവക്കും പാമ്പ്, കീരി, നീർനായ പോലുള്ള സസ്തനികൾക്കും സ്ഥിരവാസികളും ദേശാടനക്കാരുമായ നിരവധി പക്ഷികൾക്കും ആവാസ കേന്ദ്രമാണ്.

പുഞ്ച കൃഷി തുടങ്ങുന്നത് ജനുവരിയിലാണ്. അത്യുത്പാദന ശേഷിയുള്ള ഉമ, ജ്യോതി, കാഞ്ചന, ശ്രേയസ്, മട്ട, തുവേണി എന്നിവയാണ് കൃഷി ചെയ്യുന്ന ഇനങ്ങൾ. പ്രകൃതിക്ഷോഭങ്ങൾ, ബണ്ടുതകർച്ച എന്നിവ ബാധിച്ചില്ലെങ്കിൽ നല്ല വിളവ് ലഭിക്കാറുണ്ട്. ഹെക്ടറിന് 6 മുതൽ 9 വരെ ടൺ നെല്ലുത്പാദിപ്പിക്കുന്ന പാട ശേഖരങ്ങളാണ് പൊന്നാനി കോളിലുള്ളത്. അതിനാൽ കോൾപാട സംരക്ഷണം ഗൗരവമായി കാണേണ്ടതുണ്ട്.

മലപ്പുറം ജില്ലയിൽ നെൽകൃഷിയോഗ്യമായ ഏതാണ്ട് 1100 ഹെക്ടർ നെൽകൃഷി ഭൂമി ജില്ലയിൽ തരിശായി കിടക്കുന്നു. അതുപോലെ 60 ശതമാനത്തിലേറെ നെൽപാടങ്ങളിലും കൊയ്ത്ത് യന്ത്രവത്കൃതമാക്കാനും അംഗീകൃത സ്ഥാപനങ്ങളിൽ നിന്നുള്ള ഗുണമേൻമയുള്ള വിത്തുകൾ ഉപയോഗിക്കാനും സാധിക്കുന്നു. പച്ചിലവളങ്ങളുടെ ലഭ്യത കുറഞ്ഞതും, പച്ചില വളച്ചെടികൾ നെൽപ്പാടങ്ങളിൽ നട്ടുവളർത്തി വയലിൽ ഉഴുതു ചേർക്കുന്നതിൽ വീഴ്ചവരുത്തിയതുമാണ് പച്ചിലവള ലഭ്യതയിൽ കുറവു വരുന്നതിനുള്ള പ്രധാന കാരണങ്ങൾ. അശാസ്ത്രീയമായ രാസവസ്തുക്കളുടെ ഉപയോഗം നെൽപ്പാടങ്ങളിലെ മണ്ണിന്റെ ഘടനയിലും, ഉൽപ്പാദനക്ഷമതയിലും ഗുരുതരമായ പോരായ്മകൾ ഉണ്ടാകാൻ കാരണമായിട്ടുണ്ട്. മണ്ണിന്റെ പുളിപ്പ് നിയന്ത്രിച്ച് ഗുണമേന്മ നിലനിർത്തുന്നതിനു സഹായിക്കുന്ന കുമ്മായത്തിന്റെ ഉപയോഗത്തിൽ വന്ന കുറവും ജൈവവളത്തിന്റെ ഉപയോഗത്തിൽ വന്ന കുറവും മൂലം സംഭവിച്ച സൂക്ഷ്മ മൂലകങ്ങളുടെ ലഭ്യതക്കുറവും നെൽപ്പാടങ്ങളെ രോഗാഗ്രസ്ഥമാക്കുകയും ഉൽപ്പാദനക്ഷമതയിൽ മുന്നേറുന്നതിൽ തടസ്സം സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഉടമസ്ഥതയിലുള്ള നെല്ല് സംഭരണം ജില്ലയിൽ പൂർണ്ണമായി നടപ്പിലാക്കിവരുന്നു. നെൽ കർഷകർക്ക് മാന്യമായ വില ലഭിക്കുന്നതിനുള്ള സാഹചര്യവും നെല്ല സംസ്കരണത്തിനുള്ള വിപുലമായ സംവിധാനങ്ങളും ജില്ലയിൽ നാമമാത്രമാണ്. നെല്ലുൽപ്പാദിപ്പിക്കുന്ന കർഷകർ പോലും ഉൽപ്പാദിപ്പിച്ച നെൽവിത്ത് ഉപയോഗിക്കാതെ മാർക്കറ്റിൽ നിന്നും അരിവാങ്ങുന്ന പ്രവണതയാണ് കണ്ടുവരുന്നത്. വർഷം മുഴുവൻ നെല്ല ലഭിക്കുന്നതിനുള്ള സാഹചര്യം നിലവിലില്ലാത്തതിനാൽ വലിയ നെല്ല സംസ്കരണശാലകൾ ജില്ലയിൽ പ്രായോഗികമാവാതെ വരുന്നു. മാത്രവുമല്ല കോൾ മേഖലയുടെ മേൽനോട്ടങ്ങൾക്കായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുക എന്നത് ഈ മേഖലയിലെ കർഷകരുടെ ദീർഘകാല ആവശ്യമാണ്.

തെങ്ങു കൃഷി

കേരളത്തിന്റെ സംസ്ഥാന വൃക്ഷമായ തെങ്ങ് മലപ്പുറം ജില്ലയിലെ ഏറ്റവും പ്രധാന വിളയാണ്. 102836 ഹെക്ടറിൽ തെങ്ങ് കൃഷി ചെയ്യ വരുന്നു. പ്രധാനമായും മഴയെ ആശ്രയിച്ചാണ് കൃഷി ചെയ്യവരുന്നത്. ജലസേചന സൗകര്യമുള്ള തെങ്ങിൻ തോട്ടങ്ങൾ 10% മാത്രമാണ്. മലപ്പുറം ജില്ലയിലെ തെങ്ങിന്റെ ഉൽപാദനക്ഷമത പ്രതിവർഷം ഒരു തെങ്ങിന് 59.5 എണ്ണം തേങ്ങകൾ മാത്രമാണ്. (ഹെക്ടറിന് 10117 എണ്ണം). പ്രതിവർഷം 878 മില്യൺ തേങ്ങകൾ മലപ്പുറം ജില്ലയിൽ ഉത്പാദിപ്പിക്കപ്പെടുന്നുണ്ട്. പശ്ചിമ തീര നെടിയ ഇനം (ഡബ്ളിയു.സി.ടി) ആണ് പ്രധാനം. ടിxഡി, ഡിxടി ഇനത്തിൽപ്പെട്ട ഹൈബ്രിഡ് ഇനങ്ങളുടെ വിസ്തൃതി കേവലം 5%-ൽ താഴെ മാത്രമാണ്. ചാവക്കാട് ഓറഞ്ച് ഡ്വാർഫ്, ചാവക്കാട് യെല്ലോ ഡ്വാർഫ്, ചാവക്കാട് ഗ്രീൻ ഡ്വാർഫ് ഇനങ്ങളിൽപ്പെട്ട തെങ്ങുകളും ഇവിടെ കൃഷി ചെയ്യവരുന്നു. തെങ്ങുകർഷകർ പ്രധാനമായും പരമ്പരാഗത കൃഷി രീതികൾ അനുവർത്തിച്ചുവരുന്നു. ഡബ്ളിയു.സി.ടി. ഇനങ്ങളിൽ പെട്ട തെങ്ങുകൾ ഏറെയും പ്രായമായവയും ഉൽപാദനക്ഷമത കുറഞ്ഞവയുമാണ്. വില സ്ഥിരതയില്ലായ്മയും നാളികേരത്തിന് ന്യായവില ലഭിക്കാത്തതിനാലും കർഷകർ തെങ്ങുകൃഷി അവഗണിക്കുകയും ശാസ്ത്രീയ പരിചരണമുറകളിൽ വീഴ്ച വരുത്തുന്നതായും കാണുന്നു. തെങ്ങിൻ തോട്ടങ്ങളിൽ ധാരാളം ഇടവിളകൾ കൃഷി ചെയ്യാമെങ്കിലും ഏകദേശം 25% കർഷകർ മാത്രമേ തെങ്ങിൻതോട്ടങ്ങളിൽ ശാസ്ത്രീയമായി വിളക്രമം നിശ്ചയിച്ചുകൊണ്ടും വെള്ളം, സൂര്യപ്രകാശം, സ്ഥലം എന്നിവ എല്ലാ വിളകൾക്കും അനുയോജ്യമായ രീതിയിൽ ലഭ്യമാക്കാവുന്ന കൃഷി രീതി നടപ്പിലാക്കി വരുന്നുള്ളൂ. മലപ്പുറം ജില്ലയുടെ കാർഷിക മേഖലയുടെ ഉണർവിന് തെങ്ങിൻ തോട്ടങ്ങളിലെ ശാസ്ത്രീയ കൃഷി പരിചരണം ആവശ്യമാണ്. ജൈവവളങ്ങൾ, രാസവളങ്ങൾ, കുമ്മായ വസ്തുക്കൾ എന്നിവയാണ് പ്രധാന വളങ്ങൾ.

നാളികേരം, ചകിരി എന്നീ ഉൽപന്നങ്ങളുടെ വിപണനത്തിനും സംസ്കരണത്തിനും പരിമിതമായ സൗകര്യങ്ങൾ മാത്രമാണ് ജില്ലയിൽ ഉള്ളത്. ചകിരി, ചിരട്ട എന്നിവ സംസ്കരിക്കുന്ന സംസ്കരണ ശാലകൾ ഇല്ലെന്നു പറയാം. ഊർങ്ങാട്ടിരി, കോഡൂർ എന്നീ സർവ്വീസ് സഹകരണ ബാങ്കുകൾ നാളികേര സംസ്കരണത്തിലും വെളിച്ചെണ്ണ ഉൽപാദനത്തിലും കർഷകർക്ക് താങ്ങായി പ്രവർത്തിക്കുന്നതിലൂടെ ഈ മേഖലയിലെ കർഷകർക്ക് ന്യായവില ലഭ്യമാകുന്നുണ്ട്. കേരഫെഡ് വഴി കൃഷിഭവൻ മുഖേനയുള്ള പച്ചത്തേങ്ങാ സംഭരണം നാളികേരത്തിന് ന്യായവില ലഭിക്കുന്നതിനും ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്ന് രക്ഷ നേടുന്നതിനും കർഷകരെ സഹായിച്ചിട്ടുണ്ട്.

ചിത്രം 4.1.3 തേങ്ങ ഉത്പാദനം 2016-17



അവലംബം അഗ്രികൾചറൽ സ്റ്റാറ്റിസ്റ്റിക്സ് 2016-17

മലപ്പുറം ജില്ലയിൽ നാളികേര മേഖലയുമായി ബന്ധപ്പെട്ട കൊപ്ര സംസ്കരണം കയർ വ്യവസായം, കള്ള് ചെത്ത് തുടങ്ങിയ പരമ്പരാഗത മേഖലകൾക്ക് അപചയം നേരിടുന്നു വെങ്കിലും ഒരു വിഭാഗം ആളുകൾക്ക് ഇപ്പോഴും തൊഴിൽ അവസരം പ്രദാനം ചെയ്യുന്നുണ്ട്.

പച്ചക്കറി കൃഷി

ജില്ലയിൽ 3807 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുവരുന്നു. ഇതിൽ 50% സ്ഥലത്ത് വാണിജ്യാടിസ്ഥാനത്തിലും, ബാക്കി അടുക്കളത്തോട്ടങ്ങളിലും കുടുംബക്കൃഷിയായുമാണ് നടത്തിവരുന്നത്. ജില്ലയിലെ പച്ചക്കറിയുടെ ശരാശരി ഉത്പാദനക്ഷമത ഹെക്ടറിന് 12 ടൺ ആണ്. പ്രതിവർഷം 45684 മെടിക് ടൺ പച്ചക്കറി ഇവിടെ ഉത്പാദിപ്പിച്ചുവരുന്നു. പയർ, പാവൽ, വെള്ളരി, ചേന എന്നിവയാണ് പ്രധാന പച്ചക്കറികൾ. മത്തൻ, കുമ്പളം, പടവലം, ചിരങ്ങ എന്നീ കുമ്പള വർഗ്ഗ വിളകളും മുളക്, വഴുതന, തക്കാളി എന്നിവയും ചീരയും ഇവിടെ കൃഷി ചെയ്യുന്നു. സംസ്ഥാനത്ത് 2011 മുതൽ പച്ചക്കറി കൃഷി വികസനത്തിനായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയതിന്റെ ഫലമായി പച്ചക്കറിയുടെ വിസ്തൃതി 3807 ഹെക്ടറായി വർദ്ധിപ്പിക്കുവാനും ഉൽപാദനക്ഷമതയിൽ ഹെക്ടറിന് 4 മെടിക് ടണ്ണിന്റെ വർദ്ധനവ് വരുത്തുവാനും സാധിച്ചിട്ടുണ്ട്. നിലമ്പൂർ, വഴിക്കടവ്, വണ്ടൂർ, മഞ്ചേരി, മക്കരപ്പറമ്പ്, കുറുവ, അങ്ങാടിപ്പുറം, പെരിന്തൽമണ്ണ എന്നിവയാണ് ജില്ലയിലെ പ്രധാന പച്ചക്കറി മേഖലകൾ.

പച്ചക്കറി കൃഷി വ്യാപകമാക്കുന്നതിനായി നടപ്പിലാക്കിയ അഗ്രോ ബാഗുകളിലെ പച്ചക്കറികൃഷി, പച്ചക്കറിയിലെ സൂക്ഷ്മ ജലസേചന പദ്ധതി, മഴമറകളിലെ പച്ചക്കറി കൃഷി എന്നിവ വളരെ ഫലപ്രദവും കർഷകർക്കിടയിൽ വ്യാപകമായ അംഗീകാരത്തിന് പാത്രീഭവിക്കുകയും ചെയ്തിട്ടുണ്ട്. മഴമറ കൃഷി, സൂക്ഷ്മ ജലസേചന കൃഷി എന്നിവ നടപ്പിലാക്കുന്നതിലൂടെ ഉൽപ്പാദനക്ഷമത നിലവിലുള്ളതിൽ നിന്നും ചുരുങ്ങിയത് ഇരട്ടിയാക്കാൻ സാധിക്കുമെന്ന് ബോധ്യമായിട്ടുണ്ട്. എന്നാൽ, പച്ചക്കറി കൃഷി വ്യാപനത്തിനായി നടപ്പിലാക്കിയ ഹരിത സംരക്ഷിത കൃഷി കേരളത്തിൽ ഉയർന്ന ചൂടിനോടും ആർദ്രതയോടും പൊരുത്തപ്പെടാനാവാതെ ഫലപ്രദമായി കാണുന്നില്ല.

പച്ചക്കറി വിപണനത്തിനായി ഇക്കോ ഷോപ്പുകൾ, എ ഗ്രേഡ് ക്ലസ്റ്ററുകൾ, ഫെഡറേറ്റ് ക്ലസ്റ്ററുകൾ, വി.എഫ്.പി.സി.കെ, ഹോർട്ടികോർപ്പ് എന്നിവ വഴി ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിലും പൂർണ്ണമായി വിജയിച്ചിട്ടില്ല. എന്നാൽ, ഉൽസവ സീസണുകളിൽ നടത്തുന്ന പ്രത്യേക മാർക്കറ്റുകൾ വിലനിലവാരം നിയന്ത്രിക്കുന്നതിൽ കാര്യമായ സംഭാവന ചെയ്യുന്നുണ്ട്. പച്ചക്കറി സംസ്കരണ രംഗത്ത് ജില്ലയുടെ സംഭാവന നാമമാത്രമാണ്. എ ഗ്രേഡ് ക്ലസ്റ്ററുകളുടെ ആഭിമുഖ്യത്തിൽ പെരിന്തൽമണ്ണ, കുറുവ എന്നിവിടങ്ങളിൽ പച്ചക്കറി സംസ്കരണശാലകൾ ചെറിയ രീതിയിൽ പ്രവർത്തിച്ചുവരുന്നു.

വാഴകൃഷി

ജില്ലയിൽ 7762 ഹെക്ടർ സ്ഥലത്ത് വാഴകൃഷി ചെയ്യുവരുന്നു. വയലുകളിലും, താഴ്ന്ന പ്രദേശങ്ങളിലും തനി വിളയായും, 3 വർഷത്തിൽ താഴെ പ്രായമുള്ള റബ്ബർ, 20 വർഷത്തിൽ കൂടുതൽ പ്രായമുള്ള തെങ്ങിൻ തോട്ടങ്ങൾ എന്നിവിടങ്ങളിൽ ഇടവിളയായും വാഴ കൃഷി ചെയ്യുവരുന്നു. നേന്ത്രൻ ആണ് പ്രധാന ഇനം. തെങ്ങിൻതോട്ടങ്ങളിലും, വീട്ടുവളപ്പിലും പാളയൻകോടൻ, ഞാലിപ്പൂവൻ എന്നീ ഇനങ്ങളും കൃഷി ചെയ്യുവരുന്നു. വാഴയുടെ ശരാശരി ഉൽപ്പാദനക്ഷമത ഹെക്ടറിന് 20 മെടിക് ടണ്ണും, മൊത്തം ഉൽപ്പാദനം 155243 മെടിക് ടണ്ണും ആണ്. ഏറെക്കുറെ ശാസ്ത്രീയമായും വാണിജ്യാടിസ്ഥാനത്തിലുമാണ് വാഴകൃഷി, പ്രത്യേകിച്ച് നേന്ത്രവാഴ കൃഷി ജില്ലയിൽ നടന്നുവരുന്നത്. സ്വന്തമായി കൃഷിഭൂമിയില്ലാത്ത കർഷകരുടെ ഒരു പ്രധാന വരുമാന മാർഗ്ഗമാണ് വാഴകൃഷി. അസംഘടിതരും സ്വന്തമായി ഭൂമിയില്ലാത്തവരുമായ കർഷകരുടെ പ്രധാന ജീവനോപാധിയാണ് പാട്ടഭൂമിയിലെ വാഴകൃഷിയും പച്ചക്കറികൃഷിയും. ജില്ലയിലെ എല്ലാ മേഖലകളിലും വാഴകൃഷി വ്യാപകമായി ഉണ്ടെങ്കിലും, കൊണ്ടോട്ടി,മഞ്ചേരി, പെരിന്തൽമണ്ണ, നിലമ്പൂർ പ്രദേശങ്ങൾ വാഴക്കൃഷി മേഖലകളാണ്.

സമ്മിശ്ര കൃഷി രീതി

ഏതാണ്ട് 50000-ൽ അധികം വരുന്ന മലപ്പുറം ജില്ലയിലെ വീട്ടുവളപ്പുകൾ സമ്മിശ്ര കൃഷിയിടങ്ങളാണ്. തെങ്ങ് അടിസ്ഥാനമാക്കിയുള്ള കൃഷി രീതിയുള്ള ഇവിടങ്ങളിൽ കുരുമുളക്, ജാതി, കമുങ്ങ്, വാഴ, ഇഞ്ചി, മഞ്ഞൾ എന്നീ വിവിധ വിളകൾ കൃഷി ചെയ്യുവരുന്നു. എന്നാൽ മിക്ക കൃഷിയിടങ്ങളിലും ഈ വിളകൾ ശാസ്ത്രീയമായി വിന്യസിക്കപ്പെട്ടിട്ടില്ല. അതുപോലെ വീട്ടുവളപ്പിലെ

കൃഷിയുടെ അടിസ്ഥാന ഘടകമായ കാലിവളർത്തൽ (പശു, ആട്, കോഴി എന്നിവ) ഇന്ന് പല കൃഷിയിടങ്ങളിലും അന്യം നിന്നുപോയിരിക്കുന്നു. ജൈവവള ഉൽപ്പാദനത്തിനായി കമ്പോസ്റ്റ് കുഴികൾ, മണ്ണു ജല സംരക്ഷണത്തിനായി മഴക്കുഴികൾ, കോൺടൂർ അനുസരിച്ചുള്ള മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ മിക്ക കൃഷിയിടങ്ങളിലും പാലിച്ചുകാണുന്നില്ല. ഈ കാരണങ്ങളാൽ വിള വൈവിധ്യത്താൽ സമ്പന്നമായ നമ്മുടെ സമ്മിശ്ര കൃഷിത്തോട്ടങ്ങൾ ഉൽപ്പാദനത്തിലും, ഉൽപ്പാദനക്ഷമതയിലും പിന്നിലാണ്. മലപ്പുറം ജില്ലയിൽ പരിശീലന പരിപാടികളിലൂടെ വീട്ടുവളപ്പിലെ കൃഷിത്തോട്ടങ്ങളെയും ഉത്തമ സമ്മിശ്ര കൃഷിത്തോട്ടങ്ങളാക്കി മാറ്റിയെടുക്കുന്നതിന് സാധിച്ചാൽ നമ്മുടെ കാർഷിക മേഖലയുടെ മുഖച്ഛായ തന്നെ മാറ്റുന്നതിന് സാധിക്കുമെന്ന് ഉറപ്പിച്ചു പറയാം

വികസന വിടവുകളും പ്രശ്ന പരിഹാര സാധ്യതകളും

1. നെൽകൃഷി

നെൽകൃഷിയിൽ വിടവ് സംഭവിക്കുമ്പോൾ ഭക്ഷ്യ സുരക്ഷ മാത്രമല്ല കൂടിവെള്ള സുരക്ഷയും പരിസ്ഥിതി സന്തുലനവുംകൂടി അവതാളത്തിലാവും. നെൽകൃഷിയോടൊപ്പം നില നിന്നിരുന്ന കുന്നുകാലി വളർത്തലും, താറാവു കൃഷിയും, മത്സ്യ കൃഷിയും അതി വേഗം മൺമറഞ്ഞുകൊണ്ടിരിക്കുന്നു. അരിക്കു പുറമെ പാലിനും മുട്ടക്കും മാംസത്തിനും മത്സ്യത്തിനും വരെ അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട ഗതികേടിലേക്ക് ചെന്നു പെട്ടിരിക്കുകയാണ്. ഹരിത ഗൃഹ പ്രഭാവം മൂലമുള്ള ആഗോള താപനവും കാലാവസ്ഥാ വ്യതിയാനവും സമുദ്രനിരപ്പ് ഉയരലും പരിസ്ഥിതി പ്രവർത്തകരുടെ ശ്രദ്ധ ആവശ്യപ്പെടുന്ന വിഷയങ്ങളാണ്.

നെൽകൃഷിയുടെ വിസ്തൃതിയും നെല്ലുൽപാദനവും താഴെ പറയുന്ന കാരണങ്ങളാൽ ഭീതിജനകമാംവണ്ണം കുറഞ്ഞുകൊണ്ടിരിക്കുകയാണ്.

- പരിമിത / നാമമാത്ര കർഷകരുടെ ആധിക്യവും കൃഷി ഉപജീവനമായി കഴിയുന്നവരുടെ കുറവും
- തൊഴിലാളി ദൗർലഭ്യം
- അത്യുത്പാദന ശേഷിയുള്ള വിത്തുകളുടെ ഉപയോഗകുറവും അനുയോജ്യ വിത്തുകളുടെ അഭാവവും
- ശാസ്ത്രീയ/കൃഷിമുറകൾ അനുവർത്തിക്കുന്നതിലെ അലംഭാവം.
- നല്ല വിത്തിനങ്ങളുടെ അപര്യാപ്തത
- ജലസേചന നിർഗ്ഗമന സൗകര്യങ്ങളിലെ പോരായ്മ
- ജലപരിപാലനത്തോടുള്ള അലംഭാവം
- അനിയന്ത്രിതമായ വിലയിടിവ്
- നെൽപാടങ്ങൾ തരം മാറ്റി ഉപയോഗം

പരിഹാര സാധ്യതകൾ

1. നെൽപ്പാടങ്ങളുടെ വിസ്തൃതിയും, നെല്ലിന്റെ ഉത്പ്പാദനക്ഷമതയും വർദ്ധിപ്പിച്ചുകൊണ്ട് നെല്ലുൽപാദനം ഇന്നത്തെ 23649 മെടിക് ടണ്ണിൽ നിന്നും 50400 മെടിക് ടണ്ണായി വർദ്ധിപ്പിക്കുക എന്നതോടൊപ്പം നെൽപ്പാടങ്ങളുടെ പാരിസ്ഥിതിക പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് അവ നഷ്ടപ്പെടാതെ സംരക്ഷിക്കുക എന്നതാണ് നെൽകൃഷി മേഖലയിലെ മലപ്പുറം ജില്ലയുടെ പരമ പ്രധാനമായ ലക്ഷ്യം.
2. സാധ്യമായ കരഭൂമിയിൽ ഒന്നാം വിള കാലഘട്ടത്തിൽ നെൽകൃഷി നടപ്പിലാക്കാൻ ലക്ഷ്യമിടുകയും, 300 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കുന്ന കര നെൽകൃഷി അടുത്ത 5 വർഷത്തിനകം 1000 ഹെക്ടർ വർദ്ധന ലക്ഷ്യമിടുന്നു.
3. രണ്ടാം വിള കൃഷി ഭൂമിയിൽ മൂന്നിലൊന്ന് സ്ഥലം ഒന്നാം വിള കൃഷി ഇറക്കുന്നതിന് പര്യാപ്തമാക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.
4. കോൾ പാടങ്ങളിലെ ഉത്പാദന ക്ഷമതയും വരുമാനവും വർദ്ധിപ്പിക്കുന്നതിനായി നെല്ലിനോടൊപ്പം മീൻ വളർത്തലും നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു.

5. പ്രാദേശിക കാരണങ്ങളാൽ തരിശായി കിടക്കുന്ന 300 ഹെക്ടർ നെൽപ്പാടം വകുപ്പിന്റെ ബോധപൂർവ്വമായ ഇടപെടലിലൂടെ കൃഷിയിറക്കുവാൻ സാധ്യമാവുന്ന നടപടികൾക്ക് മുൻതൂക്കം കൊടുക്കാൻ ശ്രമിക്കുന്നതാണ്.
6. മേൽപ്പറഞ്ഞ രീതിയിൽ കര നെൽകൃഷി, തരിശുഭൂമിയിലെ കൃഷി, ഒരുപൂ ഇരുപൂവാക്കൽ എന്നീ പ്രവർത്തനങ്ങളിലൂടെ അടുത്ത 5 വർഷത്തിനകം 4000 ഹെക്ടർ സ്ഥലത്ത് അധികമായി നെൽകൃഷി ചെയ്യുന്നതിന് ലക്ഷ്യമിടുന്നു.

ജില്ലയിൽ നെൽകൃഷി സ്ഥലത്തിന്റെ വിസ്തീർണ്ണം 1,26,000 ഹെക്ടറും , നെല്ലിന്റെ ഉത്പാദനക്ഷമത ഹെക്ടറിൽ 4.0 മെട്രിക് ടണ്ണും എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിലൂടെ 50400 മെട്രിക് ടൺ നെല്ല് ഉത്പാദിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

- അത്യുൽപാദനശേഷിയുള്ള നെൽവിത്തുകളുടെ ഉപയോഗം നിലവിലെ 60%ൽ നിന്നും 90% ആയി ഉയർത്തി സർക്കാർ സ്ഥാപനങ്ങൾ വഴി കർഷകർക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.
- മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ മാത്രം വളപ്രയോഗം നടത്തുന്ന രീതി നിലവിൽ നടത്തുന്നതാണ്. ആവശ്യമായ ജൈവവളങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി പച്ചില വളങ്ങൾ ഉത്പാദിപ്പിക്കുന്ന വൃക്ഷതൈകൾ വിതരണം ചെയ്യുന്നതിന് കൃഷിവകുപ്പ് ഫാമുകളെ സജ്ജമാക്കും.
- മണ്ണിന്റെ ഗുണമേൻമയും സ്വഭാവവും നിശ്ചയിക്കുന്നതിൽ പി.എച്ച്. ന് സുപ്രധാന പങ്കുണ്ട്. പുളിരസം നിയന്ത്രിച്ചുകൊണ്ടും നെൽകൃഷിക്കനുയോജ്യമായ ഭൗതിക സാഹചര്യം സൃഷ്ടിക്കുന്നതിനായി കുമ്മായം, ഡോളോമൈറ്റ് എന്നീ വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും അവ ശാസ്ത്രീയമായി ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുമായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കും.
- നെൽപ്പാടങ്ങളിലെ കീട-രോഗ നിയന്ത്രണത്തിനുള്ള രാസ കീടനാശിനികളുടെയും കളനാശിനികളുടെയും ഉപയോഗം നിയന്ത്രിക്കുന്നതിൽ കൃഷിവകുപ്പ് ഒരു പരിധിവരെ വിജയിച്ചിട്ടുണ്ട്. പരിസ്ഥിതി സൗഹൃദ രാസവസ്തുക്കൾ പ്രോത്സാഹിപ്പിച്ചും അവയുടെ ഉപയോഗം അവശ്യ സന്ദർഭങ്ങളിൽ മാത്രമായി ചുരുക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ജൈവ, ജീവാണു സസ്യ സംരക്ഷണ ഉപാധികളുടെ ഉപയോഗം വ്യാപിപ്പിക്കുന്നതിനായി പ്രത്യേക ഊന്നൽ നൽകി പദ്ധതികൾ നടപ്പിലാക്കുന്നതാണ്.
- ജില്ലയിലെ കാർഷിക ഗവേഷണ കേന്ദ്രങ്ങളുമായി സഹകരിച്ച് നടപ്പാക്കാവുന്ന സംയോജിത പദ്ധതികൾക്ക് രൂപം നൽകുന്നതാണ്.
- കുടുംബശ്രീ, അഗ്രോ സർവ്വീസ് സെന്റർ, കാർഷിക കർമ്മ സേനകൾ എന്നിവയുടെ സഹകരണത്തോടെ നടീൽ, കൊയ്ത്ത് എന്നിവയിലെ യന്ത്രവൽകരണം 5 വർഷത്തിനകം 50% ആയി വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിടുന്നു.
- സപ്ലൈകോ വഴിയുള്ള നെല്ല സംഭരണം ജില്ലയിൽ പൂർണ്ണമായി നടപ്പിലാക്കിവരുന്നുണ്ടെങ്കിലും നെല്ലിന്റെ വില സംഭരിച്ച ഉടൻ തന്നെ കർഷകർക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ സർക്കാരിനോട് അഭ്യർത്ഥിക്കുന്നതാണ്.
- വലിയ റോളർ മില്ലുകൾക്ക് വർഷം മുഴുവൻ പ്രവർത്തിക്കുന്നതിനാവശ്യമായ നെല്ല കിട്ടുന്ന സാഹചര്യം ജില്ലയിൽ ഇപ്പോൾ നിലവിലില്ലാത്തതിനാൽ നെൽകൃഷി വ്യാപിപ്പിക്കുന്നതായി സ്വകാര്യ സംരംഭകരെ നെല്ല സംസ്കരണ മേഖലയിലേക്ക് ആകർഷിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാവശ്യമാണ്. അതോടൊപ്പം മിനി റൈസ് മില്ലുകൾ സ്ഥാപിച്ചുകൊണ്ട് ചെറുകിട നെല്ലുൽപാദകർക്ക് അവരുടെ ഉൽപന്നങ്ങൾ സ്വന്തമായി സംസ്കരിക്കുന്നതിനും, അതിലൂടെ ഉയർന്ന വില ലഭിക്കുന്നതിനുമുള്ള സാഹചര്യം ഒരുക്കുന്നതാണ്.
- നെൽകർഷകർക്ക് ആവശ്യമായ വായ്പാ സൗകര്യം ലഭ്യമാക്കുക എന്നത് നെൽകർഷകരുടെ ചിരകാലാവശ്യമാണ്. പ്രത്യേകിച്ച് പാട്ടത്തിന് കൃഷി ചെയ്യുന്ന ഭൂരഹിത കർഷകർക്ക് ഭൂരിപക്ഷമുള്ള നെൽകൃഷി രംഗത്ത് പലിശ രഹിത വായ്പാ സൗകര്യം ഏർപ്പെടുത്തുന്നതിന് ജില്ലയിലെ

സഹകരണ ബാങ്കുകളെയും, വാണിജ്യ ബാങ്കുകളെയും പ്രേരിപ്പിക്കുന്നതിനും സർക്കാർ തലത്തിൽ നടപടി എടുക്കുന്നതിനും ശ്രമങ്ങൾ നടന്നുവരുന്നുണ്ട്.

2. തെങ്ങുകൃഷി

- തെങ്ങിൻതോട്ടങ്ങളിൽ ഇടവിളകൾ ശാസ്ത്രീയമായി കൃഷി (സമ്മിശ്ര കൃഷി രീതി) ചെയ്തുകൊണ്ട് കൃഷി ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി കരണീയമായ മാർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കുക.
- തെങ്ങിൻ തോട്ടങ്ങൾ വ്യാവസായിക ഗാർഹികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും നെൽവയൽ തണ്ണീർത്തട നിയമ മാതൃകയിൽ കരഭൂമി സംരക്ഷിക്കുന്നതിനുള്ള നിയമ നിർമ്മാണവും ബോധവൽക്കരണവും ശക്തമായി നടപ്പിലാക്കണം
- ഉൽപാദനക്ഷമത 20-ൽ താഴെയുള്ള തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നട്ടുപിടിപ്പിക്കുന്നതിനായി കേരഗ്രാമം പോലെയുള്ള പ്രത്യേക പദ്ധതികൾ കൃഷിവകുപ്പും തദ്ദേശ ഭരണ സ്ഥാപനങ്ങളും ഏറ്റെടുത്ത് നടപ്പിലാക്കും. ശാസ്ത്രീയ പരിചരണം മണ്ണ് ജല സംരക്ഷണം, ഇടവിള കൃഷി എന്നിവയിലൂടെ തെങ്ങിന്റെ ഉൽപാദനക്ഷമത നിലവിലെ 59.5 നാളികേരത്തിൽ നിന്നും പ്രതിവർഷം തെങ്ങൊന്നിന് 80 നാളികേരമാക്കാൻ ലക്ഷ്യമിടുന്നു. ഹെക്ടറിന് 13600 നാളികേരം ലഭിക്കുന്നതിലൂടെ പ്രതിവർഷം 1400 മില്യൺ നാളികേരം ഉൽപാദിപ്പിക്കുവാൻ ഇതിലൂടെ സാധിക്കുന്നതാണ്.
- നിലവിൽ 25% താഴെ തെങ്ങിൻ തോട്ടങ്ങളിൽ മാത്രമേ ഇടവിള കൃഷി ചെയ്യുന്നുള്ളൂ. അധികമായി 25% തെങ്ങിൻ തോട്ടങ്ങളിൽ കൂടി വാഴ, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ എന്നീ സാധ്യമായ വിളകൾ കൃഷി ചെയ്യുവാൻ ലക്ഷ്യമിടുന്നു. 25000 ഹെക്ടറിൽ ഈ വിധത്തിൽ അധികം കൃഷി ചെയ്യുന്നതിലൂടെ പ്രതിവർഷം ചുരുങ്ങിയത് 250 മെട്രിക് ടൺ ഭക്ഷ്യവസ്തുക്കൾ അധികം ഉൽപാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നു.
- കൃഷിഭവൻ വഴി നടപ്പിലാക്കിയിരുന്ന നാളികേര സംഭരണവും തുടർന്നുള്ള കുടുംബശ്രീ വഴിയുള്ള സംസ്കരണവും പുനഃസ്ഥാപിച്ചുകൊണ്ട് കർഷകോപകാരപ്രദമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ലക്ഷ്യമിടുന്നു. നിലവിൽ വിജയപ്രദമായി സംസ്കരണ ശാലകൾ നടത്തിവരുന്ന കോഡൂർ, ഊർങ്ങാട്ടിരി സഹകരണ സംഘങ്ങളുടെ മാതൃകയിൽ കൂടുതൽ സഹകരണ സ്ഥാപനങ്ങളെ നാളികേര സംസ്കരണ വിപണന രംഗത്തെത്തിക്കുവാൻ ലക്ഷ്യമിടുന്നു.

തെങ്ങുകൃഷി വികസന ലക്ഷ്യ പ്രാപ്തിക്കായുള്ള നിർദ്ദേശങ്ങൾ

1. കേരഗ്രാമം പദ്ധതി എല്ലാ കൃഷിഭവനുകളിലേക്കും വ്യാപിക്കുക.
2. സ്ഥല വ്യാപനം- അത്യുൽപാദനശേഷിയുള്ള തെങ്ങുകൾ വെച്ചുപിടിപ്പിക്കൽ.
3. പ്രായമേറിയ/രോഗബാധിത/ഉൽപ്പാദനശേഷി കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ വെയ്ക്കൽ.
4. പ്രായമേറിയവക്കു പകരം തോട്ടങ്ങളിൽ അടി തൈകൾ വെയ്ക്കൽ.
5. ജലസേചനത്തിനായി കിണർ, പമ്പ്സെറ്റ്, സൂക്ഷ്മ ജലസേചനം വ്യാപകമാക്കൽ.
6. മൂല്യവർദ്ധനവിനായി സംരംഭങ്ങൾ ആരംഭിക്കൽ, പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ.
7. സ്ഥിരമായ പച്ചത്തേങ്ങ/കൊപ്ര സംഭരണം.
8. ഇടവിള കൃഷി പ്രോത്സാഹന പദ്ധതികൾ വ്യാപകമാക്കുക (ശാസ്ത്രീയ കൃഷി പരിശീലനത്തിലൂടെ).
9. മേൽത്തരം തൈകളുടെ ഉൽപ്പാദനം/വിതരണം.
10. അത്യുത്പാദന ശേഷിയുള്ള കുറിയ ഇനം തെങ്ങുകളുടെ ശാസ്ത്രീയ കൃഷി പ്രോത്സാഹിപ്പിക്കുക.
11. തെങ്ങുകളുടെ രോഗങ്ങൾക്കെതിരായ പ്രതിരോധ മാർഗ്ഗങ്ങൾ ക്യാമ്പയിൻ ആയി നടപ്പാക്കുക
12. ഗവേഷണ കേന്ദ്രങ്ങളുമായി സഹകരിച്ച് തെങ്ങു വികസന മാതൃകകൾ രൂപീകരിക്കുക.
13. മുണ്ടേരി അഗ്രികൾച്ചറൽ ഫാമിൽ കോക്കനട്ട് അഗ്രോപാർക്ക് സ്ഥാപിക്കുക.

3. പച്ചക്കറി കൃഷി

- പച്ചക്കറി കൃഷിയുടെ വിസ്തൃതി 5233 ഹെക്ടറിൽ നിന്നും 7500 ഹെക്ടറായി വർദ്ധിപ്പിക്കുവാനും, ശരാശരി ഉൽപ്പാദന ക്ഷമത ഹെക്ടറിന് 12 മെട്രിക് ടണ്ണിൽ നിന്നും 16 മെട്രിക് ടണ്ണായി ഉയർത്തുന്നതിനും ജില്ലാ പദ്ധതി വിഭാവനം ചെയ്യുന്നു. ഇതിലൂടെ പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് ജില്ലക്ക് സാധ്യമാകുന്നതാണ്.
- പച്ചക്കറി കൃഷിയുടെ വിസ്തൃതിയും ഉൽപ്പാദനവും, ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾക്കു പുറമെ തദ്ദേശ ഭരണ സ്ഥാപനങ്ങളും പ്രത്യേക പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്. സൂക്ഷ്മ ജലസേചന കൃഷി പ്രതിവർഷം 500 ഹെക്ടർ വീതം അധികം നടപ്പിലാക്കുകയും, മഴമറ കൃഷി പ്രതിവർഷം 10,000 ചതുരശ്ര മീറ്റർ വീതം അധികം നടപ്പിലാക്കുന്നതിനും ലക്ഷ്യമിടുന്നു.
- കൃഷി വകുപ്പ് നടപ്പിലാക്കുന്ന ഇക്കോ ഷോപ്പുകൾക്കു പുറമെ തദ്ദേശ ഭരണ സ്ഥാപനങ്ങളും ഇക്കോ ഷോപ്പുകൾ വഴി സുരക്ഷിത പച്ചക്കറികൾ വിപണനം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.
- സുരക്ഷിത പച്ചക്കറികളുടെ ഉൽപ്പാദനത്തിനാവശ്യമായ ഉൽപാദനോപാധികളായ ജൈവവളങ്ങൾ, ജീവാണു വളങ്ങൾ, ജൈവ/ജീവാണു സസ്യ സംരക്ഷണ ഉപാധികൾ, സൂക്ഷ്മ മൂലകങ്ങൾ എന്നിവ പ്രാദേശികമായി ഉത്പാദിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനും കൃഷി ഭവനുകളോടനുബന്ധിച്ച് സ്വതന്ത്ര സംവിധാനം ഉണ്ടാക്കുന്നതിന് ലക്ഷ്യമിടുന്നു.
- പച്ചക്കറികളുടെ സംഭരണത്തിനും വിപണനത്തിനുമായി മിൽമ മോഡൽ കോപ്പറേറ്റീവ് സംവിധാനം നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു. പച്ചക്കറിയുടെ സംസ്കരണ ശൃംഖല, കുടുംബശ്രീ, സ്വകാര്യ സംരംഭകർ, എ ഗ്രേഡ് ക്ലസ്റ്ററുകൾ എന്നിവയുടെ സഹകരണത്തോടെ നടപ്പിലാക്കുന്നത് ലക്ഷ്യമിടുന്നു.

4. വാഴകൃഷി

- മറ്റു കൃഷികളെ അപേക്ഷിച്ച് താരതമ്യേന ശാസ്ത്രീയമായി നടപ്പിലാക്കുന്ന വാഴകൃഷി, കൂടുതൽ കൃത്യതയോടെയും പരിസ്ഥിതി സൗഹൃദമായും, നല്ല കൃഷി രീതികൾ അവലംബിച്ചുകൊണ്ടും രാസവളങ്ങളുടെ ഉപയോഗം പരമാവധി കുറച്ചുകൊണ്ടും പ്രാവർത്തികമാക്കുക എന്നതാണ് പ്രധാന ലക്ഷ്യം.
- വാണിജ്യാടിസ്ഥാനത്തിലുള്ള വാഴകൃഷിയുടെ വിസ്തൃതി വർദ്ധിപ്പിച്ചുകൊണ്ട്, ജൈവവളങ്ങളുടെയും, ജൈവ ജീവാണു സസ്യ സംരക്ഷണ ഉപാധികളുടെയും ഉപയോഗത്തോടു കൂടി പൂർണ്ണമായും സുരക്ഷിതമായ വാഴപ്പഴം ഉൽപ്പാദിപ്പിക്കുക എന്നതാണ് ലക്ഷ്യം.
- ഉൽപ്പാദനക്ഷമത നിലവിലെ ഹെക്ടറിന് 20 മെട്രിക് ടൺ എന്നത് ഹെക്ടറിന് 30 മെട്രിക് ടണ്ണായി വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു.
- ഗുണമേൻമയുള്ള നടീൽ വസ്തുക്കളും, ഉൽപ്പാദനോപാധികളും സൗജന്യ നിരക്കിൽ ആവശ്യാനുസരണം കർഷകർക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

5. സമ്മിശ്ര കൃഷി

- തെങ്ങ്, ഇടവിളകൾ, കമ്പോസ്റ്റു കുഴി, പശു, കോഴി, ആട് തുടങ്ങിയ മൃഗ പരിപാലനം, തേനീച്ച വളർത്തൽ എന്നിവയെല്ലാം അടങ്ങിയ സംയോജിത കാർഷിക യൂണിറ്റുകളാക്കി നമ്മുടെ ഓരോ വീട്ടുവളപ്പുകളെയും മാറ്റിയെടുക്കേണ്ടതായിട്ടുണ്ട്.
- മണ്ണ്, ജലം, സൂര്യപ്രകാശം എന്നിവ എല്ലാ വിളകൾക്കും ആവശ്യാനുസരണം ലഭിക്കത്തക്ക രീതിയിൽ വിളക്രമം ഓരോ പുരയിടത്തിനും തയ്യാറാക്കേണ്ടതുണ്ട്.
- കാർഷിക പ്രവർത്തനങ്ങളായ തേനീച്ച വളർത്തൽ, മൽസ്യം വളർത്തൽ എന്നിവ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം ജില്ലയിലെ 50000 ലധികം വരുന്ന വീട്ടുവളപ്പുകൾ സ്വയം പര്യാപ്ത കൃഷിയിടങ്ങളായി അടുത്ത 5 വർഷത്തിലധികം പരിണമിക്കുക എന്നതാണ് ലക്ഷ്യമിടുന്നത്.

കാർഷിക വിപണനം

ഉത്സവകാലങ്ങളിൽ വിപണി ഇടപെടൽ

പഴം, പച്ചക്കറി ഇനങ്ങൾക്ക് ആവശ്യകത കൂടുന്ന ഉത്സവ കാലങ്ങളിൽ വിപണിയിൽ ഇടപെട്ട് ഇടനിലക്കാരെ ഒഴിവാക്കി കർഷകർക്കും ഉപഭോക്താക്കൾക്കും ന്യായ വിലയ്ക്ക് വിഷരഹിത ഉൽപ്പന്നങ്ങൾ ലഭിക്കാൻ സംവിധാനങ്ങൾ ഒരുക്കാവുന്നതാണ്. ഇതിനുവേണ്ടി ഓരോ കൃഷിഭവനിലും പച്ചക്കറി ക്ലസ്റ്റർ, സർവ്വീസ് സഹകരണ ബാങ്ക്, കുടുംബശ്രീ, അഗ്രോ സർവ്വീസ് സെന്റർ, വി.എഫ്.പി.സി.കെ ഹോർട്ടികോർപ്പ്, ഗ്രാമ പഞ്ചായത്ത് തുടങ്ങിയവയുടെ സഹകരണത്തോടെ ഉത്സവച്ചന്തകൾ എന്നിവ ആരംഭിക്കാവുന്നതാണ്. മാർക്കറ്റ് വിലയേക്കാൾ നിശ്ചിത ശതമാനം വർദ്ധിപ്പിച്ചുകൊണ്ട് പച്ചക്കറികൾ സംഭരിക്കുകയും വിപണിവിലയേക്കാൾ നിശ്ചിത ശതമാനം കുറച്ച് വിൽക്കുകയും ചെയ്യാവുന്നതാണ്. മാർക്കറ്റിനുവേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ, ലേബർ ചാർജ്ജ്, വിൽപ്പന നഷ്ടം, ഉൽപ്പന്നങ്ങൾ നശിച്ചുപോകുന്നതു മൂലമുണ്ടാകുന്ന നഷ്ടം തുടങ്ങിയവയ്ക്കായി ഒരു മാർക്കറ്റിന് പരമാവധി 1 ലക്ഷം രൂപ വീതം അനുവദിക്കാവുന്നതാണ്.

പഞ്ചായത്ത് സംവിധാന സഹായത്തോടെ ഓരോ കൃഷി ഭവനിലും പച്ചക്കറി വികസനം ലക്ഷ്യമാക്കി ആഴ്ച ചന്തകൾ രൂപീകരിക്കുക അതുവഴി ലഭ്യമാകുന്ന അധിക ഉത്പന്നങ്ങൾ മറ്റ് പഞ്ചായത്തുകളിലേക്ക് വിപണനം ചെയ്യാനും ന്യായ വിലക്ക് വിഷരഹിത പച്ചക്കറികൾ ഉപഭോക്താക്കൾക്ക് എത്തിക്കാനും സാധ്യമാകുന്നതാണ്.

വികസന പരിപ്രേക്ഷ്യം – സംക്ഷിപ്തം

നെൽകൃഷി

- ഉൽപാദനക്ഷമത ഹെക്ടറിന് 2.79 മെട്രിക് ടണ്ണിൽ നിന്നും 4 മെട്രിക് ടണ്ണായി ഉയർത്തുക.
- 90 ശതമാനം അത്യുൽപ്പാദനശേഷിയുള്ള നെൽവിത്ത് ഉപയോഗിക്കുക.
- നെൽകൃഷി വിസ്തൃതി 8637 ഹെക്ടറിൽ നിന്നും 12600 ഹെക്ടറായി ഉയർത്തുക.
- നെൽകൃഷി രംഗത്ത് യന്ത്രവൽക്കരണം പൂർണ്ണമാക്കുക.
- പൂർണ്ണമായും പരിസ്ഥിതി സൗഹൃദ ജൈവ കീടരോഗനിയന്ത്രണ ഉപാധികൾ സ്വീകരിക്കുക.
- നെൽകൃഷിയിലെ ജലസേചന സൗകര്യം 30 ശതമാനത്തിൽ നിന്നും 50 ശതമാനമായി വർദ്ധിപ്പിക്കുക.

തെങ്ങ് കൃഷി

- തെങ്ങുകൃഷി വിസ്തൃതി 104000 ഹെക്ടർ ആയി ഉയർത്തുക.
- തെങ്ങിന്റെ ഉൽപാദനക്ഷമത 59 നാളികേരത്തിൽ നിന്നും 80 ആയി ഉയർത്തുക.
- എല്ലാ തോട്ടങ്ങളിലും പൂർണ്ണമായും മണ്ണ്-ജല സംരക്ഷണ മാർഗ്ഗങ്ങൾ നടപ്പിലാക്കുക.
- ജലസേചന സൗകര്യം നിലവിലുള്ള 30 ശതമാനത്തിൽ നിന്നും 60 ശതമാനമായി ഉയർത്തുക.
- നിലവിലെ 25000 ഹെക്ടറിലുള്ള തെങ്ങിൻ തോട്ടങ്ങളിലെ ഇടവിള, ബഹുവിള കൃഷി 50000 ഹെക്ടർ ആയി വർദ്ധിപ്പിക്കുക, അതിലൂടെ 250 മെട്രിക് ടൺ ഭക്ഷ്യ സാധനങ്ങൾ ഉത്പാദിപ്പിക്കുക.

പച്ചക്കറി കൃഷി

- പച്ചക്കറി കൃഷിയുടെ വിസ്തൃതി 5233 ഹെക്ടറിൽ നിന്നും 7500 ഹെക്ടറായി വർദ്ധിപ്പിക്കുക.
- ഉൽപാദനക്ഷമത 12 മെട്രിക് ടണ്ണിൽ നിന്നും 16 മെട്രിക് ടണ്ണായി ഉയർത്തുക.
- വിഷരഹിത പച്ചക്കറി കൃഷി പൂർണ്ണമായും നടപ്പിലാക്കുക.
- പച്ചക്കറിയിൽ സംഭരണം, സംസ്കരണം, വിപണനം എന്നിവയ്ക്കായി മിൽമ മോഡൽ സംവിധാനം നടപ്പിലാക്കുക.

വാഴകൃഷി

- ❖ വാഴകൃഷിയിലെ ഉൽപാദനക്ഷമത ഹെക്ടറിന് 20 ടണ്ണിൽ നിന്നും 30 ടണ്ണായി വർദ്ധിപ്പിക്കുക.
- ❖ വിഷരഹിത വാഴകൃഷി പ്രോത്സാഹിപ്പിക്കുക.

സംക്ഷിപ്തം

കാർഷിക സമ്പത് വ്യവസ്ഥ കേരളത്തിന്റെ സംസ്കാരവും ജീവിതവുമായി ആഴത്തിൽ ബന്ധമുണ്ട്. നമ്മുടെ സമൂഹത്തിന്റെ ജീവിത രീതികളും ഘടകങ്ങളും ഇങ്ങനെയായി തീരുന്നതിൽ കൃഷിക്ക് മറ്റേത് ഉത്പാദന രീതിയേക്കാൾ പങ്കുണ്ട് . ജലസേചനം, മേത്തരം വിത്തുകൾ, രാസവളങ്ങൾ, കീടനാശിനികൾ, വായ്പാ സംവിധാനങ്ങൾ, വിപണിയിലെ ഇടപെടലുകൾ ഇവക്കെല്ലാം വേണ്ടി കോടികളുടെ പദ്ധതികൾ നടപ്പാക്കിയിട്ടും കാർഷിക രംഗത്ത് കർഷകനെ പിടിച്ച് നിർത്താൻ കഴിയാത്തതിന്റെ കാരണങ്ങൾ കണ്ടെത്തി സത്വര നടപടികൾ സ്വീകരിക്കേണ്ടത് ഭക്ഷ്യകമ്മിയുള്ള കേരളത്തിന് അത്യന്താപേക്ഷിതമാണ്.

കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പ് വരുത്തുന്നതിനും കാർഷികോത്പാദനം സുസ്ഥിരമാക്കുന്നതിനും കാർഷിക സംസ്കരണത്തിന്റെയും ഉത്പന്നമൂല്യ വർദ്ധനവിന്റെയും വികസനം നിർണ്ണായകമാണ്. വിതരണത്തിനുള്ള പരിമിതികൾ, അപര്യാപ്തമായ ശേഷി ഉപയോഗം, വൈദ്യുതിയുടെയും പരിശീലനം ലഭിച്ച തൊഴിലാളികളുടെയും കുറവ്, ഉപയോഗശൂന്യവും കാര്യശേഷിയില്ലാത്തതുമായ സംസ്കരണ ഉപകരണങ്ങൾ, സാങ്കേതിക വിദ്യയുടെ അപര്യാപ്തത, ശീതീകരണ ശൃംഖലയുടെ അഭാവം ഇവയെല്ലാം കാർഷിക വികസനത്തിന് തടസ്സം നിൽക്കുന്ന ഘടകങ്ങളാണ്.

ജൈവകൃഷി രീതിക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള കൃഷി വികസനം, കൃഷി ആസൂത്രണം മുതൽ വിപണിയിൽ എത്തിക്കൽ വരെയുള്ള സമഗ്രവും ശാസ്ത്രീയവുമായ പദ്ധതികൾ ആവിഷ്കരിച്ച് കാർഷിക മേഖലയെ ഉണർത്താനും കർഷകർക്ക് നവാവേശം നൽകാനും ഉദ്ദേശിക്കുന്ന ഹരിത കേരളം പദ്ധതി പുത്തൻ പ്രതീക്ഷകൾ നൽകുന്നുണ്ട്.

കുടുബശ്രീ കൂട്ടായ്മകൾ ഏറ്റവും ഗുണം ചെയ്തത് ജില്ലയിലെ കാർഷിക മേഖലക്കാണ്. പ്രകൃതി സൗഹൃദകൃഷി നടപ്പിലാക്കി കാർഷിക മേഖലയിൽ സ്ത്രീകളുടെ സാന്നിധ്യം ഉറപ്പാക്കുകയും മെച്ചപ്പെട്ട ജീവിതോപാധി സാധ്യമാക്കുകയുമാണ് കൃഷിയിലൂടെ കുടുംബശ്രീ ലക്ഷ്യം വയ്ക്കുന്നത്. സാങ്കേതിക സംവിധാനങ്ങൾ കൂടി സംയോജിത കൃഷിയുമായി ബന്ധിപ്പിച്ചാൽ കാർഷിക രംഗത്ത് ശക്തമായ മുന്നേറ്റം ഉണ്ടാക്കാനാകും. ഉത്പാദനവും സംസ്കരണവും അനുബന്ധ കൃഷികളും വിപണനവും പരസ്പര പൂരകങ്ങളായാലേ സംയോജിത കൃഷിയാകൂ. പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടുള്ള സംയോജിത കൃഷിയും, ചെറുകിട കർഷകന്റെ ശാക്തീകരണവും ഉത്പാദനക്ഷമതയും തിരിച്ചുവരണം. കൃഷി മേഖലയുടെ പിന്നോക്കാവസ്ഥയുടെ കാരണം ഫണ്ടുകളുടെ അപര്യാപ്തതയും, സാങ്കേതിക വൈദഗ്ദ്ധ്യത്തിന്റെ അഭാവവും മാത്രമല്ല. ഇതു രണ്ടും ആവശ്യത്തിനുണ്ടായിട്ടും പ്രതീക്ഷിക്കുന്ന അളവിൽ ഉത്പന്നലഭ്യത ഉയരുന്നില്ല. ഇതിലേക്കു യുവജനങ്ങൾ ആകർഷിക്കപ്പെടുന്നില്ല. ജൈവകൃഷി വ്യാപനത്തോടൊപ്പം കുടുംബ കൃഷിയെ പ്രോത്സാഹിപ്പിക്കുക വഴി ഒട്ടനവധി മാറ്റങ്ങൾ സാധ്യമാകും. കുടുംബകൃഷി എന്ന മഹത്തായ സംസ്കാരത്തെ കാർഷിക പാരിസ്ഥിതിക സാമൂഹിക നയ പരിപാടികളോടെ കേരള സംസ്ഥാനത്തേക്ക് മടക്കികൊണ്ടുവരിക എന്നത് പോംവഴിയാണ്.

പ്രാദേശിക തലത്തിൽ കൃഷി അനുകൂല സാഹചര്യം സൃഷ്ടിക്കുന്നതിന് അടിസ്ഥാനപരമായി ഏറ്റവും അനുയോജ്യം വികേന്ദ്രീകൃതമായ ആസൂത്രണമാണ്. വികേന്ദ്രീകൃതമായ കൃഷിയാസൂത്രണത്തിന് ശക്തമായ പിന്തുണ കൂടിയേ തീരൂ.

4.1.2 മണ്ണ് ജല സംരക്ഷണം

നിലവിലെ സ്ഥിതി

ഇന്ത്യയിൽ ജനസംഖ്യയുടെ കാര്യത്തിൽ പതിമൂന്നാം സ്ഥാനത്തുള്ള സംസ്ഥാനമായ കേരളത്തിലെ 14 ജില്ലകളിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ജില്ലയാണ് മലപ്പുറം. മലപ്പുറത്തിന്റെ പേര് സൂചിപ്പിക്കുന്നതു പോലെ തന്നെ ഭൂപ്രകൃതി മലകളും കുന്നുകളും നിറഞ്ഞതാണ്. ഈ മലനിരകളിൽ നിന്നും അസംഖ്യം അരുവികളും പുഴകളും വളഞ്ഞൊഴുകി ഇടതൂർന്ന തെങ്ങിൻ തോപ്പിലൂടെ മനോഹരമായ കടൽ തീരത്ത് എത്തി ചേരുന്നു. ഇത്തരം അരുവികൾ ചിലയിടങ്ങളിൽ കായലുകളുമായി ചേരുന്നതിനാൽ ഇവ ഉൾനാടൻ ജലഗതാഗതത്തെയും സഹായിക്കുന്നു.

അനേകം ചെറു അരുവികളുടെയും പുഴകളുടെയും ഉറവിടമായ നിബിഡവനങ്ങളും വിശാലമായ തേക്കിൻ തോട്ടങ്ങളും ഉൾകൊള്ളുന്ന മലയോരവും ഇടതൂർന്ന തെങ്ങിൻ തോപ്പുമുള്ള ഫലഭൂയിഷ്ടമായ ഇടനാടും ഇവിടുത്തെ പ്രത്യേകതയാണ്. ജില്ലയുടെ ഭൂപ്രകൃതി നിമ്നോന്നിതമാണ്. കിഴക്ക് ഭാഗത്ത് നിബിഡ വനങ്ങൾ നിറഞ്ഞ നീലഗിരിക്കുന്നുകളാണ്.

കേരളത്തിലെ മറ്റ് ജില്ലകളെപോലെ തന്നെ മലപ്പുറത്തെ ഭൂപ്രകൃതിയേയും ഇടനാട്, മലനാട്, തീരപ്രദേശം എന്നിങ്ങനെ മൂന്നായി തിരിക്കാം. ഇതിൽ കടലോരത്തോടു ചേർന്നു കിടക്കുന്ന പ്രദേശമാണ് തീരപ്രദേശം. ചെറിയ കുന്നുകളും നദികളുമുള്ള മധ്യഭാഗത്തുള്ള പ്രദേശമാണ് ഇടനാട്. കിഴക്കും വടക്കു-കിഴക്കൻ പ്രദേശങ്ങളും മലനാടിലും ഉൾപ്പെടുന്നു. ഈ മലനാടൻ പ്രദേശങ്ങളിലെ ചെരിവ് ക്രമേണ കുറഞ്ഞ് വന്ന് താഴ്വരകളിലേക്കും ചെറിയ കുന്നുകളിലുമെത്തി പടിഞ്ഞാറു ഭാഗത്തെ നിരപ്പായ ഇടതൂർന്ന തെങ്ങിൻ തോപ്പിൽ അവസാനിക്കുന്നു.

ജില്ലയെ അരീക്കോട്, കാളികാവ്, നിലമ്പൂർ, കൊണ്ടോട്ടി, വണ്ടൂർ, മലപ്പുറം, പെരിന്തൽമണ്ണ, മങ്കട, താനൂർ, തിരൂർ, കുറ്റിപ്പുറം, തിരൂരങ്ങാടി, വേങ്ങര, പൊന്നാനി, പെരുമ്പടപ്പ്, എന്നിങ്ങനെ 15 ബ്ലോക്കുകളായും മഞ്ചേരി, മലപ്പുറം, നിലമ്പൂർ, പെരിന്തൽമണ്ണ, കൊണ്ടോട്ടി, തിരൂർ, താനൂർ, വളാഞ്ചേരി, കോട്ടക്കൽ, പരപ്പനങ്ങാടി, തിരൂരങ്ങാടി, പൊന്നാനി എന്നീ മുനിസിപാലിറ്റികളായും തരംതിരിച്ചിരിക്കുന്നു. 7 താലൂക്കുകളും 135 വില്ലേജുകളും, 94 ഗ്രാമപഞ്ചായത്തുകളും ജില്ലയിലുണ്ട്. ജില്ലയിലെ മൊത്തം ഭൂവിസ്തൃതി (355446 ഹെക്ടർ) യിൽ വനം, തരിശ്, മറ്റു കാർഷിക ഉപയോഗങ്ങൾ ഉൾപ്പെടെ 50.85% മാത്രമാണ് ഉപയുക്തമായിട്ടുള്ളത് എന്ന വസ്തുത പുതിയ കൃഷി ഭൂമിയുടെ വിപുലീകരണത്തിന്റെ ആവശ്യകതയിലേക്കും സാധ്യതയിലേക്കും വിരൽ ചൂണ്ടുന്നു. ജില്ലയുടെ കിഴക്കെ അതിർത്തി വനനിബിഡമായ മലഞ്ചെരുവുകളാണ്.

ജില്ലയുടെ പടിഞ്ഞാറ് ഭാഗം (തീരപ്രദേശം) മണൽ മണ്ണ് നിറഞ്ഞതും, ഇടനാട് ചെങ്കൽമണ്ണും, മലനാട് വനം മണ്ണും നിറഞ്ഞ പ്രദേശങ്ങളാണ്. ഭൂരിഭാഗം ആളുകളും കൃഷിയെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. പ്രവാസികളുടെ എണ്ണവും ഈ ജില്ലയിൽ മുലോം കൂടുതലാണെന്ന കാര്യം വിസ്മരിച്ചുകൂടാ.

ഭൂപ്രകൃതി

ഭൗമ ശാസ്ത്രഘടനയനുസരിച്ച് ജില്ലയിലെ ഭൂപ്രകൃതിയെ തീരപ്രദേശം, ഇടനാട്, മിഡപ്പ് ലാന്റ്, അപ്പ് ലാന്റ്, മലനാട്, പർവ്വത പ്രദേശം എന്നിങ്ങനെ വിഭജിച്ചിരിക്കുന്നു. ചെരിവുകളിലുണ്ടാകുന്ന ഏറ്റക്കുറവുകളനുസരിച്ചും മറ്റ് ഭൂപ്രകൃതിയനുസരിച്ചും വിഭജിച്ചിട്ടുണ്ട്. അവയുടെ വിശദാംശം താഴെ പറയുന്നു.

തീരപ്രദേശം

1 മുതൽ 3% വരെ ചെരിവുള്ള കടലോരത്ത് ചേർന്ന പ്രദേശമാണിത്. 48 കി.മി നീണ്ടുകിടക്കുന്ന സമതല പ്രദേശമാണിത്. കടൽതീരത്തിന് സമാന്തരമായി 3 മുതൽ 5 കി.മി വരെ വിസ്തൃതിയുള്ള മണൽതിട്ടകളും, ചതുപ്പുകളും, കായലോരങ്ങളും ഇവിടെയുണ്ട്.

ഇടനാട്

സമുദ്ര നിരപ്പിൽ നിന്നും 20 മീറ്റർ മുതൽ 100 മീറ്റർ വരെ ഉയർന്ന പ്രദേശം. തീര പ്രദേശത്തിന്റെ കിഴക്കു ഭാഗത്തായി ചെറുകുന്നുകളും താഴ്വരകളും നിറഞ്ഞ നിമ്നോന്നതമായ ചെങ്കൽ പ്രദേശമാണിത്.

മിഡപ്പ് ലാന്റ്

സമുദ്ര നിരപ്പിൽ നിന്നും 100 മീറ്റർ മുതൽ 300 മീറ്റർ വരെ ഉയരമുള്ള പ്രദേശം. ഇടനാടിന് കിഴക്കുള്ളതും ഉരുണ്ട ഭ്രപ്രകൃതിയുടെ സവിശേഷതകൾ ഉള്ളതുമായ കുന്നിൻ പ്രദേശം.

- എം.യു.എൽ.(1) – പരന്ന പ്രതലത്തോടു കൂടിയതും ചെങ്കുത്തായ വശങ്ങളോടു കൂടിയതുമായ ഈ പ്രദേശത്തിന് 5 മുതൽ 50% വരെ ചരിവുണ്ടായിരിക്കും.
- എം.യു.എൽ. (2) – സഹ്യാദ്രി മലകളുടെ ചരിവ് കുറഞ്ഞ താഴ്വാരങ്ങളിൽ നിന്നും ചരിവ് കൂടിയ മധ്യ ഭാഗം വരെയുള്ള പ്രദേശങ്ങളാണിവ. ഈ പ്രദേശത്തിന് 10 മുതൽ 50% വരെ ചരിവുണ്ടായിരിക്കും.

അപ്പ് ലാന്റ്

സമുദ്ര നിരപ്പിൽ നിന്നും 300 മീറ്റർ മുതൽ 600 മീറ്റർ വരെ ഉയരമുള്ള പ്രദേശമാണിത്. ഇടനാടിന് കിഴക്കുള്ളതും ചെങ്കുത്തായതുമായ പ്രദേശം.

മലനാട്

സമുദ്ര നിരപ്പിൽ നിന്നും 600 മീറ്റർ മുതൽ 1200 മീറ്റർ വരെ ഉയരമുള്ള പ്രദേശമാണിത്. വയനാട് പീഠഭ്രമിയുടെ താഴ്വരകൾ മുതൽ ജില്ലയുടെ തെക്ക് കിഴക്ക് ഭാഗം വരെ വ്യാപിച്ച് കിടക്കുന്ന മലമ്പ്രദേശം. ഇതിന് 35 ശതമാനത്തിൽ കൂടുതൽ ചരിവുണ്ട്.

പർവ്വത പ്രദേശം

സമുദ്ര നിരപ്പിൽ നിന്നും 1200 മീറ്റർ വരെ ഉയരമുള്ള പ്രദേശമാണിത്. വളരെ ചെങ്കുത്തായതും, പാറക്കെട്ടുകൾ നിറഞ്ഞതും വിശാലമായ പർവ്വത ശിഖരങ്ങളോടു കൂടിയതുമായ പ്രദേശം.

ഭ്രമിശാസ്ത്രം

മലപ്പുറം ജില്ലയിൽ പ്രധാനമായും 4 തരത്തിലുള്ള പാറകളാണ് കാണപ്പെടുന്നത്.

1. ക്രിസ്റ്റലൈൻ പാറകൾ
2. സെഡിമെന്ററി പാറകൾ
3. വെട്ടുകല്ല് പാറകൾ
4. പുഴയോരങ്ങളിലും താഴ്ന്ന ഭാഗത്തും ഉള്ള പാറ അവശിഷ്ടങ്ങൾ

പ്രധാനപ്പെട്ട ക്രിസ്റ്റലൈൻ പാറകൾ ആയ ചാർണോക്കൈറ്റ് അവസ്ഥാഭേദം സംഭവിച്ചതും രൂപഭേദം വന്നവയുമാണ്. നിലമ്പൂർ ഭാഗത്തുള്ള പാറക്കെട്ടുകൾ ക്രിസ്റ്റലൈൻ സ്വഭാവമുള്ളതും ബയോട്ടൈറ്റ്, ഹോൺബ്ലന്റ് എന്നീ ധാതുക്കൾ സാധാരണമായി കാണപ്പെടുന്നവയും ആണ്. ഈ ഭാഗത്ത് ക്രിസ്റ്റലൈൻ പാറകളുടെ അവസ്ഥാന്തരം വളരെ വേഗത്തിലാണ്.

പ്രധാനപ്പെട്ട മറ്റൊരു പാറക്കെട്ടുകൾ വെട്ടുകല്ലിന്റേതാണ്. മധ്യപ്രദേശങ്ങളിലാണ് കൂടുതലായി കാണപ്പെടുന്നത്. ഇവയുടെ ഉപരിതലം കട്ടികൂടിയതാണ്. ആഴങ്ങളിലേക്കു പോകുന്തോറും പാറയുടെ കട്ടികുറഞ്ഞു വരുന്നതായാണ് കാണപ്പെടുന്നത്. 1 മീറ്റർ മുതൽ 25 മീറ്റർ വരെ വെട്ടുകല്ലിന് കട്ടിഉള്ളതായാണ് കാണപ്പെടുന്നത്. വെട്ടുകല്ലിന്റെ കട്ടി കൂടിയ പ്രതലം നീർവാർച്ചക്ക് തടസ്സം സൃഷ്ടിക്കുന്നു.

നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് വെട്ടുകല്ല് കൂടുതലായി ഉപയോഗിക്കുന്നത്. വെട്ടുകല്ല് എന്ന പേരിൽ അറിയപ്പെടുന്ന ലാറ്ററൈറ്റ് കാറികൾ ജില്ലയിൽ വ്യാപകമായിട്ടുണ്ട്. ഡോ.ഫ്രാൻസിസ് ബുക്കാനൻ എന്ന സ്കോട്ടിഷ് ശാസ്ത്രജ്ഞനാണ് അങ്ങാടിപ്പുറം ഭാഗത്തെ പാറകൾക്ക് ലാറ്ററൈറ്റ് എന്ന പേർ നൽകിയത്. ജില്ലയുടെ പടിഞ്ഞാറൻ ഭാഗങ്ങളായ പൊന്നാനി, കടലുണ്ടി നഗരം എന്നീ ഭാഗങ്ങളിൽ കക്കയുടെ അവശിഷ്ടങ്ങൾ കാണപ്പെടുന്നുണ്ട്. പൊന്നാനി, വെളിയംകോട് എന്നീ ഭാഗങ്ങളിലെ തീരദേശ മണലിൽ ഇൽമനൈറ്റ്, മോണോസൈറ്റ് എന്നിവ അടങ്ങിയിട്ടുണ്ട്. മാഗ്നറ്റൈറ്റ്, ക്വാർട്ട്സ് എന്നീ ഇരുമ്പയിരുകൾ നിലമ്പൂർ, വാണിയമ്പലം, കാളികാവ്, ചെമ്പ്രശ്ശേരി എന്നിവിടങ്ങളിൽ കാണപ്പെടുന്നു. പാണ്ടിപ്പുഴ, ചാലിയാർപ്പുഴ ഭാഗം, പുന്നപ്പുഴ, മരുതപ്പുഴ ഭാഗങ്ങളിൽ ഇരുമ്പയിരടങ്ങിയ ചരൽ കാണപ്പെടുന്നുണ്ട്.

കാലാവസ്ഥ

സംസ്ഥാനത്ത് അനുഭവപ്പെടുന്ന ഉഷ്ണമേഖലാ കാലാവസ്ഥ തന്നെയാണ് പൊതുവെ ജില്ലയിലും അനുഭവപ്പെടുന്നത്. ഡിസംബർ മുതൽ ഫെബ്രുവരി വരെ വരണ്ട കാലാവസ്ഥയും, മാർച്ച് മുതൽ മെയ് വരെ ജില്ലയിൽ ഉഷ്ണ കാലാവസ്ഥയുമാണ് അനുഭവപ്പെടുന്നത്. ജൂൺ മുതൽ സെപ്റ്റംബർ വരെ ജില്ലയിൽ തെക്കു പടിഞ്ഞാറൻ മൺസൂൺ (കാലവർഷം) ലഭിക്കുന്നു. ഒക്ടോബർ മുതൽ ഡിസംബർ വരെ വടക്കു കിഴക്കൻ മൺസൂണും (തുലാമഴയും) ലഭിക്കുന്നു. പൊതുവെ ജില്ലയിലെ കാലാവസ്ഥ ഉഷ്ണവും ആർദ്രവുമാണ്. ഏറ്റവും കൂടിയ അന്തരീക്ഷ ഊഷ്മാവ് 28.92 മുതൽ 36.2 വരെയാണ്. താഴ്ന്ന അന്തരീക്ഷ ഊഷ്മാവ് 17 മുതൽ 23.4 വരെയാണ്. അന്തരീക്ഷ ഊഷ്മാവ് ജനുവരി മാസം മുതൽ ഉയരാൻ തുടങ്ങുകയും മാർച്ച് – ഏപ്രിൽ മാസങ്ങളിൽ പാരമ്യത്തിൽ എത്തുകയും ചെയ്യുന്നു. പിന്നെ മൺസൂൺ കാലത്ത് താഴ്ന്ന് വരുന്നു. സെപ്റ്റംബർ മുതൽ വീണ്ടും അന്തരീക്ഷ ഊഷ്മാവ് വർദ്ധിക്കാൻ തുടങ്ങും. പ്രാദേശിക സമയത്തെ ആപേക്ഷിക ആർദ്രത നിരക്ക് 84 മുതൽ 94 വരെയാണ്. ആർദ്രത ഏറ്റവും കൂടുതൽ പടിഞ്ഞാറൻ മൺസൂൺ കാലമായ ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള കാലത്താണ്.

രാവിലെയും വൈകുന്നേരവും കിഴക്കു നിന്നും പടിഞ്ഞാറു നിന്നും പ്രകടമായ തോതിൽ കാറ്റ് ലഭിക്കുന്നു. ഡിസംബർ മുതൽ ഫെബ്രുവരി മുതലുള്ള കാലത്ത് പൊതുവെ ഉയർന്ന തോതിൽ കാറ്റ് ലഭിക്കുന്നു. 2.9 മുതൽ 7.2 മീറ്റർ വരെയാണ് കാറ്റിന്റെ വേഗത.

ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തിൽ നിന്നും ശേഖരിച്ച കഴിഞ്ഞ 5 വർഷത്തെ കാലാവസ്ഥ ദത്തങ്ങൾ അനുബന്ധം 4.1.2.1 ൽ കാണിച്ചിച്ചുണ്ട്.

2013 വർഷത്തിൽ മലപ്പുറത്ത് ഏറ്റവും കൂടിയ ചൂട് രേഖപ്പെടുത്തിയത് ഏപ്രിൽ മാസത്തിലും (36.9^0 സെ) കുറഞ്ഞ ചൂട് ജൂലൈ (26^0സെ) മാസത്തിലുമാണ്. മൊത്തം 106 ദിവസങ്ങളിലായി 2623 മി.മീറ്റർ മഴ ലഭിച്ചു.

2014 മാർച്ച് മാസത്തിലായിരുന്നു ഏറ്റവും ചൂട് രേഖപ്പെടുത്തിയത് (37.29^0സെ). അതുപോലെ ഏറ്റവും തണുപ്പ് ജനുവരിയിലും രേഖപ്പെടുത്തി. ആകെ 114 ദിവസങ്ങളിലായി 2550 മി.മീറ്റർ മഴ ലഭിച്ചു.

2015 വർഷത്തിൽ ഏറ്റവും ചൂട് രേഖപ്പെടുത്തിയത് മാർച്ച് മാസത്തിലും (36.75^0സെ) കുറഞ്ഞ ചൂട് (16^0സെ) മാസത്തിലുമാണ്. മൊത്തം 1817 മി.മീറ്റർ മഴ 117 ദിവസങ്ങളിലായി ലഭിച്ചു. മലപ്പുറം ജില്ലയിലെ ഏറ്റവും കൂടിയ ചൂട് 38.03^0സെ രേഖപ്പെടുത്തിയത് 2016 ലായിരുന്നു. മഴ ദിവസങ്ങളിലെ ഏറ്റവും കുറവ് രേഖപ്പെടുത്തി 83 ദിവസങ്ങളിലായി 1203 മി.മീറ്റർ മഴ മാത്രമാണ് ഇക്കാലയളവിൽ ലഭിച്ചത്.

2017 ഒക്ടോബർ വരെ ജില്ലയിൽ രേഖപ്പെടുത്തിയ ഏറ്റവും കൂടിയ ചൂട് ഏപ്രിൽ മാസത്തിലായിരുന്നു (37.68^0സെ). കുറഞ്ഞ ചൂട് (18.44^0സെ) ഫെബ്രുവരിയിലും രേഖപ്പെടുത്തി. 2013 മുതൽ 2017 (ഒക്ടോബർ) വരെയുള്ള കാലാവസ്ഥ സ്ഥിതി വിവരണ കണക്കുകളെ കാണിക്കുന്നത് ഏപ്രിൽ മാസത്തോടെ പാരമ്യത്തിലെത്തുന്ന വിധം ചൂട് ക്രമേണ വർദ്ധിക്കുന്നതായാണ്.

കേരളത്തിലെ ശരാശരി വാർഷിക മഴലഭ്യത 3000 മി.മീറ്റർ ആണ്. എന്നാൽ ലഭിക്കുന്ന മഴയുടെ അളവും പെയ്യുന്ന ദിവസങ്ങളുടെ എണ്ണവും താഴോട്ട് തന്നെയെന്ന് കണക്കുകൾ കാണിക്കുന്നു.

ചിത്രം 4.1.2.1 : കഴിഞ്ഞ കാലങ്ങളിൽ ലഭിച്ച മഴയുടെ തോത്



അവലംബം: മെറ്റീരിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യ

കഴിഞ്ഞ 10 വർഷങ്ങളിൽ മഴയുടെ ലഭ്യത 30% കുറഞ്ഞു വരുന്നതായി കാണുന്നു. ആയതിനാൽ ജില്ലയുടെ ഭൂരിഭാഗം പ്രദേശങ്ങളും സാമാന്യ വരൾച്ച ബാധിത പ്രദേശങ്ങളായി കണക്കാക്കുന്നു. ഇതിൽ മഞ്ചേരി, മലപ്പുറം മുനിസിപാലിറ്റി, അരീക്കോട്, മങ്കട, വേങ്ങര ബ്ലോക്കിന്റെ ഭാഗങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

പ്രകൃതി വിഭവങ്ങളുടെ ലഭ്യത

പ്രകൃതി വിഭവങ്ങളായ മണ്ണ്, ജലം, സസ്യ സമ്പത്ത് എന്നിവയുടെ പരസ്പര പൂരകവും പ്രത്യേക അനുപാതത്തിലുള്ള പ്രവർത്തനവും ഭൗതിക രാസ പരിണാമ പ്രക്രിയയുമാണ് പ്രപഞ്ചത്തിൽ ജീവന്റെ നിലനിൽപ്പിനു സഹായകമാകുന്നത്. പ്രകൃതി വിഭവങ്ങളുടെ അശാസ്ത്രീയമായ വിനിയോഗമോ സ്ഥാനമാറ്റമോ സംഭവിക്കുമ്പോഴെല്ലാം പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടുന്നുണ്ട്.

നിലവിലെ സ്ഥിതി

1. മണ്ണ്

ജലം സംഭരിച്ച് നിർത്തുവാൻ ഭൂമിയിലെ ഏറ്റവും വലിയ ജലസംഭരണി തന്നെയാണ് മണ്ണ്. പാറ പൊടിഞ്ഞാണ് മണ്ണുണ്ടാകുന്നത്. കൃഷിക്കു വേണ്ടി നാം ഉപയോഗിക്കുന്നത് ഏറ്റവും പുറമെ കാണുന്ന 30-45 സെ.മീ കനത്തിലുള്ള ഫലഭൂയിഷ്ടമായ മേൽമണ്ണാണ്. കൃഷിക്ക് ഏറ്റവും ഉപയുക്തമായ മണ്ണിലടങ്ങിയിട്ടുള്ള പ്രധാന ഘടകങ്ങൾ ധാതുക്കൾ, ജൈവാംശം, ഈർപ്പം, വായു എന്നിവയാണ്. ഇവയോടൊപ്പം പോഷക ഘടകങ്ങളും സൂക്ഷമ ജീവികളും ചേർന്ന് മണ്ണിന് സവിശേഷ ഗുണങ്ങളുണ്ടാക്കുന്നു. അമ്ലത, ക്ഷാരത്വം, ഊഷ്മാവ്, എന്നിവയ്ക്ക് മണ്ണിന്റെ ശേഷിയിൽ കാര്യമായ സ്വാധീനം ചെലുത്തുവാൻ കഴിയും. മണ്ണിന്റെ ഭൗതിക ഗുണങ്ങൾ മണ്ണിന്റെ ഘടന, രചന, ചരലിന്റെ അളവ്, ജലസംഭരണ ശേഷി, അന്തഃസ്രവണ നിരക്ക്, ആഗിരണ ശേഷി, മണ്ണിന്റെ ആഴം, മണ്ണിലെ സുഷിരങ്ങൾ എന്നിവയാണ്. എന്നാൽ, ഇന്ന് മണ്ണ് ക്രൂക്ഷമായ നാശത്തിനും നഷ്ടത്തിനും വിധേയമാവുകയാണ്. നമ്മുടെ നാട്ടിൽ ഒരു വർഷം 35 ടൺ വരെ മണ്ണ് ഒരു ഹെക്ടർ ഭൂമിയിൽ നിന്ന് നീക്കം ചെയ്യപ്പെടുന്നുണ്ട്. ഇങ്ങനെ മേൽ മണ്ണ് നീക്കം ചെയ്യപ്പെടുന്നതു കൊണ്ട് ഭൂമിയുടെ ജലാഗിരണ ശേഷി നഷ്ടപ്പെടുകയും സസ്യങ്ങളുടെ നിലനിൽപ്പ് അപകടത്തിലാവുകയും ചെയ്യുന്നു.

കുന്നുകൾ ഇടിച്ച് പതിനായിരക്കണക്കിനു ഹെക്ടർ നെൽപ്പാടങ്ങളും തണ്ണീർതടങ്ങളുമാണ് നമ്മുടെ നാട്ടിൽ നികത്തികൊണ്ടിരിക്കുന്നത്. കുന്നും മലയും നിറഞ്ഞ പ്രകൃതി സുന്ദരമായ നമ്മുടെ ഗ്രാമങ്ങൾ മൈതാനം പോലെ നിരപ്പാക്കികൊണ്ടിരിക്കുകയാണ്. പ്രകൃതിയുടെ സന്തുലിതാവസ്ഥ നശിപ്പിക്കപ്പെടുന്ന ഈ പ്രവൃത്തി തടയപ്പെടേണ്ടതും നെൽപ്പാടങ്ങൾ സംരക്ഷിക്കപ്പെടേണ്ടതുമാണ്.

നെല്ലിനു വേണ്ടി മാത്രമല്ല നെൽപ്പാടങ്ങൾ സംരക്ഷിക്കപ്പെടേണ്ടത് മറിച്ച്, വെള്ളപൊക്കം, വരൾച്ച, മലിനീകരണം, എന്നിവ തടയുന്നതിനും ഇതാവശ്യമാണ്. മഴക്കുഴികളിലും ഫെറോസിമന്റ് ടാങ്കുകളിലും സംഭരിച്ചുവെക്കുന്നതിനേക്കാൾ എത്രയോ മടങ്ങ് ജലം 10 ഹെക്ടർ പാടത്ത് ശേഖരിക്കാൻ കഴിയും. കുന്നുകൾ നിരപ്പാക്കുന്നതോടെ അവ നൽകുന്ന ജല സ്രോതസ്സ്, തണൽ, വായു സഞ്ചാരം, ജൈവവൈവിധ്യം എല്ലാം നശിക്കും.

പ്രധാനപ്പെട്ട മണ്ണിനങ്ങൾ

മലപ്പുറം ജില്ലയിലെ പ്രധാനപ്പെട്ട മണ്ണിനങ്ങളെ ഭൂപ്രകൃതിയുടേയും ഉയരത്തിന്റെയും അടിസ്ഥാനത്തിൽ ഓരോ ക്ലാസ്സുകൾ (അസോസിയേഷൻ) ആയി തിരിച്ചിരിക്കുന്നു. സമാന സ്വഭാവമുള്ള മണ്ണുകളെ ഓരോ സീരീസ് ആയി തിരിച്ചിരിക്കുന്നു. ഓരോ വ്യത്യസ്ഥ ഭൂപ്രകൃതിയിലും സമാന സ്വഭാവമുള്ള മണ്ണുകളെ ഓരോ ശ്രേണി (സീരീസ്) ആയി തിരിച്ചിരിക്കുന്നു. എവിടെയാണോ ആദ്യമായി ഈ മണ്ണു ശ്രേണി കണ്ടെത്തിയത് ആ സ്ഥലത്തിന്റെ പേരാണ് പ്രസ്തുത മണ്ണു ശ്രേണിക്ക് നൽകിയിരിക്കുന്നത്. ഇത്തരത്തിള്ള മണ്ണ് ഇതര സ്ഥലങ്ങളിൽ കണ്ടെത്തിയാലും ആദ്യത്തെ പേർ തന്നെയാകും നൽകുന്നത്. അടുത്ത പ്രദേശങ്ങളിൽ വരുന്ന സീരീസുകളെയാണ് അസോസിയേഷൻ ആയി തിരിച്ചിരിക്കുന്നത്.

ജില്ലയിൽ കാണപ്പെടുന്ന പ്രധാനപ്പെട്ട സോയിൽ അസോസിയേഷനുകളും ഓരോ അസോസിയേഷനിലും പെട്ട മണ്ണു സീരീസുകളും (ശ്രേണികൾ) താഴെ കൊടുക്കുന്നു.

പട്ടിക 4.1.2.1 : പ്രധാനപ്പെട്ട സോയിൽ അസോസിയേഷനുകളും മണ്ണു ശ്രേണികളും

ക്രമ നമ്പർ	മണ്ണ് അസോസിയേഷൻ	വിസ്തീർണ്ണം (ഹെക്ടർ)
1	തലക്കാട്-തൃപ്രങ്ങോട്-ചിറമംഗലം	26410
2	തൃപ്രങ്ങോട്-ബേപ്പൂർ-എലത്തൂർ	10312
3	ചാലിയാർ-ചേലക്കാട്	2704
4	തുയ്യം-മണ്ണൂർ-പെരുമുഴ	6382
5	ഇരുമ്പിളിയം-നടുവട്ടം- പൊന്മുണ്ടം	73470
6	ചേളാരി-പഴമള്ളൂർ-വറ്റല്ലൂർ	1616
7	പെരുമണ്ണ-കുറ്റിപ്പുറം-തൊളുവന്നൂർ	10740
8	പാങ്ങ്-രാമപുരം-വലമ്പൂർ	13160
9	മണ്ണാംകുളം-കൂട്ടിൽ-അങ്ങാടിപ്പുറം	104774
10	വേട്ടേക്കോട്-കോരമല-വഴിക്കടവ്	18657
11	അരിമ്പ്ര-കരുവാരകുണ്ട്-ചുരത്തിൻമേൽ	19607
12	നാടുകാണി-കാൽവരിക്കുന്ന്-പുല്ലങ്കോട്	26351
13	വലക്കാട്-കുറുമ്പമല	35094
14	ജലാശയങ്ങൾ	5723
ആകെ		355446 ഹെക്ടർ

അവലംബം: മണ്ണ് പര്യവേഷണ ഓഫീസ്, മലപ്പുറം

മണ്ണിനങ്ങളുടെ വിശദാംശങ്ങളും അനുയോജ്യമായ വിളകളും

തലക്കാട്-തൃപ്രങ്ങോട്-ചിറമംഗലം

തലക്കാട്- ജില്ലയുടെ വടക്ക്-പടിഞ്ഞാറ് ഭാഗത്ത് കടലിനോട് ചേർന്ന് കാണപ്പെടുന്ന എക്കൽ അടിഞ്ഞ് ഉണ്ടാകുന്ന മണ്ണാണ് ഇത്. അമ്ലതകൂടിയ ഈ മണ്ണിന് ഫലഭ്രയിഷ്ടിയും നീർവാർച്ചയും കുറവാണ്. മഴക്കാലത്ത് വെള്ളം ഒലിച്ചുപോകാതെ കെട്ടിനിന്ന് പ്രശ്നങ്ങൾ ഉണ്ടാകുന്നു. നെല്ലാണ് പ്രധാനവിള.

തൃപ്രങ്ങോട്- പടിഞ്ഞാറ് ഭാഗത്ത് കമുക്, തെങ്ങ്, വാഴ എന്നിവ കൃഷി ചെയ്യാവുന്നതും ആഴമേറിയ അമ്ലത്വം കൂടിയതും നീർവാർച്ച കൂടിയതുമായ മണ്ണാണ് ഇത്.

ചിറമംഗലം- വളരെ ആഴം കൂടിയതും അമ്ലത്വം കൂടിയതും നീർവാർച്ച കുറഞ്ഞതുമായ മണ്ണാണ് ഇത്. നെല്ല്, കമുക്, തെങ്ങ് തുടങ്ങിയ വിളകൾ കൃഷി ചെയ്യുന്നു.

തുപ്രങ്ങോട് – ബേപ്പൂർ – എലത്തൂർ

ബേപ്പൂർ- തീരദേശത്തോട് ചേർന്നുകാണുന്ന ചുവന്ന നിറത്തിലുള്ള മണൽ കലർന്ന മണ്ണാണിത്. അമ്ലത്വം ഏറെ കൂടിയതും നീർവാർച്ചയുള്ളതും തെങ്ങ്, കമുക്, വാഴ എന്നീ വിളകൾ കൃഷിചെയ്യാവുന്നതുമായ മണ്ണാണ് ഇത്. ഇതിൽ ഫലഭ്രയിഷ്ടിയും ജൈവാംശവും കുറവാണ്.

എലത്തൂർ-വളരെ ആഴത്തിലുള്ള മഞ്ഞനിറമുള്ള മണ്ണാണിത്. ഇവ അങ്ങേയറ്റം അമ്ലത്വം കൂടിയതും നീർവാർച്ചയുള്ളതുമായ കളിമണ്ണാണ്. മിതമായ ഫലഭ്രയിഷ്ടിയും ജലലഭ്യതയും ഉണ്ട്.

ചാലിയാർ – ചേലക്കാട് – വളരെ ആഴം കൂടിയ സാമാന്യം നീർവാർച്ച സൗകര്യമുള്ള അമ്ലത്വമുള്ള മണ്ണാണിത്. പുഴയോട് ചേർന്ന് 1 മുതൽ 3 ശതമാനം ചരിവുള്ള പ്രദേശങ്ങളിൽ കാണപ്പെടുന്നു.

തുയ്യം – മണ്ണൂർ – പെരുമ്പുഴ – ആഴം കൂടിയ നീർവാർച്ച സൗകര്യം കുറഞ്ഞ തീവ്ര അമ്ല സ്വഭാവമുള്ള മണ്ണാണിത്. കായലിനോട് ചേർന്ന് വയലുകളിൽ കാണപ്പെടുന്നു.

സാമാന്യം താഴ്ചയുള്ള കൂടുതൽ അമ്ലത്വമുള്ള നീർവാർച്ചാ സൗകര്യം കുറവുള്ള പ്രദേശങ്ങളിൽ കാണപ്പെടുന്നത്. (സമുദ്ര നിരപ്പിൽ നിന്നും താഴെ കോൾ നിലങ്ങളിൽ)

മണ്ണൂർ-സാമാന്യം ആഴമുള്ള നീർവാർച്ച സൗകര്യം കുറഞ്ഞ തീവ്ര അമ്ലത്വമുള്ള കായലിനോട് ചേർന്ന് വയലുകളിൽ കാണപ്പെടുന്നു.

ഇരുമ്പിളിയം – നടുവട്ടം – പൊന്മുണ്ടം – സമുദ്രനിരപ്പിൽ നിന്നും 20 മുതൽ 100 മീറ്റർ വരെ ഉയരമുള്ള പ്രദേശങ്ങളിൽ കാണപ്പെടുന്നു. 5 ശതമാനം മുതൽ 25 ശതമാനം വരെ ചരിവുള്ള പ്രദേശങ്ങളിൽ ചരൽ അംശം കൂടുതലുള്ള സാമാന്യം നീർവാർച്ചാ ഗ്രണമുള്ള മണ്ണ്. അമ്ലത്വ സ്വഭാവം കൂടുതലായി കാണപ്പെടുന്നു. പ്രധാനകൃഷി- തെങ്ങ്, കമുക്, കുരുമുളക്, പഴവർഗ്ഗങ്ങൾ

ചേളാരി – പഴമള്ളൂർ – വറ്റല്ലൂർ – വളരെ ആഴം കുറഞ്ഞ ചരൽ കൂടുതലുള്ള ചെറിയ കുന്നുകളുടെ മുകളിലായി കാണപ്പെടുന്ന വെട്ടുകല്ല് മണ്ണുകളാണിത്. പ്രധാന കൃഷി-കശുമാവ്.

പെരുമണ്ണ – കുറ്റിപ്പുറം- തൊഴുവന്നൂർ – ആഴമുള്ള നീർവാർച്ചാ സൗകര്യം കുറവുള്ള മണൽ അംശം കൂടുതൽ കാണപ്പെടുന്ന മണ്ണാണ് വയൽ മണ്ണ്. തിരൂർ താലൂക്കിൽ കാണപ്പെടുന്നു. പ്രധാനകൃഷി- നെല്ല്, പയർവർഗ്ഗങ്ങൾ, പച്ചക്കറികൾ

പാങ്ങ് – രാമപുരം – വലമ്പൂർ – ആഴമുള്ള കളിമണ്ണിന്റെ അംശം കൂടുതലുള്ള നീർവാർച്ചാ സൗകര്യം കുറവുള്ള അമ്ലത്വ സ്വഭാവമുള്ള മണ്ണ്. ഏറനാട്, പെരിന്തൽമണ്ണ, കൊണ്ടോട്ടി താലൂക്കിൽ കാണുന്നു. പ്രധാന കൃഷി-നെല്ല്, പച്ചക്കറികൾ.

മണ്ണാംകുളം – കൂട്ടിൽ – അങ്ങാടിപ്പുറം – സമുദ്രനിരപ്പിൽ നിന്നും 20 മുതൽ 200 മീറ്റർ വരെ ഉയർന്ന പ്രദേശങ്ങളിൽ കാണപ്പെടുന്നു. ആഴമുള്ള അമ്ലത്വസ്വഭാവമുള്ള ചരൽ അംശം കൂടുതലുള്ള നീർവാർച്ചാ സൗകര്യമുള്ള മണ്ണ്. ഫലഭ്രയിഷ്ടി കുറവ്. പ്രധാനകൃഷി- തെങ്ങ്, റബ്ബർ പഴവർഗ്ഗങ്ങൾ.

വെട്ടേക്കോട് – കോരമല-വഴിക്കടവ് – വളരെ ആഴമുള്ള നീർവാർച്ചാ സൗകര്യമുള്ള ജൈവാംശം കൂടുതലുള്ള മലയോര മണ്ണ്. സമുദ്രനിരപ്പിൽ നിന്നും 100 മീറ്റർ മുതൽ 300 മീറ്റർ ഉയരത്തിലുള്ള പ്രദേശങ്ങളിൽ കാണപ്പെടുന്നു. അടിമണ്ണിൽ ധാരാളം പാറകഷണങ്ങൾ കാണപ്പെടുന്നു. സാമാന്യം അമ്ലത്വം കാണപ്പെടുന്നു. പൊതുവെ ഫലഭ്രയിഷ്ടി കൂടുതലുള്ള മണ്ണ്.

അരിമ്പ്ര – കരുവാരകുണ്ട്-ചുരത്തിന്മേൽ – സമുദ്രനിരപ്പിൽ നിന്നും 300-600 മീറ്റർ ഉയരത്തിൽ മലയോര പ്രദേശങ്ങളിലും വനപ്രദേശങ്ങളിലും കാണപ്പെടുന്നു. പൊതുവേ വളരെ ആഴമുള്ള നീർവാർച്ചാ സൗകര്യമുള്ള സാമാന്യം അമ്ലത്വ സ്വഭാവമുള്ള മണ്ണ്.

വലക്കാട് – കുമ്പമല – സമുദ്രനിരപ്പിൽ 1200 മീറ്റർ ഉയരത്തിൽ കാണപ്പെടുന്ന വനപ്രദേശ മണ്ണ്. മഞ്ഞകലർന്ന തവിട്ടുനിറത്തിൽ ആഴമുള്ള സാമാന്യം അമ്ലത്വമുള്ളതും നീർവാർച്ചാ സൗകര്യമുള്ള മണ്ണ്. ഉപരിതലത്തിൽ കരിങ്കൽ പാറകൾ കാണപ്പെടുന്നു.

നാടുകാണി – കാൽവരിക്കുന്ന് – പുല്ലങ്കോട് – സമുദ്രനിരപ്പിൽ നിന്നും 600 മുതൽ 1200 മീറ്റർ ഉയരത്തിൽ കാണപ്പെടുന്ന വനപ്രദേശമണ്ണ്. ഉപരിതലത്തിലും അടിമണ്ണിലും പാറക്കഷ്ണങ്ങൾ കാണപ്പെടുന്നു. വളരെ ആഴമുള്ള നീർവാർച്ചാ സൗകര്യമുള്ള മണ്ണ്. തവിട്ടുനിറത്തിലുള്ള സാമാന്യം ഫലഭ്രയിഷ്ടിയുള്ള മണ്ണ്. മണ്ണിന്റെ സ്വഭാവവും ഭ്രമിയുടെ കിടപ്പും കൃഷിരീതികളും അനുസരിച്ച് മണ്ണുശ്രേണികളെ 6 വിഭാഗങ്ങളിലായി ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇവയുടെ പ്രത്യേകതകളും പരിമിതികളും താഴെ പറയുന്നു.

കടലോര എക്കൽ മണ്ണ്

തുപ്രങ്ങോട്, ബേപ്പൂർ, ഇളത്തൂർ, തലക്കോട്. ചിറമംഗലം ശ്രേണികളെ ഈ വിഭാഗത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇവയ്ക്ക് ആഴം കൂടുതലും ഫലഭ്രയിഷ്ടിയും ജലാഗിരണശേഷിയും കുറവും അമ്ലത്വം കൂടുതലുമാണ്. തെങ്ങ്, കമുക്, വാഴ എന്നിവ കൃഷി ചെയ്യാവുന്നതാണ്.

ചെളിയും ജൈവാംശവും കുറവായതിനാൽ പച്ചിലവളമോ ചാണകമോ ചേർക്കുന്നത് നല്ലതാണ്. മൺസൂൺ ആരംഭിക്കുന്നതിനുമുമ്പ് ശീമക്കൊന്ന മണ്ണിൽകിളച്ചു ചേർക്കുന്നതും തെങ്ങിൻത്തടങ്ങളിൽ ചകിരി അടുക്കുന്നതും മണ്ണിന്റെ ഘടന മെച്ചപ്പെടുത്തുന്നതിന് സഹായകമാണ്.

പുഴയോര എക്കൽ മണ്ണ്

ചാലിയാർ, ചേലക്കാട്, ആലിപ്പറമ്പ്, കുറ്റിപ്പുറം എന്നീ ശ്രേണികൾ ഈ വിഭാഗത്തിൽ പെടുന്നു. ഇവ വളരെ ആഴമുള്ളതും അമ്ലത്വം ഉള്ളതും മിതമായ ജൈവാംശം ഉള്ളതും ആണ്. ഫലഭ്രയിഷ്ടി കൂടുതൽ ഉള്ളതും നല്ല ഘടന ഉള്ളതുമാണ്. തെങ്ങ്, വാഴ, കുരുമുളക്, പച്ചക്കറികൾ തുടങ്ങിയവ വളരുന്നതിന് അനുയോജ്യമാണ്. ഭ്രഗർഭ ജലനിരപ്പ് ഉയർന്നതാണ്. തീരപ്രദേശത്ത് മണ്ണാലിപ്പിനു കാരണമാകുന്നു. പാർശ്വഭിത്തി കെട്ടുന്നതും മുള ഉപയോഗിച്ച് വേലികെട്ടുന്നതും സഹായകമാണ്.

വയലുകളിൽ കാണപ്പെടുന്ന മണ്ണ് ശ്രേണി.

തലക്കാട്, ചിറമംഗലം, കുറ്റിപ്പുറം, പെരുമ്പുഴ, തുയ്യം, മണ്ണൂർ, പെരുമന, തൊളുവന്നൂർ, പാങ്ങ്, രാമപുരം, വലമ്പൂർ തുടങ്ങിയ ശ്രേണികൾ ഇതിൽ ഉൾപ്പെടുന്നു. പള്ളിയാളിയിൽ കാണപ്പെടുന്ന മണ്ണ് ശ്രേണിയാണ് പാങ്ങ്.

വളരെ ആഴമുള്ളതും മൃദുവായ ഘടന ഉള്ളതുമായ ഇത്തരം മണ്ണിൽ നെല്ല് നന്നായി വളരുന്നു. മഴക്കാലത്ത് നീർവാർച്ച കുറഞ്ഞ് വെള്ളക്കെട്ട് ഉണ്ടാകുന്നത് പ്രധാന പ്രശ്നമാണ്. അമ്ലത്വം കൂടുതൽ ആയതിനാൽ കുമ്മായം ചേർക്കേണ്ടതാണ്.

വെട്ടുകല്ല് മണ്ണ്.

അങ്ങാടിപ്പുറം, നടുവട്ടം, പൊൻമുണ്ടം എന്നീ ശ്രേണികളാണ് ഈ ഗ്രൂപ്പിൽപ്പെടുന്നത്. ചേളാരി, പഴമള്ളൂർ എന്നിവ ആഴം കുറഞ്ഞ മണ്ണാണ്. മണ്ണാലിപ്പ്, കട്ടിക്കൂടിയ വെട്ട്കല്ല്, കുറഞ്ഞ നീർവാർച്ച എന്നിവയാണ് ഇത്തരം മണ്ണിന്റെ പ്രത്യേകത. തെങ്ങ്, കമുക്, തോട്ടവിളകൾ മുതലായവ കൃഷി ചെയ്യാവുന്നതാണ്. അമ്ലത്വം കൂടുതലായതിനാൽ കുമ്മായം ചേർക്കേണ്ടതാണ്.

മലയോര മണ്ണുകൾ

മന്നാംകുളം, കൂട്ടിൽ, വേട്ടേക്കോട്, കോരമല, വഴിക്കടവ്, അരിമ്പ്ര, കുരുവാരകുണ്ട്, ചുരത്തിൻമേൽ, നാടുകാണി, കാൽവരിക്കുന്ന്, പുല്ലങ്കോട്, വലക്കാട്, കുരുമ്പാമല എന്നിവ ഈ വിഭാഗത്തിൽപ്പെടുന്നു. ചരിവുകൂടുതലുള്ള പ്രതലങ്ങളിൽ കാണപ്പെടുന്ന ഈ മണ്ണിൽ ജൈവാംശം കൂടുതലാണ്. അമ്ലത്വ കൂടുതലും ധാതു ലവണങ്ങൾ കുറവും ആണ്. തേക്ക്, മഹാഗണി തുടങ്ങി മരങ്ങൾ വളരുന്നു.

വിശദമായ മണ്ണ പര്യവേഷണത്തിന്റെ അടിസ്ഥാനത്തിൽ ഓരോ മണ്ണ ശ്രേണിയുടേയും രാസ ഭൗതിക സ്വഭാവങ്ങളും അവയുടെ കാലാവസ്ഥ, ഭ്രപ്രകൃതി എന്നിവയുടേയും അടിസ്ഥാനത്തിൽ ഓരോ ഭ്രവിനിയോഗ ക്ലാസുകളും ജലസേചന ക്ലാസുകളും മണ്ണ സംരക്ഷണ ക്ലാസുകളും ആയി തിരിച്ചിരിക്കുന്നു.

ഭ്രക്ഷമത ക്ലാസ്സുകൾ

സ്ഥലത്തെ അവിടുത്തെ മണ്ണിന്റെ ഗുണങ്ങളുടേയും പരിമിതികളുടേയും അടിസ്ഥാനത്തിൽ 8 ക്ലാസുകൾ ആയി തരം തിരിച്ചിരിക്കുന്നു. ഒന്നുമുതൽ നാലു വരെ ഉള്ള ക്ലാസുകൾ കൃഷിയോഗ്യമായ ക്ലാസ്സുകളിൽപ്പെടുന്നു. ക്ലാസ് 5 നീർവാർച്ചയില്ലാത്തതും കൃഷിക്ക് ഉപയോഗ്യമല്ലാത്തതും ആയ ഭ്രമിയെ സൂചിപ്പിക്കുന്നു. ക്ലാസ് 6 ഉപയോഗയോഗ്യമല്ലെങ്കിലും റബ്ബർ, കാപ്പി തുടങ്ങിയ തോട്ട വിളകളുടെ കൃഷിക്ക് യോജിച്ചതാണ്. ക്ലാസ് 7, 8 എന്നിവ കൃഷിക്ക് അനുയോജ്യമല്ല.

ജലസേചന യോഗ്യതാ ക്ലാസുകൾ

മണ്ണിനെ ജലസേചനത്തിന് അനുയോജ്യമായ രീതിയിൽ 6 ക്ലാസുകളായി തിരിച്ചിരിക്കുന്നു. ഒന്നുമുതൽ 4 വരെ ക്ലാസുകൾ ജലസേചനത്തിന് ഉപയോഗിക്കാവുന്നതും ക്ലാസ് 5 മിതമായ സംരക്ഷണ പ്രവർത്തനങ്ങൾക്ക് ശേഷം ഉപയോഗിക്കാവുന്നതും ക്ലാസ് 6 തീരെ ഉപയോഗയോഗ്യമല്ലാത്തതും ആണ്.

മണ്ണസംരക്ഷണ മുൻഗണനാ ക്ലാസുകൾ

മണ്ണും ജലവും കാർഷികാഭിവൃദ്ധിക്ക് ഒരുപോലെ പ്രധാനപ്പെട്ടതാണ്. മണ്ണിന്റെ സ്വഭാവം, സ്ഥലത്തിന്റെ ചരിവ്, മണ്ണൊലിപ്പിന്റെ തോത് എന്നിവയുടെ അടിസ്ഥാനത്തിൽ ഓരോ ഭ്രമിക്കും മണ്ണ സംരക്ഷണ മുൻഗണനാ ക്ലാസുകൾ ഏർപ്പെടുത്തിയിരിക്കുന്നു.

ചിത്രം 4.1.2.2 : മലപ്പുറം ജില്ലയുടെ മണ്ണ് അസോസിയേഷൻ ക്ലാസുകൾ



അവലംബം : മണ്ണ് പര്യവേഷണ ഓഫിസ് , മലപ്പുറം

ഓരോ മണ്ണ ശ്രേണിയുടേയും പ്രത്യേകതകളും പരിമിതികളും കൂടാതെ ബ്ലോക്കടിസ്ഥാനത്തിൽ, പ്രശ്നബാധിത മണ്ണിനങ്ങളുടെ വിസ്തൃതിയും, ഭ്രക്ഷമത ക്ലാസ്സുകളും അനുബന്ധം 4.1.2.2 ൽ നൽകിയിട്ടുണ്ട്.

ചിത്രം 4.1.2.3 : മലപ്പുറം ജില്ലയുടെ മണ്ണിന്റെ താഴ്ച്ച വ്യക്തമാക്കുന്ന ചിത്രം



അവലംബം : മണ്ണ് പര്യവേഷണ ഓഫിസ് , മലപ്പുറം

ചിത്രം 4.1.2.4. : മലപ്പുറം ജില്ലയുടെ മണ്ണിന്റെ വിവിധ തരങ്ങൾ വ്യക്തമാക്കുന്ന ചിത്രം



കടപ്പാട് : മണ്ണ് പര്യവേഷണ ഓഫിസ് , മലപ്പുറം

ജലം

ജലം ജീവന്റെ ആധാരമാണ്. മനുഷ്യൻ ഉൾപ്പെടെ എല്ലാ ജീവജാലങ്ങളുടെയും പ്രവർത്തന മേഖലകളിലും വെള്ളത്തിന് സുപ്രധാന പങ്കുണ്ട്. കൃഷി, ജലസേചനം, വ്യവസായം, ഗതാഗതം, ഊർജ്ജോൽപാദനം, മാലിന്യ നിർമാർജനം തുടങ്ങിയ എല്ലാ പ്രവർത്തന മേഖലകളിലും ജലം ആവശ്യമാണ്. 3108 മി.മീ.ശരാശരി വർഷപാതം നമുക്ക് ലഭിക്കുന്നുണ്ടെങ്കിലും ഈ വെള്ളത്തിന്റെ ഭൂരിഭാഗവും ഉപയോഗിക്കാനാവാതെ സമുദ്രത്തിലേക്കും മറ്റു ജലാശയങ്ങളിലേക്കും ഒഴുകി പോവുകയാണ്. ഒരു വർഷത്തിൽ ഏകദേശം 78000 ദശലക്ഷം ഘനമീറ്റർ ജലമാണ് ഇപ്രകാരം ഒഴുകി പോകുന്നതെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഇതിൽ 60% (ഏകദേശം 46800 ദശലക്ഷം ഘന മീറ്റർ) വ്യാപകമായി നമുക്ക് ഉപയോഗപ്പെടുത്താൻ കഴിയുന്നതാണ്. ഭൂമിയിൽ ആഗിരണം ചെയ്യപ്പെടാൻ അവസരം ഒരുക്കിയാൽ മാത്രമേ ഭൂഗർഭ പാളികളിലും ഉറവകളിലും അത് ക്രമാനുകൃതമായ ഉപയോഗത്തിന് ലഭ്യമാകുകയുള്ളൂ. എന്നാൽ, ജല സംരക്ഷണത്തിലെ അശ്രദ്ധ മൂലം അമൂല്യമായ ജലം നമുക്ക് നഷ്ടപ്പെടുകയാണ്. ഈ വിഭവ ശോഷണം കാർഷിക മേഖലയെ മാത്രമല്ല, കുടിവെള്ള ലഭ്യതയേയും, വ്യവസായ പാരിസ്ഥിക മേഖലയെയും പ്രതികൂലമായി ബാധിക്കുന്നുണ്ട്.

പ്രകൃതി വിഭവങ്ങളുടെ മേൽ, പ്രത്യേകിച്ച് ജലവിഭവത്തിനു മേലുള്ള നമ്മുടെ അനിയന്ത്രിതമായ കടന്നു കയറ്റം മൂലമാണ് വേനൽ കാലത്ത് രൂക്ഷമായ വെള്ള ക്ഷാമം അനുഭവപ്പെടുന്നത്. കൃതിയുടെ ജലസംഭരണിയായ നെൽവയലുകളും നീർത്തടങ്ങളും കച്ചവട കണ്ണോടെ നാം നികത്തി. ജീവന്റെ ഉറവയും ജൈവ വൈവിധ്യത്തിന്റെ ഉറവിടവുമായ തണ്ണീർ തടങ്ങൾ നമുക്കായി ജലം ശുദ്ധീകരിക്കുകയും വർഷകാലത്ത് അധികം ജലം ഏറ്റുവാങ്ങി വെള്ളപ്പൊക്കത്തെ തടയുകയും ഭൂഗർഭ ജല വിതാനത്തെ ഉയർത്തുകയും ചെയ്യുന്നവയാണ്. നമ്മുടെ ഉപരിതല ഭൂഗർഭ സ്രോതസ്സുകളിൽ നിന്ന് യാതൊരു നിയന്ത്രണവുമില്ലാതെ ജലം ഊറ്റിയെടുക്കുമ്പോൾ ജല സ്രോതസ്സുകൾ വറ്റി പോകാതിരിക്കാനുള്ള ഒരു നടപടിയും നാം സ്വീകരിക്കുന്നില്ല.

ജില്ലയിലെ പ്രധാന നദികൾ

പ്രധാനമായി 5 നദികൾ കൊണ്ട് സമൃദ്ധമാണ് മലപ്പുറം ജില്ല

1. ചാലിയാർ പുഴ 2. കടലുണ്ടിപ്പുഴ 3. തിരൂർ പുഴ 4. ഭാരതപ്പുഴ 5. കാഞ്ഞിരമുക്ക് പുഴ

ചാലിയാർ പുഴ

നിരവധി അരുവികളുടെയും തോടുകളുടെയും സംഗമത്തിലൂടെയാണ് ചാലിയാർ രൂപം കൊള്ളുന്നത്. ഈ നദിക്ക് 168 കിലോമീറ്റർ നിളമുണ്ട്. ചോലമല എസ്റ്റേറ്റ്, കുറുത്തപാറ, കുരുമ്പൻ മല, മണ്ണാത്തിയമ്പലം, മമ്പാട്, എടവണ്ണ, അരീക്കോട് തുടങ്ങിയ മലപ്പുറം ജില്ലയിലെ പ്രദേശങ്ങളിലൂടെ ഒഴുകുന്ന ചാലിയാർ, മലപ്പുറം ജില്ലയേയും കോഴിക്കോട് ജില്ലയേയും വേർതിരിക്കുന്നു. വാഴക്കാട് പ്രദേശത്തുകൂടി ഒഴുകി അറബിക് കടലിൽ പതിക്കുന്നു.

കടലുണ്ടിപ്പുഴ

കരിമ്പുഴ, ഒറവംപുറം പുഴ എന്നീ പേരിൽ കടലുണ്ടി പുഴ അറിയപ്പെടുന്നു. ഇത് സമുദ്ര നിരപ്പിൽ നിന്നും 1219 മീറ്റർ ഉയരത്തിൽ സംരക്ഷിത വനമായ സൈലന്റ് വാലിയിൽ നിന്നും ഉത്ഭവിക്കുന്നു. ഇതിന്റെ പ്രധാനപ്പെട്ട രണ്ട് കൈവഴികളാണ് ഒലിപ്പുഴയും, വെള്ളിയാറും, പാണ്ടിക്കാട് വില്ലേജിൽ വളരാട് എന്ന സ്ഥലത്ത് വെച്ച് ഈ കൈവഴികൾ ഒന്നിച്ച് ചേർന്ന് കടലുണ്ടി പുഴയായി ഒഴുകുന്നു. നിലമ്പൂർ താലൂക്കിലെ കരുവാരക്കുണ്ട്, ഏറനാട് താലൂക്കിലെ പാണ്ടിക്കാട്, വെട്ടിക്കാട്ടിരി, പന്തല്ലൂർ, ആനക്കയം, മലപ്പുറം, ഊരകം എന്നീ വില്ലേജുകളിലൂടെയും പെരിന്തൽമണ്ണ താലൂക്കിലെ എടപ്പറ്റ, മേലാറ്റൂർ, കീഴാറ്റൂർ, കൂട്ടിലങ്ങാടി, കോഡൂർ, എന്നീ വില്ലേജുകളിലൂടെയും തിരൂരങ്ങാടി താലൂക്കിലെ ഒതുക്കുങ്ങൽ, പറപ്പൂർ, വേങ്ങര, തെന്നല, തിരൂരങ്ങാടി, കൊടുവായൂർ, മൂന്നിയൂർ, പരപ്പനങ്ങാടി, അരിയല്ലൂർ, തേഞ്ഞിപ്പലം എന്നീ വില്ലേജുകളിലൂടെയും ഒഴുകി കടലുണ്ടിപ്പുഴ വഴി അറബിക് കടലിൽ പതിക്കുന്നു.

തിരൂർ പുഴ

തിരൂർ താലൂക്കിലെ ആതവനാടിൽ നിന്നും ഉത്ഭവിക്കുന്ന 48 കിലോമീറ്റർ നീളമുള്ള പുഴയാണ് തിരൂർ പുഴ. തിരുന്നാവായ വരെ തെക്ക് പടിഞ്ഞാറ് ദിശയിലും, ഏലംകുളം വരെ വടക്ക് പടിഞ്ഞാറ് ദിശയിലും ഒഴുകി പിന്നീട് തെക്ക് പടിഞ്ഞാറ് ദിശയിലേക്ക് തിരിഞ്ഞ് അവസാനം ഭാരത പുഴയിലൂടെ പൊന്നാനിക്കടുത്തുള്ള കടലിൽ എത്തി ചേരുന്നു. അനന്താവൂർ, തിരുനാവായ, തലക്കാട്, വളവന്നൂർ, ചെറിയമുണ്ടം, തിരൂർ, പുറത്തൂർ, എന്നീ വില്ലേജുകളിലൂടെയുമാണ് തിരൂർ പുഴ ഒഴുകുന്നത്. തിരൂരിനും പൊന്നാനിക്കുമിടയിൽ ജലഗതാഗത യോഗ്യമായതും, യന്ത്ര ശക്തി കൊണ്ടോടുന്ന ബോട്ട് പ്രവർത്തിക്കാവുന്നതുമാണ്. ഇതു കൊണ്ട് പടിഞ്ഞാറൻ ജലഗതാഗത സംവിധാനം പ്രാവർത്തികമാക്കാവുന്നതാണ്. പൂരപ്പറമ്പ് പുഴയുമായി താനൂർ-കൂറ്റാടി കനാൽ മുഖേന തിരൂർ പുഴയെ ബന്ധിപ്പിച്ചിരിക്കുന്നു.

ഭാരതപ്പുഴ

ഭാരതപ്പുഴ നിള എന്ന പേരിലും അറിയപ്പെടുന്നു. സമുദ്ര നിരപ്പിൽ നിന്നും ഏകദേശം 982 മീറ്റർ ഉയരത്തിൽ പശ്ചിമ ഘട്ടത്തിലെ ആനമലയിൽ നിന്ന് ഉത്ഭവിക്കുന്നു. പടിഞ്ഞാറോട്ടൊഴുകുന്ന നീളം കൂടിയ കേരളത്തിലെ രണ്ടാമത്തെ നദിയായ ഭാരതപ്പുഴ അറബിക്കടലിൽ പതിക്കുന്നു.

ഗായത്രി പുഴ, കണ്ണാടിപ്പുഴ, കോരയാർ, ഗുതപ്പുഴ എന്നിവ ഭാരതപ്പുഴയുടെ നാലു കൈവഴികളാണ്. ഇവ പെരിന്തൽമണ്ണ താലൂക്കിലെ ആലിപ്പറമ്പ്, ആനമങ്ങാട്, ഏലംകുളം, പുലാമന്തോൾ, മൂർക്കനാട്, എന്നീ വില്ലേജുകളിലൂടെ തിരൂർ താലൂക്കിലെ എടയൂർ, ഇരിമ്പിളിയം, പുറത്തൂർ, ആനക്കര, എന്നീ വില്ലേജുകളിൽ സന്ധിച്ചതിനു ശേഷം ഭാരതപ്പുഴയിൽ ചേരുന്നു. ഇവ ഒന്നിച്ച് പടിഞ്ഞാറൻ ദിശയിൽ ഒഴുകുന്നു. പൊന്നാനിപ്പുഴ എന്നാണ് ഇതിന്റെ അവസാന ഭാഗങ്ങളെ അറിയപ്പെടുന്നത്. ഇതിന്റെ മൊത്തം നീളം ഏകദേശം 209 കിലോ മീറ്റർ ആണ്. ഈ നദിയുടെ പ്രധാന ഭാഗം ഒഴുകുന്നത് പാലക്കാട് ജില്ലയിലെ തിരുവേഗപ്പുറത്തു നിന്നും കുറ്റിപ്പുറത്തേക്കാണ്. ഇത് പാലക്കാട് ജില്ലയുടെയും മലപ്പുറം ജില്ലയുടെയും അതിർത്തി പങ്കിടുന്നു. ഇത് കുറ്റിപ്പുറത്ത് വെച്ച് മലപ്പുറം ജില്ലിയിൽ പ്രവേശിക്കുന്നു. പൊന്നാനി താലൂക്കിനും തിരൂർ താലൂക്കിനും ഇടയിൽ മുറിച്ച് കടന്ന് പൊന്നാനി കടലിൽ ചേരുന്നു.

കാഞ്ഞിരമുക്ക് പുഴ

മലപ്പുറം ജില്ലയിലൂടെ ഒഴുകുന്ന ഏറ്റവും ചെറിയ നദിയാണിത്. ചായിയാട്ടിരിക്കടുത്തുള്ള മലയിൽ നിന്നാണ് ഈ നദി ഉത്ഭവിക്കുന്നത്. പടിഞ്ഞാറോട്ട് ഒഴുകി അറബി കടലിൽ പതിക്കുന്ന 46 കലോമീറ്റർ നീളമുള്ള ഈ നദിയുടെ കൈവഴി പുത്തൻതോടാണ്. ഇതിന്റെ പ്രധാന ഭാഗം തൃശ്ശൂർ ജില്ലയിലൂടെയും പാലക്കാട് ജില്ലയിലൂടെയുമാണ് ഒഴുകുന്നത്. കാഞ്ഞിരമുക്കിൽ വെച്ച് ഇത് മലപ്പുറം ജില്ലയിലേക്ക് പ്രവേശിക്കുന്നു.

ഭൂഗർഭ ജല നിലവാരം

മലപ്പുറം ജില്ലയിലെ വാർഷിക ഭൂജല ലഭ്യത 495.56 മില്യൻ ക്യൂബിക്ക് മീറ്ററാണ്. മലപ്പുറം ജില്ലയിലെ 15 ബ്ലോക്ക് പഞ്ചായത്തുകളിൽ ഭൂജല ശേഖരത്തിന്റെ കാര്യത്തിൽ ഗുരുതരം, അമിത ചൂഷിതം എന്നീ വിഭാഗത്തിൽപ്പെടുന്ന ബ്ലോക്കുകൾ ഒന്നും തന്നെ നിലവിൽ ഇല്ല. കൊണ്ടോട്ടി, തിരുരങ്ങാടി, താനൂർ എന്നീ ബ്ലോക്കുകൾ ഭാഗിക ഗുരുതര വിഭാഗത്തിൽപ്പെടുന്നതാണ്. ബാക്കിയുള്ള 12 ബ്ലോക്കുകളും സുരക്ഷിത വിഭാഗത്തിൽപ്പെടുന്നവയാണ്.

ഭൂജല വകുപ്പിന് മലപ്പുറം ജില്ലയിൽ 58 നീരീക്ഷണ കിണറുകളാണാള്ളത്. ഇതിൽ 50 കുഴൽ കിണറുകളും 28 തുറന്ന കിണറുകളുമാണുള്ളത്. കഴിഞ്ഞ 25 വർഷമായി ഈ കിണറുകളിലെ ജല നിരപ്പ് മാസം തോറും മോണിറ്റർ ചെയ്യുകയും താരതമ്യ പഠനത്തിന് വിധേയമാക്കുകയും ചെയ്യുന്നുണ്ട്. ഇതിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്. crystalline aquifer- ൽ ജല നിരപ്പ് 6.91 മീ - 9.41 മീ-6.62 മീ (post monsoon) എന്നതാണ്. 1.6 മീ - 13. മീ വരെയാണ് അല്ലുവീയം അക്യുഫറലെ ജലനിരപ്പ്. ചെങ്കൽ ശില മേഖലകളിൽ 2.62 മുതൽ 13 മീറ്റർ വരെയാണ് ശരാശരി ജലനിരപ്പ് 2016 ജൂലൈ മാസത്തെയും 2017

ജൂലൈ മാസത്തെയും ഭൂജല നിരപ്പിലുണ്ടായ ഏറ്റകുറച്ചിലുകൾ താരതമ്യം നടത്തിയതിൽ മനസ്സിലാകുന്ന കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

58 നിരീക്ഷണ കിണറുകളിൽ 33.33% ഉറന്ന കിണറുകളിലും 43.33% കുഴൽ കിണറുകളിലും ജലനിരപ്പ് താഴ്ന്നിട്ടുണ്ട്.

- 1 മീറ്ററിൽ കുറവ് ജലനിരപ്പ് താഴ്ന്ന ഉറന്ന കിണറുകൾ – 33.33%
- 1 മീറ്ററിൽ കൂടുതൽ ജലനിരപ്പ് താഴ്ന്ന ഒരു നിരീക്ഷണ കിണറും തന്നെ ജില്ലയിൽ നിലവിലില്ല.
- 1 മീറ്ററിൽ കുറവ് ജലനിരപ്പ് താഴ്ന്ന നിരീക്ഷണ കുഴൽ കിണറുകൾ – 23.33%
- 1 മീറ്ററിൽ മുതൽ 2 മീറ്റർ വരെ – 10% (നിരീക്ഷണ കുഴൽ കിണറുകൾ)
- 2 മീറ്റർ മുതൽ 3 മീറ്റർ വരെ – 6.66% (നിരീക്ഷണ കുഴൽ കിണറുകൾ)
- 3 മീറ്ററിൽ കൂടുതൽ – 33.33% (നിരീക്ഷണ കുഴൽ കിണറുകൾ)

ഭാഗീക ഉരുതര ബ്ലോക്കായ തിരൂരങ്ങാടി ബ്ലോക്കിലെ തിരൂരങ്ങാടി എന്ന സ്ഥലത്തുള്ള നിരീക്ഷണ കുഴൽ കിണറിന്റെ ജല നിരപ്പ് 3.998 മീറ്റർ താഴ്ന്ന് പോയിട്ടുണ്ട്. ഏറനാട് താലൂക്കിലെ അരീക്കോട് ബ്ലോക്കിലെ അരീക്കോട് എന്ന സ്ഥലത്തുള്ള നിരീക്ഷണ കുഴൽ കിണറിൽ (2.200 മീ) ഉം നിലമ്പൂർ താലൂക്കിലെ ചോക്കാട് എന്ന സ്ഥലത്തെ നിരീക്ഷണ കുഴൽ കിണറിൽ (2.815 മീറ്ററും) 2 മീറ്ററിന് താഴെ ജലനിരപ്പ് താഴ്ന്ന് പോയിട്ടുണ്ട്. പെരിന്തൽമണ്ണ ബ്ലോക്കിലെ പെരിന്തൽമണ്ണ എന്ന സ്ഥലത്തെ കുഴൽ കിണറിലും (1.056 മീ) മങ്കട ബ്ലോക്കിലെ പുലാമന്തോൾ എന്ന സ്ഥലത്തും (1.385 മീ) കൊണ്ടോട്ടി ബ്ലോക്കിലെ പള്ളിക്കൽ എന്ന സ്ഥലത്തും (1.016 മീ) ജലനിരപ്പ് താഴ്ന്നിട്ടുണ്ട്.

കഴിഞ്ഞ പത്തോളം വർഷങ്ങളിലെ (6–10 വർഷം) ജൂലൈ മാസത്തെ ജല നിരപ്പ് അപഗ്രഥനം നടത്തിയതിൽ നിന്നും പല നിരീക്ഷണ കിണറുകളിലും ജല നിരപ്പ് താഴ്ന്ന് പോയിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്.

തിരുന്നാവായ, മാറാക്കര, തിരൂർ, എടപ്പാൾ, മലപ്പുറം, തിരൂരങ്ങാടി, കോട്ടയ്ക്കൽ, കാട്ടിപരുത്തി എന്നീ സ്ഥലങ്ങളിലെ ഉറന്ന നീരീക്ഷണ കിണറുകളിൽ മാത്രമേ ജല നിരപ്പ് ഉയർന്നിട്ടുള്ളൂ എന്ന് കണ്ടെത്താവുന്നതാണ്. ശരാശരിയേക്കാൾ ജല നിരപ്പ് താഴ്ന്ന് പോയത് താഴെ സൂചിപ്പിച്ചിരിക്കുന്ന പ്രകാരമാണ്.

പട്ടിക 4.1.2.2 : ജല നിരപ്പ് താഴ്ചയുടെ വിശദാംശങ്ങൾ

അളവ്	ഉറന്ന കിണർ	കുഴൽ കിണർ
ഒരു മീറ്റർ വരെ	48.18	53.33%
1–2 മീറ്റർ വരെ	22.22	13.33 %
2–3 മീറ്റർ വരെ	ഇല്ല	3.33 %
3 മുതൽ 5 മീറ്റർ വരെ	ഇല്ല	10%
5 മീറ്ററിൽ കൂടുതൽ	ഇല്ല	6.66%

അവലംബം : ഭൂജല വകുപ്പ് മലപ്പുറം

പട്ടിക 4.1.2.3 : മീറ്റർ കൂടുതൽ ജല നിരപ്പ് താഴ്ന്ന് പോയ നിരീക്ഷണ കിണറുകൾ കുഴൽ കിണറുകൾ

ക്രമ നം	ഏരിയ	മീറ്റർ
1.	തിരൂരങ്ങാടി	5.204 മീറ്റർ
2.	പള്ളിക്കൽ	4.551 മീറ്റർ
3.	ചോക്കാട്	4.38 മീറ്റർ
4.	പുലാമന്തോൾ	3.05 മീറ്റർ
5.	മങ്കട	2.29 മീറ്റർ
6.	പെരിന്തൽമണ്ണ	6.621 മീറ്റർ

അവലംബം : ഭൂജല വകുപ്പ് മലപ്പുറം

മഴയുടെയും ജല സംപോഷണത്തിന്റെയും കുറവ് ഭൂജല നിരപ്പ് താഴുവാൻ കാരണമായിട്ടുണ്ട്. കൂടാതെ അശാസ്ത്രീയമായ ജല ചൂഷണം ഇതിന്റെ തോത് വർധിപ്പിക്കുന്നു. കൃത്രിമ ജല സംപോഷണ മാർഗ്ഗങ്ങളാണ് ഭൂജല നിരപ്പ് സുസ്ഥിതിയിലാക്കാൻ അടിയന്തിരമായി അനുവർത്തിക്കേണ്ടത്.

സസ്യ സമ്പത്ത്

ജൈവ വൈവിധ്യത്തിന്റെ കലവറയായ നിബിഡ വനങ്ങളും കാർഷിക വിളകളും നമ്മുടെ സസ്യസമ്പത്തിലുൾപ്പെടുന്നു. സസ്യ സമ്പത്ത് മണ്ണിനെ പരിപോഷിപ്പിക്കുകയും ആഹാരം, ജലം, പ്രാണവായു, ഇന്ധനം, തുടങ്ങിയ ജീവന്റെ നിലനിൽപിനാവശ്യമായ എല്ലാ ഘടകങ്ങളും ലഭ്യമാകുന്നു. എന്നാൽ നമ്മുടെ സസ്യ സമ്പത്തിന് ശോഷണം സംഭവിച്ചു കൊണ്ടിരിക്കുന്നു. പതിനായിരകണക്കിന് വർഷങ്ങൾ കൊണ്ട് പ്രകൃതി സൃഷ്ടിച്ച നിത്യഹരിത വനങ്ങൾ വെട്ടിത്തെളിച്ച് അവിടെ കാപ്പി, റബർ തുടങ്ങിയ ഏകവിള ഏസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിലൂടെ പരിസ്ഥിതി ആഘാതത്തിന് കാരണമായി. വനനശീകരണം മൂലം ജൈവവൈവിധ്യവും ജല സ്രോതസ്സുകളും നശിച്ചുകൊണ്ടിരിക്കുന്നു. നാം ഭാവി വികസനമായി കാണുന്ന ടൂറിസവും ആയുർവേദവും നമ്മുടെ നാടിന്റെ മുഖ്യ ആകർഷണങ്ങളായ സസ്യ വൈവിധ്യം, വന്യജീവികൾ, ജലലഭ്യത, ഔഷധ സസ്യങ്ങൾ, വനങ്ങൾ എല്ലാം നശിക്കുന്നതോടെ നാം തിരിച്ചടി നേരിടേണ്ടി വരുന്നു. അനിയന്ത്രിതമായ വനനാശവും അശാസ്ത്രീയമായ കൃഷി രീതികളും ഈ പ്രക്രിയക്ക് ആക്കം കൂട്ടുന്നു. സമസ്ത ജീവജാലങ്ങളുടെയും നിലനിൽപ്പിനും പരിസ്ഥിതിയുടെ സന്തുലനത്തിനും വൈവിധ്യമാർന്ന സസ്യസമ്പത്ത് നിലനിർത്തിയേ തീരൂ. ഭൂവിഭവങ്ങളുടെ ഭൗതിക രാസ പരിണാമ പ്രക്രിയ സുഗമമാക്കുകയും അവയെ സംരക്ഷിക്കുകയും സമൃഷ്ടമാക്കുകയും അവയുടെ സന്തുലനം നിലനിർത്തുകയും ചെയ്തു കൊണ്ടുള്ള ഒരു വികസനമാണ് രൂപകൽപ്പന ചെയ്യേണ്ടത്. ഇതുമൂലം സ്ഥായിയായ കാർഷികോൽപാദനം സാധ്യമാവുകയും കുടിവെള്ള ദൗർലഭ്യം, വരൾച്ച, വെള്ളപൊക്കം, പരിസ്ഥിതി പ്രശ്നങ്ങൾ, എന്നീ പ്രതിസന്ധികൾക്ക് പരിഹാരം കണ്ടെത്താവുന്നതാണ്. ഇപ്രകാരമുള്ള ഒരു സമഗ്രവികസനം രൂപപ്പെടുത്താൻ വാട്ടർഷെഡ് മാനേജ്മെന്റ് പരിപാടികളാണ് നമുക്ക് ഏറെ അഭികാമ്യം.

ജില്ലയിൽ ദുരന്തം, വരൾച്ച, ഉരുൾപൊട്ടൽ, വെള്ളപൊക്കം എന്നീ പ്രകൃതി ദുരന്തങ്ങൾക്ക് സാധ്യത കൂടുതലാണ്. ഭൂമിയുടെ ഘടനാപരമായും അല്ലാതേയുമുള്ള ആവശ്യം നിലനിർത്തി ദുരന്ത നിവാരണത്തിന് മുൻതൂക്കം നൽകേണ്ടതാണ്. ജില്ലയിലെ വിവിധ ഭാഗങ്ങളിലുള്ള വരൾച്ചയുടെ തോത് കുറക്കാവുന്ന രീതിയിലുള്ള നിർമ്മാണ പ്രവൃത്തികൾക്ക് മുൻതൂക്കം നൽകേണ്ടതാണ്.

മണ്ണും ജലവും സംയോജിപ്പിച്ചുകൊണ്ടുള്ള പ്രവൃത്തികൾ, നീർമറി വികസനം, വനപരിപാലനം, മണ്ണ് സംരക്ഷണം, തൈ വെച്ച് പിടിപ്പിക്കൽ, എന്നിവ ഇതിൽ പ്രധാനപ്പെട്ടതാണ്. കൃഷി ചെയ്യേണ്ടതിന്റെ മുന്നോടിയായി വരൾച്ച നേരിടുന്നതിനുള്ള പ്രതിവിധി തേടേണ്ടതുമാണ്. കൃഷിയുടെ നടീൽ സമയം മുതൽ വിളവെടുപ്പ വരെ ഈർപ്പം നിലനിർത്തേണ്ടതാണ്.

ജില്ലയിലെ ജല ലഭ്യതയുടെ അവസ്ഥ

കേരളത്തിലെ ജലസമ്പത്ത് ഒരേ സമയം ജല സമൃദ്ധവും ജല ദൗർലഭ്യവും അനുഭവപ്പെടുന്നവയാണ്. സംസ്ഥാനത്തിന്റെ ശരാശരി വാർഷിക വർഷപാതം 3000 മില്ലി മീറ്റർ ആണ്. കേരളത്തിൽ ലഭിക്കുന്ന ജല സമ്പത്തിന്റെ 70% ലഭ്യമാകുന്നത് തെക്കു പടിഞ്ഞാറൻ മൺസൂണിൽ നിന്നാണ്. ഇത് ജൂൺ മുതൽ സെപ്തംബർ വരെയാണ്. കൂടാതെ സംസ്ഥാനത്ത് ഓക്ടോബർ മുതൽ ഡിസംബർ വരെ വടക്ക് കിഴക്കൻ മൺസൂൺ ലഭ്യമാണ്. പ്രാദേശികവും കാലികവുമായ മഴയുടെ വിതരണത്തിലുള്ള വ്യതിയാനം കേരളത്തിൽ ഇടവിട്ടുള്ള വെള്ളപൊക്കത്തിനും വരൾച്ചയ്ക്കും കാരണമാവാറുണ്ട്. തീര പ്രദേശങ്ങളിലെ വാർഷിക വർഷപാതം തെക്ക് 900 മി.മീറ്ററിനും വടക്ക് 6000 മി.മീറ്ററിനുമിടയിലാണ്. മലനാട്ടിലെ വാർഷിക ശരാശരി വർഷപാതം തെക്ക് 255 മി.മീറ്റർ മുതൽ 6000 മി.മീറ്റർ വരെ വ്യത്യാസപ്പെട്ടിരിക്കുന്നു.

പട്ടിക 4.1.2.4 : മഴ ലഭ്യത 2016-17 (മി.മീറ്ററിൽ)

	തൽ വർഷം ലഭിച്ചത്	സാധാരണ ലഭിക്കാറുള്ളത്	കുറവ്(%)
മലപ്പുറം	1535.8	2835.1	-46
കേരളം	1889.3	2924.7	-35

അവലംബം : ഇന്ത്യൻ മെറ്റീരിയോളജിക്കൽ ഡിപ്പാർട്ട്മെന്റ്

കഴിഞ്ഞ വർഷം ജില്ലയുടെ സാധാരണ ലഭിക്കാറുള്ള മഴലഭ്യതയിൽ സംസ്ഥാന ശരാശരിയേക്കാൾ കുറവായിരുന്നു.

നദീതട പ്രദേശത്തുനിന്നൊഴുകുന്ന ജലം വളരെ പെട്ടെന്ന് തന്നെ അറബിക്കടലിൽ പതിക്കുന്നു. അതുകൊണ്ടു തന്നെ സംസ്ഥാനത്ത് വലിയ തോതിൽ നദീ ജലത്തെ ഉപയോഗപ്പെടുത്താൻ സാധിക്കാതെ വരുന്നു. മൺസൂൺ കാലങ്ങളിലാണ് നദികളിലൂടെയുള്ള ജലമൊഴുക്കിന്റെ ഭൂരിഭാഗവും നടക്കുന്നത്. 3.61 ലക്ഷം ഹെക്ടർ സ്ഥലത്ത് ലഭ്യമാവുന്ന ജലത്തിന്റെ 67.29% ഉപരിതല സ്രോതസ്സും ഉപ്പുരസമുള്ള തടാകത്തിലും, കായലുകളിലും, അഴിമുഖത്തുമാണ് പതിക്കുന്നത്. ജല ഉപയോഗത്തിന്റെ കണക്കെടുക്കുമ്പോൾ ഗ്രാമീണ ഗാർഹിക ഉപയോഗത്തിന്റെ 80% ഭൂഗർഭജലമാണ് ഉപയോഗിക്കുന്നത്. 10-15% വരെ പൈപ്പ് വെള്ളത്തേയും 5% പരമ്പരാഗത ഉപരിതല ജലസ്രോതസ്സുകളെയും മറ്റും ആശ്രയിക്കുന്നു.

ജലത്തിന്റെ സുസ്ഥിരമായ വികസനം എന്നത് ഇന്ത്യയെ സംബന്ധിച്ചിടത്തോളം വലിയ വെല്ലുവിളിയാണ്. വർധിത ജനസംഖ്യയും, വളർന്നു വരുന്ന നഗരവൽക്കരണവും പെട്ടെന്നുള്ള വ്യവസായവൽകരണവും, ജലത്തിന്റെ ആവശ്യം വർദ്ധിപ്പിക്കുന്നു. ജലം എന്നത് കാർഷിക മേഖലയിലെ ഉൽപാദനത്തിൽ ഒഴിച്ചു കൂടാനാവാത്ത ഒന്നാണ്. 1960 കളിൽ ഭൂഗർഭ ജലത്തിന്റെ ഉപയോഗം 40% ആയിരുന്നെങ്കിൽ 1990 ആയപ്പോൾ അത് 57% കണ്ട് വർധിച്ചു. ഭൂഗർഭ ജലത്തിന്റെ അമിത ഉപയോഗം കാരണം നദീതട വ്യവസ്ഥകളിലെ ജല ദൗർലഭ്യവും അതു വഴി ഭൂഗർഭ ജലം അമിതമായി ഊറ്റിയെടുക്കുന്നതിനും കാരണമായി.

വിവിധ മേഖലകളിലേക്കുള്ള ജലത്തിന്റെ ആവശ്യകത

ജനസംഖ്യാ വർദ്ധനവ്, സാമ്പത്തിക വികസനം, എന്നിവ ജലത്തിന്റെ ആവശ്യകത വർദ്ധിപ്പിക്കുന്നു. എന്നാൽ ജലത്തിന്റെ അമിത ഉപയോഗവും ജല മലനീകരണവും കാരണം ജലം എല്ലാ പ്രവർത്തന മേഖലകളിലും എത്തിക്കുക എന്നത് കടുത്ത വെല്ലുവിളിയായി തീർന്നിരിക്കുന്നു. ഭൂമിയുടെ മൂന്നിൽ രണ്ട് ഭാഗവും ജലമാണെങ്കിലും മനുഷ്യ ഉപയോഗത്തിനായി ലഭിക്കുന്നത് വളരെ ചുരുങ്ങിയ അളവിലാണ്.

എല്ലാ മേഖലകളിലും വികസിച്ചു കൊണ്ടിരിക്കുന്ന ഇന്ത്യയിൽ ഗ്രാമ നഗര പ്രദേശങ്ങളിലും ജലത്തിന്റെ ആവശ്യകത വർദ്ധിച്ചു വരികയാണ്. ജല സ്രോതസ്സുകളെ ഉപയോഗിക്കുന്നതും പങ്കുവെക്കുന്നതും പലതരം തർക്കങ്ങൾക്ക് കാരണമാവുന്നു. എല്ലാ വിഭാഗകാർക്കും മതിയായ അളവിൽ ജലലഭ്യത ഉറപ്പ് വരുത്തുക എന്നത് പ്രയാസമാണ്. ഇത് ഘട്ടം ഘട്ടമായി നടപ്പിലാക്കാനേ സാധിക്കുകയുള്ളൂ. ദൈനംദിന ആവശ്യങ്ങൾക്കുള്ള ജലത്തിന്റെ ആവശ്യകതയും ദീർഘകാല അടിസ്ഥാനത്തിലുള്ള ജല ലഭ്യതയും നിർണയിക്കപ്പെടേണ്ടതുണ്ട്.

ഗാർഹിക ആവശ്യങ്ങൾക്കുള്ള ജലത്തിന്റെ ആവശ്യകത

ദൈനംദിന ഉപയോഗങ്ങളായ കുടിവെള്ളം, പാചകം, കുളി, വസ്ത്രം അലക്കൽ, പാത്രം കഴുകൽ, ശുചീകരണ പ്രവർത്തനങ്ങൾ എന്നിവക്കാവശ്യമായ ജലം ഇതിൽ ഉൾപ്പെടുന്നു. ഒരു ദിവസത്തിന് ഒരാൾക്കുള്ള ജലത്തിന്റെ ആവശ്യകത 40 ലിറ്റർ മുതൽ 135 ലിറ്റർ വരെയാണ്. ഗ്രാമീണ മേഖലകളിൽ പ്രതിദിനം 55 ലിറ്ററും നഗര പ്രദേശങ്ങളിൽ പ്രതിദിനം 135 ലിറ്ററുമാണ്. ബി.എ.എസ്. അനുസരിച്ച് ഒരാൾക്ക് 200 ലിറ്റർ വരെ പ്രതിദിനം ജലം നഗര പ്രദേശങ്ങളിൽ ആവശ്യമാണ്. കാലാവസ്ഥ,

ഭക്ഷണ രീതി, സംസ്കാരം, ജോലിയുടെ സ്വഭാവം, വികസനത്തിന്റെ സ്വഭാവം എന്നിവ അനുസരിച്ച് ജലത്തിന്റെ ആവശ്യകതയിലും ഉപയോഗ ക്രമത്തിലും മാറ്റം വരുന്നു.

വ്യക്തിഗത ജല ഉപഭോഗം

ഒരു ദിവസം ഒരാൾക്ക് ആവശ്യമായ ജലം താഴെ കൊടുക്കുന്നു.

പട്ടിക 4.1.2.5 : വ്യക്തിഗത ജല ഉപഭോഗം

ക്രമ നമ്പർ	പ്രവർത്തനം	ഉപയോഗം (ഒരു ദിവസം ഒരാൾക്ക് വേണ്ടത് ലിറ്ററിൽ
1	കുടിവെള്ളം	5
2	പാചകം	5
3	കുളി	55
4	വസ്ത്രം കഴുകൽ	20
5	പാത്രം കഴുകൽ	10
6	വീട് വൃത്തിയാക്കൽ	10
7	മറ്റ് ആവശ്യങ്ങൾ	30
	ആകെ	135

അവലംബം: ജില്ലാ ജലസേചന പദ്ധതി , മലപ്പുറം–2016

2011 കണക്ക് പ്രകാരം ജില്ലയിലെ ജനസംഖ്യ നിരക്ക് 41,12,920 ആണ്. ഇത് 2020 ആകുമ്പോഴേക്കും 46,74,473 ആകുമെന്ന് കണക്കാക്കുന്നു. പ്രതിദിനം ഒരാൾക്ക് വേണ്ട ജലം 135 ലിറ്റർ എന്ന് കണക്കാകുമ്പോൾ ഒരു വർഷത്തേക്ക് ഈ ജില്ലയിൽ 0.22203349 ബി.സി.എം ജലം ആവശ്യമാണ് 2020 ആകുമ്പോഴേക്കും 0.2303346431 ബി.സി.എം ജലം ആവശ്യമായി വരുമെന്ന് പ്രതീക്ഷിക്കുന്നു. 0.0083011530 ബി.സി.എം ജലത്തിന്റെ പോരായ്മ ഉണ്ടാകും.

ജില്ലയിലെ വിളകൾക്ക് ആവശ്യമായ ജലത്തിന്റെ തോത്

ഓരോ വിളകൾക്കും അതിന്റെ വിത്ത് വിതയ്ക്ക് (നടീൽ) മുതൽ വിളവെടുപ്പ് കാലം വരെയുള്ള കാലത്ത് ആവശ്യമായ ജലത്തിന്റെ അളവാണ് ആ വിളയുടെ ജലത്തിന്റെ ആവശ്യകത. കാലാവസ്ഥ, മണ്ണിന്റെ തരം, കൃഷി രീതി, മഴയുടെ തോത് എന്നിവയെ അനുസരിച്ച് ഇത് വ്യത്യാസപ്പെട്ടിരിക്കുന്നു. സസ്യങ്ങളിൽ പ്രകാശസംശ്ലേഷണത്തിനും മറ്റു പ്രവർത്തനങ്ങൾക്കും ജലം അത്യന്താപേക്ഷിതമാണ്. ഒരു സസ്യത്തിന് അതിന്റെ വളർച്ചയിലും മറ്റു പ്രവർത്തനങ്ങൾക്കുമായി ആവശ്യമുള്ള ജലത്തിന്റെ അളവാണ് അതിന്റെ ഉപഭോഗം.

ജലസേചനം നടത്തുമ്പോഴുണ്ടാകുന്ന ജലം പാഴാകുന്നതും കണക്കിലെടുത്താണ് ഒരു ഹെക്ടറിന് എത്രത്തോളം ജലത്തിന്റെ ആവശ്യകത എന്ന് നിർണ്ണയിക്കുന്നത്. നടീൽ മുതൽ വിളവെടുപ്പ് കാലം വരെയുള്ള ജലത്തിന്റെ ആവശ്യകത വ്യത്യസ്തമാണ്.

കാർഷിക ആവശ്യത്തിനുള്ള ജലം നിർണ്ണയിക്കുന്നത് ഓരോ വിളകൾക്കും എത്ര ആഴത്തിലാണ് ജലസേചനം വേണ്ടത് എന്നതനുസരിച്ചാണ്.

കന്നുകാലി പരിപാലനത്തിന് ആവശ്യമായ ജലം

പാൽ, മാംസം, മുട്ട എന്നിവയുടെ ഉപഭോഗം വളരെയധികം വർധിച്ചതിനാൽ (2.8–33% പ്രതിവർഷം) കന്നുകാലി പരിപാലനത്തിനുള്ള ജലത്തിന്റെ ആവശ്യകതയും വർധിച്ചു വരികയാണ്. മൃഗങ്ങളുടെ വലിപ്പത്തിനും വളർച്ചയുടെ ഘട്ടത്തിലും പരിപാലനത്തിനും കാലാവസ്ഥക്കുമനുസരിച്ച് ദിവസേന ആവശ്യമായുള്ള ജലത്തിന്റെ അളവിൽ മാറ്റം വരുന്നു. കാലിത്തീറ്റയുടെ സ്വഭാവത്തിനനുസരിച്ച് അതിലെ ജലാംശത്തിന്റെ തോതനുസരിച്ചും കാലികൾക്കാവശ്യമായ ജലത്തിന്റെ അളവ് വ്യത്യാസപ്പെടുന്നു. (ദിവസേന വേണ്ട ജലത്തിന്റെ അളവ്) ജല സ്രോതസ്സുകളുടെ 25% വെള്ളം ഈ ആവശ്യത്തിന് വേണ്ടി വരുന്നു.

വ്യവസായ ആവശ്യത്തിനു വേണ്ട ജലം

വ്യവസായ ശാലകളിൽ വൻതോതിൽ ആവശ്യമുള്ള വസ്തുവാണ് ജലം. ഉപരിതല ജലവും ഭൂഗർഭ ജലവും ഇതിനായി ഉപയോഗിക്കുന്നു. വ്യവസായിക വികസനത്തിനനുസരിച്ച് വൈവിധ്യമാർന്ന നിരവധി ആവശ്യങ്ങൾക്ക് ജലം ഉപയോഗിക്കുന്നതിൽ അതിന്റെ ആവശ്യകതയും വർധിച്ചു വരുന്നു. ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽ 6% (മൊത്തം ജലത്തിന്റെ ആവശ്യകത) ആയിരുന്നത് ഇപ്പോൾ 12–15% വരെ എത്തി നിൽക്കുകയാണ്. 2020 ആകുമ്പോഴേക്കും ഇത് 20% വരെ വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

15337 വ്യവസായങ്ങളിൽ 4623 എണ്ണം കാർഷികാടിസ്ഥാനത്തിലുള്ളതാണ്. മറ്റുള്ളവ സോഡാ വാട്ടർ (85) റെഡിമെയ്ഡ് (1050) മര വ്യവസായം (2397) പേപ്പർ (410) തുകൽ വ്യവസായം (588) രാസവസ്തുക്കൾ (24) റബർ, പ്ലാസ്റ്റിക്ക് (644) ധാതുക്കൾ (658) എഞ്ചിനീയറിംഗ് യൂണിറ്റ് (1722) ഇലട്രിക്കൽ ഉപകരണങ്ങൾ (399) റിപ്പയറിംഗ് ആന്റ് സർവ്വീസ് (1965) മറ്റുള്ളവ (724) ഭൂഗർഭജലമാണ് വ്യവസായങ്ങൾക്കുള്ള മുഖ്യ ജല സ്രോതസ്സ്. വ്യവസായത്തിന് ആവശ്യമുള്ള വൈദ്യുതിയും ജലവും മറ്റ് അസംസ്കൃത സാധനങ്ങളും ഗവൺമെന്റ് നിയന്ത്രിക്കുന്നുണ്ടെങ്കിലും കാര്യക്ഷമതയില്ലാതെയാണ് ജലത്തിന്റെ ഉപഭോഗം നടക്കുന്നത്.

ഊർജ്ജാവശ്യങ്ങൾക്കു വേണ്ട ജലം

ആഢ്യൻപാറ ജലവൈദ്യുത പദ്ധതി മാത്രമാണ് ജലത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ജില്ലയിലെ ഏക പവർ പ്ലാന്റ്.

വാട്ടർ ബഡ്ജറ്റ്

ഒരു പ്രദേശത്ത് ലഭ്യമാകുന്ന ജലത്തിന്റെ അളവും അതിന്റെ ഉപഭോഗവും തമ്മിലുള്ള ബന്ധത്തെയാണ് വാട്ടർ ബഡ്ജറ്റ് സൂചിപ്പിക്കുന്നത്. ജലത്തിന്റെ ആവശ്യകതയെപ്പറ്റിയും വിതരണത്തെപ്പറ്റിയുമുള്ള താരതമ്യം ഇതിൽ വ്യക്തമാകും.

ഇപ്പോഴത്തെ ജല ലഭ്യതയെക്കുറിച്ചും 2020 ലെ ജല ലഭ്യതയെ കുറിച്ചും വിശദമാക്കുന്നു. 5.78101 ബി.സി.എം ഉപരിതല ജലവും 0.4955 ബി.സി.എം ഭൂഗർഭ ജല വിഭവങ്ങളുമാണ് ജില്ലയിലുള്ളത്. ഇതിൽ 0.5952 ബി.സി.എം ഗാർഹിക ആവശ്യങ്ങൾക്കും മറ്റുമായി ഉപയോഗിക്കുന്നു. ഇതിൽ 0.233145 ബി.സി.എം ജല വിതരണ സ്കീമുകളിലും 0.08096 ബി.സി.എം ജലസേചനത്തിലൂടെയും 0.27951 ബി.സി.എം ഭൂഗർഭ ജലസ്രോതസ്സിലൂടെയും ഉപയോഗിക്കുന്നു. ബാക്കി ജലം ഒഴുകി പോവുകയാണ് ചെയ്യുന്നത്. 25% കാർഷിക ഭൂമിയിൽ കൂടി ജലസേചനം നടത്തുകയാണെങ്കിൽ ജില്ലയിലെ ജലത്തിന്റെ ആവശ്യകത 0.9613 ബി.സി.എമിൽ നിന്നും 1.167274 ബി.സി.എമായി 2020 കൂടി വർദ്ധിക്കും. ജലലഭ്യത 38% കുറഞ്ഞ് വരും. ഇപ്പോഴത്തെ ജലത്തിന്റെ ലഭ്യതയനുസരിച്ച് 0.36833 ബി.സി.എം ആണ് വാട്ടർ ഗ്യാപ്. ഇത് 2020 ആകുമ്പോൾ 50% – 0.57478 ബി.സി.എം ആകുന്നതാണ്. ഈ വിടവ് നികത്തണമെങ്കിൽ നദികളിലെ ജലം കാര്യക്ഷമമായി ഉപയോഗിക്കേണ്ടതാണ്. മറ്റ് ജല സ്രോതസ്സുകളുടെ കാര്യക്ഷമമായ പരിപാലനവും മഴവെള്ള സംഭരണവും അത്യാവശ്യമാണ്.

വികസന വിടവുകൾ

മലപ്പുറം ജില്ലയിൽ മണ്ണ് ജല സംരക്ഷണ മേഖലയിൽ അനുഭവപ്പെടുന്ന പ്രശ്നങ്ങൾ / അപര്യാപ്തതകൾ താഴെ ചേർക്കുന്നു.

മണ്ണ്

1. വർദ്ധിച്ച വർഷപാതം

കേരളത്തിൽ പ്രതിവർഷം 3000 മി.മീറ്ററിലധികം മഴ ലഭിക്കുന്നുണ്ട്. മഴയുടെ അളവിനെപ്പോലെ അതിന്റെ തീവ്രത, കാലദൈർഘ്യം, ഉപരിതല പ്രവാഹത്തിന്റെ വേഗത എന്നീ ഘടകങ്ങളും മണ്ണൊലിപ്പിനെ വളരെയേറെ സ്വാധീനിക്കുന്നു. അൽപസമയമേ നിലനിൽക്കുന്നുള്ളുവെങ്കിലും പെരുമഴ

മണ്ണൊലിപ്പിന്റെ തീവ്രത കൂട്ടും. എന്നാൽ കൂടുതൽ സമയം പെയ്താലും ചാറ്റൽമഴ മണ്ണൊലിപ്പിന്റെ തീവ്രത വർദ്ധിപ്പിക്കില്ല.

2. ഭൂമിയുടെ ചരിവ്

ചരിവ് കൂടുംതോറും ഉപരിതലത്തിലൂടെ ഒഴുകുന്ന വെള്ളത്തിന്റെ വേഗത വർദ്ധിക്കുകയും കൂടുതൽ മണ്ണൊലിപ്പുണ്ടാവുകയും ചെയ്യും.

3. സസ്യാവരണമില്ലായ്മ

മണ്ണിനു മുകളിൽ ശരിയായ സസ്യാവരണമില്ലെങ്കിൽ മഴത്തുള്ളികൾ മണ്ണിൽ നേരിട്ടു പതിച്ച് മണ്ണ് ഇളകുകയും അത് വെള്ളത്തിൽ ഒഴുകി നഷ്ടപ്പെടുകയും ചെയ്യുന്നു. എന്നാൽ സസ്യാവരണം ഈ പ്രക്രിയ ഗണ്യമായി നിയന്ത്രിക്കും. കൂടാതെ ചെടികളുടെ വേരുപടലവും മണ്ണൊലിപ്പിനെ ചെറുക്കുന്നതിന് സഹായകമാണ്.

4. മൺതരങ്ങളും സ്വഭാവത്തിലെ പരിമിതികളും

മണ്ണിന്റെ ഭൗതിക രാസഗുണങ്ങൾ, മണ്ണിന്റെ ഘടന, മൺതരികളുടെ വലുപ്പം, മണ്ണിന്റെ ആഴം, തുടങ്ങിയവ മണ്ണൊലിപ്പിനെ സ്വാധീനിക്കും. ഇളക്കമുള്ള മേൽമണ്ണിലും ആഴം കുറഞ്ഞ മണ്ണിലും മണ്ണൊലിപ്പ കൂടുതലാകും.

5. അശാസ്ത്രീയമായ കൃഷി രീതികൾ – കുന്നിൻ ചെരിവുകളിലും ശക്തമായ പ്രതലങ്ങളിലും സംരക്ഷണ തത്വങ്ങൾക്ക് വിരുദ്ധമായ മണ്ണിളക്കൽ

ചരിവ് കൂടുതലുള്ള പ്രദേശത്ത് മേൽ മണ്ണിളക്കി കൃഷി ചെയ്യുന്നത് മണ്ണൊലിപ്പിനെ ത്വരിതപ്പെടുത്തും. ചരിവിന് സമാന്തരമായി കൃഷി പണികൾ ചെയ്യുന്നതും നീർച്ചാലുകളുടെ ഓരങ്ങളിൽ സംരക്ഷണ പ്രവർത്തികൾ സ്വീകരിക്കാതെയുള്ള കൃഷിയും മണ്ണൊലിപ്പ് വർദ്ധിപ്പിക്കുന്നു.

6. വനനശീകരണം

വനനാശം മണ്ണൊലിപ്പിന് ഒരു പ്രധാന കാരണമാണ്, അശാസ്ത്രീയമായ വനപാലനവും സസ്യസമ്പത്തിന്റെ അമിതോപയോഗവും കാട്ടുതീയും മണ്ണിന്റെ ഉന്മൂലനത്തിന് ആക്കം കൂട്ടുന്നു.

7. സാമൂഹ്യകാരണങ്ങൾ

ഉയർന്ന ജനപ്പെരുപ്പത്തോതും വനം കയ്യേറ്റവും വനവിസ്തൃതിയിൽ ഉണ്ടാവുന്ന കുറവും മണ്ണിന്റെ സസ്യമേലാവരണം നഷ്ടപ്പെടുന്നതും മലഞ്ചെരിവുകളിലെ തെറ്റായ റോഡ് നിർമ്മാണവും മറ്റ് നിർമ്മാണ പ്രവർത്തനങ്ങളും മണ്ണൊലിപ്പ് വർദ്ധിപ്പിക്കുന്നു.

8. അനിയന്ത്രിതമായ കന്നുകാലി മേച്ചിൽ

നിയന്ത്രണമില്ലാതെയുള്ള കാലി മേച്ചിൽ മൂലം സസ്യമേലാവരണം പൂർണ്ണമായി നശിക്കുകയും മണ്ണൊലിപ്പ് രൂക്ഷമാവുകയും ചെയ്യുന്നു. മണ്ണിന് മൂല്യശോഷണം സംഭവിക്കുന്നതിന്റെ മുഖ്യ കാരണങ്ങളിൽ ഒന്നാണിത്.

9. മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളുടെ അഭാവം

യാതൊരു വിധ മണ്ണ് സംരക്ഷണ പ്രവർത്തികളും സ്വീകരിക്കാതെ ചരിവുള്ള പ്രദേശങ്ങളിൽ കൃഷി ചെയ്യുന്നതു മൂലം മണ്ണൊലിപ്പ് തീവ്രമാവുകയും മേൽമണ്ണും അതിലുള്ള പോഷകഘടകങ്ങളും ഒഴുകി പോവുകയും മാത്രമല്ല മണ്ണിന്റെ ആരോഗ്യം വീണ്ടെടുക്കാനാകാത്ത വിധം മോശമാവുകയും ചെയ്യുന്നു. അതുകൊണ്ട് ചെരിവുള്ള കൃഷി ഭൂമിയിൽ മണ്ണു സംരക്ഷണ പ്രവർത്തികൾ അനുവർത്തിച്ചു കൊണ്ടുള്ള കൃഷി സമ്പ്രദായമാണ് നടപ്പിലാക്കേണ്ടത്.

10. മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം

മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ,വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതി ക്ഷോഭ പ്രക്രിയകളും രൂക്ഷമായ മണ്ണൊലിപ്പിന്റെ ദുഷ്ഫലങ്ങളാണ്. രണ്ട് ദിവസം മഴ തുടർച്ചയായി പെയ്യുമ്പോൾ ഉരുൾപൊട്ടലിനുള്ള സാധ്യത വർദ്ധിക്കുന്നു. മലപ്പുറം ജില്ലയിൽ മൊത്തമുള്ള 94 ഗ്രാമപഞ്ചായത്തുകളിൽ ഊർങ്ങാട്ടിരി, വഴിക്കടവ്, കാളികാവ്, കരുവാരക്കുണ്ട്, പഞ്ചായത്തുകൾ ഉരുൾപൊട്ടൽ സാധ്യതാ പ്രദേശങ്ങളായി കാണുന്നു. ഇതിൽ ഭൂരിഭാഗവും വനപ്രദേശത്തു സ്ഥിതി ചെയ്യുന്നു.

11. ഖനനവും അനിയന്ത്രിതമായ പാറപൊട്ടിക്കലും

ഖനനവും അനിയന്ത്രിതമായ പാറപൊട്ടിക്കലും കല്ല വെട്ടിയെടുക്കലും മൂലം മണ്ണൊലിപ്പും ബന്ധപ്പെട്ട ഒട്ടേറെ പരിസ്ഥിതി പ്രശ്നങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

12. വർദ്ധിച്ച മണ്ണൊലിപ്പിന്റെ തോത്

എല്ലാ ഭൂവിഭാഗങ്ങളിലും പ്രകൃത്യാലുള്ള പ്രതിഭാസമാണ് മണ്ണൊലിപ്പ്. വെള്ളത്തിന്റെ ഒഴുക്കിന്റെയും, കാറ്റിന്റെയും ഫലമായി മണ്ണ് ഒലിച്ച് പോകുന്നതാണ് മണ്ണൊലിപ്പ് എന്നു പറയുന്നത്. കൃഷി സ്ഥലം ഉഴുത് മറിക്കുന്നതിന് ഇത് ആക്കം കൂട്ടുന്നു. മേൽമണ്ണിന് അതിന്റെ ഉൽപ്പത്തി സ്ഥാനത്തിൽ നിന്നും ഇളക്കി മറ്റൊരു സ്ഥലത്തേക്ക് മാറ്റി നിക്ഷേപിക്കുന്ന പ്രക്രിയയാണ് മണ്ണൊലിപ്പ് എന്ന് പറയാം. മൂന്ന് ഘട്ടങ്ങളിലായാണ് ഇത് സംഭവിക്കുന്നത്. ഒന്നാം ഘട്ടത്തിൽ മണ്ണിനെ അതിന്റെ ഉൽപ്പത്തി സ്ഥാനത്തു നിന്നും ഇളക്കുകയും രണ്ടാം ഘട്ടത്തിൽ അതിനെ മറ്റൊരു സ്ഥാനത്തേക്ക് മാറ്റി കൊണ്ടു പോവുകയും, മൂന്നാം ഘട്ടത്തിൽ അതിനെ അവിടെ നിക്ഷേപിക്കുകയുമാണ് ചെയ്യുന്നത്.

മണ്ണൊലിപ്പ് കാർഷിക ഭൂമിയുടെ ഉൽപ്പാദനക്ഷമത കുറക്കുകയും ജലസ്രോതസ്സുകളെ മലിനപ്പെടുത്തുകയും ചെയ്യുന്നു. വളരെ സാവധാനം നടക്കുന്ന പ്രതിഭാസമാണ് മണ്ണൊലിപ്പ്. വളരെ കുറഞ്ഞ തോതിൽ തുടങ്ങി മേൽമണ്ണ് മുഴുവൻ നഷ്ടപ്പെടുന്ന വിധത്തിൽ കൂടിയതോതിലും ഇത് സംഭവിക്കുന്നു. ജൈവാംശത്തിന്റെ കുറവ്, മണ്ണിന്റെ ഘടന നഷ്ടമാക്കൽ, നീർവാർച്ച കുറവ്, അമ്ലത തുടങ്ങി മറ്റു നശീകരണ അവസ്ഥകൾ മണ്ണൊലിപ്പിന് ആക്കം കൂട്ടുന്നു. മഴത്തുള്ളികൾ ശക്തിയോടെ മണ്ണിൽ വന്ന് പതിക്കുമ്പോൾ മൺതിട്ടകളിൽ നിന്ന് മൺതരികൾ വേർപ്പെടുകയും മറ്റ് സ്ഥലങ്ങളിലേക്ക് നീക്കം ചെയ്യപ്പെടുകയും ചെയ്യുന്നു. മഴയുടെ കാഠിന്യത്തിനനുസരിച്ച് മണ്ണൊലിപ്പിന്റെ തീവ്രതയും വർധിക്കുന്നു. ഭാരം കുറഞ്ഞ മൺതരികൾ വളരെ പെട്ടെന്ന് മണ്ണിൽ നിന്ന് വേർപ്പെട്ട് വെള്ളത്തിന്റെ ഒഴിക്കിൽപ്പെട്ട് പോകുന്നു. ഭാരക്കൂടുതലുള്ള വലിയ മൺതരികളും ചരലുകളും കൂടുതൽ ശക്തിയോടെയുള്ള മഴവെള്ളത്തിന്റെ കുത്തൊഴുക്കിൽ നീക്കം ചെയ്യപ്പെടുന്നു.

13. വർദ്ധിച്ച രാസവള പ്രയോഗം

മണ്ണിലടങ്ങിയ മൂലകങ്ങളുടെ തോത് മനസ്സിലാക്കാതെ വർദ്ധിച്ച തോതിലുള്ള രാസവള പ്രയോഗം മണ്ണിന്റെ സ്വാഭാവികതയെ നഷ്ടപ്പെടുത്തും.

ജലം

1. മൊത്തം കൃഷിയിടത്തിന്റെ 17% മാത്രമാണ് ജലസേചന സൗകര്യം ലഭ്യമായിട്ടുള്ളൂ. ശേഷിച്ച 83%വും മഴയെയാണ് ആശ്രയിക്കുന്നത്. ജില്ലയുടെ വിള സാന്ദ്രത 138.65% മാത്രമാണ്.
2. ജലസേചന സമ്പ്രദായത്തെ ഉപയോഗിച്ചാലും മഴയെ ആശ്രയിച്ചാലും നടത്തുന്ന കൃഷിയുടെ ഉൽപ്പാദന ക്ഷമത വളരെ കുറവാണ്.
3. ജില്ലയിലെ പ്രധാന നദികളിലെ വെള്ള പൊക്കത്തെ തടയുന്നതിനോ, വരൾച്ചാ സമയത്ത് ഇതിലെ ജലം ഫലപ്രദമായി ഉപയോഗിക്കുന്നതിനോ ഉതകുന്ന പദ്ധതികൾ ഇനിയും ആവിഷ്കരിച്ചിട്ടില്ല.
4. ശാസ്ത്രീയമായി കൃഷി രീതികളെക്കുറിച്ച് അറിവില്ലായ്മ
5. സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള ജലവിഭവങ്ങളുടെ പരിപാലനത്തിൽ വരുന്ന വീഴ്ചകൾ.
6. പാട ശേഖരങ്ങളിൽ മതിയായ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം.

7. ലഭ്യമാകുന്ന അധികജലത്തെ സംഭരിക്കാൻ അപര്യാപ്തമായ സംഭരണ ഘടനകൾ.
8. മണ്ണൊലിപ്പിൽ നിന്നും വരൾച്ചകളിൽ നിന്നും നിലവിലുള്ള കൃഷിഭൂമികൾ ശരിയായ വിധം സംരക്ഷിക്കുന്നതിനുള്ള മണ്ണ് ജല സംരക്ഷണ പദ്ധതികളുടെ അഭാവം.
9. ജലദൗർലഭ്യം കൊണ്ടും നഗരവൽക്കരണം കൊണ്ടും നഷ്ടമാകുന്ന ഭൂവിനിയോഗം സംരക്ഷിക്കുന്നതിനുള്ള പദ്ധതികളുടെ അഭാവം.
10. അമിതമായ ചൂഷണത്തിന്റെ ഫലമായി ഭൂഗർഭജലത്തിന്റെ അളവിൽ വരുന്ന അപചയം.
11. നീർചാലുകളിലേക്ക് ഫാക്ടറികളിൽ നിന്നും മറ്റും പുറം തള്ളുന്ന വിഷാംശം കലർന്ന മാലിന്യങ്ങൾ.
12. പരിസ്ഥിതി പരിഗണിക്കാതെയുള്ള വ്യവസായവൽക്കരണം.
13. സാമൂഹ്യവും സാമ്പത്തികവുമായ കാരണങ്ങളാൽ ജനങ്ങളിൽ പ്രകടമാവുന്ന അലംഭാവം.
14. അധിക ജലം ഒഴുക്കി വിടുന്നതിനുള്ള മാർഗ്ഗങ്ങളുടെ അഭാവം മൂലമുണ്ടാകുന്ന വെള്ളക്കെട്ട്.
15. മണ്ണിന്റെ ഫലഭ്രയിഷ്ടത, ഓരു വെള്ളം, അമ്ലത, ക്ഷാരത്വം തുടങ്ങിയ പ്രശ്നങ്ങൾ.

പരിണിത ഫലങ്ങൾ

ഭൂവിഭവങ്ങൾക്കു നാശം സംഭവിക്കുന്നതു മൂലമുണ്ടാകുന്ന ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ താഴെ ചേർക്കുന്നു.

1. മണ്ണും അതിലെ ഫലഭ്രയിഷ്ടതയും നഷ്ടപ്പെടുന്നു.
2. വെള്ളത്തിന്റെ ലഭ്യതയും ഗുണവും കുറയുകയും ജലസ്രോതസ്സുകൾ നശിക്കുകയും ചെയ്യുന്നു.
3. സസ്യ സമ്പത്ത് ദുർബ്ബലമാകുന്നു.
4. ഭൂമിയുടെ ഉൽപ്പാദന ക്ഷമത കുറയുകയും അതുമൂലം കൃഷി, വനം, പുൽമേടുകൾ, ഉദ്യാന/ഫല/വൃക്ഷ/നാണ്യവിളകൾ എന്നിവയിൽ നിന്നുള്ള ഉൽപ്പാദനം കുറയുകയും ചെയ്യുന്നു.
5. പരിസ്ഥിതി സന്തുലനം നഷ്ടപ്പെടുന്നു.
6. ജലസംഭരണികളിലും ജലാശയങ്ങളിലും നദികളിലും താഴ്വരകളിലും മണ്ണിടിയുന്നു.
7. അടിക്കടി വരൾച്ചയും വെള്ളപൊക്കവും ഉണ്ടാകുന്നതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടുന്നു.

നീർമറി പ്രദേശ വികസനം നിലവിലെ അവസ്ഥ

ഒരു നീർത്തടം പ്രതിനിധീകരിക്കുന്നത് എല്ലാ അരുവികളും അതിലേക്ക് വന്നു ചേരുന്ന കൈ വഴികളും ചേർന്ന് പൊതുവായ ഒരു ചാനലിൽ എത്തി ചേരുന്ന പ്രദേശത്തെയാണ്. ഒരു നീർത്തട പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ ലഭ്യമായ മണ്ണ്, ജലം, ജൈവ സമ്പത്ത് എന്നീ വിഭവങ്ങളുടെ യുക്തിസഹവും സന്തുലിതവുമായ പരിപാലനവും ഉപയോഗവും ആ നീർത്തടത്തിനുള്ളിൽ ഒരു സ്ഥായിയായ ഉത്പ്പാദന നിരക്കിനും സാഹചര്യം ഒരുക്കുന്ന അവസ്ഥയാണ് നീർത്തട വികസനം എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത്. മണ്ണും ജലവും ജൈവ വ്യവസ്ഥകളും പൂരകമായ ഒരവസ്ഥയിൽ വർത്തിക്കുന്ന പ്രകൃത്യാ ഉള്ള ഒരു സ്ഥല ജല മാത്രയാണ് നീർത്തട പ്രദേശം.

നീർത്തട പ്രവർത്തനവും – നിയന്ത്രിക്കുന്ന ഘടകങ്ങളും

അതിർത്തിക്കുള്ളിൽ ലഭ്യമായ മഴയെ സ്വീകരിക്കുന്നതും മഴവെള്ളത്തെ ഉപരിതല പ്രവാഹമായി നീർത്തട പ്രദേശത്ത് ഒഴുക്കി വലുതും ചെറുതുമായ നീർച്ചാലുകൾ ഉൾപ്പെടുന്ന വിപുലമായ ഒരു വ്യവസ്ഥയിലൂടെ പ്രവഹിപ്പിച്ച് പൊതു ബഹിർഗമനഭാഗത്ത് എത്തിക്കുന്നതാണ് നീർത്തടദൗത്യം. ഈ പ്രവർത്തനങ്ങളെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഏതൊക്കെയെന്നു നോക്കാം. അനുവർത്തിക്കുന്ന ഭൂവിനിയോഗ രീതിയും പരിപാലനക്രമങ്ങളും നീർത്തട പ്രവർത്തനങ്ങളിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്നു.

ജില്ലയിലെ നീർമറികൾ

മലപ്പുറം ജില്ലയിലെ 5 നദികളുടെ നദീതടങ്ങളെ ആധാരമാക്കി സംസ്ഥാന ഭൂവിനിയോഗ ബോർഡ് 708 എണ്ണം സൂക്ഷ്മ നീർമറികളെ രേഖപ്പെടുത്തിയിട്ടുണ്ട്.

പട്ടിക 4.1.2.6 : നീർതടങ്ങളുടെ വിശദാംശങ്ങളും ക്യാച്ച്മെന്റ് ഏരിയയും

ക്രമ നമ്പർ	ആസ്ഥാന നദി	ചെറു നീർത്തടങ്ങളുടെ എണ്ണം	ചെറു നീർത്തടങ്ങളുടെ വിസ്തീർണ്ണം (ഹെ)
1	ചാലിയാർ പുഴ	349	1705.851
2	കടലുണ്ടി പുഴ	205	1176.47
3	ഭാരതപുഴ	68	366.3742
4	തിരൂർ പുഴ	47	142.081
5	കാഞ്ഞിരമുക്ക് പുഴ	39	163.6873
മൊത്തം		708	3554.46

അവലംബം : ജില്ലാ ജലസേചന പദ്ധതി , മലപ്പുറം-2016

മുൻഗണന നൽകേണ്ട നീർമറി പ്രദേശങ്ങളുടെ വിവരണങ്ങൾ

മലപ്പുറം ജില്ലയിൽ നദീ തടങ്ങളുടെ ഭാഗമായി 488 സൂക്ഷ്മ നീർത്തടങ്ങളുണ്ട്. മണ്ണിന്റെ സ്വഭാവം, ഭൂപ്രകൃതി, ജലലഭ്യത, കാലാവസ്ഥ, സാമൂഹ്യ സാമ്പത്തിക സ്ഥിതി, എന്നിവ അടിസ്ഥാനമാക്കി ഈ നീർത്തടങ്ങളെ മുൻഗണനാ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം വർഗ്ഗീകരിച്ചിട്ടുണ്ട്.

പട്ടിക 4.1.2.7 : ജില്ലയിലെ നീർത്തടങ്ങളെ മുൻഗണനാടിസ്ഥാനത്തിലുള്ള വർഗ്ഗീകരണം

മുൻഗണനാ ഗ്രൂപ്പ്	നീർത്തടങ്ങളുടെ എണ്ണം	നീർത്തടങ്ങളുടെ വിസ്തീർണ്ണം (ഹെ)	ശതമാനം
ഉയർന്ന മുൻഗണന	118	592.41	16.67
ഇടത്തരം മുൻഗണന	390	1957.96	55.08
താഴ്ന്ന മുൻഗണന	200	1004.08	28.25
ആകെ	708	3554.46	100.00

അവലംബം : ജില്ലാ ജലസേചന പദ്ധതി , മലപ്പുറം-2016

ചിത്രം 4.1.2.5 : മലപ്പുറം ജില്ലയിലെ നീർത്തടങ്ങൾ



അവലംബം: ജില്ലാ മണ്ണ് പര്യവേഷണ ഓഫീസ് , മലപ്പുറം

മലപ്പുറം ജില്ലയുടെ വിവിധ ബ്ലോക്കുകളിൽ നീർത്തടങ്ങളുടെ ലിസ്റ്റ് അനുബന്ധം 4.1.2.3 ആയി ചേർത്തിട്ടുണ്ട്.

ചിത്രം 4.1.2.6 പരിപാലിക്കപ്പെട്ടതും സംരക്ഷിക്കപ്പെടേണ്ടതുമായ നീർത്തടങ്ങൾ



അവലംബം: ജില്ലാ മണ്ണ് സംരക്ഷണ ഓഫീസ്, മലപ്പുറം

പ്രശ്ന പരിഹാര സാധ്യതകൾ

നീർത്തട പരിപാലനം : പ്രകൃതി വിഭവ സംരക്ഷണത്തിന് ഏറ്റവും അനുയോജ്യമായ മാതൃക നീർത്തടാധിഷ്ഠിതമായ പരിപാലനമാണെന്ന് ശാസ്ത്രീയമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. മഴ ഒട്ടും നഷ്ടപ്പെടുത്താതെ മണ്ണിൽ പിടിച്ചു വയ്ക്കാനും മണ്ണും ജൈവ വൈവിധ്യവും സംരക്ഷിക്കാനും നീർത്തടാധിഷ്ഠിത മണ്ണ് ജല പരിപാലനം മാത്രമാണ് പോംവഴി. നീർത്തട വികസന പ്രവർത്തനങ്ങളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നത് കൃഷി ഭൂമികളിലെ ജലസംരക്ഷണ പ്രവർത്തനങ്ങൾ, സംരക്ഷണ കൃഷി മുറകൾ, നീർചാൽ സംരക്ഷണ മാർഗ്ഗങ്ങൾ, മഴവെള്ള സംഭരണം എന്നിവയാണ്.മഴക്കാലത്ത് കിട്ടുന്ന ജലം വേനൽ കാലത്തേക്ക് ശേഖരിച്ചു വയ്ക്കുന്നതിന് ഏറ്റവും ഉത്തമമായ സംഭരണി മണ്ണ് തന്നെയാണ്. ഭൂമിയുടെ ചെരിവും മണ്ണിന്റെ സ്വഭാവവും അനുസരിച്ച് ഉൾക്കൊള്ളാവുന്നത്ര മഴവെള്ളം വീണിടത്തു തന്നെ സംഭരിക്കുക എന്നതാണ് ലക്ഷ്യം.

1. വാട്ടർഷെഡിനുള്ളിൽ ലഭ്യമായ പ്രകൃതി വിഭവങ്ങളെ ശാസ്ത്രീയമായി പരിപാലിക്കുകയും വിനിയോഗിക്കുകയും ചെയ്തുകൊണ്ട് സ്ഥായിയായ ഉൽപ്പാദന ക്ഷമത പുലർത്തുന്ന ഒരു ജൈവ വ്യൂഹം കരുപിടിപ്പിക്കുക.
2. വർദ്ധിതവും സുസ്ഥിരവുമായ കാർഷികോൽപാദന ക്ഷമത നിലനിർത്തുകയും, ഭക്ഷ്യോൽപ്പന്നങ്ങൾ, കാലിത്തീറ്റ, ജലം ഇന്ധനം എന്നിവയുടെ നിരന്തരമായ ലഭ്യത ഉറപ്പ് വരുത്തുകയും ചെയ്യുക.
3. ഗ്രാമീണ ജന വിഭാഗങ്ങൾക്ക് – ചെറുകിട, നാമമാത്ര കർഷക തൊഴലാളികൾ, കൈ തൊഴിലുകളിലേർപ്പെട്ടിരിക്കുന്നവർ, വിദഗ്ധ തൊഴിലാളികൾ എന്നിവർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.
4. പരിസ്ഥിതിയെ പുനരുദ്ധരിക്കുക.
5. മണ്ണ് ജല സംരക്ഷണ പ്രവർത്തികൾക്ക് ഊന്നൽ നൽകി സുസ്ഥിര വികസനത്തിനുപയുക്തമായ വിധത്തിൽ ഭൂവിഭാഗങ്ങളെ സജ്ജീകരിക്കുക
6. ജലസംഭരണികളേയും ജലാശയങ്ങളെയും നദികളേയും സംരക്ഷിക്കുക
7. ജനങ്ങളുടെ ക്ഷേമത്തിനും സാമൂഹ്യ നീതിക്കും ഏറ്റവും യോജിച്ച ഉൽപ്പാദന വ്യവസ്ഥകൾ ആവിഷ്കരിക്കുക.

നീർത്തടാധിഷ്ഠിത വികസനം

ഒരേ സമയം ഉൽപാദന വർദ്ധനവ് കൈവരിക്കുക, പ്രകൃതി വിഭവങ്ങളെ സംരക്ഷിക്കുക എന്നീ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ഉതകുന്ന ഒരേ ഒരു മാർഗ്ഗം നീർത്തിടാധിഷ്ഠിത വികസന സമീപനമാണ്. പ്രാദേശിക നീർത്തടങ്ങളെ കണ്ടെത്തുന്നതിനും അതിൻപ്രകാരമുള്ള പദ്ധതി രൂപീകരണത്തിനും അവലംബിക്കേണ്ട മാർഗ്ഗങ്ങൾ താഴെ പറയും പ്രകാരമാണ്.

1. ഓരോ പ്രദേശത്തുമുള്ള നീർത്തടങ്ങളെ കണ്ടെത്തി വേർതിരിച്ച് കോഡ് നമ്പർ കൊടുക്കുകയും അതനുസരിച്ചുള്ള കമ്പ്യൂട്ടർ ഫോർമാറ്റും മാപ്പിംഗ് യൂണിറ്റും തയ്യാറാക്കൽ.
2. നീർത്തടാടിസ്ഥാനത്തിലുള്ള വിവര ശേഖരണവും നിലവിലുള്ള വിഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള കണ്ടെത്തലുകളും.
3. ടോപോഗ്രാഫിക്കൽ സർവ്വെ.
4. കാലാവസ്ഥ പാരാമീറ്റേർസ് അനുസരിച്ചുള്ള വിവര ശേഖരണം.
5. ഭൂവിനിയോഗത്തിന്റെയും ജലസേചനം നടത്താവുന്ന സ്ഥലങ്ങളെ കുറിച്ചുള്ള വർഗ്ഗീകരണത്തിനും വേണ്ടി വിശദമായ മണ്ണ് പര്യവേഷണവും അതിന്റെ ഭൂപടങ്ങളും തയ്യാറാക്കുക.
6. വിവിധ തരം സസ്യ വിഭാഗങ്ങളുടെ വിതരണത്തെ കുറിച്ച് മനസ്സിലാക്കുന്നതിന് ഉതകുന്ന ഭൂവിനിയോഗ സർവ്വെ.
7. ഭൗമോപരിതലത്തിലും അതിന് താഴെയും ജലലഭ്യതയുടെ സാധ്യത കണ്ടെത്താനുള്ള ഹൈഡ്രോളജിക്കൽ സർവ്വെ നടത്തുക.
8. സാമൂഹിക സാമ്പത്തിക സർവ്വെ.
9. പ്രാദേശിക പങ്കാളിത്ത വിശകലന രീതി.
10. നിലവിൽ ലഭ്യമായ വിവരങ്ങളുടെ വിശകലനത്തിലൂടെ നീർത്തടത്തിന്റെ ഉൽപ്പാദന ക്ഷമതയും വികസന സാധ്യതയും, മാനുഷിക വിഭവങ്ങളുടെ സാധ്യതയും കണക്കാക്കുക.
11. വിവിധ മേഖലകളിലുള്ള ഗവേഷണ കണ്ടെത്തലുകളെ അടിസ്ഥാനമാക്കി സമഗ്ര വികസനത്തിനുള്ള എല്ലാ സാധ്യതകളും കണക്കിലെടുത്തുകൊണ്ട് വിഭവാസൂത്രണം. ഓരോ കൈവശഭൂമിക്കും അനുയോജ്യമായ ഇടപെടലുകൾ മൻഗണനാടിസ്ഥാനത്തിൽ തയ്യാറാക്കുക.

പട്ടിക 4.1.2.8 : മണ്ണ് ജല സംരക്ഷണ പ്രവർത്തന മാർഗ്ഗങ്ങൾ

കാർഷിക രീതികൾ	യാന്ത്രിക രീതികൾ
1. കോണ്ടൂർ കൃഷി രീതി 2. പുതയിടൽ 3. ഇടവരി കൃഷി 4. മിശ്രിത കൃഷി രീതി 5. ഇടവിള കൃഷി രീതി 6. ബഹുതല കൃഷി 7. ആവരണ വിളകൾ 8. തൊണ്ടു പാകൽ 9. പുൽ കൃഷി 10. കയർ പായ സംരക്ഷണം 11. തരിശ് നിരയിടൽ 12. വിള പരിവർത്തനം 13. സീറോ വില്ലേജ് 14. കാർഷിക വനവൽക്കരണം 15. ജൈവവേലി നിർമ്മാണം	1. മൺ വരമ്പുകൾ 2. കല്ലുകയ്യാലകൾ 3. ചരിവോടു കൂടിയ വരമ്പുകൾ 4. തട്ടം തിരിക്കൽ 5. കോണ്ടൂർ ചാലുകൾ/ഇടവിട്ട ചാലുകൾ 6. തെങ്ങിൻ തടങ്ങൾ/വൃക്ഷതടങ്ങൾ 7. മഴക്കുഴികൾ 8. മഴവെള്ള സംഭരണികൾ മേൽക്കൂര മഴ വെള്ള സംരക്ഷണം (കിണറിലേക്ക്) മേൽക്കൂര മഴ വെള്ള സംരക്ഷണം (ടാങ്ക് നിർമ്മിച്ച്)
നീർച്ചാലുകളുടെ സംരക്ഷണ മാർഗ്ഗങ്ങൾ ചെക്ക് ഡാമുകൾ	ഉരുൾപൊട്ടൽ മേഖലയിലേക്കുള്ള സംരക്ഷണ മാർഗ്ഗങ്ങൾ

1. ജൈവ തടയണ 2. പാഴ് വസ്തു തടയണ 3. കാട്ടു കല്ല് തടയണ 4. സിമന്റ് തടയണ 5. വി.സി.ബി.കൾ	1. ചരിവോടു കൂടിയ തട്ടുകൾ 2. കയർ, ഭൂവസ്ത്ര വിനിയോഗം 3. ഗതിമാറ്റി ഒഴുകുന്ന ചാലുകൾ 4. പാർശ്വഭിത്തികൾ 5. കാർഷിക വനവൽക്കരണം 6. വാറ്റ് ലിംഗ്

അവലംബം : ജില്ലാ മണ്ണ് സംരക്ഷണ ഓഫീസ്, മലപ്പുറം

വികസന പരിപ്രേക്ഷ്യം – ദീർഘകാല ലക്ഷ്യങ്ങൾ

1. കാർഷിക വിള വർദ്ധനവ് പരിസ്ഥിതി സംരക്ഷിച്ചു കൊണ്ട് ആ നീർത്തടത്തിലെ ജനങ്ങളുടെ വികസനം സാധ്യമാക്കുകയാണ് ലക്ഷ്യം. ഇതിനായി ഓരോ തുണ്ട് ഭൂമിയേയും ഒരു ഉൽപ്പാദന യൂണിറ്റായി കണക്കാക്കി ആ ഭൂമിയുടെ ഉൽപ്പാദനം കണ്ടെത്തണം. അതീവ പരിരക്ഷ ആവശ്യമുള്ള തിരഞ്ഞെടുത്ത നദീതടത്തിൽ സമഗ്രമായ ഏകോപന സംയോജന സാധ്യതകൾ പ്രയോജനപ്പെടുത്തി ലഭ്യമായ മണ്ണിനേയും ജലത്തേയും പരമാവധി ഉപയോഗപ്പെടുത്തി ഉൽപ്പാദന മികവ് ലക്ഷ്യമാക്കുന്ന രീതി അവംലബിച്ച് കാർഷിക വിള വർദ്ധനവ് സാധ്യമാക്കും.
2. ഓരോ തുണ്ട് ഭൂമിയിലും പെയ്യു വീഴുന്ന മഴവെള്ളം അവിടെതന്നെ സംരക്ഷിക്കുന്നതിനുള്ള ജൈവ ഇടപെടലുകളും നിർമ്മാണ പ്രവർത്തനങ്ങളും കണ്ടെത്തുകയും പരമാവധി ആ പ്രദേശത്തു തന്നെ ലഭിക്കുന്നതിനു വേണ്ടി പാഴ്ചടികൾ, കാട്ടുകല്ലുകൾ, തുടങ്ങിയ നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ചു കൊണ്ടും കൃഷി യോഗ്യമായതും അല്ലാത്തതുമായ സ്ഥലങ്ങളിൽ എഞ്ചിനീയറിംഗ് പ്രവർത്തികൾ ഉപയോഗിച്ചും പെയ്യു വീഴുന്ന മഴവെള്ളം അവിടെ തന്നെ സംരക്ഷിച്ച് ജില്ലയുടെ ഭൂഗർഭ ജലവിതാനം ഉയർത്തി ജലലഭ്യത ഉറപ്പാക്കും .
3. മലനാട്, ഇടനാട് തീരപ്രദേശം എന്നീ വിവിധ ഭൂപ്രകൃതി വിഭാഗങ്ങൾക്കും വിവിധ കാർഷിക കാലാവസ്ഥ മേഖലകൾക്കും വ്യത്യസ്തമായ ഇടപെടലുകൾ തിരഞ്ഞെടുക്കും. ജൈവവേലി, കാവുകളുടെ സംരക്ഷണം, പുതയിടൽ, ആവരണ വിളകൾ, കോണ്ടൂർ തടകൾ, തോടുകളുടെയും പുഴകളുടെയും അരിക് സംരക്ഷണം, സമ്മിശ്ര ബഹുതല കൃഷി, കണ്ടൽകാടുകളുടെ സംരക്ഷണം, കാറ്റിന്റെ വേഗത പ്രതിരോധിക്കുന്ന മരങ്ങൾ നട്ടുവളർത്തൽ എന്നിവ പ്രോത്സാഹിപ്പിച്ച് ജൈവ സമ്പത്ത് പുഷ്ടിപ്പെടുത്തും.
4. മണ്ണ് ജല പ്രവർത്തനങ്ങളുടെ നടത്തിപ്പിലേക്ക് തികച്ചും ന്യായമായതും, വിഭവങ്ങളുടെ ശോഷണം കുറച്ച് ഭാവി തലമുറയ്ക്ക് അവ കൈമാറുന്ന രീതികളും കൈകൊള്ളണം
5. മുൻഗണനാടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത നീർത്തടങ്ങളിൽ സമഗ്ര വികസന കാഴ്ചപാടോടു കൂടി മാത്രമായിരിക്കണം മണ്ണ് ജല സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നത്. മണ്ണ് ജല സമ്പത്തിനെ പരമാവധി ഉപയോഗപ്പെടുത്തി കൊണ്ട് കൂടുതൽ ഉൽപ്പാദനക്ഷമത കൈവരിക്കുന്ന തരത്തിൽ സമഗ്രമായ പ്രവൃത്തികൾ നടപ്പിലാക്കും.
6. കുന്നിൻ മുകൾ പ്രദേശം മുതൽ താഴ്വര വരെയുള്ള സമീപനം അവലംബിക്കും.
7. ആവശ്യാധിഷ്ഠിത ഇടപെടൽ, തുല്യത, നീതി, പട്ടികജാതി-പട്ടിക വർഗ്ഗങ്ങളുടെ ക്ഷേമം ഉറപ്പ് വരുത്തും.
8. ജൈവ-വൈവിധ്യം, ജൈവ സംരക്ഷണം ഉറപ്പു വരുത്തുകയും കാർഷിക മേഖല പുനർജീവനം സാധ്യമാക്കും.
9. ഭാഗിക ഗുരുതരമായ ഭൂജല ശേഖരമുള്ള കൊണ്ടോട്ടി, തിരൂരങ്ങാടി, താനൂർ ബ്ലോക്കുകളിൽ ജലസംരക്ഷണം ഉറപ്പുവരുത്തി ജലവിതാനം സുരക്ഷിതമാക്കും.
10. ഉരുൾ പൊട്ടൽ അനുഭവപ്പെടുന്ന ഊർങ്ങാട്ടിരി, വഴിക്കടവ്, കാളികാവ്, കരുവാരകുണ്ട് പഞ്ചായത്തുകളിൽ അനുയോജ്യമായ ഉരുൾപൊട്ടൽ നിവാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കും.
11. പുഴകളിലേക്കുള്ള നീരൊഴുക്ക് ഉറപ്പാക്കി പുഴകളെ മാലിന്യമുക്തമാക്കും.
12. ജല ലഭ്യത കൂട്ടുന്നതു വഴി കാർഷിക ജലസേചന സൗകര്യം വർദ്ധിപ്പിക്കുകയും പഞ്ചായത്തുകളിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുകയും ചെയ്യും.
13. അനിയന്ത്രിതമായ പാറപൊട്ടിക്കലും കുന്നിടിക്കലും കൂടുതൽ കർശന നിയമങ്ങളും പിഴകളും ഉപയോഗിച്ച് ഇല്ലാതാക്കും.

14. സ്വകാര്യ വ്യക്തികളുടേതടക്കം ജലസംഭരണികൾ പുനരുദ്ധാരണം ചെയ്ത് ജില്ലയെ ജല സംപുഷ്ടമാക്കും.
15. മണ്ണ് ആരോഗ്യ കാർഡുകൾ കർഷകർക്ക് ലഭ്യമാക്കി മണ്ണിന്റെ ഫലഭ്രയിഷ്ടതയേയും കോട്ടങ്ങളേയും കുറിച്ച് കർഷകരെ ബോധവാൻമാരാക്കി ശാസ്ത്രീയ വളപ്രയോഗം പ്രോത്സാഹിപ്പിക്കുക.
16. അമിത രാസവള പ്രയോഗത്തിനു പകരം ജൈവ വള പ്രയോഗം പ്രോത്സാഹിപ്പിച്ച് മണ്ണിന്റെ ജീവൻ വീണ്ടെടുക്കും.
17. അടിസ്ഥാന സൗകര്യ വർദ്ധനവ്, വെള്ളക്കെട്ട് നിർമ്മാർജ്ജനം എന്നിവ സാധ്യമാക്കി നെൽകൃഷി വ്യാപിപ്പിക്കും.

അഞ്ച് വർഷത്തിനുള്ളിൽ നടപ്പിലാക്കുന്ന പദ്ധതികൾ

1. നിലവിൽ നടന്നു കൊണ്ടിരിക്കുന്ന ആർ.ഐ.ഡി.എഫ് നീർത്തടങ്ങളുടെയും പശ്ചിമഘട്ട വികസ പദ്ധതി നീർത്തടങ്ങളെയും പൂർത്തീകരിക്കണം.
2. അതീവ ഗുരുതരമായി മണ്ണൊലിപ്പ് അനുഭവപ്പെടുന്നതും പരിരക്ഷ ആവശ്യമുള്ളതുമായ നീർത്തടങ്ങളിൽ മുൻഗണനാ ക്രമത്തിലുള്ള പ്രവർത്തനങ്ങൾ.
3. നെല്ലുൽപ്പാദനം മെച്ചപ്പെടുത്തുന്നതിലേക്കും നെൽ വയലുകൾ സംരക്ഷിക്കുന്നതിനും പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ.
4. സമൂഹത്തിൽ പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന പട്ടിക വർഗ്ഗ വിഭാഗം ഊരുകളിൽ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ.
5. ഒലിപ്പുഴ, ചെറുപുഴ, തിരുർ പുഴ, പുനർജീവനി പ്രവർത്തനങ്ങൾ.
6. മേൽക്കൂരകളിലും പറമ്പുകളിലും ലഭിക്കുന്ന മഴവെള്ളം, കിണർ, കുളങ്ങൾ, തുടങ്ങിയ ജല സംഭരണികൾ റീചാർജ്ജ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഊർജ്ജിതപ്പെടുത്താനുള്ള പദ്ധതികൾ.
7. ഉരുൾപൊട്ടൽ ബാധിത പ്രദേശസംരക്ഷണം.
8. 10000 ഹെക്ടർ പ്രദേശത്ത് അടുത്ത അഞ്ച് വർഷത്തിനകം മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ.
9. 5000 ഹെക്ടർ നെൽവയൽ സംരക്ഷിക്കുന്നതിനായി നെൽവയലുകളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ.
10. മണ്ണ് ജല അവബോധവും ജലസാക്ഷരതയും ജനങ്ങളിൽ വർദ്ധിപ്പിച്ച് സാമൂഹ്യ പ്രതിബദ്ധത ഉറപ്പാക്കുക.

പദ്ധതി നടപ്പിലാക്കിയ വാട്ടർ ഷെഡുകളുടെ ലിസ്റ്റ് അനുബന്ധം 4.1.2.4 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അഞ്ചു വർഷത്തിനുള്ളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

മണ്ണ് പര്യവേഷണം

1. 2017-18 സാമ്പത്തിക വർഷത്തിൽ വണ്ടൂർ, കരുളായി, മമ്പാട്, എന്നീ പഞ്ചായത്തുകളിലും മഞ്ചേരി മുനിസിപ്പാലിറ്റിയിലും അടക്കം 14400 ഹെക്ടർ സ്ഥലത്ത് മണ്ണ പര്യവേഷണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതാണ്.
2. വില്ലേജ് മാപ്പുകളുടെ അടിസ്ഥാനത്തിൽ ഓരോ പഞ്ചായത്തിലും വിശദമായ മണ്ണ പര്യവേഷണ റിപ്പോർട്ടുകൾ മലയാളത്തിൽ തയ്യാറാക്കുന്ന ഈ റിപ്പോർട്ടിൽ ഓരോ പ്രദേശത്തിന്റെയും മണ്ണിനങ്ങളുടെ വിസ്തൃതി, അവയുടെ പരിമിതികൾ, ഭൂവിനിയോഗ ക്ഷമത, വിള അനുയോജ്യത, ഭൂപരിപാലന ആവശ്യകത എന്നിവ രേഖപ്പെടുത്തി ഭൂപടങ്ങൾ ഉൾപ്പെടുത്തുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ അങ്ങാടിപുറം, ഊർങ്ങാട്ടിരി, ആലിപ്പറമ്പ്, കീഴാറ്റൂർ, പൂക്കോട്ടൂർ, വണ്ടൂർ, അമരമ്പലം, എന്നീ പഞ്ചായത്തുകളുടെ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതാണ്.
3. ഓരോ പ്രദേശത്തിന്റെയും നെൽവയലുകളുടെ പ്രത്യേകത വില്ലേജ് മാപ്പുകളിൽ അടയാളപ്പെടുത്തി നികത്തിയതും കൃഷിചെയ്യുന്നതുമായ സ്ഥലങ്ങളുടെ വിവരം പ്രത്യേകം ഭൂപടത്തിൽ തയ്യാറാക്കുക.

4. ജലാശയങ്ങളുടെയും കുളങ്ങളുടെയും ഡാറ്റ ബാങ്ക് ജി.ഐ.എസ്. അടിസ്ഥാനത്തിൽ നിർമ്മിക്കുക.
5. ഓരോ പഞ്ചായത്തിലും കർഷകരുടെ കൃഷിയിടങ്ങളിൽ നിന്നും മണ്ണ് സാമ്പിളുകൾ ശേഖരിച്ച് അവയുടെ രാസഭൗതിക സ്വഭാവങ്ങൾ, സൂക്ഷ്മ മൂലകങ്ങൾ എന്നിവ കൃഷിക്ക് അനുയോജ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ സോയിൽ ഹെൽത്ത് കാർഡ് രൂപത്തിൽ നൽകുക. 10 പഞ്ചായത്തുകളിലായി 60000 സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുന്നതിനാണ് ഈ വർഷം ലക്ഷ്യമിടുന്നത്.
6. കർഷകർക്കും സ്കൂൾ കുട്ടികൾക്കും മണ്ണ്, ജല സംരക്ഷണത്തെക്കുറിച്ചും പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചും അവബോധ ക്ലാസ്സുകൾ നടത്തുക.
7. കർഷകരിൽ ശാസ്ത്രീയ രീതിയിൽ വളപ്രയോഗം നടത്തി കൃഷി ചെയ്യേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി കൊടുക്കുന്നതിനും മണ്ണ് പരിശോധനയുടെ പ്രാധാന്യത്തെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനും ഓരോ പ്രദേശത്തും ഡെമോൺസ്ട്രേഷൻ പ്ലോട്ട് തിരഞ്ഞെടുക്കുക.

ചെറുപുഴ നീർത്തടം

താഴെക്കോട് പഞ്ചായത്തിലെ കൊടികുത്തിമലയിൽ നിന്നും ഉത്ഭവിച്ച് പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി, അങ്ങാടിപ്പുറം, പുഴക്കാട്ടിരി, കുറുവ, മക്കരപറമ്പ്, കൂട്ടിലങ്ങാടി പഞ്ചായത്തുകളിൽ കൂടി ഒഴുകി കൂട്ടിലങ്ങാടിയിൽ വെച്ച് കടലുണ്ടിപ്പുഴയിൽ പതിക്കുന്നു. 10^0 56′ 43.7″,11 02′ 53.4″ വടക്ക് അക്ഷാംശത്തിനും 76 05′ 49″, 76 17′ 33″ കിഴക്ക് രേഖാംശത്തിനും ഇടയിലാണ് ചെറുപുഴത്തോട് നീർത്തടത്തിന്റെ സ്ഥാനം. ഈ നീർത്തടത്തിലെ ഏറ്റവും ഉയർന്ന ഭാഗം 544 മീറ്റർ (MSL) വരുന്ന കൊടികുത്തിമലയും ആണ്.

കൊടികുത്തിമലയിൽ നിന്നും ഉത്ഭവിക്കുന്ന ചെറുതോടുകൾ, മണ്ണാർമല തോട്, മുള്ളിയാകുറിശ്ശി തോട്, കുതിരപ്പാലം തോട്, പാതായിക്കരതോട്, കൊട്ടുവാട് തോട്, കടുങ്ങപുരം തോട്, വടക്കാങ്ങര വലിയ തോട് എന്നിവയാണ് ചെറുപുഴ തോടിൽ വന്നു ചേരുന്ന പ്രധാന കൈത്തോടുകൾ.

ചെറുപുഴ നീർത്തടത്തിലെ മണ്ണിന്റെ പ്രത്യേകതകൾ

ഇടപ്രദേശം

അങ്ങാടിപ്പുറം, മാന്നാംകുളം, കൂട്ടിൽ, പഴമല്ലൂർ ശ്രേണിയിൽപ്പെട്ട മണ്ണുകൾ ആണ് ചെറുപുഴയുടെ ഇടപ്രദേശങ്ങളിൽ കാണപ്പെടുന്നത്. ഇവയിൽ മാന്നാംകുളം, കൂട്ടിൽ ശ്രേണിയിൽപ്പെട്ട മണ്ണുകൾ വളരെ ആഴമുള്ളതും (100–150 സെ.മീ.) കടുത്ത നിറത്തിലും ഇളം മഞ്ഞകലർന്ന് ചുവപ്പ് നിറത്തിലും കാണപ്പെടുന്നവയാണ്. വളരെ ചെരിവുകൂടിയ പ്രദേശങ്ങളിൽ കണപ്പെടുന്ന ഈ മണ്ണിൽ അമ്ലത്വം കൂടുതലാണ്. (4.5–5.4). ഈ മണ്ണിനങ്ങൾ നല്ല നീർവാർച്ചയുള്ളതും പോഷകമൂലകങ്ങളുടെ ആഗിരണശേഷി കൂടുതൽ ഉള്ളവയുമാണ്. ചരൽ കൂടുതൽ കാണപ്പെടുന്ന ഈ വെട്ടുകല്ല് മണ്ണിൽ തെങ്ങ്, കമുക്, റബ്ബർ, കപ്പ, കശുമാവ് എന്നിവ ധാരാളമായി കൃഷി ചെയ്യുന്നു.

പഴമല്ലൂർ ശ്രേണിയിൽപ്പെട്ട മണ്ണിന് ആഴം കുറവും (50 സെ.മീ.) കടുത്ത ചുവപ്പ കളറും ആണ്. ഇവ ചരിവു കൂടിയ പ്രദേശങ്ങളിൽ കാണപ്പെടുന്നു. ഇവക്ക് കൂടിയ അമ്ലത്വവും (5.1) മിതമായ ഫലഭ്രയിഷ്ടിയും ആണ്. ഇരുമ്പിന്റെ അംശമുള്ള ചരലുകൾ കാണപ്പെടുന്നു. നീർവാർച്ച കൂടുതലുള്ള ഈ മണ്ണിൽ കശുമാവ് ധാരാളമായി വളരുന്നു.

താഴ്ന്ന പ്രദേശം

ചെറുപുഴയുടെ തീരങ്ങളിൽ താഴ്ന്ന പ്രദേശത്ത് കാണപ്പെടുന്ന മണ്ണിനങ്ങൾ പാങ്ങ്, രാമപുരം, വലമ്പൂർ ശ്രേണിയിൽപ്പെട്ടവയാണ്. ഇവ മഞ്ഞ കലർന്ന ചുവപ്പുനിറത്തോടു കൂടിയവയും ഉയർന്ന ജലനിരപ്പ് ഉള്ളവയും ആണ്. ചരിവു കുറഞ്ഞ് താഴ്ന്ന പ്രദേശങ്ങളിൽ കാണപ്പെടുന്ന ഈ മണ്ണിന് അമ്ലത്വവും (4.8–5.5) ചെളിയുടെ അംശവും വളരെ കൂടുതൽ ആണ്. നീർവാർച്ച കുറഞ്ഞ് വെള്ളക്കെട്ട് ഉണ്ടാകുന്ന ഈ മണ്ണ് നെൽകൃഷിക്ക് യോജിച്ചവയാണ്. ഇവയ്ക്ക് ഫലഭ്രയിഷ്ടി കുറവാണ്.

ചിത്രം 4.1.2.7 : ചെറുപുഴ നീർത്തട ഭൂപടം



അവലംബം: ജില്ലാ മണ്ണ് സംരക്ഷണ ഓഫീസ്, മലപ്പുറം

15 വർഷത്തിനുള്ളിൽ നടപ്പിലാക്കാവുന്ന പ്രവൃത്തികൾ

1. 708 വാട്ടർ നീർത്തടങ്ങളിൽ 122 നീർത്തടങ്ങളുടെ പണി വിവിധ (കേന്ദ്ര-സംസ്ഥാന) പദ്ധതികളിലായി പൂർത്തീകരിച്ചു. 14 എണ്ണത്തിൽ പ്രവർത്തനം നടക്കുന്നു ബാക്കിയുള്ള 576 നീർത്തടങ്ങളുടെ പ്രവർത്തനങ്ങൾ മുൻഗണനാ ക്രമത്തിൽ പൂർത്തിയാക്കുക.
2. വന വിസ്തൃതി വർദ്ധിപ്പിച്ചും, ശാസ്ത്രീയ വന പരിപാലനം സാധ്യമാക്കിയും കാട്ടുതീ തടഞ്ഞും പുഴയുടെ ഉത്ഭവ പ്രദേശങ്ങളിൽ ജലം കിനിഞ്ഞിറങ്ങി പുഴയുടെ നീരൊഴുക്ക് ഉറപ്പാക്കും.
3. മാലിന്യമുക്ത ചാലിയാർ,ഒലിപ്പുഴ പുനരുജ്ജീവന തുടർ പ്രവർത്തനങ്ങൾ, ചെറുപുഴ, കടലുണ്ടിപുഴ, തിരൂർ പുഴ, ഭാരതപുഴ എന്നിവയുടെ പുനർജ്ജീവനം സാധ്യമാക്കുക.
4. കാർഷികോൽപാദനം, മണ്ണ് ആരോഗ്യ കാർഡ് അടിസ്ഥാനമാക്കി പ്രാവർത്തികമാക്കുക.

നീർത്തട വികസനത്തിനു വേണ്ട സമീപനം

1. സമഗ്ര നീർത്തട വികസന പരിപാടിയെ കുറിച്ചുള്ള അവബോധം നീർത്തട സമൂഹത്തിന് നൽകുന്നതിന് ഉദ്യോഗസ്ഥർക്കും അതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ തട്ടിലുള്ള ആളുകൾക്കും പരിശീലന പരിപാടി.
2. ജൈവ - വൈവിധ്യ രജിസ്റ്റർ വിശദമായി തയ്യാറാക്കിയിട്ടുള്ള പഞ്ചായത്തുകളിൽ തെരഞ്ഞെടുത്തവയിൽ പൈലറ്റ് പ്രൊജക്ടുകൾ നടപ്പിലാക്കുക. തീരദേശം, ഇടനാട്, മലനാട് എന്നീ വിഭാഗങ്ങളിൽ ഓരോന്നും വീതമായി പൈലറ്റ് പ്രൊജക്ടുകൾ തയ്യാറാക്കുക.
3. ഗ്രണഭോക്താക്കളുടെ ഭക്ഷണം, കാലിത്തീറ്റ, ഇന്ധനം എന്നീ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പ്രദേശത്തെ ജൈവസമ്പത്ത് വർദ്ധിപ്പിക്കുക. ഉദാ- തെങ്ങിൻ തോട്ടത്തിൽ വാകമരം നടൽ.
4. ജൈവ വളങ്ങളുടെ ഉപയോഗം വർദ്ധിപ്പിച്ചു കൊണ്ട് മണ്ണിന്റെ ഘടനയിലും ഈർപ്പം നിലനിർത്തുന്നതിനുമുള്ള കഴിവ് വർദ്ധിപ്പിക്കുക.
5. പ്രകൃതിയിലുള്ള സസ്യങ്ങളും, കയർപായയും ഉപയോഗിച്ച് തോട് സംരക്ഷണവും മറ്റ് നീർച്ചാൽ സംരക്ഷണ പ്രവർത്തനങ്ങളും നടപ്പിലാക്കുക. കൈത, കണ്ടൽകാടുകൾ, മുളകൾ, ഈറ്റകൾ എന്നിവയും കയർപായയും ഇതിന് ഉപയോഗിക്കാവുന്നതാണ്.
6. കുളങ്ങളും മറ്റു ജല സംഭരണികളും നിർമ്മിക്കുന്നതിന് ജല സംരക്ഷണം വളരെ അത്യാവശ്യം വേണ്ട സ്ഥലങ്ങളിൽ മാത്രമാക്കേണ്ടതാണ്.
7. സംയോജിത രീതിയിൽ പുതിയ പ്രവർത്തനങ്ങൾ ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് നിശ്ചിത സമയ പരിധിക്കുള്ളിൽ പൂർത്തിയാക്കുന്നതിനുള്ള രൂപകൽപന ചെയ്യുക.

പ്രാദേശിക ജനങ്ങളുടെയും നേതാക്കളുടെയും സ്ഥാപനങ്ങളുടെയും പങ്കാളിത്തം ഉറപ്പുവരുത്തി കരട് രൂപരേഖ തയ്യാറാക്കി മുൻകൂട്ടി നിശ്ചയിക്കപ്പെട്ട വർക്ക്ഷോപ്പിന് മുന്നോടിയായി അവതരിപ്പിക്കുന്നതിലൂടെ സമൂഹത്തിന്റെ വിവിധ ആവശ്യങ്ങളും അഭിലാഷങ്ങളും കാര്യക്ഷമമായി റിപ്പോർട്ടിൽ ഉൾപ്പെടുത്താൻ സാധിക്കും. ഇങ്ങനെ തയ്യാറാക്കുന്ന നീർത്തടാസൂത്രണ റിപ്പോർട്ടിൽ

നീർത്തടത്തിന്റെ നടത്തിപ്പ്, സംഘാടനം, ഉദ്യോഗസ്ഥ വിന്യാസം, നിരീക്ഷണം, വിലയിരുത്തൽ, എന്നീ വശങ്ങളും ഉൾപ്പെടുത്തേണ്ടതാണ്.

4.1.3 ജലസേചനം

1969ൽ രൂപീകൃതമായതും, കേരളസംസ്ഥാനത്തിലെ പിന്നോക്ക ജില്ലകളിൽപ്പെടുന്നതുമായ ജില്ലയാണ് മലപ്പുറം. മലപ്പുറം ജില്ല ഒരു കാർഷിക ജില്ലയായാണ് അറിയപ്പെടുന്നത്. ജനസംഖ്യാ വർധനവിനനുസരിച്ച് ഭക്ഷ്യവസ്തുക്കളുടെ ആവശ്യവും വർധിക്കുമെന്നതിനാൽ ആനുപാതികമായി കാർഷിക മേഖലയും തുടർച്ചയായി വികസിച്ചു വരേണ്ടതുണ്ട്. എന്നാൽ മലപ്പുറത്തെ സംബന്ധിച്ചേടത്തോളം കൃഷി യോഗ്യമായ ഭൂവിസ്തൃതിയിൽ കാര്യമായ പുരോഗതി ദൃശ്യമായില്ല എന്നു മാത്രമല്ല, നിലവിലുള്ള കൃഷിഭൂമിയിൽ നെൽകൃഷി ഉൾപ്പടെയുള്ള ഭക്ഷ്യവസ്തുക്കളുടെ കൃഷി നാൾക്കുനാൾ കുറഞ്ഞു വരുന്നതായാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. കൂടുതൽ ലാഭകരമായ നാണ്യവിളകൾക്കായി കൃഷി ഭൂമിയെ മാറ്റിത്തീർക്കുന്ന പ്രവണതയോടൊപ്പം കൃഷി ഭൂമിയിൽ മണ്ണിട്ടു നികത്തി കെട്ടിടങ്ങൾ കെട്ടിപ്പൊക്കുന്ന അവസ്ഥയും ജില്ലയിൽ രൂക്ഷമാണ്. ഭക്ഷ്യ സാധനങ്ങൾക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്ന ദയനീയാവസ്ഥയിൽ നാം എത്തിക്കഴിഞ്ഞു. കാർഷിക രംഗത്തെ പരാശ്രിതത്വത്തെ മറികടക്കണമെങ്കിൽ ദീർഘവീക്ഷണത്തോടെയുള്ള സമഗ്രമായ ആസൂത്രണം അനിവാര്യമാണ്.

പ്രധാനമായും മഴയെ ആശ്രയിച്ചാണ് നമ്മുടെ കൃഷി നിലനിൽക്കുന്നത്. ജല ലഭ്യതയാണ് കാർഷിക മേഖലയെ സ്വാധീനിക്കുന്ന പ്രമുഖ ഘടകങ്ങളിലൊന്ന്. മലപ്പുറം ജില്ലയിൽ വൻകിട-ഇടത്തരം ജലസേചന പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. നമുക്ക് ലഭിക്കുന്ന ഇപ്പോഴത്തെ മഴയാകട്ടെ തികച്ചും അനിശ്ചിതത്വം നിറഞ്ഞതാണ്. ജില്ലയിൽ വളരെ പരിമിതമായ തോതിലേ ജലസേചന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുള്ളൂ. നെൽകൃഷിക്ക് അനുയോജ്യമായ ഭൂമിയുടെ 30 ശതമാനത്തിൽ താഴെ മാത്രമേ ജലസേചന സൗകര്യങ്ങളുടെ സേവനം ലഭിക്കുന്നുള്ളൂ. കൃഷികൾക്ക് ആവശ്യമായ വെള്ളം ആവശ്യമായ സമയങ്ങളിൽ ആവശ്യമായ അളവിൽ എത്തിച്ചു നൽകുവാനുള്ള സംവിധാനത്തെയാണ് ജലസേചനം കൊണ്ട് അർത്ഥമാക്കുന്നത്. മഴയെ മാത്രം ആശ്രയിച്ചുള്ള കൃഷി രീതിയിൽ നിന്നും ഉൽപാദനത്തിലും, ഉൽപാദന ക്ഷമതയിലും ഒരു വലിയ കുതിപ്പ് നടത്താൻ ജലസേചനത്തിലൂടെ സാധിക്കും.

ആകെ ജലസേചനം നടത്തുന്ന സ്ഥല വിസ്തൃതി 30204

ജലസേചന പദ്ധതികൾ

- നദികൾ – 5
- ലിഫ്റ്റ് ഇറിഗേഷൻ – 49
- റെഗുലേറ്റർ – 8
- കുളങ്ങൾ – 3000
- ചെക് ഡാമുകൾ – 30204

മലപ്പുറം ജില്ലയിലൂടെ ഒഴുകുന്ന പ്രധാന നദികൾ ഭാരതപ്പുഴ, ചാലിയാർ, കടലുണ്ടിപ്പുഴ, തിരൂർ പുഴ എന്നിവയും ഇവയുടെ കൈവഴികളുമാണ്. ഭാരതപ്പുഴ തമിഴ് നാട്ടിലെ ആനമലയിൽ നിന്നുൽഭവിച്ച് മലപ്പുറം-പാലക്കാട് ജില്ലാതിർത്തിയിലൂടെ ഒഴുകി പൊന്നാനിയിൽ വെച്ച് കടലിൽ ചേരുന്നു. ഭാരതപ്പുഴക്ക് 251 കിലോമീറ്റർ നീളമുണ്ട്. ശുതപ്പുഴയാണ് ജില്ലയിലെ ഭാരതപ്പുഴയുടെ പ്രധാന കൈവഴി. ചാലിയാറിന്റെ ഉൽഭവം തമിഴ് നാട്ടിലെ നീലഗിരി ജില്ലകളിലെ മലനിരകളിൽ നിന്നാണ്. ജില്ലയുടെ വടക്കുഭാഗത്ത് മലയോര മേഖലയോട് ചേർന്നൊഴുകി, കോഴിക്കോട് ജില്ലയിൽ പ്രവേശിച്ച് അറബിക്കടലിൽ ചേരുന്നു. 169 കിലോമീറ്ററാണ് പുഴയുടെ നീളം. ചോളാടിപ്പുഴ, ചാലിപ്പുഴ, പുന്നപ്പുഴ, പാണ്ടിയാർ, കരിമ്പുഴ, ചെറുപുഴ, കുറുമൻ പുഴ, കുതിരപ്പുഴ എന്നിവയാണ് ജില്ലയിലെ പ്രധാന കൈവഴികൾ. കടലുണ്ടിപ്പുഴക്ക് 130 കിലോമീറ്റർ നീളമുണ്ട്. ഒലിപ്പുഴ, വേളിയാർ എന്നീ ചെറുനദികൾ ചേർന്നാണ് കടലുണ്ടിപ്പുഴയാകുന്നത്. തിരൂർപ്പുഴക്ക് 48 കിലോമീറ്റർ നീളമുണ്ട്. ഈ പുഴകൾക്കും

അവയുടെ വിവിധങ്ങളായ കൈവഴികൾക്കും പുറമേ അനേകം തോടുകൾ കൊണ്ട് സമ്പന്നമാണ് മലപ്പുറം ജില്ല. ചാലിയാർ പുഴ വേനലിലും ജല സമൃഷ്ടമാണെങ്കിലും ഭാരതപ്പുഴ ഭാഗികമായും, കടലുണ്ടിപ്പുഴ പൂർണ്ണമായും നീരൊഴുക്ക് നിലക്കുന്ന അവസ്ഥയിലാണ്. വൻകിട പദ്ധതികളുടെ അസാന്നിദ്ധ്യത്തിൽ ചെറുകിട ജലസേചന പദ്ധതികളിലൂടെയും, ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളിലൂടെയുമാണ് പ്രധാനമായും ജലസേചനം സാധ്യമാകുന്നത്. നദികളിൽ ചെക്ക്ഡാമുകൾ സ്ഥാപിച്ചും, തോടുകളിൽ വി.സി.ബികൾ സ്ഥാപിച്ചും, കുളങ്ങളെ പുനരുജ്ജീവിപ്പിച്ചുമാണ് ജലസേചനത്തിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുന്നത്.

പ്രധാനമായും മലപ്പുറം ജില്ലയിൽ ജലസേചനത്തിനായി താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.

1. കുളങ്ങളുടെയും കിണറുകളുടെയും നിർമ്മാണവും പുനരുദ്ധാരണവും.
2. തോടുകൾ, പുഴകൾ എന്നിവയിൽ വിയർ, ബണ്ട്, റെഗുലേറ്റർ, ചെക്ക് ഡാമുകൾ എന്നിവ നിർമ്മിച്ച് വെള്ളം തടഞ്ഞ് നിർത്തലും കൃഷിക്ക് തിരിച്ചു വിടലും.
3. ഉപ്പുവെള്ളം കയറുന്നത് തടഞ്ഞു നിർത്തലും നീർക്കെട്ട് ഒഴിവാക്കലും.
4. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ.

ജില്ലയിലെ വിവിധ പഞ്ചായത്തുകളിലായി ആയിരത്തി അറുന്നൂറോളം പൊതു കുളങ്ങളുണ്ടെന്നാണ് സർവേയിൽ ബോധ്യപ്പെട്ടിട്ടുള്ളത്. ധാരാളം സ്വകാര്യ കുളങ്ങളും ജലസേചനത്തിന് ഉപയോഗിക്കുന്നുണ്ട്. പുഴകളിൽ നിന്നും, കുളങ്ങളിൽ നിന്നും മോട്ടോർ ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്ത് ധാരാളം കർഷകർ കൃഷി ചെയ്യുന്നുണ്ട്. സംരക്ഷണ പ്രവർത്തനങ്ങളുടെ അഭാവം മൂലം ഭൂരിഭാഗം കുളങ്ങളും നാശോന്മുഖമായ അവസ്ഥയിലാണ്. വിശദ വിവരങ്ങൾ അനുബന്ധം 4.1.3.1 ആയി ചേർത്തിരിക്കുന്നു.

1964 ൽ ആദ്യത്തെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയായ ഇരിമ്പിളിയം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി കമ്മീഷൻ ചെയ്തു. എന്നാൽ, 1963ൽ തന്നെ ഒരു വിവിധോദ്ദേശ്യ പദ്ധതിയായ കടലുണ്ടിപ്പുഴയിലെ മണ്ണട്ടാംപാറ വിയർ കം ലോക്കിന്റെ നിർമ്മാണം പൂർത്തിയായിരുന്നു. എഴുപതുകളിലും, എൺപതുകളിലുമായി ധാരാളം ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ സ്ഥാപിക്കപ്പെട്ടു. 2005 ലാണ് അവസാനമായി ജില്ലയിൽ ഒരു ലിഫ്റ്റ് ഇറിഗേഷൻ സ്കീം കമ്മീഷൻ ചെയ്യുന്നത്. നിലവിൽ 49 ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളാണ് പ്രവർത്തിക്കുന്നത്. രണ്ട് സ്കീമുകൾ പൂർത്തീകരണ ഘട്ടത്തിലാണ് വിശദാംശങ്ങൾ അനുബന്ധം 4.1.3.2 ആയി ചേർത്തിരിക്കുന്നു. 2005 നു ശേഷം ഇതുവരെ പുതുതായി ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളൊന്നും സ്ഥാപിക്കപ്പെട്ടിട്ടില്ല.

ജില്ലയിൽ ആദ്യത്തെ വലിയ റെഗുലേറ്റർ സ്ഥാപിക്കുന്നത് രണ്ടായിരാമാണ്ടിലാണ്. ചാലിയാർ പുഴക്ക് കുറുകെ വാഴക്കാട് പഞ്ചായത്തിൽ കവണക്കല്ല് റെഗുലേറ്റർ കം ബ്രിഡ്ജ്, തിരൂർ-പൊന്നാനി പുഴക്ക് കുറുകെ 2008ൽ നിർമ്മിച്ച കൂട്ടായി റെഗുലേറ്റർ കം ബ്രിഡ്ജ്, 2011 ൽ പുതുക്കി നിർമ്മിച്ച കാഞ്ഞിരമുക്ക് പുഴയിലെ ബീയ്യം റെഗുലേറ്റർ കം ബ്രിഡ്ജ്, 2012 ൽ ഭാരതപ്പുഴയിൽ നിർമ്മിച്ച ചമ്രവട്ടം റെഗുലേറ്റർ കം ബ്രിഡ്ജ്, 2016 ൽ ചാലിയാർ പുഴയിൽ നിർമ്മിച്ച ഓടായിക്കൽ റെഗുലേറ്റർ കം ബ്രിഡ്ജ്, പൂക്കോട്ടുമണ്ണ റെഗുലേറ്റർ കം ബ്രിഡ്ജ് എന്നിവയാണ് ജില്ലയിലെ പ്രധാന ജലസംഭരണികൾ.

പരോക്ഷമായി ജലസേചനത്തിന് സഹായകരമാകുന്ന നിർമ്മിതികളാണ് ചെക്ക്ഡാമുകളും വി.സി.ബികളും. മൈനർ ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ കഴിഞ്ഞ പത്ത് വർഷങ്ങളിലായി ചെറിയ പുഴകളിലും വലിയ തോടുകളിലുമായി 55 ചെക്ക് ഡാമുകളും 115 വി.സി.ബികളും നിർമ്മിച്ചിട്ടുണ്ട്. വി.സി.ബികൾ നിർമ്മിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിക്കഴിഞ്ഞാൽ, ഷട്ടറുകൾ മാറ്റി പുതിയവ വെക്കേണ്ടുന്ന ഘട്ടത്തിൽ പഞ്ചായത്തുകളുടെ ഇടപെടൽ നിർബന്ധമാണ്. കൃത്യസമയങ്ങളിൽ ഷട്ടറുകൾ പുനസ്ഥാപിക്കാത്തതു കാരണം വി.സി.ബികൾ നോക്കുകുത്തികളായി മാറാറുണ്ട്.

മേജർ ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ റിവർ മാനേജ്മെന്റ് ഫണ്ടും മറ്റ് ഫണ്ടുകളും ഉപയോഗിച്ച് മുൻ വർഷങ്ങളിൽ വിവിധ പഞ്ചായത്തുകളിലായി പ്രധാന പുഴകളിൽ ആകെ 314 ലക്ഷം രൂപ

ചെലവിൽ 6 ചെക്ക് ഡാമുകൾ/വിയറുകൾ നിർമ്മിച്ചിട്ടുണ്ട്. ഇവ കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലും മണ്ണ് സംരക്ഷണ വിഭാഗത്തിന്റെ കീഴിലും ധാരാളം ചെക്ക് ഡാമുകളും, വി.സി.ബികളും നിർമ്മിക്കപ്പെട്ടിട്ടുണ്ട്.

കടുത്ത വേനൽക്കാലങ്ങളിൽ ജില്ലയിലെ മിക്ക പുഴകളും വറ്റി വരളാറുണ്ട്. തോടുകളിൽ വെള്ളമൊഴുക്ക് നിലക്കും. കുളങ്ങളിൽ ഭൂരിഭാഗവും വറ്റിപ്പോകും. ഈ അവസ്ഥയിൽ കൃഷിക്ക് ജലസേചനം നൽകൽ തീർത്തും പ്രയാസകരമാകും. ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളിൽ കുറച്ചെണ്ണം ജല ലഭ്യതക്കുറവു കാരണം പ്രവർത്തനക്ഷമമല്ലാതാകും. എന്നാൽ മൂന്ന് റെഗുലേറ്ററുകളുള്ള ചാലിയാർ പുഴ 2016ലെ രൂക്ഷമായ വരൾച്ചയിലും വറ്റി വരളാതിരുന്നത് ശ്രദ്ധേയമാണ്.

പട്ടിക 4.1.3.1 : ജില്ലയിലെ ഉപരിതല ജലലഭ്യത

ക്രമ നമ്പർ	റിവർബേസിന്റെ പേർ	ആകെ ഏരിയ (സ്ക്വ. കി.മീ.)	ജില്ലയിലെ ഏരിയ (സ്ക്വ. കി.മീ.)	ഉപയോഗ ലഭ്യത (എം.സി.എം)	ജില്ലയുടെ ആനുപാതിക പങ്ക് (എം.സി.എം)
1	ചാലിയാർ	2923	1641.3814	3386.9	3386.9
2	ഭാരതപ്പുഴ	6186	366.3	312.38	312.38
3	കടലുണ്ടിപ്പുഴ	1112	1112	2074.2	2074.2
4	തിരൂർ പുഴ	142.081	142.081	7	7
ആകെ		10363.081	3261.7624	5780.48	5780.48

അവലംബം: നാച്ചുറൽ റിസോഴ്സ് ഡേറ്റാബുക്ക്, തിരുവനന്തപുരം

മലപ്പുറം ജില്ലയിലെ ജലസേചന പദ്ധതികൾ

ചിത്രം 4.1.3.1 : മലപ്പുറം ജില്ലയിലെ ജലസേചന പദ്ധതികളുടെ രൂപരേഖ



അവലംബം : ഡിസ്ട്രിക്ട് ഇറിഗേഷൻ പ്ലാൻ, മലപ്പുറം

പട്ടിക 4.1.3.2 : ജില്ലയിൽ നിലവിലുള്ള ജലസേചന രീതികൾ

വർഷം	തോട്, കനാൽ		കുളം		കിണർ		കുഴൽ കിണർ	ലിഫ്റ്റും ചെറുകിട പദ്ധതികളും	മറ്റിനം	ആകെ
	ഗവ.	സ്വകാര്യം	ഗവ.	സ്വകാര്യം	ഗവ.	സ്വകാര്യം				
2014-15	2726	156	250	4411	126	17981	1088	1505	4514	32757
2013-14	2426	552	243	4275	151	16733	942	1279	4020	30621
2012-13	3600	263	136	4972	107	15965	1284	866	3734	30927
2011-12	4223	52	178	5420	6	17065	803	597	4091	32435

അവലംബം : അഗ്രി. സ്റ്റാറ്റിസ്റ്റിക്സ്, ഡിപ്പാർട്ടുമെൻറ് ഓഫ് എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്

കനോലി കനാൽ

1848ൽ അന്നത്തെ മലബാർ കലക്ടറായിരുന്ന ശ്രീ. എച്ച്.വി. കനോലി പ്രഭുവിന്റെ നിർദ്ദേശ പ്രകാരം നിർമ്മിച്ചതാണ് കനോലി കനാൽ. ചരക്കുകൾ ജലഗതാഗത മാർഗ്ഗത്തിലൂടെ കൊണ്ടു പോകുന്നതിനാണ് ഈ കനാൽ നിർമ്മിക്കപ്പെട്ടത്. ഈ കനാലിന്റെ പല ഭാഗങ്ങളും കര സംരക്ഷണം നടത്തിയിട്ടുണ്ടെങ്കിലും തകർന്നു പോയിട്ടുണ്ട്. ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ വരുന്ന പ്രസ്തുത കനാൽ ദേശീയ ജലഗതാഗത പാതയായി (NW3) പ്രഖ്യാപിക്കപ്പെട്ട ഉൾനാടൻ പാതയായ വെസ്റ്റ് കോസ്റ്റ് കനാലിന്റെ കോട്ടപ്പുറം കോഴിക്കോട് റീച്ചിൽ ഉൾപ്പെടുന്നു.

തെക്ക് അണ്ടത്തോട് മുതൽ വടക്ക് ചേലേമ്പ്ര വരെയുള്ള 67.338 കിലോമീറ്റർ ദൂരം വരുന്ന ജലപാതയാണ് മലപ്പുറം ഇറിഗേഷൻ ഡിവിഷന്റെ കീഴിൽ വരുന്നത്. ഇതിൽ വരുന്ന പൊന്നാനി ചേറ്റുവ കനാലിന്റെ ശരാശരി വീതി 16.00 മീറ്ററും, താനൂർ കൂട്ടായി കനാലിന്റെ വീതി 30 മീറ്ററും കനോലി കനാലിന്റെ വീതി 22 മീറ്ററുമാണ്.

പരിസ്ഥിതി പ്രശ്നങ്ങൾ

കനോലി കനാലിന്റെ ഭാഗമായ പി.സി കനാലിലേക്ക് ധാരാളം മൃഗങ്ങളുടെ മാംസാവശിഷ്ടങ്ങൾ അടക്കമുള്ള മാലിന്യങ്ങൾ ദിവസേന തള്ളുന്നതായും, സമീപവാസികളുടെ 200 – ഓളം വീടുകളിലെ സെപ്റ്റിക്ക് മാലിന്യം നേരിട്ട് കനാലിലേക്ക് തള്ളുന്നതായും അറിയാൻ കഴിഞ്ഞിട്ടുണ്ട്. പൊന്നാനി നഗരസഭ ഇത്തരം പ്രവൃത്തികൾ നിർത്തലാക്കുന്നതിനായി സെപ്റ്റിക്ക് ടാങ്കുകൾ സൗജന്യമായി നൽകിയതിനാൽ മാലിന്യം തള്ളുന്നത് കുറക്കുവാൻ സാധിച്ചിട്ടുണ്ട്. തുടർന്ന് കനാൽ ശുചീകരണത്തിന്റെ ഭാഗമായി പൊന്നാനി നഗരസഭയുടെയും മറ്റ് സന്നദ്ധ സംഘടനകളുടെയും സഹായത്തോടെ വീടുകൾ തോറും ശുചിത്വ ബോധവൽക്കരണവും നടത്തിയിട്ടുണ്ട്.

ബോക്സ്-1

കനോലി കനാലിന്റെ ഭാഗമായ താനൂർ-കൂട്ടായി കനാലിൽ താനൂർ നഗരസഭയിൽ നിന്നുള്ള ഖര-ജൈവ മാലിന്യങ്ങൾ നിക്ഷേപിക്കപ്പെട്ട് മലിനമായിരിക്കുകയാണ്. വേനൽക്കാലത്ത് കനാലിലൂടെയുള്ള നീരൊഴുക്ക് തീരെ കുറയുന്നതിനാൽ മാലിന്യം കൊണ്ടുള്ള പ്രശ്നം രൂക്ഷമാണ്. കടലുണ്ടിപ്പുഴ മുതൽ വടക്കുമ്പാടം പുഴ വരെയുള്ള കനോലി കനാലിൽ മാലിന്യ പ്രശ്നങ്ങളൊന്നും തന്നെയില്ല. ഈ രണ്ടു കനാലുകളും ഉപ്പുവെള്ളം കൊണ്ടു നിറഞ്ഞിരിക്കുകയാണ്. അറബിക്കടലിൽ നിന്നും പൂരപ്പുഴ വഴി താനൂർ – കൂട്ടായി കനാലിലേക്കും, കടലുണ്ടിപ്പുഴ വഴി കനോലി കനാലിലേക്കും ഉപ്പുവെള്ളം കയറുന്നുണ്ട്. ഒരു കാലത്ത് ഏറെ ജല വാഹനങ്ങൾ സഞ്ചരിച്ചു കൊണ്ടിരുന്ന ഈ കനാൽ മാലിന്യങ്ങളും മറ്റും നിറഞ്ഞ് ശോച്യാവസ്ഥയിലാണിപ്പോൾ. മലിനജലം കെട്ടിക്കിടക്കുന്നത് കൊതുക് പരക്കുന്നതിന് പുറമേ മത്സ്യത്തിന്റെ നാശത്തിനും കാരണമാകുന്നു. കരയിടിച്ചിൽ കാരണം വേലിയേറ്റ സമയങ്ങളിൽ വയലുകളിലും ജലസ്രോതസുകളിലും ഉപ്പുവെള്ളം കയറി ഉപയോഗ ശൂന്യമാകുന്നു.

നിലവിലെ അവസ്ഥ

നിലവിൽ കൃഷിയോഗ്യമായ ഭൂമിയിൽ നേരിട്ട് ജലസേചനം നടത്തുവാൻ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളിലൂടെ മാത്രമേ സാധിക്കുന്നുള്ളൂ. 148.84 കിലോമീറ്റർ നീളത്തിൽ കനാലുകൾ നിർമ്മിച്ചാണ് ഈ സ്കീമുകളിലൂടെ ജലസേചന സൗകര്യം ഒരുക്കിയിട്ടുള്ളത്. ജില്ലയിലെ 30 പഞ്ചായത്തുകളിൽ മാത്രമാണ് നിലവിൽ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുള്ളത്. ഇതിലൂടെ 6667.98 ഹെക്ടർ ഭൂമിയിലേക്ക് വെള്ളമെത്തിക്കുവാൻ സാധിക്കുന്നുണ്ട്. ഇവ കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലായി ധാരാളം മിനി ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളും പ്രവർത്തിക്കുന്നുണ്ട്.

ജില്ലയിൽ ജലസേചനത്തിനായി നിലവിലുള്ള പദ്ധതികൾ

കവണക്കല്ല് റെഗുലേറ്റർ കം ബ്രിഡ്ജ് (വാഴക്കാട് പഞ്ചായത്ത്)

(കമ്മീഷൻ ചെയ്തത് 2000 നവംബർ, നീളം 350മീ. ഉയരം 11.50മീ. വെള്ളം സംഭരിക്കാവുന്ന ഉയരം 5.50മീ. ആയക്കെട്ട് 2000 ഹെക്ടർ)

ചിത്രം 4.1.3.2 : കവണക്കല്ല് റെഗുലേറ്റർ കം ബ്രിഡ്ജ്



നിലവിലുള്ള അരീക്കോട് പഞ്ചായത്തിലെ ചാലിയാർ എൽ.ഐ. സ്കീം, കിഴുപറമ്പ് പഞ്ചായത്തിലെ കണ്ണമ്പള്ളി എൽ.ഐ. സ്കീം, മാവൂർ പഞ്ചായത്തിലെ മാവൂർ എൽ.ഐ. സ്കീം, കിഴുപറമ്പ് പഞ്ചായത്തിലെ കൊത്തുപാറ എൽ.ഐ.സ്കീം എന്നിവക്കും സമീപ സമയത്ത് കമ്മീഷൻ ചെയ്ത മംഗലശ്ശേരി എൽ.ഐ. സ്കീമിനും ആവശ്യത്തിന് പമ്പിംഗ് നടത്തുവാനുള്ള വെള്ളം പുഴയിൽ തടഞ്ഞു നിർത്തുവാൻ ഈ പദ്ധതിക്ക് ഇപ്പോൾ കഴിയുന്നുണ്ട്. ഈ പദ്ധതിക്ക് 25 കോടി രൂപ ചെലവായിട്ടുണ്ട്.

എന്നാൽ വിഭാവനം ചെയ്ത മുഴുവൻ പ്രവൃത്തികളും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. പരമാവധി ഉയരത്തിൽ വെള്ളം സംഭരിക്കാൻ ഇപ്പോഴും സാധിക്കുന്നില്ല.

ബ്രിഡ്ജിന്റെ മുകൾഭാഗത്ത് ഇരുവശങ്ങളും കെട്ടി സംരക്ഷിക്കേണ്ടതുണ്ട്. പുതിയ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ സാധ്യത പരിശോധിക്കേണ്ടതുണ്ട്. ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

ചമ്രവട്ടം റെഗുലേറ്റർ കം ബ്രിഡ്ജ് (തൃപ്രങ്ങോട്-കാലടി പഞ്ചായത്ത്)

(കമ്മീഷൻ ചെയ്തത് 2012 മേയ്, നീളം 1.00 കി.മീ., വീതി 7.50മീ. ആയക്കട്ട് 4344 ഹെക്ടർ)

ചിത്രം 4.1.3.3 : ചക്രവട്ടം റെഗുലേറ്റർ കം ബ്രിഡ്ജ്



ഉദ്ദേശ്യ ലക്ഷ്യങ്ങൾ

1. ചക്രവട്ടം മുതൽ കുറ്റിപ്പുറം വരെ നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ ജല ദൗർലഭ്യം പരിഹരിക്കുകയും 4344 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം ഉറപ്പാക്കുകയും ചെയ്യുക.
2. ഓരുവെള്ളം കയറുന്നത് തടയുക.
3. തിരൂർ, പൊന്നാനി മുനിസിപ്പാലിറ്റിയിലേക്കും സമീപ പഞ്ചായത്തുകളിലേക്കും കുടിവെള്ളം ലഭ്യമാക്കൽ.
4. കോഴിക്കോട്-കൊച്ചി ദൂരം 40.00 കിലോമീറ്റർ സഞ്ചാര ദൈർഘ്യം ലാഭിക്കാൻ പാലം കൊണ്ട് സാധിക്കുന്നു.
5. മാമാങ്ക സ്മാരകം തുടങ്ങിയ ചരിത്ര സ്മാരകങ്ങളുടെ സംരക്ഷണം, ജല ടൂറിസം, മത്സ്യ കൃഷി അഭിവൃദ്ധിപ്പെടുത്തൽ തുടങ്ങിയവ.

നിലവിലെ അവസ്ഥ

ഗതാഗത സൗകര്യം പൂർണ്ണതോതിൽ പ്രാവർത്തികമായെങ്കിലും ജലസംഭരണിയുടെ പ്രയോജനം പൂർണ്ണ തോതിൽ കൈവരിക്കാൻ സാധിച്ചിട്ടില്ല. റെഗുലേറ്ററിന്റെ കോൺക്രീറ്റ് ഏപ്രണിന്റെ അടിഭാഗത്തു കൂടെയുള്ള ജലചോർച്ച മൂലം, സംഭരണിയിൽ ഉദ്ദേശിച്ച രീതിയിൽ ജലസംഭരണം സാധിച്ചിട്ടില്ല.

ഓടായിക്കൽ റെഗുലേറ്റർ കം ബ്രിഡ്ജ് (മമ്പാട് പഞ്ചായത്ത്)
(കമ്മീഷൻ ചെയ്തത് 2016 ജൂൺ, നീളം 164.00മീ. വീതി 7.50മീ. വെള്ളം സംഭരിക്കാവുന്ന ഉയരം 5.00മീ. ആയക്കെട്ട് 2900 ഹെക്ടർ)

ചിത്രം 4.1.3.4 : ഓടായിക്കൽ റെഗുലേറ്റർ കം ബ്രിഡ്ജ്



- പുതുക്കിയ എസ്റ്റിമേറ്റ് തുക 4769.89 ലക്ഷം രൂപ.
- ഷട്ടറുകൾ അടച്ച് ജലസംഭരണം നടത്തുന്നുണ്ട്.
- പുഴയിൽ 7.00 കിലോമീറ്റർ ദൂരം വരെ ജലവിതാനം ഉയർന്നിട്ടുണ്ട്.
- പദ്ധതിയുടെ രണ്ടാംഘട്ട പ്രവൃത്തികളുടെ ഭാഗമായുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെയും കനാൽ പ്രവൃത്തികളുടെയും എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരുന്നു.
- പദ്ധതി പൂർണ്ണ തോതിൽ ഉപയോഗപ്പെടണമെങ്കിൽ ആയകെട്ട് പ്രദേശങ്ങളിലേക്ക് വെള്ളമെത്തിക്കുന്നതിനായി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും കനാൽ നിർമ്മാണവും കൂടി പൂർത്തിയാവേണ്ടതുണ്ട്.

പൂക്കോട്ടുമണ്ണ റെഗുലേറ്റർ കം ബ്രിഡ്ജ് (ചുങ്കത്തറ പഞ്ചായത്ത്)

(കമ്മീഷൻ ചെയ്തത് 2016 ഒക്ടോബർ, നീളം 116.00മീ. വീതി 4.50മീ. വെള്ളം സംഭരിക്കാവുന്ന ഉയരം 3.90 മീ. ആയക്കട്ട് 2100 ഹെക്ടർ)

ചിത്രം 4.1.3.5 : പൂക്കോട്ടുമണ്ണ റെഗുലേറ്റർ കം ബ്രിഡ്ജ്



- പുതുക്കിയ എസ്റ്റിമേറ്റ് തുക 3000 ലക്ഷം രൂപയാണ് (ഒന്നാം ഘട്ടം)
- കർഷകരുടെ സഹായത്തോടെ ഷട്ടറുകൾ അടച്ച് ജലസംഭരണം നടത്തുന്നുണ്ട്.
- പുഴയിൽ 2.10 കിലോമീറ്റർ ദൂരത്തിൽ ജലവിതാനം ഉയർന്നിട്ടുണ്ട്.

പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്ക് 450 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

പദ്ധതി പൂർണ്ണതോതിൽ ഉപയോഗപ്പെടണമെങ്കിൽ ആയകെട്ട് പ്രദേശങ്ങളിലേക്ക് വെള്ളമെത്തിക്കുന്നതിനായി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും കനാൽ നിർമ്മാണവും കൂടി പൂർത്തിയാവേണ്ടതുണ്ട്.

മണ്ണട്ടാംപാറ വിയർ കം ലോക്ക് (മൂന്നിയൂർ-വള്ളിക്കുന്ന് പഞ്ചായത്തുകൾ)
(കമ്മീഷൻ ചെയ്തത് 1956)

ചിത്രം 4.1.3.6 : മണ്ണട്ടാംപാറ വിയർ കം ലോക്ക്



ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം ഉപ്പുവെള്ള പ്രതിരോധം ആണ്. ഷട്ടറുകൾ അടച്ച് കൃഷിയിടങ്ങളിലേക്ക് ഉപ്പുവെള്ളം കയറുന്നത് തടഞ്ഞിട്ടുണ്ട്. തകർന്ന ഷട്ടറുകളുടെ റിപ്പയറിംഗിനുള്ള എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. തിരുരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് റിപ്പയർ നടത്തുന്നതിലേക്കായി 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- 1956ൽ നിർമ്മിച്ചിട്ടുള്ള ഈ വിയർ കം ലോക്ക്, പൂർണ്ണമായും നാശത്തിന്റെ വക്കിലാണ്.
- സമഗ്രമായ പുനർനിർമ്മാണമാണ് ശാശ്വത പരിഹാരം.

കടലുണ്ടിപ്പുഴക്ക് കുറുകെ ബാക്കിക്കയം റെഗ്രലേറ്റർ (വേങ്ങര പഞ്ചായത്ത്)

(കമ്മീഷൻ ചെയ്തിട്ടില്ല)

ചിത്രം 4.1.3.7 : കടലുണ്ടിപ്പുഴക്ക് കുറുകെ ബാക്കിക്കയം റെഗ്രലേറ്റർ



മലപ്പുറം ജില്ലയിലെ വേങ്ങര പഞ്ചായത്തിലെ പാണ്ടികശാലക്കടുത്ത് കടലുണ്ടിപ്പുഴക്ക് കുറുകെ ബാക്കിക്കയത്ത് റെഗ്രലേറ്റർ നിർമ്മാണം ത്വരിതഗതിയിൽ നടന്നു വരുന്നു. പ്രസ്തുത പദ്ധതി കൊണ്ട് രണ്ട് ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളായ ഇരിങ്ങല്ലൂർ, വലിയോറ എന്നിവക്കും രണ്ട് വാട്ടർ അതോറിറ്റി സ്കീമുകൾക്കും കൂടാതെ വേങ്ങര, തിരുരങ്ങാടി, കണ്ണമംഗലം, ഊരകം, ഒതുക്കുങ്ങൽ, എടരിക്കോട്, പറപ്പൂർ, പെരുമണ്ണ ക്ലാരി, തെന്നല, ഏ.ആർ.നഗർ എന്നീ പഞ്ചായത്തുകളിലെയും കോട്ടക്കൽ മുനിസിപ്പാലിറ്റിയിലെയും കുടിവെള്ള സ്രോതസുകൾക്കും, ജലസേചനത്തിനും വളരെയധികം പ്രയോജനം ലഭിക്കുന്നു. പ്രവൃത്തി 75 ശതമാനം പൂർത്തിയായിട്ടുണ്ട്. 2018 മാർച്ച് മാസത്തിൽ പൂർത്തിയാകുന്നതാണ്.

കൂട്ടായി റെഗുലേറ്റർ കം ബ്രിഡ്ജ് (മംഗലം പഞ്ചായത്ത്)

(കമ്മീഷൻ ചെയ്തത് - 2008)

ചിത്രം 4.1.3.8 : കൂട്ടായി റെഗുലേറ്റർ കം ബ്രിഡ്ജ്



മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിലെ മംഗലം പഞ്ചായത്തിൽ തിരൂർ-പൊന്നാനി പുഴക്ക് കുറുകെയാണ് 16 സ്പാനുകളോട് കൂടിയ ഈ ആർ.സി.ബി സ്ഥാപിച്ചിരിക്കുന്നത്. തിരൂർ പുഴയും അതിന്റെ കൈവഴികളും വ്യാപിച്ചു കിടക്കുന്ന തീരദേശ പഞ്ചായത്തുകളായ മംഗലം, വെട്ടം, നിറമരുതൂർ, തൃപ്രങ്ങോട് എന്നിവയിലേയും, തിരൂർ മുനിസിപ്പാലിറ്റിയിലെയും കൃഷി ഭൂമികളിലും, കുടിവെള്ള സ്രോതസുകളിലും ഉപ്പുവെള്ളം കയറുന്നത് തടയുക എന്നതാണ് ആർ.സി.ബിയുടെ മുഖ്യ ലക്ഷ്യം. ശക്തമായ ഓരുജല അടിയൊഴുക്കിനാൽ പ്രധാന ഭാഗങ്ങളെല്ലാം ദ്രവിച്ചു നാശോന്മുഖമായ അവസ്ഥയിലാണിന്ന്. തന്മൂലം ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി ഷട്ടറിട്ടാൽ, അതിന്റെ അരികുകളിലൂടെയും, താഴ്ഭാഗത്തു കൂടിയും ചോർച്ച കാരണം ഉപ്പുവെള്ളം ആർ.സി.ബിയുടെ റിസർവോയർ ഭാഗത്ത് എത്തുകയാണ്.

ബീയ്യം റെഗുലേറ്റർ കം ബ്രിഡ്ജ് (പൊന്നാനി മുനിസിപ്പാലിറ്റി-മാറഞ്ചേരി പഞ്ചായത്ത്)

(പുതിയ നിർമ്മിതി കമ്മീഷൻ ചെയ്തത് 2011, ആയക്കട്ട് 2430 ഹെക്ടർ

ചിത്രം 4.1.3.9 : ബീയ്യം റെഗുലേറ്റർ കം ബ്രിഡ്ജ്



പൊന്നാനി താലൂക്കിൽ ബീയ്യം കായൽ പ്രദേശത്തെ കോൾ നിലങ്ങളിൽ കൃഷിക്കുള്ള വെള്ളം സംഭരിക്കുന്നതിനും കാഞ്ഞിരമുക്ക് പുഴയിൽ ഉപ്പുവെള്ളം കയറുന്നത് തടയാനും വെള്ളപ്പൊക്ക നിയന്ത്രണത്തിനും വേണ്ടി നിർമ്മിച്ചതാണ് ബീയ്യം റെഗുലേറ്റർ കം ബ്രിഡ്ജ്. 1937 ൽ നിർമ്മിച്ച പുരാതന നിർമ്മിതി കാലപ്പഴക്കത്തിൽ നാശോന്മുഖമായതിനാൽ 2011 ൽ 660 ലക്ഷം രൂപ ചെലവിൽ പുതിയ ആർ.സി.ബി നിർമ്മിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ കുന്ദംകുളം വരെ വ്യാപിച്ചു കിടക്കുന്ന കോൾ കൃഷി പ്രദേശമുൾപ്പെടെ 2430 ഹെക്ടർ ആയക്കട്ട് പ്രദേശവും 273.30 ചതുരശ്ര കിലോമീറ്റർ വരുന്ന വൃഷ്ടി പ്രദേശവുമാണ് ഈ പദ്ധതിയിലുള്ളത്.

അടുത്ത കാലത്ത് പൂർത്തിയായതും ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നതുമായ ജലസേചന പദ്ധതികൾ

ചെക്ക് ഡാമുകൾ (പൂർത്തിയായത്)

1. പൊന്മള പഞ്ചായത്തിലെ നീർക്കുഴിയിൽ മനക്കൽ തോടിനു കുറുകെ ചെക്ക്ഡാം.
2. പള്ളിക്കൽ പഞ്ചായത്തിലെ പത്തിക്കുഴിയിൽ പുത്തൂർ പള്ളിക്കൽ വലിയതോടിനു കുറുകെ ചെക്ക്ഡാം.
3. പുഴക്കാട്ടിരി പഞ്ചായത്തിലെ നാലമ്പാടത്ത് ചെറുപുഴ തോടിനു കുറുകെ ചെക്ക്ഡാം.
4. എടരിക്കോട് പഞ്ചായത്തിലെ ചെറുശോലയിൽ പെരുമ്പുഴ തോടിനു കുറുകെ ചെക്ക്ഡാം.
5. വട്ടംകുളം പഞ്ചായത്തിലെ വരമ്പൂർ കായൽ തോടിനു കുറുകെ ചെക്ക്ഡാം.
6. ഏ.ആർ.നഗർ പഞ്ചായത്തിലെ എൻ.എച്ചിനു താഴ്ഭാഗം കിഴക്കും തോടിനു കുറുകെ ചെക്ക്ഡാം.
7. ആലിപ്പറമ്പ് പഞ്ചായത്തിലെ ആലിപ്പറമ്പിൽ മണലിതോടിനു കുറുകെ ചെക്ക് ഡാം.
8. ചാലിയാർ പഞ്ചായത്തിലെ വൈലാശേരിയിൽ കാഞ്ഞിരപ്പുഴക്ക് കുറുകെ ചെക്ക്ഡാം.
9. പള്ളിക്കൽ പഞ്ചായത്തിലെ കരിപ്പൂർ വെള്ളാര തോടിനു കുറുകെ ചെക്ക്ഡാം.
10. മമ്പാട് പഞ്ചായത്തിലെ കല്ലിടുമ്പിൽ കോട്ടാല തോടിനു കുറുകെ ചെക്ക്ഡാം.
11. അമരമ്പലം പഞ്ചായത്തിലെ ചെറായിയിൽ കുതിരപ്പുഴക്കു കുറുകെ ചെക്ക്ഡാം.
12. പള്ളിക്കൽ പഞ്ചായത്തിലെ മാണിക്കരപ്പാടം വലിയതോടിനു കുറുകെ ചെക്ക്ഡാം.
13. അമരമ്പലം പഞ്ചായത്തിലെ പാറക്കപ്പാടത്ത് കുതിരപ്പുഴക്ക് കുറുകെ ചെക്ക്ഡാം.

ചെക്ക് ഡാമുകൾ (നടന്നു കൊണ്ടിരിക്കുന്നവ)

1. ഭരണാനുമതി ലഭിച്ച കുഴിമണ്ണ പഞ്ചായത്തിലെ ചിറപ്പാലത്ത് കടുങ്ങല്ലൂർ തോടിനു കുറുകെ ചെക്ക് ഡാം
2. ടെണ്ടർ ചെയ്ത ചുങ്കത്തറ പഞ്ചായത്തിലെ ആറംപുളിക്കലിൽ പുന്നപ്പുഴക്ക് കുറുകെ ചെക്ക്ഡാം കം ബ്രിഡ്ജ്
3. നിർമ്മാണ ഘട്ടത്തിലുള്ള പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിൽ പൂരപ്പുഴയിൽ മണ്ണംപുറം എസ്.ഇ.വി.സി.ബിയുടെ പുനർനിർമ്മാണം.

കുളങ്ങൾ (പൂർത്തിയായവ)

1. വെളിയങ്കോട് പഞ്ചായത്തിലെ പരിചകത്ത് പറയൻകുളം പുനരുദ്ധാരണം.
2. പുഴക്കാട്ടിരി പഞ്ചായത്തിലെ വാർഡ്-9 ൽ പുഞ്ചക്കുഴിക്കുളം പുനരുദ്ധാരണം.
3. ചാലിയാർ പഞ്ചായത്തിലെ മൈലാടി കോളനിക്കുളം പുനരുദ്ധാരണം.
4. പെരുവള്ളൂർ പഞ്ചായത്തിലെ കുനമാക്കൽ കുളം പുനരുദ്ധാരണം.

അവസ്ഥാ വിശകലനം

മലപ്പുറം ജില്ലയുടെ ഭൂമിശാസ്ത്രപരമായ കിടപ്പ് പൊതുവേ കൃഷിക്കോ, ജലസേചനത്തിനോ വേണ്ടത്ര അനുകൂലമല്ല. മലനാട്, ഇടനാട്, തീരപ്രദേശം എന്നിങ്ങനെ മൂന്നായി വിഭജിച്ചു നിൽക്കുന്ന ഭൂപ്രദേശങ്ങളിൽ പ്രധാനമായും കൃഷി നിലനിൽക്കുന്നത് ഇടനാട്ടിലാണ്. മലകളിൽ പെയ്യുന്ന വെള്ളം പെട്ടെന്ന് തന്നെ കുത്തിയൊലിച്ച് കടലിലേക്കെത്തുന്ന പ്രവണത കാരണം വെള്ളപ്പൊക്കവും മണ്ണൊലിപ്പും കൂടുതലാണ്. ഇതിന്റെ അനന്തരഫലമായി വരൾച്ചയും ഉണ്ടാകുന്നു. പുഴകളിലെ ആവാഹ പ്രദേശങ്ങളിൽ കാലങ്ങളായി നടന്നു വന്ന വന നശീകരണം കാരണം പെയ്യുന്ന മഴ പെട്ടെന്ന് തന്നെ പുഴകളിലൂടെ ഒഴുകിയിറങ്ങുന്നു. പുഴകളിലാകട്ടെ ഏതാനും വർഷങ്ങളിലായി നടന്നു വരുന്ന അനിയന്ത്രിതമായ മണലെടുപ്പ് കാരണം അടിത്തട്ട് ചെളിയായി മാറിക്കഴിഞ്ഞതിനാൽ വെള്ളം പിടിച്ചു നിർത്താനാകാതെ കടലിലേക്ക് ഒഴുക്കിക്കളയുന്നു. പരിമിതമായ ഈ സ്രോതസുകളെയെങ്കിലും നമുക്ക് പരമാവധി പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

ജനസംഖ്യാ വർദ്ധനവിന് ആനുപാതികമായി ഭൂമിയുടെ വിസ്തൃതിയിൽ മാറ്റം വരാത്തതിനാൽ ഭൂമിയുടെ ഉപയോഗത്തിന് കാതലായ മാറ്റം വന്നിട്ടുണ്ട്. കൃഷി ഭൂമി തരം മാറ്റി, വീടുകളും കെട്ടിടങ്ങളുമായി മാറ്റുന്ന പ്രവണത കൂടിയിട്ടുണ്ട്. അതോടൊപ്പം നെൽവയലുകൾ നികത്തിയെടുത്ത്

മറ്റ കൃഷിയിടങ്ങളിലേക്ക് പ്രധാനമായും നാണ്യ വിളകളിലേക്ക് തരം മാറുന്ന പ്രവണതയും കൂടി വരുന്നു. കൃഷിച്ചെലവിന്റെ വർദ്ധനവും വിളകൾക്ക് ആനുപാതികമായ വില ലഭ്യമാകാത്തതിനാലും പൊതുവേ കാർഷികവൃത്തിയോടുള്ള താൽപര്യവും കുറഞ്ഞു വന്നിട്ടുണ്ട്. കൃഷിപ്പണിക്കുള്ള തൊഴിലാളികളെ കിട്ടാനില്ലാത്ത പ്രശ്നം ഉത്തരേന്ത്യൻ തൊഴിലാളികളുടെ വരവോടെ ചെറിയ തോതിൽ പരിഹരിക്കപ്പെട്ടിട്ടുണ്ട്. ഭൂരിഭാഗം പ്രദേശങ്ങളിലും വളരെ ചെറിയ തോതിലുള്ള ഭൂമിയേ കൃഷിക്കാരുടെ കൈവശമുള്ളൂ എന്നതിനാൽ ഒറ്റക്കുള്ള കൃഷി പല കാരണത്താലും അപ്രായോഗികവുമാണ്.

പ്രധാന പ്രശ്നങ്ങൾ

- അനേകം ഏക്കർ ഭൂമി തരിശായി കിടക്കുന്നു.
- കൃഷിയിറക്കാൻ താൽപര്യവും തയ്യാറുമുള്ള പ്രദേശങ്ങളിലേക്ക് ജലസേചനമെത്തുന്നില്ല.
- കൃഷിയോഗ്യമായ ഭൂമിയുടെ ഏകദേശം മുപ്പതു ശതമാനത്തിൽ മാത്രമേ ജലസേചന സൗകര്യമുള്ളൂ.
- 30 പഞ്ചായത്തുകളിൽ മാത്രമേ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുള്ളൂ.
- 4 പ്രധാന പുഴകളിൽ മൂന്നും വേനലിൽ വറ്റിപ്പോകുന്നു.
- കടലുണ്ടിപ്പുഴയിൽ വേണ്ടത്ര ചെക്ക് ഡാമുകളോ, റെഗുലേറ്ററുകളോ നിർമ്മിക്കപ്പെട്ടിട്ടില്ല.
- കനോലി കനാൽ പൂർണ്ണമായും മലിനജല വാഹിനിയായാണ് നിലനിൽക്കുന്നത്. കൂടാതെ ഉപ്പുവെള്ളത്തിന്റെ പ്രശ്നവുമുണ്ട്.
- ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ മിക്കവയും പൂർണതോതിൽ കാര്യക്ഷമമല്ല.
- മോട്ടോറുകളുടെ കാര്യക്ഷമതയില്ലായ്മ, ഫണ്ടിന്റെ അപര്യാപ്തത മൂലം കനാലുകൾ യഥാസമയം പുനരുദ്ധാരണം നടക്കായ്ക, ആവശ്യമുള്ള സ്ഥലങ്ങളിലേക്ക് പുതിയ കനാലുകൾ സ്ഥാപിക്കാത്ത പ്രശ്നം.
- വോൾട്ടേജ് കുറവ് കാരണം മോട്ടോറുകൾ പ്രവർത്തിപ്പിക്കാൻ സാധിക്കാത്ത പ്രശ്നങ്ങൾ.
- കാലപ്പഴക്കത്താൽ തോടുകളിൽ നിർമ്മിച്ച വി.സി.ബി കളുടെ തകർച്ച.
- വി.സി.ബികളിലെ ഷട്ടറുകൾ യഥാസമയം അറ്റകുറ്റപ്പണികൾ നടത്തി പുനസ്ഥാപിക്കാത്ത പ്രശ്നം.
- ചെക്ക്ഡാമുകളിൽ മണ്ണും മാലിന്യങ്ങളും അടിഞ്ഞ് പ്രയോജനപ്രദമാകാത്ത അവസ്ഥ.
- അറ്റകുറ്റപ്പണികൾ യഥാസമയം നടത്താൻ സഹായകരമല്ലാത്ത രീതിയിലുള്ള അനുമതികൾ ലഭിക്കുന്നതിനുള്ള കാലതാമസം.
- സമാന സ്വഭാവമുള്ള ജലസേചന പദ്ധതികൾ നടത്തുന്ന ഏജൻസി/ഡിപ്പാർട്ടുമെൻറുകൾ തമ്മിലുള്ള ഏകോപനമില്ലായ്മ.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ജലസേചന സംഭരണങ്ങൾക്ക് ജലസേചന വിഭാഗവുമായി ഏകോപനമില്ലായ്മ.
- കോൾ നിലങ്ങളിലെ കാർഷിക പ്രവൃത്തികൾക്ക് ജില്ലാ തലത്തിൽ വേണ്ടത്ര ശ്രദ്ധ ലഭിക്കാതിരിക്കൽ.

വികസന വിടവുകൾ, പ്രശ്നപരിഹാര സാധ്യതകൾ

1. കാർഷിക ജലസേചന രംഗത്ത് മലപ്പുറം ജില്ല ഏറെ പിറകിലാണ്. ഒരുപാട് ദൂരം മുന്നോട്ട പോകേണ്ടതുണ്ട്.
2. 64 പഞ്ചായത്തുകളിലും 12 മുനിസിപ്പാലിറ്റികളിലും ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളില്ല.
3. മൂന്ന് ഇടത്തരം റെഗുലേറ്ററുകളുള്ള ചാലിയാർ പുഴ മാത്രമാണ് കഴിഞ്ഞ കടുത്ത വേനലിലും വറ്റാതിരുന്നത്. കവണക്കല്ല് റെഗുലേറ്റർ അടച്ചു കഴിഞ്ഞ് റിസർവോയറിൽ സംഭരിക്കുന്ന വെള്ളം കടലുണ്ടിപ്പുഴയിലേക്ക് തിരിച്ചു വിടാൻ സാധിച്ചാൽ ഒരു പക്ഷേ കടലുണ്ടിപ്പുഴയുടെ പകുതി ഭാഗത്തെങ്കിലും പുഴ വറ്റാതിരിക്കും.
4. പുതിയ ജലസംഭരണികൾ കണ്ടെത്തൽ. ഉപേക്ഷിക്കപ്പെട്ട കരിങ്കൽ ക്വാറികളെ ജലസംഭരണികളാക്കി മാറ്റിയെടുക്കാം.
5. പുഴകളുടെയോ, കനാലുകളുടെയോ സാധ്യതയില്ലാത്ത എല്ലാ പഞ്ചായത്തുകളിലും ഒരു വാർഡിൽ

ഒരു ജലസേചന കുളം എന്ന പദ്ധതി നടപ്പാക്കണം. ജലസേചന സൗകര്യമില്ലാത്ത പാടശേഖരത്തിൽ കുളം നിർമ്മിക്കണം, പമ്പ് ഹൗസ്, മോട്ടോർ, വൈദ്യുതി എന്നിവ പഞ്ചായത്ത് പ്രൊജക്ടായി കൊണ്ടു വരണം.

6. സ്വകാര്യ കുളം പൊതു ജലസേചനത്തിനായി വിട്ടു നൽകാൻ തയ്യാറുള്ള വ്യക്തികളെ കണ്ടെത്തി ജലസേചന പദ്ധതി നടപ്പാക്കാൻ പഞ്ചായത്ത് മുൻകയ്യെടുക്കണം.
7. കുറഞ്ഞ ജലം ഉപയോഗിച്ച് നനക്കാവുന്ന കൃഷി സമ്പ്രദായങ്ങൾ വ്യാപകമാക്കണം
8. തോട്ടങ്ങളിൽ മഴവെള്ളം ഉപയോഗിച്ചുള്ള ജലസംഭരണികൾ നിർമ്മിക്കാൻ വ്യക്തികളെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ ആവിഷ്കരിക്കണം.
9. പൊതു കുളങ്ങൾക്കു പുറമേ സ്വകാര്യ കുളങ്ങൾ, പള്ളി/ക്ഷേത്രക്കുളങ്ങൾ എന്നിവ കെട്ടി സംരക്ഷിക്കാൻ ധനസഹായം ചെയ്യുന്ന പദ്ധതികൾ ആവിഷ്കരണം.
10. വി.സി.ബി.കളുടെ ഷട്ടറുകൾ മാറ്റി സ്ഥാപിക്കാനും ചെക്ക്ഡാമുകളിലെ മണൽ, മാലിന്യം എന്നിവ നീക്കം ചെയ്യുവാനും പഞ്ചായത്തുകൾ സ്ഥിരം സംവിധാനം ഏർപ്പെടുത്തണം.
11. ഓരോ പഞ്ചായത്തിലെയും പൊതു-സ്വകാര്യ കുളങ്ങൾ, ചെക്ക് ഡാമുകൾ, വി.സി.ബി.കൾ തുടങ്ങിയവയുടെ ആസ്തി രജിസ്റ്റർ സൂക്ഷിക്കുകയും സമയാസമയങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താൻ പദ്ധതി തയ്യാറാക്കുകയും വേണം.

കനോലി കനാൽ

കോവളം-മഞ്ചേശ്വരം ജലപാതയുടെ ഭാഗമായുള്ള കനോലി കനാൽ ഉൾനാടൻ ജലപാതാ വികസന പദ്ധതിയുടെ ഭാഗമായി നവീകരിക്കേണ്ടതുണ്ട്. വെസ്റ്റ്കോസ്റ്റ് കനാലിന്റെ ഭാഗമായുള്ള കൊല്ലം-കൊട്ടപ്പുറം ജലപാതയെ 2007ൽ കേന്ദ്ര സർക്കാർ ദേശീയ ജലപാതയായി (എൻ.ഡബ്ലിയു.3) പ്രഖ്യാപിച്ചപ്പോൾ കനോലി കനാലിനെയും എൻ.ഡബ്ലിയു 3 ആയി പ്രഖ്യാപിച്ചിരുന്നു. സംസ്ഥാന സർക്കാരിന്റെ മുന്തിയ പരിഗണനയിലുള്ള ഈ പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ കുറഞ്ഞ ചെലവിൽ ചരക്കു ഗതാഗതം സാധ്യമാകുന്നതോടൊപ്പം ഇപ്പോൾ മാലിന്യ പൂരിതമായ ഈ ജലസ്രോതസ്സ് ശുദ്ധജല സ്രോതസ്സാക്കാനും സാധിക്കും. മാത്രമല്ല, വിനോദ സഞ്ചാര വികസനത്തിനും സാധ്യതയുണ്ട്. കനോലി കനാൽ ദേശീയ ജലപാതയായി വികസിപ്പിക്കപ്പെടുമ്പോൾ ഈ കനാലുകളിലേക്കുള്ള ഫീഡർ റൂട്ടുകളായ പൂരപ്പുഴ, ബീയ്യം കായൽ, കാഞ്ഞിരമുക്ക് പുഴ, കടലുണ്ടിപ്പുഴ, കീരനെല്ലൂർ പുഴ, ഓൾഡ് കട്ട് എന്നീ ജലാശയങ്ങളും വികസിപ്പിച്ചെടുക്കാവുന്നതാണ്.

വികസന പരിപ്രേക്ഷ്യം

പതിമൂന്നാം പഞ്ചവൽസര പദ്ധതി ലക്ഷ്യങ്ങൾ

1. ജില്ലയിലെ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾക്കായി ഒരു പുനരുദ്ധാരണ പാക്കേജ് നടപ്പാക്കൽ
2. തോട്ടുകളിൽ പ്രാദേശിക സർവേ നടത്തി ആവശ്യമായ ഇടങ്ങളിൽ വി.സി.ബികൾ നിർമ്മിക്കൽ.
3. കർഷകന് വിത്ത്, വളം, വെള്ളം, മോട്ടോർ, വൈദ്യുതി എന്നിവ സൗജന്യ നിരക്കിൽ നൽകുകയും ഉൽപന്നങ്ങൾക്ക് ന്യായവില ഉറപ്പു വരുത്തുകയും വേണം.
4. വേനലിൽ കുളങ്ങളിൽ വെള്ളം കുറയുമ്പോൾ കുളത്തിലിറങ്ങി കുളിച്ചും അലക്കിയും ഉള്ള വെള്ളം മലിനപ്പെടുത്താതെ കുളത്തിൽ നിന്ന് വെള്ളം മുക്കി ഉപയോഗിക്കുന്ന രീതി നടപ്പാക്കുക.
5. കുറഞ്ഞ മൂപ്പുള്ളതും, കുറച്ചു വെള്ളം മാത്രം ആഗിരണം ചെയ്യുന്നതുമായ നെൽവിത്തുകൾ സാർവത്രികമാക്കണം.
6. ഭൂമിയിലെ വെള്ളം ധാരാളമായി വലിച്ചെടുക്കുന്ന അക്കേഷ്യ, യൂക്കാലി തുടങ്ങിയ വൃക്ഷങ്ങൾ പൂർണമായും വെട്ടി മാറ്റി പകരം പരിസ്ഥിതി അനുകൂല ചെടികൾ വച്ചു പിടിപ്പിക്കുക.
7. പുഴയുടെ തീരങ്ങളിൽ മുള, രാമച്ചം തുടങ്ങി പ്രകൃതിദത്തമായ ചെടികൾ വെച്ചു പിടിപ്പിച്ച് മണ്ണൊലിപ്പ് തടഞ്ഞ് തീര സംരക്ഷണം നടത്തുക.

ദീർഘകാല ലക്ഷ്യങ്ങൾ

അടുത്ത പതിനഞ്ച് വർഷം കൊണ്ട് മലപ്പുറം ജില്ലയിലെ ജലസേചന സൗകര്യങ്ങൾ 100 ശതമാനം വർധിപ്പിക്കണമെന്നാണ് ലക്ഷ്യമിടുന്നത്. ഇതിനായി പ്രധാനമായും താഴെ പറയുന്ന നിർദ്ദേശങ്ങൾ

മുന്നോട്ട വെക്കുന്നു.

1. അടുത്ത പതിനഞ്ച് വർഷത്തിനുള്ളിൽ മലപ്പുറം ജില്ലയിലെ നെൽകൃഷിക്കനുയോജ്യമായ വയലുകളിൽ പൂർണമായും നെൽകൃഷി ചെയ്യുക എന്ന ലക്ഷ്യം കൈവരിക്കേണ്ടതുണ്ട്.
2. ഇന്ന് ജലസേചന സൗകര്യമില്ലാത്തതിനാൽ ഒരു പൂവൽ കൃഷി മാത്രം നടത്തുന്ന മുഴുവൻ വയലുകളിലേക്കും കൃഷിക്കായി വെള്ളമെത്തിക്കുക എന്ന ലക്ഷ്യവും നിറവേറ്റേണ്ടതുണ്ട്.
3. ചാലിയാർ പുഴയിലും കൈവഴികളിലുമായി രണ്ടോ, മൂന്നോ റെഗുലേറ്ററുകളും പത്തോളം ചെക്ക് ഡാമുകളും/വിയറുകളും നിർമ്മിക്കേണ്ടതുണ്ട്.
4. ജില്ലയെ കാർഷിക സ്വാശ്രയ ജില്ല എന്ന് അടയാളപ്പെടുത്തുന്ന രീതിയിൽ കൃഷിയുടെ സർവ മേഖലകളിലും വൻ കുതിച്ച ചാട്ടം സാധ്യമാക്കേണ്ടതുണ്ട്.
5. നമ്മുടെ പ്രധാനപ്പെട്ട നാലു പുഴകളും അവയുടെ കൈവഴികളും വേനലിലും വറ്റാതെ ഒഴുകുന്നവയാക്കി മാറ്റേണ്ടതുണ്ട്. ഇതിനായി ഓരോ പുഴക്കും പ്രത്യേകമായ സമഗ്ര പദ്ധതി തയ്യാറാക്കുക.
6. കനോലി കനാൽ മാലിന്യമുക്തമാക്കണം. ഉപ്പുവെള്ളം കയറാതെയും മാലിന്യമില്ലാതെയുമാക്കണം.
7. വേനലിൽ വെള്ളം വറ്റാറുള്ള കടലുണ്ടിപ്പുഴയിലേക്ക് ചാലിയാറിൽ തടഞ്ഞു നിർത്തുന്ന അധികജലം തിരിച്ചു വിട്ട് കടലുണ്ടിപ്പുഴയേയും വേനലിൽ ജല സമൃദ്ധമാക്കണം.
8. മഴ വെള്ളമാണ് നമ്മുടെ പ്രധാന ജല സ്രോതസ്സ്. ഓരോ വീട്ടിലും ലഭിക്കുന്ന മഴ വെള്ളം റെയിൻവാട്ടർ ഹാർവസ്റ്റിംഗിലൂടെ ശേഖരിച്ച് വേനലിൽ കുടിവെള്ളത്തിനും ജലസേചനത്തിനുമായി പ്രയോജനപ്പെടുത്തണം. മുഴുവൻ വീടുകളിലും മഴവെള്ള സംഭരണികൾ നിർബന്ധമാക്കുന്നതോടെ ഓരോ വീടും ജല സ്വാശ്രയത്തിലേക്ക് നീങ്ങും.
9. എല്ലാ തോടുകളും കയർ ഭൂവസ്ത്രമുപയോഗിച്ച് സംരക്ഷിക്കുക.
10. പുഴകളിലും കൈവഴികളിലും വിശദമായ സർവേ നടത്തി, സാധ്യമായതും ആവശ്യമായതുമായ ഇടങ്ങൾ കണ്ടെത്തി റെഗുലേറ്ററുകൾക്കും ചെക്ക് ഡാമുകൾക്കു രൂപം കൊടുക്കുക.
11. ജലസേചന സൗകര്യങ്ങളില്ലാത്ത, കൃഷിഭൂമിയുള്ള പ്രദേശങ്ങൾ തെരഞ്ഞെടുത്ത് പുതിയ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾക്ക് രൂപം കൊടുക്കൽ.
12. കൃഷി, ജലസേചനം, ജല സംരക്ഷണം എന്നിവ പാഠ്യപദ്ധതിയുടെ ഭാഗമാക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഇതിന് പ്രാധാന്യം ലഭിക്കണം.
13. നിലവിലുള്ള റെഗുലേറ്ററുകളുടെ തുടർപ്രവർത്തനം നടപ്പാക്കണം. കവണക്കല്ല്, ചമ്രവട്ടം, ഓടായിക്കൽ, പൂക്കോട്ടമണ്ണ, ബീയ്യം, കൂട്ടായി എന്നീ റെഗുലേറ്ററുകളിൽ വിഭാവനം ചെയ്ത മുഴുവൻ പ്രവൃത്തികളും നടപ്പാക്കണം.
14. പുഴകളുടെ ആവാഹ പ്രദേശങ്ങളിൽ സർവേ നടത്തി ആവശ്യാനുസരണം വന പുനഃർനിർമ്മാണ പദ്ധതി നടപ്പാക്കണം.

4.1.4 മൃഗസംരക്ഷണം– ക്ഷീരവികസനം

ആമുഖം

ജന്തുജന്യ ഉല്പന്നങ്ങളായ പാൽ, മുട്ട, ഇറച്ചി, ഇവയുടെ ഉത്പന്നങ്ങൾ, തുകൽ, തുകലുൽപ്പന്നങ്ങൾ, എല്ലുപൊടി, ജലാറ്റിൻ തുടങ്ങിയ നിരവധി ഉത്പന്നങ്ങളുടെ ഉറവിടം മൃഗസംരക്ഷണ മേഖല തന്നെയാണ്. ആഗോളതലത്തിൽ പ്രോട്ടീൻ ന്യൂനതമൂലമുള്ള രോഗങ്ങൾ വികസ്വര, അവികസിത രാജ്യങ്ങളിൽ കൂടുതലായി കണ്ടു വരുന്നു. സസ്യപ്രോട്ടീനിനെ അപേക്ഷിച്ച് ഇവയ്ക്ക് ഏറ്റവും നല്ല പ്രതിവിധി ജന്തുജന്യപ്രോട്ടീനിന്റെ ഉപഭോഗം വർദ്ധിപ്പിക്കുക എന്നതാണ്. ജന്തുജന്യപ്രോട്ടീൻ സ്രോതസ്സുകളായ പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ലഭ്യതയും ആവശ്യകതയും തമ്മിലുള്ള അന്തരം ആഗോള, ദേശീയ, സംസ്ഥാന തലങ്ങളിൽ ഏറെ വലുതാണ്. ഉപഭോഗം ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് (ICMR), ദേശീയ പോഷണ ഇൻസ്റ്റിറ്റ്യൂട്ട് (National Institute of Nutrition NIN) എന്നിവയുടെ ശുപാർശയെക്കാളും തീരെ കുറവാണ് NIN ശുപാർശകൾ ICMR ശുപാർശ ചെയ്യുന്ന അളവിനേക്കാളും കുറവാണ്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂട്രീഷന്റെ കണക്കനുസരിച്ച്

ഒരാൾക്ക് ഒരു ദിവസം 30 ഗ്രാം മുട്ട, 30 ഗ്രാം ഇറച്ചി, 250 ഗ്രാം പാൽ എന്നിവ ആവശ്യമാണ്. എന്നാൽ പ്രതിശീർഷ ലഭ്യതയാകട്ടെ ഇതിലോം കുറവും. NIN ശുപാർശകളനുസരിച്ചെങ്കിലും പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉപഭോഗം വർദ്ധിപ്പിക്കണമെങ്കിൽ നാം ബഹുദൂരം മുന്നോട്ടു പോകേണ്ടതുണ്ട്. കാർഷികോത്പന്നങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ രംഗത്തുള്ള ഉത്പന്നക്കമ്മി 200 ശതമാനത്തിലധികമാണ്. ഇത് മൃഗസംരക്ഷണ മേഖലയിലുള്ള അനന്തസാധ്യതകൾക്കുള്ള തെളിവാണ്. കാർഷിക രാജ്യമായ ഇന്ത്യയിലെ മുഖ്യ ഉപതൊഴിൽ, സ്വയംതൊഴിൽ മേഖല കൂടിയാണിത്. അടുത്തകാലത്തായി ഈ മേഖല ഉപജീവനമാർഗമായും മാറിക്കൊണ്ടിരിക്കുകയാണ്. ലോകത്തിലെ ഏറ്റവും വലിയ ക്ഷീരോത്പാദന രാഷ്ട്രമാണ് ഇന്ത്യ. 2006-07 ൽ 1026 ലക്ഷം മെട്രിക് ടൺ ആയിരുന്ന ക്ഷീരോത്പാദനം 2011-2012 ൽ 1279 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചു. വാർഷിക വളർച്ച നിരക്ക് 6.27 ശതമാനം ആണ്. സംസ്ഥാനത്തെ ക്ഷീരോത്പാദനം 2006-07 ൽ 21.19 ലക്ഷം മെട്രിക് ടണായിരുന്നത് 2015-16 ൽ 26.50 ലക്ഷം ആയി ഉയർന്നു. സംസ്ഥാനത്തെ വാർഷിക വളർച്ച നിരക്ക് 2.25 ശതമാനം മാത്രമാണ്. ദേശീയ ക്ഷീരോൽപാദനത്തിൽ കേരളത്തിന്റെ പങ്ക് 1.7 ശതമാനം മാത്രമാണ്. മലപ്പുറം ജില്ലയിലെ ക്ഷീരോൽപാദനം 2016-2017 ൽ 149.34 മെട്രിക് ടണ്ണാണ്. ഇത് സംസ്ഥാന ഉത്പാദനത്തിന്റെ 6 ശതമാനം മാത്രമാണ്. പത്താം പദ്ധതിയുടെ അവസാന വർഷത്തിൽ (2006-07) ദേശീയ മുട്ട ഉത്പാദനം 5066 കോടി ആയിരുന്നത് പതിനൊന്നാം പദ്ധതിയിൽ 6645 കോടി ആയും 2015-16 ൽ 8292.94 കോടിയായും ഉയർന്നു. ഈ കാലയളവിലെ വളർച്ചാ നിരക്ക് 5.66 ശതമാനം ആണ്. 1612.52 കോടിയുടെ ഉത്പാദനത്തോടെ തമിഴ്നാട് പ്രഥമസ്ഥാനത്ത് നിൽക്കുമ്പോൾ 2015-16 ൽ 244.25 കോടി മുട്ട ഉത്പാദിപ്പിച്ച കേരളം ഒമ്പതാം സ്ഥാനത്താണ്. 2016-2017ൽ 23443 ലക്ഷം മുട്ട ഉത്പാദിപ്പിച്ച മലപ്പുറം കേരളത്തിൽ എട്ടാം സ്ഥാനത്താണ്. 2006-2007 ൽ 1.198 ലക്ഷം മെട്രിക് ടൺ ആയിരുന്ന ദേശീയ മാംസോത്പാദനം 2011-2012 ൽ 4.26 ലക്ഷം മെട്രിക് ടൺ ആയി ഉയർന്നു. ഈ കാലയളവിലെ വളർച്ചാ നിരക്ക് 4.48 ശതമാനമാണ്. സംസ്ഥാനത്ത് 2016-17 ൽ 280.08 മെട്രിക് ടൺ ഉത്പാദിപ്പിക്കപ്പെട്ടപ്പോൾ 47 മെട്രിക് ടൺ മാംസോത്പാദനത്തിലൂടെ മലപ്പുറം ആറാം സ്ഥാനത്ത് നിൽക്കുന്നു. 90 ശതമാനം മാംസാഹാര പ്രിയരായ ജില്ലയിൽ മാംസത്തിന്റെയും കോഴിമുട്ടയുടെയും ആവശ്യകതയും ലഭ്യതയും തമ്മിലുള്ള അന്തരം മേഖലയിലെ സാധ്യതയിലേക്ക് വിരൽ ചൂണ്ടുന്നു. നാഷണൽ സാമ്പിൾ സർവെയുടെ ഉപഭോഗമാതൃക പരിശോധിച്ചാൽ ധാന്യങ്ങൾക്കായുള്ള ചെലവിന്റെ വിഹിതം വർദ്ധിക്കുകയും ചെയ്യുന്നു എന്ന് പ്രകടമാണ്. ഈ മാറ്റം കേരളത്തിൽ പ്രകടമായതിനാൽ മൃഗസംരക്ഷണ മേഖലക്ക് കൂടുതൽ പ്രാധാന്യം നൽകേണ്ടതിന്റെ പ്രസക്തി വർദ്ധിക്കുന്നു.

ഇന്ന് കേരളത്തെയാകമാനം ബാധിച്ചിരിക്കുന്ന നഗരവല്ക്കരണവും അനുബന്ധ മാറ്റങ്ങളും മലപ്പുറം ജില്ലയിലും ബാധിച്ചിരിക്കുന്നു. അനന്തര ഫലമായി ചെറുപ്പക്കാർ അന്യസംസ്ഥാനങ്ങളിലേക്കും പുറം രാജ്യങ്ങളിലേക്കും ജീവിതോപാധികൾ തേടിപ്പോകുന്നു. പരമ്പരാഗത കൃഷിരീതികളും അതിൽ നിന്നും ലഭിക്കുന്ന ഒട്ടും തന്നെ ആകർഷകമല്ലാത്ത വരുമാനവുമാകാം പുതുതലമുറയെ ഈ മേഖലയിൽ നിന്നും അകറ്റി നിർത്തുന്നത്. അതുകൊണ്ട് തന്നെ പുതിയ മാറ്റങ്ങൾ അറിയാത്ത പഴയ തലമുറയുടെ കൈകളിലാണ് ഇന്നും മൃഗസംരക്ഷണ ക്ഷീരവികസന മേഖല. ഉല്പാദന മേഖലയിൽ നിന്നും പൂർണ്ണമായി മാറി എക്കാലവും ഉപഭോക്താവായി നിലനിൽക്കുക സാധ്യമല്ല എന്നു തിരിച്ചറിഞ്ഞ ഒരു കൂട്ടം പുതുസംരംഭകർ ജില്ലയിൽ ഉണ്ടായിട്ടുണ്ട്. നഗരവൽക്കരണത്തിന്റെ നന്മകൾ ഉൾക്കൊണ്ട് ചെറുകിട കർഷകർ ഈ മേഖലയിലേക്ക് വരുന്ന പ്രവണത ശ്ലാഘനീയമാണ്. ഗവൺമെന്റിന്റെയും ബാങ്കിംഗ് മേഖലയുടെയും അവസരോചിതമായ ശ്രദ്ധയും പിന്തുണയുമാണ് ഇതിന് പ്രധാന കാരണമായിട്ടുള്ളത്.

സാമാന്യവിശകലനവും നടപ്പുപദ്ധതികളുടെ അവലോകനവും

ഇന്ത്യയുടെ മൊത്തം ഭൂവിസ്തൃതിയുടെ 1.18% മാത്രമുള്ള കേരളത്തിൽ മൃഗസംരക്ഷണ മേഖല കൂടുതൽ കരുത്താർജ്ജിക്കുന്നതായാണ് കേന്ദ്രകാർഷികോത്പന്ന വില നിർണ്ണയക്കമ്മിറ്റിയുടെ പഠനങ്ങൾ സൂചിപ്പിക്കുന്നത്. കേരളത്തിൽ ശരാശരി ആളോഹരി സ്ഥലലഭ്യത 0.27 ഹെക്ടറാണ്. ദേശീയതലത്തിലിത് 1.41 ഹെക്ടറും. 92% സങ്കരയിനം കറവമാടുകൾ, പഞ്ചായത്ത് തല മൃഗാശുപത്രികൾ, ചിട്ടയോടെയുള്ള രോഗനിയന്ത്രണ പദ്ധതികൾ എന്നിവ കേരളത്തിന്റെ മാത്രം പ്രത്യേകതകളാണ്.

കേരളത്തിൽ കാർഷികമേഖലയിൽ നിന്നുള്ള വാർഷിക വിറ്റുവരവ് മൃഗസംരക്ഷണ മേഖലയെക്കാൾ കൂടുതലാണ്. മൃഗസംരക്ഷണ മേഖലയിലിത് 3.6 ശതമാനമാണ്. വാർഷിക വളർച്ചാനിരക്ക് മൃഗസംരക്ഷണ മേഖലയിൽ 3.8%വും കാർഷികമേഖലയിൽ 0.9% വുമാണ്. മൃഗസംരക്ഷണ മേഖലയിലേക്കുള്ള ദിശാവ്യതിയാനത്തിന്റെ സൂചനയാണിത്. 18-മത് കന്നുകാലി സെൻസസ്സിൽ കേരളത്തിൽ ആടുകളുടെ എണ്ണത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്.

ചെറുകിട നാമമാത്ര കർഷകർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിലും മൃഗസംരക്ഷണ ക്ഷീരവികസന മേഖലക്ക് പ്രാധാന്യമുണ്ട്. കർഷകരും കർഷകതൊഴിലാളികളും ആണ് കന്നുകാലി വളർത്തലിലും അനുബന്ധപ്രവർത്തനങ്ങളിലും ഏർപ്പെട്ടിരിക്കുന്നത്. ആയതിനാൽ ഗ്രാമീണ സമ്പത് വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിന് മേഖലക്ക് പ്രമുഖമായ പങ്കുണ്ട്. പാലും, മുട്ടയും, മാംസവും ആണ് പ്രധാന ഉത്പന്നങ്ങൾ തുകൽ മുതലായ അസംസ്കൃതവസ്തുക്കൾ വ്യവസായിക വികസനത്തിനും ജൈവവളം കാർഷികവൃത്തിക്ക് ഒഴിവാക്കാനാവാത്ത ഒന്നായതിനാൽ ഉത്പാദന മേഖലയിൽ മൃഗപരിപാലനത്തിന് പ്രധാനസ്ഥാനമുണ്ട്.

രാജ്യത്തിന്റെ സമ്പദ്ഘടനയെയും വളർച്ചയെയും സ്വാധീനിക്കുന്ന മേഖലയാണ് മൃഗസംരക്ഷണ-ക്ഷീരമേഖല. തൊഴിലവസരങ്ങൾ, ദൈനംദിന വരുമാനം, മുട്ട, പാൽ, മാംസ്യം തുടങ്ങിയവയുടെ ഉല്പാദനം, ജൈവവളങ്ങൾ, ബയോഗ്യാസ് തുടങ്ങിയ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ ഉറവിടം എന്നിവ മൃഗസംരക്ഷണ മേഖലയുടെ സംഭാവനകളാണ്. മൃഗസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന പരമ്പരാഗത കർഷകരെ നിലനിർത്തുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുക, പുതിയ സാങ്കേതിക വിദ്യകളെ പ്രവർത്തന മേഖലയിലെത്തിക്കുക, പക്ഷിമൃഗാദികളുടെ ഉല്പാദന മേഖലയിലെ സാധ്യതകൾ പൂർണ്ണമായും ഉപയോഗിക്കുക, കർഷകർ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ഗവേഷണവും വികസന പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുക, മുതലായ ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.

അവസ്ഥാവിശകലനം

പട്ടിക 4.1.4.1 : കേരളത്തിലെ ആകെ കന്നുകാലികളുടെ എണ്ണം

ക്രമ നം	ഇനം	എണ്ണം
1.	പശു	1328621
2.	പോത്ത്	102269
3.	ആട്	1246077
4.	പന്നി	55782
5.	കോഴി	10611984
6.	മുയൽ	230550
7.	നായ	923369

അവലംബം:കന്നുകാലി സെൻസസ് 2012

പട്ടിക 4.1.4.2 : ജില്ലയിലെ ഉരുക്കളുടെ എണ്ണം

പശു	പോത്ത്	ആട്	പന്നി	കോഴി	മുയൽ	നായ
80547	19855	137718	969	1531322	24429	20151

അവലംബം:കന്നുകാലിസെൻസസ് 2012

പട്ടിക 4.1.4.3 : കേരളത്തിലെ പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉല്പാദന കണക്കുകൾ

വർഷം	പാൽ (മെട്രിക് ടൺ)	മുട്ട (ലക്ഷം)	ഇറച്ചി (ടൺ.മെ)	ഇറച്ചികോഴി (ടൺ.മെ)
16-2015	2649.72	24424	291.02	175.02
17-2016	2520.29	22443	280.08	188.76

അവലംബം: സ്ഥിതിവിവരകണക്ക് – സാമ്പിൾ സർവ്വെ അടിസ്ഥാനം

പട്ടിക4.1.4.4 : ജില്ലയിലെ നിലവിലുള്ള ഉല്പാദനത്തിന്റെ സ്ഥിതിവിവര കണക്കുകൾ

പാൽ	മുട്ട	ഇറച്ചി	ചിക്കൻ
149.34 മെട്രിക് ടൺ	3111 ലക്ഷം	47 മെട്രിക് ടൺ	21 മെട്രിക് ടൺ

അവലംബം: സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് – സ്ഥിതിവിവരകണക്ക് – സാമ്പിൾ സർവ്വെ അടിസ്ഥാനം

കേരളത്തിലെ ആകെ ഉല്പാദനത്തിന്റെ ആറു ശതമാനം മാത്രമാണിത്.

ജനസംഖ്യ വർദ്ധനവിനനുസരിച്ച് മലപ്പുറം ജില്ലയിലെ മൃഗപരിപാലന രംഗത്തെ ഉല്പാദനം വർദ്ധിച്ചില്ല എന്നു മാത്രമല്ല കൃഷിഭൂമിയുടെ വിസ്തീർണ്ണം കുറഞ്ഞതും തൊഴിലാളികളുടെ ക്ഷാമവും ഉല്പാദന ചെലവ് വർദ്ധിച്ചതും ഈ മേഖലയിൽ നിന്നുള്ള വരുമാനം കുറയാൻ കാരണമായി. നമ്മുടെ ജില്ലയിൽ കന്നുകാലി സമ്പത്തിൽ ഏകദേശം 18 ശതമാനത്തോളം കുറവുണ്ടായിട്ടുമുണ്ട്.

പട്ടിക 4.1.4.5 : മൃഗസംരക്ഷണ മേഖലയിലെ സാദ്ധ്യതകളും സമീപനങ്ങളും

ഇനം	ആവശ്യകത	ഉത്പാദനം	വിടവ്
പാൽ	375 മെട്രിക് ടൺ	150 മെട്രിക് ടൺ	225 മെട്രിക് ടൺ
മുട്ട	111 കോടി	64 കോടി	47 കോടി
മാംസം	16 മെട്രിക് ടൺ	4.7 മെട്രിക് ടൺ	11.3 മെട്രിക് ടൺ

അവലംബം: സ്ഥിതിവിവരകണക്ക് – സാമ്പിൾ സർവ്വെ അടിസ്ഥാനം

2011-12 ലെ കണക്കനുസരിച്ച് 120 മെട്രിക് ടൺ ആയിരുന്ന പാലുല്പാദനം 16-17 ൽ 150 മെട്രിക് ടൺ ആയി വർദ്ധിച്ചു. എന്നിരുന്നാലും, ജില്ലയിലെ പാലിന്റെ ആവശ്യകത 375 മെട്രിക് ടൺ ആണെന്നിരിക്കെ ഈ ലക്ഷ്യത്തിലെത്താൻ ഇനിയും നമ്മൾ ഏറെ ദൂരം മുന്നോട്ട് പോകേണ്ടിയിരിക്കുന്നു.

90 ശതമാനം ജനങ്ങളും മാംസാഹാര പ്രിയരായ ജില്ലയിൽ മാംസത്തിന്റെയും മുട്ടയുടെയും ആവശ്യകത കൂടി വരികയാണ്. 2012 നെ അപേക്ഷിച്ച് മുട്ടക്കോഴി വളർത്തൽ മേഖലയിൽ കൂടുതൽ ആളുകൾ കടന്നുവന്നിട്ടുണ്ടെങ്കിലും 47 കോടിയോളം കോഴിമുട്ട ഓരോ വർഷവും അന്യസംസ്ഥാനങ്ങളിൽ നിന്നും ജില്ലയിലേക്ക് ഇറക്കുമതി ചെയ്യപ്പെടുന്നുണ്ട്. ജില്ലയിൽ മാംസത്തിനുള്ള ആവശ്യകത വളരെ വലുതാണ്. ആവശ്യകതയും ലഭ്യതയും തമ്മിലുള്ള അന്തരം മാംസോല്പാദന മേഖലയിലെ സാധ്യതയിലേക്ക് വിരൽ ചൂണ്ടുന്നു.

2010-11 കാലഘട്ടത്തിൽ ജില്ലയിൽ ഉല്പാദിപ്പിക്കപ്പെട്ടിരുന്നത് ആകെയുള്ള ആവശ്യകതയുടെ 30 ശതമാനത്തിന് താഴെയായിരുന്നെങ്കിൽ 2016-17 ൽ മാംസോല്പാദനം ആവശ്യകതയുടെ 46 ശതമാനമായി മാറിക്കഴിഞ്ഞിരുന്നു. പരമ്പരാഗതമായി ആടുവളർത്തലിന് പ്രസിദ്ധമായ ജില്ലയിൽ മൃഗസംരക്ഷണ വകുപ്പിന്റെ സഹായത്തോടെ ആടുവളർത്തൽ, പോത്തുകുട്ടി വളർത്തൽ മേഖലയിലേക്ക് പുതുതലമുറ കടന്നുവന്നതിനാലും പുറമേ നിന്ന് വരുന്ന ഭക്ഷ്യവസ്തുക്കളിലെ രാസപദാർത്ഥങ്ങളുടെ സാന്നിദ്ധ്യവും ഗുണമേന്മാ പ്രശ്നങ്ങളും അവയുണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങളും വ്യാപകമായി ചർച്ചചെയ്യപ്പെടുകയും പരിഹാരമാർഗ്ഗം ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടുക മാത്രമാണെന്ന് തിരിച്ചറിഞ്ഞതും മാംസോല്പാദനത്തിൽ വർദ്ധനവുണ്ടാക്കി. രണ്ടായിരങ്ങളിൽ പാലിന്റെ സംഭരണവും വിതരണവും കർഷകർക്ക് പ്രയാസമേറിയതായിരുന്നെങ്കിൽ ക്ഷീരവികസന വകുപ്പിന്റെ മേൽനോട്ടത്തിൽ പഞ്ചായത്തുകൾതോറും ഇന്ന് നിലവിലുള്ള സംഭരണ വിതരണ കേന്ദ്രങ്ങളായ ക്ഷീരസഹകരണ സംഘങ്ങൾ കർഷകർക്ക് ന്യായവില ഉറപ്പ് വരുത്തുകയും പുൽ കൃഷിയിൽ പരിശീലനം നൽകുകയും വഴി ഒരു അളവ് വരെ ഉല്പാദന ചെലവ് കുറക്കുവാൻ ഉപകരിക്കുന്നു.

ജില്ലയിലെ പക്ഷിമൃഗ സമ്പത്തിനെ പരിപാലിക്കുന്നതിനായി 110 സ്ഥാപനങ്ങളിലായി 530 ജീവനക്കാരാണ് നിലവിലുള്ളത്. ഇതിൽ ടെക്നിക്കൽ വിഭാഗത്തിൽ 126 ഡോക്ടർമാരും 238 ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരും മാത്രമാണുള്ളത്. വെറ്ററിനറി കൗൺസിൽ നിയമപ്രകാരം 500

കന്നുകാലി സമ്പത്തിന് ഒരു ഡോക്ടർ വേണമെന്നിരിക്കെ നിലവിൽ 800 കന്നുകാലികൾക്ക് ഒരു ഡോക്ടർ തസ്തിക മാത്രമാണ് ഇപ്പോൾ ജില്ലയിലുള്ളത്. ആട്, കോഴി അടക്കമുള്ള മറ്റ് പക്ഷിമൃഗ സമ്പത്തുകളുടെ ചികിത്സയും സംരക്ഷണവും ഇതിന് പുറമെയാണ്.

ക്ഷീരവികസന മേഖലയിൽ ആപ്കോസ് അംഗീകൃത ക്ഷീരസഹകരണ സംഘങ്ങൾ 258 ഉം ആപ്കോസ് ഇതര സംഘങ്ങൾ 32 ഉം ഉണ്ട്. പാൽ സംഭരണ വിതരണത്തിനായി ഒരു തദ്ദേശ സ്ഥാപനത്തിൽ ശരാശരി 3 സഹകരണ സംഘങ്ങൾ ഉണ്ടെങ്കിലും ജില്ലയിൽ ഉല്പാദിപ്പിക്കപ്പെടുന്ന പാലിന്റെ ഗണ്യമായ ഭാഗം പ്രാദേശിക അടിസ്ഥാനത്തിലാണ് വിൽക്കപ്പെടുന്നത്. ഉല്പാദന ചെലവിലെ വർദ്ധനവിനനുസൃതമായ വില ക്ഷീരസഹകരണ സംഘങ്ങളിൽ നിന്ന് ലഭിക്കാത്തത് മൂലമാണ് കർഷകർക്ക് പൊതുവിപണിയെ ആശ്രയിക്കേണ്ടി വരുന്നത്. ക്ഷീരസഹകരണ സംഘങ്ങളിലെ ഭരണപരമായ കാര്യങ്ങളുടെ മേൽനോട്ടം വഹിക്കുന്ന ക്ഷീരവികസന വകുപ്പിൽ നാല്പതോളം തസ്തികകൾ മാത്രമാണ് ജില്ലയിൽ നിലവിലുള്ളത്. ഇതിൽ തന്നെ പതിനെട്ടോളം തസ്തികകൾ ഒഴിഞ്ഞ് കിടക്കുകയാണ്.

ജില്ലയിലെ ഉരുക്കളുടെ എണ്ണം

പട്ടിക 4.1.4.6 : ജില്ലയിലെ ഉരുക്കളുടെ എണ്ണം

പശു	പോത്ത്	ആട്	പന്നി
80547	19855	137718	969

അവലംബം –കന്നുകാലി സെൻസസ് – 2012

പത്തൊമ്പതാമത് കന്നുകാലി സെൻസസ് പ്രകാരം ജില്ലയിൽ 80,547 പശുക്കളും 19.855 പോത്തുകളും (എരുമകളും) 1,37818 ആടുകളുമാണ് ഉള്ളത്. കന്നുകാലി സമ്പത്തിന്റെ 33 ശതമാനം പശുക്കളും 8 ശതമാനം എരുമകളും 59 ശതമാനം ആടുകളുമാണ്. നാടൻ പശുക്കളുടെ എണ്ണം 4 ശതമാനം മാത്രമാണ്. സംസ്ഥാനത്തെ കന്നുകാലികളുടെ എണ്ണം 27,38,162 ആണ്. ഇതിന്റെ 8 ശതമാനം മാത്രമാണ് ഇവിടെയുള്ളത്. പഞ്ചായത്ത് തല വിന്യാസം പരിഗണിച്ചാൽ തെക്കുകിഴക്കൻ മേഖലയിലാണ് പശുക്കളുടെ കേന്ദ്രീകരണം ഉള്ളത്. എരുമകൾ വടക്കുപടിഞ്ഞാറൻ മേഖലകളിലും ആടുകൾ എല്ലായിടത്തും വിന്യസിക്കപ്പെട്ടിരിക്കുന്നു.

ചിത്രം 4.1.4.1 : കന്നുകാലി വിന്യാസം



അവലംബം : മൃഗസംരക്ഷണവകുപ്പ്

ചിത്രം4.1.4.2 : മൊത്തം ആടുകളുടെ വിന്യാസം



അവലംബം : മൃഗസംരക്ഷണവകുപ്പ്

ആട് വളർത്തൽ ഉപതൊഴിൽ എന്ന നിലയിൽ പ്രസക്തമാണ്. മലബാറി ആടിനു പുറമെ ജമ്നപ്യാരി എന്നീ മറുനാടൻ ജനുസുകളും പ്രചുര പ്രചാരം നേടി. കന്നുകാലി സമ്പത്തിന്റെ .004 ശതമാനം മാത്രമാണ് പന്നികൾ.

19-മത് കന്നുകാലി സെൻസസ് പ്രകാരം നായ്ക്കളുടെ എണ്ണം 35349 ആണ് ഇതിൽ വീട്ടിൽ വളർത്തുന്നവ 20151 ഉം 15198 എണ്ണം തെരുവുനായയുമാണ്. മേഖലയിലെ സമ്പത്ത് വ്യവസ്ഥയിൽ പങ്കില്ലെങ്കിലും പൊതുആരോഗ്യപ്രശ്നങ്ങൾ വിശകലനം ചെയ്യുമ്പോൾ അവയുടെ എണ്ണവും പരിശോധിക്കണം. ഉടമസ്ഥരുളളവയിൽ 15734 എണ്ണം ആണും, 4417 എണ്ണം പെണ്ണുമാണ്. ആൺ പട്ടികളുടെ ഉയർന്ന സംഖ്യ എ.ബി.സി പരിപാടികളുടെ അവശ്യകതയിലേക്ക് വിരൽചൂണ്ടുന്നു. ഓമനമൃഗങ്ങളിൽ പ്രധാനമായും 24429 മുയലുകളാണ് . ജില്ലയിൽ 32 ആനകളുണ്ട്.

ചിത്രം 4.1.4.3 : കന്നുകാലി സെൻസസ് ശതമാന കണക്ക്



അവലംബം : മൃഗസംരക്ഷണവകുപ്പ്

പക്ഷിവർഗങ്ങൾ

ജില്ലയിലെ പക്ഷി വർഗങ്ങളുടെ എണ്ണം 1097348 ആണ്. ഇതിൽ 52 ശതമാനം കോഴികളും 7 ശതമാനം താറാവുകളും 1 ശതമാനം മറ്റ പക്ഷികളുമാണ്. ആവശ്യങ്ങളുമായി തട്ടിച്ച നോക്കിയാൽ കോഴികളുടെ എണ്ണം പരിമിതമാണ്. മുട്ടയുല്പാദനചെലവു കൂടിയതും മറ്റ് സ്ഥലങ്ങളിൽ നിന്നും ലാഭകരമായി കോഴിമുട്ട ലഭിക്കുന്നതുമാണ് കോഴി വളർത്തലിലെ പ്രധാന തടസം. പരമ്പരാഗതമായ അടുക്കളമുറ്റത്തെ കോഴി വളർത്തൽ പ്രചരിപ്പിച്ചത്, സ്കൂൾകുട്ടികൾക്കായുള്ള പൗൾട്രിക്ലബ്ബുകൾ, സ്ഥല

പരിമിതിയുളളവർക്കായി വിഭാവനം ചെയ്ത മട്ടുപ്പാവിലെ മുട്ടക്കോഴി വളർത്തൽ പദ്ധതികൾ മുഖേനെ ഗാർഹിക ആവശ്യത്തിന്റെ 70 ശതമാനത്തിലധികം കൈവരിച്ചു.

എന്നാൽ മുട്ടയുൽപാദനം പര്യാപ്തമാവണമെങ്കിൽ ഈ പദ്ധതികളെല്ലാം കൂടുതൽ ശക്തമാകേണ്ടതുണ്ട്. പ്രാദേശിക എഗ്ഗർനെഴ്സറികൾ ശക്തിപ്പെടുകയും ആവശ്യമായ മുട്ടക്കോഴികുഞ്ഞുങ്ങളെ ലഭ്യമാക്കാനുളള മുട്ട വിരിയിക്കൽ കേന്ദ്രങ്ങൾ സർക്കാർ ഉടമസ്ഥതയിലോ പ്രൈവറ്റ് പബ്ലിക് പാർട്ണർഷിപ്പിലോ തുടങ്ങുകയും വേണം .

കോഴി വളർത്തൽ മേഖലയിലെ പ്രധാന പ്രതിസന്ധിയെന്നത് ഗുണമേന്മയേറിയ കോഴി ഇല്ലാത്തതാണ്. ഇതിനായി ആതവനാട് പ്രവർത്തിക്കുന്ന ജില്ലാപഞ്ചായത്ത് മുട്ടവിരിയിക്കൽ കേന്ദ്രം മുന്നോട്ടുവരണം. ബ്രോയിലർ കോഴികളുടേതും ഇതേ അവസ്ഥയാണ്. ജില്ലയിലെ 60 ദിവസത്തെ കാലയളവിൽ 42 ലക്ഷം ബ്രോയിലർ കോഴികളെ മാംസാവശ്യത്തിനായി എടുക്കുന്നു. ഇതിൽ 10 ലക്ഷത്തിൽ താഴെ മാത്രമാണ് അഭ്യന്തര ഉത്പാദനം. അവശേഷിക്കുന്നവ അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുവയാണ്. ഉപഭോഗവും ഉത്പാദനവും തമ്മിലുളള വിടവ് നികത്താൻ ആതവനാട് പ്രവർത്തിക്കുന്ന ജില്ലാപഞ്ചായത്ത് മുട്ടവിരിയിക്കൽ കേന്ദ്രത്തിൽ മുട്ടകോഴികളെ വിരിയിക്കുന്നതിനോടൊപ്പം ഒരു ദിവസം പ്രായമായ ബ്രോയിലർ കോഴികളുടെ ഉത്പാദനം തുടങ്ങുന്നതിനും സർക്കാർ സംവിധാനത്തിൽ അല്ലെങ്കിൽ പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പിലോ ഉളള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ജില്ലയിലെ വളർത്തുപക്ഷികളുടെ എണ്ണം 1097348 ആണ്. ഇതിൽ 92 ശതമാനത്തോളം കോഴികളും 7 ശതമാനത്തോളം താറാവുകളും 1 ശതമാനത്തോളം മറ്റ് പക്ഷികളും ആണ്. കോഴികൾ 638123 എണ്ണം നാടാർ ജനസിൽ ഉളളവയുമാണ്. ജില്ലയിലെ താറാവ് വളർത്തൽ പരിപോഷിപിക്കണം 51794 പെൺ താറാവും 26638 ആൺ താറാവും കൂടി 78632 താറാവുകളുമാണുളളത്. കോൾ പ്രദേശങ്ങളിൽ താറാവ് വളർത്തലിന് നൽകിയ പരിഗണന താറാമുട്ടയുടെ കാര്യത്തിൽ വർദ്ധനവ് സൃഷ്ടിച്ചു. കാട, ടർക്കി, എന്നിവയുടെ എണ്ണത്തിൽ ജില്ല പിറകിലാണ്.

തനത് ജനുസായ മലബാറി ആടിനെയും കോഴികളെയും നിലനിർത്തുന്നതിനും വംശപരിപോഷണത്തിലും ഉതകുന്ന തരം പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്.

ജില്ലയിലെ ചേളാരി കാലി ചന്ത പ്രശസ്തമായിരുന്നു. ചൊവ്വാഴ്ച ദിവസങ്ങളിൽ നടക്കാറുളള ചേളാരി കാലി ചന്തയിലെ ക്രയവിക്രയം പ്രശസ്തവുമാണ് . മൂരികളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ട്.

ജനസംഖ്യ വർദ്ധനവിനനുസരിച്ച് മലപ്പുറം ജില്ലയിലെ മൃഗപരിപാലനരംഗത്തെ ഉല്പാദനം വർദ്ധിച്ചില്ല എന്നുമാത്രമല്ല കൃഷിഭൂമിയുടെ വിസ്തീർണ്ണം കുറഞ്ഞതും തൊഴിലാളികളുടെ ക്ഷാമവും ഉല്പാദന ചെലവ് വർദ്ധിച്ചതും ഈ മേഖലയിൽ നിന്നുള്ള വരുമാനം കുറയാൻ കാരണമായി. ജില്ലയിൽ കന്നുകാലി സമ്പത്തിൽ ഏകദേശം 18 ശതമാനത്തോളം കുറവുണ്ടായിട്ടുമുണ്ട്.

പട്ടിക 4.1.4.7 : ജില്ലയിലെ മൃഗസംരക്ഷണ സ്ഥാപനങ്ങൾ

ക്രമ നം	മൃഗസംരക്ഷണസ്ഥാപനങ്ങൾ	എണ്ണം
1.	വെറ്ററിനറി ഡിസ്പെൻസറി	93
2.	വെറ്ററിനറി ഹോസ്പിറ്റൽ	12
3.	വെറ്ററിനറി പോളിക്ലിനിക്	4
4.	ജില്ലാ വെറ്ററിനറി കേന്ദ്രം	1
5.	ജില്ലാ ഓഫീസ്	1
6.	ചെക്ക്പോസ്റ്റ്	1
7.	ജില്ലാ കോഴിവളർത്തൽ കേന്ദ്രം	1
8.	മൊബൈൽ ഫാം എയ്ഡ് യൂണിറ്റ്	1
9.	റീജിയണൽ ഇൻസെമിനേഷൻ സെന്റർ	1
10.	അനിമൽ ഡിസീസ് കൺട്രോൾ പ്രോജക്ട്	1

അവലംബം : സംസ്ഥാന മൃഗസംരക്ഷണ വകുപ്പ്

ജില്ലയിലെ പക്ഷിമൃഗ സമ്പത്തിനെ പരിപാലിക്കുന്നതിനായി 110 സ്ഥാപനങ്ങളിലായി 530 ജീവനക്കാരാണ് നിലവിലുള്ളത്. ഇതിൽ ടെക്നിക്കൽ വിഭാഗത്തിൽ 126 ഡോക്ടർമാരും 238 ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരും മാത്രമാണുള്ളത്. വെറ്ററിനറി കൗൺസിൽ നിയമപ്രകാരം 500 കന്നുകാലി സമ്പത്തിന് ഒരു ഡോക്ടർ വേണമെന്നിരിക്കെ നിലവിൽ 800 കന്നുകാലികൾക്ക് ഒരു ഡോക്ടർ തസ്തിക മാത്രമാണ് ഇപ്പോൾ ജില്ലയിലുള്ളത്. ആട്, കോഴി അടക്കമുള്ള മറ്റ് പക്ഷിമൃഗ സമ്പത്തുകളുടെ ചികിത്സയും സംരക്ഷണവും ഇതിന് പുറമെയാണ്.

ക്ഷീരവികസന മേഖലയിൽ ആപ്കോസ് (ആനന്ദ് മാതൃക ക്ഷീരോൽപാദന സഹകരണസംഘം) അംഗീകൃത ക്ഷീരസഹകരണ സംഘങ്ങൾ 258 ഉം ആപ്കോസ് ഇതര സംഘങ്ങൾ 32 ഉം ഉണ്ട്. പാല് സംഭരണ വിതരണത്തിനായി ഒരു തദ്ദേശ സ്ഥാപനത്തിൽ ശരാശരി 3 സഹകരണ സംഘങ്ങൾ ഉണ്ടെങ്കിലും ജില്ലയിൽ ഉല്പാദിപ്പിക്കപ്പെടുന്ന പാലിന്റെ ഗണ്യമായ ഭാഗം പ്രാദേശിക അടിസ്ഥാനത്തിലാണ് വിൽക്കപ്പെടുന്നത്. ഉല്പാദന ചെലവിലെ വർദ്ധനവിനനുസൃതമായ വില ക്ഷീരസഹകരണ സംഘങ്ങളിൽ നിന്ന് ലഭിക്കാത്തത് മൂലമാണ് കർഷകർക്ക് പൊതുവിപണിയെ ആശ്രയിക്കേണ്ടി വരുന്നത്. ക്ഷീരസഹകരണ സംഘങ്ങളിലെ ഭരണപരമായ കാര്യങ്ങളുടെ മേൽനോട്ടം വഹിക്കുന്ന ക്ഷീരവികസന വകുപ്പിൽ നാല്പതോളം തസ്തികകൾ മാത്രമാണ് ജില്ലയിൽ നിലവിലുള്ളത്. ഇതിൽ തന്നെ പതിനെട്ടോളം തസ്തികകൾ ഒഴിഞ്ഞ് കിടക്കുകയാണ്.

പശ്ചാത്തല സൗകര്യങ്ങളുടെ അവസ്ഥ

തീറ്റ

കന്നുകാലി, കോഴി വളർത്തൽ മേഖലയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ചെലവുകളിൽ 70 ശതമാനത്തോളം വരുന്ന തീറ്റക്കു വേണ്ടിമാത്രമാണ്. തീറ്റ ഉത്പാദനത്തിലും നമുക്ക് സ്വയംപര്യാപ്തത നേടാൻ സാധിച്ചില്ല. തീറ്റ ഉല്പാദനത്തിന് വേണ്ടിയുള്ള അസംസ്കൃത വസ്തുക്കളുടെ ലഭ്യത കുറവ്തന്നെയാണ് ഇതിന് പ്രധാനകാരണം. നമ്മുടെ സംസ്ഥാനത്തെ ധാന്യ ഉത്പാദനത്തിന്റെ കുറവ്കൊണ്ടാണ് അസംസ്കൃത വസ്തുലഭ്യമാവാത്തത്. അതിനാൽ തീറ്റ ഉത്പാദനത്തിന് നമുക്ക് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു ഈ ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി ജില്ലയിൽ സർക്കാർ മേഖലയിലോ സംഘടിതമേഖലയിലോ തീറ്റ ഉത്പാദിപ്പിക്കുന്ന ഫാക്ടറികൾ ഒന്നും തന്നെയില്ല എന്നതാണ് വസ്തുത.

തീറ്റപ്പുല്ല്

കാലിവളർത്തൽ മേഖലയിൽ തീറ്റചെലവ് ഒരുപരിധിവരെ കുറക്കാൻ തീറ്റപ്പുല്ല് കൃഷി കൊണ്ട് സാധിക്കുന്നു. എന്നാൽ തീറ്റപുല്ലിന്റെ ലഭ്യത കുറവും ഈ മേഖലയിലെ പ്രധാന പ്രതിസന്ധിയാണ്. തീറ്റപ്പുല്ല് കൃഷി ചെയ്യാനുള്ള സ്ഥല പരിമിതിയും ഈ മേഖലയിലെ പ്രതിസന്ധിയാണ്. ആയതിനാൽ തരിശുനിലങ്ങളിൽ ഈ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സംയോജിത കൃഷി രീതിയിൽ ഇതിന് കൂടുതൽ ഊന്നൽ കൊടുക്കുന്നതിനും നടപടികൾ വേണ്ടതാണ്. സ്വകാര്യ പൊതു സഹകരണ ഉടമസ്ഥതയിൽ പുൽകൃഷി പ്രോത്സാഹിപ്പിക്കുന്നത് വഴിയും തീറ്റപ്പുല്ലിന്റെ ലഭ്യത വർദ്ധിപ്പിക്കാൻ കഴിയും.

വിപണി

ക്ഷീരോത്പാദന മേഖലയിലുള്ളതുപോലെ മുട്ടക്കും, മാംസത്തിനും വേണ്ടി സംഘടിത വിപണന സംവിധാനങ്ങൾ കേരളത്തിലെന്നപോലെ ജില്ലയിലും ലഭ്യമല്ല. ആയതിനാൽ അനധികൃതമായി പ്രവർത്തിക്കുന്ന കശാപ്പുശാലകളുടെയും ചന്തകളുടെയും എണ്ണത്തിൽ നിയന്ത്രണമില്ല. ഇവ വഴി ഗുണനിലവാരമില്ലാത്തതും രോഗബാധയുമുള്ള മുട്ടയും ഇറച്ചിയുമാണ് വിൽക്കപ്പെടുന്നത്. അറവു മൃഗങ്ങളിൽ ഭൂരിപക്ഷവും അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്നതാണ്.

ഉത്പാദനത്തിന്റെ സ്ഥിതി

മൃഗസംരക്ഷണ മേഖലയിൽ നിന്നുമുള്ള പ്രധാന ഉത്പന്നങ്ങളായ പാൽ, മുട്ട, മാംസം, തുകൽ, വളം എന്നിവയിൽ നിന്നും ഇന്ത്യൻ സമ്പത് ഘടനയിലേക്ക് കൂടുതൽ സംഭാവന നൽകുന്നത് പാൽ,

മുട്ട, മാംസം എന്നിവയാണ്.

പാൽ

ഇന്ത്യൻ സമ്പത് വ്യസ്ഥയിലേക്ക് മൃഗസംരക്ഷണ മേഖലയിൽ നിന്നുള്ള പ്രധാന സംഭാവന നൽകുന്നത് ക്ഷീരമേഖലയാണ്. പാലുൽപാദന മേഖലയിലെ വർദ്ധനവിന് പ്രധാനകാരണം നമ്മുടെ നാട്ടിലെ സങ്കരവർഗത്തിൽപ്പെട്ട കന്നുകാലികളും ഇവക്ക് വേണ്ടി പ്രവർത്തിക്കുന്ന പ്രത്യുത്പാദന കേന്ദ്രങ്ങളുമാണ്. മറ്റ് മൃഗോൽപാദനത്തിൽ നിന്നും വ്യത്യസ്തമായി ക്ഷീരമേഖലയിൽ ഒരു സംഘടിത വിപണന സംവിധാനം നിലവിലുണ്ട്.

പട്ടിക 4.1.4.8 : കേരളത്തിലെ പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉത്പാദന കണക്കുകൾ

വർഷം	പാൽ (മെട്രിക് ടൺ)	മുട്ട (ലക്ഷം)	ഇറച്ചി (ടൺ.മെ)	ഇറച്ചികോഴി (ടൺ.മെ)
2015-16	2649.72	24424	291.02	175.02
2016-17	2520.29	23443	280.08	188.76

അവലംബം -സ്ഥിതിവിവര കണക്ക് - സാമ്പിൾ സർവെ അടിസ്ഥാനം

ജില്ലയിലെ നിലവിലുള്ള ഉല്പാദനത്തിന്റെ സ്ഥിതിവിവര കണക്കുകളാണ് താഴെ പറയുന്നത്. കേരളത്തിലെ ഉത്പ്പാദനത്തിന്റെ ആറു ശതമാനം മാത്രമാണിത്.

പട്ടിക 4.1.4.9 : ജില്ലയിലെ നിലവിലുള്ള ഉത്പാദനത്തിന്റെ സ്ഥിതിവിവര കണക്കുകൾ

വർഷം	പാൽ	മുട്ട	ഇറച്ചി	ചിക്കൻ
2016-17	മെട്രിക് ടൺ 149.3	ലക്ഷം 3111	മെട്രിക് ടൺ 47	മെട്രിക് ടൺ 21

അവലംബം -സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് - സ്ഥിതിവിവരകണക്ക് - സാമ്പിൾ സർവെ അടിസ്ഥാനം

ജനസംഖ്യ വർദ്ധനവിനനുസരിച്ച് മലപ്പുറം ജില്ലയിലെ മൃഗപരിപാലന രംഗത്തെ ഉല്പാദനം വർദ്ധിച്ചില്ല എന്നുമാത്രമല്ല കൃഷിഭൂമിയുടെ വിസ്തീർണ്ണം കുറഞ്ഞതും തൊഴിലാളികളുടെ ക്ഷാമവും ഉല്പാദന ചെലവ് വർദ്ധിച്ചതും ഈ മേഖലയിൽ നിന്നുള്ള വരുമാനം കുറയാൻ കാരണമായി.

പട്ടിക 4.1.4.10 : മൃഗസംരക്ഷണമേഖലയിലെ സാദ്ധ്യതകൾ

ഇനം	ആവശ്യകത	ഉത്പ്പാദനം	വിടവ്
പാൽ	375 മെട്രിക് ടൺ	150 മെട്രിക് ടൺ	225 മെട്രിക് ടൺ
മുട്ട	111 കോടി	31 കോടി	80 കോടി
മാംസം	90 മെട്രിക് ടൺ	68 മെട്രിക് ടൺ	22 മെട്രിക് ടൺ

അവലംബം -സ്ഥിതിവിവരകണക്ക് - സാമ്പിൾ സർവേ അടിസ്ഥാനം

2011-12 ലെ കണക്കനുസരിച്ച് 120 മെട്രിക് ടൺ ആയിരുന്ന പാലുല്പാദനം 16-17 ൽ 150 മെട്രിക് ടൺ ആയി വർദ്ധിച്ചു എന്നിരുന്നാലും ജില്ലയിലെ പാലിന്റെ ആവശ്യകത 375 മെട്രിക് ടൺ ആണെന്നിരിക്കെ ഈ ലക്ഷ്യത്തിലെത്താൻ ഇനിയും നമ്മൾ ഏറെ ദൂരം മുന്നോട്ട് പോകേണ്ടിയിരിക്കുന്നു. 90 ശതമാനം ജനങ്ങളും മാംസാഹാര പ്രിയരായ ജില്ലയിൽ മാംസത്തിന്റെയും മുട്ടയുടെയും ആവശ്യകത കൂടി വരികയാണ്.

മാംസം

വില കുറഞ്ഞ എന്നാൽ ഉയർന്ന ഗുണനിലവാരമുള്ളതും മനുഷ്യശരീരത്തിൽ വേഗം ആഗിരണം ചെയ്യപ്പെടുന്നതുമായ മാംസ്യത്തിന്റെ ഉറവിടമാണ് ജന്തുജന്യമാംസ്യം. മാംസോൽപാദനമേഖലയിൽ പശു, എരുമ, ആട്, കോഴി തുടങ്ങിയവയുടെ മാംസമാണ് വിൽക്കപ്പെടുന്നത്. അംഗീകൃത അറവുശാലകളുടെ അഭാവം ജില്ലയിൽ ഉള്ളതിനാൽ സുരക്ഷിത മാംസമെന്ന ലക്ഷ്യത്തിലെത്താൻ ഇനിയും ദൂരമുണ്ട്. തിരൂർ മുൻസിപ്പാലിറ്റി അറവുശാല മാത്രമാണ് ഈ രംഗത്തുള്ളത്. ജില്ലയിൽ മാംസത്തിനുള്ള ആവശ്യകത വളരെ വലുതാണ്. ആവശ്യകതയും ലഭ്യതയും തമ്മിലുള്ള അന്തരം മാംസോല്പാദന മേഖലയിലെ സാധ്യതയിലേക്ക് വിരൽ ചൂണ്ടുന്നു. 2010-11

കാലഘട്ടത്തിൽ ജില്ലയിൽ ഉത്പ്പാദിപ്പിക്കപ്പെട്ടിരുന്നത് ആകെയുള്ള ആവശ്യകതയുടെ 30 ശതമാനത്തിന് താഴെയായിരുന്നെങ്കിൽ 2016-17 ൽ മാംസോല്പാദനം ആവശ്യകതയുടെ 46 ശതമാനമായി മാറിക്കഴിഞ്ഞിരുന്നു. പരമ്പരാഗതമായി ആടുവളർത്തലിന് പ്രസിദ്ധമായ ജില്ലയിൽ മൃഗസംരക്ഷണ വകുപ്പിന്റെ സഹായത്തോടെ പുതുതലമുറ ആടുവളർത്തൽ, പോത്തുകുട്ടി വളർത്തൽ മേഖലയിലേക്ക് കടന്നുവന്നതിനാലും പുറമേ നിന്ന് വരുന്ന ഭക്ഷ്യവസ്തുക്കളിലെ രാസപദാർത്ഥങ്ങളുടെ സാന്നിദ്ധ്യവും ഗുണമേന്മാ പ്രശ്നങ്ങളും അവയുണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങളും വ്യാപകമായി ചർച്ചചെയ്യപ്പടുകയും പരിഹാരമാർഗ്ഗം ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടുക മാത്രമാണെന്ന് തിരിച്ചറിഞ്ഞതുവഴിയാണ് മാംസോല്പാദനത്തിൽ വർദ്ധനയുണ്ടായത്. രണ്ടായിരങ്ങളിൽ പാലിന്റെ സംഭരണവും വിതരണവും കർഷകർക്ക് പ്രയാസമേറിയതായിരുന്നെങ്കിൽ ക്ഷീരവികസന വകുപ്പിന്റെ മേൽനോട്ടത്തിൽ പഞ്ചായത്തുകൾതോറും ഇന്ന് നിലവിലുള്ള സംഭരണ വിതരണ കേന്ദ്രങ്ങളായ ക്ഷീരസഹകരണ സംഘങ്ങൾ കർഷകർക്ക് ന്യായവില ഉറപ്പ് വരുത്തുകയും പുൽകൃഷിയിൽ പരിശീലനം നൽകുകയും വഴി ഒരു അളവ് വരെ ഉല്പാദന ചെലവ് കുറക്കുവാൻ ഉപകരിക്കുന്നു.

മുട്ടയും കോഴിയിറച്ചിയും

2012 നെ അപേക്ഷിച്ച് മുട്ടക്കോഴി വളർത്തൽ മേഖലയിൽ കൂടുതൽ ആളുകൾ കടന്നുവന്നിട്ടുണ്ടെങ്കിലും 80 കോടിയോളം കോഴിമുട്ട ഓരോ വർഷവും അന്യസംസ്ഥാനങ്ങളിൽ നിന്നും ജില്ലയിലേക്ക് ഇറക്കുമതി ചെയ്യപ്പെടുന്നുണ്ട്. ഐസി.എം.ആർ ശുപാർശയിൽ വാർഷിക പ്രതിശീർഷ ഉപയോഗം 180 മുട്ടയും 10.8 കിഗ്രാം ഇറച്ചിയുമാണ്. വാർഷിക പ്രതിശീർഷകണക്ക് 33 മുട്ടയും 630 ഗ്രാം ഇറച്ചിയുമാണ്. കേരളത്തിൽ പ്രതി ശീർഷ മുട്ടയുപയോഗം ഒരു വർഷത്തിൽ 64 ആയി കണക്കാക്കിയിരിക്കുന്നു. ഇത് ലോകശരാശരിയെക്കാൾ കുറവാണ്. (124 മുട്ടയും 5.9 കി.ഗ്രാം മാംസവും) ജില്ലയിൽ ഇപ്പോൾ മുട്ടയുടെ ആഭ്യന്തര ആവശ്യത്തിൽ 50 ശതമാനത്തിന്റെ താഴെ മാത്രമെ ഉത്പാദിപ്പിക്കുള്ളൂ. അടുക്കളമുറ്റത്തെ കോഴി വളർത്തലിൽ നിന്നാണ് പ്രധാനമായും ഉത്പാദനം ഉണ്ടാവുന്നത്. 1970 കളിൽ മുട്ട ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുകയും അന്യ ജില്ലകളിലേക്ക് കയറ്റുമതിയും ചെയ്തിരുന്നു. എന്നാൽ ഇന്ന് സ്ഥിതി നേരെ തിരിച്ചാണ്. ഇവയുടെ പരിപാലനത്തിലും ഉത്പാദനത്തിനും അത്യാവശ്യമായ അസംസ്കൃത വസ്തുക്കളുടെ ലഭ്യത കുറവും വാണിജ്യാടിസ്ഥാനത്തിലുള്ള മുട്ട വിരിക്കൽ കേന്ദ്രത്തിന്റെ അഭാവവും ഈ സ്ഥിതിക്ക് കാരണങ്ങളാണ്.

മൃഗങ്ങളുടെ ആരോഗ്യാവസ്ഥ

മൃഗങ്ങളുടെ ആരോഗ്യാവസ്ഥയും ഉത്പാദനവും തമ്മിൽ ബന്ധമുണ്ട്. ആരോഗ്യമുള്ള മൃഗങ്ങളിൽ നിന്നു മാത്രമേ ഗുണനിലവാരത്തിലുള്ള ഉൽപന്നം ലഭ്യമാവൂ. ജന്തുജന്യരോഗങ്ങളും മൃഗങ്ങൾക്കുണ്ടാവുന്ന സാംക്രമിക രോഗങ്ങളും മനുഷ്യരെയെന്ന പോലെ തന്നെ സമ്പദ് ഘടനയെയും പ്രതികൂലമായി ബാധിക്കുന്നു.

മൃഗസംരക്ഷണ ക്ഷീരവികസന സ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യവികസനത്തിനായുള്ള പദ്ധതികൾ

കേരളത്തിലെ പത്താം പഞ്ചവത്സരപദ്ധതിയുടെ തന്ത്രങ്ങൾ രൂപവത്കരിച്ച് കന്നുകാലികളുടെ ജനുസ് മെച്ചപ്പെടുത്തുന്നതിനും ശാസ്ത്രീയ രീതികളും മെച്ചപ്പെട്ട പരിപാലന മുറകളും ഉപയോഗിച്ച് ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും പിന്തുണക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പ്രാധാന്യം നൽകി കൊണ്ടായിരുന്നു. എങ്കിലും 4 വർഷത്തിലൊരിക്കൽ നടത്തുന്ന കന്നുകാലി സെൻസസിൽ നിന്ന് വ്യക്തമാകുന്നത് 1996 ന് ശേഷം എല്ലാതരം കന്നുകാലികളുടെയും എണ്ണം കുറഞ്ഞു വരുന്ന പ്രവണതയുണ്ടെന്നാണ് .

കന്നുകാലികളുടെ എണ്ണം കുറഞ്ഞു വരുന്ന സാഹചര്യത്തിലും പാലിന്റെ ഉത്പാദനം സ്ഥിരമായ അളവിലാണെന്ന് കാണാം. സങ്കര വർഗത്തിൽപ്പെട്ട മൃഗങ്ങളെ വളർത്തുന്നത് മൂലം പാൽ ഉല്പാദനത്തിലെ വർദ്ധനവായിരാക്കാം ഇതിന് കാരണം. മലപ്പുറം ജില്ലയിലെ ആളോഹരി പാലുൽപാദനം 230 ഗ്രാമാണ്. ലോക ശരാശരി തന്നെ 294.7 ഗ്രാമും. 80 ശതമാനവും ആഭ്യന്തര

ഉത്പാദനത്തിലൂടെ നിറവേറ്റാൻ കഴിയുന്നുണ്ട്. മറ്റ് പല കാർഷിക രംഗങ്ങളെയും അപേക്ഷിച്ച് ഇത് ആശാവഹമാണെങ്കിലും ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് മുന്നോട്ട് വെക്കുന്ന ആളോഹരി പാൽ ഉപഭോഗമായ 300 ഗ്രാമെന്ന കടമ്പ കടക്കണമെങ്കിൽ നാം ഒരു പാട് മുന്നോട്ട് പോവേണ്ടതുണ്ട്. ജനസംഖ്യാനുപാതികമായി നിലവിലെ ഉത്പാദന ശേഷി 25 ശതമാനമാണ്. മുട്ടയുടെ പ്രതിശീർഷ ഉപഭോഗം ജില്ലയിൽ 92 ആണ്. ജില്ലയിൽ 1 വർഷമാവശ്യമായ മുട്ട 111 ദശലക്ഷമാണ്. ജില്ലയിൽ മുട്ട ഉദ്പാദനം 31 ദശലക്ഷമാണ്.

സ്വകാര്യ കോഴിവളർത്തൽ ഫാമുകളിൽ നിന്നുള്ള ബ്രോയിലർ കോഴി ഇറച്ചിയുടെ അളവ് ഏകദേശം 428 ലക്ഷം കി.ഗ്രാമാണ്. സ്ഥിര വിപണിയാണ് മൂഗസംരക്ഷണ മേഖലയുടെ പ്രധാന ആകർഷണം. ദേശീയ തൊഴിൽ രംഗത്തുണ്ടായ സാമ്പത്തിക പിന്നോക്കാവസ്ഥ ബാധിക്കാത്ത രംഗമാണ് മൂഗസംരക്ഷണ മേഖല. ഭാവിയിലെ സാമ്പത്തിക രംഗങ്ങളിൽ ഉണ്ടാവുന്ന പിന്നോട്ടടികൾ ഈ മേഖലയെ ബാധിക്കുന്നില്ല. ഇത് കൊണ്ട് തന്നെ ഈ മേഖലയിൽ മുതൽ മുടക്കുന്നതിന് ഉള്ള സന്നദ്ധത നിക്ഷേപകരിൽ ഏറുന്നു. തൊഴിൽ ഉപേക്ഷിച്ച് എത്തുന്ന പ്രവാസികളുടെ ജീവനമാർഗമാണ് ഡയറി ഫാമിങും ബ്രോയിലർ കോഴി വളർത്തലും. കൂടാതെ യന്ത്രവത്കരണ ഹൈടെക് ഫാം ജില്ലയിൽ പലയിടത്തും ആരംഭിച്ചിട്ടുണ്ട്. യന്ത്രവത്കരണം, ശാസ്ത്രീയമായ മാലിന്യ സംസ്കരണം, വിഷരഹിതവും മാലിന്യമില്ലാത്തതുമായ ഉത്പന്ന നിർമാണം, ആധുനിക വത്കരണം, അനുയോജ്യവും പൂരകവുമായ നയരൂപീകരണം എന്നിവയിൽ കൂടി ഡയറി ഫാമിങും പൗൾട്രി ഫാമിങും നാളെയുടെ നിക്ഷേപ സൗഹൃദ കാർഷിക മേഖലയാവുമെന്നത് തീർച്ച.

ഇറച്ചി പാൽ മുട്ട എന്നിവയുടെ ആവശ്യം ആഭ്യന്തരമായി വർദ്ധിപ്പിക്കാനാവാത്ത അവസ്ഥയിൽ മേഖല അഭിമുഖീകരിക്കുന്ന തടസങ്ങൾ പരിശോധിച്ചാൽ 3 പ്രധാനപ്രശ്നങ്ങൾ ചർച്ച ചെയ്യേണ്ടതാണെന്ന് കാണാം. ജില്ലയിൽ മൂഗങ്ങളുടെ എണ്ണംകുറവ് കുറയുന്ന പ്രവണതയാണ് ഇതിൽ ആദ്യത്തെത് ഉത്പാദനോപാദികളുടെ വിലയും ലഭ്യത കുറവുമാണ് മറ്റൊന്ന്. അന്യ സംസ്ഥാനങ്ങളിൽ നിന്ന് ഇവിടെ എത്തുന്ന ഉത്പന്നങ്ങളാണ് ഇനിയൊന്ന് .

കാലിത്തീറ്റയുടെയും കോഴിത്തീറ്റയുടെയും വിലകയറ്റമാണ് മേഖല നേരിടുന്ന ആദ്യവെല്ലുവിളി. പാലിന്റെ വില മിക്കപ്പോളും വർധിക്കാറുമില്ല. തരിശുനിലങ്ങളിൽ തീറ്റ പുൽകൃഷി വ്യാപകമാക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടില്ല. ലാഭക്ഷമത ഉയർത്തി ഈ രംഗം വരുമാന മാർഗവും ജീവിതമാർഗവുമാക്കാനുള്ള നടപടികൾ കൈകൊളളണം. യുവജനങ്ങളും പുതിയ സംരംഭകരും ഈ മേഖലയിലേക്കെത്താത്തതിന്റെ കാരണം മേഖലയിൽ നിലനിൽക്കുന്ന മോശം സാഹചര്യങ്ങളാണ്. ഇതുമൂലമുണ്ടാകുന്ന മോശം സാമൂഹ്യ നിലവാരവും പ്രശ്നമാണ്. വൃത്തി ഹീനമായ തൊഴിൽ സാഹചര്യവും കർഷകന്റെ തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുന്നതിനും സാമൂഹ്യാംഗീകാരം ഉറപ്പാക്കുന്നതിനുമായുള്ള ഇടപെടലുകൾ തീർച്ചയായും വിഭാവനം ചെയ്യപ്പെടേണ്ടതാണ്.

വികസന വിടവ്

- കൂടിയ ഉത്പ്പാദന ചെലവ് – ഉത്പ്പന്നങ്ങൾക്ക് ന്യായവില ലഭിക്കാത്തത്
- സ്ഥല ദൗർലഭ്യം
- കാലിത്തീറ്റയുടെ അമിതമായ വില – തീറ്റപ്പുല്ലിന്റെ ലഭ്യത കുറവ്
- അമിതമായ കൂലി ചെലവ്
- ഉത്പ്പാദനക്ഷമത കൂടിയ കന്നുകാലികളുടെ ലഭ്യതകുറവ്
- രോഗചികിത്സാ ചെലവ്
- സങ്കരയിനം കന്നുകാലികളിലെ കൂടിയ രോഗസാദ്ധ്യത
- നിലവിലുള്ള അവസ്ഥക്ക് ആവശ്യമായ ജീവനക്കാരുടെയും തസ്തികകളുടെയും അഭാവം
- പദ്ധതി രൂപീകരണത്തിൽ വിവിധ മേഖലകളുടെ ഏകോപനമില്ലായ്മ
- രുചിയായ മാംസ ഉല്പാദനത്തിന് ആവശ്യമായ ശാസ്ത്രീയ അറവുശാലകളുടെ അഭാവം

- മുന്തിയ ഇനം പക്ഷിമൃഗ ജന്തുസുകളുടെ ഉല്പാദനത്തിന് ആവശ്യമായ ഫാമുകളുടെയും ഹാച്ചറികളുടെയും അഭാവം
- കർഷക പരിശീലന കേന്ദ്രങ്ങളുടെ അഭാവം
- പാൽ ശീതീകരണ കേന്ദ്രങ്ങളുടെ എണ്ണക്കുറവ്
- തീറ്റമിശ്രണ സംരംഭങ്ങളുടെ അഭാവം
- സംരംഭകത്വ പ്രോത്സാഹന പദ്ധതികളുടെ അഭാവം
- ബാങ്ക് ലോണിന്റെ ഉയർന്ന പലിശ നിരക്ക് കാർഷിക വായ്പയായി പരിഗണിക്കുന്നില്ല.

പ്രശ്ന പരിഹാര സാധ്യതകൾ

ഉത്പ്പാദന ചെലവ് കുറക്കുന്നതിനുള്ള പദ്ധതികൾ

- ഉത്പാദനവും ഉത്പാദനക്ഷമതാ സൗകര്യവും വർധിപ്പിക്കുക വഴി വരുമാനമുയർത്തുന്ന പദ്ധതികൾ.
- മെച്ചപ്പെട്ട വായ്പ്പാ സാഹചര്യങ്ങളും വിപണന സാധ്യതകളും ചികിത്സാ സൗകര്യവും ഉറപ്പാക്കുന്ന പദ്ധതികൾ.
- കർഷകരുടെ ജീവനും ജീവനോപാധികൾക്കും സംരക്ഷണം നൽകുക വഴി മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങളും സുരക്ഷിതത്വവും ഉറപ്പാക്കുകയും ചെയ്യുന്ന കർഷക സൗഹൃദ പദ്ധതികൾ.
- മാലിന്യ സംസ്കരണവും പൊതുജന ആരോഗ്യവുമായി ബന്ധപ്പെട്ട മൃഗസംരക്ഷണ പദ്ധതികൾ
- തനത ജന്തുസുകളുടെ സംരക്ഷണവും മൃഗസംരക്ഷണ മേഖലയിലെ ഗവേഷണങ്ങളും പ്രോത്സാഹിപ്പിപ്പിക്കുന്ന പദ്ധതികൾ.

വികസന പരിപ്രേക്ഷ്യം

ആവശ്യകതയും ലഭ്യതയും തമ്മിലുള്ള അന്തരം മൃഗ സംരക്ഷണ ക്ഷീര വികസന മേഖലയിലെ സാദ്ധ്യതകളിലേക്ക് വിരൽ ചൂണ്ടുന്നു. സസ്യേതര ഭക്ഷണ പ്രിയരായ 41 ലക്ഷം ജനസംഖ്യയുള്ള ജില്ലയിൽ പാലിന്റെ ആവശ്യം വലുതാണ്. 225 ലക്ഷം മെടിക് ടൺ പാലും 47 കോടിയോളം കോഴിമുട്ടയും 11 മെടിക് ടൺ മാംസവും വർഷം തോറും അധിക ആവശ്യകതയുള്ള ജില്ലയിൽ പാൽ, മുട്ട എന്നിവയുടെ ഉത്പാദന വർദ്ധനവിന് ഉതകുന്ന പദ്ധതികൾക്ക് ഏറെ സാദ്ധ്യതയുണ്ട്. പോഷക പൂരിതവും സുരക്ഷിതവുമായ ആഹാരം സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർക്ക് ലഭ്യമാക്കുന്ന തരത്തിലുള്ള പദ്ധതികൾക്കായിരിക്കണം മൃഗസംരക്ഷണ ക്ഷീരവികസന മേഖല ഊന്നൽ നൽകേണ്ടത്.

അടിസ്ഥാന സൗകര്യ വികസനം

- ജില്ലയിൽ നിലവിലുള്ള മൃഗസംരക്ഷണ, ക്ഷീരവികസനമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക.
- മൃഗപരിപാലനത്തിന് ആവശ്യമായ സ്ഥാപനങ്ങളായ ആശുപത്രികൾ, സബ്സെന്ററുകൾ, ലാബുകൾ മുതലായ സ്ഥാപനങ്ങളുടെ കാലാകാലങ്ങളിൽ ഉണ്ടാകുന്ന വികസനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പരിഷ്കരിക്കുക.
- കഴിഞ്ഞ പദ്ധതി കാലയളവുകളിൽ മുട്ടയുല്പാദന വർദ്ധനവിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ഏകദേശം 2 ലക്ഷം മുട്ടക്കോഴി കുഞ്ഞുങ്ങളെ വിതരണം ചെയ്തിട്ടുണ്ട്. ഇതിനാവശ്യമായ കുഞ്ഞുങ്ങളെ ജില്ലയിൽ ലഭ്യമല്ലാത്തതിനാൽ പുറമേ നിന്നും കൊണ്ടുവരേണ്ടി വന്നു. ജില്ലാ പഞ്ചായത്തിനു കീഴിൽ ആതവനാട് നിലവിലുള്ള ഹാച്ചറി വിപുലീകരിക്കുകയും എടവണ്ണയിൽ നിർമ്മാണത്തിലിരിക്കുന്ന ഹൈടെക് ഹാച്ചറി പെട്ടെന്ന് പ്രവർത്തന ക്ഷമമാക്കുകയും 1 ദിവസം പ്രായമായ ബ്രോയിലർ കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യതക്കുവേണ്ടി പ്രത്യേക ഹാച്ചറികൾ നടത്തേണ്ടതുമാണ്.

സംയോജിത പദ്ധതി

ഗ്രാമ പഞ്ചായത്തുകളിൽ വിവിധ വകുപ്പുകളും സർക്കാർ ഏജൻസികളും വിതരണം ചെയ്യുന്ന ഇൻപുട്ടുകളുടെ ഉല്പാദന സ്ഥിതി വിവര കണക്കുകൾ ശേഖരിച്ച് അതത് ഗ്രാമ പഞ്ചായത്തുകളിൽ നിലവിലുള്ള അംഗനവാടികളുടെ പൂരക പോഷകാഹാര പദ്ധതിയിലേക്ക് സംയോജിപ്പിക്കുകയും വളരുന്ന തലമുറക്ക് സുരക്ഷിത ഭക്ഷണം ഉറപ്പ് വരുത്തുകയും ചെയ്യാവുന്നതാണ്. തുടർന്ന് സ്കൂളുകളിലേക്കും ആശുപത്രികളിലേക്കും പഞ്ചായത്ത് നടപ്പിലാക്കുന്ന മറ്റ് ഭക്ഷ്യസുരക്ഷാ പദ്ധതികളിലേക്കും പദ്ധതി വിപുലീകരിക്കാവുന്നതാണ്. ഓരോ പഞ്ചായത്തിലും മൃഗപരിപാലന രംഗത്ത് പ്രവർത്തിക്കുന്ന വെറ്ററിനറി സബ്സെന്റർ ഇതിനുവേണ്ടിയുള്ള പ്രധാന കേന്ദ്രങ്ങളായി മാറ്റി പദ്ധതി നടപ്പിൽ വരുത്താവുന്നതാണ്.

മൃഗ സംരക്ഷണ മേഖല നേരിടുന്ന പ്രശ്നങ്ങൾ

- കൂടിയ ഉത്പാദന ചെലവ് - ഉത്പന്നങ്ങൾക്ക് ന്യായവില ലഭിക്കാത്തത്
- സ്ഥല ദൗർലഭ്യം
- കാലിത്തീറ്റയുടെ അമിതമായ വില - തീറ്റപ്പുല്ലിന്റെ ലഭ്യത കുറവ്
- അമിതമായ കൂലിചെലവ്
- ഉല്പാദനക്ഷമത കൂടിയ കന്നുകാലികളുടെ ലഭ്യതകുറവ്
- വർദ്ധിച്ച രോഗ ചികിത്സാ ചെലവ്
- സങ്കരയിനം കന്നുകാലികളിലെ കൂടിയ രോഗസാദ്ധ്യത
- നിലവിലുള്ള അവസ്ഥക്ക് ആവശ്യമായ ജീവനക്കാരുടെയും തസ്തികകളുടെയും അഭാവം
- പദ്ധതി രൂപീകരണത്തിൽ വിവിധ മേഖലകളുടെ ഏകോപനമില്ലായ്മ
- ശുചിയായ മാംസ ഉല്പാദനത്തിന് ആവശ്യമായ ശാസ്ത്രീയ അറവുശാലകളുടെ അഭാവം
- മുന്തിയ ഇനം പക്ഷി മൃഗ ജനുസുകളുടെ ഉത്പ്പാദനത്തിന് ആവശ്യമായ ഫാമുകളുടെയും ഹാച്ചറികളുടെയും അഭാവം
- കർഷക പരിശീലന കേന്ദ്രങ്ങളുടെ അഭാവം
- പാൽ ശീതീകരണ കേന്ദ്രങ്ങളുടെ എണ്ണക്കുറവ്
- തീറ്റമിശ്രണ സംരംഭങ്ങളുടെ അഭാവം
- സംരംഭകത്വ പ്രോത്സാഹന പദ്ധതികളുടെ അഭാവം
- കാർഷിക വായ്പയായി പരിഗണിക്കാത്തതിനാൽ ബാങ്ക് ലോണിന്റെ ഉയർന്ന പലിശ നിരക്ക്

സംക്ഷിപ്തം

കന്നുകുട്ടി പരിപാലനം, ഗർഭകാല പരിചരണം, കറവപശു സംരക്ഷണം തുടങ്ങിയ പദ്ധതികളിലൂടെ ഉല്പാദന ചെലവ് ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. വിദഗ്ധ ചികിത്സയും സമയാ സമയങ്ങളിലെ പ്രതിരോധ കുത്തിവെയ്പുകളും ലഭ്യമായപ്പോൾ പരമ്പരാഗത കർഷകർ ഈ മേഖലയിൽ തന്നെ നിലനിൽക്കുവാൻ തുടങ്ങി. 40-45 മുതൽ 50 ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ പ്രതിരോധ കുത്തിവെയ്പുകൾ നൽകി കർഷക ഗൃഹങ്ങളിൽ എത്തിക്കുകയും അടുക്കളമുറ്റത്തെ കോഴിവളർത്തൽ എന്ന ആശയം വ്യാപകമായി പ്രചരിപ്പിക്കുകയും ചെയ്തപ്പോൾ കോഴിമുട്ടയുടെ ഉത്പ്പാദനത്തിൽ 10 ശതമാനത്തോളം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

ഗോട്ട് സാറ്റലൈറ്റ് യൂണിറ്റുകൾ ആടുകളുടെ വംശവർദ്ധനവിന് കാരണമാകുന്നു. ഗ്രാമപഞ്ചായത്തുകൾ തോറും നടത്തിവരുന്ന ബോധവൽക്കരണ ക്ലാസുകളും ജില്ലാ സെമിനാറും സംരംഭകത്വ പ്രോത്സാഹന പരിപാടികളും യുവാക്കളെ മേഖലയിലേക്ക് ആകർഷിക്കുകയും അതുവഴി ഉടലെടുക്കുന്ന ഹൈടെക് ഫാമുകളും എഗ്ഗർ നഴ്സറികളും ബ്രോയിലർ യൂണിറ്റുകളും ആഭ്യന്തര ഉത്പ്പാദനത്തിന്റെ തോത് വർദ്ധിപ്പിക്കുന്നു. കന്നുകാലികൾക്ക് നാശനഷ്ടങ്ങൾ വരുമ്പോൾ

കർഷകർക്ക് ആശ്വാസമാകുന്ന ഇൻഷൂറൻസ് പദ്ധതികളും മൃഗപരിപാലനത്തിന് കർഷകർക്ക് ഉത്തേജനമാകുന്നു. സമ്മിശ്ര കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനുതകുന്ന കമ്പോസ്റ്റ് ശേഖരണ യൂണിറ്റുകൾ സംയോജിത പ്രവർത്തനങ്ങളുടെ മാതൃകകളാണ്. കൃത്യമായ ദിശാബോധവും സഹായങ്ങളും നൽകി വർഗ്ഗഘണമുള്ള ഉരുക്കളിൽ നിന്ന് ഉത്പ്പാദനവും സംഭരണവും വിതരണവും നടത്താൻ കർഷകരെ സജ്ജരാക്കുക എന്ന സമീപനം ആഭ്യന്തര ഉല്പാദന കമ്മി കുറയ്ക്കുന്നു.

പൊതു നിർദ്ദേശങ്ങൾ

- താരതമ്യേന പ്രയാസരഹിതമായ കോഴി വളർത്തലും മറ്റു രീതികളും ഗ്രാമ നഗര വ്യത്യാസങ്ങളില്ലാതെ എല്ലാ കുടുംബങ്ങളിലേക്കും എത്തിക്കാനുള്ള പദ്ധതിക്ക് മുൻതൂക്കം നൽകാവുന്നതാണ്. ഔഷധഗുണമുള്ളതായി കരുതപ്പെടുന്ന കാടമുട്ട ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി കാടകോഴി വളർത്തൽ പ്രോത്സാഹിപ്പിക്കാവുന്നതാണ്.
- നാടൻ കൃഷി രീതിയിൽ ചാണകവും പച്ചിലയുമാണ് അടിവളമായി നൽകാറുള്ളത്. കമ്പോസ്റ്റുകൾ, എല്ലുപൊടി, കാലിവളങ്ങൾ, കോഴികാഷ്ടം എന്നീ അടിവളങ്ങളുടെ വിപണന സാധ്യതകൾ കണ്ടെത്താവുന്നതാണ്.
- പ്രോട്ടീൻ ന്യൂനത മൂലമുള്ള രോഗങ്ങൾ നിയന്ത്രിക്കാൻ ജന്തു ജന്യ പ്രോട്ടീൻ വർദ്ധിപ്പിക്കാനുള്ള തന്ത്രങ്ങൾ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് വികസിപ്പിക്കുന്നതിന് മുൻഗണന നൽകാവുന്നതാണ്.
- അഭ്യസ്ഥ വിദ്യരായ യുവതീയുവാക്കളെ തൊഴിൽ സംരംഭകത്വ പരിപാടിയിൽ ഉൾപ്പെടുത്തി മൃഗസംരക്ഷണ മേഖലയിൽ പുത്തൻ സംരംഭങ്ങൾ ആവിഷ്കരിക്കാവുന്നതാണ്.
- മൃഗ സംരക്ഷണ മേഖല ലാഭകരമായി പ്രവർത്തിക്കാൻ ശാസ്ത്രീയ പ്രജനനം, തീറ്റക്രമ പരിചരണം, രോഗനിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവക്ക് ഊന്നൽ നൽകേണ്ടതാണ്.
- ഇറച്ചി, മുട്ട, പാൽ എന്നിവയുടെ പ്രതിദിന പ്രതിശീർഷ ലഭ്യതയും ആവശ്യകതയും തമ്മിലുള്ള അന്തരം കണ്ടെത്തി സ്വയം പര്യാപ്തതയിലേക്കുള്ള ശ്രമങ്ങൾക്ക് ആക്കം കൂട്ടുന്നതിനായി സ്വയം തൊഴിൽ, ഉപതൊഴിൽ, ഗ്രൂപ്പ് സംരംഭങ്ങളിലൂടെ ഉത്പാദനം, വിപണനം എന്നിവ വർദ്ധിപ്പിക്കുന്നതിലുള്ള സഹായ സഹകരണങ്ങൾ ലഭ്യമാക്കാവുന്നതാണ്.

4.1.5 മത്സ്യ മേഖല

ആമുഖം

അതി വിശിഷ്ടമായ ജലസമ്പത്തിനാൽ പ്രകൃതി അനുഗ്രഹിച്ച നാടാണ് നമ്മുടെ കേരളം. അതി വിശാലമായ തീരദേശത്തിന്റെ ആധിക്യം (590 കി.മി) സഹ്യനിൽ നിന്നും ഉത്ഭവിച്ച് അറബിക്കടലിൽ ചെന്നു ചേരുന്ന 41 നദികൾ, കിഴക്കോട്ട് ഒഴുകി വിസ്മയം തീർക്കുന്ന കബനിയും, ഭവാനിയും, പാമ്പാറും, പുഴയെ കടലിലേക്ക് ആനയിക്കുന്ന അതിവിശിഷ്ട മത്സ്യ സമ്പത്ത് ഉൾക്കൊള്ളുന്ന അഴിമുഖങ്ങൾ, കൈചാലുകൾ, പുഴകൾ, കുളങ്ങൾ, തോടുകൾ, ജലസംഭരണികൾ ആർത്തലയ്ക്കുന്ന കാലവർഷത്തിൽ സിരകളായ് മാറുന്ന ചെറു കൈച്ചാലുകൾ എന്നിവയെല്ലാം കൊണ്ട് ജലസമ്പന്നവും ജൈവ സമ്പത്തിന്റെ അതി വിശിഷ്ടമായ ജീവജാലങ്ങൾ ക്കൊണ്ട് സമൃഷ്ടമാണ് ദൈവത്തിന്റെ സ്വന്തം നാടായ "കേരളം". കാലവർഷത്തിന്റെ കൃത്യതയും, വിശേഷമായുള്ള ഭൂപ്രകൃതിയും, സവിശേഷ കാലാവസ്ഥയും, കണ്ടൽക്കാടുകളുടെ വിന്യാസവും വൈവിധ്യമാർന്ന ജൈവ സമ്പത്തിന്റെ നിലനിൽപ്പിന് ആധാരമായി എടുത്ത് പറയാവുന്നതാണ്. ഇത്തരം പ്രകൃത്യാലുള്ള സവിഷേഷതകൾ കടൽ-ഓരുജല-ശുദ്ധജല മത്സ്യങ്ങളുടെ പ്രജനനത്തിനും, വ്യാപനത്തിനും അതിജീവനത്തിനും പ്രകൃതിയാൽ തന്നെയുള്ള കരുതലും പരിലാളനവും നൽകിപോരുന്നു. ഇത്തരത്തിൽ പ്രകൃതി തന്നെ കടൽ-കായൽ-ശുദ്ധജലം എന്നിങ്ങനെ മൂന്ന് തരത്തിലുള്ള മത്സ്യ സമ്പത്ത് നമുക്ക് ലഭ്യമാക്കിയിട്ടുള്ളതിൽ നിന്നും ഭക്ഷണത്തിനും അതിജീവനത്തിനുമായി മത്സ്യം പിടിക്കുന്ന മത്സ്യബന്ധന തൊഴിലാളികളെ പൊതുവെ രണ്ടായി വിഭജിച്ചിരിക്കുകയാണ്. കടലിൽ ഉപജീവനം

തേടുന്ന കടലോര മത്സ്യത്തൊഴിലാളിയും, കായലുകളിലും പുഴകളിലും മത്സ്യ ബന്ധനം ജീവിതോപാധിയാക്കിയ ഉൾനാടൻ മത്സ്യത്തൊഴിലാളിയും. കരയിലെത്തിയ മത്സ്യത്തിന്റെ വിപണനവും മൂല്യവർദ്ധിത ഉത്പ്പന്നങ്ങളുടെ നിർമ്മാണവും ഉപജീവനമാക്കിയ മൂന്നാമത്തെ വിഭാഗമാണ് അനുബന്ധ മത്സ്യത്തൊഴിലാളികൾ. കേരളത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള മുഴുവൻ കടലോര മത്സ്യത്തൊഴിലാളികളെയും ഉൾനാടൻ മത്സ്യത്തൊഴിലാളികളെയും അനുബന്ധ തൊഴിലാളികളെയും കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് (മത്സ്യബോർഡ്) ഇൻഷൂർ ചെയ്തിട്ടുണ്ട്.

ഭൂമിശാസ്ത്രപരമായ വിവരങ്ങൾ

ജനസംഖ്യയിൽ ഒന്നാമത് നിൽക്കുന്ന മലപ്പുറം ജില്ല 3554 സ്ക്വയർ കിലോമീറ്റർ വിസ്തൃതിയിൽ കേരളത്തിൽ വലുപ്പം കൊണ്ട് മൂന്നാം സ്ഥാനത്ത് നിൽക്കുന്ന ജില്ലയാണ്. 11.03 N 76.05 E ആയാണ് സ്ഥിതി ചെയ്യുന്നത്. ജില്ലയുടെ തീരദേശം 50.6 കിലോമീറ്ററാണ്. 14 ബ്ലോക്ക് പഞ്ചായത്തുകളും 100 ഗ്രാമ പഞ്ചായത്തുകളും 7 മുനിസിപ്പാലിറ്റികളും ഉൾപ്പെടുന്ന ജില്ലയിൽ 6 താലൂക്കുകളിലായി 135 വില്ലേജുകൾ ഉൾപ്പെടുന്നു. 26 മത്സ്യഗ്രാമങ്ങളിൽ 3 എണ്ണം ഉൾനാടനും 23 എണ്ണം സമുദ്ര മത്സ്യഗ്രാമങ്ങളുമാണ്. 11 ഫിഷ് ലാന്റിംഗ് സെന്ററുകളാണ് മലപ്പുറം ജില്ലയിൽ ഉളളത്. കേരളത്തിന്റെ തീരദേശ ദൈർഘ്യത്തിന്റെ 8.57 ശതമാനവും ഉൾപ്പെടുന്ന മലപ്പുറം ജില്ലയുടെ മത്സ്യത്തൊഴിലാളി ജനസംഖ്യ 94107 ഉം കർമ്മോന്മുഖ മത്സ്യത്തൊഴിലാളികളുടെ സംഖ്യ 36024 ഉം ആണ്.

പട്ടിക: 4.1.5.1 : ഭൂമിശാസ്ത്രപരമായ വിവരങ്ങൾ

ക്രമ നം	ഭൂമിശാസ്ത്രപരമായ വിവരങ്ങൾ	കേരളം	മലപ്പുറം	ശതമാനം
1.	തീരദ്ദേശ ദൈർഘ്യം കി.മീ	590കി.മി	50.6 കി.മി	8.57%
2.	തീരദ്ദേശ വിസ്തൃതി	38863	3554	9.1%
3.	നദികൾ (എണ്ണം)	44	4	9%
4.	കൃളങ്ങൾ (ഹെക്ടർ)			
5.	പഞ്ചായത്ത് കുളങ്ങൾ (വിസ്തൃതി)	1486.69	50.57	3.4%
6.	പഞ്ചായത്ത് കുളങ്ങൾ (എണ്ണം)	6848	225	3.28%
7.	സ്വകാര്യകുളങ്ങൾ (വിസ്തൃതി)	40368	40.57	0.1%
8.	സ്വകാര്യ കുളങ്ങൾ (എണ്ണം)	3220	617	19.16
9.	അണകെട്ട് (വിസ്തൃതി)	34180	0	0
10.	അഴിമുഖങ്ങൾ (എണ്ണം)	54	4	7.4
11.	കണ്ടൽകാട് (ഹെക്ടർ)	2189	12	0.54%

അവലംബം – കേരള സർക്കാർ 2015, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്,
മത്സ്യകർഷക വികസന ഏജൻസി, മലപ്പുറം

- പടിഞ്ഞാറോട്ട് ഒഴുകുന്ന 4 നദികളും 4 അഴിമുഖങ്ങളും ആണ് മലപ്പുറം ജില്ലയിലുള്ളത്.കടലുണ്ടിപ്പുഴ (130കി.മി), ചാലിയാർ(169കി.മി), ഭാരതപ്പുഴ (209 കി.മി). തിരൂർപുഴ (48 കി.മി) തുടങ്ങിയവയാണ്.
- മലപ്പുറം ജില്ലയിൽ അണകെട്ടുകളോ റിസർവോയറുകളോ ഇല്ല.
- കണ്ടൽ കാടുകളുടെ വിസ്തൃതിയും മറ്റ് ജില്ലകളെ അപേക്ഷിച്ച് മലപ്പുറം ജില്ലയിൽ തുലോം കുറവാണ്. പഞ്ചായത്ത് കുളങ്ങൾ 225 എണ്ണത്തിൽ പകുതിയിൽ താഴെ മാത്രമേ നല്ലരീതിയിൽ മത്സ്യകൃഷി നടക്കുന്നുള്ളൂ
- മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് പഞ്ചായത്തിലെ കടലുണ്ടി അഴിമുഖത്തോട് ചേർന്ന് സമൃദ്ധമായി കാണുന്ന കണ്ടൽകാടുകൾ മാത്രമാണ് ജില്ലയിലെ ജൈവ വൈവിധ്യം നിലനിൽക്കുന്ന ജലാശയമേഖല. ഇവിടെ ഞെണ്ട്, ചെമ്മീൻ എന്നിവ നല്ല രീതിയിൽ കണ്ടുവരുന്നു.

മത്സ്യത്തൊഴിലാളി വിഭാഗം– ജനസംഖ്യാപരമായ വിശദാംശങ്ങൾ

പട്ടിക 4.1.5.2 : മലപ്പുറം ജില്ലയിലെ മത്സ്യത്തൊഴിലാളികളുടെ എണ്ണം (വർഷം 2017–18)

വിഭാഗം	ആൺ	പെൺ	ആകെ	കുടുംബം	പട്ടിക ജാതി	പട്ടിക ജാതി
കടൽ	34293	2	34295	26664	6	0
ഉൾനാടൻ	1647	82	1729	768	181	0

അവലംബം : കേരള മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡ്

പട്ടിക 4.1.5.3 : മലപ്പുറം ജില്ലയിലെ രജിസ്റ്റർ ചെയ്യപ്പെട്ട മത്സ്യത്തൊഴിലാളികളുടെ എണ്ണം (വർഷം 2017–18)

ക്രമ നം	മത്സ്യഗ്രാമം	രജിസ്റ്റർ ചെയ്യപ്പെട്ടവർ	ആൺ	പെൺ	ഭിന്നം	മൊത്തം	ക്രിസ്ത്യൻ	പട്ടിക ജാതി/ പട്ടിക വർഗം
1.	പരപ്പനങ്ങാടി	581	318	330	41	538	2	0
2.	താനൂർ	1025	148	971	15	1010	0	4
3.	തിരൂർ	353	714	162	2	351	0	0
4.	പൊന്നാനി	1059	524	515	509	550	2	0
	ആകെ	3018	823	1978	567	2449	4	4

അവലംബം : കേരള മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡ്

പട്ടിക 4.1.5.4 : മത്സ്യത്തൊഴിലാളി ഗ്രാമ–കുടുംബ–ജനസംഖ്യയുടെ ശതമാനം

മത്സ്യഗ്രാമങ്ങൾ	കേരളം	മലപ്പുറം	ശതമാനം
കടൽ	222	23	10.3%
ഉൾനാടൻ	113	3	2%
ആകെ	335	26	7.7%
മത്സ്യത്തൊഴിലാളി കുടുംബങ്ങൾ			
കടൽ	143409	26664	18.5%
ഉൾനാടൻ	28469	768	2.69%
ആകെ	171878	27432	15.96%
മത്സ്യത്തൊഴിലാളി ജനസംഖ്യ			
കടൽ	788324	34295	4.3%
ഉൾനാടൻ	235472	1729	0.73%
ആകെ	1023796	36024	3.51%

അവലംബം : കേരള മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡ്

കേരളത്തിലെ മൊത്തം മത്സ്യഗ്രാമങ്ങളിൽ 7.7 ശതമാനവും മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ 15.94 ശതമാനവും കടൽ ഉൾനാടൻ മത്സ്യത്തൊഴിലാളികൾ 3.51 ശതമാനവും മലപ്പുറം ജില്ലയിൽ ഉൾപ്പെടുന്നു. മറ്റു ജില്ലകളെ അപേക്ഷിച്ച് മത്സ്യബന്ധനത്തിൽ നേരിട്ട് ഏർപ്പെടുന്ന സ്ത്രീ വിഭാഗം മത്സ്യത്തൊഴിലാളികൾ ഈ ജില്ലയിൽ നാമമാത്രമാണ്. അതുപോലെ അനുബന്ധ മത്സ്യത്തൊഴിലാളികളുടെ എണ്ണത്തിലും മലപ്പുറം ജില്ല പുറകിലാണ്. കാരണം ജില്ലയുടെ സാമൂഹ്യ വ്യവസ്ഥിതികളായിരിക്കാം. പ്രധാനമായും മുസ്ലീം വിഭാഗത്തിലുള്ളവരാണ് അനുബന്ധ തൊഴിൽ മേഖലയിൽ പ്രവർത്തിച്ച് വരുന്നത്.

പട്ടിക 4.1.5.5 : മൽസ്യ തൊഴിലാളികളുടെ എണ്ണം 2017–18

		കേരളം	മലപ്പുറം	ശതമാനം
1	കർമ്മോന്മുഖ മത്സ്യത്തൊഴിലാളികൾ	233126	36024	15.45%
	കടൽ	186832	34295	18.35%
	ഉൾനാടൻ	46294	1729	3.73%

2	അനുബന്ധമത്സ്യത്തൊഴിലാളികൾ	79347	3105	3.95%
	ആൺ	17089	1152	6.08%
	പെൺ	62258	1953	3.17%

അവലംബം : കേരള മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡ്

പട്ടിക: 4.1.5.6 : മത്സ്യ വിപണന തൊഴിലാളികൾ

	കേരളം	മലപ്പുറം	ശതമാനം
സ്ത്രീകൾ	9750	1953	6.08%
പുരുഷന്മാർ	6255	1152	3.17%
ആകെ	16005	3105	3.95%

അവലംബം : കേരള മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡ്

മറ്റ് ജില്ലകളെ അപേക്ഷിച്ച് മലപ്പുറം ജില്ലയിൽ അനുബന്ധതൊഴിലാളികളായ സ്ത്രീകൾ, ബീച്ച് വർക്കർ, മത്സ്യകച്ചവടം എന്നീ ജോലികളിൽ ഏർപ്പെട്ട് കാണുന്നില്ല. അനുബന്ധ തൊഴിലാളികളിലേറെയും മത്സ്യം ഉണക്കി വിപണനം നടത്തുന്നവരാണ്. ജില്ലയിൽ 23 മത്സ്യഗ്രാമങ്ങളും 3 ഉൾനാടൻ മത്സ്യഗ്രാമങ്ങളുമുണ്ട്.

മത്സ്യബന്ധന ഉരുക്കളും ഉപകരണങ്ങളും

മത്സ്യ മേഖലയിലെ ആധുനികവത്ക്കരണത്തിന് ശേഷം യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങൾ കൂടുതലായി ഉപയോഗിക്കുന്ന ജില്ലയാണ് മലപ്പുറം.

പട്ടിക 4.1.5.7 : മത്സ്യബന്ധന ഉരുക്കളും ഉപകരണങ്ങളുടെയും എണ്ണം

ക്രമ നം	ഉരുക്കളും -ഉപകരണങ്ങളും	എണ്ണം
1	മോട്ടോർ ഘടിപ്പിക്കാത്ത വളളങ്ങൾ	361
2	മോട്ടോർ ഘടിപ്പിച്ചവ	1607
3	ഫിഷിംഗ് ടോളറുകൾ	157
4	ഗിൽനെറ്റ്	7
5	ഇൻബോർഡ് വളളങ്ങൾ	218
	ആകെ	2350

അവലംബം - റിയൽ ക്രാഫ്റ്റ്

മത്സ്യോൽപ്പാദനം

മലപ്പുറം ജില്ലയിലെ മത്സ്യോത്പാദനം പട്ടികയായി താഴെ ചേർക്കുന്നു. പ്രധാനമായും മത്തിയാണ് ഈ പട്ടികയിൽ മുന്നിൽ നിൽക്കുന്നത്. ശരാശരി 14000 മെട്രിക്ക് ടണ്ണാണ് പ്രതിവർഷം പിടിച്ചെടുക്കുന്നത്. മൊത്തം 28000 മെട്രിക്ക് ടണ്ണാണ് ശരാശരി ഉത്പ്പാദനം 3 മേജർ ഹാർബറുകളാണ് 9 ചെറുകിട ലാന്റിംഗ് സെന്ററുകളുമുണ്ട്.

പട്ടിക 4.1.5.8 : ജില്ലയിലെ മത്സ്യോത്പാദനം

മറൈൻ ക്യാച്ച് അസസ്മെൻറ് സർവ്വേ -മലപ്പുറം (MT)												
ക്രമ നമ്പർ	ഇനം											
(1)	(2)	2001-02	2002-03	2003-04	2004-05	2005-06	2006-07	2007-08	2008-09	2009-10	2010-11	2011-12
1	സ്രാവ്, തിരണ്ടി	33	35	34	34	35	36	36	36	34	33	32
2	കൂരി	2	1	1	1	2	2	2	2	2	2	2
3	മുള്ളു വാള, വാള, മുഷി വാള	53	63	55	55	57	57	56	56	55	52	52
4	മത്തി	14906	15835	15310	15160	13159	14055	13790	13735	13527	13325	13334
5	നത്തോലി	1305	1090	1340	1320	1128	1280	1245	1239	1216	1195	1197
6	മണങ്ങ്	74	143	76	76	105	105	105	104	102	101	100
7	മറ്റിനം മത്തി വഗ്ഗങ്ങൾ	319	270	328	322	391	419	408	405	393	386	377
8	അരണ മീൻ	121	141	124	123	116	128	124	123	119	116	114
9	കലവ	633	841	650	638	638	699	679	675	652	638	627
10	ചെറുകോര, വെള്ളകോര	432	297	441	438	482	478	473	470	449	429	425
11	തളയൻ	376	330	386	383	322	335	331	330	317	311	311
12	വറ്റ, പാര	34	34	36	34	36	38	38	38	38	38	38
13	മറ്റിനം	350	279	359	353	304	337	326	324	312	303	297
14	മുള്ളൻ	32	55	33	33	34	35	35	35	34	34	34
15	അടവ്	62	35	66	66	59	61	60	60	59	57	56
16	ആവോലി	31	56	31	31	33	34	34	34	35	35	35
17	അയല	4121	5295	4228	4177	4292	4515	4443	4414	4409	4369	4320
18	നെയ്മീൻ , അയ്ക്കൂറ	51	77	53	52	54	57	56	56	55	56	55
19	ചുര	45	62	45	46	49	51	50	50	50	49	48
20	തിരുതാകടയൻ	142	290	145	144	190	202	198	196	193	190	187
21	തിരുത	0	0	0	0	265	273	270	269	72	72	72
22	നക്	272	507	280	276	478	504	495	492	486	477	473
23	ചെമ്മീൻ	4616	4650	4627	4632	4163	4362	4308	4280	4198	4130	4072
24	പാറകൊഞ്ച്	0	89	0	0	37	45	43	43	41	40	39
25	ഞെണ്ട്	270	627	278	276	365	370	367	362	373	365	364
26	കണവ, കൂന്തൾ	613	1041	630	623	555	599	585	581	567	557	549
27	മറ്റിനം	68	176	69	68	119	123	122	121	120	119	118
Total		28961	32319	29625	29361	27468	29200	28679	28530	27908	27479	27328

അവലംബം : സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

അഴിമുഖങ്ങളുടെ അവസ്ഥ

പട്ടിക 4.1.5.9 : മലപ്പുറം ജില്ലയിലെ അഴിമുഖങ്ങൾ

ക്രമ നം	മലപ്പുറം ജില്ലയിൽ നാല് അഴിമുഖങ്ങൾ	മീറ്റർ
1.	മുനമ്പം – ബീവിമഖാം	53 M
2.	പൊന്നാനി –പടിഞ്ഞാറേക്കര	275 M
3.	താനൂർ–കോർമൻകടപ്പുറം	180 M
4.	കടലുണ്ടി നഗരം– ബേപ്പൂർ	305 M

അവലംബം : എച്. ഇ .ഡി

അഴിമുഖങ്ങൾ മഴക്കാലത്ത് ശക്തമായ ഒഴുക്കിൽ തുറന്ന് വരുമെങ്കിലും ഒഴുക്ക് കുറയുന്നതോടെ മണൽ അടിഞ്ഞ് വീതി കുറഞ്ഞ് മത്സ്യബന്ധന യാനങ്ങൾക്ക് അപകടകരമായ അവസ്ഥ സൃഷ്ടിക്കുന്നു. അഴിമുഖങ്ങൾ കൃത്യമായി ഡ്രഡ്ജിംഗ് നടത്തി മണൽ മാറ്റി വീതി നിലനിറുത്തി യാനങ്ങളുടെ സുഗമയാത്രക്ക് മാർഗ്ഗമൊരുക്കണം.

മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം

ജില്ലയിൽ മൊത്തം 66 മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളാണ് റജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇവയിൽ 38 എണ്ണം സമുദ്ര മേഖലയിലും 9 എണ്ണം ഉൾനാടൻ മേഖലയിലും 19 എണ്ണം വനിത സംഘങ്ങളുമാണ്. മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളുടെ അപെക്സ് ഫെഡറേഷനായ മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഈ സഹകരണ സംഘങ്ങൾ

വഴിയാണ് മത്സ്യത്തൊഴിലാളികളുടെ തൊഴിൽ അഭിവൃദ്ധിക്ക് സഹായിക്കുന്ന വളളം വല എഞ്ചിനുകൾ എന്നിവ ഗ്രൂപ്പടിസ്ഥാനത്തിൽ നൽകുന്ന പദ്ധതി ഉൾപ്പടെ നിരവധി പദ്ധതികൾ നടപ്പിലാക്കുന്നത്.

മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ

പട്ടിക: 4.1.5.10 : മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ

വിഭാഗം	കേരളം	മലപ്പുറം	ശതമാനം
സമുദ്രമേഖല	346	38	10.98%
ഉൾനാടൻ മേഖല	204	19	9.31%
ആകെ	384	66	17.18%

അവലംബം : കേരള സർക്കാർ

മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളുടെ അപെക്സ് ഫെഡറേഷനായ മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള 66 മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളാണ് മലപ്പുറം ജില്ലയിലുളളത്. മത്സ്യമേഖലയിലെ ഇടനിലക്കാരെ ഒഴിവാക്കി മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ സംരക്ഷണവും തൊഴിൽ അഭിവൃദ്ധിയും, വാഗ്ദാനം ചെയ്യുന്ന പദ്ധതികളാണ് ഈ സംഘങ്ങൾ വഴി നടപ്പിലാക്കി വരുന്നത്.

മലപ്പുറം ജില്ല- മത്സ്യമേഖലയിലെ പ്രതിസന്ധികൾ

അതിവിശിഷ്ട മത്സ്യങ്ങളടങ്ങിയ ഈ മേഖല വിദേശ നാണ്യം നേടിതരുന്ന ഒരു വിഭവ സ്രോതസ്സ് കൂടിയാണ്. വിവേകരഹിതമായ അമിത ചൂഷണത്തിലൂടെ ഇന്ന് മത്സ്യസമ്പത്ത് ക്രമാതീതമായി കുറഞ്ഞിരിക്കുകയാണ്. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിന് ഉപയോഗിക്കുന്നത് മൂലം ഒരു തവണ പോലും പ്രജനനം നടത്താൻ അനുവദിക്കാതെ മത്സ്യസമ്പത്തിനെ നാം കൂട്ടകുരുതി ചെയ്യുകയാണ്. ഇത്തരം പ്രവണതകൾ ഫലത്തിൽ മേഖലയിൽ പ്രതികൂലമായി പ്രതിഫലിക്കുകയും ലക്ഷോപലക്ഷം കുടുംബങ്ങളുടെ ജീവിത മാർഗ്ഗം നഷ്ടപ്പെടുകയും ചെയ്യുന്നു. കഴിഞ്ഞ മൂന്ന് വർഷത്തിനിടെ കടൽ മത്സ്യോത്പാദനം 57.45 ശതമാനമായി കുറഞ്ഞിരിക്കുന്നു എന്നതിലൂടെ വരാനിരിക്കുന്ന വൻവിപത്തിനെ മറികടക്കാൻ നാം മുൻകരുതലോടെ പ്രവർത്തിക്കേണ്ടതുണ്ട്.

മത്സ്യബന്ധനത്തിന് ശേഷം കരയ്ക്കടുത്ത മത്സ്യം രോഗവാഹകരായ ബാക്ടീരിയകൾ പ്രവേശിക്കാതെ ഐസ് ചെയ്ത് ഉപഭോക്താവിന് കൃത്യമായി എത്തിക്കേണ്ടതുണ്ട്. എന്നാൽ മത്സ്യങ്ങൾ ചീയാതെ ഫ്രഷായി തോന്നിപ്പിക്കാൻ വേണ്ടി സോഡിയം ബെൻസോയേറ്റ് പോലുളള കെമിക്കലുകളും ഫോർമാലിൻ പോലുളള മാരക ദ്രാവകങ്ങളും മത്സ്യത്തോടൊപ്പമുള്ള ഐസ് നിർമ്മാണത്തിലും ഉപയോഗിക്കുന്നത്. ഇത് മൂലം മനുഷ്യരിൽ കരൾ, കിഡ്നി രോഗങ്ങൾ ഉണ്ടാകുന്നതിന് കാരണമാകുന്നു. ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്ന തരത്തിലുളള പ്രവർത്തികൾ ഒഴിവാക്കേണ്ടതും ഈ മേഖലയെ സംരക്ഷിക്കാൻ വേണ്ട മുൻകരുതലുകളിൽ ഒന്നാണ്.

ചെറിയകണ്ണി വലിപ്പമുളള വലകൾ ഉപയോഗിച്ചുളള മത്സ്യബന്ധനം, തോട്ടപൊട്ടിച്ചും, ഇലക്ട്രിക്ക് ഷോക്ക് നൽകിയും നൊരുമ്പുകൾ സ്ഥാപിച്ചുമുളള മത്സ്യബന്ധനരീതികൾ മത്സ്യോത്പാദനത്തെ ഗണ്യമായി കുറച്ചിട്ടുണ്ട്. ഇത്തരത്തിൽ മത്സ്യമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ അറിഞ്ഞോ അറിയാതെയോ അവലംബിക്കുന്ന അശാസ്ത്രീയ രീതികളും പ്രവർത്തനങ്ങളും വിഭവ സ്രോതസിനെ കുറക്കുന്നതിനും മത്സ്യവർഗ്ഗത്തിന്റെ ആരോഗ്യത്തെ സാരമായി ബാധിക്കുന്നതിനും കാരണമാകുന്നു.

സുനാമിയും ഓഖിയും പോലുളള പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിനോ അവയുടെ ആഘാതങ്ങൾ കുറക്കുന്നതിനോ ഉളള സൗകര്യങ്ങൾ ഒരുക്കുന്നതിനും തീരമേഖലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈ എടുത്ത് പദ്ധതി രൂപീകരിക്കേണ്ടതുണ്ട്. ഇതിനുപുറമെ വൻ പ്രകൃതി ദുരന്തങ്ങൾ തീരത്തിനു വരുത്തിവെയ്ക്കുന്ന നാശനഷ്ടങ്ങളും അതിനോട് ചേർന്ന് വരുന്ന

മാറാരോഗങ്ങൾ, ജീവിതശൈലിയും, ഭക്ഷണരീതിയും കൊണ്ട് ഉണ്ടാവുന്ന മറ്റ് രോഗങ്ങൾ ശ്രദ്ധമായ കുടിവെള്ളം തീരപ്രദേശത്ത് സ്ഥിരമായി എത്തിക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ, റോഡുകളുടെയും, വഴിവിളക്കുകളുടെയും അഭാവം, ആശുപത്രികളുടെ കുറവും, നിലവിലുള്ളവ കാര്യക്ഷമമാക്കാത്തിന്റെ പ്രശ്നങ്ങളും ഇപ്പോഴും നിലനിൽക്കുമ്പോൾ തീരദേശത്ത് അധിവസിക്കുന്നവർക്കും മത്സ്യത്തൊഴിലാളികൾക്കും ജീവിതം കഠിനമാകുന്നു ഇത്തരക്കാരെ മുൻനിരയിലേക്ക് എത്തിക്കുന്നതിനും മത്സ്യമേഖലയുടെ സമഗ്രവികസനവും മത്സ്യത്തൊഴിലാളികളുടെ സുരക്ഷയും ഉറപ്പാക്കി തയ്യാറാക്കിയിട്ടുള്ള മലപ്പുറം ജില്ലയുടെ മത്സ്യമേഖല പരിപ്രേക്ഷ്യം ആശയ സംവാദത്തിനും ക്രോഡീകരണത്തിനുമായി സമർപ്പിക്കുന്നു.

ആരോഗ്യം-രോഗങ്ങൾ

ഭാവി തലമുറയുടെ ആരോഗ്യം ഇന്നത്തെ യുവതികളിലാണ് നിലകൊള്ളുന്നത്. ഗർഭിണികളുടെയും കുട്ടികളുടെയും ആരോഗ്യ പരിചരണം ഇക്കാര്യത്തിൽ അനിവാര്യമാണ്. മത്സ്യത്തൊഴിലാളി മേഖലയിൽ നടപ്പിലാക്കിവരുന്ന ആരോഗ്യ പരിപാലന പദ്ധതികളെല്ലാം തന്നെ പൊതുവിഭാഗത്തിന് വേണ്ടി ആവിഷ്കരിക്കപ്പെട്ടവയാണ്. ആയതിനാൽ മത്സ്യമേഖലയിലെ ആരോഗ്യ പ്രശ്നങ്ങളും ആരോഗ്യപരിപാലന പദ്ധതികളും പോഷകാഹാര പദ്ധതികളും പുന പരിശോധിക്കുകയും ഇത് ഒരു സമഗ്ര സർവ്വേയുടെ അടിസ്ഥാനത്തിൽ ആ മേഖലയ്ക്ക് മാത്രമായി പ്രത്യേക ആരോഗ്യ പരിപാലന പ്രൊജക്ടുകൾ ആവിഷ്കരിക്കുകയും വേണം.

ഇന്ന് തീരദേശത്ത് പ്രവർത്തിച്ച് വരുന്ന സർക്കാർ, പി.എച്ച്.സി, സി.എച്ച്.സി എന്നിവയെല്ലാം തന്നെ ഉച്ചയോടെ പ്രവർത്തനം അവസാനിപ്പിക്കുന്നവയാണ്. പൊതു ജന വിഭാഗത്തിന് ഇത് മതിയാകുമെങ്കിലും മത്സ്യത്തൊഴിലാളികളുടെ തൊഴിലിന്റെ സ്വഭാവം മൂലം ഇവർ ജോലി കഴിഞ്ഞ് തിരികെ എത്തുന്നത് ഉച്ചയ്ക്ക് ശേഷം മാത്രമാണ്. ജോലിക്കിടയിൽ പനിയോ മറ്റ് അസുഖങ്ങളോ ബാധിച്ച് കരയിലെത്തുന്ന മത്സ്യത്തൊഴിലാളി ഒരുപക്ഷേ സർക്കാർ ആശുപത്രിയിൽ പോയി ചികിത്സ തേടാതിരിക്കുകയോ സ്വകാര്യ ആശുപത്രിയെ ആശ്രയിക്കുകയോ ചെയ്യുന്നു. ഫലത്തിൽ സർക്കാർ ആശുപത്രികളുടെ സേവനം ഇക്കൂട്ടർക്ക് നഷ്ടപ്പെടുന്ന അവസ്ഥയാണ്. ആയതിനാൽ തീരദേശത്തെ എല്ലാ ആശുപത്രികളും മുഴുവൻ സമയം സേവനം ലഭിക്കുന്ന തരത്തിൽ പുനക്രമീകരിക്കണം.

പട്ടിക 4.1.5.11 : വിവിധ രോഗങ്ങൾ വന്നവരുടെയും മരിച്ചവരുടെയും കണക്കുകൾ

ക്രമ നം	രോഗങ്ങൾ	കേസുകൾ	മരണം
1	ഡെങ്കി പ്പനി	148	0
2	മലേറിയ	91	0
3	ചിക്കൻഗുനിയ	1	0
4	ഹെപ്പാറ്റിറ്റിസ് X	147	1
5	ഹെപ്പാറ്റിറ്റിസ് B	6	3
6	ടൈഫോയ്ഡ്	388	-
7	ഡയറിയ	1842	-
8	വൈറൽ ഫീവർ	13183	-

അവലംബം : ആരോഗ്യ വകുപ്പ്

മൺസൂൺ സീസൺ തീരദേശ മേഖലയുടെ വറുതിക്കാലം എന്നപോലെ തന്നെ പകർച്ചവ്യാധികളുടെ കാലം കൂടിയാണ്. ജനസാന്ദ്രതയേറിയ മേഖലയായതിനാൽ രോഗങ്ങൾ എളുപ്പം പടർന്ന് പിടിക്കുന്ന അവസ്ഥയാണ്. ഡയേറിയയും, വൈറൽ ഫീവറും ബാധിച്ച രോഗികളാണ് കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നത് .

ശരിയായ ആരോഗ്യ ശീലങ്ങളില്ലാത്തതും പൊതു സ്ഥലങ്ങളിൽ മുറുക്കി തുപ്പൽ, കാർക്കിച്ച് തുപ്പൽ എന്നീ ശീലങ്ങളുള്ളതിനാലും കെട്ടികിടക്കുന്ന മലിനജലവും പകർച്ചവ്യാധികളുടെ എണ്ണം വർദ്ധിപ്പിക്കുന്നു. മത്സ്യത്തൊഴിലാളി മേഖലയിൽ ഫിഷറീസ് വകുപ്പും ആരോഗ്യവകുപ്പും ചേർന്ന് ഓരോ അംഗത്തിനും കൃത്യമായ ഇടവേളകളിൽ ഈ കാർഡ് ഉപയോഗിച്ച് സൗജന്യമായി ആരോഗ്യ

പരിശോധനകൾ നടത്തുന്നതിനുള്ള സൗകര്യം ഒരുക്കണം. പെൺകുട്ടികൾക്കും സ്ത്രീകൾക്കും ആർത്തവകാലങ്ങളിൽ നാപ്കിനുകൾ ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുകയും ഇവ സൗജന്യമായി വിതരണം ചെയ്യുന്നതിനും പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

വിദ്യാഭ്യാസം

മത്സ്യത്തൊഴിലാളി മേഖലയിൽ നിരവധി വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതികൾ ഫിഷറീസ് വകുപ്പ് നിലവിൽ നടപ്പിലാക്കി വരുന്നുണ്ട്. എന്നാൽ ഈ വിഭാഗം കുട്ടികളുടെ കായികവും മാനസികവുമായ വളർച്ചയ്ക്ക് ഉതകുന്ന പദ്ധതികളോ നടപടികളോ സർക്കാർ തലത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. ഉയർന്ന ക്ലാസ്സുകളിലെ കൊഴിഞ്ഞ് പോകലോ ഹൈസ്കൂളിന് ശേഷം പഠനം നിർത്തുകയോ ചെയ്യുന്ന കുട്ടികൾ ഈ വിഭാഗത്തിൽ കൂടുതലാണ്. ഇതിന് കാരണം മത്സ്യത്തൊഴിലാളി മേഖലയിൽ നിന്നും വരുന്ന കുട്ടികൾ പ്രതികരണ ശേഷിയിലും അസ്വാഭാവിക പെരുമാറ്റത്തിലും മുന്നിലാണ്. ഇത് അധ്യാപകരുടെ ഇടയിൽ ഇവർ അനുസരണ ഇല്ലാത്തവരായി ചിത്രീകരിക്കാനും അദ്ധ്യാപകരുടെ ഇടയിൽ ഇവരെ പറ്റി മോശം അഭിപ്രായവും അതനുസരിച്ച് ഒറ്റപ്പെടുത്താനും സാഹചര്യം ഒരുങ്ങുന്നു. ഇത് കുട്ടികൾക്ക് മാനസിക പിരിമുറുക്കം ഉണ്ടാകാനും അവർ പഠനത്തിന് പിറകോട്ട് ആകാനും പഠിത്തം നിർത്താനും ഇടയാക്കുന്നു. ഈ മേഖലയിലെ അദ്ധ്യാപകർക്ക് ഇതനുസരിച്ച് പ്രത്യേക ട്രെയ്നിംഗ് നൽകാനും ഇത്തരം കുട്ടികൾക്ക് മറ്റ് കഴിവുകൾ കണ്ടെത്തി വികസിപ്പിക്കുന്നതിനായി സ്പോർട്സ് സ്കൂളുകളും പോളിടെക്നിക്ക് സ്കൂളുകളും ഉണ്ടാകേണ്ടിയിരിക്കുന്നു.

ശുദ്ധജല വിതരണം

ഏറ്റവും കൂടുതൽ കുടിവെള്ളക്ഷാമം നേരിടുന്ന മേഖലയാണ് മത്സ്യമേഖല. വേനൽകാലത്ത് ടാങ്കറുകളിൽ വെള്ളം എത്തിച്ചാണ് ഇതിന് താൽക്കാലിക പരിഹാരം കണ്ട് വരുന്നത്. വെള്ള പാത്രങ്ങളിലും മറ്റും ശരിയായി മൂടിവെച്ച് സൂക്ഷിക്കാത്തത് മൂലം ജലം മലിനമാക്കപ്പെടുകയും ജലജന്യരോഗങ്ങൾ പടർന്ന് പിടിക്കാനും സാധ്യത ഏറെയാണ്. പ്രത്യേകിച്ച് വേനൽ കാലങ്ങളിൽ പടർന്ന് പിടിക്കുന്ന ഡെങ്കിപനി ഇതിനുദാഹരണമാണ്. ഓരോ വീടിനും ജലസംഭരണ ടാങ്കുകൾ നൽകി പൈപ്പിലൂടെ ശുദ്ധജല വിതരണം ഉറപ്പാക്കാൻ കഴിഞ്ഞാൽ ഇതിനി പരിഹാരമാകും.

ആയതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയോ വാട്ടർ അതോറിറ്റികളുടെയോ ശുദ്ധജല വിതരണ സംവിധാന പദ്ധതികൾ മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി പുനഃസംഘടിപ്പിക്കുകയും ഓരോ കുടുംബത്തിനും പൈപ്പ് വഴി ജല വിതരണം ഉറപ്പാക്കുകയും ജലം ശേഖരിക്കുന്നതിനായി ടാങ്കുകൾ വിതരണം ചെയ്യുകയും വേണം.

തീരശുചിത്വം

ദൈവത്തിന്റെ സ്വന്തം നാടായ കേരളം ഇന്ന് മാലിന്യ കൂമ്പാരത്തിന്റെ നടുവിലാണ്. പ്ലാസ്റ്റിക്കിന്റെ അതിവ്യാപനം ഇന്ന് ഏറ്റവും കൂടുതൽ കാണുന്നത് തീരപ്രദേശത്താണ് മത്സ്യത്തൊഴിലാളികളും, തീരദേശവാസികളും എളുപ്പമാർഗ്ഗം എന്ന രീതിയിൽ വെയ്സ്റ്റ് തള്ളുന്നത് സീവാളുകളുടെ ഇടയിലാണ്. പഴയതുണികൾ, പ്ലാസ്റ്റിക്ക് കുപ്പികൾ, കിറ്റുകൾ ഭക്ഷ്യവസ്തുക്കളുടെ കവറുകൾ എന്നിവ ഇതിൽപ്പെടുന്നു. കൂടാതെ വിനോദത്തിനായി കടലോരത്ത് എത്തുന്നവരും മാലിന്യം തീരത്ത് തന്നെ നിക്ഷേപിച്ച് പോകുന്നു. പൊട്ടിയ വലയുടെ കഷ്ണങ്ങൾ, റോപ്പുകൾ, തെർമോക്കോൾ, പ്ലാസ്റ്റിക്ക് കുപ്പികൾ എന്നിവയെല്ലാം കൊണ്ട് തീരദേശം വീർപ്പ്മുട്ടുകയാണ്. പ്ലാസ്റ്റിക്ക് പദാർത്ഥങ്ങൾ ഉള്ളിലെത്തുന്ന കടലാമകളും, തിമിംഗലങ്ങളും ചത്ത്പൊങ്ങുകയും ഉപേക്ഷിച്ച് എറിയുന്ന വലകളിൽ പെട്ട് മത്സ്യങ്ങൾ കൂട്ടത്തോടെ ചത്ത്പോകുകയും ചെയ്യുന്നത് നിത്യ സംഭവമായിരിക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കി വരുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ എല്ലാം തന്നെ പൊതുവിഭാഗത്തിന് നടപ്പിലാക്കിവരുന്ന പദ്ധതികളാണ്. എന്നാൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും അവരുടെ പരിധിയിലുള്ള മത്സ്യത്തൊഴിലാളികളുടെ എണ്ണം

കണക്കാക്കി പദ്ധതി വിഹിതം മാറ്റിവെയ്ക്കുകയും അങ്ങിനെയുളള ഫണ്ട് മത്സ്യമേഖലക്ക് മാത്രമായി ഉപയോഗിക്കാനും കഴിയും. ഒരു ഫിഷറീസ് സബ് പ്ലാൻ ആവിഷ്കരിക്കണം.

മലപ്പുറം ജില്ലയിൽ 26 മത്സ്യ ഗ്രാമങ്ങളിൽ 3 എണ്ണം ഉൾനാടനും 23 എണ്ണം സമുദ്ര മത്സ്യ ഗ്രാമങ്ങളുമാണ്. 11 ഫിഷ് ലാന്റിങ് സെന്ററുകളാണ് മലപ്പുറം ജില്ലയിൽ ഉള്ളത്.

പട്ടിക 4.1.5.12 : മലപ്പുറം ജില്ലയിലെ തീരദേശ പഞ്ചായത്തുകൾ

ബ്ലോക്ക് പഞ്ചായത്ത്	ഗ്രാമ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി
തിരൂരങ്ങാടി	പരപ്പനങ്ങാടി മുനിസിപ്പാലിറ്റി വള്ളിക്കുന്ന്
താനൂർ	താനൂർ മുനിസിപ്പാലിറ്റി
തിരൂർ	വെട്ടം, മംഗലം, പുറത്തൂർ
പൊന്നാനി	പൊന്നാനി മുനിസിപ്പാലിറ്റി
പെരുമ്പടപ്പ്	വെളിയങ്കോട്, പെരുമ്പടപ്പ്

അവലംബം :മൽസ്യ വകുപ്പ്

പട്ടിക 4.1.5.13 : മലപ്പുറം ജില്ലയിലെ മത്സ്യഗ്രാമങ്ങൾ

പാലപ്പെട്ടി	വെളിയങ്കോട്	പുതുപൊന്നാനി	തെക്കേക്കടപ്പുറം	മുക്കാടി
മരക്കടവ്	മീൻതെരുവ്	പള്ളിവളപ്പ്	പുറത്തൂർ	ക്കുട്ടായി
പറവണ്ണ	തേവർക്കടപ്പുറം	പുതിയകടപ്പുറം	ചീരാൻ കടപ്പുറം	ഒസ്സാൻ കടപ്പുറം
പണ്ടാരക്കടപ്പുറം	എടക്കടപ്പുറം	കോർമ്മൻ കടപ്പുറം	എളാരൻ കടപ്പുറം	അരയൻ കടപ്പുറം
പരപ്പനങ്ങാടി	അരിയല്ലൂർ ബീച്ച്	കടലുണ്ടി ബീച്ച്		

അവലംബം : മൽസ്യ വകുപ്പ്

ഹാർബറുകൾ

ജില്ലയിൽ മൂന്ന് ഫിഷിംഗ് ഹാർബറുകളാണ് ഉള്ളത്. പൊന്നാനി, താനൂർ, പരപ്പനങ്ങാടി എന്നിവയാണ് ഇവ. മൂന്ന് ഹാർബറുകളിലും പരമ്പരാഗത രീതിയിലുള്ള മത്സ്യ വിപണന രീതികളും വ്യവസ്ഥകളുമാണ് നിലനിൽക്കുന്നത്. ഹാർബറുകൾ ദേശീയ സുരക്ഷാ മാനദണ്ഡങ്ങൾ പ്രകാരം പുനർ നിർമ്മിക്കുകയും അന്താരാഷ്ട്ര ശുചിത്വ നിലവാരത്തിൽ പരിപാലിക്കപ്പെടുകയും വേണം. ഓരോ മത്സ്യബന്ധന യാനങ്ങളും ഹാർബറുകളിലൂടെയല്ലാതെ കടലിൽ പോകരുതെന്നും അതിനായി കർശന സുരക്ഷാ മാർഗ്ഗങ്ങളായ പഞ്ചിംഗ് ഉൾപ്പെടെ ഏർപ്പെടുത്തുകയും വേണം. ഹാർബറുകളോട് ചേർന്ന് ഐസ് പ്ലാന്റുകളും ഫ്രീസിംഗ് പ്ലാന്റുകളും നിർമ്മിക്കണം. കുടിവെള്ള സൗകര്യവും ടോയ് ലെറ്റ് ബ്ലോക്കുകൾ, വിശ്രമ മുറികൾ, കുറഞ്ഞ വിലക്ക് നല്ല ഭക്ഷണം ലഭിക്കുന്ന ക്യാന്റീനുകൾ എന്നിവ സജ്ജീകരിക്കണം. മത്സ്യത്തൊഴിലാളികൾക്കിടയിൽ നിലനിൽക്കുന്ന പ്രകൃതി ലോല സംവിധാനങ്ങൾ കർശന നിയമത്തിലൂടെ പൊളിച്ചെഴുതണം. ലേലം പൂർണ്ണമായും ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ വഴിയാകണം. കോസ്റ്റൽ പോലീസ്, മത്സ്യഫെഡ്, എന്നിവയുടെ പ്രവർത്തനം ഹാർബറുകൾ കേന്ദ്രീകരിച്ചായിരിക്കണം. അത് വഴി ഫിഷിംഗ് ഹാർബറുകളിലെ ക്രിമിനൽ സ്വഭാവത്തിലും ഇടത്തട്ടുകാരെ ഒഴിവാക്കുന്നതിലും ശക്തമായി ഇടപെടാൻ സർക്കാരിന് ആകണം. ഹാർബറുകളിലൂടെ കടലിൽ പോകുന്നവരുടെ കൃത്യമായ കണക്ക് സൂക്ഷിക്കുന്നതിനും ഈ സംവിധാനത്തിലൂടെ കഴിയണം. അനുബന്ധ തൊഴിലാളികളായ സ്ത്രീകൾക്ക് സുരക്ഷിതമായും മാന്യമായും ജോലി എടുക്കുന്നതിനുള്ള സാഹചര്യം ഒരുക്കിയാൽ ഹാർബറുകൾ സ്ത്രീ സൗഹൃദമായിരിക്കും.

ഫിഷറീസ് സ്റ്റേഷൻ, മത്സ്യഭവനുകൾ.

മത്സ്യബന്ധനയാനകളുടെ രജിസ്ട്രേഷൻ, ലൈസൻസിംഗ്, കടൽ സുരക്ഷാ എന്നിവയെല്ലാം നടപ്പിലാക്കുന്നത് ഫിഷറീസ് സ്റ്റേഷനിലും മത്സ്യഭവനിലുമാണ്. മലപ്പുറം ജില്ലയിൽ ഫിഷറീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചിട്ടില്ല. പത്ത് മത്സ്യഭവനുകൾ ഭാഗികമായി പ്രവർത്തിച്ച് വരുന്നു. എല്ലാ ജോലികളും കേന്ദ്രീകരിച്ചിരിക്കുന്നത് ജില്ലാ ഓഫീസിലാണ്. ഫിഷറീസ് സ്റ്റേഷൻ, മറൈൻ എൻഫോഴ്സ്മെന്റ് എന്നിവ മലപ്പുറം ജില്ലയിൽ പ്രവർത്തനമാരംഭിക്കുകയും മത്സ്യഭവനുകൾ അവ ആവിഷ്കരിക്കുന്ന സമയത്ത് ലക്ഷ്യമിട്ടിരുന്ന പോലെ ഒരു ഗസറ്റഡ് ഓഫീസറുടെ കീഴിൽ രണ്ട് ടെക്നിക്കൽ സ്റ്റാഫ് ഉൾപ്പെടെ ഉൾനാടൻ മത്സ്യകൃഷി വികസനം, കടൽ പട്രോളിംഗം ശക്തിപ്പെടുത്താൻ ഈ സംവിധാനങ്ങളിലൂടെ കഴിയും.

ജില്ലയിലെ ഭ്രരഹിതരായ മത്സ്യത്തൊഴിലാളികൾ

മലപ്പുറം ജില്ലയിൽ 23 മത്സ്യഗ്രാമങ്ങളിലായി 1675 മത്സ്യത്തൊഴിലാളികൾ ഭ്രരഹിതരായവരാണ്. ഒരേ കുടുംബത്തിൽ മൂന്നോ നാലോ കുടുംബങ്ങൾ വസിക്കുന്ന അവസ്ഥയാണുള്ളത്. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ജില്ലയിലെ മുഴുവൻ ഭ്രരഹിതരായ മത്സ്യത്തൊഴിലാളികൾക്കും ഭൂമി വാങ്ങുന്നതിനും വീട് വെയ്ക്കുന്നതിനുള്ള ധനസഹായം ലഭ്യമാക്കേണ്ടത് അത്യാവശ്യമാണ്.

വികസന കാഴ്ചപ്പാട്

പശ്ചാത്തല വികസനം മത്സ്യമേഖലയുടെ സമഗ്ര വികസനത്തിന് അത്യന്താപേക്ഷിതമാണ്. ഇതിൽ ഒന്നാമതായി വരുന്നത് ഹാർബറുകളുടെ പ്രവർത്തനമാണ്. ഇവ മത്സ്യത്തൊഴിലാളി സൗഹാർദ്ദവും, മാലിന്യ വിമുക്തമായതും, ഭൗതിക സാഹചര്യങ്ങൾ ഉൾകൊള്ളുന്നതുമായിരിക്കണം. പരമപ്രധാനം ശുചിത്വമാണ്. മത്സ്യമാലിന്യങ്ങൾ സംസ്കരിക്കുന്നതിനും, ഓവ് ചാലിൽ വരുന്ന മലിനജലം കടലിലേക്ക് ഒഴുക്കാതിരിക്കുന്നതിനും, അണുവിമുക്തമായി മത്സ്യവിപണനം ചെയ്യുന്നതിനുമുള്ള സാങ്കേതിക സംവിധാനങ്ങൾ ആവശ്യമാണ്.

ഹാർബറുകളോട് ചേർന്ന് ഐസ് പ്ലാന്റുകൾ പ്രവർത്തിപ്പിക്കുന്നത് ഈ മേഖലയിൽ മനുഷ്യ പ്രയത്നത്തിന്റെയും സാമ്പത്തിക നഷ്ടത്തിന്റെയും അളവ് ഒരു പരിധിവരെ കുറയ്ക്കും. നിലവിൽ മലപ്പുറം ജില്ലയിൽ താനൂരിൽ മത്സ്യഫെഡിന്റെ കീഴിലുള്ള ഐസ് പ്ലാന്റ് പ്രവർത്തനരഹിതമാണ്. സ്വകാര്യ മേഖലയിൽ പരപ്പനങ്ങാടിയിൽ ഉള്ള ഐസ് പ്ലാന്റും നിലവിൽ പ്രവർത്തനരഹിതമാണ്. മത്സ്യമേഖലയിൽ ഉപയോഗിക്കുന്ന ഐസ് ഗുണനിലവാരമുള്ളതാണ് എന്ന് ഉറപ്പ് വരുത്തേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്. ഭക്ഷ്യവസ്തുവും അതിന് ഉപയോഗിക്കുന്ന മറ്റ് അസംസ്കൃത വസ്തുക്കളും രാസ ഖര മാലിന്യ വിമുക്തമായിരിക്കേണ്ടത് അത്യാവശ്യമാണ്. നിലവിൽ മലപ്പുറം ജില്ലയിൽ ലഭ്യമാക്കുന്ന മത്സ്യത്തെ മുഴുവൻ കൃത്യമായി സംസ്കരിക്കാൻ ആവശ്യമായ ഐസ് നിലവിൽ ഇവിടെ ഉത്പാദിപ്പിക്കപ്പെടുന്നില്ല. മത്സ്യത്തൊഴിലാളികളുടെ വലകൾ റിപ്പയർ ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഹാർബറുകളിൽ ഉണ്ടാകാറില്ല. മത്സ്യത്തൊഴിലാളികൾക്ക് വലകൾ കൂട്ടി ചേർക്കുന്നതിനും കേടുകൾ പരിഹരിക്കുന്നതിനും നെറ്റ് മെയിന്ററിൻ യാർഡുകൾ എല്ലാ ഹാർബറുകളിലും, ലാന്റിംഗ് സെന്ററുകളോട് ചേർന്ന് പണിത് വൈദ്യുതീകരണം നടത്തി ലഭ്യമാക്കേണ്ടത് വളരെ അത്യാവശ്യമാണ്. കൂടാതെ ലാന്റിംഗ് സെന്ററുകളിൽ മതിയായ വെളിച്ചം ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങൾ മോഷണങ്ങൾ കുറയ്ക്കുന്നതിനും, മത്സ്യബന്ധനത്തിന് മുമ്പായി മുന്നൊരുക്കത്തിനും മത്സ്യത്തൊഴിലാളികൾക്ക് ഏറെ പ്രയോജനകരമാകും.

മത്സ്യഹാർബറുകളോട് ചേർന്ന് തന്നെ മത്സ്യ ഉണക്കൽ കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുന്നത് ഈ മേഖലയ്ക്ക് വളരെയധികം ഉണർവ് നൽകും. ശുചിത്വമുള്ള ഉണക്ക മത്സ്യങ്ങൾ വിപണിയിൽ സുലഭമാകുന്നതിനും മഴ സമയങ്ങളിൽ പോലും ലഭിക്കുന്ന മത്സ്യങ്ങളെ ഉണക്കി എടുക്കാൻ ആധുനിക ടെക്നോളജി ഉപയോഗിച്ചുള്ള പ്ലാന്റുകൾ തീരമൈത്രി സംവിധാനത്തിലൂടെ നടപ്പിലാക്കണം.

തീരദേശ മേഖലയിൽ റോഡുകൾ ഉണ്ടെങ്കിലും കൃത്യമായ ഇടവേളകളിൽ പരിപാലനം ഇല്ലാത്തതിനാൽ പല റോഡുകളുടെയും അവസ്ഥ നശീകരണത്തിന്റെ വക്കിലാണ്. തീരദേശ വിളക്കുകളിൽ പകുതിയോളം നിലവിൽ പ്രവർത്തിക്കുന്നില്ല. ഇത്തരം മേഖല സാമൂഹിക വിരുദ്ധരുടെ വിഹാര കേന്ദ്രമായി മാറുകയും, പ്രദേശത്തെ യുവാക്കൾ ലഹരിയുടെ പിടിയിൽ അമരുകയും ചെയ്യുന്നു. തീരദേശത്ത് വഴി വിളക്കുകൾ കൃത്യമായി സ്ഥാപിച്ച് പരിപാലിച്ച് പോരേണ്ടത് തീരസുരക്ഷയുടെ ഭാഗം കൂടിയാവേണ്ടതാണ്.

തീരദേശ മത്സ്യമേഖല

1. കടലോര മത്സ്യത്തൊഴിലാളികൾ.

ഒന്നാം വിഭാഗത്തിൽപ്പെട്ട ഇവർ കടലിനോട് മല്ലിട്ട് ജീവിതം മുന്നോട്ട് നീക്കുന്നു. മത്സ്യബന്ധനത്തിൽ നേരിട്ട് ഇടപെടുന്ന ഇവർ ജീവിതം സ്വയം പണയപ്പെടുത്തിയാണ് തൊഴിലിടങ്ങളിൽ ശക്തമായി നില കൊള്ളുന്നത്. സാമൂഹികമായി അരക്ഷിതാവസ്ഥയിൽ കഴിയുന്ന മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാകുന്ന സാമൂഹിക സുരക്ഷിതത്വവും ഭൗതിക സാഹചര്യങ്ങളും തീരെ കുറവാണ്. പാർശ്വവൽകരിക്കപ്പെട്ട ഈ സമൂഹത്തെ മുഖ്യ ധാരയിലേക്ക് കൈപിടിച്ച് എത്തിക്കുന്നതിന് ഒട്ടനവധി പദ്ധതികളാണ് സേവന-ഉത്പാദന മേഖലകളിലായി ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. ജില്ലയിൽ ആകെ 34690 കർമോന്മുഖ മത്സ്യത്തൊഴിലാളികളാണ് ഉള്ളത്. ഏറ്റവും കൂടുതൽ മത്സ്യ കുടുംബം അധിവസിക്കുന്നത് പൊന്നാനി മേഖലയിലെ മത്സ്യ ഗ്രാമങ്ങളിലും കർമോന്മുഖ മത്സ്യത്തൊഴിലാളികൾ കൂടുതൽ തിരൂർ മേഖലയിലെ മത്സ്യ ഗ്രാമങ്ങളിലുമാണ്.

പട്ടിക 4.1.5.14 : കർമോന്മുഖ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങളുടെ എണ്ണം

പ്രദേശം	കുടുംബങ്ങൾ	സജീവ മത്സ്യത്തൊഴിലാളികൾ
പൊന്നാനി	8999	9023
തിരൂർ	5293	9153
താനൂർ	7 140	8673
പരപ്പനങ്ങാടി	6010	7923

അവലംബം: കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലെപ്മെന്റ് കോർപറേഷൻ

ചിത്രം 4.1.5.1 : മലപ്പുറം ജില്ലയിലെ കർമോന്മുഖ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ എണ്ണം



അവലംബം: കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലെപ്മെന്റ് കോർപറേഷൻ

മലപ്പുറം ജില്ലയിലെ മത്സ്യഗ്രാമത്തിലെ ബി.പി.എൽ കുടുംബങ്ങളുടേയും ഭൂരഹിത കുടുംബങ്ങളുടെ എണ്ണം

ജില്ലയിലെ മത്സ്യഗ്രാമങ്ങളിൽ ഏറ്റവും കൂടുതൽ ബി.പി.എൽ കുടുംബങ്ങൾ (636) ഉള്ളത് പുതുപൊന്നാനി മത്സ്യഗ്രാമത്തിലും ഏറ്റവും കൂടുതൽ ഭൂരഹിത കുടുംബങ്ങൾ അധിവസിക്കുന്നത് പരപ്പനങ്ങാടി (150) മത്സ്യഗ്രാമത്തിലുമാണ്.

പട്ടിക 4.1.5.15 : മലപ്പുറം ജില്ലയിലെ മത്സ്യഗ്രാമത്തിലെ ബി.പി.എൽ കുടുംബങ്ങളുടേയും ഭൂരഹിത കുടുംബങ്ങളുടേയും എണ്ണം

ക്രമ നം	മൽസ്യ ഗ്രാമം	ബിപിഎൽ കുടുംബം	ഭൂരഹിതർ
1.	പാലപ്പെട്ടി	347	90
2.	വെളിയങ്കോട്	489	80
3.	പുതുപൊന്നാനി	636	85
4.	തെക്കേക്കടവ്	305	70
5.	മുക്കാടി	591	28
6.	മരക്കടവ്	428	90
7.	മീൻതെരുവ്	393	62
8.	പുറത്തൂർ	177	61
9.	പള്ളിവളപ്പ്	95	78
10.	കൂട്ടായി	245	75
11.	പറവണ്ണ	240	105
12.	തെവർകടപ്പുറം	306	70
13.	പുതിയ കടപ്പുറം	269	80
14.	ചീരാൻ കടപ്പുറം	177	90
15.	ഒസ്സാൻ കടപ്പുറം	95	45
16.	പണ്ടാര കടപ്പുറം	134	65
17.	എടക്കടപ്പുറം	119	68
18.	കോർമ്മൻ കടപ്പുറം	390	60
19.	എളാരൻകടപ്പുറം	211	50
20.	പരപ്പനങ്ങാടി	170	150
21.	അരയൻ കടപ്പുറം	140	65
22.	ആലുങ്ങൽ ബീച്ച്	512	23
23.	കടലുണ്ടി നഗരം	241	85

അവലംബം: കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലെപ്മെന്റ് കോർപറേഷൻ.

ചിത്രം 4.1.5.2 : മലപ്പുറം ജില്ലയിലെ മത്സ്യഗ്രാമത്തിലെ ബി.പി.എൽ കുടുംബങ്ങളുടേയും ഭൂരഹിത കുടുംബങ്ങളുടേയും എണ്ണം



അവലംബം: കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലെപ്മെന്റ് കോർപറേഷൻ

വിദ്യഭ്യാസം

ജില്ലയിലെ മത്സ്യത്തൊഴിലാളി കുട്ടികളുടെ പഠന നിലവാരം

ജില്ലയിലെ മത്സ്യത്തൊഴിലാളികളുടെ കുട്ടികളിൽ 23582 ആൺകുട്ടികളും 20511 പെൺകുട്ടികളും പഠനം നടത്തി വരുന്നു.

പട്ടിക 4.1.5.16 : ജില്ലയിലെ മത്സ്യത്തൊഴിലാളി കുട്ടികളുടെ പഠന നിലവാരം

ക്രമ നം	മത്സ്യഗ്രാമങ്ങൾ	ആൺകുട്ടികൾ	പെൺകുട്ടികൾ	അംഗൻവാടി	എൽ.പി	യു.പി	ഹൈസ്കൂൾ	ഹയർ സെക്കന്ററി
1	പാലപ്പെട്ടി	122	109	14	3	1	1	0
2	വെളിയങ്കോട്	230	166	7	2	0	0	0
3	പുതുപൊന്നാനി	1584	1718	5	1	0	0	0
4	തെക്കേക്കടവ്	1006	1076	1	0	0	0	1
5	മുക്കാടി	575	649	2	1	0	0	0
6	മരക്കടവ്	290	373	2	1	0	0	0
7	മീൻതെരുവ്	857	818	2	1	0	0	0
8	പള്ളിവളപ്പ്	151	170	4	1	2	1	1
9	പുറത്തൂർ	251	241	4	0	2	0	0
10	കൂട്ടായി	450	414	4	1	0	0	0
11	പറവണ്ണ	572	588	9	1	0	0	0
12	തേവർക്കടപ്പുറം	638	593	6	1	0	0	0
13	പുതിയകടപ്പുറം	1335	1270	3	0	0	0	0
14	ചീരാൻകടപ്പുറം	408	393	2	2	0	0	0
15	ഒസ്സാൻകടപ്പുറം	553	663	3	1	0	0	0
16	പണ്ടാരക്കടപ്പുറം	786	816	2	0	0	0	0
17	എടക്കടപ്പുറം	596	538	2	1	0	1	0
18	കോർമ്മൻകടപ്പുറം	2258	2163	2	1	0	0	0
19	എളാരൻകടപ്പുറം	1136	1206	4	1	1	0	1
20	പരപ്പനങ്ങാടി	1483	1398	16	4	0	1	0
21	അരയൻകടപ്പുറം	1262	1158	11	2	0	0	0
22	അരിയല്ലൂർബീച്ച്	2885	2773	5	0	1	0	1
23	കടലുണ്ടിബീച്ച്	1154	1218	8	2	0	0	0

അവലംബം : ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ്.

തീരദേശ മേഖലയിൽ മുതിർന്ന കുട്ടികളുടെ കൊഴിഞ്ഞു പോക്ക്

മലപ്പുറം ജില്ലയുടെ തീരദേശ മേഖലയിൽ മുതിർന്ന കുട്ടികളുടെ കൊഴിഞ്ഞു പോക്ക് പ്രകടമായി കാണുന്ന പ്രതിഭാസമാണ്. 12 വയസ്സിനും 14 വയസ്സിനും ഇടയിലാണ് കൊഴിഞ്ഞു പോക്ക് കണ്ടു വരുന്നത്.

ചിത്രം 4.1.5.3 : തീരദേശ മേഖലയിൽ മുതിർന്ന കുട്ടികളുടെ കൊഴിഞ്ഞ് പോക്ക്



അവലംബം : സൗത്ത് സോൺ ബ്രാഞ്ച് ഓഫ് ഇന്ത്യൻ സൈക്യാടിക്ക് സൊസൈറ്റി.

പട്ടിക 4.1.5.17 : തീരദേശ മേഖലയിൽ മുതിർന്ന കുട്ടികളുടെ കൊഴിഞ്ഞ് പോക്കിനുള്ള കാരണങ്ങൾ

ക്രമ നം	കാരണങ്ങൾ	ശതമാനം
1.	തൊഴിൽപരം	80%
2	സ്കൂൾ പ്രശ്നങ്ങൾ	68%
3	സാമ്പത്തികം	50%
4	കുടുംബപരം	63%

അവലംബം : സൗത്ത് സോൺ ബ്രാഞ്ച് ഓഫ് ഇന്ത്യൻ സൈക്യാടിക്ക് സൊസൈറ്റി

മത്സ്യ മേഖലയിലെ ആൺകുട്ടികൾ പണിയെടുക്കാൻ പ്രാപ്തരാകുന്നതോടെ കടലിൽ പണിക്ക് പോകുകയും വിദ്യാഭ്യാസം പൂർത്തിയാക്കാതിരിക്കുകയും പെൺകുട്ടികൾ വീട്ടിൽ അമ്മയെ സഹായിക്കുന്നതിനോ ഇളയ കുട്ടികളെ സംരക്ഷിക്കുന്നതിനോ പഠിത്തം അവസാനിപ്പിക്കുന്നു.

സ്കൂൾപരമായ പ്രശ്നങ്ങളിൽ കൂടുതലും മത്സ്യത്തൊഴിലാളി മേഖലയിലെ ആൺകുട്ടികളായാലും പെൺകുട്ടികളായാലും അമിതമായ പ്രതികരണ സ്വഭാവമുള്ളവരാണ്. മറ്റ് കുട്ടികളുടെ പ്രശ്നത്തിൽ ഇടപെട്ട് സംസാരിക്കാനും അധ്യാപകരോട് കർക്കശമായി സംസാരിക്കാനും ഇക്കൂട്ടർക്ക് ശങ്കയില്ല. ഇത്കൊണ്ട് തന്നെ അദ്ധ്യാപകർ ഈ കുട്ടികളെ തെറ്റിദ്ധരിച്ച് ഇവരെ പ്രശ്നക്കാരായി ചിത്രീകരിച്ച് ഒറ്റപ്പെടുത്തുന്നു. തുടർന്ന് ഒന്നുകിൽ ഈ കുട്ടികൾ സ്വയം പഠിത്തം നിറുത്തുകയോ അല്ലെങ്കിൽ കൂടുതൽ പ്രശ്നങ്ങളിൽ ഉൾപ്പെട്ട് പുറത്താക്കപ്പെടുകയോ ചെയ്യുന്നു.

മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ സാമൂഹ്യ സാമ്പത്തിക മാനസിക പ്രശ്നങ്ങളെ കുറിച്ച് വിശദമായ പരിശീലന പരിപാടികൾ ഈ മേഖലയിലെ അദ്ധ്യാപകർക്ക് നിർബന്ധമായും നൽകണം. ഇതിനായി വിദ്യഭ്യാസ വകുപ്പിന്റെ പരിശീലന പരിപാടികളിൽ പ്രത്യേക വിഷയം ഉൾപ്പെടുത്തണം.

പട്ടിക 4.1.5.18 : മലപ്പുറം ജില്ലയിൽ മത്സ്യഗ്രാമത്തിലെ പഠിക്കുന്ന കുട്ടികളുടെ എണ്ണം (5-18) വയസ്സ്

ക്രമ നം	പ്രദേശം	ആൺകുട്ടികൾ	ആൺകുട്ടികൾ
1.	പാലപ്പെട്ടി	122	109
2.	വെളിയങ്കോട്	230	166
3.	പുതുപൊന്നാനി	1584	1718
4.	തെക്കേക്കടവ്	1006	1076
5.	മുക്കാടി	575	649
6.	മരക്കടവ്	290	373
7.	മീൻതെരുവ്	857	818
8.	പുറത്തൂർ	251	241
9.	പള്ളിവളപ്പ്	151	170
10.	കൂട്ടായി	450	414

ക്രമ നം	പ്രദേശം	ആൺകുട്ടികൾ	ആൺകുട്ടികൾ
11.	പറവണ്ണ	572	588
12.	തേവർകടപ്പുറം	638	593
13.	പുതിയ കടപ്പുറം	1335	1270
14.	ചീരാൻ കടപ്പുറം	408	393
15.	ഒസ്സാൻ കടപ്പുറം	553	663
16.	പണ്ടാര കടപ്പുറം	786	816
17.	എടക്കടപ്പുറം	596	538
18.	കോർമ്മൻ കടപ്പുറം	2258	2163
19.	എളാരൻകടപ്പുറം	1136	1206
20.	പരപ്പനങ്ങാടി	1483	1398
21.	അരയൻ കടപ്പുറം	1262	1158
22.	ആലുങ്ങൽ ബീച്ച്	2885	2773
23.	കടലുണ്ടി നഗരം	1154	1218

അവലംബം : മറൈൻ ഫിഷറീസ് സെൻസെസ് 2010

ചിത്രം 4.1.5.4 : മലപ്പുറം ജില്ലയിലെ മത്സ്യഗ്രാമത്തിലെ പഠിക്കുന്ന കുട്ടികളുടെ എണ്ണം (5-18 വയസ്സ്)



അവലംബം : മറൈൻ ഫിഷറീസ് സെൻസെസ് 2010

ജില്ലയിലെ മത്സ്യഗ്രാമങ്ങളിൽ ഏറ്റവും കൂടുതൽ 5 വയസ്സിനും 18 വയസ്സിനുമിടയിൽ കുട്ടികൾ പഠിക്കുന്നത് ആലുങ്ങൽ ബീച്ചിലാണ്. (ആൺകുട്ടികൾ 2885 ഉം പെൺകുട്ടികൾ 2773 ഉം) മറ്റ് മത്സ്യഗ്രാമങ്ങളുടെ കണക്കുകൾ പട്ടിക 4.1.5.5 ൽ കൊടുത്തിരിക്കുന്നു.

മത്സ്യഗ്രാമത്തിലെ അംഗൻവാടികൾ

ജില്ലയിലെ മത്സ്യഗ്രാമങ്ങളിൽ ഏറ്റവും കൂടുതൽ അംഗൻവാടി സ്ഥിതി ചെയ്യുന്നത് പരപ്പനങ്ങാടി (16) പാലപ്പെട്ടി (14) എന്നീ മത്സ്യഗ്രാമങ്ങളിലുമാണ്.

പട്ടിക 4.1.5.19 : മലപ്പുറം ജില്ലയിലെ മത്സ്യഗ്രാമത്തിലെ അംഗൻവാടികളുടെ എണ്ണം

ക്രമ നം	പ്രദേശം	അംഗൻവാടി
1.	പാലപ്പെട്ടി	14
2.	വെളിയങ്കോട്	7
3.	പുതുപൊന്നാനി	5
4.	തെക്കേക്കടവ്	1
5.	മുക്കാടി	2
6.	മരക്കടവ്	2
7.	മീൻതെരുവ്	2
8.	പുറത്തൂർ	4
9.	പള്ളിവളപ്പ്	4
10.	കൂട്ടായി	4

ക്രമ നം	പ്രദേശം	അംഗൻവാടി
11.	പറവണ്ണ	9
12.	തെവർകടപ്പുറം	6
13.	പുതിയ കടപ്പുറം	3
14.	ചിരാൻ കടപ്പുറം	2
15.	ഒസ്സാൻ കടപ്പുറം	3
16.	പണ്ടാര കടപ്പുറം	2
17.	എടക്കടപ്പുറം	2
18.	കോർമ്മൻ കടപ്പുറം	2
19.	എളാരൻകടപ്പുറം	4
20.	പരപ്പനങ്ങാടി	16
21.	അരയൻ കടപ്പുറം	11
22.	ആലുങ്ങൽ ബീച്ച്	5
23.	കടലുണ്ടി നഗരം	8

അവലംബം : മറൈൻ ഫിഷറീസ് സെൻസസ് 2010

ചിത്രം 4.1.5.5 : മലപ്പുറം ജില്ലയിലെ മത്സ്യഗ്രാമത്തിലെ അംഗൻവാടികളുടെ എണ്ണം



അവലംബം : മറൈൻ ഫിഷറീസ് സെൻസസ് 2010

തീരദേശ റോഡുകളും സ്ട്രെയ്നേളുകളും

ജില്ലയിലെ മത്സ്യ ഗ്രാമങ്ങളിൽ ഏറ്റവും കൂടുതൽ റോഡ് സൗകര്യം നില നിൽക്കുന്നത് പരപ്പനങ്ങാടി മത്സ്യ ഗ്രാമത്തിലാണ് (16 എണ്ണം, 16.10 k.mനീളം) (ചിത്രം (5)).

പട്ടിക 4.1.5.20 : തീരദേശ റോഡുകളുടെ വിവരങ്ങൾ

ക്രമ	മത്സ്യഗ്രാമം	തീരത്തി	കടൽ	നിലവിലെ	റോഡ്	നീളം	നിലവിലെ അവസ്ഥ	ലാന്റിംഗ്	ഐസ്
1	പാലപ്പെട്ടി	6.2	7	പൊളിഞ്ഞ് കിടക്കുന്നു. അറ്റകുറ്റപ്പണി ആവശ്യമാണ്	11	19.6	പൊളിഞ്ഞ് കിടക്കുന്നു. അറ്റകുറ്റപ്പണി ആവശ്യമാണ്	0	0
2	വെളിയങ്കോട്	5.3	3		3	2.4		0	1
3	പുതുപൊന്നാനി	3.55	4.2		11	7.65		0	0
4	തെക്കേക്കടവ്	2	2		4	3.5		0	0
5	മൂക്കാടി	7	0		6	2.65			
6	മരക്കടവ്	2.8	1.7		3	2		1	2
7	തീൻതെരുവ്	1.6	3		3	2.35			
8	പള്ളിവളപ്പ്	2.25	0		4	1.3		1	2
9	പുറത്തൂർ	5	4.2		11	7.65		0	0
10	കൂട്ടായി	2.1	.25		8	4.5		0	1

ക്രമ	മത്സ്യഗ്രാമം	തീരത്തി	കടൽ	നിലവിലെ	റോഡ്	നീളം	നിലവിലെ അവസ്ഥ	ലാന്റിംഗ്	ഐസ്
11	പറവണ്ണ	4	1		6	4.75		0	1
12	തേവർക്കടപ്പുറം	3	8		3	2.4		0	0
13	പുതിയകടപ്പുറം	2.2	75		5	8.3		0	0
14	ചീരാൻകടപ്പുറം	3.5	1.8		5	3.6		0	0
15	ഒസ്സാൻകടപ്പുറം	2	8		2	1.5		0	0
16	പണ്ടാരക്കടപ്പുറം	1	75		2	3		0	0
17	എടക്കടപ്പുറം	2	5		4	1.9		0	0
18	കോർമ്മൻകടപ്പുറം	3	1.25		6	9.275		0	0
19	എളാരൻകടപ്പുറം	2	1.75		4	5.85		0	0
20	പരപ്പനങ്ങാടി	5.1	3.1		16	16.1		1	3
21	അരയൻകടപ്പുറം	3	2		9	11.3		1	4
22	അരിയല്ലൂർബീച്ച്	2.2	0		12	9.5		1	1
23	കടലുണ്ടിബീച്ച്	3.9	2.3		4	8.75		0	0

അവലംബം : ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ്

തീരദേശ റോഡുകൾ മിക്കതും ശരിയായ ഡ്രൈനേജ് ഇല്ലാത്തതും അശാസ്ത്രീയമായി നിർമ്മിച്ചവയുമാണ്. പൊട്ടി പൊളിഞ്ഞ റോഡുകളിൽ മഴവെള്ളം കെട്ടിക്കിടക്കുന്നത് അത്യന്തം ശോചനീയാവസ്ഥയിലാണ്. മാത്രമല്ല ഇവയിലൊന്നും നല്ല രീതിയിലുള്ള തെരുവ് വിളക്കുകളുമില്ല.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുൻകൈയെടുത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് റോഡുകൾ മൊക്കാസ് ടാറിംഗ് ചെയ്യുകയും നല്ലരീതിയിലുള്ള ഡ്രൈനേജ് നിർമ്മിക്കുകയും വേണം. രാത്രികാലങ്ങളിൽ വെളിച്ചമില്ലാത്ത തീരദേശത്ത് സമൂഹ്യവിരുദ്ധരുടെ അഴിഞ്ഞാട്ടം ഒഴിവാക്കുന്നതിനായി നല്ല രീതിയിൽ തെരുവ് വിളക്കുകൾ സ്ഥാപിച്ച് അവയ്ക്ക് വേണ്ട സംരക്ഷണമേർപ്പെടുത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കണം.

പട്ടിക 4.1.5.21 : മലപ്പുറം ജില്ലയിലെ മത്സ്യഗ്രാമത്തിലെ റോഡുകളുടെ എണ്ണം

ക്രമ നം	മത്സ്യഗ്രാമം	റോഡുകൾ
1.	പാലപ്പെട്ടി	11
2.	വെളിയങ്കോട്	8
3.	പുതു പൊന്നാനി	13
4.	തെക്കേക്കടവ്	4
5.	മുക്കാടി	6
6.	മരക്കടവ്	3
7.	മീൻതെരുവ്	3
8.	പുറത്തൂർ	11
9.	പള്ളിവളപ്പ്	4
10.	കൂട്ടായി	8
11.	പറവണ്ണ	6
12.	തേവർകടപ്പുറം	3
13.	പുതിയ കടപ്പുറം	5
14.	ചീരാൻ കടപ്പുറം	5
15.	ഒസ്സാൻ കടപ്പുറം	5
16.	പണ്ടാര കടപ്പുറം	2
17.	എടക്കടപ്പുറം	4
18.	കോർമ്മൻ കടപ്പുറം	6
19.	എളാരൻകടപ്പുറം	4
20.	പരപ്പനങ്ങാടി	16

ക്രമ നം	മത്സ്യഗ്രാമം	റോഡുകൾ
21.	അരയൻ കടപ്പുറം	9
22.	ആലുങ്ങൽ ബീച്ച്	12
23.	കടലുണ്ടി നഗരം	4

അവലംബം : കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലെപ്മെന്റ് കോർപറേഷൻ

ചിത്രം 4.1.5.6 : മലപ്പുറം ജില്ലയിലെ മത്സ്യഗ്രാമത്തിലെ റോഡുകളുടെ എണ്ണം



അവലംബം: കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലെപ്മെന്റ് കോർപറേഷൻ

പട്ടിക: 4.1.5.22 : മലപ്പുറം ജില്ലയിലെ മത്സ്യഗ്രാമങ്ങളിൽ ഭവന നിർമ്മാണത്തിന് സബ്സിഡി ലഭിച്ചവരുടെ എണ്ണം

ക്രമനം.	മത്സ്യഗ്രാമം	വീട്
1	പാലപ്പെട്ടി	31
2	വെളിയംങ്കോട്	39
3	പുത്തൊന്നാനി	98
4	തെക്കേകടവ്	44
5	മുക്കാടി	44
6	മരക്കടവ്	21
7	മീൻതെരുവ്	42
8	പുറത്തൂർ	107
9	പള്ളിവളപ്പ്	55
10	കൂട്ടായി	104
11	പറവണ്ണ	91
12	തേവർകടപ്പുറം	63
13	പുതിയകടപ്പുറം	79
14	ചീരാൻകടപ്പുറം	54
15	എളാരൻകടപ്പുറം	29
16	ഒസ്സാൻകടപ്പുറം	36
17	എടക്കടപ്പുറം	53
18	പണ്ടാര കടപ്പുറം	40
19	കോർമൻകടപ്പുറം	128
20	പരപ്പനങ്ങാടി	148
21	അരയൻകടപ്പുറം	83
22	ആലുങ്ങൽബീച്ച്	215
23	കടലുണ്ടി നഗരം	111
24	പൊന്നാനി ഉൾനാടൻ	14
25	തിരൂർ ഉൾനാടൻ	15
26	പരപ്പനങ്ങാടി ഉൾനാടൻ	20
ആകെ		1025

അവലംബം : ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ്

മലപ്പുറം ജില്ലയിൽ കഴിഞ്ഞ 5 വർഷമായി ഫിഷറീസ് വകുപ്പ് മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി ഭവന നിർമ്മാണത്തിന് സബ്സിഡി അനുവദിച്ചിട്ടുണ്ട്. ഏറ്റവും കൂടുതൽ സബ്സിഡി അനുവദിച്ചത് ആലുങ്ങൽ ബീച്ച് എന്ന മത്സ്യഗ്രാമത്തിനാണ്

ചിത്രം 4.1.5.7 : മലപ്പുറം ജില്ലയിലെ മത്സ്യഗ്രാമങ്ങളിൽ ഭവന നിർമ്മാണത്തിന് സബ്സിഡി ലഭിച്ചവരുടെ എണ്ണം



അവലംബം : ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ്

അനുബന്ധ മത്സ്യത്തൊഴിലാളികൾ.

മത്സ്യമേഖലയിൽ അഹോരാത്രം പണിയെടുക്കുന്ന സ്ത്രീയും പുരുഷനും ഉൾപ്പെടുന്നവരാണ് അനുബന്ധ മത്സ്യത്തൊഴിലാളികൾ. ഇവർ ഉൾനാടൻ മേഖലയിലും കടലോരമേഖലയിലും ഉൾപ്പെട്ട് കിടക്കുന്നു. മത്സ്യവിപണനവും മൂല്യവർദ്ധിത ഉത്പ്പന്നങ്ങളുടെ നിർമ്മാണവുമാണ് ഇക്കൂട്ടർ ചെയ്ത് വരുന്നത്. മത്സ്യത്തൊഴിലാളി വനിതകളുടെ കൂട്ടായ്മയിലൂടെ ചെറുസംരംഭങ്ങൾ ആരംഭിക്കുന്നതിനും അങ്ങിനെ സ്ത്രീശാക്തീകരണം ഉറപ്പിക്കുന്നതിനുമായി സൊസൈറ്റി ഫോർ അസിസ്റ്റൻറ് ടു ഫിഷർവിമെൻ (സാഫ്) എന്ന ഏജൻസി ഒട്ടനവധി പരിശീലന പരിപാടികളും സാമ്പത്തിക സഹായ പദ്ധതികളും നടപ്പിലാക്കി വരുന്നു. കുടുംബശ്രീ മാതൃകയിലുള്ള തീരമൈത്രി സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുകയും അവർക്ക് ധനസഹായം നൽകുകയുമാണ് സാഫിന്റെ പ്രധാന പദ്ധതികൾ.

മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം

ജില്ലയിൽ മൊത്തം 66 മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളാണ് റജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇവയിൽ 38 എണ്ണം സമുദ്ര മേഖലയിലും 9 എണ്ണം ഉൾനാടൻ മേഖലയിലും 19 എണ്ണം വനിത സംഘങ്ങളുമാണ് മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളുടെ അപെക്സ് ഫെഡറേഷനായ മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഈ സഹകരണ സംഘങ്ങൾ വഴിയാണ് മത്സ്യത്തൊഴിലാളികളുടെ തൊഴിൽ അഭിവൃദ്ധിക്ക് സഹായിക്കുന്ന വളളം, വല എഞ്ചിനുകൾ എന്നിവ ഗ്രൂപ്പടിസ്ഥാനത്തിൽ നൽകുന്ന പദ്ധതി ഉൾപ്പടെ നിരവധി പദ്ധതികൾ നടപ്പിലാക്കുന്നത്.

സേവനമേഖല

സേവനമേഖലയിൽ മത്സ്യത്തൊഴിലാളിക്ക് ഭവനനിർമ്മാണം, ഭവന റിപ്പയർ, സാനിറ്റേഷൻ, ഭവന പുനർവൈദ്യുതീകരണം, മത്സ്യത്തൊഴിലാളികളിൽ സമ്പാദ്യ ശീലം വളർത്തുന്നതിനും പഞ്ചമാസങ്ങളിൽ സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്തുന്നതിനുമായി സമ്പാദ്യ സമാശ്വാസ പദ്ധതി (SCRS), കടലോരമേഖലകളിലും ഉൾനാടൻ മേഖലകളിലും നടത്തിപോരുന്നു. കടൽ സുരക്ഷാകിറ്റ് (സർച്ച് ആന്റ് റസ്ക്യൂ ബിക്കൺ) മത്സ്യമേഖലയിലുള്ളവരുടെ ആരോഗ്യ സംരക്ഷണത്തിന് സൗജന്യ മെഗാ മെഡിക്കൽ ക്യാമ്പുകൾ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് കരിയർ ഗൈഡൻസും വ്യക്തിത്വ വികസനവും ലഭ്യമാക്കുന്നതിന് വേണ്ടി തീരദേശ സ്കൂളുകൾ തോറും എഡ്യൂഫെസ്റ്റ് പ്രോഗ്രാമുകൾ, മെഡിക്കൽ, ബാങ്ക്, പി.എസ്.സി എന്നിവയ്ക്ക് സൗജന്യ കോച്ചിങ്ങുകൾ, രക്ഷകർത്താവ് മരണപ്പെട്ട വിദ്യാർത്ഥികളെ ദത്തെടുക്കൽ, മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക്

പഠനോപകരണങ്ങൾ ലഭ്യമാക്കൽ (മേശ, കസേര-പഞ്ചായത്ത് പദ്ധതികളിൽ ഉൾപ്പെടുത്തി നൽകുന്നത്) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലംപ്സം ഗ്രാന്റ്, വിദ്യാർത്ഥികളുടെ പഠനസൗകര്യം മെച്ചപ്പെടുത്തുന്നതിന് പഠനമുറി നിർമ്മാണ പദ്ധതി, സൗജന്യ താമസവും ഭക്ഷണവും പുസ്തകങ്ങളും നൽകി മത്സ്യത്തൊഴിലാളികളുടെ മക്കളെ പഠിപ്പിക്കുന്ന താനൂർ ഗവ.റീജീയണൽ ഫിഷറീസ് ടെക്ക്നിക്കൽസ്കൂൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

എഫ്.എഫ്.ഡി.എ

സേവന മേഖലയെപോലെ തന്നെ ഉത്പാദന മേഖലയിലും വകുപ്പ് കൃത്യമായി ശ്രദ്ധിച്ച് പോകുന്നുണ്ട്. സീറാഞ്ചിംഗ് അഴിമുഖങ്ങളിലും കായലുകളിലും മത്സ്യവിത്ത് നിക്ഷേപിക്കുന്ന സാമൂഹ്യ മത്സ്യകൃഷി, നൂതന മത്സ്യകൃഷി രീതികളുടെ വ്യാപനം പടുതാകൃഷി, കൂട്കൃഷി, അക്വാപോണിക്സ് റീസർക്കുലേറ്ററി അക്വാകൾച്ചർ, ബാക്ക് വേഡ് ഹാച്ചറി, കുളങ്ങളിലെ കൃഷി, പാടശേഖരങ്ങളിലെ ഒരു നെല്ലും ഒരു മീനും പദ്ധതി എന്നിവയും മത്സ്യകൃഷി വ്യാപനത്തിന് ശിൽപശാലകളും, പരിശീലനങ്ങളും, എഫ്.എഫ്.ഡി.എ വഴി ഫിഷറീസ് വകുപ്പ് മത്സ്യമേഖലയിൽ നടപ്പിലാക്കുന്നു.

ഉൾനാടൻ മത്സ്യമേഖല

കേരളത്തിന്റെ ഉൾനാടൻ മത്സ്യോല്പാദനം പ്രധാനമായും മത്സ്യകൃഷിയെ അടിസ്ഥാനമാക്കിയിട്ടുള്ളതാണ്. നദികളാലും കായലുകളാലും ചെറുതും വലുതുമായ അണകെട്ടുകൾ, പഞ്ചായത്ത്/സ്വകാര്യ കുളങ്ങൾ, ഇറിഗേഷൻ, കനാലുകൾ എന്നിവകൊണ്ട് സമ്പന്നമാണ് ഉൾനാടൻ ജലാശയങ്ങൾ. ഇന്ത്യയിൽ മൊത്തം 75.59 ലക്ഷം ഹെക്ടർ ഉൾനാടൻ ജലാശയങ്ങൾ ഉണ്ട്.

വിവിധ തരം ജലാശയങ്ങൾ കൊണ്ട് സമ്പന്നമാണെങ്കിലും ഇന്ത്യയുടെ ഉൾനാടൻ മത്സ്യോത്പാദനത്തിൽ കേരളത്തിന്റെ പങ്ക് വെറും 2.6% മാത്രമാണ്. കേരളത്തിന്റെ മത്സ്യമേഖലയിൽ 113 മത്സ്യഗ്രാമങ്ങളാണ് നിലകൊള്ളുന്നത്. ഇതിൽ മത്സ്യമേഖലയെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന 36983 പേരാണ്. വിവിധതരം ജലാശയങ്ങളിൽ 7340 പഞ്ചായത്ത് കുളങ്ങളും 34447 സ്വകാര്യകുളങ്ങളും 1162 കാറി കുളങ്ങളും ഉൾപ്പെടുന്നു.

കേരളത്തിന്റെ പടിഞ്ഞാറോട്ടൊഴുകുന്ന 41 നദികളിൽ നാലു പ്രധാന നദികൾ മലപ്പുറം ജില്ലയിലൂടെ കടന്ന് പോകുന്നു. ഭാരതപുഴ (209 കി.മി) ചാലിയാർ (169 കി.മി) കടലുണ്ടി (13 കി.മി) തിരൂർ പുഴ (48 കി.മി) തുടങ്ങിയവ പ്രധാന ജലാശയങ്ങളാണ്. ജില്ലയിൽ മൂന്ന് പ്രധാന നദികളുടെ കായൽ പ്രദേശത്ത് 1295 ഹെക്ടർ ജലാശയമുണ്ട്. ഇവയ്ക്ക് പുറമെ ധാരാളം ചെറുതും വലുതുമായ കുളങ്ങൾ ഉൾനാടൻ പഞ്ചായത്തുകളിൽ ഉണ്ട്.

ഉൾനാടൻ മത്സ്യത്തൊഴിലാളികൾ

കേരളത്തിലെ ഉൾനാടൻ കർമ്മോന്മുഖ മത്സ്യത്തൊഴിലാളികളുടെ എണ്ണവുമായി (36983 പേർ) താരതമ്യം ചെയ്യുമ്പോൾ മലപ്പുറം ജില്ലയിൽ എണ്ണം തുലാം കുറവാണ് (4168 പേർ) മൊത്തം 1480 കുടുംബങ്ങളിലായി 1780 പുരുഷന്മാരും 1550 സ്ത്രീകളും 838 കുട്ടികളും അടങ്ങിയ വിഭാഗമാണ് ജില്ലയിലെ ഉൾനാടൻ മത്സ്യത്തൊഴിലാളികൾ. ഇവർ പൊന്നാനി, തിരൂർ, പരപ്പനങ്ങാടി ഉൾനാടൻ മത്സ്യഗ്രാമങ്ങളിൽ വ്യാപിച്ച് കിടക്കുന്നു. ചാലിയാർ, കടലുണ്ടി, ഭാരതപുഴ, തിരൂർ പുഴ, പുതു പൊന്നാനി എന്നീ ഉൾനാടൻ ജലാശയങ്ങളിലായി തൊഴിൽ ചെയ്യുന്ന ഈ വിഭാഗം മുഖ്യമായും ഒഴുക്കുവല, തണ്ടാവല, വീശുവല തുടങ്ങിയ മത്സ്യബന്ധന വലകളും വഞ്ചിയും അടങ്ങിയ മത്സ്യബന്ധനയാനങ്ങളിലാണ് തൊഴിലെടുക്കുന്നത്.

പുഴകളിലെ മലീനീകരണം, അന്യ സംസ്ഥാന തൊഴിലാളികളുടെ കടന്നു കയറ്റം, മത്സ്യലഭ്യതയിലുള്ള കുറവ് ഈ വിഭാഗത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വലയും വഞ്ചിയും നൽകുന്ന പദ്ധതിയിലെ ഉയർന്ന തോതിലുള്ള ഗുണഭോക്തൃ വിഹിതം ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് തിരിച്ചടക്കാൻ കഴിയാത്ത ശുപത്തിലുള്ളതാണ്. അതുപോലെ കിഴക്കൻ മേഖലയിൽ ഉള്ള പല മത്സ്യത്തൊഴിലാളികൾക്കും ക്ഷേമ നിധിയിൽ

അംഗമാകാൻ കഴിയാത്തതിനാൽ മത്സ്യവകുപ്പിന്റെ പല ആനുകൂല്യങ്ങളും ഈ വിഭാഗത്തിന് ലഭിക്കുന്നില്ല.

ഉൾനാടൻ ജലാശയങ്ങളും മത്സ്യകൃഷിയും

ജില്ലയിൽ പൊതു ജലാശയങ്ങളും സ്വകാര്യ കുളങ്ങളും ഉൾപ്പടെ ഏകദേശം 800 ഹെക്ടർ കുളങ്ങൾ മത്സ്യകൃഷിക്ക് അനുയോജ്യമായതായി കണ്ടെത്തിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയോട് ചേർന്ന് പൊന്നാനി, പെരുമ്പടപ്പ് ബ്ലോക്കുകളിലായി പരന്ന് കിടക്കുന്ന ഏകദേശം 2500 ഹെക്ടർ പാടശേഖരങ്ങൾ വേറെയും ജലാശയങ്ങളിലായി മത്സ്യ കൃഷിക്ക് ജില്ലയിലുണ്ട്. ഉൾനാടൻ മത്സ്യ കൃഷിക്ക് മലപ്പുറം ജില്ലയിൽ ഏറ്റവും കൂടുതൽ സാധ്യത ഉള്ളത് നിലമ്പൂർ ബ്ലോക്കിലാണ് (133 ഹെക്ടർ). മറ്റ ബ്ലോക്കുകളുടെ സാധ്യതകളുടെ കണക്ക് താഴെ കൊടുത്തിരിക്കുന്നു.

ചിത്രം 4.1.5.8 : മലപ്പുറം ജില്ലയിലെ ഉൾനാടൻ മത്സ്യകൃഷിയുടെ സാധ്യത ബ്ലോക്ക് അടിസ്ഥാനത്തിൽ



അവലംബം : ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ്

സ്വകാര്യ കുളങ്ങൾ പരമാവധി മത്സ്യകൃഷിക്ക് പ്രാപ്തമാക്കുമ്പോൾ ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള 545 കുളങ്ങളിൽ ഭൂരിഭാഗവും ശാസ്ത്രീയ മത്സ്യ കൃഷിക്ക് ഉപയോഗിച്ചിട്ടില്ല. അതുപോലെ ധാരാളം കൃഷിക്ക് അനുയോജ്യമല്ലാത്ത എന്നാൽ മത്സ്യ കൃഷിക്ക് അനുയോജ്യമാക്കി എടുക്കാവുന്ന സ്ഥലങ്ങൾ ജില്ലയിലുണ്ട്. 2011 ലെ കണക്ക് പ്രകാരം ജില്ലയിലെ പഞ്ചായത്ത് കുളങ്ങളുടെ നമ്പറും വിസ്തൃതിയും ബ്ലോക്ക് അടിസ്ഥാനത്തിൽ താഴെ പട്ടികയിലും ചിത്രത്തിലും കൊടുത്തിരിക്കുന്നു. സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള പൊതു ജലാശയങ്ങൾ ഏറ്റവും കൂടുതൽ നിലമ്പൂർ ബ്ലോക്കിലാണ് (81 വിസ്തൃതി–5.6 ഹെക്ടർ).

പട്ടിക 4.1.5.23 : മലപ്പുറം ജില്ലയിലെ ബ്ലോക്കടിസ്ഥാനത്തിൽ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള പൊതുജലാശയങ്ങളുടെ എണ്ണം

ക്രമ നം.	ബ്ലോക്ക്	നം.	ഏരിയ (Ha)
1	നിലമ്പൂർ	81	5.807287
2	കൊണ്ടോട്ടി	52	2.809717
3	വണ്ടൂർ	72	3.728745
4	അരീക്കോട്	62	1.57085
5	മലപ്പുറം	29	1.834008
6	പെരിന്തൽമണ്ണ	59	3.445344
7	മങ്കട	37	2.582996
8	കുറ്റിപ്പുറം	58	2.574899
9	വേങ്ങര	39	1.331984

ക്രമ നം.	ബ്ലോക്ക്	നം.	ഏരിയ (Ha)
10	തിരുരങ്ങാടി	30	1.493927
11	തിരൂർ	83	5.05688
12	തനൂർ	45	4.174089
13	പൊന്നാനി	52	3.165992
14	പെരുമ്പടപ്പ്	34	1.433198

അവലംബം : ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ്

ചിത്രം 4.1.5.9 : മലപ്പുറം ജില്ലയിലെ ബ്ലോക്കടിസ്ഥാനത്തിൽ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള പൊതു ജലാശയങ്ങളുടെ എണ്ണം



അവലംബം : ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ്

ജില്ലയിൽ ആരാധനാലയങ്ങൾക്ക് കീഴിലുള്ള (പള്ളി-ക്ഷേത്ര) കുളങ്ങൾ ഏറ്റവും കൂടുതലുള്ളത് പെരുമ്പടപ്പ്, പൊന്നാനി, പെരിന്തൽമണ്ണ, തിരൂർ ബ്ലോക്കുകളിലാണ്. ഇവയിൽ മിക്കവയും, ശാസ്ത്രീയ മത്സ്യകൃഷിക്ക് ലഭിക്കാറില്ല. ജില്ലയിലെ സ്വകാര്യ കുളങ്ങളിൽ ഭൂരിഭാഗവും മത്സ്യകൃഷി നടത്തുന്നുണ്ട്. ഏറ്റവും കൂടുതൽ ഏരിയ പൊന്നാനി, വണ്ടൂർ, നിലമ്പൂർ ബ്ലോക്കുകളിലാണ്.

ജില്ലയിൽ ഒരു ജലാശയങ്ങൾ മത്സ്യ കൃഷിക്ക് അനുയോജ്യമാക്കിയത് മറ്റ് ജില്ലകളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവാണ്. കണ്ണൂർ, എറണാകുളം, കോഴിക്കോട്, തൃശ്ശൂർ ജില്ലകൾ 100 ഹെക്ടറിൽ അധികം ഓരുജല മത്സ്യ ചെമ്മീൻ കൃഷി ചെയ്യുമ്പോൾ മലപ്പുറം ജില്ലയിൽ ആകെ 15 ഹെക്ടറിലാണ് ഇപ്പോൾ കൃഷി ചെയ്യുന്നത്. തിരൂർ പുഴയിലെ മംഗലം റഗുലേറ്റർ ബ്രിഡ്ജ് സാധ്യമായതോടെ ഉപ്പ് വെള്ളം ആവശ്യത്തിന് ലഭിക്കാത്തതിനാൽ പല ചെമ്മീൻ കർഷകരും കൃഷി ഉപേക്ഷിച്ചിട്ടുണ്ട്.

പട്ടിക 4.1.5.24 : തീരദ്ദേശ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ശുദ്ധജല സ്രോതസ്സ്

ക്രമ നം.	സ്രോതസ്സ്	എണ്ണം
1	പൊതു കിണറുകൾ	73
2	മറ്റ സ്രോതസ്സുകൾ	110
3	പൊതുടാപ്പുകൾ	255

അവലംബം : ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ്

ഗാർഹിക ആവശ്യങ്ങൾക്കായി വാട്ടർ അതോറിറ്റിയുടെ പൊതുടാപ്പുകളെ ആശ്രയിക്കുന്നു. വരൾച്ച അതിരൂക്ഷമാകുന്ന അവസരങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈ എടുത്ത് ടാങ്കർ ലോറികളിൽ ശുദ്ധജലമെത്തിക്കുന്ന അവസ്ഥയും ഉണ്ടാകാറുണ്ട്.

ശുദ്ധജലം സംഭരിക്കുന്നതിനായി വീടുകളിൽ പാചക പാത്രങ്ങളും മറ്റുമാണ് ഉപയോഗിച്ച് വരുന്നത്. ഇത് പിന്നീട് കൊതുകുകൾ പെറ്റ് പെരുകുന്നതിനും കാരണമാകുന്നു. ഓരോ

മത്സ്യത്തൊഴിലാളി ഭവനങ്ങൾക്കും ഒരു ഓവർഹെഡ് ടാങ്ക് സ്ഥാപിച്ച് പ്ലംബിംഗ് നടത്തുകയും ശുദ്ധജലം ടാങ്കിൽ സംഭരിച്ച് പൈപ്പിലൂടെ ഉപയോഗിക്കുന്നത് സാധ്യമാക്കണം.

ശുദ്ധജല മത്സ്യകർഷകർ

ജില്ലയിൽ മത്സ്യകൃഷകരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. 2010-11 കാലയളവിൽ ആകെ 2512 കർഷകർ മാത്രം ഉള്ളപ്പോൾ 2014-15 കാലയളവിൽ അത് 7800 ആയി വർദ്ധിച്ചിട്ടുണ്ട്. ഒരു സെന്റ് കുളത്തിലും ഒരു ഹെക്ടറിന് മുകളിൽ കൃഷി ചെയ്യുന്നവരും ജില്ലയിലുണ്ട്. മലപ്പുറം ജില്ലയിൽ ശുദ്ധജല മത്സ്യകർഷകരുടെ എണ്ണം ഏറ്റവും കൂടുതൽ കുറ്റിപ്പുറം ബ്ലോക്കിലാണ്.

പട്ടിക 4.1.5.25 : മലപ്പുറം ജില്ലയിലെ ശുദ്ധജല മത്സ്യ കർഷകരുടെ എണ്ണം ബ്ലോക്കടിസ്ഥാനത്തിൽ

ക്രമ നം.	ബ്ലോക്ക്	എണ്ണം
1.	പൊന്നാനി	403
2.	തിരുരങ്ങാടി	169
3.	താനൂർ	342
4.	തിരൂർ	387
5.	അരീക്കോട്	74
6.	കളികാവ്	240
7.	നിലമ്പൂർ	469
8.	വണ്ടൂർ	240
9.	പെരിന്തൽമണ്ണ	510
10.	കൊണ്ടോട്ടി	51
11.	മങ്കട	531
12.	വേങ്ങര	165
13.	മലപ്പുറം	223
14.	കുറ്റിപ്പുറം	615
15.	പെരുമ്പടപ്പ്	184

അവലംബം : ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ്

ചിത്രം 4.1.5.10 : മലപ്പുറം ജില്ലയിലെ ശുദ്ധജല മത്സ്യ കർഷകരുടെ എണ്ണം ബ്ലോക്കടിസ്ഥാനത്തിൽ



അവലംബം : ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ്

പുതുതായി മത്സ്യകൃഷിക്ക് സർവ്വേ ചെയ്ത് കണ്ടെത്തിയ സ്ഥലങ്ങൾ 2010-11 കാലയളവിൽ 400 ഹെക്ടർ മാത്രം ഉള്ളത് 2014-15 കാലയളവിൽ 800 ഹെക്ടറായി ഉയർന്നിട്ടുണ്ട്. മത്സ്യകൃഷി നടത്തിയ സ്ഥലവും ക്രമാതീതമായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2010-11 കാലയളവിൽ 353 ഹെക്ടർ സ്ഥലത്താണ് മത്സ്യകൃഷി നടപ്പിലാക്കിയത്. മത്സ്യ കൃഷി വികസന ഏജൻസിയുടെ കണക്ക് പ്രകാരം ജില്ലയിൽ 1550 ടൺ മത്സ്യോല്പാദനം 2014-15 കാലയളവിൽ നടന്നിട്ടുണ്ട്. ഏജൻസി കർഷകർക്കായി വർഷം തോറും പരിശീലനവും വിവിധ ബ്ലോക്കുകളിലായി നടത്തുന്നുണ്ട്.

ജില്ലയിൽ വള്ളിക്കുന്ന്, പുറത്തൂർ, പൊന്നാനി മുൻസിപ്പാലിറ്റി അഴിമുഖങ്ങൾ കല്ലുമ്മക്കായ മത്സ്യകൃഷിക്ക് വളരെ അനുയോജ്യമാണ്. നിലവിൽ മത്സ്യകർഷക വികസന ഏജൻസി വഴി 40 യൂണിറ്റുകളിലാണ് കല്ലുമ്മക്കായ കൃഷി നടത്തുന്നത്.

ജില്ലയിൽ 2 ഹെക്ടറിൽ മാത്രമാണ് കരിമീൻ കൃഷി നടക്കുന്നത്. ഓരുജല കരിമീൻ കർഷകരാണ് കൂടുതൽ എങ്കിലും ശുദ്ധജല കരിമീൻ കൃഷിക്കും പ്രാധാന്യം വർദ്ധിച്ച് വരികയാണ്.

മത്സ്യകർഷക ക്ലബുകൾ

ജില്ലയിൽ മത്സ്യ കൃഷി വ്യാപിക്കുന്നതിന് മത്സ്യ കർഷകർ കൂട്ടുതലുള്ള പഞ്ചായത്തുകളിൽ മത്സ്യകർഷക ക്ലബുകൾ പ്രവർത്തിക്കുന്നുണ്ട്. സർക്കാർ ധന സാഹായത്തോടെ ജില്ലയിൽ മക്കരപറമ്പ്, തിരുവാലി, ചാലിയാർ പഞ്ചായത്തുകളിൽ ക്ലബുകൾക്ക് സ്വന്തമായി കെട്ടിടം ഉണ്ട്. ക്ലബുകൾ വഴി മത്സ്യ കർഷകർക്ക് ആവശ്യമുള്ള വല, പമ്പ് സെറ്റ്, വാട്ടർ ടെസ്റ്റ് കിറ്റ്, തുടങ്ങിയ സഹായങ്ങൾ ലഭിക്കുന്നു. എന്നാൽ, ഇത്തരം സേവനം മറ്റ് പഞ്ചായത്തുകളിൽ ലഭിക്കാത്തത് ശാസ്ത്രീയ മത്സ്യ കൃഷി ജനങ്ങളിലേക്ക് എത്തിക്കുന്നതിന് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു.

ഉൾനാടൻ ലാന്റിംഗ് സെന്ററുകൾ

ജില്ലയിൽ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് വ്യക്തമായ ഒരു ലാന്റിംഗ് സെന്റർ വികസിപ്പിച്ചെടുത്തിട്ടില്ല. പുതുപൊന്നാനി, പുറത്തൂർ, വള്ളിക്കുന്ന് പഞ്ചായത്തുകളിൽ ലാന്റിംഗ് ഉണ്ടെങ്കിലും കൃത്യമായി അവിടുത്തെ ലാന്റിംഗ് ഡാറ്റാ എടുക്കാൻ സാധിക്കുന്നില്ല. ഈ മേഖലയിൽ ഒരു സമഗ്ര പദ്ധതി അത്യാവശ്യമാണ്. ജില്ലയിൽ സാധ്യമായ ഉൾനാടൻ ലാന്റിംഗ് സെന്ററുകളിൽ ഐസ് പ്ലാന്റ്, ഫ്രീസിംഗ് പ്ലാന്റ് ഉൾപ്പെടെ ആധുനിക സൗകര്യങ്ങളോടെയുള്ള ഹാർബർ നിർമ്മിക്കുകയാണെങ്കിൽ ഉൾനാടൻ മേഖലയിൽ കൃഷി വഴി ഉത്പാദിപ്പിക്കുന്ന മത്സ്യം സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും സൗകര്യം ഒരുക്കാൻ കഴിയും.

ഉൾനാടൻ മത്സ്യ മാർക്കറ്റുകൾ

ജില്ലയിൽ ചെറുതും വലുതുമായ നൂറിലധികം മത്സ്യ മാർക്കറ്റുകൾ ഉണ്ടെങ്കിലും ഗുണമേന്മയുള്ള മത്സ്യങ്ങൾ ലഭ്യമാക്കുന്നതിന് ആധുനിക സംവിധാനങ്ങളോടെയുള്ള മത്സ്യ ബൂത്തുകൾ നിലവിലില്ല.

വികസന കാഴ്ചപ്പാട്

പശ്ചാത്തല വികസനം മത്സ്യമേഖലയുടെ സമഗ്ര വികസനത്തിന് അത്യന്താപേക്ഷിതമാണ്.. ഇതിൽ ഒന്നാമതായി വരുന്നത് ഹാർബറുകളുടെ പ്രവർത്തനമാണ്. ഇവ മത്സ്യത്തൊഴിലാളി സൗഹാർദ്ദവും, മാലിന്യ വിമുക്തമായതും, ഭൗതിക സാഹചര്യങ്ങൾ ഉൾകൊള്ളുന്നതുമായിരിക്കണം. പരമപ്രധാനം ശുചിത്വമാണ്. മത്സ്യമാലിന്യങ്ങൾ സംസ്കരിക്കുന്നതിനും, ഓവ് ചാലിൽ വരുന്ന മലിനജലം കടലിലേക്ക് ഒഴുക്കാതിരിക്കുന്നതിനും അണുവിമുക്തമായി മത്സ്യവിപണനം ചെയ്യുന്നതിനുമുള്ള സാങ്കേതിക സംവിധാനങ്ങൾ ആവശ്യമാണ്.

ഹാർബറുകളോട് ചേർന്ന് ഐസ് പ്ലാന്റുകൾ പ്രവർത്തിപ്പിക്കുന്നത് ഈ മേഖലയിൽ മനുഷ്യ പ്രയത്നത്തിന്റെയും സാമ്പത്തിക നഷ്ടത്തിന്റെയും അളവ് ഒരു പരിധിവരെ കുറയ്ക്കും. നിലവിൽ മലപ്പുറം ജില്ലയിൽ താനൂരിൽ മത്സ്യഫെഡിന്റെ കീഴിലുള്ള ഐസ് പ്ലാന്റ് പ്രവർത്തനരഹിതമാണ്. സ്വകാര്യ മേഖലയിൽ പരപ്പനങ്ങാടിയിൽ ഉള്ള ഐസ് പ്ലാന്റും നിലവിൽ പ്രവർത്തനരഹിതമാണ്. മത്സ്യമേഖലയിൽ ഉപയോഗിക്കുന്ന ഐസ് ഗുണനിലവാരമുള്ളതാണ് എന്ന് ഉറപ്പ വരുത്തേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്. ഭക്ഷ്യവസ്തുവും അതിന് ഉപയോഗിക്കുന്ന മറ്റ് അസംസ്കൃത വസ്തുക്കളും രാസ ഖര മാലിന്യ വിമുക്തമായിരിക്കേണ്ടത് അത്യാവശ്യമാണ്. നിലവിൽ മലപ്പുറം ജില്ലയിൽ ലഭ്യമാക്കുന്ന മത്സ്യത്തെ മുഴുവൻ കൃത്യമായി സംസ്കരിക്കാൻ ആവശ്യമായ ഐസ് നിലവിൽ ഇവിടെ ഉത്പാദിപ്പിക്കപ്പെടുന്നില്ല. മത്സ്യത്തൊഴിലാളികളുടെ വലകൾ റിപ്പയർ ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഹാർബറുകളിൽ ഉണ്ടാകാറില്ല. മത്സ്യത്തൊഴിലാളികൾക്ക് വലകൾ കൂട്ടി ചേർക്കുന്നതിനും കേടുകൾ പരിഹരിക്കുന്നതിനും നെറ്റ് മെയിന്റെയിനിംഗ്ഗ് യാർഡുകൾ എല്ലാ

ഹാർബറുകളിലും, ലാന്റിംഗ് സെന്ററുകളോട് ചേർന്ന് പണിത് വൈദ്യുതീകരണം നടത്തി ലഭ്യമാക്കേണ്ടത് വളരെ അത്യാവശ്യമാണ്. കൂടാതെ ലാന്റിംഗ് സെന്ററുകളിൽ മതിയായ വെളിച്ചം ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങൾ മോഷണങ്ങൾ കുറയ്ക്കുന്നതിനും, മത്സ്യബന്ധനത്തിന് മുമ്പായി മുന്നൊരുക്കത്തിനും മത്സ്യത്തൊഴിലാളികൾക്ക് ഏറെ പ്രയോജനകരമാകും.

മത്സ്യഹാർബറുകളോട് ചേർന്ന് തന്നെ മത്സ്യഉണക്കൽ കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുന്നത് ഈ മേഖലയ്ക്ക് വളരെയധികം ഉണർവ് നൽകും. ശുചിത്വമുള്ള ഉണക്ക മത്സ്യങ്ങൾ വിപണിയിൽ സുലഭമാകുന്നതിനും മഴ സമയങ്ങളിൽ പോലും ലഭിക്കുന്ന മത്സ്യങ്ങളെ ഉണക്കി എടുക്കാൻ ആധുനിക ടെക്നോളജി ഉപയോഗിച്ചുള്ള പ്ലാന്റുകൾ തീരമൈത്രി സംവിധാനത്തിലൂടെ നടപ്പിലാക്കണം.

തീരദേശ മേഖലയിൽ റോഡുകൾ ഉണ്ടെങ്കിലും കൃത്യമായ ഇടവേളകളിൽ പരിപാലനം ഇല്ലാത്തതിനാൽ പല റോഡുകളുടെയും അവസ്ഥ നശീകരണത്തിന്റെ വക്കിലാണ്. തീരദേശ വിളക്കുകളിൽ പകുതിയോളം നിലവിൽ പ്രവർത്തിക്കുന്നില്ല. ഇത്തരം മേഖല സാമൂഹിക വിരുദ്ധരുടെ വിഹാര കേന്ദ്രമായി മാറുകയും, പ്രദേശത്തെ യുവാക്കൾ ലഹരിയുടെ പിടിയിൽ അമരുകയും ചെയ്യുന്നു. തീരദേശത്ത് വഴി വിളക്കുകൾ കൃത്യമായി സ്ഥാപിച്ച് പരിപാലിച്ച് പോരേണ്ടത് തീരസുരക്ഷയുടെ ഭാഗം കൂടിയാവേണ്ടതാണ്.

മത്സ്യമേഖല-നേടിയെടുക്കേണ്ടവ

വിദേശനാണ്യം നേടിത്തരുന്ന അതിവിശിഷ്ടമായ വിഭവ സ്രോതസുകളുടെ കലവറയാണ് കടൽ. ആഴക്കടൽ മത്സ്യബന്ധനത്തിൽ ഉൾപ്പെടാതെ പോകുന്ന മത്സ്യ സമ്പത്ത് സ്വമേധയാ നശിച്ച് പോകുകയാണെന്ന യാഥാർത്ഥ്യം നാം മനസ്സിലാക്കണം. ഇത്തരം മത്സ്യങ്ങളെ LOP വെസലുകളും മറ്റ് ഫാക്ടറി വെസലുകളും ഉപയോഗിച്ച് പിടിച്ചെടുക്കുകയും ചെയ്യുന്നു. റാന്തൽ മത്സ്യങ്ങൾ ആഴക്കടലിൽ പുതിയതായി കണ്ടെത്തിയ മത്സ്യമാണ്. എങ്കിലും മത്സ്യത്തൊഴിലാളികൾക്ക് സുപരിചിതമല്ല. കാരണം ഇത്തരത്തിലുള്ള കണ്ടെത്തലുകൾ അവർ അറിയപ്പെടാതെ പോകുന്നു. നമ്മുടെ മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കാൻ നമുക്ക് ഇനിയും കഴിഞ്ഞിട്ടില്ല. പുതുതായി കണ്ടെത്തുന്ന മത്സ്യ വർഗ്ഗങ്ങളെ മത്സ്യത്തൊഴിലാളികൾക്ക് പരിചയപ്പെടുത്തുന്നതിനും അവയെ പിടിച്ചെടുത്ത് തീരത്തടുപ്പിക്കുന്നതിനുമുള്ള നൂതന വിദ്യകൾ ഇവരെ പരിചയപ്പെടുത്തേണ്ടതുണ്ട്. നൂതന നാവിഗേഷൻ ഉപകരണങ്ങളെക്കുറിച്ചും തീര സുരക്ഷയെകുറിച്ചും അത്യാഹിത സന്ദർഭങ്ങളിൽ പാലിക്കേണ്ട കാര്യങ്ങളെക്കുറിച്ചും ആഴക്കടൽ മത്സ്യബന്ധനയാനങ്ങളിൽ സ്രാങ്ക്മാരായി ജോലി ചെയ്യുന്നവർക്ക് പോലും യാതൊരു ധാരണയുമില്ല. ഇവർക്ക് കൃത്യമായ പരിശീലനം നൽകുകയും പുതിയതായി ഈ ജോലി തേടുന്നവർക്ക് പരിശീലനം ലഭിക്കാവുന്നതുമായ ടെയ്നിംഗ് സെന്ററുകൾ പ്രവർത്തന സജ്ജമാക്കേണ്ടതാണ്.

ഫിഷിംഗ് ഹാർബറുകൾ, പീലിംഗ് ഷെഡുകൾ എന്നിങ്ങനെ വനിതകളായ അനുബന്ധത്തൊഴിലാളികൾ ജോലി ചെയ്യുന്ന മേഖലകൾ സ്ത്രീ സൗഹൃദ മേഖലയാക്കി ക്രമീകരിക്കുകയും ആവശ്യത്തിനുള്ള കുടിവെള്ള സംവിധാനങ്ങൾ, ടോയിലെറ്റുകൾ, ഡ്രസ്സിംഗിനും വിശ്രമത്തിനും സുരക്ഷിതമായ മുറികൾ, ഗതാഗത സൗകര്യങ്ങൾ എന്നിവ ഒരുക്കേണ്ടതാണ്.

- കർമ്മോന്മുഖ മത്സ്യത്തൊഴിലാളികൾക്ക് കടൽസുരക്ഷ, തീരസുരക്ഷ സംബന്ധിച്ച ബോധവത്ക്കരണം.
- ആഴക്കടൽ മത്സ്യബന്ധനത്തിന്റെ അനന്ത സാധ്യതകൾ പഠിപ്പിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനും ക്ലാസ്സുകൾ.
- യാനങ്ങളിൽ ഇതിനായി വരുത്തേണ്ട മാറ്റങ്ങൾക്ക് സബ്സിഡി നൽകേണ്ടതാണ്.
- ബയോമെട്രിക്ക് കാർഡ് മത്സ്യബന്ധന സമയത്ത് കയ്യിൽ സൂക്ഷിക്കേണ്ടതാണ്.
- മത്സ്യം ഏത് ഭാഗത്ത് ലഭ്യമാകും എന്ന് സ്മാർട്ട് ഫോണിലൂടെ മനസ്സിലാക്കാൻ കഴിയുന്ന ഇ-സമുദ്ര സോഫ്റ്റ് വെയർ എല്ലാ ജില്ലകളിലെയും മത്സ്യത്തൊഴിലാളികൾക്ക് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

തീരശുചിത്വം

ദൈവത്തിന്റെ സ്വന്തം നാടായ കേരളം ഇന്ന് മാലിന്യ കൂമ്പാരത്തിന്റെ നടുവിലാണ്. പ്ലാസ്റ്റിക്കിന്റെ അതിവ്യാപനം ഇന്ന് ഏറ്റവും കൂടുതൽ കാണുന്നത് തീര പ്രദേശത്താണ്. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും എളുപ്പമാർഗ്ഗം എന്ന രീതിയിൽ വെയ്സ്റ്റ് തള്ളുന്നത് സീവാളുകളുടെ ഇടയിലാണ്. പഴയതുണികൾ, പ്ലാസ്റ്റിക്ക് കുപ്പികൾ, കിറ്റുകൾ, ഭക്ഷ്യ വസ്തുക്കളുടെ കവറുകൾ എന്നിവ ഇതിൽപ്പെടുന്നു. കൂടാതെ വിനോദത്തിനായി കടലോരത്ത് എത്തുന്നവരും മാലിന്യം തീരത്ത് തന്നെ നിക്ഷേപിച്ച് പോകുന്നു. പൊട്ടിയ വലയുടെ കഷ്ണങ്ങൾ, റോപ്പുകൾ, തെർമോക്കോൾ, പ്ലാസ്റ്റിക്ക് കുപ്പികൾ എന്നിവയെല്ലാം കൊണ്ട് തീരദേശം വീർപ്പ് മുട്ടുകയാണ്. പ്ലാസ്റ്റിക്ക് പദാർത്ഥങ്ങൾ ഉള്ളിലെത്തുന്ന കടലാമകളും തിമിംഗലങ്ങളും ചത്ത്പൊങ്ങുകയും ഉപേക്ഷിച്ച് എറിയുന്ന വലകളിൽ പെട്ട് മത്സ്യങ്ങൾ കൂട്ടത്തോടെ ചത്ത്പോകുകയും ചെയ്യുന്നത് നിത്യ സംഭവമായിരിക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഫിഷറീസ് വകുപ്പ്, ടൂറിസം വകുപ്പ്, മത്സ്യത്തൊഴിലാളി ക്ഷേമസഹകരണ സംഘങ്ങൾ, തീരദേശ ജാഗ്രതാ സമിതി എന്നിവർ ഒരുമിച്ച് കൈകോർത്ത് ശുചിത്വ വാരവും ശുചീകരണവും കൃത്യമായ ഇടവേളകളിൽ ജില്ലാ ശുചിത്വ മിഷന്റെ നേതൃത്വത്തിൽ നടത്തപ്പെടണം .

- തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ കൃത്യമായ ബോധവൽക്കരണം ഉൾപ്പടെയുള്ള മോണിറ്ററിംഗ് ഉണ്ടാകണം.
- തീരദേശത്ത് വേസ്റ്റ് ബിന്നുകൾ സ്ഥാപിച്ച് മാലിന്യ ശേഖരണം നടത്തണം.
- പ്രാദേശിക ടൂറിസ്റ്റുകൾ കൂടുതലായി എത്തി ചേരുന്ന ബീച്ചുകളിൽ കമ്യൂണിറ്റി ടോയിലെറ്റ് സൗകര്യങ്ങൾ പേ ആന്റ് യൂസ് സംവിധാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കണം.

മത്സ്യമേഖലാ പശ്ചാത്തല സൗകര്യങ്ങൾ

മത്സ്യ മേഖലയുടെ സമഗ്ര വികസനത്തിന് അത്യന്താപേക്ഷിതമാണ് പശ്ചാത്തല വികസനം. ഇതിൽ ഒന്നാമതായി വരുന്നത് ഹാർബറുകളുടെ പ്രവർത്തനമാണ്. ഇവ മത്സ്യത്തൊഴിലാളി സൗഹാർദ്ദവും മാലിന്യ വിമുക്തമായതും ഭൗതിക സാഹചര്യങ്ങൾ ഉൾകൊള്ളുന്നതുമായിരിക്കണം. പരമപ്രധാനം ശുചിത്വമാണ്. മത്സ്യ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനും ഓവു ചാലിൽ വരുന്ന മലിനജലം കടലിലേക്ക് ഒഴുക്കാതിരിക്കുന്നതിനും അതു വിമുക്തമായി മത്സ്യ വിപണനം ചെയ്യുന്നതിനുമുള്ള സാങ്കേതിക സംവിധാനങ്ങൾ ആവശ്യമാണ്.

ഹാർബറുകളോട് ചേർന്ന് ഐസ് പ്ലാന്റുകൾ പ്രവർത്തിപ്പിക്കുന്നത് ഈ മേഖലയിൽ മനുഷ്യ പ്രയത്നത്തിന്റെയും സാമ്പത്തിക നഷ്ടത്തിന്റെയും അളവ് ഒരു പരിധിവരെ കുറയ്ക്കും. നിലവിൽ മലപ്പുറം ജില്ലയിൽ താനൂരിൽ മത്സ്യ ഫെഡിന്റെ കീഴിലുള്ള ഐസ് പ്ലാന്റ് പ്രവർത്തനരഹിതമാണ്. സ്വകാര്യ മേഖലയിൽ പരപ്പനങ്ങാടിയിൽ ഉള്ള ഐസ് പ്ലാന്റും നിലവിൽ പ്രവർത്തനരഹിതമാണ്. മത്സ്യ മേഖലയിൽ ഉപയോഗിക്കുന്ന ഐസ് ഗുണനിലവാരമുള്ളതാണ് എന്ന് ഉറപ്പ് വരുത്തേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്. ഭക്ഷ്യവസ്തുവും അതിന് ഉപയോഗിക്കുന്ന മറ്റ് അസംസ്കൃത വസ്തുക്കളും രാസ ഖര മാലിന്യ വിമുക്തമായിരിക്കേണ്ടത് അത്യാവശ്യമാണ്. നിലവിൽ മലപ്പുറം ജില്ലയിൽ ലഭ്യമാക്കുന്ന മത്സ്യത്തെ മുഴുവൻ കൃത്യമായി സംസ്കരിക്കാൻ ആവശ്യമായ ഐസ് നിലവിൽ ഇവിടെ ഉത്പാദിപ്പിക്കപ്പെടുന്നില്ല. മത്സ്യത്തൊഴിലാളികളുടെ വലകൾ റിപ്പയർ ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഹാർബറുകളിൽ ഉണ്ടാകാറില്ല. മത്സ്യത്തൊഴിലാളികൾക്ക് വലകൾ കൂട്ടി ചേർക്കുന്നതിനും കേടുകൾ പരിഹരിക്കുന്നതിനും നെറ്റ് മെയിൻറ്റെയ്നിംഗ് യാർഡുകൾ എല്ലാ ഹാർബറുകളിലും ലാന്റിംഗ് സെന്ററുകളോട് ചേർന്ന് പണിത് വൈദ്യുതീകരണം നടത്തി ലഭ്യമാക്കേണ്ടത് വളരെ അത്യാവശ്യമാണ്. കൂടാതെ ലാന്റിംഗ് സെന്ററുകളിൽ മതിയായ വെളിച്ചം ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങൾ മോഷണങ്ങൾ കുറയ്ക്കുന്നതിനും മത്സ്യബന്ധനത്തിന് മുമ്പായി മുന്നൊരുക്കത്തിനും മത്സ്യത്തൊഴിലാളികൾക്ക് ഏറെ പ്രയോജനകരമാകും.

മത്സ്യ ഹാർബറുകളോട് ചേർന്ന് തന്നെ മത്സ്യ ഉണക്കൽ കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുന്നത് ഈ മേഖലയ്ക്ക് വളരെയധികം ഉണർവ് നൽകും. ശുചിത്വമുള്ള ഉണക്ക മത്സ്യങ്ങൾ വിപണിയിൽ സുലഭമാകുന്നതിനും മഴ സമയങ്ങളിൽ പോലും ലഭിക്കുന്ന മത്സ്യങ്ങളെ ഉണക്കി എടുക്കാൻ ആധുനിക ടെക്നോളജി ഉപയോഗിച്ചുള്ള പ്ലാന്റുകൾ തീര മൈത്രി സംവിധാനത്തിലൂടെ നടപ്പിലാക്കണം. തീരദേശ മേഖലയിൽ റോഡുകൾ ഉണ്ടെങ്കിലും കൃത്യമായ ഇടവേളകളിൽ പരിപാലനം ഇല്ലാത്തതിനാൽ പല റോഡുകളുടെയും അവസ്ഥ നശീകരണത്തിന്റെ വക്കിലാണ്.

തീരദേശ വിളക്കുകളിൽ പകുതിയോളം നിലവിൽ പ്രവർത്തിക്കുന്നില്ല. ഇത്തരം മേഖല സാമൂഹിക വിരുദ്ധരുടെ വിഹാര കേന്ദ്രമായി മാറുകയും പ്രദേശത്തെ യുവാക്കൾ ലഹരിയുടെ പിടിയിൽ അമരുകയും ചെയ്യുന്നു. തീരദേശത്ത് വഴി വിളക്കുകൾ കൃത്യമായി സ്ഥാപിച്ച് പരിപാലിച്ച് പോരേണ്ടത് തീര സുരക്ഷയുടെ ഭാഗം കൂടിയാവേണ്ടതാണ്.

അനുബന്ധ മത്സ്യത്തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ

മത്സ്യ മേഖലയിൽ അഹോരാത്രം പണിയെടുക്കുന്ന സ്ത്രീയും പുരുഷനും ഉൾപ്പെടുന്നവരാണ് അനുബന്ധ മത്സ്യത്തൊഴിലാളികൾ. ഇവർ ഉൾനാടൻ മേഖലയിലും കടലോരമഖലയിലും ഉൾപ്പെട്ട് കിടക്കുന്നു. ലക്ഷകണക്കിന് വരുന്ന അനുബന്ധ തൊഴിലാളികളുടെ കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായാണ് അതിബൃഹത്തായ മത്സ്യമേഖല തളർച്ചയിലും വീഴാതെ നിലനിന്ന് പോരുന്നത്. പുരുഷന്മാർ ഇരുചക്ര വാഹനങ്ങളിലും സ്ത്രീകൾ തലച്ചുമടായും മത്സ്യം വിൽപ്പന നടത്തുന്നു. മത്സ്യ സംസ്കരണത്തിനും മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ നിർമ്മിക്കുന്നതിലും മത്സ്യത്തൊഴിലാളി വനിതകൾ മുൻപന്തിയിലാണ്. വിവിധതരം മീൻ- ചെമ്മീൻ അച്ചാറുകൾ, ചമ്മന്തിപ്പൊടികൾ, ഉണക്ക മീനുകൾ, ഉണക്ക ചെമ്മീൻ എന്നിവയാണ് പ്രധാന ഇനങ്ങൾ.

അനുബന്ധ മേഖലയിലെ നല്ലൊരു ശതമാനം സ്ത്രീകളും പീലിങ്ങ് പ്ലാന്റുകളിലും, പ്രോസസിംഗ് പ്ലാന്റുകളിലുമായി ജോലി ചെയ്യുന്നു. ശീതീകരിച്ച പ്രോസസിംഗ് പ്ലാന്റുകളിലും പീലിംഗ് ഷെഡുകളിലും ജോലി ചെയ്യുന്ന ഇവർക്ക് ജീവിത ശൈലി രോഗങ്ങളായ വെരികോസ് വെയ്ൻ, മൂത്രാശയ സംബന്ധമായ രോഗങ്ങൾ, വാതരോഗങ്ങൾ എന്നിവ കൂടുതലായി കണ്ട് വരുന്നു. രോഗം മൂർച്ചിച്ച് രോഗാവസ്ഥയിൽ ആകുമ്പോൾ മാത്രമാണ് രോഗാവസ്ഥയക്ക് കാരണമായ ജീവിത ശൈലിയെക്കുറിച്ച് ഇവർ ബോധവാൻമാരാകുന്നത്.

നിർദ്ദേശങ്ങൾ

- നിലവിൽ പണി തീർന്ന ഹാർബറുകൾ ശുചിത്വമുള്ളവയാക്കുക
- രാസ വസ്തുക്കൾ അടങ്ങാത്ത ശുദ്ധമായ ഐസ് ലഭ്യമാകുന്നതിനുള്ള ബോധവത്ക്കരണം (നിയമപരമായ നേരിടൽ).
- മത്സ്യ ഫെഡിന്റെ കീഴിൽ താന്തരിൽ പ്രവർത്തനരഹിതമായി കിടക്കുന്ന ഐസ് പ്ലാന്റ് നവീകരിച്ച് പ്രവർത്തനക്ഷമമാക്കൽ.
- പൊതുവായ മത്സ്യ ഉണക്ക കേന്ദ്രങ്ങൾ വലിയ ഹാർബറുകൾ കേന്ദ്രീകരിച്ച് പ്രവർത്തിപ്പിക്കൽ, മേൽതരത്തിലുള്ള ഉണക്ക കേന്ദ്രങ്ങൾ വഴി ശുചിത്വമുള്ള മത്സ്യം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാൻ കഴിയും.
- മഴവെള്ള സമയത്ത് ലഭ്യമാകുന്ന മത്സ്യത്തെ പോലും മൂല്യ വർദ്ധിത ഉത്പ്പന്നമാക്കി മാറ്റാൻ കഴിയും.
- സ്ത്രീ വിശ്രമ കേന്ദ്രങ്ങൾ നിർമ്മിക്കുക വഴി അനുബന്ധത്തൊഴിലാളികൾക്ക് സുരക്ഷിതമായ കാത്തിരിപ്പ് കേന്ദ്രം ലഭ്യമാക്കാൻ കഴിയും. നാളിതുവരെ ഇത്തരം കേന്ദ്രങ്ങളിൽ ടോയ് ലെറ്റ് നിലവിലില്ല. ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കുന്നതോടെ ജീവിത ശൈലി രോഗങ്ങളിൽ നിന്നും ഒരു പരിധിവരെ സുരക്ഷയും സ്ത്രീകൾക്ക് സാമൂഹികമായി നൽകപ്പെടേണ്ട സുരക്ഷിതത്വവും ഒരു പോലെ പ്രദാനം ചെയ്യാൻ കഴിയും.
- മൂല്യവർദ്ധിത ഉത്പ്പന്ന നിർമ്മാണത്തിലുള്ള പരിശീലന പരിപാടികൾ.

- മൂല്യവർദ്ധിത ഉത്പ്പന്നങ്ങളുടെ വിപണനത്തിന് ഭൗതിക സാഹചര്യം ഒരുക്കുക.

4.1.6 പരിസ്ഥിതി, കാലവസ്ഥാവ്യതിയാനം, വനവികസനം.

ആമുഖം

മലപ്പുറം ജില്ല - കിഴക്ക് ഭാഗത്ത് പശ്ചിമ ഘട്ട മലനിരകളും പടിഞ്ഞാറ് അറബിക്കടലും അതിരിടുന്നു. വെള്ളരിമല, ചെക്കുന്ന്, ഊരകം മല തുടങ്ങിയ കുന്നിൻ പ്രദേശങ്ങളും ചാലിയാർ, ഭാരതപ്പുഴ, കടലുണ്ടിപ്പുഴ, തിരൂർ പുഴ തുടങ്ങിയ പ്രധാന നദികളും ബിയ്യം കായൽ പോലുള്ള കായലുകളും ഉൾപെടുന്ന പ്രകൃതിരമണീയമായ ജില്ലയാണ് മലപ്പുറം. പ്രകൃതി സൗന്ദര്യം കൊണ്ട് അനുഗ്രഹീതമായ ജില്ലയുടെ സുസ്ഥിര വികസനത്തിന് നിലവിലുള്ള പരിസ്ഥിതിയുടെയും കാലാവസ്ഥയുടെയും സംരക്ഷണം അത്യന്താപേക്ഷിതമാണ്.

നിലവിലുള്ള അവസ്ഥ.

1. പരിസ്ഥിതി.

നാം ജീവിക്കുന്ന ചുറ്റുപാടിനെ പരിസ്ഥിതി എന്ന് നമുക്ക് കണക്കാക്കാം. നമ്മുടെ വായുവിലും വെള്ളത്തിലും മറ്റ് ജീവിത ചുറ്റുപാടുകളിലും മാലിന്യങ്ങളുടെ അളവ് വർദ്ധിക്കുന്നതിനെയാണ് മലിനീകരണം എന്ന് പറയുന്നത്. ഇത് ഖര, ദ്രാവക, വാതക രൂപത്തിൽ ആകാം. വികസന പ്രവർത്തനങ്ങൾ പരിസ്ഥിതി നാശത്തിന്റെ വിത്തുകളും ഉള്ളിൽ വഹിക്കുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. മനുഷ്യന്റെ അത്യാർത്തി ഇതിനു ഉൾപ്രേരകമായും വർത്തിക്കുന്നു. നിർമ്മാണം, സംസ്കരണം, വിതരണം, വിപണനം, ഉപഭോഗം തുടങ്ങിയ പ്രവർത്തനങ്ങൾ പ്രകൃതി വിഭവങ്ങളുടെ കലവറയെ ശോഷിപ്പിക്കുന്നു എന്ന് മാത്രമല്ല, നമ്മുടെ പരിസ്ഥിതിയെയും അന്തരീക്ഷത്തെയും മാലിന്യ നിക്ഷേപത്താൽ പങ്കിലമാക്കുന്നു. സാമ്പത്തിക വ്യവസ്ഥയുടെ കാര്യക്ഷമത പ്രകൃതി, പരിസ്ഥിതി വിഭവങ്ങളുടെ വിതരണവും ഗുണനിലവാരവും ആശ്രയിച്ചിരിക്കുന്നു. പാരിസ്ഥിതിക അപചയം മിക്കപ്പോഴും സമ്പത്ത്വ്യവസ്ഥയിൽ നഷ്ടമുണ്ടാക്കുകയും, കുറഞ്ഞ ഉൽപ്പാദനം, മനുഷ്യ നഷ്ടം, അദ്ധ്വാനത്തിൽ നിന്നുള്ള ഉൽപ്പാദന ക്ഷമത നഷ്ടം, വിള ഉൽപ്പാദന നഷ്ടം എന്നിവ ഉണ്ടാക്കുകയും ചെയ്യുന്നു. ഒരു സ്ഥലത്തിന്റെ പാരിസ്ഥിതിക പ്രശ്നങ്ങൾ ആ സ്ഥലത്തിന്റെ വികസന ഘടകങ്ങൾക്കനുസരിച്ചും, നിലവിലെ ഉൽപ്പാദന രീതികൾക്ക് അനുസൃതമായും പാരിസ്ഥിതിക നയങ്ങൾക്ക് അനുസരിച്ചും വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും. അനിയന്ത്രിതമായ മണൽ വാരലും കുന്നിടിക്കലും, കാറ്റി പ്രവർത്തനവും പരിസ്ഥിതിക്ക് സർവ്വനാശം വരുത്താൻ സാധ്യതയുണ്ട്. മലപ്പുറം ജില്ല നേരിടുന്ന പ്രധാന വെല്ലുവിളികൾ ഈ മേഖലയിൽ നിന്നാണ്.

ഏകവിള തോട്ടങ്ങൾ

ജില്ലയിലെ പ്രധാന തോട്ട വിളകളാണ് തെങ്ങ്, റബ്ബർ, കവുങ്ങ് മുതലായവ. ഏറെ ആദായകരമായ ഇത്തരം കൃഷിരീതികളുടെ വിസ്തൃതിയിലുണ്ടായ വർദ്ധനവിന് കാലാവസ്ഥാ വ്യതിയാനവുമായി ഉള്ള ബന്ധം ഇനിയും പഠിക്കേണ്ടിയിരിക്കുന്നു. ദീർഘകാല വിളകളുടെ വ്യാപകമായ രീതിയിലുള്ള കൃഷി ചെയ്യുന്ന സ്ഥലത്തിലെ മണ്ണിന്റെ സ്വാഭാവിക ഘടന, നീരുറവകൾ, പ്രദേശത്തെ സസ്യ ജന്തുജാലങ്ങൾ തുടങ്ങിയവയെയെല്ലാം പ്രതികൂലമായി ബാധിക്കുന്ന ഉദാഹരണത്തിന് അക്കേഷ്യ മരങ്ങൾ വ്യാപകമായി വച്ച് പിടിപ്പിക്കുന്നത് മൂലം ആ പ്രദേശത്തെ ഊഷമാവിൽ വർദ്ധനവ് വരുന്നതായി കാണുന്നു. അത് പോലെ തേക്ക് പോലുള്ള വിളകൾ വ്യാപകമായി കൃഷി ചെയ്യുന്നിടത്ത് മണ്ണിന്റെ ജലനിരപ്പിൽ വ്യത്യാസം വരുന്നതായും കാണുന്നു. ജില്ലയുടെ പ്രധാന തോട്ടവിളകളുടെ വിസ്തീർണ്ണം ചുവടെ നൽകുന്നു.

പട്ടിക 4.1.6.1 : ജില്ലയുടെ പ്രധാന തോട്ടവിളകളുടെ വിസ്തീർണ്ണം

ക്രമ നം	വിള	വിസ്തീർണ്ണം (ഹെക്ടറിൽ)
1.	തെങ്ങ്	105481
2.	റബ്ബർ	42470
3.	കവുങ്ങ്	18644
4.	തേക്ക്	2310

അവലംബം: അഗ്രിക്കൾച്ചറൽ സ്റ്റാറ്റിക്സ് 2013-14

ജലസ്രോതസ്സുകൾ

ജില്ലയിലെ പ്രധാന നദികൾ കടലുണ്ടിപ്പുഴ, ചാലിയാർ, ഭാരതപ്പുഴ എന്നിവയാണ്. ജില്ലയിലെ നദികൾ ഉൾക്കൊള്ളുന്ന ജലത്തിന്റെ അളവ് നാൾക്കുനാൾ കുറഞ്ഞു വരുന്നതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. അനിയന്ത്രിതവും അശാസ്ത്രീയവുമായ രീതിയിൽ ജല സ്രോതസ്സുകൾ പരിപാലിക്കുന്നതാണ് ഇതിന് പ്രധാന കാരണം. ജില്ലയിലെ ജല സംരക്ഷണത്തിനായി രൂപപ്പെടുത്തുന്ന കർമ്മ പദ്ധതികളിൽ താഴെ പറയുന്ന കാര്യങ്ങൾ ഉൾക്കൊള്ളിക്കേണ്ടതുണ്ട്.

പരിസ്ഥിതി ദിനാചരണം

പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി സ്കൂളുകൾ വഴി വൃക്ഷത്തൈകൾ വിതരണം ചെയ്യുകയും ഓഫീസ് കോമ്പൗണ്ടുകളിൽ തൈകൾ നടുകയും ചെയ്യുകയുണ്ടായി. സാമൂഹ്യ വനവത്കരണം മുഖാന്തിരവും സന്നദ്ധ സംഘടനകൾ വഴിയും ഏഴ് ലക്ഷത്തിലധികം വൃക്ഷത്തൈകളാണ് ജില്ലയിൽ നട്ടുപിടിപ്പിച്ചത്. എന്നാൽ ഈ തൈകളുടെ പിന്നീടുള്ള പരിപാലനത്തിൽ വേണ്ടത്ര ശ്രദ്ധ നല്കാത്തതിനാൽ ഭൂരിഭാഗം തൈകളും നശിച്ചു പോവുന്ന സ്ഥിതിയാണുള്ളത്.

2. കാലാവസ്ഥ

വികസനത്തിന് ഉയർന്ന് വരുന്ന തടസ്സമാണ് കാലാവസ്ഥയിൽ ഉണ്ടാവുന്ന മാറ്റങ്ങൾ. ഭാവിയിലുണ്ടാകുന്ന ഗുരുതരമായ കാലാവസ്ഥാവ്യതിയാന ഫലങ്ങൾ കണക്കിലെടുത്താവണം ജില്ലയിലെ വിവിധ പദ്ധതികൾ ആസൂത്രണംചെയ്യേണ്ടത്. ജലവിതാനത്തിൽ ഉണ്ടായേക്കാവുന്ന ഏറ്റക്കുറച്ചിൽ പ്രധാനമായും മഴയേയും താപനിലയേയും ആശ്രയിച്ചിരിക്കുന്നു.

മഴ

ജില്ലയിൽ ഏറ്റവും കൂടുതൽ വർഷപാതം ലഭിക്കുന്നത് തെക്ക് പടിഞ്ഞാറൻ കാലവർഷം കാരണമാണ്. ജില്ലയിലെ കാർഷികമേഖലയും മറ്റും പ്രധാനമായും മഴയെ മാത്രം ആശ്രയിച്ചുള്ളതിനാൽ നിലവിലുള്ളസ്ഥിതി ആശങ്ക ഉളവാക്കുന്നതാണ്. കൂടാതെ അന്തരീക്ഷ താപനിലയിൽ ഉണ്ടായേക്കാവുന്ന വർധനവ് പ്രശനം കൂടുതൽ വഷളാക്കും.

കൃഷിയും അനുബന്ധ മേഖലകളും പ്രധാന വരുമാന മാർഗമായ പ്രദേശങ്ങളെയാണ് കാലാവസ്ഥാവ്യതിയാനം കൂടുതൽ ബാധിക്കുക. ജില്ലയിൽ അനുദിനം വർദ്ധിച്ചുവരുന്ന വാഹനങ്ങളുടെ എണ്ണം മൂലം കൂടുതൽ ഹരിതഗൃഹ വാതകങ്ങൾ അന്തരീക്ഷത്തിൽ എത്തിച്ചേരുന്നുണ്ട്. ഇതോടൊപ്പം ഭൂവിനിയോഗത്തിലുള്ള മാറ്റം, വനനശീകരണം, കാർഷികപ്രവർത്തികൾ, മൃഗപരിപാലനം തുടങ്ങിയവയെല്ലാം ഹരിതഗൃഹ വാതകങ്ങളുടെ തോത് ഉയർത്തുന്നതിന് കാരണമായിത്തീരാം. ഇത് അന്തരീക്ഷ താപനില കൂട്ടുന്നതിനും പാരിസ്ഥിതിക വ്യൂഹങ്ങൾക്ക് സങ്കീർണതകൾ സൃഷ്ടിക്കുന്നതിനും കാരണമായിത്തീർന്നേക്കാം. വർഷാവക്ഷിപ്തത്തെ ആഗോളതാപനം സാരമായരീതിയിൽ ബാധിച്ചേക്കാം. വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, ശുദ്ധജല ക്ഷാമം, സാംക്രമികരോഗങ്ങളുടെ പടർച്ച തുടങ്ങിയവയെല്ലാം ഇതുമായി ബന്ധപ്പെട്ടിരിക്കുന്നു. ജില്ലയുടെ വാർഷിക വർഷപാതം ശരാശരി 2793 മി. മീ ആണ്. ഇതിൽ ഭൂരിഭാഗവും (75%) തെക്ക് പടിഞ്ഞാറൻ മൺസൂണിന്റെ സ്വാധീനം മൂലവും ബാക്കി ഭാഗം വടക്ക് കിഴക്കൻ മൺസൂണിന്റെ സ്വാധീനം മൂലവുമാണ്. ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ ഇതിൽ നേരിയ വ്യത്യാസം കാണപ്പെട്ടേക്കാം.

ചിത്രം 4.1.6.1 : 1984 മുതൽ 2016 വരെ ലഭിച്ച മഴയുടെ വിതരണ ക്രമം



അവലംബം: കെ.എഫ്.ആർ.ഐ സബ് സെന്റർ, നിലമ്പൂർ

മലപ്പുറം ജില്ലയിൽ 1984 മുതൽ 2016 വരെ ലഭിച്ച മഴയുടെ വിതരണ ക്രമമാണ് ചിത്രത്തിൽ കാണിച്ചിട്ടുള്ളത്. ഇത് പ്രകാരം ജില്ലയിൽ ഏറ്റവും കുറവ് മഴ ലഭിച്ചത് 2016 ൽ ആണ്.

ചിത്രം 4.1.6.2 : 1984 മുതൽ 2016 വരെ ലഭിച്ച മഴയുടെ വിതരണ ക്രമം



	JAN -MAR	APR - JUN	JUL- SEPT	OCT - DEC
2009	24	86	92	83
2013	29	80	88	52
2017	20	85	81	56

അവലംബം: വേൾഡ് വെതർ ഓൺലൈൻ ഡോട്ട് കോം

2009 വർഷത്തിൽ 285 ദിവസങ്ങളിൽ മഴ ലഭിച്ചപ്പോൾ 2013 ൽ 249 ദിവസമായും 2017 ൽ അത് 242 ദിവസമായും കുറയുന്നതായി നമുക്ക് കാണാവുന്നതാണ്. കഴിഞ്ഞ 15 വർഷത്തിനിടെ ഏറ്റവും കുറവ് മഴ ലഭിച്ച 2016 വർഷത്തിൽ വെറും 202 ദിവസം മാത്രമാണ് മഴ ലഭിച്ചത്.

ചിത്രം 4.1.6.3 : 2009, 2013, 2017 വർഷങ്ങളിൽ ഓരോ കാലത്തും ലഭിച്ച മഴയുടെ വിവരങ്ങൾ



	JAN -MAR	APR - JUN	JUL- SEPT	OCT - DEC
2009	39.9633	410.5466	810.0033	439.55
2013	24.4333	181.1433	224.39	75.3966
2017	17.6666	157.9333	250.7	163.6

അവലംബം: വേൾഡ് വെതർ ഓൺലൈൻ ഡോട്ട് കോം

2009 ൽ 1700 മില്ലീ മീറ്റർ മഴ ലഭിച്ചപ്പോൾ 2013 ലും 2017 ലും യഥാക്രമം 505 മില്ലീ മീറ്ററും 590 മില്ലിമീറ്ററും മാത്രമാണ് ലഭിച്ചത്. ഏറ്റവും കുറവ് മഴ ലഭിച്ച 2016 വർഷത്തിൽ വെറും 319 മില്ലിമീറ്റർ മഴ മാത്രമാണ് ലഭിച്ചത്.

2009 മുതൽ 2017 വരെയുള്ള കാലയളവിനെ 3 വർഷം വീതമുള്ള കാലഘട്ടമായി കണക്കാക്കിയാൽ ലഭിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ചിത്രം 4.1.6.4 : 2009 മുതൽ 2017 വരെയുള്ള കാലയളവിൽ മഴ ലഭിച്ച ദിവസങ്ങളുടെ എണ്ണം



(അവലംബം: വേൾഡ് വെതർ ഓൺലൈൻ ഡോട്ട് കോം)

ചിത്രം 4.1.6.5 : 2009 മുതൽ 2017 വരെയുള്ള കാലയളവിൽ ലഭിച്ച മഴയുടെ വിവരങ്ങൾ



(അവലംബം: വേൾഡ് വെതർ ഓൺലൈൻ ഡോട്ട് കോം)

ഈ ചിത്രങ്ങളിൽ നിന്നും 2009 മുതൽ 2017 വരെയുള്ള കാലയളവിൽ മഴ ലഭിച്ച ദിവസങ്ങളുടെ എണ്ണത്തിലും ആകെ ലഭിച്ച മഴയുടെ അളവിലും വരുന്ന വ്യത്യാസം കാണാവുന്നതാണ്.

അന്തരീക്ഷ ഊഷ്മാവ്

ആഗോള താപനം വഴി അന്തരീക്ഷ ഊഷ്മാവിൽ വർദ്ധനവ് ഉണ്ടാവുന്നുണ്ടെങ്കിലും ഇത് ഒരു പരിധിവരെ നമുക്ക് നിയന്ത്രിക്കാവുന്നതാണ്. മലപ്പുറത്തിന്റെ അന്തരീക്ഷ ഊഷ്മാവിലുണ്ടായ മാറ്റം ചുവടെ ചേർക്കുന്നു.

ചിത്രം 4.1.6.6 : 2009 മുതൽ 2018 മാർച്ച് വരെയുള്ള മലപ്പുറത്തിന്റെ ശരാശരി അന്തരീക്ഷ ഊഷ്മാവ്



അവലംബം: വേൾഡ് വെതർ ഓൺലൈൻ ഡോട്ട് കോം

പട്ടിക 4.1.6.2 : 2009, 2017 വർഷങ്ങളിലെ ഊഷ്മാവിന്റെ താരതമ്യം

മാസം	ഏറ്റവും കുറഞ്ഞ ഊഷ്മാവ്			ഏറ്റവും കൂടിയ ഊഷ്മാവ്			ശരാശരി ഊഷ്മാവ്		
	2009	2017	വ്യത്യാസം	2009	2017	വ്യത്യാസം	2009	2017	വ്യത്യാസം
ജനുവരി	20	21	1	29	31	2	35	37	2
ഫെബ്രുവരി	21	22	1	30	33	3	36	39	3
മാർച്ച്	22	23	1	30	33	3	35	39	4
ഏപ്രിൽ	23	25	2	30	33	3	35	38	3
മെയ്	24	26	2	29	29	0	32	32	0
ജൂൺ	22	24	2	26	27	1	29	29	0
ജൂലൈ	22	23	1	25	30	5	26	33	7
ആഗസ്റ്റ്	22	24	2	25	29	4	28	32	4
സെപ്റ്റംബർ	22	24	2	25	28	3	28	32	4
ഒക്ടോബർ	21	23	2	26	28	2	30	33	3
നവംബർ	21	23	2	26	29	3	30	34	4
ഡിസംബർ	21	23	2	27	29	2	32	34	2

അവലംബം: വേൾഡ് വെതർ ഓൺലൈൻ ഡോട്ട് കോം

ചിത്രം 4.1.6.7 : 2009, 2013, 2017 വർഷങ്ങളിലെ ആർദ്രതയുടെ താരതമ്യം



അവലംബം: വേൾഡ് വെതർ ഓൺലൈൻ ഡോട്ട് കോം

2009, 2017 എന്നീ വർഷങ്ങളിലെ എല്ലാ മാസത്തെയും താപനിലയാണ് മുകളിലെ ചാർട്ടിൽ കാണിച്ചിരിക്കുന്നത്. ഈ രണ്ട് വർഷത്തെയും ഏറ്റവും കുറഞ്ഞ അന്തരീക്ഷ ഊഷ്മാവിൽ 1 മുതൽ 2 വരെ വർദ്ധനവ് ഉണ്ടായതായി കാണാവുന്നതാണ് അത് പോലെ തന്നെ ഏറ്റവും കൂടിയ ഊഷ്മാവിലും ശരാശരി ഊഷ്മാവിലും 5 ഡിഗ്രി വരെ വർദ്ധനവ് വന്നിട്ടുള്ളതായി കാണാവുന്നതാണ്.

വരും കാലങ്ങളിൽ ഉണ്ടായേക്കാവുന്ന മഴയുടെ കുറവും ഊഷ്മാവിന്റെ വർദ്ധനവുമെല്ലാം ജില്ലയിലെ വിളസംവിധാനം, ഉല്പാദനം, ജൈവവൈവിധ്യം മുതലായ പ്രക്രിയകളെ സ്വാധീനിക്കും. അതു പോലെ തന്നെ കാർബൺ സംഭരണ കേന്ദ്രങ്ങളായ കാടുകളെയും തീരപ്രദേശങ്ങളെയും ഇത് ദോഷകരമായി ബാധിച്ചേക്കാം. സമുദ്രജല നിരപ്പ് ഉയരുന്നതും ജലോപരിതല ഊഷ്മാവ് വർദ്ധിക്കുന്നതുമെല്ലാം തീരദേശ നിവാസികളുടെ തൊഴിലില്ലായ്മക്കും മറ്റും കാരണമായിത്തീരും.

3. വനം

ജില്ലയുടെ മൊത്തം ഭൂവിസ്തൃതിയുടെ 21.64% വനഭൂമിയാണ്. അപൂർവമായവയും വംശനാശ ഭീഷണി നേരിടുന്നതുമായ ജീവി വിഭാഗങ്ങളും ജില്ലയിലെ വനത്തിൽ അധിവസിക്കുന്നു. 1988 ലെ ദേശീയ വന നയം ജനപങ്കാളിത്തത്തോടെയുള്ള വനസംരക്ഷണവും, പരിപാലനവും, നിർദ്ദേശിക്കുന്നു. വനത്തിലും വനത്തോട് ചേർന്നും വസിക്കുന്ന ഗ്രാമീണ ജനതയുടെ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് വന പരിപാലന പരിപാടികൾ ആവിഷ്കരിക്കണം. വനങ്ങൾക്ക് ഹരിതഗൃഹ വാതകമായ കാർബൺ ഡൈ ഓക്സൈഡിനെ ഗണ്യമായ രീതിയിൽ ആഗിരണം ചെയ്യാൻ സാധിക്കും. ആയതിനാൽ

വനങ്ങളുടെ സംരക്ഷണം കാലാവസ്ഥാ വ്യതിയാനത്തിന്റെ ദൂഷ്യഫലങ്ങളെ ഒരു പരിധി വരെ ചെറുക്കും. കൂടാതെ വനവത്കരണ പ്രവർത്തനങ്ങൾ, ശാസ്ത്രീയമായ വനപരിപാലനം തുടങ്ങിയവയെല്ലാം ജില്ലയുടെ സുസ്ഥിര വികസനത്തിന് അത്യന്താപേക്ഷിതമാണ്.

ചിത്രം 4.1.6.8 : മലപ്പുറം ജില്ല–വന മേഖലകൾ



അവലംബം : വന വകുപ്പ്

വനവിസ്തൃതി

മലപ്പുറം ജില്ലയുടെ മൊത്തം ഭൂവിസ്തൃതിയുടെ 21.64% വനഭൂമിയാണ്. ഇതിൽ 1153.2027 ഹെക്ടർ പരിസ്ഥിതി ലോല പ്രദേശങ്ങളാണ്. ഒരു രാജ്യത്തിന്റെ പാരിസ്ഥിതിക സന്തുലനത്തിനും സുസ്ഥിര വികസനത്തിനും 33% വനഭൂമി ആവശ്യമാണെങ്കിലും നമ്മുടെ ജില്ലയിൽ ഇത് 12.5 ശതമാനത്തോളം കുറവാണ്.

ചിത്രം 4.1.6.9 : മലപ്പുറം ജില്ല- വന മേഖലകൾ



അവലംബം: കേരളാ ഫോറസ്റ്റ് സ്റ്റാറ്റിസ്റ്റിക്സ്.

ജില്ലയുടെ ആകെ വിസ്തൃതിയായ 3550 ച.കി.മീ. യുടെ 768.32 ച.കി.മീ. വിസ്തൃതി മാത്രമാണ് വന പ്രദേശമുള്ളത്. ഇതിൽ സംരക്ഷിത വനപ്രദേശങ്ങളും നിക്ഷിപ്ത വനഭൂമിയുമാണ്. കേരളത്തിന്റെ മൊത്തം വന ഭൂമിയുടെ 6 % മാത്രമാണ് നമുക്കുള്ളത്. അത് പോലെ തന്നെ ജില്ലയിൽ 684.64 ഹെക്ടർ

വനഭൂമി കയ്യേറ്റക്കാരുടെ കൈവശമാണ്. ഇത് ഒഴിപ്പിച്ചെടുക്കൽ വളരെ അത്യാവശ്യമാണ്. ഇക്കാലത്ത് പോലും വനം കയ്യേറ്റത്തിന് ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വൻകിട മാഫിയകളുടെയും മറ്റുമുള്ള ഇത്തരം പ്രവർത്തികൾ ജനകീയ പങ്കാളിത്തത്തോടെ തന്നെ ചെറുത്ത് തോൽപ്പിക്കേണ്ടതുണ്ട്.

ഫോറസ്റ്റ് കവർ.

ഒരു ഹെക്ടറിൽ കൂടുതലുള്ള ഒരു പ്രദേശത്തിന്റെ 10%-ത്തിൽ കൂടുതൽ അതായത് 25 സെന്റിൽ കൂടുതൽ മരങ്ങളാൽ മൂടപെട്ട പ്രദേശമാണെങ്കിൽ അതിനെയാണ് ഫോറസ്റ്റ് കവർ എന്ന് പറയുന്നത്. ഫോറസ്റ്റ് സർവ്വെ ഓഫ് ഇന്ത്യയുടെ 2015 ലെ സർവ്വെ പ്രകാരമുള്ള മലപ്പുറം ജില്ലയുടെ ഫോറസ്റ്റ് കവർ 1475 ച.കി.മീ യാണ്. ഇത് ജില്ലയുടെ മൊത്തം വിസ്തൃതിയുടെ 41.56 % വരുന്നതാണ്.

ചിത്രം 4.1.6.10 : ജില്ലയിലെ ഫോറസ്റ്റ് കവർ ഏരിയ



അവലംബം: കേരളാ ഫോറസ്റ്റ് സ്റ്റാറ്റിസ്റ്റിക്സ്

ഇതിൽ 142 ച.കി.മീ. നിബിഡ വനവും 417 ച.കി.മീ. തരതമ്യേന നിബിഡ വനവും 916 ച.കി.മീ തുറസ്സായ വനവുമാണ്.

വന സമ്പത്ത്

ജില്ലയിലെ വന സമ്പത്ത് വിലമതിക്കാനാവാത്തതാണ്. യുനസ്കോയുടെ ലോക പൈതൃക പട്ടികയിൽ ഉൾപ്പെട്ട പശ്ചിമഘട്ട മലനിരകൾ അപൂർവ്വമായ സസ്യങ്ങളുടെയും ജീവജാലങ്ങളുടെയും ഒരു കലവറയാണ്. ഇതിന്റെ ഭാഗമായി നമ്മുടെ വനങ്ങളിലും വളരെ അപൂർവ്വ ഇനത്തിൽ പെട്ട മരങ്ങളും ചെടികളും ഔഷധ സസ്യങ്ങളും ധാരാളമായി കാണപ്പെടുന്നു. ആന, പുലി, കടുവ, കരടി, വിവിധയിനം മാനുകൾ, വിവിധയിനം കുരങ്ങുകൾ, രാജവെമ്പാല ഉൾപ്പെടെയുള്ള വിവിധയിനം പാമ്പുകൾ, അപൂർവ്വ ഇനത്തിൽ പെട്ട നിരവധിയിനം പക്ഷികൾ, ഉരഗങ്ങൾ തുടങ്ങിയ ജീവജാലങ്ങളും നമ്മുടെ വനത്തിൽ അധിവസിക്കുന്നുണ്ട്.

പട്ടിക 4.1.6.3 : മലപ്പുറം ജില്ലയുടെ വനത്തിന്റെയും വനസമ്പത്തിന്റെയും മൊത്തം സംയോജിത മൂല്യം

വർഷം	നടപ്പ് വില (ലക്ഷത്തിൽ)	സ്ഥിരവില (ലക്ഷത്തിൽ)
2013 - 14	46877	34381
2014 - 15	47546	33992
2015 - 16	53232	33807

അവലംബം : സാമ്പത്തിക അവലോകനം 2016

വന വിഭവങ്ങൾ

വന വിഭവങ്ങളെ പ്രധാനമായും നമുക്ക് തടിവിഭവങ്ങൾ, തടിയിതര വിഭവങ്ങൾ എന്നിങ്ങനെ രണ്ടായി തിരിക്കാം. വനത്തിലെ തോട്ടങ്ങളിൽ നിന്നും ലഭിക്കുന്ന മരങ്ങളും മറ്റു വിഭവങ്ങളും നമ്മുടെ സംസ്ഥാനത്തിന്റെ തന്നെ പ്രധാന വരുമാന സ്രോതസ്സുകളിൽ ഒന്നാണ്.

തടി വിഭവങ്ങൾ.

ജില്ലയിൽ 12156.241 ഹെക്ടർ പ്ലാന്റേഷനുകൾ ഉള്ളത്. ഇതിൽ പ്രധാനമായും തേക്ക് പ്ലാന്റേഷനാണ് ഉൾകൊള്ളുന്നത്. 8717.247 ഹെക്ടറാണ്, ജില്ലയിലെ തേക്ക് പ്ലാന്റേഷനുള്ളത്. അത് പോലെ തന്നെ 62.47 ഹെക്ടർ അക്കേഷ്യയും 41.58 ഹെക്ടർ യൂക്കാലിപ്റ്റ്സും 540.06 ഹെക്ടർ ഓടയും 948.924 ഹെക്ടർ മുളയും 5.62 ഹെക്ടർ ഈട്ടിയും 50.0 ഹെക്ടർ മഹാഗണിയും 167.66 ഹെക്ടർ ഔഷധ തോട്ടങ്ങളും 352.6 ഹെക്ടർ കമ്രവണ്ടി തോട്ടങ്ങളും 1270 ഹെക്ടർ പലജാതിമരങ്ങളുടെ തോട്ടങ്ങളും ഉൾകൊള്ളുന്നു. നിലമ്പൂർ തേക്ക് അടുത്തിടെയായി ഭൗമ സൂചിക പട്ടികയിൽ ഇടം നേടിയിരിക്കുന്നു. നിലമ്പൂർ തേക്കിനെ കുറിച്ച് പഠിക്കുന്നതിനും അടുത്തറിയാനും മാത്രമായി ലോകത്ത് ആദ്യമായി മ്യൂസിയം തുടങ്ങിയത് നിലമ്പൂരിലാണ്.




നിലമ്പൂർ തേക്ക് മ്യൂസിയം

തടിയിതരവിഭവങ്ങൾ.

ജില്ലയിലെ വനങ്ങളിൽ നിന്നും ലഭിക്കുന്ന പ്രധാന മരേതര വിഭവങ്ങൾ തേൻ, ചെറുതേൻ, കോലാരക്ക്, കുന്തിരിക്കം, പന്തം, എറക്കോൽ, ക്കരംകൊല്ലി, കുടംപുളി, ശതവരി, ഓരില, മൂവില, ചീനിക്ക, പാടക്കിഴങ്ങ്, ജാതിപത്രി, നാഗദന്തി, കാട്ടിഞ്ചി, ഏലക്ക, മുള്ളില്ലാകുരു തുടങ്ങിയവയാണ്. ഒരു വർഷം ശരാശരി 7500 കിലോഗ്രാമോളം തേൻ നമ്മുടെ വനങ്ങളിൽ നിന്നും ലഭിക്കുന്നുണ്ട്. നൂ അമരമ്പലം റിസർവ്വ് പോലുള്ള വന ഭാഗങ്ങൾ ഏകദേശം വർഷം മുഴുവൻ തേൻ ലഭിക്കുന്ന മേഖലകളാണ്. ആദിവാസി വിഭാഗങ്ങളുടെ പ്രധാന വരുമാന സ്രോതസ്സാണ് വനത്തിൽ നിന്നും ലഭിക്കുന്ന മരേതര വിഭവങ്ങൾ.

വനവാസികൾ

പണിയർ, ചോല നായ്ക്കർ, കാട്ട നായ്ക്കർ, അർണാടർ, മുതുവാൻ തുടങ്ങിയ വിഭാഗങ്ങളിൽ പെടുന്ന ആദിവാസി വിഭാഗങ്ങൾ ജില്ലയിലെ വനങ്ങളിലെ കോളനികളിൽ വസിക്കുന്നു. ഫോറസ്റ്റ് വകുപ്പിന്റെ 2015ലെ കണക്ക് പ്രകാരം ജില്ലയിലെ വനത്തിനുള്ളിൽ പുഞ്ചക്കൊല്ലി, അപ്പൻകാപ്പ്, തണ്ടൻകല്ല് തുടങ്ങിയ 42 കോളനികളിലായി 1346 ആദിവാസി കുടുംബങ്ങളിൽ 4579 പേരാണ് താമസിക്കുന്നത്. വനവിഭവങ്ങൾ ശേഖരിച്ചാണ് ഇവരിൽ ഭൂരി ഭാഗവും ഉപജീവനം നടത്തുന്നത്.

എക്കോ-ടൂറിസം കേന്ദ്രങ്ങൾ

ജില്ലയിലെ പ്രധാന എക്കോ- ടൂറിസം കേന്ദ്രങ്ങളായ കനോലി പ്ലോട്ട്, നെടുങ്കയം, കോഴിപ്പാറ, കൊടികുത്തിമല, കരുവാരകുണ്ട്, ആഡ്യൻപാറ, കോട്ടപ്പുഴ, ബംഗ്ലാവ് കുന്ന്, ചാലിയാർ മുക്ക് തുടങ്ങിയവയെല്ലാം വനവുമായി ബന്ധപ്പെട്ട മേഖലയിലാണ്. പ്രകൃതിരമണീയമായ ഈ കേന്ദ്രങ്ങളിലെല്ലാം വർഷം തോറും ആയിരക്കണക്കിന് വിനോദ സഞ്ചാരികളാണ് സന്ദർശിക്കാറുള്ളത്.



കോഴിപ്പാറ വെള്ളച്ചാട്ടം



നെടുങ്കയം

വികസന വിടവുകളും പ്രശ്നങ്ങളും.

1. പരിസ്ഥിതി

മരങ്ങളുടെ കനവ്

റോഡ് വികസനത്തിനും കെട്ടിട നിർമാണങ്ങൾക്കും മറ്റുമായെല്ലാം ജില്ലയിൽ ധാരാളം മരങ്ങൾ നിത്യം മുറിച്ചുമാറ്റപ്പെടുന്നുണ്ട്. ഈ കനവ് നികത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട അധികൃതർ അതിന്റെ ഗതിയിൽ നടപ്പിൽ വരുത്തേണ്ടതുണ്ട്. നഗരങ്ങളിലെ മരങ്ങളുടെ എണ്ണത്തിലെ കനവ് പരിസര മലിനീകരണത്തിനും അന്തരീക്ഷത്തിലെ ചൂട് കൂടുന്നതിനും കാരണമായിത്തീർന്നിട്ടുണ്ട്.

മണൽ വാരൽ

നദികളിൽ നിന്നും അനിയന്ത്രിതമായ രീതിയിൽ മണൽ നീക്കം ചെയ്യുന്നത് നിമവധി പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ജില്ലയിലെ പ്രധാന നദികളെല്ലാം അനിയന്ത്രിതമായ മണൽ വാരൽ മൂലം നാശത്തിന്റെ വക്കിലാണ്. അവയെ തിരിച്ച് കൊണ്ട് വരേണ്ടതുണ്ട്. നദികളുടെ ആരോഗ്യപരമായ നിലനിൽപ്പിന് ബന്ധപ്പെട്ട നിയമങ്ങളും വകുപ്പുകളും കൂടുതൽ ശ്രദ്ധ കൊടുക്കേണ്ടതാണ്.

കാറ്റ് പ്രവർത്തനം

ജില്ലയിൽ വർദ്ധിച്ച് വരുന്ന കെട്ടിട നിർമാണങ്ങൾക്കായി ധാരാളം കരിങ്കല്ല്, ചെങ്കല്ല് എന്നിവ ആവശ്യമാണ്. അനിയന്ത്രിത രീതിയിലുള്ള ഖനനം പ്രവർത്തികൾ ജില്ലയിൽ കടിഞ്ഞാണില്ലാതെ തുടരുന്നതിനായി പാറമടകൾ തുറന്നുപ്രവർത്തിക്കുന്നു. തുടർന്ന് നിർമാണ പ്രവർത്തനങ്ങൾക്ക് ബദൽ സംവിധാനങ്ങൾ കണ്ടെത്തുന്ന സമയം അതിക്രമിച്ചിരിക്കുന്നു. പാറ പൊട്ടിക്കൽ, പാറ ക്രഷിംഗ്, തുടങ്ങിയ പ്രവർത്തനങ്ങൾ മണ്ണിന്റെ സ്വാഭാവിക ഘടന, നിരപ്പുകൾ, പ്രദേശത്തെ സസ്യ ജന്തുജാലങ്ങൾ തുടങ്ങിയവയെയെല്ലാം പ്രതികൂലമായി ബാധിക്കുന്നു. മാത്രമല്ല നിലവിലെ കാറ്റുകൾ അനുയോജ്യമായ സസ്യങ്ങൾ വച്ച് പിടിപ്പിച്ച് പുനസ്ഥാപിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.



പടിയാട്ടുപാറ ക്വാറി – മേൽമുറി. (പ്രതീകാത്മക ചിത്രം)

2 കാലാവസ്ഥാവ്യതിയാനം

നഗര വൽക്കരണം

ജില്ലയിൽ നഗരങ്ങളിൽ താമസിക്കുന്നവരുടെ എണ്ണം കൂടി വരുന്നതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. വാഹനപ്പെരുപ്പം മൂലമുണ്ടായിത്തീരുന്ന പ്രശ്നങ്ങളായ വായുമലിനീകരണം, ശബ്ദ മലിനീകരണം, ഗതാഗതകുരുക്ക് തുടങ്ങിയവ നഗരവാസികളുടെ പരിസ്ഥിതി കൂടുതൽ മലിനമാക്കുന്നു. കാൽനട യാത്രയും സൈക്കിൾ സവാരിയും നഗര പ്രദേശങ്ങളിൽ പ്രോത്സാഹിപ്പിക്കുക, പൊതുഗതാഗതം കൂടുതൽ ജനകീയമാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ വഴി ഒരു പരിധി വരെ ഇതിന് പരിഹാരം കണ്ടെത്താം.

പട്ടിക 4.1.6.4 : മലപ്പുറം ജില്ലയിലെ നഗര ഗ്രാമ വാസികളുടെ അനുപാതം

വർഷം	നഗരം	ഗ്രാമം
2001	9.80%	90.20%
2011	44.20%	55.80%

അവലംബം: സെൻസസ്, 2011

ഹരിതഗൃഹ വാതകങ്ങളുടെ പുറന്തള്ളൽ

കാർബൺ ഡൈ ഓക്സൈഡ് ആണ് ഹരിതഗൃഹ വാതകങ്ങളിൽ പ്രധാനി. മീഥേൻ, നൈട്രസ് ഓക്സൈഡ് മുതലായവയും ഹരിതഗൃഹ വാതകങ്ങളിൽ ഉൾപ്പെടുന്നു. കാർബൺ ഡൈ ഓക്സൈഡ് പ്രധാനമായും അന്തരീക്ഷത്തിൽ എത്തുന്നത് ഫോസിൽ ഇന്ധനങ്ങളുടെ ജ്വലനം, വനനശീകരണം തുടങ്ങിയ കാരണങ്ങൾ മൂലമാണ്. മീഥേൻ വാതകത്തിന്റെ പ്രധാന സ്രോതസ്സുകൾ അയവിറക്കുന്ന മൃഗങ്ങളും നെൽപ്പാടങ്ങളുമാണ്. വളങ്ങളിൽ നിന്നും കൃഷിഭൂമിയിൽ നിന്നുമാണ് നൈട്രസ് ഓക്സൈഡ് പ്രധാനമായും അന്തരീക്ഷത്തിൽ എത്തുന്നത്.

പ്രകൃതി ദുരന്തങ്ങൾ

തീരദേശം പങ്കിടുന്ന കേരളത്തിലെ ഒമ്പത് ജില്ലകളിലൊന്നായ മലപ്പുറം വെള്ളപ്പൊക്കം, ചുഴലിക്കാറ്റ്, തീരദേശ മണ്ണൊലിപ്പ്, ഉരുൾപ്പൊട്ടൽ, തുടങ്ങിയ ദുരന്തങ്ങൾക്ക് സാധ്യത കൂടിയ പ്രദേശമാണ്. മലപ്പുറം ജില്ലയുടെ മൊത്തം ഭൂവിസ്തൃതിയുടെ ഏകദേശം 16.93% പ്രദേശം വെള്ളപ്പൊക്കത്തിന് സാധ്യതയുള്ളതാണ്. ജില്ലയിൽ അശാസ്ത്രീയമായ മണൽ ഖനനം, പാറ പൊട്ടിക്കൽ, കുന്നിടിക്കൽ ക്രമാതീതമായി വർദ്ധിച്ചു വരുന്നു. ഈ പ്രവർത്തനങ്ങൾ ഭാവിയിൽ വരൾച്ച, ഉരുൾ പൊട്ടൽ, വെള്ളപ്പൊക്കം മുതലായവക്ക് കാരണമാകും. ജില്ലയുടെ മൊത്തം

ഭൂവിസ്തൃതിയുടെ 5.58% ഉരുൾപൊട്ടലിന് വളരെ സാധ്യത കൂടിയ പ്രദേശങ്ങളും 7.53 ശതമാനം ഉരുൾപൊട്ടലിന് കുറഞ്ഞ സാധ്യതയുള്ള പ്രദേശങ്ങളുമാണ്.

3. വനം.

വനനശീകരണം

ജില്ലയിലെ തേക്ക് തോട്ടങ്ങളും സ്വാഭാവിക വനവുമെല്ലാം നിരവധി നശീകരണ പ്രവർത്തനങ്ങൾ ഏറ്റുവാങ്ങിക്കൊണ്ടിരിക്കുകയാണ്. വനം കൈയ്യേറ്റം, കാട്ടുതീ, കാലിമേച്ചിൽ, സമീപവാസികൾ വിറകും മറ്റും ശേഖരിക്കുന്നത് തുടങ്ങിയവയെല്ലാം വനനശീകരണത്തിന്റെ വിവിധ മുഖങ്ങളാണ്. ഒരേ തരത്തിലുള്ള മരങ്ങളുടെ പ്ലാന്റേഷനുകൾ കൂട്ടുതലായി വച്ച് പിടിപ്പിക്കുന്നത് മൂലം ആ പ്രദേശത്തെ പക്ഷികളെയും മറ്റു ജീവ ജാലങ്ങളെയും ഇത് പ്രതികൂലമായി ബാധിക്കുന്നു. തേക്ക് തോട്ടങ്ങളിലെ മണ്ണൊലിപ്പും അനുബന്ധമായി ഉടലെടുക്കുന്ന പോഷക നഷ്ടവും മറ്റും അടിയന്തിരമായി പരിഹരിച്ചാൽ മാത്രമേ നിലമ്പൂർ തേക്കിന്റെ പരമ്പരാഗത ഗുണങ്ങൾ നിലനിർത്താനാവൂ.

അധിനിവേശ സസ്യങ്ങൾ

കാടുകളിലും ജലാശയങ്ങളിലും കാണപ്പെടുന്ന മൂടില്ലാ താളി, കുളവാഴ, ആഫ്രിക്കൻ പായൽ മുതലായ ചെടികളുടെ വ്യാപനം ജില്ലയിൽ അടിയന്തിരമായി തടയേണ്ടതുണ്ട്. അധിനിവേശ സസ്യങ്ങൾ വനത്തിന്റെ സ്വാഭാവിക വളർച്ചയെ തടയുന്നതോടൊപ്പം നിരവധി ദൂഷ്യഫലങ്ങളും പരിസ്ഥിതിയിൽ ഉണ്ടാക്കുന്നുണ്ട്.

പ്രശ്ന പരിഹാര നിർദേശങ്ങൾ

1. പരിസ്ഥിതി

- ഫാമുകളിൽ നിന്നും നഗരങ്ങളിൽ നിന്നുമുള്ള ജൈവമാലിന്യങ്ങൾ അവയുടെ ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കുന്നതിനുള്ള പദ്ധതികൾ ബന്ധപ്പെട്ട പ്രാദേശിക ഭരണകൂടങ്ങൾ തയ്യാറാക്കുക
- പ്രധാന നദികളുടെ തീരങ്ങളിൽ മുള, രാമച്ചം, കൈത തുടങ്ങിയവ വച്ച് പിടിപ്പിച്ച് സംരക്ഷിച്ച് നിലനിർത്തുക,
- സ്കൂളുകളിൽ പ്രകൃതി, പരിസ്ഥിതി ക്ലബ്ബുകൾ രൂപീകരിച്ച് പൊതുജനങ്ങൾക്കിടയിൽ ജലമലിനീകരണത്തിനെതിരെയുള്ള കാമ്പയിനുകൾ സംഘടിപ്പിക്കുക.
- മണ്ണിന്റെ ഗുണങ്ങൾ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ.
- സുസ്ഥിരമായ ഖനന പ്രവർത്തനം ഉറപ്പ് വരുത്തുക
- എയർഹോൺ നിരോധനം മുതലായ നടപടികളിലൂടെ ശബ്ദമലിനീകരണത്തിന്റെ തോത് കുറയ്ക്കുക.
- ആശുപത്രികൾ, സ്കൂളുകൾ മുതലായ പൊതു സ്ഥലങ്ങളിൽ മരങ്ങൾ വച്ചു പിടിപ്പിച്ച് സംരക്ഷിക്കുന്നതിന് ആവശ്യമായ പദ്ധതികൾ തയ്യാറാക്കുക.
- മണൽ ഖനനം ശാസ്ത്രീയമായ രീതിയിൽ നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട പ്രാദേശിക ഭരണകൂടങ്ങൾ പദ്ധതികൾ തയ്യാറാക്കുക
- നഗരപ്രാന്ത പ്രദേശങ്ങളിലെ ഒഴിഞ്ഞ് കിടക്കുന്ന മേഖലകളിലും മറ്റും ഫലവൃക്ഷങ്ങൾ വച്ച്പിടിപ്പിച്ച് കാർബൺ ന്യൂടൽ നഗരം എന്ന സങ്കൽപ്പത്തിന് ആവശ്യമായ പദ്ധതികൾ തയ്യാറാക്കുക.
- അമിതമായ രീതിയിലുള്ള ഭൂഗർഭ ജല ഉപയോഗത്തിന് നിയന്ത്രണമേർപ്പെടുത്തൽ.
- മഴവെള്ള സംഭരണത്തിനും ഭൂജല പരിപോഷണത്തിനും പ്രാധാന്യം നൽകൽ.
- നഗരങ്ങളിലെ ശുദ്ധജല വിതരണത്തിന്റെ ക്ഷമത വർധിപ്പിക്കൽ.
- ജലാശയങ്ങൾക്ക് ചുറ്റും ഹരിതവേലി നിർമിക്കുക.

- ക്വാറികളിൽ നിന്നും ക്രഷറുകളിൽ നിന്നുമുണ്ടാവുന്ന പൊടിപടലങ്ങൾ കുറക്കുന്നതിന് അത്തരം മേഖലകളിൽ കാറ്റാടിപോലുള്ള മരങ്ങൾ വച്ച് പിടിപ്പിക്കുന്നത് നിർബന്ധമാക്കുക.
- ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് ജൈവവളങ്ങൾ നിർമിക്കുന്നതിന് ആവശ്യമായ പരിശീലനങ്ങൾ നൽകുക.
- ഇത്തരം വളങ്ങൾ കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് പ്രോൽസാഹിപ്പിക്കുന്നതിന് ബന്ധപ്പെട്ട പ്രാദേശിക ഭരണകൂടങ്ങൾ പദ്ധതി തയ്യാറാക്കുക,
- പരിസ്ഥിതിദിനാചരണങ്ങളുടെ ഭാഗമായി നട്ട് പിടിപ്പിക്കുന്ന തൈകളുടെ മൂന്ന് വർഷത്തെയെങ്കിലും പരിപാലനം ഉറപ്പാക്കുക.

കാലവസ്ഥാവ്യതിയാനം

- ആഗോള താപനം – മരമാണ് മറുപടി എന്ന് ആപ്തവാക്യം ഉൾകൊണ്ടുള്ള പ്രവർത്തനങ്ങൾ പ്രോൽസാഹിപ്പിക്കുക.
- ചോല വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുക,
- നഗരവനവൽകരണം
- പരമ്പരാഗത സ്പീഷീസുകളിൽ ഉൾപെട്ട മരങ്ങൾ ഉപയോഗിച്ചുള്ള അഗ്രോഫോറസ്ടി പദ്ധതികൾ
- കാവുകൾ സംരക്ഷിക്കുക
- മഴക്കുഴികൾ നിർമിക്കുക,
- ബണ്ടുകൾ നിർമിക്കുക,
- കയ്യാലകൾ നിർമിക്കുക,
- ആവശ്യമുള്ളിടത്ത് ചെറിയ ചെക്ക് ഡാമുകൾ നിർമിക്കുക,
- പൊന്നാനി മുതൽ കടലുണ്ടി വരെ തീരപ്രദേശങ്ങളിൽ ബദാം, കാറ്റാടി, പൂവരശ് മുതലായ മരങ്ങൾ വച്ച് പിടിപ്പിച്ച് ഗ്രീൻ ബെൽറ്റ് നിർമിക്കുക
- വ്യവസായ ശാലകളിലും, വീടുകളിലും, പൊതുസ്ഥലങ്ങളിലും മഴവെള്ള സംഭരണം കർശനമാക്കുക.

2. വനവികസനം.

- വനനശീകരണ പ്രവർത്തനങ്ങൾ കൂടുതൽ അനുഭവപ്പെടുന്ന പ്രദേശങ്ങളുടെ പുനരുദ്ധാരണം
- വനം കയ്യേറ്റങ്ങൾ തടയുക,
- കാട്ടുതീ തടയുന്നതിനാവശ്യമായ നൂതന സാങ്കേതികവിദ്യകൾ ഏർപ്പെടുത്തൽ
- വനമേഖലയിൽ നിന്ന് അധിനിവേശ സസ്യങ്ങൾ ഉന്മൂലനം ചെയ്യൽ
- വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതികൾ രൂപീകരിക്കൽ
- വനമേഖലയിലെ നദീതടങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ പദ്ധതികൾ രൂപീകരിക്കൽ
- ചോല വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുക,
- കാവുകൾ സംരക്ഷിക്കുക
- ആവശ്യമുള്ളിടത്ത് ചെറിയ ചെക്ക് ഡാമുകൾ നിർമിക്കുക,
- നിർജ്ജീവമാകാനിടയുള്ള വനങ്ങളുടെ പുനരുദ്ധാരണം നടപ്പിലാക്കുക
- നിർമ്മാണ മേഖലയിലും ഫർണീച്ചർ മേഖലയിലും തടിയിതര ഉത്പ്പന്നങ്ങളുടെ ഉപയോഗം പ്രോൽസാഹിപ്പിക്കുക.

വികസന പരിപ്രേക്ഷ്യം

പ്രാഥമികമായി മലപ്പുറം ജില്ലയുടെ കാലാവസ്ഥാ വ്യതിയാനത്തെ കുറിച്ച് പഠിച്ച് അതിന്റെ തോത് കണക്കാക്കണം. ആയതിന് കേരളാ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് നാഷണൽ ബ്യൂറോ ഓഫ് സോയിൽ ആന്റ് ലാന്റ് യൂസിന്റെ സഹായത്തോടെ 2013 ൽ രേഖപ്പെടുത്തിയ അഗ്രോ-ഇക്കോളജിക്കൽ യൂണിറ്റുകളെ അടിസ്ഥാന തട്ടുകളായി ഉപയോഗിക്കാം. മലപ്പുറം ജില്ലയിലെ ഈ അടിസ്ഥാന തട്ടുകളിലെ കഴിഞ്ഞ 30-50 വർഷത്തെ കാലാവസ്ഥാ വിവരങ്ങൾ ഇൻഡ്യൻ കാലാവസ്ഥാ പഠന വകുപ്പിൽ ലഭ്യമാണ്. ഈ വിവരങ്ങൾ ജില്ലയിലെ ഓരോ അഗ്രോ-ഇക്കോളജിക്കൽ യൂണിറ്റിലേയും കാലാവസ്ഥാ ഘടകങ്ങളിൽ ഓരോ വർഷവും വന്നിട്ടുള്ള മാറ്റത്തെകുറിച്ച് പഠിക്കാനും, വരും വർഷങ്ങളിൽ വന്നേക്കാവുന്ന മാറ്റങ്ങൾ മുൻകൂട്ടി കാണാനും അതുവഴി ഭാവിയിൽ ജില്ലയുടെ കാലാവസ്ഥയിൽ വന്നേക്കാവുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാനും സാധിക്കും. ജി.ഐ.എസ് അടിസ്ഥാനമാക്കിയുള്ള മാപ്പുകൾ തയ്യാറാക്കുക വഴി ഓരോ അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളുടെയും കാലാവസ്ഥാ മാറ്റം ചിത്രീകരിക്കാനും അതുവഴി കൃത്യമായ സ്ഥലങ്ങൾ കേന്ദ്രീകരിച്ചുള്ള തീരുമാനങ്ങൾ കൈകൊള്ളുന്നതിനും സഹായിക്കും. പരിസ്ഥിതിയുടെ അപചയം, കാലാവസ്ഥാ മാറ്റത്തിന്റെ ഒരു പ്രധാന കാരണം തന്നെയാണ്. അത് കൊണ്ട് തന്നെ പരിസ്ഥിതി നാശോന്മുഖമാകുന്നതിന്റെ തോത് കുറച്ച് കൊണ്ട് വരുന്നതിനും ദീർഘ വീക്ഷണത്തോടെയുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്.

ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതി ആസൂത്രണം മാത്രമെ കാലാവസ്ഥാ വ്യതിയാനം കുറച്ചുകൊണ്ട് വരുന്നതിനും പരിസ്ഥിതി സംരക്ഷണത്തിനും ഉപകരിക്കുകയുള്ളൂ. അത്കൊണ്ട് തന്നെ പ്രധാനമായും ജില്ലയിലെ ഹരിതാഭ വർദ്ധിപ്പിക്കൽ, ജലസ്രോതസ്സുകളുടെ ശാക്തീകരണം, നാശോന്മുഖമായ സ്ഥലങ്ങളുടെ പുനസ്ഥാപനം, ജൈവീക രീതിയിലുള്ള മാലിന്യ നിർമാർജ്ജന സാങ്കേതിക വിദ്യകൾ പ്രചരിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് ജില്ലാ പദ്ധതി-ഉപസമിതി നിർദേശിക്കുന്നത്. ബഹുജന പങ്കാളിത്തത്തോട് കൂടിയും തദ്ദേശ സ്ഥാപനങ്ങളുടെ ശക്തമായ പിന്തുണയും കൂടിയുണ്ടെങ്കിൽ ഈ പദ്ധതികൾ നമുക്ക് വിജയിപ്പിക്കാം.

1. ദീർഘകാല പദ്ധതി നിർദേശങ്ങൾ

ജില്ലയിലെ ഹരിതാഭ വർദ്ധിപ്പിക്കൽ

മൈക്രോ ക്ലൈമറ്റ് ക്രമീകരിക്കാനും കാലാവസ്ഥാ മാറ്റത്തിന്റെ ആഘാതം കുറക്കുന്നതിനും ഈ പദ്ധതിയിലൂടെ വളരെ പ്രധാനപ്പെട്ട ഒരു തുടക്കം സ്വീകരിക്കേണ്ടതുണ്ട്. ജില്ലയുടെ ഹരിതാഭ വർദ്ധിപ്പിക്കുക വഴി ഓരോ അഗ്രോ-ഇക്കോളജിക്കൽ യൂണിറ്റുകളിലെയും ഊഷ്മാവ് ക്രമീകരിച്ച് നിലനിർത്താൻ സാധിക്കും.

- ചോല വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുക,
- നഗരവനവൽകരണം
- പരമ്പരാഗത സ്പീഷീസുകളിൽ ഉൾപെട്ട മരങ്ങൾ ഉപയോഗിച്ചുള്ള അഗ്രോഫോറസ്ട്രി പദ്ധതികൾ
- കാവുകൾ സംരക്ഷിക്കുക
- ദിനാചരണങ്ങളുടെ ഭാഗമായി നട്ട പിടിപ്പിക്കുന്ന തൈകളുടെ മൂന്ന് വർഷത്തെയെങ്കിലും പരിപാലനം ഉറപ്പാക്കുക.

തുടങ്ങിയ പദ്ധതികൾ ഓരോ അഗ്രോ-ഇക്കോളജിക്കൽ യൂണിറ്റുകളിലും പൊതുജന പങ്കാളിത്തത്തോടെ നടപ്പാക്കാം. ഈ പദ്ധതിക്ക് ആവശ്യമായ തൈകൾ നിലമ്പൂർ സെൻടൽ നഴ്സറിയിൽ നിന്നും കേരളാ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിലമ്പൂർ സബ് സെന്ററിൽ നിന്നും ഘട്ടം ഘട്ടമായി ഉൽപാദിപ്പിക്കാവുന്നതാണ്.

നാശോന്മുഖമായ സ്ഥലങ്ങളുടെ പുനസ്ഥാപനം

ഇത്തരം സ്ഥലങ്ങൾ കണ്ടെത്തുകയും അവയുടെ വീണ്ടെടുപ്പിന് ആവശ്യമായ പദ്ധതികൾ ബന്ധപ്പെട്ട പ്രാദേശിക ഭരണകൂടത്തിന്റെ സഹായത്തോടെ തയ്യാറാക്കുകയും ചെയ്യേണ്ടതുണ്ട്. ഈ പദ്ധതിയിൽ

- മണ്ണിന്റെ ഗുണങ്ങൾ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ,
- ഇത്തരം സ്ഥലങ്ങളിൽ ഹരിതാഭ നിർമിച്ചെടുക്കൽ,
- മണ്ണിന്റെ ഈർപ്പം നിലനിർത്തുന്നതിന് ആവശ്യമായ പദ്ധതികൾ

തുടങ്ങിയവ ഉൾകൊള്ളിക്കേണ്ടതുണ്ട്. തരിശ് നിലങ്ങളുടെ വീണ്ടെടുപ്പിലൂടെ പ്രദേശത്തിന്റെ മൈക്രോ ക്ലൈമറ്റ് മാറ്റം വരുത്തൽ മാത്രമല്ല ചെങ്കല്ല് ഖനനം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെയുണ്ടാവുന്ന പരിസ്ഥിതി നാശത്തിനെതിരെ മുൻകരുതൽ എടുക്കാനും സാധിക്കും.

2. ഹ്രസ്വകാല പദ്ധതി നിർദേശങ്ങൾ

ജലസ്രോതസ്സുകളുടെ പുനർജ്ജീവനം

കാലാവസ്ഥാ വ്യതിയാനം ജലസ്രോതസ്സുകളെ നേരിട്ട് ബാധിക്കുന്നു. നദികൾ വരളുന്നതും ഭൂഗർഭജലവിതാനത്തിലുണ്ടാവുന്ന കുറവും അനിയന്ത്രിതമായിക്കൊണ്ടിരിക്കുന്നു. വാട്ടർഷെഡ്ഡ് അടിസ്ഥാനമാക്കിയുള്ള പദ്ധതികൾ നടപ്പിലാക്കുന്നത് വഴി തെരഞ്ഞെടുത്ത സ്ഥലങ്ങളിലെ ജൈവ വൈവിധ്യ വളർച്ച നിലനിർത്താനും സാധിക്കുന്നു. ഈ പദ്ധതികളിൽ താഴെ പറയുന്ന മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങൾ ഉൾപ്പെടുത്താം.

- കുളം നിർമിക്കുക / നിലവിലുള്ള കുളങ്ങൾ സംരക്ഷിക്കുക,
- സാധ്യമാവുന്ന കനാലുകൾ നിർമിക്കുക,
- മഴക്കുഴികൾ നിർമിക്കുക,
- ബണ്ടുകൾ നിർമിക്കുക,
- കയ്യാലകൾ നിർമിക്കുക,
- ആവശ്യമുള്ളിടത്ത് ചെറിയ ചെക്ക് ഡാമുകൾ നിർമിക്കുക,
- പ്രധാന നദികളുടെ തീരങ്ങൾ മുള, രാമച്ചം, കൈത തുടങ്ങിയവ വച്ച് പിടിപ്പിച്ച് സംരക്ഷിച്ച് നിലനിർത്തുക.
- സ്കൂളുകളിൽ പ്രകൃതി, പരിസ്ഥിതി ക്ലബ്ബുകൾ രൂപീകരിച്ച് പൊതുജനങ്ങൾക്കിടയിൽ ജല മലിനീകരണത്തിനെതിരെയുള്ള കാമ്പയിനുകൾ സംഘടിപ്പിക്കുക.

ജൈവിക രീതിയിലുള്ള മാലിന്യ നിർമാർജ്ജന സാങ്കേതിക വിദ്യകൾ പ്രചരിപ്പിക്കുക

ജൈവിക രീതിയിലുള്ള മാലിന്യ സംസ്കരണം സംസ്ഥാനമൊട്ടാകെയുള്ള ഒരു പ്രധാന പ്രശ്നമാണ്. ഇത്തരം പ്രവർത്തനങ്ങൾ വഴി അന്തരീക്ഷത്തിലെ കാർബൺ ലോഡ് കുറയ്ക്കുന്നതിന് സഹായകരമാവുന്നു.

- ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് ജൈവവളങ്ങൾ നിർമിക്കുന്നതിന് ആവശ്യമായ പരിശീലനങ്ങൾ നൽകുക,
- ഇത്തരം വളങ്ങൾ കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് പ്രോൽസാഹിപ്പിക്കുന്നതിന് ബന്ധപ്പെട്ട പ്രാദേശിക ഭരണകൂടങ്ങൾ പദ്ധതി തയ്യാറാക്കുക,
- ഫാമുകളിൽ നിന്നും നഗരങ്ങളിൽ നിന്നുമുള്ള ജൈവമാലിന്യങ്ങൾ അവയുടെ ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കുന്നതിനുള്ള പദ്ധതികൾ ബന്ധപ്പെട്ട പ്രാദേശിക ഭരണകൂടങ്ങൾ തയ്യാറാക്കുക.

4.1.7 വ്യവസായം, ഖാദി ഗ്രാമ വ്യവസായം, കയർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

ആമുഖം

വ്യവസായമെന്നത് ഒരു രാഷ്ട്രത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വരുമാന മേഖലയാണ്. പ്രകൃതിയിൽ നിന്നും ലഭിക്കുന്ന വിഭവങ്ങളെ മൂല്യവർദ്ധിത ഉത്പ്പന്നങ്ങളാക്കി മാറ്റുന്നതിലെ വളർച്ചയാണ് ഒരു രാജ്യത്തിന്റെ പുരോഗതിയുടെ സൂചകമായി നാം കാണുന്നത്.

മലപ്പുറം ജില്ല ചരിത്രപരമായി വ്യവസായ വാണിജ്യത്തിന് ഖ്യാതി നേടിയതാണ്. 1969 ൽ ജില്ല രൂപീകരിക്കുന്നതിനു മുൻപ് ജില്ല കോഴിക്കോടിന്റെയും പാലക്കാടിന്റെയും ഭാഗമായിരുന്നു. പഴയകാലത്ത് ഈ ജില്ലയുടെ പല ഭാഗങ്ങളും സാമൂതിരി രാജാക്കാൻമാരുടെ ഭരണത്തിൻ കീഴിലായിരുന്നു. 1498-ൽ പോർച്ചുഗീസ് കച്ചവടക്കാരനായ വാസ്കോഡഗാമ കോഴിക്കോട് കപ്പലിറങ്ങുകയും, തുടർന്ന് 1507-ൽ അൽമേഡ പൊന്നാനിയിൽ കോട്ടകളും കെട്ടിടങ്ങളും സ്ഥാപിക്കുകയും മറ്റു രാജ്യങ്ങളുമായുള്ള വ്യാപാരത്തിന് തുടക്കം കുറിക്കുകയും ചെയ്തുവെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു.

സംസ്ഥാനത്തിന്റെ മൊത്തം ഭൂവിസ്തൃതിയുടെ 9% വരുന്ന മലപ്പുറം ജില്ലയിൽ ജനസംഖ്യയുടെ 12.31% അധിവസിക്കുന്നു. ജില്ലയുടെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 25.5%വും വ്യവസായവും, വ്യവസായ അനുബന്ധ മേഖലകളിൽ നിന്നാണെന്നും കണക്കാക്കപ്പെടുന്നു. എന്നാൽ, സംസ്ഥാനത്തെ ഈ മേഖലയിൽ നിന്നുള്ള വരുമാനത്തിന്റെ 9.34% മാത്രമാണ്, ജില്ലയിൽ നിന്നുള്ള സംഭാവന. ജില്ലയിലെ വ്യവസായ വികസനത്തിന്റെ നിലവിലുള്ള ചിത്രവും അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയും ചിഹ്നങ്ങളും, വികസന വിടവുകളും, വികസന സാദ്ധ്യതകളും, കൈകൊള്ളേണ്ട നയ സമീപനങ്ങളും തുടർന്നുള്ള ഭാഗങ്ങളിൽ പ്രതിപാദിക്കുന്നു.

ജില്ലാ വ്യവസായ കേന്ദ്രം, ഖാദി ഗ്രാമവ്യവസായ വികസന ബോർഡ്, കയർ പ്രൊജക്ട്, ത്രിതല പഞ്ചായത്തുകൾ തുടങ്ങിയവ മുഖേനയാണ് വിവിധ വ്യവസായ വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നത്. ഇവ കൂടാതെ സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ മിഷൻ എന്നിവയെ കൂടി ഉൾപ്പെടുത്തി എങ്ങിനെ ജില്ലയുടെ വ്യവസായ വികസനം സാദ്ധ്യമാക്കാം എന്നതും ഇതിൽ ചർച്ച ചെയ്യുന്നു.

വ്യവസായ വികസനത്തിന്റെ നിലവിലുള്ള ചിത്രം.

വ്യാവസായികമായി വളരെ പിന്നോക്കം നിൽക്കുന്ന ജില്ലയാണ് മലപ്പുറം ജില്ല. സംസ്ഥാന സർക്കാർ ഏജൻസികൾ, ജില്ലാ വ്യവസായ കേന്ദ്രം, ഖാദി ഗ്രാമ വ്യവസായ ബോർഡ്, കയർ പ്രൊജക്ട്, ത്രിതല പഞ്ചായത്തുകൾ തുടങ്ങിയവ മുഖേനയാണ് വിവിധ വികസന പദ്ധതികൾ ജില്ലയിൽ നടപ്പിലാക്കി വരുന്നത്. ജില്ലയിൽ വിവിധ ഏജൻസികൾ വഴി നടപ്പിലാക്കുന്ന വ്യവസായ സംരംഭക പദ്ധതികളുടെ സംക്ഷിപ്ത രൂപം അനുബന്ധം 4.1.7.1 -ൽ ചേർക്കുന്നു.

കേരള സർക്കാരിന്റെ അധീനതയിൽ കേരളത്തിലുള്ള 126 പൊതു മേഖല സ്ഥാപനങ്ങളിൽ 4 എണ്ണം മാത്രമാണ് മലപ്പുറം ജില്ലയിലുള്ളത്. കൂടാതെ, സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന 3 സ്ഥാപനങ്ങളും ഉണ്ട്. എം.എസ്.എം.ഇ (സൂക്ഷ്മ, ഇടത്തരം, ചെറുകിട) യൂണിറ്റുകൾ ജില്ലയിൽ ആകെ 12055 ആണുള്ളത്. ഇവയിലെ ആകെ മൂലധന നിക്ഷേപം 110620 ലക്ഷം രൂപയും 54725 തൊഴിൽ ലഭ്യതയും ഉണ്ടായിട്ടുണ്ട്. ഇവയുടെ താലൂക്കടിസ്ഥാനത്തിൽ രൂപപ്പെടുത്തിയ പട്ടികയും വ്യവസായടിസ്ഥാനത്തിലുള്ള മേഖല തിരിച്ച പട്ടികയും താഴെ ചേർക്കുന്നു. യന്ത്ര സാമഗ്രികൾക്ക് പരമാവധി മുതൽ മുടക്ക് 10 കോടി വരെയുള്ള യൂണിറ്റുകളാണ് ഇവയിൽ ഉൾപ്പെടുന്നതെങ്കിൽപോലും ജില്ലയിലെ 95% യൂണിറ്റുകളും 25 ലക്ഷത്തിൽ താഴെ മുതൽ മുടക്കുള്ളവയാണ്. ജില്ലയിലെ നിലവിലുള്ള യൂണിറ്റുകളുടെ ശരാശരി മുതൽ മുടക്ക് 9.17 ലക്ഷം രൂപയാണ്. ഈ താരതമ്യത്തിലൂടെ വ്യവസായ

രംഗത്ത് ജില്ലയുടെ മുതൽ മുടക്ക് ഉച്ചമാണെന്ന് കാണാവുന്നതാണ്. കൂടാതെ ജില്ലയിൽ കൂടുതലായി നിലനിൽക്കുന്ന വ്യവസായങ്ങളുടെ മേഖല തിരിച്ചുള്ള കണക്ക് പട്ടിക-4.1.7.1- ൽ ചേർക്കുന്നു.

പട്ടിക 4.1.7.1 : വ്യവസായ യൂണിറ്റുകൾ ഒറ്റനോട്ടത്തിൽ

ക്രമ നം	ഇനം	സ്വകാര്യ മേഖല	സഹകരണ മേഖല	പൊതു മേഖല
1.	ഇടത്തരം വൻകിട വ്യവസായങ്ങൾ	8	3	3
2.	ചെറുകിട സംരംഭങ്ങൾ	610	-	-
3.	സൂക്ഷ്മ സംരംഭങ്ങൾ	11431	-	-
4.	ആകെ	12049	3	3

അവലംബം :ജില്ലാ വ്യവസായ കേന്ദ്രം മലപ്പുറം

മലപ്പുറം ജില്ലയിലെ വ്യവസായ യൂണിറ്റുകളുടെ ഇനം തിരിച്ചുള്ള സ്ഥല സംബന്ധമായ രേഖാചിത്രം.

1. ചിത്രം 4.1.7.1: സൂക്ഷ്മ സംരംഭങ്ങൾ



അവലംബം :ജില്ലാ വ്യവസായ കേന്ദ്രം മലപ്പുറം

2. ചിത്രം 4.1.7.2: ചെറുകിട സംരംഭങ്ങൾ



അവലംബം :ജില്ലാ വ്യവസായ കേന്ദ്രം മലപ്പുറം

3.ചിത്രം 4.1.7.3 : ഇടത്തരം വൻകിട വ്യവസായങ്ങൾ



അവലംബം :ജില്ലാ വ്യവസായ കേന്ദ്രം മലപ്പുറം

പട്ടിക 4.1.7.2 : വ്യവസായ യൂണിറ്റുകളുടെ ഇനം തിരിച്ചുള്ള താലൂക്കടിസ്ഥാനത്തിലുള്ള പട്ടിക

താലൂക്ക്	കാറ്റഗറി	എണ്ണം	മൂലധന നിക്ഷേപം ലക്ഷത്തിൽ)	തൊഴിലാളികളുടെ എണ്ണം
ഏറനാട്	സൂക്ഷ്മ	2913	10943.78	11409
	ചെറുകിട	177	10149	3161
	ഇടത്തരം	5	4075	287
നിലമ്പൂർ	സൂക്ഷ്മ	2019	11849.47	7140
	ചെറുകിട	87	7992	2057
	ഇടത്തരം	0	0	0
പെരിന്തൽമണ്ണ	സൂക്ഷ്മ	1438	8334	5208
	ചെറുകിട	59	2982	1040
	ഇടത്തരം	2	1500	96
തിരൂർ	സൂക്ഷ്മ	2131	10953.65	5727
	ചെറുകിട	89	4653	1196
	ഇടത്തരം	1	533	14
തിരൂരങ്ങാടി	സൂക്ഷ്മ	1139	8325	4089
	ചെറുകിട	64	5702	776
	ഇടത്തരം	3	2865.07	260
പൊന്നാനി.	സൂക്ഷ്മ	1791	11076	10153
	ചെറുകിട	134	6487	1889
	ഇടത്തരം	3	2200	223
ജില്ലയിൽ ആകെ	സൂക്ഷ്മ	11431	61481.9	43726
	ചെറുകിട	610	37965	10119
	ഇടത്തരം	14	11173.07	880
ആകെ		12055	110620	54725

അവലംബം:ജില്ലാവ്യവസായ കേന്ദ്രം, മലപ്പുറം.

നിലവിൽ ഈ മേഖലയിൽ 110620 ലക്ഷം രൂപയുടെ മൂലധന നിക്ഷേപം ജില്ലയിലുണ്ട്. കൂടാതെ 54725 തൊഴിലാളികൾ ജീവോപാധിയായി ഈ മേഖലയെ ആശ്രയിച്ചു വരുന്നു.

പട്ടിക 4.1.7.3 : വ്യവസായ യൂണിറ്റുകളുടെ മേഖല തിരിച്ചുള്ള പട്ടിക

മേഖല	എണ്ണം	മൂലധന നിക്ഷേപം ലക്ഷത്തിൽ)	തൊഴിലാളികളുടെ എണ്ണം
കൃഷി, ഭക്ഷ്യ സംസ്കരണം	1792	23628	8696
മരാധിഷ്ഠിത വ്യവസായം	1713	12146	6644
ഗാർമെന്റ്സ് & ടെക്സ്റ്റയിൽസ്	1309	10742	7574
ജനറൽ എഞ്ചിനീയറിംഗ്	1550	8275	5936
പേപ്പർ, പ്ലാസ്റ്റിക്, റബ്ബർ & ലെതർ	723	10664	3542
കെട്ടിട സാമഗ്രികൾ	761	1126	3647
കരകൗശലം	78	163	192
റിപ്പയറിംഗ് & സർവ്വീസസ്	1540	9605	6296
മറ്റുള്ളവ	2589	22457	11610
ആകെ	12055	110620	54725

അവലംബം :ജില്ലാവ്യവസായ കേന്ദ്രം, മലപ്പുറം.

മുകളിലുള്ള പട്ടിക പരിശോധിക്കുമ്പോൾ കൃഷി, ഭക്ഷ്യസംസ്കരണ മേഖലകളും മരാധിഷ്ഠിത വ്യവസായങ്ങളും, ഗാർമെന്റ്സ്&ടെക്സ്റ്റയിൽസ് വ്യവസായത്തിനും, ജനറൽ എഞ്ചിനീയറിംഗിനുമാണ കൂടുതൽ തൊഴിലവസരങ്ങളും, മൂലധനനിക്ഷേപവും പ്രദാനം ചെയ്യുന്നതായി കാണുന്നത്. പരമ്പരാഗത വ്യവസായത്തിൽ താരതമ്യേന യൂണിറ്റുകളുടെ എണ്ണം വളരെ ഉച്ചമാണുതാനും.

ജില്ലയിൽ ആകെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ യൂണിറ്റുകളുടെ അകെ എണ്ണം 12055 ആണ്. ഇതിൽ തന്നെ കൃഷി ഭക്ഷ്യ സംസ്കരണ മേഖലയിലാണ് കൂടുതകൾ യൂണിറ്റുകൾ ഉള്ളത് – 1792, ശേഷം മരാധിഷ്ഠിത വ്യവസായത്തിലും ജനറൽ എഞ്ചിനീയറിങ്ങിലും ആണ്. ഇത് യഥാക്രമം 1713, 1550 എന്നിങ്ങനെയാണ്. ഏറ്റവും കുറവ് യൂണിറ്റുകൾ കരകൗശല മേഖലയിലാണ് –78 എണ്ണം

ഖാദി, ഗ്രാമ വ്യവസായ മേഖല

ഖാദി ഗ്രാമ വ്യവസായ വികസന ബോർഡ് ഖാദി ഉൽപാദന മേഖലയിലും ഗ്രാമ വ്യവസായ മേഖലയിലും നടപ്പിലാക്കി വരുന്ന ജില്ലാ തലത്തിലുള്ള പദ്ധതികളുടെ നടത്തിപ്പും ഏകോപനവുമാണ് ജില്ലാ ഖാദി ഗ്രാമ വ്യവസായ ഓഫീസ് നിർവ്വഹിക്കുന്നത്. ജില്ലയിൽ ഖാദി ബോർഡിനു കീഴിൽ 12 ഓൽ ഓൽപ്പ് കേന്ദ്രങ്ങളും 6 നെയ്ത്ത് കേന്ദ്രങ്ങളും, ഗ്രാമ വ്യവസായ മേഖലയിൽ 2 സ്ഥാപനങ്ങളും നടത്തി വരുന്നു.

എ) ഖാദിമേഖല:

ഖാദി മേഖലയിൽ 194 വനിതകൾക്ക് നേരിട്ട് തൊഴിൽ നൽകുവാൻ ജില്ലയിൽ സാധിക്കുന്നുണ്ട്. മനില ഷർട്ടിംഗ്, ഡബിൾ ദോത്തികൾ, കളർ ദോത്തികൾ തുടങ്ങിയ ഉൽപ്പന്നങ്ങളാണ് പ്രധാനമായി ഉത്പാദിപ്പിക്കുന്നത്. മേൽ വസ്ത്രങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ നൂലും ജില്ലയിൽ തന്നെ ഉത്പാദിപ്പിച്ചു വരുന്നു. 30 ലക്ഷം കഴികളും (Hanks) നൂലും, 20,000 ചതുരശ്ര മീറ്റർ തുണിയും 2016–17 വർഷത്തിൽ ജില്ലയിൽ ഉത്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. ജില്ലയിലെ ഖാദിയുടെ ഉപഭോഗം കണക്കിലെടുക്കുമ്പോൾ മേൽ ഉത്പാദനം ജില്ലയുടെ ആവശ്യകത പൂർത്തീകരിക്കുന്നതിന് പര്യാപ്തമല്ല.

ബി) ഗ്രാമ വ്യവസായ മേഖല

ഗ്രാമ വ്യവസായ മേഖലയിൽ നിലമ്പൂർ കരിമ്പുഴ ആസ്ഥാനമായി തേൻ സംഭരണ സംസ്കരണ കേന്ദ്രവും പെരിന്തൽമണ്ണ ആനമങ്ങാട് ആസ്ഥാനമായി ഖാദി കിടക്ക നിർമ്മാണ യൂണിറ്റും പ്രവർത്തിച്ചു വരുന്നു. ജില്ലയിൽ ഉത്പാദിപ്പിക്കുന്ന ഖാദി, ഉന്ന കിടക്കകൾക്ക് മാർക്കറ്റിൽ മെച്ചപ്പെട്ട വിപണന സാധ്യത ഉണ്ടെങ്കിലും ആവശ്യത്തിന് ഉതകുന്ന വിധം ഉത്പാദിപ്പിക്കുന്നതിന് കഴിയുന്നില്ല.

കയർ വ്യവസായം

മലപ്പുറം, പാലക്കാട് ജില്ലകൾ പ്രവർത്തന പരിധിയിൽ വരുന്ന പൊന്നാനി കയർ പ്രൊജക്ട് ഓഫീസ് മലപ്പുറം ജില്ലയിലെ സാംസ്കാരിക കേന്ദ്രങ്ങളിൽ ഒന്നായ പൊന്നാനിയിലെ മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിച്ചുവരുന്നു. മലബാർ മേഖലയിലെ പ്രധാന കയർ ഉൽപാദന കേന്ദ്രമായ പൊന്നാനി താലൂക്കിൽ കയർ പ്രൊജക്ട് സ്ഥാപിക്കാനുണ്ടായ സാഹചര്യം ഈ മേഖലയിലെ പാരമ്പര്യവും പ്രശസ്തിയും നില നിർത്തുന്നതിനോടൊപ്പം ഈ പരാമ്പരാഗത വ്യവസായത്തെ നവീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ്. എന്നാൽ, പരമ്പരാഗത വ്യവസായങ്ങൾ പൊതുവെ നേരിടുന്ന ഉൽപാദന വിപണന മേഖലകളിലെ പ്രശ്നങ്ങൾ കയർ വ്യവസായത്തേയും ബാധിക്കുകയും ഈ മേഖലയിൽ നിന്നുള്ള വരുമാനം പരിമിതപ്പെടുകയും ചെയ്തതിന്റെ ഫലമായി കഴിഞ്ഞ ഒരു ദശകമായി ഈ മേഖലയിൽ നിന്നും ഒട്ടേറെ പേർ മാറി നിൽക്കുകയുണ്ടായെങ്കിലും സർക്കാരിന്റെ പുതിയ പദ്ധതിയായ വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം കൊഴിഞ്ഞുപോയ നിരവധിപേർ ഈ മേഖലയിലേക്ക് തന്നെ തിരിച്ചുവരുന്നുണ്ട് കൂടാതെ മിനിമംകൂലി 300/- രൂപയായി ഉയർത്തിയതിന്റെ അടിസ്ഥാനത്തിൽ തൊഴിലാളികൾക്ക് ഒരു പുത്തൻ ഉണർവ്വ് ഈ മേഖലയിൽ കൈവന്നിട്ടുണ്ട്.

പരമ്പരാഗത വ്യവസായമായ കയർ മേഖലയിൽ 24 ചെറുകിട വ്യവസായ സംഘങ്ങൾ പ്രവർത്തിക്കുന്നു. 2015-16 കാലഘട്ടത്തിൽ ഈ മേഖലയിൽ 16 പ്രൈമറി സംഘങ്ങളും 13 യന്ത്രവത്കൃത സംഘങ്ങളും 33 സംയോജിത കയർ വ്യവസായ സഹകരണ സംഘങ്ങളുമടക്കം 62 സംഘങ്ങളുണ്ടായിരുന്നു. ഇതിൽ 22 സംഘം ലിക്വിഡേഷനിലായിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം കയർ പ്രൈമറി സംഘങ്ങളിൽ 10 സംഘങ്ങളും 2 പ്രൈവറ്റ് കയർ പിരി യൂണിറ്റും 2 യന്ത്രവൽകൃത ചകിരി സംഘങ്ങളും 3 പ്രൈവറ്റ് ഡീ ഫൈബറിംഗ് യൂണിറ്റുമാണ് ഉണ്ടായിരുന്നത്.

കൈത്തറി

ജില്ലയിൽ 9 കൈത്തറി സഹകരണ സംഘങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. 3 എണ്ണം സമാപ്തീകരണത്തിലാണ്. കേരള സർക്കാരിന്റെ സൗജന്യ കൈത്തറി യൂണിഫോം വിതരണം നടത്തുന്ന ഒരു സൊസൈറ്റിയാണുള്ളത്. ഇതിൽ 16 തൊഴിലാളികൾ ജോലിചെയ്യുന്നു. 8 സംഘങ്ങൾ പുനരുദ്ധാരണ പ്രക്രിയയിലാണ്. 4 സൊസൈറ്റികൾ പ്രവർത്തനമാരംഭിച്ചിട്ടില്ല. കൈത്തറി സഹകരണ സംഘങ്ങളുടെ ബ്ലോക്ക് തിരിച്ചുള്ള വിവരം അനുബന്ധം 4.1.7.2 ൽ കൊടുക്കുന്നു.

വ്യവസായ സഹകരണ സംഘങ്ങൾ

മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രത്തിനു കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ടതും പ്രവർത്തിക്കുന്നതുമായ വ്യവസായ സഹകരണ സംഘങ്ങളുടെ (കരകൗശല, കൈത്തറി വ്യവസായ സഹകരണ സംഘങ്ങൾ ഉൾപ്പെടെ) അവസ്ഥ, പ്രവർത്തന സാദ്ധ്യത എന്നിവ സംബന്ധിച്ച റിപ്പോർട്ട്.

സഹകരണ സംഘങ്ങൾ

ജില്ലയിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള വ്യവസായ സഹകരണ സംഘങ്ങൾ (കരകൗശല സംഘങ്ങൾ ഉൾപ്പെടെ) ഇതുവരെയുള്ളത്.

പട്ടിക 4.1.7.4. : രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള വ്യവസായ സഹകരണ സംഘങ്ങൾ

വ്യവസായ സഹകരണ സംഘങ്ങൾ	എണ്ണം
പ്രവർത്തനസജ്ജമായിട്ടുള്ളത്	18 എണ്ണം
പ്രവർത്തന രഹിതമായവ	87 എണ്ണം.
ഇപ്പോൾ പ്രവർത്തിക്കാത്തത്	01 എണ്ണം.
സമാപ്തീകരണ നടപടിയിൽ ഉള്ളത്.	46 എണ്ണം.
ആകെ	152 എണ്ണം.

അവലംബം:ജില്ലാവ്യവസായ കേന്ദ്രം, മലപ്പുറം.

മേൽ സൂചിപ്പിച്ച വ്യവസായ സഹകരണ സംഘങ്ങളിൽ കരകൗശല മേഖലയിൽ 10 എണ്ണം സംഘങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ജനറൽ വ്യവസായ സഹകരണ സംഘങ്ങളായി 142 എണ്ണവും രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. മിക്ക സംഘങ്ങളും വർഷങ്ങൾക്ക് മുമ്പ് രജിസ്റ്റർ ചെയ്യപ്പെട്ടതും തുടക്കത്തിൽ പ്രവർത്തിച്ചവയുമാണ്. എന്നാൽ, ചില സംഘങ്ങൾ വർഷങ്ങൾക്ക് മുമ്പേ പ്രവർത്തന രഹിതമായതും, പ്രവർത്തനക്ഷമമാക്കുവാൻ സാദ്ധ്യതയില്ലാത്തവയെ സമാപ്തീകരണ നടപടിയിൽ ഉത്തരവാക്കുകയും ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. മിക്ക സംഘങ്ങളും പ്രവർത്തന മൂലധനത്തിന്റെ ശോഷണവും, ഭരണസമിതിയുടെ കെടുകാര്യസ്ഥതയും മൂലമാണ് പ്രവർത്തന രഹിതമായിട്ടുള്ളത്, ജനറൽ വ്യവസായ സഹകരണ സംഘങ്ങളും (കരകൗശല മേഖല ഉൾപ്പെടെ) നിലവിൽ ഇത്തരം സംഘങ്ങൾ പുനരുജ്ജീവിപ്പിച്ചു പ്രവർത്തനക്ഷമമാക്കുന്നതിന് ഡിപ്പാർട്ടമെന്റ് തലത്തിൽ പദ്ധതികൾ ഒന്നും ഇല്ലാത്ത അവസ്ഥയാണുള്ളത്. ജനറൽ വ്യവസായ സഹകരണ സംഘങ്ങളിൽ റെഡിമെയ്ഡ് മേഖലയിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് വിദഗ്ധ പരിശീലനത്തിനുള്ള പദ്ധതികളും, പ്രവർത്തന മൂലധനവും ഉൾപ്പെടെയുള്ള പദ്ധതികൾ ആവിഷ്കരിക്കുകയാണെങ്കിൽ കൂടുതൽ സംഘങ്ങളെ പ്രവർത്തന സജ്ജമാക്കുവാൻ സാധിക്കുമെന്ന് ഫീൽഡ്തല റിപ്പോർട്ട് പ്രകാരം സൂചിപ്പിക്കുന്നു. ഈ മേഖലയിലുള്ള 14 സംഘങ്ങളെ ഇങ്ങനെ പ്രവർത്തനക്ഷമമാക്കുവാൻ സാധിക്കുമെന്ന് റിപ്പോർ ട്ടിൽ സൂചിപ്പിക്കുന്നു. കരകൗശല മേഖലയിൽ ജില്ലയിൽ 10 സംഘങ്ങളാണ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. ഇതിൽ 2 സംഘമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. 06 എണ്ണം പ്രവർത്തനരഹിതവും, 02 എണ്ണം സമാപ്തീകരണ നടപടിയിലുമാണ്. ഇതിൽ 04 സംഘം പ്രവർത്തനക്ഷമമാക്കുവാൻ സാധിക്കുമെന്ന് ഫീൽഡ്തല റിപ്പോർട്ടു പ്രകാരം സൂചിപ്പിക്കുന്നു. സംഘങ്ങൾക്ക് വിദഗ്ധ പരിശീലനവും, പ്രവർത്തന മൂലധനവും ഉൾപ്പെടെയുള്ളവ നൽകുകയാണെങ്കിൽ പ്രവർത്തന സജ്ജമാക്കുവാൻ സാധിക്കും. ഇത്തരം സംഘങ്ങൾ പുനരുജ്ജീവിപ്പിച്ചു പ്രവർത്തന സജ്ജമാക്കുന്നതിന് നിലവിൽ ഡിപ്പാർട്ട്മെന്റ് തലത്തിൽ പദ്ധതികളൊന്നും തന്നെ ഇല്ലാത്ത അവസ്ഥയാണുള്ളതെന്നും സൂചിപ്പിക്കുന്നു.

വ്യവസായത്തിലെ അടിസ്ഥാന സൗകര്യം:

1. തൊഴിൽ ശക്തി:

വ്യവസായിക മുരടിപ്പുമൂലം തൊഴിൽ മേഖല ദുർബലവും ആഭ്യന്തര ഉപഭോഗത്തിനുള്ള ഉല്പാദനം നിശ്ചലവുമാണ്. ജില്ലയിൽ ലഭ്യമായ തൊഴിൽ ശക്തിയെ ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തിയാൽ വളർച്ച മുരടിപ്പ് മാറ്റിയെടുക്കാൻ കഴിയും. ദേശീയ തൊഴിൽ-വ്യവസായ നയവുമായി ബന്ധപ്പെടുത്തി കൊണ്ടേ ഇത് സാദ്ധ്യമാവൂ. എന്നിരുന്നാലും നമ്മുടെ പരിമിതികൾക്കകത്തു നിന്നു കൊണ്ട് ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കുവാൻ കഴിയും.

പട്ടിക 4.1.7.5 : ജില്ലയിലെ തൊഴിലന്വേഷകരുടെ എണ്ണം

എസ്സി.		എസ്ടി.		അംഗ പരിമിതർ		മറ്റുള്ളവ		ആകെ	
ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
26514	35097	380	449	3157	1904	75601	137237	105652	174687

അവലംബം : ജില്ലാ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച്.

ജില്ലയിലെ ആകെ തൊഴിൽ അന്വേഷകരുടെ എണ്ണം 280339 ആണ് ആയതിൽ 105652 പുരുഷന്മാരും 164787 സ്ത്രീകളുമാണ് ഉൾപ്പെട്ടിരിക്കുന്നത് .

പട്ടിക 4.1.7.6 : ജില്ലയിലെ തൊഴിലില്ലാത്തവരുടെ എണ്ണം (രജിസ്റ്റർ ചെയ്തത 31/08/2017 വരെ)

യോഗ്യത	ആൺ	പെൺ
മെട്രിക്കുലേഷന് താഴെ	11435	19325
മെട്രിക്കുലേഷൻ	59112	106108
പ്രീ-ഡിഗ്രി/ഹയർ സെക്കണ്ടറി	27350	40113
ഡിപ്ലോമ	4071	1465
ബിരുദധാരികൾ	8542	11612
ബിരുദാനന്തരം	160	272
ആകെ	110672	178898

അവലംബം : ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്.

2. വൈദ്യുതി:

വ്യാവസായിക പുരോഗതിയുടെ അവശ്യഘടകമാണ് വൈദ്യുതി. ജില്ലയിലെ ഗാർഹിക ഉപഭോഗം ഉൾപ്പെടെ മൊത്തം ജില്ലയുടെ കണക്ടഡ് ലോഡ് 2016-17-ൽ 844.07 മെഗാവാട്ടാണ്. ഇതിൽ 67% ഗാർഹിക ഉപഭോഗമാണ്. ആകെയുള്ളതിൽ 7.87% മാത്രമാണ് വ്യവസായിക ഉപഭോഗത്തിന് ലഭ്യമായിട്ടുള്ളത്. കുറ്റ്യാടി ജല വൈദ്യുത പദ്ധതിയും കോഴിക്കോട് ഡീസൽ നിലയവുമാണ് ജില്ലയുടെ അടുത്തുള്ള വൈദ്യുതി ഉത്പ്പാദന കേന്ദ്രങ്ങൾ. വരും വർഷങ്ങളിൽ വ്യവസായികാവശ്യത്തിനു വേണ്ടിവരുന്ന വൈദ്യുതിയുടെ തോത് - മതിപ്പ് അനുബന്ധം 4.1.7.3 ൽ കൊടുക്കുന്നു. 2022-ൽ ചെറുകിട വ്യവസായ യൂണിറ്റുകളിൽ 5300 എണ്ണത്തിൽ 3131720 യൂണിറ്റ് വൈദ്യുതി വേണ്ടി വരുമെന്ന് കണക്കാക്കുന്നു. ഇടത്തരം വൻകിട വ്യവസായങ്ങൾ കൂടി വളർന്നു കഴിഞ്ഞാൽ ഇത് ഏകദേശം 1,98,15,125 യൂണിറ്റ് ആയി ഉയരും. ചെറുകിട വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനും നിലവിലുളളവ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനും വൈദ്യുതിയുടെ പങ്ക് അദ്വിതീയമാണ്. അതിനാൽ വ്യവസായ പുരോഗതിക്ക് വൈദ്യുതിയുടെ ലഭ്യതയും വ്യവസായ രംഗത്തെ ഉപഭോഗവും വർദ്ധിപ്പിക്കേണ്ടതുണ്ട്.

പട്ടിക 4.1.7.7 : ജില്ലയിൽ വൈദ്യുതിയുടെ കണക്ടഡ് ലോഡ് 2017- 2018

ഇനം	കണക്ടഡ് ലോഡ് (മെ.വാട്സ്)
കൃഷി	37.703
വ്യവസായം	66.436
ജില്ലയിലെ ആകെ തൊഴിൽ	166.44
ഗാർഹികം	573.491
ആകെ	844.07

അവലംബം: എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെബി.ഇ.എസ്., മഞ്ചേരി

ജില്ലയിൽ ഗാർഹിക ആവശ്യത്തിനായാണ് ഏറ്റവും കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നത് 573.49 -മെ,വാട്ട്സ്. രണ്ടാമതായി വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ 166.44 മെ-വാട്ട്സ് വൈദ്യുതി ഉപയോഗിക്കുന്നു. വ്യവസായം കൃഷി ആവശ്യങ്ങൾക്കായി യഥാക്രമം 66.436 മെ-വാട്ട്സ്, 37.703 മെ-വാട്ട്സ് വൈദ്യുതി ഉപയോഗിക്കുന്നു.

3. ഗതാഗത സൗകര്യങ്ങൾ:

ഗതാഗത സൗകര്യങ്ങൾ വ്യവസായ വികസനത്തിന് അത്യന്താപേക്ഷിതമാണ്. ദക്ഷിണ റെയിൽവേ പാലക്കാട് ഡിവിഷന്റെ കീഴിൽ 142 കി.മീ ദൈർഘ്യമുള്ള രണ്ട് റെയിൽ പാത, മാംഗ്ലൂർ ചെന്നൈ പാതയും, ഷൊർണൂർ-നിലമ്പൂർ പാതയും ജില്ലയിലൂടെ കടന്നു പോകുന്നു. മലപ്പുറം ജില്ലയിൽ ഒരു ഇന്റർനാഷണൽ എയർപോർട്ട് ഉണ്ട്. മലപ്പുറം പട്ടണത്തിൽ നിന്നും ഏകദേശം 30 കി.മീ അകലെയായി സ്ഥിതിചെയ്യുന്നത്. ഇവിടെ നിന്നും വിമാനങ്ങൾ ആഭ്യന്തര സർവ്വീസും ഇന്റർനാഷണൽ സർവ്വീസും നടത്തിവരുന്നു.

ചരക്കു നീക്കത്തിനും, നമ്മുടെ ഉത്പ്പന്നങ്ങൾ മറ്റു സംസ്ഥാനങ്ങളിലേക്ക് കയറ്റി അയക്കുന്നതിനും കൂടുതലായി ആശ്രയിക്കുന്നത് റോഡ് ഗതാഗതത്തെയാണ്. ജില്ലയിൽ ലഭ്യമായ റോഡ് ഗതാഗത സൗകര്യങ്ങൾ താഴെ പട്ടികയിൽ വിവരിക്കുന്നു.

പട്ടിക 4.1.7.8 : റോഡ് ഗതാഗത സൗകര്യങ്ങൾ

റോഡിന്റെ തരം	റോഡിന്റെ നീളം കിമി.		
	മലപ്പുറം	സംസ്ഥാനം	ജില്ലയുടെ വിഹിതം %
നാഷണൽ ഹൈവേ	221.35	1781.57	12.42
സംസ്ഥാന ഹൈവേ	374.764	4341.651	8.63
പ്രധാന ജില്ലാ റോഡ്	2305.398	27470.445	8.39
മറ്റു പി.ഡബ്ല്യു.ഡി റോഡ്	2680.152	31812.11	8.42
ഗ്രാമ പഞ്ചായത്ത് അധീന റോഡ്	17404.79	139380.410	12.48
ആകെ	22986.454	204786.186	

അവലംബം: പി.ഡബ്ല്യു.ഡി മലപ്പുറം

മലപ്പുറം ജില്ലയിലെ വ്യവസായ വികസനത്തിന് ജില്ലയിലെ റെയിൽ ഗതാഗത സൗകര്യങ്ങൾ തികച്ചും അപര്യാപ്തമാണ്. കരിപ്പൂർ അന്തർദേശീയ വിമാനത്താവളവുമായി ബന്ധപ്പെടുത്തി റെയിൽ ഗതാഗത സൗകര്യങ്ങൾ വികസിപ്പിക്കുന്നത് ജില്ലയുടെ വ്യവസായ പുരോഗതിക്ക് ഒരു മുതൽ കൂട്ടായിരിക്കും.

4. വാർത്താവിനിമയ സൗകര്യം

ഏതൊരു സമ്പദ് വ്യവസ്ഥയുടെയും ആരോഗ്യകരമായ വളർച്ചക്ക് ആധുനിക വാർത്താവിനിമയ സൗകര്യങ്ങൾ അത്യന്താപേക്ഷിതമാണ്. ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും ഇന്റർനെറ്റ് സേവനങ്ങളും, മൊബൈൽ സേവനങ്ങളും ലഭ്യമാണ്. ആകെ 93 ടെലിഫോൺ എക്സ്ചേഞ്ചുകൾ ജില്ലയിലുണ്ട്. ടെലഫോൺ കണക്ഷന്റെ ലഭ്യത ഏകദേശം 294419 ആണ്. എന്നാൽ നിലവിൽ 171774 പ്രവർത്തിക്കുന്ന കണക്ഷൻ മാത്രമാണുള്ളത്. ഓരോ ചതുരശ്ര കിലോമീറ്ററിനും 48.39 ടെലഫോൺ കണക്ഷൻ ലഭ്യമാണ്. കൂടാതെ ഗവൺമെന്റ്, ഗവൺമെന്റിതര സേവനങ്ങൾ നൽകിവരുന്ന അക്ഷയ സെന്ററുകൾ എല്ലാ പഞ്ചായത്തുകളിലും 4 വീതവും മുൻസിപ്പാലിറ്റികളിൽ 6 വീതവും ലഭ്യമാണ്. അതിനാൽ വാർത്താവിനിമയ സൗകര്യങ്ങൾ ഏറെക്കുറെ ജില്ലയിൽ പര്യാപ്തമാണെന്നും.

5. ധനകാര്യ സ്ഥാപനങ്ങൾ

വ്യവസായ വികസനത്തിന് സാമ്പത്തിക സഹായം നൽകുന്ന 478 ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകൾ ഉൾപ്പെടെ 983 സ്ഥാപനങ്ങൾ ജില്ലയിലുണ്ട്. ഇവയിൽ 247 ദേശസാൽകൃത ബാങ്കുകളും, 96 റീജണൽ ബാങ്കുകളും (ഗ്രാമീൺ ബാങ്ക്), 138 സ്വകാര്യ ബാങ്കുകളും, 535 സഹകരണ സ്ഥാപനങ്ങളും, കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ ഒരു ശാഖയും ഉൾപ്പെടുന്നു. ചെറുകിട വ്യവസായിക മേഖലക്ക് ബാങ്കുകൾ നൽകുന്ന വായ്പയും മറ്റ് അനുബന്ധ വിവരങ്ങളും താഴെ പട്ടികയിൽ വിവരിക്കുന്നു.

പട്ടിക 4.1.7.9 : വ്യവസായിക മേഖലക്ക് ബാങ്കുകൾ നൽകുന്ന വായ്പയും മറ്റ് അനുബന്ധ വിവരങ്ങളും

ഇനം	നിക്ഷേപം	വായ്പ	സി.ഡി. റേഷ്യോ	കാർഷിക വായ്പ	ചെറുകിട വ്യവസായം
ഷെഡ്യൂൾഡ് ബാങ്കുകൾ	25769 കോടി	17062 കോടി	66	3984 കോടി	982 കോടി (ഉൽപാദന മേഖല :127 സേവനമേഖല :339 കച്ചവടം :516)
സഹകരണ സ്ഥാപനങ്ങൾ	12548 കോടി	9917 കോടി	79	269.53 കോടി	-
കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ	-	-	-	-	62.73 കോടി.

അവലംബം: ലീഡ് ബാങ്ക് & സഹകരണ വകുപ്പ്, മലപ്പുറം

പട്ടിക പരിശോധിക്കുമ്പോൾ ബാങ്കിംഗ് മേഖലയിലെ നിലവിലുള്ള ബാദ്ധ്യതക്കനുസരിച്ച് വ്യവസായിക മേഖലയിൽ വായ്പ വർദ്ധിച്ചിട്ടില്ല എന്നു കാണാവുന്നതാണ്. എന്നു മാത്രമല്ല, ഷെഡ്യൂൾഡ് ബാങ്കുകളുടെ വ്യവസായിക ഉത്പ്പാദന മേഖലയിലെ വായ്പ ആകെ വായ്പയുടെ 1.33% മാത്രമാണുള്ളത് എന്നും കാണാവുന്നതാണ്. സഹകരണ ബാങ്കുകളാകട്ടെ ചെറുകിട വ്യവസായങ്ങൾക്ക് വേണ്ടത്ര പരിഗണന നല്കുന്നുമില്ല. വായ്പ ലഭ്യത വർദ്ധിപ്പിച്ച് വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിന് കൂടെ കൂടി സഹായകരമായ സമീപനങ്ങൾ ബാങ്കുകളിൽ നിന്നും ഉണ്ടാകേണ്ടതാണ്.

അസംസ്കൃത വസ്തുക്കളുടെ അപഗ്രഥനം

ഒരു രാഷ്ട്രത്തിന്റെ സാമ്പത്തിക പുരോഗതിയിൽ മനുഷ്യ വിഭവശേഷിയും പ്രകൃതി വിഭവ ശേഷിയും കാര്യമായ പങ്കുവഹിക്കുന്നു. പ്രകൃതി വിഭവങ്ങൾ വ്യവസായത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ പ്രദാനം ചെയ്യുമ്പോൾ മനുഷ്യ വിഭവ ശേഷി, തൊഴിൽ ശക്തി, നൈപുണ്യം, സംരംഭകത്വം എന്നിവ പ്രദാനം ചെയ്യുന്നു. ഇവ പരസ്പരപൂരകങ്ങളുമാണ്.

1. മനുഷ്യ വിഭവശേഷി:

2011 സെൻസസ് അനുസരിച്ച് സംസ്ഥാന ജനസംഖ്യയുടെ 12.31% സംഭാവന ചെയ്യുന്നത് മലപ്പുറം ജില്ലയാണ്. ഇതിൽ 52.3% സ്ത്രീ ജനങ്ങളും 47.7% പുരുഷൻമാരുമാണ്. ജനസംഖ്യാ വളർച്ചാ നിരക്കിലും സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ്. ജില്ലാ സാക്ഷരത നിരക്കാകട്ടെ ഏറെക്കുറെ സംസ്ഥാന ശരാശരിയോടടുത്തുമാണ്. എന്നാൽ, WPR (Workers Participation Rate) ലാകട്ടെ ജില്ലാ സംസ്ഥാന ശരാശരിയേക്കാൾ വളരെ പിറകിലാണെന്നു കാണാം. ഇതിനു പ്രധാന കാരണം സ്ത്രീകളുടെ WPR (Workers Participation Rate) ന്റെ തോത് ജില്ലയിൽ സംസ്ഥാന ശരാശരിയേക്കാൾ വളരെ പിറകിലാണെന്നുള്ളതാണ്. അതോടൊപ്പം 2011 സെൻസസ് പ്രകാരമുള്ള തൊഴിൽ ശക്തിയുടെ തോതാകട്ടെ സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണെങ്കിലും LFPR സംസ്ഥാന ശരാശരിയേക്കാൾ പിറകിലാണുതാനും. ഇതിൽ നിന്നും വ്യക്തമാകുന്നത് മനുഷ്യവിഭവശേഷി പ്രദാനം ചെയ്യുന്ന തൊഴിൽ ശക്തി, നൈപുണ്യം, സംരംഭകത്വം എന്നിവയിൽ ജില്ലയുടെ സാധ്യതകൾ വേണ്ടത്ര ഉപയോഗപ്പെടുത്തിയിട്ടില്ല എന്നു തന്നെയാണ്.

2. പ്രകൃതി വിഭവശേഷി

a. കൃഷി ജന്യ അസംസ്കൃത വസ്തു ലഭ്യത.

ജില്ലയിൽ ഉല്പാദിപ്പിക്കുന്ന പ്രധാന കാർഷിക വിളകൾ നാളികേരം, അടയ്ക്ക, കപ്പ, ഏത്തപ്പഴം, റബ്ബർ എന്നിവയാണ്. സംസ്ഥാനത്തെ ആകെ ഉല്പാദനത്തിന്റെ 17.8%, 17.6%, 7.4%, 12.1%, 7.4% എന്നിങ്ങനെയാണ് ജില്ലയുടെ പങ്ക്. നാളികേരത്തിന്റെ ലഭ്യമായിട്ടുള്ളതിന്റെ 20%-25% മാത്രമാണ് വ്യവസായിക ആവശ്യത്തിനു വേണ്ടി ഉപയോഗിക്കുന്നത്. അതുപോലെ നാളികേര തൊണ്ടിന്റെയും, ചകിരി നാരിന്റെയും, ചകിരി ചോറിന്റെയും സിംഹഭാഗവും ഉപയോഗിക്കാതെ കിടക്കുന്നതായാണ് കണ്ടുവരുന്നത്. അടക്ക അസംസ്കൃത വസ്തുവായ പെയിന്റ് നിർമ്മാണം പോലുള്ള വ്യവസായങ്ങൾ ഒന്നും തന്നെ ജില്ലയിൽ നിലവിലില്ല. ചക്ക, മാങ്ങ എന്നിവയുടെ ഏറിയ പങ്കും മൂല്യവർദ്ധിത ഉത്പ്പന്നമാകാതെ ഉപയോഗശൂന്യമാകുകയാണ് ചെയ്യുന്നത്.

b. വ്യവസായിക ജന്തുജന്യ അസംസ്കൃത വസ്തു- ലഭ്യത.

മലപ്പുറം ജില്ല ഭൂവിസ്തൃതിയിൽ സംസ്ഥാനത്ത് മൂന്നാം സ്ഥാനത്താണ്. പൊതുവേ കാർഷിക സമ്പദ് വ്യവസ്ഥയ്ക്ക് പ്രാധാന്യം ഏറെയാകയാൽ ഇതിന്റെ ഉപ വിഭാഗമായ മൃഗ സംരക്ഷണ മേഖലയും സാമാന്യം ഭേദപ്പെട്ട നിലയിലാണ്. സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പാലുല്പന്നങ്ങളുടെ ഏകദേശം 6% ജില്ലയിൽ ഉല്പാദിപ്പിക്കുന്നതാണ്. കൂടാതെ സംസ്ഥാനത്തെ മാംസോല്പാദനത്തിന്റെ 15 ശതമാനവും ജില്ലയിൽ ഉല്പാദിപ്പിക്കുന്നു. അതുകൊണ്ടു തന്നെ പാലിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾക്കും മാംസ സംസ്കരണ യൂണിറ്റുകൾക്കും അനന്ത സാധ്യതകളുണ്ട്.

c. വനാധിഷ്ഠിത വിഭവങ്ങൾ

ജില്ലയുടെ ഭൂവിസ്തൃതിയുടെ 29% വനങ്ങളാണ്. പ്രധാനമായും നിലമ്പൂർ, വണ്ടൂർ ബ്ലോക്കുകളിലാണ് വനങ്ങളുള്ളത്. നിലമ്പൂർ തേക്ക് ഇനമേന്മ കൊണ്ടും വൈവിധ്യം കൊണ്ടും ലോക പ്രശസ്തമാണ്. കൂടാതെ, വനത്തിന്റെ പല ഭാഗങ്ങളിലുമായി ഏകദേശം 1489 ഹെക്ടർ സ്ഥലത്ത് മുള ഉല്പാദിപ്പിക്കുന്നു. കൂടാതെ, 167.66 ഹെക്ടർ സ്ഥലത്ത് മെഡിസിനൽ പ്ലാന്റും ഉണ്ട്. ഇവയെ ശരിയായ രീതിയിൽ വ്യാവസായികമായി ഉപയോഗപ്പെടുത്തിയാൽ വ്യവസായിക മേഖലയ്ക്ക് വലിയ മുതൽ കൂട്ടായിരിക്കും എന്ന കാര്യത്തിൽ തർക്കമില്ല.

d. മൽസ്യ വിഭവങ്ങൾ

ജില്ലയിൽ ഏകദേശം 70 കി.മി. ദൂരം തീര പ്രദേശമാണ്. താനൂരും പൊന്നാനിയിലുമായി 2 മൽസ്യ ബന്ധന ഇറമുഖങ്ങളുമുണ്ട്. കൂടാതെ, പൊന്നാനി തിരൂർ മേഖലകളെ കേന്ദ്രീകരിച്ചു കൊണ്ട് ഇൻലാന്റ് മൽസ്യോൽപാദനത്തിനും സാധ്യതയുണ്ട്. എന്നാൽ, ഈ സാധ്യതകളെ

ഉപയോഗപ്പെടുത്തുന്നതിന് ജില്ലയ്ക്ക് ഇതുവരെ സാധിച്ചിട്ടില്ല. ഇവിടങ്ങളെ കേന്ദ്രീകരിച്ചു കൊണ്ട് മൽസ്യ സംസ്കരണ യൂണിറ്റുകൾക്ക് സാധ്യത ഏറെയാണ്.

വ്യവസായ അടിസ്ഥാന സൗകര്യങ്ങൾ ജില്ലയിൽ

വൈദ്യുതി, റോഡ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ സ്ഥലം വ്യാവസായിക വികസനത്തിന് അത്യന്താപേക്ഷിതമാണ്. ജില്ലയിൽ അടിസ്ഥാന വ്യവസായ വികസനത്തിന് ഏജൻസികൾ മുഖേന പല നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഇവ തികച്ചും അപര്യാപ്തമാണ് എന്ന കാര്യത്തിൽ തർക്കമില്ല. മുതൽ മുടക്കാൻ തയ്യാറുള്ള സ്വദേശത്തും, വിദേശത്തുമുള്ള സംരംഭകർ പ്രധാനമായും അന്വേഷിക്കുന്നത് വ്യവസായ എസ്റ്റേറ്റിലെ ഭൂമി ലഭ്യമാണോ എന്നാണ്. ഭൂമി ഒരാസ്തിയായി മാത്രം കാണുന്ന പ്രവണത വിലയിൽ ഭീമമായ വർദ്ധനവിന് ഇടവരുത്തുന്നു. ഇത് വ്യവസായികാവശ്യത്തിന് ഭൂമി വാങ്ങുന്നതിനെ നിരുത്സാഹപ്പെടുത്തുന്നു. മലപ്പുറം ജില്ലയിലെ ലഭ്യമായ വ്യവസായ വികസന എസ്റ്റേറ്റുകളുടെ സ്ഥിതി വിവരകണക്ക് അനുബന്ധം 4.1.7.4-ൽ ചേർക്കുന്നു. ഇതിൽ കെ.എസ്.ഐ.ഡി.സി യിൽ ഇൻകൽ (INKEL) എന്ന കമ്പനി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

ഇവ കൂടാതെ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് നൂതന സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി കാര്യക്ഷമത വർദ്ധിപ്പിച്ച് ഉൽപാദന ക്ഷമതയും മത്സര ക്ഷമതയും വർദ്ധിപ്പിക്കുന്നതിന് വ്യവസായ ക്ലസ്റ്ററുകൾ ജില്ലയിൽ 4 എണ്ണം രൂപീകരിച്ചിട്ടുണ്ട്. ഇതിൽ 2 എണ്ണം വളരെ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. വളളുവനാട്ടുളള റബ്ബർ വുഡ് കൺസോർഷ്യവും, മഞ്ചേരിയിലുളള ജനറൽ എഞ്ചിനീയറിംഗ് കൺസോർഷ്യവും, എടവണ്ണയിലെ വുഡ് ഫർണിച്ചർ കൺസോർഷ്യവും, പേപ്പർ പ്രൊഡക്ട് കൺസോർഷ്യവും പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. കൂടാതെ, ഹാന്റി ക്രാഫ്റ്റ് മേഖലയിൽ നിലമ്പൂർ ആസ്ഥാനമാക്കി ക്ലേ പോട്ടറിയുടെ കൺസോർഷ്യത്തിന്റെ നിർമ്മാണം പ്രാരംഭ ഘട്ടത്തിലാണ്.

കൂടാതെ, മലപ്പുറം ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ജനകീയാസൂത്രണ പദ്ധതി വഴി വ്യവസായിക ആവശ്യങ്ങൾക്കു വേണ്ടി നീക്കിവച്ച 66.26 ഏക്കർ സ്ഥലം വ്യത്യസ്ത ത്രിതല പഞ്ചായത്തുകളിൽ ലഭ്യമായിട്ടുണ്ട്. ഇവയുടെ തദ്ദേശ സ്ഥാപനങ്ങൾ തിരിച്ചുളള വിശദമായ അനുബന്ധം 4.1.7.5 ൽ ചേർക്കുന്നു.

പ്രശ്നങ്ങൾ, വികസന വിടവുകൾ

ജില്ലയിലുളള വ്യവസായ മേഖലയുടെ നിലവിലുളള ചിത്രം പരിശോധിക്കുമ്പോൾ വ്യവസായ വികസനത്തിന് ജില്ലയിൽ തടസ്സമായി നിൽക്കുന്ന പ്രധാന പ്രശ്നങ്ങൾ താഴെ തന്നിരിക്കുന്നവയാണ്.

1. വിപണന മത്സരം:

അനാരോഗ്യകരമായ വിപണന മത്സരം ഇന്ന് എല്ലാ മേഖലകളിലും വളരെ പ്രകടമാണ്. വിപണിയിൽ ആവശ്യത്തിൽ കൂടുതലുളള ഉത്പന്നങ്ങൾ വീണ്ടും നിർമ്മിച്ച് പ്രത്യേകമായ യാതൊരു പഠനങ്ങളും നടത്താതെ ഗുണനിലവാരവും വിലയും കുറച്ചുകൊണ്ടുളള വിപണന മത്സരം എല്ലാവരെയും തകർക്കാൻ മാത്രമേ ഉപകരിക്കൂ.

2. റിസർച്ച് & ഡവലപ്പമെന്റ് വിഭാഗത്തിന്റെ അഭാവം

റിസർച്ച് & ഡവലപ്പ്മെന്റ് വിഭാഗത്തിന്റെ അഭാവം ജില്ലയിൽ ഉണ്ട്. പല മേഖലകളും യാതൊരു വിധ ഗവേഷണവും നടത്താതെ നിലവിലുളള ഒരു ഉത്പന്നത്തെ അതുപോലെ അനുകരിച്ച് കൊണ്ട് മറ്റൊരു ഉത്പന്നമാക്കി വിപണിയിൽ അവതരിപ്പിക്കുന്ന പ്രവർത്തനം കൂടി വരികയാണ്. റബർ, മരം, ഫുഡ്, അഗ്രികൾച്ചർ, പോളിമർ, ഹൗസ്ഹോൾഡ് തുടങ്ങി എല്ലാ മേഖലകളും ഇന്ന് അനുകരണത്തിന്റെ മേഖലയായി മാറിക്കഴിഞ്ഞു. ആരും തന്നെ (വളരെ ചെറിയ ഒരു ശതമാനം ഒഴികെ) ഗവേഷണം നടത്തി ഒരു ഉത്പന്നത്തിന്റെ വികസനത്തിനു വേണ്ടി മുൻകൈ എടുക്കുന്നില്ല എന്നത് ഒരു വലിയ ന്യൂനതയായി അവശേഷിക്കുന്നു.

3. പരമ്പരാഗത വ്യവസായങ്ങളുടെ തളർച്ച:

ജില്ലയിൽ പല പരമ്പരാഗത വ്യവസായങ്ങളും ഇന്ന് അന്യം നിന്ന് കൊണ്ടിരിക്കുകയാണ്. ഉദാഹരണമായി, മുള, ചൂരൽ, ചകിരി, കൈത്തറി, തുടങ്ങി ഒട്ടനവധി പരമ്പരാഗത വ്യവസായങ്ങളിൽ ഇന്ന് ജില്ല വളരെ പിറകിലാണ്. ജില്ലയുടെ സാർവ്വത്രിക വികസനത്തിന് പരമ്പരാഗത വ്യവസായങ്ങളുടെ പങ്ക് വളരെ കൂടുതലാണ്. പരമ്പരാഗത വ്യവസായങ്ങളിലുള്ള വേതനക്കുറവും ഈ മേഖലയുടെ തകർച്ചക്ക് ഒരു പ്രധാന കാരണമാണ്.

4. വൈദഗ്ധ്യ പോഷണക്കുറവ്:

മലപ്പുറം ജില്ലയിൽ ജനസാന്ദ്രത കൂടുതലാണെങ്കിലും ആനുപാതികമായി യുവാക്കളിലും വ്യക്തികളിലും വ്യത്യസ്ത മേഖലകളിലുള്ള വൈദഗ്ധ്യം നൽകാൻ കഴിയാത്തത് ഒരു വലിയ ന്യൂനതയായി അവശേഷിക്കുന്നു. കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുള്ള വ്യാവസായിക രീതിയിൽ ഒരോ മേഖലയിലും വൈദഗ്ധ്യം/പ്രാവീണ്യം നേടിയവർക്ക് മാത്രമേ ഉയരുവാൻ സാധിക്കുകയുള്ളൂ എന്നത് വസ്തുനിഷ്ഠമാണ്.

5. അടിസ്ഥാന സൗകര്യ അപര്യാപ്തത:

ജില്ല ഇന്ന് അഭിമുഖീകരിക്കുന്ന ഒരു പ്രധാന വെല്ലുവിളി ഗതാഗത സൗകര്യങ്ങൾ, മലിനജല സംസ്കരണം, വ്യവസായികാവശ്യത്തിനുള്ള വെള്ളത്തിന്റെ ലഭ്യത, അടിക്കടിയുള്ള വൈദ്യുതി തടസ്സങ്ങൾ, വ്യവസായത്തിന്റെ ഭാഗമായി പുറംതള്ളുന്ന അവശിഷ്ടങ്ങൾ നിർമ്മാർജ്ജനം ചെയ്യൽ എന്നീവയാണ്.

6. ഭൂമിയുടെ ലഭ്യത കുറവ്:

കേരളത്തിൽ ഏറ്റവും കൂടുതൽ ജനസാന്ദ്രത ഉള്ള ജില്ലയാണ് മലപ്പുറം. അതുകൊണ്ട തന്നെ ഗാർഹിക വാണിജ്യ ആവശ്യങ്ങൾക്ക് ശേഷം വ്യവസായിക ആവശ്യത്തിന് ഭൂമി കണ്ടെത്തുക എന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. ജനവാസം കൂടുതലുള്ള മേഖലകളിൽ വ്യവസായം വരുന്നതിനുള്ള എതിർപ്പും മറ്റൊരു ഘടകമാണ്. അതുകൊണ്ട തന്നെ ജനവാസം കുറഞ്ഞ മേഖലകളിൽ വ്യാവസായികാവശ്യത്തിന് ലഭ്യമായ ഭൂമി വളരെ കുറവാണ്.

7. വിപണന സൗകര്യമില്ലായ്മ:

പരമ്പരാഗതമായ ചന്തകൾ ഇന്ന് അന്യം നിന്നുകൊണ്ടിരിക്കുകയാണ്. ജില്ലയിൽ പൊതു വിപണന കേന്ദ്രങ്ങൾ വളരെ കുറവാണ്. പൊതു വിപണന സൗകര്യം ഒരു ജില്ലയുടെ വ്യവസായിക വാണിജ്യ പുരോഗതിക്ക് അത്യന്താപേക്ഷിതമാണ്. അതുപോലെ തന്നെ ബൃഹത്തായ ഒരു വിപണന സംവിധാനം ഇന്ന് ജില്ലയിൽ നിലവിലില്ല. പൊതുവായ എക്സ്ബിഷൻ/ഫെയർ എന്നിവയുടെ അഭാവവും ഒരു ന്യൂനതയായി അവശേഷിക്കുന്നു.

8. വൻകിട വ്യവസായ സ്ഥാപനങ്ങളുടെ കുറവ്:

വൻകിട വ്യവസായ സ്ഥാപനങ്ങൾ വളരെ കുറവാണ്. അതുകൊണ്ട് തന്നെ അനുബന്ധ വ്യവസായങ്ങൾക്കുള്ള സാധ്യതയും ആനുപാതികമായി കുറയും. ഉദാഹരണമായി, ഏതെങ്കിലും സ്ഥലത്ത് ഒരു റെയിൽവേ കോച്ച് ഫാക്ടറി വൻകിട വ്യവസായമായി വരുമ്പോൾ അതിന് അനുബന്ധമായി അപ്പോളിസ്റ്ററി, ലൈറ്റ് എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, ഫിറ്റ്നസ് തുടങ്ങി മറ്റു അനുബന്ധ സ്ഥാപനങ്ങൾ വളരുവാനുള്ള സാധ്യതയും വളരെ കൂടുതലാണ്.

ദീർഘകാല-ഹ്രസ്വകാല ലക്ഷ്യങ്ങൾ

ദീർഘകാല ലക്ഷ്യങ്ങൾ:

- അടുത്ത 15 വർഷത്തിനുള്ളിൽ ജില്ലയെ കേരളത്തിലെ ഏറ്റവും പ്രധാന വ്യവസായ-സൗഹൃദ-മൂലധന നിക്ഷേപ ജില്ലയാക്കി മാറ്റുക.
- ജില്ലയിലെ കാർഷിക വിഭവങ്ങളെ പൂർണ്ണമായും ഉപയോഗപ്പെടുത്തി വ്യവസായികോത്പാദനം ഇരട്ടിയായി വർദ്ധിപ്പിക്കുക.
- ജില്ലയിലെ പരമ്പരാഗത വ്യവസായിക ഉത്പന്നങ്ങൾക്ക് വൈവിധ്യവത്കരണത്തിലൂടെ വിപണി കണ്ടെത്തി പരിപോഷിപ്പിക്കുക.
- കുടുംബശ്രീ ഉത്പന്നങ്ങളുടെ വിപണി കണ്ടെത്തി സംരംഭങ്ങളിലെ സ്ത്രീ പങ്കാളിത്ത നിരക്ക് ഇരട്ടിയാക്കി വർദ്ധിപ്പിക്കുക.

ഹ്രസ്വകാല ലക്ഷ്യങ്ങൾ:

- എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ വ്യവസായ എസ്റ്റേറ്റുകൾ/പ്ലോട്ടുകൾ സ്ഥാപിച്ച് വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുക.
- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിലവിൽ വ്യവസായ ആവശ്യത്തിന് ഏറ്റെടുത്ത ഭൂമി പൂർണ്ണമായും വ്യവസായ ആവശ്യത്തിന് ഉപയോഗിക്കുക.
- അടുത്ത 5 വർഷത്തിനുള്ളിൽ പുതിയ 7500 എം.എസ്.എം.ഇ യൂണിറ്റുകൾ ആരംഭിക്കുക. ഇതിന്റെ ഭാഗമായി 1000 കോടിയുടെ മൂലധന നിക്ഷേപവും 45000 പേർക്ക് പുതിയതായി തൊഴിലവസരവും സൃഷ്ടിക്കുക.

4.1.8 സഹകരണ വകുപ്പ്

സഹകരണ പ്രസ്ഥാനത്തിലൂടെ

ജനങ്ങളുടെ അതിജീവനത്തിന് വേണ്ടിയുള്ള പോരാട്ടത്തിൽ അവർ സ്വയം കണ്ടെത്തിയതാണ് സഹകരണം എന്ന ആശയം. അതൊരു ജീവിതരീതിയാണ്. അനന്തമായ സാധ്യതകൾ ഉള്ള ഒരു പ്രസ്ഥാനമാണിത്. ഭാരതത്തിൽ സഹകരണ പ്രസ്ഥാനം രൂപം കൊള്ളുന്നത് ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായാണ്. ഓരോ തലമുറയും സഹകരണ പ്രസ്ഥാനത്തെ പുതുക്കി പണിതുകൊണ്ടിരിക്കുകയാണ്. സമത്വ സുന്ദരമായൊരു ലോകം സ്വപ്നം കണ്ട് ചൂഷണമില്ലാത്ത സാമൂഹിക സ്ഥിതിക്ക് വേണ്ടിയുള്ള ഭാരതീയന്റെ പോരാട്ടത്തിൽ സഹകരണ പ്രസ്ഥാനം ആവേശവും ആയുധവുമായി നിലകൊള്ളുന്നു.

കേരളമെന്ന സങ്കല്പം രൂപം കൊള്ളുന്നതിന് മുമ്പേ തന്നെ തിരുവതാംകൂറിലും, കൊച്ചിയിലും, മലബാറിലും സഹകരണ പ്രസ്ഥാനം വേരോടിയിരുന്നു. ഐക്യ കേരളത്തിന്റെ രൂപീകരണത്തോടു കൂടി സഹകരണ മേഖല കൂടുതൽ അഭിവൃദ്ധി പ്രാപിച്ചു. കേരളത്തിലെ സഹകരണ മേഖല പല കാലഘട്ടങ്ങളിലൂടെ വളർന്ന് രാജ്യത്തിന് തന്നെ മാതൃകയായ തരത്തിൽ എത്തി നില്ക്കുകയാണ്. ആഗോളവത്കരണ ഉദാരവത്കരണ നയങ്ങൾ സാധാരണ ജന ജീവിതം പ്രതിസന്ധിയിലാക്കുമ്പോൾ അത്തരമാളുകൾക്ക് ഒരു കൈത്താങ്ങായി, കേരളത്തിന്റെ നട്ടെല്ലായി, ജനങ്ങളുടെ പ്രസ്ഥാനമായി പ്രയാണം തുടരുകയാണ് സഹകരണ മേഖല. ഇന്ന് സഹകരണ മേഖല സാന്നിധ്യമറിയിക്കാത്ത സാമൂഹ്യ മേഖലകൾ ഇല്ലെന്ന് തന്നെ പറയാവുന്നതാണ്.

മലപ്പുറം ജില്ലയിൽ സഹകരണ പ്രസ്ഥാനം വളരെയധികം ശക്തി പ്രാപിച്ച നിലയിലാണ്. കേരളത്തിന് തന്നെ മാതൃകയായി നിലകൊള്ളുന്ന പല സഹകരണ സ്ഥാപനങ്ങളും ജില്ലയിൽ നിലവിലുണ്ട്.

പട്ടിക 4.1.8.1 : പ്രധാനമായും ബാങ്കിംഗ് ബിസിനസ് നടത്തുന്ന സംഘങ്ങളുടെ ഓഹരി, നിക്ഷേപം, വായ്പ (കോടിയിൽ)

ക്രമ നമ്പർ	സ്ഥാപനത്തിന്റെ തരം	ഓഹരി	നിക്ഷേപം	വായ്പ
1	ജില്ലാ സഹകരണ ബാങ്ക്	114.38	3698.09	2866.87
2	അർബൻ ബാങ്ക്	119.40	3352.44	2132.85
3	കാർഡ് ബാങ്ക്	24.01	22.83	466.99
4	പി എ സി എസ്	110.82	5218.17	4306.23
5	വനിത സഹകരണ സംഘങ്ങൾ	13.49	256.33	143.84
ആകെ		382.10	12547.86	9916.78

അവലബം : സഹകരണ വകുപ്പ്

4.1.9 കുടുംബശ്രീ

കേരള സർക്കാറിന്റെ സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ നടപ്പിലാക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന സ്ത്രീ ശാക്തീകരണ പദ്ധതിയാണ് കുടുംബശ്രീ. കുടുംബശ്രീ എന്ന വാക്കിന്റെ അർത്ഥം കുടുംബത്തിന്റെ ഐശ്വര്യം എന്നാണ്. സംസ്ഥാന സർക്കാർ നിയോഗിച്ച ശ്രീ എസ്.എം വിജയാനന്ദ്, ശ്രീ.റ്റി.എം. തോമസ് ഐസക്, ഡോ. പ്രകാശ് ബക്ഷി എന്നിവരുടെ മൂന്നംഗ ടാസ്ക്ക് ഫോഴ്സിന്റെ ശുപാർശ പ്രകാരമാണ് കുടുംബശ്രീ 1997-ൽ രൂപീകരിക്കപ്പെടുന്നത്. കുടുംബശ്രീ സംവിധാനത്തിന്റെ ഔപചാരികമായ ഉദ്ഘാടനം 1998 മെയ് 17-ന് മലപ്പുറം കോട്ടക്കുന്ന് മൈതാനിയിൽ അന്നത്തെ ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ അടൽ ബിഹാരി വാജ്പേയ് ആണ് നിർവ്വഹിച്ചത്. കേരള വികസനത്തിന്റെ നാഴിക കല്ലുകളായി കണക്കാക്കാവുന്ന ചില പദ്ധതികളായ അർബൻ ബേസിക് സർവ്വീസസ്, അർബൻ ബേസിക് സർവ്വീസസ് ഫോർ ദി പുവർ (UBSP) തുടങ്ങിയവയുടെ ചുവട് പിടിച്ചാണ് കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനം ഉണ്ടായി വന്നിട്ടുള്ളത്.

കുടുംബശ്രീ സംഘടനാ സംവിധാനത്തിന് മൂന്ന് തലങ്ങളാണ് ഉള്ളത്. അയൽക്കൂട്ടം, ഏരിയാ ഡവലപ്മെന്റ് സൊസൈറ്റി-എ.ഡി.എസ് (വാർഡ് തലം), കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി - സി.ഡി.എസ് (പഞ്ചായത്ത് തലം).

യു,ബി.എസ്, യു,ബി.എസ്.പി തുടങ്ങിയവയുടെ ഭാഗമായി ഉണ്ടായി വന്ന സാമൂഹ്യ സംഘടനാ സംവിധാനം ഒരു പരിധിയ്ക്കപ്പുറം പരാജയപ്പെട്ടെങ്കിലും ആലപ്പുഴയിൽ UNICEF സഹായത്തോടെ ആരംഭിച്ച കമ്മ്യൂണിറ്റി ബെയ്സ്ഡ് ന്യൂട്രിഷൻ പദ്ധതി (സി.ബി.എൻ.പി) മുമ്പെങ്ങുമില്ലാത്ത ശക്തിയാണ് സാമൂഹ്യ സംഘടനാ സംവിധാനത്തിലുണ്ടാക്കിയത്. 9 ക്ലേശ ഘടകങ്ങൾ തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിലാണ് സി.ബി.എൻ.പി-യിൽ ദരിദ്ര കുടുംബങ്ങളെ കണ്ടെത്തിയത്. 09 ക്ലേശ ഘടകങ്ങളിൽ നാലെണ്ണമെങ്കിലും ബാധകമായവരെ ദരിദ്രരായി കണക്കാക്കുന്നതിലൂടെ സാമൂഹ്യ വളണ്ടിയർമാരെ ദാരിദ്ര്യത്തിന്റെ ബഹുമുഖ കാരണങ്ങൾ കണ്ടെത്തുന്നതിന് സഹായിക്കുകയും ചെയ്തു. 1994-ഓടെയാണ് ആലപ്പുഴയിൽ മിതവ്യയ സമ്പാദ്യ-വായ്പ സൊസൈറ്റികൾ ആരംഭിക്കപ്പെടുന്നത്. ഇവ ദരിദ്രരുടെ അനൗപചാരിക ബാങ്കായി മാറി.

ആലപ്പുഴയിൽ സി.ഡി.എസ് മോഡൽ നഗരാധിഷ്ഠിതമായ ഒന്നായിരുന്നു. എന്നാൽ, മലപ്പുറം സി.ഡി.എസ് മോഡൽ സി.ബി.എൻ.പി-യ്ക്കും പോവർട്ടി അലീവിയേഷൻ പ്രോഗ്രാമിനും (പി.എ.പി) ഒരേ തന്ത്രം പ്രയോഗിച്ചു. ആലപ്പുഴ മോഡലുമായുള്ള സാമ്യം രണ്ടിനും UNICEF സഹായം ഉണ്ടായിരുന്നു എന്നതാണ്. മലപ്പുറം ജില്ലയിൽ 1994 സെപ്തംബർ മുതൽ ഈ സംവിധാനം ആരംഭിച്ചു. ആലപ്പുഴ മോഡലിൽ നിന്നും വ്യത്യസ്തമായി മലപ്പുറം മോഡലിന് പഞ്ചതല സംവിധാനമായിരുന്നു. അയൽക്കൂട്ടം, വാർഡ് തല എ.ഡി.എസ്, പഞ്ചായത്ത് തല സി.ഡി.എസ്, ബ്ലോക്ക് തല സി.ഡി.എസ്, ജില്ലാതല സി.ഡി.എസ്. ജില്ലാതല സി.ഡി.എസ് രജിസ്റ്റർ ചെയ്ത ചാരിറ്റബിൾ സൊസൈറ്റിയായിരുന്നു. ജില്ലാതല സി.ഡി.എസിന്റെ തലവൻ ജില്ലാ കലക്ടറായിരുന്നു. സാമൂഹ്യ സംഘടനാ സംവിധാനം കെട്ടിപ്പടുക്കുന്നതിന് ചുക്കാൻ പിടിച്ചത് സമ്പൂർണ്ണ സാക്ഷരതാ മിഷന്റെ

വോളണ്ടിയർമാർ ആയിരുന്നു. ചാലക ശക്തിയായി UNICEF- ഉം നിരന്തര സഹായവുമായി NABARD-ഉം ഒപ്പമുണ്ടായിരുന്നു. തുടർന്ന്, 1998-ലാണ് കുടുംബശ്രീ എന്ന പേരിൽ തിരു-കൊച്ചി ലിറ്ററസി, സയന്റിഫിക് & ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് 1995 പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സംസ്ഥാന ദാരിദ്ര്യ നിർമ്മാജ്ജന മിഷൻ രൂപീകൃതമാവുന്നത്. മലപ്പുറം മോഡലിൽ നിന്നും വ്യത്യസ്തമായി കുടുംബശ്രീയ്ക്ക് അയൽക്കൂട്ടം, എ.ഡി.എസ്. സി.ഡി.എസ് എന്നിങ്ങനെ മൂന്ന് തലങ്ങളാണ് ഉള്ളത്. രണ്ടായിരത്തോടെ 262 ഗ്രാമ പഞ്ചായത്തുകളിലേയ്ക്കും സി.ഡി.എസ് സംവിധാനം വ്യാപിപ്പിച്ചു. രണ്ടായിരത്തി മൂന്നോടെ കേരളത്തിലെ മുഴുവൻ തദ്ദേശ ഭരണ സ്ഥാപനങ്ങളിലേക്കും കുടുംബശ്രീ സംവിധാനമെത്തി.

മിഷൻ സ്റ്റേറ്റ്മെന്റ്സ്

ലഭ്യമായ സേവനങ്ങളുടെയും വിഭവങ്ങളുടെയും ആവശ്യാധിഷ്ഠിത സംയോജനവും സ്വയം സഹായ മനോഭാവവും കൂട്ടിയോജിപ്പിക്കുന്നതിന് ദരിദ്രരുടെ സംഘടനാ സംവിധാനത്തെ പ്രാപ്തമാക്കി, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സാമൂഹ്യാധിഷ്ഠിത പ്രവർത്തനത്തിലൂടെ പത്ത് വർഷം കൊണ്ട് കേവല ദാരിദ്ര്യത്തെ ഇല്ലായ്മ ചെയ്യുക.

മിഷൻ ഉത്തരവാദിത്തം

സംസ്ഥാനത്തുടനീളം ദാരിദ്ര്യ നിർമ്മാർജ്ജന-സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത് കുടുംബശ്രീ മിഷനാണ്. സർക്കാർ പോളിസി അനുസരിച്ച് പ്രവർത്തനങ്ങൾക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങളും ദിശാബോധവും നൽകേണ്ട ഉത്തരവാദിത്തവും മിഷനാണ്. സാമൂഹ്യ സംഘടനാ സംവിധാനത്തിന്റെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും സംയോജനം ഉറപ്പാക്കുന്നതിൽ മുഖ്യ പങ്ക് വഹിക്കുന്നതും മിഷനാണ്. സംസ്ഥാന-ജില്ലാ തലങ്ങളിൽ മറ്റ് വകുപ്പുകളുമായുള്ള സംയോജനത്തിനുള്ള വേദി ഒരുക്കുന്നതും മിഷനാണ്.

മിഷൻ ചുമതലകൾ

- സാമൂഹ്യ സംഘടനാ സംവിധാനത്തിന്റെ വിപുലീകരണവും പ്രോത്സാഹനവും.
- സാമൂഹ്യ-സാമ്പത്തിക ശാക്തീകരണ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക - സാങ്കേതിക സഹായങ്ങൾ നൽകുക.
- സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളിലൂടെ സ്ത്രീകളുടെ പൗരബോധം വളർത്തുക.

മിഷൻ-ഭരണ ഘടന

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി ചെയർമാനായും തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വൈസ് ചെയർമാനായും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കൺവീനറായുമുള്ള ഗവേണിംഗ് ബോഡിയാണ് കുടുംബശ്രീയുടെ ഭരണപരമായ കാര്യങ്ങളിൽ തീരുമാനങ്ങൾ കൈക്കൊള്ളുന്നത്.

മിഷന്റെ ഭരണപരമായ കാര്യങ്ങൾ നിയന്ത്രിക്കുന്നതിന് തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കൺവീനറായുമുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുമുണ്ട്.

ഒരു സംസ്ഥാന മിഷനും 14 ജില്ലാ മിഷനുകളുമാണ് കുടുംബശ്രീ മിഷനുള്ളത്. ജില്ലാ മിഷൻ കോ-ഓർഡിനേറ്ററാണ് ജില്ലയുടെ ചുമതല വഹിക്കുന്നത്. അതിന് താഴെ വിവിധ വിഷയ മേഖലകൾ കൈകാര്യം ചെയ്യുന്നതിനായി അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാരുണ്ട്.

പട്ടിക 4.1.9.1 : പൊതു വിവരങ്ങൾ

ക്രമ നം	പൊതു വിവരങ്ങൾ	എണ്ണം
1.	ആകെ സിഎസ്.ഡി.	110
2.	ആകെ എഎസ്.ഡി.	2257
3.	ആകെ അയൽക്കൂട്ടം	24842
4.	ആകെ അംഗങ്ങൾ	412110
5.	ബിഎ.പി.ൽ	245125
6.	എഎ.പി.ൽ	166985
7.	ഭിന്നശേഷി അയൽക്കൂട്ടം	235
8.	ന്യൂനപക്ഷ അയൽക്കൂട്ടം	9586
9.	വയോജന അയൽക്കൂട്ടം	419
10.	പട്ടിക ജാതി അയൽക്കൂട്ടം	1839
11.	പട്ടിക വർഗ്ഗഅയൽക്കൂട്ടം	77
12.	തീരദേശ അയൽക്കൂട്ടം	713
13.	എസ്സി.	35086
14.	എസ്ടി.	1167
15.	ബാലസഭ	3516
16.	കുട്ടികളുടെ എണ്ണം	50282
17.	കൃഷി ഗ്രൂപ്പുകൾ	5241
18.	അംഗങ്ങൾ	21096
19.	വിസ്തൃതി	7107.02 ഏക്കർ

അവലംബം: കുടുംബശ്രീ വാർഷിക റിപ്പോർട്ട് 2017

കുടുംബശ്രീ പ്രവർത്തന മേഖലകൾ

കുടുംബശ്രീയെന്നത് സമൂഹം വ്യത്യസ്ത കണ്ണുകളിലൂടെയാണ് നോക്കികാണുന്നത്. ചിലർക്ക് അത് സംസ്ഥാന സർക്കാറിന്റെ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയാണ്. ചിലർക്ക് അത് സാമൂഹ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകളുടെ കൂട്ടായ്മയാണ്. ചിലരെ സംബന്ധിച്ചിടത്തോളം കുടുംബശ്രീയെന്നത് ഇപ്പോഴും യൂണിഫോമിട്ട് അവരുടെ വീട്ടുപടിക്കൽ മാലിന്യം ശേഖരിക്കാനെത്തുന്ന സ്ത്രീകളാണ്. ഒരു വിഭാഗം പുരുഷൻമാരെങ്കിലും സ്ത്രീകളെ അഹങ്കാരികളാക്കുന്ന ഒരനാവശ്യ വേദിയായി കുടുംബശ്രീയെ കാണുന്നു. ചില രാഷ്ട്രീയക്കാർ കുടുംബശ്രീയെ പാവങ്ങളിലേയ്ക്കെത്താനുള്ള എളുപ്പ വഴിയായി കാണുന്നു. ചിലർ കുടുംബശ്രീയെ തീരുമാനമെടുക്കൽ പ്രക്രിയയ്ക്ക് തടസ്സമായും മറ്റു ചിലർ സ്ത്രീകൾക്ക് രാഷ്ട്രീയത്തിലേയ്ക്ക് കടക്കാനുള്ള ഒരു വേദിയായും കുടുംബശ്രീയെ കാണുന്നു. പക്ഷേ, പലർക്കും കുടുംബശ്രീയെന്നത് ഒരനുഗ്രഹമാണ് – വിശക്കുന്നവന് ഭക്ഷണവും രോഗഗ്രസ്തന് മരുന്നും കഷ്ടപ്പെടുന്നവന് സഹായഹസ്തവുമാണ്. എന്നാൽ, ഇതിൽ നിന്നൊക്കെ വളരെ വ്യത്യസ്തവും വിപുലവുമാണ് കുടുംബശ്രീയുടെ പ്രവർത്തന മേഖല.

ഉത്പാദന മേഖല

1. കുടുംബശ്രീ മൈക്രോ ഫിനാൻസ്

അയൽക്കൂട്ടങ്ങളുടെ ആഴ്ചതോറുമുള്ള യോഗങ്ങളിൽ അവർ സ്വരൂപിക്കുന്ന മിതവ്യയ സമ്പാദ്യവും ഒരു അയൽക്കൂട്ടാംഗത്തിന് അവരുടെ അടിയന്തര പ്രാധാന്യമുള്ള ഏതു കാര്യത്തിനും വിനിയോഗിക്കുന്നതിന് വേണ്ടി നൽകുന്ന ആന്തരിക വായ്പയുമാണ് പ്രാഥമിക മൈക്രോ ഫിനാൻസ് പ്രവർത്തനങ്ങൾ. ഇതു കൂടാതെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന അയൽക്കൂട്ടങ്ങൾക്ക് അവരുടെ സമ്പാദ്യത്തിന് ആനുപാതികമായി ബാങ്കിൽ നിന്നും ലിങ്കേജ് വായ്പ ലഭിക്കുന്നു. ഗ്രേഡിംഗ് നടത്തിയാണ് പ്രവർത്തനം വിലയിരുത്തുന്നത്. അയൽക്കൂട്ടാംഗങ്ങൾക്ക് തങ്ങളുടെ കുടുംബത്തിലെ ആശുപത്രി ചിലവ്, കുട്ടികളുടെ വിദ്യാഭ്യാസം, കല്ല്യാണം തുടങ്ങി ഏതാവശ്യങ്ങൾക്കും ഈ തുക വിനിയോഗിക്കാം.

ലഘു സമ്പാദ്യം പ്രോത്സാഹിപ്പിക്കുന്നതിനും ആന്തരിക വായ്പാ പ്രവർത്തനത്തെ ശക്തിപ്പെടുത്തുന്നതിനും ബാങ്ക് ലിങ്കേജ് വായ്പാ സൗകര്യം പ്രയോജനപ്പെടുത്തുന്നതിനും കുടുംബശ്രീയിൽ നിന്നും അയൽക്കൂട്ടങ്ങൾക്ക് ഒരു പ്രോത്സാഹന തുക നൽകി വരുന്നു-മാച്ചിംഗ് ഗ്രാന്റ്. ബാങ്ക് ലിങ്കേജ് നടത്തിയ അയൽക്കൂട്ടങ്ങളുടെ സമ്പാദ്യത്തിന്റെ 10% (പരമാവധി 5000/-) രൂപയാണ് മാച്ചിംഗ് ഗ്രാന്റായി മിഷനിൽ നിന്നും നൽകുന്നത്.

കൂടാതെ ലിങ്കേജ് വായ്പ അയൽക്കൂട്ടങ്ങൾക്ക് 4% പലിശയ്ക്കാണ് ലഭ്യമാക്കുന്നത്. (3 ലക്ഷം വരെയുള്ള വായ്പകൾക്ക്) 8.5% വരെ പലിശയാണ് സബ്സിഡിയായി നൽകുന്നത് (പരമാവധി 12.5% വരെ പലിശയുള്ള വായ്പകൾക്ക് മാത്രം).

ഇതുകൂടാതെ അയൽക്കൂട്ടങ്ങൾക്ക് 10,000/- രൂപ മുതൽ 15,000-/ രൂപ വരെ മിഷനിൽ നിന്നും റിവോൾവിംഗ് ഫണ്ടായും നൽകുന്നുണ്ട്. ആന്തരിക വായ്പാ പ്രവർത്തനങ്ങൾക്കാണ് ഈ തുക വിനിയോഗിക്കാൻ കഴിയുന്നത്.

കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ടായി സി.ഡി.എസിന് ജില്ലാ മിഷനിൽ നിന്നും നൽകുന്ന തുകയിൽ നിന്നും പരമാവധി 50,000/- രൂപ വരെ അയൽക്കൂട്ടങ്ങൾക്ക് ലഭിക്കാൻ അർഹതയുണ്ട്. നിശ്ചിത പലിശ സഹിതം (8%) ഈ തുക സി.ഡി.എസിലേയ്ക്ക് തിരിച്ചടയ്ക്കണം.

അയൽക്കൂട്ടങ്ങൾ നേരിടുന്ന ആകസ്മിക പ്രശ്നങ്ങൾ നേരിടാൻ അടിയന്തര സഹായമെന്ന നിലയ്ക്ക് എ.ഡി.എസ് മുഖേന വൾണറബിലിറ്റി റിഡക്ഷൻ ഫണ്ട് നൽകി വരുന്നുണ്ട്. പരമാവധി 15000/- രൂപ വരെയാണ് ഒരു അയൽക്കൂട്ടത്തിന് ലഭിക്കുന്നത്. ഇത് അയൽക്കൂട്ടത്തിലെ ഒരംഗത്തിനോ അയൽക്കൂട്ടാംഗങ്ങൾക്ക് മുഴുവനായോ നൽകാവുന്നതാണ്.

വിവിധ വർഷങ്ങളിൽ ഗ്രേഡ് ചെയ്യപ്പെട്ട അയൽകൂട്ടങ്ങളുടെ എണ്ണം, ലിങ്ക് ചെയ്യപ്പെട്ട അയൽകൂട്ടങ്ങളുടെ എണ്ണം, വിതരണം ചെയ്ത വായ്പാ തുക (ലക്ഷത്തിൽ) എന്നിവ താഴെ കൊടുത്തിരിക്കുന്നു.

പട്ടിക :4.1.9.2 : ലിങ്കേജ് ബാങ്കിംഗ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അയൽ കൂട്ടങ്ങളുടെ ജില്ലാതല വിശദാംശങ്ങൾ

വർഷം	ഗ്രേഡ് ചെയ്യപ്പെട്ട അയൽകൂട്ടങ്ങളുടെ എണ്ണം	ലിങ്ക് ചെയ്യപ്പെട്ട അയൽകൂട്ടങ്ങളുടെ എണ്ണം	വിതരണം ചെയ്ത വായ്പാ തുക (ലക്ഷത്തിൽ)
2015-16	3614	3771	10296.00
2016-17	1525	1438	4111.00
2017-18	1940	1638	6198.00

അവലംബം: കുടുംബശ്രീ റിപ്പോർട്ട് 2017

ചിത്രം 4.1.9.1 : ഗ്രേഡ് ചെയ്യപ്പെട്ട അയൽക്കൂട്ടങ്ങളുടെ എണ്ണം



അവലംബം: കുടുംബശ്രീ റിപ്പോർട്ട് 2017

ചിത്രം 4.1.9.2 : ലിങ്ക് ചെയ്യപ്പെട്ട അയൽക്കൂട്ടങ്ങളുടെ എണ്ണം



അവലംബം: കുടുംബശ്രീ റിപ്പോർട്ട് 2017

പട്ടിക 4.1.9.3 : സമ്പാദ്യത്തിന്റെയും വായ്പയുടെയും ജില്ലാ തല അവലോകനം– 2017 കുടുംബശ്രീ റിപ്പോർട്ട്

വർഷം	ആകെ സിഎസ്.ഡി.	ആകെ ഏഡി എസ്.	ആകെ അയൽക്കൂട്ടം	ആകെ അംഗങ്ങൾ	ആകെ സമ്പാദ്യം (കോടിയിൽ)	ആകെ ലോൺ
2015-16	110	2225	22320	3,34,920	298	1299
2016-17	110	2225	24480	3,67,351	320	1324
2017-18	110	2225	26482	3,98,242	361	1367

അവലംബം: കുടുംബശ്രീ റിപ്പോർട്ട് 2017

ചിത്രം 4.1.9.3 : കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങളുടെ ആകെ സമ്പാദ്യം



അവലംബം: കുടുംബശ്രീ റിപ്പോർട്ട് 2017

വികസന പരിപ്രേക്ഷ്യം

മേൽ സൂചിപ്പിച്ച നേട്ടങ്ങൾ എല്ലാം ഉണ്ടായിട്ടുണ്ടെങ്കിൽ തന്നെയും കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ സമ്പാദ്യം പൂർണ്ണമായും ബാങ്ക്, ലിങ്കേജ് വായ്പാ തുകയും ഉത്പാദന മേഖലയിലോ ഉപജീവന സ്വയം തൊഴിൽ സംരംഭങ്ങളിലോ മൂലധന നിക്ഷേപമായി മാറിയിട്ടില്ല. ആയതുകൊണ്ട് തന്നെ വരും നാളുകളിൽ കുടുംബശ്രീ ഇടപെടൽമൂലം അയൽക്കൂട്ടങ്ങളുടെ സമ്പാദ്യവും ബാങ്ക് ലിങ്കേജ് വായ്പാ തുകയും ഉത്പാദന മേഖലയിൽ ഉപജീവന സ്വയം തൊഴിൽ സംരംഭ മേഖലയിൽ മൂലധന നിക്ഷേപമായി മാറുന്നതിന് ആസൂത്രിതമായ ഇടപെടൽ നടത്തുകയും പ്രത്യേക പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്യേണ്ടതുണ്ട്.

നേട്ടങ്ങൾ

കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ ആകെ സമ്പാദ്യം 3679 കോടി രൂപയും മലപ്പുറം ജില്ലയുടേത് 361 കോടി രൂപയുമാണ്. (അവലംബം കുടുംബശ്രീ വാർഷിക റിപ്പോർട്ട്) ആകെ ബാങ്ക് വായ്പ 1367 കോടി രൂപയാണ്.

സാമ്പത്തിക ശാക്തീകരണ രംഗത്ത് കുടുംബശ്രീയുടെ ഇടപെടൽ മൂലം താഴെ പറയുന്നവ വനിതകളുടെയും കുടുംബത്തിന്റെയും നേട്ടങ്ങളായി വിലയിരുത്താവുന്നതാണ്.

1. മിച്ചം വെക്കുന്നതിലും സമ്പാദ്യ ശീലം കൈവരിക്കുന്നതിലും ഉണ്ടായിട്ടുള്ള വർദ്ധനവ്.
2. പണം കൈകാര്യം ചെയ്യുന്നതിലും കണക്കുകൾ സൂക്ഷിക്കുന്നതിലും വനിതകൾ നേടിയിട്ടുള്ള അറിവ്.
3. സാമ്പത്തിക സാക്ഷരത കൈവരിക്കുന്നതിലും ബാങ്കുകളുടെ സേവനം ഉപയോഗപ്പെടുത്തുന്നതിലും ഉണ്ടായിട്ടുള്ള വർദ്ധനവ്.
4. കുടുംബത്തിന്റെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിൽ കുടുംബനാഥയുടെ പങ്കിൽ വന്നിട്ടുള്ള വർദ്ധനവ്.
5. പ്രാദേശിക വട്ടി പലിശക്കാരുടെ ചൂഷണങ്ങളിൽ നിന്ന് ഒരു പരിധി വരെ വിടുതൽ നേടുന്നതിൽ വന്നിട്ടുള്ള വർദ്ധനവ്.

സംഘകൃഷി (മഹിളാ കിസാൻ സശാക്തീകരൺ പരിയോജന)

കുടുംബശ്രീ കാർഷിക രംഗത്തുള്ള ഇടപെടൽ കാരണം വനിത കാർഷിക തൊഴിലാളി എന്നതിൽ നിന്ന് തരിശ്ശു ഭൂമി പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്നതിലേക്ക് വളർന്നു. ഒറ്റയ്ക്കും കൂട്ടായും തരിശ്ശു ഭൂമിയിൽ കൃഷി ചെയ്യുന്നതിൽ നിന്നും സംഘകൃഷിയിലേക്ക് വളരുകയും ഈ കൃഷി സംഘങ്ങൾക്ക് സംഘടിത രൂപമുണ്ടാക്കുന്നതിനായി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ (ജെ.എൽ.ജി) രൂപീകരിക്കുകയും പ്രവർത്തനങ്ങളെ കൂടുതൽ വ്യവസ്ഥാപിതമാക്കുകയും ചെയ്തു. ജെ.എൽ.ജി ഗ്രൂപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി മാസ്റ്റർ ഫാർമർ, ജീവകൃഷി ഗ്രൂപ്പ്, പ്രൊഡ്യൂസർ കമ്പനി എന്നീ നിലയിലേക്ക് വളരുകയും കാർഷിക വൃത്തിയെ കൂടുതൽ ആദായമാക്കുന്നതിലും വിപണന രംഗത്ത് പുതിയ സാധ്യതകൾ തുറക്കുന്നതിലുമുള്ള ഇടപെടലുകൾ നടത്തുകയും ചെയ്തു. ആയതിന്റെ ഭാഗമായി കോമൺ ഫെസിലിറ്റി സെന്ററുകൾ ആരംഭിച്ചു. വിപണനം ഉറപ്പാക്കുന്നതിനായി ദിവസ ചന്തകൾ, ആഴ്ച ചന്തകൾ, മാസചന്തകൾ, സീസൺ ചന്തകൾ എന്നിങ്ങനെയുള്ള വിപണന സാധ്യതകളെ ഉപയോഗപ്പെടുത്തുന്നതിനും കാർഷിക രംഗത്ത് സാധിച്ചു.

കാർഷിക പ്രവർത്തനങ്ങൾ

അയൽക്കൂട്ട പ്രദേശങ്ങളിലെ കൃഷിയോഗ്യമായ ഭൂമി ഉപയുക്തമാക്കിയുള്ള കൃഷിയിലൂടെ സമൂഹത്തിലെ പാവപ്പെട്ട വനിതകൾക്ക് വരുമാന മാർഗ്ഗം സൃഷ്ടിക്കുന്ന പ്രവർത്തനമാണ് സംഘകൃഷി. കൃഷിക്കനുസരിച്ചുള്ള ഇൻസെന്റീവ് കുടുംബശ്രീ മിഷനിൽ നിന്നും ഈ പദ്ധതി പ്രകാരം നൽകപ്പെടുന്നു.

പരിമിതമായി നടക്കുന്ന കൃഷി പ്രവർത്തനങ്ങളെ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ(ജെ.എൽ.ജി) എന്ന നിലയിൽ വിപുലീകരിച്ച് കൂടുതൽ ധനപരവും സാങ്കേതികവുമായ സഹായങ്ങൾ നൽകുക, കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ സാമൂഹ്യ നിയന്ത്രണത്തിലൂടെ കൂടുതൽ സുതാര്യത ഉറപ്പു വരുത്തുക, തുടങ്ങിയവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.

മാത്രമല്ല കാർഷിക രംഗത്തെ സ്ത്രീകൾക്ക് ആധുനിക അറിവും വിജ്ഞാനവും നൽകുന്നതിനായി കുടുംബശ്രീ മിഷന്റെ സഹായത്തോടെ പഞ്ചായത്ത് തലത്തിൽ ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്ററുകളും (എഫ്.എഫ്.സി) പ്രവർത്തിച്ചുവരുന്നു. ഫീൽഡ് തലത്തിൽ കൃഷി ഗ്രൂപ്പുകൾക്ക് വേണ്ട പിന്തുണാ സഹായം ഏറ്റവും വ്യാപകമായ നിലയിൽ ഏതു മാസവും ലഭിക്കാവുന്ന രീതിയിൽ 20 ഗ്രൂപ്പുകൾക്ക് ഒരാൾ എന്ന നിലയിൽ മാസ്റ്റർ ഫാർമർ സംവിധാനവും ഉണ്ട്. കർഷകർക്ക് വേണ്ട വിജ്ഞാന പ്രദമായ അറിവുകളും കാർഷിക സംബന്ധമായ മറ്റ് സഹായങ്ങളും പ്രാദേശികമായി ലഭ്യമാക്കുന്നതിനുള്ള കണ്ണികളായും ഇവർ പ്രവർത്തിക്കുന്നു.

കൃഷി ഗ്രൂപ്പുകൾക്ക് കാർഷികാവശ്യങ്ങൾക്കായി ബാങ്കുകളിൽ നിന്നും 7% വരെ പലിശ നിരക്കിൽ ഒരു വർഷത്തേയ്ക്ക് കാർഷിക വായ്പകൾ വഭ്യമാക്കുന്നുണ്ട്. ഒരു ലക്ഷം വരെയുള്ള വായ്പ തുകയ്ക്ക് 5% വരെ പലിശയിളവ് കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും ലഭ്യമാകുന്നതാണ്. കുടുംബശ്രീ കാർഷിക കൂട്ടായ്മയുടെ പ്രവർത്തനങ്ങളിൽ സുതാര്യതയും കൃത്യതയും ഉറപ്പുവരുത്തുന്നതിനായി

ജെ.എൽ.ജി ഇവാല്യുവേഷൻ ഏജന്റ് അഥവാ ജീവ ടീമിനെ നിയോഗിച്ചിട്ടുണ്ട്. തരിശ് ഭൂമി കൃഷി യോഗ്യമാക്കുന്നതിനും ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കുടുംബശ്രീ കർഷകർക്ക് പ്രോത്സാഹനമായി വിസ്തൃതിയുടെയും വിളയുടെയും അടിസ്ഥാനത്തിൽ കാർഷിക ഇൻസെന്റീവ് നൽകുന്നുണ്ട്.

പട്ടിക 4.1.9.4 : കാർഷിക ഇൻസെന്റീവ് (ഹെക്ടറിന്)

ക്രമ നമ്പർ	വിള	കാർഷിക ഇൻസെൻറീവ്സ് (ഹെക്ടറിൽ)			
		സ്വന്തം ഭൂമി		പാട്ടഭൂമി	
		പാരമ്പര്യ മായുള്ളത്	വിഷ രഹിതമായത്	പാരമ്പര്യ മായുള്ളത്	വിഷ രഹിതമായത്
1	നെല്ല്	8000	8500	9600	10200
2	സുഗന്ധനെല്ല് (ജൈവ കൃഷി)	8000	8500	9600	10200
3	മരച്ചീനി	4000	4500	4500	4950
4	പന്തൽ പച്ചക്കറി (പാവയ്ക്ക, പയർ, ചുരയ്ക്ക, കോവൽ മുതലായവ)	8000	11200	8800	12000
5	പന്തൽ വേണ്ടാത്ത പച്ചക്കറികൾ (ചീര, വഴുതന, മുതലായവ)	7000	9800	7700	10580
6	ശീതകാല പച്ചക്കറികൾ	7000	7500	7700	8250
7	നേന്ത്രവാഴ (2500 എണ്ണം)	5000	6000	5500	6600
8	വാഴ, പൂവൽ, ഞാലിപ്പൂവൻ, പാളയൻതോടൻ(2000 എണ്ണം)	5000	6000	5500	6600
9	ചെങ്കദളി (2000 എണ്ണം)	5000	6000	5500	6600
10	പയറു വർഗ്ഗങ്ങൾ, എണ്ണ കുരുക്കൾ	6000	6500	6600	7150
11	കൈതച്ചക്ക	6000	6500	6600	7150
12	ഇഞ്ചി, മഞ്ഞൾ	6000	6500	6600	7150
13	കൂവ	5000	5500	5500	6050
14	ചേന ചേമ്പ്, കാച്ചിൽ	5000	5500	5500	6050
15	മധുരക്കിഴങ്ങ്, മറ്റ കിഴങ്ങ് വർഗ്ഗങ്ങൾ	5000	5500	5500	6050
16	കച്ചോല		6500		7150
	ഔഷധ സസ്യങ്ങൾ (കാർഷിക വിള)				
17	ബ്രഹ്മി		5000		5500
18	ചിറ്റരത്ത		6000		6600
19	കോളിയസ്		5000		5500
20	കറ്റാർവാഴ		5000		5500
21	തിപ്പല്ലി		5500		6050
22	തുളസി		3000		3300
23	ശതാവരി		5000		5500
	ഔഷധ സസ്യങ്ങൾ (ബഹു വർഷ വിള)				
24	പട്ട		6500		7150
25	ഇഞ്ചിപ്പുല്ല്		4000		7700

ക്രമ നമ്പർ	വിള	കാർഷിക ഇൻസെൻറീവ്സ് (ഹെക്ടറിൽ)			
		സ്വന്തം ഭൂമി		പാട്ടഭൂമി	
		പാരമ്പര്യ മായുള്ളത്	വിഷ രഹിതമായ ത്	പാരമ്പര്യ മായുള്ളത്	വിഷ രഹിതമായത്
26	ആടലോടകം		7000		7700
27	കിരിയാത്ത്		4000		4400
28	പുത്തിരിച്ചുൺ		4000		4400
29	നീല അമരി		4000		4400
30	തീറ്റപ്പുല്ല്		4000		4400
31	വെറ്റില				
	5 സെന്റിന്		450		495
	10 സെന്റിന്		500		550
32	മൾബറി		500		550
33	കരിമ്പ്	7000	7500	8000	8500

അവലംബം: കുടുംബശ്രീ റിപ്പോർട്ട് 2017

കുടുംബശ്രീ ഭക്ഷ്യ സുരക്ഷ പദ്ധതിയിലൂടെ ഭക്ഷ്യ സുരക്ഷയ്ക്ക് എന്റെ കൃഷി എന്ന ആശയം കുടുംബശ്രീ കൂട്ടായ്മയിലൂടെ എല്ലാ അയൽക്കൂട്ടങ്ങളിലേക്കും എത്തിക്കുന്നതിനും അതുവഴി എല്ലാവരെയും തങ്ങൾക്ക് ആവശ്യമുള്ള പച്ചക്കറികൾ ഉത്പാദിപ്പിക്കുന്നതിന് പ്രാപ്തരാക്കാനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നുണ്ട്. 25 സെന്റ് വരെ കൃഷി ചെയ്യുന്ന ഗ്രൂപ്പുകളോ ഗ്രോ ബാഗുകളിൽ ചെറിയ അളവുകളിൽ കൃഷി ചെയ്യുന്ന ഗ്രൂപ്പുകളോ ആയിട്ടാണ് ഈ പ്രവർത്തനം നടന്നുവരുന്നത്.

പട്ടിക 4.1.9.5 : കുടുംബശ്രീ സംഘ കൃഷി ഗ്രൂപ്പുകളുടെ വാർഷിക ഉത്പാദനം

വിള	2011-12	2012-13	2013-14	2014-15	2015-16	2016-17
നെല്ല്	4684	5688.12	6723.59	7324.27	7388.43	7924.22
പച്ചക്കറി	2331.52	10132.62	32666.6	41324.52	47219.17	48932.55
മറ്റുളളവ	5785.17	6017.84	7521.72	8734.33	9134.44	9874.91

അവലംബം: കുടുംബശ്രീ റിപ്പോർട്ട് 2017

ചിത്രം 4.1.9.4 : കുടുംബശ്രീ സംഘ കൃഷി ഗ്രൂപ്പുകളുടെ വാർഷിക ഉല്പാദനം



അവലംബം: കുടുംബശ്രീ റിപ്പോർട്ട് 2017

പട്ടിക 4.1.9.6 : കുടുംബശ്രീ സംഘ കൃഷി ഗ്രൂപ്പുകളുടെ എണ്ണം

	2013-14	2014-15	2015-16	2016-17	2017-18
ആകെ JLG*	1921	2534	3436	4736	5241
വർദ്ധനവ്		613	902	1352	453
ശതമാനം		31%	35%	39%	9%

അവലംബം: കുടുംബശ്രീ റിപ്പോർട്ട് 2017-* joint liability groups.

ചിത്രം 4.1.9.5 : ആകെ ജെ.എൽ ജി



അവലംബം: കുടുംബശ്രീ റിപ്പോർട്ട് 2017

മൃഗസംരക്ഷണ മേഖല

മൃഗ സംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾ കൂടുതൽ ആളുകളിലേയ്ക്ക് എത്തിക്കുന്നതിനും മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ചെറുകിട സംരംഭകരെ ഏകോപിപ്പിക്കുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം നൽകുകയുമാണ് Support for Animal Husbandry Initiatives (SAHI) എന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ആദ്യഘട്ടത്തിൽ നിലവിൽ അയൽക്കൂട്ടാംഗങ്ങളും രണ്ട് കറവ പശുക്കളുമുള്ള കർഷകരെ ഗ്രൂപ്പുകളാക്കി അവർക്ക് ആവശ്യമായ പ്രവർത്തന ഫണ്ട് കുറഞ്ഞ പലിശ നിരക്കിൽ കുടുംബശ്രീ സംഘടനാ സംവിധാനത്തിലൂടെ നൽകുകയാണ് ചെയ്യുന്നത്.

നേരിടുന്ന പ്രശ്നങ്ങളും പരിഹാരങ്ങളും

i) വാടകക്ക് കൃഷി ചെയ്യുന്ന ഭൂമിയുടെ രേഖകളൊന്നും ഉടമസ്ഥരിൽ നിന്നും കിട്ടാത്ത അവസ്ഥ. അതേ കൃഷി ഭൂമി തന്നെ അടുത്ത തവണ കൃഷിക്ക വേണ്ടി ലഭിക്കാത്ത അവസ്ഥയും ഉടമസ്ഥൻ ഓരോ തവണയും കൂട്ടുന്ന വാടക നിരക്ക് പലരേയും കൃഷിയിൽ നിന്നും പിന്തിരിപ്പിക്കുന്നു.

പരിഹാര മാർഗ്ഗം: പഞ്ചായത്തിൽ കൃഷി ചെയ്യാതിട്ടിരിക്കുന്ന ഭൂമിയുടെ ഉടമസ്ഥരെ വിളിച്ചു കൂട്ടി കൃഷി ചെയ്യാൻ തയ്യാറുള്ള സംഘങ്ങൾക്ക് അത്തരം ഭൂമി കുറഞ്ഞത് മൂന്ന് വർഷത്തേക്കെങ്കിലും പഞ്ചായത്തിന്റെ മധ്യസ്ഥതയിൽ ലഭ്യമാക്കാൻ വേണ്ട കൃഷി ഭൂമി ബാങ്ക് പഞ്ചായത്തിൽ രൂപീകരിക്കുക. കൃഷി ഭൂമി ബാങ്ക് സംവിധാനം നടപ്പിലാക്കുന്നത് വഴി കൃഷി ഓഫീസിൽ കർഷകരായി അംഗീകാരം കിട്ടാൻ വേണ്ട രേഖകൾ ഉണ്ടാക്കാൻ കൂടിയും സാധിക്കും.

ii) സ്ത്രീ-സൗഹൃദയന്ത്രങ്ങളുടെയും മൂല്യവർധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്ന ഉപകരണങ്ങളുടെയും ലഭ്യതക്കുറവ്.

പരിഹാര മാർഗ്ഗം: ഗ്രാമ പഞ്ചായത്തിന്റേയോ ബ്ലോക്ക് പഞ്ചായത്തിന്റേയോ വികസന പരിപാടിയിൽ സ്ത്രീ സൗഹൃദ യന്ത്രങ്ങളുടെയും ഉത്പന്നങ്ങൾ ഉണ്ടാക്കുന്ന ഉപകരണങ്ങളുടെയും കെട്ടിടവും ലൈസൻസും സജ്ജീകരിക്കുന്നതിനും വേണ്ടിയുള്ള പദ്ധതി ഉൾകൊള്ളിക്കുക.

iii) കാർഷിക ഉത്പന്നങ്ങളുടെ സംസ്കരണത്തിനും വിപണനത്തിനും ഉള്ള പോരായ്മ

പരിഹാര മാർഗ്ഗം: കൃഷി ഉത്പന്നങ്ങൾ വിൽക്കാൻ പഞ്ചായത്ത് അടിസ്ഥാനത്തിൽ വിപണന കേന്ദ്രങ്ങൾ ലഭ്യമാക്കുക. ദിവസ ചന്ത, ആഴ്ച ചന്ത, മാസ ചന്തകൾ, സ്ഥിര മാർക്കറ്റുകൾ, ഹോംഷോപ്പുകൾ എന്നീ സംവിധാനങ്ങൾ ഉപയോഗിക്കുക. ഒരു പഞ്ചായത്തിന്റെ കീഴിലുള്ള പച്ചക്കറി കർഷകരോ നെൽ കർഷകരോ ഒരുമിച്ച് കൂടി ഉത്പന്നങ്ങൾ നിർമ്മിച്ച് വിൽക്കാനുള്ള ഉത്പാദന സംഘങ്ങളായി മാറ്റുക.

iv) മൂല്യവർധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിലെ സാങ്കേതിക ജ്ഞാനക്കുറവും ഗുണനിലവാരത്തിലെ പോരായ്മകളും

പരിഹാര മാർഗ്ഗം: ഗുണനിലവാരമുള്ള ഉത്പന്നങ്ങൾ തയ്യാറാക്കാൻ വായ്പയോടൊപ്പം ഉത്പാദന മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പു വരുത്തുക. ടെക്നോളജി ഇൻകുബേറ്ററുടെ സാധ്യത ഉപയോഗിക്കുക. അതോടൊപ്പം തന്നെ ഒരേ തരത്തിലുള്ള ഗുണനിലവാരമുള്ള ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കാനും അന്തർദേശീയ താത്പര്യത്തിനനുസരിച്ചുള്ള പാക്കിംഗും ബ്രാൻഡിംഗും ചെയ്ത് ഉത്പന്നങ്ങൾ വിപണിയിലെത്തിക്കാനും ഉള്ള സാഹചര്യം ഒരുക്കുക.

v) കാലാവസ്ഥ വ്യതിയാനം കൊണ്ട് ഉത്പാദനത്തിൽ ഉണ്ടാകുന്ന ഇടിവ്.

പരിഹാര മാർഗ്ഗം: കാലാവസ്ഥ വ്യതിയാനങ്ങളെക്കുറിച്ച് കർഷകരിലേക്കെത്തിക്കാനും പരിഹാര മാർഗ്ഗങ്ങൾക്കും സർക്കാർ സഹായങ്ങളുടെ വിവരങ്ങൾ എത്തിക്കുന്നതിലും കമ്മ്യൂണിറ്റി റേഡിയോ സംവിധാനം ഉപയോഗപ്പെടുത്തുക. കൂടാതെ വളത്തിന്റെ അനുപാതം നൂതന സാങ്കേതിക വിദ്യയുടെ ഉപയോഗം വിപണന സാധ്യതകൾ പുതിയ പരീക്ഷണങ്ങൾ എന്നിവയെക്കുറിച്ചുള്ള അവബോധം കമ്മ്യൂണിറ്റി റേഡിയോ സംവിധാനത്തിലൂടെയോ മറ്റ മാർഗ്ഗങ്ങളിലൂടെയോ ലഭ്യമാക്കുക.

വികസന പരിപ്രേക്ഷ്യം

1. പബ്ലിക് പ്രൈവറ്റ് പഞ്ചായത്ത് പാർട്ണർഷിപ്പിലൂടെ കൃഷി മേഖലയെ ശക്തിപ്പെടുത്തി കാലാനുസൃതമായി മാറ്റം കൊണ്ടു വരണം.
2. മികച്ച കൃഷി രീതികൾ നേരിൽ കണ്ട് മനസ്സിലാക്കുവാനുള്ള പഠന യാത്രകൾ സംഘടിപ്പിക്കുകയും അതു പ്രാവർത്തികമാക്കാനുള്ള ശ്രമങ്ങളും നടത്തുക.
3. കമ്മ്യൂണിറ്റി റേഡിയോ സംവിധാനത്തിലൂടെ കർഷകർക്ക് വേണ്ട കൃഷി രീതികൾ, കാലാവസ്ഥ വ്യതിയാനങ്ങൾ, കേന്ദ്ര സംസ്ഥാന സർക്കാർ പദ്ധതികൾ തുടങ്ങിയവയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുക.
4. ഗുണനിലവാരമുള്ള ഉത്പന്നങ്ങൾ തയ്യാറാക്കാൻ വായ്പയോടൊപ്പം ഉത്പാദന മാനദണ്ഡങ്ങൾ എന്ന് ഉറപ്പു വരുത്തുകയും ടെക്നോളജി ഇൻകുബേറ്ററുടെ സാധ്യത ഉപയോഗപ്പെടുത്തുകയും ചെയ്യുക.
5. ഒരു പഞ്ചായത്തിന്റെ കീഴിലുള്ള പച്ചക്കറി കർഷകരോ നെൽകർഷകരോ ഒരുമിച്ച് കൂടി ഉത്പന്നങ്ങൾ നിർമ്മിച്ച് വിൽക്കാനുള്ള ഉത്പാദക സംഘങ്ങൾ ആയി മാറ്റുക.
6. ഗ്രാമ പഞ്ചായത്തിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും വികസന പരിപാടിയിൽ ഉത്പന്നങ്ങൾ ഉണ്ടാക്കാനുള്ള യന്ത്രങ്ങളും കെട്ടിടവും ലൈസൻസും സജ്ജീകരിക്കാനുള്ള പദ്ധതി ഉൾകൊള്ളിക്കുവാൻ ശ്രമിക്കുക.
7. കാർഷിക മേഖലയിൽ സ്ത്രീകളുടെ ശാരീരിക പ്രത്യേകതകൾക്കനുസൃതമായ യന്ത്രങ്ങളും ഉപകരണങ്ങളും ലഭ്യമാക്കുക.
8. പഞ്ചായത്തിൽ കൃഷി ചെയ്യാതിട്ടിരിക്കുന്ന ഭൂമിയുടെ ഉടമസ്ഥരെ വിളിച്ചു കൂട്ടിയും കൃഷി ചെയ്യാൻ തയ്യാറുള്ള സംഘങ്ങൾക്ക് അത്തരം ഭൂമി കുറഞ്ഞത് മൂന്ന് വർഷത്തേക്ക് എങ്കിലും പഞ്ചായത്തിന്റെ മധ്യസ്ഥതയിൽ ലഭ്യമാക്കാൻ വേണ്ട കൃഷി ഭൂമി ബാങ്ക് പഞ്ചായത്തിൽ രൂപീകരിക്കാനുള്ള പ്രവർത്തനം ചെയ്യുക. കൃഷി ഭൂമി ബാങ്ക് സംവിധാനം നടപ്പിലാക്കുന്നത് വഴി കൃഷി ഓഫീസിൽ കർഷകരായി അംഗീകാരം കിട്ടാൻ വേണ്ട രേഖകളുണ്ടാക്കാൻ കൂടിയും സാധിക്കും.

കുടുംബശ്രീ മൈക്രോ സംരംഭങ്ങൾ

നൂതനമായ സംരംഭം തുടങ്ങുന്നതിനും അതിൽ നിലയുറപ്പിക്കുന്നതിനും സ്ത്രീ സമൂഹം പലതരത്തിലുള്ള പ്രശ്നങ്ങൾ നേരിടുന്നുണ്ട്. പല സ്ത്രീകളും വിവിധ കുടുംബ പാശ്ചാത്തലത്തിൽ നിന്നും വിവിധ മേഖലകളിൽ നിന്നുമാണ് സംരംഭങ്ങളിലേയ്ക്ക് വരുന്നതെങ്കിലും അവർ എല്ലാം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ കാര്യമായ വ്യത്യാസങ്ങൾ കാണാൻ സാധിക്കുന്നില്ല. സാധാരണ സംരംഭങ്ങളിൽ നിന്ന് കുടുംബശ്രീ വനിത സംരംഭകർ വ്യത്യാസപ്പെടുന്നത് എങ്ങനെയെന്നാൽ കുടുംബശ്രീ വനിതകൾ തീരെ താഴെ തട്ടിൽ നിന്നുള്ളവർ, ദരിദ്ര കുടുംബങ്ങളിൽ നിന്നുള്ളവർ, സാമൂഹികമായും വിദ്യാഭ്യാസമായും പിന്നോക്കം നിൽക്കുന്നവർ, മൂല്യവർധന നിക്ഷേപത്തിന് ശേഷിയില്ലാത്തവർ എന്നാൽ തൊഴിലും വരുമാനവും അത്യാവശ്യമായിട്ടുള്ളവരും അധ്വാന ശേഷി മാത്രം മൂലധനമായിട്ടുള്ളവരുമായിരിക്കും. സാധാരണ വ്യവസായ സംരംഭങ്ങളിൽ ഉത്പാദന ഘടകങ്ങളിൽ അധ്വാനത്തിന് പ്രാമുഖ്യം നൽകുന്ന താരതമ്യേന മറ്റ ഉത്പാദന ഘടകങ്ങൾക്ക് പ്രാമുഖ്യം കുറഞ്ഞതുമായ സംരംഭങ്ങളാണ് കുടുംബശ്രീ വനിതകൾ ആരംഭിക്കുന്ന സംരംഭങ്ങൾ.

എന്തുകൊണ്ട് കുടുംബശ്രീ സംരംഭം ? എന്തുകൊണ്ട് സ്ത്രീ സംരംഭക ?



അയൽക്കൂട്ട കുടുംബാംഗങ്ങളുടെ അഭിരുചി, കഴിവ്, താത്പര്യം തുടങ്ങിയ അടിസ്ഥാന സമീപനങ്ങളെ ആശ്രയിച്ച് വരുമാനദായക പ്രവർത്തനങ്ങൾ ആരംഭിക്കുന്ന അംഗങ്ങൾക്ക് പ്രോത്സാഹനവും പരിശീലനവും സാമ്പത്തിക സഹായവും കുടുംബശ്രീയിൽ നിന്നും നൽകുന്നു. ഉത്പാദന മേഖലയിലും സേവന മേഖലയിലുമായി ധാരാളം അംഗങ്ങൾക്ക് വരുമാനമുണ്ടാക്കാൻ ഈ പദ്ധതി സഹായകരമായിട്ടുണ്ട്.

മൈക്രോ സംരംഭങ്ങളുടെ സവിശേഷതകൾ

- 5000 രൂപ മുതൽ 10,00,000 രൂപ വരെ മുടക്കു മുതൽ.
- വ്യക്തിഗതമായോ ഗ്രൂപ്പായോ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽപ്പെട്ട സംരംഭകർ.
- സംരംഭകർക്ക് / സംരംഭകന് എല്ലാ ചിലവുകളും കഴിഞ്ഞ് പ്രതിമാസം 15,000 രൂപ എങ്കിലും അധിക വരുമാനം ലഭിക്കണം.
- പ്രതിവർഷം ഒരു ലക്ഷം രൂപ മുതൽ 5 ലക്ഷം രൂപ വരെ വിറ്റു വരവ് ലക്ഷ്യമിടുന്നു.
- ഉടമമാനേജർ തൊഴിലാളി എന്നിവർ ഒന്നു തന്നെ ആയിരിക്കും.

വിവിധ മൈക്രോ സംരംഭ പദ്ധതികൾ

1. ഗ്രാമീണ ചെറുകിട സൂക്ഷ്മ സംരംഭക പദ്ധതി (ആർ.എം.ഇ)

ഗുണഭോക്താക്കൾ

- കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങൾ.
- നിലവിൽ ലിങ്കേജ് വായ്പയിലൂടെയോ ആന്തരിക വായ്പയിലൂടെയോ സംരംഭങ്ങളിലേർപ്പെട്ടിരിക്കുന്ന ചെയ്യ കൊണ്ടിരിക്കുന്ന കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങൾക്ക് സംരംഭം വിപുലപ്പെടുത്തുന്നതിന് ഡി.ഡി.യു.ജി.കെ.വൈ പദ്ധതി പ്രകാരം തൊഴിൽ ലഭ്യമാകാത്ത കുടുംബശ്രീ അയൽക്കൂട്ട വനിതകൾ.

മാനദണ്ഡങ്ങൾ

- 18-60 വയസ് പ്രായ പരിധിയുള്ള വനിതകൾ (60 വയസിനു മുകളിൽ പ്രായമുള്ള വനിതകൾ ആണെങ്കിൽ സംരംഭം നടത്തുന്നതിനുള്ള കഴിവും അഭിരുചിയും ഉണ്ടെന്ന് ജില്ലാ മിഷന് ബോധ്യപ്പെടുന്ന പക്ഷം അപേക്ഷ പ്രത്യേകമായി പരിഗണിക്കാവുന്നതാണ്.)
- കുടുംബശ്രീ മിഷൻ നേരിട്ടോ, വിവിധ ഏജൻസികൾ മുഖേനയോ നടത്തുന്ന വിവിധ വൈദഗ്ധ്യ വികസന പരിപാടികളിലും, ഇഡിപി, പെർഫോർമൻസ് ഇംപ്രൂവ്മെന്റ് പ്രോഗ്രാമുകളിലും പങ്കെടുക്കാൻ സന്നദ്ധതയുള്ളവരായിരിക്കണം.
- അയൽക്കൂട്ടത്തിൽ അംഗത്വം നേടി കുറഞ്ഞത് 6 മാസമെങ്കിലും പൂർത്തീകരിച്ചിരിക്കണം.
- സംരംഭക രൂപീകരണത്തിനുള്ള തൽപരതയുള്ളവരായിരിക്കണം.
- കുടുംബശ്രീ ആർ.എം.ഇ പദ്ധതിമാർഗ്ഗനിർദേശ പ്രകാരം സംരംഭം നടത്താൻ സന്നദ്ധതയുള്ളവരായിരിക്കണം.

പ്രോജക്ട് പദ്ധതി തുക

- വ്യക്തിഗത സംരംഭം 50,000/ രൂപ മുതൽ 2.5ലക്ഷം രൂപ വരെ. രണ്ടര ലക്ഷം രൂപ വരെയുള്ളതുകയുടെ പലിശയ്ക്ക് സമാനമായി പലിശ സബ്സിഡി ലഭിക്കും.
- ഗ്രൂപ്പ് സംരംഭം പരമാവധി 10 ലക്ഷം രൂപവരെ. ഗ്രൂപ്പ് സംരംഭത്തിന്റെ പദ്ധതി തുക 10 ലക്ഷം രൂപയിൽ അധികരിക്കുകയാണെങ്കിൽ സംരംഭത്തിന്റെ ആവശ്യകത പരിഗണിച്ച് ജില്ലാ മിഷന് സംസ്ഥാന മിഷനിലേക്ക് ശുപാർശ ചെയ്യാവുന്നതാണ്. എന്നാൽ 10 ലക്ഷം രൂപവരെ മാത്രമേ പലിശ സബ്സിഡി ലഭിക്കുകയുള്ളു.

2. യുവശ്രീ പദ്ധതി (50 k)

അഭ്യസ്തവിദ്യരായ യുവതി യുവാക്കൾക്ക് 50,000 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയെന്ന ഉദ്ദേശത്തോടു കൂടി ആവിഷ്കരിച്ച പദ്ധതിയാണിത്. കുടുംബശ്രീയിലെ മറ്റു ചെറുകിട സൂക്ഷ്മ സംരംഭങ്ങളെപ്പോലെ തന്നെയാണ് പലിശ സബ്സിഡിയും മറ്റു അനുകൂല്യങ്ങളും. സ്ത്രീകൾ മാത്രമോ, പുരുഷൻമാർ മാത്രമോ, പുരുഷൻമാരും സ്ത്രീകളും കൂടിചേർന്നോ യൂണിറ്റുകൾ ആരംഭിക്കാം. പുരുഷൻമാർ നേരിട്ട് അയൽക്കൂട്ടത്തിൽ ഇല്ലെങ്കിലും, അവരുടെ കുടുംബാംഗങ്ങൾ അയൽക്കൂട്ടത്തിൽ ഉണ്ടായിരിക്കേണ്ടതാണ്. പ്രസ്തുത അംഗം അയൽക്കൂട്ടത്തിൽ അംഗത്വം നേടി കുറഞ്ഞത് 06 മാസമെങ്കിലും പൂർത്തീകരിച്ചിരിക്കണം.

- 18 നും 45 നും ഇടയ്ക്ക് പ്രായം.
- അയൽക്കൂട്ട കുടുംബാംഗങ്ങൾ (സ്ത്രീ/പുരുഷൻ/മിക്സഡ് ഗ്രൂപ്പ്)
- വ്യക്തിഗതം/ ഗ്രൂപ്പ് ആകാം.

- കുടുംബശ്രീ മിഷൻ നേരിട്ടോ, വിവിധ ഏജൻസികൾ മുഖേനയോ നടത്തുന്ന വിവിധ വൈദഗ്ധ്യ വികസന പരിപാടികളിലും, ഇഡിപി, പെർഫോർമൻസ് ഇംപ്രൂവ്മെന്റ് പ്രോഗ്രാമുകളിലും പങ്കെടുക്കാൻ സന്നദ്ധത ഉള്ളവരായിരിക്കണം.

കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങൾക്കായുള്ള വിവിധ സാമ്പത്തിക സഹായങ്ങൾ

1. റിവോൾവിംഗ് ഫണ്ട്

യോഗ്യതാ മാനദണ്ഡം:

- കുടുംബശ്രീയുടെ ഗ്രാമീണ സൂക്ഷ്മ സംരംഭക വികസന പദ്ധതി (ആർ.എം.ഇ) പ്രകാരമോ, യുവശ്രീ പദ്ധതി പ്രകാരമോ ആരംഭിച്ച വ്യക്തിഗത/ഗ്രൂപ്പ് സംരംഭങ്ങൾ.
- പഞ്ചായത്തിന്റെ പ്ലാൻ ഫണ്ട്, ലിങ്കേജ് വായ്പ, കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേന ഫണ്ട് ലഭ്യമാക്കി ആരംഭിച്ചതും, റിവോൾവിംഗ് ഫണ്ട് ലഭ്യമാക്കിയിട്ടില്ലാത്തതും, എല്ലാം കുടുംബശ്രീ അംഗങ്ങൾ ആയിട്ടുള്ളതുമായ സംരംഭങ്ങൾ.

വ്യവസ്ഥകൾ

- ഉല്പാദന സേവന മേഖലയിലുള്ള വ്യക്തിഗത/ഗ്രൂപ്പ് സംരംഭങ്ങൾക്ക് പ്രവർത്തനമാരംഭിച്ച് 06 മാസക്കാലമായത് (ബാങ്ക് ലോൺ അല്ലെങ്കിൽ ബന്ധപ്പെട്ട പദ്ധതി പ്രകാരമുള്ള സർക്കാർ ധന സഹായം ലഭിച്ച തീയതിയുടെ അടിസ്ഥാനത്തിലായിരിക്കും 06 മാസക്കാലയളവ് കണക്കാക്കപ്പെടുന്നത്).
- നിലവിലുള്ള സംരംഭമാണെങ്കിൽ റിവോൾവിംഗ് ഫണ്ട് നൽകുന്ന സമയത്ത് നിലവിലുള്ള അംഗങ്ങളുടെ എണ്ണത്തിന് ആനുപാതികമായി മാത്രമേ റിവോൾവിംഗ് ഫണ്ട് നൽകുകയുള്ളൂ.
- ഒരു സംരംഭത്തിന് (വ്യക്തിഗതം/ഗ്രൂപ്പ്) ഒറ്റതവണ മാത്രമേ റിവോൾവിംഗ് ഫണ്ടിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

ധനസഹായം

- മേൽപ്രതിപാദിച്ച സാഹചര്യത്തിൽ റിവോൾവിംഗ് ഫണ്ടിന് അർഹതയുള്ള സംരംഭം/സംരംഭക കൂട്ടായ്മകൾക്ക് ആവശ്യമായി വരുന്ന പ്രവർത്തന മൂലധനത്തിന് മാത്രമാണ് റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നത്.
- ഗ്രൂപ്പ് സംരംഭം: നിലവിലുള്ള സംരംഭത്തിന്റെ യഥാർത്ഥ പ്രോജക്ട് റിപ്പോർട്ട് അനുസരിച്ചുള്ള തുകയുടെ 40% പരമാവധി ഒരു ഗ്രൂപ്പിന് 40000/രൂപയാണ് (ഏതാണോ കുറവ്) റിവോൾവിംഗ് ഫണ്ടായി അനുവദിക്കുന്നത്.
- വ്യക്തിഗത സംരംഭം: നിലവിലുള്ള സംരംഭത്തിന്റെ യഥാർത്ഥ പ്രോജക്ട് റിപ്പോർട്ട് അനുസരിച്ചുള്ള തുകയുടെ 20% പരമാവധി 10000/ രൂപയാണ് (ഏതാണോ കുറവ്) റിവോൾവിംഗ് ഫണ്ടായി അനുവദിക്കുന്നത്.

1. ഇന്നവേഷൻ ഫണ്ട്

- നൂതന ആശയ സംരംഭങ്ങൾക്ക് സബ്സിഡിയോടൊപ്പം ഇന്നവേഷൻ ഫണ്ട് ലഭ്യമാക്കാം.
- നിലവിലുള്ള സംരംഭമാണെങ്കിൽ നൂതനമായ മാറ്റങ്ങൾ വരുത്തുന്നതിന് (കുറഞ്ഞത് ഒരു വർഷക്കാലമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നവയ്ക്ക്).
- ഒരു സംരംഭത്തിന് (വ്യക്തിഗതം/ഗ്രൂപ്പ്) ഒറ്റതവണ മാത്രമേ ഇന്നവേഷൻ ഫണ്ടിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

യോഗ്യതാ മാനദണ്ഡം

- കുടുംബശ്രീയുടെ ഗ്രാമീണ സൂക്ഷ്മ സംരംഭക വികസന പദ്ധതി (ആർ.എം.ഇ) പ്രകാരമോ, തദ്ദേശ സ്വയം ഭരണ വകുപ്പ്, കേരള സർക്കാർ യുവശ്രീ പദ്ധതി പ്രകാരമോ ആരംഭിച്ച/വ്യക്തിഗത/ഗ്രൂപ്പ് സംരംഭങ്ങൾ
- പഞ്ചായത്തിന്റെ പ്ലാൻ ഫണ്ട്, ലിങ്കേജ് വായ്പ, കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേന ഫണ്ട് ലഭ്യമാക്കി ആരംഭിച്ചതും കുടുംബശ്രീ അംഗങ്ങൾ നടത്തുന്നതുമായ സംരംഭങ്ങൾ.

ധനസഹായം

- പുതിയ സംരംഭമാണെങ്കിൽ സബ്സിഡിയും ഇന്നവേഷൻ ഫണ്ടും ഉൾപ്പെടെ മൊത്തം പ്രോജക്ട് തുകയുടെ 50%ൽ അധികരിക്കാൻ പാടുള്ളതല്ല. നിലവിലുള്ള സംരംഭമാണെങ്കിൽ പ്രോജക്ടിൽ വരുത്താൻ ഉദ്ദേശിക്കുന്ന നൂതനമായ മാറ്റങ്ങൾക്ക് ആവശ്യമായ തുകയുടെ 40% (ഒരു കുടുംബത്തിന് 35,000/ രൂപ, ആകെ 3,50,000/രൂപ എന്നീ പരിധികൾക്ക് വിധേയമായി) ഇന്നവേഷൻ ഫണ്ട് അനുവദിക്കുന്നതാണ്. ഇതിനു പുറമേ വേണ്ടി വരുന്ന തുക ബാങ്ക് വായ്പ, ഗുണഭോക്തൃ വിഹിതം, മറ്റു ധന സ്രോതസ്സുകൾ തുടങ്ങിയവയിലൂടെ കണ്ടെത്തേണ്ടതാണ്.

3. ടെക്നോളജി ഫണ്ട്

വ്യവസ്ഥകൾ

- നിലവിലുള്ളതും, കഴിഞ്ഞ ആറു മാസക്കാലമായി വിജയകരമായി പ്രവർത്തിച്ചു വരുന്നതും എന്നാൽ ടെക്നോളജി ഫണ്ട് ലഭ്യമാക്കാത്തതുമായ സംരംഭങ്ങൾ (ബാങ്ക് വായ്പ അല്ലെങ്കിൽ ബന്ധപ്പെട്ട പദ്ധതി പ്രകാരമുള്ള സർക്കാർ ധനസഹായം ലഭിച്ച തീയതിയുടെ അടിസ്ഥാനത്തിലായിരിക്കും മൂന്നു വർഷക്കാലയളവ് കണക്കാക്കുന്നത്)
- നിലവിൽ പ്രവർത്തിച്ചു വരുന്ന ഗ്രൂപ്പ് സംരംഭം ആണെങ്കിൽ, ടെക്നോളജി ഫണ്ടിന് അപേക്ഷ നല്കുന്ന സമയത്ത് ഗ്രൂപ്പ് രൂപീകരണ സമയത്തുണ്ടായിരുന്ന അത്രയും അംഗങ്ങൾ നിലവിലില്ലെങ്കിൽ, നിലവിലുള്ള അംഗങ്ങളുടെ എണ്ണത്തിന് ആനുപാതികമായി മാത്രമെ ധനസഹായം അനുവദിക്കുകയുള്ളു. (കുറഞ്ഞത് മൂന്നു അംഗങ്ങളെങ്കിലും ഗ്രൂപ്പിൽ സജീവമായി ഉണ്ടായിരിക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായി).
- ഉത്പാദന/സേവന മേഖലയിലെ വ്യക്തിഗത ഗ്രൂപ്പ് സംരംഭങ്ങൾ.
- ഒരു സംരംഭത്തിന് ടെക്നോളജി ഫണ്ടിന് ഒറ്റ തവണ മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ.

ധനസഹായം

സംരംഭം വാങ്ങാൻ ഉദ്ദേശിക്കുന്ന സാങ്കേതിക വിദ്യ, യന്ത്ര സാമഗ്രികൾ, അനുബന്ധ ഉപകരണങ്ങൾ (ഭൂമി, കെട്ടിടം ഒഴികെ) എന്നിവയുടെ ചെലവിന്റെ 40% (ഒരു സംരംഭകയ്ക്ക്/ന്) 50,000/- രൂപ എന്ന നിരക്കിൽ സംരംഭകരുടെ എണ്ണത്തിന് ആനുപാതികമായി പരമാവധി 5,00,000/- രൂപ എന്നീ പരിധികൾക്ക് വിധേയമായി ടെക്നോളജി ഫണ്ട് അനുവദിക്കാവുന്നതാണ്. ഇതിനുപുറമേ വേണ്ടി വരുന്ന തുക ബാങ്ക് വായ്പ, ഗുണഭോക്തൃ വിഹിതം, മറ്റു ധന സ്രോതസുകൾ തുടങ്ങിയവയിലൂടെ കണ്ടെത്തേണ്ടതാണ്.

4. ക്രൈസിസ് മാനേജ്മെന്റ് ഫണ്ട്

പ്രതിസന്ധി നേരിടുന്ന സൂക്ഷ്മ സംരംഭങ്ങൾക്ക് പലിശ രഹിത ഹ്രസ്വകാല വായ്പ പ്രദാനം ചെയ്യുകയാണ് ക്രൈസിസ് മാനേജ്മെന്റ് ഫണ്ടിലൂടെ പ്രധാനമായി ലക്ഷ്യമിടുന്നത്. സംരംഭങ്ങൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി ക്രൈസിസ് മാനേജ്മെന്റ് ഫണ്ട് ലഭിക്കുന്നതിന് അർഹതയുണ്ട്. വ്യക്തിഗത സംരംഭങ്ങൾക്ക് രണ്ട് ലക്ഷം രൂപയും ഗ്രൂപ്പ് സംരംഭങ്ങൾക്ക് മൂന്നര ലക്ഷം രൂപയും

അനുവദിക്കുന്നതാണ്. ഇപ്രകാരം അനുവദിക്കുന്ന തുക ആറ് മാസത്തിനകം ജില്ലാ മിഷനിൽ തിരിച്ചടയ്ക്കണം.

5. രണ്ടാം ഘട്ട ധനസഹായം

വ്യവസ്ഥകൾ

- നിലവിലുള്ളതും എന്നാൽ കുറഞ്ഞത് മൂന്നു വർഷക്കാലമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതുമായ സംരംഭങ്ങൾക്ക് തങ്ങളുടെ സംരംഭക മേഖല വിപുലപ്പെടുത്തുന്നതിനും കൂടുതൽ ഉത്പന്നങ്ങൾ/സേവനങ്ങൾ ലഭ്യമാക്കുന്നതിനും.
- മൂന്നു വർഷത്തിലേറെ കാലമായി പ്രവർത്തിച്ചു വരുന്നതും എന്നാൽ അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്, വിപണിയിലുണ്ടായ അപ്രതീക്ഷിതമായ ഇടിവ് തുടങ്ങി സംരംഭകരുടെ നിയന്ത്രണത്തിനു വിധേയമല്ലാത്ത കാരണങ്ങളാൽ പ്രതിസന്ധി നേരിടുന്നതുമായ സംരംഭങ്ങൾക്ക് വിജയ സാദ്ധ്യതയുള്ള നൂതന മേഖലകളിലേയ്ക്ക് സംരംഭം മാറ്റുന്നതിനും.
- ഒരു സംരംഭത്തിന് (വ്യക്തിഗതം/ഗ്രൂപ്പ്) ഒറ്റതവണ മാത്രമേ രണ്ടാംഘട്ട ധനസഹായത്തിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ.

ധനസഹായം

- പുതിയ പ്രോജക്ടിന്റെ പദ്ധതി തുകയുടെ 40% (ഒരു സംരംഭകയ്ക്ക് (ന്) 50,000/- രൂപ എന്ന നിരക്കിൽ സംരംഭകരുടെ എണ്ണത്തിന് ആനുപാതികമായി പരമാവധി 5,00,000/-രൂപ എന്നീ പരിധികൾക്ക് വിധേയമായി) രണ്ടാംഘട്ട ധനസഹായം അനുവദിക്കുന്നതാണ്. ഇതിനുപുറമേ വേണ്ടിവരുന്ന തുക ബാങ്ക് വായ്പ, ഗ്രണഭോക്തൃ വിഹിതം, മറ്റു ധന സ്രോതസുകൾ തുടങ്ങിയവയിലൂടെ കണ്ടെത്തേണ്ടതാണ്.
- പുതുതായി തയ്യാറാക്കുന്ന പ്രോജക്ടിന്റെ പദ്ധതി തുക വ്യക്തിഗത സംരംഭം ആണെങ്കിൽ 2,00,000/- രൂപയും ഗ്രൂപ്പ് സംരംഭമാണെങ്കിൽ 12,00,000/- രൂപയും അധികരിക്കാൻ പാടുള്ളതല്ല.

6. ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട്

നിലവിലുള്ള സാങ്കേതിക വിദ്യയും യന്ത്ര സാമഗ്രികളും ഉപകരണങ്ങളും മെച്ചപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും.

വ്യവസ്ഥകൾ

- നിലവിലുള്ളതും എന്നാൽ കഴിഞ്ഞ മൂന്നു വർഷക്കാലമായി വിജയകരമായി പ്രവർത്തിച്ചു വരുന്നതുമായ സംരംഭങ്ങൾ (ബാങ്ക് വായ്പ അല്ലെങ്കിൽ ബന്ധപ്പെട്ട പദ്ധതി പ്രകാരമുള്ള സർക്കാർ ധന സഹായം ലഭിച്ച തീയതിയുടെ അടിസ്ഥാനത്തിലായിരിക്കും മൂന്നു വർഷക്കാലയളവ് കണക്കാക്കുന്നത്).
- നിലവിൽ പ്രവർത്തിച്ചു വരുന്ന ഗ്രൂപ്പ് സംരംഭം ആണെങ്കിൽ, ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ടിന് അപേക്ഷ നല്കുന്ന സമയത്ത് ഗ്രൂപ്പ് രൂപീകരണ സമയത്തുണ്ടായിരുന്ന അതേയും അംഗങ്ങൾ നിലവിലില്ലെങ്കിൽ, നിലവിലുള്ള അംഗങ്ങളുടെ എണ്ണത്തിന് ആനുപാതികമായി മാത്രമെ ധനസഹായം അനുവദിക്കുകയുള്ളൂ. (കുറഞ്ഞത് മൂന്നു അംഗങ്ങളെങ്കിലും ഗ്രൂപ്പിൽ സജീവമായി ഉണ്ടായിരിക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായി).
- ഒരു സംരംഭത്തിന് ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട് ഒരിക്കൽ നൽകിയാൽ കുറഞ്ഞത് 5 വർഷക്കാലയളവിനുള്ളിൽ വീണ്ടും അപേക്ഷിക്കാൻ അർഹതയുണ്ടായിരിക്കുകയില്ല.

ധനസഹായം

- സംരംഭം മെച്ചപ്പെടുത്തുന്നതിന് വാങ്ങാൻ ഉദ്ദേശിക്കുന്ന സാങ്കേതിക വിദ്യ, യന്ത്രസാമഗ്രികൾ, അനുബന്ധ ഉപകരണങ്ങൾ (ഭൂമി, കെട്ടിടം ഒഴികെ) എന്നിവയുടെ ചെലവിന്റെ 40% (ഒരു സംരംഭകയ്ക്ക് (ന്) 50,000/- രൂപ എന്ന നിരക്കിൽ സംരംഭകരുടെ എണ്ണത്തിന് ആനുപാതികമായി പരമാവധി 5,00,000/-രൂപ എന്നീ പരിധികൾക്ക് വിധേയമായി) ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ടായി അനുവദിക്കാവുന്നതാണ്. ഇതിനു പുറമേ വേണ്ടി വരുന്ന തുക ബാങ്ക് വായ്പ, ഗുണഭോക്തൃ വിഹിതം, മറ്റു ധനസ്രോതസുകൾ തുടങ്ങിയവയിലൂടെ കണ്ടെത്തേണ്ടതാണ്.

7. കമ്മ്യൂണിറ്റി എന്റർപ്രൈസസ് ഫണ്ട് (സി.ഇ.എഫ്.)

ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ കീഴിൽ തെരഞ്ഞെടുക്കപ്പെട്ട ഗ്രാമ പ്രദേശങ്ങളിലെ കുടുംബശ്രീ സംരംഭകർക്ക് (വ്യക്തിഗതം/ഗ്രൂപ്പ്) നിലവിലുള്ള കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട് പരിഷ്കരിച്ച് സി.ഇ.എഫ് ആയി നൽകുന്നു. ലഘു സംരംഭങ്ങളുമായി ബന്ധപ്പെട്ട ഉപജീവന ആവശ്യങ്ങൾക്കു മാത്രമായി തുക വായ്പയായി ലഭ്യമാക്കുന്നു.

ലഘു സംരംഭങ്ങൾക്ക് എളുപ്പത്തിൽ സംരംഭവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് മിതമായ പലിശ നിരക്കിൽ പണം വായ്പയായി ലഭിക്കുന്നുവെന്നതും സാമൂഹ്യ സംവിധാനത്തിനുള്ളിൽ നിന്നു തന്നെ വായ്പ എടുക്കുവാനും, കൃത്യമായി തിരിച്ചടയ്ക്കുവാനുമുള്ള സാമ്പത്തിക അച്ചടക്കം സംരംഭകർക്ക് ശീലമാകുന്നുവെന്നതും അയൽക്കൂട്ടം, എ.ഡി.എസ്, സി.ഡി.എസ് തുടങ്ങിയ സാമൂഹ്യ സ്ഥാപനങ്ങൾ പണം ക്രയ വിക്രയം ചെയ്യുന്നതിലും പദ്ധതി നടത്തിപ്പിലും മികവ് പ്രാപിക്കുന്നുവെന്നതുമാണ് ഈ പദ്ധതിയുടെ പ്രത്യേകത.

വ്യവസ്ഥകൾ

- നിലവിലുള്ള സംരംഭങ്ങളുടെ വിപുലീകരണത്തിന് ആവശ്യമായ മൂലധന സാമഗ്രികളുടെ സമാഹരണവും, പ്രവർത്തന മൂലധന സമാഹരണവും.
- കൃഷി അനുബന്ധ/കാർഷികേതര സംരംഭങ്ങൾക്ക് ആവശ്യമായ മൂലധനം.
- വ്യക്തിഗത സംരംഭങ്ങൾക്ക് പരമാവധി 50,000/- രൂപയും ഗ്രൂപ്പ് സംരംഭങ്ങൾക്ക് പരമാവധി 1,50,000/- രൂപയും.
- സംരംഭകർക്ക് ലഭിക്കുന്ന വായ്പ ഒരുകാരണവശാലും 4% വാർഷിക പലിശയിൽകൂടാൻ പാടുള്ളതല്ല. തിരിച്ചടവ് കാലാവധി പരമാവധി 24 മാസമായിരിക്കും.
- സംരംഭങ്ങളിൽ നിന്നും ലഭിക്കുന്ന പലിശ അയൽക്കൂട്ടം, എ.ഡി.എസ്., സി.ഡി.എസ്. എന്നിവർക്ക് 10%, 15%, 75% എന്ന നിരക്കിൽ ഭാഗിക്കുന്നതാണ്.
- അപേക്ഷ അയൽക്കൂട്ടം അംഗീകരിച്ച് എ.ഡി.എസിനും എ.ഡി.എസ്. അംഗീകരിച്ച് സി.ഡി.എസിനും നൽകണം.
- ആരംഭിച്ച് ആറു മാസമെങ്കിലും പൂർത്തിയാക്കിയ സംരംഭങ്ങൾക്ക് അപേക്ഷിക്കാം.
- ജില്ലയിലെ തെരഞ്ഞെടുത്ത മികച്ച സി.ഡി.എസുകൾക്കാണ് ഈ തുക അനുവദിച്ചിട്ടുള്ളത്.

വിപണനത്തിനുള്ള നൂതന പദ്ധതികൾ

- വിപണന സംവിധാനം രൂപം കൊടുക്കുന്നതിന്റെ ഭാഗമായി, ഹ്രസ്വ കാലാടിസ്ഥാനത്തിലുള്ള പരിപാടിയെന്ന നിലയിൽ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും കുടുംബശ്രീ മാസച്ചന്തകൾ, പ്രത്യേക ചന്തകൾ (ഓണം, ക്രിസ്മസ്, റംസാൻ) നടന്നു വരുന്നു. ചില്ലറ വിൽപ്പന രംഗത്തുൾപ്പെടെ കുത്തകകൾ ആധിപത്യം സ്ഥാപിക്കുമ്പോൾ കുടുംബശ്രീ മാസച്ചന്തകൾ അർത്ഥവത്തായ വിപണി ഇടപെടലാണ് മാസച്ചന്തകളിലൂടെ നടത്തിക്കൊണ്ടിരിക്കുന്നത്. ഹോം ഷോപ്പ്, വിപണന മേളകൾ,

ഐ.ഐ.ടി.എഫ്., റീട്ടെയിൽ ഷോപ്പുകൾ, ഫുഡ് ഫെസ്റ്റുകൾ എന്നിവയൊക്കെ വിപണനത്തെ സഹായിക്കുന്നതിനുള്ള മറ്റു പിന്തുണകളാണ്.

സൂക്ഷ്മ സംരംഭ കൺസൾട്ടന്റ് (എം.ഇ.സി)

- കുടുംബശ്രീ കുടുംബങ്ങളിൽ നിന്നും അനുയോജ്യരായവരെ കണ്ടെത്തി പരിശീലിപ്പിച്ച് സംരംഭ വികസനത്തിന് പിന്തുണ കൊടുക്കുന്നു. മൈക്രോ സംരംഭങ്ങൾ തുടങ്ങാൻ താത്പര്യമുള്ള അയൽക്കൂട്ട അംഗങ്ങളെ /കുടുംബാംഗങ്ങളെ കണ്ടെത്തുക ഇവർക്ക് ആവശ്യമായ പ്രാഥമിക പരിശീലനങ്ങൾ ലഭിക്കുന്നതിനുള്ള അവസരമൊരുക്കുന്നു. സംരംഭകർക്ക് ആവശ്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നൽകുകയും സാമ്പത്തിക സ്ഥാപനങ്ങളും വിവിധ സർക്കാർ വകുപ്പുകളുമായി ബന്ധപ്പെടുത്തി സംരംഭങ്ങൾ തുടങ്ങുവാനുള്ള സഹായങ്ങളും ചെയ്തുകൊടുക്കുന്നു. സംരംഭം വിജകരമായി മുന്നോട്ടു കൊണ്ടു പോകുന്നതിനുള്ള തുടർ പ്രവർത്തനങ്ങളും ഇവർ ചെയ്യുന്നു. സംരംഭകരിൽ നിന്നും വിവിധ സേവനങ്ങൾക്ക് കുടുംബശ്രീ മിഷൻ നിശ്ചയിച്ച ഫീസ് ഈടാക്കിയാണ് എം.ഇ.സി.മാർ പ്രവർത്തിച്ചു വരുന്നത്.

മൂലധനവും തൊഴിലും തമ്മിലുള്ള അനുപാതം പരിഗണിക്കുമ്പോൾ സാധാരണ വ്യവസായ സംരംഭങ്ങളിൽ നിന്ന് ഏറെ വ്യത്യാസപ്പെട്ടിരിക്കുന്നതാണ് കുടുംബശ്രീ സംരംഭങ്ങൾ. പരിമിതമായ അറിവും, പരിമിതമായ സാഹചര്യങ്ങളും, പരിമിതമായ അസംസ്കൃത വസ്തുക്കളും ഉപയോഗപ്പെടുത്തി കൊണ്ട് ഉത്പാദന മേഖലയിൽ കുടുംബശ്രീ വനിത സംരംഭങ്ങൾ നൽകുന്ന സംഭാവന ചെറുതല്ല. മാറിയ സാഹചര്യത്തിൽ ഇത്തരത്തിലുള്ള വനിത സംരംഭങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പ്രയാസങ്ങളും ചെറുതല്ല.

പ്രശ്നങ്ങൾ – പരിഹാരങ്ങൾ

1. ആവശ്യമായ മൂലധനത്തിന്റെ കുറവ്

മൂലധനം എന്നുള്ളതാണ് ഏതു സംരംഭത്തിന്റെയും പരമ പ്രധാനമായിട്ടുള്ള ഘടകം. സമ്പത്ത് കൈവശമുണ്ടെങ്കിലും കൈകാര്യം ചെയ്യുന്നതിനുള്ള അധികാരമില്ലായ്മയും അറിവില്ലായ്മയും സമൂഹത്തിന് സ്ത്രീകളോടുള്ള കാഴ്ചപ്പാട് കാരണം ഓഹരികൾ സ്വരൂപിക്കുന്നതിനും ബാങ്ക് വായ്പകൾ ലഭ്യമാക്കുന്നതിനും തടസ്സമായി നിൽക്കുന്നു.

പരിഹാര നിർദ്ദേശം: കുടുംബശ്രീ പ്രവർത്തനങ്ങളുടെ ലക്ഷ്യങ്ങളിൽ ഒന്ന് സാമ്പത്തിക ശാക്തീകരണവും അതിനായുള്ള സാമ്പത്തിക സാക്ഷരത നൽകലുമാണ് ഇതിന്റെ ഭാഗമായി ബാങ്കുകളുടെ സേവനം ഉപയോഗപ്പെടുത്തുന്നതിലും സാമൂഹ്യമായ പിന്തുണ നൽകുന്നതിനും കുടുംബശ്രീ ആവശ്യമായ ഇടപെടലുകളും പിന്തുണയും നടത്തുന്നു.

സാമ്പത്തികമായ ഇടപാടുകൾ എല്ലാം തന്നെ ബാങ്കിലൂടെ ആക്കുന്നതിനും അയൽക്കൂട്ടങ്ങളുടെ ത്രിഫ്റ്റ് സമ്പാദ്യം ബാങ്കിൽ നിക്ഷേപിക്കുന്നതിലും കുടുംബശ്രീ കളമൊരുക്കുന്നു. സംസ്ഥാനത്താകെ കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ ത്രിഫ്റ്റ് സമ്പാദ്യം 3679 കോടി രൂപയാണ്. ബാങ്കിംഗ് മേഖലയുമായി സംയോജിപ്പിച്ചുള്ള പ്രവർത്തനങ്ങൾക്ക് ബാങ്കിംഗ് വിദഗ്ദ്ധരുടെ ക്ലാസുകൾ നൽകുക.

2. അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്

ഗ്രാമീണരായ കുടുംബശ്രീ വനിതകളെ സംബന്ധിച്ചിടത്തോളം അവരുടെ ഉത്പാദനത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കളുടെ ലഭ്യതയെക്കുറിച്ചുള്ള അറിവില്ലായ്മ, അത് ലഭ്യമാക്കുന്നതിലുള്ള ശേഷിക്കുറവ് എന്നിവ ഉത്പാദനത്തിനെ കാര്യമായി തന്നെ ബാധിക്കുന്നുണ്ട്.

പരിഹാര നിർദ്ദേശം: പ്രാദേശികമായി ലഭ്യമായിട്ടുള്ള അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള ഉത്പാദനത്തെയും സംരംഭത്തെയും പ്രോത്സാഹിപ്പിക്കുന്നു.

ഭക്ഷ്യോത്പാദനം, വിതരണം, മൃഗ സംരക്ഷണം, അനുബന്ധ പ്രവർത്തനങ്ങൾ കാർഷിക മേഖല, അനുബന്ധ മേഖല എന്നിവയ്ക്ക് പ്രാമുഖ്യം കൊടുക്കുന്നു. വിവിധ വകുപ്പുകളുമായിട്ടുള്ള

സംയോജനം, സംരംഭ യൂണിറ്റുകളിൽ അവരുടെ മോണിറ്ററിംഗ് വിദഗ്ദ്ധ അഭിപ്രായങ്ങൾ നടപ്പിലാക്കൽ എന്നിവ ചെയ്യുക. അസംസ്കൃത വസ്തുക്കളുടെ തിരഞ്ഞെടുപ്പിൽ വിദഗ്ദ്ധരുടെ സഹായം ലഭ്യമാക്കുക.

3. സംരംഭ മേഖലകളിലെ മത്സരം

സ്ത്രീ സംരംഭകർക്കുള്ള പ്രധാന വെല്ലുവിളി എന്നത് പുരുഷ സംരംഭകരിൽ നിന്നും നേരിടുന്ന മത്സരമാണ്. ആവശ്യത്തിനനുസരിച്ച് പണം നിക്ഷേപിക്കാനും വക മാറ്റി ചിലവഴിക്കാനും അത്യാവശ്യ ഘട്ടങ്ങളിൽ പണം ലഭ്യമാക്കാനും സ്ത്രീകൾക്ക് സാധിക്കുന്നില്ല. സംരംഭത്തിന്റെ ഉന്നമനത്തിനും വ്യാപനത്തിനും ഉതകുന്ന തരത്തിലുള്ള പരസ്യവും ഉപഭോക്താക്കളെ സമ്പാദിക്കാനുള്ള ശേഷിക്കുറവും ഒരു പ്രധാന പ്രശ്നമാണ്.

പുരുഷാധിപത്യം നിലനിൽക്കുന്ന സാമൂഹിക ചുറ്റുപാടിൽ അവരുടെ ഉത്പന്നങ്ങളുമായി പിടിച്ചു നിൽക്കാൻ പ്രയാസപ്പെടുന്നു. ഇത് പിന്നീട് സ്ഥാപനത്തിന്റെ തകർച്ചക്കും പാപ്പരാകുന്ന അവസ്ഥയിലും എത്തിച്ചേരുന്നു.

പരിഹാര നിർദ്ദേശം: കുടുംബശ്രീ ഉത്പന്നങ്ങളെ ഉയർന്ന നിലവാരത്തിലേക്ക് എത്തിക്കുന്നതിന് ബ്രാന്റിംഗ് സാധ്യമാക്കുക. ഉത്പാദനത്തിന്റെ എല്ലാ മേഖലകളിലും ലോക നിലവാരം ഉറപ്പു വരുത്തുക. കുടുംബശ്രീ ഉത്പന്നങ്ങൾക്ക് വേണ്ടി ഒരു ഏകീകൃത പാക്കിംഗ് സംവിധാനം തുടങ്ങുക. വിദഗ്ദ്ധരുടെ സഹായത്താൽ വിപണന സാധ്യതകൾ പരമാവധി ഉപയോഗിക്കുക. ചെറുതും വലുതുമായ വിപണന കേന്ദ്രങ്ങൾ ആരംഭിക്കുക.

വ്യവസായ വകുപ്പിന്റെയും ഭക്ഷ്യവകുപ്പിന്റെയും സംയോജനം ഉപയോഗിക്കൽ. മത്സരങ്ങൾ അറിയുന്നതിനും ഉപഭോക്താക്കളെ മനസ്സിലാക്കാനും മറ്റ സംരംഭകരിൽ നിന്നു വേറിട്ട സമീപനം സ്വീകരിക്കുന്നത് ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിലും കാലാനുസൃതമായി പ്രതിഛായ മാറ്റുന്നതിലും നിലവിലുള്ള ഉപഭോക്താക്കളെ പിടിച്ചു നിർത്തുന്നതിലും പുതിയ വിപണി കാണുന്നതിലും വാശാനം നൽകുന്നതിലും ഭാവികാലത്തെ മുൻകൂട്ടി കാണാനും പരിശീലിപ്പിക്കുക.

4. സാഹസം ഏറ്റെടുക്കാൻ തയ്യാറാവാത്ത അവസ്ഥ

സമൂഹം സ്ത്രീകളെ ഒരു ചട്ടക്കൂടിനുള്ളിൽ ആയിട്ടാണ് ജീവിക്കാൻ അനുവദിക്കുന്നത്. അതുകൊണ്ടു തന്നെ പല സ്ത്രീകളും സാമ്പത്തികമായി സ്വയം പര്യാപ്തമാവാത്ത അവസ്ഥയിലൂടെയാണ് ജീവിക്കുന്നത്. കൂടാതെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയും ഒരു സംരംഭം തുടങ്ങാനും അതിനെ പുരോഗതിയിലെത്തിച്ച് സ്വയം പ്രാപ്തമാകാനും നോക്കാതെ പിന്നോട്ടടിക്കുന്നു. കുടുംബ പശ്ചാത്തലവും വിദേശ നാണ്യത്തിന്റെ വരവും പലരേയും ഒരു കുടുംബിനിയായി കഴിയാൻ മാനസികമായി സന്നദ്ധയാക്കുന്നു.

പരിഹാര നിർദ്ദേശം: സാഹസത്തിലൂടെയും അധ്വാനത്തിലൂടെയും മാത്രമേ ഉയർച്ച നേടാൻ സാധിക്കുകയുള്ളു എന്നുള്ള അവബോധം സൃഷ്ടിക്കുക.

സമൂഹത്തിൽ പോരാടി വന്ന് വലിയ ഉയർച്ച കൈവരിച്ച സ്ത്രീ സംരംഭകരെ പരിചയപ്പെടുത്തിയും അവരുടെ അനുഭവങ്ങൾ അടുത്തറിയാനും അവസരമൊരുക്കുക. കൂടാതെ വിവിധ സോഫ്റ്റ് സ്കിൽ സ്ഥാപനങ്ങളുടെയും അസാപ്പ് സംവിധാനത്തിന്റേയും സഹായത്തോടെ വ്യക്തി വികാസത്തിനുള്ള പരിശീലനവും നൈപുണ്യ പരിശീലനവും നൽകുക.

5. ചലനാത്മകത

സ്ത്രീ സംരംഭകരെ പിന്നോട്ടടിക്കുന്ന പ്രശ്നമാണ് സമൂഹം വരച്ച വരക്കുള്ളിൽ മാത്രം ഒതുങ്ങുന്ന ചലനം. പദ്ധതിയുടെ തുടക്ക ഘട്ടം മുതൽ നേരിടുന്ന ഉദ്യോഗസ്ഥരിൽ നിന്നുള്ള പരിഹാസ മനോഭാവവും സംരംഭം തുടങ്ങുന്നതിന് മുറി ചോദിച്ചാൽ പോലുമുള്ള ദുരാകൃത ചിന്താഗതികളും പലരേയും പിന്നോട്ടടിക്കുന്നു.

പരിഹാര നിർദ്ദേശം: സംരംഭങ്ങളിലൂടെ വിജയഗാഥകൾ രചിച്ചവരുമായി സംസാരിക്കാനുള്ള അവസരം ഒരുക്കിക്കൊടുക്കുക. വിവിധ മേഖലകളിലുള്ള വകുപ്പുമായി സംയോജിപ്പിച്ച് അവരുടെ മേഖലയിലേയ്ക്കും സംരംഭം വ്യാപിപ്പിക്കൽ.

6. കുടുംബത്തിന്റെ കെട്ടുപാട്

സമൂഹത്തിൽ കുട്ടികളെയും കുടുംബത്തിലെ മറ്റുള്ള അംഗങ്ങളെയും പരിപാലിക്കുന്നതിലുള്ള ചുമതല സ്ത്രീയിൽ നിക്ഷിപ്തമാകുന്നു. പുരുഷൻമാർ ഒരു രണ്ടാം റോളിൽ മാറി നിൽക്കുന്നു. കല്ല്യാണം കഴിഞ്ഞ സംരംഭകർക്ക് കുടുംബവും സംരംഭവും ഒരുമിച്ച് കൊണ്ടു പോകാനുള്ള മാനസികവും ശാരീരികവുമായ പ്രയാസം ഒന്നിന്റെ തകർച്ചയിലേയ്ക്ക് വഴി വെയ്ക്കുന്നു. ഫലപ്രാപ്തിയോടെ സംരംഭത്തെ മുന്നോട്ട് നയിക്കാൻ പറ്റാത്ത അവസ്ഥ സംജാതമാകുന്നു.

പരിഹാര നിർദ്ദേശം: കുടുംബ കെട്ടുപാടുകളിൽ നിന്ന് അവർക്ക് ജോലി ചെയ്യാൻ സാധിക്കുമെന്ന അവബോധം സൃഷ്ടിക്കുക. വീട്ടിലിരുന്ന് തന്നെ ഒഴിവു സമയങ്ങളിൽ ചെയ്യാൻ സാധിക്കുന്നതും കുടുംബാംഗങ്ങളെ കോർത്തിണക്കി ചെയ്യാൻ പറ്റുന്നതുമായ സംരംഭ മേഖലയെക്കുറിച്ചുള്ള വിജ്ഞാനം നൽകുക. അയൽക്കൂട്ട തലത്തിലേയ്ക്ക് വിവിധ പദ്ധതികളുടെ ആനുകൂല്യങ്ങളുടെ വിവരങ്ങൾ എത്തിക്കുന്നത് മൂലം ഉയർന്നു വരാനുള്ള സാഹചര്യങ്ങളെക്കുറിച്ച് അവർ അവബോധരാകും.

7. വിദ്യാഭ്യാസമില്ലായ്മ

വിദ്യാഭ്യാസത്തിന്റെ അപര്യാപ്തത മൂലം സംരംഭ രൂപീകരണം മുതൽ ഓരോ അവസരങ്ങളിലും സ്ത്രീ സംരംഭകർ പ്രശ്നങ്ങൾ നേരിടുന്നു. ബിസിനസ് രംഗത്തെ അവസ്ഥ വിശകലനം ചെയ്യാൻ സാധിക്കാത്ത അവസ്ഥ, ടെക്നോളജിയെ സംബന്ധിച്ച് ധാരണയില്ലായ്മ, മാർക്കറ്റ് മേഖലയെക്കുറിച്ചുള്ള വിജ്ഞാനക്കുറവ് തുടങ്ങിയവ സംരംഭത്തെ അടിമുടി ബാധിക്കുന്ന കാര്യമാണ്.

പരിഹാര നിർദ്ദേശം: വിവിധ തരത്തിലുള്ള പരിശീലന പരിപാടികൾ കുടുംബ പശ്ചാത്തലം അനുസരിച്ച് നൽകുക, സാങ്കേതിക പരിശീലനവും, പ്രൊഫഷണൽ മത്സര ശേഷിയും കൈവരിക്കാൻ പ്രാപ്തമാക്കുക. തുല്യത പരീക്ഷ പോലുള്ള അവസരങ്ങൾ എഴുതാൻ സഹായിക്കുക.

സംരംഭത്തിന്റെ വിവിധ മേഖലകളിൽ വിദഗ്ധരുടെ മേൽനോട്ടവും, സേവനവും നൽകുക. മെഷിനറി പരിജ്ഞാനം നൽകുന്നതിലും, മാർക്കറ്റ് അസിസ്റ്റൻസിലും ഗ്രേഡിംഗ് സമ്പ്രദായം നടപ്പാക്കുന്നതിലും സാങ്കേതിക പരിജ്ഞാനം നൽകുന്നതിലും വിദഗ്ദ്ധരുടെ സഹായം അനുവദനീയമാക്കുക. സാങ്കേതിക വകുപ്പിന്റെയും, മറ്റു വിദ്യാഭ്യാസ അനുബന്ധ വകുപ്പിന്റെയും സഹായം ലഭ്യമാക്കുക.

8. തോൽക്കുമോ എന്ന ഭയം

വീട്ടിൽ നിന്നും പുറത്തു നിന്നും മാനസികമായും ശാരീരികമായും പ്രശ്നങ്ങൾ അനുഭവിക്കുന്നു. കൂടാതെ സമ്മർദ്ദങ്ങളുടെ പ്രഭാവം മൂലം പലരും പേടിച്ചു പിന്തിരിയുന്നു.

പരിഹാര നിർദ്ദേശം: മാനസികമായും ശാരീരികമായും ശക്തിപ്പെടുത്തുന്നതിന് പരിശീലനം നൽകുക. യോഗ, വിവിധ യാത്രകൾ, വ്യവസായ സംരംഭ വിസിറ്റുകൾ എന്നിവ നടത്തുക.

മേൽ പറഞ്ഞ വിടവുകളും പ്രശ്നങ്ങളും നിലനിൽക്കുമ്പോഴും കഴിഞ്ഞ കാലങ്ങളിലെ കണക്കുകൾ എടുത്ത് പരിശോധിക്കുമ്പോൾ സംസ്ഥാന പദ്ധതി വിഹിതം കുറവായിരുന്ന കാലയളവ് ഒഴിച്ചാൽ സംരംഭങ്ങളുടെ എണ്ണത്തിൽ വൻ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത് എന്ന് കാണാം.

പട്ടിക 4.1.9.7 : കുടുംബശ്രീ സംരംഭങ്ങൾ

ക്രമ നം	സംരംഭം	എണ്ണം
1.	മൃഗ സംരക്ഷണ മേഖല	326
2.	തയ്യൽ അനുബന്ധ മേഖലകൾ	306

ക്രമ നം	സംരംഭം	എണ്ണം
3.	കാന്റീൻ, ഹോട്ടൽ, പലഹാരം	254
4.	റെഡിമെയ്ഡ് ഷോപ്പുകൾ	70
5.	സ്റ്റേഷനറി ഷോപ്പുകൾ	59
6.	സോപ്പ്, ക്ലീനിംങ് അനുബന്ധ ഉത്പന്നങ്ങൾ	53
7.	ന്യൂട്രീമിക്സ്	42
8.	പപ്പടം	36
9.	കറിപൊടികൾ, മസാലകൾ	29
10.	പൊടി മില്ല്	28
11.	ബാഗ്, കവർ യൂണിറ്റുകൾ	33
12.	ബ്യൂട്ടി പാർലറുകൾ	23
13.	മൺപാത്ര നിർമാണം	21
14.	ഡി റ്റി പി , ഫോട്ടോസ്റ്റാറ്റ്	13
15.	ഐടി യൂണിറ്റ്.	10
16.	കുട നിർമാണം	9
17.	മറ്റുള്ളവ	285
	ആകെ	1597

അവലംബം: കുടുംബശ്രീ സംരംഭ സർവ്വേ നവംബർ 2017

ചിത്രം 4.1.9.6 : കുടുംബശ്രീ സംരംഭങ്ങൾ



അവലംബം: കുടുംബശ്രീ സംരംഭ സർവ്വേ നവംബർ 2017

പട്ടിക 4.1.9.8 : കുടുംബ സംരംഭങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്

വർഷം	സംരംഭങ്ങളുടെ എണ്ണം	വർദ്ധനവ്	ശതമാനം
2011-12 വരെ	1126		
2012-13	1160	34	3 %
2013-14	1276	116	10 %
2014-15	1373	97	7.60 %

2015-16	1452	79	5.75 %
2016-17	1504	52	3.60 %
2017-18	1597	93	6.18 %

അവലംബം: കുടുംബശ്രീ സംരംഭ സർവ്വേ നവംബർ 2017

ചിത്രം 4.1.9.7 : കുടുംബശ്രീ സംരംഭങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്



അവലംബം: കുടുംബശ്രീ സംരംഭ സർവ്വേ നവംബർ 2017

വിപണന മേഖലയിലെ പ്രശ്നങ്ങൾ

ഉത്പന്നങ്ങൾ എവിടെ വിൽക്കണം, ആർക്ക് വിൽക്കണം, എങ്ങിനെ വിൽക്കണം എന്നതു പോലെയുള്ള പ്രശ്നങ്ങൾ, അസംസ്കൃത വസ്തുക്കൾ സമയത്ത് ലഭിക്കാതിരിക്കുക, ഉത്പന്നങ്ങൾ യഥാസമയം വിതരണം ചെയ്യാൻ സാധിക്കാതെ വരിക തുടങ്ങിയ പ്രശ്നങ്ങളാൽ നിർബന്ധിതമായി വില കുറക്കാൻ സന്നദ്ധയാവുക.

പരിഹാര നിർദ്ദേശം: വിവിധ തദ്ദേശ വകുപ്പുകളുമായി ചേർന്ന് വിപണന സാധ്യതകൾ കണ്ടെത്തുക. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി പോളിസിയിലും മറ്റും ഭേദഗതികൾ വരുത്തുക.

വിപണന മേഖലയിൽ നിരവധി സാധ്യതകൾ പ്രാവർത്തികമാക്കുന്ന കുടുംബശ്രീ. ദിവസ ചന്തകൾ, ആഴ്ച ചന്തകൾ, മാസചന്തകൾ, ഉത്സവ ചന്തകൾ തുടങ്ങിയവ. ഭക്ഷ്യമേളകൾ, പ്രത്യേക വിപണന മേളകൾ, ദേശീയ മേളകൾ എന്നിവയിലെ സജീവ സാന്നിധ്യമാണ് കുടുംബശ്രീ. കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിലെ വിപണന മേളകളുടെ എണ്ണമെടുത്ത് പരിശോധിച്ചാൽ ചില്ലറ ഏറ്റക്കുറച്ചിലുകളുണ്ടെങ്കിലും 2017-18 കാലയളവിൽ കുതിപ്പുണ്ടായിട്ടുള്ളതായി കാണാൻ സാധിക്കും.

പട്ടിക 4.1.9.9 : വിപണന മേളകളിലെ പങ്കാളിത്തം

വർഷം	വിപണന മേളകളുടെ എണ്ണം	വർദ്ധനവ്	ശതമാനം
2012-13	123		
2013-14	177	54	44 %
2014-15	219	42	24 %
2015-16	313	94	43 %
2016-17	388	75	24 %
2017-18	614	226	58 %

അവലംബം: കുടുംബശ്രീ സംരംഭ സർവ്വേ നവംബർ 2017

ചിത്രം 4.1.9.8 : വിപണന മേളകളിലെ പങ്കാളിത്തം



അവലംബം: കുടുംബശ്രീ സംരംഭ സർവ്വേ നവംബർ 2017

പട്ടിക 4.1.9.10 : കുടുംബശ്രീ ഭക്ഷ്യ വിപണന മേള 2017–18

മാസം	ആകെ വിൽപ്പന	പങ്കെടുത്ത് യൂണിറ്റ്	ആകെ ചിലവ്
ജനുവരി	4,31,320	16	1,00,000
ഫെബ്രുവരി	3,51,210	12	1,11,476
മാർച്ച്	4,62,120	13	1,40,520
ഏപ്രിൽ	2,23,473	12	1,41,816
ഏപ്രിൽമെയ് –	9,44,157	7	Nil
ആഗസ്റ്റ്	2,86,245	6	84,680
ഒക്ടോബർ	1,92,790	9	1,80,466
നവംബർ	2,28,625	9	1,91,170
ഡിസംബർ	1,92,460	8	1,68,743
ഡിസംബർ	2,29,685	6	75,730

അവലംബം: കുടുംബശ്രീ സംരംഭ സർവ്വേ നവംബർ 2017

ചിത്രം 4.1.9.9 : കുടുംബശ്രീ ഭക്ഷ്യ വിപണന മേള 2017–18



അവലംബം: കുടുംബശ്രീ സംരംഭ സർവ്വേ നവംബർ 2017

പട്ടിക: 4.1.9.11 : പ്രദർശന–വിപണന മേളകൾ 2017–18

മേള	പങ്കെടുത്ത യൂണിറ്റുകൾ	വിറ്റുവരവ്
മാതൃഭൂമി ബുക്ക് ഫെയർ മുബൈ	2	2,63,570
ബംഗ്ലൂർ ട്രേഡ് ആൻറ് കൾച്ചർ ഫെയർ	3	1,64,590
കൽക്കട്ട സരസ് ഫെയർ	4	76,780
ഗോവ ഫെയർ	1	24,300
വിജയവാഡ ഫെയർ	2	33,700
ഡൽഹി കകഠ ഫെയർ	2	15,000
മലപ്പുറം സരസ്	4	11,53,290

അവലംബം: കുടുംബശ്രീ സംരംഭ സർവ്വേ നവംബർ 2017

ചിത്രം 4.1.9.10 : പ്രദർശന–വിപണന മേളകൾ 2017 –18



അവലംബം: കുടുംബശ്രീ സംരംഭ സർവ്വേ നവംബർ 2017

സംരംഭക മേഖലയിലെ വിജയഗാഥ

തെന്നല അഗ്രോ പ്രൊഡ്യൂസർ കമ്പനി

കൃഷി ഗ്രൂപ്പുകൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നമാണ് തങ്ങൾ ഉത്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്താൻ കഴിയുന്നില്ല എന്നത്. തെന്നല കുടുംബശ്രീ സി.ഡി.എസിന്റെ കീഴിൽ നെൽ കൃഷിയിലേർപ്പെട്ടിരുന്ന കൃഷി ഗ്രൂപ്പുകൾ നേരിട്ട പ്രധാന വെല്ലുവിളി നെല്ലിന് വിപണി കണ്ടെത്തലാണ്. അവർ തന്നെ അതിനൊരു പരിഹാരവും കണ്ടെത്തി. തെന്നല അഗ്രോ പ്രൊഡ്യൂസർ കമ്പനി. 500 കർഷകർ ഓഹരി ഉടമകളായുള്ളതാണ് കമ്പനി. ഈ കർഷകർ ഉത്പാദിപ്പിക്കുന്ന നെല്ല് കമ്പനി തന്നെ വാങ്ങുകയും കുത്തി അരിയാക്കി വിപണനം നടത്തുകയും ചെയ്യുന്നു. ജൈവകൃഷി രീതിയാണ് പിന്തുടരുന്നത്. അരി തന്നെ വ്യത്യസ്ത ഇനങ്ങളായും (പായസ അരി, പൊടിയരി, തവിട് കളയാത്ത അരി തുടങ്ങിയവ) അവൽ, പ്രഭാത ഭക്ഷണ കിറ്റ് (Break fast cereal) എന്നിവയായും വിപണനം ചെയ്യുന്നു. കമ്പനിയുടെ ലാഭം അംഗങ്ങൾക്ക് വീതിച്ചു നൽകുകയാണ് ചെയ്യുന്നത്. 10 പേരടങ്ങുന്ന ഡയറക്ടർ ബോർഡാണ് കമ്പനി നിയന്ത്രിക്കുന്നത്. കൃഷിക്കാർക്ക് നല്ല വിലയും വിപണിയും ഒപ്പം മായമില്ലാത്ത ഭക്ഷ്യവസ്തുക്കൾ ജനങ്ങൾക്ക് ലഭിക്കുകയും ചെയ്യുന്നു എന്നതാണ് പ്രധാന സവിശേഷത.

ന്യൂട്രിമിക്സ് യൂണിറ്റ്

ജില്ലയിലെ 106 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു കീഴിൽ പ്രവർത്തിക്കുന്ന മുഴുവൻ അംഗൻവാടികളിലെ കുട്ടികൾക്കുള്ള പൂരക പോഷകാഹാരം തയ്യാറാക്കി നൽകുന്നത് വിവിധ

സ്ഥലങ്ങളിലായി പ്രവർത്തിക്കുന്ന 42 കുടുംബശ്രീ അമൃതം ന്യൂട്രിമിക്സ് യൂണിറ്റുകളാണ്. ഇത്രയും യൂണിറ്റുകളിൽ 350 ഓളം വനിതകൾ പ്രവർത്തിക്കുന്നുണ്ട്. പ്രതിവർഷം 230 ടൺ അമൃതം പൗഡർ ഉത്പാദിപ്പിക്കുന്നുണ്ട്.

കുടുംബശ്രീ ചിക്കൻ

തദ്ദേശീയമായി ഉത്പാദിപ്പിക്കുന്ന സുരക്ഷിതമായ കോഴിയിറച്ചി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും ഇറച്ചിക്കോഴി വില വർദ്ധനവിന് ഒരു പരിഹാരമെന്ന നിലയിലും കുടുംബശ്രീ ആരംഭിക്കുന്ന ഇറച്ചിക്കോഴി വളർത്തൽ പദ്ധതിയാണ് കുടുംബശ്രീ ചിക്കൻ. 1000 കോഴികളെ വളർത്താൻ നിലവിൽ സാധ്യതയുള്ള വ്യക്തിഗത സംരംഭവും 250 കോഴികളെ വളർത്താൻ സാധ്യതയുള്ള 4 അംഗങ്ങളെ കൂട്ടിച്ചേർത്ത കൊണ്ടുള്ള ഗ്രൂപ്പ് സംരംഭവുമാണ് ആരംഭിക്കുന്നത്. സി.ഐ.എഫ് ആയി 1,00,000/- രൂപ വ്യക്തികൾക്ക് നൽകും. ആയത് 4 % പലിശയോടെ ഒരു വർഷത്തിനുള്ളിൽ തിരിച്ചടയ്ക്കണം. ഇറച്ചിക്കോഴി വിപണനത്തിനായി കുടുംബശ്രീ കിയോസ്കുകളും (വനിത സംരംഭകർ) ഉണ്ടാവും.

ഐ.റ്റി യൂണിറ്റുകൾ

സേവന മേഖലയിൽ വളരെ ഫലപ്രദമായ ഒരു ഇടപെടലാണ് ഐ.റ്റി യൂണിറ്റുകൾ. മലപ്പുറം ജില്ലയിൽ 08 ഐ.റ്റി യൂണിറ്റുകളാണ് നിലവിലുള്ളത്. വിവിധ ഡേറ്റാ എൻട്രി വർക്കുകൾ ഏറ്റെടുത്ത് ഭംഗിയായി നിർവ്വഹിച്ചു വരുന്നുണ്ട്. ലൈഫ് മിഷന്റെ ഭാഗമായ സർവ്വേയുടെ ഡേറ്റാ എൻട്രി, റേഷൻ കാർഡിന്റെ ഡേറ്റാ എൻട്രി തുടങ്ങി പ്രധാനപ്പെട്ട പല സർക്കാർ പ്രവൃത്തികളും കുടുംബശ്രീ ഐ.റ്റി. യൂണിറ്റുകൾ പൂർത്തീകരിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ ഇ-സേവാ കേന്ദ്രങ്ങൾ ഐ.റ്റി. യൂണിറ്റുകളാണ് നടത്തുന്നത്. ഐ.റ്റി. യൂണിറ്റുകൾക്ക് സംസ്ഥാന തലത്തിൽ ഉന്നതി എന്ന കൺസോർഷ്യം നിലവിലുണ്ട്. പല പ്രധാന പ്രവൃത്തികളും ഏറ്റെടുക്കുന്നത് ഉന്നതിയുടെ നേതൃത്വത്തിലാണ്.

വികസന പരിപ്രേക്ഷ്യം

മലപ്പുറം ജില്ലയിൽ 412110 അയൽക്കൂട്ട അംഗങ്ങൾ ഉണ്ടെങ്കിലും സംരംഭകരായി വന്നിട്ടുള്ളത്. 1310 സംരംഭങ്ങളിലായി 6552 വനിതകളെ സംരംഭ രംഗത്തേക്ക് കൊണ്ട വരുന്നതിന് സാധിച്ചിട്ടുള്ളൂ. (0.31%). അവലംബം കുടുംബശ്രീ സൂക്ഷ്മ സംരംഭ സർവ്വെ 2017 നവംബർ.

കുടുംബശ്രീ വനിതകളിൽ 30% വനിതകളെയെങ്കിലും സംരംഭക മേഖലകളിലേക്ക് കൊണ്ട വരികയും സംരംഭകരായി വളർത്തുകയും ചെയ്യേണ്ടതുണ്ട്. ഇപ്പോൾ സംരംഭങ്ങളിൽ ഉൾപ്പെടുന്ന വനിതകൾ തന്നെ പ്രധാനമായിട്ടും ഏർപ്പെടുന്ന സംരംഭക മേഖലകൾ മൃഗ സംരക്ഷണം, ഭക്ഷ്യ ഉത്പന്നങ്ങൾ, കാന്റീൻ യൂണിറ്റുകൾ, വസ്ത്ര നിർമ്മാണം തുടങ്ങിയവയാണ്. സംരംഭങ്ങളിലെ പുതിയ മേഖലകളിൽ കൂടുതൽ കുടുംബശ്രീ വനിതകൾ സംരംഭങ്ങൾ ആരംഭിക്കുന്നതിനും പരമ്പരാഗത മേഖലകളിൽ തന്നെ നൂതനമായ സങ്കേതങ്ങളും സാങ്കേതിക വിദ്യയും ഉപയോഗപ്പെടുത്തുന്നതിനും പ്രാപ്തരാകേണ്ടതുണ്ട്.

കുടുംബശ്രീ ഉത്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനും വിപണന രംഗത്തെ പ്രശ്നങ്ങളെയും പോരായ്മകളെയും മറികടക്കുന്നതിന് ഉത്പാദനത്തിലും വിപണനത്തിലും കാലാനുസൃതമായ മാറ്റങ്ങളും പരിഷ്കാരങ്ങളും കൊണ്ടുവരേണ്ടതുണ്ട്.

അന്തർദേശീയ നിലവാരത്തിൽ കയറ്റുമതിക്ക് അനുയോജ്യമായ ഗുണ നിലവാരം ഉറപ്പു വരുന്നതിന് ബ്രാന്റിംഗ്, പാക്കിംഗ് വിപണനത്തിന് ആവശ്യമായ പരസ്യം തുടങ്ങിയവ ഏർപ്പെടുത്തേണ്ടതുണ്ട്.

പാശ്ചാത്തല മേഖല

ദാരിദ്ര്യ ലഘൂകരണമാണ് കുടുംബശ്രീയുടെ ആത്യന്തികമായ ലക്ഷ്യം. ആ ലക്ഷ്യത്തിലൂന്നിയ പദ്ധതികളും പ്രവർത്തനങ്ങളുമാണ് കുടുംബശ്രീ നടപ്പിലാക്കി വരുന്നത്. വരുമാന വർദ്ധനവ് എന്നതിലുമപ്പുറം സാമൂഹ്യ പ്രതിബദ്ധതയുള്ള നിരവധി പദ്ധതികൾ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി കുടുംബശ്രീ നടപ്പിലാക്കുന്നുണ്ട്. ക്ലേശ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ കണ്ടെത്തുന്ന നിരാലംബരും നിരാശ്രയരുമായ കുടുംബങ്ങൾക്ക് ഭൂമി, ഭവനം, ഭക്ഷണം, വസ്ത്രം, ചികിത്സ, സ്വയം തൊഴിൽ എന്നിവ ലഭ്യമാക്കി സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൈപിടിച്ചുയർത്തുന്ന പദ്ധതിയായ ആശ്രയ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കുടുംബശ്രീ പ്രാവർത്തികമാക്കുന്നുണ്ട്. സമൂഹത്തിലെ ദുർബല വിഭാഗങ്ങളെ കുടുംബശ്രീയുടെ കുടക്കീഴിൽ അണിനിരത്തി അവർക്ക് സമൂഹത്തിൽ ഒരു സ്ഥാനം നേടിക്കൊടുക്കുന്നതിനും അവരുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനും ഉതകുന്ന തരത്തിലെ പ്രവർത്തനങ്ങളും കുടുംബശ്രീ സ്വീകരിച്ച് വരുന്നു.

സംസ്ഥാന വ്യാപകമായി കുടുംബശ്രീ മിഷൻ പ്രവർത്തനങ്ങളുടെ തുടർച്ചയായി അയൽക്കൂട്ട രൂപീകരണവും സ്ത്രീകളുടെ കൂട്ടായ്മയും സൃഷ്ടിക്കാൻ സാധിച്ചു. എങ്കിലും സ്ത്രീകൾക്ക് തങ്ങളുടേതായ അവകാശങ്ങൾ തിരിച്ചറിഞ്ഞ് അവ നേടിയെടുക്കാനും സമൂഹത്തിന്റെ വിവിധ മേഖലകളിൽ തങ്ങളുടെ അവസരങ്ങൾ ഉറപ്പു വരുത്തുന്നതിനും സാധിച്ചിരുന്നില്ല. ഈ അവസരത്തിൽ, കുടുംബശ്രീയുടെ ഇടപെടൽ മൂലവും കുടുംബശ്രീ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ ഫലമായും എല്ലാ മേഖലകളിലും സ്ത്രീ പങ്കാളിത്തം ഉറപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നടക്കുന്ന തെരഞ്ഞെടുപ്പുകളിൽ സ്ഥാനാർത്ഥികളായി വരുന്ന വനിതകളിൽ മഹാ ഭൂരിപക്ഷവും കുടുംബശ്രീ വനിതകളാവുന്നത് ഇതിന് ഉദാഹരണമാണ്. തൊഴിലുറപ്പ് പദ്ധതി പോലെയുള്ള സാമൂഹിക സുരക്ഷ പദ്ധതികളുടെ വിജയത്തിലും കുടുംബശ്രീ വനിതകളുടെ പങ്ക് ചെറുതല്ല.

നേരിടുന്ന പ്രശ്നങ്ങൾ

1. പൊതുജനങ്ങൾക്കും ഇതര സർക്കാർ വകുപ്പുകൾക്കും കുടുംബശ്രീയെക്കുറിച്ചും കുടുംബശ്രീ സംവിധാനത്തെക്കുറിച്ചും വേണ്ടത്ര ധാരണയില്ലായ്മ.
2. മിഷനായതിനാൽ (സർക്കാർ വകുപ്പായി പ്രഖ്യാപിക്കാത്തതിൽ) ആവശ്യമായ പരിഗണന ലഭിക്കായ്ക.
3. ആളെ കൂട്ടുന്നതിനുള്ള ഏജൻസിയായി മാത്രം കുടുംബശ്രീയെ കാണുന്നു.
4. മുഴുവൻ അയൽക്കൂട്ട അംഗങ്ങളെയും വരുമാനദായക പ്രവർത്തനങ്ങളിലെത്തിക്കുന്നതിലെ വിടവ്.
5. മുൻവിധി കാരണമോ തെറ്റിദ്ധാരണ മൂലമോ സമൂഹത്തിലെ മുഴുവൻ ജനതയും കുടുംബശ്രീയുടെ ഭാഗമാകാൻ സന്നദ്ധരാവാതിരിക്കുക.

പരിഹാരം

1. പൊതു ജനങ്ങൾക്കിടയിലും ഇതര വകുപ്പുകൾക്കിടയിലും കുടുംബശ്രീയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്ന പരിപാടികൾ ആസൂത്രണം ചെയ്യുക, നടപ്പിലാക്കുക.
2. കുടുംബശ്രീ സ്കൂൾ പോലെയുള്ള പരിശീലന പരിപാടികളുടെ തുടർച്ചയും വ്യാപനവും.
3. സംയോജന സാധ്യതകൾ ഉപയോഗപ്പെടുത്തുക.
4. കുടുംബശ്രീയുടെ വ്യാപനം നൂറ് ശതമാനം കുടുംബങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് വേണ്ട പരിപാടികൾ രൂപീകരിക്കുക.

സാമൂഹ്യ വികസനം– പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗം

സ്ത്രീകളുടേത് മാത്രമായ സംഘടന എന്ന നിലയിൽ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗത്തെ ഉൾക്കൊള്ളുന്ന സംവിധാനമാണ് കുടുംബശ്രീയെന്ന് പൊതുവെ പറയാമെങ്കിലും സ്ത്രീകളിൽ തന്നെ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കായി പ്രത്യേക പ്രവർത്തനങ്ങൾ കുടുംബശ്രീ നടപ്പിലാക്കി വരുന്നു.

1. ആശ്രയ പദ്ധതി–അഗതി രഹിത കേരളം: അടിസ്ഥാനപരമായി അവകാശങ്ങൾ നിക്ഷേധിക്കപ്പെട്ട, നിരാലംബരും നിരാശ്രയരും പാർശ്വവൽക്കരികപ്പെട്ടവരുമായ ഒരു വിഭാഗം ജനങ്ങളെ അഗതികൾ എന്ന് വിശേഷിപ്പിക്കാം. ഇവർക്ക് സാമൂഹ്യാധിഷ്ഠിത സംവിധാനത്തിലൂടെ സേവനങ്ങൾ എത്തിച്ചു കൊടുക്കുകയും, അതുവഴി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരികയും ചെയ്യുന്നതിനായി സംസ്ഥാന സർക്കാർ കുടുംബശ്രീ മുഖേന ആവിഷ്കരിച്ച് തദ്ദേ ശഭരണ സ്ഥാപനത്തിലൂടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ആശ്രയ. അഗതി കുടുംബങ്ങൾക്കാവശ്യമായ ഭക്ഷണം, വസ്ത്രം, ചികിത്സ, പെൻഷൻ, വിദ്യാഭ്യാസം, ഭൂമി, പാർപ്പിടം, കുടിവെള്ളം, ശുചിത്വ സൗകര്യങ്ങൾ, തൊഴിൽ, മാനസികാരോഗ്യത്തിനുതകുന്ന വിധത്തിലുള്ള കൗൺസിലിംഗ് തുടങ്ങിയവ സമസ്ത പ്രശ്നങ്ങൾക്കും പരിഹാരം നല്കി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം. അഗതി രഹിത കേരളം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ അഗതികളേയും പുനരധിവസിപ്പിക്കാനാണ് തീരുമാനം. ആശ്രയ പദ്ധതിക്ക് കുടുംബശ്രീ മിഷനിൽ നിന്നും പദ്ധതി തുകയുടെ 40% അല്ലെങ്കിൽ 40 ലക്ഷം രൂപ ഏതാണോ കുറവ് അതാണ് ചലഞ്ച് ഫണ്ടായി അനുവദിക്കുക. എസ്.റ്റി. പ്രോജക്ട് ആണെങ്കിൽ 40% അല്ലെങ്കിൽ 50 ലക്ഷം രൂപ ഏതാണോ കുറവ് അതായിരിക്കണം അനുവദിക്കുക. അയൽക്കൂട്ട കുടുംബാംഗങ്ങളുടെ സമീപമുള്ള ആശ്രയ കുടുംബം സന്ദർശിച്ച് പദ്ധതിയുടെ ഗുണഫലങ്ങൾ വിലയിരുത്തുക.

2. ബഡ്സ്: ശാരീരിക ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ ശാസ്ത്രീയമായി പുനരധിവസിപ്പിക്കാൻ പഞ്ചായത്ത്/നഗരസഭാ തലത്തിൽ ആരംഭിച്ച പ്രത്യേക സ്കൂളാണ് ബഡ്സ്. സംസ്ഥാനത്ത് ഇന്ന് 64 ബഡ്സ് സ്കൂളുകൾ പ്രവർത്തിച്ചു വരുന്നു.

ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ: ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ വിദ്യാഭ്യാസ പ്രായം കഴിഞ്ഞ മാനസിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികളുടെ പകൽ പരിപാലനം, തൊഴിൽ പരിശീലനം എന്നിവയ്ക്കായി കുടുംബശ്രീ മിഷന്റെ പിന്തുണയോടെ പഞ്ചായത്തടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള സാമൂഹ്യാധിഷ്ഠിത പങ്കാളിത്ത പുനരധിവാസ സ്ഥാപനങ്ങളാണ് ബഡ്സ് പുനരധിവാസ കേന്ദ്രങ്ങൾ (ബി.ആർ.സി).

പട്ടിക 4.1.9.12 : ബഡ്സ് സ്കൂളുകളുടെ വിവരങ്ങൾ 2017–2018

ക്രമ നം	ബഡ്സ് സ്കൂൾ	കുട്ടികളുടെ എണ്ണം	ആൺ	പെൺ
1.	മാറഞ്ചേരി	85	48	37
2.	ചെറുകാവ്	78	39	39
3.	കൊണ്ടോട്ടി	64	39	25
4.	കോഡൂർ	69	41	28
5.	താനൂർ	33	18	15
6.	തിരൂർ	38	19	19
7.	പാണ്ടിക്കാട്	46	29	17
8.	കരുവാരകുണ്ട്	54	28	26
9.	മൊറയൂർ	47	27	20
10.	മക്കരപറപ്പ്	36	18	18
11.	പൊന്നാനി	40	31	9
12.	ചെറിയമുണ്ടം	25	16	9
13.	തുപ്രങ്ങോട്	26	16	10
14.	തിരുവാലി	30	16	14
15.	ഇരിമ്പിളിയം	30	17	13
16.	വാഴയൂർ	28	16	12
17.	പൊൻമള	25	10	15

അവലംബം: കുടുംബശ്രീ സംരംഭ സർവ്വേ നവംബർ 2017

ചിത്രം 4.1.9.11 : ബഡ്സ് സ്കൂളുകളുടെ വിവരങ്ങൾ 2017 -18



അവലംബം: കുടുംബശ്രീ സംരംഭ സർവ്വേ നവംബർ 2017

പട്ടിക 4.1.9.13 : ബഡ്സ് കുട്ടികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് 2015-18

വർഷം	കുട്ടികളുടെ എണ്ണം	വർഷം	കുട്ടികളുടെ എണ്ണം
	ആകെ എണ്ണം		ആകെ എണ്ണം (ശതമാനം)
2015-16	466	-	-
2016-17	557	91	19.5 %
2017-18	746	189	34 %

അവലംബം: കുടുംബശ്രീ റിപ്പോർട്ട് ഡിസംബർ 2017

ചിത്രം 4.1.9.13 : ബഡ്സ് കുട്ടികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് 2015-18



അവലംബം: കുടുംബശ്രീ റിപ്പോർട്ട് ഡിസംബർ 2017

3. ബാലസഭ

കുടുംബശ്രീ അയൽക്കൂട്ട പരിധിയിൽ വരുന്ന മുഴുവൻ കുട്ടികളുടേയും കൂട്ടമാണ് ബാലസഭ. ശിശു കേന്ദ്രീകൃത പ്രവർത്തന പരിപാടികളിലൂടെ അവരുടെ കഴിവുകൾ (ശേഷികൾ) വിപുലപ്പെടുത്തുന്നതിനുള്ള അവസരങ്ങളും, സാഹചര്യങ്ങളും സൃഷ്ടിക്കുക എന്നുള്ളതാണ്

കുടുംബശ്രീയുടെ ബാലസഭ പരിപാടികൊണ്ട് ലക്ഷ്യമാക്കുന്നത്. അയൽക്കൂട്ട സെക്രട്ടറിയുടെ മേൽനോട്ടത്തിൽ 5 മുതൽ 18 വയസ്സു വരെയുള്ള കുട്ടികളെ ഉൾപ്പെടുത്തി രൂപീകരിക്കുന്നതാണ് ബാലസഭ. 5 മുതൽ 9 വയസുവരെയുള്ളവരെ ജൂനിയർ വിഭാഗത്തിലും 10 മുതൽ 18 വയസുള്ളവരെ സീനിയർ വിഭാഗത്തിലും ഉൾപ്പെടുത്തുന്നു. ഒരു ബാലസഭയിൽ 15 മുതൽ 30 വരെ കുട്ടികൾക്ക് അംഗത്വം നൽകാം. പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി എന്നിങ്ങനെ 4 ഭാരവാഹികളാണ് ബാല സഭകൾക്ക്. ബാലസഭകൾ സി.ഡി.എസിൽ രജിസ്റ്റർ ചെയ്യണം. ആഴ്ചയിൽ ഒരിക്കലെങ്കിലും ഒത്തുചേരണം. മൂന്നു മാസത്തിലൊരിക്കൽ എ.ഡി.എസ്. തല ഒത്തുചേരൽ നടത്തണം. നിലനിർത്തേണ്ട രജിസ്റ്ററുകൾ: അംഗത്വ രജിസ്റ്റർ, മിനിട്ട്സ് ബുക്ക്. ഉത്തരവാദിത്വം പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, എന്നിവരിൽ നിക്ഷിപ്തം. കുട്ടികൾക്ക് നഷ്ടപ്പെടുന്ന ആസ്വാദ്യകരമായ കുട്ടിക്കാലം വീണ്ടെടുക്കുക, വരും തലമുറയിലേയ്ക്കുള്ള ദാരിദ്ര്യ വ്യാപനം തടയുക, ആരോഗ്യ പൂർണ്ണവും മൂല്യാധിഷ്ഠിതവുമായ പുതു തലമുറയെ സൃഷ്ടിക്കുക എന്നതാണ് ബാലസഭയുടെ പ്രവർത്തന ലക്ഷ്യം.

4. പട്ടിക വർഗ്ഗ മേഖലയിലുള്ള പ്രത്യേക പദ്ധതികൾ:

പട്ടിക വർഗ്ഗ വികസന വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും സഹായത്തോടെ സംസ്ഥാനത്തെ പട്ടികവർഗ്ഗ ജനസംഖ്യ കൂടുതലുള്ള പഞ്ചായത്തുകളിൽ കുടുംബശ്രീ സംഘടനാ സംവിധാനത്തിൽ പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ പങ്കാളിത്തം ഉയർത്തുന്നതിനും, തൊഴിൽ സാധ്യതകൾ കണ്ടെത്തുന്നതിനുമായി പ്രത്യേക പ്രോജക്ട് നടപ്പാക്കി വരുന്നു. ആരോഗ്യം, പോഷകാഹാരം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ പ്രത്യേക സേവനങ്ങൾ ലഭ്യമാക്കുന്നതിനും ഈ പ്രോജക്ട് ലക്ഷ്യമിടുന്നു. പദ്ധതിയുടെ ഭാഗമായി ലഭ്യമാകുന്ന പ്രത്യേക പിന്തുണകൾ ചുവടെ ചേർക്കുന്നു.

1. എസ്.റ്റി സ്പെഷ്യൽ അയൽക്കൂട്ടം: അയൽക്കൂട്ടത്തിലെ 70% അംഗങ്ങളും പട്ടികവർഗ്ഗ മേഖലയിൽ പെട്ടതാണെങ്കിൽ ആ അയൽക്കൂട്ടത്തെ സ്പെഷ്യൽ അയൽക്കൂട്ടമായി കണക്കാക്കും.
2. അഫിലിയേഷൻ ഫീസ്: പട്ടികവർഗ്ഗ മേഖലയിലെ അയൽക്കൂട്ടത്തിന് സി.ഡി.എസിൽ രജിസ്റ്റർ ചെയ്യുന്നതിന് ഫീസ് ഇളവുണ്ട്.
3. രജിസ്റ്റർ ബുക്ക്: പട്ടികവർഗ്ഗ മേഖലയിലെ അയൽക്കൂട്ടങ്ങൾക്ക് രജിസ്റ്റർ ബുക്കുകൾ ഒറ്റത്തവണ സൗജന്യമായി നൽകുന്നു.
4. ഓഡിറ്റ് ഫീസ്: അയൽക്കൂട്ടത്തിന്റെ വർഷാ വർഷം നടത്തപ്പെടുന്ന ഓഡിറ്റിങ്ങിൽ സാധാരണ അയൽക്കൂട്ടങ്ങൾക്ക് 200/-രൂപയാണ് ഓഡിറ്റ് ഫീസ്. എന്നാൽ, പട്ടികവർഗ്ഗ മേഖലയിലെ അയൽക്കൂട്ടങ്ങൾക്ക് 100/-രൂപയാണ് ഓഡിറ്റ് ഫീസ്.
5. കോർപ്പസ് ഫണ്ട്: പുതുതായി രൂപീകരിക്കുന്ന അയൽക്കൂട്ടങ്ങൾക്ക് ഒറ്റതവണ 10,000/-രൂപ കോർപ്പസ് ഫണ്ട് നൽകുന്നു.
6. മാച്ചിംഗ് ഗ്രാന്റ്: ഗ്രേഡിംഗിൽ 80% മാർക്ക് ലഭ്യമായാൽ ലിങ്കേജ് വായ്പ എടുക്കാതെ തന്നെ മാച്ചിംങ്ങ് ഗ്രാന്റ് നൽകുന്നു.
7. സംരംഭങ്ങൾ: പട്ടികവർഗ്ഗ വകുപ്പ് 100% ഫണ്ട് സൗജന്യമായി സംരംഭകർക്ക് നൽകുന്നു. (പ്രോജക്ടുകൾ എസ്.റ്റി. വകുപ്പിന് നൽകണം).
8. ഉപജീവന തൊഴിലുകൾ: പ്രദേശത്തിന്റെ പ്രാധാന്യം അനുസരിച്ച് ഉപജീവന തൊഴിലുകൾക്ക് പരിശീലനവും, പദ്ധതി രൂപീകരണവും, അതാത് പ്രദേശങ്ങളിൽ ചെന്ന് കൊടുക്കുന്നു.
9. സംരഭകത്വ വികസന പരിശീലനം: ജി.ഒ.റ്റി, ഇ.ഡി.പി. സ്കിൽ പരിശീലനങ്ങളിൽ പങ്കെടുക്കുന്നവർക്ക് സ്റ്റൈപ്പന്റ്, (റ്റിഎ) നൽകുന്നു.
10. കൃഷി: പുതുതായി രൂപീകരിക്കുന്ന പട്ടികവർഗ്ഗ ജെ.എൽ.ജി.കൾക്ക് 4,000/-രൂപ കോർപ്പസ് ഫണ്ടായി നൽകുന്നു.

5. തീരദേശം

തീരദേശത്തിന്റെ സമഗ്ര വികസനത്തിനായി തീരദേശ പഞ്ചായത്തുകളിൽ തീരദേശ വോളന്റിയർ നിയമനം നടത്തിയിട്ടുണ്ട്. പ്രത്യേക തീരദേശ അയൽക്കൂട്ടങ്ങൾ രൂപീകരിക്കുകയും റിവോൾവിംഗ് ഫണ്ടായി 15000 രൂപ നൽകുകയും ചെയ്തു വരുന്നു. ഉപജീവന മേഖലയിൽ പ്രത്യേക ധനസഹായവും പരിശീലനവും നൽകി വരുന്നു.

6. ട്രാൻസ്ജെന്റർ

2015-ൽ സംസ്ഥാന ട്രാൻസ്ജെന്റർ പോളിസി രൂപീകൃതമായതിന് ശേഷം ട്രാൻസ്ജെന്റർ എന്ന ഉറന്ന പറച്ചിലിലൂടെ സമൂഹത്തിൽ അവർ ജീവിച്ച തുടങ്ങിയിട്ടുണ്ട്. എന്നാൽ, വിവേചനങ്ങൾക്കും പീഡനങ്ങൾക്കും വിധേയമായിക്കൊണ്ടാണ് അവരുടെ സാമൂഹ്യ ജീവിതം മുന്നോട്ട പോകുന്നത്. സമൂഹത്തിൽ നിന്നും കുടുംബത്തിൽ നിന്നും ഒറ്റപ്പെട്ട് കഴിയുന്ന അവർക്ക് സ്വസ്ഥവും മാന്യവുമായ ഒരു ജീവിതം ഉണ്ടാക്കിക്കൊടുക്കേണ്ടത് കുടുംബശ്രീയുടെ സാമൂഹ്യ ഉത്തരവാദിത്തമാണെന്ന തിരിച്ചറിവിൽ ജില്ലയിൽ ട്രാൻസ്ജെന്റർ അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. 03 അയൽക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട് സഹജ, തിരുനർ, സ്പെക്ട്രാ. ഇതിൽ സ്പെക്ട്രാ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. 2011-ലെ സെൻസസ് പ്രകാരം കേരളത്തിൽ 3902 ട്രാൻസ്ജെന്റർ ഉണ്ടെന്നായിരുന്നു കണക്ക്. 2015-ലെ സാമൂഹ്യ നീതി വകുപ്പിന്റെ സർവ്വെ പ്രകാരം സംസ്ഥാനത്ത് 25000 ത്തിലധികം ട്രാൻസ്ജെന്റർ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്.

7. സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ

സ്ത്രീപദവി സ്വയം പഠന പ്രക്രിയ

സംസ്ഥാന വ്യാപകമായി കുടുംബശ്രീ മിഷൻ പ്രവർത്തനങ്ങളുടെ തുടർച്ചയായി അയൽക്കൂട്ട രൂപീകരണവും സ്ത്രീകളുടെ കൂട്ടായ്മയും സൃഷ്ടിക്കാൻ സാധിച്ചു. എങ്കിലും, സ്ത്രീകൾക്ക് തങ്ങളുടേതായ അവകാശങ്ങൾ തിരിച്ചറിഞ്ഞ് അവ നേടിയെടുക്കാനും സമൂഹത്തിന്റെ വിവിധ മേഖലകളിൽ തങ്ങളുടെ അവസരങ്ങൾ ഉറപ്പു വരുത്തുന്നതിനും സാധിച്ചിരുന്നില്ല. ഈ അവസരത്തിൽ വ്യത്യസ്തമായൊരു പഠന രീതിയിലൂടെ സ്വന്തം അവസ്ഥ സ്വയം തിരിച്ചറിയുന്നതിനും അത് വഴി പഠിതാവ് തന്നെ അറിവിന്റെ ഉൽപാദകരും, ഗുണഭോക്താക്കളും ആയി മാറുന്ന ഒരു പദ്ധതി സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി കുടുംബശ്രീ 2007- ൽ ആരംഭിച്ചു.

നിലനിൽക്കുന്ന സാമൂഹ്യ അവസ്ഥയേയും അധികാര ഘടനയേയും തങ്ങളുടെ വ്യക്തിപരവും സാമൂഹ്യവുമായ അനുഭവങ്ങളുമായി ബന്ധപ്പെടുത്തി മനസിലാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സ്ത്രീ പദവി സ്വയം വിശകലനം ചെയ്യുന്നതിനുള്ള ശേഷി കുടുംബശ്രീ പ്രവർത്തകർ ആർജ്ജിക്കുകയും ചെയ്യുന്നതിന് സഹായിക്കുക എന്നതാണ് ഈ പഠന പ്രക്രിയയുടെ ലക്ഷ്യം. ഇത് കേവലം ബോധവത്കരണ പരിശീലനമല്ല, മറിച്ച് പരസ്പരസഹായകമായ പഠന പ്രക്രിയയാണ്.

ജെന്റർ കോർണർ

കുടുംബശ്രീ സി.ഡി.എസ്. തലത്തിൽ ആരംഭിച്ച ജെന്റർ കോർണറുകളും അവയുടെ പ്രവർത്തനങ്ങളും പ്രാദേശിക തലത്തിൽ സ്ത്രീകളുടേതായ ഒരിടം എന്ന ആശയം മുൻനിർത്തിയാണ് പ്രവർത്തിക്കുന്നത്. സ്ത്രീകൾക്ക് വായനയ്ക്കും വിജ്ഞാനത്തിനുമുള്ള അവസരം സൃഷ്ടിക്കുക, ഇത്തരം വിഷയങ്ങളുമായി ബന്ധപ്പെട്ട് സംവാദങ്ങൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുക, സ്ത്രീകളുടെ സർഗ്ഗാത്മഗത പ്രകടനത്തിനുള്ള വേദിയായി മാറുക, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾക്കെതിരെ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളുമായി ചേർന്നുള്ള സംയോജിത പ്രവർത്തനം, സ്ത്രീകൾക്ക് അവരുടെ പ്രശ്നങ്ങൾ ഉറന്ന് പറയാനും പങ്കിടാനുമുള്ള ഒരു വേദി എന്നീ നിലകളിലാണ് ജെന്റർ കോർണർ നിലവിൽ പ്രവർത്തിച്ചു വരുന്നത്. ഇതിനോടൊപ്പം സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് ജാഗ്രതാ സമിതികളുമായി സംയോജിച്ചുകൊണ്ട് പ്രാദേശികമായി പരിഹാരം കാണുക എന്ന ലക്ഷ്യവും ജെന്റർ കോർണർ പ്രവർത്തനങ്ങൾക്കുണ്ട്. കൂടാതെ, ആവശ്യമായ സാഹചര്യങ്ങളിൽ ഹെൽപ്പ് ഡെസ്ക് പ്രവർത്തനവുമായി സംയോജിപ്പിച്ച് കൊണ്ട് കൗൺസിലിംഗ്, നിയമ സേവന സംവിധാനങ്ങൾ എന്നിവയും ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾക്കായി മുൻകൈയെടുക്കുന്നു.

സ്നേഹിത

സമൂഹത്തിൽ ഒറ്റപ്പെട്ടവരും, നിരാലംബരും, പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നവരുമായ സ്ത്രീകൾക്കും കുട്ടികൾക്കും പിന്തുണയും സഹായവും താത്കാലിക അഭയവും നൽകുന്ന ഒരു ഇടമാണ്

സ്നേഹിത. ഏതെങ്കിലും തരത്തിലുള്ള അതിക്രമങ്ങൾക്കോ ചൂഷണങ്ങൾക്കോ വിധേയരായ സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ പിന്തുണ നൽകുക എന്നതാണ് ഈ കേന്ദ്രത്തിന്റെ പ്രധാന ലക്ഷ്യം.

കമ്മ്യൂണിറ്റി കൗൺസിലിംഗ്

കൗൺസിലിംഗ് രംഗത്തെ വിദഗ്ധർ ഉൾപ്പെടുന്ന ടീം നാല് ദിവസം കുടുംബശ്രീ അംഗങ്ങളും കൗൺസിലിംഗ് മേഖലയിൽ മുൻപരിചയമുള്ളവരുമായ വനിതകൾക്ക് പരിശീലനം നൽകി രൂപീകരിച്ചിട്ടുള്ളതാണ് കുടുംബശ്രീ കമ്മ്യൂണിറ്റി കൗൺസിലേർസ് ടീം. ഭിന്ന ശേഷിയുള്ള കുട്ടികളുടെ മാതാപിതാക്കൾക്കുള്ള കൗൺസിലിംഗ്, വിവിധ വിഷയങ്ങളെ അധികരിച്ച് നടക്കുന്ന കുടുംബ സംഗമങ്ങൾ, വാർഡ് തല സംഗമങ്ങൾ എന്നിവയും ഇവരുടെ നേതൃത്വത്തിൽ നടന്നു വരുന്നു. ജെന്റർ കോർണറുകൾ, റിസോഴ്സ് സെന്ററുകൾ, മൈഗ്രേഷൻ സെന്ററുകൾ, ബ്ലോക്ക് ലെവൽ കമ്മ്യൂണിറ്റി കൗൺസിലിംഗ് സെന്ററുകൾ, സ്നേഹിത ജെന്റർ ഹെൽപ്പ് ഡെസ്ക് എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലും കമ്മ്യൂണിറ്റി കൗൺസിലർമാരുടെ പങ്കാളിത്തം ഉണ്ട്.

വൾണറബിലിറ്റി മാപ്പിംഗ്

ഒരു പ്രദേശത്തെ പ്രധാന ക്ലേശ ഘടകങ്ങളേയും, മനുഷ്യരെയും പ്രകൃതിയെയും പ്രത്യക്ഷമായോ പരോക്ഷമായോ ബാധിക്കുകയും ചെയ്യുന്ന പ്രശ്നങ്ങളെ രേഖപ്പെടുത്തുന്ന ഒരു പഠന പ്രവർത്തനമാണിത്.

- പ്രാഥമിക വിവരശേഖരണം
- ദ്വിദീയ വിവരശേഖരണം
- സ്ഥാപന വിശകലനം
- കുടുംബശ്രീ സംഘടനാ സംവിധാന വിശകലനം
- ഫോക്കസ് ഗ്രൂപ്പ് ചർച്ച
- വിഷയാധിഷ്ഠിത ചർച്ചകൾ
- സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ വിവരശേഖരണം.

മുകളിൽ സൂചിപ്പിച്ച രീതി ശാസ്ത്രങ്ങൾ ഉപയോഗിച്ചാണ് ആവശ്യമായ വിവരങ്ങൾ ശേഖരിച്ചത്. ഇതിന് മുന്നോടിയായി പരിശീലനങ്ങൾ, വിളംബര ജാഥകൾ, വകുപ്പുകളുടെ സംയോജിത മീറ്റിംഗ്രകൾ തുടങ്ങിയവ സംഘടിപ്പിച്ചു. മാപ്പിംഗ് വഴി കണ്ടെത്തിയ അടിയന്തിരമായി ഇടപെടേണ്ട പ്രശ്നങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. കണ്ടെത്തിയ പ്രശ്നങ്ങളെ അടിസ്ഥാനപ്പെടുത്തി കരട് പ്രോജക്ടുകൾ തയ്യാറാക്കുകയും വികസന സെമിനാറിൽ അവതരിപ്പിക്കുകയും ചെയ്യുന്നു.

കമ്മ്യൂണിറ്റി തീയറ്റർ – രംഗശ്രീ

നാടകാവതരണം, തിരക്കഥ രൂപീകരണം, കോസ്റ്റ്യൂം, പ്രോപ്പർട്ടി നിർമ്മാണം തുടങ്ങിയവ പരിശീലിപ്പിച്ച് ഒരു ഗ്രൂപ്പിനെ സജ്ജരാക്കി 10 പേരടങ്ങുന്ന രംഗശ്രീ നാടകാവതരണ ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പ്, സാമൂഹ്യ വകുപ്പ് തുടങ്ങിയവ ഉൾപ്പെടെ നിരവധി വകുപ്പുകളുടെ ക്യാമ്പയിനുകൾ നിലവിൽ ഇവ ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്.

ജെന്റർ റിസോഴ്സ് സെന്റർ / ബ്ലോക്ക് ലെവൽ കമ്മ്യൂണിറ്റി സെന്റർ

സ്ത്രീകളുടെ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും നിലവിലെ അവസ്ഥകളെ വിശകലനം ചെയ്ത് പോരായ്മകൾ പരിഹരിച്ച് സമൂഹത്തിൽ അവരുടേതായ ഒരു സ്ഥാനം ഉറപ്പിക്കുക, പ്രശ്നങ്ങൾ അനുഭവിക്കുന്ന സ്ത്രീകൾക്കും കൗമാരക്കാരായ പെൺ കുട്ടികൾക്കും പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിനും ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ കൗൺസിലിംഗ് നൽകുന്നതിനും തദ്ദേശ സ്വയംഭരണ തലത്തിൽ ലിംഗ പദവിയിൽ അധിഷ്ഠിതമായ ഒരു സ്ഥിരം

സംവിധാനം അനിവാര്യമാണ്. ഈ സെന്റർ പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത് സ്ത്രീ പക്ഷ നിലപാടുകൾക്ക് പ്രാധാന്യം നൽകുക, അത് വഴി കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങളുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളുടെയും കഴിവ് വർദ്ധിപ്പിക്കുക, പദ്ധതികളെയും പ്രവർത്തനങ്ങളെയും സ്ത്രീ പക്ഷ കാഴ്ചപ്പാടോടു കൂടി കണ്ട് വികസിപ്പിക്കുക എന്നിവയാണ്. ഈ സെന്റർ വഴി പ്രശ്നങ്ങൾ അനുഭവിക്കുന്ന സ്ത്രീകൾക്ക് ജെന്റർ കോർണർ, മൈഗ്രേഷൻ സെന്റർ പ്രവർത്തകരുമായി നേരിട്ട് ബന്ധപ്പെടാനുള്ള അവസരവും ഒരുക്കുന്നു. ജില്ലാ തലത്തിൽ പ്രവർത്തിക്കുന്ന സ്നേഹിത ജെന്റർ ഹെൽപ്പ് ഡെസ്ക് പ്രവർത്തനങ്ങൾ തദ്ദേശ സ്വയം ഭരണതലത്തിൽ ഏകോപിപ്പിക്കുന്നതിനും ജെന്റർ റിസോഴ്സ് സെന്ററുകൾക്ക് സാധിക്കും.

വിജിലന്റ് ഗ്രൂപ്പുകൾ

കേരളത്തിലെ മുഴുവൻ വാർഡുകളിലും എല്ലാവർക്കും സുരക്ഷിതമായൊരു അയൽക്കൂട്ട പ്രദേശം, സഞ്ചാര സ്വാതന്ത്ര്യം, അവകാശ സംരക്ഷണത്തിനായി നിലവിലുള്ള സംവിധാനങ്ങൾ എന്നീ ആശയങ്ങൾ ശക്തമായി ഏറ്റവും സൂക്ഷ്മതലത്തിൽ ചർച്ച ചെയ്യപ്പെടുന്ന ഒരു പ്രവർത്തനത്തിന് രൂപം നൽകി നടപ്പിലാക്കി വരുന്നു. അയൽക്കൂട്ടാംഗങ്ങൾ, എ.ഡി.എസ്. അംഗങ്ങൾ, അംഗൻവാടി പ്രവർത്തകർ, അംഗൻവാടി അമ്മമാരുടെ കമ്മിറ്റി, ബാലസഭ പ്രവർത്തകർ, ജന പ്രതിനിധികൾ, ഓരോ എ.ഡി.എസ് പരിധിയിലും വരുന്ന സാംസ്കാരിക സംഘടനകൾ എന്നിവരെയെല്ലാം കൂട്ടിയോജിപ്പിച്ച കൊണ്ടുള്ള പ്രവർത്തനമാണിത്.

ഈ ചർച്ചയുടെ അടിസ്ഥാനത്തിൽ ഓരോ വാർഡിലും കുറഞ്ഞത് 510 സുരക്ഷാ വോളണ്ടിയർമാരെ സ്ത്രീ പുരുഷ ഭേദമെന്യേ (വിജിലന്റ്ഗ്രൂപ്പ്) നിശ്ചയിക്കുകയും അവരുടെ അദ്ധ്യക്ഷതയിൽ സ്ത്രീ ശക്തി സാമൂഹ്യമാറ്റത്തിനുള്ള പ്രേരണ ഘടകമാക്കി മാറ്റുന്നത് സംബന്ധിച്ചും സുരക്ഷ സംബന്ധിച്ച് നിലവിലുള്ള പിന്തുണാ സംവിധാനങ്ങൾ സംബന്ധിച്ചും സുരക്ഷിതമായ സഞ്ചാരത്തിനുള്ള മുൻകരുതലുകളെ സംബന്ധിച്ചും ചർച്ചകൾ നടത്തി ഗ്രൂപ്പ് രൂപീകരണങ്ങൾ വാർഡ് തലത്തിൽ നടന്നു വരുന്നു. ഗ്രൂപ്പുകളുമായി അതത് പ്രദേശത്തെ സി.ഡി.എസ്. ചെയർപേഴ്സൺമാർ വഴി ബന്ധപ്പെടാവുന്നതാണ്.

പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗം നേരിടുന്ന പ്രശ്നങ്ങളും പരിഹാരങ്ങളും

1. യഥാസമയം സേവനങ്ങൾ ഗുണഭോക്താക്കളിലേയ്ക്ക് എത്തിക്കുന്നതിലുള്ള കാലതാമസം.
2. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിലും പദ്ധതി രൂപീകരണത്തിലും വരുന്ന കാലതാമസം.
3. ഭിന്നശേഷിക്കാരുടെ പുനരധിവാസത്തിനുള്ള കേന്ദ്രങ്ങൾ മുഴുവൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ആരംഭിക്കുന്നതിലെ വിടവ്.
4. ആരംഭിച്ച സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാർക്ക് ആവശ്യമായ മുഴുവൻ സേവനങ്ങളും ലഭ്യമാക്കുന്നതിലെ വിടവ്.
5. വയോജന ക്ഷേമത്തിനായുള്ള പ്രത്യേക പരിപാടികൾ തയ്യാറാക്കുന്നതിലുള്ള പോരായ്മ.
6. സമൂഹത്തിന് ട്രാൻസ്ജെന്ററുകളെ അംഗീകരിക്കാൻ ഉള്ള മടിമൂലം ഉപജീവന പരിപാടികളിലേയ്ക്ക് കൊണ്ടു വരുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ട്.
7. പല സ്ഥലങ്ങളിൽ ആയി വസിക്കുന്നതിനാൽ ട്രാൻസ്ജെന്ററുകളെ ഒരുമിച്ച കൂട്ടുന്നതിനും സംരംഭങ്ങൾ രൂപീകരിക്കുന്നതിലുമുള്ള ബുദ്ധിമുട്ട്.
8. സാമൂഹിക സംഘടനാ സംവിധാനത്തിലേയ്ക്ക് മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങളെയും കൊണ്ടു വരുന്നതിലുള്ള വിടവ്.
9. ഇതര സംസ്ഥാന തൊഴിലാളി കുടുംബങ്ങളെ സാമൂഹിക സംഘടന സംവിധാനങ്ങളിലേയ്ക്ക് കൊണ്ടു വരുന്നതിനും, ക്ഷേമ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിലുമുള്ള വിടവ്.
10. മത്സ്യതൊഴിലാളികൾ, തീരദേശ വാസികൾ എന്നിവരെ സംഘടനാ സംവിധാനത്തിലേയ്ക്ക് കൊണ്ടു വരുന്നതിലും ഉപജീവനമാർഗ്ഗം നൽകുന്നതിലുമുള്ള വിടവ്.

പരിഹാര നിർദ്ദേശങ്ങൾ

1. യഥാസമയമുള്ള മോണിറ്ററിംഗും അവലോകനവും.
2. പദ്ധതി രൂപീകരണത്തിലും അവലോകനങ്ങളിലും പങ്കാളിത്തം ഉറപ്പ വരുത്തുക. മേൽത്തട്ട് കീഴ്ത്തട്ട് നിർദ്ദേശങ്ങൾ സ്വീകരിക്കുക.
3. പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ അവബോധ പരിപാടികൾ സംഘടിപ്പിക്കുക. കൂറ്റമറ്റ മാർഗ്ഗ രേഖ തയ്യാറാക്കൽ.
4. ട്രാൻസ്ജന്ററുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് ആവശ്യമായ അവബോധ പരിപാടി സംഘടിപ്പിക്കൽ.
5. സാമൂഹികമായ ഇടപെടൽ മേഖലകളിൽ ട്രാൻസ്ജന്റർ വിഭാഗത്തിന് ആവശ്യമായ അവസരങ്ങൾ ഒരുക്കി കൊടുക്കൽ.
6. കാര്യക്ഷമമായ അവബോധ പരിപാടികളിലൂടെ പട്ടികവർഗ്ഗ വിഭാഗത്തിന്റെ പങ്കാളിത്തം ഉറപ്പാക്കൽ. തനതായ ഉപജീവന പദ്ധതികളുടെ വികസന വ്യാപനം.
7. കൃത്യമായ കണക്കെടുപ്പ്, ആവശ്യമായ തിരിച്ചറിയൽരേഖ ലഭ്യമാക്കൽ, സാമൂഹിക സംവിധാനത്തിനാവശ്യമായ ക്ഷേമ പരിപാടികൾ നടപ്പിലാക്കൽ.
8. പരമ്പരാഗത ഉപജീവനമായ മത്സ്യബന്ധനത്തെ വികസനത്തിലേയ്ക്കും അനുബന്ധ പ്രവർത്തനങ്ങളിലേയ്ക്കും കൊണ്ടുവരിക.

രുചി ഭരണി പദ്ധതി

കട്ട് ഫിഷ് യൂണിറ്റുകൾ, അച്ചാർ യൂണിറ്റുകൾ, ഉണക്ക മത്സ്യം വിപണനം ചെയ്യുന്ന പദ്ധതി. വിപണന സാധ്യത ഉറപ്പ വരുത്തുന്നതിന് തീരദേശ കാർണിവെൽ, ബങ്കുകൾ, കുടുംബശ്രീ സീസൺ മാർക്കറ്റ്.

വികസന പരിപ്രേക്ഷ്യം

വനിതകൾ, വയോജനങ്ങൾ, കുട്ടികൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെന്റർ, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾ, മത്സ്യതൊഴിലാളികൾ, തീരദേശ വാസികൾ, ഇതര സംസ്ഥാന തൊഴിലാളികൾ, അഗതികൾ തുടങ്ങി പ്രത്യേക പരിഗണനയർഹിക്കുന്ന വിഭാഗങ്ങളുടെ ക്ഷേമം, വികസനം എന്നിവ ലക്ഷ്യം വെച്ചുകൊണ്ടുള്ള പദ്ധതികളും പരിപാടികളും നിലവിലുണ്ടെങ്കിലും പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കുകയും സേവനങ്ങളും ആനുകൂല്യങ്ങളും ഇത്തരത്തിലുള്ള മുഴുവനാളുകളിലേക്കും എത്തിക്കേണ്ടതുണ്ട്. ഓരോ വിഭാഗത്തിനും പ്രത്യേകം പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്.

വനിതകൾ

ലിംഗ സമത്വത്തിൽ അധിഷ്ഠിതമായതും തുല്യപങ്കാളിത്തം ഉറപ്പ വരുത്തുന്നതിനുമായുള്ള ഇടപെടൽ ആവശ്യമാണ്. സ്ത്രീ ശാക്തീകരണ രംഗത്ത് കുടുംബശ്രീ ഇടപെടൽ ഏറെ മാറ്റങ്ങൾ കൊണ്ടു വന്നിട്ടുണ്ടെങ്കിലും ഇനിയും ഏറെ മുന്നോട്ട് പോകേണ്ടതുണ്ട്. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം മലപ്പുറം ജില്ലയിൽ സംസ്ഥാന ശരാശരിയേക്കാൾ ഏറെ താഴെയാണ്. ഉന്നത വിദ്യാഭ്യാസം നേടുന്ന വനിതകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും തൊഴിൽ രംഗത്ത് എത്തിപ്പെടുന്നതിന്റെ തോത് ഇനിയും ഉയരേണ്ടതുണ്ട്. സ്വയംതൊഴിൽ രംഗത്തെ സ്ത്രീ പങ്കാളിത്തം കുടുംബശ്രീ ഇടപെടൽ മൂലം വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും ഇനിയും ഏറെ മുന്നോട്ട് പോകേണ്ടതുണ്ട്.

വിധവകൾ, കുടുംബനാഥയുടെ വരുമാനത്തെ മാത്രം ആശ്രയിക്കുന്ന കുടുംബങ്ങൾ, വനിതാ ലൈംഗിക തൊഴിലാളികൾ തുടങ്ങിയവർക്ക് മെച്ചപ്പെട്ട ഉപജീവന മാർഗ്ഗങ്ങൾ കണ്ടെത്തി കൊടുക്കേണ്ടതുണ്ട്. തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾ മഹാ ഭൂരിപക്ഷവും വനിതകളാണ്. വർഷത്തിൽ 100 തൊഴിൽ ദിനങ്ങൾ എന്നതിൽ നിന്ന് കൂടുതൽ തൊഴിൽ ദിനങ്ങൾ ഉറപ്പ വരുത്തേണ്ടതുണ്ട്. വനിതാ തൊഴിലാളികളുടെ നൈപുണ്യ വികസനത്തിന് ആവശ്യമായ പരിപാടികളും ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുണ്ട്.

വയോജനങ്ങൾ

വയോജനങ്ങളുടെ ആരോഗ്യം, ഒഴിവു സമയ വിനിയോഗം, വ്യക്തിപരമായ ഒറ്റപ്പെടലിൽനിന്നുള്ള മോചനം തുടങ്ങിയവ സാധ്യമാക്കുന്നതിന് പ്രത്യേക ഇടപെടലും പരിപാടികളും ആവശ്യമാണ്. കുടുംബശ്രീ വയോജന അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു വരുന്നുണ്ടെങ്കിലും ഇതിന്റെ വ്യാപനം ആവശ്യമാണ്. പ്രവർത്തനാധിഷ്ഠിത പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യേണ്ടതുണ്ട്. ശാരീരികമായ അവശതകളെ തരണം ചെയ്യുന്നതിനും മെച്ചപ്പെട്ട ആരോഗ്യത്തോടെ ജീവിതം നയിക്കുന്നതിനും ആവശ്യമായ സാഹചര്യം ഒരുക്കേണ്ടതുണ്ട്.

കുട്ടികൾ

ആരോഗ്യപൂർണ്ണവും തുല്യ അവസരം ഉറപ്പു വരുത്തുന്നതുമായ ശൈശവവും, ബാല്യവും, കൗമാരവും കുട്ടിക്ക് ഉറപ്പു വരുത്തേണ്ടതുണ്ട്. 100% സ്കൂൾ പ്രവേശനം, നൈപുണികൾ വികസിപ്പിക്കുന്നതിൽ തുല്യ അവസരം, വിദ്യാഭ്യാസത്തിനും വിനോദത്തിനുമുള്ള തുല്യ അവസരം, അതിക്രമങ്ങളിൽ നിന്നും ചൂഷണങ്ങളിൽ നിന്നുമുള്ള മോചനം തുടങ്ങി കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള സാഹചര്യം നിലനിർത്തേണ്ടതുണ്ട്.

കുട്ടികൾക്കിടയിൽ സാമൂഹിക അവബോധം വളർത്തുന്നതിലും ലിംഗ സമത്വ അവബോധം വളർത്തുന്നതിനുമായി കുടുംബശ്രീക്കു കീഴിലെ ബാലസഭകൾ ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെങ്കിലും പ്രവർത്തനങ്ങളുടെ വ്യാപനം സാധ്യമാക്കേണ്ടതുണ്ട്.

ഭിന്നശേഷിക്കാർ

മാനസിക, ശാരീരിക വെല്ലുവിളി നേരിടുന്നവരുടെ ക്ഷേമം, വികസനം, പുനരധിവാസം തുടങ്ങിയവ സാധ്യമാക്കുന്നതിന് സമഗ്രമായ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുണ്ട്. കുടുംബശ്രീ വിഭാവനം ചെയ്ത ബഡ്സ് സ്പെഷ്യൽ സ്കൂളുകളും, ബഡ്സ് പുനരധിവാസ കേന്ദ്രങ്ങളും പല തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കു കീഴിലും പ്രവർത്തിക്കുന്നുണ്ടെങ്കിലും എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കു കീഴിലും ഇത്തരം സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനോ 100% ഭിന്നശേഷിക്കാരിലേക്ക് ഇത്തരം സ്ഥാപനങ്ങളുടെ സേവനങ്ങൾ എത്തിക്കുന്നതിനോ സാധിച്ചിട്ടില്ല.

മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പകൽ പരിപാലനം, പ്രത്യേക വിദ്യാഭ്യാസം, വിവിധ തരം തെറാപ്പികൾ, തൊഴിൽ പരിശീലനങ്ങൾ, മാതാപിതാക്കൾക്കുള്ള ഉപജീവന പരിപാടികൾ തുടങ്ങിയവയെല്ലാം ഇത്തരം സ്ഥാപനങ്ങളുടെ ലക്ഷ്യങ്ങളാണെങ്കിലും അതിന്റെ സമഗ്രതയിൽ നടപ്പാക്കാനായിട്ടില്ല.

ട്രാൻസ്ജെന്റർ

നിലവിലുള്ള സാമൂഹിക സാമ്പത്തിക സാഹചര്യത്തെ മാറ്റിയെടുക്കുന്നതിനായി ഉപജീവന പരിപാടികളും ആരോഗ്യ അവബോധ പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട്. ഇതിന്റെ തുടക്കമെന്ന നിലയിൽ കുടുംബശ്രീ 3 പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിക്കുകയും സ്വയംതൊഴിൽ പരിപാടികൾക്ക് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. മലപ്പുറം ജില്ലയിൽ ട്രാൻസ്ജെന്റർ വിഭാഗത്തിൽപ്പെട്ട എത്ര പേരുണ്ടെന്ന സമ്പൂർണ്ണ വിവരശേഖരണം നടത്തുകയും മുഴുവൻ ആളുകളെയും സ്പെഷ്യൽ അയൽക്കൂട്ട കൂട്ടായ്മയിലേക്ക് കൊണ്ടുവരികയും ഉപജീവന പരിപാടികളിലേക്ക് എത്തിക്കുകയും ചെയ്യേണ്ടതുണ്ട്.

കമ്മ്യൂണിറ്റി എന്ന നിലയ്ക്ക് സാമൂഹിക അംഗീകാരം നേടിയെടുക്കുന്നതിനും വിവിധ മേഖലകളിൽ ട്രാൻസ്ജെന്റർ കമ്മ്യൂണിറ്റിയിലൂടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിന് ആവശ്യമായ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട്.

ഇതര സംസ്ഥാന തൊഴിലാളികൾ

മലപ്പുറം ജില്ലയിൽ നിർമ്മാണ മേഖല, റീട്ടെയിൽ ഷോപ്പ്, ഹോട്ടൽ, ക്ലബ്ബാർ, വ്യവസായങ്ങൾ തുടങ്ങി എല്ലാ മേഖലകളിലേയും പ്രധാന തൊഴിലാളികൾ ഇതര സംസ്ഥാനങ്ങളിൽ നിന്നും വന്നവരാണ്. എന്നാൽ ജില്ലയിൽ എത്ര ഇതര സംസ്ഥാന തൊഴിലാളികൾ ഉണ്ടെന്നതോ ഏതെല്ലാം മേഖലകളിൽ അവരുടെ അധ്വാന ശേഷി ഉപയോഗപ്പെടുത്തുന്നതിനെ കുറിച്ചോ, എത്ര പേർ സ്ഥിര താമസമുണ്ടെന്നതിനെ കുറിച്ചോ വ്യക്തമായ കണക്കുകളോ വിവരങ്ങളോ നിലവിലില്ല.

ഇത്തരത്തിൽ സമ്പൂർണ്ണമായ വിവരശേഖരണം നടത്തുകയും ഏർപ്പെടുന്ന തൊഴിൽ മേഖലകളിലെ ചൂഷണങ്ങൾ അവസാനിപ്പിക്കുന്നതിലും സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിലും ആരോഗ്യ പൂർണ്ണമായ വാസസ്ഥലങ്ങൾ ഉറപ്പുവരുത്തുന്നതിലും നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

കുടുംബ സമേതം കഴിയുന്ന ഇതര സംസ്ഥാന തൊഴിലാളികളായ വനിതകളുടെ ക്ഷേമം, ആരോഗ്യം, സുരക്ഷിതത്വം, കുട്ടികളുടെ വിദ്യാഭ്യാസം എന്നിവ ഉറപ്പു വരുത്തുന്നതിനും ആവശ്യമായ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുണ്ട്.

തീരദേശം മത്സ്യബന്ധന തൊഴിലാളികൾ

മത്സ്യബന്ധനത്തെയും അനുബന്ധ പ്രവർത്തനങ്ങളെയും ആശ്രയിച്ചു മാത്രം ഉപജീവനം കഴിയുന്നവരുടെ ഉന്നമനത്തിന് ആവശ്യമായ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്. ഇത്തരം കുടുംബങ്ങളിലെ വനിതകളുടെ കൂട്ടായ്മകൾ രൂപീകരിക്കുകയും തൊഴിൽ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യേണ്ടതുണ്ട്.

അനുയോജ്യമായ സ്വയം തൊഴിൽ സാധ്യതകൾ കണ്ടെത്തുന്നതിനും അതിലേക്ക് അവരെ കൊണ്ടു വരുന്നതിലും പ്രത്യേക ഇടപെടൽ നടത്തേണ്ടതുണ്ട്. തീരദേശ വനിതകൾക്കിടയിൽ അരോഗ്യ അവബോധം, സാമ്പത്തിക സാക്ഷരത, സാമൂഹിക അവബോധം എന്നിവ ഉറപ്പു വരുത്തുന്നതിന് കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ വ്യാപനം പൂർണ്ണമാകേണ്ടതുണ്ട്. നൈപുണ്യ വികസനത്തിനാവശ്യമായ പരിശീലനങ്ങൾ സംഘടിപ്പിക്കേണ്ടതുമുണ്ട്.

പ്രത്യേക ഊന്നൽ നൽകുന്ന പദ്ധതികൾ

1. എ.ബി.സി പദ്ധതികൾ :

ജില്ലാ കലക്ടറുടെയും ജില്ലാ പഞ്ചായത്തിന്റെയും നേതൃത്വത്തിൽ നടക്കുന്ന തെരുവ് നായ വന്ധ്യംകരണ പരിപാടിയ്ക്ക് ആവശ്യമായ സഹായങ്ങൾ നൽകേണ്ടത് കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ ചുമതലയാണ്. തെരുവ് നായ്കളെ പിടിയ്ക്കുക, അവയെ പിടിച്ച സ്ഥലത്തുനിന്നും എ.ബി.സി. പ്രോഗ്രാം നടത്തിപ്പിനായി തെരഞ്ഞെടുത്തിട്ടുള്ള സ്ഥാപനത്തിലേയ്ക്ക് മാറ്റുക, ഓപ്പറേഷന് മുൻപും പിൻപുമുള്ള പരിരക്ഷ ഉറപ്പാക്കുക, മൃഗങ്ങളെ പിടിച്ച സ്ഥലത്ത് തന്നെ തിരികെ കൊണ്ടുവിടുക എന്നിവയ്ക്കായി പ്രത്യേകം രൂപീകരിച്ച കുടുംബശ്രീ യൂണിറ്റുകളുടെ ചുമതലയാണ്.

മലപ്പുറം ജില്ലയിൽ മറ്റൊരു ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതിനാൽ നിലവിൽ കുടുംബശ്രീ ഈ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

2. നിർമ്മാണ മേഖല

നിർമ്മാണ മേഖലയിൽ കുടുംബശ്രീ അംഗങ്ങളെ പരിശീലിപ്പിക്കുന്നതിലൂടെ കുടുംബശ്രീ ലക്ഷ്യമിടുന്നത് സ്ത്രീകളുടെ വൈദഗ്ദ്ധ്യം വർദ്ധിപ്പിച്ചു കൊണ്ട് ഒരു സ്ഥിരം വരുമാനം ലഭിക്കുന്ന തരത്തിലേയ്ക്ക് മാറ്റുക എന്നതാണ്. കാലക്രമേണ പരിശീലനം ലഭിച്ച വനിതകളുടെ കമ്മ്യൂണിറ്റി കൺസ്ട്രക്ഷൻ കോൺട്രാക്ടർ ഗ്രൂപ്പുകൾ സംസ്ഥാനത്താകമാനം ഉണ്ടായിവരും. മലപ്പുറം ജില്ലയിൽ ഡി.ഡി.യു.ജി.കെ.വൈ പദ്ധതിയുടെ ഭാഗമായി 113 സ്ത്രീകളെ നിർമ്മാണ മേഖലയിൽ പരിശീലിപ്പിച്ചിട്ടുണ്ട്.

4.2 സേവന മേഖല

ഒരു സമ്പദ് വ്യവസ്ഥയുടെ ക്രമവും സുസ്ഥിരവുമായ വികസനത്തിൽ ബഹുതല ആസൂത്രണത്തിനും അതിൽ സേവന മേഖലയുടെ സംഭാവനയും എല്ലാവരാലും അംഗീകരിക്കപ്പെട്ടതാണ്. ചുരുങ്ങിയ ആളോഹരി വരുമാനത്തിലും ആരോഗ്യ-വിദ്യാഭ്യാസ മേഖലയിലെ വളർച്ചകൊണ്ട് സാമൂഹിക പുരോഗതി കൈവരിക്കാമെന്ന കേരളാ മോഡൽ വികസനം ലോകമാസകലം ചർച്ച ചെയ്യപ്പെട്ടതും അംഗീകരിക്കപ്പെട്ടതുമാണ്. അതിനാൽ തന്നെ സാമൂഹിക നീതിയിലധിഷ്ഠിതമായ സാമ്പത്തിക വികസനമാണ് സംസ്ഥാനത്തെ ആസൂത്രണ പ്രക്രിയയിൽ പൊതുവെ സ്വീകരിക്കപ്പെട്ടിട്ടുള്ളത്. പൊതുജനാരോഗ്യ-പൊതുവിദ്യാഭ്യാസ സൗകര്യങ്ങൾ ലോകോത്തരമാക്കിക്കൊണ്ടും ഉന്നത വിദ്യാഭ്യാസത്തിനും തൊഴിൽ നൈപുണ്യതക്കും ഉയർന്ന പരിഗണന നൽകിക്കൊണ്ടും മനുഷ്യവിഭവശേഷിയുടെ സാധ്യത വലിയ തോതിൽ ഉയർത്തുന്ന ഒരു സമീപനമാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലത്ത് സമീപനമായി ഈ മേഖലയിൽ സ്വീകരിച്ചിട്ടുള്ളത്. വിദ്യാഭ്യാസം, ആരോഗ്യം, ശുചിത്വം, കുടിവെള്ളം, സംസ്കാരം, ക്ഷേമം, സാമൂഹ്യസുരക്ഷ, പാർപ്പിടം, കായികം, യുവജനകാര്യം എന്നീ വിഷയങ്ങളാണ് ഈ മേഖലയിൽ ഉൾക്കൊള്ളുന്നത്.

4.2.1 ആരോഗ്യം

ജില്ലാ രൂപീകരണ വേളയിൽ വളരെ പരിമിതമായ ചികിത്സാ സൗകര്യങ്ങളും പ്രതിരോധ പ്രവർത്തനങ്ങളുമായിരുന്ന ഇവിടെ ഉണ്ടായിരുന്നത്. എന്നാൽ ഇന്ന് ചികിത്സാ രംഗത്തും പ്രതിരോധ പ്രവർത്തനങ്ങളിലും ജില്ലാ രൂപീകരണ സമയത്തെ അപേക്ഷിച്ച് കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 41,12,920 ലക്ഷം ജനസംഖ്യയുള്ള മലപ്പുറം ജില്ല പൊതുജനാരോഗ്യ മേഖലയിൽ നിരവധി പ്രശ്നങ്ങളാണ് ഇന്ന് നേരിടുന്നത്. ഇവ പരിഹരിക്കാൻ ജനകീയവും സംയോജിതവുമായ ഒരു പ്രവർത്തന പദ്ധതിയാണ് നമുക്ക് ആവശ്യം. സാക്ഷരത, ജനകീയാസൂത്രണം, പരിരക്ഷ, മഞ്ചേരി ജില്ലാ ആശുപത്രി വികസനം തുടങ്ങിയ പദ്ധതികളുടെ കാര്യത്തിൽ ജനകീയ പാരമ്പര്യമുള്ള ജില്ലയാണ് നമ്മുടേത്. വരും കാലത്ത് പൊതുജനാരോഗ്യ പ്രശ്ന പരിഹാരത്തിന് ഈ ജനകീയത മുതൽ കൂട്ടാവുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

പട്ടിക 4.2.1.1 : മലപ്പുറം ജില്ലാ ആരോഗ്യ മേഖല – ഒറ്റ നോട്ടത്തിൽ

ക്രമ നം.	ഇനം	എണ്ണം
1	ജില്ലാ വിസ്തീർണ്ണം	3550 ച.കി.മീ.
2	ജനസംഖ്യ (2011 സെൻസസ് പ്രകാരം)	41,10,956
3	അസംബ്ലി മണ്ഡലങ്ങൾ	16
4	പാർലമെന്റ് മണ്ഡലങ്ങൾ	2
5	താലൂക്കുകളുടെ എണ്ണം	7
6	റവന്യൂ ബ്ലോക്കുകളുടെ എണ്ണം	15
7	ഹെൽത്ത് ബ്ലോക്ക്	15
8	നഗരസഭകളുടെ എണ്ണം	12
9	ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം	94
10	വില്ലേജുകളുടെ എണ്ണം	138
11	സർക്കാർ മെഡിക്കൽ കോളേജുകളുടെ എണ്ണം	1
12	സ്വകാര്യ മെഡിക്കൽ കോളേജുകളുടെ എണ്ണം	1
13	ജില്ലാ ആശുപത്രികളുടെ എണ്ണം	3
14	ജില്ലാ ടി.ബി സെന്ററുകളുടെ എണ്ണം	1
15	താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളുടെ എണ്ണം	3

ക്രമ നം.	ഇനം	എണ്ണം
16	താലൂക്ക് ആശുപത്രികളുടെ എണ്ണം	3
17	സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെ എണ്ണം	22
18	24 x 7 പി.എച്ച്.സി കളുടെ എണ്ണം	19
19	പി.എച്ച്.സി കളുടെ എണ്ണം	65
20	സ്വകാര്യ ആശുപത്രി/ക്ലിനിക്ക് -കളുടെ എണ്ണം	220
21	മറ്റുള്ളവ	15
22	നഴ്സിംഗ് സ്കൂൾ	1
23	ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ്	1
24	സബ് സെന്ററുകളുടെ എണ്ണം	589
25	നഗര സബ് സെന്ററുകളുടെ എണ്ണം	42
26	ജെ.എച്ച്.ഐ സെക്ഷനുകളുടെ എണ്ണം	341
27	ഹെൽത്ത് ഇൻസ്പെക്ടർമാരുടെ എണ്ണം	83
28	ഹെൽത്ത് സൂപ്പർവൈസർമാരുടെ എണ്ണം	13
29	സ്ത്രീ പുരുഷ അനുപാതം	1096/1000
30	ജന സാന്ദ്രത/കി.മീ	1158
31	സാക്ഷരത നിരക്ക്	93.55%
32	ടൈബൽ മൊബൈൽ യൂണിറ്റ്	1
33	പി.എച്ച്.എൻ മാരുടെ എണ്ണം	98
34	പി.എച്ച്.എൻ.എസ് മാരുടെ എണ്ണം	12

അവലംബം:ജില്ലാ മെഡിക്കൽ ഓഫീസ്,മലപ്പുറം

ജനസംഖ്യാ സൂചികകൾ

ജില്ലയിലെ വിവിധ ആരോഗ്യ സൂചികകൾ സംസ്ഥാന ശരാശരിയിൽ നിന്നും വ്യത്യസ്തമായിട്ടാണ് കാണുന്നത്. സെക്സ് റേഷ്യോ, ശിശു മരണം, മാതൃമരണ നിരക്കുകളും കൂടുതലാണ്. വിശദ വിവരങ്ങൾ പട്ടികപ്പെടുത്തുന്നു.

പട്ടിക 4.2.1.2 : സെൻസസ് റിപ്പോർട്ട് – സെക്സ് റേഷ്യോ

വർഷം		ജനസംഖ്യ		
		ആകെ	ഗ്രാമം	നഗരം
1991	കേരളം	1036	1037	1034
	മലപ്പുറം	1053	1055	1034
2001	കേരളം	1068	1059	1084
	മലപ്പുറം	1066	1066	1061
2011	കേരളം	1084	1058	1091
	മലപ്പുറം	1098	1096	1101

അവലംബം:ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

പട്ടിക 4.2.1.3 : ജനന നിരക്ക് – മലപ്പുറം

ക്രമ നം.	വർഷം	നിരക്ക്
1	2015-16	18.71
2	2016-17	18.71
3	2017-18	18.56

അവലംബം: ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

പട്ടിക 4.2.1.4 : വയസ്സ് അടിസ്ഥാനത്തിലുള്ള ജനസംഖ്യ-2011

വർഷം	ആകെ ജനസംഖ്യ	പുരുഷൻ	സ്ത്രീ
2011	4112920	1960328	2152592
2011 (0 - 6 വയസ്സ്)	574041	292132	281909

അവലംബം: ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

പട്ടിക 4.2.1.5 : എം.എം.ആർ &ഐ.എം.ആർ

വർഷം	എം.എം.ആർ	ഐ.എം.ആർ
2015-16	41.74	5.84
2016-17	25.81	6.43
2017-18	40.49	6.07

അവലംബം: ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

പട്ടിക 4.2.1.6 : മരണ നിരക്ക് - എസ്.ആർ.എസ്

2015	കേരളം	6.6

അവലംബം: ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

പട്ടിക 4.2.1.7 : ആരോഗ്യ ഉപകേന്ദ്രങ്ങളുടെ വിവരങ്ങൾ

ഉപകേന്ദ്രങ്ങൾ	NUHM ഉപകേന്ദ്രങ്ങൾ	സ്വന്തം കെട്ടിടത്തിൽപ്രവർത്തിക്കുന്നവ	താമസിക്കുന്ന ഉപകേന്ദ്രങ്ങൾ	അംഗൻവാടികളിൽ പ്രവർത്തിക്കുന്നവ	പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ	PHC/UPHC യിൽപ്രവർത്തിക്കുന്നവ	മറ്റുള്ളവ	വാടക കെട്ടിടത്തിൽപ്രവർത്തിക്കുന്നവ
589	42	547	191	22	5	19	37	12

അവലംബം : ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

ചിത്രം 4.2.1.1 : ഹെൽത്ത് ബ്ലോക്കുകൾ



അവലംബം: ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

പട്ടിക 4.2.1.8 : ആയുഷ് വിഭാഗത്തിന്റെ വിശദാംശങ്ങൾ

ക്രമ നം	ഇനം	എണ്ണം
1	ആശുപത്രികൾ	10
2	ഡിസ്പെൻസറി	76
3	ടൈബൽ ഡിസ്പെൻസറി	1
4	സിദ്ധ ഡിസ്പെൻസറി	1
5	ആയുഷ് പി.എച്ച്.സി	26
6	ആയുഷ് പി.എച്ച്.സി (യുനാനി)	6
7	ആയുഷ് പി.എച്ച്.സി (സിദ്ധ)	2
8	ആയുഷ് ഹോളിസ്റ്റിക് സെന്റർ	2

അവലംബം : ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

പട്ടിക 4.2.1.9 : ഹോമിയോ വിഭാഗത്തിന്റെ വിശദാംശങ്ങൾ

ക്രമ നം	ഇനം	എണ്ണം
1	ആശുപത്രികൾ	4
2	ഡിസ്പെൻസറി	55
3	എൻ.എച്ച്.എം ഡിസ്പെൻസറി	36
4	എസ്.ടി.പി ക്ലിനിക്	4

അവലംബം:ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

ആരോഗ്യ രംഗത്തെ ഇപ്പോഴത്തെ അവസ്ഥ

ആരോഗ്യ സ്ഥാപനങ്ങൾ (മോഡേൺ മെഡിസിൻ)

ഒരു സർക്കാർ മെഡിക്കൽ കോളേജ് (മഞ്ചേരി), മൂന്ന് ജില്ലാ ആശുപത്രികൾ, 6 താലൂക്ക് ആശുപത്രികൾ, ടി.ബി സെന്റർ (മഞ്ചേരി), സാമൂഹികാരോഗ്യ കേന്ദ്രങ്ങളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുമായി 119 സ്ഥാപനങ്ങൾ ജില്ലയിൽ പ്രവർത്തിച്ചു വരുന്നു. 631 ആരോഗ്യ ഉപകേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. ഇതിൽ 547 ഉപകേന്ദ്രങ്ങൾക്കു മാത്രമേ സ്വന്തമായി കെട്ടിട സൗകര്യങ്ങൾ ഉള്ളൂ. സബ് സെന്ററുകളുടെ എണ്ണത്തിന് ആനുപാതികമായി ജെ.എച്ച്.ഐ തസ്തികകൾ നിലവിലില്ല. സി.എച്ച്.സി/പി.എച്ച്.സി എന്നിവ പരിശോധിച്ചാൽ 43 സ്ഥാപനങ്ങളിൽ ലാബ് സൗകര്യങ്ങൾ ഇല്ല. 16 പി.എച്ച്.സി കൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഇവക്ക് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഇനിയും നിർമ്മിക്കേണ്ടതുണ്ട്. ജില്ലാ, താലൂക്ക് ആശുപത്രികളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും മാനദണ്ഡ പ്രകാരമുള്ള പശ്ചാത്തല സൗകര്യങ്ങൾ ഇല്ലാതെയാണ് പ്രവർത്തിച്ചു വരുന്നത്. ഇതോടൊപ്പം സ്വകാര്യ മേഖലയിൽ ഒരു മെഡിക്കൽ കോളജ് ഉൾപ്പെടെ 200-ഓളം ആരോഗ്യ സ്ഥാപനങ്ങളും പ്രവർത്തിച്ചു വരുന്നു.

പട്ടിക 4.2.1.10 : ഡയാലിസിസ് മെഷീനുകളുടെ ഇപ്പോഴത്തെ അവസ്ഥ

ക്രമ നം	സ്ഥാപനത്തിന്റെ പേര്	ആകെ ഡയാലിസിസ് മെഷീൻ	NHM	DHS	LSGD	NGO	മറ്റുള്ളവ
1	മഞ്ചേരി	2	-	-	2	-	-
2	ഡിഎച്ച് നിലമ്പൂർ	9	-	-	-	3	6
3	ഡി ആർ.തിരൂർ	15	2	-	6	-	7
4	THQH തിരുരങ്ങാടി	8	3	-	-	-	5
5	THQH പൊന്നാനി	9	2		2	-	5
6	സി.എച്ച്.സി. കൊണ്ടോട്ടി	16	-	-	6	10	-

7	സി.എച്ച്.സി. മാറാഞ്ചേരി	6	–	–	–	2	4
8	സി.എച്ച്.സി. ചുങ്കത്തറ	8	–	–	–	7	1
	ആകെ	73	7	0	16	22	28

അവലംബം:ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

പട്ടിക 4.2.1.11 : പട്ടിക OP/ IP അവസ്ഥ

CHC / PHC യുടെ എണ്ണം	പ്രതിമാസം ശരാശരി O.P	I.P സൗകര്യം	പ്രതിമാസം ശരാശരി I.P	ഡോക്ടർമാരുടെ അനുവദിച്ച എണ്ണം	സ്ഥലത്തുള്ള ഡോക്ടർമാരുടെ എണ്ണം (December 2017)	ഡെലിവറി സൗകര്യം	ലബോറട്ടറി സൗകര്യം
116	880851	18 സ്ഥാപനങ്ങൾക്ക് ഐപി സൗകര്യം ഉണ്ട്	21333	556	504	പി.എച്ച്.സി / സി.എച്ച്.സി (എടപ്പാൾ) കീഴിൽ ഒരു സി.എച്ച്.സി. മാത്രമാണ് ഡെലിവറി സൗകര്യമുള്ളത്	43 ലാബ് സൗകര്യങ്ങളില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ്

അവലംബം : ജില്ലാ മെഡിക്കൽ ഓഫീസ്

ആയുഷ്

മലപ്പുറം ജില്ലയിൽ ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ 124 സ്ഥാപനങ്ങളാണ് പ്രവർത്തിച്ചു വരുന്നത്. 10 ആയുർവ്വേദ ആശുപത്രികളും 76 ആയുർവ്വേദ ഡിസ്പെൻസറികളും 26 ആയുഷ് പി.എച്ച്.പി കളും, 6 യുനാനി ഡിസ്പെൻസറികളും 2 സിദ്ധ ഡിസ്പെൻസറിയും അടങ്ങുന്നതാണ് ഈ ശൃഖല. ജീവിത ശൈലീ രോഗങ്ങളെയും പകർച്ചവ്യാധികളെയും നേരിടുന്നതിൽ ഈ സ്ഥാപനങ്ങൾ കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നുണ്ട് എല്ലാ പ്രായത്തിലുമുള്ള ജന വിഭാഗങ്ങൾ ഈ സ്ഥാപനങ്ങളെ ആശ്രയിക്കുന്നുണ്ട് ജീവിത ശൈലീ രോഗങ്ങളെ പ്രതിരോധിക്കുന്നതിനായി ആരോഗ്യ ജീവിത ബോധവത്കരണവും ഡിപാർട്ട്മെന്റ് നടപ്പിലാക്കിവരുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പരിപൂർണ്ണമായ സഹകരണവും പദ്ധതി വിഹിതവുമാണ് ഐ.എസ്.എം ഡിപ്പാർട്ട്മെന്റ് സ്ഥാപനങ്ങൾക്ക് ലഭിച്ച് കൊണ്ടിരിക്കുന്നത്. ഇത് ആയുഷ് വകുപ്പിന്റെ വർദ്ധിച്ചുവരുന്ന സ്വീകാര്യതയെ സൂചിപ്പിക്കുന്നു. നിലവിൽ ഭാരതീയ ചികിത്സാ വകുപ്പ് അനുഭവിച്ചുവരുന്ന പരിമിതികൾ നിരവധിയാണ് അവ പരിഹരിച്ചു കൊണ്ട് മാത്രമേ വികസന പ്രവർത്തനങ്ങൾ സാധ്യമാകൂ.

പട്ടിക 4.2.1.12 : ആയുഷ് ഐപി, ഒപി വിശദാംശങ്ങൾ

ക്രമ നം	വർഷം	ഐ.പി	ഒ.പി	ആകെ
1.	2012-13	1229	1737689	1738918
2.	2013-14	1249	1921846	1923095
3.	2014-15	1180	1796197	1797377
4.	2015-16	1643	1881816	1883459
5.	2016-17	2280	1789308	1791588

അവലംബം: ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

ഹോമിയോപ്പതി

ആശുപത്രികളും ഡിസ്പൻസറികളുമായി ജില്ലയിൽ 99 സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. ഇന്ത്യയിൽ തന്നെ ആദ്യത്തെ ഹോമിയോ കാൻസർ ആശുപത്രി വണ്ടൂരിൽ പ്രവർത്തിച്ചിരുന്നു. എന്നാൽ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കു കീഴിലും ഡിസ്പെൻസറികളില്ല. സാധാരണകാരിൽ വളരെയധികം ഹോമിയോപ്പതി വിശ്വാസം ആർജ്ജിച്ചിട്ടുണ്ട്. ഹോമിയോ ജില്ലാ ആഫീസ് സൗകര്യപ്രദമായ സ്ഥലത്തല്ല പ്രവർത്തിക്കുന്നത്. 1991-ൽ പ്രവർത്തനം ഉടങ്ങിയ

കാലത്തുള്ള സ്റ്റാഫ് പാറ്റേണാണ് നിലവിലുള്ളത്. സ്വകാര്യ മേഖലയിൽ വളരെയധികം ഹോമിയോ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. മെഡിക്കൽ ബിരുദമില്ലാത്തവരും ഈ രംഗത്ത് ചികിത്സ നടത്തുന്നുണ്ട്.

പട്ടിക 4.2.1.13 : ഹോമിയോപ്പതി വിഭാഗത്തിനു കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

വിഭാഗം	പ്രവർത്തിക്കുന്നത്
ആശുപത്രി	4
ഡിസ്പെൻസറി	55
എൻ.എച്ച്.എം ഡിസ്പെൻസറി	36
എസ്.ടി.പി സെന്റർ	4

അവലംബം:ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു കീഴിലും ഡിസ്പെൻസറികൾ സ്ഥാപിക്കുക, പശ്ചാത്തല സൗകര്യമില്ലാത്തവർക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുക, ജില്ലാ ഓഫീസിന് സൗകര്യപ്രദമായ കെട്ടിടവും വാഹന സൗകര്യവും മാനദണ്ഡപ്രകാരമുള്ള ജീവനക്കാരെ ലഭ്യമാക്കുകയും ചെയ്യേണ്ടതുണ്ട്. ചികിത്സയോടൊപ്പം രോഗ പ്രതിരോധ പ്രവർത്തനങ്ങളിൽ കൂടുതൽ ഊന്നൽ നൽകുന്നതിന് വാർഷിക പദ്ധതികളിൽ കൂടുതൽ പരിഗണന ലഭിക്കേണ്ടതുണ്ട്.

പകർച്ചവ്യാധി

പൊതുജനാരോഗ്യത്തിന് വലിയ ഭീഷണിയായി വിവിധ പകർച്ച വ്യാധികൾ ഔട്ട് ബ്രേക്ക് ആയും ഒറ്റപ്പെട്ട കേസുകളായും റിപ്പോർട്ട് ചെയ്തുകൊണ്ടിരിക്കുന്നു. ജലജന്യ രോഗങ്ങളും ജന്തുജന്യ രോഗങ്ങളും പ്രാണിജന്യ രോഗങ്ങളും കൂടുതലായി കാണപ്പെടുന്നു. ജലജന്യ രോഗങ്ങൾ വിവിധ പുഴകളുടെ തീരങ്ങളിൽ താമസിക്കുന്നവരിലാണ് കൂടുതലായി കാണപ്പെടുന്നത്. പ്രാണി-ജന്തുജന്യ രോഗങ്ങൾ മലയോര മേഖലയിലും തീരദേശങ്ങളിലും ഒരു പോലെ റിപ്പോർട്ട് ചെയ്യപ്പെടുന്നു. ശുദ്ധമായ കുടിവെള്ളത്തിന്റെ ദൗർലഭ്യം, കുടിവെള്ള ഗുണമേന്മ പരിശോധിക്കാനുള്ള സംവിധാനമില്ലാത്തത് നല്ല ആരോഗ്യ ശീലങ്ങൾ ജനങ്ങൾ പ്രവർത്തികമാക്കാത്തത് എന്നിവ പ്രശ്നത്തെ കൂടുതൽ ഗൗരവമാക്കുന്നു. നഗരവൽക്കരണത്തിന്റെ ആധിക്യവും, ഗ്രാമ നഗര വ്യത്യാസമില്ലാതെ ഖര-ദ്രവ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കപ്പെടാതെ അലക്ഷ്യമായി നിക്ഷേപിക്കുന്നതും, വ്യാപാര സ്ഥാപനങ്ങൾ മതിയായ മാലിന്യ സംവിധാന സൗകര്യങ്ങൾ ഇല്ലാതെ പ്രവർത്തിക്കുന്നതും നമ്മുടെ ജില്ലയിൽ പൊതുജനാരോഗ്യ രംഗത്ത് ഭീഷണിയാണ്. ജലജന്യ രോഗങ്ങളിൽ വയറിളക്കം, മഞ്ഞപ്പിത്തം, ടൈഫോയ്ഡ് രോഗങ്ങളാണ് കൂടുതലായി കാണുന്നത്. ജന്തുജന്യ രോഗങ്ങളിൽ എലിപ്പനിയാണ് കൂടുതൽ കാണുന്നത്. ഇതര ദേശ തൊഴിലാളികളിലും തദ്ദേശവാസികൾക്കിടയിലും മലമ്പനി കേസുകൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്. ടി.ബി, എച്ച് 1 എൻ1, ചിക്കൻപോക്സ് തുടങ്ങി വായുജന്യ രോഗങ്ങളും കാണപ്പെടുന്നു.

പട്ടിക 4.2.1.14 : പകർച്ചവ്യാധി പട്ടിക (2012-2017)

രോഗം		2012	2013	2014	2015	2016	2017	ആകെ
ഡെങ്കി	എണ്ണം	221	1385	403	2710	1189	4560	10468
	മരണം	0	0	1	2	2	4	9
എലിപ്പനി	എണ്ണം	288	77	104	68	63	105	705
	മരണം	0	3	4	8	1	1	17
മഞ്ഞപ്പിത്തം	എണ്ണം	1702	2079	2408	1570	2752	1360	11871
	മരണം	5	2	2	5	3	2	19
ടൈഫോയ്ഡ്	എണ്ണം	491	536	364	368	766	1	2526
	മരണം	0	0	0	0	0	0	0
മലേറിയ	എണ്ണം	241	191	247	165	169	95	1108
	മരണം	0	0	2	1	0	0	3

രോഗം		2012	2013	2014	2015	2016	2017	ആകെ
എച്ച് എൻ1	എണ്ണം	310	77	73	173	113	173	919
	മരണം	2	0	5	10	0	8	25
ക്ഷയം	എണ്ണം	107	94	79	68	60	36	444
	മരണം	0	0	0	0	0	0	0
ടി.ബി	എണ്ണം	-			2230	1969	1303	5502
രോഗം	മരണം				0	0	0	0

അവലംബം:ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

ചിത്രം 4.2.1.2 : ഡെങ്കിപ്പനി ബാധിച്ചതായി സംശയിക്കപ്പെട്ട രോഗികളും മരണങ്ങളും



അവലംബം:ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

ചിത്രം 4.2.1.3 : ഡെങ്കിപ്പനി മരണങ്ങൾ -2015



അവലംബം:ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

ചിത്രം 4.2.1.4 :ഡെങ്കിപ്പനി മരണങ്ങൾ -2016



അവലംബം:ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

ചിത്രം 4.2.1.5 : ലെപ്റ്റോസിസ്
ബാധിച്ചരോഗികളും മരണങ്ങളും-2016



അവലംബം:ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

ചിത്രം 4.2.1.6 : ലെപ്റ്റോസിസ്
ബാധിച്ചരോഗികളും മരണങ്ങളും -2017



അവലംബം: ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

ചിത്രം 4.2.1.7 : ഹെപ്പറ്റൈറ്റ്സ്
ബാധിച്ചരോഗികളും മരണങ്ങളും -2015



അവലംബം: ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

ചിത്രം 4.2.1.8 : ഹെപ്പറ്റൈറ്റ്സ്
ബാധിച്ചരോഗികളും മരണങ്ങളും -2016



അവലംബം : ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

ചിത്രം 4.2.1.9 : ഹെപ്പറ്റൈറ്റ്സ്
ബാധിച്ചരോഗികളും മരണങ്ങളും -2017



അവലംബം : ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

ചിത്രം 4.2.1.10 : ടൈഫോയിഡ്
ബാധിച്ചരോഗികളും മരണങ്ങളും -2015



അവലംബം:ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

ചിത്രം 4.2.1.11 : ടൈഫോയിഡ്
ബാധിച്ചരോഗികളും മരണങ്ങളും -2016



അവലംബം:ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

ചിത്രം 4.2.1.12 : ടൈഫോയിഡ്
ബാധിച്ചരോഗികളും മരണങ്ങളും -2017



അവലംബം:ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

ചിത്രം 4.2.1.13 : മലേറിയ
ബാധിച്ചരോഗികളും മരണങ്ങളും -2015



അവലംബം:ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

ചിത്രം 4.2.1.14 : മലേറിയ
ബാധിച്ചരോഗികളും മരണങ്ങളും -2016



അവലംബം:ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

ചിത്രം 4.2.1.15 : മലേറിയ
ബാധിച്ച രോഗികൾ-2017



അവലംബം:ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

ചിത്രം 4.2.1.16 : H1N1
ബാധിച്ചരോഗികളും മരണങ്ങളും - 2015



അവലംബം:ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

ചിത്രം 4.2.1.17 : H1N1
ബാധിച്ചരോഗികളും മരണങ്ങളും - 2015



അവലംബം:ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

ചിത്രം 4.2.1.18 : H1N1
ബാധിച്ചരോഗികളും മരണങ്ങളും - 2015



അവലംബം:ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

കുത്തിവെപ്പിലൂടെ തടയാവുന്ന രോഗങ്ങൾ (വി.പി.ഡി)

സാമ്പത്തികമായും വിദ്യാഭ്യാസപരമായും സാംസ്കാരികമായും മുൻപന്തിയിൽ നിൽക്കുന്ന ജില്ലയിൽ വാക്സിൻ മൂലം തടയാവുന്ന രോഗങ്ങളും മരണങ്ങളും ഇപ്പോഴും നിലനിൽക്കുന്നു. സംസ്ഥാനത്ത് നിയന്ത്രണ വിധേയമായിരുന്ന ഡിഫ്തീരിയ പോലുള്ള രോഗങ്ങൾ ജില്ലയിൽ തിരിച്ചുവന്നു കൊണ്ടിരിക്കുന്നു. 2016-ൽ 40-ഉം 2017-ൽ ഒക്ടോബർ വരെ 25-ഉം ഡിഫ്തീരിയ കേസുകളാണ് ജില്ലയിൽ റിപ്പോർട്ട് ചെയ്തത്. ചില വാക്സിൻ വിരുദ്ധർ പ്രചരിപ്പിക്കുന്ന തെറ്റിദ്ധാരണകൾ മൂലം ജനങ്ങൾ ഭയത്തോടെയാണ് പ്രതിരോധ കുത്തിവെപ്പുകളെ കണ്ടുകൊണ്ടിരിക്കുന്നത്. ജനകീയ പങ്കാളിത്തത്തോടെ പല ഇടപെടലുകൾ നടത്തിയിട്ടും ഇതുവരെ വേണ്ടത്ര മുന്നേറ്റം കൈവരിക്കാൻ സാധിച്ചിട്ടില്ല.

രോഗ പ്രതിരോധ കുത്തിവെപ്പിനെ സംബന്ധിച്ചുള്ള തെറ്റായ ധാരണകൾ പരത്തുന്നവർക്കെതിരെ ശക്തമായ നിയമപരമായ നടപടികൾ ഉണ്ടായാൽ മാത്രമേ ഈ ചെറുത്ത് നിൽപ് അവസാനിപ്പിക്കാൻ സാധിക്കുകയുള്ളൂ.

ജില്ലയിൽ പ്രതിരോധ കുത്തിവെപ്പ് എടുക്കാത്ത കുട്ടികളുടെ വിവരങ്ങളും വാക്സിൻമൂലം തടയാവുന്ന രോഗങ്ങളുടെ (വി.പി.ഡി.കേസുകൾ 2012-2017) റിപ്പോർട്ടും ചുവടെ ചേർക്കുന്നു.

പട്ടിക 4.2.1.16 : പ്രതിരോധ കുത്തിവെയ്പ്പ് എടുക്കാത്ത കുട്ടികളുടെ വിവരങ്ങൾ 2017-2018

0-5 വയസ്സ് കുട്ടികൾ	ഒരു കുത്തി വെയ്പ്പ് എടുക്കാത്തവർ	ഭാഗികമായി കുത്തി വെയ്പ്പ് എടുത്തവർ	ആകെ
355803	3572	23152	26724

അവലംബം : ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

പട്ടിക 4.2.1.17 : വി.പി.ഡി കേസുകളും മരണങ്ങൾ (2012-2017)

രോഗം	2012		2013		2014		2015		2016		2017	
	കേസ്	മരണം	കേസ്	മരണം	കേസ്	മരണം	കേസ്	മരണം	കേസ്	മരണം	കേസ്	മരണം
ടെറ്റനസ്	4	2	10	2	9	2	6	1	3	0	2	0
നിയോ നാറ്റൽ ടെറ്റനസ്	0	0	0	0	0	0	0	0	0	0	0	0
ഡിഫ്തീരിയ	1	1	11	1	0	0	6	1	40	2	25	1
മീസിൽസ്	499	0	579	1	371	0	774	2	270	2	81	0
പെർട്ടുസിസ്	16	0	9	0	9	0	4	0	11	1	41	0
എ.എഫ്.പി	45	0	71	0	77	0	53	2	49	0	31	0

അവലംബം : ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

പട്ടിക 4.2.1.18 : ജില്ലയിലെ പ്രസവങ്ങൾ (2013 -2017)

വർഷം	സർക്കാർ ആശുപത്രി	സ്വകാര്യ ആശുപത്രി	ആകെ
2013	13683	67383	81066
2014	15684	70855	86539
2015	15613	70317	85930
2016	12738	68617	81355
2017	10480	73174	83654
ആകെ	68198	350346	418544

അവലംബം : ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

രോഗപ്രതിരോധ പ്രവർത്തനം

ന്യതനപദ്ധതി:- സ്കൂൾവിദ്യാർത്ഥികളിൽ രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ആവശ്യകത ബോധ്യപ്പെടുത്തുന്ന ഒരു വർഷം നീണ്ടു നിൽക്കുന്ന പ്രത്യേക ബോധവൽക്കരണ ക്യാമ്പയിൻ സംഘടിപ്പിക്കുക. വിദ്യാർത്ഥികളിലൂടെ രക്ഷിതാക്കളിൽ സന്ദേശം എത്തിക്കുകയാണ് ലക്ഷ്യക്കേണ്ടത്.

ചിത്രം 4.2.1.19 : ഡിഫ്തീരിയ ബാധിച്ചവരുടെ എണ്ണം – 2016



അവലംബം:ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

ചിത്രം 4.2.1.20 : ഡിഫ്തീരിയ ബാധിച്ചവരുടെ എണ്ണം – 2017



അവലംബം:ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

ചിത്രം 4.2.1.21 : ആഞ്ചാം പനി ബാധിച്ചവരുടെ എണ്ണം – 2015



അവലംബം:ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

ചിത്രം 4.2.1.22 : ആഞ്ചാം പനി ബാധിച്ചരോഗികളും മരണങ്ങളും – 2016



അവലംബം : ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

ചിത്രം 4.2.1.23 : ആഞ്ചാം പനി ബാധിച്ചവരുടെ എണ്ണം – 2017



അവലംബം:ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

ചിത്രം 4.2.1.24 : വില്ലൻ ചുമ ബാധിച്ചവരുടെ എണ്ണം – 2015



അവലംബം:ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

ചിത്രം 4.2.1.25 : വില്ലൻ ചുമ ബാധിച്ചവരുടെ എണ്ണം – 2016



അവലംബം:ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

ചിത്രം 4.2.1.26 : വില്ലൻ ചുമ ബാധിച്ചവരുടെ എണ്ണം – 2017



അവലംബം:ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

ജീവിത ശൈലീ രോഗങ്ങൾ:

ജീവിത ശൈലീ രോഗങ്ങൾ വളരെ അപകടകരമായ അവസ്ഥയിലാണ് ജില്ലയിൽ റിപ്പോർട്ട് ചെയ്യ കൊണ്ടിരിക്കുന്നത്. ആരോഗ്യ ഉപകേന്ദ്രങ്ങൾ മുതൽ സർക്കാർ സംവിധാനങ്ങളിലും സ്വകാര്യ ക്ലിനിക്കുകൾ മുതൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിൽ വരെ ഇത്തരം രോഗികളുടെ ബാഹുല്യമാണ് കണ്ടുവരുന്നത്.

ജീവിത ശൈലിയിലുണ്ടായ മാറ്റത്തോടൊപ്പം പാശ്ചാത്യ ഭക്ഷണ രീതികൾ, വ്യായാമക്കുറവ്, വീടുകളിലും ജോലിസ്ഥലങ്ങളിലും അനുഭവപ്പെടുന്ന മാനസിക സമ്മർദ്ദങ്ങൾ തുടങ്ങിയ ജീവിത ശൈലീ രോഗങ്ങളുടെ കാരണങ്ങൾ ജില്ലയിൽ വർദ്ധിച്ച വരികയാണ്. താഴെക്കിടയിൽ നടക്കുന്ന സ്ക്രീനിംഗ് ക്യാമ്പുകളിൽ സ്ത്രീകളുടെ പങ്കാളിത്തമാണ് കൂടുതൽ അനുഭവപ്പെടുന്നത്. പുരുഷന്മാർ വളരെ കുറച്ച മാത്രമേ സ്ക്രീനിംഗ് ക്യാമ്പുകളിൽ എത്തുന്നുള്ളൂ. വിദ്യാർത്ഥികളിൽ ശാരീരിക ക്ഷമതാ പ്രവർത്തനങ്ങൾ വളരെ കുറവായിട്ടാണ് കാണുന്നത്. പ്രാരംഭ പരിശോധനക്ക് സംവിധാനങ്ങൾ കുറവായതും ഉള്ള സംവിധാനങ്ങൾ കാര്യക്ഷമമായി ഉപയോഗിക്കാത്തതും കാരണം അവസാന ഘട്ടത്തിലാണ് പലരും ചികിത്സ തേടുന്നത്. ഇത് മരണ നിരക്ക് വർദ്ധിപ്പിക്കുന്നു.

ആരോഗ്യകരമായ ജീവിത ശൈലിയും ആരോഗ്യ ശീല വൽക്കരണവും ഉൾക്കൊണ്ടാൽ മാത്രമേ ഈ അപകട നിലയിൽ നിന്നും രക്ഷപ്പെടാൻ സാധിക്കുകയുള്ളൂ. പ്രവർത്തി സ്ഥലങ്ങളിൽ സ്ക്രീനിംഗ്, പ്രാഥമിക സ്ക്രീനിംഗിൽ വൃക്ക, കാൻസർ രോഗങ്ങൾ കണ്ടെത്തുവാനുള്ള സംവിധാനങ്ങളും ആവശ്യമാണ്. വ്യായാമ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, സ്ട്രെസ് മാനേജ്മെന്റ് സംവിധാനങ്ങൾ, വിനോദങ്ങൾ, വിദ്യാർത്ഥികളെ കേന്ദ്രീകരിച്ച് പ്രത്യേക ബോധവൽക്കരണം, ജില്ലക്കകത്തുതന്നെ വിദഗ്ധ ചികിത്സാ സൗകര്യങ്ങൾ എന്നിവ ആവശ്യമാണ്.

പട്ടിക 4.2.1.19 : ആരോഗ്യ കേന്ദ്രങ്ങൾ മുഖേന ചികിത്സ തേടിയവരുടെ കണക്കുകൾ – 2016

ക്രമ നം	രോഗം	കേസുകൾ		
		M	F	ആകെ
1	രക്തസമ്മർദ്ദം	54414	57149	111563
2	ഹൃദയ രോഗങ്ങൾ	2820	2023	4843
3	പ്രമേഹം ടൈപ്പ്-1	1442	1528	2970
4	പ്രമേഹം ടൈപ്പ്-2	61369	56577	117946
5	ബ്രോങ്കൈറ്റിസ്	28126	25233	53359
6	ആസ്തമ	34665	31459	66164
7	സെർവിക്കൽ കാൻസർ	0	49	49
8	ബ്രെസ്റ്റ് കാൻസർ	0	835	835
9	ലങ്ങ് കാൻസർ	791	35	826
10	ഓറൽ കാൻസർ	139	142	281
11	മറ്റ കാൻസർ	3411	2695	6106
12	റീനൽ ഫെയിലിയർ	702	568	1270

അവലംബം:ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

പട്ടിക 4.2.1.20 : 2017 ജനുവരി 1 മുതൽ ഡിസംബർ 31 വരെ ജില്ലാ മാനസിക ആരോഗ്യ പരിപാടിയിൽ ചികിത്സക്കെത്തിയ വിവിധ മാനസിക രോഗങ്ങളുടെ കണക്ക്

ക്രമ നം	രോഗത്തിന്റെ പേര്	രോഗികളുടെ എണ്ണം
1	സിസോഫ്രീനിയ	1625
2	മാനസിക അസന്തുലിതാവസ്ഥ	867
3	വിഷാദരോഗം	636
4	മെന്റൽ റിട്ടാർഡേഷൻ	597
5	മറ്റുള്ളവ	420

അവലംബം:ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

മാനസിക ആരോഗ്യ പ്രശ്നങ്ങളും മാനസിക രോഗവും പൊതുവെ വർദ്ധിച്ചുവരുന്നതായാണ് കണക്കുകൾ കാണിക്കുന്നത്. വരും വർഷങ്ങളിലെ പദ്ധതി ആസൂത്രണ സമയത്ത് മാനസിക ആരോഗ്യ പ്രശ്ന പരിഹാരത്തിന് കൂടിയുള്ള പദ്ധതികൾ ഏറ്റെടുക്കേണ്ടതായുണ്ട്.

ചിത്രം 4.2.1.27 : 2017-2018 കാലഘട്ടത്തിൽ ജില്ലയിലുണ്ടായ ജീവിതശൈലീ രോഗങ്ങൾ, വിവിധ തരം ക്യാൻസറുകൾ എന്നിവയുടെ ഒരു താരതമ്യപെടുത്തൽ



അവലംബം : ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

വർദ്ധിച്ചുവരുന്ന ജീവിത ശൈലീ രോഗങ്ങളും ചികിത്സാ ചിലവുകളും ആരോഗ്യ രംഗത്ത് ജില്ലയുടെ ഏറ്റവും വലിയ പ്രതിസന്ധിയാണ്. 2013-2014, 2014-2015 വർഷത്തെ ജില്ലയുടെ RSBY - CHIS (ഗവ.ഇൻഷൂറൻസ് പദ്ധതികൾ) സ്കീമിന്റെ ഉപഭോക്താക്കളുടെ കണക്കുകൾ താഴെ കൊടുക്കുന്നു.

ചിത്രം 4.2.1.28 : 2013-2014, 2014-2015 വർഷത്തെ ജില്ലയുടെ RSBY - CHIS (ഗവ.ഇൻഷൂറൻസ് പദ്ധതികൾ) സ്കീമിന്റെ ഉപഭോക്താക്കളുടെ കണക്കുകൾ



അവലംബം:ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

ആയത് സൂചിപ്പിക്കുന്നത് കാൻസർ രോഗ ചികിത്സക്കായി കേരളത്തിലെ മറ്റു ജില്ലകൾ ശരാശരി 5 മുതൽ 5.5% ഉപയോഗിക്കുമ്പോൾ മലപ്പുറം ജില്ല 12 മുതൽ 14% വരെയാണ്. ഇത് ജില്ലയിലെ കാൻസർ രോഗങ്ങളുടെ ആധിക്യവും ഇത് തടയാനായി വിവിധ മാർഗ്ഗങ്ങൾ വഴി

ജനങ്ങളെ ബോധവൽക്കരിക്കേണ്ടതും ബന്ധപ്പെട്ട വകുപ്പുകൾ വഴി നടപടികൾ എടുക്കേണ്ടതുമാണ്. ഭക്ഷ്യപദാർത്ഥങ്ങളിലെ മായവും പഴം പച്ചക്കറി എന്നിവയിലെ കീടനാശിനികൾ, ബേക്കറി, ഹോട്ടൽ രംഗങ്ങളിലെ ഇടപെടലുകൾ, മണ്ണ്, വായു, വെള്ളം എന്നിവ മലിനമാകാതെ സൂക്ഷിക്കേണ്ടത്, ഭക്ഷണരീതികളിൽ വരുത്തേണ്ട മാറ്റം എന്നിവ വളരെ പ്രസക്തമാണ്

രണ്ടാമതായി ഏറ്റവും കൂടുതൽ കാണുന്നത് ഹൃദയ സംബന്ധമായ രോഗങ്ങളുടെ ആധിക്യവും ചികിത്സ തേടലുമാണ്.

ചിത്രം 4.2.1.29 : പ്രൊസീഡർ യൂട്ടിലൈസേഷൻ



അവലംബം:ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

ചിത്രം 4.2.1.30 : പാക്കേജ് യൂട്ടിലൈസേഷൻ

Package Utilization

2013-14

S.No	District	Package	Utilization
1	Malappuram	General Ward-Unspecified	22990
2	Malappuram	Radiotherapy - Per sitting	2626
3	Malappuram	Chemotherapy - Per sitting	1927
4	Malappuram	Normal Delivery	1126
5	Malappuram	General Ward- ICU	1049
6	Malappuram	Haemodialysis	890
7	Malappuram	Chemotherapy - per siting plus cost of injections subject to approval for Insurance administrator	507
8	Malappuram	Others	457
9	Malappuram	Casearean delivery	315
10	Malappuram	Lower Segment Caesarean Section	290

2014-15

S.No	District	Package	Utilization
1	Malappuram	General Ward-Unspecified	26340
2	Malappuram	Radiotherapy - Per sitting	3395
3	Malappuram	Normal Delivery	2886
4	Malappuram	Haemodialysis	2573
5	Malappuram	General Ward- ICU	1590
6	Malappuram	Chemotherapy - Per sitting	1588
7	Malappuram	Lower Segment Caesarean Section	1557
8	Malappuram	Cataract ? Unilateral	935
9	Malappuram	Others	786
10	Malappuram	Cataract with IOL by Phoco emulsification tech. unilateral	647

അവലംബം:ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

ഇത്തരം ചികിത്സകൾക്കായി ലഭ്യമായ ആരോഗ്യ ഇൻഷൂറൻസ് സ്കീമുകളുടെ (RSBY-CHIS) ഉപയോഗത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന ആദ്യത്തെ 10 പഞ്ചായത്തുകളുടെ ഗ്രാഫ് ചുവടെ ചേർക്കുന്നു.

ചിത്രം 4.2.1.31 : ബെനഫിഷറി യൂട്ടിലൈസേഷൻ – ആദ്യത്തെ 10 പഞ്ചായത്തുകളുടെ ഗ്രാഫ്



അവലംബം:ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

കേന്ദ്രാവിഷ്കൃത പദ്ധതികൾ

1. ദേശീയ പ്രാണിജന്യ രോഗ നിയന്ത്രണ പരിപാടി
2. നവീകരിച്ച ദേശീയ ക്ഷയ രോഗ നിയന്ത്രണ പരിപാടി
3. പ്രജനന-മാതൃ- നവജാതശിശു-കൗമാര ആരോഗ്യ പരിപാടി
4. ദേശീയ മന്ത് രോഗ നിയന്ത്രണ പരിപാടി
5. ദേശീയ അന്ധതാ നിവാരണ പരിപാടി
6. ദേശീയ മാനസികാരോഗ്യ പരിപാടി
7. ദേശീയ ആരോഗ്യ ദൗത്യം
8. ദേശീയ ജീവിത ശൈലീ രോഗ നിയന്ത്രണ പരിപാടി
9. ദേശീയ എയ്ഡ്സ് നിയന്ത്രണ പരിപാടി
10. ദേശീയ വയറിളക്ക രോഗ നിയന്ത്രണ പരിപാടി
11. ദേശീയ സംയോജിത ശിശു വികസന പരിപാടി
12. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പ്രവർത്തനതന്ത്രങ്ങളെ സാഹചര്യത്തിനനുസൃതമായി പുനക്രമീകരിക്കേണ്ടതാണ്.

സംസ്ഥാന പദ്ധതികൾ

1. സാന്ത്വന പരിചരണ പരിപാടി
2. സംസ്ഥാന ജീവിത ശൈലീ രോഗ നിയന്ത്രണ പരിപാടി

സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ ദ്വിതീയ തൃതീയ മേഖലകളിലേക്കുള്ള വികാസം ആവശ്യമാണ്. പദ്ധതിപ്പണം വകയിരുത്തുന്നത് നീതിപൂർവ്വമാവണം.

തദ്ദേശ പദ്ധതികൾ

അവസ്ഥാ പഠനം (ആരോഗ്യ അവസ്ഥാവിശകലന റിപ്പോർട്ട്) അടിസ്ഥാനമാക്കി വേണം പദ്ധതികളുടെ രൂപീകരണം. ജനപ്രിയതയല്ല, മറിച്ച് പ്രദേശത്തിന്റെ സമഗ്ര അടിസ്ഥാന ആരോഗ്യാവശ്യങ്ങൾ പരിഗണിച്ചായിരിക്കണം പദ്ധതികൾ ആവിഷ്കരിക്കപ്പെടേണ്ടത്.

സാധ്യതകളും പരിമിതികളും

I. ഭൂമിശാസ്ത്ര പരം

സാധ്യതകൾ

കുന്ന്മല പ്രദേശങ്ങളും തീര ദേശവും ചേർന്നതാണ് ജില്ലയുടെ ഭൂപ്രകൃതി.

1. വനവിഭവങ്ങളുടേയും മൽസ്യ വിഭവങ്ങളുടേയും ലഭ്യത കൂടിയ പ്രദേശമാണ്.
2. പ്രാദേശിക ഭക്ഷ്യ വിഭവ ഉൽപാദന സാധ്യത കൂടിയ പ്രദേശമാണ്.
3. ജലസംഭരണ സാധ്യത കൂടിയ പ്രദേശമാണ്.

പരിമിതികൾ

1. ത്വരിത ജലവാർച്ചയുള്ള പ്രദേശം, ശുദ്ധജല ദൗർലഭ്യം ഉണ്ട്.
2. കുന്ന്-മല പ്രദേശങ്ങളിൽ ഭവന സന്ദർശന പ്രവർത്തനങ്ങൾക്കുള്ള പ്രയാസം
3. എത്തിപ്പെടൽ ദുഷ്കരമായ ആദിവാസി മേഖലകൾ
4. വെള്ളക്കെട്ടുള്ള തീരദേശ മേഖല.
5. തീരദേശ മേഖലയിലെ ശുദ്ധജല ദൗർലഭ്യം.

II. പരിസ്ഥിതിപരം

കേരളത്തിന്റെ പൊതു പരിസ്ഥിതി സാഹചര്യത്തിൽ നിന്ന് വ്യത്യസ്തമല്ല മലപ്പുറത്തിന്റേത്.

സാധ്യതകൾ

1. സാമൂഹ്യ വനവൽകരണം
2. നീർത്തട പരിപാലനവും വികസനവും
3. നദീജല സംരക്ഷണവും വിനിയോഗവും
4. മറ്റ് ജല സ്രോതസ്സുകളുടെ സംരക്ഷണവും വിനിയോഗവും

പരിമിതികൾ

1. ക്വാറികളുടെ പ്രവർത്തനം
2. മണൽ ഊറ്റൽ
3. ജല സ്രോതസ്സുകളുടെ മലിനീകരണം
4. ഖര-ദ്രവ മാലിന്യങ്ങളുടെ അശാസ്ത്രീയമായ പരിപാലനം

III. ജനസംഖ്യാപരം

സാധ്യതകൾ

1. മനുഷ്യ വിഭവ ശേഷിയുടെ ലഭ്യത
2. വയോജനങ്ങളുടെ സംരക്ഷണ സാധ്യത നിലനിൽക്കുന്നു

പരിമിതികൾ

1. തൊഴിൽ വൈദഗ്ദ്യം കുറഞ്ഞ മനുഷ്യ വിഭവശേഷി
2. ഉയർന്ന ജന സാന്ദ്രത. ഇതുണ്ടാക്കുന്ന പാരിസ്ഥിതിക-സാമൂഹിക-ആരോഗ്യപ്രശ്നങ്ങൾ

IV. സ്ഥലീയം

സാധ്യതകൾ

1. കൈവശമുള്ള ഭൂമിയും കെട്ടിടങ്ങളും

പരിമിതികൾ

1. കൈവശമുള്ള ഭൂമിയും കെട്ടിടങ്ങളും പരമാവധി പ്രയോജനക്ഷമമാക്കാത്തത്
2. സബ്ബ് സെൻറുകൾ ഉൾപ്പെടെയുള്ള ആരോഗ്യ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഭൂമിയും കെട്ടിടവും ലഭ്യമാകാത്തത്.

V. സാമൂഹികം-സാംസ്കാരികം

സാധ്യതകൾ

1. സഹകരണ മനോഭാവം (പാലിയേറ്റീവ്, കിഡ്നി കെയർ മേഖലകളിലെ ഇടപെടലുകൾ)

പരിമിതികൾ

1. സർക്കാർ പദ്ധതികളോടുള്ള സംശയാസ്പദമായ സമീപനവും എതിർപ്പും
2. സ്ത്രീ വിദ്യാഭ്യാസക്കുറവ്
3. പൊതു ഇടങ്ങളിലും സ്ഥാപനങ്ങളിലും സ്ത്രീ പ്രാതിനിധ്യത്തിന്റെ കുറവ്
4. തീരുമാനങ്ങളെടുക്കുന്നതിലെ സ്ത്രീ പങ്കാളിത്തത്തിന്റെ കുറവ്
5. ജീവിതമാർഗ്ഗം തേടി വിദേശങ്ങളിൽ പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിലും മധ്യപൂർവ്വ രാജ്യങ്ങളിലും പോയിട്ടുള്ള പുരുഷന്മാർ (ഗൃഹനാഥന്മാർക്ക്) ആരോഗ്യ വിദ്യാഭ്യാസത്തിനും അവബോധം നല്കുന്നതിനും ഉള്ള അവസരങ്ങളുടെ കുറവ്, ആരോഗ്യപരമായ കാര്യങ്ങളിൽ ഉചിതമായ തീരുമാനങ്ങൾ എടുക്കാൻ പലപ്പോഴും കുടുംബത്തിന് കഴിയാതെ പോകുന്നു.

VI. പൊതു സാധ്യതകൾ

1. ആരോഗ്യ മേഖലയിലെ പദ്ധതി വിഹിതം ആകെ പദ്ധതി വിഹിതത്തിന്റെ 5% എങ്കിലും ആക്കുക
2. കാഷ് അടിസ്ഥാനത്തിലുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക
3. ആർദ്രം- എഫ്.എച്ച്.സി അടിസ്ഥാനമാക്കി മനുഷ്യ വിഭവ ശേഷി വർദ്ധിപ്പിക്കുക
4. വിവര സാങ്കേതിക വിദ്യയുടെ പരമാവധി ഉപയോഗം ഉറപ്പാക്കുക
5. സാങ്കേതിക വൈദഗ്ധ്യം നൽകുന്നതിനായി ആവശ്യമായ പരിശീലനം നൽകുക

പരിപ്രേക്ഷ്യം

കേന്ദ്ര സംസ്ഥാന തദ്ദേശ സ്വയംഭരണ പദ്ധതികളുടെ ലക്ഷ്യങ്ങളായി കാണേണ്ടത് പ്രധാനമായും എസ്.ഡി.ജി ലക്ഷ്യങ്ങളാണ്. എല്ലാവർക്കും എല്ലാ പ്രായത്തിലും ആരോഗ്യപരമായ ജീവിതം എന്നതാണ് എസ്.ഡി.ജി ലക്ഷ്യത്തിന്റെ കാതൽ. എസ്.ഡി.ജി ലക്ഷ്യം നേടിയെടുക്കാൻ ആരോഗ്യ മേഖലയിലെ ഇടപെടൽ മാത്രം പോര മറിച്ച് ആരോഗ്യ അനുബന്ധ മേഖലകൾ കൂടി പരിഗണിക്കേണ്ടതുണ്ട്.

1. ദാരിദ്ര്യ നിർമ്മാർജ്ജനം. (പാവപ്പെട്ടവരുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് മുൻഗണന)
2. വിശപ്പ് രഹിത സമൂഹം (എല്ലാ തരത്തിലുമുള്ള പോഷകാഹാരക്കുറവ് പരിഹരിക്കൽ)
3. എല്ലാവർക്കും എല്ലാ പ്രായത്തിലും ആരോഗ്യപരമായ ജീവിതം.
4. നിലവാരമുള്ള വിദ്യാഭ്യാസം (ഗുണനിലവാരമുള്ള വിദ്യാഭ്യാസം-ആരോഗ്യ സമത്വത്തിനും പുരോഗതിക്കും.

5. ലിംഗ സമത്വം (സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾക്കും ലിംഗ അസമത്വത്തിനും എതിരെയുള്ള പോരാട്ടം)
6. ശുദ്ധജലവും പൊതു ശുചിത്വവും (ശുദ്ധജലവും പൊതു ശുചിത്വവും വഴി രോഗ പ്രതിരോധം)
7. ചെലവ് കുറഞ്ഞതും സുരക്ഷിതവുമായ ഊർജ്ജം (ആരോഗ്യപരമായ ജീവിതത്തിന് സ്ഥായിയായ ഊർജ്ജത്തിന്റെ പ്രചരണം)
8. മാന്യമായ തൊഴിലും സാമ്പത്തിക ഉന്നതിയും (സാമ്പത്തിക വളർച്ചക്ക് ആരോഗ്യപരമായ തൊഴിൽ ഉറപ്പാക്കൽ)
9. വ്യവസായ മേഖലയിലെ നൂതന അടിസ്ഥാന സൗകര്യ വികസനം. (ദേശീയ ഗവേഷണ വികസനത്തിലൂടെ അവശ്യവും ചിലവ് കുറഞ്ഞതുമായ ചികിത്സാ ഉപാധികളുടെ ഉത്പാദനവും അഭിവൃദ്ധിയും)
10. അസമത്വം ഇല്ലാതാക്കുക (പ്രാഥമിക ആരോഗ്യ ശാക്തീകരണത്തിലൂടെ നിഷ്പക്ഷവും സാർവത്രികവുമായ ആരോഗ്യം ഉറപ്പാക്കൽ.
11. സുസ്ഥിര വികസിത സമൂഹം (നഗരാസൂത്രണത്തിലൂടെ സജീവവും സുരക്ഷിതവുമായ നഗര ജീവിതം ഉറപ്പാക്കൽ).
12. ഉത്തരവാദിത്വപരമായ ഉത്പാദനവും ഉപഭോഗവും (രോഗാണുനാശകമായ മരുന്നുകളെ ചെറുക്കുന്നതിനായി ഉത്തരവാദിത്വപരമായി മരുന്നുകൾ ഉപയോഗിക്കൽ).
13. കാലാവസ്ഥ (കാർബൺ ഉത്പാദനം കുറക്കുന്നതിലൂടെ കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന അപകടങ്ങളിൽ നിന്നുള്ള ആരോഗ്യ സംരക്ഷണം.
14. ജലാശയ ജീവിതം (മത്സ്യ സമ്പത്ത് പുനഃസ്ഥാപനത്തിലൂടെ ആരോഗ്യപരമായ ഭക്ഷണശീലം ഉറപ്പുവരുത്തൽ)
15. കരയിലെ ജീവിതം (സ്വാഭാവിക ആവാസ വ്യവസ്ഥ ഉറപ്പുവരുത്തുന്നതിലൂടെയുള്ള ആരോഗ്യ സംരക്ഷണവും രോഗ പ്രതിരോധവും)
16. നീതിയും സമാധാനവും (തദ്ദേശസ്ഥാപനങ്ങളുടെ ശാക്തീകരണത്തിലൂടെ ദേശീയ സുസ്ഥിര വികസന ലക്ഷ്യം കൈവരിക്കുക)
17. ലക്ഷ്യം കൈവരിക്കുന്നതിനുള്ള ജനപങ്കാളിത്തം (ആരോഗ്യ മേഖലയിലെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ജനപങ്കാളിത്ത സമാഹരണം)

ദീർഘ കാല ലക്ഷ്യങ്ങൾ

രണ്ടാം അധ്യായത്തിലെ അവസ്ഥ, ഡാറ്റ എന്നിവ വിശകലനം ചെയ്താൽ താഴെ പറയുന്നവയാണ് ജില്ലയിൽ പരിഹരിക്കേണ്ട പ്രശ്നങ്ങൾ.

1. പഴയതും പുതിയതുമായ പകർച്ചവ്യാധികളുടെ ആധിക്യം.
2. വർദ്ധിച്ചുവരുന്ന ജീവിത ശൈലീ രോഗങ്ങൾ.
3. കുട്ടികളുടെ രോഗ പ്രതിരോധ കുത്തിവെപ്പിന്റെ കവറേജ് കുറവ്.
4. ജനസംഖ്യാനുപാതികമായി എല്ലാ വിഭാഗം ജീവനക്കാരുടേയും എണ്ണത്തിലുള്ള കുറവ്.
5. ആരോഗ്യ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങളുടേയും ഫർണീച്ചർ, ഉപകരണങ്ങളുടേയും അപര്യാപ്തത.
6. മാനദണ്ഡങ്ങൾക്കനുസരിച്ച് (ജില്ലാ താലൂക്ക് ആശുപത്രികൾ, സി.എച്ച്.സി) ആവശ്യമായ ജീവനക്കാരുടെ തസ്തിക ഇല്ലായ്മ.
7. ജില്ലാ മെഡിക്കൽ ഓഫീസിന്റെ പരിമിതികളും സൗകര്യമില്ലായ്മയും

8. ആശുപത്രിയിൽ എത്തിച്ചേരുന്ന ഐ.പി/ഒ.പി രോഗികൾക്ക് മതിയായ സൗകര്യങ്ങൾ ലഭ്യമില്ലായ്മ.
9. റഫറൽ ആരോഗ്യ കേന്ദ്രങ്ങളുടെ അപര്യാപ്തത.
10. വർദ്ധിച്ചുവരുന്ന വയോജന ജനസംഖ്യക്ക് ആനുപാതികമായി അവരുടെ ആരോഗ്യ പ്രശ്ന പരിഹാരങ്ങൾക്കുള്ള സൗകര്യക്കുറവ്.
11. പരിരക്ഷാ രോഗികൾക്കുള്ള സെക്കണ്ടറി പരിചരണക്കുറവ്.
12. പാർശ്വവൽകൃത വിഭാഗങ്ങളുടെ (എസ്.ടി, മത്സ്യ തൊഴിലാളികൾ) ആരോഗ്യ സംരക്ഷണത്തിനുള്ള അപര്യാപ്തത.
13. ഗ്രണനിലവാരമുള്ള ആരോഗ്യ അക്കാഡമിക് സ്ഥാപനങ്ങളുടെ കുറവ്.
14. ജീവനക്കാർക്ക് ആവശ്യമായ ക്വാർട്ടേഴ്സ് സൗകര്യങ്ങളുടെ അപര്യാപ്തത.
15. ആരോഗ്യ അനുബന്ധ മേഖലകളിലെ (മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ളം മുതലായവ) അപര്യാപ്തത.
16. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ.
17. തദ്ദേശീയ മലമ്പനി കേസുകളുടെ എണ്ണം വർദ്ധിച്ചുവരുന്നു.
18. റസിസ്റ്റന്റ് ടി.ബി കേസുകളുടെ വ്യാപനം കൂടുന്നു.
19. പൊതുജനാരോഗ്യ സേവനം നൽകുന്നതിനായി വാഹനങ്ങളുടേയും ആംബുലൻസുകളുടേയും അപര്യാപ്തത.
20. ജില്ലയിലെ പ്രസവ കേസുകളുടെ എണ്ണം പരിശോധിച്ചാൽ മെറ്റേർണിറ്റി സെന്ററിന്റെ അപര്യാപ്തത.
21. ആരോഗ്യ രംഗത്ത് നൂതന സാങ്കേതിക വിദ്യകൾ വേണ്ടത്ര പ്രയോജനപ്പെടുത്തുന്നില്ല.
22. പരിരക്ഷാ പ്രവർത്തനം നഗരസഭാ മേഖലയിൽ ശാക്തീകരിക്കപ്പെടേണ്ടതുണ്ട്.
23. പോഷകാഹാര കുറവ് മൂലം ഉണ്ടാകുന്ന രോഗങ്ങൾ വർദ്ധിച്ചു വരുന്നു.
24. സിസേറിയൻ നിരക്ക് കൂടുന്നു. (30% -ൽ അധികമാണ് ഇപ്പോൾ).
25. 12 ആയുർവേദ ഡിസ്പെൻസറികൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

പതിമൂന്നാം പദ്ധതി കാലത്തെ ലക്ഷ്യങ്ങൾ

1. ഈ കാലയളവിൽ ഏറ്റവും നല്ല രോഗപ്രതിരോധം, രോഗം ഭേദമാക്കൽ സാന്ത്വന പരിചരണം എന്നിവ പൊതു മേഖലയിൽ ലഭ്യമാക്കാൻ ശ്രമിക്കും.
2. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ പ്രധാന ഊന്നൽ ആരോഗ്യ പൊതുമേഖലാ രംഗത്തിന്റെ ഗ്രണനിലവാരമുയർത്തുക, ആരോഗ്യ പരിചരണവുമായി ബന്ധപ്പെട്ട് പ്രാപ്യതയും ചെലവ് താങ്ങാനുള്ള കഴിവും (Out of pocket expenditure) മെച്ചപ്പെടുത്തുക, ഇൻഷ്വറൻസ് പരിരക്ഷ വ്യാപിപ്പിക്കുക, പൊതുജനാരോഗ്യത്തിനും ശുചീകരണത്തിനും വേണ്ട സൗകര്യങ്ങൾ വ്യാപിപ്പിക്കുക. ഇത്തരത്തിൽ ജില്ല നേരിടുന്ന ആരോഗ്യ പ്രശ്നങ്ങളെ കൈകാര്യം ചെയ്യാൻ വേണ്ടി സ്കീമുകളേയും പരിപാടികളേയും പ്രയോജനപ്പെടുത്തും.
3. ആദിവാസികൾ, മത്സ്യതൊഴിലാളികൾ, മുതിർന്ന പൗരൻമാർ, ഭിന്നലിംഗക്കാർ തുടങ്ങി സാമൂഹികമായി പിന്നോക്കം നിൽക്കുന്നവരുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കും.
4. ആർദ്രം മിഷൻ ലക്ഷ്യമിടുന്ന
    a) സാംക്രമിക രോഗ സാഹചര്യത്തിലെ വെല്ലുവിളികളെ നേരിടാൻ കഴിവുള്ള പ്രാഥമിക പരിചരണ വ്യവസ്ഥ സൃഷ്ടിക്കുക.
    b) ദ്വിതീയ തലത്തിൽ ഉന്നത നിലവാരമുള്ള ചികിത്സ നൽകുക.
    c) സർക്കാർ ആശുപത്രികളിൽ രോഗീ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുക.

ഇവ പ്രാവർത്തികമാക്കാൻ പ്രത്യേക ശ്രദ്ധ ചെലുത്തും.

പട്ടിക 4.2.1.21 : എസ്.ഡി.ജി ലക്ഷ്യങ്ങൾ

ക്രമ നം	ഇനം	എസ്.ഡി.ജി ലക്ഷ്യം
1	മാതൃമരണം	മാതൃമരണ നിരക്ക് 66-ൽ നിന്ന് 30 ആക്കുക.
2	ശിശുമരണം	ശിശുമരണ നിരക്ക് 12-ൽ നിന്ന് 8 ആക്കുക
3	നവജാത ശിശു മരണം	7-ൽ നിന്നും 5 ആക്കുക.
4	5 വയസ്സിനു താഴെയുള്ള കുട്ടികളുടെ മരണ നിരക്ക്.	14-ൽ നിന്ന് 9 ആക്കി കുറക്കുക.
5	മഞ്ഞപ്പിത്തം	വാർഷിക രോഗ ബാധ 50% ആയി കുറക്കുക.
6	മഞ്ഞപ്പിത്തം ബി കുത്തിവെപ്പ്	ജനനത്തോടെ 100% കുട്ടികൾക്കും ലഭ്യമാക്കുക.
7	കുഷ്ഠം	കുഷ്ഠരോഗ ബാധ നിരക്ക് 0.1 ന് താഴെയാക്കുക.
8	മന്ത്	മൈക്രോഫൈലേറിയ നിരക്ക് 1% ന് താഴെയാക്കുക.
9	മലമ്പനി	തദ്ദേശീയ മലമ്പനി ബാധ ഇല്ലാതാക്കുക.
10	ക്ഷയം	മരണ നിരക്ക് പ്രതിവർഷം 1000-ൽ നിന്ന് 650 ആയി കുറക്കുക, പുതിയതായി ടി.ബി ബാധിക്കുന്നവരുടെ നിരക്ക് നിലവിലുള്ളതിൽ നിന്നും 25% കുറക്കുക.
11	എച്ച്.ഐ.വി/എയ്ഡ്സ്	90% എച്ച്.ഐ.വി രോഗികളേയും കണ്ടുപിടിക്കുക, എ.ആർ.ടി ചികിത്സ 90% രോഗികൾക്കും ലഭ്യമാക്കുക.
12	മാനസിക ആരോഗ്യം	സാമൂഹിക മാനസിക ആരോഗ്യ പരിപാടി ബ്ലോക്ക് തലത്തിൽ വ്യാപിപ്പിക്കുക.
13	വ്യായാമം	വ്യായാമക്കുറവ് 10% എങ്കിലും കുറക്കുക.
14	റോഡ് അപകടങ്ങൾ	മരണ നിരക്കും അംഗവൈകല്യം സംഭവിക്കലും ഇപ്പോഴുള്ള നിരക്കിന്റെ50% ആയി കുറക്കുക.
15	ദന്താരോഗ്യം	സ്കൂൾ കുട്ടികളുടെ ദന്തക്ഷയ നിരക്ക് കുറക്കുക
16	നേത്രാരോഗ്യം	കാഴ്ചവൈകല്യം മൂലമുണ്ടാകുന്ന അന്ധത 25% ആയി കുറക്കുക.

അവലംബം : ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

മേൽ പട്ടികയിൽ സൂചിപ്പിച്ച സുസ്ഥിര വികസന ലക്ഷ്യങ്ങൾ (എസ്.ഡി.ജി) 2020 ഓടു കൂടി കൈവരിക്കാൻ വേണ്ട പദ്ധതികൾ ആവിഷ്കരിച്ച് ജില്ലയിൽ നടപ്പിലാക്കും.

4.2.2 കുടിവെള്ളം

കുടിവെള്ള മേഖല പൊതു അവസ്ഥ

2011 സെൻസസ് പ്രകാരം 7,93,999 കുടുംബങ്ങൾ ഉള്ള മലപ്പുറം ജില്ലയിൽ കുടിവെള്ളാവശ്യത്തിനായി 3881 പൊതു കിണറുകളാണുള്ളത്. പൈപ്പ് വഴിയുള്ള ജലവിതരണ പദ്ധതികളുടെ എണ്ണം വിവിധ ഏജൻസികൾ തിരിച്ച് താഴെ കൊടുത്തിരിക്കുന്നു. വാട്ടർ അതോറിറ്റിയുടെ കീഴിൽ 93689 ഗാർഹിക ഗാർഹികേതര കണക്ഷനുകളും 9240 പൊതുടാപ്പുകളുമാണ് ഉള്ളത്. 197.00 എം.എൽ.ഡി.യാണ് സ്ഥാപിത ശേഷി. ജല അതോറിറ്റി ജില്ലയിൽ 472118 പേർക്ക് സുരക്ഷിത കുടിവെള്ളം വിതരണം ചെയ്യുന്നുണ്ട്.

പട്ടിക 4.2.2.1 : പൈപ്പ് വഴിയുള്ള നിലവിലുള്ള പദ്ധതികൾ

ക്രമ നം	ഏജൻസി	എണ്ണം	പ്രയോജനപ്പെടുന്ന ജനസംഖ്യ
1	വാട്ടർ അതോറിറ്റി	52	8,54,260
2	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (ലഭ്യമായ വിവരങ്ങൾ അനുസരിച്ച്)	237	13,226
3	പൊതുജന പങ്കാളിത്തത്തോടെ ജലനിധി വഴി നടപ്പാക്കിയവ (2018 ഡിസംബറിൽ ജലനിധി പദ്ധതികൾ പൂർത്തീകരിക്കുമ്പോൾ)	ഒന്നാം ഘട്ടത്തിൽ 33 പഞ്ചായത്തുകളിലായി 800 മിനി പദ്ധതികളും രണ്ടാം ഘട്ടത്തിൽ 55 പദ്ധതികളിൽ 47 പദ്ധതികളും ഇതേവരെ പൂർത്തിയായി	2,15,765 (ഉദ്ദേശം)
4	ഭൂജല വകുപ്പ്	45	4,600
ആകെ			1087851

അവലംബം :കേരളം വാട്ടർ അതോറിറ്റി , എടപ്പാൾ

കടിവെള്ള മേഖലയിലെ ഇടപെടൽ

പൈപ്പ് വഴിയുള്ള ജലവിതരണത്തിന്റെ ഉത്തരവാദിത്തം കൂടുതലും വാട്ടർ അതോറിറ്റിക്കാണ്. ഇത്തരം പദ്ധതികളിൽ നഗര പ്രദേശത്തുള്ള 6 എണ്ണം 1,0500 ജനങ്ങൾക്ക് ഉപകരിക്കുന്നു. ഗ്രാമപ്രദേശങ്ങളിലുള്ള 46 പദ്ധതികൾ 6,83700 ജനസംഖ്യക്കു പ്രയോജനം ചെയ്യുന്നു. മേൽ പദ്ധതികളിൽ 12 എണ്ണം ഒന്നിലധികം പഞ്ചായത്തുകളേയോ മുനിസിപ്പൽ പ്രദേശങ്ങളേയോ ഉദ്ദേശിച്ചുള്ളവയാണ്. ജല അതോറിറ്റി നിലവിൽ മെയിന്റനൻസ് നടത്തി വരുന്ന പദ്ധതികളുടെ വിശദ വിവരം അനുബന്ധം 4.2.2.1-ഉം 4.2.2.2-ഉം ആയി ചേർത്തിരിക്കുന്നു.

ഗാർഹിക കിണറുകളെയാണ് പൊതുവെ മൺസൂൺ കാലത്ത് കൂടുതലായും ഗ്രാമവാസികൾ ആശ്രയിക്കുന്നത്. എന്നാൽ ഇവയിൽ മിക്കതും ജനുവരി മുതൽ ശേഷി കുറയുകയോ വറ്റി പോവുകയോ ചെയ്യുന്നു. അതിനാൽ തന്നെ വേനൽക്കാലത്ത് കുഴൽ വഴിയുള്ള പദ്ധതികൾക്ക് മേൽ സമ്മർദ്ദം കൂടുന്നു. നദികളിലെ നീരൊഴുക്ക് കുറയുമ്പോൾ ഈ പദ്ധതികൾക്ക് 70 എൽ.പി.സി.ഡി.യും 135 എൽ.പി.സി.ഡി.യും സർവ്വീസ് ലെവൽ നിലനിർത്താൻ കഴിയാതെ പോകുന്നു.

മഴലഭ്യത

നൂറോളം മഴ ദിനങ്ങളിലായി ശരാശരി 2950.എം.എം മഴയാണ് ജില്ലയിൽ ലഭിക്കുന്നത്. തുലാവർഷം ശോഷിക്കുകയും ഇടമഴ കുറയുകയും ചെയ്യുന്ന അവസ്ഥ പലപ്പോഴും സംജാതമാവുന്നു. വരൾച്ചയും ശുദ്ധജലക്ഷാമവും ഒരു തുടർ പ്രക്രിയയാവുന്നു. രണ്ടും മൂന്നും വർഷം കൂടുമ്പോൾ കടുത്ത വരൾച്ച ജില്ല അഭിമുഖീകരിക്കുന്നു. കാലാവസ്ഥാവ്യതിയാനം മഴയുടെ കാലത്തിലും അളവിലുമെല്ലാം മാറ്റങ്ങൾ വരുത്തിയിരിക്കുന്നു.

നിലവിലുള്ള പദ്ധതികളുടെ അവലോകനം

മലപ്പുറം ശുദ്ധ ജല വിതരണ പദ്ധതി 12.50 എം.എൽ.ഡി

കടലുണ്ടിപ്പുഴയിൽ 4 കിണറുകളിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് ശുദ്ധീകരിച്ച് വിതരണം ചെയ്യുന്ന പദ്ധതിയാണിത്. നാന്പ്രാണിയിലും ചാമക്കയത്തും നിർമ്മിച്ചിട്ടുള്ള തടയണകൾ ഡിസംബർ മുതൽ നീരൊഴുക്ക് അവസാനിക്കുന്നു. വേനൽക്കാല ശേഖരണം വഴി ജലവിതരണം നടത്തുന്നു. നാന്പ്രാണിയിലെ വിയറിന്റെ കാലപ്പഴക്കവും ശേഷി കുറവും കാരണവും വേനൽക്കാല മഴയുടെ അഭാവം മൂലവും ജലവിതരണം നിർത്തി വെക്കേണ്ട ഗുരുതര അവസ്ഥ വരെ കഴിഞ്ഞ വർഷം അനുഭവപ്പെട്ടു. നാന്പ്രാണി വിയറിന്റെ താഴെ ഭാഗത്തായി ഒരു പുതിയ റെഗുലേറ്റർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് മുഖേന നിർമ്മിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

മഞ്ചേരി നഗര ശുദ്ധ ജല വിതരണ പദ്ധതി

ചാലിയാർ ഉറവിടമായി 12 ദശലക്ഷം ലിറ്റർ ശേഷിയുള്ള പദ്ധതി ജലസംഭരണികളുടെയും വിതരണ ശൃംഖലയുടെയും ശേഷിക്കുറവു മൂലം മൂന്നു ദിവസത്തിൽ ഒരിക്കലേ വിതരണം നടത്താന് കഴിയുന്നുള്ളൂ. UIDSSMT-ൽ ഒരു പുതിയ പദ്ധതിക്ക് പ്രാഥമിക അംഗീകാരം ലഭിച്ചെങ്കിലും ആവശ്യമായ തുടർ അനുമതി ലഭിച്ചില്ല.

പെരിന്തൽമണ്ണ ശുദ്ധ ജല വിതരണ പദ്ധതി

19 ദശ ലക്ഷം ലിറ്റർ ശേഷിയുള്ള ഒരു പദ്ധതി സമീപപ്രദേശങ്ങൾക്കു കൂടി (3 പഞ്ചായത്തുകൾക്ക്) കൂടെ ഉപയോഗയോഗ്യമാകുന്നു. നഗരത്തിലെ പഴക്കം ചെന്ന പൈപ്പുകൾ വിതരണ മേഖലയിൽ പ്രസരണ നഷ്ടം വരുത്തുന്നു.

തിരൂർ ശുദ്ധ ജല വിതരണ പദ്ധതി

ഭാരതപ്പുഴ ഉറവിടമായി 17 എം.എം.എൽ.ഡി ശേഷിയുള്ള പദ്ധതി സമീപ പഞ്ചായത്തുകളിലും ഭാഗികമായി ഉപകരിക്കുന്നു. പൂർണ്ണശേഷി ഉപയോഗപ്പെടുത്തിയിട്ടില്ലാത്തതിനാൽ പഞ്ചായത്തുകളിലെ വിതരണ ശൃംഖല മെച്ചപ്പെടുത്തിയും നഗരത്തിലെ പഴയ പൈപ്പുകൾ മാറ്റിയും പദ്ധതി കാര്യക്ഷമ മാക്കി മാറ്റാൻ കഴിയും.

പൊന്നാനി ശുദ്ധ ജല വിതരണ പദ്ധതി

ഭാരതപ്പുഴ ഉറവിടമായ പദ്ധതിക്ക് ഡബ്ല്യൂ.ടി.പി അത്യാവശ്യമാണ്. ജലസംഭരണി ശേഷി വർദ്ധിപ്പിക്കലിനും വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും KIIFB സഹായത്തോടെ 74 കോടി രൂപയുടെ പ്രവൃത്തി നടപ്പിലാക്കാൻ ടെണ്ടർ നടപടി സ്വീകരിച്ചു വരുന്നു.

മൂർക്കനാട് ശുദ്ധ ജല വിതരണ പദ്ധതി

ഭൂതപ്പുഴ ഉറവിടമാക്കിയ പദ്ധതി ഈ വർഷം പൂർണ്ണമായി കമ്മീഷൻ ചെയ്യും.

തിരുരങ്ങാടി, പരപ്പനങ്ങാടി ശുദ്ധ ജല വിതരണ പദ്ധതി

തീരെ അപര്യാപ്തമായ പഴക്കം ചെന്ന പദ്ധതി പുനരുദ്ധീകരിക്കാനും പുതിയ പദ്ധതികൾക്കും നിർദ്ദേശം സമർപ്പിക്കുന്നു.

തേഞ്ഞിപ്പലം ശുദ്ധ ജല വിതരണ പദ്ധതി

തീരെ അപര്യാപ്തമായ പഴക്കം ചെന്ന പദ്ധതി പുനരുദ്ധരിക്കാനും പുതിയ പദ്ധതികൾക്കും നിർദ്ദേശം സമർപ്പിക്കുന്നു.

ചീക്കോട് പദ്ധതി

41 എം.എൽ.ഡി ഡബ്ല്യൂടിപി ശേഷിയുള്ള കൊണ്ടോട്ടി മുനിസിപ്പാലിറ്റി കൂടാതെ 9 പഞ്ചായത്തുകൾക്ക് ജല വിതരണം നടത്താൻ കഴിയുന്ന ബൃഹദ് പദ്ധതിയുടെ ഉറവിടം ചാലിയാറാണ്. കവണക്കല്ല് റെഗുലേറ്ററിന്റെ ശേഖരണ പ്രദേശമായതിനാൽ ജല ഭൗർലഭ്യം അനുഭവപ്പെടുന്നില്ല. വിതരണ ശൃംഖല നാമമാത്രമായി മാത്രമേ നബാർഡ് സഹായിത പദ്ധതിയിൽ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളൂ. ജലനിധി ഫേസ് 2 വിൽ ഉൾപ്പെടുത്തി ഡിപിആർ നടപടികൾ നടന്നു വരുന്നു.

കാളികാവ് പദ്ധതി

6 എംഎൽഡി, ഡബ്ല്യൂടിപി ശേഷിയുള്ള പദ്ധതിയുടെ ഉറവിടമായ കാളികാവ് പുഴയിൽ വേനൽക്കാലം ജലഭൗർലഭ്യം പരിഹരിക്കാൻ ജലനിധിയിൽ ഉൾപ്പെടുത്തി ഈ വർഷം ചെക്ക് ഡാം നിർമ്മിക്കുകയുണ്ടായി. പദ്ധതി ജലനിധി വഴി ചോക്കാട് പഞ്ചായത്തിലേക്ക് വ്യാപിപ്പിക്കുന്ന പ്രവൃത്തി 90% പൂർത്തിയായി.

കണ്ണമംഗലം- വേങ്ങര

തീരെ അപര്യാപ്തമായ പഴക്കം ചെന്ന പദ്ധതി പുനരുദ്ധരിക്കാനും പുതിയ പദ്ധതികൾക്കും നിർദ്ദേശം സമർപ്പിക്കുന്നു.

മറ്റു ചെറുകിട പദ്ധതികൾ

വികേന്ദ്രീകരണത്തിന്റെ ഭാഗമായി 50-ഓളം പദ്ധതികൾ വിവിധ പഞ്ചായത്തുകൾക്ക് വാട്ടർ അതോറിറ്റി കൈമാറിയ ശേഷം ഇപ്പോൾ 38 ചെറുതും വലുതുമായ പദ്ധതികൾ ശുദ്ധീകരണശാല ഇല്ലാതെ നിലവിലുണ്ട്.

ജലനിധി പദ്ധതികൾ

ജലനിധിയുടെ ഒന്നാം ഘട്ടത്തിലുള്ള പദ്ധതികൾ പൂർത്തികരിച്ചെങ്കിലും ഇതിൽ കുറെയേറെ തുടർ നടപടിയുടെ അപര്യാപ്തതയോ സ്രോതസ്സ് ശോഷിച്ചതോ ആയ കാരണങ്ങളാൽ പൂർണ്ണക്ഷമതയിലല്ല. ഒന്നാംഘട്ടത്തിലെ പഞ്ചായത്തുകളുടെ ലിസ്റ്റ് അനുബന്ധം 4.2.2.3 ആയി ചേർത്തിരിക്കുന്നു. ജലനിധി രണ്ടാം ഘട്ടം 2018-ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. ആകെ 55 പദ്ധതികളിൽ 47 എണ്ണം ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

എൽ.എസ്.ജി.ഡി (ത്രിതല പഞ്ചായത്തുകളും മുനിസിപ്പാലിറ്റിയും)

എം.എൽ.എ, എം.പി., ത്രിതല പഞ്ചായത്ത് ഫണ്ടുകൾ ഉപയോഗിച്ചാണ് പഞ്ചായത്തുകളിൽ പദ്ധതികൾ നടപ്പിലാക്കിയിരിക്കുന്നത്. ഈ പദ്ധതികൾ എല്ലാം തന്നെ ഗുണഭോക്താക്കൾ നടത്തി വരുന്ന പദ്ധതികളാണ്. ഈ പദ്ധതി നടത്തിപ്പിനു വേണ്ടി പഞ്ചായത്തുകൾ വേണ്ടത്ര സാമ്പത്തിക സഹായം നൽകുന്നില്ല.

പട്ടിക 4.2.2.2 : പരിപ്രേക്ഷ്യവും വിടവുകൾ നികത്തലും ദീർഘകാല ലക്ഷ്യങ്ങളും

ക്രമ നം	പരിപ്രേക്ഷ്യം	വിടവുകൾ	നിവാരണ മാർഗ്ഗങ്ങൾ	ദീർഘകാല ലക്ഷ്യം
1	ഉപരിതലം ഉറവിടമായ പദ്ധതികളുടെ സ്ഥായിയായ ശേഷി	1)മിക്ക ഉറവിടങ്ങളും ഉപഭോക്താവിന് വേണ്ടത്ര ജലം ലഭിക്കാതിരിക്കുന്നു 2) ജലവിതരണം ഒന്നിടവിട്ട ദിവസങ്ങൾ മുതൽ ആഴ്ച്ചയിൽ ഒരു ദിവസം വരെ ആയി ചുരുക്കേണ്ടി വരുന്നു 3. ഗുണ നിലവാരമില്ലാത്ത ജലം ലോറികൾ വഴി വിതരണം ചെയ്യേണ്ടി വരുന്നു) ഉറവിടങ്ങളുടെ താഴ്ച്ച കുട്ടൽ	1) ഉറവിടങ്ങളുടെ താഴ്ച്ച കുട്ടൽ 2) ഇൻഫിൽട്രേഷൻ ഗ്യാലറിയുടെ നിർമ്മാണം/പുനർ നിർമ്മാണം 3) പുതിയ ഉറവിടങ്ങൾ കണ്ടെത്തലും നിർമ്മിക്കലും 4) പദ്ധതിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കലും ഗുണമേന്മയുള്ള ജലവിതരണവും	1) പദ്ധതിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കലും ഗുണമേന്മയുള്ള ജലവിതരണവും 2) ഉപഭോക്തൃ സംതൃപ്തി 3) വരൾച്ചാ പ്രതിരോധം
2	വേനൽക്കാലത്ത് പദ്ധതി ഉറവിടങ്ങളുടെ ശേഷി വർദ്ധിപ്പിക്കൽ	1) മിക്ക ഉറവിടങ്ങളും ഉപഭോക്താവിന് വേണ്ടത്ര ജലം ലഭിക്കാതിരിക്കുന്നു 2) ജല വിതരണം ഒന്നിടവിട്ട ദിവസങ്ങൾ മുതൽ ആഴ്ച്ചയിൽ ഒരു ദിവസം വരെ ആയി ചുരുക്കേണ്ടി വരുന്നു 3) ഗുണ നിലവാരമില്ലാത്ത ജലം ലോറികൾ വഴി വിതരണം ചെയ്യേണ്ടി വരുന്നു	1) നദികളിൽ വിയറുകളും ചെക്ക് ഡാമുകളും റിപ്പയർ ചെയ്യൽ ശേഷി വർദ്ധിപ്പിക്കൽ 2) പുതിയ ചെക്ക് ഡാമും വിയറുകളുടെയും നിർമ്മാണം	1) പദ്ധതിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കലും ഗുണമേന്മയുള്ള ജലവിതരണവും 2) ഉപഭോക്തൃ സംതൃപ്തി 3) വരൾച്ചാ പ്രതിരോധം 4) കാലാവസ്ഥാ വ്യതിയാനത്തെ മറികടക്കൽ
3	ഉറവിടങ്ങളിലേക്ക് ഉപ്പുവെള്ളത്തിന്റെ തള്ളിക്കയറ്റം	വേലിയേറ്റത്തിൽ പ്രത്യേകിച്ചും നദിയിലെ ഒഴുക്ക് കുറയുമ്പോൾ കടലിൽ നിന്നും ഉപ്പുവെള്ളം തള്ളിക്കയറി ജലവിതരണം താറുമാറാകുന്നു	1) ഉറവിടങ്ങൾക്കു താഴെയുള്ള റെഗുലേറ്ററുകൾ സ്ഥാപിക്കൽ 2) കേടുപാടുകളെ റെഗുലേറ്ററുകൾ റിപ്പയർ ചെയ്യൽ 3) വിസിബിലുകളുടെ	ജലത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തലും പദ്ധതി കാര്യക്ഷമമാക്കലും

ക്രമനം	പരിപ്രേക്ഷ്യം	വിടവുകൾ	നിവാരണ മാർഗ്ഗങ്ങൾ	ദീർഘകാല ലക്ഷ്യം
			ജനപങ്കാളിത്തത്തോടെയുള്ള സമയനിഷ്കർഷയോടെയുള്ള പരിപാലനം	
4	ശുദ്ധജലവിതരണ പദ്ധതികളിൽ അമിതമായ പ്രസരണ നഷ്ടം	കാലഹരണപ്പെട്ടതും പഴക്കം ചെന്നതുമായ പൈപ്പുകൾ വഴി അനുവദനീയമായ 15%ത്തിനും എത്രയോ അധികം ജലം നഷ്ടപ്പെടുന്നു	അത്തരം പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ	കാര്യക്ഷമത വർദ്ധിപ്പിക്കലും കൺസർവേഷനും
5	ജനപങ്കാളിത്തവും ഉടമസ്ഥതയും പൊതുമുതൽ സംരക്ഷണവും	പദ്ധതി രൂപകൽപ്പനയിലും നിർമ്മാണത്തിലും ജനപങ്കാളിത്തത്തിന്റെ അപൂർണ്ണത പരിപാലനം കാര്യക്ഷമമാക്കുന്നതിന് തടസ്സമാകുന്നു	1) രൂപകൽപ്പന സമയപദ്ധതി ജനപ്രതിനിധികൾക്ക് വിശദീകരിച്ചു കൊടുക്കലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അംഗീകാരവും 2) പദ്ധതി പ്രവർത്തന സമയത്തെ ജനപങ്കാളിത്തം 3) നാട്ടറിവ്	ജനങ്ങളുടെ വശ്യങ്ങൾ മനസ്സിലാക്കി പ്രദേശത്തിനനുയോജ്യമായ പദ്ധതി കളുടെ രൂപകൽപ്പനയും ജനപിന്തുണയുള്ള നിർമ്മാണവും പരിപാലനവും തദ്വാരാ "Willingness to pay" സമീപനം സ്വയമേവ വർദ്ധിപ്പിക്കലും
6	പൊതുടാപ്പുകളുടെ ദുരുപയോഗവും ലോക്കൽ ബോഡികൾക്ക് അധികബാദ്ധ്യത ഉണ്ടാക്കലും	കേരളത്തിന്റെ പ്രത്യേക സാമൂഹ്യ സാമ്പത്തികാവസ്ഥയിൽ വലിയ ഒരു വിഭാഗവും വീട്ടിൽ തന്നെ കണക്ഷന് ആഗ്രഹിക്കുന്നു പല പൊതുടാപ്പുകളും ദുരുപയോഗം ചെയ്യുന്നുണ്ട്	ഘട്ടംഘട്ടമായി വീടുകൾക്ക് കണക്ഷൻ നൽകുന്നതിനായി ത്രിതല പഞ്ചായത്തുകൾ മുഖ്യ പദ്ധതികൾ ആവിഷ്കരിക്കണം	ജലസംരക്ഷണം, ജലദുരുപയോഗം തടയൽ വഴി എല്ലാവർക്കും ജലം ലഭ്യമാക്കൽ, പഞ്ചായത്തിന്റെ സാമ്പത്തിക ബാദ്ധ്യത കുറക്കലും
7	ശേഷികുറഞ്ഞ പമ്പുസെറ്റുകൾ മാറ്റി സ്ഥാപിക്കൽ	പദ്ധതികളിലും 5 വർഷത്തിലധികം പഴക്കമുള്ളതും ഊർജ്ജശേഷിയും പമ്പിംഗ് ശേഷിയും കുറഞ്ഞ പമ്പ്സെറ്റുകൾ നിലനിൽക്കുന്നു	ഡിജിക്കനുസൃതമായി ഊർജ്ജശേഷി കൂടിയ (BEE അംഗീകാരമുള്ള) പമ്പ്സെറ്റുകൾ സ്ഥാപിക്കൽ	1) ഊർജ്ജസംരക്ഷണവും O& M ചെലവു കുറക്കലും 2) പദ്ധതി കാര്യക്ഷമത വർദ്ധിപ്പിക്കൽ
8	ഗുണമേന്മ ഉറപ്പു വരുത്തൽ	നദികൾ ഉറവിടമായ പദ്ധതികളുടെ അനിയന്ത്രിതമായ മണലെടുപ്പ് മൂലവും മറ്റും ഫിൽട്ടർ ആവശ്യമായ തോതിലാവാതെ പമ്പ് ചെയ്യുന്ന സ്ഥിതി പലപദ്ധതികളിലുമുണ്ട്	ശുദ്ധീകരണ ശാലകൾ സ്ഥാപിക്കൽ	ഗുണമേന്മ ഉറപ്പു വരുത്തി പദ്ധതി കാര്യക്ഷമതയും ഉപഭോക്തൃ സ്വീകാര്യത വർദ്ധിപ്പിക്കലും
9	ഉറവിട മലിനീകരണം	സെപ്റ്റിക് ടാങ്കുകളുടെ ഓവർഫ്ളോ കാലാകാലങ്ങളിൽ (രണ്ടുവർഷത്തിലൊരിക്കൽ) ക്ലീൻ ചെയ്യായ്ക എന്നിവ ഉപരിതല ജലത്തേയും ഭൂഗർഭ ജലത്തേയും മലിനീകരിക്കുന്നു	1)ക്രമമായ ഖര-ജല മാലിന്യ സംസ്കരണ പദ്ധതികൾ 2)അണു നശീകരണം നിർബ്ബന്ധമാക്കൽ	ഗുണമേന്മഉറപ്പു വരുത്തി പദ്ധതി കാര്യക്ഷമതയും ഉപഭോക്തൃ സ്വീകാര്യത വർദ്ധിപ്പിക്കലും
10	അമിത ഭൂഗർഭ ജല ഉപഭോഗം	സുരക്ഷിത ശേഷിയേക്കാൾ കൂടുതൽ പമ്പുചെയ്യുന്നത് ഉറവിടങ്ങളുടെ ഉൽപ്പാദനശേഷി കുറയുകയും ഇല്ലാതാവുകയും ചെയ്യുന്ന അവസ്ഥ പല ചെറുകിട പദ്ധതികളിലും ഉണ്ടാവുന്നു	1) ശേഷിക്കനുസൃതമായ പമ്പിംഗ് 2) പുതിയ ക്ഷൽകിണർ നിർമ്മാണം, ക്രിറ്റിക്കൽ, സെമി ക്രിറ്റിക്കൽ ബ്ലോക്കുകളിൽ നിയന്ത്രിക്കൽ(BEE യിലൂടെ ബോധവൽക്കരണം. 3) ജിഡബ്ല്യുആർ സമഗ്രമായി	ഉറവിടങ്ങളുടെ ദീർഘകാല ശേഷി ഉറപ്പു വരുത്തൽ

അവലംബം :കേരളം വാട്ടർ അതോറിറ്റി

പദ്ധതി നടത്തിപ്പിൽ ഇപ്പോഴത്തെ നില / നിർദ്ദേശങ്ങൾ

- ജല അതോറിറ്റി ഏറ്റെടുക്കുന്ന പദ്ധതികളുടെ നടത്തിപ്പും പരിപാലനവും ജലഅതോറിറ്റി തന്നെയാണ് നടത്തുന്നത്. ജലനിധി, ഭൂഗർഭ ജലവകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ വഴി നിർമ്മിക്കുന്ന പദ്ധതികൾ ഉപഭോക്താക്കൾക്ക് കൈമാറുകയും അവർ നടത്തിക്കൊണ്ടു പോവുന്ന രീതിയുമാണ് നിലവിലുള്ളത്.
- നീർത്തടാടിസ്ഥാനത്തിൽ ചെക്ക് ഡാം/ എസ്എസ്ഡി തുടങ്ങി മുകളിലോട്ട് വൃഷ്ടി പ്രദേശത്ത് മണ്ണ്/ ജല സംരക്ഷണ പ്രവർത്തികൾ അതോടൊന്നിച്ച് റൂഫ് വാട്ടർ റീചാർജ്ജ് എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഇറിഗേഷൻ, ജിഡബ്ല്യൂഡി, ജലനിധി, മണ്ണ് സംരക്ഷണം, കൃഷി വകുപ്പ് എന്നിവയുമായുള്ള സഹകരണത്തോടെ നടപ്പാക്കലായിരിക്കും അഭികാമ്യം.
- ഗ്രണനിലവാരം ഉറപ്പു വരുത്തുന്നതിന് ആവശ്യമായ സ്ഥലങ്ങളിൽ പിഎസ്എഫ്/ എസിഎഫ് എന്നിവ സ്ഥാപിക്കൽ
- കിണറുകൾ, സെപ്റ്റിക് ടാങ്ക് വഴി മലിനമാകാതിരിക്കാൻ സെപ്റ്റിക് ടാങ്ക് ക്ലീനിംഗ് രണ്ടു വർഷത്തിലൊരിക്കൽ നടത്താനുള്ള സംവിധാനങ്ങളും സെപ്റ്റേജ് ട്രീറ്റ്മെന്റ് സ്ഥാപിക്കലും സംവിധാനങ്ങളും ശുചിത്വ മിഷന്റെ മേൽ നോട്ടത്തിൽ നടപ്പാക്കൽ
- ജലദുരുപയോഗം തടയലും, ഉപയോഗം ചുരുക്കാനുള്ള ബോധവൽക്കരണവും.

പദ്ധതിയുടെ നടത്തിപ്പും പദ്ധതിയേതര ചിലവുകളിൽ നിയന്ത്രണവും– കാര്യക്ഷമതയും ഈ രംഗത്തെ പ്രശ്നങ്ങളും

കേരളാ വാട്ടർ അതോറിറ്റിക്ക് 197 എംഎൽഡി ജലം ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് ഓപ്പറേറ്റിംഗ് ഇനത്തിൽ 14കോടി രൂപ പ്രതിവർഷം ചിലവു വരുമ്പോൾ വൈദ്യുതി ചാർജ്ജ് ഒഴിച്ച് വെള്ളക്കരം വഴി ലഭിക്കുന്നത് 10.00 കോടി രൂപ മാത്രമാണ്.

ശുദ്ധജല വിതരണ പദ്ധതികളുടെ പരിപാലനം കൃത്യസമയത്തു നടത്തിയാൽ മാത്രമേ ഉപഭോക്താക്കൾക്ക് പദ്ധതി പ്രയോജനപ്പെടുന്ന തരത്തിൽ സുസ്ഥിരമാവുകയുള്ളു. പദ്ധതിയേതര ചിലവുകളിൽ വരുന്ന ഭീമമായ വർദ്ധന ലഭ്യമായ വിഭവ (ബഡ്ജറ്റ്) വിഹിതത്തേക്കാൾ പതിൻമടങ്ങാവുന്നതും അതുമൂലം കെഎസ്ഇബി യുടെ വൈദ്യുതി ചാർജ്ജ് അടക്കാന് കഴിയാത്തതും ഇരു വിഭാഗങ്ങളിലും പ്രതിസന്ധി ഉണ്ടാക്കുന്നു. താഴെ പറയുന്ന ശുപാർശകൾ സമർപ്പിക്കുന്നു.

- ഓട്ടോമേഷൻ സംവിധാനങ്ങൾ ഫലപ്രദമാക്കി നടപ്പിലാക്കി മനുഷ്യ വിഭവവും വൈദ്യുതി ഉപയോഗവും കുറക്കാനും ജലഗ്രണനിലവാരം മെച്ചപ്പെടുത്താനും കഴിയും.
- പദ്ധതി നിർമ്മാണത്തിന്റെയും പൈപ്പ് അടക്കമുള്ള സാധന സാമഗ്രികളുടെയും ഗ്രണനിലവാരം മെച്ചപ്പെടുത്തൽ
- ജലനിധിക്ക് ലഭ്യമാവുന്ന കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി വാട്ടർ അതോറിറ്റിയിലും ലഭ്യമാക്കുക. ഇത് ഇരു ഏജൻസികൾക്കും വിജയകരമായ നിലപാട് ഉണ്ടാക്കും.
- ജല ലഭ്യതയുള്ള പദ്ധതികളിൽ കൂടുതൽ ഹൗസ് കണക്ഷനുകൾ നൽകൽ, ഓട്ടോമാറ്റിക് മീറ്ററിംഗ് സംവിധാനങ്ങളും ബില്ലിംഗും നടപ്പാക്കൽ (നിലവിലുള്ള മീറ്ററിംഗും ബില്ലിംഗും പോരായ്മകളും പഠന വിധേയമാക്കിയ ശേഷം)
- ജലലഭ്യതക്കനുസരിച്ച് ഹോട്ടലുകൾക്കും സ്ഥാപനങ്ങൾക്കും കണക്ഷൻ നൽകുക.
- പമ്പ് സെറ്റുകളുടെയും വിതരണ ശൃംഖലയിലേയും പ്രതിരോധ മെയിന്റനൻസ് സമയബന്ധിതമായി നടപ്പിലാക്കുക.
- കേടുപാടുകൾ ആധുനിക സംവിധാനം ഉപയോഗിച്ച് ഏറ്റവും കുറഞ്ഞ സമയ പരിധിക്കുള്ളിൽ ചെയ്ത് തീർക്കുക
- പൊതുടാപ്പുകൾ ഒഴിവാക്കാൻ പറ്റാത്ത സാഹചര്യത്തിൽ (ബി.പി.എൽ, എസ്.സി/ എസ്.ടി കോളനികളിൽ) മാത്രം നൽകുക.

- ജലക്കരം പിരിക്കലിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക.
- ഉപഭോക്തൃ സംതൃപ്തിയും വേഗതയുള്ള പരാതി പരിഹാര സംവിധാനവും ഏർപ്പെടുത്തുക.

നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ വകുപ്പുകൾ തിരിച്ച്

കെ.ഡബ്ല്യു.എ

2017- 18 വർഷത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ സംക്ഷിപ്ത വിവരണം അനുബന്ധമായി കൊടുക്കുന്നു.

അനുബന്ധം നം.4.2.2.4 : നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ-കെ.ആർ.ഡബ്ല്യു.എസ്.എ-ആർ.പി.എം.യു, മലപ്പുറം.
അനുബന്ധം നം.4.2.2.5: നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ പ്രോജക്ട് ഡിവിഷൻ കെ.ഡബ്ല്യു.എ, മലപ്പുറം

ജലനിധി

ഒന്നാം ഘട്ടത്തിൽ 33 പഞ്ചായത്തുകളിലായി ജില്ലയിൽ 800 പദ്ധതികൾ പൂർത്തിയാക്കി രണ്ടാം ഘട്ടത്തിൽ 14 പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരക്കുന്നു. ഇതു കൂടാതെ രണ്ടാം ഘട്ടത്തിൽ വാട്ടർ അതോറിറ്റിയുമായി സഹകരിച്ച് 6 പഞ്ചായത്തുകളെ ഉൾക്കൊള്ളുന്ന 2 സമഗ്ര പദ്ധതികൾ ഈ വർഷം പൂർത്തീകരിക്കുന്നതാണ്.

ജനപങ്കാളിത്തത്തോടെ (15% ഉപഭോക്തൃവിഹിതം) നടപ്പാക്കുന്ന പദ്ധതികളുടെ തുടർ നടത്തിപ്പും ആവർത്തനച്ചിലവ് ഉൾപ്പെടെ ഉപഭോക്തൃ സമിതികളുടെ ഉത്തരവാദിത്തമാണ്. ജല അതോറിറ്റിയുടെ സഹായത്തോടെ നടപ്പാക്കുന്ന രണ്ട് സമഗ്ര പദ്ധതികളിലെ ജല ഉൽപ്പാദനവും ശുദ്ധീകരണവും വാട്ടർ അതോറിറ്റി നടത്തി ബൾക്ക് വാട്ടർ മീറ്റർ ചെയത് ഉപഭോക്താക്കൾക്ക് നൽകുന്നു.

ഭൂജല വകുപ്പ്

കുഴൽകിണറുകളുടെ നിർമ്മാണം കുഴൽകിണറിന്റെ ഉറവിടമായ ചെറുകിട ജലവിതരണ പദ്ധതികളുടെ നിർമ്മാണം, പൊതു സ്ഥാപനങ്ങളിൽ മേൽക്കൂര ജലശേഖരണം എന്നിവയാണ് പ്രധാനമായും വകുപ്പു മുഖേന ജില്ലയിൽ നടപ്പിലാക്കുന്നത്. വകുപ്പു വഴി നടപ്പാക്കിയ പദ്ധതികളുടെ ലിസ്റ്റ് അനുബന്ധം 4.2.2.7 ആയി ചേർത്തിരിക്കുന്നു.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ

ത്രിതല പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ എന്നിവയിലൂടെ പ്രധാനമായും മേഖലയിൽ 1645 എണ്ണം നടപ്പുവർഷം നടപ്പാക്കിക്കൊണ്ടിരിക്കുന്നു. പദ്ധതികളുടെ വിശദവിവരം അദ്ധ്യായം 6 ൽ ചേർത്തിരിക്കുന്നു.

ശുദ്ധജല ലഭ്യത സ്ഥലകാലപരത്തിലൂടെ

ഭൂഗർഭ ജലം

ജി ഇ സി 2013 പ്രകാരം ജില്ലയിലെ ഭൂഗർഭ ജലലഭ്യത 516.87 എംസിഎം ആണ്. മൊത്തം 3550 ചതുരശ്ര കി.മിറ്റർ പ്രദേശത്ത് 1008കി.മീ2 വരുന്ന 20% ൽ അധികം ചെരിവ് വരുന്ന മലമ്പ്രദേശം കഴിച്ച് ബാക്കി വരുന്ന 2541 കി.മീ 2 പ്രദേശത്ത് ലഭിക്കുന്ന മഴയിൽ നിന്നും അകിഫയറിന്റെ ഘടനയനുസരിച്ച് കണക്കാക്കിയ തോതാണ് ഇത്. ലാറ്ററൈറ്റ് ആണ് പ്രധാന അകിഫയർ. ഭൂഗർഭ ജലവിതാനത്തിലെ മഴക്കാല- വേനൽക്കാല ഏറ്റക്കുറച്ചിൽ 1.86 മീറ്റർ ആയി കണക്കാക്കിയിരിക്കുന്നു. ആകെയുള്ള 14 ബ്ലോക്കുകളിൽ 3 എണ്ണം ഈ കാലയളവിൽ സെമി ക്രിറ്റിക്കൽ ആയി കണക്കാക്കിയിരിക്കുന്നു. നിലവിലുള്ള ഉപയോഗം കഴിച്ച് 182.41 ദശലക്ഷം ഘന മീറ്റർ ജലം കൂടെ ഭാവിയിൽ ഉപയോഗിക്കാമെന്ന് ജിഇസി 2013 റിപ്പോർട്ട് കണ്ടെത്തുന്നു. ബ്ലോക്കടിസ്ഥാനത്തിലുള്ള

ഭൂഗർഭ ജലലഭ്യത,ഡ്രോഫ്റ്റ്.തുടങ്ങിയ വിവരങ്ങൾ അനുബന്ധം 4.2.2.8 ആയി ചേർത്തിരിക്കുന്നു. (GEC2013)

ഉപരിതല സ്രോതസ്സുകളും പര്യാപ്തതയും

ജില്ലയുടെ ജീവനാഡികളായി പ്രവർത്തിക്കുന്നത് ചാലിയാർ, കടലുണ്ടി, ഭാരതപ്പുഴ, തിരൂർ പുഴ എന്നിയവയും ഇവയുടെ കൈവഴികളുമാണ്. ഇതിൽ ചാലിയാർ മാത്രമാണ് വർഷം മുഴുവൻ ജലപ്രവാഹമുള്ളത്.

ചാലിയാർ

169 കിലോമീറ്റർ ദൈർഘ്യമുള്ള ചാലിയാറിലെ ശരാശരി ശ്രഷ്ഠിച്ച ഒഴുക്ക് 344.49 ദശലക്ഷം ഘന മീറ്റർ ഉം മൺസൂൺ നീരൊഴുക്ക് 5558 ദശലക്ഷം ഘന മീറ്റർ ആയും കണക്കാക്കിയിരിക്കുന്നു. പ്രധാന കൈവഴികൾ ചളിപ്പുഴ, പുന്നപ്പുഴ, കാഞ്ഞിരപ്പുഴ, കുരുമ്പൻപുഴ, വടപുറംപുഴ, ഇരുവഴിഞ്ഞിപ്പുഴ എന്നിവയാണ്. ചാലിയാർപുഴ മലപ്പുറം, കോഴിക്കോട് ജില്ലകളിലൂടെ ഒഴുകി ബേപ്പൂരിൽ കടലിൽ ചേരുന്നു.

ചാലിയാറിൽ നിന്നും ആളോഹരി 150 എൽപിസിഡി കണക്കാക്കി 2050-ൽ പ്രവചിച്ച ജനസംഖ്യ തോതനുസരിച്ച് വാട്ടർ അതോറിറ്റി തയ്യാറാക്കിയ സി.ഡി.പി (സമഗ്ര വികസന രേഖ) അനുസരിച്ച് ഈ നദിയിൽ നിന്നും 218.50എംഎൽഡി (പ്രതിവർഷം 79.75 എംഎം 3) ജലം കുടിവെള്ളത്തിനു മാത്രം വേണ്ടി വരുന്നതായി കണക്കാക്കിയിരിക്കുന്നു. ജലസേചനം, വ്യാവസായിക ആവശ്യങ്ങൾ എന്നിവ കൂടെ കണക്കിലെടുക്കുമ്പോൾ ആവശ്യകത (ആളോഹരി 1250എൽപിസിഡി) ഇതിന്റെ 8.35 ഇരട്ടി അതായത് പ്രതിവർഷം 664.31 എംഎം ആണ് മൺസൂൺ കാലങ്ങളിൽ ആവശ്യത്തിന് ജലമുണ്ടാവുമെങ്കിലും വേനൽക്കാലത്ത് മതിയാകാതെ വരും. പ്രതിവിധിയായി മൺസൂൺ കാലത്തെ നീരൊഴുക്ക് തടഞ്ഞു നിർത്താനും ഉപ്പുവെള്ളത്തിന്റെ തള്ളിക്കയറ്റം തടയാനുമായി തടയണകളും റെഗുലേറ്ററുകളും ആവശ്യമാണ്. നിലവിൽ കവണക്കല്ലിലും, ഓടായിക്കലിലും, പൂക്കോട്ടുമണ്ണയിലും റെഗുലേറ്ററുകൾ ഉള്ളതിനാലാണ് ജല ലഭ്യതയും ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനും സാധിക്കുന്നത്.

കടലുണ്ടിപ്പുഴ

ജില്ലയിലൂടെ മാത്രം ഒഴുകുന്ന 130കിമീ നീളമുള്ള ഈ നദിയുടെ പോഷക നദികൾ ഒലിപ്പുഴയും വെളിയാറുമാണ്. ശ്രഷ്ഠിച്ച നീരൊഴുക്ക് 64.14 ദശലക്ഷം ഘനമീറ്റർ – ഉം മൺസൂൺ നീരൊഴുക്ക് 1073.11 ദശലക്ഷം ഘനമീറ്റർ ആയും കണക്കാക്കിയിരിക്കുന്നു. ചേരക്കൊമ്പൻ മലയിൽ നിന്നും ഉത്ഭവിക്കുന്ന നദി കടലുണ്ടിയിൽ കടലിൽ ചേരുന്നു. ജല അതോറിറ്റി 2050 ആണ്ടിലെ ശ്രദ്ധജലത്തിന്റേതായ ആവശ്യകത ഈ നദിയിൽ നിന്നും 266 എംഎൽഡി (പ്രതിവർഷം 97.09 ദശലക്ഷം ഘനമീറ്റർ) ആയി കണക്കാക്കിയിരിക്കുന്നു.

ശ്രുതപ്പുഴ

ഭാരതപ്പുഴയുടെ ഒരു പ്രധാന പോഷക നദിയാണിത്. ഈ നദിയിൽ നിന്നും 2050 ൽ ശ്രദ്ധജലത്തിന്റെ ആവശ്യകത 118 എംഎൽഡി (പ്രതിവർഷം 43.07 ദശലക്ഷം ഘന മീറ്റർ) ആയി കണക്കാക്കിയിരിക്കുന്നു.

ഭാരതപ്പുഴ

ഭാരതപ്പുഴയിൽ നിന്നും 2050 ൽ ശ്രദ്ധജലത്തിന്റെ ആവശ്യകത 218.5 എംഎൽഡി (പ്രതിവർഷം 79.75 ദശലക്ഷം ഘനമീറ്റർ) ആയി കണക്കാക്കിയിരിക്കുന്നു.

പട്ടിക 4.2.2.3 : വിവിധ സ്രോതസ്സുകളും കുടിവെള്ള ഉപഭോഗവും

ക്രമ നം	നദീ സ്രോതസ്സ്	വാർഷിക ലഭ്യത (ദശലക്ഷം ഘന മീറ്റർ)	ശുദ്ധജല വാർഷിക ആവശ്യകത (ദശലക്ഷം ഘന മീറ്റർ)
1	ചാലിയാർ	5950.00	48.18
2	കടലുണ്ടി	1137.30	41.90
3	തൂതപ്പുഴ	5082.90	19.00
4	ഭാരതപ്പുഴ		20.20

അവലംബം : ജല അതോറിറ്റി, മലപ്പുറം

ചിത്രം 4.2.2.1 : ഉപരിതല സ്രോതസ്സുകളും പര്യാപ്തതയും



അവലംബം : ജല അതോറിറ്റി, മലപ്പുറം

ചിത്രം 4.2.2.2 : ഉപരിതല സ്രോതസ്സുകളും ജലലഭ്യതയും



അവലംബം : ജല അതോറിറ്റി, മലപ്പുറം

സ്രോതസ്സുകളുടെ കാര്യക്ഷമതയും ജല ലഭ്യതയും വർദ്ധിപ്പിക്കൽ

ഭൂഗർഭ ജലം-മേൽക്കുര ജലശേഖരണം, സംഭരണം, കിണർ റീചാർജ്ജിംഗ് എന്നിവ വ്യാപകമാക്കാനുള്ള നടപടികൾ ത്രിതല പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും സ്വീകരിക്കേണ്ടതാണ്. ജി.ഡബ്ല്യു.ഡി, ജലനിധി, ജല അതോറിറ്റി തുടങ്ങിയ സ്ഥാപനങ്ങൾ ആവശ്യമായ സാങ്കേതിക സഹായം നൽകേണ്ടതാണ്. ഇതേപോലെത്തന്നെ പ്രധാനമാണ് അരുവികളിലേയും തോടുകളിലേയും വി.സി.ബി.കൾ. ഇവ സംരക്ഷിക്കുന്നതിനും പ്രത്യേക ശ്രദ്ധ വേണ്ടിയിരിക്കുന്നു. നദികളിലും വിയറുകളിലും ചെക്കു ഡാമുകളിലും വേനൽക്കാലത്ത് ഭൂഗർഭ ജലനിരപ്പ് ഉയർത്തുന്നതിനും കൂടെ സഹായിക്കുന്നു.

ഉപരിതല ജല സ്രോതസ്സുകൾ

മൊത്തം ജലലഭ്യത

3550 കെഎം 2 വിസ്തീർണ്ണമുള്ള ജില്ലയിലെ വാർഷിക മഴ ശരാശരി 2945 എംഎം ആണ്. ഇതനുസരിച്ച് ഒരു വർഷം ലഭ്യമാവുന്ന മഴ, അതിൽ മനുഷ്യോപയോഗത്തിനും ലഭ്യമായവ എന്നിവ താഴെ കൊടുത്ത പ്രകാരം കണക്കാക്കാം.

- 1 വർഷം ലഭിക്കാവുന്ന ആകെ ജലം (മഴ വഴി) = 3550X106X2.945X106 = 10454.75 CM
- ബാഷ്പീകരണ നഷ്ടം, മറൈൻ എക്കോളജി.
- നദികൾ ഫ്ളഷ് ചെയ്യുന്നതിൽ നിന്നു തുടങ്ങിയവ ആവശ്യങ്ങൾക്ക് 60% എന്ന കണക്കിൽ = 6272.85(ദശലക്ഷം ഘന മീറ്റർ)
- കരയിലെ സസ്യ ജൗഗാദികൾക്ക് 40% (മനുഷ്യോപയോഗം ഉൾപ്പെടെ) = 4181.90 (ദശലക്ഷം ഘന മീറ്റർ).
- ഇതിൽ 90% മനുഷ്യരുടെ ആവശ്യത്തിന് = 1672.76 (ദശലക്ഷം ഘനമീറ്റർ) അതായത് പ്രതിവർഷം കൂടിയ ഉപഭോഗം ഭൂഗർഭ ജലത്തിൽ നിന്നും ഉപരിതല ജലതത്തിൽ നിന്നും ഈ അളവിൽ നിയന്ത്രിക്കുന്നതാണ് ഉത്തമം.

ജില്ലയിൽ പ്രധാനമായും ഭാരതപ്പുഴ, കടലുണ്ടിപ്പുഴ, ചാലിയാർ എന്നിവ ആധാരമാക്കിയാണ് ഉപരിതല കുടിവെള്ള പദ്ധതികൾ നടപ്പാക്കിയിട്ടുള്ളത്. ഈ പുഴകളെയാണ് സ്ഥായിയായ ജല സ്രോതസ്സായി KWA, KRWSA, LSGD കണക്കാക്കിയിട്ടുള്ളത്. വേനൽക്കാലങ്ങളിൽ ഈ പുഴകളിൽ ജല ദൗർല്ലഭ്യം പൊതുവെ എല്ലാ വർഷങ്ങളിലും അനുഭവപ്പെടാറുണ്ട്. വേണ്ടത്ര മഴ ലഭിക്കുന്നത് വരെ എല്ലാ പുഴകളിലും ജല ദൗർല്ലഭ്യം നേരിടുന്നത് കാരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലോറികളിൽ കുടിവെള്ളം എത്തിക്കുന്നത് ഒരു പതിവ് ആയി മാറിയിട്ടുണ്ട്. പുഴകളിലെ മണലൂറ്റ് കാരണം 3 മുതൽ 5 വരെ മീറ്റർ വരെ പുഴ അടിത്തട്ട് താഴ്ന്ന് പോയിട്ടുണ്ട്. ഇത്രയും മണൽ നഷ്ടപ്പെട്ടത് കാരണം പുഴകളിൽ ജലത്തിന്റെ സ്ഥായിയായ സംഭരണ ശേഷി നഷ്ടപ്പെട്ടതയും വേനൽക്കാലങ്ങളിൽ ജലലഭ്യത പെട്ടെന്ന് കുറയുകയും ചെയ്യുന്നു. പുഴകളിൽ ജലനിരപ്പ് താഴുന്നത് കാരണം ഇരുകരകളിലേയും ഭൂഗർഭ ജലവിതാനവും കുറയുന്നുണ്ട്. ഇതു കാരണം എല്ലാ പുഴകളും ഇപ്പോൾ നാശത്തിന്റെ വക്കിൽ ആണ്. ഇപ്പോൾ KWA, KRWSA, Minor Irrigation- ഡിപ്പാർട്ടുമെന്റുകൾ പുഴകളിൽ സ്ഥിരമായ തടയണ, റെഗുലേറ്ററുകൾ, വിയറുകൾ എന്നിവ സ്ഥാപിച്ച് വേനൽക്കാലങ്ങളിൽ ജലം സംഭരിച്ചു വരുന്നുണ്ട്. വിശദ വിവരം താഴെ നൽകിയിരിക്കുന്നു.

പട്ടിക 4.2.2.4 : വിവിധ ഡിപ്പാർട്ടുമെന്റുകൾ വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ പട്ടിക

പുഴ	Location(സ്ഥലം)	നടത്തിപ്പ്
കടലുണ്ടി	ബാക്കിക്കയം	മൈനർ ഇറിഗേഷൻ
	കല്ലക്കയം	കെഡബ്ല്യുഎ
	പാണക്കാട്	കെഡബ്ല്യുഎ
	നാമ്പ്രാണി	കെഡബ്ല്യുഎ
	മണ്ണട്ടംപാറ	മൈനർ ഇറിഗേഷൻ
ചാലിയാർ	കവണക്കല്ല്	മൈനർ ഇറിഗേഷൻ
	ഒതായിക്കൽ	മൈനർ ഇറിഗേഷൻ
	പൂക്കുട്ടുമണ്ണ	മൈനർ ഇറിഗേഷൻ
ഭാരതപ്പുഴ	ചമ്രവട്ടം	മൈനർ ഇറിഗേഷൻ
തൂതപ്പുഴ	കുറ്റിപ്പാറ	കെഡബ്ല്യുഎ

അവലംബം : ജല അതോറിറ്റി, മലപ്പുറം

മേൽപറഞ്ഞ വലിയ പദ്ധതികൾ കൂടാതെ ചെറിയ ചെക്ക് ഡാമുകളും റെഗുലേറ്ററുകളും മൈനർ ഇറിഗേഷൻ ജില്ലയിൽ പണി തീർത്തിട്ടുണ്ട്. 20 എണ്ണം ചെറിയ നടപ്പാതകൾ അടക്കമുള്ള

റെഗുലേറ്ററുകളും 44 എണ്ണം ചെക്ക് ഡാമുകളും കഴിഞ്ഞ 5 വർഷത്തിനുള്ളിൽ പണി പൂർത്തീകരിച്ചിട്ടുണ്ട്. ഈ ചെറുകിട സംഭരണ സൗകര്യങ്ങൾ കൊണ്ടു നടക്കുന്നത് അതാത് പ്രദേശങ്ങളിലെ കർഷക കമ്മറ്റികൾ ആണ്. എന്നാൽ അത് മൂന്നോ നാലോ വർഷങ്ങൾ കഴിയുമ്പോൾ ഷട്ടറുകൾ ദ്രവിക്കുന്നത് കാരണവും ചെറിയ അറ്റകുറ്റപ്പണികളുടെ അഭാവം കാരണവും വേണ്ടത്ര ഫലം കർഷകർക്ക് ലഭിക്കുന്നില്ല. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 44 കുളങ്ങളുടെ നിർമ്മാണം നടന്നിട്ടുണ്ട്. 56 കുളങ്ങളുടെ പുനരുദ്ധാരണവും നടത്തിയിട്ടുണ്ട്. മൈനർ ഇറിഗേഷൻ വഴി നടപ്പിൽ വരുത്തുന്ന ചെക്ക് ഡാം/ റെഗുലേറ്ററുകളുടെ വിവരം അനുബന്ധം – 4.2.2.9 ആയി ചേർത്തിരിക്കുന്നു.

ഭൂജല വകുപ്പ് ജി.യു.പി സ്കൂൾ കൊണ്ടോട്ടിയിൽ കൃത്രിമ ഭൂജല പരിപോഷണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ 2017 വർഷത്തിൽ കൊണ്ടോട്ടി മണ്ഡലത്തിൽ 5 സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി കരുവാരക്കുണ്ട് പഞ്ചായത്തിൽ 3 ജല പരിപോഷണ പദ്ധതി എടപ്പറ്റ പഞ്ചായത്തിൽ 4, മേലാറ്റൂർ പഞ്ചായത്തിൽ 3, പറപ്പൂർ പഞ്ചായത്തിൽ 1, ചോക്കാട് പഞ്ചായിൽ ഒരു ചെക്ക് ഡാമും പണി പൂർത്തീകരിച്ചിട്ടുണ്ട്.

വിഭവ സമാഹരണം

സാമ്പത്തികം

കഴിഞ്ഞ വർഷങ്ങളിൽ കുടിവെള്ള മേഖലയിലെ പ്ലാൻ, നോൺ പ്ലാൻ ഇനത്തിലെ ധന വിനിയോഗം താഴെ കൊടുത്തിരിക്കുന്നു.

പട്ടിക 4.2.2.5 : ധന വിനിയോഗം

ക്രമ നം	വർഷം	പ്ലാൻ (കോടി രൂപ)	നോൺ പ്ലാൻ (കോടി രൂപ)
1	2014-15	8433.57	1277.00
2	2015-16	978685	1672.11
3	2016-17	8050.09	1451.35

അവലംബം : ജല അതോറിറ്റി, മലപ്പുറം

മേഖലയിൽ 2018-19 ൽ 99 കോടി രൂപ ലഭിക്കുമെന്നു പ്രതീക്ഷയിൽ പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് പ്രതീക്ഷിക്കുന്ന വിഹിതം.

പട്ടിക 4.2.2.6 : പഞ്ചവത്സര പദ്ധതിക്കാലത്ത് പ്രതീക്ഷിക്കുന്ന വിഹിതം

ക്രമ നം.	വർഷം	പ്ലാൻ വിഹിതം
1	2018-19	99.00 കോടി
2	2019-20	108.00 കോടി
3	20201-21	119.00 കോടി
4	2021-22	130.00 കോടി
ആകെ		546.00 കോടി

അവലംബം : ജല അതോറിറ്റി, മലപ്പുറം

ഈ പദ്ധതികളിലൂടെ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ മേന്മ ഉറപ്പ് വരുത്താൻ ശുദ്ധീകരണ പ്ലാന്റുകൾ (ഡബ്ല്യൂ.ടി.പി) ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഗുണമേന്മ ദിനംപ്രതി ഉറപ്പ് വരുത്തുന്നതിനായി ലാബോറട്ടറികളും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, പദ്ധതികൾ നടത്തിപ്പിന് ആവശ്യമായ ടെക്നിക്കൽ/ നോൺ ടെക്നിക്കൽ ജീവനക്കാരെ നിയമിക്കുന്നതിന് നടപടികൾ ഉണ്ടാവുന്നില്ല. കൂടാതെ പദ്ധതികളുടെ ദിനേന ഉള്ള ഓപ്പറേഷൻ & മെയിന്റനൻസിന് വേണ്ട വിഭവങ്ങളും ഒരുക്കുന്നതിനായി യാതൊരു നടപടിയും ഫലപ്രദമായി ഉണ്ടാവുന്നില്ല. ഇതു കാരണം

കെ.ഡബ്ല്യു.എ/എൽഎസ്ജിഡി.ക്ക് കനത്ത സാമ്പത്തിക ബാധ്യത വരുന്നുണ്ട്. അധിക സാമ്പത്തിക ബാധ്യത കണക്കിലെടുത്ത് വെള്ളക്കരം വർഷാവർഷങ്ങളിൽ ഉയർത്തുന്നതിന് സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കാറില്ല.

കൂടാതെ കേന്ദ്ര പദ്ധതികൾ എല്ലാം തന്നെ ഗ്രാമീണ മേഖലയിൽ ആണ് ശ്രദ്ധ ചെലുത്തുന്നത്. കേരളത്തിന്റെ പ്രത്യേകമായി വെള്ളത്തിന്റെ ദൈനംദിന ഉപയോഗം പട്ടണങ്ങളിലും ഗ്രാമങ്ങളിലും ഒരേ അളവിലാണ്. അതുകൊണ്ട് എല്ലാ ഗ്രാമീണ പദ്ധതികൾക്കും ആളോഹരി ഉപയോഗം എൽപിസിഡി 140/150 തന്നെ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ സ്വീകരിക്കേണ്ടതാണ്.

മനുഷ്യ വിഭവ ശേഷി

പുതുതായി നിർദ്ദേശം സമർപ്പിക്കപ്പെട്ട പദ്ധതി നടപ്പിൽ വരുത്തുന്നതിനായ മനുഷ്യ വിഭവ ശേഷി ജല അതോറിറ്റി/ ജലനിധി/ഭൂഗർഭ ജല വകുപ്പുകളിൽ പദ്ധതികൾ കമ്മീഷൻ ചെയ്ത് പരിപാലനഘട്ടത്തിലെത്തുമ്പോൾ മനുഷ്യ വിഭവ ശേഷി ആനുപാതികമായി വർദ്ധിപ്പിക്കേണ്ടി വരും.

KIIFB നിന്നും 427.60 കോടി അടങ്കൽ തുക വരുന്ന 9 വൻകിട പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. വിശദ ലിസ്റ്റ് അനുബന്ധം നമ്പർ 4.2.2.6 ആയി ചേർത്തിരിക്കുന്നു.

ജല ഗുണനിലവാര മോണിട്ടറിംഗ്

കൃത്യമായ കാലയളവിൽ ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് ആദ്യ പടിയായി താലൂക്ക് തലത്തിൽ ലാബോറട്ടറികൾ ഉണ്ടാവേണ്ടതുണ്ട്. റിസൽട്ട് മോണിറ്ററിംഗ് ചെയ്യാനും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകാനും ആവശ്യമായ സ്ഥാപന സംവിധാനങ്ങളും അത്യാവശ്യമാണ്. ജില്ലയിൽ ജല അതോറിറ്റിയുടെ കീഴിൽ മലപ്പുറത്ത് ഒരു ജില്ലാ ജലപരിശോധന കേന്ദ്രവും മറ്റ ഭാഗങ്ങളിലായി കേന്ദ്ര സഹായത്തോടെ 6 ചെറിയ ജല ഗുണപരിശോധനാ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്.

കുടിവെള്ള മേഖല – പതിമൂന്നാം പദ്ധതിക്കു മുമ്പും ശേഷവും

പൈപ്പ് വഴി ജല വിതരണത്തിൽ ഉണ്ടാവുന്ന മാറ്റങ്ങൾ പട്ടിക തിരിച്ച് താഴെ കൊടുത്തിരിക്കുന്നു.

പട്ടിക 4.2.2.6 : പൈപ് വഴി ജലവിതരണത്തിൽ ഉണ്ടാവുന്ന മാറ്റങ്ങൾ

ക്രമ നം	കവറേജ്	സർവ്വീസ് ലെവൽ	ഗുണ നിലവാരം	ഉറവിടങ്ങൾ വേനൽക്കാല ശേഷി	ലോറി വഴി വരൾച്ചക്കാല ജലവിതരണം	പ്രസരണ നഷ്ടം
1	10.88 ലക്ഷം	70 Lpcd	കുറവ്	കുറവ്	വ്യാപകം	കൂടുതൽ
2	54.81 ലക്ഷം	70 to 150 Lpcd	കൂടുതൽ	വർദ്ധനവ്	ഏറ്റവും കുറവ്	അനുവദനീയമായ തോതിൽ

അവലംബം : ജല അതോറിറ്റി, മലപ്പുറം

ഉപ്പുവെള്ളത്തിന്റെ തളളിക്കയറ്റം തടയൽ

ജില്ലയിൽ 70 കിലോ മീറ്റർ നീളത്തിൽ കടൽ തീരമുണ്ട്. വേലിയേറ്റത്തിൽ നദികളിൽ ഉപ്പുവെള്ളത്തിന്റെ തളളിക്കയറ്റം സ്വാഭാവിക പ്രതിഭാസമാണ്. കൂടാതെ തീരപ്രദേശ മേഖലകളിൽ ഭൂഗർഭ ജലം അധികമായി പമ്പ് ചെയ്യുന്നത് കാരണം ഉപ്പുവെള്ളം കരയിലേക്ക് തളളിക്കയറുന്നതായി കണ്ടു വരുന്നുണ്ട്. ഉപ്പുവെള്ളത്തിന്റെ തളളിക്കയറ്റം തടയുന്നതിന് താഴെ പറയുന്ന കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

- പുഴയിൽ വേനൽക്കാലങ്ങളിലും ചുരുങ്ങിയ നീരൊഴുക്ക് നിലനിർത്തുക
- പുഴകളിൽ ഉപപ്പുവെള്ളം കയറുന്ന സ്ഥലങ്ങളിൽ റെഗുലേറ്ററുകൾ സ്ഥാപിക്കുക
- തീരപ്രദേശങ്ങളിൽ ഭൂഗർഭ ജലം അമിതമായി പമ്പ് ചെയ്യുന്നത് ഒഴിവാക്കണം

കാലാവസ്ഥാ വ്യതിയാനം

മഴയുടെ തോതിലും കാലത്തിലുമുണ്ടാകാവുന്ന മാറ്റങ്ങൾ മൂലം ജല ലഭ്യതയിലും വരും കാലങ്ങളിൽ വ്യത്യാസങ്ങൾ പ്രതീക്ഷിക്കാവുന്നതാണ്. ആഗോള താപനം മൂലം ഉണ്ടാകുമെന്ന കണക്കാക്കിയിരിക്കുന്ന കടൽ നിരപ്പ് ഉയരൽ നദികളിലേക്കും, ഭൂഗർഭ ജലത്തിലേക്കുമുള്ള ഉപ്പുവെള്ളത്തിന്റെ തള്ളിക്കയറ്റത്തിന് ആക്കം കൂട്ടാനുള്ള സാധ്യതയുണ്ട്. താഴെ പറയുന്ന പ്രവർത്തനങ്ങൾ ഇവ ലഘൂകരിക്കാൻ സഹായിക്കുന്നു.

- റെഗുലേറ്റർ നിർമ്മിക്കൽ
- തീരപ്രദേശങ്ങളിലും വേലിയേറ്റ മേഖലകളിലും കിണറുകളിലെ പമ്പിംഗിന് നിയന്ത്രണം.

കുടിവെള്ള മേഖലയിൽ നിർദ്ദേശിച്ച പദ്ധതികളുടെ പരിസ്ഥിതി ആഘാതം

പൊതുവെ നിർമ്മാണ സമയത്തുണ്ടാകാവുന്ന ചെറിയ തോതിലും കുറഞ്ഞ സമയത്തേക്കും മാത്രമുള്ള പരിസ്ഥിതി ആഘാതങ്ങൾ മാത്രമാണ് ഇത്തരം കുടിവെള്ള പദ്ധതികൾ മൂലമുണ്ടാവുക. അതുകൊണ്ട് വിശദമായ പരിസ്ഥിതി ആഘാത പഠനം (EIA) ആവശ്യം വരുന്നില്ല. എന്നാൽ മേഖലയുടേയും കൂടെ ആവശ്യത്തിന്ന് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന നദികളിൽ ഇടവിട്ട് നിർദ്ദേശിച്ച തടയണകളുടെ ഒരു ത്വരിത പരിസ്ഥിതി ആഘാത പഠനം (EIA) ഡി.പി.ആർ (DPR) സമയത്തു നടത്തുന്നത് ഉചിതമായിരിക്കും.

ഇന്റർ സെക്ടറൽ പ്രശ്നങ്ങൾ

കേന്ദ്ര സംസ്ഥാന പദ്ധതികൾക്കുവേണ്ടി കുടിവെള്ള പദ്ധതികളുടെ വിവിധ ഘട്ടങ്ങൾക്ക് വേണ്ട സ്ഥലം ലഭ്യമാക്കേണ്ട ഉത്തരവാദിത്വം ഗ്രാമപഞ്ചായത്തുകൾക്ക് ഉണ്ടാവാറുണ്ട്. പലപ്പോഴും ഭൂമി മറ്റു വകുപ്പുകളുടെ ഉടമസ്ഥതയിൽ ആയിരിക്കും. ഫോറസ്റ്റ്, പൈപ്പ് ഇടാൻ പി.ഡബ്ല്യു.ഡി. അനുവാദം, ഇറിഗേഷൻ, മറ്റു കേന്ദ്ര-സംസ്ഥാന വകുപ്പുകൾ കൈവശം ഉള്ള സ്ഥലങ്ങൾ, ലഭ്യമാക്കാൻ പ്രത്യേക ഭരണസംവിധാനം ആവശ്യമാണ്. സർക്കാറിന്റെ വിവിധ ഏജൻസികളുമായി ത്രിതല പഞ്ചായത്തുകളിൽ സംവിധാനം ഉണ്ടാക്കണം. ഒരേ പഞ്ചായത്തിൽ ഒന്നിലധികം ഏജൻസികൾ ഒരേ ആവശ്യത്തിന് പദ്ധതികൾ ആവിഷ്കരിക്കുന്നത് ഒഴിവാക്കാം. പുഴകൾ ഉള്ള ഗ്രാമ പഞ്ചായത്തുകളിൽ ലഭ്യമാകേണ്ട ആർ.എം.എഫ് വിഹിതം ലഭ്യമാക്കാൻ വേണ്ട സംവിധാനം ആവിഷ്കരിക്കണം. കെ.ഡബ്ല്യു.എ/കെ.ആർ.ഡബ്ല്യു.എസ്.എ മായും നിരന്തരം ബന്ധപ്പെടുവാൻ പ്രത്യേക സംവിധാനം രൂപപ്പെടുത്തുന്നത് കമ്മീഷൻ ചെയ്ത പദ്ധതികൾക്ക് സഹായത്തിനായി വളരെ സഹായമായിരിക്കും.

പതിമൂന്നാം പഞ്ചവത്സര പദ്ധതികൾ – ജില്ലാതല നിർദ്ദേശങ്ങൾ

പര്യവേക്ഷണത്തിന്റെയും വിശദ വിശകലനത്തിന്റെയും അടിസ്ഥാനത്തിൽ കുടിവെള്ള മേഖലയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ നിർദ്ദേശിക്കുന്നു.

- നിലവിൽ KWA/KRWSA/LSGD കളുടെ ചെറുകിട കുടിവെള്ള പദ്ധതികൾ പല കാരണങ്ങൾ കൊണ്ട് ശരിയായ രീതിയിൽ കാര്യക്ഷമമായി പ്രവർത്തിക്കാതിരിക്കുന്നുണ്ട്. ഇതിൽ ഉറവിടങ്ങൾ ശരിയായ രീതിയിൽ പ്രവർത്തിക്കാത്തതും വേണ്ടത്ര ജലലഭ്യത ഇല്ലാത്തതും ഉണ്ട്. പഴയ പമ്പ് സെറ്റുകൾ കാരണം വേണ്ടത്ര ജലം ലഭിക്കാത്തതും വൈദ്യുതി കൂടുതൽ ഉപയോഗിക്കുന്നതും ഉൾപ്പെടും. പഴകിയ ജി.ഐ.പൈപ്പുകൾ, ഗുണമേൻമ നഷ്ടപ്പെട്ടതും ആരോഗ്യത്തിന് ഹാനികരവുമായ എ.സി.പൈപ്പുകൾ ഉള്ള പദ്ധതികൾ ഉണ്ട്. ജല അതോറിറ്റി പരിപാലിച്ചു കൊണ്ടിരിക്കുന്ന 52 പദ്ധതികളിൽ 14 എണ്ണത്തിന് മാത്രമാണ് ശുദ്ധീകരണ ശാല ഉള്ളത്. പുഴകളിൽ സ്രോതസ്സായിട്ടുള്ള കുടിവെള്ള പദ്ധതികളുടെ ഇൻഫിൽട്രേഷൻ ഗ്യാലറികൾ മണൽ ഊറ്റൽ വഴി പൂർണ്ണമായും നശിച്ചതു കാരണം നിഷ്കർഷിച്ച ഗുണമേൻമ ഇല്ലാത്ത ജലം വിതരണം ചെയ്യേണ്ട അവസ്ഥ ഉണ്ട്. ഇവക്ക് പകരം അനുയോജ്യമായ ശുദ്ധീകരണ സംവിധാനങ്ങൾ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ 33 പഞ്ചായത്തും പൂർത്തിയാക്കിയ 800 ഓളം കുടിവെള്ള പദ്ധതികളിൽ മേൽ പറഞ്ഞ കാരണങ്ങൾ കൂടാതെ ഗുണഭോക്തൃ കമ്മിറ്റികൾ

ശരിയായി പ്രവർത്തിക്കാത്തതും വെളളക്കരം പിരിക്കാത്തതും കാരണം മാസാന്തര കറന്റ് ബിൽ അടക്കാത്തത് മറ്റു സാമൂഹ്യ പ്രശ്നങ്ങൾ കാരണങ്ങൾ കൊണ്ട് വേണ്ടത്ര കാര്യക്ഷമമായി പ്രവർത്തിക്കാത്ത പദ്ധതികൾ ഉണ്ട്. രണ്ടാം ഘട്ട പദ്ധതികൾ നടന്നു കൊണ്ടിരിക്കുന്നു. ഇങ്ങനെ മുടങ്ങിയ പദ്ധതികൾക്ക് ഗ്രാമ/ബ്ലോക്ക്/ജില്ല/മുനിസിപ്പാലിറ്റി/പഞ്ചായത്തുകൾ, എം.എൽ.എ, മറ്റു സർക്കാർ വകുപ്പുകൾ വേണ്ട സാമ്പത്തിക സഹായം നൽകി പുനഃരുജ്ജീവിപ്പിക്കണം.

- കുടിവെളള പദ്ധതികൾ പരിപാലിക്കുന്ന ജീവനക്കാർക്കും മറ്റു ബന്ധപ്പെട്ടവർക്കും നിരന്തരമായ സാങ്കേതിക പരിപാലന ക്ലാസ്സുകൾ നടത്തുക വഴി പദ്ധതികളുടെ കാര്യക്ഷമതക്കും പരിപാലന ചിലവുകളും കുറക്കാവുന്നതാണ്. ഇതിന് ഗ്രാമ പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത് /മുനിസിപ്പാലിറ്റി / ബ്ലോക്ക് പഞ്ചായത്ത്/ ജല അതോറിറ്റി/ കെആർഡബ്ല്യുഎസ്എ/ എൽഎസ്ജിഡി വേണ്ട സാമ്പത്തിക സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കണം.
- നിലവിൽ 52 പദ്ധതികളിലായി വിവിധ പഞ്ചായത്തുകളിൽ 9240 പൊതുടാപ്പുകൾ നിലവിൽ ഉണ്ട്. കെഡബ്ല്യുഎ പദ്ധതികളുടെ ഒരു പൊതുടാപ്പിന് 5250/-രൂപ അതായത് പഞ്ചായത്തുകൾ അടക്കേണ്ടതുണ്ട്. ഇതുപോലെ മുനിപ്പാലിറ്റികൾ ഒരു ടാപ്പിന് വർഷം 7884 വാട്ടർ അതോറിറ്റിക്ക് ഒടുക്കേണ്ടതാണ്. പൊതു ടാപ്പുകൾ വഴി അമിത ജല ഉപയോഗവും ദുരുപയോഗവും വലിയ തോതിൽ നടക്കുന്നത് കാരണം പദ്ധതികളിലെ എല്ലാ ഉപഭോക്താക്കൾക്കും ജലം ലഭിക്കാത്ത അവസ്ഥ നിലവിൽ ഉണ്ട്.
- വീടുകളിലെ കണക്ഷൻ സ്ഥാപിക്കാൻ സാമ്പത്തിക സഹായം നൽകി പൊതുടാപ്പുകൾ മുഴുവനായി ഒഴിവാക്കുക വഴി പഞ്ചായത്തുകൾക്ക് വളരെ അധികം സാമ്പത്തിക ബാധ്യത കുറയുന്നതാണ്. ബി.പി.എൽ ഉപഭോക്താക്കൾക്ക് ഉപയോഗം 15 യൂണിറ്റ് ആയാൽ കുടിവെളളം സൗജന്യമാണ്. ഇതിന് വേണ്ടി ഗ്രാമ പഞ്ചായത്ത്/ ജില്ലാ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/ എംഎൽഎ ഫണ്ടുകൾ ലഭ്യമാക്കണം. പല പഞ്ചായത്തുകളും ഈ മാതൃക നടപ്പിലാക്കി വരുന്നുണ്ട്.
- ഭൂഗർഭ ജല മലിനീകരണം ഒഴിവാക്കാൻ പുതുതായി നിർമ്മിക്കുന്ന വീടുകളിൽ ശാസ്ത്രീയമായി രൂപകൽപ്പന ചെയ്ത സെപ്റ്റിക് ടാങ്കുകൾ നിർമ്മിക്കൽ നിർബന്ധമാക്കുക വഴി ജലജന്യ രോഗങ്ങൾ കുറക്കാൻ കഴിയുന്നതാണ്.
- നിലവിലുളള വീടുകളിലെ അശാസ്ത്രീയമായി നിർമ്മിച്ചതും ഭൂഗർഭ ജലം മലിനീകരിക്കുന്നതുമായ സെപ്റ്റിക് ടാങ്കുകൾ പുതുക്കി പണിയുകയും കാലാകാലങ്ങളിൽ ഡീ സ്ലഡ്ജ് ചെയ്യുന്നതും നിർബന്ധമാക്കുക.
- ജില്ലയിൽ ആവശ്യമായത്ര സെപ്റ്റേജ് പ്ലാന്റുകൾ നിർമ്മിക്കുക.
- ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം കൃത്യമായ കാലയളവിൽ എല്ലാവർക്കും പരിശോധിക്കാനും അതുവഴി ബന്ധപ്പെട്ടവർക്ക് ഗുണമേൻമ നിലനിർത്താനും എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും, ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകൾ കേന്ദ്രമാക്കി ഒരു ജല ഗുണ നിലവാര പരിശോധന കേന്ദ്രം ജില്ലാ പഞ്ചായത്ത്/ ഗ്രാമപഞ്ചായത്ത്/ ബ്ലോക്ക് പഞ്ചായത്ത്/ എംഎൽഎ/ എംപി സാമ്പത്തിക സാങ്കേതിക സഹായത്തോടെ നടപ്പിലാക്കുക. ഇതിനു വേണ്ട പരിശീലനവും ഉപകരണങ്ങളും ലഭ്യമാക്കുക. സ്ഥാപനത്തിലെ ജീവനക്കാർക്കും ലബോറട്ടറി മേധാവിക്കും പരിശോധന ഫലം അധികാരം നൽകേണ്ടതാണ്.
- ഭൂഗർഭ ജലം പരിപോഷിപ്പിക്കാനും വരൾച്ചാ നിവാരണത്തിനും വേണ്ടി എല്ലാ വീടുകളിലും കിണർ റീചാർജ്ജിംഗ് സംവിധാനം ഏർപ്പെടുത്തുകയും അതിന് വേണ്ട ബോധവൽക്കരണവും സാമ്പത്തിക സഹായവും നൽകാൻ ത്രിതല പഞ്ചായത്തുകളും ബന്ധപ്പെട്ട വകുപ്പുകളും തയ്യാറാവണം. കൂടാതെ ഭൂഗർഭ ജലത്തിന്റെ നിരപ്പ് നിലനിർത്തുന്നതിനാവശ്യമായ മേൽക്കൂര മഴ ശേഖരണം, റീചാർജ്ജ്, തോടുകളിൽ ചെക്ക് ഡാം, എസ്.എസ്.ഡി തുടങ്ങിയവയുടെ വ്യാപകമായ നിർമ്മാണവും ജനപങ്കാളിത്തത്തോടെയുളള കൃത്യമായ പരിപാലനവും.
- ശുദ്ധജലത്തിന്റെ അമിത ഉപയോഗവും, ദുരുപയോഗവും തടയൽ, ജലസാക്ഷരത വർദ്ധിപ്പിക്കൽ, ഖര- ദ്രാവക മാലിന്യങ്ങൾ ജലാശയങ്ങളിലും മറ്റും നിക്ഷേപിക്കുന്നതിന്റെ പ്രത്യാഘാതങ്ങൾ, നിയമ നടപടികൾ എന്നിവയെകുറിച്ചുള്ള ബോധവൽക്കരണവും ക്ലാസ്സുകളും. കുടിവെളള പരിപാലന ജീവനക്കാർക്കും ഗുണഭോക്തൃ സമിതികൾക്കും പരിശീലനം നൽകുവാനും ജില്ലയിൽ ഒരു ജല വിജ്ഞാന കേന്ദ്രം സ്ഥാപിക്കണം. സാമ്പത്തിക സാങ്കേതിക സഹായം ഗ്രാമ

പഞ്ചായത്ത്/ ജില്ലാ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/ എംഎൽഎ ഫണ്ടുകൾ ഉപയോഗിച്ച് നടപ്പാക്കുക വഴി ഇത് ഒരു സ്വയംഭരണ സ്ഥാപനമാക്കി മാറ്റേണ്ടതാണ്.

- നിലവിലുള്ള വി.സി.ബി.കൾ, ചെറിയ ചെക്ക് ഡാമുകൾ, കുഴൽ കിണറുകൾ എന്നിവയുടെ അറ്റകുറ്റപ്പണികളും പരിപാലനവും പുതിയവയുടെ നിർമ്മാണവും ഗുണഭോക്തൃ കമ്മിറ്റികൾ രൂപീകരിച്ച് ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതു വഴി ജനങ്ങളുടെ കാർഷിക ആവശ്യങ്ങൾക്കും പരിഹാരം നൽകാവുന്നതാണ്. ഇത് വർഷാവർഷം മഴ തുടങ്ങുന്നതിന് മുമ്പ് പൂർത്തീകരണം. ഈ പദ്ധതികളുടെ പരിപാലനം പഞ്ചായത്തുകളും ബന്ധപ്പെട്ട വകുപ്പുകളും മാത്രമായി പരിപാലിക്കുന്നത് കാരണം ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ജനങ്ങൾക്ക് ലഭിക്കുന്നില്ല.
- ജില്ലയിൽ കൂടുതൽ കുടിവെള്ള പദ്ധതികൾ ഉള്ളതും വരൾച്ച ഏറ്റവും അധികം ബാധിക്കുന്നതുമായ കടലുണ്ടി പുഴയിൽ ജല അതോറിറ്റിയുടെ കീഴിൽ 4 സ്ഥിരം തടയണകളും വിയറുകളും 5 സ്ഥലങ്ങളിലായി വേനൽക്കാലത്ത് താൽക്കാലിക തടയണകളും നിർമ്മിക്കാറുണ്ട്. എങ്കിലും ഏപ്രിൽ മാസത്തോടെ സംഭരണി വറ്റുകയും ചെയ്യുന്നത് കാരണം ആഴ്ച്ചകളോളം ജലവിതരണം തടസ്സപ്പെട്ടു വരുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്. ഇതിന് പരിഹാരമായി പുഴകളുടെ ഉയർന്ന വെള്ളപ്പൊക്ക ജലവിതാനത്തിന് അധികം താഴെയല്ലാതെ ഇടക്കിടക്ക് റെഗുലേറ്ററുകൾ സ്ഥാപിക്കാൻ വിശദ പഠനം നടത്തുന്നതും റെഗുലേറ്ററുകൾ സ്ഥാപിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുകയും വേണം.
- ജല അതോറിറ്റി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ബഹുതല പഞ്ചായത്ത് കുടിവെള്ള പദ്ധതികളിൽ സാധാരണയായും ആദ്യം മുഖ്യ ഘടകങ്ങളായ സ്രോതസ്സ്, ശുദ്ധീകരണ ശാല, പമ്പിംഗ് മെയിൻ, സംഭരണികൾ എന്നിവ സ്ഥാപിക്കലാണ്. സാമ്പത്തിക ബുദ്ധിമുട്ട് കാരണം രണ്ടാം ഘട്ടമായിട്ടാണ് വിതരണ ശൃംഖല സ്ഥാപിക്കുന്നത്. ഇതിന് സാധാരണയായി സാമ്പത്തിക സഹായം വൈകുകയും ജനങ്ങൾക്ക് പദ്ധതിയുടെ ഗുണം വൈകി മാത്രം ലഭിക്കുന്ന അവസ്ഥ ഉണ്ടാകുന്നുണ്ട്. ഈ വിതരണ ശൃംഖല സ്ഥാപിക്കാൻ സർക്കാർ വിഹിതത്തിന് പുറമെ ത്രിതല പഞ്ചായത്തുകളും, എം.എൽ.എ, എം.പി. ഫണ്ടുകളും കൂടി പദ്ധതികൾക്ക് പെട്ടെന്ന് ഗുണം ലഭിക്കുന്ന രൂപത്തിൽ വിതരണ ശൃംഖല സംയോജിപ്പിച്ച് പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. ഈ ഫണ്ട് സംയോജനം മറ്റ് പ്രവർത്തികൾക്കും ബാധകമാക്കാവുന്നതാണ്. ഇതിന് ജില്ലാ തലത്തിൽ ഒരു സംവിധാനം രൂപീകരിക്കണം.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വകുപ്പ് ഫണ്ടുകൾ ഉപയോഗിച്ചും ഒന്നിലധികം പഞ്ചായത്തുകൾക്ക് ഗുണം ലഭിക്കുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതായി കാണുന്നില്ല. കൂടുതൽ പഞ്ചായത്തുകൾക്ക് ഗുണം ലഭിക്കുന്ന പദ്ധതികൾക്ക് രൂപകൽപന ചെയ്യാനും സാമ്പത്തിക സഹായം എല്ലാ പഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കാനും ഏകോപിപ്പിക്കാനും സ്ഥിര സമിതി രൂപീകരിക്കണം.
- KIIFB ഒന്നാം ഘട്ടത്തിൽ 2016-2017-ൽ 222.60 കോടി രൂപയുടെ 4 കുടിവെള്ള പദ്ധതികൾക്ക് ആണ് അനുമതി ലഭിച്ചിരിക്കുന്നത് അനുബന്ധം:4.2.2.6. അതുപോലെ രണ്ടാം ഘട്ടത്തിൽ (2017-18) 219.00 കോടി രൂപയുടെ 5 പദ്ധതികൾക്കും അനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതികൾ 23 ഗ്രാമപഞ്ചായത്തുകളിലും 4 മുനിസിപ്പാലിറ്റികളിലും അലിഗഡ് മുസ്ലീം യൂണിവേഴ്സിറ്റിക്കും ഗുണം ലഭിക്കുന്നതാണ്. ഈ പദ്ധതികൾ രണ്ടു വർഷത്തിനകം പൂർത്തീകരിക്കണം.
- ജല അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ കേന്ദ്ര / സംസ്ഥാന/ മറ്റു ഏജൻസികൾ വഴി നടന്നുകൊണ്ടിരിക്കുന്ന 18 പദ്ധതികൾ 32 ഗ്രാമപഞ്ചായത്തുകൾക്ക് ഗുണം ലഭിക്കുന്നതാണ്. ഈ പദ്ധതികൾ നിർദ്ദിഷ്ട കാലാവധിക്ക് മുമ്പായി പൂർത്തീകരിക്കുക. അനുബന്ധം: 4.2.2.5
- നിലവിൽ സുരക്ഷിത ശുദ്ധജല വിതരണ പദ്ധതികൾ ഇല്ലാത്ത അനുബന്ധം: 4.2.2.10 52 പഞ്ചായത്തുകൾക്കായി സമഗ്ര പദ്ധതികൾ നടപ്പിലാക്കുന്നതിനായി 1236 കോടി രൂപയുടെ ചെലവ് കണക്കാക്കിയിട്ടുണ്ട്. ഇത് വഴി 2020 ൽ 29.50ലക്ഷം പേർക്കും 2050ൽ 39.00 ലക്ഷം പേർക്കും ശുദ്ധ ജലം ലഭ്യമാക്കാൻ ആണ് പദ്ധതി ഉദ്ദേശിക്കുന്നത്. ഇതിനായി ഒന്നാം ഘട്ടത്തിന്റെ വിവിധ ഘടകങ്ങൾക്കായി 350.00 കോടി രൂപയും രണ്ടാം ഘട്ടമായി വിതരണ ശൃംഖലകൾക്ക് 817.70 കോടി രൂപയുമാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ഈ പദ്ധതികൾ സാധ്യമാവുന്നത്ര പതിമൂന്നാം പഞ്ചാവത്സര പദ്ധതി കാലയളവിൽ തന്നെ ആവിഷ്കരിച്ച് നടപ്പിലാക്കണം.

- ജലനിധി രണ്ടാം ഘട്ട പദ്ധതിയിൽ ചീക്കോട് കുടിവെള്ള പദ്ധതിയായ 8 പഞ്ചായത്തുകളേയും ഉൾപ്പെടുത്തി നിർദ്ദിഷ്ട സമയമായ ഡിസംബർ 2018-ൽ പൂർത്തികരിക്കണം.
- മൈനർ ഇറിഗേഷൻ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ബാക്കിക്കളം, ചമ്രവട്ടം മറ്റ പദ്ധതികൾ ഉടൻ പൂർത്തിയാക്കണം. ഇതുവഴി ഈ പുഴകളിൽ ഉളള കുടിവെള്ള പദ്ധതികൾക്ക് വേനൽ കാലങ്ങളിൽ വേണ്ടത്ര ജലം ലഭ്യമാക്കുവാൻ സാധിക്കും.
- ജില്ലയിൽ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട പുരോഗതി മേൽ നോട്ടം വഹിക്കാൻ ഒരു സമിതി ജില്ലാ കലക്ടറുടെ നേതൃത്വത്തിൽ ആരംഭിക്കേണ്ടതാണ്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ മേഖലയിലെ ഇടപെടലുകളിലൂടെ പ്രതീക്ഷിക്കുന്ന ലക്ഷ്യങ്ങളും ഫലപ്രാപ്തികളും

- എല്ലാവർക്കും ശുദ്ധജലം ലഭ്യമാക്കൽ.
- ശുദ്ധ ജലം ഗുണ നിലവാരം ഉറപ്പാക്കൽ.
- പ്രസരണ നഷ്ടം കുറക്കൽ.
- ജനപങ്കാളിത്തം ഉറപ്പാക്കൽ.
- വാട്ടർ കൺസർവേഷൻ.
- നടത്തിപ്പിലെ കാര്യക്ഷമത വർദ്ധിപ്പിക്കൽ
- ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കലും അതുവഴി കാർബൺ എമിഷൻ കുറക്കലും.
- ഉറവിടങ്ങളുടെ സംരക്ഷണം.
- ഉറവിടങ്ങളുടെ ശേഷി വർദ്ധിപ്പിക്കൽ.
- ഭൂഗർഭ ജലനിരപ്പ് ആവശ്യമായ ഇടപെടലുകളിലൂടെ ക്രമാതീതമായി കുറയൽ തടയലും, ഭൂഗർഭജല-ഉപരിജല ഉപഭോഗത്തിന്റെ കാര്യക്ഷമവും സമീകൃതവുമായ വിനിയോഗം.
- മഴവെള്ളം സംഭരണവും റീചാർജ്ജ് മിഷൻ മോഡൽ പ്രാവർത്തികമാക്കൽ.
- ഉറവിട മലിനീകരണം തടയൽ.
- ജലജന്യ രോഗങ്ങൾ തടയൽ.

4.2.3 ശുചിത്വം

ആമുഖം

മാലിന്യ മുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുന്നതിന് വേണ്ട പരിപാടികൾ ആസൂത്രണം ചെയ്യ നടപ്പിലാക്കുന്നതിനാണ് ശുചിത്വ മിഷൻ രൂപീകരിച്ചിട്ടുള്ളത്. ഗ്രാമ പ്രദേശങ്ങളിലെ കേന്ദ്രാവിഷ്കൃത പദ്ധതിയായ സമ്പൂർണ്ണ ശുചിത്വ യജ്ഞം പരിപാടി നടപ്പിലാക്കി വന്നിരുന്ന ഏജൻസിയായ കേരള ടോട്ടൽ സാനിട്ടേഷൻ ആന്റ് ഹെൽത്ത് മിഷനും സംസ്ഥാന സർക്കാരിന്റെ ഖരമാലിന്യ പരിപാലന പരിപാടികൾക്ക് നേതൃത്വം നല്കി വന്നിരുന്ന ഏജൻസിയായ ക്ലീൻ കേരള മിഷനും സംയോജിപ്പിച്ചുകൊണ്ട് 2008-ൽ ശുചിത്വ മിഷൻ രൂപീകരിച്ചു. ശുചിത്വ അനുശീലനങ്ങളായ മനുഷ്യ വിസർജ്ജ്യ നിർമ്മാർജ്ജനം, ഖര-ദ്രവ മാലിന്യ പരിപാലനം, കുടിവെള്ള ശുചിത്വം, വ്യക്തിഗത-സാമൂഹ്യ-സ്ഥാപന ശുചിത്വം, പരിസര ശുചിത്വം ഇവയിൽ പൂർണ്ണ നേട്ടം കൈവരിക്കുക എന്നതാണ് ശുചിത്വ മിഷന്റെ ഉദ്ദേശം. ഇതിനായി താഴെപ്പറയുന്ന ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള പ്രവർത്തനങ്ങളാണ് മിഷൻ നടപ്പിൽ വരുത്തുന്നത്.

1. ശുചിത്വ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള വിദഗ്ധ ഉപദേശം നൽകൽ.

2. ബൃഹത്തായ ഖരദ്രവ മാലിന്യ സംസ്കരണ ശുചിത്വ പ്രോജക്ടുകൾ പരിശോധിച്ച് സാങ്കേതിക അംഗീകാരം നൽകൽ.
3. കേന്ദ്രാവിഷ്കൃത പദ്ധതികൾ വഴി സാമ്പത്തിക സഹായം ലഭ്യമാക്കാൻ കഴിയാത്ത നഗര പ്രദേശങ്ങളിലെ ശുചിത്വ പ്രോജക്ടുകൾക്ക് സംസ്ഥാന ബഡ്ജറ്റിൽ നിന്നും ആനുപാതികമായി സാമ്പത്തിക വിഹിതം നല്കൽ.
4. ശുചിത്വ മേഖലയിൽ പ്രവർത്തിക്കുന്ന ഇതര സ്ഥാപനങ്ങളുമായി/ വകുപ്പുകളുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കൂട്ടിയോജിപ്പിക്കൽ.
5. ശുചിത്വ പ്രോജക്ടുകളുടെ ഇവാല്യൂവേഷൻ പഠനവും റിപ്പോർട്ടിംഗും.
6. വിപുലമായ വിവര വിദ്യാഭ്യാസ വിനിമയ പ്രവർത്തനങ്ങളിലൂടെ ശുചിത്വ ബോധം സൃഷ്ടിച്ചുകൊണ്ട് ആരോഗ്യകരമായ പരിസരം വീടുകളിലും തൊഴിലിടങ്ങളിലും പൊതുയിടങ്ങളിലും ഉറപ്പുവരുത്തി കേരളത്തിന്റെ പരിസ്ഥിതി മെച്ചപ്പെടുത്തുക.

സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ)

ഇന്ത്യാ ഗവണ്മെന്റിന്റെ ഒന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 1954-ൽ ആണ് ഗ്രാമീണ ശുചിത്വ പരിപാടി ഇന്ത്യയിൽ ആരംഭിച്ചത്. ഗ്രാമീണ ജനതയുടെ ജീവിത ഗുണമേന്മ മെച്ചപ്പെടുത്തുന്നതോടൊപ്പം സ്ത്രീകളുടെ സ്വീകാര്യതയും ആത്മാഭിമാനവും ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ 1986 ൽ ആരംഭിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണ് കേന്ദ്ര ഗ്രാമീണ ശുചിത്വ പരിപാടി (സി.ആർ.എസ്.പി) വ്യക്തി ശുചിത്വം, ഗൃഹ ശുചിത്വം, സുരക്ഷിതമായ കുടിവെള്ളം, മാലിന്യ പരിപാലനം, മനുഷ്യ മലം നിർമാർജ്ജനം, മലിനജല നിർമാർജ്ജനം എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി ശുചിത്വ ആശയം വികസിപ്പിക്കുകയും തുടർന്ന് 1999 മുതൽ സമ്പൂർണ്ണ ശുചിത്വ യജ്ഞം (ടി.എസ്.സി) പദ്ധതി നടപ്പിലാക്കുകയുണ്ടായി. 2012 ജൂലൈ മാസം മുതൽ ഖരദ്രവ മാലിന്യ പരിപാലന ഘടകത്തിന് കൂടുതൽ ഊന്നൽ നൽകി ചില മാറ്റങ്ങളോടെ ഈ പദ്ധതി നിർമ്മൽ ഭാരത് അഭിയാൻ എന്ന പദ്ധതിയായി നടപ്പിലാക്കി വന്നിരുന്നു. എന്നാൽ, മഹാത്മാഗാന്ധിയുടെ 150-ആം ജന്മവാർഷികദിനത്തോടനുബന്ധിച്ച് 2019 ഒക്ടോബർ 2 ഓടു കൂടി രാജ്യത്തെ സമ്പൂർണ്ണ ശുചിത്വമാക്കണമെന്ന് ലക്ഷ്യമിട്ട് സ്വച്ഛ് ഭാരത് മിഷൻ ആരംഭിച്ചിരിക്കുകയാണ്. ഗ്രാമ പ്രദേശങ്ങളിൽ നടപ്പിലാക്കി വന്നിരുന്ന നിർമ്മൽ ഭാരത് അഭിയാൻ പദ്ധതി പുന:സംഘടിപ്പിച്ചുകൊണ്ട് 2014 ഒക്ടോബർ 2 മുതൽ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) എന്ന പുതിയ പദ്ധതിയാണ് നടപ്പിലാക്കുന്നത്. സ്വച്ഛ് ഭാരത് മിഷൻ പദ്ധതിയിൽ താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

1. പ്രാരംഭ ചെലവ്
2. ഐ.ഇ.സി
3. ശേഷി വികസനം
4. ഗാർഹിക കക്കൂസ്
5. കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സ്
6. റൂറൽ സാനിട്ടറി മാർട്ട്
7. ഖര ദ്രവ മാലിന്യ സംസ്കരണം (ആസ്തി സൃഷ്ടിക്കൽ)
8. റിവോൾവിംഗ് ഫണ്ട്
9. ഭരണച്ചെലവ്.

പദ്ധതിയുടെ 75% തുക കേന്ദ്ര സർക്കാരും 25% തുക സംസ്ഥാന സർക്കാരുമാണ് വഹിക്കുന്നത്. ഗാർഹിക ശൗചാലയങ്ങളുടെ നിർമ്മാണത്തിന് കേന്ദ്ര സഹായമായി 9000 രൂപയും, സംസ്ഥാന സർക്കാരിന്റെ വിഹിതമായി 3000 രൂപയും പഞ്ചായത്ത് വിഹിതമായി 3400 രൂപയും ചേർത്ത് ആകെ 15,400 രൂപയാണ് ഗുണഭോക്താവിന് ലഭ്യമാക്കുന്നത്. കമ്മ്യൂണിറ്റി ശൗചാലയങ്ങളുടെ നിർമ്മിതിക്ക് 2,00,000 രൂപയും (60% കേന്ദ്രവും 30% സംസ്ഥാനവും 10% ഗുണഭോക്താവും). ഖരദ്രവ മാലിന്യ പരിപാലന പദ്ധതികൾക്ക് പരമാവധി ഒരു ഗ്രാമ പഞ്ചായത്തിന് 20 ലക്ഷം രൂപയും (75% കേന്ദ്രം 25% സംസ്ഥാനം) റിവോൾവിംഗ് ഫണ്ട് പരമാവധി 1.5 കോടി രൂപ (പ്രോജക്ട് കോസ്റ്റിന്റെ 5%) യും റൂറൽ സാനിട്ടറി മാർട്ടിന് ഒരു യൂണിറ്റിന് 5 ലക്ഷം രൂപ വരെ വായ്പയായും, ഐ.ഇ.സി, പ്രാരംഭ

ചെലവ്, ശേഷി വികസനം എന്നിവയ്ക്കായി പ്രോജക്ടിന്റെ 5% തുകയും ഭരണചെലവിന് 2% (കേന്ദ്രം 75% സംസ്ഥാനം 25%) ലഭിക്കുന്നു.

ശുചിത്വം (ഖര-ദ്രാവക മാലിന്യ സംസ്കരണം ഉൾപ്പെടെ)

വ്യക്തി ശുചിത്വത്തിലും ഗാർഹിക സ്ഥാപന തല ശുചിത്വത്തിലും ജില്ല വളരെയേറെ മുൻപന്തിയിലാണെങ്കിലും പൊതു ഇടങ്ങളായ റോഡുകളിലും ജല സ്രോതസ്സുകളിലും മാലിന്യം വലിച്ചെറിയുന്ന പൊതുവായ ഒരു ശീലത്തിൽ നിന്ന് ഒരു തദ്ദേശ സ്വയം ഭരണ സ്ഥാപന പരിധിയിലും നാളിതുവരെ പൂർണ്ണമായും മാറ്റം വരുത്തുവാൻ കഴിഞ്ഞിട്ടില്ല.

സമ്പൂർണ്ണ വെളിയിട വിസർജ്ജനം വിമുക്ത ജില്ലയായി പ്രഖ്യാപിക്കപ്പെട്ട് കഴിഞ്ഞെങ്കിലും ജില്ലയുടെ കടലോര മേഖലകളിലും നദീതീരങ്ങളിലും മലയോര മേഖലകളിലും കക്കൂസ് സൗകര്യങ്ങൾ ഉണ്ടായിട്ടും തുറസ്സായ സ്ഥലത്തുള്ള വിസർജ്ജനം പൂർണ്ണമായും ഒഴിവായിട്ടില്ല എന്ന വസ്തുത ശുചിത്വ കാര്യത്തിലുള്ള ഒരു വെല്ലുവിളി തന്നെയാണ്.

അവസ്ഥാ വിശകലനം

മറ്റു ജില്ലകളിൽ നിന്ന് വ്യത്യസ്തമായി കോഴി മാലിന്യം പൊതു സ്ഥലങ്ങളിൽ തള്ളുന്ന പ്രവണത ജില്ലയിൽ വളരെ കൂടുതലായി കാണപ്പെടുന്നുണ്ട്. കക്കൂസ് മാലിന്യം കുടിവെള്ളത്തിൽ കലരുന്ന പ്രശ്നവും ജില്ലയിൽ വ്യാപകമായി നിലനിൽക്കുന്നുണ്ട്. കക്കൂസ് മാലിന്യത്തിന്റെ സ്വാഭാവികമായ ജൈവ വിഘടനത്തിന് തടസ്സമാകുന്ന തരത്തിലുള്ള രാസ വസ്തുക്കൾ ഉപയോഗിച്ച് ടോയിലറ്റ് ക്ലീൻ ചെയ്യുന്നതിനാൽ ടാങ്കുകൾ പെട്ടെന്ന് നിറയുന്നതിന് കാരണമാകുന്നുണ്ട്. കക്കൂസ് മാലിന്യം നീക്കം ചെയ്യുന്ന ഏജൻസികൾ ജില്ലയിൽ ഉണ്ടെങ്കിലും ഈ മാലിന്യം എവിടെയാണ് കൊണ്ടുപോയി തള്ളുന്നത് എന്ന കാര്യം ആർക്കും അറിയില്ല. ഇത്തരം കാര്യങ്ങൾ കമ്മ്യൂഷൻ എടുത്ത് ചെയ്യുന്ന സംഘങ്ങളാണ് ജില്ലയിൽ പ്രവർത്തിക്കുന്നത്. ഈ പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടതുണ്ട്.

ആശുപത്രികൾ, മത്സ്യ മാർക്കറ്റുകൾ, അറവുശാലകൾ, റെസ്റ്റോറന്റുകൾ, വ്യവസായ സ്ഥാപനങ്ങൾ എന്നീ സ്ഥാപനങ്ങൾക്ക് മലിന ജല സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കേണ്ടതുണ്ട്. മാലിന്യ സംസ്കരണം ഫലപ്രദമായി നടപ്പിലാക്കണമെങ്കിൽ ജില്ലയിലെ ജനങ്ങളുടെ സ്വഭാവത്തിലും മനോഭാവത്തിലും മാറ്റം വരുത്തേണ്ടതുണ്ട്.

മലപ്പുറം സിവിൽ സ്റ്റേഷൻ, സീറോ വേസ്റ്റ് സിവിൽ സ്റ്റേഷൻ ആയി പ്രഖ്യാപിച്ച് പകരം സംവിധാനങ്ങൾ ഒരുക്കിക്കൊണ്ട് റെഡ്യൂസ്, റീയൂസ്, റീസൈക്കിൾ എന്ന തത്വത്തിൽ സമ്പൂർണ ഹരിത നിയമാവലി നടപ്പിലാക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ട്. മാലിന്യ പരിപാലന ചട്ടങ്ങൾ 106 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും നടപ്പിലാക്കിയിട്ടില്ല. ജില്ലയിലെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ഹരിത കർമ്മസേന മുഖേനയുള്ള സുസ്ഥിര മാലിന്യ സംസ്കരണ സംവിധാനം സ്ഥാപനവൽക്കരിക്കുന്നതിനോടൊപ്പം ആവശ്യമായ സ്ഥലങ്ങളിലെല്ലാം കേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങളും ഒരുക്കേണ്ടതുണ്ട്.

പട്ടിക 4.2.3.1 : പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി ഫണ്ട് വിവരങ്ങൾ (2012-17) വരെയുള്ള വർഷം

ഫണ്ട്	ജനറൽ	പട്ടികജാതി ഉപപദ്ധതി	റോഡ് ഇതരം	മറ്റുള്ളവ	പട്ടികവർഗ്ഗ ഉപപദ്ധതി	ലോക ബാങ്ക്	തനതു ഫണ്ട്	കേന്ദ്രാവിഷ്കൃതം	സംസ്ഥാനാവിഷ്കൃതം
70,18,91,926		2,94,16,697	34,81,975	21,02,57,412	1,48,300	43,76,227	1,82,95,247	3,23,11,976	8,06,51,010

അവലംബം : ജില്ലാ ശുചിത്വ മിഷൻ ,മലപ്പുറം

പട്ടിക 4.2.3.2 : ഖര-ദ്രവ മാലിന്യ ഉറവിടങ്ങൾ- സ്ഥാപനതലം

ക്രമ നം	ഇനം	എണ്ണം
1.	കൃഷി - പശു വളർത്തൽ ഫാം	106
2.	കൃഷി - കോഴി വളർത്തൽ ഫാം	403
3.	കോളേജുകൾ	84
4.	എൽ.പി. എയ്ഡഡ് സ്കൂളുകൾ	476
5.	എൽ.പി. ഗവണ്മെന്റ് സ്കൂളുകൾ	349
6.	യു.പി. എയ്ഡഡ് സ്കൂളുകൾ	220
7.	യു.പി. ഗവണ്മെന്റ് സ്കൂളുകൾ	111
8.	എച്ച്.എസ്. എയ്ഡഡ് സ്കൂളുകൾ	100
9.	എച്ച്.എസ്. ഗവണ്മെന്റ് സ്കൂളുകൾ	89
10.	എച്ച്.എസ്.എസ്. എയ്ഡഡ് സ്കൂളുകൾ	68
11.	എച്ച്.എസ്.എസ്. ഗവണ്മെന്റ് സ്കൂളുകൾ	82
12.	വി.എച്ച്.എസ്.സി. ഗവണ്മെന്റ് സ്കൂളുകൾ	22
13.	സി.ബി.എസ്.ഇ. ഗവണ്മെന്റ് സ്കൂളുകൾ	66
14.	അംഗൻവാടികൾ	3808
15.	റസ്റ്റോറന്റ്	3802
16.	ഹോട്ടൽ	196
17.	തട്ടുകട	677
18.	ടൂറിസം കേന്ദ്രങ്ങൾ	20
19.	ഹിന്ദു ആരാധനാലയങ്ങൾ - ദേവസ്വം ബോർഡിന്റെ കീഴിലുള്ളത്	194
20.	മദ്രസ	ലഭ്യമല്ല
21.	പള്ളി	ലഭ്യമല്ല
22.	ക്രിസ്ത്യൻ പള്ളി	ലഭ്യമല്ല
23.	മറ്റുള്ളവർ	ലഭ്യമല്ല
24.	ഓഡിറ്റോറിയം	116
25.	എസ്.എസ്.ഐ	1828
26.	ഹോസ്പിറ്റൽ - ഗവണ്മെന്റ്	7
27.	ഡിസ്പെന്സറീസ് ഗവണ്മെന്റ്	5
28.	ആയുർവേദ ഹോസ്പിറ്റൽ - ഗവണ്മെന്റ്	10
29.	ആയുർവേദ ഡിസ്പെൻസറീസ് -ഗവണ്മെന്റ്	85
30.	ബാങ്കുകൾ	139
31.	സിനിമ തിയേറ്റർ	38
32.	ചായക്കട	2361

അവലംബം : ജില്ലാ ശുചിത്വ മിഷൻ, മലപ്പുറം

ചിത്രം 4.2.3.1 :ഖര-ദ്രവ മാലിന്യ ഉറവിടങ്ങൾ – വലിയ പട്ടണങ്ങളിൽ



അവലംബം : ജില്ലാ ശുചിത്വ മിഷൻ ,മലപ്പുറം

ചിത്രം 4.2.3.2 :ഖര-ദ്രവ മാലിന്യ ഉറവിടങ്ങൾ – (ഭാരം അനുസരിച്ച്) വലിയ പട്ടണങ്ങളിൽ



അവലംബം : ജില്ലാ ശുചിത്വ മിഷൻ ,മലപ്പുറം

പട്ടിക 4.2.3.3 : അറവു മാലിന്യം – വിവരങ്ങൾ

അറവുശാല – രജിസ്റ്റർ ചെയ്തത്	2251
അറവുശാല – രജിസ്റ്റർ ചെയ്യാത്തത്	1616
കശാപ്പു ചെയ്യുന്ന ഉരുക്കൾ – വർഷത്തിൽ	
പോത്ത്/എരുമ	63281
ആട്	21817
പന്നി	700
മുയൽ	15
പക്ഷി – കോഴി	185,00,000

അവലംബം:ജില്ലാ ശുചിത്വ മിഷൻ , മലപ്പുറം

പട്ടിക 4.2.3.4 : ജില്ലാ ശുചിത്വ മിഷൻ നടപ്പിലാക്കിയ പ്രോജക്ടുകളും ഫണ്ട് വിവരങ്ങളും

സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ), മലപ്പുറം 01.04.2017 to 09.11.2017	
നീക്കിയിരുപ്പ് - 01.4.2017	14143728.81
കേന്ദ്ര സംസ്ഥാന വിഹിതം -	13,93,31,982
ബാങ്ക് പലിശ ലഭിച്ചത്	1,43,157
മറ്റ് ഫണ്ട് വരവ്	59,690
ആകെ ലഭ്യമായ തുക (A)	15,36,78,557.8
ആകെ ചെലവ് (B)	4,72,42,100.45
ബാക്കി തുക (A) -(B)	10,64,36,457.4
ചെലവ് ശതമാനം -	30.74
മറ്റ് ഫണ്ട് ലഭ്യമായതിന്റെ വിവരങ്ങൾ	
വിവര വിജ്ഞാന വ്യാപനം ഫണ്ട് തിരിച്ചു വന്നത്	5,000
വിവര വിജ്ഞാന വ്യാപനം ഫണ്ട് തിരിച്ചു വന്നത് - മലപ്പുറം ബ്ലോക്ക്	1930
കാടാമുഴ ക്ഷേത്ര കമ്മിറ്റി സംഭാവന	50000
കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സ് - തിരിച്ചടവ്	2760
ആകെ	59690

അവലംബം : ജില്ലാ ശുചിത്വ മിഷൻ , മലപ്പുറം

പട്ടിക 4.2.3.5 : ജില്ലാ ശുചിത്വ മിഷൻ നടപ്പിലാക്കിയ പ്രോജക്ടുകളും ഫണ്ട് വിവരങ്ങളും

സ്വച്ഛ് ഭാരത് മിഷൻ (നഗരം), മലപ്പുറം 01.04.2017 to 10.11.17	
നീക്കിയിരുപ്പ് - 01.4.2017	9,19,084
സ്റ്റേറ്റ് മിഷനിൽ നിന്നും ഫണ്ട് ലഭിച്ചത്	
ബാങ്ക് പലിശ ലഭിച്ചത്	0
മറ്റ് ഫണ്ട് വരവ്	
ആകെ ലഭ്യമായ തുക (A)	9,19,084
ആകെ ചെലവ് (B)	13,055
ബാക്കി തുക (A) -(B)	9,06,029

അവലംബം : ജില്ലാ ശുചിത്വ മിഷൻ , മലപ്പുറം

പട്ടിക 4.2.3.5 ടോയിലറ്റ് കോംപ്ലക്സ് നിർമ്മാണ വിവരങ്ങൾ

ജില്ല	2014-15	2015-16	2016-17	2017-18
കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സ്	17	15	1	19
പബ്ലിക് ടോയിലറ്റ്	-	-	-	-
കമ്മ്യൂണിറ്റി ടോയിലറ്റ്	-	-	-	-

അവലംബം : ജില്ലാ ശുചിത്വ മിഷൻ ,മലപ്പുറം

- പഞ്ചായത്ത് തല ശൗചാലയങ്ങളെ കുറിച്ചുള്ള വിശദീകരണം അനുബന്ധം 4.2.3.1-ൽ നൽകിയിരിക്കുന്നു.
- ഹരിത കേരള ഗാർഹിക മാലിന്യ നിർമ്മാർജ്ജനം - അവസ്ഥാ നിർണ്ണയ പഠനംജില്ലാ തല ക്രോഡീകരണം ഫോർമാറ്റ് അനുബന്ധം 4.2.3.2-ൽ നൽകിയിരിക്കുന്നു.

- ഹരിത കർമ്മസേന – വിശദീകരണം അനുബന്ധം 4.2.3.3 -ൽ നൽകിയിരിക്കുന്നു.

ജില്ലാ ശുചിത്വ മിഷൻ നടപ്പിലാക്കിയ പഞ്ചായത്ത് തല ശൗചാലയങ്ങളെ കുറിച്ചുള്ള വിശദീകരണം

- 384 സ്ഥലത്ത് പൊതു ശൗചാലയങ്ങൾക്കായി 19.72 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.
- 128 സ്ഥലത്ത് പൊതു ഖര മാലിന്യ സംസ്കരണ സംവിധാനങ്ങൾക്കായി 14.87 കോടി രൂപ വച്ചിട്ടുണ്ട്.
- 63 പൊതു ബയോഗ്യാസ് പ്ലാന്റുകൾക്കായി 7.67 കോടി രൂപ
- 36 പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് പ്രോജക്ടുകൾക്കായി 3.66 കോടി രൂപയും 16 എം.സി.എഫ് / ആർ.ആർ.എഫ് പ്രോജക്ടുകൾക്കായി 1.68 കോടി രൂപയും മാറ്റി വകയിരുത്തിയിട്ടുണ്ട്.
- നദീ സംരക്ഷണം, തോട് നവീകരണം തുടങ്ങിയ 16 എണ്ണം പ്രോജക്ടുകൾക്കായി 2.85 കോടി രൂപയും, കുടിവെള്ളം, കിണർ തുടങ്ങിയ പ്രോജക്ടുകൾക്കായി 0.54 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.
- അറവുശാലകൾക്കായി 2 തദ്ദേശ സ്ഥാപനങ്ങളിൽ 0.32 ലക്ഷം വകയിരുത്തിയിട്ടുണ്ട്
- 5 സ്ഥലത്ത് മാലിന ജല സംസ്കരണത്തിനായി 0.76 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.
- നഗര ശുചീകരണം, ചന്ത ശുചീകരണം തുടങ്ങിയവക്ക് 8 തദ്ദേശ സ്ഥാപനങ്ങളിൽ 1.53 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.
- 2 തദ്ദേശ സ്ഥാപനങ്ങളിൽ സി.സി.ടി.വി ക്ക് പ്രോജക്ട് വെച്ചു. 6 സ്ഥാപനങ്ങളിൽ ശുചിത്വത്തിന് വാഹനം വാങ്ങുന്ന പ്രോജക്ടിന് 0.46 കോടി മാറ്റി വകയിരുത്തിയിട്ടുണ്ട്.
- മഴക്കാല പൂർവ്വ ശുചീകരണം, കൊതുക് നിയന്ത്രണം തുടങ്ങിയ പ്രോജക്ടുകൾക്ക് 2 സ്ഥലത്ത് 9 ലക്ഷം രൂപയും മാറ്റി വകയിരുത്തിയിട്ടുണ്ട്.
- 2016 ൽ നവംബർ 1 ന് കേരളം ഒ.ഡി.എഫ് പ്രഖ്യാപിച്ചിരുന്നെങ്കിലും മലപ്പുറം ജില്ല ഒക്ടോബർ 16 ന് തന്നെ ഒ.ഡി.എഫ് പ്രഖ്യാപിച്ചതാണ്. 11719 എണ്ണം പഞ്ചായത്തിലും 2058 എണ്ണം മുനിസിപ്പാലിറ്റിയിലും ശൗചാലയങ്ങൾ നിർമ്മിച്ചു. മുനിസിപ്പാലിറ്റി തലത്തിൽ മലപ്പുറം ജില്ല ഒ.ഡി.എഫ് പ്രഖ്യാപനം നടത്തിയത് 2017 മാർച്ച് 31 നാണ്.
- ശുചിത്വ മിഷൻ വഴി പഞ്ചായത്തിൽ മൊത്തം 74224 എണ്ണം ശൗചാലയങ്ങളാണ് മലപ്പുറം ജില്ലയിൽ നൽകിയിട്ടുള്ളത്.
- അംഗൻവാടിയിൽ 473 എണ്ണം ശൗചാലയവും, സ്കൂളിൽ 1212 എണ്ണം ശൗചാലയവും, 298 എണ്ണം വനിതാ സൗഹൃദ ശൗചാലയങ്ങളും, 115 എണ്ണം പൊതു ശൗചാലയങ്ങളും ശുചിത്വ മിഷൻ വഴി മലപ്പുറം ജില്ലയിൽ നൽകിയിട്ടുണ്ട്.
- വ്യക്തിഗത കമ്പോസ്റ്റിംഗ് സംവിധാനത്തിൽ 10670 എണ്ണം ബയോഗ്യാസ് പ്ലാന്റും, 88586 പൈപ്പ് കമ്പോസ്റ്റും, 247 മണ്ണിര കമ്പോസ്റ്റും, 14 റിംഗ് കമ്പോസ്റ്റും നൽകിയിട്ടുണ്ട്.
- 2016 ഓഗസ്റ്റ് 15 ന് നടത്തിയ മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം കാമ്പയിന്റെ ഭാഗമായി സംസ്ഥാന തലത്തിൽ വീടുകളിലും സ്ഥാപനങ്ങളിലും നടത്തിയ സർവ്വേയിൽ 850581 ൽ 705389 എണ്ണം വീട് / സ്ഥാപനത്തിൽ നിന്നും 84350 ആളുകൾ തുണിസഞ്ചി ഉപയോഗിക്കുന്നവരാണ്.
- ജൈവ മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നവർ 579279 ആളുകളും, അശാസ്ത്രീയമായി സംസ്കരിക്കുന്നവർ 277663 ആളുകളുമാണ്.
- അജൈവ മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നവർ 335256 ആളുകളും, അശാസ്ത്രീയമായി സംസ്കരിക്കുന്നവർ 250757 ആളുകളുമാണ്.
- നിലവിൽ 351308 വീടുകളിൽ കമ്പോസ്റ്റിംഗ് സംവിധാനം ഉണ്ട്. കൂടാതെ 191643 വീടുകൾ മാലിന്യം സംസ്കരണം തൃപ്തികരമായി പ്രവർത്തിക്കുന്നവയുമാണ്.

- വീടുകളിൽ പാഴ്ജലം ശാസ്ത്രീയമായി സംസ്കരിക്കുന്നവർ 29175 എണ്ണവും 757517 വീടുകൾ അശാസ്ത്രീയമായ രീതിയും പിന്തുടരുന്നവരാണ്.

വികസന പരിപ്രേക്ഷ്യം

- ശുചിത്വം (ഖര-ദ്രവ മാലിന്യ സംസ്കരണം ഉൾപ്പെടെ) വീടുകളിലും സ്ഥാപനങ്ങളിലും ഉൽപാദിപ്പിക്കപ്പെടുന്ന ജൈവ അജൈവ ഖര മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിക്കുന്നവർ നിലവിൽ 30% പേർ മാത്രമേയുള്ളു. 70% പേരും അവ അലക്ഷ്യമായി വലിച്ചെറിയുകയോ കൂട്ടിയിട്ട് കത്തിക്കുകയോ ചെയ്യുന്നവരാണ്. 100% വീടുകളിലും സ്ഥാപനങ്ങളിലും ഖര മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിച്ചു സൂക്ഷിക്കുന്ന രീതി 2020 ഓടു കൂടി നടപ്പിൽ വരുത്തുക.
- ഉപഭോഗ വസ്തുക്കളുടെ പുനരുപയോഗം സാധ്യമാക്കുന്നതിനായി കൈമാറ്റക്കടകൾ (സ്വാപ്പ്ഷോപ്പ്) നിലവിൽ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിൽ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. 2018 മാർച്ച് 31-ന് മുമ്പായി എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഓരോ സ്വാപ്പ്ഷോപ്പ് തുടങ്ങുക.
- 2020-ഓടു കൂടി എല്ലാ വാർഡുകളിലും വിവിധ ചടങ്ങുകളിൽ ഡിസ്പോസബിൾ പാത്രങ്ങൾ ഉപയോഗിക്കുന്നത് നിരുത്സാഹപ്പെടുത്തുന്നതിനാവശ്യമായ പാത്രങ്ങൾ ഹരിത കർമ്മസേന മുഖേന ലഭ്യമാക്കുക.
- പ്ലാസ്റ്റ് ക്യാരിബാഗുകളിൽ ജൈവ അജൈവ ഖര-ദ്രവ മാലിന്യങ്ങൾ കൂട്ടികെട്ടി പൊതു സ്ഥലങ്ങളിൽ വലിച്ചെറിയുന്ന രീതി ജില്ലയിൽ വ്യാപകമാണ്. ഇത് തടയാൻ പുനഃരുപയോഗ സാധ്യതയുള്ള തുണിസഞ്ചിയും മറ്റും പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. പുനഃരുപയോഗ സാധ്യതയുള്ള തുണിസഞ്ചികളും മറ്റും ഉപയോഗിക്കുന്നവർ 1% ത്തിൽ താഴെയാണ്. 2020-ഓടു കൂടി 30% പേരെയെങ്കിലും തുണി സഞ്ചി ഉപയോഗിക്കുന്നവരായി മാറ്റുക.
- വീട്ടുപകരണങ്ങൾ കേടു വന്നു കഴിഞ്ഞാൽ ഉപേക്ഷിച്ച് പുതിയത് വാങ്ങുക എന്ന ശീലത്തിലേക്ക് 90% ജനങ്ങളും മാറിയിട്ടുണ്ട്. പല ഉപകരണങ്ങളുടെയും കേടുപാടു തീർക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ നിലവിലില്ലാത്തതാണ് ഇതിന് പ്രധാന കാരണം. എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ചെറുകിട സംരംഭകരെയും റിപ്പയർ ജോലി അറിയുന്നവരെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച് വിവിധ തരം റിപ്പയർ ഷോപ്പുകളുടെ ശൃംഖലകൾ 2020- ഓടു കൂടി എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും സ്ഥാപിക്കുക.
- ഹരിത കർമ്മസേനകളുടെ പ്രവർത്തനത്തിന്റെ ഒന്നാം ഘട്ടമെന്ന നിലയിൽ ജില്ലയിൽ 3 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ മാത്രം നിലവിലുള്ള അജൈവ മാലിന്യ ശേഖരണ സംവിധാനം ജില്ലയിലെ അവശേഷിക്കുന്ന 103 സ്ഥാപനങ്ങളിലും 2018 മാർച്ച് 31 ഓടു കൂടി സ്ഥാപനവൽക്കരിക്കുക.
- പ്ലാസ്റ്റിക് മാലിന്യത്തിന്റെ പുനരുപയോഗത്തിനായി ജില്ലയിൽ നിലവിൽ ഒരു ഷ്രെഡിംഗ് യൂണിറ്റ് മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. 2018 മാർച്ച് 31-ന് മുമ്പായി ജില്ലയിലെ നഗരസഭകളിലും ബ്ലോക്കുകളിലുമായി ക്ലീൻ കേരളാ കമ്പനിയുടെ സഹകരണത്തോടു കൂടി 27 പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ കൂടി പ്രവർത്തിപ്പിക്കുക.
- ജില്ലയിലെ കോളനികളിലും ഫ്ളാറ്റുകളിലും നിലവിൽ കേന്ദ്രീകൃത ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ നിലവിലില്ല. 2020-ഓടു കൂടി എല്ലാ കോളനികൾക്കും ഫ്ളാറ്റുകൾക്കും കേന്ദ്രീകൃത ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കുക.
- ജില്ലയിലെ മാലിന്യ സംസ്കരണ രംഗത്തെ ഏറ്റവും വലിയ വെല്ലുവിളിയായി കോഴി മാലിന്യം സംസ്കരിക്കുന്നതിന് ജില്ലയിൽ നിലവിൽ 2 വൻകിട കമ്പോസ്റ്റിംഗ് സംവിധാനങ്ങൾ കുറുവ ഗ്രാമ പഞ്ചായത്തിൽ നിലവിലുണ്ട്. ജില്ലയിലെ മറ്റ് ബ്ലോക്ക്-മുനിസി പ്പൽ തലങ്ങളിലായി 2020-ഓടു കൂടി ബ്ലോക്ക്- മുനിസിപ്പൽ തലങ്ങളിൽ 28 വൻകിട കമ്പോസ്റ്റിംഗ് സംവിധാനങ്ങൾ 2020-ഓടു

കൂടി സ്ഥാപിക്കുക (ബഫർ സോൺ ഉൾപ്പെടെ ഒരു പ്ലാൻറിന് 4 ഏക്കർ സ്ഥലം ആവശ്യമാണ്).

- കക്കൂസ് മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള വൻകിട സെപ്റ്റേജ് ട്രീറ്റ്മെൻറ് പ്ലാന്റുകൾ ജില്ലയിൽ നിലവിലില്ല. ബ്ലോക്ക്-മുനിസി പ്പൽ പരിധികളിലായി 27 സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ 2020-ഓടു കൂടി സ്ഥാപിക്കുക.
- ഗ്യാസ് ക്രിമറ്റോറിയം 4 എണ്ണമാണ് നിലവിലുള്ളത്. ബ്ലോക്കിൽ 1 എണ്ണം എന്ന നിലയിൽ 11 ഗ്യാസ് ക്രിമറ്റോറിയങ്ങൾ 2020-ഓടു കൂടി സ്ഥാപിക്കുക.
- ജില്ലയിൽ പ്രവർത്തിക്കുന്ന 116 ഓഡിറ്റോറിയങ്ങളിലും ശാസ്ത്രീയമായ മലിന ജല സംസ്കരണ സംവിധാനങ്ങൾ 2020-ഓടു കൂടി സ്ഥാപിക്കുക.
- ജില്ലയിൽ മത്സ്യ മാർക്കറ്റുകളിൽ 2 സ്ഥലങ്ങളിൽ മാത്രമേ മലിന ജല സംസ്കരണ സംവിധാനമുള്ളൂ (തിരൂർ, കൊണ്ടോട്ടി). മറ്റെല്ലാ പ്രധാന മാർക്കറ്റുകളിലും മലിന ജല സംസ്കരണ സംവിധാനം 2020-ഓടു കൂടി സ്ഥാപിക്കുക.
- ശാസ്ത്രീയ അറവുശാലകൾ - 15 എണ്ണം സ്ഥാപിക്കുക.
- പുനഃരുപയോഗം സാധ്യമാകാത്ത രീതിയിൽ അവശേഷിക്കുന്ന മാലിന്യങ്ങൾ കുഴിച്ചു മൂടുന്നതിനായി ജില്ലയിൽ സംവിധാനങ്ങളില്ല. ഇതിനായി 10 ഏക്കർ ഭൂമി കണ്ടെത്തേണ്ടതുണ്ട്. 2020-ഓടു കൂടി ഒരു ലാന്റ് ഫിൽ സംവിധാനം സ്ഥാപിക്കേണ്ടതുണ്ട്.
- മാലിന്യ സംസ്കരണ പ്ലാന്റുകളോട് ജനങ്ങൾക്കുള്ള എതിർപ്പ് കുറയ്ക്കാൻ അവയ്ക്ക് ചുറ്റും പൂന്തോട്ടങ്ങളും, നടപ്പാതകളും പണിത് മനോഹരമാക്കേണ്ടതുണ്ട്.
- ടോയ്ലറ്റുകളുടെ എണ്ണം കുറവുള്ള വിദ്യാലയങ്ങള്ക്കായി 1357 സ്കൂൾ ടോയ്ലറ്റുകൾ കൂടി പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലത്ത് പണിയേണ്ടതുണ്ട്.
- ദീർഘദൂര യാത്രക്കാരായ ഡ്രൈവർമാർക്ക് വേണ്ടി തിരൂർ, വഴിക്കടവ്, മഞ്ചേരി, പെരിന്തൽമണ്ണ, കുറ്റിപ്പുറം, തലപ്പാറ, കോട്ടക്കൽ, ചങ്ങരംകുളം എന്നീ സ്ഥലങ്ങളിൽ നിർമ്മിക്കുന്ന വിശ്രമ കേന്ദ്രങ്ങൾക്കാവശ്യമായ ടോയിലറ്റ് സമുച്ചയം നിർമ്മിക്കേണ്ടതുണ്ട്.
- പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് 471 ടോയ്ലറ്റുകൾ കൂടി നിർമ്മിച്ചു നൽകേണ്ടതുണ്ട്.
- ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും തങ്ങളുടെ പരിധിയിൽ വരുന്ന പ്രദേശത്ത് ഉണ്ടാകുന്ന ഖര/ദ്രവ മാലിന്യങ്ങളുടെ അളവോ, ഘടനയോ, ശേഖരിക്കുന്ന മാലിന്യത്തിന്റെ അളവോ സംബന്ധിച്ചുള്ള രേഖകൾ സൂക്ഷിക്കുകയോ കാലാകാലങ്ങളിൽ നവീകരിക്കുകയോ ചെയ്യുന്നില്ല.
- അജൈവ മാലിന്യങ്ങൾ ശേഖരിക്കുവാനുള്ള സൗകര്യങ്ങളോ സംഘടനാ സംവിധാനമോ ഭൂരിഭാഗം പഞ്ചായത്തുകളിലും നിലവിലില്ല. അഥവാ ശേഖരിച്ചിട്ടുണ്ടെങ്കിൽ അവരെ തരം തിരിച്ച് സൂക്ഷിക്കുന്നതിനോ, സംസ്കരിക്കുന്നതിനോ ആവശ്യമായ സംവിധാനങ്ങൾ 99% തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലുമില്ല.
- ശുചീകരണ സാമഗ്രികളുടെ കുറവ്, ശുചീകരണ തൊഴിലാളികളുടെ അഭാവം / അപര്യാപ്തത, ജനസംഖ്യയിലുള്ള വർദ്ധനവ്, ദ്രുത ഗതിയിലുള്ള നഗരവൽക്കരണം, ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, ജനങ്ങളുടെ മാലിന്യ പ്രശ്നത്തോടുള്ള മനോഭാവം, ജനങ്ങൾക്ക് മാലിന്യ സംസ്കരണ ഉപാധികളെ കുറിച്ചുള്ള അജ്ഞത, സംവിധാനങ്ങൾ എന്തെന്നറിയിക്കാതെ സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ശേഖരിക്കുകയും അത് അലക്ഷ്യമായി കൈകാര്യം ചെയ്യുന്നതുമായ ലോബികളുടെ ഇടപെടൽ തുടങ്ങിയവയാണ് പ്രധാന കാരണങ്ങളായി കാണുന്നത്.
- 2001-നും 2010-നും ഇടയിൽ നഗരവൽക്കരണം 25.96 ശതമാനത്തിൽ നിന്നും 47.72 ശതമാനമായി ഉയർന്നതും, നഗര ജനസംഖ്യ ഗണ്യമായി വർദ്ധിക്കുന്നതും, സെൻസസ് ടൗണുകളുടെ എണ്ണവും, ദ്രുതഗതിയിലുള്ള നഗരവൽക്കരണവും ശുചിത്വ മാലിന്യ പ്രശ്നങ്ങളുടെ

ആക്കം വർദ്ധിപ്പിക്കും. മേൽ സൂചിപ്പിച്ച വളർച്ചക്കാവശ്യമായ ഭൗതിക സൗകര്യങ്ങൾ ഇപ്പോൾ ലഭ്യമല്ല.

- ഭൂമിശാസ്ത്ര പരമായി മലപ്പുറം ജില്ലയുടെ കിഴക്ക് പശ്ചിമഘട്ട നിരകളും, മധ്യഭാഗത്ത് ജനസാന്ദ്രതയേറിയ ഇടനാടും പടിഞ്ഞാറ് മത്സ്യത്തൊഴിലാളികൾ ഇടതിങ്ങി വസിക്കുന്ന കടലോര പ്രദേശവുമാണ്. ശാസ്ത്രീയമായ രീതിയിൽ നിർമ്മിക്കാത്ത കക്കൂസുകളുടെ എണ്ണത്തിലുള്ള വർദ്ധന ജല മലിനീകരണം സൃഷ്ടിക്കുന്നു.

പട്ടിക 4.2.3.6 : ജില്ലയിൽ ശുചിത്വ വുമായി ബന്ധപ്പെട്ട് വിഭാവനം ചെയ്ത ആക്ഷൻ പ്ലാൻ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാലഗണന പ്രകാരം പട്ടികപ്പെടുത്തിയിരിക്കുന്നു

ക്രമ നമ്പർ	ഇനം	കാലയളവ്
1	ജൈവ അജൈവ മാലിന്യങ്ങളുടെ തരംതിരിവിന്റെ പ്രാധാന്യം ജനങ്ങളെ പഠിപ്പിക്കലും അജൈവ മാലിന്യ ഉപാധികൾ സ്ഥാപിക്കലും	31.03.2020
2	സ്വാപ്പ് ഷോപ്പ് & റിപ്പയർ ഷോപ്പ് സ്ഥാപിക്കൽ	31.03.2019
3	ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കലും സ്റ്റീൽ പ്ലേറ്റ്, ഗ്ലാസ്സ് എന്നിവ വാങ്ങലും	31.03.2019
4	പ്ലാസ്റ്റിക് കാരിബാഗ് നിയന്ത്രണ ബൈലോ പാസാക്കലും തുണി സഞ്ചി പ്രോത്സാഹനവും	31.03.2018
5	ഹരിത കർമ്മസേനയുടെ പ്രവർത്തനം ആരംഭിക്കലും അജൈവ മാലിന്യ ശേഖരണത്തിന് എം.സി.എഫ് സ്ഥാപിക്കലും	31.03.2019
6	മുഴുവൻ ബ്ലോക്കിലും നഗരസഭകളിലും പ്ലാസ്റ്റിക് ബെയ്ലിംഗ് & ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കൽ	31.03.2019
7	ഫ്ലാറ്റ് ,കോളനികളിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ	31.03.2020
8	ചിക്കൻ വേസ്റ്റ് സംസ്കരണ യൂണിറ്റുകൾ (സ്വകാര്യ പങ്കാളിത്തത്തോടെ)	31.03.2020
9	സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കൽ	31.03.2022
10	ഗ്യാസ് ക്രിമറ്റോറിയങ്ങൾ സ്ഥാപിക്കൽ	31.03.2022
11	ഓഡിറ്റോറിയങ്ങളിലെ മലിനജല സംസ്കരണം	31.03.2021
12	മത്സ്യ മാർക്കറ്റുകളിലെ മലിനജല സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ	31.03.2020
13	ആധുനിക അറവുശാലകൾ സ്ഥാപിക്കൽ	31.03.2022
14	ജില്ലയിൽ ഒരു സാനിറ്ററി ലാന്റ് ഫിൽ സ്ഥാപിക്കൽ	31.03.2022
15	മാലിന്യ സംസ്കരണ പ്ലാന്റുകളിൽ പൂന്തോട്ടം വെച്ച് പിടിപ്പിച്ച് മനോഹരമാക്കൽ	31.03.2020
16	വിദ്യാലയങ്ങളിലെ ടോയിലറ്റ് പൂർത്തീകരണം	31.03.2022
17	നാഷണൽ ഹൈവേയുടെ ഓരം, ബസ് സ്റ്റാന്റ്, തുടങ്ങിയ ഇടങ്ങളിൽ പൊതു ശൗചാലയ നിർമ്മാണം	31.03.2020
18	പട്ടിക വർഗ്ഗ കുടുംബങ്ങൾക്കുള്ള ടോയിലറ്റ് നിർമ്മാണം	31.03.2019

അവലംബം : ജില്ലാ ശുചിത്വ മിഷൻ ,മലപ്പുറം

പട്ടിക 4.2.3.7 : ശുചിത്വ മാലിന്യ സംസ്കരണ പ്രോജക്ടുകളുടെ പുരോഗതി

തദ്ദേശ സ്ഥാപനം	പ്രോജക്ടുകളുടെ എണ്ണം	തുക	ചെലവ്	ശതമാനം
ബ്ലോക്ക് പഞ്ചായത്ത്	85	84797940	11134426	13.13
ജില്ലാ പഞ്ചായത്ത്	154	118655053	2232778	1.88
ഗ്രാമ പഞ്ചായത്ത്	677	241448460	16937364	7.01
നഗരസഭ	157	128184182	15984349	12.47

അവലംബം : ജില്ലാ ശുചിത്വ മിഷൻ ,മലപ്പുറം

സമീപനം

മനോഭാവ മാറ്റത്തിനായുള്ള ബോധവൽക്കരണ പരിപാടികൾ :-

1. ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുക.
2. ജൈവ മാലിന്യങ്ങൾ - സ്വയം സംസ്കരണം.
3. ആവശ്യമായ ഉപാധികൾ ലഭ്യമാക്കൽ.
4. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം (വ്യക്തി/സ്ഥാപനങ്ങളുടെ ചുമതല നിർണ്ണയിക്കൽ).
5. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിക്കൽ, വേർതിരിക്കൽ, സംസ്കരണം.
6. പുനരുപയോഗ സാധ്യതകളും, പുന:ചംക്രമണവും ഉറപ്പുവരുത്തൽ
7. 2016 മാർച്ച് 18 ന് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മാലിന്യ സംസ്കരണ ചട്ടങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിൽ പ്രാബല്യത്തിലാക്കൽ.
8. അജൈവ മാലിന്യം ശേഖരിക്കുന്നതിനും ആവശ്യമായ സാങ്കേതിക സഹായം നൽകുന്നതിനും വിവിധ ഏജൻസികളുമായുള്ള സംയോജനം.
9. ആവശ്യമായ പരിശീലനങ്ങൾ നൽകുക.
10. മാലിന്യ സംസ്കരണത്തിനാവശ്യമായ മാനവ വിഭവശേഷി പഞ്ചായത്തുതലത്തിൽ ലഭ്യമാക്കുക.
11. സംസ്ഥാന-കേന്ദ്ര സർക്കാറുകൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, വകുപ്പുകൾ, ഏജൻസികൾ എന്നിവയുടെ ശ്രുചിത്വ മാലിന്യ സംസ്കരണ പരിപാടികൾ ഏകോപിപ്പിക്കൽ.
12. വാർഡ്തല സാനിറ്റേഷൻ കമ്മറ്റികളുടെ ശാക്തീകരണം.
13. മാലിന്യം - പുസ്തകം തദ്ദേശ ഭരണ സ്ഥാപന തലത്തിൽ ചർച്ച ചെയ്യൽ.

4.2.4 പാർപ്പിടം

ആമുഖം

ജീവിതത്തിന്റെ അടിസ്ഥാന ആവശ്യങ്ങളിലൊന്നാണ് ഭവനം. നാം ഇന്നഭിമുഖീകരിക്കുന്ന രൂക്ഷമായ സാമൂഹ്യ പ്രശ്നമാണ് താഴ്ന്ന വരുമാനക്കാരുടെ പാർപ്പിടമില്ലായ്മ. സർക്കാരിന്റെയും സമൂഹത്തിന്റെയും ക്ഷേമ പ്രവർത്തനങ്ങളിൽ മുന്തിയ പരിഗണനയാണ് ഭവനനിർമ്മാണത്തിന് നൽകുന്നത്.

മറ്റ് രാജ്യങ്ങളിൽ നിന്ന് വ്യത്യസ്തമായി ഇന്ത്യയിലെ ജനസംഖ്യയുടെ 48% പേർ സുരക്ഷിതമായ പാർപ്പിടമില്ലാത്തവരാണെന്നത് വസ്തുതയാണ്. ഇത് കേരളത്തിൽ 13.70% ആണ്. കേരളത്തിൽ വിവിധ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കിയതിനാലാണ് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പാർപ്പിടരഹിതരുടെ എണ്ണം കുറഞ്ഞ ശതമാനം മാത്രമായി നിലനിർത്താൻ കഴിഞ്ഞത്. കേന്ദ്രസർക്കാർ 2011 ൽ നടപ്പിലാക്കിയ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് മാനദണ്ഡമാക്കിയാണ് നിലവിൽ നടപ്പിലാക്കുന്ന ഭവന പദ്ധതിയായ പ്രധാന മന്ത്രി ആവാസ് യോജനയിൽ ഉൾപ്പെടുത്തേണ്ട പട്ടിക തയ്യാറാക്കുന്നത്. സാമൂഹിക സാമ്പത്തിക ജാതി സെൻസസ് കരട് പട്ടിക പ്രകാരം കേരളത്തിലെ ഭവനരഹിതരായി കണക്കാക്കിയിരിക്കുന്നത് 168747 പേരാണ്. എന്നാൽ അന്തിമ പട്ടികയിൽ 75709 പേരാണ് ഉൾപ്പെട്ടിട്ടുള്ളത്. സാമൂഹിക സാമ്പത്തിക ജാതി സെൻസസിന് അവലംബിച്ചിട്ടുള്ള മാനദണ്ഡങ്ങൾ കേരളത്തിന്റെ സാമൂഹ്യ സ്ഥിതിയുമായി പൊരുത്തപ്പെടുത്തുമ്പോളുണ്ടായ അന്തരം കാരണം പല അർഹരായ കുടുംബങ്ങളും അർഹതാ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ ഇത്തരക്കാരെ കണ്ടെത്തി സമ്പൂർണ്ണ ഭവനവൽക്കരണത്തിന്റെ ഭാഗമാക്കേണ്ടതിന്റെ ആവശ്യകത നിലനിൽക്കുന്നു. എന്നിരുന്നാലും ഭവനരഹിതർക്ക് ഭവനനിർമ്മാണത്തിന് ധനസഹായം നൽകി നിർമ്മാണം പൂർത്തീകരിക്കുന്നതിന് കേരളത്തിനും മലപ്പുറം ജില്ലക്കും സാധിച്ചിട്ടുണ്ട്.

മലപ്പുറം ജില്ലയിൽ ലക്ഷം വീട് പദ്ധതി മുതൽ വിവിധ പദ്ധതികളിലൂടെ പാവപ്പെട്ടവരുടെ വീട് നിർമ്മാണത്തിനായി ശക്തമായ ഇടപെടലുകളുണ്ടായിട്ടുണ്ട്.

പട്ടിക 4.2.4.1 : മലപ്പുറം ജില്ലയിലെ വാസയോഗ്യമായ ഭവനങ്ങളുടെ വിശദാംശങ്ങൾ

ക്രമ നമ്പർ	വിഭാഗം	നല്ലത്	ലിവബിൾ	നശിച്ച	മൊത്തം
1.	എസ് ടി	2763	2639	863	6285
2.	എസ് സി	32,993	26,380	5,198	64,571
3.	മറ്റുള്ളവർ	5,19,835	1,63,296	20,628	7,03,739
	Total	5,55,591	1,92,315	26,689	7,74,595

അവലംബം: 2011 സെൻസസ് റിപ്പോർട്ട്

ജില്ലയിൽ ഗ്രാമ പ്രദേശങ്ങളിലും നഗരങ്ങളിലും ലഭ്യമായ ഭവനങ്ങളുടെ ഗുണമേന്മ സംസ്ഥാനത്തെയും രാജ്യത്തെയും പൊതു അവസ്ഥയേക്കാൾ മികച്ചു നിൽക്കുന്നു. ഇന്ത്യൻ ജനതയുടെ ശരാശരി 45.90% മാത്രമാണ് നല്ല വീടുകളിൽ കഴിയുന്നത്. കേരളത്തിൽ ഇത് 60.98% ആണ്. എന്നാൽ മലപ്പുറം ജില്ലയിൽ 68.29% വീടുകളും നല്ല നിലവാരത്തിലുള്ളവയാണ്. ജില്ലയിലെ 94.41% വീടുകളും കോൺക്രീറ്റ്, ഓട് മുതലായ ഉറപ്പുള്ള വസ്തുക്കളാൽ നിർമ്മിച്ചവയാണ്. സംസ്ഥാന തലത്തിൽ 82.81% വീടുകൾ മാത്രമേ ഇത്തരത്തിൽ ഉള്ളൂ. രാജ്യത്തെ പൊതു അവസ്ഥ 38.35% മാത്രമാണ്.

ചിത്രം 4.2.4.1 : വീടുകളുടെ ഗുണനിലവാര താരതമ്യം



അവലംബം: പോപ്പുലേഷൻ സെൻസസ്-2011.

2011 ലെ സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് (SECC) പ്രകാരം ജില്ലയിൽ 13307 കുടുംബങ്ങൾ വീടില്ലാത്തവരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. എന്നാൽ 2015ൽ അന്തിമ പട്ടിക തയ്യാറാക്കിയപ്പോൾ ഇതിൽ 5463 പേർ മാത്രമാണുണ്ടായിരുന്നത്. ഇതിൽ 556 പേർ ഭൂരഹിതരും 427 പേർക്ക് ഭൂമിയുണ്ടെങ്കിലും കൈവശാവകാശ രേഖയില്ലാത്തവരുമാണ്.

കേന്ദ്ര, സംസ്ഥാന, ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ നടപ്പിലാക്കിയ ഇന്ദിരാ ആവാസ് യോജന പാവപ്പെട്ടവർക്ക് വളരെയധികം ഗുണം ചെയ്തിട്ടുണ്ട്. ആദിവാസികളുടെ പാർപ്പിട പ്രശ്നമാണ് ഇടപെടലാവശ്യമായ ഒരു പ്രധാന മേഖല. ഊരുകൂട്ടങ്ങളുടെ സജീവ പങ്കാളിത്തത്തോടെ പണം ഫലപ്രദമായി ചെലവഴിക്കാനുതകുന്ന രീതിയിൽ ഗുണഭോക്താക്കളുടെ സഹകരണം പാർപ്പിട നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും ഉറപ്പാക്കുവാൻ കഴിയണം.

മുഴുവനാളുകൾക്കും ഭൂമിയും വീടും ഉറപ്പ് വരുത്തുന്നതിലൂടെ മാത്രമേ സാമൂഹിക സുരക്ഷിതത്വം സാദ്ധ്യമാകൂ. ഭരണ ഉദ്യോഗസ്ഥ സംവിധാനങ്ങളുടെ കൂട്ടായ പ്രവർത്തനങ്ങളെ മാത്രമേ ഈ മേഖലയിലെ പ്രശ്നങ്ങളെ പരിഹരിക്കാൻ കഴിയുകയുള്ളൂ. വ്യക്തികളും സാമൂഹ്യ സന്നദ്ധ കൂട്ടായ്മകളും ഈ രംഗത്ത് നടത്തുന്ന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുണ്ട്. വിവിധ പദ്ധതികളിലായി പണി ആരംഭിച്ച് പൂർത്തീകരിക്കാതെ കിടക്കുന്ന ഭവനങ്ങൾ ഇപ്പോഴും നിലവിലുണ്ട്. വീടില്ലാത്തവർ പകുതിയോളം ഭൂമിയില്ലാത്തവർ കൂടിയാണെന്നത് പ്രശ്നത്തിന്റെ ആക്കം കൂട്ടുന്നു.

അവസ്ഥാ വിശകലനം.

പാർപ്പിടം സംബന്ധിച്ച് കേരളം നേരിടുന്ന പ്രശ്നങ്ങളും ഇന്ത്യ നേരിടുന്ന പ്രശ്നങ്ങളും ഒരേ സ്വഭാവ സവിശേഷതകളോടു കൂടിയവയല്ല. കേരളത്തിന്റെ പ്രതിശീർഷ വരുമാനവും, കൂട്ടുകുടുംബങ്ങളിൽ നിന്നും അണുകുടുംബങ്ങളിലേക്കുള്ള അതിവേഗമുള്ള മാറ്റവും, നഗരവൽക്കരണ സമീപനവും വീട് എന്ന സങ്കൽപ്പത്തെയും, ഭവനരഹിതർ എന്ന സംജ്ഞയെയും മറ്റൊരു തലത്തിലെത്തിക്കുന്നു. കേരളത്തിന്റെ ഭൂവിസ്തൃതി 38852 ചതുരശ്ര കിലോമീറ്ററും ജനസാന്ദ്രത 860 ച.കി.മീറ്ററാണ്. ഉയർന്ന ജനസാന്ദ്രത തന്നെയാണ് കേരളം നേരിടുന്ന പ്രധാന വെല്ലുവിളി. പരിമിതമായ ഭൂമി ഭവനരഹിതർക്ക് വീട് എന്ന സങ്കൽപ്പത്തിൽ നിന്നും മാറി ഫ്ലാറ്റ് എന്നതിലേക്ക് സർക്കാറിനെ മാറ്റി ചിന്തിപ്പിക്കുന്നതിന് പ്രേരിപ്പിക്കുന്നു.

എം.എൻ. ലക്ഷം വീട് പദ്ധതി, എം.എൻ. ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി, മൈത്രി ഹൗസിംഗ് സ്കീം, സുനാമി പുനരധിവാസ പദ്ധതി, സുരക്ഷ പുനരധിവാസ പദ്ധതി, ഗൃഹശ്രീ പദ്ധതി, ഇന്നോവേറ്റീവ് ഹൗസിംഗ് സ്കീം തുടങ്ങിയ കേരള ഭവന നിർമ്മാണ ബോർഡിന്റെ പരിപാടികൾ ശ്രദ്ധേയമാണ്.ഗ്രാമ വികസന വകുപ്പ് മുഖേനെ നടപ്പാക്കിയ വില്ലേജ് ഹൗസിംഗ്, എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി.പി., ജവഹർ റോസ്ഗർ യോജന, ഇന്ദിര ആവാസ് യോജന തുടങ്ങിയ പാർപ്പിട പദ്ധതികളും കേരളത്തിൽ ചലനങ്ങൾ സൃഷ്ടിച്ചു. കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി ആവാസ് യോജന പുതിയ അവസരങ്ങൾ തുറന്ന് തരുന്നു.

നഗരസഭകളിൽ നടപ്പാക്കിയ സി.ബി.എസ്.യു.പി., ഐ.എച്ച്.എസ്.ഡി.പി., ജെ.എൻ.എൻ.യു.ആർ.എം., വാംബേ പാർപ്പിട പദ്ധതി, രാജീവ് ആവാസ് യോജന എന്നിവ എടുത്തു പറയേണ്ടതാണ്.പ്രധാനമന്ത്രി നഗര ആവാസ് യോജന ഈ മേഖലയിലെ പുതിയ സാദ്ധ്യതയാണ്.

പാർപ്പിട നിർമ്മാണത്തിൽ വൻ കുതിച്ചു ചാട്ടമുണ്ടാക്കിയത് ജനകീയാസൂത്രണ പദ്ധതികളിലൂടെയാണ്. കോർപ്പറേഷനുകൾ, നഗരസഭകൾ, ജില്ലാ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ഗ്രാമപഞ്ചായത്തുകൾ, തുടങ്ങിയ പ്രാദേശിക സർക്കാർ ഇടപെടലുകളിലൂടെ 5.7 ലക്ഷം വീടുകൾ കേരളത്തിൽ നിർമ്മിച്ചു. ഇതിന് പുറമെ പട്ടികജാതി വികസന വകുപ്പ് വഴി നടപ്പിലാക്കുന്ന ഭൂരഹിത പുനരധിവാസ പദ്ധതി, സംയോജിത ഭവന നിർമ്മാണ പദ്ധതി എന്നിവയും പിൻതുണയേകി.

പട്ടിക 4.2.4.2 : നിലവിലെ സ്ഥിതി വിശേഷം – അടിസ്ഥാന വിവരങ്ങൾ – സെൻസെസ് ഡാറ്റ ജനസംഖ്യ

ക്രമ നം	കാറ്റഗറി	ആകെ ജനസംഖ്യ	പട്ടികജാതി	പട്ടിക വർഗ്ഗം	ജനറൽ
1	കേരളം	33406061	3039573	484839	29881649
2	മലപ്പുറം	4112920	308266	22990	3781664

അവലംബം: 2011 സെൻസസ് റിപ്പോർട്ട്

ചിത്രം. 4.2.4.2 : നിലവിലെ സ്ഥിതി വിശേഷം- അടിസ്ഥാന വിവരങ്ങൾ- സെൻസെസ് ഡാറ്റ ജനസംഖ്യ



അവലംബം: 2011 സെൻസസ് റിപ്പോർട്ട്

പട്ടിക 4.2.4.3 : നിലവിലെ വാസഗൃഹങ്ങളുടെ ഉപയോഗാവസ്ഥ

സംസ്ഥാന കോഡ്	ഇന്ത്യ /സംസ്ഥാനം /യൂണിയൻ ടെറിട്ടറി #	സെൻസസ് വീടും അവയുടെ ഉപയോഗവും												
		സെൻസസ് ഹൗസിന്റെ എണ്ണം			ഉപയോഗിച്ചിരുന്ന സെൻസസ് വീടുകൾ%									
		ആകെ	ഒഴിവുള്ള	അധിനിവേശം	താമസസ്ഥലം	റസിഡൻസ് കം- ഇതര ഉപയോഗം	ഷോപ്പ്, ഓഫീസ്	സ്കൂൾ, കോളേജ് തുടങ്ങിയവ..	ഹോട്ടൽ, ലോഡ്ജ്, അനുബന്ധ കെട്ടിടങ്ങൾ തുടങ്ങിയവ.	ആശുപത്രി, ഡിസ്പെൻസറി	ഫാക്ടറി, വർക്ക്ഷോപ്പ്, വർക്ക്ഷിറ്റ് തുടങ്ങിയവ.	ആരാധനാലയം	മറ്റ്സിനുപയോഗങ്ങൾ	എണ്ണം
32	Kerala	1127853	1189144	10028709	76.4	0.4	9.6	0.8	0.5	0.3	1.7	1.1	8.3	0.9

അവലംബം: 2011 സെൻസസ് റിപ്പോർട്ട്

മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പാർപ്പിട മേഖലകളിൽ അഭ്രതപൂർവ്വമായ നേട്ടങ്ങൾ കേരളം കൈവരിച്ചിട്ടുണ്ട്. ഭാവനാ പൂർണ്ണമായ പൊതു ഇടപെടലുകളുടെ പരിണിത ഫലമാണ് ഈ നേട്ടം. കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്ക് പുറമെ സംസ്ഥാന സർക്കാർ നടപ്പിലാക്കിയ വിവിധ ഭവന പദ്ധതികളും ഉദാ. ഗ്രാമവികസന വകുപ്പ് മുഖേനെ നടപ്പാക്കിയ വില്ലേജ് ഹൗസിംഗ്, എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി.പി., ജവഹർ റോസ്ഗർ യോജന, ഇന്ദിര ആവാസ് യോജന തുടങ്ങിയ പാർപ്പിട പദ്ധതികൾ കേരളത്തിൽ അന്തിയുറങ്ങാൻ ഒരു വീട് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞു. കേരളത്തിന്റെ ഭൗതിക സാഹചര്യമനുസരിച്ച് ഭവനങ്ങളുടെ മേൽക്കൂരകളുടെ നിലവിലെ അവസ്ഥ ചുവടെ കാണിച്ച പ്രകാരമാണ്.

പട്ടിക 4.2.4.4 : വീടിന്റെ മേൽക്കൂരയുടെ തരം

സംസ്ഥാന കോഡ്	ഇന്ത്യ /സംസ്ഥാനം / യൂണിയൻ ടെറിട്ടറി#	വീടിന്റെ മേൽക്കൂരയുടെ വിതരണം										
		ആകെ വീടുകളുടെ എണ്ണം (സ്ഥാപനങ്ങളായ കുടുംബങ്ങൾ ഒഴികെ)	പുല്ല്, തട്ട്, മുള, വൈക്കോൽ മുതലായവ	പ്ലാസ്റ്റിക്, പ്ലാസ്റ്റിൻ പോളിത്തീൻ	ടൈലുകൾ			ഇഷ്ടിക	മൺ / സ്റ്റോൺ	മെറ്റൽ, അലൂമിനിയം ഷീറ്റ് കോൺക്രീറ്റ്		മറ്റ് മെയിലുകൾ
					ആകെ	കൈ നിർമ്മിച്ച കൈ ടൈലുകൾ	മെഷീൻ ടൈൽസ് നിർമ്മിച്ചവ					
32	Kerala	7716370	2.7	0.7	38.3	3.5	34.8	0.3	0.8	9	48	0.2

അവലംബം : 2011 സെൻസസ് റിപ്പോർട്ട്

നിലവിൽ കേരളത്തിൽ 7716970 താമസയോഗ്യമായ വീടുള്ളതിൽ 48% പേരുടെയും വീടുകൾ കോൺക്രീറ്റ് ചെയ്തതാണെന്ന് മനസ്സിലാക്കാൻ സാധിക്കുന്നു. ഇതിൽ തന്നെ വീടുണ്ടാക്കുന്നവർക്ക് വലിയ വീടിനോടാണ് താൽപര്യം എന്നത് വ്യക്തമാകുന്നു.

പട്ടിക 4.2.4.5 : വീടുകളുടെ മുറികളുടെ തരം

സംസ്ഥാന കോഡ്	ഇന്ത്യ / സംസ്ഥാനം / യൂണിയൻ ടെറിട്ടറി#	വീടുകളുടെ മുറികളുടെ തരം							
		ആകെ വീടുകളുടെ എണ്ണം (സ്ഥാപനങ്ങളായ കുടുംബങ്ങൾ ഒഴികെ)	എക്സ്ക്ലൂസീവ് റൂം ഇല്ല	ഒരു മുറി	2 മുറി	3 മുറി	4- മുറി	5- മുറി	6 മുറികളും മേലെയുള്ളവയും
32	Kerala	7716370	1.1	7.3	25.1	32.2	20.6	7.9	5.8

അവലംബം : 2011 സെൻസസ് റിപ്പോർട്ട്

2011 സെൻസെസ് പ്രകാരം നിലവിലുള്ള 32.2% വീടുകളിലും 3 റൂമുകളാണ് കാണപ്പെടുന്നത്. 1.1% വീടുകളിൽ മാത്രമാണ് എക്സ്-ക്ലൂസീവ് റൂമുകൾ നിലവിലുള്ളത് .

നിലവിൽ 2011-ലെ എസ്സ്.ഇ.സി.സി. സെൻസസ് പ്രകാരമാണ് ഭവനരാഹിത്യം കണക്കാക്കി കേന്ദ്ര സർക്കാർ ഭവന പദ്ധതികൾ നടപ്പിലാക്കുന്നത്. പ്രസ്തുത സർവ്വേ പ്രകാരം കേരളത്തിലെ നിലവിലെ അവസ്ഥ ചുവടെ ചേർത്ത പട്ടികയിലും ചിത്രത്തിലും സൂചിപ്പിക്കുന്നു.

പട്ടിക 4.2.4.6 : ഭവന നിർമ്മാണം കരട്/ നിരസിക്കപ്പെട്ട ഗുണഭോക്ത ലിസ്റ്റ്

ക്രമ നം	ജില്ല	മൊത്തം ഗുണഭോക്താക്കളുടെ ഡ്രാഫ്റ്റ് പട്ടികയായി മൊത്തം തുക					നിരസിക്കപ്പെട്ട ഗുണഭോക്താക്കൾ					അപ്പലേറ്റ് കമ്മിറ്റി / (സ്വയം രജിസ്റ്റർ ചെയ്തത്)				
		Minority	Others	SC	ST	Total	Minority	Others	SC	ST	Total	Minority	Others	SC	ST	Total
1	ആലപ്പുഴ	848	6968	2791	81	10688	405	4458	1813	59	6735	441	2499	910	22	3872
2	എറണാകുളം	1789	2646	2378	512	7325	815	1388	1182	196	3581	954	1073	1097	316	3440
3	ഇടുക്കി	1123	2065	1040	1967	6195	474	1141	359	971	2945	646	880	673	994	3193

4	കണ്ണൂർ	795	3360	437	1117	5709	437	2174	331	983	3925	358	1185	106	134	1783
5	കാസർഗോഡ്	480	3616	726	2012	6834	207	2088	538	1310	4143	273	1421	188	702	2584
6	കൊല്ലം	1823	6138	5261	294	13516	568	2847	2770	178	6363	1255	3091	2467	95	6908
7	കോട്ടയം	641	2934	1061	150	4786	105	2050	676	108	2939	535	828	369	40	1772
8	കോഴിക്കോട്	1993	12096	4735	349	19173	1057	8242	3452	262	13013	933	3168	1098	79	5278
9	മലപ്പുറം	6682	3473	2694	458	13307	3638	2140	1722	344	7844	3044	1333	972	114	5463
10	പാലക്കാട്	4703	12727	6906	1597	25933	2540	5324	3570	727	12161	2163	7226	3256	867	13512
11	പത്തനംതിട്ട	582	3031	3361	164	7138	89	1639	1766	84	3578	493	1286	1519	79	3377
12	തിരുവനന്തപുരം	3241	14877	7152	1088	26358	122	6465	3209	702	10498	3117	8337	3943	386	15783
13	തൃശ്ശൂർ	3456	6956	5453	107	15972	2093	4234	3079	97	9503	1363	2722	2374	10	6469
14	വയനാട്	1091	1138	330	3254	5813	666	637	204	1822	3329	425	433	121	1296	2275
	Total	29247	82025	44325	13150	168747	13216	44827	24671	7843	90557	16000	35482	19093	5134	75709

അവലംബം : 2011 സെൻസസ് റിപ്പോർട്ട്

ജില്ലയിൽ 13307 പേർ കരട് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നുവെങ്കിലും 7844 പേരെ ആയത്തിൽനിന്നും ഒഴിവാക്കിയതായും 5463 പേർ സ്വയം രജിസ്റ്റർ ചെയ്ത / അപ്പലേറ്റ് കമ്മറ്റിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2011-ലെ എസ്സ്.ഇ.സി.സി. സെൻസസ് പ്രകാരമാണ് ഭവനരാഹിത്യം കണക്കാക്കി കേന്ദ്ര സർക്കാർ ഭവന പദ്ധതികൾ നടപ്പിലാക്കുന്നത്

ചിത്രം 4.2.4.3 : ഭവന നിർമ്മാണം കരട്/ നിരസിക്കപ്പെട്ട ഗ്രണഭോക്ത ലിസ്റ്റ്



അവലംബം : 2011 സെൻസസ് റിപ്പോർട്ട്

ജില്ലയിലെ ജനസംഖ്യാനുപാതം 793001 കുടുംബങ്ങളിലായി 4112920 പേരാണ് താമസിക്കുന്നത്. ഇതിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 308266 പേരും, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 22990 പേരും ഉൾപ്പെടുന്നു. ആകെ ജനസംഖ്യയിലെ 3311315 പേർ സാക്ഷരരാണ്. 1062424 പേർ തൊഴിലെടുത്ത് ജീവിക്കുന്നവരാണെന്നും കാനേഷുമാരി കണക്കുകൾ വ്യക്തമാക്കുന്നു. കുടുംബവും ജനസംഖ്യയും തമ്മിൽ പരിശോധിച്ചാൽ ഒരു വീട്ടിലെ ശരാശരി താമസക്കാർ 5.18 പേരാണ്. എന്നാൽ കൂട്ടുകുടുംബ വ്യവസ്ഥ നിലനിൽക്കുന്നതിനാൽ കൂടുതൽ ഭവനരഹിതർ ഒരേ കുടുംബത്തിൽ തന്നെ കഴിയുന്നു എന്ന വസ്തുത ജില്ലയിൽ നിലനിൽക്കുന്നു.

പട്ടിക 4.2.13.7 2011ലെ എസ്സ്.ഇ.സി.സി. സെൻസസ് പ്രകാരം ജില്ലയിലെ ഭവന രഹിതരുടെ അവസ്ഥ താഴെ കൊടുത്ത പ്രകാരമാണ്.

പട്ടിക 4.2.4.7 : ജില്ലയിലെ ഭവന രഹിതരുടെ എണ്ണം

ജില്ലയുടെ പേർ	വിഭാഗം	എസ് .സി.സി.ഇ. പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബങ്ങളുടെ എണ്ണം	ഗ്രാമസഭാ വെരിഫിക്കേഷന് ശേഷവും അർഹരായ കുടുംബങ്ങളുടെ എണ്ണം	ഗ്രാമസഭാ വെരിഫിക്കേഷന് ശേഷവും ലിസ്റ്റിലുൾപ്പെട്ടിട്ടുള്ള അനർഹരായ കുടുംബങ്ങളുടെ എണ്ണം	ഭൂമിയില്ലാത്ത കുടുംബങ്ങളുടെ എണ്ണം	ഭൂമിയുണ്ടെങ്കിലും കൈയ്യവകശ രേഖയില്ലാത്ത കുടുംബങ്ങളുടെ എണ്ണം
മലപ്പുറം	പട്ടികജാതി	2694	972	556	125	49
	പട്ടികവർഗ്ഗം	458	114	134	18	47
	ന്യൂനപക്ഷം	6705	3049	881	245	190
	പൊതു	3450	1328	542	168	141
	ആകെ	13307	5463	2113	556	427

അവലംബം : എസ്സ്.ഇ.സി.സി. സെൻസസ് -2011

2011-ലെ എസ്.ഇ.സി.സി സെൻസെസ് പ്രകാരം 13307 പേർ ഭവനരഹിതരായി ജില്ലയിൽ കണ്ടെത്തിയിട്ടുണ്ട്. ആയതിൽ പട്ടികജാതി വിഭാഗത്തിൽ പെട്ട 2694 കുടുംബങ്ങൾ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നു. ഇതിൽ 972 കുടുംബങ്ങൾ ഗ്രാമസഭ വെരിഫിക്കേഷനു ശേഷം അർഹരായവരുടെ ലിസ്റ്റിൽ ഇടം പിടിച്ചിട്ടുണ്ട്. 556 കുടുംബങ്ങൾ ഗ്രാമസഭ വെരിഫിക്കേഷനു ശേഷം അനർഹരായവരുടെ ലിസ്റ്റിൽ ഇടം പിടിച്ചു.. 125 കുടുംബങ്ങൾ ഭൂമി ഇല്ലാത്തവരും 49 പേർക്ക് ഭൂമി ഉണ്ടെങ്കിലും കൈവശാവകാശ രേഖ ഇല്ലാത്തവരും ആണെന്ന് കണ്ടെത്തിയിട്ടുണ്ട്. പട്ടിക വർഗ വിഭാഗത്തിലെ ലിസ്റ്റിൽ ഉൾപ്പെട്ട 458 പേരിൽ 114 കുടുംബങ്ങൾ ഗ്രാമസഭ വെരിഫിക്കേഷനു ശേഷം അർഹരായവരുടെ ലിസ്റ്റിൽ ഉൾപ്പെടുകയും 134 കുടുംബങ്ങൾ അനർഹരായവരുടെ ലിസ്റ്റിലും ഉൾപ്പെട്ടിട്ടുണ്ട്. 18 കുടുംബങ്ങൾക്ക് ഭൂമിയില്ലെന്ന് കണ്ടെത്തുകയും 47 കുടുംബങ്ങൾക്ക് കൈവശാവകാശ രേഖയില്ലെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട് .

ചിത്രം 4.2.3.4 : ഗ്രാമസഭ വെരിഫിക്കേഷനു ശേഷവും അർഹരായ കുടുംബങ്ങൾ



അവലംബം : എസ്സ്.ഇ.സി.സി. സെൻസസ്

ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകുവാൻ നിലവിലെ സാഹചര്യത്തിൽ കഴിഞ്ഞിട്ടില്ല എന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞതിനാൽ, ജില്ല മുൻകാലങ്ങളിൽ വിവിധ പദ്ധതികളിൽ പണികഴിപ്പിച്ചതും എന്നാൽ നിലവിൽ താമസക്കാർ ഇല്ലാത്തതുമായ ഭവനങ്ങൾ കണ്ടെത്തി നൽകുന്നതിനും, പാർപ്പിട സമുച്ചയങ്ങൾ പണിയിച്ച് ഭൂരഹിതരായ ഭവനരഹിതരെ പുനഃരധിവസിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു.

4.2.5 വിദ്യാഭ്യാസം

ഭൂവിസ്തൃതിയിലും വിഭവശേഷിയിലും ഏറെ പിന്നിലുള്ള നമ്മുടെ കൊച്ചുകേരളം, രാജ്യത്തിനു മുമ്പിൽ തലയുയർത്തി നിൽക്കുന്നത് അതിന്റെ പ്രബുദ്ധവും പുരോഗനാത്മകവും മതേതരവുമായ വിശ്രുത പാരമ്പര്യത്തിന്റെ പിൻബലത്തിലാണ്. മാനവികതയിലും സമനീതിയിലും അധിഷ്ഠിതമായ ഒരു സാമൂഹ്യജീവിതം ഇവിടെ പുലരുന്നതിൽ നവോത്ഥാന പ്രസ്ഥാനങ്ങളോടൊപ്പം പൊതുവിദ്യാഭ്യാസത്തിനും നിർണ്ണായക പങ്കുണ്ട്. സഹജീവി സ്നേഹത്തിന്റെയും ജനാധിപത്യത്തിന്റെയും മാനവ സാഹോദര്യത്തിന്റെയും ഉദാത്തമായ പാഠങ്ങൾ നമ്മെ പഠിപ്പിച്ചത്, സമഭാവനയിലധിഷ്ഠിതമായ നമ്മുടെ പൊതുവിദ്യാലയാനുഭവങ്ങളാണ്.

മലപ്പുറം ജില്ല പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾകൊണ്ട് സമ്പുഷ്ടമാണ്. സമൂഹത്തിന്റെ മികച്ച പിൻബലത്തിൽ വളരെ പിറകിലായിരുന്ന മലപ്പുറം ഇന്ന് മറ്റു ജില്ലകൾക്കു മുമ്പേ നിൽക്കാൻ പര്യാപ്തമായ രീതിയിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു.

ജില്ലയുടെ പൊതു സമീപനം പരിശോധിച്ചാൽ പൊതു വിദ്യാലയങ്ങളോടാണ് കൂടുതൽ പേർക്കും ആഭിമുഖ്യം. അതുകൊണ്ടാണ് പതിറ്റാണ്ടുകളായി ഗവ. എയ്ഡഡ് വിദ്യാലയങ്ങളിലേക്ക് രക്ഷിതാക്കൾ കുട്ടികളെ അയക്കുന്നത്. സർക്കാർ വിദ്യാഭ്യാസ രംഗത്ത് ഇടപെടുന്നതുപോലെ തദ്ദേശ സ്ഥാപനങ്ങളായ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് എന്നീ സ്ഥാപനങ്ങളും വിദ്യാഭ്യാസ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

വിദ്യാഭ്യാസ മേഖലയെ പൊതുവായി പ്രീ പ്രൈമറി, അപ്പർ പ്രൈമറി, സെക്കണ്ടറി (ഹൈസ്കൂൾ), ഹയർ സെക്കണ്ടറി, എന്നിങ്ങിനെ തരം തിരിക്കാവുന്നതാണ്. 1 മുതൽ 10 വരെയുള്ള പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 2017-18 6,17,806 കുട്ടികൾ പഠനം നടത്തുന്നു. ഐസിടി ശാക്തീകൃതമായ പാഠ്യപദ്ധതി അനുവർത്തിക്കേണ്ടതാണ്. ആധുനിക പഠനതന്ത്രങ്ങൾ സ്വാംശീകരിച്ച് അധ്യാപനത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കാൻ ഐസിടി അധിഷ്ഠിതമായ വിദ്യാഭ്യാസം സഹായിക്കുന്നു. ജില്ലയിലെ 1200 ഓളം പ്രൈമറി സ്കൂളുകളിലും വൈദ്യുതിയും കണക്ടിവിറ്റിയും ഉണ്ട്. എന്നാൽ ക്ലാസ്റൂമുകൾ ഐസിടി എഡ്യുക്കേഷൻ യോജിച്ച രീതിയിലുള്ളതല്ല. നൂറോളം സ്കൂളുകളിൽ സിടി പഠനത്തിന് യോജിച്ച ഓരോ സ്മാർട്ട്റൂമുകളുണ്ട്, എന്നാൽ പിടിഎ ശക്തമല്ലാത്തത് മൂലം ഇത്തരം സ്കൂളുകളുടെ തൊട്ടടുത്ത് സ്ഥിതിചെയ്യുന്ന സ്കൂളുകളിൽ ആധുനിക സൗകര്യമില്ലാത്ത അവസ്ഥ സാമൂഹികനീതിക്ക് നിരക്കുന്നതല്ല. ആയതിനാൽ ഇവിടങ്ങളിൽ ആവശ്യമായ ഇടപെടലുകൾ നടത്തി ആധുനിക സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്.

ഉന്നത വിദ്യാഭ്യാസ രംഗത്ത് സംസ്ഥാനത്ത് ഏറ്റവും പിന്നിൽ നിൽക്കുന്ന ജില്ലയാണ് മലപ്പുറം. ജില്ലയിൽ കോഴിക്കോട് സർവ്വകലാശാല, തിരൂർ മലയാളം സർവ്വലാശാല, പെരിന്തൽമണ്ണയിൽ അലിഗഡ് സർവ്വകലാശാലയുടെ എക്സ്റ്റൻഷൻ സെന്റർ തുടങ്ങിയവ പ്രവർത്തിച്ചുവരുന്നു. വേണ്ടത്ര പി.ജി. കോഴ്സുകളും സ്ഥാപനങ്ങളും ആവശ്യത്തിനനുസരിച്ച് ജില്ലയിൽ ഇല്ല. ജില്ലയിൽ ഗവേഷണ കേന്ദ്രങ്ങളുടെ അഭാവം നിലവിലുണ്ട്. കൂടുതൽ ഗവേഷണ സൗകര്യം കോളേജുകളിൽ നൽകണം. ന്യൂ ജനറേഷൻ കോഴ്സുകൾ അധികവും സ്വാശ്രയ കോളേജുകളിലാണ്. ഇവ സർക്കാർ എയ്ഡഡ് മേഖലകളിൽ വരണം. സർക്കാർ എയ്ഡഡ് മേഖലകളിൽ ടെയിനിംഗ് കോളജുകൾ ഇല്ല. സർക്കാർ എയ്ഡഡ് മേഖലകളിൽ എഞ്ചിനിറിംഗ് കോളേജുകളും ജില്ലയിൽ നിലവിലില്ല.

പാഠ്യപദ്ധതി പരിഷ്കരണങ്ങൾ നടക്കുന്നതല്ലാതെ അക്കാദമികമായി ദീർഘവീക്ഷണത്തോടെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടില്ല. അക്കാദമിക രംഗത്ത് ഗുണനിലവാരം ഉയർത്താനുള്ള ശ്രമങ്ങൾ നടന്നുവരുന്നുണ്ട്.

നിലവിലെ അവസ്ഥ

പ്രീ പ്രൈമറി

ഒന്നാം ക്ലാസിനും മുമ്പ് രണ്ടോ മൂന്നോ വർഷത്തെ പ്രീ സ്കൂൾ വിദ്യാഭ്യാസം കേരളത്തിൽ സാർവ്വത്രികമായിക്കഴിഞ്ഞു. അംഗനവാടികൾ സ്കൂളുകളോടു ചേർന്നുപ്രവർത്തിക്കുന്ന പ്രീ സ്കൂളുകൾ, സ്വതന്ത്ര സ്ഥാപനങ്ങളായി പ്രവർത്തിക്കുന്ന നഴ്സറി സ്കൂളുകൾ, കിന്റർ ഗാർഡൻ, മോണ്ടിസ്സോറി, പ്ലേ സ്കൂളുകൾ എന്നിങ്ങനെ പേരിലും ഘടനയിലും സ്വഭാവത്തിലും വൈവിധ്യം പുലർത്തുന്ന നിരവധി സ്ഥാപനങ്ങൾ മലപ്പുറം ജില്ലയിലുണ്ട്. ജില്ലയിലെ 653 ഗവൺമെന്റ്, എയിഡഡ് വിദ്യാലയങ്ങളിലെ അധ്യാപകർ, ആയമാർ എന്നിവർക്ക് പ്രീ സ്കൂൾ തുടർ പരിശീലനം (സർവ്വ ശിക്ഷാ അഭിയാൻ മുഖേനെ) നൽകി പ്രവർത്തിച്ചു വരുന്നു.

അവസ്ഥാ വിശകലനം

ആവശ്യത്തിനുള്ള കളിസ്ഥലവും കളി-പഠനോപകരണങ്ങളും ശാസ്ത്രീയമായ ഭൗതിക സാഹചര്യങ്ങളും ഫർണ്ണീച്ചറുകളും ഉള്ള സ്ഥാപനങ്ങൾ നന്നേ കുറവാണ്. ഇടുങ്ങിയ മുറികളിൽ വളരെ അശാസ്ത്രീയമായി പ്രവർത്തിക്കുന്നവയാണ് ഏറെയും.

- മൂന്നു വയസ്സു മുതൽ പ്രീ സ്കൂൾ വിദ്യാഭ്യാസം ആരംഭിക്കുന്നു. എൽ.കെ.ജി, യു.കെ.ജി എന്നിവ കൂടാതെ പ്രീ കെ.ജി.ക്ലാസ്സും ക്രഷും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുണ്ട്.
- പ്രവേശന ഫീസ്, കനത്ത ട്യൂഷൻ ഫീസ്, യാത്രക്കും മറ്റു പരിപാടികൾക്കുമായുള്ള പണപ്പിരിവുകൾ, അമിത വില വാങ്ങി അടിച്ചേൽപ്പിക്കുന്ന പാഠപുസ്തകങ്ങളും വർക്ക് ബുക്കുകളും തുടങ്ങി നിരവധി തരത്തിൽ ഈ മേഖലയിൽ സാമ്പത്തിക ചൂഷണം നിലനില്ക്കുന്നു.
- ചില സ്ഥാപനങ്ങളിൽ ഏഴിലധികം വിഷയങ്ങൾക്കായി 18 പുസ്തകങ്ങൾ ഒരു വർഷം രക്ഷിതാവ് അമിതവില കൊടുത്ത് വാങ്ങുകയും കുട്ടികൾ പഠിക്കാൻ നിർബന്ധിതരാവുകയും ചെയ്യുന്നു. പലവിധ സമ്മർദ്ദങ്ങളാൽ പ്രീ സ്കൂൾ അധ്യാപകർ ഈ ഭാരിച്ച പുസ്തകങ്ങൾ കുഞ്ഞുങ്ങളെ പഠിപ്പിക്കുകയും പരീക്ഷ നടത്തുകയും ചെയ്യുന്നു.
- സാമൂഹ്യനീതി വകുപ്പിന്റെ നിരവധി പരിപാടികൾ ഏറ്റെടുത്തു നടപ്പിലാക്കേണ്ടി വരുന്നതിനാൽ അംഗനവാടി വിദ്യാലയത്തിലുണ്ടാകുന്ന പ്രവൃത്തി ദിവസങ്ങൾ കുറവായിരിക്കും. അംഗനവാടിക്കായി ശാസ്ത്രീയമായി തയ്യാറാക്കിയ തീം ചാർട്ട്, അധ്യാപക സഹായി, വർക്ക് ബുക്ക് എന്നിവയുണ്ടെങ്കിലും രക്ഷാകർത്താക്കളുടെ അമിത വിദ്യാഭ്യാസ ഉത്കണ്ഠ കാരണം ആവശ്യമായ സാമൂഹ്യ പിന്തുണ ലഭിക്കുന്നില്ല. അംഗനവാടികളിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനുള്ള പരിശീലനങ്ങളും ഇടപെടലുകളും വകുപ്പുതലത്തിൽ ആരംഭിച്ചിട്ടുണ്ട്.
- ഗവൺമെന്റ് എയിഡഡ് വിദ്യാലയങ്ങളോടു ചേർന്ന് പല കാലങ്ങളിലായി പ്രീ സ്കൂളുകൾ ആരംഭിച്ചിട്ടുണ്ട്. ഒന്നാം ക്ലാസ്സിലേക്ക് വിദ്യാർത്ഥികളെ (രക്ഷിതാക്കളെയും) ആകർഷിക്കുക എന്നതാണ് മുഖ്യ ലക്ഷ്യം. ഒരു പ്രീ സ്കൂൾ ആരംഭിക്കുന്നതിനുള്ള ഭൗതികമോ അക്കാദമികമോ ആയ അന്തരീക്ഷം ഉറപ്പു വരുത്തിയല്ല മിക്ക വിദ്യാലയങ്ങളും പ്രീ സ്കൂൾ ആരംഭിച്ചിട്ടുള്ളത്. 2012 ന് മുമ്പേ പ്രവർത്തിച്ചിരുന്ന ഗവണ്മെന്റ് വിദ്യലയങ്ങളിൽ സർക്കാർ ഓണറേറിയം നൽകുന്നുണ്ട്. എന്നാൽ എയിഡഡ് വിദ്യാലയങ്ങളിലും 2012 ന് ശേഷം പ്രീസ്കൂൾ ക്ലാസ്സ് ആരംഭിച്ച ഗവൺമെന്റ് വിദ്യലയങ്ങളിലും യാതൊരുവിധ സാമ്പത്തികാനുകൂല്യങ്ങളും സർക്കാർ നൽകുന്നില്ല. രക്ഷിതാക്കൾ, അധ്യാപകർ തുടങ്ങിയവരിൽ നിന്നും പണം പിരിച്ചാണ് പ്രീ സ്കൂൾ നടത്തുന്നത്.
- പ്രീ സ്കൂൾ വിദ്യാഭ്യാസ കാര്യത്തിൽ ആവശ്യമായ നിയമ നിർമ്മാണമോ മാർഗരേഖയോ നിയന്ത്രണ സംവിധാനങ്ങളോ ഇല്ലാത്തതിനാൽ കുട്ടികളുടെ പ്രവേശനം, അധ്യാപകരുടെ തിരഞ്ഞെടുപ്പ്, ശമ്പളം നൽകൽ, കുട്ടികൾക്കു ലഭിക്കേണ്ട സേവനങ്ങൾ തുടങ്ങിയ കാര്യങ്ങളിലൊന്നും ഇടപെടാനോ ഗുണനിലവാരം ഉറപ്പാക്കാനോ സംവിധാനങ്ങളില്ല. 6 മാസം

മുതൽ 2 വർഷം വരെ കാലാവധിയുള്ള വിവിധ കോഴ്സുകൾ കഴിഞ്ഞവരാണ് അധ്യാപകർ. ഇതിൽ ഏറിയ പങ്കും അംഗീകാരമില്ലാത്ത സർട്ടിഫിക്കറ്റുകളാണ്.

- പര്യാപ്തമായ പ്രീ സർവീസ് പരിശീലനം ലഭിക്കാത്തവർ പ്രീ സ്കൂൾ അധ്യാപകരായി ജോലിയിൽ പ്രവേശിച്ച കഴിഞ്ഞാൽ ഇൻസർവീസ് പരിശീലനങ്ങൾ നൽകുന്നതിനും സംവിധാനങ്ങളില്ല. ശാസ്ത്രീയമായ ശിശു വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് പ്രീസ്കൂൾ അധ്യാപികയെ സഹായിക്കുന്നതിനുള്ള തന്ത്രികയാണ് ആയമാരുടേത്. ക്ലാസ് പ്രവർത്തനത്തിൽ എങ്ങനെ സഹായിക്കണമെന്നതിനെക്കുറിച്ച് പരിശീലനം നേടിയവരെയല്ല ആയമാരാക്കുന്നത്. ഇവർക്ക് തുടർന്ന് പരീശീലനവും ലഭിക്കുന്നില്ല.

ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

വിദ്യാഭ്യാസ അവകാശ നിയമം അനുശാസിക്കുന്ന രീതിയിൽ ഭൂരിഭാഗം മേഖലകളിലും വിദ്യാലയങ്ങൾ നിലനില്ക്കുന്ന ജില്ലയാണ് നമ്മുടേത്. 4 വിദ്യാഭ്യാസ ജില്ലകളിലായി 17 സബ് ജില്ലകൾ നിലനിൽക്കുന്നു.

പട്ടിക 4.2.5.1 : ജില്ലയിലെ സ്കൂൾ വിതരണം

വിഭാഗം (യൂനിറ്റ്)	ഗവ	എയ്ഡഡ്	അൺ എയ്ഡഡ്	ആകെ
എൽ പി	349	489	224	1062
യു പി	91	129	180	400
എച്ച് എസ്	106	119	229	554
ആകെ	546	737	633	2016

അവലംബം::ഡി ഡി ഇ, മലപ്പുറം 2015-16

ജില്ലയിൽ നിലവിൽ എൽ.പി, യു.പി ഹൈസ്കൂൾ തലങ്ങളിൽ ആകെ 2016 സ്കൂളുകൾ പ്രവർത്തിക്കുന്നു. ആയതിൽ എൽ.പി. വിഭാഗത്തിൽ ഗവൺമെന്റ്, എയ്ഡഡ്, അൺ എയ്ഡഡ്, മേഖലകളിലായി യഥാക്രമം 349,489,224 സ്കൂളുകളും യു.പി വിഭാഗത്തിൽ 91,129,180 സ്കൂളുകളും ഹൈസ്കൂൾതലത്തിൽ 106,119,229 സ്കൂളുകളും പ്രവർത്തിക്കുന്നു.

ഫിഷറീസ് സ്കൂളുകൾ

ജില്ലയിൽ ഫിഷറീസ് മേഖലയിൽ 8 ഫിഷറീസ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 4.2.5.2. : ഫിഷറീസ് സ്കൂളുകൾ

ക്രമ നം.	സ്കൂളിന്റെ പേര്	വിദ്യാർത്ഥികൾ			അദ്ധ്യാപകർ		
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1.	ജി.എഫ്.എച്ച്.എസ്.പി. പൊന്നാനി	38	34	72	1	4	5
2.	ജി.എസ്.പി.യു.എഫ്. വെളിയങ്കോട്	41	55	96	0	5	5
3.	ജി.എസ്.പി.യു.എഫ്. പുതുപൊന്നാനി	81	84	165	2	7	9
4.	ജി.എസ്.പി.യു.എഫ്. പാലപ്പെട്ടി	114	112	226	7	8	15
5.	ജി.എസ്.പി.യു.എഫ്. കടവനാട്	201	165	366	2	8	10

ക്രമ നം.	സ്കൂളിന്റെ പേര്	വിദ്യാർത്ഥികൾ			അദ്ധ്യാപകർ		
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
6.	ജിആ.ർഎച്ച്.ടി.എഫ്.. എസ് താനൂർ	36	0	36	4	4	8
7.	ജിഎ.എഫ്.ൽഎസ് .പി. പരപ്പനങ്ങാടി	108	100	208	4	5	9
8.	ജിഎ.എഫ്.ൽഎസ് .പി. കടലുണ്ടി	64	62	126	0	6	6

അവലംബം: ഇക്കണോമിക്സ് &സ്റ്റാറ്റിക്സ്2015 16

അനംഗീകൃതവിദ്യാലയങ്ങൾ

ജില്ലയിൽ ഏറ്റവും കൂടുതൽ അനംഗീകൃത വിദ്യാലയങ്ങൾ നിലനിൽക്കുന്നത് തിരൂർ വിദ്യാഭ്യാസ ജില്ലയിലാണ്. അനംഗീകൃത വിദ്യാലയങ്ങളായി 326 സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 4.2.5.3 : അനംഗീകൃത വിദ്യാലയങ്ങൾ

വിദ്യാഭ്യാസ ജില്ല	മുൻസിപ്പാലിറ്റി	ഗ്രാമ പഞ്ചായത്ത്	ആകെ
മലപ്പുറം	17	63	80
വണ്ടൂർ	1	105	106
തിരൂർ	12	128	140
ആകെ	30	296	326

അവലംബം : ഇക്കണോമിക്സ് &സ്റ്റാറ്റിസ്റ്റിക്സ് 2015–16

അൺ എയ്ഡഡ് വിദ്യാലയങ്ങൾ

ജില്ലയിലെ പൊതുവിദ്യാഭ്യാസ രംഗത്തെപ്പോലെ സമാന്തരമായി പ്രവർത്തിക്കുന്ന മേഖലയാണ് അൺ എയ്ഡഡ്. ജില്ലയിൽ രണ്ടുതരം സ്കൂളുകളാണ് ഉള്ളത്. സി ബി എസ് ഇ, ഐ.സി.എ.സ്ഇ എന്നീ വിദ്യാലയങ്ങൾ. കൂടാതെ നവോദയ വിദ്യാലയവും കേന്ദ്രീയ വിദ്യാലയവും ജില്ലയിൽ പ്രവർത്തിച്ചു വരുന്നു.

കേന്ദ്രീയവിദ്യാലയങ്ങൾ

പട്ടിക 4.2.5.4 : കേന്ദ്രീയ വിദ്യാലയങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ

ക്രമ നം	ജില്ല	വിദ്യാലയങ്ങളുടെ	വിദ്യാർത്ഥികൾ			അദ്ധ്യാപകർ		
			ആൺ	പെൺ	ആൺ	പെൺ	ആൺ	ആകെ
1.	കാസർഗോഡ്	3	563	552	1115	25	15	40
2.	കണ്ണൂർ	6	3689	3536	7225	84	147	231
3.	വയനാട്	1	289	268	557	6	14	20
4.	കോഴിക്കോട്	2	2132	1984	4116	31	78	109
5.	മലപ്പുറം	1	579	565	1144	1	17	28
6.	പാലക്കാട്	3	2754	2851	5605	37	109	146
7.	തൃശ്ശൂർ	2	1460	1367	2827	16	64	80
8.	എറണാകുളം	6	5904	5697	11601	70	204	274
9.	ഇടുക്കി	1	388	366	754	12	8	20
10.	കോട്ടയം	2	895	855	1750	14	29	43

ക്രമ നം	ജില്ല	വിദ്യാല യങ്ങളു ടെ	വിദ്യാർത്ഥികൾ			അദ്ധ്യാപകർ		
			ആ ൺ	പെ ൺ	ആ ൺ	പെ ൺ	ആ ൺ	ആ കെ
11.	ആലപ്പുഴ	1	365	289	654	12	11	23
12.	പത്തനംതിട്ട	2	1569	1577	3146	41	56	97
13.	കൊല്ലം	1	357	324	681	4	14	18
14.	തിരുവനന്തപുരം	5	5053	4954	10007	59	181	240

അവലംബം–പൊതു വിദ്യാഭ്യാസ ഡയറക്ടർ

വലിപ്പത്തിലും ജനസംഖ്യയിലും മറ്റു ജില്ലകളെ അപേക്ഷിച്ച് മുൻപന്തിയിൽ നിൽക്കുന്ന മലപ്പുറം ജില്ലയിൽ ഒന്നിൽ കൂടുതൽ കേന്ദ്രീയ വിദ്യാലയങ്ങളുടെ ആവശ്യകതയുണ്ട്.

നവോദയ വിദ്യാലയങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ

പട്ടിക 4.2.5.5 : നവോദയ വിദ്യാലയങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ

ക്രമ നം	ജില്ല	വിദ്യാല യങ്ങളു ടെ എണ്ണം	വിദ്യാർത്ഥികൾ			അദ്ധ്യാപകർ		
			ആൺ	പെൺ	ആ കെ	പെ ൺ	ആ ൺ	ആ കെ
1.	കാസർഗോഡ്	1	270	251	521	18	9	27
2.	കണ്ണൂർ	1	230	182	412	8	5	13
3.	വയനാട്	1	221	223	444	15	8	23
4.	കോഴിക്കോട്	1	271	215	486	14	13	27
5.	മലപ്പുറം	1	207	189	396	15	9	24
6.	പാലക്കാട്	1	263	205	468	12	12	24
7.	തൃശ്ശൂർ	1	292	222	514	10	16	26
8.	എറണാകുളം	1	284	244	528	16	11	27
9.	ഇടുക്കി	1	244	212	456	10	11	21
10.	കോട്ടയം	1	286	233	519	8	17	25
11.	ആലപ്പുഴ	1	258	204	462	11	14	25
12.	പത്തനംതിട്ട	1	259	269	528	12	14	26
13.	കൊല്ലം	1	263	198	461	5	10	15
14.	തിരുവനന്തപുരം	1	194	193	387	15	9	24

അവലംബം:പൊതു വിദ്യാഭ്യാസ ഡയറക്ടർ

കുട്ടികളുടെ എണ്ണം

2017–18 വർഷത്തിലെ ഒന്നു മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം 6,17,806 ആണ്. ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്നത് വേങ്ങര സബ് ജില്ല/ ബി ആർ സി പരിധിയിലാണ്. കുറവ് എടപ്പാൾ സബ് ജില്ലയിലും. കുട്ടികളുടെ പൊതു വിദ്യാലയങ്ങലിലേക്കുള്ള പ്രവേശനം സംബന്ധിച്ച വിശകലനത്തിൽ താഴെ കാണുന്ന പ്രവണത കാണാവുന്നതാണ്.

ക്ലാസ് 1

ഗവ. മേഖലയിൽ 2013, 2014 വർഷങ്ങളിൽ വർദ്ധനവ് ഉണ്ടായെങ്കിലും 2015–16 വർഷങ്ങളിൽ കുട്ടികളുടെ എണ്ണത്തിൽ കുറവു വന്നു. 2016–17 വർഷങ്ങളിലും 2017 –18 വർഷത്തിലും വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. എയ്ഡഡ് മേഖലയിൽ 2013– 14 നെക്കാൾ 2015 ലും 16 ലും കുട്ടികളുടെ പ്രവേശനത്തിൽ കുറവ് വന്നു. 2017 ൽ വർദ്ധനവ് ഉണ്ടായി. അൺ എയ്ഡഡ് മേഖലയിൽ 2013, 14, 15 വർഷങ്ങളിൽ വർദ്ധനവ് ഉണ്ടായെങ്കിലും 2017 വർഷത്തിൽ നേരിയ വർദ്ധനവ് മാത്രമാണുണ്ടായത്.

പട്ടിക 4.2.5.6 : എൽ പി കുട്ടികളുടെ പ്രവേശനം സംബന്ധിച്ച വിവരങ്ങൾ (5 വർഷം)

	ഗവൺമെന്റ്			എയ്ഡഡ്			അൺ എയ്ഡഡ്		
ക്ലാസ് 1	1			1			1		
വർഷം	B	G	T	B	G	T	B	G	T
2013 – 14	10092	10120	20212	17392	17454	34846	4770	4291	9061
2014–15	10188	11234	21422	16286	16564	32850	4540	3995	8535
2015–16	9882	9576	19458	16387	16475	32862	6207	5402	11609
2016–17	10020	10166	20186	15989	16122	32111	6219	5490	11709
2017–18	10622	10606	21228	19192	17086	34278	6509	5263	11772

അവലംബം : പൊതു വിദ്യാഭ്യാസ ഡയറക്ടർ

ക്ലാസ് 5

ഗവ മേഖലയിൽ 2013, 2014 വർഷങ്ങളിൽ വർദ്ധനവ് ഉണ്ടായെങ്കിലും 2015–16 വർഷത്തിൽ കുട്ടികളുടെ എണ്ണത്തിൽ കുറവു വന്നിരുന്നു. എന്നാൽ 2016–17 വർഷങ്ങളിലും 2017 –18 വർഷത്തിലും വർദ്ധനവ് ഉണ്ടായിട്ടില്ല. എയ്ഡഡ് മേഖലയിൽ 2013– 14 നേക്കാൾ 2015 ലും 16 ലും കുട്ടികളുടെ പ്രവേശനത്തിൽ കുറവ് വന്നിരുന്നു. 2017 ൽ നേരിയ വർദ്ധനവുണ്ടായി. അൺ എയ്ഡഡ് മേഖലയിൽ 2013 വർഷത്തെ അപേക്ഷിച്ച് 2014 ൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവുവന്നു. 2015 വർഷത്തിൽ പ്രവേശനത്തിൽ വർദ്ധനവ് ഉണ്ടായെങ്കിലും 2017 ൽ പ്രവേശനം നേടിയവരുടെ എണ്ണം വീണ്ടുംകുറഞ്ഞു.

പട്ടിക 4.2.5.7 : യു പി വിഭാഗം കുട്ടികളുടെ പ്രവേശനം സംബന്ധിച്ച താരതമ്യം (5 വർഷം)

ക്ലാസ് 5 / വർഷം	ഗവൺമെന്റ്			എയ്ഡഡ്			അൺ എയ്ഡഡ്		
	5			5			5		
	B	G	T	B	G	T	B	G	T
2013 – 14	11899	11453	23352	21931	21381	43312	4424	3896	8320
2014–15	11962	11643	23605	21936	20766	42702	3982	3617	7599
2015–16	10958	10794	21752	19856	19467	39323	4784	4298	9082
2016–17	11039	11202	22241	20255	20227	40482	4723	4260	8983
2017–18	10753	10571	21324	20707	19941	40648	4710	4027	8737

അവലംബം:പൊതു വിദ്യാഭ്യാസ ഡയറക്ടർ (ENROLMENT OF PUPILS LAST 5 YEAR)

ക്ലാസ് 8

സെക്കണ്ടറി വിദ്യാഭ്യാസ ഘട്ടമായ എട്ടാം ക്ലാസ്സ് പ്രവേശനം പരിശോധിച്ചാൽ ഗവ. മേഖലയിൽ 2013–2014, 2014– 2015 വർഷങ്ങളിൽ വലിയ വ്യത്യാസം വന്നിട്ടില്ല. 2017 ൽ കുട്ടികളുടെ എണ്ണത്തിൽ കുറവു വന്നു. എയ്ഡഡ് മേഖലയിൽ 2013 –14 വർഷത്തെ അപേക്ഷിച്ച് 2015, 2016, 2017 വർഷങ്ങളിൽ പ്രവേശനം നേടിയവർ കുറവായിരുന്നു.

അൺ എയ്ഡഡ് മേഖലയിൽ 2013 വർഷത്തെ അപേക്ഷിച്ച് 2014, 2015 വർഷങ്ങളിലും വർദ്ധനവ് കാണുന്നു. 2017 ൽ നേരിയ കുറവ് പ്രവേശനത്തിൽ വന്നിട്ടുണ്ട്. പൊതു വിദ്യാലയങ്ങളിൽ പ്രവേശനം കുറയുന്നതിന് കാരണം പഠന മാധ്യമമായ ഇംഗ്ലീഷ് മികച്ചതാണെന്ന ധാരണ രക്ഷിതാക്കളിലുണ്ട്.

പട്ടിക 4.2..5.8 : എട്ടാം ക്ലാസിലെ കുട്ടികളുടെ പ്രവേശനം സംബന്ധിച്ച താരതമ്യം (5 വർഷം.)

ക്ലാസ് 4	ഗവൺമെന്റ്			എയ്ഡഡ്			അൺ എയ്ഡഡ്		
	VIII			VIII			VIII		
വർഷം	B	G	T	B	G	T	B	G	T
2013 – 14	14440	14343	28783	23012	21970	44982	3733	3503	7236
2014-15	14362	14273	28635	22373	21302	43675	3743	3301	7044
2015-16	14465	13859	28324	22114	21148	43262	4003	3458	7461
2016-17	13749	13497	27246	21789	21294	43083	4033	3676	7709
2017-18	13540	13103	26643	21364	20002	41366	3939	3506	7445

അവലംബം:പൊതു വിദ്യാഭ്യാസ ഡയറക്ടർ (ENROLMENT OF PUPILS LAST 5 YEAR)

പട്ടിക 4.2..5.9. : ക്ലാസ് 1, 5, 8 വിവരം സംക്ഷിപ്തമായി നൽകിയിരിക്കുന്നു

ക്ലാസുകൾ	I			V			VIII		
വർഷം	B	G	T	B	G	T	B	G	T
2013 -14	32254	31865	64119	38254	36730	74984	41185	39816	81001
2014-15	31014	31793	62807	37880	36026	73906	40478	38876	79354
2015-16	32476	31453	63929	35598	34559	70157	40582	38465	79047
2017-18	34323	32955	67278	36170	34539	70709	38843	36611	75454

അവലംബം-പൊതു വിദ്യാഭ്യാസ ഡയറക്ടർ (ENROLMENT OF PUPILS LAST 5 YEAR)

ക്ലാസ് 5, 8 എന്നിവയെ അപേക്ഷിച്ച് 2017-18 വർഷം ഒന്നാം ക്ലാസിലുള്ള വിദ്യാർത്ഥികളുടെ എണ്ണം വളരെ കൂടുതൽ ആണ്.

പട്ടിക 4.2.5.10 : ജില്ലയിലെ എസ്.സി വിദ്യാർത്ഥികളുടെ എണ്ണം (2017-18)

ക്ലാസുകൾ	ഗവൺമെൻറ്			എയ്ഡഡ്			അൺ എയ്ഡഡ്			ആകെ		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	1324	957	2281	1215	1185	2400	109	2142	2251	2648	4284	6932
2	915	945	1860	1185	1143	2328	81	81	162	2181	2169	4350
3	908	949	1857	1224	1170	2394	73	75	148	2205	2194	4399
4	945	858	1803	1205	1117	2322	99	82	181	2249	2057	4306
5	904	899	1803	1429	1335	2764	47	37	84	2380	2271	4651
6	998	936	1934	1536	1425	2961	36	52	88	2570	2413	4983
7	995	898	1893	1422	1381	2803	69	36	105	2486	2315	4801
8	1491	1450	2896	1133	1155	2288	25	32	57	2649	2592	5241
9	1561	1429	2990	1246	1168	2414	34	43	77	2841	2640	5481
10	1522	1422	2944	1321	1162	2483	28	25	53	2871	2609	5480

അവലംബം :വിദ്യാഭ്യാസ ഉപഡയറക്ടർ,മലപ്പുറം

പട്ടിക 4.2.5.11. : ജില്ലയിലെ എസ്.ടി വിദ്യാർത്ഥികളുടെ എണ്ണം (2017-18)

ക്ലാസുകൾ	ഗവൺമെൻറ്			എയ്ഡഡ്			അൺ എയ്ഡഡ്			ആകെ		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	105	87	192	42	41	83	3	4	7	150	132	282

2	85	71	156	47	56	103	5	3	8	137	130	267
3	93	74	167	52	44	96	0	5	5	145	123	268
4	82	73	155	50	53	103	0	2	2	132	128	260
5	105	90	195	77	87	164	2	2	4	184	179	363
6	114	103	217	84	98	182	0	2	2	198	203	401
7	99	100	199	101	91	192	1	0	1	201	191	392
8	100	87	187	82	75	157	4	1	5	186	163	349
9	91	63	154	100	103	203	2	1	3	193	167	360
10	86	76	162	72	75	147	10	1	11	168	152	320

അവലംബം: വിദ്യാഭ്യാസ ഉപഡയറക്ടർ,മലപ്പുറം

വിദ്യാർത്ഥികൾക്കിടയിലെ കൊഴിഞ്ഞുപോക്ക്

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ സ്കൂൾ വിദ്യാർഥികളുടെ കൊഴിഞ്ഞ് പോക്ക് വളരെയധികം കുറവാണ്. 2016-17 ലെ കണക്കനുസരിച്ച് സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോകൽ നിരക്ക് 0.22 ശതമാനം ആണ്. കൊഴിഞ്ഞു പോകലിന്റെ നിരക്ക് താരതമ്യം ചെയ്യുമ്പോൾ യു.പി തലത്തിനേക്കാൾ കൂടുതൽ കൊഴിഞ്ഞുപോക്ക് എൽ.പി. തലത്തിലാണ്.

ജില്ലയിൽ എൽ.പി., യു.പി., ഹൈസ്കൂൾ വിഭാഗങ്ങളിലെ കൊഴിഞ്ഞു പോക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 4.2.5.12 : ജില്ലയിൽ എൽ.പി., യു.പി., ഹൈസ്കൂൾ വിഭാഗങ്ങളിലെ കൊഴിഞ്ഞു പോക്ക്

മലപ്പുറം	എൽ.പി.			യു.പി			ഹൈസ്കൂൾ		
	പ്രവേശനം	കൊഴിഞ്ഞു പോകൽ	കൊഴിഞ്ഞു പോകൽ %	പ്രവേശനം	കൊഴിഞ്ഞു പോകൽ	കൊഴിഞ്ഞു പോകൽ %	പ്രവേശനം	കൊഴിഞ്ഞു പോകൽ	കൊഴിഞ്ഞു പോകൽ %
	263426	340	0.13	220309	138	0.06	241060	302	0.13

അവലംബം: വിദ്യാഭ്യാസ ഉപഡയറക്ടർ,മലപ്പുറം

2016-17 വർഷത്തിൽ എൽ.പി. സ്കൂൾ പ്രവേശനം നേടിയ 263426 പേരിൽ 340 പേരും യു.പി വിഭാഗത്തിൽ പ്രവേശനം നേടിയ 220309 പേരിൽ 138 പേരും ഹൈസ്കൂൾ വിഭാഗത്തിൽ 241066 പേരിൽ 302 പേരും ആണ് കൊഴിഞ്ഞു പോയിട്ടുള്ളത്. അതായത് എൽ.പി., യു.പി., ഹൈസ്കൂൾ വിഭാഗങ്ങളിൽ ജില്ലയിലെ കൊഴിഞ്ഞു പോക്കിന്റഎ ശതമാനം യഥാക്രമം 0.13%, 0.16%, 0.13% എന്നിങ്ങനെയാണ്.

ജില്ലയെ ഒരു യൂണിറ്റായി പരിഗണിക്കുമ്പോൾ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ ആണ് ഏറ്റവും കൂടുതൽ കൊഴിഞ്ഞുപോക്ക് കാണാൻ സാധിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 4.2.5.13 : 2016-17-കൊഴിഞ്ഞുപോക്ക് വിശദാംശങ്ങൾ

	ഗവൺമെന്റ്			പ്രൈവറ്റ് എയിഡഡ്			പ്രൈവറ്റ് അൺ എയിഡഡ്		
മലപ്പുറം	പ്രവേശനം	കൊഴിഞ്ഞു പോകൽ	കൊഴിഞ്ഞു പോകൽ %	പ്രവേശനം	കൊഴിഞ്ഞു പോകൽ	കൊഴിഞ്ഞു പോകൽ %	പ്രവേശനം	കൊഴിഞ്ഞു പോകൽ	കൊഴിഞ്ഞു പോകൽ %
പട്ടികജാതി	23014	14	0.06	26743	25	0.09	1146	0	0
പട്ടിക വർഗ്ഗം	1909	19	1.00	1438	20	1.39	58	0	0

അവലംബം: വിദ്യാഭ്യാസ ഉപഡയറക്ടർ,മലപ്പുറം

ജില്ലയിൽ ഗവൺമെന്റ് സ്കൂളുകളിൽ പ്രവേശനം നേടിയ പട്ടികജാതി വിദ്യാർഥികളിൽ 0.06% ഉം പ്രൈവറ്റ് എയിഡഡ് സ്കൂളുകളിൽ പ്രവേശനം നേടിയ പട്ടികജാതി വിദ്യാർത്ഥികളിൽ 0.09% ആണ് കൊഴിഞ്ഞു പോക്കിന്റെ നിരക്ക്.

പട്ടിക വർഗ്ഗ വിഭാഗക്കാരിൽ ഗവൺമെന്റ് , പ്രൈവറ്റ് എയിഡഡ് മേഖലയിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളിൽ കൊഴിഞ്ഞു പോക്കിന്റെ ശതമാനം യഥാക്രമം 1%, 1.39% എന്നിങ്ങനെയാണ്. പട്ടികജാതി വിഭാഗക്കാരെ അപേക്ഷിച്ച് പട്ടിക വർഗ്ഗ വിഭാഗങ്ങളിലാണ് കൊഴിഞ്ഞു പോക്കിന്റെ നിരക്ക് ഉയർന്നിരിക്കുന്നത്. പട്ടിക വർഗ്ഗ വികസന വകുപ്പ് വിദ്യാർത്ഥികൾക്കിടയിലുള്ള കൊഴിഞ്ഞു പോക്ക് തടയുന്നതിനായി ശ്രമകരമായ പ്രവർത്തനങ്ങളും ആകർഷകമായ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നുണ്ട്.

പട്ടിക 4.2.5.14 : 2017–18 വർഷത്തിൽ ഒന്നു മുതൽ പത്ത് വരെ ക്ലാസ്സുകളിൽ നിന്നും കൊഴിഞ്ഞുപോകുന്ന കുട്ടികളുടെ വിശദാംശങ്ങൾ

സ്റ്റാൻഡേർഡ്	ഗവൺമെന്റ്			എയ്ഡഡ്			അൺ എയ്ഡഡ്			ആകെ		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	24	20	44	27	21	48	4	1	5	55	42	97
2	9	7	16	14	8	22	2	0	2	25	15	40
3	9	2	11	10	10	20	1	2	3	20	14	34
4	7	1	8	13	4	17	1	5	6	21	10	31
5	1	0	1	19	6	25	5	0	5	25	6	31
6	7	1	8	27	4	31	0	0	0	34	5	39
7	2	0	2	29	5	34	1	0	1	32	5	37
8	9	1	10	34	6	40	2	0	2	45	7	52
9	24	6	30	52	13	65	1	0	1	77	19	96
10	8	7	15	18	14	32	2	0	2	28	21	49

അവലംബം : ഡപ്യൂട്ടി ഡയറക്ടർ വിദ്യാഭ്യാസം, മലപ്പുറം

ജില്ലയിലെ ഒന്നു മുതൽ പത്ത് വരെ ക്ലാസ്സുകളിലെ പഠനം പൂർത്തിയാകാതെ കൊഴിഞ്ഞുപോകുന്ന കുട്ടികളുടെ പട്ടിക നൽകിയിരിക്കുന്നു. ഗവ മേഖലയിൽ 145 കുട്ടികളും എയ്ഡഡ് മേഖലയിൽ നിന്ന് 334 കുട്ടികളും പഠനം തുടർന്ന് ലഭിക്കാതെ പോയി..

എസ്. എസ്. എൽ. സി. റിസൾട്ട്

എസ്. എസ്. എൽ. സി. റിസൾട്ട് മെച്ചപ്പെടുത്തുന്നതിൽ മലപ്പുറം ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന വിജയഭേരി പദ്ധതി മികച്ച ഇടപെടലാണ് നടത്തിയത്. 2002 ലാണ് പദ്ധതി ആരംഭിച്ചത്. വിജയഭേരി പദ്ധതി യു. പി, എൽ. പി വിഭാഗങ്ങളിലേക്കു കൂടി വ്യാപിപ്പിച്ചിട്ടുണ്ട്. വിവിധ വർഷങ്ങളിലെ എസ്. എസ്. എൽ. സി. റിസൾട്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 4.2.5.15 : വിവിധ വർഷങ്ങളിലെ എസ്. എസ്. എൽ. സി. റിസൾട്ട്

വർഷം	സംസ്ഥാന ശരാശരി %	ജില്ല %	എ + നേടിയവർ	100% നേടിയ സ്കൂളുകൾ
2002	60.62	41.23	–	–
2012	93..64	92.11	693	77
2013	94.17	91.43	1286	75
2014	95.47	95.48	2056	92
2015	98.57	98.30	2198	83
2016	96.59	95.83	3555	119
2017	95.98	95.53	3640	116

അവലംബം. വിദ്യാഭ്യാസ ഉപഡയറക്ടർ,മലപ്പുറം

പട്ടിക വർഗ്ഗ വിഭാഗം

വിദ്യാഭ്യാസ അവകാശനിയമപ്രകാരം വിദ്യാഭ്യാസം ലഭ്യമാക്കാൻ കഴിയാത്തത് പ്രധാനമായും പട്ടികവർഗ മേഖലയിലാണ് .

പട്ടിക 4.2.5.16 : പട്ടികവർഗ്ഗ മേഖല വിശദാംശങ്ങൾ

വിശദാംശങ്ങൾ	എണ്ണം
സ്ത്രീകൾ	5422
പുരുഷൻമാർ	5215
കുടുംബങ്ങൾ	2923
പട്ടികവർഗ കോളനികൾ	188

അവലംബം: പട്ടികവർഗ വികസന വകുപ്പ്

ഈ മേഖലയിൽ കാണുന്ന അവസ്ഥാ വിശകലനത്തിൽ ഉന്നത പഠനം പൂർത്തിയാക്കിയവർ പോലും തുടർ പഠനം നടത്തുന്നില്ല എന്ന് കാണാവുന്നതാണ്. മോഡൽ റസിഡൻഷ്യൽ സ്കൂളിലും ഡ്രോപ് ഔട്ട് നിലനിൽക്കുന്നു. അവധിക്കാലത്തിനു ശേഷം വിദ്യാലയത്തിലേക്ക് തിരിച്ചു പോകുന്നത് കുറയുന്നു. കുട്ടികൾക്കിടയിലും മാതാപിതാക്കൾക്കിടയിലും മദ്യപാനം നിലനിൽക്കുന്നു. മാതാപിതാക്കളുടെ തൊഴിൽപരമായ പ്രതിസന്ധികൾ കുട്ടികളുടെ പഠനത്തെ ബാധിക്കുന്നു.

ഭൗതിക സൗകര്യങ്ങൾ

ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിൽ പൂർണ്ണതയിലെത്തുന്നതിന് ഇതുവരെ സാധിച്ചിട്ടില്ല. തദ്ദേശ സ്ഥാപനങ്ങളുടെ ഇടപെടൽ മാത്രമാണ് ആശ്വാസകരം. ജില്ലയിലെ മുഴുവൻ വിദ്യാലയങ്ങൾക്കും ഇതുവരെ സ്വന്തം കെട്ടിടങ്ങളില്ല. 44 ഗവ വിദ്യാലയങ്ങളും 45 എയ്ഡഡ് വിദ്യാലയങ്ങളും വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്നു. എല്ലാ വിദ്യാലയങ്ങളിലെയും ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. മുഖ്യ പരിഗണന നൽകേണ്ട കാര്യമാണിത്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയിൽ 68 എൽ. പി. സ്കൂൾകളും 21 യു. പി. സ്കൂളുകളുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി (4.2.5.2 ൽ) ചേർക്കുന്നു.

ഭൗതിക സൗകര്യങ്ങളുടെ അഭാവം

എല്ലാ വിദ്യാലയങ്ങളിലും വൈദ്യുതി ലഭ്യമായിട്ടുണ്ട്. 90% സ്കൂളുകളിലും വിദ്യാർത്ഥികളുടെ എണ്ണത്തിനനുസരിച്ച് ടോയിലറ്റുകളില്ല. ലൈബ്രറി പ്രത്യേകമായി പ്രവർത്തിക്കുന്നത് 964 വിദ്യാലയങ്ങളിൽ മാത്രമാണ്. ലൈബ്രറി ഇല്ലാത്ത 351 സ്കൂളുകളുണ്ട്. മികച്ചതോ പേരിനുമാത്രമോ ആയ ശാസ്ത്ര ലാബുകളുള്ള വിദ്യാലയങ്ങളുടെ എണ്ണം ജില്ലയിൽ 360 മാത്രമാണ്. ലാബുകളിൽ വെച്ച് പഠനം നടക്കുന്ന രീതി കുറഞ്ഞു വരുന്നു. കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ കഴിയാത്ത 4 വിദ്യാലയങ്ങളുണ്ട്. ആയതിൽ 2 ഗവ സ്കൂളുകളും, 2 എയിഡഡ് സ്കൂളുകളും ഉൾപ്പെടുന്നു. ജില്ലയിൽ 412 വിദ്യാലയങ്ങൾക്ക് കളിസ്ഥലമില്ല. എൽ പി മേഖലയിൽ കമ്പ്യൂട്ടർ ലാബില്ലാത്ത 13 വിദ്യാലയങ്ങളും യു പി മേഖലയിൽ 21 വിദ്യാലയങ്ങളും പ്രവർത്തിച്ചുവരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 4.2.5.17 : ഭൗതിക സൗകര്യങ്ങളുടെ അഭാവം

ക്രമ നം	ഇനം	ഗവൺമെന്റ് സ്കൂളുകൾ	എയ്ഡഡ് സ്കൂളുകൾ	ആകെ
1	കമ്പ്യൂട്ടർ ലാബ് സൗകര്യം	214	332	546
2	കളിസ്ഥലം	217	195	412
3	ലൈബ്രറി	170	181	351
4	സയൻസ് ലാബ്	322	484	806

അവലംബം: വിദ്യാഭ്യാസ ഉപഡയറക്ടർ,മലപ്പുറം

ഹയർ സെക്കൻഡറി/ വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസം

ദേശീയ വിദ്യാഭ്യാസ നയത്തിന് ആനുസൃതമായി സെക്കൻഡറി വിദ്യാഭ്യാസം പുന: ക്രമീകരിക്കുന്നതിനു വേണ്ടിയാണ് ഹയർ സെക്കൻഡറി കോഴ്സുകൾ 1990-91 കാലയളവിൽ സംസ്ഥാനത്ത് നിലവിൽ വന്നത്. വിദ്യാഭ്യാസത്തോടൊപ്പം നേരിട്ടുള്ള വ്യക്തിഗത തൊഴിൽ സാധ്യതകളും കഴിവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പ്ലസ് ടു തലത്തിലുള്ള വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നൽകുകയാണ് വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമിടുന്നത്.

ജില്ലയിൽ 2017-18 കാലഘട്ടത്തിൽ ഗവൺമെന്റ്, എയിഡഡ്, അൺഎയിഡഡ് മേഖലകളിലായി യഥാക്രമം 248 സ്കൂളുകൾ ഹയർ സെക്കണ്ടറി മേഖലയിലും 27 സ്കൂളുകൾ വൊക്കേഷണൽ ഹയർ സെക്കണ്ടറി മേഖലയിലും പ്രവർത്തിച്ചു വരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 4.2.5.18 : ജില്ലയിലെ ഹയർ സെക്കണ്ടറി/ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളുടെ വിശദാംശങ്ങൾ – 2017

വിഭാഗം	ഗവൺമെന്റ്	എയിഡഡ്	അൺ എയിഡഡ്	ആകെ
ഹയർ സെക്കണ്ടറി സ്കൂളുകൾ	86	89	73	248
വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ	24	3	-	27

അവലംബം: സാമ്പത്തിക അവലോകനം 2017

ജില്ലയിൽ ഹയർ സെക്കണ്ടറി മേഖലയിൽ 86 സ്കൂളുകൾ ഗവൺമെന്റ് മേഖലയിലും 89 സ്കൂളുകൾ എയിഡഡ് മേഖലയിലും 73 സ്കൂളുകൾ അൺ എയിഡഡ് മേഖലയിലും പ്രവർത്തിച്ചുവരുന്നു. വൊക്കേഷണൽ ഹയർ സെക്കണ്ടറി തലത്തിൽ 24 സ്കൂളുകൾ ഗവൺമെന്റ് മേഖലയിലും 3 സ്കൂളുകൾ എയിഡഡ് മേഖലയിലും പ്രവർത്തിച്ചുവരുന്നു.

ജില്ലയിലെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ 432 സയൻസ് ബാച്ചുകളും 263 ഹ്യുമാനിറ്റീസ് ബാച്ചുകളും 357 കൊമേഴ്സ് ബാച്ചുകളും ഉണ്ട്. മറ്റു ജില്ലകളുമായി താരതമ്യം ചെയ്യുമ്പോൾ കൂടുതൽ സ്കൂളുകളും ബാച്ചുകളും ഉള്ളത് നമ്മുടെ ജില്ലക്കാണ്. എന്നാൽ ജനസംഖ്യയിൽ മുന്നിൽ നിൽക്കുന്ന ജില്ലക്ക് വിദ്യാർത്ഥികളുടെ ഉപരി പഠനത്തിന് നിലവിലുള്ള ബാച്ചുകൾ അപര്യാപ്തമാണ്.

ജില്ലയിൽ 2017-18 വർഷം എസ്.എസ്.എൽ.സി. പാസ്സായ വിദ്യാർത്ഥികളുടെ എണ്ണം 77922 ആണ്. എന്നാൽ 52486 സീറ്റുകളാണ് നിലവിൽ ഹയർ സെക്കണ്ടറി മേഖലയിലുള്ളത്. ജില്ലയിലുള്ള ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, പോളി ടെക്നിക്കുകൾ, ഐ.ടി.ഐകൾ എന്നിവിടങ്ങളിലെ സീറ്റുകൾ കൂടി കണക്കാക്കുമ്പോൾ മൊത്തം സീറ്റികളുടെ എണ്ണം 58131 ആണ്. അതായത് ഉപരി പഠനത്തിന് യോഗ്യത നേടിയ 19791 കുട്ടികൾക്ക് ഉപരി പഠനത്തിന് അവസരം ജില്ലയിൽ ലഭ്യമാവുകയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 4.2.5.19 : നിലവിൽ ജില്ലയിൽ ലഭ്യമായ സീറ്റുകളുടെ വിശദാംശങ്ങൾ

ഉപരിപഠനത്തിന് യോഗ്യത നേടിയ ആകെ കുട്ടികളുടെ എണ്ണം	77922
നിലവിലുള്ള പ്ലസ് വൺ സീറ്റുകൾ	52486
നിലവിലുള്ള വൊക്കേഷണൽ ഹയർ സെക്കണ്ടറി സീറ്റുകൾ	2325
നിലവിൽ പോളി ടെക്നികുകളിലുള്ള സീറ്റുകൾ	2350
നിലവിൽ ഐടി.ഐ കളിലുള്ള സീറ്റുകൾ	970
ആകെ	58131

അവലംബം: ഡെപ്യൂട്ടി ഡയറക്ടർ വിദ്യാഭ്യാസം.

അൺ എയിഡഡ് മേഖലയിൽ 1286 സീറ്റുകൾ നിലവിൽ ഉണ്ടെങ്കിലും കഴിഞ്ഞ വർഷങ്ങളിൽ ഇവിടെ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന അവസ്ഥയാണ് ഉണ്ടായിരുന്നത്. നിലവിലുള്ള 52486 സീറ്റുകളിൽ 34045 എണ്ണം സീറ്റുകൾ മാത്രമാണ് മെറിറ്റിൽ ലഭ്യമാവുന്നത്. മാനേജ്മെന്റ് കാറ്റഗറിയിൽ 4485 പേർക്കും കമ്മ്യൂണിറ്റി കാറ്റഗറിയിൽ 2670 പേർക്കും അവസരം ലഭിക്കുന്നു. നിലവിലുള്ള 27 വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ 93 ബാച്ചുകളിൽ 2325 സീറ്റുകളാണ് നിലവിലുള്ളത്. ഓരോ ബാച്ചിലും 25 പേർക്കാണ് പ്രവേശനം .9 പോളി ടെക്നിക്കുകളിൽ 5 എണ്ണം സർക്കാർ മേഖലയിലും 4 എണ്ണം സ്വാശ്രയ മേഖലയിലുമാണ്. സർക്കാർ പോളി ടെക്നിക്കുകളിൽ 1210 പേർക്കും സ്വാശ്രയ പോളി ടെക്നിക്കുകളിൽ 1140 പേർക്കുമാണ് ഉപരി പഠനത്തിന് അവസരമുള്ളത്.

ജനസംഖ്യയിൽ മുൻപിൽ നിൽക്കുന്ന ജില്ലയിൽ ഓരോവർഷവും SSLC പാസായി വരുന്ന വിദ്യാർത്ഥിക്ക് സർക്കാർ, എയ്ഡഡ് മേഖലയിൽ പഠനത്തിനുള്ള സൗകര്യം വളരെ കുറവാണ്. ആയതിനാൽ ജില്ലയുടെ പ്രത്യേക സാഹചര്യം പരിഗണിച്ച് ഹയർ സെക്കണ്ടറി / വൊക്കേഷണൽ ഹയർ സെക്കണ്ടറി മേഖലയിൽ SSLC വിജയിച്ച എല്ലാ വിദ്യാർത്ഥികൾക്കും ഉപരി പഠനത്തിനുള്ള അവസരം ലഭ്യമാക്കാവുന്നതാണ്.

കോളേജ് വിദ്യാഭ്യാസം

സെക്കണ്ടറി വിദ്യാഭ്യാസത്തിനു ശേഷം ഉപരിപഠനത്തിന് വരുന്ന വിദ്യാർത്ഥികൾക്ക് വേണ്ടത്ര ബിരുദം/പി.ജി. കോഴ്സുകളും സ്ഥാപനങ്ങളും ആവശ്യത്തിന് ജില്ലയിൽ നിലവിലില്ല. കൂടാതെ വേണ്ടത്ര ഗവേഷണ സ്ഥാപനങ്ങളുടെയും സാങ്കേതിക വിദ്യാഭ്യാസം/പ്രൊഫഷണൽ കോളേജുകളുടെയും അഭാവം നിലനിൽക്കുന്നു. സർക്കാർ/എയിഡഡ് മേഖലകളിൽ ജില്ലയിൽ നിലവിൽ ഒരു എഞ്ചിനീയറിംഗ് കോളേജുകളും സ്ഥാപനങ്ങളും നിലവിലില്ല. നിലവിൽ അനുവദിച്ച കോളേജുകളിൽ ഭൗതീക സൗകര്യങ്ങളിൽ അഭാവം നിഴലാക്കുന്നുണ്ട്. നിലവിലുള്ള കോളേജുകളുടെ ഭൗതീക സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ഗവേഷണത്തിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കേണ്ടതാണ്.

പട്ടിക 4.2.5.20 : ജില്ലയിൽ ബിരുദ/ പി.ജി. കോഴ്സുകളുള്ള സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ

കോളേജിന്റെ വിശദാംശങ്ങൾ	എണ്ണം
ഗവൺമെന്റ് കോളേജുകൾ	8
എയിഡഡ് കോളേജുകൾ	20
അപ്ലൈഡ് സയൻസ് കോളേജുകൾ	5
അറബിക് കോളേജുകൾ	10
സ്വാശ്രയ കോളേജുകൾ	51
എഞ്ചിനീയറിംഗ് കോളേജുകൾ	12

അവലംബം: ഡെപ്യൂട്ടി ഡയറക്ടർ വിദ്യാഭ്യാസം.

2017-18 ജില്ലയിലെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിന്നും മാത്രമായി 46110 പേർ ഉപരി പഠനത്തിന് യോഗ്യത നേടിയിട്ടുണ്ട്. VHSC, ടെക്കനിക്കൽ സ്കൂൾ, ഓപ്പൺ സ്കൂൾ എന്നിവയിൽ നിന്നും യോഗ്യത നേടിയ വിദ്യാർത്ഥികളുടെ എണ്ണംകൂടി കണക്കിലെടുക്കുമ്പോൾ ആകെ വിദ്യാർത്ഥികളുടെ എണ്ണം അരലക്ഷത്തിൽ കവിയും. എന്നാൽ ജില്ലയിൽ നിലവിലുള്ള ബിരുദ സീറ്റുകളുടെ എണ്ണം 20,000 ത്തിൽ താഴെ മാത്രമാണ്. കൂടാതെ ജില്ലയിൽ 2930 എഞ്ചിനീയറിംഗ് സീറ്റുകൾ നിലവിൽ ഉണ്ട്.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ മലപ്പുറം ജില്ലയിൽ കോഴിക്കോട് സർവ്വകലാശാലയുടെ കീഴിൽ വിവിധ കോളേജുകളിൽ ലഭ്യമായ കോഴ്സുകളും സീറ്റുകളുടെ എണ്ണവും താഴെ കൊടുത്തിരിക്കുന്നു.

പട്ടിക 4.2.5.21 : മലപ്പുറം ജില്ലയിലെ ആർട്സ് & സയൻസ് കോളേജുകളിൽ ലഭ്യമായ കോഴ്സുകളും സീറ്റുകളുടെ എണ്ണം

ക്രമ നം	കോഴ്സ്	സീറ്റുകളുടെ എണ്ണം
1	ബി.എൽ.ഐ.എസ്.സി	24
2	ബി.എ	5490
3	ബി.ബിഎ	1949
4	ബി.സി.എ	672
5	ബി.കോം	5775
6	ബി.എം.എം.സി	30
7	ബി.എസ്.സി.	4741
8	ബി.എസ്.ഡബ്ലു	114
9	ബി.ടി.എച്ച്.എം.	60
10	യു.ജി & പി.ജി. കോഴ്സുകൾ	544
11	എം.എ	683
12	എം.കോം.	789
13	എം.എസ്.സി.	625
14	എം.എസ്.ഡബ്ലു	50
15	എം.ടി.എച്ച്.എം.	15
ഐ.എച്ച്.ആർഡി കോളേജുകൾ		
ക്രമ നം	കോഴ്സ്	സീറ്റുകളുടെ എണ്ണം
1	ബി.കോം	134
2	ബി.സി.എ	24
3	ബി.എസ്.സി.	240
4	എം.എസ്.സി.	34
5	എം.കോം.	15
അറബിക് കോളേജുകൾ		
ക്രമ നം	കോഴ്സ്	സീറ്റുകളുടെ എണ്ണം
1	ബി.എ	950
2	ബി.കോം	120
3	യു.ജി & പി.ജി. കോഴ്സുകൾ	93
4	എം.എ	70
5	പോസ്റ്റ്	40
6	പ്രിലിമിനറി	984
ടെയിനിംഗ് കോളേജുകൾ		
ക്രമ നം	കോഴ്സ്	സീറ്റുകളുടെ എണ്ണം
1	ബി.എഡ്	1050
2	യു.ജി & പി.ജി. കോഴ്സുകൾ	44
3	എം.എഡ്	150
എഞ്ചിനീയറിംഗ് കോളേജുകൾ		
ക്രമ നം	കോഴ്സ്	സീറ്റുകളുടെ എണ്ണം
1	ബി.ആർക്	280
2	ബി.ടെക്	2280
3	യു.ജി & പി.ജി. കോഴ്സുകൾ	85

4	എം.ടെക്	366
5	എം.ആർക്	58
6	എം.ബി.എ	260
7	എം.സി.എ	60
ലോ കോളേജുകൾ		
ക്രമ നം	കോഴ്സ്	സീറ്റുകളുടെ എണ്ണം
1	ലോ കോളേജുകൾ	415

അവലംബം: കാലിക്കറ്റ് യൂണിവേഴ്സിറ്റി വെബ്സൈറ്റ്

ഉന്നത വിദ്യാഭ്യാസ മേഖലയിൽ ജില്ലയിലെ പ്രധാന സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക 4.2.5.22 : ജില്ലയിലെ പ്രധാന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിവരങ്ങൾ

കോളേജിന്റെ വിശദാംശങ്ങൾ	എണ്ണം
സർവ്വകലാശാലകൾ	2
മെഡിക്കൽ കോളേജുകൾ (ഗവൺമെന്റ്)	1
മെഡിക്കൽ കോളേജുകൾ (സ്വാശ്രയം)	1
മെഡിക്കൽ കോളേജുകൾ (ആയുർവേദം)	1
ടെയിനിംങ്ങ് കോളേജുകൾ	
എഞ്ചിനീയറിംഗ് കോളേജുകൾ	
പോളിടെക്നിക്കുകൾ	
ഐ.ടി.ഐ. കൾ	

അവലംബം: കാലിക്കറ്റ് യൂണിവേഴ്സിറ്റി വെബ്സൈറ്റ്

അടുത്ത കാലത്തായി എൻട്രൻസ് പരീക്ഷകളിൽ ജില്ലയിൽ നിന്നുള്ള വിദ്യാർത്ഥികൾ തിളക്കമുള്ള വിജയങ്ങൾ കരസ്ഥമാക്കുന്നുണ്ടെങ്കിലും മിക്കവർക്കും ജില്ലയ്ക്ക് പുറത്താണ് പഠനത്തിനുള്ള അവസരങ്ങൾ ലഭിക്കുന്നത്. ജില്ലയിൽ നിലവിൽ മഞ്ചേരി മേഡിക്കൽ കോളേജ് നിലവിലുണ്ടെങ്കിലും വേണ്ടത്ര ഭൗതീക സൗകര്യങ്ങളുടെ അഭാവം ഇതിന്റെ മുന്നോട്ടുള്ള പ്രവർത്തനത്തെ തടസപ്പെടുത്തുന്നുണ്ട്.

എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖലയിൽ സർക്കാർ തലത്തിലുള്ള വിദ്യാലയങ്ങളുടെ അഭാവം നിഴലിക്കുന്നു. പല കോളേജുകളിലുള്ള കോഴ്സുകൾ പരമ്പരാഗത രീതിയിലുള്ളതാണ്. നിലവിലെ സാഹചര്യത്തിനനുസരിച്ച് ഉന്നത വിദ്യാഭ്യാസ രംഗത്ത് ഉത്പാദനക്ഷമമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നൈപുണ്യ വികസനം സാധ്യമാകുന്ന രീതിയിൽ കാലികമായ പരിഷ്കാരങ്ങൾ വരുത്തേണ്ടതാണ്.

അഡീഷണൽ സ്കിൽ അക്യുസിഷൻ പ്രോഗ്രാം (ASAP)

തൊഴിൽ നൈപുണ്ണ്യമുള്ള ഒരു തലമുറയെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് അഡീഷണൽ സ്കിൽ അക്യുസിഷൻ പ്രോഗ്രാം ഉന്നത പൊതു വിദ്യാഭ്യാസ വകുപ്പുകൾ നടപ്പിലാക്കി വരുന്നത്. സ്കൂൾ കോളേജ് തല വിദ്യാഭ്യാസത്തോടൊപ്പം പ്രത്യേക തൊഴിൽ വൈദഗ്ധ്യം നേടുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഗവ/എയ്ഡഡ് ഹയർ സെക്കണ്ടറി/ വൊക്കേഷണൽ ഹയർ സെക്കണ്ടറി/ ആർട്സ് & സയൻസ് കോളേജുകൾ എന്നിവിടങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കിവരുന്നു.

കമ്പ്യൂട്ടർ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് വഴി ഓരോ വിദ്യാർത്ഥിയുടെയും അഭിരുചി കണ്ടെത്തി അനുയോജ്യ മേഖലയിൽ തൊഴിലധിഷ്ഠിത പരിശീലനം നൽകിവരുന്നു. 180 മണിക്കൂർ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷും ഇൻഫർമേഷൻ ടെക്നോളജിയുടെ അടിസ്ഥാന വിവരങ്ങളും ചേർന്ന ഫൗണ്ടേഷൻ മൊഡ്യൂളും 150 മുതൽ 300 മണിക്കൂർ ദൈർഘ്യമുള്ള തൊഴിൽ പരിശീലനവും ഇതിന്റെ

ഭാഗമായി സിലബസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പ്രായോഗിക പരിജ്ഞാനത്തിന് സിലബസിൽ പ്രാമുഖ്യമുള്ളതിനാൽ ഇന്റേൺഷിപ്പ് നിർബന്ധമാണ്.

മലപ്പുറം ജില്ലയിൽ 14 അസാപ് തൊഴിൽ നൈപുണ്യ കേന്ദ്രങ്ങൾ വഴി 120 ബാച്ചുകളിലായി 3600 – ഓളം വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി വരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 4.2.5.23 : 2017–18 വർഷത്തെ സ്ഥാപനങ്ങളുടെയും ബാച്ചുകളുടെയും വിശദാംശങ്ങൾ

ക്രമ നമ്പർ	വിശദാംശങ്ങൾ	എണ്ണം
1	സ്കിൽ ഡവലപ്മെന്റ് സെന്ററുകൾ	14
2	ബാച്ചുകളുടെ എണ്ണം	120
3	തെരഞ്ഞെടുത്ത വിദ്യാർത്ഥികളുടെ എണ്ണം	3600

അവലംബം: അസാപ് മലപ്പുറം

- സ്കൂൾ വിദ്യാഭ്യാസ രംഗത്ത് മലപ്പുറം ജില്ലയുടെ നേട്ടങ്ങൾ, വെല്ലുവിളികൾ, പ്രശ്നങ്ങൾ

മലപ്പുറം ജില്ല പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾകൊണ്ട് സമൃദ്ധമാണ്. സമൂഹത്തിന്റെ മികച്ച പിൻബലത്തിൽ വളരെ പിറകിലായിരുന്ന മലപ്പുറം ഇന്ന് മറ്റു ജില്ലകൾക്കു മുമ്പേ നിൽക്കാൻ പ്രാപ്തമായ രീതിയിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. 17 ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളും, 4 വിദ്യാഭ്യാസ ജില്ലാ ഓഫീസുകളും അടങ്ങുന്നതും സംസ്ഥാനത്തെ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്നതും ഏറ്റവും കൂടുതൽ സ്കൂളുകളുള്ളതുമായ ജില്ലയാണ് മലപ്പുറം ജില്ല. സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിൽ പൂർണ്ണതയിലെത്തുന്നതിന് ഇതുവരെ സാധിച്ചിട്ടില്ല. തദ്ദേശസ്ഥാപനങ്ങളുടെ ഇടപെടൽ മാത്രമാണ് ആശ്വാസകരം.

ജില്ലയിലെ മുഴുവൻ വിദ്യാലയങ്ങൾക്കും സ്വന്തം കെട്ടിടങ്ങൾ ഇതുവരെയും പൂർണ്ണമായും ലഭ്യമായിട്ടില്ല. 44 ഗവ വിദ്യാലയങ്ങളും 45 എയ്ഡഡ് വിദ്യാലയങ്ങളും വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചു വരുന്നു. എല്ലാ വിദ്യാലയങ്ങളിലെയും ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. മുഖ്യ പരിഗണന നൽകേണ്ട കാര്യമാണിത്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ ഇവയിൽ 68 എൽ.പി. സ്കൂളുകളും 21 യു.പി സ്കൂളുകളുമുണ്ട്.

കേരള സർക്കാർ പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം ഉയർത്തുന്നതിനും തുല്യത, സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനും കുട്ടികളെ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുന്നതിന് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ ലക്ഷ്യമിടുന്നു. ആയതിന്റെ ഭാഗമായി ജില്ലയിൽ എല്ലാ സ്കൂളിലും രക്ഷാകർതൃ സമിതികളും വിളിച്ചുചേർത്തു . തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിദ്യാലയങ്ങളിൽ വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സർക്കാരും പൊതുസമൂഹവും ഒന്നിച്ചു മുന്നേറുന്ന കാഴ്ച നമുക്ക് കാണാൻ സാധിച്ചു.

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ജില്ലയിലെ 16 സ്കൂളുകൾക്ക് 5 കോടി രൂപ വീതവും, 40 സ്കൂളുകൾക്ക് 3 കോടി രൂപ വീതവും, 16 സ്കൂളുകൾക്ക് 1 കോടി രൂപ വീതവും പുതിയ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കും മറ്റ് അനുബന്ധ പ്രവർത്തകനങ്ങൾക്കുമായി അനുവദിച്ചത് പൊതു വിദ്യാഭ്യാസ രംഗത്ത് പുത്തനുണർവ്വ് നൽകിയിട്ടുണ്ട്. ജില്ലയിൽ 3793 ക്ലാസ്റൂമുകൾ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഹൈടെക് നിലവാരത്തിലേക്ക് ഉയർത്തി .

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എല്ലാ സ്കൂളുകളിലും അക്കാഡമിക് മാസ്റ്റർ പ്ലാൻ രൂപീകരിക്കുകയും ആയതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങളും നടന്ന് വരുന്നു. മാത്രവുമല്ല യജ്ഞത്തിന്റെ ഭാഗമായി " ശ്രദ്ധ ' "മലയാളത്തിളക്കം", "ഹലോ ഇംഗ്ലീഷ് ' തുടങ്ങിയ നൂതനമായ പ്രവർത്തനങ്ങളും നൽകിവരുന്നു.

മലപ്പുറം ജില്ലയിൽ 92 ഗ്രാമ പഞ്ചായത്തുകളും 15 ബ്ലോക്ക് പഞ്ചായത്തുകളും 13 മുനിസിപ്പാലിറ്റികളും ഒരു ജില്ലാ പഞ്ചായത്തുമാണ് തദ്ദേശഭരണ സ്ഥാപനങ്ങളായിട്ടുളളത്. എല്ലാ തദ്ദേശ സ്ഥാപനങ്ങളും വിദ്യാഭ്യാസ പ്രോത്സാഹനത്തിനായി പദ്ധതികൾ നടപ്പാക്കിവരുന്നു.

മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ 2002 മുതൽ നടപ്പിലാക്കി വരുന്ന വിജയഭേരി വിദ്യാഭ്യാസ പദ്ധതി ജില്ലയിലെ എസ്.എസ്.എൽ.സി റിസൾട്ട് വർദ്ധിപ്പിക്കുന്നതിന് പിന്നിൽ ചാലക ശക്തിയായി പ്രവർത്തിച്ച് വരുന്നു.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തങ്ങളുടെ കീഴിലുള്ള അതതു സ്ഥാപനങ്ങൾക്കനു യോജ്യമായ പദ്ധതികൾ എന്ന നിലക്കാണ് നിർവ്വഹണം നടത്തുന്നത്. പൊതുപരിപ്രേക്ഷ്യത്തിന്റെ അടിസ്ഥാത്തിലല്ല. വിജയഭേരി പദ്ധതി മാത്രമാണ് പൊതുപരിപ്രേക്ഷ്യത്തിന്റെ അടിസ്ഥാനത്തിലുള്ള പദ്ധതി.

പ്രശ്നങ്ങൾ – പരിഹാര നിർദ്ദേശങ്ങൾ

ജില്ലയുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി വിവിധ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രീ- പ്രൈമറി

1. ജില്ലയിലെ മുഴുവൻ ഗവൺമെന്റ് എയിഡഡ് വിദ്യാലയങ്ങളിലേയും പ്രീ സ്കൂൾ അധ്യാപകർ, ആയമാർ എന്നിവർക്ക് തുടർ പരിശീലനം നൽകി (സർവ്വശിക്ഷാ അഭിയാൻ തയ്യാറാക്കിയ സിലബസ് പ്രകാരം) പ്രീസ്കൂൾ പ്രവർത്തിക്കുന്നത് 653 വിദ്യാലയങ്ങളിലാണ്.
2. ഓരോ പഞ്ചായത്തിലും ഒരു വിദ്യാലയത്തെ മാതൃകാ ശിശു വിദ്യാഭ്യാസ കേന്ദ്രമായി വളർത്തുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുക. സമൂഹ പിന്തുണ നേടുന്നതിനുള്ള പരിപാടികൾ, രക്ഷാകർതൃ ശിൽപശാല, വിദഗ്ധരുടെ ക്ലാസ്സുകൾ, ഫിലിം പ്രദർശനവും ചർച്ചയും, അധ്യാപകരുടെ നിരന്തര പരിശീലനം, ഇടക്കാല വിലയിരുത്തലും മോണിറ്ററിംങ്ങും എന്നിവ ഉറപ്പാക്കണം.
3. തിരഞ്ഞെടുത്ത വിദ്യാലയങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൊതുസമൂഹം എന്നിവരുടെ പിന്തുണയോടെ മെച്ചപ്പെട്ട പ്രീ സ്കൂൾ അന്തരീക്ഷം ഒരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ-:ഉദാ .

- പഠനോപകരണ- കളിയുപകരണ ശില്പശാല
- വർക്ക്ഷീറ്റുകൾ തയ്യാറാക്കൽ
- കളി ഉപകരണങ്ങൾ, ശിശു സൗഹൃദപരമാക്കൽ
- കുടിവെള്ള സൗകര്യം, ടോയിലറ്റ്, കുട്ടികളുടെ പാർക്ക്
- പ്രവർത്തന പുരോഗതിയുടെ മോണിറ്ററിംഗും ഇടക്കാല വിലയിരുത്തലും റിപ്പോർട്ട് തയ്യാറാക്കലും
- എല്ലാ പ്രീ പ്രൈമറി (അംഗൻവാടി) സ്കൂളുകൾക്കും സ്വന്തമായി വൃത്തിയുള്ള ആധുനിക സൗകര്യങ്ങളുള്ള കെട്ടിടം
- കുട്ടികൾക്ക് കളിക്കാനാവശ്യമായ കളി സ്ഥലം
- ചുറ്റുമതിൽ
- സ്മാർട്ട് ക്ലാസ് റൂം

എൽ.പി/ യു.പി

- എല്ലാ സ്കൂളുകൾക്കും ചുറ്റുമതിലോടുകൂടിയ കെട്ടിടം, കുടിവെള്ളം, ടോയിലറ്റ് സൗകര്യങ്ങൾ.

- കളിസ്ഥലങ്ങൾ, പൂന്തോട്ടങ്ങൾ.
- ഒന്നാം ക്ലാസ്സ് മുതൽ ഇംഗ്ലീഷ് വിദ്യാഭ്യാസം ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള പദ്ധതി.
- കുട്ടികളുടെ പഠന നിലവാരം ഓരോ ക്ലാസ്സിലും കൃത്യമായി അറിയുന്നതിനുള്ള സംവിധാനം.
- പഠന നിലവാരം ഉറപ്പ് വരുത്തുന്നതിനുള്ള ഇടപെടലുകൾ ഫലപ്രദമാക്കുക.
- മിടുക്കരായ കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകുക.
- എല്ലാ സ്കൂളുകളിലും ക്ലാസ്റൂം ലൈബ്രറി/സ്മാർട്ട് ക്ലാസ് റൂം

ഹൈസ്കൂൾ/ഹയർസെക്കണ്ടറി

- അഞ്ചു വർഷത്തിനുള്ളിൽ എല്ലാ സ്കൂളുകൾക്കും ചുറ്റുമതിലോടുകൂടിയ ക്യാമ്പസ്
- സ്കൂളുകൾക്കാവശ്യമായ വൃത്തിയുള്ള ക്ലാസ് റൂമുകളും ഫർണിച്ചറുകളും
- എല്ലാ ഹൈസ്കൂളുകളിലും ക്ലാസ് റൂം ലൈബ്രറി
- ഹൈസ്കൂളുകൾക്കും ഹയർസെക്കണ്ടറി സ്കൂളുകൾക്കും ഒരേ സമയം ഉപയോഗിക്കാൻ പറ്റുന്ന രീതിയിലുള്ള ലാബ് സൗകര്യം
- എല്ലാ സ്കൂളുകൾക്കും ഓഡിറ്റോറിയം
- മിടുക്കരായ കുട്ടികളെ കണ്ടെത്തുന്നതിനും അവരെ പരിപോഷിപ്പിക്കുന്നതിനുമുള്ള പ്രത്യേക പദ്ധതികൾ
- കുട്ടികളുടെ മാനസിക/കൗമാര പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരായ കൗൺസിലർ എല്ലാ സ്കൂളുകളിലും ഉറപ്പ് വരുത്തുക
- പ്രത്യേക കൗൺസിലിംഗ് റൂം സൗകര്യം
- സ്കൂളിൽനിന്നും റഫർ ചെയ്യുന്ന കുട്ടികൾക്ക് ജില്ലാടിസ്ഥാനത്തിൽ പ്രത്യേക കൗൺസിലിംഗ് സെന്റർ
- ഓരോ ക്ലാസിലും ലഭിക്കേണ്ട നൈപുണികൾ കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക
- കുട്ടികളിൽ നേരത്തെത്തന്നെ മൽസരക്ഷമതയുണ്ടാക്കുന്നതിനുള്ള പ്രത്യേക പരിശീലനങ്ങളും മൽസരങ്ങളും(8,9,10,11,12, ക്ലാസുകളിൽ ജില്ലാ മാത് സ് ഒളിമ്പ്യാട്, സയൻസ് ഒളിമ്പ്യാട്)
- അദ്ധ്യാപകർക്ക് ജില്ലാ തലത്തിൽ റഫറൻസ് ലൈബ്രറിയും, സെമിനാർ ഹാളും
- ഹയർസെക്കണ്ടറി തലത്തിൽ തൊഴിൽ നൈപുണ്യ പരിശീലനങ്ങൾ
- ഹയർസെക്കണ്ടറി തലത്തിലുള്ള വിദ്യാർത്ഥികൾക്ക് ജില്ലാ തലത്തിൽ കേന്ദ്ര യൂണിവേഴ്സിറ്റികളിലെ പരീക്ഷകൾക്കായി പ്രത്യേക കോച്ചിംഗ് സെന്റർ
- കരിയർ ഗൈഡൻസ് സെന്ററുകൾ
- 100 %വിജയം, *25%* വിദ്യാർത്ഥികൾക്ക് *A+*
- പത്താം ക്ലാസ് വിജയിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ആവശ്യമായ സീറ്റുകൾ ഉറപ്പ് വരുത്തുക.
- എല്ലാ സ്കൂളുകളെയും ജനറൽ കലണ്ടറിലേക്ക് ഏകീകരിക്കുക
- അദ്ധ്യാപകർക്ക് സ്വയം മെച്ചപ്പെടുത്തുന്നതിനാവശ്യമായ തരത്തിൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ ഓൺലൈൻ കോഴ്സുകൾ ഉണ്ടാകേണ്ടതുണ്ട്.
- ഏറ്റവും കൂടുതൽ ഹയർ സെക്കണ്ടറി സ്കൂളുകൾ പ്രവർത്തിക്കുന്ന ജില്ലയായ മലപ്പുറത്തിന്റെ സമകാലിക സ്ഥിതിഗതികൾ പരിശോധിക്കുകയാണെങ്കിൽ മുൻകാലങ്ങളെ അപേക്ഷിച്ച് അഭിനന്ദനാർഹമായ നേട്ടങ്ങൾ കൈവരിക്കാൻ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ രംഗത്തിന് കഴിഞ്ഞിട്ടുണ്ട്. ഈ വർഷത്തെ ഹയർ സെക്കണ്ടറി പരീക്ഷയിൽ *97%* വിജയം കൈവരിക്കാൻ ജില്ലക്ക് കഴിഞ്ഞു. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ എല്ലാ വിഷയങ്ങൾക്കും എ+ നേടിയ ജില്ല

മലപ്പുറമാണ് എന്നിരുന്നാലും ഓരോ വർഷവും പത്താം ക്ലാസ് കഴിഞ്ഞിറങ്ങുന്ന കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി സീറ്റുകൾ ജില്ലയിൽ ഇല്ലാത്തത് ഹയർ സെക്കണ്ടറി വിദ്യാഭ്യാസ രംഗം നേരിടുന്ന ഒരു വലിയ വെല്ലുവിളിയാണ്.

- ഏറ്റവും കൂടുതൽ കുട്ടികൾ ഉള്ള മേഖലയായ മലപ്പുറം ജില്ലയിൽ കൂടുതൽ സ്കൂളുകൾ ആരംഭിക്കുന്നതിനും നിലവിലുള്ള സ്കൂളിൽ തന്നെ സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ എടുക്കാവുന്നതാണ്. എസ്.എസ്.എൽ.സി. വിദ്യാർത്ഥികളുടെ വിജയ ശതമാനത്തിന് അനുസരിച്ച് ആവശ്യമുള്ള പ്രദേശങ്ങളിൽ കൂടുതൽ സീറ്റ് അനുവദിക്കേണ്ടതാണ്.
- ഒരു അധ്യയന വർഷത്തിന്റെ തുടക്കത്തിൽ തന്നെ +1 ക്ലാസുകൾ ആരംഭിച്ച് അഡ്മിഷൻ ജൂൺ മാസത്തിനുള്ളിൽ തന്നെ പൂർത്തികരിക്കാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.
- കുട്ടികളുടെ അഭിരുചിക്കും നൈസർഗ്ഗികമായ കഴിവുകൾക്കും പ്രാധാന്യം നൽകി അതിനനുസൃതമായ രിതിയിൽ പഠനവും തൊഴിൽ നൈപുണ്യവും നൽകുന്ന ഉത്തമ പാഠ്യപരിഷ്കരണം ആവശ്യമാണ്.
- പൊതുവിദ്യാഭ്യാസത്തോടൊപ്പം തന്നെ ഹയർ സെക്കണ്ടറി മേഖലയിലെ ഭിന്നശേഷി വിദ്യാർത്ഥികൾക്ക് ലളിതമായ പാഠ്യപദ്ധതി ഏർപ്പെടുത്തി അവരുടെ മാനസിക വളർച്ച അഭിവൃദ്ധിപ്പെടുത്തുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.
- അസാപ്പ് പോലെ, പല മേഖലകളിൽ തൊഴിൽ നൈപുണ്യം നേടാൻ കുട്ടികളെ സഹായിക്കുന്ന പദ്ധതികൾ ആരംഭിച്ച് തുടങ്ങിയിട്ടുണ്ടെങ്കിലും എല്ലാ ഹയർ സെക്കണ്ടറി സ്കൂളുകളിലും എത്തിക്കാൻ കഴിഞ്ഞിട്ടില്ല. സിലബസിനു മാത്രം പ്രാധാന്യം നൽകാതെ കുട്ടികളുടെ താൽപര്യവും കഴിവുകളും കണക്കിലെടുത്ത് അവയെ പരിപോഷിപ്പിക്കുന്ന രിതിയിലുള്ള വിദ്യാഭ്യാസത്തിന് സഹായിക്കുന്ന പുതിയ പദ്ധതികൾക്ക് രൂപം നൽകാവുന്നതാണ്.
- ഏറ്റവും കൂടുതൽ ഹയർ സെക്കണ്ടറി വിദ്യാലയങ്ങൾ ഉള്ള ജില്ലകളായ മലപ്പുറത്തിനും പാലക്കാടിനും കൂടി ഒരു മേഖലാ ഓഫീസാണ് നിലവിലുള്ളത്. ഇക്കാരണത്താൽ വലിയ രണ്ട് ജില്ലകളിലെ ഹയർ സെക്കണ്ടറി മേഖലയിലെ വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും ആവശ്യങ്ങൾ യഥാ സമയം നിർവ്വഹിക്കുന്നതിന് സാധിക്കാതെ വരുന്നു. ആയതിനാൽ ജില്ലാ തലത്തിൽ ഒരു ഓഫീസ് തുടങ്ങുന്നത് അഭികാമ്യമാവും.

പരിപ്രേക്ഷ്യം

കേരളത്തിലെ ഏറ്റവും കൂടിതൽ കുട്ടികൾ പഠനം നടത്തുന്ന ജില്ലയെന്ന നിലയിൽ വലിയ പരിഗണനയും കാഴ്ചപ്പാടോടും കൂടി പദ്ധതികളും പ്രവർത്തനങ്ങളും ആസൂത്രണം ചെയ്യണം. പൊതുവിദ്യാഭ്യാസ മേഖലയിലേക്ക് പ്രവേശനം നേടുന്ന എല്ലാ കുട്ടികൾക്കും അതതു തലങ്ങളിലെ പഠന നേട്ടങ്ങൾ ഉറപ്പുവരുത്താൻ കഴിയണം. എല്ലാ കുട്ടികൾക്കും അവസര തുല്യത ഉറപ്പുവരുത്താൻ കഴിയണം. ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് ലക്ഷ്യം. നമ്മുടെ വിദ്യാലയങ്ങളെ സമൂഹത്തിന്റെ കൂടി സ്ഥാപനങ്ങളാക്കി മാറ്റണം. ജില്ലാ പദ്ധതി ഈ ലക്ഷ്യങ്ങൾക്കനുസരിച്ച് ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകളുടെ പദ്ധതികൾ രൂപപ്പെടുത്തണം. കുട്ടികളുടെ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കേണ്ടതാണ്. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ സംസാരിക്കാനും, വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തും. പഠന ബോധന രംഗത്ത് ഹ്രസ്വ, ദീർഘകാല പദ്ധതികൾ തയ്യാറാക്കും. പുതിയ വെല്ലുവിളി ഏറ്റെടുക്കുന്നതിന് അധ്യാപക സമൂഹത്തെ പരിവർത്തിപ്പിക്കും. ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിൽ എല്ലാ വിദ്യാലയങ്ങൾക്കും സൗകര്യപ്രദമായതും സ്വന്തവുമായ ക്ലാസ്സുമുറികൾ നിർമ്മിക്കുക. എല്ലാ സ്കൂളുകൾക്കും ടോയിലറ്റ്, കളിസ്ഥലം, ലൈബ്രറി സൗകര്യം എന്നിവ ഉറപ്പുവരുത്തണം.

രക്ഷിതാക്കളിൽ ഗുണമേന്മാ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് സൃഷ്ടിക്കും. അധ്യാപക പരിശീലന പരിപാടികൾ ഈ ലക്ഷ്യം മുൻനിർത്തി പരിഷ്കരിക്കും. കുട്ടികളുടെ സർവ്വതോൻമുഖമായ വികാസത്തിനുവേണ്ടി പഠനാന്തരീക്ഷം ഒരുക്കുന്നതിന്റെ ഭാഗമായി ആധുനിക സാങ്കേതിക സാധ്യതകൾ പ്രയോജനപ്പെടുത്തും. ഇതിനായി സർക്കാർ, തദ്ദേശ സ്ഥാപനങ്ങൾ, എം.പി, എം.എൽ.എ മറ്റു സാമ്പത്തിക സ്രോതസ്സുകൾ തുടങ്ങിയവയെ ഏകോപിപ്പിക്കുന്നതാനായി ജില്ലാതല സമിതി രൂപീകരിക്കും. നാട്ടിൽ ലഭ്യമായ വൈദഗ്ധ്യത്തെ കുട്ടിയുടെ ഗുണമേന്മാ വിദ്യാഭ്യാസത്തിന് പ്രയോജനപ്പെടുത്തും. മികച്ച ശാരീരിക-മാനസിക-വൈകാരിക-ആരോഗ്യം ഉറപ്പാക്കും. മൂന്ന് വർഷത്തിനകം പഠനത്തെ പരിസരബന്ധിയും ജീവ ഗന്ധിയുമാക്കുവാൻ ആവാസ പരിസര സാധ്യതകൾ പ്രയോജനപ്പെടുത്തും. പാരിസ്ഥിതിക അവബോധം, സാമൂഹിക അവബോധം, മാലിന്യ നിർമ്മാർജ്ജന അവബോധം, വിമർശന അവബോധം, എന്നീ അവബോധം കുട്ടികളിലുണ്ടാവാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുന്നതിലേക്ക് വിദ്യാലയ, പഠനാന്തരീക്ഷത്തിൽ മാറ്റങ്ങൾ വരുത്തും. ഭിന്നശേഷിക്കാരായ കുട്ടികളെ അഞ്ച് വർഷം കൊണ്ട് മുഖ്യ ധാരയിൽ എത്തിക്കാനുള്ള പദ്ധതി നടപ്പിലാക്കും. പട്ടികജാതി-പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കിടയിലുള്ള കൊഴിഞ്ഞുപോക്ക് അഞ്ച് വർഷം കൊണ്ട് ഇല്ലാതാക്കും. ഓരാ പഞ്ചായത്തിലും ഒരു വിദ്യാലയത്തെ മാതൃകാ ശിശു വിദ്യാഭ്യാസ കേന്ദ്രമായി വളർത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കും.

ഇത്തരം പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിലൂടെ കുട്ടികൾക്കിടയിലുള്ള വൈഭവ വൈവിധ്യത്തെ വളർത്തി മികവിലേക്ക് ഉയർത്തുവാൻ സാധിക്കും.

കായികം

മലപ്പുറം ജില്ലയുടെ കായിക വികസനം

മലപ്പുറം ജില്ല ഇന്ന് വിദ്യാഭ്യാസ സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ മികവു പുലർത്തുന്നതു പോലെത്തന്നെ കായിക രംഗത്തും വളരെ സമൃഷ്ടമായ മണ്ണാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു സംസ്ഥാനമായിട്ടുപോലും വിദ്യഭ്യാസം, ആരോഗ്യം, എന്നീ മേഖലകളിൽ കേരളം മുൻപന്തിയിലാണ്. ഇതിന്റെ ഒരു അനുബന്ധമെന്നോണം സ്പോർട്സ് രംഗത്തും കേരളം ഗണനീയമായ നേട്ടം കൈവരിച്ചിട്ടുണ്ട്. അത്ലറ്റിക്സ്, ഫുട്ബോൾ, വോളിബോൾ, നീന്തൽ, ബാഡ്മിന്റൺ, വഞ്ചിതുഴയൽ തുടങ്ങിയ മത്സരങ്ങളിൽ പലപ്പോഴും ദേശീയ തലത്തിൽ കേരളത്തിന് മേധാവിത്വം തന്നെയുണ്ട്. ഈ അടുത്ത കാലത്തായി ജൂഡോ, തായ്ക്കാണ്ടോ, ബാസ്കറ്റ്ബോൾ, ഖോ-ഖോ എന്നിവയിലും മേധാവിത്വമുണ്ട്. പക്ഷെ ഈ നേട്ടങ്ങളെല്ലാം ചില ജില്ലകളിലോ, പ്രദേശങ്ങളിലോ ആയി നിൽക്കുകയാണ്. പരിശീലനത്തിനും മറ്റുമുള്ള ഭൗതികമായ അനുകൂല സാഹചര്യങ്ങൾ എല്ലാ ജില്ലകളിലും ഒരു പോലെ അല്ല.

മലപ്പുറം ജില്ല ഫുട്ബോളിലാണ് ഏറ്റവും കൂടുതൽ മികവ് തെളിയിച്ചിട്ടുള്ളത്. ഇവിടെ തന്നെ മലപ്പുറം, മമ്പാട്, അരീക്കോട്, തുടങ്ങിയ ജില്ലയിലെ ചില പ്രദേശങ്ങളിൽ നിന്ന് കൂടുതൽ കളിക്കാരും, പുതിയ കളിക്കാരും ഉണ്ടാവുന്ന പ്രവണതയാണ് കണ്ടുവരുന്നത്. ജില്ലയിലെ എല്ലാ ഭാഗങ്ങളിലുമുള്ള പ്രതിഭകൾക്കും വളർന്ന് വികസിക്കാനുള്ള അനുകൂല സാഹചര്യമൊരുക്കാൻ ബോധപൂർവ്വവും ആസൂത്രിതവും, കഠിനവുമായ ശ്രമങ്ങൾ ആവശ്യമാണ്. ഗുണപരമായ ഒരു മാറ്റം ഇതിലൂടെ സാധ്യമാണ്. സ്പോർട്സ് ക്ലബ്ബുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, നഗരസഭകൾ, ത്രിതല പഞ്ചായത്തുകൾ, സ്പോർട്സ്സ് കൗൺസിൽ എന്നിവയുടെ പങ്കാളിത്തത്തോടെയും, സഹായത്തോടെയും ജില്ലയിലെ കായിക രംഗത്ത് ഒരു മുന്നേറ്റമുണ്ടാക്കാൻ ലക്ഷ്യമിടുന്ന ഒരു പദ്ധതിക്കാണ് സംസ്ഥാന സർക്കാർ രൂപം കൊടുത്തത്. അതിന്റെ ഭാഗമായി മലപ്പുറത്തും

പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്. പക്ഷേ അതിന്റെ ഫലം പുറത്തെടുക്കാൻ നമുക്ക് സാധിച്ചിട്ടില്ല.

മലപ്പുറം ജില്ലക്ക് സമഗ്രമായ ഒരു കായിക വികസനം സാധ്യമാകണമെങ്കിൽ കായിക അവബോധമുള്ള ഒരു സമൂഹം ഇവിടെ വളർന്ന് വരേണ്ടതുണ്ട്. അതോടൊപ്പം തന്നെ വിദ്യാലയങ്ങളിൽ സമഗ്രമായ കായിക നയം രൂപീകരിക്കേണ്ടതുമുണ്ട്. വിദ്യാഭ്യാസ രംഗത്ത് കായിക വിദ്യാഭ്യാസത്തിന്റെ പ്രസക്തി ഏറെ വർദ്ധിച്ച ഒരു കാലഘട്ടം കൂടിയാണിത്. അതിലേക്ക് വിരൽ ചൂണ്ടുന്ന ചില കാര്യങ്ങൾ ഇവിടെ അടയാളപ്പെടുത്തുകയാണ്.

ഇന്ന് സമൂഹം നേരിട്ട് കൊണ്ടിരിക്കുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് കായിക ക്ഷമതയെക്കുറിച്ച് ശരിയായ രീതിയിലുള്ള അറിവില്ലായ്മ. മുൻ കാലങ്ങളെ അപേക്ഷിച്ച് ഇന്ന് ഏറ്റവും അധികം ആളുകൾ ജീവിതരീതികൊണ്ടുള്ള അസുഖമുള്ളവരാണ്. പ്രമേഹം, കൊളസ്ട്രോൾ, പ്രഷർ, എല്ല് തേയ്മാനം തുടങ്ങിയ രോഗങ്ങൾ പ്രധാനമായും വ്യായാമത്തിന്റെ അഭാവം കൊണ്ട് ഉണ്ടാവുന്നതാണ്. അതുകൊണ്ട് തന്നെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഡോക്ടർമാരേയോ, കായിക അദ്ധ്യാപകരേയോ ഉപയോഗിച്ച്കൊണ്ട് ബോധവൽകരണം വളരെ അത്യാവശ്യമാണ്

നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ

സ്റ്റേഡിയങ്ങൾ

1. മലപ്പുറം ജില്ലാ സ്പോർട്സ് കോംപ്ലക്സ് & ഫുട്ബോൾ അക്കാഡമി പദ്ധതി, മഞ്ചേരി

ഫുട്ബോൾ അക്കാഡമിക്കാവശ്യമായ ഹോസ്റ്റലും പരിശീലനത്തിനാവശ്യമായ സൗകര്യങ്ങളും, 400 മീറ്റർ ട്രാക്ക്, മൾട്ടി പർപ്പസ് ഗ്രൗണ്ട്, മെയിൻ സ്റ്റേഡിയത്തിലെ പവലിയൻ, ഗ്യാലറി, അന്തർദ്ദേശീയ നിലവാരമുള്ള ഫുട്ബോൾ ഗ്രൗണ്ട്, ഇന്റേണൽ റോഡുകൾ, കോമ്പൗണ്ട് വാൾ, ടീമിന് ആവശ്യമായ ഡ്രസ്സിംഗ് റൂമുകൾ, ഓഫീസ് മീഡിയ റൂം തുടങ്ങിയ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഫെഡറേഷൻ കപ്പ്, സന്തോഷ് ട്രോഫി ഫുട്ബോൾ ടൂർണമെന്റുകൾ മഞ്ചേരി സ്റ്റേഡിയത്തിൽ വെച്ച് നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ഫ്ളഡ് ലൈറ്റിന്റെ നിർമ്മാണം ഉടനെ തുടങ്ങുന്നതാണ്.

2. മലപ്പുറം കോട്ടപ്പടി ഫുട്ബോൾ സ്റ്റേഡിയം

ഫുട്ബോൾ സ്റ്റേഡിയത്തിന്റെ പ്രധാന പ്രവൃത്തികളായ ടർഫിംഗ് പ്രവൃത്തി, വി.ഐ.പി. പവലിയൻ ഗാലറി, സ്റ്റേജ്, റൂഫിംഗ് പ്രവൃത്തി, ഫ്ളോറിംഗ് പ്രവൃത്തി, ഗ്യാലറി പ്രവൃത്തി, ഇലക്ട്രിക്കൽ ട്രാൻസ്ഫോർമർ സപ്ലൈയും അനുബന്ധ പ്രവൃത്തികളും തുടങ്ങിയവ പൂർത്തീകരിച്ചിട്ടുണ്ട്. സ്പോർട്സ് കൗൺസിൽ ഫുട്ബോൾ അക്കാഡമി പരിശീലനം തുടർന്ന് നടന്നു വരുന്നുണ്ട്. ഗോകുലം ഫുട്ബോൾ ക്ലബ്, ജില്ലാ ഫുട്ബോൾ അസോസിയേഷൻ ലീഗ് മത്സരങ്ങൾ, പ്രസ് ക്ലബ്, ചൈൽഡ് ലൈൻ, ജില്ലാ പോലീസ് എന്നീ മൽസരങ്ങൾ സ്റ്റേഡിയത്തിൽ നടത്തിവരുന്നുണ്ട്.

3. ഇന്ദിര പ്രിയദർശിനി ഇൻഡോർ സ്റ്റേഡിയം , മലപ്പുറം

ജില്ലാ സ്പോർഡ്സ് കൗൺസിലിന്റെ കീഴിലുള്ള ഇന്ദിര പ്രിയദർശിനി ഇൻഡോർ സ്റ്റേഡിയത്തിൽ ബാഡ്മിന്റൻ, ഷട്ടിൽ പരിശീലനം നടന്നുവരുന്നുണ്ട്.

സ്പോർട്സ് ഹോസ്റ്റലുകൾ

1. സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ, നിറമരുതൂർ, ഖൊ-ഖൊ.
2. സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ, മഞ്ചേരി. ബാസ്കറ്റ്ബോൾ, കബഡി, അത് ലറ്റിക്സ്
3. എം.എസ്.പി സ്പോർട്സ് ഹോസ്റ്റൽ, മലപ്പുറം.

ഫുട്ബോൾ

4. എം.ഇ.എസ്. കോളേജ്, മമ്പാട്.

ഫുട്ബോൾ, കബഡി.

5. ഇ.എം.ഇ.എ കോളേജ്, കൊണ്ടോട്ടി. വോളീബോൾ, വെയ്റ്റ് ലിഫ്റ്റിംഗ്

6. പൊന്നാനി സ്പോർട്സ് ഹോസ്റ്റൽ

കബഡി, കനോയിംഗ് കയാക്കിംഗ്

ഇ.എം.ഇ. കോളേജ് സ്പോർട്സ് ഹോസ്റ്റലിൽ വോളീബോൾ, വെയ്റ്റ് ലിഫ്റ്റിംഗ് എന്നീ കായിക ഇനങ്ങളിലും, മഞ്ചേരി സെൻടലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലിൽ ബാസ്കറ്റ്ബോൾ അത് ലറ്റിക്സ്, കബഡി എന്നീ കായിക ഇനങ്ങളിലും, പൊന്നാനി സെൻടലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലിൽ കബഡി, കനോയിംഗ് കയാക്കിംഗ് എന്നീ കായിക ഇനങ്ങളിലും പരിശീലനം നടക്കുന്നുണ്ട്.

ഡേ ബോർഡിംഗ് സെന്ററുകൾ

ജില്ലയിൽ മഞ്ചേരിയിൽ ടേബിൾ ടെന്നീസ്, ബാസ്കറ്റ്ബോൾ, ഡേ ബോർഡിംഗ് സെന്ററും, ചെമ്മൻകടവിൽ ഹോക്കി ഡേ ബോർഡിംഗ് സെന്ററും സ്പോർട്സ് കൗൺസിലിന്റെ, കീഴിൽ നടത്തിവരുന്നുണ്ട്.

1. ടേബിൾ ടെന്നീസ് ഡേ ബോർഡിംഗ് സെന്റർ, മഞ്ചേരി
2. ബാസ്കറ്റ്ബോൾ, ഡേ ബോർഡിംഗ് സെന്റർ, മഞ്ചേരി.
3. ഹോക്കി ഡേ ബോർഡിംഗ് സെന്റർ, ചെമ്മൻകടവ്.

റൂറൽ കോച്ചിംഗ് സെന്ററുകൾ

1. നിറമരുതൂർ ഹയർസെക്കണ്ടറി സ്കൂൾ -ഖൊ-ഖൊ
2. വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്ത്, അപ്പോളോ ക്ലബ്ബ്

സംയുക്ത റൂറൽ കോച്ചിംഗ് സെന്റർ - വോളിബോൾ

1. പി.ടി.എം.എ.എച്ച്.എസ്.എസ് താഴെക്കോട്-റസലിങ്ങ്

കിഫ്ബി പദ്ധതിപ്രകാരം മലപ്പുറം ജില്ലയിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

1. മൊയ്തീൻകുട്ടി സ്മാരക ഇൻഡോർ സ്റ്റേഡിയം കോംപ്ലക്സ്, മലപ്പുറം.
2. നിളാതീരം അക്വാട്ടിക് സ്പോർട്സ് കോംപ്ലക്സ്, പൊന്നാനി
3. മിനി സ്റ്റേഡിയം, മാനവേദൻ ഹയർ സെക്കന്ററമറി സ്കൂൾ നിലമ്പൂർ
4. ഗവ. ഹയർ സെക്കന്ററി സ്കൂൾ, താനൂർ.
5. ഫുട്ബോൾ സ്റ്റേഡിയം ഗവ. ഹയർ സെക്കന്ററി സ്കൂൾ, എടപ്പാൾ

ജില്ലയിൽ പ്രവർത്തിക്കുന്ന പ്രധാന അസോസിയേഷനുകൾ അനുബന്ധമായി (4.2.5.11) ചേർക്കുന്നു.

സംസ്കാരം

ജില്ലയിലെ പ്രധാന സാംസ്കാരിക സ്ഥാപനങ്ങളാണ് ഗ്രന്ഥാലയങ്ങൾ. ഒരു കാല ഘട്ടത്തിൽ എല്ലാ സാംസ്കാരിക പ്രവർത്തനങ്ങൾക്കും നേതൃപരമായ പ്രവർത്തനം

ലൈബ്രറികളോടനുബന്ധിച്ചായിരുന്നു. വായനാശീലം വളർത്തുക മാത്രമല്ല, വിവിധ കലാ സാംസ്കാരിക പ്രവർത്തനങ്ങളായ നാടകങ്ങളുടെ അവതരണം, രചനകളുടെ പ്രോത്സാഹനം, വാർഷികങ്ങൾ സംഘടിപ്പിക്കൽ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും ഒന്നിപ്പിച്ച പ്രവർത്തിരപ്പിക്കുന്നതിനു സഹായിച്ചിരുന്നു. ജില്ലയിലെ ഗ്രന്ഥാലയങ്ങളുടെ പട്ടിക താഴെക്കൊടുക്കുന്നു. 7 താലൂക്ക് സമിതികൾ നിലവിലുണ്ട്. സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ സഹായത്തോടെയാണ് നിലവിൽ പ്രവർത്തിച്ചു വരുന്നത്. പ്രസ്തുത കൗൺസിലിന്റെ ധനസഹായവും അംഗീകാരവും ലഭ്യമാണ്.

കേരളത്തിലെ സാംസ്കാരിക നവോത്ഥാന സാക്ഷരതാ മുന്നേറ്റങ്ങൾക്ക് ചുക്കാൻ പിടിച്ച ലോകത്തിന് തന്നെ മാതൃകയായ നമ്മുടെ ഗ്രന്ഥശാല പ്രസ്ഥാനം മലപ്പുറം ജില്ലയിലും നിരവധി പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നു.

പട്ടിക 4.2.5.15 : ലൈബ്രറികളുടെ എണ്ണം

ക്രമ നമ്പർ	താലൂക്ക്	ലൈബ്രറികളുടെ എണ്ണം
1	ഏറനാട്	56
2	കൊണ്ടോട്ടി	54
3	നിലമ്പൂർ	69
4	പെരിന്തൽമണ്ണ	79
5	പൊന്നാനി	37
6	തിരൂർ	57
7	തിരൂരങ്ങാടി	68
	ആകെ	420

അവലംബം : പൊതുവിദ്യാഭ്യാസ വകുപ്പ്

ജില്ലയിൽ 63 ഗ്രന്ഥശാലകളാണ് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്നത്. ഇവയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി താലൂക്ക് ആസ്ഥാനങ്ങളിൽ താലൂക്ക് ഓഫീസുകളിലും ജില്ലാ ലൈബ്രറി കൗൺസിലും പ്രവർത്തിക്കുന്നു. ഗ്രന്ഥശാലകളുടെ ഗ്രേഡ് അടിസ്ഥാനമാക്കി അവർക്ക് വാർഷിക ഗ്രാന്റും ലൈബ്രേറിയൻ അലവൻസും നൽകി വരുന്നു.

കേവലം പുസ്തക സംഭരണ വിതരണ കേന്ദ്രങ്ങൾ എന്നതിലുപരി നാടിന്റെ വിവിധ പ്രശ്നങ്ങളിൽ ഇടപെടുന്ന നിരവധി പ്രവർത്തനങ്ങൾ ഗ്രന്ഥശാലകൾ സംഘടിപ്പിച്ചു വരുന്നു. 17 വയസ്സ് വരെയുള്ള കുട്ടികളുടെ കലാ വാസനകളും വായനയോടുള്ള താൽപര്യം വർദ്ധിപ്പിക്കുന്നതിനു വേണ്ടി 138 ഗ്രന്ഥശാലകളിൽ ബാല വേദികൾ പ്രവർത്തിച്ചു വരുന്നു. ഇവക്ക് പ്രവർത്തന ഗ്രാന്റ് നൽകി വരുന്നു.

സ്ത്രീ ശാക്തീകരണത്തിനും സ്ത്രീകളിലെ വായന പ്രോത്സാഹിപ്പിക്കുന്നതിനുമായി 40 ഗ്രന്ഥശാലകളിൽ വനിതാ വേദികൾ പ്രവർത്തിക്കുന്നു. ജില്ലയിലെ തെരഞ്ഞെടുത്ത 72 യു.പി സ്കൂളുകളിൽ കുട്ടികളുടെ വായനാശീലം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അവർ വായിച്ച പുസ്തകങ്ങളെ ആസ്പദമാക്കിയുള്ള ആസ്വാദനക്കുറിപ്പ് തയ്യാറാക്കി നിക്ഷേപിക്കുവാൻ എഴുത്തുപെട്ടി സ്ഥാപിക്കുകയും ഓരോ മാസവും എഴുത്തുപെട്ടി തുറന്ന് ഏറ്റവും സമ്മാനാർഹമായ കുറിപ്പിന് 100 രൂപ വീതം സമ്മാനം നൽകുന്ന പദ്ധതി ആരംഭിച്ചു.

4.3 പശ്ചാത്തല മേഖല

എല്ലാ വികസന പ്രവർത്തനങ്ങളുടെയും അടിസ്ഥാനം പശ്ചാത്തല സൗകര്യങ്ങളുടെ ലഭ്യതയാണ്. അടിസ്ഥാന പാശ്ചാത്തല സൗകര്യങ്ങളിൽ റോഡുകളുടെയും റെയിൽ പാതകളുടെയും ഉൾനാടൻ ജലപാതകളുടെയും വികസനം, വൈദ്യുതി വിതരണം, വാർത്താവിനിമയ സൗകര്യങ്ങൾ ഒരുക്കൽ, ആരോഗ്യ വിദ്യാഭ്യാസ മേഖലകൾക്കാവശ്യമായ കെട്ടിടങ്ങൾ, വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ വികസനം, റോഡ് കണക്ടിവിറ്റിക്കാവശ്യമായ പാലങ്ങൾ, റെയിൽവേ ഓവർ ബ്രിഡ്ജുകൾ എന്നിവയെല്ലാം ഉൾപ്പെടുന്നു. വികസനത്തിന്റെ കാര്യത്തിൽ രാജ്യ വ്യാപകമായി സമാനതകളില്ലാതെ മുന്നേറുകയാണ് ഈ മേഖല.

സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള വളർച്ചക്കുതകുന്നതും കേരളത്തിന്റെ ഭ്രമിശാസ്ത്ര ആവശ്യങ്ങൾക്കിണങ്ങിയതും ഗ്രണനിലവാരമുള്ളതും പൊതുജനങ്ങൾക്ക് താങ്ങാവുന്ന രീതിയിലുള്ള പശ്ചാത്തല സൗകര്യങ്ങളുടെ വികസനമാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ സർക്കാർ ലക്ഷ്യമിടുന്നത്. സുസ്ഥിര പശ്ചാത്തല മേഖല നേരിടുന്ന പ്രശ്നങ്ങളും വെല്ലുവിളികളും അവ പരിഹരിക്കുന്നതിനുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളും ഉരുത്തിരിഞ്ഞ് വരേണ്ടതുണ്ട്. ഇത്തരത്തിലുള്ള ആസൂത്രണ നിർദ്ദേശങ്ങളാണിവിടെ ഗതാഗതം, വാർത്താവിനിമയം, ഊർജ്ജം, വിനോദ സഞ്ചാരം എന്നിങ്ങനെയായി തരം തിരിച്ച് അപഗ്രഥിക്കുന്നത്.

4.3.1 ഊർജ്ജം

ആമുഖം

മാനവരാശിക്ക് ജലവും വായുവും എത്രത്തോളം അത്യന്താപേക്ഷിതമാണോ അത്രത്തോളം തന്നെ പ്രാധാന്യമുള്ള ഘടകമായി മാറിയിരിക്കുകയാണ് ഊർജ്ജവും. രാജ്യത്തിന്റെയും സമൂഹത്തിന്റെയും പുരോഗതിക്ക് അവശ്യ ഘടകമായ ഊർജ്ജത്തിന്റെ സമഗ്രവും, ഫലപ്രദവുമായ ഊർജ്ജോൽപാദനവും ഉപഭോഗവും അതീവ പ്രാധാന്യമർഹിക്കുന്ന വിഷയമാണ്. ഊർജ്ജ മേഖലയുടെ വികസനമാണ് ഒരു രാജ്യത്തിന്റെ മൊത്തം വികസനമായി കണക്കാക്കപ്പെടുന്നത്. അതുകൊണ്ട് തന്നെ പ്രതിശീർഷ ഊർജ്ജ ഉപഭോഗം ഒരു രാജ്യത്തിന്റെ പുരോഗതിയുടെ അളവു കോലായി അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. ജില്ലയുടെ വികസനം ലക്ഷ്യമിടുമ്പോൾ പ്രതിശീർഷ ഉപഭോഗം ഏതു തരത്തിൽ വർദ്ധിപ്പിക്കാം എന്ന കാഴ്ചപ്പാടിനാണ് ഈ റിപ്പോർട്ടിൽ ഊന്നൽ നൽകിയിരിക്കുന്നത്. ജില്ലയുടെ പ്രകൃതി ദത്തമായ ഊർജ്ജോൽപ്പാദന സാധ്യതകൾ ഫലപ്രദമായി ചൂഷണം ചെയ്യുന്നതിനും അതു വഴി ജില്ലയുടെ സമഗ്ര വികസനത്തിന് ആക്കം കൂട്ടുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഭാഗത്ത് നിന്ന് ഫലപ്രദമായ പങ്കാളിത്തം ഉണ്ടാകേണ്ടതുണ്ട്. ഊർജ്ജോൽപ്പാദന രംഗത്തും ഊർജ്ജ സംരക്ഷണ മേഖലയിലും, മാലിന്യ സംസ്ക്കരണ രംഗത്തും ശക്തമായ ഇടപെടലുകൾ അതിനാൽ തന്നെ ആവശ്യമാണ്.

നിലവിലുള്ള അവസ്ഥാ വിശകലനം

1. ഖനിജ ഇന്ധനങ്ങൾ

ഖനിജ ഇന്ധനങ്ങളായ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വർദ്ധിത ഉപഭോഗം ആഗോള തലത്തിൽ ഇവയുടെ ലഭ്യത പരിമിതപ്പെടാനും, ഇവയുടെ അമിത ഉപഭോഗം ആഗോള താപനത്തിനും, തദ്വാരാ കാലാവസ്ഥാ വ്യതിയാനത്തിനും കാരണമായിട്ടുണ്ട്. ഊർജ്ജ മേഖലയിൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ ഉപയോഗം ഏറ്റവും കൂടുതലായി വരുന്നത് ഗതാഗത മേഖലയിലാണ്. പുറമെ വീടുകളിലെ പാചകത്തിന് നല്ലൊരു ശതമാനം ഉപയോഗിക്കുന്നതും

കൂടാതെ മത്സ്യ ബന്ധനം, കൃഷി, വ്യവസായം എന്നിവക്കും പെട്രോളിയം ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് വരുന്നു. ഈ ഇനത്തിൽ പ്രധാനമായും വരുന്നത് പെട്രോൾ, ഡീസൽ, മണ്ണണ്ണ, എൽ.പി.ജി. എന്നിവയാണ്.

പട്ടിക 4.3.1.1 : മലപ്പുറം ജില്ലയിലെ മോട്ടോർ വാഹനങ്ങളുടെ വാർഷിക പെരുപ്പവും സൂചികയും

2010-11		2011-12		2012-13		2013-14		2014-15		2015-16	
മോട്ടോർ വാഹനങ്ങളുടെ എണ്ണം	സൂചിക	മോട്ടോർ വാഹനങ്ങളുടെ എണ്ണം	സൂചിക	മോട്ടോർ വാഹനങ്ങളുടെ എണ്ണം	സൂചിക	മോട്ടോർ വാഹനങ്ങളുടെ എണ്ണം	സൂചിക	മോട്ടോർ വാഹനങ്ങളുടെ എണ്ണം	സൂചിക	മോട്ടോർ വാഹനങ്ങളുടെ എണ്ണം	സൂചിക
501855	288	572164	327	688191	393	739133	422	814962	484	903670	557

അവലംബം: സാമ്പത്തിക അവലോകനം 2016

2010-11 വർഷം 5,01,855 എണ്ണം മാത്രമുണ്ടായിരുന്ന വാഹനങ്ങൾ 2015-16 വർഷം ആയപ്പോഴേക്കും 9,03,670 എണ്ണമായി വർദ്ധിച്ചതായി കാണാം. ജില്ലയിലെ വാഹനങ്ങളുടെ എണ്ണത്തിൽ 80.06 % വളർച്ചയാണ് ഇത് കാണിക്കുന്നത്. നമ്മുടെ ജില്ലയിലെ സ്വകാര്യ വാഹനങ്ങളുടെ വർദ്ധനവ് അത്യന്തം ആശങ്കാ ജനകവും നിയന്ത്രിക്കേണ്ടത് അനിവാര്യവുമാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിനൊരു പരിഹാരമായി ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കേണ്ടതാണ്. കൂടാതെ പൊതു ഗതാഗത സംവിധാനം കൂടുതൽ കാര്യക്ഷമവും സൗകര്യപ്രദവുമാക്കുന്നതിലൂടെ സ്വകാര്യ വാഹനങ്ങളുടെ അമിത ഉപയോഗം നിയന്ത്രിക്കാവുന്നതുമാണ്. ജില്ലയിലെ ക്രമാതീതമായ വാഹനപ്പെരുപ്പമാണ് ഇതിൽ വ്യക്തമാവുന്നത്. ഇവയെല്ലാം പാരമ്പര്യ ഊർജ്ജ സ്രോതസ്സുകളായ ഡീസൽ, പെട്രോൾ തുടങ്ങിയവയാണ് ഉപയോഗിക്കുന്നത്. ഡീസൽ, പെട്രോൾ എഞ്ചിനുകൾ ആന്തരിക ദഹനം (internal combustion) വഴി പുറത്തു വിടുന്ന കാർബൺ ആഗോള താപനം പോലുള്ള വിപത്തുകൾക്ക് കാരണമായേക്കാം. ഇതിനൊരു പരിഹാരമായി ഇലക്ട്രിക് കാറുകൾ, ബാറ്ററിയിൽ സംഭരിച്ചിട്ടുള്ള ഇലക്ട്രിക്കൽ എനർജി ഉപയോഗിച്ച് മോട്ടോറുകൾ പ്രവർത്തിക്കുന്നതിനാൽ കാർബൺ പുറത്തു വിടുന്നില്ല. ഇലക്ട്രിക് വാഹനങ്ങൾ വീണ്ടും ചാർജ്ജ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്.

കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ദൗത്യം

ഈ വർഷം അവസാനത്തോട് കൂടി കേരളത്തിലെ മൂന്ന് സുപ്രധാന നഗരങ്ങളിൽ ഇലക്ട്രിക് കാർ പ്രോജക്ട് നടപ്പിലാക്കുന്നതിന് കെ.എസ്.ഇ.ബി ലിമിറ്റഡ് ഉദ്ദേശിക്കുന്നു. പൊതു ജനങ്ങൾക്ക് മണിക്കൂറിന് 100/- രൂപ നിരക്കിൽ പരമാവധി 4 മണിക്കൂർ നേരത്തേക്ക് ഇലക്ട്രിക് കാറുകൾ വാടകക്ക് നൽകാനാണ് കെ.എസ്.ഇ.ബി ലിമിറ്റഡ് ഉദ്ദേശിക്കുന്നത്. ജനങ്ങളിൽ ഇലക്ട്രിക് കാറുകളെക്കുറിച്ചും അവയുടെ പ്രകൃതി സൗഹൃദ സ്വഭാവത്തെക്കുറിച്ചും അവബോധം ഉണ്ടാക്കാൻ കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ഈ ഉദ്യമം സഹായിക്കും.

കെ.എസ്.ഇ.ബി യുടെ തിരുവനന്തപുരത്തുള്ള വൈദ്യുതി ഭവനം, കൊച്ചിയിലുള്ള GIS സബ് സ്റ്റേഷൻ, കോഴിക്കോട്ടുള്ള വൈദ്യുതി ഭവനം എന്നിവിടങ്ങളിൽ തുടക്കത്തിൽ ചാർജ്ജിംഗ് പോയന്റുകൾ ഉണ്ടാകും. ഈ പോയിന്റുകളിൽ ഒരേ സമയം 50 മുതൽ 100 വരെ കാറുകൾ ഒരുമിച്ച് ചാർജ്ജ് ചെയ്യാൻ കഴിയും. ജില്ലയിലും ഇത്തരം സംവിധാനം കൊണ്ടു വരുന്നത് സംബന്ധിച്ച് ഗൗരവമായ ആലോചനകൾ നടത്തേണ്ടതുണ്ട്.

സിറ്റി ഗ്യാസ് പദ്ധതി

ഖനിജ ഇന്ധനമായ എൽ.പി.ജി. ഏറ്റവും കൂടുതൽ ഉപയോഗിക്കപ്പെടുന്നത് വീടുകളിലെയും ഹോട്ടലുകളിലെയും പാചകാവശ്യങ്ങൾക്കാണ്. ഇതിനു പകരമായി പ്രകൃതി വാതകം ഉപയോഗിക്കാവുന്നതാണ്. പ്രകൃതി വാതകത്തിന്റെ വില എൽ.പി.ജി യെക്കാൾ കുറവും അന്തരീക്ഷ മലിനീകരണത്തിനു കാരണമാകുന്ന കാർബൺ പുറത്ത് വിടുന്നതിന്റെ തോത് കുറവുമാണ്. പൈപ്പ് ലൈൻ വഴി പാചക വാതകം വീടുകളിലെത്തിക്കുന്ന ഈ പദ്ധതി ജില്ലയിൽ നടപ്പിലാക്കുക വഴി ജില്ലയുടെ വികസനത്തിന് ആക്കം കൂട്ടുന്നതിലുപരി ഇത് പരിസ്ഥിതി സൗഹൃദവുമാണ്. ഇപ്പോൾ ഉപയോഗിക്കുന്ന എൽ.പി.ജി.യിൽ നിന്ന് പൈപ്പ് വഴിയുള്ള പ്രകൃതി വാതകത്തിലേയ്ക്ക് മാറുമ്പോൾ 40% വരെ ചിലവിൽ കുറവ് വരുന്നതാണ്. എൽ.പി.ജി യെ അപേക്ഷിച്ച് ഇതിനു പൊട്ടിത്തെറിക്കുള്ള സാധ്യത കുറവാണെന്നത് സുരക്ഷ ഉറപ്പ് വരുത്തുന്നു എന്ന് മാത്രമല്ല 24 മണിക്കൂറും തടസ്സമില്ലാതെ ലഭ്യമാകുന്നതുമാണ്. ഒരു സ്റ്റാൻഡേർഡ് ക്യുബിക് മീറ്റർ പൈപ്പ് ലൈൻ വഴിയുള്ള പ്രകൃതി വാതകത്തിന് ഏകദേശം 25 രൂപ മാത്രമെ വില വരികയുള്ളൂ. ഇതിന്റെ കലോറിഫിക് മൂല്യം 9500 കിലോ കലോറി/സ്റ്റാൻഡേർഡ് ക്യുബിക് മീറ്ററാണ്. ജില്ലയിൽ ഗെയിൽ ലിമിറ്റഡ് എന്ന കമ്പനിയാണ് ഈ പദ്ധതിയ്ക്കു വേണ്ട പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നത്.

2. ജൈവ ഇന്ധനങ്ങൾ

മൊത്തം ഊർജ്ജ ആവശ്യത്തിന്റെ 40 ശതമാനത്തോളം ജൈവ ഇന്ധനങ്ങളാണ് നിറവേറ്റുന്നത്. ചിരട്ട, വിറക്, തെങ്ങോല, മടൽ, തെങ്ങിൽ നിന്ന് ലഭിക്കുന്ന മറ്റ് അവശിഷ്ടങ്ങൾ, ചുള്ളിക്കമ്പുകൾ, കരി ഇലകൾ മുതലായവയാണ് പ്രധാന ജൈവ ഇന്ധനങ്ങൾ. ഇവയുടെ ഫലപ്രദവും ഊർജ്ജക്ഷമവുമായ ഉപയോഗത്തിനായി അനർട്ട് പല തരത്തിലുള്ള വിറകടുപ്പുകൾ ലഭ്യമാക്കി വരുന്നു.

പട്ടിക 4.3.1.2 : അനർട്ട് മുഖേന ജില്ലയിൽ നടപ്പിലാക്കിയ മെച്ചപ്പെട്ട വിറകടുപ്പുകളുടെ വിശദാംശങ്ങൾ.

ക്രമ നമ്പർ	സാമ്പത്തിക വർഷം	ഗാർഹികം		സ്ഥാപനങ്ങൾ
		ജനറൽ (എണ്ണം)	SC-ST/THS (എണ്ണം)	സ്കൂളുകൾ/ അംഗനവാടികൾ / പബ്ലിക് (എണ്ണം)
1	2012-13	331	1122	67
2	2013-14	217	532	104
3	2014-15	0	180	70
4	2015-16	0	128	42
5	2016-17	0	56	8
	മൊത്തം	548	2018	291

അവലംബം: അനെർട്ട്

ഇത്തരത്തിൽ 2566 എണ്ണം 2 +1 മോഡൽ അടുപ്പുകളും ഉച്ച ഭക്ഷണം പാകം ചെയ്യുന്ന സ് കൂളുകൾ, അംഗൻവാടികൾ മറ്റു പൊതു സ്ഥാപനങ്ങൾ എന്നിവിടങ്ങളിലേക്ക് യോജിച്ച 291 എണ്ണം കമ്മ്യൂണിറ്റി അടുപ്പുകൾ സർക്കാർ ധന സഹായത്തോടെ ജില്ലയിൽ സ്ഥാപിച്ചിട്ടുണ്ട്.

3. ബയോ ഗ്യാസ് പ്ലാന്റുകൾ

പട്ടിക 4.3.1.3 : അനർട്ട് മുഖേന മലപ്പുറം ജില്ലയിൽ നടപ്പിലാക്കിയ ബയോ ഗ്യാസ് പ്ലാന്റുകളുടെ വിവരങ്ങൾ

ക്രമ നമ്പർ	സാമ്പത്തിക വർഷം	പോർട്ടബിൾ (എണ്ണം)	ഫിക്സഡ് (എണ്ണം)
1	2012–13	123	43
2	2013–14	0	37
3	2014–15	188	23
4	2015–16	165	25
5	2016–17	53	29
	മൊത്തം	529	157

അവലംബം: അനെർട്ട്

കേരളത്തിൽ ഇന്ന് ഒരു സാമൂഹികാരോഗ്യ പ്രശ്നം തന്നെയായി മാറിയിരിക്കുന്ന ചീഞ്ഞളിയുന്ന ജൈവ മാലിന്യങ്ങൾ സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യുന്നതിനും അതോടൊപ്പം അതിൽ നിന്നും വിലപ്പെട്ട പാചക ഇന്ധനമായ ജൈവ വാതകം ഉൽപ്പാദിപ്പിക്കാനും സഹായകരമായ ഉപകരണ സംവിധാനമാണ് ബയോ ഗ്യാസ് പ്ലാന്റുകൾ. രണ്ട് തരം മോഡലുകൾ നിലവിൽ ഉപയോഗത്തിലുണ്ട്.

എ) പോർട്ടബിൾ മോഡൽ

ബി) ഫിക്സഡ് മോഡൽ

മലപ്പുറം ജില്ലയിൽ വിവിധ പ്രദേശങ്ങളിലായി 157 എണ്ണം (മൊത്തം 377 M^3 കപ്പാസിറ്റി) ഫിക്സഡ് ബയോ ഗ്യാസ് പ്ലാന്റുകളും 529 എണ്ണം (മൊത്തം 500.5 M^3 കപ്പാസിറ്റി) പോർട്ടബിൾ ബയോ ഗ്യാസ് പ്ലാന്റുകളും ഈ കാലയളവിൽ സ്ഥാപിച്ചിട്ടുണ്ട്. ചീഞ്ഞളിയുന്ന ജൈവ മാലിന്യങ്ങൾ ഉപയോഗപ്രദമായി നിർമ്മാർജ്ജനം ചെയ്യുന്നതിലൂടെ പാചക വാതകമായ ജൈവ വാതകം ഉപയോഗിക്കുന്നതിനും, പ്ലാന്റിൽ നിന്നും പുറത്ത് വരുന്ന സ്ലറി ജൈവ വളമായി ഉപയോഗിക്കുന്നതിനും സാധിക്കുന്നു. മാലിന്യ നിർമ്മാർജ്ജനം, ഊർജ്ജ സംരക്ഷണം, ജൈവ വള ഉപയോഗം എന്നീ മൂന്ന് ലക്ഷ്യങ്ങളാണ് ബയോ ഗ്യാസ് പ്ലാന്റുകൾ നിറവേറ്റുന്നത്.

വൈദ്യുതി മേഖല

ഉൽപ്പാദന മേഖല

ജല വൈദ്യുത നിലയം

മലപ്പുറം ജില്ലയിൽ നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഏക ജല വൈദ്യുത നിലയം ആഢ്യൻപാറ ചെറുകിട ജലവൈദ്യുത നിലയമാണ്. നിലയത്തിന്റെ സ്ഥാപിത ശേഷി 3.5 മെഗാവാട്ട് (2X1.5+1X0.5 മെഗാവാട്ട്) ആണ്. ജില്ലയിൽ പരിഗണനയിലുള്ള മറ്റു ചെറുകിട ജലവൈദ്യുത പദ്ധതികൾ താഴെ പറയുന്നവയാണ്.

പട്ടിക 4.3.1.4 : മലപ്പുറം ജില്ലയിലെ പരിഗണനയിലുള്ള ചെറുകിട ജല വൈദ്യുത പദ്ധതികൾ

ക്രമ നമ്പർ	പേര്	സ്ഥലം	സ്ഥാപിതശേഷി	വാർഷിക ഉൽപാദനം
1	പീടികപ്പാറ SHEP	കുമ്പാറ ചാലിയാർ പഞ്ചായത്ത്	4.50 മെഗാവാട്ട്	10 മില്ല്യൻ യൂണിറ്റ്
2	പെരുമ്പിലാവ് SHEP	കക്കാടം പൊയിൽ ചാലിയാർ പഞ്ചായത്ത്	2.7 മെഗാ വാട്ട്	6.19 മില്ല്യൻ യൂണിറ്റ്

ക്രമ നമ്പർ	പേര്	സ്ഥലം	സ്ഥാപിതശേഷി	വാർഷിക ഉൽപാദനം
3	കേരളാംകുണ്ട്	കരുവാരകുണ്ട് കരുവാരകുണ്ട് പഞ്ചായത്ത്	0.80 മെഗാ വാട്ട്	-
4	കോട്ടപ്പുഴ	ചോക്കാട്, ചോക്കാട് പഞ്ചായത്ത്	4 മെഗാവാട്ട്	9.40 മില്ല്യൻ യൂണിറ്റ്
5	ലോവർ വാളാംതോട്	വാളാംതോട്, ചാലിയാർ പഞ്ചായത്ത്	6.6 മെഗാവാട്ട്	13.95 മില്ല്യൻ യൂണിറ്റ്

അവലംബം: കെ.എസ്.ഇ.ബി.

ഇതിനു പുറമെ എനർജി മാനേജ്മെന്റ് സെന്ററിന്റെ നേതൃത്വത്തിൽ നടത്തിയ പഠന പ്രകാരം ജില്ലയിൽ ഇരുപത്തെട്ടോളം മൈക്രോ മിനി ജല വൈദ്യുത പദ്ധതി സാധ്യതകൾ തിരിച്ചറിഞ്ഞിട്ടുണ്ട്. വിശദാശംങ്ങൾ താഴെ കൊടുക്കുന്നു.

പട്ടിക 4.3.1.5 : മൈക്രോ / മിനി ജല വൈദ്യുത പദ്ധതികൾ

ക്രമ നമ്പർ	നിർദ്ദിഷ്ട പദ്ധതി	ജില്ല / താലൂക്ക് / പഞ്ചായത്ത്	നദീ തടം/ പുഴ/അരുവി	ശേഷി(മെഗാ വാട്ട്)	ഊർജ്ജം (മില്യൻ യൂണിറ്റ്)
1	ആരക്കോട്	മലപ്പുറം	ചാലിയാർ	0.5	1.2
2	ചെമ്പുഴ	മലപ്പുറം	ചാലിയാർ	10	29
3	ചെറുപുഴ	മലപ്പുറം	ചാലിയാർ	0.5	4.38
4	ചോക്കാട് പുഴ മിനി	മലപ്പുറം	ചാലിയാർ	0.5	0.47
5	ചൂരൽമല	മലപ്പുറം	ചാലിയാർ	0.22	1.1
6	കലക്കൻപുഴ മിനി	മലപ്പുറം	ചാലിയാർ	0.3	1.25
7	കാരാടൻപുഴ	മലപ്പുറം	ചാലിയാർ	0.3	1.31
8	കാരക്കോടുപുഴ	മലപ്പുറം	ചാലിയാർ	0.2	0.74
9	കരിമ്പുഴ	മലപ്പുറം	ചാലിയാർ	0.9	2.98
10	കേസരിപ്പുഴ	മലപ്പുറം	ചാലിയാർ	15	29
11	കൊടിഞ്ഞിപ്പുഴ	മലപ്പുറം	ചാലിയാർ	0.2	0.78
12	കോട്ടപ്പുഴ മിനി	മലപ്പുറം	ചാലിയാർ	0.25	0.9
13	ക്രമൻ പുഴ	മലപ്പുറം	ചാലിയാർ	1	1.8
14	കുരുടി പുഴ	മലപ്പുറം	ചാലിയാർ	0.5	0.5
15	കുറുമൻപുഴ മിനി	മലപ്പുറം	ചാലിയാർ	4.7	13.97
16	നീർപുഴ	മലപ്പുറം	ചാലിയാർ	0.15	0.53
17	ഒലിക്കത്തോട്	മലപ്പുറം	ചാലിയാർ	0.4	1.17
18	പന്തലമ്പുഴ I	മലപ്പുറം	ചാലിയാർ	1	2
19	പന്തലമ്പുഴ II	മലപ്പുറം	ചാലിയാർ	1	2
20	പന്തല്ലൂർ പുഴ	മലപ്പുറം	ചാലിയാർ	0.15	0.59
21	പെരിങ്ങാവ്	മലപ്പുറം	ചാലിയാർ	0.16	0.9
22	പോക്കോട്	മലപ്പുറം	ചാലിയാർ	1	1.8
23	പോത്തൻതോട്	മലപ്പുറം	ചാലിയാർ	3	15
24	പുഴക്കാട്ടിരി	മലപ്പുറം	പൊന്നാനി	-	-
25	തിരുവമ്പാടി മിനി II	മലപ്പുറം	ചാലിയാർ	1	2

ക്രമ നമ്പർ	നിർദ്ദിഷ്ട പദ്ധതി	ജില്ല / താലൂക്ക് / പഞ്ചായത്ത്	നദീ തടം/ പുഴ/അരുവി	ശേഷി(മെഗാ വാട്ട്)	ഊർജ്ജം (മില്യൻ യൂണിറ്റ്)
26	തോട്ടുമുക്കം	മലപ്പുറം	ചാലിയാർ	0.16	0.8
27	വാളംതോട്	മലപ്പുറം	ചാലിയാർ	2	8.64
28	വെണ്ണക്കോട്	മലപ്പുറം	ചാലിയാർ	0.02	0.09

അവലംബം:എനർജി മാനേജ്മെന്റ് സെന്റർ

എനർജി മാനേജ്മെന്റ് സെന്ററിന്റെ നേതൃത്വത്തിൽ നടത്തിയ പഠന പ്രകാരം ജില്ലയിൽ തിരിച്ചറിഞ്ഞിട്ടുള്ള പൈക്കോ ജലവൈദ്യുത പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പൈക്കോ ജല വൈദ്യുത പദ്ധതി

പട്ടിക 4.3.1.6 : ജില്ലയിലെ പൈക്കോ ജല വൈദ്യുത പദ്ധതികളുടെ തിരിച്ചറിഞ്ഞിട്ടുള്ള സാധ്യതാ ലിസ്റ്റ്.

ക്രമ നമ്പർ	ജില്ല	ബ്ലോക്ക് പഞ്ചായത്ത്	തദ്ദേശ സ്വയംഭരണ സ്ഥാപനം	സ്ഥല പ്പേർ	ഉടമസ്ഥാവകാശം	ഡിസ്ചാർജ് (m3/s)	ഹെഡ് അവൈലബിൾ (m)
1	മലപ്പുറം	മങ്കട	മങ്കട	ചേരിയം മല	സ്വകാര്യം	0.00	43.96
2	മലപ്പുറം	മങ്കട	മങ്കട	കുരങ്ങൻ ചോല	സ്വകാര്യം	0.00	24.42
3	മലപ്പുറം	മങ്കട	മങ്കട	മാളോറ	സ്വകാര്യം	0.00	33.80
4	മലപ്പുറം	നിലമ്പൂർ	അമരമ്പലം	ഒലർവട്ടം	സ്വകാര്യം	0.57	3.42
5	മലപ്പുറം	നിലമ്പൂർ	അമരമ്പലം	പൂത്തോട്ടം കടവ്/കോയിപ്ര	സ്വകാര്യം	0.16	15.40
6	മലപ്പുറം	നിലമ്പൂർ	അമരമ്പലം	ടി.കെ. കോളനി/കോയിപ്ര	സ്വകാര്യം	0.41	21.05
7	മലപ്പുറം	നിലമ്പൂർ	ചാലിയാർ	ചൂരപ്പുഴ	വനം	0.00	5.00
8	മലപ്പുറം	നിലമ്പൂർ	ചാലിയാർ	കോഴിപ്പാറ	വനം	0.18	34.77
9	മലപ്പുറം	നിലമ്പൂർ	ചാലിയാർ	കുറുവൻപുഴ	വനം	0.02	17.00
10	മലപ്പുറം	നിലമ്പൂർ	ചാലിയാർ	മൂലേപ്പാടം (വെണ്ണേക്കോട്)	സ്വകാര്യം	0.30	8.00
11	മലപ്പുറം	നിലമ്പൂർ	ചാലിയാർ	നാരിക്കല്ല്	വനം	0.00	181.57
12	മലപ്പുറം	നിലമ്പൂർ	ചാലിയാർ	പലകത്തോട്	സ്വകാര്യം	0.14	20.93
13	മലപ്പുറം	നിലമ്പൂർ	ചാലിയാർ	തണ്ടിങ്ങൽ	സ്വകാര്യം	0.00	3.00
14	മലപ്പുറം	നിലമ്പൂർ	ചോക്കാട്	മഞ്ഞപ്പെട്ടി	സ്വകാര്യം	0.47	49.64
15	മലപ്പുറം	നിലമ്പൂർ	ചോക്കാട്	വള്ളിപ്പുല ഗിരിജൻ കോളനി	വനം	0.19	44.55
16	മലപ്പുറം	നിലമ്പൂർ	ചുങ്കത്തറ	കല്ലായി പാറ	സ്വകാര്യം	0.00	10.68
17	മലപ്പുറം	നിലമ്പൂർ	ചുങ്കത്തറ	കുണ്ടിലു കട്ടി	സ്വകാര്യം	0.00	3.00
18	മലപ്പുറം	നിലമ്പൂർ	ചുങ്കത്തറ	മൈലമ്പാറ	സ്വകാര്യം	0.00	26.36
19	മലപ്പുറം	നിലമ്പൂർ	ചുങ്കത്തറ	വേലക്കണ്ണൻപാറ (അപ്പകുഴി)	സ്വകാര്യം	0.00	35.30
20	മലപ്പുറം	നിലമ്പൂർ	കരുളായി	അരക്കയ്യൻ പുഴ	വനം	0.03	17.21
21	മലപ്പുറം	നിലമ്പൂർ	കരുളായി	ചെറിയ തോട് (താഴെ മഞ്ചിരി)	വനം	0.05	18.00
22	മലപ്പുറം	നിലമ്പൂർ	കരുളായി	കരിമ്പുഴ I	വനം	0.66	20.00
23	മലപ്പുറം	നിലമ്പൂർ	കരുളായി	കരിമ്പുഴ II	വനം	0.66	30.00

ക്രമ നമ്പർ	ജില്ല	ബ്ലോക്ക് പഞ്ചായത്ത്	തദ്ദേശ സ്വയംഭരണ സ്ഥാപനം	സ്ഥല പ്പേർ	ഉടമസ്ഥാവകാശം	ഡിസ്ചാർജ് (m3/s)	ഹെഡ് അവൈലബിൾ (m)
24	മലപ്പുറം	നിലമ്പൂർ	കരുളായി	കരിമ്പുഴ III (താളിപുഴ)	വനം	0.39	17.00
25	മലപ്പുറം	നിലമ്പൂർ	കരുളായി	മഞ്ഞ കല്ലൻ പുഴ I	വനം	0.13	10.00
26	മലപ്പുറം	നിലമ്പൂർ	കരുളായി	മഞ്ഞ കല്ലൻ പുഴ II	വനം	0.13	12.65
27	മലപ്പുറം	നിലമ്പൂർ	കരുളായി	മഞ്ഞ കല്ലൻ പുഴ III	വനം	0.13	12.00
28	മലപ്പുറം	നിലമ്പൂർ	കരുളായി	മഞ്ഞ കല്ലൻ പുഴ IV	വനം	0.09	16.15
29	മലപ്പുറം	നിലമ്പൂർ	കരുളായി	പാണ പുഴ	വനം	0.61	21.60
30	മലപ്പുറം	നിലമ്പൂർ	കരുളായി	വലിയ തോട് (മേലെ മഞ്ചിരി)	വനം	0.17	47.71
31	മലപ്പുറം	നിലമ്പൂർ	പോത്തുകല്ല്	അപ്പൻകാപ്പ	സ്വകാര്യം	0.48	25.31
32	മലപ്പുറം	നിലമ്പൂർ	പോത്തുകല്ല്	ചെമ്പ്ര I	വനം	0.01	18.44
33	മലപ്പുറം	നിലമ്പൂർ	പോത്തുകല്ല്	ചെമ്പ്ര II	വനം	0.34	19.00
34	മലപ്പുറം	നിലമ്പൂർ	പോത്തുകല്ല്	കാരാട്ടം പുഴ	വനം	0.46	45.00
35	മലപ്പുറം	നിലമ്പൂർ	പോത്തുകല്ല്	കവളപ്പാറ തോട്	സ്വകാര്യം	0.01	25.50
36	മലപ്പുറം	നിലമ്പൂർ	പോത്തുകല്ല്	മാലം കുണ്ട്	സ്വകാര്യം	0.00	58.34
37	മലപ്പുറം	നിലമ്പൂർ	പോത്തുകല്ല്	മുരു കാഞ്ഞിരം	സ്വകാര്യം	0.00	7.43
38	മലപ്പുറം	നിലമ്പൂർ	പോത്തുകല്ല്	പാതാർ	സ്വകാര്യം	0.00	32.00
39	മലപ്പുറം	നിലമ്പൂർ	പോത്തുകല്ല്	പാത്ര കുണ്ട്	സ്വകാര്യം	0.00	5.00
40	മലപ്പുറം	നിലമ്പൂർ	വഴിക്കടവ്	കാരാക്കോട് പുത്തിരിപ്പാടം	വനം	0.00	13.90
41	മലപ്പുറം	നിലമ്പൂർ	വഴിക്കടവ്	വെള്ളക്കട്ട (വെട്ടുമുറി ചോല)	വനം	0.20	54.50
42	മലപ്പുറം	നിലമ്പൂർ	വഴിക്കടവ്	വെണ്ടേക്കും പൊട്ടി (തോണി കുണ്ട്)	സ്വകാര്യം	0.13	30.17
43	മലപ്പുറം	പെരിന്തൽമണ്ണ	താഴേക്കോട്	ഇരു കുളം ചോല (ഇരുളൻ ചോല)	സ്വകാര്യം	0.00	29.90
44	മലപ്പുറം	പെരിന്തൽമണ്ണ	താഴേക്കോട്	കൊടികുത്തി മല I	സ്വകാര്യം	0.00	26.00
45	മലപ്പുറം	പെരിന്തൽമണ്ണ	താഴേക്കോട്	കൊടികുത്തി മല II	സ്വകാര്യം	0.00	23.50
46	മലപ്പുറം	പെരിന്തൽമണ്ണ	താഴേക്കോട്	കൊടികുത്തി മല III	സ്വകാര്യം	0.00	22.00
47	മലപ്പുറം	പെരിന്തൽമണ്ണ	താഴേക്കോട്	കുണ്ടൻ ചോല	സ്വകാര്യം	0.00	22.00
48	മലപ്പുറം	പെരിന്തൽമണ്ണ	താഴേക്കോട്	മരംപറ്റ കുന്ന് (ആരം കുന്ന്)	സ്വകാര്യം	0.00	42.00
49	മലപ്പുറം	പെരിന്തൽമണ്ണ	താഴേക്കോട്	മുള മട	സ്വകാര്യം	0.00	17.65
50	മലപ്പുറം	പെരിന്തൽമണ്ണ	താഴേക്കോട്	പുലക്കൽ	സ്വകാര്യം	0.00	2.60
51	മലപ്പുറം	പെരിന്തൽമണ്ണ	താഴേക്കോട്	തേക്കിൻ കാട്	സ്വകാര്യം	0.00	34.28
52	മലപ്പുറം	പെരിന്തൽമണ്ണ	താഴേക്കോട്	വെള്ളപ്പാറ	സ്വകാര്യം	0.00	31.52

ക്രമ നമ്പർ	ജില്ല	ബ്ലോക്ക് പഞ്ചായത്ത്	തദ്ദേശ സ്വയംഭരണ സ്ഥാപനം	സ്ഥല പ്പേർ	ഉടമസ്ഥാവകാശം	ഡിസ്ചാർജ് (m3/s)	ഹെഡ് അവൈലബിൾ (m)
53	മലപ്പുറം	വണ്ടൂർ	കരുവാരകുണ്ട്	ആർത്തല ചോല I	സ്വകാര്യം	0.08	27.00
54	മലപ്പുറം	വണ്ടൂർ	കരുവാരകുണ്ട്	ആർത്തല ചോല II	സ്വകാര്യം	0.05	13.50
55	മലപ്പുറം	വണ്ടൂർ	കരുവാരകുണ്ട്	അരിമണൽ	സ്വകാര്യം	0.01	4.50
56	മലപ്പുറം	വണ്ടൂർ	കരുവാരകുണ്ട്	ബറോഡ വെള്ളച്ചാട്ടം	സ്വകാര്യം	0.01	34.53
57	മലപ്പുറം	വണ്ടൂർ	കരുവാരകുണ്ട്	ചെരുമ്പൻ കുമ്പ	സ്വകാര്യം	0.30	30.70
58	മലപ്പുറം	വണ്ടൂർ	കരുവാരകുണ്ട്	കേരള കുണ്ട്	സ്വകാര്യം	0.02	57.70
59	മലപ്പുറം	വണ്ടൂർ	കരുവാരകുണ്ട്	സ്വപ്ന കുണ്ട്	സ്വകാര്യം	0.26	11.45

അവലംബം:എനർജി മാനേജ്മെന്റ് സെന്റർ

നിർദ്ദേശങ്ങൾ

1. കെ.എസ്.ഇ.ബി.യും എനർജി മാനേജ്മെന്റ് സെന്ററും വിശദ പഠനത്തിലൂടെ കണ്ടെത്തിയ മേൽ പറഞ്ഞ പദ്ധതികൾ ടി ഏജൻസികളിലൂടെ വിവിധ സ്രോതസ്സുകൾ വഴി നടപ്പിലാക്കാൻ ആവശ്യമായ ആസൂത്രണം ഗൗരവമായി പരിഗണിക്കേണ്ടതുണ്ട്.

2. മേൽപ്പറഞ്ഞ മിനി, മൈക്രോ, പൈക്കോ, ജല വൈദ്യുത പദ്ധതികളുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തി ജില്ലയിലെ വൈദ്യുത ഉദ്പ്പാദന മേഖലയെ ത്വരിതപ്പെടുത്താൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി പദ്ധതി നിർദ്ദേശങ്ങൾ വെയ്ക്കുക.

സൗരോർജ്ജ നിലയങ്ങൾ

സോളാർ പ്ലാന്റുകൾ

അനെർട്ട് മുഖേന മലപ്പുറം ജില്ലയിൽ 2012 മുതൽ 2017 വരെ നടപ്പിലാക്കിയ ഓഫ്ഗ്രിഡ് സോളാർ പവർ പ്ലാന്റ്, ഓൺ ഗ്രിഡ് സോളാർ പവർ പ്ലാന്റ് എന്നിവയുടെ തരം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 4.3.1.7 : ഓൺഗ്രിഡ്, ഓഫ് ഗ്രിഡ് സോളാർ പ്ലാന്റുകൾ

ഓൺ ഗ്രിഡ് സോളാർ പവർ പ്ലാൻറ്			ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാൻറ്		
ഗാർഹികം (എണ്ണം)	സ്ഥാപനങ്ങൾ (എണ്ണം)	ആകെ എണ്ണം	ഗാർഹികം (എണ്ണം)	സ്ഥാപനങ്ങൾ (എണ്ണം)	ആകെ എണ്ണം
21	12	33	1047	17	1064

അവലംബം : അനെർട്ട്

സൗര മേൽക്കൂര വൈദ്യുത നിലയങ്ങൾ

വീടുകളുടെയും, സ്ഥാപനങ്ങളുടെയും മേൽക്കൂരയിൽ ലഭിക്കുന്ന സൂര്യ പ്രകാശത്തിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനുള്ള സംവിധാനങ്ങളാണ് സൗര മേൽക്കൂര നിലയങ്ങൾ. രണ്ടു തരത്തിലുള്ള സൗര നിലയങ്ങളാണ് അനർട്ട് പദ്ധതികളിൽ നടപ്പിലാക്കുന്നത്.

ശൃംഖലാ ബന്ധിത സൗര നിലയങ്ങൾ (ഓൺ ഗ്രിഡ്)

ഇപ്പോഴത്തെ അവസ്ഥ

വീടുകളിലും സ്ഥാപനങ്ങളിലും സോളാർ പാനൽ സ്ഥാപിച്ചു കൊണ്ട് 1138.4 കിലോ വാട്ട് ശേഷിയുള്ള സൗരോർജ്ജ വൈദ്യുതി കെ.എസ്.ഇ.ബി.യുടെ ഗ്രിഡിലേക്ക് ബന്ധിപ്പിക്കുക വഴി 94294.129 യൂണിറ്റ് വൈദ്യുതി കെ.എസ്.ഇ.ബി.യുടെ ഗ്രിഡിലേക്ക് ലഭിക്കുന്നു. ഇതിനു പുറമെ IPDS പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് കെ.എസ്.ഇ.ബി.യുടെ സബ്സ്റ്റേഷൻ കെട്ടിടങ്ങളായ അരീക്കോട്, മാലാപ്പറമ്പ്, കുറ്റിപ്പുറം എന്നിവയുടെ മുകളിലും മഞ്ചേരി വൈദ്യുതി ഭവൻ കെട്ടിടത്തിന്റെ മുകളിലുമായി യഥാക്രമം 30 കിലോ വാട്ട്, 20 കിലോ വാട്ട്, 30 കിലോ വാട്ട് എന്ന കണക്കിൽ സോളാർ പ്ലാന്റുകൾ സ്ഥാപിച്ച് ഗ്രിഡിലേക്ക് ബന്ധിപ്പിക്കുന്ന പ്രവൃത്തി അതിന്റെ പൂർത്തീകരണ ഘട്ടത്തിലാണ്. കൂടാതെ കെ.എസ്.ഇ.ബി അതിന്റെ ടേൺ കീ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് കുറ്റിപ്പുറം സബ്സ്റ്റേഷൻ കോമ്പൗണ്ടിൽ 500 കിലോ വാട്ട് സ്ഥാപിതശേഷിയുള്ള സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിത ഗതിയിൽ നടന്നു കൊണ്ടിരിക്കുകയാണ്. ഇതിനു പുറമെ മലപ്പുറം ജില്ലാ പഞ്ചായത്ത് കെട്ടിടത്തിന്റെ മുകളിലും മലപ്പുറം സിവിൽ സ്റ്റേഷൻ കെട്ടിടത്തിന്റെ മുകളിലുമായി റൂഫ് ടോപ് സോളാർ സ്ഥാപിച്ചു ഗ്രിഡിലേക്ക് ബന്ധിപ്പിക്കുന്ന പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.

ശൃംഖലാ ബന്ധിതമല്ലാത്ത സൗര നിലയങ്ങൾ (ഓഫ് ഗ്രിഡ്)

ഇപ്പോഴത്തെ അവസ്ഥ

വീടുകളിൽ സോളാർ പാനൽ ഉപയോഗിച്ചുകൊണ്ട് 1256 കിലോവാട്ട് ശേഷിയുള്ള ഓഫ് ഗ്രിഡ് സൗരോർജ്ജ വൈദ്യുതി ഉപയോഗിച്ചു വരുന്നു. അതായത് വികേന്ദ്രീകൃതമായി ഏകദേശം 1,13,040 യൂണിറ്റ്/മാസം വൈദ്യുതി ഉത്പ്പാദിക്കുന്നു.

നിർദ്ദേശങ്ങൾ

1. ശൃംഖലാബന്ധിത സൗരോർജ്ജ വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുന്നതിലൂടെ അവ സ്ഥാപിക്കുന്ന കെട്ടിടത്തിലെ വൈദ്യുതാവശ്യം നിറവേറ്റുന്നതിനും, അധികമായി ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി സംസ്ഥാന വൈദ്യുത വിതരണ ശൃംഖലയിലേയ്ക്ക് നൽകുന്നതിനും കഴിയുന്നതാണ്. ഹൈബ്രിഡ് (ഓഫ് ഗ്രിഡ് & ഓൺ ഗ്രിഡ്) സോളാർ ഇൻവർട്ടറുകൾ ഈ പദ്ധതിയുടെ ഭാഗമാക്കുക. ഇതിലൂടെ നിലവിലെ ബാറ്ററി ചാർജ്ജിംഗ് സംവിധാനം പൂർണ്ണമായും സോളാറിലേക്ക് മാറ്റുക.
2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ കെട്ടിടങ്ങൾ (ഓഫീസ്, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കോളേജ്, ഹോസ്റ്റൽ), സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ മേൽക്കൂരയിൽ സ്ഥല സൗകര്യം തിട്ടപ്പെടുത്തി സൗര വൈദ്യുത നിലയങ്ങൾ സ്ഥാപിച്ച് ജനങ്ങളിൽ സോളാർ പവർ പ്ലാന്റുകളുടെ സാധ്യതകളെക്കുറിച്ച് ബോധവൽക്കരണം നടത്തുക.
3. വാണിജ്യാടിസ്ഥാനത്തിൽ നിർമ്മിക്കുന്ന കെട്ടിടങ്ങൾ, ലക്ഷ്വറി ടാക്സ് അടയ്ക്കുന്ന വീടുകൾ, പുതുതായി പണിയുന്ന 3000 സ്ക്വയർ ഫീറ്റിന് മുകളിലുള്ള വീടുകൾ എന്നിവിടങ്ങളിൽ സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിക്കുന്നത് ബിൽഡിംഗ് നമ്പർ അനുവദിക്കുന്നതിനുള്ള മാനദണ്ഡമായി ചേർക്കുക.
4. ജില്ലയിലെ ഉപയോഗശൂന്യമായി കിടക്കുന്ന റവന്യൂ സ്ഥലങ്ങളിൽ അക്ഷയ ഊർജ്ജ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പഠനം നടത്തുക.
5. സർക്കാർ സ്ഥാപനങ്ങളിൽ ഇൻവർട്ടർ, ജനറേറ്റർ എന്നിവയുടെ ഉപയോഗം പരമാവധി ഒഴിവാക്കി ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റ് കേന്ദ്ര ധന സഹായത്തോടുകൂടി സ്ഥാപിക്കുക.
6. വീടുകൾ, സ്ഥാപനങ്ങൾ എന്നിവയ്ക്ക് സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സബ്സിഡി നൽകി പ്രോൽസാഹിപ്പിക്കുക കേന്ദ്ര സബ്സിഡി അനർട്ടിലൂടെ ലഭ്യമാക്കുന്നതാണ്. സഹകരണ ബാങ്കുകൾ മുഖേന വായ്പ സൗകര്യം ലഭ്യമാണ്. ഇത് പരമാവധി പ്രയോജനപ്പെടുത്തുക (തദ്ദേശ സ്വയംഭരണ സ്ഥാപനം നടപ്പിലാക്കേണ്ട

സർക്കാർ അംഗീകരിച്ച ഉത്തരവ് നമ്പർ 9/2017/തസ്വഭവ തീയതി 03.04.2017, സഹകരണ വകുപ്പ് സർക്കുലർ നമ്പർ 39).

7. സർക്കാർ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ മേൽക്കൂരയിലേക്കെത്തിച്ചേരുന്നതിനുള്ള കോണിപ്പടികൾ / ലാഡർ സൗകര്യം പണിയുക. മേൽക്കൂരകൾ പരന്ന ഉപരിതലത്തോട് കൂടി നിർമ്മിക്കാൻ ശ്രദ്ധിക്കുക.

സോളാർ വാട്ടർ ഹീറ്റർ ഇപ്പോഴത്തെ അവസ്ഥ

വീടുകളിലും ആതുരാലയങ്ങളിലും, ഹോട്ടലുകളിലുമൊക്കെ വെള്ളം ചൂടാക്കാൻ ഉയർന്ന തോതിൽ വൈദ്യുതിയോ, പാചക ഇന്ധനമോ ചെലവാക്കേണ്ടി വരുന്നു. എന്നാൽ വർഷത്തിൽ 300 ദിവസത്തോളം വെയിൽ കിട്ടുന്ന കേരളത്തിൽ വളരെ എളുപ്പത്തിൽ ഈ ആവശ്യത്തിന് സൂര്യ താപം ഉപയോഗിക്കാനും അതു വഴി വിലയേറിയതും, വൈദ്യുതിയിൽ പ്രവർത്തിക്കുന്നതുമായ മറ്റ ഉപകരണങ്ങൾക്ക് പകരമായി സോളാർ വാട്ടർ ഹീറ്റർ സംവിധാനം ഉപയോഗിക്കാവുന്നതാണ്. 256 എണ്ണം (36700 എൽ.പി.ഡി. കപ്പാസിറ്റി) സർക്കാർ ധന സഹായത്തോടെ സ്ഥാപിച്ചിട്ടുണ്ട്. പരിസ്ഥിതി സൗഹൃദപരമായി സോളാർ വാട്ടർ ഹീറ്റർ സ്ഥാപിക്കുന്നതിലൂടെ 100 എൽ.പി.ഡി വെള്ളം ചൂടാക്കുന്നതിന് പ്രതിദിനം 1.5 യൂണിറ്റ് വൈദ്യുതി ലാഭിക്കാവുന്നതാണ്.

നിർദ്ദേശങ്ങൾ

1. ആശുപത്രികൾ, ലോഡ്ജുകൾ, ഹോട്ടലുകൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് വെള്ളം ചൂടാക്കുന്നതിന് സോളാർ വാട്ടർ ഹീറ്റർ സ്ഥാപിക്കാവുന്നതാണ്.
2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഗാർഹിക ഉണഭോക്താക്കൾക്ക് സോളാർ വാട്ടർ ഹീറ്റർ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകുക.

കാറ്റിൽ നിന്നുള്ള വൈദ്യുതി

കാറ്റിൽ നിന്നുള്ള വൈദ്യുതിയുടെ സാധ്യതകളെ സംബന്ധിച്ച് ജില്ലയിൽ പഠനങ്ങൾ നടക്കേണ്ടതുണ്ട്.

പ്രസരണ മേഖല

നിലവിലെ അവസ്ഥ

മലപ്പുറം ജില്ലയിലെ വൈദ്യുത പ്രസരണ ലൈനുകളുടെയും സബ്സ്റ്റേഷനുകളുടെയും ഭൂപടം അനുബന്ധം 4.3.1.1 ൽ ചേർത്തിരിക്കുന്നു.

മലപ്പുറം ജില്ലയുടെ വൈദ്യുത പ്രസരണ വികസന പദ്ധതികൾ

മലപ്പുറം ജില്ലയിൽ പ്രസരണ വിഭാഗത്തിൽ ഒരു 400 കെ.വി സബ് സ്റ്റേഷനും, രണ്ട് 220 കെവി സബ് സ്റ്റേഷനുകളും പതിനൊന്ന് 110 കെവി സബ്സ്റ്റേഷനുകളും, നാല് 66 കെ വി സബ് സ്റ്റേഷനുകളും, പതിനാല് 33 കെ വി സബ് സ്റ്റേഷനുകളും, ട്രാൻസ്മിഷൻ സർക്കിൾ മലപ്പുറത്തിനു കീഴിൽ മലപ്പുറം, തിരൂർ ട്രാൻസ്മിഷൻ ഡിവിഷനുകളിലായി നിലവിലുണ്ട്.

മലപ്പുറം ജില്ലയുടെ കിഴക്കൻ മേഖലയിൽ വോൾട്ടേജ് ക്ഷാമവും, വൈദ്യുതി നിയന്ത്രണവും നേരിടേണ്ടി വരുന്നത് വൈദ്യുതി പ്രസരണ ലൈനിന്റെ "ഓവർ ലോഡിങ് " കാരണമാണ്. മഞ്ചേരി, നിലമ്പൂർ, മുൻസിപ്പാലിറ്റികളിലും മറ്റ പതിനൊന്നു പഞ്ചായത്തുകളിലും വൈദ്യുതി വിതരണം നടത്തുന്നത് മഞ്ചേരി, എടക്കര, എന്നീ സ്ഥലങ്ങളിലെ 66 കെ വി സബ് സ്റ്റേഷനുകളിൽ നിന്നാണ്. ഈ സബ് സ്റ്റേഷനുകളിലേക്ക് വൈദ്യുതി എത്തുന്നത് മലപ്പുറത്തു നിന്നുള്ള ഏക 66 കെ വി സിംഗിൾ സർക്യൂട്ട് ഫീഡറിൽ കൂടിയാണ്. മലപ്പുറത്തു നിന്നുള്ള ഈ ലൈൻ ചിലപ്പോൾ ഓവർ ലോഡ് ചെയ്ത അവസ്ഥയിലുമാണ്. ഇക്കാരണത്താൽ വേനൽക്കാലങ്ങളിൽ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ടതായി വരുന്നു. ഈ ലൈനിൽ കേടുപാടുകളോ അറ്റകുറ്റപ്പണികളോ

വന്നാൽ മേൽപ്പറഞ്ഞ സബ് സ്റ്റേഷനുകളിലേക്കുള്ള വൈദ്യുതി പ്രസരണം പൂർണ്ണമായും തടസ്സപ്പെടുന്നു. മലപ്പുറം ജില്ലയിൽ വൈദ്യുതി പ്രസരണവുമായി നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ കെ.എസ്.ഇ.ബി.ലിമിറ്റഡ് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1) മലപ്പുറം – മഞ്ചേരി 66 കെ വി സിംഗിൾ സർക്യൂട് ലൈൻ 110 കെവി ഡബിൾ സർക്യൂട്ട് ലൈൻ ആക്കി മാറ്റൽ

പ്രസ്തുത പദ്ധതി കെ എസ് ഇ ബി ലിമിറ്റഡിന്റെ ട്രാൻസ് ഗ്രിഡ് പ്രൊജക്ട് വിഭാഗം നടപ്പിലാക്കി വരുന്നു. 66 കെവി ലൈനിന്റെ ടവറുകൾ പൂർണ്ണമായും മാറ്റി "മോണോ പോൾ" ഉപയോഗിച്ചാണ് ലൈൻ നിർമ്മിക്കുന്നത്. കേരളത്തിൽ മോണോ പോൾ ഉപയോഗിച്ച് നിർമ്മിക്കുന്ന ആദ്യത്തെ പദ്ധതിയാണിത്. ഇതിന്റെ പ്രവർത്തികൾ 2017 ഡിസമ്പറോടെ പൂർത്തീകരിക്കാനാകും.

2) 220 കെവി സബ് സ്റ്റേഷൻ മഞ്ചേരി – (എളങ്കൂർ)

എളങ്കൂർ വില്ലേജിൽ ചെറാങ്കുത്ത് എന്ന സ്ഥലത്ത് 220 കെ.വി. സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഏകദേശം 6 ഏക്കറോളം സ്ഥലം ഏകദേശം 6 കോടി രൂപക്ക് വാങ്ങിക്കുകയും ചെയ്തു. ട്രാൻസ് ഗ്രിഡ് പ്രൊജക്ടിന്റെ ഭാഗമായി സബ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തികൾ പുരോഗതിയിലാണ്. ഈ സബ് സ്റ്റേഷനിൽ 220/110 കെ.വി യുടെ 100 എം വി എ ശേഷിയുള്ള രണ്ടു ട്രാൻസ്ഫോർമറുകളും, 110/11 കെവിയുടെ 12.5 എം വി എ ശേഷിയുള്ള രണ്ടു ട്രാൻസ്ഫോർമറുകളും സ്ഥാപിക്കാനാണ് ലക്ഷ്യമിടുന്നത്. 220 കെ.വി. സബ് സ്റ്റേഷൻ മഞ്ചേരി, ഒരു കിലോമീറ്റർ 220 കെ.വി. മൾട്ടി സർക്യൂട്ട് ലൈൻ, മഞ്ചേരി–നിലമ്പൂർ ലൈനും മഞ്ചേരി 66 കെ.വി. സബ് സ്റ്റേഷനും ശേഷി വർദ്ധിപ്പിക്കൽ എന്നിവക്കായി ഏകദേശം 80 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്നു.

3) മഞ്ചേരി 66 കെ വി സബ് സ്റ്റേഷൻ 110 കെ.വി.യാക്കി ശേഷി വർദ്ധിപ്പിക്കൽ

നിലവിലുള്ള മഞ്ചേരി 66 കെ.വി. സബ് സ്റ്റേഷൻ 110 കെ.വി.യാക്കി ശേഷി വർധിപ്പിക്കുന്നതിന്റെ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. 20 എം.വി.എ.യുടെ രണ്ടു ട്രാൻസ്ഫോർമറുകളാണ് ഇവിടെ സ്ഥാപിക്കുക.

4) 66 കെ.വി മഞ്ചേരി–നിലമ്പൂർ ലൈനിന്റെ ശേഷി 110 കെ.വി.യാക്കി വർദ്ധിപ്പിക്കൽ

പ്രസ്തുത പദ്ധതി പുരോഗതിയിലാണ്

5) 66 കെ.വി നിലമ്പൂർ – എടക്കര ലൈനിന്റെ ശേഷി വർദ്ധിപ്പിക്കലും, രണ്ടാമത്തെ സർക്യൂട്ട് നിർമ്മാണവും.

പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തികരിച്ചു. മരങ്ങൾ മുറിച്ചു മാറ്റുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗതിയിലാണ്. ഈ പദ്ധതിക്ക് ഏകദേശം 2.3 കോടി രൂപ ചിലവ് പ്രതീക്ഷിക്കുന്നു.

6) 66 കെ.വി. എടക്കര സബ് സ്റ്റേഷന്റെ ശേഷി 110 കെ.വി.യാക്കി ഉയർത്തൽ.

പ്രസ്തുത സബ്സ്റ്റേഷൻ 110 കെ.വി പരാമീറ്ററിലാണ് നിർമ്മിച്ചിട്ടുള്ളത്, ആയതിനാൽ ഈ സബ് സ്റ്റേഷനിലെ ഉപകരണങ്ങൾ മാത്രമേ 110 കെ.വി യുടേതാക്കി മാറ്റേണ്ടതായി വരുന്നുള്ളൂ. ഈ സബ് സ്റ്റേഷനിൽ 110/11 കെ.വിയുടെ 12.5 എം.വി.എ ശേഷിയുള്ള രണ്ടു ട്രാൻസ്ഫോർമറുകളാണ് സ്ഥാപിക്കുക. ഈ പദ്ധതിക്ക് ഏകദേശം 4 കോടി രൂപ ചിലവ് പ്രതീക്ഷിക്കുന്നു.

7) 66 കെ.വി. നിലമ്പൂർ സബ് സ്റ്റേഷന്റെ ശേഷി 110 കെ.വി യാക്കി ഉയർത്തൽ.

66 കെ.വി നിലമ്പൂർ സബ്സ്റ്റേഷൻ കേരള വനം വകുപ്പിന്റെ അധീനതയിലുള്ള പാട്ട ഭൂമിയിലാണ് നിർമ്മിച്ചിട്ടുള്ളത്. ശേഷി വർദ്ധിപ്പിക്കുന്ന പ്രവർത്തികളുമായി ബന്ധപ്പെട്ട് വനം വകുപ്പിന്റെ മരങ്ങൾ മുറിച്ചു മാറ്റേണ്ടതായിട്ടുണ്ട്. ഇതിനു വേണ്ടി 3 ലക്ഷത്തോളം രൂപ സെക്യൂരിറ്റിയായി അടക്കേണ്ടതുണ്ട്. ഈ സബ് സ്റ്റേഷനിൽ 110/11 കെ.വി.യുടെ 12.5 എം. വി.എ

ശേഷിയുള്ള രണ്ട ട്രാൻസ്ഫോർമറുകളും, 110/33 കെ.വിയുടെ 16 എം.വി.എ ശേഷിയുള്ള ഒരു ട്രാൻസ്ഫോർമറുമാണ് സ്ഥാപിക്കുക. ഈ പദ്ധതിക്ക് ഏകദേശം 7 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

8) 66 കെ.വി പെരിന്തൽമണ്ണ സബ് സ്റ്റേഷൻ 110 കെ.വി.യാക്കി ശേഷി വർദ്ധിപ്പിക്കലും, വലമ്പൂർ മുതൽ പെരിന്തൽമണ്ണ വരെ 110 കെ.വി. ഡബിൾ സർക്യൂട്ട് ലൈനിന്റെ നിർമ്മാണവും.

സബ് സ്റ്റേഷന്റെ പ്രവർത്തികൾ ഏകദേശം പൂർത്തീകരിച്ചു. 20 എം.വി.എ യുടെ 2 ട്രാൻസ്ഫോർമറുകളിൽ ഒരെണ്ണം സ്ഥാപിച്ചു, സബ്സ്റ്റേഷൻ 110 കെ.വി.യിൽ ഒപ്പറേഷൻ ആരംഭിച്ചു. ലൈനിന്റെ ഒരു സർക്യൂട്ട് ചാർജ്ജു ചെയ്തു. രണ്ടാമത്തെ സർക്യൂട്ട് റയിൽവേ വകുപ്പിന്റെ അനുമതി ലഭിച്ച ശേഷമേ പൂർത്തീകരിക്കാനാകൂ. ഈ പദ്ധതിക്ക് ഏകദേശം 16 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

9) 33 കെ.വി. സബ് സ്റ്റേഷൻ, പോത്തുകല്ല് – പദ്ധതി പുരോഗതിയിലാണ്

10) 33 കെ.വി. നിലമ്പൂർ – ആഡ്യൻപാറ–പോത്തുകല്ല് ലൈൻ.

മലപ്പുറം ജില്ലയിലെ ആഡ്യൻ പാറ ജലവൈദ്യുത പദ്ധതിയേയും നിലമ്പൂർ, പോത്തുകല്ല് എന്നീ സബ് സ്റ്റേഷനുകളെയും ബന്ധിപ്പിക്കുന്ന ഈ പദ്ധതിയുടെ നിലമ്പൂർ– ആഡ്യൻപാറ ലൈൻ നിർമ്മാണം പൂർത്തീകരിച്ചു.

ആഡ്യൻപാറ – പോത്തുകല്ല് ലൈൻ വലിച്ച ഭൂമിയിലെ ജനങ്ങളുടെ കേസ് കാരണം ദീർഘകാലമായി മുടങ്ങിക്കിടക്കുകയായിരുന്നു. കേസുകൾ വിധിയായതിനാൽ പുനർ ടെണ്ടർ പ്രവർത്തികൾ പുരോഗമിക്കുന്നു. ഈ പദ്ധതിക്ക് ഏകദേശം 6 കോടി രൂപ ചിലവ് പ്രതീക്ഷിക്കുന്നു

11) 33 കെ.വി. വണ്ടൂർ, പൂക്കോട്ടുംപാടം സബ് സ്റ്റേഷനുകളെ ബന്ധിപ്പിക്കുന്ന 33 കെ.വി ലൈൻ

പൂക്കോട്ടുംപാടം സബ് സ്റ്റേഷനിലേക്ക് വണ്ടൂർ ശാന്തിനഗറിൽ നിന്നും നിർമ്മിക്കുന്ന ഈ ലൈനിന്റെ നിർമ്മാണ പ്രവർത്തികൾ പുരോഗതിയിലാണ്. ഈ പദ്ധതിക്ക് ഏകദേശം 3 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

12) കിഴിശ്ശേരി മുതൽ എടവണ്ണ വരെയുള്ള 33 കെ.വി സിംഗിൾ സർക്യൂട്ട് ലൈൻ ഡബിൾ സർക്യൂട്ട് ആക്കി പുനർനിർമ്മിക്കൽ

പ്രവർത്തികൾ പുരോഗതിയിലാണ്. ഈ പദ്ധതിക്ക് ഏകദേശം 4 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

13) 33 കെ.വി. ഇൻഡോർ സബ് സ്റ്റേഷൻ, മലപ്പുറം സിവിൽ സ്റ്റേഷൻ.

മലപ്പുറം ജില്ലയുടെ ഭരണ കേന്ദ്രമായ മലപ്പുറം സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ ഒരു ഇൻഡോർ 33 കെ.വി സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് കെ.എസ്.ഇ.ബി ലിമിറ്റഡിൽ നിന്ന് അനുമതി ലഭിച്ചിട്ടുണ്ട്. ഇത് ജില്ലാ ഭരണ സിരാ കേന്ദ്രത്തിൽ വൈദ്യുതി സ്ഥിരത ഉറപ്പു വരുത്തുന്ന പദ്ധതിയാണ്. ഇതിന് വേണ്ട സ്ഥലം ലഭിച്ചാൽ തുടർ നടപടികളുമായി കെ.എസ്.ഇ.ബി ലിമിറ്റഡ് മുമ്പോട്ട് പോകാവുന്നതാണ്.

14) ഏറനാട് ലൈൻ പാക്കേജ്

മാടക്കത്തറ മുതൽ അരീക്കോട് വരെയുള്ള 220 കെ.വി. ലൈൻ 400/220 കെ.വി മൾട്ടി സർക്യൂട്ട് മൾട്ടി വോൾട്ടേജ് ലൈൻ ആക്കി ശേഷി വർദ്ധിപ്പിക്കുന്ന പദ്ധതി ട്രാൻസ്മിഡ് പ്രൊജക്ട്സ് ഏകദേശം 500 കോടി രൂപ ചെലവിൽ നടത്തുന്നു. ഇതിന്റെ 90% കേന്ദ്ര സർക്കാർ PSD ഫണ്ടും 10% കെ എസ് ഇ ബി ഫണ്ടുമാണ്. ഈ പ്രൊജക്ടിന്റെ പുലാമന്തോൾ മുതൽ അരീക്കോട് വരെയുള്ള ഭാഗം മലപ്പുറം ജില്ലയിലാണ്.

15) 110 കെ.വി സബ് സ്റ്റേഷൻ മേലാറ്റൂർ ശേഷി വർദ്ധിപ്പിക്കൽ

മേലാറ്റൂർ സബ് സ്റ്റേഷനിൽ പുതിയ 12.5 എം.വി.എ, 16 എം.വി.എ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ. ഏകദേശം 1.5 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

16) 110 കെ.വി. അരീക്കോട് നിലമ്പൂർ ലൈൻ നിർമ്മാണം

വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ ഈ പദ്ധതി പൂർത്തീകരിക്കാനായില്ല. തിരുവാലിയിൽ ഒരു പുതിയ 110 കെ.വി സബ്സ്റ്റേഷൻ നിർമ്മാക്കാനുദ്ദേശിക്കുന്നു, ഇവിടെ നിന്നും അരീക്കോട്ടേക്ക് 110 കെ.വി ലൈൻ നിർമ്മിക്കുന്നതിനുള്ള സർവ്വേ നടത്തേണ്ടതുണ്ട്.

17) 33 കെ.വി സബ് സ്റ്റേഷൻ വണ്ടൂർ

സബ്സ്റ്റേഷന്റെ ശേഷി 2x 5 എം വി എയിൽ നിന്നും 2 x 8 എം വി എ ആക്കി ഉയർത്തൽ – പ്രവർത്തികൾ പുരോഗതിയിലാണ്.

18) 110 കെ.വി. സബ് സ്റ്റേഷൻ, തിരൂർ ശേഷി വർദ്ധിപ്പിക്കൽ

110 കെ.വി. തിരൂർ സബ് സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള 12.5 എം.വി.എ കപ്പാസിറ്റിയുള്ള 2 ട്രാൻസ്ഫോർമറുകൾ മാറ്റി 20 എം.വി.എ യുടെ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, പുതിയ കൺട്രോൾ റൂമിന്റെ നിർമ്മാണം എന്നിവയുള്ള 476 ലക്ഷം രൂപ ചിലവ് വരുന്ന പദ്ധതി പുരോഗമിക്കുന്നു.

19) 110 കെ.വി. എടരിക്കോട് സബ് സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കൽ.

110 കെ.വി. എടരിക്കോട് സബ് സ്റ്റേഷനിലെ ശേഷി വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള 12.5 എം.വി.എ കപ്പാസിറ്റിയുള്ള രണ്ട് ട്രാൻസ്ഫോർമർ മാറ്റി 20 എം.വി.എ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, കൺട്രോൾ റൂമിന്റെ വിപുലീകരണം എന്നിവയ്ക്കായി 400 ലക്ഷം ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി 2018–19 ൽ പൂർത്തിയാവുന്നതാണ്.

20) 110 കെ.വി. എടരിക്കോട് സബ് സ്റ്റേഷനിൽ പുതിയ 12.5 എം.വി.എ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ

മുകളിൽ പറഞ്ഞ (പത്തൊൻപതാം നമ്പർ) പ്രവൃത്തി നടപ്പിലാക്കാൻ എന്തെങ്കിലും സാങ്കേതിക ബുദ്ധിമുട്ടുകൾ കാരണം കാല താമസം ഉണ്ടാവുകയാണെങ്കിൽ ഈ പ്രവൃത്തി നടപ്പിലാക്കുന്നതാണ്. 2018 –19 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയ്ക്ക് ഏകദേശം 220 ലക്ഷം രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

21) 110 കെ.വി സബ് സ്റ്റേഷൻ, പുളിക്കൽ

പ്രസ്തുത പ്രവൃത്തിക്കുള്ള സ്ഥലം ഏറ്റെടുക്കൽ പുരോഗമിക്കുന്നു. ഈ പ്രവൃത്തി 2019 –20 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഏകദേശം 1395 ലക്ഷം രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

22) 110 കെ.വി. സബ് സ്റ്റേഷൻ വെങ്ങാലൂർ

110 കെ.വി. തിരൂർ സബ് സ്റ്റേഷൻ നിലവിൽ പരമാവധി ശേഷിയിലാണ് പ്രവൃത്തിക്കുന്നത്. ഇതിനു പരിഹാരമായി തലക്കാട് ഗ്രാമ പഞ്ചായത്തിലെ വെങ്ങാലൂരിൽ പുതിയ 110 കെ.വി. സബ് സ്റ്റേഷൻ നിർമ്മിക്കുവാൻ തീരുമാനിച്ചു. ഈ പ്രവൃത്തി 2019 –20 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിക്ക് ഏകദേശം 1320 ലക്ഷം രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

23) 110 കെ.വി. കുറ്റിപ്പുറം സബ് സ്റ്റേഷനിൽ രണ്ടാമത്തെ 16 എം.വി.എ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ

ഈ പദ്ധതിക്ക് ഏകദേശം 260 ലക്ഷം രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

24) 110 കെ.വി. കുറ്റിപ്പുറം സബ് സ്റ്റേഷനിൽ നിലവിലുള്ള 10 എം.വി.എ യുടെ രണ്ട് ട്രാൻസ്ഫോർമറുകൾ മാറ്റി രണ്ട് 12 .5 എം.വി.എ യുടെ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ:

ഈ പദ്ധതി 2018 വർഷത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതിയ്ക്ക് ഏകദേശം 10 ലക്ഷം രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

25) 110 കെ.വി. പൊന്നാനി സബ് സ്റ്റേഷന്റെ ശേഷി വർധിപ്പിക്കുന്നതിനായി നിലവിലുള്ള 12.5 എം.വി.എ കപ്പാസിറ്റിയുള്ള രണ്ട് ട്രാൻസ്ഫോർമർ മാറ്റി 20 എം.വി.എ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, കൺട്രോൾ റൂമിന്റെ വിപുലീകരണം:

പൊന്നാനി മേഖലയിൽ വർദ്ധിച്ച് വരുന്ന വൈദ്യുതി ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ഈ പദ്ധതിക്ക് ഏകദേശം 467 ലക്ഷം ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

26) 110 കെ.വി. എടപ്പാൾ സബ് സ്റ്റേഷനിൽ ഒരു 110 /33 കെ.വി. 16 എം.വി.എ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ:

ഈ പദ്ധതിക്ക് ഏകദേശം 280 ലക്ഷം രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതി 2018-19 വർഷത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്നു

27) 110 കെ.വി. സബ് സ്റ്റേഷൻ, തലപ്പാറ

തലപ്പാറ പ്രദേശത്തെ ഉയർന്നു വരുന്ന വൈദ്യുതി ഉപഭോഗം കണക്കിലെടുത്ത് നിർദ്ദേശിച്ച പദ്ധതിയാണ് ഇത്. ഇതിനായി അനുയോജ്യമായ സ്ഥലം കണ്ടത്തേണ്ടതായിട്ടുണ്ട്. ഇത് പ്രാവർത്തികമാവുകയാണെങ്കിൽ ചെമ്മാട്, കൊളപ്പുറം, കുന്നുംപുറം, ചേളാരി എന്നീ പ്രദേശങ്ങളിൽ ഇതിന്റെ ഗുണം ലഭിക്കുന്നതാണ്. ഈ പദ്ധതിക്ക് ഏകദേശം 1360 ലക്ഷം രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

28) 110 കെ.വി. സബ് സ്റ്റേഷൻ, കാടാമ്പുഴ

കാടാമ്പുഴ, പുത്തനത്താണി എന്നീ പ്രദേശങ്ങൾക്ക് പൂർണ്ണമായും കോട്ടക്കൽ പ്രദേശത്തിന് ഭാഗികമായും ഗുണം ലഭിക്കുന്ന പ്രവൃത്തിയാണിത്. ഇതിനായി അനുയോജ്യമായ സ്ഥലം കണ്ടത്തേണ്ടതായിട്ടുണ്ട്. ഈ പദ്ധതിക്ക് ഏകദേശം 1520 ലക്ഷം രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

29) 110 കെ.വി. സബ് സ്റ്റേഷൻ, വെന്നിയൂർ

വൈദ്യുതി ബോർഡിന്റെ കൈവശമുള്ള സ്ഥലത്ത് ഒരു 110 കെ.വി. സബ് സ്റ്റേഷൻ നിർമ്മിക്കുവാനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. തെയ്യാല, താനൂർ, ചെമ്മാട് എന്നീ പ്രദേശങ്ങൾക്ക് ഇത് കൊണ്ട് ഗുണം ലഭിക്കും. ഈ പദ്ധതിക്ക് ഏകദേശം 1570 ലക്ഷം രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

30) 66 കെ.വി. മങ്കട സബ് സ്റ്റേഷൻ 110 കെ.വി.യായി ഉയർത്തുന്ന പ്രവൃത്തി:

ഈ പ്രവൃത്തി 2018 -19 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിക്ക് ഏകദേശം 270 ലക്ഷം രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

31) 33 കെ.വി. കുരിയാട് സബ് സ്റ്റേഷനിൽ നിലവിലുള്ള 5 എം.വി.എ കപ്പാസിറ്റിയുള്ള രണ്ട് ട്രാൻസ്ഫോർമറുകൾ മാറ്റി രണ്ട് 8 എം.വി.എ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ.

ഈ പ്രവൃത്തി 2017 -18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതാണ്. ഈ പദ്ധതിക്ക് ഏകദേശം 200 ലക്ഷം രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

32) 33 കെ.വി. സബ് സ്റ്റേഷൻ, കൽപകഞ്ചേരി

ഈ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ആകെ ചെലവ് ഏകദേശം 344.39 ലക്ഷം രൂപയാണ്.

33) 33 കെ.വി. സബ് സ്റ്റേഷൻ, വള്ളിക്കുന്ന്

വള്ളിക്കുന്ന് പ്രദേശത്ത് വർദ്ധിച്ചു വരുന്ന വൈദ്യുതി ആവശ്യങ്ങൾക്ക് ഇത് ഉപകാരപ്രദമായിരിക്കും. ഈ പദ്ധതിക്ക് ഏകദേശം 596 ലക്ഷം രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

34) 33 കെ.വി. സബ് സ്റ്റേഷൻ, പുറത്തൂർ

പുറത്തൂർ ഭാഗത്തെ വൈദ്യുതി പ്രശ്നങ്ങൾക്ക് പരിഹാരമായി ഒരു 33 കെ.വി. സബ് സ്റ്റേഷൻ നിർമ്മിക്കുകയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിക്ക് ഏകദേശം 730 ലക്ഷം രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

35) 33 കെ.വി. സബ് സ്റ്റേഷൻ, കുന്നുംപുറം

വ്യാവസായിക ആവശ്യങ്ങൾക്ക് ഏറ്റവുമധികം വൈദ്യുതി ആവശ്യമുള്ള ഒരു പ്രദേശമാണ് കുന്നുംപുറം മേഖല. ഇവിടെ ഒരു 33 കെ.വി. സബ് സ്റ്റേഷൻ സ്ഥാപിക്കുകയാണെങ്കിൽ ഭാവിയിൽ വരുന്ന എല്ലാ വൈദ്യുതി ആവശ്യങ്ങൾക്കും പരിഹാരമാകുന്നതാണ്. ഈ പദ്ധതിക്ക് ഏകദേശം 820 ലക്ഷം രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

36) 33 കെ.വി. സബ് സ്റ്റേഷൻ, ഇരിമ്പിളിയം

വലിയകുന്ന്, ഇരിമ്പിളിയം ഭാഗത്തെ വൈദ്യുതി പ്രശ്നങ്ങക്ക് പരിഹാരമായി ഒരു 33 കെ.വി സബ് സ്റ്റേഷൻ നിർമ്മിക്കുന്നതാണ് ഈ പ്രവൃത്തി. ഈ പദ്ധതിക്ക് ഏകദേശം 400 ലക്ഷം രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

മേൽപ്പറഞ്ഞ പദ്ധതികളെല്ലാം പൂർത്തിയാകുന്നതോടെ മലപ്പുറം ജില്ലയിലെ വൈദ്യുതി പ്രസരണ മേഖലയിലുള്ള ബുദ്ധിമുട്ടുകൾ പൂർണ്ണമായും പരിഹരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

നിർദ്ദേശങ്ങൾ

1. സബ് സ്റ്റേഷനുകൾക്കു വേണ്ടി സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തികൾ ജില്ലാ ഭരണകൂടം / സർക്കാർ തലത്തിൽ ത്വരിതപ്പെടുത്തുക.
2. പ്രസരണ ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട് വരുന്ന കേസുകളിൽ എത്രയും പെട്ടെന്ന് തീർപ്പ് കൽപ്പിക്കുക.
3. വനം വകുപ്പിന്റെ അനുമതി വേണ്ട പ്രവൃത്തികൾക്ക് കാല താമസം കൂടാതെ അനുമതി ലഭ്യമാക്കുക.

വിതരണ മേഖല

290 ഹൈ ടെൻഷൻ ഉപഭോക്താക്കൾ അടക്കം 1339650 വൈദ്യുതി ഉപഭോക്താക്കളുള്ള ജില്ലയിലെ വാർഷിക വൈദ്യുതി മൊത്തം ഉപഭോഗം 1434.5 മില്യൺ യൂണിറ്റാണ്. വൈദ്യുതി

ഉൽപ്പാദന നിലയങ്ങൾ താരതമ്യേന കുറവുള്ള ജില്ലയിലെ ഉപഭോക്താക്കളുടെ തരം തിരിച്ചുള്ള കണക്കുകൾ താഴെ പറയുന്നു.

പട്ടിക 4.3.1.8 : വൈദ്യുതി ഉപഭോക്താക്കളുടെ വിവരങ്ങൾ

തരം	ഉപഭോക്താക്കളുടെ എണ്ണം	ശതമാനം
ഗാർഹികം	10,12,238	75.60
വാണിജ്യം	2,30,190	17.19
കാർഷികം	65,893	4.92
വ്യാവസായികം	12,861	0.96
മറ്റുള്ളവ	17,583	1.31
ആകെ	13,38,765	

അവലംബം : കെ.എസ്.ഇ.ബി.

ചിത്രം4.3.1.1 : വൈദ്യുതി ഉപഭോക്താക്കളുടെ വിവരങ്ങൾ



അവലംബം : കെ.എസ്.ഇ.ബി.

ജില്ലയിലെ മൊത്തം വൈദ്യുതി ഉപഭോക്താക്കളുടെ തരം തിരിച്ചുള്ള കണക്ക് സൂചിപ്പിക്കുന്ന മേൽ ചിത്രത്തിൽ നിന്നും ജില്ലയിലെ വൈദ്യുതി ഉപഭോക്താക്കളിൽ 75% വും ഗാർഹിക മേഖലിയിലാണെന്ന് കാണാം.

പട്ടിക 4.3.1.9 : കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലെ വൈദ്യുതി ഉപഭോഗം

വർഷം	ഉപഭോഗം (മീല്യൺ യൂണിറ്റ്)	വർദ്ധനവ് ശതമാനത്തിൽ
2014-15	1201.5	
2015-16	1334.93	11.105
2016-17	1434.64	7.469

അവലംബം : കെ.എസ്.ഇ.ബി.

വൈദ്യുതി ഉപഭോഗത്തിൽ ശരാശരി 9.287% വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നാണ് സ്ഥിതി വിവര കണക്കുകൾ സൂചിപ്പിക്കുന്നത്.

വിതരണ പ്രതിഷ്ഠാപനങ്ങളുടെ വിവരങ്ങൾ

ജില്ലയിലെ നിലവിലുള്ള വിതരണ പ്രതിഷ്ഠാപനങ്ങളുടെ വിവരങ്ങൾ താഴെ പട്ടികപ്പെടുത്തിയിരിക്കുന്നു.

പട്ടിക 4.3.1.10 : വിതരണ പ്രതിഷ്ഠാപനങ്ങളുടെ വിശദാംശങ്ങൾ

എച്ച്.ടി. ലൈൻ (കി.മി)			എൽ.ടി ലൈൻ (കി.മി)			വിതരണ ട്രാൻസ്ഫോർമറുകൾ (എണ്ണം)								
ഓവർ ഹെഡ്	ഭൂഗർഭ കേബിളുകൾ	ആകെ	സിംഗിൾ ഫേസ്	ത്രീ ഫേസ്	ആകെ	25 KVA	50 KVA	63 KVA	100 KVA	160 KVA	250 KVA	315 KVA	500 KVA	ആകെ
5566.92	17.57	5584.48	16754.73	11356.93	28111.75	336	4	119	5439	958	304	32	19	7211

അവലംബം : കെ.എസ്.ഇ.ബി.

കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് അതിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ വർഷവും പൂർത്തീകരിക്കേണ്ട പ്രവൃത്തികൾക്ക് ടാർജറ്റ് നിശ്ചയിക്കുകയും അത് പ്രകാരം പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് പരമാവധി ശ്രമിക്കാറുമുണ്ട്.

പട്ടിക 4.3.1.11 : നടപ്പു സാമ്പത്തിക വർഷ കാലയളവിൽ മലപ്പുറം ജില്ലയിൽ കെ.എസ്.ഇ.ബി ബോർഡ് ലിമിറ്റഡ് കൈവരിച്ച നേട്ടങ്ങൾ

പ്രവൃത്തിയുടെ പേര്	കൈവരിച്ച നേട്ടങ്ങൾ
വൈദ്യുതി കണക്ഷൻ നൽകിയത്.	25275 എണ്ണം
11 കെ.വി ലൈൻ നിർമ്മാണം	61.79 കി.മി
എൽ.ടി. ലൈൻ നിർമ്മാണം	150.59 കി.മി
ട്രാൻസ്ഫോർമർ സ്ഥാപിച്ചത്	121 എണ്ണം
സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസിലേയ്ക്ക് മാറ്റിയത്	83.08 കി.മി
എച്ച്. ടി. ലൈൻ റീകണ്ടക്ടറിംഗ്	19.64 കി.മി
എൽ.ടി. ലൈൻ റീകണ്ടക്ടറിംഗ്	419.04 കി.മി
പ്രവർത്തന രഹിത മീറ്ററുകൾ മാറ്റിയത്	82,531 എണ്ണം

അവലംബം : കെ.എസ്.ഇ.ബി.

പഞ്ചായത്ത് / നഗരസഭയിൽ പ്രവർത്തിക്കുന്ന വൈദ്യുതി വിതരണ ഓഫീസുകളുടെ വിവരങ്ങൾ

പഞ്ചായത്ത് / നഗരസഭയിൽ പ്രവർത്തിക്കുന്ന വൈദ്യുതി ഓഫീസുകളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 4.3.1.2 ൽ ചേർത്തിട്ടുണ്ട്.

ഡി.ഡി.യു.ജി.ജെ.വൈ. പദ്ധതി

റൂറൽ ഏരിയ വൈദ്യുതീകരണം ലക്ഷ്യം വെച്ചുള്ള പദ്ധതിയാണ് ഡി.ഡി.യു.ജി.ജെ.വൈ. റൂറൽ ഏരിയയിലെ പ്രസരണ വിതരണ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുക, വിതരണ ട്രാൻസ്ഫോർമറുകൾ, ഫീഡറുകൾ, എന്നിവയ്ക്ക് മീറ്ററുകൾ സ്ഥാപിക്കുക, ഉപഭോക്താക്കളുടെ പ്രവർത്തന രഹിതമായ വൈദ്യുതി മീറ്ററുകൾ മാറ്റി സ്ഥാപിക്കുക തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. 07.06.2016-ന് തുടക്കം കുറിച്ച ഈ പദ്ധതിയുടെ കാലാവധി 30.06.2018-ന് അവസാനിക്കുകയാണ്. ഈ പദ്ധതി പ്രകാരം ജില്ലയിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെയും കൈവരിച്ചിട്ടുള്ള നേട്ടങ്ങളുടെയും തരം തിരിച്ചുള്ള വിവരണം താഴെ ചേർക്കുന്നു.

പട്ടിക 4.3.1.12 : ഡി..ഡി.യു.ജി.ജെ.വൈ. പദ്ധതി – പ്രവർത്തികളും നേട്ടങ്ങളും

ക്രമ നമ്പർ	നിർമ്മാണ പ്രവർത്തനങ്ങൾ	അനുമതി ലഭിച്ച പ്രവൃത്തികൾ		പൂർത്തീകരിച്ച പ്രവൃത്തികൾ	
		പ്രവൃത്തിയുടെ വിവരണം	അനുവദിച്ചിട്ടുള്ള തുക (ലക്ഷത്തിൽ)	ഭൗതിക പുരോഗതി	സാമ്പത്തിക പുരോഗതി (ലക്ഷത്തിൽ)
1	11 കെ.വി. ലൈൻ	1189.95 കി.മീ.	1052.32	40.58 കി.മീ	224.813
2	100 കെ.വി.എ ട്രാൻസ്ഫോർമർ	57 എണ്ണം	156.75	22 എണ്ണം	60.5
3	എൽ.ടി. 3 ഫേസ് ലൈൻ	66.67 കി.മീ.	284.68	5.715 കി.മീ.	24.415
4	എൽ.ടി. സിംഗിൾ ഫേസ് ലൈൻ	318.31 കി.മീ.	989.94	212.359 കി.മീ.	658.881
5	എൽ.ടി. റി കണ്ടക്ടറിംഗ്	29 കി.മീ.	64.09	6.9 കി.മീ.	15.249
6	എൽ.ടി. എ.ബി. കേബിൾ	3 കി.മീ.	23.82		
7	മീറ്ററുകൾ സ്ഥാപിക്കൽ	82076 എണ്ണം	755.24	58546 എണ്ണം	347.284
8	33 കെ.വി. സബ്സ് ട്രേഷൻ നവീകരണം	1 എണ്ണം	14		
9	BPL വൈദ്യുതി കണക്ഷൻ	9827 എണ്ണം	294.81	10323 എണ്ണം	307.98
ആകെ			3635.55		1639.122

അവലംബം : കെ.എസ്.ഇ.ബി.

ഐ.പി.ഡി.എസ്. പദ്ധതി

അർബൻ ഏരിയയുടെ വൈദ്യുതീകരണം ലക്ഷ്യം വെച്ച് നടപ്പിലാക്കുന്ന വികസന പദ്ധതിയാണ് ഐ.പി.ഡി.എസ്. 11.08.2016-ന് തുടക്കം കുറിച്ച ഈ പദ്ധതിയുടെ കാലാവധി 14.12.2018-ന് അവസാനിക്കുകയാണ്. മലപ്പുറം ജില്ലയിലെ മഞ്ചേരി, തിരൂർ, നിലമ്പൂർ എന്നീ ഇലക്ട്രിക്കൽ സർക്കിളുകൾക്ക് കീഴിൽ വരുന്ന പെരിന്തൽമണ്ണ, മലപ്പുറം, തിരൂർ, പൊന്നാനി, നിലമ്പൂർ എന്നീ നഗരങ്ങളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഈ പദ്ധതി പ്രകാരം ജില്ലയിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെയും കൈവരിച്ചിട്ടുള്ള നേട്ടങ്ങളുടെയും തരം തിരിച്ചുള്ള വിവരണം താഴെ ചേർക്കുന്നു.

പട്ടിക 4.3.1.13 : ഐ.പി.ഡി.എസ്. പദ്ധതി – പ്രവർത്തികളും നേട്ടങ്ങളും

ക്രമ നമ്പർ	നിർമ്മാണ പ്രവർത്തനങ്ങൾ	അനുമതി ലഭിച്ച പ്രവൃത്തികൾ		പൂർത്തീകരിച്ച പ്രവൃത്തികൾ	
		പ്രവൃത്തിയുടെ വിവരണം	അനുവദിച്ചിട്ടുള്ള തുക (ലക്ഷത്തിൽ)	പ്രവൃത്തിയുടെ വിവരണം	സാമ്പത്തിക പുരോഗതി (ലക്ഷത്തിൽ)
1	33/11 കെ.വി. സബ് സ്റ്റേഷൻ നവീകരണം	11 എണ്ണം	176	–	–
2	11 കെ.വി. ലൈൻ	30.5 കി.മീ.	204.82	1.98 കി.മീ.	13.031
3	11 കെ.വി. ലൈൻ റി കണ്ടക്ടറിംഗ്	2 കി.മീ.	7	–	–
4	എ.ബി. കേബിൾ	99 കി.മീ.	1669.805	–	–
5	ട്രാൻസ്ഫോർമർ സ്ഥാപിക്കൽ	58 എണ്ണം	178.61	–	–
6	ട്രാൻസ്ഫോർമർ ശേഷി വർദ്ധിപ്പിക്കൽ	3 എണ്ണം	8.061	–	–
7	എൽ.ടി. ലൈൻ	15.75 കി.മീ.	84	–	–
8	എൽ.ടി. ലൈൻ	119.15 കി.മീ.	189.468	0.15 കി.മീ.	0.278

ക്രമ നമ്പർ	നിർമ്മാണ പ്രവർത്തനങ്ങൾ	അനുമതി ലഭിച്ച പ്രവൃത്തികൾ		പൂർത്തീകരിച്ച പ്രവൃത്തികൾ	
		പ്രവൃത്തിയുടെ വിവരണം	അനുവദിച്ചിട്ടുള്ള തുക (ലക്ഷത്തിൽ)	പ്രവൃത്തിയുടെ വിവരണം	സാമ്പത്തിക പുരോഗതി (ലക്ഷത്തിൽ)
	കൺവെർഷൻ				
9	എൽ.ടി. റി കണ്ടക്ടറിംഗ്	278.41 കി.മീ.	843.685	12.959 കി.മീ.	40.251
10	മീറ്ററുകൾ സ്ഥാപിക്കൽ	34157 എണ്ണം	659.04	16262 എണ്ണം	151.608
11	സോളാർ പാനൽ സ്ഥാപിക്കൽ	95 കിലോ വാട്ട്	66.5	80 എണ്ണം	56
12	യു.ജി.കേബിൾ	13 കി.മീ.	406.295	-	-
13	മറ്റുള്ളവ	120 എണ്ണം	32.04	-	-
ആകെ			4525.324		261.168

അവലംബം : കെ.എസ്.ഇ.ബി.

നിർദ്ദേശങ്ങൾ

1. വൈദ്യുതി തടസ്സങ്ങൾ പരമാവധി കുറയ്ക്കുന്നതിനായി HT / LT ലൈനുകൾ കഴിയുന്നത്രയും യു.ജി / എ.ബി.സി. യാക്കി മാറ്റുക.
2. സബ്സ്റ്റേഷനുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതോടൊപ്പം തന്നെ സബ്സ്റ്റേഷനുകളിൽ നിന്നുള്ള 11 കെ.വി. ഫീഡറുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും അതു വഴി ലോഡ് സെന്ററുകളിലേയ്ക്ക് കൂടുതൽ 11 കെ.വി. ഫീഡറുകൾ എത്തിക്കുകയും ചെയ്ത് എച്ച്. ടി ഫീഡറുകളുടെ ശൃംഖല ശക്തിപ്പെടുത്തുക.
3. കെ.എസ്.ഇ.ബി.യ്ക്ക് ലഭിച്ച കൊണ്ടിരിക്കുന്ന പരാതികളിൽ ഭൂരിഭാഗവും പാവപ്പെട്ടവരുടെ കൈവശ ഭൂമിയിലൂടെ നിലവിൽ കടന്നു പോകുന്ന വൈദ്യുതി ലൈനുകളും പ്രതിഷ്ഠാപനങ്ങളും കെട്ടിട നിർമ്മാണത്തിനും മറ്റും തടസ്സം സൃഷ്ടിക്കുന്നതിനാൽ മാറ്റി സ്ഥാപിക്കുന്നതിനു വേണ്ടിയാണ് പ്രസ്തുത പ്രവൃത്തികൾക്ക് വേണ്ടി വരുന്ന തുക അപേക്ഷകൻ കെ.എസ്.ഇ.ബി.യിൽ അടവാക്കണമെന്നതാണ് നിലവിലുള്ള നിയമം. ഇത്തരത്തിലുള്ള സാഹചര്യങ്ങളിൽ ആയതിന് കെ.എസ്.ഇ.ബി ക്ക് വരുന്ന ചെലവ് സംഖ്യ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വകയിരുത്തി കെ.എസ്.ഇ.ബി.ക്ക് നൽകാവുന്നതാണ്.
4. ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട് വരുന്ന കേസുകളിൽ എത്രയും പെട്ടെന്ന് തീർപ്പ് കൽപ്പിക്കുക.
5. വനം വകുപ്പിന്റെ അനുമതി വേണ്ട പ്രവൃത്തികൾക്ക് കാല താമസം കൂടാതെ അനുമതി ലഭ്യമാക്കുക.

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി

2016 സപ്തംബർ മുതൽ 31.5.2017 വരെയുള്ള കാലയളവിൽ നടപ്പിലാക്കിയ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി മലപ്പുറം ജില്ലയിലെ വിവിധ നിയമസഭാ മണ്ഡലങ്ങളുടെ പരിധിയിൽ മൊത്തം 14,953 വൈദ്യുതി കണക്ഷനുകൾ നൽകുകയുണ്ടായി. ഇതിൽ ഗാർഹിക വൈദ്യുതി കണക്ഷനുകളും അംഗൻവാടികളുടെ വൈദ്യുതി കണക്ഷനുകളുമാണ് ഉൾപ്പെടുന്നത്. വനം വകുപ്പിന്റെ ക്ലിയറൻസ് ലഭിയ്ക്കാത്തതും മലപ്പുറം ADM കോടതിയുടെ പരിഗണനയിൽ ഉള്ളതുമായ കേസുകൾ ഒഴികെയുള്ള സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിലെ അപേക്ഷകർക്കെല്ലാം വൈദ്യുതി എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.

പട്ടിക 4.3.15.4 : സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി യുടെ നിയമസഭാ മണ്ഡലം തിരിച്ചുള്ള വിവരം

ക്രമ നമ്പർ	നിയമ സഭാ മണ്ഡലം	ലഭിച്ച അപേക്ഷകൾ (എണ്ണം)	കണക്ഷൻ നൽകിയത് (എണ്ണം)
1	ഏറനാട്	1087	1074
2	കൊണ്ടോട്ടി	1114	1114
3	കോട്ടക്കൽ	733	733
4	മലപ്പുറം	847	842
5	മഞ്ചേരി	980	980
6	മങ്കട	1616	1615
7	നിലമ്പൂർ	1416	1414
8	പെരിന്തൽമണ്ണ	1294	1294
9	പൊന്നാനി	713	712
10	താനൂർ	676	666
11	തവനൂർ	836	834
12	തിരൂർ	748	747
13	തിരൂരങ്ങാടി	509	507
14	വള്ളിക്കുന്ന്	623	622
15	വേങ്ങര	602	578
16	വണ്ടൂർ	1233	1221
ആകെ		15027	14953

അവലംബം : കെ.എസ്.ഇ.ബി.

പട്ടിക 4.3.1.15 : ജില്ലയിൽ വൈദ്യുതീകരിക്കാത്ത വീടുകളുടെ എണ്ണം

ഇലക്ട്രിക്കൽ സർക്കിൾ	ഇലക്ട്രിക്കൽ ഡിവിഷൻ			ആകെ
മഞ്ചേരി	മഞ്ചേരി 4	കൊണ്ടോട്ടി 2	പെരിന്തൽമണ്ണ 2	8
തിരൂർ	പൊന്നാനി 1	തിരൂരങ്ങാടി 3	തിരൂർ 1	5
നിലമ്പൂർ	നിലമ്പൂർ 5	വണ്ടൂർ 5		10

അവലംബം : കെ.എസ്.ഇ.ബി

കണക്ഷൻ കൊടുക്കുവാൻ ബാക്കിയുള്ള ഉപഭോക്താക്കളുടെ എണ്ണം = 23 എണ്ണം (കണക്ഷൻ കൊടുക്കുന്നതിന് എതിർപ്പുള്ളതിനാൽ മലപ്പുറം എ.ഡി.എമ്മിന്റെ പരിഗണനയിലുള്ളത്)

പട്ടിക 4.3.1.16 : വനം വകുപ്പിന്റെ അനുമതി ആവശ്യമുള്ളതിനാൽ വൈദ്യുതി എത്തിചേരാത്ത പ്രദേശവും വ്യക്തികളും

പ്രദേശങ്ങൾ	4 എണ്ണം - അളക്കൽ, (വഴിക്കടവ് സെക്ഷൻ) - അമരമ്പലം, അനന്തല്ല്, എടക്കോട് (മമ്പാട് സെക്ഷൻ)-
വ്യക്തികൾ	12 എണ്ണം - ചുങ്കത്തറ 1, അകമ്പാടം 11

അവലംബം : കെ.എസ്.ഇ.ബി

തെരുവ് വിളക്കുകൾ

ജില്ലയിലെ തദ്ദേശ സ്വയം ഭരണ പ്രദേശങ്ങളിലെ നിലവിലുള്ള തെരുവ് വിളക്കുകളുടെ ഇനം തിരിച്ചുള്ള പട്ടിക താഴെ ചേർക്കുന്നു.

പട്ടിക 4.3.1.17 : നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം

സോഡിയം വേപ്പർ / മെർക്കുറി വേപ്പർ ലാംപ് (എണ്ണം)	സി.എഫ്.എൽ / എൽ.ഇ.ഡി (എണ്ണം)	ട്യൂബ് ലൈറ്റ് ഫിറ്റിങ്ങ് സിംഗിൾ / ഡബിൾ (എണ്ണം)	ഓർഡിനറി ബൾബ് (എണ്ണം)
4181	44735	6605	8355

അവലംബം : കെ.എസ്.ഇ.ബി

ഇന്നത്തെ അവസ്ഥ :

മേല്പറഞ്ഞ തെരുവ് വിളക്കുകളിൽ ഭൂരിഭാഗം എണ്ണത്തിനും ആവശ്യമായി വരുന്ന വൈദ്യുതിയുടെ യൂണിറ്റ് അളക്കുന്നതിനു വേണ്ടി മീറ്റർ ഘടിപ്പിക്കാത്ത അവസ്ഥയിലാണ്. ആയതിനാൽ വൈദ്യുതി ഉപയോഗം ശരാശരിയായിട്ടാണ് കണക്കാക്കിപ്പോരുന്നത്. കൂടാതെ CFL, LED എന്നീ ബൾബുകളെ അപേക്ഷിച്ച് ഓർഡിനറി ബൾബ്, ട്യൂബ് ലൈറ്റ്, മെർക്കുറി വേപ്പർ ലാംബ്, സോഡിയം വേപ്പർ ലാംബ് എന്നിവയ്ക്ക് വൈദ്യുതി ഉപയോഗം വളരെ കൂടുതലുമാണ്.

നിർദ്ദേശങ്ങൾ :

1. നിലവിലുള്ള എല്ലാ തെരുവ് വിളക്കുകളും എൽ.ഇ.ഡി യിലേക്ക് മാറ്റുക. അതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഫണ്ട് വകയിരുത്തുക.
2. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പുതുതായി സ്ഥാപിക്കുന്ന തെരുവ് വിളക്കുകൾ എല്ലാം എൽ.ഇ.ഡി ആയിരിക്കണമെന്ന് നിഷ്കർഷിക്കുക.
3. എല്ലാ തെരുവ് വിളക്കുകൾക്കുമുള്ള വൈദ്യുതി എനർജി മീറ്റർ വഴിയാക്കി കൃത്യമായ ബില്ലിംഗ് ഉറപ്പ് വരുത്തുക.
4. തെരുവ് വിളക്കുകൾ കൃത്യമായി കത്തിക്കുന്നതിനും ഓഫ് ചെയ്യുന്നതിനുമായി ഓട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റ് കൺട്രോളർ സ്ഥാപിക്കുക.
5. കഴിയുന്നത്ര പ്രദേശങ്ങളിൽ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുക.

ഊർജ്ജ സംരക്ഷണം

ഊർജ്ജ മേഖലയിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി. ലിമിറ്റഡ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, അനർട്ട്, എനർജി മാനേജ്മെന്റ് സെന്റർ എന്നിവയുടെ നേതൃത്വത്തിൽ ജില്ലയിൽ പഞ്ചായത്ത് തലത്തിൽ ഊർജ്ജ സംരക്ഷണത്തിന്റെ പ്രാധാന്യം ജനങ്ങളിലേക്ക് എത്തിക്കുന്നത് അനിവാര്യമാണ്. വൈദ്യുതി മേഖലയെ സംബന്ധിച്ചിടത്തോളം ഏറ്റവും ചെലവ് കുറഞ്ഞതും ഇന്നത്തെ വൈദ്യുത കമ്മി ഒരു പരിധി വരെ തരണം ചെയ്യുന്നതിനുമുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗം ഊർജ്ജ സംരക്ഷണമാണ്. ഡിമാൻഡ് സൈഡ് മാനേജ്മെന്റ് (DSM) ഫലപ്രദമായി നടപ്പാക്കുന്നതിലൂടെ ജനറേഷൻ, ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ മേഖലയിൽ ചിലവഴിക്കുന്ന തുക ഒരു പരിധി വരെ കുറക്കാൻ കഴിയും. കൂടാതെ അന്തരീക്ഷ മലിനീകരണം കുറക്കുന്നതിനും ഇത് സഹായകരമാകുന്നു. കേരള സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഓട്ടോണമസ് സ്ഥാപനമായ എനർജി മാനേജ്മെന്റ് സെന്റർ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്ക് നേരിട്ട് നേതൃത്വം നൽകി വരുന്നു. കേരളത്തിൽ ഏറ്റവും കൂടുതൽ വൈദ്യുതി ഉപയോഗം വരുന്നത് രാത്രി 6 മണി മുതൽ 10 മണി വരെയുള്ള സമയങ്ങളിലാണ്. ഈ സമയത്ത് ഏറ്റവുമധികം വൈദ്യുതി ഉപയോഗിക്കുന്നത് ഗാർഹിക ഉപഭോക്താക്കളുമാണ്. മലപ്പുറം ജില്ലയിൽ മൊത്തം 10,12,238 എണ്ണം ഗാർഹിക ഉപഭോക്താക്കളാണ് നിലവിലുള്ളത്. അത് കൊണ്ട് തന്നെ വൈദ്യുതിയുടെ ഉപയോഗത്തിൽ ഒരു പരിധി വരെ കുറവ് വരുത്താൻ സാധിക്കുന്നതും ഇവർക്ക് തന്നെയാണ്. ജീവിത നിലവാരം മെച്ചപ്പെടുന്നതിനനുസരിച്ച് വൈദ്യുതിയുടെ ഉപയോഗവും കൂടിക്കൊണ്ടിരിക്കുകയാണ്. ഇതിനു പരിഹാരമായി വീടുകളിൽ ഊർജ്ജ ക്ഷമത കൂടിയ വൈദ്യുതി ഉപകരണങ്ങൾ ഉപയോഗിക്കുന്നത് വൈദ്യുതി ഉപയോഗം കുറയാൻ ഒരു പരിധി വരെ സഹായകമാകും. ജില്ലക്കകത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ EMC യുമായി ചേർന്ന്

ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിലേക്ക് താഴെ പറയുന്ന നിർദ്ദേശങ്ങൾ വെയ്ക്കുന്നു.

1. ജില്ലയിലെ ഗവൺമെന്റ് കെട്ടിടങ്ങൾ, ഗവൺമെന്റ് സ്ഥാപനങ്ങൾ, ബോർഡുകൾ തുടങ്ങിയവയിൽ LED / CFL നിർബന്ധമാക്കുക.
2. ഡൊമസ്റ്റിക് മേഖലയിൽ സോളാർ വാട്ടർ ഹീറ്റർ പ്രോത്സാഹിപ്പിക്കുക. കൂടാതെ ആശുപത്രികൾ, ഹോട്ടലുകൾ, ഗവൺമെന്റ് കെട്ടിടങ്ങൾ, റസിഡൻഷ്യൽ സ്കൂളുകൾ, കോളേജുകൾ, ഹോസ്റ്റലുകൾ, ടൂറിസം കോംപ്ലക്സുകൾ, സർവ്വകലാശാലകൾ തുടങ്ങിയവയിലും സോളാർ വാട്ടർ ഹീറ്റർ നിർബന്ധമാക്കുക.
3. സ്റ്റാർ റേറ്റഡ് പമ്പ് സെറ്റുകൾ കാർഷിക മേഖലയിൽ നിർബന്ധമാക്കുക.
4. ഐസ് പ്ലാന്റുകൾ കേന്ദ്രീകരിച്ച് ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
5. നിലവിലുള്ള എല്ലാ കൂടിവെള്ള പദ്ധതികളുടെയും കാലപ്പഴക്കം ചെന്ന പമ്പ് സെറ്റുകൾ (വാട്ടർ അതോറിട്ടി) അടക്കം മാറ്റി ഊർജ്ജ ക്ഷമതയുള്ള പമ്പ് സെറ്റുകൾ സ്ഥാപിക്കുക.
6. നിലവിലുള്ള തെരുവ് വിളക്കുകൾ മുഴുവനായും LED യിലേക്ക് മാറ്റുന്നതിനും പുതിയതിന് LED നിർബന്ധമാക്കുന്നതിനുള്ള പ്രോജക്ടിന് പഞ്ചായത്ത് / മുനിസിപ്പൽ തലത്തിൽ തീരുമാനം എടുക്കുക.
7. എനർജി മാനേജ്മെന്റിന്റെ നേതൃത്വത്തിൽ ഊർജ്ജ സംരക്ഷണത്തിനുള്ള ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
8. HT/LT, ഹൈ റൈസ് ബിൽഡിംഗ് എന്നിവ കേന്ദ്രീകരിച്ച് എനർജി ഓഡിറ്റ് നടത്തുക.
9. എനർജി മാനേജ്മെന്റ് സെന്ററിന്റെ ഓഫീസ് കെട്ടിടം സർക്കാർ മേഖലയിലെ ആദ്യത്തെ കാർബൺ രഹിത ഹരിത കെട്ടിടമാണ്. എനർജി മാനേജ്മെന്റ് സെന്ററിന്റെ സാങ്കേതിക സഹായത്തോടെ ജില്ലയിലും ഇത്തരത്തിലുള്ള കെട്ടിടങ്ങൾ പ്രോത്സാഹിപ്പിക്കാവുന്നതാണ്.
10. വീടുകളിൽ ഊർജ്ജ ക്ഷമത കൂടിയ വൈദ്യുതി ഉപകരണങ്ങൾ ഉപയോഗിക്കുന്നതു കൊണ്ടുള്ള ഗുണങ്ങൾ ജനങ്ങളിലേക്കെത്തിക്കുന്നതിന് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
11. കാലപ്പഴക്കം ചെന്ന വൈദ്യുത ഉപകരണങ്ങൾ മാറ്റി ഊർജ്ജ ക്ഷമത കൂടിയ ഉപകരണങ്ങൾ സ്ഥാപിക്കുക.
12. ഓർഡിനറി ബൾബുകൾക്കും, ട്യൂബ് ലൈറ്റുകൾക്കും പകരമായി LED ബൾബുകൾ ഉപയോഗിക്കുക. കെ.എസ്.ഇ.ബി LED ബൾബുകൾ വില കുറച്ചു നൽകുന്നതിന് പുറമെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൂടി ഈ ദൗത്യം ഏറ്റെടുക്കുക.
13. ഫ്രിഡ്ജ്, എയർ കണ്ടീഷണർ തുടങ്ങിയ ഊർജ്ജ ക്ഷമത കൂടിയ ഉപകരണങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയോ സഹകരണ സംഘങ്ങൾ വഴിയോ ഉപഭോക്താവിന് വില കുറച്ച് തവണ വ്യവസ്ഥകളിൽ നൽകാനുള്ള സൗകര്യങ്ങൾ ഒരുക്കുക.
14. ഊർജ്ജ സംരക്ഷണം ശീലമാക്കുക.
15. കൂടാതെ അനർട്ടിന്റെ നേതൃത്വത്തിൽ ചൂടാറാപ്പെട്ടി എല്ലാ വീടുകൾക്കും ലഭ്യമാക്കുന്നതിന് പഞ്ചായത്ത് തല തീരുമാനം എടുക്കുക.
16. എൽ.പി.ജി.യുടെ ഉപയോഗം കുറക്കുന്നതിലേക്ക് വീടുകൾ കേന്ദ്രീകരിച്ച് പോർട്ടബിൾ ബയോ ഗ്യാസ് പ്ലാന്റുകൾ സബ്സിഡി ഇനത്തിൽ ലഭ്യമാക്കുക.
16. ജില്ലയിലെ എല്ലാ സർക്കാർ ആശുപത്രികൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, അംഗനവാടികൾ എന്നിവിടങ്ങളിൽ ഊർജ്ജക്ഷമതയുള്ള ലൈറ്റുകളും ഫാനുകളും മറ്റും സ്ഥാപിക്കുന്നതിലേക്കുള്ള പദ്ധതി തയ്യാറാക്കുക.
18. "മോഡൽ എനർജി എഫിഷ്യന്റ് പഞ്ചായത്ത്" ആയി ജില്ലയിലെ ഒരു പഞ്ചായത്തിനെ തിരഞ്ഞെടുക്കുകയും ആ പഞ്ചായത്തിന് കീഴിൽ ഊർജ്ജ ക്ഷമതയുള്ള വൈദ്യുത ഉപകരണങ്ങൾ (എൽ.ഇ.ഡി ട്യൂബ്, എൽ.ഇ.ഡി ബൾബ്, 5 സ്റ്റാർ റേറ്റഡ് ഫാൻ മുതലായവ) സബ്സിഡി നിരക്കിൽ നൽകുക. കൂടാതെ പ്രസ്തുത പഞ്ചായത്തിന് കീഴിൽ പോർട്ടബിൾ ബയോ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുക, ഊർജ്ജ ക്ഷമതയുള്ള അടുപ്പുകൾ സ്ഥാപിക്കുക, മുഴുവൻ തെരുവ് വിളക്കുകളും എൽ.ഇ.ഡി യിലേക്ക് മാറ്റുക തുടങ്ങി ഇത്തരത്തിൽ നടപ്പാക്കുക

വഴി തെരെഞ്ഞെടുത്ത പഞ്ചായത്തിനെ ഊർജ്ജ സംരക്ഷണ മാതൃക പഞ്ചായത്തായി മാറ്റുക.

19. ജില്ലയിലെ സ്കൂളുകൾ ഊർജ്ജ ക്ഷമതയുള്ള സ്കൂളുകളാക്കി മാറ്റുന്നതിലേയ്ക്ക് എൽ.ഇ.ഡി ട്യൂബുകൾ, എൽ.ഇ.ഡി ബൾബുകൾ, 5 സ്റ്റാർ റേറ്റഡ് ഫാനുകൾ മുതലായവ നൽകുന്നതിനുള്ള പ്രോജക്ട് വെയ്ക്കുക.

വൈദ്യുത സുരക്ഷ

കേരളത്തിൽ വർഷം തോറും ശരാശരി 400 ൽ പരം വൈദ്യുതാപകടങ്ങൾ സംഭവിക്കുന്നുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. ഇതിൽ തന്നെ പകുതിയിൽ കൂടുതൽ മാരകമായ വൈദ്യുതാപകടങ്ങളാണ്. 2016-17 വർഷത്തിൽ സംസ്ഥാനത്ത് 463 വൈദ്യുതാപകടങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതാണ്. ഈ അപകടങ്ങളിൽ 208 ആളുകൾ മരിക്കുകയും 186 ആളുകൾക്ക് മാരകമല്ലാത്ത വൈദ്യുതാപകടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 69 മൃഗങ്ങൾക്ക് മാരകമായ വൈദ്യുതാഘാതമേറ്റ് ചത്തതുമാണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ജില്ലയിൽ 40 വൈദ്യുതപകടങ്ങളാണ് റിപ്പോർട്ട് ചെയ്തിരുന്നത്. അതിൽ 8 പേർക്ക് ജീവഹാനി സംഭവിക്കുകയും 26 പേർക്ക് ഗുരുതരമായ വൈദ്യുതാഘാതം ഏൽക്കുകയും ചെയ്തതായി അന്വേഷണത്തിൽ കണ്ടെത്തിയതാണ്. സംസ്ഥാന തലത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ മലപ്പുറം ജില്ലയിൽ മാരകമായ വൈദ്യുതാപകടങ്ങൾ കുറവായിരുന്നെങ്കിലും മാരകമല്ലാത്ത വൈദ്യുതാപകടങ്ങളിൽ ജില്ലാ മുൻപന്തിയിലായിരുന്നു എന്നത് ആശങ്ക ഉളവാക്കുന്ന കാര്യമാണ്.

ഈ വർഷം ഇതു വരെ സംസ്ഥാനത്ത് 161 പേർ വൈദ്യുതാഘാതമേറ്റ് മരണപ്പെട്ടതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അതിൽ മലപ്പുറം ജില്ലയിൽ 19 മാരകമായ വൈദ്യുതാപകടങ്ങളും 7 മാരകമല്ലാത്ത വൈദ്യുതാപകടങ്ങളുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. മാരകമായ വൈദ്യുതാപകടങ്ങളിൽ ജില്ലയിൽ 16 പേർക്ക് ജീവഹാനി സംഭവിക്കുകയും 3 വ്യത്യസ്ത വൈദ്യുതാപകടങ്ങളിലായി 5 മൃഗങ്ങൾ ചാവുകയും ചെയ്തിട്ടുള്ളതാണ്. വൈദ്യുതാഘാതമേറ്റ് മരണപ്പെട്ട സാഹചര്യങ്ങൾ പരിശോധിക്കുമ്പോൾ 8 പേർ കെ.എസ്.ഇ.ബി പ്രതിഷ്ഠാപനങ്ങളിൽനിന്നും 7 പേർ ഉപഭോക്താക്കളുടെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും വൈദ്യുതാഘാതമേറ്റാണ് മരണപ്പെട്ടിട്ടുള്ളത് എന്ന് ബോധ്യമാകുന്നു.

പട്ടിക 4.3.1.18 : ജില്ലയിലെ വൈദ്യുതി അപകടങ്ങളുടെ സ്ഥിതി വിവര കണക്ക്

വർഷം	മരണകരമായ / മാരകമായ വൈദ്യുതി അപകടങ്ങളുടെ എണ്ണം		മരണകരമല്ലാത്ത / മാരകമല്ലാത്ത വൈദ്യുതി അപകടങ്ങളുടെ എണ്ണം		ആകെ
	മനുഷ്യർ	മൃഗങ്ങൾ	മനുഷ്യർ	മൃഗങ്ങൾ	
2011-12	21	12	3	0	36
2012-13	14	6	12	0	32
2013-14	15	9	3	0	27
2014-15	15	3	20	0	38
2015-16	13	8	14	0	35
2016-17	8	6	26	0	40
2017-18 (30/9/17 വരെ)	16	3	7	0	26

അവലംബം : ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്

ചിത്രം 4.3.1.2 : മരണകരമായ വൈദ്യുതി അപകടങ്ങൾ



അവലംബം : ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്

ജില്ലയിൽ സംഭവിച്ച വൈദ്യുതാപകടങ്ങളുടെ പ്രധാന കാരണങ്ങൾ താഴെ പറയുന്നവയാണ്.

1. വൈദ്യുതി ലൈനുകൾക്ക് സമീപം കെട്ടിടങ്ങൾ പണിയുമ്പോഴോ മറ്റോ ഇരുമ്പ് പൈപ്പുകൾ/കമ്പികൾ എന്നിവ പൊക്കുവാൻ ഇട വരുമ്പോൾ പ്രസ്തുത കമ്പി/പൈപ്പുകൾ അബദ്ധ വശാൽ വൈദ്യുത ലൈനിൽ തട്ടി ഉണ്ടാകുന്നവ.
2. ഇരുമ്പു തോട്ടി ഉപയോഗിച്ച് വൈദ്യുത ലൈനുകൾക്ക് സമീപം സ്ഥിതി ചെയ്യുന്ന മരങ്ങളിൽ നിന്നും ചക്ക, മാങ്ങ തുടങ്ങിയവ ശേഖരിക്കുവാൻ ശ്രമിക്കുന്നതിനിടയിൽ അബദ്ധത്തിൽ ലൈനിൽ തട്ടി ഉണ്ടാകുന്നവ .
3. ട്രാൻസ്ഫോർമർ സ്റ്റേഷനിലും വൈദ്യുതി പോസ്റ്റുകളിലും അനധികൃതമായി കയറി ജോലികൾ ചെയ്യുന്നതിനിടയിൽ ഉണ്ടാകുന്നവ.
4. ട്രാൻസ്ഫോർമർ ഡി.പി കളിലും മറ്റും കെ.എസ്.ഇ.ബി അധികൃതർ അറിയാതെ പഞ്ചായത്തുകൾ അവരുടെ ഇഷ്ടപ്രകാരം അനധികൃതമായി തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനിടയിൽ ഉണ്ടാകുന്നവ.
5. വൈദ്യുത ലൈനുകൾക്ക് സമീപം മതിയായ അകലം പാലിക്കാതെ പരസ്യ ബോർഡുകളും മറ്റും സ്ഥാപിക്കുന്നതിനിടയിൽ ഉണ്ടാകുന്നവ.
6. വൈദ്യുത ലൈനുകൾക്ക് സമീപം നിൽക്കുന്ന മരങ്ങളുടെ ചില്ലകളും മറ്റും കെ.എസ്.ഇ.ബി അധികൃതർ അറിയാതെ മുറിച്ചു മാറ്റുന്നതിനിടയിൽ ഉണ്ടാകുന്നവ.
7. അനധികൃത വൈദ്യുത വേലി, ജനറേറ്റർ പ്രതിഷ്ഠാപനം എന്നിവയിൽ നിന്ന് ഉണ്ടാകുന്നവ.
8. മതിയായ സുരക്ഷാ മുൻകരുതലുകൾ എടുക്കാതെയും സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കാതെയും ജോലി ചെയ്യുമ്പോൾ ഉണ്ടാകുന്നവ.
9. കാലപ്പഴക്കം ചെന്നതും സുരക്ഷിതവുമല്ലാത്ത വയറിംഗ് പ്രതിഷ്ഠാപനങ്ങളിൽ നിന്ന് ഉണ്ടാകുന്നവ.

വൈദ്യുതാപകടങ്ങളെപ്പറ്റിയുള്ള പഠനങ്ങൾ അപഗ്രഥിച്ചാൽ വൈദ്യുതാപകടങ്ങൾ ഉണ്ടാകുന്നതിനുള്ള കാരണങ്ങൾ താഴെ പറയുന്നവയാണ്.

1. വൈദ്യുതി ജോലിക്കാരുടെയോ മറ്റു വ്യക്തികളുടെയോ അശ്രദ്ധ.
2. മതിയായ സുരക്ഷാ മുൻകരുതലുകൾ ഇല്ലാതെ വൈദ്യുതി പ്രതിഷ്ഠാപനങ്ങളിൽ ജോലിയിൽ ഏർപ്പെടുന്നത്.
3. പ്രതിഷ്ഠാപനത്തിന്റെ നിലവാരമില്ലായ്മയും അപകട സ്ഥിതിയും.

4. വൈദ്യുതി നിയമങ്ങളുടെ ലംഘനങ്ങൾ.
5. വ്യക്തികളുടെ അറിവില്ലായ്മ.

സംസ്ഥാനത്ത് സംഭവിക്കുന്ന വൈദ്യുതാപകടങ്ങൾ കുറയ്ക്കുക എന്ന ഉദ്ദേശത്തോടു കൂടി എല്ലാ വർഷവും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് കെ.എസ്.ഇ.ബോർഡ് ലിമിറ്റഡുമായി ചേർന്ന് മെയ് ആദ്യ വാരം സംസ്ഥാനത്ത് സുരക്ഷാ വാരമായി ആഘോഷിക്കാറുണ്ട്. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പൊതു ജനങ്ങൾക്കും വൈദ്യുതിയുടെ ബന്ധപ്പെട്ട് ജോലി ചെയ്യുന്നവർക്കുമായി നിരവധി ബോധ വൽക്കരണ സെമിനാറുകൾ നടത്തി വരാറുള്ളതാണ്. ഇത് കൂടാതെ ജില്ലാ കളക്ടർ ചെയർമാനായി ജില്ലാ അടിസ്ഥാനത്തിൽ ജില്ലാ തല വൈദ്യുത അപകട നിവാരണ സമിതി സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിക്കുകയും ഓരോ മൂന്ന് മാസം കൂടുമ്പോഴും സമിതി ചേർന്ന് ജില്ലയിലെ വൈദ്യുതി അപകടങ്ങളുടെ സ്ഥിതി വിവര കണക്കുകൾ പരിശോധിക്കുകയും വൈദ്യുതാപകടങ്ങൾ സംഭവിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിനെപ്പറ്റി വിശദീകരിക്കുകയും ചെയ്യാറുള്ളതാണ്. ഈ വർഷം മുതൽ "ഇ സേഫ്" എന്ന പേരിൽ പൊതു ജനങ്ങൾക്ക് വൈദ്യുത സുരക്ഷയെപ്പറ്റി ബോധവൽക്കരണം നടത്തുന്നതിനായി പുതിയ ഒരു പദ്ധതി രൂപീകരിക്കുകയും ആയതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ഒട്ടനവധി വൈദ്യുത സുരക്ഷാ ബോധ വൽക്കരണ ക്ലാസ്സുകൾ കുടുംബശ്രീ, സ്കൂൾ, കോളേജ്, പൊതു ജനങ്ങൾ എന്നിവർക്കായി നടത്തി വരികയുമാണ്. കൂടാതെ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് വാർത്താ മാധ്യമങ്ങൾ വഴി പൊതുജനങ്ങളുടെ അറിവിലേക്കായി പരസ്യങ്ങൾ ചെയ്യുന്നുമുണ്ട്.

വൈദ്യുതി ലൈനുകൾ പൊട്ടി വീഴുന്നത് മൂലമുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി എ.എ.സി. നിർമ്മിതമായ പഴയ ലൈനുകൾ മാറ്റി എ.സി.എസ്.ആർ. നിർമ്മിതമായ വൈദ്യുത ലൈനുകൾ സ്ഥാപിക്കേണ്ടതും പ്രസ്തുത ലൈനുകൾക്ക് സമീപം വളർന്നു വരുന്ന മരങ്ങളും മറ്റും കൃത്യമായ ഇടവേളകളിൽ വെട്ടി മാറ്റി ലൈനുകൾ സുരക്ഷിതമാക്കേണ്ടതുമാണ്.

അനധികൃതമായി സ്ഥാപിക്കുന്ന വൈദ്യുത വേലി, ജനറേറ്റർ പ്രതിഷ്ഠാപനം എന്നിവിടങ്ങളിൽ നിന്നും, ലൈസൻസില്ലാത്തവർ ചട്ടങ്ങൾ പാലിക്കാതെ വയറിംഗ് നടത്തുന്നതും അപകടങ്ങൾക്കിടയാക്കുന്നുണ്ട്. പൊതു ജനങ്ങൾക്കിടയിൽ ഇത് സംബന്ധിച്ച് അവബോധം ഉണ്ടാക്കുന്നതിനായി സുരക്ഷയെക്കുറിച്ചുള്ള ഹ്രസ്വ ചിത്രങ്ങളും മറ്റും ടി.വി മുതലായ മാധ്യമങ്ങളിൽ കാണിക്കുന്നത് നല്ലതാണ്.

നിർദ്ദേശങ്ങൾ

1. വൈദ്യുതി അപകട ബോധവൽക്കരണ ക്ലാസ്സുകളും മാധ്യമങ്ങൾ വഴിയുള്ള പ്രചാരണവും കൂടുതൽ കാര്യക്ഷമമായി നടത്തുക.
2. പഞ്ചായത്ത് / വാർഡ് തലങ്ങളിൽ വൈദ്യുതി അപകട ബോധ വൽക്കരണ ക്ലാസ്സുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുകയും ആയതിലേയ്ക്ക് ക്ലാസ്സുകൾ എടുക്കുന്നതിനായി വൈദ്യുതി ബോർഡിലെ /ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിലെ ഉദ്യോഗസ്ഥന്മാരുടെ സാന്നിദ്ധ്യം ഉറപ്പ് വരുത്തുകയും ചെയ്യുക.
3. പുതിയ കെട്ടിടങ്ങൾക്കും വീടുകൾക്കും വൈദ്യുതി കണക്ഷൻ ലഭിക്കാൻ ഇ.എൽ.സി.ബി. നിർബന്ധമാക്കിയത് പോലെ വൈദ്യുതി കണക്ഷൻ ലഭിച്ച പഴയ വീടുകളിലും കെട്ടിടങ്ങളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കണക്കെടുപ്പ് നടത്തി ഇ.എൽ.സി.ബി. സ്ഥാപിച്ചിട്ടുണ്ടെന്ന് ഉറപ്പ വരുത്തുകയും അവ ഇല്ലാത്ത കെട്ടിടങ്ങൾക്കും വീടുകൾക്കും അവ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും, പാവപ്പെട്ട ഉപഭോക്താക്കളുടെ വീടുകളിൽ ഇ.എൽ.സി.ബി. സ്ഥാപിക്കുന്നതിനുള്ള ഫണ്ടുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വകയിരുത്തുകയും ചെയ്യുക.
4. സുരക്ഷയെക്കുറിച്ചുള്ള ഹ്രസ്വ ചിത്രങ്ങളും മറ്റും ടെലിവിഷൻ ചാനലുകൾ മുതലായ മാധ്യമങ്ങളിലൂടെ കാണിക്കുക.

4.3.2 റോഡുകളും കെട്ടിടങ്ങളും

ആമുഖം.

കേരളത്തിന്റെ വടക്കേ അറ്റത്തു നിന്നും അഞ്ചാമതായി സ്ഥിതി ചെയ്യുന്ന ജില്ലയാണ് മലപ്പുറം. 1969 ജൂൺ 16 – നാണ് മലപ്പുറം ജില്ല രൂപീകൃതമായത്. മലപ്പുറം ജില്ലയുടെ ഭരണ സിരാകേന്ദ്രമായി പ്രവർത്തിക്കുന്നത് ജില്ലയിലെ ആദ്യ മുനിസിപ്പാലിറ്റിയായ മലപ്പുറം മുനിസിപ്പാലിറ്റിയാണ്. ജനസാന്ദ്രതയേറിയ ജില്ലകളിലൊന്നാണിത്. നിലവിൽ കേരളത്തിൽ ഏറ്റവും കൂടുതൽ ഗ്രാമപഞ്ചായത്തുകൾ ഉള്ള ജില്ലയാണ് മലപ്പുറം. 2011-ലെ സെൻസസ് പ്രകാരം 41,10,956 പേർ അധിവസിക്കുന്നു. 3,550 ചതുരശ്ര കിലോമീറ്ററാണിതിന്റെ ഭൂ വിസ്തൃതി.

7 താലൂക്കുകളും 15 ബ്ലോക്ക് പഞ്ചായത്തുകളും 94 ഗ്രാമപഞ്ചായത്തുകളും ജില്ലയിലുണ്ട്. മലപ്പുറം, മഞ്ചേരി, തിരൂർ, പൊന്നാനി, പെരിന്തൽമണ്ണ, നിലമ്പൂർ, കോട്ടക്കൽ, വളാഞ്ചേരി, താനൂർ, പരപ്പനങ്ങാടി, തിരുരങ്ങാടി, കൊണ്ടോട്ടി എന്നിവയാണ് ജില്ലയിലെ 12 മുനിസിപ്പാലിറ്റികൾ.

കാലിക്കറ്റ് സർവ്വകലാശാല, മലയാള സർവ്വകലാശാല, സംസ്കൃത സർവ്വകലാശാല, അലീഗഡ് മുസ്ലിം യൂനിവേഴ്സിറ്റി ഓഫ് കാമ്പസ്, കാർഷിക സർവ്വകലാശാല, കോഴിക്കോട് വിമാനത്താവളം എന്നിവ മലപ്പുറം ജില്ലയിലാണ് സ്ഥിതിചെയ്യുന്നത്.

ഗതാഗത മേഖല

കിഴക്കിന്റെ പ്രൗഢിയും പ്രകൃതി രമണീയമായ ഇടനാടുകളും പടിഞ്ഞാറിന്റെ മനോഹാരിതയും സമന്വയിക്കുന്ന നാടാണ് മലപ്പുറം. ഭൂപ്രകൃതിയിൽ കാര്യമായ മാറ്റമൊന്നും വരുത്താതെ, കുന്നുകളിലൂടെയും ചെരിവുകളിലൂടെയും സമതലങ്ങളിലൂടെയും നിർമ്മിച്ച വിശാലമായ ഒരു റോഡ് ശൃംഗല തന്നെ ജില്ലക്കുണ്ട്. ഭൂപ്രകൃതിയുടെ 9.13% മാത്രമുള്ള ജില്ലയിലാണ് ജനസംഖ്യയുടെ 11.39% അധിവസിക്കുന്നത്. അതുകൊണ്ടു തന്നെ ജില്ലയിലെ വാഹനപ്പെരുപ്പം വളരെ ഉയർന്നതാണ്. ലഭ്യമായ സ്ഥിതി വിവരകണക്കനുസരിച്ച്, ജില്ലയിൽ മാത്രം രജിസ്റ്റർ ചെയ്യപ്പെട്ട 16 ലക്ഷത്തിൽപ്പരം വാഹനങ്ങളുണ്ട്. കൂടാതെ ജില്ലയിൽ കൂടി കടന്നു പോകുന്ന ആയിരക്കണക്കിന് അന്യ ജില്ലാ-സംസ്ഥാന വാഹനങ്ങളുമുണ്ട്. ഇവയെല്ലാം ഉൾകൊള്ളിക്കണമെങ്കിൽ നമ്മുടെ അടിസ്ഥാന സൗകര്യങ്ങൾ ഇനിയും വികസിപ്പിക്കേണ്ടിയിരിക്കുന്നു. നിലവിലുള്ള റോഡുകൾ പരമാവധി വിസ്തൃതമാക്കുന്നതോടൊപ്പം ഗതാഗതത്തിനുള്ള മറ്റു സാധ്യതകളും കൂടി പരിഗണിച്ചു മാത്രമേ, ജില്ലയിൽ ഈ മേഖലയുടെ പരിപ്രേക്ഷ്യം തയ്യാറാക്കാൻ സാധിക്കൂ.

1. ഉപരിതല ഗതാഗതം

ഭൂമിശാസ്ത്രപരമായി പ്രത്യേകതകൾ കൊണ്ടു കൂടുതലായി റോഡു ഗതാഗതത്തെ ആശ്രയിക്കുന്നവരാണ് മലപ്പുറത്തുകാർ. ജില്ലയിൽ കൂടി രണ്ട് പ്രധാന ദേശീയ പാതകൾ കടന്നു പോകുന്നുണ്ട്.

1) പനവേൽ – കന്യാകുമാരി –NH 66ഉം
2) കോഴിക്കോട് – പാലക്കാട് NH 966 ഉം.

NH 66 മലപ്പുറം ജില്ലയിൽ രാമനാട്ടുക്കരക്ക് സമീപം ഇടിമൂഴിക്കൽ മുതൽ പെരുമ്പടപ്പ് പാഞ്ചായത്തിലെ കാപ്പിരിക്കാട് വരെ 78.556 കീ.മി നീളത്തിലുള്ള രണ്ട് വരി പാതയാണ്. ശരാശരി വീതി 20 മീറ്റർ മാത്രമാണ്.

കോഴിക്കോട് – പാലക്കാട് NH 966 ന് ജില്ലയിൽ രാമനാട്ടുക്കര മുതൽ നാട്ടുക്കല്ല് വരെ 71.344 കീലോമീറ്റർ നീളമുണ്ട്.

കേരളാ പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള പ്രധാന റോഡുകളാണ് സംസ്ഥാന പാതകൾ. ഇത് വിവിധ അന്തർ ജില്ലാ/അന്തർ സംസ്ഥാന കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നു. ജില്ലയിലുള്ള സംസ്ഥാന പാതകളുടെ ആകെ നീളം 385.5 കീ.മി ആണ്. ശരാശരി 12 മീറ്റർ മുതൽ 15 മീറ്റർ വരെ വീതിയും ഈ റോഡുകൾക്കുണ്ട്.

പട്ടിക 4.3.2.1 : മലപ്പുറം ജില്ലയിൽ വരുന്ന സംസ്ഥാന റോഡുകൾ

ക്രമ നം	റോഡിന്റെ പേര്	സ്റ്റാർട്ടിംഗ് പോയിന്റ്	ഫിനിഷിംഗ് പോയിന്റ്	റോഡിന്റെ നീളം	എ.ഡി.ആർ/എസ്.എച്ച്
1	ഗുരുവായൂർ-ആൽത്തറ - പൊന്നാനി	വണ്ണേരി -14.858	പൊന്നാനി - 28.970	14.112	എസ്.എച്ച് -62
2	തൃശ്ശൂർ കുറ്റിപ്പുറം 23/340 മുതൽ 52/650 വരെ	കോളിക്കര - കി.മി 23.340	കുറ്റിപ്പുറം -52.650	29.310	എസ്.എച്ച് -69
3	വളാഞ്ചേരി അങ്ങാടിപ്പുറം - പെരിന്തൽമണ്ണ-പാണ്ടിക്കാട്-വണ്ടൂർ - വടപുറം റോഡ്	വളാഞ്ചേരി - 0.000	-51.505	51.505	എസ്.എച്ച് -73
4	കോഴിക്കോട് - പാലക്കാട് റോഡ്	കൊണ്ടോട്ടി -27.900	കൊണ്ടോട്ടി - 29.500	1.600	എസ്.എച്ച് -72
5	മലപ്പുറം - പരപ്പനങ്ങാടി റോഡ്	മലപ്പുറം കിഴക്കേത്തല 0.000	പരപ്പനങ്ങാടി - 23.000	23.000	എസ്.എച്ച് -72
6	തിരൂർ - മലപ്പുറം - മഞ്ചേരി റോഡ്	തിരൂർ - 0.000	മഞ്ചേരി - 0.00	39.000	എസ്.എച്ച് -71
7	മഞ്ചേരി ബൈപ്പാസ് ഫസ്റ്റ് റീച്ച്	മഞ്ചേരി - 0.00	മഞ്ചേരി - 1.370	1.370	എസ്.എച്ച് -28 ബി
8	മലപ്പുറം ബൈപ്പാസ് ഫസ്റ്റ് റീച്ച്	മേൽമുറി -0.000	മുണ്ടുപറമ്പ - 1.075	1.075	എസ്.എച്ച്
9	പെരുമ്പിലാവ് - നിലമ്പൂർ റോഡ് കി.മി 30/00 മുതൽ 107/112	പുലാമന്തോൾ-30.000	നിലമ്പൂർ ചന്തക്കുന്ന്- 107.112	77.112	എസ്.എച്ച് -39
10	പാലക്കാട് പെരിന്തൽമണ്ണ റോഡ് കി.മി, 48/800 മുതൽ 58/540 വരെ	ശ്രുത -48.800			
	പെരിന്തൽമണ്ണ-58.400	9.600	എസ്.എച്ച് -53		
11	പെരിന്തൽമണ്ണ ബൈപ്പാസ് റോഡ് ഫസ്റ്റ് റീച്ച്	പെരിന്തൽമണ്ണ (പ്രസന്റേഷൻ സ്കൂൾ)-0.000	മാനത്തുമംഗലം - 1.680	1.680	എസ്.എച്ച്
12	കരുവാരക്കുണ്ട് - മേലാറ്റൂർ റോഡ്	പുന്നക്കാട് -ചുങ്കം - 0.000	മേലാറ്റൂർ-9.820	9.820	എസ്.എച്ച് -70
13	കോഴിക്കോട് - നിലമ്പൂർ - ഗൂഡല്ലൂർ റോഡ് കി.മി 38/200 മുതൽ 103/600	വള്ളുവമ്പ്രം-38.200	നാടുകാണി-103.600	65.400	എസ്.എച്ച് -28

ക്രമ നം	റോഡിന്റെ പേര്	സ്റ്റാർട്ടിംഗ് പോയിന്റ്	ഫിനിഷിംഗ് പോയിന്റ്	റോഡിന്റെ നീളം	എ.ഡി.ആർ/എസ്.എച്ച്
14	കൊയിലാണ്ടി എടവണ്ണ റോഡ് കി.മി 51/200 മുതൽ 69/750 വരെ	വാലില്ലാപ്പുഴ-51200	എടവണ്ണ-69.750	18.550	എസ്.എച്ച് -34
15	പരപ്പനങ്ങാടി -അരീക്കോട് റോഡ്			പരപ്പനങ്ങാടി -0.000	അരിക്കോട്-42.500

അവലംബം.പൊതുമരാമത്ത് വകുപ്പിന്റെ റോഡ് രജിസ്റ്റർ

ചിത്രം 4.3.2.1 : ദേശീയ സംസ്ഥാന പാതകൾ



അവലംബം : പൊതുമരാമത്ത് വകുപ്പിന്റെ റോഡ് രജിസ്റ്റർ

മേജർ ഡിസ്ട്രിക്ട് റോഡുകളാണ് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള മറ്റൊരു വിഭാഗം റോഡുകൾ. ജില്ലയിലെ പ്രധാന കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നത് എം.ഡി.ആർ ആണ്. ജില്ലയിലെ 2305.398 കീ.മി എം.ഡി.ആർ ഉണ്ട്. ഇവയുടെ ശരാശരി വീതി 8 മീറ്റർ മുതൽ 15 മീറ്റർ വരെയാണ് ദിനേനയുള്ളള ആവശ്യങ്ങൾക്ക് പൊതുജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് എൻ.എച്ച്, എസ്.എച്ച്, എം.ഡി.ആർ വിഭാഗത്തിലുള്ള റോഡുകളെയാണ്.

ഗ്രാമീണ റോഡുകൾ പൂർണ്ണമായും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലാണ്. ജില്ലയിലാകെ 18557.5 കീ.മി നീളം ഗ്രാമീണ റോഡുകൾക്കുണ്ട്. ഇവയ്ക്ക് ശരാശരി 5 മീറ്റർ മുതൽ 8 മീറ്റർ വരെ വീതിയുണ്ട്.

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകളുടെ നിലവിലെ അവസ്ഥ താഴെ പറയുന്നവയാണ്.

പട്ടിക 4.3.2.2 : റോഡുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകൾ

പഞ്ചായത്ത്	മൺ റോഡ് (കി.മീ)	ടാർ റോഡ് (കി.മീ)	കോൺക്രീറ്റ് റോഡ് (കി.മീ)	ഫൂട് പാത്ത് (കി.മീ)
ജില്ലാ പഞ്ചായത്ത്	-	495	-	-
ഗ്രാമ പഞ്ചായത്തുകൾ	4592	6761	1385	1132
മുനിസിപ്പാലിറ്റികൾ	508	1119	361	237

അവലംബം : തദ്ദേശ ഭരണ വകുപ്പ്

പട്ടിക 4.3.2.3 : പാലങ്ങൾ

പാലത്തിന്റെ സ്പാൻ	എണ്ണം
6 മീറ്ററിൽ കൂടുതൽ വീതിയുള്ളത്	103
3 മീ - 6 മീ വീതി	665
3 മീറ്റർ താഴെ വീതി	1082

അവലംബം. തദ്ദേശ ഭരണ വകുപ്പ്

ജില്ലയിലെ റോഡ് സാന്ദ്രത സ്ക്വ.കി.മീറ്ററിന് 4.34 കീ.മി ആണ്. എൻ.എച്ച്/പി.ഡബ്ലിയു.ഡി റോഡാണെങ്കിൽ സാന്ദ്രത 0.82 കീ.മി സ്ക്വ.കി.മീറ്ററാണ്.

മലയോര മേഖല

ജില്ലയുടെ മലയോര പ്രദേശങ്ങളിൽ ജനവാസ കേന്ദ്രങ്ങൾ ഏറെയുണ്ട്. നിലവിലുള്ള രണ്ട് പ്രധാന സ്റ്റേറ്റ് ഹൈവേ (SH) കളായ കോഴിക്കോട് -നിലമ്പൂർ - ഗൂഡല്ലൂർ റോഡ്, പെരിന്തൽമണ്ണ - പട്ടാമ്പി-പെരുമ്പിലാവ്-നിലമ്പൂർ എന്നീ റോഡുകൾ മലയോര പ്രദേശങ്ങളിലൂടെ കടന്നു പോകുന്നുണ്ടെങ്കിലും അവ പ്രധാനമായും മലയോര പ്രദേശങ്ങളെ മറ്റു പ്രദേശങ്ങളുമായി കൂട്ടിയിണക്കുകയാണ് ചെയ്യുന്നത്. മലയോര പ്രദേശങ്ങളിലൂടെ വടക്ക് തെക്ക് ദിശയിലുള്ളള ഒരു പൂർണ്ണ റോഡ് നിലവിലിൽ ആയത് മലയോര പ്രദേശങ്ങളിലെ സുഗമമായ യാത്രക്ക് തടസ്സം സൃഷ്ടിക്കുന്നുണ്ട്. മലയോര പ്രദേശമായ നിലമ്പൂരിൽ നിന്നും തൊട്ടടുത്ത വയനാട് ജില്ലയിലെ സ്ഥലങ്ങളിലേക്ക് യാത്ര ചെയ്യണമെങ്കിൽ നിലവിൽ തമിഴ്നാട്ടിലൂടെ എത്തിപ്പെടേണ്ട അവസ്ഥയാണുള്ളത്.

തീരദേശ മേഖല

ജനസംഖ്യയുടെ 2/3 ഭാഗവും അധിവസിക്കുന്നത് മധ്യ പടിഞ്ഞാറ് ഭാഗത്താണ്. തീര ദേശത്തു കൂടിയുള്ള ഒരു സമ്പൂർണ്ണ പാത ജില്ലയിൽ ഇല്ല. ആയത് തീരദേശങ്ങളിൽ യാത്ര ദുരിതം സൃഷ്ടിക്കുന്നുണ്ട്. തീരദേശ പാതയുടെ അഭാവം തീരദേശ മേഖലയിലുള്ള വിനോദ സഞ്ചാര സാധ്യതയെ പ്രതികൂലമായി ബാധിക്കുന്നു. വെട്ടം, മംഗലം മുതലായ മേഖലകളിൽ കടലിനും തിരൂർ പുഴക്കുമിടയിൽ വളരെ വീതി കുറഞ്ഞ നീണ്ടു കിടക്കുന്ന സ്ഥലങ്ങളാണുള്ളത്. തീരദേശ മേഖലകളിൽ അടിക്കടി ഉണ്ടാകുന്ന പ്രകൃതി ക്ഷോഭങ്ങളിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും തീരദേശ പാതയുടെ അഭാവം തടസ്സം സൃഷ്ടിക്കുന്നുണ്ട്.

പാർക്കിംഗ് ഏരിയ

പൊതു പാർക്കിംഗ് സംവിധാനം ഇല്ലാത്ത ജില്ലയാണ് മലപ്പുറം. പൊതു നിരത്തുകളിലും ഫൂട്ട് പാത്തുകളിലും വാഹനങ്ങൾ പാർക്ക് ചെയ്യുന്നത് ഗതാഗതക്കുരുക്ക് ഉണ്ടാക്കുന്നതോടൊപ്പം കാൽ നടയാത്രക്കാർക്കും ഏറെ തടസ്സങ്ങൾ സൃഷ്ടിക്കുന്നു.

റെയിൽ ഗതാഗതം

മലപ്പുറം ജില്ലയിൽ കൂടി കടന്നു പോകുന്ന രണ്ട് പ്രധാന റെയിൽവെ ലൈനുകളാണ് ഷൊർണ്ണൂർ - മംഗലാപുരം ലൈനും, ഷൊർണ്ണൂർ-നിലമ്പൂർ ലൈനും. ഇവയുടെ ആകെ നീളം 91 കീ.മി ആണ്. കേരളത്തിൽ ആദ്യം നിലിവിൽ വന്ന റെയിൽവേ ലൈനിന്റെ ഭാഗമാകാൻ നമ്മുടെ ജില്ലയിലെ തിരൂർ-കടലുണ്ടി ലൈനിനു സാധിച്ചു എന്നതിൽ നമുക്കഭിമാനിക്കാം.

ഷൊർണ്ണൂർ - മംഗലാപുരം ലൈനിലെ ഏറ്റവും പ്രധാനപ്പെട്ട സ്റ്റേഷനാണ് തിരൂർ. ഇവിടെ നിന്നും കേരളത്തിനകത്തേയ്ക്കും പുറത്തേയ്ക്കും ഇഷ്ടാനുസരണം യാത്ര ചെയ്യാൻ സാധിക്കും. കുറ്റിപ്പുറം, തിരുന്നാവായ, താനൂർ, പരപ്പനങ്ങാടി, വള്ളിക്കുന്ന്, കടലുണ്ടി, ഇവ ഈ ലൈനിലെ മറ്റു സ്റ്റേഷനുകളാണ്.

ഷൊർണൂർ-നിലമ്പൂർ ലൈൻ നിലവിൽ വന്നത് 1927 ലാണ് ഇത് ഇന്ത്യയിലെ തന്നെ നീളം കുറഞ്ഞ ബ്രോഡ്ഗേജ് പാതയാണ്. 66 കി.മീറ്റർ നീളമുള്ള ഈ പാത, യാത്രക്കെന്നതു പോലതന്നെ വനവിഭങ്ങളുടെ കയറ്റുമതിക്കായും ഉപയോഗിക്കുന്നു. ചെറുകര, അങ്ങാടിപ്പുറം, പട്ടിക്കാട്, മേലാറ്റൂർ, തുവ്വൂർ, തൊടിയപ്പുലം, വാണിയമ്പലം, നിലമ്പൂർ ഇവയാണ് പ്രധാനപ്പെട്ട സ്റ്റേഷനുകൾ.

വ്യോമ ഗതാഗതം

ജില്ലയിൽ പടിഞ്ഞാറൻ തീരത്ത് കരിപ്പൂരിൽ സ്ഥിതി ചെയ്യുന്ന കോഴിക്കോട് അന്തർ ദേശീയ വിമാനത്താവളം, മലപ്പുറത്തു നിന്നും 24 കി.മീറ്ററും കോഴിക്കോട് ടൗണിൽ നിന്നും 25 കി.മി ഉം മാത്രം മാറിയാണ് സ്ഥിതി ചെയ്യുന്നത്. ഇത് കേരളത്തിലെ പ്രമുഖ നഗരവൽകൃത പട്ടണവും, വലുപ്പത്തിൽ മൂന്നാം സ്ഥാനത്തുമാണ്.

ടൂറിസം, ഐ.ടി രംഗത്തും, ആയൂർവ്വേദ ചികത്സാ രംഗത്തും ഈ വിമാനത്താവളത്തിനു വലിയ സാധ്യതകളുണ്ട്.

ദിവസേന 67 വിമാനങ്ങൾ ഇവിടെ വന്നു പോകുന്നു. ആഴ്ച്ചയിലുള്ള 467 സർവീസുകളിൽ 371 എണ്ണം അന്തർദേശീയ സർവ്വീസും, 96 എണ്ണം തദ്ദേശ സർവ്വീസുമാണ്.

2016-17 കാലയളവിൽ ഈ വിമാനത്താവളത്തിന്റെ സേവനം പ്രയോജനപ്പെടുത്തിയവർ 24,04,615 പേരാണ്. 20,00,585 പേർ അന്തർദേശീയ യാത്രക്കു വേണ്ടി വിമാനത്താവളത്തെ ഉപയോഗിച്ചപ്പോൾ, തദ്ദേശീയമായി സേവനം പ്രയോജനപ്പെടുത്തിയവർ 4,04,030 പേർ മാത്രമാണ്. 2017-18 കാലയളവിൽ 30,00000 പേർ ഇതിന്റെ സേവനം പ്രയോജനപ്പെടുത്തുമെന്ന് കരുതുന്നു. ആകെയുള്ള യാത്രക്കാരിൽ 83% പേരും അന്തർദേശീയ യാത്രക്കാരാണ്.

തദ്ദേശീയ യാത്രക്കു വേണ്ടി 15,000 സ്ക്വ.മീറ്റർ വിസ്തൃതിയുള്ള 550 യാത്രക്കാരെ ഉൾക്കൊള്ളാൻ കഴിയുന്ന ഒരു ടെർമിനലും, അന്തർദേശീയ യാത്രക്കുവേണ്ടി 25000 സ്ക്വ.മീറ്റർ വിസ്തൃതിയുള്ള, 900 യാത്രാക്കാർക്കു പര്യപ്തമായ മറ്റൊരു ടെർമിനലും ഇപ്പോൾ നിലവിലുണ്ട്.

നിലവിലുള്ള റൺവേയുടെ സ്ഥിതി വിവരങ്ങൾ

നിലവിലുള്ള റൺവേയുടെ നീളം 2860 മീറ്ററും ഓരോ വശങ്ങളിലുമുള്ള റിസയുടെ നീളം 90 മീറ്ററുമാണ്. ആയത് സുരക്ഷാ മാനദണ്ഡങ്ങൾ പ്രകാരം കോഡ് ഡി വിഭാഗത്തിൽപ്പെട്ട വിമാനങ്ങളുടെ ഓപ്പറേഷൻ മാത്രം പര്യാപ്തമാണ്.

ജലഗതാഗതം

ഏകദേശം 51 കി.മീറ്ററോളം തീര പ്രദേശമുള്ള ജില്ലയാണ് മലപ്പുറം. പൊന്നാനി, തിരൂർ, താനൂർ, പരപ്പനങ്ങാടി എന്നിവ തീര പ്രദേശത്തെ പ്രധാന പട്ടണങ്ങളാണ്. കനോലി കനാൽ, നൂകട്ട് കനാൽ, തിരൂർ-പൊന്നാനി പുഴ എന്നിവ ജലഗതാഗത്തിന് ഏറെ അനുയോജ്യമാണെങ്കിലും വികസിതമായിട്ടില്ല.

ഹാർബർ

ജില്ലയിൽ ഇരുമുഖ വകുപ്പിനു കീഴിൽ പൊന്നാനിയിൽ പബ്ലിക്ക്-പ്രൈവറ്റ്-പാർട്ടിസിപ്പേഷനിൽ ഇരുമുഖത്തിന്റെ നിർമ്മാണവും താനൂരിൽ മത്സ്യബന്ധന ഇരുമുഖ നിർമ്മാണവും നടന്നു വരുന്നു.

ബ്ലാക്ക് സ്പോട്ടുകൾ

NATPAC, MORTH തുടങ്ങിയ ഏജൻസികൾ നടത്തിയ പഠനത്തിൽ ഓരോ 500 മീറ്ററിനുള്ളിലും മൂന്നു വർഷത്തിനിടയിൽ കുറഞ്ഞത് 5 വാഹനാപകടമോ, അല്ലെങ്കിൽ മിനിമം 10

പേർക്ക് പരിക്കോ പറ്റിയ സ്ഥലങ്ങളെ ബ്ലാക്ക്സ്പോട്ട് ആയി നിർണ്ണയിച്ചിരിക്കുന്നു. ഇത്തരത്തിൽ വിവിധ ശ്രേണിയിൽപ്പെട്ട 71 ബ്ലാക്ക് സ്പോട്ടുകൾ മലപ്പുറം ജില്ലയിലുണ്ട്.

പട്ടിക 4.3.2.4 : ജില്ലയിലെ ബ്ലാക്ക് സ്പോട്ടുകൾ

ബ്ലാക്ക് സ്പോട്ട് ശ്രേണികൾ	എണ്ണം
ഒന്നാം ശ്രേണിയിൽ	10
രണ്ടാം ശ്രേണിയിൽ	5
മൂന്നാം ശ്രേണിയിൽ	9
നാലാം ശ്രേണിയിൽ	14
അഞ്ചാം ശ്രേണിയിൽ	33
ആകെ	71

അവലംബം. പൊതുമരാമത്ത് റോഡ് വിഭാഗം

പട്ടിക 4.3.2.5 : മലപ്പുറം ജില്ലയിൽ അപകട സാധ്യത കൂടുതലുള്ള പ്രദേശങ്ങൾ – ബ്ലാക്ക് സ്പോട്ട് – ഒന്നാം ശ്രേണിയിൽ ഉള്ളവ

ക്രമ നമ്പർ	പോലീസ് സ്റ്റേഷന്റെ പേര്	അപകട സാധ്യത മേഖല	റോഡിന്റെ പേര്	റോഡ് നമ്പർ	ടൈപ്പ് ഓഫ് റോഡ്	റോഡിന്റെ നീളം
1	മലപ്പുറം	കുട്ടിലങ്ങാടി	ഫറോക്ക് – പാലക്കാട്	എൻ.എച്ച് – 966	എൻ.എച്ച്	500 മീറ്റർ
2	തിരൂരങ്ങാടി	വെണ്ണിയൂർ	പനവേൽ – കന്യാകുമാരി	എൻ.എച്ച് – 66	എൻ.എച്ച്	200 മീറ്റർ
3	മലപ്പുറം	മുണ്ടുപറമ്പ	തിരൂർ – മഞ്ചേരി റോഡ്	എസ്.എച്ച് – 71	എസ്.എച്ച് 71	500 മീറ്റർ
4	കാടാമ്പുഴ	വെട്ടിച്ചിറ	പനവേൽ – കന്യാകുമാരി	എൻ.എച്ച് – 66	എൻ.എച്ച്	100 മീറ്റർ
5	തേഞ്ഞിപ്പലം	ഇടിമുഴിക്കൽ	പനവേൽ – കന്യാകുമാരി	എൻ.എച്ച് – 66	എൻ.എച്ച്	500 മീറ്റർ
6	കോട്ടക്കൽ	കോട്ടക്കൽ	തിരൂർ – മഞ്ചേരി റോഡ്	എസ്.എച്ച് – 71	എസ്.എച്ച്	500 മീറ്റർ
7	കൽപകഞ്ചേരി	പാലച്ചിറമാട്	പനവേൽ – കന്യാകുമാരി	എൻ.എച്ച് – 66	എൻ.എച്ച്	500 മീറ്റർ
8	കോട്ടക്കൽ	ചങ്കുവെട്ടി	പനവേൽ – കന്യാകുമാരി	എൻ.എച്ച് – 66	എൻ.എച്ച്	500 മീറ്റർ
9	വാഴക്കാട്	അഴിഞ്ഞിലം ബൈപാസ്	ഫറോക്ക് – പാലക്കാട്	എൻ.എച്ച് – 966	എൻ.എച്ച്	200 മീറ്റർ
10	പൊന്നാനി	വെളിയങ്കോട്	പനവേൽ – കന്യാകുമാരി	എൻ.എച്ച് – 66	എൻ.എച്ച്	200 മീറ്റർ
ബ്ലാക്ക്സ്പോട്ട് – രണ്ടാം ശ്രേണിയിൽ ഉള്ളവ						
11	തേഞ്ഞിപ്പലം	കാലിക്കറ്റ് യൂണിവേഴ്സിറ്റി	പനവേൽ – കന്യാകുമാരി	എൻ.എച്ച് – 66	എൻ.എച്ച്	500 മീറ്റർ
12	എടക്കര	പൂച്ചകുത്ത്	കോഴിക്കോട് – ഗ്രുഡൽലൂർ	എസ്.എച്ച് – 28	എസ്.എച്ച്	500 മീറ്റർ
13	വണ്ടൂർ	വണ്ടൂർ ടൗൺ	വളാഞ്ചേരി – നിലമ്പൂർ	എസ്.എച്ച് – 73	എസ്.എച്ച്	500 മീറ്റർ
14	കൊളത്തൂർ	വെങ്ങാട്	വളാഞ്ചേരി – നിലമ്പൂർ	എസ്.എച്ച് – 73	എസ്.എച്ച്	500 മീറ്റർ
15	കൽപകഞ്ചേരി	പുത്തനത്താണി	പനവേൽ – കന്യാകുമാരി	എൻ.എച്ച് – 66	എൻ.എച്ച്	500 മീറ്റർ
ബ്ലാക്ക്സ്പോട്ട് – മൂന്നാം ശ്രേണിയിൽ ഉള്ളവ						
16	മഞ്ചേരി	വള്ളുമ്പ്രം	ഫറോക്ക് – പാലക്കാട്	എൻ.എച്ച് – 966	എൻ.എച്ച്	500 മീറ്റർ

ക്രമ നമ്പർ	പോലീസ് സ്റ്റേഷന്റെ പേര്	അപകട സാധ്യത മേഖല	റോഡിന്റെ പേര്	റോഡ് നമ്പർ	ടൈപ്പ് ഓഫ് റോഡ്	റോഡിന്റെ നീളം
17	തിരുരങ്ങാടി	പൂക്കിപറമ്പ	പനവേൽ – കന്യാകുമാരി	എൻ.എച്ച് – 66	എൻ.എച്ച്	100 മീറ്റർ
18	വേങ്ങര	ചേറൂർ	വേങ്ങര – അച്ചനമ്പലം റോഡ്	എം.ഡി.ആർ	ഒ.ആർ	500 മീറ്റർ
19	പരപ്പനങ്ങാടി	ചെട്ടിപ്പടി	തിരൂർ – കടലുണ്ടി റോഡ്	എം.ഡി. ആർ	ഒ.ആർ	500 മീറ്റർ
20	കൊണ്ടോട്ടി	ഐക്കരപ്പടി	ഫറോക്ക് – പാലക്കാട്	എൻ.എച്ച് 966	എൻ.എച്ച്	100 മീറ്റർ
21	മഞ്ചേരി	പൂക്കോട്ടൂർ	ഫറോക്ക് – പാലക്കാട്	എൻ.എച്ച് – 966	എൻ.എച്ച്	100 മീറ്റർ
22	കൊളത്തൂർ	മലാപറമ്പ്	വളാഞ്ചേരി – നിലമ്പൂർ	എസ്.എച്ച് – 73	എസ്.എച്ച്	500 മീറ്റർ
23	മലപ്പുറം	വാറംകോട്	ഫറോക്ക് – പാലക്കാട്	എൻ.എച്ച് – 966	എൻ.എച്ച്	100 മീറ്റർ
24	വണ്ടൂർ	നടുവത്ത്	വളാഞ്ചേരി – നിലമ്പൂർ	എസ്.എച്ച് – 73	എസ്.എച്ച്	500 മീറ്റർ
ബ്ലാക്ക്സ്പോട്ട് – നാലാം ശ്രേണിയിൽ ഉള്ളവ						
25	വേങ്ങര	കുരിയാട്	പനവേൽ – കന്യാകുമാരി	എൻ.എച്ച് – 66	എൻ.എച്ച്	500 മീറ്റർ
26	തേഞ്ഞിപ്പലം	പനംപറമ്പ്	പനവേൽ – കന്യാകുമാരി	എൻ.എച്ച് – 66	എൻ.എച്ച്	500 മീറ്റർ
27	കുറ്റിപ്പുറം	തൃക്കണ്ണാപുരം	പനവേൽ – കന്യാകുമാരി	എൻ.എച്ച് – 66	എൻ.എച്ച്	100 മീറ്റർ
28	മലപ്പുറം	പൊൻമള	തിരൂർ – മഞ്ചേരി	എസ്.എച്ച് – 71	എസ്.എച്ച്	500 മീറ്റർ
29	വേങ്ങര	കച്ചേരിപ്പടി	മലപ്പുറം – പരപ്പനങ്ങാടി	എസ്.എച്ച് – 72	എസ്.എച്ച്	500 മീറ്റർ
30	തിരുരങ്ങാടി	പടിക്കൽ	പനവേൽ – കന്യാകുമാരി	എസ്.എച്ച് – 66	എസ്.എച്ച്	100 മീറ്റർ
31	മഞ്ചേരി	വായ്പ്പാറപ്പടി	തിരൂർ – മഞ്ചേരി	എസ്.എച്ച് – 71	എസ്.എച്ച്	500 മീറ്റർ
32	കൊളത്തൂർ	പുഴക്കാട്ടിരി	മറ്റുള്ളവ		ഒ.ആർ	500 മീറ്റർ
33	മങ്കട	മക്കരപറമ്പ	ഫറോക്ക് – പാലക്കാട്	എൻ.എച്ച് – 966	എൻ.എച്ച്	100 മീറ്റർ
34	മലപ്പുറം	കോട്ടൂർ	തിരൂർ – മഞ്ചേരി	എസ്.എച്ച് – 71	എസ്.എച്ച്	500 മീറ്റർ
35	ചങ്ങരംകുളം	കാലടിത്തറ	തൃശ്ശൂർ –കുറ്റിപ്പുറം	എസ്.എച്ച് – 69	എസ്.എച്ച്	500 മീറ്റർ
36	എടവണ്ണ	പത്തപ്പിരിയം	കോഴിക്കോട് – ശ്രദ്ധല്ലൂർ	എസ്.എച്ച് – 28	എസ്.എച്ച്	500 മീറ്റർ
37	തിരുരങ്ങാടി	പാലക്കൽ	പനവേൽ – കന്യാകുമാരി	എൻ.എച്ച് – 66	എൻ.എച്ച്	500 മീറ്റർ
38	കോട്ടക്കൽ	പാലത്തറ	പനവേൽ – കന്യാകുമാരി	എൻ.എച്ച് – 66	എൻ.എച്ച്	500 മീറ്റർ
ബ്ലാക്ക്സ്പോട്ട് – അഞ്ചാം ശ്രേണിയിൽ ഉള്ളവ						
39	മഞ്ചേരി	നറുകര	കോഴിക്കോട് – ശ്രദ്ധല്ലൂർ	എസ്.എച്ച് – 28	എസ്.എച്ച്	500 മീറ്റർ
40	കൊളത്തൂർ	പടപ്പറമ്പ്	കൊളത്തൂർ – മലപ്പുറം	എം.ഡി.ആർ	ഒ.ആർ	500 മീറ്റർ

ക്രമ നമ്പർ	പോലീസ് സ്റ്റേഷന്റെ പേര്	അപകട സാധ്യത മേഖല	റോഡിന്റെ പേര്	റോഡ് നമ്പർ	ടൈപ്പ് ഓഫ് റോഡ്	റോഡിന്റെ നീളം
41	ചങ്ങരകുളം	ചങ്ങരകുളം സബീന റോഡ് ജംഗ്ഷൻ	തൃശ്ശൂർ – കുറ്റിപ്പുറം	എസ്.എച്ച് – 69	എസ്.എച്ച്	500 മീറ്റർ
42	താനൂർ	മുക്കോല			ഒ.ആർ	500 മീറ്റർ
43	മങ്കട	തടത്തിൽ വളവ്	ഫറോക്ക് – പാലക്കാട്	എൻ.എച്ച് – 966	എൻ.എച്ച്	500 മീറ്റർ
44	വളാഞ്ചേരി	വട്ടപ്പാറ	പനവേൽ – കന്യാകുമാരി	എൻ.എച്ച് – 66	എൻ.എച്ച്	500 മീറ്റർ
45	കൊണ്ടോട്ടി	പതിനൊന്നാം മൈൽ	ഫറോക്ക് – പാലക്കാട്	എൻ.എച്ച് – 966	എൻ.എച്ച്	100 മീറ്റർ
46	എടവണ്ണ	ചീനിക്കൽ	കോഴിക്കോട് – ഗ്രൂഡല്ലൂർ	എസ്.എച്ച് – 28	എസ്.എച്ച്	500 മീറ്റർ
47	പരപ്പനങ്ങാടി	ആനങ്ങാടി	തിരൂർ – കടലുണ്ടി റോഡ്	എം.ഡി.ആർ	ഒ.ആർ	500 മീറ്റർ
48	കൊണ്ടോട്ടി	ഇറക്കൽ	ഫറോക്ക് – പാലക്കാട്	എൻ.എച്ച് – 966	എൻ.എച്ച്	200 മീറ്റർ
49	മേലാറ്റൂർ	കാര്യവട്ടം ജംഗ്ഷൻ	പെരുമ്പിലാവ് – നിലമ്പൂർ	എസ്.എച്ച് – 39	എസ്.എച്ച്	500 മീറ്റർ
50	കോട്ടക്കൽ	കാവാതികുളം	കോട്ടക്കൽ – കാടാമ്പുഴ	എം.ഡി.ആർ	ഒ.ആർ	500 മീറ്റർ
51	മങ്കട	രാമപുരം	ഫറോക്ക് – പാലക്കാട്	എൻ.എച്ച് – 966	എൻ.എച്ച്	200 മീറ്റർ
52	പരപ്പനങ്ങാടി	ചിറമംഗലം	തിരൂർ– കടലുണ്ടിറോഡ്	എം.ഡി.ആർ	ഒ.ആർ	500 മീറ്റർ
53	വേങ്ങര	തോട്ടശ്ശേരിയറ	പരപ്പനങ്ങാടി – അരീക്കോട്	എസ്.എച്ച് – 65	എസ്.എച്ച്	500 മീറ്റർ
54	തിരുരങ്ങാടി	കരിമ്പിൽ	പനവേൽ – കന്യാകുമാരി	എൻ.എച്ച് – 66	എൻ.എച്ച്	500 മീറ്റർ
55	പരപ്പനങ്ങാടി	ഒലിപ്രം	ആനങ്ങാടി– അത്താണിക്കൽ	എം.ഡി.ആർ	ഒ.ആർ	500 മീറ്റർ
56	മേലാറ്റൂർ	കാര്യവട്ടം			ഒ.ആർ	100 മീറ്റർ
57	മങ്കട	കാച്ചിനിക്കാട്	ഫറോക്ക് – പാലക്കാട്	എൻ.എച്ച് – 966	എൻ.എച്ച്	200 മീറ്റർ
58	താനൂർ	വട്ടത്താണി	തിരൂർ– കടലുണ്ടിറോഡ്	എം.ഡി.ആർ	ഒ.ആർ	500 മീറ്റർ
59	താനൂർ	കളരിപടി		ഒ.ഡി.ആർ	ഒ.ആർ	500 മീറ്റർ
60	താനൂർ	മൂലക്കൽ	തിരൂർ – കടലുണ്ടി റോഡ്	എം.ഡി.ആർ	ഒ.ആർ	500 മീറ്റർ
61	താനൂർ	മൂച്ചിക്കൽ	മറ്റുള്ളവ		ഒ.ആർ	500 മീറ്റർ
62	തിരുരങ്ങാടി	തലപാറ	പനവേൽ – കന്യാകുമാരി	എൻ.എച്ച് – 66	എൻ.എച്ച്	500 മീറ്റർ
63	താനൂർ	നടക്കാവ്	മറ്റുള്ള		ഒ.ആർ	500 മീറ്റർ
64	പെരുമ്പടപ്പ്	പുതിയുരുത്തി	പനവേൽ – കന്യാകുമാരി	എൻ.എച്ച് – 66	എൻ.എച്ച്	500 മീറ്റർ
65	മേലാറ്റൂർ	മേലാറ്റൂർ ജംഗ്ഷൻ	പെരുമ്പിലാവ് – നിലമ്പൂർ	എസ്.എച്ച് – 39	എസ്.എച്ച്	500 മീറ്റർ
66	എടവണ്ണ	കുണ്ടുത്തോട്	കോഴിക്കോട് – ഗ്രൂഡല്ലൂർ	എസ്.എച്ച് – 28	എസ്.എച്ച്	500 മീറ്റർ

ക്രമ നമ്പർ	പോലീസ് സ്റ്റേഷന്റെ പേര്	അപകട സാധ്യത മേഖല	റോഡിന്റെ പേര്	റോഡ് നമ്പർ	ടൈപ്പ് ഓഫ് റോഡ്	റോഡിന്റെ നീളം
67	കാളിക്കാവ്	കല്ലാമൂല	പെരുമ്പിലാവ് – നിലമ്പൂർ	എസ്.എച്ച് – 39	എസ്.എച്ച്	500 മീറ്റർ
68	കാളിക്കാവ്	വെന്തോടംപടി	പെരുമ്പിലാവ് – നിലമ്പൂർ	എസ്.എച്ച് – 39	എസ്.എച്ച്	500 മീറ്റർ
69	എടവണ്ണ	തിരുവാലി	മഞ്ചേരി – വണ്ടൂർ	എം.ഡി. ആർ	ഒ.ആർ	500 മീറ്റർ
70	കാളികാവ്	കുറത്തേനി	പെരുമ്പിലാവ് – നിലമ്പൂർ	എസ്.എച്ച് – 39	എസ്.എച്ച്	500 മീറ്റർ
71	താനൂർ	പൂരപ്പുഴ	തിരൂർ– കടലുണ്ടിറോഡ്	എം.ഡി.ആർ	ഒ.ആർ	500 മീറ്റർ

അവലംബം – നാറ്റ്പാക്കിന്റെ പഠനം

അപകടസാധ്യത ഉള്ള സ്ഥലങ്ങൾ

ചിത്രം 4.3.2.2 : പാലച്ചിറമാട്



അവലംബം – കേരള പോലീസിന്റെ റിപ്പോർട്ട്

ചിത്രം 4.3.2.3 : ചങ്കുവെട്ടി



അവലംബം – കേരള പോലീസിന്റെ റിപ്പോർട്ട്

പട്ടിക 4.3.2.6 : ജില്ലയിൽ കഴിഞ്ഞ 3 വർഷം ഉണ്ടായ അപകടങ്ങൾ ഏതെല്ലാം തരം റോഡുകളിലാണെന്ന് ചുവടെ ചേർക്കുന്നു

വർഷം	NH	SH	മറ്റ റോഡുകൾ
16-2015	28%	21%	51%
17-2016	26%	22%	52%
18-2017	17%	14%	68%

അവലംബം - കേരള പോലീസിന്റെ റിപ്പോർട്ട്

കഴിഞ്ഞ 3 വർഷക്കാലയളവിൽ മലപ്പുറം ജില്ലയിൽ നടന്ന വാഹനപകട കേസുകൾ പരിശോധിച്ച് ആയതിന്റെ കാരണങ്ങൾ, സംഭവത്തിൽ ഉൾപ്പെട്ട വാഹനങ്ങൾ, മരണമടഞ്ഞവരേയും പരിക്കു പറ്റിയവരെയും പറ്റി ഒരു വിശകലനം നടത്തി അപകടങ്ങളുടെ താരതമ്യ പട്ടിക ചേർക്കുന്നു.

പട്ടിക 4.3.2.7 : മലപ്പുറം ജില്ലയിലെ കഴിഞ്ഞ 3 വർഷങ്ങളിലെ റോഡപകടത്തെക്കുറിച്ചുള്ള താരതമ്യ പഠനം (എണ്ണം)

വാഹനാപകടങ്ങളുടെ വിവരങ്ങൾ	2015	2016	2017 up to October 31st
മലപ്പുറം ജില്ലയിലെ മൊത്തം അപകടം	2882	2738	1946
മൊത്തം മരണപ്പെട്ട കേസുകൾ	332	376	301
മരണപ്പെട്ടവരുടെ എണ്ണം	3265	3264	2217
പരിക്ക് പറ്റിയവരുടെ എണ്ണം	3265	3264	2217
അപകടത്തിൽപ്പെട്ട വാഹനങ്ങളുടെ വിവരണം/മരണം			
ഇരുചക്ര വാഹനം	96/867	104/777	74/584
മുച്ചക്ര ഇടത്തരം വാഹനങ്ങൾ	130/1259	123/1203	96/837
വലിയ വാഹനങ്ങൾ	130/731	98/358	130/482
മറ്റ വാഹനങ്ങൾ	11/25	77/400	18/43
അപകടം നടന്ന സമയം പകൽ/രാത്രി			
പകൽ	2134	2081	1457
രാത്രി	748	657	489
അപകട കാരണം വസ്തുവിൽ / വാഹനങ്ങളിൽ ഇടിച്ചത് , കാൽനടക്കാരനെ ഇടിച്ച്			
ഇടിച്ചത് വസ്തുവിൽ/വാഹനങ്ങളിൽ (P/D)	280	247	155
കാൽനട യാത്രക്കാരൻ	790	700	319
റോഡിന്റെ തരം തിരിവ്			
ദേശീയപാത	805	732	341
സംസ്ഥാന പാത	624	596	277
മറ്റ റോഡുകൾ	1453	1410	1328
അപകട സ്ഥലത്തിന്റെ തരംതിരിവ് ഗ്രാമം അല്ലെങ്കിൽ പട്ടണം			
പട്ടണം	1222	992	823
ഗ്രാമം	1660	1746	1123

അവലംബം - കേരള പോലീസിന്റെ റിപ്പോർട്ട്

റോഡു സുരക്ഷ

90% അപകടങ്ങളും വാഹനം ഉപയോഗിക്കുന്ന വ്യക്തിയുടെ തെറ്റായ കാഴ്ച്ചപാടുമൂലം ഉണ്ടാകുന്നതാണ്. വാഹനങ്ങളുടെ അമിത വേഗത, മൊബൈൽ ഫോണും ഉപയോഗിച്ചുകൊണ്ടുള്ള വാഹനമോടിക്കൽ, അശ്രദ്ധയോടെയുള്ള ഓവർടേക്കിംഗ്, സീറ്റ് ബെൽറ്റ് ധരിക്കാതെയും, മദ്യലഹരിയിലും വാഹനമോടിക്കൽ, വാഹന പരിശോധകരെ കാണുമ്പോൾ മാത്രമേ ഹെൽമറ്റ് വെക്കുക, വലിയ വാഹനമോടിക്കുന്നവർക്ക് ചെറിയ വാഹനമോടിക്കുന്നവരോടുള്ള അവഗണന കാൽനട യാത്രക്കാരെ ഗൗനിക്കാതിരിക്കൽ എന്നിവയെല്ലാം ഇതിൽപ്പെടുന്നു. വാഹനം സഞ്ചിരിക്കുന്ന പ്രദേശത്തെക്കുറിച്ചും റോഡിന്റെ ഉപരിതലത്തെക്കുറിച്ചും ഡ്രൈവർക്കുള്ള അജ്ഞത

മറ്റൊരു പ്രധാന കാരണമാണ്. രാത്രി യാത്രക്കിടെ ഡ്രൈവർമാർ ഉറക്കത്തിലേക്ക് വഴുതി വീഴുന്നത് വെറൊരു പ്രധാന കാരണമാണ്. ഇത്തരം സന്ദർഭത്തിലുണ്ടാകുന്ന അപകടങ്ങൾ അതീവ ഗുരുതരവുമാണ്.

തദ്ദേശ സ്വയം ഭരണ വകുപ്പ് – ഗതാഗത മേഖല

മലപ്പുറം ജില്ലയിലെ വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും (ഗ്രാമ, ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും) അധീനതയിലുള്ള വിവിധ ആസ്തികളുടെ നിർമ്മാണം, സംരക്ഷണം, പരിപാലനം എന്നിവയാണ് തദ്ദേശ സ്വയം ഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിംഗ് വഴി നിർവ്വഹിച്ച് വരുന്നത്. വിവിധ വികസന മേഖലകളിലെ സേവനങ്ങളുടെ ഒരു സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

പശ്ചാത്തല മേഖല

കുന്നുകളും മലകളും നിറഞ്ഞ മലപ്പുറം ജില്ലാ വിസ്തൃതിയിൽ മൂന്നാം സ്ഥാനത്താണ്. ഇത് ജന സാന്ദ്രത വർദ്ധിപ്പിക്കാൻ കാരണമാകുന്നു. പുതിയ ആവാസ കേന്ദ്രങ്ങൾ രൂപപ്പെട്ട വരികയും അവിടേക്കുള്ള സഞ്ചാര സൗകര്യം ആവശ്യമായി വരികയും വേണം. മുമ്പ് സൃഷ്ടിക്കപ്പെട്ടിട്ടുള്ള റോഡുകളും അതിന്റെ പുനരുദ്ധാരണവും ആവശ്യമാണ്. വികസനത്തിന്റെ അടിസ്ഥാന ഘടകമാണ് റോഡുകളും പാലങ്ങളും. പശ്ചാത്തല മേഖലയിൽ ജില്ല ബഹു ദൂരം മുമ്പോട്ട പോയിട്ടുണ്ടെങ്കിലും ഇനിയും വളരെ ദൂരം സഞ്ചരിക്കാൻ ബാക്കിയുണ്ട്.

പശ്ചാത്തല മേഖല –പരിപ്രേക്ഷ്യം

- നിലവിൽ ജില്ലയിൽ ഫ്ലൈ ഓവറുകൾ ഇല്ല.
- വഴിയോര വിശ്രമ കേന്ദ്രങ്ങളും അതിനോടനുബന്ധിച്ച പൊതു ശൗചാലയങ്ങളും നിലവിൽ വളരെ കുറവാണ്.
- നിലവിലുള്ള റോഡുകളുടെ സംരക്ഷണവും പുനരുദ്ധാരണവും.
- ഡ്രൈവർമാർക്കു ബോധവൽക്കരണം നൽകുക.
- റോഡുകളുടെ ഓരങ്ങളിലെ കയ്യേറ്റം തടയുക.
- ഓട –കലുങ്ക് എന്നിവ നിർമ്മിക്കൽ.
- റോഡുകളുടെ അപര്യാപ്തത പരിഹരിക്കുക.
- ഭൂമിയുടെ ലഭ്യത നിയമാനുസൃതം ഉറപ്പുവരുത്തുക.
- പരസ്പര ബന്ധമുള്ള റോഡുകളുടെ പുനരുദ്ധാരണം, റോഡു നിലവാരം ഉയർത്തൽ തുടങ്ങിയവ ലക്ഷ്യമിട്ടായിരിക്കണം നിലവിലുള്ള മുൻസിപ്പൽ റോഡുകളെ മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ.
- ഒന്നിലധികം പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന റോഡുകളുടെ നിർമ്മാണവും സംരക്ഷണവും ഉറപ്പുവരുത്തുക. പി.ഡബ്ലിയൂ.ഡിയിൽ നിന്ന് ജില്ലാ പഞ്ചായത്തിന് വിട്ടുകിട്ടിയ റോഡുകളും ഇതിൽ ഉൾപ്പെടുന്നു. പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം നിർമ്മിച്ച റോഡുകളുടെ മെയിന്റനൻസ് ജില്ലാ പഞ്ചായത്ത് നടപ്പിലാക്കേണ്ടതാണ്.
- ബസ്സുകൾക്കും ലോറികൾക്കും മറ്റു വാഹനങ്ങൾക്കും പാർക്കിംഗ് സൗകര്യമുണ്ടാക്കുക.
- നിലവിലുള്ള റോഡുകളുടെ നിർമ്മാണം (പേര്, നീളം, വീതി) ഉൾപ്പെടുത്തിക്കൊണ്ടുള്ള കണക്കിവിറ്റി മാപ്പ് തയ്യാറാക്കുക.
- നിലവിലുള്ള പൊതുമരാമത്തു റോഡുകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ റോഡുകൾ തുടങ്ങിയവ ഉൾപ്പെടെയുള്ള ഒരു ട്രാൻസ്പോർട്ട് ശൃംഖല.
- മറ്റു മേഖലകളുടെ അസന്തുലിതമായ വികസനത്തെ മാറ്റിയെടുക്കാനുള്ള ഒരു ദീർഘവീക്ഷണം.

- നിലവിലുള്ള ഗതാഗത പ്രോജക്ടുകളെ മെച്ചപ്പെടുത്താൻ വേണ്ടിയും അവയ്ക്ക് ഭാവിയിൽ ആസൂത്രണം രൂപപ്പെടുത്താൻ ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ കൊടുക്കാൻ വേണ്ടിയും പദ്ധതി തയ്യാറാക്കുക.
- ഏറ്റെടുക്കുന്ന റോഡ് ടാറിട്ട പൊതുമരാമത്ത് റോഡിൽ നിന്ന് തുടങ്ങുന്നതോ അവിടെ ചെന്നു ചേരുന്നതോ ആയിരിക്കണം.
- നിർദ്ദേശിക്കുന്ന റോഡ് രണ്ടോ അതിൽ കൂടുതലോ പഞ്ചായത്തുകളിൽ കൂടി കടന്നു പോകുന്നതായിരിക്കണം.
- നിർദ്ദേശിക്കുന്ന റോഡ് വളരെ കൂടുതൽ സ്ഥലങ്ങളെ ബന്ധിപ്പിക്കുന്നതായിരിക്കണം.
- നിർദ്ദേശിക്കപ്പെടുന്ന റോഡ്, പൊതു സ്ഥലങ്ങളുമായി ബന്ധപ്പെടുന്നതായിരിക്കണം.
- പുതിയ ബസ്സ് റൂട്ട് തുടങ്ങാൻ ഉതകുന്നതും നിലവിലുള്ള ദൂരം കുറയ്ക്കാൻ സഹായിക്കുന്നതും ആയിരിക്കണം.
- ഗതാഗതക്കുരുക്കൾ ഒഴിവാക്കാൻ വേണ്ട റിംഗ് റോഡ് നിർമ്മിക്കുകയും അതിലേക്ക് മറ്റ് റോഡുകളെ ബന്ധിപ്പിക്കാവുന്നതുമാണ്.
- കേന്ദ്രാവിഷ്കൃത പദ്ധതിയിലുൾപ്പെടുത്തിയതും നിയമാനുസൃതം ഏറ്റെടുക്കാവുന്നതുമായ റോഡുകളുടെ സംരക്ഷണവും കാര്യക്ഷമതയും ഉറപ്പു വരുത്തുക.
- ആവശ്യമില്ലാത്ത ഗോഡൗണുകൾ, ബസ്സ് സ്റ്റാന്റുകൾ, ലോറി സ്റ്റാന്റുകൾ ഇവ നഗര പ്രദേശങ്ങൾക്ക് പുറത്തേക്ക് നീക്കാവുന്നതാണ്.
- പുതിയ ലിങ്ക് റോഡുകൾ നിർമ്മിച്ചു കൊണ്ടും വൺവേ ഏർപ്പെടുത്തിക്കൊണ്ടും കൂടുതൽ ഗതാഗതത്തിരക്കുള്ള റോഡുകളിലെ പ്രശ്നങ്ങൾ ഒഴിവാക്കാവുന്നതാണ്. ഇതിനു വേണ്ടി റോഡിലുള്ള ഗതാഗതപരമായ പ്രവൃത്തികൾ മാറ്റി റോഡിന്റെ ഗുണനിലവാരം ഉയർത്തേണ്ടതാണ്.
- റോഡിലെ പ്രശ്നാധിഷ്ഠിത മേഖലളിൽ എല്ലാ വാഹനങ്ങൾക്കും വേഗതാ പരിധി നടപ്പിലാക്കുക.
- ബൈപാസ്സുകൾ, പുതിയ റോഡു രൂപീകരണം, പുതിയ മിസ്സിംഗ് ലിംഗുകളുടെ നിർമ്മാണം, എന്നിവയ്ക്കായുള്ള നിർദ്ദേശങ്ങൾ നിലവിലുള്ള തിരക്കേറിയ റോഡുകളെ സമാന്തരമായി ബന്ധിപ്പിച്ചുകൊണ്ട് വേണം പ്രവർത്തിക്കാൻ.
- വികസന ത്വരയുള്ള പ്രദേശങ്ങൾ ഇതുവരെ ബന്ധിപ്പിക്കാത്ത പ്രദേശങ്ങൾ, കോളനികൾ എന്നിവയ്ക്കായി വേണം പുതിയ റോഡുകൾ നിർമ്മിക്കൽ.
- ട്രാഫിക്ക് ചിഹ്നങ്ങൾ സ്ഥാപിക്കുക, ബസ്സ് സ്റ്റോപ്പുകൾ അടയാളപ്പെടുത്തുക, പാർക്കിംഗ് സ്ഥലങ്ങൾ രേഖപ്പെടുത്തുക തുടങ്ങിയ നിർദ്ദേശങ്ങൾ പരിഗണിക്കുക.
- ഗതാഗതം കൂടിയതും ആവശ്യത്തിന് വീതിയുള്ളതുമായ ജില്ലാ പഞ്ചായത്ത് റോഡുകൾ BM & BC നിലവാരത്തിലേക്ക് ഉയർത്തണം.
- വഴിയോര വിശ്രമ കേന്ദ്രങ്ങൾ നിർമ്മിക്കേണ്ടതാണ്.

ഗതാഗത ശൃംഖല രൂപീകരിക്കുമ്പോൾ ജില്ലാ പഞ്ചായത്ത് കണക്കിലെടുക്കേണ്ട നിർദ്ദേശങ്ങൾ

- ജില്ലാ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട റോഡുകളുടെ പുനരുദ്ധാരണത്തിന് ശേഷം മാത്രമേ മറ്റു റോഡുകൾ പരിഗണിക്കേണ്ടതുള്ളൂ.
- വിവിധ ഡിവിഷനുകൾ/ വാർഡുകൾ/ മേഖലകളുടെ ജനസംഖ്യപഠനം അവയുടെ സാമൂഹ്യസാമ്പത്തിക സ്വഭാവം.
- വിവിധ ഡിവിഷനുകൾ / വാർഡുകൾ/ മേഖലകൾ എന്നിവയുടെ സാമൂഹ്യ സാമ്പത്തിക അടിസ്ഥാന സൗകര്യങ്ങളുടെ വിതരണം.
- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ റോഡു മെച്ചപ്പെടുത്താൻ നിർദ്ദേശങ്ങൾ / മാസ്റ്റർ പ്ലാൻ എന്നിവയുണ്ടാവേണ്ടതുണ്ട്.

ഡ്രൈനേജ് സംവിധാനങ്ങൾ

- നിലവിലുള്ള ഓടകളുടെ അവസ്ഥ.
- പുതുതായി നിർമ്മിക്കേണ്ട ഓടകളുടെ വിവരശേഖരണം.
- ഡ്രൈനേജ് ഡക്ടുകളുടെയും ഓടകളുടെയും വിവരശേഖരണം.

സൈൻ ബോർഡുകൾ

- റോഡുകളിൽ കിലോമീറ്റർ, ഹെക്ടോമീറ്റർ കല്ലുകളുടെ വിവരശേഖരണം.
- മാൻഡേറ്ററി സൈൻ ബോർഡുകളുടെ വിവരശേഖരണം.
- പുതുതായി സ്ഥാപിക്കേണ്ടതായ കിലോമീറ്റർ, ഹെക്ടോമീറ്റർ കല്ലുകളുടെ വിവരം.
- പുതുതായി സ്ഥാപിക്കേണ്ടതായ സൈൻ ബോർഡുകളുടെ വിവരം.
- പ്രധാന സ്ഥലങ്ങളെ ബന്ധിപ്പിക്കുന്ന സ്ഥലങ്ങളിൽ പുതിയ പാലം നിർമ്മിക്കാവുന്നതാണ്.
- അറ്റകുറ്റപണി ആവശ്യമായ പാലങ്ങൾ എത്രയും പെട്ടെന്ന് അറ്റകുറ്റപണികൾ നടത്തേണ്ടതാണ്.
- തിരക്കേറിയ ജംഗ്ഷനുകളിൽ ഫ്ലൈ ഓവറുകൾ നിർമ്മിക്കാവുന്നതാണ്. (തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ അത്തരം ജംഗ്ഷനുകൾ ഇല്ല. ആയത് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ ആണ്). എന്നിരുന്നാലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ റോഡുകൾ ഉൾപ്പെട്ട തിരക്കേറിയതും, പ്രാധാന്യമുള്ളതുമായ ജംഗ്ഷനുകൾക്ക് പൊതുമരാമത്ത് വകുപ്പുമായി സംയോജിതമായി ഫ്ലൈ ഓവറുകൾ നിർമ്മിക്കാവുന്നതാണ്.

❖ കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. റോഡ് ഡ്രൈനേജുകൾ വർഷാവർഷം മണ്ണെടുത്തുമാറ്റി വെള്ളത്തിന്റെ സുഗമമായ ഒഴുക്ക് ഉറപ്പ് വരുത്തുകയും റോഡിലെ വെള്ളക്കെട്ട് തടയുകയും ചെയ്യുക.
2. ബസ് വെയിറ്റിംഗ് ഷെഡ് ബന്ധപ്പെട്ട വകുപ്പിന്റെ അനുമതിയോടു കൂടി നിർദ്ദിഷ്ട സ്ഥലങ്ങളിൽ മാത്രം നിർമ്മിക്കുകയും അറ്റകുറ്റ പണികൾ യഥാസമയം നടത്തുകയും ചെയ്യുക.
3. പൊതു പാർക്കിംഗ് സൗകര്യമൊരുക്കാനായി ഓരോ മുനിസിപാലിറ്റികളും സ്ഥലം ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിക്കുക.
4. ഡ്രൈവർമാർക്ക് വിശ്രമ സങ്കേതങ്ങൾ നിർദ്ദേശിച്ചിട്ടുള്ള സ്ഥലങ്ങളിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്ഥലം കണ്ടെത്തുവാനുള്ള നടപടികൾ സ്വീകരിക്കുക.
5. യുവജന ക്ലബ്ബുകളെയും, സ്റ്റുഡന്റ്സ് പോലീസിനെയും മുൻ നിർത്തി ട്രാഫിക്ക് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
6. നിർദ്ദേശിക്കുന്ന റോഡ് വളരെ സ്ഥലങ്ങളെ ബന്ധിപ്പിക്കുന്നതായിരിക്കണം. നിർദ്ദേശിക്കപ്പെടുന്ന റോഡ് പൊതു സ്ഥലങ്ങളുമായി ബന്ധിക്കപ്പെടുന്നതായിരിക്കണം. പുതിയ ബസ് റൂട്ട് തുടങ്ങാൻ ഉതകുന്നതും നിലവിലുള്ള ദൂരം കുറയ്ക്കാനും സഹായിക്കുന്നതായിരിക്കണം.
7. ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ വേണ്ട റിംഗ് റോഡ് നിർമ്മിക്കുകയും അതിലേക്ക് മറ്റ് റോഡുകളെ ബന്ധിപ്പിക്കാവുന്നതുമാണ്.
8. കേന്ദ്രാവിഷ്കൃത പദ്ധതിയിലുൾപ്പെടുത്തിയതും നിയമാനുസൃതം ഏറ്റെടുക്കാവുന്നതുമായ റോഡുകളുടെ സംരക്ഷണവും കാര്യക്ഷമതയും ഉറപ്പ് വരുത്തുക.
9. റോഡിലെ പ്രശ്നാധിഷ്ഠിത മേഖലകളിൽ എല്ലാ വാഹനങ്ങൾക്കും വേഗതാ പരിധി നടപ്പിലാക്കുക.
10. വികസന തരയുള്ള പ്രദേശങ്ങൾ ഇതുവരെ ബന്ധിപ്പിക്കാത്ത പ്രദേശങ്ങൾ, കോളനികൾ എന്നിവയ്ക്കായിരിക്കണം പുതിയ റോഡുകൾ നിർമ്മിക്കേണ്ടത്.
11. ഗതാഗതം കൂടിയതും ആവശ്യത്തിന് വീതിയുള്ളതുമായ ജില്ലാ പഞ്ചായത്ത് റോഡുകളിൽ റോഡുകളിൽ BM & BC നിലവാരത്തിലേക്ക് ഉയർത്തണം.

❖ മേൽത്തട്ട് നിർദ്ദേശങ്ങൾ

1. ഗതാഗത കുരുക്ക് ഒഴിവാക്കാൻ റിംഗ് റോഡുകളുടെ നിർമ്മാണം.
2. പാതയോരങ്ങളിൽ വിശ്രമ കേന്ദ്രങ്ങളുടെയും, ടോയ്‌ലറ്റുകളുടെയും നിർമ്മാണവും പരിപാലനവും.
3. ശാസ്ത്രീയമായ ബസ് ബേ നിർമ്മാണം.
4. വികസന ത്വരയുള്ള പ്രദേശങ്ങൾ, കോളനികൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ എന്നിവ ബന്ധിപ്പിക്കുന്ന പുതിയ റോഡുകൾ.
5. ഗതാഗതം കൂടിയ പഞ്ചായത്ത് റോഡുകളുടെ നിലവാരം ഉയർത്തൽ.
6. പൊതു പാർക്കിംഗിനായി മുനിസിപ്പാലിറ്റികൾ സ്ഥലം ഏറ്റെടുക്കാനുള്ള നടപടികൾ.
7. കോഴിക്കോട് നഗരത്തിന്റെ മാതൃകയിൽ പ്രധാന നഗരങ്ങളിൽ സിറ്റി റോഡ് നവീകരണ പ്രവൃത്തി (ഫുട്പാത്ത്, ഓട, കൈവരി, നഗര സൗന്ദര്യ വൽക്കരണം, ജംഗ്ഷൻ നവീകരണം).

4.3.2.1 കെട്ടിടം

അടിസ്ഥാന സൗകര്യങ്ങൾ

മലപ്പുറം ജില്ലയിൽ സിവിൽ സ്റ്റേഷനും, മിനി സിവിൽ സ്റ്റേഷനുകളും, വിദ്യാഭ്യാസ സ്ഥാപനങ്ങളും, ആതുരാലയങ്ങളും, അഗതി മന്ദിരങ്ങളും മറ്റ പൊതു ആവശ്യങ്ങൾക്കും വേണ്ട ധാരാളം കെട്ടിടങ്ങളും ഉണ്ടെങ്കിലും ജനസംഖ്യാനുപാതത്തിന് അനുസൃതമായി അടിസ്ഥാന സൗകര്യങ്ങൾ ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ട്.

കെട്ടിടങ്ങളുടെ അവസ്ഥ

മലപ്പുറം ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന് ചുമതലയുള്ള 701 കെട്ടിടങ്ങൾ നിലവിലുണ്ട്. ഇവയിൽ ഏറിയ പങ്കും കാലപ്പഴക്കം ചെന്നതും നിലവിലെ ആവശ്യങ്ങൾക്ക് അപര്യാപ്തവുമാണ്. നിലവിലെ കെട്ടിടങ്ങളിൽ മിക്കതിലും പൊതുജനങ്ങൾക്കായുള്ള ശൗചാലയങ്ങളോ അവശ്യം വേണ്ട കാത്തിരിപ്പ കേന്ദ്രങ്ങളോ ഇല്ല.

കെട്ടിടങ്ങളുടെ ഉപയോഗവും സംരക്ഷണവും

കേരള സർക്കാരിനു കീഴിൽ 42 വകുപ്പുകൾ നിലവിലുണ്ട്. ഇവയുടെ ജില്ലാ തല ഓഫീസുകളും ഉപ-ഓഫീസുകളും 799 കെട്ടിടങ്ങളിലായി പ്രവർത്തിച്ചു വരുന്നു. ഇതിൽ താലൂക്ക് തലത്തിലും ബ്ലോക്ക് തലത്തിലും ഉള്ള കെട്ടിടങ്ങൾ ശരിയായ ആസൂത്രണത്തിന്റെ അഭാവത്താൽ ക്രമരഹിതമായ നിർമ്മാണപ്രവർത്തനത്തിന് വിധേയമായിട്ടുണ്ട്. ഇത് മൂലം ജില്ലയിലെ സർക്കാർ കെട്ടിടങ്ങൾ പലയിടങ്ങളിലായി ചിതറിക്കിടക്കുകയാണ്. പല വകുപ്പുകളും സ്ഥല പരിമിതി മൂലം നിലവിൽ വാടകക്കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഇതെല്ലാം തന്നെ വിവിധ ആവശ്യങ്ങൾക്കും സർക്കാർ സേവനങ്ങൾക്കുമായി പൊതുജനങ്ങൾക്ക് പല സ്ഥലങ്ങളിലുള്ള ഓഫീസുകളിൽ കയറിയിറങ്ങേണ്ട സാഹചര്യമുണ്ടാക്കുന്നു. ഫണ്ടുകളുടെ അപര്യാപ്തത മൂലം മിക്ക കെട്ടിടങ്ങളും യഥാസമയങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താത്തത് അവയുടെ ജീർണ്ണാവസ്ഥയ്ക്ക് കാരണമാകുന്നുണ്ട്. പല സ്ഥലങ്ങളിലും സർക്കാർ ഭൂമിയുടെ അതിർത്തി സംരക്ഷിക്കപ്പെടാത്തതിനാൽ കയ്യേറ്റ ഭീഷണി നേരിടുന്നു. ഇത് പ്രധാന സ്ഥലങ്ങളിലെ പൊതുഭൂമിയുടെ നഷ്ടത്തിനും ഉപയോഗശൂന്യതയ്ക്കും നിയമപ്രശ്നങ്ങൾക്കും ഇടയാക്കും. ജില്ലയിലെ പോലീസ് സ്റ്റേഷനുകളുടെ പരിസരത്തും സിവിൽ സ്റ്റേഷനകത്തും കൂട്ടിയിട്ടിരിക്കുന്ന പിടികൂടിയ വാഹനങ്ങൾ പൊതുഭൂമിയുടെ കാര്യക്ഷമമായ വിനിയോഗത്തിന് തടസ്സമുണ്ടാക്കുന്നു.

മേൽപറഞ്ഞ അപാകതകൾ പരിഹരിക്കുന്നതിനായി സർക്കാരിന്റെ അധീനതയിലുള്ള സ്ഥലങ്ങൾ റവന്യൂ വകുപ്പിന്റെ ഇടപെടലോടെ തിരിച്ചറിഞ്ഞ് താലൂക്ക് തലത്തിലും ബ്ലോക്ക്

തലത്തിലും ചിതറിക്കിടക്കുന്ന ഓഫീസുകൾ ഒരുമിച്ച് കൂടുതൽ നിലകളുള്ള ഒറ്റക്കെട്ടിടത്തിലേക്ക് മാറ്റുവാനും, ഇവയുടെ അതിർത്തി നിർണ്ണയിച്ച് ചുറ്റുമതിൽ നിർമ്മിക്കുവാനും, സർക്കാർ ഭൂമിയിൽ കൂട്ടിയിട്ടിരിക്കുന്ന പിടിക്കൂടിയ വാഹനങ്ങൾ എത്രയും വേഗം കേസുകൾ തീർപ്പാക്കി ലേലം ചെയ്ത് ഒഴിവാക്കുവാനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ സമയാസമയങ്ങളിൽ നടത്തുവാൻ വേണ്ട ധനലഭ്യതയും ഉറപ്പു വരുത്തേണ്ടതുണ്ട്.

പട്ടിക 4.3.2.1.1 : സർക്കാർ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ

ക്രമ നമ്പർ.	വകുപ്പിന്റെ പേര്	50 വർഷം വരെ പഴക്കമുള്ള കെട്ടിടങ്ങളുടെ എണ്ണം	50 വർഷത്തിൽ കൂടുതൽ പഴക്കമുള്ള കെട്ടിടങ്ങളുടെ എണ്ണം
1.	സാംസ്കാരികം	4	0
2.	വിദ്യാഭ്യാസം	54	19
3.	സാങ്കേതിക വിദ്യാഭ്യാസം	37	6
4.	ധനകാര്യം	7	0
5.	ആരോഗ്യം	36	19
6.	ആഭ്യന്തരം	42	143
7.	നിയമം	46	7
8.	പൊതു മരാമത്ത്	35	24
9.	രജിസ്ട്രേഷൻ	4	6
10.	റവന്യു	107	43
11.	ഫയർ & റസ്ക്യൂ	7	0
12.	പട്ടിക ജാതി /പട്ടിക വർഗ്ഗം	9	0
13.	തൊഴിൽ	11	6
14.	ജലസേചനം	9	7
15.	എക്സൈസ്	5	0
16	സാമൂഹ്യ നീതി	5	2
17	മോട്ടോർ വെഹിക്കിൾ	0	1
ആകെ		418	283

അവലംബം. പൊതുമരാമത്ത് കെട്ടിട വകുപ്പ്

ചിത്രം 4.3.2.1.1 : സർക്കാർ കെട്ടിടങ്ങുടെ എണ്ണം (വകുപ്പ് തിരിച്ച്)



അവലംബം. പൊതുമരാമത്ത് കെട്ടിട വകുപ്പ്

മലപ്പുറം ജില്ലയിൽ ആകെ പൊതുമരാമത്ത് വകുപ്പിന് കീഴിൽ 701 കെട്ടിടങ്ങൾ പ്രവർത്തിച്ചു വരുന്നു. ഈ കെട്ടിടങ്ങൾക്ക് ആകെ 2,97,643 ചതുരശ്രമീറ്റർ നിർമ്മിത വിസ്തൃതിയുണ്ട്.

പട്ടിക 4.3.2.1.2 : കെട്ടിടങ്ങളുടെ നിലവിലെ സ്ഥിതി

ക്രമ നമ്പ.		ഓടു മേഞ്ഞ കെട്ടിടങ്ങൾ	കോൺക്രീറ്റ് മേൽക്കൂരയുള്ള കെട്ടിടങ്ങൾ
1	ജില്ലാ ഓഫീസുകൾ	23	7
2	സിവിൽ സ്റ്റേഷൻ വളപ്പിലെ കെട്ടിടങ്ങൾ	54	19

അവലംബം. പൊതുമരാമത്ത് കെട്ടിട വകുപ്പ്

ചിത്രം 4.3.2.1.2 : ജില്ലാ ഓഫീസ് കെട്ടിടങ്ങളുടെ നിലവിലെ സ്ഥിതി



അവലംബം. പൊതുമരാമത്ത് കെട്ടിട വകുപ്പ്

ചിത്രം 4.3.2.1.3 : സിവിൽ സ്റ്റേഷൻ വളപ്പിലെ കെട്ടിടങ്ങളുടെ നിലവിലെ സ്ഥിതി



അവലംബം. പൊതുമരാമത്ത് കെട്ടിട വകുപ്പ്

പട്ടിക 4.3.2.1.3 : വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ

ക്രമ നമ്പ	വകുപ്പിന്റെ പേര്	വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവ
1	വിദ്യാഭ്യാസം	9
2	ധനകാര്യം	9

ക്രമ നമ്പ.	വകുപ്പിന്റെ പേര്	വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവ
3	ആരോഗ്യം	11
4	ആഭ്യന്തരം	4
5	പൊതു മരാമത്ത്	2
6	രജിസ്ട്രേഷൻ	3
7	റവന്യു	7
8	എക്സൈസ്	8
9	നിയമം	6
10	സാമൂഹ്യക്ഷേമം	10
11	കൃഷി	2
12	ഗതാഗതം	4
13	പട്ടിക വർഗ്ഗം	8
14	തൊഴിൽ	4
15	മണ്ണ് സംരക്ഷണം	1
16	ഇൻഷുറൻസ്	2
17	മൃഗസംരക്ഷണം	3
18	അളവ്-തൂക്കം	2
19	ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്	1
20	ഫയർ & റസ്ക്യൂ	1
21	വനം	1
	ആകെ	98

അവലംബം. പൊതുമരാമത്ത് കെട്ടിട വകുപ്പ്.

ചിത്രം 4.3.2.1.3 : വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ വകുപ്പുകളുടെ എണ്ണം (വകുപ്പ് തിരിച്ച്)



അവലംബം. പൊതുമരാമത്ത് കെട്ടിട വകുപ്പ്.

ഉപയോക്തൃ, വയോജന, സ്ത്രീപക്ഷ സൗഹൃദ നിർമ്മാണം

സർക്കാർ കെട്ടിങ്ങൾ ഉപയോക്തൃ സൗഹൃദവും വയോജന സൗഹൃദവും സ്ത്രീ സൗഹൃദവുമാകേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതിനായി താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്:

1. വയോജനങ്ങൾക്ക് കെട്ടിങ്ങളിൽ അനായാസേന പ്രവേശിക്കുവാൻ വേണ്ട റാമ്പുകളുടെയും മുകൾ നിലകളിലേക്ക് പോകുന്നതിനായുള്ള ലിഫ്റ്റിന്റെ നിർമ്മാണം.
2. വയോജനങ്ങൾക്ക് താങ്ങി നടക്കുവാൻ വരാന്തകളിലും ഗോവണികൾക്കിരുവശവും കൈവരികളുടെ നിർമ്മാണം.
3. സ്ത്രീകൾക്ക് പ്രത്യേകമായി നാപ്കിൻ കില്ലർ അടക്കമുള്ള സൗകര്യത്തോടു കൂടിയ ശൗചാലയങ്ങളുടെ നിർമ്മാണം.
4. സ്ത്രീകൾക്കായി ഫീഡിംഗ് മുറികളുടെ നിർമ്മാണം.
5. പൊതുജനങ്ങൾക്ക് വിശ്രമിക്കുവാനുള്ള ഇരിപ്പിടങ്ങളുടെ നിർമ്മാണം.

നേരിടുന്ന പ്രശ്നങ്ങൾ

1. താലൂക്ക് തലത്തിലും ബ്ലോക്ക് തലത്തിലും ഉള്ള കെട്ടിടങ്ങൾ ശരിയായ ആസൂത്രണത്തിന്റെ അഭാവത്താൽ ക്രമരഹിതമായ നിർമാണപ്രവർത്തനത്തിന് വിധേയമായിട്ടുണ്ട്. ഇത് മൂലം ജില്ലയിലെ സർക്കാർ കെട്ടിടങ്ങൾ പലയിടങ്ങളിലായി ചിതറിക്കിടക്കുകയാണ്. പല വകുപ്പുകളും സ്ഥല പരിമിതി മൂലം നിലവിൽ വാടകക്കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഇതെല്ലാം തന്നെ വിവിധ ആവശ്യങ്ങൾക്കും സർക്കാർ സേവനങ്ങൾക്കുമായി പൊതുജനങ്ങൾക്ക് വിവിധ സ്ഥലങ്ങളിലുള്ള ഓഫീസുകളിൽ കയറിയിറങ്ങേണ്ട സാഹചര്യമുണ്ടാക്കുന്നു.
2. ഫണ്ടുകളുടെ അപര്യാപ്തത മൂലം മിക്ക കെട്ടിടങ്ങളും യാഥാസമയങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താത്തത് അവയുടെ ജീർണ്ണാവസ്ഥയ്ക്ക് കാരണമാകുന്നുണ്ട്.
3. പല സ്ഥലങ്ങളിലും സർക്കാർ ഭൂമിയുടെ അതിർത്തി സംരക്ഷിക്കപ്പെടാത്തതിനാൽ കയ്യേറ്റ ഭീഷണി നേരിടുന്നു. ഇത് പ്രധാന സ്ഥലങ്ങളിലെ പൊതുഭൂമിയുടെ നഷ്ടത്തിനും ഉപയോഗശൂന്യതയ്ക്കും നിയമ പ്രശ്നങ്ങൾക്കും ഇടയാക്കും.
4. ജില്ലയുടെ ഭരണസിരാകേന്ദ്രമായ മലപ്പുറം സിവിൽ സ്റ്റേഷൻ പരിധിയിൽ ഉള്ള കെട്ടിടങ്ങളിൽ 60 ശതമാനത്തോളം ബ്രിട്ടീഷ് ഭരണകാലത്ത് നിർമ്മിച്ചവയാണ്. ഓടിട്ട ഒറ്റനിലക്കെട്ടിടങ്ങൾ ആയതിനാൽ ഇവ വിലയേറിയ സ്ഥലത്തിന്റെ താഴ്ന്ന ഉപയോഗ ക്ഷമതക്കും ഉയർന്ന പരിപാലന ചെലവുകൾക്കും കാരണമാകുന്നു.
5. ജില്ലയിലെ പോലീസ് സ്റ്റേഷനുകളുടെ പരിസരത്തും സിവിൽ സ്റ്റേഷനകത്തും കൂട്ടിയിട്ടിരിക്കുന്ന പിടികൂടിയ വാഹനങ്ങൾ പൊതുഭൂമിയുടെ ഉപയോഗശൂന്യതക്ക് മറ്റൊരു കാരണമാണ്.
6. ജില്ലയിലെ ഗതാഗത സാന്ദ്രത വൻ തോതിൽ വർധിച്ചത് മൂലം ആന്തരിക നിരത്തുകളുടെ വീതിയും വാഹനങ്ങൾ നിർത്തിയിടാൻ വേണ്ട സ്ഥലങ്ങളും നിലവിൽ അപര്യാപ്തമാണ്.
7. ഈ കെട്ടിടങ്ങളും ആന്തരിക നിരത്തുകളും എല്ലാം തന്നെ പഴയ കാലത്ത് നിർമ്മിച്ചവയായതിനാൽ അംഗപരിമിതർക്ക് തടസ്സരഹിതമായ പരിസരം വിഭാവനം ചെയ്യുന്നതിന് വിഘാതമാകുന്നു.

ജില്ലയിൽ ഊർജ്ജ പ്രതിസന്ധി രൂക്ഷമായതിനാൽ ഊർജ്ജ കാര്യക്ഷമമായതും പാരിസ്ഥിതിക സൗഹൃദവുമായ കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതും ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്.

മിനി സിവിൽ സ്റ്റേഷനുകളുടെ നിലവിലെ അവസ്ഥ

മലപ്പുറം ജില്ലയിലെ 7 താലൂക്കുകളിൽ (പെരിന്തൽമണ്ണ, നിലമ്പൂർ, ഏറനാട്, കൊണ്ടോട്ടി, തിരൂർ, തിരൂരങ്ങാടി, പൊന്നാനി) കൊണ്ടോട്ടി, നിലമ്പൂർ എന്നിവ ഒഴികെയുള്ള എല്ലാ

താലൂക്കുകൾക്കും മിനി സിവിൽ സ്റ്റേഷൻ കെട്ടിടങ്ങൾ നിലവിലുണ്ട്. നിലമ്പൂർ മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തിയായി വരുന്നു. എന്നിരുന്നാലും താലൂക്ക് തലത്തിലുള്ള പല ഓഫീസുകളും സ്ഥലപരിമിതി മൂലം മിനി സിവിൽ സ്റ്റേഷൻ കെട്ടിടങ്ങളുടെ പുറത്താണ് പ്രവർത്തിക്കുന്നത്. ആയതിനാൽ ഇവ അനുബന്ധ കെട്ടിടങ്ങളിലേക്ക് പുനഃർവിന്യസിക്കേണ്ടത് അത്യാവശ്യമാണ്.

കെട്ടിടങ്ങളുടെ അനുബന്ധ നിർമ്മിതികൾ

പൊതുമരാമത്ത് വകുപ്പിനു കീഴിൽ ജില്ലയിൽ 701 കെട്ടിടങ്ങൾ ഉണ്ടെങ്കിലും ഇതിൽ മിക്ക കെട്ടിടങ്ങൾക്കും അവശ്യം വേണ്ട അനുബന്ധ നിർമ്മിതികൾ നിലവിലില്ല. കെട്ടിടം ഏത് വകുപ്പിനു കീഴിൽ വരുന്നു എന്നും എത്ര മാത്രം ഉപയോക്താക്കൾ കെട്ടിടം ഉപയോഗിക്കുന്നു എന്നതും അനുസരിച്ച് ഇവയിൽ താഴെ പറയുന്ന അനുബന്ധ നിർമ്മിതികൾ ആവശ്യമാണ്.

1. വാഹങ്ങൾക്കു വേണ്ട പാർക്കിംഗ് സൗകര്യം.
2. കൂടുതൽ ഓഫിസുകൾ ഉള്ള കെട്ടിടങ്ങളോടനുബന്ധിച്ച് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്.
3. എല്ലാ കെട്ടിടങ്ങൾക്കും മഴവെള്ളക്കൊയ്ത്തിനുള്ള സംവിധാനം.
4. മൂന്നു നിലകളിൽ കൂടുതലുള്ള പഴയ കെട്ടിടങ്ങളിൽ ലിഫ്റ്റ് സൗകര്യം.
5. എല്ലാ കെട്ടിടങ്ങളിലും അംഗപരിമിതർക്കും പ്രായമായർക്കും വേണ്ട റാംപ് സൗകര്യം.
6. കെട്ടിടങ്ങളുടെ ഭംഗിയും അന്തരീക്ഷവും മെച്ചപ്പെടുത്തുന്നതിനായി ഇരിപ്പിട സൗകര്യത്തോടുകൂടിയ പൂന്തോട്ടം.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പദ്ധതികളുടെ ഒരു സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

വിദ്യഭ്യാസ മേഖല

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പൊതു വിദ്യാലയങ്ങളുള്ള മലപ്പുറത്തിന്റെ പൊതു വിദ്യഭ്യാസ മേഖലയെ സുശക്തമായി നിലനിർത്തുന്നതിന് ആവശ്യമായ ഇടപെടലുകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നും നടത്തി വരുന്നുണ്ട്. കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി സാങ്കേതിക മികവോടെ പൊതു വിദ്യാലയങ്ങളെ ആകർഷകമായി നിലനിർത്താൻ കഴിഞ്ഞിട്ടുണ്ട്. ജില്ലയിൽ നിലവിൽ സ്ഥിതി ചെയ്യുന്ന സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

പട്ടിക 4.3.2.1.4 : ജില്ലയിൽ നിലവിൽ സ്ഥിതി ചെയ്യുന്ന സ്ഥാപനങ്ങൾ

സ്ഥാപനങ്ങൾ	എണ്ണം
അംഗൻവാടി കെട്ടിടങ്ങൾ	3808 എണ്ണം
എൽ.പി സ്കൂളുകൾ	851 എണ്ണം
യു.പി സ്കൂളുകൾ	362 എണ്ണം
ഹൈസ്കൂളുകൾ	290 എണ്ണം
ഹയർ സെക്കന്ററി സ്കൂളുകൾ	259 എണ്ണം
വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ	27 എണ്ണം

അവലംബം: വിദ്യാഭ്യാസവകുപ്പ്, മലപ്പുറം

ആരോഗ്യ മേഖല

ജന സംഖ്യയിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന മലപ്പുറം ജില്ലയുടെ ആരോഗ്യ മേഖലക്ക് ആവശ്യമായ പശ്ചാതല സൗകര്യം ഒരുക്കുന്നതിന് വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിൽ വരുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നും പ്രത്യേകം ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

കൂടാതെ ജില്ലയെ വയോജന സൗഹൃദമാക്കുന്നതിന് ആവശ്യമായ പകൽ വീടുകൾ, മാനസികവും, ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന ലഭിക്കുന്നതിന് ബഡ്സ് സ്കൂളുകൾ എന്നിവയും നടത്തിവരുന്നുണ്ട്.

ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളുടെ അധീനതയിൽ 86 പകൽ വീടുകൾ സ്ഥിതി ചെയ്യുന്നതിൽ സർക്കാർ കെട്ടിടങ്ങളും, വാടക കെട്ടിടങ്ങളും ഉണ്ട്. എല്ലാ പകൽ വീടുകളും സർക്കാർ കെട്ടിടങ്ങളാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഒഴിഞ്ഞ് കിടക്കുന്ന പകൽ വീടുകൾ ഉപയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഭൂവിസ്തൃതിയിലും ജനസംഖ്യയിലും ഏറെ മുന്നിൽ നിൽക്കുന്ന ജില്ല എന്നതിനാൽ പൊതു സ്ഥലങ്ങളിലെ മാലിന്യ നിക്ഷേപ പ്രവണത ഏറെ കണ്ടുവരുന്നതിനാലും ആധുനിക രീതിയിലുള്ള അറവു ശാലകളും, മാലിന്യ സംസ്കരണ യൂണിറ്റുകളും സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത, മത്സ്യ-മാംസ പൊതുവിപണന കേന്ദ്രങ്ങളും സ്ഥാപിക്കുന്നതിന്റെ ആവശ്യകത എന്നിവ ഏറെയാണ്.

ജനസംഖ്യ കൂടുതലായ മലപ്പുറം ജില്ലയിൽ ആവശ്യത്തിന് പൊതു ശ്മശാനങ്ങൾ കുറവാണ്. നിലവിൽ PHC, CHC, താലൂക്ക് ആശുപത്രികൾ, മൂന്ന് ജില്ലാ ആശുപത്രികൾ എന്നിവ നിലവിലുണ്ട്. ആയതിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

പട്ടിക 4.3.2.1.5 : ആരോഗ്യ കേന്ദ്രങ്ങൾ

ആരോഗ്യ കേന്ദ്രങ്ങൾ	എണ്ണം
CHC	14 എണ്ണം
PHC	69 എണ്ണം
താലൂക്ക് ആശുപത്രി	6 എണ്ണം
ജില്ലാ ആശുപത്രി	3 എണ്ണം

അവലംബം. ആരോഗ്യവകുപ്പ്

വിദ്യഭ്യാസ മേഖലയിൽ സ്മാർട്ട് ക്ലാസ് റൂമുകൾ, ശിശു സൗഹൃദ അംഗനവാടികൾ, ഡിജിറ്റൽ ലൈബ്രറികൾ, കളി സ്ഥലങ്ങൾ, ഓഡിറ്റോറിയങ്ങൾ എന്നിവ സ്ഥാപിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. ആരോഗ്യ മേഖലയിൽ ആശുപത്രികളുടെ ആധുനിക വൽകരണം, മാലിന്യ സംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കൽ, മാർക്കറ്റുകളിലെ മാലിന്യ സംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കൽ എന്നീ പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. ജില്ലയിലെ ജീർണ്ണാവസ്ഥയിലുള്ള കെട്ടിടങ്ങളുടെ ഒരു സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

പട്ടിക 4.3.2.1.6 : ജില്ലയിലെ ജീർണ്ണാവസ്ഥയിലുള്ള കെട്ടിടങ്ങൾ

കെട്ടിടം	സ്കൂൾ	അംഗനവാടി	ഹോസ്പിറ്റൽ	മറ്റ കെട്ടിടങ്ങൾ
ഉപയോഗ ശൂന്യമായ കെട്ടിടങ്ങൾ	12	15	18	23
നിലവിൽ ഉപയോഗ ശൂന്യവും എന്നാൽ ഉപയോഗ യോഗ്യമാക്കാവുന്നതുമായ കെട്ടിടങ്ങൾ	14	19	11	36

അവലംബം. പൊതുമരാമത്ത് കെട്ടിട വകുപ്പ്.

ഉപയോഗ യോഗ്യമാക്കാവുന്ന കെട്ടിടങ്ങളിൽ മെയിന്റനൻസ് പ്രവൃത്തികൾ നടപ്പിലാക്കി അടിയന്തിരമായി ഉപയോഗ യോഗ്യമാക്കേണ്ടതാണ്.

വികസന നിർദ്ദേശങ്ങൾ (0 മുതൽ 5 വർഷത്തേക്ക്)

അടുത്ത അഞ്ചു വർഷത്തേക്ക് വേണ്ട വികസന നിർദേശങ്ങൾ താഴെ പറയുന്നു:

- സർക്കാറിന്റെ അധീനതയിലുള്ള സ്ഥലങ്ങൾ റവന്യൂ വകുപ്പിന്റെ ഇടപെടലോടെ തിരിച്ചറിഞ്ഞ് ചിതറിക്കിടക്കുന്ന താലൂക്ക് തലത്തിലും ബ്ലോക്ക് തലത്തിലും ചിതറിക്കിടക്കുന്ന ഓഫീസുകൾ ഒരുമിച്ച് ഒരു കുടക്കീഴിൽ കൊണ്ടു വരുന്നതിനായിട്ടുള്ള പ്രവൃത്തി. ഇതുമൂലം ലഭ്യമായ സ്ഥലങ്ങളിൽ പാർക്കിംഗ് സൗകര്യവും ഏർപ്പെടുത്താവുന്നതാണ്.
- ജല ദൗർലഭ്യമുള്ള പ്രദേശങ്ങളിലെ സർക്കാർ കെട്ടിടങ്ങളിൽ ശാസ്ത്രീയമായ മഴവെള്ള കൊയ്ത്തിനുള്ള ക്രമീകരണവും അവയുടെ പരിപാലനവും.
- എല്ലാ സർക്കാർ കെട്ടിടങ്ങൾക്കും ഊർജ്ജ സ്വയംപര്യാപ്തക്ക് ഉതകുന്ന രീതിയിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി.
- എല്ലാ സർക്കാർ കെട്ടിടങ്ങളോടും അനുബന്ധമായി വാഹനങ്ങൾ നിർത്തിയിടാൻ വേണ്ട സൗകര്യങ്ങളും ഒരുക്കുക.
- കണ്ടു കെട്ടിയ വാഹനങ്ങൾ എത്രയും വേഗം ലേലം ചെയ്ത് ഇവ കൂട്ടിയിട്ടിരിക്കുന്ന പ്രദേശങ്ങൾ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗപെടുത്തുക.
- ജില്ലാ ആസ്ഥാനത്ത് സിവിൽ സ്റ്റേഷനോട് ചേർന്ന് പൊതുജങ്ങൾക്ക് വേണ്ടിയുള്ള പാർക്കും അതിനോടനുബന്ധിച്ച് ചെറുകിട കച്ചവടക്കാരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കച്ചവട കേന്ദ്രവും.
- കൊണ്ടോട്ടി താലൂക്കിനായി ഒരു മിനി സിവിൽ സ്റ്റേഷന്റെയും ഏറനാട് താലൂക്കിനായി മഞ്ചേരിയിൽ മിനി സിവിൽ സ്റ്റേഷൻ അനുബന്ധ കെട്ടിടത്തിന്റെയും നിർമ്മാണം.
- ജില്ലാ ആസ്ഥാനത്ത് സിവിൽ സ്റ്റേഷനോട് ചേർന്ന് ഒരു പൊതുജന ആരോഗ്യ കേന്ദ്രവും പൊതു വായനശാലയും.
- ജില്ലാ ആസ്ഥാനത്തെ എല്ലാ കെട്ടിടങ്ങളുടെയും ആവശ്യാനുസരണം വേണ്ട ജലശുദ്ധീകരണ ശാലയും മലിനജല ശുദ്ധീകരണ ശാലയും അവയുടെ പരിപാലനവും.
- ജില്ലാ ആസ്ഥാനത്ത് സിവിൽ സ്റ്റേഷനോട് ചേർന്ന് ദൂരദേശങ്ങളിൽ നിന്നുള്ള പൊതുജനങ്ങൾക്കായി കംഫർട്ട് സ്റ്റേഷനും ക്ലോക്ക് റൂമും നിർമ്മിക്കൽ.
- ജില്ലാ ആസ്ഥാനത്തെ അംഗപരിമിതർക്ക് സിവിൽ സ്റ്റേഷൻ പരിസരത്ത് തന്നെ താമസ സൗകര്യം ഒരുക്കുക.
- ജില്ലാ ആസ്ഥാനത്തെ മറ്റ് ഉദ്യോഗസ്ഥർക്കായി ക്വാർട്ടേഴ്സ് നിർമാണം.
- ജില്ലാ ആസ്ഥാനത്ത് സ്ത്രീജീവനക്കാർക്കായി പ്രത്യേകം ഹോസ്റ്റലും കുട്ടികളുടെ സംരക്ഷണത്തിനായി ഡേ കെയർ സെന്ററും.
- ജില്ലാ ആസ്ഥാനത്ത് ചെറുകിട കർഷകർക്കും കുടുബശ്രീക്കും സ്റ്റാർട്ട് അപ് ഷോറും.

വികസന നിർദ്ദേശങ്ങൾ (5 മുതൽ 15 വർഷത്തേക്ക്)

അഞ്ചു വർഷത്തിനു ശേഷമുള്ള അടുത്ത പത്തു വർഷത്തേക്ക് വേണ്ട വികസന നിർദേശങ്ങൾ താഴെ പറയുന്നു:

- കായിക മേഖലയിലെ ഉന്നമനത്തിനായി ജില്ല ആസ്ഥാനത്ത് എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഉപയോഗിക്കാവുന്ന തരത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു സ്റ്റേഡിയവും അതിനോടനുബന്ധിച്ച് ഇൻഡോർ സ്റ്റേഡിയവും.
- ജില്ലാ ആസ്ഥാനത്ത് യോഗങ്ങളും പരിപാടികളും സംഘടിപ്പിക്കുന്നതിനും പൊതുജനങ്ങളുടെ ആവശ്യത്തിന് വാടകയ്ക്ക് നൽകുന്നതിനും വേണ്ടി ഒരു ഓഡിറ്റോറിയം.
- ജില്ലയിലെ ഇ-ഡിസ്ട്രിക്ട് പദ്ധതിക്ക് വേണ്ടി ജില്ല ആസ്ഥാനത്ത് ഒരു ഡാറ്റാ സെന്റർ .
- പ്രധാന പാതയോരങ്ങളിലെ സർക്കാർ ഭൂമിയിൽ ഒരു വരുമാന മാർഗ്ഗം എന്ന നിലക്ക് അമിനിറ്റി സെന്റർ (കഫറ്റീരിയ, റെസ്റ്റ് റൂം ക്ലോക്ക്റും, ഹോട്ടൽ, ടോയിലറ്റ്) നിർമ്മാണം.

സർക്കാരിലേക്കുള്ള നിർദേശങ്ങൾ

റവന്യു വകുപ്പും ലാൻഡ് സർവ്വേ വകുപ്പും ചേർന്ന് ജില്ലയിലെ സർക്കാർ അധീനതയിലുള്ള മുഴുവൻ ഭൂമിയും തിരിച്ചറിഞ്ഞു അവ ഡിജിറ്റൽ രൂപത്തിലാക്കി ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസറുടെ സഹായത്തോടെ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും, ശേഷം പൊതുമരാമത്ത് വകുപ്പിന്റെ സഹായത്തോടെ മേൽപ്പറഞ്ഞ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള കെട്ടിടങ്ങൾ ഘട്ടം ഘട്ടമായി പൂർത്തിയാക്കുവാനുമുള്ള പദ്ധതികൾ തയ്യാറാക്കേണ്ടതാണ്. ഈ പദ്ധതികൾ പൂർത്തിയാക്കാൻ വേണ്ട ഫണ്ടുകൾ ബജറ്റിലും, എം.എൽ.എ ഫണ്ടുകളിലും ഉൾപ്പെടുത്തി സമയാസമയങ്ങളിൽ ലഭ്യമാക്കുവാൻ വേണ്ട നടപടികളും സർക്കാരിൽ നിന്നും ഉണ്ടാകേണ്ടതുണ്ട്.

നിലവിൽ അറുശാലകൾ ഇല്ലാത്ത മുനിസിപ്പാലിറ്റികളിലും പ്രധാന നഗരങ്ങളായ വേങ്ങര, അരീക്കോട്, വണ്ടൂർ, കാളികാവ്, ചെങ്ങരംകുളം, എടപ്പാൾ, കുറ്റിപ്പുറം, പുലാമന്തോൾ എന്നീ സ്ഥലങ്ങളിലും അറുശാലകൾ സ്ഥാപിക്കാവുന്നതാണ്.

ഓൾഡ് ഏജ് ഹോം തവനൂരിൽ മാത്രമാണ് ഉള്ളത്. ജില്ല ഹെഡ് ക്വാർട്ടേഴ്സിൽ കൂടി ഒരു ഓൾഡ് ഏജ് ഹോം നിർമ്മിക്കാവുന്നതാണ്.

4.3.3 വാർത്താ വിനിമയം

ആമുഖം

1969 ജൂൺ 19-ന് നിലവിൽ വന്ന മലപ്പുറം ജില്ല വാർത്താ വിനിമയ രംഗത്ത് മറ്റു ജില്ലകളെ അപേക്ഷിച്ച് അദ്വിതീയ പൂർവ്വമായ നേട്ടം കൈവരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് തന്നെ മാതൃകയായ അക്ഷയ പോലുള്ള പദ്ധതികളിൽ മുന്നിൽ നടക്കാൻ ജില്ലയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ഇന്റർനെറ്റും അനുബന്ധ സേവനങ്ങളും ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന ജില്ലകളിലൊന്ന് കൂടിയാണ് മലപ്പുറം. ഗൾഫ് മേഖലയുടെ സ്വാധീനം വാർത്താ വിനിമയ രംഗത്ത് ജില്ലയുടെ വളർച്ചയിൽ വഹിച്ച പങ്ക് ചെറുതല്ല. വാർത്താ വിനിമയ രംഗത്തും ജില്ല ഏറെ മുന്നിലാണ്. അതേ സമയം ഐ ടി അധിഷ്ഠിത വ്യവസായങ്ങൾ ജില്ലയിൽ കുറവാണ്.

വാർത്താ വിനിമയ രംഗത്ത് ഒരു കുതിച്ചുചാട്ടം ഉണ്ടായത് മഞ്ചേരി ആകാശവാണി എഫ്.എം. നിലയം പ്രവർത്തനം ആരംഭിച്ചതോടെയാണ്. ആദ്യ കാലത്ത് സാധാരണക്കാരായ ഗ്രാമങ്ങളിലെ ജനങ്ങൾ കാര്യങ്ങൾ അറിയുന്നതിനും മറ്റുമായി റേഡിയോ പ്രക്ഷേപണത്തെയായിരുന്നു ആശ്രയിച്ചിരുന്നത്. പിന്നീട് ഇത് ചാനൽ സംപ്രേഷണങ്ങളിലേക്ക് വഴി മാറി. എന്നാൽ ഇന്ന് ഇവ രണ്ടിന്റെയും സ്ഥാനം നവമാധ്യമങ്ങൾ കയ്യടക്കി. ജില്ലയിലെ പ്രധാനവും അപ്രധാനവുമായ എല്ലാ സംഭവ വികാസങ്ങളും മിനിറ്റുകൾക്കകം ലക്ഷക്കണക്കിന് ആളുകളിലേക്കെത്തുന്ന വിധം നവമാധ്യമങ്ങൾ വളർന്നു. വികസന ക്ഷേമ നേട്ടങ്ങൾ ജനങ്ങളിലേക്കെത്തിക്കുന്നതിന് ഇവ പരമാവധി പ്രയോജനപ്പെടുത്തണം. എം.ആർ.ക്യാമ്പയിൻ പോലുള്ള പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കുപ്രചരണത്തിനായി നവമാധ്യമങ്ങൾ ഉപയോഗപ്പെടുത്തുന്നത് ജില്ലയുടെ തിളക്കത്തിന് മങ്ങലേൽപ്പിച്ചിട്ടുണ്ട്.

വിഭവ ലഭ്യത

ജനസംഖ്യയിൽ മുന്നിൽ നിൽക്കുന്ന മലപ്പുറം ജില്ലയിൽ ഒരു കംപ്യൂട്ടറോ സ്മാർട്ട് ഫോണോ ഇല്ലാത്ത കുടുംബങ്ങൾ കുറവാണ്. ഡിജിറ്റൽ ഇന്ത്യ പോലുള്ള സ്വപ്നങ്ങൾ യാഥാർഥ്യമാക്കാൻ ജില്ലയെ സംബന്ധിച്ചടത്തോളം പൊതു ജനങ്ങൾക്കിടയിൽ ഇതു സംബന്ധിച്ച് അവബോധം ഉണ്ടാക്കിയാൽ മാത്രം മതിയാകും. എന്നാൽ, സമീപകാലത്ത് ഇവയുടെ ദുരുപയോഗം ഗൗരവമായി കാണേണ്ടതാണ്. വാർത്താ വിനിമയ മേഖലയിൽ മാനുഷിക വിഭവങ്ങളേക്കാൾ പ്രധാന്യം സാങ്കേതിക സൗകര്യങ്ങൾക്കും വിഭവങ്ങൾക്കുമാണ്.

വാർത്താ വിനിമയ ഉപാധികൾ

1. റേഡിയോ

ഇന്നും വാർത്താ വിനിമയ സേവനങ്ങൾക്കായി റേഡിയോ ഉപയോഗപ്പെടുത്തുന്നുണ്ട്. കോഴിക്കോട് ആകാശവാണി നിലയത്തെയാണ് ജില്ലയിലെ ആളുകൾ ആശ്രയിച്ചിരുന്നത്. പിന്നീട് 2006 ജനുവരി 28 ന് മഞ്ചേരി എഫ്.എം. നിലയം പ്രവർത്തനം ആരംഭിച്ചു. ഇപ്പോഴും മുഴുവൻ സമയ പ്രക്ഷേപണം ആരംഭിക്കാൻ മഞ്ചേരി നിലയത്തിന് സാധിച്ചിട്ടില്ല. എങ്കിലും മുൻകാലങ്ങളെ അപേക്ഷിച്ച് ഇപ്പോൾ രാവിലെ 10 മുതൽ വൈകീട്ട് 10 മണി വരെ വിവിധ പരിപാടികൾ പ്രക്ഷേപണം ചെയ്യുന്നുണ്ട്. സേവന വാർത്തകൾ, കാഴ്ചയില്ലാത്തവരുടെ അധിജീവനത്തിന്റെ അനുഭവങ്ങൾ വിവരിക്കുന്ന പരിപാടി എന്നിവ പ്രത്യേകം അഭിനന്ദനാർഹമാണ്.

2. ദൂരദർശൻ റിലേ കേന്ദ്രം

മലപ്പുറം സിവിൽ സ്റ്റേഷനിലാണ് ദൂരദർശൻ റിലേകേന്ദ്രം പ്രവർത്തിക്കുന്നത്. ഗ്രണമേന്മയുള്ള ചിത്രങ്ങളും ശബ്ദങ്ങളും ലഭിക്കുന്നതിന് റിലേ കേന്ദ്രം സഹായിക്കുന്നുണ്ട്.

3. സ്വകാര്യ ചാനലുകൾ

മുഖ്യധാരാ സ്വകാര്യ ചാനലുകൾ ഒന്നും തന്നെ ജില്ലയിൽ നിന്നും പ്രക്ഷേപണം ചെയ്യുന്നില്ല. എങ്കിലും ചാനലുകളുടെ ബ്യൂറോകളും റിപ്പോർട്ടർമാരും സജീവമായി പ്രവർത്തിക്കുന്നുണ്ട്.

4. പ്രാദേശിക ചാനലുകൾ

ജില്ലയിൽ പ്രാദേശിക ചാനലുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയുടെ മേൽ സർക്കാരിന് പ്രത്യേക നിയന്ത്രണമില്ല. ഇതിനാവശ്യമായ നിയമ നിർമ്മാണം അനിവാര്യമാണ്.

5. ഡിജിറ്റിലൈസേഷൻ

ചാനൽ സംപ്രേഷണം പൂർണ്ണമായും ഡിജിറ്റൽ സംവിധാനത്തിലേക്ക് മാറിയതിനാൽ ഗ്രണമേന്മയുള്ള ചിത്രങ്ങളും ശബ്ദങ്ങളും ഗ്രണഭോക്താക്കൾക്ക് ലഭിക്കുന്നുണ്ട്.

6. അച്ചടി മാധ്യമങ്ങൾ

മുഖ്യധാരാ മാധ്യമങ്ങൾക്കെല്ലാം ജില്ലയിൽ എഡിഷനുണ്ട്. വിവിധ മേഖലകളായി തിരിച്ച് പ്രാദേശിക വാർത്തകൾ നല്കുന്നതിനാൽ ഒരു പ്രദേശത്തെ വാർത്തകളും സംഭവങ്ങളും മറ്റിടങ്ങളിലെ വായനക്കാരിൽ എത്തുന്നില്ല. പത്രങ്ങൾ പേജിന്റെ ഏറിയ ഭാഗവും പരസ്യങ്ങൾക്കായി മാറ്റിവെക്കുന്നത് വായനക്കാർക്ക് ഏറെ പ്രയാസം ഉണ്ടാക്കുന്നുണ്ട്. വളരെ കൂടിയ നിരക്കാണ് പത്രങ്ങൾ പരസ്യ ഇനത്തിൽ ഈടാക്കുന്നത്.

7. നവമാധ്യമങ്ങൾ

അച്ചടി ദൃശ്യ മാധ്യമങ്ങളുടെ സ്ഥാനം ഇന്ന് നവമാധ്യമങ്ങൾ കയ്യടക്കിയിട്ടുണ്ട്. സാമൂഹിക മാധ്യമങ്ങളും വാർത്ത അറിയാനായി വലിയൊരളവിൽ ഉപയോഗിച്ച് വരുന്നു. എന്നാൽ, പലപ്പോഴും ഇത്തരം വാർത്തകൾക്ക് ആധികാരികത ഉണ്ടാവുന്നില്ല എന്ന പ്രശ്നവും ഉണ്ട്.

8. സ്മാർട്ട് ഫോണുകൾ

ആധുനിക വാർത്താ വിനിമയ സൗകര്യത്തിനായി ഇന്ന് രാജ്യത്ത് ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് സ്മാർട്ട് ഫോണുകളാണ്. ലാപ് ടോപ്പിന്റെയും കമ്പ്യൂട്ടറുകളുടെയും സ്ഥാനം ഇവ കൈയടക്കിയിരിക്കുന്നു. മൊബൈൽ ഫോൺ സേവനത്തിൽ ഉണ്ടായ വിപ്ലവകരമായ മാറ്റങ്ങളിൽ

ഒന്ന് മൊബൈൽ നമ്പർ പോർട്ടബിലിറ്റിയാണ്. ഇത് സംബന്ധിച്ച സ്ഥിതിവിവരകണക്കുകൾ താഴെ നല്കുന്നു.

ഓഗസ്റ്റ് മാസത്തിൽ രാജ്യത്തെ ടെലികോം റെഗുലേറ്റർ പുറത്തുവിട്ടത്. ലോകത്തിലെ രണ്ടാമത്തെ വലിയ വയർലെസ് മാർക്കറ്റ് ഓഗസ്റ്റ് 31 വരെയുള്ള കണക്കുകൾ പ്രകാരം ഇന്ത്യയിലെ മൊബൈൽ ഫോൺ സബ്സ്ക്രിപ്ഷനുകളുടെ പട്ടിക ചുവടെ കൊടുത്തിരിക്കുന്നത്. ലോകത്തിലെ രണ്ടാമത്തെ വലിയ വയർലെസ് മാർക്കറ്റാണ് 2012 ഓഗസ്റ്റ് 31 ലെ കണക്കുകൾ.

പട്ടിക 4.3.3.1 : ഇന്ത്യയിലെ മൊബൈൽ ഫോൺ സബ്സ്ക്രിപ്ഷനുകൾ

കമ്പനികൾ	മാറ്റം (MLN)	ആകെ ഉപഭോക്താക്കൾ(MLN)
ഭാരതി എയർടെൽ –	0.2	281
വോഡാഫോൺ ഇന്ത്യ –	2.4	208.1
ഐഡിയ സെല്ലുലാർ –	2.9	191.1
റിലയൻസ് ജിയോ	4.1	132.7
ഭാരത് സഞ്ചാർ നിഗം ലിമിറ്റഡ്	0.7	105.3
Aircel –	0.8	89.1
റിലയൻസ് കമ്മ്യൂണിക്കേഷൻസ്	4	77.3
ടെലിനോർ	0.1	47
ടാറ്റാ ടെലിസർവീസസ്	4.9	47
സിസ്റ്റമ ശ്യാം ടെലിസർവൈസസ്	0.2	3.7
MTNL	0.006	3.6

അവലംബം. പൊതുമരാമത്ത് കെട്ടിട വകുപ്പ്.

- ഓഗസ്റ്റിൽ മൊബൈൽ വരിക്കാരുടെ എണ്ണം 1.02 ബില്ല്യൺ ആയിരുന്നു.
- ഓഗസ്റ്റ് 31 വരെ 100 പേർക്ക് മൊബൈൽ കണക്ഷനുകൾ അല്ലെങ്കിൽ വയർലെസ് വരിക്കാരുടെ ടെലി സാന്ദ്രത 91.87 ആയിരുന്നു. നഗര പ്രദേശങ്ങളിൽ മൊബൈൽ ടെലി സാന്ദ്രത 169.05 ആയിരുന്നു. ഗ്രാമപ്രദേശങ്ങളിൽ ഇത് 56.39 ആയിരുന്നു.
- ഓഗസ്റ്റിൽ 5.03 ദശലക്ഷം മൊബൈൽ ഉപയോക്താക്കൾ മൊബൈൽ നമ്പർ പോർട്ടബിലിറ്റി വഴി തങ്ങളുടെ സേവന ദാതാക്കളെ മാറ്റാൻ തീരുമാനിച്ചു. ഇന്ത്യയെ 22 ടെലികമ്മ്യൂണിക്കേഷൻ സേവന മേഖലകളായി തിരിച്ചിട്ടുണ്ട്.
- ബ്രോഡ്ബാൻഡ് കണക്ഷനുകളുടെ എണ്ണം 316.48 മില്ല്യൺ ആണ്. 297.90 മില്ല്യൺ ബ്രോഡ്ബാൻഡ് ഉപയോക്താക്കൾ മൊബൈൽ ഫോണുകളും ഡോഗിൾസും വഴിയും 18.1 മില്യൻ ബ്രോഡ്ബാൻഡ് ഉപയോഗിച്ചു. കുറഞ്ഞത് 512 Kbps ഇന്റർനെറ്റ് കണക്ഷനുകൾ ഇന്ത്യയിലെ ബ്രോഡ്ബാൻഡ് ആയി കണക്കാക്കപ്പെടുന്നു.
- ജൂലായ് അവസാനത്തോടെ 23.9 ദശലക്ഷം വരിക്കാരെ സ്ഥിരീകരിച്ച ഫോൺ വരിക്കാരുടെ എണ്ണം 23.8 ദശലക്ഷം ആയി കുറഞ്ഞു.
- ഫിക്സ്ഡ് ഫോൺ ലൈനുകൾ ഉൾപ്പെടെ, ഓഗസ്റ്റ് 31 വരെയുള്ള കണക്കുകൾ നോക്കിയാൽ 1.21 ബില്ല്യൻ ഉപഭോക്താക്കളുണ്ടായി, അഥവാ 93.71 മൊബൈലിലെ ടെലി സാന്ദ്രതയുമുണ്ട്.

വെല്ലുവിളികൾ

ഇന്റർനെറ്റ് സൗകര്യം ലഭ്യമല്ലാത്ത ഗ്രാമപ്രദേശങ്ങൾ ജില്ലയിലുണ്ട്. പട്ടികവർഗ്ഗക്കാർ താമസിക്കുന്ന നിലമ്പൂർ ഭാഗങ്ങളിലാണ് പ്രധാനമായും വിവരസാങ്കേതിക വിദ്യയുടെ

അഭാവമുള്ളത്. ഇത് പരിഹരിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പ്രത്യേക പദ്ധതികൾ നടപ്പാക്കേണ്ടതുണ്ട്. പല വകുപ്പുകളും ഓൺലൈൻ സംവിധാനങ്ങളിലേക്ക് മാറിയതിനാൽ സേവനം ലഭ്യമാകുന്നതിൽ ഇവർക്ക് തടസ്സം നേരിടുന്നുണ്ട്. അക്ഷയ കേന്ദ്രം പോലുള്ള പൊതുസേവന കേന്ദ്രങ്ങളിൽ സർക്കാർ സേവനം ലഭ്യമാക്കുന്നതിന് സർക്കാർ നിശ്ചയിച്ചതിനേക്കാൾ കൂടുതൽ തുക ഈടാക്കുന്നതായി വ്യാപകമായ പരാതിയുണ്ട്.

4.3.4 വിനോദ സഞ്ചാരം

നാടുകാണി ചുരത്തിലെ കാടുകളിൽ നിന്ന് പൊന്നാനി കടപ്പുറത്തെ അറബിക്കടലിന്റെ ഓളങ്ങളിലേക്ക് ഊർന്നിറങ്ങുന്ന നാട്. പ്രകൃതിയുടെ താളബദ്ധമായ ഗാനം മൂളി പൊട്ടിച്ചിരിച്ചാർത്തലച്ചൊഴുകുന്ന കാട്ടാറുകളുടെയും അറബിക്കടലിന്റെയും അത്ഭുതകരമായ സമന്വയം- മലപ്പുറം ജില്ല, ഇവിടെ ചരിത്രമുറങ്ങുന്നു; സാമൂതിരിമാരുടെ പ്രതാപങ്ങളുടെയും, പോർച്ചുഗീസുകാരന്റെ ചോരക്കൊതിയുടെയും ടിപ്പു സുൽത്താന്റെ പടയോട്ടങ്ങളുടെയും, ഇംഗ്ലീഷുകാരന്റെ സംസ്ക്കാര നിഷേധത്തിന്റെയും ചരിത്രം. സാമ്രാജ്യത്വത്തിന്റെ കാടൻ വേട്ടകളിൽ മുട്ടു വിറയ്ക്കാതെ നിന്ന, വെള്ളക്കാരന്റെ കരൾ വിറപ്പിച്ച ഒരു ജനതയുടെ എഴുതപ്പെടാത്ത ഇതിഹാസത്തിന്റെ കഥയുറങ്ങുന്ന മണ്ണ്. ഇന്ത്യയിലെവിടെയും സ്വത്വപ്രതാപങ്ങളുടെ കഥ ചോരയിലെഴുതാൻ മലപ്പുറം പോലെ ഭാഗ്യം സിദ്ധിച്ച വേറെ തരി മണ്ണില്ല.

കവിതയുടെയും കവികളുടെയും നാട്. മാമലകളിലും പച്ചവിരിപ്പിട്ട വയലേലകളിലും കടലിന്റെ ഓളങ്ങളിലും വിരിയുന്ന ഭാഷയില്ലാത്ത കവിത മാത്രമല്ല. മലയാളത്തിന്റെ ഭാഷാപിതാവായ തുഞ്ചത്തെഴുത്തച്ഛന്റെ, കേരളത്തിന്റെ ആദ്യ മുഖ്യമന്ത്രിയായിരുന്ന ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ, കിളിയുടെ പാട്ട് തൊട്ട് പൂന്താനത്തിന്റെയും വള്ളത്തോളിന്റെയും, കുറ്റിപ്പുറത്തിന്റെയും, മോയിൻകുട്ടി വൈദ്യരുടെയും, ഉറൂബ്, ഇടശ്ശേരി, വി.സി. ബാലകൃഷ്ണ പണിക്കർ. ആകാശത്തോളം വളർന്ന മലയാള കവിതാ മഹാമേരുക്കളും, ഓരോ ഗ്രാമത്തിന്റെയും കഥാകാരന്മാരായ കവികളുടെ അറിയപ്പെടാൻ ഭാഗ്യമില്ലാതെ പോയ ആയിരം കവിതകളുടെയും നാട്.

കാട്ടുപൂ പോലെ ആരുടെ കണ്ണിനും കുളിരേകാതെ ആരുടെ നാസാരന്ധ്രങ്ങളെയും തൃസിപ്പിക്കാതെ പോകുന്ന നമ്മുടെ പ്രകൃതി സൗന്ദര്യം, അതിന്റെ സൗരഭ്യം, ഇവിടത്തെ മാമലകളും, താഴ്വാരങ്ങളും കേരളത്തിലെ ചില ടൂറിസ്റ്റ് കേന്ദ്രങ്ങളെപ്പോലെ സ്റ്റീരിയോ ടൈപ്പല്ല. വൈവിദ്ധ്യമാണല്ലോ സൗന്ദര്യത്തിന്റെ സത്ത. ഇത് വികസിപ്പിച്ചെടുക്കാമെങ്കിൽ ഏറ്റവും നല്ല വിനോദ സഞ്ചാരകേന്ദ്രമാക്കി നമ്മുടെ ജില്ലയെ മാറ്റാൻ കഴിയും.

ആധുനിക സമൂഹത്തിൽ ആഗോള പ്രാധാന്യമുള്ള ഒരു സാമ്പത്തിക പ്രവർത്തനമായി ടൂറിസം മാറിക്കഴിഞ്ഞു. പ്രത്യക്ഷമായും പരോക്ഷമായും ആളുകൾ പങ്കെടുക്കുന്ന മറ്റൊരു പ്രവർത്തന മേഖലയും ഇല്ലെന്ന് തന്നെ പറയാം. തൊഴിൽ സാദ്ധ്യത സൃഷ്ടിക്കുന്നതിലും, സംസ്കാരവും, പാരമ്പര്യവും പരിരക്ഷിക്കുന്നതിലും അങ്ങനെ സമൂഹത്തിലെ സമഗ്ര വികസനവുമായി ബന്ധപ്പെട്ട എല്ലാ രംഗങ്ങളിലും ടൂറിസം നിർണ്ണായകമായ സ്വാധീനം ചെലുത്തുന്നു. ലോകത്തിലെ തന്നെ ഏറ്റവും വലുതും വേഗത്തിൽ വളരുന്നതുമായ വ്യവസായങ്ങളിൽ ഒന്നാണ് ടൂറിസം.

ആഗോളവൽക്കരണത്തിന്റെ ഈ കാലത്ത് സാമ്പത്തിക രംഗത്തെ വൈവിധ്യവൽക്കരണവും സാങ്കേതികപുരോഗതിയും ടൂറിസത്തിന് അനുകൂലമായ സാഹചര്യം സൃഷ്ടിച്ചു. ഇന്ത്യയും തെക്കുകിഴക്കൻ ഏഷ്യയും വിനോദസഞ്ചാരികളുടെ ശ്രദ്ധ ആകർഷിക്കുന്ന സ്ഥലങ്ങളായി വളരുകയാണ്. ഇന്ത്യയിലെ ഭൂമിശാസ്ത്രപരമായ വൈജാത്യവും ചരിത്രപരവും,

സാംസ്കാരികവുമായ മഹത്തായ പാരമ്പര്യവും സഞ്ചാരികളെ നമ്മുടെ നാട്ടിലേക്ക് ആകർഷിക്കുന്നു.

വിനോദ സഞ്ചാര രംഗത്ത് കേരളത്തിന്റെ പ്രധാന പ്രത്യേകതകൾ

ഒരു ഭാഗത്ത് പശ്ചിമഘട്ട മലനിരകൾ മറുഭാഗത്ത് അറബിക്കടൽ, ഇവയ്ക്ക് നടുവിൽ അനന്യമായ പ്രകൃതി വൈവിധ്യത്തിന്റെ ശോഭയിൽ ഇതര ദേശങ്ങളിൽ നിന്നും ഏറെ വ്യത്യസ്ഥമായിരിക്കുന്ന കേരളത്തിന്റെ ഭൂപ്രകൃതി. ടൂറിസത്തിന്റെ വളർച്ചയ്ക്ക് ഏറെ അനുകൂലമായ ഘടകമായി ഇത് മാറിയിരിക്കുന്നു. ദൈവത്തിന്റെ സ്വന്തം നാട് എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഈ ദേശത്ത് ലോകത്തെങ്ങുമുള്ള സഞ്ചാരികൾ ആഗ്രഹിക്കുന്ന പ്രകൃതി വൈചിത്ര്യങ്ങളുണ്ട്. പ്രശാന്തമായ കടൽ തീരങ്ങൾ, നിശ്ശബ്ദമായ കായൽപ്പരപ്പുകൾ, മഞ്ഞുമൂടിയ മലയോര സുഖവാസ കേന്ദ്രങ്ങൾ, സമൃദ്ധമായ വനഭൂമികൾ, അസാധാരമായ വന്യജീവി സങ്കേതങ്ങൾ, സാഹസികമായ മലമ്പാതകൾ, വെള്ളച്ചാട്ടങ്ങൾ, വിസ്മയമായ തോട്ടങ്ങൾ, മനസ്സിനേയും ശരീരത്തിനേയും ഉത്തേജിപ്പിക്കുന്ന മൺസൂൺ, ആയുർവേദം, ചരിത്ര സ്മാരകങ്ങൾ, വിശ്രുദ്ധമായ തീർത്ഥാടന കേന്ദ്രങ്ങൾ അഭൗമായ ഉൽസവവേളകൾ, കലാരൂപങ്ങൾ, സാംസ്കാരിക പൈതൃകം, വള്ളംകളി, സുഗന്ധവ്യജ്ഞനങ്ങൾ ചേർന്ന വിശിഷ്ടമായ ഭക്ഷണങ്ങൾ, ആഗോള മാനദണ്ഡത്തിലുള്ള ഒന്നാം കിടക്കാരായ റിസോർട്ടുകൾ ഒരു സഞ്ചാരിയെ ആകർഷിക്കാനുള്ള എല്ലാ ഘടകങ്ങളും പ്രകൃതി കനിഞ്ഞു നൽകിയിട്ടുണ്ട്.

മലപ്പുറം ജില്ല : ടൂറിസം വികസനം

1 ആഢ്യൻ പാറ വെള്ളച്ചാട്ടം

ആഢ്യൻപാറ വെള്ളച്ചാട്ടം ഹൃദയഹാരിയായ ഒരു ദൃശ്യമാണ്. കാനന മദ്ധ്യത്തിലൂടെ, പാറക്കെട്ടുകളിൽ തട്ടിച്ചിതറി, പളുങ്കുമണികൾ ചിതറിച്ച് തുള്ളിച്ചാടിയൊഴുകുന്ന ഈ ജലനിപാതം വിസ്മയകരമാണ്. വയനാട്ടിലെ ലക്കിടിയിൽ നിന്ന് ഉത്ഭവിച്ച്, കരിമ്പുഴയായി, കൂടംപാറയും, പാമ്പും മുടിയും കടന്ന് പാറക്കെട്ടുകളിലൂടെ തടം തല്ലിയൊഴുകി ചാലിയാറിൽ ചേരുന്നതിനു മുമ്പാണ് വെള്ളച്ചാട്ടത്തിന്റെ മാസ്മരികതയിലൂടെ ആഢ്യൻപാറ സഞ്ചാരികളുടെ കണ്ണിനു വിരുന്നൊരുക്കുന്നത്. നിലമ്പൂർ ടൗണിൽ നിന്നും 1.5 കി.മീറ്റർ പിന്നിട്ടാൽ ഇടത്തോട്ട് തിരിയുന്ന റോഡ് ആഢ്യൻപാറയിലേക്ക് നയിക്കുന്നു. ചാലിയാർ പഞ്ചായത്തിലെ മൂന്നാം വാർഡായ മുട്ടിയേൽ നിന്നും 1.5 കി.മീറ്റർ കുത്തനെയുള്ള കയറ്റം കയറി വേണം ആഢ്യൻപാറയിലെത്താൻ. വിശാലമായി പരന്നു കിടക്കുന്ന കരിമ്പാറക്കെട്ടുകളാകാം സ്ഥലത്തിന് ആഢ്യൻപാറയെന്ന പേരു ലഭിക്കാൻ കാരണമായത്.




2 കൊണോലീസ് പ്ലോട്ട്

ലോകത്താദ്യമായി ആസൂത്രിതമായി തേക്ക് കൃഷി നടത്തിയിട്ടുള്ളത് നിലമ്പൂരാണെന്ന് ചരിത്രരേഖകൾ വ്യക്തമാക്കുന്നു. അക്കാലത്ത് മലബാർ കളക്ടറായിരുന്ന എച്ച്.വി.കോണോലിയുടെ

നിർദ്ദേശാനുസരണം ശ്രീ.ചാത്തു മേനോനാണ് 1841 നും 1855 നും മധ്യേ നിലമ്പൂരിൽ 1500 ഏക്കർ തേക്കു തോട്ടം വെച്ചു പിടിപ്പിച്ചത്. ഇതിൽ 14.8 ഏക്കറിലെ തോട്ടം കൊണോലീസ് പ്ലോട്ട് എന്ന പേരിൽ പ്രത്യേക സംരക്ഷണതയിൽ നിലനിർത്തി. രണ്ടാം ലോക മഹായുദ്ധക്കാലത്ത് ബ്രിട്ടീഷുകാർ ആവശ്യങ്ങൾക്കായി 9.1 ഏക്കറിലെ തേക്കു മരങ്ങൾ മുറിച്ചു കൊണ്ടു പോയതായി രേഖകൾ പറയുന്നു. അവശേഷിക്കുന്ന 5.7 ഏക്കർ സ്ഥലത്തെ തേക്കു മരങ്ങൾ ചരിത്രത്തിനു സാക്ഷിയായി ഇന്നും തലയുയർത്തി നിൽക്കുന്നു.

3 നിലമ്പൂർ തേക്ക് മ്യൂസിയം

തേക്ക് എക്കാലത്തേയും സുഗന്ധ ദ്രവ്യങ്ങളെപ്പോലെ നമ്മുടെ യശസ്സുയർത്തിയ വനസമ്പത്താണ്. പണ്ടു മുതലേ വിദേശനാടുകളിലെ രാജകൊട്ടാരങ്ങളെയും അരമനകളെയും അലങ്കരിച്ചു പോന്നിരുന്നത് നമ്മുടെ തേക്കായിരുന്നു. തേക്ക് ഇന്ന് പല നാടുകളിലും വളരുന്നെങ്കിലും കേരളത്തിന്റെ തേക്ക് അതിന്റെ യശ്ശസ്സ് എന്നും നിലനിർത്തി പോരുന്നു.

നിലമ്പൂരിലെ തേക്ക് മ്യൂസിയം സഞ്ചാരികൾക്ക്തേക്കിന്റെ വിസ്മയകാഴ്ച്ച ഒരുക്കുന്നു. നിലമ്പൂർ ടൗണിൽ നിന്ന് നാലു കി.മീ. ദൂരം സഞ്ചരിച്ചാൽ തേക്ക് മ്യൂസിയത്തിലെത്താം. നിലമ്പൂർ–ഊട്ടി റോഡിൽ കരിമ്പുഴയിലാണ് മ്യൂസിയം സ്ഥിതി ചെയ്യുന്നത്. സംസ്ഥന വനംഗവേഷണ വകുപ്പിന്റെതാണ് അപൂർവ്വമായ ഈ മ്യൂസിയം. 43 ഏക്കർ വിസ്തൃതമായ കാമ്പസിൽ മ്യൂസിയം പടർന്നു കിടക്കുന്നു. ലോകത്ത് മറ്റെവിടെയും ഇതു പോലൊരു മ്യൂസിയം ഇല്ല. തേക്ക് മരത്തെക്കുറിച്ച് വിശദമായ അറിവ് ഇവിടെ നിന്നും ലഭിക്കും.



ലോകത്തിലെ ഏറ്റലും പഴക്കമുള്ള തേക്കുതോട്ടം ഫിലിപ്പൈൻസിലും ശ്രീലങ്കയിലുമാണെന്ന് മ്യൂസിയത്തിലെ രേഖകൾപറയുന്നു. ലോകത്തിലെ ഏറ്റവും പ്രായം ചെന്ന തേക്ക് നിലമ്പൂരിലും ഇവിടെ നിന്നും മുറിച്ച 500 വർഷം പ്രായമുള്ള തേക്കു മരത്തിന്റെ കുറ്റി മ്യൂസിയത്തിലെ സവിശേഷ കാഴ്ചയാണ്. മധ്യകാലത്തിനും ആധുനിക കാലത്തിനും ഇടക്ക് ഒരു കണ്ണി പോലെ വർത്തിച്ച ഈ തേക്ക് മുത്തച്ഛന് സാക്ഷിയായ ചരിത്ര സംഭവങ്ങൾ കാലഗണനയനുസരിച്ച് ഇവിടെ സൂക്ഷിച്ചിട്ടുളളത് ശ്രദ്ധേയമാണ്. സഞ്ചാരിയെയും സാധാരണക്കാരനെയും ഒരു പോലെ ആകർഷിക്കുന്ന സവിശേഷതകളുടെ കലവറയാണ് ഈ മ്യൂസിയം.




4 നെടുങ്കയം

ലക്ഷണമൊത്ത തേക്ക് മരങ്ങൾ തലയുയർത്തി നിൽക്കുന്ന നെടുങ്കയത്ത് ചരിത്രവും പ്രകൃതി ഭംഗിയും ഇഴ ചേർന്ന് കിടക്കുന്നു. നിലമ്പൂരിൽ നിന്നും 16 കി.മീ. യാത്ര ചെയ്താൽ കരുളായി വഴി നെടുങ്കയം ഫോറസ്റ്റ് ചെക്ക് പോസ്റ്റിൽ എത്താം. രാവിലെ 8.30 മുതൽ വൈകിട്ട് 4.30 വരെയാണ് സന്ദർശന സമയം. ചെക്ക് പോസ്റ്റിൽ നിന്നും പാസ്സ് വാങ്ങി അൽപദൂരം നടന്നാൽ കൺമുമ്പിൽ കരിമ്പുഴ ഒഴുകുന്നു. ഡോസൺ പാലത്തിനപ്പുറം നിലമ്പൂരിലെ വിശ്വ പ്രസിദ്ധമായ തേക്ക് വനങ്ങൾ. ആദിവാസികളും ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാരും ചേർന്ന് രൂപീകരിച്ചിട്ടുള്ള വന സംരക്ഷണ സമിതി ടൂറിസം പ്രോത്സാഹിപ്പിക്കാനും ശ്രമിക്കുന്നുണ്ട്. സാഹസികാഭിമുഖ്യമുള്ള സഞ്ചാരികൾക്കായി വനത്തിലൂടെ എട്ട് കിലോമീറ്റർ ട്രക്ക് പാത്ത് നിർമ്മിച്ചിട്ടുണ്ട്.




5 കേരളാം കുണ്ട്

കരുവാരക്കുണ്ടിൽ നിന്ന് കിഴക്കോട്ട് ഏഴ് കിലോമീറ്റർ സഞ്ചരിച്ചാൽ കേരളാം കുണ്ടിലെത്താം. സമുദ്രനിരപ്പിൽ നിന്ന് ഏകദേശം 2000 അടി ഉയരത്തിലാണ് സഹ്യന്റെ മടിത്തട്ടിൽ ഈ പ്രദേശം കിടക്കുന്നത്. ഇന്ന് ഈ പ്രദേശം വിനോദസഞ്ചാരികളുടെ പറുദീസയായി മാറിക്കഴിഞ്ഞു.

രണ്ട് വെള്ളച്ചാട്ടങ്ങളാണ് കേരളാംകുണ്ടിൽ. മുകളിലേത് അല്പം രൗദ്രമാണെങ്കിലും താഴെയുള്ളത് സൗമ്യം. നീലഗിരി മലനിരകളിൽ നിന്ന് ഉത്ഭവിച്ച് കാടും മേടും താണ്ടി കടലന്വേഷിച്ച് തുള്ളിച്ചാടിയും പൊട്ടിച്ചിരിച്ചും പാഞ്ഞുവരുന്ന കൊച്ചരുവികൾ താഴെ സമുദ്ര നിരപ്പിൽ ഒലിപ്പുഴയായി മാറുന്നു. ഒലിപ്പുഴയുടെ തീരത്ത് ടൂറിസം വകുപ്പിന്റെ സഹകരണത്തോടെ ജില്ലാ

ടൂറിസം പ്രൊമോഷൻ കൗൺസിൽ നിർമ്മിച്ച മനോഹരമായി പാർക്ക് സഞ്ചാരികളെ ആകർഷിക്കുന്നു.





6 കോട്ടക്കുന്ന് ടൂറിസം പാർക്ക്

ജില്ലാ ആസ്ഥാനത്തുതന്നെ സ്ഥിതി ചെയ്യുന്ന വിനോദ സഞ്ചാര കേന്ദ്രമാണ് കോട്ടക്കുന്ന്. കുന്നിനു മുകളിലെത്തുമ്പോൾ വിശാലമായ പുൽപ്പരപ്പ്. പുൽപ്പരപ്പിനു മുകളിൽ ഭീതിയുണർത്തുന്ന കൊലക്കിണർ. വെള്ളമില്ലാത്ത കിണറിനുള്ളിൽ വളർച്ചമുറ്റിയ ഒരു വയസ്സൻ പട്ടമരമുണ്ട്. ഖിലാഫത്ത് നേതാക്കളുടെ വിചാരണ സ്ഥലമാണ് ഇതെന്ന് കരുതുന്നു. വാരിയൻ കുന്നത്ത് മുഹമ്മദ് ഹാജിയേയും കൂട്ടരേയും ബ്രിട്ടീഷ് സാമ്രാജ്യം വധിച്ചത് അവിടെ വെച്ചാണ്. കിണറും പട്ടമരവും ഇപ്പോൾ ഇവിടെയില്ല. ഇവിടെ ഇപ്പോൾ ഹെലിപ്പാഡ് ആണ്.





ഇന്ത്യയുടെ സ്വാതന്ത്ര്യാനന്തരം ഈ പ്രദേശം പട്ടാളത്തിന്റെ കൈവശമായിരുന്നു. മലപ്പുറം നഗരത്തിലുണ്ടായിരുന്ന പട്ടാള ക്യാമ്പിലെ പട്ടാളക്കാർക്ക് വെടിവെപ്പ് പരിശീലനത്തിനുള്ള രണ്ട് കേന്ദ്രങ്ങളിൽ ഒന്ന് ഈ കുന്നിൻ ചെരിവിൽ ആയിരുന്നു. സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി ഈ പ്രദേശം സംസ്ഥാന സർക്കാരിന് അനുവദിച്ചു കിട്ടി. ഇവിടെ ഇപ്പോൾ സർക്കാർ സംരക്ഷണയിലാണ്. സന്ദർശകരെ ആകർഷിക്കുന്നതിനായി ടൗൺഹാളും ആർട്ട് ഗ്യാലറിയും, സന്ധ്യാ സംഗമ ഇരിപ്പിടങ്ങളും പ്രകാശ ദൃശ്യ വിരുന്നുകളുമായി കുന്ന് മോടി പിടിപ്പിച്ചിരിക്കുന്നു. ഇപ്പോൾ ജില്ലയിൽ ഏറ്റവുമധികം വിനോദസഞ്ചാരികൾ സന്ദർശിക്കുന്ന പ്രദേശമായി കോട്ടക്കുന്ന് മാറിയിരിക്കുന്നു. 30 ഏക്കറിൽ നിർമ്മിച്ചിരിക്കുന്ന പാർക്കിൽ കുട്ടികൾക്കും മുതിർന്നവർക്കും ഉപയോഗപ്പെടുത്താവുന്ന വിവിധ വിനോദോപാധികളും റൈഡുകളുമുണ്ട്. മ്യൂസിക്കൽ ഡാൻസിംഗ് ഫൗണ്ടൻ &

ലേസർഷോ, അഡ്വഞ്ചർ പാർക്ക്, സൈക്കിൾ ട്രാക്ക്, 12 ഡി തിയ്യേറ്റർ, ട്രാഫിക്പാർക്ക്, ഫുഡ്പാർക്ക്, ഫ്ളവർ ഗാർഡൻ, എന്നിവയെല്ലാ കോട്ടക്കുന്നിലുണ്ട്. എല്ലാ സായാഹ്നങ്ങളിലും വിശിഷ്യാ വാരാന്ത്യങ്ങളിൽ ഇവിടെ കാഴ്ചക്കാരെക്കൊണ്ട് നിറയുന്നു.

7 കൊടികുത്തി മല

നഗരത്തിന്റെ മനം മടിപ്പിക്കുന്ന ആരവങ്ങളിൽ നിന്നും അകന്ന് നിർച്ചോലകളുടെ സംഗീതവും തഴുകിയെത്തുന്ന കുളിർകാറ്റും, ആകാശ നീലിമയിൽ ഒഴുകുന്ന മേഘശകലങ്ങളുമായി സന്ദർശകരെ കാത്ത് കൊടികുത്തി മല. കോഴിക്കോട് പാലക്കാട് ദേശീയപാതയിൽ പെരിന്തൽമണ്ണയിൽ നിന്നും മണ്ണാർക്കാട് പോകുന്ന വഴിയിൽ അമ്മിനിക്കാട് സ്റ്റോപ്പിൽ നിന്നു 4.05 കി.മീ. സഞ്ചരിച്ചാൽ കൊടികുത്തിമലയിലെത്താം. 2100 അടി ഉയർന്നുനിൽക്കുന്ന ഈ മല പ്രകൃതി ദൃശ്യങ്ങളുടെ വിസ്മയ കാഴ്ചകളുമായി അനേകം പ്രകൃതി സ്നേഹികളെ ആകർഷിക്കുന്നു.

കൊടുകുത്തി മലയിൽ സദാ കാറ്റിന്റെ മർമ്മരമാണ്. പച്ച പുതച്ച കുന്നിൽ നെറുകയിൽ നിരീക്ഷണഗോപുരം തലയുയർത്തി നിൽക്കുന്നു. ഗോപുരത്തിന്റെ ചുവടെത്തിയാൽ താഴ്വാരത്തു നിന്നും തികച്ചും വ്യത്യസ്ഥമായ കാലാവസ്ഥ. മൂളിക്കുതിക്കുന്ന കാറ്റിന്റെ തളളലിൽ കാലിടറാതെ നിൽക്കാൻ സഞ്ചാരികൾ ഒന്ന് ശ്രദ്ധച്ചേ മതിയാകൂ. മറ്റു ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ നിന്നും കൊടികുത്തിമലയെ വ്യത്യസ്ഥമാക്കുന്നതും കാറ്റിന്റെ ഈ കളിതന്നെ. മലയുടെ മുകളിൽ നട്ടുച്ചയ്ക്ക് പോലും കുളിരണിയിക്കുന്ന തണുപ്പാണ്. മരങ്ങളൊന്നുമില്ലാതെ 55 ഏക്കറിൽ പരന്നു കിടക്കുന്ന വിശാലമായ പുൽമേട്. മലയുടെ മുകളിൽ നിന്ന് അൽപം കിഴക്കോട്ട മാറിയാൽ ഭീതിജനകവും ചെങ്കുത്തായതുമായ അഗാധ ഗർത്തങ്ങളുണ്ട്. ഇത് കൊടൈക്കനാലിലെ ആത്മഹത്യാമുനമ്പിനെ ഓർമ്മിപ്പിക്കും. അന്യമാകുന്ന അനേകം ഔഷധങ്ങളുടെ കലവറ കൂടിയാണ് കൊടികുത്തിമല.



8 പടിഞ്ഞാറേക്കര ബീച്ച്

ജില്ലാ ആസ്ഥാനത്തു നിന്നും 45 കിലോമീറ്റർ അകലെ പൊന്നാനിയിൽ ടിപ്പു സുൽത്താൻ റോഡ് അവസാനിക്കുന്നിടത്താണ്, കേരളത്തിലെ തന്നെ അതി മനോഹരമായ പടിഞ്ഞാറേക്കര ബീച്ച്. ഭാരതപുഴയും തിരൂർപുഴയും അറബിക്കടലിൽ ചേരുന്ന അത്ഭുതാവഹമായ കാഴ്ച ഇവിടെ നിന്നും ആസ്വദിക്കാം.





9 നാടുകാണിച്ചുരം

തമിഴ്നാട് അതിർത്തിയോട് ചേർന്ന് കിടക്കുന്ന നാടുകാണിച്ചുരവും പരിസരവും ജില്ലയുടെ വിനോദ സഞ്ചാര ഭൂപടത്തിൽ ശ്രദ്ധയാകർഷിക്കുന്ന മേഖലയാണ്. വഴിക്കടവ് കഴിഞ്ഞാൽ ചുരം തുടങ്ങുകയായി. സമുദ്രനിരപ്പിൽ നിന്നും 900 ഉയരത്തിലാണ് നാടുകാണി പ്രദേശങ്ങൾ. പശ്ചിമഘട്ടത്തിലെ നീലഗിരിക്കുന്നുകളിലെത്തുന്നതോടെ തണുപ്പ് വർദ്ധിക്കുന്നു. കാട്ടിലൂടെ 12 കി.മീറ്റർ ദൂരം മലപ്പുറം ജില്ലയുടെ ഭാഗമാണ്. ഊട്ടി, മൈസൂർ, ബാംഗ്ളൂർ, വയനാട് എന്നിവിടങ്ങളിലേയ്ക്കുള്ള ഗേറ്റ് വേയാണ് നാടുകാണിച്ചുരം.



10 കടലുണ്ടിപ്പുഴയോരം

കടലുണ്ടിപ്പുഴയോരത്ത് പ്രകൃതിയുടെ വരദാനമായി കേരളത്തിലെ അത്യപൂർവ്വമായ കണ്ടൽ വനമേഖലയും പക്ഷിസങ്കേതവും. അഴിമുഖത്തു നിന്നാരംഭിച്ച് കിലോമീറ്ററുകൾക്കപ്പുറം കോട്ടക്കടവ് പാലത്തിനിരുവശത്തുമായി ചെന്നെത്തുന്ന കണ്ടൽ വനങ്ങളുടെ ഹരിതഭംഗി 400 ഏക്രയലധികം വിസ്തീർണ്ണത്തിൽ പുഴയുടെ ഇരു തീരങ്ങൾക്കും ഘനശ്യാമളിമ പകരുന്നു. കണ്ടൽ വന മേഖലയുമായി ബന്ധപ്പെട്ട് കിടക്കുന്നതാണ് പക്ഷിസങ്കേതം. സ്വദേശികളും വിദേശികളുമടക്കം 83 ഇനം പക്ഷികളുടെ സങ്കേതമാണിത്.



11 ടൂറിസം പദ്ധതികൾ

മലപ്പുറം ഡി.ടി.പി.സിയുടെ കീഴിൽ നിരവധി ടൂറിസം പദ്ധതികൾ ജില്ലയിൽ നടപ്പാക്കിയിട്ടുണ്ട്. ജില്ലയിൽ 15 ടൂറിസം ഡെസ്റ്റിനേഷനുകൾ ഡി.ടി.പി.സിയുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. മമ്പീതി ഇക്കോ വില്ലേജ് (50 ലക്ഷം), കാലിക്കറ്റ് യൂണിവേഴ്സിറ്റി ഫോറസ്റ്റ് നൈബർ ഹുഡ് (2 കോടി), നിലമ്പൂർ ടൂറിസ്റ്റ് ഹബ്ബ് (2 കോടി), ഫൺ സോൺ അറ്റ് ചേറുമ്പ് ഇക്കോ വില്ലേജ് & വണ്ടൂർ ടൗൺ സ്ക്വയർ (65 ലക്ഷം) അഗ്രോ ടൂറിസം പ്രൊജക്ട് ആനക്കയം (40 ലക്ഷം), കൺസ്ട്രക്ഷൻ ഓഫ് മറൈൻ മ്യൂസിയം, പൊന്നാനി (4 കോടി 36 ലക്ഷം), കോട്ടക്കുന്ന് ഡെവലപ് മെന്റ് പ്രൊജക്ട് (2 കോടി), തിരൂർ ടൂറിസം പ്രൊജക്ട് (1 കോടി). പൂന്താനം സാംസ്ക്കാരിക നിലയം

(90 ലക്ഷം), പുഴയോര സ്നേഹ പാത (1 കോടി 36 ലക്ഷം), ഡെവലപ്മെന്റ് ഓഫ് പിൽഗ്രിം ടൂറിസം ഫെസിലിറ്റീസ് ഇൻ ശ്രീരാമ ടെമ്പിൾ, രാമപുരം (8.5 ലക്ഷം), ഡെവലപ്മെന്റ് ഓഫ് പിൽഗ്രിം ടൂറിസം ഫെസിലിറ്റീസ് ഇൻ തൃക്കളയൂർ ടെമ്പിൾ (16 ലക്ഷം), ബിയ്യം ബ്രിഡ്ജിൽ കുട്ടികളുടെ കളിയുപകരണങ്ങൾ സ്ഥാപിക്കൽ (16 ലക്ഷം) തുടങ്ങിയ ടൂറിസം പദ്ധതികൾ ഡി.ടി.പി.സിയുടെ കീഴിൽ നടന്നു വരുന്നു.

ടൂറിസം വികസനം – കാഴ്ചപ്പാട്

ജില്ലയിലെ സാംസ്കാരിക പൈതൃകവും പരിതസ്ഥിതിയും പരിരക്ഷിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടും ഇവിടത്തെ വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി ഉൽപാദനവും വരുമാനവും തൊഴിലവസരങ്ങളും വർദ്ധിപ്പിച്ചു കൊണ്ടും, അതുവഴി ദാരിദ്ര്യ നിർമ്മാർജ്ജനത്തിനു വഴിയൊരുക്കിയും നാടിന്റെ നാനാമുഖമായ പുരോഗതിക്ക് ടൂറിസം ഏറ്റവും പ്രധാനമേഖലയായിത്തീരും വിധം ലോക സഞ്ചാരികളിൽ ഉയർന്ന ഗുണമേന്മ കാംക്ഷിക്കുന്നവർക്കുതകുന്ന മികച്ച വിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റുക.

ജില്ലയുടെ പ്രധാന പൈതൃകമായ ഉൽസവങ്ങൾ, കരകൗശല സാധനങ്ങൾ, അതുല്യമായ കലാ രൂപങ്ങൾ, സംസ്കാരം, പാരമ്പര്യം ഇവയെല്ലാം സംരക്ഷിക്കുന്നതിനും, പരിരക്ഷിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണം. ഇത് കൂടാതെ ടൂറിസം നിലനിർത്തുവാൻ പുതിയ ഉൽപ്പന്നങ്ങൾ വികസിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യേതാണ്. അതിലൂടെ കൂടുതൽ വിദേശി സഞ്ചാരികളെ ആകർഷിയ്ക്കാൻ കഴിയും.

1 സുസ്ഥിര ടൂറിസം വികസനവും തൊഴിൽ അവസരങ്ങളും

ടൂറിസം മേഖലയിലെ ഏതൊരു പദ്ധതിയും വിജയകരമാവണമെങ്കിൽ തദ്ദേശ വാസികളുടെ പങ്കാളിത്തം കൂടിയേ തീരൂ. ടൂറിസം മുഖ്യമായും പ്രകൃതിയെ ആധാരമാക്കിയിട്ടുള്ളതാണ്. വികസന പ്രവർത്തനങ്ങൾ പ്രകൃതിയ്ക്ക് കോട്ടം തട്ടാത്തരീതിയിലും അതോടൊപ്പം തദ്ദേശവാസികൾക്ക് തൊഴിലവസരം ലഭിക്കുന്ന രീതിയിലുമായിരിക്കണം. സുസ്ഥിര വികസനം കൈവരിക്കുന്നതിൽ ഉത്തരവാദിത്ത ടൂറിസത്തിന്റെ പങ്ക് കണക്കിലെടുത്ത് ജില്ലയിലാകമാനം ഇത് വ്യാപിക്കുന്നതിനുള്ള നടപടികൾ കൈകൊള്ളണം. ഇതിനായി ടൂറിസം വികസനത്തിനായുള്ള പദ്ധതികൾ തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതികളുടെ ഭാഗമായി ആവിഷ്കരിക്കണം.

2 ഉത്തരവാദിത്ത ടൂറിസം നടപ്പാക്കൽ.

ഉത്തരവാദിത്ത ടൂറിസം (Responsible Tourism) എന്നത് കേരളത്തിന്റെ ഔദ്യോഗിക ടൂറിസം നയമാണ്. ഒരു ടൂറിസ്റ്റ് കേന്ദ്രത്തെ ആ നാട്ടിലെ ജനങ്ങൾക്ക് നന്നായി ജീവിക്കാൻ കഴിയുന്ന തരത്തിൽ നിലനിർത്തി കൊണ്ടുതന്നെ, സഞ്ചാരികൾക്ക് എത്താനും, താമസിക്കാനും, ആസ്വദിക്കാനും കഴിയുന്ന കേന്ദ്രമാക്കി മാറ്റുക എന്നതാണ് ഉത്തരവാദിത്ത ടൂറിസത്തിന്റെ പ്രധാന ഘടകങ്ങൾ. ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളുടെ കേന്ദ്രമായി ഒരു മേഖല മാറുമ്പോൾ അവിടുത്തെ പ്രാഥമിക സൗകര്യങ്ങളും പൊതുവികാസവും സംഭവിക്കുന്നു. ഇതിനായി ടൂറിസം സംരംഭകരും പ്രാദേശിക ജനതയും ഒത്തു ചേരുന്ന വേദികൾ രൂപപ്പെടണമെന്നതാണ് ഈ രംഗത്ത് വിജയം വരിച്ച പദ്ധതികളിൽ നിന്ന് വ്യക്തമാക്കുന്നത്. ഒരു ടൂറിസം പദ്ധതിയുടെ വികസനം പുറത്ത് നിന്ന് കാണാനെത്തുന്നവർക്ക് വേണ്ടി മാത്രമല്ല, പ്രദേശത്തിന്റെ പൊതു ആവശ്യമാണെന്ന ബോധം പ്രദേശ വാസികളിൽ സൃഷ്ടിക്കാൻ കഴിയണം. പ്രദേശത്തെ സാധാരണ കർഷകർ, കൈത്തൊഴിലുകാർ, കുടുംബശ്രീ പ്രവർത്തകർ കലാ പ്രവർത്തകർ എന്നിവർക്ക് ആ നാട്ടിലെ ടൂറിസം കേന്ദ്രത്തിൽ നിന്ന് ചെറിയ തോതിലെങ്കിലും നിശ്ചിതവരുമാനമോ, അധികവരുമാനമോ ലഭിക്കുന്ന നില വരണം. സ്ത്രീ ശാക്തികരണ പ്രവർത്തനങ്ങളും പ്രധാനമാണ്.

3 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ പുതിയ ടൂറിസം കേന്ദ്രങ്ങൾകണ്ടെത്തലും, വികസന പ്രവർത്തനങ്ങളും.

1997-ൽ നടപ്പിലാക്കിയ ജനകീയാസൂത്രണം തദ്ദേശ പങ്കാളിത്തത്തോടു കൂടിയ വികേന്ദ്രീകൃത പദ്ധതിക്ക് അടിത്തറപാകി. എന്നാൽ, നാളിതുവരെ ടൂറിസ ബന്ധിത പദ്ധതികൾ പ്രാദേശിക വികസനത്തിന്റെ ഭാഗമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കാര്യമായി ഏറ്റെടുത്തില്ല. ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് മർമ്മ പ്രധാനമായ പങ്കാളിത്തം വഹിക്കാനാകും.

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വികസന പദ്ധതികൾ തയ്യാറാക്കുമ്പോൾ ടൂറിസം വികസന പദ്ധതികൾ ആവിഷ്കരിക്കുക.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ടൂറിസം സംരഭകരുമായി ചേർന്ന് സാമൂഹ്യ സംരംഭകത്വ വികസന പരിപാടി നടപ്പിലാക്കുക.
- സ്വയം തൊഴിൽ, കൂട്ടു സംരംഭം, കുടുംബ സംരഭങ്ങൾ തുടങ്ങിയവ വഴി പ്രാദേശിക തലത്തിൽ ടൂറിസം ബിസിനസ്സ് ശക്തിപ്പെടുത്തുക.
- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും സഹകരണ പ്രസ്ഥാനങ്ങളും ചേർന്ന് പ്രാദേശിക തലത്തിൽ ടൂറിസം സംയുക്ത സംരഭങ്ങളും, അടിസ്ഥാന സൗകര്യവികസനവും പ്രോത്സാഹിപ്പിക്കുക.
- തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ ടൂറിസം വിഭവ ഭ്രപടം തയ്യാറാക്കി പ്രാദേശിക ടൂറിസം വികസന പദ്ധതികൾ ആവിഷ്കരിക്കുക.
- ടൂറിസം കേന്ദ്രം മാലിന്യ രഹിതവും, ആരോഗ്യദായകവുമായി നിലനിർത്തുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ പ്രത്യേക പദ്ധതി നടപ്പിലാക്കുക.
- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, ടൂറിസ്റ്റ് ബിസിനസ്സ് സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കുടുംബശ്രീ എന്നിവയുടെ പങ്കാളിത്തത്തോടെ പദ്ധതികൾ ആവിഷ്കരിക്കുക.
- വഴിവാണിഭക്കാർ, റെസ്റ്റോറന്റുകൾ എന്നിവ വഴി സുരക്ഷിത ഭക്ഷണം ലഭ്യമാക്കുന്നതിന് ഭക്ഷ്യ സുരക്ഷ കമ്മീഷണൻ കാര്യാലയവുമായി സഹകരിച്ച് പരിശീലന പരിപാടികളും, മോണിറ്ററിംഗ് സംവിധാനവും നടപ്പിലാക്കുക.

4. പ്രകൃതിക്കു കോട്ടം തട്ടാത്ത രീതിയിലുള്ള ടൂറിസം വികസനവും അനുബന്ധ പ്രവർത്തനങ്ങളും

അന്താരാഷ്ട്ര തലത്തിൽ മൽസരം നേരിടുന്ന വ്യവസായം എന്ന നിലയിൽ, പൊതു അടിസ്ഥാന സൗകര്യങ്ങളും ടൂറിസം അടിസ്ഥാന സൗകര്യങ്ങളും ലോക നിവാരത്തിലേക്ക് ഉയർത്തേണ്ടതുണ്ട്. ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ പൊതുവായ അടിസ്ഥാന സൗകര്യ വികസനം സർക്കാരിന്റെ ചുമതലയാണ്, റോഡ്, കുടിവെള്ളം, പൊതു ടോയ്ലറ്റുകൾ, മാലിന്യ സംസ്കരണ സൗകര്യങ്ങൾ, ഇന്റർനെറ്റ് കണക്ടിവിറ്റി, വൈദ്യുതി, പാർക്കിംഗ് എന്നിവ ഇതിലുൾപ്പെടും. എന്നാൽ, ടൂറിസം വികസനത്തിന് പദ്ധതികൾ തയ്യാറാക്കുമ്പോൾ പ്രകൃതിയ്ക്ക് കോട്ടം തട്ടാത്ത രീതിയിലും ആ രംഗത്ത് കടന്ന് വരുന്ന അനാശാസ്യ പ്രവണതകളെ തിരിച്ചറിയുകയും അതിനെ പ്രതിരോധിക്കാനും കഴിയേതുണ്ട്. കൂടാതെ എല്ലാ ടൂറിസം വികസന പ്രവർത്തനങ്ങളും അതാത് കേന്ദ്രങ്ങളുടെ സംവാഹശേഷിയുടെ അടിസ്ഥാനത്തിൽ ക്രമീകരിക്കുകയും ചെയ്യുന്ന രീതിയിലായിരിക്കണം. ഇതിനായി തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ പദ്ധതികൾ തയ്യാറാക്കുമ്പോൾ ടൂറിസം സാദ്ധ്യതാ പഠനം നടത്തേണ്ടത് അനിവാര്യമാണ്.

വിവിധ ടൂറിസം ഡെസ്റ്റിനേഷനുകളുടെ വികസന കാഴ്ചപ്പാട്.

1. ആഡ്യൻ പാറ ടൂറിസം ഡെസ്റ്റിനേഷൻ.

ആഡ്യൻപാറ ടൂറിസം ഡെസ്റ്റിനേഷൻ വളർന്നു വരുന്ന ഒരു ടൂറിസം ഡെസ്റ്റിനേഷനാണ്. അടുത്ത 5 വർഷത്തിനുള്ളിൽ കേരളമാകെ അറിയപ്പെടുന്ന രീതിയിൽ വികസിപ്പിക്കുന്നതിന് താഴെ പറയുന്ന ഘടകങ്ങൾകൂടി ആവശ്യമാണ്.

- ചിൽഡ്രൻസ് പാർക്ക്- 5 വയസ്സു മുതൽ 12 വയസ്സു വരെയുള്ള കുട്ടികൾക്ക് കളിക്കാവുന്ന പാർക്ക് പണി കഴിപ്പിക്കുകയാണെങ്കിൽ പാർക്ക് കൂടുതൽ ആകർഷകമാക്കാൻ സാധിക്കും.
- വൈദ്യുതീകരണം - സോളാർ മാതൃകയിലുള്ള ലൈറ്റ് സ്ഥാപിക്കുകയാണെങ്കിൽ ഊർജ്ജ സ്വയം പര്യാപ്തമായ ഒരു ഡെസ്റ്റിനേഷൻ വിഭാവനം ചെയ്യാവുന്നതാണ്. 24 മണിക്കൂറും പ്രവർത്തിക്കുവാൻ സാധ്യമായ സോളാർ പാനൽ മോഡൽ അനെർട്ട് സബ്സിഡിയോടു കൂടി വാങ്ങാവുന്നതാണ്.
- ഡെസ്റ്റിനേഷന്റെ പൂർണ്ണമായ ഡെവലപ്മെന്റിനായി ഷവർ ബാത്തിങ്ങ്, റോക്ക് ക്ലൈംബിങ്ങ്, ഫെൻസിംഗ്, ഇൻഫോർമേഷൻ സെന്റർ, ക്യാമ്പ് സൈറ്റിങ്ങ് & ഡോർമെട്രി എന്നീ ഘടകങ്ങൾ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. മേൽപറഞ്ഞ ഘടകങ്ങൾ കൂടാതെ ഒരു വെർട്ടിക്കൽ ഗാർഡൻ കൂടി ഉൾപ്പെടുത്തി 2 കോടി രൂപയുടെ പ്രൊജക്ട് ടൂറിസം വകുപ്പിലേയ്ക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

2. കേരളാം കുണ്ട്

കേരളാം കുണ്ട് വെള്ളച്ചാട്ടം അഡ്വഞ്ചർ ടൂറിസത്തിന് ഏറെറവുമധികം യോജിച്ച ഡെസ്റ്റിനേഷനാണ്. ട്രക്കിങ്ങ് ക്യാമ്പ് സൈറ്റ്, സിബ് ലൈൻ, റോക്ക് ക്ലൈബിങ്ങ്, റിവർ ക്രോസിങ്ങ്, എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തുകയാണെങ്കിൽ മേൽ പ്രദേശത്തിന്റെ ടൂറിസം സാധ്യത ഇരട്ടിയായി വർദ്ധിപ്പിക്കാവുന്നതാണ്. മേൽപറഞ്ഞ ഘടകങ്ങൾ ഉൾപ്പെടുത്തി 1.50 കോടി രൂപയ്ക്ക് പദ്ധതി തയ്യാറാക്കുവുന്നതാണ്. കേരളാം കുണ്ട് പ്രദേശത്തെ പുറംലോകം അറിയണമെങ്കിൽ പൂർണ്ണ സഞ്ചാര യോഗ്യമായ റോഡ് സൗകര്യം ആവശ്യമാണ്. ഇതിനായി ഒരു പദ്ധതി പി.ഡബ്ല്യു.ഡി റോഡ് ഡിവിഷന്റെ പരിഗണനയിലുണ്ട്.

3. ബിയ്യം കായൽ

ആദ്യകാലം മുതൽ ഡി.ടി.പി.സിയുടെ പരിഗണനയിലുള്ള പഴയതും പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുമായ ടൂറിസം ഡെസ്റ്റിനേഷനാണ് ബിയ്യം കായൽ. സ്പീഡ് ബോട്ട്, പെഡൽ ബോട്ട്, എന്നിവയ്ക്കനുയോജ്യമായ പ്രദേശമാണിത്. ബിയ്യം ബ്രിഡ്ജ്, ബിയ്യം കായൽ, ബീബി ജാറം എന്നീ പ്രദേശങ്ങളെ യോജിപ്പിച്ചുകൊണ്ട് സ്പീഡ് ബോട്ട് സർവ്വീസ് പരിഗണിക്കാവുന്നതാണ്. ആലപ്പുഴ മാതൃകയിൽ ഹൗസ് ബോട്ടിംഗ് സംവിധാനം വളരെയധികം ലാഭകരമായ രീതിയിൽ പ്രവർത്തിപ്പിക്കാനുള്ള സാഹചര്യം ബിയ്യം കായലിനുണ്ട്. വളരുന്ന പൊന്നാനിക്ക് ടൂറിസം വികസനത്തിനായി കയാക്കിങ്, ഇൻഫർമേഷൻ സെന്റർ, പാരാസെയിലിങ്ങ് എന്നിവ കൂടി ഉൾപ്പെടുത്തി മാതൃകാ ടൂറിസം ഡെസ്റ്റിനേഷനായി വികസിപ്പിക്കുന്നതിന് ബൃഹത്തായ മാസ്റ്റർ പ്ലാൻ തയ്യാറാക്കാവുന്നതാണ്.

4. ഒട്ടുമ്പുറം ബീച്ച് & പടിഞ്ഞാറേക്കര ബീച്ച്

അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി ടൂറിസം വകുപ്പിന്റെ പദ്ധതി പടിഞ്ഞാറേക്കര ബീച്ചിൽ നടന്നു വരുന്നുണ്ട്. ഒട്ടുമ്പുറം, പടിഞ്ഞാറേക്കര എന്നി ബീച്ചുകളെ ബന്ധിപ്പിച്ചു കൊണ്ടുള്ള ടൂറിസം പദ്ധതിയിൽ കോഡ് ബൈക്കിംഗ്, ബീച്ച് വോളിബോൾ കോർട്ട്, ബീച്ച് ഫുട്ബോൾ കോർട്ട്, ക്യാമ്പ് ടെന്റ്, പാരാ ഗ്ലൈഡിംഗ് എന്നീ ഘടകങ്ങളെ

ഉൾടുത്താവുന്നതാണ്. മേൽ പദ്ധതിയ്ക്കായി പ്രൊപ്പോസൽ തയ്യാറാക്കുന്നതിനാവശ്യമായ സാധ്യത ഡി.ടി.പി.സിയുടെ പരിഗണനയിലാണ്.

5. നിളയോരം പാർക്ക്

നിളയോരം പാർക്കിന്റെ നവീകരണത്തിനോടൊപ്പം പ്രധാന റോഡിൽനിന്ന് പാർക്കിനെ ബന്ധിപ്പിക്കുന്ന റോഡിന്റെ നവീകരണം, ലാമ്പ് പോസ്റ്റുകൾ, നടപ്പാത, റോഡിന് ഇരുവശത്തുമുള്ള സൗന്ദര്യവൽക്കരണം എന്നീ ഘടകങ്ങളുടെ വികസനം ആവശ്യമാണ്.

ജില്ലയിലെ ദുരന്തനിവാരണ വകുപ്പുമായി യോജിച്ചു കൊണ്ട് പുനർജനി പദ്ധതി – ഗ്രീൻ ഡെവലപ്മെന്റ് – പരിസ്ഥിതി സൗഹൃദമായ രീതിയിൽ വികസിപ്പിക്കാവുന്നതാണ്. മേൽപറഞ്ഞ പദ്ധതി മൂലം നിളാ പാർക്കിനോട് ചേർന്നുള്ള 7 ഏക്കർ പ്രദേശത്തിന്റെ ടൂറിസം വികസനം സാധ്യമാക്കാവുന്നതാണ്.

നിളയോരം പാർക്ക്, മിനി പമ്പ തീർത്ഥാടന ടൂറിസം ഡെസ്റ്റിനേഷൻ, മാമാങ്ക സ്മാരകങ്ങൾ എന്നിവയെ ഉൾപ്പെടുത്തി ഇൻഫർമേഷൻ കൗണ്ടർ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.

6. കോട്ടക്കുന്ന് പാർക്ക്

കോട്ടക്കുന്ന് പാർക്ക് മാസ്റ്റർ പ്ലാൻ അടിസ്ഥാനത്തിൽ വികസിച്ചു കൊണ്ടിരിക്കുന്ന ജില്ലയിലെ പ്രധാന പാർക്കാണ്. കോട്ടക്കുന്ന് പ്രദേശത്തിന്റെ ആകാശകാഴ്ച സാധ്യമാക്കുന്ന കേബിൾ കാർ, മൾട്ടി പ്ലക്സ് തിയ്യേറ്റർ സമുച്ചയം, കൺവെൻഷൻ സെന്റർ കം മോഡേൺ ഹെൽത്ത് ക്ലബ്ബ്, വ്യൂ പോയിന്റ്, കോട്ടേജുകൾ, ടൂറിസം വകുപ്പിന്റെ പദ്ധതിയായി നടപ്പിലാക്കുന്നതിന് വളരെ സാധ്യതയുള്ള പ്രദേശമാണിത്. ബട്ടർഫ്ലൈഗാർഡന്റെ പ്രവൃത്തി നടന്നു വരുന്നു. ജില്ലയിലെ എല്ലാ ടൂറിസം ഡെസ്റ്റിനേഷനുകളെയും ബന്ധിപ്പിച്ചുകൊണ്ട് പുതിയ മാതൃകയിലുള്ള ടച്ച് സ്ക്രീൻ സംവിധാനത്തോടു കൂടിയ ഇൻഫോർമേഷൻ കൗണ്ടർ നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. നിലവിലുള്ള പദ്ധതികളോടൊപ്പം തന്നെ പാർക്കിന്റെ അടിസ്ഥാന സൗകര്യ വികസനം ഡി.ടി.പി.സി ഗ്രീൻ കാർപ്പെറ്റ്, ബാരിയർ ഫ്രീ ഡെസ്റ്റിനേഷൻ എന്നീ പദ്ധതികൾ മുഖേന നടപ്പിലാക്കുന്നുണ്ട്. പാർക്കിൽ ലഭ്യമാകുന്ന മഴവെള്ളം, റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ് സിസ്റ്റം പദ്ധതിയായി ഡെവലപ് ചെയ്യുകയാണെങ്കിൽ ജല ദൗർലഭ്യം പരിഹരിക്കാവുന്നതാണ്.

7. അഗ്രോ ടൂറിസം പദ്ധതി

ആനക്കയം കാർഷിക ഗവേഷണ കേന്ദ്രം, തവനൂർ കാർഷിക സർവ്വകലാശാലാ കോളേജ് എന്നീ കേന്ദ്രങ്ങൾ ഉൾപ്പെടുത്തി സ്വയം പര്യാപ്തമായ രീതിയിലുള്ള ഒരു അഗ്രോ ടൂറിസം പദ്ധതി വിഭാവനം ചെയ്യാവുന്നതാണ്. മേൽപദ്ധതിയ്ക്കായി ആനക്കയം ഗവേഷണകേന്ദ്രത്തിൽ 40 ലക്ഷം രൂപയുടെ മിനി അഗ്രോ ടൂറിസം പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

8. ശാന്തിതീരം റിവർ സൈഡ് പാർക്ക്

ശാന്തിതീരം പാർക്കിലേയ്ക്ക് കൂടുതൽ വിനോദ സഞ്ചാരികൾക്ക് സുഗമമായി എത്തിച്ചേരുന്നതിന് ഗതാഗത സൗകര്യ വികസനം ആവശ്യമാണ്. മേൽ പ്രവൃത്തിക്ക് കളക്ടേറ്റ് റവന്യൂ വകുപ്പുമായി സഹകരിച്ച് പദ്ധതി തയ്യാറാക്കാവുന്നതാണ്.

ശാന്തിതീരം പാർക്കിന് അനുയോജ്യമായ രീതിയിലുള്ള വാട്ടർ തീം ബേസ്ഡ് ആക്ടിവിറ്റി, എലിവേറ്റഡ് കോഫി ഷോപ്പ്, വ്യൂ പോയിന്റ്, കിഡ്സ് പ്ലേ എക്യുപ്മെന്റ്സ്, റോക്ക് ക്ലൈംബിങ്ങ്, എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് പദ്ധതി പരിഗണിക്കാവുന്നതാണ്. വാട്ടർ സ്കൂട്ടർ, സ്പീഡ് ബോട്ട്, എന്നീ ഘടകങ്ങൾ സ്ഥാപിക്കാനുള്ള പദ്ധതി കൂടി മേൽപ്രദേശത്ത് ഉൾപ്പെടുത്താവുന്നതാണ്.

9. ചെരണി ടൂറിസം ഉദ്യാനം

മഞ്ചേരി നഗരത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന ഡി.ടി.പി.സിയുടെ പാർക്കാണ് ചെരണി ടൂറിസം ഉദ്യാൻ. ആംഫി തീയ്യേറ്റർ, വാക്ക് വേ, അമിനിറ്റി സെന്റർ, കോൺഫറൻസ് ഹാൾ, എന്നിവയെല്ലാം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ പാർക്കിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പാർക്കിനെക്കുറിച്ച് പരിസരവാസികൾക്ക് മാത്രമേ അറിയുകയുള്ളൂ എന്ന യാഥാർത്ഥ്യം നിലവിലുണ്ട്. പാർക്കിനെ മാർക്കറ്റ് ചെയ്യുന്നതിനോടൊപ്പം തന്നെ കലാ സാംസ്ക്കാരിക പരിപാടികൾ ഇവിടെ വെച്ച് നടത്തുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവർ മുന്നോട്ട് വന്നാൽ മാത്രമേ ഈ പദ്ധതി വിജയിക്കുകയുള്ളൂ.

ജില്ലയിൽ ടൂറിസം ഡെസ്റ്റിനേഷനായി വികസിപ്പിക്കേണ്ട പ്രദേശങ്ങൾ

മലപ്പുറം ജില്ലയുടെ ടൂറിസം സാദ്ധ്യത എന്നത് പൂർണ്ണമായും ഉപയോഗപ്പെടുത്താൻ ഇതുവരെയുള്ള ടൂറിസം പദ്ധതികൾക്ക് ആയിട്ടില്ല. പൂർണ്ണമായ സാദ്ധ്യത ഉപയോഗപ്പെടുത്താൻ താഴെ പറയുന്ന പദ്ധതികൾ കൂടി ആവശ്യമാണ്.

1. മുറിഞ്ഞമാട് – അരീക്കോട്. ചാലിയാർ പുഴയുടെ തീരത്ത്, സ്ഥിതി ചെയ്യുന്ന ടൂറിസം സാധ്യതയുള്ള പ്രദേശമാണ് മുറിഞ്ഞമാട് പ്രദേശം. പരിസ്ഥിതിക്ക് കോട്ടം തട്ടാതെയുള്ള ടൂറിസം പദ്ധതി മേൽ പ്രദേശത്ത് വിഭാവനം ചെയ്യാവുന്നതാണ്. വാട്ടർ തീം ആക്ടിവിറ്റികൾഇവിടെ പരിഗണിക്കാവുന്നതാണ്.

2. കുരങ്ങൻ ചോല– മങ്കട. പ്രകൃതിയുടെ തനത് സൗന്ദര്യം ആസ്വദിക്കാൻ ഏറ്റവും അധികം യോജിച്ച പ്രദേശമാണ് കുരങ്ങൻ ചോല. മങ്കടയിൽ നിന്ന് 6 കിലോമീറ്റർ പരിധിയിൽ സ്ഥിതിചെയ്യുന്ന മലയിടുക്കിന്റെ മുകൾ പ്രദേശമാണിത്. ടൂറിസം പദ്ധതിയ്ക്കായി ഈ പ്രദേശം പരിഗണിക്കാവുന്നതാണ്.

3. വെട്ടം മുനമ്പ്– പക്ഷിസങ്കേതം. തിരൂർ വെട്ടം പ്രദേശത്ത് സ്ഥുതിചെയ്യുന്ന പ്രകൃതി തന്നെ ഒരുക്കിയിട്ടുള്ള പക്ഷിസങ്കേതം ടൂറിസം സാദ്ധ്യത വളരെയേറെയുള്ള പ്രദേശമാണ്. മേൽ പ്രദേശത്തിന്റെ വികസനം സാധ്യമാക്കാവുന്നതാണ്. വള്ളിക്കുന്ന് പക്ഷിസങ്കേതം പോലെ തന്നെ വെട്ടം ഉരുത്ത് കണ്ടൽ കാടുകളാൽ സമൃദ്ധമാണ്. പ്രകൃതിയെ നശിപ്പിക്കാതെ തന്നെ ഒരു കമ്മ്യൂണിറ്റി റിസർവ്വായി ഇതിനെ മാറ്റാവുന്നതാണ്.

4. പൊന്നാനിപ്പുഴ ടൂറിസം പദ്ധതി– തദ്ദേശ വാസികളുടെ സഹായത്തോടു കൂടി ടൂറിസം പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കാവുന്ന പ്രദേശമാണിത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് നടപ്പിലാക്കാവുന്ന – ബോട്ട് സർവ്വീസ്, നടപ്പാത, കിയോസ്ക്കുകൾ എന്നിവ ഉൾപ്പെടുത്തി വികസിപ്പിക്കാവുന്ന പദ്ധതിയാണിത്.

5. മിനി ഊട്ടി –മലപ്പുറം ജില്ലയുടെ അരിമ്പ്ര കുന്നുകളുടെ താഴ്വരയിൽ സ്ഥിതി ചെയ്യുന്ന മിനി ഊട്ടി പ്രദേശം, പേർ സൂചിപ്പിക്കുന്നത് പോലെ ഊട്ടി കുന്നുകളുടെ തണുപ്പും മനോഹാരിതയും പ്രധാനം ചെയ്യുന്നതാണ്. ഇവിടെയുള്ള പ്രദേശം പൂർണ്ണമായും സ്വകാര്യ വ്യക്തികളുടെ അധീനതയിലാണ്. മേൽ പ്രദേശങ്ങൾ വികസിപ്പിക്കുന്നതിന് തദ്ദേശ വാസികളുടെ സഹായത്തോടെ പദ്ധതി തയ്യാറാക്കാവുന്നതാണ്.

6. ടൈബൽ വില്ലേജ്– കരുളായി വനത്തോടനുബന്ധിച്ച് ടൈബൽ വില്ലേജ് എന്ന രീതിയിൽ ഒരു പദ്ധതി പരിഗണിക്കാവുന്നതാണ്. പ്രകൃതിയോടിണങ്ങുന്ന മുള, ഇല എന്നിവ ഉപയോഗിച്ച് സീസണിംഗിന് വിധേയമായി നിർമ്മിക്കുന്ന പദ്ധതി കൂടുതൽ കാലം നിലനിൽക്കും. നെടുങ്കയം ടൂറിസം സങ്കേതത്തിനോടനുബന്ധിച്ചായതിനാൽ ടൂറിസം സാദ്ധ്യത വർദ്ധിക്കുന്നു.

7. പൊന്നാനി ടൂറിസം സർക്യൂട്ട് -പൊന്നാനി ടൂറിസം സർക്യൂട്ട് എന്ന രീതിയിൽ ബിയ്യം ബ്രിഡ്ജ്, ബിയ്യം കായൽ പദ്ധതി, മറൈൻ മ്യൂസിയം, എന്നീ പ്രദേശത്തെ ബന്ധപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

8. മലയോര ടൂറിസം സർക്യൂട്ട് -നാടുകാണി, വഴിക്കടവ്, നിലമ്പൂർ, ആഢ്യൻപാറ, കേരളാംകുണ്ട്, കൊടികുത്തിമല എന്നീ പ്രദേശങ്ങളെ ഒന്നിപ്പിച്ചു കൊണ്ട് മലയോര ടൂറിസം സർക്യൂട്ട് വിഭാവനം ചെയ്യാവുന്നതാണ്.

9. എൻടി ടു മലബാർ -മലപ്പുറത്തേയ്ക്കുള്ള പ്രധാന കവാടമെന്ന രീതിയിൽ വഴിക്കടവ് പ്രദേശത്തിൽ എൻടി ടു മലബാർ എന്ന രീതിയിൽ ടൂറിസം പദ്ധതികൾ നടപ്പാക്കാവുന്നതാണ്. ഊട്ടി, മൈസൂർ, ബാംഗ്ളൂർ, വയനാട് എന്നിവിടങ്ങളിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന സഞ്ചാരികളെ മലപ്പുറം ജില്ലയിലേയ്ക്ക് ആകർഷിപ്പിക്കുന്നതിന് ഇവിടെ ഗതാഗത സൗകര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും വികസിപ്പിച്ചു കൊണ്ട് പദ്ധതികൾ രൂപീകരിക്കാവുന്നതാണ്. നാടുകാണിച്ചുര മേഖലയിൽ സ്ഥിതി ചെയ്യുന്ന മലബാറിന്റെ തനിമ നിലനിർത്തിക്കൊണ്ടുള്ള ഛായാ ചിത്രങ്ങൾ, വിശ്രമ കേന്ദ്രങ്ങൾ, എന്നിവ സ്ഥാപിക്കാവുന്നതാണ്.

10. പുല്ലണി മംഗലത്ത് സ്ഥിതി ചെയ്യുന്ന വള്ളത്തോൾ സ്മാരകത്തിന്റെ വികസനം ടൂറിസം പ്രാധാന്യമർഹിക്കുന്നതാണ്.

11. ഹൗസ്ബോട്ട്, സ്പീഡ് ബോട്ട്, കയാക്കിംഗ്, നീന്തൽ, ബോട്ടിംഗ്, സ്പോർട്ടിംഗ്, ഫിഷിംഗ് തുടങ്ങിയ ജലാധിഷ്ഠിത വിനോദ സഞ്ചാര വികസനത്തിന് വലിയ സാദ്ധ്യതയുള്ള ജില്ലയാണ് മലപ്പുറം. ഇതിനായി പ്രത്യേക മാസ്റ്റർ പ്ലാൻ തയ്യാറാക്കാവുന്നതാണ്.

12. ടൂറിസം സർക്യൂട്ട്- നിലമ്പൂർ ടൂറിസം മേഖലകളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ഫോറസ്റ്റ് ടൂറിസം സർക്യൂട്ട് രൂപീകരിക്കാവുന്നതാണ്. കനോലി പ്ലോട്ട്, ഡി.എഫ്.ഒ ബംഗ്ലാവ്, തേക്ക് മ്യൂസിയം, നെടുങ്കയം എന്നീ കേന്ദ്രങ്ങൾ ഇതിൽ ഉൾപ്പെടുത്താവുന്നതാണ്.

13. ആഡ്യൻ പാറ, കോഴിപ്പാറ തോട്ടപ്പെട്ടി, പൊട്ടൻ പാറ, പഴശ്ശി ഗ്രഹ, കോഴിപ്പാറ കക്കാടാം പൊയിൽ എന്നീ മലയോര മേഖലകൾ ഉൾപ്പെടുത്തി ഒരു അഡ്വഞ്ചർ ടൂറിസം സർക്യൂട്ട് രൂപീകരിക്കാവുന്നതാണ്.

14. പറവണ്ണ ബീച്ച് (ഭിന്നശേഷി സൗഹൃദ ബീച്ച്) - തിരൂർ പറവണ്ണയിൽ സ്ഥിതി ചെയ്യുന്ന പറവണ്ണ ബീച്ചിൽ സഞ്ചാരികളുടെ വരവ് ക്രമാതീതമായി ഉയർന്നിരിക്കുന്നു. പ്രത്യേകിച്ചു ഭിന്നശേഷിക്കാരും കുട്ടികളുമാണ് കൂടുതലായും സന്ദർശകരായി വരുന്നത്. റോഡ് സൗകര്യം ബീച്ചിന് അടുത്തുവരെ എത്തുന്നതു കാരണമാണ് ഇവർക്ക് ഇവിടെ എത്തിപ്പെടാനും കടൽ ആസ്വദിക്കാനും കഴിയുന്നത്. ഇവിടെ ഭിന്നശേഷിക്കാർക്ക് ബീച്ചിൽ ഇറങ്ങാനും ആസ്വദിക്കാനും കഴിയുന്ന കടലിന്റെ സമീപത്തേക്കെത്തുന്ന തരത്തിൽ ബീച്ച് റാമ്പുകൾ സ്ഥാപിക്കുക. ഭിന്നശേഷിക്കാർക്കും കുട്ടികൾക്കും ഉപയോഗിക്കാൻ കഴിയുന്ന റൈഡുകളും പ്ലേ ഏരിയയും സ്ഥാപിച്ചു ജില്ലയിലെ ആദ്യത്തെ ഭിന്നശേഷി സൗഹൃദ ബീച്ച് ആക്കി പറവണ്ണ ബീച്ചിനെ മാറ്റുക.

ടൂറിസം മേഖലയിലെ ജില്ലയിലെ പ്രധാന ദൗർബല്യങ്ങൾ

1. പ്രതീക്ഷയ്ക്കൊത്ത് ഉയരാത്ത അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ.
2. നിലവാരമുള്ള കണക്ടിവിറ്റിയുടെ അഭാവം.
3. പ്രധാന വിപണികളിൽനിന്നുള്ള ദൂരം.
4. ഖര-ദ്രാവക മാലിന്യങ്ങൾ നിവാരണം ചെയ്യുന്നതിനുള്ള സംവിധാനത്തിന്റെ അപര്യാപ്തത.
5. നിലവാരമുള്ള ഷോപ്പിംഗ്, സംവിധാനങ്ങളുടെ കുറവ്.
6. അടിസ്ഥാന പശ്ചാത്തല സൗകര്യം പ്രദാനം ചെയ്യുന്ന വിവിധ വകുപ്പുകൾതമ്മിലുള്ള ഏകോപനത്തിന്റെ അഭാവം.

7. ടൂറിസത്തിനോട് നല്ല രീതിയിലുള്ള സമീപനത്തിന്റെ കുറവ്
8. നിലവാരമുള്ള താമസ സൗകര്യത്തിന്റെ കുറവ്.
9. ടൂറിസം സംരംഭകരുടെ അഭാവം.

പദ്ധതി നിർവ്വഹണത്തിൽ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ

1. സ്ഥല ലഭ്യതക്കുറവ് – ടൂറിസം പദ്ധതികൾക്ക് ആവശ്യമായ സ്ഥലം അനുവദിച്ചു നൽകുന്നതിൽ വിവിധ വകുപ്പുകൾ കാണിക്കുന്ന അലംഭാവം ടൂറിസം വികസനത്തിന് വിലങ്ങുതടിയാണ്. ടൂറിസം പദ്ധതികൾക്കാവശ്യമായ സ്ഥലം കണ്ടുപിടിച്ച് നൽകുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പ്രധാന പങ്ക് വഹിക്കാൻ കഴിയും.
2. സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഇംപ്ലിമെന്റിംഗ് ഏജൻസികളുടെ ഭാഗത്തു നിന്നുള്ള വീഴ്ചകൾ ടൂറിസം വികസനത്തിനെ സാരമായി ബാധിച്ചിട്ടുണ്ട്.
3. ബിൽഡിംഗ് നമ്പർ, കൈവശാവകാശം, ഉടമസ്ഥാവകാശം എന്നിവ ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള തടസ്സം മൂലം വൈദ്യുതി കണക്ഷൻ, വാട്ടർ കണക്ഷൻ എന്നിവ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്.

മേൽപറഞ്ഞ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിന് ടൂറിസം പദ്ധതികളെ മുഴുവൻ ഒരു ഏക ജാലക സംവിധാനത്തിന് കീഴിൽകൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

സമീപനത്തിൽ വരുത്തേണ്ട മാറ്റങ്ങൾ

പ്രകൃതി സൗന്ദര്യവും ജൈവ വൈവിധ്യവുമാണ് ജില്ലയുടെ പ്രത്യേകത. പ്രധാനമായും മലയോരങ്ങളും, നിത്യഹരിത വനങ്ങളും കൃഷി ഭൂമികളും കൂടുതൽ ടൂറിസം പ്രാധാന്യം അർഹിക്കുന്നു. എന്നാൽ മറ്റു ജില്ലകളുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ കുറച്ച് വിദേശ ടൂറിസ്റ്റുകൾ മാത്രമേ ഈ ജില്ല സന്ദർക്കുന്നുള്ളൂ. ജില്ലയുടെ പ്രധാന വളർച്ചയ്ക്ക് വിദേശ ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

ആധുനിക വിനോദ സഞ്ചാരികൾ പാശ്ചാത്യ സുഖഭോഗങ്ങളെക്കാൾ ജീവിത ഗന്ധിയായ ചുറ്റുപാടുകൾ തേടിയാണ് കേരളത്തിലേക്ക് എത്തുന്നത്. സഞ്ചാരികളെ ടൂറിസം കേന്ദ്രങ്ങളിലെ കാഴ്ചക്കാരായി മാത്രം മാറ്റാതെ അവിടത്തെ ചുറ്റുപാടുകളിൽ ഭാഗഭാക്കാക്കുന്നതാണ് പുതിയ കാലത്തെ ടൂറിസം പ്രവണത. അത്തരത്തിൽ എക്സ്പിരിയെൻസ് ടൂറിസത്തിന് അവസരമൊരുക്കാൻ സംരംഭകരിൽ അടിസ്ഥാനമാറ്റം ഉണ്ടാകണം. കേരളത്തിൽ വരുന്ന വിദേശസഞ്ചാരികൾക്ക് കേരളത്തിലെ ജീവിതം അനുഭവിച്ചറിയാൻ അവസരം ഒരുക്കണം. കേരള ഗ്രാമങ്ങളിലെ ഉള്ളറകളിലേക്ക് യാത്ര ചെയ്യുമ്പോൾ ഗ്രാമീണ ജീവിതത്തിന്റെ സ്പന്ദനവും, നൈസർഗികതയും, കലയും, ആചാരവും ഭക്ഷണവും എല്ലാം ടൂറിസ്റ്റുകൾക്ക് താൽപര്യമുള്ളതാണെന്ന് തിരിച്ചറിയാനാകണം.

ഈ സാധ്യതകളെ ഉപയോഗപ്പെടുത്തികൊണ്ട് നമ്മുടെ ഗ്രാമീണ മേഖലയേയും ടൂറിസത്തിന്റെ ഭാഗമാക്കിയെടുക്കാനും കഴിയുന്നതാണ് എന്ന ധാരണയോടെ പ്രവർത്തിക്കണം. നമ്മുടെ ടൂറിസം കേന്ദ്രങ്ങൾ പരിസ്ഥിതി ലോല പ്രദേങ്ങളിലാണ് സ്ഥിതിചെയ്യുന്നത്. ഇവയ്ക്ക് താങ്ങാവുന്നതിലപ്പുറം നിർമ്മാണ പ്രവർനങ്ങൾ ഉണ്ടാകില്ലെന്ന് ഉറപ്പ് വരുത്താനാകണം.

സംയോജന സാധ്യതകൾ

വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട് മേഖലാതലത്തിൽ സംയോജന സാധ്യതയുള്ള പ്രവൃത്തികളും സംയോജിപ്പിക്കാവുന്ന വകുപ്പുകളും താഴെ സംഗ്രഹിക്കുന്നു.

പട്ടിക 4.3.4.1 : സംയോജന സാധ്യതയുള്ള പ്രവൃത്തികൾ

ക്രമ നം.	സംയോജന സാധ്യതയുള്ള പ്രവൃത്തികൾ	സംയോജിപ്പിക്കാവുന്ന വകുപ്പുകൾ
1	ശൗചാലയങ്ങൾ	1. തദ്ദേശ വകുപ്പ് (ത്രിതലം) 2. ശുചിത്വ മിഷൻ
2	സാമൂഹ്യ സൗകര്യങ്ങൾ	1. തദ്ദേശ വകുപ്പ് (ത്രിതലം) 2. സാമൂഹ്യ നീതി വകുപ്പ് 3. വനിതാ വികസന കോർപ്പറേഷൻ
3	ഹെറിട്ടേജ് ടൂറിസം	1. പുരാവസ്തു വകുപ്പ് 2. സാംസ്കാരിക വകുപ്പ്
4	ഇക്കോടൂറിസം	1. വനം 2. ഇക്കോ ടൂറിസം വകുപ്പ്
5	സാഹസിക വിനോദ സഞ്ചാരം	1. KATPS, 2. സ്പോർട്സ് കൗൺസിൽ, 3. NAF
6	ഡാമുകൾ/ നദീ ടൂറിസം	1. ജലസേചന വകുപ്പ്, 2. KSEB
7	റോഡുകൾ (വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്ക് നയിക്കുന്നവ)	1. PWD 2. തദ്ദേശ വകുപ്പിന്റെ കീഴിലുള്ള റോഡുകൾ
8	തീർത്ഥാടക ടൂറിസം (ക്ഷേത്രങ്ങൾ)	1. ദേവസ്വം വകുപ്പ്
9	ഫാം ടൂറിസം	1. കൃഷി വകുപ്പ്, 2. മൃഗസംരക്ഷണ വകുപ്പ്, 3. ഫിഷറീസ് 4.കരകൗശല കോർപ്പറേഷൻ
10	ഉത്തരവാദ ടൂറിസം	1. തദ്ദേശ വകുപ്പ് (ത്രിതലം) 2. കരകൗശല കോർപ്പറേഷൻ 3. സാംസ്കാരിക വകുപ്പ്

പ്രതീക്ഷിത വിഭവങ്ങൾ:

വിനോദസഞ്ചാര വികസന പ്രവർത്തനങ്ങൾക്കായി സമാഹരിക്കാൻ സാധിക്കുന്ന വിഭവ ലഭ്യത പ്രധാനമായും കേന്ദ്രാവിഷ്കൃതവും സംസ്ഥാനാവിഷ്കൃതവുമായ ഫണ്ടിലൂടെയാണ്. കിഫ്ബി പോലുള്ള പുതിയ ഫണ്ടിംഗ് സംവിധാനത്തിലൂടെയും വിനോദ സഞ്ചാര വികസനത്തിനായുള്ള ഫണ്ട് കണ്ടെത്താവുന്നതാണ്.

പട്ടിക 4.3.4.2 : പ്രതീക്ഷിത വിഭവങ്ങൾ

ക്രമ നം.	വകുപ്പ്	പദ്ധതി വിഭവങ്ങൾ
1	കേന്ദ്രാവിഷ്കൃതം	1. സ്വദേശ് ദർശൻ 2. പ്രസാദ് പദ്ധതി 3. മെഗാ സർക്യൂട്ടുകൾ
2	സംസ്ഥാനാവിഷ്കൃതം	1. പുതിയ വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ വികസനം 2. ഗ്രീൻ കാർപ്പറ്റ് വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ പാലനം 3. ഇക്കോ ടൂറിസം 4. ഉത്തരവാദ ടൂറിസം മിഷൻ 5. കിഫ്ബി

വികസന പരിപ്രേക്ഷ്യം:

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലത്തേക്കുള്ള മേഖലയുടെ വികസന പരിപ്രേക്ഷ്യം.

1. ജില്ലയിലെ എല്ലാ പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളിലും ആവശ്യം വേണ്ട അടിസ്ഥാന സൗകര്യ വികസനം ഒരുക്കുന്നതാണ്.
2. വയോജനങ്ങൾ, വനിതകൾ, കുട്ടികൾ, ഭിന്നശേഷിക്കാർ തുടങ്ങി എല്ലാത്തരം സഞ്ചാരികൾക്കും ജില്ലയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ഹൃദ്യമായ അനുഭവം ഉറപ്പു വരുത്തും.
3. എല്ലാ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലും സമ്പൂർണ്ണമായ മാലിന്യ നിർമ്മാജ്ജനം നടപ്പിലാക്കും.
4. വിവിധ ടൂറിസം പദ്ധതികളുടെ നടത്തിപ്പിൽ വരുന്ന വിവിധ വകുപ്പുകളുടെ ഏകോപനവും സംയോജനവും ഏറ്റവും കൃത്യമായ രീതിയിൽ ഉറപ്പുവരുത്തി പദ്ധതി പൂർത്തീകരണത്തിലെ കാലതാമസം ഒഴിവാക്കും.
5. വിനോദ സഞ്ചാര കേന്ദ്രങ്ങളിലെല്ലാം കുറ്റമറ്റ രീതിയിൽ സഞ്ചാരികൾക്ക് സുരക്ഷ ഉറപ്പു വരുത്തും.
6. വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ജീവനക്കാർക്ക് ഏറ്റവും മികച്ച പരിശീലനം നൽകി ഇവരിലൂടെ ഏറ്റവും മികച്ച സേവനം, വിവര വിനിമയം, ടൂറുകൾ എന്നിവ നല്ല രീതിയിൽ നടപ്പാക്കും.
7. ജില്ലക്ക് സ്വന്തമായുള്ള സാംസ്കാരികവും പൈതൃകപരവുമായ എല്ലാത്തരം ഉൽപ്പന്നങ്ങളുടെയും സുസ്ഥിരമായ വിപണനം പരമാവധി നടത്തും.
8. സംസ്ഥാന ടൂറിസം വകുപ്പിന്റെ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഉത്തരവാദ ടൂറിസം മിഷനിലൂടെ സുസ്ഥിരമായ വിനോദസഞ്ചാരം ഉറപ്പുവരുത്തി തദ്ദേശവാസികൾക്ക് ടൂറിസത്തിന്റെ പ്രയോജനം പരമാവധി ഉറപ്പുവരുത്തും.

ദീർഘകാല (20 വർഷത്തേക്കുള്ള) വികസന മേഖലയുടെ കാഴ്ചപ്പാട്.

1. ജില്ലയുടെ സുസ്ഥിര വികസനത്തിൽ ചലനാത്മകവും സുപ്രധാനവുമായ പങ്ക് വിനോദ സഞ്ചാരം വഹിക്കും.
2. ജില്ലയിലെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളും അന്താരാഷ്ട്ര നിലവാരത്തിൽ വികസിപ്പിക്കും.
3. ദൈവത്തിന്റെ സ്വന്തം നാട് എന്ന് പുകൾപെറ്റ കേരളത്തിലെ ഏറ്റവും പ്രമുഖ ടൂറിസം ബ്രാൻഡായി ജില്ലയെ മാറ്റും.
4. ജില്ലയുടെ വികസനത്തിൽ ഏറ്റവുമധികം നിക്ഷേപം വരുന്ന മേഖലയായി വിനോദസഞ്ചാരത്തെ മാറ്റും.
5. ജില്ലയിലെ എല്ലാത്തരം വിനോദസഞ്ചാര ഉൽപന്നങ്ങളുടെയും സമഗ്രവും സുസ്ഥിരവുമായ വികസനം മാസ്റ്റർ പ്ലാനിലൂടെയും വ്യത്യസ്ത പദ്ധതികളിലൂടെയും സാധ്യമാക്കും.
6. തദ്ദേശീയർക്ക് വിനോദ സഞ്ചാരത്തിന്റെ സമ്പൂർണ്ണ പ്രയോജനവും സാമ്പത്തികാഭിവൃദ്ധിയും മൂല്യവും ഗുണഫലങ്ങളും ലഭിക്കും.
7. സാമൂഹികവും സാംസ്കാരികവും പാരിസ്ഥിതികവുമായ സുസ്ഥിര വിനോദസഞ്ചാര വികസനത്തിൽ ജില്ലയെ ഒരു അനുകരണീയ മാതൃകയായി വികസിപ്പിക്കും.
8. ഗുണനിലവാരമുള്ള മാനവവിഭവശേഷി വികസിപ്പിച്ചെടുത്ത് ടൂറിസത്തെ ജില്ലയിൽ ഏറ്റവുമധികം തൊഴിൽ സൃഷ്ടിക്കുന്ന മേഖലയാക്കും.

ആഗോളതലത്തിൽ വിനോദ സഞ്ചാരം ഏറ്റവും വികസന സാധ്യതയുള്ള ഒരു വ്യവസായമായി മാറിക്കഴിഞ്ഞു. തൊഴിൽ, വരുമാനം, വിദേശ നാണ്യം, പ്രാദേശിക വികസനം തുടങ്ങിയ മേഖലകളിൽ വിനോദ സഞ്ചാരത്തിനുള്ള സാമ്പത്തിക പ്രാധാന്യം ഇതിന് തക്കതായ പ്രാധാന്യം നൽകുവാൻ സർക്കാരുകളെ പ്രേരിപ്പിക്കുന്നു. പ്രകൃതിദത്തമായ സമ്പത്തും സാംസ്കാരിക

പൈതൃകവും വിനോദസഞ്ചാര വ്യവസായത്തിന്റെ മൂലധനമായി കണക്കാക്കപ്പെടുന്നു. വിനോദ സഞ്ചാരം തൊഴിൽസൃഷ്ടിക്കുന്നു. വരുമാനം കൊണ്ടു വരുന്നു. രാജ്യത്തിന്റെ മറ്റിടങ്ങളിലേക്കും ലോകത്തേക്കും സംസ്കാരത്തിന്റെ വാതിൽ തുറക്കുന്നു. ക്രമേണ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന വിനോദസഞ്ചാര മേഖലയെ ദാരിദ്ര്യവും തൊഴിലില്ലായ്മയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാര മാർഗ്ഗമെന്ന നിലയിൽ പ്രോത്സാഹിപ്പിക്കുന്നുണ്ട്.

പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങളും ഉൽപന്നങ്ങളും അനുഭവങ്ങളും വികസിപ്പിച്ചെടുക്കുന്നതിലൂടെയും വിവിധ തരക്കാരായ സഞ്ചാരികളുടെ താൽപര്യങ്ങൾക്കനുസൃതമായ പരിപാടികൾ രൂപപ്പെടുത്തുന്നതിലൂടെയും വിനോദസഞ്ചാര വ്യവസായം അന്താരാഷ്ട്ര വിപണിയിൽ ഒരു കുതിച്ചു ചാട്ടത്തിന് തയ്യാറെടുക്കുകയാണ്. വരുന്ന ദശകത്തിൽ ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട വിനോദ സഞ്ചാര കേന്ദ്രങ്ങളിലൊന്നായി ഭാരതത്തെ അംഗീകരിക്കുന്നു. ഈ മേഖലയിലെ സാമ്പത്തിക വ്യാപാരങ്ങളിൽ അടുത്ത പത്തുവർഷക്കാലം 9.7 ശതമാനം എന്ന ഉയർന്ന വളർച്ചാനിരക്കും 14.3 ശതമാനം വിദേശ സഞ്ചാരികൾ പണം ചെലവാക്കുന്നതും ധാരാളം തൊഴിൽ സൃഷ്ടിക്കപ്പെടുന്നതും ഇന്ത്യയിലായിരിക്കുമെന്നും കണക്കുകൾ പറയുന്നു.

വൈവിധ്യമാർന്ന പ്രകൃതി, കല, സംസ്കാരം, ആഘോഷങ്ങൾ, ഹൃദ്യമായ കാലാവസ്ഥ തുടങ്ങിയവയെ അടിസ്ഥാനമാക്കിയാണ് കേരളത്തിലെ വിനോദ സഞ്ചാര വ്യവസായം രൂപം കൊണ്ടത്. ചുരുങ്ങിയ കാലയളവിൽ തന്നെ നമ്മുടെ തീരങ്ങളും കായലുകളും വഞ്ചി വീടുകളും ആയുർവ്വേദവും വനവും ജൈവ വൈവിധ്യവും സാംസ്കാരികപൈതൃകവുമെല്ലാം അന്താരാഷ്ട്ര തലത്തിൽ പ്രചാരം കൈവരിച്ചു. കേരളത്തിലെ വിനോദ സഞ്ചാര ആകർഷണങ്ങളിൽ ഏതാണ്ടെല്ലാം തന്നെ പ്രകൃതിയും സംസ്കാരവും പൈതൃകവുമായി ബന്ധപ്പെട്ട് വികസിപ്പിച്ചെടുത്തവയാണ്. ഇതു തന്നെയാണ് കേരളത്തിലെ വിനോദസഞ്ചാരത്തെ മറ്റു പ്രദേശങ്ങളിൽനിന്നും വ്യത്യസ്തമാക്കി മാറ്റുന്നതും ലോക വിനോദസഞ്ചാര ഭൂപടത്തിൽ ദൈവത്തിന്റെ സ്വന്തം നാട് എന്ന ബ്രാൻഡ് നിലനിർത്താൻ സഹായിക്കുന്നതും.

4.4 പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ

കേരളത്തിന്റെ ഉയർന്ന വളർച്ച ഉറപ്പാക്കാൻ സാമൂഹ്യനീതിയും പരിസ്ഥിതി സുരക്ഷയും വിട്ടുവീഴ്ച ചെയ്യുന്ന നയമല്ല സംസ്ഥാന സർക്കാർ കൈകൊണ്ടിട്ടുള്ളത്. സാമൂഹ്യനീതി ഉറപ്പുവരുത്തിക്കൊണ്ടുള്ള വികസന പദ്ധതികൾ രൂപീകരിച്ച് നിർവ്വഹിക്കുക എന്ന ലക്ഷ്യമാണ് വിഭാവനം ചെയ്തിട്ടുള്ളത്. പട്ടികജാതി-പട്ടികവർഗ്ഗ വികസനം, വനിതകൾ, വയോജനങ്ങൾ, കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡർ വിഭാഗം എന്നിവരുടെ വികസനം പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗത്തിലുൾപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാന സർക്കാർ 2017-18 വാർഷിക പദ്ധതിയിൽ നാല് വിഭാഗങ്ങളിലായി 2218.58 കോടി രൂപയും (11%) എസ്.സി /എസ്.ടി/ ഒ.ബി.സി, ന്യൂനപക്ഷ, മുന്നോക്ക സമുദായങ്ങൾക്കായി സംസ്ഥാനവിഹിതവും വകയിരുത്തിയിട്ടുണ്ട്. കേന്ദ്രവിഹിതമായി പ്രസ്തുത വിഭാഗത്തിന് 669.11 കോടി രൂപയും (8.32%) ലഭ്യമായിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2017-18 വാർഷിക പദ്ധതിയിൽ അനുവദിച്ചിട്ടുള്ള എസ് സി പി വിഹിതം 117205 ലക്ഷം രൂപയും ടി.എസ്.പി വിഹിതം 17600 ലക്ഷം രൂപയുമാണ്. തദ്ദേശഭരണസ്ഥാപനങ്ങൾ വനിതാഘടക പദ്ധതിയ്ക്ക് ജനറൽ/ എസ്.സി.പി/ ടി.എസ്.പി ഫണ്ടിന്റെ 10% തുകയെങ്കിലും വകയിരുത്തണമെന്നും ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ മേൽ വിഹിതത്തിന്റെ കുറഞ്ഞത് 5% തുക കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗ വിഭാഗം എന്നിവരുടെ വികസനത്തിനും 5% വയോജന ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണമെന്നും നിർദ്ദേശിക്കുന്നുണ്ട്. ഇപ്രകാരം സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനായി താഴേക്കിടയിലുള്ളവരുടെ വികസനം സർക്കാർ ഉറപ്പുവരുത്തുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ എം പി ലാഡ്സിൽ 15% തുക പട്ടികജാതി വികസനത്തിനും 7.5% തുക പട്ടികവർഗ്ഗവികസനത്തിനും നീക്കിവെക്കുന്നതിന് മാർഗ്ഗനിർദ്ദേശം നിലവിലുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ/ ഒ.ബി.സി/ മുന്നോക്ക സമുദായങ്ങൾക്കായി മലപ്പുറം ജില്ലയിൽ സംസ്ഥാന വിഹിതമായി വിഭാഗം 2,3,4 ഇനങ്ങളിൽ അനുവദിച്ച തുക 13619 ലക്ഷം രൂപയും കേന്ദ്രവിഹിതമായി അനുവദിച്ച തുക 210.5 ലക്ഷം രൂപയുമാണ്. ജില്ലയിൽ എസ്.സി.പി മേഖലയിൽ 2648 പ്രൊജക്ടുകളിലായി 14564 ലക്ഷം രൂപയ്ക്കുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ മേഖലയിൽ 682 ലക്ഷം രൂപയ്ക്കുള്ള 302 പദ്ധതികളും രൂപീകരിച്ചിട്ടുണ്ട്.

4.4.1 പട്ടികജാതി വികസനം

ജനസംഖ്യാ അടിസ്ഥാനത്തിലെ വിവരങ്ങൾ

പട്ടികജാതി വിഭാഗക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി വളരെയധികം പദ്ധതികൾ സർക്കാർ നടപ്പിലാക്കിവരുന്നു. പട്ടികജാതി വികസനത്തിനായി നീക്കിവച്ചിട്ടുള്ള ആകെ പദ്ധതി വിഹിതം പട്ടികജാതി വകുപ്പിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുമായിട്ടാണ് വകയിരുത്തിയിരിക്കുന്നത്. പട്ടികജാതി വിഭാഗക്കാരുടെ വികസനത്തിനുവേണ്ടിയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാന പദ്ധതിയിലുള്ള പരിപാടികളും പ്രോജക്ടുകളും നടപ്പിലാക്കുന്നത് പട്ടികജാതി വികസന വകുപ്പ് മുഖേനയാണ്. മലപ്പുറം ജില്ലയിലെ പട്ടികജാതി വിഭാഗക്കാരുടെ വിവിധ വകുപ്പ്തല പദ്ധതികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ

പദ്ധതികളും ഏകോപിപ്പിക്കുന്നതിനും ആവശ്യമായ സഹായ നടപടികൾ ലഭ്യമാക്കുന്നതിനുമായി ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ നേതൃത്വത്തിൽ ഒരു അസി.ജില്ലാ പട്ടികജാതി വികസന ഓഫീസർ, 15 ബ്ലോക്ക് പഞ്ചായത്തുകളിലും 07 മുനിസിപ്പാലിറ്റികളിലുമായി 17 പട്ടികജാതി വികസന ഓഫീസർമാർ എന്നിവർ സേവനമനുഷ്ഠിക്കുന്നു. കൂടാതെ ജില്ലയിൽ 05 പ്രീമെട്രിക് ഹോസ്റ്റൽ, 04 ഐ.ടി.ഐ കൾ, 08 നേഴ്സറി സ്കൂൾ എന്നിവ പ്രവർത്തിക്കുന്നു. ഇവയുടെ വിവരങ്ങൾ താഴെപ്പറയുന്നു.

പട്ടിക 4.4.1.1 : ജില്ലാ പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങൾ

ക്രമ നമ്പർ	ബ്ലോക്കുകൾ/ മുനിസിപ്പാലിറ്റികൾ	നേഴ്സറികൾ	പ്രീ മെട്രിക് ഹോസ്റ്റലുകൾ	ഐ.ടി.ഐ കൾ
01	അരീക്കോട്	നിലമ്പൂർ	പെരുമ്പടപ്പ് - പെൺകുട്ടികൾ	പാതായിക്കര - പ്ലമ്പർ
02	കൊണ്ടോട്ടി	മൊറയൂർ	പെരിന്തൽമണ്ണ - ആൺകുട്ടികൾ	പാണ്ടിക്കാട് - ഡ്രാഫ്റ്റ്മാൻ സിവിൽ
03	പെരിന്തൽമണ്ണ	പുറത്തൂർ	തിരുരങ്ങാടി - ആൺകുട്ടികൾ	കേരളധീശപുരം - പ്ലമ്പർ
04	വണ്ടൂർ	പുല്ലൂർ	മഞ്ചേരി - പെൺകുട്ടികൾ	പൊന്നാനി - ഇലക്ട്രീഷൻ
05	പൊന്നാനി	പിടാവന്നൂർ	വണ്ടൂർ പെൺകുട്ടികൾ-	-
06	നിലമ്പൂർ	തിരുവാലി	-	-
07	കാളികാവ്	വണ്ടൂർ	-	-
08	വേങ്ങര	മങ്കട	-	-
09	തിരൂർ	-	-	-
10	തിരുരങ്ങാടി	-	-	-
11	താനൂർ	-	-	-
12	പെരുമ്പടപ്പ്	-	-	-
13	കുറ്റിപ്പുറം	-	-	-
14	മലപ്പുറം	-	-	-
15	മങ്കട	-	-	-
16	മഞ്ചേരി മുനിസിപ്പാലിറ്റി	-	-	-
17	പൊന്നാനി മുനിസിപ്പാലിറ്റി	-	-	-

അവലംബം : എസ്.സി പട്ടികജാതി വകുപ്പ് കണക്ക്

പട്ടികജാതി ജനസംഖ്യ

2011 ലെ സെൻസസ് പ്രകാരം കേരളത്തിലെ ആകെ ജനസംഖ്യയുടെ 9.1 ശതമാനം പട്ടികജാതി വിഭാഗക്കാരാണ്. എന്നാൽ മലപ്പുറം ജില്ലയുടെ ആകെ ജനസംഖ്യയായ 41,12,920 ൽ 3,08,266 മാത്രമാണ് പട്ടികജാതി ജനസംഖ്യ. അതായത് പട്ടികജാതി ജനസംഖ്യ 7.5 ശതമാനമാണ്. ഇതിൽ 1,51,557 പുരുഷൻമാരും 1,56,709 സ്ത്രീകളുമാണ്. ജില്ലയിലെ പട്ടികജാതി ജനസംഖ്യയിൽ ഏകദേശം 51% പുരുഷൻമാരും 49% സ്ത്രീകളുമാണ്. മലപ്പുറം ജില്ലയിൽ ആകെ 3087 പട്ടികജാതി സങ്കേതങ്ങളാണുള്ളത്. ഇത്തരത്തിലുള്ള കോളനികളിലാണ് ജനസംഖ്യയുടെ ഭൂരിഭാഗവും വസിക്കുന്നത്. ജനസംഖ്യാ വിശദാംശങ്ങൾ ചുവടെ പട്ടികകളിൽ ചേർത്തിരിക്കുന്നു. പഞ്ചായത്ത്, ബ്ലോക്ക് നഗരസഭ തിരിച്ചുള്ള വിശദാംശങ്ങൾ ചിത്രം 4.4.1.1 ലും ചിത്രം 4.4.1.2 ലും ചേർത്തിരിക്കുന്നു.

ചിത്രം 4.4.1.1 : ജില്ലയിലെ പട്ടികജാതി ജനസംഖ്യ ആൺ, പെൺ തിരിച്ച്



അവലംബം : 2011 ലെ സെൻസസ്

ചിത്രം 4.4.1.2 : ബ്ലോക്ക് തിരിച്ചുള്ള പട്ടിക ജാതി സങ്കേതങ്ങൾ സ്ത്രീകൾ പുരുഷൻമാർ തിരിച്ച്



അവലംബം : 2009-10 പട്ടികജാതി വകുപ്പ് നടത്തിയ സർവ്വെ റിപ്പോർട്ട്.

ചിത്രം 4.4.1.3 : ജില്ലയിലെ പട്ടികജാതി ജനസംഖ്യാ താരതമ്യം



അവലംബം. പട്ടികജാതി വികസന വകുപ്പും ത.സ്വ.ഭ.വകുപ്പും ചേർന്ന് നടത്തിയ സർവ്വേ

ജില്ലയിലെ ആകെ കുടുംബങ്ങളുടെ 32.71 ശതമാനവും ദരിദ്ര ഗ്രാമീണ കുടുംബങ്ങൾ ആണ്. എന്നാൽ പട്ടികജാതി വിഭാഗങ്ങളിലെ ദരിദ്ര ഗ്രാമീണ കുടുംബങ്ങളുടെ കണക്കെടുത്താൽ ഇത് 62.63% ആണെന്ന് കാണാം. ഇത് ഈ വിഭാഗത്തിന്റെ പിന്നോക്കവസ്ഥ തുറന്ന് കാണിക്കുന്നു. ജില്ലയിൽ ആകെ 58027 പട്ടികജാതി കുടുംബങ്ങൾ ആണുള്ളത്. ഇവരിൽ ഭൂരിഭാഗവും ഗ്രാമ

പ്രദേശങ്ങളിലാണ് ജീവിച്ചുവരുന്നത്. ജില്ലയിലെ ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള ജനസംഖ്യാ വിന്യാസവും ബ്ലോക്ക് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി അടിസ്ഥാനത്തിലെ ജനസംഖ്യ വിന്യാസവും താഴെ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്നു. സൂചന പട്ടികയിൽ നിന്നും 10 വർഷം കൊണ്ട് ജനസംഖ്യയിൽ 4 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുള്ളതായി കാണാവുന്നതാണ്. വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു

ചിത്രം 4.4.1.4 : പട്ടികജാതി ജനസംഖ്യ ജാതിയുടെ അടിസ്ഥാനത്തിൽ (എണ്ണം)



അവലംബം. പട്ടികജാതി വികസന വകുപ്പും ത.സ്വ.ഭ.വകുപ്പും ചേർന്ന് നടത്തിയ സർവ്വേ

ജില്ലയിൽ പ്രബല പട്ടികജാതി വിഭാഗങ്ങൾ കണക്കൻ, ചെറുമൻ. മണ്ണാൻ/പെരുമണ്ണാൻ/വണ്ണാൻ, കള്ളാടി വിഭാഗക്കാരാണ്. കൂടാതെ ചക്ലിയൻ, പുലയൻ, പറയൻ തുടങ്ങിയ വിഭാഗക്കാരും താമസിക്കുന്നു. ഇവരെ ജനസംഖ്യാടിസ്ഥാനത്തിൽ കണക്കാക്കിയാൽ കണക്കൻ വിഭാഗക്കാർ 85284, ചെറുമൻ 83044, മണ്ണാൻ/പെരുമണ്ണാൻ 30709, കള്ളാടി 22818, മറ്റുവിഭാഗക്കാർ 54853 എന്നിങ്ങനെയാണ്. പട്ടികജാതിയിലെ തന്നെ ദുർബ്ബല വിഭാഗക്കാരുടെ എണ്ണം 26,093 ആണ്. ദുർബ്ബല വിഭാഗത്തിലെ പ്രബലമായ ജാതി കള്ളാടിയാണ്. വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

ചിത്രം 4.4.1.5 : പട്ടികജാതി ജനസംഖ്യ (2001 & 2011 സെൻസസ്)



അവലംബം. 2001 – പഞ്ചായത്ത് ലെവൽ സ്ഥിതിവിവരകണക്ക് 2001 & 2011 സെൻസസ്

ഗ്രാമ/നഗര പ്രദേശങ്ങളിലെ പട്ടികജാതി ജനസംഖ്യ/സങ്കേതങ്ങളുടെ സ്ഥലപരമായ വിതരണം

ആകെ ജനസംഖ്യയിൽ 252757 പേർ ഗ്രാമപ്രദേശങ്ങളിലും 23951 പേർ നഗര പ്രദേശത്തും താമസിക്കുന്നു. ഇത് ആകെ ജനസംഖ്യയുടെ യഥാക്രമം 91%, 9% ആണ്. ജില്ലയിൽ ആകെയുള്ള 3087 പട്ടികജാതി സങ്കേതങ്ങളിൽ 1069 പട്ടികജാതി സങ്കേതങ്ങൾ കുന്നിൻപുറം, ആറ്റ് വരമ്പ്, തോട്ട് വരമ്പ്, വെള്ളക്കെട്ട്, ചേരി പ്രദേശങ്ങൾ, തുരുത്ത് എന്നിവിടങ്ങളിലും, ഇത് ആകെ

സങ്കേതങ്ങളുടെ 35% വരും, ശേഷിക്കുന്ന 2018 പട്ടികജാതി സങ്കേതങ്ങൾ, 65%, നിരപ്പാർന്ന പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്നു. പട്ടികജാതി സങ്കേതങ്ങളുടെ ഭൗതീക സാഹചര്യങ്ങൾ വളരെ പരിതാപകരമാണ്. ഗതാഗത സൗകര്യങ്ങളുടെ അഭാവം, കുടിവെള്ള ക്ഷാമം എന്നിവ എല്ലാ പട്ടികജാതി സങ്കേതങ്ങളും അനുഭവിക്കുന്ന പ്രധാന പ്രശ്നങ്ങളാണ്. ജില്ലയിലെ 58,027 പട്ടികജാതി കുടുംബങ്ങളിൽ 22,693 കുടുംബങ്ങളും രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്നു. ജനസംഖ്യയുടെ ഭൂരിഭാഗവും ഗ്രാമപ്രദേശങ്ങളിൽ കേന്ദ്രീകരിക്കാൻ കാരണം അവരുടെ തൊഴിൽപരമായ പ്രത്യേകതയാണ്. ബ്ലോക്ക് നഗരസഭ തിരിച്ചുള്ള സ്ഥലപരമായ വിവരണം താഴെ ചിത്രങ്ങളിലും അനുബന്ധം 4.4.1.1 ലും ചേർത്തിരിക്കുന്നു.

ചിത്രം 4.4.1.6 : പട്ടികജാതി വിഭാഗക്കാരുടെ സ്ഥലപരമായ വിന്യാസം



അവലംബം – പ.ജ.വി.വകുപ്പും, തദ്ദേശ സ്വയം ഭരണ വകുപ്പും ചേർന്ന് നടത്തിയ സർവ്വേ

ചിത്രം 4.4.1.7 : പട്ടികജാതി വിഭാഗക്കാരുടെ സ്ഥലപരമായ വിന്യാസം



അവലംബം. 2009–10 പട്ടികജാതി വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പും നടത്തിയ സർവ്വെ റിപ്പോർട്ട്.

പട്ടിക 4.4.1.2 : പട്ടികജാതി സങ്കേതങ്ങളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ

ക്രമ നം	ജില്ല	സങ്കേതങ്ങളുടെ എണ്ണം	ശതമാനം
01	തിരുവനന്തപുരം	2978	11
02	കൊല്ലം	2844	11
03	പത്തനംതിട്ട	1706	6
04	ആലപ്പുഴ	1465	6
05	കോട്ടയം	1044	4
06	ഇടുക്കി	887	3
07	എറണാകുളം	1999	8
08	തൃശ്ശൂർ	3117	12
09	പാലക്കാട്	4310	16
10	മലപ്പുറം	3087	12
11	കോഴിക്കോട്	1527	6

ക്രമ നം	ജില്ല	സങ്കേതങ്ങളുടെ എണ്ണം	ശതമാനം
12	വയനാട്	226	1
13	കണ്ണൂർ	612	2
14	കാസർഗോഡ്	540	2
ആകെ		26342	100

അവലംബം : എസ്.സി പട്ടികജാതി വകുപ്പ്

ചിത്രം 4.4.1.8 : പട്ടികജാതി സങ്കേതങ്ങളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ



അവലംബം – പ.ജ.വി.വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ് ചേർന്ന് നടത്തിയ സർവ്വേ

തൊഴിൽ പങ്കാളിത്ത നിരക്ക്.

ജില്ലയിലെ ആകെ പട്ടികജാതി ജനസംഖ്യയായ 2,76,708 പേരിൽ 4272 പേർക്ക് മാത്രമാണ് സ്ഥിര വരുമാനമുള്ള ജോലിയുള്ളത് (1.5%). 1972 പേർക്ക് താൽക്കാലികമായ തൊഴിൽ ഉണ്ട്. ജില്ലയിലെ 42,083 പേർ കാർഷിക മേഖലയിലെ ജോലിയിൽ ഏർപ്പെട്ട് ജീവിക്കുന്നു (15%). കൂടാതെ, 36,334 പേർ കാർഷികേതര കൂലിപ്പണിയിലും ഏർപ്പെട്ടിരിക്കുന്നു. ജില്ലയിലെ 3915 പേർ ഏതെങ്കിലും വിധത്തിലുള്ള സ്വയംതൊഴിൽ സംരംഭത്തിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. ഇവർ ആകെ പട്ടികജാതി ജനസംഖ്യയുടെ 1.4% വരുന്നു. അതായത് ജില്ലയിലെ ആകെ ജനസംഖ്യയുടെ 32% ഏതെങ്കിലും വിധത്തിലുള്ള തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു. ജില്ലയിലെ പട്ടികജാതി ജനസംഖ്യയുടെ 32% 15 വയസ്സിൽ താഴെ പ്രായമായവരും 60 വയസ്സിനു മുകളിൽ പ്രായമുള്ളവരുമാണ്. അതായത് ആകെ ജനസംഖ്യയുടെ 36% പേർ തൊഴിൽ രഹിതരാണ്. 2012 ലെ കണക്കനുസരിച്ച് കേരള സർക്കാർ സർവ്വീസിലെ 73 വകുപ്പുകളിലെ (ആകെ 83 വകുപ്പുകൾ) അവലോകനം പൂർത്തീകരിച്ചപ്പോൾ ആകെയുള്ള 1,70,850 ജീവനക്കാരിൽ 16,921 പേർ മാത്രമാണ് പട്ടികജാതി വിഭാഗക്കാർ എന്ന് കാണാവുന്നതാണ്. ഇത് ആകെ ജീവനക്കാരുടെ 9.9% ആണ്. പട്ടികജാതി വിഭാഗക്കാർ നിലവിലെ സംവരണ ക്രമം പാലിച്ചിട്ടു പോലും സർക്കാർ തൊഴിൽ മേഖലയിൽ വളരെ പിന്നോക്കമാണെന്നാണ് ഇത് സൂചിപ്പിക്കുന്നത്. പട്ടികജാതി വിഭാഗക്കാരുടെ തൊഴിൽ പങ്കാളിത്തനിരക്ക് താഴെചിത്രങ്ങളിലും ബ്ലോക്ക് നഗരസഭാ അടിസ്ഥാനത്തിൽ അനുബന്ധം 4.4.1.2 ൽ ചേർത്തിരിക്കുന്നു.

ചിത്രം 4.4.1.9 : തൊഴിൽ പങ്കാളിത്ത നിരക്ക്



(അവലംബം : തദ്ദേശ ഭരണ വകുപ്പും പട്ടികജാതി വികസന വകുപ്പും ചേർന്ന് നടത്തിയ സർവ്വെ)

ചിത്രം 4.4.1.10 : പട്ടികജാതി ജനസംഖ്യയും. തൊഴിൽ പങ്കാളിത്ത വിഭജനവും ബ്ലോക്ക് നഗരസഭ തിരിച്ച്.









അവലംബം: 2009-10 പട്ടികജാതി വികസന വകുപ്പ് സർവ്വെ റിപ്പോർട്ട്

പ്രായഭേദമനുസരിച്ചുള്ള ജനസംഖ്യാ വിശകലനം

ജില്ലയിലെ ആകെ പട്ടികജാതി ജനസംഖ്യയിൽ 66,648 പേർ 15 വയസ്സിൽ താഴെയുള്ളവരാണ്. ഇത് ആകെ ജനസംഖ്യയുടെ 24% വരും. കൂടാതെ 81,866 പേർ 15 വയസ്സിനും 29 വയസ്സിനും ഇടയിലും 1,05,177 പേർ 30 വയസ്സിനും 59 വയസ്സിനും ഇടയിലാണ്. കൂടാതെ 23,017 പേർ 60 വയസ്സിന് മുകളിലുള്ളവരുമാണ്. ഇവയെല്ലാം യഥാക്രമം ആകെ ജനസംഖ്യയുടെ 30%, 38%, 8% ആണ്. അതായത് ആകെ ജനസംഖ്യയുടെ 24% 15 വയസ്സിൽ താഴെയും 68% 15 നും 59 നും ഇടക്കും 8% ആളുകൾ 60 വയസ്സിനു മുകളിലുള്ളവരുമാണ്. ഈ കണക്കുകളിൽ നിന്നും 60 വയസ്സിനു മുകളിൽ ആയുർ ദൈർഘ്യം വളരെ കുറവാണെന്ന് കണ്ടെത്താവുന്നതാണ്. വിശദാംശങ്ങൾ താഴെ ചിത്രത്തിലും അനുബന്ധം 4.4.1.3 ലും കാണാവുന്നതാണ്.

ചിത്രം 4.4.1.11 : പ്രായഭേദമനുസരിച്ചുള്ള ജനസംഖ്യവിശകലനം



അവലംബം: തദ്ദേശ ഭരണ വകുപ്പും പട്ടികജാതി വികസന വകുപ്പും ചേർന്ന് നടത്തിയ സർവ്വെ

വിദ്യാഭ്യാസം

2016–17 ലെ കണക്കുപ്രകാരം സംസ്ഥാനത്ത് ആകെയുള്ള വിദ്യാർത്ഥികളിൽ 10.71 ശതമാനം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്. മാത്രമല്ല, സർക്കാർ സ്കൂളുകളിലെ പട്ടികജാതി വിദ്യാർത്ഥികളുടെ അനുപാതം എയ്ഡഡ്, സ്വകാര്യ അൺഎയ്ഡഡ് സ്കൂളുകളിനേക്കാൾ കൂടുതലുമാണ്. ജില്ലയിലെ ആകെ പട്ടികജാതി ജനസംഖ്യയുടെ 82% പേരും സാക്ഷരരാണ്. പ്രാഥമിക വിദ്യാഭ്യാസം മുതൽ പ്രൊഫഷണൽ വിദ്യാഭ്യാസം വരെ ലഭിച്ചവർ ഈ വിഭാഗത്തിൽ വരുന്നു. 2016 ലെ വിദ്യാഭ്യാസ വകുപ്പിന്റെ പഠനങ്ങൾ കാണിക്കുന്നത് മലപ്പുറം ജില്ലയിലെ വിദ്യാർത്ഥികൾ യഥാക്രമം 0.24% പേർ എൽ.പി.തലത്തിലും 0.12% പേർ യു.പി.തലത്തിലും 0.17% പേർ ഹൈസ്കൂൾ തലത്തിലും കൊഴിഞ്ഞു പോകുന്നുവെന്നാണ്. എന്നാൽ ജില്ലയിലെ പട്ടികജാതി വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക് യഥാക്രമം 0.15% പേർ എൽ.പി.തലത്തിലും 0.14% പേർ യു.പി.തലത്തിലും 0% പേർ ഹൈസ്കൂൾ തലത്തിലും ആണ്. ഇത് പട്ടികജാതി വിഭാഗക്കാരെ സംബന്ധിച്ചിടത്തോളം വളരെ ആശാവഹമായ പുരോഗതിയാണ്.

വിവിധ പ്രൊഫഷണൽ കോഴ്സുകൾ വിജയകരമായി പൂർത്തീകരിച്ച വിദ്യാർത്ഥികളുടെ എണ്ണം 1852 ആണ്. ഇത് ആകെ ജനസംഖ്യയുടെ 1.5% വരും. എന്നാൽ വിദേശ വിദ്യാഭ്യാസം നേടിയത് ഒരു വിദ്യാർത്ഥി മാത്രമാണ്. സാങ്കേതിക വിദ്യാഭ്യാസ മേഖലയിലെ പട്ടികജാതി വിദ്യാർത്ഥികളുടെ പ്രാതിനിധ്യം വളരെ കുറവാണെന്ന് കണക്കുകൾ നോക്കിയാൽ മനസ്സിലാകുന്നതാണ്. ഏതെങ്കിലും വിഷയങ്ങളിൽ ബിരുദമോ ബിരുദാനന്തര ബിരുദമോ ഉള്ളവർ ആകെ ജനസംഖ്യയുടെ 02% മാത്രമാണ് ഉള്ളത്. ഈ പോരായ്മ ഇവരെ സമൂഹത്തിന്റെ ഉയർന്ന ശ്രേണിയിലേക്ക് വരുന്നതിന് വിഘാതമായി നിൽക്കുന്ന പ്രധാന കാരണങ്ങളിൽ ഒന്നാണ്. വിവിധ മേഖലകളിലെ ഉയർന്ന

തൊഴിൽ ലഭിക്കാത്തതിന് പ്രധാന കാരണം ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവരുടെ കുറവാണ്. ഈ പോരായ്മ വളരെ അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതുമാണ്.

സാമൂഹികമായും സാമ്പത്തികമായും സാംസ്കാരികമായും വളരെ പിന്നോക്കം നിൽക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരെ ഉയർത്തിക്കൊണ്ട് വരുന്നതിന് അവരെ അറിവിന്റെ മേഖലയിലേക്ക് കൈപിടിച്ച് നടത്തേണ്ടത് വളരെ അത്യാവശ്യമാണ്. വിദ്യാഭ്യാസ പുരോഗതിയിലൂടെ മാത്രമെ ഇവരുടെ പിന്നോക്കവാസ്ഥ ശാശ്വതമായി പരിഹരിക്കാൻ കഴിയൂ. ഇതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനാണ് പ്രഥമ പരിഗണന നൽകേണ്ടത്. വിദ്യാഭ്യാസപരമായി ഉയരുന്ന പട്ടികജാതി വിഭാഗങ്ങൾ അവർ ആർജ്ജിച്ച അറിവിന്റെ ബലത്തിൽ സാമ്പത്തികമായി സ്വയം പര്യാപ്തരാകുന്നതിനുള്ള മാർഗ്ഗം കണ്ടെത്തുന്നതിനൊപ്പം തങ്ങൾക്കെതിരെയുള്ള ചൂഷണത്തിനെതിരെ ശരിയായ രീതിയിൽ പ്രതികരിക്കാൻ കഴിവുള്ളവരും ആയിമാറുന്നതാണ്. കൂടാതെ, വിദ്യാഭ്യാസപരമായി ഉന്നതിയിൽ എത്തുന്ന പുതു തലമുറ തനിക്ക് പിന്നാലെ വരുന്നവർക്ക് വഴികാട്ടിയാവേണ്ടവരുമാണ്.

കുറഞ്ഞ സാക്ഷരതാ നിരക്ക് ഇവരുടെ സാമൂഹ്യ പുരോഗതിക്ക് വിഘാതമായി നിൽക്കുന്ന പ്രധാന ഘടകമാണ്. സംസ്ഥാന സാക്ഷരതാ നിരക്ക് ജില്ലാ സാക്ഷരതാ നിരക്ക് എന്നിവ യഥാക്രമം 94 ശതമാനവും 93.7 ശതമാനവുമാണെങ്കിൽ ജില്ലയിലെ പട്ടികജാതി വിഭാഗക്കാരുടെ സാക്ഷരതാ നിരക്ക് 82 ശതമാനം മാത്രമാണ്. എന്നാൽ, പുതിയ തലമുറയിലെ എല്ലാ കുട്ടികളുടെയും സ്കൂൾ പ്രവേശനം ഉറപ്പുവരുത്തുന്നതിനും അവരുടെ കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കുന്നതിനുമുള്ള എല്ലാ മുൻകരുതലുകളും പട്ടികജാതി വകുപ്പിന്റെ നേതൃത്വത്തിൽ സ്വീകരിക്കുന്നുണ്ട്. മാത്രമല്ല, ഇക്കാര്യത്തിൽ വിജയിക്കുവാനും കഴിഞ്ഞിട്ടുണ്ട്. വിശദാംശങ്ങൾ ചിത്രം 4.4.1.12 ലും അനുബന്ധം 4.4.1.4 ലും ചേർത്തിട്ടുണ്ട്.

ചിത്രം 4.4.1.12 : പട്ടികജാതി വിഭാഗക്കാരുടെ പഠന നിലവാരം (എണ്ണം)



അവലംബം: തദ്ദേശ ഭരണ വകുപ്പും പട്ടികജാതി വികസന വകുപ്പും ചേർന്ന് നടത്തിയ സർവ്വെ

ചിത്രം 4.4.1.13 : പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം ബ്ലോക്ക് തിരിച്ച്



അവലംബം: 2009-10 പട്ടികജാതി വികസന വകുപ്പ് സർവ്വെ റിപ്പോർട്ട്

ചിത്രം 4.4.1.14 : ഡിഗ്രി മുതലുള്ള പഠന നിലവാരം



അവലംബം : പട്ടികജാതി വികസന വകുപ്പ് നടത്തിയ സർവ്വേ

ചിത്രം 4.4.1.15 : പട്ടികജാതി വിഭാഗം സാക്ഷരതാ നിരക്ക്



അവലംബം: 2009-10 പട്ടികജാതി വികസന വകുപ്പ് സർവ്വെ റിപ്പോർട്ട്

ചിത്രം 4.4.1.16 : പട്ടികജാതി വിഭാഗം – സാക്ഷരതാ നിരക്ക് (%)



അവലംബം : പട്ടികജാതി വികസന വകുപ്പും, തദ്ദേശ സ്വയം ഭരണ വകുപ്പും ചേർന്ന് നടത്തിയ സർവ്വേ ഭവനം

2009-10 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വികസന വകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടത്തിയ സർവ്വെ പ്രകാരം ജില്ലയിൽ ആകെ 58,027 പട്ടികജാതി കുടുംബങ്ങളാണുള്ളത്. ഇതിൽ 499 കുടുംബങ്ങൾ ഭൂരഹിതരും 611 കുടുംബങ്ങൾ ഭവന രഹിതരുമാണ്. ഇത് ആകെ കുടുംബങ്ങളുടെ യഥാക്രമം 0.86 ശതമാനവും 1 ശതമാനവും ആണ്. ഇവരുടെ പുനരധിവാസം വളരെ അടിയന്തിരമായി നടപ്പിലാക്കേണ്ട ഒന്നാണ്. ഇതിനായി നിലവിൽ കേരള ഗവൺമെൻറ് കൊണ്ട് വന്നിരിക്കുന്ന ലൈഫ് മിഷൻ പദ്ധതിയിലെ ഗുണഭോക്താക്കളായി ഇവർ തെരെഞ്ഞെടുക്കപ്പെട്ടിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടത് അത്യാവശ്യമാണ്. ഇതിലേക്കായി പട്ടികജാതി വികസന ഓഫീസർമാരുടേയും പട്ടികജാതി പ്രെമോട്ടറുടേയും സേവനം ഉറപ്പുവരുത്താവുന്നതാണ്. ഇത്തരം ഗുണഭോക്താക്കളുടെ എണ്ണം ഒരോ വർഷവും പുതിയതായി ഉണ്ടായിക്കൊണ്ടിരിക്കും. കാരണം അടിസ്ഥാന സൗകര്യത്തിന്റെ കാര്യത്തിലും സാമ്പത്തിക പിന്നോക്കാവസ്ഥയിലും പെട്ട പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന കുടുംബത്തിൽ പുതുതായി വിവാഹിതരാവുന്നവർക്ക് ഭവന നിർമ്മാണത്തിനാവശ്യമായ ഭൂമി പൈതൃകമായി ലഭിക്കാനിടയില്ല. ഇനി ഭൂമി അവകാശത്തിൽ ലഭ്യമാകുന്നവർക്ക് ഇന്നത്തെ

അവസ്ഥയിൽ സ്വന്തമായി ഭവന നിർമ്മാണത്തിനും കഴിവില്ലാത്തവരാണ്. മേൽ സാഹചര്യത്തിൽ ഈ വിഭാഗത്തിൽപ്പെടുന്നവർ ഓരോ വർഷത്തിലും പുതുതായി വന്നുകൊണ്ടിരിക്കുന്നതാണ്. നിലവിൽ ഇത്തരക്കാരെ പുനരധിവസിപ്പിക്കുന്നതിനായി പട്ടികജാതി വികസന വകുപ്പും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

ചിത്രം 4.4.1.17 : 2007-08 മുതൽ 2017-18 വരെ പട്ടികജാതി വികസന വകുപ്പ് മുഖേന നൽകിയ ഭവന നിർമ്മാണ ധനസഹായങ്ങളുടെ എണ്ണം



അവലംബം : പട്ടികജാതി വകുപ്പ് തല വിവരങ്ങൾ

ചിത്രം 4.4.1.18 : 2011 – 12 മുതൽ 2017 – 18 വരെ പട്ടികജാതി വികസന വകുപ്പ് മുഖേന നൽകിയ ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം നൽകിയ ധനസഹായങ്ങളുടെ എണ്ണം



അവലംബം : പട്ടികജാതി വകുപ്പ് തലവിവരങ്ങൾ

i. ഭാഗികമായി പൂർത്തീകരിച്ച ഭവനങ്ങൾ: വിവിധ പദ്ധതികളിലൂടെ ഭവനനിർമ്മാണ ധനസഹായം അനുവദിച്ച് നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കാനുള്ള ഗുണഭോക്താക്കളെ കണ്ടെത്തി അവർക്ക് ലൈഫ് പദ്ധതി പ്രകാരം അധിക ധനസഹായം നൽകി നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നുണ്ട്.

ii. ജീർണ്ണിച്ച ഭവനങ്ങൾ: ജില്ലയിൽ 5741 കുടുംബങ്ങൾ ജീർണ്ണാവസ്ഥയിലുള്ള ഭവനങ്ങളിലാണ് താമസിക്കുന്നത്. ഇത് ജില്ലയിലെ ആകെ കുടുംബങ്ങളുടെ 10 ശതമാനം (9.9%) വരും. ഇവർക്കും ശാശ്വതമായ പാർപ്പിട സൗകര്യം ഒരുക്കേണ്ടത് വളരെ അത്യാവശ്യമാണ്. ഇതിൽ

പല വീടുകളുടേയും അവസ്ഥ ശോചനീയമാണ്. നിലവിൽ ഇത്തരക്കാരുടെ ഭവനങ്ങൾ പുനരുദ്ധരിക്കാനുള്ള പദ്ധതികൾ പട്ടികജാതി വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേന നടപ്പിലാക്കിവരുന്നുണ്ട്. എന്നിരുന്നാലും മതിയായ രീതിയിലുള്ള ഇടപെടലുകൾ ഇക്കാര്യത്തിൽ ഉണ്ടാകുന്നില്ല. മുൻ വർഷങ്ങളിൽ വിവിധ സർക്കാർ സ്കീമുകളിൽ വീട് ലഭിച്ച എങ്കിലും ചോർന്നൊലിക്കുന്ന വീടുകൾ ഇപ്പോഴും പട്ടികജാതി കോളനികളിൽ നിലനിൽക്കുന്നുണ്ട്. ഇത്തരം ഗുണഭോക്താക്കൾ സർക്കാറിന്റെ ലൈഫ് ഗുണഭോക്തൃ ലിസ്റ്റിലും ഉൾപ്പെടാത്തവരുമാണ്. ആയതിനാൽ മുൻ വർഷങ്ങളിൽ സർക്കാർ ധനസഹായത്തോടെ നിർമ്മിച്ച വീടുകൾ വാസയോഗ്യമല്ലെങ്കിൽ അത്തരം ഗുണഭോക്താക്കളെ ലൈഫ് പട്ടികയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിനുള്ള ധനസഹായം നൽകുകയോ മറ്റ അടിയന്തിര പരിഹാരം കണ്ടെത്തുകയോ ചെയ്യേണ്ടതാണ്. മറ്റ് വിഭാഗങ്ങളെ അപേക്ഷിച്ച് സാമൂഹികമായി പിന്നോക്കം നിൽക്കുന്ന ഇവരുടെ കാര്യത്തിൽ കാര്യമായ ഇടപെടലുകൾ അത്യന്താപേക്ഷിതമാണ്.

iii. വൈദ്യുതീകരിച്ച വീടുകൾ : ജില്ലയിലെ ആകെ വീടുകളിൽ 46370 വീടുകൾ വൈദ്യുതീകരിച്ചവയാണ്. ഇത് 80 ശതമാനം വരും. ഇനിയും വൈദ്യുതീകരിക്കാത്ത വീടുകളുടെ എണ്ണം ജില്ലയിൽ 11657 ആണ്. സമ്പൂർണ്ണ വൈദ്യുതീകരണം ലക്ഷ്യമിടുന്ന ഈ കാലയളവിൽ KSEB യുമായി സഹകരിച്ച് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതികൾ ആസൂത്രണം ചെയ്യാവുന്നതാണ്. ഇതിനുള്ള സാമ്പത്തിക സ്രോതസ്സ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയോ പട്ടികജാതി വികസന വകുപ്പ് മുഖേനയോ കണ്ടെത്താവുന്നതാണ്.

iv. ശുചിത്വ സൗകര്യമുള്ള ഭവനം: ഒരു സമൂഹത്തിന്റെ ഔന്നത്യത്തിന്റെ അളവുകോലാണ് അവരുടെ ശുചിത്വപരമായ തിരിച്ചറിവ്. നൂറ്റാണ്ടുകൾ അടിമത്വത്തിന്റേയും അടിച്ചമർത്തലുകളുടേയും ഭാരം ചുമന്നിരുന്ന ഒരു ജനതയെ പൊതുസമൂഹത്തിന്റെ ഭാഗമാക്കിമാറ്റുന്നതിനുള്ള പ്രവർത്തനത്തിൽ ശുചിത്വ ബോധവൽക്കരണം വളരെ അത്യന്താപേക്ഷിതമാണ്. ദൗർഭാഗ്യകരമെന്ന് പറയട്ടെ പട്ടികജാതി വിഭാഗക്കാരുടെ ഇടയിൽ ശുചിത്വപരമായ തിരിച്ചറിവ് ഇന്നും വളരെ പരിതാപകരമാണ്. പലർക്കും ശുചിത്വ സൗകര്യമുള്ള ഭവനങ്ങൾ ഉണ്ടെങ്കിൽപോലും അതിന്റെ പരിപാലനവും പരിസര പരിപാലനവും തുടർന്ന് കൊണ്ടുപോകുന്നതിൽ ഇവർ വളരെ പിന്നോക്കമാണ്. ഇക്കാര്യത്തിൽ ആവശ്യമായ ബോധവൽക്കരണ ഇടപെടലുകൾ ഉണ്ടാകേണ്ടത് വളരെ അത്യാവശ്യമാണ്.

ഒരു കുടുംബത്തിന് ഏറ്റവും അത്യാവശ്യമായ ഒന്നാണ് ശുചിത്വമുള്ള ഭവനം. ഇത് ഒരു കുടുംബത്തിന്റെ ആരോഗ്യപരമായ വിഷയത്തിൽ വളരെ അത്യന്താപേക്ഷിതമാണ്. 2009-10-ലെ സർവ്വേ പ്രകാരം ജില്ലയിൽ ഉണ്ടായിരുന്ന 58027 പട്ടികജാതി കുടുംബങ്ങളിൽ 47595 കുടുംബങ്ങൾക്കും ശുചിത്വ സൗകര്യമുള്ള വീടുകൾ ഉണ്ട്. ഇത് ആകെ വീടുകളുടെ 82 ശതമാനം വരും. 10432 കുടുംബങ്ങളിൽ മാത്രമാണ് മേൽകാലയളവിൽ കണക്കുകൾ പ്രകാരം ശുചിത്വ കക്കൂസുകൾ ഇല്ലാതിരുന്നത്. ശേഷിക്കുന്നവർക്കെല്ലാം തന്നെ പട്ടികജാതി വികസന വകുപ്പ് മുഖേനയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും ജില്ലാ ശുചിത്വ മിഷൻ മുഖേനയും ധനസഹായം അനുവദിക്കുകയും കക്കൂസ് നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും ഇനിയും കുറച്ച വീടുകൾക്ക് കൂടി ശുചിത്വ കക്കൂസ് നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. മേൽ സാഹചര്യത്തിൽ, മുൻകാലങ്ങളിൽ ചെയ്തിരുന്നത് പോലെ പട്ടികജാതി വികസന വകുപ്പ് മുഖേന നിശ്ചിത മാർഗ്ഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ശേഷിക്കുന്ന എല്ലാവർക്കും ധനസഹായം അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കേണ്ടതാണ്.

ചിത്രം 4.4.1.19 : പട്ടികജാതി വിഭാഗക്കാരുടെ അടിസ്ഥാന സൗകര്യ വിശകലനം



അവലംബം : പട്ടികജാതി വികസന വകുപ്പും, തദ്ദേശ സ്വയം ഭരണ വകുപ്പും ചേർന്ന് നടത്തിയ സർവ്വേ

ആരോഗ്യം

പട്ടികജാതി കോളനികൾ പൊതുവെ അടിസ്ഥാന സൗകര്യങ്ങൾ കുറഞ്ഞ പ്രദേശത്താണ് രൂപപ്പെടുന്നത്. ഇതിനാൽതന്നെ കോളനി നിവാസികൾക്ക് സാധാരണ വിഭാഗങ്ങളുടെ അത്രതന്നെ വികസന പ്രവർത്തനങ്ങൾ പ്രാപ്യമാകുന്നില്ല. ജില്ലയിലെ 1574 കോളനികളുടെ 2.5 കി.മി.ചുറ്റളവിൽ പ്രൈമറി ഹെൽത്ത് സെൻറുകളോ 1843 സങ്കേതങ്ങളുടെ 2.5 കി.മി. ചുറ്റളവിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെൻറുകളോ ഇല്ല. ഇത് അവരുടെ ആരോഗ്യപരമായ കാര്യങ്ങളെ സാരമായി ബാധിക്കുന്നു. കേരളത്തിലെ ആകെ ജനസംഖ്യയുടെ 13 ശതമാനം പേർ 60 വയസ്സിന് മുകളിൽ പ്രായമായവരാണ്. ആകെ ജനസംഖ്യയുടെ 8.3 ശതമാനം, 23017 പേർ മാത്രമാണ് 60 വയസ്സിനു മുകളിൽ ഉള്ളവർ. അതായത് ശരാശരി ആയുർദൈർഘ്യം കണക്കാക്കുമ്പോൾ പട്ടികജാതി വിഭാഗക്കാരുടെ ആയുർദൈർഘ്യം കുറവാണെന്ന് കാണാൻ സാധിക്കും. എന്നാൽ 15.59 പ്രായ വിഭാഗത്തിലെ കണക്കുകൾ പരിഗണിക്കുമ്പോൾ അത് ഈ വിഭാഗത്തിന്റെ സാമ്പത്തിക അഭിവൃദ്ധിക്ക് അനുകൂലമാണെന്ന് കാണാവുന്നതാണ്. വിശദാംശങ്ങൾ താഴെ ചേർത്തിരിക്കുന്നു.

ചിത്രം 4.4.1.20 : പ്രായഭേദമനുസരിച്ചുള്ള പട്ടികജാതി ജനസംഖ്യാ വിശകലനം



അവലംബം : പട്ടികജാതി വികസന വകുപ്പും, തദ്ദേശ സ്വയം ഭരണ വകുപ്പും ചേർന്ന് നടത്തിയ സർവ്വേ

ജില്ലയിലെ പട്ടികജാതി കോളനികളിലെ അടിസ്ഥാന വികസനങ്ങളുടെ പോരായ്മ ഇവരുടെ ആരോഗ്യപരമായ കാര്യങ്ങളിലും പ്രതിഫലിക്കുന്നുണ്ട്. ഭൂരിഭാഗം സങ്കേതങ്ങളിലും

ശരിയായ മാലിന്യ സംസ്കരണം നടക്കാത്തതിനാൽ പലവിധത്തിലുള്ള പകർച്ച വ്യാധികളും സങ്കേത നിവാസികളിൽ കണ്ടുവരുന്നു. ശരിയായ ബോധവൽക്കരണവും ശാസ്ത്രീയമായ മാലിന്യ സംസ്കരണവും സങ്കേതങ്ങളിൽ ഏർപ്പെടുത്തേണ്ടത് വളരെ അത്യാവശ്യമാണ്. 2.5 കി.മി. ഉള്ളിലായി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ ഇല്ലാത്ത 1574 സങ്കേതങ്ങളും സി.എച്ച്.സി.കൾ ഇല്ലാത്ത 1843 സങ്കേതങ്ങളും ജില്ലയിൽ ഉണ്ട്. അമിത മദ്യപാനം, വെറ്റിലമുറുക്ക് എന്നിവ മൂലമുണ്ടാകുന്ന രോഗങ്ങൾ പട്ടികജാതി വിഭാഗക്കാർക്കിടയിൽ കണ്ടുവരുന്നു.

ജില്ലയിലെ 22693 കുടുംബങ്ങൾ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവിക്കുന്നവരാണ്. ഈ പോരായ്മ പരിഹരിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് മുഖേനയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും കേരള വാട്ടർ അതോറിറ്റി മുഖേനയും വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും അവ എല്ലാ സങ്കേതങ്ങൾക്കും പ്രയോജനകരമാകുന്നില്ല. അടിസ്ഥാനപരമായി വളരെ കുറച്ച് ഭൂമി മാത്രം കൈവശമുള്ള പട്ടികജാതി കുടുംബങ്ങൾക്ക് കുടിവെള്ള പദ്ധതികളുടെ അടിസ്ഥാന സൗകര്യങ്ങൾ, കിണർ, പമ്പ് ഹൗസ്, സ്റ്റോറേജ് ടാങ്ക് എന്നിവ, ഒരുക്കുന്നതിനുള്ള സ്ഥല സൗകര്യങ്ങൾ കണ്ടെത്താൻ കഴിയാതെ വരുന്നതാണ് പ്രധാന പ്രശ്നം. മേൽ സാഹചര്യത്തിൽ ഇത്തരത്തിലുള്ള സങ്കേതങ്ങളിൽ കേരള വാട്ടർ അതോറിറ്റിയുമായി സഹകരിച്ച് പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്. പട്ടികജാതി സങ്കേതങ്ങളിലെ കുടിവെള്ള ക്ഷാമത്തിന്റെ പ്രധാന കാരണം അവ സ്ഥിതിചെയ്യുന്ന ഭൂപ്രദേശത്തിന്റെ പ്രത്യകതയാണ്. സങ്കേതങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ആരംഭിച്ച പല പദ്ധതികളുടേയും ഇന്നത്തെ അവസ്ഥ വളരെ ദയനീയമാണ്. ശരിയായ അറ്റകുറ്റ പ്രവൃത്തികൾ നടത്താത്തതിനാലും, ഭീമമായ ഇകയുടെ കറണ്ട് ബിൽ അടക്കാത്തതിനാലും പല കുടിവെള്ള പദ്ധതികളും നിർജ്ജീവാവസ്ഥയിലാണുള്ളത്. കൂടാതെ കുടിവെള്ള ക്ഷാമത്തിന് പരിഹാരമായി നിർമ്മിച്ചിട്ടുള്ള കുഴൽ കിണറുകൾ ശരിയായ പരിചരണം ലഭിക്കാത്തതിനാൽ നിർജ്ജീവാവസ്ഥയിലാണ്. പുതിയ കുടിവെള്ള പദ്ധതികൾ ആരംഭിക്കുന്നതിനേക്കാൾ ഇത്തരം പദ്ധതികളെ പുനരുജ്ജീവിപ്പിച്ചാൽ കുറഞ്ഞ ചെലവിൽ സങ്കേതങ്ങളിലെ കുടിവെള്ള ക്ഷാമം കുറെയെല്ലാം പരിഹരിക്കുവാൻ സാധിക്കുന്നതാണ്. വിശദാംശങ്ങൾ ചുവടെ ചിത്രത്തിലും അനുബന്ധം 4.4.1.5 ലും ചേർത്തിരിക്കുന്നു.

ചിത്രം 4.4.1.21 : സങ്കേതങ്ങളിലെ ആരോഗ്യ സൗകര്യങ്ങളുടെ ലഭ്യത



അവലംബം : പട്ടികജാതി വികസന വകുപ്പും, തദ്ദേശ സ്വയം ഭരണ വകുപ്പും ചേർന്ന് നടത്തിയ സർവ്വേ

അവസ്ഥാ വിശകലനത്തിന്റെ അടിസ്ഥാനത്തിലുള്ള വികസന പരിപ്രേക്ഷ്യം

ദീർഘകാല ലക്ഷ്യങ്ങൾ.

സ്വയം തൊഴിൽ യൂണിറ്റുകളുടെ രൂപീകരണം.

പട്ടികജാതി വിഭാഗക്കാർക്കിടയിൽ നല്ലൊരു ശതമാനം തൊഴിൽ രഹിതരാണ്. ഇവരുടെ പുന:രധിവാസം വളരെ പ്രാധാന്യമേറിയ കാര്യമാണ്. നിലവിൽ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള കോളനികളിൽ പ്രത്യേക ഘടക പദ്ധതി പ്രകാരം നിർമ്മിച്ച സാംസ്കാരിക നിലയങ്ങൾ, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ എന്നിവ നിലവിലുണ്ട്. ഇവ പലതും നിലവിൽ യാതൊരു പ്രവർത്തനവുമില്ലാതെ കിടക്കുകയുമാണ്. ഇവയെ ചെറിയ ഉൽപാദക യൂണിറ്റുകളാക്കി മാറ്റി ഈ വിഭാഗക്കാർക്ക് തൊഴിൽ അവസരം ലഭ്യമാക്കാവുന്നതാണ്. ഇതിനായി വിവിധ പദ്ധതികളിൽ അനുയോജ്യമായ തൊഴിൽ പരിശീലനങ്ങളും സ്വയം തൊഴിൽ ആരംഭിക്കുന്നതിനുള്ള ധനസഹായ പദ്ധതികളും നടപ്പിലാക്കേണ്ടതാണ്. ഇത്തരം പദ്ധതികളിൽ ഗുണഭോക്തൃ വിഹിതം നിർബ്ബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. ഇത്തരം പദ്ധതികളിലൂടെ ഇവരെ സാമ്പത്തികമായി സ്വയം പര്യാപ്തരാക്കാവുന്നതാണ്. തുടക്കത്തിൽ കോളനികളിൽ തന്നെയുള്ളതും നിലവിൽ പ്രവർത്തിക്കാത്തതുമായ കെട്ടിടങ്ങൾ ഏറ്റെടുത്ത് ഈ പദ്ധതി ആരംഭിക്കാവുന്നതാണ്. തൊഴിലിൽ ഏർപ്പെടുന്നവരുടെ താമസം സമീപത്താകയാൽ സ്ത്രീ തൊഴിലാളികൾക്ക് ഇത്തരം പദ്ധതികളിൽ താൽപര്യമുണ്ടാകുന്നതാണ്. ഇതിനുള്ള ഭൗതിക സാഹചര്യം ഒരുക്കുന്നതിനായി പ്രത്യേകം തുക കണ്ടെത്തേണ്ടി വരുന്നില്ല എന്നത് ഇതിന് അനുകൂലമായ ഘടകമാണ്. പരിശീലനം നൽകിയ തൊഴിലാളികൾക്ക് കരാർ അടിസ്ഥാനത്തിൽ തന്നെ ചെയ്യാവുന്ന പദ്ധതികൾ രൂപവൽക്കരിക്കാവുന്നതുമാണ്. ഉദാ.വസ്ത്ര നിർമ്മാണ യൂണിറ്റ്, വിവിധ ഫുഡ് പ്രോഡക്ട് നിർമ്മാണം എന്നിവ. ഇത്തരത്തിൽ ഉത്പ്പാദിപ്പിക്കുന്ന ഉത്പ്പന്നങ്ങളുടെ മാർക്കറ്റിംഗ് കുടുംബശ്രീ മുഖേനയോ വിവിധ കച്ചവട സ്ഥാപനങ്ങൾ മുഖേനയോ നടത്താവുന്നതാണ്.

ലേബർ കോൺട്രാക്ട് സൊസൈറ്റി രൂപീകരണം

സാങ്കേതിക വിദ്യാഭ്യാസം നേടിയിട്ടില്ലെങ്കിലും പല പട്ടികജാതി തൊഴിലാളികളും സാങ്കേതിക അറിവ് ഉള്ളവരാണ്. ഇവരെ സംഘടിപ്പിച്ചുകൊണ്ട് നിലവിലുള്ള സഹകരണ സംഘങ്ങൾ മുഖേനയോ അല്ലാതെയോ ലേബർ കോൺട്രാക്ട് സൊസൈറ്റികൾ രൂപീകരിക്കുക. ഇതിലേക്കാവശ്യമായ പ്രാഥമിക സാമ്പത്തിക സഹായം വിവിധ പദ്ധതികൾ മുഖേന അനുവദിക്കാവുന്നതാണ്. ഇത് മൂലം ഇത്തരക്കാർക്ക് മെച്ചപ്പെട്ട സാമ്പത്തിക ഉയർച്ച ഉണ്ടാകുന്നതാണ്.

പ്രാഥമിക വിദ്യാഭ്യാസം

വിദ്യാഭ്യാസ പുരോഗതിയിലൂടെ മാത്രമെ പട്ടികജാതി വിഭാഗക്കാർക്കിടയിൽ സമഗ്രമായ സാമൂഹിക മുന്നേറ്റം സാധ്യമാകൂ. മേൽ സാഹചര്യത്തിൽ, എല്ലാ പട്ടികജാതി കുട്ടികളുടേയും പ്രാഥമിക വിദ്യാഭ്യാസ പ്രവേശനം ഉറപ്പുവരുത്തേണ്ടതാണ്. നിലവിൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ പട്ടികജാതി വികസന വകുപ്പ് ജാഗ്രതയോടെ നടപ്പിലാക്കുന്നുണ്ട്.

എൻട്രൻസ് കോച്ചിംഗ് പദ്ധതി

മുകളിലെ അവസ്ഥാ വിശകലനത്തിൽ നിന്നും ഒരു കാര്യം നമുക്ക് മനസ്സിലാക്കാവുന്നതാണ്. ഹയർ സെക്കണ്ടറി തലം വരെ മാത്രമെ പട്ടികജാതി വിദ്യാർത്ഥികൾ പഠനവുമായി മുന്നോട്ട് പോകുന്നുള്ളു. ഹയർസെക്കണ്ടറി തലത്തിൽ പഠനം പൂർത്തിയാക്കാതെ കൊഴിഞ്ഞ് പോകുന്ന വിദ്യാർത്ഥികളുടെ നിരക്ക് വളരെ കൂടുതലാണ്. ഇതിന് പ്രധാന കാരണം വീടുകളിലെ സാമ്പത്തിക പിന്നോക്കവസ്ഥയാണ്. കൂടാതെ ഉന്നത പഠനത്തിന്റെ പ്രാധാന്യം ഇന്നും ഇവരിലേക്ക് എത്തപ്പെട്ടുന്നില്ല. ആയതിനാൽ, മികച്ച ഗ്രേഡിൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം

നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് തുടർന്ന് വരുന്ന വിവിധ എൻട്രൻസ് പരീക്ഷകളിൽ പങ്കെടുക്കുന്നതിനാവശ്യമായ പരിശീലനം നൽകുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിനായി ജില്ലയിൽ / സംസ്ഥാനത്ത് തെരെഞ്ഞെടുക്കുന്ന പരിശീലന കേന്ദ്രങ്ങളിൽ താമസിച്ച് പഠിക്കുന്നതിനാവശ്യമായ സൗകര്യമൊരുക്കുക. ഇത്തരത്തിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ പരിശീലന സ്ഥാപനങ്ങളുടെ തെരെഞ്ഞെടുപ്പ് വളരെ ഉയർന്ന പരിഗണന നൽകേണ്ടതാണ്.

സിവിൽ സർവ്വീസ് കോച്ചിംഗ്

ഉയർന്ന മാർക്കോടെ ബിരുദ, ബിരുദാനന്തര കോഴ്സുകൾ വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് കോച്ചിംഗ് പരിശീലനം നൽകുക. നല്ല രീതിയിലുള്ള സിവിൽ സർവ്വീസ് കോച്ചിംഗ് ലഭ്യമാകുന്ന വിദ്യാർത്ഥിയുടെ മുന്നിൽ തെളിയുന്നത് വിവിധ തലത്തിലുള്ള തൊഴിൽ സാധ്യതകളാണ്. കൂടാതെ ഇവരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും ഇത് വഴിയൊരുക്കുന്നതാണ്.

പി.എസ്.സി. കോച്ചിംഗ്

വിവിധ കോഴ്സുകളിൽ വിജയികളായവരെ അവരുടെ വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ വിവിധ തരത്തിലുള്ള കോച്ചിംഗ് നൽകാവുന്നതാണ്. പലപ്പോഴും ആവശ്യത്തിനുള്ള ഉദ്യോഗാർത്ഥികളെ ലഭ്യമാകാത്തതിനാൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നത് നമ്മൾ കാണുന്നതാണ്. ഇതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നിർമ്മിച്ചതും എന്നാൽ യാതൊരുവിധ പ്രവർത്തനങ്ങൾ നടക്കാത്തതുമായ കെട്ടിടങ്ങൾ ഉപയോഗിക്കാവുന്നതാണ്. (വയോജനങ്ങൾക്കുള്ള വിശ്രമ കേന്ദ്രങ്ങൾ, വിവിധ പരിശീലന കേന്ദ്രങ്ങൾ മുതലായവ)

ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ട്യൂഷൻ

അടിസ്ഥാന ക്ലാസ്സുകളിൽ തന്നെ ആവശ്യമായ പ്രോത്സാഹനം നൽകിയാൽ വിദ്യാർത്ഥികൾക്ക് തങ്ങളുടെ കഴിവുകൾ ഉയർത്തുവാനും പരിപോഷിപ്പിക്കുവാനും കഴിയുന്നതാണ്. സാമ്പത്തികമായും വിദ്യാഭ്യാസപരമായും വളരെ പിന്നോക്കം നിൽക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ രക്ഷകർത്താക്കൾക്ക് അവരെ ട്യൂഷന് അയക്കുന്നതിനോ സ്വയം പഠിപ്പിക്കുന്നതിനോ സാധിക്കുകയില്ല. ആയതിനാൽ, പരിശോധനയിലൂടെ ഉന്നത നിലവാരം പുലർത്തുന്ന ട്യൂഷൻ സെൻറുകളെ തെരെഞ്ഞെടുത്ത് അവിടെ ട്യൂഷന് ചേരുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയാൽ വിദ്യാർത്ഥികൾക്ക് വളരെ പ്രയോജനപ്പെടുന്നതായിരിക്കും. ഈ പദ്ധതി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രക്ഷിതാക്കളുടെ മക്കൾക്ക് മാത്രമായി പരിമിതപ്പെടുത്താവുന്നതാണ്. ട്യൂഷൻ ഫീസ്, പഠിക്കുന്ന സ്ഥാപനം മുഖേന ആവശ്യമായ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കി മാത്രം വിതരണം ചെയ്യാവുന്നതുമാണ്.

പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലുകൾ

മലപ്പുറം ജില്ലയിൽ നിലവിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നില്ല. പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി പോസ്റ്റ് മെട്രിക് തലത്തിൽ ഹോസ്റ്റലുകൾ ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. നിലവിൽ മലപ്പുറം ജില്ലയിലെ അരീക്കോട്, നിലമ്പൂർ എന്നീ ബ്ലോക്കുകളിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിനാവശ്യമായ ഭൗതിക സൗകര്യങ്ങൾ ഉണ്ട്. ഇവിടെ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ വരികയാണെങ്കിൽ മലപ്പുറത്തെ പട്ടികജാതി വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിന് വളരെ സഹായകരമായിരിക്കും.

മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

മലപ്പുറം ജില്ലയിൽ നിലവിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നില്ല. സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന മിടുക്കരായ പട്ടികജാതി

വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. നിലവിൽ മലപ്പുറം ജില്ലയിലെ അരീക്കോട്, നിലമ്പൂർ എന്നീ ബ്ലോക്കുകളിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ നിർമ്മിക്കുന്നതിനാവശ്യമായ ഭൗതിക സൗകര്യങ്ങൾ ഉണ്ട്. ഇവിടെ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ വരികയാണെങ്കിൽ മലപ്പുറത്തെ പട്ടികജാതി വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിന് വളരെ സഹായകരമായിരിക്കും.

പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം നേടി കോഴ്സ് പൂർത്തീകരിക്കാത്ത വിദ്യാർത്ഥികൾക്ക് കോഴ്സ് പൂർത്തീകരിക്കുന്നതിനുള്ള പദ്ധതി

വിവിധ പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം നേടി കോഴ്സ് പൂർത്തീകരിക്കാത്ത വിദ്യാർത്ഥികൾക്ക് കോഴ്സ് പൂർത്തീകരിക്കുന്നതിനും താൽപര്യമുള്ളവർക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുമുള്ള ധന സഹായം നൽകുക.

ഈ പദ്ധതി പാരലൽ കോളേജ് വിദ്യാഭ്യാസാനുകൂല്യം വിതരണം ചെയ്യുന്ന രീതിയിൽ നടപ്പിലാക്കാവുന്നതാണ്. വിദ്യാർത്ഥികൾ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ ചേർന്ന് പഠനം നടത്തി ട്യൂഷൻ ഫീസ്, പരീക്ഷാ ഹാൾ ടിക്കറ്റ് എന്നിവ ഹാജരാക്കുന്ന മുറക്ക് ധനസഹായം അനുവദിക്കാവുന്നതാണ്. വിദ്യാർത്ഥി പഠനത്തിന് ചേർന്നുവെന്ന് ഉറപ്പാക്കി പരീക്ഷക്ക് ഹാജരാകുമെന്ന സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ പകുതി തുക അനുവദിക്കാവുന്നതും ശേഷിക്കുന്ന തുക ട്യൂഷൻ ഫീസ് രസീത്, ഹാൾ ടിക്കറ്റ് എന്നിവ ഹാജരാക്കുന്ന മുറക്ക് അനുവദിക്കാവുന്നതുമാണ്.

ഭൂരഹിത ഭവന രഹിത പുനരധിവാസ പദ്ധതി

അർഹരായ എല്ലാ ഭൂരഹിത ഭവന രഹിത പട്ടികജാതി കുടുംബങ്ങൾക്കും വേണ്ടി നടപ്പിലാക്കുന്ന പുനരധിവാസ പദ്ധതി. നിലവിലെ സ്ഥലപരിമിതി കണക്കിലെടുത്ത് ഫ്ളാറ്റ് സമ്പ്രദായം പ്രയോജനപ്പെടുത്തി പുനരധിവാസ പദ്ധതി നടപ്പിലാക്കാവുന്നതാണ്. ഇത്തരത്തിൽ പദ്ധതി നടപ്പിലാക്കുമ്പോൾ നിശ്ചിത ശതമാനം ജനറൽ ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുകയും ഇത് ജനറൽ വിഭാഗങ്ങൾക്ക് അനുവദിക്കുകയും ചെയ്യുകയാണെങ്കിൽ കോളനൈസേഷന്റെ പരിമിതികൾ മറികടക്കുന്നതിന് സഹായകരമായിരിക്കും.

എന്നാൽ, ഫ്ളാറ്റ് സമ്പ്രദായത്തിൽ താമസിക്കുന്നതിന് താൽപര്യമില്ലാത്തവരും സ്വന്തമായി ഭൂമി കണ്ടെത്തി ഭവന നിർമ്മാണം നടത്തുവാൻ കഴിയുന്ന പട്ടികജാതി കുടുംബങ്ങൾക്ക് നിലവിലെ സ്ഥിതി തുടരുന്നതിനാശ്യമായ പദ്ധതി തുടരേണ്ടതുമാണ്. നിലവിൽ ഭൂമി വാങ്ങി ഭവന നിർമ്മാണം നടത്തുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ 6,75,000/ രൂപയും നഗര സഭകളിൽ 7,50,000/ രൂപയുമാണ് അനുവദിക്കുന്നത്. എന്നാൽ ഒരു കുടുംബത്തെ ഫ്ളാറ്റ് സമ്പ്രദായത്തിൽ പുനരധിവസിപ്പിക്കുമ്പോൾ ഏകദേശം 10,00,000/ (പത്ത് ലക്ഷം) രൂപയിൽ കൂടുതൽ വേണ്ടിവരുമെന്ന് കാണുന്നു. ആയതിനാൽ നിലവിലെ പദ്ധതിയും ഇതോടൊപ്പം തന്നെ തുടരാവുന്നതാണ്.

സുന്ദര ഭവനം പദ്ധതി

പട്ടികജാതി കോളനികളെ കേന്ദ്രീകരിച്ച് നടപ്പാക്കാവുന്ന പദ്ധതിയാണ് സുന്ദര ഭവനം പദ്ധതി. ശുചിത്വമുള്ള പരിസരം ആരോഗ്യമുള്ള ജനതയെ സൃഷ്ടിക്കുന്നു. നിലവിൽ കോളനികളിലെ പരിസര ശുചിത്വം വളരെ പരിതാപകരമാണ്. ഇക്കാര്യത്തിൽ സമഗ്രമായ ഇടപെടലാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. കോളനികളിലെ ഇടവഴികളും ഓരോ വീടിന്റെയും പരിസരവും കിണറുകളുടെ പരിസരവും വിവിധ നിർമ്മാണ പ്രവർത്തികളിലൂടെ ശുചിത്വപൂർണ്ണമാക്കുക. വൃത്തിയുള്ള പരിസരം ലഭ്യമാക്കുന്നതോടൊപ്പം അവർക്കാവശ്യമായ ബോധവൽക്കരണവും നൽകുക.

ജീവിത ശൈലീ രോഗങ്ങൾ

പട്ടികജാതി വിഭാഗക്കാർക്കിടയിൽ കാണുന്ന പ്രധാന ജീവിത ശൈലീ രോഗങ്ങൾ അമിത മദ്യപാനം, പുകവലി, വെറ്റിലമുറുക്ക് എന്നിവയുടെ അമിതോപയോഗം മൂലമുണ്ടാകുന്നതാണ്. അതിനാൽ ഇക്കാര്യത്തിൽ ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഓരോ കോളനികളും കേന്ദ്രീകരിച്ച് നടപ്പാക്കേണ്ടതുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ പട്ടികജാതി വിഭാഗക്കാർക്ക് വളരെ ഫലപ്രദമാണ്. ഇതിലൂടെ ഇവർക്ക് പശ്ചാതല മേഖലയിലെ പുരോഗതിയും വിവിധ തൊഴിൽ പദ്ധതികളിലൂടെ സാമ്പത്തികമായും വിവിധ വിദ്യാഭ്യാസ പദ്ധതികളിലൂടെ വിദ്യാഭ്യാസപരമായ പുരോഗതിയും ഉണ്ടാകുന്നു. തെരെഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളുടെ മേൽനോട്ടത്തിലൂടെ നടപ്പിലാക്കുന്ന ഇത്തരം പദ്ധതികൾ രൂപപ്പെടുന്നതുതന്നെ ആവശ്യകത അനുസരിച്ച് മാത്രമായതിനാൽ ഫലപ്രാപ്തിയും കൂടുതലായിരിക്കും. മേൽ സാഹചര്യത്തിൽ ഇത്തരം പദ്ധതികൾ തുടർന്നും നടപ്പിലാക്കേണ്ടത് .

കുടിവെള്ള പദ്ധതി

കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന എല്ലാ പട്ടികജാതി കോളനികളിലും കുടിവെള്ള പദ്ധതികൾ നടപ്പാക്കുക. ഇതിലൂടെ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പട്ടികജാതി കോളനികളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കപ്പെടുന്നതാണ്.

കിണർ റീചാർജ്ജിംഗ്

എല്ലാ പട്ടികജാതി കോളനികളിലും കിണർ റീചാർജ്ജിംഗ് പദ്ധതി നടപ്പിലാക്കുക. ഇതിലൂടെ വളരെ കുറഞ്ഞ ചെലവിൽ കോളനികളിലെ കുടിവെള്ള ക്ഷാമം ഒരു പരിധിവരെ പരിഹരിക്കാവുന്നതാണ്.

നിർജ്ജീവമായ കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണം

മുമ്പ് നടപ്പിലാക്കിയതും നിലവിൽ നിർജ്ജീവാവസ്ഥയിൽ കിടക്കുന്നതുമായ എല്ലാ കുടിവെള്ള പദ്ധതികളും പുനരുജ്ജീവിപ്പിക്കുക.

പതിമൂന്നാം പഞ്ചവത്സര പദ്ധതി ലക്ഷ്യങ്ങൾ

1. പട്ടികജാതി യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനങ്ങൾ നൽകി അവരെ സംരംഭങ്ങൾ തുടങ്ങുന്നതിന് പ്രാപ്തരാക്കുക.
2. നൈപുണ്യ വികസന പദ്ധതിയിലൂടെ പരിശീലനം നൽകുന്ന ഗ്രൂപ്പുകൾക്ക് പട്ടികജാതി വികസന വകുപ്പുമുഖേന സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക
3. പട്ടികജാതി സങ്കേതങ്ങളിലെ പശ്ചാതല സൗകര്യവികസനം ഉറപ്പുവരുത്തുക.
4. പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ കാര്യങ്ങളിൽ സമഗ്രമായി ഇടപെടുകയും ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്യുക.
5. പട്ടികജാതി വിഭാഗക്കാർ ഭൂരിഭാഗവും കാർഷിക മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചു വരുന്നവർ ആയതിനാൽ ഇവരുടെ തൊഴിൽ മേഖലക്കാവശ്യമായ ഉപകരണങ്ങൾ നൽകുക.
6. ഫ്ളാറ്റ് സമ്പ്രദായത്തിൽ താമസിക്കുന്നതിന് താൽപര്യമില്ലാത്തവരും എന്നാൽ നിലവിൽ നൽകിവരുന്ന നിരക്കിൽ തന്നെ ഭൂമി വാങ്ങുന്നതിന് താൽപര്യമുള്ളവരുമായ പട്ടികജാതി കുടുംബങ്ങൾക്ക് ആനുകൂല്യം അനുവദിക്കുക. ഫ്ളാറ്റ് സംമ്പ്രദായത്തിൽ ഒരു കുടുംബത്തെ പുനരധിവസിപ്പിക്കുന്നതിന് ഏകദേശം 10 ലക്ഷത്തിൽ അധികം തുക കണ്ടെത്തേണ്ടിവരുമ്പോൾ നിലവിലെ പദ്ധതി നിരക്ക് പ്രകാരം ഒരു കുടുംബത്തെ പുനരധിവസിപ്പിക്കുന്നതിന്

ഗ്രാമപഞ്ചായത്തിൽ 6,75,000 രൂപയും മുനിസിപ്പാലിറ്റിയിൽ 7,50,000 രൂപയും മാത്രമാണ് ചെലവ് വരിക.

7. നിലവിൽ പശ്ചാത്തല മേഖലയിലെ പ്രവർത്തികളുടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകാൻ കഴിയുക കോളനിക്കുള്ളിലെ പ്രവർത്തികൾക്ക് മാത്രമാണ്. ആയതിനാൽ കോളനിക്കകത്തെ പ്രവർത്തികൾ മാത്രമാണ് നടപ്പിലാക്കാൻ കഴിയുക. ആയതിന് പകരമായി പ്രവർത്തിയുടെ ഗുണഭോക്താക്കൾ 51 ശതമാനം പട്ടികജാതി കുടുംബങ്ങൾ ഉണ്ടെങ്കിൽ പ്രവർത്തി കോളനിക്കുള്ളിൽ നിന്നും ആരംഭിക്കണമെന്ന നിബന്ധനയോടെ സാക്ഷ്യപത്രം നൽകുന്നതിനുള്ള അനുമതി നൽകുക. കൂടാതെ പദ്ധതിയുടെ ഗുണഭോക്താക്കൾ 51 ശതമാനത്തിൽ കുറവാണെങ്കിൽ പ്രവർത്തി പട്ടികജാതി ഗുണഭോക്താക്കൾ കൂടുതലുള്ള ഭാഗത്തുനിന്നും പ്രവർത്തി ആരംഭിക്കണമെന്ന നിബന്ധനയോടെ പ്രൊറാറ്റ പ്രകാരം പദ്ധതി നിർവ്വഹിക്കുന്നതിന് അനുമതി നൽകുക
8. നിലവിൽ സമർത്ഥരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് എൻട്രൻസ് കോച്ചിംഗിന് നൽകുന്നതിനുള്ള ധനസഹായം വളരെ കുറവാണ്. ഇത് പട്ടികജാതി വികസന വകുപ്പ് നൽകുന്നതിന് തുല്യമായോ യഥാർത്ഥത്തിൽ വരുന്ന ചെലവു തുകയോ അനുവദിക്കുക. തെരെഞ്ഞെടുക്കപ്പെടുന്ന എൻട്രൻസ് കോച്ചിംഗ് സെൻറുകളിൽ താമസിച്ച് പരിശീലനം നടത്തുന്നതിനുള്ള ധനസഹായം അനുവദിക്കുക. ഇത്തരത്തിലുള്ള പദ്ധതികളിലൂടെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ വിദ്യാർത്ഥികളെ ഉന്നത പഠനത്തിന് അർഹരാക്കാൻ കഴിയുന്നതാണ്. മേൽ പരാമർശിച്ചിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കുമ്പോൾ കുടുംബ വാർഷിക വരുമാന പരിധി നിശ്ചയിക്കേണ്ടത് അത്യാവശ്യമാണ്. തെരെഞ്ഞെടുക്കപ്പെടുന്ന സെൻറുകളിൽ വിവിധ പരീക്ഷകൾക്കുള്ള (പി.എസ്.സി.ബാങ്ക് കോച്ചിംഗ് മുതലായവ) പരിശീലന ക്ലാസ്സുകളിൽ ചേർന്ന് പഠിക്കുന്നതിന് ആനുകൂല്യം അനുവദിക്കുക. ഇതിനായി നിശ്ചിത പരീക്ഷക്ക് ഗുണഭോക്താവ് അപേക്ഷിച്ചിട്ടുണ്ടെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മിടുക്കരായ യുവതീയുവാക്കൾക്ക് ഈ പദ്ധതികൊണ്ട് പ്രയോജനം ലഭ്യമാകുന്നതാണ്.
9. പട്ടികജാതി യുവതി യുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിനുള്ള ധനസഹായം 50,000 രൂപയാണ്. എന്നാൽ, പട്ടികജാതി വികസന വകുപ്പ് നൽകുന്നത് 1,00,000 രൂപയാണ്. ആയതിനാൽ, ടി തുക ഏകീകരിക്കേണ്ടതാണ്. കൂടാതെ പദ്ധതി മാർഗ്ഗ നിർദ്ദേശത്തിൽ തൊഴിൽ വിസ ആവശ്യമെന്നാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ, അപേക്ഷകർക്ക് ലഭ്യമാകുന്നത് താൽകാലിക വിസ മാത്രമാണ്. ഇത്തരം വിസകളിൽ പോയതിന് ശേഷം ഇവർ തൊഴിൽ വിസയിലേക്ക് മാറുകയാണ് പതിവ്. മേൽ സാഹചര്യത്തിൽ വിസയും ടിക്കറ്റും ഇക്കാമയും ലഭ്യമാക്കി ആനുകൂല്യം നൽകുന്നതിനുള്ള നിർദ്ദേശം നൽകുക.
10. കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന എല്ലാ പട്ടികജാതി കോളനികളിലും കുടിവെള്ള പദ്ധതികൾ നടപ്പാക്കുക. ഇതിലൂടെ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പട്ടികജാതി കോളനികളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കപ്പെടുന്നതാണ്.
11. എല്ലാ പട്ടികജാതി കോളനികളിലും കിണർ റീചാർജ്ജിംഗ് പദ്ധതി നടപ്പിലാക്കുക. ഇതിലൂടെ വളരെ കുറഞ്ഞ ചെലവിൽ കോളനികളിലെ കുടിവെള്ള ക്ഷാമം ഒരു പരിധിവരെ പരിഹരിക്കാവുന്നതാണ്.
12. മുമ്പ് നടപ്പിലാക്കിയതും നിലവിൽ നിർജ്ജീവാവസ്ഥയിൽ കിടക്കുന്നതുമായ എല്ലാ കുടിവെള്ള പദ്ധതികളും പുനരുജ്ജീവിപ്പിക്കുക.
13. പ്രീ മെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥകൾക്ക് വാഹന സൗകര്യം ഏർപ്പെടുത്തുക. ജില്ലയിലെ പ്രീമെട്രിക് ഹോസ്റ്റലുകളിൽ ചേർന്ന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഹോസ്റ്റലുകളിൽ നിന്നും സ്കൂളിൽ എത്തുന്നതിനായി സ്കൂൾ ബസ് സൗകര്യം ഏർപ്പെടുത്തുകയും അതിനുള്ള ബസ് ഫീസ് നല്കുകയും ചെയ്യുക. ഇതിലൂടെ വിദ്യാർത്ഥികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും പഠന നിലവാരം ഉയർത്തുന്നതിനും സാധിക്കും.

4.4.2 പട്ടിക വർഗ്ഗ വികസനം

ആമുഖം

മലപ്പുറം ജില്ലയിലെ 32 പഞ്ചായത്തുകളിലായി 294 പട്ടികവർഗ്ഗ സങ്കേതങ്ങളിൽ 5022 പട്ടികവർഗ്ഗ കുടുംബങ്ങൾ താമസിച്ചുവരുന്നു. 7807 പുരുഷന്മാരും 8413 സ്ത്രീകളുമടക്കം ജില്ലയിലെ പട്ടിക വർഗ്ഗ ജനസംഖ്യ 16220 ആണ്. ഇതിൽ പണിയർ, കാട്ടുനായ്ക്കർ, ചോലനായ്ക്കർ, അറനാടൻ, മുതുവാൻ, കുറുമർ, മലപ്പണിക്കർ, നാമമാത്രമായി കരിമ്പാലൻ, മലയരയൻ എന്നീ വിഭാഗങ്ങളും, ഇതര ജില്ലകളിൽ നിന്ന് ജോലിക്ക് വന്നവരോ പുനരധിവസിക്കപ്പെട്ടവരോ ആയ പതിമൂന്ന് പട്ടിക വർഗ്ഗക വിഭാഗക്കാർ ഇവിടെ താമസിക്കുന്നു. അവരുടെ വിശദാംശങ്ങൾ താഴെ പട്ടികയിലും അനുബന്ധം 4.4.2.1 ലും ചേർത്തിരിക്കുന്നു.

ജില്ലയിലെ പട്ടിക വർഗ്ഗ സമുദായങ്ങളുടെ കണക്ക് പരിശോധിക്കുമ്പോൾ ആകെ പട്ടിക വർഗ്ഗ ജനസംഖ്യയുടെ 52.57 ശതമാനവും പണിയൻ സമുദായത്തിൽ നിന്നുള്ളവരാണ്. തുടർന്ന് മുതുവാൻ (18.69%) കാട്ടുനായ്ക്കൻ (15.8%) വിഭാഗങ്ങളുമാണ്. കാണിക്കാർ, മലങ്കുറവൻ, മലയരയൻ, കരിമ്പാലൻ, ഉള്ളാടൻ, മലവേടൻ സമുദായങ്ങൾ ജില്ലയിലെ മറ്റു പട്ടികവർഗ്ഗ സമുദായങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നാമമാത്ര അംഗങ്ങളാണുള്ളത്.

പട്ടിക 4.4.2.1 : മലപ്പുറം ജില്ലയിലെ പട്ടികവർഗ്ഗ സമുദായങ്ങളുടെ എണ്ണം

ക്രമ നം	സമുദായം	കുടുംബങ്ങളുടെ എണ്ണം	ആൺ	പെൺ	ആകെ	%
1	പണിയൻ	2599	4079	4448	8527	52.57
2	മുതുവാൻ	983	1452	1579	3031	18.69
3	കാട്ടുനായ്ക്കൻ	780	1237	1325	2562	15.8
4	മലപണിക്കർ	282	458	505	963	5.94
5	കുറുമൻ	135	232	200	432	2.66
6	ചോലനായ്ക്കൻ	112	162	134	296	1.83
7	അറനാടൻ	109	156	177	333	2.06
8	മലവേടൻ	07	11	18	29	0.18
9	ഉള്ളാടൻ	08	09	11	20	0.13
10	കരിമ്പാലൻ	03	03	08	11	0.06
11	മലയരയൻ	02	05	03	08	0.04
12	മലങ്കുറവൻ	01	02	02	04	0.02
13	കാണിക്കാർ	01	01	03	04	0.02
ആകെ		5022	7807	8413	16220	100

അവലംബം: ഐ ടി ഡി പി സർവെ 2017

2011-ലെ സെൻസസ് റിപ്പോർട്ട് അടിസ്ഥാനത്തിൽ കേരളത്തിലെ ആകെ ജനസംഖ്യയായ 33387677-ൽ 484839 പേർ പട്ടിക വർഗ്ഗ വിഭാകമാണ്. ഇത് മൊത്തം ജനസംഖ്യയുടെ 1.45 ശതമാനം മാത്രമാണ്. 2011-ലെ സെൻസസ് റിപ്പോർട്ട് പ്രകാരം ജില്ലയിലെ ആകെ ജനസംഖ്യ 4112920 ഉം ഇതിൽ പട്ടിക വർഗ്ഗ ജനസംഖ്യ 22990-ഉം ആണ്. ഇത് മൊത്തം ജില്ലയിലെ ജനസംഖ്യയുടെ (.55)ശതമാനം മാത്രമാണ്.

പട്ടിക 4.4.2.2 : പട്ടികവർഗ്ഗ ജനസംഖ്യ

കേരളത്തിലെ ആകെ ജനസംഖ്യ	ജില്ലയിലെ ആകെ ജനസംഖ്യ	കേരളത്തിലെ പട്ടിക വർഗ്ഗ ജനസംഖ്യ	മലപ്പുറം പട്ടിക വർഗ്ഗ ജനസംഖ്യ
33387677	4112920	484839	22990

അവലംബം: 2011 സെൻസസ്

ജില്ലയിലെ പട്ടികവർഗ്ഗ സ്ത്രീ-പുരുഷാനുപാതം 2017 ഐ.റ്റി.ഡി സർവ്വെ പ്രകാരം 1000 പുരുഷന്മാർക്ക് 1078 സ്ത്രീകളെന്ന തോതിലാണുള്ളത്.

പട്ടിക 4.4.2.3 : ജില്ലയിലെ പട്ടികവർഗ്ഗ സ്ത്രീ-പുരുഷാനുപാതം

വർഷം	പുരുഷൻ	സ്ത്രീ	അനുപാതം
2008	6954	7436	1000: 1069
2017	7807	8413	1000: 1078

അവലംബം: 2011 സെൻസസ്

ചിത്രം 4.4.2.2. : പട്ടികവർഗ്ഗ ജനസംഖ്യ



അവലംബം: 2011 സെൻസസ്

2017 വർഷത്തെ ബ്ലോക്ക് / നഗരസഭ തിരിച്ചുള്ള ഐ.റ്റി.ഡി സർവ്വെ പ്രകാരം ഏറ്റവും കൂടുതൽ പട്ടിക വർഗ്ഗ വിഭാഗങ്ങൾ താമസിക്കുന്നത് നിലമ്പൂർ (8971), കാളികാവ് (3308), അരീക്കോട് (1486), വണ്ടൂർ (1274) ബ്ലോക്ക് പ്രദേശങ്ങളിലും നിലമ്പൂർ (725) നഗരസഭയിലുമാണ്.

പട്ടിക 4.4.2.4 : പട്ടികവർഗ്ഗ ജനസംഖ്യ: ബ്ലോക്ക് പഞ്ചായത്ത്/നഗരസഭ അടിസ്ഥാനത്തിൽ

ക്രമ നം	ബ്ലോക്ക് പഞ്ചായത്ത്/നഗരസഭ	ആകെ
1	നിലമ്പൂർ	8971
2	കാളികാവ്	3308
3	അരീക്കോട്	1486
4	വണ്ടൂർ	1274
5	കൊണ്ടോട്ടി	49
6	മലപ്പുറം	12
7	മങ്കട	30
8	കുറ്റിപ്പുറം	18
9	വേങ്ങര	42
10	പെരിന്തൽമണ്ണ	225
11	തിരൂരങ്ങാടി	5

ക്രമനം	ബ്ലോക്ക് പഞ്ചായത്ത്/നഗരസഭ	ആകെ
12	പൊന്നാനി	11
13	നിലമ്പൂർ മുനിസിപ്പാലിറ്റി	725
14	പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി	6
15	മഞ്ചേരി മുനിസിപ്പാലിറ്റി	42
16	പൊന്നാനി മുനിസിപ്പാലിറ്റി	4
17	തിരൂർ മുനിസിപ്പാലിറ്റി	12

അവലംബം : ഐ ടി ഡി പി സർവ്വെ 2017

മലപ്പുറം ജില്ലയിൽ പ്രാകൃത ഗോത്രവിഭാഗത്തിൽപ്പെട്ട കാട്ടുനായ്ക്കർ, ചോലനായ്ക്കർ എന്നിവരും, അറനാടൻ, പണിയ വിഭാഗത്തിൽപ്പെട്ടവരുമാണ് മറ്റ് പട്ടിക വർഗ്ഗ വിഭാഗങ്ങളെ അപേക്ഷിച്ച് സാമൂഹികവും, സാമ്പത്തികവും വിദ്യാഭ്യാസപരവുമായും വളരെയധികം പിന്നോക്കം നിൽക്കുന്നത്. മലപ്പുറം ജില്ലയിൽ മാത്രം കാണപ്പെടുന്ന അറനാടർ, ചോലനായിക്കർ എന്നിവർ മറ്റ് പട്ടിക വർഗ്ഗക്കാരിൽ നിന്നും തീർത്തും വേറിട്ട നിൽക്കുന്നവരാണ്.

ചോലനായ്ക്കർ

കേരളത്തിൽ തന്നെ നിലമ്പൂർ താലൂക്കിൽ മാത്രം കാണപ്പെടുന്ന ഏക ഗുഹാവാസികളായ പ്രത്യേക ദുർബ്ബലഗോത്ര വിഭാഗമാണ് ചോലനായ്ക്കർ. നൂ അമരമ്പലം വന്യജീവി സങ്കേതത്തിലെ നിബിഡ വനത്തിനുള്ളിലാണ് ഇവരുടെ ആവാസ വ്യവസ്ഥ. ഇത് കരുളായി ഗ്രാമപഞ്ചായത്തിലെ മാഞ്ചീരി, അമരമ്പലം ഗ്രാമപഞ്ചായത്തിലെ അച്ചനള എന്നീ സങ്കേതങ്ങളിൽ ഉൾപ്പെട്ടതാണ്. ഇതിനുപുറമെ വഴിക്കടവ് ഗ്രാമപഞ്ചായത്തിലെ നിബിഡ വനത്തിനുള്ളിലെ അളയ്ക്കൽ സങ്കേതത്തിലും ഇവർ താമസിച്ചുവരുന്നു. ആകെ 112 കുടുംബങ്ങളിലായി 296 പേരാണുള്ളത്. വനവിഭവ ശേഖരണമാണ് പ്രധാനമായ തൊഴിൽ. കന്നഡയും മലയാളവും തമിഴും ചേർന്ന ഒരു ത്രുഭാഷാ വകഭേദമാണ് ഇവരുടെ സംസാര ഭാഷ. ഭക്ഷണത്തിനായി കാട്ടുകിഴങ്ങുകളും പുഴയിൽ നിന്നുള്ള മത്സ്യവും കൂടാതെ വകുപ്പിൽ നിന്നും വിതരണം ചെയ്യുന്ന അരിയും മറ്റ് പലവ്യഞ്ജനങ്ങളും ഉപയോഗിക്കുന്നു. ഇവരുടെ പ്രധാന സങ്കേതമായ മാഞ്ചീരി, കരിമ്പുഴയുടെ വിവിധ കൈവഴികളോട് ചേർന്ന് കിടക്കുന്ന 13 അളകൾ ചേർന്നതാണ്. ഓരോ അളകളും കിലോമീറ്ററോളം അകലത്തിലാണ് സ്ഥിതിചെയ്യുന്നത്. ഓരോ അളകളുടേയും ഭ്രമിശാസ്ത്രപരമായ അതിരുകൾ നിർണ്ണയിച്ച് അവ ഇവരുടെ വനവിഭവ ശേഖരണത്തിനുള്ള ജന്മം (ചെന്മം) ആണ് എന്ന് അവർ അവകാശപ്പെടുന്നു. സാക്ഷരതാ നിരക്കിൽ മറ്റ് ഗോത്രവിഭാഗങ്ങളിൽ നിന്നും ഏറ്റവും പിറകിലായിട്ടാണ് ഇവരുടെ സ്ഥാനം (39%). മാഞ്ചീരി സങ്കേതത്തിലെ വിനോദ് എന്ന കുട്ടി കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ ബിരുദാനന്തര ബിരുദത്തിന് (എം.എ ഡെവലപ്പ്മെന്റ് ഇക്കണോമിക്സ്) പഠിക്കുന്നുണ്ട്. വനവിഭവ ശേഖരണം മാത്രം ആശ്രയിച്ച ജീവിച്ചിരുന്ന ഇവരെ വിദ്യാഭ്യാസത്തിന്റെ പുതിയ തലത്തിലേക്ക് മാറ്റാൻ സർക്കാർ സംവിധാനം കൊണ്ട് സാധിച്ചിട്ടുണ്ട്. നിബിഡ വനത്തിനുള്ളിലാണ് ഇവരുടെ താമസമെന്നതിനാൽ പാർപ്പിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ അളകളോടനുബന്ധിച്ച് ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല.

ഈ വിഭാഗക്കാർക്കായി പട്ടികവർഗ്ഗ വികസന വകുപ്പ് തലത്തിൽ ആരോഗ്യം, വിദ്യാഭ്യാസം മറ്റ് സാമൂഹിക സാമ്പത്തിക ഉന്നമനത്തിനുള്ള വിവിധ പദ്ധതികൾ അനുവദിക്കുന്നുണ്ട്. എന്നിരിക്കിലും, അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, സ്ഥിരവരുമാനം ലഭ്യമാക്കുന്ന വിധത്തിലുള്ള തൊഴിലുകളുടെ അഭാവം, മാറുന്ന കാലത്തിനനുസരിച്ച് സ്വയാവബോധം സൃഷ്ടിക്കാതിരിക്കുന്നത്, വിദ്യാഭ്യാസതലത്തിൽ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്, അമിതമായ ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം എന്നിവ ഇവരുടെ സാമൂഹ്യ സാമ്പത്തിക മുന്നേറ്റത്തിന് വിഘാതങ്ങൾ സൃഷ്ടിക്കുന്നു. സഹതാപമാർന്ന സഹായങ്ങൾ നിരന്തരം നൽകുന്നതിനേക്കാൾ പൊതു സമൂഹത്തിനൊപ്പം എത്തുന്നതിനുള്ള സാഹചര്യങ്ങളാണ് ഇവർക്ക് വേണ്ടി ഒരുക്കേണ്ടത്.

അറനാടൻ.

കേരളത്തിൽ മലപ്പുറം ജില്ലയിൽ നിലമ്പൂർ താലൂക്കിൽ മാത്രം കണ്ടുവരുന്നതും ജനസംഖ്യാപരമായി ഏറ്റവും വേഗത്തിൽ ചുരുങ്ങിക്കൊണ്ടിരിക്കുന്നതും സാമൂഹ്യമായി പിന്നോക്കം നിൽക്കുന്നതുമായ ഒരു ഗോത്ര സമൂഹമാണ് അറനാടൻ വിഭാഗം. മലപ്പുറം ജില്ലയിലെ അവിഭക്ത ഏറനാട് താലൂക്കിലെ ആദിമവാസികളാണ് അറനാടൻ വിഭാഗം. അറനാടൻ എന്ന വാക്കിൽ നിന്നാണ് ഏറനാട് എന്ന പദം രൂപപ്പെട്ടിരിക്കുന്നതെന്നും വിശ്വസിക്കപ്പെടുന്നു. വനാതിർത്തികളിലും നാടിനോട് ചേർന്നും താമസിച്ചുവരുന്ന ഇവർ നിലമ്പൂർ താലൂക്കിൽ 109 കുടുംബങ്ങളിലായി 333 പേർ മാത്രമാണ് ഉള്ളത്. സാമ്പത്തികമായും സാമൂഹികമായും വിദ്യാഭ്യാസപരമായും ഏറ്റവും ദുർബ്ബലരായ ഒരു വിഭാഗമാണ് അറനാടൻ. ഇവർക്ക് പ്രത്യേകമായി പരിരക്ഷയോ പാക്കേജുകളോ സർക്കാർ തലത്തിൽ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുണ്ട്.

വിദ്യാഭ്യാസം

പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ വിദ്യാഭ്യാസ മുന്നേറ്റത്തിനും അതിലൂടെ സാമൂഹിക സാമ്പത്തിക നിലവാരം മെച്ചപ്പെടുത്തുന്നതിനും ലക്ഷ്യംവെച്ച് പ്രീപ്രൈമറി മുതൽ പോസ്റ്റ് മെട്രിക് തലം വരെ നിരവധി കർമ്മ പരിപാടികൾ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നുണ്ടെങ്കിലും താഴ്ന്ന ക്ലാസ്സുകൾ മുതലുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്, ഉപരിപഠനം പാതി വഴിയിൽ ഉപേക്ഷിക്കൽ എന്നിവ വിദ്യാഭ്യാസ മേഖലയിലെ പ്രധാന പ്രശ്നങ്ങളാണ്. ഒരു സമൂഹത്തിന്റെ ഉന്നമനവും വികസനവും ആത്യന്തികമായി ആ സമൂഹം ഉൾക്കൊള്ളുന്ന കുട്ടികളാണെന്നിരിക്കെ വിദ്യാഭ്യാസ പുരോഗതിയിലൂടെ ആത്മവിശ്വാസം ആർജ്ജിക്കുന്നതിനും ആധുനികതയിലേക്ക് ചുവട് വെക്കാൻ അവരെ പ്രാപ്തരാക്കുവാനും പഠനത്തോട് താൽപ്പര്യം ഉണ്ടാക്കുന്ന വിധത്തിൽ പ്രീപ്രൈമറി ക്ലാസ്സുമുതൽ വിവിധ കർമ്മപദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്.

സ്കിൽ ഡെവലപ്പ്മെന്റ്

സ്ഥിര വരുമാനം ഉറപ്പാക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങളിലൂടെ പട്ടികവർഗ്ഗ കുടുംബങ്ങളുടെ സുരക്ഷിതത്വം യാഥാർത്ഥ്യമാക്കുന്നതിനായി ഗോത്ര ജനതയുടെ ചരിത്ര മുറ്റത്ത് നിന്ന് അവരെ അന്യവൽക്കരിക്കാതെ സഹസ്രാബ്ദങ്ങൾ പഴക്കമുള്ള ഗോത്രസംസ്കാരത്തെ സംരക്ഷിച്ച് പരിഷ്കൃത സമൂഹത്തിനൊപ്പം നിൽക്കുമ്പോൾ തങ്ങൾ പ്രാകൃതരാണെന്നും, പാർശ്വവൽക്കരിക്കപ്പെട്ടവരാണെന്നുമുള്ള അവരുടെ കാഴ്ചപ്പാടിനെ മാറ്റിമറിച്ച് തങ്ങൾ സഹസ്രാബ്ദങ്ങൾ പഴക്കമുള്ള ഒരു ഗോത്രസംസ്കാരത്തിന്റെ ഉടമകളാണെന്നും ആ സംസ്കാരത്തെ സംരക്ഷിക്കുന്നതിനോടൊപ്പം സ്വയാർജ്ജിതമായി സ്ഥിരവരുമാനം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളിലൂടെ വരുമാനം നേടി അഭിമാനബോധത്തോടെ പരിഷ്കൃത സമൂഹത്തിന്റെ തോളൊപ്പം നിൽക്കേണ്ടുന്നവരാണെന്ന ബോധം അവരുടെ ചിന്താമണ്ഡലത്തിൽ ഉയരുന്നതിനുവേണ്ടി കോളനികൾ കേന്ദ്രീകരിച്ച് പ്രത്യേക ഏജൻസി മുഖേന ക്യാമ്പ് നടത്തി അതിലൂടെ പ്രവർത്തനങ്ങൾ ആവിഷ്കരിക്കേണ്ടതാണ്.

ആരോഗ്യം

ഒരു സമൂഹത്തിന്റെ സാമൂഹ്യ വികസനത്തിന്റെ നിർണായക മേഖലകളിൽ ഒന്നാണ് ജനങ്ങളുടെ മെച്ചപ്പെട്ട ആരോഗ്യം. ആരോഗ്യ രംഗത്ത് നിരവധി പദ്ധതികൾ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. ശിശു ജനന – മരണ നിരക്ക് ജീവിത ശൈലീ രോഗങ്ങൾ ആയുർദൈർഘ്യം എന്നീ ആരോഗ്യ സൂചികകളിൽ പട്ടികവർഗ്ഗ മേഖല വളരെയധികം മുന്നോട്ട് പോയിട്ടുണ്ട്. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വർദ്ധിച്ച വരുന്ന ഉപയോഗം ഈ മേഖലയിൽ വൈഷമ്യം സൃഷ്ടിക്കുന്നു.

ഭക്ഷ്യസുരക്ഷ

പട്ടികവർഗ്ഗ ജനവിഭാങ്ങൾ കൂടുതലും വനത്തെ ആശ്രയിച്ചോ കൂലിപണിയെടുത്തോ ജിവിക്കുന്നവരാണ്. മൺസൂൺ കാലത്ത് ഇവർക്ക് പുറത്ത് പോയി ജോലിചെയ്യുവാൻ സാധിക്കാതെ വരുന്ന സാഹചര്യത്തിൽ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഭക്ഷ്യസുരക്ഷ ഉറപ്പവരുത്തുന്നതിനായി വകുപ്പ് ഭക്ഷ്യ സഹായ പദ്ധതി നടപ്പിലാക്കിവരുന്നു.

അടിസ്ഥാന സൗകര്യ വികസനം

അടിസ്ഥാന ജീവിത സൗകര്യങ്ങളായ റോഡ്, വീട്, കുടിവെള്ളം, വൈദ്യുതി, ശുചിത്വ സൗകര്യം എന്നിവ ഉറപ്പ് വരുത്തുകയാണ് സാമൂഹ്യ പുരോഗതിയുടെ പ്രകടമായ ലക്ഷ്യങ്ങൾ. പട്ടികവർഗ്ഗ കോളനികളിൽ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് പട്ടികവർഗ്ഗ വികസന വകുപ്പും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. ആയതിന്റെ ഫലമായി ഏറെ മെച്ചപ്പെട്ട സൗകര്യങ്ങൾ കോളനികളിൽ വ്യാപിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. എന്നിരുന്നാലും, വീടുകൾ, കുടിവെള്ളം, വൈദ്യുതി, ശൗചാലയങ്ങൾ, കോമൺ ഫെസിലിറ്റി സെന്ററുകൾ, വായനശാലകൾ, കളിസ്ഥലങ്ങൾ, ഗതാഗത സൗകര്യങ്ങൾ തുടങ്ങിയവയുടെ നിലവിലെ അപര്യാപ്തത പൂർണ്ണമായും പരിഹരിക്കുന്നതിന് തുടർ പ്രവർത്തനങ്ങൾ ആവിഷ്കരിക്കേണ്ടതുണ്ട്.

സാമൂഹിക സുരക്ഷ

സാമൂഹിക സാമ്പത്തിക ദുരിതമനുഭവിക്കുന്നവർക്ക് സംരക്ഷണം ഉറപ്പ് വരുത്തലാണ് സാമൂഹിക സുരക്ഷകൊണ്ട് ഉദ്ദേശിക്കുന്നത്. ഉയർന്ന ജീവിത നിലവാരം ഒരുക്കി കൊടുക്കുവാനും സ്ഥിരമായി ദാരിദ്ര്യത്തിൽനിന്നും കരകയറുവാനും ഇത് സഹായിക്കുന്നു.

ലിംഗ നീതി

ലിംഗ പദവി അടിസ്ഥാനമാക്കിയുള്ള വേർതിരിവ് ജീവശാസ്ത്രപരമായ വ്യത്യാസത്തിന്റെ സ്വാഭാവിക ഫലമാണ്. ഒരു വശത്ത് സാമ്പത്തിക വിഭവം ഇല്ലാത്തതും മറുവശത്ത് വീടിനകത്തും പുറത്തും കുറഞ്ഞ വരുമാനമുള്ള തൊഴിൽ ചെയ്യേണ്ടിവരുന്നതും സാമ്പത്തിക രാഷ്ട്രീയ അസമത്വവും പുരുഷ മേധാവിത്വ രീതികളും സ്ത്രീകളെ പ്രതികൂലമായി ബാധിക്കുന്നു.

പട്ടികവർഗ്ഗ മേഖലയിലെ നിലവിലുള്ള അവസ്ഥാ വിശകലനം

വികസന പരിപ്രേക്ഷ്യത്തിന്റെ രൂപീകരണത്തിനായി മാനവ വികസന കാഴ്ച്ചപ്പാടിനു അനുസൃതമായി 8 വിഷയ മേഖലയ്ക്ക് ബാധകമാകുന്ന പിന്നോക്കാവസ്ഥ നിർണയിക്കുന്നതിന് താഴെ പറയുന്ന മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി.

പട്ടിക 4.4.2.5 : വിവിധ മേഖലകളും അവസ്ഥയും

ക്രമ നം	മേഖല	മാനദണ്ഡം
1.	വിദ്യാഭ്യാസം	• നിരക്ഷരത • പഠനം ഉപേക്ഷിച്ചവർ • പ്രാഥമിക വിദ്യാഭ്യാസം ഉള്ളവർ • ഉന്നത വിദ്യാഭ്യാസം ഉള്ളവർ സാങ്കേതിക വിദ്യാഭ്യാസം ഉള്ളവർ
2.	ആരോഗ്യം	• ദീർഘകാല രോഗാവസ്ഥ • ശാരീരിക മാനസിക/ഭിന്നശേഷി • വയോജനസംഖ്യ • ആരോഗ്യ പരിചരണ കേന്ദ്രങ്ങളുടെ കുറവ്

3.	തൊഴിൽ, ഉപജീവനം	• തൊഴിൽ രഹിതർ • വിദ്യാഭ്യാസയോഗ്യതയുള്ള തൊഴിൽ അന്വേഷകർ • സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ള തൊഴിൽ അന്വേഷകർ • സ്ഥിരവരുമാനം ഇല്ലാത്തവർ
4.	അടിസ്ഥാന സൗകര്യങ്ങൾ	• ജീർണ്ണാവസ്ഥയിലുള്ള വീടുകൾ • സ്വന്തമായി വീടില്ലാത്തവർ • വൈദ്യുതി ഇല്ലാത്തവർ • കുടിവെള്ള സൗകര്യം ലഭ്യമല്ലാത്തവർ • കക്കൂസ് ഇല്ലാത്തവർ
5.	സാമൂഹ്യ സുരക്ഷിതത്വവും ലിംഗപദവിയും	• അവിവാഹിതരായ അമ്മമാർ • കട ബാധ്യത • വിവിധ സാമൂഹ്യ പെൻഷനുകളുടെ ലഭ്യത (മാരകമായ അസുഖം ബാധിച്ചർക്കും ഭിന്നശേഷിക്കാർക്കും അടക്കം) • കുടുംബശ്രീ പ്രവർത്തനങ്ങൾ. • സ്വാശ്രയ ശീലത്തിന്റെയും സമ്പാദ്യത്തിന്റെയും അഭാവം
6	കലാ സാംസ്കാരികം	• സാംസ്കാരിക പ്രാവീണ്യ പദ്ധതികൾ • കലാ കായിക സമിതിക പ്രവർത്തനങ്ങൾ • യുവജന ക്ഷേമ പ്രവർത്തനങ്ങൾ
7	വനാശ്രിതത്വം	• വനാവകാശ നിയമം • വനവുമായുള്ള പാരസ്പര്യ ജീവിതം • മനുഷ്യ-വന്യമൃഗ സംഘർഷം
8	അവികസിത മേഖലകൾ	• എല്ലാ തലത്തിലുള്ള പിന്നാക്കാവസ്ഥ. • പ്രത്യേക പരിരക്ഷയുടെ അഭാവം. • ഭൂമിശാസ്ത്രപരമായ ഒറ്റപ്പെടൽ.

പട്ടിക 4.4.2.6 : വിദ്യാഭ്യാസ സാക്ഷരതാ നിരക്കുകൾ

സംസ്ഥാനത്തെ പൊതു സാക്ഷരതാ നിരക്ക്	94
സംസ്ഥാനത്തെ പട്ടിക വർഗ്ഗ സാക്ഷരതാ നിരക്ക്	76
മലപ്പുറം ജില്ലയിലെ സാക്ഷരതാ നിരക്ക്	93.6
മലപ്പുറം ജില്ലയിലെ പട്ടിക വർഗ്ഗ സാക്ഷരതാ നിരക്ക്	76

അവലംബം : 2011 സെൻസസ്

ചിത്രം 4.4.2.3 പട്ടിക വർഗ്ഗ സാക്ഷരതാ സംസ്ഥാന – ജില്ലാ പൊതു സാക്ഷരതാ നിരക്ക് – താരതമ്യം



അവലംബം : 2011 സെൻസസ്

പ്രീ പ്രൈമറി വിദ്യാഭ്യാസം

നിലവിലുള്ള അവസ്ഥ

ദുർഘട മേഖലയും, ഒറ്റപ്പെട്ട സങ്കേതങ്ങളിലും താമസിക്കുന്ന പട്ടിക വർഗ്ഗക്കാരുടെ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനായി തെരഞ്ഞെടുത്ത സങ്കേതങ്ങളിൽ അദ്ധ്യാപകർ സന്ദർശിച്ച് പഠിപ്പിക്കുന്ന ഏകാദ്ധ്യാപക സ്ഥാപനമായ പെരിപ്പതറ്റിക് കേന്ദ്രം, അംഗൻവാടി മാതൃകയിൽ വഴിക്കടവ് ഗ്രാമപഞ്ചായത്തിൽ പുഞ്ചക്കൊല്ലി ബാലവിജ്ഞാന കേന്ദ്രം, പോത്തുകൽ ഗ്രാമപഞ്ചായത്തിൽ തണ്ടൻകല്ല്, ഇരുട്ടുകുത്തി ബാലവിജ്ഞാന കേന്ദ്രങ്ങൾ, ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിലെ ഓടക്കയം കിന്റർഗാർട്ടൻ എന്നിവ പ്രവർത്തിക്കുന്നു. പ്രസ്തുത സ്ഥാപനങ്ങളുടെ വിശദ വിവരം പട്ടികയിൽ ചേർത്തിരിക്കുന്നു. പട്ടികവർഗ്ഗ മേഖലയിലെ അംഗൻവാടികളുടെ വിശദാംശങ്ങൾ അനുബന്ധം 4.4.2.2 ലും ബദൽ സ്കൂളുകളുടെ വിശദാംശം അനുബന്ധം 4.4.2.3 ലും ചേർത്തിരിക്കുന്നു.

പട്ടിക 4.4.2.7 : പട്ടികവർഗ്ഗ കോളനികളിലെ വിദ്യഭ്യാസ സ്ഥാപനങ്ങൾ

ക്രമ നം	വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേർ	എണ്ണം
1	അംഗൻവാടി	34
2	ബദൽ സ്കൂൾ	27
3	പെരിപ്പതറ്റിക് സെന്റർ	1
4	കിന്റർ ഗാർട്ടൻ	1
5	ബാലവിജ്ഞാന കേന്ദ്രം	3
ആകെ		66

അവലംബം: : ഐ ടി ഡി പി റിപ്പോർട്ട് 2017

പട്ടിക 4.4.2.8 : പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വിദ്യാഭ്യാസ കേന്ദ്രങ്ങൾ

ക്രമ നം	വിദ്യാഭ്യാസ കേന്ദ്രം	പഞ്ചായത്ത്	കുട്ടികളുടെ എണ്ണം
1	ഇന്ദിരാഗാന്ധി മോഡൽ റെസിഡൻഷ്യൽ സ്കൂൾ	നിലമ്പൂർ	516
2	പെരിപ്പതറ്റിക് സെന്റർ, പാലക്കയം	ചാലിയാർ	12
3	കിന്റർ ഗാർട്ടൻ, ഓടക്കയം	ഊർങ്ങാട്ടിരി	18
4	പുഞ്ചക്കൊല്ലി ബാലവിജ്ഞാന കേന്ദ്രം	വഴിക്കടവ്	22
5	തണ്ടൻകല്ല് ബാലവിജ്ഞാന കേന്ദ്രം	പോത്ത്കല്ല്	16
6	ഇരുട്ടുകുത്തി ബാലവിജ്ഞാന കേന്ദ്രം	പോത്ത്കല്ല്	11

അവലംബം: ഐ ടി ഡി പി റിപ്പോർട്ട് 2017

പ്രീമെട്രിക് വിദ്യാഭ്യാസം

മലപ്പുറം ജില്ലയിലെ 186 സ്കൂളുകളിലായി ഒന്നാം ക്ലാസ്സുമുതൽ പത്താം ക്ലാസ്സുവരെയുള്ള 2702 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠിക്കുന്നു. അദ്ധ്യയന വർഷം ആരംഭിക്കുമ്പോൾ ഉണ്ടാകുന്ന ചെലവുകൾക്കായി വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ്, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കേന്ദ്രസർക്കാർ ആവിഷ്കരിച്ചിരിക്കുന്ന പ്രത്യേക സ്കോളർഷിപ്പ് എന്നിവ അനുവദിക്കുന്നു. പട്ടികവർഗ്ഗക്കാരുടെ ആവാസ കേന്ദ്രങ്ങൾ പലതും ദുർഘട പ്രദേശങ്ങളിലായതിനാൽ വിദ്യാഭ്യാസത്തിന് സൗകര്യം ഒരുക്കുന്നതിനായി വിവിധങ്ങളായ വിദ്യാഭ്യാസാനുകൂല്യം, ഭക്ഷണതാമസ സൗകര്യങ്ങളോടുകൂടി വിദ്യാഭ്യാസം നൽകുന്നതിന് മലപ്പുറം ജില്ലയിൽ 10 പ്രീമെട്രിക് ഹോസ്റ്റലുകളും ഒരു മോഡൽ റസിഡൻഷ്യൽ സ്കൂളും പ്രവർത്തിക്കുന്നുണ്ട്. വിവിധങ്ങളായ വിദ്യാഭ്യാസാനുകൂല്യം, താമസ സൗകര്യം എന്നിവ നൽകിക്കൊണ്ട് പ്രവർത്തിക്കുന്ന (ഒന്നാം ക്ലാസ്സുമുതൽ 10-ആം ക്ലാസ്സുവരെ) തിരുവനന്തപുരം ഞാറനീലി, കുറ്റിച്ചൽ എന്നീ സി.ബി.എസ്.സി സ്കൂളിൽ ജില്ലയിലെ വിവിധ കോളനികളിൽനിന്ന് സമർത്ഥരായ വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് പഠിപ്പിച്ചുവരുന്നു. ഒന്നാം ക്ലാസ്സുമുതൽ നാലാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികളെ

സ്കൂളിൽ വിടുന്നതിന് പ്രോത്സാഹിപ്പിക്കുന്നതിനായി രക്ഷിതാക്കൾക്ക് എല്ലാമാസവും പ്രോത്സാഹന ധനസഹായം അനുവദിക്കുന്നു.

എസ്.എസ്.എൽ.സി പരീക്ഷയിൽ മികച്ച വിജയം കരസ്ഥമാക്കുന്നതിന് വിദ്യാർത്ഥികളെ പരീക്ഷയോടനുബന്ധിച്ച് ഒരു മാസകാലയളവിൽ വകുപ്പിന്റെ സഹായത്തോടെ വിദ്യാർത്ഥികളെ താമസിപ്പിച്ച് പഠിപ്പിച്ച് പരീക്ഷക്ക് പ്രാപ്തമാക്കുന്ന നൈറ്റ് ക്യാമ്പ് നടത്തിവരുന്നു. എസ്.എസ്.എൽ.സി പരീക്ഷയിൽ മികച്ച വിജയം കരസ്ഥമാക്കുന്ന എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും പ്രോത്സാഹന ധനസഹായവും, പ്രാക്തന ഗോത്രവർഗ്ഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് ഒരു മാസത്തെ വിനോദയാത്രയും (All india) അനുവദിച്ചുവരുന്നു. ദുർഘട പ്രദേശത്തുള്ളതും മതിയായ വാഹന സൗകര്യം ഇല്ലാത്തതും വന്യ മൃഗങ്ങളുടെ ആക്രമണ ഭീഷണിയുള്ളതുമായ കോളനികളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് ഊരുകളിൽ നിന്ന് സ്കൂളിൽ പോയി വരുന്നതിന് വാഹന സൗകര്യം ചെയ്തുകൊടുക്കുന്ന പദ്ധതിയാണ് ഗോത്ര സാരഥി. സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ കണ്ടെത്തി അഞ്ചാം ക്ലാസ്സുമുതൽ പത്താം ക്ലാസ്സുവരെയുള്ള തുടർപഠനത്തിന് സഹായിക്കുന്നതിനായി നാലാം ക്ലാസ്സിൽ പഠിക്കുന്ന മിടുക്കരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ഒരു മത്സരപരീക്ഷയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് അയ്യങ്കാളി സ്കോളർഷിപ്പ് നൽകി വരുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിജയശതമാനം വർദ്ധിപ്പിക്കുന്നതിന് എട്ടാം ക്ലാസ്സുമുതൽ പത്താം ക്ലാസ്സുവരെ പഠിക്കുന്ന വിദ്യാർത്ഥികൾക്കും, പത്താം ക്ലാസ്സിൽ പരാജയപ്പെട്ടവർക്ക് മികച്ച വിജയം നേടാനും ട്യൂഷൻ സെൻററിൽ ചേർന്ന് പഠിക്കുന്നതിന് പ്രതിമാസ ട്യൂഷൻ ഫീസ് എന്നിവ അനുവദിച്ചുവരുന്നു.

പട്ടികവർഗ്ഗ സങ്കേതത്തിനടുത്ത് സ്കൂളുകളുടെ അഭാവം ഒരു പ്രധാന പ്രശ്നമാണ്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ എം.ജി.എൽ.സികൾ (ബദൽ സ്കൂൾ) ആണ് ഈ പ്രശ്നം ഒരുപരിധിവരെ പരിഹരിക്കുന്നത്. എന്നാൽ, ഒന്നാം ക്ലാസ്സു മുതൽ നാലാം ക്ലാസ്സുവരെ പഠിപ്പിക്കുന്നതിന് ഒരു അദ്ധ്യാപകനാണ് ഈ സ്ഥാപനങ്ങളിൽ ഉള്ളത്. മാത്രവുമല്ല, ഈ അദ്ധ്യാപകർ അദ്ധ്യാപക പരിശീലനം ലഭിച്ചവരുമല്ല. കൂടാതെ നാലാം ക്ലാസ് വരെയുള്ള സ്കൂൾ വിദ്യാർത്ഥികൾക്ക് ആവശ്യമായത്ര വ്യക്തിഗത ശ്രദ്ധ ലഭിക്കുന്നുമില്ല. ഇത് വിദ്യാഭ്യാസത്തിന്റെ മികവ് ഇല്ലാതാകുവാൻ കാരണമാവുന്നു.

പട്ടിക 4.4.2.9 : പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം

ക്രമ നം	സ്കൂൾ തലം	വിദ്യാർത്ഥികളുടെ എണ്ണം
1	എൽ പി	911
2	യു പി	933
3	ഹൈ സ്കൂൾ	857
4	ടെക്നിക്കൽ	1
ആകെ		2702

അവലംബം : ഐ ടി ഡി പി റിപ്പോർട്ട് 2017

പട്ടിക 4.4.2.10 : പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ജില്ലയിലെ പ്രീമെട്രിക്ക് ഹോസ്റ്റലുകൾ

ക്രമ നം	ഹോസ്റ്റലിന്റെ പേർ	അനുവദിനീയമായ കുട്ടികളുടെ എണ്ണം	നിലവിലുള്ള കുട്ടികളുടെ എണ്ണം
1	പ്രീമെട്രിക്ക് ഹോസ്റ്റൽ(പെൺ) നിലമൂർ	60	75
2	പ്രീമെട്രിക്ക് ഹോസ്റ്റൽ(പെൺ) പോത്തുകൽ	60	77
3	പ്രീമെട്രിക്ക് ഹോസ്റ്റൽ(പെൺ) ചുങ്കത്തറ	60	66
4	പ്രീമെട്രിക്ക് ഹോസ്റ്റൽ(പെൺ) മണിമൂളി	60	72
5	പ്രീമെട്രിക്ക് ഹോസ്റ്റൽ(ആൺ) പൂക്കോട്ടുംപാടം	60	55

ക്രമ നം	ഹോസ്റ്റലിന്റെ പേര്	അനുവദിനീയമായ കുട്ടികളുടെ എണ്ണം	നിലവിലുള്ള കുട്ടികളുടെ എണ്ണം
6	പ്രീമെട്രിക് ഹോസ്റ്റൽ(ആൺ) മമ്പാട്	40	52
7	പ്രീമെട്രിക് ഹോസ്റ്റൽ(ആൺ) നിലമ്പൂർ	40	21
8	പ്രീമെട്രിക് ഹോസ്റ്റൽ(ആൺ) ചുങ്കത്തറ	40	34
9	പ്രീമെട്രിക് ഹോസ്റ്റൽ(ആൺ) എടക്കര	40	47
10	പ്രീമെട്രിക് ഹോസ്റ്റൽ(ആൺ) ഓടക്കയം	40	24
ആകെ		480	523

അവലംബം: ഐ ടി ഡി പി റിപ്പോർട്ട് 2017

ഈ മേഖലയിൽ പ്രവർത്തിക്കുന്ന പെരിന്തൽമണ്ണ സായി സ്നേഹതീരം എന്ന സ്ഥാപനവും, ഹോസ്റ്റലും പഠന സൗകര്യം ഒരുക്കാൻ ഏറെ സഹായകരമാണ്. ഇത്തരത്തിൽ സന്നദ്ധ സംഘടനകളുടെ ഇടപെടലുകളും പട്ടികവർഗ്ഗ വിദ്യാഭ്യാസ മേഖലയിൽ അനിവാര്യമായ ഘടകങ്ങളാണ്.

പോസ്റ്റ്മെട്രിക് വിദ്യാഭ്യാസം

പട്ടിക 4.4.2.11 : 2017-18 വർഷത്തെ പോസ്റ്റ്മെട്രിക് /ബിരുദ വിദ്യാർഥികൾ

കോഴ്സിന്റെ പേര്	കുട്ടികളുടെ എണ്ണം
പ്ലസ് വൺ & പ്ലസ് ടു	287
ബിരുദം	107
ബിരുദാനന്തര ബിരുദം	70
എം ബി ബി എസ്/ ബി ഡി എസ്	17
എഞ്ചിനീയറിംഗ്	9
നേഴ്സിംഗ്	13
ഡിപ്ലോമ	15
ടിടിസി/ ബി എഡ്	49
ആകെ	567

അവലംബം: ഐ ടി ഡി പി റിപ്പോർട്ട് 2017

പത്താം ക്ലാസ്സ് പൂർത്തിയാക്കി വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും വരുമാന പരിധിയില്ലാതെ മുഴുവൻ ഫീസ്, ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പൻറ്, ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്നവർക്ക് പ്രതിമാസ സ്റ്റൈപ്പൻറിന് പകരം യഥാർത്ഥ ഭക്ഷണചെലവ്, പോക്കറ്റ് മണി എന്നിവ നൽകുന്നു. പ്ലസ് ടു പരീക്ഷ കഴിയുമ്പോൾ മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷക്ക് തയ്യാറെടുക്കുന്നതിന് ഒരു മാസത്തെ ക്രാഷ് കോഴ്സ്, പരീക്ഷ വിജയകരമായി പൂർത്തിയാക്കുമ്പോൾ ഒരു വർഷത്തെ താമസ സൗകര്യത്തോടെ മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരിശീലനം, പ്ലസ്ടു മുതൽ പി.ജി വരെ മികച്ച വിജയം നേടുന്ന വിദ്യാർത്ഥികൾക്ക് പ്രോത്സാഹന ധനസഹായം, മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രാരംഭ ചെലവുകൾക്കായി 5000/- രൂപ ധനസഹായം എന്നിവ അനുവദിക്കുന്നു. പരാജിതരായ പ്ലസ് ടു മുതൽ ഡിഗ്രിവരെയുള്ള വിദ്യാർത്ഥികൾക്ക് മികച്ച വിജയം കരസ്ഥമാക്കുന്നതിന് ട്യൂഷൻ ഫീസും അനുവദിക്കുന്നു. മലപ്പുറം ജില്ലയിൽ പോസ്റ്റ്മെട്രിക് വിദ്യാഭ്യാസം നേടുന്ന വിദ്യാർത്ഥികളെ ആവശ്യമെങ്കിൽ പ്രീമെട്രിക് ഹോസ്റ്റലുകളിൽ താമസിപ്പിച്ച് പഠിപ്പിക്കുകയും ചെയ്യുന്നു.

പട്ടിക 4.4.2.12 : വിവിധ കാരണങ്ങളാൽ പഠനം ഉപേക്ഷിച്ചവർ

പ്രൈമറി	സെക്കന്ററി	ഹയർ സെക്കന്ററി	ബിരുദം	ബിരുദാനന്തര ബിരുദം	സർട്ടിഫിക്കറ്റ് ഡിപ്ലോമ	എഞ്ചിനിയറിംഗ്	മറ്റുള്ളവ	ആകെ എണ്ണം
555	485	322	36	6	26	5	18	1453

അവലംബം: ഐ ടി ഡി പി സർവ്വെ

സ്കിൽ ഡെവലപ്പ്മെന്റ്

മലപ്പുറം ജില്ലയിൽ നിലമ്പൂർ താലൂക്കിൽ പട്ടികവർഗ്ഗക്കാർക്കായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ തയ്യൽ പരിശീലനം നൽകുന്നതിന് 2 പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.

പട്ടിക 4.4.2.13 : തൊഴിൽ പരിശീലന കേന്ദ്രങ്ങൾ

ക്രമ നം	സ്ഥാപനം	പഞ്ചായത്ത്
1	കട്ടിംഗ് & ടൈലറിംഗ് സെന്റർ	ചുങ്കത്തറ
2	ടൈലറിംഗ് & ഗാർമെന്റ് മേയ്ക്കിംഗ് ടെയ്ലിംഗ് സെന്റർ	നിലമ്പൂർ

അവലംബം: ഐ ടി ഡി പി സർവ്വെ

ആരോഗ്യം

ആരോഗ്യ രംഗത്ത് നിരവധി പദ്ധതികൾ പട്ടികവർഗ്ഗ മേഖലയിൽ നടപ്പിലാക്കിവരുന്നുണ്ട്. പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ പരിപാലനത്തിനായി പ്രാഥമികാ രോഗ്യ കേന്ദ്രങ്ങളും നിലമ്പൂർ മുനിസിപ്പാലിറ്റിയിൽ നിലമ്പൂർ ജില്ലാ ആശുപത്രിയും കരുളായിയിൽ വകുപ്പിന്റെ ആയുർവേദ ഡിസ്പൻസറിയും മഞ്ചേരിയിൽ ഒരു ഗവണ്മെന്റ് മെഡിക്കൽ കോളജും പ്രവർത്തിക്കുന്നു. രോഗാവസ്ഥയിൽ പട്ടികവർഗ്ഗക്കാർ പ്രധാനമായും ആശ്രയിക്കുന്ന ആശുപത്രികളുടെ ലിസ്റ്റ്

പട്ടിക 4.4.2.14 : പട്ടിക വർഗ്ഗമേഖലയിലെ ചികിൽസാ കേന്ദ്രങ്ങൾ

ക്രമ നം	ആശുപത്രിയുടെ പേർ	ക്രമ നം	ആശുപത്രിയുടെ പേർ
1	ചുങ്കത്തറ ബ്ലോക്ക് പി എച് സി	18	ജില്ലാ ആശുപത്രി നിലമ്പൂർ
2	അമരമ്പലം പി എച്ച് സി	19	ചാലിയാർ പി എച്ച് സി
3	എടക്കര പി എച്ച് സി	20	കരുളായി 24*7
4	കുമ്പലങ്ങോട് പി എച്ച് സി	21	മൂത്തേടം പി എച്ച് സി
5	പോത്തുകൽ 24*7	22	വഴിക്കടവ് 24*7
6	എടവണ്ണ ബ്ലോക്ക് പി എച്ച് സി & സി എച്ച് സി	23	മഞ്ചേരി ജനറൽ ഹോസ്പിറ്റൽ
7	അരീക്കോട് THQH	24	തുക്കലങ്ങോട് പി എച്ച് സി
8	പെരിന്തൽമണ്ണ ജില്ലാ ആശുപത്രി	5	എടപ്പറ്റ പി എച്ച് സി
9	താഴെക്കോട് 24*7	26	കീഴാറ്റൂർ പി എച്ച് സി
10	വെട്ടത്തൂർ പി എച്ച് സി	27	കാവനൂർ പി എച്ച് സി
11	ഊർങ്ങാട്ടിരി പി എച്ച് സി	28	ഓടക്കയം പി എച്ച് സി
12	കീഴുപറമ്പ് പി എച്ച് സി	29	ചീക്കോട് പി എച്ച് സി
13	വാഴക്കാട് 24*7	30	വണ്ടൂർ ബ്ലോക്ക് പി എച്ച് സി & THQH
14	ചോക്കാട് 24*7	31	കാളികാവ് സി എച്ച് സി
15	കരുവാരക്കുണ്ട് സി എച്ച് സി	32	മമ്പാട് പി എച്ച് സി
16	പാണ്ടിക്കാട് 24*7	33	തുവൂർ പി എച്ച് സി
17	ഏടപ്പാൾ സി എച്ച് സി	34	കൊണ്ടോട്ടി ബ്ലോക്ക് PHC & CHC

അവലംബം : ജില്ലാ മെഡിക്കൽ ഓഫീസ്

സർക്കാർ ആശുപത്രി മുഖേന സൗജന്യ ചികിത്സ ലഭ്യമാക്കുന്ന പട്ടികവർഗ്ഗ സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതിയിൽ ആശുപത്രിയിൽ ലഭ്യമല്ലാത്ത ചികിത്സാ സൗകര്യങ്ങൾക്ക് 10,000/- രൂപ വരെ എ പി എൽ/ബി പി എൽ വ്യത്യാസമില്ലാതെ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും അനുവദിച്ചുവരുന്നു. 10,000/- രൂപയ്ക്ക് മുകളിലുള്ള ചികിത്സാ ചെലവ് ബി പി എൽ വിഭാഗത്തിനുമാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. വ്യക്തിഗത ചികിത്സക്കായി 10,000/- രൂപ വരെ ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടും 50,000/- രൂപ വരെ ആശുപത്രി വികസന സമിതിയും 50,000/- രൂപയ്ക്ക് മുകളിൽ വരുന്നത് വകുപ്പ് ഡയറക്ടറുടെ അനുമതിയോടെ ആശുപത്രി അധികൃതർ ധനസഹായം അനുവദിക്കുന്നു. സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ധനസഹായം ലഭിക്കുന്ന

ആശുപത്രികളുടെ ലിസ്റ്റ്, അവിടെ സേവനം ലഭ്യമായ ഹെൽത്ത് പ്രമോട്ടർമാരുടെ എണ്ണം എന്നിവ താഴെ കൊടുക്കുന്നു.

പട്ടിക 4.4.2.15 : പട്ടികവർഗ്ഗ മേഖലയിലെ ഹെൽത്ത് പ്രമോട്ടർമാർ

ക്രമ നം	ആശുപത്രി	നിയമിക്കപ്പെട്ട പട്ടികവർഗ്ഗ ഹെൽത്ത് പ്രമോട്ടർമാരുടെ എണ്ണം
1	ഗവണ്മെന്റ് ഹോസ്പിറ്റൽ, നിലമ്പൂർ	4
2	ഗവണ്മെന്റ് മെഡിക്കൽ കോളേജ്, മഞ്ചേരി	4
3	ജില്ലാ ആശുപത്രി, പെരിന്തൽമണ്ണ	2

അവലംബം: ജില്ലാ മെഡിക്കൽ ഓഫീസ്

പാരമ്പര്യ രോഗമായ അരിവാൾ രോഗികൾക്ക് അത്യാവശ്യം മരുന്നുകളും മറ്റ് ജീവനോപാധികളും വാങ്ങുന്നതിന് പ്രതിമാസം 2,500/- രൂപ അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിച്ച് നൽകി വരുന്നു.

അമ്മമാരുടേയും കുട്ടികളുടേയും പോഷകാഹാര ലഭ്യത ഉറപ്പുവരുത്താൻ നടപ്പിലാക്കുന്ന പദ്ധതിയാണ് ജനനി ജന്മരക്ഷ പദ്ധതി. ഗർഭിണി ആയതിനു ശേഷമുള്ള 3 മാസം മുതൽ കുട്ടിക്ക് ഒരു വയസ്സാകുന്നതുവരെ പരമാവധി 18 മാസക്കാലം 1000/- രൂപ വീതം ഓരോ മാസവും ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നു. ആശുപത്രികളിലേക്ക് രോഗികളായ പട്ടികവർഗ്ഗക്കാരെ കൊണ്ടുവരുന്നതിന് സൗജന്യ വാഹനവാടക അനുവദിക്കുന്നുണ്ട്. രോഗികളുടെ കൂട്ടിരിപ്പുകാർക്ക് പ്രതിദിന ധനസഹായം അനുവദിച്ചു നൽകുന്നു.

ബഹു. വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 100000/ രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവരും മാരകരോഗത്തിനുള്ള ചികിത്സ തേടുന്നതുമായ രോഗികൾക്ക് ഒരു ലക്ഷം രൂപവരെ ധനസഹായം അനുവദിക്കുന്നു. മറ്റ് രോഗങ്ങൾ, തീപിടുത്തം, പ്രകൃതി ക്ഷോഭം, ദുരിതബാധിതർ, തുടങ്ങിയ വിപത്തുകൾക്ക് കുടുംബത്തിലെ വരുമാനദായകന്റെ അപകടമരണം എന്നിങ്ങനെയുള്ള സാഹചര്യത്തിൽ 50,000/- രൂപ വരെ ധനസഹായം അനുവദിക്കുന്നു.

അടിസ്ഥാന സൗകര്യ വികസനം

ഭവന നിർമ്മാണം

പട്ടിക 4.4.2.16 : പട്ടികവർഗ്ഗ മേഖലയിലെ ഭവനങ്ങളുടെ അവസ്ഥ

ആകെ കുടുംബങ്ങൾ	താമസയോഗ്യമായ വീടുള്ളവർ	വീടില്ലാത്തവർ	ഭൂരഹിത കുടുംബങ്ങൾ	പൂർത്തീകരിക്കാത്ത വീടുള്ളവർ
5022	1912	813	530	597

അവലംബം: ഐ ടി ഡി പി റിപ്പോർട്ട്

നിലവിലെ അവസ്ഥ

5022 കുടുംബങ്ങളുള്ളതിൽ 813 പേർ ഭവനരഹിതരാണ്. കഴിഞ്ഞ 10 വർഷമായി വകുപ്പ് മുഖേന വിവിധ പദ്ധതികൾ പ്രകാരം അനുവദിച്ച 1181 വീടുകളിൽ 584 വീടുകൾ പൂർത്തീകരിക്കുകയും 597 വീടുകൾ വിവിധ ഘട്ടങ്ങളിലായി പൂർത്തികരിക്കാനുമുണ്ട്.

കുടിവെള്ളം

പട്ടിക 4.4.2.17 : പട്ടികവർഗ്ഗ മേഖലയിലെ കുടിവെള്ള ലഭ്യതയുടെ വിവരങ്ങൾ

വേനൽകാലത്ത് ജലക്ഷാമം നേരിടുന്ന കുടുംബങ്ങൾ	6 മാസം വരെ വെള്ളം ലഭിക്കാത്ത കുടുംബങ്ങൾ
2879	494

അവലംബം: ഐ ടി ഡി പി റിപ്പോർട്ട്

പട്ടികവർഗ്ഗ വിഭാഗ ജനങ്ങൾ ഭൂരിഭാഗവും ചോലയിൽ നിന്ന് ഹോസ് മുഖേന വെള്ളം ശേഖരിച്ച് ഉപയോഗിച്ചു വരുന്നവരാണ്. ചോലവെള്ളം ലഭ്യമാകാതിരുന്ന കോളനികളിൽ കുടിവെള്ള മേഖലയുമായി ബന്ധപ്പെട്ട് ധാരാളം പ്രവർത്തികൾ ചെയ്ത് തീർന്നിട്ടുണ്ട്. പട്ടികവർഗ്ഗ മേഖലകളിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്നുണ്ട്.

വൈദ്യുതി

ജില്ലയിൽ വൈദ്യുതി ലഭിക്കാത്ത 4 പട്ടിക വർഗ്ഗ സങ്കേതങ്ങളാണുള്ളത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 4.4.2.18 : പട്ടികവർഗ്ഗ മേഖലയിലെ വൈദ്യുതീകരിക്കാത്ത കോളനികളുടെ കണക്ക്

ക്രമ നം	വൈദ്യുതീകരിക്കാത്ത കോളനികൾ	കുടുംബങ്ങളുടെ എണ്ണം
1	അനന്തല്ല്, എടക്കോട് , അമരമ്പലം	23
2	വെറ്റിലക്കൊല്ലി	24
3	മാഞ്ചീരി	70
4	അച്ചനള	8
ആകെ		125

അവലംബം: ഐ ടി ഡി പി റിപ്പോർട്ട്

റോഡ്/നടപ്പാത

മലപ്പുറം ജില്ലയിലെ പട്ടികവർഗ്ഗ കോളനികളിൽ ഭൂരിഭാഗവും വനത്തിനുള്ളിലോ വനാന്തരങ്ങളിലോ ആണ് സ്ഥിതിചെയ്യുന്നത്. പ്രധാന സ്ഥലങ്ങളിലേക്ക് ഏകദേശം 20. കി.മീ ദൂരത്തോളം വരുന്നുണ്ട്. 21 ഓളം കോളനികളിൽ ശരിയായ നടപ്പാതകൾപോലും നിലവിലില്ല. മറ്റു കോളനികളിലധികവും ഉപയോഗ യോഗ്യമല്ലാത്ത നടപ്പാതകളും ദുർഘടമായ വഴികളോ ആണ് നിലവിലുള്ളത്. ദുർഘട മേഖലയിൽ റോഡ് നിർമ്മാണത്തിന് കൂടുതൽ തുക ആവശ്യമാണ്. കൂടാതെ വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ ഗതാഗത യോഗ്യമായ റോഡ് നിർമ്മാണം അസാധ്യമാകുന്നുണ്ട്.

പട്ടിക 4.4.2.18 : പട്ടികവർഗ്ഗ മേഖലയിലെ റോഡ്/നടപ്പാത

ക്രമ നം	മുനിസിപ്പാലിറ്റി/ പഞ്ചായത്ത്	വാഹനസഞ്ചാര യോഗ്യമായ റോഡ്	നടപ്പാത മാത്രം	കലുങ്കിന്റെ/ നടപ്പാലത്തിന്റെ അഭാവത്തിൽസഞ്ചാരയോഗ്യമല്ലാത്ത വഴി	നടപ്പാത/ ഫൂട് സ്റ്റെപ്പ് പോലും ഇല്ലാത്ത അവസ്ഥ	തോണി /ബോട്ട്	മറ്റ് മാർഗം	ആകെ ഊരുകളുടെ എണ്ണം
മുൻസിപ്പാലിറ്റി								
1	നിലമ്പൂർ	8	1	0	0	0	0	9
2	മഞ്ചേരി	2	0	0	0	0	0	2
ഗ്രാമ പഞ്ചായത്ത്								
3	ചോക്കാട്	4		0	0	0	0	6
4	അമരമ്പലം	18	2	0	1	0	0	21
5	ചുങ്കത്തറ	15	9	2	1	0	1	28
6	മൂത്തേടം	8	5	0	1	0	1	15
7	ചാലിയാർ	17	9	0	8	0	0	34
8	പോത്തുകല്ല്	11	3	1	1	2	4	22
9	വഴിക്കടവ്	4	4	1	4	0	0	13
10	എടക്കര	12	2	0	0	0	1	15
11	എടവണ്ണ	0	3	0	0	0	0	3
12	ഊർങ്ങാട്ടിരി	8	2	0	3	0	0	13

ക്രമനം	മുനിസിപ്പാലിറ്റി/ പഞ്ചായത്ത്	വാഹനസഞ്ചാര യോഗ്യമായ റോഡ്	നടപ്പാത മാത്രം	കലുങ്കിന്റെ/ നടപ്പാലത്തിന്റെ അഭാവത്തിൽസഞ്ചാരയോഗ്യമല്ലാത്ത വഴി	നടപ്പാത/ ഫൂട് സ്റ്റെപ്പ് പോലും ഇല്ലാത്ത അവസ്ഥ	തോണി /ബോട്ട്	മറ്റ് മാർഗം	ആകെ ഊരുകളുടെ എണ്ണം
13	മമ്പാട്	9	5	0	1	0	0	15
14	വണ്ടൂർ	2	0	0	0	0	0	2
15	താഴേക്കോട്	3	0	2	0	0	0	3
16	കരുവാരക്കുണ്ട്	3	2	0	0	0	0	0
17	കരുളായി	12	6	0	1	0	0	0

അവലംബം: പട്ടികവർഗ്ഗ വികസന വകുപ്പ് തദ്ദേശ സ്വയംഭരണ വകുപ്പ് സർവ്വേ 2012

ശ്രദ്ധേയം

പട്ടിക 4.4.2.19 : പട്ടികവർഗ്ഗ മേഖലയിലെ കക്കൂസുകൾ ഇല്ലാത്തവരുടെയും ഉപയോഗ്യമല്ലാത്ത കക്കൂസുകൾ ഉള്ള വീടുകളുടെയും കണക്ക്

ആകെ പട്ടികവർഗ്ഗ വീടുകൾ	ഉപയോഗ്യമല്ലാത്ത കക്കൂസുകൾ ഉള്ള വീടുകൾ	കക്കൂസുകൾ ഇല്ലാത്ത വീടുകൾ
4342	74	451

അവലംബം: പട്ടികവർഗ്ഗ വികസന വകുപ്പ് & തദ്ദേശ സ്വയംഭരണ വകുപ്പ് സർവ്വേ 2012

വനാവകാശ നിയമം 2006

തലമുറകളായി വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസി സമൂഹങ്ങൾക്കും, മറ്റ് പരമ്പരാഗത വന വാസികൾക്കും വന ഭൂമിയിലും, വന വിഭവങ്ങൾക്കും മേലുള്ള അവരുടെ അവകാശങ്ങൾ നൽകുന്നതിന് രൂപീകരിച്ചിട്ടുള്ളതാണ് വനാവകാശ നിയമം. ഈ നിയമ പ്രകാരം പട്ടിക വർഗ്ഗ കുടുംബങ്ങൾ താമസിച്ച് കൃഷി ചെയ്യുവരുന്ന വനഭൂമിയിൽ നിന്നും പരമാവധി 4 ഹെക്ടർ സ്ഥലം ഒരോ കുടുംബത്തിനും പതിച്ച് നൽകുവാൻ സാധിക്കുന്നതാണ്. മലപ്പുറം ജില്ലയിൽ 948 കുടുംബങ്ങൾക്ക് ഈ നിയമ പ്രകാരം വനഭൂമി പതിച്ച് നൽകിയിട്ടുണ്ട്. എന്നാൽ, ഇതിൽ 650 ഓളം കുടുംബങ്ങൾക്ക് 5 സെന്റ് വരെ ഭൂമി മാത്രമാണ് നൽകിയത്. ഇക്കാരണത്താൽ ഈ നിയമത്തിന്റെ അന്തഃസത്ത പൂർണ്ണമായും ഉൾക്കൊണ്ട് ഈ നിയമം ജില്ലയിൽ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

വ്യക്തിഗത വനാവകാശത്തിന് പുറമെ ഈ നിയമ പ്രകാരം സാമൂഹിക വനാവകാശവും വികസനാവകാശവും നൽകി വരുന്നുണ്ട്. മലപ്പുറം ജില്ലയിൽ വികസനാവശ്യത്തിന് 38 അവകാശങ്ങൾ നൽകിയിട്ടുണ്ട്.

അറനാടൻ/ ചോലനായിക്ക സമുദായങ്ങളുടെ പുനരുദ്ധാരണം

ഇന്ത്യയിൽ മലപ്പുറം ജില്ലയിൽ മാത്രം കാണപ്പെടുന്ന ജന വിഭാഗങ്ങളാണ് അറനാടൻ/ ചോലനായിക്ക സമുദായങ്ങൾ. അറനാടൻ വിഭാഗങ്ങൾ പൊതുവെ ഒരു പ്രത്യേക വാസ സ്ഥലങ്ങളിൽ താമസിക്കാൻ താല്പര്യം കാണിക്കാറില്ല. എങ്കിലും വകുപ്പ് മുഖേന ചോക്കാട് 40 സെന്റ് കോളനിയിൽ 30 ഓളം കുടുംബങ്ങൾക്ക് 3 ഏക്ര വീതം സ്ഥലം പതിച്ച് നല്കിയതിനാൽ ഇവർ ഇവിടെ സ്ഥിരമായി താമസിക്കുന്നുണ്ട്. മറ്റ് കുടുംബങ്ങൾ അമരമ്പലം കരുളായി മൂത്തേടം വഴിക്കടവ് എടക്കര പഞ്ചായത്തുകളിലായി ചിതറിക്കിടക്കുകയാണ്. ഇവർ താമസിക്കുന്ന സ്ഥലത്തോട് ചേർന്ന് ഇവർക്ക് ഭൂമി കണ്ടെത്തി നൽകുകയാണെങ്കിൽ ഇവർ അവിടെ സ്ഥിരതാമസമാക്കുന്നതിനും കൂടുതൽ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും സാധ്യമാകുന്നതാണ്.

നിലമ്പൂർ മേഖലയിലെ നിബിഢ വനത്തിനുളളിൽ മാഞ്ചീരി, അച്ചനള, അളക്കൽ എന്നീ 3 സങ്കേതങ്ങളിൽ താമസിക്കുന്ന പട്ടിക വർഗ്ഗ ജനവിഭാഗമാണ് ചോലനായിക്കർ, അതീവ ദുർഘടമായ വനത്തിനുളളിൽ താമസിക്കുന്ന മാഞ്ചിരി, അച്ചനള എന്നീ സങ്കേതങ്ങളിലേക്ക് വ്യക്തമായ ഗതാഗത സൗകര്യം ഇല്ല. സഞ്ചാര യോഗ്യമായ വഴി സൗകര്യം ഇല്ലാത്തതിനാൽ യാതൊരുവിധ അടിസ്ഥാന സൗകര്യവും ഇവിടങ്ങളിൽ ഒരുക്കുവാൻ സാധിക്കില്ല. വനത്തിനുളളിലൂടെ കിലോമീറ്റർ കണക്കിന് റോഡ് നിർമ്മിച്ചാൽ മാത്രമേ ഈ 2 സങ്കേതങ്ങളിലും വികസനം സാധ്യമാവുകയൊളളു.

സാമൂഹിക സുരക്ഷ

മലപ്പുറം ജില്ലയിൽ പട്ടികവർഗക്കാരിൽ 90% വും പിന്നോക്കാവസ്ഥയിലുള്ള പണിയ, ചോലനായ്ക്കർ, കാട്ടുനായ്ക്കർ, അറനാടൻ വിഭാഗക്കാരാണ്. ഇവർക്ക് ഭൂമി, വീട് തുടങ്ങിയ അടിസ്ഥാന കാര്യങ്ങളിൽ സമയബന്ധിതമായി നൽകുന്ന പദ്ധതികളാണ് നടപ്പാക്കേണ്ടത്. പണിയ അറനാടൻ വിഭാഗക്കാരിൽ 50% പേർക്കും ഭൂമിയും വീടും ഇല്ലാത്തതാണ്. ഭൂമി സംബന്ധമായ രേഖകൾ, കൈവശ രേഖ, പട്ടയം റേഷൻ കാർഡ്, ചികിത്സ കാർഡ്, ബാങ്ക് അക്കൗണ്ട് എന്നിവ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ലഭിക്കുന്നതിനായി കോളനി അടിസ്ഥാനത്തിൽ/ പഞ്ചായത്തടിസ്ഥാനത്തിൽ വിവിധ വകുപ്പുകളെ പങ്കെടുപ്പിച്ച് അദാലത്ത് നടത്തി ടി രേഖകൾ നൽകുന്നതിന് പദ്ധതി നടപ്പിലാക്കാവുന്നതാണ്.

ജില്ലയിലെ ആദിവാസി കലാരൂപങ്ങൾ പണിയ നൃത്തം, ചവിട്ടുനാടകം തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്നതിനും ഇവരുടെ കലാരൂപങ്ങൾ വർഷത്തിലൊരിക്കൽ ജില്ലയിൽ അവതരിപ്പിക്കുന്നതിന് വേദി സജ്ജീകരണ പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്. ജില്ലയിൽ വംശനാശം നേരിടുന്ന അറനാടൻ, ചോലനായ്ക്കർ എന്നിവരെക്കുറിച്ച് ആരോഗ്യവകുപ്പ് സർവ്വേ നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കാവുന്നതാണ്.

ലിംഗനീതി

പട്ടിക 4.4.2.20 : പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ എണ്ണം

വിവാഹബന്ധം വേർപ്പെട്ടവർ	വിഭാര്യൻ	വിധവ	അവിവാഹിത അമ്മമാർ	ആകെ
189	204	836	40	1273

ചിത്രം 4.4.2.4 : പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ കണക്ക്



അവലംബം: പട്ടികവർഗ്ഗ വികസന വകുപ്പ്

അവസ്ഥാ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ പട്ടിക വർഗ്ഗ മേഖല നേരിടുന്ന വികസന പ്രശ്നങ്ങൾ, വികസന വിടവുകൾ

വിദ്യാഭ്യാസം-പ്രശ്നങ്ങൾ

പ്രീ പ്രൈമറി വിദ്യാഭ്യാസം

നിലവിൽ പട്ടികവർഗ്ഗ കോളനികളിൽ പ്രീപ്രൈമറി വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് ആവശ്യമായ അംഗൻവാടികൾ, പെരിപ്പതറ്റിക് കേന്ദ്രങ്ങൾ, ബാലവിജ്ഞാന കേന്ദ്രങ്ങൾ എന്നിവ നിലവിലില്ല. കൂടാതെ പാലക്കയം പെരിപ്പതറ്റിക് കേന്ദ്രത്തിനും, ഇരുട്ടുകുത്തി ബാലവിജ്ഞാന കേന്ദ്രത്തിനും കെട്ടിട സൗകര്യങ്ങളില്ല. പ്രസ്തുത കോളനികളിലെയും സമീപത്തുള്ള കോളനികളിലേയും വിദ്യാർത്ഥികൾ ഈ കേന്ദ്രങ്ങളിൽ പഠിക്കുന്നുണ്ട്. ഈ കേന്ദ്രങ്ങളെല്ലാം തന്നെ വനത്തിനുള്ളിൽ സ്ഥിതിചെയ്യുന്നതിനാൽ സമീപത്തെ കോളനികളിലുള്ള വിദ്യാർത്ഥികൾ വനത്തിനുള്ളിലൂടെ നടന്നാണ് ഇവിടെ എത്തിച്ചേരുന്നത്. ഇത് പട്ടിക വർഗ്ഗ മേഖലയിൽ പ്രീപ്രൈമറി വിദ്യാഭ്യാസം ലഭിക്കുന്നതിന് തടസ്സമാകുന്നു.

പ്രീമെടിക് വിദ്യാഭ്യാസം

ഔപചാരിക വിദ്യഭ്യാസം ലഭിക്കാതെ പ്രാഥമിക വിദ്യഭ്യാസം നേടുന്നതിന് നിർബന്ധിതരാവുകയും ഔപചാരിക വിദ്യഭ്യാസം ലഭിച്ച കുട്ടികളുടെ കൂടെ പഠിക്കുമ്പോൾ ഉണ്ടാകുന്ന പഠന പിന്നോക്കാവസ്ഥ സ്കൂളുകളിലേക്ക് കുട്ടികളെ അയക്കുന്നതിന് രക്ഷിതാക്കൾ തയ്യാറാകാത്ത സാഹചര്യവും നിലനിൽക്കുന്നുണ്ട്.

പോസ്റ്റ് മെടിക് വിദ്യാഭ്യാസം-പ്രശ്നങ്ങൾ

- വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്
- കോളനികളിൽ രക്ഷിതാക്കളുടെ അമിതമായ ലഹരി വസ്തുക്കളുടെ ഉപയോഗം
- പട്ടികവർഗ്ഗ സങ്കേതങ്ങളിൽ മതിയായ പ്രീപ്രൈമറി സ്ഥാപനങ്ങളുടെ അഭാവം.
- എം.ജി.എൽ.സികളെ പ്രൈമറി വിദ്യാഭ്യാസത്തിന് ആശ്രയിക്കേണ്ടിവരുന്ന അവസ്ഥ
- പോസ്റ്റ്മെടിക് ഹോസ്റ്റലിന്റെ അഭാവം, സ്ഥിരം കെട്ടിടമില്ലാത്ത പ്രീമെടിക് ഹോസ്റ്റലുകൾ

ഭക്ഷ്യ സുരക്ഷ-പ്രശ്നങ്ങൾ

- കാർഷിക മേഖലയിൽനിന്നുള്ള പിൻവാങ്ങൽ
- വന്യമൃഗ ശല്യം
- കാർഷിക വിജ്ഞാനത്തിലെ പോരായ്മ

ആരോഗ്യം-പ്രശ്നങ്ങൾ

ലഹരിവസ്തുക്കളുടെ അമിതമായ ഉപയോഗവും ജീവിത ശൈലിയിലുണ്ടായ മാറ്റങ്ങളും ഇവരുടെ കായികാരോഗ്യം തകർക്കുന്നതിനും അകാലമൃത്യുവും മാരകരോഗങ്ങൾ വ്യാപിക്കുന്നതിനും കാരണമാകുന്നു. ഭക്ഷണം പോലും ഉപേക്ഷിച്ചുള്ള ലഹരി വസ്തുക്കളുടെ ഉപയോഗം ഇവരുടെ രോഗ പ്രതിരോധം കുറക്കുന്നു. ജനന നിരക്ക് കുറയുകയും മരണനിരക്ക് വർദ്ധിക്കുകയും ചെയ്തിരിക്കുന്നു. പ്രായമായവരും കിടപ്പ് രോഗികളും കുടുംബത്തിന് അധികപ്പറ്റാണെന്ന തോന്നൽ ആധുനിക സമൂഹത്തെപ്പോലെ ഇവർക്കിടയിലും വ്യാപകമാണ്. പണിയ വിഭാഗക്കാർക്കിടയിലാണ് ഇത് കൂടുതലായി കണ്ടുവരുന്നത്. ഇവർക്ക് സംരക്ഷണം നൽകാൻ ആളില്ലാത്ത പരിതാപകരമായ അവസ്ഥയാണുള്ളത്. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ കാര്യത്തിലും ഇതേ അവസ്ഥയാണുള്ളത്.

പട്ടിക 4.4.2.21 : ഭിന്നശേഷിക്കാരുടെയും നിത്യരോഗികളുടെയും വിവരങ്ങൾ

ക്രമനമ്പർ	അവസ്ഥ	ഭിന്നശേഷിക്കാർ	നിത്യരോഗികൾ	ആകെ
1	ദൈനംദിന കാര്യങ്ങൾ ചെയ്യാൻ വിഷമമുള്ളവർ	56	183	239
2	ദൈനംദിന കാര്യങ്ങൾ പരസഹായത്താൽ മാത്രം ചെയ്യുന്നവർ	68	80	148

ക്രമനമ്പർ	അവസ്ഥ	ഭിന്നശേഷിക്കാർ	നിത്യരോഗികൾ	ആകെ
3	കിടക്കയെ മാത്രം അവലംബമാക്കിയിട്ടുള്ളവർ	23	43	66
ആകെ		147	306	453

അവലംബം: ഐ ടി ഡി പി റിപ്പോർട്ട്

കുട്ടികളുടെ കാര്യത്തിൽ പൊതുവേ മതിയായ ശ്രദ്ധയില്ലാത്ത അവസ്ഥയാണുള്ളത്. കൂടാതെ മദ്യപാന ശീലവും പുകയില ഉല്പന്നങ്ങളുടെ അമിത ഉപയോഗവുമുള്ള രക്ഷിതാക്കൾ കൂടിയാകുമ്പോൾ കുട്ടികളുടെ പോഷകാഹാരക്കുറവ് വലിയ ഒരു പ്രശ്നമാണ്. കോളനികളോടടുത്ത് മതിയായ സൗകര്യങ്ങളുള്ള ആശുപത്രികൾ ഇല്ലാത്തത് കാരണം പലപ്പോഴും രോഗത്തിന്റെ മൂർദ്ധന്യാവസ്ഥയിൽ മാത്രം ആശുപത്രിയെ ആശ്രയിക്കുന്ന അവസ്ഥയും തുടർന്നുള്ള ആരോഗ്യ പ്രശ്നങ്ങൾക്കും വഴിവെക്കുന്നു. ഉൾക്കാടുകളിലുള്ള ഗർഭിണികൾ പലപ്പോഴും യഥാസമയം പ്രസവ പരിചരണത്തിന് ആശുപത്രിയിൽ എത്തിച്ചേരുന്നില്ല. ഈ കാലതാമസം മിക്കപ്പോഴും അനാരോഗ്യകരമായ പ്രസവത്തിന് കാരണമാകുന്നു.

അടിസ്ഥാന സൗകര്യ വികസനം

ഭവന നിർമ്മാണം-പ്രശ്നങ്ങൾ

- പട്ടികവർഗ്ഗ വിഭാഗ ജനവാസ കേന്ദ്രങ്ങളിൽ ഭൂരിഭാഗവും വനത്തിനുള്ളിലോ വനാന്തരങ്ങളിലോ ദുർഘട പ്രദേശങ്ങളിലോ താമസിക്കുന്നവരാണ്. സാധനങ്ങളുടെ ദൗർലഭ്യം, തൊഴിലാളികളുടെ അഭാവം, തൊഴിലാളി ക്ഷാമവും ദുർഘട പ്രദേശങ്ങളിൽ സാധനങ്ങൾ എത്തിക്കുന്നതിനുള്ള പ്രയാസവും വീട് പണി പൂർത്തീകരണത്തിന് തടസം നിൽക്കുന്നു.
- ദുർഘട പ്രദേശങ്ങളിലെ ഭവന നിർമാണത്തിന് അധിക തുക ആവശ്യമായി വരുന്നു.
- നിർമ്മിക്കാൻ സാധിക്കാത്തതിലധികം വലിപ്പത്തിൽ വീട് നിർമ്മാണം ആരംഭിക്കുകയും അതുവഴി നിർമ്മാണം പാതിവഴിയിൽ നിലയ്ക്കുകയും ചെയ്യപ്പെടുന്നു.
- ഭവന നിർമ്മാണത്തിന് ആവശ്യമായ ഭൂമി സ്വന്തമായി ഇല്ലാത്ത സാഹചര്യം ഭവനരഹിതരെ സൃഷ്ടിക്കുന്നു.
- വീട് നിർമ്മാണത്തിൽ ഇടനിലക്കാരുടെ ചൂഷണം.
- ഭവന നിർമ്മാണത്തിൽ വേണ്ടത്ര പ്രാധാന്യം നൽകാത്ത മനോഭാവം
- വീടു പൂർത്തീകരിക്കാതെ താമസം തുടങ്ങുന്ന അവസ്ഥ
- വൈദഗ്ദ്യമുള്ള തൊഴിലാളികളുടെയും ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കളുടെയും വെള്ളത്തിന്റെയും ദൗർലഭ്യം.

കുടിവെള്ളം-പ്രശ്നങ്ങൾ

- ആഗോള താപനം അടക്കമുള്ള പ്രതികൂല കാലാവസ്ഥാ മാറ്റങ്ങൾ മൂലം ചോലവെള്ളത്തിൽ കുറവ് വരികയും കോളനികളിൽ കുടിവെള്ള ദൗർലഭ്യം ഒരു ഗുരുതര പ്രശ്നമാവുകയും ചെയ്യുന്നുണ്ട്.
- കുടിവെള്ള മേഖലയുമായി ബന്ധപ്പെട്ട് ധാരാളം പ്രവർത്തികൾ ചെയ്ത് തീർന്നിട്ടുണ്ടെങ്കിലും വേനൽ രൂക്ഷമാകുമ്പോൾ കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങൾ ധാരാളമാണ്.
- ജലസ്രോതസ്സുകൾ ശാസ്ത്രീയമായി കൈകാര്യം ചെയ്യാത്തത്, കിണർ റിചാർജ്ജിംഗിന്റെ അഭാവം, കുടിവെള്ള പദ്ധതിയുടെ ഉടമസ്ഥ തർക്കങ്ങൾ എന്നിവ ഇതിനു കാരണങ്ങളാണ് .
- വേനൽക്കാലത്ത് കുടിവെള്ളം ലഭ്യമല്ലാത്ത 2879 കുടുംബങ്ങളുണ്ട്.
- വർഷത്തിന്റെ പകുതികാലവും കുടിവെള്ളക്ഷാമം നേരിടുന്ന 494 കുടുംബങ്ങളുണ്ട്.

- സർക്കാർ പദ്ധതികൾ യഥാവിധി പൂർത്തീകരിക്കാത്ത സാഹചര്യം.
- വനാന്തര വൈപുല്യം.
- കടിവെള്ള പദ്ധതിയുടെ വൈദ്യുതി ചെലവ് ഗുണഭോക്താവിന് വഹിക്കാൻ കഴിയാത്ത സാഹചര്യം.

വൈദ്യുതി-പ്രശ്നങ്ങൾ

- കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള അധിക ചെലവ്.
- ഒറ്റപ്പെട്ട വനാന്തര മേഖലകൾ.
- സോളാർ പദ്ധതികളുടെ പരിപാലനത്തിൽ ശരിയായ രീതി വകയിരുത്താൻ സാധിക്കാത്ത സാഹചര്യം.

റോഡ്/നടപ്പാത-പ്രശ്നങ്ങൾ

- മലപ്പുറം ജില്ലയിലെ കോളനികളിൽ ഭൂരിഭാഗവും വനത്തിനുള്ളിലോ വനാന്തരങ്ങളിലോ ആണ് സ്ഥിതിചെയ്യുന്നത്. പ്രധാന സ്ഥലങ്ങളിൽ നിന്ന് ഏകദേശം 20 കി. മീ. ദൂരത്തോളം സ്ഥിതിചെയ്യുന്ന ദുർഘട മേഖലകളിൽ റോഡ്/നടപ്പാത ഇല്ലാതിരിക്കുകയോ ഉപയോഗയോഗ്യമല്ലാത്തതോ ആണ്.
- 21 ഓളം കോളനികളിൽ ശരിയായ നടപ്പാത ഇല്ല.
- കോളനികളിൽ ഭൂരിഭാഗവും വനത്തിനുള്ളിലോ വനാതിർത്തിയിലോ ആണ് സ്ഥിതിചെയ്യുന്നത്.
- ദുർഘട മേഖലയിൽ കൂടുതൽ ദൂരം റോഡ് നിർമ്മാണത്തിന് കൂടുതൽ രീതി ആവശ്യമാണ്.
- വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ ഗതാഗത യോഗ്യമായ റോഡ് നിർമ്മാണം അസാധ്യമാകുന്നു.

ശുചിത്വം-പ്രശ്നങ്ങൾ

- കക്കൂസുകളിൽ ആവശ്യമായ പൈപ്പ് സംവിധാനത്തിന്റെയും ജലത്തിന്റെയും ദൗർലഭ്യം.
- കക്കൂസ് പരിചയമില്ലായ്മ.
- കൂടുതൽ ഉറസായ സ്ഥലവും വനവും.

അവസ്ഥാ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ വികസന പരിപ്രേക്ഷ്യം -ഹ്രസ്വകാല പരിപ്രേക്ഷ്യം
വിദ്യാഭ്യാസം

1. പ്രീപ്രൈമറി വിദ്യാഭ്യാസം

- ബാലവിജ്ഞാന കേന്ദ്രങ്ങളും പെരിപ്പതറ്റിക് കേന്ദ്രങ്ങളും മെച്ചപ്പെട്ട കെട്ടിടവും മറ്റ് സൗകര്യങ്ങളും നൽകി പ്രീപ്രൈമറി വിദ്യാഭ്യാസത്തിനുള്ള മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുക.
- അതോടൊപ്പം പ്രീപ്രൈമറി പഠനത്തിന് പ്രായമായ അഞ്ചിൽ കൂടുതൽ കുട്ടികൾ ഉള്ള എല്ലാ കോളനികളിലും ആയതിനുള്ള സൗകര്യങ്ങൾ ഒരുക്കുക
- അംഗനവാടി ഇല്ലാത്ത 135 പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ അംഗനവാടികളോ അല്ലെങ്കിൽ പ്രീ പ്രൈമറി വിദ്യാഭ്യാസ കേന്ദ്രങ്ങളോ ഏർപ്പെടുത്തുക.

2. പ്രീമെട്രിക് വിദ്യാഭ്യാസം

    - 20 കുട്ടികളിൽ അധികമുള്ള ബദൽ സ്കൂളുകൾ എൽ.പി സ്കൂളുകളാക്കി ഉയർത്തുക.

3. പോസ്റ്റ് മെട്രിക് വിദ്യാഭ്യാസം

- ഉന്നതവിദ്യാഭ്യാസ രംഗത്ത് നേട്ടങ്ങൾ സാധ്യമാക്കുന്നതിലൂടെ അടിസ്ഥാന വിഭാഗങ്ങൾക്ക് പുരോഗതി കൈവരിക്കേണ്ടതുണ്ട്. അതിനായി ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്.
- ഉന്നത വിദ്യാഭ്യാസ രംഗത്ത് നേട്ടം കൈവരിക്കാൻ നിലമ്പൂർ, മഞ്ചേരി, മലപ്പുറം, പെരിന്തൽമണ്ണ, തിരൂർ എന്നിവിടങ്ങളിലായി 5 പോസ്റ്റ്മെട്രിക് ഹോസ്റ്റൽ ആരംഭിക്കേണ്ടതുണ്ട്.
- ജില്ലയിൽ ഒരു എം.ആർ.എസ് കൂടി ആരംഭിക്കേണ്ടതുണ്ട്.
- നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 4 പ്രീമെട്രിക് ഹോസ്റ്റലുകൾക്ക് സ്ഥിരമായ കെട്ടിടം സ്ഥാപിക്കുകയും വേണം.
- പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഗോത്ര ഭാഷ ഉപയോഗിക്കുന്നതിനാൽ മലയാളഭാഷ മനസ്സിലാക്കാനുള്ള വൈഷമ്യം വിദ്യാർത്ഥികളെ കൊഴിഞ്ഞുപോക്കിലേക്ക് നയിക്കുന്നു. വയനാട് ജില്ലയിൽ നടപ്പിലാക്കിവരുന്ന ഗോത്രഭാഷയിൽ പ്രാവിണ്യം നേടിയവരെ ടീച്ചർ/ട്യൂട്ടർ ആയി നിയമിക്കുന്ന 'ഗോത്രബന്ധു' പദ്ധതി മലപ്പുറം ജില്ലയിലും നടപ്പിലാക്കണം.
- ദുർഘടമായ പ്രദേശത്ത് താമസിക്കുന്ന മുഴുവൻ വിദ്യാർത്ഥികളേയും സ്കൂളിൽ എത്തിക്കാൻ ഉദ്ദേശിച്ചിട്ടുള്ള ഗോത്രസാരഥി പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഉദ്ദേശലക്ഷ്യം പൂർണ്ണതയിലെത്തുന്നതിനായി ഗോത്രസാരഥി പദ്ധതി ഗ്രാമപഞ്ചായത്തുകളുടെ പൂർണ്ണ ഉത്തരവാദിത്വത്തോടെ ആവശ്യമായ എല്ലാ മേഖലകളിലും നടപ്പിലാക്കേണ്ടതുണ്ട്. പ്ലസ് വൺ, പ്ലസ് ടു പഠനത്തിനും ഗോത്രസാരഥി പദ്ധതി നടപ്പിലാക്കണം.
- ലഹരിപദാർത്ഥങ്ങളുടെ അമിത ഉപയോഗം, മൊബൈൽ ഫോണുകളുടെ ദുരുപയോഗം, ഇവകൊണ്ടുള്ള ദൃശ്യ ഫലങ്ങൾ, വിദ്യാഭ്യാസത്തിന്റെ ആവശ്യകത, ഇവ കുട്ടികളിലും രക്ഷിതാക്കളിലും എത്തിക്കുന്നതിനായി സ്കൂളുകൾ/ കോളനികൾ/ ഹോസ്റ്റലുകളിൽ എല്ലാമാസവും വിവിധ വകുപ്പുകളുടെ സഹായത്താൽ ലഹരി വിരുദ്ധ ബോധവൽക്കരണം, വ്യക്തിത്വ വികസന ക്ലാസ്സുകൾ, തൊഴിൽ തേടുന്നവർക്ക് കരിയർ ഗൈഡൻസ് ക്ലാസ്സുകൾ രക്ഷിതാക്കൾക്ക് കുടുംബ ബന്ധങ്ങളുടെ ആവശ്യകതയെക്കുറിച്ചും കുട്ടികൾക്ക് സമ്പൂർണ്ണ സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടതിനെക്കുറിച്ചും ബോധവൽക്കരണവും സ്കൂൾ പ്രായം കഴിഞ്ഞവർക്ക് തുടർ പഠന സൗകര്യംവും ലഭ്യമാകുന്ന തരത്തിലുള്ള പദ്ധതി ആവശ്യമാണ്.
- ഓരോ ഹോസ്റ്റലിലും എൺപതോ അതിനുമുകളിലോ അന്തേവാസികളാണുള്ളത്. പട്ടികവർഗ്ഗ വിദ്യാത്ഥികൾ മലയാളഭാഷ സ്ഫടമായി കൈകാര്യം ചെയ്യുന്നതിൽ പിന്നിലാണെന്നതിനാലും, സ്കൂളുകളിൽ നിന്ന് പഠിക്കുന്ന പാഠഭാഗങ്ങളെകുറിച്ച് ശ്രദ്ധിക്കാൻ ഇപ്പോൾ നിലവിൽ ഒരു മണിക്കൂർ മാത്രമുള്ള ട്യൂഷൻ സംവിധാനം അപര്യാപ്തമാണെന്നതിനാലും ഹോസ്റ്റലിൽതന്നെ താമസിച്ച് വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ ശ്രദ്ധ ചെലുത്താൻ പ്രഗൽഭരായ മുഴുവൻ സമയ ട്യൂട്ടർമാരെ നിയമിക്കാവുന്നതാണ്. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ്സുകൾ പ്രത്യേകം സംഘടിപ്പിക്കാവുന്നതുമാണ്.
- ഹോസ്റ്റലുകളിലും സ്കൂളുകളിലും പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഹ്രസ്വകാല തൊഴിൽ പരിശീലനങ്ങൾ, കലാകായിക മേഖലയിൽ കഴിവുള്ള ധാരാളം വിദ്യാർത്ഥികൾ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉണ്ടെന്നതിനാൽ അവരുടെ കഴിവുകളെ പോഷിപ്പിക്കുന്നതിന് ഹോസ്റ്റലുകൾ/സ്കൂളുകൾ കേന്ദ്രീകരിച്ച് പരിശീലനം നൽകിയാൽ അവരുടെ സർഗ്ഗാത്മകമായ കഴിവുകൾ ഉയർത്തുന്നതിനൊപ്പം സ്കൂളുകളിലും ഹോസ്റ്റലുകളിലും പോകുന്നതിനുള്ള താൽപ്പര്യം വർദ്ധിപ്പിക്കുന്നതിനും സഹായകമാകും.
- കൗമാരക്കാരായ പെൺകുട്ടികൾക്കും അമ്മമാർക്കും കൗൺസിലിംഗ് കോളനികൾ കേന്ദ്രീകരിച്ച് സംഘടിപ്പിക്കുക.
- സ്കൂൾ തലത്തിൽ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് വിദഗരെ ഉൾപ്പെടുത്തി വിദ്യാർത്ഥികൾക്ക് പഠനത്തോട് താൽപ്പര്യമുണ്ടാക്കുന്ന പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുകയും മക്കൾ വിദ്യാഭ്യാസം നേടേണ്ടുന്ന ആവശ്യകത സംബന്ധിച്ച്

രക്ഷിതാക്കളിൽ അവബോധം സൃഷ്ടിക്കുകകയും ചെയ്യുന്നതിനായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- പുതിയ എം.ആർ.എസ്, പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കുക.
- നിലവിലെ പ്രീമെട്രിക് ഹോസ്റ്റലുകളുടെ നവീകരണം.
- ഗോത്രബന്ധു പദ്ധതി നടപ്പാക്കൽ
- വാഹന സൗകര്യം ഏർപ്പെടുത്തുന്ന ഗോത്രസാരഥി പദ്ധതി പ്ലസ്വൺ, പ്ലസ് ടു ക്ലാസുകൾ ഉൾപ്പെടുത്തി ആവശ്യമായ മേഖലയിൽ പൂർണ്ണമായും നടപ്പിലാക്കുക.
- ബദൽ സ്കൂളുകൾ എൽപി സ്കൂളുകളാക്കി ഉയർത്തുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- പട്ടികവർഗ്ഗ മേഖലയിൽ പ്രത്യേക പരിപാടികളിലൂടെ പൂർണ്ണ സാക്ഷരത കൈവരിക്കുക

നിലവിലെ ബഡ്ജറ്റിൽ വകുപ്പിന്റെ വിദ്യാഭ്യാസ പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള തുക ത്രിതല പഞ്ചായത്തുകളുടെ ടി.പി.എസ് വിഹിതം എം.എൽ.എ മാരുടെയും എം.പി.മാരുടെയും പ്രത്യേക വികസന ഫണ്ട് വിഹിതം എന്നിവയും സന്നദ്ധ സംഘടനകൾ, എൻ എസ് എസ് ഗ്രൂപ്പുകൾ എന്നിവരുടെ സേവനവും ഉപയോഗിക്കാവുന്നതാണ് . പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വിതരണം ചെയ്യുന്നതിന് തിരുർ താലൂക്കിൽ ലഭ്യമായ സ്ഥലം എം.ആർ.എസ്, പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലുകൾക്ക് ഉപയോഗിക്കാവുന്നതാണ്.

സ്കിൽ ഡെവലപ്പ്മെന്റ് – പരിഹാരം.

തൊഴിൽ മേഖല

പട്ടികവർഗ്ഗക്കാരിൽ ഭൂരിഭാഗവും വനവിഭവ ശേഖരണത്തെ ആശ്രയിച്ചാണ് ജീവിക്കുന്നത്. എന്നാൽ, വനവിഭവങ്ങളുടെ ലഭ്യത കുറഞ്ഞുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ശേഖരണ കാലഘട്ടത്തിൽ നിന്നും പുറത്തുവരാൻ തയ്യാറാണെങ്കിലും കാർഷിപക മേഖലയിൽ ഉപജീവനത്തിന് ഊന്നൽ നൽകാനാവുന്നവിധം ഭൂമി ഉള്ളവരല്ല പട്ടികവർഗ്ഗക്കാരിൽ ബഹുഭൂരിപക്ഷവും. ആയതിനാൽ, മറ്റ് തൊഴിൽ മേഖല കണ്ടെത്തുന്നതിന് ഊന്നൽ നൽകേണ്ടതുണ്ട്. അഭിരുചികളും സർഗ്ഗാത്മകമായ കഴിവുകളും കണ്ടെത്തി അതിൽ പരിശീലനം നൽകുക. (ഉദാഹരണം, കെട്ടിട നിർമ്മാണം, പ്ലംബിംഗ്, വയറിംഗ്, സ്ത്രീകൾക്ക് ആഭരണ നിർമ്മാണം, ബ്യൂട്ടീഷ്യൻ കോഴ്സ്, ഫാഷൻ ഡിസൈനിംഗ്, കമ്പ്യൂട്ടർ കോഴ്സുകൾ തുടങ്ങിയ നിരന്തര ജോലിസാദ്ധ്യതകൾ ഉള്ളതും മികച്ച വരുമാനം ഉറപ്പുവരുത്തുന്നതുമായ തൊഴിലുകളിൽ പരിശീലന പരിപാടികൾ ആവിഷ്കരിക്കുന്നതും ജോലി ലഭ്യത ഉറപ്പ് വരുത്തുന്ന വിധത്തിൽ പ്രവർത്തനങ്ങൾ ദീർഘിപ്പിക്കുന്നതും പ്രയോജനകരമാണ്).

a) കെട്ടിട നിർമ്മാണ മേഖല

കെട്ടിട നിർമ്മാണ മേഖലയിൽ സിമന്റ് ഉപയോഗിച്ചുള്ള പ്ലാസ്റ്ററിംഗ്, കല്ല് ഉപയോഗിച്ചുള്ള നിർമ്മാണ ജോലികൾ, പെയിന്റിംഗ് തുടങ്ങിയ തൊഴിൽ നൈപുണ്യം ആവശ്യമുള്ള മേഖലയിൽ നേരിയ പരിശീലനം നൽകുന്നതിലൂടെ തൊഴിൽ രംഗത്ത് ഇവർക്ക് സജീവമാകാനും അതിലൂടെ ഉപജീവനമാർഗ്ഗം തേടാനും ജീവിത നിലവാരം ഉയർത്താനും സാധിക്കും. ഇത്തരം തൊഴിൽ മേഖലയിൽ പട്ടികവർഗ്ഗക്കാർ സജീവമാകുന്നതോടെ പട്ടികവർഗ്ഗ മേഖലയിലെ നിർമാണ പ്രവർത്തനങ്ങൾ ഇവർക്ക് തന്നെ ഏറ്റെടുക്കാനാകും.

b) കുട നിർമ്മാണം

വിപണിയിൽ ദിനേശ് അമ്പ്രല്ല പോലുള്ള സഹകരണ സ്ഥാപനങ്ങൾ വിജയകരമായി കുട ഉല്പാദിപ്പിച്ചു വിപണനം നടത്തി വരുന്നു. പട്ടികവർഗ്ഗക്കാർക്ക് ഈ മേഖലയിൽ ആവശ്യമായ പരിശീലനം നൽകി ഉല്പാദനം ആരംഭിക്കുന്ന പക്ഷം ഉല്പാദന പരിശീലന കേന്ദ്രത്തിലൂടെ തൊഴിൽ ഉറപ്പുവരുത്താനാവും. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഹോസ്റ്റലുകൾ, എം.ആർ.എസുകൾ തുടങ്ങിയവക്കും സ്കൂൾ സഹകരണ സംഘങ്ങൾ മുഖേനയും ആദ്യ ഘട്ടത്തിൽ വിപണി കണ്ടെത്താനും സാധിക്കും.

c) നോട്ട്ബുക്ക് നിർമ്മാണ യൂണിറ്റ്

നേരിയ ഒരു പരിശീലനത്തിലൂടെ നേടിയെടുക്കാവുന്നതാണ് നോട്ട്ബുക്ക് നിർമ്മാണത്തിലുള്ള അറിവ്. മേൽപറഞ്ഞ പ്രകാരം ഈ ഉല്പന്നത്തിനും വിപണി കണ്ടെത്താൻ പ്രയാസമില്ല. മുള ഉപയോഗിച്ച് സാധന സാമഗ്രികൾ നിർമ്മിക്കുന്നതിന് ബാംബൂ ക്രാഫ്റ്റ് ഉല്പാദനവും സ്വീകരിക്കാവുന്നതാണ്

d) ടൈലറിംഗ്/ഫാഷൻ ഡിസൈനിംഗ് യൂണിറ്റ്

സ്ത്രീകൾക്ക് തൊഴിൽ മേഖലയിൽ സാദ്ധ്യതയുള്ളതാണ് ടൈലറിംഗ്. ഇപ്പോൾ തന്നെ ധാരാളം പട്ടികവർഗ്ഗ യുവതികൾ സ്വകാര്യ ടെക്സ്റ്റൈൽസുകൾക്കു വേണ്ടി നേരിയ വേതനത്തിൽ ഈ ജോലി ചെയ്തുവരുന്നു. അപ്രകാരമുള്ള തൽപ്പരരായ 10 പേർക്ക് ഫാഷൻ ഡിസൈനിംഗിൽ ഹാൻഡ് വീവ് സൊസൈറ്റി മുഖേന പരിശീലനം നൽകിവരുന്നു. ടൈലറിംഗ് യൂണിറ്റുകൾക്ക് ഹോസ്റ്റലുകളിലും, എം.ആർ.എസുകളിലും യൂണിഫോം വിതരണം നൽകുന്നതിനും അനുമതി നൽകികൊണ്ട് വിപണി കണ്ടെത്താവുന്നതാണ്. പ്ലസ് ടു വോ അതിനു മുകളിലോ വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് കമ്പ്യൂട്ടർ മറ്റ് ആധുനിക ഇലക്ട്രിക് ഉപകരണങ്ങൾ എന്നിവയുടെ റിപ്പയറിംഗ്, പ്ലംബിംഗ്, വയറിംഗ് എന്നിവയ്ക്കുള്ള ഹ്രസ്വകാല പരിശീലനം, ഡിഗ്രിയോ അതിൽ കൂടുതലോ വിദ്യാഭ്യാസ യോഗ്യതയുള്ള കുട്ടികൾക്ക് മെഡിക്കൽ ട്രാൻസ്ക്രിപ്ഷൻ പരിശീലനം എന്നിവ നൽകാവുന്നതാണ്. ഇത്തരം യൂണിറ്റുകളിൽ വിവിധ പരിശീലന ഉല്പാദന പദ്ധതികൾ അസൂത്രണം ചെയ്യാവുന്നതാണ്.

e) ഡ്രൈവിംഗ് പരിശീലനം

നൈപുണ്യ വികസന പരിപാടികൾ ഒരുകുടക്കീഴിൽ കൊണ്ടുവരികയും, ജില്ലാ കലക്ടറുടെ അദ്ധ്യക്ഷതയിലുള്ള ഒരു കമ്മിറ്റി ഇതിന്റെ ഭരണപരമായ കാര്യങ്ങൾ ശ്രദ്ധിക്കുകയും ചെയ്യുന്നവിധം ഒരു കേന്ദ്രം പരിശീലന ഉല്പാദന മേഖലയിൽ ഉണ്ടെങ്കിൽ സർക്കാരിന്റെ കോർപ്പസ് ഫണ്ട്, പ്രത്യേക കേന്ദ്രസഹായം, ഗ്രാന്റ് ഇൻ എയ്ഡ് അണ്ടർ ആർട്ടിക്കിൾ 275, 275 (1) തുടങ്ങിയ പദ്ധതികൾ ഏകോപിപ്പിച്ച് പട്ടികവർഗ്ഗക്കാർക്ക് തൊഴിൽരംഗത്ത് മുന്നേറാൻ സാധിക്കുന്നതാണ്. ഓരോ മേഖലയിലും ഒരു മാസ്റ്റർ വർക്കിന്റെ സേവനം ഇതിന് ഉപയോഗിക്കാവുന്നതാണ്. പ്രസ്സ്, വനവിഭവങ്ങൾ ബ്രാൻഡ് അഡ്രസ്സിൽ വിപണനത്തിന് തയ്യാറാക്കൽ-ഓൺലൈൻ സഹായകേന്ദ്രങ്ങൾ തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഈകേന്ദ്രം പ്രയോജനപ്പെടുത്താവുന്നതാണ്.

നിലവിൽ വകുപ്പിന്റെ പ്രത്യേക കേന്ദ്രസഹായ പദ്ധതി, കോർപ്പസ് ഫണ്ട്, ത്രീതല പഞ്ചായത്തുകളുടെ ടി.എസ്.പി ഫണ്ട്, എം.പി/എം.എൽ.എ മാരുടെ ഫണ്ട് എന്നിവ പ്രയോജനപ്പെടുത്തുന്നുണ്ട്. വ്യവസായ വകുപ്പ്, കുടുംബശ്രീ, സഹകരണ വകുപ്പ്, പൊതുമരാമത്ത് വകുപ്പ് തുടങ്ങിയ വിവിധ വകുപ്പുകളുടെയും, ജില്ലാ നിർമിതി കേന്ദ്രം, കെൽട്രോൺ, ഹാന്റ് വീവേർസ് സഹകരണ സംഘം, കേരള ഖാദി ഗ്രാമ വികസന ബോർഡ് തുടങ്ങിയ സർക്കാർ ഏജൻസികളുടേയും പ്രവർത്തനം ഏകോപിപ്പിച്ചുകൊണ്ട് പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകാവുന്നതാണ്.

ഭക്ഷ്യസുരക്ഷ

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

കോളനികളിൽ കാർഷികയോഗ്യമായ സ്ഥലങ്ങൾ കണ്ടെത്തി കൃഷി വികസിപ്പിച്ച് സ്വയം പര്യാപ്തതയിലേക്ക് എത്തിക്കുക. കാർഷിക ഉൽപന്നങ്ങൾ നിലവിലെ ഹോസ്റ്റലുകളെ ഉപയോഗപ്പെടുത്തി വിപണനം സാദ്ധ്യമാണ്. തൊഴിലുറപ്പ് കുടുംബശ്രീ പദ്ധതി സംയോജിപ്പിച്ച് പദ്ധതി നടപ്പിലാക്കണം. ഉൽപാദന സാധനങ്ങൾ വിപണിയിലെത്തിക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിലൂടെ അലസഭാവം ഒഴിവാക്കി സ്വയാർജ്ജിത വരുമാനം കണ്ടെത്താനും സാധിക്കുന്നതാണ്. നിലവിൽ നെല്ല്, പച്ചക്കറി പോലെയുള്ള ചുരുക്കം ചില കാർഷികോല്പാദന പദ്ധതികൾ നടപ്പിലാക്കുക. കിഴങ്ങ് വർഗങ്ങളും പച്ചക്കറികളും ഫലവർഗങ്ങളും പട്ടികവർഗ്ഗക്കാരുടെ താല്പര്യാർത്ഥം കൃഷി ചെയ്യാവുന്നതാണ്. ഫാമിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിച്ച് ശേഖരണവും വിപണനവും നടത്താൻ സാധിക്കും.

നിലവിൽ വകുപ്പിന്റെ ഭക്ഷ്യസഹായ പദ്ധതി, കോർപ്പസ് ഫണ്ട് പ്രത്യേക കേന്ദ്ര സഹായ പദ്ധതി, ത്രിതല പഞ്ചായത്തുകളുടെ ടി എസ് പി വിഹിതം എന്നിവ ഉപയോഗപ്പെടുത്താവുന്നതാണ്. അതത് ഗ്രാമ പഞ്ചായത്തിലെ കൃഷി വകുപ്പിന്റെ സേവനവും ലഭ്യമായ ഫണ്ടിന്റെ ഒരു വിഹിതവും ഇതിനായി ഉപയോഗിക്കാവുന്നതാണ്.

ആരോഗ്യം-പരിഹാരം

മേൽത്തട്ട് നിർദ്ദേശങ്ങൾ

- നിലമ്പൂർ ആസ്ഥാനമാക്കി ഏകദേശം പ്രസവം അടുത്ത ഗർഭിണികളെ പ്രസവം വരെ താമസിപ്പിക്കുന്നതിനായി ഒരു ഷെൽറ്റർ ഹോം ആരംഭിക്കേണ്ടതുണ്ട്.
- കോളനികളിൽ നിന്ന് ആശുപത്രികളിലേക്കും ആശുപത്രികളിൽ നിന്ന് കോളനികളിലേക്കും രോഗികളെ കൊണ്ടുവരാൻ രണ്ട് ആംബുലൻസ് ഫോർവീൽ സൗകര്യമുള്ളത് ആവശ്യമാണ്.
- ആശുപത്രികളിലെത്തുന്ന രോഗികൾക്ക് പലപ്പോഴും കൂട്ടിരിപ്പിന് ബന്ധുക്കൾ തയ്യാറാവാതെ വരുന്നത് ചികിത്സയെ പ്രതികൂലമായി ബാധിക്കുന്ന പ്രധാന ഘടകമാണ്. ആയതിനാൽ അപ്രകാരമുള്ളവരെ പരിചരിക്കാൻ അഗതികൾക്കായുള്ള പ്രൊമോട്ടർമാരെന്ന നിലയിൽ ചുരുങ്ങിയത് 10 പേരെ ജില്ലയിൽ നിയമിക്കുക.
- വയോജനങ്ങൾക്കായി പ്രത്യേക പരിചരണ കേന്ദ്രം ആരംഭിക്കുക. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി പ്രസ്തുത കേന്ദ്രത്തിൽ ഡോക്ടർ, നേഴ്സ് , പാരാമെഡിക്കൽ എന്നിവരുടെ സേവനം നൽകുക.
- അംഗനവാടികൾ ഇല്ലാത്ത എല്ലാ കോളനികളിലും അംഗനവാടികൾക്ക് തുല്യമായ പ്രീ പ്രൈമറി കേന്ദ്രങ്ങൾ ആരംഭിക്കുകയും, സാധാരണ അംഗനവാടികളിൽ കുട്ടികൾക്ക് നൽകുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിനേക്കാൾ രണ്ടിരട്ടി ഭഷ്യധാന്യങ്ങൾ അധികമായി നൽകുകയും ചെയ്യുക.
- ഉൾക്കാടുകളിലെ പട്ടിക വർഗ്ഗക്കാർ കൂടുതലായി ആശ്രയിക്കുന്ന ചാലിയാർ പി എച്ച് സി, വഴിക്കടവ് പി എച്ച് സി, വെറ്റിലപ്പാറ പി എച്ച് സി എന്നിവയെ താലൂക്ക്തല നിലവാരത്തിലുള്ള ആശുപത്രികളായി ഉയർത്തുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- മദ്യപാനശീലം അധികമുള്ള കോളനികളിൽ തുടർച്ചയായ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് മുഖേന നടത്തുക. കുറഞ്ഞത് രണ്ട് വർഷമെങ്കിലും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

- ആശാ വർക്കർമാരുടെ പ്രവർത്തനത്തിൽ ആഴ്ചയിൽ 2 കോളനികളിലെങ്കിലും സന്ദർശനം നടത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും സഹായങ്ങളും നൽകുക.

ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതി, ജനനീ ജന്മരക്ഷ, സിക്കിൾസെൽ അനീമിയ രോഗികൾക്കുള്ള ധനസഹായം, കൈത്താങ്ങ് തുടങ്ങിയ വകുപ്പതല പദ്ധതികൾ, തുതല വികസന പഞ്ചായത്തുകളുടെ ടി.എസ്.പി ഫണ്ട്, എം.പി./എം.എൽ.എ മാരുടെ പ്രത്യേക ഫണ്ട് കൂടാതെ ഈ രംഗത്ത് പ്രവർത്തിക്കുന്ന അംഗീകൃത സന്നദ്ധസേവന സംഘടനകളുടെ സഹായം എന്നിവ ഉപയോഗിക്കാവുന്നതാണ്.

അടിസ്ഥാന സൗകര്യ വികസനം-പരിഹാരങ്ങൾ

1.) ഭവന നിർമ്മാണം

- പട്ടിക വർഗ്ഗക്കാർ സ്വന്തമായി വീട്പണി എടുക്കേണ്ടതിനാലും വീടുകൾ കോൺക്രീറ്റ് ചെയ്യേണ്ടതെന്നതിനാലും അസംസ്കൃത വസ്തുക്കൾ വിതരണം ചെയ്യുന്നതിന് നിർമ്മിതി കേന്ദ്രം പോലെയുള്ള ഏജൻസികളെ ആശ്രയിക്കാവുന്നതാണ് .
- ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി അധിക തുക നൽകി ഗുണഭോക്താവിന്റെ വീട് നിർമ്മാണശേഷി പരിശോധിച്ച് ഈ ഏജൻസി മുഖേന ഗുണഭോക്താവിലൂടെ പൂർത്തീകരിക്കാത്ത വീടുകൾ പൂർത്തീകരിക്കുക.
- ഭവന രഹിതർക്ക് പുതിയ വീടിനു ധനസഹായം അനുവദിക്കുമ്പോൾ ഗുണഭോക്താവിന്റെ വീടുനിർമ്മാണ ശേഷി (സാമ്പത്തികം) പരിഗണിച്ച് തുക മുൻകൂർ നൽകാതെ ഗുണഭോക്താവ് മുഖേന/ഏജൻസി വഴി നിശ്ചിത സമയപരിതി നൽകി വീട് നിർമ്മാണം പൂർത്തീകരിക്കുക.
- കോളനിയുടെ ദുർഘടാവസ്ഥ പരിഗണിച്ച് യഥാർഥ എസ്റ്റിമേറ്റ് പ്രകാരം ഭവന നിർമാണ ധനസഹായം നൽകുക.
- നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന പട്ടികവർഗ്ഗക്കാരെ ഉൾപ്പെടുത്തി സൊസൈറ്റി രൂപീകരിച്ച് ഈ സൊസൈറ്റി മുഖാന്തിരം കാര്യശേഷി ഇല്ലാത്ത ഗുണഭോക്താക്കളുടെ വീട് നിർമ്മാണം നടത്താവുന്നതാണ്.

ഭവനരഹിതരായ എല്ലാ കുടുംബങ്ങൾക്കും ഭവനം നിർമ്മിക്കുന്നതിനായി കേരള സർക്കാർ രൂപീകരിച്ച ലൈഫ് മിഷന്റെ മാർഗ്ഗരേഖ പ്രകാരം ഭവനരഹിതരും വാസയോഗ്യമായ വീടില്ലാത്തവരുമായ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും 2022 ഓടെ വീട് വെച്ച് നൽകുന്നതാണ്. ഇതിനായി വകുപ്പിന്റെ വിവിധ ഭവനനിർമ്മാണ പദ്ധതികൾക്കുള്ള തുക, കോർപ്പസ് ഫണ്ട്, ഹഡ്കോ ഭവനധനസഹായം, തുതല പഞ്ചായത്ത് ഫണ്ട് എന്നിവ ഉപയോഗിക്കാവുന്നതാണ്.

കുടിവെള്ളം-പ്രശ്നപരിഹാരങ്ങൾ

കീഴ്ഘട്ട് നിർദ്ദേശങ്ങൾ

- പുഴ/തോടുകളിൽ ചെക്ക്ഡാം/തടയണ കെട്ടി കോളനികളിൽ ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുക, സാദ്ധ്യമായിടങ്ങളിൽ കിണർ റിപ്പയർ, ശാസ്ത്രീയമായ കുടിവെള്ള പദ്ധതികൾ ആവിഷ്കരിക്കുക, മഴവെള്ള സംഭരണികൾ സ്ഥാപിക്കുക, ജലസ്രോതസ്സ് വറ്റുന്നത് ഒഴിവാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക, കുടിവെള്ള പദ്ധതികളുടെ തുടർനടത്തിപ്പിന് പദ്ധതികൾ ആവിഷ്കരിക്കുക തുടങ്ങിയവ പരിഹാരമായി ചെയ്യാവുന്നതാണ്.

- കോളനികളുടെ ഭൂമിശാസ്ത്രപരമായ അവസ്ഥ പരിഗണിച്ച് ഭൂഗർഭജലനിരപ്പ് വർദ്ധിപ്പിക്കുന്നതിനുള്ള കുടിവെള്ള പദ്ധതികൾക്ക് പ്രാമുഖ്യം നൽകുക.
- നിലവിൽ മുടങ്ങിക്കിടക്കുന്ന കുടിവെള്ള പദ്ധതികൾ ഗ്രാമപഞ്ചായത്ത് മുൻകൈ എടുത്ത് പൂർത്തിയാക്കുന്നതിന് അടിയന്തിര പ്രാധാന്യം നൽകുക. കുടിവെള്ള പദ്ധതികളുടെ വൈദ്യുത ചാർജ് ഉൾപ്പെടെയുള്ള തുടർ ചെലവുകൾ അതാത് പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ ഉൾപ്പെടുത്തി നൽകുന്നതിനുള്ള അനുവാദം ആവശ്യമാണ്.
- കുടിവെള്ളം ലഭിക്കാൻ സാധ്യമായുള്ളതും എന്നാൽ റിപ്പയർ ആവശ്യമുള്ളതുമായ കിണറുകൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്ത് മുഖേന ഉപയോഗ യോഗ്യമാക്കാവുന്നതാണ്.
- കോളനികൾക്ക് സമീപമുള്ളതും കുടിവെള്ളം ലഭിക്കാൻ സാധ്യതയുള്ളതുമായ ചെറു കുളങ്ങൾ , ചെക്ക്ഡാം, സ്വാഭാവിക ജലസംഭരണികൾ എന്നിവ ശ്രദ്ധിയാക്കി ശുദ്ധജല ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- വാട്ടർ അതോറിറ്റിയുടെ ജലവിതരണ സംവിധാനം കോളനികളിൽ എത്തിക്കുന്നതിനുള്ള നടപടികൾ ഉറപ്പ് വരുത്തുക.

വകുപ്പിന്റെ എസ്.സി.എ ടു ടി.എസ്.പി, കോർപ്പസ് ഫണ്ട്, ത്രിതല പഞ്ചായത്തുകളുടെ ടി.എസ്.പി ഫണ്ട്, എം.പി./എം.എൽ.എ മാരുടെ പ്രത്യേക വികസന ഫണ്ട് എന്നിവ ഉപയോഗിക്കാവുന്നതാണ്.

വൈദ്യുതി-പരിഹാരം

- വിദൂരവും ദുർഘട പ്രദേശങ്ങളുമായ മാഞ്ചീരി, അച്ചനള, താളിപ്പുഴ കോളനികളിൽ വൈദ്യുതി ലഭ്യമാക്കാൻ ഉള്ള പ്രായോഗിക പ്രയാസം കണക്കിലെടുത്ത് സൗരോർജ സാധ്യതകൾ ലഭ്യമാക്കേണ്ടതുണ്ട്
- ചാലിയാർ ഗ്രാമപഞ്ചായത്തിലെ, വെറ്റിലക്കൊല്ലി കോളനിയെ പാലക്കയം ഭാഗത്തേക്ക് മാറ്റിപ്പാർപ്പിക്കുന്നതോട്കൂടി വൈദ്യുതി കണക്ഷൻ ലഭ്യമാക്കാവുന്നതാണ്.
- വയറിംഗ് നടത്തുന്നതിനുള്ള പദ്ധതികൾ പഞ്ചായത്ത് ഉപപദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുക.
- ഗാർഹിക വൈദ്യുത ബന്ധം വിച്ഛേദിക്കപ്പെടാതിരിക്കാൻ കെ എസ് ഇ ബി യുടെ നിരന്തരമായ ഇടപെടലുകളും തദ്ദേശ സർക്കാരുകളുടെ മോണിറ്ററിംഗും ഉണ്ടാകേണ്ടതാണ്.

വകുപ്പിന്റെ കോർപ്പസ് ഫണ്ട്, ത്രിതല പഞ്ചായത്തുകളുടെ ടി.എസ്.പി ഫണ്ട് എന്നിവ എം.പി./എം.എൽ.എ മാരുടെ പ്രത്യേക വികസന ഫണ്ട് എന്നിവ ഉപയോഗിക്കാവുന്നതാണ്.

റോഡ്/നടപ്പാത-പരിഹാരം

മേൽത്തട്ട് നിർദ്ദേശങ്ങൾ

- ടി എസ് പി ഫണ്ട് ഉപയോഗിച്ച് ഫീസിബിൾ മേഖലയിൽ Pro-rata അടിസ്ഥാനത്തിൽ ജനറൽ ഫണ്ടോ ടി എസ് പി ഫണ്ടോ ഉപയോഗിക്കാനുള്ള അനുമതി.

കീഴ്ഘട്ട് നിർദ്ദേശങ്ങൾ

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/നബാർഡ്/വകുപ്പ് മുഖേന റോഡ്/നടപ്പാത നിർമ്മാണത്തിന് പദ്ധതി ആവിഷ്കരിക്കാവുന്നതാണ്.
- പല പ്രധാന പട്ടികവർഗ്ഗ കോളനികളിലേക്കും ശരിയായ ഗതാഗത യോഗ്യമായ റോഡ് നിർമ്മിക്കുന്നതിന് അധിക തുക ആവശ്യമാണ്. ആയതിന് വിവിധ ഫണ്ടുകളുടെ സംയോജനം ആവശ്യമാണ്
- ഒരു കിലോമീറ്ററിലധികം ഗതാഗത യോഗ്യമായ റോഡ് നിർമ്മിക്കേണ്ട കോളനികളിൽ നബാർഡ് ഫണ്ട് മുഖാന്തിരം കൂടുതൽ സങ്കേതങ്ങൾ തിരഞ്ഞെടുത്ത് റോഡ് നിർമ്മിക്കാവുന്നതാണ്.
- പട്ടികവർഗ മേഖലയിൽ എത്തേണ്ട റോഡിന്റെ തുടക്കഭാഗങ്ങളിൽ പലപ്പോഴും ടി എസ് പി ഫണ്ട് ഉപയോഗിക്കുന്നത് ഫീസിബിൾ അല്ലാത്ത സാഹചര്യം റോഡ് നിർമ്മാണത്തിന് തടസം നിൽക്കുന്നു. ഇത്തരം സ്ഥലങ്ങളിൽ പൊതു ഫണ്ട് ഉപയോഗപ്പെടുത്തി റോഡ് നിർമ്മാണം നടത്തേണ്ടതുണ്ട്.
- തദ്ദേശ സ്ഥാപനങ്ങൾക്ക് ജനറൽ ഫണ്ട് അനുവദിക്കുന്നത് ജനസംഖ്യാ ആനുപാതത്തിലാണ്. പട്ടികവർഗ്ഗ ജനസംഖ്യയും മൊത്തം ജനസംഖ്യാ കണക്കിൽ ഉൾപ്പെടുന്നു. അപ്രകാരം പട്ടികവർഗ്ഗ ജനസംഖ്യ കൂടി ഉൾപ്പെടുന്നതിനാൽ അനുവദിക്കപ്പെടുന്ന പൊതുഫണ്ട് പട്ടികവർഗ മേഖലയിലും ഉപയോഗിക്കപ്പെടേണ്ടതും അപ്രകാരം റോഡ് നിർമ്മാണം നടത്തേണ്ടതുമാണ്.

വകുപ്പിന്റെ കോർപ്പസ് ഫണ്ട്, ത്രിതല പഞ്ചായത്തുകളുടെ ടി.എസ്.പി ഫണ്ട് എം.പി./എം.എൽ.എ മാരുടെ പ്രത്യേക വികസന ഫണ്ട് എന്നിവ ഉപയോഗിക്കാവുന്നതാണ്. ഇവ കൂടാതെ കോളനികളുടെ സമഗ്ര വികസനത്തിനായുള്ള പി.കെ. കാളൻ കുടുംബ സഹായ പദ്ധതി, അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരമുള്ള ഫണ്ടുകളും ഉപയോഗിക്കാവുന്നതാണ്. തദ്ദേശ സ്ഥാപനങ്ങൾ പൊതു ഫണ്ട് ഈ മേഖലയിൽ ഉപയോഗപ്പെടുത്തേണ്ടതുണ്ട്.

ശുചിത്വം-പരിഹാരം

- ഉപയോഗ യോഗ്യവും, ശുചിത്വ പൂർണ്ണവുമായ കക്കൂസ് ഇല്ലാത്ത മുഴുവൻ വീടുകൾക്കും കക്കൂസ് നിർമ്മിക്കുന്നതിന് ശുചിത്വ മിഷൻ മുഖേന പദ്ധതി നടപ്പിലാക്കുക.

ലിംഗനീതി-പരിഹാരം

- മലപ്പുറം ജില്ലയിലെ പട്ടികവർഗ്ഗ ജനസംഖ്യയിൽ സ്ത്രീ അനുപാതം കൂടുതലാണ് (പുരുഷൻ 7807, സ്ത്രീ 8413). ഭൂരിഭാഗം കുടുംബവും ജീവിച്ച്പോകുന്നത് സ്ത്രീകളുടെ വരുമാനത്തിലാണ്. പട്ടികവർഗ്ഗക്കാരുള്ള 32 പഞ്ചായത്തുകളിലും ഓരോ ടൈബൽ കുടുംബശ്രീ യൂണിറ്റ് രൂപീകരിച്ച് വരുമാനം ഉറപ്പാക്കാവുന്നതാണ്.
- പ്രൈമറി വിദ്യാഭ്യാസം കഴിഞ്ഞ എല്ലാ പെൺകുട്ടികൾക്കും തുടർ വിദ്യാഭ്യാസം നൽകി സ്ഥിരം ജോലി നൽകുന്നതിനുള്ള പരിശീലന പരിപാടി താലൂക്ക് അടിസ്ഥാനത്തിൽ നടത്തുന്ന പദ്ധതികൾ (പി.എസ്.സി കോച്ചിംഗ്, പഠനമുറി) നടപ്പാക്കാവുന്നതാണ്.
- സാക്ഷരതാ മിഷൻ പ്രവർത്തനം എല്ലാ കോളനികളിലും നടത്തി വയോജനങ്ങൾക്കും പഠന പ്രോത്സാഹനം നൽകുന്ന രീതിയിൽ പദ്ധതി ആവിഷ്കരിക്കാവുന്നതാണ്. നിലവിൽ വകുപ്പിന്റെ ജനനീ ജന്മരക്ഷാ പദ്ധതി അർഹരായ എല്ലാവർക്കും ആനുകൂല്യം യഥാസമയം കിട്ടുന്നു എന്ന് ഉറപ്പാക്കാൻ എസ് ടി പ്രമോട്ടർ, ആശാ വർക്കർ, ആരോഗ്യ പ്രവർത്തകർ എന്നിവ ഉറപ്പാക്കേണ്ടതാണ്. സാമൂഹിക നീതി വകുപ്പിന്റെ പോഷകാഹാര പരിപാടി എല്ലാ കോളനികളിലും യഥാസമയം എത്തിക്കാൻ പ്രത്യേക പദ്ധതി നടപ്പിലാക്കാവുന്നതാണ്.

4.4.3 സാമൂഹ്യ സുരക്ഷിതത്വ മേഖല

ഒരു സമൂഹത്തിലെ എല്ലാ വ്യക്തികൾക്കും സാമൂഹ്യസമത്വവും സുരക്ഷിതത്വവും ഒരുപോലെ ഉറപ്പു വരുത്തുക എന്നത് ജനാധിപത്യ ഭരണ സംവിധാനത്തിന്റെ അടിസ്ഥാന ധർമ്മമാണ്. അതിവേഗം മാറ്റം സംഭവിച്ചുകൊണ്ടിരിക്കുന്ന സമകാലിക സാഹചര്യത്തിൽ സാമൂഹ്യ സുരക്ഷിതത്വത്തിനുള്ള പദ്ധതികൾ മുകളിൽ നിന്നും താഴേക്ക് നൽകുന്ന ഔദാര്യം എന്നതിൽ നിന്നും അവകാശാധിഷ്ഠിത സമീപനത്തിലേക്ക് മാറേണ്ടതുണ്ട്. സാമൂഹ്യ സുരക്ഷാമേഖലയിൽ ഗുണകരവും പുരോഗമനപരവുമായ പരിവർത്തനങ്ങൾ സാധ്യമാകണമെങ്കിൽ എല്ലാ വിഭാഗങ്ങൾക്കും ഒരുപോലെ സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കികൊണ്ടുള്ള പദ്ധതികൾ താഴെ തട്ടു മുതൽ നടപ്പിലാക്കേണ്ടതുണ്ട്.

സാമ്പത്തിക സഹായങ്ങളും ആനുകൂല്യങ്ങളും നൽകിയുള്ള ക്ഷേമ പ്രവർത്തനങ്ങൾക്കാണ് പൊതുവിൽ പദ്ധതി രൂപീകരണത്തിൽ നിലവിൽ മുൻതൂക്കം നല്കുന്നതെന്ന് രേഖകൾ സൂചിപ്പിക്കുന്നു. എന്നാൽ സാമൂഹികമായി പിന്നോക്കം നില്ക്കുന്ന എല്ലാ വിഭാഗങ്ങൾക്കും അവകാശാധിഷ്ഠിത സംരക്ഷണം ഉറപ്പുവരുത്തുകയാണ് ഈ മേഖലയിലുള്ള ജില്ലാ വികസന പദ്ധതിയുടെ അടിസ്ഥാനതത്വം. നിലവിലുള്ളതും പുതിയതുമായ പദ്ധതികൾ കൂട്ടിയണക്കി ശരിയായ ആസൂത്രണത്തിലൂടേയും ഏകോപനത്തിലൂടേയും പദ്ധതി രൂപീകരണം നടത്തി നമ്മുടെ ജില്ലയ്ക്ക് ഒരു മികച്ച സാമൂഹ്യനീതി സംവിധാനം ഉണ്ടാക്കുന്നത് ദർശന രേഖ ലക്ഷ്യമാക്കുന്നു.

വനിതകൾ, വയോജനങ്ങൾ, കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡർ, ശിശുക്കൾ തുടങ്ങി വലിയൊരു വിഭാഗം ഈ മേഖലയിൽ ഉൾപ്പെടുന്നു. ഈ വിഭാഗത്തിൽ ഓരോരുത്തർക്കും ആവശ്യമായ പുനരധിവാസ നടപടികൾ വ്യത്യസ്ഥമാണ്. കൂടാതെ ഓരോ വിഭാഗത്തിലും വ്യത്യസ്ഥ രീതിയിലുള്ള പരിചരണം ആവശ്യമുള്ള ഉപവിഭാഗങ്ങളുമുണ്ട്. ഉദാഹരണത്തിന് ഭിന്നശേഷിയുള്ളവരിൽ തികച്ചും വ്യത്യസ്ഥമായ 21 ഇനം വൈകല്യങ്ങളുണ്ട്. ട്രാൻസ്ജൻഡർ വിഭാഗത്തിൽ ലെസ്ബിയൻ, ബൈസെക്ഷ്വൽ, ഗേ, ട്രാൻസ്ജൻഡർ തുടങ്ങിയ ഉപവിഭാഗങ്ങളുമുണ്ട്.

ഇതിൽ ഓരോ വിഭാഗത്തിനും വ്യത്യസ്ഥമായ രീതികളാണ് അവലംബിക്കേണ്ടത്. അതിനാൽ വളരെ സങ്കീർണ്ണമായ പ്രശ്നങ്ങളും പരിഹാര രീതികളുമാണ് ഈ വിഷയ മേഖലയിൽ സ്വീകരിക്കേണ്ടിവരുന്നത്. വിവിധ വകുപ്പുകൾ-പ്രത്യേകിച്ച് ആരോഗ്യ വകുപ്പ്, കുടുംബശ്രീ, ദാരിദ്ര്യ ലഘൂകരണം എന്നിവ വഴി നടപ്പിലാക്കുന്ന പദ്ധതികളും, സേവനങ്ങളും പഞ്ചായത്ത് തലത്തിൽ ഏകോപിപ്പിക്കേണ്ടതും ഇതിനായി ഒരു ഉദ്യോഗസ്ഥന് ചുമതല നൽകുന്നതും പരിഗണിക്കേണ്ടതുണ്ട്.

സാമൂഹ്യ സുരക്ഷിതത്വ മേഖല, മുതിർന്ന പൗരൻമാർ, ഭിന്നശേഷിയുള്ളവർ, വനിതകൾ, കുട്ടികൾ, ട്രാൻസ്ജെൻഡർ എന്നീ ഉപമേഖലകളായി വേർതിരിച്ച് അവയെ സംബന്ധിക്കുന്ന വിവരങ്ങൾ ക്രമാനുസൃതം താഴെ ചേർക്കുന്നു.

മുതിർന്ന പൗരൻമാർ

മുതിർന്ന പൗരൻമാരുടെ ജനസംഖ്യ ആഗോള തലത്തിൽ തന്നെ ദ്രുതഗതിയിൽ വളരുന്നതായി വിലയിരുത്തപ്പെടുന്നുണ്ടല്ലോ. ഈ ജില്ലയിലും സ്ഥിതി വ്യത്യസ്തമായിരിക്കാനിടയില്ല. ജില്ലാ തലത്തിലുള്ള സ്ഥിതി വിവരക്കണക്കുകളുടെ അഭാവം വസ്തുനിഷ്ഠമായ അപഗ്രഥനത്തെ അസാദ്ധ്യമാക്കുന്നു. സ്ഥിതി വിവരക്കണക്കുകൾ മാത്രമല്ല, മുതിർന്നവരുടെ മേഖലയിലെ പ്രശ്നവിശകലനം സാദ്ധ്യമാക്കുന്ന പഠനമോ വിലയിരുത്തലുകളോ ജില്ലക്കു വേണ്ടി നടന്നതായും കാണാൻ കഴിഞ്ഞിട്ടില്ല. അതിനാൽ പ്രശ്നാധിഷ്ഠിത സമീപനങ്ങൾ ചിലതൊക്കെ യുക്തി

അടിസ്ഥാനമാക്കിയുള്ള നിഗമനങ്ങളിലും സംസ്ഥാനത്തിന്റെ പൊതു വിവരങ്ങളിലും ഊന്നി രൂപപ്പെടുത്തേണ്ടി വന്നിട്ടുണ്ട്. യുഎൻഎപിഎ യുടെ 2017 ലെ ഇന്ത്യാ ഏജിംഗ് റിപ്പോർട്ട്, കേരള ഗവൺമെൻറിന്റ 2013 ലെ മുതിർന്ന പൗരൻമാർക്ക വേണ്ടിയുള്ള സംസ്ഥാന നയം തുടങ്ങിയ രേഖകൾ ഉയർത്തിക്കാണിക്കുന്ന അവസ്ഥാവിശേഷങ്ങൾക്ക് ജില്ലയുടെ സാഹചര്യത്തിലുള്ള സാംഗത്യം ലഭ്യമായ വിവരങ്ങളെ ഉൾക്കൊണ്ടുകൊണ്ട് പരമാവധി സൂക്ഷ്മതയോടെ അപഗ്രഥന വിധേയമാക്കാൻ പരിശ്രമിച്ചിട്ടുണ്ട്. മുതിർന്നവരുടെ ക്ഷേമ രംഗത്ത് പ്രവർത്തിക്കുന്നവരുടെ പരിചയ സമ്പത്തും നിരീക്ഷണങ്ങളുമൊക്കെ ഫോക്കസ് ഗ്രൂപ്പ് ചർച്ചവഴി ഈ രേഖ തയ്യാറാക്കുന്നതിൽ ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

ജനസംഖ്യാ വിശകലനം

60 വയസ്സിനു മുകളിലുള്ളവരുടെ ജനസംഖ്യ 2011 സെൻസസ് പ്രകാരം സംസ്ഥാനത്ത് ആകെ ജനസംഖ്യയുടെ 12.55 ശതമാനമാണ്. എന്നാൽ ജില്ലയിൽ അത് ജില്ലയുടെ ആകെ ജനസംഖ്യയുടെ 8.30% മാത്രമേ വരുന്നുള്ളു. കൂടാതെ 80 വയസ്സു പിന്നിട്ടവർ സംസ്ഥാന ജനസംഖ്യയുടെ 1.62% ശതമാനമുള്ളപ്പോൾ ജില്ലയിൽ ജില്ലാ ജനസംഖ്യയുടെ 0.85 ശതമാനം മാത്രവുമാണ്. സംസ്ഥാന ശരാശരിയേക്കാൾ വളരെക്കുറവാണ് ജില്ലാ ശരാശരിയെന്ന വസ്തുത പഠനവിധേയമാക്കേണ്ടതുണ്ട്. എന്നാൽ 80 വയസ്സു കഴിഞ്ഞവരിൽ സംസ്ഥാനത്ത് 62.28 ശതമാനവും ജില്ലയിൽ 62.77 ശതമാനവും സ്ത്രീകളാണ്.

പട്ടിക 4.4.3.1 : എല്ലാ പ്രായത്തിലുമുള്ള ആകെ ജനസംഖ്യ

2011 സെൻസസ് പ്രകാരം 60+ ജനസംഖ്യ(മലപ്പുറം ജില്ല)				2011 സെൻസസ് പ്രകാരം 60+ ജനസംഖ്യ(കേരള സംസ്ഥാനം)		
പ്രായം	ആളുകളുടെഎണ്ണം	പുരുഷൻ	സ്ത്രീ	ആളുകളുടെ എണ്ണം	പുരുഷൻ	സ്ത്രീ
60-80	306742	140932	165810	3651544	1679247	1972297
80+	35037	13043	21994	541849	204348	337501
ആകെ	341779	153975	187804	4193393	1883595	2309798
എല്ലാപ്രായത്തിലുമുള്ള ആകെ ജനസംഖ്യ	4112920	196038	2152592	33406061	16027412	17378649

അവലംബം : 2011 സെൻസസ് റിപ്പോർട്ട്

മുതിർന്നവരുടെ ജനസംഖ്യയിൽ സ്ത്രീകൾ തന്നെയാണ് ജില്ലയിലും കൂടുതലുള്ളത്.

ആയുർ ദൈർഘ്യം

ജില്ലയിലെ പ്രായം തിരിച്ചുള്ള മരണത്തെ സംബന്ധിച്ച വിവരങ്ങളും അനുബന്ധ വിവരങ്ങളും ശേഖരിക്കാൻ കഴിയാത്തതിനാൽ ആയുർദൈർഘ്യം കൃത്യമായി കണക്കാക്കാൻ കഴിയുന്നില്ല. സാമ്പിൾ രജിസ്ട്രേഷൻ സിസ്റ്റം ഡേറ്റാ അനാലിസിസ് പ്രകാരം സംസ്ഥാനത്തെ ആയുർ ദൈർഘ്യം പുരുഷന്റേത് 72 വയസ്സും സ്ത്രീയുടേത് 77.8 വയസ്സുമാണ്. 80 വയസ്സു പിന്നിട്ടവർ സംസ്ഥാന ജനസംഖ്യയുടെ 1.62% ആയിരിക്കെ, ജില്ലയിൽ 0.85% മാത്രമാണെന്ന് സെൻസസ് 2011 കണക്കുകൾ കാണിക്കുന്നു. പ്രായക്കൂടുതലുള്ളവർ സംസ്ഥാന ശരാശരിയെക്കാൾ ഗണ്യമായി കുറവായതിനാൽ ആയുർ ദൈർഘ്യം സംസ്ഥാന ശരാശരിയെക്കാൾ കുറവാണോയെന്ന് ആശങ്കപ്പെടേണ്ടിയിരിക്കുന്നു. ഈ അവസ്ഥ ജില്ലയുടെ ആയുർദൈർഘ്യം സംബന്ധിച്ച് വിശദമായ പരിശോധന ആവശ്യമാക്കുന്നു.

മുതിർന്നവരുടെ ജനസംഖ്യയിലെ സ്ത്രീകളുടെ പ്രാതിനിധ്യം 63.77 ശതമാനം വരുന്നതിനാൽ ആയുർദൈർഘ്യം സ്ത്രീക്ക് പുരുഷനേക്കാൾ കൂടുതലാണെന്ന് സ്പഷ്ടമാവുന്നു. ഇത് സംസ്ഥാന രാശരി

(62.28%) യെക്കാൾ 0.49% കൂടുതലായതിനാൽ ജില്ലയിൽ സ്ത്രീകൾക്ക് ആയുർദൈർഘ്യം പുരുഷനേക്കാൾ കൂടുതലാണെന്ന് നിർണ്ണയിക്കാനാവും.

സാമൂഹികാവസ്ഥ

കുടുംബാംഗങ്ങളുടെ സംരക്ഷണയിൽ കഴിയുന്നവരാണ് മഹാഭ്രരിപക്ഷം മുതിർന്നവരും എന്നാൽ ത്യജിക്കപ്പെട്ടവരും മറ്റുമായി വളരെയധികം പേരുണ്ടെന്ന നിരീക്ഷണത്തെ ഫോക്കസ് ഗ്രൂപ്പ് ചർച്ചകളും സാധൂകരിക്കുന്നു. ജില്ലയിലെ അംഗീകൃത വയോജന സദനങ്ങളിൽ 250 ൽ പരം പേർ കഴിഞ്ഞുവരുന്നുണ്ട്. മക്കളിൽ/ബന്ധുക്കളിൽ നിന്ന് സംരക്ഷണച്ചെലവ് ലഭ്യമാക്കണ മെന്നാവശ്യപ്പെടുന്ന 124 ഹരജികൾ കഴിഞ്ഞ 2 വർഷങ്ങളിൽ ജില്ലയിലെ മെയിന്റനൻസ് ട്രിബ്യൂണലുകളിൽ സമർപ്പിക്കപ്പെട്ടിട്ടുണ്ട്.

സ്ഥാപനീയ സംരക്ഷണം അവസാനത്തെ അഭയമെന്നും സ്വഗൃഹത്തിൽ വാർദ്ധക്യമെന്നുമുള്ള പ്രഖ്യാപിത നയങ്ങൾ നിലനിൽക്കവെ തന്നെ ജില്ലയിൽ സ്ഥാപനങ്ങളുടെ സുരക്ഷയിൽ കഴിയേണ്ടിവരുന്ന ഒട്ടേറെ വയോജനങ്ങളുണ്ട്. കണക്കുകൾ പട്ടികയിൽ ചേർക്കുന്നു.

പട്ടിക 4.4.3.2 : അംഗീകൃത വയോജന സ്ഥാപനങ്ങളുടെ സേവന ഉപയോക്താക്കൾ

ക്രമ നമ്പർ	സ്ഥാപനം	സ്വഭാവം	സേവന ഉപയോക്താക്കൾ	
			ആകെ	അവശനിലയിലുള്ളവർ
1	സർക്കാർ വൃദ്ധമന്ദിരം, തവന്നൂർ	സൗജന്യം	100	16
2	സൽവ കെയർ ഹോം, പാണ്ടിക്കാട്	സൗജന്യം	80	10
3	കരുണാലയം, വൃദ്ധമന്ദിരം, ചുങ്കത്തറ	സൗജന്യം	25	5
4	ദാറുസലാം കെയർഹോം, പൊന്ന്യാകുർശി	സൗജന്യം	10	1
5	കാരുണ്യസദൻ, പൂലാമന്തോൾ	സൗജന്യം	20	2
6	മൈത്രീമന്ദിരം, വളവന്നൂർ പെയ്ഡ് ഹോം	സൗജന്യം	20	2
ആകെ			255	36

അവലംബം: സാമൂഹ്യനീതി വകുപ്പ് നടത്തിയ സർവ്വേ.

സ്വയംപര്യാപ്ത സാമ്പത്തിക സ്രോതസ്സുകളുണ്ടെങ്കിലും ചുമതലപ്പെട്ട കുടുംബാംഗങ്ങളുടെ സാമീപ്യമില്ലാത്തതിനാൽ ഒറ്റപ്പെട്ട കഴിയുന്ന സാമൂഹ്യ പശ്ചാത്തലത്തിലുള്ളവരാണ് സ്ഥാപനങ്ങളിൽ കഴിയുന്നവരിൽ നല്ലൊരു പങ്കും. അതിനാൽ പ്രാപ്തിയുള്ളവരിൽ നിന്നും നിയന്ത്രിത നിരക്കിൽ ഫീസ് ഈടാക്കിയും പ്രാപ്തിയില്ലാത്തവർക്ക് സൗജന്യ സേവനം നൽകിയും ഉന്നത ഗുണ നിലവാരമുള്ള സ്ഥാപനങ്ങളുണ്ടാവുന്നത് സാമൂഹികാവശ്യമാണെന്ന് വിലയിരുത്തേണ്ടിയിരിക്കുന്നു. സേവന ഉപയോക്താക്കളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ 20-08-16 ലെ ജി.ഒ.(പി) നമ്പർ 10/2016/എസ്.ജെ.ഡി 20/08/16 നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ ഏറെ പ്രസക്തമാണ്.

വാർദ്ധക്യത്തിൽ പ്രത്യേക പിന്തുണയർഹിക്കുന്ന ഏഴു വിഭാഗക്കാരെ 2013 ലെ മുതിർന്ന പൗരന്മാരുടെ സംസ്ഥാന നയം ഉയർത്തിക്കാണിക്കുന്നുണ്ട്.

1. 80 വയസ്സുകഴിഞ്ഞവർ
2. മാറാരോഗങ്ങളുള്ളവർ
3. ഒറ്റയ്ക്ക കഴിയുന്നവർ
4. ഉറ്റബന്ധുക്കളില്ലാത്തവർ
5. വിധവ, അവിവാഹിതയായ സ്ത്രീ, സന്താനങ്ങളില്ലാത്ത സ്ത്രീ.
6. ഭിന്നശേഷിയുള്ളവരും ദുർബ്ബലരും
7. അഗതികൾ

ഇവർക്കു പുറമേ വിഭാര്യനായ പുരുഷൻമാരെയും ലഹരിയ്ക്കടിമപ്പെട്ടവരെയും ഈ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടിയിരിക്കുന്നു. സംസ്ഥാനത്തെ 60 വയസ്സു കഴിഞ്ഞവരിൽ 2.6% പേർ അവിവാഹിതരായി തുടരുന്നവരത്രേ. ഇതിൽ പുരുഷൻമാർ 1.80% ഉം സ്ത്രീകൾ 3.30% ശതമാനവുമാണ്. ജീവിത പങ്കാളിയില്ലാത്തവരായി 39.20% പേരാണ് ആകെയുള്ളത്. സെൻസസ് 2011 പ്രകാരം വാർദ്ധക്യത്തിലെ മുഖ്യ മാനസിക-സാമൂഹിക (സൈക്കോ സോഷ്യൽ) പ്രശ്നമായ ഏകാന്തത, പരിഗണനയില്ലായ്മ എന്നിവ സ്ത്രീകൾ കൂടുതലായി നേരിടേണ്ടി വരുന്നുവെന്നാണ് ഈ കണക്കുകൾ കാണിക്കുന്നത്. ജില്ലയിലെ അവസ്ഥ എടുത്തു കാണിക്കുന്ന പഠനങ്ങളില്ലാത്തതിനാൽ വ്യത്യസ്ഥമായ സവിശേഷതകൾ ജില്ലയ്ക്കുണ്ടോയെന്ന് വ്യക്തമല്ല.

വൈധവ്യം, വിഭാര്യത്വം

വർദ്ധിച്ച ആയുർദൈർഘ്യം സ്ത്രീക്ക് വൈധവ്യം സർവ്വ സാധാരണമാക്കുന്നു. വൈധവ്യത്തോടെ സ്ത്രീക്ക് സുരക്ഷിതത്വ ബോധം നഷ്ടമാവുകയും ഏകാന്തതയും പരിഗണനയില്ലായ്മയും വലിയൊരളവു വരെ വേട്ടയാടുകയും ചെയ്യുന്നു. ദൈനംദിന ജീവിതത്തിൽ ജീവിത പങ്കാളിയെ അതിരുവിട്ടു ആശ്രയിക്കുന്ന പ്രകൃതമാണ് പുരുഷന്റേത്. അതിനാൽ ജീവിതപങ്കാളിയെ നഷ്ടപ്പെടുന്നതോടെ പുരുഷന്മാരെ ജീവിതചര്യകൾ പോലും തകിടം മറിയുന്ന അവസ്ഥ സംജാതമാവും. ജില്ലയിലെ മുതിർന്നവരായ വിധവകളുടെയും വിഭാര്യന്മാരുടെയും കണക്കുകളും അവരുടെ അവസ്ഥയിലൂന്നിയ പഠനങ്ങളും ഉണ്ടായിട്ടില്ല.

ലഹരിയ്ക്കടിമപ്പെട്ടവർ:

ലഹരിയ്ക്കടിമപ്പെട്ടവരിൽ പ്രായാധിക്യം വളരെ വലിയ മാനസിക സംഘർഷങ്ങൾ സൃഷ്ടിക്കാം. എന്നാൽ ഇവരെ സംബന്ധിക്കുന്ന സ്ഥിതി വിവരകണക്കുകൾ ഒട്ടും തന്നെ ലഭ്യമല്ല. ലഹരി വിമോചന കേന്ദ്രങ്ങളുടെ സേവനം ലഭിച്ചിട്ടില്ലാത്ത ഒട്ടേറെ പേർ ജില്ലയിലുണ്ടെന്ന് കരുതപ്പെടുന്നു.

പരിഹരിക്കേണ്ട പ്രശ്നങ്ങൾ

1. മുതിർന്ന പൗരൻമാരുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ 2011 സെൻസസ് പ്രകാരമുള്ള ഡാറ്റയല്ലാതെ ആശ്രയിക്കാവുന്ന മറ്റു വിവരങ്ങളൊന്നും ലഭ്യമല്ല. മുതിർന്നവരിൽതന്നെ പ്രത്യേക പിന്തുണയർഹിക്കുന്നവരുൾപ്പെടെ വലിയൊരു വിഭാഗം വിഷമാവസ്ഥയിൽ കഴിയുന്നു. സാഹചര്യങ്ങൾ അപഗ്രഥന വിധേയമാക്കാനും പദ്ധതികളാവിഷ്കരിക്കാനും സൂക്ഷ്മതല വിവരങ്ങൾ കൂടിയേ തീരൂ. ആയതിനാൽ തദ്ദേശസ്ഥാപന തലത്തിൽ (പഞ്ചായത്ത്, മുനിസിപ്പാലിറ്റി) സമ്പൂർണ്ണ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കാനുള്ള നടപടിയാണ് അടിയന്തിരമായി വേണ്ടത്.
2. അർഹതയുള്ള മുതിർന്നവർക്ക് ഐ.സി.ഡി.എസ് പദ്ധതി വഴി പാകം ചെയ്ത ഭക്ഷണം നല്കുന്നതിൽ നിലവിലുള്ള തടസ്സം നീക്കം ചെയ്യേണ്ടതുണ്ട്. ഇതിനായി സർക്കാർ ഉത്തരവുകൾ ആവശ്യമാണ്.
3. മുതിർന്നവർക്കുള്ള പെൻഷൻ ഒഴികെ മറ്റു ക്ഷേമപദ്ധതികൾ അർഹരിലേക്കെത്തുന്നത് വളരെക്കുറവാണ്. സായംപ്രഭ, മന്ദഹാസം, കേന്ദ്രപദ്ധതികൾ തുടങ്ങിയവ ഉദാഹരണങ്ങളാണ്. അപേക്ഷകരുടെ കുറവാണ് കണ്ടുവരുന്നത്. ഇവ പ്രശ്നവിശകലനം ചെയ്ത് ഫലപ്രദമാക്കാൻ നടപടികൾ ആവശ്യമാണ്.
4. വാർദ്ധക്യം മൂലം അവശതയനുഭവിക്കുന്നവർക്ക് വീട്ടിൽ നഴ്സിംഗ് സേവനം ലഭിക്കുന്നതിന് ക്രമീകരണങ്ങളില്ല.
5. സന്നദ്ധ സേവനത്തിന് തയ്യാറുള്ള മുതിർന്നവരുടെ സേവനം വിനിയോഗിക്കാൻ ഏർപ്പാടുകളില്ല.
6. വാർദ്ധക്യത്തെത്തുടർന്നുള്ള അവശതകളും പരാശ്രയത്വവും കൂടുതലായി നേരിടേണ്ടി വരുന്നത് സ്ത്രീകളും പ്രത്യേക പിന്തുണയർഹിക്കുന്ന വിഭാഗക്കാരുമാണെങ്കിലും അവരിൽ ഊന്നൽ നൽകുന്ന പ്രത്യേക ഇടപെടലുകളുണ്ടായിട്ടില്ല.

7. മക്കളും ബന്ധുക്കളും സംരക്ഷണം നൽകാത്ത സാഹചര്യങ്ങളിൽ കൈക്കൊള്ളാനുള്ള നിയമ നടപടികൾ വേണ്ടത്ര ഫലപ്രദമായിട്ടില്ല.
8. സാമ്പത്തിക സുരക്ഷ ഉറപ്പുവരുത്താനുള്ള ഫലപ്രദമായ പദ്ധതികളില്ല.
9. കുടുംബാംഗങ്ങൾക്കും പരിചാരകർക്കും പ്രോത്സാഹനവും പിന്തുണയും നല്കേണ്ടതുണ്ട്. വാർദ്ധക്യകാല രോഗ പരിചരണത്തിന് കുടുംബാധിഷ്ഠിതമായ സൗകര്യങ്ങൾ തയ്യാറാക്കേണ്ടതുണ്ട്.
10. മുതിർന്നവർക്കെതിരായ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ കാര്യക്ഷമത വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.
11. മുതിർന്നവർക്ക് കൗൺസലിംഗ് സേവനങ്ങൾ, സാമൂഹിക വൽക്കരണത്തിനുള്ള അവസരങ്ങൾ എന്നിവ കുറവുണ്ട്.
12. വിശ്രാന്തി ഘട്ടത്തിലുള്ളവർക്ക് പ്രത്യേക സാന്ത്വന സൗകര്യങ്ങളൊന്നും തന്നെ ജില്ലയിൽ ഒരുക്കിയിട്ടില്ല.

മദ്ധ്യ വയസ്കരുടെയും യുവജനങ്ങളുടെയും അവസ്ഥ:

യുവജനങ്ങളിൽ ഭൂരിഭാഗവും രണ്ടുതലമുറയിൽപ്പെട്ട മുതിർന്ന പൗരന്മാരെ സംരക്ഷിക്കേണ്ട ചുമതലയുള്ളവരാണ്. അതോടൊപ്പം ഏതാനും മുതിർന്ന പൗരന്മാർക്കും തങ്ങളുടെ മുൻ തലമുറക്കാരായ മുതിർന്നവരെ സംരക്ഷിക്കേണ്ട ബാധ്യതയുണ്ട്. മദ്ധ്യവയസ്കരിൽ പലർക്കും മക്കളുടെ ഉന്നത വിദ്യാഭ്യാസം, പെൺമക്കളുടെ വിവാഹം തുടങ്ങിയ ഭാരിച്ച ഉത്തരവാദിത്വങ്ങൾ കൂടി നിർവ്വഹിക്കേണ്ടതുണ്ട്. ഇത്തരം ഇരട്ടഭാരമുണ്ടാവുന്ന അവസ്ഥകളിൽ മദ്ധ്യവയസ്കരെ പരിമിതമായ വരുമാന സ്രോതസ്സുകൾ അത്യാവശ്യങ്ങൾക്കിടയിൽ മുൻഗണന നിശ്ചയിക്കാൻ പലപ്പോഴും നിർബന്ധിതമാക്കുന്നു. ഈ പ്രക്രിയയിൽ മുതിർന്നവരുടെ അത്യാവശ്യങ്ങൾ പിൻതള്ളപ്പെട്ടു പോവുന്ന സന്ദർഭങ്ങൾ ധാരാളമാണ്. ഒന്നിലേറെ മുതിർന്നവരെ സംരക്ഷിക്കേണ്ട ചുമതലയുള്ളവരെക്കുറിച്ച് സ്ഥിതി വിവരക്കണക്കുകളൊന്നും ജില്ലയിൽ ലഭ്യമല്ല.

സാമ്പത്തികാവസ്ഥ:

പട്ടിക 4.4.3.3 : ജില്ലയിൽ തൊഴിൽ ചെയ്യുന്നവരുടെ വിവരങ്ങൾ

തൊഴിൽ ചെയ്യുന്നവരുടെ വിവരങ്ങൾ	എണ്ണം	ശതമാനം
60 പിന്നിട്ടവരുടെ ജനസംഖ്യ	341779	-
അവരിൽ തൊഴിൽ ചെയ്യുന്നവർ (ആകെ)	51627	15.10
പുരുഷൻ	46981	91.00
സ്ത്രീ	4646	9.00

അവലംബം: സെൻസസ്സ് 2011

ആകെയുള്ളവരിൽ 15%-ൽ പരം പേർ മാത്രമേ വരുമാനദായക തൊഴിലുകളിൽ ഏർപ്പെടുന്നുള്ളു. അതിൽ തന്നെ 91% പേരും പുരുഷന്മാരാണ്. സർവ്വീസ് പെൻഷനുകൾ ലഭിക്കുന്ന ഒരു ചെറിയ ശതമാനം പേരെ ഒഴിവാക്കിയാൽ സ്വതന്ത്രമായ ജീവസന്ധാരണത്തിനു പര്യാപ്തമായ വരുമാനമുള്ളവർ 15 ശതമാനത്തിൽ താഴെ മാത്രമാണെന്ന് മനസ്സിലാക്കാം. അതിനാൽ ബഹുഭൂരിഭാഗം പേരും കുടുംബാംഗങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. പൂർണ്ണമായ ആശ്രിതത്വം പരിഗണനയില്ലായ്മയുടെ തോത് കൂടുതൽ വർദ്ധിപ്പിക്കാനിടയാക്കുന്നു.

വിവിധ ക്ഷേമ പെൻഷനുകളും സർവ്വീസ് പെൻഷനുകളും ഇതര വരുമാന സ്രോതസ്സുകളും സംബന്ധിച്ച പൂർണ്ണവിവരങ്ങൾ ശേഖരിച്ച പഠനവിധേയമാക്കിയശേഷം മാത്രമേ സാമ്പത്തികാവസ്ഥയെക്കുറിച്ച് ആധികാരികതയോടെ വിലയിരുത്താനാവൂ.

ആരോഗ്യാവസ്ഥ:

മുതിർന്നവരുടെ ആരോഗ്യാവസ്ഥ ആയുർ ദൈർഘ്യവുമായി താരതമ്യപ്പെടുത്തേണ്ടതാണ്.

പ്രായം കൂടുംന്തോറും ആരോഗ്യ സംരക്ഷണച്ചെലവുകളിൽ വർദ്ധനയുണ്ടാവുന്ന അവസ്ഥ സാമ്പത്തിക സുരക്ഷയെ കാര്യമായി ബാധിക്കുകയും ചെയ്യുന്നു.

പട്ടിക 4.4.3.4 : മുതിർന്ന പൗരന്മാരുടെ ആരോഗ്യാവസ്ഥ

ക്രമ നമ്പർ	അവസ്ഥ	എണ്ണം	വിവര സ്രോതസ്സ്
1.	മാറാരോഗങ്ങൾ ബാധിച്ച് കിടപ്പിലായവർ	8674	പാലിയേറ്റീവ് കെയർ സൊസൈറ്റി
2.	മറവിരോഗം ബാധിച്ചവർ	3398	എ ആർ ഡി എസ് ഐ
3	ഭിന്നശേഷിയുള്ളവർ	8374	(കെഎസ്എസ്എം-2015 അംഗപരിമിത സെൻസസ് പ്രകാരം ആകെ ജനസംഖ്യയുടെ 2.45% ഭിന്നശേഷിയുള്ളവരാണ് . അതനുസരിച്ച് 3417792.45/100=8374.

സ്രോതസ്സ്: കെഎസ്എസഎം-2015 അംഗപരിമിത സെൻസസ്

നേരത്തേയുള്ള ഭിന്നശേഷിക്കുപുറമേ, വാർദ്ധക്യം അധികമായ അംഗപരിമിതികൾ സൃഷ്ടിക്കുകയും ചെയ്യും. ചലനശേഷി, കാഴ്ചശക്തി, കേഴ്വി എന്നിവയിലാണ് മുഖ്യമായും ഇതുണ്ടാവുന്നത്.

മുതിർന്നവരുടെ ജനസംഖ്യയിലെ വളർച്ചയ്ക്ക് ആനുപാതികമായ തോതിൽ വാർദ്ധക്യകാല രോഗ ചികിത്സാ സൗകര്യങ്ങൾ വികസിച്ചിട്ടില്ലാത്തതും വാർദ്ധക്യ ശ്രുശ്രൂഷയിൽ പ്രാവീണ്യം നേടിയവരുടെ അഭാവവും ആരോഗ്യരംഗത്തെ പ്രധാന വിടവുകളാണ്. മുതിർന്നവരിൽ നല്ലൊരു പങ്കും ആയുർവ്വേദ ശാസ്ത്ര പ്രകാരമുള്ള ചികിത്സാ രീതികളാണ് സ്വീകരിക്കുന്നത്. എന്നാൽ സ്ഥിതി വിവരക്കണക്കുകൾ ലഭ്യമായിട്ടില്ല. ജെറിയാടിക്സ് (വാർദ്ധക്യകാല ശ്രുശ്രൂഷ), ജെറെന്റോളജി (വാർദ്ധക്യത്തെ സംബന്ധിക്കുന്ന പഠന ശാഖ) എന്നീ മേഖലകളിൽ ജില്ലയിലെ അവസ്ഥ തികച്ചും അപര്യാപ്തമാണ്. മുതിർന്നവരുടെ പോഷകാഹാര ലഭ്യതയും പ്രശ്ന മേഖല തന്നെയാണ്. പാകം ചെയ്ത പോഷക സമൃദ്ധമായ ആഹാരം ലഭിക്കാനുള്ള കേന്ദ്രങ്ങൾ ജില്ലയിലുണ്ടാവേണ്ടിയിരിക്കുന്നു.

ഭിന്നശേഷിയുള്ളവർ

കേരള സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള കേരള സാമൂഹ്യ സുരക്ഷാമിഷന്റെ ആഭിമുഖ്യത്തിൽ 2015 ൽ നടത്തിയ ഭിന്നശേഷി സർവ്വെയിൽ നിന്ന് ലഭിച്ച കണക്കുകളാണ് അടിസ്ഥാന വിവര സൂചികകളായി ഇന്ന് ലഭ്യമായിട്ടുള്ളത്. ഈ സർവ്വെ റിപ്പോർട്ട് പ്രകാരം മലപ്പുറം ജില്ലയിലെ ആകെ ജനസംഖ്യയായ 4112920-ൽ ശരാശരി 2.15% ഭിന്നശേഷിക്കാരുണ്ടെന്നാണ് തിട്ടപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാന ശരാശരിയേക്കാൾ (2.32%) കുറവാണെങ്കിലും എണ്ണത്തിൽ മറ്റ് ജില്ലകളിലുള്ളതിനേക്കാൾ ഭിന്നശേഷിക്കാർ മലപ്പുറം ജില്ലയിലുണ്ട്. ഇവരിൽ 42520 പേർ സ്ത്രീകളും 53816 പുരുഷന്മാരും 111 പേർ ട്രാൻസ്ജെൻഡർ വിഭാഗക്കാരുമാണ്. സ്ത്രീ പുരുഷ അനുപാതം 44:56 ആണ്. ഭിന്നശേഷിയുള്ള 96447 പേരിൽ 26253 പേർ ചലന വൈകല്യം ഉള്ളവരാണ്. ഇത് ജില്ലയിലെ മൊത്തം അംഗപരിമിതരുടെ 27.22% ആണ്. ഇരുപത്തി രണ്ടു തരം അംഗപരിമിതികൾ തരംതിരിച്ച് ഓരോ വിഭാഗത്തിലുള്ളവരുടെ എണ്ണവും ശതമാനവും ചുവടെ ചേർക്കുന്നു. (സ്രോതസ്സ്: അംഗ പരിമിത സെൻസസ് 2015 റിപ്പോർട്ട്)

പട്ടിക 4.4.3.5 : അംഗപരിമിതികൾ തരംതിരിച്ച് ഓരോ വിഭാഗത്തിലുള്ളവരുടെ എണ്ണവും ശതമാനവും

ക്രമ നം.	വൈകല്യം	ആളുകളുടെഎണ്ണ	ശതമാനത്തിൽ	10000ജനസംഖ്യപ്രകാര
1	ചലന വൈകല്യം	26253	27.22	58
2	മസ്കുലാർ ഡിസ്ട്രോഫി	29	0.30	1

ക്രമ നം.	വൈകല്യം	ആളുകളുടെഎണ്ണം	ശതമാനത്തിൽ	10000ജനസംഖ്യക്രമാര
3	ക്രോണിക് ന്യൂറോളജിക്കൽ ഡിസോഡർ	56	0.55	1
4	മൾട്ടിപ്പിൾ സ്ക്ലീറോസിസ്	7	0.10	0
5	മ്യൂൻ	466	0.48	1
6	എസ്വകായത്വം	777	0.81	2
7	അന്ധത	2252	2.33	5
8	ഗുരുതരമായ കാഴ്ചക്കുറവ്	7202	7.47	16
9	പഠന വൈകല്യം	1651	1.71	4
10	സംസാരഭാഷാ വൈകല്യ-	3264	3.38	7
11	ബുദ്ധിപരമായ വെല്ലുവിളികൾ	9436	9.78	21
12	മാനസികരോഗം	15220	15.78	34
13	ഓട്ടിസം	279	0.29	1
14	കേൾവി ഇല്ലായ്മ	6978	7.24	16
15	കുഷ്ഠരോഗ വിമുക്തം	152	0.16	0
16	ഹീമോഫീലിയ	247	0.26	1
17	താലസീമിയ	61	0.06	0
18	അരിവാൾ രോഗം	57	0.06	0
19	സെറിബ്രൽ പാൾസി	712	0.74	2
20	അപസ്മാരം	3265	3.39	7
21	ബധിരാന്ധത	142	0.15	0
22	ബഹു വൈകല്യം	17120	17.75	38
ആക		96447	100	215

അവലംബം : 2015 ലെ അംഗപരിമിത സെൻസസ്

ഭിന്നശേഷിയുള്ളവർ അടങ്ങുന്ന ആകെയുള്ള 86,600 കുടുംബങ്ങളിൽ ഒരു വ്യക്തി മാത്രം ഭിന്നശേഷിയുള്ള കുടുംബങ്ങളുടെ എണ്ണം 78,585 ആണ്.

- ഒരു കുടുംബത്തിൽ രണ്ട് അംഗപരിമിതർ ഉള്ള വീടുകളുടെ എണ്ണം 7009 ആണ്.
- ഒരു കുടുംബത്തിൽ 3 അംഗപരിമിതൽ ഉള്ള വീടുകളുടെ എണ്ണം 845 ആണ്.
- ഒരു കുടുംബത്തിൽ 4 അംഗപരിമിതൽ ഉള്ള വീടുകളുടെ എണ്ണം 129 ആണ്.
- ഒരു കുടുംബത്തിൽ 4 ൽ കൂടുതൽ അംഗപരിമിതൽ ഉള്ള വീടുകളുടെ എണ്ണം 32 ആണ്.
- ആകെ കണ്ടെത്തിയ 96,447 പേരിൽ 15,220 പേർക്ക് മാനസിക രോഗം ഉള്ളതായി കാണുന്നു. ഇത് ജില്ലയിലെ ആകെ അംഗപരിമിതരുടെ 15.78% ആണ്.
- ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ എണ്ണം 9436 ആണ്. ഇത് ആകെയുള്ള അംഗപരിമിതരുടെ 9.78% ആണ്.
- കണ്ടെത്തിയ അംഗപരിമിതരുടെ കുടുംബങ്ങളിൽ 8,088 എണ്ണം എസ്.ഡി വിഭാഗത്തിലും 798 എണ്ണം എസ്.ടി വിഭാഗത്തിലും 81,787 എണ്ണം ഒ.ബി.സി വിഭാഗത്തിലും 5,774 എണ്ണം ജനറൽ വിഭാഗത്തിലും ഉള്ളതായി കാണുന്നു.
- ആകെ കണ്ടെത്തിയ അംഗപരിമിതരിൽ 53455 പേരുടെ അംഗപരിമിതി ആർജ്ജിതമാണ്. ഇത് മൊത്തം അംഗപരിമിതരുടെ 55.42% ആണ്.
- 42992 അംഗപരിമിതർക്ക് ജന്മനാൽ തന്നെ അംഗപരിമിതി സംഭവിച്ചിട്ടുള്ളവരാണെന്ന് കാണുന്നു. ഇത് മൊത്തം അംഗപരിമിതരുടെ 44.58% ആണ്.
- ജന്മനാൽ അംഗപരിമിതി സംഭവിച്ച 42,992 പേരുടെ മാതാപിതാക്കളിൽ രക്ത ബന്ധത്തിൽപ്പെട്ടവർ ആണെന്ന് കണ്ടെത്തിയവരുടെ എണ്ണം 4,067 ആണ്.
- രക്തബന്ധമുള്ളവരുടെ മാതാപിതാക്കളുടെ സന്താനങ്ങൾ എന്നു വെളിപ്പെടുത്തിയ അംഗപരിമിതർക്ക് താഴെ പറയുന്ന അംഗപരിമിതികൾ കാണുന്നു.

ബുദ്ധിപരമായ വെല്ലുവിളികൾ – 852
കേൾവി ഇല്ലായ്മ – 262
ബഹു വൈകല്യം – 1291
ചലന വൈകല്യം – 646
കാഴ്ച ഇല്ലായ്മ – 415
ഹ്യസ്വകായത്വം – 89

- അംഗപരിമിതരായ 86,944 പേർ സ്വന്തം വീട്ടിലും 3549 പേർ വാടക വീടുകളിലുമാണ് താമസം.
- ആകെ അംഗപരിമിതരിൽ 41890 പേർ(43.43%) ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെടുന്നു.
- ആകെ അംഗപരിമിതരിൽ 55135 പേർക്ക്(57.17%) നിലവിൽ ബാങ്ക് അക്കൗണ്ട് ഉണ്ട്.
- അംഗപരിമിതർ ഉളള കുടുംബങ്ങളെ പ്രതിമാസ ചെലവിന്റെ അടിസ്ഥാനത്തിൽ ക്രോഡീകരിച്ചാൽ

പട്ടിക 4.4.3.6 : അംഗപരിമിതർ ഉളള കുടുംബങ്ങളെ പ്രതിമാസ ചെലവ്

ക്രമ നം.	പ്രതിമാസ പ്രതിശീർഷ ചെലവ് (MPCE)	എണ്ണം
1	500 രൂപയ്ക്ക് താഴെ	28958
2	501 രൂപ മുതൽ1500 രൂപ വരെ	45282
3	1501 രൂപ മുതൽ3000 രൂപ വരെ	17129
4	3001 രൂപ മുതൽ4500 രൂപ വരെ	2465
5	4501 രൂപ മുതൽ6000 രൂപ വരെ	1154
	6001 രൂപയ്ക്ക് മുകളിൽ	835

അവലംബം : 2015 ലെ അംഗപരിമിത സെൻസസ്

- ആരോഗ്യ ഇൻഷ്വറൻസ് കാർഡിൽ ഉൾപ്പെട്ടിട്ടുളള അംഗപരിമിതരുടെ എണ്ണം 36,311 ആണ്.
- സാമൂഹ്യനീതി വകുപ്പ് നൽകുന്ന അംഗപരിമിത തിരിച്ചറിയൽ കാർഡ് ലഭ്യമായിട്ടുളളവർ 29,012 പേർ.
- ആകെ അംഗപരിമിതരിൽ അംഗപരിമിത മെഡിക്കൽ സർട്ടിഫിക്കറ്റ് ഉളളവർ 46,572 പേർ മാത്രമാണ് (48.29%)
- മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റുളള അംഗപരിമിതരുടെ തോത് താഴെപ്പറയും പ്രകാരമാണ്.
- 40 മുതൽ 79% വരെ – 36494
- 80% വും അതിനുമുകളിലും – 7878
- ആകെ അംഗപരിമിതരിൽ 8,117 പേർ പൂർണ്ണമായും ശയ്യാവലംബരാണ്.
- ആകെ അംഗപരിമിതരിൽ 45,589 പേർ വിവാഹിതരാണ്.
- ആകെ അംഗപരിമിതരിൽ തനിച്ച വസിക്കുന്ന അംഗപരിമിതർ 1,875 പേരും കുടുംബമായി വസിക്കുന്നവർ 90,330 പേരും ബന്ധുക്കളല്ലാത്തവരോടൊപ്പം വസിക്കുന്നവർ 350 പേരും ആണ്.
- ആകെ അംഗപരിമിതരിൽ സഹായ ഉപകരണങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുളളവരുടെ എണ്ണം 16564 ആണ്.
- സഹായ ഉപകരണങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുളളവരുടെ 16,564 അംഗപരിമിതരിൽ ഉപകരണങ്ങൾ ലഭിച്ചിട്ടുളളവർ 13,173 പേർക്കാണ്. ഇതിൽ ഉപകരണങ്ങൾ സ്ഥിരമായി ഉപയോഗിക്കുന്നവർ 10,843 ആണ്.
- ബുദ്ധിപരമായ വെല്ലുവിളികൾ, സെറിബ്രൽ പാൾസി, ഓട്ടിസം, ബഹു വൈകല്യം എന്നിവയുളള 27,547 പേരിൽ നാഷണൽ ട്രസ്റ്റ് രക്ഷകർത്വ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുളളവർ 723 പേർ മാത്രമാണ്.

- ആകെ അംഗപരിമിതരിൽ തുടർ പരിപാലനം ലഭിക്കുന്ന/ലഭിച്ചിട്ടുള്ള അംഗപരിമിതർ 78785 ആണ്.
- സ്വന്തമായി വാഹനം ഉള്ളവർ 4439 പേർ ആണ്.
- ജില്ലയിലെ അംഗപരിമിതരിൽ 77402 പേരുടെ ആധാർ കാർഡ് വിവരങ്ങൾ ലഭ്യമായിട്ടുണ്ട്.

ഭിന്നശേഷിക്കാർക്ക് വേണ്ടി പദ്ധതികൾ തയ്യാറാക്കാൻ സാമൂഹ്യനീതി വകുപ്പ് പുറത്തിറക്കിയ അംഗപരിമിത സെൻസസ് 2015 അവലംബ രേഖയായി ഉൾപ്പെടുത്താം. ഭിന്നശേഷിക്കാരുടെ എണ്ണത്തെക്കുറിച്ചുള്ള കണക്കുകൾ ലഭ്യമാണെങ്കിലും ഇവർക്ക് വേണ്ടിയുള്ള വിവിധ വകുപ്പുകളുടെ കീഴിലുള്ള പദ്ധതികളെക്കുറിച്ചും ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായുള്ള സ്ഥാപനങ്ങളായ Early Intervention centre, Therapy Centres, Rehabilitation Centres എന്നിവയെക്കുറിച്ചുള്ള ആധികാരികമായ കണക്കുകളോ, രേഖകളോ ലഭ്യമല്ല.

ഭിന്നശേഷിക്കാർക്കു വേണ്ടിയുള്ള പുനരധിവാസ മേഖലയിൽ, ജില്ലയിൽ പ്രവർത്തിക്കുന്ന വിവിധ പ്രൊഫഷനുകളെക്കുറിച്ചുള്ള കണക്കുകളോ, രേഖകളോ ലഭ്യമല്ല. (Psycologist, Special Education Physio therapist, Occupational therapist, Speech Therapist) ഭിന്നശേഷിക്കാരുടെ ചികിത്സാ പുനരധിവാസത്തിനുവേണ്ടി പ്രവർത്തിക്കുന്ന സർക്കാർ മേഖലകളിലെ തെറാപ്പി സെൻറുകളുടെ കണക്കുകളും കൂടാതെ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന തെറാപ്പി സെൻറുകൾക്ക് ഏകീകൃത രജിസ്ട്രേഷൻ സംവിധാനവും ജില്ലയിൽ ലഭ്യമല്ല.

ജില്ലയിൽ ഭിന്നശേഷിക്കാർക്കു വേണ്ടി സാമൂഹ്യനീതി വകുപ്പ്, ആരോഗ്യവകുപ്പ്, വ്യത്യസ്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ വകുപ്പ്, കുടുംബശ്രീ വകുപ്പ് തുടങ്ങിയവയുടെ കീഴിൽ വ്യത്യസ്ത പദ്ധതികൾ ഉണ്ടെങ്കിലും ഇവരുടെ ഏകോപിതമായ പ്രവർത്തനം ലഭ്യമല്ല. ഭിന്നശേഷിക്കാർക്ക് വേണ്ടി സർക്കാർ സ്ഥാപനങ്ങളുടെ കീഴിൽ വ്യത്യസ്തമായ ആനുകൂല്യങ്ങൾ ഉണ്ടെങ്കിലും ഒരു ഏകീകൃത സ്വഭാവം ഇല്ല.

പരിഹാര നിർദ്ദേശങ്ങൾ

1. ഭിന്നശേഷിക്കാർക്കു വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കുമ്പോൾ ഭിന്നശേഷിയുടെ തരം, തോത്, സാമൂഹിക കുടുംബ പശ്ചാത്തലം എന്നിവയുടെ അടിസ്ഥാനത്തിൽ ഓരോതരം ഭിന്നശേഷിക്കാർക്കും അവരുടെ പ്രത്യേക ആവശ്യങ്ങൾ സംബോധന ചെയ്യുന്ന കർമ്മ പദ്ധതികളാണ് ഉണ്ടായിരിക്കേണ്ടത്.
2. ഭിന്നശേഷിക്കാർക്കു വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കുമ്പോൾ പ്രധാനമായും വൈകല്യങ്ങളുടെ പ്രതിരോധം ,നേരത്തെ കണ്ടെത്തൽ, ചികിത്സാ പദ്ധതികൾ എന്നിവയ്ക്കാണ് മുൻഗണന കൊടുക്കേണ്ടത്.
3. വൈകല്യങ്ങളെ പ്രതിരോധിക്കുന്നതിനും നേരത്തെ കണ്ടെത്തുന്നതിനും ആവശ്യമായ ചികിത്സാ പുനരധിവാസ പ്രവർത്തനങ്ങൾ നൽകുന്ന തെറാപ്പി സെന്ററുകൾ ബ്ലോക്ക് അടിസ്ഥാനത്തിലെങ്കിലും സ്ഥാപിക്കണം.
4. ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനു വേണ്ടി വിവിധ സർക്കാർ,സർക്കാരിതര ഏജൻസികൾ നടത്തുന്ന പദ്ധതികൾ കാര്യക്ഷമമായി ഏകോപിപ്പിക്കുന്നതിനും, മേൽനോട്ടം വഹിക്കുന്നതിനും ഈ മേഖലകളിൽ പ്രവർത്തിക്കുന്ന വിദഗ്ദരെ ഉൾകൊള്ളിച്ചുകൊണ്ട് ജില്ലാതലത്തിൽ ഉന്നത അധികാര സമിതി രൂപീകരിക്കേണ്ടതുണ്ട്.
5. ബ്ലോക്ക് അടിസ്ഥാനത്തിൽ തെറാപ്പി സെന്റർ സ്ഥാപിക്കാൻ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഭിന്നശേഷിക്കാർക്കുള്ള പദ്ധതി വിഹിതം ഉപയോഗപ്പെടുത്തുകയും ഈ തെറാപ്പി സെൻററിന്റെ ഗ്രണ നിലവാരം ഉറപ്പുവരുത്തുന്നതിനും വേണ്ടി ജില്ലാതല ഉന്നത സമിതിയെ ചുമതലപ്പെടുത്തേണ്ടതാണ്.
6. ഭിന്നശേഷിക്കാരുടെ വിദ്യാഭ്യാസത്തിനുവേണ്ടി പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂൾ, കുടുംബശ്രീക്ക് കീഴിലുള്ള ബഡ്സ് സ്പെഷ്യൽ സ്കൂൾ, വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലെ സമ്മിലിത വിദ്യാഭ്യാസ

രീതിയിലുള്ള റിസോഴ്സ് സെന്ററുകൾ എന്നിവയുടെ ഏകീകരണവും ഗുണനിലവാരവും ഉറപ്പ വരുത്തണം.

7. ഭിന്നശേഷിക്കാർക്കുവേണ്ടി തദ്ദേശ സ്ഥാപനങ്ങളിലെ പദ്ധതി വിഹിതം ഉപയോഗിച്ച് വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ അതതു പ്രദേശത്തെ ഭിന്നശേഷിക്കാരുടെ കണക്കുകൾ, പ്രത്യേക ആവശ്യങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്ത് ഉന്നത ഗവേഷണ പഠന സ്ഥാപനങ്ങളായ സർവ്വകലാശാല പഠന വകുപ്പുകളുടെ മേൽനോട്ടത്തിൽ പദ്ധതി ആവിഷ്കരിക്കണം.
8. ഭിന്നശേഷിക്കാരുടെ പ്രത്യേക കഴിവുകൾ നേരത്തെ കണ്ടെത്തി അവ പരിപോഷിപ്പിക്കുകയും, ഈ കഴിവുകളുടെ അടിസ്ഥാനത്തിൽ അവർക്ക് വേണ്ടിയുള്ള നൂതന പുനരധിവാസ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുമുണ്ട്.
9. ഭിന്നശേഷിക്കാർക്കുവേണ്ടി തൊഴിലുകൾ, സർക്കാർ, സർക്കാരിതര മേഖലകളിലെ വിവിധ തൊഴിൽ ലഭ്യമാകുന്നതിനു വേണ്ടിയുള്ള ശാസ്ത്രീയമായ സ്കിൽ ട്രെനിംഗ് പ്രോഗ്രാം പ്രാദേശിക സർക്കാരുകളുടെ സഹായത്തോടുകൂടി സ്ഥാപിക്കണം.
10. സർക്കാർ, സർക്കാരിതര മേഖലകളിൽ ഭിന്നശേഷിക്കാർക്കു വേണ്ടി നീക്കിവെക്കുന്ന ജില്ലയിൽ ലഭ്യമായ വിവിധ തൊഴിൽ മേഖലകളെക്കുറിച്ചും, അവസരങ്ങളെക്കുറിച്ചും ഏകീകൃത ഓൺലൈൻ ഡയറക്ടറി തയ്യാറാക്കേണ്ടതാണ്.
11. ഭിന്നശേഷിക്കാരുടെ അന്തസ്സോടുകൂടിയുള്ള ജീവിതവും സമൂഹപങ്കാളിത്തവും ഉറപ്പ വരുത്തുന്നതിനുവേണ്ടി സമൂഹത്തിന് ഇവരെക്കുറിച്ച് നിലനിൽക്കുന്ന തെറ്റായ ധാരണകൾ, അറിവില്ലായ്മ എന്നിവ ദൂരീകരിക്കാനും ആരോഗ്യകരമായ സാമൂഹ്യജീവിതം ഉറപ്പവരുത്താനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. ഇതിനായി വ്യത്യസ്തതലത്തിലുള്ള ബോധവല്ക്കരണ പരിപാടികൾ, സ്കൂൾ, അംഗൻവാടി, കോളേജ് തലത്തിലുള്ള പഠനപദ്ധതികളും ഇതിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. കൂടാതെ പൊതുജനങ്ങളിൽ ബോധവല്ക്കരണം നടത്തുന്നതിനുവേണ്ടിയുള്ള മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തേണ്ടതാണ്.
12. ഭിന്നശേഷിക്കാർ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗക്കാർ ആണെങ്കിലും, ഇവരിൽതന്നെ കൂടുതൽ പരിഗണന അർഹിക്കുന്നവരായ ഭിന്നശേഷിക്കാരായ സ്ത്രീകൾ, അഗതികളും അനാഥരുമായ ഭിന്നശേഷിക്കാർ, ഗുരുതര ബഹുമുഖ ഭിന്നശേഷിക്കാർ എന്നിവർക്ക് പ്രത്യേക പരിഗണനയും, Residential rehabilation centre, Shelter homes, Sheltered work shops എന്നിവയും നൽകേണ്ടതാണ് .

വനിതകൾ

കേരളത്തിലെ സ്ത്രീകളുടെ അവസ്ഥയുമായി താരതമ്യം ചെയ്യുമ്പോൾ വ്യത്യസ്ഥമായ ചരിത്രവും അവസ്ഥയുമാണ് മലപ്പുറം ജില്ലയിലെ സ്ത്രീകൾക്കുള്ളത്. കേരളം കൈവരിച്ച സാമൂഹിക വികസന നേട്ടങ്ങൾ സ്ത്രീകളുടെ വികസന രംഗത്തും മികച്ച മുന്നേറ്റങ്ങൾക്ക് കാരണമായിട്ടുണ്ട്. ലിംഗാനുപാതം, സാക്ഷരത, മാതൃ-ശിശു മരണ നിരക്ക്, സ്ത്രീകളുടെ ആയുർ ദൈർഘ്യം തുടങ്ങിയ കാര്യങ്ങളിലും ജില്ലയുടെ അവസ്ഥ മെച്ചപ്പെട്ടിട്ടുണ്ട്. എന്നാൽ സ്ത്രീകൾ നേരിടുന്ന പലവിധത്തിലുള്ള ചൂഷണങ്ങൾ, വിവേചനം, അടിച്ചമർത്തൽ എന്നിവ ഗണ്യമായി കുറക്കുന്നതിനോ തടയുന്നതിനോ അറുതി വന്നിട്ടില്ല.

സ്ത്രീകൾക്ക് എല്ലാ മേഖലകളിലും അവസരങ്ങളും അവകാശങ്ങളും ലഭ്യമാക്കുക എന്നതാണ് ലിംഗനീതിയുടെ അടിസ്ഥാനം. വ്യക്തിത്വ വികസനത്തിനും സുരക്ഷിതമായി ജീവിക്കാനും സ്വന്തം ശരീരത്തേയും ജീവിതത്തേയും പറ്റി തീരുമാനമെടുക്കാനും സാമൂഹിക ജീവിതത്തിൽ സജീവമായി ഇടപെടാനുമൊക്കെ അവകാശവും അവസരവും സ്ത്രീകൾക്ക് ലഭിച്ചാൽ മാത്രമേ സമൂഹത്തിൽ തുല്യത കൈവരിച്ചു എന്ന് പറയാനാകൂ. ജില്ലയുടെ ആകെ ജനസംഖ്യ 41,12,920 ആണ്. ഇതിൽ 21,52,592 പേർ സ്ത്രീകളാണ്. ആകെ ജനസംഖ്യയുടെ 52.34% വരുമിത്. നഗര പ്രദേശങ്ങളെക്കാൾ ഗ്രാമ പ്രദേശങ്ങളിലാണ് കൂടുതൽ ജനങ്ങൾ അധിവസിക്കുന്നത്.

ലിംഗാനുപാതം 1098 ആണ്. കേരളത്തിന്റെ പൊതുവായ അവസ്ഥയെക്കാൾ മെച്ചപ്പെട്ട നിലയിലാണ് മലപ്പുറം ജില്ലയിലെ ലിംഗാനുപാതം. ഗ്രാമങ്ങളിൽ 1096 ഉം നഗരങ്ങളിൽ 1101 ഉം

ആണ് ലിംഗാനുപാതം രേഖപ്പെടുത്തിയിട്ടുള്ളത്. ജില്ലയിലെ ലിംഗാനുപാതം കൂടി വരുന്നതായാണ് സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നത്. 2001-ൽ 1066 ആയിരുന്നത് 2011 ൽ 1098-ലേക്ക് ഉയർന്നിട്ടുണ്ട്. 0-6 വരെയുള്ള കുട്ടികളുടെ ജനസംഖ്യയിൽ മറ്റു ജില്ലകളെപ്പോലെ മലപ്പുറം ജില്ലയിലും പെൺകുട്ടികളുടെ എണ്ണം കുറവാണ്. 0-6 കാറ്റഗറിയിൽ 49.11% മാത്രമാണ് പെൺകുഞ്ഞുങ്ങൾ ഉള്ളത്. ഭിന്നശേഷിയുള്ളവർ മലപ്പുറം ജില്ലയിൽ 78657 പേരുണ്ട്. അതിൽ 37042 പേർ സ്ത്രീകളാണ്.

പട്ടിക 4.4.3.7 : മലപ്പുറം ജില്ലയെ സംബന്ധിക്കുന്ന പ്രധാന വിവരങ്ങൾ

ജനസംഖ്യ

	ജനസംഖ്യ	പുരുഷന്മാർ	സ്ത്രീകൾ
കേരളം	33406061	16027412	17378649
മലപ്പുറം	4112920	1960218	2152702

ജനസംഖ്യാ അനുപാതം

	ജനസംഖ്യാ അനുപാതം	റൂറൽ	അർബൺ
കേരളം	1084	1078	1091
മലപ്പുറം	1098	1096	1101

സാക്ഷരത അനുപാതം

	സാക്ഷരത അനുപാതം	പുരുഷന്മാർ	സ്ത്രീകൾ
കേരളം	94%	96.11	92.07
മലപ്പുറം	93.57	95.76	91.62

സ്ത്രീ തൊഴിലാളി പങ്കാളിത്തനിരക്ക്

	സ്ത്രീ തൊഴിലാളി പങ്കാളിത്തനിരക്ക്
കേരളം	18.23%
മലപ്പുറം	7.63%

അവലംബം - ജെൻഡർ അനാലിസിസ് 2016 എക്കണോമിക്സ് &സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റ്

സ്ത്രീ പുരുഷ അനുപാതം

വിഭാഗങ്ങൾ	ആകെ	സ്ത്രീ	പുരുഷൻ	സ്ത്രീ പുരുഷ അനുപാതം
ജനസംഖ്യ	4112920	2152592	1960328	1098
പട്ടികജാതി	3082266	156709	151557	1034
പട്ടികവർഗ്ഗം	22990	11718	11272	1040

അവലംബം -ജനസംഖ്യ (2011 സെൻസസ്)

നിരാലംബർ

1. വിധവകൾ : 160715
2. അവിവാഹിത അമ്മമാർ : 132
3. ഗുരുതര രോഗബാധിതർ : 8117
4. കിടപ്പ് രോഗികൾ : 3571

പട്ടിക 4.4.3.8 : വനിത പങ്കാളിത്തം തൊഴിലുറപ്പ് പദ്ധതിയിൽ

വർഷം	രജിസ്റ്റർ ചെയ്ത സ്ത്രീകളുടെ എണ്ണം	ശതമാനം	ഈ വർഷം തൊഴിലിലേർപ്പെട്ട വനിതകളുടെ എണ്ണം	വേതനം നൽകിയത് (ലക്ഷത്തിൽ)	വേതനം ശതമാനം	സൃഷ്ടിക്കപ്പെട്ട വനിതാ തൊഴിൽ ദിനം
2017-18	285022	58.45	69813	2943.93 Lakhs	87.75	11.29 Lakhs

(അവലംബം – ജെൻഡർ അനാലിസിസ് 2016 എക്കണോമിക്സ് &സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റ്)

സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ

1. സ്ത്രീകൾക്കിടയിൽ രോഗാതുരതയും ജീവിത ശൈലീരോഗങ്ങളും വർദ്ധിച്ചു വരുന്നു.
2. ആരോഗ്യ നിലവാരത്തിൽ മുന്നിലാണെങ്കിലും അനീമിയ, മാനസിക പ്രശ്നങ്ങൾ, ആത്മഹത്യാ പ്രവണത, ലഹരിമരുന്ന് ഉപയോഗം മുതലായവ കേരളത്തിലെ സ്ത്രീകൾക്കിടയിൽ കൂടിവരുന്നു. വിധവകൾ, വിവാഹമോചിതർ എന്നിവരുടെ എണ്ണം കൂടിവരുന്നു. സുരക്ഷാ നിയമങ്ങൾ പലപ്പോഴും അപ്രായോഗികമാകുന്നു.
3. സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ആരോഗ്യ സംവിധാനങ്ങളുടെ അഭാവം, നന്നേ ചെറുപ്രായത്തിലെ വിവാഹം, ആരോഗ്യ-സാമൂഹ്യ പ്രശ്നങ്ങളെക്കുറിച്ചുള്ള അവബോധമില്ലായ്മക്കു കാരണമാകുന്നു.
4. കുറഞ്ഞു വരുന്ന തൊഴിൽ പങ്കാളിത്തം.
5. പൊതുസ്ഥാപനങ്ങളിലും തൊഴിലിടങ്ങളിലും സ്ത്രീ സൗഹാർദ്ദ സംവിധാനങ്ങൾ നിലവിലില്ല.
6. വർദ്ധിച്ചു വരുന്ന സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ.
7. തീരുമാനമെടുക്കൽ പ്രക്രിയയിലെ പങ്കാളിത്തമില്ലായ്മ.
8. ഒരുമിച്ച് ചേരുവാനുള്ള പൊതു ഇടങ്ങളുടെ അഭാവം.
9. ഗ്രാമസഭകളിൽ സ്ത്രീകളുടെ പങ്കാളിത്തം ഉണ്ടെങ്കിലും സ്ത്രീകളുടെ പ്രധാന വികസന പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടുന്നില്ല.
10. സ്ത്രീ സുരക്ഷ/സംരക്ഷണ സംവിധാനങ്ങളുടെ അഭാവം, സ്ത്രീ സംരക്ഷണ നിയമങ്ങൾ ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിൽ ജനകീയ പങ്കാളിത്തത്തിന്റെയും, ഉദ്യോഗസ്ഥ പങ്കാളിത്തത്തിന്റെയും കുറവ്.
11. സ്ത്രീകൾക്കായുള്ള നിയമങ്ങളുടെയും നിയമസംവിധാനങ്ങളുടെയും അവബോധമില്ലായ്മ.
12. സ്ത്രീപക്ഷ-അനുഭാവ പൂർണ്ണമുള്ള സമീപനം നീതിന്യായ രംഗത്തുപോലും പ്രകടമാകുന്നില്ല.

ഭരണഘടന ഉറപ്പുനൽകുന്ന തുല്യത, തുല്യനീതിയും സ്ത്രീകൾക്കും നേടിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നാം മുന്നോട്ട് വയ്ക്കേണ്ടത്. അതിനായി പ്രത്യേകം പദ്ധതികളല്ല നമുക്കാവശ്യം, മറിച്ച് പൊതുവായ വികസന-ക്ഷേമ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമ്പോൾ അതിന്റെ ഫലങ്ങൾ സ്ത്രീകൾക്കും മറ്റ് ദുർബല വിഭാഗങ്ങൾക്കും ഒരു പോലെ ലഭിക്കുന്നു എന്ന് ഉറപ്പാക്കുകയാണ് വേണ്ടത്. സമൂഹത്തിന്റെ വിവിധ മേഖലകൾ ആസൂത്രണം ചെയ്യുമ്പോൾ ഗുണപരമായ പങ്കാളിത്തം ഉറപ്പു വരുത്തേണ്ടതുണ്ട്. ഗുണപരമായ സ്ത്രീകളുടെ പങ്കാളിത്തം ഉണ്ടായാൽ മാത്രമേ വികസന പ്രവർത്തനങ്ങൾ സ്ത്രീ സൗഹൃദമാവുകയുള്ളൂ.

പ്രശ്ന വിശകലനം

ജില്ലയിലെ സ്ത്രീകളിലെ മുഖ്യമായ പ്രശ്നം സാമൂഹിക വിഷയങ്ങളിലുന്നിയതാണ്. പെൺകുട്ടികളിലെ ബാല്യ വിവാഹം ജില്ലയിൽ വളരെ കൂടതലുണ്ട്. അതിനെ തുടർന്ന് ചെറുപ്രായത്തിലുള്ള പ്രസവങ്ങളും തത്സംബന്ധിയായ അരോഗ്യ പ്രശ്നങ്ങളും ധാരാളമുണ്ട്.

സ്വന്തമായ വരുമാന സ്രോതസ്സുള്ളവർ വളരെ കുറവായതിനാൽ കുടുംബാംഗങ്ങളെ ആശ്രയിക്കേണ്ടി വരുന്നവരാണ് ഭൂരിഭാഗവും. സ്വന്തം നിലനിൽപ്പിനുള്ള വരുമാനമുണ്ടാക്കാൻ പര്യാപ്തമായ ലഘു തൊഴിലുകളെങ്കിലും കാംക്ഷിക്കുന്നവരാണ് വളരെയേറെ സ്ത്രീകൾ.

വിവാഹ പ്രായം കഴിഞ്ഞവരും വിവാഹിതരെങ്കിലും സന്താനങ്ങളില്ലാത്തവരുമായി വളരെപ്പേർ കഴിയുന്നുണ്ട്. ഇവരെ സംബന്ധിക്കുന്ന സ്ഥിതി വിവരകണക്കുകൾ ലഭ്യമല്ല. എന്നാൽ കനത്ത ഏകാന്തത നേരിടുകയും ഭാവിയെ കുറിച്ച് ആശങ്ക പുലർത്തുകയും സുരക്ഷിതത്വ ബോധമില്ലാതിരിക്കുകയും ചെയ്യുന്നവരാണ് ഇവരിലേറെ പേരും. തദ്ദേശ സ്ഥാപന തലത്തിൽ സൂക്ഷ്മമായ പഠനം നടത്തി പരിഹാരം കണ്ടെത്തേണ്ട വിഷയമാണിത്.

സ്ത്രീകൾക്ക് പുരുഷന്മാരേക്കാൾ ആയുർദൈർഘ്യമുള്ളതിനാൽ വാർദ്ധക്യത്തിൽ ഇണയെ നഷ്ടപ്പെട്ട് ഒറ്റപ്പെടുന്നത് മുതിർന്ന സ്ത്രീകളിൽ ഗുരുതരമായ മാനസിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അത്തരം പ്രശ്നങ്ങളിൽ പഠനം നടത്തി അവർക്ക് ആശ്വാസമരുളുന്ന പദ്ധതികൾ തദ്ദേശ സ്ഥാപനതലത്തിൽ രൂപപ്പെടുത്തേണ്ടതുണ്ട്.

ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

1. നൂതനമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് വൈദഗ്ധ്യ പരിശീലനം.
2. സ്ത്രീ സുരക്ഷ ഉറപ്പ് വരുത്തുന്നതിന് ജാഗ്രത സമിതി ശക്തിപ്പെടുത്തൽ, കൗൺസലിംഗ് സൗകര്യങ്ങൾ (കൗമാരക്കാർക്കും അമ്മമാർക്കും)
3. സ്ത്രീ സൗഹൃദ സൗകര്യങ്ങൾ–അടിസ്ഥാന സൗകര്യങ്ങൾ ജില്ലാ ആസ്ഥാനത്തും അതുപോലെ സ്ത്രീകൾ കൂടുതലായി ഒരുമിച്ചു ചേരുന്ന തൊഴിൽ ഇടങ്ങൾ, ടൗണുകൾ മുതലായ സ്ഥലങ്ങളിൽ.
4. അഭയകേന്ദ്രങ്ങൾ, ഷീ സ്റ്റേ ഹോം നിർമ്മാണം
5. വനിത ലേബർ ബാങ്കുകളുടെ രൂപീകരണം
6. ഗ്രാമ പഞ്ചായത്ത് തലത്തിൽ നിരാശ്രയ വനിതകൾ, വിധവകൾ എന്നിവരുടെ കൂട്ടായ്മ. ഇവർക്ക് തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് സഹായം.
7. അയൽകൂട്ട
   തലങ്ങളിൽ ബോധവൽക്കരണത്തിലും കായിക പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും
   പരിശീലനങ്ങൾ–ആത്മവിശ്വാസവും സ്വയം പ്രതിരോധ ശേഷിയുമുള്ള യുവ തലമുറയെ വാർത്തെടുക്കുന്നതിനുമുള്ള പരിശീലനങ്ങൾ.
8. തീരദേശ മേഖലകൾ, കോളനികൾ തുടങ്ങിയ മേഖലകളിൽ സ്ത്രീ സുരക്ഷ ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ, തൊഴിൽ പരിശീലനങ്ങൾ–കൂടിൽ വ്യവസായ മേഖലകളിൽ പരിശീലനം നൽകുന്നതിന് ഉദ്ദേശിക്കുന്നു. വീട്ടിലിരുന്ന് ചെയ്യാവുന്ന തൊഴിലുകളുടെ പരിശീലനവും സഹായവും
9. സാമൂഹ്യ സുരക്ഷയുടെ ഭാഗമായി ലേഡീസ് ഓൺലി ബസ് സർവ്വീസ്.

എം.കെ.എസ്.പി

ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ ഉപ പദ്ധതിയായ മഹിളാ കിസാൻ ശാക്തീകരൺ പരിയോജന (എം.കെ.എസ്.പി) നെൽകൃഷി പുനരുദ്ധാരണത്തിനായി മലപ്പുറം, തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ നടപ്പാക്കുന്നു. 3 ജില്ലകളുടെ ജില്ലാ പഞ്ചായത്തുകളുടെ കൺസോർഷ്യമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതി പ്രകാരം മലപ്പുറം ജില്ലയിലെ 15 ബ്ലോക്കുകളിലെ എം.ജി.എൻ.ആർ.ഇ.ജി.എസ് തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി വനിതാ ലേബർ ബാങ്കുകൾ രൂപീകരിച്ചിട്ടുണ്ട്. തരിശുഭൂമി കൃഷി യോഗ്യമാക്കുന്നതിനും ജൈവ കൃഷി സമ്പ്രദായത്തിനും പദ്ധതിയിൽ പ്രചാരണം നൽകുന്നതിന് ശ്രമിച്ചുവരുന്നു. 15 ബ്ലോക്കുകളിലായി ലേബർ ബാങ്കിലെ അംഗങ്ങൾക്ക് നൽകിയ പരിശീലനവും നൽകിയ യന്ത്രങ്ങളുടെ വിവരങ്ങളും താഴെ ചേർക്കുന്നു.

പട്ടിക 4.4.3.9 : നൽകിയ പരിശീലനങ്ങൾ

ക്രമ നമ്പർ	ഇനങ്ങൾ	പരിശീലനം ലഭിച്ച തൊഴിലാളികൾ
1	നടീൽ പരിശീലനം ലഭിച്ചവരുടെ എണ്ണം	1217
2	ഞാറ്റടി തയ്യാറാക്കുന്നതിന് പരിശീലനം ലഭിച്ചവർ	1252
3	കള പറിക്കുന്നതിന് പരിശീലനം ലഭിച്ചവർ	178
4	മെക്കാനിക്കൽ പരിശീലനം ലഭിച്ചവർ	187
5	കൊയ്ത്ത് പരിശീലനം ലഭിച്ചവർ	207
6	അക്കൗണ്ട് പരിശീലനം ലഭിച്ചവർ	115

അവലംബം: ജില്ലാ വിമൺസ് വെൽഫെയർ ഓഫീസ്, മലപ്പുറം

പട്ടിക 4.4.3.10 : നൽകിയ യന്ത്രങ്ങൾ

നടീൽ യന്ത്രങ്ങൾ	53
വാക്ക് ബിഹൈൻറർ	6
കള പറിക്കൽ യന്ത്രം	375
കൊയ്ത്ത് യന്ത്രം	11
മെതിയന്ത്രം	14
ട്രാക്ടർ	15

അവലംബം: ജില്ലാ വിമൺസ് വെൽഫെയർ ഓഫീസ്, മലപ്പുറം

ആരോഗ്യ മേഖല

2015-16 വർഷത്തിൽ മലപ്പുറം ജില്ലയിൽ 91647 ഗർഭിണികൾ രജിസ്റ്റർ ചെയ്തു. സംസ്ഥാനത്തെ ഏറ്റവും കൂടുതൽ ഗർഭിണികൾ രജിസ്റ്റർ ചെയ്തിരിക്കുന്നത് മലപ്പുറം ജില്ലയിലാണ്. ഇതിൽ 82.69% പേർ മാത്രമാണ് ഗർഭകാലത്തെ പ്രതിരോധ കുത്തിവയ്പ്പുകൾ പൂർണ്ണമായും എടുത്തിരിക്കുന്നത്. കേരളത്തിൽ സ്വകാര്യ ആശുപത്രികളിൽ ഏറ്റവും കൂടുതൽ പ്രസവം നടക്കുന്നതിൽ മുൻപന്തിയിൽ നിൽക്കുന്ന ജില്ലയും മലപ്പുറമാണ്. 2015-16 കാലഘട്ടത്തിൽ 86251 പ്രസവങ്ങൾ നടന്നതിൽ 74105 (85.91%) എണ്ണവും സ്വകാര്യ ആശുപത്രികളിലാണ് നടന്നിരിക്കുന്നത്. 209 പ്രസവങ്ങൾ വീടുകളിലും നടന്നിട്ടുണ്ട്. ഇതിൽ ഏറ്റവും പ്രധാനമായും ശ്രദ്ധിക്കേണ്ട കാര്യം സ്വകാര്യ ആശുപത്രികളിൽ സിസേറിയൻ പ്രസവങ്ങളാണ് കൂടുതൽ നടക്കുന്നത്. ഇത് കേരളത്തിലെ ഏറ്റവും കൂടുതൽ ആണ്. കേരളത്തിൽ ഏറ്റവും കൂടുതൽ മാതൃ മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന ജില്ലയും മലപ്പുറമാണ്. 2015-16 കാലഘട്ടത്തിൽ മലപ്പുറത്ത് 36 മാതൃമരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

കേരളത്തിൽ ഏറ്റവും കൂടുതൽ പ്രസവം നടക്കുന്നതും ഏറ്റവും കൂടുതൽ മാതൃമരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നതുമായ മലപ്പുറം ജില്ലയിൽ സ്ത്രീകൾക്കും കുട്ടികൾക്കും മാത്രമായുള്ള ആശുപത്രികൾ ഒന്നുപോലുമില്ല. രജിസ്റ്റർ ചെയ്ത ഗർഭിണികളിൽ 19.9% പേരിൽ ഹീമോഗ്ലോബിൻ കുറവുള്ളവരാണ്. 1112 പേർ ഗുരുതരമായ അനീമിയ ബാധിച്ചവരുമാണ്. ഇത്തരം കേസുകൾ കേരളത്തിൽ ഏറ്റവും അധികം റിപ്പോർട്ട് ചെയ്യുന്നത് മലപ്പുറം ജില്ലയിലാണ്. രോഗാതുരത പുരുഷൻമാരേക്കാൾ സ്ത്രീകളിലാണ് കൂടുതൽ കാണുന്നത്.

വിദ്യാഭ്യാസവും സാക്ഷരതയും

സ്ത്രീകളുടെ സാക്ഷരത ശതമാനം 91.62% മാണ്. മുൻവർഷങ്ങളിലെ കണക്കുകൾ പരിശോധിക്കുമ്പോൾ സാക്ഷരത ശതമാനം കൂടിവരുന്നതായി കാണാം. പട്ടികജാതി വിഭാഗത്തിൽ സ്ത്രീകളുടെ സാക്ഷരത 83.95% വും പട്ടികവർഗ വിഭാഗത്തിൽ 72.62% വുമാണ്. ആകെ കുട്ടികൾ സർക്കാർ സ്കൂളുകളിൽ എൻറോൾ ചെയ്തതിൽ 49.66% പെൺകുട്ടികളാണ്. എയ്ഡഡ് സ്കൂളുകളിൽ ചേർന്നവരിൽ 49.22% പെൺകുട്ടികളാണ്. അൺഎയ്ഡഡ് സ്കൂളുകളിലേത് 47.23% വുമാണ്. ഹയർ സെക്കണ്ടറി സ്കൂളുകളിലേത് 47.23% വുമാണ്. ഹയർ സെക്കണ്ടറി സ്കൂളുകളിലും കോളേജ് തലങ്ങളിലും എൻറോൾ ചെയ്യുന്ന കുട്ടികളിൽ 70-80% പെൺകുട്ടികളാണ്.

സമ്പദ് വ്യവസ്ഥയിലെ പങ്കാളിത്തം

സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം കേരളത്തിൽ കഴിഞ്ഞ ദശാബ്ദത്തെ അപേക്ഷിച്ച് വളരെയധികം ഉയർന്നിട്ടുണ്ട്. എന്നാൽ, മലപ്പുറം ജില്ലയിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം കേരളത്തിന്റെ പൊതുവായ നിരക്കിലും താഴെയാണ്. തൊഴിലില്ലായ്മയുടെ ശതമാനവും പുരുഷന്മാരെക്കാൾ സ്ത്രീകളിലാണ് കൂടുതൽ. തൊഴിലിൽ നിന്നുള്ള വരുമാന ലഭ്യതയിലും വ്യത്യാസം പ്രകടമാണ്. കേരളത്തിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 18.23%വും മലപ്പുറത്തേത് 7.63% വുമാണ്.

തൊഴിൽ മേഖല
സ്ത്രീകളുടെ പങ്കാളിത്തം

കൃഷിക്കാർ	12.16%
കർഷകർ	14.57%
കൂടിൽ വ്യവസായം	16.02%
മറ്റ് തൊഴിലാളികൾ	12.17%
തൊഴിലുറപ്പ് പദ്ധതി	90.44%
ഹോട്ടൽ മേഖല	0%

ഗ്രാമപഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്ത വനിതായൂണിറ്റിന്റെ എണ്ണം

നിർമ്മാണം	–	606
കടകൾ	–	121
മറ്റുളളവ	–	298
ആകെ	–	1025

തീരുമാനമെടുക്കൽ പ്രക്രിയയിലെ സ്ത്രീപങ്കാളിത്തം.

സ്വന്തമായും സമൂഹത്തിലേയും തീരുമാനമെടുക്കൽ പ്രക്രിയയിലെ സ്ത്രീകളുടെ പങ്കാളിത്തം ശാക്തീകരണത്തിന്റെ പ്രധാന സൂചകമാണ്. ഭരണ നേതൃത്വങ്ങളിലെ സ്ത്രീ പങ്കാളിത്തം ഇപ്പോഴും വളരെക്കുറവാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ 50% സീറ്റ് സംവരണം നൽകിയത് വഴി ശാക്തീകരണ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടി.

സ്ത്രീ പങ്കാളിത്തം പാർലമെൻറ്/നിയമസഭ/തദ്ദേശ സ്വയംഭരണം–മലപ്പുറം

	ആകെ സീറ്റ്	സ്ത്രീകളുടെ എണ്ണം
ഗ്രാമപഞ്ചായത്ത്	1778	889
ബ്ലോക്ക് പഞ്ചായത്ത്	221	111
ജില്ലാ പഞ്ചായത്ത്	32	16
മുനിസിപ്പാലിറ്റി	479	240
ആകെ	2670	1256

(അവലംബം : തദ്ദേശ ഭരണ വകുപ്പ് വെബ് സൈറ്റ്)

വിവിധ പെൻഷൻ പദ്ധതികളിലെ ഗുണഭോക്താക്കൾ

പദ്ധതികൾ	ഗുണഭോക്താക്കൾ
കർഷകത്തൊഴിലാളി പെൻഷൻ	146
IGNOAP	3821
ഇന്ദിരാഗാന്ധി നാഷണൽ ഡിസേബിൾഡ് സ്കീം	345
50 വയസിനു മുകളിലുള്ള അവിവാഹിതരായവർക്കുള്ള പെൻഷൻ	133
ഇന്ദിരാഗാന്ധി നാഷണൽ വിഡോ പെൻഷൻ	3380

(അവലംബം: എൽ.എസ്.ജി.ഡി വെബ് സൈറ്റ്)

കുട്ടികൾ

കുട്ടികളുടെ സർവ്വതോൻമുഖമായ വളർച്ചക്കും വികാസത്തിനും അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുക എന്നതാണ് സാമൂഹിക വികസനത്തിന്റെ അടിസ്ഥാന ഘടകങ്ങളിൽ പ്രധാനം. കേരളത്തിൽ കുട്ടികളുടെ വികസനവുമായി ബന്ധപ്പെട്ട് കാതലായ മുന്നേറ്റങ്ങൾ നടന്നിട്ടുണ്ട്. കുട്ടികളുടെ അവകാശങ്ങളുടെ സാക്ഷാത്കാരം, കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ മനസിലാക്കുന്നതിലും കൈകാര്യം ചെയ്യുന്നതിലും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തെ ആശ്രയിച്ചാണിരിക്കുന്നത്. ജില്ലയിലെ മിക്ക തദ്ദേശ സ്ഥാപനങ്ങളും പ്രാദേശികാസൂത്രണം വഴി കുട്ടികളുടെ വികസന മേഖലകളിൽ അർത്ഥവത്തായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ഇത്രയുമൊക്കെ നേട്ടങ്ങൾ ഉണ്ടെങ്കിലും കുട്ടികളുടെ വികസനത്തെക്കുറിച്ചുള്ള സമഗ്രമായ ധാരണയുടെ അഭാവത്താൽ കുട്ടികൾ നേരിടുന്ന സങ്കീർണ്ണമായ പല പ്രശ്നങ്ങളും പലപ്പോഴും പരിഗണിക്കപ്പെടാതെ പോകുന്നുണ്ട്. അതുകൊണ്ട് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വികസന മുൻഗണനകളിൽ കുട്ടികളുടെ അവകാശ സംരക്ഷണത്തിന് പ്രാധാന്യം നൽകുന്ന തന്ത്രപരമായ ഒരു മാറ്റം കൊണ്ടുവരേണ്ടത് ഇന്നത്തെ അനിവാര്യമായ ആവശ്യമാണ്.

സുസ്ഥിര ലക്ഷ്യങ്ങൾ കൈവരിക്കുന്ന കാര്യത്തിൽ കേരളം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഒരുപാട് മുന്നിലാണ്. ആരോഗ്യം, ശുചിത്വം, വിദ്യാഭ്യാസം തുടങ്ങിയവയിൽ ഉയർന്ന നിലവാരം കൈവരിക്കാനും സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. മറ്റു ജില്ലകളെ വെച്ചു നോക്കുമ്പോൾ മലപ്പുറം ജില്ലയിലെ വികസന മേഖലകളിൽ നിരവധി ഇല്ലായ്മകൾ കാണാം. സമസ്ത വികസന മേഖലകളിലും കുട്ടികളുടെ തുല്യത ഇന്നും ഉത്കണ്ഠ ഉളവാക്കുന്ന ഘടകമാണ്. ഉയർന്ന ജനസംഖ്യയും വ്യാപകമായ സ്വകാര്യവത്കരണവും ദരിദ്ര വിഭാഗങ്ങൾക്കും ഇതര സംസ്ഥാനക്കാരായ കുട്ടികൾക്കും ഗുണമേന്മയുള്ള സേവനങ്ങൾ അപ്രാപ്യമാക്കിക്കൊണ്ടിരിക്കുന്നു. പിന്നോക്കാവസ്ഥയിലുള്ള പട്ടികവർഗ്ഗ ആവാസ കേന്ദ്രങ്ങളിൽ ഇന്നും കാണുന്ന പോഷകാഹാരക്കുറവ് ആരോഗ്യ പ്രശ്നങ്ങൾ, കുടിവെള്ളത്തിന്റെ ഗുണമില്ലായ്മ, ലഭ്യതക്കുറവ്, കുറഞ്ഞ വിദ്യാഭ്യാസ നേട്ടങ്ങൾ കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം, കൗമാര ഗർഭധാരണം എന്നിവ ഇതിന് തെളിവാണ്.

വിദ്യാഭ്യാസമുൾപ്പെടെയുള്ള വികസന മേഖലകളിൽ പെൺകുട്ടികൾ ആൺകുട്ടികളെ മറികടക്കുമ്പോൾ മറുവശത്ത് അവർ തുടർന്നും ആക്രമണങ്ങളും വിവേചനങ്ങളും നേരിടേണ്ടി വരുന്നു എന്നത് ലിംഗസമത്വത്തെ ഒരു പുതിയ ഭാവത്തിലേക്ക് മാറ്റിയിരിക്കുന്നു. കുട്ടികളുടെ പ്രശ്നങ്ങൾ ഗർഭാവസ്ഥയിൽ യുവമാതാക്കളുടെ അനാരോഗ്യത്തിൽ നിന്ന് തുടങ്ങി സമ്പൂർണമാകാത്ത രോഗപ്രതിരോധം, ചികിത്സാ സൗകര്യങ്ങളിലെ കുറവ്, വൃത്തിഹീനമായ പരിസരം, ശാരീരികവും മാനസികവുമായ വികസനത്തിന് അനുയോജ്യമായ ചുറ്റുപാടുകളുടെ അഭാവം എന്നിവയിലൂടെ തുടരുകയും ചെയ്യുന്നു. ഇതിന്റെ ഫലമായി തലമുറകൾ തോറും ഇല്ലായ്മകൾ ഒരു വിഷമ വൃത്താവസ്ഥയിൽ തുടരും. ഇത് നമ്മുടെ ജില്ലയിൽ ബാല സംരക്ഷണത്തിൽ ഉയർന്ന ശ്രദ്ധയും പരിഗണനയും ആവശ്യമാക്കുന്നു.

ഈ ദുരവസ്ഥ കുട്ടികളുടെ അവകാശ പരിപാലനത്തിന് വേണ്ടിയുള്ള കരുത്തുറ്റ വ്യവസ്ഥയുടെ ആവശ്യകത സൂചിപ്പിക്കുന്നു. കുട്ടികളുടെ വികസനത്തിന് വേണ്ടിയുള്ള എല്ലാ പ്രധാനപ്പെട്ട സ്ഥാപനങ്ങളും കൈകാര്യം ചെയ്യുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളാണ്. വികേന്ദ്രീകരണ സംവിധാനം വഴി സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ നിർവ്വഹണം പ്രാദേശിക സാഹചര്യങ്ങൾക്കനുസരിച്ച് മാറ്റം വരുത്തുന്നതിനും സാഹചര്യമൊരുക്കിയിട്ടുണ്ട്. അതത് പ്രദേശത്തെ കുട്ടികളുടെ സവിശേഷമായ ആവശ്യങ്ങൾക്ക് അനുസൃതമായി പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കണം. എല്ലാ പ്രവർത്തനങ്ങളിലും ഫണ്ടുകളുടെ അഭാവവും പോരായ്മയുമല്ല മറിച്ച് ബാലസൗഹൃദ പ്രവർത്തനങ്ങൾക്കുള്ള മാർഗനിർദ്ദേശത്തിന്റെ കുറവാണ് കുട്ടികളുടെ വികസനത്തിന് വിഘാതമായി നിൽക്കുന്നത് എന്നാണ് പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. അതിലേക്കാണ് ഈ വികസന പരിപ്രേക്ഷ്യത്തിന്റെ പ്രാധാന്യം ഉണ്ടാക്കുന്നത്. മലപ്പുറം ജില്ലയിലെ കുട്ടികളുടെ നിലവിലെ അവസ്ഥ പരിശോധിക്കുകയും ബാല

കേന്ദ്രീകൃതമായ വികസനനയം ഓരോ തദ്ദേശ ഭരണ സ്ഥാപനങ്ങളും ഉണ്ടാക്കിയെടുക്കുകയും വേണം. കുട്ടികൾക്കായുള്ള വികസന നയം രൂപീകരിക്കുന്നതിനാവശ്യമായ ചിന്തകൾ ഈ ദർശനരേഖ മുന്നോട്ട് വയ്ക്കുന്നു. ആഗോളതലത്തിൽ രൂപപ്പെട്ടിട്ടുള്ള ബാല സൗഹൃദ ഭരണം എന്ന സമീപനം കർമ്മപഥത്തിൽ എത്തിക്കുവാനും കുട്ടികളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനാവശ്യമായ കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്യുവാനും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് മാർഗനിർദ്ദേശം നൽകുന്നു ഈ പരിപ്രേക്ഷ്യം.

പട്ടിക 4.4.3.11 : കുട്ടികളുടെ നിലവിലെ അവസ്ഥ

ജനസംഖ്യ-0-6

	ആകെ	ആൺ	പെൺ
	574041	292132	281909
ഗ്രാമം	32051	162918	157133
നഗരം	253990	129214	124776

അവലംബം -ജനസംഖ്യ (2011 സെൻസസ്)

അടിസ്ഥാനത്തിൽ(അനുപാതം പെൺ ആൺ)

ബ്ലോക്ക്	ആകെ ആളുകളുടെ എണ്ണം	ആൺ	പെൺ	അനുപാതം	
അരീക്കോട്	35765	18055	17710	981	1025
കൊണ്ടോട്ടി	15187	7672	7515	980	1052
വണ്ടൂർ	51024	25902	25122	970	1086
മലപ്പുറം	18569	9457	9112	964	1081
നിലമ്പൂർ	41831	21178	20653	975	1101
പെരിന്തൽമണ്ണ	31125	16010	15115	944	1097
മങ്കട	35071	17981	17090	950	1114
താനൂർ	28928	14802	14126	954	1132
കുറ്റിപ്പുറം	16469	8568	7901	922	1106
തിരൂർ	17027	8646	8381	969	1138
തിരൂരങ്ങാടി	8186	4066	4120	1013	1089
വേങ്ങര					0
പൊന്നാനി	8803	4434	4369	985	1108
പെരുമ്പടപ്പ്	12066	6147	5919	963	1192
ആകെ	320051	162918	157133	964	1096

അവലംബം: വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് 2011

നമ്പർ	മലപ്പുറം		കേരളം	
	ഗ്രാമം	നഗരം	ഗ്രാമം	നഗരം
ആകെ ജനിച്ച ജന്മസ്ഥലം	35238	56950	182568	333445
	92188		516013	
മൊത്തം മരണം	14050	5797	162941	89635
	19837		252576	
ശിശു ജനനം	135	83	853	1609

മൊത്തം	318		3050	
ഇപ്പോഴും ജനനം	135	83	853	1609
മൊത്തം	218		2462	
അമ്മയുടെ മരണം	9	7	46	41
ആകെ	16		87	

അവലംബം: വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് 2015

റേറ്റ്	മലപ്പുറം		കേരളം	
	ഗ്രാമം	നഗരം	ഗ്രാമം	നഗരം
ആകെ ജനിച്ച ജന്മസ്ഥലം	9.13	12.04	6.56	53.22
	21.28		15.13	
മൊത്തം മരണം	3.64	12.24	5.85	14.31
	4.58		7.40	
ശിശു ജനനം മൊത്തം	4.57	2.76	5.60	6.08
	3.45		5.91	
ഇപ്പോഴും ജനനം മൊത്തം	3.82	1.46	4.65	4.80
	2.36		4.75	
അമ്മയുടെ മരണം ആകെ	0.25	0.12	0.25	0.12
	0.17		0.17	

അവലംബം: വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് 2015

ജനസംഖ്യാപരമായ വിശദാംശങ്ങൾ

- കുട്ടികളുടെ ജനസംഖ്യ – 574041
- ശിശു ജനസംഖ്യയിലെ ദശകത്തിന്റെ വളർച്ച – 0.23
- പ്രായ വിഭാഗത്തിലെ കുട്ടികളുടെ എണ്ണം (0–6) – 13.45
- പുരുഷൻ – 14.38
- സ്ത്രീ – 12.60

അവലംബം: വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് 2015

പട്ടിക 4.4.3.12 : Nutritional Status(0–6)

കുട്ടികളുടെ ജനസംഖ്യ	574041
ആകെ കുട്ടികൾ	231263
സാധാരണ	177941
ഭാരക്കുറവുള്ള കുട്ടികൾ	51544
ഭാരക്കൂടുതൽ ഉള്ള കുട്ടികൾ	1778

അവലംബം: വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് 2015

പട്ടിക 4.4.3.13 : അംഗനവാടി സ്റ്റാറ്റസ്

വിശദാംശങ്ങൾ	നമ്പർ
ആകെ അഗനവാടികൾ	
സ്വന്തം കെട്ടിടം	3808
പൊതു കെട്ടിടം	2741
വാടക കെട്ടിടം	120
പ്രീ സ്കൂൾകുട്ടികളുടെ എണ്ണം	1067

വിശദാംശങ്ങൾ	നമ്പർ
ആകെ അഗനവാടികൾ	
പെൺകുട്ടികൾ	32769
ആൺകുട്ടികൾ	16585
3-6 വയസ്സ് കുട്ടികളുടെ എണ്ണം	16184

അവലംബം: വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് 2015

കുറഞ്ഞു വരുന്ന ലിംഗാനുപാതം

ജില്ലയിലെ 15 ബ്ലോക്കുകളിൽ തിരുരങ്ങാടി ബ്ലോക്കിൽ മാത്രമാണ് ലിംഗാനുപാതം സാധാരണനിലയിൽ ഉള്ളത്. ബാക്കി എല്ലാ ബ്ലോക്കുകളിലും ലിംഗാനുപാതം വളരെ കുറഞ്ഞനിലയിലാണ്.

ശിശുമരണ നിരക്ക്

2015 ലെ കണക്കുകൾ പ്രകാരം മലപ്പുറം ജില്ലയിലെ ശിശുമരണനിരക്ക് 3.45 ആണ്. ഇത് സംസ്ഥാന ശരാശരിയേക്കാൾ മെച്ചപ്പെട്ടതാണ്. ഗ്രാമപ്രദേശങ്ങളിൽ 4.57 ഉം നഗരങ്ങളിൽ 2.76 ഉം ആണ് ശിശുമരണനിരക്ക്.

മാതൃ മരണനിരക്ക്

മലപ്പുറം ജില്ലയിൽ 100,000 പ്രസവം നടക്കുമ്പോൾ 34 മാതൃമരണങ്ങൾ ഉണ്ടാകുന്നു എന്നാണ് 2013-14 ഏറ്റവും പുതിയ പഠനങ്ങൾ സൂചിപ്പിക്കുന്നത്.

പോഷണ നിലവാരം

ജില്ലയിലെ കുട്ടികൾക്കിടയിൽ പോഷകാഹാരക്കുറവ് 23% മാണ്. ഇത് 6 വയസുവരെ മാത്രമുള്ള കുട്ടികളുടെ കണക്കാണിത്. ബാക്കിയുള്ളവ ലഭ്യമല്ല. കൗമാര പ്രായക്കാരിൽ വിളർച്ചയും പോഷകാഹാരക്കുറവും പ്രകടമാണ്. വളർച്ചയുടെ പ്രധാന ഘട്ടങ്ങളായ 0-6 വയസുവരെയും കൗമാര കാലഘട്ടത്തിലും ഉണ്ടാകുന്ന പോഷകാഹാരക്കുറവ് പരിഹരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

ശുചിത്വം, ശുദ്ധജല ലഭ്യത

ശുദ്ധമായ കുടിവെള്ളം, കൈകഴുകുവാനുള്ള സൗകര്യം, വൃത്തിയുള്ള ശൗചാലയങ്ങൾ, മാലിന്യ സംസ്കരണ സൗകര്യം എന്നിവയുടെ അഭാവം കുട്ടികൾ നേരിടുന്ന പ്രധാന പ്രശ്നമാണ്.

പ്രതിരോധ കുത്തിവയ്പ്പുകൾ

പ്രതിരോധ കുത്തിവയ്പ്പുകൾ എല്ലാ കുട്ടികൾക്കും നൽകുന്നതിന് കഴിഞ്ഞിട്ടില്ല. പ്രതിരോധ കുത്തിവയ്പ്പ് കൊണ്ട് ഒഴിവാക്കാൻ കഴിയുന്ന രോഗങ്ങൾ ജില്ലയിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. കുട്ടികളുടെ മരണം പോലും സംഭവിക്കുന്ന അവസ്ഥ ജില്ലയിൽ നിലനിൽക്കുന്നു.

അങ്കണവാടികൾ

ജില്ലയിൽ 3808 അങ്കണവാടികൾ പ്രവർത്തിക്കുന്നു. അതിൽ 71.9% അങ്കണവാടികൾ സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 3.15% പൊതുകെട്ടിടങ്ങളിലും സ്കൂളുകളിലും

പ്രവർത്തിക്കുന്നു. 3-6 വയസിലുള്ള കുട്ടികളിൽ 5.70% മാത്രമാണ് അങ്കണവാടികളിലെത്തുന്നത്. മുഴുവൻ അങ്കണവാടികളും വൈദ്യുതീകരിച്ചിട്ടില്ല.

കുട്ടികളെ പരിപാലിക്കുന്ന സ്വകാര്യസ്ഥാപനങ്ങൾ

ജില്ലയിൽ നിലവിൽ പ്രവത്തിക്കുന്ന ഡേ കെയറുകൾ, പ്ലേ സ്കൂളുകൾ എന്നിവയുടെ എണ്ണം അവയുടെ രജിസ്ട്രേഷൻ എന്നിവ ലഭ്യമല്ല. കുട്ടികളെ കൈകാര്യം ചെയ്യുന്നവരുടെ അറിവും വിദ്യാഭ്യാസ യോഗ്യതയും പ്രവർത്തി പരിചയവും ലഭ്യമാക്കേണ്ടതാണ്. ഇത്തരം സ്ഥാപനങ്ങളുടെ നിയന്ത്രണം ഒരു വകുപ്പിനും ഇല്ല.

സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം. കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ശൗചാലയങ്ങൾ ലഭ്യമല്ല. സാനിറ്ററി പാഡുകൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് സംവിധാനമില്ലാത്തത് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളും പരിസ്ഥിതി പ്രശ്നങ്ങൾക്കും ഇടയാക്കുന്നുണ്ട്. 14 വയസുവരെ നിർബന്ധിത വിദ്യാഭ്യാസം ഉറപ്പാക്കിയിട്ടുണ്ടെങ്കിലും മലയോര മേഖലകളിലും മറ്റും കൊഴിഞ്ഞുപോക്ക് ഇപ്പോഴും ഉള്ളതായി കാണുന്നു. സ്കൂളുകളിൽ തടസവിമുക്ത സംവിധാനമില്ലാത്തത് ചലനവൈകല്യമുള്ള വിദ്യാർത്ഥികളുടെ പഠനം തടസപ്പെടുത്തുന്നു.

പട്ടിക 4.4.3.14 : കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമ കേസുകൾ

കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമത്തിനെതിരെ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം	വർഷം			
	2014	2015	2016	2017
	117	182	244	168 (സെപ്തംബർ വരെ)

അവലംബം: ഡി.സി.ആർ.ബി, മലപ്പുറം

പട്ടിക 4.4.3.15 : ബാലസംരക്ഷണ കമ്മറ്റികൾ

ജില്ലാതല കമ്മറ്റി ബ്ലോക്ക്തല കമ്മറ്റി	എണ്ണം	രൂപീകരിച്ചവ	റിമാർക്സ്
	1	1	ഓരോ മൂന്നു മാസത്തിലും കമ്മറ്റി കൂടുന്നു
പഞ്ചായത്ത് കമ്മറ്റികൾ	15	15	"
ജില്ലാതല കമ്മറ്റി	94	84	"

അവലംബം: ജില്ലാ ശിശുസംരക്ഷണ യൂണിറ്റ്, മലപ്പുറം

ബാലവേലയിൽ ഏർപ്പെട്ടവർ

പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടില്ല എങ്കിൽ കൂടി ജില്ലയിലെ വിവിധ ഹോട്ടൽ, വ്യാപാര സ്ഥാപനങ്ങൾ എന്നിവയിൽ ബാലവേല ഏർപ്പെട്ടിരിക്കുന്ന കുട്ടികളെ കണ്ടെത്തി രക്ഷപ്പെടുത്തി വരുന്നു.

ഭിക്ഷാടനത്തിൽ ഏർപ്പെടുന്ന കുട്ടികൾ

കേരള സംസ്ഥാനത്തിലെ കുട്ടികൾ ജില്ലയിൽ ഭിക്ഷാടനത്തിൽ ഏർപ്പെടുന്നതായി കണ്ടെത്തിയിട്ടില്ല എങ്കിൽ കൂടി ഇതര സംസ്ഥാനത്തുനിന്നും എത്തിപ്പെട്ട് സ്വന്തം മാതാപിതാക്കളോടൊപ്പം ഭിക്ഷാടനത്തിൽ ഏർപ്പെട്ടിരുന്ന 10ൽ താഴെ കേസുകൾ 2016ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പട്ടിക 4.4.3.16 : ബാല സംരക്ഷണ സ്ഥാപനങ്ങൾ–(2017 നവംബർ വരെ)

ക്രമ നമ്പർ	വിവരം	എണ്ണം	ബാലനീതി നിയമ പ്രകാരം രജിസ്റ്റർ ചെയ്തവ
1	ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന കുട്ടികൾക്കായുള്ള അനാഥ മന്ദിരങ്ങൾ	135	1
2	ഗവണ്മെന്റ് ചിൽഡ്രൻസ് ഹോം (ആൺകുട്ടികൾക്കായി)	1	1
3	6 വയസ്സിനു താഴെയുള്ള കുട്ടികളെ താമസിപ്പിക്കുന്നതിനുള്ള ഫോസ്റ്റിംഗ് ഹോമുകൾ	2	2

അവലംബം: ജില്ലാ ശിശുസംരക്ഷണ യൂണിറ്റ്, മലപ്പുറം

ലഹരി ഉപയോഗിക്കുന്ന കുട്ടികൾ

ജില്ലയിൽ വിവിധ സ്ഥലങ്ങളിൽ പ്രത്യേകിച്ച് ടൗണുകൾ കേന്ദ്രീകരിച്ച് വിവിധ സ്ഥലങ്ങളിൽ ലഹരിയുമായി ബന്ധപ്പെട്ട് കേസുകൾ റിപ്പോർട്ട ചെയ്തിട്ടുണ്ട് എങ്കിലും എത്ര കുട്ടികൾ ലഹരി ഉപയോഗിക്കുന്നു എന്ന കൃത്യമായ വിവരം ലഭ്യമല്ല.

പഠിക്കാൻ സമർത്ഥരെങ്കിലും സാമ്പത്തിക ബുദ്ധിമുട്ട കാരണം പഠനം തുടരാൻ സാധിക്കാത്തവർ

ഇത്തരം വിഭാഗത്തിൽപ്പെട്ട 24 കുട്ടികളെ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് കണ്ടെത്തി സ്പോൺസർഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായം നൽകിവരുന്നു.

കേസിൽപ്പെട്ട കുട്ടികൾ/നിലവിലുള്ള നിയമങ്ങൾക്കെതിരെ പ്രവർത്തിച്ച കുട്ടികൾ

ജില്ലയിലെ ജുവനൈൽ ജസ്റ്റിസ് ബോർഡിനു കീഴിൽ 87 കേസുകൾ നിലവിൽ പരിഗണനയിലാണ്. 18 വയസ്സിന് താഴെയുള്ള കുട്ടികൾ ഉൾപ്പെടെ എല്ലാ കേസുകളും പരിഗണിക്കുന്നത് ജുവനൈൽ ജസ്റ്റിസ് ബോർഡാണ്.

അവിവാഹിത അമ്മമാരുടെ കുട്ടികൾ

ജില്ലയിലെ ഇത്തരം വിഭാഗത്തിൽപ്പെടുന്ന 10 കുട്ടികൾ അഡോപ്ഷൻ നടപടികൾ സ്വീകരിക്കുന്നതിനായി നിലവിലുണ്ട്.

മാതാപിതാക്കളുടെ ശ്രദ്ധയോ പരിചരണമോ ലഭിക്കാത്ത വിഭാഗം കുട്ടികൾ

നിലവിൽ ഇത്തരം കുട്ടികളുമായി ബന്ധപ്പെട്ട് മലപ്പുറം ചൈൽഡ് വെൽഫയർ കമ്മറ്റിയുടെ പരിഗണനയിൽ കേസുകൾ നിലവിലുണ്ട്. ജില്ലയിലെ ഓർഫനേജുകളിൽ പ്രത്യേക പരിഗണനയും പരിരക്ഷയും അർഹിക്കുന്ന 45000ൽ അധികം കുട്ടികൾ വിവിധ ഓർഫനേജുകളിൽ താമസിച്ചു വരുന്നു. അഡോപ്ഷൻ/ഫോസ്റ്റർ കെയർ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾ അഡോപ്ഷൻ/ഫോസ്റ്റർ കെയറിൽ 13 കുട്ടികൾ നിലവിലുണ്ട്

കുട്ടികൾക്കായുള്ള കൗൺസലിംഗ് സെൻറുകൾ

ജില്ലയിലെ ഹയർ സെക്കണ്ടറി ഉൾപ്പെടുന്ന ഹൈസ്കൂളുകളിൽ 53 കൗൺസിലർമാർ നിലവിലുണ്ട്. കൂടാതെ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിൽ രണ്ടു കൗൺസിലർമാരും, ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തിലുള്ള സ്ഥാപനങ്ങൾക്കായി മൂന്നു കൗൺസിലർമാരും കൗൺസലിംഗ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. ചൈൽഡ് ലൈനിൽ ഒരു കൗൺസിലറും ഫോണ്ടലിംഗ് ഹോമുകളിൽ 2 കൗൺസിലർമാരും പ്രവർത്തിച്ചു വരുന്നു. പ്രൈവറ്റ് മേഖലയിൽ മറ്റു കൗൺസിലർമാരുടെ സേവനവും ലഭ്യമാണ്.

പട്ടിക 4.4.3.17 : ജില്ലയിൽ ബാല വിവാഹവുമായി ബന്ധപ്പെട്ട പരാതികൾ

ബാല വിവാഹവുമായി ബന്ധപ്പെട്ട് ആകെ പരാതികൾ	എണ്ണം		
	2015	2016	2017 (ജൂലൈ വരെ)
	102	120	130

അവലംബം: ജില്ലാ ശിശുസംരക്ഷണ യൂണിറ്റ് മലപ്പുറം

ദീർഘകാല പരിപ്രേക്ഷ്യം:

കുട്ടികളുടെ ക്ഷേമപദ്ധതികൾ ആവിഷ്കരിക്കുമ്പോൾ അങ്കണവാടികളും സ്കൂളുകളും മാത്രം കേന്ദ്രീകരിക്കുന്ന വീക്ഷണമാണ് തദ്ദേശസ്ഥാപനങ്ങളിൽ പൊതുവേ കണ്ടുവരുന്നത്. അങ്കണവാടി/നഴ്സറികളിലെത്തുന്നതിനു മുമ്പുള്ള പ്രായക്കാരും, 18 ന് താഴെയുള്ള മുഴുവൻ കുട്ടികളും വിദ്യാലയങ്ങളിൽ നിന്നും കൊഴിഞ്ഞുപോയവരും, അനാഥാലയങ്ങളിൽ കഴിയുന്നവരും പീഢനത്തിന് ഇരയായവരും മറ്റുമടങ്ങുന്ന മുഴുവൻ വിഭാഗങ്ങളെയും ഉൾക്കൊണ്ടുകൊണ്ട് വികസന കാഴ്ചപ്പാടുകൾ രൂപീകരിക്കാൻ തദ്ദേശ സ്ഥാപനങ്ങളെ പ്രാപ്തമാക്കലുമാണ് ഹ്രസ്വകാല ലക്ഷ്യമായി കാണേണ്ടത്. ക്രമേണ കുട്ടികളുടെ മേഖലയിലെ പ്രശ്നങ്ങൾ ഗൗരവ പൂർവ്വം വീക്ഷിച്ച് തത്സമയ പരിഹാരം കാണാൻ സുശക്തമായ ബാലസൗഹൃദ തദ്ദേശ സ്ഥാപനങ്ങളും സംസ്ഥാനവുമാണ് ഈ മേഖല വിഭാവനം ചെയ്യുന്ന പരിപ്രേക്ഷ്യം.

ട്രാൻസ്ജെൻഡർ

ജന്മനാ ഉണ്ടായിരുന്ന ലിംഗാവസ്ഥയിൽ നിന്ന് വ്യതിയാനം പ്രകടിപ്പിക്കുന്ന അഥവാ അതിൽ നിന്നും വിഭിന്നമായ ലിംഗ വ്യക്തിത്വം, സ്വഭാവം എന്നിവ പ്രകടിപ്പിക്കുന്നവരെ പൊതുവായി ട്രാൻസ്ജെൻഡർ എന്ന് വിശേഷിപ്പിക്കുന്നു. സമൂഹത്തിന്റെ പരിഹാസവും വിവേചനവും, ഒറ്റപ്പെടുത്തലും ഒഴിവാക്കലും മൂലം ഉൾവലിഞ്ഞ് ജീവിക്കേണ്ടിവരുന്ന ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുകയും സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തരാക്കുകയുമാണ് ഇവർക്കായുള്ള ദർശന രേഖയുടെ അടിസ്ഥാനം.

ബഹു സുപ്രീം കോടതിയുടെ 19-04-2014 ലെ സുപ്രധാനമായ ഉത്തരവിനെ തുടർന്ന് കേരള സർക്കാർ ട്രാൻസ്ജെൻഡറുകാരെ സംബന്ധിക്കുന്ന സ്ഥിതി വിവര കണക്കുകൾ ശേഖരിക്കാൻ സംഗമ എന്ന സന്നദ്ധ സംഘടനയെ ചുമതലപ്പെടുത്തുകയും സർവെ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ട ആളുകൾ സമൂഹത്തിൽ നിന്നുള്ള ഒറ്റപ്പെടുത്തലുകൾ ഭയന്ന് സ്വയം തിരിച്ചറിയപ്പെടാൻ ഇഷ്ടപ്പെടാത്തവരാണ്. അതുകൊണ്ട് ആദ്യ സംരംഭമായതിനാൽ മുഴുവൻ ആളുകളേയും സർവ്വേയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ജില്ലയിൽ 300 പേർ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. അതിൽ കുറെയധികം പേർ പ്രാദേശികമായ എതിർപ്പും കുടുംബാഗങ്ങളിൽ നിന്നുള്ള ഒറ്റപ്പെടലും മൂലം നാട്ടിൽ നിന്ന് പുറത്താക്കപ്പെട്ടിരിക്കുകയാണ്. സ്ഥിതി വിവര കണക്കുകൾ പൂർണ്ണമായി ലഭ്യമല്ലാത്തതിനാൽ ഫോക്കസ് ഗ്രൂപ്പ് ചർച്ച നടത്തുകയും അതിൽ നിന്ന് ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ യുക്തി പൂർവ്വമായ നിഗമനങ്ങളിൽ എത്തിച്ചേരുകയുമാണ് ചെയ്തിട്ടുള്ളത്.

സാമൂഹ്യ സുരക്ഷിതത്വവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജില്ലയിൽ ഉടനീളം സമാനമായി തന്നെ നിലനിൽക്കുന്നു. നേരിയ ഒരു വ്യത്യാസം ട്രാൻസ്ജെൻഡർ വിഭാഗക്കാർ കൂടുതലായി ഒത്തുചേരുന്നത് പെരിന്തൽമണ്ണ, തിരൂർ നഗരപ്രദേശങ്ങളിലാണ് എന്നത് മാത്രമാണ്. ഇതിന്റെ യഥാർത്ഥ കാരണങ്ങളെ കുറിച്ച് വിശദാന്വേഷണം നടത്തി കണ്ടെത്തേണ്ടതുണ്ട്. എന്നാൽ ട്രാൻസ്ജെൻഡർ ജനസംഖ്യ ഈ പ്രദേശങ്ങളിൽ കൂടുതലില്ല. ആയതിനാൽ സ്ഥലപരിഗണനകൾ സാമൂഹ്യ സുരക്ഷിതത്വ മേഖലയെ സംബന്ധിച്ചിടത്തോളം പ്രസക്തമാവുന്നില്ല.

ജില്ലയുടെ സംസ്ഥാന- കേന്ദ്രവിഷ്കൃത പദ്ധതികളുടെ വിശദാംശങ്ങളും വിശകലനവും നിർദ്ദേശങ്ങളുമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഉത്പാദനം, സേവനം, പശ്ചാത്തലം, പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ എന്നീ 4 മേഖലകളിലായി 21 ഉപമേഖലകളുടെ 2016-17 വാർഷിക പദ്ധതി പ്രോജക്ടുകളാണ് വിലയിരുത്തിയിട്ടുള്ളത്. സംസ്ഥാന-കേന്ദ്രവിഷ്കൃത പദ്ധതികൾ, 'പ്ലാൻ സ്പേസ്' എന്ന സോഫ്റ്റ് വെയർ മുഖേന ശേഖരിക്കുകയും സംഗ്രഹിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ കേന്ദ്ര സംസ്ഥാന പദ്ധതി പ്രവർത്തനങ്ങളുടെ അവലോകനം എല്ലാ മാസവും ജില്ലാ വികസന സമിതി മുഖേനയും ത്രൈമാസകാലയളവിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അവലോകനം 'ദിശ' യോഗം മുഖേനയും ജില്ലയിൽ നടപ്പിലാക്കുന്നുണ്ട്.

5.1 നീർത്തടാധിഷ്ഠിത വികസനം (കൃഷി , മണ്ണ്-ജല സംരക്ഷണം , മണ്ണ് പര്യവേഷണം ജലസേചനം)

5.1.1 കൃഷി

മലപ്പുറം ജില്ലയിൽ 2016-17 വർഷത്തിൽ വിവിധ കാർഷിക വികസന കർഷക ക്ഷേമ പരിപാടികൾക്കായി പദ്ധതിയിനത്തിൽ 21.37 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 17.08 കോടി രൂപയും വിനിയോഗിച്ചു. മുഖ്യമായും നെല്ല്, പച്ചക്കറി, തെങ്ങ്, സുഗന്ധവിളകൾ എന്നിവയുടെ വികസനവും കൃഷി വിജ്ഞാന വ്യാപനം, കാർഷിക സേവനങ്ങൾ, സോയിൽ ഹെൽത്ത് പരിപാലനം, കാർഷികോൽപ്പന്ന വിപണനം, ജൈവ കൃഷി എന്നിവയുടെ പരിപോഷണവും കാർഷിക വൃത്തിയിലേർപ്പെട്ടിരുന്നവരുടെ ജീവിത സായാഹ്ന സുരക്ഷിതത്വവുമാണ് പരിപാടികളിലൂടെ നടപ്പാക്കാൻ ലക്ഷ്യമിട്ടിരുന്നത്.

പരിപാടികൾ പൂർത്തീകരിച്ച കഴിഞ്ഞപ്പോൾ 5893 ഹെക്ടർ വയലുകളിൽ നെൽകൃഷിക്ക് പദ്ധതി പ്രോത്സാഹനം നൽകുന്നതിനും, 310 ഹെക്ടറിൽ തരിശുനില കൃഷിയും, 219 ഹെക്ടറിൽ കരനെൽകൃഷിയും നടപ്പാക്കുന്നതിനും സാധിക്കുകയുണ്ടായി. പദ്ധതി വിഹിതങ്ങളിൽ നിന്ന് 451.21 ലക്ഷം രൂപയുടെ ധനസഹായം കർഷകർക്ക് ലഭ്യമാക്കാനും സാധിക്കുകയുണ്ടായി. പച്ചക്കറി കൃഷി 3910 ഹെക്ടറിൽ വ്യാപിപ്പിച്ചതിലൂടെ 54,138 ടൺ അധിക ഉത്പ്പാദനം കൈവരിക്കുന്നതിന് അവസരമൊരുങ്ങി. ഈ ഇനത്തിൽ സംസ്ഥാന പദ്ധതി വിഹിതമായി 410.57 ലക്ഷം രൂപയും, കേന്ദ്ര സഹായമായി 247.5 ലക്ഷം രൂപയും വിനിയോഗിക്കുകയുണ്ടായി.

തെരഞ്ഞെടുക്കപ്പെട്ട 3 കേരഗ്രാമങ്ങളിലായി 1500 ഹെക്ടർ പ്രദേശത്തെ കേര കൃഷിക്ക് സമഗ്ര പരിചരണം നൽകുന്നതിന് 358.54 ലക്ഷം രൂപയുടെ പദ്ധതി വിഹിതം വിനിയോഗിച്ചപ്പോൾ 7418 കർഷകർക്ക് കൃഷിയിടങ്ങളിൽ മെച്ചപ്പെട്ട പരിചരണം നൽകുന്നതിന് സാധിക്കുകയുണ്ടായി. ആയതിന്റെ ഗുണഫലങ്ങൾ വരും വർഷങ്ങളിൽ കർഷകർക്ക് ലഭിക്കുമെന്ന കാര്യം ഉറപ്പാണ്.

ഹെക്ടറൊന്നിന് 20,000 രൂപ വീതം വിനിയോഗിച്ച് 75 ഹെക്ടർ വിസ്തൃതിയിൽ പുതുതായി കുരുമുളക് കൃഷി വ്യാപിപ്പിക്കുന്നതിനും പോയ വർഷം സാധിക്കുകയുണ്ടായി.

കൃഷിക്കാവശ്യമായ സകല സേവനങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ട് സ്ഥാപിക്കപ്പെട്ട കാർഷിക സേവന കേന്ദ്രങ്ങൾ കർമ്മ നിരതമാക്കുന്നതിനും കാർഷിക കർമ്മ സേനകളെ പ്രവർത്തന സജ്ജമാക്കി നിലനിർത്തുന്നതിനും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കുമായി വിനിയോഗിച്ച 4.24 ലക്ഷം രൂപ ലക്ഷ്യ സാക്ഷാൽക്കാരത്തിന് ഉതകുംവിധം തന്നെയാണ് വിനിയോഗിച്ചിട്ടുള്ളത്. മണ്ണ് ആരോഗ്യ പരിപാലനം, മാർക്കറ്റിംഗ് വികസനം, ജൈവ കൃഷി പരിപോഷണം, സർക്കാർ ഫാമുകളുടെ പരിപാലനവും വികസനവും വിത്തുകളുടെയും നടീൽ വസ്തുക്കളുടെയും ഉത്പാദനവും വിതരണവും തുടങ്ങിയ പ്രവർത്തനങ്ങൾ 2016–17 വർഷത്തിൽ ലക്ഷ്യമിട്ട പ്രകാരം തന്നെ നടപ്പാക്കാനായിട്ടുണ്ടെങ്കിലും കൂടുതൽ വിപുലീകരണം ആവശ്യമായ മേഖലകളാണ് ഇവയെല്ലാം.

മുകളിൽ ഉദ്ധരിച്ച പ്രവർത്തനങ്ങൾക്ക് പുറമെ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ നേതൃത്വത്തിൽ ടിഷ്യു കൾച്ചർ വാഴകൃഷി, പൈനാപ്പിൽ കൃഷി, പൂ കൃഷി തുടങ്ങിയ സംരംഭങ്ങളും ഹൈടെക് ഫാമിംഗ്, പ്ലാസ്റ്റിക് പുതയിടൽ, ഷേഡ് നെറ്റുകൾ, മഴമറകൾ തുടങ്ങിയ സംരംഭങ്ങളും ശ്രദ്ധേയമായ രീതിയിൽ നടപ്പാക്കുകയുണ്ടായിട്ടുണ്ട്. കാർഷിക വിജ്ഞാന വ്യാപനത്തിനായി അഗ്രിക്കൾച്ചറൽ ടെക്നോളജി മാനേജ്മെന്റ് ഏജൻസിയുടെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങൾ ശ്രദ്ധേയമായ നേട്ടം കൈവരിക്കുകയുണ്ടായിട്ടുണ്ട്. ഈ രണ്ട് പ്രവർത്തനങ്ങളും കേന്ദ്ര ധനസഹായം ഉപയോഗപ്പെടുത്തികൊണ്ടാണ് നടപ്പിലാക്കിയത്.

കർഷക ക്ഷേമ പ്രവർത്തനങ്ങളുടെ കൂട്ടത്തിൽ എടുത്ത് പറയേണ്ട സംഗതി കാർഷിക വൃത്തി മാത്രം ഉപജീവനമായി ഏറ്റെടുത്ത് ജീവിത സായാഹ്നത്തിലേക്ക് നടന്നെത്തിയ 32631 മുതിർന്ന പൗരൻമാർക്ക് അവരുടെ സായാഹ്നം പ്രഭാപൂരിതമാക്കി മാറ്റുന്നതിന് ഉതകും വിധം വിതരണം ചെയ്ത കർഷക പെൻഷൻ പദ്ധതിയാണ്. 1237.62 ലക്ഷം രൂപയാണ് ആദരണീയരായ ഈ പൗരൻമാരുടെ സുരക്ഷിതത്വത്തിനായി കഴിഞ്ഞ വർഷം വിനിയോഗിച്ചിട്ടുള്ളത്.

2017–18 വർഷത്തിലും സുഗമമായ പ്രവർത്തനങ്ങൾ കൂടുതൽ ജാഗ്രതയോടെ നടത്തിവരികയാണ്. 2118.22 ലക്ഷം രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്. കർഷകക്ഷേമ പെൻഷന് അർഹരായി തെരഞ്ഞെടുക്കപ്പെട്ടവർക്കെല്ലാം പ്രതിമാസ പെൻഷൻ നൽകി വരുന്നുണ്ട്.

2016–17,2017–18 വർഷങ്ങളിലെ പ്രവർത്തനങ്ങൾ മൊത്തത്തിൽ വിശകലനം ചെയ്താൽ മേൽ പദ്ധതികൾ കാർഷിക മേഖലയിൽ ചെറുതല്ലാത്ത നേട്ടങ്ങൾക്ക് വഴിയൊരുക്കിയിട്ടുണ്ട്. എന്നിരുന്നാലും ഈ പ്രവർത്തനങ്ങൾ കൂടുതൽ വിപുലപ്പെടുത്തുകയും വ്യാപിപ്പിക്കുകയും സമഗ്രമാക്കുകയും ചെയ്യേണ്ടത് ജില്ലയുടെ സമഗ്ര വികസനത്തിന് അനുപേക്ഷണീയമാണ്.

നെൽകൃഷിയുടെ കാര്യത്തിൽ ഒരുപൂവിള ഇരുപൂവിള– മുപ്പൂവിള എന്നീ രീതിയിൽ വ്യാപിപ്പിച്ചും, പരമാവധി തരിശു നിലങ്ങൾ പ്രയോജനപ്പെടുത്തിയും, കരനെൽകൃഷി വ്യാപകമായി ഏറ്റെടുത്തും, നിലവിലുള്ള മൊത്തം നെൽകൃഷി ഏരിയ 15,000 ഹെക്ടറെങ്കിലുമാക്കി വ്യാപിപ്പിക്കാൻ സാധ്യതകൾ ആരായേണ്ടതുണ്ട്. നെല്ലിന്റെ ശരാശരി ഉത്പ്പാദനക്ഷമത ഹെക്ടറിന് 4.0 ടൺ എന്നത് 5.0 ടൺ ആയി ഉയർത്തുന്നതിനും മുഖ്യ പഴവർഗ്ഗമായ നേന്ത്രവാഴയുടെ ഉത്പ്പാദനക്ഷമത 16 ടണ്ണിൽ നിന്ന് 25 ടണ്ണായി ഉയർത്തുന്നതിനും പച്ചക്കറിയുടെ ഉത്പ്പാദനക്ഷമത 15 ടണ്ണിൽ നിന്ന് 25 ടൺ ആക്കി മെച്ചപ്പെടുത്തുന്നതിനും വ്യക്തമായ പരിപ്രേക്ഷ്യം ആവശ്യമാണ്. ഉത്പ്പന്ന വിപണന സാധ്യതകൾ

മെച്ചപ്പെടുത്തുക വഴി മാത്രമേ കർഷകന്റെ വരുമാനവും ജീവിത നിലവാരവും മെച്ചപ്പെടുത്താൻ സാധിക്കുകയുള്ളൂ എന്നതിനാൽ വിപണന രംഗം പരിപോഷിപ്പിക്കുന്നതിനുള്ള പരിപാടികൾ വിഭാവനം ചെയ്യേണ്ടതുണ്ട്.

പട്ടിക 5.1.1 : സംസ്ഥാനാവിഷ്കൃത പദ്ധതികൾ				
ക്രമ നം.	സ്കീമിന്റെ പേര്	അലോട്ട്മെന്റ് (ലക്ഷം)	ചെലവ് (ലക്ഷം)	ചെലവ് (%)
1	കൃഷി ഫാമുകൾ	126.48	27.69	100.95
3	നാളികേര വികസനം	539.90	522.21	96.72
4	കൃഷി വ്യാപനം ശാക്തീകരിക്കൽ	235.85	231.62	98.20
5	വകുപ്പ്/പഞ്ചായത്ത്തല ഫീൽഡ് പ്രവർത്തനങ്ങൾക്കുള്ള പരിശീലന പരിപാടികൾ	1.00	0.94	93.60
6	ഡിപ്പാർട്ട്മെന്റ് ലബോറട്ടറികൾ നവീകരിക്കൽ	9.50	8.59	90.43
7	ജൈവകൃഷിയും വിഷരഹിത പച്ചക്കറി ഉൽപാദനവും	52.02	51.98	99.91
8	നെൽകൃഷി വികസനം	326.26	381.72	116.99
9	പച്ചക്കറി കൃഷി വികസനം	592.29	591.04	99.78
10	പയർ കിഴങ്ങ് വർഗ്ഗ വികസനം	20.00	20.00	100.00
11	സുഗന്ധവ്യഞ്ജനങ്ങളുടെ വികസനം	33.03	33.02	99.97
12	അഗ്രോ സർവ്വീസ് സെന്ററുകളും ഡെലിവറി സെന്ററുകളും	69.22	54.39	78.57
13	മണ്ണ് പരിപാലനവും ഉത്പാദനക്ഷമത വർദ്ധിപ്പിക്കലും	179.77	179.77	99.99
14	ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ്	107.47	89.06	82.86
15	പരമ്പരാഗത വിത്തു സംരക്ഷണവും വികസനവും	3.00	3.00	100.00
16	ധാന്യ വികസനം	5.00	5.00	100.00
17	ഫല,പുഷ്പ,ഔഷധ സസ്യ വികസനം	18.20	16.95	93.13
18	വിപണി വിപുലീകരണം	147.42	147.38	99.97
ആകെ		2466.42	2464.35	99.92

പട്ടിക 5.1.2 : കേന്ദ്രാവിഷ്കൃത പദ്ധതികൾ				
ക്രമ നം.	സ്കീമിന്റെ പേര്	അലോട്ട്മെന്റ് (ലക്ഷം)	ചെലവ് (ലക്ഷം)	ചെലവ് (%)
1	ഉന്നതി യോജനയും മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളും	72.00	58.64	81.45
ആകെ		72.00	58.64	81.45

അവലംബം : പ്ലാൻ സ്പേസ് സോഫ്റ്റ് വെയർ 2017-18

പട്ടിക 5.1.4 : കേന്ദ്രസംസ്ഥാന പദ്ധതികളുടെ അവലോകനം

വർഷം	ചെലവഴിച്ച പദ്ധതി തുക	ചെലവഴിച്ച പദ്ധതിയേതരതുക
2016-17	21.37 കോടി രൂപ	17.08 കോടി രൂപ
2017-18	21.18 കോടി രൂപ	52 കോടി രൂപ

അവലംബം പ്ലാൻ സ്പേസ് സോഫ്റ്റ് വെയർ.

പ്രധാന പദ്ധതികൾ

- സംയോജിത നെൽകൃഷി വികസനം
- പച്ചക്കറി കൃഷി വികസനം
- സമഗ്ര കേരവികസന പദ്ധതി
- വിള ആരോഗ്യ പരിപാലന പദ്ധതി
- മണ്ണ് ആരോഗ്യ പരിപാലന പദ്ധതി
- കൃഷി വിജ്ഞാന വ്യാപനം
- കാർഷിക ഉൽപന്ന വിപണനം
- ജൈവകൃഷി
- ഹോർട്ടികൾച്ചർ മിഷൻ പദ്ധതികൾ
- ആത്മ പദ്ധതികൾ
- കർഷക പെൻഷൻ
- വിള ഇൻഷൂറൻസ്

മേൽത്തട്ട് നിർദ്ദേശങ്ങൾ

- നെൽകൃഷി ചെയ്യുന്നതിനുള്ള ശരാശരി ചെലവ് ഒരു ഹെക്ടറിന് 75000 രൂപയോളം വരുന്നുണ്ട്. ത്രിതല പഞ്ചായത്തുകൾ വഴിയും കൃഷി വകുപ്പിന്റെ സഹായധനവുമായി ഹെക്ടറിന് ഏകദേശം 18500 രൂപ മാത്രമാണ് ഇപ്പോൾ നൽകിവരുന്നത്. കേന്ദ്ര പദ്ധതിയായി ഹെക്ടറിന് 4500 രൂപ നൽകി വന്നിരുന്നത് ഈ വർഷം മുതൽ ലഭിക്കുന്നില്ല. ഹെക്ടറിന് ഏകദേശം 35000 രൂപയെങ്കിലും ധനസഹായം നൽകിയെങ്കിൽ മാത്രമേ നെൽകൃഷി ഇപ്പോഴത്തെ സാഹചര്യത്തിൽ ലാഭകരമാക്കാൻ സാധിക്കുകയുള്ളൂ.
- തൊഴിലാളികളുടെ ലഭ്യതക്കുറവാണ് നെൽകൃഷി മേഖലയിലെ മറ്റൊരു പ്രധാന പ്രശ്നം. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ടവരെ നെൽകൃഷി മേഖലയിൽ ഞാറ് നടുന്നതിനും, കളനീക്കം ചെയ്യുന്നതിനും കൊയ്യുന്നതിനുമായി പ്രയോജനപ്പെടുത്താവുന്നതാണ്.
- അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഓരോ സീസണിലും തോടുകളും കനാലുകളും വൃത്തിയാക്കി ജല ലഭ്യത ഉറപ്പുവരുത്തേണ്ടതുണ്ട്.
- ഒരുപൂ കൃഷി ഇരുപൂ ആക്കുന്നതിനും, മൂപ്പു ആക്കുന്നതിനും സാധ്യതയുള്ള പഞ്ചായത്തുകളിൽ നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. കനാലുകൾ റിപ്പയർ ചെയ്യുക, പമ്പ്സെറ്റുകൾ മാറ്റി സ്ഥാപിക്കേണ്ടിടത്ത് പുതിയവ അനുവദിക്കുക, പുതിയ ലിഫ്റ്റ്

ഇറിഗേഷൻ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക എന്നിവക്ക് പരിഗണന നൽകേണ്ടതുണ്ട്.

- തരിശായി കിടക്കുന്ന നെൽവയലുകൾ പഞ്ചായത്ത് തലത്തിൽ ഏറ്റെടുത്ത് ഭൂമിയുടെ ഉടമസ്ഥാവകാശം നഷ്ടപ്പെടാത്ത വിധത്തിൽ കർഷകർക്ക് താൽക്കാലികമായി കൃഷി ചെയ്യാനുള്ള സംവിധാനം ഒരുക്കുകയാണെങ്കിൽ തരിശു ഭൂമികൾ കൃഷിയോഗ്യമാക്കാവുന്നതാണ്. ആയതിനുള്ള സാമ്പത്തിക സഹായം ത്രിതല പഞ്ചായത്തുകൾ വഴിയും സംസ്ഥാന സർക്കാർ വഴിയും ലഭ്യമാക്കേണ്ടതുമാണ്.
- പുഞ്ച കൃഷി ചെയ്യുന്ന നിലങ്ങളിലും കോൾ പാടങ്ങളിലും സോളാർ സിസ്റ്റം ഉപയോഗിച്ച് ജലസേചന സൗകര്യം മെച്ചപ്പെടുത്തേണ്ടതാണ്. രണ്ടാംവിള നെൽകൃഷിക്ക് ശേഷം നെൽപ്പാടങ്ങളിൽ പയർവർഗ്ഗ വിളകൾ, ചെറുധാന്യ വർഗങ്ങൾ, എള്ള് തുടങ്ങിയ കൃഷികൾ ചെയ്യുന്നതിനുള്ള പ്രോത്സാഹനം കർഷകർക്ക് നൽകേണ്ടതാണ്.
- കേരഗ്രാമം പദ്ധതി എല്ലാ പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കാവുന്നതാണ്. പ്രായമേറിയതും, രോഗബാധിതവും, ഉത്പ്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ വെട്ടിമാറ്റി പകരം അത്യുത്പാദനശേഷിയുള്ള പുതിയ ഇനം തെങ്ങിൻ തൈകൾ വെച്ചുപിടിപ്പിക്കേണ്ടതാണ്. പ്രായമേറിയ തോട്ടങ്ങളിൽ അടിത്തൈകൾ വെച്ചുപിടിപ്പിക്കുന്നതിനും, ജലസേചനത്തിനായി കിണർ, പമ്പ്സെറ്റ്, സൂക്ഷ്മ ജലസേചനം എന്നിവ വ്യാപകമാക്കുന്നതിനും പ്രോത്സാഹനം നൽകേണ്ടതാണ്. എല്ലാ പഞ്ചായത്തുകളിലും സ്ഥിരമായ പച്ചത്തേങ്ങ/കോപ്ര സംഭരണ പരിപാടികൾ നടപ്പിലാക്കണം. മൂല്യ വർധനവിനായി സംരംഭങ്ങൾ ആവിഷ്കരിക്കുകയും ആവശ്യമായ പരിശീലനപരിപാടികൾ സംഘടിപ്പിക്കുകയും വേണം. ഇടവിള കൃഷി പ്രോത്സാഹനത്തിനും മേൽത്തരം തൈകൾ ഉത്പ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ കൂടി ആവിഷ്കരിച്ച് നടപ്പിലാക്കണം.
- ആവശ്യമായ നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നതിനും ഇടവിളയായി ഔഷധ സസ്യ കൃഷി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കണം. ഉത്പ്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിനുള്ള സ്ഥിരം സംവിധാനം ഏർപ്പെടുത്തുകയും സംസ്കരണ സംവിധാനങ്ങൾ വ്യാപകമാക്കുകയും ചെയ്യണം.
- ആധുനിക-ശാസ്ത്രീയ കൃഷി രീതികളുടെ പ്രദർശനത്തോട്ടങ്ങളായി സർക്കാർ ഫാമുകളെ മാറ്റേണ്ടതുണ്ട്. ഇതിനാവശ്യമായ പരിശീലന പരിപാടികൾക്ക് ഫാമുകളിൽ സൗകര്യമേർപ്പെടുത്തണം. ഫാമുകളിലെ ജലസേചന സൗകര്യം വർദ്ധിപ്പിക്കുകയും അടിസ്ഥാന സൗകര്യ വികസനം, കാർഷിക യന്ത്രവൽക്കരണം എന്നിവ വിപുലീകരിക്കുകയും വേണം. നടീൽ വസ്തുക്കളുടെ ഗുണമേൻമ ഉറപ്പുവരുത്തുന്നതിനുവേണ്ടി കൃഷി ഫാമുകൾ, അംഗീകൃത നഴ്സറികൾ, കാർഷിക സർവ്വകലാശാല തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും മാത്രം നടീൽ വസ്തുക്കൾ വാങ്ങുന്നതിന് കർഷകരെ ബോധവൽകരിക്കേണ്ടതുണ്ട്.
- പച്ചക്കറി കൃഷി പദ്ധതികൾ ക്ലസ്റ്റർ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് 5 ഹെക്ടർ സ്ഥലത്ത് ഒരുമിച്ച് കൃഷി ചെയ്യണമെന്നാണ് നിലവിൽ നിഷ്കർഷിക്കുന്നത്. ഇത് പല സ്ഥലങ്ങളിലും പ്രായോഗികമല്ലാത്തതിനാൽ ഒരുമിച്ച് കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി ഒരു ഹെക്ടർ എങ്കിലുമായി കുറക്കേണ്ടതുണ്ട്.
- സീസൺ സമയത്ത് അമിതോത്പ്പാദനം മൂലം ഉത്പ്പന്നങ്ങൾ നശിക്കുന്ന അവസ്ഥ ഒഴിവാക്കുന്നതിനായി, കൃഷി ചെയ്യേണ്ട വിളകൾ ലക്ഷ്യബോധത്തോടെ മാത്രം തെരഞ്ഞെടുത്ത് മാർക്കറ്റ് ആവശ്യമനുസരിച്ച് വിള വിസ്തൃതി പരിമിതപ്പെടുത്തുന്നതിന്

കൃഷിഭവൻ തലത്തിൽ ആസൂത്രണം നടത്തേണ്ടതുണ്ട്. അധികമായി വരുന്നവ പഞ്ചായത്ത്– ബ്ലോക്ക്– ജില്ലാതല മാർക്കറ്റുകൾ മുഖേന സംഭരണം നടത്തുകയും വേണം.

- രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിതോപയോഗം തടയുന്നതിനും ജൈവകൃഷി രീതിയുടെ പ്രാമുഖ്യം മനസ്സിലാക്കുന്നതിനും ആവശ്യമായ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കണം. മൂല്യവർധിത ഉൽപ്പന്നങ്ങളുടെ ഉത്പാദനത്തിനും വിപണനത്തിനും ആവശ്യമായ പരിശീലനവും പ്രോത്സാഹനവും നൽകേണ്ടതുണ്ട്. എല്ലാ വീടുകളിലും ആധുനിക സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ച് സ്വയം പര്യാപ്തത ഉറപ്പ വരുത്തുന്ന വിധത്തിൽ പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിനുള്ള ബോധവത്ക്കരണവും പ്രോത്സാഹനവും നൽകുന്ന പദ്ധതികൾ ആവിഷ്കരിക്കുകയും വേണം.
- കർഷക പെൻഷൻ പദ്ധതി ജില്ലയിലെ മുഴുവൻ കർഷകർക്കും ലഭ്യമാകുന്ന വിധത്തിൽ വിപുലീകരിക്കണം. മറ്റ് ക്ഷേമ പെൻഷനുകൾ ഒന്നും ലഭിക്കാത്ത മുഴുവൻ കർഷകർക്കും കർഷക പെൻഷൻ ലഭ്യമാക്കണം. ഓരോ മാസവും കൃത്യമായി പെൻഷൻ ലഭിക്കുന്ന വിധത്തിൽ ഫണ്ട് ലഭ്യത ഉറപ്പുവരുത്തുകയും വേണം.
- വിള ഇൻഷൂറൻസ് പദ്ധതിയും എല്ലാ പ്രധാന വിളകൾക്കുമായി വ്യാപകമാക്കേണ്ടതുണ്ട്. പോളിസിക്ക് വേണ്ടി കർഷകർ നൽകുന്ന അപേക്ഷയും, പോളിസി വിതരണവും ഓൺ ലൈൻ ആക്കുന്നത് പദ്ധതി കൂടുതൽ സുഗമമായി നടപ്പിലാക്കുന്നതിന് സഹായകരമാവും. നഷ്ട പരിഹാര വിതരണവും കൂടുതൽ വേഗത്തിലാക്കേണ്ടതുണ്ട്.
- സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന നടപ്പിലാക്കുന്ന വാഴകൃഷി വ്യാപന പദ്ധതിക്ക് ജില്ലയിൽ കൂടുതൽ വിഹിതം അനുവദിക്കേണ്ടതുണ്ട്. കാർഷിക യന്ത്ര വത്കരണം, വെറ്റിലകൃഷി വ്യാപനം എന്നിവയും നടപ്പിലാക്കണം. എസ്.എച്ച്.എം. പദ്ധതികൾ, സുഗന്ധവിള പദ്ധതികൾ തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ഉത്തരേന്ത്യൻ കർഷകരുടെ കൃഷി രീതികൾക്കനുസൃതമായാണ് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. ഇവ കേരളത്തിന്റെ ഭൂപ്രകൃതിക്കനുസരിച്ചുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് നടപ്പിലാക്കേണ്ടതാണ്. സമയബന്ധിതമായി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കൃഷിക്കാർക്ക് യഥാസമയം അനുവദിച്ചിട്ടുള്ള സാമ്പത്തിക സഹായവും എത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കണം.
- ജില്ലയിൽ ആറ് മാർക്കറ്റ് നെറ്റ് റോഡുകൾ പ്രവർത്തിക്കുന്നുണ്ട്. അവയിൽ നിന്ന് ദിവസേന പ്രധാന മാർക്കറ്റുകളിലെ വില വിവരം ശേഖരിച്ച് മാർക്കറ്റ് സൈറ്റിൽ അപ്ലോഡ് ചെയ്ത് കർഷകർക്ക് വില വിവരം ലഭ്യമാക്കുന്നു. മാർക്കറ്റ് നെറ്റ് നോഡുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് വഴി കൂടുതൽ മാർക്കറ്റുകളിൽ നിന്നും വില വിവരം ശേഖരിക്കാൻ സാധിക്കുന്നു. കർഷകരുടെ ഉത്പന്നങ്ങൾക്ക് അഗ്മാർക്ക് സാക്ഷ്യപത്രം നൽകുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള സ്റ്റേറ്റ് അഗ്മാർക്ക് ഗ്രേഡിംഗ് ലാബിന്റെ ജില്ലയിലെ പ്രവർത്തനം ഉടൻ ആരംഭിക്കേണ്ടതുണ്ട്. കേരഫെഡ് മുഖേന നടപ്പിലാക്കിയിരുന്ന പച്ചത്തേങ്ങ സംഭരണം കൂടുതൽ കാര്യക്ഷമമായി പുനരാരംഭിക്കേണ്ടതുണ്ട്. സിവിൽ സപ്ലൈസ് മുഖേന നടപ്പിലാക്കുന്ന നെല്ല് സംഭരണവും കൂടുതൽ ഫലപ്രദമായ രീതിയിൽ നടപ്പിലാക്കണം.
- വിവിധയിനം കാർഷിക വിളകളുടെ നിലവാരം, വളർച്ച, ഭക്ഷ്യവിളകളുടെ കുറഞ്ഞ ഉത്പാദനം, രാസവളങ്ങളുടെ ഉയർന്ന വില, ചെടികളുടെ രോഗ കീട ഭീഷണി തുടങ്ങി ഈ മേഖലയുടെ പ്രശ്നങ്ങളും അവയെ ലഘൂകരിക്കുന്നതിനുള്ള നടപടികളും കൈക്കൊള്ളേണ്ടതാണ്.
- കാർഷിക ധനസഹായത്തിന്റെയും സഹകരണ വായ്പകളുടെയും തോത് വിപുലീകരിക്കുക.

- കാർഷിക ഉത്പാദനത്തിലുള്ള അസ്ഥിരത, കാർഷിക വരുമാനത്തിലും വിതരണത്തിലും ഉണ്ടാക്കുന്ന ആഘാതങ്ങൾ കുറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനായി, നിലവിലുള്ളതിനേക്കാൾ അധികം വർദ്ധനവ് ഉത്പ്പാദനത്തിലും ഉത്പാദനക്ഷമതയിലും ഉണ്ടാക്കുന്നതിനായി, പരിമിതമായ സ്ഥലലഭ്യത, മറ്റ് ഘടനാപരമായ ഞെരുക്കങ്ങൾ, കുറഞ്ഞ തോതിലുള്ള യന്ത്രവത്കരണം, ജലസേചന സൗകര്യങ്ങളുടെ കുറവ്, സസ്യ ആരോഗ്യ പരിപാലനം, ലാഭകരമായ വിള, മോശപ്പെട്ട വിജ്ഞാന വ്യാപന സേവനങ്ങൾ എന്നിങ്ങനെയുള്ള വിഷയങ്ങളിലുള്ള പ്രതിബന്ധങ്ങളെ ഇല്ലാതാക്കുന്നതിനുള്ള സാങ്കേതികത കൈവരിക്കുക.

5.1.2 മണ്ണ് ജല സംരക്ഷണം- മണ്ണുപര്യവേഷണം

5.1.2.1 മണ്ണ് ജല സംരക്ഷണം

കഴിഞ്ഞവർഷം പൂർത്തിയാക്കിയ പ്രവർത്തനങ്ങൾ

പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിശദമായ മണ്ണുപര്യവേഷണം

ഓരോ പ്രദേശത്തിന്റെയും മണ്ണിന്റെ രാസ ഭൗതിക സ്വഭാവങ്ങളെ പഠന വിധേയമാക്കി ഐക്യരൂപ സ്വഭാവമുള്ളവയെ വിവിധ ഗണങ്ങളായി തിരിക്കുക. അവയുടെ ഭൂവിനിയോഗ ക്ഷമത, വിള അനുയോജ്യത എന്നിവ നിർണ്ണയിക്കുക. ശാസ്ത്രീയമായി മണ്ണ് സാമ്പിളുകൾ ശേഖരിച്ച് ലബോറട്ടറിയിൽ പരിശോധന നടത്തി മണ്ണിന്റെ ഫലഭൂയിഷ്ഠത വിലയിരുത്തി കർഷകർക്ക് വിളപരിപാലനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, അടിസ്ഥാന വിവരങ്ങളായ കാലാവസ്ഥ, സസ്യസമ്പത്ത്, ജലസ്രോതസ്സുകൾ, നീർവാർച്ച, മണ്ണൊലിപ്പിന്റെ സാദ്ധ്യത, മണ്ണസംരക്ഷണ പ്രവർത്തനങ്ങളുടെ ആവശ്യകത തുടങ്ങിയവയെക്കുറിച്ച് വിശദമായി പഠിച്ച് ഭൂപരിപാലനത്തിനും സുസ്ഥിര കൃഷിക്കും ഉപയുക്തമായ നിർദ്ദേശങ്ങൾ നൽകുക.

2016-17 സാമ്പത്തിക വർഷത്തിൽ 13,276 ഹെക്ടർ സ്ഥലത്ത് വിശദമായ മണ്ണുപര്യവേഷണം പൂർത്തിയാക്കി. കീഴാറ്റൂർ (1493 ഹെക്ടർ), പൂക്കോട്ടൂർ (1113 ഹെക്ടർ) വണ്ടൂർ (5050 ഹെക്ടർ), അമരമ്പലം (4620 ഹെക്ടർ), മഞ്ചേരി മുനിസിപ്പാലിറ്റി (1000 ഹെക്ടർ) എന്നിവയാണ് ഈ പ്രദേശങ്ങൾ. ഈ പ്രദേശങ്ങളിൽ നിന്നും 647 ഉപരിതല മണ്ണുസാമ്പിളുകളും ശേഖരിക്കുയുണ്ടായി. 58 സാമ്പിളുകളിൽ സൂക്ഷ്മ മൂലകങ്ങൾ പരിശോധിക്കുന്നതിനും ശേഖരിക്കുകയും ഇവയുടെ പരിശോധനാഫലങ്ങൾ റിപ്പോർട്ടിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള പ്രധാന പദ്ധതികൾ

ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന നിധി (RIDF Schemes).

നീർത്തിടാധിഷ്ഠിത വികസന കാഴ്ച്ചപ്പാടിൽ മണ്ണ് ജല സംരക്ഷണങ്ങൾ ചെയ്യുന്നതിനും മറ്റ് ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളാണ് RIDF (Rural Infrastructure Development Fund) പദ്ധതികൾ. വ്യത്യസ്ത വർഷങ്ങളായി അനുവാദം ലഭിച്ച 12 RIDF പദ്ധതികൾ ജില്ലയിൽ നടപ്പിലാക്കി വരുന്നു.

1. പുളിയക്കോട് വാട്ടർഷെഡ്.
2. കക്കുടുമ്പ് തോട് വാട്ടർഷെഡ്.
3. അമ്മനം ചോല വാട്ടർഷെഡ്.

4. ചാത്തല്ലൂർ വാട്ടർഷെഡ്.
5. കൽക്കുണ്ട്കപ്പിലാം തോട്ടം വാട്ടർഷെഡ്.
6. പള്ളിപടി തോട് വാട്ടർഷെഡ്.
7. മണ്ണഴി കിഴക്കെതോട് വാട്ടർഷെഡ്.
8. കാവുങ്ങൾ തോട് വാട്ടർഷെഡ്.
9. ഓടക്കയം വാട്ടർഷെഡ്.
10. കോട്ടക്കൽ നിയോജക മണ്ഡലത്തിലെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം.
11. ഓലാന്തിറ വാട്ടർഷെഡ്.
12. തോട്ടീരി വാട്ടർഷെഡ്.
ഇതിൽ പുളിയക്കോട്, അമ്മനം ചോല, ചാത്തല്ലൂർ എന്നീ വാട്ടർഷെഡുകളിലെ പ്രവൃത്തികൾ 2016-17 വർഷത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്.

പുളിയക്കോട് വാട്ടർഷെഡ് - (RIDF -XVI)

മലപ്പുറം ജില്ലയിലെ എടപ്പറ്റ ഗ്രാമപഞ്ചായത്തിലെ 7,8 എന്നീ വാർഡുകളിലായി കിടക്കുന്ന ഒരു വാട്ടർഷെഡ് ആണ് ഇത്. പാലക്കാട് ജില്ലയിലെ എടത്തനാട്ടുകര കുന്നിൽ നിന്ന് ഉത്ഭവിക്കുന്ന പുളിയൻ തോടിനെ അടിസ്ഥാനമാക്കിയുള്ള ഒരു നീർത്തട പദ്ധതിയാണിത്. വാട്ടർഷെഡിന്റെ ആകെ വിസ്തീർണ്ണം 650 ഹെക്ടർ ആണ്. ഇതിൽ 350 ഹെക്ടർ വരുന്ന പ്രദേശത്ത് ആണ് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ ചെയ്യേണ്ടത്. ഇതിൽ പദ്ധതി പ്രവർത്തനങ്ങൾ ചെയ്യുന്നത് വ്യക്തിഗത ഗുണഭോക്താക്കൾ സ്വന്തമായോ, അല്ലെങ്കിൽ വാട്ടർഷെഡ് കമ്മിറ്റി തിരഞ്ഞെടുത്തിട്ടുള്ള ഗുണഭോക്തൃ കമ്മിറ്റി കൺവീനർ വഴിയോ ആണ്. ഈ പദ്ധതിയുടെ മൊത്തം അടങ്കൽ തുക 1,04,56,000/- രൂപയാണ്.

അമ്മനം ചോല വാട്ടർഷെഡ് - (RIDF -XVII)

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ താലൂക്കിൽ ഉൾപ്പെടുന്ന മങ്കട ഗ്രാമപഞ്ചായത്തിലെ 2,3 എന്നീ വാർഡുകളിലായി നടക്കുന്ന ഒരു നീർത്തട പദ്ധതിയാണിത്. താന്നിക്കുഴി മലയിൽ നിന്നും, കുമാരിഗിരി എസ്റ്റേറ്റിൽ നിന്നും കൂടി ഉത്ഭവിക്കുന്ന നീർച്ചോലയെ അടിസ്ഥാനമാക്കിയാണ് അമ്മനം ചോല നീർത്തട പദ്ധതി പരിഗണിച്ചിട്ടുള്ളത്. ഇതിന്റെ ആകെ വിസ്തീർണ്ണം 350 ഹെക്ടർ ആണ്. ഇതിൽ 300 ഹെക്ടർ പ്രദേശത്തും വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ ആവശ്യമാണ്. വ്യക്തിഗത ഗുണഭോക്താക്കൾ വഴിയോ, കമ്മറ്റി കൺവീനർ മുഖേനയോ ആണ് വാട്ടർഷെഡ് കമ്മറ്റി തെരഞ്ഞെടുത്ത ഗുണഭോക്താക്കൾ പ്രവർത്തനങ്ങൾ ചെയ്യുന്നത്. പദ്ധതിയുടെ മൊത്തം അടങ്കൽ തുക 72,00,000/- രൂപയാണ്. 2016-17 സാമ്പത്തിക വർഷത്തിൽ പദ്ധതി പൂർത്തീകരിച്ചു. വാട്ടർ ഷെഡിൽ വിവിധ മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾക്കായി 71,48,017/- രൂപ ചെലവാക്കിയിട്ടുണ്ട്. പദ്ധതിയുടെ പൂർത്തീകരണ റിപ്പോർട്ട് മണ്ണ് പര്യവേഷണ സംരക്ഷണ ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

കക്കുടമ്പ് തോട്ട് വാട്ടർഷെഡ് - (RIDF -XVII)

മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിൽ ഉൾപ്പെടുന്ന എടയൂർ ഗ്രാമപഞ്ചായത്തിലെ 1,2,15 എന്നീ വാർഡുകളലായി കിടക്കുന്ന 600 ഹെക്ടർ വിസ്തീർണ്ണമുള്ള ഒരു വാട്ടർഷെഡ് പദ്ധതിയാണിത്. ഇവിടെ നിലവിലുള്ള ചെമ്പാലതോട് അടിസ്ഥാനമാക്കിയാണ് പദ്ധതി നിലവിൽ വന്നത്. ഒരു വാട്ടർഷെഡ് പദ്ധതിയാണിത്. പദ്ധതിയുടെ മൊത്തം വിസ്തീർണ്ണത്തിൽ 550 ഹെക്ടർ പ്രദേശത്തും വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ ചെയ്യേണ്ടത് അത്യാവശ്യമാണ്. വ്യക്തിഗത ഗുണഭോക്താക്കൾ വഴിയോ വാട്ടർഷെഡ് കമ്മറ്റി തെരഞ്ഞെടുത്ത ഗുണഭോക്തൃ കമ്മറ്റി കൺവീനർ

വഴിയോ ആണ് വാട്ടർ ഷെഡ് പ്രവർത്തനങ്ങൾ ചെയ്യുന്നത്. പദ്ധതിയുടെ മൊത്തം അടങ്കൽ തുക 9,89,50000/- രൂപയാണ്. 2016-17 സാമ്പത്തിക വർഷം വരെ 83,89,009/- രൂപ വിവിധ മണ്ണ് ജല സംരക്ഷണ പണികൾ ചെയ്യുന്നതിന് വാട്ടർഷെഡിൽചെലവഴിച്ചിട്ടുണ്ട് . 2016-17 സാമ്പത്തിക വർഷത്തിൽ ഇതുവരെ 95,9115/- രൂപ ചെലവഴിച്ചു. വാട്ടർഷെഡിലെ എല്ലാ പദ്ധതി പണികളും പൂർത്തീകരിച്ചിട്ടുണ്ട്.

ചാത്തല്ലൂർ തോട് വാട്ടർഷെഡ് - (RIDF -XVII)

മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിൽ ഉൾപ്പെടുന്ന എടവണ്ണ ഗ്രാമപഞ്ചായത്തിലെ 1,2 എന്നീ വാർഡുകളിലായി കിടക്കുന്ന ഒരു നീർത്തടമാണിത്. ഈ വാട്ടർഷെഡിന്റെ പ്രധാന തോട് ചാത്തല്ലൂർ തോടാണ്. നീർത്തടത്തിന്റെ ആകെ വിസ്തീർണ്ണം 345 ഹെക്ടർ ആണ്. ഇതിൽ 300 ഹെക്ടർ സ്ഥലത്തും മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ ചെയ്യേണ്ടത് അത്യാവശ്യമാണ്. വ്യക്തിഗത ഗുണഭോക്താക്കൾ വഴിയോ, വാട്ടർഷെഡ് കമ്മറ്റി കൺവീനർ തെരഞ്ഞെടുത്ത ഗുണഭോക്തൃ കമ്മറ്റി കൺവീനർ വഴിയോ ആണ് വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ ചെയ്യുന്നത്. പദ്ധതിയുടെ മൊത്തം അടങ്കൽ തുക 90,00,000/- രൂപയാണ്. 2016-17 സാമ്പത്തിക വർഷത്തിൽ പദ്ധതി പൂർത്തീകരിച്ചു. വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്കായി വാട്ടർഷെഡിൽ 89,80,737/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ പൂർത്തീകരണ റിപ്പോർട്ട് മണ്ണ് പര്യവേഷണ സംരക്ഷണ ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്

പള്ളിപ്പടിത്തോട് വാട്ടർ ഷെഡ് - (RIDF -XIX)

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ ബ്ലോക്കിൽ ഉൾപ്പെടുന്ന താഴെക്കോട് ഗ്രാമപഞ്ചായത്തിൽ 3,8,4 എന്നീ വാർഡുകളിലായി വ്യാപിച്ച് കിടക്കുന്ന ഒരു നീർത്തടമാണ് പള്ളിപ്പടിത്തോട്. ഈ വാട്ടർ ഷെഡിന്റെ പ്രവർത്തനങ്ങൾ 05.09.2014 ൽ ആരംഭിച്ചു. ഇതിൽ 600 ഹെക്ടർ സ്ഥലത്ത് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 1,10,89,000/- രൂപയുടെ പദ്ധതി തുകക്ക് അനുവാദം ലഭിച്ചിട്ടുണ്ട്. നാളിതുവരെ 9115777 രൂപ ചെലവഴിച്ചിട്ടുണ്ട്.

മണ്ണഴി കിഴക്കേതോട് വാട്ടർഷെഡ് - (RIDF -XIX)

മണ്ണഴി കിഴക്കേതോട് വാട്ടർഷെഡ് മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ താലൂക്കിൽ പൊന്മള ഗ്രാമപഞ്ചായത്തിൽ വാർഡ് 6,7,8 എന്നിവയിലും കുറുവ ഗ്രാമപഞ്ചായത്തിലെ വാർഡ് 7,16,17,18 എന്നിവയിലും വ്യാപിച്ചു കിടക്കുന്നു. 1,70,07,000/- രൂപ പദ്ധതി തുകക്ക് അനുമതി ലഭിക്കുകയും 05.09.14 ൽ പണികൾ ആരംഭിക്കുകയും ചെയ്തു. നാളിതുവരെ 13795538 രൂപ ചെലവഴിച്ചിട്ടുണ്ട്.

കാവുങ്ങൾ തോട് വാട്ടർഷെഡ് - RIDF -19

446 ഹെക്ടർ വിസ്തൃതിയുള്ള കാവുങ്ങൾ തോട് മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിൽ ആതവനാട് ഗ്രാമപഞ്ചായത്തിൽ 6,7,8,9,10,12,13,14,15,18 എന്നീ വാർഡുകളിലായി വ്യാപിച്ച് കിടക്കുന്നു. 10.10.14 ന് പ്രവർത്തനം ആരംഭിച്ച പദ്ധതിക്ക് 91,62,000/- രൂപയാണ് അടങ്കൽ. നാളിതുവരെ 6247862 രൂപ ചെലവഴിച്ചിട്ടുണ്ട്.

ഓടക്കയം വാട്ടർഷെഡ് - (RIDF -XIX)

മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിൽ അരീക്കോട് ബ്ലോക്കിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിൽ 2,3 വാർഡുകളിൽ 695 ഹെക്ടർ സ്ഥലത്ത് വ്യാപിച്ചു കിടക്കുന്നു. 25.11.14 ൽ

പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. 92,44,000/- രൂപയുടെ അടങ്കൽ തുകയിൽ നാളിതുവരെ 90,92,194/- രൂപ ചെലവഴിച്ചിട്ടുണ്ട്.

കൽക്കുണ്ട് കപ്പിലാം തോട്ടം വാട്ടർഷെഡ് - (RIDF -XIX)

മലപ്പുറം ജില്ലയിലെ കാളികാവ് ബ്ലോക്കിലെ കരുവാരകുണ്ട് ഗ്രാമപഞ്ചായത്തിലെ 7,8 വാർഡുകളിലായി 1919 ഹെക്ടർ വിസ്തൃതിയിൽ ഈ നീർമറി സ്ഥിതി ചെയ്യുന്നു. 920 ഹെക്ടർ പ്രവൃത്തി ചെയ്യാവുന്ന വിസ്തൃതിയും അടങ്കൽ തുക 1,84,76,000/- രൂപ ആണ്. 20.19.11 ന് പദ്ധതി ആരംഭിച്ചു. നാളിതുവരെ 1,37,18,212 രൂപ ചെലവഴിച്ചിട്ടുണ്ട്.

കോട്ടക്കൽ നിയോജക മണ്ഡലത്തിലെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം - (RIDF -XXI)

മലപ്പുറം ജില്ലയിലെ കോട്ടക്കൽ മുനിസിപാലിറ്റിയിലെ 10,16,22,23,24,25,26, എന്നീ വാർഡുകളിലെയും മാറാക്കര ഗ്രാമപഞ്ചായത്തിലെ 1,2,4,5,15,20 എന്നീ വാർഡുകളിലുമായി 282 ഹെക്ടർ വിസ്തൃതിയിൽ ഈ പാടശേഖരം സ്ഥിതി ചെയ്യുന്നു. പദ്ധതിക്ക് 71,50,00,000/- രൂപ അടങ്കൽ തുകയുണ്ട്. 18.02.2016 ന് പദ്ധതി ആരംഭിച്ചു. നാളിതുവരെ പദ്ധതിയിൽ 5,74,99,109/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ഓലാന്തിച്ചിറ വാട്ടർഷെഡ് - (RIDF - XXI)

മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ബ്ലോക്കിലെ എടയൂർ ഗ്രാമപഞ്ചായത്തിലെ 18,19 എന്നീ വാർഡുകളിലും മാറാക്കര ഗ്രാമപഞ്ചായത്തിലെ 6,7,8,9,10 എന്നീ വാർഡുകളിലുമായി 814 ഹെക്ടർ വിസ്തൃതിയിൽ ഈ നീർത്തടം സ്ഥിതി ചെയ്യുന്നു. പദ്ധതിക്ക് 2,10,00,000/- രൂപയാണ് ഈ പദ്ധതിയുടെ അടങ്കൽ തുക. 09.07.2016 ന് പദ്ധതിക്ക് സാങ്കേതികാനുമതി ലഭിച്ചു. നാളിതുവരെ പദ്ധതിയിൽ 57,71,790/- രൂപ ചെലവഴിച്ചിട്ടുണ്ട്.

തോട്ടീരി വാട്ടർഷെഡ് - (RIDF -XXI)

മലപ്പുറം ജില്ലയിലെ വേങ്ങര ബ്ലോക്കിലെ ഊരകം ഗ്രാമപഞ്ചായത്തിലെ 7,8,9 എന്നീ വാർഡുകളിലായി 470 ഹെക്ടർ വിസ്തൃതിയിൽ ഈ നീർത്തടം സ്ഥിതി ചെയ്യുന്നു. പദ്ധതിക്ക് 1,68,00,000/- രൂപ അടങ്കൽ തുകയുണ്ട്. 09.07.2016നു പദ്ധതിക്ക് സാങ്കേതികാനുമതി ലഭിച്ചു. നാളിതുവരെ പദ്ധതിയിൽ 69,08,556/- രൂപ ചെലവഴിച്ചിട്ടുണ്ട്.

പശ്ചിമഘട്ട വികസന പദ്ധതി - (Western Ghat Development Programme)

പശ്ചിമഘട്ട മേഖലയിലെ പ്രകൃതി വിഭവങ്ങളുടെ സമഗ്രവും സുസ്ഥിരവുമായ വികസനം ലക്ഷ്യമാക്കി നീർത്തടാടിസ്ഥാനത്തിൽ പ്രവർത്തന പരിപാടികളാവിഷ്കരിച്ച് ജനപങ്കാളിത്തത്തോടെ പ്രസ്തുത മേഖലയുടെ പ്രകൃതി സന്തുലിതാവസ്ഥ നിലനിർത്തുകയെന്ന ലക്ഷ്യത്തോടെയാണ് പശ്ചിമഘട്ട വികസന പരിപാടികൾ വിഭാവനം ചെയ്തിരിക്കുന്നത്. അതോടൊപ്പം പ്രസ്തുത പ്രദേശത്തെ ജനങ്ങളുടെ ജീവിത നിലവാരം ക്രമാനുഗതമായി മുന്നോട്ട് നയിക്കുവാനും ഉന്നതിയിലെത്തിക്കുവാനും ലക്ഷ്യമിടുന്നു. പ്രകൃതി വിഭവങ്ങളെ ശാസ്ത്രീയമായി പരിപാലിക്കുന്നതിനായി ആവിഷ്കരിച്ച നീർത്തടാടിസ്ഥാന വികസന കാഴ്ചപ്പാടിൽ തന്നെയാണ് പരിപാടികളും ആസൂത്രണം ചെയ്തിരിക്കുന്നത്.

ഈ ജില്ലയിൽ വിവിധ പഞ്ചായത്തുകളിലായി 25 വാട്ടർ ഷെഡുകളിലായി പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഗ്രാമപഞ്ചായത്തുകൾ നിർവ്വഹണ ഏജൻസികൾ ആയ 20 നീർത്തട

പദ്ധതികളിൽ പ്രകൃതി വിഭവ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ നിർവ്വഹണ വാല്യൂവേഷൻ എന്നിവ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു.

2014-15 സാമ്പത്തിക വർഷം ജില്ലക്ക് അനുമതി ലഭിച്ച 6 നീർത്തട വികസന പദ്ധതികളിൽ 5 എണ്ണത്തിന് അതാത് ഗ്രാമപഞ്ചായത്തുകൾ നിർവ്വഹണ ഏജൻസിയായി ജില്ലാ മണ്ണ് സംരക്ഷണ ഓഫീസിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. എടവണ്ണ, അരുർ, കല്ലാമൂല, പാണ്ടിയാട്, പഴേടംതോട്, വലിയതോട്, മുള്ളംകാട്,, കമാനംതോട്, ചെറുവത്തുർ, അരക്കുംപൊയിൽ, കുണ്ടംതോട്, കക്കുളം വലിയ തോട്, കോഴിപ്പറമ്പ്, മരുതംകടവ്, ചക്കമാട് തോട്, പയ്യനാട് തോട്, ഓടത്തോട്, ആനടി കോളനി, കോട്ടപുഴ, ആശാരി തോട്, അലോട്ടിപാറ, പൂക്കുളം എന്നീ പദ്ധതികളിലും, ജില്ലാ മണ്ണ് സംരക്ഷണ ഓഫീസ് നിർവ്വഹണ ഏജൻസിയായി പുളിയൻ തോട്, കുതിരപ്പാലം, കൊള്ളിത്തോട്, താമുള്ളിതോട്, ആഢ്യൻ പാറ എന്നീ 25 വാട്ടർഷെഡുകളുമായി 2016-17 സാമ്പത്തിക വർഷം 70,73,578/-രുപയും ഈ സാമ്പത്തിക വർഷം ഇതുവരെ പദ്ധതിയിൽ 48,26,660/- രുപ ചെലവഴിച്ചിട്ടുണ്ട്.

ദേശീയസുസ്ഥിര കാർഷിക മിഷൻ (എൻ.എം.എസ്.എ)

കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന ദേശീയ സുസ്ഥിര കാർഷിക മിഷൻ ജില്ലയിൽ നടപ്പിലാക്കുന്നില്ലെങ്കിലും സംസ്ഥാനത്തൊട്ടാകെ പല ജില്ലകളിലും മണ്ണ് സംരക്ഷണ മേഖലയിൽ ഈ സ്കീം പ്രാബല്യത്തിലുണ്ട്.

പദ്ധതി പ്രയോജനങ്ങൾ

1. നീർച്ചാലുകളുടെ സംരക്ഷണം, കുളം എന്നിവയുടെ നിർമ്മാണം കൊണ്ട് കൃഷി ആവശ്യങ്ങൾക്കും വീട്ടാവശ്യങ്ങൾക്കും വെള്ളം മുൻപ് ലഭ്യമായതിനേക്കാൾ കൂടുതൽ മാസങ്ങൾ ഒരു വർഷത്തിൽ ഉപയോഗിക്കാൻ കഴിയുന്നു.

2. മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ കൊണ്ട് വെള്ളം മണ്ണിലേക്ക് ഊർന്നിറങ്ങി ഭൂഗർഭ ജലനിരപ്പ് ഉയരുന്നു.

3. ഭൂമിയുടെ മുകൾ ഭാഗത്ത് ചെക്ക്ഡാം, ഉറന്ന കിണറുകൾ, എന്നിവ നിർമ്മിച്ചാൽ താഴ്ഭാഗത്തുള്ള കിണറിലെ വെള്ളത്തിന്റെ അളവ് കൂടുകയും കൂടുതൽ മാസം വെള്ളം ഉപയോഗിക്കാൻ പറ്റുകയും ചെയ്യുന്നു.

4. ജലസേചനത്തിനുള്ള വിസ്തൃതി വർധിക്കുന്നതു മൂലം വരൾച്ച കുറയുന്നു.

5. വയലുകളിൽ പച്ചക്കറി കൃഷി ഇടവിളയായി നടത്താവുന്നതാണ്.

6. രണ്ടാം വിള കൃഷിയിലും ജോലി ദിവസം കൂടുന്നതിനാൽ വർഷത്തിൽ തൊഴിലില്ലായ്മ കുറയുന്നു.

7. ഭക്ഷ്യ സുരക്ഷ വർധിക്കുന്നു.

5.1.2.2 മണ്ണ് പര്യവേഷണം

മണ്ണ് പര്യവേഷണ റിപ്പോർട്ട്

മണ്ണ്പര്യവേഷണ റിപ്പോർട്ടിൽ ഓരോ പ്രദേശത്തിന്റെയും സാമൂഹിക സാംസ്കാരിക വിവരങ്ങൾ, കഴിഞ്ഞ 10 വർഷങ്ങളിലെ കാലാവസ്ഥാവിശകലനം, സസ്യസമ്പത്ത്, ഭൂമിശാസ്ത്രം, ഭൂവിനിയോഗം, പ്രധാനമണ്ണിനങ്ങൾ, ഓരോ ഭൂമിയുടേയും ഭൂക്ഷമത, മണ്ണിന്റെ ഫലഭൂയിഷ്ടി, വിള അനുയോജ്യത, ഓരോപ്രദേശത്തും അനുവർത്തിക്കേണ്ട ശാസ്ത്രീയ കൃഷിരീതികൾ, മണ്ണ് ജലസംരക്ഷണമാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ച് പ്രതിപാദിക്കുന്നു.

പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിശദമായി മണ്ണ് പര്യവേഷണം

- 4 പഞ്ചായത്തുകളിലും ഒരു മുനിസിപാലിറ്റിയിലുമായി 13,276 ഹെക്ടറ്റർ സ്ഥലത്ത് വിശദമായ സർവ്വേ
- 647 ഉപരിതല മണ്ണ് സാമ്പിളുകളും, 58 സൂക്ഷമ മൂലകങ്ങൾ പരിശോധിക്കുന്നതിനായി സാമ്പിളുകളും ശേഖരിക്കുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യുന്നു.

മണ്ണ് പര്യവേഷണ റിപ്പോർട്ട്

- എടവണ്ണ, പോരൂർ, മങ്കട, ആനക്കയം പഞ്ചായത്തുകളിൽ മണ്ണ് പര്യവേഷണ റിപ്പോർട്ട് മാപ്പ് സഹിതം തയ്യാറാക്കി.

സോയിൽ ഹെൽത്ത് കാർഡുകൾ

- എൻ.എം.എസ്.എ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ കീഴിൽ 10 പഞ്ചായത്തുകളിലായി 9958 കാർഡുകൾ വിതരണം ചെയ്തു.
- 11 നീർത്തട പദ്ധതികളിലും, ഒരു പാടശേഖരത്തിലെ അടിസ്ഥാന സൗകര്യ വികസനത്തിനുമായി 880 ഹെക്ടർ പ്രദേശത്ത് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്കായി 524 ലക്ഷം രൂപ ചെലവഴിച്ചു.
- 6 നീർത്തട പദ്ധതികളിലായി 321 ഹെക്ടർ സ്ഥലത്ത് 37,90,331 രൂപ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ചെലവഴിച്ചു.

നടപ്പിലാക്കുന്ന പദ്ധതികളിൽ നേരിടുന്ന പ്രശ്നങ്ങൾ വികസന വിടവുകൾ

മലപ്പുറം ജില്ലയുടെ മൊത്തം ഭൂ വിസ്തൃതിയായ 3,55,446 ഹെക്ടറിൽ കൃഷി ചെയ്യുന്നത് 2,73,245 ഹെക്ടറാണ്. 75,900 ഹെക്ടർ സ്ഥലത്ത് വനഭൂമിയാണ്. കൃഷി ചെയ്യുന്ന 2,73,245 ഹെക്ടറിൽ 2,70,850 ഹെക്ടർ സ്ഥലം അതിരൂക്ഷ പ്രാധാന്യ പരിരക്ഷ ആവശ്യമുള്ള വിഭാഗത്തിലും ബാക്കിയുള്ളവ കുറഞ്ഞ പരിരക്ഷ ആവശ്യമുള്ള വിഭാഗത്തിലും, വനഭൂമിയായും കണക്കാക്കുന്നു.

1. അനുവദനീയമായ ഹെക്ടർ തുകയുടെ അപര്യാപ്തത - പദ്ധതിയുടെ രൂപീകരണ വേളയിൽ ഒരു ഹെക്ടറിന് 25,000/- - 30,000/- രൂപ വരെയാണ് സംരക്ഷണത്തിനായി കണക്കാക്കുന്നത്. നടത്തിപ്പു വേളയിൽ ഈ തുക തുലോം കുറവായതിനാൽ നീർത്തടങ്ങളിൽ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ പൂർണ്ണമായും നടപ്പിലാക്കുവാൻ സാധിക്കുന്നില്ല.

2. പ്രകൃതി ദുരന്തവുമായി ബന്ധപ്പെട്ട് ലഭിക്കുന്നതും മറ്റു വ്യക്തിഗത അപേക്ഷകൾ സ്വീകരിക്കുവാനുമുള്ള തടസ്സം – പ്രകൃതി ക്ഷോഭവും പ്രകൃതി ദുരന്തവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന അപേക്ഷകളിലും, മറ്റു വ്യക്തിഗത അപേക്ഷകളിലും നടപടികൾ എടുക്കുവാൻ നിലവിൽ സാധിക്കുന്നില്ല. ഇവ സ്വീകരിച്ച് നടപടി കൈകൊണ്ട് കർഷകർക്ക് കൈതാങ്ങാകേണ്ടത് ആവശ്യമാണ്.

3. വകുപ്പുകൾ തമ്മിലുള്ള ഏകോപന കുറവ് – നീർത്തടാധിഷ്ഠിതമായി പല വകുപ്പുകളും, ഏജൻസികളും പ്രവർത്തിക്കുന്നുവെങ്കിലും ഇവ തമ്മിൽ യാതൊരു ഏകോപനവും ഇല്ലായെന്നത് ആവർത്തനത്തിനും, പൂർണ്ണ ഫലപ്രാപ്തിക്കും തടസ്സമാകുന്നു.

4. ജില്ലയുടെ ഭ്രപ്രകൃതിയും പിന്നോക്കവസ്ഥയും കണക്കിലെടുത്തുള്ള ഫണ്ട് ലഭ്യത കുറവ് –

   നിമ്നോന്നതമായ സ്വഭാവമുള്ള മലപ്പുറം ജില്ലയിൽ മണ്ണൊലിപ്പ് വളരെ രൂക്ഷമായി അനുഭവപ്പെടുന്നില്ലെങ്കിലും ഇത് ഇല്ലാതാക്കുവാൻ ഉതകുന്ന ഫണ്ടുകൾ ജില്ലയ്ക്ക് ലഭിക്കുന്നില്ലയെന്നതാണ് സത്യം. നിലവിൽ ബാക്കിയുള്ള നീർതടങ്ങളിൽ പ്രവർത്തനങ്ങൾ പൂർത്തികരിക്കുന്നതിനായി ഇപ്പോൾ കിട്ടുന്നതിനേക്കാൾ 5 ഇരട്ടിയെങ്കിലും തുക ലഭിക്കേണ്ടതുണ്ട്.

5. ആവശ്യമായ ഫീൽഡ് തല സ്റ്റാഫിന്റെ അപര്യാപ്തത–

   മണ്ണ് പര്യവേഷണ വിഭാഗം 5 ടെക്നിക്കൽ ഉദ്യോഗസ്ഥരുടെയും മണ്ണ സംരക്ഷണ വിഭാഗം 30 ടെക്നിക്കൽ ഉദ്യോഗസ്ഥരുടെയും മേൽ നോട്ടത്തിലാണ് ജില്ലയിലാകമാനം ഉള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തി വരുന്നത്. ജില്ലയിൽ പ്രവർത്തനങ്ങൾ പല സ്ഥലങ്ങളിലായി നടത്തപ്പെട്ടതിനാൽ ഈ സ്റ്റാഫ് പാറ്റേൺ തികച്ചും അപര്യാപ്തമാണ്.

6. നടപ്പിലാക്കുന്ന ഒരു പദ്ധതിയിലും 100% മണ്ണ് സംരക്ഷണം സാധ്യമാക്കുവാൻ സാധിക്കാത്തതിന്റെ കാരണം വിവിധ സ്കീമുകളിൽ തുടരുന്ന അനുവദനീയമായ ഹെക്ടർ തുകയുടെ അപര്യാപ്തത മൂലമാണ്. പശ്ചിമഘട്ട വികസന പദ്ധതി, ഐ.ഡബ്ല്യു.എം.പി. പോലുള്ള പദ്ധതികളിൽ അനുവദിച്ചിട്ടുള്ള ഹെക്ടർ നിരക്ക് തുലോം കുറവാണ്. ആയതിനാൽ ഭാഗികമായി മാത്രമേ നീർത്തട സംരക്ഷണം സാധ്യമാകുന്നുള്ളു.

7. മണ്ണ് പര്യവേഷണ, മണ്ണ് സംരക്ഷണ വകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതി തെരഞ്ഞെടുത്ത നീർത്തടങ്ങളിൽ മാത്രം നടപ്പിലാക്കുന്നതിനാൽ പ്രകൃതി ദുരന്തവുമായി ബന്ധപ്പെട്ടുണ്ടാവുന്നതും അത്യാവശ്യമായി നടപടികൾ കൊകൊള്ളേണ്ടതുമായ അപേക്ഷകളിലും മറ്റു സ്ഥലങ്ങളിൽ നിന്നും ലഭിക്കുന്ന വ്യക്തിഗത അപേക്ഷകളിലും നടപടി എടുത്ത് പ്രവർത്തനം നടത്തുവാൻ സാധിക്കുന്നില്ല.

8. ജില്ലയിൽ നിരവധി വകുപ്പുകളുടെ/ഏജൻസികളുടെ നേതൃത്വത്തിൽ നീർത്തട വികസന പദ്ധതികൾ നടന്നു വരുന്നു. ഇവയൊന്നിലും മറ്റു വകുപ്പുകളുമായുള്ള സംയോജനമില്ലാതെ ഓരോന്നും വ്യത്യസ്തമായി പ്രവർത്തിക്കുന്നു. ഇത്തരത്തിലുള്ള നീർത്തട വികസന പദ്ധതികൾ എല്ലാം തന്നെ മണ്ണ് പര്യവേഷണ, മണ്ണ് സംരക്ഷണ വകുപ്പിന്റെ മേൽ നോട്ടത്തിൽ നടപ്പിലാക്കേണ്ടതാണ്. ഈ വകുപ്പ്, നീർത്തടാധിഷ്ഠിത പദ്ധതികളുടെ ആരംഭകാലം മുതൽ ആയത് പ്രാവർത്തികമാക്കുവാൻ സഹായിക്കുന്നു. അതോടൊപ്പം ഇതിൽ പ്രവർത്തിക്കുന്ന മിക്ക ഉദ്യോഗസ്ഥരും രാജ്യാന്തര തലത്തിൽ പ്രകീർത്തി നേടിയ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോയിൽ ആന്റ് വാട്ടർ കൺസർവേഷൻ – ഡെറാഡൂൺ

എന്ന സ്ഥാപനത്തിൽ നിന്നും നീർത്തടാധിഷ്ഠിത വികസനത്തിൽ പ്രാവീണ്യമാർന്ന ടെയിനിംഗ് നേടിയവരാണ്.

9. വിവിധ വകുപ്പുകളുടെ ഏകോപനമില്ലായ്മ കാരണം നടപ്പിലാക്കുന്ന പദ്ധതികളിൽ തന്നെ ഇരട്ടിപ്പ് ഉണ്ടാകാനുള്ള സാധ്യത കൂടുതലാണ്. ആയതിനാൽ ഒരു പദ്ധതി ജില്ലയിൽ അനുവദിച്ചാലുടൻ അത് ജില്ലാ ഭൂപടത്തിൽ രേഖപ്പെടുത്തേണ്ടതാണ്. നാളിതുവരെ നടപ്പിലാക്കിയ എല്ലാ നീർത്തടങ്ങളും ഇതിന്റെ ഭാഗമാക്കേണ്ടതാണ്. ഇതിനായി ജില്ലാതലത്തിൽ ഒരു നീർത്തട ഡാറ്റാ വിഭാഗം ജില്ലാ നോഡൽ ഏജൻസി രൂപീകരിക്കേണ്ടതാണ്.

10. തൊഴിലുറപ്പ് പദ്ധതി, എല്ലാ നീർത്തട പദ്ധതികളോടും സംയോജിപ്പിച്ച് കാർഷിക ഭൂമിയിലെ വ്യക്തിഗത പ്രവർത്തനങ്ങൾ തൊഴിലുറപ്പുവഴി പ്രാവർത്തികമാക്കാവുന്നതും, പൊതുസ്ഥലങ്ങൾ, നീർച്ചാൽ സംരക്ഷണ പ്രവർത്തനങ്ങളെന്നിവ പ്രോജക്ട് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കി പദ്ധതി പൂർത്തിയാക്കാവുന്നതാണ്.

11. ജില്ലയിൽ നദിയോരങ്ങളും അരുവികളും കൂടുതലായതിനാൽ മണ്ണിടിച്ചിൽ വളരെയധികം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ പാർശ്വ സംരക്ഷണത്തിനായി കൂടുതൽ തുക അനുവദിക്കേണ്ടതാണ്.

12. ജില്ലയിടെ ഭൂപ്രകൃതിയും പിന്നോക്കാവസ്ഥയും കണക്കിലെടുത്ത്, ഇപ്പോൾ ലഭിക്കുന്നതിനേക്കാൾ 5 ഇരട്ടിയെങ്കിലും തുക പദ്ധതി ഇനങ്ങളിൽ ലഭിച്ചാൽ മാത്രമേ 2025 ലോ 2050 ലോ ഇനിയും ചെയ്യ് തീർക്കുവാനുള്ള സ്ഥലങ്ങളിൽ കൂടി നീർത്തടാധിഷ്ഠിത വികസനം സാധ്യമാക്കുവാൻ സാധിക്കുകയുള്ളു.

13. ജില്ലയിൽ വ്യാപകമായി, പാടങ്ങളുടെ നികത്തിൽ, നെൽപാടങ്ങൾ വിവിധങ്ങളായ ആവശ്യങ്ങൾക്കായുള്ള ഉപയോഗം, അശാസ്ത്രീയവും അനിയന്ത്രിതവുമായ കുന്നിടിയ്ക്കൽ അനധികൃത ക്വാറികളുടെ പ്രവർത്തനം എന്നിവ ഒട്ടും തന്നെ അനുവദിക്കാതെ ശക്തമായ നിയമ പരിധിയിൽ ഇവ കൊണ്ടുവരേണ്ടതാണ്.

നാളിതുവരെ 1142 ഹെക്ടർ സ്ഥലം വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും മേൽനോട്ടത്തിൽ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ഒരു ഹെക്ടറിൽ അനുവദിക്കുന്ന മണ്ണ് സംരക്ഷണ പണികൾക്കുള്ള തുകയുടെ അപര്യാപ്തത കാരണം പൂർണ്ണമായ സംരക്ഷണം നടപ്പിലാക്കുവാൻ സാധിക്കുന്നില്ല.

നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ.

മണ്ണ് സംരക്ഷണം

1. നിലവിൽ നടന്നു കൊണ്ടിരിക്കുന്ന ആർ.ഐ.ഡി.എഫ് നീർത്തടങ്ങളും പശ്ചിമഘട്ട വികസന സമിതി നീർത്തടങ്ങളും പൂർത്തീകരിക്കുക.

2. അതീവ ഗുരുതരമായി മണ്ണൊലിപ്പ് അനുഭവപ്പെടുന്നതും പരിരക്ഷ ആവശ്യമുള്ളതുമായ നീർത്തടങ്ങളിൽ മുൻഗണനാ ക്രമത്തിലുള്ള പ്രവർത്തനങ്ങൾ

3. നെല്ലുൽപ്പാദനം മെച്ചപ്പെടുന്നതിലേക്കും നെൽ വയലുകൾ സംരക്ഷിക്കുന്നതിനും പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ

4. സമൂഹത്തിൽ പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന പട്ടിക വർഗ്ഗവിഭാഗം ഊരുകളിൽ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ

5. ഒലിപ്പുഴ, ചെറുപുഴ, തിരുർ പുഴ, പുനർ ജീവനി പ്രവർത്തനങ്ങൾ

6. മേൽക്കൂരകളിലും പറമ്പുകളിലും ലഭിക്കുന്ന മഴവെള്ളം, കിണർ, കുളങ്ങൾ തുടങ്ങിയ ജലസംഭരണികളിൽ റീചാർജ്ജ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഊർജ്ജിതപ്പെടുത്താനുള്ള പദ്ധതികൾ

7. ഉരുൾപൊട്ടൽ ബാധിത പ്രദേശ സംരക്ഷണം

8. 35,000 ഹെക്ടർ പ്രദേശത്ത് അടുത്ത അഞ്ച് വർഷത്തിനകം മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ

9. 8402 ഹെക്ടർ നെൽ വയൽ സംരക്ഷിക്കുന്നതിനായി നെൽവയലുകളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ

10. 708 വാട്ടർ ഷെഡുകളിൽ 122 വാട്ടർഷെഡുകളുടെ പണി വിവിധ (കേന്ദ്ര-സംസ്ഥാന) പദ്ധതികളിലായി പൂർത്തീകരിച്ചു. ബാക്കി 586 വാട്ടർ ഷെഡുകൾ മുൻഗണനാ ക്രമത്തിൽ പരിഗണിക്കേണ്ടതാണ്.

മണ്ണ് പര്യവേഷണം

1. 2017-18 സാമ്പത്തിക വർഷത്തിൽ വണ്ടൂർ, കരുളായി, മമ്പാട് എന്നീ പഞ്ചായത്തുകളിലും മഞ്ചേരി മുനിസിപ്പാലിറ്റിയിലും അടക്കം 14,400 ഹെക്ടർ സ്ഥലത്ത് മണ്ണുപര്യവേഷണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതാണ്.

2. വില്ലേജ് മാപ്പുകളുടെ അടിസ്ഥാനത്തിൽ ഓരോ പഞ്ചായത്തിലേയും വിശദമായ മണ്ണുപര്യവേഷണ റിപ്പോർട്ടുകൾ മലയാളത്തിൽ തയ്യാറാക്കുന്നതാണ്. ഈ റിപ്പോർട്ടിൽ ഓരോ പ്രദേശത്തിന്റെയും മണ്ണിനങ്ങളുടെ വിസ്തൃതി, അവയുടെ പരിമിതികൾ, ഭൂവിനിയോഗക്ഷമത, വിള അനുയോജ്യത, ഭൂപരിപാലന ആവശ്യകത എന്നിവ ഉൾപ്പെടുത്തുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ അങ്ങാടിപ്പുറം, ഊർങ്ങാട്ടിരി, ആലിപ്പറമ്പ്, കീഴാറ്റൂർ, പൂക്കോട്ടൂർ, വണ്ടൂർ, അമരമ്പലം എന്നീ പഞ്ചായത്തുകളുടെ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതാണ്.

3. ഓരോ പ്രദേശത്തിന്റെയും നെൽവയലുകളുടെ പ്രത്യേകത വില്ലേജ് മാപ്പുകളിൽ അടയാളപ്പെടുത്തുക. നികത്തിയതും കൃഷിചെയ്യുന്നതുമായ സ്ഥലങ്ങളുടെ വിവരം പ്രത്യേകം ഭൂപടത്തിൽ തയ്യാറാക്കുക.

4. ജലാശയങ്ങളുടേയും കുളങ്ങളുടേയും ഡാറ്റ ബാങ്ക് ജി.ഐ.എസ്.അടിസ്ഥാനത്തിൽ നിർമ്മിക്കുക

5. ഓരോ പഞ്ചായത്തിലും കർഷകരുടെ കൃഷിയിടങ്ങളിൽ നിന്നും മണ്ണ് സാമ്പിളുകൾ ശേഖരിച്ച് അവയുടെ രാസഭൗതിക സ്വഭാവങ്ങൾ, അവയിലെ സൂക്ഷ്മ മൂലകങ്ങൾ കൃഷിക്ക് അനുയോജ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ സോയിൽ ഹെൽത്ത്കാർഡ് രൂപത്തിൽ നൽകുക. 10 പഞ്ചായത്തുകളിലായി 60,000 സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുന്നതിനാണ് ഈ വർഷം ലക്ഷ്യമിടുന്നത്.

6. കർഷകർക്കും സ്കൂൾ കുട്ടികൾക്കും മണ്ണ്, ജല സംരക്ഷണത്തെക്കുറിച്ചും പരിസ്ഥിതി സംരക്ഷണത്തെ കുറിച്ചു അവബോധ ക്ലാസ്സുകൾ നടത്തുക.

കർഷകരിൽ ശാസ്ത്രീയമായ രീതിയിൽ വളപ്രയോഗം നടത്തി കൃഷി ചെയ്യേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി കൊടുക്കുന്നതിനും മണ്ണ് പരിശോധനയുടെ പ്രാധാന്യത്തെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനും ഓരോ പ്രദേശത്തും ഡെമോൺസ്ട്രേഷൻ പ്ലോട്ട് തിരഞ്ഞെടുക്കുക.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

അതീവ ഗുരുതരമായി മണ്ണൊലിപ്പ് നേരിടുന്ന നീർത്തടങ്ങളായ നെന്മിനി, പാതാർ, മൊടവണ്ണ, മങ്കടകടവ് തുടങ്ങിയവയുടെ സംരക്ഷണം.

കാപ്പിൽതോട്, കുഴിമണ്ണ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യവികസനം വഴി പ്രദേശത്ത് നെൽകൃഷി വ്യാപകമാക്കുന്നതാണ്.

അടുത്ത 5 വർഷത്തേക്ക് പുനഃരുദ്ധാരണം നടത്തേണ്ട കുളങ്ങളുടെ ലിസ്റ്റ് അനുബന്ധം 4.1.3.1 ആയി ചേർത്തിട്ടുണ്ട്. ജലക്ഷാമം കൂടുതൽ അനുഭവപ്പെടുന്നതും കൃഷിക്ക് മുൻതൂക്കം നൽകുന്നതുമായ പഞ്ചായത്തുകൾക്കും മുനിസിപാലിറ്റികൾക്കും മുൻ തൂക്കം നൽകി നിർമ്മിതികൾ പൂർത്തീകരിക്കുക.

മലപ്പുറം ജില്ലയുടെ വിവിധ സ്ഥലങ്ങളിലായി കർഷകർക്ക് ഏറെ പ്രയോജനം ലഭിക്കുന്നതും വരൾച്ച ദൂരീകരിക്കുന്നതുമായ ചെറു നിർമ്മിതികളുടെ ലിസ്റ്റ് അനുബന്ധം 4.1.3.2 ആയി ചേർത്തിട്ടുണ്ട്.ആയത് മുൻഗണനപ്രകാരം നടപ്പിലാക്കുക.

മേൽ തട്ട് നിർദ്ദേശങ്ങൾ

- ദേശീയ കാർഷിക സുസ്ഥിര മിഷൻ പദ്ധതിയുടെ നിയമാവലി കേരളത്തിന് അനുയോജ്യമായ രീതിയിൽ മാറ്റം വരുത്തുക.
- ജില്ലയിൽ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്ക് പ്ലാൻ ഫണ്ട് വർദ്ധിപ്പിക്കുക. ഉദാ: ഒരു വില്ലേജിൽ പാർശ്വഭിത്തി നിർമ്മാണത്തിന് 40,000 രൂപ മാത്രം വകയിരുത്തിയത്.
- മണ്ണുപര്യവേക്ഷണം, മണ്ണ് സംരക്ഷണ വകുപ്പ് ശാക്തീകരിച്ച് നീർത്തട വികസനം ടി. വകുപ്പിന്റെ ആധികാരികതയിൽ ഏകോപിപ്പിക്കുക.
- പ്രകൃതി ദുരന്തവുമായി ബന്ധപ്പെട്ട് ലഭിക്കുന്നതും മറ്റു വ്യക്തിഗത അപേക്ഷകളിലും നടപടി കൈകൊള്ളാൻ വകുപ്പിന് അധികാരം നൽകുക.
- പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ഹെക്ടർ തുക 50,000 എങ്കിലുമായി വർദ്ധിപ്പിക്കുക.
- വകുപ്പിന്റെ മേൽനോട്ടത്തിൽ ജില്ലാ പഞ്ചായത്ത് മുഖാന്തിരം നീർത്തടങ്ങൾ ഏറ്റെടുത്ത് ചെയ്യുവാൻ അനുമതി നൽകുക.
- ശാസ്ത്രീയ വളപ്രയോഗം നടപ്പിലാക്കുവാനും ജൈവ കൃഷിയെ പ്രോത്സാഹിപ്പിക്കുവാനും നിയമം കർശനമാക്കുക.
- ജില്ലാതല നീർത്തട ഡാറ്റാ ബാങ്ക് സെൽ രൂപീകരിക്കുക.

5.1.3 ജലസേചനം

കേന്ദ്രതല പദ്ധതികൾ

1. നിലവിൽ ജലസേചന വകുപ്പ് നേരിട്ട് കേന്ദ്രപദ്ധതികളൊന്നും നടപ്പാക്കുന്നില്ല.
2. മറ്റു വകുപ്പുകളിലൂടെ നടപ്പാക്കുന്ന ജലസേചന പ്രവൃത്തികൾ താഴെ കൊടുക്കുന്നു.
   - പി.എം.കെ.എസ്.വൈ (കൃഷി വകുപ്പ്, മണ്ണ് സംരക്ഷണ വകുപ്പ്)
   - ഹാഡ (ദാരിദ്ര്യ ലഘൂകരണ വിഭാഗം)
3. മുൻകാലങ്ങളിലുണ്ടായിരുന്ന സംസ്ഥാന പദ്ധതികളായ ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി, ആർ.ആർ.ആർ ഓഫ് പോണ്ട്സ് പദ്ധതി എന്നിവയും ഇപ്പോഴില്ല. ഈ രണ്ടു പദ്ധതികളിലുമായി ഏകദേശം 75 കുളങ്ങൾ ജില്ലയിൽ പൂർത്തിയാക്കിയിട്ടുണ്ട്. ചെക്ക്ഡാം നിർമ്മാണത്തിനുള്ള പ്രത്യേക പദ്ധതികളും ഇപ്പോൾ നിലവിലില്ല. നബാർഡ് സഹായത്തോടെയും ഇപ്പോൾ കാര്യമായ പദ്ധതികളില്ല.
4. കേന്ദ്രസർക്കാർ സഹായത്തോടെ നടപ്പാക്കുന്ന പിഎംകെഎസ്.വൈ പദ്ധതിയിലുൾപ്പെടുത്തിയതും ജില്ലാ ഇറിഗേഷൻ പ്ലാനിലുൾപ്പെട്ടതുമായ 378-ഓളം പദ്ധതികളിൽ ഒരു പദ്ധതിക്കു പോലും ഇതുവരെ അനുമതി ലഭിച്ചിട്ടില്ല.

സംസ്ഥാനതല പദ്ധതികൾ

കീഴ് മുറിക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ്

മൂർക്കനാട് പഞ്ചായത്തിലെ മൂത്തിക്കയം എന്ന സ്ഥലത്ത് തുതപ്പുഴക്ക് കുറുകെയാണ് ഈ ആർ.സി.ബി പ്രൊപ്പോസ് ചെയ്തിട്ടുള്ളത്. കിഫ്ബിയുടെ സഹായത്തോടെയാണ് നടപ്പാക്കുന്നത്.

പ്രധാന ലക്ഷ്യങ്ങൾ

- ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കും 3 കുടിവെള്ള പദ്ധതികൾക്കും ജലലഭ്യത ഉറപ്പ് വരുത്തുക.
- ഗതാഗത സൗകര്യം വർദ്ധിപ്പിക്കുക.
- സമീപ ജലസ്രോതസുകളിലെ ജലവിതാനം ഉയർത്തുക.
- പ്രദേശത്തെ ജലസേചന സൗകര്യം വർധിപ്പിക്കുക.

ചാലിയാർ പുഴക്ക് കുറുകെ കളത്തുംകടവ് റെഗുലേറ്റർ കം ബ്രിഡ്ജ്.

മലപ്പുറം ജില്ലയിൽ നിലമ്പൂർ താലൂക്കിൽപ്പെട്ട നിലമ്പൂരിലെ കളത്തുംകടവിൽ ഒരു റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള പ്രൊജക്ടിന്റെ ഡിസൈൻ തയ്യാറായിട്ടുണ്ട്. ഡി.പി.ആർ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. കിഫ്ബിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

പെരുവമ്പാടം വിയർ കം ബ്രിഡ്ജ്

മലപ്പുറം ജില്ലയിൽ നിലമ്പൂർ താലൂക്കിലെ ചാലിയാർ പഞ്ചായത്തിൽ കുറുമൻ പുഴക്ക് കുറുകെ പെരുവമ്പാടം എന്ന സ്ഥലത്താണ് ടി പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ചാലിയാർ പഞ്ചായത്തിലേയും മറ്റു സമീപ പഞ്ചായത്തുകളിലേയും കുടിവെള്ള ജലസേചന ആവശ്യങ്ങൾക്ക് വെള്ളമെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

ഇരുമ്പോത്തിങ്ങൽ റെഗുലേറ്റർ കം ബ്രിഡ്ജ്

മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പലം, വള്ളിക്കുന്ന് പഞ്ചായത്തുകളിലായി കടലുണ്ടിപ്പുഴക്ക് കുറുകെ ഇരുമ്പോത്തിങ്ങൽ എന്ന സ്ഥലത്താണ് ഈ ആർ.സി.ബി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്.

പ്രധാന ലക്ഷ്യങ്ങൾ

- കടലുണ്ടിപ്പുഴയിൽ 5.00 കിലോമീറ്റർ നീളത്തിൽ വരെ വെള്ളം സംഭരിക്കുക.
- തേഞ്ഞിപ്പലം, വള്ളിക്കുന്ന് പഞ്ചായത്തുകളിലെ ജലസേചന സൗകര്യം വർധിപ്പിക്കുക.
- പ്രദേശത്തെ ഗതാഗത സൗകര്യം വർധിപ്പിക്കുക.
- സമീപ പ്രദേശത്തെ ജലസ്രോതസുകളിലേക്ക് ഉപ്പ് വെള്ളം കയറുന്നത് തടയുക.
- പദ്ധതി കിഫ്ബിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

തിരുരങ്ങാടി മുനിസിപ്പാലിറ്റിയിലും മൂന്നിയൂർ ഗ്രാമപഞ്ചായത്തിലുമായി കടലുണ്ടിപ്പുഴക്ക് കുറുകെ പാലത്തിങ്ങലിനടുത്ത് മൂഴിക്കൽ കടവിൽ റെഗുലേറ്റർ നിർമ്മാണം.

മലപ്പുറം ജില്ലയിൽ തിരുരങ്ങാടി മുനിസിപ്പാലിറ്റിയിലും മൂന്നിയൂർ ഗ്രാമ പഞ്ചായത്തിലുമായിട്ടുള്ള കടലുണ്ടിപ്പുഴക്ക് കുറുകേ പാലത്തിങ്ങലിനോടടുത്ത് മൂഴിക്കൽ കടവിൽ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി റെഗുലേറ്റർ നിർമ്മിക്കുന്നതിനാണ് നിർദ്ദിഷ്ട പദ്ധതി.

പന്നിപ്പാറ പള്ളിമുക്ക് റെഗുലേറ്റർ

എടവണ്ണ പഞ്ചായത്തിലെ പന്നിപ്പാറ പള്ളിമുക്കിൽ ചാലിയാർ പുഴക്കു കുറുകെ റെഗുലേറ്റർ നിർമ്മിക്കുന്നതിനു വേണ്ടി ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഐ.ഡി.ആർ.ബിയിൽ നിന്നും ഡിസൈൻ അംഗീകാരം ലഭിക്കുകയും 30 കോടി രൂപയുടെ ഡി.പി.ആർ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തി കിഫ്ബിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

പുഴങ്കാവ് റെഗുലേറ്റർ

മഞ്ചേരി നഗരസഭയിലെ പുഴങ്കാവിൽ കടലുണ്ടിപ്പുഴക്ക് കുറുകെ റെഗുലേറ്റർ നിർമ്മിക്കുന്നതിനു വേണ്ടി ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഐ.ഡി.ആർ.ബിയിൽ നിന്നും ഡിസൈൻ അംഗീകാരം ലഭിക്കുകയും 12.80 കോടി രൂപയുടെ ഡി.പി.ആർ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തി കിഫ്ബിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

കാങ്കക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ്

കുറ്റിപ്പുറം പഞ്ചായത്തിലെ കാങ്കക്കടവിൽ ഭാരതപ്പുഴക്കു കുറുകെ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിന് ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഐ.ഡി.ആർ.ബിയിൽ നിന്നും ഡിസൈൻ അംഗീകാരം ലഭിക്കുകയും 100 കോടി രൂപയുടെ ഡി.പി.ആർ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തി കിഫ്ബിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

തയ്യിൽക്കടവ് വിയർ

ഊരകം പഞ്ചായത്തിലെ തയ്യിൽക്കടവ് നെടുങ്ങാടിൽ കടലുണ്ടിപ്പുഴക്കു കുറുകെ വിയർ നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചെങ്കിലും ഗവ. അംഗീകരിച്ച നിരക്കിൽ പ്രവൃത്തി ചെയ്യാൻ കരാറുകാരൻ തയ്യാറാവാത്ത സാഹചര്യത്തിൽ പുതുക്കിയ ഭരണാനുമതിക്കായി 515 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

ആനപ്പാറ പൊറ്റമ്മൽ വിയർ

കൂട്ടിലങ്ങാടി പഞ്ചായത്തിലെ ആനപ്പാറ പൊറ്റമ്മൽ കടവിനു സമീപം കടലുണ്ടിപ്പുഴക്കു കുറുകെ വിയർ നിർമ്മാണത്തിനുള്ള പ്രവൃത്തിയുടെ ഡിസൈൻ അംഗീകരിച്ച് 600 ലക്ഷം രൂപയുടെ ഡി.പി.ആർ സമർപ്പിച്ചിട്ടുണ്ട്.

കാളിക്കടവ് വിയർ

ആലിപ്പറമ്പ് പഞ്ചായത്തിലെ കാളിക്കടവിൽ ഭൂതപ്പുഴക്ക് കുറുകെ വിയർ നിർമ്മാണത്തിനുള്ള പ്രവൃത്തിയുടെ ഡിസൈൻ അംഗീകരിച്ച് 400 ലക്ഷം രൂപയുടെ ഡി.പി.ആർ സമർപ്പിച്ചിട്ടുണ്ട്.

ഒറവമ്പുറം ചെക്ക് ഡാം

പാണ്ടിക്കാട് പഞ്ചായത്തിലെ ഒറവമ്പുറം പാലത്തിനു താഴെ കടലുണ്ടിപ്പുഴക്കു കുറുകെ ചെക്ക്ഡാം നിർമ്മാണത്തിനുള്ള ഡിസൈൻ അംഗീകരിച്ച് 520 ലക്ഷം രൂപയുടെ ഡി.പി.ആർ സമർപ്പിച്ചിട്ടുണ്ട്.

എടയാറ്റൂർ പള്ളിക്കടവ് വിയർ കം ബ്രിഡ്ജ്

മേലാറ്റൂർ പഞ്ചായത്തിലെ എടയാറ്റൂർ പള്ളിക്കടവിൽ വെള്ളിയാർപ്പുഴക്കു കുറുകെ വിയർ കം ബ്രിഡ്ജിന്റെ നിർമ്മാണത്തിനുള്ള ഡിസൈൻ അംഗീകരിച്ച് 950 ലക്ഷം രൂപയുടെ ഡി.പി.ആർ സമർപ്പിച്ചിട്ടുണ്ട്.

വെളിയങ്കോട് ലോക്ക് കം ബ്രിഡ്ജ്

പൊന്നാനി താലൂക്കിലെ വെളിയങ്കോടിൽ പി.സി.കനാലിനു കുറുകെ ലോക്ക് കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള 2125 ലക്ഷം രൂപയുടെ ഡി.പി.ആർ നബാർഡ് ആർ.ഐ.ഡി.എഫ് XXIII ൽ ഉൾപ്പെടുത്തുന്നതിനു വേണ്ടി സമർപ്പിച്ചിട്ടുണ്ട്.

ഇരുമ്പഴി വട്ടാണിക്കടവ് വിയർ

കൂട്ടിലങ്ങാടി പഞ്ചായത്തിലെ ഇരുമ്പഴി വട്ടാണിക്കടവിൽ കടലുണ്ടിപ്പുഴക്കു കുറുകെ വിയറിന്റെ നിർമ്മാണത്തിനുള്ള ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞ് ഡിസൈൻ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

മണലായ പോത്തൻകുഴി വിയർ

ആലിപ്പറമ്പ് പഞ്ചായത്തിലെ മണലായ പോത്തൻ കുഴിയിൽ ഭൂതപ്പുഴക്കു കുറുകെ വിയറിന്റെ നിർമ്മാണത്തിനുള്ള ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞ് ഡിസൈൻ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

നൂകട്ട് ലോക്ക്

പരപ്പനങ്ങാടി നഗരസഭയിലെ നൂകട്ടിന് കുറുകെ ലോക്കിന്റെ നിർമ്മാണത്തിനുള്ള ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞ് ഡിസൈൻ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. നൂകട്ട് ലോക്കിന്റെ

നിർമ്മാണത്തോടു കൂടി അറബിക്കടലിൽ നിന്നും പൂരപ്പുഴയിലൂടെ കീരനെല്ലൂർ പുഴയിലേക്കും, കടലുണ്ടിപ്പുഴയിലേക്കും ഉപ്പുവെള്ളം കയറുന്നത് തടയാൻ സാധിക്കും.

ടി.കെ. കനാലിനു കുറുകെ ലോക്ക്

താനൂർ നഗരസഭയിലെ ടി.കെ. കനാലിനു കുറുകെ ലോക്കിന്റെ നിർമ്മാണത്തിനുള്ള ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞ് ഡിസൈൻ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. നൂകട്ട് ലോക്കിന്റെ നിർമ്മാണത്തോടു കൂടി പൂരപ്പുഴയിലൂടെ അറബിക്കടലിൽ നിന്നും കനോലി കനാലിലേക്ക് ഉപ്പുവെള്ളം കയറുന്നത് തടയുവാൻ സാധിക്കും.

നൂകട്ട് ലോക്കിന്റെ ആഴം കൂട്ടൽ

പരപ്പനങ്ങാടി നഗരസഭയിലെ നൂകട്ട് കനാൽ ഈ പ്രദേശത്തെ വളരെ പ്രധാനപ്പെട്ട ഒരു കുടിവെള്ള ജലസേചന സ്രോതസ്സാണ്. എന്നാൽ 960 മീറ്റർ നീളവും 60 മീറ്റർ വീതിയുള്ള ഈ മനുഷ്യനിർമ്മിത കനാൽ സിൽട്ട് നിറഞ്ഞ് സംഭരണശേഷി നഷ്ടപ്പെട്ട അവസ്ഥയിലാണ്. ഈ കനാലിൽ അടിഞ്ഞു കൂടിയ മണ്ണ് നീക്കം ചെയ്യുകയാണെങ്കിൽ വളരെയധികം ജലം സംഭരിക്കാൻ സാധിക്കുന്നതാണ്. പ്രസ്തുത പ്രവൃത്തിക്കായി ഉദ്ദേശം 250 ലക്ഷം രൂപ ചെലവ് വരുന്നതാണ്.

ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ

ചെറുകിട ജലസേചന വിഭാഗത്തിനു കീഴിൽ 51 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പ്രവർത്തിച്ച് വരുന്നുണ്ട്. മലപ്പുറം ജില്ലയിലെ കാർഷിക വിളകൾക്ക് ജലസേചന സൗകര്യം ഏർപ്പെടുത്തുന്നതിൽ ഈ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ വളരെയേറെ പ്രയോജനപ്പെടുന്നുണ്ട്. പദ്ധതി കൊണ്ട് 6667.98 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം ഏർപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. മേൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് ആകെ 148.84 കിലോമീറ്റർ കനാൽ നിലവിലുണ്ട്. മൂർക്കനാട് പഞ്ചായത്തിലെ മൂത്തിക്കയം, കുറ്റിപ്പുറം പഞ്ചായത്തിലെ പേരശ്ശനൂർ എന്നീ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ കമ്മീഷൻ ചെയ്യുന്നതിനുള്ള പ്രവൃത്തികൾ നടന്നു വരുന്നു.

പദ്ധതി നിർദ്ദേശങ്ങൾ

1-ലിഫ്റ്റ് ഇറിഗേഷൻ സ്കീം പുനരുദ്ധാരണ പ്രവൃത്തികൾ

1) അരീക്കോട് ബ്ലോക്കിലെ മംഗലശ്ശേരി, കണ്ണമ്പള്ളി, മമ്പാട്, കൊളത്തുപാറ, മുണ്ടേങ്ങ എന്നീ സ്കീമുകളിലെ കനാലുകളുടെ പുനരുദ്ധാരണം.
2) നിലമ്പൂർ ബ്ലോക്കിലെ കുറുകന്തോട്ടിമണ്ണ, പാലാങ്കര, മൂച്ചിപ്പുരത, മരുത, പൂവത്തിക്കടവ്, ഗ്രാമംകടവ്, മുപ്പിനി, മണലി, തെക്കേപാലാട്, എടക്കര, ചളിക്കപ്പൊട്ടി സ്കീമുകളുടെ പുനരുദ്ധാരണം.
3) കൊണ്ടോട്ടി ബ്ലോക്കിലെ വാഴക്കാട് എൽ.ഐ.എസിന്റെ നവീകരണം.
4) കുറ്റിപ്പുറം ബ്ലോക്കിലെ ഇരിമ്പിളിയം, മങ്കേരി സ്കീമുകളുടെ പുനരുദ്ധാരണം
5) മലപ്പുറം ബ്ലോക്കിലെ മറ്റത്തൂർചാലി സ്കീമിലെ പ്രധാന കനാൽ നവീകരണം.
6) മങ്കട ബ്ലോക്കിലെ മൂത്തിക്കയം സ്കീമിന്റെ കനാൽ പുനരുദ്ധാരണവും പുതിയ കനാൽ നിർമ്മാണവും.
7) പെരിന്തൽമണ്ണ ബ്ലോക്കിലെ രാമൻചാടി, കട്ടുപ്പാറ സ്കീമുകളുടെ പുനരുദ്ധാരണം.
8) പെരുമ്പടപ്പ് ബ്ലോക്കിലെ കാഞ്ഞിരമുക്ക് എൽ.ഐ.എസിന്റെ കനാൽ നവീകരണം.

9) പൊന്നാനി ബ്ലോക്കിലെ മദിരശ്ശേരി, പോത്തന്നൂർ, തവന്നൂർ, തൃക്കണാപുരം സ്കീമുകളുടെ പുനരുദ്ധാരണം.
10) തിരൂർ ബ്ലോക്കിലെ ചെകുത്താൻകുണ്ട്, തിരുനാവായ സ്കീമുകളുടെ പുനരുദ്ധാരണം.
11) തിരൂരങ്ങാടി ബ്ലോക്കിലെ ബെഞ്ചാലി, തെക്കേപ്പാടം, സ്കീമുകളുടെ പുനരുദ്ധാരണം.
12) വേങ്ങര ബ്ലോക്കിലെ വലിയോറ, കുരിയാട്, കൊളപ്പുറം, ഇരിങ്ങല്ലൂർ സ്കീമുകളുടെ പുനരുദ്ധാരണം.

2- മുൻവർഷത്തെ വരൾച്ചയുടെ പശ്ചാത്തലത്തിൽ ഉടൻ നിർമ്മിക്കേണ്ടുന്ന ചെക്ക്ഡാമുകളുടെ ലിസ്റ്റ് താഴെ ചേർക്കുന്നു.

1. പെരിന്തൽമണ്ണ ബ്ലോക്കിൽ ഏലംകുളം പഞ്ചായത്തിൽ ശ്രുതപ്പുഴയിൽ രാമൻചാടി ലിഫ്റ്റ് ഇറിഗേഷൻ സ്കീമിനു സമീപം തടയണ നിർമ്മാണം – ഏകദേശ ചെലവ് 300 ലക്ഷം.
2. നിലമ്പൂർ ബ്ലോക്കിൽ മൂത്തേടം പഞ്ചായത്തിൽ പുന്നപ്പുഴയിൽ മൂച്ചിപ്പുരത ലിഫ്റ്റ് ഇറിഗേഷൻ സ്കീമിനു സമീപം തടയണ നിർമ്മാണം – ഏകദേശ ചെലവ് 300 ലക്ഷം.

3- പുതിയ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1) പെരിന്തൽമണ്ണ ബ്ലോക്ക്, ആലിപ്പറമ്പ് പഞ്ചായത്ത് – മണലായ ലിഫ്റ്റ് ഇറിഗേഷൻ സ്കീം – ഏകദേശ ചെലവ് 700 ലക്ഷം.
2) കാളികാവ് ബ്ലോക്ക്, കരുളായി പഞ്ചായത്ത് – പാണ്ടാലംപാടം ലിഫ്റ്റ് ഇറിഗേഷൻ സ്കീം – ഏകദേശ ചെലവ് 500 ലക്ഷം.
3) പൊന്നാനി ബ്ലോക്ക്, തവന്നൂർ പഞ്ചായത്ത് – കരിയമ്പാട്ടുതാഴം ലിഫ്റ്റ് ഇറിഗേഷൻ സ്കീം – ഏകദേശ ചെലവ് 700 ലക്ഷം.
4) പെരുമ്പടപ്പ് ബ്ലോക്ക്, പെരുമ്പടപ്പ് പഞ്ചായത്ത് – പഴഞ്ചിറ ലിഫ്റ്റ് ഇറിഗേഷൻ സ്കീം – ഏകദേശ ചെലവ് 200 ലക്ഷം.
5) തിരൂരങ്ങാടി ബ്ലോക്ക്, മൂന്നിയൂർ പഞ്ചായത്ത് – പട്ടിശ്ശേരിപാടം ലിഫ്റ്റ് ഇറിഗേഷൻ സ്കീം – ഏകദേശ ചെലവ് 200 ലക്ഷം.
6) കൊണ്ടോട്ടി ബ്ലോക്ക്, വാഴക്കാട് പഞ്ചായത്ത് – ഊർക്കടവ് ലിഫ്റ്റ് ഇറിഗേഷൻ സ്കീം – ഏകദേശ ചെലവ് 300 ലക്ഷം.

4-റെഗുലേറ്റർ കം ബ്രിഡ്ജ്.

- ചമ്രവട്ടം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ അപാകതകൾ പരിഹരിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം കൊടുക്കുക. തുടർന്ന് പദ്ധതിയോടനുബന്ധിച്ച് വിഭാവനം ചെയ്തിട്ടുള്ള മുഴുവൻ പ്രവൃത്തികളും നടപ്പിൽ വരുത്തുക.
- കവണക്കല്ല് ആർ.സി.ബിയുടെ തുടർപ്രവർത്തനങ്ങൾ.

മലപ്പുറം, കോഴിക്കോട് ജില്ലാ അതിർത്തികളിലായി കിടക്കുന്ന ചാലിയാർ പുഴക്ക് കുറുകെ വാഴക്കാട്-മാവൂർ, പെരുവയൽ പഞ്ചായത്തുകളെ ബന്ധിപ്പിച്ചു കൊണ്ട് 2005ൽ നിർമ്മിച്ചിട്ടുള്ളതാണ് കവണക്കല്ല് റെഗുലേറ്റർ കം ബ്രിഡ്ജ്.

ഈ പദ്ധതിയുടെ രണ്ടാംഘട്ട അനുബന്ധ വികസനങ്ങളായി വാഴക്കാട് പഞ്ചായത്തിൽ റെഗുലേറ്ററിന് തൊട്ടു മുകളിലായി ഇടതുകരയിൽ മുണ്ടുമൂഴി ഭാഗത്ത് ഒരു ലിഫ്റ്റ് ഇറിഗേഷൻ സ്കീം നടപ്പിലാക്കാം. ഈ സ്കീം മുഖേന റെഗുലേറ്ററിനു താഴ്ഭാഗത്തായി കിടക്കുന്ന വാഴയൂർ പഞ്ചായത്തിലെ കൃഷിയിടങ്ങളിലേക്ക് വരെ വെള്ളം എത്തിച്ച് കൃഷി അഭിവൃദ്ധിപ്പെടുത്താൻ

കഴിയുന്നതാണ്. കവണക്കല്ല് റെഗുലേറ്ററിനു സമീപമായി അകലയർ ചെയ്ത സ്ഥലങ്ങളിൽ കമേഴ്സ്യൽ കോംപ്ലക്സ് നിർമ്മിച്ചു കൊണ്ടും, കവണക്കല്ല് പുഴയോര പാർക്ക്, ജലഗതാഗത ടൂറിസം, ഫിഷിംഗ് മുതലായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാവുന്നതാണ്. ഇടതുകരക്ക് പാർശ്വഭിത്തി സംരക്ഷണവും ആവശ്യമാണ്.

- ഓടായിക്കൽ ആർ.സി.ബിയുടെ രണ്ടാം ഘട്ട പ്രവൃത്തികൾ

മലപ്പുറം ജില്ലയിൽ നിലമ്പൂർ താലൂക്കിൽ മമ്പാട് പഞ്ചായത്തിലെ ഓടായിക്കൽ എന്ന സ്ഥലത്ത് ചാലിയാർ പുഴക്ക് കുറുകെ നിർമ്മിച്ചിട്ടുള്ള ആർ.സി.ബി ജില്ലയിലെ പ്രധാന ഇടത്തരം ജലസേചന പദ്ധതികളിൽ ഒന്നാണ്. മമ്പാട്, തിരുവാലി, വണ്ടൂർ എന്നീ പഞ്ചായത്തുകളിലെ 2900 ഹെക്ടർ കൃഷി ഭൂമിയിലേക്ക് ജലസേചനത്തിനുള്ള വെള്ളമെത്തിക്കാനാണ് ടി പദ്ധതി മുഖ്യമായും വിഭാവനം ചെയ്യുന്നത്.

രണ്ടാം ഘട്ട പ്രവൃത്തിയിൽ പമ്പ് ഹൗസ് നിർമ്മാണം, പമ്പ്-മോട്ടോർ സ്ഥാപിക്കൽ, കനാൽ നിർമ്മാണം എന്നിവ ഉൾപ്പെടുന്നു. ചാലിയാർ പുഴയുടെ ഇരുകരകളിലായുള്ള കൃഷി ഭൂമികളിലേക്ക് കനാൽ/പൈപ്പ് ലൈൻ വഴി വെള്ളമെത്തിക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. കോഴിക്കോട്-നിലമ്പൂർ-ഗൂഡല്ലൂർ സംസ്ഥാന പാതയുടെ വടക്ക് പടിഞ്ഞാറ് ഭാഗത്ത് ഇരുന്നൂറ് മീറ്റർ അകലെയായി നിർമ്മിച്ചിട്ടുള്ള ആർ.സി.ബിയിൽ നിന്നും ആദ്യഘട്ടമായി മമ്പാട് പഞ്ചായത്തിലെ പ്രധാന കൃഷിസ്ഥലങ്ങളായ നടുവക്കാട്, കാട്ടുപൊയിൽ, കാട്ടുമുണ്ട തുടങ്ങിയ പ്രദേശങ്ങളിലെ പാടശേഖരങ്ങളിൽ വെള്ളമെത്തിക്കുന്നതിന് ടി സംസ്ഥാന പാത മുറിച്ചു കടക്കേണ്ടതുണ്ട്.

- ചുങ്കത്തറ ഗ്രാമപഞ്ചായത്തിൽ പൂക്കോട്ടുമണ്ണയിൽ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം - രണ്ടാം ഘട്ട പ്രവൃത്തികൾ.

റെഗുലേറ്ററിന്റെ വലതുകരയിൽ കുറുമ്പിലങ്കോട് വില്ലേജിൽപ്പെട്ട കൃഷി ഭൂമികളിലേക്കു വെള്ളമെത്തിക്കാനുള്ള ഓരോ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കുള്ള ശ്രമങ്ങൾ നടന്നു വരുന്നു. ഒരു വിളയെടുത്തിരുന്ന കൃഷിയിടങ്ങളിൽ രണ്ടും മൂന്നും വിളകളും കൂടാതെ തരിശു ഭൂമികൾ കൃഷിയോഗ്യമാക്കുകയും ചെയ്യുക എന്നതാണ് ലക്ഷ്യം. റെഗുലേറ്ററിന്റെ വലതുകരയിൽ പമ്പ് ഹൗസ് നിർമ്മിക്കുകയും 100 എച്ച്.പി മോട്ടോർ ഉപയോഗിച്ച് ഉയർന്ന കുന്നിൻപ്രദേശത്ത് ഒരു ടാങ്ക് സ്ഥാപിച്ച് അതിലേക്ക് പമ്പ് ചെയ്യുകയും തുടർന്ന് ഈ ടാങ്കിൽ നിന്നും താഴ്ന്ന കനാലിലൂടെയും അകുഡക്ടിലൂടെയും കൃഷി ഭൂമിയിൽ വെള്ളം എത്തിക്കുക എന്നതാണ് ഈ പദ്ധതി. ഈ പദ്ധതി പൂർത്തിയാകുന്നതോടെ ഈ പ്രദേശത്തിന്റെ കാർഷിക വളർച്ചയിൽ വലിയൊരു കുതിച്ചു ചാട്ടം പ്രതീക്ഷിക്കാവുന്നതാണ്.

- പുതിയ റെഗുലേറ്ററുകളുടെ നിർമ്മാണം :

തുതപ്പഴയിൽ ആർ.സി.ബി:

തുതപ്പഴക്ക് കുറുകെ ആലിപ്പറമ്പ് പഞ്ചായത്തിൽ തുത എന്ന സ്ഥലത്ത് 85 വർഷത്തിലധികം പഴക്കമുള്ള ഇരുമ്പുപാലത്തിന് സമീപം നിലവിൽ സർക്കാർ വകയായുള്ള സ്ഥലത്ത് പഴയ പാലത്തിന് സമാന്തരമായി ഒരു ആർ.സി.ബി നിർമ്മിക്കുകയാണെങ്കിൽ വലിയ തോതിൽ ജലസംഭരണത്തിനും, പഴയ പാലം തകരുമ്പോൾ പെരിന്തൽമണ്ണ തുത-ചെർപ്പുളശ്ശേരി-പാലക്കാട് സംസ്ഥാന പാതയിൽ ഗതാഗതത്തിനും ഉപകാരപ്രദമാവും.

5. പെരിന്തൽമണ്ണ വെട്ടത്തൂരിലെ പൂങ്കാവനം റിസർവോയർ പദ്ധതി, പാളിച്ചകൾ പരിഹരിച്ച് പ്രവർത്തന ക്ഷമമാക്കുക.

6. എസ്.ഇ.വി.സി.ബികൾ സ്ഥാപിക്കൽ – തീരദേശത്ത് ഉൾത്തോടുകളിലേക്ക് ഉപ്പുവെള്ളം കയറി കൃഷിനിലങ്ങൾ ഉപയോഗശൂന്യമാകുന്നത് തടയാനായി പ്രസ്തുത തോടുകൾ പുഴയുമായി സന്ധിക്കുന്ന ഇടങ്ങളിൽ എസ്.ഇ.വി.സി.ബികൾ നിർമ്മിക്കുന്ന പദ്ധതി. ഇത് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന് നടപ്പാക്കാവുന്നതാണ്.

സംസ്ഥാന-കേന്ദ്ര പദ്ധതികളായി നിർവഹിക്കേണ്ടവ

ചാലിയാറിൽ നിന്ന് കടലുണ്ടിപ്പുഴയിലേക്ക് വെള്ളം

വൻകിട ജലസേചന പദ്ധതികൾ ഒന്നും ഇല്ലാത്ത ജില്ലയിൽ ദീർഘകാല ഭാവി പരിപാടി എന്ന നിലയിൽ നിർദ്ദേശിക്കാനുള്ള ഒരു പ്രധാന പ്രവർത്തനമാണ് ജലസമൃഷ്ടമായ ചാലിയാറിലൂടെ അറബിക്കടലിലേക്ക് ഒഴുകുന്ന വെള്ളം സമഗ്രമായ ഒരു പദ്ധതി വഴി ജലക്ഷാമം അനുഭവപ്പെടുന്ന കടലുണ്ടിപ്പുഴയിലേക്ക് എത്തിക്കുക എന്നുള്ളത്.

കവണക്കല്ല് റെഗുലേറ്ററിൽ സംഭരണത്തിന് ശേഷം ഒഴുകിപ്പോകുന്ന അധികജലം പൂങ്കുടി തോട് വഴി പുൽപ്പറ്റയിലൂടെ വെള്ളുവമ്പ്രത്തിന്റെ വടക്ക് വശത്ത് എത്തിക്കുകയും വെള്ളുവമ്പ്രത്ത് നിന്ന് കടലുണ്ടിപ്പുഴയിലേക്ക് ഒഴുകുന്ന പൂക്കോട്ടൂർ വലിയതോട് വഴി കടലുണ്ടിപ്പുഴയിലേക്ക് എത്തിക്കുകയും ചെയ്താൽ ഈ തോടുകളുടെ ഇരുവശങ്ങളും ജലസമൃഷ്ടമാകുന്നതോടൊപ്പം കടലുണ്ടിപ്പുഴയും ജലസമൃദ്ധമാക്കാൻ കഴിയും. അത് പോലെത്തന്നെ എടവണ്ണ-പള്ളിമുക്ക് റെഗുലേറ്റർ യാഥാർത്ഥ്യമാക്കി എടവണ്ണ വലിയതോട് വഴി കടലുണ്ടിപ്പുഴയിലേക്ക് വെള്ളം എത്തിക്കുന്നതിനുള്ള സാധ്യതയും പഠനവിധേയമാക്കേണ്ടതുണ്ട്.

മേൽത്തട്ട് നിർദ്ദേശങ്ങൾ

ജില്ലയിലെ കാർഷിക ജലസേചന പദ്ധതികൾക്കായി ജില്ലാ ഇറിഗേഷൻ പ്ലാനിലുൾപ്പെടുത്തി അഞ്ച് വർഷത്തേക്കായി സമർപ്പിച്ച പദ്ധതികളിൽ ഏറ്റവും അനിവാര്യമായ പദ്ധതികൾ ജില്ലാ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുക.

മറ്റു പ്രധാന നിർദ്ദേശങ്ങൾ

1) ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ജില്ലയിലെ സംരക്ഷിക്കപ്പെടേണ്ട കുളങ്ങളുടെ ലിസ്റ്റ് പഞ്ചായത്തുതല സാങ്കേതിക സമിതിയുടെ സഹായത്തോടു കൂടി തയ്യാറാക്കുക. നീർത്തടാടിസ്ഥാനത്തിൽ മുകളിൽനിന്ന് താഴേക്ക് എന്ന ക്രമത്തിൽ മുൻഗണനാക്രമം തീരുമാനിച്ച് ഓരോ വർഷത്തിലും നടപ്പിലാക്കേണ്ടുന്ന കുളങ്ങളുടെ ലിസ്റ്റ് സമിതിയുടെ അംഗീകാരത്തോടു കൂടെ അതാത് വകുപ്പുകൾക്ക് കൈമാറുക. പൊതു, സ്വകാര്യ, ക്ഷേത്ര, പള്ളിക്കുളങ്ങൾക്കായി പ്രത്യേക സംരക്ഷണ പദ്ധതികൾ പഞ്ചായത്തുകൾതന്നെ തയ്യാറാക്കുക.
2) പഞ്ചായത്തിലെ മുഴുവൻ തോടുകളും പൂർണമായും കയർ ഭൂവസ്ത്രമുപയോഗിച്ചുള്ള സംരക്ഷണ പദ്ധതി ആവിഷ്കരിക്കുക. പഞ്ചായത്തു തല ഹരിതകേരള സാങ്കേതിക സമിതിയുടെ ആഭിമുഖ്യത്തിൽ മുൻഗണനാക്രമവും സമയക്രമവും തീരുമാനിച്ച് പദ്ധതി നടപ്പിലാക്കുക.

3) മലപ്പുറം ജില്ലയിലെ നിലവിലുള്ള 49 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കായി ഒരു പുനരുദ്ധാരണ പാക്കേജ് തയ്യാറാക്കുക. പമ്പും, മോട്ടോറും പുതുക്കി സ്ഥാപിക്കൽ, കനാലുകൾ നീട്ടൽ, പുതിയ പമ്പ് ഹൗസുകൾ, കിണറുകൾ നിർമ്മിക്കൽ എന്നിവ ഈ പാക്കേജിൽ ഉൾപ്പെടുത്താം. അടിയന്തിരമായി നിർവഹിക്കേണ്ടുന്ന പ്രവൃത്തികളുടെ ലിസ്റ്റ് താഴെ ചേർക്കുന്നു.
4) ഹരിതകേരള പദ്ധതിയുടെ ഭാഗമായി നീർത്തട മാപ്പിന്റെ അടിസ്ഥാനത്തിൽ റിഡ്ജ് ടു വാലി അടിസ്ഥാനത്തിൽ വി.സി.ബി, ചെക്ക് ഡാം തുടങ്ങിയ മറ്റു ജലസംരക്ഷണ പ്രവൃ ികൾ തീരുമാനിക്കുകയും നടപ്പാക്കുകയും ചെയ്യുക.
5) തോടുകളിൽ വി.സി.ബികൾ ആവശ്യമായ സ്ഥലങ്ങളിൽ വി.സി.ബികൾ നിർമ്മിക്കാനും, ഷട്ടറുകൾ ഇല്ലാത്തവക്ക് ഷട്ടറുകൾ നിർമ്മിച്ച് നൽകാനുമുള്ള സമഗ്ര പദ്ധതിക്ക് രൂപം കൊടുക്കുക.
6) ജില്ലയിലെ ഓരോ പഞ്ചായത്തിലെയും ഉപേക്ഷിക്കപ്പെട്ട ക്വാറികളുടെ സ്ഥിതിവിവരക്കണക്കുകളെടുക്കുകയും ഇവയിൽ എത്രയെണ്ണം ജലസേചന സംഭരണികളാക്കി മാറ്റാമെന്നു കണ്ടെത്തുകയും, തുടർന്ന് അവയ്ക്കുള്ള പദ്ധതി തയ്യാറാക്കുകയും ചെയ്യുക.
7) തിരൂർ-പൊന്നാനി പുഴയുടെ തലക്കടത്തൂർ-പനമ്പാലം മുതൽ മുകളിലേക്കുള്ള ജലക്ഷാമം പരിഹരിക്കാൻ കുറ്റിപ്പുറം ചെമ്പിക്കലിൽ ഭാരതപ്പുഴയിൽ നിന്നും കൂനമ്പാടം തോട് വഴി വെള്ളം ലിഫ്റ്റ് ചെയ്യാവുന്നതാണ്. ഇത് ജില്ലാ പഞ്ചായത്ത് പദ്ധതിയായി നിർവഹിക്കാവുന്നതാണ്.
8) ഈസ്റ്റ് കോഡൂരിലെ ചെക്ക് ഡാമിലേക്ക് വെള്ളം. കടലുണ്ടിപ്പുഴയിൽ കോഡൂർ പഞ്ചായത്തിലെ കോങ്കയം ഭാഗത്തുനിന്ന് വെള്ളം ലിഫ്റ്റ് ചെയ്ത് മുണ്ടക്കോട് പ്രദേശത്തു കൂടെ ഭൂവസ്ത്ര കനാൽ പണിഞ്ഞ് ഈസ്റ്റ് കോഡൂരിലെ തണ്ണീറ്റുചോലയിലെ ചെക്ക് ഡാമിൽ വെള്ളമെത്തിക്കുന്ന പദ്ധതി. ഇത് ബ്ലോക്ക് പഞ്ചായത്ത് പദ്ധതിയായി നിർവഹിക്കാവുന്നതാണ്.
9) പുഴകളേയും, തോടുകളേയും മാലിന്യമുക്തമാക്കൽ - പുഴകൾക്കും, തോടുകൾക്കും കുറുകെ ഗ്രേറ്റിംഗ്സ് സ്ഥാപിച്ച് പ്ലാസ്റ്റിക് മാലിന്യങ്ങളും മറ്റും ഒഴുകിയെത്തുമ്പോൾത്തന്നെ എം.ജി.എൻ.ആർ.ഇ.ജി.എസിന് ഉപയോഗപ്പെടുത്തുന്ന പദ്ധതി. ഇത് ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.
10) ചെങ്കൽ ക്വാറികൾ - ഉപേക്ഷിക്കപ്പെട്ട ചെങ്കൽ ക്വാറികൾ മഴവെള്ള സംഭരണികളാക്കി മാറ്റുന്ന പദ്ധതി. ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർവഹിക്കാവുന്നതാണ്.

5.1.4 മൃഗസംരക്ഷണം-ക്ഷീര വികസനം.

5.1.4.1 മൃഗസംരക്ഷണം.

മൃഗസംരക്ഷണ - ക്ഷീരവികസന മേഖലകളിൽ നടപ്പിലാക്കുന്ന പദ്ധതികൾ.

മൃഗസംരക്ഷണ മേഖലക്ക് 2017-18 ൽ സംസ്ഥാന പദ്ധതികൾക്കുള്ള ആകെ വിഹിതമായി മാറ്റി വെച്ചിരിക്കുന്നത് 308.28 കോടി രൂപയാണ്. മൃഗപരിപാലന ആരോഗ്യ സംരക്ഷണ സൗകര്യങ്ങളുടെ നവീകരണം രാത്രികാലങ്ങളിലെ മൃഗചികിത്സാവ്യാപനം ലബോറട്ടറി സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ കന്നുകാലി ഇൻഷുറൻസ് മുതലായവക്കാണ് ഈ മേഖലയിൽ 2017-18 ൽ ഊന്നൽ നൽകുന്നത്.

ജില്ലയിലെ 2017-18 ൽ നടപ്പിലാക്കുന്ന സംസ്ഥാനാവിഷ്കൃത പദ്ധതികളിലെ വിശദാംശങ്ങൾ.

ഗോവർദ്ധിനി

ക്ഷീരകർഷകവൃത്തി നിലനിർത്തുന്നതിനാവശ്യമായ പുതുതലമുറ കാലികളെ ഇവിടെ പിറക്കുന്ന പശുക്കുട്ടികളിൽ നിന്നും തിരഞ്ഞെടുത്ത് വളർത്തുന്ന 4-6 മാസം പ്രായം മുതൽ 30 മാസം വരെയോ പ്രസവം വരെയോ സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുന്നു. 50 ശതമാനം സംസ്ഥാനസർക്കാർ വിഹിതമായും 50 ശതമാനം ഗുണഭോക്താവിന്റെ വിഹിതമായും വകയിരുത്തി നടപ്പാക്കുന്നു.

പട്ടിക 5.1.4.1 .1 ഗോവർദ്ധിനി ആനുകൂല്യം ലഭിക്കുന്ന കർഷകരുടെ എണ്ണം

വർഷം	എണ്ണം
2016-17	4922
2017-18	1488

അവലംബം - മൃഗസംരക്ഷണ വകുപ്പ് സ്ഥിതിവിവരകണക്ക്

വന്ധ്യതാ നിവാരണ ക്യാമ്പുകൾ

സങ്കര ഇനം കന്നുകാലികളുടെ ഉത്പാദനം ലക്ഷ്യമാക്കികൊണ്ട് വന്ധ്യതാനിവാരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി 20 സ്ഥാപനങ്ങളിൽ ഓരോ ക്യാമ്പ് സംഘടിപ്പിക്കുന്നതിന് 10000 രൂപ വെച്ച് 2017 -18 വർഷം അനുവദിച്ചത് ജില്ലയിലെ വിവിധ സ്ഥാപനങ്ങളിൽ നൽകി പദ്ധതി നടപ്പിലാക്കി വരുന്നു. ഓരോ സ്ഥാപനങ്ങൾക്കും പദ്ധതിക്കായി വകയിരുത്തിയ ഉക ഹോർമോണുകൾ ആന്റ് ബയോട്ടിക്കുകൾ വെറ്റമിൻ മിനറൽ മിക്സർ എന്നിവ വാങ്ങുന്നതിനും ക്ലിനിക്കൽ സാമ്പിളുകൾ ശേഖരിക്കുതിനുമുള്ള ട്രാൻസ്പോർട്ടേഷനും മറ്റും ഉപയോഗിക്കുന്നതിനും വെച്ചിരിക്കുന്ന 3-4 തവണ ബീജസങ്കലനം നടത്തിയിട്ട് ചെന പിടിക്കാത്ത പശുക്കളെ വിദഗ്ധ സംഘം പരിശോധിച്ച് സൗജന്യ ചികിത്സ നൽകുന്ന പദ്ധതി 20 പഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

ഫാം യന്ത്രവൽക്കരണം

തിരഞ്ഞെടുത്ത 20 കർഷകർക്ക് 50% സബ്സിഡി നിരക്കിൽ കറവയന്ത്രം വിതരണം ചെയ്തു.

മൃഗാരോഗ്യ ക്യാമ്പുകൾ

മൃഗാരോഗ്യ പരിരക്ഷാ ക്യാമ്പുകൾ മലപ്പുറം ജില്ലയിലെ 100 മൃഗാശുപത്രികളിൽ സംഘടിപ്പിക്കുക വഴി രണ്ടായിരത്തോളം കർഷകർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. വേനൽ ചൂടിന് മൃഗങ്ങൾക്കുള്ള ജീവൻരക്ഷാ മരുന്നുകൾ 110 സ്ഥാപനങ്ങൾ വഴി കർഷകർക്ക് വിതരണം ചെയ്തു.

സ്കൂൾ പൗൾട്രി ക്ലബുകൾ

ജില്ലയിലെ 51 സർക്കാർ, എയ്ഡഡ് അപ്പർ പ്രൈമറി സ്കൂൾ ഹൈസ്കൂൾ ക്ലാസുകളിലെ 50 വീതം വിദ്യാർത്ഥികൾക്ക് 46- 60 ദിവസം വരെ പ്രായമായ കോഴികുഞ്ഞുങ്ങളെയും കോഴിതീറ്റയും മരുന്നുകളും സൗജന്യമായി നൽകിയിട്ടുണ്ട്. ജില്ലയിലെ മൃഗസംരക്ഷണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന ടി പദ്ധതി വിദ്യാർത്ഥികളിലൂടെ ഗ്രാമപ്രദേശങ്ങളിൽ വീട്ടു പരിസരത്ത് മുട്ടക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും അധികവരുമാനം ലഭ്യമാക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്.

അനിമൽ വെൽഫെയർ ക്ലബ്

വിദ്യാർത്ഥികളിൽ പക്ഷിമൃഗാദികളോടുള്ള സ്നേഹവും അനുകമ്പയും ഉണ്ടാക്കുക, സ്വയംതൊഴിൽ ശീലം, പഠനത്തോടൊപ്പം വരുമാനം എന്നീ ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയിൽ തിരഞ്ഞെടുത്ത 3 സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് മുട്ടക്കോഴി, ആട് എന്നിവ വിതരണം ചെയ്തു.

നഗരപ്രദേശങ്ങളിൽ കോഴിയും കൂടും

കോഴിവളർത്തൽ നഗരപ്രദേശങ്ങളിൽ പ്രോത്സാഹിപ്പിക്കുന്നതിനായി ജില്ലയിലെ 12 മൃഗാശുപത്രികൾ വഴി പദ്ധതി നടപ്പിലാക്കി.

താറാവുകൃഷി പ്രചാരണ പദ്ധതി

പദ്ധതിയുടെ ഭാഗമായി 10 പഞ്ചായത്തുകളിലായി 50 കർഷകർക്ക് താറാവ് കുഞ്ഞുങ്ങളെ വിതരണം ചെയ്തു.

വെറ്ററിനറി സേവനങ്ങളുടെ ശാക്തീകരണം

വെറ്ററിനറി സേവനങ്ങളുടെ ശാക്തീകരണവുമായി ബന്ധപ്പെട്ട് മരുന്ന് വിതരണം, ആതവനാട് ജില്ലാ കോഴിവളർത്തൽ കേന്ദ്രത്തിന്റെ ശാക്തീകരണം എന്നിവ 2016-17 സാമ്പത്തിക വർഷം നടന്നു. മലപ്പുറം ജില്ലയിലെ 5 ബ്ലോക്കുകളിൽ രാത്രികാല സേവനം കർഷകർക്ക് ലഭിക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.

ആടുവളർത്തൽ / ഗോട്ട്സാറ്റലൈറ്റ് യൂണിറ്റുകൾ

സ്വയം തൊഴിൽ കണ്ടെത്തുന്നതിന് അവസരം സൃഷ്ടിക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ 57 ആട് വളർത്തൽ യൂണിറ്റുകൾ സ്ഥാപിച്ച് മലബാറി ആടിന്റെ വൻതോതിലുള്ള പ്രജനനവും പാലിന്റെയും ഇറച്ചിയുടെയും വർദ്ധനവും ലക്ഷ്യമിട്ട് കൊണ്ടുള്ള പദ്ധതിയാണിത്. ഒരു യൂണിറ്റിന് 50000 രൂപ ചെലവ് വരുന്ന പദ്ധതിയിൽ 25000 രൂപ സർക്കാർ വിഹിതമാണ്. കീഴാറ്റൂർ ഗ്രാമപഞ്ചായത്തിലെ തിരഞ്ഞെടുത്ത 10 കർഷകർക്ക് ആടുവളർത്തൽ പദ്ധതിയിൽ ധനസഹായം നൽകി.

താലൂക്ക് തല എന്റർപ്രണർ മീറ്റ്

ജില്ലയിലെ 2 മൃഗസംരക്ഷണ സ്ഥാപനം മുഖേനെ 2 യൂണിറ്റ് നടപ്പിലാക്കുന്നതിന് ഒരു യൂണിറ്റിന് 50000 രൂപ വെച്ച് 2 യൂണിറ്റിൽ 100000 രൂപയാണ് അനുവദിച്ചിട്ടുള്ളത്

രാത്രി കാലങ്ങളിൽ വീട്ട് പടിക്കൽ മൃഗചികിത്സാപദ്ധതി

ടി പദ്ധതിപ്രകാരം രാത്രി കാലങ്ങളിൽ (വൈകുന്നേരം 6 – രാവിലെ 6 വരെ) വീട്ടു പടിക്കൽ മൃഗചികിത്സ ലഭ്യമാക്കുന്നതിന് ഓരോ വെറ്ററിനറി സർജനെയും കോൺടാക്ട് വ്യവസ്ഥയിൽ നിയമിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു.

മന്തിലി ടെക്നോളജി അഡൈ്വസ് എസ്.ആർ.ഇ.പി

ജില്ലയിലെ മൃഗസംരക്ഷണവകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനം 2 മാസം കൂടുമ്പോൾ പ്രസിദ്ധീകരിക്കുന്ന പദ്ധതി.

കേന്ദ്രാവിഷ്കൃത പദ്ധതി

പ്രത്യേക കേന്ദ്രസഹായ പദ്ധതി– എസ്.സി.എ. ടി.എസ്.പി

ടി പദ്ധതി വെറ്ററിനറി ആശുപത്രി കുളത്തുപുഴ വെറ്ററിനറി ഡിസ്പെൻസറി എന്നീ സ്ഥാപനങ്ങൾ വഴി നടപ്പാക്കി വരുന്നു.

വളർത്ത് മൃഗങ്ങളിൽ നിന്നുള്ള ജൈവമാലിന്യങ്ങളെ വളമാക്കി മാറ്റുന്നത്

ജൈവ മാലിന്യങ്ങളെ വളമാക്കി മാറ്റുന്നതിന് മേൽക്കൂരയോട് കൂടിയ ചാണക്കുഴികൾ നിർമിക്കുന്നതിന് ഒരു യൂണിറ്റിന് 12500 രൂപ വീതം രൂപ അനുവദിച്ചിട്ടുണ്ട്. ജില്ലയിലെ 25 സ്ഥാപനം വഴി 30 യൂണിറ്റുകൾ നിർമിച്ച് പദ്ധതി നടപ്പാക്കി വരുന്നു.

വിജ്ഞാന വ്യാപനം

സംരംഭകത്വ വികസന പരിപാടികളുടെ ഭാഗമായി നടപ്പിലാക്കിയ പരിശീലന പരിപാടികളിൽ വിദഗ്ധർ ക്ലാസ്സുകൾ നയിക്കുകയും കർഷകർക്കായി വിജയിച്ച മാതൃകകൾ സർക്കാർ ഫാമുകൾ എന്നിവിടങ്ങളിലേക്ക് എക്സ്പോഷർ വിസിറ്റുകൾ സംഘടിപ്പിക്കുക വഴി കർഷകർക്ക് നൂതന ആശയങ്ങളും അറിവുകളും ലഭ്യമാകുന്നതിന് അവസരം ലഭിച്ചു. മൃഗസംരക്ഷണ മേഖലയിലേക്ക് കടന്നു വരാനാഗ്രഹിക്കുന്ന സംരംഭകരെ സജ്ജരാക്കുന്നതിന് താലൂക്ക്തല സംരംഭകത്വ പരിപാടി സംഘടിപ്പിച്ചു. വിവിധതലങ്ങളിൽ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക വഴി വിജ്ഞാനവ്യാപനം സാധ്യമാക്കുവാൻ സാധിച്ചിട്ടുണ്ട്.

മൃഗസംരക്ഷണ വകുപ്പ് വഴി നടപ്പിലാക്കുന്ന രോഗപ്രതിരോധ പ്രവർത്തനങ്ങൾ

ഗോരക്ഷ പദ്ധതി

പട്ടിക 5.1.4.1.2 : കന്നുകാലികളിൽ വ്യാപകമായി കണ്ടുവരുന്ന കുളമ്പ് രോഗത്തിനെതിരെ നടത്തിയ കുത്തിവെയ്പ്പ് വിവരങ്ങൾ

ഉരുക്കൾ	എണ്ണം
പശു	67954
എരുമ	11257
പന്നി	977

അവലംബം – മൃഗസംരക്ഷണ വകുപ്പ് സ്ഥിതിവിവരകണക്ക് (2016–17)

അസ്കാഡ്

അസ്കാഡ് പദ്ധതി പ്രകാരം ജില്ലയിലെ മൃഗാശുപത്രികൾ കേന്ദ്രീകരിച്ചും പരിശീലനം ലഭിച്ച കുടുംബശ്രീ അംഗങ്ങൾ മുഖേനയും കോഴി വസന്തക്കും താറാവ് വസന്തക്കും എതിരെയുള്ള പ്രതിരോധ കുത്തിവെയ്പ്പ് എല്ലാ വർഷവും നടത്തുന്നുണ്ട്.

റാബീസ് ഫ്രീ കേരള വാക്സിനേഷൻ ക്യാമ്പയിൻ

ജില്ലയിലെ മുഴുവൻ നായ്ക്കളെയും പേവിഷബാധക്ക് എതിരായ കുത്തിവെയ്പിന് വിധേയമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയിൽ 2016–17 വർഷം 10530 നായ്ക്കളെ പ്രതിരോധ കുത്തിവെയ്പിന് വിധേയമാക്കിയിട്ടുണ്ട്.

മൃഗാശുപത്രികൾ വഴി നടപ്പിലാക്കുന്ന കന്നുകാലി പ്രജനന പ്രവർത്തനങ്ങൾ
കൃത്രിമ ബീജാധാനം

മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള 110 മൃഗാശുപത്രികളിലും 115 വെറ്ററിനറി സബ്സെന്ററുകളിലും ഈ സൗകര്യം ലഭ്യമാണ്.

പട്ടിക 5.1.4.1.3 : കൃത്രിമ ബീജാധാനം 2016-17

മൃഗങ്ങൾ	എണ്ണം
പശു	78907
എരുമ	366
ആട്	4527

സ്രോതസ്സ്: - മൃഗസംരക്ഷണ വകുപ്പ് സ്ഥിതിവിവരകണക്ക് (2016-17)

പട്ടിക 5.1.4.1.4 : കന്നുകുട്ടി ജനനം

മൃഗാശുപത്രികളിലെ കന്നുകുട്ടി ജനന രജിസ്റ്റർ(പ്രകാരം)	
മൃഗങ്ങൾ	എണ്ണം
പശു	23308
എരുമ	164
ആട്	3680

സ്രോതസ്സ്: മൃഗാശുപത്രികളിലെ കന്നുകുട്ടി ജനന രജിസ്റ്റർ (2016-17)

5.1.4.2 ക്ഷീരവികസന വകുപ്പ്

ക്ഷീരവികസന മേഖലക്കായി 2017-2018 വർഷത്തിലെ 97.75 കോടി രൂപ സംസ്ഥാനാവിഷ്കൃത പദ്ധതിക്കായി വകയിരുത്തി. ഈ മേഖലയിൽ 5 സ്കീമുകൾ ഉൾപ്പെടുത്തിയിരിക്കുന്നു. സംസ്ഥാനത്തെ ക്ഷീര സഹകരണസംഘത്തിന് പാൽ സംഭരണത്തിന് ഉള്ള അടിസ്ഥാന സൗകര്യമൊരുക്കുന്നതിനുമായി 3051 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി മിൽക്ക് ഷെഡ് വികസന പദ്ധതിക്കായി 4804 ലക്ഷംരൂപയും കാലിത്തീറ്റ സബ്സിഡിക്കായി 1400 ലക്ഷം രൂപയും ഈ മേഖലയിൽ വകയിരുത്തിയിരിക്കുന്നു.

ഗ്രാമീണ ക്ഷീരവിജ്ഞാന വ്യാപനവും ഉപദേശക സർവീസും

അനിശ്ചിതാവസ്ഥയും പ്രകൃതിക്ഷോഭവും മറ്റും ഉണ്ടാകുന്ന അവസരങ്ങളിൽ വ്യക്തിപരമായ ബന്ധങ്ങളിൽ കൂടി സാങ്കേതികവിദ്യയുടെ കൈമാറ്റം കർഷകർക്ക് നേരിട്ട് എത്തിക്കുക എന്നതാണ് പദ്ധതിയുടെ മുഖ്യ ഉദ്ദേശ്യം. ഇതിന്റെ ഭാഗമായി വിജ്ഞാന വ്യാപന പ്രവർത്തനം, കർഷക സഭകൾ ബ്ലോക്ക് ക്ഷീര സംഗമങ്ങൾ, സംസ്ഥാന ക്ഷീരസംഗമം, ജില്ലാ ക്ഷീരസംഗമം തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുന്നു.

പ്രാഥമിക ക്ഷീര സഹകരണ സംഘത്തിന് സഹായവും ഗുണമേന്മ മെച്ചപ്പെടുത്തലും

കൂടുതലും കർഷകരെ ക്ഷീര സഹകരണ മേഖലയിലേക്ക് കൊണ്ടുവരിക, പാലിന്റെ ഗുണം പരിശോധിക്കുന്നതിനായി സൗകര്യങ്ങൾ മെച്ചപ്പെടുത്തലിന്റെ സംഭരണം, വിപണനം ഇവ

മെച്ചപ്പെടുത്തുന്നതിന് ക്ഷീര സഹകരണ സംഘങ്ങളുടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുകയും ആധുനിക വത്കരിക്കുകയും ചെയ്യുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. ക്ഷീര സംഘത്തിന്റെ ആധുനിക വത്കരണം, ബില്ലിംഗ് കളക്ഷൻ, റ്റൂ ഫാർമേഴ്സ്, ഫെസിലിറ്റേഷൻ സെന്റർ, ആവശ്യാതിഷ്ഠിത ധനസഹായം, ഫുഡ് ആന്റ് സേഫ്റ്റിസ്റ്റാൻഡേഡ് ആക്ട് ധനസഹായം എന്നിവ ഇതിൽ ഉൾപ്പെടുന്നു.

മിൽക്ക് ഷെഡും ഫോഡർ വികസനവും

ക്ഷീരോല്പാദന മേഖലയിലേക്ക് കൂടുതൽ കർഷകരെയും സംരംഭകരെയും സ്വയം സഹായ സംഘങ്ങളെയും എത്തിക്കുക, സങ്കരയിനം കന്നുകാലികളുടെ ഉത്പാദനക്ഷമത നിലനിർത്തുക, കർഷകരിൽ ശാസ്ത്രീയമായി കാലിവളർത്തൽ രീതി അവലംബിക്കുന്നതിൽ അവബോധമുണ്ടാക്കുക ഇവയാണ് പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. പ്രധാന ഉപജീവനമാർഗമായി ക്ഷീരമേഖലയെ സമീപിക്കുന്നവർക്ക് സാങ്കേതിക വിദ്യ മുഖേനെ പാലുത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപിക്കുന്നതിനുള്ള സഹായം ലഭ്യമാകുക, വാണിജ്യാടിസ്ഥാനത്തിലുള്ള ക്ഷീരോൽപാദന പ്രോത്സാഹനം എന്നിവ പദ്ധതി ലക്ഷ്യമിടുന്നു. കൂടാതെ ഫോഡർ ഉല്പാദനം ലക്ഷ്യം വച്ച് 135 ഹെക്ടർ സ്ഥലത്ത് കൃഷി വ്യാപിപ്പിക്കുന്നതിന് ധനസഹായം, മാതൃക കാലിത്തൊഴുത്ത് നിർമ്മാണം, ഫാംയന്ത്ര വൽക്കരണത്തിന്റെ ഭാഗമായി കറവയന്ത്രം വാങ്ങൽ എന്നിവ നൽകിയിട്ടുണ്ട്.

പട്ടിക 5.1.4.2.1 : മിൽക്ക് ഷെഡ് പദ്ധതി പ്രകാരം വിതരണം ചെയ്ത പശു, കിടാരി യൂണിറ്റുകളുടെ എണ്ണം

ക്രമ നം	യൂണിറ്റ്	എണ്ണം
1.	1 പശു യൂണിറ്റ്	59 എണ്ണം
2.	2 പശു യൂണിറ്റ്	70 എണ്ണം
3.	5 പശുയൂണിറ്റ്	12 എണ്ണം
4.	10 പശു യൂണിറ്റ്	2 എണ്ണം
5.	5 കിടാരി യൂണിറ്റ്	17 എണ്ണം
6.	10 കിടാരി യൂണിറ്റ്	4 എണ്ണം

അവലംബം- ക്ഷീരവികസന വകുപ്പ് സ്ഥിതിവിവര കണക്കുപ്രകാരം

ക്ഷീര മേഖലയിലെ ഉത്പാദനം പരിമിതപ്പെടുത്തുന്ന പ്രധാനഘടകം തീറ്റപ്പുല്ല് ദൗർലഭ്യമാണ്. അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ക്ഷീരമേഖലാ ഉത്പാദനചെലവ് കൂടുതലായതിനാൽ ചെലവ് കുറക്കാൻ തദ്ദേശിയമായി ലഭ്യമായ തീറ്റ സാമഗ്രികൾ ഉൾപ്പെടുത്തിയുള്ള തീറ്റ നിർമ്മാണ സാധ്യതകൾ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. വർഷം മുഴുവനും ലഭ്യമാവുന്ന രീതിയിൽ തീറ്റപ്പുൽകൃഷിയും തരിശു നിലങ്ങളിലെ തീറ്റപ്പുല്ല് വ്യാപനവും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്. തീറ്റപുൽ കൃഷി വ്യാപനം ധനസഹായം കൂടിയും ധനസഹായം ഇല്ലാതെയും തീറ്റപുൽകൃഷി തോട്ടങ്ങൾ നിർമ്മാണ സഹായം, അസോളവ്യാപനം, തരിശുഭൂമിയിൽ തീറ്റപുൽകൃഷി, ഫോഡർ അസോള നഴ്സറി, ഹൈഡ്രോപോണിക്ക് ഇറിഗേഷൻ അസിസ്റ്റൻസ് തുടങ്ങിയവക്ക് ധനസഹായം അനുവദിക്കുന്നു. കൂടാതെ ഡയറി യൂണിറ്റുകൾ കിടാരി യൂണിറ്റുകൾ, മിൽക്കിങ് മിഷൻ ആവശ്യാതിഷ്ഠിത ധനസഹായം തുടങ്ങിയവ പദ്ധതിയിൽ ഉൾപ്പെടുത്തുന്നു.

കാലിത്തീറ്റ സബ്സിഡി

പാലുല്പാദനം വർദ്ധിപ്പിക്കുക, കൂടുതൽ ക്ഷീര കർഷകരെ ക്ഷീരസംഘത്തിനു കീഴിൽ കൊണ്ടുവരിക, ക്ഷീരോത്പാദന മേഖലയുടെ ക്ഷമത വർദ്ധിപ്പിക്കുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും യുവ സംരംഭകരെ മേഖലയിലേക്ക് ആകർഷിക്കുകയും ചെയ്യുക തുടങ്ങിയവയാണ് ലക്ഷ്യങ്ങൾ. പദ്ധതി പ്രകാരം ക്ഷീരസംഘത്തിൽ പാലളക്കുന്ന കർഷകർക്ക് സബ്സിഡി ലഭ്യമാവുന്നു.

ഗുണനിയന്ത്രണ ലാബുകളുടെ ശാക്തീകരണം.

ബൾക്ക് മിൽക് ചില്ലിങ് സംവിധാനമുള്ള ക്ഷീരസംഘങ്ങൾക്ക് ലാബ് സജ്ജീകരണം ആവശ്യാനുസരണ ധനസഹായം

ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് പ്രൊഡക്ഷൻ ഇൻസന്റീവ്.

പദ്ധതി പ്രകാരം ക്ഷീരസംഘത്തിൽ പാൽ അളക്കുന്ന കർഷകർക്ക് ക്ഷീരസംഘത്തിൽ അളക്കുന്ന പാലിന്റെ അളവിന് അനുപാതികമായി സബ്സിഡി ലഭ്യമാവുന്നു.

മേൽത്തട്ട് നിർദ്ദേശം.

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിൽ വരുന്ന പദ്ധതികളുടെ നടത്തിപ്പിനായി തയ്യാറാക്കുന്ന മാർഗ്ഗരേഖയിൽ നിബന്ധനകൾ ലഘൂകരിച്ച് ഉല്പാദന വർദ്ധനവ് ലക്ഷ്യമിടുന്ന പദ്ധതികളായി പരിഗണിച്ച് താല്പര്യമുള്ള ഗുണഭോക്താക്കളെ എ.പി.എൽ/ ബി.പി.എൽ പരിഗണന ഒഴിവാക്കി എല്ലാവർക്കും പദ്ധതി ആനുകൂല്യങ്ങൾ ലഭ്യമാക്കത്തക്ക രീതിയിൽ പരിഷ്കരിക്കുക.
- മൃഗസംരക്ഷണ മേഖലയിൽ നടപ്പിൽ വരുത്തുന്ന പദ്ധതികൾക്ക് ധനകാര്യ സ്ഥാപനങ്ങൾ നൽകുന്ന വായ്പയുടെ പലിശ കാർഷിക മേഖലക്ക് നൽകുന്ന പലിശക്ക് തത്തുല്യമാക്കുക.
- മൃഗസംരക്ഷണ മേഖലക്ക് ആവശ്യമായ വൈദ്യുതി വിതരണം സൗജന്യമാക്കുക
- മൃഗസംരക്ഷണ വകുപ്പ് വഴിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയും പാൽ, മുട്ട മുതലായവ വിപണനം ചെയ്യുന്നതിനും, വിവരശേഖരണത്തിനും പഞ്ചായത്തുകൾ തോറും നിലവിലുള്ള വെറ്ററിനറി സബ് സെന്ററുകളെ പരിഷ്കരിക്കുക.
- ഉല്പാദന സ്രോതസ്സിനത്തിൽ ക്ഷീരകർഷകർക്ക് നിലവിൽ നൽകുന്ന 4 രൂപ അപര്യാപ്തമാണ്. ആയത് 10 രൂപയായി ഉയർത്തുക.ഓരോ ബ്ലോക്കിലും കാലിത്തീറ്റ മിശ്രണ യൂണിറ്റുകൾ സ്ഥാപിക്കുക.
- കർഷക ഭവനങ്ങളിൽ കൃത്രിമ ബീജധാനത്തിലൂടെ ജനിക്കുന്ന കന്നുകുട്ടികളെയെല്ലാം സംരക്ഷിക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുക. (ജില്ലാ പഞ്ചായത്ത് ഉൾപ്പെടെ)
- ബ്ലോക്ക് തലത്തിൽ ന്യായവിലക്ക് പക്ഷിമൃഗ മരുന്നുകൾ ലഭിക്കുന്ന നീതി സ്റ്റോർ ആരംഭിക്കുക.
- ജനകീയ പങ്കാളിത്തത്തോടുകൂടിയുള്ള രോഗപ്രതിരോധ പ്രവർത്തന പദ്ധതികൾ നടപ്പിലാക്കുക.
- രോഗനിർണ്ണയം, ചികിത്സ, വിജ്ഞാന വ്യാപനം എന്നിവ കർഷകരിലേക്ക് കൂടുതൽ ഫലപ്രദമായി എത്തിക്കുന്നിന് വേണ്ടി കാലോചിതമായ വകുപ്പുതല പുനസംഘാടനം നടത്തുക. വെറ്ററിനറി ഉപകേന്ദ്രങ്ങളുടെ ശാക്തീകരണവും പുനർവിന്യാസവും നടപ്പിലാക്കുക.

- താലൂക്ക് തലത്തിൽ ശാസ്ത്രീയ അറവുശാലകളുടെയും പ്രാദേശിക തലത്തിൽ മാംസവിപണന കേന്ദ്രങ്ങളുടെയും സംസ്ഥാപനം.
- നിലവിൽ ജില്ലയിൽ വിജ്ഞാനവ്യാപനത്തിനും കർഷക പരിശീലനത്തിനും ആവശ്യമായ പരിശീലന കേന്ദ്രങ്ങളില്ല. ആയതിനാൽ നിലമ്പൂർ/ ആതവനാട് ആസ്ഥാനമായി താമസ സൗകര്യത്തോടുകൂടി ഒരു കർഷക പരിശീലന കേന്ദ്രം സ്ഥാപിക്കുക.
- ഫാമുകളുടെ ലൈസൻസിംഗ് നിയമങ്ങൾ ലഘൂകരിച്ച് ആ പ്രക്രിയ തദ്ദേശ സ്ഥാപനങ്ങൾ, മൃഗസംരക്ഷണ വകുപ്പ് എന്നിവക്ക് കൈമാറുക.
- കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി നൽകുക (ജില്ലാ പഞ്ചായത്ത്)
- നല്ലയിനം കറവപശുക്കളെ കർഷകർക്ക് സംസ്ഥാനത്തിന് ഉള്ളിൽ നിന്ന് ലഭ്യമാക്കുന്നതിനുള്ള പദ്ധതി ആസൂത്രണം.
- പുൽകൃഷിക്കായി റവന്യൂ വകുപ്പിന്റെ കീഴിലുള്ള തരിശുഭൂമി ലഭ്യമാക്കുക.
- ക്ഷീരസംഘം വഴി സംഭരിക്കുന്ന പാലിന് ഉല്പാദനചെലവിന് അനസൃതമായ വില ഉറപ്പാക്കുക.
- മൃഗസംരക്ഷണം ക്ഷീരവികസന മേഖലയിലെ വായ്പകൾ കാർഷിക വായ്പയായി പരിഗണിക്കുക.

5.1.5 മത്സ്യവികസനം

മത്സ്യമേഖലയിൽ കേന്ദ്ര സർക്കാർ ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികൾ

ബ്ലൂ റവല്യൂഷൻ പദ്ധതി

2016-17 ൽ ജില്ലയിൽ കേന്ദ്ര സർക്കാർ ധനസഹായത്തോടെയുള്ള ഉൾനാടൻ മത്സ്യമേഖല പദ്ധതികൾ താഴെ കൊടുത്തിരിക്കുന്നു .

- ഓരുജല -പുതിയകുളം നിർമ്മാണം
- ഓരുജല -കുളം പുനരുദ്ധാരണം
- ഓരുജല കൂട് കൃഷി

പട്ടിക 5.1.5.1 : കേന്ദ്രാവിഷ്കൃത പദ്ധതികൾ (2016-17)

ക്രമ നം	പദ്ധതിയുടെ പേര്	അനുവദിച്ച ഇക (ലക്ഷ്യത്തിൽ)	ചെലവഴിച്ച ഇക (ലക്ഷ്യത്തിൽ)	ചെലവഴിച്ച ശതമാനം
1	മൽസ്യ തൊഴിലാളികൾക്ക് വേണ്ടിയുള്ള വിവരശേഖരണം (100ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതി)	0.595	0.51	85.71
2	നീല വിപ്ലവം -സംയോജിത മൽസ്യ ബന്ധന വികസനവും മാനേജ്മെന്റ (60% c.s.s) (മറ്റ കേന്ദ്രാവിഷ്കൃത പദ്ധതി	80.179	80.179	100

അവലംബം :മൽസ്യ വകുപ്പ് ,പൊന്നാനി.

100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയായ മൽസ്യ തൊഴിലാളി വിവരശേഖരണത്തിനായി ലഭ്യമായ 59,500 രൂപയിൽ 51,000 രൂപ ചെലവഴിച്ചു. 60 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത മൽസ്യ ബന്ധന വികസനവും മാനേജ്മെന്റിനും ആയി ലഭ്യമായ. 80,17,000 രൂപയിൽ മുഴുവൻ തുകയും ചെലവഴിച്ചു.

നിർദ്ദേശങ്ങൾ

പദ്ധതിക്ക് അനുയോജ്യമായ പ്രദേശങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ വരുന്നുണ്ടെങ്കിൽ പഞ്ചായത്തിന്റെതോ പുറംപോക്ക് സ്ഥലമോ ആണെങ്കിൽ അവ ഗുണഭോക്താക്കൾക്ക് ലഭ്യമാണെങ്കിൽ അവർക്ക് ചുരുങ്ങിയത് മൂന്ന് വർഷത്തേക്ക് പാട്ടത്തിന് നൽകുക.

സംസ്ഥാന സർക്കാർ പദ്ധതികൾ

ഉൾനാടൻ മേഖലയിലെ മത്സ്യകൃഷിക്ക് കേരള സർക്കാർ ഫിഷറീസ് വകുപ്പ് 2016-17 പ്ലാൻ ഫണ്ടിൽ വകയിരുത്തിയ പദ്ധതികൾ താഴെ കൊടുത്തിരിക്കുന്നു
നൂതന മത്സ്യകൃഷി പദ്ധതികൾ

- ഓരുജല കൂട്കൃഷി
- ആറ്റ്കൊഞ്ച് കൃഷി
- ഏകയിന മത്സ്യകൃഷി
- ഗിഫ്റ്റ് കൃഷി
- ഓരുജല സമ്മിശ്ര മത്സ്യകൃഷി.

പട്ടിക 5.1.5.2 : സംസ്ഥാനസൂത്രണ പദ്ധതികൾ (2016-17)

ക്രമ നം	പദ്ധതിയുടെ പേര്	അനുവദിച്ച തുക (ലക്ഷ്യത്തിൽ)	ചെലവഴിച്ച തുക (ലക്ഷ്യത്തിൽ)	ചിലവഴിച്ച ശതമാനം
1.	മൽസ്യ വിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും	19.875	19.875	100
2.	മൽസ്യ വിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും	26.8093	26.718	99.65
3.	മൽസ്യ തൊഴിലാളി സമ്പാദ്യ പദ്ധതി	480.29	480.29	100
4.	അക്വാ കൾച്ചറൽ ഡെവലപ്പ്മെന്റ്	111.6	111.6	100
5.	അക്വാ കൾച്ചറൽ ഡെവലപ്പ്മെന്റ്	0	0	-
6.	വിപുലീകരണം ,പരിശീലനം സേവന വിതരണവും	7.35	7.35	100
7.	മൽസ്യത്തൊഴിലാളികളുടെ ഭൗതിക സാഹചര്യ വികസനവും വ്യക്തിത്വ വികസനവും	38.5215	27.2665	70.78
8.	മൽസ്യത്തൊഴിലാളികളുടെ ഭൗതിക സാഹചര്യ വികസനവും വ്യക്തിത്വ വികസനവും	684.325	684.1231	99.97

ക്രമ നം	പദ്ധതിയുടെ പേര്	അനുവദിച്ച തുക (ലക്ഷ്യത്തിൽ)	ചെലവഴിച്ച തുക (ലക്ഷ്യത്തിൽ)	ചിലവഴിച്ച ശതമാനം
9.	സംയോജിത തീരാ വികസന പദ്ധതി	24.48	24.48	100
10.	ആകെ തുക	1393.2508	1381.7026	99.71

അവലംബം :മൽസ്യ വകുപ്പ് ,പൊന്നാനി.

വിവിധ സംസ്ഥാന പദ്ധതികൾക്കായി ജില്ലയിലെ മൽസ്യവകുപ്പിനു ലഭ്യമായ 1393.2508 ലക്ഷം രൂപയിൽ 1381.07 ലക്ഷം രൂപ ചെലവഴിച്ചു.

മേൽതട്ട് നിർദ്ദേശങ്ങൾ

- ആഴക്കടൽ മത്സ്യബന്ധനത്തിന് പരീക്ഷണാടിസ്ഥാനത്തിൽ ഒരു യാനം ജില്ലയ്ക്ക് അനുവദിച്ച്, കടലിൽ നിന്നും മത്സ്യ ഉത്പാദനം വർദ്ധിപ്പിക്കാനുള്ള പദ്ധതി നടപ്പിൽ വരുത്തുക
- മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന് മത്സ്യകുഞ്ഞുങ്ങളെ പിടിക്കുന്നത് ഒഴിവാക്കുന്നതിന് സമഗ്ര പദ്ധതി കൊണ്ടുവരിക.
- ട്രോൾബാൻ സമയത്ത് സമ്പൂർണ്ണ മത്സ്യബന്ധന നിരോധനം നടപ്പിലാക്കുകയും മത്സ്യത്തൊഴിലാളികൾക്ക് ഉപജീവനത്തിനുള്ള മാർഗ്ഗം കാണുക.
- ജില്ലയ്ക്ക് സ്ഥിരമായി എല്ലാ ആധുനിക സംവിധാനങ്ങൾ ഉൾപ്പെടുന്ന റെസ്ക്യൂ ബോട്ട് വാങ്ങുന്നതിനുള്ള പദ്ധതി നടപ്പാക്കുക.
- തീരദേശത്ത് ദുരന്ത നിവാരണസേന രൂപീകരിക്കുക.
- ജില്ലയിലെ കൺട്രോൾ റൂം ആധുനിക സംവിധാനങ്ങൾ ഉൾപ്പെടുത്തി കാര്യക്ഷമമാക്കുക.
- അനുബന്ധ മേഖലയിലെ തൊഴിലാളികൾ ഉൾപ്പെട്ട മാതൃകാ മത്സ്യമാർക്കറ്റുകൾ തുടങ്ങുവാൻ പലിശരഹിത വായ്പാ സൗകര്യങ്ങൾ ഒരുക്കുക.
- മത്സ്യബന്ധനത്തിന്റെ ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായി നിശ്ചിത സംഖ്യ ഇനത്തിൽ അധിക സബ്സിഡി നൽകുക
- മത്സ്യവിപണന വാഹനത്തിന് സബ്സിഡി നൽകുക.
- കർമ്മോന്മുഖ മത്സ്യത്തൊഴിലാളികളെ ഇൻഷൂർ ചെയ്യുകയും പ്രീമിയം സർക്കാർ തലത്തിൽ വഹിക്കാനുള്ള സംവിധാനം.

കീഴ് തട്ട് നിർദ്ദേശം

ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടവും സംസ്ഥാന സർക്കാരിന്റെ തന്നെ നൂതന മത്സ്യകൃഷി പദ്ധതികളും വിജയകരമായി നടപ്പിലാക്കുന്ന ജില്ലയാണ് മലപ്പുറം. എന്നാൽ മത്സ്യകൃഷിക്ക് അനുയോജ്യമായ പല ജലാശയങ്ങളും പഞ്ചായത്തിന്റെ അധീനതയിലാണ്. കുളത്തിന്റെ സ്വാഭാവികത നിലനിർത്തികൊണ്ട് തന്നെ ശാസ്ത്രീയമായി മത്സ്യകൃഷി നടപ്പിലാക്കാനാകും. പക്ഷേ പല പഞ്ചായത്തുകളും അത് ഗൗരവമായി എടുക്കാത്തതിനാൽ ഫണ്ട് ഉപയോഗിക്കാൻ സാധിക്കുന്നില്ല. പഞ്ചായത്ത് കുളങ്ങൾ നവീകരിച്ച് ശാസ്ത്രീയ മത്സ്യകൃഷി നടത്താൻ ജില്ലയിൽ പഞ്ചായത്തുകൾ ഗുണഭോക്താകൾക്ക് കുളം പാട്ടത്തിന് നൽകാത്തതിനാൽ ഫണ്ട് തിരിച്ചടക്കേണ്ട അവസ്ഥയാണ് ഉള്ളത്. ആയതിനാൽ പഞ്ചായത്ത് അധീനതയിലുള്ള ജലാശങ്ങൾ മൽസ്യ കൃഷിക്ക് ഉപയുക്തമാക്കേണ്ടതാണ്.

5.6 പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, വനം വികസനം

സംസ്ഥാന സർക്കാർ പദ്ധതികൾ.

1. സ്വാഭാവിക വനങ്ങളുടെ പരിപാലനം.

വനങ്ങളുടെ സർവ്വെയും അതിർത്തി തിരിക്കലും, കയ്യേറ്റത്തിൽ നിന്നും മറ്റ് നിയമവിരുദ്ധ പ്രവർത്തികളിൽ നിന്നുമുള്ള സംരക്ഷണം, കാട്ടുതീ നിയന്ത്രണം, മണ്ണ് സംരക്ഷണം, വനങ്ങളിൽ പാർക്കുന്നവരുടെ സംരക്ഷണം, ദ്രുതകർമ്മസേനയുടെ ശക്തിപ്പെടുത്തൽ മുതലായവ ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നു. ഈ പദ്ധതിയിൽ പ്രധാനമായും 1. വനം സംരക്ഷണം (വനം അതിർത്തി സർവ്വെയും വനസംരക്ഷണവും) റവന്യൂ വിഹിതം, 2. വനം സംരക്ഷണം (വനം അതിർത്തി സർവ്വെയും വനസംരക്ഷണവും) മൂലധന വിഹിതം, 3. നശിച്ചുപോയ വനത്തിന് പകരം വനം വച്ചുപിടിപ്പിക്കൽ, 4. ഔഷധ സസ്യങ്ങൾ ഉൾപെടെയുള്ള തടി ഇതര വന ഉൽപന്നങ്ങളുടെ വികസനം എന്നീ നാല് ഘടകങ്ങളാണ് ജില്ലയിൽ നടപ്പാക്കുന്നത്.

2. തോട്ടങ്ങളുടെ ഉൽപാദന ക്ഷമത വർദ്ധിപ്പിക്കൽ.

ദീർഘ കാലം നിലനിൽക്കുന്ന ഇനങ്ങളായ തേക്ക്, ഈട്ടി, മഹാഗണി മുതലായ മരങ്ങളുടെ തൈകൾ നട്ട് പരിപാലിക്കുക, നിലവിലുള്ള തോട്ടങ്ങളുടെ ഉൽപാദന ക്ഷമത വർധിപ്പിക്കുക, കൃഷിയുമായി സംയോജിപ്പിച്ച് വനവൽകരണ പ്രവർത്തനങ്ങളും സമ്പ്രദായങ്ങളും പ്രോൽസാഹിപ്പിക്കുക വഴി വർദ്ധിച്ചു വരുന്ന സാമൂഹ്യ ആവശ്യങ്ങൾ മൂലം വന പരിസ്ഥിതി വ്യവസ്ഥിതിയിൽ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ ക്രമേണ കുറയ്ക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിയുടെ വൻമരത്തോട്ടങ്ങൾ എന്ന ഘടകം ജില്ലയിൽ നടപ്പാക്കുന്നു.

3. അടിസ്ഥാന സൗകര്യ വികസനം.

ഫോറസ്റ്റ് സ്റ്റേഷനുകൾക്ക് ആവശ്യമായ കെട്ടിട നിർമ്മാണം, നിലവിലുള്ളവയുടെ അറ്റകുറ്റപ്പണി, ഫോറസ്റ്റ് റോഡുകളുടെ സംരക്ഷണം, പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കൽ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ഈ പദ്ധതിയിൽ പ്രധാനമായും ബിൽഡിങ്ങ്സ്, റോഡ്സ് എന്നീ ഘടകങ്ങളാണ് ജില്ലയിൽ നടപ്പാക്കുന്നത്.

4. മനുഷ്യ-മൃഗ സംഘർഷ ലഘൂകരണ മാർഗ്ഗങ്ങൾ

വനാതിർത്തികളിൽ അധിവസിക്കുന്ന മനുഷ്യരുടെ ജീവനും കന്നുകാലികൾക്കും വിളകൾക്കും വന്യമൃഗങ്ങളിൽ നിന്നും നാശമുണ്ടാകുന്നത് തടയുകയുന്നതിനും കൃഷിഭൂമിയിലേക്ക് വന്യമൃഗങ്ങൾ പ്രവേശിക്കുന്നത് തടയുന്നതിനുമായി ആനക്കിടങ്ങുകൾ, പരുക്കൻ കല്ലുകൾ ഉപയോഗിച്ചുള്ള ഭിത്തികൾ, സൗരോർജ്ജ വേലികൾ എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഈ പരിപാടിയിൽ ഏറ്റെടുക്കുന്നു.

5. നബാഡ് – അടിസ്ഥാന സൗകര്യ വികസനം

ഫോറസ്റ്റ് സ്റ്റേഷനുകൾക്ക് ആവശ്യമായ കെട്ടിട നിർമ്മാണം, ഫോറസ്റ്റ് റോഡുകളുടെ നിർമ്മാണം, പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കൽ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതികൾ

1. വന്യജീവികളുടെ സംയോജിത വികസനം – പ്രൊജക്ട് എലിഫന്റ്

ആനകൾക്ക് അവയുടെ സങ്കേതങ്ങൾക്ക് സുരക്ഷ ഉറപ്പാക്കൽ, പൊതുജന സഹായം ലഭ്യമാക്കൽ, മനുഷ്യ-മൃഗ സംഘർഷം ഒഴിവാക്കൽ, വിളകൾക്കും മനുഷ്യർക്കും ആനയുടെ ആക്രമണത്തിൽ നിന്നും സംരക്ഷണം നൽകൽ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് 40 ശതമാനം സംസ്ഥാന വിഹിതമായി തുക വകയിരുത്തി ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നു.

2. പ്രകൃതി വിഭവങ്ങളുടെയും ആവാസ വ്യവസ്ഥയുടെയും സംരക്ഷണം – നീലഗിരി ബയോസ്ഫിയർ റിസർവ്വ്.

വന സംരക്ഷണം, പരിസ്ഥിതി വികസനം, കാട്ടുതീയിൽ നിന്നും സംരക്ഷണം, സങ്കേതങ്ങളുടെ വികസനം, കാലിമേച്ചിലും നിയമ വിരുദ്ധമായ മരംമുറിക്കലും വനസമ്പത്ത് മോഷണവും തടയൽ, പ്രകൃതിയെ കുറിച്ച് അവബോധ പരിപാടി സംഘടിപ്പിക്കൽ, ഗവേഷണം, ഡാറ്റാബാങ്ക്, ഹൈഡ്രോളജി, വനത്തിനുള്ളിൽ താമസിക്കുന്നവർക്കുള്ള സാമൂഹിക സേവന പരിപാടികൾ ഉൾപ്പെടെയുള്ള പദ്ധതികൾ ഉൾപ്പെടെയുള്ളവ ഈ പദ്ധതിപ്രകാരം നടപ്പിലാക്കിവരുന്നു.

3. വന്യ ജീവികളുടെ ആവാസ വ്യവസ്ഥയുടെ സമഗ്ര വികസനം

വന്യജീവികളുടെ ആവാസവ്യവസ്ഥ മെച്ചപ്പെടുത്തുക, മനുഷ്യ-മൃഗ സംഘർഷം കുറക്കുക, വന്യമൃഗങ്ങളുടെ ചികിൽസാ സംബന്ധിച്ച പ്രവർത്തനങ്ങൾ, ആധുനിക സജ്ജീകരണങ്ങൾ ഒരുക്കുക തുടങ്ങിയവയാണ് ഈ പദ്ധതിയിൽ നടപ്പിലാക്കുന്നത്.

4. കാട്ടുതീ തടയലും നിയന്ത്രണവും

കാട്ടുതീ തടയുക, കാട്ടുതീ തടയുന്നതിന് വനത്തിനുള്ളിലും വനത്തിന് സമീപ പ്രദേശങ്ങളിലും താമസിക്കുന്നവരുടെ സഹകരണം ഉറപ്പാക്കുക, പാരിസ്ഥിതിക സുസ്ഥിരത കൈവരുത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ, കാട്ടുതീ ബോധവൽകരണ പരിപാടികൾ സംഘടിപ്പിക്കുക, നിലവിലുള്ള അഗ്നി പ്രധിരോത സംവിധാനം മെച്ചപ്പെടുത്തുക, ജീവനക്കാർക്കും വനത്തിന്റെ സമീപ പ്രദേശ വാസികൾക്കും കാട്ടുതീ പ്രതിരോധിക്കുന്നതിന് കൃത്യമായ പരിശീലനം നൽകുക, തുടങ്ങിയവ ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നു.

പട്ടിക 5.1.6.1 : സംസ്ഥാന-കേന്ദ്രാവിഷ്കൃത പദ്ധതികൾ

ക്രമ നമ്പർ	പദ്ധതിയുടെ പേര്.	2017-18 വർഷത്തിൽ അനുവദിച്ച തുക (ലക്ഷത്തിൽ)	2017-18 വർഷത്തിൽ ചെലവഴിച്ച തുക (ലക്ഷത്തിൽ)
സംസ്ഥാന പദ്ധതികൾ			
1	സ്വാഭാവിക വനങ്ങളുടെ പരിപാലനം.		
	1. വനം സംരക്ഷണം (വനം അതിർത്തി സർവ്വെയും വന സംരക്ഷണവും) റവന്യു വിഹിതം	128.30	128.29
	2. വനം സംരക്ഷണം (വനം അതിർത്തി സർവ്വെയും വന സംരക്ഷണവും) മൂലധന വിവഹിതം.	139.86	139.85

	3. നശിച്ചപോയ വനത്തിന് പകരം വനം വച്ചുപിടിപ്പിക്കൽ .	7.00	6.94
	4. ഔഷധ സസ്യങ്ങൾ ഉൾപ്പെടെയുള്ള തടി ഇതര വന ഉൽപ്പന്നങ്ങളുടെ വികസനം.	8.00	7.94
2	വൻമരതോട്ടങ്ങൾ	105.00	104.98
3	അടിസ്ഥാന സൗകര്യ വികസനം.		
	1. ബിൽഡിംഗ്സ്	32.50	32.50
	2. റോഡ്സ്	34.00	33.87
4	മനുഷ്യ-മൃഗ സംഘർഷ ലഘൂകരണ മാർഗ്ഗങ്ങൾ.	55.00	55.00
5	എക്സ്റ്റൻഷൻ ഫോറസ്ട്രി	71.00	70.99
6	സിബിഡി	4.21	4.21
7	നബാഡ് – അടിസ്ഥാന സൗകര്യ വികസനം	13.50	13.24
8	വെറ്റ് ലാൻറുകളുടെ സംരക്ഷണം	13.38	13.38
സംസ്ഥാന പദ്ധതികൾ ആകെ		611.75	611.19
കേന്ദ്രാവിഷ്കൃത പദ്ധതികൾ			
9	പ്രൊജക്ട് എലിഫന്റ്.	60.25	59.27
10	നീലഗിരി ബയോസ്ഫിയർ റിസർവ്വ്	37.50	37.49
11	കാട്ടുതീ തടയലും നിയന്ത്രണവും	28.00	27.99
12	വന്യ ജീവികളുടെ ആവാസ വ്യവസ്ഥയുടെ സമഗ്ര വികസനം.	27.20	22.47
കേന്ദ്രാവിഷ്കൃത പദ്ധതികൾ ആകെ		152.95	147.22

അവലംബം : വനം വകുപ്പ്

2017-18 സാമ്പത്തിക വർഷത്തിൽ 611.75 ലക്ഷം രൂപ സംസ്ഥാന പദ്ധതിയുടെ ഭാഗമായും 152.95 ലക്ഷം രൂപ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഭാഗമായും ജില്ലക്ക് അനുവദിച്ചിട്ടുണ്ട്. ആയതിൽ യഥാക്രമം 611.19 ലക്ഷവും 147.22 ലക്ഷവും ചെലവാക്കിട്ടുണ്ട്. ആയത് യഥാക്രമം 99.91 % വും 96.25 % വുമാകുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ 40% സംസ്ഥാന സർക്കാരും 60% കേന്ദ്ര സർക്കാരുമാണ് തുക വകയിരുത്തിട്ടുള്ളത്.

ചിത്രം 5.1.6.1 : സംസ്ഥാന പദ്ധതികൾ ഗ്രാഫിക്കൽ അവലോകനം



അവലംബം : വനം വകുപ്പ്

ചിത്രം 5.1.6.2 : കേന്ദ്രാവിഷ്കൃത പദ്ധതികൾ ഗ്രാഫിക്കൽ അവലോകനം



അവലംബം : വനം വകുപ്പ്.

മേൽ തട്ട് നിർദേശങ്ങൾ

- പ്രകൃതി സംരക്ഷണത്തിന്റെ പ്രാധാന്യവും വനത്തിന്റെ ആവശ്യകതയും പ്രൈമറി തലത്തിലെ പാഠ്യ പദ്ധതിയിൽ തന്നെ ഉൾപെടുത്തുക.
- അമിതമായ രീതിയിലുള്ള ഭൂഗർഭ ജല ഉപയോഗത്തിന് നിയന്ത്രണമേർപ്പെടുത്തൽ.
- വനനശീകരണ പ്രവർത്തനങ്ങൾ കൂടുതൽ അനുഭവപ്പെടുന്ന പ്രദേശങ്ങളുടെ പുനരുദ്ധാരണം.
- വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതികൾ രൂപീകരിക്കൽ.
- വനമേഖലയിലെ നദീതടങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ പദ്ധതികൾ രൂപീകരിക്കൽ.
- പരമ്പരാഗത സ്പീഷീസുകളിൽ ഉൾപെട്ട മരങ്ങൾ ഉപയോഗിച്ചുള്ള അഗ്രോഫോറസ്ടി പദ്ധതികൾ.
- പ്രധാന നദികളുടെ തീരങ്ങൾ മുള, രാമച്ചം, കൈത തുടങ്ങിയവ വച്ച് പിടിപ്പിച്ച് സംരക്ഷിച്ച് നിലനിർത്തുക.
- സ്കൂളുകളിൽ പ്രകൃതി, പരിസ്ഥിതി ക്ലബ്ബുകൾ രൂപീകരിച്ച് പൊതുജനങ്ങൾക്കിടയിൽ ജലമലിനീകരണത്തിനെതിരെയുള്ള കാമ്പയിനുകൾ സംഘടിപ്പിക്കുക.
- മണ്ണിന്റെ ഗുണങ്ങൾ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ,
- മണ്ണിന്റെ ഈർപ്പം നിലനിർത്തുന്നതിന് ആവശ്യമായ പദ്ധതികൾ
- നാശോന്മുഖമായ സ്ഥലങ്ങളിൽ ഹരിതാഭ നിർമിക്കൽ,
- സുസ്ഥിരമായ ഖനന പ്രവർത്തനം ഉറപ്പ് വരുത്തുക.
- നദീതീരങ്ങളും കായൽ തീരങ്ങളും പരിസ്ഥിതി സൗഹാർദ്ദമായ രീതിയിൽ സംരക്ഷിക്കുക.
- എയർഹോൺ നിരോധനം മുതലായ നടപടികളിലൂടെ ശബ്ദമലിനീകരണത്തിന്റെ തോത് കുറയ്ക്കുക
- മണൽ ഖനനം ശാസ്ത്രീയമായ രീതിയിൽ നടപ്പിലാക്കുന്നതിന് പദ്ധതികൾ തയ്യാറാക്കുക.

- ജില്ലയിൽ നടപ്പിലാകുന്ന എല്ലാ വികസന പരിപാടികൾക്കും ഗ്രീൻ പ്രോട്ടോകോൾ നിർബന്ധമാക്കുക.
- നിർമ്മാണ മേഖലയിലും ഫർണീച്ചർ മേഖലയിലും തടി ഇതര ഉല്പന്നങ്ങളുടെ ഉപയോഗം പ്രോൽസാഹിപ്പിക്കുക.

5.1.7. വ്യവസായം, വാണിജ്യം, സ്വയം തൊഴിൽ സംരംഭങ്ങൾ .

കേന്ദ്ര സംസ്ഥാന സർക്കാരുകൾ ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനവും അവ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും.

ജില്ലാ-വ്യവസായ കേന്ദ്രം

2016-17 ൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ ജില്ലയിൽ വ്യവസായ വികസനത്തിനും സ്വയം തൊഴിൽ സംരംഭത്തിനും അനുകൂല സാഹചര്യമൊരുക്കുന്നതിന് പല പരിപാടികളും വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. ഒരു വ്യവസായ സംരംഭം തുടങ്ങുന്നതിനുള്ള ക്ലിയറൻസ് നടപടികൾ ലഘൂകരിക്കുകന്നതിന്റെ ഭാഗമായ 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്' ജില്ലയിൽ നടപ്പിലായി വരുന്നു. കൂടാതെ ഇതേ ഉദ്ദേശത്തോടെ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന 'ഏകജാലക ക്ലിയറൻസ്' സംവിധാനവും ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ട്.

സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും നൈപുണ്യ വികസനത്തിനും ജില്ലയിൽ സംസ്ഥാന സർക്കാരിന്റെ സംരംഭക സഹായ പരിപാടി (ഇ.എസ്.എസ്) കഴിവ്-വികസന പരിപാടി എന്നിവയും കേന്ദ്ര ഗവൺമെന്റിന്റെ പ്രധാനമന്ത്രിയുടെ തൊഴിൽ ദാന പരിപാടിയും നടപ്പിലാക്കിയിട്ടുണ്ട്. സംരംഭകത്വ സഹായ പദ്ധതിയുടെ ഭാഗമായി 75 വ്യവസായ സംരംഭകർക്ക് 2,51,70,468/- രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. കൂടാതെ നൈപുണ്യ-വികസന പരിപാടിയിലൂടെ 137 പുതിയ സംരംഭകർ 2.9 കോടി രൂപ മൂലധന നിക്ഷേപത്തോടെ വ്യവസായം ആരംഭിച്ചു. കേന്ദ്രഗവൺമെന്റ് പദ്ധതിയായ പി.എം.ഇ.ജി.പിയിൽ ജില്ലാവ്യവസായ കേന്ദ്രം മുഖേന 43 പ്രൊജക്ടുകളിലായി 104 ലക്ഷം രൂപ മാർജിൻ മണി സബ്സിഡിയായി നൽകുകയും 311 തൊഴിൽ നൽകിയതായും കണക്കാക്കപ്പെടുന്നു. വിശദവിവരങ്ങൾ അനുബന്ധം 5.1.7.1 ൽ കൊടുത്തിരിക്കുന്നു.

2016-17 വർഷത്തിൽ ജില്ലയിൽ 1316 യൂണിറ്റുകൾ പുതിയതായി ആരംഭിച്ചുവെങ്കിലും വിവിധ സ്കീമുകളിലായി 287 സബ്സിഡി അപേക്ഷകളാണ് ജില്ലയിൽ ലഭിച്ചിരിക്കുന്നത്. ഇതിനു പ്രധാനമായും രണ്ടു കാരണങ്ങളാണ്. ഒന്നാമതായി ഇ.എസ്.എസ് അപേക്ഷകരുടെ മെഷിനറികൾ പുതിയത് (Firsthand) ആയിരിക്കണം. രണ്ടാമതായി സർവ്വീസ് സംരംഭങ്ങൾക്ക് സബ്സിഡി ലഭിക്കുന്നതല്ല. പി.എം.ഇ.ജി.പി (പ്രധാനമന്ത്രി എംപ്ലോയ്മെന്റ് ജനറേഷന് പ്രോഗ്രാം) യിലാകട്ടെ തൊഴിൽ ലഭ്യത ഒരു ലക്ഷം രൂപയുടെ മൂലധന നിക്ഷേപത്തിന് ഒന്ന് എന്നതും മൂലധന നിക്ഷേപ പരിധി 25 ലക്ഷവുമാണ്.

1. ജില്ലയുടെ മൊത്തം സംയോജിത മൂല്യത്തിന്റെ 40%വും സേവനമേഖലയിൽ നിന്നാണ് എന്നു മാത്രമല്ല ഏറ്റവുമധികം സംരംഭങ്ങളും ഈ മേഖലയിൽ നിന്നാണ് അതിനാൽ സർവ്വീസ് മേഖലക്ക് കൂടി സംരംഭകത്വ സഹായപദ്ധതി വ്യാപിക്കേണ്ടതാണ്.

2. ഇന്ന് യന്ത്രവത്ക്കരണം വ്യവസായത്തിൽ വ്യാപകമാവുകയാണ്. അതിനാൽ മൂലധന നിക്ഷേപത്തിനനുസരിച്ചുള്ള തൊഴിൽ ലഭ്യതയുടെ അളവ് തീരെ അപര്യാപ്തമാണ്. അതിനാൽ

മൂന്നുലക്ഷം മൂലധന നിക്ഷേപത്തിന് ഒരു തൊഴിൽ ദിനം എന്ന പരിധിയിലേക്ക് പി.എം.ഇ.ജി.പി മാനദണ്ഡം മാറ്റേണ്ടതാണ്.

3. ഭൂമിയുടെയും, കെട്ടിടത്തിന്റെയും വിലകൂടി പി.എം.ഇ.ജി.പിയുടെ മൂലധന നിക്ഷേപത്തിൽ കണക്കിലെടുക്കുന്നുണ്ട്. ഇത് മാറ്റി 25 ലക്ഷം മൂലധന നിക്ഷേപം എന്നത് 50 ലക്ഷം മൂലധന നിക്ഷേപം എന്നാക്കി മാറ്റി സബ്സിഡി പരിധി 25 ലക്ഷത്തിൽ നിലനിർത്തേണ്ടതാണ്.

ഖാദി ഗ്രാമ വ്യവസായം:

ഇന്ത്യയിലെ ഖാദിഗ്രാമവ്യവസായ മേഖലയിൽ കേരളത്തിന്റെ പങ്ക് വളരെ തുച്ഛമാണ്. ഇതിൽ തന്നെ മലപ്പുറം ജില്ലയുടെ വിഹിതമാകട്ടെ കേരളത്തിന്റെ 2% മാത്രം. 2016-17 ൽ ഖാദി ഗ്രാമവ്യവസായ ബോർഡ് വഴി നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം 5.1.7.2 ൽ നൽകിയിരിക്കുന്നു. സംസ്ഥാന ഗവൺമെന്റിന്റെ പ്രവർത്തനങ്ങളുടെ ഫലമായി 2015-16 നെ അപേക്ഷിച്ച് നേരിയവർദ്ധന ഉത്പ്പാദാനത്തിലും, തൊഴിൽ ദിനങ്ങളിലും 2016-17 കാണുന്നുണ്ട്.

ഖാദി ബോർഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ

കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.ഇ.ജി.പി. വഴി ജില്ലയിൽ 128 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതുവഴി 453 തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനാവിഷ്കൃത പദ്ധതിയായ എന്റെ ഗ്രാമം പദ്ധതി മുഖേന 50 വ്യവസായ സംരംഭങ്ങൾ ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്. ഇതുവഴി 300 തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നതിന് കഴിഞ്ഞിട്ടുണ്ട്.

ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് -സഹകരണ മേഖല:-

ഖാദി ബോർഡിനു കീഴിൽ ജില്ലയിൽ 189 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 17 സഹകരണ സംഘങ്ങൾ മാത്രമേ പ്രവർത്തിച്ചു വരുന്നുള്ളൂ. 17 സംഘങ്ങളിലുമായി 98 തൊഴിലവസരങ്ങൾ ജില്ലയിൽ ഉണ്ടായിട്ടുണ്ട്.

വിപണന മേഖല

ഖാദി ബോർഡിനു കീഴിൽ ഖാദി ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിനായി ഒരു ഖനി ഗ്രാമ സൗഭാഗ്യ, 5 ഖാദി സൗഭാഗ്യകൾ, 8 ഗ്രാമ സൗഭാഗ്യകൾ എന്നിങ്ങനെ വിൽപനശാലകൾ പ്രവർത്തിച്ചു വരുന്നു. 2016-17 കാലഘട്ടത്തിൽ ഇവയിലൂടെ 1.28 കോടി രൂപയുടെ വിൽപ്പന കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ജില്ലയിൽ ഉൽപ്പാദിപ്പിക്കുന്ന ഖാദി ഉൽപ്പന്നങ്ങൾക്ക് പുറമേ മറ്റ് ജില്ലയിൽ നിന്നുള്ള ഉൽപ്പന്നങ്ങൾ എത്തിച്ചാണ് വിപണനം നടത്തുന്നത്.

ഖാദി ഗ്രാമവ്യവസായ വികസന ബോഡുവഴി പ്രവർത്തിക്കുന്ന വ്യവസായ യൂണിറ്റുകളുടെയും അവയുടെ 2015-16, 2016-17 വർഷങ്ങളിലെ ഉൽപാദനത്തിന്റെ യും ചിത്രം അനുബന്ധം-5.1.7.3 ൽ നൽകിയിട്ടുണ്ട്.

ഈ മേഖലയിലേക്ക് ആളുകൾ എത്തിചേരാത്തതിന്റെ പ്രധാന കാരണം ജോലിയുടെ ആകർഷണീയ കുറവും, വൻതോതിൽ ഉല്പാദിപ്പിക്കാനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ ലഭ്യത കുറവും, തുണിത്തരങ്ങളുടെ ആവശ്യത്തിനു മേലുള്ള വ്യതിയാനവും, ഉല്പാദനക്ഷമമല്ലാത്ത ചർക്കകളുടെയും തറികളുടെയും ഉപയോഗവുമാണ്.

ആകർഷണീയമായ വരുമാനവും, ഉല്പന്ന വൈവിദ്ധ്യവത്ക്കരണവും, പോഷക സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ ഗവൺമെന്റിന്റെയും വകുപ്പിന്റെയും ഭാഗത്തുനിന്നും ഉണ്ടാവേണ്ടതാണ്.

പട്ടിക 5.1.7.1 : ഖാദി ഗ്രാമവ്യവസായ മേഖലയിൽ തൊഴിൽ ലഭിച്ചവരുടെ വിശദംശങ്ങൾ

ക്രമ നം	വിശദാംശങ്ങൾ	എണ്ണം
1.	100 ദിവസത്തിനു മേൽ തൊഴിൽ ലഭിച്ച തൊഴിലാളികളുടെ എണ്ണം	53
2.	100 നും 50 നും ഇടക്ക് ദിവസങ്ങളിൽ തൊഴിൽ ലഭിച്ചവരുടെ എണ്ണം	50
3.	50 ദിവസത്തിനു താഴെതൊഴിൽ ലഭിച്ചവരുടെ എണ്ണം	95
ആകെ		198

അവലംബം :ജില്ലാ വ്യവസായ കേന്ദ്രം, മലപ്പുറം.

കയർ വ്യവസായം

മലപ്പുറം ജില്ലയിൽ ആകെ പ്രവർത്തിക്കുന്ന കയർ സംഘങ്ങളുടെ എണ്ണം 41 ആണെങ്കിലും 12 സംഘങ്ങൾ മാത്രമാണ് റിപ്പോർട്ട് വർഷം ഉൽപാദനം ഉണ്ടായിരുന്നത്. 15 സംഘങ്ങൾ ഉൽപാദനം നിലച്ചവയും 14 സംഘങ്ങൾ പ്രവർത്തനം തുടങ്ങാത്തവയുമാണ്. ഉൽപാദനമുള്ള 3 സംഘങ്ങൾ വ്യപാര ലാഭത്തിലും മറ്റുള്ളവ നഷ്ടത്തിലുമാണ് പ്രവർത്തിച്ചത്.

കയർപിരി സംഘങ്ങളുടെ പ്രവർത്തന അവലോകനം;

കയർ പിരി മേഖലയിൽ യന്ത്രവൽക്കരണം നടപ്പിലാക്കിയതിനെ തുടർന്ന് കയർ ഉത്പ്പാദിപ്പിക്കുന്ന സംഘങ്ങളെ താഴെ പറയുന്ന രീതിയിൽ നാലായി തരം തിരിക്കാം.

1. പരമ്പരാഗത റാട്ടുകൾ ഉപയോഗിച്ച് മാത്രം ഉൽപാദനം നടത്തുന്നവ.
2. യന്ത്രവൽകൃത റാട്ടുകൾ ഉപയോഗിച്ച് മാത്രം ഉൽപാദനം നടത്തുന്നവ.
3. പരമ്പരാഗത റാട്ടുകളും, യന്ത്രവൽകൃത റാട്ടുകളും ഉപയോഗിച്ച് ഉൽപാദനം നടത്തുന്നവ.
4. ഫൈബർ മാത്രം ഉൽപാദിപ്പിക്കുന്ന സംഘങ്ങൾ.

മേൽ സൂചിപ്പിച്ച 4 വിഭാഗങ്ങളിലും പെട്ട സംഘങ്ങളിൽ റിപ്പോർട്ട് വർഷത്തിൽ ഉൽപാദിപ്പിച്ച കയറിന്റെയും ഫൈബറിന്റെയും ഇനം തിരിച്ചുള്ള വിവരവും ഉൽപാദനമുണ്ടായിരുന്ന സംഘങ്ങളിൽ ഉപയോഗിച്ച അസംസ്കൃത വസ്തുവിന്റെ വിവരം, ഉൽപാദനം, തൊഴിൽ ലഭിച്ച തൊഴിലാളികളുടെ എണ്ണം എന്നിവയുടെ വിവരവും അനുബന്ധം 5.1.7.4 ൽ കൊടുക്കുന്നു. യന്ത്രവൽകൃത റാട്ടുപയോഗിച്ച് കയർ ഉൽപാദിപ്പിക്കുന്ന സംഘങ്ങൾ വർഷത്തിൽ പ്രധാനമായും മുപ്പിരി ഇനത്തിൽപ്പെട്ട കയറും മറ്റു സംഘങ്ങൾ പ്രധാനമായും മുപ്പിരി/കൊയിലാണ്ടി/ബേപ്പൂർ ഇനത്തിൽപ്പെട്ട കയറുമാണ് ഉൽപാദിപ്പിച്ചത്. പുതിയതായി പരിശീലനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ വൈക്കം, ആറാട്ടുപുഴ, മങ്ങാടൻ ഇനം കയറുകൾ സംഘങ്ങൾ ഉൽപാദിപ്പിച്ചു തുടങ്ങിയിട്ടുണ്ട്.

ഉൽപാദനക്ഷമതയും തൊഴിൽ ദിനവും:-

റിപ്പോർട്ട് വർഷം ഉൽപാദനമുണ്ടായിരുന്ന 10 സംഘങ്ങളിലായി 165 തൊഴിലാളികൾക്കാണ് തൊഴിൽ ലഭിച്ചത്. കയർപിരി സംഘങ്ങളിൽ ശരാശരി 975 തൊഴിൽദിനങ്ങളും യന്ത്രവൽകൃത ചകിരി സംഘങ്ങളിൽ ശരാശരി 22 തൊഴിൽ ദിനങ്ങളും ലഭിച്ചിട്ടുണ്ട്.

അസംസ്കൃത വസ്തുക്കളുടെ വിനിയോഗം:

റിപ്പോർട്ട് വർഷം സഹകരണ സംഘങ്ങൾ ആകെ വാങ്ങിയ തൊണ്ട്, ചകിരി എന്നിവയുടെ വിവരവും ഉൽപാദനത്തിന് വിനിയോഗിച്ച അസംസ്കൃത വസ്തുക്കളുടെ അളവും താഴെ കൊടുക്കുന്നു. (മുൻ സ്റ്റോക്ക് ഉൾപ്പെടെ)

- വാങ്ങിയ തൊണ്ടിന്റെ എണ്ണം: 8,50,979
- ഉത്പ്പാദാനത്തിന് വിനിയോഗിച്ച തൊണ്ടിന്റെ എണ്ണം: 69,841

മേൽ കൊടുത്തിട്ടുള്ള വിവരത്തിൽ സംയോജിത കയർ വികസന പദ്ധതി പ്രകാരം സ്ഥാപിച്ച ചകിരി മില്ലിൽ നിന്ന് വാങ്ങിയ ചകിരിയും ഉൾപ്പെടുന്നു. സംഘങ്ങൾ ചകിരി വാങ്ങിയ പ്രധാന സ്ഥാപനങ്ങൾ/ഏജൻസി എന്നിവയുടെ വിവരം പ്രത്യേകം നൽകിയിട്ടുണ്ട്. അഴുക്ക തൊണ്ടിന്റെ ചകിരിയും പച്ചതൊണ്ടിന്റെ ചകിരിയും കൂട്ടിക്കലർത്തി കയർ ഉത്പ്പാദിപ്പിക്കുന്ന സംഘങ്ങൾ ഒന്നും തന്നെ ഈ പ്രോജക്ടിൽ ഇല്ല.

യന്ത്രവൽകൃത ചകിരി വ്യവസായ സഹകരണ സംഘങ്ങളുടെ വിവരങ്ങൾ

പൊന്നാനി കയർ പ്രൊജക്ടിൽ 13 യന്ത്രവൽകൃത ചകിരി വ്യവസായ സംഘങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ 2 സംഘങ്ങളിലാണ് പ്രവർത്തനമുണ്ടായിരുന്നത്. സംഘങ്ങളിൽ ആകെ 749 അംഗങ്ങളാണ് ഉള്ളത്. ഇതിൽ 671 അംഗങ്ങൾ തൊഴിലാളികളും 78 പേർ അനുഭാവികളുമാണ്. ജില്ലയിൽ ഈ പ്രോജക്ടിൽ സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന 5 മില്ലുകളും, സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന 4 മില്ലുകളും ഉണ്ട്.

കയർമേഖല നേരിടുന്ന പ്രധാന പ്രശ്നം അസംസ്കൃത വസ്തുവായ ചകിരി നാരിന്റെ ദൗർലഭ്യം തന്നെയാണ്. കേരളത്തിൽ തെങ്ങുകൃഷി കുറഞ്ഞുവരുന്നതും, നാളികേരത്തിൽ ഉണ്ടായ രോഗബാധയും മൂലം ആവശ്യമായ ഗുണമേൻമയുള്ള തേങ്ങ ലഭിക്കാത്തതു കാരണം ഗുണമേൻമയുള്ള ചകിരിനാര് ലഭിക്കാതെ വരുന്നു. ആയതിനാൽ കേരളത്തിലെ ചകിരിനാരിന്റെ ഉത്പാദനം വർദ്ധിപ്പിക്കുകയാണെങ്കിൽ അതുവഴി കയർസഹകരണ സംഘങ്ങൾക്ക് ന്യായമായ വിലയ്ക്ക് ചകിരിനാര് ലഭ്യമാക്കുകയും കയറിന്റെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും കയർ തൊഴിലാളികളുടെ ജീവിതരീതി മെച്ചപ്പെടുത്തുന്നതിനും സഹായകരമാകുന്നു. കൂടാതെ ആധുനികവൽക്കരണത്തിന്റെ അഭാവവും ഉത്പാദനത്തിന് യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനുള്ള പരിശീലന കുറവും വിമുഖതയും, ആയതിനാൽ നൂതനമായ പല ഉത്പന്നങ്ങളും ഉത്പാദിപ്പിക്കാൻ കഴിയാതെ വരികയും കൂടാതെ ഉത്പാദനച്ചെലവ് വർദ്ധിപ്പിക്കുന്നതും കയർ വ്യവസായം നേരിടുന്ന മറ്റൊരു പ്രശ്നമാണ്. കയർ വ്യവസായത്തിൽ പരമ്പരാഗത രീതിയിലുള്ള ഉത്പാദനരീതി മാറ്റി യന്ത്രങ്ങൾ ഉപയോഗിച്ച് ഉത്പാദനം നടത്തേണ്ടതും പുതിയ കയർതൊഴിലാളികളെ പരിശീലനം നൽകി പ്രസ്തുത വ്യവസായത്തിലെക്ക് കൊണ്ടു വരുന്നതും ഇതിനുള്ള പരിഹാര മാർഗ്ഗമാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്.

സാമ്പത്തിക വികസനത്തിന്റെ അവശ്യഘടകങ്ങളിലൊന്ന് യുവജനങ്ങൾക്കുവേണ്ടി സൃഷ്ടിക്കപ്പെടുന്ന ഉല്പാദനപരമായ തൊഴിലവസരങ്ങളാണ്. നമ്മുടെ ജനസംഖ്യയുടെ ഏകദേശം 25 ശതമാനമാണ് യുവാക്കൾ. എന്നാൽ യുവാക്കളിലെ തൊഴിലില്ലായ്മ നിരക്ക് മറ്റു വിഭാഗക്കാരിനേക്കാൾ കൂടുതലാണ്. നൈപുണ്യത്തിന്റെ കുറവും നൂതന മേഖലകളിൽ പരിചയ കുറവുമാണ് ഉയർന്ന തൊഴിലില്ലായ്മ നിരക്കിന്റെ കാരണം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

മുഖേന ഇത്തരം യുവതീയുവാക്കളെയും, മറ്റ ദുർബല വിഭാഗങ്ങളെയും സ്വയം സംരംഭകരാക്കുന്നതിനു വേണ്ടി മലപ്പുറം ജില്ലയിൽ 3 പദ്ധതികൾ നടപ്പിലാക്കി വരുന്നു.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- അടുത്ത അഞ്ച് വർഷത്തേക്ക് എല്ലാ താലൂക്കുകളിലും ഓരോ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിച്ച് പ്രവർത്തന സജ്ജമാക്കുക.
- വ്യവസായ മേഖലയിൽ മുതൽ മുടക്കിനോ വ്യവസായം ആരംഭിക്കുന്നതിനോ, ദുർബവ വിഭാഗങ്ങൾക്ക് ചില പരിമിതികളുണ്ട്. അതിനാൽ വനിത, ബി.പി.എൽ, ഭിന്നശേഷിക്കാർ, മറ്റ് ദുർബല വിഭാഗക്കാർ എന്നിവർക്ക് മാത്രമായി സ്വയം സംരഭങ്ങൾ ക്കായി പ്രൊജക്ടുകൾ പരിമിതപ്പെടുത്താതെ വ്യവസായ മേഖലയിൽ പൊതു വിഭാഗം പ്രൊജക്ടുകളും അവതരിപ്പിക്കേണ്ടതാണ്.
- വ്യവസായ സംരംഭങ്ങളുടെ അനുമതി ലളിതമായി ലഭിക്കുന്നതിനുമായി സംസ്ഥാന സർക്കാർ ഓർഡിനൻസ് കൊണ്ടുവന്നിട്ടുണ്ടെങ്കിൽ പോലും ഗ്രാമ – മുൻസിപ്പാലിറ്റികളിൽ അതിനനുസരിച്ച് ലൈസൻസസ് പ്രക്രിയ ലഘൂകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
- എടപ്പാൾ ഗ്രാമപഞ്ചായത്തിൽ പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് അപ്പാരൽ പാർക്ക് സ്ഥാപിക്കുക. (പി.പി.പി.പി മോഡലിൽ)
- വളർന്നു വരുന്ന തലമുറയ്ക്ക് സംഭരകത്വ ശേഷി വർദ്ധിപ്പിക്കുന്നതിനും പുതിയ സംരംഭകരെ വാർത്തെടുക്കുന്നതിനും അഹമ്മദാബാദിലെ എന്റർപ്രണർ ഡെവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് പോലെ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുമായും കിൻഫ്ര ജില്ലാ വ്യവസായ കേന്ദ്രം എന്നിവയെ ഉപയോഗപ്പെടുത്തി എന്റർപ്രണർ ഡെവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക.
- എടരിക്കോട് ടെക്സ്റ്റയിൽസിനെ പുനരുദ്ധരിക്കുകയോ, ടെക്സ്റ്റൈൽസിന്റെ ഭൂമി മറ്റു വ്യവസായ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനോ ഉപയോഗിക്കുക.

5.1.8 സഹകരണം

സഹകരണ സ്ഥാപനങ്ങൾ നിലവിൽ നടത്തുന്ന വായ്പേതര പ്രവർത്തനങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ

നീതീ സ്റ്റോറുകൾ/നീതി മെഡിക്കൽസ്

സാധാരണക്കാരായ ജനങ്ങൾക്ക് മിതമായ നിരക്കിൽ അവശ്യസാധനങ്ങൾ നല്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഇത്തരത്തിൽ ഒരു സംരംഭം ആരംഭിച്ചിട്ടുള്ളത്. ലാഭം മാത്രം ലക്ഷ്യമാക്കാതെ സാധാരണക്കാരായ ജനങ്ങൾക്ക് കഴിയുന്നത്ര സേവനം നല്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് ഈ പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്. സഹകരണ മേഖലയിൽ അംഗങ്ങളായവർക്കും , അല്ലാത്തവരുമായ എല്ലാ ജനങ്ങൾക്കും ടി സേവനം നല്കുന്നുണ്ട്. ത്രുക്ഷമായ വിലകയറ്റത്തിൽ നിന്നും സാധാരണക്കാരായ ജനങ്ങളെ സംരക്ഷിക്കുന്നതിന് ഒരു പരിധി വരെ ടി പദ്ധതിക്ക് സാധിച്ചിട്ടുണ്ട്. നീതി സ്റ്റോറുകൾ വളരെ നല്ല രീതിയിൽ ആണ് പ്രവർത്തിക്കുന്നത്

നീതി സ്റ്റോറുകൾ നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ

- കോർക്കളം സർവീസ് സഹകരണ ബാങ്ക്
- വടക്കുംപുറം സർവീസ് സഹകരണ ബാങ്ക്

- ചുങ്കത്തറ സർവീസ് സഹകരണ ബാങ്ക്
- മാറാക്കര സർവീസ് സഹകരണ ബാങ്ക്
- ഒഴൂർ സർവീസ് സഹകരണ ബാങ്ക്
- പൊന്നാനി സർവീസ് സഹകരണ ബാങ്ക്
- തവന്നൂർ സർവീസ് സഹകരണ ബാങ്ക്
- തേഞ്ഞിപ്പലം സർവീസ് സഹകരണ ബാങ്ക്
- അരിയല്ലൂർ സർവീസ് സഹകരണ ബാങ്ക്
- മലപ്പുറം ജില്ലാ കെ എസ് ആർ ടി സി എംപ്ലോയീസ് സഹകരണ സംഘം
- മാറാഞ്ചേരി പഞ്ചായത്ത് റൂറൽ സഹകരണ സംഘം
- പുളിക്കൽ സർവീസ് സഹകരണ ബാങ്ക്.

5.1.9 കുടുംബശ്രീ

കേന്ദ്ര സംസ്ഥാന സർക്കാർ പദ്ധതികൾ അവലോകനം

ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യയോജന (ഡി.ഡി.യുജി.കെ.വൈ)

ദരിദ്ര കുടുംബങ്ങളിലെ യുവതി യുവാക്കൾക്ക് വേണ്ടി ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (എൻ.ആർ.എൽ.എം) ആജീവികയുടെ കീഴിൽ കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് ഡി.ഡി.യു.ജി.കെ.വൈ. ഗുണഭോക്താക്കൾക്ക് അവരവരുടെ വിദ്യാഭ്യാസ യോഗ്യതക്കും അഭിരുചിക്കും ഉതകുന്ന പരിശീലനം നൽകി അവർക്ക് അർഹമായ തൊഴിൽ ഈ പദ്ധതിയിലൂടെ ഉറപ്പവരുത്തുന്നു.

ഗ്രാമീണ മേഖലയിലെ ദരിദ്ര കുടുംബങ്ങളിലെ 18 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. പ്രാക്തന ഗോത്ര വർഗ്ഗക്കാർ, ഭിന്നശേഷിയുള്ളവർ എന്നിവർക്ക് 45 വയസ്സു വരെ ഇളവ് അനുവദനീയമാണ്. കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ തൊഴിലുറപ്പ് പദ്ധതികളിൽ 35 തൊഴിൽ വീതം ഓരോ വർഷവും പൂർത്തിയാക്കിയവരെ ദാരിദ്ര്യ രേഖയ്ക്ക് താഴെ അല്ലെങ്കിലും പരിഗണിക്കുന്നതാണ്. സംസ്ഥാനത്തെ വിദഗ്ധ പരിശീലന സ്ഥാപനങ്ങളുടെ സഹായത്തോടെ വിവിധ തൊഴിൽ ഉടമകളുമായി സഹകരിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഇതനുസരിച്ച് അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കമ്പനികൾ, തൊഴിലധിഷ്ഠിത പരിശീലന സ്ഥാപനങ്ങൾ, സർക്കാർ, അർദ്ധ സർക്കാർ, സ്വയം ഭരണസ്ഥാപനങ്ങൾ എന്നിവയാകും ഈ പദ്ധതിയിലുൾപ്പെട്ട് കുടുംബശ്രീയുമായി സഹകരിച്ച് നൈപുണ്യ പരിശീലനം നൽകുന്നത്.

ഗുണഭോക്താക്കളെ കണ്ടെത്തൽ

കുടുംബശ്രീ നടത്തുന്ന മൊബിലൈസേഷൻ ക്യാമ്പയിൻ, സി.ഡി.എസിലെ നൈപുണ്യ രജിസ്റ്റർ, കുടുംബശ്രീ സംഘടനാ സംവിധാനം, മറ്റു മാർഗ്ഗങ്ങൾ എന്നിവയിലൂടെയാണ് ഗുണഭോക്താക്കളെ കണ്ടെത്തുന്നത്. താൽപര്യമുള്ള യുവതീയുവാക്കൾ കുടുംബശ്രീ സിഡിഎസ്സുകളുമായി ബന്ധപ്പെട്ട് ഈ പദ്ധതിയിൽ ചേരാവുന്നതാണ്.

പരിശീലനം

ഉദ്യോഗാർത്ഥികളുടെ അഭിരുചിക്കും കഴിവിനും പരിചയത്തിനും, ജോലി ചെയ്യാനുമുള്ള താല്പര്യത്തിനും അനുസരിച്ചുള്ള തൊഴിൽമേഖലയിൽ ആയിരിക്കും ഡി.ഡി.യു. ജി.കെ.വൈ.പരിശീലനം നൽകുക.

പരിശീലന കാലാവധി

- 3 മാസം 576 മണിക്കൂർ ശമ്പളം 6,000 രൂപ
- 6 മാസം 1152 മണിക്കൂർ ശമ്പളം 9,000 രൂപ
- 9 മാസം 1728 മണിക്കൂർ ശമ്പളം 12,000 രൂപ
- 2 മാസം 2304 മണിക്കൂർ ശമ്പളം 15,000 രൂപ

സർട്ടിഫിക്കേഷൻ

വിജയകരമായി കോഴ്സ് പൂർത്തീകരിക്കുന്നവർക്ക് എൻ.സി.വി.ടി (national council on vocational training) /എസ്.എസ്.സി. തുടങ്ങിയ ദേശീയ സ്ഥാപനങ്ങളിൽ നിന്നുള്ള സർട്ടിഫിക്കറ്റുകൾ ലഭ്യമാകും.

മറ്റ് സേവനങ്ങൾ

- 75 ശതമാനം ജോലി ഉറപ്പുവരുത്തുന്നു
- പരിശീലന കാലയളവിൽ യാത്ര, ഭക്ഷണം, താമസം, യൂണിഫോം എന്നിവ സൗജന്യമായിരിക്കും
- ജോലി ലഭിച്ചതിനുശേഷവും പിന്തുണ നൽകുന്നു.
- കൗൺസിലിംഗ് ട്രാക്കിംഗ്
- മൈഗ്രേഷൻ സപ്പോർട്ട് സെന്റർ
- കോൾ സെന്ററുകൾ

ജോബ് മേളകൾ

വിവിധ തൊഴിൽ ദാതാക്കളെ ഒരേ കുടക്കീഴിൽ കൊണ്ടു വന്ന് ജോബ് മേളകൾ സംഘടിപ്പിക്കുക വഴി ഡി.ഡി.യുജി.കെ.വൈ. പദ്ധതിയുടെ വൈദഗ്ധ്യ പരിശീലനം ലഭിച്ച ഗുണഭോക്താക്കൾക്ക് അവരവരുടെ ആഗ്രഹത്തിനനുസരിച്ച് ജോലി തിരഞ്ഞെടുക്കുന്നതിന് അവസരം ലഭിക്കുന്നു.

അലുമിനി സപ്പോർട്ട് (പൂർവ്വ വിദ്യാർത്ഥികളുടെ പിന്തുണ)

ഡി.ഡി.യു.ജി.കെ.വൈ (അലുമിനി ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന) പദ്ധതിയിലൂടെ ലഭിച്ച ജോലിയിൽ നിലനിൽക്കുന്നതിനും കൂടുതൽ മികച്ച ജോലി ലഭിക്കുന്നതിലേയ്ക്ക് ആവശ്യമായ തുടർപരിശീലനം നൽകുക, വിവിധ സംയോജന സാധ്യതകളെ കാര്യക്ഷമമായി ഉപയോഗിക്കുക, തൊഴിൽ ദാതാക്കളുടെ നെറ്റ് വർക്കിംഗിലൂടെ പുതിയ അവസരങ്ങൾ കണ്ടെത്തുക, ക്രിയാത്മകമായ ചർച്ചകൾ സംഘടിപ്പിക്കുക എന്നിങ്ങനെ ഗുണഭോക്താക്കളുടെ മാനസീകവും, സാംസ്കാരികവും സാമൂഹ്യവുമായ ചുറ്റുപാട് ഉയർത്തുക എന്ന ലക്ഷ്യത്തോടെ ഈ പദ്ധതിയിൽ പഠിച്ചിറങ്ങിയവരുടെ പിന്തുണ ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

പട്ടിക 5.1.9.1 : 2016 2017 സാമ്പത്തിക വർഷം

വിശദാംശങ്ങൾ	എണ്ണം
ഗുണഭോക്താക്കളെ കണ്ടെത്തൽ ടാർജറ്റ്	2000
പരിശീലനം നൽകിയത്	837
പ്ലേസ്മെന്റ് നൽകിയവ	532

അവലംബം: കുടുംബശ്രീ വാർഷിക റിപ്പോർട്ട് .

പട്ടിക 5.1.9.2 : ജോബ് മേളകൾ

വിശദാംശങ്ങൾ	എണ്ണം
മെഗാ ജോബ് മേള	1
പ്ലേസ്മെന്റ് നൽകിയവ	230
മിനി ജോബ്മേള	4
പ്ലേസ്മെന്റ് നൽകിയവ	14

അവലംബം: കുടുംബശ്രീ വാർഷിക റിപ്പോർട്ട് .

പട്ടിക 5.1.9.3 : 2017 2018 - സാമ്പത്തിക വർഷം

വിശദാംശങ്ങൾ	എണ്ണം
ഗുണഭോക്താക്കളെ കണ്ടെത്തൽ ടാർജറ്റ്	1400
പരിശീലനം തുടർന്നു കൊണ്ടിരിക്കുന്നത്	170

അവലംബം: കുടുംബശ്രീ വാർഷിക റിപ്പോർട്ട്

പട്ടിക 5.1.9.4 : ജോബ് മേളകൾ

വിശദാംശങ്ങൾ	എണ്ണം
മെഗാ ജോബ് മേള	1
പ്ലേസ്മെന്റ് നൽകിയവ	220
മിനി ജോബ്മേള	2
പ്ലേസ്മെന്റ് നൽകിയവ	16

അവലംബം: കുടുംബശ്രീ വാർഷിക റിപ്പോർട്ട്

2017 നിലവിലെ പ്രശ്നങ്ങൾ

1. ജില്ലയിൽ വേണ്ടത്ര പരിശീലന ഏജൻസികളുടെ അഭാവം. നൂതനവും തൊഴിൽ സാധ്യതയും ഉള്ള മേഖലകളിൽ പരിശീലന ഏജൻസി ടെയിനിംഗ് നൽകുന്നില്ല.
2. ഗുണഭോക്താക്കളുടെ താത്പര്യത്തിന് അനുസരിച്ച് കോഴ്സുകൾ നൽകാൻ സാധിക്കുന്നില്ല.
3. റെസിഡൻഷ്യൽ കേന്ദ്രങ്ങൾ ഇല്ലാത്തതു കൊണ്ട് ജില്ലയിലെ എല്ലാ ഭാഗത്തു നിന്നുമുള്ള ഗുണഭോക്താക്കളെ പങ്കെടുപ്പിക്കാൻ സാധിക്കുന്നില്ല.
4. പ്ലേയ്സ്മെന്റ് ഉറപ്പാക്കുന്നതിലുള്ള ബുദ്ധിമുട്ട്.

5. പട്ടികവർഗ്ഗ മേഖലയിൽ പദ്ധതിയെക്കുറിച്ച് അവബോധം ഇല്ലാത്തതിനാൽ ആ വിഭാഗത്തിൽ നിന്നും ഉദ്യോഗാർത്ഥികളെ ലഭിക്കുന്നില്ല. അതോടൊപ്പം തന്നെ പട്ടിക വർഗ്ഗ വിഭാഗത്തിനുതകുന്ന തരത്തിലുള്ള കോഴ്സുകൾ ഇല്ലാത്തത് ഒരു പോരായ്മയാണ്.
6. ജില്ലയ്ക്ക് അനുവദിച്ച ടാർജറ്റ് പൂർത്തീകരിക്കാൻ സാധിക്കാത്ത അവസ്ഥ. വിദേശത്തേക്കുള്ള തൊഴിൽ സാധ്യതകൾ ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.
7. തദ്ദേശമായി പ്രവർത്തിക്കുന്ന പരിശീലന ഏജൻസിയെ ഉൾപ്പെടുത്താൻ സാധിക്കാത്ത അവസ്ഥ. തൊഴിൽ സാധ്യത കൂടുതൽ ഉള്ള മേഖലകളിൽ പരിശീലന ഏജൻസിയുടെ കുറവ്.
8. എം.ജി.എൻ.ആർ.ഇ.ജി.എസ് സംയോജന കെട്ടിട നിർമ്മാണ മേഖലയിൽ 108 വനിത ഗുണഭോക്താക്കളെ കണ്ടെത്തി 13 ചെറുകിട യൂണിറ്റാക്കി രൂപീകരിച്ചിട്ടുണ്ട്. വൻ ആവശ്യക്കാർ ഇരിക്കെ ഇവർക്ക് തൊഴിൽ ലഭ്യത നൽകാൻ സാധിക്കാത്ത പ്രശ്നം.

പരിഹാരം

1. പരിശീലന ഏജൻസികളുടെ എണ്ണം വർദ്ധിപ്പിക്കുക.
2. സ്കിൽ ഗ്യാപ്പ് അസ്സസ്സ്മെന്റ് നടത്തി നൂതന പരിശീലന മേഖലയിൽ പരിശീലനം നൽകണം.
3. ലോക്കൽ പരിശീലന ഏജൻസികളെ ഉൾപ്പെടുത്താന് വേണ്ട നടപടികൾ സ്വീകരിക്കണം.
4. വിദേശത്തുള്ള തൊഴിൽ മേഖലയിലെ സാധ്യതകൾ കൂടുതൽ ഉപയോഗപ്രദമാക്കണം. പരിശീലന സ്ഥാപനങ്ങൾ പ്രത്യേക ശ്രദ്ധ ഈ കാര്യത്തിൽ ചെലുത്തണം.
5. ജില്ലയിലെ എല്ലാ ഭാഗത്തും റെസിഡൻഷ്യൽ ട്രെയിനിംഗ് കേന്ദ്രങ്ങൾ തുടങ്ങുക. പ്രാദേശിക ഏജൻസികളെ കണ്ടെത്തുന്നതിനും അപ്രൂവൽ നൽകുന്നതിനും ജില്ലാമിഷൻ അധികാരം നൽകുക.

എസ്.വി.ഇ.പി സ്റ്റാർട്ട് അപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാം

എൻ.ആർ.എൽ.എം പദ്ധതിയുടെ കീഴിൽ എല്ലാ ജില്ലയിലേയും ഒരു ബ്ലോക്കിൽ പൈലറ്റ് അടിസ്ഥാനത്തിൽ ചെറുകിട സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതി.

പദ്ധതിയിലൂടെ 75% പുതിയ ചെറുകിട സംരംഭങ്ങളെയും 25% നിലവിലുള്ള ചെറുകിട സംരംഭങ്ങളെയും പ്രോത്സാഹിപ്പിക്കുന്നു. നാല് ശതമാനം പലിശ നിരക്കിൽ വായ്പയും നൽകി വരുന്നു. സ്ഥായിയായ സംരംഭങ്ങൾ ആരംഭിക്കുക എന്നുള്ളതിനുമപ്പുറം ആ പ്രദേശത്തിന്റെ സാഹചര്യത്തിനും സ്വഭാവത്തിനും അനുസരിച്ച് നിലവിലെ ആവശ്യകത എന്താണെന്നും ദൗർലഭ്യം എന്തിനാണെന്നും കണ്ടെത്തിക്കൊണ്ട് അതിന്റെ അടിസ്ഥാനത്തിൽ സംരംഭങ്ങൾ രൂപീകരിക്കുക എന്നാണ് എസ്.വി.ഇ.പി പദ്ധതിയുടെ പ്രത്യേകത.

മലപ്പുറം ജില്ലയിൽ സംസ്ഥാന പദ്ധതി വിഹിതത്തിലൂടെ പൊന്നാനി ബ്ലോക്കിലും കേന്ദ്രസംസ്ഥാന പദ്ധതി വിഹിതത്തിലൂടെ നിലമ്പൂർ ബ്ലോക്കിലും പദ്ധതി നടപ്പിലാക്കുന്നു.

എൻ.യു.എൽ.എം കേന്ദ്ര നഗര ഉപജീവന മിഷൻ

ജീവനോപാധി വികസനത്തിലൂടെ നഗര ദരിദ്രരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി ലക്ഷ്യം വെച്ചുകൊണ്ട് നഗര പ്രദേശങ്ങളിൽ നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ദേശീയ നഗര ഉപജീവന മിഷൻ. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ സ്ത്രീകൾ, തൊഴിൽ രഹിതരായ യുവതീ യുവാക്കൾ, അസംഘടിത മേഖലകളിലെ തൊഴിലാളികൾ, നഗരത്തിലെ ഭവന രഹിതർ,തെരുവു കച്ചവടക്കാർ തുടങ്ങി നഗര ദരിദ്രരിലെ എല്ലാ വിഭാഗങ്ങളുടെയും പ്രശ്നങ്ങൾ പദ്ധതി അഭിസംബോധന ചെയ്യുന്നു. ദരിദ്ര ജനത സംരംഭകത്വ

ശേഷിയുള്ളവരും ദാരിദ്ര്യത്തിൽ നിന്നും കരകയറുന്നതിനുള്ള സാർത്ഥകവും സുസ്ഥിരവുമായ ജീവനോപാധികൾ സൃഷ്ടിക്കുന്നതിനായി അവരുടെ ശേഷികളെ കെട്ടഴിച്ചു വിടുക എന്നുള്ളതാണ് പ്രധാന വെല്ലുവിളി.

നഗരത്തിലെ ഭവനരഹിതർക്കുള്ള അഭയകേന്ദ്രങ്ങൾ

നഗരത്തിലെ ഭവന രഹിതരായ പാവപ്പെട്ടവർക്ക് ശുദ്ധജലം, ശുചിത്വം, ഭദ്രത, സുരക്ഷിതത്വം എന്നിങ്ങനെയുള്ള അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ പാർപ്പിടങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക എന്നതാണ് ഈ ഘടകത്തിന്റെ ലക്ഷ്യം. എല്ലാ കാലാവസ്ഥയിലും ഉപയോഗിക്കാവുന്ന സ്ഥിര നിർമിതിയിലുള്ള പാർപ്പിടങ്ങളാണ് ഭവന രഹിതർക്കായി ഒരുക്കുന്നത്. 50 മുതൽ 100 പേർക്ക് താമസിക്കാവുന്ന സമൂഹ കിടപ്പാടം എന്ന രീതിയിൽ പാർപ്പിടങ്ങൾ ഒരുക്കുന്നതാണ്. നഗരത്തിലെ തെരുവിൽ കഴിയുന്ന സർവ്വേയിലൂടെ കണ്ടെത്തിയവരെ പൂർണമായും പുനരധിവസിപ്പിക്കുകയും സുരക്ഷിത താമസമൊരുക്കുകയും ചെയ്യുക എന്നതാണ് പ്രധാന ലക്ഷ്യം. നഗരത്തിലെ ഭവന രഹിതരിൽ തന്നെ ഏറ്റവും അശരണരായ കുട്ടികൾ, വൃദ്ധർ, വൈകല്യമുള്ളവർ, മാനസിക വെല്ലുവിളികൾ നേരിടുന്നവർ എന്നിങ്ങനെയുള്ള വിഭാഗങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് ഭവനരഹിതർക്കുള്ള പാർപ്പിടങ്ങൾക്കുള്ളിൽ തന്നെ പ്രത്യേക വിഭാഗങ്ങൾ സൃഷ്ടിക്കും. പാർപ്പിടങ്ങളെ സർക്കാരുകളുടെ അവശ്യാധിഷ്ഠിത സാമൂഹ്യ സുരക്ഷിതത്വ പദ്ധതികളുമായി ബന്ധപ്പെടുത്തും. 24 മണിക്കൂറും പ്രവർത്തന സജ്ജമായതും അന്തേവാസികൾക്ക് ഉപജീവനം നേടുന്നതിലേയ്ക്ക് ഏത് സമയത്തും പുറത്ത് പോകുന്നതിനും തിരികെ വാങ്ങുന്നതിനുള്ള സൗകര്യം ഈ കേന്ദ്രങ്ങളിൽ ഉണ്ടായിരിക്കും. പുതിയ ഷെൽട്ടറുകളുടെ നിർമ്മാണത്തിനും ഷെഡ്യൂൾ റേറ്റ് പ്രകാരമുള്ള എസ്റ്റിമേറ്റ് തുകയും നിലവിലുള്ളവയുടെ പുനരുദ്ധാരണങ്ങൾ 50 ലക്ഷം രൂപയും അഭയകേന്ദ്രം ഒന്നിനുലഭ്യമാകുന്നതാണ്. കൂടാതെ അഭയകേന്ദ്രം ഒന്നിന് 6 ലക്ഷം രൂപ വീതം ആദ്യ 5 വർഷത്തേയ്ക്ക് ആകെ 30 ലക്ഷം രൂപ നടത്തിപ്പ് പരിപാലന ചെലവിനത്തിൽ ലഭ്യമാക്കുന്നതാണ്. കുടുംബശ്രീ അയൽക്കൂട്ടങ്ങൾ മുഖേന ശക്തമായ സംഘടനാ സംവിധാനം കെട്ടിപ്പെടുത്ത് ലാഭകരമായ സ്വയം തൊഴിൽ പദ്ധതികളിലൂടെ മെച്ചപ്പെട്ട വേതനം ലഭിക്കുന്ന വിദഗ്ധ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ നഗര ദരിദ്രരെ പ്രാപ്തരാക്കി അവരുടെ ദാരിദ്ര്യവും ദുർബലതകളും ലഘൂകരിക്കാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. പദ്ധതിയുടെ ലക്ഷ്യങ്ങൾ നേടുന്നതിനായി താഴെപറയുന്ന ഘടകങ്ങൾ ദേശീയ നഗര ഉപജീവന മിഷന്റെ ഭാഗമായി നടപ്പിലാക്കുന്നു.

നൈപുണ്യ പരിശീലനവും നിയമനവും

തൊഴിൽരഹിതരായ നഗര ദരിദ്രർക്ക് ശമ്പളാടിസ്ഥാനത്തിൽ ജോലി ലഭിക്കുന്നതിനും സ്വയം തൊഴിൽ ചെയ്യുന്നതിനും ഉള്ള സാധ്യതകൾ മെച്ചപ്പെടുത്തുന്നതിനും തൊഴിൽ വൈദഗ്ധ്യം ഉയർത്തുന്നതിനുമാണ് ഈ പദ്ധതി ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. തൊഴിൽ രഹിതരോ, തൊഴിൽ സ്ഥിരതയില്ലാത്തവരോ ആയ നഗര ദരിദ്രരെയാണ് ഈ ഘടകം ലക്ഷ്യമിടുന്നത്. നൈപുണ്യ പരിശീലനത്തിനുള്ള ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നതിന് കുറഞ്ഞതോ കൂടിയതോ ആയ വിദ്യാഭ്യാസ യോഗ്യതാ പരിധികൾ ഒന്നും തന്നെ നിശ്ചയിച്ചിട്ടില്ല. എന്നാൽ ഓരോ നൈപുണ്യ പരിശീലന കോഴ്സിനും അടിസ്ഥാന യോഗ്യത അതത് കോഴ്സുകളുടെ പാഠ്യപദ്ധതിയിൽ നിഷ്കർഷിച്ചിട്ടുണ്ട്. തൊഴിൽ സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയ സർട്ടിഫൈഡ് കോഴ്സുകളിലൂടെ തൊഴിൽ ചെയ്യാൻ സന്നദ്ധരായ എല്ലാവർക്കും സൗജന്യ നൈപുണ്യ പരിശീലനവും തൊഴിലും ഉറപ്പാക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

കോഴ്സിന്റെ കാലാവധി

നൈപുണ്യ വികസനവും തൊഴിലവസരങ്ങൾ ഉറപ്പാക്കലും എന്ന പദ്ധതി ഘടകത്തിന്റെ കീഴിലുള്ള തൊഴിൽ വൈദഗ്ധ്യ പരിശീലന കോഴ്സുകളുടെ ദൈർഘ്യം 3 മുതൽ 8 മാസം വരെ ആയിരിക്കും. 30 ലക്ഷം രൂപ നടത്തിപ്പ് പരിപാലന ചെലവ് ഇനത്തിൽ ലഭ്യമാക്കുന്നതാണ്. അടിസ്ഥാനപരമായ ആശയ വിനിമയം (ഇംഗ്ലീഷിലും, മലയാളത്തിലും), അടിസ്ഥാന കമ്പ്യൂട്ടർ പരിജ്ഞാനം, തൊഴിൽ മര്യാദകൾ സാമ്പത്തിക സാക്ഷരത തുടങ്ങിയ വിഷയങ്ങളിൽ ഉള്ള പരിശീലനം എല്ലാ നൈപുണ്യ പരിശീലനത്തോടൊപ്പം നൽകും. യോഗ്യതയുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ സംസ്ഥാന മിഷനാണ് പരിശീലന ഏജൻസികളെ തെരഞ്ഞെടുക്കുന്നത്.

നഗരങ്ങളിലെ തെരുവു കച്ചവടക്കാർക്കുള്ള സഹായ പദ്ധതികൾ

തെരുവോര കച്ചവടത്തിന് നഗരത്തിലെ വിഭവ വിതരണ ശൃംഖലയിൽ ഒരു പ്രധാന സ്ഥാനമുണ്ട്.അത് ദരിദ്രരുൾപ്പെടെയുള്ള എല്ലാ ജനവിഭാഗങ്ങൾക്കും കുറഞ്ഞ ചെലവിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള സൗകര്യപ്രദമായ മാർഗ്ഗവുമാണ്. എന്നാൽ താഴ്ന്ന നിലവാരത്തിലുള്ള വിദ്യാഭ്യാസവും കുറഞ്ഞ തൊഴിൽ വൈദഗ്ധ്യവും ഔപചാരിക വായ്പാ സൗകര്യങ്ങളുടെ പ്രാപ്യതയില്ലായ്മയും കാരണം വളർന്നുവരുന്ന വിപണി സാധ്യതകൾ വേണ്ടവിധം ഉപയോഗപ്പെടുത്തുന്നതിനു തെരുവ് കച്ചവടക്കാർക്ക് കഴിയുന്നില്ല.ഈ പദ്ധതി ഘടകത്തിന്റെ ലക്ഷ്യം നഗരത്തിലെ തെരുവു കച്ചവടക്കാരുടെ പെട്ടെന്ന് താഴേക്ക് പോകാവുന്ന ജീവിതാവസ്ഥകളെ ഒരു ബഹുമുഖ സമീപനത്തിലൂടെ പരിഹരിക്കുവാൻ ശ്രമിക്കുക എന്നതാണ്. ഈ ബഹുമുഖ സമീപനത്തിൽ താഴെപറയുന്ന കാര്യങ്ങളാണ് ഉൾപ്പെടുന്നത്.

- തെരുവുകച്ചവടക്കാരുടെ സർവ്വേയും തിരിച്ചറിയൽ കാർഡുകളുടെ വിതരണവും
- നഗരത്തിലെ തെരുവോര കച്ചവട മേഖലകളുടെ അടിസ്ഥാന സൗകര്യ വികസനം
- പരിശീലനവും നൈപുണ്യ വികസനവും
- ധനകാര്യ സംവിധാനങ്ങളുമായി ഉൾചേർക്കൽ
- വായ്പാ സൗകര്യ ലഭ്യമാക്കൽ
- സാമൂഹ്യസുരക്ഷാ പദ്ധതികളുമായി കണ്ണിചേർക്കൽ

കാര്യശേഷി വികസനവും പരിശീലനവും

ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള നഗരസഭകളുടെ കാര്യശേഷി വികസിപ്പിക്കുക എന്നതാണ് ഈ ഘടകത്തിന്റെ ലക്ഷ്യം. ഇതിന്റെ ഭാഗമായി നഗരസഭകളിൽ പദ്ധതി കാലയളവിൽ സാങ്കേതിക വിദഗ്ധരുൾപ്പെടുന്ന സിറ്റി മിഷൻ മാനേജ്മെന്റിന്റെ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ധനസഹായം നൽകും. അതുപോലെ ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളുടെ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് വിവിധ പരിശീലനവും നൽകും.

നൂതനാശയ സവിശേഷ പദ്ധതികൾ.

ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള പുത്തൻ ആശയങ്ങൾ ഉൾക്കൊള്ളുന്നതിനും പുരോഗമനപരമായ കാൽവയ്പ്പുകളെ പിന്തുണക്കുന്നതിനും,അത്തരം പദ്ധതികളെ മറ്റിടങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുമാണ് ദേശീയ നഗര ഉപജീവനമിഷൻ ഈ ഘടകത്തിന്റെ നടത്തിപ്പിലൂടെ

ലക്ഷ്യം വയ്ക്കുന്നത്. ഈ ഘടകത്തിനു കീഴിൽ നഗര ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരുന്നതും സുസ്ഥിരമായി നിലനിൽക്കുന്നതുമായ നവീന രീതിശാസ്ത്രങ്ങൾ ചിട്ടപ്പെടുത്താനും നടപ്പിലാക്കി കാണിക്കുവാനും ആണ് പരിശ്രമിക്കുന്നത്. നഗരസഭകൾക്കും, ദാരിദ്ര്യ നിർമ്മാർജ്ജന രംഗത്ത് താല്പര്യമുള്ള മറ്റ സ്ഥാപനങ്ങൾക്കും ഈ ഘടകത്തിനു കീഴിൽ സംസ്ഥാന മിഷൻ മുഖാന്തിരം പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കാവുന്നതാണ്.

സ്വയം തൊഴിൽ പദ്ധതി

നഗരത്തിലെ ദരിദ്രരായ ആളുകൾക്ക് തങ്ങളുടെ അഭിരുചിക്കും, നൈപുണ്യങ്ങൾക്കും പ്രാദേശിക പരിസ്ഥിതിക്കും അനുയോജ്യമായ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ആവശ്യമായ പരിശീലനം, സാങ്കേതിക വിപണന സഹായം,സംരംഭം ആരംഭിക്കുന്നതിന് ലഭ്യമാക്കുന്ന ബാങ്ക് വായ്പയുടെ പലിശയ്ക്ക് സബ്സിഡി ലഭ്യമാക്കൽ എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

ആരൊക്കെയാണ് ഈ പദ്ധതിയുടെഗുണഭോക്താക്കൾ ?

നഗര ദരിദ്രർ

വാർഷിക വരുമാനം 50,000/ രൂപയിൽ താഴെയുള്ള കുടുംബങ്ങളിലെ അംഗങ്ങൾ. ഈ വിഭാഗത്തിൽപ്പെട്ട താഴെപ്പറയുന്ന വിഭാഗത്തിലുള്ളവരെ ഗുണഭോക്താക്കളായി പരിഗണിക്കാം.

1. അയൽക്കൂട്ടാംഗങ്ങൾ/കുടുംബാംഗങ്ങൾ
2. നഗരങ്ങളിലെ പാവപ്പെട്ടവരിലെ തൊഴിൽ രഹിതരും, പരിമിതമായ തൊഴിൽ സാധ്യതകൾ മാത്രമുള്ള വ്യക്തികൾ
3. നഗരങ്ങളിലെ വഴിയോര കച്ചവടക്കാർ (തങ്ങളുടെ പ്രവർത്തന മേഖല വിപുലപ്പെടുത്തുന്നതിന്)
4. പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ.

പ്രായ പരിധി

സംരംഭം ആരംഭിക്കുന്ന സമയത്ത് 18 വയസ് പൂർത്തീകരിക്കണം.

വിദ്യാഭ്യാസ യോഗ്യത/ വൈദഗ്ധ്യം

ഗുണഭോക്താക്കൾക്ക് കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത നിഷ്കർഷിക്കുന്നില്ല. എന്നാൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സംരംഭത്തിനനുസരിച്ച് ആവശ്യമായ സംരംഭകത്വ വികസന പരിശീലനവും (ഇ.ഡി.പി), നൈപുണ്യ പരിശീലനവും (സ്കിൽ ടെയിനിംഗ്) നേടിയിരിക്കണം.

സംരംഭകത്വ പരിശീലനം കുടുംബശ്രീ മിഷൻ എംപാനൽ/അംഗീകരിച്ച സ്ഥാപനങ്ങൾ/ ഏജൻസികൾ വഴിയോ, റൂറൽ സെൽഫ് എംപ്ലോയ്മെന്റ് ടെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ആർ.എസ്.ഇ.റ്റി.ഐ) വഴിയോ ലഭ്യമാക്കണം. നൈപുണ്യ വികസന പരിശീലനം അംഗീകരിക്കപ്പെട്ട/എംപാനൽ ചെയ്ത് നൈപുണ്യ വികസന പരിശീലന ഏജൻസി വഴി മാർഗ്ഗ നിർദ്ദേശം പ്രകാരം നിർദ്ദിഷ്ട ദിവസത്തേക്ക് നൽകണം. ഏതെങ്കിലും വ്യക്തി/വ്യക്തികൾ തങ്ങളുടെ കുലത്തൊഴിൽ മെച്ചപ്പെടുത്തുന്നതിനായി സ്വയം തൊഴിൽ വായ്പ ലഭ്യമാക്കുന്ന പക്ഷം നൈപുണ്യ പരിശീലനത്തിന്റെ ആവശ്യമില്ല, ആയത് നഗരസഭ സാക്ഷ്യപ്പെടുത്തിയാൽ മതിയാകും.

ഗുണഭോക്താക്കളെ കണ്ടെത്തുന്നതെങ്ങനെ/ ഗുണഭോക്തൃ തെരഞ്ഞെടുപ്പ്

1. കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിലൂടെ (അയൽക്കൂട്ട യോഗങ്ങൾ, സി.ഡി.എസ് ആക്ഷൻ പ്ലാൻ)
2. ഗുണഭോക്താക്കൾ താല്പര്യത്തിനനുസരിച്ച് നേരിട്ട് അപേക്ഷ സമർപ്പിക്കൽ
3. എൻ.യു.എൽ.എം കമ്മ്യൂണിറ്റി ഓർഗനൈസർമാർ/സിറ്റിമിഷൻ മാനേജ്മെന്റ് യൂണിറ്റ്

ബാങ്കുകൾ തങ്ങളുടെ ബിസിനസ് കറസ്പോണ്ടന്റ്, ബാങ്കിംഗ് മിത്ര വഴി സി.ഡി.എസ്/ വാർഡ് തലത്തിൽ എസ്.സി.പി ക്യാമ്പെയിൻ (പൊതു അവബോധ ശില്പശാല) നടത്തി താല്പര്യമുള്ളവരെ കണ്ടെത്തൽ.

പ്രോജക്ട് പദ്ധതി തുക
വ്യക്തിഗത/ഗ്രൂപ്പ് സംരംഭങ്ങൾ

വ്യക്തിഗത സംരംഭങ്ങൾക്കുള്ള പരമാവധി പദ്ധതി തുക 2.5 ലക്ഷം രൂപയും, ഗ്രൂപ്പ് സംരംഭങ്ങളുടേത് പരമാവധി 10 ലക്ഷം രൂപയുമാണ്. ഗ്രൂപ്പ് സംരംഭങ്ങളിൽ കുറഞ്ഞത് 5 അംഗങ്ങൾ ഉണ്ടായിരിക്കണം.ഗുണഭോക്തൃ വിഹിതം 5% ആണ്. അപേക്ഷ സമർപ്പിക്കേണ്ട/വിലയിരുത്തുന്ന രീതി

- കുടുംബശ്രീ മിഷൻ വികസിപ്പിച്ചിട്ടുള്ള നിർദ്ദിഷ്ട അപേക്ഷാ ഫോറത്തിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്.
- അപേക്ഷാ ഫോറത്തോടൊപ്പം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ പ്രൊപ്പോസൽ, തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, വൈദഗ്ധ്യ പരിശീലനം, ഇ.ഡി.പി പരിശീലനം എന്നിവയുടെ സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ ഉണ്ടായിരിക്കണം.
- അപേക്ഷ നഗരസഭയിലാണ് സമർപ്പിക്കേണ്ടത്.
- നഗരസഭ അപേക്ഷ സ്വീകരിക്കുമ്പോൾ, യു.ഐ.ഡി നമ്പർ നൽകുന്നതാണ്.
- നഗരസഭാതലത്തിൽ രൂപീകരിച്ചിട്ടുള്ള ടാസ്ക്ഫോഴ്സ് കമ്മിറ്റി ലഭ്യമായ എല്ലാ അപേക്ഷകളും പരിശോധിച്ച് ബാങ്കുകളിലേക്ക് വായ്പ ലഭ്യമാക്കുന്നതിന് ശുപാർശ ചെയ്യുന്നതാണ്. ന്യൂനതകളുള്ള അപേക്ഷകൾ ന്യൂനത പരിഹരിച്ച് പുന:സമർപ്പിക്കുന്നതിന് ആവശ്യപ്പെടുന്നതാണ്.
- അപേക്ഷ ലഭ്യമായി 14 ദിവസത്തിനുള്ളിൽ ബാങ്കുകൾ അപേക്ഷയിൻ മേൽ തീർപ്പ് കല്പിക്കുന്നതായിരിക്കും.

പലിശ സബ്സിഡി ലഭ്യമാക്കുന്നതെങ്ങനെ?

ബാങ്കുകൾ അനുവദിക്കുന്ന നിലവിലെ പലിശനിരക്കും 7% ഉം തമ്മിലുള്ള വ്യത്യാസമാണ് സബ്സിഡിയായി നൽകുക. ഉദാ: ബാങ്ക് ഈടാക്കുന്ന പലിശനിരക്ക് 12% ആണെങ്കിൽ 7% അധികരിക്കുന്ന (ബാക്കി 5%) പലിശയ്ക്കുള്ള തുകയാണ് സബ്സിഡിയായി നൽകുന്നത്.

കൃത്യമായി വായ്പ തിരിച്ചടക്കുന്ന സംരംഭകർക്ക് അധികമായി 3% പലിശയിളവ് ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും. അധിക പലിശയിളവ് കുടുംബശ്രീ മിഷന്റെ ഫണ്ടിൽ നിന്നുമായിരിക്കും ലഭ്യമാക്കുക.

1. സംരംഭത്തിന് വായ്പ അനുവദിച്ചു കഴിഞ്ഞാൽ അപേക്ഷകന് ഇതിന്റെ വിശദാംശങ്ങൾ നഗരസഭയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2. ത്രൈമാസാടിസ്ഥാനത്തിലാണ് പലിശ സബ്സിഡി കണക്കാക്കുക. തിരിച്ചടവ് വിവരങ്ങൾ, ക്ലെയിം സ്റ്റേറ്റ്മെന്റ് ബാങ്കിൽ നിന്നും ശേഖരിച്ച് അതിനനുസരിച്ചാണ് പലിശ സബ്സിഡി ലഭ്യമാക്കുക.

പട്ടിക 5.1.9.5 : 2016 – 2017 സാമ്പത്തിക വർഷം

ക്രമ നം	വിശദാംശങ്ങൾ	എണ്ണം
1	രൂപീകരിക്കേണ്ട അയൽക്കൂട്ടങ്ങൾ ടാർജറ്റ്	250
2	രൂപീകരിച്ചത്	333 (133%)
3	റിവോൾവിംഗ് ഫണ്ട് ടാർജറ്റ്	345
4	നൽകിയവ	125
5	സ്കിൽ ട്രെയിനിംഗ് പ്ലേയ്സ്മെൻറ്	1400
6	ട്രെയിനിംഗ് ലഭിച്ചുകൊണ്ടിരിക്കുന്നത്	211
7	വ്യക്തിഗത സംരംഭ ടാർജറ്റ്	36
8	രൂപീകരിച്ചത്	0
9	ലിങ്കേജ് ലോൺ ടാർജറ്റ്	264
10	നൽകിയത്	328
11	ഷെൽട്ടർ പ്രൊജക്ട്	2
12	നടപ്പിലാക്കിയത്	ഒരു പ്രൊജക്ടിനുള്ള ഡി.പി.ആർ നൽകി
13	സ്ട്രീറ്റ് വെൽഡേഴ്സ് ഐ ഡി കാർഡ്. കൊടുക്കൽ ടാർജറ്റ്	1449
14	സ്ട്രീറ്റ് വെൽഡേഴ്സ് ഐ ഡി കാർഡ്. നൽകിയത്	92

അവലംബം: കുടുംബശ്രീ വാർഷിക റിപ്പോർട്ട് 2017

1) റിസോഴ്സ് ഓർഗനൈസേഷൻ പ്രവർത്തകരുടെ കാര്യക്ഷമത, പ്രാപ്തി, വൈദഗ്ധ്യ കുറവ്.
2) മുനിസിപ്പാലിറ്റിയിൽപ്പെടുന്ന തീരദേശ മേഖലയിലും ആദിവാസി മേഖലയിലും ഉന്നമനത്തിന് പദ്ധതികളുടെ അഭാവം.
3) നൈപുണ്യ പരിശീലന സ്ഥാപനങ്ങളുടെ അഭാവം.
4) കാർഷിക വൃത്തിയെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികളുടെ അഭാവം.

പരിഹാരം

1) റിസോഴ്സ് ഓർഗനൈസേഷൻ പ്രവർത്തകർക്ക് നൈപുണ്യ പരിശീലനം, കാര്യക്ഷമത പരിശീലനം തുടങ്ങിയവ നൽകുക.
2) വിവിധ മേഖലയിലേക്ക് ആവശ്യമായ പരിശീലന സ്ഥാപനങ്ങൾ മുനിസിപ്പാലിറ്റി മേഖലയിൽ തുടങ്ങുക.
3) നഗര മേഖലയിൽ കാർഷിക വൃത്തി പ്രോത്സാഹിപ്പിക്കുന്നതിന് മട്ടുപാവ് കൃഷി, പോളി ഹൗസ്, മഴമറ കൃഷി, ക്യാരിബാഗ് കൃഷി എന്നിവ നടപ്പിലാക്കാൻ സഹായം നൽകുക.

4) നഗരത്തിലെ ജെ.എൽ.ജി ഗ്രൂപ്പുകൾക്ക് ഇൻസെന്റീവ് നൽകി പ്രോത്സാഹനം നൽകുക.

പ്രധാനമന്ത്രി ആവാസ് യോജന

എല്ലാവർക്കും ഭവനം എന്ന ലക്ഷ്യം മുൻനിർത്തി കേന്ദ്ര സർക്കാർ വിഭാവനം ചെയ്ത് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും നഗരസഭകളുടെയും സംയുക്ത ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്ന ഭവന പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ). നഗര പ്രദേശത്ത് താമസിക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗത്തിൽപ്പെട്ടവർക്ക് സ്വന്തമായി പാർപ്പിടം ലഭ്യമാക്കുന്ന ഈ പദ്ധതിയുടെ നോഡൽ ഏജൻസി കുടുംബശ്രീയാണ്. വീടില്ലാത്ത എല്ലാവർക്കും വീടുകൾ നൽകാനും വാസയോഗ്യമല്ലാത്ത ഭവനങ്ങളെ വാസയോഗ്യമാക്കാനും പദ്ധതി ലക്ഷ്യമിടുന്നു. ചേരി വികസനം, ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി, അഫോർഡബിൾ ഹൗസിംഗ് സ്കീം, വ്യക്തിഗത ഭവന നിർമ്മാണത്തിനുള്ള ധനസഹായം എന്നീ നാല് വ്യത്യസ്തങ്ങളായ ഘടകങ്ങൾ സംയോജിപ്പിച്ച് കൊണ്ടാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

ചേരി വികസനം: കുറഞ്ഞത് 300 ആളുകൾ താമസിക്കുന്ന 60 മുതൽ 70 വരെ കുടുംബങ്ങളുള്ള ചേരിയിലുള്ളവർക്ക് പൊതു സ്വകാര്യ പങ്കാളിത്തത്തോടെ പ്രസ്തുത ചേരിയിൽ തന്നെ ഭവനം നിർമ്മിച്ച് നൽകൽ.

ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി : താഴ്ന്ന വരുമാനം ഉള്ളവർക്കും (LIG) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും (EWS) ഭവനം നിർമ്മിക്കുന്നതിനായി / ഭവനം വാങ്ങുന്നതിനായി വാസയോഗ്യമല്ലാത്ത ഭവനങ്ങൾ വാസയോഗ്യമാക്കുന്നതിനായി ബാങ്കിൽ നിന്നും പലിശ ഇളവിൽ വായ്പ നൽകൽ. ബാങ്കിൽ നിന്നും പരമാവധി 6 ലക്ഷം രൂപ വരെ കമ്പോള നിരക്കിലെ പലിശയിൽ നിന്നും 6.5% കുറഞ്ഞ നിരക്കിൽ വായ്പയായി നൽകും.

അഫോർഡബിൾ ഹൗസിംഗ് സ്കീം: സ്വന്തമായി സ്ഥലമില്ലാത്ത നഗര ദരിദ്രർക്ക് സ്വകാര്യ/പൊതുമേഖല സംരംഭകരുടെ പങ്കാളിത്തത്തോടെ കുറഞ്ഞ നിരക്കിൽ പാർപ്പിട സമുച്ചയങ്ങൾ ലഭ്യമാക്കുക.

വ്യക്തിഗത ഭവന നിർമ്മാണിനുള്ള ധനസഹായം: സ്വന്തമായി സ്ഥലമുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണത്തിന്/ഭവന വിപുലീകരണത്തിന് കേന്ദ്രസംസ്ഥാനനഗരസഭ ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ 3.00 ലക്ഷം രൂപ ധനസഹായം നൽകുന്ന പദ്ധതി.

പട്ടിക 5.1.9.6 : പ്രധാനമന്ത്രി ആവാസ് യോജന ഗുണഭോക്താക്കളുടെ വിശദംശങ്ങൾ

ക്രമ നം	പദ്ധതി വിശദാംശങ്ങൾ	എണ്ണം
1	ആകെ ഗുണഭോക്താക്കൾ	7497
2	എൻറോൾ ചെയ്തവർ	3021
3	ബിൽഡിംഗ് പെർമിറ്റ് കൊടുത്തത്	1844
4	എഗ്രിമെൻറ് വെച്ചവർ	1815
5	ഒന്നാംഗഡു കൊടുത്ത ഗുണഭോക്താക്കളുടെ എണ്ണം	1338
6	രണ്ടാംഗഡു നൽകിയ ഗുണഭോക്താക്കളുടെ എണ്ണം	654
7	മൂന്നാംഗഡു നൽകിയ ഗുണഭോക്താക്കളുടെ എണ്ണം	28

8	നാലാം ഗഡു	ആർക്കും

അവലംബം: കുടുംബശ്രീ വാർഷിക റിപ്പോർട്ട് 2017.

നേരിടുന്ന പ്രശ്നങ്ങൾ, പരിഹാരങ്ങൾ

1. പദ്ധതി മുനിസിപ്പാലിറ്റിയിൽ മാത്രം ചെയ്യുന്നതിനാലും നഗരത്തിലെ പല സ്ഥിര താമസക്കാരുടെയും ഭൂമി പഞ്ചായത്തിലായതിനാലും അവരെ ഉൾകൊള്ളിക്കാൻ സാധിക്കുന്നില്ല.

സ്റ്റേറ്റ് ലെവൽ ഉത്തരവിലൂടെ പരിഹാരം കാണാം.

2. മുനിസിപ്പാലിറ്റിയിൽ ഭൂലഭ്യത ഇല്ലാത്തതിനാൽ ഭൂരഹിതരെ അഭിമുഖീകരിക്കുന്നതിലുള്ള പ്രശ്നം. ഭൂരഹിതരുടെ സർവ്വെ എല്ലാ മുനിസിപ്പാലിറ്റിയിലും കഴിഞ്ഞിട്ടുണ്ട്. അവർക്ക് ലൈഫ് പ്രൊജക്ട് സംയോജനത്തിലൂടെയോ മറ്റു ഡിപ്പാർട്ട്മെന്റിന്റെ ഉപയോഗമില്ലാതെ കിടക്കുന്ന ഭൂമിയോ നൽകൽ.

വ്യക്തമായ ഡാറ്റാ ബെസ് ഉണ്ടാക്കി ഉദ്യോഗസ്ഥ തലത്തിലുള്ള മീറ്റിംഗിൽ ചർച്ച ചെയ്യുക.

3. പി.എം.എ.വൈ യുടെ ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി പദ്ധതി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ബാങ്ക് പ്രോസസ്സുകളുടെ പ്രശ്നങ്ങൾകൊണ്ട് കിട്ടുന്നില്ല. സാധാരണക്കാർക്ക് ലഭിക്കാൻ പ്രയാസം.

ജില്ല ബാങ്കേഴ്സ് കമ്മിറ്റിക്ക് നേതൃത്വം നൽകുന്ന ജില്ലാ കളക്ടറുടെ ശ്രദ്ധയിൽ കൊണ്ടുവരൽ.

4. മുനിസിപ്പാലിറ്റിയിൽ പദ്ധതി നടപ്പിലാക്കുന്ന ഉദ്യോഗസ്ഥരുടെ കുറവ്, ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് നികത്തൽ.
5.ബിൽഡിംഗ് പെർമിറ്റ് എടുക്കുന്നതിലെ തടസ്സം, ഗുണഭോക്താക്കൾ എല്ലാം സ്ത്രീകൾ ആവണമെന്നതിനാൽ ബിൽഡിംഗ് പെർമിറ്റ് മറ്റൊരാളുടെ പേരിലുമാകയാൽ വരുന്ന പ്രശ്നം ഒരു സർക്കുലറിലൂടെ ഒരുമിച്ച് തീരുമാനം നൽകാൻ ശ്രമിക്കുക.

മേൽതട്ട് നിർദ്ദേശങ്ങൾ.

1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്ന് സംഘകൃഷി ഗ്രൂപ്പുകൾക്ക് തുടർച്ചയായി സേവനം ലഭ്യമാക്കൽ.
2. കൃഷി വകുപ്പുമായിട്ടുള്ള സംയോജന സാധ്യതകളെ മുൻനിർത്തിയിട്ടുള്ള പദ്ധതി രൂപീകരണം.
3. ലൈസൻസിംഗ് സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കുക.
4. സംരംഭകത്വ അഭിരുചി വികസിപ്പിക്കുന്നതിനാവശ്യമായ പരിശീലന മൊഡ്യൂൾ തയ്യാറാക്കുകയും പരിശീലനം നൽകുന്നതിന് ആവശ്യമായ സഹായം നൽകുകയും ചെയ്യുക.
5. മികച്ച സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് അവാർഡ് ഏർപ്പെടുത്തുക.
6. സൂക്ഷ്മസംരംഭ ഉത്പന്നങ്ങളെ ദേശീയ അന്തർദേശീയ വിപണികളിൽ ലഭ്യമാക്കുന്നതിന് പ്രോത്സാഹനം നൽകുകയും നികുതികളിലും നിയന്ത്രണങ്ങളിലും ഇളവു വരുത്തുകയും ചെയ്യുക.

7. സൂക്ഷ്മ സംരംഭങ്ങൾക്ക് മൂലധന സബ്സിഡി, പലിശ സബ്സിഡി തുടങ്ങിയ ധനസഹായങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുക. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളിൽ പ്രത്യേക നയം ഇല്ലാത്ത വിഭാഗങ്ങൾക്കുവേണ്ടി രൂപീകരിക്കുക.
8. പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ കൃത്യമായ മാർഗ്ഗ രേഖകൾ തയ്യാറാക്കുക
9. പ്രത്യേക നിയമത്തിന്റെ പിന്തുണ ആവശ്യമുള്ള വിഭാഗങ്ങൾക്കായി പ്രത്യേക നയ നിർമ്മാണം നടത്തുക. ഉദാഹരണം - ഇതര സംസ്ഥാന തൊഴിലാളികൾ, ട്രാൻസ്ജെന്ററുകൾ).
10. കൃത്യമായ മോണിറ്ററിംഗിനും വിലയിരുത്തലിനും സംവിധാനം ഒരുക്കുക.
11. പദ്ധതികളുടെ യഥാസമയമുള്ള സോഷ്യൽ ഓഡിറ്റ്.
12. പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ പ്രത്യേക അയൽക്കൂട്ടങ്ങൾക്കും സ്വയം തൊഴിൽ പദ്ധതികൾക്കും പ്രത്യേക ധനസഹായം അനുവദിക്കുക.

5.2.10 – ആരോഗ്യം

കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികളുടെ അവലോകനവും അവ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും

1969-ൽ മലപ്പുറം ജില്ല രൂപീകൃതമായതിനു ശേഷം പൊതുജനാരോഗ്യ രംഗത്ത് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികളിലൂടെ നേട്ടം കൈവരിക്കാൻ നമുക്കായിട്ടുണ്ട്. കേരളത്തിന്റെ പൊതു ആരോഗ്യ അവസ്ഥ തന്നെയാണ് മലപ്പുറം ജില്ലയിലും പ്രതിഫലിക്കുന്നത്. എന്നാൽ കുട്ടികളുടെ പ്രതിരോധ കുത്തിവെപ്പിന്റെ കാര്യത്തിൽ കേരളത്തിന്റെ പൊതു അവസ്ഥയല്ല നമ്മുടെ ജില്ലയുടേത്. കഴിഞ്ഞ 5 വർഷ കാലം ആരോഗ്യ മേഖലയിൽ നടപ്പാക്കിയ പദ്ധതികളുടെ വിലയിരുത്തലാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്.

പട്ടിക 5.2.10.1 : തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി (തുക രൂപയിൽ)

ക്രമ നം	വർഷം	ഫണ്ട് അനുവദിച്ചത്	ഫണ്ട് ചെലവഴിച്ചത്	ശതമാനം
1	2012-13	17,90,53,670	14,28,69,806	80
2	2013-14	20,28,11,087	16,96,93,736	84
3	2014-15	22,79,96,021	20,69,41,374	91
4	2015-16	26,68,39,327	22,85,74,706	86
5	2016-17	35,79,66,861	27,93,04,913	78
ആകെ		123,46,66,966	102,73,84,535	83

അവലംബം : ജില്ലാ ആരോഗ്യ വകുപ്പ് ,മലപ്പുറം

നമ്മുടെ ജില്ലയിലെ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തും നഗര സഭകളും വഴി ആരോഗ്യ രംഗത്ത്, കഴിഞ്ഞ 5 വർഷത്തെ വകയിരുത്തലും ചെലവുമാണ് മുകളിൽ കൊടുത്തിട്ടുള്ളത്. വകയിരുത്തിയ സംഖ്യയുടെ 83% ചെലവഴിച്ചിട്ടുണ്ട്. പൊതുവെ എടുത്ത് പരിശോധിച്ചാൽ ഒരു തദ്ദേശ ഭരണ സ്ഥാപനം അവർക്ക് ലഭിക്കുന്ന ഫണ്ടിന്റെ 3 ശതമാനത്തോളം ആരോഗ്യ മേഖലക്ക് നീക്കി വെച്ചിട്ടുള്ളതായി കാണാം. കെട്ടിട നിർമ്മാണം, മരുന്ന് വാങ്ങൽ, പരിരക്ഷ, പശ്ചാത്തല സൗകര്യ വികസനം എന്നീ മേഖലകളിലാണ് പ്രധാനമായും പദ്ധതി പണം ചെലവഴിച്ചിട്ടുള്ളത്. വരുന്ന 5 വർഷ കാലം ഇതോടൊപ്പം രോഗ പ്രതിരോധ പ്രോജക്ടുകൾക്കും മുൻഗണന കൊടുക്കേണ്ടതുണ്ട്.

ജില്ലാ ആരോഗ്യ വകുപ്പ് വഴി കഴിഞ്ഞ 5 വർഷം വിവിധ ഉപശീർഷകങ്ങളിൽ ചെലവഴിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക 5.2.10.2 : ദേശീയ പ്രാണിജന്യ രോഗ നിയന്ത്രണ പരിപാടി (NVBDCP)
(തുക രൂപയിൽ)

ക്രമ നം	വർഷം	ഫണ്ട് അനുവദിച്ചത്	ഫണ്ട് ചെലവഴിച്ചത്	ശതമാനം
1	2013	64,72,505	60,90,171	94.09
2	2014	46,99,293	46,78,612	99.56
3	2015	76,86,502	71,57,207	93.11
4	2016	1,01,71,129	1,01,75,766	100
5	2017	55,36,031	57,10,033	100
	ആകെ	3,45,65,460	3,38,11,789	97.82

അവലംബം : ജില്ലാ ആരോഗ്യ വകുപ്പ് ,മലപ്പുറം

പട്ടിക 5.2.10.3 : കൃഷ്ണരോഗ നിർമ്മാർജ്ജനത്തിനായി കഴിഞ്ഞ 5 വർഷക്കാലം അനുവദിച്ചതും ചിലവഴിച്ചതുമായ ഫണ്ടിന്റെ പട്ടിക (തുക രൂപയിൽ).

വർഷം	വരവ്			ചെലവ്		
	NHM	പ്ലാൻ	SDG	NHM	പ്ലാൻ	SDG
2012-13	125000	144100	0	0	141700	0
2013-14	250000	0	0	277954	0	0
2014-15	150000	0	0	135124	0	0
2015-16	130000	0	0	129876	0	0
2016-17	255000	194000	181250	173079	158519	138250
ആകെ	910000	338100	181250	716033	300219	138250

അവലംബം : ജില്ലാ ആരോഗ്യ വകുപ്പ് ,മലപ്പുറം

പട്ടിക 5.2.10.4 : ജില്ലാ ആരോഗ്യ വകുപ്പ് വഴി കഴിഞ്ഞ 3 വർഷക്കാലം ചെലവഴിച്ച പ്ലാൻ ഫണ്ടിന്റെ വിശദാംശങ്ങൾ (തുക രൂപയിൽ)

വർഷം	അനുവദിച്ച തുക	ചെലവഴിച്ച തുക	ശതമാനം
2014-15	2,64,21,818	2,39,02,759	90.47
2015-16	1,82,81,263	1,71,25,193	93.68
2016-17	1,23,80,381	1,11,90,691	90.39
ആകെ	5,70,83,462	5,22,18,643	91.48

അവലംബം : ജില്ലാ ആരോഗ്യ വകുപ്പ് ,മലപ്പുറം

പട്ടിക 5.2.10.5 : ക്ഷയരോഗ നിയന്ത്രണത്തിനായി (RNTCP) കഴിഞ്ഞ മൂന്നു വർഷം അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ (തുക രൂപയിൽ)

വർഷം	അനുവദിച്ച തുക	ചെലവഴിച്ച തുക	ശതമാനം
2015	77,15,742	60,64,225	78.60
2016	89,08,123	72,31,585	81.18

2017	40,15,224	33,80,854	84.20
ആകെ	2,06,39,089	1,66,76,664	80.80

അവലംബം : ജില്ലാ ആരോഗ്യ വകുപ്പ് ,മലപ്പുറം

പട്ടിക 5.2.10.6 : എൻ.എച്ച്.എം കീഴിൽ ചെലവഴിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ

വർഷം	അനുവദിച്ച തുക	ചെലവ്	ചെലവ് ശതമാനം
2016-2017	37.03 CR	28.04 CR	75.72
2015-2016	35.02 CR	33.93 CR	96.89
2014-2015	26.82 CR	22.63 CR	84.38
2013-2014	28.38 CR	27.12 CR	95.56
2012-2013	23.55 CR	23.55 CR	100

അവലംബം : ജില്ലാ ആരോഗ്യ വകുപ്പ് ,മലപ്പുറം

ആരോഗ്യവകുപ്പിന്റെ കീഴിൽ നടപ്പിലാക്കാനിരിക്കുന്ന പദ്ധതികളുടെയും പ്രോഗ്രാമുകളുടെയും വിശദവിവരങ്ങൾ

1) ആർദ്രം : ജില്ലയിൽ ആർദ്രം പദ്ധതി പ്രകാരം 16 പി.എച്ച്.സി.കൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തനമാരംഭിക്കുന്നതാണ്. ജനങ്ങൾക്ക് രോഗി സൗഹൃദ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി പൂർണ്ണ തോതിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. രജിസ്ട്രേഷൻ കൗണ്ടർ, ഒ.പി. മുറികൾ, കാത്തിരിപ്പ സ്ഥലം, ലബോറട്ടറി, ഫാർമസി, കൂടാതെ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ആവശ്യമായ ശുദ്ധജല ലഭ്യത, ഇരിപ്പിടങ്ങൾ, എൽ.ഇ.ഡി. ടി.വി, ടോക്കൺ സിസ്റ്റം മുതലായ സൗകര്യങ്ങൾ ഒരുക്കുന്നു. തിരുന്നാവായ, പാണ്ടിക്കാട്, എടയൂർ, അത്താണിക്കൽ, കഴിമണ്ണ തുടങ്ങിയ ഫാമിലി ഹെൽത്ത് സെന്ററുകളിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു വരുന്നു. താഴേക്കോട്, ചോക്കാട്, വഴിക്കടവ്, പാങ്ങ് എന്നീ സ്ഥലങ്ങളിൽ പ്രവർത്തി പുരോഗമിക്കുന്നു. മഞ്ചേരി മെഡിക്കൽ കോളേജിലെ ഒ. പി. വിഭാഗം മാറ്റുന്നതിനു വേണ്ടി 185 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും ആ ജോലി പുരോഗമിക്കുകയും ചെയ്യുന്നു. തിരൂർ ജില്ലാ ആശുപത്രിയുടെ ഒ.പി. വിഭാഗം നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും മുന്നേറുകയാണ്.

ചെയ്യേണ്ടത്

1) 16 കുടുംബാരോഗ്യ കേന്ദ്രങ്ങളുടേയും പ്രവർത്തനം സുഗമമാക്കാനും ഉദ്ദേശ്യലക്ഷ്യങ്ങളോടെ പ്രവർത്തിക്കാൻ വേണ്ട അടിസ്ഥാന സൗകര്യവികസനവും ജനപങ്കാളിത്തവും ഉറപ്പാക്കുക.
2) ഇതിനായി ഭൗതിക സാഹചര്യങ്ങൾ, മാനവ വിഭവ ശേഷി എന്നിവ ഉറപ്പു വരുത്തുക.
3) ഒ.പി വൈകീട്ട് 6 വരെ പ്രവർത്തിപ്പിക്കുക.
4) രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള മാനവ വിഭവ ശേഷി ഉറപ്പാക്കുക.
5) രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കുക.
6) സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടുന്നതിനുള്ള ഊർജ്ജിത പ്രവർത്തനങ്ങൾ ആരംഭിക്കുക.

7) കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം സുസജ്ജമാക്കുന്നതിന് വേണ്ട അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി പ്രകാരം ഒരുക്കേണ്ടതാണ്.

2) ആയുഷ് പദ്ധതി : ആയുർവേദ, ഹോമിയോ, സിദ്ധ, യുനാനി വിഭാഗങ്ങളുടെ ശാക്തീകരണത്തിന്റെ ഭാഗമായി എൻ.എച്ച്.എം ന് കീഴിൽ 26 ഐ.എസ്.എം പ്രൈമറി ഹെൽത്ത് സെന്ററുകളും, 36 ഹോമിയോ പ്രൈമറി ഹെൽത്ത് സെന്ററുകളും, 6 യുനാനി പ്രൈമറി ഹെൽത്ത് സെന്ററുകളും, 2 സിദ്ധ പ്രൈമറി ഹെൽത്ത് സെന്ററുകളും പ്രവർത്തിക്കുന്നു.

3) ആർ.ബി.എസ്.കെ / എ.കെ. (ആരോഗ്യ കിരണം) (RBSK-രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രമം / AK -Arogya kiranam) : കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന RBSK പദ്ധതിയിൽ 0-18 വരെയുള്ള കുട്ടികളിൽ കാണപ്പെടുന്ന ഹൃദ്രോഗം, ശ്വാസകോശരോഗങ്ങൾ, ജന്മനാലുള്ള വൈകല്യങ്ങൾ തുടങ്ങിയ 30 ഓളം പ്രധാന അസുഖത്തിന് സൗജന്യ ചികിത്സ നൽകിവരുന്നു. കേരള സർക്കാരിന്റെ ആരോഗ്യകിരണം പദ്ധതിയിൽ 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് RBSK പദ്ധതിയിൽ ഉൾപ്പെടാത്ത മറ്റ് രോഗങ്ങൾക്ക് സൗജന്യ ചികിത്സ നൽകുന്നു.

RBSK(Nos)	AK (Nos)	RBSK(Rs.in Lac)	AK(Rs.in Lac)
35391	652832	9.8 L	38.59 L

4) ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്റർ (DEIC) : ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്റർ THQH തിരൂരങ്ങാടിയിൽ പ്രവർത്തിക്കുന്നു. ആകെ ഒ.പി.- 718, റിവ്യൂ കേസുകൾ - 1534, ഔട്ട് റീച്ച് ക്യാമ്പുകൾ നടത്തിയത് - 28, ആരോഗ്യ ബോധവല്ക്കരണ ക്ലാസ് നടത്തിയത് -32.

5) മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് : അനുയാത്ര ക്യാമ്പെന്റെ ഭാഗമായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ ദേശീയ ആരോഗ്യ ദൗത്യവുമായി കൈ കോർത്ത് ജില്ലയിൽ 3 യൂണിറ്റുകൾ അനുവദിച്ചു. അതിൽ 2 എണ്ണം എൻ. എച്ച്. എം ആണ് നടത്തുന്നത്. സമൂഹത്തിലെ ഒട്ടനവധി വൈകല്യമുള്ള കുട്ടികൾക്ക് ഇന്റർവെൻഷൻ സർവീസുകൾ നൽകാനായി 1 ഫിസിയോതെറാപിസ്റ്റ്, 1 സൈക്കോളജിസ്റ്റ്, 1 സ്പെഷ്യൽ എജ്യുക്കേറ്റർ, 1 ഡെവലപ്മെന്റ് തെറാപ്പിസ്റ്റ് അടങ്ങുന്ന ടീം ജില്ലയിലെ 12 കേന്ദ്രങ്ങളിലായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എം. ഐ. യു ഇനീഷ്യേറ്റീവ് ഇൻ കമ്മ്യൂണിറ്റി സൈക്യാട്രിയുടെ സഹായത്തോടെയാണ് പ്രവർത്തിക്കുന്നത്. തിങ്കൾ-അരീക്കോട് പാലിയേറ്റീവ് കെയർ (നിലമ്പൂർ യൂണിറ്റ്), മങ്കട പാലിയേറ്റീവ് കെയർ (പെരിന്തൽമണ്ണ യൂണിറ്റ്) ചൊവ്വ-എടവണ്ണ പാലിയേറ്റീവ് കെയർ (നിലമ്പൂർ യൂണിറ്റ്) കൊണ്ടോട്ടി സാന്ത്വനം (പെരിന്തൽമണ്ണ യൂണിറ്റ്) ബുധൻ പൂക്കോട്ടും പാടം പാലിയേറ്റീവ് കെയർ (നിലമ്പൂർ യൂണിറ്റ്) / ജില്ലാ ആശുപത്രി പെരിന്തൽമണ്ണ (പെരിന്തൽമണ്ണ യൂണിറ്റ്), വ്യാഴം-വണ്ടൂർ പാലിയേറ്റീവ് കെയർ (നിലമ്പൂർ യൂണിറ്റ്)/ ആലിപ്പറമ്പ് ഗ്രാമ പഞ്ചായത്ത് (പെരിന്തൽമണ്ണ യൂണിറ്റ്) വെള്ളി-ജില്ലാ ആശിപത്രി നിലമ്പൂർ-(നിലമ്പൂർ യൂണിറ്റ്) / വെട്ടത്തൂർ പാലിയേറ്റീവ് കെയർ (പെരിന്തൽമണ്ണ യൂണിറ്റ്), ശനി-എടക്കര പാലിയേറ്റീവ് കെയർ (നിലമ്പൂർ യൂണിറ്റ്) / വളാഞ്ചേരി പാലിയേറ്റീവ് കെയർ (പെരിന്തൽമണ്ണ യൂണിറ്റ്) എല്ലാ ഫീൽഡ് സ്റ്റാഫും ആശ വർക്കറും തങ്ങളുടെ ഏരിയയിൽ ഉള്ള ഇത്തരം കേസുകൾ തനത് ഏരിയ അടുത്തുള്ള സെന്ററിലേക്ക് റഫർ ചെയ്യേണ്ടതാണ്.

6) വീക്കിലി അയേൺ ആന്റ് ഫോളിക്ക് ആസിഡ് സപ്ലിമെന്റേഷൻ (WIFS) : കേന്ദ്രസർക്കാരിന്റെ സഹായത്തോടുകൂടി സംസ്ഥാന ഗവണ്മെന്റ് ആറാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ്

വരെയുള്ള കുട്ടികൾക്കിടയിലുള്ള വിളർച്ച തടയുന്നതിന്റെ ഭാഗമായി സ്കൂളുകൾ തോറും നടപ്പിലാക്കി വരുന്ന ഒരു പദ്ധതിയാണിത്. സ്കൂൾ നോഡൽ ടീച്ചേഴ്സിന് പ്രത്യേക പരിശീലനം നല്കി അവരുടെ നേതൃത്വത്തിൽ ആണ് ഇത് നടപ്പാക്കുന്നത്. ആഴ്ചയിൽ ഒരു ദിവസം ഓരോ കുട്ടിക്കും ഒരു അയൺ ഫോളിക്ക് ആസിഡ് വീതമാണ് നല്കുന്നത്. ജില്ലയിൽ മൊത്തം 456700 കുട്ടികൾ ഇതിന്റെ ഗുണഭോക്താക്കളാണ്.

7) ആർ.കെ.എസ്.കെ (രാഷ്ട്രീയ കിഷോർ ബാൽ സ്വസ്ഥ്യ കാര്യക്രം): ആർ.കെ.എസ്.കെ. ജില്ലയിൽ 7 ബ്ലോക്കുകളിൽ - ചുങ്കത്തറ, വണ്ടൂർ, പൂക്കോട്ടൂർ, വേങ്ങര, നെടുവ, വെട്ടം, വളവന്നൂർ ആരംഭിച്ചു. ഇതിന്റെ ഭാഗമായി പ്രസ്തുത ബ്ലോക്കുകളിൽ ഓരോ കൗമാര സൗഹൃദ ആരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിച്ചു തുടങ്ങി. ഈ കേന്ദ്രങ്ങളിൽ ചൊവ്വ, വ്യാഴം ദിവസങ്ങളിൽ 10 മുതൽ 2 വരെ കൗൺസിലറുടെ സേവനം ലഭ്യമാണ്. ഈ 7 ബ്ലോക്കുകളിൽ നിന്നും 2000 Peer Educatorsനെ (സഹപാഠ്യ പദ്ധതി) തെരഞ്ഞെടുത്ത് പരിശീലിപ്പിച്ചു വരുന്നു. പരിശീലനം പൂർത്തിയാക്കുന്നവർക്ക് Peer Educators കിറ്റ് നൽകുന്നു. എം. ആർ ക്യാംപയിനിൽ Peer Educators സജീവമായി പങ്കാളിത്തമുണ്ടായി.

8) RBSK(Rashtriya Bal Swastya Kariakram) : ആർ.ബി.എസ്കെ ജെ.പി.എച്ച്.എൻ 130 അംഗീകാരം ലഭിച്ച പോസ്റ്റിൽ 103 പേർ നിലവിൽ ജോലി ചെയ്യുന്നുണ്ട്. ഒക്ടോബർ 3 മുതൽ ഇവരെ എം ആർ വാക്സിനേഷൻ ക്യാംപയിനിൽ നിയമിച്ചിട്ടുണ്ട്.

9) കൗമാരക്കാർക്ക് കൂട്ടായി ആരോഗ്യ ക്ലിനിക്ക് : കൗമാര പ്രായക്കാരായ കുട്ടികളുടെ അസ്വസ്ഥതകൾക്കും ആരോഗ്യ പ്രശ്നങ്ങൾക്കും ശാസ്ത്രീയ പരിഹാരം തേടുന്നതിനായി കൗമാര സൗഹൃദ ആരോഗ്യ ക്ലിനിക്ക് വേങ്ങര സി.എച്ച്.സിയിലും, പൂക്കോട്ടൂർ പി.എച്ച്.സിയിലും പ്രവർത്തിക്കുന്നു. ക്ലിനിക്ക് വേങ്ങരയിൽ തിങ്കൾ, ചൊവ്വ, പൂക്കോട്ടൂരിൽ വെള്ളി, ശനി ദിവസങ്ങളിൽ.

10) ജനനി സുരക്ഷാ യോജന (J.S.Y): മാതൃ-ശിശു മരണ നിരക്ക് കുറക്കുക, ആശുപത്രിയിൽ വെച്ചുള്ള പ്രസവം പ്രോത്സാഹിപ്പിക്കുക, എന്നീ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ജനനി സുരക്ഷ യോജന.

പട്ടിക 5.2.10.7 : പ്രസവ കണക്ക് (2016-2017)

നോർമൽ ഡെലിവെറി (എണ്ണം)	സി - സെക്ഷൻ (എണ്ണം)	ആകെ
4553	1938	6491

അവലംബം : ജില്ലാ ആരോഗ്യ വകുപ്പ് ,മലപ്പുറം.

പട്ടിക 5.2.10.8 : മലപ്പുറം ജനനി സുരക്ഷായോജന (JSY)
ഉപഭോക്താക്കളുടെ കണക്ക് 2016-2017

അർബൻ J.S.Y ഉപഭോക്താവ് (എണ്ണം)	റൂറൽ J.S.Y ഉപഭോക്താവ് (എണ്ണം)	ആകെ
1093	4670	5763

അവലംബം : ജില്ലാ ആരോഗ്യ വകുപ്പ് ,മലപ്പുറം.

11) അമ്മയും കുഞ്ഞും പദ്ധതി (JSSK): അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യ സംരക്ഷണത്തിനായി അമ്മയും കുഞ്ഞും പദ്ധതി (JSSK) ജില്ലയിലെ 11 സർക്കാർ ആശുപത്രികളിൽ നടപ്പിലാക്കി വരുന്നു.

പട്ടിക 5.2.10.9 : അമ്മയും കുഞ്ഞും പദ്ധതിയിൽ സേവനം നല്കിയ രോഗികളുടെ കണക്ക്

മരുന്നുകൾ- ഗർഭകാല പ്രസവാനന്തര മരുന്നുകൾ (എണ്ണം)	ഭക്ഷണം (എണ്ണം)	ഗർഭകാല പരിശോധന (എണ്ണം)	രക്ത പകർച്ച (എണ്ണം)	യാത്രാബത്ത (എണ്ണം)
8844	5926	9515	334	4737

അവലംബം : ജില്ലാ ആരോഗ്യ വകുപ്പ് ,മലപ്പുറം.

12) പ്രധാനമന്ത്രി സുരക്ഷിത് മാതൃത്വ അഭിയാൻ പദ്ധതി (PMSMA) :-പദ്ധതി ജില്ലയിൽ ആരംഭിച്ചു. എല്ലാ മാസവും ഒൻപതാം തീയതി ANC service ഗുണഭോക്താകൾക്ക് സൗജന്യമായി ലഭ്യമാക്കുന്നു. പുറത്തൂർ, നെടുവ, കൊണ്ടോട്ടി, എടവണ്ണ, ചുങ്കത്തറ, താനൂർ ബ്ലോക്കുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നു.

13) ആശ : ജില്ലയിലെ ഗ്രാമീണ മേഖലകളിലെ ആരോഗ്യ പ്രവർത്തനങ്ങൾ ചെയ്യുന്നതിനായി 1000 പേർക്ക് ഒന്ന് എന്ന നിലയിൽ 3228 അംഗീകൃത സാമൂഹ്യ ആരോഗ്യ പ്രവർത്തകരെ ജില്ലയിൽ വിന്യസിച്ചിട്ടുണ്ട്. ഇവർക്ക് ഏഴ് ഘട്ടങ്ങളിലായി 31 ദിവസത്തെ പരിശീലനം നൽകിയിട്ടുണ്ട്. എല്ലാ ആശ പ്രവർത്തകരും 'ആശകിരണം' ഇൻഷുറൻസ് പദ്ധതിയിൽ അംഗങ്ങളാണ്

14) നാഷണൽ അർബൻ ഹെൽത്ത് മിഷൻ (NUHM) : ജില്ലയിൽ 12 അർബൻ പ്രൈമറി ഹെൽത്ത് സെന്ററുകളിൽ 3 എണ്ണം സ്വന്തം കെട്ടിടത്തിലും ബാക്കി 9 എണ്ണം വാടക കെട്ടിടത്തിലുമാണ് 42 സബ് സെന്ററുകളിൽ പ്രവർത്തിക്കുന്നത്. ഇതിൽ 42 ജെപിഎച്ച്എൻമാർ സേവനം അനുഷ്ഠിക്കുന്നുണ്ട്. എല്ലാ അർബൻ പ്രൈമറി ഹെൽത്ത് സെന്ററുകളിലും ഔട്ട് റീച്ച് ഇമ്മ്യൂണൈസേഷൻ, ഔട്ട് റീച്ച് ആക്ടിവിറ്റീസ്, എൻ.സി.ഡി. ക്ലിനിക്, ലാബ് സൗകര്യങ്ങളും സൗജന്യമായി ലഭ്യമാണ്.

15) ടൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റ് : പട്ടികവർഗ്ഗ വിഭാഗത്തിന്റെ ആരോഗ്യ സുരക്ഷ മുൻനിർത്തി എൻ.എച്ച്.എം ന് കീഴിൽ വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. മൊബൈൽ മെഡിക്കൽ യൂണിറ്റ്, ടൈബൽ ആർ.സി.എച്ച്. മെഡിക്കൽ ക്യാമ്പ് തുടങ്ങിയവ നടത്തുന്നതിനായി ജില്ലയിൽ എടവണ്ണ, ഊർങ്ങാട്ടിരി, മേലാറ്റൂർ എന്നീ മേഖലകൾ കേന്ദ്രീകരിച്ച് മൂന്ന് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ 378 ക്യാമ്പുകൾ സംഘടിപ്പിച്ചു. ആകെ രോഗികളുടെ എണ്ണം - 9193

16) ഭ്രമിക (One Stop Crisis Centre) : ആരോഗ്യവകുപ്പിന്റെയും എൻ.ആർ.എച്ച്.എമ്മിന്റെയും സംയുക്തസംരഭമായ 'ഭ്രമിക' പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ പ്രവർത്തിച്ചുവരുന്നു. ശാരീരികവും മാനസികവും ലൈംഗികവുമായ പീഡനങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി കൗൺസിലിംഗ്, സൗജന്യ നിയമസഹായം, ഷെൽട്ടർഹോം, വൈദ്യ പരിശോധന, പോലീസ് സംരക്ഷണം മുതലായവ ബന്ധപ്പെട്ട വകുപ്പുമായി യോജിച്ച് ലഭ്യമാക്കുന്നു.

പട്ടിക 5.2.10.10 : ജില്ലയിലെ ഭ്രമികാസെന്ററിൽ ചികിത്സ തേടിയെത്തിയവരുടെ വിശദാംശങ്ങൾ (2016-2017)

ആകെ കേസുകൾ	റഫറൽ കേസുകൾ	ഫോളോ അപ്പ് കേസുകൾ
165	121	204

17) ക്വാളിറ്റി അഷ്വറൻസ് : കാഷ് പ്രോഗ്രാം (കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ്സ് ഫോർ ഹോസ്പിറ്റൽസ് KASH) അക്രഡിയേറ്റഡ് ലഭിച്ചത് പി.എച്ച്.സി തിരുന്നാവായ, പാണ്ടിക്കാട്. National Quality Assurance Standards for Public Health Facilities(NQAS) ഇപ്ലിമെന്റേഷൻ ഡി. എച്ച് തിരൂരിൽ നടന്നു കൊണ്ടിരിക്കുന്നു. ജില്ലാ ആശുപത്രി തിരൂർ, ജില്ലാ ആശുപത്രി പെരിന്തൽമണ്ണ, ജില്ലാ ആശുപത്രി നിലമ്പൂർ, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി തിരൂരങ്ങാടി, സി. എച്ച്. സി. നെടുവ കായകൽപ് സ്റ്റേറ്റ് അസസ്മെന്റ് തയ്യാറാക്കുന്നു. കായകൽപ് ഫസ്റ്റ് പ്രൈസ് പി.എച്ച്.സി കടലുണ്ടി നഗരത്തിനും, സെക്കന്റ് പ്രൈസ് പി.എച്ച്. സി. ചാലിയാറിനും ആണ്.

18) ബോധ വൽകരണ / ശീല വൽകരണ പദ്ധതികൾ : എം ആർ വാക്സിനേഷൻ കാംപയിന്റെ ഭാഗമായി ജില്ലയിൽ ഐ.ഇ.സി മെറ്റീരിയൽ വിതരണവും, ബോധവൽകരണ ക്ലാസുകളും സ്കൂളിലും, അംഗനവാടികളിലും നടത്തി. സോഷ്യൽ മീഡിയ ക്യാംപുകളും ശക്തമായി നടക്കുന്നു.

19) ബയോമെഡിക്കൽ : Bio-Medical Equipment Maintenance Programme ന്റെ ഭാഗമായി ആരോഗ്യ സ്ഥപനങ്ങളിലെ Medical Equipments and maintenance & service Kirloskar Technologies Pvt Ltd. എന്ന കമ്പനിയെ ചുമതലപ്പെടുത്തി.

20) സമഗ്ര പാലിയേറ്റീവ് പരിചരണ പദ്ധതി (പരിരക്ഷ) : ദീർഘകാല മാറാരോഗം മൂലം ദുരിതപൂർണ്ണ ജീവിതം നയിക്കുന്ന രോഗികൾക്കും കുടുംബത്തിനും അവരുടെ വീടുകളിൽ ചെന്നുള്ള പരിചരണ പദ്ധതി. അർഹരായ രോഗികൾക്ക് തദ്ദേശ ഭരണസ്ഥാപനങ്ങളുടെയും ഔദ്യോഗിക ആരോഗ്യ കേന്ദ്രങ്ങളുടെയും നേതൃത്വത്തിൽ സന്നദ്ധ പ്രവർത്തകരുടെ സഹായത്തോടെ വീടുകളിൽ അകപ്പെട്ടു പോയവരുടെ ജീവിത ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനാവശ്യമായ കാര്യങ്ങൾ ചെയ്തു കൊടുക്കുന്നു. ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും, പി.എച്ച്.സി., സി.എച്ച്.സി, താലൂക്ക്, ജില്ലാ ജനറൽ ആശുപത്രികളിൽ നിന്നും സേവനം ലഭ്യമാണ്. അർഹരായ രോഗികൾക്ക് മരുന്നിനു പുറമേ മറ്റ് സാമൂഹിക സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കി രോഗികളുടെ പ്രശ്നങ്ങൾക്ക് പിൻതുണയേകുന്നു. ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായ 15420 രോഗികൾക്ക് പ്രതിമാസം നടക്കുന്ന 1552 ഗൃഹകേന്ദ്രീകൃത പരിചരണത്തിലൂടെ സേവനം ലഭ്യമാക്കുന്നു. കൂടാതെ വിദഗ്ധ പരിചരണം വേണ്ട രോഗികൾക്ക് മോർഫിൻ ഉൾപ്പടെയുള്ള മരുന്നുകളും ഡോക്ടറുടെ ഹോംകെയർ സേവനവും കിടത്തിചികിത്സ ആവശ്യമുള്ളവർക്ക് കിടത്തി ചികിത്സയോടുകൂടിയ സെക്കന്ററി ലെവൽ (10 സ്ഥാപനങ്ങൾ) പാലിയേറ്റീവ് പരിചരണവും ജില്ലയിലെ മേജർ ഹോസ്പിറ്റലുകളിലൂടെ ലഭ്യമാക്കുന്നു.

പട്ടിക 5.2.10.11 : രോഗികളുടെ വിവരങ്ങൾ

രോഗാവസ്ഥ	എണ്ണം	രോഗാവസ്ഥ	എണ്ണം
കാൻസർ	2586	വൃക്ക സംബന്ധമായ അസുഖം ബാധിച്ചവർ	897
റൈൽസ്സുബ് ഉള്ളവർ	241	നട്ടെല്ലിന് ക്ഷതമേറ്റ് കിടപ്പിലായവർ	587

രോഗാവസ്ഥ	എണ്ണം	രോഗാവസ്ഥ	എണ്ണം
കൊളോസ്റ്റമി	135	കിടപ്പിലായവർ (60 വയസ്സിന് താഴെ)	3769
ട്രക്കിയോസ്റ്റമി	57	കിടപ്പിലായവർ (60 വയസ്സിന് മുകളിൽ)	7892
ലിംഫെഡിമ	152	--	--

21) ജീവിത ശൈലി രോഗ നിയന്ത്രണ പദ്ധതി (NCD): ജില്ലയിൽ ആരോഗ്യ കേരളത്തിനു കീഴിൽ എൻ.പി.പി.സി.ഡി, എൻ.സി.ഡി, എൻ.പി.സി.ബി എന്നീ പ്രോഗ്രാമുകളും നടന്നു വരുന്നു. എൻ.സി.ഡി പ്രോഗ്രാമിന്റെ കീഴിൽ 6 ആശുപത്രികളിൽ ജീവിതശൈലീ രോഗ നിയന്ത്രണ ക്ലിനിക്കുകളും ബോധവത്ക്കരണ ക്ലാസുകളും ക്യാമ്പുകളും നടത്തി വരുന്നു. എൻ.പി.പി.സി.ഡി പ്രോഗ്രാം തിരൂർ ജില്ലാ ആശുപത്രിയിൽ പ്രവർത്തിച്ചു വരുന്നു. കേൾവി പ്രശ്നങ്ങളുമായി വരുന്ന രോഗികൾക്ക് പരിശോധന നടത്തുന്നു. ആവശ്യമുള്ള രോഗികൾക്ക് സ്പീച്ച് തെറാപ്പി അടക്കമുള്ള സേവനങ്ങൾ നൽകുന്നു. എൻ.പി.സി.ബി പ്രോഗ്രാമിൽ കാഴ്ച്ച ശക്തി ക്ലിനിക്കുകളും ക്യാമ്പുകളും നടത്തി വരുന്നു. രോഗികൾക്ക് കാറ്ററാക്ട് സർജറി നടത്തുന്നു. ക്യാമ്പുകൾ നടത്തി കണ്ണട നിർദ്ദേശിക്കുകയും ബോധവത്ക്കരണ ക്ലാസുകളും നടത്തുന്നു.

22) ഡിസ്ട്രിക്ട് മെന്റൽ ഹെൽത്ത് പ്രോഗ്രാം (DMHP): ആരോഗ്യകേരളം പദ്ധതിക്കു കീഴിൽ ഡിസ്ട്രിക്ട് മെന്റൽ ഹെൽത്ത് പ്രോഗ്രാം (DMHP) ജില്ലയിൽ പ്രവർത്തിക്കുന്നു. 52 പഞ്ചായത്തുകളിൽ മെന്റൽ ഹെൽത്ത് ക്ലിനിക്ക് നടന്നു കൊണ്ടിരിക്കുന്നു. ഈ പ്രൊജക്ട് മുഖേന സൗജന്യ മരുന്നും, സൗജന്യ പരിശോധനയും നൽകി വരുന്നു. 4750 രോഗികൾ സ്ഥിരമായി വരുന്നുണ്ട്. നിലമ്പൂരിൽ സ്ത്രീകൾക്കായും, പറപ്പൂരിൽ പുരുഷൻമാർക്കായും 2 ഡേ കെയർ പ്രവർത്തിക്കുന്നുണ്ട്. ചോക്ക്, സോപ്പ്, ഫിനോയിൽ, ഹാന്റ് വാഷ് തുടങ്ങിയ സാധനങ്ങൾ നിർമിക്കുന്നതിനുള്ള പരിശീലനം റീ ഹാബിലിറ്റേഷൻ എന്ന നിലക്ക് രോഗികൾക്ക് നൽകി വരുന്നുണ്ട്.

23) ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടി (NLEP)
24) ദേശീയ മന്ത്രരോഗ നിയന്ത്രണപരിപാടി (NFCP)
25) ദേശീയ പ്രാണീജന്യ രോഗനിയന്ത്രണ പരിപാടി (NVBDCP)
26) പരിഷ്കരിച്ച ടി.ബി. നിയന്ത്രണ പരിപാടി(RNTCP)
27) ദേശീയ അന്ധതാ നിയന്ത്രണ പരിപാടി (NPCB)
28) അന്തർദേശീയ രോഗ പ്രതിരോധ പരിപാടി.
29) ദേശീയ അയഡിൻ ഡെഫിഷൻസി രോഗ നിയന്ത്രണ പരിപാടി
30) സംയോജിത രോഗനിയന്ത്രണ പരിപാടി (IDSP)
31) ദേശീയ കേൾവിക്കുറവ് തടയലും നിയന്ത്രണവും പരിപാടി.
32) ജീവിതശൈലീ രോഗനിയന്ത്രണ പരിപാടി
33) നാഷണൻ പ്ലസ് ഇനീഷ്യേറ്റീവ്
34) ജനനീ സുരക്ഷായോജന
35) മദർ ആന്റ് ചൈൽഡ് ട്രാക്കിംഗ് സിസ്റ്റം
36) അഡോളസന്റ് ആന്റ് റീപ്രൊഡക്ടീവ് സെക്ഷ്വൽ ഹെൽത്ത് (ARSH)
37) സ്കൂൾ ആരോഗ്യ പരിപാടി
38) മെഡിക്കൽ കെയർ ഫോർ സെർ വൈവേഴ്സ് ഓഫ് ജെൻഡർ ബെയ്സ്ഡ് വൈലൻസ്
39) സ്കീം ഫോർ പ്രൊമോഷൻ ഓഫ് മെൻസ്ട്രൽ ഹൈജീൻ എമംഗ് അഡോളസന്റ് ഗേൾസ്.
40) വീക്കിലി അയേൺ ഫോളിക് ആസിഡ് പരിപാടി.

41) ജനനീ ശിശു സുരക്ഷാ കാര്യക്രം.
42) മദർ ആന്റ് ചൈൽഡ് പ്രോഗ്രാം (MCH Programme).
43) രാഷ്ട്രീയ ബാൽ സ്വസ്ഥ്യ കാര്യക്രം.
44) ആരോഗ്യകിരണം.
45) സുകൃതം.
46) ടൈബൽ ഹെല്ത്ത് പ്രോഗ്രാം വിത്ത് ഫോക്കസ് ഓൺ സിക്കിൾ സെൽ അനീമിയ.
47) സാന്ത്വന പരിചരണ പരിപാടി (പാലീയേറ്റീവ് കെയർ പ്രോഗ്രാം).

ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഋതു-സ്രുശ് ഹെൽത്ത് പ്രോഗ്രാം: കൗമാര പ്രായക്കാരായ പെൺകുട്ടികളിലെ ആർത്തവ പ്രശ്നങ്ങൾക്ക് പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെ 3 വർഷമായി മലപ്പുറം ജില്ലയിൽ നടത്തിവരുന്ന പ്രൊജക്ട് ആണ് ഇത്. തിരഞ്ഞെടുത്ത 10 സ്കൂളുകളിലെ കൗമാരപ്രായക്കാരായ പെൺകുട്ടികളിലെ ആർത്തവ സംബന്ധമായ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിനായി മെഡിക്കൽ ഓഫീസർമാരടങ്ങുന്ന ടീം സ്കൂളുകളിൽ സന്ദർശിക്കുകയും വിദ്യാർത്ഥിനികൾക്ക് ആവശ്യമായ ചികിൽസ നൽകുകയും ചെയ്യുന്നു.

ആയുഷ്യം : ജീവിത ശൈലീ രോഗങ്ങളിൽ നിന്നും പൊതു സമൂഹത്തെ രക്ഷപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ മലപ്പുറം ജില്ലയിൽ തിരുവാലി ഗവ. ആയുർവ്വേദ ആശുപത്രിയിൽ നടത്തി വരുന്ന പ്രൊജക്ട് ആണ് ഇത്. ഒരു മെഡിക്കലോഫീസറുടെയും ഒരു അറ്റന്ററുടെയും സേവനം ലഭിക്കുന്നു.

കൗമാരഭൃത്യം : മലപ്പുറം ജില്ലയിൽ കഴിഞ്ഞ 2 വർഷമായി വളവന്നൂർ ജില്ലാ ആയുർവ്വേദ ആശുപത്രിയിൽ 16 വയസ്സു വരെയുള്ള കുട്ടികളുടെ ശാരീരികവും മാനസികവുമായ വികാസം ലക്ഷ്യമിട്ടു കൊണ്ട് നടത്തി വരുന്ന പ്രൊജക്ട് ആണ് ഇത്. ഈ പ്രൊജക്ടിൽ ഒരു മെഡിക്കലോഫീസറുടെയും ഒരു അറ്റന്ററുടെയും സേവനം ലഭിക്കുന്നു.

വൃദ്ധജന പരിപാലനം : മലപ്പുറം ജില്ലയിൽ വളവന്നൂർ ജില്ലാ ആയുർവ്വേദ ആശുപത്രിയിൽ നടത്തി വരുന്ന പ്രൊജക്ട് ആണ് ഇത്. വാർദ്ധക്യ സഹജമായ കാരണങ്ങളാൽ ക്ലേശമനുഭവിക്കുന്ന വൃദ്ധജനങ്ങളുടെ പരിപാലനമാണ് ഈ പ്രൊജക്ടിന്റെ ലക്ഷ്യം. ഈ പ്രൊജക്ടിന്റെ നടത്തിപ്പ് സ്ഥാപനത്തിലെ ചീഫ് മെഡിക്കൽ ലോഫീസർ തന്നെയാണ് ചെയ്യുന്നത്. 2 തെറാപ്പിസ്റ്റുമാരുടെയും ഒരു അറ്റന്ററുടെയും സേവനം ലഭിക്കുന്നു.

യോഗ : യോഗയിലൂടെ ജീവിത ശൈലീ രോഗങ്ങളിൽ നിന്നും പൊതു സമൂഹത്തെ രക്ഷപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ മലപ്പുറം ജില്ലയിൽ വളവന്നൂർ ജില്ലാ ആയുർവ്വേദ ആശുപത്രിയിൽ നടത്തി വരുന്ന പ്രൊജക്ട് ആണ് ഇത്. ഒരു മെഡിക്കൽ ഓഫീസർ ഈ പ്രൊജക്ടിൽ പ്രവർത്തിക്കുന്നു.

പകർച്ചവ്യാധി പ്രതിരോധം : ആയുർവേദ വകുപ്പിൽ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കായി ടാസ്ക്ഫോഴ്സ് രൂപീകരിച്ച് സോണുകളായി തിരിച്ച് മെഡിക്കലോഫീസർ, നേഴ്സ്, ഫാർമസിസ്റ്റ്, അറ്റന്റർ എന്നിവരടങ്ങുന്ന ടീം രൂപീകരിച്ചിരിക്കുന്നു. ജില്ലയിലുടനീളം പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിന് സ്ഥാപനങ്ങളും വീടുകളും സ്കൂളുകളും കേന്ദ്രീകരിച്ച് ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും നടത്തുന്നുണ്ട്.

പ്രസൂതി തന്ത്രം : സ്ത്രീകൾക്കും ഗർഭിണികൾക്കുള്ള പരിചരണത്തിനായി മലപ്പുറം ജില്ലയിൽ മഞ്ചേരി ആയുർവേദ ആശുപത്രിയിൽ നടത്തി വരുന്ന പ്രൊജക്ട് ആണ് ഇത്. പ്രൊജക്ടിൽ ഒരു സ്പെഷ്യലിസ്റ്റ് മെഡിക്കലോഫീസറുടെയും ഒരു അറ്റന്ററുടെയും സേവനം ലഭിക്കുന്നു.

മാനസികം : മാനസിക പീഡനമേൽക്കുന്നവർക്കുള്ള ചികിൽസ എന്ന ലക്ഷ്യത്തോടെ പൊന്നാനി ആയുർവേദ ആശുപത്രിയിൽ നടത്തി വരുന്ന പ്രൊജക്ട് ആണ് ഇത്. പ്രൊജക്ടിൽ ഒരു സ്പെഷ്യലിസ്റ്റ് മെഡിക്കലോഫീസറുടെയും ഒരു അറ്റന്ററുടെയും സേവനം ലഭിക്കുന്നു.

ദൃഷ്ടി : മലപ്പുറം ജില്ലയിൽ വെളിമുക്ക് ആയുർവേദ ആശുപത്രിയിൽ കൗമാരക്കാരായ കുട്ടികൾക്കുള്ള നേത്ര രോഗങ്ങൾക്കുള്ള പരിഹാരം എന്ന ലക്ഷ്യത്തോടെ നടത്തി വരുന്ന പ്രൊജക്ട് ആണ് ഇത്. പ്രൊജക്ടിൽ ഒരു സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസർ, ഒരു തെറാപ്പിസ്റ്റ്, ഒരു ഒപ്റ്റോമെട്രിസ്റ്റ്, ഒരു അറ്റന്റർ എന്നിവരുടെ സേവനവും ലഭിക്കുന്നു.

കരൾരോഗ മുക്തി : മലപ്പുറം ജില്ലയിൽ വളവന്നൂർ ജില്ലാ ആയുർവേദ ആശുപത്രി, വെളിമുക്ക് ആയുർവേദ ആശുപത്രി, മഞ്ചേരി ആയുർവേദ ആശുപത്രി , മലപ്പുറം ആയുർവേദ ആശുപത്രി എന്നിവിടങ്ങളിൽ വിവിധ തരത്തിലുള്ള കരൾരോഗങ്ങളാൽ ബുദ്ധിമുട്ടനുഭവിക്കുന്നവർക്കു വേണ്ടി നടത്തി വരുന്ന പ്രൊജക്ടാണ് കരൾരോഗ മുക്തി. രോഗികൾക്ക് ചികിൽസയും ചികിൽസയ്ക്ക് മുൻപും ശേഷവുമുള്ള രക്ത പരിശോധന സ്കാനിംഗ് എന്നിവയും സൗജന്യമായി നടത്തി വരുന്നു. പ്രൊജക്ടിന്റെ നടത്തിപ്പ് സ്ഥാപനങ്ങളിലെ മെഡിക്കലോഫീസർമാർ തന്നെയാണ് നടത്തുന്നത്.

പഞ്ചകർമ്മ യൂണിറ്റ് : മലപ്പുറം ജില്ലയിൽ പൊന്നാനി, പെരിന്തൽമണ്ണ, വേങ്ങര എന്നീ ആയുർവേദ ആശുപത്രികളിൽ പഞ്ചകർമ്മ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നുണ്ട് തെറാപ്പിസ്റ്റുമാരുടെ സേവനം ലഭിച്ചു വരുന്നുണ്ട്.

നാഷണൽ ആയുഷ് മിഷൻ ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികൾ

നിർഭയ : ശാരീരിക മാനസിക പീഡനമേൽക്കുന്നവർക്കുള്ള സമഗ്രമായ ആയുർവേദ ചികിൽസാ പദ്ധതി എന്ന ലക്ഷ്യത്തോടെ വളവന്നൂർ ജില്ലാ ആയുർവേദ ആശുപത്രിയിൽ 2 വർഷമായി നടത്തി വരുന്ന പ്രൊജക്ട് ആണ് ഇത്. പല കാരണങ്ങളാലും മാനസികമായും ശാരീരികമായും തളർന്നവർക്ക് ആയുർവേദ രീതിയിലുള്ള മാനസിക രോഗ ചികിൽസയിലൂടെ ശാശ്വത പരിഹാരം ലഭിക്കുന്നു. ഈ പ്രൊജക്ടിൽ ഒരു സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസറുടെയും രണ്ട് തെറാപ്പിസ്റ്റുമാരുടെയും സേവനം ലഭ്യമാകുന്നുണ്ട്. പ്രൊജക്ടിലെ ജീവനക്കാരുടെ സേവനം മാസത്തിൽ 2 തവണ തവന്നൂർ വൃദ്ധമന്ദിരം, മഹിളാമന്ദിരം എന്നിവിടങ്ങളിലും ലഭ്യമാണ്.

ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ : മലപ്പുറം ജില്ലയിൽ നാഷണൽ ആയുഷ് മിഷൻ ഫണ്ട് ഉപയോഗിച്ച് ഒതുക്കുങ്ങൽ, പെരുമ്പടപ്പ് എന്നീ പഞ്ചായത്തുകളിൽ ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ആയുർവേദം, യുനാനി, ഹോമിയോ എന്നീ മൂന്ന് ചികിൽസാ രീതികളും ഒരു കുടക്കീഴിൽ ഒതുക്കുങ്ങൽ ആയുഷ് ഹോളിസ്റ്റിക് സെന്ററിലൂടെ ജനങ്ങൾക്ക് ലഭിക്കുന്നു. അതുപോലെ ആയുർവേദം, ഹോമിയോ, സിദ്ധ എന്നീ മൂന്ന് ചികിൽസാ രീതികളും പെരുമ്പടപ്പ് ആയുഷ് ഹോളിസ്റ്റിക് സെന്ററിലൂടെ ജനങ്ങൾക്ക് ലഭിക്കുന്നു. സ്ഥാപനങ്ങളിൽ അതാത് ചികിൽസാ രീതികളിൽ യോഗ്യത നേടിയ മെഡിക്കൽ ഓഫീസർമാരുടെ സേവനം ലഭ്യമാകുന്നുണ്ട്.

ആയുർസ്പർശം : മലപ്പുറം പദ്ധതിയിൽ ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തുന്ന കിടപ്പിലായ രോഗികൾക്ക് വീടുകളിൽ ചെന്ന് ചികിൽസ നൽകുന്ന പദ്ധതിയാണ് ആയുർസ്പർശം. ജില്ലയിൽ 30 സ്ഥാപനങ്ങളിലാണ് നിലവിൽ ഈ പ്രൊജക്ട് നടത്തി വരുന്നത്.

വികസന സാധ്യതകളും സംയോജന സാധ്യതകളും

ജില്ലയിലെ ഗ്രാമ/ബ്ലോക്ക്/ജില്ലാപഞ്ചായത്തുകളും നഗരസഭകളും ആരോഗ്യ വകുപ്പിലെ സൗകര്യങ്ങളും ആയുഷ് വകുപ്പും ഇവക്കെല്ലാം ലഭിക്കുന്ന ഫണ്ടുകളും പരിഗണിച്ചാൽ പൊതുജനാരോഗ്യ രംഗത്ത് വിപുലമായ ഒരു വികസന സാധ്യതയാണ് ജില്ലക്കുള്ളത്. ശുചിത്വ മിഷൻ, വാട്ടർ അതോറിറ്റി, ജലനിധി, സാമൂഹിക നീതി വകുപ്പ്, ടൈബൽ വകുപ്പ്, ഫിഷറീസ് വകുപ്പ്, വിദ്യാഭ്യാസം, എക്സൈസ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഗ്രാമവികസനം തുടങ്ങിയ വകുപ്പുകളും സ്ഥാപനങ്ങളുമായി നല്ലൊരു സംയോജന സാധ്യതയാണ് ജില്ലയിൽ നിലവിലുള്ളത്. ഇവ പ്രയോജനപ്പെടുത്തിയാൽ ആരോഗ്യ അനുബന്ധ മേഖലകളിൽ വരുന്ന 5 വർഷത്തിനകം വലിയ ഒരു കുതിച്ചു ചാട്ടം തന്നെ നമുക്ക് നടത്താനാകും. വിവിധ ആരോഗ്യ സ്ഥാപനങ്ങളുടെ വികസനത്തിനും നവീകരണത്തിനുമായി ജനകീയ സഹകരണത്തോടെ പദ്ധതികൾ രൂപീകരിക്കണം. വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്കരിക്കുന്ന പ്രോജക്ടുകൾ തമ്മിലും സംയോജന സാധ്യത നിലവിലുണ്ട്. ഉദാ: ജലജന്യ രോഗ നിയന്ത്രണ പരിപാടി ഒരു ബ്ലോക്ക് പഞ്ചായത്തിനു കീഴിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളും ഏറ്റെടുക്കുന്നുണ്ടെങ്കിൽ അത്തരം പ്രോജക്ടിനെ ശാക്തീകരിക്കുന്ന ഒരു പ്രോജക്ട് ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാവുന്നതാണ്.

ഏകോപന പ്രവർത്തന സാധ്യതകൾ

വിവിധ മേഖലകളെ ഏകോപിപ്പിച്ചുകൊണ്ട് പൊതുജനാരോഗ്യ പരിപാടികൾക്ക് രൂപം നൽകി പൊതുതലം രൂപപ്പെടുത്തേണ്ടത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ ആരോഗ്യ വകുപ്പിനു പുറമേ, കൃഷി, മൃഗ സംരക്ഷണം, വിദ്യാഭ്യാസം, സാമൂഹ്യനീതി, ഫിഷറീസ് കുടുംബശ്രീ, എന്നീ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ ആരോഗ്യ അനുബന്ധ പദ്ധതികൾ തയ്യാറാക്കുകയും നടപ്പിൽ വരുത്തുകയും വേണം. ഇതിനു പുറമേ പോലീസ്, വനംവകുപ്പ്, പട്ടികജാതി-പട്ടിക വർഗ്ഗ വകുപ്പ്, വൈദ്യുതി വകുപ്പ്, പി.ഡബ്ല്യു.ഡി, എക്സൈസ് വകുപ്പ്, ഫയർ &സേഫ്റ്റി, കായിക വകുപ്പ്, വാട്ടർ അതോറിറ്റി തുടങ്ങിയവയുടെ കേന്ദ്ര സംസ്ഥാന ആവിഷ്കൃത പദ്ധതികൾ പ്രയോജനപ്പെടുത്തുകയും സേവനം ഉപയോഗിക്കുകയും വേണം. ഓരോ ആരോഗ്യ പ്രശ്നത്തിന്റെയും പരിഹാരത്തിന് നടത്തേണ്ട ഇടപെടലുകൾ സംബന്ധിച്ച് പട്ടിക തയ്യാറാക്കി കഴിഞ്ഞാൽ അതിൽ നിന്നും ഏതൊക്കെ വകുപ്പുകളുടെ നിലവിലുള്ള സ്കീമുകൾ, സംഘടനാ സംവിധാനം, ഉദ്യോഗസ്ഥർ, ഭൗതിക സൗകര്യം എന്നിവ പ്രയോജനപ്പെടുത്താം എന്ന് തീരുമാനിക്കണം. കൂടാതെ മറ്റു വകുപ്പുകളുടെ ഏതൊക്കെ സ്കീമുകളുടെ സാമ്പത്തിക ഘടകങ്ങളുമായി ബന്ധിപ്പിക്കാമെന്നും ആലോചിക്കണം. ഇത്തരത്തിൽ പ്രോജക്ട് ഘടകങ്ങളുടേയും പ്രവർത്തികളുടേയും പട്ടിക തയ്യാറാക്കിയാൽ ഏകോപന സാധ്യത ഫലപ്രദമായി നിർണ്ണയിക്കാൻ കഴിയും.

ഏകോപന സംവിധാനം താഴെ പറയുന്ന കാര്യങ്ങൾ കൂടി ലക്ഷ്യമിടുന്നു.

1) രോഗപ്രതിരോധ സംവിധാനം, രോഗ നിരീക്ഷണ സംവിധാനം എന്നിവ മുഴുവൻ പ്രദേശങ്ങളിലും ലഭ്യമാവുന്ന തരത്തിൽ കാര്യക്ഷമമായി നടപ്പിലാക്കുക.

2) ചികിത്സാ സേവന ഗുണമേന്മ മെച്ചപ്പെടുത്തുകയും സേവന ഗുണമേന്മ പരിശോധന നടപ്പിലാക്കുകയും ചെയ്യുക.

3) ആരോഗ്യത്തെ നിർണ്ണയിക്കുന്ന സൂമൂഹ്യ ഘടകങ്ങൾ ഉറപ്പാക്കൽ (ആരോഗ്യ അനുബന്ധ വികസന മേഖലയിലെ പ്രോജക്ടുകൾ ഉറപ്പ് വരുത്തൽ).

4) വയോജനങ്ങൾ, അംഗപരിമിതർ, ഇതരദേശ തൊഴിലാളികൾ എന്നിവരുടെ പ്രത്യേക പരിഗണന ആസൂത്രണ നിർവ്വഹണ പ്രക്രിയകളിൽ ഉറപ്പ് വരുത്തുക.

5) സ്ത്രീകളുടേയും കുട്ടികളുടേയും ഭിന്നലിംഗക്കാരുടേയും പ്രശ്നങ്ങൾ പ്രത്യേക വിഷയമായി പരിഗണിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യുക.

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലത്ത് ഏകോപന പ്രവർത്തന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി പൊതുജനാരോഗ്യ രംഗത്ത് കാതലായ ഒരു മാറ്റം ഉണ്ടാകേണ്ടിയിരിക്കുന്നു.

പട്ടികജാതി ആരോഗ്യ പദ്ധതി

പട്ടികജാതി കോളനികൾ കേന്ദ്രീകരിച്ച് മദ്യം മയക്കുമരുന്ന് ഉപയോഗം വ്യാപകമായതിനാൽ ഈ വിഭാഗങ്ങളുടെ ആരോഗ്യ സാമൂഹിക അവസ്ഥ പിന്നോട്ട് പോകുന്നതായിട്ടാണ് കാണുന്നത്. വിദ്യാഭ്യാസപരമായി കൊഴിഞ്ഞുപോക്കും പിന്നോക്കാവസ്ഥയും ശാസ്ത്രീയ-ആരോഗ്യ അവബോധ മില്ലായ്മയും മൂലം പോഷകകുറവ്, വിളർച്ച തുടങ്ങിയ ആരോഗ്യ പ്രശ്നങ്ങൾ ഇവരിൽ കാണപ്പെടുന്നുണ്ട്. സമഗ്ര സംയോജന പദ്ധതിയിലൂടെ വിവിധ ഡിപ്പാർട്ട്മെന്റുകൾക്ക് പ്രാതിനിധ്യം നൽകി (ആരോഗ്യം, വിദ്യാഭ്യാസം, എക്സൈസ്, സാമൂഹികനീതി, പട്ടികജാതി വികസനം) പദ്ധതികൾ രൂപപ്പെടുത്തിയാൽ ഈ അവസ്ഥയ്ക്ക് മാറ്റം വരുത്താവുന്നതാണ്.

മേൽതട്ട് നിർദ്ദേശങ്ങൾ

- രോഗ നിർണ്ണയത്തിൽ ലാബ് പരിശോധന സംവിധാനത്തിന്റെ അനിവാര്യത പരിഗണിച്ച് എല്ലാ പി.എച്ച്.സി കളിലും ലാബ് ടെക്നീഷ്യൻ പോസ്റ്റും കെമിക്കൽ മറ്റ് ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുക.
- ജലജന്യ രോഗങ്ങൾ വളരെ കൂടുതലായി കാണപ്പെടുന്ന ഈ ജില്ലയിൽ ജല പരിശോധനക്കായി സർക്കാർ തലത്തിൽ അനലറ്റിക്കൽ ലാബ് അനുവദിക്കുക.
- ജില്ലയിലെ ജീവനക്കാർക്ക് യഥാസമയം പരിശീലനം നൽകുന്നതിനായി റസിഡൻഷ്യൽ കേന്ദ്രം അനുവദിക്കണം. പള്ളിക്കലിൽ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള സ്ഥലം ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ്.
- ജനസംഖ്യാനുപാതികമായി എല്ലാ വിഭാഗം ജീവനക്കാരുടേയും തസ്തികകൾ അനുവദിക്കണം.
- എല്ലാ താലൂക്ക് /ജില്ല ആശുപത്രികളിലും ട്രോമ കെയർ യൂണിറ്റ് അനുവദിക്കണം.
- മഞ്ചേരി മെഡിക്കൽ കോളേജിൽ ആവശ്യമായ തസ്തികകളും ഭൗതിക സാഹചര്യങ്ങളും ലഭ്യമാക്കൽ
- ജില്ലയിൽ വർദ്ധിച്ച വരുന്ന പകർച്ചവ്യാധി പരിഗണിച്ച് ജില്ലക്ക് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് അനുവദിക്കൽ.
- ജില്ലയിലെ മഞ്ചേരി ജനറൽ ആശുപത്രിക്ക് ചെരണിയിൽ നിലവിലുള്ള സ്ഥലം പ്രയോജനപ്പെടുത്തി പുതിയ കെട്ടിടവും അനുബന്ധ സൗകര്യങ്ങളും അനുവദിക്കുക.
- ജില്ലാ നഴ്സിംഗ് സ്കൂളിനും ചെരണിയിൽ നിലവിലുള്ള സ്ഥലം പ്രയോജനപ്പെടുത്തി പുതിയ കെട്ടിടവും അനുബന്ധ സൗകര്യങ്ങളും അനുവദിക്കുക.
- ആയുഷ് സ്ഥാപനങ്ങൾക്ക് മാനദണ്ഡ പ്രകാരമുള്ള അധിക തസ്തിക അനുവദിക്കൽ.
- ആയുർവേദ ജില്ലാ മെഡിക്കൽ ഓഫീസിൽ ക്ലാർക്ക്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകൾ അനുവദിക്കേണ്ടതുണ്ട്.
- മലപ്പുറം കളക്ടറേറ്റിൽ 3 വിഭാഗത്തിന്റേയും ജില്ലാ മെഡിക്കൽ ഓഫീസുകൾ ഒരു കെട്ടിടത്തിൽ ആധുനിക സൗകര്യത്തോടു കൂടി ('ആരോഗ്യ ഭവൻ ') പ്രവർത്തിപ്പിക്കുക.

- എല്ലാ ബ്ലോക്ക് പി.എച്ച്.സി. കളിലും സിവിൽ സർജൻ തസ്തിക ഉറപ്പ വരുത്തുക.
- സി.എച്ച്.സി.കളിലും താലൂക്ക് ആശുപത്രികളിലും ആയതിന് അനുസൃതമായ തസ്തികകളും മറ്റു അടിസ്ഥാന സൗകര്യങ്ങളും ഉറപ്പവരുത്തുക.
- റവന്യു വകുപ്പിൽ ചെയ്യുന്നതുപോലെ ഡോക്ടർമാരെ അതാത് ജില്ലകളിലേക്ക് അനുവദിക്കുകയും ജില്ലക്കുള്ളിൽ അവരുടെ നിയമനം ഭരണ സൗകര്യാർത്ഥം നടത്തുവാനുള്ള അധികാരം ഡി.എം.ഒ. മാർക്കു നല്കുക.
- വാക്സിനേഷൻ ഉൾപ്പെടെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നിയമം മൂലം നിർബന്ധിക്കുക.
- മുനിസിപ്പൽ ആരോഗ്യപ്രവർത്തകരെ പകർച്ച വ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുക.
- ഒരു പി.എച്ച്.സി യുടെ പ്രവർത്തന പരിധി രണ്ടു പഞ്ചായത്തുകളിലായി നില്ക്കുന്നത് പുനർ നിർണ്ണയിച്ച് ഒരു പഞ്ചായത്തിന്റെ കീഴിൽ കൊണ്ടു വരുക.
- ബൈഫർക്കേഷൻ നടക്കാത്ത ആരോഗ്യ സ്ഥാപനങ്ങൾ അവ നടപ്പിലാക്കാൻ വേണ്ട പദ്ധതിക്ക് രൂപം നല്കുക.
- ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക.

5.2.11 –കുടിവെള്ളം

മേഖലയിലെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനവും അവയുടെ പ്രയോജനപ്പെടുത്തലും

കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ

കേന്ദ്ര സഹായത്തോടെ കുടിവെള്ള മേഖലയിലെ പദ്ധതികൾ പ്രധാനമായും UIDSSMT(അർബൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റെ സ്കീം ഫോർ സ്മോൾ ആന്റ് മീഡിയം ടൗൺ), ARP പദ്ധതികൾ എന്നിവയായിരുന്നു. ഇതിൽ നഗരങ്ങൾക്ക് ലഭിച്ചിരിക്കുന്ന UIDSSMT പദ്ധതികൾ നിർത്തലാക്കിയത് നഗരങ്ങളിലെ പദ്ധതികൾ ഏറ്റെടുക്കാൻ കഴിയാതെ പോയി. മഞ്ചേരി നഗരത്തിന് പ്രാഥമിക അനുമതി ലഭിച്ച പദ്ധതി ഉടൻ അനുമതിയില്ലാത്തതിനാൽ നഷ്ടപ്പെട്ടു. കിഫ്ബിയിലാണ് ഇത്തരം പദ്ധതികൾ ഉൾപ്പെടുത്താൻ കഴിയുന്നത്. അതിനാൽ കേന്ദ്രം കൂടുതൽ പദ്ധതി സഹായം നൽകിയാൽ മാത്രമേ ദേശീയ ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കുകയുള്ളൂ.

കേന്ദ്ര പദ്ധതികൾക്ക് സ്ഥലം ലഭ്യമാക്കണമെന്ന വ്യവസ്ഥ കേരളത്തെപ്പോലെ ജനസാന്ദ്രത കൂടുതലായ പ്രദേശത്ത് ലഭ്യമാക്കാൻ വളരെ പ്രയാസപ്പെടുകയും അത് പദ്ധതി താമസിക്കുന്നതിന് ചെലവ് വർദ്ധിപ്പിക്കുന്നതിനും കാരണമാകുന്നു. അത്യാവശ്യ ഘട്ടങ്ങളിൽ ഈ നിബന്ധന ഒഴിവാക്കി നേരിട്ട് പദ്ധതി ചെലവിൽ ഉൾപ്പെടുത്തി സ്ഥലം വാങ്ങാൻ കഴിഞ്ഞാൽ പ്രസ്തുത പ്രശ്നങ്ങൾ ദൂരീകരിക്കാൻ കഴിയും.

പദ്ധതിയേതര ചെലവുകളാണ് സംസ്ഥാനത്തിന്റെ പുതിയ ഒരു ബാദ്ധ്യതയായി തീരുന്നത്. ശുദ്ധജല വിതരണ പദ്ധതികളെ സംബന്ധിച്ച ചെലവിന്റെ സിംഹഭാഗവും വിദ്യുച്ഛക്തി

ഇനത്തിലാണ് ജലവിതരണം ഒരു സേവനമായി കണക്കാക്കി താരീഫ് കൂറക്കുന്നതിന് നടപടി എടുക്കുന്നത് പ്രയോജനകരമായിരിക്കും.

ARP പദ്ധതിയിൽ ഉൾപ്പെടുത്തി കെ.ഡബ്ല്യു.എ ഇപ്പോൾ രണ്ട് പദ്ധതികൾ നടപ്പിലാക്കി കൊണ്ടിരിക്കുന്നു. മൂർക്കനാടും സമീപ അഞ്ച് പഞ്ചായത്തുകളായ കുറുവ, പുഴക്കാട്ടിരി, മക്കരപ്പറമ്പ, കൂട്ടിലങ്ങാടി, മങ്കട പഞ്ചായത്തുകളെ ഉളള ഈ പദ്ധതി 2017 ഡിസംബറിൽ പൂർത്തീകരിക്കുന്നതാണ്. ഈ പദ്ധതി വഴി ഏകദേശം 2.5 ലക്ഷം ജനങ്ങൾക്ക് കുടിവെളളം ലഭ്യമാക്കാവുന്നതാണ്. ഇത് അഞ്ച് വിവിധ ഘട്ടങ്ങളായിട്ടാണ് മറ്റുപദ്ധതി പൂർത്തീകരിച്ചത്. എ.ആർ.പി യിൽ ഉൾപ്പെടുത്തി നടന്നുകൊണ്ടിരിക്കുന്ന തിരുനാവായയും സമീപ പഞ്ചായത്തുകളായ ആതവനാട്, മാറാക്കര, കുറ്റിപ്പുറം തുടങ്ങിയ പഞ്ചായത്തുകളും ചേർന്നിട്ടുള്ളതാണ് ഈ നാല് പഞ്ചായത്തുകളിലെ 2.75ലക്ഷം പേർക്ക് കുടിവെളളം ലഭിക്കുന്നതാണ്. ഈ രണ്ട് പദ്ധതികൾക്കായി 108.85 കോടി രൂപയാണ് കണക്കാക്കിയിട്ടുണ്ടായിരുന്നത്.

ARP പദ്ധതിപ്രകാരം ഒരാൾക്ക് ഒരു ദിവസം 70 ലിറ്റർ ജലമാണ് ഉപയോഗിക്കുന്നതിനായി വിഭാവനം ചെയ്തിരിക്കുന്നത്. പൂർണ്ണമായും ആവശ്യമുളളത്ര വിതരണ ശൃംഖല സ്ഥാപിക്കാൻ ഈ രണ്ടു പദ്ധതികളിലും സാമ്പത്തിക ബുദ്ധിമുട്ട് കാരണം കഴിഞ്ഞിട്ടില്ല. പൂർണ്ണമായും വിതരണ ശൃംഖലകൾ സ്ഥാപിക്കാൻ തുതല പഞ്ചായത്ത് ഫണ്ടുകളും എം.പി, എം.എൽ.എ ഫണ്ടുകളും ഉപയോഗിച്ച് പൂർത്തീകരിക്കാവുന്നതാണ്.

NRDWP (നാഷണൽ റൂറൽ ഡ്രിങ്കിങ് വാട്ടർ പ്രോജക്ട്) യിൽ ഉൾപ്പെടുത്തി ജില്ലയിൽ കെ.ഡബ്ല്യു.എ ഇപ്പോൾ 9 പദ്ധതികൾ നടന്നു വരുന്നുണ്ട്. കണ്ണമംഗലം പഞ്ചായത്തിൽ 2011 ൽ 10.00 കോടി രൂപക്കും 2016 ൽ 14.00 കോടി രൂപക്കുമുളള പദ്ധതികൾ നടന്നു വരുന്നു. തിരുവാലി പഞ്ചായത്തിന് 2012 ൽ 14.5 കോടി രൂപ അനുവദിച്ചതിൽ പ്രവൃത്തി പൂർത്തീകരിക്കാന് സാധിച്ചിട്ടിലല്ല. പദ്ധതി പൂർത്തീകരിക്കാൻ കൂടുതൽ തുക ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

2013 വർഷത്തിൽ 84.00 കോടി രൂപ 8 പദ്ധതികൾക്കായി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതികൾ 2018 ൽ പൂർത്തീകരിക്കുന്നതാണ്. ഇതിൽ ഉൾപ്പെട്ട പഞ്ചായത്തുകൾ വളവന്നൂർ, കൽപ്പകഞ്ചേരി, എ.ആർ നഗർ, കാവന്നൂർ, ചുങ്കത്തറ, പോത്തുകല്ല്, എടക്കര, വഴിക്കടവ്, ആലിപ്പറമ്പ്, താഴേക്കോട്, ചീക്കോട് പദ്ധതിയിൽ ഉൾപ്പെട്ട പഞ്ചായത്തുകൾ എന്നിവ ആണ്. NRDWP പദ്ധതികളിലൂടെ വിഭാവനം ചെയ്തിരിക്കുന്നത് ആളോഹരി പ്രതിദിന ഉപയോഗം 70 ലിറ്റർ വെള്ളം ആണ്. പദ്ധതികൾക്ക് വേണ്ട ഭൂമി എല്ലാ പഞ്ചായത്തുകളും സൗജന്യമായി നൽകേണ്ടതാണ്. വിതരണശൃംഖല സാമ്പത്തിക ബുദ്ധിമുട്ട് കാരണം പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. മുഴുവന് വിതരണശൃംഖല സ്ഥാപിക്കാൻ പഞ്ചായത്തുകൾ സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തേണ്ടതാണ്.

2014 ൽ അഞ്ച് പദ്ധതിക്കൾക്കായി 46.48 കോടി രൂപ ലഭ്യമായിരുന്നു. തിരുരങ്ങാടി, വളവന്നൂർ, കൽപകഞ്ചേരി,കാവന്നൂർ, ചീക്കോട് പദ്ധതി, മൂർക്കനാട് പദ്ധതി എന്നിവക്കായിരുന്നു ഈ ധനസഹായം. ഈ പ്രവർത്തികൾ ഇപ്പോഴും പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ആണ്.

NABARD RIDF XIX 12.54 കോടി രൂപ ചീക്കോട് പദ്ധതിക്ക് 2014ൽ ലഭിക്കുകയും വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവർത്തി ഈ വർഷം അവസാനം പൂർത്തീകരിക്കുന്നതുമാണ്. ഇതുപോലെ NABARD RIDF XVIII ൽ 34.4 കോടി രൂപ ഒതുക്കുങ്ങൽ, പൊന്മള സമഗ്ര കുടിവെള്ള പദ്ധതികൾക്ക് ലഭിക്കാനും പ്രവർത്തി നടന്നു വരുന്നു. 2018 ൽ ഏപ്രിലിൽ പദ്ധതി പൂർത്തീകരിക്കാൻ

വേണ്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. പദ്ധതി ഘട്ടങ്ങൾക്ക് വേണ്ട സ്ഥലം ലഭ്യമാക്കാൻ പഞ്ചായത്തുകൾക്ക് സാധിക്കാത്തതു കാരണം പ്രവർത്തി വളരെ വൈകിയിരിക്കുന്നു.

ജലനിധി രണ്ടാംഘട്ടം ജില്ലയിൽ 14 പഞ്ചായത്തുകളിൽ നടന്നു വരുന്നു. ആകെ 55 പദ്ധതികളിൽ 47 പദ്ധതികൾ ഇതുവരെ പൂർത്തീകരിച്ച് ജനങ്ങൾക്ക് വെള്ളം നൽകി വരുന്നുണ്ട്. ഗ്രാമ പഞ്ചായത്തു പദ്ധതികളായ വേങ്ങര, ഊരകം, പറപ്പൂർ , പെരുമണ്ണക്ലാരി, തെന്നല, ഒഴൂർ ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തികൾ നടന്നുവരുന്നു. ഈ രണ്ട് പദ്ധതികൾക്കും കെഡബ്ല്യുഎ യിൽ നിന്ന് ശുദ്ധീകരിച്ച ജലം ടാങ്കുകളിൽ ഘടിപ്പിച്ചിരിക്കുന്നു. മീറ്ററുകൾ വഴി ആണ് വിതരണം ചെയ്യുന്നത്. ജലനിധി പഞ്ചായത്തുകളിൽ രൂപപ്പെടുത്തിയ SLEC(State Level Expert Committee) കമ്മറ്റികൾ ആണ് ഉപഭോക്താക്കളിൽ നിന്നും വെള്ളക്കരം സ്വീകരിക്കുന്നത്. ഉപയോഗിച്ച വെള്ളത്തിന് കെഡബ്ല്യുഎ പഞ്ചായത്തിന് ബില്ല് കൊടുക്കുന്ന മുറക്ക് പഞ്ചായത്ത് SLEC യിൽ നിന്നും പണം സ്വീകരിച്ചും കെഡബ്ല്യുഎ ക്ക് ഒടുക്കുന്നതാണ്. വിതരണ ശൃംഖലകളിലെ എല്ലാ അറ്റകുറ്റപണികളും SLEC ആണ് നിർവ്വഹിക്കേണ്ടത്.

ഊരകം ഗ്രാമപഞ്ചായത്ത് പദ്ധതിക്ക വേണ്ടി ജലനിധി 19.56 കോടി രൂപ കെഡബ്ല്യുഎക്ക് മുഖ്യഘടകങ്ങൾ പുനർജീവിപ്പിക്കാൻ നൽകുന്നതാണ്. ഈ പദ്ധതിക്ക് പഞ്ചായത്തുകളിലെ ഗുണഭോക്താക്കളുടെ 15%വും പഞ്ചായത്തുകളുടെ 10% നൽകേണ്ടതാണ് ഇതുപോലെ തെന്നല ഗ്രാമപഞ്ചായത്ത് പദ്ധതികൾക്ക് പൊതുഘടകങ്ങൾ നന്നാക്കുന്നതിനായി 33.15ലക്ഷം രൂപ കെ.ഡബ്ല്യൂ.എക്ക് നൽകിയിട്ടുണ്ട്.

ഈ ഗ്രാമപഞ്ചായത്ത് പദ്ധതികളിൽ കെ.ഡബ്ല്യൂ.എക്ക് പൊതുഘടകങ്ങളുടെ അറ്റകുറ്റപ്പണികൾ മാത്രം പരിപാലിച്ചാൽ മതി. ജലനിധി ഒന്നാം ഘട്ടത്തിൽ പൂർണ്ണമായും രണ്ടാം ഘട്ടത്തിൽ ഭാഗികമായും ചെറുകിട കുടിവെള്ള പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്.

കേന്ദ്ര ധനസഹായത്തോടെ കേരളത്തിൽ നടപ്പിലാക്കുന്ന എല്ലാ കുടിവെള്ള പദ്ധതികൾക്കും ഒരേ തരത്തിലുള്ള നയങ്ങൾ ആണ് ഉള്ളത്.

1. കുടിവെള്ള പദ്ധതികൾക്ക് വേണ്ട വിവിധ ഘടകങ്ങൾ സ്ഥാപിക്കാനുള്ള സ്ഥലം സൗജന്യമായി പഞ്ചായത്ത് നൽകേണ്ടതാണ്. ഇതിന് പലപ്പോഴും പഞ്ചായത്തുകൾക്ക് ബുദ്ധിമുട്ട് ഉണ്ടാവുന്നുണ്ട്. കേരളത്തിലെ ജനസാന്ദ്രത കാരണം സ്ഥലങ്ങൾ സൗജന്യമായി ലഭിക്കില്ല. കൂടുതൽ വില നൽകേണ്ടതു കാരണം ഇത് പഞ്ചായത്തുകൾക്ക് ബുദ്ധിമുട്ടാണ്. സ്ഥലങ്ങൾ ലഭ്യമാക്കാൻ പദ്ധതികളിൽ തന്നെ സാമ്പത്തികാവശ്യം വിഭാവനം ചെയ്യേണ്ടതാണ്.
2. പ്രതിദിന ഉപയോഗ നിരക്ക് 70 ലിറ്റർ ആണ്. കേരളത്തിൽ ഗ്രാമീണ പട്ടണ വ്യത്യാസം വളരെ കുറവായതിനാൽ പ്രതിദിന ഉപയോഗ നിരക്ക് 150 ലിറ്റർ ആയി വർദ്ധിപ്പിക്കേണ്ടതാണ്.
3. പദ്ധതി രൂപീകരണ സമയത്ത് തന്നെ എല്ലാ വീടുകൾക്കും വീട് കണക്ഷൻ നിർദ്ദേശിക്കേണ്ടതാണ്.
4. സ്ഥലം യഥാസമയത്ത് ലഭിക്കാത്തത് കാരണം പ്രവൃത്തികൾ ടെണ്ടർ വിളിക്കുന്നതിനും മറ്റും കാലതാമസം നേരിടുന്നത് കാരണം പദ്ധതികളുടെ ഉപയോഗം ജനങ്ങൾക്ക് വൈകി മാത്രമാണ് ലഭിക്കുന്നത്.
5. ടെണ്ടറിലെ സാങ്കേതികത്വം പലപ്പോഴും പദ്ധതി കാലനിർവ്വഹണത്തെ ബാധിക്കുന്നു.
6. കാലതാമസം കാരണം പദ്ധതിക്ക് അനുവദിച്ച തുക പലപ്പോഴും തികയാതെ വരുന്നത് കാരണം കൂടുതൽ ധനസഹായം സംസ്ഥാനതത്തിന് ലഭ്യമാവാറിലല്ല.

7. പദ്ധതികൾക്കുള്ള സാമ്പത്തിക കുറവ് കാരണം വിതരണ ശൃംഖല മുഴുവൻ സ്ഥാപിക്കാൻ കഴിയാറില്ല. ഇത് കാരണം പദ്ധതികളുടെ ഉപയോഗം മുഴുവനായും ജനങ്ങൾക്ക് ലഭ്യമാകുന്നില്ല. തുതല പഞ്ചായത്തുകളും എം.എൽ.എ, എം.പി എന്നവരുടെ ധനസഹായം വഴി വിതരണ ശൃംഖലയിലെ പ്രവർത്തികൾ പൂർത്തീകരിക്കാവുന്നതാണ്.
8. പുതുതായി ഉണ്ടാവുന്ന കേന്ദ്ര സംസ്ഥാന പദ്ധതികളിൽ എല്ലാ ഉപഭോക്താക്കൾക്കും വീടുകളിൽ കണക്ഷൻ നൽകുന്നതിനു വേണ്ട നിർദ്ദേശങ്ങൾ ഉൾപ്പെടുത്തണം. ഇതുവഴി പഞ്ചായത്തിന്റെ കുടിവെള്ള മേഖലയിൽ ഉള്ള സാമ്പത്തിക ചെലവ് ഗണ്യമായി കുറക്കാൻ കഴിയുന്നതാണ്.
9. പല കാരണങ്ങൾ കൊണ്ട് പദ്ധതി നിർവ്വഹണ കാലം നീളുമ്പോൾ സാമ്പത്തിക ചിലവ് വർദ്ധിക്കാറുണ്ട്. ത്രിതല പഞ്ചായത്ത്, എം.പി, എം.എൽ.എ ഫണ്ടുകൾ കൂട്ടി യോജിപ്പിച്ച് വിതരണ ശൃംഖല പോലുള്ള ഘടകങ്ങൾ തീർക്കാന് ഉപയോഗിക്കേണ്ടതാണ്.

സംസ്ഥാന ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ

KIIFB (കേരള ഇൻഫ്രാ സ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്) യിൽ ഉൾപ്പെടുത്തി ജില്ലയിൽ ഇപ്പോൾ 9 പദ്ധതികൾ നടക്കുന്നുണ്ട്. KIIFB ഒന്നാം ഘട്ടത്തിൽ 4 പദ്ധതികൾക്കായി 222.60 കോടിയും രണ്ടാം ഘട്ടത്തിൽ 5 പദ്ധതികൾക്കായി 205.00 കോടിയും ആണ് അനുമതി ലഭിച്ചത്. സംസ്ഥാന പദ്ധതി വഴി പൊന്നാനി, രാമനാട്ടുകര, തിരുവാലി, താനൂർ, എടവണ്ണ, എടപ്പാൾ , ഇരിമ്പിളിയം, വളാഞ്ചേരി, രാമൻചാടി, എ.ആർ നഗർ, മഞ്ചേരി മുനിസിപ്പാലിറ്റി എന്നിവക്ക് ആണ് ഗ്രണം ലഭ്യമാകുക. ഇത് പൂർണ്ണമായും സംസ്ഥാന വിഹിതം ആണ്. രണ്ടാംഘട്ട പദ്ധതികൾ വിശദ റിപ്പോർട്ട് രൂപീകരണ ഘട്ടത്തിൽ ആണ്. നിലവിൽ ശുദ്ധീകരണ ശാലകൾ ഇല്ലാത്ത എടപ്പാൾ, താനൂർ, പൊന്നാനി പദ്ധതികൾക്ക് ശുദ്ധീകരണ ശാല സ്ഥാപിക്കുന്നതും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭാരതപ്പുഴയിലെ മണലെടുപ്പ് കാരണം വിതരണം ചെയ്യുന്ന ജലത്തിന്റെ ഗ്രണനിലവാരം നിലനിർത്താന് ഈ ശുദ്ധീകരണ ശാല വളരെ നിർബ്ബന്ധമാണ്.

സംസ്ഥാന ധനസഹായത്തോടെ കെ.ഡബ്ല്യു.എ നേരിട്ട് നടപ്പിലാക്കുന്ന പ്രവൃത്തികൾ പഴയ പൈപ്പുകൾ മാറ്റൽ, പഴയ കെട്ടിടങ്ങൽ പുതുക്കൽ മുതലായവയാണ്. പ്രവൃത്തികളുടെ വിശദ വിവരം താഴെ നൽകുന്നു.

പട്ടിക 5.2.11.1 : കെ.ഡബ്ല്യു.എ നേരിട്ട് നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദ വിവരം

വർഷം	ആകെ പദ്ധതികൾ	പൂർത്തിയായവ	നടന്നു വരുന്നവ	ഏർപ്പാടാക്കി വരുന്നവ	ആകെ തുക ലക്ഷത്തിൽ
2016-17	44	17	21	6	885.02
2017-18	22	0	13	9	251.10

സ്രോതസ്സ്: കെ.ഡബ്ല്യു.എ

നിലവിൽ കേന്ദ്ര സംസ്ഥാന ധനസഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതികൾക്കുള്ള സാമ്പത്തിക അനുമതിയുടെ വിശദ വിവരങ്ങൾ താഴെ ഗ്രാഫിൽ കൊടുക്കുന്നു.

ചിത്രം 5.2.11.1 : കേന്ദ്ര സംസ്ഥാന ധനസഹായത്തോടെ നടപ്പിലാക്കി വരുന്ന സാമ്പത്തിക അനുമതിയുടെ വിശദ വിവരങ്ങൾ



സ്രോതസ്സ്: കെ.ഡബ്ല്യു.എ

നിർദ്ദേശങ്ങൾ

1. കഴിഞ്ഞ വർഷങ്ങളിൽ അനുമതി ലഭിച്ചതും സാങ്കേതിക കാരണങ്ങളാൽ നടപ്പിലാക്കാൻ സാധിക്കാത്തതുമായ വിവിധ പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതികൾ പുതിയ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.
2. മുടങ്ങിക്കിടക്കുന്നതും സാങ്കേതിക കാരണങ്ങളാൽ പൂർത്തീകരിക്കാൻ കഴിയാത്തതുമായ വിവിധ പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കിയ കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കി കമ്മീഷൻ ചെയ്യുവാൻ മുൻഗണന നൽകേണ്ടതാണ്.
3. വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളിൽ ജലലഭ്യതക്കനുസരിച്ച് പൈപ്പ് ലൈനുകൾ ദീർഘിപ്പിച്ച് കൂടുതൽ ആളുകൾക്ക് പ്രയോജനം ലഭിക്കത്തക്ക രീതിയിലുള്ള പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.
4. ജല സംഭരണത്തിന് വേണ്ടി പുഴകളിൽ സ്ഥിരം തടയണകൾ ആവശ്യമായ സ്ഥലങ്ങളിൽ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾക്ക് മുൻഗണന നൽകേണ്ടതാണ്.
5. മഴവെള്ള സംഭരണികൾ, കിണർ റീചാർജ്ജിംഗ് എന്നിവക്ക് മുൻഗണന നൽകേണ്ടതും എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ സബ്സിഡി അനുവദിക്കേണ്ടതുമാണ്.
6. ത്രിതല പഞ്ചായത്തുകളും സംയുക്ത സഹകരണത്തോടെ വരും കാലങ്ങളിലെ വരൾച്ചാ സമയത്ത് ശുദ്ധജല വിതരണത്തിനുള്ള സമഗ്രമായ നടപടികൾ സ്വീകരിക്കാനാവശ്യമായ ഫണ്ട് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നീക്കി വെക്കേണ്ടതാണ്.
7. കിണർ റീചാർജിംഗിന് ഗ്രാണഭോക്തൃ വിഹിതം ഒഴിവാക്കണം. തൊഴിലുറപ്പ് ഫണ്ടും പദ്ധതി വിഹിതവും ഉൾപ്പെടുത്തി നടപ്പിലാക്കണം.
8. ബ്ലോക്ക് അടിസ്ഥാനത്തിൽ ഗവൺമെന്റ് എച്ച് എസ് എസ് കളിൽ കുടിവെള്ള പരിശോധന സൗകര്യം ഉണ്ടാക്കാനുള്ള നിർദ്ദേശത്തിൽ എയ്ഡഡ് എച്ച് എസ് എസ് കളെ കൂടി ഉൾപ്പെടുത്തണം.

5.2.12 ശുചിത്വം

സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ)

ഇന്ത്യാ ഗവണ്മെന്റിന്റെ ഒന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 1954 ൽ ആണ് ഗ്രാമീണ ശുചിത്വ പരിപാടി ഇന്ത്യയിൽ ആരംഭിച്ചത്. ഗ്രാമീണ ജനതയുടെ ജീവിതഗുണമേന്മ മെച്ചപ്പെടുത്തുന്നതോടൊപ്പം സ്ത്രീകളുടെ സ്വീകാര്യതയും ആത്മാഭിമാനവും ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ 1986 ൽ ആരംഭിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണ് കേന്ദ്ര ഗ്രാമീണ ശുചിത്വ പരിപാടി (സി.ആർ.എസ്.പി) വ്യക്തി ശുചിത്വം, ഗൃഹ ശുചിത്വം, സുരക്ഷിതമായ കുടിവെള്ളം, മാലിന്യ പരിപാലനം, മനുഷ്യ മലം നിർമ്മാർജനം, മലിനജല നിർമ്മാർജനം എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി ശുചിത്വ ആശയം വികസിപ്പിക്കുകയും തുടർന്ന് 1999 മുതൽ സമ്പൂർണ്ണ ശുചിത്വ യജ്ഞം (ടി.എസ്.സി) പദ്ധതി നടപ്പിലാക്കുകയുണ്ടായി. 2012 ജൂലൈ മാസം മുതൽ ഖരദ്രവ മാലിന്യ പരിപാലന ഘടകത്തിന് കൂടുതൽ ഊന്നൽ നൽകി ചില മാറ്റങ്ങളോടെ ഈ പദ്ധതി നിർമ്മൽ ഭാരത് അഭിയാൻ എന്ന പദ്ധതിയായി നടപ്പിലാക്കി വന്നിരുന്നു. എന്നാൽ മഹാത്മാഗാന്ധിയുടെ 150-ആം ജന്മവാർഷികദിനത്തോടനുബന്ധിച്ച് 2019 ഒക്ടോബർ 2 ഓടു കൂടി രാജ്യത്തെ സമ്പൂർണ ശുചിത്വമാക്കണമെന്ന് ലക്ഷ്യമിട്ട് സ്വച്ഛ് ഭാരത് മിഷൻ ആരംഭിച്ചിരിക്കുകയാണ്. ഗ്രാമ പ്രദേശങ്ങളിൽ നടപ്പിലാക്കി വന്നിരുന്ന നിർമ്മൽ ഭാരത് അഭിയാൻ പദ്ധതി പുനഃസംഘടിപ്പിച്ചുകൊണ്ട് 2014 ഒക്ടോബർ 2 മുതൽ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) എന്ന പുതിയ പദ്ധതിയാണ് നടപ്പിലാക്കുന്നത്. സ്വച്ഛ് ഭാരത് മിഷൻ പദ്ധതിയിൽ ഘടകങ്ങൾ

1. പ്രാരംഭ ചെലവ്
2. ഐ.ഇ.സി
3. ശേഷി വികസനം
4.ഗാർഹിക കക്കൂസ്
5. കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സ്
6. റൂറൽ സാനിട്ടറി മാർട്ട്.
7. ഖര ദ്രവ മാലിന്യ സംസ്കരണം (ആസ്തി സൃഷ്ടിക്കൽ).
8. റിവോൾവിംഗ് ഫണ്ട്
9. ഭരണച്ചെലവ്.

പദ്ധതിയുടെ 75% തുക കേന്ദ്ര സർക്കാരും 25% തുക സംസ്ഥാന സർക്കാരുമാണ് വഹിക്കുന്നത്. ഗാർഹിക ശൗചാലയങ്ങളുടെ നിർമ്മാണത്തിന് കേന്ദ്രസഹായമായി 9000/-രൂപയും, സംസ്ഥാന സർക്കാരിന്റെ വിഹിതമായി 3000/- രൂപയും പഞ്ചായത്ത് വിഹിതമായി 3400 രൂപയും ചേർത്ത് ആകെ 15400/- രൂപയാണ് ഗുണഭോക്താവിന് ലഭ്യമാക്കുന്നത്. കമ്മ്യൂണിറ്റി ശൗചാലയങ്ങളുടെ നിർമ്മിതിക്ക് 2,00,000 രൂപയും (60% കേന്ദ്രവും 30% സംസ്ഥാനവും 10% ഗുണഭോക്താവും). ഖരദ്രവ മാലിന്യ പരിപാലന പദ്ധതികൾക്ക് പരമാവധി ഒരു ഗ്രാമ പഞ്ചായത്തിന് 20 ലക്ഷം രൂപയും (75% കേന്ദ്രം 25% സംസ്ഥാനം) റിവോൾവിംഗ് ഫണ്ട് പരമാവധി 1.5 കോടി രൂപ (പ്രോജക്ട് കോസ്റ്റിന്റെ 5%) യും റൂറൽ സാനിട്ടറി മാർട്ടിന് ഒരു യൂണിറ്റിന് 5 ലക്ഷം രൂപ വരെ വായ്പയായും, ഐ.ഇ.സി, പ്രാരംഭ ചെലവ്, ശേഷി വികസനം എന്നിവയ്ക്കായി പ്രോജക്ടിന്റെ 5% തുകയും ഭരണചെലവിന് 2% (കേന്ദ്രം 75% സംസ്ഥാനം 25%) ലഭിക്കുന്നു.

പ്രൊജക്ട് ക്ലിനിക് നടത്തിയതിന്റെ ഫലമായി പ്രോജക്ടുകളുടെ എണ്ണം 1073 ആയി വർധിച്ചു. കിഫ്ബിയുടെ ഭാഗമായി തൃപ്പൂർ, മൂത്തേടം പഞ്ചായത്തുകളിൽ വാതക ശ്മശാനവും, പെരിന്തൽമണ്ണ, കൊണ്ടോട്ടി മുനിസിപ്പാലിറ്റികളിൽ ആധുനിക അറവുശാലയും പ്രൊജക്ട് ആയി.

പട്ടിക 5.2.12.1 : ജില്ലാ ശുചിത്വ മിഷൻ നടപ്പിലാക്കിയ പ്രോജക്ടുകളും ഫണ്ട് വിവരങ്ങളും (01.04.2017 to 09.11.2017)

ക്രമ നം	ഇനം	തുക (രൂപ)
1.	നീക്കിയിരുപ്പ് 01.4.2017 –	14143728.81
2.	കേന്ദ്ര – സംസ്ഥാന വിഹിതം	13,93,31,982
3.	ബാങ്ക് പലിശ ലഭിച്ചത്	1,43,157
4.	മറ്റ് ഫണ്ട് വരവ്	59,690
5.	ആകെ ലഭ്യമായ തുക (A)	15,36,78,557.8
6.	ആകെ ചെലവ് (B)	4,72,42,100.45
7.	ബാക്കി തുക (A) –(B)	10,64,36,457.4
8.	ചെലവ് – ശതമാനം	30.74
9.	മറ്റ് ഫണ്ട് ലഭ്യമായതിന്റെ വിവരങ്ങൾ	
10.	വിവര വിജ്ഞാന വ്യാപനം ഫണ്ട് തിരിച്ചു വന്നത്	5,000
11.	വിവര വിജ്ഞാന വ്യാപനം ഫണ്ട് തിരിച്ചു വന്നത് – മലപ്പുറം ബ്ലോക്ക്	1930
12.	കാടാമ്പുഴ ക്ഷേത്ര കമ്മിറ്റി സംഭാവന	50000
13.	കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സ് തിരിച്ചടവ് –	2760
ആകെ		59690

അവലംബം: ശുചിത്വ മിഷൻ മലപ്പുറം

പട്ടിക 5.2.12.2 : സ്വച്ഛ് ഭാരത് മിഷൻ (നഗരം), മലപ്പുറം (01.04.2017 to 10.11.17)

ഇനം	തുക (രൂപ)
നീക്കിയിരുപ്പ് – 01.4.2017	9,19,084
സ്റ്റേറ്റ് മിഷനിൽ നിന്നും ഫണ്ട് ലഭിച്ചത്	0
ബാങ്ക് പലിശ ലഭിച്ചത്	0
മറ്റ് ഫണ്ട് വരവ്	0
ആകെ ലഭ്യമായ തുക (A)	9,19,084
ആകെ ചെലവ് (B)	13,055
ബാക്കി തുക (A) –(B)	9,06,029

അവലംബം: ശുചിത്വ മിഷൻ ,മലപ്പുറം.

മുകൾത്തട്ട് നിർദ്ദേശങ്ങൾ

- മാലിന്യ പരിപാലനത്തിനായി മുൻകൈയെടുത്ത വരുന്ന സ്വകാര്യ സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിന വേണ്ടിയുള്ള നയപരമായ തീരുമാനം കൈകൊള്ളുക.
- പാഴ് വസ്തു വ്യാപാരം ചെയ്യുന്നവർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി അവരെക്കൂടി ഹരിത കർമ്മസേനയുടെ പ്രവർത്തനവുമായി ഏകോപിപ്പിക്കുക.
- സർക്കാർ ഓഫീസുകളിൽ നിന്നും ഹരിത കർമ്മസേനക്ക് യൂസർഫീ നൽകുന്നതിനാവശ്യമായ ഫണ്ട് ബന്ധപ്പെട്ട ഓഫീസ് മേധാവികൾക്ക് കണ്ടിജന്റ് ചാർജ് ലഭ്യമാക്കുക.
- പോർട്ടബിൾ സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ച് മാലിന്യം വലിച്ചെറിയുന്നവരെ കണ്ടെത്തി പിടികൂടി മാതൃകാ പരമായ ശിക്ഷ നൽകുന്നതിനുള്ള സർക്കാർ ഉത്തരവ് നൽകുക.

- 2018 മാർച്ച് 31 ന് മുമ്പ് ഹരിത കർമ്മസേന മുഖേനയുള്ള ജൈവ-അജൈവ മാലിന്യ പരിപാലന സംവിധാനം സ്ഥാപനവൽക്കരിക്കുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പ്രോത്സാഹനമായി തുടർ വർഷങ്ങളിൽ വികസന ഫണ്ടിനത്തിൽ അധികം തുക അനുവദിക്കുക.
- ഘട്ടം ഘട്ടമായി പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉൽപാദനം കുറക്കുന്നതിനും സബ്സിഡി നിരക്കിൽ തുണി സഞ്ചിയും മറ്റും വിതരണം ചെയ്യുന്നതിനുമുള്ള നയ തീരുമാനങ്ങൾ എടുക്കുക.
- മാലിന്യ സംസ്കരണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനും പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുമെതിരെ വ്യാപക പ്രതിഷേധം ജില്ലയിൽ നിലനിൽക്കുന്നുണ്ട്. ഇത്തരം ആവശ്യങ്ങൾക്ക് ആവശ്യമായ ഭൂമി മെച്ചപ്പെട്ട വില നൽകി ഭൂമി ഏറ്റെടുക്കുന്നതിനും പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും ആവശ്യമായ നിയമ നിർമ്മാണം നടത്തണം.
- കെട്ടിട നിർമ്മാണ മേഖലയിലെ മാലിന്യത്തിന്റെ ഭാവിയിലെ സാധ്യതകൾ കണ്ടെത്തി അതിനനുയോജ്യമായ മാതൃകകൾ കണ്ടെത്തേണ്ടതാണ്.
- സ്വകാര്യ - പൊതു സ്ഥാപനങ്ങളിൽ ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കാത്തവര്ക്കെതിരെ നിയമനടപടി കർശനമാക്കണം.
- പബ്ലിക് ടോയ്ലറ്റുകൾ നിർമ്മിക്കുന്നതിന് പ്രധാന റോഡുകളുടെ വശങ്ങളിലോ ടൗണിലോ സ്ഥലം കണ്ടെത്താനും NH / PWD നടപടി എടുക്കേണ്ടതാണ്.
- മഴക്കാല പൂർവ ശുചീകരണത്തിനുള്ള ഫണ്ടിൽ ചില വാർഡുകൾക്ക് ഭൂപ്രകൃതി അനുസരിച്ച് കൂടുതൽ പണം ആവശ്യമുള്ളതായിട്ടുണ്ട്. ആയതിനാൽ പണം ആവശ്യമില്ലാത്ത വാർഡുകളിൽ നിന്നും ഉപയോഗിക്കാനുള്ള നിര്ദ്ദേശം വേണം.
- നിലവിൽ സബ്സിഡി 50% ആയി കുറച്ചത് കാരണം പല ആളുകളും കമ്പോസ്റ്റിംഗ് സംവിധാനം വാങ്ങുന്നതിന് മടി കാണിക്കുന്നു. ആയതിനാൽ സബ്സിഡി 75% ആയി ഉയർത്തേണ്ടതാണ്.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും സ്വാപ്ഷോപ്പുകളും റിപ്പയർ ഷോപ്പുകളും നിർബന്ധമായി സ്ഥാപിക്കുന്നതിന് നടപടി എടുക്കുക.
- ഗ്രീൻ പ്രോട്ടോകോൾ പാലിക്കുന്നതിന് പൊതു പരിപാടികളിലും പഞ്ചായത്ത് ഓഫീസിലും നിർബന്ധമായി പ്ലാസ്റ്റിക് പേപ്പർ / ഡിസ്പോസിബിൾ വസ്തുക്കൾക്ക് നിയന്ത്രണം ഏർപ്പെടുത്തുകയും പ്ലാസ്റ്റിക്ക് ഫ്രീ നടപ്പിലാക്കുക.
- ശുചിത്വമായി ബന്ധപ്പെട്ട വർക്കുകൾ (കമ്പോസ്റ്റിംഗ് / എം.സി.എഫ് / ആർ.ആർ .എഫ്) സംയോജിത പരിപാടിയായി നടപ്പിലാക്കണം.
- നല്ല പ്രോജക്ടുകൾ തദ്ദേശ സ്ഥാപനങ്ങൾ എടുക്കുന്നില്ല. ശുചിത്വ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ കണ്ടെത്തേണ്ടതാണ്.
- ഹരിത കർമ്മസേന പ്രവർത്തനങ്ങൾ നടക്കുന്നതിന് വി.ജി.എഫ് ഫണ്ടും എം.സി.എഫ് പ്രോജക്ടും നിർബന്ധമാണ്.

- ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും ഹെൽത്ത് സെന്ററുകളിലും ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾക്ക് മുൻഗണന നല്കിക്കൊണ്ട് തദ്ദേശ സ്ഥാപനങ്ങൾ പ്രോജക്ട് സമർപ്പിക്കേണ്ടതാണ്.
- സ്കൂൾ സാനിറ്റേഷൻ സൗകര്യക്കുറവുള്ള എയ്ഡഡ് സ്കൂളുകൾ കണ്ടെത്തി സ്ത്രീ-സൗഹൃദ ശൗചാലയങ്ങൾക്ക് മുൻഗണന നല്കി പ്രോജക്ടുകൾ സമർപ്പിക്കേണ്ടതാണ്.

സമീപനം
മനോഭാവ മാറ്റത്തിനായുള്ള ബോധവൽക്കരണ പരിപാടികൾ :-

- ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുക.
- ജൈവ മാലിന്യങ്ങൾ - സ്വയം സംസ്കരണം.
- ആവശ്യമായ ഉപാധികൾ ലഭ്യമാക്കൽ.
- എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം (വ്യക്തി/സ്ഥാപനങ്ങളുടെ ചുമത നിർണ്ണയിക്കൽ).
- വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിക്കൽ, വേർതിരിക്കൽ, സംസ്കരണം.
- പുനരുപയോഗ സാധ്യതകളും, പുന:ചംക്രമണവും ഉറപ്പുവരുത്തൽ
- 2016 മാർച്ച് 18 ന് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മാലിന്യ സംസ്കരണ ചട്ടങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിൽ പ്രാബല്യത്തിലാക്കൽ.
- അജൈവ മാലിന്യം ശേഖരിക്കുന്നതിനും ആവശ്യമായ സാങ്കേതിക സഹായ നൽകുന്നതിനും വിവിധ ഏജൻസികളുമായുള്ള സംയോജനം.
- ആവശ്യമായ പരിശീലനങ്ങൾ നൽകുക.
- മാലിന്യ സംസ്കരണത്തിനാവശ്യമായ മാനവ വിഭവശേഷി പഞ്ചായത്തുതലത്തിൽ ലഭ്യമാക്കുക.
- സംസ്ഥാന - കേന്ദ്ര സർക്കാറുകൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, വകുപ്പുകൾ, ഏജൻസികൾ എന്നിവയുടെ ശ്രേചിത്വ മാലിന്യ സംസ്കരണ പരിപാടികൾ ഏകോപിപ്പിക്കൽ.
- വാർഡ്തല സാനിറ്റേഷൻ കമ്മറ്റികളുടെ ശാക്തീകരണം.
- മാലിന്യം - പുസ്തകം തദ്ദേശ ഭരണ സ്ഥാപന തലത്തിൽ ചർച്ച ചെയ്യൽ.

5.2.13 പാർപ്പിടം.

കേന്ദ്ര സംസ്ഥാന സർക്കാറുകൾ ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികൾ

രാജ്യത്ത് ഇതുവരെ നടപ്പിലാക്കിയിട്ടുള്ളതിൽ വെച്ച് ഏറ്റവും ബൃഹത്തും വ്യാപകവുമായ ഭവന നിർമ്മാണ പദ്ധതിയാണ് ഇന്ദിരാ ആവാസ് യോജന (IAY) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വീടില്ലാത്ത ഗ്രാമീണ ദരിദ്രർക്ക് പാർപ്പിട സൗകര്യം നൽകുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഈ പദ്ധതി 2016-17 മുതൽ പ്രധാന മന്ത്രി ആവാസ് യോജന (ഗ്രാമീൺ) എന്ന പേരിൽ നവീകരിക്കപ്പെട്ടു. വീടൊന്നിനുള്ള കേന്ദ്ര സഹായം 70,000/- രൂപയിൽ നിന്ന് 1.20,000/- രൂപയായി വർദ്ധിപ്പിച്ചു. 2011 ലെ സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് (SECC) പ്രകാരം കണ്ടെത്തിയ ഗ്രണഭോക്താക്കൾക്ക് മാത്രം ധനസഹായം നൽകുന്നതിന് ഗവൺമെന്റ് നിർദ്ദേശിച്ചിരുന്നതിനാൽ അർഹരായ പലർക്കും

ധനസഹായം ലഭ്യമാക്കുവാൻ കഴിയാത്ത അവസ്ഥ മലപ്പുറം ജില്ലയിൽ സംജാതമായി. കഴിഞ്ഞ വർഷങ്ങളിലെ പദ്ധതി പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 5.2.13.1 : പ്രധാന മന്ത്രി ആവാസ് യോജന (ഗ്രാമീൺ) – മലപ്പുറം

വർഷം	ലക്ഷ്യം					വീടുകളിൽ അനുവദനീയമാണ്					വീടുകളുടെ എണ്ണം കുറഞ്ഞു (മുൻ വർഷങ്ങളിൽ പൂർത്തിയായ വീടുകളുടെ എണ്ണം ഉൾപ്പെടെ)				
	SC	ST	Minorities	Others	Total	SC	ST	Minorities	Others	Total	SC	ST	Minorities	Gen	Total
2012-13	3058	113	782	1492	5445	2760	113	1436	758	5067	2629	109	1436	745	4919
2013-14	3730	96	956	1598	6380	2653	96	1849	925	5523	2464	91	1832	889	5276
2014-15	1720	208	3641	1094	6663	1263	162	3659	1072	6156	1128	136	3592	1024	5880
2015-16	1784	248	3551	1065	6648	1790	122	3521	1105	6538	1539	88	3349	1046	6022
2016-17	769	175	1720	623	3287	316	12	790	556	1674	59	3	304	197	563
2017-18	225	52	530	190	997	12	0	56	42	110	0	0	0	0	0
Total	11286	892	11180	6062	29420	8794	505	11311	4458	25068	7819	427	10513	3901	22660

(അവലംബം- പി.എ.യു - വാർഷിക പുരോഗതി റിപ്പോർട്ട്).

2017-18 വർഷം 997 കുടുംബങ്ങൾക്ക് പി.എം.എ.വൈ പ്രകാരം വീട് നിർമ്മിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നെങ്കിലും 110 കുടുംബങ്ങൾക്ക് മാത്രമാണ് വീട് അനുവദനീയമായത്. ഇതിൽ ഒരു വീടും പൂർത്തീകരിച്ചതായി കാണുന്നില്ല. 2016-17 വർഷം 3287 വീടുകൾ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിരുന്നതിൽ 1674 കുടുംബങ്ങൾക്ക് മാത്രമാണ് വീട് അനുവദിച്ചിരിക്കുന്നത്. ആയതിൽ 59 പട്ടികജാതി കുടുംബങ്ങൾക്കും 3 പട്ടികവർഗ കുടുംബങ്ങൾക്കും 304 മൈനോറിറ്റി വിഭാഗങ്ങൾക്കും 197 ജനറൽ വിഭാഗങ്ങൾക്കും അനുവദിച്ച വീട് പൂർത്തീകരിച്ചിട്ടുണ്ട് .

ചിത്രം 5.2.13.1 : PMAY പൂർത്തീകരണം



അവലംബം- പി.എ.യു - വാർഷിക പുരോഗതി റിപ്പോർട്ട്)

വിവിധ വകുപ്പുകൾ നടപ്പിലാക്കിയ ഭവന പദ്ധതികളുടെ വിശദാംശങ്ങൾ

പട്ടിക 5.2.13.2 : പട്ടികവർഗ്ഗ വികസന വകുപ്പ്

ക്രമ നമ്പർ	വർഷം	അനുവദിച്ച വീടുകൾ	പൂർത്തീകരിച്ച വീടുകൾ (31.03.2017 വരെ)	പൂർത്തീകരിക്കാനുള്ള വീടുകൾ
1	2012 -13	31	24	7
2	2013 -14	50	29	21
3	2014 -15	100	39	61
4	2015- 16	450	119	331
5	2016 -17	92	0	92
ആകെ		723	211	512

അവലംബം പട്ടികവർഗ്ഗ വികസന വകുപ്പ്

പട്ടികവർഗ്ഗ വികസന വകുപ്പ് 2012-13 മുതൽ 2016-17 വരെ 723 വീടുകൾ അനുവദിച്ചതിൽ 211 വീടുകൾ പൂർത്തീകരിച്ചിട്ടുള്ളുവെന്നും 512 വീടുകൾ ഇനിയും പൂർത്തീകരിക്കാനുണ്ടെന്നു കാണാം.

പട്ടിക 5.2.13.3 : പട്ടികജാതി വികസന വകുപ്പ്

ക്രമ നമ്പർ	വർഷം	അനുവദിച്ച വീടുകൾ	പൂർത്തീകരിച്ച വീടുകൾ (31.03.2017 വരെ)	പൂർത്തീകരിക്കാനുള്ള വീടുകൾ
1	2012 -13	460	426	34
2	2013 -14	869	713	156
3	2014 -15	634	548	86
4	2015- 16	569	414	155
5	2016 -17	1522	526	996
ആകെ		4054	2627	1427

അവലംബം :പട്ടികജാതി വികസന വകുപ്പ്

പട്ടികജാതി വികസന വകുപ്പ് 2012-13 മുതൽ 2016-17 വരെ 4054 വീടുകൾ അനുവദിച്ചതിൽ 2627 വീടുകൾ പൂർത്തീകരിക്കുകയും 1427 വീടുകൾ പൂർത്തീകരിക്കാനുമുണ്ട്.

പട്ടിക 5.2.13.4 : ഫിഷറീസ് വകുപ്പ്

ക്രമ നമ്പർ	വർഷം	അനുവദിച്ച വീടുകൾ	പൂർത്തീകരിച്ച വീടുകൾ (31.03.2017 വരെ)	പൂർത്തീകരിക്കാനുള്ള വീടുകൾ
1	2012 -13	369	359	10
2	2013 -14	110	101	9
3	2014 -15	890	849	41
4	2015- 16	1295	972	323
5	2016 -17	0	0	0
ആകെ		2664	2281	383

അവലംബം : ഫിഷറീസ് വകുപ്പ്

ചിത്രം 5.2.13.2 :പട്ടികവർഗ്ഗ വികസന/ പട്ടികജാതി വികസന/ ഫിഷറീസ് വകുപ്പുകൾ വിവിധ വർഷങ്ങളിൽ പൂർത്തീകരിച്ച വീടുകളുടെ വിശദാംശങ്ങൾ



അവലംബം :പട്ടികവർഗ്ഗ വികസന/ പട്ടികജാതി വികസന/ ഫിഷറീസ് വകുപ്പ്

പ്രധാന മന്ത്രി ആവാസ് യോജന (നഗരം)

പട്ടികജാതി-പട്ടികവർഗ്ഗക്കാർ, പിന്നോക്ക വിഭാഗങ്ങൾ, ന്യൂനപക്ഷങ്ങൾ, മുതിർന്ന പൗരൻമാർ, ശാരീരിക വൈകല്യമുള്ളവർ, സാമ്പത്തികമായി താഴെക്കിടയിലുള്ളവർ, താഴ്ന്ന

വരുമാനക്കാർ എന്നിവർക്കായി ഭവന നിർമ്മാണത്തിന് സഹായം- ഒരു ലക്ഷം രൂപ മുതൽ 2.50 ലക്ഷം രൂപ വരെ വായ്പയോടു കൂടിയ സഹായം ലഭിക്കുന്നതാണ്.

ലൈഫ് മിഷൻ.

സുരക്ഷിതവും മാന്യവുമായ ഭവനം എല്ലാ വിഭാഗം ജനങ്ങളുടെയും അടിസ്ഥാന ആവശ്യമാണ്. അത് ഉറപ്പാക്കുന്നതിനുള്ള സാഹചര്യമൊരുക്കുന്നതിനും സഹായം നൽകുന്നതിനും അടുത്ത അഞ്ച് വർഷം കൊണ്ട് കേരളത്തിലെ മുഴുവൻ ഭൂരഹിത ഭവനരഹിതർക്കും മാന്യവും സുരക്ഷിതവുമായ ഭവനത്തോടൊപ്പം ജീവനോപാധിയും ഉറപ്പാക്കുന്ന സംവിധാന മൊരുക്കുന്നതിനുമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയാണ് ലൈഫ്. അതായത് അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഭൂരഹിത ഭവനരഹിതർക്കായി ഒരു സമ്പൂർണ്ണ പുനരധിവാസ പദ്ധതിയാണ് ഇതിലൂടെ വിഭാവനം ചെയ്യുന്നത്.

2017 ൽ കുടുംബശ്രീ മിഷൻ മുഖേന നടത്തിയ വിപുലമായ സർവേയിലൂടെ സംസ്ഥാനത്തെ ഭവനരഹിതരുടെ അവസ്ഥാ വിശകലനം സാധ്യമായിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ 1,33,766 ഭൂമിയുള്ള ഭവന രഹിതരും, 3,73,138 ഭൂമിയില്ലാത്ത ഭവന രഹിതരും ഉണ്ട്. മലപ്പുറം ജില്ലയിലാകട്ടെ, 19,102 ഭൂമിയുള്ള ഭവന രഹിതരും 43,002 ഭൂമിയില്ലാത്ത ഭവന രഹിതരും അടക്കം 62,104 ഭവന രഹിതരാണുള്ളത്. ഭവനരാഹിത്യത്തിന്റെ കാര്യത്തിൽ ജില്ല രണ്ടാം സ്ഥാനത്താണുള്ളത്. (അപ്പീലുകൾ പരിശോധിക്കുന്ന മുറയ്ക്ക് കണക്കുകളിൽ വർദ്ധന വരുന്നുണ്ട്.)

പട്ടിക 5.2.13.5 : ഭവന രഹിതർ – സ്വന്തമായി ഭൂമി ഉള്ളവരും ഇല്ലാത്തവരും

ക്രമ നമ്പർ	ജില്ല	ഭൂമി ഉള്ളവർ	ഭൂമി ഇല്ലാത്തവർ	ആകെ
1.	തിരുവനന്തപുരം	14612	53840	68452
2.	മലപ്പുറം	19102	43002	62104
3.	പാലക്കാട്	17094	39872	56966
4.	തൃശ്ശൂർ	10258	38895	49153
5.	കൊല്ലം	9200	39425	48625
6.	എർണ്ണാകുളം	8717	38666	47383
7.	ഇടുക്കി	11492	21321	32813
8.	കോഴിക്കോട്	8945	21342	30287
9.	ആലപ്പുഴ	5778	22988	28766
10.	കോട്ടയം	5569	16383	21952
11.	കാസർക്കോട്	8007	13822	21829
12.	കണ്ണൂർ	6603	13742	20345
13.	വയനാട്	7017	8833	15850
14.	പത്തനംതിട്ട	3399	9106	12505
ആകെ		135793	381237	517030

അവലംബം- ലൈഫ് മിഷൻ സർവേ 2017

ചിത്രം 5.2.13.3 : ഭവന രഹിതർ – സ്വന്തമായി ഭൂമി ഉള്ളവരും ഇല്ലാത്തവരും



അവലംബം- ലൈഫ് മിഷൻ സർവേ 2017

സ്വന്തമായി ഭൂമിയുള്ള ഭവനരഹിതരുടെ എണ്ണത്തിൽ മലപ്പുറം ജില്ല സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനത്തും ഭൂരഹിതരടക്കമുള്ള ആകെ ഭവനരഹിതരുടെ കാര്യത്തിൽ ജില്ല രണ്ടാം സ്ഥാനത്തുമാണ്. നിരവധി ഭവന നിർമ്മാണ പദ്ധതികൾ നടപ്പാക്കിയിട്ടും ജില്ലയിലെ പാർപ്പിട പ്രശ്നം രൂക്ഷമായിത്തന്നെ തുടരുന്നു എന്ന് കാണാം. ലൈഫ് പദ്ധതി കൂടുതൽ കാര്യക്ഷമതയോടെ നടപ്പാക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

മലപ്പുറം ജില്ലയിൽ കരട് ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിച്ച് ആയതിന്മേലുള്ള ഒന്നും രണ്ടും അപ്പീലുകൾ സ്വീകരിച്ച് പ്രസ്തുത വിവരങ്ങൾ ലൈഫ് മിഷൻ MIS ൽ എൻട്രി വരുത്തിയിട്ടുണ്ട് . ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

പട്ടിക 5.2.13.6 : ലൈഫ് മിഷൻ എം.ഐ.എസ് എൽ എൻട്രി ചെയ്യുന്നതിന്റെ വിശദാംശങ്ങൾ

ക്രമ നമ്പർ	ലൈഫ് മിഷൻ എം ഐ എസ് എൽ എൻട്രി ചെയ്യുന്നതിന്റെ വിശദാംശങ്ങൾ	എണ്ണം
1.	ആകെ സർവ്വേ ചെയ്ത കുടുംബങ്ങൾ	132979
2.	അർഹരായ കുടുംബങ്ങൾ	51531
3.	ഭവനരഹിതരായ കുടുംബങ്ങൾ	15405
4.	ഭൂരഹിത ഭവനരഹിത കുടുംബങ്ങൾ	36126
5.	ഒന്നാം അപ്പീൽ ലഭിച്ചത്	50488
6.	അതിൽ അർഹരായവർ	9529
7.	അതിൽ ഭവനരഹിതരായ കുടുംബങ്ങൾ	3697
8.	അതിൽ ഭൂരഹിത ഭവനരഹിത കുടുംബങ്ങൾ	5832
9.	രണ്ടാം അപ്പീൽ ലഭിച്ചത്	7209
10.	അതിൽ അർഹരായവർ	1044
11.	ആകെ അർഹരായവർ	62104

അവലംബം- ലൈഫ് മിഷൻ സർവേ 2017

ചിത്രം 5.2.13.4 : ജില്ലയിൽ ലൈഫ് പദ്ധതിയിൽ അർഹരായവരുടെ വിശദാംശങ്ങൾ



അവലംബം- ലൈഫ് മിഷൻ സർവേ 2017

വിവിധ വകുപ്പുകൾ/പദ്ധതികൾ വഴി ഭവന നിർമ്മാണത്തിന് ധനസഹായം ലഭിച്ചിട്ട് നിർമ്മാണം പൂർത്തീകരിക്കാത്ത 3150 വീടുകൾ ജില്ലയിലുണ്ട്. അവയുടെ വകുപ്പ് തിരിച്ചുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു.

പട്ടിക 5.2.13.7 : നിർമ്മാണം പൂർത്തികരിക്കാത്ത വീടുകൾ

ക്രമ നമ്പർ	തദ്ദേശ ഭരണ സ്ഥാപനം/വകുപ്പ്	വീടുകളുടെ എണ്ണം
1.	ഗ്രാമ പഞ്ചായത്ത്	538
2.	ബ്ലോക്ക് പഞ്ചായത്ത്	992
3.	പട്ടികജാതി വകുപ്പ്	561
4.	പട്ടികവർഗ്ഗ വകുപ്പ്	514
5.	ഫിഷറീസ് വകുപ്പ്	141
6.	മുനിസിപ്പാലിറ്റികൾ	365
7.	പിന്നോക്കക്ഷേമ വകുപ്പ്	2
8.	മൈനോറിറ്റി വെൽഫെയർ	10
9.	ജില്ലാ പഞ്ചായത്ത്	27
ആകെ		3150

പൂർത്തീകരിക്കാനുള്ള ഭവനങ്ങൾക്ക് ജനറൽ, പട്ടികജാതി വിഭാഗങ്ങൾക്ക് 4 ലക്ഷം രൂപ എന്ന നിരക്കിലും പട്ടികവർഗ്ഗ വിഭാഗത്തിന് യഥാർത്ഥത്തിൽ ആവശ്യമായ മുഴുവൻ തുകയും തദ്ദേശ ഭരണസ്ഥാപനങ്ങളുടെ സഹകരണത്തോടെ കണ്ടെത്തി 2018 മാർച്ച് 31 നകം മുഴുവൻ വീടുകളും പൂർത്തീകരിക്കുക എന്നതാണ് ആദ്യഘട്ട ലക്ഷ്യം. കൂടാതെ സർവ്വേയിലൂടെ കണ്ടെത്തിയ മുഴുവൻ ഭവനരഹിതർക്കും ഭവന നിർമ്മാണത്തിനും ഭൂരഹിത ഭവനരഹിതർക്ക് ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിനും രണ്ടാം ഘട്ടത്തിൽ ലക്ഷ്യമിടുന്നു. ജില്ലയിൽ പാർപ്പിട സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ കണ്ടെത്തിയ സ്ഥലങ്ങളുടെ യോഗ്യതാ പരിശോധന നടന്നുവരുന്നു.

ചിത്രം 5.2.13.5 : (ഭവന സമുച്ചയം–ലൈഫ് മിഷൻ മാതൃകാ പ്ലാനുകൾ)





പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിലെ 7 ഏക്കർ സ്ഥലത്താണ് ആദ്യഘട്ടത്തിൽ സമുച്ചയം നിർമ്മിക്കുവാൻ തീരുമാനിച്ചിരിക്കുന്നത്. ഇതിനായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് ഓപ്പറേറ്റീവ് സൊസൈറ്റി (ULCCS) യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എടപ്പാൾ, ആലംകോട്, തവനൂർ, ചീക്കോട്, പാണ്ടിക്കാട് എന്നീ പഞ്ചായത്തുകളിലും പൊന്നാനി, തീരൂർ, കൊണ്ടോട്ടി, നിലമ്പൂർ എന്നീ നഗരസഭകളിലും സ്ഥലം കണ്ടെത്തിയിട്ടുണ്ട്. വിവിധ വകുപ്പുകളുടെയും തദ്ദേശഭരണസ്ഥാപനങ്ങളുടെയും കൈവശമുള്ള ഭൂമി ഇനിയും ലഭ്യമായെങ്കിൽ മാത്രമേ ജില്ലയിലെ ഭൗതിക ലക്ഷ്യം നേടുവാൻ സാധിക്കുകയുള്ളൂ.

പട്ടികവർഗ്ഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ വീട്പണി പൂർത്തീകരണത്തിന് ആവശ്യമായ തുക കണ്ടെത്തുന്നതിന് TPTA കളുടെയും മറ്റ് വിവിധ വകുപ്പുകളിലെ എഞ്ചിനീയർമാരുടെയും സേവനം വിനിയോഗിക്കുന്നതിനുള്ള നടപടികൾ ജില്ലയിൽ പുരോഗമിക്കുന്നു.

പദ്ധതിയുടെ സാമൂഹ്യ പ്രാധാന്യം തിരിച്ചറിഞ്ഞ തദ്ദേശഭരണ സ്ഥാപനങ്ങൾ സാദ്ധ്യമായ വേഗത്തിൽ പദ്ധതി പൂർത്തീകരിക്കുന്നതിനായി കക്ഷി രാഷ്ട്രീയ ഭേദമന്യേ എല്ലാവരെയും

കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തന പരിപാടികൾക്ക് രൂപം നൽകുകയും സാധന, സേവനങ്ങൾ സന്നദ്ധ പ്രവർത്തനത്തിലൂടെയും സ്പോൺസർഷിപ്പിലൂടെയും കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്യുന്നുവെന്നത് ശ്രദ്ധേയമാണ്.

ചിത്രം 5.2.13.6 :മലപ്പുറം ജില്ല-ഫ്ലാറ്റ് നിർമ്മിക്കുന്നതിന് ഏറ്റെടുത്ത സ്ഥലങ്ങളുടെ വിശദാംശങ്ങൾ



അവലംബം : ലൈഫ് മിഷൻ ,മലപ്പുറം

പ്രശ്ന വിശകലനം.

ഭവന പൂർത്തീകരണം സമയബന്ധിതമായി നടപ്പാക്കുന്നതിന് ജില്ല നേരിടുന്ന പ്രശ്നങ്ങൾ നിരവധിയാണ്.

1. നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവും വർദ്ധിച്ച വിലയും കൂലിച്ചെലവും.
2. നിർമ്മാണ സാമഗ്രികൾ സ്ഥലത്തെത്തിക്കുന്നതിനുള്ള ചെലവ്.
3. അപര്യാപ്തമായ യൂണിറ്റ് കോസ്റ്റ്.
4. ഭൂമിയുടെ ലഭ്യതക്കുറവ്.
5. ഗുണഭോക്താവിന്റെ കുടുംബപരവും ആരോഗ്യപരവുമായ പ്രശ്നങ്ങൾ.
6. വിവിധ കാരണങ്ങളാലുള്ള ഗുണഭോക്താവിന്റെ താൽപര്യക്കുറവ്.
7. സാധാരണക്കാരന് ആവശ്യമായ സാങ്കേതിക സഹായം സമയബന്ധിതമായി ലഭ്യമാക്കുവാൻ കഴിയാതിരിക്കുക.
8. പരിസ്ഥിതിക്ക് ചേരാത്ത വീടുകൾ നിർമ്മിക്കുക.
9. അനുവദനീയമായതിലും വലിയ അളവിൽ വീടുകൾ നിർമ്മിക്കാനുള്ള ശ്രമം.
10. അനുവദിച്ച തുക മറ്റ് അടിയന്തിരാവശ്യങ്ങൾക്കായി വകമാറ്റി ചെലവഴിക്കുക.
11. ഭവനനിർമ്മാണം തുടങ്ങുന്നതിന് മുമ്പ് സ്ഥലം നിർമ്മാണത്തിനനുയോജ്യമാണോ എന്നുറപ്പാക്കുന്നതിലെ അപാകത.
12. പാർപ്പിടമേഖലയിലെ ധൂർത്തും ആഡംബരവും.

പ്രശ്ന പരിഹാരങ്ങൾ.

1. ചെലവ് കുറഞ്ഞ പരിസ്ഥിതി സൗഹൃദ ഭവനങ്ങളുടെ നിർമ്മാണം.
2. ഭൂരഹിത ഭവനരഹിതർക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനനുയോജ്യമായ പരമാവധി ഭൂമി കണ്ടെത്തുക.
3. നിർമ്മാണ സാമഗ്രികളുടെ ലഭ്യത ഉറപ്പാക്കുന്നതിന് സംവിധാനം ഒരുക്കുക.

4. തദ്ദേശഭരണ സ്ഥാപനതലത്തിൽ മെറ്റീരിയൽ ആന്റ് ലേബർ ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുക.
5. ഭവനനിർമ്മാണത്തിനും നിർമ്മാണ സാമഗ്രികളുടെ ഉൽപാദനത്തിനും തൊഴിലുറപ്പ്, കുടുംബശ്രീ പ്രവർത്തകർക്ക് മേസൺ പരിശീലനം നൽകുക.
6. കെട്ടിട നിർമ്മാണ സാമഗ്രികളുടെ നിർമ്മാണ യൂണിറ്റ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രയോജനപ്പെടുത്തി ഗ്രാമ പഞ്ചായത്ത് തലത്തിൽ ആരംഭിക്കുക.
7. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് എല്ലാ ഗുണഭോക്താക്കൾക്കും അനുവദനീയമായ തൊഴിൽദിനങ്ങൾ ലഭ്യമാക്കുക.
8. സി എസ് ആർ ഫണ്ട് കണ്ടെത്തുക.
9. സന്നദ്ധസംഘടനകളുടെയും എൻ.എസ്.എസ് വളന്റിയർമാരുടെയും സേവനം വിനിയോഗിക്കുക.
10. ഭവനനിർമ്മാണത്തിനുള്ള ഫണ്ട് സ്വരൂപിക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് തലത്തിൽ ഭവന നിധി രൂപീകരിക്കുക.
11. പരിസ്ഥിതി, പ്രകൃതി സൗഹൃദ വീടുകൾക്ക് പ്രോൽസാഹനം നൽകുക.
12. ഹരിതഭവനം യാഥാർത്ഥ്യമാക്കുന്നതിന് എല്ലാ വീടുകൾക്കും മാലിന്യ സംസ്കരണ സംവിധാനം, മഴക്കുഴി, കിണർ റീചാർജ്ജിംഗ് സംവിധാനം മുതലായവ നിർബന്ധമാക്കുക.
13. പ്രാദേശികായി ലഭ്യമാകുന്ന കെട്ടിട നിർമ്മാണ സാമഗ്രികൾ കഴിവതും ഉപയോഗിക്കുക.

മേൽതട്ട് നിർദ്ദേശങ്ങൾ

- മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി, സ്വച്ഛ് ഭാരത് മിഷൻ, പ്രധാൻ മന്ത്രി ഉജ്ജ്വൽ യോജന, ഡി.ഡി.യു.ജി.ജെ.വൈ., സൂര്യജ്യോതി, ഡി.യു.ജി.കെ.വൈ. എന്നീ പദ്ധതികളുടെ സംയോജനം.
- ഭൂമിയുടെ അപര്യാപ്തത പരിഹരിക്കുന്നതിനായി ഭവന സമുച്ചയങ്ങൾ നിർമ്മിക്കാനുള്ള നടപടികൾ.
- കുന്നിൻ പ്രദേശം, തീരദേശം എന്നിവിടങ്ങളിലെ ഭവന നിർമ്മാണത്തിന് അധിക ധനസഹായം അനുവദിക്കൽ.
- ചെലവ് കുറഞ്ഞതും പ്രകൃതി സൗഹൃദവുമായ ഭവന നിർമ്മാണ രീതികൾ നിർബന്ധമാക്കൽ.
- ഉപയോഗിക്കാതെ അടഞ്ഞു കിടക്കുന്ന വീടുകൾക്ക് അധിക നികുതി ചുമത്തി ആയത് ഭവന പദ്ധതികളിലേയ്ക്ക് വിനിയോഗിക്കൽ
- വിവിധ ഭവന പദ്ധതികളുടെ യൂണിറ്റ് കോസ്റ്റ് ഏകീകരണം
- ജില്ലാ ആസൂത്രണ സമിതി, ജില്ലാതല സാങ്കേതിക സഹായ സമിതി രൂപീകരിക്കുകയും, ജില്ലയിലെ സമ്പൂർണ്ണ പാർപ്പിട പദ്ധതികൾ നടപ്പിലാക്കുന്ന വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും, ജില്ലയിൽ നിക്ഷേപ സംഗമം വഴി ഫണ്ട് കണ്ടെത്തി പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കുക.
- ഇരട്ട വീട് ഒറ്റയാക്കൽ.
- മലപ്പുറം ജില്ലയിൽ കൂട്ടുകുടുംബ വ്യവസ്ഥ നിലനിൽക്കുന്നതിനാൽ ഒരു റേഷൻകാർഡ് ഒരു യൂണിറ്റായി പരിഗണിക്കുന്ന രീതി ലൈഫ് മിഷനിൽ ഒഴിവാക്കണം.
- നഗരങ്ങളിൽ ലഭ്യമാകുന്നതുപോലെ ഗ്രാമങ്ങളിലും സബ്സിഡിയോടു കൂടിയുള്ള ഭവന നിർമ്മാണ വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

5.2.14 വിദ്യാഭ്യാസം

കേന്ദ്രപദ്ധതികൾ

സംസ്ഥാനത്തും ജില്ലയിലും നടപ്പിലാക്കുന്ന പദ്ധതികളാണ് സ്വയശിക്ഷാ അഭിയാനും രാഷ്ട്രീയവിഷ്കാർ അഭിയാനും. ജില്ലയുടെ രൂപീകരണ വേളയിൽ നമ്മുടെ പൊതുവിദ്യാലയങ്ങളുടെ സ്ഥിതി പരമ ദയനീയമായിരുന്നു. ഭൗതിക സൗകര്യങ്ങൾ, അധ്യാപന ഗുണമേന്മ വർദ്ധി പ്പിക്കുന്നതിനുള്ള പരിശീലങ്ങൾ, അധ്യാപക സഹായക സാമഗ്രികൾ എന്നിവയുടെ കാര്യത്തിൽ വലിയ പരാധീനതകളാണ് ജില്ലയിൽ ഉണ്ടായിരുന്നത്.

എന്നാൽ ഈ ഒന്നര ദശകം കൊണ്ട് വിസ്മയകരമായ മാറ്റമാണ് നമ്മുടെ പൊതുവിദ്യാലായങ്ങൾക്ക് സംഭവിച്ചിരിക്കുന്നത്. സ്കൂളുകളിൽ, കെട്ടിടങ്ങളുടെ ഇല്ലായ്മയും ശോചനീയാവസ്ഥയും ഏതാണ്ട് പരിഹരിച്ചുകഴിഞ്ഞു കുടിവെള്ളമുൾപ്പെടെയുള്ള പ്രാഥമിക സൗകര്യങ്ങളും വൈദ്യുതീകരിച്ച ക്ലാസ് മുറികളും നൂറുശതമാനം ലോവർ പ്രൈമറി സ്കൂളുകളിൽ പോലും ലഭ്യമാണിപ്പോൾ. സ്കൂൾ അന്തരിക്ഷം ആകർഷകം മാത്രമല്ല ആരോഗ്യകരവും കൂടിയാക്കുന്നതിൽ നാം വലിയ അളവിൽ വിജയിച്ചു കൊണ്ടിരിക്കുന്നു ഭൗതിക സൗകര്യങ്ങളോടൊപ്പം വിദ്യാഭ്യാസ ഗുണമേന്മയുടെ കാര്യത്തിലും ഗണ്യമായ രീതിയിൽ മുന്നേറാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

അഭിമാനകരമായ ഈ നേട്ടങ്ങളൊന്നും യാദൃച്ഛികമായി സംഭവിച്ചതല്ല. തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടേയും പ്രാദേശിക സമൂഹത്തിന്റേയും നിതാന്ത ജാഗ്രത, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടത്തിയ ബോധപൂർണമായ ഇടപെടലുകൾ, എം പി മാരും എം എൽ എ മാരും ഉൾപ്പെടുന്ന ജനപ്രതിനിധികളുടെ പരിഗണനകൾ അങ്ങിനെ നിരവധി ഘടകങ്ങളുടെ ഏകോപനമാണ് ഈ അവിശ്വസനീയ നേട്ടങ്ങൾക്ക് നിദാനമായത് കുട്ടികളുടെ വിദ്യാഭ്യാസത്തിന് ജീവൻ പ്രധാന്യം നൽകുന്ന കേരളീയ സമൂഹത്തെ സംബന്ധിച്ചേടത്തോളം ഈ നേട്ടങ്ങൾക്ക് വലിയ പ്രാധാന്യവുമുണ്ട്.

നമ്മുടെ സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസമേഖലയിൽ സംഭവിച്ച അവിശ്വസനീയമായ പരിവർത്തനങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ സർവശിക്ഷാ അഭിയാന്റെ പങ്ക് അതീവ നിർണായകമാണെന്ന കാര്യത്തിൽ തർക്കമില്ല. കേവലം ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ മാത്രമല്ല, വിദ്യാലയങ്ങളെ സമഗ്ര മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിലും സർവ്വശിക്ഷാ അഭിയാൻ ഏറെ മുമ്പോട്ട് പോയിക്കഴിഞ്ഞു. പൊതു വിദ്യാഭ്യാസത്തെ സംരക്ഷിക്കാനും നിലനിർത്താനും പുരോഗതിയിലേക്ക് നയിക്കാനുമുള്ള ബഹുജനകൂട്ടായ്മയായ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പശ്ചാത്തലത്തിലാണ് എസ് എസ് എയുടെ വിപുലമായ പ്രവർത്തന പരിപാടികൾ ആസൂത്രണം ചെയ്തിരിക്കുന്നത്.

സർവ്വ ശിക്ഷാ അഭിയാന്റെ പ്രധാന ഇടപെടലുകൾ

നിർമ്മാണ പ്രവർത്തനങ്ങൾ

- 8.5 ലക്ഷം രൂപ ചെലവുവരുന്ന പുതിയ ക്ലാസ് മുറികൾ
- 1.30 ലക്ഷം രൂപ ചെലവ് വരുന്ന,പെൺകുട്ടികൾക്കായുള്ള ടോയിലറ്റുകൾ

- 1.10 ലക്ഷം രൂപ ചെലവിൽ ആൺകുട്ടികൾക്കുള്ള ടോയിലെറ്റുകൾ
- 11.50 ലക്ഷം രൂപയ്ക്ക് സ്കൂളുകളിൽ അറ്റകുറ്റപ്പണികൾ
- സൗജന്യ പാഠപുസ്തകം രണ്ട് മുതൽ എട്ട് വരെ ക്ലാസിലെ കുട്ടികൾക്ക്
- സൗജന്യ യൂണിഫോം ഒന്നു മുതൽ എട്ടു വരെ ക്ലാസുകളിൽ പഠിക്കുന്ന മുഴുവൻ പെൺകുട്ടികൾക്കും . പട്ടിക ജാതി-പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ ദാരിദ്ര്യരേഖക്ക് താഴെയുള്ള ആൺകുട്ടികൾ എന്നിവർക്ക്.
- സ്കൂൾ ഗ്രാന്റ് എൽ.പി സ്കൂൾ യൂണിറ്റുകൾക്ക് : 5000 രൂപ; യു.പി സ്കൂൾ യൂണിറ്റുകൾക്ക് :7000 രൂപ
- മെയിന്റൻസ് ഗ്രാന്റ് സ്വന്തമായി കെട്ടിടമുള്ള സർക്കാർ സ്കൂൾ യൂണിറ്റുകൾക്ക് 7500 രൂപ
- അധ്യാപകർക്ക് പഠനോപകരണ ഗ്രാന്റ് 500 രൂപ വീതം
- വിവിധ വിഷയങ്ങളിലെ പഠന പിന്നാക്കാവസ്ഥ പരിഹരിക്കാൻ വിവിധ പഠന പരിപോഷണ പരിപാടികൾ
- മലയാള ഭാഷയിലെ പിന്നാക്കാവസ്ഥ പരിഹരിക്കാൻ മലയാളത്തിളക്കം
- ക്ലാസ് ലൈബ്രറികൾ
- ഇംഗ്ലീഷ് ഭാഷയിലെ പിന്നാക്കാവസ്ഥ പരിഹരിക്കാൻ ഹലോ ഇംഗ്ലീഷ്
- ഗണിത പഠന പിന്നാക്കാവസ്ഥ പരിഹരിക്കാൻ ഗണിതവിജയം
- രാഷ്ട്രീയ ആവിഷ്കാർ അഭിയാൻ
- തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിൽ ജൈവ വൈവിധ്യ ഉദ്യാനം
- ശാസ്ത്രോത്സവം
- ഗണിതോത്സവം
- വിദ്യാലയങ്ങളുടെ കൂട്ടുചേരൽ പരിപാടി
- ഭിന്നശേഷികളുള്ള കുട്ടികളുടെ വിദ്യാഭ്യാസം
- വൈദ്യപരിശോധന
- സഹായക ഉപകരണങ്ങൾ
- തെറാപി സേവനങ്ങൾ
- ദിനാചരണങ്ങൾ സഹവാസ ക്യാമ്പുകൾ
- യാത്രാ അലവൻസ്
- എസ്കോർട്ട് അലവൻസ്
- ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം
- ഓട്ടിസം കേന്ദ്രങ്ങൾ
- പാഠ്യപദ്ധതി അനുരൂപീകരണം
- ഭാരതമേ പഠിക്കൂ ഭാരതമേ വളരൂ
- പ്രാദേശിക പ്രതിഭാ കേന്ദ്രങ്ങൾ
- ഷെൽറ്റർ റെസിഡെൻഷ്യൽ വിദ്യാലയം
- അധ്യാപക പരിശീലനം
- സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കാനുള്ള വിവിധ പരിപാടികൾ
- പ്രവേശനോത്സവം
- എസ് എം സി/പി ഇ സി പരിശീലനം
- കോർണർ പി ടി എ

ഉച്ച ഭക്ഷണ പദ്ധതി

ജില്ലയിലെ സർക്കാർ, എയ്ഡഡ്, സ്പെഷ്യൽ, എം.ജി.എൽ,സി സ്കൂളുകൾ ഉൾപ്പെടെ ആകെ 1419 സ്കൂളുകളിൽ നിലവിൽ ഉച്ചഭക്ഷണ വിതരണം കാര്യക്ഷമമായി നടത്തുന്നുണ്ട്. പ്രസ്തുത പദ്ധതി കൂടുതൽ ഫലപ്രദമായി നടത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

നിർദ്ദേശങ്ങൾ

- ജില്ലയിലെ ഭൂരിഭാഗം സ്കൂളുകളിലും മതിയായ സൗകര്യങ്ങളോടു കൂടിയുള്ള പാചകപുരയും, സ്റ്റോർ റൂം ഇല്ല. പല സ്കൂളുകളിലെയും പാചകപുരയുടെ അവസ്ഥ ശോചനീയമാണ്. എല്ലാ സ്കൂളുകളിലും മതിയായ സൗകര്യങ്ങളോടു കൂടിയുള്ള പാചകപുരയും, സ്റ്റോർ റൂം ഡൈനിംഗ് ഹാളും എന്നിവ ഉണ്ടാക്കേണ്ടതുണ്ട്.
- മാവേലി സ്റ്റോറുകളിൽ നിന്നും യഥാസമയങ്ങളിൽ അരി സ്കൂളുകളിൽ നേരിട്ട് എത്തിക്കാനുള്ള സൗകര്യം ഉണ്ടാക്കേണ്ടതുണ്ട്.
- പാചക തൊഴിലാളികളുടെ എണ്ണത്തിനുള്ള മാനദണ്ഡം നിലവിൽ 500 കുട്ടികളുള്ളതിൽ ഒന്നും അതിനു മുകളിൽ രണ്ട് പാചക തൊഴിലാളികളുമാണ്. ഇതിൽ വലിയ ജോലി ഭാരം തൊഴിലാളികൾക്ക് വരുന്നുണ്ട്.
- സ്കൂളുകളിൽ ഗുണമേന്മയുള്ളതും വിഷവിമുക്തവുമായിട്ടുള്ള പച്ചക്കറികൾ ബന്ധപ്പെട്ട ഏജൻസികളുടെ സഹായത്തോടെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.
- ഭക്ഷണ സാധനങ്ങളുടെ ഗുണമേന്മ,കുടിവെള്ള പരിശോധന എന്നിവ യഥാസമയം പരിശോധിക്കുന്നതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തണം

സംസ്ഥാനാവിഷ്കൃത പദ്ധതികൾ അവലോകനവും, നിർദ്ദേശങ്ങളും

ഗിഫ്റ്റഡ് ചിൽഡ്രൻ പ്രോഗ്രാം

യു.എസ്.എസ് സ്കോളർഷിപ്പ് നേടിയ വിദ്യാർത്ഥികളിൽ നിന്ന് വിദ്യാഭ്യാസ ജില്ലാ അടിസ്ഥാനത്തിൽ 20 കുട്ടികളെ വീതം തെരഞ്ഞെടുത്ത് വിവിധ മേഖലകളെക്കുറിച്ച് ക്ലാസുകൾ, യാത്രകൾ, ക്യാംപുകൾ എന്നിവ സംഘടിപ്പിക്കുന്നു. 2016-17 വർഷത്തിൽ പദ്ധതിയുടെ ഭാഗമായി 5,74,828/- രൂപ ചെലവഴിച്ചു.

വലിയ ജില്ലയായതിനാൽ കേന്ദ്രീകൃത സ്വഭാവമുള്ള ക്ലാസുകളിൽ പങ്കെടുക്കാൻ വിദ്യാർത്ഥികൾ ബുദ്ധി മുട്ടുന്നുണ്ട് വിദ്യാഭ്യാസ ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്നത് കൂടുതൽ ഫലപ്രദമാകും.

ഇൻസെന്റീവ് അവാർഡ് ടു സ്കൂൾ പി.ടി.എ

ജില്ലയിലെ മികച്ച സ്കൂൾ പി.ടി.എകളെ തെരഞ്ഞെടുത്ത് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി, പദ്ധതി പ്രകാരം വിദ്യാഭ്യാസ ഓഫീസുകൾക്ക് കീഴിലുള്ള മികച്ച ഒരു സ്കൂളിനും ജില്ലാ തലത്തിൽ 4 സ്കൂളുകൾക്കും ക്യാഷ് അവാർഡ് നൽകുന്നു. 2017-18 വർഷത്തിൽ ഈ ഇനത്തിൽ 4,12,500/- രൂപ ചെലവഴിച്ചു.

സ്കൂൾ കലോൽസവം

ഉപജില്ലാ ജില്ലാ സ്കൂൾ കലോൽസവങ്ങൾ നടത്തുന്നതിനായി 2017-18 വർഷത്തിൽ 65.81 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ തുക മതിയാകാറില്ല. ബാക്കി തുക 9, 10 ഹയർസെക്കണ്ടറി ക്ലാസുകളിലെ വിദ്യാർത്ഥികളിൽ നിന്ന് സംഭാവന സ്വീകരിച്ചാണ് കണ്ടെത്തുന്നത് ഈ രീതി മാറേണ്ടതുണ്ട്.

ഡെവലപ്മെന്റ് ഓഫ് സ്പോർട്സ് ആക്ടിവിറ്റീസ്

ഉപജില്ലാ, ജില്ലാ തല സ്കൂൾ കായിക മൽസരങ്ങൾ സംഘടിപ്പിക്കുന്നതിന് 2017-18 വർഷത്തിൽ 6.742 ലക്ഷം രൂപ അനുവദിച്ചു. എന്നാൽ പ്രസ്തുത തുക മൽസര നടത്തിപ്പിന്റെ മൊത്തം ചെലവിന്റെ 25% പോലും ആകുന്നില്ല. ബാക്കി തുക 9, 10, ഹയർസെക്കണ്ടറി ക്ലാസുകളിലെ വിദ്യാർത്ഥികളിൽ നിന്ന് ശേഖരിച്ചാണ് സംഘടിപ്പിക്കുന്നത്. ഈ രീതി മാറേണ്ടതുണ്ട്. മൽസര നടത്തിപ്പിനാവശ്യമായ മുഴുവൻ തുകയും സർക്കാർ നൽകുന്നത് ഉചിതമായിരിക്കും.

ക്യു.ഇ.പി.ആർ

ജില്ലയിലെ തീരദേശ/മലയോര മേഖലകളിലെ പഠനത്തിൽ പിന്നോക്കാവസ്ഥയിലുള്ള സ്കൂളുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ജില്ലയിലെ 7 സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കിയിരുന്നു. 2016-17 വർഷത്തിൽ പദ്ധതിയുടെ ഭാഗമായി 16,18,948/- രൂപ ചെലവഴിച്ചു.

2017-18 വർഷം മുതൽ ഈ പദ്ധതി നടപ്പിലാക്കുന്നില്ല. ആയതിന് പകരം എസ്.എസ്.എ മുഖാന്തിരം ശ്രദ്ധ എന്ന പദ്ധതി നടപ്പിലാക്കുന്നു.

വർക്കിംഗ് എക്സ്പീരിയൻസ് യൂണിറ്റ് ഇൻ എഞ്ചിനീയറിംഗ് സ്കീം സ്കൂൾസ്

എഞ്ചിനീയറിംഗ് സ്കീമിലുള്ള ജില്ലയിലെ 14 സ്കൂളുകൾക്ക് ഉപകരണങ്ങൾ വാങ്ങിക്കുന്നതിനും, മറ്റ് പ്രവർത്തനങ്ങൾക്കുമായി 2016-17 വർഷത്തിൽ 77000/- രൂപ ചെലവഴിച്ചു. തുക അപര്യാപ്തമാണ്.

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം

കേരള സർക്കാർ പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം ഉയർത്തുന്നതിനും തുല്യത, സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനും കുട്ടികളെ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുന്നതിനും പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി ജില്ലയിൽ എല്ലാ സ്കൂളിലും രക്ഷാകർതൃ സമിതികളും വിളിച്ചുചേർത്തു. തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിദ്യാലയങ്ങളിൽ വികസനപ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സർക്കാരും പൊതുസമൂഹവും ഒന്നിച്ചു മുന്നേറുന്ന കാഴ്ച നമുക്ക് കാണാൻ സാധിച്ചു.

പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ജില്ലയിലെ വിവിധ സ്കൂളുകൾക്ക് അസംബ്ലി നിയോജകമണ്ഡലം തിരിച്ച് 16 സ്കൂളുകൾക്ക് 5 കോടി രൂപ വീതവും, 40 സ്കൂളുകൾക്ക് 3 കോടി രൂപ വീതവും, 16 സ്കൂളുകൾക്ക് 1 കോടി രൂപ വീതവും പുതിയ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കും മറ്റ് അനുബന്ധ പ്രവർത്തകനങ്ങൾക്കുമായി അനുവദിച്ചത് പൊതു വിദ്യാഭ്യാസ രംഗത്ത് പുത്തനുണർവ്വ് നൽകിയിട്ടുണ്ട്. ജില്ലയിൽ 3793 ക്ലാസ്റൂമുകൾ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഹൈടെക് നിലവാരത്തിലേക്ക് ഉയർത്തി .

മുകൾതട്ട് നിർദ്ദേശങ്ങൾ

1. വി.എച്ച്.എസ്.ഇ യെ ലൈഫ് മിഷൻ പദ്ധതിയുമായി സംയോജിപ്പിക്കുക.
2. നിലവിൽ ഏറ്റവും കൂടുതൽ പ്രൊജക്ടുകൾ വരുന്ന ഒരു മേഖലയാണ് ഹയർ സെക്കണ്ടറി, എന്നാൽ ഹയർ സെക്കണ്ടറി മേഖലയിൽ നിലവിൽ നിർവഹണ ഉദ്യോഗസ്ഥരില്ല. ഹയർ സെക്കണ്ടറി മേഖലയിൽ നിന്ന് പ്രിൻസിപൽമാരെയും മറ്റും നിർവഹണോദ്യോഗസ്ഥരായി ചുമതലപ്പെടുത്തുക.
3. മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിൽ പ്രത്യേക കേന്ദ്രങ്ങൾ ആരംഭിക്കുക.
4. എല്ലാ ഉപജില്ലകളിലും ഓട്ടിസം പാർക്ക് ആരംഭിക്കുക.

വൊക്കഷണൽ ഹയർസെക്കണ്ടറി

1. ദേശീയ വിദ്യാഭ്യാസനയത്തിന്റെ അടിസ്ഥാനത്തിൽ ജില്ലയിലെ മുഴുവൻ സെക്കണ്ടറി, ഹയർ സെക്കണ്ടറി സ്കൂളുകളിലും തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ആരംഭിക്കുക.
2. നിലവിലെ വി.എച്ച്.എസ്.ഇ സ്കൂളുകളെ തൊഴിലിടങ്ങളുമായി ബന്ധപ്പെടുത്തി നൈപുണ്യ പരിശീലനം കൂടുതൽ മികവുറ്റതാക്കുക.
3. വി.എച്ച്.എസ്.ഇ സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങൾ മികവുള്ള പരിശീലനത്തിനുതകുന്ന നിലവാരത്തിലുള്ളതാക്കുക.
4. വൊക്കേഷണൽ മേഖലയിലെ അധ്യാപകർക്ക് സമയോചിതവും അന്താരാഷ്ട്ര നിലവാരത്തിലുള്ളതുമായ പരിശീലനങ്ങൾ നൽകുക. സർവ്വീസ് പങ്കാളിത്തം സേവനത്തിന്റെ ഭാഗമാക്കുക.
5. വി.എച്ച്.എസ്.ഇ വിജയികൾക്ക് തുടർപഠനത്തിനും പരിശീലനത്തിനും ഫിനിഷിംഗ് സ്കൂളുകൾ സ്ഥാപിച്ച് കോഴ്സുകൾക്ക് അംഗീകാരം നൽകുക.
6. തൊഴിൽ നൈപുണ്യം നേടിയവർക്ക് അനുയോജ്യമായ തൊഴിലിടങ്ങൾ കണ്ടെത്താൻ സഹായിക്കുന്ന കേന്ദ്രങ്ങൾ തുടങ്ങുക
7. ഹയർ സെക്കണ്ടറി/ തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി തത്തുല്യമായി തോന്നാമെങ്കിലും തൊഴിൽ നൈപുണ്യ ശേഷിയുള്ള ഒരു യുവതലമുറ ഉറപ്പാക്കുന്നതിൽ മുഖ്യ പങ്ക് വഹിക്കാൻ വൊക്കേഷണൽ ഹയർ സെക്കണ്ടറികൾ എല്ലാ ഹൈസ്കൂളുകളിലും നടപ്പിലാക്കുക
8. വിദ്യാഭ്യാസ മേഖലയുടെ സമഗ്ര പുരോഗതിക്കായി ആയിരം വിദ്യാർത്ഥികളുള്ള സ്കൂളുകളിൽ ഒരു ഹെൽത്ത് നേഴ്സിനെയും കൗൺസിലറെയും നിയമിക്കുക.

ഉന്നത വിദ്യാഭ്യാസം

ഹയർ സെക്കണ്ടറി വിദ്യാഭ്യാസം പൂർത്തിയാക്കി ഓരോ വർഷവും ഉന്നത വിദ്യാഭ്യാസത്തിനായി അർഹതനേടുന്നത് കുട്ടികളാണ്. ഇവർക്കെല്ലാം ആവശ്യമായ പഠന സൗകര്യം ജില്ലയിൽ ഇല്ല. പരിമിതമായ സൗകര്യങ്ങൾ കാരണം ഭൂരിഭാഗം കുട്ടികളും അന്യ സംസ്ഥാനങ്ങൾ തേടി പോവുകയാണ്. അടുത്ത പത്ത് വർഷത്തിനകമെങ്കിലും സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

ഗവ.മേഖലയിൽ കേവലം 8 കോളേജുകൾ മാത്രമേയുള്ളു. എയ്ഡഡ് മേഖലയിൽ 20 സ്വാശ്രയ മേഖലയിൽ 51 കോളേജുകളും. സ്വാശ്രയ മേഖലയിലാണ് കൂടുതൽ സ്ഥാപനങ്ങളും. വേണ്ടത്ര പി.ജി. കോഴ്സുകളും സ്ഥാപനങ്ങളും ആവശ്യത്തിനനുസരിച്ച് ജില്ലയിൽ ഇല്ല. ഗവേഷണ കേന്ദ്രങ്ങളുടെ അഭാവം. കൂടുതൽ ഗവേഷണ സൗകര്യം കോളേജുകളിൽ നൽകണം.

1. ന്യൂ ജനറേഷൻ കോഴ്സുകൾ അധികവും സ്വാശ്രയ കോളേജുകളിലാണ്. ഇവ സർക്കാർ എയ്ഡഡ് മേഖലകളിൽ വരണം.
2. സർക്കാർ എയ്ഡഡ് മേഖലകളിൽ ടെയിനിംഗ് കോളേജുകൾ വേണം.
3. സർക്കാർ എയ്ഡഡ് മേഖലകളിൽ എഞ്ചിനിറിംഗ് കോളേജുകൾ വേണം.
4. സർക്കാർ എയ്ഡഡ് മേഖലകളിൽ ഫിസിക്കൽ എഡ്യുക്കെഷൻ കോളേജുകൾ വേണം.
5. മലയാളം സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ മേച്ചപ്പെടുത്തണം - മാപ്പിള മലയാളം, മാപ്പിള കലകൾ എന്നിവയിൽ പഠന ഗവേഷണ കേന്ദ്രം മോയിൻ കുട്ടി സ്മാരകത്തിൽ ആരംഭിക്കണം.
6. അലിഗഡ് കേന്ദ്രം കാര്യക്ഷമമാക്കണം.
7. സഹകരണ മേഖലയിൽ കോളേജുകൾക്ക് അംഗികാരം നൽകണം.
8. മഞ്ചേരി മെഡിക്കൽ കോളേജിൽ സൗകര്യം വർദ്ധിപ്പിച്ച് പി.ജി കോഴ്സുകൾ ആരംഭിക്കണം.
9. ഉന്നത വിദ്യാഭ്യാസ രംഗത്തും ഹരിത സേന, ടൂറിസം ക്ലബ്ബ്, ലഹരി വിമുക്തസേന തുടങ്ങിയവയും ബോധവല്കരണ പരിപാടികളും നടക്കണം.
10. തൊഴിൽ അധിഷ്ഠിത സർട്ടിഫിക്കറ്റ് കോഴ്സുകൾ (ഡിടിപി, ടാൻസിലേഷൻ തുടങ്ങിയവ) നടത്തണം
11. തൊഴിൽ പരിശീലനം നടക്കണം (പ്രാദേശിക യൂണിറ്റുകളെ സഹകരിപ്പിച്ച്)
12. ജില്ലയിൽ സർക്കാർ തലത്തിൽ എഞ്ചിനീയറിംഗ് കോളജുകളുടെ അഭാവം നികത്താൻ എഞ്ചിനീയറിംഗ് കോളജുകൾ അനുവദിക്കുക.
13. യുവജനങ്ങളെ ശാക്തീകരിക്കുന്നതിനു വേണ്ടി യുവജന ശ്രീ രൂപീകരിക്കുക.

കായികം

മേൽത്തട്ട് നിർദ്ദേശങ്ങൾ

സ്പോർട്സ് കൗൺസിൽ മുഖേനെ ജില്ലയിൽ നടപ്പിലാക്കുന്നതിനുള്ള പദ്ധതി നിർദ്ദേശങ്ങൾ

1. പരിശീലനത്തിനുള്ള ഇനം തിരഞ്ഞെടുക്കൽ

ഓരോ സ്കൂളിനും ആ സ്കൂളിലെ കളിസ്ഥലം, സൗകര്യങ്ങൾ എന്നിവ പരിശോധിച്ച് ഗ്രാമ പഞ്ചായത്ത് സംവിധാനം, പ്രിൻസിപ്പാൾ, ഹെഡ്മാസ്റ്റർ, പി.ഇ.ടി അദ്ധ്യാപകൻ, ഹയർ സെക്കണ്ടറി സ്പോർട്സ് & ഗെയിംസ് ചാർജുള്ള അദ്ധ്യാപകൻ, പി.ടി.ഐ ഭാരവാഹി എന്നിവരെ ഉൾപ്പെടുത്തി ചർച്ച ചെയ്ത് ഒരു ഇനം തെരെഞ്ഞെടുക്കുക. ഇതിനായി വിവിധ അസോസിയേഷനുകളുടെ സഹായം തേടാവുന്നതാണ്.

- ഫുട്ബോൾ
- അത്ലറ്റിക്സ്
- ബാസ്കറ്റ്ബോൾ
- ഹോക്കി
- ക്രിക്കറ്റ്
- ഷട്ടിൽ ബാഡ്മിന്റൺ
- വോളിബോൾ
- ആർച്ചറി

- റസലിംഗ്
- ബോക്സിംഗ്
- ബോൾ ബാഡ്മിന്റൺ
- സൈക്കിംഗ്
- ഫെൻസിംഗ്
- ഹാന്റ്ബോൾ
- ജൂഡോ
- കബഡി
- ഖൊ-ഖൊ
- നെറ്റ്ബോൾ
- റോളർസ്കേറ്റിംഗ്
- തൈക്കൊണ്ടോ
- ടെന്നീസ്
- ടേബിൾ ടെന്നീസ്
- ചെസ്സ്
- കനോയിംഗ് കയാക്കിംഗ്
- റോവിംഗ്

2. പരിശീലകരെ കണ്ടെത്തലും പരിശീലിപ്പിക്കലും

സ്പോർട്സ് ക്ലബ്ബുകൾ, വിരമിച്ച കായിക അദ്ധ്യാപകർ, സർവ്വീസിലുള്ള കായിക അദ്ധ്യാപകർ, മികച്ച കായിക താരങ്ങൾ എന്നിവരിൽ നിന്നും സന്നദ്ധതയും താൽപര്യവും ഉള്ള ആളുകളെ നിശ്ചിയക്കണം. ഇങ്ങനെ കണ്ടെത്തുന്ന ആളുകൾക്ക് ആറ് ആഴ്ച്ച നീണ്ടുനിൽക്കുന്ന പരിശീലന കോഴ്സ് ചില ഇനങ്ങളിലായി നടത്തുന്നുണ്ട്. ആയതിൽ മേൽ പറഞ്ഞ ഗെയിമുകൾക്ക് ജില്ലാ പഞ്ചായത്ത് ചെലവിൽ ടെയിനിംഗ് കഴിച്ച് കൊടുക്കണം. അല്ലാത്ത ഇനങ്ങളിൽ സ്പോർട്സ് കൗൺസിലിന്റെയും വിവിധ അസോസിയേഷനുകളുടെയും ആഭിമുഖ്യത്തിൽ പരിശീലകരെ കണ്ടെത്താവുന്നതാണ്.

3. കായിക പ്രതിഭകളെ കണ്ടെത്തൽ

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ വിദ്യഭ്യാസ സ്ഥാപനങ്ങളെ അടിസ്ഥാനപ്പെടുത്തി അഭിരുചിയും കഴിവും ഉള്ള 8 നും 14 നും ഇടക്ക് പ്രായമുള്ള കുട്ടികളെ കായിക ക്ഷമതാ പരിശോധനയിലെ മികവിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തണം. തിരഞ്ഞെടുത്ത ഇനം ഗെയിമാണെങ്കിൽ ഒരു ടീമുണ്ടാക്കാനാവശ്യമായ എണ്ണത്തിലെങ്കിലും കുട്ടികളെ എടുക്കണം. ഹയർ സെക്കണ്ടറി വിഭാഗത്തിലെ കുട്ടികളെയും ഈ പരിശീലനത്തിന്റെ ഭാഗമാക്കണം ഒരു സ്കൂളിൽ നിന്ന് സ്പോർട്സ് കൗട്ടയിൽ പ്രവേശനം നേടിയ 20 കുട്ടികളെ പരിശീലനത്തിന് തെരെഞ്ഞെടുക്കാവുന്നതാണ്.

4. പരിശീലന കേന്ദ്രങ്ങൾ തിരഞ്ഞെടുക്കൽ, സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

തിരഞ്ഞെടുത്ത കായിക ഇനത്തിന് പരിശീലനം നൽകാൻ അതാത് സ്കൂളുകളിലെ കളി സ്ഥലം ഉപയോഗിക്കണം. അതിനാവശ്യമായ മരാമത്ത് പ്രവർത്തികൾ നടത്തി തയ്യാറാക്കണം. പരിശീലനത്തിന് ഒരു വർഷത്തേക്ക് ആവശ്യമായ കളിയുപകരണങ്ങൾ, കുട്ടികൾക്കുള്ള യൂണിഫോം എന്നിവയുടെ ലഭ്യത ഉറപ്പാക്കണം. ലഭ്യതക്ക് അനുസരിച്ച് ഒന്നിൽ കൂടുതൽ പരിശീലന കേന്ദ്രങ്ങളാവാം. ഓരോ ജില്ലാ പഞ്ചായത്ത് ഡിവിഷനുകളിലും ഓരോ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനെകുറിച്ച് ആലോചിക്കണം. ഗ്രാമ പഞ്ചായത്ത് സ്റ്റേഡിയങ്ങൾ, ഗ്രൗണ്ടുകൾ എന്നിവയും ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്.

5. പരിശീലനം സംഘടിപ്പിക്കൽ

ജൂൺ മാസത്തോടെ തന്നെ തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് സ്കൂൾ സമയം തടസ്സപ്പെടാതെ രാവിലെയും വൈകുന്നേരവും രണ്ട് മണിക്കൂർ വീതം ആഴ്ചയിൽ 5 ദിവസവും പരിശീലനം നൽകണം. സ്പോർട്സ് കൗൺസിൽ പുറത്തിറക്കുന്ന മാന്വൽ പ്രകാരമായിരിക്കും പരിശീലനം നൽക്കേണ്ടത്. ഒരു വർഷം നീണ്ടു നിൽക്കുന്ന പരിപാടിക്ക് കൃത്യമായ മോണിറ്ററിംഗ് സംവിധാനം ഉണ്ടാകണം. പോഷകാഹാരം രാവിലെയും വൈകുന്നേരവും നൽകണം.

6. നടത്തിപ്പ് കമ്മിറ്റി

ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിനായി ജില്ലാതലത്തിൽ പഞ്ചായത്ത്, ജില്ലാ സ്പോർട്സ് കൗൺസിൽ, ഡി.ഡി.പി, ഡി.ഡി.ഇ, ആർ.ഡി.ഡി, എന്നിവരുടെ പ്രതിനിധികളടങ്ങിയ ഒരു കമ്മിറ്റിയും, സ്കൂൾ തലത്തിൽ വാർഡ് മെമ്പർ, പ്രിൻസിപ്പാൾ, ഹെഡ്മാസ്റ്റർ, പി.ഇ.ടി, അദ്ധ്യാപകൻ, ഹയർ സെക്കണ്ടറി സ്പോർട്സ് & ഗെയിംസ് ചാർജ്ജുള്ള അദ്ധ്യാപകൻ, പി.ടി.എ പ്രസിഡന്റ് എസ്.എം.സി പ്രതിനിധി എന്നിവരടങ്ങിയ കമ്മിറ്റിയും രൂപീകരിക്കുക. കമ്മിറ്റികളുടെ സ്ഥിരമായ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക.

7. കായിക പ്രതിഭകളെ ആദരിക്കൽ

പ്രസ്തുത പരിശീലനം, മത്സരം എന്നിവയിലുള്ള നല്ല പ്രകടനം കാഴ്ച്ച വെക്കുന്ന കുട്ടികളെ ആദരിക്കേണ്ടതാണ്. ജില്ലയിലെ മറ്റു മത്സര തലങ്ങളിൽ വിജയിച്ച് വരുന്ന കുട്ടികളെ നല്ല വിധത്തിൽ പ്രോൽസാഹിപ്പിക്കുകയും ആദരിക്കുകയും ചെയ്യേണ്ടതാണ്.

കായിക പ്രതിഭകൾക്ക് ഇൻഷൂറൻസ് സംരക്ഷണം നൽക്കേണ്ടതാണ്. കായിക പ്രതിഭകളുടെ ഭാവി സുരക്ഷിതമാക്കുന്നതിന് തൊഴിൽ ലഭ്യമാക്കുന്നതിന് ശ്രമിക്കേണ്ടതാണ്.

പദ്ധതിയുടെ നേട്ടങ്ങൾ

1. നിത്യേനയുള്ള വ്യായാമത്തെ കുറിച്ചും, ആരോഗ്യ പരിപാലനത്തിൽ വ്യായാമത്തിനുള്ള സ്ഥാനത്തെ കുറിച്ചും സമൂഹത്തിൽ അവബോധമുണ്ടാക്കാൻ ഈ പദ്ധതി സഹായിക്കും.
2. ജില്ലയിലെ കായിക പ്രതിഭകളെ കണ്ടെത്തി അവർക്ക് വളരാനും വികസിക്കാനുമുള്ള അവസരമൊരുക്കും.
3. കായിക രംഗത്ത് അഭിരുചിയും താൽപര്യവുമുള്ള ചെറുപ്പക്കാർക്കും, വിദ്യാർത്ഥികൾക്കും പ്രോൽസാഹനം നൽകാൻ കഴിയും.
4. അസുഖങ്ങളില്ലാത്ത ആരോഗ്യമുള്ള കുട്ടികളെ വളർത്തി കൊണ്ടുവരുന്നതിന് സാധിക്കും.
5. സ്കൂളിലെ കായിക പരിശീലനം ഫലപ്രദമാക്കാനും കായിക സമിതികളുമായി ബന്ധപ്പെടുത്തി ചിട്ടപ്പെടുത്താനും കഴിയും.

6. ആളുകൾക്കിടയിൽ വർദ്ധിച്ചു വരുന്ന അനാവശ്യ ശീലങ്ങൾ, അക്രമ വാസനകൾ എന്നിവക്ക് ഒരു പരിധി വരെ കുറവു വരുത്താൻ സഹായിക്കും.
7. സ്പോർട്സ് രംഗത്തും, ആരോഗ്യരംഗത്തും ജില്ലക്ക് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ അവസരമൊരുക്കും.

5.3.15 ഊർജ്ജം.

ജില്ലയിൽ ഊർജ്ജ രംഗത്ത് വൈദ്യുതി മേഖല നടപ്പിലാക്കി വരുന്ന പദ്ധതികൾ താഴെ ചേർക്കുന്നു.

കേന്ദ്ര പദ്ധതികൾ

1. ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ ജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ)

റൂറൽ ഏരിയ വൈദ്യുതീകരണം ലക്ഷ്യം വെച്ചുള്ള പദ്ധതിയാണ് ഡി.ഡി.യു.ജി.ജെ.വൈ. റൂറൽ ഏരിയയിലെ പ്രസരണ വിതരണ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുക, വിതരണ ട്രാൻസ്ഫോർമറുകൾ, ഫീഡറുകൾ, എന്നിവയ്ക്ക് മീറ്ററുകൾ സ്ഥാപിക്കുക, ഉപഭോക്താക്കളുടെ പ്രവർത്തന രഹിതമായ വൈദ്യുതി മീറ്ററുകൾ മാറ്റി സ്ഥാപിക്കുക തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. 07.06.2016 ന് തുടക്കം കുറിച്ച ഈ പദ്ധതിയുടെ കാലാവധി 30.06.2018 ന് അവസാനിക്കുകയാണ്. ഈ പദ്ധതി പ്രകാരം ജില്ലയിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെയും കൈവരിച്ചിട്ടുള്ള നേട്ടങ്ങളുടെയും തരം തിരിച്ചുള്ള വിവരണം അനുബന്ധം 5.3.15.1 ചേർക്കുന്നു.

2. ഇന്റഗ്രേറ്റഡ് പവർ ഡവലപ്മെന്റ് സ്കീം (ഐ.പി.ഡി.എസ്)

അർബൻ ഏരിയയുടെ വൈദ്യുതീകരണം ലക്ഷ്യം വെച്ച് നടപ്പിലാക്കുന്ന വികസന പദ്ധതിയാണ് ഐ.പി.ഡി.എസ്. 11.08.2016 ന് തുടക്കം കുറിച്ച ഈ പദ്ധതിയുടെ കാലാവധി 14.12.2018ന് അവസാനിക്കുകയാണ്. മലപ്പുറം ജില്ലയിലെ മഞ്ചേരി, തിരൂർ, നിലമ്പൂർ എന്നീ ഇലക്ട്രിക്കൽ സർക്കിളുകൾക്ക് കീഴിൽ വരുന്ന പെരിന്തൽമണ്ണ, മലപ്പുറം, തിരൂർ, പൊന്നാനി, നിലമ്പൂർ എന്നീ നഗരങ്ങളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഈ പദ്ധതി പ്രകാരം ജില്ലയിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെയും കൈവരിച്ചിട്ടുള്ള നേട്ടങ്ങളുടെയും തരം തിരിച്ചുള്ള വിവരണം താഴെ ചേർക്കുന്നു.

പട്ടിക 5.3.15.1 : ഐ.പി.ഡി.എസ്. പദ്ധതി – പ്രവർത്തികളും നേട്ടങ്ങളും

ക്രമ നമ്പർ	നിർമ്മാണ പ്രവർത്തനങ്ങൾ	അനുമതി ലഭിച്ച പ്രവൃത്തികൾ		പൂർത്തീകരിച്ച പ്രവൃത്തികൾ	
		പ്രവൃത്തിയുടെ വിവരണം	അനുവദിച്ചിട്ടുള്ള തുക (ലക്ഷത്തിൽ)	പ്രവൃത്തിയുടെ വിവരണം	സാമ്പത്തിക പുരോഗതി (ലക്ഷത്തിൽ)
1	33/11 കെ.വി. സബ്സ്റ്റേഷൻ നവീകരണം	11 എണ്ണം	176	-	-
2	11 കെ.വി. ലൈൻ	30.5 കി.മീ.	204.82	1.98 കി.മീ.	13.031
3	11 കെ.വി. ലൈൻ റി കണ്ടക്ടറിംഗ്	2 കി.മീ.	7	-	-
4	എ.ബി. കേബിൾ	99 കി.മീ.	1669.805	-	-

ക്രമ നമ്പർ	നിർമ്മാണ പ്രവർത്തനങ്ങൾ	അനുമതി ലഭിച്ച പ്രവൃത്തികൾ		പൂർത്തീകരിച്ച പ്രവൃത്തികൾ	
		പ്രവൃത്തിയുടെ വിവരണം	അനുവദിച്ചിട്ടുള്ള തുക (ലക്ഷത്തിൽ)	പ്രവൃത്തിയുടെ വിവരണം	സാമ്പത്തിക പുരോഗതി (ലക്ഷത്തിൽ)
5	ട്രാൻസ്ഫോർമർ സ്ഥാപിക്കൽ	58 എണ്ണം	178.61	-	-
6	ട്രാൻസ്ഫോർമർ ശേഷി വർദ്ധിപ്പിക്കൽ	3 എണ്ണം	8.061	-	-
7	എൽ.ടി. ലൈൻ	15.75 കി.മീ.	84	-	-
8	എൽ.ടി. ലൈൻ കൺവെർഷൻ	119.15 കി.മീ.	189.468	0.15 കി.മീ.	0.278
9	എൽ.ടി. റി കണ്ടക്ടറിംഗ്	278.41 കി.മീ.	843.685	12.959 കി.മീ.	40.251
10	മീറ്ററുകൾ സ്ഥാപിക്കൽ	34157 എണ്ണം	659.04	16262 എണ്ണം	151.608
11	സോളാർ പാനൽ സ്ഥാപിക്കൽ	95 കിലോ വാട്ട്	66.5	80 എണ്ണം	56
12	യു.ജി.കേബിൾ	13 കി.മീ.	406.295	-	-
13	മറ്റുള്ളവ	120 എണ്ണം	32.04	-	-
ആകെ			4525.324		261.168

അവലംബം : കെ.എസ്.ഇ.ബി.

മേൽ പറഞ്ഞ പദ്ധതികൾ പൂർത്തീകരിക്കുന്നതോടെ ദിനം പ്രതി ഇടതടവില്ലാതെ ഗുണമേന്മയുള്ള വൈദ്യുതി എല്ലാ മേഖലയിലും ലഭ്യമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സംസ്ഥാന പദ്ധതികൾ

1. വിതരണം- സാധാരണ പണികൾ

വിതരണ നഷ്ടം കുറയ്ക്കുന്നതിനും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും അധിക സർവ്വീസ് കണക്ഷൻ നൽകുന്നതിനും വിതരണ സംവിധാനം മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇതിനായി ഇലക്ട്രിസിറ്റി ബോർഡിന്റെ തനതു ഫണ്ട്, ഉപഭോക്തൃ വിഹിതം, എം. പി., എം. എൽ. എ മാരുടെ പ്രാദേശിക വികസന ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം എന്നിവ ഉപയോഗിക്കുന്നു. 2017-18 വർഷം ഇതിനായി സംസ്ഥാന ബജറ്റിൽ 15,000/- ലക്ഷം രൂപ ആണ് നീക്കി വെച്ചിട്ടുള്ളത്. 2016-17 വർഷം ജില്ലയിൽ ഈ പദ്ധതി പ്രകാരം വിവിധ ഡിവിഷനുകൾ നടപ്പിലാക്കിയ പദ്ധതിയുടെ പുരോഗതി പട്ടിക 5.3.15.2 ൽ ചേർത്തിരിക്കുന്നു.

പട്ടിക 5.3.15.2 : ഡിസ്ട്രിബ്യൂഷൻ നോർമൽ - മലപ്പുറം ജില്ലയിലെ വിവിധ ഡിവിഷനുകളുടെ പ്രവർത്തന പുരോഗതി (2016-17) (തുക രൂപ ലക്ഷത്തിൽ)

ക്രമ നം.	ഡിവിഷൻ	പദ്ധതിയുടെ പേര്	അനുവദിച്ച തുക	ചെലവ്	ചെലവ് %
1	മഞ്ചേരി	ഡിസ്ട്രിബ്യൂഷൻ നോർമൽ	625.68	595.46	95.17
2	പെരിന്തൽമണ്ണ		1349.86	779.39	57.74
3	തിരൂരങ്ങാടി		876	957.82	109.34

4	നിലമ്പൂർ		1333.71	1140.02	85.48
5	വണ്ടൂർ		864.14	731.77	84.68
6	പൊന്നാനി		476.77	476.77	100.00
7	തിരൂർ		776.25	776.25	100.00
8	കൊണ്ടോട്ടി		629.21	562.91	89.46
ആകെ			6931.62	6020.39	86.85

അവലംബം: പ്ലാൻ സ്പേസ്

2. ആഢ്യൻപാറ ചെറുകിട ജലവൈദ്യുത പദ്ധതി (3.5 മെ.വാ)

നിലമ്പൂർ താലൂക്കിലെ ചാലിയാർ ഗ്രാമപഞ്ചായത്തിലെ ചാലിയാറിന്റെ പോഷക നദിയായ കാഞ്ഞിര പുഴ അരുവിയുടെ സാധ്യതകൾ വൈദ്യുതോൽപ്പാദനത്തിനായി വിനിയോഗിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് വിഭാവനം ചെയ്യുന്നത്. ഇതിന്റെ സ്ഥാപന ശേഷി 3.5 മെ.വാട്ടാണ്. വാർഷിക ഉത്പ്പാദന ശേഷി 9.01 മില്ലി.യൂണിറ്റാണ്.

3. ട്രാൻസ് ഗ്രിഡ് 2.0

സംസ്ഥാനത്തിനകത്തുള്ള പ്രസരണ രംഗത്തെ പ്രശ്നങ്ങൾ 400 കെ.വി, 200 കെ.വി ലൈനുകൾ ശക്തിപ്പെടുത്തി അധിക പ്രസരണ സംവിധാനമായ ട്രാൻസ് ഗ്രിഡ് 2.0 സ്ഥാപിച്ച് 2023 ആകുമ്പോഴെക്കും പ്രസരണ മേഖലയിലെ പ്രശ്നങ്ങൾ പൂർണ്ണമായി പരിഹരിക്കുവാൻ പദ്ധതി ലക്ഷ്യമിടുന്നു. കിഫ്ബിയുടെ കീഴിൽ പരിഗണിക്കുന്ന ട്രാൻസ് ഗ്രിഡ് 2.0 പദ്ധതിക്ക് 6375 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

4. ഇ-സേഫ് കേരള

ഇലക്ട്രിക്കൽ അപകട നിയന്ത്രണ നിരീക്ഷണ കേന്ദ്രവും ഇലക്ട്രിക്കിൽ സേഫ്റ്റി മാനേജ്മെന്റ് സിസ്റ്റവുമാണ് ഇ-സേഫ് കേരളയിൽ ഉൾപ്പെട്ടിരിക്കുന്നത്. 2017-18 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഈ പദ്ധതി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വഴിയാണ് നടപ്പിലാക്കുന്നത്. ഇലക്ട്രിക്കൽ സുരക്ഷാ വാർഡുകളും ഇലക്ട്രിക്ഷ്യൻ/വയർമാൻ, സൂപ്പർവൈസർ, ഇലക്ട്രിക്കൽ തൊഴിലാളികൾ എന്നിവർക്ക് പരിശീലനവും കാര്യശേഷി വികസനവും വിഭാവനം ചെയ്യുന്നു. ഈ പദ്ധതിക്കായി 2017-18 വർഷം 180 ലക്ഷം രൂപയാണ് സംസ്ഥാന ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്.

5.പുനരാവർത്തക ഊർജ്ജപരിപാടികൾ

ബയോഗ്യാസ് പ്ലാന്റുകൾ, ഗാർഹിക/കമ്മ്യൂണിറ്റി രീതിയിലുള്ള മെച്ചപ്പെട്ട ചൂള, സൗരോർജ്ജ പി.വി. സംവിധാനം /കാറ്റ് ഹൈബ്രിഡ് സംവിധാനം, സോളാർ വാട്ടർ താപനം, പുനഃരാവർത്തക ഊർജ്ജ സെൻസസും ഉൽപ്പനങ്ങൾക്കും ടെക്നീഷ്യൻസിനും ഇൻഷൂറൻസ്, പോർട്ടൽ വികസനം എന്നിവയാണ് ഈ പദ്ധിതിയിലെ പ്രധാന പ്രവർത്തനങ്ങൾ. 2017 വർഷം ഈ പദ്ധിക്കായി 3065 ലക്ഷം രൂപയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്.

മേൽതട്ട് നിർദ്ദേശങ്ങൾ

- ഇലക്ട്രിക് വാഹനങ്ങളുടെ പ്രചാരണം വർധിപ്പിക്കുന്നതിനായി പല തരത്തിലുള്ള ഇളവുകൾ (നികുതി, സൗജന്യ പാർക്കിംഗ്) നടപ്പിൽ വരുത്തുക. കൂടുതൽ ചാർജ്ജിംഗ് പോയന്റുകൾ കണ്ടെത്തുക.

- വളരെ ഫലപ്രദവും സൗകര്യപ്രദവുമായ പൊതു ഗതാഗത സംവിധാനം നിലവിൽ വന്നാൽ ഓരോ വ്യക്തിക്കും തന്റെ വാഹനം ഉപയോഗിക്കുന്നതിനുള്ള പ്രവണത കുറയുന്നതും തദ്വാരാ പെട്രോളിയം ഉൽപ്പന്നങ്ങളുടെ ഉപയോഗം കുറച്ചു കൊണ്ടുവരാനും സാധിക്കുന്നതാണ്. റോഡുകളുടെയും പൊതു ഗതാഗത സൗകര്യങ്ങളുടെയും വികസനത്തിന് അനുകൂലമായ രീതിയിൽ ഗതാഗത നയം രൂപീകരിക്കേണ്ടിയിരിക്കുന്നു.
- പഞ്ചായത്ത് / മുനിസിപ്പൽ തലത്തിൽ സിറ്റി ഗ്യാസ് പദ്ധതി നടപ്പിലാക്കുക.
- പുതിയ റോഡുകളുടെ നിർമ്മാണം, പഴയ റോഡുകളുടെ നവീകരണം എന്നീ പ്രവൃത്തികളോടൊപ്പം തന്നെ അനുബന്ധ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുമ്പോൾ "യൂട്ടിലിറ്റി കോറിഡോർ" സംവിധാനം ഒരുക്കേണ്ടതാണ്.
- 2020 വർഷത്തോട് കൂടി കൃഷി ആവശ്യത്തിന് ഉപയോഗിക്കുന്ന ഡീസൽ പമ്പുകൾ പൂർണ്ണമായും ഒഴിവാക്കുന്നതിനും പകരം BEE സ്റ്റാർ ലേബലുള്ള കാർഷിക പമ്പ് സെറ്റുകൾ/സോളാർ വാട്ടർ പമ്പ് ഉപയോഗിക്കുന്നതിലേക്കും ജില്ലയിലെ കാർഷിക മേഖലയെ മാറ്റുന്നതിനുള്ള പദ്ധതി തയ്യാറാക്കുക. മൈക്രോ ജലസേചന സംവിധാനം ഏർപ്പെടുത്തുന്നതിന് കർഷകർക്ക് സബ്സിഡി നൽകുക. ജലനിധി, ജലധാര തുടങ്ങി എല്ലാ കുടിവെള്ള പദ്ധതികൾക്കും ഊർജ്ജ ക്ഷമതയുള്ള പമ്പു സെറ്റുകൾ ഉപയോഗിക്കുകയോ സോളാർ പമ്പ് സെറ്റുകളിലേയ്ക്ക് മാറുകയോ ചെയ്യുക. കോൾ പ്രദേശങ്ങളിൽ സൗരോർജ്ജം അടിസ്ഥാനത്തിലുള്ള മോട്ടോർ പമ്പുകൾ വ്യാപകമാക്കുക.
- ബി.പി.എൽ. വീടുകൾക്ക് ഗ്യാസ് കണക്ഷൻ കൊടുക്കുന്നതിന് പദ്ധതി തയ്യാറാക്കുക.
- പ്രകൃതി വാതക വൈദ്യുതി ഉൽപാദന കേന്ദ്രങ്ങൾ (സാധ്യത കണ്ടെത്തിയത് – അരീക്കോട്, എടരിക്കോട്, മാലാപറമ്പ്) പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങുക.
- ശൃംഖലാബന്ധിത സൗരോർജ്ജ വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുന്നതിലൂടെ അവ സ്ഥാപിക്കുന്ന കെട്ടിടത്തിലെ വൈദ്യുതാവശ്യം നിറവേറ്റുന്നതിനും, അധികമായി ഉല്പാദിപ്പിക്കുന്ന വൈദ്യുതി സംസ്ഥാന വൈദ്യുത വിതരണ ശൃംഖലയിലേയ്ക്ക് നൽകുന്നതിനും കഴിയുന്നതാണ്. ഹൈബ്രിഡ് (ഓഫ് ഗ്രിഡ് & ഓൺ ഗ്രിഡ്) സോളാർ ഇൻവർട്ടറുകൾ ഈ പദ്ധതിയുടെ ഭാഗമാക്കുക. ഇതിലൂടെ നിലവിലെ ബാറ്ററി ചാർജ്ജിംഗ് സംവീധാനം പൂർണ്ണമായും സോളാറിലേക്ക് മാറ്റുക.
- വാണിജ്യാടിസ്ഥാനത്തിൽ നിർമ്മിക്കുന്ന കെട്ടിടങ്ങൾ, ലക്ഷ്വറി ടാക്സ് അടയ്ക്കുന്ന വീടുകൾ, പുതുതായി പണിയുന്ന 3000 സ്ക്വയർ ഫീറ്റിന് മുകളിലുള്ള വീടുകൾ എന്നിവിടങ്ങളിൽ സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിക്കുന്നത് ബിൽഡിംഗ് നമ്പർ അനുവദിക്കുന്നതിനുള്ള മാനദണ്ഡമായി ചേർക്കുക.
- ജില്ലയിലെ ഉപയോഗ ശൂന്യമായി കിടക്കുന്ന റവന്യൂ സ്ഥലങ്ങളിൽ അക്ഷയ ഊർജ്ജ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പഠനം നടത്തുക.
- സർക്കാർ സ്ഥാപനങ്ങളിൽ ഇൻവർട്ടർ, ജനറേറ്റർ എന്നിവയുടെ ഉപയോഗം പരമാവധി ഒഴിവാക്കി ഓഫ് ഗ്രിഡ് സോളാർ പവർപ്ലാന്റ് കേന്ദ്ര ധന സഹായത്തോടുകൂടി സ്ഥാപിക്കുക.
- സർക്കാർ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ മേൽക്കൂരയിലേക്കെത്തിച്ചേരുന്നതിനുള്ള കോണിപ്പടികൾ/ലാഡർ സൗകര്യം പണിയുക. മേൽക്കൂരകൾ പരന്ന ഉപരിതലത്തോട് കൂടി നിർമ്മിക്കാൻ ശ്രദ്ധിക്കുക.
- സബ്സ്റ്റേഷനുകൾക്കു വേണ്ടി സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തികൾ ജില്ലാ ഭരണകൂടം/ സർക്കാർ തലത്തിൽ ത്വരിതപ്പെടുത്തുക.

- പ്രസരണ ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട് വരുന്ന കേസുകളിൽ എത്രയും പെട്ടെന്ന് തീർപ്പ് കൽപ്പിക്കുക.
- വനം വകുപ്പിന്റെ അനുമതി വേണ്ട പ്രവൃത്തികൾക്ക് കാല താമസം കൂടാതെ അനുമതി ലഭ്യമാക്കുക.
- വൈദ്യുതി തടസ്സങ്ങൾ പരമാവധി കുറയ്ക്കുന്നതിനായി HT/LT ലൈനുകൾ കഴിയുന്നത്രയും യു.ജി / എ.ബി.സി. യാക്കി മാറ്റുക.
- സബ്സ്റ്റേഷനുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതോടൊപ്പം തന്നെ സബ്സ്റ്റേഷനുകളിൽ നിന്നുള്ള 11 കെ.വി. ഫീഡറുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും അതു വഴി ലോഡ് സെന്ററുകളിലേയ്ക്ക് കൂടുതൽ 11 കെ.വി. ഫീഡറുകൾ എത്തിക്കുകയും ചെയ്ത് എച്ച്.ടി ഫീഡറുകളുടെ ശൃംഖല ശക്തിപ്പെടുത്തുക.
- കെ.എസ്.ഇ.ബി.യ്ക്ക് ലഭിച്ച കൊണ്ടിരിക്കുന്ന പരാതികളിൽ ഭൂരിഭാഗവും പാവപ്പെട്ടവരുടെ കൈവശ ഭൂമിയിലൂടെ നിലവിൽ കടന്നു പോകുന്ന വൈദ്യുതി ലൈനുകളും പ്രതിഷ്ഠാപനങ്ങളും കെട്ടിട നിർമ്മാണത്തിനും മറ്റും തടസ്സം സൃഷ്ടിക്കുന്നതിനാൽ മാറ്റി സ്ഥാപിക്കുന്നതിനു വേണ്ടിയാണ്. പ്രസ്തുത പ്രവൃത്തികൾക്ക് വേണ്ടി വരുന്ന തുക അപേക്ഷകൻ കെ.എസ്.ഇ.ബി.യിൽ അടവാക്കണമെന്നതാണ് നിലവിലുള്ള നിയമം. ഇത്തരത്തിലുള്ള സാഹചര്യങ്ങളിൽ ആയതിന് കെ.എസ്.ഇ.ബി ക്ക് വരുന്ന ചെലവ് സംഖ്യ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വകയിരുത്തി കെ.എസ്.ഇ.ബി.ക്ക് നൽകാവുന്നതാണ്.
- ഉത്പാദന / സേവന മേഖലകളിലായി നടപ്പിലാക്കാവുന്ന / നൽകാവുന്ന ഇനങ്ങളുടെ വൈവിധ്യ വൽക്കരണം, എൽ.ഇ.ഡി. ബൾബുകളുടെയും ട്യൂബുകളുടെയും വിതരണം (ലൈറ്റിംഗ്), ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് പാചകത്തിന് ക്ലീൻ എനർജി (കുക്കിംഗ്), പഴയ ഫാനുകളുടെയും മോട്ടോറുകളുടെയും സ്ഥാനത്ത് ഊർജ്ജക്ഷമതയുള്ള മോട്ടോറുകൾ (മോട്ടോർ), കെട്ടിടങ്ങളിൽ ഇ.സി.ബി.സി കോഡ് അനുവർത്തിക്കുന്നതിനാവശ്യമായ ബോധ വൽക്കരണം, ഊർജ്ജ മേഖലയിൽ ഊന്നിയ ഹരിത ഭവനങ്ങൾ (കെട്ടിടങ്ങൾ) എന്നിവ പരിഗണിക്കാവുന്ന നിർദ്ദേശങ്ങളാണ്.
- ഊർജ്ജമേഖലയിൽ ഊന്നിയ ഹരിത ഗൃഹങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ പ്രോത്സാഹനം സംസ്ഥാന സർക്കാർ നൽകുക. കെട്ടിടങ്ങളിൽ ഇ.സി.ബി.സി. കോഡ് അനുവർത്തിക്കുന്നതിനാവശ്യമായ നിയമ നിർമ്മാണം നടത്തുക.
- കാറ്റിൽ നിന്നുള്ള വൈദ്യുതിയുടെ സാധ്യതകളെ സംബന്ധിച്ച് ജില്ലയിൽ പഠനങ്ങൾ നടക്കേണ്ടതുണ്ട്. കൂടാതെ മൈക്രോ വിൻഡ് മോഡലുകളുടെയും ഹൈബ്രിഡ് വിൻഡ് മോഡലുകളുടെയും സാധ്യത പരിശോധിക്കേണ്ടതുണ്ട്.
- മലപ്പുറം സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ നിർമ്മിക്കേണ്ട സബ് സ്റ്റേഷൻ അടക്കം ജില്ലയിൽ അടിയന്തിരമായി പ്രസരണമേഖയിൽ നടപ്പിലാക്കേണ്ട 35 പദ്ധതികളുടെ നിർദ്ദേശങ്ങൾ അധ്യായം-4 ൽ കൊടുത്തിട്ടുണ്ട്. അവ സമയബന്ധിതമായി നടപ്പിലാക്കുക.
- ഐസ് പ്ലാന്റുകൾ, കോൾ നിലയങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- HT / LT, ഹൈ റൈസ് ബിൽഡിംഗ് എന്നിവ കേന്ദ്രീകരിച്ച് എനർജി ഓഡിറ്റ് നടത്തുക.
- വൈദ്യുതി അപകട ബോധവൽക്കരണ ക്ലാസ്സുകളും മാധ്യമങ്ങൾ വഴിയുള്ള പ്രചാരണവും കൂടുതൽ കാര്യക്ഷമമായി നടത്തുക.
- സുരക്ഷയെക്കുറിച്ചുള്ള ഹ്രസ്വ ചിത്രങ്ങളും മറ്റും ടെലിവിഷൻ ചാനലുകൾ മുതലായ മാധ്യമങ്ങളിലൂടെ കാണിക്കുക.

- വൈദ്യുത മേഖലയെ ശക്തിപ്പെടുത്താൻ വേണ്ടി മെറ്റീരിയിൽ ഡിപ്പോ സ്ഥാപിക്കുക.
- കോൾ പ്രദേശങ്ങളിൽ സൗരോർജ്ജ അടിസ്ഥാനത്തിലുള്ള മോട്ടോർ പമ്പുകൾ
- കക്കൂസ് മാലിന്യത്തിൽ നിന്ന് ഗ്യാസ് ഉത്പ്പാദനം. ഇത് കെട്ടിട സമുച്ചയങ്ങൾ, യൂണിവേഴ്സിറ്റി, ആശുപത്രികൾ തുടങ്ങിയ സ്ഥലങ്ങളിൽ ഇത്തരം സംവിധാനം ഏർപ്പെടുത്തൽ.
- സ്കൂളുകൾ അടിസ്ഥാനമാക്കി ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ
- ബി.പി.എൽ വീടുകൾക്ക് ഗ്യാസ് കണക്ഷൻ കൊടുക്കുന്നതിന് തദ്ദേശ ഭരണതലത്തിൽ പദ്ധതി.
- പ്രകൃതി വാതക വൈദ്യുതി ഉത്പ്പാദന കേന്ദ്രങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ (സാധ്യത കണ്ടെത്തിയത് അരീക്കോട്, എടരിക്കോട്, മാലാപറമ്പ്)
- വൈദ്യുത മേഖലയെ ശക്തിപ്പെടുത്തുന്നതിനു വേണ്ടി മെറ്റിരീയൽ ഡിപ്പോ സ്ഥാപിക്കണം.
- സുസ്ഥിര വികസനത്തിന്റെ ഭാഗമായി സോളാർ പദ്ധതികൾ ആവിഷ്കരിക്കണം.

5.3.16 ഗതാഗതം, റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ

കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികൾ

- കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി ഗ്രാമസഡക് യോജന (PMGSY), നബാർഡ് RIDF എന്നീ ഫണ്ട് ഉപയോഗിച്ച് 6 മീറ്റർ വീതിയുള്ള റോഡുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്.
- MPLADS, ഹിൽ ഏരിയ ഡെവലപ്മെന്റ് അതോറിറ്റി (HADA), മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി (MGNREGS) എന്നി ഫണ്ട ഉപയോഗിച്ച് റോഡുകളും കെട്ടിടങ്ങളും നടപ്പിലാക്കി വരുന്നുണ്ട്.
- വിദ്യഭ്യാസ മേഖലയിൽ കേന്ദ്ര പദ്ധതികളായ സർവ്വ ശിക്ഷാ അഭിയാൻ (SSA), രാഷ്ട്രീയ മാദ്ധ്യമിക് ശിക്ഷാ അഭിയാൻ (RMSA) എന്നീ ഫണ്ടുകൾ ഉപയോഗിച്ച കെട്ടിടങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.
- ആരോഗ്യ മേഖലയിൽ NRHM (National Rural Health Mission), NUHM (National Urban Health Mission) ഫണ്ട ഉപയോഗിച്ച് കെട്ടിടങ്ങളുടെ നവീകരണ പ്രവൃത്തികൾ നടപ്പാക്കിവരുന്നുണ്ട്.
- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനും ആധുനിക വൽകരണത്തിനും RGPSA (Rajiv Gandhi Panchayat Sashaktikaran Abhiyan) ഫണ്ട് ഉപയോഗിച്ച് നടപ്പാക്കി വരുന്നുണ്ട്.
- ആരോഗ്യ വിദ്യഭ്യാസ സാമൂഹ്യ ക്ഷേമ വകുപ്പുകളുടെ സംസ്ഥാന ബജറ്റ് വിഹിതം ഉപയോഗിച്ച് ആശുപത്രികൾ, പൊതു വിദ്യാലയങ്ങൾ, അംഗനവാടികൾ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.
- സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി വരുന്ന LAC-ADS (എം.എൽ.എ ആസ്തി വികസന ഫണ്ട്) , MLA-SDF (എം.എൽ..എ പ്രാദേശിക വികസന ഫണ്ട്), Few Priority works in Local area തുടങ്ങിയ ഫണ്ടുകൾ ഉപയോഗിച്ച് റോഡുകളും പാലങ്ങളും കെട്ടിടങ്ങളും നടപ്പിലാക്കി വരുന്നുണ്ട്.

- ലോക ബാങ്ക് സഹായത്തോടെ തദ്ദേശ സ്വയം ഭരണ സ്ഥാനപങ്ങൾ KLGSDP (**Kerala Local Government Service Delivery Project**.) പദ്ധതി പ്രകാരം നിരവധി മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കി വരുന്നുണ്ട്.

പട്ടിക 5.3.16.1 : 2016-17 സംസ്ഥാന പദ്ധതി വിശദാംശങ്ങൾ – പൊതുമരാമത്ത് റോഡ് വിഭാഗം

ക്രമ നം	പദ്ധതിയുടെ പേര്	അനുവദിച്ച തുക ലക്ഷത്തിൽ	ചെലവ് ലക്ഷത്തിൽ	ചെലവ് (%)
1	പ്രധാന ജില്ലാ റോഡ് നന്നാക്കലും വികസനവും അഭിവൃദ്ധിപ്പെടുത്തലും	15685.14	14798.98	94.35
2	പ്രധാന ജില്ലാ റോഡ് പാലങ്ങളും കലുങ്കുകളും നന്നാക്കൽ	3072.19	2880.83	93.77
3	നബാർഡ് സഹായത്തോടെയുള്ള റോഡ് നിർമ്മാണവും മെച്ചപ്പെടുത്തലും	2836.98	2836.98	100
4	നബാർഡ് സഹായത്തോടെയുള്ള പാലങ്ങളുടെ നിർമ്മാണവും നന്നാക്കലും	1565.86	1565.86	100
5	സംസ്ഥാന പാതകളുടെ വികസനം അഭിവൃതിപ്പെടുത്തൽ	949.7	949.7	100
ആകെ		24109.87	23032.35	

അവലംബം :പ്ലാൻ സ്പേസ്

2016 –17 സാമ്പത്തിക വർഷം പൊതുമരാമത്ത് റോഡ് വിഭാഗം ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ജില്ലക്ക് ലഭ്യമായ 24109.87 ലക്ഷം രൂപയിൽ 23032.35 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

പട്ടിക 5.3.16.1 : 2016-17 സംസ്ഥാന പദ്ധതി വിശദാംശങ്ങൾ – പൊതുമരാമത്ത് കെട്ടിട വിഭാഗം

ക്രമ നം	പദ്ധതിയുടെ പേര്	അനുവദിച്ച തുക ലക്ഷത്തിൽ	ചെലവ് ലക്ഷത്തിൽ	ചെലവ് (%)
1	സ്കൂൾ കെട്ടിടങ്ങളുടെ പശ്ചാത്ത വികസനം	83.72	83.72	99.99
2	ഫയർഫോഴ്സ് ഡിപ്പാർട്ട്മെന്റിന്റെ ആധുനികവൽകരണം	1.57	1.57	100
3	ടെക്നിക്കൽ സ്കൂളുകളുടെ വികസനം	80.86	80.86	100
4	ലോ കോളേജുകൾ	177.84	177.84	100
5	ഗവ. ഹയർസെക്കണ്ടറി സ്കൂളുകളുടെ പശ്ചാത്തല വികസനം	144.54	144.54	100
6	വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളുടെ പശ്ചാത്തല വികസനം	35.51	35.51	100

ക്രമനം	പദ്ധതിയുടെ പേര്	അനുവദിച്ച തുക ലക്ഷത്തിൽ	ചെലവ് ലക്ഷത്തിൽ	ചെലവ് (%)
7	അംഗനവാടികളുടെയും പ്രീ സ്കൂളുകളുടെയും പ്രീ പ്രൈമറി സ്കൂളുകളുടെയും സംയോജനം	6.65	6.65	100
8	സ്കൂളുകൾക്ക് കെട്ടിട നിർമ്മാണം	64.25	64.25	100
9	ഗവ. ഹോസ്പിറ്റലുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ	3.98	3.98	100
10	ഇൻഡസ്ട്രിയൽ ട്രയിനിംഗ് സെന്ററിനും ഹോസ്റ്റലുകൾക്കും കെട്ടിട നിർമ്മാണം	19.65	19.65	100
11	പബ്ലിക് വർക്ക്സ് (സിവിൽ വർക്ക്സ്)	300.56	300.56	100
12	എൽപി/യുപി സ്കൂൾ കെട്ടിട നിർമ്മാണം	15.98	15.98	100
13	കോളേജുകളുടെ പശ്ചാത്തല സൗകര്യ വികസനം	119.47	119.47	100
14	ഗവ. കോളേജുകളിൽ ലബോറട്ടറികളുടെയും ലൈബ്രറികളുടെയും നിർമ്മാണം	61.58	61.58	100
15	കോട്ടക്കൽ ആയുർവേദ കോളേജിലെ ഗവേഷണ സ്ഥാപനങ്ങളുടെ കെട്ടിട നിർമ്മാണം.	30.26	30.26	100
16	നിലവിലുള്ള ഗവൺമെന്റ് ഹോസ്പിറ്റലുകളുടെ നിർമ്മാണ പൂർത്തീകരണം (മേജർ/മൈനർ)	27.28	27.28	100
17	നബാർഡ് RIDF ന്റെ കീഴിലുള്ള PVTG ഗ്രൂപ്പുകളുടെ പശ്ചാത്തല സൗകര്യ വികസനം	276.18	276.18	100
ആകെ		**935.11**	935.11	

അവലംബം :പ്ലാൻ സ്പേസ്

2016 –17 സാമ്പത്തിക വർഷം പൊതുമരാമത്ത് കെട്ടിട വിഭാഗം ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ജില്ലക്ക് ലഭ്യമായ 935.11 ലക്ഷം രൂപയിൽ 935.11 ലക്ഷം രൂപയും ചെലവഴിച്ചു.

പട്ടിക 5.3.16.3 : 2016–17 മറ്റ് കേന്ദ്ര പദ്ധതി വിശദാംശങ്ങൾ – പൊതുമരാമത്ത് കെട്ടിട വിഭാഗം

ക്രമനം	പദ്ധതിയുടെ പേര്	അനുവദിച്ച തുക ലക്ഷത്തിൽ	ചെലവ്	ചെലവ് (%)
1	കോടതികളുടെ കെട്ടിട നിർമ്മാണം, ജഡ്ജിമാരുടെ കോട്ടേഴ്സുകളുടെ നിർമ്മാണം (60 & CSS)	321.19	321.19	100

പൊതുമരാമത്ത് വകുപ്പ് പരിപാലിക്കുന്ന സർക്കാർ കെട്ടിടങ്ങൾ പ്രധാനമായും ഫണ്ട് വിനിയോഗത്തെ അടിസ്ഥാനമാക്കി താഴെപ്പറയുന്ന രീതിയിൽ തരം തിരിക്കുന്നു.

1) ആരോഗ്യ വകുപ്പിന്റെ കെട്ടിടങ്ങൾ.
2) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ.
3) വിശ്രമ മന്ദിരങ്ങൾ.
4) മറ്റ ഓഫീസ് കെട്ടിടങ്ങൾ.

ജില്ലാ ആസ്ഥാനത്തുള്ള സിവിൽ സ്റ്റേഷനിൽ 60 ശതമാനത്തോളം കെട്ടിടങ്ങൾ കാലപ്പഴക്കം മൂലം ജീർണ്ണ അവസ്ഥയിലാണ്. ഇവയുടെ അറ്റകുറ്റപ്പണികൾക്ക് അനുവദിക്കാറുള്ള തുക പലപ്പോഴും അപര്യാപ്തമാണ്. ഇവയിൽ പല ഓഫീസുകളും വാടകക്കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. മേൽപറഞ്ഞ പ്രധാന പൊതു കെട്ടിടങ്ങളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും ഏറ്റെടുക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനെയാണ് സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നത്. കഴിഞ്ഞ രണ്ട വർഷക്കാലത്തിനിടക്ക് ഈ വിഭാഗങ്ങളിൽ ചെലവഴിച്ച തുക ചുവടെ കൊടുത്തിരിക്കുന്നു:

1) ആരോഗ്യ വകുപ്പിന്റെ കെട്ടിടങ്ങൾ – 1,469.66ലക്ഷം
2) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ – 12,711.66 ലക്ഷം
3) വിശ്രമ മന്ദിരങ്ങൾ – 500 ലക്ഷം
4) മറ്റ ഓഫീസ് കെട്ടിടങ്ങൾ – 4,900.75 ലക്ഷം

വരും വർഷങ്ങളിൽ പൂർത്തീകരിക്കുവാനുള്ള കെട്ടിടങ്ങൾക്ക് ഈ വിഭാഗങ്ങളിൽ കഴിഞ്ഞ വർഷം അനുവദിച്ച തുക ചുവടെ കൊടുത്തിരിക്കുന്നു.

1) ആരോഗ്യ വകുപ്പിന്റെ കെട്ടിടങ്ങൾ – 6,962.50 ലക്ഷം
2) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ – 11,437.32 ലക്ഷം
3) വിശ്രമ മന്ദിരങ്ങൾ – 375 ലക്ഷം
4) മറ്റ ഓഫീസ് കെട്ടിടങ്ങൾ – 8449.25 ലക്ഷം

മേൽത്തട്ട് നിർദ്ദേശങ്ങൾ

പൊതുവായ കാര്യങ്ങൾ

1) ദീർഘ വീക്ഷണത്തോടെയുള്ളതും ശാസ്ത്രീയവുമായ പരിപ്രേക്ഷ്യം തയ്യാറാക്കുന്നതിന്, വിശിഷ്യാ, ഗതാഗത മേഖലയിലേതിന്, കൃത്യമായ പഠനം ആവശ്യമാണ്. ഗതാഗത മേഖലയിൽ മലപ്പുറം ജില്ലയിൽ ശാസ്ത്രീയമായ പഠനം നടന്നത് 2005 ലാണ്. നഗരാസൂത്രണ വിഭാഗത്തിന്റെ നേതൃത്വത്തിൽ ആ പഠനത്തിന്റെയും ലഭ്യമായ മറ്റ വിവരങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ പരിപ്രേക്ഷ്യം തയ്യാറാക്കിയിട്ടുള്ളത്. ആയതിനാൽ നിലവിലെ യാഥാർത്ഥ്യം തിരിച്ചറിയുന്നതിന് സമഗ്രവും ശാസ്ത്രീയവുമായ പഠനം നടത്തേണ്ടതാണ്.
2) പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ ഗതാഗത മേഖലയിൽ നടത്തേണ്ട വികസന പ്രവർത്തനങ്ങൾ ദേശീയ പാത/സംസ്ഥാന പാത/ജില്ലാ പാത എന്നിങ്ങനെ വിവിധ വിഭാഗങ്ങളിൽ ഓരോന്നിലും മുൻഗണന ക്രമത്തിൽ ശാസ്ത്രീയമായി നിർണ്ണയിക്കേണ്ടതാണ്. പ്രസ്തുത മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ട റോഡുകളായിരിക്കണം വിവിധ കേന്ദ്ര-സംസ്ഥാന-ജില്ല പദ്ധതികൾ, MPLAD/MLA, SDF/ADS എന്നിവയിൽ ഉൾപ്പെടുത്തി ചെയ്യേണ്ടത്. പരിപ്രേക്ഷ്യത്തിൽ ഉൾപ്പെട്ട പ്രവർത്തനങ്ങളാണ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും ഏറ്റെടുത്ത് നടത്തേണ്ടത്.
3) മോട്ടോർ വാഹനവകുപ്പ്/ട്രാഫിക് പോലീസ് എന്നീ വിഭാഗങ്ങളിലെ ജീവനക്കാരുടെ കുറവ് ഗതാഗത നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിൽ തടസ്സം സൃഷ്ടിക്കുന്നുണ്ട്.

ആയതിനാൽ ഗതാഗത നിയമലംഘനങ്ങൾ തടയുന്നതിന് പൊതുജന പങ്കാളിത്തം ഉറപ്പ വരുത്തേണ്ടതാണ്. ആയതിലേക്കായി ആൻഡ്രോയിഡ്/ഐഒഎസ് പ്ലാറ്റ്ഫോമിൽ ഒരു ആപ്ലിക്കേഷൻ തയ്യാറാക്കുന്നത് ഉചിതമായിരിക്കും. ഗതാഗത നിയമലംഘനങ്ങൾ താമസം കൂടാതെ പ�ൊതുജനങ്ങൾക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ഇത് ഉപകാരപ്പെടും, പരാതികളുടെ പുരോഗതി നിരീക്ഷിക്കുന്നതിനും നല്കിയ ശിക്ഷ ഈടാക്കിയ പിഴ അറിയുന്നതിനുമുള്ള സംവിധാനവും ഏർപെടുത്തുന്നത് നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന് പൊതു ജനങ്ങൾക്ക് പ്രചോദനമേകും.

4) ഗതാഗത നിയമലംഘനങ്ങൾ വർദ്ധിച്ചു വരുന്നുണ്ട്. നിയമപാലകരുടെ മുമ്പിൽപെടുമ്പോൾ മാത്രമാണ് പലരും നിയമം പാലിക്കുന്നത്. ഗതാഗത നിയമങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്നും നിയമലംഘകർ യഥാവിധി ശിക്ഷിക്കപ്പെടുന്നുണ്ടെന്നും ഉറപ്പവരുത്തേണ്ടതാണ്. പരിശോധനകൾക്ക് ഷാഡോ വാഹനങ്ങൾ, ഷാഡോ പോലീസ്, ഷാഡോ ആർ.ടി.ഒ ഉദ്യോഗസ്ഥർ എന്നിവരെ ഉപയോഗിക്കുന്നത് കൂടുതൽ നിയമലംഘകരെ പിടികൂടുന്നതിന് ഉപകരിക്കും.
5) രാവിലെയും വൈകുന്നേരവും തിരക്കുള്ള സമയങ്ങൾ ബസ്സുകളിൽ കാണപ്പെടുന്ന തിരക്ക് പൊതുഗതാഗത സംവിധാനങ്ങളിൽ നിന്നും സ്വകാര്യ വാഹനങ്ങളിലേക്ക് സ്ഥിരം യാത്രക്കാരെ മാറ്റുന്നുണ്ട്. ആയതിനാൽ ശാസ്ത്രീയമായ പഠനം നടത്തി തിരക്കുള്ള സമയങ്ങളിൽ കൂടുതൽ ബസ്സ് പെർമിറ്റുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
6) സ്പീഡ് ഗവർണ്ണറുകൾ നിയമം മൂലം നിർബന്ധമാക്കിയിട്ടുണ്ടെങ്കിലും ആയത് ഉറപ്പ വരുത്താനാകാത്തത് അപകടങ്ങൾക്ക കാരണമാകുന്നുണ്ട്. സ്പീഡ് ഗവർണ്ണർ പ്രവർത്തിക്കാതെ വാഹനമോടിക്കുന്നത് കടുത്ത നിയമലംഘനമായി കണക്കാക്കേണ്ടതും കനത്ത പിഴയും ലൈസൻസ് റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.
7) ഓട്ടോറിക്ഷകളിൽ മീറ്ററുകൾ നിർബന്ധമാണെങ്കിലും ആയതും പാലിക്കപ്പെടുന്നില്ല. മീറ്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ വരുത്തേണ്ടതാണ്.
8) സ്വകാര്യ ബസ്സുകളിലെ കലക്ഷൻ ബത്ത സമ്പ്രദായം അശ്രദ്ധമായ വാഹനമോടിക്കലിനും അമിത വേഗതയ്ക്കും ഹേതുവാകുന്നുണ്ട്. ആയതിനു പകരം സ്ഥിരം വേതനമോ ഒരു ട്രിപ്പിലെ എല്ലാ ബസ്സ് ജീവനക്കാർക്കും ഒരേ ശമ്പളമോ ഏർപ്പെടുത്തേണ്ടതാണ്.
9) തിരക്കുള്ള ട്രിപ്പുകളിൽ മിനിബസ്സുകൾക്ക് പകരം വലിയ ബസ്സുകളും 3+2 പാറ്റേണിൽ കൂടുതൽ സീറ്റുകളും നിയമം മൂലം ഉറപ്പ വരുത്തേണ്ടതാണ്.
10) സ്വകാര്യ ബസ്സുകളുടെ രണ്ടു ട്രിപ്പുകൾ തമ്മിൽ വളരെ കുറഞ്ഞ ഇടവേള കാരണം, ഗതാഗത കുരുക്ക് ഉണ്ടാകുന്ന വേളകളിൽ ആയത് പരിഹരിക്കുന്നതിനായി അമിതമായ വേഗതയിൽ വണ്ടി ഓടിച്ച് അപകടങ്ങൾ ക്ഷണിച്ചു വരുത്തുന്നുണ്ട്. ആയതിനാൽ രണ്ടു ട്രിപ്പുകൾ തമ്മിൽ കുറഞ്ഞത് 30 മിനുട്ട് ഇടവേള നിയമം മൂലം ഉറപ്പ വരുത്തേണ്ടതാണ്.
11) പൊതുഗതാഗത സംവിധാനങ്ങൾ കൂടുതൽ ഉപയോഗിക്കുന്നതിനു വേണ്ടി Last mile connectivity ക്കു വേണ്ട സംവിധാനങ്ങളും ബസ് സ്റ്റാന്റുകളോട് ചേർന്ന് വിശാലമായ പാർക്കിംഗ് സൗകര്യങ്ങളും നിർബന്ധമായും ഉറപ്പ വരുത്തേണ്ടതാണ്.
12) ശതകോടികളുടെ റോഡ് പ്രവർത്തികളിൽ പോലും നിലവിൽ ബസ് ബേകൾക്കുള്ള സംവിധാനം ഒരുക്കിയിട്ടില്ല. (ഉദാ-നാടുകാണി-പരപ്പനങ്ങാടി റോഡു വികസനം). ആയത് സുഗമമായ ഗതാഗതത്തെ സാരമായി ബാധിക്കുന്നുണ്ട്. ആയതിനാൽ സംസ്ഥാന പാതകളും ജില്ലാ പാതകളും വികസിപ്പിക്കുമ്പോൾ പാർക്കിംഗ് ബേകൾ ഏർപ്പെടുത്തേണ്ടതും ആയത് കൃത്യമായി രേഖപ്പെടുത്തുകയും നിയമാനുസൃത പാർക്കിംഗ് ഉറപ്പ വരുത്തേണ്ടതാണ്.

13) വളവുകളിൽ മധ്യരേഖ കൃത്യമായി അടയാളപ്പെടുത്തേണ്ടതും ആയത് മറികടക്കുന്നില്ലെന്ന് ഉറപ്പ വരുത്തേണ്ടതുമാണ്.
14) പുതിയ ദേശീയപാത വികസനത്തിലെന്ന പോലെ സംസ്ഥാന പാതകളിലും ജില്ലാ പാതകളിലും അഴുക്ക ചാലുകളിൽ കൃത്യമായ ഇടവേളകളിൽ റീചാർജിംഗ് പിറ്റുകൾ ഏർപെടുത്തേണ്ടതാണ്. ആയത് വെള്ളപ്പൊക്കവും വരൾച്ചയും തടയുന്നതിന് ഉപകരിക്കപ്പെടും.
15) എല്ലാ സംസ്ഥാന/ജില്ല പാതകളും കാൽനടയാത്രക്കാർക്കും സൈക്കിൾ യാത്രികർക്കും സൗഹാർദ്ദമാക്കേണ്ടതാണ്. എല്ലാ പാതകളിലും നടപ്പാതകൾ ഉണ്ടാക്കേണ്ടതും ആയത് കൃത്യമായി പരിപാലിക്കേണ്ടതുമാണ്. അതുപോലെ തന്നെ സൈക്കിൾ പാതകളും ഒരുക്കേണ്ടതാണ്.
16) അവധി ദിവസങ്ങളിലും മറ്റ ദിവസങ്ങളിൽ പ്രത്യേക സമയങ്ങളിലും ബൈപ്പാസുകൾ പോലുള്ള പാതകൾ കാൽനടയാത്രക്കാർക്കും സൈക്കിൾ യാത്രികർക്കുമായി നീക്കി വയ്ക്കേണ്ടതാണ്.
17) ബസ്/ഓട്ടോ പെർമിറ്റുകളുടെ വിലപന അനുവദിച്ചിരിക്കുന്നതു മൂലം നിലവിൽ പല സ്ഥലങ്ങളിലും വാഹന വിലയേക്കാൾ മൂല്യം പെർമിറ്റുകൾക്കുണ്ട്. വലിയ മുതൽ മുടക്ക് ആവശ്യമായി വരുന്നതിനാൽ ലാഭക്കൊതി അമിത വേഗതയ്ക്കും നിയമ വിരുദ്ധ പ്രവർത്തികൾക്കും വഴി വെയ്ക്കുന്നു. ആയതിനാൽ പെർമിറ്റുകളുടെ കൈമാറ്റം നിയമം മൂലം നിരോധിക്കേണ്ടതാണ്.
18) ഫുട്പാത്തുകൾ പൂർണ്ണമായും കാൽനടയാത്രക്കായി നീക്കിവയ്ക്കേണ്ടതാണ്. ഫുട്പാത്തുകളിലും റോഡുകളിലുമുള്ള അനധികൃത പാർക്കിംഗും കച്ചവടവും പൂർണ്ണമായും നീക്കം ചെയ്യേണ്ടതാണ്. പാർക്കിംഗിനായി കൃത്യമായ സ്ഥലങ്ങൾ രേഖപ്പെടുത്തേണ്ടതും പാർക്കിംഗ് അവിടെ മാത്രമായി പരിമിതപ്പെടുത്തേണ്ടതുമാണ്.
19) റോഡ് കയ്യേറ്റങ്ങൾ പൂർണ്ണമായും ഒഴിപ്പിക്കുവാൻ പ്രത്യേക അധികാരങ്ങളോടെ കർമ്മസേന രൂപീകരിക്കേണ്ടതാണ്.
20) പൊതു ഗതാഗതം ശക്തിപ്പെടുത്തുന്നതിനായി Online Taxi/Share Taxi പോർട്ടിലും ആപ്ലിക്കേഷനും സർക്കാർ തലത്തിൽ തുടരേണ്ടതാണ്. പെർമ്മിറ്റുള്ള ഓട്ടോ/ടാക്സികളെയും അതിൽ ഉൾപ്പെടുത്തേണ്ടതാണ്.
21) പൊതുഗതാഗത സംവിധാനങ്ങളെല്ലാം തന്നെ GDS സംവിധാനം ഏർപ്പെടുത്തേണ്ടതും ആയത് കൃത്യമായി നിരീക്ഷിക്കേണ്ടതുമാണ്.
22) പൊതുഗതാഗത മേഖലയിൽ കറന്റ് റിസർവേഷൻ സൗകര്യത്തോടുകൂടിയുള്ള ഓൺലൈൻ ടിക്കറ്റ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
23) സംസ്ഥാന ജില്ലാ പാതകളിൽ നഗര/ഗ്രാമ ഭേദമന്യേ എല്ലാവിധ കെട്ടിടങ്ങൾക്കും പാർക്കിംഗ് ഏരിയ നിയമം മൂലം നിർബന്ധമാക്കേണ്ടതാണ്.

മേൽതട്ട് നിർദ്ദേശങ്ങൾ

- ദീർഘവീക്ഷണത്തോടെയുള്ളതും ശാസ്ത്രീയവുമായ പരിപ്രേക്ഷ്യം തയ്യാറാക്കുന്നതിന്, വിശിഷ്യാ, ഗതാഗത മേഖലയിലേതിന്, കൃത്യമായ പഠനം ആവശ്യമാണ്. ഗതാഗത മേഖലയിൽ മലപ്പുറം ജില്ലയിൽ ശാസ്ത്രീയമായ പഠനം നടന്നത് 2005 ലാണ്. നഗരാസൂത്രണ വിഭാഗത്തിന്റെ നേതൃത്വത്തിൽ ആ പഠനത്തിന്റെയും ലഭ്യമായ മറ്റ വിവരങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ പരിപ്രേക്ഷ്യം തയ്യാറാക്കിയിട്ടുള്ളത്. ആയതിനാൽ നിലവിലെ യാഥാർത്ഥ്യം തിരിച്ചറിയുന്നതിന് സമഗ്രവും ശാസ്ത്രീയവുമായ പഠനം നടത്തേണ്ടതാണ്.

- പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ ഗതാഗത മേഖലയിൽ നടത്തേണ്ട വികസന പ്രവർത്തനങ്ങൾ ദേശീയ പാത/ സംസ്ഥാന പാത/ ജില്ലാ പാത എന്നിങ്ങനെ വിവിധ വിഭാഗങ്ങളിൽ ഓരോന്നിലും മുൻഗണന ക്രമത്തിൽ ശാസ്ത്രീയമായി നിർണ്ണയിക്കേണ്ടതാണ്. പ്രസ്തുത മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ട റോഡുകളായിരിക്കണം വിവിധ കേന്ദ്ര-സംസ്ഥാന-ജില്ല പദ്ധതികൾ, MPLAD/MLA SDF/ADS എന്നിവയിൽ ഉൾപ്പെടുത്തി ചെയ്യേണ്ടത്. പരിപ്രേക്ഷ്യത്തിൽ ഉൾപ്പെട്ട പ്രവർത്തനങ്ങളാണ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും ഏറ്റെടുത്ത് നടത്തേണ്ടത്.
- മോട്ടോർ വാഹനവകുപ്പ് / ട്രാഫിക് പോലീസ് എന്നീ വിഭാഗങ്ങളിലെ ജീവനക്കാരുടെ കുറവ് ഗതാഗത നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിൽ തടസ്സം സൃഷ്ടിക്കുന്നുണ്ട്. ആയതിനാൽ ഗതാഗത നിയമലംഘനങ്ങൾ തടയുന്നതിന് പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്. ആയതിലേക്കായി ആൻഡ്രോയിഡ്/ഐഒഎസ് പ്ലാറ്റ്ഫോമിൽ ഒരു ആപ്ലിക്കേഷൻ തയ്യാറാക്കുന്നത് ഉചിതമായിരിക്കും.
- ഗതാഗത നിയമങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്നും നിയമലംഘകർ യഥാവിധി ശിക്ഷിക്കപ്പെടുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്. പരിശോധനകൾക്ക് ഷാഡോ വാഹനങ്ങൾ, ഷാഡോ പോലീസ്, ഷാഡോ ആർ.ടി.ഒ ഉദ്യോഗസ്ഥർ എന്നിവരെ ഉപയോഗിക്കുന്നത് കൂടുതൽ നിയമലംഘകരെ പിടികൂടുന്നതിന് ഉപകരിക്കും.
- രാവിലെയും വൈകുന്നേരവും തിരക്കുള്ള സമയങ്ങൾ ബസ്സുകളിൽ കാണപ്പെടുന്ന തിരക്ക് പൊതുഗതാഗത സംവിധാനങ്ങളിൽ നിന്നും സ്വകാര്യവാഹനങ്ങളിലേക്ക് സ്ഥിരം യാത്രക്കാരെ മാറ്റുന്നുണ്ട്. ആയതിനാൽ ശാസ്ത്രീയമായ പഠനം നടത്തി തിരക്കുള്ള സമയങ്ങളിൽ കൂടുതൽ ബസ്സ് പെർമ്മിറ്റുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- സ്പീഡ് ഗവർണറുകൾ നിയമം മൂലം നിർബന്ധമാക്കിയിട്ടുണ്ടെങ്കിലും ആയത് ഉറപ്പു വരുത്താനാകാത്തത് അപകടങ്ങൾക്ക് കാരണമാകുന്നുണ്ട്. സ്പീഡ് ഗവർണർ പ്രവർത്തിക്കാതെ വാഹനമോടിക്കുന്നത് കടുത്ത നിയമലംഘനമായി കണക്കാക്കേണ്ടതും കനത്ത പിഴയും ലൈസൻസ് റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.
- ഓട്ടോറിക്ഷകളിൽ മീറ്ററുകൾ നിർബന്ധമാണെങ്കിലും ആയതും പാലിക്കപ്പെടുന്നില്ല. മീറ്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ വരുത്തേണ്ടതാണ്.
- സ്വകാര്യ ബസ്സുകളിലെ കളക്ഷൻ ബത്ത സമ്പ്രദായം അശ്രദ്ധമായ വാഹനമോടിക്കലിനും അമിത വേഗതയ്ക്കും ഹേതുവാകുന്നുണ്ട്. ആയതിനു പകരം സ്ഥിരം വേതനമോ ഒരു ട്രിപ്പിലെ എല്ലാ ബസ്സ് ജീവനക്കാർക്കും ഒരേ ശമ്പളമോ ഏർപ്പെടുത്തേണ്ടതാണ്.
- തിരക്കുള്ള റൂട്ടുകളിൽ കൂടിബസ്സുകൾക്ക് പകരം വലിയ ബസ്സുകളും 3+2 പാറ്റേണിൽ കൂടുതൽ സീറ്റുകളും നിയമം മൂലം ഉറപ്പു വരുത്തേണ്ടതാണ്.
- സ്വകാര്യ ബസ്സുകളുടെ രണ്ടു ട്രിപ്പുകൾ തമ്മിൽ വളരെ കുറഞ്ഞ ഇടവേള കാരണം, ഗതാഗത കുരുക്ക് ഉണ്ടാകുന്ന വേളകളിൽ ആയത് പരിഹരിക്കുന്നതിനായി അമിതമായ വേഗതയിൽ വണ്ടി ഓടിച്ച് അപകടങ്ങൾ ക്ഷണിച്ചു വരുത്തുന്നുണ്ട്. ആയതിനാൽ രണ്ടു ട്രിപ്പുകൾ തമ്മിൽ കുറഞ്ഞത് 30 മിനുട്ട് ഇടവേള നിയമം മൂലം ഉറപ്പു വരുത്തേണ്ടതാണ്.
- പൊതുഗതാഗത സംവിധാനങ്ങൾ കൂടുതൽ ഉപയോഗിക്കുന്നതിനു വേണ്ടി Last mile connectivity ക്കു വേണ്ട സംവിധാനങ്ങളും ബസ് സ്റ്റാന്റുകളോട് ചേർന്ന് വിശാലമായ പാർക്കിംഗ് സൗകര്യങ്ങളും നിർബന്ധമായും ഉറപ്പു വരുത്തേണ്ടതാണ്.

- ശതകോടികളുടെ റോഡ് പ്രവർത്തികളിൽ പോലും നിലവിൽ ബസ് ബേകൾക്കുള്ള സംവിധാനം ഒരുക്കിയിട്ടില്ല. ആയത് സുഗമമായ ഗതാഗതത്തെ സാരമായി ബാധിക്കുന്നുണ്ട്. ആയതിനാൽ സംസ്ഥാന പാതകളും ജില്ലാ പാതകളും വികസിപ്പിക്കുമ്പോൾ പാർക്കിംഗ് ബേകൾ ഏർപ്പെടുത്തേണ്ടതും ആയത് കൃത്യമായി രേഖപ്പെടുത്തുകയും നിയമാനുസൃത പാർക്കിംഗ് ഉറപ്പു വരുത്തേണ്ടതാണ്.
- വളവുകളിൽ മധ്യരേഖ കൃത്യമായി അടയാളപ്പെടുത്തേണ്ടതും ആയത് മറികടക്കുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.
- പുതിയ ദേശീയപാത വികസനത്തിലെന്ന പോലെ സംസ്ഥാന പാതകളിലും ജില്ലാ പാതകളിലും അഴുക്ക ചാലുകളിൽ കൃത്യമായ ഇടവേളകളിൽ റീചാർജിംഗ് പിറ്റുകൾ ഏർപ്പെടുത്തേണ്ടതാണ്. ആയത് വെള്ളപ്പൊക്കവും വരൾച്ചയും തടയുന്നതിന് ഉപകരിക്കപ്പെടും.
- എല്ലാ സംസ്ഥാന/ജില്ല പാതകളും കാൽനടയാത്രക്കാർക്കും സൈക്കിൾ യാത്രികർക്കുംസൗഹാർദ്ദമാക്കേണ്ടതാണ്. എല്ലാ പാതകളിലും നടപ്പാതകൾ ഉണ്ടാക്കേണ്ടതും ആയത് കൃത്യമായി പരിപാലിക്കേണ്ടതുമാണ്. അതുപോലെ തന്നെ സൈക്കിൾ പാതകളും ഒരുക്കേണ്ടതാണ്.
- ബസ്/ഓട്ടോ പെർമിറ്റുകളുടെ വില്പന അനുവദിച്ചിരിക്കുന്നതു മൂലം നിലവിൽ പല സ്ഥലങ്ങളിലും വാഹന വിലയേക്കാൾ മൂല്യം പെർമിറ്റുകൾക്കുണ്ട്. വലിയ മുതൽ മുടക്ക് ആവശ്യമായി വരുന്നതിനാൽ ലാഭക്കൊതി അമിത വേഗതയ്ക്കും നിയമ വിരുദ്ധ പ്രവർത്തികൾക്കും വഴി വെയ്ക്കുന്നു. ആയതിനാൽ പെർമിറ്റുകളുടെ കൈമാറ്റം നിയമം മൂലം നിരോധിക്കേണ്ടതാണ്.
- റോഡ് കയ്യേറ്റങ്ങൾ പൂർണ്ണമായും ഒഴിപ്പിക്കുവാൻ പ്രത്യേക അധികാരങ്ങളോടെ കർമ്മ സേന രൂപീകരിക്കേണ്ടതാണ്.
- പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിനായി Online Taxi/Share Taxi പോർട്ടലും ആപ്ലിക്കേഷനും സർക്കാർ തലത്തിൽ തുടരേണ്ടതാണ്. പെർമ്മിറ്റുള്ള ഓട്ടോ/ടാക്സികളെയും അതിൽ ഉൾപ്പെടുത്തേണ്ടതാണ്.
- പൊതുഗതാഗത സംവിധാനങ്ങളെല്ലാം തന്നെ GDS സംവിധാനം ഏർപ്പെടുത്തേണ്ടതും ആയത് കൃത്യമായി നിരീക്ഷിക്കേണ്ടതുമാണ്.
- പൊതുഗതാഗത മേഖലയിൽ കറന്റ് റിസർവേഷൻ സൗകര്യത്തോടുകൂടിയുള്ള ഓൺലൈൻ ടിക്കറ്റ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
- സംസ്ഥാന ജില്ലാ പാതകളിൽ നഗര/ഗ്രാമ ഭേദമന്യേ എല്ലാവിധ കെട്ടിടങ്ങൾക്കും പാർക്കിംഗ് ഏരിയ നിയമം മൂലം നിർബന്ധമാക്കേണ്ടതാണ്.
- ദേശീയ പാതകളും സംസ്ഥാന പാതകളും സമയബന്ധിതമായി 4 വരി പാതയായും 6 വരി പാതയായും ഉയർത്തുക.
- വലിയ പ്രോജക്ടുകൾ നിർമ്മിക്കുമ്പോൾ ജനപ്രതിനിധികളുടെ ആസ്തിവികസന ഫണ്ടിൽ നിന്ന് ഒരു നിശ്ചിത ശതമാനം അത്തരത്തിലുള്ള പദ്ധതികളിലേക്ക് നീക്കി വെക്കുക.
- മലയോര ഹൈവേ യാഥാർത്ഥ്യമാക്കുന്നതിനു വേണ്ടി നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുക.
- പ്ലാസ്റ്റിക്ക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം വ്യാപിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

- നടപ്പാതകൾ ഭിന്നശേഷി സൗഹൃദമാക്കുകയും കാഴ്ച്ച പരിമിതി ഉള്ളവർക്ക് വേണ്ടി നടപ്പാതകളിൽ വി ഗ്രേവ് സിസ്റ്റം കൊണ്ട് വരികയും ചെയ്യുക.
- സ്കൂൾ കോളേജ് മേഖലകളിലും കാൽനട യാത്രക്കാർ കൂടുതലായി റോഡ് ക്രോസ് ചെയ്യേണ്ടി വരുന്ന പ്രദേശങ്ങളിലും സീബ്രാലൈൻ ഇടയ്ക്കിടയക്ക് പരിഷ്കരിക്കുക.
- റവന്യു വകുപ്പും ലാൻഡ് സർവ്വേ വകുപ്പും ചേർന്ന് ജില്ലയിലെ സർക്കാർ അധീനതയിലുള്ള മുഴുവൻ ഭൂമിയും തിരിച്ചറിഞ്ഞു അവ ഡിജിറ്റൽ രൂപത്തിലാക്കി ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസറുടെ സഹായത്തോടെ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും, ശേഷം പൊതുമരാമത്ത് വകുപ്പിന്റെ സഹായത്തോടെ മേൽപ്പറഞ്ഞ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള കെട്ടിടങ്ങൾ ഘട്ടം ഘട്ടമായി പൂർത്തിയാക്കുവാനുള്ള പദ്ധതികൾ തയ്യാറാക്കേണ്ടതാണ്.
- ബൈപാസുകൾ നിർദ്ദേശിച്ചതിൽ ഓരാടം പാലം-മാനത്തുമംഗലം ബൈപാസ് കൂടി ഉൾപ്പെടുത്തേണ്ടതാണ് (പതിമൂന്നാം ഇനമായി).
- മക്കരപ്പറമ്പ്-രാമപുരം ബൈപാസ് ചേർക്കേണ്ടതാണ് (പതിനാലാം ഇനമായി).
- ടൂറിസം മേഖലയിൽ ജലഗതാഗതത്തിൽ ചാലിയാർ പുഴയിൽ എടവണ്ണ മുതൽ വാഴക്കാട് വരെ ബോട്ട് സർവീസ് ആരംഭിക്കുക.
- ചമ്രവട്ടം മുതൽ കുറ്റിപ്പുറം പാലം വരെയുള്ള പുഴയോര നവീകരണവും, സംരക്ഷണവും, വികസനവും.
- സർക്കാർ കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദവും വയോജന സൗഹൃദവും സ്ത്രീ സൗഹൃദവുമാകേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതിനായി വയോജനങ്ങൾക്ക് കെട്ടിടങ്ങളിൽ അനായാസേന പ്രവേശിക്കുവാൻ വേണ്ട റാമ്പുകളുടെയും മുകൾ നിലകളിലേക്ക് പോകുന്നതിനായുള്ള ലിഫ്റ്റിന്റെ നിർമ്മാണം.
- പൊതുമരാമത്ത് വകുപ്പിനു കീഴിൽ ജില്ലയിൽ 701 കെട്ടിടങ്ങൾ ഉണ്ടെങ്കിലും ഇതിൽ മിക്ക കെട്ടിടങ്ങൾക്കും അവശ്യം വേണ്ട അനുബന്ധ നിർമ്മിതികൾ നിലവിലില്ല. കെട്ടിടം ഏത് വകുപ്പിനു കീഴിൽ വരുന്നു എന്നു എത്ര മാത്രം ഉപയോക്താക്കൾ കെട്ടിടം ഉപയോഗിക്കുന്നു എന്നതും അനുസരിച്ച് ഇവയിൽ താഴെ പറയുന്ന അനുബന്ധ നിർമ്മിതികൾ ആവശ്യമാണ് 1) വാഹങ്ങൾക്കു വേണ്ട പാർക്കിംഗ് സൗകര്യം. 2) കൂടുതൽ ഓഫിസുകൾ ഉള്ള കെട്ടിടങ്ങളോടനുബന്ധിച്ച് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്. 3) എല്ലാ കെട്ടിടങ്ങൾക്കും മഴവെള്ളക്കൊയ്ത്തിനുള്ള സംവിധാനം. 4) മൂന്നു നിലകളിൽ കൂടുതലുള്ള പഴയ കെട്ടിടങ്ങളിൽ ലിഫ്റ്റ് സൗകര്യം. 5) എല്ലാ കെട്ടിടങ്ങളിലും അംഗപരിമിതർക്കും പ്രായമായർക്കും വേണ്ട റാംപ് സൗകര്യം. 6) കെട്ടിടങ്ങളുടെ ഭംഗിയും അന്തരീക്ഷവും മെച്ചപ്പെടുത്തുന്നതിനായി ഇരിപ്പിട സൗകര്യത്തോടുകൂടിയ പൂന്തോട്ടം.
- അക്ഷയ പോലുള്ള പൊതുസേവന കേന്ദ്രങ്ങൾ കൂടുതലായി ആരംഭിക്കണം. പട്ടികവർഗ കോളനികളിൽ ധാരാളം അഭ്യസ്ഥവിദ്യരായ ചെറുപ്പക്കാരുണ്ട്. ഇവർക്ക് പ്രത്യേക പരിശീലനം നൽകി മറ്റുള്ളവർക്ക് കൂടി സേവനം നൽകാൻ പദ്ധതി തയ്യാറാക്കണം.
- സർക്കാർ പദ്ധതികൾ പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിന് നവമാധ്യമങ്ങളെ ഉപയോഗപ്പെടുത്തി കൂടുതൽ പ്രചരണം നൽകാം. സർക്കാർ തലത്തിൽ കമ്മ്യൂണിറ്റി റേഡിയോ അടക്കമുള്ളയും ആരംഭിക്കാവുന്നതാണ്. പ്രകൃതി ദുരന്തം ഉണ്ടാവുകയാണെങ്കിൽ ആശയവിനിമയം നടത്തുന്നതിന് ഹാം റേഡിയോ അടക്കമുള്ളവ പ്രോത്സാഹിപ്പിക്കാനും പ്രത്യേക പദ്ധതി ആവശ്യമാണ്.
- സർക്കാർ പരിപാടികളും മറ്റ് അറിയിപ്പുകളും ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിൽ കൃത്യമായി അറിയുമെന്നതിനാൽ ഇൻഫർമേഷൻ ഓഫീസ് കേന്ദ്രീകരിച്ച് പ്രാദേശിക ഓൺലൈൻ പത്രം

തുടങ്ങാവുന്നതാണ്. നിലവിലെ വാർത്തകളോടൊപ്പം പ്രധാന അറിയിപ്പുകളും ഇതിൽ ഉപയോഗപ്പെടുത്താം

- ജില്ലയുടെ സമഗ്ര വിവരം, ഫോൺ നമ്പറുകൾ, വിനോദ സഞ്ചാരം, സർക്കാർ പദ്ധതികൾ, സേവനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സഹായങ്ങൾ എന്നിവ അറിയിക്കുന്നിതനായി മൊബൈൽ ആപ്ലിക്കേഷൻ നിർമിക്കാവുന്നതാണ്.
- ബൈപാസുകൾ നിർദ്ദേശിച്ചതിൽ ഓരാടം പാലം-മാനത്തുമംഗലം ബൈപാസ് കൂടി ഉൾപ്പെടുത്തേണ്ടതാണ് (പതിമൂന്നാം ഇനമായി).
- മക്കരപ്പറമ്പ്-രാമപുരം ബൈപാസ് ചേർക്കേണ്ടതാണ് (പതിനാലാം ഇനമായി).
- കുറ്റിപ്പുറം ബസ് സ്റ്റാന്റ് വികസനം നടത്തേണ്ടതാണ്.
- ടൂറിസം മേഖലയിൽ ജലഗതാഗതത്തിൽ ചാലിയാർ പുഴയിൽ എടവണ്ണ മുതൽ വാഴക്കാട് വരെ ബോട്ട് സർവ്വീസ് ആരംഭിക്കുക.
- ചമ്രവട്ടം മുതൽ കുറ്റിപ്പുറം പാലം വരെയുള്ള പുഴയോര നവീകരണവും, സംരക്ഷണവും, വികസനവും
- കുറ്റിപ്പുറം ടൗൺ, ചെങ്ങണം കടവ്, ഭാരതപുഴയുടെ തീരത്ത് പാർക്ക് നിർമ്മാണം എന്നിവ നടപ്പാക്കുക.
- ഗതാഗത കുരുക്ക് ഒഴിവാക്കാൻ റിംഗ് റോഡുകളുടെ നിർമ്മാണം.
- പാതയോരങ്ങളിൽ വിശ്രമ കേന്ദ്രങ്ങളുടെയും, ടോയ്ലറ്റുകളുടെയും നിർമ്മാണവും പരിപാലനവും.
- ശാസ്ത്രീയമായ ബസ് ബേ നിർമ്മാണം.
- വികസന തരയുള്ള പ്രദേശങ്ങൾ, കോളനികൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ എന്നിവ ബന്ധിപ്പിക്കുന്ന പുതിയ റോഡുകൾ.
- ഗതാഗതം കൂടിയ പഞ്ചായത്ത് റോഡുകളുടെ നിലവാരം ഉയർത്തൽ.
- പൊതു പാർക്കിംഗിനായി മുനിസിപ്പാലിറ്റികൾ സ്ഥലം ഏറ്റെടുക്കാനുള്ള നടപടികൾ.
- കോഴിക്കോട് നഗരത്തിന്റെ മാതൃകയിൽ പ്രധാന നഗരങ്ങളിൽ സിറ്റി റോഡ് നവീകരണ പ്രവൃത്തി (ഫുട്പാത്ത്, ഓട, കൈവരി, നഗര സൗന്ദര്യ വൽക്കരണം, ജംഗ്ഷൻ നവീകരണം).

5.3.18 ടൂറിസം

ടൂറിസം വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ.

മലപ്പുറം ഡി.ടി.പി.സിയുടെ കീഴിൽ നിരവധി ടൂറിസം പദ്ധതികൾ ജില്ലയിൽ നടപ്പാക്കിയിട്ടുണ്ട്. ജില്ലയിൽ 15 ടൂറിസം ഡെസ്റ്റിനേഷനുകൾ ഡി.ടി.പി.സിയുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. മമ്പീതി ഇക്കോ വില്ലേജ് (50 ലക്ഷം), കാലിക്കറ്റ് യൂണിവേഴ്സിറ്റി ഫോറസ്റ്റ് നൈബർഹുഡ് (2 കോടി), നിലമ്പൂർ ടൂറിസ്റ്റ് ഹബ്ബ് (2കോടി), ഫൺ സോൺ അറ്റ് ചേറുമ്പ് ഇക്കോ വില്ലേജ് & വണ്ടൂർ ടൗൺ സ്കയർ (65ലക്ഷം) അഗ്രോ ടൂറിസം പ്രൊജക്ട് ആനക്കയം (40 ലക്ഷം), കൺഷ്ട്രക്ഷൻ ഓഫ് മറൈൻ മ്യൂസിയം, പൊന്നാനി (4 കോടി 36ലക്ഷം), കോട്ടക്കുന്ന് ഡെവലപ് മെന്റ് പ്രൊജക്ട് (2 കോടി), തിരുർ ടൂറിസം പ്രൊജക്ട് (1 കോടി), പൂന്താനം സാംസ്ക്കാരിക നിലയം (90 ലക്ഷം), പുഴയോര സ്നേഹപാത (1 കോടി 36 ലക്ഷം), ഡെവലപ്മെന്റ് ഓഫ് പിൽഗ്രിം ടൂറിസം ഫെസിലിറ്റീസ് ഇൻ ശ്രീരാമ ടെമ്പിൾ, രാമപുരം (8.5ലക്ഷം), ഡെവലപ്മെന്റ് ഓഫ് പിൽഗ്രിം ടൂറിസം

ഫെസിലിറ്റീസ് ഇൻ തുക്കളയൂർ ടെമ്പിൾ (16ലക്ഷം), ബിയ്യം ബ്രിഡ്ജിൽ കുട്ടികളുടെ കളിയുപകരണങ്ങൾ സ്ഥാപിക്കൽ (16 ലക്ഷം) തുടങ്ങിയ ടൂറിസം പദ്ധതികൾ ഡി.ടി.പി.സിയുടെ കീഴിൽ നടന്നു വരുന്നു.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- സംസ്ഥാനത്തെ ആകെയുള്ള ടൂറിസം ഡെസ്റ്റിനേഷനുകളെ ജനങ്ങളിലേക്ക് എത്തിക്കുക (മാർക്കറ്റ് ചെയ്യുക) എന്നതാണ് പ്രധാന ആവശ്യം പ്രകൃതി കനിഞ്ഞു നൽകിയ പ്രധാന ടൂറിസം അതിലോല പ്രദേശങ്ങളെ തനത് രീതിയിൽ കാത്ത് സൂക്ഷിക്കാനുള്ള നടപടി സ്വീകരിക്കണം
- ഇക്കോ ടൂറിസം വികസനം എന്ന പേരിൽ കോൺക്രീറ്റ് സ്ട്രക്ച്ചറുകൾ നിർമ്മിക്കുന്ന രീതിയിൽ മാറ്റം വരുത്തേണ്ടത് അത്യാവശ്യമാണ്.
- ടൂറിസം ഡിപ്പാർട്ട്മെന്റ് അംഗീകരിച്ച ടൂറിസം ഗൈഡുകളുടെ അഭാവം, സംസ്ഥാനത്തൊട്ടാകെ അനുഭവിച്ചു വരുന്നുണ്ട്.
- ഡെസ്റ്റിനേഷനുകളിലേക്ക് ആവശ്യമായ കണക്ടിവിറ്റി സംവിധാനം (റോഡ് വാർത്താവിനിമയ സൗകര്യങ്ങൾ) മെച്ചപ്പെടുത്തേണ്ടതുണ്ട്.
- ടൂറിസം മേഖലയുടെ പ്രവർത്തങ്ങളെ ഏകോപിപ്പിക്കാൻ കൂടുതൽ പ്രൊഫഷണലുകളെ ആവശ്യമാണ്.
- സംസ്ഥാന ടൂറിസം മേഖലകളെ ബന്ധിപ്പിക്കുന്ന രീതിയിൽ വിനോദ സഞ്ചാര ശൃംഖലയെ മെച്ചപ്പെടുത്തേണ്ടതുണ്ട്.
- ടൂറിസം മേഖലയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പ്രകൃതിക്ക് ഇണങ്ങുന്ന രീതിയിൽ ചെയ്യേണ്ടതുണ്ട്.
- സംസ്ഥാനമൊട്ടാകെയുള്ള ടൂറിസം ഡെസ്റ്റിനേഷനുകളുടെ മാസ്റ്റർപ്ലാൻ നിർമ്മിക്കേണ്ടതുണ്ട്.
- ഡെസ്റ്റിനേഷൻ വികസനത്തിനായി പ്രൈവറ്റ് പബ്ലിക് സംരംഭകത്വ പ്രൊജക്ടുകൾ ആവശ്യമാണ്. ആയതിന് വിശദമായ പ്ലാൻ തയ്യാറാക്കേണ്ടതാണ്.
- മലപ്പുറം ജില്ല മലയോരം, വനമേഖല, കായൽ മേഖല, കടലോരമേഖല, ഇവയാൽ സമൃദ്ധമാണ്. ഏരിയ തിരിച്ചുള്ള വികസനം സാദ്ധ്യമാണ്.
- നാടുകാണി, വഴിക്കടവ്, നിലമ്പൂർ, ആഢ്യൻപാറ, കേരളാംകുണ്ട്, കൊടികുത്തിമല എന്നീ പ്രദേശങ്ങളെ ഒന്നിപ്പിച്ചു കൊണ്ട് മലയോര ടൂറിസം സർക്യൂട്ട് വിഭാവനം ചെയ്യാവുന്നതാണ്.
- മലപ്പുറത്തേയ്ക്കുള്ള പ്രധാന കവാടമെന്ന രീതിയിൽ വഴിക്കടവ് പ്രദേശത്തിൽ എൻട്രി ടു മലബാർ എന്ന രീതിയിൽ ടൂറിസം പദ്ധതികൾ നടപ്പാക്കാവുന്നതാണ്. ഊട്ടി, മൈസൂർ, ബാംഗ്ലൂർ, വയനാട് എന്നിവിടങ്ങളിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന സഞ്ചാരികളെ മലപ്പുറം ജില്ലയിലേയ്ക്ക് ആകർഷിക്കുന്നതിന് ഇവിടെ ഗതാഗത സൗകര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും വികസിപ്പിച്ചു കൊണ്ട് പദ്ധതികൾ രൂപീകരിക്കാവുന്നതാണ്.
- വള്ളിക്കുന്ന് പക്ഷിസങ്കേതം പോലെ തന്നെ വെട്ടം തുരുത്ത് കണ്ടൽ കാടുകളാൽ സമൃദ്ധമാണ്. പ്രകൃതിയെ നശിപ്പിക്കാതെ തന്നെ ഒരു കമ്മ്യൂണിറ്റി റിസർവ്വായി ഇതിനെ മാറ്റാവുന്നതാണ്.
- ഹൗസ്ബോട്ട്, സ്പീഡ് ബോട്ട്, കയാക്കിംഗ്, നീന്തൽ, ബോട്ടിംഗ്, സ്പോർട്ട് ഫിഷിംഗ് തുടങ്ങിയ ജലഅധിഷ്ഠിത വിനോദസഞ്ചാര വികസനത്തിന് വലിയ സാദ്ധ്യതയുള്ള

ജില്ലയാണ് മലപ്പുറം. ഇതിനായി പ്രത്യേക മാസ്റ്റർ പ്ലാൻ തയ്യാറാക്കാവുന്നതാണ്. ഇതിൽ ജലസ്രോതസ്സുകൾ ശ്രദ്ധീകരിച്ച് സംരക്ഷിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടുകൂടിയ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകാം.

- സമഗ്ര ടൂറിസം വികസനത്തിനും, സഞ്ചാരികൾക്ക് അത് ആസ്വദിക്കാനുമായി ടൂറിസം കേന്ദ്രങ്ങളെ കോർത്തിണക്കി ടൂറിസം സർക്യൂട്ടുകൾ രൂപികരിക്കുക.
- ജില്ലയിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളുടെ സമഗ്രവികസനത്തിനായി 30 വർഷത്തെ കാഴ്ചപ്പാടോടുകൂടി മാസ്റ്റർ പ്ലാൻ തയ്യാറാക്കുക.
- ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ ടൂറിസം ഇൻഫർമേഷൻ സെന്ററുകൾ ആരംഭിക്കുക.
- പറവണ്ണ ബീച്ച് (ഭിന്നശേഷി സൗഹൃദ ബീച്ച്) - തിരൂർ പറവണ്ണയിൽ സ്ഥിതി ചെയ്യുന്ന പറവണ്ണ ബീച്ചിൽ സഞ്ചാരികളുടെ വരവ് ക്രമാതീതമായി ഉയർന്നിരിക്കുന്നു. പ്രത്യേകിച്ചു ഭിന്നശേഷിക്കാരും കുട്ടികളുമാണ് കൂടുതലായും സന്ദർശകരായി വരുന്നത്. റോഡ് സൗകര്യം ബീച്ചിന് അടുത്തുവരെ എത്തുന്നതു കാരണമാണ് ഇവർക്ക് ഇവിടെ എത്തിപ്പെടാനും കടൽ ആസ്വദിക്കാനും കഴിയുന്നത്. ഇവിടെ ഭിന്നശേഷികാർക്ക് ബീച്ചിൽ ഇറങ്ങാനും ആസ്വദിക്കാനും കഴിയുന്ന കടലിന്റെ സമീപത്തേക്കെത്തുന്ന തരത്തിൽ ബീച്ച് റാമ്പുകൾ സ്ഥാപിക്കുക. ഭിന്നശേഷിക്കാർക്കും കുട്ടികൾക്കും ഉപയോഗിക്കാൻ കഴിയുന്ന റൈഡുകളും പ്ലേ ഏരിയയും സ്ഥാപിച്ചു ജില്ലയിലെ ആദ്യത്തെ ഭിന്നശേഷി സൗഹൃദ ബീച്ച് ആക്കി പറവണ്ണ ബീച്ചിനെ മാറ്റുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. ടൂറിസം വികസനത്തിനായി നിരവധി വകുപ്പുകളുടെ ഏകോപനം ആവശ്യമാണ്. അതിൽ പ്രധാനമായും റോഡ്, ജലസേചനം, വൈദ്യുതി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ജില്ലാതല മേധാവികളുടെ കമ്മിറ്റി രൂപീകരിക്കണം. ഇതിലൂടെ ടൂറിസം വികസനത്തിന് എടുക്കുന്ന പ്രദേശത്തിന്റെ എല്ലാവിധ അടിസ്ഥാന സൗകര്യത്തിനുള്ള ക്ലിയറൻസ് ഏകജാലകം വഴി നടപ്പിലാക്കാൻ കഴിയും.
2. ടൂറിസം വികസനത്തിനായുള്ള സ്ഥലലഭ്യത, നിർമ്മാണത്തിനുള്ള അനുമതി ഇവ ത്വരിതപ്പെടുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് പ്രധാന ചുമതല വഹിക്കാന് കഴിയും.
3. ടൂറിസം കേന്ദ്രങ്ങളിൽ സ്ഥലവാസികൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കുക. ഇതിനായി ജില്ലയിലെ പ്രധാന കലകളെയും, കരകൗശല സാധനങ്ങളെയും ഉൽപ്പന്നങ്ങളെയും ടൂറിസം വിപണന സാധനമായി ഉൾപ്പെടുത്തി പദ്ധതികൾ ആവിഷ്ക്കരിക്കുക.
4. ജില്ലയില അനന്തമായ ടൂറിസം സാധ്യതകളെക്കുറിച്ച് ഈ മേഖലയിലുള്ള പ്രശസ്തരായ വ്യക്തികളെയും, സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി സെമിനാറുകൾ നടത്തുക ഇത് ഈ രംഗത്ത് കൂടുതൽ സംരംഭകരെ ലഭിക്കാൻ അവസരം ലഭിക്കും.
5. നിലവിൽ ടൂറിസം വകുപ്പ് അംഗീകാരം നൽക്കുന്ന സ്കീമുകളായ, ഹോംസ്റ്റേ, ആയുർവേദ സെന്റർ, സർവീസ് വില്ല, ഗൃഹസ്ഥലി, ഹൗസ് ബോട്ട്, ഫാം ടൂറിസം എന്നിവയുടെ വ്യവസായ സാധ്യതകളും അതിലൂടെ ജില്ലയുടെ റവന്യൂ വർദ്ധിപ്പിക്കലിനുമായി പഞ്ചായത്ത് തലത്തിൽ തദ്ദേശീയർക്ക് ബോധവലൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുക.
6. ഹോട്ടൽ, ഹോംസ്റ്റേ, സർവ്വീസ് വില്ല, ഫാം ടൂറിസം എന്നിവ ഉൾപ്പെടുത്തി ക്ലബ്ബ് രൂപീകരിക്കുക.

7. വിദേശ ടൂറിസ്റ്റുകളെ സ്ഥലങ്ങൾ കാണിച്ചു കൊടുക്കുന്നതിന് പരിശീലനം ലഭിച്ച ഗൈഡുകളുടെ സേവനം ലഭ്യമാക്കുക
8. ജില്ലയിലെ തനത് കലാരൂപങ്ങൾ പരിചയപ്പെടുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി ടൂറിസം പ്രോഗ്രാമുകൾ, ഫെസ്റ്റുകൾ, ആനുവൽഡേ എന്നിവ സംഘടിപ്പിക്കുക.
9. ജില്ലയിലെ പ്രധാന സാംസ്ക്കാരിക കേന്ദ്രങ്ങൾ ഉൾപ്പെടുത്തി കൾച്ചറൽ സർക്യൂട്ട് രൂപീകരിക്കുകയും പാക്കേജ് ടൂറുകൾ സംഘടിപ്പിക്കുകയും ചെയ്യുക
10. നിലമ്പൂർ കേന്ദ്രീകരിച്ച് ഫോറസ്റ്റ് ട്രക്കിംഗ്, ഫോറസ്റ്റ് സഫാരി എന്നിവ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
11. ആയുർവേദ ടൂറിസം പ്രൊമോട്ട് ചെയ്യുന്നതിനായി വെൽനസ്സ് സെന്ററുകൾ ആരംഭിക്കുക.
12. ഹോട്ടൽ, ഹോംസ്റ്റേ, സർവീസ് വില്ല, ഫാം ടൂറിസം, ആയുർവേദ വൈദ്യന്മാരുടെ സംഘടനകൾ എന്നിവരുടെ കൂട്ടായ്മ രൂപീകരിക്കുകയും ഇവയെല്ലാം കോ-ഓഡിനേറ്റ് ചെയ്യുന്നതിനും ടൂറിസം മാർക്കറ്റ് ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.
13. ജില്ലയിലെ എല്ലാ സ്ഥലങ്ങളിലും ടൂറിസം പ്രൊമോട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഇതിനായി എല്ലാ പഞ്ചായത്തിലെയും ടൂറിസം പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
14. തനത് ഭക്ഷ്യവിഭവങ്ങൾ ബ്രാൻഡ് ചെയ്ത് ടൂറിസ്റ്റുകൾക്ക് ലഭ്യമാക്കുന്നതിന് കൗണ്ടറുകൾ തുറക്കുക.
15. ശുചിത്വമുള്ള ടോയ്ലറ്റ് സൗകര്യങ്ങൾ ഏർപെടുത്തുക
16. ജില്ലയിലുള്ള ഓട്ടോറിക്ഷ, ടാക്സി ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ ജീവനക്കാർക്ക് ടൂറിസ്റ്റുകളോട് പെരുമാറേണ്ട രീതിയെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ നടത്തുക.
17. ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ ശാസ്ത്രീയമായ മാലിന്യ നിർമ്മാർജ്ജനം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കുടുംബശ്രീ പോലുള്ള സംഘടനകളെ ഉൾപ്പെടുത്തി നടപ്പിലാക്കുക. അതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിയും.
18. ഏറ്റവും കൂടുതൽ ടൂറിസം ക്ലബ്ബുകൾ മലപ്പുറം ജില്ലയിലാണ്. കോളേജുകളിലേയും, സ്കൂളുകളിലേയും ടൂറിസ്റ്റ് ക്ലബ്ബുകളിലേക്ക് കൂടുതൽ കുട്ടികളെ ആകർഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക. ടൂറിസം ക്ലബ്ബുകളെ സംഘടിപ്പിച്ച് ജില്ലയിൽ ടൂറിസം ബോധവൽക്കരണ ക്ലാസുകൾക്ക് നേതൃത്വം നല്കുക.

5.4.19. പട്ടികജാതി വികസനം

കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികളുടെ അവലോകനം

പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളെ പ്രധാനമായും അഞ്ച് വിഭാഗങ്ങളാക്കിതിരിച്ചിരിക്കുന്നു.

I. വിദ്യാഭ്യാസ പരിപാടികൾ.
II. സാമ്പത്തിക വികസന പരിപാടികൾ
III. സാമൂഹ്യക്ഷേമ പരിപാടികൾ
IV. സാംസ്കാരിക പരിപാടികൾ
V. നിയമാധിഷ്ഠിത സേവനങ്ങൾ.

വിദ്യാഭ്യാസ പരിപാടികൾ.

1.നഴ്സറി സ്കൂളുകൾ :

പട്ടികജാതി വികസന വകുപ്പ് നടത്തുന്ന നേഴ്സറി സ്കൂളുകളിൽ ചേർന്ന് പഠനം നടത്തുന്ന ഓരോ കുട്ടിക്കും ഫീഡിംഗ് ചാർജ്ജ് ഇനത്തിൽ പ്രതിദിനം 30 രൂപയും യൂണിഫോം വാങ്ങുന്നതിനായി 600 രൂപയും ലംസം ഗ്രാന്റ് ഇനത്തിൽ 190 രൂപയും നൽകുന്നു. ഒരു നേഴ്സറിയിലേക്ക് 30 കുട്ടികൾക്ക് പ്രവേശനം നൽകാവുന്നതും ഇതിൽ 25% വരെ പൊതുവിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകാവുന്നതാണ്.

2. പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യം

എല്ലാ സർക്കാർ, എയ്ഡഡ്, സർക്കാർ അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കൂൾ പ്രധാനാദ്ധ്യാപകൻ മുഖേന ലംസം ഗ്രാന്റ് നൽകുന്നു.

പട്ടിക 5.4.19.1 : പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ലംസംഗ്രാന്റ് വിഹിതം (രൂപയിൽ)

ക്ലാസ്സ്	രൂപ
1 മുതൽ 4 വരെ	320 രൂപ
5 മുതൽ 7 വരെ	630 രൂപ
8 മുതൽ 10 വരെ	940 രൂപ

അവലംബം – പട്ടികജാതി വികസന വകുപ്പ് ഉത്തരവുകൾ

3. ദുർബ്ബല വിഭാഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം

പട്ടികജാതി വിഭാഗത്തിലെ ദുർബ്ബല വിഭാഗമായ വേടൻ, വേട്ടുവ, നായാടി. അരുന്ധിയാർ, കള്ളാടി, ചക്ലിയൻ എന്നീ ദുർബ്ബല വിഭാഗത്തിൽപ്പെട്ട എൽ.പി, യു.പി. ഹൈസ്കൂൾ വിഭാഗത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം പ്രതിമാസ സ്റ്റൈപ്പന്റായി 130, 160, 190 നൽകുന്നു. (വാർഷികമായി 1300, 1600, 1900 രൂപ വീതം)

4. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് :

1 മുതൽ 8 വരെ ക്ലാസ്സുകളിൽ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് യൂണിഫോം. ബാഗ്, കുട തുടങ്ങിയവ വാങ്ങുന്നതിനായി 2000 രൂപ വീതം സ്കൂൾ പ്രധാനാദ്ധ്യാപകൻ മുഖേന നൽകുന്നു. ഈ തുകയിൽ 1000 രൂപ യൂണിഫോം വാങ്ങുന്നതിനും 275 രൂപ കുട വാങ്ങുന്നതിനും 175 രൂപ ചെരുപ്പ് വാങ്ങുന്നതിനും 150 രൂപ സ്റ്റേഷനറി വാങ്ങുന്നതിനുമായി അനുവദിക്കുന്നു.

5. 9,10 ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം (കേന്ദ്ര ഫണ്ട്):

9,10 ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് 1500 രൂപ സ്റ്റൈപ്പന്റായും 750 രൂപ ബുക്ക് ഗ്രാന്റായും ആകെ 2250 രൂപ അനുവദിക്കുന്നു. വിദ്യാർത്ഥികൾ ഹോസ്റ്റലിൽ അന്തേവാസികൾ ആണെങ്കിൽ പ്രതിമാസ സ്റ്റൈപ്പന്റായി 3500 രൂപയും ബുക്ക് ഗ്രാന്റായി 1000 രൂപയും ആകെ 4500 രൂപ അനുവദിക്കുന്നു. വാർഷിക വരുമാന പരിധി 2,50,000 രൂപ.

6. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യം (കേന്ദ്ര ഫണ്ട്):

ജാതി മത പരിഗണന കൂടാതെ വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്ക് 110 രൂപ നിരക്കിൽ പ്രതിമാസ സ്റ്റൈപ്പന്റും അഡ്ഹോക്ക് ഗ്രാന്റായി 750 രൂപയും അനുവദിക്കുന്നു. (വാർഷികമായി 1100 + 750 = 1850)

7. അംഗീകൃത എയ്ഡഡ് സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം :

അംഗീകൃത എയ്ഡഡ് സ്കൂളിൽ പഠിക്കുന്ന എൽ.പി., യു.പി. ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് ട്യൂഷൻ ഫീസ് ഇനത്തിൽ 1000/ രൂപയും സ്പെഷ്യൽ ഫീസ് ഇനത്തിൽ 333/ രൂപയും ഹൈസ്കൂൾ വിഭാഗത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസിനത്തിൽ 1500 രൂപയും സ്പെഷ്യൽ ഫീസിനത്തിൽ 500 രൂപയും നൽകുന്നു. വിദ്യാർത്ഥികളുടെ ക്ലാസ്സ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി ഫീസ് നിരക്ക് രേഖപ്പെടുത്തി ബന്ധപ്പെട്ട ഡി.ഇ.ഒ./എ.ഇ.ഒ മേലൊപ്പ് ചാർത്തി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ഒരു അദ്ധ്യായന വർഷത്തെ തുക അടുത്ത അദ്ധ്യായന വർഷം റീ ഇമ്പേഴ്സ്മെന്റ് ചെയ്തു നൽകുന്നു.

പട്ടിക 5.4.19.2 : പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സാമ്പത്തിക സഹായങ്ങൾ
(എൽ.പി/യു.പി/എച്ച്.എസ് തിരിച്ച്)

വിഭാഗം	ട്യൂഷൻ ഫീസ്	സ്പെഷ്യൽ ഫീസ്	ആകെ
എൽ.പി.	1000	333	1333
യു.പി.	1000	333	1333
ഹൈസ്കൂൾ	1500	500	2000

അവലംബം – പട്ടികജാതി വികസന വകുപ്പ് ഉത്തരവുകൾ

8. ശ്രീ.അയ്യങ്കാളി സ്കോളർഷിപ്പ് :

4, 7 ക്ലാസ്സുകളിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ തെരെഞ്ഞെടുക്കുന്ന മികച്ച വിദ്യാർത്ഥികൾക്ക് പത്താം ക്ലാസ്സ് വരെ പ്രതിവർഷം 4500 രൂപ സ്കോളർഷിപ്പും കുടുംബ വാർഷിക വരുമാനം 12000 രൂപയിൽ കുറവാണെങ്കിൽ പോഷകാഹാരം ലഭ്യമാക്കുന്നതിനായി 1000 രൂപയും പഠനോപകരണങ്ങൾ വാങ്ങുന്നതിനായി 2000 രൂപയും നൽകുന്നു. കുടുംബ വാർഷിക വരുമാന പരിധി 1,00,000 രൂപ.

9. പ്രത്യക പ്രോത്സാഹന സമ്മാനം :

വിവിധ വാർഷിക പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് താഴെപ്പറയുന്ന നിരക്കിൽ പ്രോത്സാഹന സമ്മാനം നൽകുന്നു.

പട്ടിക 5.4.19.3 : പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ഉന്നത വിജയം നേടിയവർക്കുള്ള സാമ്പത്തിക സഹായം (രൂപയിൽ)

ക്രമ നം	കോഴ്സ്	ഫസ്റ്റ്ക്ലാസ്സ് (തുക രൂപയിൽ)	ഡിസ്റ്റിംഗ്ഷൻ (തുക രൂപയിൽ)
1	എസ്.എസ്.എൽ.സി	1500(6A,4B)	2500 (6B, 4C)
2	പ്ലസ്സ് ടു/ടി.ടി.സി/ഡിപ്ലോമ	2500 (4A,2B)	5000 (4B, 2C)
3	ബിരുദം	3500	7500
4	ബിരുദാനന്തര ബിരുദം പ്രൊഫഷണൽ കോഴ്സുകൾ	5000	7500

അവലംബം – പട്ടികജാതി വികസന വകുപ്പ് ഉത്തരവുകൾ.

10. മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷക്ക് പരിശീലനം :

എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും ബി പ്ലസ്സിന് മുകളിൽ ലഭിച്ച വിദ്യാർത്ഥികൾക്ക് മെഡിക്കൽ /എഞ്ചിനീയറിംഗ് പരീക്ഷക്ക് ദീർഘകാല കോച്ചിംഗിന് 20,000/- രൂപ ധനസഹായം നൽകുന്നു കുടുംബ വാർഷി വരുമാന പരിധി 4,50,000 രൂപ.

11. റാങ്ക് ജേതാക്കൾക്ക് സ്വർണ്ണ മെഡൽ :

മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ ആദ്യ റാങ്ക് നേടുന്ന പി.ജി. വിദ്യാർത്ഥകൾക്ക് ഒരു പവൻ സ്വർണ്ണ നാണയവും പ്ലസ്സ് ടു, എസ്.എസ്.എൽ.സി പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ്സ് ഗ്രേഡ് വാങ്ങുന്ന വിദ്യാർത്ഥികൾക്ക് അര പവൻ സ്വർണ്ണ നാണയവും നൽകുന്നു. ഇതിലേക്ക് പ്രത്യേകമായി അപേക്ഷ നൽകേണ്ടതില്ല.

12. പാരലൽ കോളേജ് പഠനത്തിന് ധനസഹായം (കേന്ദ്ര ഫണ്ട്):

സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കാത്ത പട്ടികജാതി/മറ്റർഹ വിദ്യാർത്ഥികൾക്ക് പാരലൽ കോളേജിൽ പഠിക്കുന്നതിന് റഗുലർ സ്ഥാപനങ്ങളിൽ പഠിക്കുന്നവരുടെ നിരക്കിൽ വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നു.

പട്ടിക 5.4.19.3 : സ്വകാര്യ സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സാമ്പത്തിക സഹായം

കോഴ്സ്	LSG	സ്റ്റൈപ്പൻറ്	
പ്ലസ്സ് ടു	1130	6300	7500
ഡിഗ്രി	1190	6300	7500
പി.ജി.	1570	6300	7500

അവലംബം - പട്ടികജാതി വികസന വകുപ്പ്

13. പ്രീമെട്രിക് ഹോസ്റ്റലുകൾ

അഞ്ചാം തരം മുതലുള്ള വിദ്യാർത്ഥകൾക്ക് പ്രവേശനം നൽകുന്നു. ഇവർക്ക് രണ്ട് ജോഡി യൂണിഫോം, ചെരുപ്പ്, ബാഗ്, ഭക്ഷണം, 130 രൂപ നിരക്കിൽ പ്രതിമാസ സ്റ്റൈപ്പന്റ് (വാർഷികമായി 1300 രൂപ), അവധി ദിവസങ്ങളിൽ വീട്ടിൽ പോയി തിരികെ വരുന്നതിനുള്ള യാത്ര ബത്ത എന്നിവ നൽകുന്നു. വിദ്യാർത്ഥിക്ക് പ്രതിമാസ ഭക്ഷണ ഇനത്തിൽ 2000/- രൂപ അനുവദിക്കുന്നു. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ജാതി, വരുമാന സർട്ടിഫിക്കറ്റുകളും സ്കൂൾ വാർഷിക പരീക്ഷയുടെ ഗ്രേഡ് സർട്ടിഫിക്കറ്റ് എന്നിവ സഹിതം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഓരോ വർഷത്തിലേയും മെയ് മാസത്തിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

14. ശ്രീ.അയ്യങ്കാളി മെമ്മോറിയൽ ഗവ.മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ, തിരുവനന്തപുരം. :

കായിക മേഖലയിൽ മികവു പുലർത്തുന്നവർക്ക് പ്രത്യേക പരിശീലനം നൽകുന്നതിനായി അഞ്ചാം തരം മുതൽ പരിശീലനം നൽകുന്നു. വിദ്യാർത്ഥികളെ മേഖല തല സെലക്ഷൻ ട്രയൽസിലൂടെ തെരെഞ്ഞെടുക്കുന്നു. ഒരു ക്ലാസ്സിൽ 30 വിദ്യാർത്ഥികൾക്കാണ് പ്രവേശനം. ഇവർക്ക് പ്ലസ്സ് ടു വരെ സി.ബി.എസ്.ഇ. സിലബസ്സിൽ അദ്ധ്യാപനം നൽകുന്നു.

15. എഞ്ചിനീയറിംഗ് / മെഡിക്കൽ കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് പ്രാഥമിക ചെലവിന് ഗ്രാന്റ് :

എഞ്ചിനീയറിംഗ് മെഡിക്കൽ കോഴ്സുകളിൽ പ്രവേശനം നേടിയ ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് പ്രാഥമിക ചെലവിലേക്കായി യഥാക്രമം 5000/- രൂപയും, 10,000/- രൂപയും അനുവദിക്കുന്നു. പ്രവേശനം ലഭിച്ചതിന്റെ രേഖ, ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ സഹിതം ജില്ലാ പട്ടികജാതി വികസന ഓഫീസിൽ അപേക്ഷ നൽകാവുന്നതാണ്. വരുമാന പരിധി 1,00,000/-

16. സ്റ്റെതസ്കോപ്പ് വിതരണം :

ഒന്നാം വർഷ എം.ബി.ബി.എസ്. വിദ്യാർത്ഥികൾക്ക് സൗജന്യമായി സ്റ്റെതസ്കോപ്പ് നൽകുന്നു. ജില്ലാ പട്ടികജാതി വികസന ഓഫീസ് മുഖേനയാണ് ആനുകൂല്യ വിതരണം നടത്തുന്നത്.

17. മെഡിക്കൽ, എഞ്ചിനീയറിംഗ് കോഴ്സുകളിൽ പ്രവേശനം നേടിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രാഥമിക ചെലവിന് ഗ്രാന്റ്. :

മെഡിക്കൽ, എഞ്ചിനീയറിംഗ് കോഴ്സുകളിൽ പ്രവേശനം നേടിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രാഥമിക ചെലവിന് ഗ്രാന്റ് ഇനത്തിൽ മെഡിക്കൽ വിദ്യാർത്ഥിക്ക് 10,000 രൂപയും എഞ്ചിനീയറിംഗ് വിദ്യാർത്ഥിക്ക് 5,000 രൂപയും നൽകുന്നു. വാർഷിക കുടുംബ വരുമാന പരിധി 1,00,000 രൂപ.

18. ലാപ് ടോപ്പ് വിതരണം :

പട്ടികജാതി വികസന വകുപ്പിൽ നിന്നും വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്ന എഞ്ചിനീയറിംഗ് / എം.സി.എ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങുന്നതിനായി 25,000/ രൂപ ധനസഹായം നൽകുന്നു.

19. പഠനയാത്ര പര്യടന പരിപാടി :

സംസ്ഥാനത്ത് പ്ലസ്സ് ടു, ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകൾ എന്നിവക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന പഠനയാത്രയിൽ പങ്കെടുക്കുന്നതിനായി പരമാവധി 4000 രൂപയിൽ നിജപ്പെടുത്തി സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തുന്നത് പ്രകാരം സ്ഥാപന മേധാവി മുഖേന തുക അനുവദിക്കുന്നു.

20. പ്രീ എക്സാമിനേഷൻ ട്രയിനിംഗ് സെന്റർ :

വിവിധ മത്സര പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിനായി സംസ്ഥാനത്ത് തിരുവന്തപുരം, ആലുവ, കഴൽമന്ദം, കോഴിക്കോട് എന്നിവിടങ്ങളിലായി 04 സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റോടുകൂടി പരിശീലനം നൽകുന്നു. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ പരിശീലനം, ജോബ് ഓറിയന്റഡ് കോഴ്സുകൾക്കുള്ള പരിശീലനം എന്നിവ ഇവിടെ നൽകുന്നു.

21. ഗവ. ഓഫ് ഇന്ത്യ സ്കോളർഷിപ്പ് (കേന്ദ്ര ഫണ്ട്):

ഈ ഗ്രാന്റുകൾക്ക് അർഹതയില്ലാത്തതും, 2,50,000 രൂപ വരെ വരുമാനമുള്ള പട്ടികജാതി കുടുംബത്തിൽപ്പെടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പോസ്റ്റ്മെട്രിക് തലത്തിൽ കേരളത്തിനകത്തും പുറത്തും അംഗീകൃത സ്ഥാപനത്തിൽ ചേർന്ന് പഠിക്കുന്നതിന് ആനുകൂല്യം അനുവദിക്കുന്നു.

സാമ്പത്തിക വികസന പദ്ധതികൾ.

22. സ്വയം തൊഴിൽ പദ്ധതി :

വ്യക്തികൾക്ക് 3 ലക്ഷം രൂപ വരെയുള്ള വായ്പകൾക്കും ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപ വരെയുള്ള വായ്പകൾക്കും വായ്പ തുകയുടെ 1/3 സബ്സിഡി പദ്ധതി ബാങ്കുമായിച്ചേർന്ന് നൽകിവരുന്നു.

23. വക്കീലൻമാർക്ക് ധനസഹായം (കേന്ദ്ര ഫണ്ട്):

നിയമ വിദ്യാഭ്യാസം കഴിഞ്ഞ ഉടൻ വക്കീലായി പ്രാക്ടീസ് ചെയ്യുന്നതിന് 3 വർഷത്തേക്ക് ധനസഹായം നൽകുന്നു. ഇതിനായി ഗുണഭോക്താവ് ജാതി, എൻട്രോൾമെന്റ് സർട്ടിഫിക്കറ്റിന്റെ പകർപ്പ്, സീനിയർ അഭിഭാഷകന്റെ സാക്ഷ്യപത്രം, (പരിശീലന കാലയളവ് കൃത്യമായി രേഖപ്പെടുത്തണം) എസ്.എസ്.എൽ.സി, നിയമ ബിരുദ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ,

ധനസഹായം ലഭ്യമായാൽ മാത്രമെ പരിശീലനം നടത്താൻ കഴിയുവെന്ന തഹസിൽദാരുടെ സാക്ഷ്യപത്രം എന്നിവ ഹാജരാക്കണം.

പട്ടിക 5.4.19.4 : പട്ടികജാതി വിദ്യാർത്ഥികളിൽ വക്കീൽ പഠനം കഴിഞ്ഞ് പ്രാക്ടീസ് ചെയ്യുന്നവർക്കുള്ള ധനസഹായം (രൂപയിൽ)

ക്രമനം	വിശദാംശങ്ങൾ	ഒന്നാം വർഷം.	രണ്ടും മൂന്നും വർഷം
1	പുസ്തകം വാങ്ങുന്നതിന്	12000	12000 പ്രതി വർഷം
2	വസ്ത്രം വാങ്ങുന്നതിന്	4000	4000 പ്രതി വർഷം
3	എൻട്രോൾമെന്റ് ഫീസ്	9600	500*12
4	മുറി വാടക	5	6000 പ്രതി വർഷം

അവലംബം – പട്ടികജാതി വികസന വകുപ്പ്

24. സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവർക്ക് അപ്രന്റിഷിപ്പ് :

ഐ.ടി.ഐ, ഡിപ്ലോമ, എഞ്ചിനിയറിംഗ് ഡിഗ്രി എന്നിവ പാസ്സായവർക്ക് അപ്രന്റിഷിപ്പ് പദ്ധതി പ്രകാരം താഴെപ്പറയുന്ന നിരക്കിൽ പ്രതിമാസ സ്റ്റൈപ്പന്റ് നൽകുന്നു.

പട്ടിക 5.4.19.5 : പട്ടികജാതി വിദ്യാർത്ഥികളിൽ സാങ്കേതിക വിദ്യാഭ്യാസം നേടിയവർക്കുള്ള അപ്രന്റിഷിപ്പ് രൂപയിൽ

ക്രമ നം	കോഴ്സ്	പ്രതിമാസ നിരക്ക്	വാർഷിക നിരക്ക്
1	ഐ.ടി.ഐ.	2000	24000
2	ഡിപ്ലോമ	2500	30000
3	എഞ്ചിനീയറിംഗ് ഡിഗ്രി	3000	36000.

അവലംബം – പട്ടികജാതി വികസന വകുപ്പ്

25. ടൂൾകിറ്റ് :

വകുപ്പിന്റെ ഐ.ടി.ഐ കളിൽ വിവിധ ട്രേഡുകൾ പാസ്സായിട്ടുള്ളവർക്ക് പണിയായുധങ്ങൾ വാങ്ങുന്നതിനുള്ള ഗ്രാന്റ് നൽകുന്നു.

സാമൂഹ്യക്ഷേമ പരിപാടികൾ.

26. വിവാഹ ധനസഹായ പദ്ധതികൾ :

കുടുംബ വാർഷിക വരുമാനം 1,00,000/– രൂപയിൽ താഴെയുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിനായി 75,000 രൂപ ധനസഹായം അനുവദിക്കുന്നു.

27. മിശ്രവിവാഹ ധനസഹായം (കേന്ദ്ര ഫണ്ട്):

മിശ്രവിവാഹിതരായ ദമ്പതിമാർക്ക് (ഒരാൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരായിരിക്കണം) തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 75,000 രൂപ ധനസഹായം നൽകുന്നു. രണ്ട് പേരുടേയും കൂടി പ്രതിവർഷ വരുമാന പരിധി 1,00,000 രൂപയിൽ താഴെയായിരിക്കണം.

28. ഭൂരഹിത പുനരധിവാസ ധനസഹായ പദ്ധതി :

ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഗ്രാമപഞ്ചായത്ത് പരിധിയിൽ 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3,75,000 രൂപയും മുനിസിപ്പാലിറ്റി പരിധിയിൽ 3 സെന്റ് സ്ഥലം വാങ്ങുന്നതിന് 4,50,000/ രൂപയും ധനസഹായമായി നൽകുന്നു. വരുമാന പരിധി 50,000/– രൂപ

29. ഭവന നിർമ്മാണ ധനസഹായ പദ്ധതി :

ഭവന രഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് 3,00,000 രൂപ നിരക്കിൽ ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നു. വരുമാന പരിധി 50,000/- രൂപ.

30. ദുർബ്ബല വിഭാഗങ്ങൾക്കുള്ള പ്രത്യേക പുനരധിവാസ പദ്ധതി :

ഭൂരഹിതരും ഭവന രഹിതരുമായ പട്ടികജാതി വിഭാഗത്തിലെ ദുർബ്ബല വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി വാങ്ങി ഭവന നിർമ്മാണ നടത്തുന്നതിന് 7,25,000/- രൂപ ധനസഹായം അനുവദിക്കുന്നു. കുടുംബ വാർഷിക വരുമാന പരിധി 50,000/- രൂപ.

31. ടോയിലറ്റ് നിർമ്മാണ ധനസഹായം :

പട്ടികജാതി വിഭാഗക്കാരായ കുടുംബങ്ങൾക്ക് ടോയിലറ്റ് നിർമ്മിക്കുന്നതിനായി 25,000/ രൂപ ധനസഹായം അനുവദിക്കുന്നു. വരുമാന പരിധി 50,000/ രൂപ.

32. ഭവന പുനരുദ്ധാരണം/അഡീഷണൽ റൂം ധനസഹായ പദ്ധതി :

പട്ടികജാതി വിഭാഗക്കാരായ കുടുംബങ്ങൾക്ക് ഭവന പുനരുദ്ധാരണം/അഡീഷണൽ റൂം ധനസഹായ പദ്ധതി പ്രകാരം 50,000/- രൂപ ധനസഹായം അനുവദിക്കുന്നു. വരുമാന പരിധി 50,000/- രൂപ.

33. ചികിത്സാ ധനസഹായ പദ്ധതി :

മാരക രോഗം ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ 1,00,000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവരുമായ എസ്.സി. വിഭാഗക്കാർക്ക് പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 50,000/- രൂപ വരെ ചികിത്സാ ധനസഹായം നൽകുന്നു. ഹൃദയ ശസ്ത്രക്രിയ, ഗുരുതരമായ രോഗം എന്നിവക്ക് 1,00,000/- രൂപ വരെയും ധനസഹായം നൽകുന്നു.

34. വിജ്ഞാൻവാടി :

പട്ടികജാതി വിദ്യാർഥത്ഥികളുടേയും യുവാക്കളുടേയും ഉന്നമനം ലക്ഷ്യമാക്കി ആനുകാലിക വിജ്ഞാന സമ്പാദനത്തിനും മത്സര പരീക്ഷകളിൽ ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനും സഹായകരമായ പദ്ധതി.

35. വിദേശത്ത് തൊഴിൽ നേടുന്നതിന് സാമ്പത്തിക സഹായം :

പട്ടികജാതി യുവതി യുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന് യാത്രയ്ക്കും വിസാ സംബന്ധമായ ചെലവുകൾക്കുമായി 1,00,000/- രൂപ ധനസഹായം നൽകുന്ന പദ്ധതി. വരുമാന പരിധി 2,50,000/-. ഇതിലേക്കായി അപേക്ഷകൻ ജാതി, വരുമാന സാക്ഷ്യപത്രങ്ങൾ, തൊഴിൽ വിസ, യാത്ര ടിക്കറ്റ് എന്നിവയുടെ പകർപ്പ് തൊഴിൽ കരാർപത്രം, ജോയിനിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കേണ്ടതാണ്.

36. വാത്സല്യ നിധി :

01.04.2017 മുതൽ ജനിക്കുന്ന പെൺകുട്ടിയുടെ പേരിൽ നാല് ഗഡുക്കളായി 1,38,000 രൂപ നിക്ഷേപിക്കുന്നു. കുട്ടി ജനിക്കുമ്പോഴും 5, 10, 15 വയസ്സുകൾ ആകുമ്പോഴും തുക നിക്ഷേപികുന്നു.

ഇത്തരത്തിൽ നിക്ഷേപിക്കുന്ന തുക കുട്ടിക്ക് 18 വയസ്സാകുമ്പോൾ 3,00,000 രൂപയായി തിരികെ ലഭിക്കുന്നു. വാർഷിക വരുമാന പരിധി 1,00,000 രൂപ വരെ.

37. അംബേദ്ക്കർ ഗ്രാമവികസന പദ്ധതി :

കുറഞ്ഞത് 40 പട്ടികജാതി കുടുംബങ്ങളെങ്കിലും താമസിക്കുന്ന പട്ടികജാതി കോളനികളുടെ സമഗ്ര വികസനത്തിനായുള്ള പദ്ധതിയാണിത്. കോളനി നിവാസികളാണ് പദ്ധതി പ്രവർത്തികൾ തെരെഞ്ഞെടുക്കുന്നത്. ഓരോ കോളനിയുടേയും അടിസ്ഥാന വികസനത്തിനായി 1,00,00,000/- (ഒരു കോടി) രൂപ വരെ ചെലവഴിക്കാവുന്നതാണ്. ഒരു സാമ്പത്തിക വർഷത്തിൽ ഒരു നിയോജക മണ്ഡലത്തിലെ 02 പട്ടികജാതി കോളനികൾ തെരെഞ്ഞെടുക്കാവുന്നതാണ്.

വിവിധ പദ്ധതികളിലായി മലപ്പുറം ജില്ലാ പട്ടികജാതി വികസന ഓഫീസ് മുഖേന 2015-16, 2016-17, 2017-18 വർഷങ്ങളിൽ ചെലവഴിച്ച തുക (രൂപയിൽ)

പട്ടിക 5.4.19.6 : 2015-16, 2016-17, 2017-18 വർഷങ്ങളിൽ ജില്ലാ പട്ടികജാതി വികസന ഓഫീസ് മുഖേന ചെലവഴിച്ച തുക (രൂപയിൽ)

വിവിധ പദ്ധതികളിൽ ചെലവഴിച്ച തുക (രൂപയിൽ)	2015-16	2016-17	2017--18 നവംബർ വരെ 30.11.17
	82,10,98,071	102,82,41,978	56,85,73,330

അവലംബം - 2015-16, 2016-17, 2017-18 ജില്ലാ പട്ടികജാതി വകുപ്പ്തല കണക്കുകൾ

ചിത്രം 5.4.19.1 : പട്ടികജാതി വകുപ്പ് മുഖേന ചെലവഴിച്ച തുകകോടിയിൽ



അവലംബം - ജില്ലാ പട്ടികജാതി വികസന വകുപ്പ് തല കണക്കുകൾ

മേൽതട്ട് നിർദ്ദേശങ്ങൾ

- 2009-10 ലാണ് അവസാനമായി പട്ടികജാതി വിഭാഗങ്ങളെപ്പറ്റി ഒരു സർവ്വേ നടത്തിയത്. മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഇപ്പോഴും പദ്ധതികളുടെ രൂപീകരണം നടക്കുന്നത്. ആയതിനാൽ അടിയന്തിരമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പുതിയ സർവ്വേ നടപടികൾ പൂർത്തീകരിക്കുക.
- പദ്ധതികൾ ആരംഭിക്കുന്നതിലുണ്ടാകുന്ന കാലതാമസമാണ് മറ്റൊരു കാരണം. ഇക്കാര്യത്തിൽ വ്യക്തമായ നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ ലഭ്യമാകുന്നുണ്ടെങ്കിലും ആയത് പ്രവർത്തി പഥത്തിൽ എത്തിക്കാൻ ഇപ്പോഴും കഴിഞ്ഞിട്ടില്ല.
- പദ്ധതി നിർവ്വഹണത്തിനാവശ്യമായ ജീവനക്കാരുടെ കുറവ് പദ്ധതികളുടെ നിർവ്വഹണത്തെ കാര്യമായിതന്നെ ബാധിക്കുന്നുണ്ട്. ആവശ്യത്തിന് ജീവനക്കാരെ നല്കുകയും സാമ്പത്തിക

വർഷത്തിന്റെ ആരംഭത്തിൽ തന്നെ ജീവനക്കാരുടെ ട്രാൻസ്ഫർ നടപടികൾ പൂർത്തീകരിക്കുകയും ചെയ്താൽ ഇക്കാര്യത്തിൽ ഒരു പരിധിവരെ പരിഹാരമാകുന്നതാണ്.

- നിലവിൽ പ്രത്യേകമായി പരാമർശിച്ചിട്ടുള്ള എല്ലാ വ്യക്തിഗതാനുകൂല്യ പദ്ധതികളും ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനാണ് അനുമതിയുള്ളത്. എന്നാൽ ചില വ്യക്തിഗതാനുകൂല്യ പദ്ധതികൾ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് നടപ്പിലാക്കുന്നതിന് അനുമതി നൽകുമ്പോൾ തന്നെ ആയത് ഗ്രാമപഞ്ചായത്തുകൾക്കും ഏറ്റെടുക്കാൻ സാധിക്കുന്നു. എന്നാൽ പ്രത്യേകമായ കൂടിയാലോചനകൾ ഇല്ലാതെ ഒരേ പദ്ധതികൾ മൂന്ന് വിഭാഗക്കാരും രൂപീകരിക്കുകയും ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ആവശ്യത്തിന് ഗുണഭോക്താക്കളെ ലഭ്യമാകാതെ വരികയും പദ്ധതി നടപ്പിലാക്കാൻ കഴിയാതെ വരികയും ചെയ്യുന്നു. ഇക്കാര്യത്തിൽ ആവശ്യമായ മാറ്റം വരുത്തേണ്ടത് അത്യാവശ്യമാണ്. ഇത്തരം പദ്ധതികളിൽ എല്ലാ വിഭാഗത്തിനും പദ്ധതി നടപ്പിലാക്കാനുള്ള അനുമതി നൽകാതിരിക്കുകയും ത്രിതല പഞ്ചായത്തുകളിൽ ഏറ്റവും താഴെ തട്ടിൽ പദ്ധതി രൂപീകരിച്ച് നടപ്പിൽ വരുത്തുകയും ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് വിഹിതം നൽകുന്നതിനുള്ള അനുമതി നൽകുകയും ചെയ്യാവുന്നതാണ്.
- ജില്ലാ, ബ്ലോക്ക് തലത്തിൽ പട്ടികജാതി വിഭാഗത്തിനായി നീക്കിവെക്കപ്പെടുത്ത തുക ചെലവഴിക്കുന്നതിനുള്ള പദ്ധതി നിർദ്ദേശങ്ങൾ വളരെ കുറവാണ്. ഇവിടെ വിനിയോഗ സാധ്യതകളുടെ വ്യാപ്തി കൂട്ടുകയെന്നതാണ് ചെയ്യാവുന്ന മാർഗ്ഗം.
- സ്വയം പര്യാപ്ത ഗ്രാമം പദ്ധതി മാതൃകയിൽ ജില്ലയിലെ വിവിധ കോളനികൾ കേന്ദ്രീകരിച്ച് സമഗ്രവികസന പദ്ധതി നടപ്പിലാക്കുക
- പട്ടികജാതി യുവാക്കൾക്ക് വിവിധ മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിനാവശ്യമായ പരിശീലനം നൽകുന്നതിന് റസിഡൻഷ്യൽ സൗകര്യത്തോടെ പരിശീലന കേന്ദ്രം നിർമ്മിക്കുക.
- വിവിധ പ്രൊഫഷണൽ കോഴ്സുകൾ പൂർത്തീകരിച്ചവർക്ക് വിവിധ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ അപ്രന്റീസ് ട്രെയിനികളായി നിയമനം നൽകുക.
- പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷകൾക്ക് വേണ്ടി പരിശീലന സ്ഥാപനങ്ങൾ സ്ഥാപിക്കുക.

5.4.20 പട്ടിക വർഗ്ഗ വികസനം

2017-18 ൽ സംസ്ഥാന സർക്കാരുകൾ മുഖേന ജില്ലയിൽ പട്ടിക വർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനം

പട്ടിക 5.4.20. 1 : നടപ്പ് വർഷം കേന്ദ്ര സംസ്ഥാന സർക്കാരുകൾ മുഖേന ജില്ലയിൽ പട്ടിക വർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

ക്രമ നം	പദ്ധതി	തുക (രൂപ)
1	അടിയ പണിയ പാക്കേജ്	14,37,500
2	കോർപ്പസ് ഫണ്ട്	810000
3	ഭക്ഷ്യ സഹായ പദ്ധതി	14850000
4	എസ് സി എ ടു ടി എസ് പി (പ്രത്യേക കേന്ദ്ര സഹായ പദ്ധതി)	9344393

ക്രമ നം	പദ്ധതി	തുക (രൂപ)
5	ഭവനനിർമ്മാണം	17200000
6	കൈത്താങ്ങ്	307000
7	ജനനീ ജന്മരക്ഷ	3000000
8	ചികിത്സാ ധനസഹായം	2000000
9	സിക്കിൾസെൽ അനീമിയ	900000
10	വിവാഹ ധനസഹായം	1200000
11	അതിക്രമം തടയൽ പദ്ധതി	250000
12	പ്രീമെട്രിക്ക് സ്കോളർഷിപ്പ് (നോൺപ്ലാൻ)	66,00,000
13	പ്രീ മെട്രിക്ക് സ്കോളർഷിപ്പ് (പ്ലാൻ) സ്പെഷ്യൽ സെൻട്രൽ അസിസ്റ്റൻസ്	900000
14	പോസ്റ്റ്മെട്രിക്ക് സ്കോളർഷിപ്പ് (നോൺപ്ലാൻ)	200000
15	ഗോത്രസാരഥി പ്രമോഷൻ ആന്റ് എഡ്യൂക്കേഷൻ (പ്ലാൻ)	1170600
16	സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള പ്രോത്സാഹന ധനസഹായം	200000
17	സ്റ്റഡീ ട്യൂർ	25000
18	അയ്യങ്കാളി സ്കോളർഷിപ്പ് (പ്ലാൻ)	200000
19	പ്രാരംഭ ചെലവ് (പ്ലാൻ)	25000

അവലംബം : 2017-18 ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് മിനുട്സ്

അടിയ പണിയ പാക്കേജ് 2017-18

ഈ വർഷം ലഭിച്ച ആകെ തുക	14,37,500 രൂപ
ചെലവഴിച്ച തുക	11,30,967 രൂപ
ഇനി നടപ്പിലാക്കാനുള്ള പദ്ധതികളുടെ തുക	492550 രൂപ

പട്ടികവർഗ്ഗത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന അടിയ പണിയ കാട്ടുനായിക്ക ചോലനായിക്ക വിഭാഗങ്ങളുടെ ഉന്നമനത്തിന് വേണ്ടി നടപ്പിലാക്കുന്ന പദ്ധതിയാണ് അടിയ പണിയ പാക്കേജ്. നടപ്പ് സാമ്പത്തിക വർഷം ഈ പദ്ധതി പ്രകാരം നിലമ്പൂർ ഐറ്റിഡിപവയിലേക്ക് 14,37,500 രൂപ അനുവദിച്ചിട്ടുണ്ട് ഈ തുക വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

പട്ടിക 5.4.20.2 : അടിയ പണിയ പാക്കേജ് 2017-18 പദ്ധതികൾ

ക്രമ നം	പദ്ധതി	തുക രൂപയിൽ
1	എൽപി സ്കൂൾ കുട്ടികൾക്ക് യൂണിഫോം വിതരണം	823,020
2	മുണ്ടക്കടവ് പശ്ര വളർത്തൽ യൂണിറ്റ്	50,000
3	പ്ലസ് വൺ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ, ധനസഹായം	22,000
4	മാഞ്ചീരി സെറ്റിൽമെന്റിലെ കുടുംബങ്ങൾക്ക് ടാർപോളിൻ ഷീറ്റുകൾ നൽകൽ	75,600
5	മാഞ്ചീരി കോളനിയിൽ സോളാർ യൂണിറ്റ് നൽകൽ	91,548
6	സായി സ്നേഹതീരം കുട്ടികൾക്ക് യൂണീഫോം നൽകൽ	64,500
7	പറയൻമേട് കോളനിയിൽ ടാർപോളിൻ ഷീറ്റ് നൽകിയത്	2,120
8	വല്ലപ്പുഴ കോളനിയിലെ നരേന്ദ്രന് പഠന സഹായം നൽകിയത്	1,260
9	തണ്ടൻകല്ല് കോളനിയിലെ ശ്രീ രഘുവിന് 3 മാസമായി റേഷൻ ലഭിക്കാത്തതിനാൽ	936

	അടിയന്തിരമായി ഭക്ഷ്യ സാധനങ്ങൾ വാങ്ങി നൽകിയത്	
10	പാടിക്കുന്ന് കോളനിയിലെ കുമാരി അമൃത, ചിന്നു, ശ്രീഷ്മ എന്നീ കുട്ടികൾക്ക് പഠനോപകരണങ്ങൾ വാങ്ങി നൽകിയത്	1,815
11	പെരുവമ്പാടം കോളനിയിലെ പൊതുകിണർ വൃത്തിയാക്കിയത്	3,000
12	അളക്കൽ കോളനിയിലെ ചാത്തൻ എന്നയാളുടെ വീട് മരം വീണ് തകർന്നതിനാൽ താൽക്കാലിക താമസം ഒരുക്കുന്നതിന് അടിയന്തിരമായി സഹായം നൽകിയത്	2,500
13	അളക്കൽ കോളനിയിലെ കാളൻ എന്നയാളുടെ ടോയിലറ്റ് തകർന്നതിനാൽ ആയത് പരിഹരിക്കുന്നതിന് സഹായം നൽകിയത്	600
	ആകെ	1,138,899

അവലംബം: 2017-18 എസ്.സി.എ ടു ടിഎസ് .പി വർക്കിംഗ് ഗ്രൂപ്പ് മിനുട്സ്

അടിയ പണിയ പാക്കേജ് പ്രകാരം നടപ്പിലാക്കുന്നതിന് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭിച്ച മറ്റ് പദ്ധതികൾ ചുവടെ ചേർക്കുന്നു.

പട്ടിക 5.4.20.3 :

അടിയ പണിയ പാക്കേജ് പ്രകാരം ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭിച്ച മറ്റ് പദ്ധതികൾ

ക്രമ നം	പദ്ധതി	തുക രൂപയിൽ
1	മാഞ്ചീരി കോളനിയിലെ കുളം ചെളിവാരി മോട്ടോർ ഉപയോഗിച്ച് വൃത്തിയാക്കി	3500
2	പാടിക്കുന്ന് കോളനിയിലെ കുമാരി പ്രവീണക്ക് നിലമ്പൂർ മാനവേദൻ സ്കൂളിൽ പ്രവേശിപ്പിക്കുന്നതിന് വാഹന വാടകയിനത്തിൽ ചെലവഴിച്ച തുക	500
3	ഇരുട്ടുക്കുത്തി കോളനിയിലെ ശ്രീമതി മിനിയുടെ വീടിന്റെ അടുക്കള പൂർണമായും തകർന്നത് ശരിയാക്കുന്നതിന് നൽകിയ തുക	2,500
4	മുപ്പിനി കോളനിയിലെ മോട്ടോർ കേടായത് റിപ്പയർ ചെയതതിന് ചെലവായ തുക	1500
5	ഹോസ്റ്റലിൽ എത്താതിരുന്ന വെറ്റിലക്കൊല്ലി കോളനിയിലെ 8 കുട്ടികളെ മണിമൂളി പ്രീമെട്രിക്ക് ഹോസ്റ്റലിൽ എത്തിച്ച വാഹന വാടക	2400
6	തണ്ടൻകല്ല് കോളനിയിലെ ശ്രീമതി നിഷക്ക് ഡിഗ്രിക്ക് ഓൺലൈനായി കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ കൊണ്ടുപോയി രജിസ്റ്റർചെയ്യിക്കുന്നതിനും പട്ടാമ്പി ഗവ കോളേജിൽ ഡിഗ്രിക്ക് അഡ്മിഷൻ ലഭിച്ചതിനാൽ കോളേജിൽ ചേരുന്നതിനുള്ള പ്രാരംഭചെലവുകൾക്കും അനുവദിച്ച തുക	3500
7	തണ്ടൻകല്ലൻ കോളനിയിലെ ശ്രീ ബാലൻ എന്നയാളുടെ വീട് സമീപത്തുള്ള മരം വീണ് ഓടുകൾപൊട്ടിയതിനെ തുടർന്ന് പ്ലാസ്റ്റിക്ക് ഷീറ്റുകൾ വാങ്ങി നൽകിയത്	1090
8	മാഞ്ചീരികോളനിയിലെ വീരൻ, കരിമ്പുഴ കോളനിയിലെ ചന്ദ്രൻ എന്നിവർക്ക് വസ്ത്രങ്ങൾ വാങ്ങിനൽകിയത്	3020
9	പച്ചക്കറിത്തോട്ടം യൂണിറ്റ് ആരംഭിക്കുന്നത് 2 പേർക്ക്	190000
10	നിലമ്പൂർ ടൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ പരിധിയിൽ വരുന്ന പട്ടികവർഗ്ഗ കുടുംബങ്ങളുടെ വീട് മഴക്കാലത്ത് ചോർന്ന് ഒലിക്കുന്നത് തടയുന്നതിന് 179 പ്ലാസ്റ്റിക് ഷീറ്റുകൾ വാങ്ങി വിതരണം നടത്തിയ തുക (1,56,840 രൂപ ഷീറ്റിനും 7,980 രൂപ വാഹന വാടക)	164820
11	സുൽത്താൻപടി കോളനിയിലെക്ക് കുടിവെള്ള ക്ഷാമം നേരിട്ടതിനാൽ വാഹനത്തിൽ 06/07/2017 മുതൽ 05/10/2017 വരെയുള്ള ദിവസങ്ങളിൽ 31 ലോഡ് വെള്ളം എത്തിക്കുകയും, കോളനിയിലെ ചെളി നിറഞ്ഞ കിണർ ചെളിവാരി വൃത്തിയാക്കുകയും ചെയ്ത ഇനത്തിൽ ചെലവഴിച്ച തുക	62800
12	പൂവ്വത്തിപൊയിൽ കോളനിയിലെ പൊതുകിണർ വൃത്തിയാക്കിയത്	5000
13	കാട് വെട്ട് മെഷീൻ 2 പേർക്ക് നൽകുന്നത്	51920
ആകെ		492,550

അവലംബം 2017-18 എസ്.സി.എ ടു ടിഎസ് .പി വർക്കിംഗ് ഗ്രൂപ്പ് മിനുട്സ്

കോർപ്പസ് ഫണ്ട് 2017-18

ഈ വർഷം ലഭിച്ച ആകെ തുക	81,00,000 രൂപ
ചെലവഴിച്ച തുക	39,92,164 രൂപ
ഇനി നടപ്പിലാക്കാനുള്ള പദ്ധതികളുടെ തുക	97,20,554 രൂപ

പ്രൊജക്ട് അധിഷ്ഠിത സമീപനം ഉൾക്കൊണ്ട് പദ്ധതികൾക്ക് അംഗീകാരം നൽകി പട്ടിക വർഗ്ഗ കോളനികളിൽ വികസനം നടപ്പിലാക്കുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. നടപ്പ് സാമ്പത്തിക വർഷം ജില്ലക്ക് കോർപസ് ഫണ്ടിൽ 81 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട് . താഴെ പറയുന്ന പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു.

പട്ടിക 5.4.20.4 : കോർപ്പസ് ഫണ്ട് 2017-18 ലെ പദ്ധതികൾ

ക്രമ നം	പദ്ധതി	നിർവ്വഹണം	തുക രൂപയിൽ
1.	കുടിവെള്ള പൈപ്പ് ലഭ്യമാക്കൽ	ടി ഇ ഒ പെരിന്തൽമണ്ണ	4,200
2.	കിന്റർഗാർഡൻ നടത്തിപ്പിന് പഞ്ചായത്തിന് വിഹിതം നൽകിയത്	ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ	100000
3.	കിന്റർഗാർഡൻ ബാല വിജ്ഞാന കേന്ദ്രം അത്യാവശ്യ സാധനങ്ങളുടെ വിതരണം	പ്രൊജക്ട് ഓഫീസർ ഐറ്റിഡിപി	150180
4.	പൂൾഡ് ഫണ്ട് ഹൗസിംഗ് ഗ്രാന്റ്		52500
5.	പുതുവായ് കോളനി കുടിവെള്ള പദ്ധതി	സെക്രട്ടറി മൂത്തേടം ഗ്രാമ പഞ്ചായത്ത്	855488
6.	ഉച്ചക്കുളം കോളനി കുടിവെള്ള പദ്ധതി		886175
7.	ചോക്കാട് ജിഎൽപിഎസ് പ്രഭാത ഭക്ഷണം നൽകൽ	ഹെഡ്മാസ്റ്റർ ജിഎൽപിഎസ് ചോക്കാട്	86940
8.	ചെറിയപുളളി കോളനി കുടിവെള്ള പദ്ധതി	സെക്രട്ടറി കരുളായി ഗ്രാമ പഞ്ചായത്ത്	1500000
9.	കൊഴിഞ്ഞ് പോക്ക് ഇല്ലാതാക്കാനുള്ള വിദ്യഭ്യാസ പദ്ധതി ഹെഡ്മാസ്റ്റർമാരുടെ യോഗത്തിനുള്ള ചെലവ്.	പ്രൊജക്ട് ഓഫീസർ ഐറ്റിഡിപി	3751
10.	കിണർ പുനരുദ്ധാരണം	ടി.ഇ.ഒ.എടവണ്ണ/ പെരിന്തൽമണ്ണ	240220
11.	സ്പോർട്സ് കിറ്റ് വിതരണം 10 എണ്ണം	ടി.ഇ.ഒ.എടവണ്ണ/ പെരിന്തൽമണ്ണ/നിലമ്പൂർ	112710
ആകെ			39,92,164

അവലംബം 2017-18 എസ്.സി.എ ടു ടിഎസ് .പി വർക്കിംഗ് ഗ്രൂപ്പ് മിനുട്സ്

കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭിച്ച മറ്റ് പദ്ധതികൾ ചുവടെ ചേർക്കുന്നു.

പട്ടിക 5.4.20.5 :
കോർപ്പസ് ഫണ്ടിൽ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭിച്ചമറ്റ് പദ്ധതികൾ

ക്രമ നം	പദ്ധതി	നിർവ്വഹണം	തുക രൂപയിൽ
1	വലിയ പുള്ളി കോളനി കുടിവെള്ള പദ്ധതി	കരുളായിഗ്രാമപഞ്ചായത്ത്	1900000
2	കൊട്ടുപാറ കോളനി കുടിവെള്ള പദ്ധതി		2400000
3	പ്രീ പ്രൈമറി സ്ഥാപനങ്ങൾക്ക് ഫർണിച്ചർ നൽകൽ	ഐ .റ്റി.ഡി. പി.	888279
4	ഓടക്കയം കിന്റർഗാർഡൻ പുനരുദ്ധാരണം	സെക്രട്ടറി ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത്	490000
5	പൈപ്പ് ഉപയോഗിച്ച് കുടിവെള്ള പദ്ധതികൾ	ഐ.റ്റി.ഡി. പി. നിലമ്പൂർ	1107275
6	മാടം വീട്ടിക്കുന്ന് കോളനി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം	സെക്രട്ടറി മമ്പാട് ഗ്രാമപഞ്ചായത്ത്	2100000
7	ചേലശ്ശേരിക്കുന്ന് കോളനി കിണർ, ചുറ്റുമതിൽ, നടപ്പാത, നിർമ്മാണം	നിലമ്പൂർ മുൻസിപ്പാലിറ്റി	835000
ആകെ			97,20,554

അവലംബം 2017-18 എസ്.സി.എ ടു ടിഎസ് .പി വർക്കിംഗ് ഗ്രൂപ്പ് മിനുട്സ്.

5.20.3 ഭക്ഷ്യ സഹായ പദ്ധതി 2017-18

ഈ വർഷം ലഭിച്ച തുക 1,48,50,000 രൂപ

ചെലവഴിച്ച തുക 77,21,176 രൂപ

ഇനി നടപ്പിലാക്കാനുള്ള പദ്ധതികളുടെ തുക 1,03,11,942 രൂപ

പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് പട്ടിണി ഉണ്ടാകാതെ നോക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് ഭക്ഷ്യ സഹായ പദ്ധതി. മൺസൂൺ കാലത്ത് ആഹാരം ലഭ്യമാക്കുകയും പട്ടിണി അനുഭവപ്പെടുന്ന പ്രത്യേക സാഹചര്യങ്ങളിലും പദ്ധതി നടപ്പിലാക്കുന്നു. നടപ്പു സാമ്പത്തിക വർഷം ഭക്ഷ്യ സഹായ പദ്ധതിയിൽ ജില്ലയ്ക്ക് 1,48,50,000 രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക വിനിയോഗിച്ച് 4006 പട്ടിക വർഗ്ഗ കുടുംബങ്ങൽക്ക് താഴെ പറയുന്ന ഭക്ഷ്യ സാധനങ്ങൾ വിതരണം ചെയ്യുന്നു

പട്ടിക 5.4.20.6 : ഭക്ഷ്യ സഹായ പദ്ധതി 2017-18 ലെ പദ്ധതികൾ

ക്രമ നം	ഇനം	ഒരുമാസം ഒരു കുടുംബത്തിന് നൽകേണ്ടണ്ട അളവ്	കുടുംബങ്ങളുടെ എണ്ണം
1	അരി	15 kg	4006
2	വൻപയർ/ ചെറുപയർ	1 kg	
3	കടല	1kg	
4	വെളിച്ചെണ്ണ	1 lr	

അവലംബം 2017-18 എസ്.സി.എ ടു ടിഎസ് .പി വർക്കിംഗ് ഗ്രൂപ്പ് മിനുട്സ്

ഇതിന് പുറമെ മാഞ്ചീരി കോളനിയിൽ എല്ലാ ബുധനാഴ്ച്ചകളിലും പ്രത്യേകമായി താഴെ പറയുന്ന ഭക്ഷ്യ സാധനങ്ങൾ വിതരണം നടത്തുന്നുണ്ട്.

പട്ടിക 5.4.20.7 :
മാഞ്ചീരി കോളനിയിൽ പ്രത്യേകമായി നടപ്പിലാക്കുന്ന പദ്ധതികൾ

ക്രമ നം	സാധനങ്ങളുടെ വിവരം	അളവ്/തൂക്കം	നിരക്ക്	കുടുംബങ്ങളുടെ എണ്ണം	തുക രൂപയിൽ
1	ചെറുപയർ	500 ഗ്രാം	68/കി	70	2380
2	പരിപ്പ്	500 ഗ്രാം	68/കി	70	2380
3	പഞ്ചസാര	500 ഗ്രാം	44/കി	70	1540
4	ഉപ്പ്	1 കി ഗ്രാം	9.30/കി	70	651
5	തേയില	100 ഗ്രാം	160/കി	70	1120
6	അവിൽ	1 കിഗ്രാം.	80/കി	70	5600
7	ശർക്കര	500 ഗ്രാം	60/കി	70	2100
8	മുളക്പൊടി	200 ഗ്രാം	143/കി	70	2002
9	വെളിച്ചെണ്ണ	500 മില്ലിലിറ്റർ	188/ലി	70	6580
10	മല്ലിപൊടി	200 ഗ്രാം	105/കി	70	1470
11	പാക്കിംഗ് കവർ ഒരു ആഴ്ച്ചയിലേക്ക്				300
12	പാക്കിംഗ് ചാർജ്ജ്, ഹാന്റിലിംഗ് ചാർജ്ജ് (കയറ്റിറക്ക് കൂലി ഉൾപ്പടെ) ഒരാഴ്ച്ചയിലേക്ക്				100
13	വാഹന വാടക	ഒരു ആഴ്ച്ചയിലേക്ക്			3000
14	അരി	8 കിലോഗ്രാം (37.5:8:20) (റേഷൻ കാർഡ് ഇല്ലാത്ത 20 പേർക്ക്)			6000
ആകെ (എ)					35223
റേഷൻ സാധനങ്ങൾ (ബി)					
15	അരി	35 കിലോഗ്രാം മാസത്തിൽ (റേഷൻ കാർഡ് ഉള്ള 50 പേർക്ക്)			സൗജന്യം
16	റേഷൻ മണ്ണെണ്ണ	50 ലിറ്റർ ആഴ്ച്ചയിൽ 19 രൂപ 50			950
17	റേഷൻ പഞ്ചസാര	12.5 കിലോ ആഴ്ച്ചയിൽ 12.5 17.5 രൂപ			219
18	റേഷൻ കടയിൽ നിന്നും പൂക്കോട്ടുംപാടം ഹോസ്റ്റലിലേക്കുള്ള വാഹന വാടക + കയറ്റിറക്ക്കൂലി (500+300)				800
ആകെ					1969
ആകെ ഒരു ആഴ്ച്ചയിലേക്ക് ആവശ്യമായ തുക (എ+ബി)					37192
ആകെ 2017 ഒക്ടോബർ മുതൽ 30 ആഴ്ച്ചയിലേക്ക് 30*37192					1115760

അവലംബം 2017-18 എസ്.സി.എ ടു ടിഎസ് .പി വർക്കിംഗ് ഗ്രൂപ്പ് മിനുട്സ്

മാഞ്ചീരി കോളനിയിൽ എല്ലാ ബുധനാഴ്ച്ചകളിലും വനവിഭവങ്ങളുമായി എത്തുന്ന ചോലനായിക്ക സമുദായത്തിലെ ആളുകൾക്ക് രാവിലെയും ഉച്ചയ്ക്കും ഭക്ഷണം പാകം ചെയ്ത് നൽകുന്ന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. താഴെ പറയും പ്രകാരമാണ് ഭക്ഷണം പാകം ചെയ്ത് നൽകുന്നത്

പട്ടിക 5.4.20.8 : ചോലനായിക്ക സമുദായത്തിന് പ്രത്യേകമായി നടപ്പിലാക്കുന്ന പദ്ധതികൾ

ആദ്യ ബുധനാഴ്ച്ചയും അഞ്ചാമത്തെ ബുധനാഴ്ച്ചയും	ചോറ്, ചെറുപയർ/വൻപയർ തോരൻ, ഇലത്തോരൻ, പപ്പടം, സാമ്പാർ, മീൻ വറുത്തത്
രണ്ടാമത്തെ ബുധനാഴ്ച്ച	ചോറ് പയർ തോരൻ, പപ്പടം, സാമ്പാർ, മുട്ടക്കറി, അച്ചാർ

മൂന്നാമത്തെ ബുധനാഴ്ച	ചോറ്, ചെറുപയർ/വൻപയർ തോരൻ, ഇലത്തോരൻ, പപ്പടം, സാമ്പാർ, ചിക്കൻകറി
നാലാമത്തെ ബുധനാഴ്ച	ചോറ്, ചെറുപയർ/വൻപയർ തോരൻ, ഇലത്തോരൻ, പപ്പടം, സാമ്പാർ,മീൻ കറി

അവലംബം 2017-18 എസ്.സി.എ ടു ടിഎസ് .പി വർക്കിംഗ് ഗ്രൂപ്പ് മിനുട്സ്

ഭക്ഷണം പാകം ചെയ്ത് നൽകുന്നതിന് ആവശ്യമായ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 5.4.20.9 : പാചകം ചെയ്യുന്ന ഭക്ഷണത്തിലെ വിഭവങ്ങൾ

ക്രമ നം	ഇനം	നിരക്ക്	തുക രൂപയിൽ
1	സെറ്റിൽമെന്റിൽ എത്തുന്ന 50 പേർക്ക് പ്രഭാത ഭക്ഷണം നൽകുന്നതിന് (ചായയും നേന്ത്രപഴവും)	25	1,250
2	സെറ്റിൽമെന്റിലെ 200 പേർക്ക് ഉച്ചഭക്ഷണം നൽകുന്നതിന് (സെറ്റിൽമെന്റിൽ എത്തുന്ന 50 പേർക്ക് അവിടെയും വീടുകളിൽ നിന്നും മാഞ്ചീരിയിൽ എത്താത്ത 150 പേർക്ക് വീടുകളിലേക്ക് പാകംചെയ്ത ഭക്ഷണം കൊണ്ടുപോകുന്നതിനും)	80	16,000
3	യാത്രാ ചെലവ് വാഹന വാടക	2000	2,000
4	പാചകക്കാരനുള്ള വേതനം	1000	1,000
5	സഹായികൾക്കുള്ള വേതനം (സെറ്റിൽമെന്റിൽ നിന്നും പരിശീലനം ലഭിക്കുന്ന 3 പട്ടികവർഗ്ഗക്കാർക്ക്)	500	1,500
6	മേണിറ്ററിംഗ് ചെലവ്	100	100
7	വിറക് ഇന്ധനം/	500	500
ആകെ ഒരു ആഴ്ചയിലേക്ക്			22,350
2017 ഒക്ടോബർ മുതൽ 30 ആഴ്ചയിലേക്ക് 30*22350			6,70,500

അവലംബം 2017-18 എസ്.സി.എ ടു ടിഎസ് .പി വർക്കിംഗ് ഗ്രൂപ്പ് മിനുട്സ്

മാഞ്ചീരി കോളനിയിൽ എല്ലാ ബുധനാഴ്ചകളിലും വനവിഭവങ്ങളുമായി വിവിധ അളുകളിൽ നിന്നും മൈലാടിപ്പൊട്ടിയിൽ എത്തുന്ന ചോലനായിക്ക സമുദായത്തിലെ ആളുകൾക്ക് രാവിലെയും ഉച്ചയ്ക്കും ഭക്ഷണം കഴിച്ച് അവരുടെ സാധനങ്ങളുമായി മടങ്ങുകയാണ് ചെയ്യുന്നത്. കൂടാതെ എല്ലാ ബുധനാഴ്ചയും ആരോഗ്യ വകുപ്പിന്റെ സേവനം ലഭ്യമാക്കുന്നുണ്ട്.

എസ് സി എ ടു ടി എസ് പി 2017-18 (പ്രത്യേക കേന്ദ്ര സഹായ പദ്ധതി

ഈ വർഷം ലഭിച്ച തുക	93,44,393
ചെലവഴിച്ച തുക	21,34,200
ഇനി നടപ്പിലാക്കാനുള്ള വരുമാനാദായകമായ പദ്ധതികൾ: 31,61,960	11776353
ഹോസ്റ്റൽ നവീകരണം	86,14,393

കേന്ദ്ര ഗവണ്മെന്റ് പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖക്ക് വിധേയമായി സ്വയം സഹായ സംഘങ്ങൾ നടത്തുന്ന യൂണിറ്റുകൾക്ക് പ്രാമുഖ്യം നൽകികൊണ്ട് വരുമാന വർദ്ധനവുണ്ടാക്കുന്ന തൊഴിൽ ഏറ്റെടുത്ത് നടത്തുമ്പോൾ അടിസ്ഥാന സൗകര്യങ്ങളിലുണ്ടാകുന്ന വിടവുകൾ നികത്തുന്നതിനാണ് പട്ടികവർഗ്ഗ പ്രത്യേക കേന്ദ്ര സഹായത്തിലൂടെ ശ്രമിക്കുന്നത്. ക്ലസ്റ്റർ സമീപനത്തിലൂടെ അധിക ഉൽപ്പാദനം മൂല്യവർദ്ധനവ് എന്നിവ ലക്ഷ്യമിടുന്നതും വരുമാനദായക പരിപാടികൾക്ക് മുൻഗണന നൽകുന്നതുമാണ്. നടപ്പ് വർഷം എസ് സി എ ടു ടി എസ് പി പദ്ധതിയിൽ 93,44,393 രൂപ ലഭിച്ചിട്ടുണ്ട്. ഈ തുക വിനിയോഗിച്ച് താഴെ പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.

പട്ടിക 5.4.20.10 : എസ് സി എ ടു ടി എസ് പി 2017-18
(പ്രത്യേക കേന്ദ്ര സഹായ പദ്ധതിയുടെ വിവരങ്ങൾ)

ക്രമ നം	ഇനം	നിർവ്വഹണം	തുക
1	മൽസര പരീക്ഷകൾക്ക് പരിശീലനം	ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ മലപ്പുറം	1296000
2	തേൻ ശേഖരണത്തിന് ഉപകരണങ്ങൾ നൽകൽ	ടി.ഇ.ഒ നിലമ്പൂർ/എടവണ്ണ/ പെരിന്തൽമണ്ണ	838200
3	പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ ഉപകരണങ്ങൾ (കാട് വെട്ട് മെഷീൻ 30, മരംമുറി മെഷീൻ 6, തെങ്ങ് കയറ്റമെഷീൻ 28)		1043800
4	റബ്ബർ റോളർ നൽകൽ (8 എണ്ണം)		457000
5	സഹായി കേന്ദ്രം ആരംഭിക്കൽ 3 എണ്ണം		990300
6	ഐശ്വര്യ കോഴി വളർത്തൽ യൂണിറ്റ്		670860
7	മണിമൂളി പ്രീമെട്രിക്ക് ഹോസ്റ്റൽ നവീകരണം	ജില്ലാ നിർമ്മിതി കേന്ദ്രം മലപ്പുറം	1670000
8	നിലമ്പൂർ ഗേൾസ് ഹോസ്റ്റൽ നവീകരണം		1433225
9	മമ്പാട് ബോയ്സ് ഹോസ്റ്റൽ നവീകരണം		2811168
10	പോത്തുകൽ പ്രീമെട്രിക്ക് ഹോസ്റ്റൽ നവീകരണം		2700000
ആകെ			1,39,10,553

അവലംബം 2017-18 എസ്.സി.എ ടു ടിഎസ് .പി വർക്കിംഗ് ഗ്രൂപ്പ് മിനുട്സ്

ഭവനനിർമ്മാണം

അനുവദിച്ച തുക - 17200000/- രൂപ
ചെലവഴിച്ച തുക - 12349645/- രൂപ
നടപ്പ് വർഷം ഇനിയും ആവശ്യമുള്ള തുക -5000000/- രൂപ

ഭവനനിർമ്മാണ പദ്ധതി ഇനത്തിൽ സ്പിൽഓവർ വീടുകളുടെ പ്രവൃത്തികൾക്കായി നടപ്പ വർഷം ഇതുവരെ 21 വീടുകൾക്ക് ഒന്നാം ഗഡു, 50 വീടുകൾക്ക് - രണ്ടാം ഗഡു , 41 വീടുകൾക്ക് മൂന്നാം ഗഡു, 60 വീടുകൾക്ക് അവസാന ഗഡുവിന്റെ പകുതിയും നൽകുന്നതിനായി 12349645/- രൂപ ചെലവഴിച്ചു. പണിപൂർത്തിയായ 76 വീടുകൾക്ക് അവസാന ഗഡുവും ഇതിൽ ഉൾപ്പെടുന്നു.

കൈത്താങ്ങ്

അനുവദിച്ച തുക - 307000/- രൂപ
ചെലവഴിച്ച തുക - 178000/- രൂപ

നടപ്പ് വർഷം ഇനിയും ആവശ്യമുള്ള തുക -20000/- രൂപ

ഈ ഇനത്തിൽ ലഭിച്ച തുകയിൽ നടപ്പുവർഷം ഇതുവരെ 27 അനാഥരായ കുട്ടികളെ സംരക്ഷിക്കുന്ന രക്ഷിതാക്കൾക്ക് 178000/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

ജനനീ ജന്മരക്ഷ

അനുവദിച്ച തുക - 3000000/- രൂപ
ചെലവഴിച്ച തുക - 1937000/- രൂപ
നടപ്പ് വർഷം ഇനിയും ആവശ്യമുള്ള തുക -500000/- രൂപ

ഈ ഇനത്തിൽ ലഭിച്ച തുകയിൽ നടപ്പുവർഷം ഇതുവരെ ഏകദേശം 170 ഓളം ഗുണഭോക്താക്കൾക്ക് 1937000/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

ചികിത്സാധന സഹായം

അനുവദിച്ച തുക - 2000000/- രൂപ
ചെലവഴിച്ച തുക - 1446345/- രൂപ
നടപ്പ് വർഷം ഇനിയും ആവശ്യമുള്ള തുക -1500000/- രൂപ

ഈ ഇനത്തിൽ ലഭിച്ച തുകയിൽ നടപ്പുവർഷം ഇതുവരെ ഏകദേശം 500 ഓളം ഗുണഭോക്താക്കൾക്ക് 1446345/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

സിക്കിൾസെൽ അനീമിയ

അനുവദിച്ച തുക - 900000/- രൂപ
ചെലവഴിച്ച തുക - 510000/- രൂപ
നടപ്പ് വർഷം ഇനിയും ആവശ്യമുള്ള തുക -20000/- രൂപ

ഈ ഇനത്തിൽ ലഭിച്ച തുകയിൽ നടപ്പുവർഷം ഇതുവരെ 32 ഗുണഭോക്താക്കൾക്ക് 510000/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

വിവാഹധനസഹായം

അനുവദിച്ച തുക -1200000/- രൂപ
ചെലവഴിച്ച തുക - 1000000/- രൂപ
നടപ്പ് വർഷം ഇനിയും ആവശ്യമുള്ള തുക -200000/- രൂപ

ഈ ഇനത്തിൽ ലഭിച്ച തുകയിൽ നടപ്പുവർഷം ഇതുവരെ 20 ഗുണഭോക്താക്കൾക്ക് 1000000/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

അതിക്രമം തടയൽ പദ്ധതി

അനുവദിച്ച തുക - 250000/- രൂപ
ചെലവഴിച്ച തുക - 250000/- രൂപ
നടപ്പ് വർഷം ഇനിയും ആവശ്യമുള്ള തുക -661000/- രൂപ

ഈ ഇനത്തിൽ ലഭിച്ച തുകയിൽ നടപ്പുവർഷം ഇതുവരെ 4 ഗ്രണഭോക്താക്കൾക്ക് 250000/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

പ്രീമെട്രിക്ക് സ്കോളർഷിപ്പ് നോൺപ്ലാൻ

ലഭിച്ച തുക - 66,00,000/- രൂപ
ചെലവഴിച്ച തുക - 39,68,119/- രൂപ
നടപ്പ് വർഷം ഇനിയും ആവശ്യമുള്ള തുക -2631881/- രൂപ

പ്രീമെട്രിക്ക് സ്കോളർഷിപ്പ് ഇനത്തിൽ 221 സ്കൂളുകളിൽ പഠിക്കുന്ന 3117 വിദ്യാർത്ഥികൾക്കായി 3968119/- രൂപ ചെലവഴിച്ചു.

പ്രീമെട്രിക്ക് സ്കോളർഷിപ്പ് സെൻട്രൽ സ്പെഷ്യൽ പ്ലാൻ അസിസ്റ്റൻസ്

ലഭിച്ച തുക - 900000/- രൂപ

ചെലവഴിച്ച തുക - 416250/- രൂപ

നടപ്പ് വർഷം ഇനിയും ആവശ്യമുള്ള തുക -483750/- രൂപ

പ്രീമെട്രിക്ക് സ്കോളർഷിപ്പ് (പ്ലാൻ) ഇനത്തിൽ 29 വിദ്യാർത്ഥിക്കൾക്കായി 416250/- രൂപ ചെലവഴിച്ചു .

പോസ്റ്റ്മെട്രിക്ക് സ്കോളർഷിപ്പ് നോൺപ്ലാൻ

അനുവദിച്ച തുക - 200000/- രൂപ

ചെലവഴിച്ച തുക - 183954/- രൂപ

നടപ്പ് വർഷം ഇനിയും ആവശ്യമുള്ള തുക -200000/- രൂപ

പോസ്റ്റ്മെട്രിക്ക് സ്കോളർഷിപ്പ് (പ്ലാൻ) ഇനത്തിൽ 29 വിദ്യാർത്ഥിക്കൾക്കായി 183954/- രൂപ ചെലവഴിച്ചു.

ഗോത്രസാരഥി പ്രമോഷൻ ആന്റ് എഡ്യൂക്കേഷൻ (പ്ലാൻ)

അനുവദിച്ച തുക - 1170600/- രൂപ

ചെലവഴിച്ച തുക - 585442/- രൂപ

നടപ്പ് വർഷം ഇനിയും ആവശ്യമുള്ള തുക -585158/- രൂപ

ഈ ഇനത്തിൽ ലഭിച്ച തുകയിൽ നടപ്പുവർഷം ഇതുവരെ 229 വിദ്യാർത്ഥികൾക്ക് 5854425/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള പ്രോത്സാഹന ധനസഹായം

അനുവദിച്ച തുക - 200000/- രൂപ

ചെലവഴിച്ച തുക -198000/- രൂപ

നടപ്പ് വർഷം ഇനിയും ആവശ്യമുള്ള തുക -45000/- രൂപ

ഈ ഇനത്തിൽ ലഭിച്ച തുകയിൽ നടപ്പുവർഷം ഇതുവരെ 51 വിദ്യാർത്ഥികൾക്ക് 198000/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

സ്റ്റഡീ ടൂർ

അനുവദിച്ച തുക - 25000/- രൂപ

ചെലവഴിച്ച തുക - 4100 /- രൂപ

നടപ്പ് വർഷം ഇനിയും ആവശ്യമുള്ള തുക -0

ഈ ഇനത്തിൽ ലഭിച്ച തുകയിൽ നടപ്പുവർഷം ഇതുവരെ 4100 രൂപ ചെലവഴിച്ച് ഒരു വിദ്യാർത്ഥിക്ക് ധനസഹായം നൽകിയിട്ടുണ്ട്

അയ്യങ്കാളി സ്കോളർഷിപ്പ് (പ്ലാൻ)

അനുവദിച്ച തുക - 200000/- രൂപ

ചെലവഴിച്ച തുക - 94400/- രൂപ

നടപ്പ് വർഷം ഇനിയും ആവശ്യമുള്ള തുക -105600/- രൂപ

ഈ ഇനത്തിൽ ലഭിച്ച തുകയിൽ നടപ്പുവർഷം ഇതുവരെ 94400 രൂപ ചെലവഴിച്ച് 32 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്

പ്രാരംഭചെലവ് (പ്ലാൻ)

അനുവദിച്ച തുക - 25000/- രൂപ

ചെലവഴിച്ച തുക - 0/- രൂപ

നടപ്പ് വർഷം ഇനിയും ആവശ്യമുള്ള തുക -25000/- രൂപ

പ്രൊഫഷണൽ കോഴ്സിന് പ്രവേശനം ലഭിക്കുന്ന കുട്ടികൾക്ക് നൽകുന്നതിന്നു വേണ്ടിയുള്ള തുകയാണ് ഇത്. നടപ്പു വർഷം ലഭിച്ച തുകയിൽ ഈ ഇനത്തിൽ തുക ചിലവഴിച്ചിട്ടില്ലാത്തതനിനാൽ അപേക്ഷകർ ടൈബൽ എക്സ്റ്റൻഷൻ ഓഫീസർക്ക് 10,000 രൂപ വരെയുള്ള പദ്ധതികൾ ഊരുകൂട്ട തീരുമാന പ്രകാരം നടപ്പിലാക്കാൻ അനുവാദം നൽകി പദ്ധതി ഗുണഭോക്താക്കൾക്ക് ഉപകാരപ്രദമാക്കേണ്ടതാണ്.

പട്ടികവർഗ്ഗ വികസനവകുപ്പ് മുഖാന്തിരം അനുവധിക്കപ്പെടുന്ന പദ്ധതികളുടെ നിരക്കുകൾ ഏകീകരിക്കുക. ഉദാഹരണം: വയറിംഗ്, മാരേജ് ഗ്രാന്റ്

- ഭൂമി സംബന്ധമായ പദ്ധതികളുടെ നിർവഹണം ത്രിതല പഞ്ചായത്തുകളുടെതുൾപ്പെടെ നിർവ്വഹണം റവന്യൂ വകുപ്പിനെ ചുമതലപ്പെടുത്തുക.
- പദ്ധതികളുടെ കാലികമായ പരിഷ്കരണം

മേൽത്തട്ട് നിർദ്ദേശങ്ങൾ

- പുതിയ എം.ആർ.എസ്, പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കുക.
- നിലവിലെ പ്രീമെട്രിക് ഹോസ്റ്റലുകളുടെ നവീകരണം നടത്തുക
- ഗോത്രബന്ധു പദ്ധതി നടപ്പാക്കൽ
- വാഹന സൗകര്യം ഏർപ്പെടുത്തുന്ന ഗോത്രസാരഥി പദ്ധതി പ്ലസ്വൺ, പ്ലസ് ടു ക്ലാസുകൾ ഉൾപ്പെടുത്തി ആവശ്യമായ മേഖലയിൽ പൂർണ്ണമായും നടപ്പിലാക്കുക.
- ബദൽ സ്കൂളുകൾ എൽപി സ്കൂളുകളാക്കി ഉയർത്തുക.
- നിലമ്പൂർ ആസ്ഥാനമാക്കി ഏകദേശം പ്രസവം അടുത്ത ഗർഭിണികളെ പ്രസവം വരെ താമസിപ്പിക്കുന്നതിനായി ഒരു ഷെൽറ്റർ ഹോം ആരംഭിക്കേണ്ടതുണ്ട്.
- കോളനികളിൽ നിന്ന് ആശുപത്രികളിലേക്കും ആശുപത്രികളിൽ നിന്ന് കോളനികളിലേക്കും രോഗികളെ കൊണ്ടുവരാൻ രണ്ട് ആംബുലൻസ് ഫോർവീൽ സൗകര്യം ഏർപ്പെടുത്തുക.
- ആശുപത്രികളിലെത്തുന്ന രോഗികൾക്ക് പലപ്പോഴും കൂട്ടിരിപ്പിന് ബന്ധുക്കൾ തയ്യാറാവാതെ വരുന്ന ചികിത്സയെ പ്രതികൂലമായി ബാധിക്കുന്ന പ്രധാന ഘടകമാണ്. ആയതിനാൽ അപ്രകാരമുള്ളവരെ പരിചരിക്കാൻ അഗതികൾക്കായുള്ള പ്രൊമോട്ടർമാരെന്ന നിലയിൽ ചുരുങ്ങിയത് 10 പേരെ ജില്ലയിൽ നിയമിക്കുക.
- വയോജനങ്ങൾക്കായി പ്രത്യേക പരിചരണ കേന്ദ്രം ആരംഭിക്കുക. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി പ്രസ്തുത കേന്ദ്രത്തിൽ ഡോക്ടർ, നേഴ്സ് , പാരാമെഡിക്കൽ എന്നിവരുടെ സേവനം നൽകുക.
- അംഗനവാടികൾ ഇല്ലാത്ത എല്ലാ കോളനികളിലും അംഗനവാടികൾക്ക് തുല്യമായ പ്രീ പ്രൈമറി കേന്ദ്രങ്ങൾ ആരംഭിക്കുകയും, സാധാരണ അംഗനവാടികളിൽ കുട്ടികൾക്ക് നൽകുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിനേക്കാൾ രണ്ടിരട്ടി ഭഷ്യധാന്യങ്ങൾ അധികമായി നൽകുകയും ചെയ്യുക.
- ഉൾക്കാടുകളിലെ പട്ടികവർഗ്ഗ വിഭാഗം കൂടുതലായി ആശ്രയിക്കുന്ന ചാലിയാർ പി എച്ച് സി, വഴിക്കടവ് പി എച്ച് സി, വെറ്റിലപ്പാറ പി എച്ച് സി കളെ താലൂക്ക്തല നിലവാരത്തിലുള്ള ആശുപത്രികളായി ഉയർത്തുക.
- 30 കുട്ടികളിൽ അധികമുള്ള പട്ടിക വർഗ്ഗ കോളനികൾ/സമീപ കോളനികളെ സംയോജിപ്പിക്കുക. എൽപി സ്കൂൾ ആരംഭിച്ച് പ്രൈമറി വിദ്യാഭ്യാസം ഉറപ്പാക്കുക.
- ജില്ലയിലെ എല്ലാ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കും പഠിക്കുന്നതിന് ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുക.
- പട്ടിക വർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിന് റസിഡൻഷ്യൽ സൗകര്യത്തോടെ കോച്ചിംഗ് സെന്റർ ആരംഭിക്കുക.
- പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നതിന് പകരം എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തി അംഗീകൃത ഏജൻസികൾ മുഖേന വീട് നിർമ്മിച്ച് നൽകുക.

- പ്രൊഫണൽ കോഴ്സുകൾ പാസ്സാക്കുന്ന എല്ലാ പട്ടികവർഗ്ഗക്കാർക്കും സ്ഥിര വരുമാനം ലഭിക്കുന്ന സ്ഥായിയായ ജോലി നൽകുക.
- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷകൾക്ക് വേണ്ടി പരിശീലന സ്ഥാപനങ്ങൾ സ്ഥാപിക്കുക.
- 30 കുട്ടികളിൽ അധികമുള്ള പട്ടിക വർഗ്ഗ കോളനികൾ/സമീപ കോളനികളെ സംയോജിപ്പിക്കുക. എൽപി സ്കൂൾ ആരംഭിച്ച് പ്രൈമറി വിദ്യാഭ്യാസം ഉറപ്പാക്കുക.
- ജില്ലയിലെ എല്ലാ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കും പഠിക്കുന്നതിന് ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുക.
- പട്ടിക വർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിന് റസിഡൻഷ്യൽ സൗകര്യത്തോടെ കോച്ചിംഗ് സെന്റർ ആരംഭിക്കുക.
- പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നതിന് പകരം എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തി അംഗീകൃത ഏജൻസികൾ മുഖേന വീട് നിർമ്മിച്ച് നൽകുക.
- പ്രൊഫണൽ കോഴ്സുകൾ പാസ്സാക്കുന്ന എല്ലാ പട്ടികവർഗ്ഗക്കാർക്കും സ്ഥിര വരുമാനം ലഭിക്കുന്ന സ്ഥായിയായ ജോലി നൽകുക.
- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷകൾക്ക് വേണ്ടി പരിശീലന സ്ഥാപനങ്ങൾ സ്ഥാപിക്കുക.

5.4.21 സാമൂഹ്യസുരക്ഷിതത്വം (വനിതകൾ, വയോജനങ്ങൾ, കുട്ടികൾ, ഭിന്ന ശേഷി ഉള്ളവർ, ട്രാൻസ്ജെൻഡർ)

മുതിർന്ന പൗരൻമാർ

നിലവിലുള്ള പദ്ധതികളുടെ വിലയിരുത്തൽ

മുതിർന്നവർക്കായി വിവിധ കേന്ദ്ര-സംസ്ഥാന-തദ്ദേശ സ്ഥാപന പദ്ധതികൾ നിലവിലുണ്ടെങ്കിലും ഫലപ്രദമായി വിനിയോഗിക്കുന്നവർ വളരെക്കുറവാണെന്നു കാണുന്നു. പദ്ധതികൾ തിരിച്ചുള്ള വിലയിരുത്തൽ താഴെക്കൊടുക്കുന്നു.

- വയോജന സദനങ്ങൾ

എം.ഡബ്ല്യു.പി.എസ്.സി.ആക്ടിലെ സെക്ഷൻ 19 പ്രകാരം അഗതികളായവർക്കുവേണ്ടി ഓരോ ജില്ലയിലും ചുരുങ്ങിയത് 150 പേർക്ക് സൗകര്യം ലഭിക്കുന്ന വയോജന സദനങ്ങളുണ്ടാവണം. പിന്നീട് ആവശ്യാനുസരണം വർദ്ധിപ്പിക്കുകയും വേണം. ജില്ലയിൽ ഇപ്പോൾ സാമൂഹ്യനീതി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഒന്നും സാമൂഹ്യനീതി വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ സന്നദ്ധ സംഘടനകൾ നടത്തുന്ന 6 ഉൾപ്പെടെ 7 വയോജന ഭവനങ്ങൾ പ്രവർത്തിക്കുന്നു. ഇതിൽ ഒരു സ്ഥാപനം സേവന ഉപയോക്താക്കളിൽ നിന്നും ഫീസ് ഈടാക്കുന്നു.

- സായം പ്രഭാ ഭവനങ്ങൾ

തദ്ദേശ സ്ഥാപനങ്ങൾ മുഖേന മുതിർന്നവർക്ക വേണ്ടിയുള്ള പകൽ പരിപാലന കേന്ദ്രങ്ങളും വയോജന സദനങ്ങളും നടത്തുന്നതിനായി സർക്കാർ സഹായം നൽകുന്ന പദ്ധതിയാണിത്. ആദ്യഘട്ടമായി സംസ്ഥാനത്ത് തുടങ്ങാൻ നിർദ്ദേശിക്കപ്പെട്ട 70 സായംപ്രഭാ ഭവനങ്ങളിൽ 5 എണ്ണം ജില്ലയിലാണ്. മുതിർന്നവരുടെ പോഷകാഹാര പ്രശ്നങ്ങൾ, മാനസിക-സാമൂഹികാരോഗ്യ (Psycho social) പ്രശ്നങ്ങൾ, വിനോദ പ്രവർത്തനങ്ങൾ തുടങ്ങിയവ ഈ പദ്ധതി മുഖേന ഫലപ്രദമായി കൈകാര്യം ചെയ്യാനാവും.

- മന്ദഹാസം

ദാരിദ്ര്യരേഖക്ക താഴെയുള്ളവർക്ക് കൃത്രിമ ദന്തനിര സ്ഥാപിച്ചു കൊടുക്കാനാണ് സംസ്ഥാന സർക്കാർ ഈ പദ്ധതി ആവിഷ്കരിച്ചത്. ഇതിനകം ലഭിച്ച അർഹമായ 47 അപേക്ഷകൾ പ്രോസസ്സിംഗിലാണ്. കൂടുതൽ അർഹരിലേക്ക് സേവനം എത്തിക്കാനുള്ള നടപടികൾ ആവശ്യമാണ്.

- വയോമിത്രം

സംസ്ഥാന സാമൂഹ്യ സുരക്ഷാമിഷന്റെ കീഴിൽ ജില്ലയിലെ 10 നഗരസഭകളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക 5.4.21.1 : ജില്ലയിലെ വയോമിത്രം പദ്ധതിയുടെ കവറേജ്

ക്രമ നമ്പർ	നഗരസഭ:	ഗുണഭോക്താക്കളുടെ എണ്ണം
1	മലപ്പുറം	3883
2	മഞ്ചേരി	3030
3	കോട്ടക്കൽ	1764
4	പൊന്നാനി	1473
5	പെരിന്തൽമണ്ണ	1650
6	നിലമ്പൂർ	2751
7	തിരൂർ	2983
8	തിരൂരങ്ങാടി	2011
9	കൊണ്ടോട്ടി	1711
10	വളാഞ്ചേരി	546
ആകെ		21802

സ്രോതസ്സ്: കെഎസ്എസ്എം

ഹോം കെയർ, കൗൺസലിംഗ്, വൈദ്യ ശ്രുശ്രൂഷ എന്നിവ പദ്ധതിയുടെ മുഖ്യ സേവനങ്ങളാണ്. 65 വയസ്സിനു മുകളിലുള്ളവരാണ് അർഹരായ ഗുണഭോക്താക്കൾ. 2011 സെൻസസ് പ്രകാരം 2,17,558 പേർ ഈ പ്രായപരിധിയിൽ ജില്ലയിലുണ്ട്. അതിനുശേഷം ഇതുവരെയുള്ള വർദ്ധനയും കണക്കിലെടുക്കേണ്ടതുണ്ടല്ലോ. അതിൽ 21802 പേർക്കു മാത്രമേ സേവനം ലഭിക്കുന്നുള്ളുവെന്നത് പദ്ധതി സാർവ്വത്രികമാക്കേണ്ടതിന്റെ അനിവാര്യത അടിവരയിടുന്നു.

- വയോ അമൃതം

സാമൂഹ്യനീതി വകുപ്പിനു കീഴിലെ വയോജന സദനങ്ങളിലെ സേവന ഉപയോക്താക്കൾക്ക് ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിൽ ആയുർവേദ ചികിത്സയും മരുന്നുകളും നല്കുമെന്നതാണ് ഈ പദ്ധതി. അതനുസരിച്ച് ജില്ലയിലെ സർക്കാർ വൃദ്ധമന്ദിരത്തിലെ മുഴുവൻപേർക്കും ഈ സേവനം ലഭിച്ചു വരുന്നു.

- വിവിധ പെൻഷനുകൾ

വാർദ്ധക്യകാല പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ, അഗതി പെൻഷൻ തുടങ്ങി വിവിധ പെൻഷൻ പദ്ധതികൾ നിലവിലുണ്ട്. തദ്ദേശ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന ഈ പദ്ധതിക്കു കീഴിൽ അർഹരായവരിൽ 90% ത്തിലേറെ പേർക്കും പെൻഷൻ ലഭിക്കുന്നു. വിവരങ്ങളടങ്ങിയ പട്ടിക ചേർക്കുന്നു.

പട്ടിക 5.4.21.2 : വിവിധ ക്ഷേമ പെൻഷൻ ലഭിക്കുന്നവർ

ക്രമ നമ്പർ	പെൻഷൻ	ലഭിക്കുന്നവരുടെ എണ്ണം
1.	വാർദ്ധക്യകാല പെൻഷൻ	158669
2.	കർഷകത്തൊഴിലാളി പെൻഷൻ	40145
3.	അവിവാഹിതരായി കഴിയുന്ന സ്ത്രീകൾ	5613
4.	വിധവാപെൻഷൻ	145774

സ്രോതസ്സ്: എൽഎസ്ജിഡി വെബ് സൈറ്റ്- സേവന

- മുതിർന്നവർക്കുവേണ്ടിയുള്ള സംയോജിത പദ്ധതി (POP)

മുതിർന്ന പൗരൻമാരുടെ ക്ഷേമത്തിനുവേണ്ടിയുള്ള 14 കേന്ദ്ര പദ്ധതികളുടെ സമാഹാരമാണിത്. സന്നദ്ധ സംഘടനകൾക്കും തദ്ദേശ സ്ഥാപനങ്ങൾക്കും 90% വരെ ഈ പദ്ധതി വഴി കേന്ദ്ര സഹായം ലഭിക്കും. ജില്ലയിൽ ഇതിൽ അനുയോജ്യമായ പദ്ധതികൾ നടപ്പാക്കി ആനുകൂല്യം ലഭിക്കാൻ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും പരിശ്രമങ്ങളുണ്ടാവേണ്ടിയിരിക്കുന്നു.

- വയോശ്രേഷ്ഠ സമ്മാൻ

സാമൂഹ്യസേവനം, ആതുരശുശ്രൂഷ, സാംസ്കാരിക പ്രവർത്തനം തുടങ്ങിയ മേഖലകളിൽ അസാമാന്യ പാടവത്തോടെ സേവനമനുഷ്ഠിക്കുന്ന മുതിർന്ന പൗരൻമാർക്കും, മുതിർന്ന പൗരൻമാർക്കുവേണ്ടി മികച്ച സേവനമർപ്പിക്കുന്ന തദ്ദേശ സ്ഥാപനങ്ങൾക്കും കേന്ദ്രസർക്കാർ നൽകുന്ന പുരസ്കാരമാണിത്. ഈ ജില്ലയിൽ ഇതുവരെ ആരും അർഹരായിട്ടില്ല.

- തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതികൾ

പദ്ധതി മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങളിൽ പരിമിതപ്പെടുത്തിക്കൊണ്ട് ത്രിതല തദ്ദേശ സ്ഥാപനങ്ങൾ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. പദ്ധതികളുടെ വിശദ വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്.

- നാട്ടുകോടതി

കാവന്നൂർ പഞ്ചായത്തിൽ മുതിർന്നവരും സ്ത്രീകളും മറ്റ അവശ വിഭാഗക്കാരും നേരിടുന്ന പ്രശ്നങ്ങൾ ജനകീയ ഇടപെടലിലൂടെ പരിഹരിക്കുന്ന ജനകീയ കോടതികൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. കോടതികളിലും മറ്റും എത്തിച്ചേരേണ്ട വളരെയധികം കേസുകൾ മാസത്തിലൊരിക്കൽ ചേരുന്ന ഈ ജനകീയ സംരംഭത്തിലൂടെ ഇതിനകം പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഗവണ്മെന്റ് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഈ സംവിധാനത്തിന്റെ നിലനില്പ്.

വനിതകൾ

മലപ്പുറം ജില്ലയിലെ ബ്ലോക്കുകളെ നിലവിൽ 2 മേഖലകളാക്കിയാണ് പ്രവർത്തിച്ചു വരുന്നത്. മെഷീനറികളും തൊഴിലാളികളെയും ആവശ്യാനുസരണം ലഭ്യമാക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതിനും ഇതുകൊണ്ട് ലക്ഷ്യം വെക്കുന്നു. എം.കെ.എസ്.പി യുടെ ഉപ പദ്ധതിയായി കൃഷി അനുബന്ധ മേഖലകളായ തെങ്ങുകയറ്റം, ഗ്രോബാഗ് പച്ചക്കറി, ഡ്രിപ്പ് ഇറിഗേഷൻ, കിണർ റീചാർജ്ജിംഗ്, പശു പരിപാലനം, നീര ടെക്നിഷൻ, ഹൈബ്രിഡ് തെങ്ങിൻ തൈ ഉത്പാദനം, ജൈവ കീടനാശിനികൾ, ജീവാണുവളം എന്നീ മേഖലകളിൽ വനിതകൾക്ക് പരിശീലനം നൽകി ആവശ്യമായ യന്ത്ര സാമഗ്രികൾ, ടൂൾകിറ്റുകൾ നൽകി സേവന ദാതാക്കളാക്കുന്നു. ആദ്യഘട്ടത്തിൽ ഗ്രാമ പഞ്ചായത്തുതലത്തിൽ 10899 പേർക്ക് പരിശീലനം നൽകി. തെങ്ങ് കയറ്റം പരിശീലനം, കിണർ റീചാർജ്ജിംഗ് എന്നിവ പരിശീലനം നൽകിത്തുടങ്ങി. പരിശീലനം നല്കികയവർക്ക് ടൂൾകിറ്റുകൾ നൽകിയിട്ടുണ്ട്.

പട്ടിക 5.4.21.3 : വനിത പങ്കാളിത്തം തൊഴിലുറപ്പ് പദ്ധതിയിൽ

വർഷം	ആകെ സ്ത്രീ രജിസ്ട്രേഷൻ	ശതമാനം	വർഷം തോറും ജോലിചെയ്യുന്ന സ്ത്രീകൾ	വേതനം	വേതനം %	സ്ത്രീ വനിതാ ദിനം നറേറ്റ ചെയ്തത്
2017-18	285022	58.45	69813	2943.93 ലക്ഷം	87.75	11.29 ലക്ഷം

അവലംബം :എം.കെ.എസ്.പി

ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ ഉപ പദ്ധതിയായ മഹിളാ കിസാൻ ശാക്തീകരൺ പരിയോജന (എം.കെ.എസ്.പി) നെൽ കൃഷി പുനരുദ്ധാരണത്തിനായി മലപ്പുറം, തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ നടപ്പാക്കുന്നു. 3 ജില്ലകളുടെ ജില്ലാ പഞ്ചായത്തുകളുടെ കൺസോഷ്യമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതി പ്രകാരം മലപ്പുറം ജില്ലയിലെ 15 ബ്ലോക്കുകളിലെ എം.ജി.എൻ.ആർ.ഇ.ജി.എസ് തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി വനിതാ ലേബർ ബാങ്കുകൾ രൂപീകരിച്ചിട്ടുണ്ട്. തരിശുഭൂമി കൃഷി യോഗ്യമാക്കുന്നതിനും ജൈവ കൃഷി സമ്പ്രദായത്തിനും പദ്ധതിയിൽ പ്രചാരണം നൽകുന്നതിന് ശ്രമിച്ചുവരുന്നു. 15 ബ്ലോക്കുകളിലായി ലേബർ ബാങ്കിലെ അംഗങ്ങൾക്ക് നൽകിയ പരിശീലനവും നൽകിയ യന്ത്രങ്ങളുടെ വിവരങ്ങളും താഴെ ചേർക്കുന്നു.

പട്ടിക 5.4.21.4 : നൽകിയ പരിശീലനങ്ങൾ

ക്രമ നമ്പർ	ഇനങ്ങൾ	പരിശീലനം ലഭിച്ച തൊഴിലാളികൾ
1	നടീൽ പരിശീലനം ലഭിച്ചവരുടെ എണ്ണം	1217
2	ഞാറ്റടി തയ്യാറാക്കുന്നതിന് പരിശീലനം ലഭിച്ചവർ	1252
3	കള പറിക്കുന്നതിന് പരിശീലനം	178

4	മെക്കാനിക്കൽ പരിശീലനം	187
5	കൊയ്ത്ത് പരിശീലനം	207
6	അക്കൗണ്ട് പരിശീലനം	115

അവലംബം :എം.കെ.എസ്.പി

നൽകിയ യന്ത്രങ്ങൾ

- നടീൽ യന്ത്രങ്ങൾ : 53
- വാക്ക് ബിഹൈന്റർ : 6
- കള പറിക്കൽ യന്ത്രം : 375
- കൊയ്ത്ത് യന്ത്രം : 11
- മെതിയന്ത്രം : 14
- ട്രാക്ടർ : 15

കുട്ടികൾ

വിവിധ ഗ്രാമപഞ്ചായത്ത് – മുനിസിപ്പാലിറ്റികളിലെ കുട്ടികളുടെ ഗ്രാമസഭയുടെ നിർദ്ദേശങ്ങൾ

1. പോഷകാഹാരം കൗമാരപ്രായക്കാർക്ക് ആൺ പെൺ വ്യത്യാസമില്ലാതെ അങ്കണവാടികൾ വഴി വിതരണം ചെയ്യുക.
2. 0–18 വയസുവരെ പോഷകാഹാരം ലഭ്യമാക്കുക.
3. കുട്ടികൾക്ക് കളിക്കുവാനുള്ള പൊതു കളിസ്ഥലങ്ങൾ ലഭ്യമാക്കുക.
4. വായനശാലകളും വിശ്രമകേന്ദ്രങ്ങളും നിർമ്മിക്കുക.
5. പൊതുസ്ഥലത്ത് മലമൂത്ര വിസർജ്ജനം തടയുക.
6. പുകയില തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം നിർത്തലാക്കുക.
7. ആരോഗ്യ കേന്ദ്രങ്ങൾ കാര്യക്ഷമമാക്കുക.
8. ബാലവിവാഹം പൂർണ്ണമായും തടയുക.
9. കുട്ടികളും മാതാപിതാക്കളും തമ്മിലുള്ള ബന്ധം വർദ്ധിപ്പിക്കുന്നതിന് ബോധവത്ക്കരണം നടത്തുക.
10. സ്കൂൾ വിദ്യാർത്ഥികളുടെ ബസ് യാത്രാക്ലേശം പരിഹരിക്കുക.
11. പൊതുസ്ഥലങ്ങളിൽ ശൗചാലയങ്ങൾ സ്ഥാപിക്കുക.
12. സ്കൂളുകളുടെ മുൻപിൽ സീബ്രാലൈൻ സൗകര്യം ലഭ്യമാക്കുക.
13. അങ്കണവാടി കേന്ദ്രീകരിച്ച് വായനശാലകൾ സജ്ജീകരിക്കുക.
14. ആരോഗ്യപരിപാലന കേന്ദ്രങ്ങൾ ബാലസൗഹൃദമാക്കുക.
15. പെൺകുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിന് തടസം നിൽക്കുന്ന ഘടകങ്ങൾ കണ്ടെത്തി പരിഹരിക്കുക.
16. അനാഥരായ കുട്ടികളുടെ വിദ്യാഭ്യാസവും ആരോഗ്യപരവുമായ കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക.
17. മാനസിക–ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ഒത്തുകൂടാൻ പഞ്ചായത്ത് തലത്തിൽ ഇടമുണ്ടാക്കുക.
18. പൊതുഇടങ്ങളിൽ കുടിവെള്ള സൗകര്യം ലഭ്യമാക്കുക.
19. കുട്ടികളുടെ ഗ്രാമസഭകൾ 6 മാസത്തിലൊരിക്കൽ കൂടുകയും പ്രശ്നങ്ങൾ ചർച്ച ചെയ്ത് അഭിപ്രായം പ്രകടിപ്പിക്കുന്നതിനുള്ള അവസരമുണ്ടാക്കുക.

20. സ്ത്രീകൾക്കായി ക്ലബ് രൂപീകരിക്കുക.
21. ശാരീരിക മാനസിക അതിക്രമങ്ങൾക്കെതിരെ ബോധവത്ക്കരണവും സംരക്ഷണവും ഉറപ്പാക്കുക.
22. കുട്ടികളിൽ മത സൗഹാർദ്ദം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനം നടത്തുക.
23. കുട്ടികൾക്ക് കൗൺസലിംഗ് സഹായം ലഭ്യമാക്കുക.

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പ്രത്യേക പരിഗണനയും പരിരക്ഷയും അർഹിക്കുന്ന വിഭാഗം കുട്ടികളുടെയും അതിക്രമത്തിന് ഇരയാവാൻ സാധ്യതയുള്ള വിഭാഗം കുട്ടികളുടെയും വൾനറബലിറ്റി മാപ്പിംഗ് നടത്തുകയും ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വൾനറബലിറ്റി മാപ്പിംഗ് വഴി കണ്ടെത്തുന്നതിന്റെ അടിസ്ഥാനത്തിൽ പ്രത്യേക തദ്ദേശീയ പദ്ധതികൾ കുട്ടികളുടെ അവകാശ സംരക്ഷണത്തിനായി തയ്യാറാക്കി നടപ്പിലാക്കുകയും വേണം.

ട്രാൻസ്ജെൻഡർ

നിലവിലുള്ള പദ്ധതികളുടെ വിലയിരുത്തൽ

ട്രാൻസ്ജൻഡർ വിഭാഗക്കാരിൽ ഇടപെടൽ നടത്താൻ തുടങ്ങിയത് ബഹു സുപ്രീം കോടതിയുടെ ഉത്തരവിനെ തുടർന്നാണ്. കേരളത്തിൽ ആണ് ഇന്ത്യയിൽ ആദ്യമായി ട്രാൻസ്ജൻഡർ നയം പ്രഖ്യാപിക്കപ്പെട്ടത്. അതിന്റെ തുടർച്ചയായി പല പദ്ധതികളും ഈ മേഖലയിൽ രൂപീകരിക്കപ്പെട്ടിട്ടുണ്ട്.

വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. ഐഡി കാർഡ് വിതരണം
2. ട്രാൻസ്ജൻഡർ കുട്ടികൾക്കുള്ള സ്കൂൾ
3. ഡ്രൈവിംഗ് പരിശീലനം
4. സ്വയം തൊഴിൽ പരിശീലനം
5. സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ധനസഹായം
6. തുല്യതാ പരീക്ഷക്ക് ഫീസിളവ്.

ഈ പദ്ധതികൾ ഒന്നുംതന്നെ ഫലപ്രദമായി നിർവഹിക്കാൻ കഴിഞ്ഞിട്ടില്ല. ഐഡി കാർഡ് അടിസ്ഥാന രേഖയാക്കേണ്ടതാണെങ്കിലും വിതരണത്തിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല. ട്രാൻസ്ജൻഡർ എന്ന അവസ്ഥ ചെറു പ്രായത്തിൽ തിരിച്ചറിയാൻ പ്രായോഗിക വൈഷമ്യങ്ങൾ ഉള്ളത് തന്നെ സ്കോളർഷിപ്പ് പദ്ധതികളുടെ നിർവഹണം അസാദ്ധ്യമാക്കുന്നു. അടിസ്ഥാന രേഖയായ ഐഡി കാർഡ് വിതരണം ചെയ്തിട്ടില്ലാത്തതിനാൽ സേവനങ്ങൾ അനുവദിച്ചു കൊടുക്കാൻ സാദ്ധ്യമായിട്ടില്ല.

മുതിർന്ന പൗരൻമാർ

മുതിർന്നവരുടെ self help goup ഓരോ വാർഡിലും ആദരിക്കുക. റിട്ടയർ ചെയ്ത മുതിർന്ന പൗരന്മാരുടെ കൂട്ടായ്മ സംഘടിപ്പിക്കുക. ആയതിൽ പൊതു പ്രവർത്തകരും പാലിയേറ്റീവ് പ്രവർത്തകരും ഉണ്ടാവണം.

വനിതകൾ

1. Pre marriage കൗൺസിലിംഗ് നടപ്പാക്കണം. ജില്ലാതലത്തിൽ ഫാമിലി കൗൺസിലിംഗ് സെന്റർ ആരംഭിക്കണം. ജാഗ്രതാ സമിതികൾ ഫലപ്രദമാക്കണം.

2. ജില്ലയിൽ നിലവിലുള്ള വിശ്രമ കേന്ദ്രങ്ങളെ (ടൗണുകളിലുള്ള ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ പ്രധാനമായും) സ്ത്രീ സൗഹൃദമാക്കുന്നതിന് നിർദ്ദേശം വന്നു.
3. കുടുംബശ്രീ- ഫുഡ് പ്രൊഡക്ട് ക്വാളിറ്റി ചെക്ക് ചെയ്യുന്നതിനും ലബോറട്ടറി സംവിധാനം ജില്ലയിൽ തന്നെ ഉണ്ടാക്കുക.
4. സൗജന്യമായി സേവനം ലഭിക്കുന്ന രീതിയിൽ മാമോഗ്രാം യൂണിറ്റുകൾ (മൊബൈൽ സംവിധാനം) ഏർപ്പെടുത്തുക
5. അഗ്രോ മാർക്കറ്റിംഗ്, വനിതാ ഫാർമേഴ്സ് ക്ലബ്ബ് തുടങ്ങുക.
6. ചെറുകിട വനിതാ വ്യവസായ യൂണിറ്റുകൾ തുടങ്ങുക.
7. ന്യൂട്രിമിക്സ് – കുടുംബശ്രീ യൂണിറ്റുകൾ ഹൈടെക്ക് സംവിധാനത്തിലേക്ക് ഉയർത്തുക.
8. മൂല്യ വർദ്ധിത യൂണിറ്റുകളുടെ ഉദ്പാദനവും വിപണന സംവിധാനം ജില്ലാതലത്തിൽ തുടങ്ങുക
9. വനിതാ ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ ജൈവ ഗ്രാമങ്ങൾ സ്ഥാപിക്കുക.
10. സ്ത്രീ സുരക്ഷയുടെ ഭാഗമായി ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തുക.
11. ജെൻഡർ റിസോഴ്സ് തുടങ്ങുന്നതിന് ജില്ലയിൽ സംവിധാനം ഏർപ്പെടുത്തുക.
12. ആദിവാസി വനിതകൾ/എസ്.സി വനിതാ ശാക്തീകരണവുമായി ബന്ധപ്പെട്ട പദ്ധതികൾ തുടങ്ങുക.

ട്രാൻസ് ജെൻഡേഴ്സ്

സ്കൂൾ അദ്ധ്യാപകർ, പോലീസ് എന്നവർക്ക് ട്രാൻസ്ജൻഡേഴ്സിനെ കുറിച്ച് ബോധവല്കരിക്കണം. ജില്ലാതലത്തിൽ ട്രാൻസ്ജൻഡേഴ്സിന് ജില്ലാതല രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ലഭ്യമാക്കണം.

ഭിന്നശേഷിക്കാർ

സ്കൂളുകളിൽ ഭിന്നശേഷി സൗഹൃദ കെട്ടിടങ്ങൾ നിർമ്മിക്കണം. ഭിന്നശേഷി കുട്ടികൾക്കു വേണ്ടി വീൽചെയർ, ടോയിലറ്റ് എന്നിവ ഉണ്ടാക്കണം. ഐ.ഇ.ഡി ഉപകരണങ്ങൾ സ്കൂൾ തലത്തിൽ നല്കണം. ബസ് സ്റ്റാന്റിൽ ഭിന്നശേഷി സൗഹൃദ ടോയിലറ്റുകൾ ഏർപ്പെടുത്തുക. ഓരോ പഞ്ചായത്തിലും ഒരു സ്കൂൾ കേന്ദ്രീകരിച്ച് പ്രതീക്ഷാലയങ്ങളെ ശക്തിപ്പെടുത്തുക.

മേൽതട്ട് നിർദ്ദേശങ്ങൾ

വനിതകൾ

- ലേഡീസ് ഓൺലി ബസ്സുകൾ സ്പെഷൽ കേന്ദ്രങ്ങളിൽ (മലപ്പുറം മുതൽ തിരൂർ വരെ) കൊണ്ടുവരിക.
- ജില്ലാ ആസ്ഥാനത്തുള്ള പൊതു ഇടങ്ങൾ സ്ത്രീ സൗഹൃദമാക്കുക.
- ജില്ലകളിൽ ഷീസ്റ്റേ ഹോമുകളുടെ നിർമ്മാണം.
- വനിതാ ലേബർ ബാങ്കുകളുടെ രൂപീകരണം.
- വിധവാ കമ്മിഷൻ രൂപീകരണം.
- സ്ത്രീ സുരക്ഷയുടെ ഭാഗമായി ലേഡീസ് ഒൺലി ബസ് സർവ്വീസ്.
- അഗ്രോ മാർക്കറ്റിംഗ്, വനിതാ ഫാർമേഴ്സ് ക്ലബ്ബ് തുടങ്ങുക.
- ചെറുകിട വനിതാ വ്യവസായ യൂണിറ്റുകൾ തുടങ്ങുക.

മുതിർന്ന പൗരൻമാർ

- വാർദ്ധക്യകാല രോഗീ പരിചരണത്തിന് അനുയോജ്യമായ കോഴ്സുകൾ ആയുഷിന്റെ കീഴിൽ തുടങ്ങാൻ നടപടികളാവശ്യമാണ്.
- വയോജന ഭവനങ്ങൾ പരമാവധി 10 പേരെ മാത്രം താമസിപ്പിക്കാവുന്ന ക്രമീകരണമുണ്ടാക്കണം. ഇത് കൂടുതൽ മെച്ചപ്പെട്ട സേവനം ലഭിക്കാൻ സഹായകമാവും.
- അൽഷിമേഴ്സ്/ഡിമെൻഷ്യ കെയറിനുള്ള സൗകര്യങ്ങൾ എല്ലാ ജില്ലകളിലും വ്യാപിപ്പിക്കാൻ അനുമതിയുണ്ടാവണം.
- വയോമിത്രം പദ്ധതി എല്ലാ പഞ്ചായത്തുകളിലും അനുവദിക്കണം.
- തമിഴ്നാട് സർക്കാരിന്റെ അമ്മ ഉണവകം (അമ്മ കാന്റീൻ) പദ്ധതിയുടെ മാതൃകയിൽ അർഹരായ മുതിർന്നവർക്ക് വളരെ ചുരുങ്ങിയ നിരക്കിൽ കുടുംബശ്രീ കേന്ദ്രങ്ങൾ മുഖേനയോ, മറ്റ വഴിക്കോ ഭക്ഷണം ലഭ്യമാക്കാൻ പദ്ധതികളുണ്ടാവണം.
- ഒന്നിലേറെ മുതിർന്ന പ്രായക്കാരെ സംരക്ഷിക്കേണ്ട കുടുംബാംഗങ്ങൾക്ക് പ്രോത്സാഹനവും പിന്തുണയും നൽകാൻ പദ്ധതികളുണ്ടാവണം.
- എൽഡർ ഹെൽപ്പ് ലൈൻ സംസ്ഥാനത്ത് വ്യാപകമാക്കണം.
- വാർദ്ധക്യ പഠനം, ഗവേഷണം, പരിശീലനം തുടങ്ങിയവക്ക് പ്രാദേശിക കേന്ദ്രം ആരംഭിക്കണം.
- ഷോപ്പിംഗ് നടത്തുമ്പോൾ മുതിർന്ന പൗരൻമാർക്കും, മുതിർന്ന പൗരൻമാരുമായി വരുന്നവർക്കും ഡിസ്കൗണ്ട് അനുവദിക്കാൻ നടപടികൾ വേണം.

ഭിന്നശേഷിയുള്ളവർ

- ഭിന്നശേഷിക്കാർക്കു വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കുമ്പോൾ ഭിന്നശേഷിയുടെ തരം, തോത്, സാമൂഹിക കുടുംബ പശ്ചാത്തലം എന്നിവയുടെ അടിസ്ഥാനത്തിൽ ഓരോ വിഭാഗത്തിനും അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുതകുന്ന കർമ്മ പദ്ധതി രൂപീകരിക്കുക.
- എല്ലാ പദ്ധതികളിലും പ്രതിരോധം, നേരത്തെ കണ്ടെത്തൽ, ചികിത്സാ പദ്ധതികൾ എന്നവിയ്ക്ക് മുൻഗണന നൽകുക.
- വൈകല്യങ്ങളെ പ്രതിരോധിക്കുന്നതിനും നേരത്തേ കണ്ടെത്തുന്നതിനും ആവശ്യമായ ചികിത്സാ പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്ന തെറാപ്പി സെന്ററുകൾ ബ്ലോക്കടിസ്ഥാനത്തിൽ സ്ഥാപിക്കുക.
- വിവിധ ധനസഹായ പദ്ധതികൾ ലഭിക്കുന്നതിനുള്ള വരുമാന പരിധി ഏകീകരിക്കുക.
- ഭിന്നശേഷിക്കാരായ സ്ത്രീകൾ, അഗതികളും അനാഥരുമായ ഭിന്നശേഷിക്കാർ, ഗുരുതര ബഹുമുഖ ഭിന്നശേഷിക്കാർ എന്നിവർക്കായി ജില്ലയിൽ പുനരധിവാസ കേന്ദ്രവും സംരക്ഷണ ഭവനവും ഷെൽട്ടേർഡ് വർക്ക്ഷോപ്പും ആരംഭിക്കുക.
- ഭിന്നശേഷിക്കാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനുമായി ജില്ലാതലത്തിൽ ഉന്നതാധികാര സമിതികൾ രൂപീകരിക്കുക.
- ബഡ്സ്/ബി.ആർ.സി കുട്ടികൾക്ക് അവരുടെ ഉത്പന്നങ്ങൾ വിൽക്കാൻ ഒരു കിയോസ്ക്.

കുട്ടികൾ

- ജില്ല ബാല സൗഹൃദമാക്കുന്നതിനുള്ള നടപടികൾ

ട്രാൻസ്ജെൻഡർ

- സാമൂഹികാംഗീകാരത്തോടെയുള്ള കിടപ്പാടമില്ലായ്മയാണ് ട്രാൻസ്ജെൻഡർ വിഭാഗക്കാരുടെ മുഖ്യപ്രശ്നം. ആയതിനാൽ നിലവിൽ അവർക്ക് സ്വീകാര്യതയുള്ള പ്രദേശങ്ങളിൽ വീടുകൾ നിർമ്മിച്ച് നല്കാനുള്ള പദ്ധതികൾ സംസ്ഥാന സർക്കാർ തയ്യാറാക്കണം.
- ഓരോ കേസും പ്രത്യകമായി പരിഗണിച്ച് അർഹത നോക്കി എസ്.ആർ.എസ് ചെയ്യുന്നതിന് സർക്കാർ സംവിധാനമുണ്ടാക്കണം. തൊഴിലുകളിലും പഠന കോഴ്സുകളിലും സംവരണം അനുവദിക്കണം.
- പോലീസ്, ആരോഗ്യ പ്രവർത്തകർ തുടങ്ങിയവർക്ക് അവബോധ സൃഷ്ടിക്കാൻ ഉപകരിക്കുന്ന പ്രവർത്തനങ്ങൾ ഉണ്ടാവണം.
- ഐ.ഡി.കാർഡ് വിതരണത്തിനുള്ള തടസ്സം നീക്കം ചെയ്യണം.

മറ്റ് നിർദ്ദേശങ്ങൾ

വനിതകൾ

1. അംഗനവാടി ഹെൽപേഴ്സിനെ കൂടി പരിശീലന പരിപാടികളിൽ കൂടുതലായി പങ്കെടുപ്പിക്കുക.
2. യുവജന ക്ഷേമ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളല്ലാത്ത വനിതകൾക്ക് ഗെയിംസ്, സ്പോർട്സ് പ്രാവീണ്യമുള്ളവർക്ക് പരിശീലനം നടത്തുന്നതിന് (ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം) എങ്കിലുമായി ഗ്രൗണ്ടുകളിൽ സൗകര്യമൊരുക്കുക. തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഈ കാര്യത്തിൽ ശ്രദ്ധിക്കേണ്ടതുണ്ട്.
3. ജാഗ്രതാ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പാരാ ലീഗൽ വൊളന്റിയേഴ്സിന്റെ കാലാവധി ഒരു മാസമെന്നത് കുറഞ്ഞത് മൂന്ന് മാസമെങ്കിലും ആക്കുക. സമിതി അംഗങ്ങളിൽ ഒരാൾ ലീഗൽ വൊളന്റിയർ ആകുക. പരാതി ബോക്സുകൾ പഞ്ചായത്തുകളിൽ സ്ഥാപിക്കുന്നതിന് നല്കുക.
4. പൗരബോധ പരിപാടികൾ ആവിഷ്കരിക്കുക (പൊതുസ്ഥലങ്ങളിലെ പെരുമാറ്റം, സ്ത്രീകളോടുള്ള സമീപനം എന്നിവ).
5. കുടുംബബോധവൽകരണം-കുടുംബാംഗങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിന് കൂട്ടായ ചർച്ചകൾ കുടുംബത്തിലുണ്ടാകുന്നതിന്.
6. ജെന്റർ റിസോഴ്സ് സെന്ററുകൾ പഞ്ചായത്തുകളിൽ ആരംഭിക്കുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാകണം.
7. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വനിതാ മെമ്പർമാരുടെ കൂട്ടായ്മ ബ്ലോക്ക് തലത്തിൽ നടത്തുക.
8. ലേഡീസ് ഓൺലി ബസ്സുകൾ സ്പെഷൽ കേന്ദ്രങ്ങളിൽ (മലപ്പുറം മുതൽ തിരൂർ വരെ) കൊണ്ടുവരിക.
9. ഷീ സ്റ്റേ ഹോമുകൾ കൂടുതൽ സ്ഥലങ്ങളിൽ ആരംഭിക്കുക (കോട്ടക്കൽ, മലപ്പുറം, അങ്ങാടിപ്പുറം)
10. ബ്ലോക്ക് തലത്തിൽ ഷോപ്പിംഗ് മാൾ, ആഴ്ചചന്ത (കുടുംബശ്രീ ഉത്പന്നങ്ങൾക്കായി) തുടങ്ങുക.
11. വെയ്റ്റിംഗ് ഷെഡുകൾ സ്ത്രീ സൗഹൃദമാക്കുക.

12. അസംഘടിത മേഖലകളിലെ സേവന വേതന വ്യവസ്ഥകളും തൊഴിലവസരങ്ങളും സംരക്ഷിക്കുന്നതിനുള്ള പ്രൊജക്ടുകൾ രൂപപ്പെടുത്തുക.
13. രാത്രിയും പകലും ഒരേ പോലെ യാത്ര ചെയ്യുന്നതിനും സ്ത്രീകളുടെ സഞ്ചാരസ്വാതന്ത്ര്യം സുരക്ഷിതമാക്കുന്നതിനും പ്രൊജക്ടുകൾ രൂപീകരിക്കുക.

ഭിന്നശേഷി

1. ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്പെഷൽ സ്കൂളുകളിൽ എത്തിച്ചേരുന്നതിനുള്ള സംവിധാനമുണ്ടാക്കുക.

ട്രാൻസ്ജെൻഡർ

1. കുടുംബങ്ങളിൽ ഇവരെക്കുറിച്ച് ബോധവല്കരണം നടത്തി സംരക്ഷിക്കേണ്ടതാണ്. ഇത്തരം കുട്ടികൾ ജനിക്കാനിടയായാൽ എങ്ങനെയാണ് ഈ കുട്ടികളെ വളർത്തേണ്ടത് എന്നുള്ളതിന് തുടർച്ചയായി ബോധവൽക്കരണം നടത്തുന്നതിന് പദ്ധതികൾ ആവശ്യമാണ്.

വയോജനങ്ങൾ

1. 8 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികളെ ക്ലബുകൾ രൂപീകരിച്ച് പാലിയേറ്റീവ് പ്രവർത്തനവുമായി ബന്ധിപ്പിക്കുക.
2. വിരമിച്ച ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗപ്പെടുത്തുക. ഹ്യൂമൺ റിസോഴ്സ് ഷെയറിംഗ് പ്രോഗ്രാം വിവിധ മേഖലകളിൽ നിന്നും വിരമിച്ച ജീവനക്കാരുടെ ഡിപ്പാർട്ട്മെന്റൽ അറിവുകൾ പ്രയോജനപ്പെടുത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അവസരമുണ്ടാക്കുക.
3. വയോജന കേന്ദ്രങ്ങളുടെ എണ്ണം കൂട്ടുക.

ബാല സൗഹൃദ മലപ്പുറം ജില്ല.

പതിമൂന്നാം പദ്ധതിക്കാലത്ത് ജില്ല ബാലസൗഹൃദമാക്കണമെന്ന് ഡി.പി.സി തീരുമാനമെടുത്തിട്ടുണ്ട്. ജില്ലയിലെ എല്ലാ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ബാലസൗഹൃദ മാകുമ്പോഴാണ് ജില്ല ബാലസൗഹൃദമാകുന്നത്. പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ബാലസൗഹൃദമാകണമെങ്കിൽ അവരുടെ നിയന്തണത്തിലുള്ള അങ്കണവാടികൾ, സ്കൂളുകൾ തുടങ്ങി കുട്ടികളുമായി ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളും ബാലസൗഹൃദമാകണം.

ജനസംഖ്യയുടെ 20%ത്തിലധികം വരുന്ന കുട്ടികൾ (0–18 വയോപരിധിയിലുള്ളവർ) ജില്ലയിൽ 9 ലക്ഷത്തോളം വരും ബാലാവകാശ നിയമം സംബന്ധിച്ച അന്താരാഷ്ട്ര കരാർ യുഎൻസിആർസി 1989 പ്രകാരം നമ്മുടെ പാർലമെന്റ് നിയമങ്ങളും ചട്ടങ്ങളും നിർമ്മിച്ചിട്ടുണ്ട്. ഇതനുസരിച്ച് കുട്ടികൾക്ക് നാല് ഇനങ്ങളിലായി വിപുലമായ അവകാശ സംരക്ഷണമുണ്ട്. അതിജീവനം,സംരക്ഷണം, വികസനം, പങ്കാളിത്തം എന്നീ നാല് വിഭാഗങ്ങളിലാണ് ബാലാവകാശങ്ങൾ.

അധ്യായം 6

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതി അവലോകനവും പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും

വികേന്ദ്രീകൃതാസൂത്രണത്തിന്റെയും പ്രാദേശിക പദ്ധതി രൂപീകരണത്തിന്റെയും കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം വികസനമുന്നേറ്റത്തിന്റെ വിജയപാതകൾ ഉറന്നിട്ട വർഷങ്ങളായിരുന്നു. മുൻ മാതൃകകൾ ലഭ്യമാവാതിരുന്നിട്ടും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സർക്കാർ നൽകിയ മാർഗ്ഗ നിർദ്ദേശങ്ങളുടെയും സബ്സിഡി മാനദണ്ഡങ്ങളുടെയും പരിധിക്കും പരിമിതിക്കും ഉള്ളിൽ നിന്നുകൊണ്ട് അതാത പ്രദേശത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് മൂർത്തരൂപം നൽകാൻ അശ്രാന്ത പരിശ്രമം നടത്തുകയുണ്ടായി.

പ്രദേശിക വികസന പദ്ധതികൾ തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്യുക എന്നത് പ്രാദേശിക സാർക്കാരുകളിൽ നിയമ പ്രകാരം നിക്ഷിപ്തമായ അധികാരവും ഉത്തരവാദിത്വവുമാണ്. ഈ പ്രക്രിയക്ക് ഊന്നൽ നൽകുന്ന സമീപനമാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലത്ത് ലക്ഷ്യമിട്ടിട്ടുള്ളത്. സമൂഹിക നീതിക്കും പരിസ്ഥിതി സുരക്ഷക്കും മുൻഗണന നൽകി ജനകീയ പങ്കാളിത്തം ഉറപ്പ് വരുത്തി വികേന്ദ്രീകൃതാസൂത്രണം ശക്തിപ്പെടുത്താനാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതി ഊന്നൽ നൽകുന്നത്.

I. ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2017-18 വർഷത്തെ വാർഷിക പദ്ധതി അവലോകനം

1. പദ്ധതി ആസൂത്രണ പ്രക്രിയ

പദ്ധതി രൂപീകരണ പ്രവർത്തനത്തിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് നിരവധി നിർദ്ദേശങ്ങളാണ് പദ്ധതി മാർഗ്ഗരേഖയിൽ നൽകിയിട്ടുള്ളത്. പഞ്ചായത്ത് തലത്തിലുള്ള ആസൂത്രണസമിതികൾ, ഗ്രാമസഭ, അയൽസഭ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവ പദ്ധതി രൂപീകരണത്തിന്റെ ജനകീയാടിത്തറ വിപുലമാക്കാൻ ഉദ്ദേശിച്ചുള്ളവയാണ്. രേഖകൾ പരിശോധിക്കുമ്പോൾ ഗ്രാമസഭകളിൽ നിയമാനുസൃതമുള്ള മിനിമം പങ്കാളിത്തം ഉണ്ടായതായി കാണുന്നുണ്ട്. 1000 വോട്ടർമാരുള്ള വാർഡിൽ 10 ശതമാനത്തോളം വോട്ടർമാരുടെ പങ്കാളിത്തം ഗ്രാമസഭയിൽ ഉറപ്പുവരുത്തുന്നുണ്ടെങ്കിലും ഗ്രാമസഭാ പങ്കാളിത്തം ഉയർത്തുന്നതിനുള്ള നടപടികൾ ഇനിയും ഉണ്ടാകേണ്ടതുണ്ട്. ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പദ്ധതി രൂപീകരണത്തിൽ കാര്യമായ പങ്ക് വഹിക്കുന്നുണ്ട്.

പദ്ധതി ആസൂത്രണം, രൂപീകരണം എന്നീ മേഖലകളിൽ സ്റ്റാറ്റസ് റിപ്പോർട്ടുകൾക്ക് നല്ല ഫലങ്ങൾ ഉളവാക്കാൻ കഴിയും. ഓരോ മേഖലയിലെയും അടിസ്ഥാനപ്രശ്നങ്ങൾ ഒരു പരിധിവരെയെങ്കിലും വിശകലനം ചെയ്യുന്നതിനും പരിഹാരനടപടികൾ പ്രോജക്ടുകളിലൂടെ

നിർദ്ദേശിക്കുന്നതിനും സ്റ്റാറ്റസ് റിപ്പോർട്ടുകൾക്ക് ആവുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഒരു ആധികാരികരേഖയായും സ്റ്റാറ്റസ് റിപ്പോർട്ട് മാറുന്നതായാണ് കാണുന്നത്. സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ ഗുണനിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നീക്കങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്.

2. 2017-18 വാർഷിക പദ്ധതികളുടെ അംഗീകാരം

മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി ഈ പഞ്ചവത്സര പദ്ധതിയുടെ തുടക്കത്തിൽ തന്നെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനാവശ്യമായ മാർഗ്ഗരേഖ പുറത്തിറക്കാൻ സാധിച്ചതിനാൽ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി രൂപീകരണ പ്രക്രിയ തുടക്കത്തിൽ തന്നെ ആരംഭിക്കുവാനും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടുവാനും സാധിച്ചു. 2017-18 വർഷം ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പദ്ധതികൾക്ക് 2017 ജൂൺ 15-നകം ജില്ലാ ആസൂത്രണ സമിതി യോഗം അംഗീകാരം നൽകുകയുണ്ടായി. പദ്ധതി പ്രവർത്തനങ്ങൾ നേരത്തെ ആരംഭിച്ചതിനാൽ സർക്കാർ നിഷ്കർഷിച്ച രീതിയിൽ ഓരോ ത്രൈമാസത്തിലും പൂർത്തികരിക്കാനുള്ള പദ്ധതികളെ സംബന്ധിച്ച് ആസൂത്രണം ചെയ്യുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവസരം ലഭിച്ചു.

3. പ്രോജക്ടുകളുടെ എണ്ണം

2017-18 വർഷം ജില്ലയിൽ 26,733 പ്രോജക്ടുകളാണ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. അതിൽ 17,199 എണ്ണം (64.34%) പുതിയതും 9534 എണ്ണം (35.66%) സ്പിൽ ഓവർ മാണ്. ആകെ പ്രോജക്ടുകളിൽ 20,155 എണ്ണം ഗ്രാമപഞ്ചായത്തുകളുടെയും (75.3%) 1,417 എണ്ണം ബ്ലോക്ക് പഞ്ചായത്തുകളുടെയും (5.3%) 1,111 എണ്ണം ജില്ലാ പഞ്ചായത്തിന്റെയും (4.1%), 4050 എണ്ണം മുനിസിപ്പാലിറ്റികളുടെയും ആയിരുന്നു (15%). ഇത് ചിത്രം 6.1-ൽ ചേർത്തിരിക്കുന്നു.

ചിത്രം 6.1 : ജില്ലയിലെ പ്രോജക്ടുകളുടെ എണ്ണം- തദ്ദേശ സ്വയം ഭരണ സ്ഥാപനം തിരിച്ച് (%)



അവലംബം -സൂലേഖ, ഐ.കെ.എം

ആകെ പ്രോജക്ടുകളിൽ 6,882 എണ്ണം ഗ്രാമപഞ്ചായത്തുകളിലും (72.1%), 421 എണ്ണം ബ്ലോക്ക് പഞ്ചായത്തിലും (4.4%), 665 പ്രോജക്ടുകൾ ജില്ലാ പഞ്ചായത്തിലും (6.9%) 1,566 എണ്ണം മുനിസിപ്പാലിറ്റികളിലും (16.42%) സ്പിൽ ഓവർ ആയി തുടരുന്നു. 2017-18 വർഷത്തെ ആകെ പ്രോജക്ടുകളിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള പുതിയ പുതിയവയുടെയും സ്പിൽ ഓവറുകളുടെയും വിശദാംശങ്ങൾ ചിത്രം 6-2-ൽ ചേർത്തിരിക്കുന്നു. ആകെ പ്രോജക്ടുകളിൽ പുതിയ

പ്രോജക്ടുകളുടെയും സ്പിൽ ഓവർ പ്രോജക്ടുകളുടെയും തദ്ദേശഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള ഗതി പ്രകാരം പുതിയ പ്രോജക്ടുകളിലും സ്പിൽ ഓവർ പ്രോജക്ടുകളിലും പൂർത്തീകരിക്കുവാൻ കൂടുതൽ ഉള്ളത് ഗ്രാമ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലുമാണ്.

ചിത്രം 6.2 : ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾ – പുതിയതും സ്പിൽഓവറും



അവലംബം – സുലേഖ, ഐ.കെ.എം

പുതിയ പ്രോജക്ടുകളുടെയും സ്പിൽ ഓവർ പ്രോജക്ടുകളുടെയും ശതമാനം പരിശോധിക്കുമ്പോൾ ഗ്രാമപഞ്ചായത്തുകളിലും ബ്ലോക്ക് പഞ്ചായത്തുകളിലും സ്പിൽ സ്പിൽ ഓവർ പ്രോജക്ടുകളുടെ എണ്ണം കുറയുമ്പോൾ ജില്ലാ പഞ്ചായത്തിലും മുനിസിപ്പാലിറ്റികളിലും ഇവ കൂടി വരുന്നതായി കാണാം.

പ്രോജക്ടുകളുടെ ശരാശരി എണ്ണം എടുക്കുകയാണെങ്കിൽ ഗ്രാമപഞ്ചായത്തുകളിൽ 214 പ്രോജക്ടുകളും, ബ്ലോക്ക പഞ്ചായത്തിൽ 94 പ്രോജക്ടുകളും മുനിസിപ്പാലിറ്റികളിൽ 337 പ്രോജക്ടുകളും ജില്ലാ പഞ്ചായത്തിൽ 1,111 പ്രോജക്ടുകളുമാണ് തൻവർഷം നടപ്പിലാക്കാനായി ഏറ്റെടുത്തിട്ടുള്ളത്. ഒരു തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ജില്ലയിലെ പ്രോജക്ടുകളുടെ ശരാശരി തുക തദ്ദേശസ്വയം ഭരണ സ്ഥാപനം തിരിച്ച് ചിത്രം 6.3-ൽ ചേർത്തിരിക്കുന്നു. പ്രോജക്ടുകളുടെ ശരാശരി തുക ഏറ്റവും കൂടുതലുള്ളത് ജില്ലാ പഞ്ചായത്തിന്റെതാണ് (12,01,007 രൂപ). ഏറ്റവും കുറവ് ഗ്രാമപഞ്ചായത്തിന്റെതാണ് (3,61,327 രൂപ).

ചിത്രം 6.3 : ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുടെ ശരാശരി വലിപ്പം (രൂപയിൽ)



അവലംബം – സുലേഖ, ഐ.കെ.എം

ജില്ലയിലെ വിവിധ തലത്തിലുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പ്രോജക്ടുകളിൽ ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കുന്നവയാണ് ശരാശരി ഏറ്റവും കൂടുതൽ തുക വകയിരുത്തിയിട്ടുള്ളത് എന്ന് ചിത്രം 6.3 ൽ നിന്ന് മനസ്സിലാക്കാവുന്നതാണ്.

4. മേഖലാ വിലയിരുത്തൽ

മൊത്തം പ്രോജക്ടുകളിൽ 2605 എണ്ണം (9.7%) ഉൽപ്പാദന മേഖലയിലും 10,686 എണ്ണം (39.9%) സേവന മേഖലയിലും 13,442 എണ്ണം (50.2%) പശ്ചാത്തല മേഖലയിലുമായി വകയിരുത്തിയിരിക്കുന്നു.

4.1 ഉൽപ്പാദന മേഖല

ഉൽപ്പാദന മേഖലയിൽ തൻവർഷം 171.16 കോടി രൂപയുടെ 2,605 പ്രോജക്ടുകളാണ് ആവിഷ്കരിച്ചിട്ടുള്ളത്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ തിരിച്ച് കണക്കെടുത്താൽ ഗ്രാമപഞ്ചായത്തുകൾ 14.6 ശതമാനം തുകയും ബ്ലോക്ക് പഞ്ചായത്തുകൾ 18.0 ശതമാനം തുകയും മുനിസിപ്പാലിറ്റികൾ 7.06 ശതമാനം തുകയും ജില്ലാ പഞ്ചായത്ത് 15.9 ശതമാനം തുകയുമാണ് ഉൽപ്പാദന മേഖലയിൽ നീക്കി വെച്ചിട്ടുള്ളത്. ജില്ലയിലെ വിവിധ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ഉൽപ്പാദന മേഖലയിൽ വകയിരുത്തിയ തുകയുടെ ശതമാനം ചിത്രം 6.4-ൽ ചേർത്തിരിക്കുന്നു.

ചിത്രം 6.4: ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ
ഉൽപ്പാദന മേഖലയിൽ നീക്കിവെച്ച തുകയുടെ ശതമാനം



അവലംബം - സൂലേഖ, ഐ.കെ.എം

ഉല്പാദന മേഖലയിൽ ഏറ്റവും കൂടുതൽ തുക നീക്കി വച്ചിട്ടുള്ളത് ബ്ലോക്ക് പഞ്ചായത്തുകളാണ് (18.09%) എന്ന് ചിത്രം 6.4 ൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

4.2 സേവന മേഖല

സേവന മേഖലയിൽ തൻവർഷം 627.53 കോടി രൂപയുടെ 10,686 പ്രോജക്ടുകളാണ് ആവിഷ്കരിച്ചിട്ടുള്ളത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തിരിച്ച് കണക്കിലെടുത്താൽ ഗ്രാമപഞ്ചായത്തുകൾ 48.2 ശതമാനം തുകയും ബ്ലോക്ക് പഞ്ചായത്തുകൾ 61.98 ശതമാനം തുകയും മുനിസിപ്പാലിറ്റികൾ 44.6 ശതമാനം തുകയും ജില്ലാ പഞ്ചായത്ത് 56.6 ശതമാനം തുകയുമാണ് സേവന മേഖലയിലേക്ക് മാറ്റി വച്ചിരിക്കുന്നതെന്ന് കാണാൻ കഴിയും. ഇത് ചിത്രം 6.5-ൽ ചേർത്തിരിക്കുന്നു.

ചിത്രം 6.5 : ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ സേവന മേഖലയിൽ നീക്കിവെച്ച തുകയുടെ ശതമാനം



അവലംബം-സുലേഖ, ഐ.കെ.എം

സേവന മേഖലയിൽ ഏറ്റവും കൂടുതൽ തുക നീക്കി വച്ചിട്ടുള്ളത് ബ്ലോക്ക് പഞ്ചായത്തുകളാണ് (61.98%) എന്ന് ചിത്രം 6.5 ൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

4.3 പശ്ചാത്തല മേഖല

പശ്ചാത്തല മേഖലയിൽ തൽ വർഷം 13,442 പ്രോജക്ടുകളാണ് ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തുകളുടെ പ്രോജക്ടുകളിൽ 37 ശതമാനവും ബ്ലോക്ക് പഞ്ചായത്തുകളിൽ 19.9 ശതമാനവും മുനിസിപ്പാലിറ്റികളിൽ 48.2 ശതമാനവും ജില്ലാ പഞ്ചായത്തിൽ 27.4 ശതമാനവും തുകയാണ് പശ്ചാത്തല മേഖലയിൽ നീക്കിവെച്ചിട്ടുള്ളത്. ഇക്കാര്യം ചിത്രം 6.6-ൽ ചേർത്തിരിക്കുന്നു.

ചിത്രം 6.6 : ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ പശ്ചാത്തല മേഖലയിൽ നീക്കിവെച്ച തുകയുടെ ശതമാനം



അവലംബം-സുലേഖ, ഐ.കെ.എം

പശ്ചാത്തല മേഖലയിൽ ഏറ്റവും കൂടുതൽ തുക നീക്കി വച്ചിട്ടുള്ളത് മുനിസിപ്പാലിറ്റികളാണ് (48.27%) എന്ന് ചിത്രം 6.6 ൽ നിന്നും മനസ്സിലാക്കാവുന്നതാണ്. ഏറ്റവും കുറവ് തുക നീക്കിവച്ചിട്ടുള്ളത് ബ്ലോക്ക് പഞ്ചായത്തുകളാണ് (19.9%).

തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ മേഖലാ വിഭജനം വിലയിരുത്തുമ്പോൾ ഉൽപ്പാദന സേവന മേഖലകൾക്ക് ബ്ലോക്ക് പഞ്ചായത്തും ജില്ലാ പഞ്ചായത്തും പ്രാമുഖ്യം നൽകുന്നതായും പശ്ചാത്തല മേഖലയിലെ വികസനത്തിന് മുനിസിപാലിറ്റികളും ഗ്രാമ പഞ്ചായത്തുകളും ഊന്നൽ നൽകുന്നതായും കാണുന്നു.

5. മേഖല വകയിരുത്തൽ – വിഭാഗം തിരിച്ച്

മേഖല വകയിരുത്തൽ വിഭാഗം തിരിച്ച് വിലയിരുത്തുമ്പോൾ പൊതു വിഭാഗത്തിൽ ഏറ്റവും കൂടുതൽ തുക വകയിരുത്തിയിരിക്കുന്നത് സേവന മേഖലയിലും (46.77 ശതമാനം), തുടർന്ന് പശ്ചാത്തല മേഖലയിലും (39.4 ശതമാനം) അവസാനം ഉൽപ്പാദന മേഖലയിലുമാണ് (13.73 ശതമാനം). എസ്.സി.പി മേഖലയിലും ഏറ്റവും കൂടുതൽ തുക വകയിരുത്തിയിരിക്കുന്നത് സേവന മേഖലയിലാണ് (71.62 ശതമാനം) തുടർന്ന് പശ്ചാത്തല മേഖല (15.42 ശതമാനം), അവസാനം ഉത്പാദന മേഖലയിലുമാണ് (12.96%). ടി.എസ്.പി മേഖലയിൽ 92.13 ശതമാനം തുകയും സേവന മേഖലയിലാണ് വകയിരുത്തിയിട്ടുള്ളത്. തുടർന്ന് ഉൽപ്പാദന മേഖലയിലും (7.83ശതമാനം) അവസാനം പശ്ചാത്തല മേഖലയിലുമാണ്. (0.04 ശതമാനം).

മേഖലാ വകയിരുത്തൽ വിഭാഗം തിരിച്ച് ചിത്രം 6.7, 6.8, 6.9 എന്നിവയിലൂടെ വിലയിരുത്തുന്നു.

ചിത്രം 6.7 : മേഖലാ വകയിരുത്തൽ, വിഭാഗം തിരിച്ച് – ഉത്പ്പാദന മേഖല



അവലംബം–സുലേഖ, ഐ.കെ.എം

ഉത്പാദന മേഖലയിൽ എറ്റവും കൂടുതൽ തുക വകയിരുത്തിയിരിക്കുന്നത് പൊതുവിഭാഗത്തിലാണ് (13.73%), കുറവ് ടിഎസ് പി മേഖലയിലും (7.8%).

ചിത്രം 6.8 : മേഖലാ വകയിരുത്തൽ, വിഭാഗം തിരിച്ച് – സേവന മേഖല



അവലംബം–സുലേഖ, ഐ.കെ.എം

സേവന മേഖലയിൽ എറ്റവും കൂടുതൽ തുക വകയിരുത്തിയിരിക്കുന്നത് ടി എസ് പി മേഖലയിലാണ് (92.13%), കുറവ് പൊതുവിഭാഗത്തിലുമാണ് (46.7%).

ചിത്രം 6.9 : മേഖലാ വകയിരുത്തൽ, വിഭാഗം തിരിച്ച് – പശ്ചാത്തല മേഖല



അവലംബം–സുലേഖ, ഐ.കെ.എം

പശ്ചാത്തല മേഖലയിൽ ഏറ്റവും കൂടുതൽ തുക വകയിരുത്തിയിരിക്കുന്നത് പൊതുവിഭാഗത്തിലാണ് (39.4%), ഏറ്റവും കുറവ് ടി എസ് പിയിലുമാണ് (0.04%).

മേഖലാ വകയിരുത്തൽ വിഭാഗം തിരിച്ച് വിലയിരുത്തുമ്പോൾ വ്യക്തമാകുന്നത് 1) പൊതു/എസ്.സി.പി/ടി.എസ്.പി വിഭാഗ വ്യത്യാസമില്ലാതെ ഏറ്റവും കൂടുതൽ തുക നീക്കി വെക്കുന്നത് സേവന മേഖലക്കാണ്. 2) പൊതു വിഭാഗത്തിലും എസ്.സി.പി വിഭാഗത്തിലും ഏറ്റവും കുറവ് തുക നീക്കി വെച്ചിട്ടുള്ളത് ഉത്പ്പാദന മേഖലയിലാണ്. ടി.എസ്.പി മേഖലയിൽ വിഭാഗത്തിലും ഏറ്റവും കുറവ് തുക നീക്കി വെച്ചിട്ടുള്ളത് പശ്ചാത്തലമേഖലയിലാണ്.

6. മേഖലാ വകയിരുത്തൽ – വിഭാഗം തിരിച്ചും തദ്ദേശഭരണ സ്ഥാപനം തിരിച്ചും

ഈ സാഹചര്യത്തിൽ ജില്ലയിലെ വിവിധ തലങ്ങളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിഭാഗം തിരിച്ച് ഉൽപ്പാദന/സേവന/പശ്ചാത്തല മേഖലയിൽ വകയിരുത്തിയിരിക്കുന്ന ഫണ്ടിന്റെ വിശദാംശങ്ങൾ പരിശോധിക്കുന്നത് യുക്തമായിരിക്കും. ചിത്രം 6.10 ൽ ഉത്പാദന മേഖലയിൽ വിവിധ തലങ്ങളിലുള്ള തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ വിഭാഗം തിരിച്ച് ഫണ്ട് വകയിരുത്തിയതിന്റെ വിശദാംശങ്ങൾ നൽകിയിരിക്കുന്നു.

ചിത്രം 6.10 : ജില്ലയിലെ വിവിധ തലങ്ങളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിഭാഗം തിരിച്ച് ഉൽപ്പാദന മേഖലയിൽ വകയിരുത്തിയിരിക്കുന്ന ഫണ്ടിന്റെ വിശദാംശങ്ങൾ (ശതമാനത്തിൽ).



അവലംബം–സുലേഖ, ഐ.കെ.എം

ഉൽപ്പാദന മേഖലയിൽ ഏറ്റവും കൂടുതൽ തുക വകയിരുത്തിയിരിക്കുന്നത് ജില്ലാ പഞ്ചായത്തിന്റെ എസ്.സി.പി മേഖലയിലാണ് (27.76%). തുടർന്ന് ബ്ലോക്ക് പഞ്ചായത്തിന്റെ പൊതു

വിഭാഗത്തിലും (20.88%), ഗ്രാമപഞ്ചായത്തിന്റെ പൊതു വിഭാഗത്തിലും (15.06%), ജില്ലാ പഞ്ചായത്തിന്റെ പൊതു വിഭാഗത്തിലുമാണ് (14.25%) എന്ന് കാണാം. ഏറ്റവും കുറവ് മുനിസിപാലിറ്റികളുടെ ടി.എസ്.പി മേഖലയിലും(0%), തുടർന്ന് ബ്ലോക്ക് പഞ്ചായത്തുകളുടെ ടി.എസ്.പി മേഖലയിലുമാണ് (0.42%). ഉൽപ്പാദന മേഖലയിൽ ഏല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ചേർന്ന് 13.73 ശതമാനം തുക മാത്രമാണ് വിവിധ വിഭാഗങ്ങളിൽ വകയിരുത്തിയിട്ടുള്ളത് എന്നത് അവലോകനം ചെയ്യേണ്ട വിഷയമാണ് .

ജില്ലയിലെ വിവിധ തലങ്ങളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിഭാഗം തിരിച്ച് സേവന മേഖലയിൽ വകയിരുത്തിയിരിക്കുന്ന ഫണ്ടിന്റെ വിശദാംശങ്ങൾ ചിത്രം 6.11 ൽ നൽകിയിരിക്കുന്നു

ചിത്രം 6.11 : ജില്ലയിലെ വിവിധ തലങ്ങളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിഭാഗം തിരിച്ച് സേവന മേഖലയിൽ വകയിരുത്തിയിരിക്കുന്ന ഫണ്ടിന്റെ വിശദാംശങ്ങൾ (ശതമാനത്തിൽ).



അവലംബം–സുലേഖ, ഐ.കെ.എം

സേവന മേഖലയിൽ ഏറ്റവും കൂടുതൽ തുക വകയിരുത്തിയിരിക്കുന്നത് മുനിസിപ്പാലിറ്റികളുടെ ടി.എസ്.പി മേഖലയിലാണ്. (99.91%). തുടർന്ന് ബ്ലോക്കു പഞ്ചായത്തിന്റെ ടി.എസ്.പി മേഖലയിലും(99.56%), ഗ്രാമപഞ്ചായത്തിന്റെ ടി.എസ്.പി മേഖലയിലും (91.16%), ജില്ലാ പഞ്ചായത്തിന്റെ ടി.എസ്.പി മേഖലയിലുമാണ് (88.15%) എന്ന് കാണാം. എസ്.സി.പി മേഖലയിലും സേവന മേഖലയിലുമാണ് ഏറ്റവും കൂടുതൽ തുക വകയിരുത്തിയിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്തിൽ എസ്.സി.പി ഫണ്ടിന്റെ 79% വും ഗ്രാമപഞ്ചായത്തിലെ എസ്.സി.പി ഫണ്ടിന്റെ 73% മുനിസിപ്പാലിറ്റികളുടെ എസ്.സി.പി ഫണ്ടിന്റെ 71%വും ജില്ലാ പഞ്ചായത്തിന്റെ എസ്.സി.പി ഫണ്ടിന്റെ 49.5%വും സേവനമേഖലയിലേക്കാണ് നീക്കി വെച്ചിട്ടുള്ളത് എന്ന് കാണാം. ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൊതു വിഭാഗം ഫണ്ടിന്റെ കുറഞ്ഞത് 42.1% (മുൻസിപ്പാലിറ്റി) തുകയെങ്കിലും സേവനമേഖലയിലേക്കാണ് വകയിരുത്തിയിട്ടുള്ളത്.

ജില്ലയിലെ വിവിധ തലങ്ങളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിഭാഗം തിരിച്ച് പശ്ചാത്തല മേഖലയിൽ വകയിരുത്തിയിരിക്കുന്ന ഫണ്ടിന്റെ വിശദാംശങ്ങൾ ചിത്രം 6.12 ൽ നൽകിയിരിക്കുന്നു.

ചിത്രം 6.12 : ജില്ലിയിലെ വിവിധതലങ്ങളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിഭാഗം തിരിച്ച് പശ്ചാത്തല മേഖലയിൽ വകയിരിത്തിയിരിക്കുന്ന ഫണ്ടിന്റെ വിശദാംശങ്ങൾ (ശതമാനത്തിൽ).



അവലംബം-സുലേഖ, ഐ.കെ.എം

പശ്ചാത്തല മേഖലയിൽ ഏറ്റവും കൂടുതൽ തുക വകയിരുത്തിയിരിക്കുന്നത് മുനിസിപ്പാലിറ്റികളുടെ പൊതു വിഭാഗം ഫണ്ടാണ് (51.12%). തുടർന്ന് ഗ്രാമ പഞ്ചായത്തിന്റെ പൊതു വിഭാഗത്തിൽ (39.8%), തുടർന്ന് ജില്ലാപഞ്ചായത്തിന്റെ പൊതു വിഭാഗം ഫണ്ടിലുമാണ് (28.54%), ടി.എസ്.പി മേഖലയിൽ ഗ്രാമ/ബ്ലോക്ക്/മുനിസിപ്പാലിറ്റി/ജില്ലാപഞ്ചായത്ത് തലത്തിൽ പശ്ചാത്തല മേഖലയിൽ 1 ശതമാനത്തേക്കാൾ താഴെ മാത്രമാണ് തുക മാറ്റി വെച്ചിട്ടുള്ളത് എന്നത് ആശ്ചര്യജനകമാണ്. പട്ടിക വർഗ്ഗമേഖലയുടെ പശ്ചാത്തല സൗകര്യങ്ങളുടെ സമതുലിതമായ വികസനത്തിന് ഇത് തടസ്സമാകുമെന്നതിനാൽ ഇക്കാര്യം ഗൗരവമായി വിലയിരുത്തേണ്ടതുണ്ട്. ഇതിന് കാരണമായ ഘടകങ്ങളും പരിഹരിക്കപ്പെടേണ്ടതായിട്ടുണ്ട്. ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയിട്ടുള്ള പ്രോജക്ടുകൾ വിഷയമേഖല തിരിച്ച് ചിത്രം 6.13 ൽ നൽകിയിരിക്കുന്നു.

ചിത്രം 6.13 : ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി തുക വകയിരുത്തൽ വിഷയ മേഖല തിരിച്ച് (ശതമാനത്തിൽ).



അവലംബം-സുലേഖ, ഐ.കെ.എം

വിഷയ മേഖല തിരിച്ച് പ്രോജക്ടുകളുടെ തുക വകയിരുത്തിയിരിക്കുന്നത് പരിശോധിച്ചാൽ ഏറ്റവും കൂടുതൽ തുക വകയിരുത്തിയിരിക്കുന്നത് റോഡുകളുടെയും ഗതാഗതത്തിന്റെയും വികസനത്തിനാണെന്ന് കാണാനാകും(29.5 ശതമാനം). 8.4 ശതമാനം വീട് നിർമ്മാണത്തിനും, വീടുകളുടെ വൈദ്യുതീകരണത്തിനായും 8.28 ശതമാനം തുക അംഗൻവാടി സംബന്ധമായ പ്രവർത്തികൾക്കായും മാറ്റിവച്ചിട്ടുണ്ട്.

7. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി അംഗീകാരവും ജില്ലാ ആസൂത്രണ സമിതിയും

2017-18 വർഷം ജില്ലയിലെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുടെ അംഗീകാരം, ഭേദഗതി അംഗീകാരം, അവലോകനം എന്നിവ നടത്തുന്നതിനായി ഇതിനകം 27 പ്രാവശ്യം ജില്ലാ ആസൂത്രണ സമിതി യോഗം ചേരുകയുണ്ടായി. തൻവർഷം ജില്ലയിലെ എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും പദ്ധതികൾക്ക് ജൂൺ 15-നകം അംഗീകാരം നൽകുവാൻ ജില്ലാ ആസൂത്രണ സമിതിക്ക് സാധിച്ചു. നൂതന പ്രോജക്ടുകളുടെ അംഗീകാരത്തിനായി നൂതന കമ്മിറ്റി യോഗം 4 പ്രാവശ്യം യോഗം ചേരുകയും സമർപ്പിക്കപ്പെട്ട പ്രോജക്ടുകളിൽ തീരുമാനമെടുക്കുകയും ചെയ്തു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തർക്ക പ്രോജക്ടുകൾ പരിശോധിക്കുന്നതിന് രൂപീകരിച്ച അപ്പലറ്റ് കമ്മിറ്റി യോഗം 3 പ്രവശ്യം ചേരുകയുണ്ടായി. മോണിറ്ററിംഗ് കമ്മിറ്റി യോഗം രണ്ട് പ്രാവശ്യം ചേരുകയും ജില്ലയിലെ പ്രോജക്ടുകൾക്ക് വെറ്റിംഗ് ഓഫീസർമാർ അനുമതി നൽകുന്നത് പരിശോധിക്കുകയുമുണ്ടായി. ഇതിനകം (ജനുവരി 2018) രണ്ട് പ്രാവശ്യം ബ്ലോക്ക് തല അവലോകന യോഗങ്ങൾ ജില്ലയിൽ നടത്തുകയും പദ്ധതി പ്രവർത്തന പുരോഗതി ഗ്രാമ/ബ്ലോക്ക്/മുനിസിപ്പൽ/ജില്ലാ തലത്തിൽ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. 2017-18 വർഷം ഇതിനകം (ജനുവരി 2018) ഇത്തരത്തിൽ നടത്തിയ യോഗങ്ങളുടെ വിശദാംശങ്ങൾ പട്ടിക 6.1 -ൽ ചേർത്തിരിക്കുന്നു.

പട്ടിക 6.1 : 2017-18 വർഷത്തെ വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് ഡി.പി.സി വിളിച്ചു ചേർത്ത യോഗങ്ങളുടെ വിശദാംശങ്ങൾ

ക്രമ നം	യോഗം	എണ്ണം
1.	ഡിപിസി യോഗം	27
2.	നൂതന കമ്മിറ്റി	4
3.	മോണിറ്ററിംഗ് കമ്മിറ്റി	2
4.	അപ്പലറ്റ് കമ്മിറ്റി	3
5.	ബ്ലോക്ക്തല അവലോകന യോഗങ്ങൾ	2

അവലംബം : ബന്ധപ്പെട്ട യോഗങ്ങളുടെ മിനുട്സ്

പട്ടിക 6.1 ൽ നിന്ന് ജില്ലയിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അംഗീകാരവും അവലോകനവുമായി ബന്ധപ്പെട്ട് ആവശ്യമായ ഇടപെടലുകൾ നടത്തുവാൻ ജില്ലാ ആസൂത്രണ സമിതിക്ക് സാധിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കുവാൻ സാധിക്കും.

ജില്ലയിലെ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനപുരോഗതി വിലയിരുത്തുന്നതിനായി 6/11/2017 ന് ബഹു. തദ്ദേശ സ്വയം ഭരണവകുപ്പ് മന്ത്രിയുടെ അവലോകന യോഗം മലപ്പുറം ടൗൺഹാളിൽ വച്ച് സംഘടിപ്പിക്കുകയുണ്ടായി.

8. ഗ്രാമ/ബ്ലോക്ക്/മുനിസിപ്പാലിറ്റി/ജില്ലാ പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കപ്പെട്ട അവലോകന യോഗങ്ങളിൽ ഉന്നയിക്കപ്പെട്ട പ്രധാനപ്പെട്ട വിഷയങ്ങൾ

1) ടഷറി നിയന്ത്രണം ഉള്ളതിനാൽ സമർപ്പിക്കപ്പെട്ട ബില്ലുകൾ ടഷറിയിൽ നിന്ന് മാറാനാകുന്നില്ല.

2) പ്രധാന വകുപ്പുകളിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ അഭാവം. തദ്ദേശീയരായ ഉദ്യോഗസ്ഥൻമാരില്ലാത്തത് പ്രശ്നം കൂടുതൽ ദുരിതത്തിലാക്കുന്നു.

3) ജില്ലാ പഞ്ചായത്തിലെ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ബ്ലോക്കിലെ അസിസ്റ്റൻറ് എഞ്ചിനീയർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഡി.ഡി.ഒ കോഡ് ലഭിക്കാത്തത്.

4) ഭൂഗർഭജല വകുപ്പിൽ ആവശ്യമായ സാങ്കേതിക ഉദ്യോഗസ്ഥർ ഇല്ലാത്തതിനാൽ കുടിവെള്ള പദ്ധതികൾക്ക് ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള കാലതാമസം ഉണ്ടാകുന്നു.

5) ജി.എസ്.ടി സംബന്ധിച്ച വിഷയങ്ങൾ

6) വ്യക്തിഗത ഗുണഭോക്താക്കളുടെ ഗുണഭോക്തൃ ലിസ്റ്റ് നൽകാത്ത വിഷയം

7) എസ് സി പി/ടി എസ് പി പദ്ധതികൾക്ക് ഫീസിബിലിറ്റ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിലെ കാലതാമസം.

8) പുതുതായി രൂപീകരിച്ച നഗരസഭകളിൽ എസ്.സി.ഡി.ഒ-മാർ ഇല്ലാത്തത് മൂലം നിർവ്വഹണത്തിന് നേരിട്ട തടസ്സം.

9) എസ്.സി/എസ്.ടി പ്രോമോട്ടർമാരുടെ സേവന ലഭ്യതയുടെ കുറവ്.

9. 2017-18 വർഷം ജില്ലയിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ രൂപീകരിച്ച നൂതന പ്രോജക്ടുകളുടെ വിശദാംശങ്ങൾ

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ 2017-18 വർഷം രൂപീകരിച്ച നൂതന പ്രോജക്ടുകളുടെ വിശദാംശങ്ങൾ പട്ടിക 6.2 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 6.2 : ജില്ലയിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ
രൂപീകരിച്ച നൂതന പ്രോജക്ടുകളുടെ വിശദാംശങ്ങൾ

ക്രമ നം	പ്രോജക്ടിന്റെ പേര്	തദ്ദേശസ്വയം ഭരണസ്ഥാപനം
1	ശാരീരിക-മാനസിക-ബുദ്ധിപര വെല്ലുവിളി നേരിടുന്ന ഭിന്ന ശേഷിക്കാരുടെ പരിചരണം, ചികിത്സ, പരിശീലനം, ഗവേഷണം തുടങ്ങിയ കാര്യങ്ങൾക്കായി മലപ്പുറത്ത് ഉന്നത നിലവാരത്തിലുള്ള സ്ഥാപനം തുടങ്ങുന്നതിന് സർവെ നടത്തി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ	മലപ്പുറം ജില്ലാ പഞ്ചായത്ത്
2	ജീവനം സമ്പൂർണ്ണ മാലിന്യ സംസ്കരണ പദ്ധതി	പെരിന്തൽമണ്ണ നഗരസഭ
3	നാട്ടുവെളിച്ചം- ജനകീയ തെരുവ് വിളക്ക് പരിപാലന പദ്ധതി	മൊറയൂർ ഗ്രാമ പഞ്ചായത്ത്
4	ചെറുപുഴ സംരക്ഷണം	പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്ത്
5	പൊലിവ്-വിദ്യാലയങ്ങൾക്ക് അക്കാദമിക പിന്തുണ	ഒഴൂർ
6	മിഷൻ ഫസ്റ്റ് എയ്ഡ്	ചേലേമ്പ്ര

ക്രമ നം	പ്രോജക്ടിന്റെ പേര്	തദ്ദേശസ്വയം ഭരണസ്ഥാപനം
7	സ്കൂൾ വിദ്യാർത്ഥികൾക്ക് നിഘണ്ടു വിതരണം	കോട്ടക്കൽ നഗരസഭ
8	സയൻസിയ – ദി ലേൺണിംഗ് ഓഫ് ലാബ് സയൻസ്	കോട്ടക്കൽ നഗരസഭ
9	അതുല്യം (ഭിന്ന ശേഷിക്കാരുടെ പുനരധിവാസം)	നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്
10	ജാഗ്രതാ വനിതാ ശാക്തീകരണ പദ്ധതി	പെരിന്തൽമണ്ണ നഗരസഭ
11	വയോമിത്രം പദ്ധതി	പെരിന്തൽമണ്ണ നഗരസഭ
12	പരിരക്ഷ വിധവ ഭിന്നലിംഗ പദ്ധതി	പെരിന്തൽമണ്ണ നഗരസഭ
13	വാർഡ് സേവാ കേന്ദ്രം	പെരിന്തൽമണ്ണ നഗരസഭ
14	വള്ളുവനാട് തനിമ (കലാ സാംസ്കാരിക കായിക വികസന പദ്ധതി)	പെരിന്തൽമണ്ണ നഗരസഭ
15	വള്ളുവനാട് തനിമ (കലാ സാംസ്കാരിക കായിക വികസന പദ്ധതി) എസ്.സി.പി	പെരിന്തൽമണ്ണ നഗരസഭ
16	വള്ളുവനാട് തനിമ (കലാ സാംസ്കാരിക കായിക വികസന പദ്ധതി) വനിത	പെരിന്തൽമണ്ണ നഗരസഭ
17	ഡയാലിസിസ് സെൻററിനുള്ള മരുന്ന് വാങ്ങൽ	മാറഞ്ചേരി ഗ്രാമ പഞ്ചായത്ത്
18	നിർഭയ – വനിതകൾക്ക് യോഗ, കളരി പരിശീലനം	മാറഞ്ചേരി ഗ്രാമ പഞ്ചായത്ത്
19	സിവിൽ സർവ്വീസ് പരിശീലനം	തിരുനാവായ ഗ്രാമ പഞ്ചായത്ത്
20	സ്വാന്തനം മാനസികാരോഗ്യ പരിചരണ പരിപാടി	തിരുനാവായ ഗ്രാമ പഞ്ചായത്ത്
21	എസ്.സി വീടുകളിൽ അടുക്കള നവീകരണം	താനൂർ ബ്ലോക്ക് പഞ്ചായത്ത്
22	തിരൂർ-പൊന്നാനി പുഴയോരം സംരക്ഷണം	മലപ്പുറം ജില്ലാ പഞ്ചായത്ത്
23	വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിലിന് ധനസഹായം	കൂറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്
24	ഹരിതസേന പ്രവർത്തനം- വീടുകളിലേക്ക് തുണി സഞ്ചി വാങ്ങി നൽകൽ	നന്നമുക്ക് ഗ്രാമപഞ്ചായത്ത്
25	നന്നമ്പ്ര ജൈവ അരി ഉത്പാദനം, സംഭരണം, വിതരണം	തിരുരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്

അവലംബം : ഡിപിസി മിനുട്സ്

ജില്ലയിലെ എല്ലാ തലത്തിലുമുള്ള തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളും പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ വർഷം തന്നെ നൂതന പ്രോജ്കടുകൾ രൂപികരിച്ചിട്ടുള്ളതായി പട്ടികയിൽ നിന്ന് മനസ്സിലാക്കാം. എങ്കിലും നൂതന പ്രോജക്ടുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിൽ കൂടുതൽ സൂക്ഷ്മമായ ഇടപെടലുകൾ ആവശ്യമാണ്.

ബോക്സ് 6.1

ജില്ലയിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ 2017-18 വർഷം ജനുവരി 8 വരെ നടത്തിയ പദ്ധതി ഭേദഗതികളുടെ വിശദാംശങ്ങൾ പട്ടിക 6.3 ൽ താഴെ ചേർക്കുന്നു.

പട്ടിക 6.3 :2017-18 വർഷത്തെ വാർഷിക പദ്ധതി ഭേദഗതികളുടെ സംക്ഷിപ്തം
(തദ്ദേശഭരണ സ്ഥാപന ശരാശരി ബ്രായ്ക്കറ്റിൽ)

തദ്ദേശഭരണസ്ഥാപനം	ഉപേക്ഷിച്ച പ്രോജക്ടുകളുടെ എണ്ണം	ഭേദഗതി ചെയ്ത പ്രോജക്ടുകളുടെ എണ്ണം	പുതുതായി ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം
ഗ്രാമപഞ്ചായത്ത്	882 (9.3)	2205 (23.45)	1810 (19.2)
ബ്ലോക്ക പഞ്ചായത്ത്	151 (10)	219 (14.6)	222(14.8)
മുനിസിപ്പാലിറ്റി	155 (12.9)	281 (23.4)	377 (31.4)
ജില്ലാ പഞ്ചായത്ത്	50(50)	39 (39)	126 (126)
ആകെ	1238 (10.1)	2744 (22.4)	2535 (20.77)

അവലംബം : ഡിപിസി മിനുട്സ്

മുകളിൽ കൊടുത്തിരിക്കുന്ന പട്ടിക പ്രകാരം ഏറ്റവും കൂടുതൽ പ്രോജക്ടുകൾ ജില്ലയിൽ ഉപേക്ഷിച്ചത് ഗ്രാമപഞ്ചായത്തുകളാണ്. (882 എണ്ണം). തുടർന്ന് മുനിസിപ്പാലിറ്റികളും (155 എണ്ണം), ബ്ലോക്ക് പഞ്ചായത്തുകളും (151 എണ്ണം), അവസാനം ജില്ലാ പഞ്ചായത്തുമാണ്. (50 എണ്ണം). എന്നാൽ ശരാശരി പ്രോജക്ടുകൾ ഉപേക്ഷിച്ചതിന്റെ എണ്ണം എടുത്താൽ ഏറ്റവും കൂടുതൽ ഉപേക്ഷച്ചത് ജില്ലാ പഞ്ചായത്താണെന്ന് കാണാൻ സാധിക്കും (50 എണ്ണം). ശതമാനം കണക്കിലെടുത്താൽ കൂടുതൽ പദ്ധതികൾ ഉപേക്ഷിച്ചിട്ടുള്ളത് ബ്ലോക്ക് പഞ്ചായത്തുകളാണ് (10.65% , പട്ടിക 6.4) .

ഭേദഗതി ചെയ്ത പ്രോജക്ടുകളുടെ എണ്ണം പരിശോധിച്ചാൽ ഏറ്റവും കൂടുതൽ പ്രോജക്ടുകൾ ഭേദഗതി ചെയ്തിരിക്കുന്നത് ഗ്രാമപഞ്ചായത്തുകളാണ്. (2205 എണ്ണം). തുടർന്ന് മുനിസിപ്പാലിറ്റികളും (281 എണ്ണം), ബ്ലോക്ക് പഞ്ചായത്തുകളും (219എണ്ണം), അവസാനം ജില്ലാ പഞ്ചായത്തുമാണ്. (39 എണ്ണം). എന്നാൽ ശരാശരി പ്രോജക്ടുകൾ ഉപേക്ഷിച്ചതിന്റെ എണ്ണം എടുത്താൽ ഏറ്റവും കൂടുതൽ പദ്ധതികളുപേക്ഷച്ചത് ജില്ലാ പഞ്ചായത്താണെന്ന് കാണാൻ സാധിക്കും (39 എണ്ണം). ആകെ പദ്ധതികളുടെ ശതമാനം കണക്കിലെടുത്താൽ ഭേദഗതി ചെയ്തിട്ടുള്ളത് കൂടുതൽ ബ്ലോക്ക് പഞ്ചായത്തുകളാണ് (15.4%, പട്ടിക 6.4) .

പുതിയ പ്രോജക്ടുകൾ കൂടുതലായി ഏറ്റെടുത്തിട്ടുള്ളത് ഗ്രാമപഞ്ചായത്തുകളാണ്. (1810 എണ്ണം). തുടർന്ന് മുനിസിപ്പാലിറ്റികളും (377 എണ്ണം), ബ്ലോക്ക് പഞ്ചായത്തുകളും (222 എണ്ണം), അവസാനം ജില്ലാ പഞ്ചായത്തുമാണ്. (126 എണ്ണം). എന്നാൽ ശരാശരി പ്രോജക്ടുകൾ ഏറ്റെടുത്തതിന്റെ എണ്ണം എടുത്താൽ ഏറ്റവും കൂടുതൽ പദ്ധതികൾ ഏറ്റെടുത്തിട്ടുള്ളത് ജില്ലാ പഞ്ചായത്താണെന്ന് കാണാൻ സാധിക്കും. (126 എണ്ണം). ആകെ പദ്ധതികളുടെ ശതമാനം കണക്കിലെടുത്താൽ കൂടുതൽ പദ്ധതികൾ പുതുതതായി ഏറ്റെടുത്തിട്ടുള്ളത് ബ്ലോക്ക് പഞ്ചായത്തുകളാണ് (15.6%, പട്ടിക 6.4).

ആകെ ഭേദഗതികളുടെ എണ്ണം കണക്കിലെടുക്കുമ്പോൾ ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ശരാശരി 22.4 എണ്ണം ഭേദഗതികളും 20.77 എണ്ണം പുതിയ പ്രോജക്ടുകൾ ഏറ്റെടുത്തതായും 10.4 എണ്ണം പ്രോജക്ടുകൾ ശരാശരി ഉപേക്ഷിച്ചതായും കാണാം.

പട്ടിക 6.4 : പദ്ധതി ഭേദഗതികളുടെ ശതമാനം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ തിരിച്ച് ആകെ പദ്ധതികളുടെ അടിസ്ഥാനത്തിൽ

തദ്ദേശസ്വയംഭരണ സ്ഥാപനം	ഉപേക്ഷിച്ച പ്രോജക്ടുകളുടെ എണ്ണം (%)	ഭേദഗതി ചെയ്ത പ്രോജക്ടുകളുടെ എണ്ണം (%)	പുതുതായി ഏറ്റെടുത്ത പ്രോ പ്രോജക്ടുകളുടെ എണ്ണം(%)
ഗ്രാമപഞ്ചായത്ത്	4.37	10.94	8.98
ബ്ലോക്ക് പഞ്ചായത്ത്	10.65	15.4	15.6
മുനിസിപ്പാലിറ്റി	4.5	3.5	11.34
ജില്ലാ പഞ്ചായത്ത്	3.8	6.9	9.3

അവലംബം - ഡി.പി.സി മിനുട്സ്

ജില്ലയിലെ വിവിധ തലത്തിലുള്ള തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ 2017-18 വർഷത്തെ ഉൽപ്പാദനം, സേവനം, പശ്ചാത്തല മേഖലകളിലും പൊതു, എസ്.സി.പി/ടി.എസ്.പി മേഖല കളിലുമായി തയ്യാറാക്കി അംഗീകാരം നേടിയ പ്രോജക്ടുകളുടെ എണ്ണവും തുകയും സംഗ്രഹമായി അനുബന്ധം 6.1 ആയും തദ്ദേശഭരണ തലം തിരിച്ച് പുതിയതും സ്പിൽ ഓവർ ആയും തയ്യാറാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ അനുബന്ധം 6.2 ആയും നൽകിയിരിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനം തിരിച്ചുള്ള വിവരങ്ങൾ 6.3 ലും, 6.4 ലും നൽകിയിരിക്കുന്നു. ജില്ലയിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ഉൽപ്പാദന/സേവന/പശ്ചാത്തല മേഖലയിലെ പ്രോജക്ടുകളുടെ എണ്ണവും തുകയും അനുബന്ധം 6.5-ലും നൽകിയിരിക്കുന്നു.

10. വാർഷിക പദ്ധതി പുരോഗതി (ജനുവരി 08, 2018 വരെ)

2017-18 വർഷത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി പുരോഗതി സംസ്ഥാന തലത്തിൽ പരിശോധിച്ചാൽ നിലവിൽ എറ്റവും കൂടുതൽ തുക ചെലവഴിച്ചിട്ടുള്ളത് തിരുവനന്തപുരം ജില്ലയാണ് (34.16 ശതമാനം). കാസർഗോഡ് 33.9 ശതമാനമായി രണ്ടാം സ്ഥാനത്തും, പത്തനംതിട്ട 33.83 ശതമാനം തുകയുമായി മൂന്നാം സ്ഥാനത്തുമാണ്. മലപ്പുറം ജില്ല 32.3 ശതമാനം തുക ചിലവിട്ട് നിലവിൽ 9-ആം സ്ഥാനത്താണ്. സംസ്ഥാന ശരാശരി ഇക്കാലയളവിൽ 32.48 ശതമാനം ആയിരുന്നു. 2017-18 വർഷത്തെ ജില്ല തിരിച്ചുള്ള വാർഷിക പദ്ധതി പുരോഗതി ചിത്രം 6.14-ൽ നൽകിയിരിക്കുന്നു.

ചിത്രം 6.14 : പദ്ധതി പ്രവർത്തന പുരോഗതി - ജില്ല തിരിച്ച്



അവലംബം-സുലേഖ, ഐ.കെ.എം

ജില്ലകൾ തമ്മിൽ തുക ചിലവഴിച്ചതിലുള്ള വ്യത്യാസം നേരിയതാണ് എന്നും ചിത്രം 6.14 ൽനിന്ന് മനസ്സിലാക്കാവുന്നതാണ്.

മേഖല തിരിച്ച് കണക്കെടുത്താൽ ജനറൽ മേഖലയിൽ 31.5 ശതമാനവും എസ്.സിപി മേഖലയിൽ 24.79 ശതമാനവും ടിഎസ്.പി മേഖലയിൽ 23.26 ശതമാനവും തുക ജില്ലയിൽ ചെലവഴിച്ചിട്ടുണ്ട്. ഇക്കാലയളവിലെ സംസ്ഥാന ശരാശരി ജനറൽ ഫണ്ടിൽ 31.8 ശതമാനവും എസ്.സിപി-യിൽ 24.79 ശതമാനവും ടിഎസ്.പി-യിൽ 24.19 ശതമാനവുമായിരുന്നു. അതായത് വിഭാഗത്തിലും ടി എസ് പി വിഭാഗത്തിലും ജില്ലയുടെ പ്രകടനം സംസ്ഥാന ശരാശരിയേക്കാൾ താഴെയായിരുന്നു.

പുതിയ പ്രോജക്ടുകളിൽ ജില്ലയിൽ 18.52 ശതമാനവും സ്പിൽ ഓവറിൽ 13.76 ശതമാനവും ചെലവാണ് ഇതിനകം രേഖപ്പെടുത്തിയിട്ടുള്ളത്. ഇതേ കാലയളവിൽ സംസ്ഥാന ശരാശരി പുതിയ പദ്ധതികളിൽ 17.92 ശതമാനവും സ്പിൽ ഓവർ പദ്ധതികളിൽ 14.56 ശതമാനവുമായിരുന്നു. കേന്ദ്രധനകാര്യകമ്മീഷൻ തുകയുടെ ചെലവിന്റെ കാര്യത്തിൽ ജില്ല സംസ്ഥാന ശരാശരിയേക്കാൾ 2 ശതമാനത്തിലധികം കുറവാണ് നിലവിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇക്കാര്യവും ഗൌരവമായി അവലോകനം ചെയ്യപ്പെടേണ്ടതായിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ചിത്രം 6.15-ൽ കൊടുത്തിരിക്കുന്നു.

ചിത്രം 6.15 : ഫണ്ട് തിരിച്ചുള്ള സംസ്ഥാന - ജില്ലാ താരത്യമം



അവലംബം-സുലേഖ, ഐ.കെ.എം

തദ്ദേശ സ്വയം ഭരണ സ്ഥാപനം തിരിച്ച് ചിലവ് പരിശോധിച്ചാൽ ഏറ്റവും കൂടുതൽ തുക ചെലവഴിച്ചിട്ടുള്ളത് ഗ്രാമപഞ്ചായത്തുകളാണ് (36.49 ശതമാനം) ആണ്. ഏറ്റവും കുറവ് ജില്ലാ പഞ്ചായത്തും (13.65 ശതമാനം) ആണ്. ഇക്കാര്യം പട്ടിക 6.5 ൽ നൽകിയിരിക്കുന്നു.

പട്ടിക 6.5 : ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തന പുരോഗതി (07.01.2018 വരെ)

തദ്ദേശ സ്വയം ഭരണ സ്ഥാപനം	രൂപീകരണ തുക (രൂപ ലക്ഷത്തിൽ)	ചെലവ് (രൂപ ലക്ഷത്തിൽ)	ശതമാനം
ബ്ലോക്ക് പഞ്ചായത്ത്	7993.00	2444.7	30.59
ജില്ലാ പഞ്ചായത്ത്	7985.49	1090.02	16.65
ഗ്രാമ പഞ്ചായത്ത്	30653.00	11188.00	36.498
മുനിസിപ്പാലിറ്റി	11527.6	4061.8	35.23
ആകെ	58159.09	18783.72	32.29

അവലംബം-സുലേഖ, ഐ.കെ.എം

പട്ടിക 6.6 : തദ്ദേശഭരണസ്ഥാപനങ്ങളുടെ വകുപ്പ് തിരിച്ചുള്ള പദ്ധതി പുരോഗതി (26/12/2017 അടിസ്ഥാനത്തിൽ)

ക്രമ നം.	വകുപ്പിന്റെ പേരുകൾ	പദ്ധതി %
1	ഫിഷറീസ്	0.00
2	വ്യവസായം	0.00
3	ഐ.ടി.ഡി.പി.	0.00
4	കുടുംബശ്രീ	0.33
5	ക്ഷീരവികസനം	10.57
6	മൃഗസംരക്ഷണം	11.33
7	പട്ടികജാതി	14.08
8	കൃഷി	17.74
9	എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ്	17.89
10	ഗ്രാമവികസനം	21.06
11	അലോപ്പതി	23.89
12	വിദ്യാഭ്യാസം	27.60
13	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ	35.65
14	ഹോമിയോ	48.38
15	സാമൂഹ്യക്ഷേമം	49.68
16	ഐ.എസ്.എം.	77.65

അവലംബം : ഡിപിസി മിനുട്സ്

ഫിഷറീസ്, വ്യവസായം, കുടുംബശ്രീ, പട്ടികവർഗ്ഗം എന്നീ വകുപ്പുകൾ പദ്ധതി നിർവഹണത്തിൽ പുരോഗതി കൈവരിച്ചിട്ടില്ലെന്ന് പട്ടിക 6.6 ൽ നിന്ന് മനസ്സിലാക്കാം. എന്നാൽ ഐ.എസ്.എം., ഹോമിയോ, സാമൂഹ്യ നീതി വകുപ്പുകൾ പദ്ധതി വിനിയോഗത്തിൽ പുരോഗതി കൈവരിച്ചിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനത്തിൽ ശ്രദ്ധേയമായ പുരോഗതി കൈവരിക്കണമെങ്കിൽ എല്ലാ വകുപ്പുകളുടെയും കൂട്ടായ പരിശ്രമം ആവശ്യമാണ്.

11. പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖയിൽ നിരവധി പുതിയ പദ്ധതി നിർദ്ദേശങ്ങൾ ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. എങ്കിലും പദ്ധതി മാർഗ്ഗരേഖ പുതുക്കുന്ന സന്ദർഭത്തിൽ പരിഗണിക്കാവുന്ന മേൽത്തട്ട്/കീഴ്ത്തട്ട് നിർദ്ദേശങ്ങളുടെ സംഗ്രഹം താഴെ ചേർക്കുന്നു.

എ. മേൽത്തട്ട് നിർദ്ദേശങ്ങൾ

❖ പൊതുനിർദ്ദേശങ്ങൾ

1) എല്ലാ മേഖലയിലും സബ്സിഡി നൽകുന്ന ഇനങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങളും വൈവിധ്യവൽക്കരണവും ആവിഷ്കരിക്കുക.
2) മികവ് പുലർത്തുന്ന വകുപ്പുകൾക്കും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും കൂടുതൽ തുക അനുവദിക്കുക.
3) തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും ജില്ലതിരിച്ച് വകുപ്പുകൾക്കും നൽകുന്ന ബഡ്ജറ്റ് തുക അനുവദിക്കുന്നതിന്റെ രീതിശാസ്ത്രം പ്രസിദ്ധീകരിക്കുക.

4) തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ടുകൾ ഭേദഗതി ചെയ്യുന്നതിനുള്ള അവസരങ്ങൾക്ക് എണ്ണം നിശ്ചയിക്കുക.
5) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലെ പരിശോധനയും സഹായവും പെർഫോർമൻസ് യൂണിറ്റുകളെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. എന്നാൽ തദ്ദേശ സ്വയം ഭരണ സ്ഥാപത്തിന്റെ അംഗീകാരസമയത്ത് ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പെർഫോർമൻസ് ഓഡിറ്റ് പരിശോധന വിശദാംശങ്ങൾ പരിഗണിക്കുന്നതിന് സംവിധാനം ഒരുക്കുക.
6) സമാനീകരിച്ച നേട്ടങ്ങൾ സംസ്ഥാനത്താകെ ഉണ്ടാകുന്നതിനുള്ള പൊതുനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുക. (ഉദാഹരണം:- മിഷൻ പ്രവർത്തനങ്ങൾ, ജില്ലാ പദ്ധതി നിർദ്ദേശങ്ങൾ മുതലായവ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതി ഭാഗമാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് ഇലക്ട്രോണിക് പരിശോധനയും മാന്വൽ പരിശോധനയും).
7) ഗുണഭോക്തൃ ലിസ്റ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അന്തിമമാക്കുന്നതും നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നല്കുന്നതും വൈകുന്നത് ഒഴിവാക്കുവാൻ വേണ്ടി സോഫ്റ്റ് വെയർ സഹായം ലഭ്യമാക്കുക
8) പ്രോജക്ട് ആശയങ്ങൾ രൂപികരിക്കുന്നതിനായി ഓൺലൈൻ പ്രോജക്ട് ബാങ്ക് സംവിധാനം നടപ്പാക്കുക
9) പ്രോജക്ടുകൾ ഭേദഗതി ചെയ്യുന്ന സമയത്ത് അതിലുൾപ്പെടുന്ന പദ്ധതികളുടെ സ്രോതസ്സ് തിരിച്ച് അറിയുന്നതിനുള്ള സോഫ്റ്റ വെയർ സംവിധാനം നടപ്പിലാക്കുക.

❖ ഉത്പാദന മേഖല – മേഖലാ നിർവചനം സ്ഥിരപ്പെടുത്തുകയും പഞ്ചവത്സര പദ്ധതി തോറും മേഖലപരിധി നിശ്ചയിക്കുന്നത് ഒഴിവാക്കുന്നതിനായി പൊതുസമവായം രൂപപ്പെടുത്തുകയും ചെയ്യുക.

കാർഷിക മേഖല

1) കാർഷിക മേഖലയിൽ പരമ്പരാഗത നെൽ/പച്ചക്കറി വിത്തിനങ്ങൾ സംരക്ഷിക്കുകയും കൃഷി ചെയ്യുകയും ചെയ്യുന്നവർക്ക് പ്രത്യേക ഇൻസെന്റീവ് കൊടുക്കുക. (മൃഗ സംരക്ഷണ മേഖലയിലും ഇപ്രകാരം ചെയ്യാവുന്നതാണ്).
2) പച്ചക്കറി മേഖലയിൽ വിത്തിന് സബ്സിഡി ആവശ്യകതയില്ല. അത് നിർത്തലാക്കുക.
3) കാർഷിക മേഖലയിൽ താങ്ങുവിലയ്ക്ക പകരം ഇൻസെന്റീവ് നല്കുക എന്നതാകും അഭികാമ്യം.

വ്യവസായ മേഖല

1) വ്യവസായ മേഖലയിൽ ബി.പി.എൽ പരിധി ഉയർത്തുകയോ എ.പി.എൽ. മേഖലയിലുള്ളവർക്കു കൂടി വരുമാന പരിധി നിഷ്കർഷിക്കുകയോ ചെയ്തുകൊണ്ട് സബ്സിഡി അനുവദിക്കുക. കൂടാതെ വ്യക്തികൾക്കും സംരംഭങ്ങൾക്കും സബ്സിഡി അനുവദിക്കുക.
2) പ്രാദേശികമായി സ്റ്റാർട്ട് അപ്പുകൾ തുടങ്ങുന്നതിനാവശ്യമായ സംവിധാനം ആവിഷ്കരിക്കുക.

❖ പശ്ചാത്തല മേഖല

ഊർജ്ജം

1) ഇഎംസിയുടെ സഹകരണത്തോടെ ഇലക്ട്രിക് മാലിന്യങ്ങളുടെ സംസ്കരണം ഉറപ്പു വരുത്തുക.
2) ഇഎംസിയുടെ സഹകരണത്തോടെ പൈകോ, മൈക്രോ, ജലവൈദ്യുത പദ്ധതികളുടെ വിപുലീകരണം നടപ്പിലാക്കുക.

3) ഹരിതഗൃഹങ്ങളുടെ നിർമ്മിതിക്കാവശ്യമായ ഇ.സി.ബി.സി. കോഡ് രൂപീകരിക്കുക.

❖ പ്രത്യേ പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ

ടിഎസ് പി

1) ടി.എസ്.പി ഫണ്ടിന്റെ ബഡ്ജറ്റ് ഉക പട്ടികവർഗ്ഗ വകുപ്പിന്റെ ജനസംഖ്യാ റിപ്പോർട്ട് പ്രകാരം അനുവദിക്കുക.

2) പട്ടിക വർഗ്ഗ വിഭാഗത്തിനു മാത്രം കോളനിയിലേക്കുള്ള റോഡ് ദൂരപരിധി നിശ്ചയിച്ചുകൊണ്ട് ജനസേവാ കേന്ദ്രമല്ലാത്ത സ്ഥലങ്ങളിൽ ടി.എസ്.പി ഫണ്ടുപയോഗിക്കാനുള്ള അനുമതി നൽകുക.

എസ് സി പി

1. പട്ടികജാതി/പട്ടിക വർഗ്ഗ മേഖലയിൽ റോഡുകൾ/പാലങ്ങൾ ഉൾപ്പെടെയുള്ളത് ഫീസിബിൾ ആയ പ്രദേശം ചെയിനേജ് ഉൾപ്പെടെ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിന് നിർദ്ദേശം നൽകുക.

2. എസ്.സി/എസ്.ടി കുടിവെള്ള/വൈദ്യുതി മേഖലകളിൽ ഫീസിബിൾ ആയ പ്രദേശം/കോളനിയുടെ പട്ടികയും ഇപ്രകാരം പ്രസിദ്ധീകരിക്കാൻ ആവശ്യപ്പെടുക.

കുട്ടികൾക്കുള്ള പദ്ധതികൾ

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ബാലസൌഹൃദമാക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രസിദ്ധീകരിക്കുക.

നൂതന പ്രോജക്ടുകൾ

വിദഗ്ദ സമിതിഅംഗങ്ങൾക്ക് അടിസ്ഥാന സംവിധാനങ്ങൾ നൽകുവാനാവശ്യമായ നടപടികൾ സ്വീകരിക്കുക.

ബി. കീഴ്ഘട്ട് നിർദ്ദേശങ്ങൾ

❖ പൊതുനിർദ്ദേശങ്ങൾ

വർക്കിംഗ് ഗ്രൂപ്പുകളിലെ സജീവമല്ലാത്ത അംഗങ്ങളെ നീക്കി ഓരോ മേഖലയിലും മൗലികാശയങ്ങൾ സംഭാവന നൽകാൻ കഴിയുന്ന അംഗങ്ങളെ ഉൾപ്പെടുത്തുക.

❖ പദ്ധതി രേഖ

പദ്ധതി രേഖ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

❖ ജില്ലാ പദ്ധതി

ജില്ലാ പദ്ധതിയിൽ നിന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭൂമിശാസ്ത്രപരമായ ഘടകങ്ങൾ ഉൾകൊണ്ട് പദ്ധതികൾ ഏറ്റെടുക്കുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക.

II. വിഷയ മേഖലാ നിർദ്ദേശങ്ങൾ

2017-18 വർഷം വിവിധ വിഷയ മേഖലകളിൽ നടപ്പിലാക്കി വരുന്ന പദ്ധതികളെ സംബന്ധിച്ചും ആ മേഖലയിൽ വരുത്തേണ്ട മേൽതട്ട്/കീഴ്ത്തട്ട് നിർദ്ദേശങ്ങളും ആ മേഖലയിൽ നിന്ന് ഉയിർതിരിഞ്ഞു വന്ന സംയോജന സാധ്യതാ പദ്ധതികളെക്കുറിച്ചുമാണ് ഇവിടെ പ്രതിപ്പാദിക്കുന്നത്.

6.1 കൃഷി

മലപ്പുറം ജില്ലയിൽ 2016-17 സാമ്പത്തിക വർഷത്തിൽ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന 925.6025 ലക്ഷം രൂപയുടെ 730 ഓളം കാർഷിക പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കിയിരുന്നു. തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന കാർഷിക മേഖലയിൽ നടപ്പിൽ വരുത്തിയ പദ്ധതികൾ ഉൽപ്പാദന വർദ്ധനവിനു സഹായകമായിട്ടുണ്ട്. നെൽകൃഷിയിൽ നിലവിലെ വിള സംരക്ഷിക്കുന്നതിനു പുറമെ വിള വിസ്തൃതി വർദ്ധിക്കാൻ കാരണമായി. നെല്ലിന് കൂലിച്ചെലവ് നൽകുക വഴി കൃഷി കൂടുതൽ ലാഭകരമാക്കാൻ സഹായിച്ചു. യന്ത്ര വൽക്കരണവും കൂലിച്ചെലവ് കുറക്കാൻ സാധിച്ചു.

അപാകതകൾ : ആനുകൂല്യങ്ങൾ കർഷകർക്ക് സമയബന്ധിതമായി നൽകുന്നതിന് പലപ്പോഴും പ്രയാസം അനുഭവപ്പെടുന്നു.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. കാർഷിക മുറകൾ സമയബന്ധിതമായി നടപ്പിലാക്കേണ്ടവ ആയതിനാൽ പ്രോജക്ടുൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ കാർഷിക മേഖലയുടെ പ്രോജക്ടുൾ രൂപീകരണം അംഗീകാരം എന്നിവ ഓരോ സാമ്പത്തിക വർഷവും മെയ് മാസത്തിൽ തന്നെ പൂർത്തീകരിക്കുകയും ഗുണഭോക്തൃ ലിസ്റ്റ് ജൂൺ 30-നു മുമ്പ് തന്നെ പഞ്ചായത്തുകളിൽ നിന്ന് ലഭ്യമാക്കുകയും ചെയ്യുക. ജൂൺ 30-നു ശേഷം ലഭിക്കുന്ന ഗുണഭോക്താക്കളെ ഒരു കാരണവശാലും പരിഗണിക്കരുത്.

2. ഉത്പാദനത്തോടൊപ്പം തന്നെ വിപണനവും കാര്യക്ഷമമായി നടപ്പാക്കേണ്ടതുണ്ട്. ആയതിനാൽ ബ്ലോക്ക് പഞ്ചായത്തിന്റെ സഹായത്തോടെ ബ്ലോക്ക് തല സംഭരണ വിപണന കേന്ദ്രം തുടങ്ങി കർഷകർക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾ ന്യായമായ വിലയ്ക്ക് വിൽക്കാനുള്ള സംവിധാനം ഒരുക്കുക.

3. യന്ത്രവൽക്കരണത്തിന് മുൻതൂക്കം നൽകികൊണ്ട് കൃഷിച്ചെലവ് കുറയ്ക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

തദ്ദേശഭരണ സ്ഥാപനങ്ങളിലെ 2017 – 18 പദ്ധതി അവലോകനം

- ❖ 2017 – 18 ലെ ആകെ പ്രോജക്ടുകളുടെ എണ്ണം 909
- ❖ 2017 – 18 വർഷം അനുവദിച്ച തുക 55.58 കോടി രൂപ
- ❖ 2017 – 18 വർഷം ചിലവഴിച്ച തുക 4.8 കോടി രൂപ

നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ

- നെല്ലിനും പച്ചക്കറിക്കും ഉൽപാദനോപാധികൾക്കും കൂലി ചെലവിനുള്ള സബ്സിഡി

- തെങ്ങ്, വാഴ എന്നിവയ്ക്ക് ഉൽപാനോപാധികൾക്ക് സബ്സിഡി
- കാർഷിക യന്ത്രവൽക്കരണം

തദ്ദേശഭരണ സ്ഥാപനങ്ങളിലെ പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

- പദ്ധതി നിർവഹണ സോഫ്റ്റ് വെയർ ലളിതവൽക്കരിക്കുക.

സംയോജന നിർദ്ദേശങ്ങൾ

വിവിധ വികസന മേഖലകൾ

ക്രമ നമ്പർ	പദ്ധതി/ പ്രോജക്ട്	കൃഷി	മണ്ണ് സംരക്ഷണം	ജല സേചനം	വിദ്യാഭ്യാസം	കുടുംബ ശ്രീ
1	സമഗ്രനെൽകൃഷി വികസനം (പാടശേഖരാടിസ്ഥാനത്തിൽ)	✓	✓	✓		✓
2	പച്ചക്കറി കൃഷി വികസനം	✓	✓	✓	✓	✓

കേന്ദ്ര – സംസ്ഥാന – തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ

ക്രമ നമ്പർ	പദ്ധതി സ്ഥാപനങ്ങൾ	കേന്ദ്രം	സംസ്ഥാനം	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ
1	തരിശ്ഭൂമി വികസനം	✓	✓	✓

കൃഷി സംയോജിത സാധ്യതകൾ / ത്രിതല പദ്ധതികൾ

ക്രമ നമ്പർ	വിള	നിർദ്ദേശിക്കുന്ന പദ്ധതികൾ / പ്രോജക്ടുകൾ	സംയോജന സാധ്യതകൾ		
			ജില്ലപഞ്ചായത്ത്	ബ്ലോക്ക്പ ഞ്ചായത്ത്	ഗ്രാമ പഞ്ചായത്ത്
1	നെല്ല്	നെൽകൃഷി കൂലിച്ചിലവ് സബ്സിഡി	✓	✓	✓
2	പച്ചക്കറി	കൂലിച്ചിലവ് സബ്സിഡി	✓	✓	✓
3	തെങ്ങ്	തടം ഉറക്കൽ			
4	സുഗന്ധ വിളകൾ	കൃഷി വ്യാപനം, ഉൽപാദനക്ഷമ ത വർദ്ധിപ്പിക്കൽ	✓	✓	✓
5	വാഴ	കൃഷി വ്യാപനം, ഉൽപാദന ക്ഷമത വർദ്ധിപ്പിക്കൽ	✓	✓	✓

സംഭരണ – വിപണന സംവിധാനങ്ങൾ

ക്രമ നമ്പർ	വിളയുടെ പേർ / ഇനം	നിർദ്ദേശിക്കുന്ന സംവിധാനങ്ങൾ			സംസ്ഥാന തലം	നിർദ്ദേശിക്കുന്ന സംവിധാനങ്ങൾ
		പഞ്ചായത്ത് തലം	ബ്ലോക്ക് തലം	ജില്ലാ തലം		
1	പച്ചക്കറികൾ					

ക്രമ നമ്പർ	വിളയുടെ പേർ / ഇനം	നിർദ്ദേശിക്കുന്ന സംവിധാനങ്ങൾ			സംസ്ഥാന തലം	നിർദ്ദേശിക്കുന്ന സംവിധാനങ്ങൾ
		പഞ്ചായത്ത് തലം	ബ്ലോക്ക് തലം	ജില്ലാ തലം		
2	ആഴ്ച ചന്തകൾ	✓	✓	✓	✓	ആഴ്ചയിൽ ഒരു പ്രത്യേക ദിവസം പഞ്ചായത്തിൽ ഉൽപാദിപ്പിച്ച് പച്ചക്കറികൾ
3	ഉത്സവകാല ചന്തകൾ	✓	✓	✓	✓	വിഷു, ഓണം, ക്രിസ്മസ് തുടങ്ങിയ വിശേഷദിവസങ്ങൾ
4	സംഭരണകേന്ദ്രം	✓	✓	✓	✓	ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലും അധിക ഉൽപന്നങ്ങൾ കുറവുള്ള സ്ഥലത്തേക്ക് എത്തിക്കുക
5	തേങ്ങ					
6	പച്ചത്തേങ്ങ സംഭരണം					
7	കൊപ്ര ഡ്രയർ യൂണിറ്റ്	✓	✓	✓	✓	

സമഗ്ര കൃഷി വികസനം – പ്രത്യേക വികസന മേഖലകൾ

ക്രമ നമ്പർ	വിള	പ്രത്യേക വികസന മേഖല – ബ്ലോക്കുകൾ
1	നെല്ല്	പെരുമ്പടപ്പ്, പൊന്നാനി, തിരൂരങ്ങാടി, തവനൂർ ബ്ലോക്കുകൾ
2	തെങ്ങ്	ജില്ല മുഴുവൻ
3	പച്ചക്കറി	നിലമ്പൂർ, വണ്ടൂർ, കാളികാവ്, മഞ്ചേരി, മലപ്പുറം, പെരിന്തൽമണ്ണ മങ്കട, കുറ്റിപ്പുറം ബ്ലോക്കുകൾ
4	സുഗന്ധവിളകൾ	നിലമ്പൂർ, വണ്ടൂർ, കാളികാവ്, മഞ്ചേരി, പെരിന്തൽമണ്ണ ബ്ലോക്കുകൾ
5	വാഴ	കൊണ്ടോട്ടി, മഞ്ചേരി, പെരിന്തൽമണ്ണ, തിരൂരങ്ങാടി ബ്ലോക്കുകൾ

സംയോജനസാധ്യതകൾ : കേന്ദ്ര – സംസ്ഥാന – തദ്ദേശസ്വയംഭരണ സ്ഥാപനം

ക്രമ നമ്പർ	ഇനം	കേന്ദ്രം	സംസ്ഥാനം	തദ്ദേശ സ്വയംഭരണം	റിമാർക്സ്
1	ഫാമുകളുടെ വികസനം	✓	✓	ജില്ലാ പഞ്ചായത്ത്	
2	ആത്മ	✓	✓	✓	
3	പി.എം.കെ.എസ്.വൈ	✓	✓		അഞ്ച് വർഷത്തേക്കുള്ള 1102 കോടിയുടെ ജില്ലാ ഇറിഗേഷൻ പ്ലാൻ സമർപ്പിച്ചിട്ടുണ്ട്

നവീന ആശയങ്ങൾ

ക്രമ നമ്പർ	ഇനം / പ്രോജക്ട്	പ്രവർത്തനങ്ങൾ ജില്ലയിലെ തെങ്ങുകളുടെഎണ്ണം	വകുപ്പുകൾ	റിമാർക്ക്സ്
1	മണ്ണ് – ജല സംരക്ഷണം – തെങ്ങിൻ തടത്തിലൂടെ	മെയ് മാസത്തിൽ ജില്ലയിലെ എല്ലാ തെങ്ങുകളുടെയും തടം ഉറക്കൽ. ഒരു തെങ്ങിന് 40 രൂപ തോതിൽ സഹായധനം അനുവദിക്കുക	കൃഷി മണ്ണുസംരക്ഷണം ജലസേചനം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ	ആവശ്യമായ പ്രോജക്ടുകൾ തലേവർഷം പാസ്സാക്കി മെയ് മാസത്തിൽ നിർവ്വഹണം തുടങ്ങണം
2	മാതൃകാ പാടശേഖരങ്ങൾ	ജില്ലയിലെ 20 ഹെക്ടർ സ്ഥലത്ത് നെൽ കൃഷിയുള്ള പാടശേഖരങ്ങളിൽ ജലസേചനം, കാർഷിക വികസനം,മണ്ണ് – ജലസംരക്ഷണം നടത്തി ഉൽപാടന ക്ഷമതയും സ്ഥലവിസ്തൃതിയും വർദ്ധിപ്പിക്കുക (ഒരു ഗ്രാമപഞ്ചായത്തിൽ ഒന്നു വീതമെങ്കിലും എടുക്കണം)	കൃഷി ജലസേചനം മണ്ണ് – ജലസംരക്ഷണം മൃഗസംരക്ഷണം ക്ഷീരവികസനം	പ്രോജക്ട് നിർവ്വഹണം ഏപ്രിൽ മാസത്തിൽ തുടങ്ങണം

6.2 – ജലസേചനം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2017–18 വാർഷിക പദ്ധതിയിൽ ജലസേചന പദ്ധതികൾക്കായി നീക്കി വെച്ച തുക.

ജില്ലാ പഞ്ചായത്ത്

- മലപ്പുറം ജില്ലാ പഞ്ചായത്ത് – 73 പ്രവൃത്തികൾക്കായി 10.90 കോടി രൂപ നീക്കി വെച്ചിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്ത്

- അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് – 10 പ്രവൃത്തികൾക്കായി 66.69 ലക്ഷം രൂപ.
- കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് – 4 പ്രവൃത്തികൾക്കായി 32.36 ലക്ഷം രൂപ.
- കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് – 4 പ്രവൃത്തികൾക്കായി 50.00 ലക്ഷം രൂപ.
- താനൂർ ബ്ലോക്ക് പഞ്ചായത്ത് – 6 പ്രവൃത്തികൾക്കായി 58.70 ലക്ഷം രൂപ.
- തിരൂർ ബ്ലോക്ക് പഞ്ചായത്ത് – 11 പ്രവൃത്തികൾക്കായി 90.87 ലക്ഷം രൂപ.
- നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് – 8 പ്രവൃത്തികൾക്കായി 91.49 ലക്ഷം രൂപ.
- പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് – 17 പ്രവൃത്തികൾക്കായി 107.50 ലക്ഷം രൂപ.
- പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് – 1 പ്രവൃത്തിക്കായി 40.00 ലക്ഷം രൂപ.
- പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് – 1 പ്രവൃത്തിക്കായി 8.00 ലക്ഷം രൂപ.
- മങ്കട ബ്ലോക്ക് പഞ്ചായത്ത് – 10 പ്രവൃത്തികൾക്കായി 82.41 ലക്ഷം രൂപ.
- മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് – 12 പ്രവൃത്തികൾക്കായി 139.08 ലക്ഷം രൂപ.
- വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് – 8 പ്രവൃത്തികൾക്കായി 51.01 ലക്ഷം രൂപ.
- വേങ്ങര ബ്ലോക്ക് പഞ്ചായത്ത് – 4 പ്രവൃത്തികൾക്കായി 71.00 ലക്ഷം രൂപ.

മുനിസിപ്പാലിറ്റി

- കൊണ്ടോട്ടി മുനിസിപ്പാലിറ്റി – 28 പ്രവൃത്തികൾക്കായി 85.91 ലക്ഷം രൂപ.
- താനൂർ മുനിസിപ്പാലിറ്റി – 8 പ്രവൃത്തികൾക്കായി 25.55 ലക്ഷം രൂപ.
- കോട്ടക്കൽ മുനിസിപ്പാലിറ്റി – 14 പ്രവൃത്തികൾക്കായി 77.80 ലക്ഷം രൂപ.
- നിലമ്പൂർ മുനിസിപ്പാലിറ്റി – 1 പ്രവൃത്തിക്കായി 1.32 ലക്ഷം രൂപ.
- പരപ്പനങ്ങാടി മുനിസിപ്പാലിറ്റി – 3 പ്രവൃത്തികൾക്കായി 12.00 ലക്ഷം രൂപ.
- പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി – 1 പ്രവൃത്തിക്കായി 3.40 ലക്ഷം രൂപ.
- പൊന്നാനി മുനിസിപ്പാലിറ്റി – 4 പ്രവൃത്തികൾക്കായി 13.00 ലക്ഷം രൂപ.
- മഞ്ചേരി മുനിസിപ്പാലിറ്റി – 4 പ്രവൃത്തികൾക്കായി 6.80 ലക്ഷം രൂപ.
- മലപ്പുറം മുനിസിപ്പാലിറ്റി – 4 പ്രവൃത്തികൾക്കായി 78.30 ലക്ഷം രൂപ.

ഗ്രാമ പഞ്ചായത്ത്

- വിവിധ ഗ്രാമപഞ്ചായത്തുകളിലായി 205 പ്രവൃത്തികൾക്കായി 7.30 കോടി രൂപ.

സംയോജന സാധ്യതാ പ്രോജക്ടുകൾ

ഓരോ പഞ്ചായത്തിലും ഒരു മാതൃകാ കാർഷിക ജലസേചന പദ്ധതിക്ക് രൂപം കൊടുക്കുക.

ഹരിതകേരള പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ നീർത്തട മാപ്പിന്റെ അടിസ്ഥാനത്തിൽ, നിലവിൽ ജലസേചന സൗകര്യമില്ലാത്ത പാടശേഖരം തെരഞ്ഞെടുത്ത് അവിടേക്ക് ജലസേചന സൗകര്യം നടപ്പാക്കി കാർഷിക വികസന പദ്ധതി നടപ്പാക്കൽ.

(കൃഷി, മണ്ണ് സംരക്ഷണം, ജലസേചനം, ഗ്രാമപഞ്ചായത്ത് എന്നിവയുടെ സംയോജിത പദ്ധതി)

പുഴകളെ വീണ്ടെടുക്കൽ പദ്ധതി

ഹരിതകേരളം പദ്ധതിയുടെ ഭാഗമായി പ്രധാന പുഴകളുടെ കൈവഴികളെ അതിന്റെ സ്വാഭാവിക അവസ്ഥയിലേക്ക് തിരിച്ചു കൊണ്ടുവരികയും അതിൽ നിന്നുള്ള വെള്ളം ഉപയോഗപ്പെടുത്തി മിനി ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ സ്ഥാപിക്കലും. അതിർത്തി നിർണ്ണയം, മാലിന്യമുക്തമാക്കൽ, തീരസംരക്ഷണം, വനവൽക്കരണം, ജലസേചന കനാലുകൾ നിർമ്മിക്കൽ, കാർഷിക ഉൽപാദനം.

(തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, ഫോറസ്റ്റ്, റവന്യൂ, തൊഴിലുറപ്പ്, ഇറിഗേഷൻ, കൃഷി, എന്നീ വകുപ്പുകളുടെ സംയോജിത പ്രോജക്ട്.)

ഉപേക്ഷിക്കപ്പെട്ട ക്വാറികളെ ജലസംഭരണികളാക്കി മാറ്റി കാർഷിക ജലസേചന പദ്ധതി നടപ്പാക്കൽ. (ഗ്രാമപഞ്ചായത്ത്, എം.ജി.എൻ.ആർ.ഇ.ജി.എസ്, കൃഷി, മണ്ണ് സംരക്ഷണം എന്നീ വകുപ്പുകൾ യോജിച്ച്)

കടലുണ്ടിപ്പുഴയിലേക്ക് ചാലിയാറിൽ നിന്ന് വെള്ളമെത്തിക്കുന്ന പദ്ധതി.

വേനലിൽ കടലുണ്ടിപ്പുഴ വറ്റുമ്പോഴും ചാലിയാറിൽ കവണക്കല്ല് ഷട്ടർ അടച്ചു കഴിഞ്ഞാൽ വെള്ളം നിറഞ്ഞു നിൽക്കും. ഈ വെള്ളം പൂങ്കുടിത്തോട് വഴി വള്ളുവമ്പ്രത്തേക്ക് എത്തിക്കുകയും തുടർന്ന്

വലിയതോട് വഴി കടലുണ്ടിപ്പുഴയിലേക്ക് എത്തിക്കുകയും ചെയ്യാം.

(ഗ്രാമപഞ്ചായത്തുകൾ, ജലസേചന വകുപ്പ്, എം.ജി.എൻ.ആർ.ഇ.ജി.എസ്)

കവണക്കല്ല് ടൂറിസം പദ്ധതി

കവണക്കല്ല് റെഗുലേറ്ററിനോട് ചേർന്ന് ഇറിഗേഷൻ വകുപ്പിന്റെ കൈവശമുള്ള ഒരേക്കറോളം ഭൂമിയിൽ മലമ്പുഴ മാതൃകയിൽ ടൂറിസം പദ്ധതി നടപ്പാക്കാവുന്നതാണ്. (ഗ്രാമപഞ്ചായത്ത്, ടൂറിസം വകുപ്പ്, ഇറിഗേഷൻ വകുപ്പ്)

കനോലി കനാൽ മാലിന്യമുക്തമാക്കൽ പദ്ധതി

കനോലി കനാലിലെ വെള്ളം മാലിന്യം നിറഞ്ഞതും ഉപ്പുരസമുള്ളതുമാണ്. പൂരപ്പുഴയോട് ചേർന്നുള്ള റെഗുലേറ്റർ നിർമ്മാണം പൂർത്തിയായാൽ ഉപ്പുവെള്ളം കയറുന്നത് തടയാവുന്നതാണ്. എന്നാൽ മാലിന്യ നിർമ്മാർജ്ജനത്തിന് കനാലിനോട് ചേർന്ന എല്ലാ പഞ്ചായത്തുകളും മുന്നോട്ടു വരേണ്ടതാണ്. ഗ്രാമപഞ്ചായത്തുകളും മേജർ ഇറിഗേഷൻ വകുപ്പും ഒത്തു ചേർന്ന് ശ്രമിച്ചാൽ കനോലി കനാലിനെ മാലിന്യമുക്തമാക്കാൻ സാധിക്കും.

ഒരു വാർഡിൽ ഒരു ജലസേചന കുളം പദ്ധതി

മറ്റു ജലസേചന സൗകര്യങ്ങളില്ലാത്ത ഒരു പ്രദേശത്ത് കാർഷിക ജലസേചനത്തിനായി കുളം നിർമ്മിക്കുന്ന പദ്ധതി. മോട്ടോർ, പമ്പ് ഹൌസ്, കണക്ഷൻ കനാലുകൾ (പഞ്ചായത്ത്, കൃഷി, ജലസേചനം, കെ.എസ്.ഇ.ബി, എം.ജി.എൻ.ആർ.ഇ.ജി.എസ്)

'വറ്റാത്ത കുളങ്ങൾ, വറ്റാത്ത തോടുകൾ' പദ്ധതി

ഹരിതകേരളം പദ്ധതിയുടെ ഭാഗമായി നീർത്തട മാപ്പിന്റെ അടിസ്ഥാനത്തിൽ കുളങ്ങളും തോടുകളും തെരഞ്ഞെടുത്ത് വേനലിലും വെള്ളം ഉറപ്പാക്കുന്ന പദ്ധതി. ഇതിനായി നീർത്തടത്തിന്റെ ആരംഭ പ്രദേശത്ത് വൃക്ഷത്തൈകൾ വെച്ചു പിടിപ്പിക്കുകയും തുടർന്ന് തോടുകൾ ഭൂവസ്ത്രവും ചെടികളും കൊണ്ട് സംരക്ഷിക്കുകയും വേണം. കുളങ്ങൾ, അടിത്തട്ടിൽ ഒരു പ്രത്യേക ഉയരത്തിൽ കല്ലുപയോഗിച്ചു മുകൾഭാഗത്ത് ഭൂവസ്ത്രമുപയോഗിച്ചും സംരക്ഷിക്കുന്ന പദ്ധതി. (ഗ്രാമപഞ്ചായത്ത്, മണ്ണ് സംരക്ഷണം, തൊഴിലുറപ്പ്, ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ്, ഇറിഗേഷൻ).

6.3 – മണ്ണ് ജല സംരക്ഷണം

ഗ്രാമപഞ്ചായത്തുകൾ വേർതിരിച്ച് എടുത്തിട്ടുള്ള നീർത്തടങ്ങളിൽ അതീവ ഗുരുതരമായി മണ്ണൊലിപ്പ് അനുഭവപ്പെടുന്ന നീർത്തടങ്ങൾക്ക് മുൻഗണനാ ക്രമത്തിൽ പ്രവർത്തനങ്ങൾ നടപ്പിലാക്കണം. ചെരിവിന് അനുയോജ്യമായി മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ തിരഞ്ഞെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. തോടുകളുടെ സംരക്ഷണത്തിൽ പരിസ്ഥിതിക്ക് അനുയോജ്യമായ വിധത്തിൽ കയർ ഭൂവസ്ത്രങ്ങളുടെ വ്യാപനത്തിന് കൂടുതൽ ഊന്നൽ നൽകേണ്ടതാണ്. ജില്ലിയിൽ ഉള്ള പൊതുവും സ്വകാര്യവുമായ കുളങ്ങൾ പുനഃരുദ്ധരിക്കാവുന്നതാണ്.

കീഴ്ട്ട് നിർദ്ദേശങ്ങൾ

- തണ്ണീർത്തട നിയമവും ഭൂനിയമങ്ങളും കർശനമാക്കുക
- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കെട്ടിട നമ്പർ അനുവദിക്കുമ്പോൾ മേൽക്കൂര മഴവെള്ള സംഭരണം നിഷ്കർഷിക്കുക.
- ഉൽപാതന മേഖലയിലെ പ്രവർത്തനങ്ങളെല്ലാം നീർത്തടാധിഷ്ഠിതമായി നടപ്പിലാക്കുക.
- അശാസ്ത്രീയ റോഡ് നിർമ്മാണവും, കുന്നുകളിലെ നിർമ്മാണ പ്രവർത്തനങ്ങളും നിരുൽസാഹപ്പെടുത്തുക.
- വനവൽക്കരണവും ഫല വൃക്ഷ നടീലും പ്രോത്സാഹിപ്പിക്കുക.
- പാർശ്വ ഭിത്തി സംരക്ഷണം പരിസ്ഥിതിക്ക് അനുയോജ്യമായ രീതിയിലാക്കുക. (ഉദാ കയർ, ഭൂവസ്ത്രം, രാമച്ചം, മുളനടീൽ)
- കൃഷി വകുപ്പ് അനുബന്ധ മേഖലകളുടെ സംയോജന സാധ്യതകൾ പ്രയോജനപ്പെടുത്തുക
- ജില്ലയിലാകമാനം വ്യക്തിഗത മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്ക് ആകർഷകമായ സബ്സിഡി നൽകുക.

6.4 മൃഗസംരക്ഷണം-ക്ഷീര വികസനം

മൃഗസംരക്ഷണ ക്ഷീരവികസന മേഖലകളിൽ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന പദ്ധതികളുടെ അവലോകനം

മൃഗസംരക്ഷണ ക്ഷീരവികസന മേഖലകളിൽ ഏറ്റവുമധികം പദ്ധതികൾ നടപ്പിലാക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനവുമായി സഹകരിച്ചാണ്. കഴിഞ്ഞ വർഷം 2017-18 വിവിധ പദ്ധതികളിലായി അടങ്കൽ 81 കോടി രൂപയുടെ പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇത് പദ്ധതി വിഹിതമായിരുന്നതിൽ നിന്നുമാണ്. ഉത്പാദന ചിലവ് കുറച്ച് ഉത്പാദനം വർധിപ്പിക്കാനുളള പദ്ധതി സുരക്ഷിതമായ ആരോഗ്യം ലക്ഷ്യമിട്ടുളളതാണ്. ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്ന പദ്ധതികളിലധികവും വനിതാഘടക പദ്ധതികളാണ്. ഇവ സ്ത്രീ ശാക്തീകരണത്തിന് നൽകിയ ഊന്നൽ വെളിപ്പെടുത്തുന്നു. പലപ്പോഴും പദ്ധതി വിഹിതം പൂർണമായും ചെലവഴിക്കാൻ സാധിക്കാറില്ല. അധികവും വ്യക്തിഗത ഗുണഭോക്താക്കൾ ഉൾപ്പെടുന്ന പദ്ധതികളാണ് എന്നതിനാൽ അനർഹരും താൽപര്യമില്ലാത്തവരും ഗുണഭോക്തൃലിസ്റ്റിൽ കടന്നു കൂടുന്നു. ഇത് സമയബന്ധിതമായ പദ്ധതനിർമാണത്തെ ബാധിക്കുന്നുണ്ട്. ഗ്രാമസഭകൾ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേക്കാണിത് വിരൽ ചൂണ്ടുന്നത്. പദ്ധതി നിർവഹണ മാർഗരേഖകൾ സമയബന്ധിതമായി പരിഷ്കരിക്കുന്നത് കൂടുതൽ മെച്ചപ്പെട്ട രീതിയിലുളള പദ്ധതി നിർവഹണത്തിന് സഹായകരമാകും.

ചിത്രം 6.16 : മൃഗസംരക്ഷണമേഖല പദ്ധതിവിഹിതം



അവലംബം: മൃഗസംരക്ഷണ വകുപ്പ്

ചിത്രം 6.17 : ക്ഷീരോല്പാദനമേഖല പദ്ധതിവിഹിതം



അവലംബം: മൃഗസംരക്ഷണ വകുപ്പ്

കന്നുകുട്ടി പരിപാലന പദ്ധതി

1976 മുതൽ നടത്തിവരുന്ന പദ്ധതി പ്രകാരം 4-6 മാസം പ്രായമുള്ള പശുക്കുട്ടികൾക്ക് 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റ, മരുന്നുകൾ, ഇൻഷൂറൻസ്, കർഷകർക്ക് പരിശീലനം എന്നിവ നൽകുന്നു. ഒരു കന്നുകുട്ടിക്ക് പരമാവധി 12500/- രൂപയുടെ കാലിത്തീറ്റ ഈ പദ്ധതി പ്രകാരം നൽകുന്നു. 2016-17, 2017-18 സാമ്പത്തിക വർഷം ആനുകൂല്യം ലഭിച്ചവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 6.7 : ആനുകൂല്യം ലഭിക്കുന്നകർഷകരുടെ എണ്ണം

വർഷം	എണ്ണം
17-2016	4922
18-2017	1488

സ്രോതസ്സ്: മൃഗസംരക്ഷണ വകുപ്പ് സ്ഥിതിവിവരകണക്ക്

- വന്ധ്യതാ നിവാരണ ക്യാമ്പുകൾ

  3-4 തവണ ബീജസങ്കലനം നടത്തിയിട്ട് ചെന പിടിക്കാത്ത പശുക്കളെ വിദഗ്ധ സംഘം പരിശോധിച്ച് സൗജന്യ ചികിത്സ നൽകുന്ന പദ്ധതി 20 പഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

- ഫാം യന്ത്രവൽക്കരണം

  തിരഞ്ഞെടുത്ത 20 കർഷകർക്ക് 50% സബ്സിഡി നിരക്കിൽ കറവയന്ത്രം വിതരണം ചെയ്തു.

- മൃഗാരോഗ്യ ക്യാമ്പുകൾ

  മൃഗാരോഗ്യ പരിരക്ഷാ ക്യാമ്പുകൾ മലപ്പുറം ജില്ലയിലെ 100 മൃഗാശുപത്രികളിൽ സംഘടിപ്പിക്കുക വഴി രണ്ടായിരത്തോളം കർഷകർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. വേനൽച്ചൂടിന് മൃഗങ്ങൾക്കുള്ള ജീവൻരക്ഷാ മരുന്നുകൾ 110 സ്ഥാപനങ്ങൾ വഴി കർഷകർക്ക് വിതരണം ചെയ്തു.

- സ്കൂൾ പൗൾട്രി ക്ലബുകൾ

  അടുക്കളമുറ്റത്തെ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി തിരഞ്ഞെടുത്ത 51 സ്കൂളുകളിലെ 50 വിദ്യാർത്ഥികൾക്ക് കോഴികുഞ്ഞുങ്ങളെയും കോഴിതീറ്റയും മരുന്നുകളും സൗജന്യമായി നൽകിയിട്ടുണ്ട്.

- അനിമൽ വെൽഫെയർ ക്ലബ്

  വിദ്യാർത്ഥികളിൽ പക്ഷിമൃഗാദികളോടുള്ള സ്നേഹവും അനുകമ്പയും ഉണ്ടാക്കുക, സ്വയംതൊഴിൽ ശീലം, പഠനത്തോടൊപ്പം വരുമാനം എന്നീ ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയിൽ തിരഞ്ഞെടുത്ത 3 സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് മുട്ടക്കോഴി, ആട് എന്നിവ വിതരണം ചെയ്തു.

- നഗരപ്രദേശങ്ങളിൽ കോഴിയും മുട്ടും

  കോഴി വളർത്തൽ നഗരപ്രദേശങ്ങളിൽ പ്രോത്സാഹിപ്പിക്കുന്നതിനായി ജില്ലയിലെ 12 മൃഗാശുപത്രികൾ വഴി പദ്ധതി നടപ്പിലാക്കി.

- താറാവുകൃഷി പ്രചാരണ പദ്ധതി

  പദ്ധതിയുടെ ഭാഗമായി 10 പഞ്ചായത്തുകളിലായി 50 കർഷകർക്ക് താറാവ് കുഞ്ഞുങ്ങളെ വിതരണം ചെയ്തു.

- വെറ്ററിനറി സേവനങ്ങളുടെ ശാക്തീകരണം

  വെറ്ററിനറി സേവനങ്ങളുടെ ശാക്തീകരണവുമായി ബന്ധപ്പെട്ട് മരുന്ന് വിതരണം, ആതവനാട് ജില്ലാ കോഴിവളർത്തൽ കേന്ദ്രത്തിന്റെ ശാക്തീകരണം എന്നിവ 2016-17 സാമ്പത്തിക വർഷം നടന്നു. മലപ്പുറം ജില്ലയിലെ 5 ബ്ലോക്കുകളിൽ വെറ്റിനറി സേവനങ്ങൾ രാത്രികാലങ്ങളിൽ കർഷകർക്ക് ലഭിക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.

- ആടുവളർത്തൽ

  ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് സഹായകമായ ആടുവളർത്തൽ പദ്ധതിയിൽ - ഗോട്ട്സാറ്റലൈറ്റ് യൂണിറ്റുകൾ 57 എണ്ണം ആരംഭിച്ചു. മോഡൽ പഞ്ചായത്ത് പദ്ധതി പ്രകാരം കീഴാറ്റൂർ ഗ്രാമപഞ്ചായത്തിലെ തിരഞ്ഞെടുത്ത 10 കർഷർക്ക് ആടുവളർത്തൽ പദ്ധതിയിൽ ധനസഹായം നൽകി.

- വിജ്ഞാനവ്യാപനം

  സംരംഭകത്വ വികസന പരിപാടികളുടെ ഭാഗമായി നടപ്പിലാക്കിയ പരിശീലന പരിപാടികളിൽ വിദഗ്ധരുടെ ക്ലാസ്സുകളും കർഷകർക്കായി വിജയിച്ച മാതൃകകൾ, സർക്കാർ ഫാമുകൾ എന്നിവിടങ്ങളിലേക്ക് എക്സ്പോഷർ വിസിറ്റുകളും സംഘടിപ്പിക്കുക വഴി കർഷകർക്ക് നൂതന ആശയങ്ങളും അറിവുകളും ലഭ്യമാകുന്നതിന് അവസരം ലഭിച്ചു. മൃഗസംരക്ഷണ മേഖലയിലേക്ക് കടന്നു വരാനാഗ്രഹിക്കുന്ന സംരംഭകരെ സജ്ജരാക്കുന്നതിന് താലൂക്ക്തല

സംരംഭകത്വ പരിപാടി സംഘടിപ്പിച്ചു. വിവിധതലങ്ങളിൽ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക വഴി വിജ്ഞാനവ്യാപനം സാധ്യമാക്കുവാനും സാധിച്ചിട്ടുണ്ട്.

വികസന സെമിനാർ നിർദ്ദേശങ്ങൾ

മൃഗസംരക്ഷണം, ക്ഷീരവികസനം

1. ജില്ലയിലെ ക്ഷീര കർഷകർക്ക് പശുപരിപാലനം, ഡയറി ഉൽപ്പന്നങ്ങളുടെ നിർമ്മാണം തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിനുള്ള ക്ഷീര പരിശീലന കേന്ദ്രം ആരംഭിക്കുക.
2. സംരംഭകരെ മൃഗസംരക്ഷണ, ക്ഷീര വികസന മേഖലയിലേക്ക് ആകർഷിക്കുന്നതിനും, ഉൽപ്പന്നങ്ങൾ, ഉപകരണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നതിനും മേളകൾ സംഘടിപ്പിക്കുക.
3. കർഷകർക്ക് ചികിത്സാ സേവനം വീട്ടുപടിക്കൽ ലഭ്യമാക്കുന്നതിനായി മൊബൈൽ ഫാം എയിഡ് യൂണിറ്റുകളുടെ പുനരുജ്ജീവനവും ശാക്തീകരണവും നടപ്പാക്കുക.
4. ക്ഷീര കർഷകർക്ക് പരിശീലനം നൽകുന്നതിനായി ഡയറി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക.

തദ്ദേശ സ്ഥാപനങ്ങൾ 2017-18 വർഷം നടപ്പിലാക്കുന്ന പദ്ധതികൾ

കന്നുകുട്ടി പരിപാലന പദ്ധതി

പാല്, മുട്ട, മാംസം എന്നിവയുടെ ഉല്പാദന വർദ്ധനവിലൂടെ ഭക്ഷ്യസുരക്ഷ കൈവരിക്കുക, സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് സ്വയം തൊഴിൽ നൽകുക എന്നീ ലക്ഷ്യങ്ങളോടെ ജനകീയാസൂത്രണ പ്രക്രിയ വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 2017 18 വർഷം ഈ മേഖലയിൽ 39.77 കോടി രൂപ BPSS പദ്ധതികൾ നടപ്പിലാക്കി വരുന്നു.

മൃഗസംരക്ഷണ വകുപ്പ് തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണത്തോടെ 1997 മുതൽ പദ്ധതി നടപ്പിലാക്കി വരുന്നു. 4-6 മാസം പ്രായമുള്ള പശുക്കുട്ടികൾക്ക് 50% സബ്സിഡി നിരക്കിൽ കാലിതീറ്റ, മരുന്നുകൾ, ഇൻഷൂറൻസ്, കർഷകർക്ക് പരിശീലനം എന്നിവ നൽകുന്നു. പരമാവധി 12500/- ഗുണഭോക്താവിന് സബ്സിഡിയായി ലഭിക്കുന്നു.

പട്ടിക 6.8 : പദ്ധതി വിവരങ്ങൾ

വർഷം	എണ്ണം
17-2016	1230
18-2017	1237

അവലംബം:കന്നുകാലി സെൻസസ് 2012

നടപ്പ് വർഷം 30 പഞ്ചായത്തുകളിലായി 93 ലക്ഷത്തോളം രൂപ ഈ പദ്ധതിക്കായി നീക്കിവെച്ചിരിക്കുന്നു.

അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം

തെരുവുനായ നിയന്ത്രണത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന വന്ധ്യംകരണ പദ്ധതി എ.ബി.സി - എ.ആർ പദ്ധതി മലപ്പുറം ജില്ലാ പഞ്ചായത്ത് വഴി ജില്ലയിൽ നടപ്പിലാക്കുന്നു.

തെരുവുനായ്ക്കളെ പിടിച്ച് വന്ധ്യംകരണ ശസ്ത്രക്രിയക്ക് ശേഷം പിടിച്ച സ്ഥലത്തുതന്നെ തിരികെവിടുന്നു. ഹ്യൂമയ്ൻ ഇന്റർനാഷണൽ സൊസൈറ്റി എന്ന സന്നദ്ധ സംഘടന മുഖേന നടപ്പിലാക്കുന്ന പദ്ധതി പ്രകാരം നടത്തിയ ശസ്ത്രക്രിയകളുടെ കണക്ക് താഴെ കൊടുക്കുന്നു.

പട്ടിക 6.9 : വന്ധ്യംകരണ ശസ്ത്രക്രിയകളുടെ കണക്ക്

വർഷം	എണ്ണം
17-2016	385
18-2017	685

അവലംബം:സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് - സ്ഥിതിവിവരകണക്ക് - സാമ്പിൾ സർവ്വെ അടിസ്ഥാനം

തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങളുടെ അവലോകനം

പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദന വർദ്ധനവിലൂടെ ഭക്ഷ്യസുരക്ഷ കൈവരിക്കുക, സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് സ്വയം തൊഴിൽ നൽകുക എന്നീ ലക്ഷ്യങ്ങളോടെ ജനകീയാസൂത്രണ പ്രക്രിയ വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ വർഷം ഈ മേഖലയിൽ 39.77 കോടി രൂപ വരെ ചിലവഴിച്ച് ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

കന്നുകുട്ടി പരിപാലനം, കിടാരി വളർത്തൽ, കറവപ്പശു പരിപാലനം, പാലിന് സബ്സിഡി, കറവപ്പശുക്കൾക്കുള്ള കാലിത്തീറ്റ വിതരണം, തീറ്റപ്പുൽ കൃഷി വ്യാപനം തുടങ്ങിയവ പാലുല്പാദന വർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളിൽ ചിലതാണ്. അടുക്കളമുറ്റത്തെ മുട്ടക്കോഴി വളർത്തൽ, മട്ടുപ്പാവിലെ മുട്ടക്കോഴി വളർത്തൽ, താറാവ് വളർത്തൽ, കാടക്കോഴി പരിപാലനം എന്നീ പദ്ധതികളാണ് പ്രധാനമായും മുട്ടയുല്പാദന വർദ്ധനവിനായി നടപ്പിലാക്കി വരുന്നവ.

പോത്തുകുട്ടി പരിപാലനം, ആട്ടു വളർത്തൽ, ബ്രോയിലർ ഫാമുകൾക്ക് ധനസഹായം, മുയൽ വളർത്തൽ തുടങ്ങിയവ മാംസ്യോല്പാദന വർദ്ധനവിനായി നടപ്പിലാക്കിവരുന്ന പദ്ധതികളാണ്. മൃഗാശുപത്രികളുടെയും, ക്ഷീരസഹകരണ സംഘങ്ങളുടെയും ശാക്തീകരണ പദ്ധതികളും മൃഗചികിത്സക്കുള്ള മരുന്ന് വിതരണവും ഈ മേഖലയിൽ നടപ്പിലാക്കി വരുന്നുണ്ട്.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- ജില്ലയിൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിക്കൊണ്ട് ഉല്പാദനക്ഷമത കൂടിയ പക്ഷിമൃഗാദികളെ ഉല്പാദിപ്പിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുക. (ജില്ലാ പഞ്ചായത്ത്)
- നിലവിൽ ജില്ലയിൽ രണ്ട് പാൽ ശീതീകരണ കേന്ദ്രങ്ങൾ മാത്രമേയുള്ളൂ. ഇത് താലൂക്കിൽ ഒന്ന് വീതം സ്ഥാപിക്കുക (ജില്ലാ പഞ്ചായത്ത് ഉൾപ്പെടെ)
- ഫോഡർ ബാങ്ക് - സർക്കാർ പുറമ്പോക്ക് ഭൂമികൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ക്ഷീരസഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ റവന്യൂ ഇലക്ട്രിസിറ്റി ബോർഡ്, എം.ജി.എൻ.ആർ.ഇ.ജി.എസ് എന്നീ വകുപ്പുകളുടെ സഹകരണത്തോടെ ഒരു ബ്ലോക്കിൽ ചുരുങ്ങിയത് ഒരു ഫോഡർ ബാങ്ക് വീതം സ്ഥാപിക്കുക (ബ്ലോക്ക് പഞ്ചായത്ത്)
- സമ്മിശ്ര കൃഷിരീതികൾക്ക് ഊന്നൽ നൽകുക. അതിലൂടെ ഫാമുകളുടെ ആധുനിക യന്ത്രവല്കരണ പദ്ധതിയിലൂടെ വർദ്ധിച്ചുവരുന്ന സ്ഥലപരിമിതിയെ മറികടക്കാനാവും. (ജില്ലാ പഞ്ചായത്ത്)

- കറവപശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി നൽകുക (ജില്ലാ പഞ്ചായത്ത്)
- തൊഴിലുറപ്പ് പദ്ധതികളിൽ പക്ഷിമൃഗപരിപാലനം, കൂടുനിർമ്മാണം, ഇന്പുർമൂഴി മോഡൽ വേസ്റ്റ് മാനേജ്മെന്റ് യൂണിറ്റുകൾ എന്നിവ ഉൾപ്പെടുത്തി കൂലിച്ചെലവ് കുറയ്ക്കാൻ സാധിക്കും.
- പക്ഷിമൃഗ സംരക്ഷണ പദ്ധതികളിൽ വിവിധ വകുപ്പുകളുടെയും ഏജന്സികളുടെയും സംയോജനം ഉറപ്പ് വരുത്തുക. ഗ്രാമസഭകളെ ശക്തിപ്പെടുത്തുക. സുതാര്യമായ ഗുണഭോക്തൃ തിരഞ്ഞെടുപ്പ്, പങ്കാളിത്ത പദ്ധതി രൂപീകരണം, പദ്ധതികളുടെ സമയബന്ധിതമായ നടത്തിപ്പ്, കൃത്യമായ മോണിറ്ററിങ്ങ് എന്നിവ ഉറപ്പുവരുത്തുക.

കറവപശു എരുമ വളർത്തൽ പദ്ധതി

പദ്ധതിപ്രകാരം കറവപശുക്കളെയും എരുമകളെയു വാങ്ങി നൽകുന്ന ക്ഷീരോത്പാദന മേഖലയിലേക്ക് കൂടുതൽ കർഷകരെയും സംരംഭകരെയും യുവജനങ്ങളെയും സ്വയം സഹായ സംഘത്തെയും കൊണ്ട് വരിക, കർഷകരിൽ ശാസ്ത്രീയമായ കാലിവളർത്തൽ രീതി അവലംബിക്കുന്നതിൽ അവബോധം സൃഷ്ടിക്കുക നിലവിൽ പശു വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് പ്രോത്സാഹനം നൽകുക, ദുർബല വിഭാഗങ്ങൾക്കും വനിതകൾക്കും പാർശ്വവത്കരിക്കപെട്ടവർക്കും വരുമാന വർദ്ധനവിനുള്ള ഒരു ഉപാധി എന്നനിലയിൽ ക്ഷീരമേഖലയെ ഉപയുക്തമാക്കൽ എന്നിവയാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

കിടാരി കാളക്കുട്ടി പോത്തുക്കുട്ടി വളർത്തൽ പദ്ധതി

പശുക്കുട്ടികളെയും കാളക്കുട്ടികളെയും പോത്തിൻ കുട്ടികളെയും വാങ്ങി നൽകുന്നു. കുറഞ്ഞ സ്ഥലലഭ്യതയിലും മുതൽ മുടക്കിലും വളർത്താം എന്നതാണ് പ്രധാന സവിശേഷത. മാംസോത്പാദന വർദ്ധനവും പാലുത്പാദന വർദ്ധനവും വരുമാന വർദ്ധനവും ലക്ഷ്യം വെക്കുന്ന വിവിധ വിഭാഗങ്ങൾക്കായി 75 തദ്ദേശ സ്ഥാപനങ്ങൾ വഴി മൃഗങ്ങളെ വിതരണം ചെയ്യുന്നു. ഇതിലേക്കായി 7.3 കോടി രൂപ നീക്കി വെച്ചിരിക്കുന്നു. പൊതുവിഭാഗം, എസ്.സി, എസ്.റ്റി. വിഭാഗങ്ങൾക്കായി പദ്ധതി നടപ്പിലാക്കി വരുന്നു.

ആട് വിതരണം/ആട് ഗ്രാമം പദ്ധതി

പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താകൾക്ക് സബ്സിഡി നിരക്കിൽ ആടുകളെ നൽകുന്നു. മാംസോത്പാദന വർദ്ധനവും ഗുണഭോക്താവിന്റെ വരുമാന വർദ്ധനവുമാണ് പ്രതീക്ഷിക്കുന്ന നേട്ടം. പാവപ്പെട്ടവന്റെ പശു എന്ന അപരനാമത്തിൽ അറിയപ്പെടുന്ന മൃഗമാണ് ആട്. കുറഞ്ഞ സ്ഥലലഭ്യതയിലും മുതൽമുടക്കുകളിലും വളർത്താം എന്നതാണ് ആടിന്റെ പ്രധാന സവിശേഷത. ആ നിലക്ക് കേരളത്തിന്റെ സവിശേഷ സാഹചര്യത്തിൽ സ്വന്തമായി കുറഞ്ഞ ഭൂമി മാത്രമായി ഉള്ളവർക്കും ദുർബലക്കാർക്കും പാർശ്വവത്കൃതർക്കും ദാരിദ്ര നിർമ്മാർജ്ജനത്തിനും വരുമാന വർദ്ധനവിനുമുള്ള ഉപാധിയായി ആടു വളർത്തൽ പദ്ധതികളെ കണക്കാക്കാം. 78 തദ്ദേശ സ്ഥാപനങ്ങൾ ആട് വിതരണ പദ്ധതിപ്രകാരം 2.99 കോടിയോളം രൂപ വിവിധ വിഭാഗങ്ങൾക്കായി നടപ്പുവർഷം വകയിരുത്തിയിട്ടുണ്ട്

മുട്ടക്കോഴി വിതരണ പദ്ധതി

വീട്ട് വളപ്പിലെ കോഴി വളർത്തലിന് കേരളത്തിൽ വളരെയധികം സാധ്യതകളുണ്ട്. ഗ്രാമീണ കേരളത്തിന്റെ തനതു വരുമാന മാർഗ്ഗങ്ങളിലൊന്നായിരുന്ന വീടുകളിൽ അധികം വന്നിരുന്ന ഭക്ഷണവസ്തുക്കളെ ഉപജീവിച്ച് കുറഞ്ഞ ചെലവിൽ അടുക്കളമുറ്റത്ത് വളർന്നിരുന്ന കോഴികൾ. ഗ്രാമപ്രദേശങ്ങളിലെ കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് അതുത്പാദന ശേഷിയുള്ള

കോഴിക്കുഞ്ഞുങ്ങളെ സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുകയാണ് പദ്ധതി വഴി ചെയ്യുന്നത്. മാംസോത്പാദന വർദ്ധനവും മുട്ട ഉത്പാദന വർദ്ധനവും ലക്ഷ്യമിടുന്നു. 60 ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ 100 രൂപ നിരക്കിൽ വിതരണം ചെയ്യുന്ന ഈ പദ്ധതി 73 തദ്ദേശ സ്ഥാപനങ്ങൾ നടപ്പിലാക്കുന്നു. ഇതിലേക്കായി 20.67 കോടി രൂപ നീക്കിവെച്ചിരിക്കുന്നു. നടപ്പുവർഷം ഈ ഇക ചിലവഴിച്ച് ജില്ലയിൽ 2 ലക്ഷത്തോളം കോഴിക്കുഞ്ഞുങ്ങളെ മുട്ടയുല്പാദനം മുന്നിൽ കണ്ട് വിതരണം ചെയ്യുന്നു.

ഭൗതിക സാഹചര്യം ഒരുക്കൽ

മൃഗാശുപത്രികളിൽ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി അറ്റകുറ്റ പണികൾ, കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികൾ, ബില്ലിംഗ് മെഷീൻ, ഫർണിച്ചറുകൾ, മൃഗാശുപത്രിക്കാവശ്യമായ മരുന്നുകൾ എന്നിവ വാങ്ങുന്നതിനായി 3.39 കോടി രൂപ തദ്ദേശ സ്ഥാപനങ്ങൾ നടപ്പുവർഷം വകയിരുത്തിയിട്ടുണ്ട്.

കറവപ്പശുക്കൾക്ക് കാലിതീറ്റ

പാലുൽപാദനം വർദ്ധിപ്പിക്കുക. കൂടുതൽ ക്ഷീരകർഷകരെ ക്ഷീരസംഘങ്ങളുടെ കീഴിൽ കൊണ്ടു വരിക, ക്ഷീരോത്പാദന മേഖലയുടെ ലാഭക്ഷമത വർദ്ധിപ്പിക്കുകയും, ആകർഷിക്കുകയും ചെയ്യുക തുടങ്ങിയവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. പദ്ധതി പ്രകാരം ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് സബ്സിഡി ലഭ്യമാക്കുന്നു കറവപ്പശുക്കൾക്ക് സബ്സിഡി നിരക്കിൽ കാലിതീറ്റ വിതരണം ചെയ്യുന്നത് ഉല്പാദനചെലവ് കുറക്കുന്നതിന് ഉപകരിക്കുന്നു.

പാലിന് ഇൻസന്റീവ്

ക്ഷീരോത്പാദന മേഖലയെ കൂടുതൽ ലാഭകരമാക്കുക, കൂടുതൽ കർഷകരെ ക്ഷീരോത്പാദക സഹകരണസംഘങ്ങളുടെ കുടക്കീഴിൽ കൊണ്ടു വരിക, ക്ഷീരോത്പാദന മേഖല കൂടുതൽ ആകർഷകമാക്കുന്ന തരത്തിലുള്ള പ്രോത്സാഹനം നൽകുക എന്നീ ലക്ഷ്യങ്ങളോടെ പാലുൽപാദനത്തിന് ആനുപാതികമായ ഇൻസെന്റീവ് നൽകുന്നു. ഈ പദ്ധതി പ്രകാരം ക്ഷീരവികസന വകുപ്പിന് കീഴിലുള്ള ക്ഷീരോല്പാദക സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് ലിറ്ററിന് പരമാവധി 4 രൂപ നിരക്കിൽ പാലിന് ഇൻസന്റീവ് നൽകുന്നു.

മൃഗസംരക്ഷണ ക്ഷീര വികസന മേഖലകളിലെ ദാരിദ്ര്യനിർമാർജന പദ്ധതികൾ, സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായുള്ള പദ്ധതികൾ എസ്.സി എസ്.ടി കുടുംബങ്ങളുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ, എന്നിവ ദുർബലരും പാർശ്വവത്കൃതരായവരുമായ വലിയൊരു ജനവിഭാഗത്തെ മുഖ്യധാരയിലേക്ക് കൊണ്ട് വരാൻ സഹായിക്കുന്നു. ഗർഭിണി കിടാരി വളർത്തൽ പദ്ധതിയുടെ ഭാഗമായി ഗർഭിണി കിടാരികളെ വാങ്ങി നൽകുന്നു. ഗുണഭോക്താവിന്റെ വരുമാന വർദ്ധനവും പാലുൽപാദന വർദ്ധനവും ലക്ഷ്യമാക്കുന്നു.

കറവയന്ത്രം വിതരണം

ക്ഷീരോത്പാദന മേഖല നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ് കറവക്കായുള്ള വിദഗ്ദ തൊഴിലാളികളുടെ അഭാവം. ഇതു നേരിടുന്നതിന് കർഷകനെ പ്രാപ്തനാക്കുക, മൃഗ സംരക്ഷണ മേഖലയിലെ യന്ത്രവത്കരണവും ആധുനിക വത്കരണവും പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടു നടപ്പാക്കുന്ന പദ്ധതി. കാർഷിക വൃത്തിയുടെ യന്ത്ര വത്കരണശ്രമങ്ങൾക്ക്

കർഷകർക്കിടയിൽ സ്വീകാര്യത വർദ്ധിപ്പിക്കാൻ സഹായിക്കുന്നു. കർഷകന്റെ വരുമാന വർദ്ധനവ് ഉറപ്പാക്കുന്നു.

ധാതു ലവണങ്ങൾ വിരമരുന്ന് വിതരണപദ്ധതി

കറവപശുക്കളുടെയും പശുക്കുട്ടികളുടെയും ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിനു ലക്ഷ്യമിടുന്നു.

തീറ്റപ്പുൽകൃഷിക്കുള്ള വിത്ത് വിതരണം

ക്ഷീരമേഖലയിലെ ഉത്പാദനം പരിമിതപ്പെടുത്തുന്ന പ്രധാനഘടകം തീറ്റപ്പുല്ലിന്റെ ദൗർലഭ്യമാണ്. അയൽ സംസ്ഥാനങ്ങളെ കൂടുതൽ അപേക്ഷിച്ച് കേരളത്തിലെ ക്ഷീര മേഖലയിൽ ഉത്പാദന ചെലവ് കുറക്കുന്നതിനായി തദ്ദേശീയമായി ലഭ്യമായ തീറ്റസാമഗ്രികൾ ഉൾപ്പെടുത്തിയുള്ള തീറ്റ നിർമാണ രീതികൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്. തീറ്റപ്പുൽ കൃഷിക്കുള്ള വിത്തുകളും പുൽകടകളും പദ്ധതി പ്രകാരം ലഭ്യമാക്കുന്നു.

മുയൽ വളർത്തൽ പദ്ധതി

ഇറച്ചിക്കും തുകൽ നിർമാണത്തിനുമായി മുയലുകളെ വ്യാപകമായി വളർത്തുന്നുണ്ട്. വരുമാനത്തിന്റെ പുതുവഴി എന്ന നിലയിൽ മാംസോത്പാദന വർദ്ധനവും വരുമാന വർദ്ധനവും ലക്ഷ്യം വെച്ച് മുയൽ വളർത്തൽ പ്രോത്സാഹിപ്പിക്കുന്നു.

മിനി ഡയറി യൂണിറ്റ് ആധുനിക വത്കരണം

ഉപജീവനത്തിനായുള്ള പശു വളർത്തലിൽ നിന്നും മാറി വാണിജ്യാടിസ്ഥാനത്തിൽ ധാരാളം പേർ ക്ഷീരോത്പാദന മേഖലയിലേക്ക് കടന്നു വരുന്നുണ്ട്. മിനി ഡയറി ഫാമുകൾ പ്രോത്സാഹിപ്പിക്കുന്നതിനും ആധുനിക വത്കരിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. ക്ഷീരമേഖലയിലെ യന്ത്രവത്കരണവും ആധുനികവത്കരണവും പ്രോത്സാഹിപ്പിക്കുന്നതിനും ക്ഷീരകർഷകന്റെ തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഇത്തരം പദ്ധതികൾ വഴി സാധിക്കുന്നു.

ബ്രോയിലർ കോഴി യൂണിറ്റ്

ഏതാണ്ട് പൂർണ്ണമായും തന്നെ മാംസാഹാര പ്രിയരായ മലയാളികളെ സംബന്ധിച്ചിടത്തോളം കോഴിയിറച്ചി ഒഴിവാക്കാനാവാത്ത വിഭവമാണ്. മാംസോത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കണമെങ്കിൽ ഇറച്ചിക്കോഴി വളർത്തലിനുള്ള വിജയകരമായ തദ്ദേശീയ മാതൃകകൾ രൂപപ്പെടുത്തേണ്ടതുണ്ട്. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് 1000 കോഴികളെ വീതം വളർത്തുന്ന യൂണിറ്റുകൾക്ക് ധനസഹായം നൽകുന്നതിനാണ് പദ്ധതി വഴി ലക്ഷ്യം വെക്കുന്നത് .

മട്ടുപ്പാവിലെ കോഴി വളർത്തൽ

ഗ്രാമങ്ങളിൽ നിന്ന് വിഭിന്നമായി കോർപ്പറേഷൻ, മുൻസിപ്പാലിറ്റി തുടങ്ങിയ ജന സാന്ദ്രതകൂടിയ ഇടങ്ങളിൽ തുറന്ന വിട്ട് കോഴിയെ വളർത്തുന്നതിന് സ്ഥല ലഭ്യതയുടെ കാര്യത്തിൽ പ്രായോഗികമായി ധാരാളം പരിമിതികൾ നിലനിൽക്കുന്നു. ഇതു മുന്നിൽ കണ്ടുകൊണ്ട് വീടുകളുടെ ടെറസ്സുകളിൽ കൂടുകളിൽ മുട്ടക്കോഴികളെ വളർത്തുന്നതിന് പദ്ധതി വഴി ലക്ഷ്യം വെക്കുന്നു.

സമഗ്ര കന്നുകാലി ഇൻഷുറൻസ്

ക്ഷീര കർഷകനെ സംബന്ധിച്ച ഏറ്റവും വലിയ വെല്ലുവിളി അകാലത്തിലുള്ള പശുക്കളുടെ മരണപ്പെടലും രോഗങ്ങളെയും അപകടങ്ങളെയും തുടർന്നുണ്ടാവുന്ന പൂർണ്ണവും സ്ഥായിയായതുമായ

ഉത്പാദനക്കുറവും ആണ് ഇത്തരത്തിലുണ്ടാവുന്ന നഷ്ടങ്ങളിൽ നിന്ന് കർഷകനെ സംരക്ഷിക്കുന്നതിന് ലക്ഷ്യം വെച്ചുകൊണ്ട് കന്നുകാലികളെ ഇൻഷൂർ ചെയ്യുന്നതിന് പദ്ധതി ലക്ഷ്യം വെക്കുന്നു.

ചാണകം ഉണക്കിപ്പൊടിച്ച് ജൈവവളമാക്കുന്ന യൂണിറ്റ്

കർഷകൻ മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങൾ ഉറപ്പാക്കുന്നതിന് ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് ചാണകവും മൂത്രവും ഉൾപ്പെടെയുള്ള മാലിന്യങ്ങളുടെ ശാസ്ത്രീയമായ സംസ്കരണം. ചാണകത്തെ ജൈവവളമാക്കുന്ന യൂണിറ്റുകൾക്ക് വൻ വിപണന സാധ്യതകളുണ്ട്. ഇത് കർഷകന്റ വരുമാന വർദ്ധനവ് ഉറപ്പാക്കുന്നു. ഇത്തരത്തിലുള്ള യൂണിറ്റുകൾക്ക് ധനസഹായം നൽകുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നു. 19 മൃഗാശുപത്രികളിലേക്ക് മരുന്നു വാങ്ങുന്നതിനുള്ള പദ്ധതി നടപ്പാക്കിവരുന്നു.

മരുന്നുകൾ വാങ്ങി നൽകൽ

കർഷകനെ ഏറ്റവും ദോഷകരമായി ബാധിക്കുന്ന ഘടകമാണ് അപ്രതീക്ഷിതമായി കാലികൾക്കുണ്ടാവുന്ന രോഗങ്ങൾ. ഈ സമയത്ത് കാലികൾക്ക് സൗജന്യ ചികിത്സ നൽകുന്നത് ലക്ഷ്യം വെച്ച് മൃഗാശുപത്രികളിലേക്കാവശ്യമായ മരുന്നുകൾ വാങ്ങി നൽകുന്നു.

അടിസ്ഥാന സൗകര്യ വികസനം

- ജില്ലയിൽ നിലവിലുള്ള മൃഗസംരക്ഷണ, ക്ഷീരവികസനമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക.
- മൃഗപരിപാലനത്തിന് ആവശ്യമായ സ്ഥാപനങ്ങളായ ആശുപത്രികൾ, സബ്സെന്ററുകൾ, ലാബുകൾ മുതലായ സ്ഥാപനങ്ങളുടെ കാലാകാലങ്ങളിൽ ഉണ്ടാകുന്ന വികസനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പരിഷ്കരിക്കുക.
- കഴിഞ്ഞ പദ്ധതി കാലയളവുകളിൽ മുട്ടയുല്പാദന വർദ്ധനവിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ഏകദേശം 2 ലക്ഷം മുട്ടക്കോഴി കുഞ്ഞുങ്ങളെ വിതരണം ചെയ്തിട്ടുണ്ട്. ഇതിനാവശ്യമായ കുഞ്ഞുങ്ങളെ ജില്ലയിൽ ലഭ്യമല്ലാത്തതിനാൽ പുറമേ നിന്നും കൊണ്ടുവരേണ്ടി വന്നു. ജില്ലാ പഞ്ചായത്തിനു കീഴിൽ ആതവനാട് നിലവിലുള്ള ഹാച്ചറി വിപുലീകരിക്കുകയും എടവണ്ണയിൽ നിർമ്മാണത്തിലിരിക്കുന്ന ഹൈടെക് ഹാച്ചറി പെട്ടെന്ന് പ്രവർത്തന ക്ഷമമാക്കുകയും 1 ദിവസം പ്രായമായ ബ്രോയിലർ കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യതക്കുവേണ്ടി പ്രത്യേക ഹാച്ചറികൾ നടത്തേണ്ടതുമാണ്.

ഉല്പാദന ചെലവ് കുറയ്ക്കുന്നതിന് വേണ്ടിയുള്ള പദ്ധതികൾ

കാലിത്തീറ്റയുടെ വിലവർദ്ധനവും പരിപാലന ചിലവുകളും ഉല്പാദന ചിലവും വർദ്ധിപ്പിക്കുന്നതിനാൽ തല്പരരായ ഗുണഭോക്താക്കൾ മേഖലയിൽ നിന്നും പിൻമാറുന്ന അവസ്ഥയുണ്ട്. 41 ലക്ഷം ജനസംഖ്യയുള്ള ജില്ലയിൽ രണ്ടായിരത്തിൽ താഴെ കുടുംബങ്ങൾ മാത്രമാണ് പശു വളർത്തലിൽ ഏർപ്പെടുന്നത്. 40,000 കുടുംബങ്ങൾ ആടുവളർത്തലിലും 1 ലക്ഷം പേർ കോഴി വളർത്തലിലും ഏർപ്പെടുന്നത് വഴി ജില്ലക്കാവശ്യമായ പാൽ, മുട്ട, മാംസം എന്നിവയുടെ 20 ശതമാനം മാത്രമാണ് ഉല്പാദിപ്പിക്കുവാൻ കഴിയുന്നത്. ഈ പദ്ധതി കാലയളവിൽ 2 ലക്ഷം കുടുംബങ്ങളെയെങ്കിലും മൃഗ പരിപാലനത്തിൽ വ്യാപൃതരാക്കുക ആണെങ്കിൽ ജില്ലയ്ക്കാവശ്യമായ വിഭവങ്ങളുടെ 50 ശതമാനമെങ്കിലും ഉല്പാദിപ്പിക്കുവാൻ കഴിയും. ആയതിനായി ഉല്പാദന ചെലവ് കുറക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

- ഫോഡർ ബേങ്ക് - ഉൽപ്പാദന ചെലവ് കുറക്കുന്നതിനായി കാലിത്തീറ്റ കുറച്ച് പച്ചപ്പുൽ നൽകുന്നതിനായി ക്ഷീരവികസന വകുപ്പിന്റെ കീഴിൽ ജില്ലയിലെ 15 ബ്ലോക്കുകളിൽ 10 ഹെക്ടർ വീതം സ്ഥലത്ത് പുൽകൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി, ക്ഷീര വികസന വകുപ്പിലെ നിലവിലുള്ള പദ്ധതികൾ ഉപയോഗപ്പെടുത്താവുന്നതാണ്.
- ന്യായവില ഷോപ്പുകൾ - മൃഗപരിപാലനത്തിനും ചികിത്സക്കും ആവശ്യമായ മരുന്നുകളും ധാതുലവണ മിശ്രിതങ്ങൾ എന്നിവ ന്യായമായ നിരക്കിൽ കർഷകർക്കും ആശുപത്രികൾക്കും ലഭ്യമാകുന്നതിന് ന്യായവില ഷോപ്പുകൾ ജില്ലാതലത്തിൽ തുടങ്ങാവുന്നതാണ്.

ആധുനിക അറവുശാല

സമൂഹത്തിന് സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നതിന് ബ്ലോക്ക് തലത്തിൽ ആധുനിക അറവുശാലകൾ സ്ഥാപിക്കുക. ബ്ലോക്ക് പരിധിയിൽ വരുന്ന പഞ്ചായത്തുകളിൽ റിസോഴ്സ് യൂണിറ്റുകൾ സ്ഥാപിച്ച് വെറ്ററിനറി ഡോക്ടറെയും സഹായിയെയും കരാറടിസ്ഥാനത്തിൽ നിയമിച്ച് ശുദ്ധമായ മാംസോല്പാദനം ഉറപ്പുവരുത്താവുന്നതാണ്.

തെരുവുനായ പ്രജനന നിയന്ത്രണ പദ്ധതി

- വിവിധ വകുപ്പുകളുടെ സഹകരണത്തോടെ സംയോജിത സമഗ്ര മാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്ക് രൂപം നല്കുക.
- വളർത്തുനായ്ക്കൾക്ക് പ്രതിരോധ കുത്തിവെയ്പ് നിർബന്ധമാക്കുക.
- അസുഖം/അപായം വന്ന് ഉപേക്ഷിക്കപ്പെടുന്ന നായ്ക്കളെ സംരക്ഷിക്കുന്നതിന് പദ്ധതി തയ്യാറാക്കുക.
- തെരുവ് നായ്ക്കളുടെയും അടച്ചിടാതെ പോറ്റുന്ന വളർത്തു നായ്ക്കളുടെയും വന്ധ്യംകരണം നടപ്പാക്കുക.
- എ.ബി.സി പദ്ധതിയുടെ നടത്തിപ്പ് മൃഗസംരക്ഷണ വകുപ്പിൽ പ്രത്യേക വിഭാഗം ആരംഭിച്ച് നടപ്പിലാക്കുക.

6.5 - മത്സ്യമേഖല

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി അവലോകനം

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-13 - 2016-17) കാലയളവിൽ മലപ്പുറം ജില്ലയിലെ മത്സ്യമേഖലാ വികസനത്തിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അടങ്കൽ തുക 356.5 ലക്ഷം രൂപയായിരുന്ന ഇതിൽ 66.88 തുക മാത്രമേ വിനിയോഗിച്ചിട്ടുള്ളൂ.

പട്ടിക: 6.10 : ഗ്രാമപഞ്ചായത്തുകളുടെ വികസനഫണ്ട് (തുക ലക്ഷത്തിൽ)

തീരദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ	വർഷം					ആകെ	വിനിയോഗം	ശതമാനം
	2012-13	2013-14	2014-15	2015-16	2016-17			
	64.8	44.4	63.2	87.6	96.5	356.5	238.42	66.88%

അവലംബം - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സുലേഖ സോഫ്റ്റ് വെയർ

പട്ടിക: 6.11 : സംസ്ഥാന സർക്കാർ കേരളം -നീക്കി വെച്ച തുക/ ചെലവാക്കിയ തുക

ക്രമ നം	വർഷം	നീക്കി വെച്ച തുക	ചെലവാക്കിയ തുക	ശതമാനം
1.	2013-14	276538.65	224704.07	81.2%
2.	2014-15	324273.41	218528.37	67.39%
3.	2015-16	303246.62	238621.10	78.68%
4.	2016-17	326959.44	204825.35	62.64%

അവലംബം - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സുലേഖ സോഫ്റ്റ് വെയർ

പട്ടിക: 6.12 : മലപ്പുറം ജില്ലയിൽ - നീക്കി വെച്ച തുക/ ചെലവാക്കിയ തുക

ക്രമ നം	വർഷം	ശതമാനം
1	2013-14	64.55%
2	2014-15	73.63
3	2016-17	73.63

അവലംബം - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സുലേഖ സോഫ്റ്റ് വെയർ.

മലപ്പുറം ജില്ലയിൽ മത്സ്യത്തൊഴിലാളി മേഖലയിൽ ഒരു മത്സ്യത്തൊഴിലാളിക്കായി ആളോഹരി പദ്ധതി വിഹിതം 1114/- രൂപയാണ് മാറ്റി വെച്ചിട്ടുളളത്. ഇതിൽ 745.08 രൂപ മാത്രമേ ചെലവാക്കിയിട്ടുള്ളൂ.

2017-18 ലെ തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി വിലയിരുത്തൽ.

2017-18 പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങളിലും സബ്സിഡി മാനദണ്ഡങ്ങളിലും ധാരാളം പദ്ധതികൾ ഉൾനാടൻ മേഖലയിൽ നടപ്പിലാക്കാൻ നിർദ്ദേശമുണ്ടെങ്കിലും പല പഞ്ചായത്തുകളും ഈ മേഖല അവഗണിച്ചതായിട്ടാണ് കാണുന്നത്. അലങ്കാര മത്സ്യകൃഷിക്കുളള പദ്ധതികൾ, ഞെണ്ട് കൃഷി, കല്ലുമ്മക്കായ് കൃഷി തുടങ്ങിയ ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനുളള പ്രധാന പദ്ധതികളാണ്. എന്നാൽ ഈ പദ്ധതികൾ പൊതുവെ അവഗണിക്കുന്നതായിട്ടാണ് കാണുന്നത്.

പ്രകൃതിവിഭവ സവിഷേഷതകൾ/പ്രശ്നങ്ങൾ.

കടൽ കായൽ മേഖലയിൽ തനത് മത്സ്യസമ്പത്ത് ഉളള സംസ്ഥാനമാണ് കേരളം. എന്നാൽ മറുനാടൻ മത്സ്യങ്ങളുടെ കടന്ന്കയറ്റം നാടൻ മത്സ്യങ്ങളുടെ എണ്ണത്തിലും സർവ്വോപരി പ്രജനനത്തിലും പ്രകടമായ വിത്യാസങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ആഫ്രിക്കൻ മൂഷികളുടെയും, തിലാപ്പിയകളുടെയും, നെട്ടറിന്റെയും, പിരാനകളുടെയും കടന്ന്കയറ്റം കേരളത്തിന്റെ തനതു മത്സ്യമായ കരിമീന്റെ ഉത്പാദനം പാടെ കുറച്ചിട്ടുണ്ട്. ഇത്തരത്തിൽ എത്തിപ്പെടുന്ന മത്സ്യങ്ങളിൽ

തന്നെ വിൽപ്പന, അനധികൃതമായ വളർത്തൽ എന്നിവ നിരോധിക്കപ്പെട്ടിട്ടുള്ളതാണ്. എന്നാൽ ഇത്തരം കാര്യങ്ങൾ മത്സ്യകർഷകരിലേക്കും ജനങ്ങളിലേക്കും എത്തിച്ചേരണമെങ്കിൽ ഓരോ പഞ്ചായത്തിനോടും ചേർന്ന് ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന മത്സ്യകർഷക ക്ലബുകൾ ജീവനറ്റതായി പ്രവർത്തിക്കേണ്ടതുണ്ട്.

കണ്ടൽകാടുകളുടെ നശീകരണം മത്സ്യമേഖല നേരിടുന്ന മറ്റൊരു ഗുരുതര പ്രശ്നമാണ്. മത്സ്യവിഭവങ്ങളുടെ നിലനിൽപ്പിന് ആധാരമായ കണ്ടൽകാടുകൾ മത്സ്യങ്ങളുടെ പ്രജനനതിനും ത്വരിത വളർച്ചയ്ക്കും അത്യന്താപേക്ഷിതമാണ്. കടലാക്രമണത്തിൽ നിന്നും തീരത്തെ സംരക്ഷിക്കുന്നതിനും, മണ്ണൊലിപ്പ് തടയുന്നതിനും കണ്ടൽ കാടുകൾക്ക് കഴിയും. കായൽ പ്രദേശങ്ങളിലെ അനധികൃത മണലൂറ്റൽ മത്സ്യങ്ങളുടെ ആവാസവ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഉൾനാടൻ പ്രദേശത്തിൽ ചെറിയ കണ്ണിവലുപ്പമുള്ള വലകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നത് മൂലം ചെറുമത്സ്യങ്ങളുടെ കൂട്ടകുരുതിക്ക് കാരണമാവുന്നുണ്ട്.തീരത്തോട് ചേർന്നും അഴിമുഖങ്ങളിലും സാദ്ധ്യമായ ഭാഗത്തെല്ലാം കണ്ടൽ കാടുകൾ വെച്ച് പിടിപ്പിച്ച് ജലജീവികളുടെ സ്വാഭാവിക വാസസ്ഥലം സൃഷ്ടിച്ചെടുക്കാവുന്നതാണ്.

അങ്ങിനെ സൃഷിടിച്ചെടുത്ത കൃത്രിമ വാസസ്ഥലങ്ങളിൽ വൻതോതിൽ ഹാച്ചറികളിൽ ഉത്പാദിപ്പിച്ച ചെമ്മീൻ കുഞ്ഞുങ്ങളെയും പച്ചഞെണ്ട് കുഞ്ഞുങ്ങളെയും നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കണം അഴിമുഖങ്ങളിൽ വൻതോതിൽ ഹാച്ചറിയിൽ ഉത്പാദിപ്പിച്ച കരിമീൻ കുഞ്ഞുങ്ങളെയും പൂമീൻ കുഞ്ഞുങ്ങളും നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കണം.ഇവയുടെ സംരക്ഷണം തെരഞ്ഞെടുത്ത ഗുണഭോക്താക്കളെ ഏൽപ്പിക്കാനും അവർക്ക് വരുമാനം വർദ്ധിപ്പിക്കാവുന്ന രീതിയിലുള്ള പദ്ധതികൾ ആവിഷ്കരികരിക്കാവുന്നതുമാണ്.

മേൽത്തട്ട് നിർദ്ദേശങ്ങൾ

മലപ്പുറം ജില്ല ഫിഷറീസ് ഭരണസംവിധാനം പൊന്നാനിയിൽ സ്ഥിതി ചെയ്യുന്ന ജില്ലാ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് ആണ് നിയന്ത്രിക്കുന്നത്. 10 തീരദേശ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ ഓരോ മത്സ്യഭവനുകളും പ്രവർത്തിക്കുന്നു.മത്സ്യവകുപ്പ്, മത്സ്യഫെഡ്, മത്സ്യബോർഡ് എന്നിവയുടെ സേവനങ്ങൾ ഒരു കുടകീഴിൽ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശത്തിലാണ് മത്സ്യഭവനുകൾ നിലവിൽ വന്നത് എങ്കിലും ആവശ്യമായ ഫീൽഡ് സ്റ്റാഫിന്റെ അഭാവത്തിൽ ഇവയുടെ പ്രവർത്തം കാര്യക്ഷമമല്ല.

മത്സ്യഭവനുകൾ അവയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്ന വിധത്തിൽ ഒരു ഗസറ്റഡ് ഓഫീസർ, രണ്ട് ടെക്നിക്കൽ ഓഫീസർ, ഓഫീസ് അസിസ്റ്റന്റ് എന്നിങ്ങനെ പുനക്രമീകരണം നടത്തേണ്ടതാണ്. കടൽ രക്ഷാ പ്രവർത്തനങ്ങൾ, കടലിൽ പട്രോളിംഗ്, യാനങ്ങളുടെ പരിശോധനകൾ, മത്സ്യമേഖലയിലെ പദ്ധതികളുടെ നിർവ്വഹണം, പഞ്ചായത്ത് തലത്തിൽ ഉൾനാടൻ മത്സ്യകൃഷി പദ്ധതി നർവ്വഹണം എന്നിവ ഈ മത്സ്യഭവൻ വഴി കാര്യക്ഷമമായി നടപ്പിലാക്കാവുന്നതാണ്.

6.6 പരിസ്ഥിതി

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതി അവലോകനവും പദ്ധതികൾമെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗ നിർദേശങ്ങളും.

മൂന്ന് മുനിസിപ്പാലിറ്റികളും 17 ഗ്രാമപഞ്ചയത്തുകളുമാണ് 2017-18 വർഷത്തിൽ പരിസ്ഥിതിഎന്ന സെക്ടറിൽ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 6.13 : തദ്ദേശ സ്ഥാപനത്തിൽ ചിലവഴിച്ച ഫണ്ട്-വിവരങ്ങൾ

ക്രമ നം	പദ്ധതിയുടെ പേര്	തദ്ദേശ സ്ഥാപന ത്തിന്റെ പേര്	തരം		ഫണ്ട്-വിവരങ്ങൾ	ആകെ ഫണ്ട്	ചെലവ് വിവര ങ്ങൾ	ചെലവ്
1	ബയോഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കൽ	പെരിന്ത ൽമണ്ണ	മുനിസിപ്പാ ലിറ്റി	Development Fund(General) - 112244	112244		0	112244
2	ജൈവവൈവിധ്യര ജിസ്റ്റർ	മഞ്ചേരി	മുനിസിപ്പാ ലിറ്റി	Development Fund(General) - 150000	150000		0	150000
3	ബയോഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കുക	നിലമ്പൂർ	മുനിസിപ്പാ ലിറ്റി	Development Fund(General) - 250000	250000	Developm ent Fund(Gen eral) - 169000	169000	81000
4	ജൈവവൈവിധ്യര ജിസ്റ്റർ	മമ്പാട്	ഗ്രാമപ ഞ്ചായത്ത്	Development Fund(General) - 125000	125000	Developm ent Fund(Gen eral) - 54500	54500	70500
5	ബയോഡൈവേഴ്സിറ്റി രജിസ്റ്റർ	എടവണ്ണ	ഗ്രാമപ ഞ്ചായത്ത്	Own Fund - 125000	125000	Own Fund - 11745	11745	113255
6	ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ	വണ്ടൂർ	ഗ്രാമപ ഞ്ചായത്ത്	Own Fund - 114250	114250	Own Fund - 8120	8120	106130
7	ജൈവവൈവിദ്ധ്യ രജിസ്റ്റർ തയ്യാറാക്കൽ	കീഴുറമ്പ	ഗ്രാമപ ഞ്ചായത്ത്	Own Fund - 50000	50000		0	50000
8	ജൈവ വൈവിധ്യ രജിസ്റ്റർ	പുൽപ്പറ്റ	ഗ്രാമപ ഞ്ചായത്ത്	Own Fund - 100000	100000		0	100000
9	ജൈവവൈവിധ്യ പരിപാലന രജിസ്റ്റർ തയ്യാറാക്കൽ	ആനക്ക യം	ഗ്രാമപ ഞ്ചായത്ത്	Development Fund(General) - 32848	32848	Developm ent Fund(Gen eral) - 30000	30000	2848
10	ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ	ആലിപറ മ്പ	ഗ്രാമപ ഞ്ചായത്ത്	Development Fund(General) - 125000	125000	Developm ent Fund(Gene ral) - 1520	1520	123480

ക്രമ നം	പദ്ധതിയുടെ പേര്	തദ്ദേശ സ്ഥാപന ത്തിന്റെ പേര്	തരം		ഫണ്ട്- വിവരങ്ങ ൾ	ആകെ ഫണ്ട്	ചെലവ് വിവര ങ്ങൾ	ചെലവ്
11	ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ	എടപ്പറ്റ	ഗ്രാമപ ഞ്ചായത്ത്	Development Fund(General) - 118901	118901	Developm ent Fund(Gen eral) - 80700	80700	38201
12	താവുള്ളിതോട് നീർത്തട വികസന പദ്ധതി	പുലാമ ന്തോൾ	ഗ്രാമപ ഞ്ചായത്ത്	Centrally Sponsored Scheme Fund - 2678000 , Own Fund - 244750 , Beneficiary Contribution (Direct Expenditure) - 334750	3257500		0	325750 0
13	ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ	പുലാമ ന്തോൾ	ഗ്രാമപ ഞ്ചായത്ത്	Own Fund - 125000	125000	Own Fund - 98813	98813	26187
14	ജൈവവൈവിധ്യ രെജിസ്റ്റർ തയ്യാറാക്കൽ	കൂട്ടിലങ്ങാ ടി	ഗ്രാമപ ഞ്ചായത്ത്	Own Fund - 125000	125000	Own Fund - 121940	121940	3060
15	ജൈവവൈവിധ്യര ജിസ്റ്റർ തയ്യാറാക്കൽ	കോഡൂർ	ഗ്രാമപ ഞ്ചായത്ത്	Own Fund - 125000	125000	Own Fund - 7567	7567	117433
16	പശ്ചിമഘട്ട വികസന പദ്ധതിക്ക 10% പഞ്ചായത്ത് വിഹിതം മാറ്റി വക്കൽ	അങ്ങാടിപ്പ റം	ഗ്രാമപ ഞ്ചായത്ത്	Development Fund(General) - 208688	208688		0	208688
17	ജനകീയജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ	ഇരിമ്പിളി യം	ഗ്രാമപ ഞ്ചായത്ത്	Own Fund - 95405	95405		0	95405
18	ജൈവവൈവിധ്യര ജിസ്റ്റർ തയ്യാറാക്കൽ	തെന്നല	ഗ്രാമപ ഞ്ചായത്ത്	Development Fund(CFC Grant) - 75000 , Own Fund - 41611	116611		0	116611
19	ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ	പെരുമണ്ണ ക്ലാരി	ഗ്രാമപ ഞ്ചായത്ത്	Own Fund - 70000	70000		0	70000
20	പീപ്പിൾസ്ബയോ ഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കൽ.	മാറഞ്ചേരി	ഗ്രാമപ ഞ്ചായത്ത്	Own Fund - 118036	118036	Own Fund - 93550	93550	24486
21	പരിസ്ഥിതിപുനരു	നന്നമുക്ക്	ഗ്രാമപ	Own Fund -	100000	Own Fund	100000	0

ക്രമ നം	പദ്ധതിയുടെ പേര്	തദ്ദേശ സ്ഥാപന ത്തിന്റെ പേര്	തരം		ഫണ്ട്- വിവരങ്ങ ൾ	ആകെ ഫണ്ട്	ചെലവ് വിവര ങ്ങൾ	ചെലവ്
	ജീവന പ്രവർത്തികൾ - ഔഷധത്തൈകൾ വച്ചു പിടിപ്പിക്കൽ		ഞ്ചായത്ത്	100000		- 100000		
	ആകെ				5644483		777455	4867028

2017-18 വർഷത്തിൽ 56,44,483/ രൂപയുടെ പദ്ധതികൾ ആസൂത്രണം ചെയ്യുവെങ്കിലും 7,77,455/ രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഇത് ആകെ അനുവദിച്ച തുകയുടെ കേവലം 14% മാത്രമാണ്. കൃത്യമായ ആസൂത്രണത്തോടെ ഇത്തരം പദ്ധതികൾ നടപ്പിലാക്കിയാൽ മാത്രമെ പദ്ധതികൾ വിജയത്തിലെത്തിക്കാൻ സാധിക്കൂ.

കീഴ് തട്ട് നിർദേശങ്ങൾ

- കാട്ടുതീ തടയുന്നതിനാവശ്യമായ നൂതന സാങ്കേതികവിദ്യകൾ ഏർപ്പെടുത്തുക
- ചോല വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുക,
- കാവുകൾ സംരക്ഷിക്കുക,
- കുളം നിർമിക്കുക / നിലവിലുള്ള കുളങ്ങൾ സംരക്ഷിക്കുക,
- സാധ്യമാവുന്ന കനാലുകൾ നിർമിക്കുക,
- മഴക്കുഴികൾ നിർമിക്കുക,
- ബണ്ടുകൾ നിർമിക്കുക,
- കയ്യാലകൾ നിർമിക്കുക,
- ആവശ്യമുള്ളിടത്ത് ചെറിയ ചെക്ക് ഡാമുകൾ നിർമിക്കുക,
- നഗരപ്രാന്ത പ്രദേശങ്ങളിലെ ഒഴിഞ്ഞ് കിടക്കുന്ന മേഖലകളിലും മറ്റും ഫലവൃക്ഷങ്ങൾ വച്ച്പിടിപ്പിച്ച് കാർബൺ ന്യൂടൽ പഞ്ചായത്ത്/ നഗരം എന്ന സങ്കൽപ്പത്തിന് ആവശ്യമായ പദ്ധതികൾ തയ്യാറാക്കുക. ഇതിനായി വയനാട് ജില്ലയിലെ മീനങ്ങാടി പഞ്ചായത്തിനെ മാതൃകയാക്കാവുന്നതാണ്.
- ദിനാചരണങ്ങളുടെ ഭാഗമായി നട്ട് പിടിപ്പിക്കുന്ന തൈകളുടെ മൂന്ന് വർഷത്തെയെങ്കിലും പരിപാലനം ഉറപ്പാക്കുക.
- ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് ജൈവവളങ്ങൾ നിർമിക്കുന്നതിന് ആവശ്യമായ പരിശീലനങ്ങൾ നൽകുക,
- ഇത്തരം വളങ്ങൾ കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് പ്രോൽസാഹിപ്പിക്കുന്നതിന് ബന്ധപ്പെട്ട പ്രാദേശിക ഭരണകൂടങ്ങൾ പദ്ധതി തയ്യാറാക്കുക,
- ഫാമുകളിൽ നിന്നും നഗരങ്ങളിൽ നിന്നുമുള്ള ജൈവമാലിന്യങ്ങൾ അവയുടെ ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കുന്നതിനുള്ള പദ്ധതികൾ ബന്ധപ്പെട്ട പ്രാദേശിക ഭരണകൂടങ്ങൾ തയ്യാറാക്കുക,

- പൊന്നാനി മുതൽ കടലുണ്ടിവരെയുള്ള തീരപ്രദേശങ്ങളിൽ ബദാം, കാറ്റാടി, പൂവരശ് മുതലായ മരങ്ങൾ വച്ച് പിടിപ്പിച്ച് ഗ്രീൻ ബെൽറ്റ് നിർമിക്കുക.
- വ്യവസായ ശാലകളിലും, വീടുകളിലും, പൊതുസ്ഥലങ്ങളിലും മഴവെള്ള സഭരണം കർശനമാക്കുക.
- പ്രാദേശിക ഘടനകൾക്ക് അനുയോജ്യമായ രീതിയിലുള്ള കാർഷിക രീതികൾ പ്രോത്സാഹിപ്പിക്കുക.
- ആശുപത്രികൾ, സ്കൂളുകൾ മുതലായ പൊതു സ്ഥലങ്ങളിൽ മരങ്ങൾ വച്ച് പിടിപ്പിച്ച് സംരക്ഷിക്കുന്നതിന് ആവശ്യമായ പദ്ധതികൾ തയ്യാറാക്കുക.
- സമ്മിശ്ര കൃഷിരീതികൾ പ്രോൽസാഹിപ്പിക്കുക.
- കാട്ടുതീ തടയുന്നതിനുള്ള പദ്ധതി തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണത്തോടെ തയ്യാറാക്കുക
- മനുഷ്യ – മൃഗ സംഘർഷം കൂടുതലുള്ള പ്രദേശങ്ങളിൽ സൗരോർജ്ജ വേലി, കിടങ്ങുകൾ തുടങ്ങിയ പദ്ധതികൾ ആസൂത്രണം ചെയ്യുക.

6.6 – വ്യവസായം

ത്രിതല പഞ്ചായത്തുകളുടെ പദ്ധതികളുടെ അവലോകനം

2016–17, 2017–18 വർഷങ്ങളിലെ മലപ്പുറം ജില്ലയിലെ തദ്ദേശ ഭരണസ്ഥാപനങ്ങളിലെ പ്രോജക്ടുകളുമായി ബന്ധപ്പെട്ട് പരിശോധിക്കുമ്പോൾ എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങളിലും ആകെ പ്രോജക്ടുകളുടെ എണ്ണം വർദ്ധിച്ചതായി കാണാം. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 6.14 : പ്രോജക്ടുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ ഭരണ സ്ഥാപന അവലോകനം

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്	ആകെ പ്രോജക്ടുകളുടെ എണ്ണം		ഉല്പാദന മേഖലയിലുള്ള പ്രോജക്ടുകളുടെ എണ്ണം		വ്യവസായമേഖലയുടെ പ്രോജക്ട്	
വർഷം	2016–17	2017–18	2016–17	2017–18	2016–17	2017–18
ഗ്രാമപഞ്ചായത്ത്	18317	20420	1631	2093	152	201
ബ്ലോക്ക് പഞ്ചായത്ത്	1222	1441	170	251	30	48
മുൻസിപ്പാലിറ്റി	3576	4211	244	321	27	55
ജില്ലാപഞ്ചായത്ത്	1090	1227	104	330	20	30
ആകെ	24205	27299	2149	2995	229	334

(സ്രോതസ്സ്: ഐ .കെ .എം സുലേഖ)

കീഴ് തട്ട് നിർദ്ദേശങ്ങൾ

A. അടിസ്ഥാന സൗകര്യ വികസനം:

ജനസാന്ദ്രത കൂടിയ ജില്ലയിൽ വ്യവസായത്തിന് ആവശ്യമായ ഭൂമിയുടെ ലഭ്യത വ്യവസായ വികസനത്തിന് തടസ്സം നിൽക്കുന്നു. അതിനാൽ ലഭ്യമായ ഭൂമി പരമാവധി ഉപയോഗപ്പെടുത്തുക എന്നുള്ളതാണ് ഈ കുറവ് മറികടക്കുന്നതിനുള്ള പോംവഴി. ഇതിനായി

1. നിലവിൽ (പഞ്ചായത്തുകൾ) തദ്ദേശ ഭരണ സ്ഥാപനങ്ങൾ വ്യവസായ ആവശ്യത്തിനുവേണ്ടി നീക്കി വച്ചിരിക്കുന്ന ഭൂമി ഉപയോഗിക്കപ്പെടാതെയോ, ഭാഗികമായി മാത്രം ഉപയോഗിക്കുന്നതോ ആണ്. ഇവയിൽ മറ്റ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി പൂർണ്ണമായും പ്രവർത്തനസജ്ജമാക്കുക.

2. ജില്ലയിൽ കൃഷിക്ക് ഉപയുക്തമല്ലാത്ത 7078 ഹെക്ടർ ഭൂമി ഉണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. നിലവിൽ വ്യവസായ ആവശ്യത്തിന് ഭൂമി കണ്ടെത്തിയിട്ടില്ല. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഈ ഭൂമി ഉപയോഗപ്പെടുത്തി വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുക. വ്യവസായ എസ്റ്റേറ്റിന് ഭൂമി ലഭ്യമല്ലാത്ത തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ മൾട്ടിസ്റ്റോറീഡ് ഗാല പണിയുക. ഇങ്ങിനെ എല്ലാ തദ്ദേശ ഭരണസ്ഥാപനത്തിനും ഒരു വ്യവസായാധിഷ്ഠിത ഭൂമി ഉറപ്പുവരുത്തുക.

മേൽത്തട്ട് നിർദ്ദശം

1. ഇത്തരം വ്യവസായാധിഷ്ഠിത ഭൂമിയിൽ അടിസ്ഥാന സൗകര്യ വികസനത്തിന് (റോഡ്, കെട്ടിടം, വൈദ്യുതി) തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് തുക നീക്കിവക്കുന്നതിന് നിലവിലുള്ള പദ്ധതി നിർദ്ദേശത്തിൽ ചില പരിമിതികളുണ്ട്. ഇവ മറികടക്കുന്നതിന് വ്യവസായ വികസന പ്ലോട്ടുകളിലേക്കുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് മാത്രം തദ്ദേശ ഭരണ സ്ഥാപനങ്ങളെ അനുവദിക്കുന്ന തരത്തിൽ നിർദ്ദേശത്തിൽ മാറ്റം വരുത്തുക.

2. പൊതു മേഖലയിലോ, സ്വകാര്യ മേഖലയിലോ ഉള്ള വൻകിട വ്യവസായ സ്ഥാപനങ്ങൾ ജില്ലയിൽ വളരെ കുറവാണ്. അതുകൊണ്ടു തന്നെ അനുബന്ധ വ്യവസായ സ്ഥാപനങ്ങളും ഗണ്യമായി കുറയുന്നു. അതിനാൽ രണ്ടോ അധിലധികമോ വൻകിട വ്യവസായ സ്ഥാപനങ്ങൾ ജില്ലയിൽ പുതിയതായി ഉണ്ടാക്കുന്നത് വ്യവസായ മേഖലയ്ക്ക് ഒരു പുത്തനുണർവുണ്ടാക്കും. അതിനാൽ സർക്കാർ തലത്തിലോ, സർക്കാർ സ്വകാര്യ പങ്കാളിത്തത്തോടെയോ വൻകിട വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുക.

B. വിഭവാധിഷ്ഠിത പ്രശ്ന പരിഹാരങ്ങൾ:

ജില്ലയിൽ വ്യവസായികമായി തൊഴിലവസരങ്ങൾ കോണ്ടും, മൂലധന നിക്ഷേപങ്ങൾകൊണ്ടും ഏറ്റവും വികസന സാദ്ധ്യതയുള്ള മേഖലയാണ് ഭക്ഷ്യസംസ്കരണ മേഖലയും, ഗാർമെന്റ്സ് & ടെക്സ്റ്റയിൽസ് മേഖലയും. ഭക്ഷ്യസംസ്കരണ മേഖലയെ പരിപോഷിപ്പിക്കുന്നത് കാർഷിക മേഖലക്ക് പുത്തനുണർവുണ്ടാക്കുമെന്ന കാര്യത്തിൽ സംശയമില്ല. ജില്ലയിലെ പ്രധാന കാർഷിക വിളകളായ തെങ്ങ്, കവുങ്ങ്, വാഴ, കപ്പ എന്നിവയെ പൂർണ്ണമായ തോതിൽ വിനിയോഗപ്പെടുത്തുന്നില്ല. ഇതിൽ നിന്നുണ്ടാക്കാവുന്ന മൂല്യവർദ്ധിത ഉല്പന്നങ്ങൾ കൂടുതൽ മേഖലകളിലേക്ക് വ്യാപരിക്കേണ്ടിയിരിക്കുന്നു. ഇതിനുള്ള ടെക്നോളജി നവകേരള മിഷൻ പോലുള്ള പുതിയ പദ്ധതികളുമായി സംയോജിപ്പിച്ച് വികസിപ്പിക്കേണ്ടതാണ്. ഇതിനായി താഴെപറയുന്ന നിർദ്ദേശങ്ങൾ നടപ്പാക്കുക.

1. കാർഷികോൽപന്നങ്ങളെ മൂല്യ വർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിന് നൂതന സാങ്കേതിക വിദ്യ ലഭ്യമാക്കുന്നതിനും, ആവശ്യമായ അടിസ്ഥാന വികസനമൊരുക്കുന്നതിനും കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടെയുള്ള പദ്ധതിയാണ് SAMPADA(Scheme for agro-marine processing and development of agro clusters). ഇതുമായി ബന്ധപ്പെടുത്തി മലപ്പുറം ജില്ലയിൽ പദ്ധതികൾ രൂപീകരിക്കുക.
2. കാർഷിക വിഭവങ്ങൾ ഏറ്റവുമധികം ലഭ്യമാക്കുന്ന താലൂക്കുകളാണ് ഏറനാട്, നിലമ്പൂർ, പെരിന്തൽമണ്ണ എന്നിവ. ഈ മൂന്നു താലൂക്കുകളെ കേന്ദ്രീകരിച്ചുകൊണ്ട് നിലമ്പൂരിൽ ലഭ്യമാക്കുന്ന 100 ഏക്കർ സ്ഥലത്ത് ഒരു മെഗാഫുഡ് പാർക്ക് ആരംഭിക്കുക ഈ ഭൂമിയിൽ കാർഷിക മൂല്യവർദ്ധിത ഉല്പന്നങ്ങളുടെയും ഡയറിയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെയും സംയുക്തപാർക്ക് സ്ഥാപിക്കുന്നതായിരിക്കുക. (ഇതിനെ കൃഷി-വ്യവസായ-മൃഗസംരക്ഷണ വകുപ്പുകളുമായി സംയോജിപ്പിക്കാവുന്നതാണ്. ഇതിനാവശ്യമായ പ്രോജക്ട് തുകയുടെ 50% കേന്ദ്ര ഗവൺമെന്റിന്റെയും 50% സംസ്ഥാന തദ്ദേശ ഭരണ സ്ഥാപനങ്ങളും വഹിക്കാവുന്നതാണ്).
3. പെരിന്തൽമണ്ണ താലൂക്കിൽ മങ്കട ബ്ലോക്ക് പഞ്ചായത്തിലും, കുറുവ ഗ്രാമപഞ്ചായത്തിലും വ്യവസായ ആവശ്യത്തിനുവേണ്ടി മാറ്റിവച്ച ഭൂമി ലഭ്യമാണ്. ഇവിടെ കേന്ദ്ര-സംസ്ഥാന തദ്ദേശഭരണസ്ഥാപന-സ്വകാര്യ പങ്കാളിത്തത്തോടെ അഗ്രോ പ്രോസസ്സിംഗ് ക്ലസ്റ്റർ രൂപീകരിക്കുക.
4. ജില്ലയിൽ 70 കി.മി ഭൂമി തീരപ്രദേശമാണ് . ജില്ലയിലെ മത്സ്യബന്ധന തുറമുഖങ്ങളായ പൊന്നാനി, താനൂർ, പരപ്പനങ്ങാടി എന്നിവയെ കേന്ദ്രീകരിച്ചുകൊണ്ട് മത്സ്യസംസ്കരണ യൂണിറ്റുകൾക്ക് വലിയ സാദ്ധ്യതയാണ് ജില്ലക്കുള്ളത്. കൂടാതെ ഇൻലാന്റ് മത്സ്യോല്പാദനത്തിനും സാദ്ധ്യതയുള്ള പ്രദേശമാണിത്. പൊന്നാനി മുൻസിപ്പാലിറ്റിയിലോ, പൊന്നാനി, തിരൂർ ബ്ലോക്കുകളിലോ ലഭ്യമാക്കാവുന്ന വ്യവസായ ഭൂമിയും നിലവിലുണ്ട്. ഇതിനെ ഉപയോഗപ്പെടുത്തികൊണ്ട് മത്സ്യ സംസ്കരണ മേഖലയിൽ കേന്ദ്ര സംസ്ഥാന സഹകരണത്തോടെ വ്യവസായ ക്ലസ്റ്റർ രൂപീകരിക്കുക.
   (വികസിച്ചുകൊണ്ടിരിക്കുന്ന കാലിക്കറ്റ് വിമാനത്താവളവും, പൊന്നാനി തുറമുഖവും നമുക്ക് നല്ല കയറ്റുമതി സാദ്ധ്യതകളാണ് തുറന്നു തരുന്നത്. ഇവയെ പരമാവധി ഉപയോഗപ്പെടുത്തുന്നതിന് ഉല്പന്നങ്ങളുടെ ഗുണമേൻമ ഉറപ്പുവരുത്തുന്ന അത്യാധുനിക പരിശോധന ലബോറട്ടറികളും ഇതിന്റെ ഭാഗമായി ഉണ്ടാക്കാവുന്നതാണ്.)
5. ജില്ലയിൽ വ്യാപകമായി കൃഷി ചെയ്തു വരുന്ന രണ്ടു വിളകളാണ് തെങ്ങും, കവുങ്ങും. ഇവയുടെ ഉല്പന്നങ്ങളെ പൂർണ്ണമായ തോതിൽ ഉപയോഗപ്പെടുത്തുന്നതിന് നമുക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. തേങ്ങയിൽ നിന്നും ഉണ്ടാക്കാവുന്ന മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ 25.30% മാത്രമാണ് നിലവിൽ നമ്മൾ ഉപയോഗപ്പെടുത്തുന്നത്. നാളികേരത്തിന്റെ ഉപവിഭാഗമായ ചിരട്ട, ചകിരി, ചകിരിച്ചോർ എന്നിവ ഉല്പാദന പ്രക്രിയയിൽ ഉൾപ്പെടാതെ ഭൂരിഭാഗവും നഷ്ടപ്പെടുകയാണ്. തൊണ്ടുസംഭരണത്തിന് കേന്ദ്രീകൃത രൂപം ഇല്ലാത്തത് വലിയ പ്രതിക്കൂല ഘടകമാണ്. ഈ വിടവു നികത്തുന്നതിന് ത്രിതല പഞ്ചായത്തുകൾ കേന്ദ്രീകരിച്ചുകൊണ്ട് കുടുംബശ്രീ-സി.ഡി.എസ് സംവിധാനം വഴി ഡി.എഫ് മെഷിൻ വിതരണം ചെയ്ത് ചകിരിയുടെ ഉല്പാദനം വർദ്ധിപ്പിക്കുക.
6. ജൈവ വളത്തിന് ഇന്ന് പ്രാധാന്യം വർദ്ധിച്ചു കൊണ്ടിരിക്കയാണ്. എന്നാൽ ചകിരിചോറിനെ ജൈവവള നിർമ്മാണമാക്കി മാറ്റുന്ന യൂണിറ്റുകൾ നിലവിലില്ല. ചകരിചോറിനെ ജൈവവളമാക്കുന്ന വിത്ത് പ്ലസ് സൗജന്യമായി നൽകികൊണ്ട് ജൈവവള നിർമ്മാണ യൂണിറ്റുകൾ ജില്ലയിൽ ആരംഭിക്കുക.
7. കൃഷി, സോയിൽകൺസർവേഷൻ, ത്രിതല പഞ്ചായത്ത് എന്നിവ നടപ്പിലാക്കി വരുന്ന മണ്ണ് സംരംക്ഷണത്തിനും, റോഡു നിർമ്മാണം തോടുകളുടെയും, കുളങ്ങളുടെയും, സൈഡ് സംരംക്ഷണം എന്നീ മേഖലകളിലും കയറിന്റെ പുത്തൻ ഉപയോഗങ്ങളിലൊന്നായ കയർ ഭൂവസ്ത്രത്തെ പരമാവധി ഉപയോഗപ്പെടുത്തുക.

8. ചിരട്ട കൊണ്ടുണ്ടാക്കുന്ന ആക്ടിവേറ്റഡ്കാർബൺ (ചിരട്ടകരി) പൊതുമാർക്കറ്റുകളിൽ ആവശ്യക്കാരേറെയാണ്. ജില്ലയിൽ ഇത്തരം യൂണിറ്റുകൾ ഒന്നും തന്നെ നിലവിലില്ല.
9. സംസ്ഥാനത്ത് അടക്ക ഉല്പാദിപ്പിക്കുന്നതിൽ മലപ്പുറം ജില്ലക്ക് പ്രമുഖസ്ഥാനമാണുള്ളത്. എന്നാൽ ഇവ അതേപോലെ വില്പന നടത്തുകയല്ലാതെ അതിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കപ്പെടുന്നില്ല. പെയിന്റിന്റെ പ്രധാന അസംസ്കൃത വസ്തുവായ അടക്കയുടെ മൂല്യവർദ്ധിത ഉല്പന്നം ഉണ്ടാക്കുന്നതിന് നവകേരളമിഷന്റെ സഹായത്തോടെ ടെക്നോളജി വികസിപ്പിക്കുക.
10. പരമ്പരാഗത കരകൗശല ജോലി സാധ്യതകളെ ജില്ല ഇതുവരെ ഉപയോഗപ്പെടുത്തിയിട്ടില്ല. ഓർണമെന്റൽ പോട്ടറി, മുളകൊണ്ടുള്ള കരകൗശല ഉല്പന്നങ്ങൾ, മൺപാത്ര നിർമ്മാണം, തടികൊണ്ടുള്ള കരകൗശല ഉല്പന്നങ്ങൾ, ചിരട്ട, തുണി, കയർ, കക്കകൾ എന്നിവയുടെ കരകൗശലവസ്തുക്കൾ തുടങ്ങിയവയുടെ വിപണന സാദ്ധ്യതകളെ ജില്ല പൂർണ്ണമായും ഉപയോഗപ്പെടുത്തിയിട്ടില്ല. അതിനാൽ ഇത്തരം ഉല്പന്നങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവന്ന് ക്രാഫ്റ്റ് വില്ലേജ്(കോഴിക്കോട് ഇരിങ്ങൽ മോഡൽ) നിലമ്പൂർ തേക്ക് മ്യൂസിയം പോലുള്ള ടൂറിസ്റ്റ് സെന്ററുകളുമായി സംയോജിപ്പിച്ചുകൊണ്ട് ത്രിതല പഞ്ചായത്ത്-സഹകരണ മേഖലയിൽ ആരംഭിക്കുക.
11. പൊന്നാനി താലൂക്ക് കേന്ദ്രീകരിച്ചുകൊണ്ട് തവിടുകളയാത്ത ബ്രാൻഡഡ് അരി ഉത്പാദിപ്പിക്കുന്ന യൂണിറ്റ് പി.പി.പി മോഡലിൽ ആരംഭിക്കുക.

C. നൈപുണ്യ ശേഷി വികസന പ്രശ്നപരിഹാരനിർദ്ദേശങ്ങൾ:

നമ്മുടെ വിഭവങ്ങൾ പരിമിതമാണ്. ഈ വിഭവങ്ങളെ പരമാവധി ഉപയോഗപ്പെടുത്തി സംരംഭകനിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിന് മേൻമയേറിയ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും, പുതിയ പ്രവണതകളെ മനസ്സിലാക്കുന്നതിനും, അവയെ പരിപോഷിപ്പിക്കുന്നതിനും നൈപുണികൾ വികസിപ്പിക്കേണ്ടതുണ്ട്. അഭ്യസ്തവിദ്യരായ ധാരാളം യുവതീയുവക്കാൾ നമുക്കുണ്ട്. ഇവരെ കണ്ടെത്തി കൃത്യമായ പരിശീലനം നൽകുന്നതിലൂടെ മാത്രമേ ഒരു യഥാർത്ഥ വ്യവസായ സംരംഭം രൂപം കൊള്ളുകയുള്ളൂ.

1. എന്ത് വ്യവസായം തുടങ്ങണം, എവിടെ തുടങ്ങണം, നിലവിലുള്ള ഉത്പന്നത്തിന്റെ എന്ത് വൈവിദ്ധ്യവത്ക്കരണമാണ് ആവശ്യം, ലഭ്യമായ അസംസ്കൃത വസ്തുക്കളെ ജനങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് എങ്ങിനെ മാറ്റിയെടുക്കാം എന്നിവയെ കുറിച്ച് പഠനങ്ങൾ നടത്തി സംരംഭകരെ സഹായിക്കാനുതകുന്ന റിസർച്ച് & ഡവലപ്പ്മെന്റ് വിങ്ങും ഇതിനോടനുബന്ധിച്ച് പൂർണ്ണമായ സജ്ജീകരണത്തോടുകൂടിയ ഇൻകുബേഷൻ സെന്ററും (കോഴിക്കോട്, എൻ.ഐ.ടി, CTCRI തിരുവനന്തപുരം എന്നിവ മാതൃകയാക്കാം). കൂടാതെ സ്കിൽ ഡവലപ്പ്മെന്റ് സെന്ററും സ്ഥാപിക്കുക. ജില്ലയെ നാലു മേഖലകളിലാക്കി തിരിച്ചുകൊണ്ട് ഓരോ മേഖലയിലും പ്രധാനപ്പെട്ട വ്യവസായങ്ങൾ ആരംഭിക്കാവുന്നതാണ്. ഭക്ഷ്യസംസ്കരണ മേഖലയിൽ ഇതിനാവശ്യമായ ഉപകരണങ്ങളുടെ ചെലവിന്റെ 100%വും പ്രോജക്ട് സ്റ്റാഫിന്റെ ശമ്പളമുൾപ്പെടെയുള്ള എല്ലാ കൺസ്യൂമബ്ൾസിന്റെയും 3 വർഷത്തെ ചെലവ് കേന്ദ്ര ഭക്ഷ്യമന്ത്രാലയം SAMPADA പദ്ധതി പ്രകാരം ലഭിക്കുന്നതാണ്.
2. നമ്മുടെ സമൂഹത്തിലെ മിക്ക ആളുകളും ഇന്ന് വൈറ്റ്കോളർ ജോലിയോട് ആഭിമുഖ്യമുള്ളവരാണ്. ഇവരിൽ സംരംഭകത്വ ശീലം ചെറുപ്പത്തിലേ വളർത്തുന്നതിന് വ്യവസായ വികസന വകുപ്പ് കോളേജുകളിൽ പദ്ധതി നടപ്പിലാക്കി വരുന്നു. സംരംഭകത്വ വികസന ക്ലബ് പോലുള്ള സംവിധാന ത്രിതല പഞ്ചായത്തുകളുടെ മേൽനോട്ടത്തിൽ നടപ്പിലാക്കുക. കൂടാതെ ഇത്തരം സംവിധാനങ്ങളിലൂടെ സംരംഭം ആരംഭിക്കുന്നവർക്ക് ഗ്രേസ് മാർക്ക് അനുവദിക്കുക.

D. വിപണന പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ:

വ്യവസായ ഉല്പാദന വ്യൂഹത്തിൽ വിപണനം പ്രധാന പങ്കുവഹിക്കുന്നു. ജില്ലയിൽ ഉത്പ്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിപണനം ചെയ്യുകവഴി മാത്രമേ പ്രക്രിയ പൂർണ്ണമാകൂ. ഇതിനുതകും വിധം വിപണന മേഖല മാറേണ്ടതുണ്ട്.

1. ജില്ലയിൽ ഉല്പാദിപ്പിക്കുന്ന ഉൽപന്നങ്ങൾക്ക് വിപണന സൗകര്യം ലഭ്യമാക്കുന്നതിന് എല്ലാ താലൂക്ക് കേന്ദ്രങ്ങളിലും ഓരോ മാർക്കറ്റിംഗ് ഹൗസുകൾ സ്ഥാപിക്കണം കൂടാതെ ജില്ലക്ക് സ്ഥിരമായി മലപ്പുറം ജില്ലയിലെ കോട്ടക്കുന്ന് താഴ് വരയിൽ റവന്യൂവകുപ്പിന്റെ കൈവശമുള്ള ഭൂമിയിൽ ദേശീയ അന്തർദേശീയ മേളകൾ നടത്തുന്നതിന് സ്ഥിരം എക്സ്ബിഷൻ സെന്ററും, സെമിനാർ, ബി.ടു.ബി മീറ്റ് എന്നിവ നടത്തുന്നതിന് പി.പി.പി മോഡലിൽ കൺവെൻഷൻ സെന്ററും സ്ഥാപിക്കുക.
2. അന്താരാഷ്ട്ര നിലവാരമുള്ള വിമാനത്താവളം ജില്ലയിലുണ്ട്. എന്നാൽ ഇതിൻറെ സാധ്യതകളെ നമ്മൾ പൂർണ്ണമായും ഉപയോഗപ്പെടുത്തിയിട്ടില്ല. ജില്ലയിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളെ കയറ്റുമതി ചെയ്യുന്നതിന് വേണ്ട സഹായങ്ങൾ ചെയ്യാനുതകുന്ന കയറ്റുമതി പ്രോത്സാഹന കേന്ദ്രം സ്ഥാപിക്കുക. കൂടാതെ ഇതിനോടാനുബന്ധിച്ച് ഭക്ഷ്യ-മാംസ ഉത്പ്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കാനുതകുന്ന ശീതികരണ സംവിധാനവും ഏർപ്പെടുത്തുക.
3. കുടുംബശ്രീ വഴി ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളെ ഒരു പൊതു ബ്രാന്റിൽ കൊണ്ടുവന്ന് വിപണനം നടത്തുന്നതിന് പദ്ധതി രൂപീകരിക്കുക.
4. ജില്ലാവ്യവസായകേന്ദ്രം വഴിയും കുടുംബശ്രീ വഴിയും ധാരാളം കോട്ടേജ് വ്യവസായ യൂണിറ്റുകൾ നിലവിലുണ്ട്. ഉദാ: അച്ചാർ ഉല്പാദന യൂണിറ്റ്, പപ്പട നിർമ്മാണ യൂണിറ്റ്, മെഴുകുതിരി നിർമ്മാണ യൂണിറ്റ്, എൽ.ഇ.ഡി ബൾബ് നിർമ്മാണ യൂണിറ്റ് എന്നിവ. ഇവ വിപണി മത്സരം നേരിടുന്നതിന് ത്രിതല പഞ്ചായത്ത് കേന്ദ്രീകരിച്ചുകൊണ്ട് നാനോ യൂണിറ്റുകളുടെ കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുകയും അവയുടെ മേൽനോട്ടം പഞ്ചായത്തുകളെ ഏൽപ്പിക്കുകയും ചെയ്യുക.

E. മറ്റ് വ്യവസായ വികസന നിർദ്ദേശങ്ങൾ

1. ദേശസാൽകൃത ബാങ്കുകളിലും, സഹകരണ ബാങ്കുകളിലും കാർഷികാവശ്യത്തിനുള്ള വായ്പക്ക് സബ്സിഡി നൽകുന്നതുപോലെ എം.എസ്.എം.ഇ സെക്ടറുകളിലും സംസ്ഥാന-കേന്ദ്ര സർക്കാറിന്റെ സഹായത്തോടെ പലിശ സബ്സിഡി സ്കീം ഏർപ്പെടുത്തുക.

2. സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ ചെറുകിട വ്യവസായ മേഖലയിൽ വായ്പ സ്കീമുകൾ നിലവിലില്ല. ആകെയുള്ള നിക്ഷേപത്തിൻറെ 20% ശതമാനമെങ്കിലും ഈ സെക്ടറിലേക്ക് നീക്കിവച്ചുകൊണ്ട് പുതിയ നയം ആവിഷ്കരിക്കുക.

3. അടുത്ത 5 വർഷത്തിനുള്ളിൽ 3 വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിച്ച് പ്രവർത്തന സജ്ജമാക്കുക. (നിലമ്പൂർ, ഏറനാട്, പെരിന്തൽമണ്ണ താലൂക്കുകൾ) (കേന്ദ്ര-സംസ്ഥാന സർക്കാർ, പൊതു-സ്വകാര്യ പങ്കാളിത്തം, സ്വകാര്യം)

4. ജില്ലയുടെ സമഗ്ര പുരോഗതി ലക്ഷ്യം വെച്ചുകൊണ്ട് ചെറുകിട, ഇടത്തരം യൂണിറ്റുകളെ ഒന്നിപ്പിച്ചു കൊണ്ട് ക്ലസ്റ്റർ രൂപീകരിക്കുക. ഉദാ: പ്രിൻറിംഗ്, ഓട്ടോമൊബൈൽ ക്ലസ്റ്റർ മുതലായവ.

5. ഓരോ വർഷവും ആരംഭിക്കുന്ന യൂണിറ്റുകളിൽ 10-15% പല കാരണങ്ങൾ കൊണ്ട് പീഡിത വ്യവസായമാകുന്നുണ്ട്. ടി യൂണിറ്റുകളുടെ പുന:രുദ്ധാരണത്തിന് സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ വായ്പയും ഗ്രാൻറും നൽകികൊണ്ട് പുതിയ പദ്ധതി നടപ്പിലാക്കുക.

6. വിദേശങ്ങളിൽ നിന്നും തിരിച്ചുവരുന്ന ആളുകൾക്ക് വ്യവസായം സംരംഭം ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ ദേശാസാൽകൃത സഹകരണ ബാങ്കുകളുടെ സഹകരണത്തോടെ സമാഹൃത നിധി രൂപീകരിക്കുകയും ഇതിൽ നിന്നും പലിശ സബ്സിഡിയോടു കൂടിയ വായ്പ അനുവദിക്കുകയും ചെയ്യുക.

7. മുകളിൽ പറഞ്ഞിരിക്കുന്ന സമാഹൃത നിധി ഉപയോഗിച്ച് ഇത്തരം സംരംഭകർക്ക് മാത്രമായി ജില്ലയിൽ വിശ്യഷ്യാ നിലമ്പൂർ, പെരിന്തൽമണ്ണ, ഏറനാട് താലൂക്കുകളിൽ വ്യവസായ പാർക്കുകൾ സ്ഥാപിക്കുക.(പി.പിപി മോഡൽ)

F. തദ്ദേശ ഭരണസ്ഥാപനങ്ങളിലെ വ്യവസായ മേഖലയുമായി ബന്ധപ്പെട്ട പദ്ധതി മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും.

1. തദ്ദേശഭരണസ്ഥാപനങ്ങളിലെ വ്യവസായ അനുബന്ധമേഖലയുമായി ബന്ധപ്പെട്ട പല പദ്ധതികളും, പദ്ധതികൾക്കുവേണ്ടി തയ്യാറാക്കുന്ന പദ്ധതികളാണ്. പ്രസ്തുത തദ്ദേശഭരണ സ്ഥാപനത്തിൽ പദ്ധതി ആർക്കുവേണ്ടിയാണോ അതിന്റെ ഗുണഭോക്താക്കൾ ലഭ്യമാണോ എന്ന പ്രാഥമിക അന്വേഷണത്തിനു ശേഷം മാത്രമേ അത്തരം പദ്ധതി രൂപപ്പെടുത്താവൂ.

2. വ്യവസായ മേഖലയിൽ മുതൽ മുടക്കിനോ, വ്യവസായം ആരംഭിച്ച് അത് വിജയത്തിലെത്തിക്കുന്നതിനോ ദുർബല വിഭാഗങ്ങൾക്ക് സാധിക്കണമെന്നില്ല. അതിനാൽ വ്യവസായ മേഖലയിലെ സംരംഭങ്ങൾക്ക് (സ്വയം തൊഴിൽ സംരംഭങ്ങളൊഴികെ) വനിത, ബി.പി.എൽ മറ്റു ദുർബലവിഭാഗങ്ങൾ എന്ന പരിഗണന ഒഴിവാക്കേണ്ടതാണ്.

3. വ്യവസായമേഖലയിൽ അടിസ്ഥാന സൗകര്യ വികസനത്തിന് ഗ്രാമ ബ്ലോക്ക് ജില്ല പഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ടുകൾ ജില്ല പഞ്ചായത്തിന്റെ നേതൃത്വത്തിൽ തയ്യാറാക്കുന്നതായിരിക്കും ഉചിതം.

4. വ്യവസായ മേഖലക്ക് ഉല്പാദന മേഖലയുടെ 25% തുകയെങ്കിലും നീക്കിവക്കേണ്ടതാണ്.

5. വ്യവസായ വകുപ്പ് കോളേജുകളിൽ സംരംഭകത്വ വികസന ക്ലബ്ബ് രൂപീകരിച്ചിട്ടുണ്ട്. ഇവർ കോളേജുകളിൽ നിന്നും പിരിഞ്ഞു പോകുന്നതിനു ശേഷം തുടർ പ്രവർത്തനങ്ങൾ നിലവിലില്ല. അതിനാൽ ഗ്രാമപഞ്ചായത്ത് തലത്തിൽ സംരംഭകത്വ വികസന ക്ലബ് രൂപീകരിക്കുകയും (വായനശാല, മറ്റു ക്ലബുകൾ പോലെ) തുടർ പ്രവർത്തനം നടത്തേണ്ടതുമാണ്.

6. ഗ്രാമപഞ്ചായത്തുകളിൽ വ്യക്തിഗത സ്വയം സംരംഭങ്ങൾക്ക് പദ്ധതി രൂപീകരിക്കുന്നതുപോലെ ബ്ലോക്ക്, ജില്ല പഞ്ചായത്ത് തലത്തിലും വ്യക്തിഗത പ്രോജക്ടുകൾ തയ്യാറാക്കേണ്ടതാണ്.

മറ്റു നിർദ്ദേശങ്ങൾ

- വ്യവസായികാവശ്യങ്ങൾക്ക് സ്വന്തമായി ഭൂമി ഏറ്റെടുത്തിരിക്കുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, ഇത്തരം ഭൂമിയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പ്രസ്തുത ഭൂമിയിൽ വ്യവസായം തുടങ്ങുന്നതിനും പ്രോജക്ടുകൾ സമർപ്പിക്കേണ്ടതാണ്.
- വ്യവസായികാവശ്യങ്ങൾക്ക് സ്വന്തമായി ഭൂമി ഏറ്റെടുത്തിരിക്കുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, ഇത്തരം ഭൂമിയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പ്രസ്തുത ഭൂമിയിൽ വ്യവസായം തുടങ്ങുന്നതിനും പ്രോജക്ടുകൾ സമർപ്പിക്കേണ്ടതാണ്.

- ഇത്തരം ഭൂമികളുടെ വികസനത്തിന് തദ്ദേശസ്വയംഭരണണ സ്ഥാപനങ്ങളുടെ സംയുക്ത പ്രോജക്ടുകളുടെ സാദ്ധ്യത തേടാവുന്നതാണ്.
- സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലും ഇ.ഡി ക്ലബ് രൂപീകരിക്കേണ്ടതും ഇവയുടെ പ്രവർത്തനത്തിന് 25000/- ൽ കവിയാത്തതുകക്കുള്ള പ്രോജക്ടുകൾ ഗ്രാമ പഞ്ചായത്ത്/ മുനിസിപ്പാലിറ്റികൾക്ക് സമർപ്പിക്കാവുന്നതാണ്.
- കുടുംബശ്രീ/ ചെറുകിട വ്യവസായ സംരംഭകർക്ക് വേണ്ടി ത്രിതല പഞ്ചായത്ത് കേന്ദ്രീകരിച്ചുകൊണ്ട് നാനോ യൂണിറ്റുകളുടെ സി.എഫ്.സി.സ്ഥാപിക്കുക.

6.7 – സഹകരണം

കർഷക സേവന കേന്ദ്രം – പദ്ധതി പ്രവർത്തന റിപ്പോർട്ട്

കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും, കാർഷിക ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുമായി കേരള സർക്കാർ 2012-2013, 2013-2014 വർഷങ്ങളിലെ വാർഷിക ബഡ്ജറ്റിൽ സഹകരണ വകുപ്പ് മുഖേന കർഷക സേവന കേന്ദ്രം പദ്ധതി നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുകയും സംഘങ്ങളെ തിരഞ്ഞെടുക്കുകയും തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കർഷക സേവന കേന്ദ്രം പദ്ധതി ജില്ലയിൽ നടപ്പിലാക്കിയ ബാങ്കുകളുടെ വിവരം താഴെ പറയുന്നു

- പുളിക്കൽ സർവീസ് സഹകരണ ബാങ്ക്
- പൂക്കോട്ടൂർ സർവീസ് സഹകരണ ബാങ്ക്
- ചുങ്കത്തറ സർവീസ് സഹകരണ ബാങ്ക്
- വണ്ടൂർ സർവീസ് സഹകരണ ബാങ്ക്
- കാളികാവ് സർവീസ് സഹകരണ ബാങ്ക്
- രാമപുരം സർവീസ് സഹകരണ ബാങ്ക്
- തിരുരങ്ങാടി സർവീസ് സഹകരണ ബാങ്ക്

നമ്പർ..എഫ്./807 ചുങ്കത്തറ സർവ്വീസ് സഹകരണ ബാങ്ക് ലി. ആംബുലൻസ് സർവ്വീസ് *2 Vehicle*

സാധാരണക്കാരായ ജനങ്ങൾക്ക് ആംബുലൻസ് സേവനം നല്കുക എന്ന ലക്ഷ്യത്തോടു കൂടിയാണ് ബാങ്ക് ഇത്തരത്തിൽ ഒരു സംരഭം ആരംഭിച്ചിട്ടുളളത്. ലാഭം മാത്രം ലക്ഷ്യമാക്കാതെ ആതുര സേവന രംഗത്ത് കഴിയുന്നത്ര സേവനം നല്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് ഈ പദ്ധതിയിലൂടെ ബാങ്കിന് സാധിച്ചിട്ടുണ്ട്. ബാങ്കിലെ അംഗങ്ങൾക്കും, അല്ലാത്തവരുമായ എല്ലാ ജനങ്ങൾക്കും ടി സേവനം ബാങ്ക് നല്കുന്നുണ്ട്.

മോർച്ചറി സർവ്വീസ്

സാധാരണക്കാരായ ജനങ്ങൾക്ക് ചെലവ് കുറഞ്ഞ രീതിയിൽ ടി സേവനം നല്കുക എന്ന ലക്ഷ്യത്തോടു കൂടിയാണ് ബാങ്ക് ഇത്തരത്തിൽ ഒരു സംരഭം ആരംഭിച്ചിട്ടുളളത്. ലാഭം മാത്രം ലക്ഷ്യമാക്കാതെ ആതുര സേവന രംഗത്ത് കഴിയുന്നത്ര സേവനം നല്കുക എന്ന ലക്ഷ്യം

സാക്ഷാത്കരിക്കുന്നതിന് ഈ പദ്ധതിയിലൂടെ ബാങ്കിന് സാധിച്ചിട്ടുണ്ട്. ബാങ്കിലെ അംഗങ്ങൾക്കും, അംഗങ്ങളല്ലാത്തവരുമായ എല്ലാ ജനങ്ങൾക്കും ടി സേവനം ബാങ്ക് നല്കുന്നുണ്ട്.

ഒഴൂർ റൈസ്

കുടുംബശ്രീ യൂണീറ്റുകൾ ജൈവകൃഷിയിലൂടെ ഉത്പാദിപ്പിക്കുന്ന നെല്ല് ശേഖരിച്ച് കുത്തരിയാക്കി ഒഴൂർ റൈസ് എന്നപേരിൽ ബാങ്ക് വില്പന നടത്തി വരുന്നുണ്ട്. ടി സ്ഥാപനം വളരെ നല്ല രീതിയിൽ ആണ് പ്രവർത്തിക്കുന്നത്.

അങ്ങാടിപ്പുറം പഞ്ചായത്ത് വനിത സഹകരണ സംഘം

പത്തിരി നിർമ്മാണ യൂണിറ്റ്

സംഘത്തിൽ ഗവൺമെന്റിൽ നിന്നും കിട്ടിയ ഫണ്ടുപയോഗിച്ചാണ് പത്തിരി നിർമമാണ യൂണിറ്റ് തുടങ്ങിയത്. അതു പ്രകാരം സംഘത്തിലെ എ. ക്ലാസ് മെമ്പർമാരായ 3 വനിതകൾക്ക് തൊഴിൽ നൽകാൻ സാധിച്ചു. അതിൽ നിന്നും സംഘത്തിന് ഒരു ചെറിയ വരുമാനവും കിട്ടുന്നുണ്ട്.

സ്റ്റിക്കർ ലേബലിങ്ങ്.

കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനുമായി ചേർന്ന് കുപ്പികളിമേൽ സ്റ്റീക്കർ ഒട്ടിക്കുന്ന ജോലി സംഘം ഏറ്റെടുത്ത് നടത്തി വരുന്നു. ആയതു പ്രകാരം സംഘത്തിലെ എ ക്ലാസ്സ് മെമ്പർമാരായ 32 വനിതകൾക്ക് തൊഴിൽ നൽകാൻ സാധിക്കുന്നുണ്ട്. 2008 നവംബർ മാസം മുതൽ സംഘം ഇത് നടത്തി വരുന്നുണ്ട്.

പുലാമന്തോൾ സർവീസ് സഹകരണ ബാങ്ക് -ലിഫ്റ്റ് ഇറിഗേഷൻ

ഈ പ്രദേശത്തെ പ്രത്യേകിച്ച് പുലമന്തോൾ പാട ശേഖരത്തിൽ നെൽകൃഷി നിലനിർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി 1967 മുതൽ ഈ ബാങ്ക് ജന സേവന പദ്ധതി നടത്തി വരുന്നുണ്ട്. പല സ്ഥലങ്ങളിലും ആളുകൾ നെൽകൃഷി അവസാനിപ്പിച്ച് മറ്റ് മാർഗ്ഗങ്ങൾ തേടിപ്പോയ സാഹചര്യം നിലവിലിരിക്കേ, ബാങ്കിന്റെ ഈ പദ്ധതിയുടെ ഇടപെടൽ കൊണ്ട് തന്നെ ഇതിന്റെ ആയക്കെട്ട് ഏരിയയിൽ വരുന്ന മുഴുവൻ പ്രദേശത്തും നെൽ കൃഷി ചെയ്ത് വരുന്നുണ്ട്. ഏക്കറിന് 120 രൂപ മാത്രം ഈടാക്കിയാണ് ഇവിടങ്ങളിലേക്ക് വെള്ളമെത്തിക്കുന്നത്.

ബാങ്കിന്റെ സ്വന്തം പേരിൽ പുഴയോട് ചേർന്ന് 3 സെന്റ് സ്ഥലത്ത് ഒരു പമ്പിംഗ് ഹൗസും 2 മോട്ടറും സ്ഥാപിച്ച് കുറ്റമറ്റ രീതിയിൽ ഇത് തുടർന്ന് വരുന്നു. പമ്പ് ഹൗസ് മുതൽ ഏതാണ്ട് 3 കിലോമീറ്റർ ചുറ്റളവിൽ ചെറിയ കനാൽ വഴിയാണ് ഈ വെള്ളം കൃഷിയിടങ്ങളിൽ എത്തിക്കുന്നത്. ഇതിന് വേണ്ടി ഒരു പമ്പ് ഓപ്പറേറ്ററെ ബാങ്ക് നിയോഗിച്ചിട്ടുണ്ട്. നെൽകൃഷിക്ക് വെള്ളമെത്തിക്കുന്ന ഈ പദ്ധതി വളരെ നഷ്ടം സഹിച്ചാണ് ബാങ്ക് നടത്തി കൊണ്ട് പോകുന്നത്. അതേ സമയം ഒരു സാമൂഹിക പ്രതിബന്ധത എന്ന നിലക്ക്, ഉള്ള കൃഷിയെങ്കിലും നില നിർത്തണമെന്ന ഉറച്ച ബോധ്യത്തോടും ഉയർന്ന ചിന്തയോടെയും ഭരണ സമിതി ഇത് നിലനിർത്തി പോരുകയാണ്. ലിഫ്റ്റ് ഇറിഗേഷൻ നഷ്ടമാണെന്നും ഇത് ലാഭകരമാക്കമെന്നും ഓഡിറ്റ് പരാമർശമുണ്ടാകാറുണ്ട്. ലാഭകരമാക്കാൻ കഴിയില്ലെങ്കിലും നഷ്ടം വരാതെ നോക്കുന്നതിന്റെ ഭാഗമായി ഇതിനാവശ്യമായി വരുന്ന കറൻറ് ചാർജ്ജ് കുറച്ച് തരുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കെ.എസ്.ഇ.ബി യോട് അഭ്യർത്ഥിച്ചിരുന്നെങ്കിലും നാളിത് വരെ ഒരു നടപടിയും ഉണ്ടായിട്ടില്ല. മാത്രവുമല്ല കൃഷിക്കായി വെള്ളം ഉപയോഗിക്കുന്നവർ ഉള്ള സംഖ്യ പോലും കൃത്യമായി ബാങ്കിൽ അടവാക്കുന്നുമില്ല.

ഈ സാഹചര്യങ്ങളൊക്കെ നിലനിൽക്കുന്നുണ്ടെങ്കിലും ഏതാണ്ട് 300 ഏക്കറോളം നെൽപ്പാടം വെള്ളമെത്തിച്ച് കൃഷി ചെയ്യാൻ സഹായകരവും കൈത്താങ്ങുമായി വർത്തിക്കാൻ ഈ ബാങ്കിന് സാധിക്കുന്നു എന്ന ചാരിതാർഥ്യ സംതൃപ്തിയും ഉൾക്കൊണ്ട് കൊണ്ട് ഒരോ വർഷവും ഇതിന്റെ അറ്റ കുറ്റ പണികൾ പൂർവ്വാധികം ഭംഗിയോടെ ചെയ്യും, ചെയ്യിച്ചും ഈ ബാങ്കിന്റെ ഈ സ്വപ്ന പദ്ധതി തുടർന്നുകൊണ്ട് പോകും.

കീഴാറ്റൂർ പഞ്ചായത്ത് വനിത സഹകരണ സംഘം

അഗ്രിക്കൾച്ചറൽ നഴ്സറി

മികച്ച ഇനം വിത്തുകളും തൈകളും ഈ പ്രദേശത്തെ കൃഷിക്കാർക്ക് മിതമായ നിരക്കിൽ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി 27.04.2015 ന് ആരംഭിച്ച നഴ്സറി യൂണിറ്റ് 2015-16 സാമ്പത്തിക വർഷത്തിൽ 82540/- രൂപയുടെ വിൽപ്പനയും 2016-17 വർഷത്തിൽ 14555/- രൂപയുടെ വിൽപ്പനയും നടപ്പു സാമ്പത്തിക വർഷത്തിലെ പ്രദേശത്തെ ജലക്ഷാമം കാരണം തൈകൾ ഉൽപ്പാദിപ്പിക്കാൻ പറ്റാത്ത അവസ്ഥയുമാണുണ്ടായത്. എന്നാലും ആനക്കയം വിജ്ഞാന കേന്ദ്രത്തിൽ നിന്നും അതുൽപ്പാദന ശേഷിയുള്ള ഫലവൃക്ഷ തൈകളും വിത്തുകളും വാങ്ങി വിതരണം ചെയ്യുകയുണ്ടായി കൂടാതെ നഴ്സറി യൂണിറ്റ് സ്റ്റോക്ക് ഉണ്ടായിരുന്ന വിവിധ ഇനം ഫലവൃക്ഷ തൈകൾ ഹരിത കേരളത്തിന്റെ ഭാഗമായി അംഗങ്ങൾക്കായി വിതരണം ചെയ്യുകയും ചെയ്തു.

2018 മെയ്, ജൂൺ മാസങ്ങളിൽ വിതരണം ചെയ്യുന്നതിനായി വിവിധ തരം ഫല വൃക്ഷ തൈകളും, കമുക് , തെങ്ങ്, കുരുമുളക് തുടങ്ങിയവയുടെ തൈകളും തയ്യാറാക്കുന്നതിനായി സ്ഥലം കണ്ടെത്തുകയും പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുമുണ്ട്.

വെളിയംകോട് മൾട്ടിപർപ്പസ് സഹകരണ സംഘം

ടൂറിസം

സംഘത്തിന്റെ അംഗങ്ങൾക്കും, അംഗങ്ങളല്ലാത്തവർക്കും വിവാഹം, വിനോദയാത്ര തുടങ്ങിയ ആവശ്യങ്ങൾക്കായി മിതമായ നിരക്കിൽ വാഹന സൗകര്യം നല്കുന്നതിന് വേണ്ടിയാണ് സംഘം ഈ പദ്ധതി ആരംഭിച്ചിട്ടുള്ളത്. ഇതുമൂലം രണ്ട് പേർക്ക് ജോലി നല്കുന്നതിന് സംഘത്തിന് സാധിച്ചിട്ടുണ്ട്.

6.8 കുടുംബശ്രീ

മറ്റ് വകുപ്പുകളുമായിട്ടുള്ള സംയോജന സാധ്യതകൾ

ക്രമ നം	വകുപ്പുകൾ	സംയോജന പ്രവർത്തനങ്ങൾ
1.	കൃഷി	1. കുടുംബശ്രീ സംഘകൃഷിക്കാവശ്യമായിട്ടുള്ള സാങ്കേതിക പരിശീലനം 2. നല്ലയിനം വിത്തുകൾ, വളംലഭ്യമാക്കൽ 3. നൂതന കൃഷിരീതികളെസംഘങ്ങൾക്ക് പരിചയപ്പെടുത്തൽ 4. ലളിതവും അനുയോജ്യവുമായ യന്ത്ര സാമഗ്രികൾ 5. പോളിഹൗസ് നിർമ്മാണം 6. ജൈവകീട നാശിനി, ഗ്രോ ബാഗുകൾ ലഭ്യത 7. കൃഷിവകുപ്പുമായിചേർന്ന്ആഴ്ച ചന്ത, മാസചന്ത തുടങ്ങിയവിപണന പിന്തുണ സംവിധാനങ്ങൾ 8. മണ്ണ് പരിശോധന
2.	മൃഗസംരക്ഷണം	1. സാങ്കേതിക പരിശീലനം 2. പച്ചക്കറികളും ബ്രീഡിംഗ് സൗകര്യങ്ങളും കുടുംബശ്രീ യൂണിറ്റുകൾക്ക് ലഭ്യമാക്കൽ 3. ആരോഗ്യ പരിശോധന, മരുന്നുകൾ തീറ്റലഭ്യമാക്കൽ 4. ശാസ്ത്രീയമായകൂട്, തൊഴുത്ത് നിർമ്മാണത്തിൽസാങ്കേതിക ഉപദേശം നൽകൽ 5. വിപണനത്തിന് ആവശ്യമായസഹായങ്ങൾ, ചന്തകൾ 6. ഇൻഷൂറൻസ് സ്കീമുകൾ പരിചയപ്പെടുത്തലും ഉൾപ്പെടുത്തലും 7. ആവശ്യമായ സർട്ടിഫിക്കറ്റുകൾ നൽകൽ
3.	ഫിഷറീസ്	1. സാങ്കേതിക പരിശീലനം 2. ഉൾനാടൻ മത്സ്യകൃഷി സാധ്യതകൾ കുടുംബശ്രീയൂണിറ്റുകൾ പരിചയപ്പെടുത്തൽ 3. മത്സ്യകുഞ്ഞുങ്ങൾ തീറ്റലഭ്യമാക്കൽ 4. മത്സ്യസംസ്കരണത്തെ കുറിച്ചുള്ള സാങ്കേതിക അറിവ് 5. കൃത്യമായകൃഷിയിടങ്ങളിൽമോണിറ്ററിംഗ്സംവിധാനം ഏർപ്പെടുത്തൽ 6. വിപണനത്തിന് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കൽ 7. അലങ്കാര മത്സ്യകൃഷി സാധ്യതകൾ യൂണിറ്റുകൾക്ക് പരിചയപ്പെടുത്തൽ
4.	വ്യവസായം	1. സംരംഭകത്വവികസന പരിശീലനങ്ങൾ 2. കാലാനുസൃതമായസംരംഭ ആശയങ്ങളെ പരിചയപ്പെടുത്തൽ 3. സംരംഭ രംഗത്തെ നൂതനാശയങ്ങളെ പ്രോത്സാഹിപ്പിക്കൽ 4. ഉത്പന്നങ്ങളുടെ ഗുണമേൻമ നിലവാരം ഉയർത്തുന്നതിലും നിൽനിർത്തുന്നതിലും ആവശ്യമായ സാങ്കേതിക ഉപദേശം നൽകൽ. 5. ദേശീയ അന്തർദേശീയരംഗത്ത് ഉത്പന്നങ്ങളെ പരിചയപ്പെടുത്തുന്നതിന് ആവശ്യമായസഹായം നൽകൽ 6. ആവശ്യമായ ലൈസൻസുകൾ, സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കൽ. 7. യന്ത്ര സാമഗ്രികളിൻമേൽ സാങ്കേതികമായ ഉപദേശം നൽകുക

		8. മികച്ച സംരംഭങ്ങളെയും ആശയങ്ങളെയും പരിചയപ്പെടുന്നതിന് അവസരമൊരുക്കുക.
5.	സാമൂഹിക നീതി	1. പദ്ധതി ആസൂത്രണത്തിലും നടത്തിപ്പിലുമുള്ളസംയോജനം 2. പ്രോജക്ടുകൾക്ക്അംഗീകാരം നേടുന്നതിന് ആവശ്യമായ സഹായം നൽകൽ. 3. മോണിറ്ററിംഗ്സഹായം നൽകൽ.
6.	പട്ടികവർഗ്ഗ / പട്ടികജാതിവികസന വകുപ്പ്	1. സ്വയംതൊഴിൽസംരംഭങ്ങൾ, ഉപജീവന പരിപാടികൾ സംയോജനത്തിൽ നടപ്പിലാക്കൽ 2. കുടുംബശ്രീ യൂണിറ്റുകൾക്കും ആവശ്യമായ ധനസഹായങ്ങൾ, പരിശീലനങ്ങൾ അംഗീകാരങ്ങൾ ലഭ്യമാക്കൽ 3. ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിലെ പങ്കാളിത്തം 4. പോഷകാഹാരം പോലെയുള്ള പദ്ധതി നടത്തിപ്പിൽ കുടുംബശ്രീയുമായി സഹകരിച്ചുള്ള പ്രവർത്തനം. 5. പദ്ധതി അവലോകനത്തിലുംമോണിറ്ററിംഗിലുംസഹായിക്കൽ
7.	തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ	1. കുടുംബശ്രീ വനിതകൾക്ക്സ്വയംതൊഴിൽആരംഭിക്കുന്നതിന് ആവശ്യമായ ധനസഹായം നൽകുന്നതിന് തുകവകയിരുത്തലും നടപ്പിലാക്കലും 2. വനിതാഘടക പദ്ധതിആസൂത്രണത്തിലും നടത്തിപ്പിലും കുടുംബശ്രീയുമായി സഹകരിച്ച് പ്രാവർത്തികമാക്കൽ. 3. ആശ്രയ പദ്ധതിക്കാവശ്യമായ തുക വകയിരുത്തുന്നതിലും പദ്ധതി നിർവ്വഹണത്തിലും സംയോജനം 4. ഭിന്നശേഷിക്കാർക്കായുള്ള ബഡ്സ് ആരംഭിക്കുന്നതിലും നടത്തിപ്പിലും സേവനങ്ങൾ നൽകുന്നതിലും സംയോജനം 5. കുടുംബശ്രീ ഉപജീവന പരിപാടികൾക്ക്ആവശ്യമായ ധനസഹായം ലഭ്യമാക്കൽ 6. മോണിറ്ററിംഗ്, അവലോകനംഎന്നിവയിൽ പരസ്പരം സഹായിക്കൽ 7. ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികൾ പാലിയേറ്റീവ്കെയർ പരിരക്ഷ പദ്ധതികൾ നടത്തിപ്പിൽ പരസ്പര സഹകരണം 8. തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിലെ പരസ്പര സഹകരണം 9. ഗ്രാമസഭകളിലെയും പദ്ധതി ആസൂത്രണത്തിലെയുംസ്ത്രീ പങ്കാളിത്തം ഉറപ്പാക്കുന്നതിലെ പരസ്പര സഹകരണം 10. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കാവശ്യമായ വിവര ശേഖരണങ്ങളിൽസഹായിക്കൽ.
8.	ആരോഗ്യം	1. ആരോഗ്യ അവബോധ പരിപാടികളിൽ പരസ്പരം സഹകരിക്കൽ 2. വിവിധ വാക്സിനേഷൻ പരിപാടികളിൽ ആരോഗ്യവകുപ്പുമായിചേർന്ന് പ്രവർത്തിക്കൽ
9.	വിദ്യാഭ്യാസം	1. കുടുംബശ്രീഅംഗങ്ങൾക്ക്തുല്യതയും ഉന്നത വിദ്യാഭ്യാസം നേടുന്നതിനുള്ള പരിപാടികളിൽസഹായിക്കൽ 2. കുട്ടികളുടെ വ്യക്തിത്വവികസനം, വിദ്യാഭ്യാസ പുരോഗതി എന്നിവയിൽകുടുംബശ്രീ ബാലസഭയും വിദ്യാഭ്യാസവകുപ്പും സഹകരിച്ച് പ്രവർത്തിക്കൽ

10.	ബാങ്ക്	1. സാമ്പത്തിക സാക്ഷരത സാധ്യമാക്കുന്നതിൽ പരസ്പരംസഹകരിച്ച് പ്രവർത്തിക്കൽ 2. കുടുംബശ്രീസംരംഭ യൂണിറ്റുകൾക്കാവശ്യമായ മൂലധനം ലഭ്യമാക്കുന്നതിൽസഹായിക്കൽ 3. അയൽക്കൂട്ടങ്ങളുടെ സമ്പാദ്യം സൂക്ഷിക്കുന്നതിനും കൈകാര്യംചെയ്യുന്നതിലും പരസ്പരംസഹകരിച്ചു പ്രവർത്തിക്കൽ 4. കൃഷി അനുബന്ധ പ്രവർത്തനങ്ങൾക്ക്ആവശ്യമായവായ്പ ലഭ്യമാക്കൽ.
11.	ശുചിത്വ മിഷൻ / ഹരിതകേരള മിഷൻ	1. ഹരിതകേരളം പദ്ധതിയുമായി ബന്ധപ്പെട്ടുള്ളഹരിത കർമ്മസേന രൂപീകരണം, പ്രവർത്തനങ്ങൾ എന്നിവയിൽ സഹകരിക്കുന്നു 2. നീർതടാതിഷ്ഠിതത്തിൽഊന്നിക്കൊണ്ടുള്ള പ്രവർത്തനങ്ങളിൽ പരസ്പരം സഹകരിക്കുന്നു 3. മണ്ണ്സംരക്ഷണം, ജലസ്രോതസുകളുടെസംരക്ഷണംകിണർറീചാർജിംഗ്, കുളം, തോട് നീർചാലുകളുടെ പുനരുജ്ജീവനം എന്നിവയിൽ പരസ്പരംസഹകരിച്ച് പ്രവർത്തിക്കുന്നു. 4. ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിലും കമ്പോസ്റ്റ് നിർമ്മാണത്തിലുംകുടുംബശ്രീകൃഷി ഗ്രൂപ്പുമായിചേർന്നുള്ള പ്രവർത്തനം

6.9 –ആരോഗ്യം

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2017–18 വാർഷിക പദ്ധതി അവലോകനവും പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും

നടപ്പു വർഷത്തിൽ (2017–18) ആരോഗ്യ മേഖലക്ക് ഗ്രാമ–ബ്ലോക്ക്–ജില്ല പഞ്ചായത്തുകളും നഗരസഭകളും നീക്കി വെച്ച പദ്ധതി പണം പ്രത്യേക പട്ടികയായി താഴെ ചേർക്കുന്നു.

പട്ടിക 6.15: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2017–18 വർഷത്തെ പദ്ധതി വകയിരുത്തൽ

ക്രമ നം	വിഭാഗം	ഫണ്ട് അനുവദിച്ചത്
1	ഗ്രാമപഞ്ചായത്തുകൾ	23,12,91,947
2	ബ്ലോക്ക് പഞ്ചായത്ത്	4,55,35,477
3	ജില്ലാ പഞ്ചായത്ത്	5,67,47,626
4	മുനിസിപ്പാലിറ്റി	3,54,89,163
	ആകെ	36,90,64,213

അവലംബം ജില്ലാ മെഡിക്കൽ ഓഫീസ് ,മലപ്പുറം

ഓരോ വർഷവും ആരോഗ്യ രംഗത്ത് ഫണ്ട് വകയിരുത്തൽ പരിശോധിക്കുമ്പോൾ വർഷാവർഷം വകയിരുത്തലുകൾ കൂടി വരുന്നതായി കാണാൻ കഴിയും. ഇത് നല്ലൊരു പ്രവണതയാണ്. വരുന്ന 5 വർഷവും കൂടിയ വകയിരുത്തലുകൾ ആരോഗ്യ മേഖലക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നീക്കി വെക്കേണ്ടതുണ്ട്.

മുകൾതട്ട് നിർദ്ദേശങ്ങൾ (സർക്കാരിലേക്ക്)

1) രോഗ നിർണ്ണയത്തിൽ ലാബ് പരിശോധന സംവിധാനത്തിന്റെ അനിവാര്യത പരിഗണിച്ച് എല്ലാ പി.എച്ച്.സി കളിലും ലാബ് ടെക്നീഷ്യൻ പോസ്റ്റും കെമിക്കൽ മറ്റ് ഉപകരണങ്ങൾ എന്നിവ വേണം.
2) ജലജന്യ രോഗങ്ങൾ വളരെ കൂടുതലായി കാണപ്പെടുന്ന ഈ ജില്ലയിൽ ജല പരിശോധനക്കായി സർക്കാർ തലത്തിൽ അനലറ്റിക്കൽ ലാബ് അനുവദിക്കണം.
3) ജില്ലയിലെ ജീവനക്കാർക്ക് യഥാസമയം പരിശീലനം നൽകുന്നതിനായി റസിഡൻഷ്യൽ കേന്ദ്രം അനുവദിക്കണം. പള്ളിക്കലിൽ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള സ്ഥലം ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ്.
4) ജനസംഖ്യാനുപാതികമായി എല്ലാ വിഭാഗം ജീവനക്കാരുടേയും തസ്തികകൾ അനുവദിക്കണം.
5) എല്ലാ താലൂക്ക് ജില്ല ആശുപത്രികളിലും ട്രോമ കെയർ യൂണിറ്റ് അനുവദിക്കണം.
6) മഞ്ചേരി മെഡിക്കൽ കോളേജിൽ ആവശ്യമായ തസ്തികകളും ഭൗതിക സാഹചര്യങ്ങളും ലഭ്യമാക്കൽ (വിശദമായ പ്രപ്പോസൽ സർക്കാറിലേക്ക് സമർപ്പിച്ചിട്ടുണ്ട്.)
7) ജില്ലയിൽ വർദ്ധിച്ചു വരുന്ന പകർച്ചവ്യാധി പരിഗണിച്ച് ജില്ലക്ക് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് അനുവദിക്കൽ.
8) ജില്ലയിലെ മഞ്ചേരി ജനറൽ ആശുപത്രിക്ക് ചെരണിയിൽ നിലവിലുള്ള സ്ഥലം പ്രയോജനപ്പെടുത്തി പുതിയ കെട്ടിടവും അനുബന്ധ സൗകര്യങ്ങളും അനുവദിക്കുക.
9) ജില്ലാ നഴ്സിംഗ് സ്കൂളിനും ചെരണിയിൽ നിലവിലുള്ള സ്ഥലം പ്രയോജനപ്പെടുത്തി പുതിയ കെട്ടിടവും അനുബന്ധ സൗകര്യങ്ങളും അനുവദിക്കുക.
10) കോഴിക്കോട് എയർപോർട്ടിൽ എമർജൻസി മാനേജ്മെന്റിനും സർവൈലൻസിനും ക്ലിനിക്ക് അനുവദിക്കുക. (ആംബുലൻസ്-4, ഡോക്ടർ, ഫാർമസിസ്റ്റ്, സ്റ്റാഫ് നഴ്സ്, ഹെൽത്ത് ഇൻസ്പെക്ടർ ഉൾപ്പെടെ).
11) കോഴിക്കോട് എയർപോർട്ടിന്റെ പരിസര പഞ്ചായത്തുകൾ കൊണ്ടോട്ടി മുനിസിപ്പാലിറ്റി എന്നിവക്കായി ശാസ്ത്രീയമായ അറവുശാലയും മാലിന്യ സംസ്കരണ സംവിധാനങ്ങളും അനുവദിക്കുക.

12) ആയുഷ് മേൽത്തട്ട് നിർദ്ദേശങ്ങൾ

മിനിമം ജീവനക്കാരില്ലാതെ പ്രവർത്തിക്കുന്ന ഡിസ്പെൻസറികളും ആശുപത്രികളും നിലവിലുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിൽ അതാത് തസ്തികകൾ സൃഷ്ടിക്കണം. ഈ ജില്ലയിൽ മൊത്തമായി ആവശ്യമുള്ള തസ്തികകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

തസ്തികയുടെ പേര്	ആവശ്യമായ എണ്ണം
സീനിയർ സൂപ്രണ്ട് (മെഡിക്കൽ) ജില്ലാ ആയുർവേദ ആശുപത്രിയിൽ	1
മെഡിക്കലോഫീസർ (സ്പെഷലിസ്റ്റ്) നേത്ര പ്രസൂതി പഞ്ചകർമ്മ മർമ്മ അംഗദം	ജില്ലാ ആശുപത്രിയിൽ -1 3 (ജി.എ.എച്ച് മഞ്ചേരി, പൊന്നാനി, വെളിമുക്ക്) 2 (ജി.എ.എച്ച് ,പൊന്നാനി, വെളിമുക്ക്) 2 (ജി.എ.എച്ച് മഞ്ചേരി, വെളിമുക്ക്) 1 (ജി.എ.എച്ച് ,പൊന്നാനി)

സ്പെഷലിസ്റ്റ് മെഡിക്കലോഫീസർ ജില്ലാ ആയുർവേദ ആശുപത്രിയിൽ	7
ക്ലാർക്ക് ജില്ലാ ആയുർവേദ ആശുപത്രിയിൽ	1
ഫാർമസിസ്റ്റ്	3
പാർട്ട് ടൈം സ്വീപ്പർ	10
തെറാപ്പിസ്റ്റ്	22
നഴ്സ്	1
നഴ്സിംഗ് അസിസ്റ്റന്റ്	2
ഫിസിയോ തെറാപ്പിസ്റ്റ്	3
ലാബ് ടെക്നീഷ്യൻ	3

അവലംബം ജില്ലാ മെഡിക്കൽ ഓഫീസ് ,മലപ്പുറം

ജില്ലയിൽ ഒരു ആശുപത്രിയിലും ലാബ് സൗകര്യം ഇല്ല. ജി.എഎച്ച് പൊന്നാനി, ജി.എ.എച്ച് മഞ്ചേരി, ജി.എ.എച്ച് വെളിമുക്ക് എന്നീ ആശുപത്രികളിൽ ലാബ് സൗകര്യം അനുവദിക്കേണ്ടതും ലാബ് ടെക്നീഷ്യൻമാരെ നിയമിക്കേണ്ടതും അത്യാവശ്യമാണ്.

1) ജില്ലാ ആയുർവ്വേദ ആശുപത്രി 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുക.

2) ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുക

3) ജില്ലാ മെഡിക്കൽ ഓഫീസിലെ സ്റ്റാഫ് പാറ്റേൺ കാലികമായി പരിഷ്കരിക്കപ്പെട്ടിട്ടില്ല. പദ്ധതി നിർവ്വഹണവും പ്രതിരോധ പ്രവർത്തനങ്ങളും കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിന് പുതിയ തസ്തികകൾ അനിവാര്യമാണ്.

4) ആവശ്യമായ തസ്തികകൾ. (ജില്ലാ മെഡിക്കൽ ഓഫീസ്)

1) ഡെപ്യൂട്ടി ഡി.എം.ഒ	1
2) ക്ലാർക്ക് ടൈപ്പിസ്റ്റ്	1
3) പഞ്ചായത്ത് പ്രോജക്ടുകൾ/ ഡിപ്പാർട്ട്മെന്റ് ക്ലാർക്ക്	1
4) ഡാറ്റാ എൻട്രി ഓപ്പറേറ്റർ	1

5) ജില്ലയിൽ താലൂക്ക് ആശുപത്രി ഒന്നു പോലുമില്ല. നിലവിലുള്ള എല്ലാ ആശുപത്രികളും 30 ബെഡ്ഡുള്ള ആശുപത്രിയായി ഉയർത്തേണ്ടതും ആവശ്യമായ തസ്തികകൾ അനുവദിക്കേണ്ടതും ആവശ്യമാണ്.

6) സ്പോർട്സ് ആയുർവേദ ആശുപത്രി : ജില്ലാ ആയുർവേദ ആശുപത്രി പരിധിക്ക് ചുറ്റും ഏകദേശം 6 സ്കൂളുകൾ സ്ഥിതിചെയ്യുന്നുണ്ട്. കായികക്ഷമതാ പരിശീലനത്തിൽ കുട്ടികൾക്ക് വരുന്ന ക്ഷതം, ഭംഗം എന്നിവയ്ക്ക് നല്ലൊരു ശതമാനം കുട്ടികൾ ആയുർവേദ ചികിൽസ ഉപയോഗിച്ചു വരുന്നു. അന്താരാഷ്ട്ര തലത്തിൽ മലപ്പുറം ജില്ലയെ പ്രതിനിധീകരിച്ച് ധാരാളം സ്പോർട്സ് താരങ്ങൾ നമുക്ക് ലഭ്യമായിട്ടുണ്ട്. പേശികളെ ബലപ്പെടുത്തുന്നതിനും ദൃഢത കൈവരിക്കുന്നതിനും ആയുർവേദ ചികിൽസ വളരെ ഉപയുക്തമാണ്. ആയതിനാൽ 50 കിടക്കകളോടു കൂടിയ ഒരു ആശുപത്രി അടിയന്തിരമായി സജ്ജീകരിക്കേണ്ടതാണ്.

7) ഔഷധത്തോട്ട നിർമ്മാണം : ആയുർവേദ ചികിൽസയ്ക്ക് ഔഷധങ്ങളുടെ ദൗർലഭ്യം ഒരു പരിധി വരെ ചികിൽസയെ ബാധിക്കുന്നുണ്ട്. വരും തലമുറയ്ക്ക് ഔഷധങ്ങൾ ലഭ്യമാകുന്നതിന് നമുക്ക് ഔഷധത്തോട്ടം വെച്ച് പിടിപ്പിച്ച് സംരക്ഷിക്കേണ്ടതുണ്ട്. ആയതിന് സ്കൂൾ തലത്തിലും പഞ്ചായത്ത്, ബ്ലോക്ക്, കുടുംബശ്രീ, സർക്കാർ ഓഫീസുകളിലും (ജില്ലാ പ്ലാനിങ് ഓഫീസിൽ

നടപ്പിലാക്കിയ മാതൃക) തലത്തിലും ഗൃഹങ്ങൾ കേന്ദ്രീകരിച്ചും ഔഷധങ്ങൾ നട്ട് പിടിപ്പിക്കാവുന്നതാണ്. ഔഷധങ്ങൾ നട്ട് പിടിപ്പിക്കുന്നതോടൊപ്പം മാർക്കറ്റിംഗ് ശ്രദ്ധിക്കേണ്ടതാണ്.

8) ആദിവാസി ക്ഷേമം : മലപ്പുറം ജില്ലയിൽ 13 വിഭാഗങ്ങളുള്ള ആദിവാസി ജനസമൂഹങ്ങളുണ്ട്. ഇവരുടെ മൊത്തം ജനസംഖ്യ ഏകദേശം 16220 ആണ്. 3 പഞ്ചായത്തുകളിലായി 296 ചോലനായ്ക്കർ വിഭാഗവും 13 പഞ്ചായത്തുകളിലായി 2562 കാട്ടു നായ്ക്കർ വിഭാഗവുമുണ്ട്. ഇതിൽ ഗുഹാവാസികളായ ചോലനായ്ക്കർ, ഉൾവനങ്ങളിൽ താമസിക്കുന്ന കാട്ടു നായ്ക്കർ എന്നീ വിഭാഗങ്ങളാണ് വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നത്. മാത്രമല്ല മുഖ്യധാരയിലേക്ക് കടന്നു വരുവാൻ വളരെയധികം വൈമുഖ്യം കാണിക്കുന്നവരുമാണ്. ഭൂരിഭാഗം ആദിവാസികളും ആയുർവേദ ഔഷധങ്ങളോട് താൽപര്യം കാണിക്കുന്നവരുമാണ്. പകർച്ചവ്യാധി പ്രതിരോധം, ലഹരി വിരുദ്ധ ചികിൽസയും കൗൺസലിംഗും, ഗർഭിണികൾക്കുള്ള ചികിൽസ, കൗമാരക്കാരായ പെൺകുട്ടികളിലെ വിളർച്ച, കിടപ്പിലായ ആദിവാസികൾക്ക് പാലിയേറ്റീവ് കെയർ പരിരക്ഷ എന്നീ പദ്ധതികൾ ഉൾപ്പെടുത്തി ആദിവാസികളെ മുഖ്യധാരയിലേക്ക് ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

13) ഹോമിയോ – മേൽത്തട്ട് നിർദ്ദേശങ്ങൾ

1) പൊൻമുണ്ടം, ഒഴൂർ, നന്നമ്പ്ര, തേഞ്ഞിപ്പലം, പെരുവള്ളൂർ, മൂന്നിയൂർ, കണ്ണമംഗലം, മുതുവല്ലൂർ, മേലാറ്റൂർ, കീഴാറ്റൂർ, വെട്ടത്തൂർ, വേങ്ങര എന്നിവിടങ്ങളിൽ പുതിയതായി ഹോമിയോ ആശുപത്രികൾ അനുവദിക്കുക.

2) ഹോമിയോ ആശുപത്രികൾക്ക് പാറ്റേൺ പ്രകാരമുള്ള അധിക തസ്തിക അനുവദിക്കുക.

ക്രമം	തസ്തിക	ഹോമിയോ ഡി.എം.ഒ ഓഫീസ്	ജില്ലാ ആശുപത്രി മലപ്പുറം	കാൻസർ ആശുപത്രി, വണ്ടൂർ	താലൂക്ക് ആശുപത്രി മഞ്ചേരി	ഗവ. ആശുപത്രി കുറ്റിപ്പുറം
1	ക്ലാർക്ക്	10	–	–	–	–1
2	ഹെഡ് ക്ലാർക്ക്	2	–	–	–	–
3	ജൂനിയർ സൂപ്രണ്ട്	1	–	–	–	–
4	ടൈപ്പിസ്റ്റ്	1	–	–	–	–
5	വെഹിക്കിൾ വിത്ത് ഡ്രൈവർ	1	1	–	–	–
6	ഫാർമസിസ്റ്റ്	–	3	2	3	–
7	നൈറ്റ് ആർ.എം.ഒ	–	1	1	1	1
8	ലാബ് ടെക്നീഷ്യൻ	–	1	1	–	1
9	ലാബ് അസിസ്റ്റന്റ്	–	1	1	–	–
10	എക്സ്റേ ടെക്നീഷ്യൻ	–	1	–	1	–
11	നഴ്സ്	–	–	3	–	2
12	ഓഫീസ് അസിസ്റ്റന്റ്	–	–	1	–	–
13	വാച്ച്മാൻ	–	–	4	–	–
14	അറ്റൻഡർ	–	–	3	–	–
15	ക്ലീനർ	–	–	2	–	2
16	ഫിസിയോ തെറാപ്പിസ്റ്റ്	–	–	–	1	–
17	ആർ.എം.ഒ	–	–	–	–	1
18	കുക്ക്	–	–	–	–	2

3) വണ്ടൂരിലെ ക്യാൻസർ ആശുപത്രി സെന്റർ ഓഫ് എക്സലൻസ് ആയി പരിഗണിക്കുകയും ഹോമിയോപ്പതി കാൻസർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആക്കി ഉയർത്തുകയും ചെയ്യുക.

4) വിവിധ പ്രോജക്ടുകളായി നടത്തിവരുന്ന സീതാലയം, വന്ധ്യത, ഡീഅഡിക്ഷൻ, ആയുഷ്മാൻഭവ, സാന്ത്വനമയ, മറ്റ്സ്പെഷൽ ഒപികൾ എന്നിവയെല്ലാം ചേർത്ത് ജില്ലയിൽ സ്പെഷാലിറ്റി ആശുപത്രി ആരംഭിക്കുക.

5) മലപ്പുറം കളക്ടറേറ്റിൽ 3 വിഭാഗത്തിൻറേയും ജില്ലാ മെഡിക്കൽ ഓഫീസുകൾ ഒരു കെട്ടിടത്തിൽ ആധുനിക സൗകര്യത്തോടു കൂടി ('ആരോഗ്യ ഭവൻ ') പ്രവർത്തിപ്പിക്കുക.

കീഴ്ഘട്ട് നിർദ്ദേശങ്ങൾ (ജില്ല/ബ്ലോക്ക്/നഗര/ഗ്രാമ പഞ്ചായത്തുകൾക്ക്)

സമഗ്രമായ ആരോഗ്യം നേടിയെടുക്കാൻ ആരോഗ്യവുമായി നേരിട്ട് ബന്ധമുള്ള മേഖലകളും ആരോഗ്യ അനുബന്ധ മേഖലകളും (ഉദാ: ശുചിത്വം, കുടിവെള്ളം, പച്ചക്കറികൃഷി, വിദ്യാലയ ആരോഗ്യം, കായിക ആരോഗ്യം) പരിഗണിക്കണം.

ജില്ലയെ പ്രദേശ അടിസ്ഥാനത്തിൽ (മലയോരം,ഇടത്തട്ട് തീരദേശം) പരിഗണിക്കുമ്പോൾ, അവിടെ കാണപ്പെടുന്ന പൊതുജനാരോഗ്യ പ്രശ്നങ്ങൾ അതാതിടങ്ങളിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രത്യേകം പരിഗണന കൊടുക്കേണ്ടതാണ്.

അനിവാര്യ നിർദ്ദേശങ്ങൾ

1) സമഗ്ര ആരോഗ്യ പരിപാടിക്കായി ഒരു പദ്ധതി എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും നിർബന്ധമായും ഏറ്റെടുക്കുക. (പകർച്ചവ്യാധി, പകർച്ചേതര വ്യാധി എന്നിവയുടെ ചികിത്സക്കും പ്രതിരോധത്തിനും ഈ പദ്ധതിയിൽ ഘടകങ്ങൾ ഉണ്ടാവണം. ആരോഗ്യ വകുപ്പ് നടപ്പാക്കുന്ന പകർച്ചവ്യാധി, പകർച്ചേതര വ്യാധി പ്രവർത്തനങ്ങൾ ആവർത്തിക്കാതെ ഇതിന് പൂരകമാവുന്ന തരത്തിലാവണം ഈ പദ്ധതി).

2) അമ്മയും കുഞ്ഞും എന്ന ഒരു പ്രോജക്ട് എല്ലാ പഞ്ചായത്തും നിർബന്ധമായും ഏറ്റെടുക്കുക. കുട്ടികളുടെ പ്രതിരോധ കുത്തിവെപ്പ് കവറേജ് വർദ്ധിപ്പിക്കാൻ ഊന്നൽ നൽകണം.

3) ആരോഗ്യ വകുപ്പിൽ നിന്നും കിട്ടുന്ന മരുന്ന് തികയാതെ വരുന്ന സ്ഥാപനങ്ങൾ 365 ദിവസവും മരുന്ന് ലഭ്യത ഉറപ്പ് വരുത്തുക.

4) സ്ഥലമുള്ള സബ് സെന്ററുകൾ ക്രേന്ദ്രീകരിച്ച് എല്ലാ വിഭാഗം ജനങ്ങൾക്കും വ്യായാമ മുറ പരിശീലനത്തിനും വ്യായാമം ചെയ്യുന്നതിനും സൗകര്യമൊരുക്കുക

5) വർദ്ധിച്ചു വരുന്ന വയോജന ജനസംഖ്യ പരിഗണിച്ച് വയോജന ക്ഷേമ പ്രോജക്ട് എല്ലാ പഞ്ചായത്തും നിർബന്ധമായും ഏറ്റെടുക്കുക. (ഒരു പഞ്ചായത്തിൽ രണ്ടോ അതിലധികമോ വയോജന സൗഹൃദ പകൽവീട് എന്ന ഘടകം ഈ പ്രോജക്ടിൽ ഉൾപ്പെടുത്താവുന്നതാണ്).

6) കിടപ്പിലായ രോഗികൾക്ക് സാന്ത്വനം നൽകുന്ന പരിരക്ഷ പ്രോജക്ട് എല്ലാ ഗ്രാമ പഞ്ചായത്ത്/നഗരസഭ നിർബന്ധമായും ഏറ്റെടുക്കുക.

7) സബ് സെന്ററുകളുടെ അറ്റകുറ്റപണി, മെച്ചപ്പെടുത്തൽ, ശോച്യാവസ്ഥ പരിഹരിക്കൽ, മിനി കോൺഫറൻസ് ഹാൾ, ഐ.ഇ.സി സൗകര്യം, ഇന്റർനെറ്റ് കണക്ടിവിറ്റി, കമ്പ്യൂട്ടർ സൗകര്യം എന്നിവക്കായുള്ള പ്രോജക്ട് എല്ലാ പഞ്ചായത്തും ഏറ്റെടുക്കുക.

8) പി.എച്ച്.സി/സി.എച്ച്.സി യിലെ പ്രതിരോധ കുത്തിവെപ്പ് മുറി ശിശു സൗഹൃദമാക്കുക. (എ/സി, കളിപ്പാട്ടങ്ങൾ, ടോയിലറ്റ്, മുലയൂട്ടൽ കോർണർ തുടങ്ങിയവ)

9) ഫീൽഡ് വിഭാഗം ജീവനക്കാർ ഉൾപ്പെടെ എല്ലാ വിഭാഗം ജീവനക്കാർക്കും ആവശ്യമായ ഇരിപ്പിടം, ഓഫീസ് ഉപകരണങ്ങൾ എന്നിവ ഉറപ്പു വരുത്താൻ ആവശ്യമായ പ്രോജക്ട് ഉറപ്പ് വരുത്തുക.

10) സ്കൂൾ ആരോഗ്യ പദ്ധതി കാര്യക്ഷമമാക്കാൻ ആവശ്യമായ പ്രോജക്ട് എല്ലാ പഞ്ചായത്തുകളും നിർബന്ധമായും ഉൾപ്പെടുത്തുക. (പ്രഭാതഭക്ഷണം, ഉച്ചഭക്ഷണം, കുട്ടികൾക്ക് ആനുപാതികമായി ടോയ്ലറ്റ്, ഫസ്റ്റ് എയ്ഡ് സൗകര്യം, കുടിവെള്ളം ഉറപ്പ് വരുത്തൽ, സാനിട്ടറി വെൻഡിംഗ് മെഷീൻ, നാപ്കിൻ ഡിസ്പോയ്ഡ് മെഷീൻ, WIFS, കായിക ക്ഷമത തുടങ്ങിയവ.

11) ഭക്ഷണങ്ങളുടെ ഗുണപരിശോധനക്ക് ആവശ്യമായ ഒരു മൊബൈൽ ലാബ് ജില്ലാ പഞ്ചായത്ത് നിർബന്ധമായും ഏറ്റെടുക്കുക.

12) താലൂക്ക്, ജില്ലാ ആശുപത്രികളിൽ ബ്ലഡ് ബാങ്ക് സൗകര്യം ഉറപ്പു വരുത്താൻ ആവശ്യമായ പ്രോജക്ട് എല്ലാ നഗര സഭകളും നിർബന്ധമായും ഏറ്റെടുക്കുക.

13) സി.എച്ച്.സി, താലൂക്ക്/ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ ഡയാലിസിസ് സെന്റർ ഉറപ്പുവരുത്താൻ ആവശ്യമായ പ്രോജക്ട് നഗരസഭ/ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുക.

14) കാൻസർ രോഗ സ്ക്രീനിംഗ് ആവശ്യമായ പ്രോജക്ട് എല്ലാ ഗ്രാമ പഞ്ചായത്തുകളും നിർബന്ധമായും ഏറ്റെടുക്കുക.

15) ബസ് സ്റ്റാൻഡ്, പൊതു സ്ഥലം, മാർക്കറ്റ് എന്നിവിടങ്ങളിൽ സുലഭ് ടോയ്ലറ്റ് തുടങ്ങുവാൻ വേണ്ട പ്രോജക്ട് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുക.

16) കാറ്ററിംഗ്, ഹോട്ടൽ, സ്കൂൾ തുടങ്ങിയ ഇടങ്ങളിലെ പാചകക്കാർക്ക് ആരോഗ്യ വിദ്യാഭ്യാസത്തിനും ഹെൽത്ത് കാർഡിനും വേണ്ടി പ്രോജക്ട് ഏറ്റെടുക്കുക.

17) ബസ് സ്റ്റാൻഡ്, പൊതു സ്ഥലം, മാർക്കറ്റ് എന്നിവിടങ്ങളിൽ സ്ത്രീ, വയോജന സൗഹൃദ ടോയലറ്റുകൾ ആവശ്യത്തിനനുസരിച്ച് സ്ഥാപിക്കുവാൻ വേണ്ട പ്രോജക്ട് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുക.

18) ഓട്ടിസം ബാധിച്ച കുട്ടികൾക്ക് പ്രത്യേക ഡേ കെയർ സെന്റർ തുടങ്ങുവാൻ വേണ്ട പ്രോജക്ട് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുക.

19) മത്സ്യ തൊഴിലാളികളുടെ സമഗ്ര ആരോഗ്യ സംരക്ഷണത്തിന് ഉതകുന്ന ഒരു പ്രോജക്ട് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുക.

20) ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കാൻ ഉതകുന്ന ഒരു പ്രോജക്ട് എല്ലാ ഗ്രാമ പഞ്ചായത്ത്/നഗരസഭ ഏറ്റെടുക്കുക.

21) ബ്രഹ്മഗിരി മോഡൽ അറവുശാല ജില്ലാ പഞ്ചായത്ത് നിർബന്ധമായും ഏറ്റെടുക്കുക.

22) ശാസ്ത്രീയ അറവു ശാലകൾ പ്രോജക്ട് എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും ഏറ്റെടുക്കുക.

23) മാനസികാരോഗ്യം കുറഞ്ഞു വരുന്ന ഇന്നത്തെ സാഹചര്യത്തിൽ മാനസികാരോഗ്യം ഉറപ്പു വരുത്താൻ ആവശ്യമായ ഒരു പ്രോജക്ട് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുക.

24) ആരോഗ്യ വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആരോഗ്യ പ്രോജക്ടുകളേയും ജനകീയമാക്കുന്നതിനായി വരുന്ന വർഷം ആരോഗ്യസേന രൂപീകരണം, പരിശീലനം എന്നിവക്കായി ഒരു പ്രോജക്ട് ഗ്രാമ പഞ്ചായത്ത്/നഗരസഭ ഏറ്റെടുക്കുക.

25) താലൂക്ക്, ജില്ലാ ആശുപത്രികളുടെ മാലിന്യ സംസ്കരണത്തിന് ആവശ്യമായ ഒരു പ്രോജക്ട് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുക.

26) ജില്ലയിലെ 3 കേന്ദ്രങ്ങളിലെങ്കിലും സൈക്യാടി റീഹാബിലിറ്റേഷൻ സെന്റർ തുടങ്ങുവാൻ പ്രോജക്ട് ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കുക.

27) മന്ത് രോഗികൾക്കായി മൊബൈൽ മോർബിഡിറ്റി ക്ലിനിക്ക് എന്ന പ്രോജക്ട് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുക.

28) ജില്ലയിലെ 3 ജില്ലാ ആശുപത്രികളിൽ സെക്കണ്ടറി തല പാലിയേറ്റീവ് കെയർ യൂണിറ്റ് ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കുക.

29) ജില്ലയിലെ3 ജില്ലാ ആശുപത്രികളിലും ജെറിയാടിക് വാർഡ് തുടങ്ങാൽ ആവശ്യമായ പ്രോജക്ട് ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കുക.

30) ഒരു ജില്ലാ ആശുപത്രിയിലെങ്കിലും ജെറിയാടിക് പാർക്ക് തുടങ്ങാൻ ആവശ്യമായ പ്രോജക്ട് ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കുക.

31) തീരദേശ പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായി ഉയർന്ന തലത്തിലുള്ള പ്രോജക്ട് ജില്ലാപഞ്ചായത്ത് ഏറ്റെടുക്കുക.

32) അംഗൻവാടി മുഖേന വൃദ്ധ ജനങ്ങൾക്ക് പോഷകാഹാര പദ്ധതി നടപ്പാക്കുക.

33) സ്ത്രീകൾക്കുള്ള പൊതു ശൗചാലയങ്ങളിൽ (ഭിന്നശേഷിക്കാർക്കുള്ളതൊഴിച്ച്) ഇന്ത്യൻ ക്ലോസറ്റുകൾ കൂടുതലായി ഉൾപ്പെടുത്തുക.

34) വഴിയോര തട്ടുകടകളിൽ ഭക്ഷ്യശുചിത്വവും പരിസര ശുചിത്വവും ഉറപ്പാക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പുമായി സംയോജിച്ചുള്ള പദ്ധതികൾ നടപ്പാക്കുക.

ആയുർവേദം – കീഴ്ഘട്ട് നിർദ്ദേശങ്ങൾ

ജില്ലയിൽ ആയുർവേദ വകുപ്പിന് കീഴിൽ ആശുപത്രികളും ഡിസ്പൻസറികളും ഉൾപ്പടെ 124 സ്ഥാപനങ്ങളാണ് പ്രവർത്തിച്ചു വരുന്നത്. ധാരാളം ആളുകൾ ഈ ചികിൽസാ രീതി പ്രയോജനപ്പെടുത്തുന്നുണ്ട്. ആവശ്യമായ ജീവനക്കാരുടെ അഭാവം, പശ്ചാത്തല സൗകര്യമില്ലായ്മ, ഫർണീച്ചർ ഉൾപ്പടെയുള്ള ഉപകരണങ്ങളുടെ അഭാവം ആവശ്യത്തിന് മരുന്ന് ലഭ്യമല്ലാത്തത് എന്നിവയെല്ലാം ഈ മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്. സ്ഥാപനങ്ങളുടെ സുഗമമായ നടത്തിപ്പിനാവശ്യമായ ഭൗതിക സൗകര്യങ്ങളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്.

മലപ്പുറം ജില്ലയിൽ ഭാരതീയ ചികിൽസാ വകുപ്പിന് കീഴിലുള്ള സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് സ്ഥലവും കെട്ടിടവും ലഭിക്കാനുള്ള നടപടി സ്വീകരിക്കുക.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്
1	ഗവ. ആയുർവ്വേദ ഡിസ്പെൻസറി ചോക്കാട്
2	ഗവ. ആയുർവ്വേദ ഡിസ്പെൻസറി ചെറുകാവ്
3	ഗവ. ആയുർവ്വേദ ഡിസ്പെൻസറി കരുളായി
4	ഗവ. ആയുർവ്വേദ ഡിസ്പെൻസറി കുറുക്കൻകുന്ന്
5	ഗവ. ആയുർവ്വേദ ഡിസ്പെൻസറി നീറാട്

6	ഗവ. ആയുർവ്വേദ ഡിസ്പെൻസറി പറപ്പൂർ
7	ഗവ. ആയുർവ്വേദ ഡിസ്പെൻസറി വടക്കുംമുറി
8	ഗവ. ആയുർവ്വേദ ഡിസ്പെൻസറി വേങ്ങര
9	ഗവ. ആയുർവ്വേദ ഡിസ്പെൻസറി പെരുമണ്ണക്ലാരി
10	ഗവ. സിദ്ധവൈദ്യ ഡിസ്പെൻസറി ഏലംകുളം
11	ഗവ. ആയുർവ്വേദ ഡിസ്പെൻസറി തെന്നല
12	ഗവ. ആയുർവ്വേദ ഡിസ്പെൻസറി വഴിക്കടവ്

അവലംബം ജില്ലാ മെഡിക്കൽ ഓഫീസ് ,മലപ്പുറം

- സ്ലേസ് മാനേജ്മെന്റ് (ഡിപ്രഷൻ ക്ലിനിക്ക്, കൗൺസിലിംഗ്, വിനോദ സൗകര്യം മുതലായവ) ആവശ്യമായ ഒരു പ്രോജക്ട് എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും ഏറ്റെടുക്കുക.
- ആർദ്രം മിഷൻ പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ വികസനത്തിന് സർക്കാർ അനുവദിക്കുന്ന സഹായത്തിനു പുറമേ ആർദ്രം മിഷൻ ലക്ഷ്യമിടുന്ന നേട്ടങ്ങൾ കൈവരിക്കാൻ ആവശ്യമായ ഒരു പ്രോജക്ട് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുക.

ഉപദേശ നിർദ്ദേശങ്ങൾ

1) ലഹരി നിർമ്മാർജ്ജനത്തിനായി സർക്കാർ നടപ്പാക്കുന്ന വിമുക്തി പദ്ധതി ശക്തിപ്പെടുത്താനും ജനകീയമാക്കുക.
2) അംഗൻവാടികളിൽ ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കൗമാര ക്ലബ്ബിന്റെ പ്രവർത്തനം വിപുലപ്പെടുത്തുക. (പച്ചക്കറികൃഷി പ്രോത്സാഹനം, ശുചിത്വ ശീലം, കൊതുകിന്റെ ഉറവിട നശീകരണം, വ്യായാമ പ്രോത്സാഹനം തുടങ്ങിയവ).
3) പി.എച്ച്.സി കാഷ് അക്രഡിറ്റേഷൻ പ്രകാരമുള്ള സ്റ്റാർഡേർഡുകൾ ഉറപ്പ് വരുത്തുക
4) എല്ലാ പി.എച്ച്.സി കളിലും കിണർ റീചാർജ്ജിംഗ് സംവിധാനം ഏർപ്പെടുത്തുക.
5) 100 പേർക്കെങ്കിലും ഇരിക്കാൻ കഴിയാവുന്ന വിധത്തിലുള്ള കോൺഫറൻസ് ഹാൾ എല്ലാ പി.എച്ച്.സി കളിലും ഉറപ്പ് വരുത്തുക.
6) കുട്ടികൾക്കും കൗമാരക്കാർക്കും നീന്തൽ പരിശീലനം, സൈക്കിൾ പരിശീലനം നൽകുക.
7) ആദിവാസി വിഭാഗങ്ങൾ വരുന്ന ബ്ലോക്ക് പഞ്ചായത്തുകളിൽ ഒരു ബ്ലോക്കിന് ഒരു മൊബൈൽ ടൈബൽ യൂണിറ്റ് തുടങ്ങുക
8) ആദിവാസി മേഖലയിലെ ലഹരി ഉപയോഗം കുറച്ചുകൊണ്ടുവരിക. ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകൾ സംയുക്തമായി ഏറ്റെടുക്കണം (ഐ.റ്റി.ഡി.പി, എക്സൈസ്, പോലീസ്, ആരോഗ്യ വകുപ്പ്) മുതലായ വകുപ്പുകളുടെ സേവനം പ്രയോജനപ്പെടുത്തണം.
9) എല്ലാ പഞ്ചായത്തും ബാല സൗഹൃദ പഞ്ചായത്താക്കിമാറ്റുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. (ആവശ്യമായ സഹായം സാമൂഹ്യ നീതി വകുപ്പിൽ നിന്ന് ലഭ്യമാണ്).
10) ബ്ലോക്ക് തലത്തിൽ കെമിക്കൽ ആന്റ് ബാക്ടീരിയോളജിക്കൽ അനാലിസിസിനു വേണ്ടി ഒരു ലാബ് സെറ്റ് ചെയ്യുക (ഏകദേശം 6.5 ലക്ഷം രൂപ ചെലവ്) ജില്ലയിൽ ജലപരിശോധനക്കുള്ള പ്രതിസന്ധിക്ക് വിലപ്പെട്ട സംഭാവനയാകുമെന്ന് മാത്രമല്ല ജലജന്യ രോഗങ്ങളെ തടയാനുള്ള ഉചിതമായ പരിഹാരമാർഗ്ഗവുമാകും.

ഹോമിയോ – കീഴ്ഘട്ട് നിർദ്ദേശങ്ങൾ

1) ഹോമിയോ രോഗ പ്രതിരോധം RAECH (Rapid Action Epidemic control in Homoeopathy) എല്ലാ പഞ്ചായത്തിലും നടപ്പിലാക്കുക.
2) കെട്ടിടമില്ലാത്ത ഹോമിയോ ഡിസ്പെൻസറികൾക്ക് കെട്ടിടം നിർമ്മിക്കുക.
3) ജില്ല/താലൂക്ക് ഹോമിയോ ഡിസ്പെൻസറികളിൽ എക്സ്റേ യൂണിറ്റ് സ്ഥാപിക്കുക.

ഗോത്രദളം സമഗ്ര ആദിവാസി സുരക്ഷിത മാതൃത്വം

ജില്ലയിലെ പതിനേഴായിരത്തിൽ പരം ആദിവാസികളിൽ ബഹു ഭ്രരിഭാഗവും നിലമ്പൂർ ഉൾവനങ്ങളിലും ഊർങ്ങാട്ടിരി ചോക്കാട്, കാളികാവ്, കരുവാരക്കുണ്ട്, മങ്കട, താഴേക്കോട് എന്നീ പ്രദേശങ്ങളിലാണ് അധിവസിക്കുന്നത്. കേരളത്തിൽതന്നെയുള്ള കാട്ടുനായ്ക്ക, ചോലനായ്ക്കർ, മുതുവാൻമാർ തുടങ്ങിയ ഗോത്രവർഗ്ഗക്കാർ ഇപ്പോഴും ഉൾവനങ്ങളിലാണ് താമസം. യാതൊരു വിധ അടിസ്ഥാന സൗകര്യങ്ങളും പ്രസ്തുത കോളനികളിലില്ല. വാഹന ഗതാഗത സൗകര്യം പോലും മിക്ക കോളനികളിലും ഇല്ല എന്നുള്ളതാണ് വസ്തുത. പരമ്പരാഗതമായി അനുവദിച്ചു വരുന്ന പശ്ചാത്തലം വിട്ട് പുറത്തിറങ്ങാൻ വിമുഖരാണ് ഇക്കൂട്ടർ. ഇത് ഇവർക്കിടയിൽ വലിയ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കാറുണ്ട്. പ്രത്യേകിച്ചും ഗർഭിണികളായ യുവതികളായതിനാൽ തന്നെ പാർശ്വവൽക്കരിക്കപ്പെട്ട ആദിവാസി അമ്മമാരുടെ (ഗർഭിണികളുടേയും കുട്ടികളുടേയും) സർവ്വോൻമുഖരായ പുരോഗതി ലക്ഷ്യം വച്ചുകൊണ്ടാണ് ഗോത്രദളം എന്ന ഈ പദ്ധതിക്ക് രൂപം നൽകിയത്.

അന്യം നിന്നു പോകുന്ന ഗോത്ര വിഭാഗങ്ങളായ മുതുവാൻ, പണിയ, അറണാടൻ, കുറുമർ, കാട്ടുനായ്ക്കർ, ചോലനായക്കർ, കുറിഞ്ഞിപണിയർ എന്നീ വിഭാഗങ്ങളാണ് മലപ്പുറം ജില്ലയിലുള്ള 2002-2003 വർഷക്കാലം ജില്ലയിലെ മുഴുവൻ ആദിവാസി ജനങ്ങളിലും ജില്ലാ മെഡിക്കൽ ഓഫീസിന്റെ നേതൃത്വത്തിൽ നടത്തിയ സമഗ്ര ആദിവാസി സർവ്വേയിൽ പോഷണക്കുറവു മൂലമുള്ള അനീമിയ (വിളർച്ച), വന്ധ്യത, അടിസ്ഥാന സൗകര്യമില്ലായ്മ എന്നിവ കണ്ടെത്തിയിരിക്കുന്നു. അതിനാൽ തന്നെ ആദിവാസികളുടെ വംശ വർദ്ധന കുറഞ്ഞു വരുന്നതായും ആധുനിക ആരോഗ്യ സേവനത്തിൽ കുറവും കണ്ടെത്തിയിരിക്കുന്നു.

ഗർഭിണികളായ അമ്മമാർക്ക് ഉൾവനങ്ങളിൽ നിന്നും ആശുപത്രിയിലേക്ക് വരുന്ന വഴി കാട്ടാനകളുടെ ശല്യം കാരണം തിരിച്ചുപോകേണ്ട അവസ്ഥയും, ആരോഗ്യ പ്രവർത്തകർക്ക് കാട്ടിലേക്ക് പോകാൻ ആനശല്യം കാരണം പറ്റാതാവുകയും ഉണ്ടാവുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് തന്നെ പ്രസവത്തോടെതന്നെ അമ്മയുടേയും കുഞ്ഞിന്റേയും ജീവൻ നഷ്ടപ്പെടുന്ന അവസ്ഥ സംജാതമായിട്ടുണ്ട്.

ഇവ പരിഹരിക്കുന്നതിനുവേണ്ടി ഗോത്രവർഗ്ഗക്കാരുടെ തനത് ശൈലി ആശുപത്രികളിൽ പുനർസൃഷ്ടിച്ചുകൊണ്ട് ആദിവാസികളായ ഗർഭിണികളുടെ സുഖപ്രസവവും അമ്മയുടേയും കുഞ്ഞിന്റെയും ആരോഗ്യ സംരക്ഷണവുമാണ് ലക്ഷ്യമിടുന്നത്.

ആദിവാസി ജനവിഭാഗങ്ങൾ കൂടുതലായുള്ള ചുങ്കത്തറ ആരോഗ്യ ബ്ലോക്കിലെ നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ഗോത്ര കോളനി ഭവന മോഡലിന് പ്രത്യേക സജ്ജീകരണത്തോടു കൂടിയ പ്രസവ മുറിയും പ്രസവത്തിന്റെ പ്രതീക്ഷിക്കുന്ന തീയതിക്ക് ഒരു മാസം മുൻപും പ്രസവത്തിനു ശേഷം ഒരാഴ്ചയും ആദിവാസി ആചാര പ്രകാരമുള്ള സംവിധാനം ഒരുക്കണം. ഇതിനായി ഭർത്താവ്, പരിചാരിക എന്നിവരും ഗർഭിണിയുടെ കൂടെ ഉണ്ടാവും. പരിചാരികയെ നിയമിക്കുകയും കൂടെയുള്ള ആൾക്ക് തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുന്നതിന് ദിവസ വേതനവും നൽകണം. ഇതുവഴി അന്യം

നിന്ന് പോകുന്ന ഗോത്ര വിഭാഗങ്ങളുടെ സമ്പൂർണ്ണ ആരോഗ്യ പരിരക്ഷ നൽകി വംശ വർദ്ധനവും ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുകയും ചെയ്യും.

തുവൽസ്പർശം സഞ്ചരിക്കുന്ന മോർബിഡിറ്റി മാനേജ്മെന്റ് ക്ലിനിക്ക് :

മലപ്പുറം ജില്ലയിലെ തീരദേശ മേഖലയിൽ മന്ത് രോഗം പിടിപെട്ട് നടക്കാൻ പോലും പറ്റാതെ വീടുകളിൽ ഒറ്റപ്പെട്ട് കഴിയുന്നവർക്ക് വീടുകളിൽ ചെന്ന് അവർക്കുണ്ടാകുന്ന ശാരീരിക പ്രയാസങ്ങൾക്ക് പരിഹാരം കാണുന്ന പദ്ധതിയാണിത്. മന്ത് രോഗം പിടിപെട്ടവരുടെ അസുഖം മാറ്റുക സാധ്യമല്ല. എന്നാൽ അവർക്ക് അണുബാധ മൂലം ഉണ്ടാകുന്ന മുറിവുകൾ കഴുകി മരുന്ന് വെക്കുകയും, മറ്റ് ശാരീരിക അസുഖങ്ങൾക്ക് ചികിത്സയും നൽകുന്നു. ജില്ലയിൽ പൊന്നാനി മുനിസിപ്പാലിറ്റിയിൽ 51 വാർഡുകളിലായി 1233 പേരും ഇത്തരം ചികിത്സ ആവശ്യവുമായി വരുന്നവർ ഉണ്ട്. 263 പേർ താനൂർ, പരപ്പനങ്ങാടി തുടങ്ങിയ പ്രദേശങ്ങളിൽ വേറെയുമുണ്ട്. ഇതിനായി ആശുപത്രി, ഫീൽഡ് ജീവനക്കാർക്ക് പുറമേ ആശമാർ, സന്നദ്ധ സേവാ പ്രവർത്തകർ, ആരോഗ്യസേന പ്രവർത്തകർ എന്നിവർക്ക് പരിശീലനം നൽകി മൊബൈൽ ടീം രൂപീകരിക്കുന്നു. സാന്ത്വന പരിചരണ മാതൃകയിൽ ആഴ്ചയിൽ ഒരു ദിവസം ഓരോ രോഗികളുടേയും പരിശീലനം ലഭിച്ച വളണ്ടിയർമാർ സേവനം നൽകുന്നു. ഇതിനായി ഒരു വാഹനവും മരുന്നുകളും മറ്റ് അനുബന്ധ സാമഗ്രികളുമാണ് ആവശ്യം. ഇത്തരം പ്രവർത്തനം നടത്തുന്നതുമൂലം തീരാ ദുരിതത്തിലായ ആൾക്കാർക്ക് സമൂഹത്തിൽ മാന്യമായ സ്ഥാനവും, അംഗീകാരവും ലഭ്യമാക്കുക എന്നുള്ളതാണ് തുവൽസ്പർശം കൊണ്ട് ഉദ്ദേശിക്കുന്നത്.

ആയുരാരോഗ്യം – അംഗവൈകല്യങ്ങളില്ലാത്ത സമൂഹം

ശാരീരികവും മാനസികവും സാമൂഹികവുമായ നല്ല അവസ്ഥക്കാണ് ആരോഗ്യം എന്ന് പറയുന്നത്. അത് രോഗമില്ലായ്മയോ അംഗവൈകല്യങ്ങളില്ലായ്മയോ മാത്രമല്ല. ഈ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിനു വേണ്ടിയാണ് ആയുരാരോഗ്യം എന്ന പദ്ധതി ലക്ഷ്യമിടുന്നത്. ഇന്ന് സമൂഹത്തിൽ നിരവധി കാരണങ്ങളാൽ അംഗവൈകല്യം സംഭവിച്ച് ജീവിതം തന്നെ മുരടിച്ചുപോകുന്ന കുറേയേറെ മനുഷ്യർ ജില്ലയിലുണ്ട്. അവർക്ക് ഒരു കൈത്താങ്ങാവുകയും ഇത്തരം അവസ്ഥയിൽ എത്താതിരിക്കാൻ വേണ്ട മുൻകരുതൽ പ്രവർത്തനങ്ങളും ബോധവൽക്കരണ പ്രവർത്തനവുമാണ് ലക്ഷ്യമിടുന്നത്.

അംഗവൈകല്യങ്ങൾ ഉണ്ടാവാനുള്ള കാരണങ്ങളിൽ ചിലത് അപകടങ്ങൾ, പ്രകൃതിക്ഷോഭങ്ങൾ, ആക്രമണങ്ങൾ, ജന്മനാൽ

അപകടങ്ങൾ : ബഹുഭൂരിപക്ഷം ആളുകളിലും അംഗവൈകല്യങ്ങളുണ്ടാകുന്നതിന്റെ പ്രധാന കാരണങ്ങളിൽ ഒന്നാണ് അശ്രദ്ധമായി വാഹനം ഓടിച്ചുണ്ടാകുന്ന അപകടങ്ങൾ. ഇത് തടയുന്നതിന് നിലവിലുള്ള നിയമങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക. ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ വാഹന ഉപഭോക്താക്കൾക്കും പൊതുജനങ്ങൾക്കും നൽകും.
പ്രകൃതി ക്ഷോഭം : മുന്നറിയിപ്പ് യഥാ സമയം നൽകുകയും സാധ്യതാ പ്രദേശങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുകയും മുന്നറിയിപ്പ് അനുസരിച്ച് ജനങ്ങളെ സുരക്ഷിത സ്ഥാനത്തേക്ക് മാറ്റി പാർപ്പിക്കുകയും ചെയ്യുക.
ആക്രമണങ്ങൾ : രാഷ്ട്രീയ വ്യക്തി ജാതി മത ആക്രമണങ്ങൾ കാരണമാണ് അംഗവൈകല്യങ്ങൾ ഉണ്ടാകാനുള്ള കാരണം. ഇതിനെതിരെ ശക്തമായ സാമൂഹ്യ ഇടപെടലുകളും ബോധവൽക്കരണ പ്രവർത്തനങ്ങളും സംഘടിപ്പിക്കും.

ജന്മനാൽ : ഗർഭിണികളായിരിക്കുമ്പോൾ റുബെല്ല പോലുള്ള അസുഖങ്ങൾ വരികയും ജനിക്കുന്ന കുട്ടികൾക്ക് സി.ആർ.എസ് മൂലമുണ്ടാകുന്ന അംഗവൈകല്യങ്ങൾ രോഗ പ്രതിരോധ കുത്തിവെപ്പ് നൂറ് ശതമാനം ആക്കും.
എ.എൻ.സി : മാനസിക ആരോഗ്യത്തിൽ അധിഷ്ഠിതമായ ഗർഭകാല പരിചരണം - അമ്മക്ക് കൗൺസിലിംഗ്.
എം.എസ്.സി : പ്രീ നാറ്റൽ പോസ്റ്റ് നാറ്റൽ കെയർ സമഗ്രവും സർവ്വത്രികവുമാക്കുക ജനറ്റിക്കൽ ഇഷ്യൂസ് - ഓഡിയോഗ്രാഫി ടെസ്റ്റ്, ഐ ടെസ്റ്റ് ജനന സമയത്തുതന്നെ നടത്തി അംഗവൈകല്യങ്ങൾ ഇല്ലെന്ന് ഉറപ്പ് വരുത്തുക. പ്രീ മരേറ്റൽ & ജനിറ്റിക് കൗൺസിലിംഗ് സെന്റർ സ്ഥാപിക്കും.
ഡയറ്റ് : ഗർഭകാലത്ത് പോഷണ സംമ്പുഷ്ടമായ ആഹാര ശീലം ഉറപ്പാക്കുക.
സ്കൂൾ തലം: ബോധവൽക്കരണവും,പരിശോധനയും, നേരത്തെ കണ്ടെത്തലുകൾ,ചികിത്സ ലഭ്യമാക്കുക. ഇത്തരം പ്രവർത്തനങ്ങളിലൂടെ അംഗവൈകല്യമില്ലാത്ത ഒരു സമൂഹത്തെ വാർത്തെടുക്കാം.

സാന്ത്വനം – കിഡ്നി രോഗമില്ലാത്ത സമൂഹം

അനിയന്ത്രിതമായ ജീവിത ശൈലി കാരണം ജില്ലയിൽ കിഡ്നി സംബന്ധമായ അസുഖങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യമാണ് ഇന്നുള്ളത്. അതുകൊണ്ടുതന്നെ ഡയാലിസിസ് സെന്ററുകളുടെ എണ്ണവും ദിനം പ്രതി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ നമുക്ക് വേണ്ടത് ഡയാലിസിസ് സെന്ററുകളല്ല. മറിച്ച് ആരോഗ്യകരമായ കിഡ്നിയോടെ ജീവിക്കുന്ന ഒരു സമൂഹമാണ് നമ്മുടെ ലക്ഷ്യം. അതിനായി ആരോഗ്യകരമായ ഭക്ഷണ രീതി, വ്യായാമം, ധ്യാനം മുതലായവ ശീലിക്കേണ്ടിയിരിക്കുന്നു. അമിതമായ ഫാസ്റ്റ് ഫുഡ് സംസ്കാരം, മദ്യപാനം, പുകവലി മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം, ശുദ്ധമായ കുടിവെള്ള ലഭ്യതക്കുറവ് എന്നിവ കിഡ്നിരോഗമുണ്ടാക്കുന്ന വസ്തുതകളാണ്. ഇതിനെതിരെ ശക്തമായ ബോധവൽക്കരണത്തോടൊപ്പം കളിസ്ഥലങ്ങളുടെ ലഭ്യത ഓരോ ഗ്രാമ പഞ്ചായത്തുകളും ഉറപ്പ് വരുത്തണം. കൂടാതെ യഥാസമയം യൂറിൻ, ആൽബുമിൻ പരിശോധന, രക്തത്തിൽ സിറം ക്രിയാറ്റിൻ പരിശോധന മുതലായവ യഥാക്രമവും സാർവ്വത്രികമായി നടപ്പിലാക്കി ഇത്തരം അവസ്ഥയിലേക്കെത്തുന്നവരെ നേരത്തേ കണ്ടെത്തി ചികിത്സിച്ച് ഭേദമാക്കും.

കിഡ്നി രോഗം മൂലം കഷ്ടപ്പെടുന്നവരില്ലാത്ത മലപ്പുറം ജില്ല സൃഷ്ടിച്ചെടുക്കുകയാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. ഇത്തരം പദ്ധതികൾ എല്ലാ ഗ്രാമ പഞ്ചായത്തുകളും ഏറ്റെടുക്കേണ്ടിയിരിക്കുന്നു.

6.10 – കുടിവെള്ളം

ത്രിതല പഞ്ചായത്തുകളും നഗരസഭകളും കുടിവെള്ള മേഖലയിൽ നടത്തുന്ന പദ്ധതികളുടെ വിവരം

2017–2018 പദ്ധതി ഓവർവ്യൂ

ജില്ലയിൽ 2017–18 വർഷത്തിലെ കുടിവെള്ള മേഖലയിൽ ത്രിതല പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ആസൂത്രണം ചെയ്തിരിക്കുന്നത് 1645 പദ്ധതികൾ ആണ്. ഇതിൽ 1089 പദ്ധതികൾ ജനറൽ വിഭാഗത്തിലും, 513 പദ്ധതികൾ എസ്.സി.പി വിഭാഗത്തിലും 43 പദ്ധതികൾ റ്റി.എസ്.പി വിഭാഗത്തിലും ആണ്. ആകെ ഉള്ള 1645 പദ്ധതികളിൽ 854 എണ്ണം പുതിയ പദ്ധതികളും 787 എണ്ണം സ്പിൽ ഓവർ പദ്ധതികളും ആണ്. പദ്ധതി ചിലവ് ജനറൽ വിഭാഗത്തിൽ 9.45 കോടി,

എസ്.സി.പി യിൽ 16.30 കോടി, റ്റി.എസ്.പി യിൽ 0.88 കോടി, സ്വന്തം ഫണ്ടിൽ 9.8 കോടി കേന്ദ്ര വിഹിതം 0.705കോടി, സംസ്ഥാന വിഹിതം 0.089കോടി, റോഡ് വിഭാഗം 0.003കോടി, റോഡേതര വിഭാഗം 1.4 കോടി, മറ്റുളളവ 14.4 കോടി എന്നിങ്ങനെ ആണ്. ജില്ലയിലെ ത്രതല പഞ്ചായത്തുകളും മുനിസിപാലിറ്റികളും പുതിയതും സ്പിൽഓവർ പദ്ധതികളും ആവിഷ്കരിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

ചിത്രം 6.18 : പ്രോജക്ട് വിശദാംശങ്ങൾ



അവലംബം – സുലേഖ. ഐ.കെ.എം

ഗ്രാമ പഞ്ചായത്തുകൾ വഴി

84 ഗ്രാമ പഞ്ചായത്തുകളിൽ ആകെ 1274 കൂടിവെളള പദ്ധതികൾ ആണ് ആവിഷ്കരിച്ചിട്ടുളളത്. ഇതിൽ 636 പുതിയ പദ്ധതികളും 638 സ്പിൽ ഓവർ പദ്ധതികളും ആണ്. 890 പദ്ധതികൾ ജനറൽ വിഭാഗത്തിലും 350 എണ്ണം എസ്.സി.പി യിലും 34 എണ്ണം റ്റി.എസ്.പി വിഭാഗത്തിലും ആണ് ഉൾപ്പെട്ടുത്തിയിരിക്കുന്നത്.

ചിത്രം 6.19 : ഗ്രാമ പഞ്ചായത്ത് പ്രോജക്ട് വിശദാംശങ്ങൾ



അവലംബം – സുലേഖ. ഐ.കെ.എം

ജനറൽ വിഭാഗത്തിലെ പദ്ധതികൾക്ക് കൂടുതൽ ഊന്നൽ നൽകിയിരിക്കുന്നത് കിണറുകളുടെ പ്രവർത്തികൾക്ക് ആണ്. ജനറൽ വിഭാഗത്തിൽ 327 കിണറുമായി ബന്ധപ്പെട്ട ജോലികൾ എടുക്കുമ്പോൾ പുതിയ പദ്ധതികളിൽ 211 ഉം സ്പിൽ ഓവറിൽ 241 പദ്ധതികൾ ഉണ്ട്. ഈ പ്രവർത്തികൾ പുതിയ കിണർ നിർമ്മിക്കുന്നത്, വൃത്തിയാക്കുന്നത്, മറ്റ് അറ്റകുറ്റപ്പണികൾ എന്നിവ ഉൾപ്പെടും പുതിയ പദ്ധതികളിൽ ടാങ്ക് നിർമ്മിക്കൽ, സ്ഥാപിക്കൽ തുടങ്ങിയ ജോലികൾ പുതിയതായി 58 ഉം സ്പിൽ ഓവറിൽ ഉം ഉണ്ട്. വീടുകൾക്ക് കണക്ഷന് കൊടുക്കുക, കിഴിവ് കൊടുക്കുന്ന പദ്ധതികൾ പുതിയതിന് 16 ഉം സ്പിൽ ഓവറിൽ 15 ഉം ഉണ്ട്. ഇത് എസ്.സി.പി വിഭാഗത്തിലും ഉൾപ്പെടുത്തിതായി കാണുന്നുണ്ട്. കുടിവെള്ള പദ്ധതിക്കായി ഈ വർഷം 58 ഉം സ്പിൽ ഓവർ ആയി 78 ഉം ഉണ്ട്. ഇത് ജനറൽ വിഭാഗത്തിന് 109 എണ്ണം ഉണ്ട്. വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് ആയ പ്രവൃത്തികൾ 26 എണ്ണം പുതിയതും 5 എണ്ണം സ്പിൽ ഓവറും ഉണ്ട്. പൈപപ്പുകൾ നീട്ടുന്നതിന് ജനറൽ വിഭാഗത്തിൽ 109, എസ്.സി.പി യിൽ 212 ഉണ്ട്. പുതിയത് 77 ഉം സ്പിൽ ഓവറിൽ 60 ഉം ആണ്.

ബ്ലോക്ക് പഞ്ചായത്തുകൾ വഴി

176 പദ്ധതികൾ ആണ് ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ 131 പുതിയതും 45 എണ്ണം സ്പിൽ ഓവർ പദ്ധതികളും ആണ്. പൊതുവിഭാഗത്തിൽ 64, എസ്.സി.പി യിൽ 109, റ്റി.എസ്.പി യിൽ 3 പദ്ധതികൾ ആണ് നടപ്പിലാക്കുന്നത്. ബ്ലോക്ക് പഞ്ചായത്ത് പദ്ധതികളിൽ ഊന്നൽ നൽകിയിരിക്കുന്നത് പൈപ്പ് ലൈനുകൾ നീട്ടുന്നതിനാണ്. എസ്.സി.പി യിലും ജനറൽ മേഖലയിലും ഈ പ്രോജക്ടുകൾക്ക് ആണ് പ്രാധാന്യം കൊടുത്തതായി കാണുന്നത്. പൊതു വിഭാഗത്തിൽ 3 പുതിയ കിണറുകൾ ഉണ്ടാക്കാനും 3 എണ്ണം റിപ്പയർ ചെയ്യാനും ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വാട്ടർ അതോറിറ്റിക്ക് പൈപ്പ് ലൈന് നീട്ടുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. റ്റി.എസ്.പി യിൽ ഉൾപ്പെടുത്തി 3 പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

ചിത്രം 6.20 : ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ട് വിശദാംശങ്ങൾ



അവലംബം – സൂലേഖ. ഐ.കെ.എം

പുതിയ പദ്ധതികളിൽ ഊന്നൽ കൊടുത്തത് 18 പൈപ്പ് ലൈന് നീട്ടുന്നതിനാണ്. പുതിയ കിണറുകളും കുഴൽ കിണറുകളും 8 എണ്ണം ഉൾപ്പെടുത്തിയിട്ടുണ്ട്. വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് ആയി 3 പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

ജില്ലാ പഞ്ചായത്ത് വഴി

ജില്ലാ പഞ്ചായത്ത് ഈ വർഷം ആകെ 37 പദ്ധതികൾക്ക് ആണ് കുടിവെള്ള വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ 8 പുതിയ പദ്ധതികളും 29 സ്പിൽ ഓവർ പദ്ധതികളും ആണ്. പൊതുവിഭാഗത്തിൽ 22 ഉം എസ്.സി.പി യിൽ 11 ഉം ടി.എസ്പി. യിൽ 4 ഉം പദ്ധതികൾ ആണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്. 32 ഗ്രാമപഞ്ചായത്തുകളിൽ ആണ് ജില്ലാ പഞ്ചായത്തിന്റെ കുടിവെള്ള പദ്ധതികൾക്ക് അനുവാദം നൽകിയിരിക്കുന്നത്. പുതിയ പദ്ധതികളിൽ 7 ഗ്രാമപഞ്ചായത്തുകളിൽ മാത്രമാണുള്ളത്. ഒന്നിലധികം പഞ്ചായത്തുകൾക്ക് ഗുണം ലഭിക്കുന്ന രീതിയിൽ കുടിവെള്ള പദ്ധതികളും ഉൾപ്പെടുത്തിയിട്ടില്ല.

ചിത്രം 6.21 : ജില്ലാ പഞ്ചായത്ത് പ്രോജക്ട് വിശദാംശങ്ങൾ



അവലംബം – സുലേഖ. ഐ.കെ.എം

മുനിസിപ്പാലിറ്റികൾ വഴി

12 മുനിസിപ്പാലിറ്റികളിൽ ആയി 155 കുടിവെള്ള പദ്ധതികൾ ആണ് 2017-18 പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 78 പുതിയതും 77 സ്പിൽ ഓവർ പദ്ധതികളും ആണ് ഉള്ളത്. 112 പദ്ധതികൾ പൊതുവിഭാഗത്തിലും 42 എണ്ണം എസ്.സി.പി യിലും ഒരെണ്ണം ടിഎസ്.പി. യിൽ ആണ് ഉള്ളത്. 19 പദ്ധതികൾ സംഭരണ ടാങ്കുകളുമായി ബന്ധപ്പെട്ട പ്രവർത്തികൾ ആണ്. സ്രോതസ്സുകൾ നിർമ്മിക്കുകയും അറ്റകുറ്റ പണികൾ, മറ്റു അനുബന്ധ പ്രവർത്തികൾക്ക് 42 ആണ്. വിവിധ സ്ഥലങ്ങളിലേക്ക് പൈപ്പുകൾ നീട്ടുന്നത് 32 പ്രവർത്തികൾക്കാണ്. പമ്പ് സെറ്റുകൾ വാങ്ങിക്കുന്നതിന് 6 പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളത്. കേരള വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് പ്രവർത്തികൾ ആയി 8 പദ്ധതികൾ ഉണ്ട്.

ചിത്രം 6.22 : മുനിസിപ്പാലിറ്റി പ്രോജക്ട് വിശദാംശങ്ങൾ



അവലംബം – സുലേഖ. ഐ.കെ.എം

അവലോകനം

ജില്ലാ പഞ്ചായത്ത് പദ്ധതികളിൽ 22 ശതമാനം മാത്രമാണ് പുതിയ പദ്ധതികൾ ഉള്ളത്. 78 ശതമാനവും സ്പിൽ ഓവർ പദ്ധതികൾ ആണ് ആവിഷ്കരിച്ചിട്ടുള്ളത്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് 75 ശതമാനം പുതിയ പദ്ധതികൾ ആണ് നിർദ്ദേശിച്ചിരിക്കുന്നത്. ഗ്രാമപഞ്ചായത്തു കളും മുന്സിപ്പാലിറ്റികളും 50 ശതമാനം വീതം പുതിയ പദ്ധതികൾക്കും 50 ശതമാനം സ്പിൽ ഓവർ പദ്ധതികൾക്കും അംഗീകാരം നൽകിയിട്ടുണ്ട്. ഒന്നിലധികം പഞ്ചായത്തുകൾക്ക് ഗ്രണം ലഭ്യമാക്കുന്ന രീതിയിൽ ജില്ലാ പഞ്ചായത്തോ ബ്ലോക്ക് പഞ്ചായത്തോ ഒരു പദ്ധതിയും ആവിഷ്കരിച്ചിട്ടില്ല. പൊതു കുടിവെള്ള പ്രശ്നങ്ങൾക്ക് പരിഹാരമായ ബഹുമാനപ്പെട്ട പഞ്ചായത്ത് കുടിവെള്ള പദ്ധതികൾ, പുഴകളിൽ ചെക്ക് ഡാം, വിയർ എന്നിവയുടെ നിർമ്മാണം, തുടങ്ങിയ പദ്ധതികൾക്ക് ത്രിതല പഞ്ചായത്തുകൾക്ക് പണം ഒരുമിച്ച് പദ്ധതികൾക്ക് രൂപം കൊടുക്കാവുന്നതാണ്. കൂടാതെ റിവർ മാനേജ്മെന്റ് ഫണ്ട് (ആർഎംപി), മറ്റു വകുപ്പുകളുടെ വിഹിതം, കേന്ദ്ര സംസ്ഥാന വിഹിതം, എംഎൽഎ/എംപി. ഫണ്ടുകൾ ഉപയോഗിച്ച് പഞ്ചായത്ത് പദ്ധതികൾക്ക് ജില്ലാ പഞ്ചായത്തിനോ, ബ്ലോക്ക് പഞ്ചായത്തുകൾക്കോ ആവിഷ്കരിക്കാവുന്നതാണ്. ജില്ലയിൽ ജലനിധി ഒന്നാം ഘട്ടത്തിൽ 33 പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ 14 പഞ്ചായത്തുകളിൽ പദ്ധതികൾ 2018 ഡിസംബറിൽ പൂർത്തീകരിക്കുന്നതാണ്. ഒന്നാം ഘട്ട ജലനിധി പൂർത്തീകരിച്ച പഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതികളിൽ പരിപാലനത്തിനായി പഞ്ചായത്തുകൾ കാര്യമായി വിഹിതം മാറ്റിവെക്കുന്നില്ല. ജലനിധിയിലെ എല്ലാ പദ്ധതികളും ഉപഭോക്തൃ കമ്മിറ്റികൾക്ക് വേണ്ട സാങ്കേതിക സാമ്പത്തിക സാമൂഹ്യ സഹായങ്ങൾ നൽകാന് ത്രിതല പഞ്ചായത്ത് ഫണ്ടുകൾ നൽകുന്നത് ഉചിതമായിരിക്കും. സാമ്പത്തിക ഭദ്രത കുറവ് കാരണം കുറെ പദ്ധതികൾ കാര്യക്ഷമമായി പ്രവർത്തിക്കാത്ത അവസ്ഥ നിലവിൽ ഉണ്ട്.

മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

നിലവിൽ ത്രിതല പഞ്ചായത്തുകളിൽ കുടിവെള്ള മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി താഴെ പറയുന്ന പരിഹാര മാർഗ്ഗങ്ങൾ ഘട്ടം ഘട്ടമായി ത്രിതല പഞ്ചായത്തുകൾ നടപ്പിലാക്കാൻ ശ്രമിക്കേണ്ടതാണ്.

1. ജില്ലാ പഞ്ചായത്ത് പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾക്ക് ഗ്രണം ലഭിക്കുന്ന രൂപത്തിൽ വിവിധ ഫണ്ടുകൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിന് ഊന്നൽ നൽകുക. പ്രത്യേകിച്ച് പുഴകളിൽ ജലംസംഭരിക്കുന്ന സ്ഥിരം തടയണകൾ, കുടിവെള്ള പദ്ധതികൾ എന്നിവക്ക്.
2. ത്രിതല പഞ്ചായത്തുകൾ നിലവിലുള്ള കുടിവെള്ള പദ്ധതികൾക്ക് പരിപാലനത്തിനുവേണ്ടി പദ്ധതികൾ ആവിഷ്കരിക്കുക.
3. ജലനിധി പദ്ധതികൾക്ക് ത്രിതല പഞ്ചായത്തുകൾ സാങ്കേതിക സാമൂഹ്യ ഇടപെടലുകൾ നടത്തുക.
4. പഞ്ചായത്തുകളിലെ നിലവിലുള്ള കുടിവെള്ള പദ്ധതികൾ പരിപാലിക്കുന്ന ഗ്രണഭോക്തൃ കമ്മറ്റികൾക്ക് വേണ്ടി സാങ്കേതിക പരിശീലനം നൽകാൻ പദ്ധതികൾ ആവിഷ്കരിക്കുക.
5. ത്രിതല പഞ്ചായത്തുകൾ കുടിവെള്ള പദ്ധതികളുടെ ജലത്തിന്റെ ഗ്രണനിലവാരം ഉറപ്പാക്കാൻ പദ്ധതികൾ ആവിഷ്കരിക്കുക.
6. കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള വിതരണ പദ്ധതികൾ ഉള്ള ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും നിലവിലുള്ള പൊതുടാപ്പുകൾക്ക് പകരം വീട് കണക്ഷൻ നൽകാൻ വേണ്ട പദ്ധതി ആവിഷ്കരിക്കുക. (അതുവഴി പഞ്ചായത്ത്/ മുനിസിപ്പാലിറ്റി കേരള വാട്ടർ അതോറിറ്റിക്ക് വർഷാവർഷത്തിൽ നൽകേണ്ട ചാർജ്ജ് ഒഴിവാക്കുന്നതു കാരണം സ്ഥാപനങ്ങൾക്ക് സാമ്പത്തിക ബാധ്യത കുറയും).

7. വിവിധ ഏജൻസികൾ ഒരു പഞ്ചായത്തിൽ ഒരേ ആവശ്യത്തിന് പദ്ധതികൾ ആവിഷ്കരിക്കുന്നത് ഒഴിവാക്കാൻ ത്രിതല പഞ്ചായത്തുകൾ എല്ലാ വകുപ്പുകളുമായി ഏകോപന സംവിധാനം ഉണ്ടാക്കുക.
8. ത്രിതല പഞ്ചായത്തുകൾ നിലവിലുള്ള വി സി ബി, ചെറിയ തടയണകൾ, എന്നിവക്ക് പരിപാലനത്തിനായി പദ്ധതികൾ ആവിഷ്കരിക്കുക. ഇത് വഴി വേനൽ കാലങ്ങളിൽ ജലം സംഭരിക്കാൻ സാധിക്കുന്നതാണ്.

6.11 – ശുചിത്വം

മലപ്പുറം ജില്ലയിൽ 2017-18 വാർഷിക പദ്ധതിയിൽ ശുചിത്വമേഖലയിൽ 1073 പ്രോജക്ടുകളാണ് രൂപീകരിച്ചിട്ടുള്ളത്. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ, നഗരസഭ എന്നീ തദ്ദേശഭരണ സ്ഥാപനങ്ങൾ യഥാക്രമം 677,85,154,157 പ്രോജക്ടുകൾ രൂപീകരിച്ചിട്ടുണ്ട്. 2017 ഡിസംബർ 31 വരെയുള്ള പദ്ധതി വിനിയോഗം 8.1 % മാത്രമാണ്.

പട്ടിക 6.16 : വാർഷിക പദ്ധതി 2017-18 തദ്ദേശഭരണസ്ഥാപനങ്ങൾ ശുചിത്വമേഖലയിൽ വകയിരുത്തിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ (തുക രൂപയിൽ)

തദ്ദേശ സ്ഥാപനം	പ്രോജക്ടുകളുടെ എണ്ണം	തുക	ചെലവ്	ശതമാനം
ബ്ലോക്ക് പഞ്ചായത്ത്	85	84797940	11134426	13.13
ജില്ലാ പഞ്ചായത്ത്	154	118655053	2232778	1.88
ഗ്രാമ പഞ്ചായത്ത്	677	241448460	16937364	7.01
നഗരസഭ	157	128184182	15984349	12.47
ആകെ	1073	573085635	46288917	8.1

അവലംബം – സുലേഖ, ഐ.കെ.എം

ശുചിത്വമേഖലയിൽ ഏറ്റവും കൂടുതൽ ഫണ്ട് വകയിരുത്തിയിരിക്കുന്നത് ഗ്രാമപഞ്ചായത്തുകളാണ്-2414.48 ലക്ഷം രൂപ. ഏറ്റവും കുറവ് ഫണ്ട് വകയിരുത്തിയിരിക്കുന്നത് ബ്ലോക്ക്പഞ്ചായത്തുകളാണ്-847.98 ലക്ഷം രൂപ. ഇത് താഴെ ചിത്രത്തിൽ നിന്ന് കാണാവുന്നതാണ്.

ചിത്രം 6.23 : വാർഷിക പദ്ധതി 2017-18 തദ്ദേശഭരണസ്ഥാപനങ്ങൾ ശുചിത്വമേഖലയിൽ വകയിരുത്തിയ തുക തദ്ദേശ ഭരണ സ്ഥാപനതലം തിരിച്ച് (തുക ലക്ഷത്തിൽ)



അവലംബം – സുലേഖ, ഐ.കെ.എം

2016, നവംബർ 1 ന് കേരളം ഒ.ഡി.എഫ് പ്രഖ്യാപിച്ചിരുന്നെങ്കിലും മലപ്പുറം ജില്ല ഒക്ടോബർ 16 ന് തന്നെ ഒ.ഡി.എഫ് പ്രഖ്യാപിച്ചതാണ്. 11719 എണ്ണം പഞ്ചായത്തിലും 3832 എണ്ണം മുനിസിപ്പാലിറ്റിയിലും ശൗചാലയങ്ങൾ നിർമ്മിച്ചു. മുനിസി പ്പാലിറ്റി തലത്തിൽ മലപ്പുറം ജില്ല ഒ.ഡി.എഫ് പ്രഖ്യാപനം നടത്തിയത് 2017 മാർച്ച് 31 നാണ്. ശുചിത്വ മിഷൻ വഴി പഞ്ചായത്തിൽ മൊത്തം 78641 എണ്ണം ശൗചാലയങ്ങളാണ് മലപ്പുറം ജില്ലയിൽ നൽകിയിട്ടുള്ളത്.അംഗൻവാടിയിൽ 473 എണ്ണം ശൗചാലയവും, സ്കൂളിൽ 1212 എണ്ണം ശൗചാലയവും, 298 എണ്ണം വനിതാ സൗഹൃദ ശൗചാലയങ്ങളും, 115 എണ്ണം പൊതു ശൗചാലയങ്ങളും ശുചിത്വ മിഷൻ വഴി മലപ്പുറം ജില്ലയിൽ നൽകിയിട്ടുണ്ട്. വ്യക്തിഗത കമ്പോസ്റ്റിംഗ് സംവിധാനത്തിൽ 10670 എണ്ണം ബയോഗ്യാസ് പ്ലാന്റും, 88586 പൈപ്പ് കമ്പോസ്റ്റും, 247 മണ്ണിര കമ്പോസ്റ്റും, 14 റിംഗ് കമ്പോസ്റ്റും നൽകിയിട്ടുണ്ട്.

വ്യക്തിഗത ശൗചാലയം	അംഗൻവാടി	സ്കൂൾ ശൗചാലയം	വനിതാ സൗഹൃത ശൗചാലയം	പൊതു ശൗചാലയം	ബയോഗ്യാസ് പ്ലാന്റ്	പൈപ്പ് കമ്പോസ്റ്റ്	മണ്ണിര കമ്പോസ്റ്റ്	റിംഗ് കമ്പോസ്റ്റ്
78641	473	1212	298	115	10670	88586	247	14

78 പഞ്ചായത്തുകളിൽ ഹരിത കർമ്മസേന രൂപീകരണം നടന്നു കഴിഞ്ഞു. 37 പഞ്ചായത്തിൽ എം.സി.എഫ് ന്റെ പ്രാഥമിക നടപടികൾ തുടങ്ങിയിട്ടുണ്ട് . 384 സ്ഥലത്ത് പൊതു ശൗചാലയങ്ങൾക്കായി 19.72 കോടി രൂപ വെച്ചിട്ടുണ്ട്. 128 സ്ഥലത്ത് പൊതു ഖര മാലിന്യ സംസ്കരണ സംവിധാനങ്ങൾക്കായി 14.87 കോടി രൂപ വെച്ചിട്ടുണ്ട്. 63 പൊതു ബയോഗ്യാസ് പ്ലാന്റുകൾക്കായി 7.67 കോടി രൂപ, 36 പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് പ്രോജക്ടുകൾക്കായി 3.66 കോടി രൂപയും, 16 എം.സി.എഫ്/ആർ.ആർ.എഫ് പ്രോജക്ടുകൾക്കായി 1.68 കോടി രൂപയും മാറ്റി വെച്ചിട്ടുണ്ട്. നദീ സംരക്ഷണം, തോട് നവീകരണം തുടങ്ങിയ 16 എണ്ണം പ്രോജക്ടുകൾക്കായി 2.85 കോടി രൂപയും, കുടിവെള്ളം, കിണർ തുടങ്ങിയ പ്രോജക്ടുകൾക്കായി 0.54 കോടി രൂപയും വെച്ചിട്ടുണ്ട്. അറവുശാലകൾക്കായി 2 തദ്ദേശ സ്ഥാപനങ്ങളിൽ 0.32 ലക്ഷം വെച്ചിട്ടുണ്ട്. 5 സ്ഥലത്ത് മലിന ജല സംസ്കരണത്തിനായി 0.76 കോടി രൂപയും വെച്ചിട്ടുണ്ട്. നഗര ശുചീകരണം, ചന്ത ശുചീകരണം തുടങ്ങിയവക്ക് 8 തദ്ദേശ സ്ഥാപനങ്ങളിൽ 1.53 കോടി രൂപ വെച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളിൽ സി.സി.ടി.വി ക്ക് പ്രോജക്ട് വെച്ചു. 6 സ്ഥാപനങ്ങളിൽ ശുചിത്വത്തിന് വാഹനം വാങ്ങുന്ന പ്രോജക്ടിന് 0.46 കോടി മാറ്റി വെച്ചിട്ടുണ്ട്.

പട്ടിക 6.17 : തദ്ദേശഭരണസ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതി
ശുചിത്വമേഖലയിലെ വിവിധ പ്രോജക്ടുകൾ തിരിച്ച സംക്ഷിപ്തം

ക്രമ നം	പ്രോജക്ടുകൾ	ആകെ എണ്ണം	ആകെ തുക
1.	ശൗചാലയങ്ങൾ	384	197243824
2.	ഖര മാലിന്യ സംസ്കരണം	128	148724543
3.	ശ്മശാനങ്ങൾ	84	94250994
4.	ഡ്രൈനേജ്	78	33773136
5.	ബയോഗ്യാസ്	63	76746592
6.	പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ്	36	36690899
7.	ഷി-പാഡ്	31	10652098
8.	അൺസ്പെസിഫൈഡ്	21	15706885
9.	എംആ.ർഎഫ്.സി.	16	16812774
10.	നദി സംരക്ഷണം	11	20990437
11.	കുടിവെള്ളം, കിണർ നിർമ്മാണം	9	5438500
12.	ചന്തകൾ - ക്ലീനിംഗ്	7	15397000

ക്രമ നം	പ്രോജക്ടുകൾ	ആകെ എണ്ണം	ആകെ തുക
13.	വാഹനം - ഉപകരണം	6	4670480
14.	മലിന ജല ശുദ്ധീകരണം	5	7615839
15.	തോടുകളുടെ നവീകരണം	5	7300000
16.	സി.സി.ടി.വി	2	730000
17.	അറവുശാലകൾ	2	3200000
18.	കൊതുക് നിയന്ത്രണം	1	950000
19.	മഴക്കാല പൂർവ്വ ശുചീകരണം	1	300000
20.	നഗര ശുചീകരണം	1	600000
21.	കൈമാറ്റ കടകൾ	1	100000
22.	ഉച്ച ഭക്ഷണം - പാത്രങ്ങൾ	1	650000
	ആകെ	893	69,85,44,001

അവലംബം - സുലേഖ, ഐ.കെ.എം

മഴകാല പൂർവ്വ ശുചീകരണം, കൊതുക് നിയന്ത്രണം തുടങ്ങിയ പ്രോജക്ടുകൾക്ക് 2 സ്ഥലത്ത് 9 ലക്ഷം രൂപയും മാറ്റി വെച്ചിട്ടുണ്ട്.

മാതൃകാ പദ്ധതികൾ

ജില്ലയിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന മാതൃകാ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 6.18 : ജില്ലയിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ 2017-18 വാർ ഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന മാതൃകാ പദ്ധതികളുടെ വിശദാംശങ്ങൾ

എസ്.ടി.പി (മലിനജല സംസ്കരണ പ്ലാന്റ്)	ഗ്യാസ് ക്രിമറ്റോറിയം	എംസി.എഫ് / . ആർ.ആർ.എഫ് അജൈവ മാലിന്യ) (ശേഖരണ കേന്ദ്രം	അറവുശാല	പൊതു ബയോ ഗ്യാസ് പ്ലാന്റ്	വിൻഡ്രോ കമ്പോസ്റ്റ്	തുമ്പൂർമുഴി / എയ്റോബിക് കമ്പോസ്റ്റ്
1	5	15	2	3	2	4

അവലംബം - സുലേഖ, ഐ.കെ.എം

മറ്റ പദ്ധതികളുമായുള്ള സംയോജനം

1. ഹരിത കർമ്മസേനയുടെ പ്രവർത്തനം രണ്ടാം ഘട്ടത്തിലേക്ക കടക്കുന്ന സമയത്ത് കൃഷി വകുപ്പിന്റെ പദ്ധതികളുമായി സംയോജിപ്പിച്ച് ജൈവ വളം വിതരണം ചെയ്യുന്നതിനും ജൈവ കൃഷി പരിപാലനത്തിനും സാധിക്കും.
2. മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് ലെ അനുവദനീയമായ പ്രവൃത്തികളായ കമ്പോസ്റ്റ് കുഴി നിർമ്മാണം, സോക്കേജ് പിറ്റ് നിർമ്മാണം, സർക്കാർ പദ്ധതികൾക്ക് കീഴിൽ നടക്കുന്ന പുതിയ വീടുകളുടെ കക്കൂസ് നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ ചെയ്യും.
3. അനർട്ടുമായി സഹകരിച്ച് ഫ്ലാറ്റുകൾക്കും ഓഡിറ്റോറിയങ്ങൾക്കും സ്ഥാപനങ്ങൾക്കും ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് പാരമ്പര്യേതര ഊർജ്ജ ഉപഭോഗം വർദ്ധി പ്പിക്കാം.
4. നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന 'മാലിന്യ മുക്ത ചാലിയാർ' പദ്ധതിയുടെ മാതൃകയിൽ നദികളെ മാലിന്യ മുക്തമാക്കുന്നതിനാവശ്യമായ പദ്ധതികൾ ആരോഗ്യം, കൃഷി, വിദ്യാഭ്യാസം എന്നീ

വകുപ്പുകളുമായി യോജിച്ച് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംയോജിത പ്രോജക്ടായി ഏറ്റെടുക്കാം.

6.12 – പാർപ്പിടം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം ഉപയോഗിച്ചത്

ഭവന നിർമ്മാണമേഖലയിൽ ജില്ലയിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2012–13 മുതൽ 2016–17 വരെ ആകെ 102114.52 ലക്ഷം രൂപ വകയിരുത്തിയതിൽ 50297.13 ലക്ഷം രൂപയാണ് ചെലവഴിച്ചിട്ടുളളത്. ഇത് ആകെ വകയിരുത്തിയതിന്റെ 49% മാത്രമാണ്. വിശദാശംങ്ങൾ പട്ടികയിലും ചിത്രത്തിലും സൂചിപ്പിക്കുന്നു.

പട്ടിക 6.19 : ഭവന നിർമ്മാണ മേഖലയിൽ ജില്ലയിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കഴിഞ്ഞ 5 വർഷം ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ

ക്രമ നം	വർഷം	പദ്ധതി പ്രകാരം അനുവദിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (31.03.2017വരെ) ലക്ഷത്തിൽ	ശതമാനം
1	2012 –13	44754.75	20656.99	46%
2	2013 –14	17071.92	8728.19	51%
3	2014 –15	15290.51	7635.50	50%
4	2015– 16	14759.68	8232.43	56%
5	2016 –17	10237.66	5044.02	49%
	ആകെ	102114.52	50297.13	49%

അവലംബം – സുലേഖ, ഐ.കെ.എം

ചിത്രം 6.24 : ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭവന നിർമ്മാണ മേഖലയിലെ വകയിരുത്തലും ചെലവും



അവലംബം – സുലേഖ, ഐ.കെ.എം

6.13 – വിദ്യാഭ്യാസം

തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ വാർഷികപദ്ധതി-വിദ്യാഭ്യാസ മേഖലയിലെ പ്രോജക്ട് വിശദാംശങ്ങൾ- വർഷം തിരിച്ച്

2015-16 മുതൽ വിദ്യാഭ്യാസമേഖലയിൽ പ്രോജക്ടുകൾക്ക് തുക വകയിരുത്തിയതിൽ വർദ്ധനവുള്ളതായികാണുന്നു. 2015-16 വാർഷികപദ്ധതിയിൽ 6030 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. അടുത്ത വർഷങ്ങളിൽ യഥാക്രമം 7977 ലക്ഷം രൂപ, 10,682 ലക്ഷം രൂപയായി എന്നിങ്ങനെയായി വർദ്ധിച്ചതായികാണാം. സംസ്ഥാന സർക്കാരിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൂടുതൽ ഫണ്ട് വിലയിരുത്തിയിട്ടുള്ളതായി കാണാം [പട്ടിക 6.20, ചിത്രം 6.25]

പട്ടിക 6.20 : തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി വിദ്യാഭ്യാസമേഖലയിലെ പ്രോജക്ട് വിശദാംശങ്ങൾ വർഷംതിരിച്ച് (തുക രൂപയിൽ)

വർഷം	പുതിയ പ്രോജെക്ട്)	സ്പിൽ ഓവർ പ്രോജ	ആകെ പ്രോജെക്ടുകൾ	അനുവദിച്ച തുക	മൊത്തം തുക	ചിലവഴിച്ചത്	ശതമാനം
2015-16	1125	169	1294	1290	603008592	443364932	73.53
2016-17	1262	227	1489	1475	796676284	427023643	53.60
2017-18	1329	514	1843	1728	1068206463	296779264	27.78

അവലംബം – സൂലേഖ, ഐ.കെ.എം

ചിത്രം 6.25 : തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷികപദ്ധതി വിദ്യാഭ്യാസമേഖലയിലെ പ്രോജക്ട് വകയിരുത്തൽ വർഷം തിരിച്ച് [തുക ലക്ഷത്തിൽ]



അവലംബം – സൂലേഖഐ.കെ.എം ,

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടർ വിദ്യാഭ്യാസമേഖല-കാലിക വ്യതിയാനം

മലപ്പുറം ജില്ലയിലെ തുടർ വിദ്യാഭ്യാസ പദ്ധതിയിൽ ജില്ലയിൽ 2015-16, 2016-17, 2017-18, വാർഷിക പദ്ധതികളിൽ പ്രോജക്ടുകളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവുണ്ടായിട്ടില്ല എന്ന് മാത്രമല്ല, പ്രോജക്ടുകളുടെ എണ്ണം കുറയുന്നതായിട്ടാണ് വസ്തുതകൾ ചൂണ്ടിക്കാട്ടുന്നത്. യഥാക്രമം 99,96,98 പ്രോജക്ടുകൾ പദ്ധതി തുക വകയിരുത്തിയതിലും ഇതേ രീതിതന്നെയാണ് വീക്ഷിക്കാനാകുന്നത്. യഥാക്രമം 154 ലക്ഷം 141 ലക്ഷം, 142 ലക്ഷം. ജില്ലയുടെ സാക്ഷരതാ നിരക്ക്

വർദ്ധിച്ചത് ഇതിനൊരു കാരണമായി അനുമാനിക്കാവുന്നതാണ് [പട്ടിക 6.21,ചിത്രം 6.26]

പട്ടിക 6.21 : തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ –തുടർ വിദ്യാഭ്യാസമേഖല –പ്രോജക്ടുകളുടെ വിശദാംശങ്ങൾ [തുക ലക്ഷത്തിൽ]

വർഷം	പുതിയ പ്രോജെക്ട്)	സ്പിൽ ഓവർ പ്രൊജക്ട്	ആകെ പ്രോജെക്ടുകൾ	അനുവദിച്ച തുക	മൊത്തം തുക	ചിലവഴിച്ചത്	ശതമാനം
2015-16	99	41	140	140	15413324	8954674	58.1
2016-17	96	11	107	106	14159367	8371597	59.1
2017-18	98	14	112	106	14861268	394396	2.7

അവലംബം – സുലേഖ, ഐ.കെ.എം

ചിത്രം 6.26 : തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ – തുടർ വിദ്യാഭ്യാസമേഖല – പ്രോജക്ടുകളുടെ വിശദാംശങ്ങൾ [തുക ലക്ഷത്തിൽ]



അവലംബം – സുലേഖ, ഐ.കെ.എം

കല സംസ്കാരം,യുവജന ക്ഷേമം–കാലിക വ്യതിയാനം

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ 2015-16, 2016-17, 2017-18 കാലയളവിൽ അപ്രൂവ് പ്രോജക്ടുകളുടെ എണ്ണത്തിൽ വർദ്ധനവുള്ളതയികാണാം, യഥാക്രമം 140, 224, 351 പ്രോജക്ടുകൾ പ്രസ്തുത വർഷങ്ങളിൽ വകയിരുത്തിയിട്ടുള്ള ഫണ്ട് യഥാക്രമം 154 ലക്ഷം, 746 ലക്ഷം, 1383 ലക്ഷം രൂപയാണ്. പ്രോജക്ടുകളുടെ എണ്ണത്തിലും തുകയിലും ഉള്ള ഈ വർദ്ധനവ് ജില്ലയിലെ കലാ സാംസ്കാരിക, യുവജനക്ഷേമ പുരോഗതിയിലേക്കുള്ള കാൽവെപ്പായി കരുതാവുന്നതാണ് പദ്ധതി വിഹിത വിനിയോഗം ഈ വർഷങ്ങളിൽ 58%, 21%, 13% [ഡിസംബർ മാസം വരെ] [പട്ടിക 6.22,ചിത്രം 6.27].

പട്ടിക 6.22 : തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ – കല സംസ്കാരം ,യുവജന ക്ഷേമം– പ്രോജക്ടുകളുടെ വിശദാംശങ്ങൾ [തുക ലക്ഷത്തിൽ]

വർഷം	പുതിയ പ്രോജെക്ട്)	സ്പിൽ ഓവർ പ്രൊജക്ട്	ആകെ പ്രോജെക്ടുകൾ	അനുവദിച്ച തുക	മൊത്തം തുക	ചിലവഴിച്ചത്	ശതമാനം
2015-16	99	41	140	140	15413324	8954674	58.09697
2016-17	191	35	226	224	74599191	15929535	21.3535

2017-18	304	68	372	351	138345927	18200747	13.15597

അവലംബം – സുലേഖ, ഐ.കെ.എം

ചിത്രം 6.27 : തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ –യുവജന ക്ഷേമം, കല സംസ്കാരം – പ്രോജക്ടുകളുടെ വിശദാംശങ്ങൾ [തുക ലക്ഷത്തിൽ]



അവലംബം – സുലേഖകെ.എം.ഐ ,

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2017–18 വാർഷിക പദ്ധതി– വിദ്യാഭ്യാസമേഖല

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ 2017–18 വാർഷികപദ്ധതിയിൽ അപ്രൂവ് ചെയ്ത 1728 പ്രോജക്ടുകളിലായി 106.82 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. എന്നാൽ 2018 ജനുവരി 15 വരെയുള്ള പദ്ധതിവിനിയോഗം 29.68 കോടിരൂപ മാത്രമാണ്. [പട്ടിക6.23]

6.14.1.5 വിവിധവിദ്യാഭ്യാസ തലം തിരിച്ച് താരത്മ്യപഠനം

ഏറ്റവും കൂടുതൽ പ്രോജക്ടുകൾ, തുക വകയിരുത്തൽ, പദ്ധതിവിനിയോഗം എന്നിവ വിദ്യാഭ്യാസ അനുബന്ധ പ്രവർത്തികൾക്കാണ്, യഥാക്രമം 674 പ്രോജക്ടുകൾ, 39.62 കോടിരൂപ വകയിരുത്തൽ, 49.1 % വിനിയോഗം (ജനുവരി 2018 വരെ) [പട്ടിക 6.23, ചിത്രം 6.28, 6.29]

എസ്.എസ്.എ, ആർ.എം.എസ്.എ പദ്ധതികൾക്കുള്ള നീക്കിയിരിപ്പ് ഉച്ചഭക്ഷണ പരിപാടികൾ തുടങ്ങിയവ അനുബന്ധ പ്രവർത്തികളിലുൾപ്പെടുന്നു. പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുള്ള ഉന്നത വിദ്യാഭ്യാസസഹായത്തിന് 28 പ്രോജക്ടുകളിലായി 224.26 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വിദ്യാഭ്യാസമേഖലയുടെ വിവിധ തലങ്ങളായ പ്രീപ്രൈമറി, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, സാങ്കേതിക വിദ്യാഭ്യാസം എന്നീ വിഭാഗങ്ങളിൽ ഏറ്റവും കൂടുതൽ തുക വകയിരുത്തിയിട്ടുള്ളത് പ്രൈമറി തലത്തിൽ 2523.11 ലക്ഷം രൂപ, ഹയർ സെക്കണ്ടറി തലത്തിലും 1768.57 ലക്ഷം രൂപ ആണ്. ജില്ലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ രൂപീകരിച്ച 1843 പ്രോജക്ടുകളിൽ 514 പ്രോജക്ടുകളും തുടർപദ്ധതികളാണ്. രൂപീകരിച്ച 1843 പ്രോജക്ടുകളിൽ 1728 പ്രോജക്ടുകൾക്ക് മാത്രമാണ് അംഗീകാരം ലഭ്യമായിട്ടുള്ളത്. പ്രോജക്ട് രൂപീകരണം, വിനിയോഗം എന്നിവയിലുള്ള പിഴവും, ആസൂത്രണമില്ലായ്മയും ഇത് ചൂണ്ടിക്കാട്ടുന്നു.

പട്ടിക 6.23 : തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതി- വിദ്യാഭ്യാസമേഖല വിവിധ വിദ്യാഭ്യാസതലം തിരിച്ച് (തുക ലക്ഷത്തിൽ)

വർഷം	പുതിയ പ്രോജെക്ട്)	സ്പിൽ ഓവർ പ്രൊജക്ട്	ആകെ പ്രോജെക്ടുകൾ	അനുവദിച്ച തുക	മൊത്തം തുക	ചിലവഴിച്ചത്	ശതമാനം
പ്രീ പ്രൈമറി	74	40	114	102	44045532	12971374	29.4
പ്രൈമറി	434	232	666	630	252310999	63883552	25.3
സെക്കൻഡറി	61	28	89	67	142180668	5325234	3.7
ഹയർ സെക്കൻഡറി	112	88	200	179	176857283	12745302	7.2
വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസം	6	18	24	22	19717967	2148140	10.9
സാങ്കേതിക വിദ്യാഭ്യാസം	15	12	27	26	14442303	2716573	18.8
അനുബന്ധ പ്രവർത്തനം	596	93	689	674	396225711	194729089	49.1
പട്ടികജാതി / വർഗ്ഗ വിദ്യ. ഉന്നത വിദ്യാഭ്യാസ സഹായം	31	3	34	28	22426000	2260000	10.1
ആകെ	1329	514	1843	1728	1068206463	296779264	27.78

അവലംബം – സുലേഖ, ഐ.കെ.എം

ചിത്രം 6.28 : തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷികപദ്ധതി-വിദ്യാഭ്യാസമേഖല വിവിധ വിദ്യാഭ്യാസ തലം തിരിച്ച് (തുക ലക്ഷത്തിൽ)



അവലംബം – സുലേഖ, ഐ.കെ.എം

ചിത്രം. 6.29 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷികപദ്ധതി- വിദ്യാഭ്യാസ മേഖല – പദ്ധതി വിനിയോഗ ശതമാനം 2017 ഡിസംബർ മാസം വരെ



അവലംബം – സുലേഖ, ഐ.കെ.എം

വാർഷിക പദ്ധതി 2017-18 വിദ്യാഭ്യാസം- തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ തിരിച്ച് പദ്ധതി താരതമ്യപഠനം

ജില്ലയിലെ 122 തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലായി അംഗീകരിച്ച ആകെ 1728 എണ്ണം പ്രോജക്ടുകളുടെ ശരാശരി പ്രോജക്ട് തുക 6.18 ലക്ഷം രൂപയാണ്. ഗ്രാമ പഞ്ചായത്ത്, നഗരസഭകളുടെ ശരാശരി പ്രോജക്ട് തുക യഥാക്രമം 4, 7.6 ലക്ഷം രൂപയാണെങ്കിൽ ആയത് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് 14,15.3 ലക്ഷം രൂപയാണ്. പദ്ധതി വിനിയോഗം ഏറ്റവും കൂടുതൽ ഗ്രാമപഞ്ചായത്തിനാണ് 40.20%, ഏറ്റവും കുറവ് ജില്ലാ പഞ്ചായത്തിനും 10.87%. വിദ്യാഭ്യാസ മേഖലയിൽ ഏറ്റവും കൂടുതൽ ഫണ്ട് വകയിരുത്തിയിരിക്കുന്നു. [ചിത്രം 6.30, 6.31,] [പട്ടിക 6.24]

പട്ടിക 6.24: വാർഷിക പദ്ധതി 2017-18-വിദ്യാഭ്യാസം-തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് പദ്ധതി താരതമ്യപഠനം (തുക രൂപയിൽ)

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ	പുതിയ പ്രോജക്ടുകൾ	സ്പിൽ ഓവർ	ആകെ	അംഗീകാരം ലഭിച്ചത്	വകയിരുത്തിയ തുക	ചെലവ്	ശതമാനം	ശരാശരി പ്രോജക്ട് കോസ്റ്റ്
ഗ്രാമ പഞ്ചായത്ത്	948	309	1257	1224	492539442	198014391	40.20	4.024
ജില്ലാ പഞ്ചായത്ത്	141	130	271	227	348596705	37903865	10.87	15.357
ബ്ലോക്ക് പഞ്ചായത്ത്	21	7	28	25	35452831	9930436	28.01	14.181
മുനിസിപ്പാലിറ്റി	219	68	287	252	191617485	50930572	26.58	7.604
ആകെ	1329	514	1843	1728	1068206463	296779264	27.78	6.182

അവലംബം - സുലേഖ, ഐ.കെ.എം

ചിത്രം 6.30 വാർഷിക പദ്ധതി 2017-18 വിദ്യാഭ്യാസം-തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ തിരിച്ച് പദ്ധതി താരതമ്യപഠനം- വകയിരുത്തൽ - (ജനുവരി 15 വരെ, തുക ലക്ഷത്തിൽ)



അവലംബം - സുലേഖ, ഐ.കെ.എം

ചിത്രം 6.31 : വാർഷിക പദ്ധതി 2017-18 വിദ്യാഭ്യാസം-തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ തിരിച്ച് പദ്ധതി താരതമ്യപഠനം-തുക വിനിയോഗം (ജനുവരി 15 വരെ)



അവലംബം - സുലേഖ, ഐ.കെ.എം

വാർഷിക പദ്ധതി 2017-18 -തുടർ വിദ്യാഭ്യാസം-തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് പദ്ധതി താരതമ്യപഠനം

2017-18 വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള 98 പ്രോജക്ടുകളിൽ 81 പ്രോജക്ടുകൾ ഗ്രാമ പഞ്ചായത്തുകളും 12 പ്രോജക്ടുകൾ നഗരസഭകളും 4 പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്തുകളും പുതുതായി രൂപീകരിച്ചിട്ടുള്ളതാണ്. ഇതുവരെയുള്ള വിഹിത വിനിയോഗം ഡിസംബർ മാസം വരെ കേവലം 2.7% ശതമാനം. ആകെ വകയിരുത്തിയിട്ടുള്ള തുക 149 ലക്ഷം രൂപയാണ്. പദ്ധതി വിഹിത വിനിയോഗത്തിൽ കാര്യക്ഷമമായ മോണിറ്ററിംഗിന്റെ അഭാവം ഇത് സൂചിപ്പിക്കുന്നു. (പട്ടിക 6.25)

പട്ടിക 6.25 വാർഷിക പദ്ധതി തുടർ വിദ്യാഭ്യാസം തുക വകയിരുത്തൽ തദ്ദേശ സ്വയം ഭരണ സ്ഥാപന തല തിരിച്ച് (തുക രൂപയിൽ)

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ	പുതിയ പ്രോജക്ടുകൾ	സ്പിൽ ഓവർ	ആകെ	അംഗീകാരം ലഭിച്ചത്	വകയിരുത്തിയ തുക	ചെലവ്	ശതമാനം	%
ജില്ലാ പഞ്ചായത്ത്	2017-18	1	1	2	2	2695704	25199	0.9
ബ്ലോക്ക് പഞ്ചായത്ത്	2017-18	4	1	5	3	1127164	0	0
മുനിസിപ്പാലിറ്റി	2017-18	12	3	15	13	2332300	252280	10.8
ഗ്രാമ പഞ്ചായത്ത്	2017-18	81	9	90	88	8706100	116917	1.3
ആകെ	2017-18	98	14	112	106	14861268	394396	2.7

അവലംബം - സുലേഖ, ഐ.കെ.എം

വാർഷിക പദ്ധതി 2017-18 -കല, സംസ്കാരം, യുവജനക്ഷേമം-തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് പദ്ധതി താരതമ്യപഠനം

2017-18 വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള 351 പ്രോജക്ടുകളിലായി 1383 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്, ഗ്രാമ പഞ്ചായത്തുകൾ 278 പ്രോജക്ടുകളിലായി 646 ലക്ഷം രൂപയും നഗരസഭകൾ 34 പ്രോജക്ടുകളിലായി 490 ലക്ഷം രൂപയും ബ്ലോക്ക് പഞ്ചായത്ത് 23 പ്രോജക്ടുകളിലായി 32.37 ലക്ഷം രൂപയും ജില്ലാ പഞ്ചായത്ത് 16 പ്രോജക്ടുകളിലായി 215 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. (പട്ടിക 6.26,ചിത്രം 6.32)

പട്ടിക 6.26 : വാർഷിക പദ്ധതി 2017-18 -കല, സംസ്കാരം, യുവജനക്ഷേമം-
തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ തിരിച്ച് പദ്ധതി താരതമ്യപഠനം (തുക രൂപയിൽ)

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ	പുതിയ പ്രോജക്ടുകൾ	സ്പിൽ ഓവർ	ആകെ	അംഗീകാരം ലഭിച്ചത്	വകയിരുത്തിയ തുക	ചെലവ്	ശതമാനം	%
ജില്ലാ പഞ്ചായത്ത്	2017-18	15	6	21	16	21500000	3923029	18.24665
ബ്ലോക്ക് പഞ്ചായത്ത്	2017-18	23	0	23	23	3237384	418438	12.92519
മുനിസിപ്പാലിറ്റി	2017-18	28	9	37	34	49019969	2533582	5.168469
ഗ്രാമ പഞ്ചായത്ത്	2017-18	238	53	291	278	64588574	11325698	17.53514
ആകെ	2017-18	304	68	372	351	138345927	18200747	13.15597

അവലംബം - സുലേഖ, ഐ.കെ.എം

ചിത്രം 6.32 : വാർഷിക പദ്ധതി 2017-18-സ്കാരം, യുവജനക്ഷേമംകല, സം-
തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ തിരിച്ച് പദ്ധതി താരതമ്യപഠനം (തുക ലക്ഷത്തിൽ)



അവലംബം - സുലേഖ, ഐ.കെ.എം.

1) കീഴ് തട്ട് നിർദ്ദേശങ്ങൾ

1. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിദ്യാഭ്യാസ പദ്ധതികൾ സംയോജിപ്പിക്കുന്നതിന് ജില്ലാ തല സമിതികൾ രൂപീകരിക്കുക.
2. ബ്ലോക്ക് തലത്തിൽ താൽകാലിക നീന്തൽകുളം നിർമ്മിക്കുന്നതിന് ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത്/ നഗരസഭകളുടെ പൊതു ഫണ്ട് രൂപീകരിക്കുക.
3. തീര ദേശ മേഖലകളായ തിരൂർ, തിരുരങ്ങാടി വിദ്യാഭ്യാസ ജില്ലകളുടെ പരിധികളിൽ ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ എഡ്യുക്കേഷണൽ വളണ്ടിയർമാരെ നിയമിക്കുക.
4. ജില്ലയിലെ മുഴുവൻ ഗവൺമെന്റ് എയിഡഡ് വിദ്യാലയങ്ങളിലേയും പ്രിസ്കൂൾ അധ്യാപകർ, ആയമാർ എന്നിവർക്കും തുടർ പരിശീലനം നല്കുക.
5. ഓരോ പഞ്ചായത്തിലും ഒരു വിദ്യാലയത്തെ മാതൃകാ ശിശു വിദ്യാഭ്യാസ കേന്ദ്രമായി വളർത്തുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുക. സമൂഹപിന്തുണ നേടുന്നതിനുള്ള പരിപാടികൾ, രക്ഷാകർതൃ ശില്പശാല, വിദഗ്ദരുടെ ക്ലാസ്സുകൾ, ഫിലിം പ്രദർശനവും ചർച്ചയും, അധ്യാപകരുടെ നിരന്തര പരിശീലനം, ഇടക്കാല വിലയിരുത്തലും മോണിറ്ററിംങ്ങും എന്നിവ ഉറപ്പാക്കണം.

6. തിരഞ്ഞെടുത്ത വിദ്യാലയങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൊതു സമൂഹം എന്നിവരുടെ പിന്തുണയോടെ മെച്ചപ്പെട്ട പ്രീസ്കൂൾ അന്തരീക്ഷം ഒരുക്കുക. (ഉദാ:പഠനോപകരണ- കളിയുപകരണ ശില്പശാല, വർക്ക്ഷീറ്റുകൾ തയ്യാറാക്കൽ, കളി ഉപകരണങ്ങൾ, ശിശു സൗഹൃദപരമാക്കൽ, കുടിവെള്ള സൗകര്യം, ടോയിലറ്റ്, കുട്ടികളുടെ പാർക്ക്).
7. പ്രവർത്തന പുരോഗതിയുടെ മോണിറ്ററിംഗും ഇടക്കാല വിലയിരുത്തലും റിപ്പോർട്ട് തയ്യാറാക്കുക.
8. എല്ലാ പ്രീ പ്രൈമറി (അംഗൻവാവടി) സ്കൂളുകൾക്കും സ്വന്തമായി വൃത്തിയുള്ള ആധുനിക സൗകര്യങ്ങളുള്ള കെട്ടിടം , കുട്ടികൾക്ക് കളിക്കാനാവശ്യമായ കളി സ്ഥലം, ചുറ്റുമതിൽ എന്നിവ നിർമ്മിക്കുക.
9. സ്മാർട്ട് ക്ലാസ് റൂം നിർമ്മിക്കുക.

എൽ.പി/ യു.പി

1. എല്ലാ സ്കൂളുകൾക്കും ചുറ്റുമതിലോടുകൂടിയ കെട്ടിടം, കുടിവെള്ളം, ടോയിലറ്റ് സൗകര്യങ്ങൾ എന്നിവ സജ്ജീകരിക്കുക.
2. കളിസ്ഥലങ്ങൾ, പൂന്തോട്ടങ്ങൾ എന്നിവ നിർമ്മിക്കുക.
3. ഒന്നാം ക്ലാസ്സ് മുതൽ ഇംഗ്ലീഷ് വിദ്യാഭ്യാസം ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നല്കുക.
4. കുട്ടികളുടെ പഠന നിലവാരം ഓരോ ക്ലാസ്സിലും കൃത്യമായി അറിയുന്നതിനുള്ള സംവിധാനം ഒരുക്കുക.
5. പഠന നിലവാരം ഉറപ്പ് വരുത്തുന്നതിനുള്ള ഇടപെടലുകൾ ഫലപ്രദമാക്കുക.
6. മിടുക്കരായ കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകുക.
7. എല്ലാ സ്കൂളുകളിലും ക്ലാസ്റൂം ലൈബ്രറി/സ്മാർട്ട് ക്ലാസ് റൂം സജ്ജീകരിക്കുക.

ഹൈസ്കൂൾ/ഹയർസെക്കണ്ടറി

1. അഞ്ചു വർഷത്തിനുള്ളിൽ എല്ലാ സ്കൂളുകൾക്കും ചുറ്റുമതിലോടുകൂടിയ ക്യാമ്പസ് എന്ന ലക്ഷ്യം കൈവരിക്കുക.
2. സ്കൂളുകൾക്കാവശ്യമായ വൃത്തിയുള്ള ക്ലാസ് റൂമുകളും ഫർണിച്ചറുകളും ലഭ്യമാക്കുക.
3. എല്ലാ ഹൈസ്കൂളുകളിലും ക്ലാസ് റൂം ലൈബ്രറി സജ്ജീകരിക്കുക.
4. ഹൈസ്കൂളുകൾക്കും ഹയർസെക്കണ്ടറി സ്കൂളുകൾക്കും ഒരേ സമയം ഉപയോഗിക്കാൻ പറ്റുന്ന രീതിയിലുള്ള ലാബ് സൗകര്യം ഒരുക്കുക.
5. എല്ലാ സ്കൂളുകൾക്കും ഓഡിറ്റോറിയം നർമ്മിക്കുക.
6. മിടുക്കരായ കുട്ടികളെ കണ്ടെത്തുന്നതിനും അവരെ പരിപോഷിപ്പിക്കുന്നതിനുമുള്ള പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുക.
7. കുട്ടികളുടെ മാനസിക കൗമാര പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരായ കൗൺസിലർമാരുടെ സേവനം എല്ലാ സ്കൂളുകളിലും ഉറപ്പ് വരുത്തുക.
8. പ്രത്യേക കൗൺസിലിംഗ് റൂം സൗകര്യം ഒരുക്കുക.
9. സ്കൂളിൽനിന്നും റഫർ ചെയ്യുന്ന കുട്ടികൾക്ക് ജില്ലാടിസ്ഥാനത്തിൽ പ്രത്യേക കൗൺസിലിംഗ് സെന്റർ ആരംഭിക്കുക.
10. ഓരോ ക്ലാസിലും ലഭിക്കേണ്ട നൈപുണ്യങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക

11. കുട്ടികളിൽ നേരത്തെത്തന്നെ മത്സരക്ഷമതയുണ്ടാക്കുന്നതിനുള്ള പ്രത്യേക പരിശീലനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുക.
12. 8,9,10,11,12 ക്ലാസുകളിൽ ജില്ലാ മാത് സ് ഒളിമ്പ്യാഡ്, ജില്ലാ സയൻസ് ഒളിമ്പ്യാഡ് എന്നിവ സംഘടിപ്പിക്കുക.
13. അദ്ധ്യാപകർക്ക് ജില്ലാതലത്തിൽ റഫറൻസ് ലൈബ്രറിയും, സെമിനാർ ഹാളും സജ്ജീകരിക്കുക.
14. ഹയർസെക്കണ്ടറി തലത്തിൽ തൊഴിൽ നൈപുണ്യ പരിശീലനങ്ങൾ സംഘടിപ്പിക്കുക.
15. ഹയർസെക്കണ്ടറി തലത്തിലുള്ള വിദ്യാർത്ഥികൾക്ക് ജില്ലാ തലത്തിൽ കേന്ദ്ര യൂണിവേഴ്സിറ്റികളിലെ പരീക്ഷകൾക്കായി പ്രത്യേക കോച്ചിംഗ് സെന്റർ ആരംഭിക്കുക.
16. കരിയർ ഗൈഡൻസ് സെന്ററുകൾ സ്ഥാപിക്കുക.
17. പത്താം ക്ലാസ് വിജയിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ആവശ്യമായ സീറ്റുകൾ ഉറപ്പ് വരുത്തുക.
18. എല്ലാ സ്കൂളുകളെയും ജനറൽ കലണ്ടറിലേക്ക് ഏകീകരിക്കുക.
19. അദ്ധ്യാപകർക്ക് സ്വയം മെച്ചപ്പെടുത്തുന്നതിനാവശ്യമായ തരത്തിൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ ഓൺലൈൻ കോഴ്സുകൾ ആരംഭിക്കുക.
20. കലാ കായിക രംഗങ്ങളിൽ മികവ് പുലർത്തുന്ന വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനായി പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുക.

കായികം

സ്ഥലം ലഭ്യമായിട്ടുള്ള ഇടങ്ങളിലെല്ലാം നിലവാരമുള്ള കളിസ്ഥലങ്ങൾ നിർമ്മിക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക. അപ്പർ പ്രൈമറി, ഹയർ സെക്കണ്ടറി സ്കൂളുകൾ, കോഴിക്കോട് സർവകലാശാല, കാർഷിക സർവകലാശാല, പോളിടെക്നിക്ക് കോളജുകൾ, ഐ.ടി.ഐ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 70% ത്തിനും മതിയായ കളിസ്ഥലങ്ങൾ ഇല്ല. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഭ്യമായിട്ടുള്ള കളിസ്ഥലങ്ങൾ തന്നെ വേണ്ട രീതിയിൽ സംരക്ഷിച്ചിട്ടുമില്ല.

1. 50% വിദ്യഭ്യാസ സ്ഥാപനങ്ങളിലെങ്കിലും കളി സ്ഥലങ്ങളുണ്ടാക്കാൻ പ്രേരണ ചെലുത്തുക.
2. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അംഗീകാരത്തിന് കളിക്കളം നിർബന്ധമാക്കുക.
3. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കളിക്കളങ്ങൾ നിർമ്മിക്കുക.
4. മിക്ക ഗ്രാമ പഞ്ചായത്തുകളുടെയും അധീനതയിൽ ചെറിയ കളിസ്ഥലങ്ങളുണ്ട്. അവ വിപുലപ്പെടുത്തി 200 മീറ്റർ ട്രാക്കിനുള്ള സ്ഥലമെങ്കിലും ഉണ്ടാക്കുക.
5. ഒരോ പഞ്ചായത്തിലും അതാത് പ്രദേശത്ത് കുട്ടികൾക്ക് കളിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളും 200 മീറ്റർ ട്രാക്കും, നീന്തൽകുളവും നിർമ്മിക്കുക.
6. ബ്ലോക്ക് പഞ്ചായത്തുകളും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ പങ്കാളികളാക്കുക.
7. 400 മീറ്റർ ട്രാക്ക്, ഫുട്ബോൾ, ഹോക്കി, ക്രിക്കറ്റ്, വോളിബോൾ, ബാസ്ക്കറ്റ്ബോൾ, ഹാന്റ്ബോൾ, ടെന്നീസ്, സോഫ്റ്റ്ബോൾ, സൈക്കിൾപോളോ, ഖോ-ഖോ, കബഡ്ഡി, ബോൾ ബാഡ്മിന്റൺ, ആർച്ചറി, ഷൂട്ടിംഗ് എന്നിവക്കുള്ള ഔട്ട്ഡോർ കളിക്കളങ്ങൾ എന്നിവ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിർമ്മിക്കുക.
8. ബാസ്ക്കറ്റ് ബോൾ, വോളിബോൾ, ഹാന്റ് ബോൾ, ബാഡ്മിന്റൺ, ടേബിൾ ടെന്നീസ്, ജിംനാസ്റ്റിക്സ്, ബോക്സിംഗ്, ജൂഡോ, റെസ്ലിംഗ്, ഫെൻസിംഗ്, ചെസ്, യോഗ എന്നിവക്ക് സൗകര്യമുള്ള ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുക.
9. ബോഡി ബിൽഡിംഗ്, വെയിറ്റ് ലിഫ്റ്റിംഗ്, പവർ ലിഫ്റ്റിംഗ് ഇവക്ക് സൗകര്യമുള്ള ഫിറ്റ്നസ് സെന്ററുകൾ ആരംഭിക്കുക.

10. കളരി, മറ്റ മാർഷ്യൽ ആർട്സ് പരിശീലന ഹാൾ നിർമ്മിക്കുക.
11. ഡൈവിംഗ് സൗകര്യം ചേർന്ന 50 മീറ്റർ സ്വിമ്മിംഗ് പൂൾ നിർമ്മിക്കുക.
12. ഡോക്യുമെന്റേഷൻ , റിസർച്ച് & റിഹാബിലിയേഷൻ സെന്റർ ആരംഭിക്കുക.
13. പരിശീലകർക്കും അത്ലറ്റുകൾക്കും താമസിക്കാനുള്ള ഹോസ്റ്റൽ നിർമ്മിക്കുക.
14. നിലമ്പൂർ മേഖലയിൽ പട്ടിക വർഗ്ഗക്കാർക്ക് പ്രാമുഖ്യം നൽകികൊണ്ട് ആർച്ചറി, ഫുട്ബോൾ ഹോസ്റ്റൽ ആരംഭിക്കുക.
15. മലപ്പുറത്ത് കടലുണ്ടിപ്പുഴയിലും, വാഴക്കാട് ചാലിയാറിലും വാട്ടർ സ്പോർട്സ്സ് സെന്ററുകൾ തുടങ്ങുക. പൊന്നാനി ബിയ്യം കായലിൽ ചെറിയ തോതിൽ പരിശീലനം ആരംഭിച്ചിട്ടുണ്ട്. കനോയിംഗ്, കയാക്കിംഗ്, റോവിംഗ്, ബോട്ട്റേസ്, എന്നിവക്ക് സൗകര്യമുള്ള വാട്ടർ സ്പോർട്സ് സെന്ററാണിത്.
16. നെഹറു യുവകേന്ദ്രയുടെ പ്രവർത്തനങ്ങൾ സ്പോർട്സ് കൗൺസിലുകളുമായി സഹകരിച്ച് വികസന രംഗത്ത് കൂടുതൽ ഫലപ്രദമാക്കുക.
17. ജോലി സാദ്ധ്യതകൾ പരിഗണിച്ച് കായിക രംഗത്തിന് മുൻഗണന നൽകി പാഠ്യവിഷയത്തിൽ മാറ്റങ്ങൾ വരുത്തി നിലവിലുള്ള യൂണിവേഴ്സിറ്റികളുടെ ഡിഗ്രിക്ക് തുല്യമായ പ്രത്യേക കായിക യൂണിവേഴ്സിറ്റി അഥവാ അക്കാഡമി സ്ഥാപിക്കുക. കായിക വികസനത്തിന് വിദ്യാഭ്യാസ മേഖലയിൽ കായികം നിർബന്ധ പാഠ്യവിഷയമാക്കുക.

പരിശീലനം, മത്സരം

1. ജില്ലയിലെ കായിക പ്രതിഭകൾക്ക് വളർന്നു വികസിക്കാനുതകുമാറ് ദീർഘകാല പരിശീലന പദ്ധതികൾ ആവശ്യമായ ഇനങ്ങളിലെല്ലാം ആരംഭിക്കുക.
2. ഫുട്ബോളിനെ ജില്ലയിലെ ഗെയിമായി പ്രഖ്യാപിക്കുക. മലപ്പുറം ജില്ല മറ്റ് സ്പോർട്സ് ഇനങ്ങളെ അപേക്ഷിച്ച് ഫുട്ബോളിലാണ് കൂടുതൽ മികവ് തെളിയിച്ചിട്ടുള്ളത്. അതുതന്നെ അരീക്കോട്, മമ്പാട് തുടങ്ങി ജില്ലയിലെ ചില പ്രദേശങ്ങളിൽ നിന്ന് കൂടുതൽ കളിക്കാരും ഉണ്ടാകുന്ന പ്രവണതയാണ് കണ്ടുവരുന്നത്. ജില്ലയിലെ ഫുട്ബോൾ കമ്പം പൂർണ്ണമായും ഉൾകൊണ്ട് ജില്ലയിലെ ഗെയിമായി ഫുട്ബോളിനെ ജില്ലാ പഞ്ചായത്ത് പ്രഖ്യാപിക്കുക.
3. ജില്ലയുടെ എല്ലാ ഭാഗങ്ങളിലുമുള്ള ഫുട്ബോൾ പ്രതിഭകൾക്കും വളർന്ന് വികസിക്കാനുള്ള അനുകൂല സാഹചര്യം ഒരുക്കണം. ഇതിന് ബോധപൂർവ്വം ആസൂത്രിതവും കഠിനവുമായ ശ്രമങ്ങൾ ആവശ്യമാണ്. ജില്ലയിൽ സ്ഥാപിക്കുമെന്ന് ആഗ്രഹിക്കുന്ന ജില്ലാ ഫുട്ബോൾ അക്കാഡമി ഈ ദിശയിലുള്ള സുപ്രധാന നീക്കമായിരിക്കും.
4. ഒരോ ഗ്രാമ പഞ്ചായത്തും തദ്ദേശത്ത് ഏറ്റവും ജനസമ്മതിയുള്ള ഒരു കളിയെ പഞ്ചായത്തിന്റെ കളിയായി പ്രഖ്യാപിക്കുക. ഈ കളിയുടെ വികസനത്തിനായി ആ ഗ്രാമ പഞ്ചായത്തിലെ ഒരു ഹയർ സെക്കന്ററി സ്കൂൾ ഈ കളിയിലെ മികവിന്റെ കേന്ദ്രമാക്കുക.
5. പ്രഖ്യാപിക്കുന്ന കളിയിനത്തിന് പ്രത്യേക പരിഗണന നൽകി ദീർഘകാല പരിശീലന പദ്ധതി ആവിഷ്കരിക്കുക.
6. ആ ഇനത്തിൽ പഞ്ചായത്ത് അക്കാഡമി സ്ഥാപിക്കുക.
7. പ്രദേശത്തുള്ള വിദ്യാലയങ്ങളിൽ നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുക.
8. പരിശീനത്തിന് എത്തുന്നവർക്ക് അധിക പോക്ഷണമുള്ള ഭക്ഷണം ലഭ്യമാക്കുക.
9. പരിശീലനത്തിന് എത്തുന്നവർക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുക.
10. ജില്ലാ പഞ്ചായത്തിന്റെയും, മലപ്പുറം ജില്ലാ സ്പോർസ് കൗൺസിലിന്റെയും, ഗ്രാമ പഞ്ചായത്തുകളുടെയും, മുനിസിപ്പാലിറ്റികളുടെയും യുവജന ക്ലബുകളുടെയും സഹകരണത്തോടെ ജില്ലയിലെ ഹൈസ്കൂൾ തലം വരെയുള്ള മുഴുവൻ സ്കൂൾ വിദ്യാർത്ഥികൾക്കും അവധികാലത്ത് നീന്തൽ

പരിശീലനം നൽകുന്ന ഒരു പദ്ധതി തയ്യാറാക്കുക. ഇതിനായി ബ്ലോക്ക്തലത്തിൽ മാസ്റ്റർ ട്രെയിനർമാർക്കും, വാർഡ്തലത്തിൽ ട്രെയിനർമാർക്കും പരിശീലനം നൽകുക. ആദ്യഘട്ടം എന്ന നിലയിൽ ജില്ലയിലെ മുഴുവൻ എൽ.പി. സ്കൂൾ വിദ്യാർത്ഥികൾക്കും നിന്തൽ പരിശീലനം നൽകാനുള്ള പദ്ധതി ഈ വർഷം തന്നെ ആരംഭിക്കുക. ഇതിനായി ജില്ലയിലെ മുഴുവൻ പൊതു സ്വകാര്യ കുളങ്ങളും ഉപയോഗിക്കുവാനുള്ള സാദ്ധ്യത ആരായുക.

6.15 ഊർജ്ജം

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ 20117-18 സാമ്പത്തിക വർഷം തയ്യാറാക്കിയിട്ടുള്ള പ്രോജക്ടുകളുടെ അവലോകനം

ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾ

2017 -18 വർഷം ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ആകെ 1258.94 കോടി രൂപയുള്ള 26733 പ്രോജക്ടുകളാണ് തയ്യാറാക്കിയിട്ടുള്ളത്. അതിൽ 879.64 കോടി രൂപയുള്ള 17199 പ്രോജക്ടുകൾ പുതിയതും, 379.30 കോടി രൂപയുള്ള 9534 പദ്ധതികൾ സ്പിൽ ഓവർ പദ്ധതികളുമായിരുന്നു. ആകെ പദ്ധതികളിൽ 171.16 കോടി രൂപയുള്ള 2605 പദ്ധതികൾ ഉദ്പാദന മേഖലയിലും, 627.53 കോടി രൂപയുള്ള 10686 പദ്ധതികൾ സേവന മേഖലയിലും, 458.94 കോടി രൂപയുള്ള 13442 പ്രോജക്ടുകൾ പശ്ചാത്തല മേഖലയിലുമായിരുന്നു. മൊത്തം അടങ്കൽ തുകയുടെ 13.6% തുക ഉദ്പാദന മേഖലയിലും 49.8% തുക സേവന മേഖലയിലും 36.4% തുക പശ്ചാത്തല മേഖലയിലുമാണ് നീക്കി വച്ചിട്ടുള്ളതെന്ന് കാണാം. ഇത് സംബന്ധിച്ച വിശദാംശങ്ങൾ പട്ടിക 6.27 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 6.27 : മലപ്പുറം ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ 2017 -18 വർഷം തയ്യാറാക്കിയ പദ്ധതികളുടെ മേഖല തിരിച്ചുള്ള കണക്ക്

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ	ഉത്പാദനം		സേവനം		പശ്ചാത്തലം		ആകെ	
	എണ്ണം	തുക കോടിയിൽ	എണ്ണം	തുക കോടിയിൽ	എണ്ണം	തുക കോടിയിൽ	എണ്ണം	തുക (കോടിയിൽ)
ഗ്രാമ പഞ്ചായത്ത്	1953	106.81	8167	350.98	10035	269.44	20155	727.23
ബ്ലോക്ക് പഞ്ചായത്ത്	220	24.75	739	84.84	458	27.28	1417	136.87
ജില്ലാ പഞ്ചായത്ത്	143	21.23	509	75.54	459	36.66	1111	133.43
മുനിസിപ്പാലിറ്റി	289	18.37	1271	116.17	2490	125.57	4050	260.12
ആകെ	2605	171.17	10686	627.53	13442	458.95	26733	1257.65

അവലംബം - സുലേഖ, ഐ.കെ.എം

ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിൽ ഊർജ്ജ മേഖലയിലെ പദ്ധതികൾ

ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയ ഉപമേഖല തിരിച്ചുള്ള പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക 6. 28 : ജില്ലയിൽ 2017 -18 വർഷം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പദ്ധതികളുടെ വിഷയ മേഖല തിരിച്ചുള്ള വിശദാംശങ്ങൾ

ക്രമ നം	വിഷയ മേഖല	പ്രോജക്ടുകളുടെ എണ്ണം	ആകെ തുക (കോടിയിൽ)
1.	കൃഷി	896	58.70
2.	മൃഗ സംരക്ഷണം	650	39.72
3.	ക്ഷീര വികസനം / മത്സ്യ ബന്ധനം	150	9.95
4.	മണ്ണ് - ജല സംരക്ഷണം, ജലസേചനം, പരിസ്ഥിതി	602	35.95
5.	കുടിവെള്ളം, ശുചിത്വം, മാലിന്യ സംസ്കരണം	2523	60.64
6.	വിദ്യാഭ്യാസം, സാക്ഷരത, കലാ സാംസ്കാരികം	2007	103.22
7.	ആരോഗ്യം	320	55.44
8.	വ്യവസായം, സ്വയം തൊഴിൽ	289	23.05
9.	ഗതാഗതം, ടൂറിസം	12073	37.10
10.	സാമൂഹ്യ സുരക്ഷിതത്വം	2823	168.93
11.	ഊർജ്ജം	427	24.95
12.	കമ്പ്യൂട്ടർ വത്കരണം	628	12.37
13.	ഭവനം വൈദ്യുതീകരണം	709	106.48
14.	മറ്റു പ്രോജക്ടുകൾ	2636	522.43
15.	ആകെ	26733	1258.95

അവലംബം - സുലേഖ, ഐ.കെ.എം

മുകളിൽ കൊടുത്തിരിക്കുന്ന പട്ടിക പരിശോധിക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ വ്യക്തമാകുന്നു.

1. ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ 2017 -18 വർഷം 24.95 കോടി രൂപയുടെ 427 പ്രവൃത്തികൾ മാത്രമാണ് ഊർജ്ജ മേഖലയിൽ ഏറ്റെടുത്തിട്ടുള്ളത്.

2. ഇത് ആകെ നീക്കി വച്ചിരിക്കുന്ന തുകയുടെ 1.9% മാത്രമാണ്. വികസനത്തിന് ഊന്നൽ നൽകുന്നതും ഉദ്പാദന / പശ്ചാത്തല / സേവന മേഖലകളിലായി പരന്നു കിടക്കുന്നതുമായ ഈ മേഖലയിൽ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ഊർജ്ജ മേഖലയിലെ സർക്കാർ ഉത്തരവിലെ പരിഷ്ക്കാരങ്ങൾക്ക് ശേഷവും വേണ്ടത്ര പദ്ധതികൾ വന്നിട്ടില്ല എന്നതാണ് ഇത് സൂചിപ്പിക്കുന്നത്.

ജില്ലയിൽ 2017 - 18 വർഷം ഊർജ്ജ മേഖലയിൽ നടപ്പിലാക്കുന്ന പ്രോജക്ടുകൾ.

ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ 2017 -18 വർഷം നടപ്പിലാക്കുന്ന പ്രോജക്ടുകളുടെ സംഗ്രഹം പട്ടിക 6.29ലും, ചിത്രം 6.33 ലും കൊടുത്തിരിക്കുന്നു.

പട്ടിക 6.29 : ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ
നടപ്പിലാക്കി വരുന്ന പ്രോജക്ടുകളുടെ സംഗ്രഹം

പദ്ധതി	ഗ്രാമം		ബ്ലോക്ക്		ജില്ല		മുനിസിപ്പാലിറ്റി		ആകെ	
	എണ്ണം	തുക (കോടിയിൽ)	എണ്ണം	തുക (കോടിയിൽ)	എണ്ണം	തുക (കോടിയിൽ)	എണ്ണം	തുക (കോടിയിൽ)	എണ്ണം	തുക (കോടിയിൽ)
വൈദ്യുതി ലൈൻ, ട്രാൻസ്ഫോർമർ	28	0.62	2	0.3	11	0.59	6	0.38	47	1.89(7.5%)
ഊർജ്ജോൽപ്പാദനം	7	0.63	7	0.66	3	2.42	1	0.08	18	3.79 (15.1%)
ഊർജ്ജ സംരക്ഷണം	14	0.77	3	0.27	1	0.96	1	0.05	19	2.06 (8.25%)
തെരുവ് വിലക്ക്	265	10.86	1	0.05	1	0.005	76	6.31	343	17.22 (69%)
ആകെ	314	12.88 (51.61%)	13	1.29 (5.15%)	16	3.97 (15.92%)	84	6.81 (27.30%)	427	24.95 (100%)

അവലംബം – സുലേഖ, ഐ.കെ.എം

മുകളിൽ കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്ന് താഴെ പറയുന്ന കാര്യങ്ങൾ വ്യക്തമാകുന്നു.

1. ഊർജ്ജ മേഖലയിലെ പദ്ധതികൾ വേണ്ടത്ര വൈവിധ്യ വൽക്കരിക്കപ്പെട്ടിട്ടില്ല. മുഖ്യമായും തെരുവ് വിളക്കുകളുടെ സ്ഥാപനവും സംരക്ഷണവും, വൈദ്യുത ലൈൻ സ്ഥാപിക്കൽ, ഊർജ്ജ സംരക്ഷണ പ്രവൃത്തികൾ, ഊർജ്ജ ഉൽപ്പാദന പ്രവൃത്തികൾ എന്നിവയിൽ ഒതുങ്ങി നിൽക്കുകയാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഊർജ്ജ മേഖലയിലെ പ്രവർത്തനങ്ങൾ.
2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഊർജ്ജ മേഖലയിൽ കൂടുതൽ പദ്ധതികളും ഫണ്ടും നീക്കി വയ്ക്കുന്നത് തെരുവ് വിളക്കുകളുടെ ബന്ധപ്പെട്ട പ്രവൃത്തികൾക്കാണ് (69%). ഊർജ്ജ ഉൽപ്പാദനം (15.1%), ഊർജ്ജ സംരക്ഷണം (8.25%), വൈദ്യുതി ലൈൻ സ്ഥാപിക്കൽ (7.5%) എന്നിങ്ങനെയാണ് മറ്റു പദ്ധതികൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുക നീക്കി വച്ചിട്ടുള്ളത്.
3. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തിരിച്ച് കണക്കെടുത്താൽ ഏറ്റവും കൂടുതൽ പദ്ധതികൾ ഏറ്റെടുത്തിട്ടുള്ളത് ഗ്രാമ പഞ്ചായത്തുകളും (51.6%), തുടർന്ന് മുനിസിപ്പാലിറ്റികളും (27.3%), ജില്ലാ പഞ്ചായത്തും (15.9%), ബ്ലോക്ക് പഞ്ചായത്തുകളുമാണ് (5.15 %).

ചിത്രം 6.33 : ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഊർജ്ജമേഖലയിൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ



അവലംബം – സുലേഖ, ഐ.കെ.എം

ഊർജ്ജ മേഖലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്ന പദ്ധതികൾ

ഈ സാഹചര്യത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഉൽപ്പാദന / സേവന / പശ്ചാത്തല മേഖലകളിൽ ഏറ്റെടുക്കാവുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് പരിശോധിക്കേണ്ടത് അത്യാവശ്യമാണ്. പട്ടിക 6.30 ൽ ഇത്തരം വിവരങ്ങളാണ് നൽകിയിരിക്കുന്നത്.

പട്ടിക 6.30 : തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഊർജ്ജ മേഖലയിൽ ഏറ്റെടുക്കാവുന്ന പദ്ധതികൾ

മേഖല	ഉപ മേഖല	ഏറ്റെടുക്കാവുന്ന പദ്ധതികൾ
ഉൽപാദനം	ഊർജ്ജ ഉൽപാദനം	1. മൈക്രോ ജല വൈദ്യുത പദ്ധതികൾ 2. മിനി ജല വൈദ്യുത പദ്ധതികൾ 3. സോളാർ വൈദ്യുത പദ്ധതികൾ 4. ഭവന വൈദ്യുത പദ്ധതികൾ 5. ബയോ ഗ്യാസ് പദ്ധതികൾ
സേവന മേഖല	ഊർജ്ജ സംരക്ഷണം	1. ഊർജ്ജ ക്ഷമമായ അടുപ്പുകളുടെ വിതരണം 2. സോളാർ ഡ്രയർ 3. സോളാർ വാട്ടർ ഹീറ്റർ 4. സോളാർ വിളക്ക് 5. വിൻഡ് പമ്പ് 6. സോളാർ പാനൽ 7.എസ്.സി/എസ്.ടി വീടുകൾക്ക് സോളാർ വിളക്കുകൾ
	വൈദ്യുതി ലൈനുകളുടെ വ്യാപനം, വോൾട്ടേജ് പ്രശ്ന പരിഹാരം	1. വീടുകൾ, ഓഫീസുകൾ, കോളനികൾ എന്നിവിടങ്ങളിലേക്ക് വൈദ്യുതി ലൈൻ വലിക്കൽ. 2. ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ 3. ഇലക്ട്രിക് പോസ്റ്റുകൾ / ലൈനുകൾ മാറ്റി സ്ഥാപിക്കൽ
പശ്ചാത്തല മേഖല	തെരുവ് വിളക്കും ഓഫീസ്	1. തെരുവ് വിളക്കുകളുടെ റിപ്പയർ

	വൈദ്യുതീകരണവും	2. തെരുവ് വിളക്കുകളുടെ ലൈൻ ദീർഘിപ്പിക്കൽ 3. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക അടവാക്കൽ 4. തെരുവ് വിളക്കുകളുടെ സ്ഥാപനം 5.തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ 6. ഓഫീസ് ഇലക്ട്രിഫിക്കേഷൻ

അവലംബം – സൂക്ഷ്മ മേഖല കോഡ് ലിസ്റ്റ്

മുകളിൽ സൂചിപ്പിച്ച പട്ടികയിൽ നിന്ന് താഴെ പറയുന്ന കാര്യങ്ങൾ മനസ്സിലാക്കാം.

1. ഊർജ്ജ മേഖലയാണ് ഉൽപാദനം / സേവനം / പശ്ചാത്തല മേഖലകളിൽ പദ്ധതികൾ ആവിഷ്കരിക്കുവാൻ സാധിക്കുന്ന സവിശേഷവും വികസനോന്മുഖമായ മേഖല.
2. ഉൽപാദനം, പശ്ചാത്തലം, സേവന മേഖലകളിൽ ഇടപെടാവുന്ന ഇനങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ സർക്കാർ ഉത്തരവിൽ വരുത്തേണ്ടതുണ്ട്.
3. ഊർജ്ജ ഉത്പാദന രംഗത്തും ഊർജ്ജ സംരക്ഷണ രംഗത്തും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ പ്രസക്തമായ പ്രകടനം കാഴ്ച വെക്കുവാനുള്ള സാധ്യതകളുണ്ട്.

ഊർജ്ജ മേഖലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുകരണീയ മാതൃകകൾ

സംസ്ഥാനത്തെ വിവിധ ജില്ലകളിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിവിധ രംഗങ്ങളിൽ പ്രസക്തവും അനുകരണീയവുമായ മാതൃകകൾ തയ്യാറാക്കി വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. വൈദ്യുത വിതരണ രംഗത്ത് തൃശ്ശൂർ കോർപറേഷനും വൈദ്യുത ഉൽപാദന രംഗത്ത് പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ മീൻവല്ലം പദ്ധതിയും ഇടുക്കിയിലെ മാങ്കുളം ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ ജല വൈദ്യുത പദ്ധതിയും ദേശീയ തലത്തിൽ തന്നെ ചർച്ച ചെയ്യപ്പെട്ട മാതൃകകളാണ്. സംസ്ഥാനത്ത് വൈദ്യുതി വിതരണം ചെയ്യുവാൻ ലൈസൻസുള്ള 8 സ്ഥാപനങ്ങളിൽ ഒന്നാണ് തൃശ്ശൂർ കോർപറേഷൻ. ആലപ്പുഴ ജില്ലയിലെ പെരുമ്പളം ഗ്രാമ പഞ്ചായത്തിന്റെ "മാതൃക ഊർജ്ജ ക്ഷമത പ്രവർത്തനങ്ങളും", ആലപ്പുഴ നഗര സഭയുടെ "മാതൃക തെരുവ് വിളക്ക് പദ്ധതിയും" മാതൃകാ പദ്ധതികളാണ്.

ഊർജ്ജ മേഖലയിലെ സാധ്യതകൾ

(എ) മേൽതട്ട് നിർദ്ദേശങ്ങൾ :

ഉത്പാദന / സേവന മേഖലകളിലായി നടപ്പിലാക്കാവുന്ന / നൽകാവുന്ന ഇനങ്ങളുടെ വൈവിധ്യ വൽക്കരണം, എൽ.ഇ.ഡി. ബൾബുകളുടെയും ട്യൂബുകളുടെയും വിതരണം (ലൈറ്റിംഗ്), ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് പാചകത്തിന് ക്ലീൻ എനർജി (കുക്കിംഗ്), പഴയ ഫാനുകളുടെയും മോട്ടോറുകളുടെയും സ്ഥാനത്ത് ഊർജ്ജക്ഷമതയുള്ള മോട്ടോറുകൾ (മോട്ടോർ), കെട്ടിടങ്ങളിൽ ഇ.സി.ബി.സി കോഡ് അനുവർത്തിക്കുന്നതിനാവശ്യമായ ബോധ വൽക്കരണം, ഊർജ്ജ മേഖലയിൽ ഊന്നിയ ഹരിത ഭവനങ്ങൾ (കെട്ടിടങ്ങൾ) എന്നിവ പരിഗണിക്കാവുന്ന നിർദ്ദേശങ്ങളാണ്.

(ബി) കീഴ്ട്ട് നിർദ്ദേശങ്ങൾ

ഇലക്ട്രിക് മാലിന്യങ്ങളുടെ (സി.എഫ്.എൽ, ട്യൂബ്, ഇൻകാന്റിസെന്റ് ബൾബുകൾ) സംസ്കരണം, പുനരാവർത്തക ഊർജ്ജ ടെക്നീഷ്യന്മാരെ സൃഷ്ടിക്കുന്നതിനാവശ്യമായ

പരിശീലനങ്ങൾ, വയർമാൻ, ഇലക്ട്രീഷ്യൻ എന്നിവർക്ക് വൈദ്യുത സുരക്ഷ സംബന്ധിച്ച് പരിശീലനം, വീടുകളിലും ഓഫീസുകളിലും റോഡുകളിലും ഊർജ്ജ സംരക്ഷണവുമായി ബന്ധപ്പെട്ട ബോധ വൽക്കരണ പ്രവർത്തനങ്ങൾ എന്നിവ കൂടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കുവാൻ പരിഗണിക്കേണ്ട മേഖലകളാണ്. ഇവയിൽ ഏറ്റവും പ്രധാനം ഊർജ്ജ മേഖലയിലെ ഉത്പാദനത്തിൽ വികേന്ദ്രീകൃത പിന്തുണയാണ്.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. കമ്മ്യൂണിറ്റി അടുപ്പുകൾ ആവശ്യാനുസരണം സബ്സിഡി ഇനത്തിൽ ലഭ്യമാക്കുക. ഇത് വ്യാപകമാക്കുന്നതിലേക്ക് ഗ്രാമ സഭാ തലത്തിൽ അനർട്ടിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുക.
2. ഗോബർ ഗ്യാസ് പ്ലാന്റുകളുടെ സാധ്യത കണ്ടെത്തുക.
3. അനർട്ടിന്റെ നേതൃത്വത്തിൽ ബയോ ഗ്യാസ് പ്ലാന്റുകൾ വ്യാപകമാക്കുന്നതിലേക്ക് ആവശ്യമായ പ്രോജക്ട് വെയ്ക്കുക.
4. ഹോട്ടൽ, മാർക്കറ്റ്, വിവാഹ ഓഡിറ്റോറിയം എന്നിവ കേന്ദ്രീകരിച്ച് ബയോ ഗ്യാസ് പ്ലാന്റുകൾ നിർബന്ധമാക്കുക.
5. പോർട്ടബിൾ ബയോ ഗ്യാസ് പ്ലാന്റുകൾ സബ്സിഡി നിരക്കിൽ എല്ലാ വീടുകൾക്കും നൽകുക.
6. പഞ്ചായത്ത് / മുനിസിപ്പൽ തലത്തിൽ സിറ്റി ഗ്യാസ് പദ്ധതി നടപ്പിലാക്കുക.
7. അനർട്ട് പരിശീലനം ലഭിച്ച റിന്യൂവബിൾ എനർജി ടെക്നിഷ്യൻ മുഖേന പഞ്ചായത്ത് തലത്തിൽ അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ വിതരണവും സേവനവും ലഭിയ്ക്കാവുന്ന അക്ഷയ ഊർജ്ജ ഷോപ്പുകൾ സ്ഥാപിക്കുക.
8. അനർട്ട് മുഖേന ടെയിനിംഗുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തുക.

ബോക്സ് 6. 2 സംയോജന സാധ്യതകൾ

1. എനർജി മാനേജ്മെന്റ് സെന്റർ പഠനത്തിലൂടെ കണ്ടെത്തിയ മിനി/മൈക്രോ/പൈക്കോ ജല വൈദ്യുത പദ്ധതികൾ എനർജി മാനേജ്മെന്റ് സെന്റർ / കെ.എസ്.ഇ.ബി ലിമിറ്റഡ് / ജില്ലാ - ബ്ലോക്ക് - ഗ്രാമ പഞ്ചായത്തുകളുടെ സഹകരണത്തോടെ "മാങ്കുളം" മാതൃകയിൽ നടപ്പിലാക്കുക.

2. സംസ്ഥാനത്ത് ആദ്യമായി ഇലക്ട്രിക് മാലിന്യങ്ങൾ (സി.എഫ്.എൽ, ട്യൂബ്, ബൾബ്, ബാറ്ററി) സംസ്കരിക്കുന്നതിനും പുനരുപയോഗിക്കുന്നതിനുമായി ജില്ലയിലെ ഒരു കേന്ദ്രത്തിൽ ജില്ല / ബ്ലോക്ക് / മുനിസിപ്പാലിറ്റി / ഗ്രാമ പഞ്ചായത്തുകളുടെ സഹകരണത്തോടെ മാലിന്യ നിർമ്മാർജ്ജന പദ്ധതി - ഇതിനാവശ്യമായ സാങ്കേതിക പിന്തുണ എനർജി മാനേജ്മെന്റ് സെന്റർ തയ്യാറാക്കിയ മാസ്റ്റർ പ്ലാനിൽ നിന്ന് സ്വീകരിക്കാവുന്നതാണ്.

6.16 റോഡുകൾ

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി അവലോകനം

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകളിൽ ഏറിയ പങ്കും എഞ്ചിനീയറിംഗ് വിഭാഗമാണ് നടപ്പിലാക്കുന്നത്. 2017-18 ലെ പദ്ധതികളുടെ ഒരു അവലോകനം ചുവടെ ചേർക്കുന്നു.

ചിത്രം 6.34 : തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ ഘടന



അവലംബം – സുലേഖ, ഐ.കെ.എം

പട്ടിക 6.31 പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ ആകെ 20,155 പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ 9,084 പ്രോജക്ടുകളും ഗതാഗത മേഖലയിലാണ്. ബ്ലോക്ക് പഞ്ചായത്തുകളിൽ 1,417 പ്രോജക്ടുകളിൽ 320 പ്രോജക്ടുകളും ജില്ലാ പഞ്ചായത്തിൽ 1111 പ്രോജക്ടുകളിൽ 419 പ്രോജക്ടുകളും മുനിസിപ്പാലിറ്റികളിൽ 4,050 പ്രോജക്ടുകളിൽ 2,246 പദ്ധതികളും ഗതാഗത മേഖലയിലാണ്. ഗതാഗത മേഖലയിലുള്ള ആകെ 12,069 പ്രോജക്ടുകളിൽ 4797 പദ്ധതികളും സ്പിൽ ഓവർ പ്രവർത്തികളാണ്. മുൻ വർഷം ഗതാഗത മേഖലയിലെ പ്രോജക്ടുകളുടെ എണ്ണത്തിലെ ബാഹുല്യമാണ് ഇത്രയും പ്രോജക്ടുകൾ സ്പിൽ ഓവറായി വരാൻ കാരണം. തൻ വർഷത്തെ പ്രോജക്ടുകളിലും ഗതാഗത യോഗ്യമായ പ്രോജക്ടുകളുടെ എണ്ണം വളരെ കൂടുതലാണ്. ആയതിനാൽ ഗതാഗത മേഖലയിലെ പ്രോജക്ടുകളുടെ എണ്ണത്തിൽ നിയന്ത്രണം ഏർപ്പെടുത്തേണ്ടതാണ്. പ്രോജക്ടുകളുടെ എണ്ണത്തിന്റെ ബാഹുല്യം പദ്ധതി നിർവ്വഹണത്തെ സാരമായി ബാധിക്കുന്നുണ്ട്. ഓരോ വർഷം കൂടുന്തോറും പദ്ധതികളുടെ എണ്ണം വർദ്ധിച്ചു വരുന്നതിന് ആസ്പദമായി പുതിയ തസ്തികകൾ സൃഷ്ടിക്കാനും നിലവിലുള്ള തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നതും ജില്ലയുടെ പദ്ധതി നിർവ്വഹണത്തെ പിന്നോട്ടടിപ്പിക്കുന്നു. തസ്തിക നിർണയത്തിന് സാങ്കേതികമായ പഠനം നടത്തേണ്ടത് അനിവാര്യമാണ്.

ചിത്രം 6.35 : പ്രോജക്ടുകളുടെ എണ്ണം



അവലംബം - സുലേഖ, ഐ.കെ.എം

ജില്ലയിലെ വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സെക്ടർ അടിസ്ഥാനത്തിലുള്ള പ്രോജക്ടുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

പട്ടിക 6.31 : വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സെക്ടർ അടിസ്ഥാനത്തിലുള്ള പ്രോജക്ടുകളുടെ എണ്ണം

ക്രമനം	മേഖല	ഗ്രാമപഞ്ചായത്ത്		ബ്ലോക്ക് പഞ്ചായത്ത്		ജില്ലാ പഞ്ചായത്ത്		മുനിസിപ്പാലിറ്റി	
		എണ്ണം	തുക	എണ്ണം	തുക	എണ്ണം	തുക	എണ്ണം	തുക
1	Agriculture	735	434384253	27	48018352	52	50249909	82	54389937
2	Anganwadis	1333	434596859	58	48299925	64	52005960	209	88560240
3	Animal Husbandry	578	338817091	0	0	13	25033383	59	33321626
4	Arts, Culture and sports development, Youth welfare	267	57669944	22	3117050	9	9100000	31	48542502
5	Computerisation	512	77409703	57	10773347	15	19417049	44	16119665
6	Continuing education/literacy	86	8475500	4	152164	2	2695704	13	2279500
7	Dairy development	96	52094269	16	13655000	1	5000000	8	3908000
8	Drinking water	1275	297365730	176	108970197	37	44823194	155	85003653
9	Education	1122	438984775	26	27042513	187	267811846	238	165284717
10	Electric line, Transformer	28	6202344	2	2989411	11	5906014	6	3766756
11	Energy generation	7	6264695	7	6639943	3	24173600	1	800000
12	Energy protection	14	7745164	3	2745000	1	9600004	1	500000
13	Financial contribution as per Government Order /Other order (Infrastructure Sector)	4	4380500	0	0	0	0	0	0
14	Financial contribution as per Government Order /Other order (Service Sector)	58	20706109	6	201000	0	0	7	2562039

15	Financial contribution as per Government Order(Infrastructure Sector)	2	650000	0	0	0	0	0	0
16	Financial contribution as per Government Order(Service Sector)	179	85902542	45	195352406	5	100230560	17	62000000
17	Fisheries	16	6906707	1	900000	2	6750000	10	10273750
18	Health	1012	288207397	115	101233385	50	111497020	143	53497320
19	Housing, House Electrification	581	627394385	25	140919400	0	0	103	296532827
20	Industry, Self employment enterprises, marketting promotion	181	103596240	42	60263950	20	26115456	46	40559835
21	Irrigation	197	69828475	101	96961320	23	31643527	56	28868807
22	Nutrition	159	345946692	3	2945850	0	0	16	69736085
23	Other construction works	75	16194559	32	17618516	31	29832172	7	2063000
24	Plan formulation, implementation and monitoring	100	18969641	22	2813000	4	642626	13	3966300
25	Public Buildings which are not included in productive and service sectors	592	364844319	101	82772291	7	6878560	157	191677773
26	Purchase of vehicles	13	12251256	4	3234306	1	400000	4	3815159
27	Reading Rooms, Libraries and Gramasabha/ward sabha centres	99	15681665	0	0	0	0	15	5192436
28	Sanitation, Waste processing	566	357157673	76	96148395	98	77349791	140	171574067
29	Social welfare, social security	757	416044092	95	102140373	21	45818199	108	83201042
30	soil-water conservation, Environment, afforestation	143	56228798	26	21102380	29	43300000	27	11615504
31	Street light, Office electrification	265	108584732	1	500000	1	53000	76	63060120
32	Tourism	2	600000	0	0	0	0	2	1000000
33	Transport	9084	2197768430	320	171402484	419	329441833	2246	995081483
34	VoccationalExpertisation	17	4703158	4	1507065	5	8550000	10	2429451
35	Total	20155	7282557697	1417	1371419023	1111	1334319407	4050	2601183594

അവലംബം – സുലേഖ, ഐ.കെ.എം

6.17 – കെട്ടിങ്ങൾ

ഉപഭോക്ത, വയോജന, സ്ത്രീപക്ഷ സൗഹൃദ നിർമ്മാണം

സർക്കാർ കെട്ടിങ്ങൾ ഉപഭോക്ത സൗഹൃദവും വയോജന സൗഹൃദവും സ്ത്രീ സൗഹൃദവുമാകേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതിനായി താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്:

1. വയോജനങ്ങൾക്ക് കെട്ടിങ്ങളിൽ അനായാസേന പ്രവേശിക്കുവാൻ വേണ്ട റാമ്പുകളുടെയും മുകൾ നിലകളിലേക്ക് പോകുന്നതിനായുള്ള ലിഫ്റ്റിന്റെ നിർമ്മാണം.
2. വയോജനങ്ങൾക്ക് താങ്ങി നടക്കുവാൻ വരാന്തകളിലും ഗോവണികൾക്കിരുവശവും കൈവരികളുടെ നിർമ്മാണം.
3. സ്ത്രീകൾക്ക് പ്രത്യേകമായി നാപ്കിൻ കില്ലർ അടക്കമുള്ള സൗകര്യത്തോടു കൂടിയ ശൗചാലയങ്ങളുടെ നിർമ്മാണം.
4. സ്ത്രീകൾക്കായി ഫീഡിംഗ് മുറികളുടെ നിർമ്മാണം.
5. പൊതുജനങ്ങൾക്ക് വിശ്രമിക്കുവാനുള്ള ഇരിപ്പിടങ്ങളുടെ നിർമ്മാണം.

മിനി സിവിൽ സ്റ്റേഷനുകളുടെ നിലവിലെ അവസ്ഥ

മലപ്പുറം ജില്ലയിലെ 7 താലൂക്കുകളിൽ (പെരിന്തൽമണ്ണ, നിലമ്പൂർ, ഏറനാട്, കൊണ്ടോട്ടി, തിരൂർ, തിരൂരങ്ങാടി, പൊന്നാനി) മിനി സിവിൽ സ്റ്റേഷൻ കെട്ടിടങ്ങൾ നിലവിലുണ്ട്. നിലമ്പൂർ മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തിയായി വരുന്നു. എന്നിരുന്നാലും താലൂക്ക് തലത്തിലുള്ള പല ഓഫീസുകളും സ്ഥലപരിമിതി മൂലം മിനി സിവിൽ സ്റ്റേഷൻ കെട്ടിടങ്ങളുടെ പുറത്താണ് പ്രവർത്തിക്കുന്നത്. ആയതിനാൽ ഇവ അനുബന്ധ കെട്ടിടങ്ങളിലേക്ക് പുനർവിന്യസിക്കേണ്ടത് അത്യാവശ്യമാണ് കൊണ്ടോട്ടിയിൽ സിവിൽ സ്റ്റേഷൻ ഇല്ല.

കെട്ടിടങ്ങളുടെ അനുബന്ധ നിർമ്മിതികൾ

പൊതുമരാമത്ത് വകുപ്പിനു കീഴിൽ ജില്ലയിൽ 701 കെട്ടിടങ്ങൾ ഉണ്ടെങ്കിലും ഇതിൽ മിക്ക കെട്ടിടങ്ങൾക്കും അവശ്യം വേണ്ട അനുബന്ധ നിർമ്മിതികൾ നിലവിലില്ല. കെട്ടിടം ഏത് വകുപ്പിനു കീഴിൽ വരുന്നു എന്നു എത്ര മാത്രം ഉപയോക്താക്കൾ കെട്ടിടം ഉപയോഗിക്കുന്നു എന്നതും അനുസരിച്ച് ഇവയിൽ താഴെ പറയുന്ന അനുബന്ധ നിർമ്മിതികൾ ആവശ്യമാണ്.

1) വാഹങ്ങൾക്കു വേണ്ട പാർക്കിംഗ് സൗകര്യം.
2) കൂടുതൽ ഓഫിസുകൾ ഉള്ള കെട്ടിടങ്ങളോടനുബന്ധിച്ച് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്.
3) എല്ലാ കെട്ടിടങ്ങൾക്കും മഴവെള്ളക്കൊയ്ത്തിനുള്ള സംവിധാനം.
4) മൂന്നു നിലകളിൽ കൂടുതലുള്ള പഴയ കെട്ടിടങ്ങളിൽ ലിഫ്റ്റ് സൗകര്യം.
5) എല്ലാ കെട്ടിടങ്ങളിലും അംഗപരിമിതർക്കും പ്രായമായർക്കും വേണ്ട റാംപ് സൗകര്യം.
6) കെട്ടിടങ്ങളുടെ ഭംഗിയും അന്തരീക്ഷവും മെച്ചപ്പെടുത്തുന്നതിനായി ഇരിപ്പിട സൗകര്യത്തോടുകൂടിയ പൂന്തോട്ടം.

6.18 – വിനോദ സഞ്ചാരം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിയ ടൂറിസം പദ്ധതികൾ.

2017 – 18 വർഷം ജിൽലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

- തിരൂർ മുനിസിപ്പാലിറ്റി– കൊട്ട കുറുന്നത്ത് ജുമാമസ്ജിദുകൾ ചരിത്രസ്മാരകമാക്കൽ. 5 ലക്ഷം രൂപയാണ് അടങ്കൽ തുക.
- പൊന്നാനി മുനിസിപ്പാലിറ്റി – കൊല്ലൻ പടി സ്മായർ നിർമ്മാണം – അടങ്കൽ തുക 5 ലക്ഷം രൂപ.
- ചീക്കോട് ഗ്രാമ പഞ്ചായത്ത് – പൊന്നാട് ആശ്രുപത്രി ബസ്സ്റ്റോപ്പ് നിർമ്മാണം – അടങ്കൽ തുക 3.50 ലക്ഷം രൂപ.
- ചീക്കോട് ഗ്രാമപഞ്ചായത്ത് – പൊന്നാട് ആശ്രുപത്രിപ്പടി സ്റ്റോപ്പ്, വിശ്രുമമന്ദിരം പൂർത്തീകരണം– അടങ്കൽ തുക 2.50ലക്ഷം രൂപ.

പദ്ധതികൾ മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ

മേൽത്തട്ട് നിർദ്ദേശങ്ങൾ

1) സംസ്ഥാനത്തെ ആകെയുള്ള ടൂറിസം ഡെസ്റ്റിനേഷനുകളെ ജനങ്ങളിലേക്ക് എത്തിക്കുക (മാർക്കറ്റ് ചെയ്യുക).
2) പ്രകൃതി കനിഞ്ഞു നൽകിയ അതിലോല ടൂറിസം പ്രദേശങ്ങളെ തനത് രീതിയിൽ കാത്ത് സൂക്ഷിക്കാനുള്ള നടപടി സ്വീകരിക്കുക
3) ഇക്കോ ടൂറിസം വികസനം എന്ന പേരിൽ കോൺക്രീറ്റ് സ്ലൂക്ച്ചറുകൾ നിർമ്മിക്കുന്ന രീതിയിൽ മാറ്റം വരുത്തുക.
4) അംഗീകരിച്ച ടൂറിസം ഗൈഡുകളുടെ സേവനം ലഭ്യമാക്കുക.
5) ഡെസ്റ്റിനേഷനുകളിലേക്ക് ആവശ്യമായ കണക്ടിവിറ്റി സംവിധാനം (റോഡ് വാർത്താവിനിമയ സൗകര്യങ്ങൾ) മെച്ചപ്പെടുത്തുക.
6) ടൂറിസം മേഖലയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ കൂടുതൽ പ്രൊഫഷണലുകളെ സജ്ജമാക്കുക.
7) സംസ്ഥാനടൂറിസം മേഖലകളെ ബന്ധിപ്പിക്കുന്ന രീതിയിൽ വിനോദ സഞ്ചാര ശൃംഖലയെ മെച്ചപ്പെടുത്തുക.
8) പ്രകൃതിക്ക് ഇണങ്ങുന്ന രീതിയിൽ ടൂറിസം മേഖലയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.
9) സംസ്ഥാനമൊട്ടാകെയുള്ള ടൂറിസം ഡെസ്റ്റിനേഷനുകളുടെ മാസ്റ്റർപ്ലാൻ നിർമ്മിക്കുക.
10) ഡെസ്റ്റിനേഷൻ വികസനത്തിനായി പ്രൈവറ്റ് പബ്ലിക് സംരംഭകത്വ പ്രൊജക്ടുകൾ ആവശ്യമാണ്. ആയതിന് വിശദമായ പ്ലാൻ തയ്യാറാക്കുക.
11) മലപ്പുറം ജില്ല മലയോരം, വനമേഖല, കായൽ മേഖല, കടലോരമേഖല, ഇവയാൽ സമൃദ്ധമാണ്. ഏരിയക്കനുയോജ്യമായ ടൂറിസം പരിപാടികൾ ആസൂത്രണം ചെയ്യുക.
12) നാടുകാണി, വഴിക്കടവ്, നിലമ്പൂർ, ആഢ്യൻപാറ, കേരളാംകുണ്ട്, കൊടികുത്തിമല എന്നീ പ്രദേശങ്ങളെ ഒന്നിപ്പിച്ചു കൊണ്ട് മലയോര ടൂറിസം സർക്യൂട്ട് നടപ്പിലാക്കുക.
13) മലപ്പുറത്തേയ്ക്കുള്ള പ്രധാന കവാടമെന്ന രീതിയിൽ വഴിക്കടവ് പ്രദേശത്തിൽ എന്ട്രി ടു മലബാർ എന്ന രീതിയിൽ ടൂറിസം പദ്ധതികൾ നടപ്പാക്കുക. ഊട്ടി, മൈസൂർ, ബാംഗ്ലൂർ, വയനാട് എന്നിവിടങ്ങളിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന സഞ്ചാരികളെ മലപ്പുറം

ജില്ലയിലേയ്ക്ക് ആകർഷിക്കുന്നതിന് ഇവിടെ ഗതാഗതസൗകര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും വികസിപ്പിച്ച കൊണ്ട് പദ്ധതികൾ രൂപീകരിക്കുക.

14) വള്ളിക്കുന്ന് പക്ഷിസങ്കേതം പോലെ തന്നെ വെട്ടം ഇരുത്ത് കണ്ടൽകാടുകളാൽ സമൃദ്ധമാണ്. പ്രകൃതിയെ നശിപ്പിക്കാതെ തന്നെ ഒരു കമ്മ്യൂണിറ്റി റിസർവ്വായി ഇതിനെ മാറ്റുക.
15) ഹൗസ്ബോട്ട്, സ്പീഡ് ബോട്ട്, കയാക്കിംഗ്, നീന്തൽ, ബോട്ടിംഗ്, സ്പോർട്ട് ഫിഷിംഗ് തുടങ്ങിയ ജലഅധിഷ്ഠിത വിനോദസഞ്ചാര വികസനത്തിന് വലിയ സാദ്ധ്യതയുള്ള ജില്ലയാണ് മലപ്പുറം. ഇതിനായി പ്രത്യേക മാസ്റ്റർ പ്ലാൻ തയ്യാറാക്കുക. ഇതിൽ ജലസ്രോതസ്സുകൾ ശുദ്ധീകരിച്ച് സംരക്ഷിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടുകൂടിയ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നല്കുക.
16) സമഗ്ര ടൂറിസം വികസനത്തിനും, സഞ്ചാരികൾക്ക് അത് ആസ്വദിക്കാനുമായി ടൂറിസം കേന്ദ്രങ്ങളെ കോർത്തിണക്കി ടൂറിസം സർക്യൂട്ടുകൾ രൂപികരിക്കുക.
17) ജില്ലയിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളുടെ സമഗ്രവികസനത്തിനായി 30 വർഷത്തെ കാഴ്ചപ്പാടോടുകൂടി മാസ്റ്റർ പ്ലാൻ തയ്യാറാക്കുക.
18) ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ ടൂറിസം ഇൻഫർമേഷൻ സെന്ററുകൾ ആരംഭിക്കുക.

കീഴ്തട്ട് നിർദ്ദേശങ്ങൾ

ടൂറിസം വികസനത്തിനായി നിരവധി വകുപ്പുകളുടെ ഏകോപനം ആവശ്യമാണ്. അതിൽ പ്രധാനമായും റോഡ്, ജലസേചനം, വൈദ്യുതി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ജില്ലാതല മേധാവികളുടെ കമ്മിറ്റി രൂപീകരിക്കണം. ഇതിലൂടെ ടൂറിസം വികസനത്തിന് എടുക്കുന്ന പ്രദേശത്തിന്റെ എല്ലാവിധ അടിസ്ഥാന സൗകര്യത്തിനുള്ള ക്ലിയറൻസ് ഏകജാലകം വഴി നടപ്പിലാക്കാൻ കഴിയും.

1. ടൂറിസം വികസനത്തിനായുള്ള സ്ഥലലഭ്യത, നിർമ്മാണത്തിനുള്ള അനുമതി ഇവ ത്വരിതപ്പെടുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് പ്രധാന ചുമതല വഹിക്കുക.
2. ടൂറിസം കേന്ദ്രങ്ങളിൽ സ്ഥലവാസികൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കുക. ഇതിനായി ജില്ലയിലെ പ്രധാന കലകളെയും, കരകൗശല സാധനങ്ങളെയും ഉത്പ്പന്നങ്ങളെയും ടൂറിസം വിപണന സാധനമായി ഉൾപ്പെടുത്തി പദ്ധതികൾ ആവിഷ്ക്കരിക്കുക.
3. ജില്ലയിലെ അനന്തമായ ടൂറിസം സാധ്യതകളെക്കുറിച്ച് ഈ മേഖലയിലുള്ള പ്രശസ്തരായ വ്യക്തികളെയും, സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി സെമിനാറുകൾ നടത്തുക. (ഇത് ഈ രംഗത്ത് കൂടുതൽ സംരംഭകരെ ലഭിക്കാൻ അവസരം ലഭിക്കും).
4. നിലവിൽ ടൂറിസം വകുപ്പ് അംഗീകാരം നല്കുന്ന സ്കീമുകളായ, ഹോംസ്റ്റേ, ആയുർവ്വേദ സെന്റർ, സർവീസ് വില്ല, ഗ്രഹസ്ഥലി, ഹൗസ് ബോട്ട്, ഫാം ടൂറിസം എന്നിവയുടെ വ്യവസായ സാധ്യതകളും അതിലൂടെ ജില്ലയുടെ റവന്യൂ വർദ്ധിപ്പിക്കലിനുമായി പഞ്ചായത്ത് തലത്തിൽ തദ്ദേശീയർക്ക് ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുക.
5. ഹോട്ടൽ, ഹോംസ്റ്റേ, സർവ്വീസ് വില്ല, ഫാം ടൂറിസം എന്നിവ ഉൾപ്പെടുത്തി ക്ലബ്ബ് രൂപീകരിക്കുക.
6. വിദേശ ടൂറിസ്റ്റുകളെ സ്ഥലങ്ങൾ കാണിച്ച കൊടുക്കുന്നതിന് പരിശീലനം ലഭിച്ച ഗൈഡുകളുടെ സേവനം ലഭ്യമാക്കുക.
7. ജില്ലയിലെ തനത് കലാരൂപങ്ങൾ പരിചയപ്പെടുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി ടൂറിസം പ്രോഗ്രാമുകൾ, ഫെസ്റ്റുകൾ, ആനുവൽഡേ എന്നിവ സംഘടിപ്പിക്കുക.
8. ജില്ലയിലെ പ്രധാന സാംസ്ക്കാരിക കേന്ദ്രങ്ങൾ ഉൾപ്പെടുത്തി കൾച്ചറൽ സർക്യൂട്ട് രൂപീകരിക്കുകയും പാക്കേജ് ടൂറുകൾ സംഘടിപ്പിക്കുകയും ചെയ്യുക.

9. നിലസ്വർ കേന്ദ്രീകരിച്ച് ഫോറസ്റ്റ് ട്രക്കിംഗ്, ഫോറസ്റ്റ് സഫാരി എന്നിവ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
10. ആയുർവേദ ടൂറിസം പ്രൊമോട്ട് ചെയ്യുന്നതിനായി വെൽനസ് സെന്ററുകൾ ആരംഭിക്കുക.
11. ഹോട്ടൽ, ഹോംസ്റ്റേ, സർവ്വീസ് വില്ല, ഫാം ടൂറിസം, ആയുർവേദ വൈദ്യന്മാരുടെ സംഘടനകൾ എന്നിവരുടെ കൂട്ടായ്മ രൂപീകരിക്കുകയും ഇവയെല്ലാം കോ-ഓഡിനേറ്റ് ചെയ്യുന്നതിനും ടൂറിസം മാർക്കറ്റ് ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.
12. ജില്ലയിലെ എല്ലാ സ്ഥലങ്ങളിലും ടൂറിസം പ്രൊമോട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഇതിനായി എല്ലാ പഞ്ചായത്തിലെയും ടൂറിസം പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
13. തനത് ഭക്ഷ്യവിഭവങ്ങൾ ബ്രാൻഡ് ചെയ്ത് ടൂറിസ്റ്റുകൾക്ക് ലഭ്യമാക്കുന്നതിന് കൗണ്ടറുകൾ തുറക്കുക.
14. ശുചിത്വമുള്ള ടോയ്ലറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുക.
15. ജില്ലയിലുള്ള ഓട്ടോറിക്ഷാ, ടാക്സി ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ ജീവനക്കാർക്ക് ടൂറിസ്റ്റുകളോട് പെരുമാറേണ്ട രീതിയെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ നടത്തുക.
16. ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ ശാസ്ത്രീയമായ മാലിന്യ നിർമ്മാർജ്ജനം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കുടംബശ്രീപോലുള്ള സംഘടനകളെ ഉൾപ്പെടുത്തി നടപ്പിലാക്കുക. അതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിയും.
17. ഏറ്റവും കൂടുതൽ ടൂറിസം ക്ലബ്ബുകൾ മലപ്പുറം ജില്ലയിലാണ്. കോളേജുകളിലേയും, സ്കൂളുകളിലേയും ടൂറിസ്റ്റ് ക്ലബ്ബുകളിലേക്ക് കൂടുതൽ കുട്ടികളെ ആകർഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക. ടൂറിസം ക്ലബ്ബുകളെ സംഘടിപ്പിച്ച് ജില്ലയിൽ ടൂറിസം ബോധവൽക്കരണ ക്ലാസ്സുകൾക്ക് നേതൃത്വം നൽകുക.

6.19 – പട്ടികജാതി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതി അവലോകനവും പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും.

ത്രിതല പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും പട്ടികജാതി വികസന വകുപ്പും ചേർന്നാണ് ജില്ലയിലെ പട്ടികജാതി വികസന പദ്ധതികൾ ജില്ലയിൽ നടപ്പിലാക്കുന്നത്. ജില്ലയിൽ ആകെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2,795 പ്രോജക്ടുകൾക്ക് 2017-18 വാർഷിക പദ്ധതിയിൽ അംഗീകാരം ലഭിക്കുകയും ഇതിലേക്കായി 175,06,79,834 (നൂറ്റി എഴുപത്തഞ്ച് കോടി ആറ് ലക്ഷത്തി എഴുപത്തൊമ്പതായിരത്തി എണ്ണൂറ്റി മുപ്പത്തിനാല്) രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതിൽ 26,40,88,849 (ഇരുപത്താറ് കോടി നാൽപത് ലക്ഷത്തി എൺപത്തെണ്ണായിരത്തി എണ്ണൂറ്റി നാൽപത്തൊമ്പ്) രൂപ മാത്രമാണ് ചെലവഴിക്കപ്പെട്ടിരിക്കുന്നത്. അതായത് ആകെ അനുവദിച്ച തുകയുടെ 15.1 ശതമാനം മാത്രം. എന്നാൽ ഇതേ കാലയളവിൽ പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളിലൂടെ 56,85,73,330 (അമ്പത്താറ് കോടി എൺപത്തഞ്ച് ലക്ഷത്തി എഴുപത്തിമൂവ്വായിരത്തി മുന്നൂറ്റി മുപ്പത്) രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്.
ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ജില്ലയിലെ പട്ടികജാതി വികസന വകുപ്പും 2017 നവംബർ മാസം വരെ ചെലവഴിച്ചിരിക്കുന്ന തുകയുടെ താരതമ്യം താഴെപ്പയുന്നു. (പട്ടികജാതി ഫണ്ട്)

പട്ടിക 6.32 : 2017-18 വാർഷിക പദ്ധതി പട്ടികജാതി പദ്ധതികളുടെ വിശദാംശങ്ങൾ (2017 നവംബർ വരെ)

തദ്ദേശ സ്വയംഭരണ സ്ഥാപനം.	പ്രോജക്ടുകൾ		ആകെ	അംഗീകാരം നൽകിയ പ്രോജക്ടുകൾ	ആകെ അടങ്കൽ (രൂപയിൽ)	ചെലവ് (രൂപയിൽ)	നീക്കിയിരിപ്പ് (രൂപയിൽ)	ശതമാനം
	New	SO						
ജില്ലാ പഞ്ചായത്ത്	179	58	237	139	320665285	7476580	313188705	2.3
ബ്ലോക്ക് പഞ്ചായത്ത്	245	99	344	315	371969174	49329645	322639529	13.3
ഗ്രാമപഞ്ചായത്ത്	1493	635	2128	2027	806830844	162078497	644752347	20.1
മുനിസിപ്പാലിറ്റി	219	125	344	314	251214531	45204127	206010404	18
ആകെ	2136	917	3053	2795	1750679834	264088849	1486590985	15.1

അവലംബം - ഐ.കെ.എം, സുലേഖ

പട്ടിക 6.33 : ജില്ലയിൽ തദ്ദേശ സ്വയംഭരണ വകുപ്പും പട്ടികജാതി വികസന വകുപ്പും 2017-18 സാമ്പത്തിക വർഷത്തിൽ 30.11.2017 വരെ ചെലവഴിച്ച തുകയുടെ താരതമ്യം

പട്ടികജാതി വികസന വകുപ്പ്			തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ		
അനുവദിച്ച തുക	ചെലവ്	ശതമാനം	അനുവദിച്ച തുക	ചെലവ്	ശതമാനം
76,07,72,459	56,85,73,330	69	175,06,79,834	26,40,88,849	15.1

(അവലംബം . ഐ.കെ.എം സുലേഖ അപ്ലിക്കേഷൻ & ജില്ലാ പട്ടിക ജാതി വകുപ്പ് തല കണക്കുകൾ

ചിത്രം 6.36 : 2017-18 വാർഷിക പദ്ധതി ചെലവും വകുപ്പ്തല ചെലവുകളുടെയും വിശദാംശങ്ങൾ (രൂപയിൽ)



അവലംബം - പട്ടികജാതി വികസന വകുപ്പ് രേഖ & ഐ.കെ.എം സുലേഖ അപ്ലിക്കേഷൻ

മേൽ സൂചനയിൽ നിന്നും എന്ത് കൊണ്ട് പട്ടികജാതി വികസന ഫണ്ട് ചെലവഴിക്കപ്പെടാതെ പോകുന്നുവെന്ന് ചിന്തിക്കേണ്ടതായി വരുന്നു. കേവലം നാമമാത്രമായ ജീവനക്കാരെ മാത്രം ഉപയോഗപ്പെടുത്തിയാണ് വകുപ്പ് ഇരട്ടിയോളം തുക ചെലവഴിച്ചിരിക്കുന്നതെന്നത് കൂടി ഈ അവസരത്തിൽ കാണേണ്ടതാണ്. മേൽ സാഹചര്യത്തിൽ

പദ്ധതി പ്രവർത്തികൾ യഥാസമയത്തിൽ നടപ്പിലാക്കാൻ സാധിക്കതെ വന്നതിനുള്ള കാരണങ്ങളും അവയുടെ പരിഹാരങ്ങളും താഴെ ചേർത്തിരിക്കുന്നു.

വാർഷിക പദ്ധതി പ്രവർത്തികൾ യഥാസമയത്ത് പൂർത്തീകരിക്കാതിരിക്കുവിനുള്ളള്ള കാരണങ്ങൾ.

1) യഥാസമയത്ത് വ്യക്തഗതാനുകൂല്യങ്ങൾക്കുള്ള ഗ്രാമസഭാലിസ്റ്റ് ലഭ്യമാകാത്തതിനാൽ.
2) കൃത്യമായ വിവരങ്ങളുടെ അഭാവം
3) പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിലുള്ള കാലതാമസം.
4) ആവശ്യമായ ജീവനക്കാരുടെ കുറവ്.
5) പ്രോജക്ടുകളുടെ എണ്ണത്തിലുള്ള ബാഹുല്യം.
6) ശരിയായ കൂടിയാലോചനകളിലൂടെ അല്ലാതെ പദ്ധതികൾ രൂപീകരിക്കുന്നതുമൂലം.
7) വ്യക്തിഗതാനുകൂല്യ പദ്ധതികൾ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള അപ്രയായോഗ്യത.
8) വിഭവ ലഭ്യതയുടെ കുറവും എന്നാൽ വിനിയോഗ ലഭ്യമായതിനാൽ കൂട്ടുതലും
9) ഗ്രാമസഭാ ലിസ്റ്റുകൾ വ്യക്തതയില്ലാതെ ലഭ്യാമാക്കുന്നതിനാൽ

പരിഹാര മാർഗ്ഗങ്ങൾ.

1. പദ്ധതി മാർഗ്ഗ നിർദ്ദേശിച്ചിട്ടുള്ളതും കാലങ്ങളായി തുടർന്ന് വരുന്നതുമായ എല്ലാ വ്യക്തിഗതാനുകൂല്യ പദ്ധതികൾക്കുമുള്ള ഗുണഭോക്താക്കളുടെ ഗ്രാമസഭാ ലിസ്റ്റ് മുൻകൂട്ടി തയ്യാറാക്കുക. നിലവിൽ ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കുന്ന പദ്ധതികൾക്കുള്ള ഗുണഭോക്താക്കളുടെ ഗ്രാമസഭാ ലിസ്റ്റ് മാത്രമാണ് തയ്യാറാക്കുന്നത്. ആയതിനാൽ ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവർ വ്യക്തഗതാനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ രൂപപ്പെടുത്തിയാലും നിശ്ചിത സമയത്ത് ഗുണഭോക്താക്കളുടെ ലിസ്റ്റ് ലഭ്യമാകാതെവരുന്നത് മൂലം പദ്ധതി നിർവ്വഹണം നടത്താൻ കഴിയാതെവരുന്നു. മേൽ സാഹചര്യത്തിൽ പദ്ധതികൾക്കാവശ്യമായ ഗ്രാമസഭാ ലിസ്റ്റ് മുൻകൂറായി തയ്യാറാക്കുക.
2. 2009–10 ലാണ് അവസാനമായി പട്ടികജാതി വിഭാഗങ്ങളെപ്പറ്റി ഒരു സർവ്വേ നടത്തിയത്. മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഇപ്പോഴും പദ്ധതികളുടെ രൂപീകരണം നടക്കുന്നത്. ആയതിനാൽ അടിയന്തിരമായി ത.സ്വ.സ്ഥാപനങ്ങളുടെ സഹായത്തോടെ പുതിയ സർവ്വേ നടപടികൾ പൂർത്തീകരിക്കുക.
3. പദ്ധതികൾ ആരംഭിക്കുന്നതിലുണ്ടാകുന്ന കാലതാമസമാണ് മറ്റൊരു കാരണം. ഇക്കാര്യത്തിൽ വ്യക്തമായ നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ ലഭ്യമാകുന്നുണ്ടെങ്കിലും ആയത് പ്രവർത്തിപഥത്തിൽ എത്തിക്കാൻ ഇപ്പോഴും കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ കുറേകൂടി ശ്രദ്ധപതിപ്പിച്ചാൽ പദ്ധതി നിർവ്വഹണം വേഗത്തിലാക്കാവുന്നതാണ്.
4. പദ്ധതി നിർവ്വഹണത്തിനാവശ്യമയ ജീവനക്കാരുടെ കുറവ് പദ്ധതികളുടെ നിർവ്വഹണത്തെ കാര്യമായിതന്നെ ബാധിക്കുന്നുണ്ട്. ആവശ്യത്തിന് ജീവനക്കാരെ നൽകുകയും സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ തന്നെ ജീവനക്കാരുടെ ട്രാൻഫർ നടപടികൾ പൂർത്തീകരിക്കുകയും ചെയ്താൽ ഇക്കാര്യത്തിൽ ഒരുപരിധിവരെ പരിഹാരമാകുന്നതാണ്. നിലവിൽ ജില്ലയിലെ 02 മുനിസിപ്പാലിറ്റികളിൽ മാത്രമാണ് പട്ടികജാതി വികസന ഓഫീസർമാരെ നിയമിച്ചിട്ടുള്ളത്. മാത്രമല്ല ഭൂരിഭാഗം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളിലും പട്ടികജാതി വികസന ഓഫീസറുടെ തസ്തികമാത്രമാണുള്ളത്. ടിയാൻ ഫീൽഡ്തല ഉദ്യോഗസ്ഥൻ കൂടിയായതിനാൽപദ്ധതി നടത്തിപ്പിന്റെ വേഗത കുറയാൻ ഇടവരുന്നു. മേൽ സാഹചര്യത്തിൽ ആവശ്യമായ ജീവനക്കാരുടെ ലഭ്യത കൂടി ഉറപ്പുവരുത്തേണ്ടതാണ്.

5. പലപ്പോഴും പദ്ധതികളുടെ എണ്ണത്തിലുള്ള ബാഹുല്യം പദ്ധതിയുടെ പൂർത്തീകരണത്തെ ബാധിക്കുന്നുണ്ട്. മേൽ സാഹചര്യത്തിൽ ഓരോ പദ്ധതികളുടേയും പ്രാരംഭ ഘട്ടത്തിൽ തന്നെ ആവശ്യമായ തുകമാറ്റിവക്കുകയും പദ്ധതികളുടെ എണ്ണം കുറക്കുകയും ചെയ്യുക.
6. പല പദ്ധതികളും ശരിയായ കൂടിയാലോചനകൾ ഇല്ലാതെ തയ്യാറാക്കുന്നതുമൂലം അവ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കഴിയാതെ വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പല പശ്ചാതല മേഖലയിലെ പ്രവർത്തികൾക്കും ഫീസിബിലിറ്റി ലഭ്യമാകുന്നതായിരിക്കില്ല. ഇത്തരം പദ്ധതികൾക്ക് പണം നീക്കിവക്കുകയും എന്നാൽ ഇവ നടപ്പാക്കാൻ കഴിയാതെ വരികയും ചെയ്യുന്ന കാഴ്ച സാധാരണമാണ്. ഇത്തരം പദ്ധതികൾ നീക്കം ചെയ്ത് പുതിയ പദ്ധതികൾ കണ്ടെത്തി അംഗീകാരം ലഭ്യമാകുമ്പോഴേക്കും നടപ്പിലാക്കുന്നതിനാവശ്യമായ സമയം ലഭ്യമാകാതെ വരുന്നു. മേൽ സാഹചര്യത്തിൽ ആവശ്യമായ കൂടിയാലോചനകളിലൂടെ പദ്ധതി രൂപീകരിക്കപ്പെടേണ്ടത് അത്യാവശ്യമാണ്.
7. നിലവിൽ പ്രത്യേകമായി പരാമർശിച്ചിട്ടുള്ള എല്ലാ വ്യക്തിഗതാനുകൂല്യ പദ്ധതികളും ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനാണ് അനുമതിയുള്ളത്. എന്നാൽ ചില വ്യക്തിഗതാനുകൂല്യ പദ്ധതികൾ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് നടപ്പിലാക്കുന്നതിന് അനുമതി നൽകുമ്പോൾതന്നെ ആയത് ഗ്രാമപഞ്ചായത്തുകൾക്കും ഏറ്റെടുക്കാൻ സാധിക്കുന്നു. എന്നാൽ പ്രത്യേകമായ കൂടിയാലോചനകൾ ഇല്ലാതെ ഒരേ പദ്ധതികൾ മൂന്ന് വിഭാഗക്കാരും രൂപീകരിക്കുകയും ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ആവശ്യത്തിന് ഗുണഭോക്താക്കളെ ലഭ്യമാകാതെ വരികയും പദ്ധതി നടപ്പിലാക്കാൻ കഴിയാതെ വരികയും ചെയ്യുന്നു. ഇക്കാര്യത്തിൽ ആവശ്യമായ മാറ്റം വരുത്തേണ്ടത് അത്യാവശ്യമാണ്. ഇത്തരം പദ്ധതികളിൽ എല്ലാ വിഭാഗത്തിനും പദ്ധതി നടപ്പിലാക്കാനുള്ള അനുമതി നൽകാതിരിക്കുകയും ത്രിതല പഞ്ചായത്തുകളിൽ ഏറ്റവും താഴെ തട്ടിൽ പദ്ധതി രൂപീകരിച്ച് നടപ്പിൽ വരുത്തുകയും ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് വിഹിതം നൽകുന്നതിനുള്ള അനുമതി നൽകുകയും ചെയ്യാവുന്നതാണ്.
8. ജില്ലാ, ബ്ലോക്ക് തലത്തിൽ പട്ടികജാതി വിഭാഗത്തിനായി നീക്കിവെക്കപ്പെടുത്ത തുക ചെലവഴിക്കുന്നതിനുള്ള പദ്ധതി നിർദ്ദേശങ്ങൾ വളരെ കുറവാണ്. ഇവിടെ വിനിയോഗ സാധ്യതകളുടെ വ്യാപ്തി കൂട്ടുകയെന്നതാണ് ചെയ്യാവുന്ന മാർഗ്ഗം.
9. പലപ്പോഴും ഗ്രാമസഭാ ലിസ്റ്റുകൾ ലഭ്യമാക്കുന്നത് വ്യക്തതയില്ലാതെയാണ്. ലിസ്റ്റിൽ പൂർണ്ണമായ വിലാസം ഉണ്ടായിരിക്കില്ല. (ഉദാ- 1. വേലായുധൻ - വാർഡ് 2) നിലവിൽ പറയുന്ന പ്രദേശത്ത് ഒരേ പേരിൽ ഒന്നിൽ കൂടുതൽ വ്യക്തകൾ ഉണ്ടായിരിക്കും. ഇത്തരം സാഹരചര്യങ്ങളിൽ തെരെഞ്ഞെടുപ്പ് പ്രയാസകരമാകുന്നു. പൂർണ്ണ വിലാസത്തോടെ ലിസ്റ്റുകൾ ലഭ്യമാക്കിയാൽ ഇതിന് പരിഹാരമാകുന്നതാണ്.

6. 20 – പട്ടികവർഗ്ഗമേഖല

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതി അവലോകനവും പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദേശങ്ങളും

2017-18 സാമ്പത്തിക വർഷത്തിൽ 28 തദ്ദേശ ഭരണ സ്ഥാപനങ്ങൾ പട്ടിക വർഗ്ഗമേഖലകളിൽ തുക വകയിരുത്തിയിട്ടുണ്ട്. 2017-18 വാർഷിക പദ്ധതിയിൽ ചാലിയാർ, ചുങ്കത്തറ, ഊർങ്ങാട്ടിരി, പോത്തുകൽ എന്നീ ഗ്രാമ പഞ്ചായത്തുകളിലാണ് ഏറ്റവും കൂടുതൽ തുക പട്ടിക വർഗ്ഗമേഖയിലെ പദ്ധതികൾക്ക് അനുവദിച്ചിട്ടുള്ളത്. വിശദാംശങ്ങൾ പട്ടിക 6.35 ൽ ചേർത്തിരിക്കുന്നു.

പട്ടിക 6.35 : ടി എസ് പി പ്രോജക്ടുകൾ ഗ്രാമ പഞ്ചായത്ത് തിരിച്ച്

ക്രമ നം	പഞ്ചായത്ത്	അനുവദിച്ച തുക (രൂപയിൽ)
1	ചോക്കാട്	1619585
2	അമരമ്പലം	5831000
3	കാളികാവ്	120000
4	കരുളായി	1890000
5	മൂത്തേടം	2907121
6	പോത്തുകൽ	5649625
7	എടക്കര	1898900
8	ചുങ്കത്തറ	5585334
9	വഴിക്കടവ്	2181000
10	ചാലിയാർ	7769600
11	വാഴക്കാട്	315500
12	എടവണ്ണ	948000
13	തിരുവാലി	188000
14	ആനക്കയം	3000
15	തിരുവാലി	27000
16	കീഴുപറമ്പ്	6000
17	എടയൂർ	6000
18	താഴെക്കോട്	240000
19	വണ്ടൂർ	144000
20	മമ്പാട്	2402500
21	ഊർങ്ങാട്ടിരി	4584500
22	മൊറയൂർ	33000
23	എടപ്പാൾ	10000
24	കണ്ണമംഗലം	162247
25	മുതുവല്ലൂർ	59000
26	പുലാമന്തോൾ	11000
27	പള്ളിക്കൽ	107424
28	കാവനൂർ	96000

അവലംബം: സുലേഖ, ഐ.കെ.എം

- നിലവിൽപട്ടിക വർഗ്ഗ ജനസംഖ്യയില്ലാത്ത ഗ്രാമ പഞ്ചായത്തുകൾക്കും ടിഎസ്പി ഫണ്ട് അനുവദിക്കുന്നുണ്ട്. ഇത് ടിഎസ്പി ഫണ്ട് പാഴാകുന്നതിന് കാരണമാകുന്നു. പട്ടികവർഗ്ഗ ജനസംഖ്യയുള്ള ഗ്രാമ പഞ്ചായത്തുകൾക്ക് മാത്രം ടിഎസ്പി ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുക .
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പട്ടികവർഗ്ഗ ഉപപദ്ധതി നടത്തിപ്പിൽ ശരിയായ മോണിറ്ററിംഗ് നടക്കുന്നില്ല. ആയത് കൃത്യമായ ഇടവേളകളിൽ നടപ്പാക്കേണ്ടതുണ്ട്.

- വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപ്പിലാക്കുന്ന പദ്ധതികൾക്ക ഡ്യൂപ്ലിക്കേഷൻ ഒഴിവാക്കാൻ കൃത്യമായ നിരീക്ഷണത്തിന് പഞ്ചായത്ത് തലത്തിൽ കമ്മിറ്റികൾ രൂപീകരിക്കുക. വർക്കിംഗ് ഗ്രൂപ്പുകൾ മുഖേനയുള്ള മോണിറ്ററിംഗ് സംവിധാനം ശാക്തീകരിക്കപ്പെടേണ്ടതുണ്ട്.
- കൂടിവെള്ള പദ്ധതികൾക്ക് പ്രാമുഖ്യം നൽകി പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുക. കൂടിവെള്ള പദ്ധതികൾ തുതല പഞ്ചായത്തുകളിലൂടെ പൂർണ്ണ ഉത്തരവാദിത്വമാക്കുകയും പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന കോർപ്പസ് ഫണ്ട് കൈമാറി പദ്ധതി നടപ്പിലാക്കുന്നതിന് ബജറ്റിൽ തുതല പഞ്ചായത്തിന് തുക വകയിരുത്തി പദ്ധതി നിർവഹണവും തുടർ നടത്തിപ്പും നൽകുക.
- വികസനത്തിലുള്ള നിർണ്ണായക വിടവുകൾ പരിഹരിക്കപ്പെടുന്നതിനും ജീവനോപാധി ഉറപ്പുവരുത്തുന്ന തരത്തിലുമുള്ള പദ്ധതികൾ രൂപപ്പെടുത്തി നടപ്പിലാക്കുക.
- ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം ലഭിക്കുന്ന പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് പ്രാരംഭ ചിലവുകൾ വഹിക്കുന്നതിനും സഹായം അനുവദിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതികൾ രൂപീകരിക്കുന്നതിനുള്ള സ്വതന്ത്ര അധികാരം നൽകേണ്ടതുണ്ട്.
- വിദ്യാഭ്യാസ സഹായ പദ്ധതികൾ വിദ്യാഭ്യാസ വർഷാരംഭത്തിനു മുമ്പ് സർവ്വേ നടപടികൾ പൂർത്തിയാക്കി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.
- പദ്ധതികൾക്ക് ഡ്യൂപ്ലിക്കേഷൻ ഒഴിവാക്കാൻ കൃത്യമായ നിരീക്ഷണത്തിന് പഞ്ചായത്ത് തലത്തിൽ കമ്മറ്റികൾ രൂപീകരിക്കുക.
- കൂടിവെള്ള പദ്ധതികൾക്ക് പ്രാമുഖ്യം നൽകി പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുക.
- വികസനത്തിലുള്ള നിർണ്ണായക വിടവുകൾ പരിഹരിക്കപ്പെടുന്നതിനും ജീവനോപാധി ഉറപ്പുവരുത്തുന്ന തരത്തിലുമുള്ള പദ്ധതികൾ രൂപപ്പെടുത്തി നടപ്പിലാക്കുക.
- ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം ലഭിക്കുന്ന പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് പ്രാരംഭ ചിലവുകൾ വഹിക്കുന്നതിനും സഹായം അനുവദിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതികൾ രൂപീകരിക്കുക.

വിദ്യാഭ്യാസ സഹായ പദ്ധതികൾ വിദ്യാഭ്യാസ വർഷാരംഭത്തിൽ തന്നെ നൽകുന്ന തരത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

6.21- സാമൂഹ്യ സുരക്ഷിതത്വ മേഖല

ശിശുക്ഷേമം

പട്ടിക 6.36 : അനുപൂരക പോഷകാഹാര പരിപാടിക്ക് ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ

ക്രമ നമ്പർ	തദ്ദേശ സ്ഥാപനം	നീക്കിവെച്ച തുക
1	ഗ്രാമ പഞ്ചായത്ത്	63,09,97,999
2	ബ്ലോക്ക് പഞ്ചായത്ത്	35,79,250
3	മുനിസിപ്പാലിറ്റി	15,37,48,245

അവലംബം: സുലേഖ, ഐ.കെ.എം

പട്ടിക 6.37 : അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾപട്ടിക

ക്രമ നമ്പർ	തദ്ദേശ സ്ഥാപനം	നീക്കിവെച്ച തുക		
		അങ്കണവാടി പുനരുദ്ധാരണം	അങ്കണവാടി ഫെസ്റ്റ്	അനുപൂരക പോഷകാഹാരം
1	ഗ്രാമ പഞ്ചായത്ത്	2660000	85000	3400000

അവലംബം: സൂലേഖഐ.കെ.എം ,

പട്ടിക 6.38 : ജില്ലാ പഞ്ചായത്ത്

ക്രമ നമ്പർ	പ്രോജക്ടിന്റെ പേർ	നീക്കിവെച്ച തുക
1	ചിൽഡ്രൻസ് പാർക്ക്	1500000

അവലംബം: സൂലേഖ, ഐ.കെ.എം

പട്ടിക 6.39 : ഗ്രാമ പഞ്ചായത്ത്

ക്രമ നമ്പർ	പ്രോജക്ടിന്റെ പേർ	നീക്കിവെച്ച തുക
1	ബാലസഭ പ്രവർത്തനം	3520192
2	വിദ്യാർത്ഥികൾക്ക് യോഗ പരിശീലനം	325000
3	ബാലസഭഅംഗങ്ങൾക്ക് പഠന യാത്ര	30000
4	കൗൺസലിംഗ്	90000

അവലംബം: സൂലേഖ, ഐ.കെ.എം

പട്ടിക 6.40 : മുനിസിപ്പാലിറ്റി

ക്രമ നമ്പർ	പ്രോജക്ടിന്റെ പേർ	നീക്കിവെച്ച തുക
1	ബാലസഭ പ്രവർത്തനം	300000

അവലംബം: സൂലേഖ, ഐ.കെ.എം

വയോജന ക്ഷേമം

പട്ടിക 6.41 : ജില്ലാ പഞ്ചായത്ത്

ക്രമ നമ്പർ	പ്രോജക്ടിൻറെ പേർ	നീക്കിവെച്ച തുക
1	വയോജന വിശ്രമകേന്ദ്രം	1579559
2	പകൽവീട്	1881257
3	വൃദ്ധസദനം നവീകരണം	1200000

അവലംബം: സൂലേഖ, ഐ.കെ.എം

പട്ടിക 6.42 : ബ്ലോക്ക് പഞ്ചായത്ത്

ക്രമ നമ്പർ	പ്രോജക്ടിന്റെ പേർ	നീക്കിവെച്ച തുക
1	വൃദ്ധമന്ദിരം	600000
2	വയോജന പുനരധിവാസം	3290500
3	വയോജന വിശ്രമകേന്ദ്രം	4389995
4	ഉല്ലാസകേന്ദ്രം	200000
5	വയോജനങ്ങൾക്ക് കട്ടിൽ	3749700

6	പകൽവീട്	17834568
7	ഫിസിയോ തെറാപ്പി സെന്റർ	1625016

അവലംബം: സുലേഖ, ഐ.കെ.എം

പട്ടിക 6.43 : ഗ്രാമ പഞ്ചായത്ത്

ക്രമ നമ്പർ	പ്രോജക്ടിന്റെ പേർ	നീക്കിവെച്ച തുക
1	സഹായ ഉപകരണങ്ങൾ	505450
2	വയോജന പുനരധിവാസം	4244788
3	വയോജനവിശ്രമകേന്ദ്രം	2366250
4	മെഡിക്കൽ ക്യാമ്പ് മരുന്ന വിതരണം	1502000
5	വയോജനങ്ങൾക്ക് കട്ടിൽ	55647215
6	പകൽവീട്	48753680
7	യോഗ പരിശീലനം	25000
8	തിരിച്ചറിയൽ കാർഡ്	50000
9	വയോമിത്രം	1745636
10	വയോജനക്ലബുകൾ ധനസഹായംസ്ഥാപനങ്ങൾക്ക്/	590000
11	വയോജന പാർക്ക്	474150
12	കലാമേള	210000
13	പോഷകാഹാരം	100000

അവലംബം: സുലേഖ, ഐ.കെ.എം

പട്ടിക 6.44 : മുനിസിപ്പാലിറ്റി

ക്രമ നമ്പർ	പ്രോജക്ടിന്റെ പേർ	നീക്കിവെച്ച തുക
1	സഹായ ഉപകരണങ്ങൾ	3064900
2	ഉല്ലാസകേന്ദ്രം	1600000
3	വയോജനങ്ങൾക്ക് കട്ടിൽ	5340050
4	പകൽവീട്	7995405
5	വയോമിത്രം	3341200
6	ജെറിയാട്രിക് പാർക്ക്	810000

അവലംബം: സുലേഖ, ഐ.കെ.എം

മുതിർന്ന പൗരൻമാർ

വികസന സാദ്ധ്യതകളും സംയോജന സാദ്ധ്യതകളും

1. പാലിയേറ്റീവ് കെയർ സംവിധാനം വയോമിത്രം പദ്ധതിയും കുടുംബശ്രീയുമായി സഹകരിപ്പിച്ച് മുതിർന്നവർക്കുള്ള സേവനത്തിന്റെ വ്യാപ്തിയും ഗുണനിലവാരവും വർദ്ധിപ്പിക്കുക.
2. പോഷകാഹാരത്തിന്റെ അപര്യാപ്തത ഒരു പ്രധാന വിടവായി കാണാൻ കഴിയുന്നു. അതിനാൽ കുടുംബശ്രീ സംവിധാനത്തിലൂടെ സൗജന്യനിരക്കിൽ പാകം ചെയ്ത ആഹാരം ലഭ്യമാക്കാൻ അവസരങ്ങൾ സൃഷ്ടിക്കുക.
3. സന്നദ്ധസേവനത്തിനു തയ്യാറുള്ളവരുടെ ഗ്രൂപ്പ് രൂപീകരിച്ച് കേന്ദ്രഗവൺമെന്റിന്റെ വളണ്ടിയർ ബ്യൂറോ പദ്ധതിയുമായി സംയോജിപ്പിക്കുക.

4. ഭാരതീയ ചികിത്സാ വകുപ്പിന്റെയും പ്രമുഖ ആയുർവ്വേദ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ ആയുർവ്വേദ ചികിത്സാ സൗകര്യം പരമാവധി ഗുണഭോക്താക്കളിലെത്തിക്കുക.

പുതിയ പ്രശ്നങ്ങളും അതിനു പറ്റുന്ന കാഴ്ചപ്പാടുകളും

ആയുർ ദൈർഘ്യത്തിലെ വർദ്ധനവിനു പുറമെ പുതിയ കാലത്തെ തൊഴിൽഘടനയിലെ വ്യതിയാനം, കുടുംബ ബന്ധങ്ങളിലുണ്ടായ മാറ്റങ്ങൾ തുടങ്ങിയ നിരവധി സാമൂഹിക വിഷയങ്ങൾ കൂടിച്ചേരുമ്പോൾ പുതിയ ചില പ്രശ്നങ്ങൾ ഉദയം ചെയ്യുന്നു. അവയിൽ പ്രഥമം യുവജനങ്ങൾക്ക് പൊതുവെ മുതിർന്ന രണ്ടു തലമുറക്കാരെ സംരക്ഷിക്കേണ്ട ബാദ്ധ്യത കൈവരുന്നുവെന്നതാണ്. വാർദ്ധക്യകാല ചികിത്സയും പരിചരണവും ചെലവേറിയതാവുകയും ഇളം തലമുറക്കാരുടെ വിദ്യാഭ്യാസ കാര്യങ്ങളുൾപ്പെടുയുളളവ അതിനേക്കാൾ ഭാരിച്ചതാവുകയും ചെയ്യുമ്പോൾ യുവജനങ്ങളുടെ പരിമിതികൾ മുൻഗണന നിശ്ചയിക്കലിന് നിർബന്ധിതമാക്കുന്നു. സാമ്പത്തിക പ്രശ്നങ്ങൾക്ക് പുറമേ പൂർണ്ണ സമയ പരിരക്ഷ ആവശ്യമുളള മുതിർന്നവർക്ക് ആ സേവനം നൽകാൻ ആളില്ലാത്ത സ്ഥിതിയും സംജാതമാകുന്നു. ഈ സാഹചര്യം മുതിർന്ന വരെ സന്നദ്ധരായ കുടുംബങ്ങളോടൊപ്പം ഫോസ്റ്റർ കെയർ മാതൃകയിൽ താല്ക്കാലികമായി കൂട്ടിച്ചേർക്കുക തുടങ്ങിയ ചിന്തകളിലേക്ക് നയിക്കുന്നു.

അതോടൊപ്പം തന്നെ പ്രോഫഷണൽ കമ്പാനിയൻ പോലെയുളള സേവനങ്ങളും സൃഷ്ടിക്കേണ്ടതായി വരുന്നു. സ്വഗൃഹത്തിൽ വാർദ്ധക്യമെന്ന അടിസ്ഥാനതത്വം നിലനിൽക്കെത്തന്നെ, അതിനു യാതൊരു തരത്തിലും സാദ്ധ്യതകളില്ലാത്ത കേസുകൾ വർദ്ധിച്ചു വരുന്നതായി കാണുന്നു. അപ്പോൾ നിശ്ചിത ഗുണനിലവാരമുളള പേ ഹോമുകളും സൗജന്യ ഭവനങ്ങളും അനിവാര്യമായിത്തീരുന്ന സാമൂഹികാന്തരീക്ഷം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.

ഭിന്നശേഷി ക്ഷേമം

പട്ടിക 6.45 : ജില്ലാ പഞ്ചായത്ത്

ക്രമ നമ്പർ	പ്രോജക്ടിന്റെ പേർ	നീക്കിവെച്ച തുക
1	ഭിന്നശേഷി പുനരധിവാസം	5000000
2	ബഡ്സ് സ്കൂൾ കെട്ടിടം ഉപകരണം പ്രവർത്തനം	1800000
3	സ്പെഷ്യൽ സ്കൂൾ കെട്ടിടം ഉപകരണം പ്രവർത്തനം	4552280
4	മുച്ചക്ര സ്കൂട്ടർ	7500000
5	ഭിന്നശേഷി ഉപകരണം	934900
6	ഭിന്നശേഷി സ്കോളർഷിപ്പ്	19254750
7	പ്രതീക്ഷാ സെന്റർ കെട്ടിട നിർമ്മാണം	4763312
8	ഗവേഷണ പുനരധിവാസ കേന്ദ്രം	160000

അവലംബം: സുലേഖ, ഐ.കെ.എം

പട്ടിക 6.46 : ബ്ലോക്ക് പഞ്ചായത്ത്

ക്രമ നമ്പർ	പ്രോജക്ടിന്റെ പേര്	നീക്കിവെച്ച തുക
1	ഭിന്നശേഷി പുനരധിവാസം	3147850
2	സ്കോളർഷിപ്പ്	18618050

ക്രമ നമ്പർ	പ്രോജക്ടിന്റെ പേര്	നീക്കിവെച്ച തുക
3	ബഡ്സ് സ്കൂൾ കെട്ടിടം ഉപകരണം പ്രവർത്തനം	2350000
4	മുച്ചക്ര സ്കൂട്ടർ	19727100
5	ഭിന്നശേഷി ഉപകരണം	10104802
6	സൈക്കോസോഷ്യൽ റീഹാബിലിറ്റേഷൻ സെന്റർ	2200000
7	സ്പീച്ച് തെറാപ്പി സെന്റർ	2333499

അവലംബം: സുലേഖ, ഐ.കെ.എം

പട്ടിക 6.47 : ഗ്രാമപഞ്ചായത്ത്

ക്രമ നമ്പർ	പ്രോജക്ടിന്റെ പേര്	നീക്കിവെച്ച തുക
1	ബഡ്സ് സ്കൂൾ കെട്ടിടം ഉപകരണം പ്രവർത്തനം	30800077
2	സ്പെഷ്യൽ സ്കൂൾ കെട്ടിടം ഉപകരണം പ്രവർത്തനം	200000
3	മുച്ചക്ര സ്കൂട്ടർ	3290000
4	ഭിന്നശേഷി ഉപകരണം	6301650
5	ഭിന്നശേഷി സ്കോളർഷിപ്പ്	124796455
6	പ്രതീക്ഷാ സെന്റർ കെട്ടിട നിർമ്മാണം	9958200
7	തെറാപ്പി സെന്റർ/റിഹാബിലിറ്റേഷൻ സെന്റർ	1420050
8	കലാകായിക മേള	200000
9	പഠന യാത്ര	80000

അവലംബം: സുലേഖ, ഐ.കെ.എം

പട്ടിക 6.48 : മുനിസിപ്പാലിറ്റി

ക്രമ നമ്പർ	പ്രോജക്ടിന്റെ പേര്	നീക്കിവെച്ച തുക
1	ഭിന്നശേഷി പുനരധിവാസം	50000
2	സ്കോളർഷിപ്പ്	22933784
3	ബഡ്സ് സ്കൂൾ കെട്ടിടം ഉപകരണം പ്രവർത്തനം	5351110
4	മുച്ചക്ര സ്കൂട്ടർ	7760000
5	ഭിന്നശേഷി ഉപകരണം	2670000

അവലംബം: സുലേഖ, ഐ.കെ.എം

വനിതാക്ഷേമം

പട്ടിക 6.49 : ജില്ലാ പഞ്ചായത്ത്

ക്രമ നമ്പർ	പ്രോജക്ടിന്റെ പേർ	നീക്കിവെച്ച തുക
1	വനിതാശാക്തീകരണ കേന്ദ്രം	1000000
2	വിശ്രമ കേന്ദ്രം	2000000
3	മുലയൂട്ടൽകേന്ദ്രം	2000000
4	വനിതാ ഹോസ്റ്റൽ നിർമ്മാണം	4150000

അവലംബം: സുലേഖ, ഐ.കെ.എം

പട്ടിക 6.50 : ബ്ലോക്ക് പഞ്ചായത്ത്

ക്രമ നമ്പർ	പ്രോജക്ടിന്റെ പേർ	നീക്കിവെച്ച തുക
1	ഷീ സെന്റർ	2500000
2	കൗൺസലിംഗ് യൂണിറ്റ്	200000
3	ജീവിത നൈപുണ്യ വിദ്യാഭ്യാസം	200000
4	മുലയൂട്ടൽകേന്ദ്രം	3337600
5	വനിതാ ശാക്തീകരണ കേന്ദ്രം	6836361

അവലംബം: സുലേഖ, ഐ.കെ.എം

പട്ടിക 6.51 : ഗ്രാമ പഞ്ചായത്ത്

ക്രമ നമ്പർ	പ്രോജക്ടിന്റെ പേർ	നീക്കിവെച്ച തുക
1	വിവാഹ ധനസഹായം	13400000
2	വനിതാശാക്തീകരണ കേന്ദ്രം	282000
3	വനിതാ ലോൺടി യൂണിറ്റ്	978700
4	ജാഗ്രതാ സമിതി	1330925
5	വനിതാ പ്രതിരോധ പരിശീലനം	1325000
6	യോഗ പരിശീലനം/കൗൺസലിംഗ്	1380000
7	വനിതാസൗഹൃദ പഞ്ചായത്ത്	100000
8	ജെന്റർ റിസോഴ്സ്	200000

അവലംബം: സുലേഖ, ഐ.കെ.എം

പട്ടിക 6.52 : മുനിസിപ്പാലിറ്റി

ക്രമ നമ്പർ	പ്രോജക്ടിന്റെ പേര്	നീക്കിവെച്ച തുക
1	വിവാഹ ധനസഹായം	1225000
2	പ്രതിരോധ പരിശീലനം	191700
3	കൗൺസലിംഗ്	100000
4	വനിതാ ശാക്തീകരണ കേന്ദ്രം	1500000
5	ജാഗ്രതാ സമിതി	1170000
6	വനിതാ ഭിന്നലിംഗ പദ്ധതി	1000000

അവലംബം: സുലേഖ, ഐ.കെ.എം

സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ

1. സ്ത്രീകൾക്കിടയിൽ രോഗതുരതയും ജീവിത ശൈലീരോഗങ്ങളും വർദ്ധിച്ചു വരുന്നു.
2. ആരോഗ്യ നിലവാരത്തിൽ മുന്നിലാണെങ്കിലും അനീമിയ, മാനസിക പ്രശ്നങ്ങൾ, ആത്മഹത്യാ പ്രവണത, ലഹരിമരുന്ന് ഉപയോഗം മുതലായവ കേരളത്തിലെ സ്ത്രീകൾക്കിടയിൽ കൂടിവരുന്നു. വിധവകൾ, വിവാഹമോചിതർ എന്നിവരുടെ എണ്ണം കൂടിവരുന്നു. സുരക്ഷാ നിയമങ്ങൾ പലപ്പോഴും അപ്രായോഗികമാകുന്നു.

3. സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ആരോഗ്യസംവിധാനങ്ങളുടെ അഭാവം, നന്നേ ചെറുപ്രായത്തിലെ വിവാഹം ആരോഗ്യ-സാമൂഹ്യ പ്രശ്നങ്ങളെക്കുറിച്ചുള്ള അവബോധമില്ലായ്മക്ക കാരണമാകുന്നു.
4. കുറഞ്ഞു വരുന്ന തൊഴിൽ പങ്കാളിത്തം.
5. പൊതുസ്ഥാപനങ്ങളിലും തൊഴിലിടങ്ങളിലും സ്ത്രീ സൗഹാർദ്ദ സംവിധാനങ്ങൾ നിലവിലില്ല.
6. വർദ്ധിച്ചു വരുന്ന സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ.
7. തീരുമാനമെടുക്കൽ പ്രക്രിയയിലെ പങ്കാളിത്തമില്ലായ്മ.
8. ഒരുമിച്ച് ചേരുവാനുള്ള പൊതുഇടങ്ങളുടെ അഭാവം.
9. ഗ്രാമസഭകളിൽ സ്ത്രീകളുടെ പങ്കാളിത്തം ഉണ്ടെങ്കിലും സ്ത്രീകളുടെ പ്രധാന വികസന പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടുന്നില്ല.
10. സ്ത്രീ സുരക്ഷ/സംരക്ഷണ സംവിധാനങ്ങളുടെ അഭാവം, സ്ത്രീ സംരക്ഷണ നിയമങ്ങൾ ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിനു ജനകീയ പങ്കാളിത്തവും, ഉദ്യോഗസ്ഥ പങ്കാളിത്തവും ഇപ്പോഴും പിറകിൽ നിൽക്കുന്നു.
11. സ്ത്രീകൾക്കായുള്ള നിയമങ്ങളുടെയും നിയമസംവിധാനങ്ങളുടെയും അവബോധമില്ലായ്മ, സ്ത്രീപക്ഷ-അനുഭാവ പൂർണ്ണമുള്ള സമീപനം നീതിന്യായ രംഗത്തുപോലും പ്രകടമാകുന്നില്ല,

ഭരണഘടന ഉറപ്പുനല്കുതന്ന തുല്യത, തുല്യനീതിയും സ്ത്രീകൾക്കും നേടിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നാം മുന്നോട്ട് വയ്ക്കേണ്ടത്. അതിനായി പ്രത്യേകം പദ്ധതികളല്ല നമുക്കാവശ്യം, മറിച്ച് പൊതുവായ വികസന-ക്ഷേമ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമ്പോൾ അതിന്റെ ഫലങ്ങൾ സ്ത്രീകൾക്കും മറ്റ് ദുർബല വിഭാഗങ്ങൾക്കും ഒരു പോലെ ലഭിക്കുന്നു എന്ന് ഉറപ്പാക്കുകയാണ് വേണ്ടത്. സമൂഹത്തിന്റെ വിവിധ മേഖലകൾ ആസൂത്രണം ചെയ്യുമ്പോൾ ഗുണപരമായ പങ്കാളിത്തം ഉറപ്പു വരുത്തേണ്ടതുണ്ട്. ഗുണപരമായ സ്ത്രീകളുടെ പങ്കാളിത്തം ഉണ്ടായാൽ മാത്രമേ വികസന പ്രവർത്തനങ്ങൾ സ്ത്രീ സൗഹൃദമാവുകയുള്ളു.

ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

1. നൂതനമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് വൈദഗ്ധ്യ പരിശീലന സംവിധാനങ്ങൾ ഒരുക്കുക.
2. സ്ത്രീ സുരക്ഷ ഉറപ്പ് വരുത്തുന്നതിന് ജാഗ്രത സമിതി ശക്തിപ്പെടുത്തുക, കൗൺസലിംഗ് സൗകര്യങ്ങൾ ഒരുക്കുക (കൗമാരക്കാർക്കും അമ്മമാർക്കും)
3. സ്ത്രീ സൗഹൃദ സൗകര്യങ്ങൾ-അടിസ്ഥാന സൗകര്യങ്ങൾ ജില്ലാ ആസ്ഥാനത്തും അതുപോലെ സ്ത്രീകൾ കൂടുതലായി ഒരുമിച്ച ചേരുന്ന തൊഴിൽ ഇടങ്ങൾ, ടൗണുകൾ മുതലായ സ്ഥലങ്ങളിൽ ഏർപ്പെടുത്തുക.
4. അഭയകേന്ദ്രങ്ങൾ, ഷീ സ്റ്റേ ഹോം നിർമ്മിക്കുക.
5. വനിത ലേബർ ബാങ്കുകളുടെ രൂപീകരിക്കുക.
6. ഗ്രാമ പഞ്ചായത്തുതലത്തിൽ നിരാശ്രയ വനിതകൾ, വിധവകൾ എന്നിവരുടെ കൂട്ടായ്മയും സംഘടിപ്പിക്കുക. ഇവർക്ക് തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് സഹായം നല്കുക.
7. അയൽകൂട്ടതലങ്ങളിൽ ബോധവല്കരണത്തിലും കായിക-പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും പരിശീലനങ്ങൾ-ആത്മവിശ്വാസവും സ്വയം പ്രതിരോധ ശേഷിയുമുള്ള യുവ തലമുറയെ വാർത്തെടുക്കുന്നതിനുമുള്ള പരിശീലനങ്ങൾ നല്കുക.
8. തീരദേശ മേഖലകൾ, കോളനികൾ തുടങ്ങിയ മേഖലകളിൽ സ്ത്രീ സുരക്ഷ ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ, തൊഴിൽ പരിശീലനങ്ങൾ-കൂടിൽ വ്യവസായ മേഖലകളിൽ പരിശീലനം നൽകുന്നതിന് ഉദ്ദേശിക്കുന്നു. വീട്ടിലിരുന്ന് ചെയ്യാവുന്ന തൊഴിലുകളുടെ പരിശീലനവും സഹായവും ലഭ്യമാക്കുക.

9. സാമൂഹ്യ സുരക്ഷയുടെ ഭാഗമായി ലേഡീസ് ഓൺലി ബസ് സർവ്വീസ് ആരംഭിക്കുക.

ട്രാൻസ്ജെൻഡർ

പരിഹരിക്കേണ്ട പ്രശ്നങ്ങൾ

1. ജീവസന്ധാരണത്തിന് പര്യാപ്തമായ വരുമാനമുണ്ടാക്കുന്ന തൊഴിലുകൾ ലഭ്യമാക്കുക.
2. തൊഴിൽ രംഗത്തേയും സാമൂഹ്യ രംഗത്തേയും വിവേചനം, അവഗണന, ഒറ്റപ്പെടുത്തൽ എന്നിവ അവസാനിക്കുക.
3. തുല്യമായ അംഗീകാരവും സാമൂഹിക പദവിയും ട്രാൻസ്ജെൻഡർ വിഭാഗക്കാർക്ക് ലഭ്യമാക്കുന്ന പൊതു സാമൂഹികാന്തരീക്ഷം സൃഷ്ടിക്കലാണ് ഈ മേഖല പൊതുവെ വിഭാവനം ചെയ്യുന്നത്. വിദ്യാഭ്യാസവും തൊഴിൽ സാദ്ധ്യതകളും അവരുടെ മുമ്പിൽ തുറന്ന് കൊടുത്ത് മുന്നേറാനുള്ള അവസരവും ഒരുക്കി കൊടുക്കുക. ട്രാൻസ്ജെൻഡർ വിഭാഗക്കാരിലേറെ പൊതു സമൂഹത്തിൽ ഇടപെടലുകൾ നടത്തി അവബോധം സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകത തിരിച്ചറിയുന്നു.

വികസന സാദ്ധ്യതകളും സംയോജന സാദ്ധ്യതകളും

1. ആരോഗ്യ വകുപ്പും അതിനു കീഴിലെ ഉപ-സംവിധാനങ്ങളുമായി സംയോജനം ആവശ്യമാണ്. എസ്.ആർ.എസ് ചെയ്യുന്നതിന് സൗകര്യങ്ങൾ വിപുലപ്പെടുത്താനും ചെലവുകുറക്കാനും ആരോഗ്യ വകുപ്പിന് ക്രമീകരണങ്ങൾ ഏർപ്പെടുത്താനാവും
2. ട്രാൻസ്ജെൻഡർസ് വിഭാഗക്കാരുടെ സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് സാമ്പത്തിക ശാക്തീകരണ മാർഗ്ഗങ്ങളാരായുന്നതിൻറെ പ്രവർത്തനങ്ങൾക്ക് കുടുബശ്രീ സംവിധാനവുമായി സംയോജനാവശ്യകതകളുണ്ട്.
3. സ്വത്വ പ്രതിസന്ധി ആരംഭിക്കുന്നത് കൗമാരാരംഭത്തോടെയായതിനാൽ അദ്ധ്യാപകർക്ക് ട്രാൻസ്ജെൻഡർ അവസ്ഥയെക്കുറിച്ച് അവബോധം ആവശ്യമാണ്. ആ നിലക്ക് വിദ്യഭ്യാസ വകുപ്പുമായും സംയോജനം ആവശ്യമാണ്

പുതിയ പ്രശ്നങ്ങളും കാഴ്ചപ്പാടുകളും

ട്രാൻസ്ജെൻഡർ മേഖലയിലെ ഇടപെടലുകൾ 2015 ന് ശേഷം മാത്രമാണ് ആരംഭിച്ചിട്ടുള്ളത്. അതിനാൽ മേഖല മൊത്തത്തിൽ പുതിയതായി കണക്കാക്കേണ്ടിയിരിക്കുന്നു .

ദീർഘകാല പരിപ്രേക്ഷ്യം

സാമൂഹ്യ അവബോധ സൃഷ്ടി കൈവരിച്ച് ട്രാൻസ്ജെൻഡർ വിഭാഗക്കാർക്കു സമൂഹത്തിൽ സ്വീകാര്യത ഉണ്ടാക്കികൊടുക്കലാണ് ദീർഘകാല ലക്ഷ്യമായി കണക്കാക്കുന്നത്. തൊഴിലുകളിലും പഠന കോഴ്സുകളിലും സംവരണം നൽകുന്നത് ഇക്കാര്യത്തിൽ പ്രയോജനകരമാവും. അർഹിക്കുന്നവർക്ക് എസ്ആർഎസ് ചെയ്യാനുള്ള അവസരങ്ങളൊരുക്കാനും ഈ മേഖല ലക്ഷ്യമിടുന്നു.

ജില്ലയിലെ ട്രാൻസ്ജെൻഡർ ജനസംഖ്യ വളരെ ചെറിയതാണെന്നുള്ള വസ്തുത ഇവർക്കു വേണ്ടി വിഭവ ശേഖരണത്തിന് സാദ്ധ്യത വർദ്ധിപ്പിക്കുന്നു. ഇവരുടെ ജനന സ്ഥലങ്ങൾ കേന്ദ്രീകൃതമല്ലെങ്കിലും വാസ സ്ഥലം രണ്ടു പ്രദേശങ്ങളിൽ കേന്ദ്രീകൃതമാണ്. ആയതിനാൽ ആ

സ്ഥലങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് പ്രവർത്തനങ്ങൾ ക്രോഡീകരിക്കാനും എളുപ്പമാവുമെന്ന് പ്രതീക്ഷിക്കുന്നു.

മേഖലകൾ തമ്മിലുള്ള ഏകോപന സാദ്ധ്യതകൾ

ട്രാൻസ്ജെൻഡർ വിഭാഗക്കാരിലുള്ള ഇടപെടലുകൾ പുതുതായി ആരംഭിച്ചതായതിനാൽ എല്ലാ മേഖലയിലും തുല്യമായ സേവന പദ്ധതികൾ ആവശ്യമാണ്. പദ്ധതികൾ രൂപപ്പെട്ടുവരുന്നത് കാലക്രമേണമാത്രമായിരിക്കുമെന്നതിനാൽ ഈ ഘട്ടത്തിൽ ഏകോപന സാദ്ധ്യതകൾ കുറവാണ്.

III. സംഗ്രഹം

ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളുടെ പദ്ധതികൾ പരിശോധിച്ചാൽ നൂതനവും കാലോചിതവും ആയിട്ടുള്ള പ്രോജക്ടുകൾ എന്ന നിലവാരത്തിലേക്ക് ഉയർന്നിട്ടുള്ള പ്രോജക്ടുകൾ കുറവാണ്. എങ്കിലും ഗ്രാമ പഞ്ചായത്തുകളുടെയും കൈമാറ്റം ചെയ്യ കിട്ടിയ സ്ഥാപനങ്ങളുടെയും ഓഫീസ് നവീകരണത്തിനായി കഴിഞ്ഞ ഏതാനും വർഷങ്ങളായി ലോക ബാങ്ക് ധനസഹായം അനുവദിച്ചുവരുന്നുണ്ട്. കേരള ലോക്കൽ ഗവണ്മെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട് എന്നാണ് പദ്ധതിയുടെ പേർ. ടി പദ്ധതി മുഖാന്തരം ജില്ലയിലെ ഒട്ടേറെ ഗ്രാമ പഞ്ചായത്ത് ഓഫീസുകൾക്കും കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ ഓഫീസുകൾക്കും മെച്ചപ്പെട്ട ഭൗതിക സംവിധാനം ഒരുക്കാനും ഓഫീസുകൾ ജനസൗഹൃദമാക്കാനും കഴിഞ്ഞിട്ടുണ്ട്. ഓഫീസുകൾ വികലാംഗ സൗഹൃദമാക്കുക, ബ്രീഡിംഗ് റൂം, കുടിവെള്ളം, ശൗചാലയം, പൊതുജനങ്ങൾക്ക് കാത്തിരിപ്പ് സ്ഥലം, ടി.വി.കാണാനും പത്രം വായിക്കാനും മറ്റുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതായും പല ഓഫീസുകളിലും കാണാം. ഇത് ഈ വഴിയിൽ ഉണ്ടായ നല്ല ഒരു കാൽവെയ്പായി കാണാൻ കഴിയും.

മാലിന്യ സംസ്കരണത്തിന് സ്ഥായിയായ ഒരു സംവിധാനം ജില്ലയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരു വസ്തുതയാണ്. ജനങ്ങളെ ബോധവാന്മാരാക്കുക എന്ന ഒരു സ്ഥിരം പല്ലവിക്കുപരിയായി അലക്ഷ്യമായി മാലിന്യം കൈകാര്യം ചെയ്യുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും എതിരെ കടുത്ത ശിക്ഷാ നടപടികളും പിഴയും ചുമത്തി നിയമം കർക്കശമാക്കുക എന്നതാണ് ഈ കാര്യത്തിലുള്ള പോംവഴി. ഉറവിടത്തിൽ തന്നെ മാലിന്യം സംസ്കരിക്കുന്നതിനോ, മാലിന്യം കൂടുതൽ ഉല്പാദിപ്പിക്കപ്പെടാത്ത രീതിയിൽ ഒരു ജീവിത ശൈലിയോ രൂപീകരിക്കുന്നതിന് പൊതുജനത്തെ പ്രാപ്തരാക്കുന്നതിനുള്ള ശ്രമങ്ങളും പ്രവർത്തനങ്ങളും ഭരണകൂടത്തിൽ നിന്നും ഉണ്ടാവുകയാണ് ആവശ്യം. പ്ലാസ്റ്റിക് നിരോധനം എന്നത് എല്ലായിപ്പോഴും കൊട്ടിഘോഷിക്കപ്പെടുമ്പോഴും പ്ലാസ്റ്റിക്കിന്റെ ഉല്പാദനവും ഇറക്കുമതിയും വിതരണവും യാതൊരു തടസ്സവുമില്ലാതെ നടക്കുന്നു എന്നത് വിരോധാഭാസമാണ്.

ഗ്രാമ പഞ്ചായത്തുകളിൽ ഒരു ആധുനിക അറവുശാല എന്നത് വർഷങ്ങളായി സർക്കാരും പഞ്ചായത്തുകളും കാണുന്ന ഒരു സ്വപ്നമാണെങ്കിലും ഏതെങ്കിലും ഒരു പഞ്ചായത്തിൽ ഇത്തരത്തിലുള്ള ഒരു അറവുശാല നിലവിൽ വന്നതായി കേട്ടറിവില്ല. മാലിന്യസംസ്കരണം എന്നതുപോലെ തന്നെ ഒരു നീറുന്ന പ്രശ്നമായി അറവുശാല സ്ഥാപിക്കുക എന്ന പദ്ധതിയും നിലനില്ക്കുന്നു. ഗ്രാമ പഞ്ചായത്തുകളുടെ പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നതിന് ഒരു നിബന്ധനയായി തന്നെ മാലിന്യസംസ്കരണത്തിനും അറവുശാലക്കും പണം മാറ്റി വെക്കണമെന്നും ഇത് പ്ലാൻ ഫണ്ട് തന്നെയായിരിക്കണമെന്നും നിഷ്കർഷിക്കാറുണ്ട് എങ്കിലും ഇത് ഒരു യാഥാർത്ഥ്യ

മായിട്ടില്ല എന്നത് ഒരു വസ്തുതയാണ്. സ്ഥലം ലഭ്യമാകുന്നതിനുള്ള പ്രയാസങ്ങളും, സ്ഥലം ലഭ്യമായാൽ തന്നെ ഇവ സ്ഥാപിക്കുമ്പോൾ പ്രദേശവാസികളുടെ എതിർപ്പും നിയമപ്രശ്നങ്ങളും പഞ്ചായത്തുകളുടെ ഇത്തരം പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിന് തടസ്സമായി നിലനില്ക്കുന്നു.

പൊതു ശ്മശാനം എല്ലാ പഞ്ചായത്തുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും താല്പര്യമുള്ള വിഷയമാണെങ്കിലും ഇതിനും സ്ഥലം ലഭ്യമാകുക, ലഭ്യമായിട്ടുള്ള സ്ഥലങ്ങളിൽ ശ്മശാനം സ്ഥാപിക്കുക എന്നതും പ്രാദേശികമായ എതിർപ്പുകളും നിയമപ്രശ്നങ്ങളും കാരണം നടപ്പിലാക്കാൻ കഴിയുന്നില്ല.

വിദ്യാഭ്യാസ മേഖലയിൽ ഗ്രാമ പഞ്ചായത്തുകൾ ഏറ്റെടുക്കുന്ന ഏറെയും പ്രോജക്ടുകൾ സാങ്കേതിക പ്രശ്നങ്ങളുള്ളതാണ്. എസ്.എസ്.എ തുടങ്ങിയ സർക്കാർ പദ്ധതികളിലൂടെ നടപ്പാക്കുന്ന പദ്ധതികൾ തന്നെ ഗ്രാമ പഞ്ചായത്തുകൾ ഏറ്റെടുക്കുകയും നടപ്പാക്കുകയും ചെയ്യുന്നത് ഒട്ടേറെ ഓഡിറ്റ് തടസ്സങ്ങൾക്ക് കാരണമാകുകയും ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിലും സാമൂഹ്യക്ഷേമ മേഖലയിലും ആണ് ഇപ്പോൾ ഗ്രാമ പഞ്ചായത്തുകളിൽ ഏറ്റവും കൂടുതൽ ഓഡിറ്റ് തടസ്സങ്ങൾ ഉള്ളത് എന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെയും അക്കൗണ്ടന്റ് ജനറലിന്റെയും റിപ്പോർട്ടുകളിൽ കാണാൻ കഴിയും.

ജനകീയാസൂത്രണ പദ്ധതി തുടങ്ങിയ കാലം മുതൽ ഗ്രാമ പഞ്ചായത്തുകൾ പല ആവശ്യങ്ങൾക്കായി ഭൂമി വാങ്ങുകയും കെട്ടിടങ്ങൾ പണിയുകയും ചെയ്തിട്ടുണ്ട്. കൂടുതലായും ഉല്പാദനമേഖലയിലെ പണം ചെലവഴിക്കുക എന്ന ഉദ്ദേശത്തോടെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് സ്ഥലം, വനിതാ വ്യവസായ കെട്ടിട നിർമ്മാണം, വനിതാ സാംസ്കാരിക കേന്ദ്രങ്ങൾ, കാർഷിക വിപണന കേന്ദ്രങ്ങൾ എന്നിങ്ങനെ പല ആവശ്യങ്ങൾക്കായി ഭൂമി വാങ്ങുകയും കെട്ടിടങ്ങൾ പണിയുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇവയിൽ പലതും നിശ്ചലാവസ്ഥയിൽ നിലനില്ക്കുകയും ഉപയോഗപ്പെടുത്താതെ തന്നെ ജീർണ്ണാവസ്ഥയിൽ എത്തിയിട്ടുള്ളതും ആണ്. ഇത്തരം കെട്ടിടങ്ങൾ ഉദ്ദേശിച്ച ആവശ്യത്തിനല്ലെങ്കിലും പ്രയോജനപ്പെടുത്തുകയാണെങ്കിൽ ഗുണകരമാകും എന്നത് ഒരു യാഥാർത്ഥ്യമാണ്. സാംസ്കാരിക കേന്ദ്രം, കാർഷിക വിപണന കേന്ദ്രം, വനിതാ വ്യവസായ കേന്ദ്രം എന്നിവയ്ക്കായി നിർമ്മിച്ച കെട്ടിടങ്ങൾ അംഗനവാടികൾ പ്രവർത്തിക്കുന്നതിനോ കൈമാറ്റം ചെയ്യ കിട്ടിയിട്ടുള്ള സ്വന്തമായി കെട്ടിടമില്ലാത്ത ഓഫീസുകൾ പ്രവർത്തിക്കുന്നതിനോ ഉപയോഗിക്കുകയും, എന്താവശ്യത്തിനാണോ പ്രയോജനപ്പെടുത്താൻ പറ്റുന്നത് ആ ആവശ്യത്തിന് പ്രയോജനപ്പെടുത്തുന്നതിന് സർക്കാർ അനുമതി നല്കുന്നത് ഉചിതമായിരിക്കും. ഷോപ്പിംഗ് കോപ്ലക്സുകളായോ, സ്വകാര്യ ആവശ്യക്കാർക്ക് വാടകക്ക് നല്കുകയോ യാതൊരു കാരണവശാലും അനുവദിക്കാൻ പാടില്ലാത്താണ്.

സ്വതന്ത്രമായി ഏറ്റെടുക്കാൻ പറ്റാത്ത പല പ്രോജക്ടുകളും ചില പഞ്ചായത്തുകളെങ്കിലും സമഗ്ര പദ്ധതി എന്ന പേരിൽ ഏറ്റെടുക്കുകയും ഇതിന്റെ ഏതെങ്കിലും ഒരു ഭാഗം മാത്രം താല്ക്കാലിക നേട്ടം അല്ലെങ്കിൽ ചെലവ് ലക്ഷ്യമിട്ട് നടപ്പാക്കുകയും ചെയ്യുന്ന പ്രവണതയുണ്ട്. പദ്ധതി അംഗീകാരം നല്കുമ്പോൾ സമഗ്ര പദ്ധതികൾ ഏറ്റെടുക്കാം എന്നതിന്റെ മറവിൽ അംഗീകാരം ലഭ്യമാക്കുകയും പിന്നീട് പാതിവഴിയിൽ ഇത് അവസാനിപ്പിക്കുകയും ചെയ്യുന്നു. ഇത്തരം പദ്ധതികൾ ഗ്രാമ പഞ്ചായത്തുകൾ ഏറെ നിർവ്വഹണം നടത്തിയിട്ടുള്ളതായി കാണാൻ കഴിയും.

ഇതിന്റെ ഭാഗമായി തന്നെയാണ് വിവിധ തട്ടുകളിലെ പഞ്ചായത്തുകൾ വൻവില നൽകി വാങ്ങിയിട്ടുള്ള വിവിധ യന്ത്രങ്ങൾ യാതൊരു ഉപയോഗവുമില്ലാതെ ദ്രവിച്ചുപോകുന്ന അവസ്ഥയുണ്ടായിട്ടുള്ളത്. കൊയ്ത്തുമതി യന്ത്രം, നടീൽ യന്ത്രം, ട്രാക്ടറുകൾ, ട്രില്ലറുകൾ, ചപ്പാത്തി, പത്തിരി നിർമ്മാണ യന്ത്രങ്ങൾ, പാള പ്ലേറ്റ് നിർമ്മാണ യന്ത്രങ്ങൾ തുടങ്ങി ഒട്ടേറെ പദ്ധതികൾ ഈ

ഇനത്തിൽ ഉൾപ്പെടുത്തി നടപ്പാക്കിയിട്ടുള്ളതും, ലക്ഷകണക്കിനു രൂപ പാഴ്ചെലവായി കണ്ടെത്തിയിട്ടുള്ളതുമാണ്.

സ്വന്തമായി കെട്ടിടമില്ലാത്ത ഒട്ടേറെ അംഗൻവാടികൾ ഇന്നും ഈ ജില്ലയിലുണ്ട്. സ്ഥലം ലഭ്യമാക്കുക എന്നത് ശ്രമകരമാണെങ്കിലും സ്ഥലം ലഭ്യമായിട്ടും കെട്ടിടം പണിയാൻ പഞ്ചായത്ത് പദ്ധതി തയ്യാറാക്കുകയോ ഫണ്ട് വകയിരുത്തുകയോ ചെയ്യാത്ത സന്ദർഭങ്ങളും ഉണ്ട്.

ഗ്രാമ പഞ്ചായത്തുകളുടെ പദ്ധതിയിൽ എല്ലാ വർഷവും പ്രമുഖ സ്ഥാനം വഹിക്കുന്നതും വൻ തുക വകയിരുത്തുന്നതും ആയ രണ്ടു പദ്ധതികളാണ് സ്ട്രീറ്റ് ലൈറ്റ് റിപ്പയർ, സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ എന്നിവ. പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽ പെട്ടതാണെങ്കിലും ഈ പദ്ധതികൾ നടപ്പാക്കുന്നതിൽ ഒട്ടേറെ അപാകതകൾ ഉള്ളതായി കാണാം.ഗ്രാമ പഞ്ചായത്തുകളുടെ തനതു ഫണ്ടുകളുടെ ലഭ്യത ഒട്ടും പരിഗണിക്കാതെയാണ് പഞ്ചായത്തുകൾ ഇത്തരം പ്രോജക്ടുകൾ ഏറ്റെടുക്കുന്നത്. പ്രതിമാസം തുടർചെലവു വരുന്ന തനതു ഫണ്ടിന് കനത്ത ബാധ്യത വരുത്തി തീർക്കുന്ന പദ്ധതികളാണിവ. നിലവിലുള്ള തെരുവ് വിളക്കുകൾ കൃത്യമായി പ്രകാശിപ്പിച്ചുകൊണ്ട് പ്രവർത്തനക്ഷമമാക്കാതെ പുതിയവ വീണ്ടും സ്ഥാപിക്കുകയാണ് പഞ്ചായത്തുകൾ ചെയ്യുന്നത്. മാത്രമല്ല ഒരേ പോസ്റ്റിൽ തന്നെ മൂന്നും നാലും പ്രാവശ്യം സ്ഥാപിച്ചിട്ടുള്ള ലൈറ്റുകൾക്ക് ഓരോന്നിനും ഒരേ സമയം വൈദ്യുതി ചാർജ്ജ് അടച്ചുവരുന്നതായി കാണാം. സർക്കാർ ഇതിനായി ഓരോ വർഷങ്ങളിലും പലപല ഉത്തരവുകൾ ഇറക്കുകയും പല ഏജൻസികളെയും ചുമലപ്പെടുത്തുകയും ചെയ്യാറുണ്ട്. എങ്കിലും ഇത് പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം ഒരു തീരാത്ത പ്രശ്നമായി നിലനിൽക്കുന്നു.

ഗ്രാമ പഞ്ചായത്തുകളുടെ പദ്ധതികൾ പരിശോധിച്ചാൽ വർഷങ്ങളായുള്ള പദ്ധതികൾ മുൻ വർഷങ്ങളിലെ തനി ആവർത്തനം ആണ് എന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. ഗ്രാമ പഞ്ചായത്തുകൾക്ക് ആ പഞ്ചായത്തിന്റെ പ്രാദേശിക ആവശ്യങ്ങളും ഭൂമിശാസ്ത്രപരമായ കാര്യങ്ങളും കണക്കിലെടുത്ത് പദ്ധതികൾ തയ്യാറാക്കാൻ സ്വാതന്ത്ര്യം നൽകുകയും ഈ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ട് മാത്രം നൽകുകയും ചെയ്യുക എന്നത് ആലോചിക്കാവുന്നതാണ്.

പണം കൂടുതൽ ചെലവഴിക്കുക എന്നതായിരിക്കരുത് പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനുള്ള മാനദണ്ഡം. ചെലവഴിച്ച പണം എത്രത്തോളം പ്രയോജനപ്രദമായിരുന്നു, ഇത് നാടിന്റെ വികസനത്തിന് എത്രത്തോളം പ്രയോജനപ്പെടുന്നു, ജീവിത നിലവാരം ഉയർത്തുന്നതിന് എന്ത് പങ്ക് വഹിച്ചു, സാമ്പത്തിക നീതിയും സാമൂഹിക ബോധവും തുല്യതയും ഉറപ്പുവരുത്തുന്നതിന് എത്ര മാത്രം ഉപകരിച്ചു എന്നതായിരിക്കണം പഞ്ചായത്തുകളുടെ പ്രവർത്തന മികവ് വിലിരുത്തുന്നതിനുള്ള മാനദണ്ഡം.

****

അധ്യായം 7

വികസന പരിപ്രേക്ഷ്യത്തിന്റെയും നിർദ്ദേശങ്ങളുടെയും സംഗ്രഹം

വിവിധ മേഖലകളിൽ നിന്നുള്ള ദീർഘകാല/ഹ്രസ്വകാല പരിപ്രേക്ഷ്യവും മേൽതട്ട്/കീഴ്ത്തട്ട് നിർദ്ദേശങ്ങളും സംയോജന സാധ്യതകളുള്ള പദ്ധതികളെക്കുറിച്ചും നൂതന പദ്ധതികളെക്കുറിച്ചും സംക്ഷിപ്തമായി ഈ അധ്യായത്തിൽ ഉൾകൊള്ളിച്ചിരിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച നിർദ്ദേശങ്ങളും വികസന സെമിനാറിൽ നിന്ന് ലഭിച്ച നിർദ്ദേശങ്ങളും ബന്ധപ്പെട്ട വിഷയ മേഖലകളിൽ ആവർത്തനമില്ലാതെ ഉൾപ്പെടുത്തിയിട്ടുണ്ട്.

I. ജില്ലാ പദ്ധതി പരിപ്രേക്ഷ്യത്തിന്റെ സംഗ്രഹം

ജില്ലയുടെ ആസൂത്രിത വികസനത്തിൽ ജില്ലാ പദ്ധതിക്ക് പ്രസക്തിയുണ്ട്. ജില്ലയുടെ ആവശ്യങ്ങളും വിഭവങ്ങളും കണ്ടെത്തി ഭാവി പരിപാടികൾ ആവിഷ്കരിക്കുന്നതിനുള്ള ആദ്യപടിയായി ജില്ലാപദ്ധതിയെ വിശേഷിപ്പിക്കാം. ജില്ലാ പദ്ധതിക്ക് ആവശ്യം വേണ്ട ഘടകങ്ങൾ ഇവയാണ്. 1) ജില്ലയുടെ തനതായ പ്രത്യേകതകൾ ഉൾകൊള്ളണം. 2) വികസനത്തിലെ അസന്തിലിതാവസ്ഥയ്ക്ക് പരിഹാര നിർദ്ദേശങ്ങൾ ഉണ്ടാകണം. 3) ആസൂത്രണത്തിനാവശ്യമായ വിഭവ ലഭ്യത കണ്ടെത്തണം 4) വിവിധ മേഖലകൾ തമ്മിലും വകുപ്പുകൾ തമ്മിലും വികസന ഏജൻസികൾ തമ്മിലും ആവശ്യമായ സംയോജനം കണ്ടെത്തുകയും സംയോജിത പ്രോജക്ടുകൾ രൂപീകരിക്കുകയും വേണം. പരിസ്ഥിതി സുരക്ഷയും സാമൂഹിക നീതിയും ഉറപ്പു വരുത്തികൊണ്ടുള്ള ഒരു സമഗ്ര വികസന തന്ത്രമായിരിക്കും ജില്ലയുടെ സുസ്ഥിര വികസനത്തിന് ഗുണകരമാക്കുക.

ഇതിനായി ലഭ്യമായ വിഭവങ്ങൾ വിവേകപൂർവം ആസൂത്രണം ചെയ്യപ്പെടേണ്ടതായിട്ടുണ്ട്. 2017-18 വർഷം ജില്ലക്ക് 1520.57 കോടി രൂപയാണ് വിവിധ പദ്ധതികൾക്കായി കേന്ദ്ര വിഹിതമായും സംസ്ഥാന വിഹിതമായും ലഭിച്ചിട്ടുള്ളത്. ഓരോ വർഷവും 10 ശതമാനം അധിക തുക ലഭിക്കുമെന്നതിന്റെ അടിസ്ഥാനത്തിൽ കണക്കാക്കിയാൽ പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് ജില്ലക്ക് ആകെ 9208.64 കോടി രൂപ വിവിധ സർക്കാർ പദ്ധതികൾ വഴി ലഭിക്കുമെന്നാണ് കണക്കുകൂട്ടുന്നത്. അതിൽ 435.13 കോടി രൂപ കേന്ദ്ര വിഹിതമായും 3475.02 കോടി രൂപ സംസ്ഥാന വിഹിതമായും 4620.82 കോടി രൂപ തദ്ദേശ സ്ഥാപന വിഹിതമായും 91.57 കോടി രൂപ എം.പി ലാഡ്സ് പദ്ധതി വഴിയും 97.68 കോടി രൂപ എം.എൽ.എ എസ്.ഡി.എഫ്. പദ്ധതി വഴിയായും 488.40 കോടി രൂപ ആസ്തി വികസന പദ്ധതി വഴിയായും പതിമൂന്നാം പദ്ധതികാലത്ത് ജില്ലയുടെ വികസനത്തിന് ലഭിക്കും. പ്രവാസി നിക്ഷേപമായി ജില്ലയിലെ വിവിധ അക്കൗണ്ടുകളിലായി കിടക്കുന്ന 9365 കോടി രൂപ കൂടി ജില്ലയുടെ അടിസ്ഥാന വികസനത്തിന് ഉപയോഗിക്കാവുന്ന രീതിയിൽ സമവായം രൂപപെട്ടാൽ അത് ജില്ലയുടെ വികസനത്തിൽ വലിയ കുതിച്ചുചാട്ടത്തിന് വഴിയൊരുക്കും.

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ജില്ല എന്നതാണ് മലപ്പുറം ജില്ലയുടെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത. ജില്ലയുടെ ഏറ്റവും വലിയ സമ്പത്ത് കൂടിയാണ് ഈ മനുഷ്യ വിഭവശേഷി. 2011 ലെ സെൻസസ് പ്രകാരം ജില്ലയിൽ 41.12 ലക്ഷം ജനങ്ങൾ പാർക്കുന്നു. ജനസംഖ്യ പ്രൊജക്ഷൻ പ്രകാരം 2021 ൽ ജില്ലയുടെ ജനസംഖ്യ 45.74 ലക്ഷവും 2031 ൽ 49.61 ലക്ഷവും ആകുമെന്ന് കണക്കുകൂട്ടുന്നു. ജനസംഖ്യയുടെ ദശാബ്ദ വളർച്ച നിരക്ക് ഏറ്റവും കൂടുതലുള്ള ജില്ല കൂടിയാണ് മലപ്പുറം. (13.45%). ജില്ലയിലെ സ്ത്രീ പുരുഷാനുപാതം 1000 പുരുഷൻമാർക്ക് 1098 സ്ത്രീകളാണ്. എന്നാൽ കുട്ടികളുടെ ഇടയിൽ ഇത് 960 മാത്രമാണ്. ആകെ ജനസംഖ്യയിലെ

പ്രായഘടന പരിശോധിച്ചാൽ 60 വയസ് മുകളിൽ പ്രായമുള്ളവരുടെ എണ്ണം കൂടിവരുന്നതായി കാണാം. കൂടാതെ ഇതിൽ സ്ത്രീകളുടെ എണ്ണം ഓരോ അഞ്ച് വർഷ പ്രായ വിഭാഗത്തിലും കൂടി വരുന്നതുമുണ്ട്. ജില്ലയിലെ കുട്ടികളുടെ ഇടയിലുള്ള ലിംഗാനുപാതം കുറഞ്ഞു വരുന്നത് ആശങ്കയുളവാക്കുന്നതാണ്. 60 വയസ്സിനു മുകളിലെ ജനസംഖ്യാ വർദ്ധനവ് ആ മേഖലയിൽ വരും വർഷങ്ങളിൽ കൂടുതൽ സേവന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകതയാണ് സൂചിപ്പിക്കുന്നത്.

ഏറ്റവും കുറഞ്ഞ തൊഴിൽ പങ്കാളിത്തനിരക്കുള്ള ജില്ലയാണ് മലപ്പുറം എന്ന് ജില്ലയുടെ തൊഴിൽ ഘടന പരിശോധിച്ചാൽ മനസ്സിലാക്കാം. ജില്ലയിലെ 25.8 ശതമാനം പേരാണ് തൊഴിലിൽ ഏർപ്പെടുന്നതായി 2011 ലെ സെൻസസ് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഗൾഫിൽ ജോലിയെടുക്കുന്ന പ്രവാസികളുടെ എണ്ണം സെൻസസിൽ ഉൾപ്പെടാത്തതാവാം ഇതിന് കാരണം. ആകെ തൊഴിലെടുക്കുന്നവരിൽ 45.82 ശതമാനം പുരുഷൻമാരും 7.63 ശതമാനം സ്ത്രീകളുമാണ്. സ്ത്രീ സാക്ഷരത വർദ്ധിപ്പിച്ചും സ്ത്രീകൾക്ക് സുരക്ഷിതവും ആകർഷണീയവുമായ തൊഴിൽ സാധ്യതകൾ ഉറപ്പു കൊടുത്തും ഈ അവസ്ഥക്ക് പരിഹാരം കണ്ടെത്താനാകും. അതിനായി തൊഴിൽ മേഖലയിൽ നൈപുണ്യ വികസനം നൽകേണ്ടതായിട്ടുണ്ട്.

ഗൾഫ് രാജ്യങ്ങളിലേക്കുള്ള ജില്ലയിൽ നിന്നുള്ള കുടിയേറ്റം മലപ്പുറം ജില്ലയുടെ മറ്റൊരു പ്രധാന പ്രത്യേകതയാണ്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പ്രവാസികളുള്ള ജില്ലയാണ് മലപ്പുറം. 2013 ലെ പ്രവാസി മലയാളി സെൻസസ് പ്രകാരം 2,92,753 പേർ (അതിൽ 2,78,396 പേരും വിവിധ തൊഴിലുകളാൽ വ്യാപൃതരായിരിക്കുന്നു) വിദേശ രാജ്യങ്ങളിൽ താമസിക്കുന്നു. സംസ്ഥാനത്തുള്ള ആകെ പ്രവാസികളുടെ 18 ശതമാനം വരുന്നു ഈ സംഖ്യ. അതിൽ വലിയൊരു ശതമാനവും സാങ്കേതികവും അല്ലാത്തതുമായ തൊഴിലുകളിൽ ഏർപ്പെടുന്നവരാണ്. ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള അവരുടെ തിരിച്ച് വരവ് ജില്ല അഭിമുഖീകരിക്കുന്നതും പരിഗണിക്കപ്പെടേണ്ടതുമായ ഒരു പ്രധാന വിഷയമാണ്. വിവിധ തൊഴിലുകളിൽ പ്രാവണ്യമുള്ള അവരുടെ അനുഭവം ജില്ലയ്ക്കുപയോഗിക്കാനായാൽ അത് ജില്ലയുടെ വികസനത്തിന് മുതൽക്കൂട്ടാകും. ഈ സാഹചര്യത്തിൽ പ്രവാസികൾക്കായി ഒരു സമഗ്ര സാമ്പത്തിക പാക്കേജ് തന്നെ ആസൂത്രണം ചെയ്യേണ്ടതായിട്ടുണ്ട്.

വികസനത്തിന്റെയും ആസൂത്രണത്തിന്റെയും നേരിട്ടുള്ള ഫലം പ്രത്യേക പരിഗണന ലഭിക്കുന്ന വിഭാഗങ്ങൾക്ക് എത്തുന്നു എന്ന് ഉറപ്പ് വരുത്തണം. ജില്ലയിലെ പട്ടിക വർഗ്ഗ മേഖലയിൽ ഭവന രഹിതരായ 813 കുടുംബങ്ങളും ഭൂരഹിതരായ 530 കുടുംബങ്ങളും ഉണ്ട്. ആകെയുള്ള 5022 കുടുംബങ്ങളിൽ 2879 കുടുംബങ്ങൾ വേനൽക്കാലത്ത് ജലക്ഷാമം നേരിടുന്നവരും 494 കുടുംബങ്ങൾ 6 മാസം വരെ വെള്ളം ലഭിക്കാത്തവരുമാണ്. 4 കോളനികളിലായി 125 കുടുംബങ്ങൾ കൂടി വൈദ്യുതികരിക്കുവാനുണ്ട്. 451 വീടുകൾക്ക് കക്കൂസ് സൗകര്യം ഇല്ല. പട്ടികജാതിക്കാരുടെ ഇടയിൽ 499 കുടുംബങ്ങൾ ഭൂരഹിതരും 611 കുടുംബങ്ങൾ ഭവന രഹിതരും ആണ് (2009 ലെ പട്ടികജാതി വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് സർവ്വേ). ഈ സാഹചര്യത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിൽ കുടിവെള്ളം, വെളിച്ചം, ഭവനം/വാഹന സൗകര്യം എന്നിവയും മറ്റ് അനുബന്ധ അടിസ്ഥാന സൗകര്യങ്ങളും എത്തിക്കുന്ന പദ്ധതികൾക്ക് മുൻഗണന നൽകണം. വൈദ്യുതി എത്താൻ ദുർഘടമായ സ്ഥലങ്ങളിൽ സോളാർ സംവിധാനം ഒരുക്കി വെളിച്ചം ലഭ്യമാക്കണം. തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ ഉറപ്പാക്കുകയും ഈ മേഖലയിലെ യുവതി യുവാക്കൾക്ക് തൊഴിൽ പരിശീലനവും PSC , ബാങ്കിംഗ്, സിവിൽ സർവീസ് പരിശീലനവും എൻടൻസ് കോച്ചിംഗ് സൗകര്യവും ഏർപ്പെടുത്തേണ്ടതായിട്ടുണ്ട്.

പൊതുജനാരോഗ്യത്തിന് വലിയ ഭീഷണിയായി വിവിധ പകർച്ചവ്യാധികൾ ജില്ലയെ കഴിഞ്ഞ കാലങ്ങളിൽ ബാധിച്ചത് ഗൗരവമായി കാണേണ്ടതുണ്ട്. 2017 വർഷം 4560 ഡങ്കി കേസുകളും 1360 മഞ്ഞപ്പിത്ത കേസുകളും 95 മലേറിയ കേസുകളും റിപ്പോർട്ട് ചെയ്യപ്പെട്ടു. ആയതിനാൽ രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുന്ന ആരോഗ്യ പ്രവർത്തനങ്ങൾ ജില്ലയിൽ ആസൂത്രണം ചെയ്യപ്പെടണം. 2012 മുതൽ 2017 വരെയുള്ള കാലയളവിൽ ഒരുകുത്തിവെയ്പ്പും എടുക്കാത്ത 3572 കുട്ടികൾ ജില്ലയിൽ ഉണ്ട്. രോഗ പ്രധിരോധ

കുത്തിവെയ്പിനെ സംബന്ധിച്ചുള്ള തെറ്റായ ധാരണകൾ പരത്തുന്നതിനെതിരെ ആവശ്യമെങ്കിൽ നിയമ നടപടികളും സ്വീകരിക്കേണ്ടതായിട്ടുണ്ട്. ജില്ലയിലെ പ്രസവങ്ങളുടെ 2013 മുതലുള്ള 5 വർഷത്തെ കണക്കെടുത്താൽ 83 ശതമാനം പ്രസവങ്ങളും സ്വകാര്യ ആശുപത്രിയിലാണ് നടന്നത് എന്ന് കാണാൻ സാധിക്കും. പൊതു ആരോഗ്യ സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ട ആവശ്യകതയാണ് ഇത് സൂചിപ്പിക്കുന്നത്. ഇതിന്റെ ഭാഗമായി മഞ്ചേരി മെഡിക്കൽ കോളേജിലെ ഭൗതീക സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. ശുചിത്വം, കുടിവെള്ളം എന്നീ മേഖലകളിൽ കൂടി ഇതിന്റെ ഭാഗമായി കൂടുതൽ ശ്രദ്ധ പുലർത്തേണ്ടിയിരിക്കുന്നു. ശാസ്ത്രീയമായ അറവു ശാലകളുടെ വിന്യാസവും ജൈവ/അജൈവ മാലിന്യങ്ങളുടെ സംസ്കരണവും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം. നദികളിൽ നിന്നുള്ള മണൽ വാരൽ ഒഴിവാക്കിയും ശുദ്ധീകരണ ശാല സംവിധാനത്തോടെ നദികൾ ഉറവിടങ്ങളായ കുടിവെള്ള പദ്ധതികൾ ആവിഷ്കരിച്ചും നദികളുടെ സംരക്ഷണവും ശുദ്ധിയുള്ള കുടിവെള്ള വിതരണവും ഉറപ്പു വരുത്താം.

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കുട്ടികളുള്ള ഈ ജില്ലയിൽ വിദ്യാഭ്യാസ സേവനങ്ങളുടെ ലഭ്യതയും ഗുണ നിലവാരവും ഉയർത്തുന്ന സമീപനം സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റണം. ജില്ലയിലെ 90 ശതമാനം സ്കൂളുകളിലും വിദ്യാർത്ഥികളുടെ എണ്ണത്തിനനുസരിച്ച് ടോയിലറ്റുകൾ ഇല്ല. ജില്ലയിലെ 351 സ്കൂളുകളിൽ ലൈബ്രറിയും 412 സ്കൂളുകൾക്ക് കളിസ്ഥലങ്ങളുമില്ല. ലോവർ പ്രൈമറി മേഖലയിൽ കമ്പ്യൂട്ടർ ലാബില്ലാത്ത 13 വിദ്യാലയങ്ങളും അപ്പർ പ്രൈമറി മേഖലയിൽ 23 വിദ്യാലയങ്ങളും പ്രവർത്തിക്കുന്നു. ഈ സാഹചര്യത്തിൽ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മാസ്റ്റർ പ്ലാൻ തയ്യാറാക്കി ഭൗതീക സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. സ്ത്രീ സാക്ഷരതാ നിരക്ക് (91.5 ശതമാനം) താരതമ്യേന കുറവായതിനാൽ സ്ത്രീ വിദ്യാഭ്യാസത്തിന് പ്രത്യേക പരിഗണന നൽകണം. ജില്ലയിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗവ.മേഖലയിൽ പ്രൊഫഷണൽ കോളജുകൾ ആരംഭിക്കേണ്ടതായിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളജിൽ പി.ജി. പ്രവേശനം സാധ്യമാക്കണം. ഉന്നത വിദ്യാഭ്യാസരംഗത്തെ ഗവേഷണ കേന്ദ്രങ്ങളുടെ കുറവ് പരിഹരിക്കപ്പെടണം. കുട്ടികളുടെ ഇടയിൽ ശാസ്ത്ര കൗതുകം വളർത്തുന്ന പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്നത് പ്രോൽസാഹിപ്പിക്കണം. ജില്ല ബാല സൗഹൃദമാക്കുന്നതിനുള്ള പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണം. ജില്ലയുടെ തനത് കലാരൂപങ്ങളായ മാപ്പിളപ്പാട്ട്, ഒപ്പന, അറബനമുട്ട്, മറ്റ് മാപ്പിളകലകൾ എന്നിവ പരിപോഷിപ്പിക്കണം. യുവാക്കൾക്ക് കായിക പരിശീലന സൗകര്യമൊരുക്കുന്നതിന് ടാക്കുകളും സ്റ്റേഡിയങ്ങളും നിർമ്മിക്കണം.

ജില്ലയുടെ ഭൂവിനിയോഗത്തിന്റെ വിശകലനത്തിൽ ജില്ലയുടെ മൊത്തം വിസ്തൃതിയിൽ പാർപ്പിട കാർഷിക സമ്മിശ്ര മേഖല 72.7 ശതമാനവും, 23.5 ശതമാനം കുത്തനെയുള്ള ചരിവോട് കൂടിയതും ഉയർന്ന പ്രദേശവും വനഭൂമിയുമാണ്. 2.1 ശതമാനം ജലാശയങ്ങളും ആകുന്നു. ചരിവുള്ള പ്രദേശങ്ങളിൽ മണ്ണ് സംരക്ഷണ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതുണ്ട്. ജല സമ്പത്തിന്റെയും വന സമ്പത്തിന്റെയും സംരക്ഷണം പ്രകൃതി സംരക്ഷണവും കാർഷിക വികസനവും സാധ്യമാക്കും. ഈ മേഖലയിൽ കിണർ റീചാർജ്ജിംഗ്, മഴവെള്ള കൊയ്ത്ത്, തോടുകളുടെയും കുളങ്ങളുടെയും നവീകരണം, ഉപയോഗ ശൂന്യമായി കിടക്കുന്ന ജലാശയങ്ങളുടെയും ചെക്ക് ഡാമുകളുടെയും പുനഃസ്ഥാപനം, തടയണ, മൺ വരമ്പ്, മഴക്കുഴി എന്നിവയുടെ നിർമ്മാണം തുടങ്ങിയവ കൃഷി, മണ്ണ് സംരക്ഷണം, ജലസേചനം, തദ്ദേശ സ്വയം ഭരണ വകുപ്പ് എന്നിവയുമായി സംയോജിപ്പിച്ച് നടപ്പിലാക്കിയാൽ ജില്ലയിലെ ജല ദൗർലഭ്യത്തിന് പരിഹാരവും സുസ്ഥിര കാർഷിക വികസനത്തിന് അടിത്തറയുമാകും. കൂടാതെ ജൈവകൃഷിക്ക് പ്രോൽസാഹനം നൽകുക, പ്രധാന വിളകൾക്ക് സംഭരണ വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുക, തരിശ് ഭൂമി കൃഷിയോഗ്യമാക്കുക, നീർത്തടാധിഷ്ഠിത കാർഷിക വികസനം രൂപപ്പെടുത്തുക എന്നിവയും ഈ മേഖലയിൽ അടിയന്തിരമായി പരിഗണിക്കപ്പെടേണ്ട പരിപാടികളാണ്. നദീ തീരങ്ങളും കായൽ തീരങ്ങളും പരിസ്ഥിതി സൗഹാർദ്ദമായി സംരക്ഷിക്കപ്പെടെണ്ടതും വനങ്ങളും കണ്ടൽ കാടുകളും കുന്നുകളും സംരക്ഷിക്കപെടേണ്ടതായിട്ടുമുണ്ട്.

വ്യവസായ രംഗത്ത് ജില്ലക്കുള്ള സാധ്യത ഇതോടൊപ്പം കൂട്ടി വയിക്കേണ്ടതുണ്ട്. ഈ മേഖലയിൽ ജില്ലയ്ക്ക് ഏറ്റവും കൂടുതൽ സാധ്യതയുള്ളത് ഭക്ഷ്യസംസ്കരണ മേഖലയിലാണ്. കാർഷിക ഉൽപ്പന്നങ്ങളെ മൂല്യ വർദ്ധിത ഉൽപന്നങ്ങളാക്കി വിപണിയിൽ എത്തിക്കുകയാണെങ്കിൽ വ്യവസായ മേഖലയിൽ ഇത് നല്ല മാറ്റത്തിന് വഴിയൊരുക്കും. നാളികേരം, ചക്ക, മാങ്ങ, അടക്ക, തേൻ മുതലായവ സമൃദ്ധമായി ലഭിക്കുന്ന ജില്ലയിൽ ഇവ ആധുനിക സംവിധാനങ്ങളിലൂടെ സംസ്കരിച്ച് വിപണിയിൽ എത്തിച്ചാൽ നല്ല വിപണന സാധ്യതകളാണുള്ളത്. ഫിഷറീസ് മേഖലയിലും ഇതേ സാധ്യതകളുണ്ട്. തീര മേഖലയിലെ ബ്ലൂ ഇകോണമിയുടെ സാധ്യതകൾ ഗൗരവമായി കാണണം. കാക്കഞ്ചേരിയിലുള്ള കിൻഫ്രായുടെ സൗകര്യവും ജില്ലയുടെ ഭൂലഭ്യതയും ഇത്തരത്തിലുള്ള ഭക്ഷ്യ സംസ്കരണ മേഖലകളുടെ സാധ്യതകൾക്ക് കരുത്ത് നൽകുന്നു. കൂടാതെ പ്രവാസി വ്യവസായികളുടെ സാന്നിദ്ധ്യം വിഭവ സമാഹരണത്തിനും അവരുടെ പരിചയ സമ്പത്ത് ഉപയോഗിക്കുന്നതിനും അനുകൂല ഘടകങ്ങളാണ്.

ഗതാഗത വാർത്താ വിനിമയ രംഗത്ത് ജില്ലയ്ക്ക് ഇനിയും പുരോഗതി കൈവരിക്കാനുണ്ട്, വിശിഷ്യ ജലഗതാഗത രംഗത്ത്. തീരദേശ ജലഗതാഗത സൗകര്യങ്ങൾ ജില്ലയിൽ വളർത്തി കൊണ്ടുവരേണ്ടതായിട്ടുണ്ട്. നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന താനൂർ മത്സ്യ ബന്ധന തുറമുഖവും നിർമ്മാണത്തിനായി പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന പരപ്പനങ്ങാടി മത്സ്യ ബന്ധന തുറമുഖവും യാഥാർത്ഥ്യമാക്കേണ്ടിയിരിക്കുന്നു. പൊന്നാനി തുറമുഖത്തിന്റെ വികസനവും പ്രാധാന്യമർഹിക്കുന്നതാണ്. നിലമ്പൂർ-നഞ്ചൻകോഡ് റയിൽവേ ലൈൻ, ഗുരുവായൂർ-തിരുനാവായ റയിൽവേ ലൈൻ എന്നിവ വർഷങ്ങളായി മേഖലയിൽ മുടങ്ങികിടക്കുന്ന വികസന പദ്ധതികളാണ്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പ്രവാസികളുള്ള ജില്ലയിൽ കരിപൂരിലേക്കുള്ളതും കരിപൂരിലുള്ളതുമായ വിമാനതാവള അനുബന്ധ സൗകര്യങ്ങളും വികസിപ്പിക്കേണ്ടതായിട്ടുണ്ട്. കോഴിക്കോട് - മലപ്പുറം നഗര ഇടവഴി ഗതാഗത മേഖലയിലെ മറ്റൊരു പ്രധാന വികസനമാവും. കൂടാതെ വയനാട് ജില്ലയുമായി ബന്ധപ്പെടുത്തുന്ന മലയോര റോഡ് ജില്ലക്ക് ആവശ്യമാണ്. കൂടാതെ ജില്ലാ ആസ്ഥാനത്ത് നിന്ന് ഗ്രാമീണ മേഖലകളിലേക്ക് KSRTC ബസുകളുടെ വിന്യാസവും അടിയന്തിരമായി ആസൂത്രണം ചെയ്യേണ്ട വികസന പരിപാടിയാണ്.

ഏറ്റവും കൂടുതൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുള്ള ജില്ല എന്നതും ജില്ലയുടെ മറ്റൊരു സവിശേഷതയാണ്. ജില്ലയിൽ ഇപ്പോൾ 122 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളാണുള്ളത്. ജില്ലകൾക്കുള്ള ഫണ്ട് വിഭജനത്തിൽ ജനസംഖ്യാനുപാതികമായ നീതി ലഭിക്കേണ്ടതുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പദ്ധതികളുടെ ഗുണനിലവാരം ഉയർത്തുകയും സംയോജന പദ്ധതികൾക്ക് ഊന്നൽ നൽകുകയും വേണം. ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയ പദ്ധതികൾ കൂടെ കൂടെ ഭേദഗതി വരുത്തുന്ന പ്രവണത നിരുൽസാഹപ്പെടുത്തണം. പദ്ധതി ചെലവ് ഉയർത്തുന്നതിലുപരി പദ്ധതികളുടെ ഗുണ ഫലം ജനങ്ങൾക്ക് എത്തുന്നതിലേക്ക് കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതായിട്ടുണ്ട്. നഗരവൽക്കരണത്തിന്റെ തോത് കൂടി പരിഗണിച്ചുകൊണ്ടാവണം വിവിധ മേഖലകളിലെ പദ്ധതികൾക്കായി ഉചിതമായ സ്ഥലം തെരഞ്ഞെടുക്കേണ്ടത്. ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ലഭ്യമായ സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ ശ്രേണീകരണം നടത്തിയിട്ടുണ്ട്. സേവനങ്ങൾ എല്ലാ ഭാഗത്തും തുല്യമായ രീതിയിൽ ലഭ്യമാക്കുന്നതിലേക്കായി ഒന്ന്, രണ്ട്, മൂന്ന് എന്നീ ശ്രേണികളിൽ വരുന്ന ആവാസ കേന്ദ്രങ്ങളുടെ വിന്യാസം ഉറപ്പ് വരുത്തണം.

വികസനം എല്ലാ മേഖലയുമായി ബന്ധപ്പെട്ടതും എല്ലാവർക്കും അവകാശപ്പെട്ടതുമാണ്. സമതുലിതമായ വികസനത്തിലൂടെ അതിന്റെ പ്രയോജനം എല്ലാ വിഭാഗങ്ങൾക്കും,വരും തലമുറകൾക്കും ലഭ്യമാക്കുക എന്നതാണ് വികസന പരിപ്രേക്ഷ്യത്തിന്റെ കാതൽ.

പൊതു നിർദ്ദേശങ്ങൾ

എ. മേൽത്തട്ട് നിർദ്ദേശങ്ങൾ

- എല്ലാ മേഖലയിലും സബ്സിഡി നൽകുന്ന ഇനങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങളും വൈവിധ്യവൽക്കരണവും ആവിഷ്കരിക്കുക.
- തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ജില്ലതിരിച്ച് വകുപ്പുകൾക്ക് നൽകുന്ന ബഡ്ജറ്റ് തുകയും അനുവദിക്കുന്നതിന്റെ രീതിശാസ്ത്രം പ്രസിദ്ധീകരിക്കുക. ജില്ലകൾക്കുള്ള ഫണ്ട് വിഭജനത്തിൽ ജനസംഖ്യാനുപാതികമായ നീതി ഉറപ്പുവരുത്തുക.
- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലെ പരിശോധനയും സഹായവും പെർഫോർമൻസ് യൂണിറ്റുകളെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. എന്നാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പദ്ധതി അംഗീകാരസമയത്ത് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പെർഫോർമൻസ് ഓഡിറ്റ് പരിശോധന വിശദാംശങ്ങൾ പരിഗണിക്കുന്നതിന് സംവിധാനം വേണം.
- സമാനീകരിച്ച നേട്ടങ്ങൾ സംസ്ഥാനത്താകെ ഉണ്ടാകുന്നതിനുള്ള പൊതുനിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതായിട്ടുണ്ട് (ഉദാഹരണം:– മിഷൻ പ്രവർത്തനങ്ങൾ, ജില്ലാ പദ്ധതി നിർദ്ദേശങ്ങൾ മുതലായവ തദ്ദേശഭരണസ്ഥാപനത്തിന്റെ വാർഷിക പദ്ധതി ഭാഗമാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് ഇലക്ട്രോണിക് പരിശോധനയും മാനുവൽ പരിശോധനയും).
- ഗുണഭോക്തൃ ലിസ്റ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അന്തിമമാക്കുന്നതും നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നല്കുന്നത് വൈകുന്നത് ഒഴിവാക്കുവാൻ വേണ്ടി സോഫ്റ്റ് വെയർ സഹായം
- പ്രൊജക്ട് ആശയങ്ങൾ രൂപികരിക്കുന്നതിനായി ഓൺലൈൻ പ്രൊജക്ട് ബാങ്ക്
- പ്രൊജക്ടുകൾ ഭേദഗതി ചെയ്യുന്ന സമയത്ത് അതിലുൾപ്പെടുന്ന പദ്ധതികളുടെ സ്രോതസ്സ് തിരിച്ച് അറിയുന്നതിനുള്ള സോഫ്റ്റ് വെയർ സംവിധാനം.
- ഉത്പാദന മേഖലയുടെ മേഖല നിർവചനം സ്ഥിരപ്പെടുത്തുകയും പഞ്ചവത്സര പദ്ധതി തോറും മേഖലപരിധി നിശ്ചയിക്കുന്നത് ഒഴിവാക്കുന്നതിനായി പൊതുസമവായം രൂപപ്പെടുത്തുക.
- കാർഷിക മേഖലയിൽ പരമ്പരാഗത നെൽ/പച്ചക്കറി വിത്തിനങ്ങൾ സംരക്ഷിക്കുകയും കൃഷി ചെയ്യുകയും ചെയ്യുന്നവർക്ക് പ്രത്യേക ഇൻസെന്റീവ് കൊടുക്കാവുന്നതാണ്. മൃഗ സംരക്ഷണ മേഖലയിലും ഇപ്രകാരം ചെയ്യാവുന്നതാണ്.
- വ്യവസായ മേഖലയിൽ ബി.പി.എൽ പരിധി ഉയർത്തുകയോ എ.പി.എൽ. മേഖലയിലുള്ളവർക്കു കൂടി വരുമാന പരിധി നിഷ്കർഷിച്ചുകൊണ്ട് സബ്സിഡി അനുവദിക്കുക. കൂടാതെ വ്യക്തികൾക്കും സംരംഭങ്ങൾക്കും സബ്സിഡി അനുവദിക്കുക.
- പ്രാദേശികമായി സ്റ്റാർട്ട്അപ്പുകൾ തുടങ്ങുന്നതിനാവശ്യമായ സംവിധാനം ആവിഷ്കരിക്കുക.
- ഇ.എം.സിയുടെ സഹകരണത്തോടെ ഇലക്ട്രിക് മാലിന്യങ്ങളുടെ സംസ്കരണം
- ഇ.എം.സിയുടെ സഹകരണത്തോടെ പൈകോ, മൈക്രോ, ജലവൈദ്യുത പദ്ധതികളുടെ വിപുലീകരണം
- ഹരിതഗ്രഹങ്ങളുടെ നിർമ്മിതിക്കാവശ്യമായ ഇ.സി.ബി.സി. കോഡ് രൂപീകരണം.
- ടി.എസ്.പി ഫണ്ടിന്റെ ബഡ്ജറ്റ് തുക പട്ടികവർഗ്ഗ വകുപ്പിന്റെ ജനസംഖ്യാ റിപ്പോർട്ട് പ്രകാരം അനുവദിക്കുക.
- പട്ടിക വർഗ്ഗ വിഭാഗത്തിനു മാത്രം കോളനിയിലേക്കുള്ള റോഡ് ദൂരപരിധി നിശ്ചയിച്ചുകൊണ്ട് ജനവാസ കേന്ദ്രമല്ലാത്ത സ്ഥലങ്ങളിൽ ടി.എസ്.പി ഫണ്ടുപയോഗിക്കാനുള്ള അനുമതി നൽകുക.
- പട്ടികജാതി/പട്ടിക വർഗ്ഗ മേഖലയിൽ റോഡുകൾ/പാലങ്ങൾ ഉൾപ്പെടെയുള്ളത് ഫീസിബിൾ ആയ പ്രദേശം ചെയിനേജ് ഉൾപ്പെടെ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിന് നിർദ്ദേശം നൽകാവുന്നതാണ്.

- എസ്.സി/എസ്.ടി കുടിവെള്ള/വൈദ്യുതി മേഖലകളിൽ ഫീസിബിൾ ആയ പ്രദേശം/കോളനിയുടെ പട്ടികയും ഇപ്രകാരം പ്രസിദ്ധീകരിക്കാൻ ആവശ്യപ്പെടാവുന്നതാണ്.
- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ബാലസൗഹൃദമാക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രസിദ്ധീകരിക്കുക.
- വിദഗ്ദ സമിതിഅംഗങ്ങൾക്ക് അടിസ്ഥാന സംവിധാനങ്ങൾ നൽകുവാനാവശ്യമായ നടപടികൾ.
- തിരികെ വരുന്ന പ്രവാസികളുടെ ഉന്നമനത്തിനായി പ്രവാസി പുനരധിവാസ പാക്കേജ് നടപ്പിലാക്കണം. പ്രവാസി നിക്ഷേപം ഫലപ്രദമായി സംസ്ഥാനത്തിന്റെ വികസനത്തിന് ഉപയോഗിക്കുന്നതിനായി വികസന നിധി രൂപീകരിക്കുകയും അതിലേക്ക് ആകർഷണീയമായ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുക. വിദേശത്തേക്ക് പോകുന്നതിനു മുമ്പുള്ള പരിശീലനത്തിലൂടെ നൈപുണ്യ വികസനം നൽകുക.

ബി. കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- വർക്കിംഗ് ഗ്രൂപ്പുകളിലെ സജീവമല്ലാത്ത അംഗങ്ങളെ ഒഴിവാക്കി ഓരോ മേഖലയിലും നവീനാശയങ്ങൾ സംഭാവന നൽകാൻ കഴിയുന്ന അംഗങ്ങളെ ഉൾപ്പെടുത്തേണ്ടതാണ്.
- പദ്ധതി രേഖ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക
- ജില്ലാ പദ്ധതിയിൽ നിന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭൂമിശാസ്ത്രപരമായ ഘടകങ്ങൾ ഉൾകൊണ്ട് പദ്ധതികൾ ഏറ്റെടുക്കുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ.
- ജില്ലയിൽ നഗരവല്കരണത്തിന്റെ തോത് വർദ്ധിച്ചു വരുന്നതായാണ് സ്ഥലപര വിശകലനം വ്യക്തമാക്കുന്നത്. ആയതിനാൽ നഗരവല്കരണത്തിന്റെ തോത്കൂടി പരിഗണിച്ചുവേണം വിവിധ മേഖലകളിലെ വികസന പദ്ധതികൾക്കുള്ള ഉചിതമായ സ്ഥലം തിരഞ്ഞെടുക്കേണ്ടത്.
- ജനസംഖ്യ കേന്ദ്രീകരണം കൂടുതലുള്ള മേഖലകളിൽ മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ള വിതരണം മുതലായ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതക്ക് കൂടുതൽ പ്രാധാന്യം നൽകണം.
- ജില്ലയിലെ പൈതൃക പാരമ്പര്യങ്ങൾ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യവും അതു ജില്ലാ ടൂറിസത്തിൽ ഇടം പിടിക്കേണ്ടതിന്റെയും വരുമാന മാർഗ്ഗങ്ങളാക്കി മാറ്റാൻ കഴിയേണ്ടതിന്റെയും ആവശ്യകത ലക്ഷ്യമാക്കേണ്ടതാണ്.
- വിദ്യാഭ്യാസ, തൊഴിൽ, വൈദ്യുതി, ഗതാഗത, നിയമപാലന, ക്ഷേമ സംവിധാനങ്ങളിലെല്ലാം ജനസംഖ്യാനുപാതികമായ വികസനമെത്തേണ്ടതുണ്ട്.
- ലിംഗാടിസ്ഥാനത്തിലുള്ള അസമത്വം മറ്റ ജില്ലകളെ അപേക്ഷിച്ച് പ്രകടമായ തോതിൽ നിലനിൽക്കുന്ന പ്രദേശത്ത് സ്ത്രീ മുന്നേറ്റങ്ങൾക്കനുസൃതമായ മാറ്റങ്ങൾ കൊണ്ടു വരുന്നതിനുള്ള ശ്രമകരമായ നീക്കങ്ങൾ പദ്ധതി നിർദ്ദശങ്ങളിലൂടെ കൊണ്ടുവരേണ്ടതാണ്.

II. വിഷയ മേഖലാ നിർദ്ദേശങ്ങൾ

ഉത്പാദന മേഖല

1. നീർത്തടാധിഷ്ഠിത വികസനം (കൃഷി, മണ്ണ് സംരക്ഷണം, ജലസേചനം)

A. ഹ്രസ്വകാല പരിപ്രേക്ഷ്യം

- നെൽകൃഷി വിസ്തൃതി 8637 ഹെക്ടറിൽ നിന്നും 12600 ഹെക്ടറായി വർദ്ധിപ്പിക്കുക.
- നെൽകൃഷി കംഗത്ത് യന്ത്രവൽക്കരണം പൂർണ്ണമാക്കുക.
- പൂർണ്ണമായും പരിസ്ഥിതി – സൗഹൃദ – ജൈവ കീട മോഗ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുക.
- 50% തെങ്ങിൻ തോട്ടങ്ങളിൽ ഇടവിള കൃഷി വ്യാപിപ്പിക്കുക. എല്ലാ തെങ്ങിൻ തോട്ടങ്ങളിലും പൂർണ്ണമായും മണ്ണ – ജല – സംരക്ഷണ മാർഗ്ഗങ്ങൾ നടപ്പിലാക്കുക.
- വിഷരഹിത പച്ചക്കറി കൃഷി പൂർണ്ണമായും നടപ്പിലാക്കുക.
- പച്ചക്കറി കൃഷിയിൽ സംഭരണം, സംസ്കരണം, വിപണനം എന്നിവയ്ക്ക് മിനി മോഡൽ സംവിധാനം നടപ്പിലാക്കുക. വിഷരഹിത ശാസ്ത്രീയ വാഴകൃഷി പ്രോൽത്സാഹിപ്പിക്കുക.
- പുര വളർത്തൽ, കോഴി വളർത്തൽ, തീറ്റപ്പുൽ കൃഷി എന്നീ അനുബന്ധ മേഖലകളും കൃഷിയും സംയോജിപ്പിച്ചുകൊണ്ട് വീട്ടുവളപ്പിലെ പുരയിട കൃഷി സ്വയം പര്യാപ്ത കൃഷിയിടങ്ങളാക്കുക.
- പ്രധാന വിളകളായ തെങ്ങ്, പച്ചക്കറി, വാഴ, അടക്ക, കശുമുളക് എന്നിവയ്ക്ക് പഞ്ചായത്ത് തലത്തിൽ സംഭരണ വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുക.
- തരിഭൂമി പൂർണ്ണമായും കൃഷിയോഗ്യമാക്കുക.
- ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ പഞ്ചായത്തുകളിലും ഇക്കോ ഷോപ്പുകൾ ബയോഫാർമസികൾ എന്നിവ നടപ്പിലാക്കുക.
- അതിവ ശ്രദ്ധയോടെ മണ്ണൊലിപ്പ് നേരിടുന്ന നീർത്തടങ്ങളായ നെല്ലിനി, പാതാർ, മൊടവണ്ണ, മങ്കടകടവ് ഇടങ്ങിയവയുടെ സംരക്ഷണം.
- മലപ്പുറം ജില്ലയുടെ വിവിധ സ്ഥലങ്ങളിലായി കർഷകർക്ക് ഏറെ പ്രയോജനം ലഭിക്കുന്നതും വരൾച്ചയെ നേരിടുന്നതിനുമായി ചെറു നിർമ്മിതികളുടെയും കളങ്ങളുടെയും പുനരുദ്ധാരണത്തിന് മുൻഗണന നൽകുക.
- ജില്ലയിലെ ചിപ്പ് ഇറിഗേഷൻ സ്കീമുകൾക്കായി ഒരു പുനരുദ്ധാരണ പാക്കേജ് നടപ്പാക്കൽ.
- തോടുകളിൽ പ്രാദേശിക സർവേ നടത്തി ആവശ്യമായ ഇടങ്ങളിൽ വി.സി.ബികൾ നിർമ്മിക്കൽ.
- പുഴയുടെ തീരങ്ങളിൽ മുള, രാമച്ചം ഇടങ്ങി പ്രകൃതിദത്തമായ ചെടികൾ വെച്ചു പിടിപ്പിച്ച് മണ്ണൊലിപ്പ് തടഞ്ഞ് തീരസംരക്ഷണം നടത്തുക.

B. ദീർഘകാല ലക്ഷ്യങ്ങൾ

- ഏകീകൃത നീർത്തട സമീപനം

ഒരു നീർത്തട പ്രദേശത്തിന്റെ ദീർഘകാല വികസനം പ്രയോഗ വൽക്കരിക്കുന്നതുകൊണ്ടുള്ള കാഴ്ചപ്പാടുകൾ ഉൾകൊള്ളുന്നതും സമയബന്ധിതമായി നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ അടങ്ങിയതുമായിരിക്കണം. പരിസ്ഥിതി സംരക്ഷിച്ചു കൊണ്ട് ആ നീർത്തടത്തിലെ ജനങ്ങളുടെ

വികസനം സാധ്യമാക്കുകയാണ് ലക്ഷ്യം. ഇതിനായി ഓരോ തുണ്ട് ഭൂമിയേയും ഒരു ഉൽപ്പാദന യൂണിറ്റായി കണക്കാക്കി ആ ഭൂമിയുടെ ഉൽപ്പാദനം കണ്ടെത്തണം.

- തൽസ്ഥാനത്ത് മണ്ണ് ജല സംരക്ഷണം സാധ്യമാക്കുക

ഓരോ തുണ്ട് ഭൂമിയിലും പെയ്യു വീഴുന്ന മഴവെള്ളം അവിടെതന്നെ സംരകഷിക്കുന്നതിനുള്ള ജൈവ ഇടപെടലുകളും നിർമ്മാണ പ്രവർത്തനങ്ങളും കണ്ടെത്തുകയും പരമാവധി ആ പ്രദേശത്തു തന്നെ ലഭിക്കുന്നതിനുമുള്ള പാഴ് തടികൾ, കാട്ടുകല്ലുകൾ, തുടങ്ങിയ നിർമ്മാണ സാമിഗ്രികകൾ ഉപയോഗിച്ചു കൊണ്ടും കൃഷിയോഗ്യമായതും അല്ലാത്തതുമായ സ്ഥലങ്ങളിൽ എഞ്ചിനീയറിംഗ് പ്രവർത്തികൾ ഉപയോഗിച്ചും മഴവെള്ളം അവിടെ തന്നെ സംരക്ഷിക്കണം.

- കൃഷിയോടൊപ്പം തന്നെ മണ്ണ ജല സംരക്ഷണത്തിനുള്ള ജൈവ ഇടപെടലുകൾ

ജൈവവേലി, കാവുകളുടെ സംരക്ഷണം, പുതയിടൽ, ആവരണ വിളകൾ, കോണ്ടൂർ തടകൾ, തോടുകളുടെയും പുഴകളുടെയും അരിക് സംരക്ഷണം, സമ്മിശ്ര ബഹുതല കൃഷി, കണ്ടൽകാടുകളുടെ സംരക്ഷണം, കാറ്റിന്റെ വേഗത പ്രതിരോധിക്കുന്ന മരങ്ങൾ നട്ടുവളർത്തൽ എന്നിവ പ്രോത്സാഹിപ്പിക്കണം.

- ചാലിയാർ പുഴയിലും കൈവഴികളിലുമായി രണ്ടോ, മൂന്നോ റെഗുലേറ്ററുകളും പത്തോളം ചെക്ക് ഡാമുകൾ/വിയറുകൾ നിർമ്മിക്കേണ്ടതുണ്ട്.
- നമ്മുടെ പ്രധാനപ്പെട്ട നാലു പുഴകളും അവയുടെ കൈവഴികളും വേനലിലും വറ്റാതെ ഒഴുകുന്നവയാക്കി മാറ്റേണ്ടതുണ്ട്. ഇതിനായി ഓരോ പുഴക്കും പ്രത്യേകമായ സമഗ്ര പദ്ധതി തയ്യാറാക്കുക.
- കനോലി കനാൽ മാലിന്യമുക്തമാക്കണം. ഉപ്പുവെള്ളം കയറാതെയും മാലിന്യമില്ലാതെയുമാക്കണം.
- വേനലിൽ വെള്ളം വറ്റാറുള്ള കടലുണ്ടിപ്പുഴയിലേക്ക് ചാലിയാറിൽ തടഞ്ഞു നിർത്തുന്ന അധിക ജലം തിരിച്ചു വിട്ട് കടലുണ്ടിപ്പുഴയേയും വേനലിൽ ജലസമൃദ്ധമാക്കണം.
- ജലസേചന സൗകര്യങ്ങളില്ലാത്ത, കൃഷിഭൂമിയുള്ള പ്രദേശങ്ങൾ തെരഞ്ഞെടുത്ത് പുതിയ ഇറിഗേഷൻ സ്കീമുകൾക്ക് രൂപം കൊടുക്കൽ.
- കൃഷി, ജലസേചനം, ജലസംരക്ഷണം എന്നിവ പാഠ്യപദ്ധതിയുടെ ഭാഗമാക്കണം.
- നിലവിലുള്ള റെഗുലേറ്ററുകളുടെ തുടർപ്രവർത്തനം നടപ്പാക്കണം. കവണക്കല്ല്, ചമ്രവട്ടം, ഓടായിക്കൽ, പൂക്കോട്ടുമണ്ണ, ബീയ്യം, കൂട്ടായി എന്നീ റെഗുലേറ്ററുകളിൽ വിഭാവനം ചെയ്ത മുഴുവൻ പ്രവൃത്തികളും നടപ്പാക്കണം.
- പുഴകളുടെ ആവാഹ പ്രദേശങ്ങളിൽ സർവേ നടത്തി ആവശ്യാനുസരണം വനപുനർനിർമ്മാണ പദ്ധതി നടപ്പാക്കണം.
- അതീവ ഗുരുതരമായി മണ്ണൊലിപ്പ് അനുഭവപ്പെടുന്നതും പരിരക്ഷ ആവശ്യമുള്ളതുമായ നീർത്തടങ്ങളിൽ മുൻഗണനാ ക്രമത്തിലുള്ള പ്രവർത്തനങ്ങൾ.
- ഒലിപ്പുഴ, ചെറുപുഴ, തിരുർ പുഴ, പുനർജീവനി പ്രവർത്തനങ്ങൾ.
- മേൽക്കൂരകളിലും പറമ്പുകളലും ലഭിക്കുന്ന മഴവെള്ളം, കിണർ, കുളങ്ങൾ, തുടങ്ങിയ ജല സംഭരണികൾ റീചാർജ്ജ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഊർജ്ജിതപ്പെടുത്താനുള്ള പദ്ധതികൾ.
- ഉരുൾപൊട്ടൽ ബാധിത പ്രദേശസംരക്ഷണം.
- 35000 ഹെക്ടർ പ്രദേശത്ത് അടുത്ത അഞ്ച് വർഷത്തിനകം മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ.
- 8402 ഹെക്ടർ നെൽവയൽ സംരക്ഷിക്കുന്നതിനായി നെൽവയലുകളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ.

- 708 വാട്ടർ ഷെഡുകളിൽ 122 വാട്ടർ ഷെഡുകളുടെ പണി വിവിധ (കേന്ദ്ര-സംസ്ഥാന) പദ്ധതികളിലായി പൂർത്തീകരിച്ചു. ബാക്കി 586 വാട്ടർ ഷെഡുകൾ മുൻഗണനാ ക്രമത്തിൽ പരിഗണിക്കേണ്ടതുണ്ട്.
- നെല്ലിന്റെ ഉൽപാദനക്ഷമത ഹെക്ടറിന് 2.79 മെട്രിക് ടണ്ണിൽ നിന്നും 4 മെട്രിക് ടണ്ണായി ഉയർത്തുക. 90% നെൽകൃഷിയിലും അത്യുത്പാദന ശേഷിയുള്ള വിത്തുകൾ ഉപയോഗിക്കുക. നെൽകൃഷിയിലെ ജലസേചന സൗകര്യം 30 ശതമാനത്തിൽ നിന്നും 50 ശതമാനമായി വർദ്ധിപ്പിക്കുക.
- തെങ്ങിന്റെ ഉൽപാദനക്ഷമത തെങ്ങൊന്നിന് 59 നാളികേരത്തിൽ നിന്നും 80 നാളികേരമായി ഉയർത്തുക. തെങ്ങുകൃഷിയിലെ ജലസേചന സൗകര്യം നിലവിലെ 30 ശതമാനത്തിൽ നിന്നും 60 ശതമാനമായി ഉയർത്തുക.
- പച്ചക്കറി കൃഷിയിലെ ഉൽപാദനക്ഷമത ഹെക്ടറിന് 12 മെട്രിക് ടണ്ണിൽ നിന്നും 16 മെട്രിക് ടണ്ണായി ഉയർത്തുക. പച്ചക്കറി കൃഷിയുടെ വിസ്തൃതി 5200 ഹെക്ടറിൽ നിന്നും 7500 ഹെക്ടറായി വർദ്ധിപ്പിക്കുക. വാഴകൃഷിയിലെ ഉൽപാദനക്ഷമത ഹെക്ടറിന് 20 ടണ്ണിൽ നിന്നും 30 ടണ്ണായി ഉയർത്തുക.

C. മേൽതട്ട് നിർദ്ദേശങ്ങൾ

- നെൽകൃഷി ചെയ്യുന്നതിനുള്ള ശരാശരി ചെലവ് ഒരു ഹെക്ടറിന് 75000 രൂപയോളം വരുന്നുണ്ട്. ത്രിതല പഞ്ചായത്തുകൾ വഴിയും കൃഷി വകുപ്പിന്റെ സഹായധനവുമായി ഹെക്ടറിന് ഏകദേശം 18500 രൂപ മാത്രമാണ് ഇപ്പോൾ നൽകിവരുന്നത്. കേന്ദ്ര പദ്ധതിയായി ഹെക്ടറിന് 4500 രൂപ നൽകിവന്നിരുന്നത് ഈ വർഷം മുതൽ ലഭിക്കുന്നില്ല. ഹെക്ടറിന് ഏകദേശം 35000 രൂപയെങ്കിലും ധനസഹായം നൽകിയെങ്കിൽ മാത്രമേ നെൽകൃഷി ഇപ്പോഴത്തെ സാഹചര്യത്തിൽ ലാഭകരമാക്കാൻ സാധിക്കുകയുള്ളൂ.
- തൊഴിലാളികളുടെ ലഭ്യതക്കുറവാണ് നെൽകൃഷി മേഖലയിലെ മറ്റൊരു പ്രധാന പ്രശ്നം. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ടവരെ നെൽകൃഷി മേഖലയിൽ ഞാറ് നടുന്നതിനും, കളനീക്കം ചെയ്യുന്നതിനും കൊയ്യുന്നതിനുമായി പ്രയോജനപ്പെടുത്താവുന്നതാണ്.
- ഒരുപൂ കൃഷി ഇരുപൂ ആക്കുന്നതിനും, മൂപ്പ് ആക്കുന്നതിനും സാധ്യതയുള്ള പഞ്ചായത്തുകളിൽ നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. കനാലുകൾ റിപ്പയർ ചെയ്യുകയും പമ്പ് സെറ്റുകൾ മാറ്റി സ്ഥാപിക്കേണ്ടിടത്ത് പുതിയത് അനുവദിക്കുക.
- തരിശായി കിടക്കുന്ന നെൽവയലുകൾ പഞ്ചായത്ത് തലത്തിൽ ഏറ്റെടുത്ത് ഭൂമിയുടെ ഉടമസ്ഥാവകാശം നഷ്ടപ്പെടാത്ത വിധത്തിൽ കർഷകർക്ക് താൽക്കാലികമായി കൃഷി ചെയ്യാനുള്ള സംവിധാനം ഒരുക്കുകയാണെങ്കിൽ തരിശു ഭൂമികൾ കൃഷിയോഗ്യമാക്കാവുന്നതാണ്. ആയതിനുള്ള സാമ്പത്തിക സഹായം ത്രിതല പഞ്ചായത്തുകൾ വഴിയും സംസ്ഥാന സർക്കാർ വഴിയും ലഭ്യമാക്കേണ്ടതുമാണ്.
- പുഞ്ച കൃഷി ചെയ്യുന്ന നിലങ്ങളിലും കോൾ പാടങ്ങളിലും സോളാർ സിസ്റ്റം ഉപയോഗിച്ച് ജലസേചന സൗകര്യം മെച്ചപ്പെടുത്തേണ്ടതാണ്. രണ്ടാംവിള നെൽകൃഷിക്ക് ശേഷം നെൽപ്പാടങ്ങളിൽ പയർവർഗ്ഗ വിളകൾ, ചെറുധാന്യ വർഗങ്ങൾ, എള്ള് തുടങ്ങിയ കൃഷികൾ ചെയ്യുന്നതിനുള്ള പ്രോത്സാഹനം കർഷകർക്ക് നൽകേണ്ടതാണ്.
- കേരഗ്രാമം പദ്ധതി എല്ലാ പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കാവുന്നതാണ്. പ്രായമേറിയതും, രോഗബാധിതവും, ഉൽപ്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ വെട്ടിമാറ്റി പകരം അത്യുത്പാദനശേഷിയുള്ള പുതിയ ഇനം തെങ്ങിൻ തൈകൾ വെച്ചുപിടിപ്പിക്കേണ്ടതാണ്. പ്രായമേറിയ തോട്ടങ്ങളിൽ അടിത്തൈകൾ വെച്ചുപിടിപ്പിക്കുന്നതിനും, ജലസേചനത്തിനായി കിണർ, പമ്പ് സെറ്റ്, സൂക്ഷ്മ ജലസേചനം എന്നിവ വ്യാപകമാക്കുന്നതിനും പ്രോത്സാഹനം നൽകേണ്ടതാണ്. മൂല്യ വർധനവിനായി സംരംഭങ്ങൾ ആവിഷ്കരിക്കുകയും ആവശ്യമായ പരിശീലനപരിപാടികൾ സംഘടിപ്പിക്കുകയും വേണം.
- ആവശ്യമായ നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നതിനും ഇടവിളയായി ഔഷധ സസ്യ കൃഷി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കണം. ഉൽപ്പന്നങ്ങൾക്ക് ന്യായവില

ലഭിക്കുന്നതിനുള്ള സ്ഥിരം സംവിധാനം ഏർപ്പെടുത്തുകയും സംസ്കരണ സംവിധാനങ്ങൾ വ്യാപകമാക്കുകയും ചെയ്യണം.

- ആധുനിക-ശാസ്ത്രീയ കൃഷി രീതികളുടെ പ്രദർശനത്തോട്ടങ്ങളായി സർക്കാർ ഫാമുകളെ മാറ്റേണ്ടതുണ്ട്. ഇതിനാവശ്യമായ പരിശീലന പരിപാടികൾക്ക് ഫാമുകളിൽ സൗകര്യമേർപ്പെടുത്തണം. നടീൽ വസ്തുക്കളുടെ ഗുണമേൻമ ഉറപ്പുവരുത്തുന്നതിനുവേണ്ടി കൃഷി ഫാമുകൾ, അംഗീകൃത നഴ്സറികൾ, കാർഷിക സർവ്വകലാശാല തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും മാത്രം നടീൽ വസ്തുക്കൾ വാങ്ങുന്നതിന് കർഷകരെ ബോധവൽകരിക്കേണ്ടതുണ്ട്.
- പച്ചക്കറി കൃഷി പദ്ധതികൾ ക്ലസ്റ്റർ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് 5 ഹെക്ടർ സ്ഥലത്ത് ഒരുമിച്ച് കൃഷി ചെയ്യണമെന്നാണ് നിലവിൽ നിഷ്കർഷിക്കുന്നത്. ഇത് പല സ്ഥലങ്ങളിലും പ്രായോഗികമല്ലാത്തതിനാൽ ഒരുമിച്ച് കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി ഒരു ഹെക്ടർ എങ്കിലുമായി കുറക്കേണ്ടതുണ്ട്.
- സീസൺ സമയത്ത് അമിതോൽപ്പാദനം മൂലം ഉൽപ്പന്നങ്ങൾ നശിക്കുന്ന അവസ്ഥ ഒഴിവാക്കുന്നതിനായി, കൃഷി ചെയ്യേണ്ട വിളകൾ ലക്ഷ്യബോധത്തോടെ മാത്രം തെരഞ്ഞെടുത്ത് മാർക്കറ്റ് ആവശ്യമനുസരിച്ച് വിള വിസ്തൃതി പരിമിതപ്പെടുത്തുന്നതിന് കൃഷിഭവൻ തലത്തിൽ ആസൂത്രണം നടത്തേണ്ടതുണ്ട്.
- രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിതോപയോഗം തടയുന്നതിനും ജൈവകൃഷി രീതിയുടെ പ്രാമുഖ്യം മനസ്സിലാക്കുന്നതിനും ആവശ്യമായ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കണം. മൂല്യവർധിത ഉൽപ്പന്നങ്ങളുടെ ഉത്പാദനത്തിനും വിപണനത്തിനും ആവശ്യമായ പരിശീലനവും പ്രോത്സാഹനവും നൽകേണ്ടതുണ്ട്. എല്ലാ വീടുകളിലും ആധുനിക സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ച് സ്വയം പര്യാപ്തത ഉറപ്പ വരുത്തുന്ന വിധത്തിൽ പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിനുള്ള ബോധവത്ക്കരണവും പ്രോത്സാഹനവും നൽകുന്ന പദ്ധതികൾ ആവിഷ്കരിക്കുകയും വേണം.
- കർഷക പെൻഷൻ പദ്ധതി ജില്ലയിലെ മുഴുവൻ കർഷകർക്കും ലഭ്യമാകുന്ന വിധത്തിൽ വിപുലീകരിക്കണം. മറ്റു ക്ഷേമ പെൻഷനുകൾ ഒന്നും ലഭിക്കാത്ത മുഴുവൻ കർഷകർക്കും കർഷക പെൻഷൻ ലഭ്യമാക്കണം.
- വിള ഇൻഷൂറൻസ് പദ്ധതിയും എല്ലാ പ്രധാന വിളകൾക്കുമായി വ്യാപകമാക്കേണ്ടതുണ്ട്. എല്ലാ കാർഷിക ഉൽപന്നങ്ങൾക്കും മിനിമം താങ്ങുവില ഉറപ്പുവരുത്തുക.
- സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന നടപ്പിലാക്കുന്ന വാഴകൃഷി വ്യാപന പദ്ധതിക്ക് ജില്ലയിൽ കൂടുതൽ വിഹിതം അനുവദിക്കേണ്ടതുണ്ട്. കാർഷിക യന്ത്ര വത്കരണം, വെറ്റിലകൃഷി വ്യാപനം എന്നിവയും നടപ്പിലാക്കണം. എസ്.എച്ച്.എം. പദ്ധതികൾ, സുഗന്ധവിള പദ്ധതികൾ തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ഉത്തരേന്ത്യൻ കർഷകരുടെ കൃഷി രീതികൾക്കനുസൃതമായാണ് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. ഇവ കേരളത്തിന്റെ ഭൂപ്രകൃതിക്കനുസരിച്ചുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് നടപ്പിലാക്കേണ്ടതാണ്. സമയബന്ധിതമായി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കൃഷിക്കാർക്ക് യഥാസമയം അനുവദിച്ചിട്ടുള്ള സാമ്പത്തിക സഹായവും എത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കണം.
- ജില്ലയിൽ ആറ് മാർക്കറ്റ് നെറ്റ് റോഡുകൾ പ്രവർത്തിക്കുന്നുണ്ട്. അവയിൽ നിന്ന് ദിവസേന പ്രധാന മാർക്കറ്റുകളിലെ വില വിവരം ശേഖരിച്ച് മാർക്കറ്റ് സൈറ്റിൽ അപ്ലോഡ് ചെയ്ത് കർഷകർക്ക് വില വിവരം ലഭ്യമാക്കുന്നു. മാർക്കറ്റ് റോഡുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് വഴി കൂടുതൽ മാർക്കറ്റുകളിൽ നിന്നും വില വിവരം ശേഖരിക്കാൻ സാധിക്കുന്നു.
- അഗ്മാർക്ക് സാക്ഷ്യപത്രം നൽകുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള സ്റ്റേറ്റ് അഗ്മാർക്ക് ഗ്രേഡിംഗ് ലാബിന്റെ ജില്ലയിലെ പ്രവർത്തനം ഉടൻ ആരംഭിക്കേണ്ടതുണ്ട്. കേരഫെഡ് മുഖേന നടപ്പിലാക്കിയിരുന്ന പച്ചത്തേങ്ങ സംഭരണം കൂടുതൽ കാര്യക്ഷമമായി പുനരാരംഭിക്കേണ്ടതുണ്ട്. സിവിൽ സപ്ലൈസ് മുഖേന നടപ്പിലാക്കുന്ന നെല്ല് സംഭരണവും കൂടുതൽ ഫലപ്രദമായ രീതിയിൽ നടപ്പിലാക്കണം.

- വിവിധയിനം കാർഷിക വിളകളുടെ നിലവാരം, വളർച്ച, ഭക്ഷ്യവിളകളുടെ കുറഞ്ഞ ഉത്പാദനം രാസവളങ്ങളുടെ ഉയർന്ന വില, ചെടികളുടെ രോഗ കീട ഭീഷണി തുടങ്ങി ഈ മേഖലയുടെ പ്രശ്നങ്ങളും അവയെ ലഘൂകരിക്കുന്നതിനുള്ള നടപടികളും കൈക്കൊള്ളേണ്ടതാണ്.
- കാർഷിക ധനസഹായത്തിന്റെയും സഹകരണ വായ്പകളുടെയും തോത് വിപുലീകരിക്കുക.
- കാർഷിക ഉത്പാദനത്തിലുള്ള അസ്ഥിരത കാർഷിക വരുമാനത്തിലും വിതരണത്തിലും ഉണ്ടാക്കുന്ന ആഘാതങ്ങൾ കുറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- എല്ലാ പഞ്ചായത്തുകളിലും കാർഷിക വിപണന കേന്ദ്രങ്ങൾ/ആഴ്ച ചന്തകൾ അനുവദിക്കുക.
- താമരകൃഷി പുഷ്പകൃഷിയായി അംഗീകരിച്ച് ആനുകൂല്യങ്ങൾ ലഭ്യമാക്കുക (തിരുന്നാവായ, വലിയ പറപ്പൂർ, പുല്ലാറ്റുവ കായൽ, വാവൂർ കായൽ)
- കുറിയ ഇനം തെങ്ങുകളുടെ കൃഷി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുക. നീര ഉൽപാദനം പ്രോത്സാഹിപ്പിക്കുക.
- ജലസാക്ഷരതയ്ക്കും ജലധവള പത്രത്തിനും പ്രാധാന്യം നൽകി ഓരോ കൃഷിക്കും ആവശ്യമായ വെള്ളം മാത്രം ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുക. ജല സാക്ഷരത ബോധവൽക്കരണത്തിന് പ്രാധാന്യം നൽകുക. എൻ.എം.എസ്.എ പദ്ധതിയുടെ നിയമാവലിയിൽ മാറ്റം വരുത്തുക.

D.കീഴ്ട്ട് നിർദ്ദേശങ്ങൾ

- കാർഷിക മുറകൾ സമയബന്ധിതമായി നടപ്പിലാക്കേണ്ടവ ആയതിനാൽ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ കാർഷിക മേഖലയുടെ പദ്ധതികൾ രൂപീകരണം അംഗീകാരം എന്നിവ ഓരോ സാമ്പത്തിക വർഷവും മെയ് മാസത്തിൽ തന്നെ പൂർത്തീകരിക്കുകയും ഗുണഭോക്തൃ ലിസ്റ്റ് ജൂൺ 30-നു മുമ്പ് തന്നെ പഞ്ചായത്തുകളിൽ നിന്ന് ലഭ്യമാക്കുകയും ചെയ്യുക.
- ഉത്പാദനത്തോടൊപ്പം തന്നെ വിപണനവും കാര്യക്ഷമമായി നടപ്പാക്കേണ്ടതുണ്ട്. ആയതിനാൽ ബ്ലോക്ക് പഞ്ചായത്തിന്റെ സഹായത്തോടെ ബ്ലോക്ക് തല സംഭരണ വിപണന കേന്ദ്രം തുടങ്ങി കർഷകർക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾ ന്യായമായ വിലയ്ക്ക് വിൽക്കാനുള്ള സംവിധാനം ഒരുക്കുക.
- യന്ത്രവൽക്കരണത്തിന് മുൻതൂക്കം നൽകികൊണ്ട് കൃഷിച്ചെലവ് കുറയ്ക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.
- നിലവിലുള്ള ജലസേചന പദ്ധതികളുടെ പൂർണ്ണമായ വിനിയോഗം ഉറപ്പ് വരുത്തുക.
- തരിശ് ഭൂമി പൂർണ്ണമായും കൃഷിയോഗ്യമാക്കുക.
- അംഗീകൃത സ്ഥാപനങ്ങളിൽ നിന്നു മാത്രം നടീൽ പദ്ധതികൾ ലഭ്യമാക്കുക.
- ഫലവൃക്ഷ തൈകൾ ഫാമുകളിൽ ഉൽപാദിപ്പിച്ച് കർഷകരിൽ കൂടുതൽ എത്തിക്കുന്നതിന് നടപടി സ്വീകരിക്കുക.
- കാട്ടുതീ തടയുന്നതിന് നടപടി സ്വീകരിക്കുക.
- ഭാരതപ്പുഴ, കടലുണ്ടിപ്പുഴ, ചാലിയാർപ്പുഴ എന്നിവയുടെ സംരക്ഷണം ഉറപ്പാക്കുക.
- ജില്ലയിൽ പുഴകൾ മാലിന്യമുക്തമാക്കി നീരൊഴുക്ക് വർദ്ധിപ്പിക്കുക.
- കാർഷിക ഉൽപ്പന്നങ്ങളിൽ നിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുക.
- പ്രാദേശിക കാർഷിക മാർക്കറ്റുകളെ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിക്കുക.
- തണ്ണീർതട നിയമം കർശനമായി പാലിക്കുക.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിട നമ്പർ അനുവദിക്കുമ്പോൾ മേൽക്കൂര മഴവെള്ള സംഭരണം നർബന്ധമാക്കുക.
- ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ പഞ്ചായത്തുകളിലും ഇക്കോ ഷോപ്പുകൾ, ബയോ ഫാർമസികൾ മുതലായവ ഏർപ്പെടുത്തുക.

- എല്ലാ പഞ്ചായത്തുകളിലും കാർഷിക വിപണന കേന്ദ്രങ്ങൾ/ആഴ്ച ചന്തകൾ അനുവദിക്കുക.
- ഷട്ടറുകൾ ഇല്ലാത്ത വി..സി..ബി.കളിൽ ഷട്ടറുകൾ സ്ഥാപിക്കാനും നിലവിലുള്ള ഷട്ടറുകളുടെ പരിപാലനത്തിനും പദ്ധതിക്ക് രൂപം കൊടുക്കുക.
- ജില്ലയിലെ പൊതു-സ്വകാര്യ-ക്ഷേത്ര-പള്ളിക്കുളങ്ങളുടെ സംരക്ഷണത്തിനായി പ്രത്യേക പദ്ധതികൾ രൂപീകരിക്കുക.

E. സംയോജന സാധ്യതകൾ

മണ്ണ് സംരക്ഷണം, കൃഷി, ജലസേചനം, മൃഗസംരക്ഷണം, ക്ഷീരവികസനം, ഫിഷറീസ്, ആരോഗ്യം തുടങ്ങിയ വിവിധ മേഖലകളുമായി സംയോജിച്ച് പ്രവർത്തിക്കാവുന്നതാണ്. മണ്ണ് സംരക്ഷണത്തിനായി ഉപയോഗിക്കുന്ന തീറ്റപ്പുൽ ഇനങ്ങൾ മൃഗ പരിപാലനത്തിനും, ക്ഷീരവികസനത്തിനും കൈതാങ്ങാണ്. ജലസംരക്ഷണത്തിനായി നിർമ്മിക്കുന്ന കുളങ്ങളും ഫാം കിണറുകളും ജലസേചനത്തിന് സഹായിക്കുന്നതിനു പുറമേ മത്സ്യ കൃഷിക്കു ഉപയുക്തമാക്കി പ്രദേശത്തെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കാവുന്നതാണ്. അമിതമായ രാസവള പ്രയോഗവും/ കീട/കളനാശിനികളും മണ്ണിന്റെ സ്വാഭാവ ഗുണത്തെ നഷ്ടപ്പെടുത്തി മണ്ണ് വിഷലിപ്തമാക്കുന്നു. ഇതിൽ വളരുന്ന വിളകൾ ഭക്ഷിക്കുന്നതു വഴി തദ്ദേശ വാസികളുടെ ആരോഗ്യത്തെ ഹാനികരമായി ബാധിക്കുമെന്നതിനാൽ ആരോഗ്യമേഖലയുമായും ഇത് ബന്ധപ്പെട്ടിരിക്കുന്നു.

ഹരിതകേളവുമായുള്ള സംയോജനം

ചാലിയാർ, ചെറുപുഴ, ഒലിപുഴ, തിരുർ പുഴ എന്നീ പുഴകളലേക്കുള്ള നീരൊഴുക്ക് അടിസ്ഥാനപ്പെടുത്തി എടുക്കുന്ന നീർത്തടങ്ങളിൽ മണ്ണ ജല സംരക്ഷണത്തിലൂടെ അടിസ്ഥാന പ്രകൃതി വിഭവങ്ങളായ മണ്ണും ജലവും സംരക്ഷിക്കുന്നതോടൊപ്പം ജൈവവിഭവങ്ങളുടെ വളർച്ചയും അതുമായി ബന്ധപ്പെട്ട നിരവധി വികസന പ്രവർത്തികളും സാധ്യമാകുന്നു.

തൊഴിലുറപ്പ പദ്ധതിയുമായി ബന്ധപ്പെടുത്തി കയർ ഭൂവസ്ത്രം പോലുള്ള സംരക്ഷണ പ്രവൃത്തികൾ നടത്തി പുഴയുടെ കര സംരക്ഷണം സാധ്യമാക്കാവുന്നതാണ്. പുഴയിൽ ചെക്ക്ഡാമുകൾ നിർമ്മിക്കാവുന്നതും അതു വഴി ജലസേചനം സാധ്യമാക്കാവുന്നതാണ്.

നീർച്ചാലുകളുടെ സംരക്ഷണത്തോടൊപ്പം സമാനമായ വകുപ്പുകൾ മുഖേന നടത്താവുന്ന പ്രവർത്തികൾ സംയോജിപ്പിക്കാവുന്നതാണ്.

കേന്ദ്ര/സംസ്ഥാന/തദ്ദേശ ഭരണ സ്ഥാപന സർക്കാരുടെ വിവിധ പദ്ധതികളുടെ ഏകോപന സാധ്യതതകൾ

പദ്ധതി നടത്തിപ്പു വേളയിൽ സമഗ്രമായ വികസനം കണ്ടുകൊണ്ട് വിവിധ വകുപ്പുകളുടെ വിവിധങ്ങളായ പദ്ധതികൾ ഈ പ്രവർത്തനങ്ങളുമായി ഏകോപിപ്പിക്കാവുന്നതാണ്. പ്രധാനമായും താഴെ പറയുന്ന ഏകോപന രീതികൾ പിൻ തുടരാവുന്നതാണ്.

- സംയോജിത കൃഷി സമ്പ്രദായ രീതി അനുസരിച്ച് പ്രദേശത്തെ മാലിന്യ സംരക്ഷണം നടപ്പിലാക്കുന്ന ശുചിത്വ മിഷനുമായി ഏകോപിച്ചു മാലിന്യ വിമുക്തമാക്കാവുന്നതാണ്.
- തെരഞ്ഞെടുത്ത പ്രദേശങ്ങൾ മുൻഗണന അർഹിക്കുന്നതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ പ്രദേശത്ത് വികസന പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാമുഖ്യം നൽകേണ്ടതാണ്. ഉദാഹരണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കിണർ റീചാർജ്ജിംഗ് പഞ്ചായത്തുതലത്തിൽ നിർബന്ധമാക്കുക.
- മണ്ണ പര്യവേഷണ മണ്ണ സംരക്ഷണ വിഭാഗം നടപ്പിലാക്കി വരുന്ന മണ്ണ് ആരോഗ്യകാർഡുകൾ പ്രകാരം മണ്ണിന്റെ ഗുണമേന്മ മനസ്സിലാക്കി കാർഷിക ചെലവു കുറച്ചു കൂടുതൽ ഉത്പാദന ക്ഷമത കൂട്ടുന്ന കാർഷിക വിളകളും കൃഷി രീതികളും പിന്തുടരാവുന്നതാണ്.

ബോക്സ് 7.1

1. ഓരോ പഞ്ചായത്തിലും ഒരു മാതൃകാ കാർഷിക ജലസേചന പദ്ധതിക്ക് രൂപം കൊടുക്കുക.

ഹരിതകേരള പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ നീർത്തട മാപ്പിന്റെ അടിസ്ഥാനത്തിൽ, നിലവിൽ ജലസേചന സൗകര്യമില്ലാത്ത പാടശേഖരം തെരഞ്ഞെടുത്ത് അവിടേക്ക് ജലസേചന സൗകര്യം നടപ്പാക്കി കാർഷിക വികസന പദ്ധതി നടപ്പാക്കൽ.
(കൃഷി, മണ്ണ് സംരക്ഷണം, ജലസേചനം, ഗ്രാമപഞ്ചായത്ത് എന്നിവയുടെ സംയോജിത പദ്ധതി)

2. പുഴകളെ വീണ്ടെടുക്കൽ പദ്ധതി

ഹരിതകേരളം പദ്ധതിയുടെ ഭാഗമായി പ്രധാന പുഴകളുടെ കൈവഴികളെ അതിന്റെ സ്വാഭാവിക അവസ്ഥയിലേക്ക് തിരിച്ചു കൊണ്ടുവരികയും അതിൽ നിന്നുള്ള വെള്ളം ഉപയോഗപ്പെടുത്തി മിനി ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ സ്ഥാപിക്കലും. അതിർത്തി നിർണ്ണയം, മാലിന്യമുക്തമാക്കൽ, തീരസംരക്ഷണം, വനവൽക്കരണം, ജലസേചന കനാലുകൾ നിർമ്മിക്കൽ, കാർഷിക ഉൽപാദനം. (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഫോറസ്റ്റ്, റവന്യൂ, തൊഴിലുറപ്പ്, ഇറിഗേഷൻ, കൃഷി, സന്നദ്ധ സംഘടനകൾ എന്നീ വകുപ്പുകളുടെ സംയോജിത പ്രൊജക്ട്.)

3.ഉപേക്ഷിക്കപ്പെട്ട ക്വാറികളെ ജലസംഭരണികളാക്കി മാറ്റി കാർഷിക ജലസേചന പദ്ധതി നടപ്പാക്കൽ.

(ഗ്രാമപഞ്ചായത്ത്, എം.ജി.എൻ.ആർ.ഇ.ജി.എസ്, കൃഷി, മണ്ണ് സംരക്ഷണം എന്നീ വകുപ്പുകൾ യോജിച്ച്)

4.കടലുണ്ടിപ്പുഴയിലേക്ക് ചാലിയാറിൽ നിന്ന് വെള്ളമെത്തിക്കുന്ന പദ്ധതി.

വേനലിൽ കടലുണ്ടിപ്പുഴ വറ്റുമ്പോഴും ചാലിയാറിൽ കവണക്കല്ല് ഷട്ടർ അടച്ചു കഴിഞ്ഞാൽ വെള്ളം നിറഞ്ഞു നിൽക്കും. ഈ വെള്ളം പൂങ്കുടിത്തോട് വഴി വള്ളുവമ്പ്രത്തേക്ക് എത്തിക്കുകയും തുടർന്ന് വലിയതോട് വഴി കടലുണ്ടിപ്പുഴയിലേക്ക് എത്തിക്കുകയും ചെയ്യാം.
(ഗ്രാമപഞ്ചായത്തുകൾ, ജലസേചന വകുപ്പ്, എം.ജി.എൻ.ആർ.ഇ.ജി.എസ്)

5.കവണക്കല്ല് ടൂറിസം പദ്ധതി

കവണക്കല്ല് റെഗുലേറ്ററിനോട് ചേർന്ന് ഇറിഗേഷൻ വകുപ്പിന്റെ കൈവശമുള്ള ഒരേക്കറോളം ഭൂമിയിൽ മലമ്പുഴ മാതൃകയിൽ ടൂറിസം പദ്ധതി നടപ്പാക്കാവുന്നതാണ്. (ഗ്രാമപഞ്ചായത്ത്, ടൂറിസം വകുപ്പ്, ഇറിഗേഷൻ വകുപ്പ്)

6.കനോലി കനാൽ മാലിന്യമുക്തമാക്കൽ പദ്ധതി

കനോലി കനാലിലെ വെള്ളം മാലിന്യം നിറഞ്ഞതും ഉപ്പുരസമുള്ളതുമാണ്. പൂരപ്പുഴയോട് ചേർന്നുള്ള റെഗുലേറ്റർ നിർമ്മാണം പൂർത്തിയായാൽ ഉപ്പുവെള്ളം കയറുന്നത് തടയാവുന്നതാണ്. എന്നാൽ മാലിന്യ നിർമ്മാർജ്ജനത്തിന് കനാലിനോട് ചേർന്ന എല്ലാ പഞ്ചായത്തുകളും മുന്നോട്ടു വരേണ്ടതാണ്. ഗ്രാമപഞ്ചായത്തുകളും മേജർ ഇറിഗേഷൻ വകുപ്പും ഒത്തു ചേർന്ന് ശ്രമിച്ചാൽ കനോലി കനാലിനെ മാലിന്യമുക്തമാക്കാൻ സാധിക്കും.

7.ഒരു വാർഡിൽ ഒരു ജലസേചന കുളം പദ്ധതി

മറ്റു ജലസേചന സൗകര്യങ്ങളില്ലാത്ത ഒരു പ്രദേശത്ത് കാർഷിക ജലസേചനത്തിനായി കുളം നിർമ്മിക്കുന്ന പദ്ധതി, മോട്ടോർ, പമ്പ് ഹൗസ്, കണക്ഷൻ കനാലുകൾ (പഞ്ചായത്ത്, കൃഷി, ജലസേചനം, കെ.എസ്.ഇ.ബി, എം.ജി.എൻ.ആർ.ഇ.ജി.എസ്)

8.'വറ്റാത്ത കുളങ്ങൾ, വറ്റാത്ത തോടുകൾ' പദ്ധതി

ഹരിതകേരളം പദ്ധതിയുടെ ഭാഗമായി നീർത്തട മാപ്പിന്റെ അടിസ്ഥാനത്തിൽ കുളങ്ങളും തോടുകളും തെരഞ്ഞെടുത്ത് വേനലിലും വെള്ളം ഉറപ്പാക്കുന്ന പദ്ധതി. ഇതിനായി നീർത്തടത്തിന്റെ ആരംഭ പ്രദേശത്ത് വൃക്ഷത്തൈകൾ വെച്ചു പിടിപ്പിക്കുകയും തുടർന്ന് തോടുകൾ ഭൂവസ്ത്രവും ചെടികളും കൊണ്ട് സംരക്ഷിക്കുകയും വേണം. കുളങ്ങൾ, അടിത്തട്ടിൽ ഒരു പ്രത്യേക ഉയരത്തിൽ കല്ലുപയോഗിച്ചു മുകൾഭാഗത്ത് ഭൂവസ്ത്രമുപയോഗിച്ചും സംരക്ഷിക്കുന്ന പദ്ധതി. (ഗ്രാമപഞ്ചായത്ത്, മണ്ണ് സംരക്ഷണം, തൊഴിലുറപ്പ്, ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ്, ഇറിഗേഷൻ)

9.തരിശുഭൂമി കൃഷിയോഗ്യമാക്കൽ

തരിശു ഭൂമിയിൽ നെല്ല്, പച്ചക്കറി തുടങ്ങിയ വിളകൾ കൃഷി ചെയ്യുകൊണ്ടും നെല്ലിന്റെയും, പച്ചക്കറിയുടെ വിളചെയ്യുന്ന വിസ്തൃതി വർദ്ധിപ്പിക്കുന്നതിനായി കൃഷിവകുപ്പിനു പുറമെ, തദ്ദേശ ഭരണ സ്ഥാപനങ്ങളും, കുടുംബശ്രീ, സഹകരണ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, എന്നിവരും സഹകരിക്കുന്നുണ്ട്. തരിശ് ഭൂമിയിലെ കൃഷിക്കായി കൃഷിവകുപ്പ്, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, എന്നിവ ഫണ്ടും വിനിയോഗിക്കാവുന്നതാണ്.

ഓരോ പുരയിടവും ഒരു സംയുക്ത സ്വയം സംരക്ഷിത കാർഷിക യൂണിറ്റുകളായി മാറുവാൻ അവ മാതൃകാ സംയോജിത ഫാമുകളായി മാറേണ്ടതുണ്ട്. ഇതിനായി കൃഷി,മൃഗസംരക്ഷണം, മണ്ണുജല സംരക്ഷണം, കുടുബശ്രീ, തൊഴിലുറപ്പ് എന്നീ വിഭാഗങ്ങളുടെ സഹകരണവും സംയോജനവും അത്യന്താപേക്ഷികമാണ്.

10.ഒലിപ്പുഴ സമഗ്ര പുനർജ്ജനി

ഈ പദ്ധതിയിൽ ലക്ഷ്യമിടുന്നത് വിവിധ ഡിപ്പാർട്ടുമെന്റുകളെ ഏകോപിപ്പിച്ചു കൊണ്ടുള്ള ഒരു പദ്ധതിയാണ്. കടലുണ്ടി പുഴയുടെ പ്രധാന കൈവഴിയായ ഒലിപ്പുഴ ഉത്ഭവിക്കുന്നത് മലപ്പുറം ജില്ലയിലെ കാളിക്കാവ് ബ്ലോക്കിനോട് ചേർന്ന് കിടക്കുന്ന സൈലന്റ് വാലി വനപ്രദേശത്ത് നിന്നുമാണ്. കരുവാരക്കുണ്ട്, എടപ്പറ്റ, ഇരുമ്പുഴി, പാണ്ടിക്കാട്, കീഴാറ്റൂർ എന്നീ ഗ്രാമ പഞ്ചായത്തിന്റെ പ്രധാന ജലസ്രോതസ്സായ ഈ പുഴ ജനുവരി മാസത്തിൽ വറ്റുകയും മൺസൂൺ, കാലവർഷങ്ങളിൽ മാത്രം ജലസമൃദ്ധമായി കാണപ്പെടുകയും ചെയ്യുന്നു. ഈ പുഴയുടെ ശോഷണം ഇതിന്റെ ചുറ്റുപ്രദേശങ്ങളുടെ പഞ്ചായത്തുകളുടെ സാമൂഹിക സാമ്പത്തിക പിന്നോക്ക അവസ്ഥയ്ക്ക് കാരണമാകുന്നു. ആയതിനാൽ ഒലിപ്പുഴയുടെ ഉത്ഭവ സ്ഥാനങ്ങൾ മുതൽക്കുള്ള റീചാർജ്ജിംഗ്, വെള്ളം ഊറ്റികുടിക്കുന്ന കാട്ടു തീ, അടക്കമുള്ള പ്രകൃതി വിപത്തുക്കളെ തടഞ്ഞ് പുഴയിലേക്കുള്ള നീരൊഴുക്ക് വർദ്ധിപ്പിച്ച് താഴ് പ്രദേശങ്ങളിൽ വെള്ളത്തിന്റെ ലഭ്യത കൂട്ടുവാനും, ജലസേചനത്തിനും, മനുഷ്യ ജീവിതത്തിനും ആവശ്യമായ ജല ലഭ്യത വർദ്ധിപ്പിച്ച് സാമൂഹിക ജീവിതം വർദ്ധിപ്പിക്കുവാനും കൃഷി അനുബന്ധ മേഖലകളെ കൂടെ ഇതുമായി ബന്ധിപ്പിച്ച് കർഷകരുടെ സമ്പത്ത് വ്യവസ്ഥ വർദ്ധിപ്പിക്കുവാനും ലക്ഷ്യമിടുന്നു.

11.മാലിന്യമുക്ത ചാലിയാർ

സാമൂഹ്യ പ്രതിബദ്ധത എല്ലാ വിഭാഗങ്ങളിലും സൃഷ്ടിച്ചുകൊണ്ട്, ജലസാക്ഷരത ജനങ്ങളിൽ ഉണ്ടാക്കിയെടുക്കാൻ കൂട്ടിപട്ടാളം, കാരണവർക്കൂട്ടം, കർഷകർ, ചേച്ചിമാർ, എന്നീ വിഭാഗങ്ങൾക്ക് ക്ലാസ്സുകൾ സംഘടിപ്പിച്ചുകൊണ്ട് മാലിന്യ മുക്ത ചാലിയാർ യാഥാർത്ഥ്യമാക്കുവാനുള്ള പദ്ധതി.

12. പട്ടികജാതി ആരോഗ്യ പദ്ധതി

പട്ടികജാതി കോളനികൾ കേന്ദ്രീകരിച്ച് മദ്യം മയക്കുമരുന്ന് ഉപയോഗം വ്യാപകമായതിനാൽ ഈ വിഭാഗങ്ങളുടെ ആരോഗ്യ സാമൂഹിക അവസ്ഥ പിന്നോട്ട് പോകുന്നതായിട്ടാണ് കാണുന്നത്. വിദ്യാഭ്യാസപരമായി കൊഴിഞ്ഞുപോക്കും പിന്നോക്കാവസ്ഥയും ശാസ്ത്രീയ-ആരോഗ്യ അവബോധമില്ലായ്മയും മൂലം പോഷകക്കുറവ്, വിളർച്ച തുടങ്ങിയ ആരോഗ്യ പ്രശ്നങ്ങൾ ഇവരിൽ കാണപ്പെടുന്നുണ്ട്. സമഗ്ര സംയോജന പദ്ധതിയിലൂടെ വിവിധ ഡിപ്പാർട്ട്മെന്റുകൾക്ക് പ്രാതിനിധ്യം നൽകി (ആരോഗ്യം, വിദ്യാഭ്യാസം, എക്സൈസ്, സാമൂഹികനീതി, പട്ടികജാതിവികസനം) പദ്ധതികൾ രൂപപ്പെടുത്തിയാൽ ഈ അവസ്ഥയ്ക്ക് മാറ്റം വരുത്താവുന്നതാണ്.

2. മൃഗസംരക്ഷണം – ക്ഷീരവികസനം

A. ഹ്രസ്വകാല പരിപ്രേക്ഷ്യം

- ഉത്പാദന ചെലവ് കുറക്കുക
- ജില്ലയിലെ പശുക്കളുടെ എണ്ണം, ഉത്പാദനശേഷി, ഇവ 10 ശതമാനം ഉയർത്തുക വഴി ദിവസം 1 ലക്ഷത്തോളം ലിറ്റർ പാൽ ഉത്പാദനം നടത്തുകയും അതിലൂടെ പാലുല്പാദനത്തിൽ സ്വയം പര്യാപ്തതയിലെത്തുകയും ചെയ്യുക.
- കോഴിമുട്ടയുടെയും കോഴി ഇറച്ചിയുടെയും ഉത്പാദനം ഇരട്ടിയാക്കുക.

B. ദീർഘകാല ലക്ഷ്യങ്ങൾ

- പാൽ മുട്ട ഇറച്ചി എന്നിവയുടെ ഉത്പാദന ക്ഷമത വർധിപ്പിക്കുകയും ഉത്പാദനത്തിലൂടെ സ്വയം പര്യാപ്തത ലഭ്യമാക്കുകയും സുരക്ഷിത ഭക്ഷണലഭ്യത ഉറപ്പാക്കുകയും ചെയ്യുക.
- ശാസ്ത്രീയ പക്ഷി മൃഗ പരിപാലന രീതി ശാസ്ത്രം ഉറപ്പാക്കുകയും ശരിയായ മാലിന്യ സംസ്കരണ മാർഗ പ്രോത്സാഹനവും കർഷന്റെ തൊഴിൽ പരിസരത്തിന്റെ ശുചിത്വം പരിസര ശുചിത്വം ഇവ ഉറപ്പാക്കുയും ചെയ്യുക.
- തനത് പക്ഷി ഇനങ്ങൾ, ജനുസുകൾ എന്നിവയുടെ സുരക്ഷിതത്വം, മൃഗസംരക്ഷണ മേഖലയിലെ ഗവേഷണ പ്രവർത്തനം എന്നിവ പ്രോത്സാഹിപ്പിക്കൽ.
- കർഷകന്റെ ജീവനോപാധികൾ സംരക്ഷിക്കുക വഴി സാമൂഹിക ഉന്നമനം പ്രോത്സാഹിപ്പിക്കുകയും ചെയ്യും വിധത്തിലുള്ള കർഷക ക്ഷേമ പരിപാടികൾ ഏറ്റെടുക്കൽ.
- പാൽ ഉത്പാദനം സ്വയം പര്യാപ്തത കൈവരിക്കുന്ന സാഹചര്യത്തിൽ പാൽ ഉത്പന്നങ്ങളുടെ നിർമാണം വർധിപ്പിക്കുന്നതിലേക്കായി പദ്ധതികൾ രൂപീകൃതമാവേണ്ടത് ആവശ്യമാണ്. വ്യക്തികൾ, ഗ്രൂപ്പുകൾ ക്ഷീരോല്പാദന സഹകരണസംഘം എന്നിവ മുഖേനെ പാലുൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് പദ്ധതികൾ രൂപീകരിക്കാവുന്നതാണ്.

C.മേൽത്തട്ട് നിർദ്ദേശങ്ങൾ

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിൽ വരുന്ന പദ്ധതികളുടെ നടത്തിപ്പിനായി തയ്യാറാക്കുന്ന മാർഗ്ഗരേഖയിൽ നിബന്ധനകൾ ലഘൂകരിച്ച് ഉത്പാദന വർദ്ധനവ് ലക്ഷ്യമിടുന്ന

പദ്ധതികളായി പരിഗണിച്ച് താല്പര്യമുള്ള ഗുണഭോക്താക്കളെ എ.പി.എൽ/ ബി.പി.എൽ പരിഗണന ഒഴിവാക്കി എല്ലാവർക്കും പദ്ധതി ആനുകൂല്യങ്ങൾ ലഭ്യമാക്കത്തക്ക രീതിയിൽ പരിഷ്കരിക്കുക.

- മൃഗസംരക്ഷണ മേഖലയിൽ നടപ്പിൽ വരുത്തുന്ന പദ്ധതികൾക്ക് ധനകാര്യസ്ഥാപനങ്ങൾ നൽകുന്ന വായ്പയുടെ പലിശ കാർഷിക മേഖലക്ക് നൽകുന്ന പലിശക്ക് തത്തുല്യമാക്കുക
- മൃഗസംരക്ഷണ മേഖലക്ക് ആവശ്യമായ വൈദ്യുതി വിതരണം സൗജന്യമാക്കുക
- മൃഗസംരക്ഷണ വകുപ്പ് വഴിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയും പാൽ, മുട്ട മുതലായവ വിപണനം ചെയ്യുന്നതിനും, വിവരശേഖരണത്തിനും പഞ്ചായത്തുകൾതോറും നിലവിലുള്ള വെറ്ററിനറി സബ്സെന്ററുകളെ പരിഷ്കരിക്കുക.
- ഉത്പാദന സ്രോതസ്സിനത്തിൽ ക്ഷീര കർഷകർക്ക് നിലവിൽ നൽകുന്ന 4 രൂപ അപര്യാപ്തമാണ്. ആയത് 10 രൂപയായി ഉയർത്തുക. ഓരോ ബ്ലോക്കിലും കാലിത്തീറ്റ മിശ്രണ യൂണിറ്റുകൾ സ്ഥാപിക്കുക
- കർഷക ഭവനങ്ങളിൽ കൃത്രിമ ബീജധാനത്തിലൂടെ ജനിക്കുന്ന കന്നുകുട്ടികളെയെല്ലാം സംരക്ഷിക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുക (ജില്ലാ പഞ്ചായത്ത് ഉൾപ്പെടെ)
- ബ്ലോക്ക് തലത്തിൽ ന്യായവിലക്ക് പക്ഷിമൃഗ മരുന്നുകൾ ലഭിക്കുന്ന നീതി സ്റ്റോർ ആരംഭിക്കുക.
- രോഗനിർണ്ണയം, ചികിത്സ, വിജ്ഞാന വ്യാപനം എന്നിവ കർഷകരിലേക്ക് കൂടുതൽ ഫലപ്രദമായി എത്തിക്കുന്നിന് വേണ്ടി കാലോചിതമായ വകുപ്പുതല പുനസംഘാടനം നടത്തുക. വെറ്ററിനറി ഉപകേന്ദ്രങ്ങളുടെ ശാക്തീകരണവും പുനർവിന്യാസവും നടപ്പിലാക്കുക.
- താലൂക്ക് തലത്തിൽ ശാസ്ത്രീയ അറവുശാലകളുടെയും പ്രാദേശിക തലത്തിൽ മാംസ വിപണന കേന്ദ്രങ്ങളുടെയും സംസ്ഥാപനം.
- നിലവിൽ ജില്ലയിൽ വിജ്ഞാന വ്യാപനത്തിനും കർഷക പരിശീലനത്തിനും ആവശ്യമായ പരിശീലന കേന്ദ്രങ്ങളില്ല. ആയതിനാൽ നിലമ്പൂർ/ആതവനാട് ആസ്ഥാനമായി താമസ സൗകര്യത്തോടുകൂടി ഒരു കർഷക പരിശീലന കേന്ദ്രം സ്ഥാപിക്കുക.
- ഫാമുകളുടെ ലൈസൻസിംഗ് നിയമങ്ങൾ ലഘൂകരിച്ച് ആ പ്രക്രിയ തദ്ദേശ സ്ഥാപനങ്ങൾ, മൃഗസംരക്ഷണ വകുപ്പ് എന്നിവക്ക് കൈമാറുക.
- നല്ലയിനം കറവപശുക്കളെ കർഷകർക്ക് സംസ്ഥാനത്തിന് ഉള്ളിൽ നിന്ന് ലഭ്യമാക്കുന്നതിനുള്ള പദ്ധതി ആസൂത്രണം.
- പുൽകൃഷിക്കായി റവന്യൂ വകുപ്പിന്റെ കീഴിലുള്ള തരിശുഭൂമി ലഭ്യമാക്കുക
- ക്ഷീരസംഘം വഴി സംഭരിക്കുന്ന പാലിന് ഉത്പാദനചെലവിന് അനസൃതമായ വില ഉറപ്പാക്കുക.
- ക്ഷീര കർഷകർക്ക് പിരശീലനം നൽകുന്നതിനായി ഡയറി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക.

D. കീഴ്തട്ട് നിർദ്ദേശങ്ങൾ.

- ജില്ലയിൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിക്കൊണ്ട് ഉല്പാദനക്ഷമത കൂടിയ പക്ഷിമൃഗാദികളെ ഉല്പാദിപ്പിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുക (ജില്ലാ പഞ്ചായത്ത്).
- നിലവിൽ ജില്ലയിൽ രണ്ട് പാൽ ശീതീകരണ കേന്ദ്രങ്ങൾ മാത്രമേയുള്ളൂ. ഇത് താലൂക്കിൽ ഒന്ന് വീതം സ്ഥാപിക്കുക (ജില്ലാ പഞ്ചായത്ത് ഉൾപ്പെടെ).
- സമ്മിശ്ര കൃഷിരീതികളിൽ ഊന്നൽ നൽകുക. അതിലൂടെ ഫാമുകളുടെ ആധുനിക വല്കൃത പദ്ധതിയിലൂടെ വർദ്ധിച്ചുവരുന്ന സ്ഥലപരിമിതിയെ മറികടക്കാനാവും. (ജില്ലാ പഞ്ചായത്ത്)
- കറവ പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി നല്കുക (ജില്ലാ പഞ്ചായത്ത്).
- തൊഴിലുറപ്പ് പോലുള്ള പദ്ധതികളിൽ പക്ഷിമൃഗപരിപാലനം, കൂടുനിർമ്മാണം, ഇന്പുർമൂഴി മോഡൽ വേസ്റ്റ് മാനേജ്മെന്റ് യൂണിറ്റുകൾ ഉൾപ്പെടുത്തി കൂലിച്ചെലവ് കുറയ്ക്കാൻ കഴിയും.
- പക്ഷിമൃഗ സംരക്ഷണ പദ്ധതികളിൽ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും സംയോജനം ഉറപ്പ് വരുത്തുക.

- ജില്ലയിലെ ക്ഷീര കർഷകർക്ക് പശുപരിപാലനം, ഡയറി ഉൽപ്പന്നങ്ങളുടെ നിർമ്മാണം തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിനുള്ള ക്ഷീര പരിശീലന കേന്ദ്രം ആരംഭിക്കുക.
- സംരംഭകരെ മൃഗസംരക്ഷണ, ക്ഷീര വികസന മേഖലയിലേക്ക് ആകർഷിക്കുന്നതിനും, ഉത്പ്പന്നങ്ങൾ, ഉപകരണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നതിനും മേളകൾ സംഘടിപ്പിക്കുക.
- കർഷകർക്ക് ചികിത്സാ സേവനം വീട്ടുപടിക്കൽ ലഭ്യമാക്കുന്നതിനായി മൊബൈൽ ഫാം എയ്സ് യൂണിറ്റുകളുടെ പുനരുജ്ജീവനവും ശാക്തീകരണവും.

E. സംയോജന സാധ്യതകൾ

ബോക്സ് 7.2

1.ഫോഡർ ബാങ്ക്

സർക്കാർ പുറമ്പോക്ക് ഭൂമികൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ക്ഷീരസഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ റവന്യൂ ഇലക്ട്രിസിറ്റി ബോർഡ്, എം.ജി.എൻ.ആർ.ഇ.ജി.എസ് എന്നീ ഏജൻസികളുമായി യോജിച്ച് ഒരു ബ്ലോക്കിൽ ചുരുങ്ങിയത് ഒരു ഫോഡർ ബാങ്ക് വീതം സ്ഥാപിക്കുക (ബ്ലോക്ക് പഞ്ചായത്ത്)

2.വിപണനകേന്ദ്രങ്ങൾ

മൃഗസംരക്ഷണ വകുപ്പ് വഴിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയും പാൽ, മുട്ട മുതലായവ വിപണനം ചെയ്യുന്നതിനും, വിവര ശേഖരണത്തിനും പഞ്ചായത്തുകൾ തോറും നിലവിലുള്ള വെറ്ററിനറി സബ് സെന്ററുകളെ പരിഷ്കരിക്കുക.

3.കർഷക പരിശീലനകേന്ദ്രം

നിലമ്പൂർ/ആതവനാട് ആസ്ഥാനമായി താമസ സൗകര്യത്തോടു കൂടി കർഷക പരിശീലന കേന്ദ്രം സ്ഥാപിക്കുക.

4.ആധുനിക അറവുശാല

സമൂഹത്തിന് സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നതിന് ബ്ലോക്ക് തലത്തിൽ ആധുനിക അറവുശാലകൾ സ്ഥാപിക്കുക. ബ്ലോക്കിന് കീഴിൽ വരുന്ന പഞ്ചായത്തിൽ റിസോഴ്സ് യൂണിറ്റുകൾ സ്ഥാപിച്ച് വെറ്ററിനറി ഡോക്ടറെയും സഹായിയെയും കരാറടിസ്ഥാനത്തിൽ നിയമിച്ച് ശുദ്ധമായ മാംസോത്പാദനം ഉറപ്പുവരുത്താവുന്നതാണ്.

5.ന്യായവില ഷോപ്പുകൾ

മൃഗപരിപാലനത്തിനും ചികിത്സക്കും ആവശ്യമായ മരുന്നുകളും ധാതുലവണ മിശ്രിതങ്ങൾ എന്നിവ ന്യായമായ നിരക്കിൽ കർഷകർക്കും ആശുപത്രികൾക്കും ലഭ്യമാകുന്നതിന് ന്യായവില ഷോപ്പുകൾ ജില്ലാതലത്തിൽ തുടങ്ങാവുന്നതാണ്.

3. മത്സ്യമേഖല

A,B തീര ദേശ മത്സ്യ മേഖല വികസന പരിപ്രേക്ഷ്യം.

ജില്ലയിലെ ലഭ്യമാകുന്ന മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും മത്സ്യബന്ധന മേഖലയിൽ ജില്ലയെ ഒന്നാം സ്ഥാനത്ത് എത്തിക്കുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. അതിനാൽ നിർദ്ദിഷ്ട കാലയളവിൽ മത്സ്യബന്ധനത്തിന് സമ്പൂർണ്ണ അവധി നൽകുക, ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുക, പുതിയ മത്സ്യബന്ധനയാനങ്ങളുടെ നിർമ്മാണത്തിനും വല്പ്പത്തിനും നിയന്ത്രണമേർപ്പെടുത്തുക, യാനങ്ങളുടേയും, വലകളുടേയും രജിസ്ട്രേഷൻ നിർബന്ധമാക്കുക. തുടങ്ങിയവ ഏർപ്പെടുത്തി അമിത

ചൂഷണം കുറക്കാവുന്നതാണ്. താന്തർ, പരപ്പനങ്ങാടി ഹാർബറുകളുടെ നിർമ്മാണം പൂർത്തിയാക്കുക, മത്സ്യബന്ധനത്തൊളിലാളികൾക്ക് മതിയായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക. മത്സ്യസംസ്കരണത്തിന് ആവശ്യമായ വ്യവസായങ്ങൾ തുടങ്ങുക, ഇന്ധനത്തിന് സബ്സിഡി നൽകുക, ഹാർബറുകളിലേക്കുള്ള റോഡ് ശൃംഖല മെച്ചപ്പെടുത്തുക, മത്സ്യബന്ധനത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിന് ആവശ്യമായ പരിശീലനം നൽകുക എന്നിവ വഴി മത്സ്യബന്ധന മേഖലയെ ഏറ്റവും ഉന്നതിയിലെത്തിക്കാൻ കഴിയുന്നതാണ്.

കടൽ മത്സ്യത്തെ മാത്രം ആശ്രയിച്ച് കഴിയുന്ന മത്സ്യത്തൊഴിലാളികളുടെ തൊഴിൽപരവും സാമൂഹ്യപരവുമായ ഉന്നമനം ലക്ഷ്യമിടുന്ന വികന കാഴ്ചപ്പാടിനാണ് മുൻതൂക്കം നൽകേണ്ടത്. മത്സ്യത്തൊഴിലാളികളുടെ സമഗ്രമായ ഉന്നമനം ലക്ഷ്യമിടുമ്പോഴും ജില്ലയിൽ വേണ്ടവിധം ഉപയോഗിക്കാതെ കിടക്കുന്ന പാടശേഖരങ്ങളുടെയും പൊതുകുളങ്ങളുടെയും വിനിയോഗം കൂടി മുന്നിൽ കണ്ടുകൊണ്ടാണ് ഈ വികസന കാഴ്ചപ്പാട് തയ്യാറാക്കിയിട്ടുള്ളത്.

ക്രമ നം	സൂചിക	ഇപ്പോഴത്തെ അവസ്ഥ	ആശയങ്ങൾ	2022 ൽ കൈവരിക്കേണ്ട ലക്ഷ്യം
1	സമുദ്ര മത്സ്യോല്പാദനം വർദ്ധിപ്പിക്കുക	നിലവിൽ 26000 ടൺ മാത്രമാണ് . തീരദേശത്തെ അമിത ചൂഷണം മത്സ്യസമ്പത്ത് കുറയാൻ കാരണമാകുന്നു. ആഴക്കടലിൽ മത്സ്യസമ്പത്തിന്റെ സാന്നിദ്ധ്യം ഉണ്ട്.	ആഴക്കടൽ മത്സ്യബന്ധനത്തിന് പരിശീലനം നൽകുക . യാനങ്ങൾ അനുസരിച്ച് മാറ്റങ്ങൾ വരുത്തുക.	കടലിൽ നിന്നുള്ള മത്സ്യോത്പാദനം 50000 ടൺ ആയി വർദ്ധിപ്പിക്കുക
2	മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ ഗർഭിണികളുടെയും കുട്ടികളുടെയും പോഷകാഹാര കുറവ്	ആരോഗ്യവകുപ്പ് പൊതുവായി നടത്തുന്ന പോഷകാഹാര പരിപാടികളിൽ മാത്രം	മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ മാത്രം കൂടുതൽ ശ്രദ്ധ ചെലുത്തി പോഷകാഹാര പരിപാടി നടപ്പിലാക്കുന്നു.	പോഷകാഹാര കുറവ് മുഴുവനായും ഇല്ലായ്മ ചെയ്യുന്നു.
3	മത്സ്യത്തൊഴിലാളി ആൾകുട്ടികൾ ശരിയായ പരിചരണവും പോഷകാഹാരവും ഇല്ലാത്തതു മൂലം അക്രമ സ്വഭാവമുള്ളവരും അമിത പ്രതികരണ സ്വഭാവമുള്ളവരുമാകുന്നു.	വിദ്യഭ്യാസ വകുപ്പിലെ തീരദേശ അദ്ധ്യാപകർ ഇത്തരം കുട്ടികളുടെ മാനസികാവസ്ഥ മനസിലാക്കാതെ അവരെ കുറ്റവാളികളായി ചിത്രീകരിച്ച് സ്കൂളുകളിൽ നിന്നും പുറത്താക്കുകയോ മാനസിക പീഡനങ്ങൾക്ക് വിധേയരാക്കുകയോ ചെയ്യുന്നു.	വിദ്യഭ്യാസ വകുപ്പ് ഈ മേഖലയിലെ അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകുന്നു.	മുതിർന്ന കുട്ടികളുടെ കൊഴിഞ്ഞ് പോക്ക് പൂർണ്ണമായും ഇല്ലായ്മ ചെയ്യുന്നു.
4	മത്സ്യത്തൊഴിലാളികളുടെ ഭൗതിക സാഹചര്യങ്ങളായ ശുദ്ധജല വിതരണം,വൈദ്യുതി, റോഡ് , പാലങ്ങൾ , കലുങ്കുകൾ, തോടുകൾ എന്നിവയുടെ നിലവാരം ഉയർത്തൽ	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൊതുവിഭാഗത്തിന് നൽകുന്ന ഫണ്ട് മാത്രം ഉപയോഗിച്ച് ഈ മേഖലയിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നു.	മത്സ്യത്തൊഴിലാളികളുടെ ജനസംഖ്യാനുപാതമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഫണ്ട് നീക്കി വെയ്ക്കുന്നു.	അടിസ്ഥാന സൗകര്യങ്ങൾ കുറ്റമറ്റതാക്കുന്നു.
5	കടലാക്രമണത്തിൽ നിന്നും സംരക്ഷണം നേടുന്നതിനായി കണ്ടൽ കാടുകൾ വെച്ച് പിടിപ്പിക്കുക	കടലാക്രമണം മൂലം കടൽഭിത്തിയുള്ളയിടത്ത് പോലും വെള്ളം കയറുന്നു	സാധ്യമായ പ്രദേശങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം വനംവകുപ്പിന്റെ സഹായത്തോടെ കണ്ടൽകാടുകൾ വെച്ച്പിടിപ്പിക്കുന്നു. ഹാച്ചറികളിൽ ഉത്പാദിപ്പിച്ച പച്ചഞെണ്ട് , കാരചെമ്മീൻ എന്നിവയുടെ കുഞ്ഞുങ്ങളെ	കടലാക്രമണം മൂലം വീടുകളിൽ വെള്ളം കയറുന്നത് തടയുന്നു കണ്ടൽവനത്തിന്റെയും ഞെണ്ട് ചെമ്മീൻ എന്നിവയുടെയും സംരക്ഷണം ഗുണഭോക്തൃ സമിതിയെ ഏൽപ്പിക്കുന്നത് മൂലം അവരുടെ വരുമാനം വർദ്ധിക്കുന്നു.

			നിക്ഷേപിക്കുന്നു	
6	തീരദേശ ശുചിത്വം	പ്ലാസ്റ്റിക്ക്, ഖര ദ്രാവക മാലിന്യങ്ങളാൽ തീരദേശം മലിനമണ്	ശുചിത്വ മിഷനുമായി സംയോജിച്ച് സമഗ്ര പദ്ധതി തയ്യാറാക്കുക . ബോധവത്ക്കരണം നടത്തുക	2022 ൽ മാലിന്യ മുക്ത തീരദേശമാക്കുക
7	മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളെ കർമനിരതരാക്കൽ	രജിസ്റ്റർ ചെയ്ത 66 സംഘങ്ങളും 30 ആയി ചുരുങ്ങി. ബാക്കിയുള്ളവ നിർജ്ജീവമാണ്. ഉൾനാടൻ മേഖലയിൽ മത്സ്യകൃഷി സംഘമില്ല	പലിശ രഹിത വർക്കിംഗ് ക്യാപ്പിറ്റൽ നൽകുക മത്സ്യലേലം സംഘങ്ങൾ വഴി മാത്രമാക്കുക	ജില്ലയിലെ 66 സംഘങ്ങളെ സജ്ജീവമാക്കുക. ഉൾനാടൻ മേഖലയിൽ ബ്ലോക്കടിസ്ഥാനത്തിൽ മത്സ്യകർഷക സംഘങ്ങൾ ഉണ്ടാകുക
8	സമഗ്ര മത്സ്യത്തൊഴിലാളി സർവ്വേ	*വ്യക്തമായ ഡാറ്റയുടെ അപര്യാപ്തത *വളരെ പെട്ടെന്ന് മാറികൊണ്ടിരിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിതശൈലി	*വിവിധ വകുപ്പുകളുമായി ചേർന്ന് സമഗ്രമായി സർവ്വേ ആശയങ്ങൾ ഉൾപ്പെടുത്തി സർവ്വേ നടത്തുക	2022 ൽ സമഗ്ര സർവ്വേ റിപ്പോർട്ട് സമർപ്പിക്കുക
9	മത്സ്യതൊഴിലാളികളുടെ പുനരധിവാസം	തീരദേശത്ത് പ്രത്യേകിച്ച് കടലാക്രമണ സാധ്യത പ്രദേശത്ത് മത്സ്യത്തൊഴിലാളികൾ തിങ്ങി താമസിക്കുന്ന സ്വന്തമായി വിടില്ലാത്തവർ ധാരാളം	അനുയോജ്യമായ സ്ഥലം കണ്ടെത്തി പുനരധിവസിപ്പിക്കുക	2022ൽ ചുരുങ്ങിയത് 50% കുടുംബങ്ങളെയും പുനഃരധിവസിപ്പിക്കുക
10	മത്സ്യതൊഴിലാളികളുടെ തൊഴിൽ സ്വഭാവം മൂലം ഉച്ചയ്ക്ക് ശേഷം മാത്രമാണ് ഇവർ കരയിലെത്തുന്നത്	ആരോഗ്യവകുപ്പിൽ തീരദേശത്ത് പ്രവർത്തിക്കുന്ന ആശുപത്രികൾ ഉച്ചയ്ക്ക് ശേഷം പ്രവർത്തിക്കുന്നില്ല. രോഗിയായ കരയിലെത്തുന്ന മത്സ്യത്തൊഴിലാളി ചികിത്സിക്കാതിരിക്കുകയോ സ്വകാര്യ ആശുപത്രിയെ ആശ്രയിക്കുകയോ ചെയ്യുന്നു.	രോഗവുമായി എത്തുന്ന മത്സ്യത്തൊഴിലാളികൾക്ക് 24 മണിക്കൂറും ചികിൽസ ലഭ്യമാക്കുന്നവിധം ആശുപത്രികൾ പ്രവർത്തിക്കുന്നു.	സർക്കാർ ആശുപത്രികൾക്കൊണ്ടുള്ള ഫലം മത്സ്യത്തൊഴിലാളികൾക്ക് പൂർണ്ണമായും ലഭ്യമാകുന്നു. തീരദേശം ആരോഗ്യപൂർണ്ണമായി തുടരുന്നു.
11	ന്യൂജൻ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ	മാരകരോഗങ്ങളുടെ അമിതമായ റിപ്പോർട്ട്, ഡയാലിസിസ്, ക്യാൻസർ, പ്രാംഭ ചികിത്സാ നിർണ്ണയനത്തിനുള്ള അപര്യാപ്തത. ഡി അഡീക്ഷൻ കേന്ദ്രത്തിന്റെ അഭാവം	തീരദേശത്ത് ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി നിർമ്മാണം	പൊന്നാനി ഭാഗത്തും, താനൂർ ഭാഗത്തും നിലവിലെ ബ്ലോക്ക് ആശുപത്രികൾ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലായി ഉയർത്തുക
12	എല്ലാ കുടുംബത്തിനും കുടിവെള്ളം ഒരുക്കൽ	നിലവിൽ ഇത്തരം സംവിധാനം ഇല്ല	വിവിധ വകുപ്പുകളുടെ സഹകരണത്തോടെ മത്സ്യത്തൊഴിലാളികളുടെ ഒരു കുടുംബത്തിന് ഒരു ടാങ്ക് നൽകി അതിലേക്ക് കേരള വാട്ടർ അതോറിറ്റിയുടെ കണക്ഷനും നൽകുക.	എല്ലാ കുടുംബങ്ങൾക്കും ശുദ്ധജല കുടിവെള്ളെ പദ്ധതി പൂർത്തിയാക്കുക
13	തീരദേശ ഹാർബറുകളുടെയും ലാന്റിംഗ് സെന്ററുകളുടെയും നവീകരണംമെസിംഗ് യാർഡുകളുടെ നിർമ്മാണം	ഒരു ഹാർബറും ലാന്റിംഗ് സെന്ററും പരിപൂർണ്ണമായി ഉപോയഗപ്പെടുത്താൻ സാധിക്കുന്നില്ല	എല്ലാ ഹാർബറുകളും ലാന്റിംഗ് സെന്ററുകളും പരിപൂർണ്ണമായി നവീകരിക്കുക. ഓരോ ലാന്റിംഗ് സെന്ററിലും ഒരു മെസിംഗ് യാർഡ് നിർമ്മിക്കുക	2022 ഓടെ എല്ലാ ഹാർബറുകളും അനുബന്ധയാർഡുകളും പ്രവർത്തന സജ്ജമാക്കുക
14	ഉയർന്ന വിദ്യഭ്യാസം നൽകുക	നിലവിൽ ഉയർന്ന വിദ്യഭ്യാസം പരിമിതമാണ്	താനൂരിൽ കഫോസ് ബ്രാഞ്ച് തുടങ്ങുകയും	2022 ൽ പ്രവർത്തനം സജ്ജമാക്കുക

			കരിയർ ഗൈഡൻസ് കോച്ചിംഗ് സെന്ററും സ്ഥാപിക്കുക	
15	ഗുണമേന്മയുള്ള മത്സ്യവിഭവങ്ങൾ തയ്യാറാക്കുക	നിലവിൽ മത്സ്യ ഉണക്കൽ ഗുണമേന്മയില്ല	അത്യാധുനിക സംവിധാനത്തോടെയുള്ള സംരംഭങ്ങൾ തുടങ്ങുക	ചുരുങ്ങിയത് 3 മത്സ്യ സംസ്കരണ ശാലകൾ തുടങ്ങുക
16	ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യസമ്പത്ത് പഠനം വിധേയമാക്കുക	പഠനങ്ങൾ കാര്യമായി നടന്നിട്ടില്ല. അമിതമായ തടയണകളുടെ നിർമ്മാണം മത്സ്യങ്ങളുടെ നിലനിൽപ്പിന് ഭീഷണി	കഫോസുമായി സഹകരിച്ച് ജില്ലയിലെ പൊതുജലാശയങ്ങളുടെ പഠന വിധേയമാക്കി മത്സ്യ അറ്റ്ലസ് പ്രസിദ്ധീകരക്കുക	2022 ൽ മത്സ്യ അറ്റ്ലസ് പ്രസിദ്ധീകരിക്കുക
17	മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനാധിഷ്ഠിത മത്സ്യകൃഷി പദ്ധതി നടപ്പിലാക്കൽ	മത്സ്യത്തൊഴിലാളികൾക്ക് മറ്റ് വരുമാനമാർഗ്ഗമില്ല . മൂല്യമുള്ള ചെറു മത്സ്യങ്ങൾ വൻതോതിൽ നശിക്കപ്പെടുന്നു	മത്സ്യബന്ധനത്തിനിടെ ലഭിക്കുന്ന കാളാഞ്ചി, ചെമ്പല്ലി, കരിമീൻ എന്നിവയുടെ കുഞ്ഞുങ്ങളെ പൊതുജലാശയങ്ങളിൽ കൂടുകളിൽ വളർത്തി വലുതാക്കി വിപണനം ചെയ്യുന്നു.	മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിക്കുന്നു. മൂല്യ മുള്ള മത്സ്യങ്ങളുടെ ഉത്പാദനം കൃഷിയിലൂടെ വർദ്ധിപ്പിക്കുന്നു.

ഉൾനാടൻ മത്സ്യമേഖല വികസന പരിപ്രേക്ഷ്യം

ക്രമ നമ്പർ	സൂചിക	ഇപ്പോഴത്തെ അവസ്ഥ	ആശയങ്ങൾ	2022 ൽ കൈവരിക്കേണ്ട ലക്ഷ്യം
1	ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കൽ (സ്വകാര്യ-പഞ്ചായത്ത് കുളങ്ങൾ) ശാസ്ത്രീയ മത്സ്യകൃഷിയും വൈവിധ്യ വത്ക്കരണവും കുളം നിർമ്മാണവും നവീകരണവും	നിലവിൽ ഹെക്ടർ 1 ന് ഒരു ടണ്ണിന് താഴെ മാത്രമാണ് ഉത്പാദനം അത് മൂന്ന് ടണ്ണായി വർദ്ധിപ്പിക്കുക പല ജലാശയങ്ങളും ഇപ്പോഴും ശാസ്ത്രീയമായി അനുയോജ്യമാക്കിയിട്ടില്ല	പഞ്ചായത്ത് കുളങ്ങളും സ്വകാര്യ കുളങ്ങളും നവീകരിക്കുകയും അതിന് അനുയോജ്യമായി ധനസഹായം നൽകുക	ജില്ലയിൽ 500 ഹെക്ടർ കുളങ്ങൾ നവീകരിച്ച് ഉത്പാദനം 1500 ടണ്ണായി വർദ്ധിപ്പിക്കുക
2	പാടശേഖരങ്ങളിൽ കൃഷി ഒരു നെല്ലും ഒരു മീനും പദ്ധതി	നിലവിൽ ആകെ 200 ഹെക്ടർ കോൾ പാട മേഖലയിൽ 250 ഹെക്ടറിൽ മാത്രമാണ് കൃഷി നടക്കുന്നത്	ജില്ലയിലെ 52 പാടശേഖരങ്ങളിൽ ഒരു നെല്ലും ഒരു മീനും പദ്ധതിക്കാവശ്യമായ ധനസഹായം നൽകുക	കൃഷി 1500 ഹെക്ടർ നടപ്പാക്കുക.ഉത്പാദനം 2000 ടണ്ണായി വർദ്ധിപ്പിക്കുക
3	മത്സ്യകർഷക ക്ലബുകൾക്ക് കെട്ടിട നിർമ്മാണ സാധന സാമഗ്രികകൾ നൽകുക	ജില്ലയിൽ 100ൽ അധികം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മത്സ്യകൃഷി നടക്കുന്നുണ്ടെങ്കിലും മൂന്ന് പഞ്ചായത്തുകളിൽ മാത്രം സ്വന്തമായി കെട്ടിടമുള്ളത്	മത്സ്യകർഷകർക്ക് പ്രയോജനം ലഭിക്കുന്ന വല, ടെസ്റ്റ് കിറ്റ്, പമ്പ് സെറ്റ് തുടങ്ങിയവ ലഭ്യമാക്കുക. പരിശീലനം , മീറ്റിംഗ് സംഘടിപ്പിക്കുന്നതിന് സ്വന്തമായി കെട്ടിടം നർമ്മിക്കുക	ചുരുങ്ങിയത് 50 ക്ലബുകൾക്ക് കെട്ടിടം നിർമ്മിക്കുക
4	ഗുണമേന്മയുള്ള മത്സ്യത്തിന്റെ ലഭ്യത ഉറപ്പ് വരുത്തുക മത്സ്യബൂത്തുകളുടെ നിർമ്മാണം	നിലവിൽ ആധുനിക സംവിധാനത്തോടെയുള്ള മത്സ്യബൂത്തുകളില്ല	അനുയോജ്യമായ സ്ഥലം നിർണ്ണയവും ബൂത്തുകളുടെ നിർമ്മാണവും	എല്ലാ പഞ്ചായത്തുകളിലും മുൻസിപ്പാലിറ്റികളിലും മത്സ്യബൂത്ത്
5	മത്സ്യകൃഷിയിൽ അവബോധം ഉണ്ടാക്കുക സ്കൂൾ അക്വാകൾച്ചർ ക്ലബ്	നിലവിൽ ഒരു സ്കൂളിലും ക്ലബുകൾ പ്രവർത്തിക്കുന്നില്ല	സ്കൂൾ അടിസ്ഥാനത്തിൽ ക്ലബുകൾ രൂപീകരിച്ച് അനുയോജ്യമായ കുളവും അക്വേറിയവും നിർമ്മിക്കുക	ജില്ലയിലെ എല്ലാ ഹയർസെക്കന്ററി സ്കൂളുകളിലും സ്വന്തമായി അക്വാ കൾച്ചർ ക്ലബുകൾ രൂപീകരിക്കുക
6	ഉൾനാടൻ മത്സ്യടൂറിസം നടപ്പാക്കുക പരിസ്ഥിതി സൗഹൃദ ടൂറിസം	നിലവിൽ സമഗ്രമായി ഒരു പദ്ധതി ഇല്ല . വള്ളിക്കുന്ന്	ടൂറിസം വകുപ്പുമായി ചേർന്ന് കണ്ടൽ പ്രദേശത്തും ചുറ്റുവട്ടം	ജില്ലയിൽ ചുരുങ്ങിയത് 5 സ്ഥലത്തിൽ പദ്ധതി ലാക്കുകനടപ്പി

	നടപ്പാക്കുക	പഞ്ചായത്തിലും ചക്രവട്ടം ഭാഗത്തും പദ്ധതിക്ക് അനുയോജ്യം	പ്രദേശത്തും കൂട് മത്സ്യകൃഷിയും പെഡൽ ബോട്ടിംഗും നടപ്പാക്കുക	
7	സംയോജിത മത്സ്യകൃഷി അക്വാപോണിക്സ് കൃഷി വിപുലമാക്കൽ	നിലവിൽ ജില്ലയിൽ വളരെ കുറഞ്ഞ ശതമാനം പേർ മാത്രമാണ് ഇത്തരം കൃഷി രീതികൾ ചെയ്യുന്നത്. അക്വാപോണിക്സിന് വെള്ളം റീസർക്കുലേറ്റ് ചെയ്യുന്നതിനാൽ ജലലഭ്യത കുറവുള്ള പ്രദേശങ്ങളിലും ഈ രീതി നടപ്പിലാക്കാം.	പച്ചക്കറിയും മത്സ്യ കൃഷിയും സംയോജിപ്പിച്ച് 50% യൂണിറ്റ് കോസ്റ്റിന്റെ സബ്സിഡിയായി നൽകി നടപ്പാക്കുക	100 യൂണിറ്റ് നടപ്പാക്കുക

C.മേൽതട്ട് നിർദ്ദേശങ്ങൾ

- ആഴക്കടൽ മത്സ്യബന്ധനത്തിന് പരീക്ഷണാടിസ്ഥാനത്തിൽ ഒരു യാനം ജില്ലയ്ക്ക് അനുവദിച്ച്, കടലിൽ നിന്നും മത്സ്യ ഉത്പാദനം വർദ്ധിപ്പിക്കാനുള്ള പദ്ധതി നടപ്പിൽ വരുത്തുക.
- മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന് മത്സ്യകുഞ്ഞുങ്ങളെ പിടിക്കുന്നത് ഒഴിവാക്കുന്നതിന് സമഗ്ര പദ്ധതി കൊണ്ടുവരിക.
- ട്രോൾബാൻ സമയത്ത് സമ്പൂർണ്ണ മത്സ്യബന്ധന നിരോധനം നടപ്പിലാക്കുകയും മത്സ്യത്തൊഴിലാളികൾക്ക് ഉപജീവനത്തിനുള്ള മാർഗ്ഗം കാണുക.
- ജില്ലയ്ക്ക് സ്ഥിരമായി എല്ലാ ആധുനിക സംവിധാനങ്ങൾ ഉൾപ്പെടുന്ന റെസ്ക്യൂ ബോട്ട് വാങ്ങുന്നതിനുള്ള പദ്ധതി നടപ്പാക്കുക.
- തീരദേശത്ത് ദുരന്ത നിവാരണസേന രൂപീകരിക്കുക.
- ജില്ലയിലെ കൺട്രോൾ റൂം ആധുനിക സംവിധാനങ്ങൾ ഉൾപ്പെടുത്തി കാര്യക്ഷമമാക്കുക.
- അനുബന്ധ മേഖലയിലെ തൊഴിലാളികൾ ഉൾപ്പെട്ട മാതൃകാ മത്സ്യമാർക്കറ്റുകൾ തുടങ്ങുവാൻ പലിശരഹിത വായ്പാ സൗകര്യങ്ങൾ ഒരുക്കുക.
- മത്സ്യബന്ധനത്തിന്റെ ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായി നിശ്ചിത സംഖ്യ ഇനത്തിൽ അധിക സബ്സിഡി നൽകുക
- മത്സ്യവിപണന വാഹനത്തിന് സബ്സിഡി നൽകുക.
- കർമ്മോന്മുഖ മത്സ്യത്തൊഴിലാളികളെ ഇൻഷൂർ ചെയ്യുകയും പ്രീമിയം സർക്കാർ തലത്തിൽ വഹിക്കാനുള്ള സംവിധാനം.

D. കീഴ്തട്ട് നിർദ്ദേശങ്ങൾ

- മത്സ്യബന്ധന ഉപകരണങ്ങൾക്ക് സബ്സിഡി അനുവദിക്കുക.
- ജില്ലയിൽ മത്സ്യത്തൊഴിലാളി സുരക്ഷിതത്തിന് അപകടസൂചനകൾ കാണിക്കുന്ന സംവിധാനങ്ങൾ ഉണ്ടാക്കുക.
- മത്സ്യത്തൊഴിലാളികളെ വിദ്യാഭ്യാസ ഉന്നതിയിൽ എത്തിക്കുന്നതിനു വേണ്ടി വിദ്യാർത്ഥികൾക്ക് വേണ്ടി രാത്രികാല പഠനസൗകര്യങ്ങൾ ഒരുക്കുക.
- താനൂരിലെ ഫിഷറീസ് ടെക്നിക്കൽ സ്കൂളിലെ റസിഡൻഷ്യൽ സംവിധാനം ഒഴിവാക്കി എല്ലാവർക്കും പ്രാപ്യമായ രീതിയിൽ ഉപയോഗിക്കാനുള്ള സൗകര്യങ്ങൾ ഒരുക്കുക.
- മത്സര പരീക്ഷകൾക്ക് പരിശീലനം നല്കുന്നതിനുള്ള കേന്ദ്രങ്ങൾ
- തീരദേശമാലിന്യങ്ങൾ നിർമ്മാർജനം ചെയ്യുന്നതിന് കുടുംബശ്രീ, തൊഴിലുറപ്പ് എന്നിവയെ ഉപയോഗിക്കുക.

- ആരോഗ്യം, വിദ്യാഭ്യാസം, ലഹരി, മാലിന്യമേഖലകളിൽ ബോധവൽക്കരണം നൽകുക.
- മത്സ്യത്തൊഴിലാളി മേഖലയിൽ സാംസ്കാരിക നിലയങ്ങൾ, (വായനശാല, ചർച്ചാവേദികൾ, പരിശീലന ക്ലാസുകൾ) എന്നിവ സ്ഥാപിക്കുക.
- കലാകായിക ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ രൂപീകരിക്കുക.
- മത്സ്യകൃഷിക്ക് ആവശ്യമായ മത്സ്യക്കുഞ്ഞുങ്ങളെ സമയബന്ധിതമായി കർഷകർക്ക് നൽകുക.
- കല്ലുമ്മക്കായ, ഞണ്ട് കൃഷിക്ക് പ്രത്യേക പദ്ധതി തയ്യാറാക്കുക.
- പുഴകളിലെ മത്സ്യകൃഷി ഫാമുകളെ ശാസ്ത്രീയമായി പരിചരിക്കുക (ആഴം വർദ്ധനയടക്കമുള്ള കാര്യങ്ങൾ)
- ഫിഷറീസ് സബ് പ്ലാൻ ആവിഷ്കരിക്കുക.
- ശുദ്ധജല വിതരണ സംവിധാന പദ്ധതികൾ ആവിഷ്കരിക്കുക.
- പഞ്ചായത്തുകളുടെ അധീനതയിലുള്ള കുളങ്ങളും മത്സ്യ കൃഷിക്ക് അനുയോജ്യമായ പുറം പോക്ക് സ്ഥലങ്ങളും പാട്ടത്തിന് നൽകി മത്സ്യകൃഷി വ്യാപിപ്പിക്കുക.

E. സംയോജന സാധ്യതകൾ

മത്സ്യത്തൊഴിലാളി കുടംബങ്ങളുടെ ആരോഗ്യ സംരക്ഷണം

ക്രമ നമ്പർ	പ്രവർത്തനങ്ങൾ	ചുമതലാ സ്ഥാപനങ്ങൾ		
1	മത്സ്യത്തൊഴിലാളി സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേകം പോഷകാഹാരങ്ങൾ	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത്	ഫിഷറീസ്	ആരോഗ്യവകുപ്പ്
2	മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഹെൽത്ത് കാർഡ് പിരിയോഡിക്കൽ ചെക്കപ്പ്		ഫിഷറീസ്	ആരോഗ്യവകുപ്പ്

മുതിർന്ന വിദ്യാർത്ഥികളുടെ കൊഴിഞ്ഞ്പോകൽ

ക്രമ നമ്പർ	പ്രവർത്തനങ്ങൾ	ചുമതലാ സ്ഥാപനങ്ങൾ		
1	ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും മുതിർന്ന ക്ലാസ്സുകളിൽ സൗജന്യ യൂണിഫോം, പോഷകാഹാരം, പഠനോപകരണങ്ങൾ	തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ- ഗ്രാമപഞ്ചായത്ത്	ഫിഷറീസ്	വിദ്യഭ്യാസവകുപ്പ്
2	തീരദ്ദേശ സ്കൂൾ അദ്ധ്യാപകർക്ക് പ്രത്യേക ടെയ്നിംഗ് പദ്ധതി		ഫിഷറീസ്	വിദ്യഭ്യാസവകുപ്പ്

ഫിഷറീസ് സബ് പ്ലാൻ

ക്രമ നമ്പർ	പ്രവർത്തനങ്ങൾ	ചുമതലാ സ്ഥാപനങ്ങൾ
1	തീരദ്ദേശ പഞ്ചായത്തുകൾക്ക് പദ്ധതി വിഹിതം അനുവദിക്കുമ്പോൾ മത്സ്യത്തൊഴിലാളി ജനസംഖ്യാനുപാതമായി ഫണ്ട് അനുവദിക്കണം	ഗ്രാമപഞ്ചായത്ത്
2	ഫണ്ട് ശുദ്ധ ജലവിതരണം, തെരുവ് വിളക്ക്, റോഡുകൾ,	ഗ്രാമപഞ്ചായത്ത്

	പാലങ്ങൾ, കലുങ്കുകൾ എന്നിവയുടെ നിർമ്മാണം എന്നിവയ്ക്കായി നീക്കിവെയ്ക്കണം	

ഹാർബറുകളുടെ നവീകരണം

1	നിർമ്മാണം പൂർത്തിയായ പൊന്നാനി, നിർമ്മാണം നടന്ന് വരുന്ന താനൂർ, പരപ്പനങ്ങാടി എന്നീ ഹാർബറുകൾ അന്താരാഷ്ട്ര നിലവാരത്തിൽ ഡിസൈൻ ചെയ്ത് സ്മൂത്ത് സൗഹൃദമായി പ്രവർത്തിപ്പിക്കണം	ഗ്രാമപഞ്ചായത്ത്	ഫിഷറീസ്	ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്
2	മുനമ്പം ഹാർബർ സൊസൈറ്റി മോഡൽ ഹാർബർ മാനേജ്മെന്റ് സൊസൈറ്റി വഴി ലേലം ഉൾപ്പെടെ കാര്യങ്ങൾ നിയന്ത്രിക്കണം			

കണ്ടൽകാടുകളുടെ സംരക്ഷണം

1	നിലവിലുള്ള കണ്ടൽകാടുകൾ സംരക്ഷിക്കുകയും വൃത്തിയായി മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുമ്പോൾ ലഭ്യമാകുന്ന ഭൂമിയിലും കണ്ടൽകാടുകൾ വെച്ച് പിടിപ്പിക്കുകയും വേണം	ഗ്രാമപഞ്ചായത്ത്	ഫിഷറീസ്	വനം വകുപ്പ്
2	മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് പച്ചഞെണ്ട്കൃഷി വളർത്തുകൃഷി രീതിയിൽ പ്രോത്സാഹിപ്പിക്കുക			

ഒരു നെല്ലും ഒരു മീനും– പാടശേഖരങ്ങളിലെ മത്സ്യകൃഷി വ്യാപനം

1	മലപ്പുറം ജില്ലയിൽ നിലവിലുള്ള 2000 ഹെക്ടർ പാടശേഖരങ്ങളിലും ഉണഭോക്താക്കൾ തയ്യാറുള്ളയിടത്തെല്ലാം മത്സ്യകൃഷി വർദ്ധിപ്പിക്കണം		ഫിഷറീസ്	അഗ്രികൾച്ചർ

4. പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, വനം വികസനം

A. ഹ്രസ്വകാല പരിപ്രേക്ഷ്യം

- ജലസ്രോതസ്സുകളുടെ ശക്തീകരണം

കാലാവസ്ഥാ വ്യതിയാനം ജലസ്രോതസ്സുകളെ നേരിട്ട് ബാധിക്കുന്നു. നദികൾ വരളുന്നതും ഭൂഗർഭജലവിതാനത്തിലുണ്ടാവുന്ന കുറവും അനിയന്ത്രിത മായിക്കൊണ്ടിരിക്കുന്നു. വാട്ടർഷെഡ്ഡ് അടിസ്ഥാനമാക്കിയുള്ള പദ്ധതികൾ നടപ്പിലാക്കുന്നത് വഴി തെരെഞ്ഞെടുത്ത സ്ഥലങ്ങളിലെ ജൈവ വൈവിധ്യ വളർച്ച നിലനിർത്താൻ സാധിക്കുന്നു. ഈ പദ്ധതികളിൽ കുളം നിർമിക്കുക / നിലവിലുള്ള കുളങ്ങൾ സംരക്ഷിക്കുക, സാധ്യമാവുന്ന കനാലുകൾ നിർമിക്കുക, മഴക്കുഴികൾ നിർമിക്കുക, ബണ്ടുകൾ നിർമിക്കുക, കയ്യാലകൾ നിർമിക്കുക, ആവശ്യമുള്ളിടത്ത് ചെറിയ ചെക്ക് ഡാമുകൾ നിർമിക്കുക, പ്രധാന നദികളുടെ തീരങ്ങൾ മുള, രാമച്ചം, കൈത തുടങ്ങിയവ വച്ച് പിടിപ്പിച്ച് സംരക്ഷിച്ച് നിലനിർത്തുക, സ്കൂളുകളിൽ പ്രകൃതി, പരിസ്ഥിതി ക്ലബ്ബുകൾ രൂപീകരിച്ച്

പൊതുജനങ്ങൾക്കിടയിൽ ജല മലിനീകരണത്തിനെതിരെയുള്ള കാമ്പയിനുകൾ സംഘടപ്പിക്കുക എന്നിവ ഉൾപ്പെടുത്താം.

- ജൈവിക രീതിയിലുള്ള മാലിന്യ നിർമാർജ്ജന സാങ്കേതിക വിദ്യകൾ പ്രചരിപ്പിക്കുക

ജൈവിക രീതിയിലുള്ള മാലിന്യസംസ്കരണം സംസ്ഥാനമൊട്ടാകെയുള്ള ഒരു പ്രധാന പ്രശ്നമാണ്. ഈ പ്രശ്നങ്ങൾക്കുള്ള പരിഹാരമായി ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് ജൈവവളങ്ങൾ നിർമിക്കുന്നതിന് ആവശ്യമായ പരിശീലനങ്ങൾ നൽകുക, ഇത്തരം വളങ്ങൾ കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് പ്രോൽസാഹിപ്പിക്കുന്നതിന് ബന്ധപ്പെട്ട പ്രാദേശിക ഭരണകൂടങ്ങൾ പദ്ധതി തയ്യാറാക്കുക, ഫാമുകളിൽ നിന്നും നഗരങ്ങളിൽ നിന്നുമുള്ള ജൈവ മാലിന്യങ്ങൾ അവയുടെ ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക എന്നിവ പരിഗണിക്കാവുന്നതാണ്.

B. ദീർഘകാല ലക്ഷ്യങ്ങൾ

- ജില്ലയിലെ ഹരിതാഭ വർദ്ധിപ്പിക്കൽ

മൈക്രോ ക്ലൈമറ്റ് ക്രമീകരിക്കാനും കാലാവസ്ഥാ മാറ്റത്തിന്റെ ആഘാതം കുറക്കുന്നതിനും ഈ പദ്ധതിയിലൂടെ വളരെ പ്രധാനപ്പെട്ട ഒരു തുടക്കം സ്വീകരിക്കേണ്ടതുണ്ട്. ജില്ലയുടെ ഹരിതാഭ വർദ്ധിപ്പിക്കുക വഴി ഓരോ അഗ്രോ-ഇക്കോളൊജിക്കൽ യൂണിറ്റുകളിലെയും ഊഷ്മാവ് ക്രമീകരിച്ച് നിലനിർത്താൻ സാധിക്കും.
ചോല വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുക, നഗരവനവൽകരണം, പരമ്പരാഗത സ്പീഷീസുകളിൽ ഉൾപെട്ട മരങ്ങൾ ഉപയോഗിച്ചുള്ള അഗ്രോഫോറസ്ടി പദ്ധതികൾ, കാവുകൾ സംരക്ഷിക്കുക, ദിനാചരണങ്ങളുടെ ഭാഗമായി നട്ട് പിടിപ്പിക്കുന്ന തൈകളുടെ മൂന്ന് വർഷത്തെയെങ്കിലും പരിപാലനം ഉറപ്പാക്കുക തുടങ്ങിയ പദ്ധതികൾ ഓരോ അഗ്രോ-ഇക്കോളൊജിക്കൽ യൂണിറ്റുകളിലും പൊതുജന പങ്കാളിത്തത്തോടെ നടപ്പാക്കാം. ഈ പദ്ധതിക്ക് ആവശ്യമായ തൈകൾ നിലമ്പൂർ സെൻടൽ നെഴ്സറിയിൽ നിന്നും കേരളാ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിലമ്പൂർ സബ് സെന്ററിൽ നിന്നും ഘട്ടം ഘട്ടമായി ഉൽപാദിപ്പിക്കാവുന്നതാണ്.

- നാശോന്മുഖമായ സ്ഥലങ്ങളുടെ പുനസ്ഥാപനം

ഇത്തരം സ്ഥലങ്ങൾ കണ്ടെത്തുകയും അവയുടെ വീണ്ടെടുപ്പിന് ആവശ്യമായ പദ്ധതികൾ ബന്ധപ്പെട്ട പ്രാദേശിക ഭരണകൂടത്തിന്റെ സാഹായത്തോടെ തയ്യാറാക്കുകയും ചെയ്യേണ്ടതുണ്ട്. ഈ പദ്ധതിയിൽ മണ്ണിന്റെ ഗുണങ്ങൾ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ, ഇത്തരം സ്ഥലങ്ങളിൽ ഹരിതാഭ നിർമിക്കൽ, മണ്ണിന്റെ ഈർപ്പം നിലനിർത്തുന്നതിന് ആവശ്യമായ പദ്ധതികൾ തുടങ്ങിയവ ഉൾകൊള്ളിക്കേണ്ടതുണ്ട്.

C.മേൽനട്ട് നിർദ്ദേശങ്ങൾ

- പ്രകൃതി സംരക്ഷണത്തിന്റെ പ്രാധാന്യവും വനത്തിന്റെ ആവശ്യകതയും പ്രൈമറി തലത്തിലെ പാഠ്യ പദ്ധതിയിൽ തന്നെ ഉൾപെടുത്തുക.
- അമിതമായ രീതിയിലുള്ള ഭൂഗർഭ ജല ഉപയോഗത്തിന് നിയന്ത്രണമേർപ്പെടുത്തൽ.
- വനനശീകരണ പ്രവർത്തനങ്ങൾ കൂടുതൽ അനുഭവപ്പെടുന്ന പ്രദേശങ്ങളുടെ പുനരുദ്ധാരണം.
- വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതികൾ രൂപീകരിക്കൽ.
- വനമേഖലയിലെ നദീതടങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ പദ്ധതികൾ രൂപീകരിക്കൽ.
- പരമ്പരാഗത സ്പീഷീസുകളിൽ ഉൾപെട്ട മരങ്ങൾ ഉപയോഗിച്ചുള്ള അഗ്രോഫോറസ്ടി പദ്ധതികൾ.
- പ്രധാന നദികളുടെ തീരങ്ങൾ മുള, രാമച്ചം, കൈത തുടങ്ങിയവ വച്ച് പിടിപ്പിച്ച് സംരക്ഷിച്ച് നിലനിർത്തുക.

- സ്കൂളുകളിൽ പ്രകൃതി, പരിസ്ഥിതി ക്ലബ്ബുകൾ രൂപീകരിച്ച് പൊതു ജനങ്ങൾക്കിടയിൽ ജലമലിനീകരണത്തിനെതിരെയുള്ള കാമ്പയിനുകൾ സംഘടിപ്പിക്കുക.
- മണ്ണിന്റെ ഗുണങ്ങൾ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ.
- മണ്ണിന്റെ ഈർപ്പം നിലനിർത്തുന്നതിന് ആവശ്യമായ പദ്ധതികൾ.
- നാശോന്മുഖമായ സ്ഥലങ്ങളിൽ ഹരിതാഭ നിർമിക്കൽ.
- നദീതീരങ്ങളും കായൽ തീരങ്ങളും പരിസ്ഥിതി സൗഹാർദ്ദമായ രീതിയിൽ സംരക്ഷിക്കുക.
- എയർഹോൺ നിരോധനം മുതലായ നടപടികളിലൂടെ ശബ്ദമലിനീകരണത്തിന്റെ തോത് കുറയ്ക്കുക
- മണൽ ഖനനം ശാസ്ത്രീയമായ രീതിയിൽ നടപ്പിലാക്കുന്നതിന് പദ്ധതികൾ തയ്യാറാക്കുക.
- ജില്ലയിൽ നടപ്പിലാകുന്ന എല്ലാ വികസന പരിപാടികൾക്കും ഗ്രീൻ പ്രോട്ടോകോൾ നിർബന്ധമാക്കുക.
- നിർമ്മാണ മേഖലയിലും ഫർണീച്ചർ മേഖലയിലും തടി ഇതര ഉല്പന്നങ്ങളുടെ ഉപയോഗം പ്രോൽസാഹിപ്പിക്കുക.

D.കീഴ്തട്ട് നിർദ്ദേശങ്ങൾ

- കാട്ടുതീ തടയുന്നതിനാവശ്യമായ നൂതന സാങ്കേതിക വിദ്യകൾ ഏർപ്പെടുത്തൽ
- ചോല വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുക
- നഗര വനവൽകരണം
- കാവുകൾ സംരക്ഷിക്കുക
- കുളം നിർമിക്കുക / നിലവിലുള്ള കുളങ്ങൾ സംരക്ഷിക്കുക
- സാധ്യമാവുന്ന കനാലുകൾ നിർമിക്കുക
- മഴക്കുഴികൾ നിർമിക്കുക, ബണ്ടുകൾ നിർമിക്കുക, കയ്യാലകൾ നിർമിക്കുക
- ആവശ്യമുള്ളിടത്ത് ചെറിയ ചെക്ക് ഡാമുകൾ നിർമിക്കുക
- നഗരപ്രാന്ത പ്രദേശങ്ങളിലെ ഒഴിഞ്ഞ് കിടക്കുന്ന സ്ഥലങ്ങളിൽ ഫലവൃക്ഷങ്ങൾ വച്ച്പിടിപ്പിച്ച് കാർബൺ ന്യൂട്രൽ പഞ്ചായത്ത്/നഗരം എന്ന സങ്കൽപ്പത്തിന് ആവശ്യമായ പദ്ധതികൾ തയ്യാറാക്കുക.
- ദിനാചരണങ്ങളുടെ ഭാഗമായി നട്ട് പിടിപ്പിക്കുന്ന തൈകളുടെ മൂന്ന് വർഷത്തെയെങ്കിലും പരിപാലനം ഉറപ്പാക്കുക.
- ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് ജൈവവളങ്ങൾ നിർമിക്കുന്നതിന് ആവശ്യമായ പരിശീലനങ്ങൾ നൽകുക, ഇത്തരം വളങ്ങൾ കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് പ്രോൽസാഹിപ്പിക്കുന്നതിന് ബന്ധപ്പെട്ട പ്രാദേശിക ഭരണകൂടങ്ങൾ പദ്ധതി തയ്യാറാക്കുക.
- ഫാമുകളിൽ നിന്നും നഗരങ്ങളിൽ നിന്നുമുള്ള ജൈവമാലിന്യങ്ങൾ അവയുടെ ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കുന്നതിനുള്ള പദ്ധതികൾ ബന്ധപ്പെട്ട പ്രാദേശിക ഭരണകൂടങ്ങൾ തയ്യാറാക്കുക.
- പൊന്നാനി മുതൽ കടലുണ്ടിവരെയുള്ള തീരപ്രദേശങ്ങളിൽ ബദാം, കാറ്റാടി, പൂവരശ് മുതലായ മരങ്ങൾ വച്ച് പിടിപ്പിച്ച് ഗ്രീൻ ബെൽറ്റ് നിർമിക്കുക.
- വ്യവസായ ശാലകളിലും, വീടുകളിലും, പൊതുസ്ഥലങ്ങളിലും മഴവെള്ള സഭരണം കർശനമാക്കുക.
- ആശുപത്രികൾ, സ്കൂളുകൾ മുതലായ പൊതു സ്ഥലങ്ങളിൽ മരങ്ങൾ വച്ച് പിടിപ്പിച്ച് സംരക്ഷിക്കുന്നതിന് ആവശ്യമായ പദ്ധതികൾ തയ്യാറാക്കുക.
- സമ്മിശ്ര കൃഷിരീതികൾ പ്രോൽസാഹിപ്പിക്കുക.
- കാട്ടുതീ തടയുന്നതിനുള്ള പദ്ധതി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ തയ്യാറാക്കുക.

- മനുഷ്യ – മൃഗ സംഘർഷം കൂടുതലുള്ള പ്രദേശങ്ങളിൽ സൗരോർജ്ജ വേലി, കിടങ്ങുകൾ തുടങ്ങിയ പദ്ധതികൾ ആസൂത്രണം ചെയ്യുക.

E. സംയോജന സാധ്യതകൾ

ബോക്സ് 7.3

1. മാലിന്യ മുക്ത ചാലിയാർ പദ്ധതി.

സംസ്ഥനത്തെ ഏറ്റവും വലിയ നാലാമത്തെ നദിയായ ചാലിയാറിനെയും അതിന്റെ പോഷക നദികളെയും അതിലേക്കെത്തുന്ന നീർച്ചാലുകളെയും മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ വനം വകുപ്പിന്റെ സഹകരണത്തോടെ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്തത്തിൽ മൂത്തേടം, എടക്കര, ചുങ്കത്തറ, ചാലിയാർ, വഴിക്കടവ്, പോത്തുകൽ എന്നീ ഗ്രാമ പഞ്ചായത്തുകളെയും കൂടി ഉൾകൊള്ളിച്ച് നടപ്പാക്കുന്ന പദ്ധതിയാണിത്. മലപ്പുറം ജില്ലയിലെ മറ്റനദികളിലും ഈ മാതൃകയിൽ പദ്ധതി നടപ്പാക്കാവുന്നതാണ്.

2. കാട്ടുതീ രഹിത നിലമ്പൂർ

വനം വകുപ്പും വനത്തോട് ചേർന്നുള്ള തദ്ദേശ സ്വയം ഭരണ സ്ഥപനങ്ങളായ നിലമ്പൂർ മുനിസിപ്പാലിറ്റി, എടവണ്ണ, മമ്പാട്, ഊർങ്ങാട്ടീരി മൂത്തേടം, എടക്കര, ചുങ്കത്തറ, ചാലിയാർ, വഴിക്കടവ്, പോത്തുകൽ കാളികാവ്, ചോക്കാട്, കരുളായി, കരുവാരകുണ്ട് എന്നിവയെ കൂടി ഉൾകൊള്ളിച്ച് നടപ്പിലാക്കാൻ സാധിക്കുന്ന പദ്ധതിയാണിത്. കാട്ടുതീ പടരാൻ സാധ്യതയുള്ള ജനുവരി മുതൽ മെയ് വരെയുള്ള കാളയളവിൽ അഗ്നി പ്രതിരോധ രേഖ (ഫയർ ലൈൻ) നിർമ്മിച്ചും കാട്ടുതീ പടരാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ നിരീക്ഷകരെ നിയോഗിച്ചും പദ്ധതി ലക്ഷ്യപ്രാപ്തിയിൽ എത്തിക്കാവുന്നതാണ്.

3. മനുഷ്യ-മൃഗ സംഘർഷ രഹിത മലപ്പുറം.

ജില്ലയിൽ കാടിറങ്ങി വരുന്ന വന്യ ജീവികളുടെ ആക്രമണം മൂലം മനുഷ്യരുടെ ജീവനും സ്വത്തിനും കൃഷിക്കും നിരന്തരം നാശനഷ്ടങ്ങൾ സംഭവിച്ച് കൊണ്ടിരിക്കുകയാണ്. ആയത് ലഘൂകരിച്ച് വനമേഖലയോട് ചേർന്ന് വസിക്കുന്നവരുടെ സൈരജീവിതം ഇതുവഴി ഉറപ്പാക്കാവുന്നതാണ്. സ്ഥിരം വന്യ ജീവി സംഘർഷ മേഘലകളിൽ സൗരോർജ്ജ വേലികളും, ആനപ്രതിരോധ മതിലുകളും, കിടങ്ങുകളും സ്ഥാപിച്ചും ഈ പദ്ധതി വനത്തോട് അനുബന്ധിച്ചുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വനം വകുപ്പിന്റെ അനുമതിയോട് കൂടി നടപ്പാക്കാവുന്നതാണ്.

4. കാർബൺ ന്യൂട്രൽ പഞ്ചായത്ത്/മുനിസിപ്പാലിറ്റി.

വാഹനങ്ങളിൽ നിന്നും വ്യവസായ ശാലകളിൽ നിന്നും നിത്യേന പുറം തള്ളുന്ന വിഷ വാതകങ്ങൾ നമ്മുടെ അന്തരീക്ഷത്തെ മലിനമാക്കികൊണ്ടിരിക്കുന്നു. മരങ്ങൾ കാർബൺഡൈ ഓക്സൈഡ് പോലുള്ള വാതകങ്ങളെ ആഗിരണം ചെയ്യുന്നവയാണ്. പഞ്ചായത്ത്/ മുനിസിപ്പാലിറ്റിയുടെ അന്തരീക്ഷത്തിലെ കാർബണിന്റെ അളവ് ശാസ്ത്രീയ പഠനത്തിന് വിധേയമാക്കി ഇത് നിയന്ത്രണ വിധേയമാക്കുന്നതിനായി ആവശ്യമായ അത്രയും മരങ്ങൾ വനം വകുപ്പിന്റെ സഹകരണത്തോടെ വച്ചുപിടിപ്പിച്ചും മലിനീകരണ നിയന്ത്രണ ബോർഡിന്റെ സഹകരണത്തോടെ കൂടിയ തോതിൽ വിഷവാതകങ്ങൾ പുറംതള്ളുന്ന വ്യവസായങ്ങളെ നിയന്ത്രിച്ചും ഈ പദ്ധതി തദ്ദേശ സ്ഥാപനങ്ങൾക്ക് നടപ്പിലാക്കാവുന്നതാണ്. ഇതിനായി വയനാട് ജില്ലയിലെ മീനങ്ങാടി പഞ്ചായത്തിനെ മാതൃകയാക്കാവുന്നതുമാണ്.

5. വ്യവസായം, വാണിജ്യം, തൊഴിൽ, സഹകരണം, കുടുംബശ്രീ

A. ഹ്രസ്വകാല പരിപ്രേക്ഷ്യം

- എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ വ്യവസായ എസ്റ്റേറ്റുകൾ/പ്ലോട്ടുകൾ സ്ഥാപിച്ച് വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുക.
- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിലവിൽ വ്യവസായ ആവശ്യത്തിന് ഏറ്റെടുത്ത ഭൂമി പൂർണ്ണമായും വ്യവസായ ആവശ്യത്തിന് ഉപയോഗിക്കുക.
- അടുത്ത 5 വർഷത്തിനുളളിൽ പുതിയ 7500 എം.എസ്.എം.ഇ യൂണിറ്റുകൾ ആരംഭിക്കുക. ഇതിന്റെ ഭാഗമായി 1000 കോടിയുടെ മൂലധന നിക്ഷേപവും 45000 പേർക്ക് പുതിയതായി തൊഴിലവസരവും സൃഷ്ടിക്കുക.

B. ദീർഘകാല ലക്ഷ്യങ്ങൾ

- അടുത്ത 15 വർഷത്തിനുളളിൽ ജില്ലയെ കേരളത്തിലെ ഏറ്റവും പ്രധാന വ്യവസായ-സൗഹൃദ-മൂലധന നിക്ഷേപ ജില്ലയാക്കി മാറ്റുക.
- ജില്ലയിലെ കാർഷിക വിഭവങ്ങളെ പൂർണ്ണമായും ഉപയോഗപ്പെടുത്തി വ്യവസായികോത്പാദനം ഇരട്ടിയായി വർദ്ധിപ്പിക്കുക.
- ജില്ലയിലെ പരമ്പരാഗത വ്യവസായിക ഉത്പന്നങ്ങൾക്ക് വൈവിധ്യവത്കരണത്തിലൂടെ വിപണി കണ്ടെത്തി പരിപോഷിപ്പിക്കുക.
- കുടുംബശ്രീ ഉത്പന്നങ്ങളുടെ വിപണി കണ്ടെത്തി സംരംഭങ്ങളിലെ സ്ത്രീ പങ്കാളിത്ത നിരക്ക് ഇരട്ടിയാക്കി വർദ്ധിപ്പിക്കുക.

C.മേൽതട്ട് നിർദ്ദേശങ്ങൾ

- അടുത്ത അഞ്ച് വർഷത്തേക്ക് എല്ലാ താലൂക്കുകളിലും ഓരോ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിച്ച് പ്രവർത്തന സജ്ജമാക്കുക.
- വ്യവസായ മേഖലയിൽ മുതൽ മുടക്കിനോ വ്യവസായം ആരംഭിക്കുന്നതിനോ, ദുർബല വിഭാഗങ്ങൾക്ക് ചില പരിമിതികളുണ്ട്. അതിനാൽ വനിത, ബി.പി.എൽ, ഭിന്നശേഷിക്കാർ, മറ്റ് ദുർബ വിഭാഗക്കാർ എന്നിവർക്ക് മാത്രമായി സ്വയം സംരഭങ്ങൾക്കായി പ്രൊജക്ടുകൾ പരിമിതപ്പെടുത്താതെ വ്യവസായ മേഖലയിൽ പൊതു വിഭാഗം പ്രൊജക്ടുകളും അവതരിപ്പിക്കേണ്ടതാണ്.
- വ്യവസായ സംരംഭങ്ങളുടെ അനുമതി ലളിതമായി ലഭിക്കുന്നതിനുമായി സംസ്ഥാന സർക്കാർ ഓർഡിനൻസ് കൊണ്ടുവന്നിട്ടുണ്ടെങ്കിൽ പോലും ഗ്രാമ - മുൻസിപ്പാലിറ്റികളിൽ അതിനനുസരിച്ച് ലൈസൻസസ് പ്രക്രിയ ലഘൂകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
- എടപ്പാൾ ഗ്രാമപഞ്ചായത്തിൽ പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് അപ്പാരൽ പാർക്ക് സ്ഥാപിക്കുക. (പി.പി.പി. മോഡലിൽ)
- വളർന്നു വരുന്ന തലമുറയ്ക്ക് സംരംഭകത്വ ശേഷി വർദ്ധിപ്പിക്കുന്നതിനും പുതിയ സംരംഭകരെ വാർത്തെടുക്കുന്നതിനും അഹമ്മദാബാദിലെ എന്റർപ്രണർ ഡെവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് പോലെ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുമായും കിൻഫ്ര ജില്ലാ വ്യവസായ കേന്ദ്രം എന്നിവയെ ഉപയോഗപ്പെടുത്തി എന്റർപ്രണർ ഡെവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക.
- എടരിക്കോട് ടെക്സ്റ്റയിൽസിനെ പുനരുദ്ധരിക്കുകയോ, ടെക്സ്റ്റൈൽസിന്റെ ഭൂമി മറ്റു വ്യവസായ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനോ ഉപയോഗിക്കുക.

- പൊതുമേഖലയിലോ, സഹകാര്യമേഖലയിലോ ഉള്ള വൻകിട വ്യവസായ സ്ഥാപനങ്ങൾ ജില്ലയിൽ വളരെ കുറവാണ്. അതുകൊണ്ടുതന്നെ അനുബന്ധ വ്യവസായ സ്ഥാപനങ്ങളും ഗണ്യമായി കുറയുന്നു. അതിനാൽ രണ്ടോ അധിലധികമോ വൻകിട വ്യവസായ സ്ഥാപനങ്ങൾ ജില്ലയിൽ പുതിയതായി ഉണ്ടാക്കുന്നത് വ്യവസായ മേഖലയ്ക്ക് ഒരു പുത്തനുണർവുണ്ടാക്കും. അതിനാൽ സർക്കാർ തലത്തിലോ, സർക്കാർ സഹകാര്യപങ്കാളിത്തത്തോടെയോ വൻകിട വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുക.
- സംസ്ഥാനത്ത് അടക്ക ഉല്പാദിപ്പിക്കുന്നതിൽ മലപ്പുറം ജില്ലക്ക് പ്രമുഖസ്ഥാനമാണുള്ളത്. എന്നാൽ ഇവ അതേപോലെ വില്പന നടത്തുകയല്ലാതെ അതിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കപ്പെടുന്നില്ല. പെയിന്റിന്റെ പ്രധാന അസംസ്കൃത വസ്തുവായ അടക്കയുടെ മൂല്യവർദ്ധിത ഉല്പന്നം ഉണ്ടാക്കുന്നതിന് ടെക്നോളജി വികസിപ്പിക്കേണ്ടതാണ്.
- അടുത്ത 5 വർഷത്തിനുള്ളിൽ 3 വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിച്ച് പ്രവർത്തന സജ്ജമാക്കുക. (നിലമ്പൂർ, ഏറനാട്, പെരിന്തൽമണ്ണ താലൂക്കുകൾ) (കേന്ദ്ര-സംസ്ഥാന സർക്കാർ, പൊതു-സഹകാര്യ പങ്കളിത്തം, സഹകാര്യം)
- വിദേശങ്ങളിൽ നിന്നും തിരിച്ചുവരുന്ന ആളുകൾക്ക് വ്യവസായം സംരംഭം ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ ദേശാസാൽകൃത സഹകരണ ബാങ്കുകളുടെ സഹകരണത്തോടെ സമാഹൃത നിധി രൂപീകരിക്കുകയും ഇതിൽ നിന്നും പലിശ സബ്സിഡിയോടുകൂടിയ വായ്പ അനുവദിക്കുകയും ചെയ്യുക.

D.കീഴ്ട്ട് നിർദ്ദേശങ്ങൾ

- അടിസ്ഥാന സൗകര്യ വികസനം:

ജനസാന്ദ്രത കൂടിയ ജില്ലയിൽ വ്യവസായത്തിന് ആവശ്യമായ ഭൂമിയുടെ ലഭ്യത വ്യവസായ വികസനത്തിന് തടസ്സം നിൽക്കുന്നു. അതിനാൽ ലഭ്യമായ ഭൂമി പരമാവധി ഉപയോഗപ്പെടുത്തുക എന്നുള്ളതാണ് ഈ കുറവ് മറിക്കടക്കുന്നതിനുള്ള പോംവഴി.

- നിലവിൽ(പഞ്ചായത്തുകൾ) തദ്ദേശഭരണസ്ഥാപനങ്ങൾ വ്യവസായ ആവശ്യത്തിനുവേണ്ടി നീക്കിവച്ചിരിക്കുന്ന ഭൂമി ഉപയോഗിക്കപ്പെടാതെയോ, ഭാഗികമായി മാത്രം ഉപയോഗിക്കുന്നതോ ആണ്. ഇവയിൽ മറ്റ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി പൂർണ്ണമായും പ്രവർത്തന സജ്ജമാക്കേണ്ടതാണ്.

- ജില്ലയിൽ കൃഷിക്ക് ഉപയുക്തമല്ലാത്ത 7078 ഹെക്ടർ ഭൂമി ഉണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. നിലവിൽ വ്യവസായ ആവശ്യത്തിന് ഭൂമി കണ്ടെത്തിയിട്ടില്ല. തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഈ ഭൂമി ഉപയോഗപ്പെടുത്തി വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുക. വ്യവസായ എസ്റ്റേറ്റിന് ഭൂമി ലഭ്യമല്ലാത്ത തദ്ദേശഭരണസ്ഥാപനങ്ങളിൽ മൾട്ടിസ്റ്റോറീഡ് ഗാല പണിയാവുന്നതാണ്. ഇങ്ങിനെ എല്ലാതദ്ദേശ ഭരണസ്ഥാപനത്തിനും ഒരു വ്യവസായാധിഷ്ഠിത ഭൂമി ഉണ്ടാവേണ്ടതാണ്.

- ഇത്തരം വ്യവസായാധിഷ്ഠിത ഭൂമിയിൽ അടിസ്ഥാന സൗകര്യ വികസനത്തിന് (റോഡ്, കെട്ടിടം, വൈദ്യുതി) തദ്ദേശഭരണസ്ഥാപനങ്ങൾക്ക് തുക നീക്കിവക്കുന്നതിന് നിലവിലുള്ള പദ്ധതി നിർദ്ദേശത്തിൽ ചില പരിമിതികളുണ്ട്. ഇവ മറികടക്കുന്നതിന് വ്യവസായ വികസന പ്ലോട്ടുകളിലേക്കുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് മാത്രം തദ്ദേശഭരണ സ്ഥാപനങ്ങളെ അനുവദിക്കുന്ന തരത്തിൽ നിർദ്ദേശത്തിൽ മാറ്റം വരുത്തുക.

1. വിഭവാധിഷ്ഠിത പ്രശ്ന പരിഹാരങ്ങൾ:

ജില്ലയിൽ വ്യവസായികമായി തൊഴിലവസരങ്ങൾകോണ്ടും, മൂലധന നിക്ഷേപങ്ങൾകൊണ്ടും ഏറ്റവും വികസന സാദ്ധ്യതയുള്ള മേഖലയാണ് ഭക്ഷ്യസംസ്കരണ മേഖലയും, ഗാർമെന്റ്സ് &ടെക്സ്റ്റയിൽസ് മേഖലയും ഭക്ഷ്യസംസ്കരണ മേഖലയെ പരിപോഷിപ്പിക്കുന്നത് കാർഷിക

മേഖലക്ക് പുത്തനുണർവുണ്ടാക്കുമെന്ന കാര്യത്തിൽ സംശയമില്ല. ജില്ലയിലെ പ്രധാന കാർഷിക വിളകളായ തെങ്ങ്, കവുങ്ങ്, വാഴ, കപ്പ എന്നിവയെ പൂർണ്ണമായ തോതിൽ വിനിയോഗപ്പെടുത്തുന്നില്ല. ഇതിൽ നിന്നുണ്ടാക്കാവുന്ന മൂല്യവർദ്ധിത ഉല്പന്നങ്ങൾ കൂടുതൽ മേഖലകളിലേക്ക് വ്യാപരിക്കേണ്ടിയിരിക്കുന്നു. ഇതിനുള്ള ടെക്നോളജി നവകേരള മിഷൻ പോലുള്ള പുതിയ പദ്ധതികളുമായി സംയോജിപ്പിച്ച് വികസിപ്പിക്കേണ്ടതാണ്. ഇതിനായി താഴെപറയുന്ന നിർദ്ദേശങ്ങൾ നടപ്പാക്കാവുന്നതാണ്.

1. കാർഷികോൽപന്നങ്ങളെ മൂല്യ വർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിന് നൂതന സാങ്കേതിക വിദ്യ ലഭ്യമാക്കുന്നതിനും, ആവശ്യമായ അടിസ്ഥാന വികസനമൊരുക്കുന്നതിനും കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടെയുള്ള പദ്ധതിയാണ് SAMPADA(Scheme for agro-marine processing and development of agro clusters). ഇതുമായി ബന്ധപ്പെടുത്തി മലപ്പുറം ജില്ലയിൽ പദ്ധതികൾ രൂപീകരിക്കാവുന്നതാണ്.

2. കാർഷിക വിഭവങ്ങൾ ഏറ്റവുമധികം ലഭ്യമാക്കുന്ന താലൂക്കുകളാണ് ഏറനാട്, നിലമ്പൂർ, പെരിന്തൽമണ്ണ എന്നിവ. ഈ മൂന്നു താലൂക്കുകളെ കേന്ദ്രീകരിച്ചുകൊണ്ട് നിലമ്പൂരിൽ ലഭ്യമാക്കുന്ന 100 ഏക്കർ സ്ഥലത്ത് ഒരു മെഗാഫുഡ് പാർക്ക് ആരംഭിക്കാവുന്നതാണ് ഈ ഭൂമിയിൽ കാർഷിക മൂല്യവർദ്ധിത ഉല്പന്നങ്ങളുടെയും ഡയറിയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെയും സംയുക്തപാർക്ക് സ്ഥാപിക്കുന്നതായിരിക്കും ഉചിതം. ഇതിനെ കൃഷി-വ്യവസായ-മൃഗസംരക്ഷണ വകുപ്പുകളുമായി സംയോജിപ്പിക്കാവുന്നതാണ്. ഇതിനാവശ്യമായ പ്രൊജക്ട് തുകയുടെ 50% കേന്ദ്ര ഗവൺമെന്റിന്റെയും 50% സംസ്ഥാന തദ്ദേശഭരണസ്ഥാപനങ്ങളും വഹിക്കാവുന്നതാണ്.

3. പെരിന്തൽമണ്ണ താലൂക്കിൽ മങ്കട ബ്ലോക്ക് പഞ്ചായത്തിലും, കുറുവ ഗ്രാമപഞ്ചായത്തിലും വ്യവസായ ആവശ്യത്തിനുവേണ്ടി മാറ്റിവച്ച ഭൂമി ലഭ്യമാണ്. ഇവിടെ കേന്ദ്ര-സംസ്ഥാന തദ്ദേശഭരണസ്ഥാപന-സ്വകാര്യ പങ്കാളിത്തത്തോടെ അഗ്രോ പ്രൊസസ്സിംഗ് ക്ലസ്റ്റർ രൂപീകരിക്കാവുന്നതാണ്.

4. ജില്ലയിൽ 70 കി.മി ദൂരം തീരപ്രദേശമാണ് ജില്ലയിലെ മത്സ്യബന്ധന തുറമുഖങ്ങളായ പൊന്നാനി, താനൂർ, പരപ്പനങ്ങാടി എന്നിവയെ കേന്ദ്രീകരിച്ചുകൊണ്ട് മത്സ്യസംസ്കരണ യൂണിറ്റുകൾക്ക് വലിയ സാധ്യതയാണ് ജില്ലക്കുള്ളത്. കൂടാതെ ഇൻലാന്റ് മത്സോല്പാദനത്തിനും സാധ്യതയുള്ള പ്രദേശമാണിത്. പൊന്നാനി മുൻസിപ്പാലിറ്റിയിലോ, പൊന്നാനി, തിരൂർ ബ്ലോക്കുകളിലോ ലഭ്യമാക്കാവുന്ന വ്യവസായ ഭൂമിയും നിലവിലുണ്ട്. ഇതിനെ ഉപയോഗപ്പെടുത്തികൊണ്ട് മത്സ്യ സംസ്കരണ മേഖലയിൽ കേന്ദ്ര സംസ്ഥാന സഹകരണത്തോടെ വ്യവസായ ക്ലസ്റ്റർ രൂപീകരിക്കാവുന്നതാണ്.

വികസിച്ചുകൊണ്ടിരിക്കുന്ന കാലിക്കറ്റ് വിമാനത്താവളവും, പൊന്നാനി തുറുമുഖവും നമുക്ക് നല്ല കയറ്റുമതി സാധ്യതകളാണ് തുറന്നു തരുന്നത്. ഇവയെ പരമാവധി ഉപയോഗപ്പെടുത്തുന്നതിന് ഉല്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്ന അത്യാധുനിക പരിശോധന ലബോറട്ടറികളും ഇതിന്റെ ഭാഗമായി ഉണ്ടാക്കാവുന്നതാണ്.

5. ജില്ലയിൽ വ്യാപകമായി കൃഷി ചെയ്യുവരുന്ന രണ്ടുവിളകളാണ് തെങ്ങും, കവുങ്ങും, ഇവയുടെ ഉല്പന്നങ്ങളെ പൂർണ്ണമായ തോതിൽ ഉപയോഗപ്പെടുത്തുന്നതിന് നമുക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. തേങ്ങയിൽ നിന്നും ഉണ്ടാക്കാവുന്ന മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ 25.30% മാത്രമാണ് നിലവിൽ നമ്മൾ ഉപയോഗപ്പെടുത്തുന്നത്. നാളികേരത്തിന്റെ ഉപവിഭാഗമായ ചിരട്ട, ചകിരി, ചകിരിച്ചോർ എന്നിവ ഉല്പാദന പ്രക്രിയയിൽ ഉൾപ്പെടാതെ ഭൂരിഭാഗവും നഷ്ടപ്പെടുകയാണ്. തൊണ്ടു സംഭരണത്തിന് കേന്ദ്രീകൃത രൂപം ഇല്ലാത്തത് വലിയ പ്രതിബന്ധല ഘടകമാണ്. ഈ വിടവു നികത്തുന്നതിന് ത്രിതല പഞ്ചായത്തുകൾ കേന്ദ്രീകരിച്ചുകൊണ്ട് കുടുംബശ്രീ-സി.ഡി.എസ് സംവിധാനം വഴി ഡി.എഫ് മെഷിൻ വിതരണം ചെയ്ത് ചകിരിയുടെ ഉല്പാദനം വർദ്ധിപ്പിക്കേണ്ടതാണ്.

6. ജൈവ വളത്തിന് ഇന്ന് പ്രാധാന്യം വർദ്ധിച്ചുകൊണ്ടിരിക്കയാണ്. എന്നാൽ ചകിരിചോറിനെ ജൈവവള നിർമ്മാണമാക്കി മാറ്റുന്ന യൂണിറ്റുകൾ നിലവിലില്ല. ചകരിചോറിനെ ജൈവവളമാക്കുന്ന

വിത്ത് പ്ലസ് സൗജന്യമായി നൽകികൊണ്ട് ജൈവവള നിർമ്മാണ യൂണിറ്റുകൾ ജില്ലയിൽ ആരംഭിക്കേണ്ടതാണ്.

7. കൃഷി, സോയിൽകൺസർവേഷൻ, ത്രിതല പഞ്ചായത്ത് എന്നിവ നടപ്പിലാക്കി വരുന്ന മണ്ണ് സംരംക്ഷണത്തിനും, റോഡുനിർമ്മാണം തോടുകളുടെയും, കുളങ്ങളുടെയും, സൈഡ് സംരംക്ഷണം എന്നീ മേഖലകളിലും കയറിന്റെ പുത്തൻ ഉപയോഗങ്ങളിലൊന്നായ കയർ ഭൂവസ്ത്രത്തെ പരമാവധി ഉപയോഗപ്പെടുത്തേണ്ടതാണ്.

8. ചിരട്ടകൊണ്ടുണ്ടാക്കുന്ന ആക്ടിവേറ്റഡ്കാർബൺ (ചിരട്ടകരി) പൊതുമാർക്കറ്റുകളിൽ ആവശ്യക്കാരേറെയാണ്. എന്നാൽ ജില്ലയിൽ ഇത്തരം യൂണിറ്റുകൾ ഒന്നുംതന്നെ നിലവിലില്ല.

9. പരമ്പരാഗത കരകൗശല ജോലി സാധ്യതകളെ ജില്ല ഇതുവരെ ഉപയോഗപ്പെടുത്തിയിട്ടില്ല. ഓർണമെന്റൽ പോട്ടറി, മുളകൊണ്ടുള്ള കരകൗശല ഉല്പന്നങ്ങൾ, മൺപാത്ര നിർമ്മാണം, തടികൊണ്ടുള്ള കരകൗശല ഉല്പന്നങ്ങൾ, ചിരട്ട, തുണി, കയർ, കക്കകൾ എന്നിവയുടെ കരകൗശലവസ്തുക്കൾ തുടങ്ങിയവയുടെ വിപണന സാധ്യതകളെ ജില്ല പൂർണ്ണമായും ഉപയോഗപ്പെടുത്തിയിട്ടില്ല. അതിനാൽ ഇത്തരം ഉല്പന്നങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവന്ന് ക്രാഫ്റ്റ് വില്ലേജ് (കോഴിക്കോട് ഇരിങ്ങൽ മോഡൽ) നിലമ്പൂർ തേക്ക് മ്യൂസിയം പോലുള്ള ടൂറിസ്റ്റ് സെന്ററുകളുമായി സംയോജിപ്പിച്ചുകൊണ്ട് ത്രിതല പഞ്ചായത്ത്-സഹകരണ മേഖലയിൽ ആരംഭിക്കേണ്ടതാണ്.

10. പൊന്നാനി താലൂക്ക് കേന്ദ്രീകരിച്ചുകൊണ്ട് തവിടുകളയാത്ത ബ്രാൻഡഡ് അരി ഉത്പാദിപ്പിക്കുന്ന യൂണിറ്റ് പി.പി.പി മോഡലിൽ ആരംഭിക്കുക.

- നൈപുണ്യ ശേഷി വികസന പ്രശ്നപരിഹാരനിർദ്ദേശങ്ങൾ:

നമ്മുടെ വിഭവങ്ങൾ പരിമിതമാണ്. ഈ വിഭവങ്ങളെ പരമാവധി ഉപയോഗപ്പെടുത്തി സംരംഭകനിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിന് മേൻമയേറിയ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും, പുതിയ പ്രവണതകളെ മനസ്സിലാക്കുന്നതിനും, അവയെ പരിപോഷിപ്പിക്കുന്നതിനും നൈപുണികൾ വികസിപ്പിക്കേണ്ടതുണ്ട്. ഇതിനായി റിസർച്ച് & ഡവലപ്പ്മെന്റ് വിങ്ങും , ഇൻകുബേഷൻ സെന്ററും സ്ഥാപിക്കണം

നമ്മുടെ സമൂഹത്തിലെ മിക്ക ആളുകളും ഇന്ന് വൈറ്റ്കോളർ ജോലിയോട് ആഭിമുഖ്യമുള്ളവരാണ്. ഇവരിൽ സംരംഭകത്വശീലം ചെറുപ്പത്തിലേ വളർത്തുന്നതിന് വ്യവസായ വികസന വകുപ്പ് കോളേജുകളിൽ പദ്ധതി നടപ്പിലാക്കി വരുന്നു. സംരംഭകത്വ വികസന ക്ലബ് പോലുള്ള സംവിധാനം ത്രിതല പഞ്ചായത്തുകളുടെ മേൽനോട്ടത്തിൽ നടപ്പിലാക്കുക. കൂടാതെ ഇത്തരം സംവിധാനങ്ങളിലൂടെ സംരംഭം ആരംഭിക്കുന്നവർക്ക് ഗ്രേസ് മാർക്ക് അനുവദിക്കുക.

- വിപണന പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ:

1. ജില്ലയിൽ ഉല്പാദിപ്പിക്കുന്ന ഉൽപന്നങ്ങൾക്ക് വിപണന സൗകര്യം ലഭ്യമാക്കുന്നതിന് എല്ലാ താലൂക്ക് കേന്ദ്രങ്ങളിലും ഓരോ മാർക്കറ്റിംഗ് ഹൗസുകൾ സ്ഥാപിക്കണം കൂടാതെ ജില്ലക്ക് സ്ഥിരമായി മലപ്പുറം ജില്ലയിലെ കോട്ടക്കുന്ന് താഴ് വരയിൽ റവന്യൂവകുപ്പിന്റെ കൈവശമുള്ള ഭൂമിയിൽ ദേശീയ അന്തർദേശീയ മേളകൾ നടത്തുന്നതിന് സ്ഥിരം എക്സിബിഷൻ സെന്ററും, സെമിനാർ, ബി.ടു.ബി മീറ്റ് എന്നിവ നടത്തുന്നതിന് പി.പി.പി മോഡലിൽ കൺവെൻഷൻ സെന്ററും സ്ഥാപിക്കുക.

2. അന്താരാഷ്ട്ര നിലാവാരമുള്ള വിമാനത്താവളം ജില്ലയിലുണ്ട്. എന്നാൽ ഇതിന്റെ സാധ്യതകളെ നമ്മൾ പൂർണ്ണമായും ഉപയോഗപ്പെടുത്തിയിട്ടില്ല. ജില്ലയിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളെ കയറ്റുമതി ചെയ്യുന്നതിന് വേണ്ട സഹായങ്ങൾ ചെയ്യാനുതകുന്ന കയറ്റുമതി പ്രോത്സാഹന കേന്ദ്രം സ്ഥാപിക്കുക. കൂടാതെ ഇതിനോടാനുബന്ധിച്ച് ഭക്ഷ്യ-മാംസ ഉല്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കാനുതകുന്ന ശീതികരണ സംവിധാനവും ഏർപ്പെടുത്തുക.

3. കുടുംബശ്രീ വഴി ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളെ ഒരു പൊതു ബ്രാന്റിൽ കൊണ്ടുവന്ന് വിപണനം നടത്തുന്നതിന് പദ്ധതി രൂപീകരിക്കുക.

4. ജില്ലാവ്യവസായകേന്ദ്രം വഴിയും കുടുംബശ്രീ വഴിയും ധാരാളം കുടിൽ വ്യവസായ യൂണിറ്റുകൾ നിലവിലുണ്ട്. ഉദാ: അച്ചാർ ഉല്പാദന യൂണിറ്റ്, പപ്പട നിർമ്മാണ യൂണിറ്റ്, മെഴുകുതിരി നിർമ്മാണ യൂണിറ്റ്, എൽ.ഇ.ഡി ബൾബ് നിർമ്മാണ യൂണിറ്റ് എന്നിവ. ഇവ വിപണി മത്സരം നേരിടുന്നതിന് ത്രിതല പഞ്ചായത്ത് കേന്ദ്രീകരിച്ചുകൊണ്ട് നാനോ യൂണിറ്റുകളുടെ കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുകയും അവയുടെ മേൽനോട്ടം പഞ്ചായത്തുകളെ ഏൽപ്പിക്കുകയും ചെയ്യുക.

- തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ വ്യവസായ മേഖലയുമായി ബന്ധപ്പെട്ട പദ്ധതി മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.

1. തദ്ദേശഭരണസ്ഥാപനങ്ങളിലെ വ്യവസായ അനുബന്ധമേഖലയുമായി ബന്ധപ്പെട്ട പല പദ്ധതികളും, പദ്ധതികൾക്കുവേണ്ടി തയ്യാറാക്കുന്ന പദ്ധതികളാണ്. പ്രസ്തുത തദ്ദേശഭരണ സ്ഥാപനത്തിൽ പദ്ധതി ആർക്കുവേണ്ടിയാണോ അതിന്റെ ഗുണഭോക്താക്കൾ ലഭ്യമാണോ എന്ന പ്രാഥമിക അന്വേഷണത്തിനു ശേഷം മാത്രമേ അത്തരം പദ്ധതി രൂപപ്പെടുത്താവൂ.

2. വ്യവസായ മേഖലയിൽ മുതൽ മുടക്കിനോ, വ്യവസായം ആരംഭിച്ച് അത് വിജയത്തിലെത്തിക്കുന്നതിനോ ദുർബല വിഭാഗങ്ങൾക്ക് സാധിക്കണമെന്നില്ല. അതിനാൽ വ്യവസായ മേഖലയിലെ സംരംഭങ്ങൾക്ക് (സ്വയം തൊഴിൽ സംരംഭങ്ങളൊഴികെ) വനിത, ബി.പി.എൽ മറ്റു ദുർബലവിഭാഗങ്ങൾ എന്ന പരിഗണന ഒഴിവാക്കേണ്ടതാണ്.

3. വ്യവസായമേഖലയിൽ അടിസ്ഥാന സൗകര്യ വികസനത്തിന് ഗ്രാമബ്ലോക്ക് ജില്ല പഞ്ചായത്തുകളുടെ സംയുക്ത പ്രൊജക്ടുകൾ ജില്ല പഞ്ചായത്തിന്റെ നേതൃത്വത്തിൽ തയ്യാറാക്കുന്നതായിരിക്കും ഉചിതം.

4. വ്യവസായ മേഖലക്ക് ഉല്പാദന മേഖലയുടെ 25 ശതമാനം തുകയെങ്കിലും നീക്കിവക്കേണ്ടതാണ്.

5. വ്യവസായ വകുപ്പ് കോളജുകളിൽ സംരംഭകത്വ വികസന ക്ലബ്ബ് രൂപീകരിച്ചിട്ടുണ്ട്. ഇവർ കോളജുകളിൽ നിന്നും പിരിഞ്ഞുപോകുന്നതിനുശേഷം തുടർ പ്രവർത്തനങ്ങൾ നിലവിലില്ല. അതിനാൽ ഗ്രാമപഞ്ചായത്ത് തലത്തിൽ സംരംഭകത്വ വികസന ക്ലബ് രൂപീകരിക്കുകയും (വായനശാല, മറ്റു ക്ലബുകൾ പോലെ) തുടർ പ്രവർത്തനം നടത്തേണ്ടതുമാണ്.

6. ഗ്രാമപഞ്ചായത്തുകളിൽ വ്യക്തിഗത സ്വയം സംരംഭങ്ങൾക്ക് പദ്ധതി രൂപീകരിക്കുന്നതുപോലെ ബ്ലോക്ക്, ജില്ല പഞ്ചായത്ത് തലത്തിലും വ്യക്തിഗത പ്രൊജക്ടുകൾ തയ്യാറാക്കേണ്ടതാണ്.

7. വ്യവസായികാവശ്യങ്ങൾക്ക് സ്വന്തമായി ഭൂമി ഏറ്റെടുത്തിരിക്കുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, ഇത്തരം ഭൂമിയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പ്രസ്തുത ഭൂമിയിൽ വ്യവസായം തുടങ്ങുന്നതിനും പ്രൊജക്ടുകൾ സമർപ്പിക്കേണ്ടതാണ്.

8. സ്വന്തമായി വ്യവസായ ഭൂമി ഏറ്റെടുക്കാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇത്തരം ഭൂമി കണ്ടത്തി ഏറ്റെടുക്കുന്നതിനും ഇത്തരം ഭൂമിയിൽ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രൊജക്ടുകൾ ഉൾപ്പെടുത്തേണ്ടതാണ്.

9. ഇത്തരം ഭൂമികളുടെ വികസനത്തിന് തദ്ദേശസ്വയം ഭരണണസ്ഥാപനങ്ങളുടെ സംയുക്ത പ്രൊജക്ടുകളുടെ സാദ്ധ്യത തേടാവുന്നതാണ്.

E. സംയോജന സാധ്യതകൾ

ബോക്സ് 7.4

1. മരം അധിഷ്ഠിത വ്യവസായം

ജില്ലയുടെ 29 ശതമാനത്തോളം ഭാഗം വനമേഖലയാണ്. ഇത് ഏകദേശം 103417 ഹെക്ടർ വരും. ഇതിൽ തന്നെ 90 ശതമാനം വനമേഖല സ്ഥിതി ചെയ്യുന്നത് നിലമ്പൂർ ബ്ലോക്കിൽ ആണ്. മരം സമ്പത്ത് വളരെ അധികമുള്ള ജില്ല ആയതിനാൽ മരം അധിഷ്ഠിത മേഖലയിലുള്ള വ്യവസായങ്ങൾക്കുള്ള സാധ്യത ജില്ലയിൽ കൂടുതലാണ്. ഇത് കൂടാതെ തെങ്ങ്, മുള, ചൂരൽ അധിഷ്ഠിത വ്യവസായൾക്കും വളക്കൂറുള്ള മണ്ണാണ് മലപ്പുറം ജില്ല.

2. നിർമ്മാണ മേഖല

മലപ്പുറം ജില്ലയിൽ ഏതാണ്ട് ഒരു വീട്ടിലെ ഒരു അംഗമെങ്കിലും വിദേശത്ത് ജോലി ചെയ്യുന്നവരും വിദേശ പണം ആശ്രയിച്ച് ജീവിക്കുന്നവരുമാണ്. ജില്ലയിൽ പൊതുവെ കണ്ടുവരുന്ന ഒരു പ്രവണത വില കൂടിയ വില്ലകളും വീടുകളും സുഖകരമായ താമസത്തിനുവേണ്ടിയും അതുപോലെതന്നെ ആർഭാടപൂർവമായ ഷോപ്പിങ്ങ് കോപ്ലക്സുകളും മറ്റും നിർമ്മിക്കുക എന്നതാണ്. അതുകൊണ്ട് തന്നെ നിർമ്മാണ മേഖലക്ക് വേണ്ടി ഉപയോഗിക്കുന്ന ഹോളോ ബ്രിക്സ്, മെറ്റൽസ്, പൈപ്പ്, ടൈൽസ് എന്നിവക്കുള്ള ആവശ്യകത വളരെ കൂടുതലാണ്.

3. ബയോഡിഗ്രേഡിബിൾ പ്ലാസ്റ്റിക്സ്:

മണ്ണിൽ അലിഞ്ഞ് ചേരുന്ന പ്ലാസ്റ്റിക് നിർമ്മാണത്തിന് വളക്കൂറുള്ള ജില്ലയാണ് മലപ്പുറം. പരമ്പരാഗതമായ പെട്രോളിയത്തിന്റെ ഉപോൽപന്നമായ പ്ലാസ്റ്റിക്കിനെ നിരുൽസാഹപ്പെടുത്തുന്നതിന്, പ്രത്യേകിച്ച് വലിച്ചെറിയുന്ന ഉൽപന്നങ്ങളിലും ക്യാരിബാഗുകളിലും, ജില്ല വളരെ അധികം ശ്രദ്ധചെലുത്തുന്നുണ്ട്. ഇവക്ക് ഒരു ബദലായി ബയോഡീഗ്രേഡബിൾ പ്ലാസ്റ്റിക് എന്ന മണ്ണിൽ പൂർണ്ണമായും അലിഞ്ഞുചേരുന്ന സസ്യങ്ങളിൽ വേർതിരിച്ച് എടുക്കുന്ന പ്ലാസ്റ്റിക്ക് കൊണ്ടുള്ള ഉൽപന്ന നിർമ്മാണമാണ്.

4. ലൈറ്റ് എഞ്ചിനീയറിംഗ്

ജില്ലയിൽ വളരെ അധികം വളർന്നുകൊണ്ടിരിക്കുന്ന ഒരു മേഖലയാണ് ലൈറ്റ് എൻഞ്ചിനീയറിംഗ്. ജനസാന്ദ്രത കൂടിയ ജില്ല ആയതിനാൽ തന്നെ നിർമ്മാണമേഖലയിലും മറ്റ ഉപഭോഗങ്ങളിലും ജില്ല വളരെ മുന്നിലാണ്. ഇത്തരം മേഖലയിൽ വൈദഗ്ദ്യമുള്ള തൊഴിലാളികളും ഇന്ന് ജില്ലയിൽ ലഭ്യമാണ്. ആയത് കൊണ്ട്തന്നെ ലൈറ്റ് എഞ്ചിനീയറിംഗ് മേഖലയ്ക്ക് വളരാൻ ഉതകുന്ന മണ്ണാണ് ജില്ലയുടെത്.

5. തേൻ ഉത്പാദനം

ലോക വ്യാപകമായി തേനിന്റെ ആവശ്യകത, പ്രധാനമായും കാട്ടുതേനിന്റെ ആവശ്യകത, കൂടിവരികയാണ്. കാടുകളാൽ സമൃഷ്ടമായ ജില്ലയിൽ ഇതിന്റെ ഉത്പാദനത്തിനുള്ള സാധ്യത വളരെ കൂടുതലാണ്. നിലമ്പൂർ കാടുകളോട് ചേർന്ന് ഒരു തേൻ സംസ്കരണ പ്ലാന്റ് സ്ഥാപിക്കാവുന്നതാണ്.

6. ആയുർവേദ സസ്യ സംബന്ധ മരുന്നുകൾ

ധാരാളം ഔഷധ സസ്യങ്ങൾ വളരുന്ന ഒരു നാടാണ് മലപ്പുറം ജില്ല. പല രോഗങ്ങൾക്കും ആദിവാസി ഗോത്രങ്ങൾ ഇന്ന് ഇത്തരം സസ്യങ്ങളെ ഫലപ്രദമായി ഉപയോഗിക്കുന്നുണ്ട്. ഇവയുടെ വ്യവസായിക വാണിജ്യ സാധ്യതകൾ ഇനിയും നാം ഫലപ്രദമായി വിനിയോഗിച്ചിട്ടില്ല. ഇത്തരം സസ്യങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ശാസ്ത്രീയമായ ഔഷധ നിർമ്മാണവും ഉത്പാദനത്തിനുമുള്ള സാധ്യത ജില്ലയിൽ കൂടുതലാണ്.

7. കാർഷിക ഭക്ഷ്യ സംസ്കരണം

കപ്പ, ചക്ക, മാങ്ങ, പഴം, തേങ്ങ, അടക്ക, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവ യഥേഷ്ടം ലഭിക്കുന്ന ജില്ലയാണ് മലപ്പുറം. ഈ മേഖലയിൽ ഭക്ഷ്യസംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും, ഉത്പാദനത്തിന് സ്വദേശീയമായും അന്തർദേശീയമായും വിപണി കണ്ടെത്താവുന്നതാണ്.

8. മത്സ്യ മാംസ സംസ്കരണം

മലപ്പുറം ജില്ലയിൽ ആകെ 70 കിലോമീറ്റർ തീരപ്രദേശമാണുള്ളത്, കൂടാതെ താനൂരും, പൊന്നാനിയിലുമായി രണ്ട് മത്സ്യബന്ധന ഉറമുഖങ്ങളുമുണ്ട്. ഇവ ഉപയോഗപ്പെടുത്തികൊണ്ട്, മത്സ്യ, മാംസ സംസ്കരണ യൂണിറ്റിന് ജില്ലയിൽ സാധ്യതയുണ്ട്.

9. പൊന്നാനി ബിയ്യം കായലിൽ വിനോദ സഞ്ചാരികൾക്കായി ബോട്ട് സർവീസ്/ ഫ്ളോട്ടിംഗ് റസ്റ്റോറൻറ്

പൊന്നാനി സർക്കിളിലുള്ള സഹകരണ സ്ഥാപനങ്ങളുടെ കൺസോർഷത്തിലൂടെയോ, ഏതെങ്കിലും ഒരു സഹകരണ സ്ഥാപനത്തിന്റെയോ നേതൃത്വത്തിൽ പൊന്നാനി ബിയ്യം കായലിൽ വിനോദ സഞ്ചാരികൾക്കായി ബോട്ട് സർവീസ്/ഫ്ളോട്ടിംഗ് റസ്റ്റോറന്റ് എന്നിവ ആരംഭിക്കാവുന്നതാണ്. ഇപ്പോൾ ഡി റ്റി പി സി യുടെ നിയന്ത്രണത്തിൽ ഉള്ള പൊന്നാനി ബിയ്യം കായലിൽ വിനോദ സഞ്ചാരികൾക്കായി ബോട്ട് സർവീസ്/ഫ്ളോട്ടിംഗ് റസ്റ്റോറന്റ് എന്നിവ ആരംഭിക്കുന്നതിനുള്ള അനുമതിയും, സാമ്പത്തിക സഹായവും ലഭിക്കുകയാണെങ്കൾ ടി പദ്ധതി നടപ്പിലാക്കാവുന്നതാണ്. ഈ പദ്ധതി നടപ്പിലാക്കുന്നത് ജില്ലയുടെ ടൂറിസം മേഖലയുടെ വികസനത്തിന് സഹായകരമാകും.

10. കനോലി കനാൽ വഴി തിരൂർ-പൊന്നാനി റൂട്ടിൽ വിനോദ സഞ്ചാരികൾക്കായി ബോട്ട് സർവീസ് / ഫ്ളോട്ടിംഗ് റസ്റ്റോറന്റ്

ഈ മേഖലയിലുള്ള സഹകരണ സ്ഥാപനങ്ങളുടെ കൺസോർഷ്യത്തിലൂടെയോ, ഏതെങ്കിലും ഒരു സഹകരണ സ്ഥാപനത്തിന്റെയോ നേതൃത്വത്തിൽ കനോലി കനാൽ വഴി തിരൂർ-പൊന്നാനി റൂട്ടിൽ വിനോദ സഞ്ചാരികൾക്കായി ബോട്ട് സർവീസ് / ഫ്ളോട്ടിംഗ് റസ്റ്റോറന്റ് എന്നിവ ആരംഭിക്കാവുന്നതാണ്. ടി പദ്ധതി ആരംഭിക്കുന്നതിനുള്ള അനുമതിയും, സാമ്പത്തിക സഹായവും ലഭിക്കുകയാണെങ്കിൽ പദ്ധതി നടപ്പിലാക്കാവുന്നതാണ്. ഈ പദ്ധതി നടപ്പിലാക്കുന്നത് ജില്ലയുടെ ടൂറിസം മേഖലയുടെ വികസനത്തിന് സഹായകരമാകും

11 കൃഷിയും ടൂറിസവും

നിലമ്പൂർ പട്ടിക വർഗ്ഗ സഹകരണ സംഘം ക്ലിപ്തം നമ്പർ എം 114 ന് മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിലെ ചോക്കാട് പഞ്ചായത്തിലെ ചോക്കാട് ഗിരിജൻ കോളനിയിൽ 60 ഏക്കറോളം ഭൂമി സ്വന്തമായുണ്ട്. വളർന്നുകൊണ്ടിരിക്കുന്ന ഒരു ടൂറിസം മേഖലയാണിത്. ടി സ്ഥലം സന്ദർശിക്കുന്നതിന് നിരവധി വിനോദസഞ്ചാരികൾ ദിവസേന എത്തുന്നുണ്ട്. എന്നാൽ ഇവർക്ക് ആവശ്യമായ യാതൊരു അടിസ്ഥാന സൗകര്യവും ഈ മേഖലയിലില്ല. സംഘത്തിന് സ്വന്തമായുള്ള 60 ഏക്കറോളം ഭൂമി വേലികെട്ടി തിരിച്ച് ടി സ്ഥലത്ത് വാഴ, പച്ചക്കറി മുതലായ കൃഷികൾ ആരംഭിക്കുന്നതിനും. വിനോദ സഞ്ചാരികൾക്ക് ആവശ്യമായ സൗകര്യങ്ങളും. ചായ, സ്നാക്ക്സ്, കരിക്ക് തുടങ്ങിയവ വിൽപ്പന നടത്തുന്നതിനും, പ്രകൃതി സൗന്ദര്യം ആസ്വദിക്കുന്നതിനായി ഒരു വാച്ച് ടവറും ഏറുമാടങ്ങളും പ്രകൃതി സൗഹാർദ്ദമായ രീതിയിൽ നിർമ്മിക്കുന്നതിന് വേണ്ടിയുള്ള പദ്ധതി രൂപീകരിക്കാവുന്നതാണ്. ജൈവരീതിയിൽ കൃഷി ആരംഭിക്കുന്നത് മൂലം ഉത്പ്പന്നങ്ങൾ വളരെ വേഗം വിറ്റഴിക്കുന്നതിനും സാധിക്കും. പട്ടിക വർഗ്ഗത്തിൽ പെടുന്ന കുറച്ച് ആളുകൾക്ക് നേരിട്ടും അല്ലാതെയും തൊഴിൽ നൽകാൻ സാധിക്കുന്ന ഒരു പദ്ധതിയാണിത്. വാഴ, പച്ചക്കറി എന്നിവ വളരെ ഭംഗിയായി കൃഷി ചെയ്യുന്നത് മൂലം കൂടുതൽ വിനോദ സഞ്ചാരികളെ ഈ സ്ഥലത്തേക്ക് ആകർഷിക്കുന്നതിനും സാധിക്കും.

12. നാളികേര സംസ്കരണം വ്യവസായിക അടിസ്ഥാനത്തിൽ നടപ്പിലാക്കുക

നിലവിൽ കോഡൂർ സർവീസ് സഹകരണ ബാങ്ക്, ഊർങ്ങാട്ടിരി സർവീസ് സഹകരണ ബാങ്ക് എന്നിവ നാളികേരം സംസ്കരിച്ച് വെളിച്ചണ്ണയാക്കി വില്പന നടത്തുന്നുണ്ട്. ആയതിൽ കോഡൂർ സർവീസ് സഹകരണ ബാങ്ക് കേരാമൃത് എന്ന പേരിൽ വെളിച്ചണ്ണ ഉണ്ടാക്കി വില്പന നടത്തുന്നുണ്ട്. ടി പദ്ധതികൾ വ്യാവസായിക അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് ആവശ്യമായ

ധനസഹായം അനുവദിക്കുകയാണെങ്കിൽ നാളികേരോപയോഗിച്ചുള്ള മറ്റ് ഉത്പന്നങ്ങളും നിർമ്മിക്കുകയും വിദേശത്തും സ്വദേശത്തും ടി ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനും സാധിക്കുന്നതാണ്. നിരവധി തൊഴിൽ അവസരങ്ങളും സൃഷ്ടിക്കപ്പെടും.

13. കെട്ടിട നിർമ്മാണത്തിനാവശ്യമായ സാധനങ്ങളുടെ വിതരണം

വളരെയധികം നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന ഒരു ജില്ലയാണ് മലപ്പുറം. മലബാർ സിമന്റ്സ് പോലുള്ള സ്ഥാപനങ്ങളുമായി സഹകരിച്ച് ജനങ്ങൾക്ക് മിതമായ നിരക്കിൽ കെട്ടിട നിർമ്മാണ സാമഗ്രികൾ നല്കുന്ന ഒരു പദ്ധതി സഹകരണ സ്ഥാപനങ്ങൾ വഴി ആരംഭിക്കാവുന്നതാണ്. അതുമൂലം ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും ജനങ്ങളെ മോചിപ്പിക്കുന്നതിനും, നിർമ്മാണ മേഖലയിലെ ചെലവുകൾ കുറക്കുന്നതിനും സാധിക്കും.

14. ലൈബ്രറി

മലപ്പുറം ജില്ല വിദ്യാഭ്യാസ മേഖലയിൽ വലിയ മുന്നേറ്റം കാഴ്ച വെച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. എന്നാൽ ഉന്നതവിദ്യാഭ്യാസം ലക്ഷ്യമിടുന്ന വിദ്യാർത്ഥികൾക്ക് പഠനത്തിനാവശ്യമായ എല്ലാ വിവരങ്ങളും ലഭിക്കുന്ന വളരെ അത്യാധുനികമായ ഒരു ലൈബ്രറി മലപ്പുറം ജില്ലയിൽ ആരംഭിക്കാവുന്നതാണ്. അടിസ്ഥാന വിദ്യാഭ്യാസം മുതൽ ഉന്നത പഠനം നടത്തുന്നവർക്ക് വരെ റഫറൻസിനായി എല്ലാവിധ സൗകര്യങ്ങളോടും കൂടി ആരംഭിക്കുന്ന ഈ ലൈബ്രറി മലപ്പുറം ജില്ലയുടെ വിദ്യാഭ്യാസ മേഖലക്ക് വലിയ ഒരു മുതൽക്കൂട്ടാവും.

15. ചക്ക സംസ്കരണം

ജില്ലയിലെ വനിത സംഘങ്ങളുടെ നേതൃത്വത്തിൽ ചക്ക ഉപയോഗിച്ച് ഭക്ഷ്യവസ്തുക്കൾ ഉണ്ടാക്കുന്ന ഒരു യൂണിറ്റ് വ്യാവസായിക അടിസ്ഥാനത്തിൽ നിർമ്മിക്കാവുന്നതാണ്. ചക്കയുടെ ആരോഗ്യപരമായ ഗുണങ്ങളെ പറ്റി ജനങ്ങൾ ബോധവാൻമാരായിട്ടുള്ള ഈ കാലഘട്ടത്തിൽ ഉത്പന്നങ്ങളുടെ വിപണനം കാര്യമായ പ്രതിസന്ധി ഇല്ലാതെ നടത്തുന്നതിന് സാധിക്കും.

16. കേന്ദ്രീകൃത ഇന്നൽ കളക്ഷിവ് സെന്റർ

ഒരു ബ്ലോക്കിലെ കുടുംബശ്രീ ഇന്നൽ യൂണിറ്റുകൾ കോർത്തി ണക്കിക്കൊണ്ട് ആധുനിക സംവിധാനത്തിലും വിപണി സാധ്യത പഠനത്തിന്റെ അടിസ്ഥാനത്തിലും ഗുണമേന്മയും താത്പര്യവും പരിഗണിച്ചുകൊണ്ടുള്ള ഒരു ഏകീകൃത ഇന്നൽ കേന്ദ്രം ആരംഭിക്കാവുന്നതാണ്.

17. പ്ലാസ്റ്റിക് ശ്രെഡിംഗ് യൂണിറ്റുകൾ

എല്ലാ ബ്ലോക്കിലും ശ്രേഷ്ഠമിക്ഷമമായി സംയോജിപ്പിച്ചുകൊണ്ട് കുടുംബശ്രീ വനിതകളുടെ സഹായത്തോടെ മാലിന്യ സംഭരണ കേന്ദ്രങ്ങൾ പ്ലാസ്റ്റിക് ശ്രെഡിംഗ് യൂണിറ്റുകൾ, കൂടാതെ ഹരിത കർമ്മ സേനയുടെ സേവനം ഉപയോഗിച്ചുകൊണ്ട് പഞ്ചായത്ത്, മുനിസിപ്പാലിറ്റി വാർഡുകൾ തമ്മിലുള്ള ബന്ധവും ഊട്ടിയുറപ്പിക്കാനും സഹായകരമാകുന്നു.

സേവനമേഖല

6 – ആരോഗ്യം

A. ഏസ്കോമ പരിപ്രേക്ഷ്യം

- പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ പ്രധാന ഊന്നൽ ആരോഗ്യ പൊതുമേഖലാ രംഗത്തിന്റെ ഗുണനിലവാരമുയർത്തുക, ആരോഗ്യ പരിചരണവുമായി ബന്ധപ്പെട്ട് പ്രാപ്യതയും ചെലവ് താങ്ങാനുള്ള കഴിവും (Out of pocket expenditure) മെച്ചപ്പെടുത്തുക, ഇൻഷ്വറൻസ് പരിരക്ഷ വ്യാപിപ്പിക്കുക, പൊതുജനാരോഗ്യത്തിനും ശുചീകരണത്തിനും വേണ്ട സൗകര്യങ്ങൾ വ്യാപിപ്പിക്കുക. ഇത്തരത്തിൽ ജില്ല നേരിടുന്ന ആരോഗ്യ പ്രശ്നങ്ങളെ കൈകാര്യം ചെയ്യാൻ വേണ്ടി സ്കീമുകളേയും പരിപാടികളേയും പ്രയോജനപ്പെടുത്തും. ഈ കാലയളവിൽ ഏറ്റവും നല്ല രോഗപ്രതിരോധം, രോഗം ഭേദമാക്കൽ സാന്ത്വന പരിചരണം എന്നിവ പൊതു മേഖലയിൽ ലഭ്യമാക്കുക.

- ആദിവാസികൾ, മത്സ്യതൊഴിലാളികൾ, മുതിർന്ന പൗരൻമാർ, ഭിന്നലിംഗക്കാർ തുടങ്ങി സാമൂഹികമായി പിന്നോക്കം നിൽക്കുന്നവരുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കുക.

- ആർദ്രം മിഷൻ ലക്ഷ്യമിടുന്ന

    a) സാംക്രമിക രോഗ സാഹചര്യത്തിലെ വെല്ലുവിളികളെ നേരിടാൻ കഴിവുള്ള പ്രാഥമിക പരിചരണ വ്യവസ്ഥ സൃഷ്ടിക്കുക.
    b) ദ്വിതീയ തലത്തിൽ ഉന്നത നിലവാരമുള്ള ചികിത്സ നൽകുക.
    c) സർക്കാർ ആശുപത്രികളിൽ രോഗീ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുക.

ഇവ പ്രാവർത്തികമാക്കാൻ പ്രത്യേക ശ്രദ്ധ ചെലുത്തും.

ക്രമ നം	ഇനം	എസ്.ഡി.ജി ലക്ഷ്യം
1	മാതൃമരണം	മാതൃമരണ നിരക്ക് 66-ൽ നിന്ന് 30 ആക്കുക.
2	ശിശുമരണം	ശിശുമരണ നിരക്ക് 12-ൽ നിന്ന് 8 ആക്കുക
3	നവജാത ശിശു മരണം	7-ൽ നിന്നും 5 ആക്കുക.
4	5 വയസ്സിനു താഴെയുള്ള കുട്ടികളുടെ മരണ നിരക്ക്.	14-ൽ നിന്ന് 9 ആക്കി കുറക്കുക.
5	മഞ്ഞപ്പിത്തം	വാർഷിക രോഗ ബാധ 50% ആയി കുറക്കുക.
6	മഞ്ഞപ്പിത്തം ബി കുത്തിവെപ്പ്	ജനനത്തോടെ 100% കുട്ടികൾക്കും ലഭ്യമാക്കുക.
7	കുഷ്ഠം	കുഷ്ഠരോഗ ബാധ നിരക്ക് 0.1 ന് താഴെയാക്കുക.
8	മന്ത്	മൈക്രോഫൈലേറിയ നിരക്ക് 1% ന് താഴെയാക്കുക.
9	മലമ്പനി	തദ്ദേശീയ മലമ്പനി ബാധ ഇല്ലാതാക്കുക.
10	ക്ഷയം	മരണ നിരക്ക് പ്രതിവർഷം 1000-ൽ നിന്ന് 650 ആയി കുറക്കുക, പുതിയതായി ടി.ബി ബാധിക്കുന്നവരുടെ നിരക്ക് നിലവിലുള്ളതിൽ നിന്നും 25% കുറക്കുക.
11	എച്ച്.ഐ.വി/എയ്ഡ്സ്	90% എച്ച്.ഐ.വി രോഗികളേയും കണ്ടുപിടിക്കുക, എ.ആർ.ടി ചികിത്സ 90% രോഗികൾക്കും ലഭ്യമാക്കുക.
12	മാനസിക ആരോഗ്യം	സാമൂഹിക മാനസിക ആരോഗ്യ പരിപാടി ബ്ലോക്ക് തലത്തിൽ വ്യാപിപ്പിക്കുക.
13	വ്യായാമം	വ്യായാമക്കുറവ് 10% എങ്കിലും കുറക്കുക.
14	റോഡ് അപകടങ്ങൾ	മരണ നിരക്കും അംഗവൈകല്യം സംഭവിക്കലും ഇപ്പോഴുള്ള നിരക്കിന്റെ 50% ആയി കുറക്കുക.
15	ദന്താരോഗ്യം	സ്കൂൾ കുട്ടികളുടെ ദന്തക്ഷയ നിരക്ക് കുറക്കുക
16	നേത്രാരോഗ്യം	കാഴ്ചവൈകല്യം മൂലമുണ്ടാകുന്ന അന്ധത 25% ആയി കുറക്കുക.

മേൽ പട്ടികയിൽ സൂചിപ്പിച്ച സുസ്ഥിര വികസന ലക്ഷ്യങ്ങൾ (എസ്.ഡി.ജി) 2020 ഓടു കൂടി കൈവരിക്കാൻ വേണ്ട പദ്ധതികൾ ആവിഷ്കരിച്ച് ജില്ലയിൽ നടപ്പിലാക്കുക.

B. ദീർഘകാല ലക്ഷ്യങ്ങൾ

കേന്ദ്ര, സംസ്ഥാന, തദ്ദേശ സ്വയം ഭരണ സ്ഥാപന പദ്ധതികളുടെ ലക്ഷ്യങ്ങളായി കാണേണ്ടത് പ്രധാനമായും എസ്.ഡി.ജി ലക്ഷ്യങ്ങളാണ്. എല്ലാവർക്കും എല്ലാ പ്രായത്തിലും ആരോഗ്യപരമായ ജീവിതം എന്നതാണ് എസ്.ഡി.ജി ലക്ഷ്യത്തിന്റെ കാതൽ. എസ്.ഡി.ജി ലക്ഷ്യം നേടിയെടുക്കാൻ ആരോഗ്യ മേഖലയിലെ ഇടപെടൽ മാത്രം പോര മറിച്ച് ആരോഗ്യ അനുബന്ധ മേഖലകൾ കൂടി പരിഗണിക്കേണ്ടതുണ്ട്. ദാരിദ്ര്യ നിർമ്മാർജ്ജനം, വിശപ്പ് രഹിത സമൂഹം, നിലവാരമുള്ള വിദ്യാഭ്യാസം, ലിംഗ സമത്വം, ശുദ്ധജലവും പൊതു ശുചിത്വവും, ചെലവ് കുറഞ്ഞതും സുരക്ഷിതവുമായ ഊർജ്ജം, മാന്യമായ തൊഴിലും സാമ്പത്തിക ഉന്നതിയും, വ്യവസായ മേഖലയിലെ നൂതന അടിസ്ഥാന സൗകര്യ വികസനം, അസമത്വം ഇല്ലാതാക്കുക, സുസ്ഥിര വികസിത സമൂഹം, ഉത്തരവാദിത്വപരമായ ഉത്പാദനവും ഉപഭോഗവും, നീതിയും സമാധാനവും എന്നിവകൂടി ആരോഗ്യ മേഖലയിലെ ദീർഘകാല പരിപ്രേക്ഷ്യത്തിന്റെ ഭാഗമാണ്.

C. മേൽതട്ട് നിർദ്ദേശങ്ങൾ

- രോഗ നിർണ്ണയത്തിൽ ലാബ് പരിശോധന സംവിധാനത്തിന്റെ അനിവാര്യത പരിഗണിച്ച് എല്ലാ പി.എച്ച്.സി കളിലും ലാബ് ടെക്നീഷ്യൻ പോസ്റ്റും കെമിക്കൽ മറ്റ് ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുക.
- ജലജന്യ രോഗങ്ങൾ വളരെ കൂടുതലായി കാണപ്പെടുന്ന ഈ ജില്ലയിൽ ജല പരിശോധനക്കായി സർക്കാർ തലത്തിൽ അനലറ്റിക്കൽ ലാബ് അനുവദിക്കുക.
- ജില്ലയിലെ ജീവനക്കാർക്ക് യഥാസമയം പരിശീലനം നൽകുന്നതിനായി റസിഡൻഷ്യൽ കേന്ദ്രം അനുവദിക്കണം. പള്ളിക്കലിൽ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള സ്ഥലം ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ്.
- ജനസംഖ്യാനുപാതികമായി എല്ലാ വിഭാഗം ജീവനക്കാരുടേയും തസ്തികകൾ അനുവദിക്കണം.
- എല്ലാ താലൂക്ക് /ജില്ല ആശുപത്രികളിലും ട്രോമ കെയർ യൂണിറ്റ് അനുവദിക്കണം.
- മഞ്ചേരി മെഡിക്കൽ കോളേജിൽ ആവശ്യമായ തസ്തികകളും ഭൗതിക സാഹചര്യങ്ങളും ലഭ്യമാക്കൽ
- ജില്ലയിൽ വർദ്ധിച്ചു വരുന്ന പകർച്ചവ്യാധി പരിഗണിച്ച് ജില്ലക്ക് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് അനുവദിക്കൽ.
- ജില്ലയിലെ മഞ്ചേരി ജനറൽ ആശുപത്രിക്ക് ചെരണിയിൽ നിലവിലുള്ള സ്ഥലം പ്രയോജനപ്പെടുത്തി പുതിയ കെട്ടിടവും അനുബന്ധ സൗകര്യങ്ങളും അനുവദിക്കുക.
- ജില്ലാ നഴ്സിംഗ് സ്കൂളിനും ചെരണിയിൽ നിലവിലുള്ള സ്ഥലം പ്രയോജനപ്പെടുത്തി പുതിയ കെട്ടിടവും അനുബന്ധ സൗകര്യങ്ങളും അനുവദിക്കുക.
- ആയുഷ് സ്ഥാപനങ്ങൾക്ക് മാനദണ്ഡ പ്രകാരമുള്ള അധിക തസ്തിക അനുവദിക്കൽ.
- ആയുർവേദ ജില്ലാ മെഡിക്കൽ ഓഫീസിൽ ക്ലാർക്ക്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകൾ അനുവദിക്കേണ്ടതുണ്ട്.
- മലപ്പുറം കളക്ടറേറ്റിൽ 3 വിഭാഗത്തിന്റേയും ജില്ലാ മെഡിക്കൽ ഓഫീസുകൾ ഒരു കെട്ടിടത്തിൽ ആധുനിക സൗകര്യത്തോടു കൂടി ('ആരോഗ്യ ഭവൻ ') പ്രവർത്തിപ്പിക്കുക.
- എല്ലാ ബ്ലോക്ക് പി.എച്ച്.സി. കളിലും സിവിൽ സർജൻ തസ്തിക ഉറപ്പു വരുത്തുക.
- സി.എച്ച്.സി.കളിലും താലൂക്ക് ആശുപത്രികളിലും ആയതിന് അനുസൃതമായ തസ്തികകളും മറ്റു അടിസ്ഥാന സൗകര്യങ്ങളും ഉറപ്പുവരുത്തുക.

- റവന്യൂ വകുപ്പിൽ ചെയ്യുന്നതുപോലെ ഡോക്ടർമാരെ അതാത് ജില്ലകളിലേക്ക് അനുവദിക്കുകയും ജില്ലക്കുള്ളിൽ അവരുടെ നിയമനം ഭരണ സൗകര്യാർത്ഥം നടത്തുവാനുള്ള അധികാരം ഡി.എം.ഒ. മാർക്കു നല്കുക.
- വാക്സിനേഷൻ ഉൾപ്പെടെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നിയമം മൂലം നിർബന്ധിക്കുക.
- മുനിസിപ്പൽ ആരോഗ്യപ്രവർത്തകരെ പകർച്ച വ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുക.
- ഒരു പി.എച്ച്.സി യുടെ പ്രവർത്തന പരിധി രണ്ടു പഞ്ചായത്തുകളിലായി നില്ക്കുന്നത് പുനർ നിർണ്ണയിച്ച് ഒരു പഞ്ചായത്തിന്റെ കീഴിൽ കൊണ്ടു വരുക.
- ബൈഫർക്കേഷൻ നടക്കാത്ത ആരോഗ്യ സ്ഥാപനങ്ങൾ അവ നടപ്പിലാക്കാൻ വേണ്ട പദ്ധതിക്ക് രൂപം നല്കുക.
- ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക.

D.കീഴ്ഘട്ട് നിർദ്ദേശങ്ങൾ

- സമഗ്ര ആരോഗ്യ പരിപാടിക്കായി ഒരു പദ്ധതി എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും നിർബന്ധമായും ഏറ്റെടുക്കണം. പകർച്ചവ്യാധി, പകർച്ചേതര വ്യാധി എന്നിവയുടെ ചികിത്സക്കും പ്രതിരോധത്തിനും ഈ പദ്ധതിയിൽ ഘടകങ്ങൾ ഉണ്ടാവണം. ആരോഗ്യ വകുപ്പ് നടപ്പാക്കുന്ന പകർച്ചവ്യാധി, പകർച്ചേതര വ്യാധി പ്രവർത്തനങ്ങൾ ആവർത്തിക്കാതെ ഇതിന് പൂരകമാവുന്ന തരത്തലാവണം ഈ പദ്ധതി.
- അമ്മയും കുഞ്ഞും എന്ന ഒരു പ്രോജക്ട് എല്ലാ പഞ്ചായത്തും നിർബന്ധമായും ഏറ്റെടുക്കണം. കുട്ടികളുടെ പ്രതിരോധ കുത്തിവെപ്പ് കവറേജ് വർദ്ധിപ്പിക്കാൻ ഊന്നൽ നൽകണം.
- ആരോഗ്യ വകുപ്പിൽ നിന്നും കിട്ടുന്ന മരുന്ന് തികയാതെ വരുന്ന സ്ഥാപനങ്ങൾ 365 ദിവസവും മരുന്ന് ലഭ്യത ഉറപ്പ് വരുത്താൻ വേണ്ട പ്രോജക്ട് ഉൾപ്പെടുത്തണം.
- സ്ഥലമുള്ള സബ് സെന്ററുകൾ ക്രേന്ദ്രീകരിച്ച് എല്ലാ വിഭാഗം ജനങ്ങൾക്കും വ്യായാമ മുറ പരിശീലനത്തിനും വ്യായാമം ചെയ്യുന്നതിനും സൗകര്യമൊരുക്കുന്ന പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്.
- വർദ്ധിച്ചു വരുന്ന വയോജന ജനസംഖ്യ പരിഗണിച്ച് വയോജന ക്ഷേമ പ്രോജക്ട് എല്ലാ പഞ്ചായത്തും നിർബന്ധമായും ഏറ്റെടുക്കണം
- കിടപ്പിലായ രോഗികൾക്ക് സ്വാന്തനം നൽകുന്ന പരിരക്ഷ പ്രോജക്ട് എല്ലാ ഗ്രാമ പഞ്ചായത്ത് /നഗരസഭ നിർബന്ധമായും ഏറ്റെടുക്കണം.
- സബ്സെന്ററുകളുടെ അറ്റകുറ്റപണി, മെച്ചപ്പെടുത്തൽ, ശോച്യാവസ്ഥ പരിഹരിക്കൽ, മിനി കോൺഫറൻസ് ഹാൾ, ഐ.ഇ.സി സൗകര്യം, ഇന്റർനെറ്റ് കണക്ടിവിറ്റി, കമ്പ്യൂട്ടർ സൗകര്യം എന്നിവക്കായുള്ള പ്രോജക്ട് എല്ലാ പഞ്ചായത്തിലും ഉണ്ടായിരിക്കണം.
- പി.എച്ച്.സി/സി.എച്ച്.സി യിലെ പ്രതിരോധ കുത്തിവെപ്പ് മുറി ശിശു സൗഹൃദമാക്കണം.
- സ്കൂൾ ആരോഗ്യ പദ്ധതി കാര്യക്ഷമമാക്കാൻ ആവശ്യമായ പ്രോജക്ട് എല്ലാ പഞ്ചായത്തുകളും നിർബന്ധമായും ഉൾപ്പെടുത്തണം.
- ഭക്ഷണങ്ങളുടെ ഗുണ പരിശോധനക്ക് ആവശ്യമായ ഒരു മൊബൈൽ ലാബ് ജില്ലാ പഞ്ചായത്ത് നിർബന്ധമായും ഏറ്റെടുക്കണം.
- താലൂക്ക്, ജില്ലാ ആശുപത്രികളിൽ ബ്ലഡ് ബാങ്ക് സൗകര്യം ഉറപ്പ് വരുത്താൻ ആവശ്യമായ പ്രോജക്ട് എല്ലാ നഗര സഭകളും നിർബന്ധമായും ഏറ്റെടുക്കണം.
- സി.എച്ച്.സി, താലൂക്ക്/ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ ഡയാലിസിസ് സെന്റർ ഉറപ്പവരുത്താൻ ആവശ്യമായ പ്രോജക്ട് നഗരസഭ/ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കാവുന്നതാണ്.

- കാൻസർ രോഗ സ്ക്രീനിംഗ് ആവശ്യമായ പ്രോജക്ട് എല്ലാ ഗ്രാമപഞ്ചായത്തുകളും നിർബന്ധമായും ഏറ്റെടുക്കണം.
- ബസ് സ്റ്റാൻഡ്, പൊതു സ്ഥലം, മാർക്കറ്റ് എന്നിവിടങ്ങളിൽ സുലഭ് ടോയ്ലറ്റ് തുടങ്ങുവാൻ വേണ്ട പ്രോജക്ട് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കണം.
- കാറ്ററിംഗ്, ഹോട്ടൽ, സ്കൂൾ തുടങ്ങിയ ഇടങ്ങളിലെ പാചകക്കാർക്ക് ആരോഗ്യ വിദ്യാഭ്യാസത്തിനും ഹെൽത്ത് കാർഡിനും വേണ്ടി പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്.
- ബസ് സ്റ്റാൻഡ്, പൊതു സ്ഥലം, മാർക്കറ്റ് എന്നിവിടങ്ങളിൽ സ്ത്രീ, വയോജന സൗഹൃദ ടോയലറ്റുകൾ ആവശ്യത്തിനനുസരിച്ച് സ്ഥാപിക്കുവാൻ വേണ്ട പ്രോജക്ട് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കണം.
- ഓട്ടിസം ബാധിച്ച കുട്ടികൾക്ക് പ്രത്യേക ഡേ കെയർ സെന്റർ തുടങ്ങുവാൻ വേണ്ട പ്രോജക്ട് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കണം.
- മത്സ്യ തൊഴിലാളികളുടെ സമഗ്ര ആരോഗ്യ സംരക്ഷണത്തിന് ഉതകുന്ന ഒരു പ്രോജക്ട് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കണം.
- ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കാൻ ഉതകുന്ന ഒരു പ്രോജക്ട് എല്ലാ ഗ്രാമ പഞ്ചായത്ത്/നഗരസഭ ഏറ്റെടുക്കണം.
- ബ്രഹ്മഗിരി മോഡൽ അറവുശാല ജില്ലാ പഞ്ചായത്ത് നിർബന്ധമായും ഏറ്റെടുക്കണം.
- ശാസ്ത്രീയ അറവു ശാലകൾ പ്രോജക്ട് എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും ഏറ്റെടുക്കണം.
- മാനസികാരോഗ്യം കുറഞ്ഞു വരുന്ന ഇന്നത്തെ സാഹചര്യത്തിൽ മാനസികാരോഗ്യം ഉറപ്പു വരുത്താൻ ആവശ്യമായ ഒരു പ്രോജക്ട് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കണം.
- ആരോഗ്യ വകുപ്പിന്റേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആരോഗ്യ പ്രോജക്ടുകളേയും ജനകീയമാക്കുന്നതിനായി വരുന്ന വർഷം ആരോഗ്യ സേന രൂപീകരണം, പരിശീലനം എന്നിവക്കായി ഒരു പ്രോജക്ട് ഗ്രാമ പഞ്ചായത്ത്/നഗരസഭ ഏറ്റെടുക്കണം.
- താലൂക്ക്, ജില്ലാ ആശുപത്രികളുടെ മാലിന്യ സംസ്കരണത്തിന് ആവശ്യമായ ഒരു പ്രോജക്ട് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കണം.
- ജില്ലയിലെ 3 കേന്ദ്രങ്ങളിലെങ്കിലും സൈക്യാടി റീഹാബിലിറ്റേഷൻ സെന്റർ തുടങ്ങുവാൻ പ്രോജക്ട് ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കണം.
- മന്ത് രോഗികൾക്കായി മൊബൈൽ മോർബിഡിറ്റി ക്ലിനിക്ക് എന്ന പ്രോജക്ട് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കണം.
- ജില്ലയിലെ 3 ജില്ലാ ആശുപത്രികളിൽ സെക്കണ്ടറി തല പാലിയേറ്റീവ് കെയർ യൂണിറ്റ് ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കണം.
- ജില്ലയിലെ 3 ജില്ലാ ആശുപത്രികളിലും ജെറിയാട്രിക് വാർഡ് തുടങ്ങാൻ ആവശ്യമായ പ്രോജക്ട് ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കണം.
- ഒരു ജില്ലാ ആശുപത്രിയിലെങ്കിലും ജെറിയാട്രിക് പാർക്ക് തുടങ്ങാൻ ആവശ്യമായ പ്രോജക്ട് ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കണം.
- തീരദേശ പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായി ഉയർന്ന തലത്തിലുള്ള പ്രോജക്ട് ജില്ലാപഞ്ചായത്ത് ഏറ്റെടുക്കണം.
- ആയുഷ് സ്ഥാപനങ്ങൾക്ക് പശ്ചാത്തല സൗകര്യമൊരുക്കൽ, മരുന്ന്, ഉപകരണങ്ങൾ വാങ്ങൽ എന്നിവക്ക് ആവശ്യമായ ഒരു പ്രോജക്ട് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളും/നഗരസഭകളും ഏറ്റെടുക്കണം.
- സ്ട്രസ് മാനേജ്മെന്റ് (ഡിപ്രഷൻ ക്ലിനിക്ക്, കൗൺസിലിംഗ്, വിനോദ സൗകര്യം മുതലായവ) ആവശ്യമായ ഒരു പ്രോജക്ട് എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും ഏറ്റെടുക്കണം.

- ആർദ്രം മിഷൻ പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ വികസനത്തിന് സർക്കാർ അനുവദിക്കുന്ന സഹായത്തിനു പുറമേ ആർദ്രം മിഷൻ ലക്ഷ്യമിടുന്ന നേട്ടങ്ങൾ കൈവരിക്കാൻ ആവശ്യമായ ഒരു പ്രോജക്ട് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കണം.
- ലഹരി നിർമ്മാർജ്ജനത്തിനായി സർക്കാർ നടപ്പാക്കുന്ന വിമുക്തി പദ്ധതി ശക്തിപ്പെടുത്താനും ജനകീയമാക്കാനും ഉതകുന്ന പ്രോജക്ട് ഏറ്റെടുക്കണം.
- അംഗൻവാടികളിൽ ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കൗമാര ക്ലബ്ബിന്റെ പ്രവർത്തനം വിപുലപ്പെടുത്താൻ പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്.
- പി.എച്ച്.സി കാഷ് അക്രഡിറ്റേഷൻ പ്രകാരമുള്ള സ്റ്റാർഡേർഡുകൾ ഉറപ്പ് വരുത്തുന്ന തരത്തിലുള്ള പ്രോജക്ട് എല്ലാ പഞ്ചയാത്തുംഏറ്റെടുക്കണം
- എല്ലാ പി.എച്ച്.സി കളിലും കിണർ റീചാർജ്ജിംഗിനു വേണ്ടി വരുന്ന വർഷം ഒരു പ്രാജക്ട് ഏറ്റെടുക്കണം.
- 100 പേർക്കെങ്കിലും ഇരിക്കാൻ കഴിയാവുന്ന വിധത്തിലുള്ള കോൺഫറൻസ് ഹാൾ എല്ലാ പി.എച്ച്.സി കളിലും ഉറപ്പ് വരുത്താൻ ആവശ്യമായ പ്രോജക്ട് ഏറ്റെടുക്കണം.
- നീന്തൽ പരിശീലനം, സൈക്കിൾ പരിശീലനം (കുട്ടികൾക്കും കൗമാരക്കാർക്കും) എന്നിവക്ക് ആവശ്യമായ പ്രോജക്ട് ഗ്രാമ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.
- ആദിവാസി വിഭാഗങ്ങൾ വരുന്ന ബ്ലോക്ക് പഞ്ചായത്തുകളിൽ ഒരു ബ്ലോക്കിന് ഒരു മൊബൈൽ ടൈബൽ യൂണിറ്റ് തുടങ്ങുന്നതിന് ആവശ്യമായ പ്രോജക്ട് ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുക്കണം.
- ആദിവാസി മേഖലയിലെ അമിത ലഹരി ഉപയോഗം കുറയ്ക്കാൻ ആവശ്യമായ പ്രോജക്ട് ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകൾ സംയുക്തമായി ഏറ്റെടുക്കണം (ഐ.റ്റി.ഡി.പി, എക്സൈസ്, പോലീസ്, ആരോഗ്യ വകുപ്പ്) മുതലായ വകുപ്പുകളുടെ സേവനം പ്രോജക്ടിൽ പ്രയോജനപ്പെടുത്തണം.
- ബാല സൗഹൃദ പഞ്ചായത്ത് എന്ന പ്രോജക്ട് ഗ്രാമപഞ്ചായത്തുകൾക്ക് ഉൾപ്പെടുത്താവുന്നതാണ്.
- വ്യക്തിഗതമായും സാമൂഹികമായും പ്രയാസമനുഭവിക്കുന്ന വ്യക്തികൾക്ക് കൗൺസിലിംഗ് നൽകുന്നതിന് വേണ്ടി പ്രാഥമികാരോഗ്യ കേന്ദ്രത്തിനോടനുബന്ധിച്ച് കൗൺസിലിംഗ് കേന്ദ്രം ആരംഭിക്കണം.
- ജില്ലയിൽ ആയുർവേദ വകുപ്പിന് കീഴിൽ ആശുപത്രികളും ഡിസ്പൻസറികളും ഉൾപ്പെടെ 124 സ്ഥാപനങ്ങളാണ് പ്രവർത്തിച്ചു വരുന്നത്. ധാരാളം ആളുകൾ ഈ ചികിൽസാ രീതി പ്രയോജനപ്പെടുത്തുന്നുണ്ട്. ആവശ്യമായ ജീവനക്കാരുടെ അഭാവം, പശ്ചാത്തല സൗകര്യമില്ലായ്മ, ഫർണീച്ചർ ഉൾപ്പടെയുള്ള ഉപകരണങ്ങളുടെ അഭാവം ആവശ്യത്തിന് മരുന്ന് ലഭ്യമല്ലാത്തത് എന്നിവയെല്ലാം ഈ മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്. സ്ഥാപനങ്ങളുടെ സുഗമമായ നടത്തിപ്പിനാവശ്യമായ ഭൗതിക സൗകര്യങ്ങളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്.
- മലപ്പുറം ജില്ലയിൽ ഭാരതീയ ചികിൽസാ വകുപ്പിന് കീഴിലുള്ള സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത സ്ഥാപനങ്ങൾക്ക് സ്ഥലവും കെട്ടിടവും ലഭിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്. (ചോക്കാട്, ചെറുകാവ്, കരുളായി, കുറുക്കൻകുന്ന്, നീറാട്, പറപ്പൂർ, വടക്കുംമുറി, വേങ്ങര, പെരുമണ്ണക്ലാരി, ഏലംകുളം, തെന്നല, വഴിക്കടവ് എന്നീ ഗവ. ആയുർവ്വേദ ഡിസ്പെൻസറികൾക്ക്)
- സ്ട്രസ് മാനേജ്മെന്റ് (ഡിപ്രഷൻ ക്ലിനിക്ക്, കൗൺസിലിംഗ്, വിനോദ സൗകര്യം മുതലായവ- ആയുർവേദ) ആവശ്യമായ ഒരു പ്രോജക്ട് എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും ഏറ്റെടുക്കണം.
- ആർദ്രം മിഷൻ പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ വികസനത്തിന് സർക്കാർ അനുവദിക്കുന്ന സഹായത്തിനു പുറമേ ആർദ്രം മിഷൻ ലക്ഷ്യമിടുന്ന നേട്ടങ്ങൾ കൈവരിക്കാൻ ആവശ്യമായ ഒരു പ്രോജക്ട് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കണം.
- ഹോമിയോ രോഗ പ്രതിരോധം RAECH (Rapid Action Epidemic control in Homoeopathy) എല്ലാ പഞ്ചായത്തിലും നടപ്പിലാക്കുക.

- കെട്ടിടമില്ലാത്ത ഹോമിയോ ഡിസ്പെൻസറികൾക്ക് കെട്ടിടം നിർമ്മിക്കുക.
- ജില്ല/താലൂക്ക് ഹോമിയോ ഡിസ്പെൻസറികളിൽ എക്സ്റേ യൂണിറ്റ് സ്ഥാപിക്കുക.

E. സംയോജന സാധ്യതകൾ

ബോക്സ് 7.5

1. ഗോത്രദളം സമഗ്ര ആദിവാസി സുരക്ഷിത മാതൃത്വം

ജില്ലയിലെ പതിനേഴായിരത്തിൽ പരം ആദിവാസികളിൽ ബഹു ഭ്രൂരിഭാഗവും നിലമ്പൂർ ഉൾവനങ്ങളിലും ഊർങ്ങാട്ടിരി ചോക്കാട്, കാളികാവ്, കരുവാരക്കുണ്ട്, മങ്കട, താഴേക്കോട് എന്നീ പ്രദേശങ്ങളിലാണ് അധിവസിക്കുന്നത്. കേരളത്തിൽതന്നെയുള്ള കാട്ടുനായ്ക്ക, ചോലനായ്ക്കർ, മുതുവാൻമാർ തുടങ്ങിയ ഗോത്രവർഗ്ഗക്കാർ ഇപ്പോഴും ഉൾവനങ്ങളിലാണ് താമസം. യാതൊരു വിധ അടിസ്ഥാന സൗകര്യങ്ങളും പ്രസ്തുത കോളനികളിലില്ല. വാഹന ഗതാഗത സൗകര്യം പോലും മിക്ക കോളനികളിലും ഇല്ല എന്നുള്ളതാണ് വസ്തുത. പരമ്പരാഗതമായി അനുവദിച്ചു വരുന്ന പശ്ചാത്തലം വിട്ട് പുറത്തിറങ്ങാൻ വിമുഖരാണ് ഇക്കൂട്ടർ. ഇത് ഇവർക്കിടയിൽ വലിയ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കാറുണ്ട്. പ്രത്യേകിച്ചും ഗർഭിണികളായ യുവതികളായതിനാൽ തന്നെ പാർശ്വവൽക്കരിക്കപ്പെട്ട ആദിവാസി അമ്മമാരുടെ (ഗർഭിണികളുടേയും കുട്ടികളുടേയും) സർവ്വോൻമുഖരായ പുരോഗതി ലക്ഷ്യം വച്ചുകൊണ്ടാണ് ഗോത്രദളം എന്ന ഈ പദ്ധതിക്ക് രൂപം നൽകിയത്.

ഗർഭിണികളായ അമ്മമാർക്ക് ഉൾവനങ്ങളിൽ നിന്നും ആശുപത്രിയിലേക്ക് വരുന്ന വഴി കാട്ടാനകളുടെ ശല്യം കാരണം തിരിച്ചുപോകേണ്ട അവസ്ഥയും, ആരോഗ്യ പ്രവർത്തകർക്ക് കാട്ടിലേക്ക് പോകാൻ ആനശല്യം കാരണം പറ്റാതാവുകയും ഉണ്ടാവുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് തന്നെ പ്രസവത്തോടെതന്നെ അമ്മയുടേയും കുഞ്ഞിന്റേയും ജീവൻ നഷ്ടപ്പെടുന്ന അവസ്ഥ സംജാതമായിട്ടുണ്ട്. ഇവ പരിഹരിക്കുന്നതിനുവേണ്ടി ഗോത്രവർഗ്ഗക്കാരുടെ തനത് ശൈലി ആശുപത്രികളിൽ പുനർ സൃഷ്ടിച്ചുകൊണ്ട് ആദിവാസികളായ ഗർഭിണികളുടെ സുഖപ്രസവവും അമ്മയുടേയും കുഞ്ഞിന്റേയും ആരോഗ്യ സംരക്ഷണവുമാണ് ലക്ഷ്യമിടുന്നത്.

ആദിവാസി ജനവിഭാഗങ്ങൾ കൂടുതലായുള്ള ചുങ്കത്തറ ആരോഗ്യ ബ്ലോക്കിലെ നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ഗോത്രകോളനി ഭവന മോഡലിന് പ്രത്യേക സജ്ജീകരണത്തോടു കൂടിയ പ്രസവ മുറിയും പ്രസവത്തിൻറെ പ്രതീക്ഷിക്കുന്ന തീയതിക്ക് ഒരു മാസം മുൻപും പ്രസവത്തിനു ശേഷം ഒരാഴ്ചയും ആദിവാസി ആചാര പ്രകാരമുള്ള സംവിധാനം ഒരുക്കണം, ഇതിനായി ഭർത്താവ്, പരിചാരിക എന്നിവരും ഗർഭിണിയുടെ കൂടെ ഉണ്ടാവും. പരിചാരികയെ നിയമിക്കുകയും കൂടെയുള്ള ആൾക്ക് തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുന്നതിന് ദിവസ വേതനവും നൽകണം. ഇതുവഴി അന്യം നിന്ന് പോകുന്ന ഗോത്ര വിഭാഗങ്ങളുടെ സമ്പൂർണ്ണ ആരോഗ്യ പരിരക്ഷ നൽകി വംശ വർദ്ധനവും ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുകയും ചെയ്യും.

2. തുവൽസ്പർശം (സഞ്ചരിക്കുന്ന മോർബിഡിറ്റി മാനേജ്മെൻറ് ക്ലിനിക്ക്)

മലപ്പുറം ജില്ലയിലെ തീരദേശ മേഖലയിൽ മന്ത് രോഗം പിടിപെട്ട് നടക്കാൻ പോലും പറ്റാതെ വീടുകളിൽ ഒറ്റപ്പെട്ട് കഴിയുന്നവർക്ക് വീടുകളിൽ ചെന്ന് അവർക്കുണ്ടാകുന്ന ശാരീരിക പ്രയാസങ്ങൾക്ക് പരിഹാരം കാണുന്ന പദ്ധതിയാണിത്. മന്ത് രോഗം പിടിപെട്ടവരുടെ അസുഖം മാറ്റുക സാധ്യമല്ല. എന്നാൽ അവർ അണുബാധ മൂലം ഉണ്ടാകുന്ന മുറിവുകൾ കഴുകി മരുന്ന് വെക്കുകയും, മറ്റ് ശാരീരിക അസുഖങ്ങൾക്ക് ചികിത്സയും നൽകുന്നു. ജില്ലയിൽ പൊന്നാനി മുനിസിപ്പാലിറ്റിയിൽ 51 വാർഡുകളിലായി 1233 പേരും ഇത്തരം ചികിത്സ ആവശ്യവുമായി

വരുന്നവർ ഉണ്ട്. 263 പേർ താനൂർ, പരപ്പനങ്ങാടി തുടങ്ങിയ പ്രദേശങ്ങളിൽ വേറെയുമുണ്ട്. ഇതിനായി ആശുപത്രി, ഫീൽഡ് ജീവനക്കാർക്ക് പുറമേ ആശമാർ, സന്നദ്ധ സേവാ പ്രവർത്തകർ, ആരോഗ്യസേന പ്രവർത്തകർ എന്നിവർക്ക് പരിശീലനം നൽകി മൊബൈൽ ടീം രൂപീകരിക്കുന്നു. സാന്ത്വന പരിചരണ മാതൃകയിൽ ആഴ്ചയിൽ ഒരു ദിവസം ഓരോ രോഗികളുടേയും പരിശീലനം ലഭിച്ച വളണ്ടിയർമാർ സേവനം നൽകുന്നു. ഇതിനായി ഒരു വാഹനവും മരുന്നുകളും മറ്റ് അനുബന്ധ സാമഗ്രികളുമാണ് ആവശ്യം. ഇത്തരം പ്രവർത്തനം നടത്തുന്നതുമൂലം തീരാ ദുരിതത്തിലായ ആശ്രിതർക്ക് സമൂഹത്തിൽ മാന്യമായ സ്ഥാനവും, അംഗീകാരവും ലഭ്യമാക്കുക എന്നുള്ളതാണ് തുവൽസ്പർശം കൊണ്ട് ഉദ്ദേശിക്കുന്നത്.

3. സാന്ത്വനം – കിഡ്നി രോഗമില്ലാത്ത സമൂഹം

അനിയന്ത്രിതമായ ജീവിത ശൈലി കാരണം ജില്ലയിൽ കിഡ്നി സംബന്ധമായ അസുഖങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യമാണ് ഇന്നുള്ളത്. അതുകൊണ്ടുതന്നെ ഡയാലിസിസ് സെന്ററുകളുടെ എണ്ണവും ദിനം പ്രതി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ നമുക്ക് വേണ്ടത് ഡയാലിസിസ് സെന്ററുകളല്ല. മറിച്ച് ആരോഗ്യകരമായ കിഡ്നിയോടെ ജീവിക്കുന്ന ഒരു സമൂഹമാണ് നമ്മുടെ ലക്ഷ്യം. അതിനായി ആരോഗ്യകരമായ ഭക്ഷണ രീതി, വ്യായാമം, ധ്യാനം മുതലായവ ശീലിക്കേണ്ടിയിരിക്കുന്നു. അമിതമായ ഫാസ്റ്റ് ഫുഡ് സംസ്കാരം, മദ്യപാനം, പുകവലി മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം, ക്രമാതീതമായ കുടിവെള്ള ലഭ്യതക്കുറവ് കിഡ്നി രോഗമുണ്ടാക്കുന്ന വസ്തുതയാണ്. ഇതിനെതിരെ ശക്തമായ ബോധവൽക്കരണത്തോടൊപ്പം കളിസ്ഥലങ്ങളുടെ ലഭ്യത ഓരോ ഗ്രാമ പഞ്ചായത്തുകളും ഉറപ്പ് വരുത്തണം. കൂടാതെ യഥാസമയം യൂറിൻ, ആൽബുമിൻ പരിശോധന, രക്തത്തിൽ സിറം ക്രിയാറ്റിൻ പരിശോധന മുതലായവ യഥാക്രമവും സാർവ്വത്രികമായി നടപ്പിലാക്കി ഇത്തരം അവസ്ഥയിലേക്കെത്തുന്നവരെ നേരത്തേ കണ്ടെത്തി ചികിത്സിച്ച് ഭേദമാക്കും. കിഡ്നി രോഗം മൂലം കഷ്ടപ്പെടുന്നവരില്ലാത്ത മലപ്പുറം ജില്ല സൃഷ്ടിച്ചെടുക്കുകയാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. ഇത്തരം പദ്ധതികൾ എല്ലാ ഗ്രാമ പഞ്ചായത്തുകളും ഏറ്റെടുക്കേണ്ടിയിരിക്കുന്നു.

4. ആയുരാരോഗ്യം – അംഗവൈകല്യങ്ങളില്ലാത്ത സമൂഹം

ശാരീരികവും മാനസികവും സാമൂഹികവുമായ നല്ല അവസ്ഥക്കാണ് ആരോഗ്യം എന്ന് പറയുന്നത്. അത് രോഗമില്ലായ്മയോ അംഗവൈകല്യങ്ങളില്ലായ്മയോ മാത്രമല്ല. ഈ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിനു വേണ്ടിയാണ് ആയുരാരോഗ്യം എന്ന പദ്ധതി ലക്ഷ്യമിടുന്നത്. ഇന്ന് സമൂഹത്തിൽ നിരവധി കാരണങ്ങളാൽ അംഗവൈകല്യം സംഭവിച്ച് ജീവിതം തന്നെ മുരടിച്ചുപോകുന്ന കുറേയേറെ മനുഷ്യർ ജില്ലയിലുണ്ട്. അവർക്ക് ഒരു കൈത്താങ്ങാവുകയും ഇത്തരം അവസ്ഥയിൽ എത്താതിരിക്കാൻ വേണ്ട മുൻകരുതൽ പ്രവർത്തനങ്ങളും ബോധവൽക്കരണ പ്രവർത്തനവുമാണ് ലക്ഷ്യമിടുന്നത്.

5. പട്ടികജാതി ആരോഗ്യ പദ്ധതി

പട്ടികജാതി കോളനികൾ കേന്ദ്രീകരിച്ച് മദ്യം മയക്കുമരുന്ന് ഉപയോഗം വ്യാപകമായതിനാൽ ഈ വിഭാഗങ്ങളുടെ ആരോഗ്യ സാമൂഹിക അവസ്ഥ പിന്നോട്ട് പോകുന്നതായിട്ടാണ് കാണുന്നത്. വിദ്യാഭ്യാസപരമായി കൊഴിഞ്ഞുപോക്കും പിന്നോക്കാവസ്ഥയും ശാസ്ത്രീയ-ആരോഗ്യ അവബോധ മില്ലായ്മയും മൂലം പോഷകകുറവ്, വിളർച്ച തുടങ്ങിയ ആരോഗ്യ പ്രശ്നങ്ങൾ ഇവരിൽ കാണപ്പെടുന്നുണ്ട്. സമഗ്ര സംയോജന പദ്ധതിയിലൂടെ വിവിധ ഡിപ്പാർട്ട്മെന്റുകൾക്ക് പ്രാതിനിധ്യം നൽകി (ആരോഗ്യം, വിദ്യാഭ്യാസം, എക്സൈസ്, സാമൂഹികനീതി, പട്ടികജാതിവികസനം) പദ്ധതികൾ രൂപപ്പെടുത്തിയാൽ ഈ അവസ്ഥയ്ക്ക് മാറ്റം വരുത്താവുന്നതാണ്.

7 – കുടിവെള്ളം

A. ഹ്രസ്വകാല പരിപ്രേക്ഷ്യം

- ശുദ്ധീകരണശാലയില്ലാത്ത പദ്ധതികൾക്ക ശുദ്ധീകരണ ശാല സ്ഥാപിക്കൽ.
- ശുദ്ധീകരണശാലയോടു കൂടിയ നദികൾ ഉറവിടമായ 52 പഞ്ചായത്തുകൾ പ്രയോജനപ്പെടുന്ന പദ്ധതികൾ.
- മലപ്പുറം ശുദ്ധജല വിതരണ പദ്ധതിക്ക് നാമ്പ്രാണിയിൽ തടയിണ
- ശുദ്ധജല ഗുണനിലവാരം മോണിറ്റർ ചെയ്യാൻ ലാബുകൾ
- നിലവിലെ ഉറവിടങ്ങൾ മെച്ചപ്പെടുത്തൽ, എ.സി പൈപ്പുകളടക്കം കേടുവന്ന പൈപ്പുകളും പമ്പ് സെറ്റുകളും മാറ്റി സ്ഥാപിക്കൽ.
- ജലസാക്ഷരത വർദ്ധിപ്പിക്കലും ബോധവൽക്കരണവും ജല ഉപഭോഗത്തിൽ നിയന്ത്രണവും.
- ജലസേചന വകുപ്പിന്റെ സഹായത്തോടെ നദികൾ റെഗുലേബറുകളും വിയറുകളും.

B. ദീർഘകാല ലക്ഷ്യങ്ങൾ

ചാലിയാർ, കടലുണ്ടി, തൂതപ്പുഴ, ഭാരതപ്പുഴ തുടങ്ങിയ ഉറവിടങ്ങളായി നിലവിലുള്ള പദ്ധതികളിൽ ചാലിയാറിൽ മാത്രമാണ് താരതമ്യേന വേനൽ കാലത്തും നീരൊഴുക്കുള്ളത്. അതിനാൽ തന്നെ ഇത്തരം പദ്ധതികളിൽ നിന്നും ആഴ്ചയിൽ രണ്ടോ മൂന്നോ ദിവസത്തേക്കായി ജലവിതരണം നിയന്ത്രിക്കേണ്ടിവരുന്നു. വരൾച്ച ഇപ്പോൾ ചുരുങ്ങിയ വർഷങ്ങളുടെ ഇടവേളകളിൽ ആവർത്തിച്ചു വരുന്ന പ്രക്രിയ ആയിട്ടുണ്ട്. വടക്കു കിഴക്കൻ കാലവർഷം ദുർബ്ബലമാവുകയും ഇടമഴ ലഭിക്കാതെ വരുമ്പോൾ ജലവിതരണം ചിലപ്പോൾ ഏപ്രിൽ മെയ് മാസങ്ങളിൽ നിർത്തി വെക്കേണ്ടി വരികയും ചെയ്യുന്നു. ഈ സമയം ഗുണനിലവാരം ഉറപ്പുവരുത്താൻ കഴിയാത്ത ലോറിയിലൂടെയുള്ള ജലവിതരണത്തെ ജനങ്ങൾ ആശ്രയിക്കേണ്ടി വരുന്നു. നദികളിൽ കാസ്കേഡിംഗ് ടൈപ്പ് ചെക്ക് ഡാമുകൾ നദിയുടെ സ്ലോപ്പ് അനുസരിച്ച് 6/8 കി.മീ. ഇടവിട്ട് തടയണകൾ കെട്ടുന്നത് സ്ഥായിയായ ഒരു നിവാരണമാർഗ്ഗമായിരിക്കും. നദികളിൽ നിന്നും മണൽ വാരുന്നത് ഒഴിവാക്കി റിവർ ടെയിനിംഗ് ജോലികൾ നടത്തി സംരക്ഷിക്കേണ്ടത് ആവശ്യമാണ്. എടുത്തുപറയത്തക്ക ഒരു സംഗതി പല പദ്ധതികളുടെയും ശേഷി വിവിധ കാരണങ്ങളാൽ പൂർണ്ണമായും ഉപയോഗിക്കപ്പെടുത്തുന്നില്ല എന്നതാണ്.

C.മേൽതട്ട് നിർദ്ദേശങ്ങൾ

- പഞ്ചായത്തുകളിൽ പുതുതായി നിർമ്മിക്കുന്ന വീടുകളിൽ ശാസ്ത്രീയമായി രൂപകൽപ്പന ചെയ്ത സെപ്റ്റിക് ടാങ്കുകൾ നിർമ്മിക്കൽ നിർബന്ധമാക്കുക.
- നിലവിലുള്ള വീടുകളിലെ അശാസ്ത്രീയമായി നിർമ്മിച്ചതും ഭൂഗർഭജലം മലിനീകരിക്കുന്നതുമായ സെപ്റ്റിക് ടാങ്കുകൾ പുതുക്കി പണിയുകയും കാലാ കാലങ്ങളിൽ ഡീസ്ലേജ് ചെയ്യുകയും നിർബന്ധമാക്കുക.
- ജില്ലയിൽ സെപ്റ്റേജ് പ്ലാന്റുകൾ നിർമ്മിക്കൽ
- കുടിവെള്ള സംബന്ധമായ എല്ലാ പരിശീലനവും ബോധവൽക്കരണവും എല്ലാവർക്കും നൽകുന്നതിനായി ഒരു ജില്ലാ ജല വിജ്ഞാനകേന്ദ്രം സ്ഥാപിക്കൽ.
- നിലവിലുള്ള VCB/ചെറിയ ചെക്ക്ഡാമുകൾ, കുഴൽ കിണറുകൾ–അറ്റകുറ്റപണികളും പരിപാലനവും വരൾച്ചക്കു മുമ്പെ ഗുണഭോക്തൃ കമ്മിറ്റികൾ വഴി നടപ്പാക്കുക.
- കടലുണ്ടിപുഴയിൽ ഉയർന്ന വെള്ളപൊക്ക ജല വിതാനത്തിൽ നിന്ന് അധികം താഴെ അല്ലാതെ ഇടക്കിടെ റെഗുലേറ്ററുകൾ സ്ഥാപിക്കാൻ വേണ്ട വിശദമായ പഠനം നടത്തലും അവ നിർമ്മിക്കലും.

- പഞ്ചായത്തുകളിലെ വലിയ കുടിവെള്ള പദ്ധതികളിൽ കേന്ദ്ര സംസ്ഥാന സാമ്പത്തിക സഹായം കുറവു വരുന്ന ഘട്ടത്തിൽ പദ്ധതിപൂർത്തീകരിക്കാൻ ത്രിതല പഞ്ചായതത്തുകളും എം.പി, എം.എൽ.എ മാരും ഒരുമിച്ച് ധനസഹായം ലഭ്യമാക്കാൻ ജില്ലാതലത്തിൽ സംവിധാനം ഏർപ്പെടുത്തുക.
- ജലഅതോറിറ്റി 32 ഗ്രാമ പഞ്ചായത്തുകളിൽ ഗുണമേന്മയുള്ള ജലം വിതരണം ചെയ്യാൻ വേണ്ടി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ നിർദ്ദിഷ്ട സമയത്ത് പൂർത്തീകരിക്കുക.
- ജല അതോറിറ്റി 52 പഞ്ചായത്തുകളിൽ പുതുതായി സുരക്ഷിത വെള്ളം ലഭ്യമാക്കാനുള്ള പദ്ധതികൾ ഉടൻ ആവിഷ്കരിച്ച് നിർദ്ദിഷ്ട സമയത്ത് പൂർത്തീകരിക്കുക
- ജലനിധി രണ്ടാം ഘട്ടത്തിൽ ചീക്കോട് കുടിവെള്ള പദ്ധതി ഉൾപ്പെടുത്തി നിർദ്ദിഷ്ട സമയത്ത് പൂർത്തീകരിക്കുക
- മൈനർ ഇറിഗേഷൻ വകുപ്പിന്റെ ബാക്കിക്കുളം, ചമ്രവട്ടം റെഗുലേറ്ററുകളുടെ പൂർത്തീകരിക്കൽ
- ജില്ലയിലെ നദികളുടെ സംരക്ഷണവും പുനർജ്ജീവിപ്പിക്കലും ജന പങ്കാളിത്തത്തോടെ ത്രിതലപഞ്ചായത്തുകളുടെയും മറ്റു വകുപ്പുകളുടെയും സഹകരണത്തോടെ പദ്ധതികൾ ആവിഷ്കരിക്കുകയും മണൽ വാരൽ നിരോധിക്കലും.

D. കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- നിലവിൽ KWA, LSGD, KRWSA കൾ പരിപാലിക്കുന്ന കുടിവെള്ള പദ്ധതികളിൽ കാര്യക്ഷമമല്ലാത്ത ഉറവിടങ്ങൾ, തകർന്നതും ഗുണമേന്മയില്ലാത്തതുമായ പമ്പ്സെറ്റുകൾ, ജിഐ/പിവിസി/എസിപൈപ്പുകൾ മാറ്റി സ്ഥാപിക്കുക.
- പഞ്ചായത്തുകളിൽ ജല അതോറിറ്റി മുഖേന ജലവിതരണം നടത്തിക്കൊണ്ടിരിക്കുന്ന പദ്ധതികളിലെ പൊതുടാപ്പുകൾ ഒഴിവാക്കി ഉപഭോക്താക്കൾക്ക് വീട്ട്കണക്ഷൻ നൽകൽ.
- ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കാൻ ബ്ലോക്ക് അടിസ്ഥാനത്തിൽ ഗവ: ഹയർ സെക്കന്ററി സ്കൂളുകളിൽ നിലവിലുള്ള ലാബ്കൾ നവീകരിച്ച് ജലഗുണനിലവാര പരിശോധനശാല സജ്ജമാക്കൽ.
- എല്ലാ വീടുകളിലും കിണർ റീചാർജ്ജിംഗ് സംവിധാനം ഏർപ്പെടുത്തുക.
- കഴിഞ്ഞ വർഷങ്ങളിൽ അനുമതി ലഭിച്ചതും സാങ്കേതിക കാരണങ്ങളാൽ നടപ്പിലാക്കാൻ സാധിക്കാത്തതുമായ വിവിധ പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതികൾ പുതിയ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.
- മുടങ്ങിക്കിടക്കുന്നതും സാങ്കേതിക കാരണങ്ങളാൽ പൂർത്തീകരിക്കാൻ കഴിയാത്തതുമായ വിവിധ പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കിയ കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കി കമ്മീഷൻ ചെയ്യുവാൻ മുൻഗണന നൽകേണ്ടതാണ്.
- വാട്ടർ അതേറിറ്റി മുഖേന നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളിൽ ജലലഭ്യതക്കനുസരിച്ച് പൈപ്പ് ലൈനുകൾ ദീർഘിപ്പിച്ച് കൂടുതൽ ആളുകൾക്ക് പ്രയോജനം ലഭിക്കത്തക്ക രീതിയിലുള്ള പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.
- ജല സംഭരണത്തിന് വേണ്ടി പുഴകളിൽ സ്ഥിരം തടയണകൾ ആവശ്യമായ സ്ഥലങ്ങളിൽ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾക്ക് മുൻഗണന നൽകേണ്ടതാണ്.
- മഴവെള്ള സംഭരണികൾ, കിണർ റീചാർജ്ജിംഗ് എന്നിവക്ക് മുൻഗണന നൽകേണ്ടതും. എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ സബ്സിഡി അനുവദിക്കേണ്ടതുമാണ്.
- ത്രിതല പഞ്ചായത്തുകളും സംയുക്ത സഹകരണത്തോടെ വരുംകാലങ്ങളിലെ വർൾച്ചാ സമയത്ത് ശുദ്ധജല വിതരണത്തിനുള്ള സമഗ്രമായ നടപടികൾ സ്വീകരിക്കാനാവശ്യമായ ഫണ്ട് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നീക്കി വെക്കേണ്ടതാണ്.
- കിണർ റീചാർജിംഗിന് ഗുണഭോക്തൃ വിഹിതം ഒഴിവാക്കണം. തൊഴിലുറപ്പ് ഫണ്ടും പദ്ധതി വിഹിതവും ഉൾപ്പെടുത്തി ആവിഷ്കരിച്ച് നടപ്പിലാക്കണം.

- ബ്ലോക്ക് അടിസ്ഥാനത്തിൽ ഗവൺമെന്റ് എച്ച് എസ് എസ് കളിൽ കുടിവെള്ള പരിശോധന സൗകര്യം ഉണ്ടാക്കാനുള്ള നിർദ്ദേശം എയ്ഡഡ് എച്ച് എസ് എസ് കളെ കൂടി ഉൾപ്പെടുത്തണം
- പഞ്ചായത്ത് കുടിവെളള പദ്ധതികൾക്ക് വിതരണ ശൃംഖല സ്ഥാപിക്കാൻ ത്രിതല പഞ്ചായത്തുകളും, എം.പി, എം.എൽ.എ, മറ്റ് വകുപ്പ് ഫണ്ടുകളും സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുക.
- പഞ്ചായത്തുകളിൽ പുതുതായി നിർമ്മിക്കുന്ന വീടുകളിൽ ശാസ്ത്രീയമായി രൂപകൽപ്പന ചെയ്ത സെപ്റ്റിക് ടാങ്കുകൾ നിർബന്ധമാക്കുക.
- ത്രിതല പഞ്ചായത്തുകൾ/നഗരസഭകൾ നിലവിലുള്ള കുടിവെള്ള പദ്ധതികൾക്ക് പരിപാലനത്തിനുവേണ്ടി പദ്ധതികൾ ആവിഷ്കരിക്കണം.
- ജലനിധി പദ്ധതികകളുടെ തുടർ നടത്തിപ്പിന് ത്രിതല പഞ്ചായത്തുകൾ സാങ്കേതിക സാമൂഹ്യ ഇടപെടലുകൾ നടത്തണം.
- ത്രിതല പഞ്ചായത്തുകൾ/നഗരസഭകൾ കുടിവെള്ളപദ്ധതികളുടെ ജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ പദ്ധതികൾ ആവിഷ്കരിക്കണം.
- പഞ്ചായത്തുകളിലെ നിലവിലുള്ള കുടിവെള്ള പദ്ധതികൾ പരിപാലിക്കുന്ന ഗുണഭോക്തൃ കമ്മറ്റികൾക്ക് വേണ്ടി സാങ്കേതിക പരിശീലനം നൽകാൻ പദ്ധതികൾ ആവിഷ്കരിക്കണം.
- കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള വിതരണ പദ്ധതികൾ ഉള്ള ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും നിലവിലുള്ള പൊതുടാപ്പുകൾക്ക് പകരം വീട് കണക്ഷൻ നൽകാൻ വേണ്ട പദ്ധതി ആവിഷ്കരിച്ചാൽ അതുവഴി പഞ്ചായത്ത്/ മുനിസിപ്പാലിറ്റി കേരള വാട്ടർ അതോറിറ്റിക്ക് വർഷാവർഷത്തിൽ നൽകേണ്ട ചാർജ്ജ് ഒഴിവാക്കുന്നതുകാരണം സ്ഥാപനങ്ങൾക്ക് സാമ്പത്തിക ബാധ്യത കുറയും.
- തുതല പഞ്ചായത്തുകൾ നിലവിലുള്ള വി സി ബി, ചെറിയ തടയണകൾ, എന്നിവക്ക് പരിപാലനത്തിനായി പദ്ധതികൾ ആവിഷ്കരിക്കണം. ഇത് വഴി വേനൽകാലങ്ങളിൽ ജലം സംഭരിക്കാൻ സാധിക്കുന്നതാണ്.
- വിവിധ ഏജൻസികൾ ഒരു പഞ്ചായത്തിൽ ഒരേ ആവശ്യത്തിന് പദ്ധതികൾ ആവിഷ്കരിക്കുന്നത് ഒഴിവാക്കാൻ തുതല പഞ്ചായത്തുകൾ എല്ലാ വകുപ്പുകളുമായി ഏകോപന സംവിധാനം ഉണ്ടാക്കണം.

E. സംയോജന സാധ്യതകൾ

- ഒരു പദ്ധതി ഏതെങ്കിലും ഏജൻസി ഏറ്റെടുത്താൽ ആവർത്തനം വരുത്തുക വിധം ആ പ്രദേശത്തു തന്നെ മറ്റ് ഏജൻസികൾ പദ്ധതി നടപ്പിലാക്കാതിരിക്കൽ
- അത്തരം പദ്ധതികളിൽ ഏതെങ്കിലും തരത്തിലുള്ള വിടവുണ്ടെങ്കിൽ മറ്റു ഏജൻസികൾക്ക് (ഉദാ:സ്വയംഭരണ സ്ഥാപനങ്ങൾ) അത്തരം കാര്യങ്ങൾക്ക് മുൻഗണന കൊടുക്കാവുന്നതാണ്.
- പദ്ധതി തുടങ്ങുന്നതിന് പദ്ധതി പ്രദേശത്തുള്ളവർക്ക് എഫ്.ജി.ഡി വഴി പദ്ധതി വിശദീകരണം നൽകൽ നിർബന്ധമാക്കണം.
- വിവിധ ഏജൻസികളുടെ ഫണ്ട് പൂൾ ചെയ്ത് അത്തരം പദ്ധതികൾ കൂടുതൽ സാങ്കേതിക പരിജ്ഞാനമുള്ള ഏജൻസി വഴി നടപ്പാക്കാവുന്നതാണ്.
- ജലസാക്ഷരത, മഴവെള്ള സംഭരണം, നദീതട സംരക്ഷണം, ജല-മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ വിവിധ ഏജൻസികളേയും ത്രിതല പഞ്ചായത്തുകളേയും ഏകോപിപ്പിച്ച് നടത്താവുന്നതാണ്.

8-ശുചിത്വം

A. ഹ്രസ്വകാല പരിപ്രേക്ഷ്യം

- ജില്ലയിലെ എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളെയും ഈ പദ്ധതിക്കാലത്തു തന്നെ മാലിന്യ രഹിതവും പ്ലാസ്റ്റിക് മുക്തവുമാക്കൽ.
- കുടുംബശ്രീയുമായി ബന്ധിപ്പിച്ച് തയ്യൽ ജോലി അറിയാവുന്ന സ്ത്രീകളുടെ കൂട്ടായ്മ രൂപീകരിച്ച് വീടുകളിൽ നിന്നും സമാഹരിക്കുന്ന തുണികൾ ഉപയോഗപ്പെടുത്തി സ്ഥിരമായി തുണിസഞ്ചികൾ ലഭ്യമാക്കുന്ന സംവിധാനം ഒരുക്കൽ.
- ജില്ലയിലെ എല്ലാ ഓഡിറ്റോറിയങ്ങളിലും ഡിസ്പോസിബിൾ ഗ്ലാസ്സുകളും പ്ലേറ്റുകളും മറ്റ് പാത്രങ്ങളും ഉപയോഗിക്കുന്നത് കർശനമായ നിയന്ത്രിക്കുക. വീണ്ടും വീണ്ടും ഉപയോഗി ക്കാവുന്ന ഗ്ലാസ്സുകളും പ്ലേറ്റുകളും മറ്റ് പാത്രങ്ങളും ശേഖരിക്കാൻ കർശന നിർദ്ദേശം നൽകലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി മോണിറ്റർ ചെയ്യലും.
- എല്ലാ വീടുകളിലും ഏതെങ്കിലുമൊരു കമ്പോസ്റ്റ് ഉപകരണം ഈ പദ്ധതിക്കാലത്ത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി എത്തിച്ചു എന്ന് ഉറപ്പാക്കൽ.
- അശാസ്ത്രീയ മാലിന്യ പരിപാലനത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ എല്ലാവരിലും എത്തിക്കൽ. (ഇത് ഒരു പൊതുജനാരോഗ്യ പ്രതിസന്ധിയുണ്ടാക്കുന്ന മെഡിക്കൽ എമർജൻസിയാണ് എന്ന ബോധ്യപ്പെടുത്തലാണ് പ്രധാനം.)
- ഈ പദ്ധതിക്കാലത്തുതന്നെ ജില്ലയിലെ സ്ഥാപനങ്ങൾ, ഓഡിറ്റോറിയങ്ങൾ, പൊതു പരിപാടികൾ എന്നിവിടങ്ങളിൽ ഹരിതപെരുമാറ്റച്ചട്ടം നടപ്പിലാക്കാനുള്ള പ്രവർത്തന ങ്ങളും പ്രചരണ പരിപാടികളും സംഘടിപ്പിക്കൽ.
- 100% വീടുകളിലും സ്ഥാപനങ്ങളിലും ഖര മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിച്ചു സൂക്ഷിക്കുന്ന രീതി നടപ്പിലാക്കൽ.
- ഉപഭോഗ വസ്തുക്കളുടെ പുനരുപയോഗം സാധ്യമാക്കുന്നതിനായി കൈമാറ്റക്കടകൾ (സ്വാപ്പ്ഷോപ്പ്) നിലവിൽ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിൽ മാത്രമേ പ്രവർത്തിക്കു ന്നുള്ളൂ. 2018 മാർച്ച് 31 ന് മുമ്പായി എല്ലാ ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും ഓരോ സ്വാപ്പ്ഷോപ്പ് തുടങ്ങൽ.
- വീട്ടുപകരണങ്ങൾ കഴിഞ്ഞാൽ ഉപേക്ഷിച്ച് പുതിയത് വാങ്ങുക എന്ന ശീലത്തിൽ നിന്നും ജനങ്ങളെ പിന്തിരിപ്പിക്കേണ്ടതുണ്ട്. എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ചെറുകിട സംരംഭകരെയും റിപ്പയർ ജോലി അറിയുന്നവരെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച് റിപ്പയർ ഷോപ്പുകളുടെ ശൃംഖലകൾ സ്ഥാപിക്കുക.
- ഹരിത കർമ്മസേനകളുടെ പ്രവർത്തനത്തിന്റെ നിലവിലുള്ള അജൈവ മാലിന്യ ശേഖരണ സംവിധാനം ജില്ലയിലെ എല്ലാ തദ്ദശ സ്വയം ഭരണ സ്ഥാപനങ്ങളിലും 2018 മാർച്ച് 31 ഓടു കൂടി സ്ഥാപനവൽക്കരിക്കൽ.
- 2018 മാർച്ച് 31 ന് മുമ്പായി ജില്ലയിലെ നഗരസഭകളിലും ബ്ലോക്കുകളിലുമായി ക്ലീൻ കേരളാ കമ്പനിയുടെ സഹകരണത്തോടു കൂടി ബ്ലോക്ക്/നഗരസഭാ കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ കൂടി പ്രവർത്തിപ്പിക്കൽ.
- ശാസ്ത്രീയ അറവുശാലകൾ – ബ്ലോക്ക് കേന്ദ്രങ്ങളിൽ സ്ഥാപിക്കൽ.
- ടോയിലറ്റുകളുടെ എണ്ണം കുറവുള്ള വിദ്യാലയങ്ങൾക്കായി 1357 സ്കൂൾ ടോയിലറ്റുകൾ കൂടി പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലത്ത് പണിയൽ.
- ദീർഘദൂര യാത്രക്കാരായ ഡ്രൈവർമാർക്കു വേണ്ടി തിരൂർ, വഴിക്കടവ്, മഞ്ചേരി, പെരിന്തൽമണ്ണ, കുറ്റിപ്പുറം, തലപ്പാറ, കോട്ടക്കൽ, ചങ്ങരം കുളം എന്നീ സ്ഥലങ്ങളിൽ നിർമ്മിക്കുന്ന വിശ്രമ കേന്ദ്രങ്ങൾക്കാവശ്യമായ ടോയിലറ്റ് സമുച്ചയം നിർമ്മിക്കൽ.
- പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് 471 ടോയിലറ്റുകൾ കൂടി നിർമ്മിച്ചു നൽകൽ.

B. ദീർഘകാല ലക്ഷ്യങ്ങൾ

- ജില്ലയിലൂടെ ഒഴുകുന്ന നാലു പുഴകളും തീരങ്ങളിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ അണിനിരത്തിക്കൊണ്ട് ജനകീയമായി ഖര, ദ്രവ മാലിന്യങ്ങൾ ഇല്ലാത്തവയായി നിലനിർത്തി സംരക്ഷിക്കൽ.
- കനോലി കനാലിന്റെ ജില്ലയിലൂടെ ഒഴുകുന്ന ഭാഗം മാലിന്യരഹിതമാക്കി ഉൾനാടൻ ജല ഗതാഗതം സുഗമമാക്കി ടൂറിസത്തിന് അനുയോജ്യമാക്കൽ.
- അമിത കീടനാശിനി പ്രയോഗം നിയന്ത്രിച്ച് മണ്ണിനെയും ജലത്തെയും വിഷരഹിത മാക്കൽ.
- ജില്ലയിലെ മാലിന്യ സംസ്കരണ കേന്ദ്രങ്ങളെ പൂന്തോട്ടങ്ങളാക്കൽ.
- മാലിന്യ നിർമ്മാർജ്ജനത്തിന് സുസ്ഥിരവും സുരക്ഷിതവുമായ സംവിധാനങ്ങളും വ്യവസ്ഥകളും പ്രോത്സാഹിപ്പിക്കുകയും ക്രിയാത്മക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യൽ.
- എല്ലാ വാർഡുകളിലും വിവിധ ചടങ്ങുകളിൽ ഡിസ്പോസബിൾ പാത്രങ്ങൾ ഉപയോഗിക്കുന്നത് നിരുത്സാഹപ്പെടുത്തുന്നതിനാവശ്യമായ പാത്രങ്ങൾ ഹരിത കർമ്മസേന മുഖേന ലഭ്യമാക്കൽ.
- ജില്ലയിലെ കോളനികളിലും ഫ്ളാറ്റുകളിലും നിലവിൽ കേന്ദ്രീകൃത ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ നിലവിലില്ല. 2020 ഓടു കൂടി എല്ലാ കോളനികൾക്കും ഫ്ലാറ്റുകൾക്കും കേന്ദ്രീകൃത ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കൽ.
- ജില്ലയിലെ മാലിന്യ സംസ്കരണ രംഗത്തെ ഏറ്റവും വലിയ വെല്ലുവിളിയായി കോഴി മാലിന്യം സംസ്കരിക്കുന്നതിന് ജില്ലയിൽ നിലവിൽ 2 വൻകിട കമ്പോസ്റ്റിംഗ് സംവിധാ നങ്ങൾ കുറുവ ഗ്രാമ പഞ്ചായത്തിൽ നിലവിലുണ്ട്. ജില്ലയിലെ മറ്റ് ബ്ലോക്ക്-മുനിസിപ്പൽ തലങ്ങളിലായി ബ്ലോക്ക്-മുനിസിപ്പൽ തലങ്ങളിൽ 28 വൻകിട കമ്പോസ്റ്റിംഗ് സംവിധാ നങ്ങൾ 2020 ഓടു കൂടി സ്ഥാപിക്കൽ. (ബഫർ സോൺ ഉൾപ്പെടെ ഒരു പ്ലാന്റിന് 4 ഏക്കർ സ്ഥലം ആവശ്യമാണ്).
- കക്കൂസ് മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള വൻകിട സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ ജില്ലയിൽ നിലവിലില്ല. ബ്ലോക്ക്-മുനിസിപ്പൽ പരിധികളിലായി 27 സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ 2020 ഓടു കൂടി സ്ഥാപിക്കൽ.
- ഗ്യാസ് ക്രിമറ്റോറിയം 4 എണ്ണമാണ് നിലവിലുള്ളത്. ബ്ലോക്കിൽ 1 എണ്ണം എന്ന നിലയിൽ ഗ്യാസ് ക്രിമറ്റോറിയങ്ങൾ 2020 ഓടു കൂടി സ്ഥാപിക്കൽ.
- ജില്ലയിൽ പ്രവർത്തിക്കുന്ന ഓഡിറ്റോറിയങ്ങളിൽ ശാസ്ത്രീയമായ മലിന ജല സംസ്കരണ സംവിധാനങ്ങൾ 2020 ഓടു കൂടി സ്ഥാപിക്കൽ.
- ജില്ലയിൽ മത്സ്യ മാർക്കറ്റുകളിൽ 2 സ്ഥലങ്ങളിൽ മാത്രമേ മലിന ജല സംസ്കരണ സംവിധാനമുള്ളൂ (തിരൂർ, കൊണ്ടോട്ടി). മറ്റെല്ലാ പ്രധാന മാർക്കറ്റുകളിലും മലിന ജല സംസ്കരണ സംവിധാനം 2020 ഓടു കൂടി സ്ഥാപിക്കൽ.
- പുനരുപയോഗം സാധ്യമാകാത്ത രീതിയിൽ അവശേഷിക്കുന്ന മാലിന്യങ്ങൾ കഴിച്ചു മൂടുന്നതിനായി ജില്ലയിൽ സംവിധാനങ്ങളില്ല. ഇതിനായി 10 ഏക്കർ ഭൂമി കണ്ടെത്തേണ്ട തുണ്ട്. 2020 ഓടു കൂടി ഒരു ലാന്റ് ഫിൽ സംവിധാനം സ്ഥാപിക്കൽ.

C.മേൽതട്ട് നിർദ്ദേശങ്ങൾ

- മാലിന്യ പരിപാലനത്തിനായി മുൻകൈയെടുത്തു വരുന്ന സ്വകാര്യ സംരഭകർക്ക് പ്രോത്സാഹനം നൽകുന്നതിനു വേണ്ടിയുള്ള നയപരമായ തീരുമാനം കൈകൊള്ളുക.
- പാഴ് വസ്തു വ്യാപാരം ചെയ്യുന്നവർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി അവരെക്കൂടി ഹരിത കർമ്മസേനയുടെ പ്രവർത്തനവുമായി ഏകോപിപ്പിക്കുക.
- സർക്കാർ ഓഫീസുകളിൽ നിന്നും ഹരിത കർമ്മസേനക്ക് യൂസർഫീ നൽകുന്നതിനാ വശ്യമായ ഫണ്ട് ബന്ധപ്പെട്ട ഓഫീസ് മേധാവികൾക്ക് കണ്ടിജന്റ് ചാർജ് ആയി ലഭ്യമാക്കുക.

- പോർട്ടബിൾ സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ച് മാലിന്യം വലിച്ചെറിയുന്നവരെ കണ്ടെത്തി പിടികൂടി മാതൃകാപരമായ ശിക്ഷ നൽകുന്നതിനുള്ള സർക്കാർ ഉത്തരവ് നൽകുക.
- 2018 മാർച്ച് 31 ന് മുമ്പ് ഹരിത കർമ്മസേന മുഖേനയുള്ള ജൈവ-അജൈവ മാലിന്യ പരിപാലന സംവിധാനം സ്ഥാപനവൽക്കരിക്കുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പ്രോത്സാഹനമായി തുടർ വർഷങ്ങളിൽ വികസന ഫണ്ടിനത്തിൽ അധികം തുക അനുവദിക്കുക.
- ഘട്ടം ഘട്ടമായി പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉത്പാദനം കുറക്കുന്നതിനും സബ്സിഡി നിരക്കിൽ തുണി സഞ്ചിയും മറ്റും വിതരണം ചെയ്യുന്നതിനുമുള്ള നയ തീരുമാനങ്ങൾ എടുക്കുക.
- മാലിന്യ സംസ്കരണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനും പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുമെതിരെ വ്യാപക പ്രതിഷേധം നിലനിൽക്കുന്നുണ്ട്. ഇത്തരം ആവശ്യങ്ങൾക്ക് ആവശ്യമായ ഭൂമി മെച്ചപ്പെട്ട വില നൽകി ഭൂമി ഏറ്റെടുക്കുന്നതിനും പ്ലാന്റുകൾ സ്ഥാപി ക്കുന്നതിനും ആവശ്യമായ നിയമ നിർമ്മാണം നടത്തുക.
- സ്വകാര്യ - പൊതു സ്ഥാപനങ്ങളിൽ ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കാത്തവർക്കെതിരെ നിയമനടപടി കർശനമാക്കുക.
- പബ്ലിക് ടോയിലറ്റുകൾ നിർമ്മിക്കുന്നതിന് പ്രധാന റോഡുകളുടെ വശങ്ങളിലോ ടൗണിലോ സ്ഥലം കണ്ടെത്താനും NH / PWD നടപടി എടുക്കുക.
- മഴക്കാല പൂർവ്വ ശുചീകരണത്തിനുള്ള ഫണ്ടിൽ ചില വാർഡുകൾക്ക് ഭൂപ്രകൃതി അനുസരിച്ച് കൂടുതൽ പണം ആവശ്യമുണ്ട്. ആയതിനാൽ പണം ആവശ്യ മില്ലാത്ത വാർഡുകളിൽ നിന്നും ഉപയോഗിക്കാനുള്ള നിർദ്ദേശം നൽകുക.
- നിലവിൽ സബ്സിഡി 50% ആയി കുറച്ചത് കാരണം കമ്പോസ്റ്റിംഗ് സംവിധാനം വാങ്ങുന്നതിന് മടി കാണിക്കുന്നു. ആയതിനാൽ സബ്സിഡി 75% ആയി ഉയർത്തുക.

D. കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും സ്വാപ്ഷോപ്പുകളും റിപ്പയർ ഷോപ്പുകളും നിർബന്ധമായി സ്ഥാപിക്കുന്നതിന് നടപടി എടുക്കുക.
- ഗ്രീൻ പ്രോട്ടോകോൾ പാലിക്കുന്നതിന് പൊതു പരിപാടികളിലും പഞ്ചായത്ത് ഓഫീസിലും നിർബന്ധമായി പ്ലാസ്റ്റിക് പേപ്പർ/ഡിസ്പോസിബിൾ വസ്തുക്കൾക്ക് നിയന്ത്രണം ഏർപ്പെടുത്തുകയും പ്ലാസ്റ്റിക്ക് ക്ലീൻ നടപ്പിലാക്കുകയും ചെയ്യുക.
- ശുചിത്വമായി ബന്ധപ്പെട്ട വർക്കുകൾ (കമ്പോസ്റ്റിംഗ്/എം.സി.എഫ്/ആർ.ആർ.എഫ്) സംയോജിത പരിപാടിയായി നടപ്പിലാക്കുക.
- ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾക്ക് മുൻഗണന നല്കിക്കൊണ്ട് തദ്ദേശ സ്ഥാപനങ്ങൾ പ്രോജക്ടുകൾ ഏറ്റെടുക്കുക.
- സ്കൂൾ സാനിട്ടേഷൽ സൗകര്യക്കുറവുള്ള എയ്ഡഡ് സ്കൂളുകൾ കണ്ടെത്തി സ്ത്രീ സൗകര്യ ശൗചാലയങ്ങൾക്ക് മുൻഗണന നല്കി പ്രോജക്ടുകൾ ഏറ്റെടുക്കുക.
- പൊതു ജലാശയങ്ങൾ ശുദ്ധീകരിക്കുക, ഓടകളുടെ അറ്റകുറ്റപണികൾ നടത്തുക.
- മാലിന്യങ്ങൾ യഥാവിധി സംസ്കരിക്കാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സൗകര്യം ചെയ്തു കൊടുക്കുകയും അജൈവ മാലിന്യ സംസ്കരണത്തിന് മേൽനോട്ടം വഹിക്കേണ്ടതുമാണ്.
- ബസ് സ്റ്റാൻഡ്, പൊതു സ്ഥലം, മാർക്കറ്റ് എന്നിവിടങ്ങളിൽ സുലഭ് ടോയിലറ്റ് തുടങ്ങുവാൻ വേണ്ട പ്രോജക്ട് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കണം.
- ബസ് സ്റ്റാൻഡ്, പൊതു സ്ഥലം, മാർക്കറ്റ് എന്നിവിടങ്ങളിൽ സ്ത്രീ, വയോജന സൗഹൃദ ടോയിലറ്റുകൾ ആവശ്യത്തിനനുസരിച്ച് സ്ഥാപിക്കുവാൻ വേണ്ട പ്രോജക്ട് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കണം.
- ബ്രഹ്മഗിരി മോഡൽ അറവുശാല ജില്ലാ പഞ്ചായത്ത് നിർബന്ധമായും ഏറ്റെടുക്കണം.

- താലൂക്ക്, ജില്ലാ ആശുപത്രികളുടെ മാലിന്യ സംസ്കരണത്തിന് ആവശ്യമായ പ്രോജക്ട് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കണം.

E. സംയോജന സാധ്യതകൾ

- ഹരിത കർമ്മസേനയുടെ പ്രവർത്തനം രണ്ടാം ഘട്ടത്തിലേക്ക് കടക്കുന്ന സമയത്ത് കൃഷി വകുപ്പിന്റെ പദ്ധതികളുമായി സംയോജിപ്പിച്ച് ജൈവ വളം വിതരണം ചെയ്യുന്നതിനും ജൈവ കൃഷി പരിപാലനത്തിനും സാധിക്കും.
- മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് ലെ അനുവദനീയമായ പ്രവൃത്തികളായ കമ്പോസ്റ്റ് കുഴി നിർമ്മാണം, സോക്കേജ് പിറ്റ് നിർമ്മാണം, സർക്കാർ പദ്ധതികൾക്ക് കീഴിൽ നടക്കുന്ന പുതിയ വീടുകളുടെ കക്കൂസ് നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്.
- അനർട്ടുമായി സഹകരിച്ച് ഫ്ളാറ്റുകൾക്കും ഓഡിറ്റോറിയങ്ങൾക്കും സ്ഥാപനങ്ങൾക്കും ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് പാരമ്പര്യേതര ഊർജ്ജ ഉപഭോഗം വർദ്ധിപ്പിക്കാം.
- നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന 'മാലിന്യ മുക്ത ചാലിയാർ' പദ്ധതിയുടെ മാതൃകയിൽ നദികളെ മാലിന്യ മുക്തമാക്കുന്നതിനാവശ്യമായ പദ്ധതികൾ ആരോഗ്യം, കൃഷി, വിദ്യാഭ്യാസം എന്നീ വകുപ്പുകളുമായി യോജിച്ച് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംയോജിത പ്രോജക്ടായി ഏറ്റെടുക്കാം.

9- പാർപ്പിടം, ദാരിദ്ര്യ ലഘൂകരണം

A. ഹ്രസ്വകാല പരിപ്രേക്ഷ്യം

- ജില്ലയിലെ ഭൂരഹിതരും, ഭവനരഹിതരുമായ മുഴുവൻ കുടുംബങ്ങൾക്കും അഞ്ച് വർഷത്തിനകം സുസ്ഥിര പാർപ്പിടമൊരുക്കുക.
- ഭൂരഹിതരായ മുഴുവൻ കുടുംബങ്ങൾക്കും കിടപ്പാടം ലഭ്യമാക്കുക. മേൽ സൂചിപ്പിച്ച കുടുംബങ്ങളുടെ ഉപജീവനത്തിന് വേണ്ടി സൂക്ഷ്മ സംരംഭങ്ങളും.
- വ്യവസായ ക്ലസ്റ്ററുകളും, ഉൽപാദക കമ്പനികളും, കൂട്ടുത്തരവാദിത്വ സംഘങ്ങളും, തൊഴിൽകൂട്ടങ്ങളും രൂപീകരിച്ച് ഉൽപാദനശക്തികളെ ഉത്തേജിപ്പിച്ച് ഓരോ പഞ്ചായത്തിലും, നഗരസഭയിലും അഞ്ച് വർഷത്തിനകം ആയിരം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക. വരുമാനദായക തൊഴിലിൽ ഏർപ്പെടാനുള്ള സഹായ സംവിധാനങ്ങളൊരുക്കുക.
- പാവപ്പെട്ടവരുടെ പാർപ്പിട നിർമ്മാണത്തിന് ഒരു ഭവന നിധി രൂപീകരിക്കുക.
- വർഗ്ഗ/ജാതി/ലിംഗ വിഭജിത സമൂഹത്തിൽ തൊഴിൽബന്ധങ്ങളിലെ അസമത്വങ്ങൾ മൂലം ഒഴിവാക്കപ്പെട്ട അരക്ഷിതരുടെ ഇല്ലായ്മകൾ പരിഹരിക്കുക.
- എല്ലാ വീട്ടിലും കുടിവെള്ളം, വൈദ്യുതി, ശുചിത്വ അടുക്കള, ശുചി മുറി, കുളിമുറി, പാഴ്വസ്തു കമ്പോസ്റ്റിംഗ്, പാഴ്ജല നിർഗ്ഗമനം എന്നിവ ഉറപ്പാക്കുക.
- പട്ടികജാതി വിഭാഗങ്ങളുടെ സവിശേഷ സാഹചര്യങ്ങൾ കണക്കിലെടുത്ത് സുസ്ഥിര പാർപ്പിടവും, ആരോഗ്യ സുരക്ഷ, വിദ്യാഭ്യാസ സുരക്ഷ, ഉപജീവന സുരക്ഷ എന്നിവയും ഉറപ്പാക്കുക.
- പട്ടികജാതിക്കാർക്കായി കുടുംബ വികസന പദ്ധതി (ഫാമിലി ഡവലപ്പ്മെന്റ് പ്ലാൻ) ആവിഷ്കരിച്ച് പ്രാവർത്തികമാക്കുക.

B. ദീർഘകാല ലക്ഷ്യങ്ങൾ

- പ്രാദേശിക സാമ്പത്തിക വളർച്ചയിലൂന്നി ഉൽപാദനമേഖല ശക്തിപ്പെടുത്തുക.
- ജില്ലാതല നിക്ഷേപ സംഗമങ്ങൾ സംഘടിപ്പിക്കുക.
- തീരദേശ പരിപാലന നിയമത്തിന്റെ ഊരാക്കുടുക്കുകൾ അഴിച്ച് സമഗ്ര തീരദേശ വികസന പദ്ധതി ആവിഷ്കരിക്കുക.
- തോട്ടം തൊഴിലാളികൾക്കായി പാർപ്പിട സമുച്ചയങ്ങൾ നിർമ്മിക്കുക.
- ഇതര സംസ്ഥാന തൊഴിലാളികൾക്ക് വേണ്ടി വാടക ഭവന സമുച്ചയങ്ങൾ നിർമ്മിക്കുക.
- അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് വേണ്ടി കുറഞ്ഞ വാടക ഈടാക്കുന്ന ഭവന സമുച്ചയങ്ങൾ നിർമ്മിക്കുക.
- മൂന്നാം ലിംഗക്കാർക്ക് സുരക്ഷിത പാർപ്പിടങ്ങൾ ഒരുക്കുക.
- ഹരിത നിർമ്മാണ രീതികൾ പ്രചരിപ്പിക്കുക, പ്രോത്സാഹിപ്പിക്കുക.

C. മേൽതട്ട് നിർദ്ദേശങ്ങൾ

- മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി, സ്വച്ഛ് ഭാരത് മിഷൻ, പ്രധാൻ മന്ത്രി ഉജ്ജ്വൽ യോജന, ഡി.ഡി.യു.ജി.ജെ.വൈ., സൂര്യജ്യോതി, ഡി.യു.ജി.കെ.വൈ. എന്നീ പദ്ധതികളുടെ സംയോജനം.
- ഭൂമിയുടെ അപര്യാപ്തത പരിഹരിക്കുന്നതിനായി ഭവന സമുച്ചയങ്ങൾ നിർമ്മിക്കാനുള്ള നടപടികൾ.
- കുന്നിൻ പ്രദേശം, തീരദേശം എന്നിവിടങ്ങളിലെ ഭവന നിർമ്മാണത്തിന് അധിക ധനസഹായം അനുവദിക്കൽ.
- ചെലവ് കുറഞ്ഞതും പ്രകൃതി സൗഹൃദവുമായ ഭവന നിർമ്മാണ രീതികൾ നിർബന്ധമാക്കൽ.
- ഉപയോഗിക്കാതെ അടഞ്ഞു കിടക്കുന്ന വീടുകൾക്ക് അധിക നികുതി ചുമത്തി ആയത് ഭവന പദ്ധതികളിലേയ്ക്ക് വിനിയോഗിക്കൽ
- വിവിധ ഭവന പദ്ധതികളുടെ യൂണിറ്റ് കോസ്റ്റ് ഏകീകരണം
- ജില്ലാ ആസൂത്രണ സമിതി, ജില്ലാതല സാങ്കേതിക സഹായ സമിതി രൂപീകരിക്കുകയും, ജില്ലയിലെ സമ്പൂർണ്ണ പാർപ്പിട പദ്ധതികൾ നടപ്പിലാക്കുന്ന വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും, ജില്ലയിൽ നിക്ഷേപ സംഗമം വഴി ഫണ്ട് കണ്ടെത്തി പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കുക.
- ഇരട്ട വീട് ഒറ്റയാക്കൽ.
- മലപ്പുറം ജില്ലയിൽ കൂട്ടുകുടുംബ വ്യവസ്ഥ നിലനിൽക്കുന്നതിനാൽ ഒരു റേഷൻകാർഡ് ഒരു യൂണിറ്റായി പരിഗണിക്കുന്ന രീതി ലൈഫ് മിഷനിൽ ഒഴിവാക്കണം.
- നഗരങ്ങളിൽ ലഭ്യമാകുന്നതുപോലെ ഗ്രാമങ്ങളിലും സബ്സിഡിയോടു കൂടിയുള്ള ഭവന നിർമ്മാണ വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

D. കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- സമ്പൂർണ സുസ്ഥിര പാർപ്പിട പഞ്ചവത്സര പദ്ധതി തയ്യാറാക്കുക.
- മുൻഗണനകളുടെ അടിസ്ഥാനത്തിൽ വാർഷിക പദ്ധതി തയ്യാറാക്കുക.
- ഓരോ വർഷവും വേണ്ടി വരുന്ന പണം ലൈഫ് മിഷനിൽ നിന്ന് ലഭ്യമാക്കുക.
- പഞ്ചായത്ത്തല സാങ്കേതിക സഹായ സംഘങ്ങൾ രൂപീകരിക്കുക.
- പഞ്ചായത്ത് തലത്തിൽ മൾടി ടെക്നീഷ്യൻ ഗ്രൂപ്പ് സംഘടിപ്പിക്കുക.

- നിർമാണ സാമഗ്രികളുടെ കലവറ സംരംഭകരെ കണ്ടെത്തി സ്ഥാപിക്കുക.
- വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- സഹകരണ സ്ഥാപനങ്ങളെ പാർപ്പിട പദ്ധതിയുമായി ബന്ധിപ്പിക്കുക.
- എല്ലാ ഗുണഭോക്താക്കൾക്കും സാമ്പത്തിക ഭദ്രത കൈവരിക്കുന്നതിനായി ഭവന കേന്ദ്രീകൃത സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുക.
- നൈപുണ്യ വികസന കേന്ദ്രങ്ങൾ സ്ഥാപിക്കുക, ഇവയിൽ പരിശീലനം ലഭിച്ചവരുടെ സേവനം സർക്കാർ ധനസഹായം വഴി നടപ്പിലാക്കുന്ന ഭവന പദ്ധതികൾക്കായി ഉപയോഗപ്പെടുത്തുക.
- നിർമ്മാണ സാമഗ്രി ഉൽപാദന കേന്ദ്രം ആരംഭിക്കുക.
- കൂട്ടുത്തരവാദിത്വ സംഘങ്ങളും, സഹകരണ സ്ഥാപനങ്ങളും, സാമൂഹിക സംഘടനകളും രൂപീകരിച്ച് ഉത്പാദന ഹബ്ബ് സ്ഥാപിക്കുക.
- നിർമാണതൊഴിലാളികൾക്ക വേണ്ടി വിദഗ്ധ വികസന പരിശീലനങ്ങൾ സംഘടിപ്പിക്കുക.
- തദ്ദേശഭരണ സ്ഥാപനങ്ങളും വിവിധ വകുപ്പുകളും അവരുടെ കൈവശമുള്ള സ്ഥലം ലൈഫ് മിഷൻ ഫ്ലാറ്റുകളുടെ നിർമ്മാണത്തിനായി ലഭ്യമാക്കുക.
- എം എൻ ലക്ഷം വീട് പുനരുദ്ധാരണം നടപ്പിലാക്കുക.
- ഇരട്ട വീടുകൾ ഒറ്റ വീടാക്കുന്നതിന് പഞ്ചായത്തുകൾ നടപടികൾ കൈകൊള്ളുക.

E. സംയോജന സാധ്യതകൾ

കേവലം കയറിക്കിടക്കാനൊരു ഇടം എന്നതിലുപരിയായി ചുരുങ്ങിയ ചെലവിൽ പരമാവധി സൗകര്യങ്ങളോടെയും ആരോഗ്യകരമായ ചുറ്റുപാടുകളോടും കൂടിയ പാർപ്പിടമാണ് ഭവന പദ്ധതികളിലൂടെ നൽകാനുദ്ദേശിക്കുന്നത്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

- പി.എം.എ.വൈ പദ്ധതിയിൽ നിർമ്മിക്കുന്ന വീടുകൾക്ക് 90 അവിദഗ്ധ തൊഴിൽ ദിനങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നൽകി വരുന്നു. ഇത് നിർമ്മാണച്ചിലവ് ഗണ്യമായി കുറയ്ക്കാൻ സഹായകമാണ്. കുറഞ്ഞ നിരക്കിൽ നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുന്നതിനായി 52 ബ്രിക്ക് നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കാനുള്ള നടപടികൾ ജില്ലയിൽ പുരോഗമിച്ചു വരുന്നു.

- തൊഴിലുറപ്പ് പദ്ധതിയിൽ തന്നെ ശുചിമുറി നിർമ്മിച്ചു നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ മഴവെള്ള സംഭരണി നിർമ്മാണം, കിണർ റീചാർജ്ജിങ്ങ്, നാഡേപ്പ് / വെർമി കമ്പോസ്റ്റ് പിറ്റുകൾ, സോക്ക് പിറ്റുകൾ, ജൈവവേലി, ഫലവൃക്ഷങ്ങൾ നട്ടു പിടിപ്പിക്കൽ മുതലായ പ്രവൃത്തികൾ നടപ്പാക്കുക വഴി ശുചിത്വമുള്ള ജീവിത സാഹചര്യം സൃഷ്ടിക്കാൽ കഴിയുന്നു. കോഴിക്കൂട്, കാലിത്തൊഴുത്ത്, ആടിൻകൂട് എന്നിവയുടെ നിർമ്മാണവും തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്നുണ്ട്. ഇത് പാവപ്പെട്ട കുടുംബങ്ങൾക്ക് അധിക വരുമാനത്തിന് സാധ്യത സൃഷ്ടിക്കുന്നു.

10-വിദ്യാഭ്യാസം, സംസ്കാരം, കായികം, യുവജന ക്ഷേമം

A, B ഹ്രസ്വകാല , ദീർഘകാല പരിപ്രേക്ഷ്യം

കേരളത്തിലെ ഏറ്റവും കൂടുതൽ കുട്ടികൾ പഠനം നടത്തുന്ന ജില്ലയെന്ന നിലയിൽ വലിയ പരിഗണനയും കാഴ്ചപ്പാടോടും കൂടി പദ്ധതികളും പ്രവർത്തനങ്ങളും ആസൂത്രണം ചെയ്യണം. പൊതുവിദ്യാഭ്യാസ മേഖലയിലേക്ക് പ്രവേശനം നേടുന്ന എല്ലാ കുട്ടികൾക്കും അതതു തലങ്ങളിലെ പഠന നേട്ടങ്ങൾ ഉറപ്പുവരുത്താൻ കഴിയണം. എല്ലാ കുട്ടികൾക്കും അവസര തുല്യത

ഉറപ്പവരുത്താൻ കഴിയണം. ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് ലക്ഷ്യം. നമ്മുടെ വിദ്യാലയങ്ങളെ സമൂഹത്തിന്റെ കൂടി സ്ഥാപനങ്ങളാക്കി മാറ്റണം. കുട്ടികളുടെ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കേണ്ടതാണ്. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ സംസാരിക്കാനും, വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പവരുത്തും. പഠന ബോധന രംഗത്ത് ഹൃസ്വ, ദീർഘകാല പദ്ധതികൾ തയ്യാറാക്കും. പുതിയ വെല്ലുവിളി ഏറ്റെടുക്കുന്നതിന് അധ്യാപക സമൂഹത്തെ പരിവർത്തിപ്പിക്കും. ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിൽ എല്ലാ വിദ്യാലയങ്ങൾക്കും സൗകര്യപ്രദമായതും സ്വന്തവുമായ ക്ലാസ്സുമുറികൾ നിർമ്മിക്കുക. എല്ലാ സ്കൂളുകൾക്കും ടോയിലറ്റ്, കളിസ്ഥലം, ലൈബ്രറി സൗകര്യം എന്നിവ ഉറപ്പവരുത്തണം. രക്ഷിതാക്കളിൽ ഗുണമേന്മാ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് സൃഷ്ടിക്കും. അധ്യാപക പരിശീലന പരിപാടികൾ ഈ ലക്ഷ്യം മുൻനിർത്തി പരിഷ്കരിക്കും. കുട്ടികളുടെ സർവ്വതോൻമുഖമായ വികാസത്തിനുവേണ്ടി പഠനാന്തരീക്ഷം ഒരുക്കുന്നതിന്റെ ഭാഗമായി ആധുനിക സാങ്കേതിക സാധ്യതകൾ പ്രയോജനപ്പെടുത്തും. ഇതിനായി സർക്കാർ, തദ്ദേശ സ്ഥാപനങ്ങൾ, എം.പി, എം.എൽ.എ മറ്റ് സാമ്പത്തിക സ്രോതസ്സുകൾ തുടങ്ങിയവയെ ഏകോപിപ്പിക്കുന്നതാനായി ജില്ലാതല സമിതി രൂപീകരിക്കും. നാട്ടിൽ ലഭ്യമായ വൈദഗ്ധ്യത്തെ കൂട്ടിയുടെ ഗുണമേന്മ വിദ്യാഭ്യാസത്തിന് പ്രയോജനപ്പെടുത്തും. മികച്ച ശാരീരിക-മാനസിക-വൈകാരിക-ആരോഗ്യം ഉറപ്പാക്കും. മൂന്ന് വർഷത്തിനകം പഠനത്തെ പരിസരബന്ധിയും ജീവ ഗന്ധിയുമാക്കുവാൻ ആവാസ പരിസര സാധ്യതകൾ പ്രയോജനപ്പെടുത്തും. പാരിസ്ഥിതിക അവബോധം, സാമൂഹിക അവബോധം, മാലിന്യ നിർമ്മാർജ്ജന അവബോധം, വിമർശന അവബോധം, എന്നീ അവബോധം കുട്ടികളിലുണ്ടാവാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുന്നതിലേക്ക് വിദ്യാലയ, പഠനാന്തരീക്ഷത്തിൽ മാറ്റങ്ങൾ വരുത്തും. ഭിന്നശേഷിക്കാരായ കുട്ടികളെ അഞ്ച് വർഷം കൊണ്ട് മുഖ്യധാരയിൽ എത്തിക്കാനുള്ള പദ്ധതി നടപ്പിലാക്കും. പട്ടികജാതി-പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കിടയിലുള്ള കൊഴിഞ്ഞുപോക്ക് അഞ്ച് വർഷം കൊണ്ട് ഇല്ലാതാക്കും. ഓരാ പഞ്ചായത്തിലും ഒരു വിദ്യാലയത്തെ മാതൃകാ ശിശു വിദ്യാഭ്യാസ കേന്ദ്രമായി വളർത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കും. ഇത്തരം പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിലൂടെ കുട്ടികൾക്കിടയിലുള്ള വൈഭവ വൈവിധ്യത്തെ വളർത്തി മികവിലേക്ക് ഉയർത്തുവാൻ സാധിക്കും.

C. മേൽതട്ട് നിർദ്ദേശങ്ങൾ

വൊക്കേഷണൽ ഹയർസെക്കണ്ടറി

- ദേശീയ വിദ്യാഭ്യാസനയത്തിന്റെ അടിസ്ഥാനത്തിൽ ജില്ലയിലെ മുഴുവൻ സെക്കണ്ടറി, ഹയർസെക്കണ്ടറി സ്കൂളുകളിലും തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ആരംഭിക്കുക.
- നിലവിലെ വി.എച്ച്.എസ്.ഇ സ്കൂളുകളെ തൊഴിലിടങ്ങളുമായി ബന്ധപ്പെടുത്തി നൈപുണ്യ പരിശീലനം കൂടുതൽ മികവുറ്റതാക്കുക.
- വി.എച്ച്.എസ്.ഇ സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങൾ മികവുള്ള പരിശീലനത്തിനുതകുന്ന നിലവാരത്തിലുള്ളതാക്കുക.
- വൊക്കേഷണൽ മേഖലയിലെ അധ്യാപകർക്ക് സമയോചിതവും അന്താരാഷ്ട്ര നിലവാരത്തിലുള്ളതുമായ പരിശീലനങ്ങൾ നൽകുക.
- വി.എച്ച്.എസ്.ഇ വിജയികൾക്ക് തുടർപഠനത്തിനും പരിശീലനത്തിനും ഫിനിഷിംഗ് സ്കൂളുകൾ സ്ഥാപിച്ച് കോഴ്സുകൾക്ക് അംഗീകാരം നൽകുക.
- തൊഴിൽ നൈപുണ്യം നേടിയവർക്ക് അനുയോജ്യമായ തൊഴിലിടങ്ങൾ കണ്ടെത്താൻ സഹായിക്കുന്ന കേന്ദ്രങ്ങൾ തുടങ്ങുക.
- ഹയർസെക്കണ്ടറി/തൊഴിലധിഷ്ഠിത ഹയർസെക്കണ്ടറി തത്തുല്യമായി തോന്നാമെങ്കിലും തൊഴിൽ നൈപുണ്യ ശേഷിയുള്ള ഒരു യുവതലമുറ ഉറപ്പാക്കുന്നതിൽ മുഖ്യ പങ്ക് വഹിക്കാൻ വൊക്കേഷണൽ ഹയർസെക്കണ്ടറികൾ എല്ലാ ഹൈസ്കൂളുകളിലും നടപ്പിലാക്കുക.

- വിദ്യാഭ്യാസ മേഖലയുടെ സമഗ്ര പുരോഗതിക്കായി ആയിരം വിദ്യാർത്ഥികളുള്ള സ്കൂളുകളിൽ ഒരു ഹെൽത്ത് നേഴ്സിനെയും കൗൺസിലറെയും നിയമിക്കുക.

ഉന്നത വിദ്യാഭ്യാസം

- ഹയർസെക്കണ്ടറി വിദ്യാഭ്യാസം പൂർത്തിയാക്കി ഓരോ വർഷവും ഉന്നത വിദ്യാഭ്യാസത്തിനായി അർഹത നേടുന്ന കുട്ടികൾക്ക് ഇതിനായി ആവശ്യമായ സൗകര്യങ്ങൾ ജില്ലയിൽ ഏർപ്പെടുത്തണം.
- ഗവ.മേഖലയിൽ കേവലം 6 കോളജുകൾ മാത്രമേയുള്ളു. എയ്ഡഡ് മേഖലയിൽ 12 ഉം സ്വാശ്രയ മേഖലയിൽ 24 ഉം കോളേജുകൾ ഉണ്ട്. സ്വാശ്രയ മേഖലയിലാണ് കൂടുതൽ സ്ഥാപനങ്ങളും. വേണ്ടത്ര പി.ജി.കോഴ്സുകളും സ്ഥാപനങ്ങളും ആവശ്യത്തിനനുസരിച്ച് ജില്ലയിൽ ഇല്ല ഇത് പരിഹരിക്കണം.
- ന്യൂ ജനറേഷൻ കോഴ്സുകൾ അധികവും സ്വാശ്രയ കൊളജുകളിലാണ്. ഇവ സർക്കാർ എയ്ഡഡ് മേഖലകളിലും ആരംഭിക്കണം.
- സർക്കാർ/എയ്ഡഡ് മേഖലകളിൽ ടെയിനിംഗ് കോളജുകൾ വേണം.
- സർക്കാർ/എയ്ഡഡ് മേഖലകളിൽ എഞ്ചിനിറിംഗ് കോളജുകൾ വേണം.
- സർക്കാർ/എയ്ഡഡ് മേഖലകളിൽ ഫിസിക്കൽ എഡ്യുക്കേഷൻ കോളജുകൾ വേണം.
- മലയാളം സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ മേച്ചപ്പെടുത്തണം – മാപ്പിള മലയാളം, മാപ്പിള കലകൾ എന്നിവയിൽ പഠന ഗവേഷണ കേന്ദ്രം മോയിൻ കുട്ടി സ്മാരകത്തിൽ ആരംഭിക്കണം.
- അലിഗഡ് കേന്ദ്രം കാര്യക്ഷമമാക്കണം.
- സഹകരണ മേഖലയിൽ കോളജുകൾക്ക് അംഗികാരം നൽകണം.
- മഞ്ചേരി മെഡിക്കൽ കോളജിലെ സൗകര്യം വർദ്ധിപ്പിച്ച് പി.ജി കോഴ്സുകൾ ആരംഭിക്കണം.

കായികം

- വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അംഗീകാരത്തിന് കളിക്കളം നിർബന്ധമാക്കണം.
- ബാസ്കറ്റ് ബോൾ, വോളിബോൾ, ഹാൻറ് ബോൾ, ബാഡ്മിൻറൺ, ടേബിൾ ടെന്നീസ്, ജിംനാസ്റ്റിക്സ്, ബോക്സിംഗ്, ജൂഡോ, റെസ്സിംഗ്, ഫെൻസിംഗ്, ചെസ്, യോഗ എന്നിവയ്ക്ക് സൗകര്യമുള്ള ഇൻഡോർ സറ്റേഡിയം നിർമ്മാണം.
- ഡോകുമെന്റേഷൻ, റിസർച്ച് & റിഹാബിലിയേഷൻ സെന്റർ
- പരിശീലകർക്കും അത്ലറ്റുകൾക്കും താമസിക്കാനുള്ള ഹോസ്റ്റൽ
- നിലമ്പൂർ മേഖലയിൽ പട്ടിക വർഗ്ഗക്കാർക്ക് പ്രാമുഖ്യം നൽകികൊണ്ട് ആർച്ചറി, ഫുട്ബോൾ ഹോസ്റ്റൽ ആരംഭിക്കണം.
- മലപ്പുറത്ത് കടലുണ്ടിപ്പുഴയിലും, വാഴക്കാട് ചാലിയാറിലും വാട്ടർ സ്പോർട്സ് സെന്ററുകൾ തുടങ്ങണം.
- ജോലി സാധ്യതകൾ പരിഗണിച്ച് കായിക രംഗത്തിന് മുൻഗണന നൽകി പാഠ്യവിഷയത്തിൽ മാറ്റങ്ങൾ വരുത്തി നിലവിലുള്ള യൂണിവേഴ്സിറ്റികളുടെ ഡിഗ്രിക്ക് തുല്യമായ പ്രത്യേക കായിക യൂണിവേഴ്സിറ്റി അഥവാ അക്കാഡമി സ്ഥാപിക്കണം.
- സ്കൂൾ കോളേജ് തലത്തിൽ ഹെൽത്ത് ക്ലബ്ബുകൾ രൂപീകരിക്കണം.
- സ്കൗട്ട്, ഗൈഡ്, എൻ.സി.സി എന്നിവ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നിർബന്ധമാക്കണം.
- കായിക അധ്യാപകരുടെ സേവനം ഹയർസെക്കന്ററി തലത്തിൽ ലഭ്യമാക്കണം.

- യുവജനങ്ങളെ ശാക്തീകരിക്കുന്നതിനു വേണ്ടി യുവജന ശ്രീ രൂപീകരിക്കുക.

D.കീഴ്ഘട്ട് നിർദ്ദേശങ്ങൾ

പ്രീ- പ്രൈമറി

- ജില്ലയിലെ മുഴുവൻ ഗവൺമെന്റ് എയിഡഡ് വിദ്യാലയങ്ങളിലേയും പ്രീ സ്കൂൾ അധ്യാപകർ, ആയമാർ എന്നിവർക്ക് തുടർ പരിശീലനം.
- ഓരോ പഞ്ചായത്തിലും ഒരു വിദ്യാലയത്തെ മാതൃകാ ശിശു വിദ്യാഭ്യാസ കേന്ദ്രമായി വളർത്തുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുക.
- തിരഞ്ഞെടുത്ത വിദ്യാലയങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൊതുസമൂഹം എന്നിവരുടെ പിന്തുണയോടെ മെച്ചപ്പെട്ട പ്രീസ്കൂൾ അന്തരീക്ഷം ഒരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.
- എല്ലാ പ്രീ പ്രൈമറി (അംഗൻവാടി) സ്കൂളുകൾക്കും സ്വന്തമായി വൃത്തിയുള്ള ആധുനിക സൗകര്യങ്ങളുള്ള കെട്ടിടം, കുട്ടികൾക്ക് കളിക്കാനാവശ്യമായ കളി സ്ഥലം, ചുറ്റുമതിൽ എന്നിവ സ്ഥാപിക്കൽ.
- സ്മാർട്ട് ക്ലാസ് റൂം.

എൽ.പി/ യു.പി

- എല്ലാ സ്കൂളുകൾക്കും ചുറ്റുമതിലോടുകൂടിയ കെട്ടിടം, കുടിവെള്ളം, ടോയിലറ്റ് സൗകര്യങ്ങൾ, കളിസ്ഥലങ്ങൾ, പൂന്തോട്ടങ്ങൾ
- ഒന്നാം ക്ലാസ്സ് മുതൽ ഇംഗ്ലീഷ് വിദ്യാഭ്യാസം ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള പദ്ധതി
- കുട്ടികളുടെ പഠന നിലവാരം ഓരോ ക്ലാസ്സിലും കൃത്യമായി അറിയുന്നതിനുള്ള സംവിധാനം
- പഠന നിലവാരം ഉറപ്പ് വരുത്തുന്നതിനുള്ള ഇടപെടലുകൾ ഫലപ്രദമാക്കുക
- മിടുക്കരായ കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകുക
- എല്ലാ സ്കൂളുകളിലും സ്മാർട്ട് ക്ലാസ് റൂം, ലൈബ്രറി

ഹൈസ്കൂൾ/ഹയർസെക്കണ്ടറി

- അഞ്ചു വർഷത്തിനുള്ളിൽ എല്ലാ സ്കൂളുകൾക്കും ചുറ്റുമതിലോടുകൂടിയ ക്യാമ്പസ്
- സ്കൂളുകൾക്കാവശ്യമായ വൃത്തിയുള്ള ക്ലാസ് റൂമുകളും ഫർണിച്ചറുകളും
- എല്ലാ ഹൈസ്കൂളുകളിലും ക്ലാസ് റൂം ലൈബ്രറി
- ഹൈസ്കൂളുകൾക്കും ഹയർസെക്കണ്ടറി സ്കൂളുകൾക്കും ഒരേ സമയം ഉപയോഗിക്കാൻ പറ്റുന്ന രീതിയിലുള്ള ലാബ് സൗകര്യം
- എല്ലാ സ്കൂളുകൾക്കും ഓഡിറ്റോറിയം
- കുട്ടികളുടെ മാനസിക കൗമാര പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരായ കൗൺസിലർമാരുടെ സേവനം എല്ലാ സ്കൂളുകളിലും ഉറപ്പ് വരുത്തുക.
- പ്രത്യേക കൗൺസിലിംഗ് റൂം സൗകര്യം
- സ്കൂളിൽനിന്നും റഫർ ചെയ്യുന്ന കുട്ടികൾക്ക് ജില്ലാടിസ്ഥാനത്തിൽ പ്രത്യേക കൗൺസിലിംഗ് സെന്റർ
- ഓരോ ക്ലാസിലും ലഭിക്കേണ്ട നൈപുണികൾ കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക
- കുട്ടികളിൽ നേരത്തെത്തന്നെ മത്സര ക്ഷമതയുണ്ടാക്കുന്നതിനുള്ള പ്രത്യേക പരിശീലനങ്ങളും മൽസരങ്ങളും
- 8,9,10,11,12 ക്ലാസുകളിൽ ജില്ലാ മാത് സ് ഒളിമ്പ്യാഡ്, സയൻസ് ഒളിമ്പ്യാഡ്

- അധ്യാപകർക്ക് ജില്ലാതലത്തിൽ റഫറൻസ് ലൈബ്രറിയും, സെമിനാർ ഹാളും
- ഹയർസെക്കണ്ടറി തലത്തിൽ തൊഴിൽ നൈപുണ്യ പരിശീലനങ്ങൾ
- ഹയർസെക്കണ്ടറി തലത്തിലുള്ള വിദ്യാർത്ഥികൾക്ക് ജില്ലാ തലത്തിൽ കേന്ദ്ര യൂണിവേഴ്സിറ്റികളിലെ പരീക്ഷകൾക്കായി പ്രത്യേക കോച്ചിംഗ് സെന്റർ
- കരിയർ ഗൈഡൻസ് സെന്ററുകൾ
- അധ്യാപകർക്ക് സ്വയം മെച്ചപ്പെടുത്തുന്നതിനാവശ്യമായ തരത്തിൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ ഓൺലൈൻ കോഴ്സുകൾ ഉണ്ടാകേണ്ടതുണ്ട്.

കായികം

- മിക്ക ഗ്രാമ പഞ്ചായത്തുകളുടെയും അധീനതയിൽ ചെറിയ കളിസ്ഥലങ്ങളുണ്ട്. അവ വിപുലപ്പെടുത്തി 200 മീറ്റർ ട്രാക്കിനുള്ള സ്ഥലമെങ്കിലും ഉണ്ടാകണം.
- ഒരോ പഞ്ചായത്തിലും അതാത് പ്രദേശത്ത് കുട്ടികൾക്ക് കളിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളും 200 മീറ്റർ ട്രാക്കും, നീന്തൽകുളവും നിർമ്മിക്കണം.
- ബ്ലോക്ക് പഞ്ചായത്തുകളും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ പങ്കാളികളാവേണ്ടതാണ്.
- 400 മീറ്റർ ട്രാക്ക്, ഫുട്ബോൾ, ഹോക്കി, ക്രിക്കറ്റ്, വോളിബോൾ, ബാസ്കറ്റ്ബോൾ, ഹാന്റ്ബോൾ, ടെന്നീസ്, സോഫ്റ്റ്ബോൾ, സൈക്കിൾപോളോ, ഖോ-ഖോ, കബഡി, ബോൾ ബാഡ്മിൻറൺ, ആർച്ചറി, ഷൂട്ടിംഗ് എന്നിവക്കുള്ള ഔട്ട്ഡോർ കളിക്കളങ്ങൾ എന്നിവ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിർമ്മിക്കണം.
- ബോഡി ബിൽഡിംഗ്, വെയിറ്റ് ലിഫ്റ്റിംഗ്, പവർ ലിഫ്റ്റിംഗ് ഇവക്ക് സൗകര്യമുള്ള ഫിറ്റ്നസ് സെന്ററുകൾ.
- ജില്ലയിലെ കായിക പ്രതിഭകൾക്ക് വളർന്നു വികസിക്കാനുതകുമാറ് ദീർഘകാല പരിശീലന പദ്ധതികൾ ആവശ്യമായ ഇനങ്ങളിലെല്ലാം ആരംഭിക്കണം.
- ഫുട്ബോളിനെ ജില്ലയിലെ ഗെയിമായി പ്രഖ്യാപിക്കണം. മലപ്പുറം ജില്ല മറ്റ് സ്പോർട്സ് ഇനങ്ങളെ അപേക്ഷിച്ച് ഫുട്ബോളിലാണ് കൂടുതൽ മികവ് തെളിയിച്ചിട്ടുള്ളത്.
- ജില്ലയുടെ എല്ലാ ഭാഗങ്ങളിലുമുള്ള ഫുട്ബോൾ പ്രതിഭകൾക്കും വളർന്ന് വികസിക്കാനുള്ള അനുകൂല സാഹചര്യം ഒരുക്കണം.
- ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ പ്രദേശത്ത് ഏറ്റവും പ്രചാരമുള്ള അഞ്ച് സ്പോർട്സ് ഇനങ്ങളിലും ദീർഘകാല പരിശീലന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കണം. ആയതിന് രണ്ട് പ്രധാന ഗെയ്മുകൾക്കും 3 മറ്റ് ഗെയ്മുകൾക്കും മുൻഗണന നല്കി പരമാവധി പ്രയോജനപ്പെടുത്തണം.
- ഒരോ ഗ്രാമ പഞ്ചായത്തും തദ്ദേശത്ത് ഏറ്റവും ജനസമ്മതിയുള്ള ഒരു കളിയെ പഞ്ചായത്തിന്റെ കളിയായി പ്രഖ്യാപിക്കണം. ഈ കളിയുടെ വികസനത്തിനായി ആ ഗ്രാമ പഞ്ചായത്തിലെ ഒരു ഹയർ സെക്കൻററി സ്കൂൾ ഈ കളിയിലെ മികവിന്റെ കേന്ദ്രമാക്കണം. പ്രഖ്യാപിക്കുന്ന കളിയിനത്തിന് പ്രത്യേക പരിഗണന നൽകി ദീർഘകാല പരിശീലന പദ്ധതി ആവിഷ്കരിക്കണം. ആ ഇനത്തിൽ പഞ്ചായത്ത് അക്കാഡമി സ്ഥാപിക്കണം.
- പ്രദേശത്തുള്ള വിദ്യാലയങ്ങളിൽ നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാം. പരിശീനത്തിന് എത്തുന്നവർക്ക് അധിക പോക്ഷക ഗുണമുള്ള ഭക്ഷണം ലഭ്യമാക്കണം. പരിശീലനത്തിന് എത്തുന്നവർക്ക് ഇൻഷൂറൻസ് പരിരക്ഷ ഉറപ്പാക്കണം.
- ജില്ലാ പഞ്ചായത്തിന്റെയും, മലപ്പുറം ജില്ലാ സ്പോർട്സ് കൗൺസിലിന്റെയും, ഗ്രാമപഞ്ചായത്തുകളുടെയും, മുനിസിപ്പാലിറ്റികളുടെയും യുവജന ക്ലബുകളുടെയും സഹകരണത്തോടെ ജില്ലയിലെ ഹൈസ്കൂൾ തലം വരെയുള്ള മുഴുവൻ സ്കൂൾ വിദ്യാർത്ഥികൾക്കും അവധികാലത്ത് നീന്തൽ പരിശീലനം നൽകുന്ന ഒരു പദ്ധതി തയ്യാറാക്കണം. ഇതിനായി ബ്ലോക്ക്തലത്തിൽ മാസ്റ്റർ ട്രെയിനർമാർക്കും, വാർഡ്തലത്തിൽ ട്രെയിനർമാർക്കും പരിശീലനം നൽകണം. ആദ്യഘട്ടം എന്ന് നിലയിൽ ജില്ലയിലെ മുഴുവൻ എൽ.പി. സ്കൂൾ വിദ്യാർത്ഥികൾക്കും

നിന്തൽ പരിശീലനം നൽകാനുള്ള പദ്ധതി ഈ വർഷം തന്നെ ആരംഭിക്കണം. ഇതിനായി ജില്ലയിലെ മുഴുവൻ പൊതു സ്വകാര്യ കുളങ്ങളും ഉപയോഗിക്കുവാനുള്ള സാദ്ധ്യത ആരായണം.

- എല്ലാ വിദ്യാർത്ഥികളെയും പങ്കെടുപ്പിച്ച് കൊണ്ടുള്ള കായികക്ഷമത കൈവരിക്കാനുള്ള പരിശീലന പദ്ധതി വിദ്യാലയങ്ങളിൽ തുടങ്ങണം. കായിക ക്ഷമത പരിരക്ഷ നിർബന്ധമാക്കണം.
- വിജയികൾക്ക് ഹെഡ്മാസ്റ്റേഴ്സ് ഫിറ്റ്നസ് അവാർഡും സ്കോളർഷിപ്പും നൽകണം
- പ്രൈമറി തലം തൊട്ട് വിദ്യാലയങ്ങൾക്ക് വൈദ്യപരിശോധന നിർബന്ധമാക്കണം.
- അംഗനവാടികൾ തൊട്ട് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആരോഗ്യ പരിപാലനത്തെ കുറിച്ചും കായിക ക്ഷമതയെകുറിച്ചും ബോധവൽകരണ ക്ലാസുകൾ നടത്തേണ്ടതാണ്.
- എല്ലാ സ്കൂളുകളിലും മതിയായ സൗകര്യങ്ങളോടു കൂടിയുള്ള പാചകപുരയും, സ്റ്റോർ റൂം ഡൈനിംഗ് ഹാളും എന്നിവ ഉണ്ടാക്കേണ്ടതുണ്ട്.
- സ്കൂളുകളിൽ ഗുണമേന്മ ഉള്ളതും വിഷ വിമുക്തവുമായിട്ടുള്ള പച്ചക്കറികൾ ബന്ധപ്പെട്ട ഏജൻസികളുടെ സഹായത്തോടെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

E. സംയോജന സാധ്യതകൾ

ബോക്സ് 7.6

വിദ്യാഭ്യാസ മേഖലയിൽ സമർപ്പിക്കപ്പെട്ട സംയോജിത/നൂതന പ്രോജക്ടുകൾ

1. ആരോഗ്യം

സ്കൂളുകളിൽ ഹെൽത്ത് കാർഡ് വിതരണം, ഗവൺമെന്റ് ഹൈസ്കൂളുകളിൽ ജെ.പി.എച്ച്.എൻ മാരുടെ സേവനം ഉപയോഗപ്പെടുത്തുന്നു. അയൺ ഫോളിക് ടാബ്ലറ്റുകളുടെ വിതരണം നടത്തുന്നു. വിവിധ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. കാഴ്ചശക്തി കുറവുള്ള വിദ്യാർത്ഥികൾക്ക് കണ്ണട വിതരണം നടത്തുന്നു. IEDSS വിദ്യാർത്ഥികൾക്ക് മെഡിക്കൽ ഉപകരണങ്ങൾ നൽകുന്നു. പ്രതിരോധ കുത്തിവെപ്പുകൾ നൽകുന്നു കൂടിവെള്ള പരിശോധനകൾ നടത്തുന്നു.

2. കൃഷി

കാർഷിക സംസ്കാരം കുട്ടികളിൽ വളർത്തിയെടുക്കുന്നതിനും പ്രകൃതിയുമായുള്ള ബന്ധം നിലനിർത്തുന്നതിനും വേണ്ടി കൃഷി വകുപ്പുമായി സഹകരിച്ച് ധാരാളം പ്രവർത്തനങ്ങൾ നടത്തിവരുന്നു. വിഷരഹിത പച്ചക്കറി കൃഷി, വിത്ത് വിതരണം, സ്കൂളുകൾക്ക് കൃഷിക്കാവശ്യമായ സാമ്പത്തിക സഹായം, മികച്ച കൃഷിയുള്ള സ്കൂളുകൾക്കും വിദ്യാർത്ഥികൾക്കും അവാർഡുകൾ നൽകുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ജൈവ വൈവിധ്യ പാർക്കുകളുടെ നിർമ്മാണം. കൃഷി ജീവനോപാധിയായി മാറ്റാനുള്ള മനോഭാവം കുട്ടികളിൽ ഉണ്ടാക്കുന്നതിനുള്ള അടുക്കളത്തോട്ടം പദ്ധതി (കൃഷി വീട്ടിലും സ്കൂളിലും).

3. തൊഴിൽ സംസ്കാരം

മുട്ടക്കോഴി വിതരണം, പരിപോഷണം, തുടർപ്രവർത്തനങ്ങളും ഉണ്ടാകേണ്ടതുണ്ട്. ചെറുകിട കൈത്തൊഴിലുകളായ കുട നിർമ്മാണം, ചോക്ക് നിർമ്മാണം, സോപ്പ് നിർമ്മാണം, പേപ്പർ ഫയലുകളുടെ നിർമ്മാണം, തുണിസഞ്ചികൾ, പേപ്പർ ബാഗുകൾ എന്നിവയുടെ നിർമ്മാണങ്ങളും പ്രോൽസാഹിപ്പിക്കേണ്ടതുണ്ട്.

4. പോലീസ്, നീതിന്യായം

കുട്ടികളിൽ സേവന മനോഭാവം, കർമ്മനിരത ഉത്തരവാദിത്വബോധം, അച്ചടക്കം, സാമൂഹിക പ്രശ്നങ്ങളിൽ ഇടപെടാനുള്ള ധൈര്യം ആത്മവിശ്വാസം,ശാരീരിക മാനസിക ആരോഗ്യം എന്നിവ നൽകുന്ന എസ്.പി.സി പദ്ധതി സ്കൂളുകളിൽ നടപ്പിലാക്കി വരുന്നു. ക്രമസമാധാനപാലത്തിന്റെ കണ്ണിയാകാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നു. സ്കൂൾ പാർലമെന്റുകളുടെ പ്രവർത്തനങ്ങളും, നിയമസാക്ഷരതാ പ്രവർത്തനങ്ങളും സ്കൂളുകളിൽ നടന്ന് വരുന്നു. ദൈനംദിന ജീവിതത്തിൽ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും,

കുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുന്നതിനും നിയമസംരക്ഷണത്തിനും കുട്ടികൾക്ക് സഹായകരമാകുന്നു. ലൈംഗിക ചൂഷണങ്ങൾ, അതിക്രമങ്ങൾ, എന്നിവ തടയുന്നതിന് ബാലാവകാശ കമ്മീഷൻ, ചൈൽഡ് ലൈൻ തുടങ്ങിയ ഏജൻസികളുടെ പ്രവർത്തനങ്ങൾ വിദ്യാർത്ഥികൾക്കിടയിൽ സുരക്ഷിത ബോധം വളർത്തുന്നു. ഇത്തരം സംഘടനകളുടെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിത പെടുത്തേണ്ടതുണ്ട്

പശ്ചാത്തല രേഖ

II– ഊർജ്ജം

A. ഹ്രസ്വകാല പരിപ്രേക്ഷ്യം

- പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ അവസാനത്തോടെ എല്ലാവർക്കും ഇടതടവില്ലാതെ ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കുക.
- പുനരാവർത്തക ഊർജ്ജ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക.
- നിലവിലുള്ള വൈദ്യുതി ശ്രിംഖലകളുടെ കാര്യക്ഷമമായ പരിപാലനത്തിലൂടെ സുരക്ഷ ഉറപ്പ് വരുത്തുക.
- വൈദ്യുതി പ്രസരണ വിതരണ നഷ്ടം കുറയ്ക്കുക.
- ജില്ലയുടെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിലേക്കായി ഊർജ്ജ സംരക്ഷണത്തിന് ഊന്നൽ നൽകുക.
- ക്ലീൻ കുക്കിംഗ് എനർജി.

B. ദീർഘകാല ലക്ഷ്യങ്ങൾ

- കാർബൺ രഹിത ജില്ല, പ്രത്യേക ഊർജ്ജ സുരക്ഷിതത്വം.
- മിതമായ വിലയ്ക്ക് ഗ്രാമീണമേഖലയുൾപ്പെടെ വൈദ്യുതി ഇടതടവില്ലാതെ എല്ലാവർക്കും.
- പുനരാവർത്തക ഊർജ്ജ സ്രോതസ്സുകളുടെ സാധ്യത ഉപയോഗപ്പെടുത്തികൊണ്ട് മേഖലയിലെ ഊർജ്ജാവശ്യങ്ങൾ നിറവേറ്റുന്നതിന് ജില്ല സ്വയം പര്യാപ്തത കൈവരിക്കുക.
- ജില്ലയുടെ ഊർജ്ജാവശ്യകത 5 % മെങ്കിലും കുറവ് വരുത്തുന്നതിലേയ്ക്ക് ഡിമാൻഡ് സൈഡ് മാനേജ്മെന്റും ഊർജ്ജ ക്ഷമതയുള്ള ഉപകരണങ്ങളുടെ ഉപയോഗവും ത്വരിതപ്പെടുത്തുക.
- നഗര ഗ്രാമ വ്യത്യാസമില്ലാതെ മിതമായ വിലയ്ക്ക് ക്ലീൻ കുക്കിംഗ് എനർജി ലഭ്യമാക്കുക.
- ഇലക്ട്രിക്ക് വാഹനങ്ങളുടെ വ്യാപനം വഴി കാർബൺരഹിത ജില്ല.

C. മേൽത്തട്ട് നിർദ്ദേശങ്ങൾ

- ഇലക്ട്രിക് വാഹനങ്ങളുടെ പ്രചാരണം വർധിപ്പിക്കുന്നതിനായി പല തരത്തിലുള്ള ഇളവുകൾ (നികുതി, സൗജന്യ പാർക്കിംഗ്) നടപ്പിൽ വരുത്തുക. കൂടുതൽ ചാർജ്ജിംഗ് പോയന്റുകൾ കണ്ടെത്തുക.
- വളരെ ഫലപ്രദവും സൗകര്യപ്രദവുമായ പൊതു ഗതാഗത സംവിധാനം നിലവിൽ വന്നാൽ ഓരോ വ്യക്തിക്കും തന്റെ വാഹനം ഉപയോഗിക്കുന്നതിനുള്ള പ്രവണത കുറയുന്നതും തദ്വാരാ പെട്രോളിയം ഉൽപ്പന്നങ്ങളുടെ ഉപയോഗം കുറച്ചു കൊണ്ടുവരാനും സാധിക്കുന്നതാണ്. റോഡുകളുടെയും പൊതു

ഗതാഗത സൗകര്യങ്ങളുടെയും വികസനത്തിന് അനുകൂലമായ രീതിയിൽ ഗതാഗത നയം രൂപീകരിക്കേണ്ടിയിരിക്കുന്നു.

- പഞ്ചായത്ത് / മുനിസിപ്പൽ തലത്തിൽ സിറ്റി ഗ്യാസ് പദ്ധതി നടപ്പിലാക്കുക.
- പുതിയ റോഡുകളുടെ നിർമ്മാണം, പഴയ റോഡുകളുടെ നവീകരണം എന്നീ പ്രവൃത്തികളോടൊപ്പം തന്നെ അനുബന്ധ പശ്ചാതല സൗകര്യങ്ങൾ ഒരുക്കുമ്പോൾ "യൂട്ടിലിറ്റി കോറിഡോർ" സംവിധാനം ഒരുക്കേണ്ടതാണ്.
- 2020 വർഷത്തോട് കൂടി കൃഷി ആവശ്യത്തിന് ഉപയോഗിക്കുന്ന ഡീസൽ പമ്പുകൾ പൂർണ്ണമായും ഒഴിവാക്കുന്നതിനും പകരം BEE സ്റ്റാർ ലേബലുള്ള കാർഷിക പമ്പ് സെറ്റുകൾ/സോളാർ വാട്ടർ പമ്പ് ഉപയോഗിക്കുന്നതിലേക്കും ജില്ലയിലെ കാർഷിക മേഖലയെ മാറ്റുന്നതിനുള്ള പദ്ധതി തയ്യാറാക്കുക. മൈക്രോ ജലസേചന സംവിധാനം ഏർപ്പെടുത്തുന്നതിന് കർഷകർക്ക് സബ്സിഡി നൽകുക. ജലനിധി, ജലധാര തുടങ്ങി എല്ലാ കുടിവെള്ള പദ്ധതികൾക്കും ഊർജ്ജ ക്ഷമതയുള്ള പമ്പ സെറ്റുകൾ ഉപയോഗിക്കുകയോ സോളാർ പമ്പ് സെറ്റുകളിലേയ്ക്ക് മാറുകയോ ചെയ്യുക. കോൾ പ്രദേശങ്ങളിൽ സൗരോർജ്ജം അടിസ്ഥാനത്തിലുള്ള മോട്ടോർ പമ്പുകൾ വ്യാപകമാക്കുക.
- ബി.പി.എൽ. വീടുകൾക്ക് ഗ്യാസ് കണക്ഷൻ കൊടുക്കുന്നതിന് പദ്ധതി തയ്യാറാക്കുക.
- പ്രകൃതി വാതക വൈദ്യുതി ഉൽപാദന കേന്ദ്രങ്ങൾ (സാധ്യത കണ്ടെത്തിയത് – അരീക്കോട്, എടരിക്കോട്, മാലാപറമ്പ്) പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങുക.
- ശൃംഖലാബന്ധിത സൗരോർജ്ജ വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുന്നതിലൂടെ അവ സ്ഥാപിക്കുന്ന കെട്ടിടത്തിലെ വൈദ്യുതാവശ്യം നിറവേറ്റുന്നതിനും, അധികമായി ഉല്പാദിപ്പിക്കുന്ന വൈദ്യുതി സംസ്ഥാന വൈദ്യുത വിതരണ ശൃംഖലയിലേയ്ക്ക് നൽകുന്നതിനും കഴിയുന്നതാണ്. ഹൈബ്രിഡ് (ഓഫ് ഗ്രിഡ് & ഓൺ ഗ്രിഡ്) സോളാർ ഇൻവർട്ടറുകൾ ഈ പദ്ധതിയുടെ ഭാഗമാക്കുക. ഇതിലൂടെ നിലവിലെ ബാറ്ററി ചാർജ്ജിംഗ് സംവീധാനം പൂർണ്ണമായും സോളാറിലേക്ക് മാറ്റുക.
- വാണിജ്യാടിസ്ഥാനത്തിൽ നിർമ്മിക്കുന്ന കെട്ടിടങ്ങൾ, ലക്ഷ്വറി ടാക്സ് അടയ്ക്കുന്ന വീടുകൾ, പുതുതായി പണിയുന്ന 3000 സ്ക്വയർ ഫീറ്റിന് മുകളിലുള്ള വീടുകൾ എന്നിവിടങ്ങളിൽ സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിക്കുന്നത് ബിൽഡിംഗ് നമ്പർ അനുവദിക്കുന്നതിനുള്ള മാനദണ്ഡമായി ചേർക്കുക.
- ജില്ലയിലെ ഉപയോഗശൂന്യമായി കിടക്കുന്ന റവന്യൂ സ്ഥലങ്ങളിൽ അക്ഷയ ഊർജ്ജ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പഠനം നടത്തുക.
- സർക്കാർ സ്ഥാപനങ്ങളിൽ ഇൻവർട്ടർ, ജനറേറ്റർ എന്നിവയുടെ ഉപയോഗം പരമാവധി ഒഴിവാക്കി ഓഫ് ഗ്രിഡ് സോളാർ പവർപ്ലാന്റ് കേന്ദ്ര ധന സഹായത്തോടുകൂടി സ്ഥാപിക്കുക.
- സർക്കാർ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ മേൽക്കൂരയിലേക്കെത്തിച്ചേരുന്നതിനുള്ള കോണിപ്പടികൾ/ലാഡർ സൗകര്യം പണിയുക. മേൽക്കൂരകൾ പരന്ന ഉപരിതലത്തോട് കൂടി നിർമ്മിക്കാൻ ശ്രദ്ധിക്കുക.
- സബ്സ്റ്റേഷനുകൾക്കു വേണ്ടി സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തികൾ ജില്ലാ ഭരണകൂടം/ സർക്കാർ തലത്തിൽ ത്വരിതപ്പെടുത്തുക.
- പ്രസരണ ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട് വരുന്ന കേസുകളിൽ എത്രയും പെട്ടെന്ന് തീർപ്പ് കൽപ്പിക്കുക.
- വനം വകുപ്പിന്റെ അനുമതി വേണ്ട പ്രവൃത്തികൾക്ക് കാല താമസം കൂടാതെ അനുമതി ലഭ്യമാക്കുക.
- വൈദ്യുതി തടസ്സങ്ങൾ പരമാവധി കുറയ്ക്കുന്നതിനായി HT/LT ലൈനുകൾ കഴിയുന്നത്രയും യു.ജി / എ.ബി.സി. യാക്കി മാറ്റുക.
- സബ്സ്റ്റേഷനുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതോടൊപ്പം തന്നെ സബ്സ്റ്റേഷനുകളിൽ നിന്നുള്ള 11 കെ.വി. ഫീഡറുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും അതു വഴി ലോഡ് സെന്ററുകളിലേയ്ക്ക് കൂടുതൽ 11 കെ.വി. ഫീഡറുകൾ എത്തിക്കുകയും ചെയ്ത് എച്ച്.ടി ഫീഡറുകളുടെ ശൃംഖല ശക്തിപ്പെടുത്തുക.

- കെ.എസ്.ഇ.ബി.യ്ക്ക് ലഭിച്ച കൊണ്ടിരിക്കുന്ന പരാതികളിൽ ഭൂരി ഭാഗവും പാവപ്പെട്ടവരുടെ കൈവശ ഭൂമിയിലൂടെ നിലവിൽ കടന്നു പോകുന്ന വൈദ്യുതി ലൈനുകളും പ്രതിഷ്ഠാപനങ്ങളും കെട്ടിട നിർമ്മാണത്തിനും മറ്റും തടസ്സം സൃഷ്ടിക്കുന്നതിനാൽ മാറ്റി സ്ഥാപിക്കുന്നതിനു വേണ്ടിയാണ്. പ്രസ്തുത പ്രവൃത്തികൾക്ക് വേണ്ടി വരുന്ന തുക അപേക്ഷകൻ കെ.എസ്.ഇ.ബി.യിൽ അടവാക്കണമെന്നതാണ് നിലവിലുള്ള നിയമം. ഇത്തരത്തിലുള്ള സാഹചര്യങ്ങളിൽ ആയതിന് കെ.എസ്.ഇ.ബി ക്ക് വരുന്ന ചെലവ് സംഖ്യ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വകയിരുത്തി കെ.എസ്.ഇ.ബി.ക്ക് നൽകാവുന്നതാണ്.
- ഉത്പാദന / സേവന മേഖലകളിലായി നടപ്പിലാക്കാവുന്ന / നൽകാവുന്ന ഇനങ്ങളുടെ വൈവിധ്യ വൽക്കരണം, എൽ.ഇ.ഡി. ബൾബുകളുടെയും ട്യൂബുകളുടെയും വിതരണം (ലൈറ്റിംഗ്), ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് പാചകത്തിന് ക്ലീൻ എനർജി (കുക്കിംഗ്), പഴയ ഫാനുകളുടെയും മോട്ടോറുകളുടെയും സ്ഥാനത്ത് ഊർജ്ജക്ഷമതയുള്ള മോട്ടോറുകൾ (മോട്ടോർ), കെട്ടിടങ്ങളിൽ ഇ.സി.ബി.സി കോഡ് അനുവർത്തിക്കുന്നതിനാവശ്യമായ ബോധ വൽക്കരണം, ഊർജ്ജ മേഖലയിൽ ഊന്നിയ ഹരിത ഭവനങ്ങൾ (കെട്ടിടങ്ങൾ) എന്നിവ പരിഗണിക്കാവുന്ന നിർദ്ദേശങ്ങളാണ്.
- ഊർജ്ജമേഖലയിൽ ഊന്നിയ ഹരിത ഗൃഹങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ പ്രോത്സാഹനം സംസ്ഥാന സർക്കാർ നൽകുക. കെട്ടിടങ്ങളിൽ ഇ.സി.ബി.സി. കോഡ് അനുവർത്തിക്കുന്നതിനാവശ്യമായ നിയമ നിർമ്മാണം നടത്തുക.
- കാറ്റിൽ നിന്നുള്ള വൈദ്യുതിയുടെ സാധ്യതകളെ സംബന്ധിച്ച് ജില്ലയിൽ പഠനങ്ങൾ നടക്കേണ്ടതുണ്ട്. കൂടാതെ മൈക്രോ വിൻഡ് മോഡലുകളുടെയും ഹൈബ്രിഡ് വിൻഡ് മോഡലുകളുടെയും സാധ്യത പരിശോധിക്കേണ്ടതുണ്ട്.
- മലപ്പുറം സിവിൽ സ്റ്റേഷൻ കോമ്പൌണ്ടിൽ നിർമ്മിക്കേണ്ട സബ് സ്റ്റേഷൻ അടക്കം ജില്ലയിൽ അടിയന്തിരമായി പ്രസരണമേഖയിൽ നടപ്പിലാക്കേണ്ട 35 പദ്ധതികളുടെ നിർദ്ദേശങ്ങൾ അധ്യായം-4 ൽ കൊടുത്തിട്ടുണ്ട്. അവ സമയബന്ധിതമായി നടപ്പിലാക്കുക.
- ഐസ് പ്ലാന്റുകൾ, കോൾ നിലയങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- HT / LT, ഹൈ റൈസ് ബിൽഡിംഗ് എന്നിവ കേന്ദ്രീകരിച്ച് എനർജി ഓഡിറ്റ് നടത്തുക.
- വൈദ്യുതി അപകട ബോധവൽക്കരണ ക്ലാസ്സുകളും മാധ്യമങ്ങൾ വഴിയുള്ള പ്രചാരണവും കൂടുതൽ കാര്യക്ഷമമായി നടത്തുക.
- സുരക്ഷയെക്കുറിച്ചുള്ള ഹ്രസ്വ ചിത്രങ്ങളും മറ്റും ടെലിവിഷൻ ചാനലുകൾ മുതലായ മാധ്യമങ്ങളിലൂടെ കാണിക്കുക.
- വൈദ്യുത മേഖലയെ ശക്തിപ്പെടുത്താൻ വേണ്ടി മെറ്റീരിയിൽ ഡിപ്പോ സ്ഥാപിക്കുക.

D.കീഴ്ഘട്ട് നിർദ്ദേശങ്ങൾ

- കമ്മ്യൂണിറ്റി അടുപ്പുകൾ ആവശ്യാനുസരണം സബ്സിഡി ഇനത്തിൽ ലഭ്യമാക്കുക. ഇത് വ്യാപകമാക്കുന്നതിലേക്ക് ഗ്രാമ സഭാ തലത്തിൽ അനർട്ടിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുക.
- ഗോബർ ഗ്യാസ് പ്ലാന്റുകളുടെ സാധ്യത കണ്ടെത്തുക. അനർട്ടിന്റെ നേതൃത്വത്തിൽ ബയോ ഗ്യാസ് പ്ലാന്റുകൾ വ്യാപകമാക്കുന്നതിലേക്ക് ആവശ്യമായ പ്രോജക്ട് വെയ്ക്കുക.
- ഹോട്ടൽ, മാർക്കറ്റ്, വിവാഹ ഓഡിറ്റോറിയം എന്നിവ കേന്ദ്രീകരിച്ച് ബയോ ഗ്യാസ് പ്ലാന്റുകൾ നിർബന്ധമാക്കുക. പോർട്ടബിൾ ബയോ ഗ്യാസ് പ്ലാന്റുകൾ സബ്സിഡി നിരക്കിൽ എല്ലാ വീടുകൾക്കും നൽകുക.
- അനർട്ട് പരിശീലനം ലഭിച്ച റിന്യൂവബിൾ എനർജി ടെക്നിഷ്യൻ മുഖേന പഞ്ചായത്ത് തലത്തിൽ അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ വിതരണവും സേവനവും ലഭിയ്ക്കാവുന്ന അക്ഷയ ഊർജ്ജ

ഷോപ്പുകൾ സ്ഥാപിക്കുക. അനർട്ട് മുഖേന ടെയിനിംഗ്രകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തുക.

- കക്കൂസ് മാലിന്യത്തിൽ നിന്ന് ഗ്യാസ് ഉൽപാദനം – ഇത് ലൈഫ് സമുച്ചയം, സർവ്വകലാശാലകൾ, ആശുപത്രികൾ തുടങ്ങിയ സ്ഥലങ്ങളിൽ ഇത്തരത്തിലുള്ള സംവിധാനം ഏർപ്പെടുത്തുക.
- വൈദ്യുതി അപകട ബോധവൽക്കരണ ക്ലാസ്സുകളും മാധ്യമങ്ങൾ വഴിയുള്ള പ്രചാരണവും കൂടുതൽ കാര്യക്ഷമമായി നടത്തുക.
- പഞ്ചായത്ത് / വാർഡ് തലങ്ങളിൽ വൈദ്യുതി അപകട ബോധ വൽക്കരണ ക്ലാസ്സുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുകയും ആയതിലേയ്ക്ക് ക്ലാസ്സുകൾ എടുക്കുന്നതിനായി വൈദ്യുതി ബോർഡിലെ/ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിലെ ഉദ്യോഗസ്ഥന്മാരുടെ സാന്നിദ്ധ്യം ഉറപ്പ് വരുത്തുകയും ചെയ്യുക.
- പുതിയ കെട്ടിടങ്ങൾക്കും വീടുകൾക്കും വൈദ്യുതി കണക്ഷൻ ലഭിക്കാൻ ഇ.എൽ.സി.ബി. നിർബന്ധമാക്കിയത് പോലെ വൈദ്യുതി കണക്ഷൻ ലഭിച്ച പഴയ വീടുകളിലും കെട്ടിടങ്ങളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കണക്കെടുപ്പ് നടത്തി ഇ.എൽ.സി.ബി. സ്ഥാപിച്ചിട്ടുണ്ടെന്ന് ഉറപ്പ വരുത്തുകയും അവ ഇല്ലാത്ത കെട്ടിടങ്ങൾക്കും വീടുകൾക്കും അവ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും, പാവപ്പെട്ട ഉപഭോക്താക്കളുടെ വീടുകളിൽ ഇ.എൽ.സി.ബി. സ്ഥാപിക്കുന്നതിനുള്ള ഫണ്ടുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വകയിരുത്തുകയും ചെയ്യുക.
- ഇലക്ട്രിക് മാലിന്യങ്ങളുടെ (സി.എഫ്.എൽ, ട്യൂബ്, ഇൻകാന്റിസെന്റ് ബൾബുകൾ) സംസ്കരണം, പുനരാവർത്തക ഊർജ്ജ ടെക്നീഷ്യന്മാരെ സൃഷ്ടിക്കുന്നതിനാവശ്യമായ പരിശീലനങ്ങൾ, വയർമാൻ, ഇലക്ട്രീഷ്യൻ എന്നിവർക്ക് വൈദ്യുത സുരക്ഷ സംബന്ധിച്ച് പരിശീലനം, വീടുകളിലും ഓഫീസുകളിലും റോഡുകളിലും ഊർജ്ജ സംരക്ഷണവുമായി ബന്ധപ്പെട്ട ബോധ വൽക്കരണ പ്രവർത്തനങ്ങൾ എന്നിവ കൂടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കുവാൻ പരിഗണിക്കേണ്ട മേഖലകളാണ്. ഇവയിൽ ഏറ്റവും പ്രധാനം ഊർജ്ജ മേഖലയിലെ ഉത്പാദനത്തിൽ വികേന്ദ്രീകൃത പിന്തുണയാണ്.
- ജില്ലയിൽ സാധ്യതതയുള്ള 28 മൈക്രോ/മിനി ജലവൈദ്യുത പദ്ധതികളും 59 പൈക്കോ ജലവൈദ്യുത പദ്ധതികളും ഉള്ളതായി എനർജി മാനേജ്മെന്റ് സെന്റർ നടത്തിയ പഠനത്തിലൂടെ തിരിച്ചറിഞ്ഞിട്ടുണ്ട്. (ലിസ്റ്റ് അധ്യായം – 4 ൽ നൽകിയിട്ടുണ്ട്). മിനി, മൈക്രോ, പൈക്കോ, ജല വൈദ്യുത പദ്ധതികളുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തി ജില്ലയിലെ വൈദ്യുത ഉത്പ്പാദന മേഖലയെ ത്വരിതപ്പെടുത്താൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി പദ്ധതി നിർദ്ദേശങ്ങൾ വെയ്ക്കുക. ഇതിനാവശ്യമായ സാങ്കേതിക സഹായം ഇ.എം.സി യിൽ നിന്ന് ആവശ്യപ്പെടാവുന്നതാണ്.
- ശൃംഖലാബന്ധിത സൗരോർജ്ജ വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുന്നതിലൂടെ അവ സ്ഥാപിക്കുന്ന കെട്ടിടത്തിലെ വൈദ്യുതാവശ്യം നിറവേറ്റുന്നതിനും, അധികമായി ഉല്പ്പാദിപ്പിക്കുന്ന വൈദ്യുതി സംസ്ഥാന വൈദ്യുത വിതരണ ശൃംഖലയിലേയ്ക്ക് നൽകുന്നതിനും കഴിയുന്നതാണ്. ഹൈബ്രിഡ് (ഓഫ് ഗ്രിഡ് & ഓൺ ഗ്രിഡ്) സോളാർ ഇൻവർട്ടറുകൾ ഈ പദ്ധതിയുടെ ഭാഗമാക്കുക. ഇതിലൂടെ നിലവിലെ ബാറ്ററി ചാർജ്ജിംഗ് സംവീധാനം പൂർണ്ണമായും സോളാറിലേക്ക് മാറ്റുക.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ കെട്ടിടങ്ങൾ (ഓഫീസ്, വിദ്യാഭ്യാസസ്ഥാപനങ്ങൾ, കോളേജ്, ഹോസ്റ്റൽ), സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ മേൽക്കൂരയിൽ സ്ഥല സൗകര്യം തിട്ടപ്പെടുത്തി സൗര വൈദ്യുത നിലയങ്ങൾ സ്ഥാപിച്ച് ജനങ്ങളിൽ സോളാർ പവർ പ്ലാന്റുകളുടെ സാധ്യതകളെക്കുറിച്ച് ബോധവൽക്കരണം നടത്തുക.
- വീടുകൾ, സ്ഥാപനങ്ങൾ എന്നിവയ്ക്ക് സൗരോര്ജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സബ്സിഡി നൽകി പ്രോൽസാഹിപ്പിക്കുക കേന്ദ്രസബ്സിഡി അനെർട്ടിലൂടെ ലഭ്യമാക്കുന്നതാണ്. സഹകരണ ബാങ്കുകൾ മുഖേന വായ്പ സൗകര്യം ലഭ്യമാണ്. ഇത് പരമാവധി പ്രയോജനപ്പെടുത്തുക (തദ്ദേശ സ്വയംഭരണ സ്ഥാപനം നടപ്പിലാക്കേണ്ട സർക്കാർ അംഗീകരിച്ച ഉത്തരവ് നമ്പർ 9/2017/തസ്വഭവ തീയതി 03.04.2017, സഹകരണ വകുപ്പ് സർക്കുലർ നമ്പർ 39)

- ആശുപത്രികൾ, ലോഡ്ജുകൾ, ഹോട്ടലുകൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് വെള്ളം ചൂടാക്കുന്നതിന് സോളാർ വാട്ടർ ഹീറ്റർ സ്ഥാപിക്കാവുന്നതാണ്.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഗാർഹിക ഗുണഭോക്താക്കൾക്ക് സോളാർ വാട്ടർ ഹീറ്റർ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകുക.
- നിലവിലുള്ള എല്ലാ തെരുവ് വിളക്കുകളും എൽ.ഇ.ഡി യിലേക്ക് മാറ്റുക. അതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഫണ്ട് വകയിരുത്തുക. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പുതുതായി സ്ഥാപിക്കുന്ന തെരുവ് വിളക്കുകൾ എല്ലാം എൽ.ഇ.ഡി ആയിരിക്കണമെന്ന് നിഷ്കർഷിക്കുക. എല്ലാ തെരുവ് വിളക്കുകൾക്കുമുള്ള വൈദ്യുതി എനർജി മീറ്റർ വഴിയാക്കി കൃത്യമായ ബില്ലിംഗ് ഉറപ്പ് വരുത്തുക. തെരുവ് വിളക്കുകൾ കൃത്യമായി കത്തിക്കുന്നതിനും ഓഫ് ചെയ്യുന്നതിനുമായി ഓട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റ് കൺട്രോളർ സ്ഥാപിക്കുക. കഴിയുന്നത്ര പ്രദേശങ്ങളിൽ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുക.
- സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന്റെ ഭാഗമായി വരുന്ന സ്ട്രീറ്റ് മെയിൻ നിർമ്മാണത്തി നാവശ്യമായ തുക എം.എൽ.എ. ഫണ്ടിൽ ഉൾപ്പെടുത്തുക.
- "മോഡൽ എനർജി എഫിഷ്യന്റ് പഞ്ചായത്ത്" ആയി ജില്ലയിലെ ഒരു പഞ്ചായത്തിനെ തിരഞ്ഞെടുക്കുകയും ആ പഞ്ചായത്തിന് കീഴിൽ ഊർജ്ജ ക്ഷമതയുള്ള വൈദ്യുത ഉപകരണങ്ങൾ (എൽ.ഇ.ഡി ട്യൂബ്, എൽ.ഇ.ഡി ബൾബ്, 5 സ്റ്റാർ റേറ്റഡ് ഫാൻ മുതലായവ) സബ്സിഡി നിരക്കിൽ നല്കുക. കൂടാതെ പോർട്ടബിൾ ബയോ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുക, ഊർജ്ജ ക്ഷമതയുള്ള അടുപ്പുകൾ സ്ഥാപിക്കുക, മുഴുവൻ തെരുവ് വിളക്കുകളും എൽ.ഇ.ഡി യിലേക്ക് മാറ്റുക തുടങ്ങിയവ നടപ്പാക്കുക വഴി ഊർജ്ജ സംരക്ഷണ മാതൃക പഞ്ചായത്തായി തെരെഞ്ഞെടുത്ത പഞ്ചായത്തിനെ മാറ്റുക.
- ജില്ലയിലെ ഗവണ്മെന്റ് കെട്ടിടങ്ങൾ, ഗവണ്മെന്റ് സ്ഥാപനങ്ങൾ, ബോർഡുകൾ തുടങ്ങിയവയിൽ LED / CFL നിർബന്ധമാക്കുക.
- ഡൊമസ്റ്റിക് മേഖലയിൽ സോളാർ വാട്ടർ ഹീറ്റർ പ്രോത്സാഹിപ്പിക്കുക. കൂടാതെ ആശുപത്രികൾ, ഹോട്ടലുകൾ, ഗവണ്മെന്റ് കെട്ടിടങ്ങൾ, റസിഡൻഷ്യൽ സ്കൂളുകൾ, കോളേജുകൾ, ഹോസ്റ്റലുകൾ, ടൂറിസം കോമ്പ്ലക്സുകൾ, സർവ്വകലാശാലകൾ തുടങ്ങിയവയിലും സോളാർ വാട്ടർ ഹീറ്റർ നിർബന്ധമാക്കുക.
- സ്റ്റാർ റേറ്റഡ് പമ്പ് സെറ്റുകൾ കാർഷിക മേഖലയിൽ നിർബന്ധമാക്കുക. കോൾ മേഖലയിൽ സോളാർ പമ്പ് സെറ്റുകൾ നിർബന്ധമാക്കുക.
- നിലവിലുള്ള എല്ലാ കുടിവെള്ള പദ്ധതികളുടെയും കാലപ്പഴക്കം ചെന്ന പമ്പ് സെറ്റുകൾ (വാട്ടർ അതോറിട്ടി) അടക്കം മാറ്റി ഊർജ്ജ ക്ഷമതയുള്ള പമ്പ് സെറ്റുകൾ സ്ഥാപിക്കുക.
- നിലവിലുള്ള തെരുവ് വിളക്കുകൾ മുഴുവനായും LED യിലേക്ക് മാറ്റുന്നതിനും പുതിയതിന് LED നിർബന്ധമാക്കുന്നതിനുള്ള പ്രോജക്ടിന് പഞ്ചായത്ത്/മുനിസിപ്പൽ തലത്തിൽ തീരുമാനം എടുക്കുക
- എനർജി മാനേജ്മെന്റ് സെന്ററിന്റെ ഓഫീസ് കെട്ടിടം സർക്കാർ മേഖലയിലെ ആദ്യത്തെ കാർബൺ രഹിത ഹരിത കെട്ടിടമാണ്. എനർജി മാനേജ്മെന്റ് സെന്ററിന്റെ സാങ്കേതിക സഹായത്തോടെ ജില്ലയിലും ഇത്തരത്തിലുള്ള കെട്ടിടങ്ങൾ പ്രോത്സാഹിപ്പിക്കാവുന്നതാണ്.
- വീടുകളിൽ ഊർജ്ജ ക്ഷമത കൂടിയ വൈദ്യുതി ഉപകരണങ്ങൾ ഉപയോഗിക്കുന്നതു കൊണ്ടുള്ള ഗുണങ്ങൾ ജനങ്ങളിലേക്കെത്തിക്കുന്നതിന് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
- ഓർഡിനറി ബൾബുകൾക്കും, ട്യൂബ് ലൈറ്റുകൾക്കും പകരമായി LED ബൾബുകൾ ഉപയോഗിക്കുക. കെ.എസ്.ഇ.ബി LED ബൾബുകൾ വില കുറച്ചു നൽകുന്നതിന് പുറമെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൂടി ഈ ദൗത്യം ഏറ്റെടുക്കുക.
- ഫ്രിഡ്ജ്, എയർ കണ്ടീഷണർ തുടങ്ങിയ ഊർജ്ജ ക്ഷമത കൂടിയ ഉപകരണങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയോ സഹകരണ സംഘങ്ങൾ വഴിയോ ഉപഭോക്താവിന് വില കുറച്ച് തവണ വ്യവസ്ഥകളിൽ നൽകാനുള്ള സൗകര്യങ്ങൾ ഒരുക്കുക.

- അനർട്ടിന്റെ നേതൃത്വത്തിൽ ചൂടാറാപ്പെട്ടി എല്ലാ വീടുകൾക്കും ലഭ്യമാക്കുന്നതിന് പഞ്ചായത്ത് തല തീരുമാനം എടുക്കുക.
- എൽ.പി.ജി. യുടെ ഉപയോഗം കുറക്കുന്നതിലേക്ക് വീടുകൾ കേന്ദ്രീകരിച്ച് പോർട്ടബിൾ ബയോ ഗ്യാസ് പ്ലാന്റുകൾ സബ്സിഡി ഇനത്തിൽ ലഭ്യമാക്കുക.
- ജില്ലയിലെ എല്ലാ സർക്കാർ ആശുപത്രികൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, അംഗനവാടികൾ എന്നിവിടങ്ങളിൽ ഊർജ്ജക്ഷമതയുള്ള ലൈറ്റുകളും ഫാനുകളും മറ്റും സ്ഥാപിക്കുന്നതിലേക്കുള്ള പദ്ധതി തയ്യാറാക്കുക.
- ജില്ലയിലെ സ്കൂളുകൾ ഊർജ്ജ ക്ഷമതയുള്ള സ്കൂളുകളാക്കി മാറ്റുന്നതിലേയ്ക്ക് എൽ.ഇ.ഡി ട്യൂബ്കൾ, എൽ.ഇ.ഡി ബൾബുകൾ, 5 സ്റ്റാർ റേറ്റഡ് ഫാനുകൾ മുതലായവ നൽകുന്നതിനുള്ള പ്രോജക്ട് വെയ്ക്കുക. മുഴുവൻ സ്കൂൾ വിദ്യാർത്ഥികളെയും കേന്ദ്രീകരിച്ച് സ്കൂൾതലത്തിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുക.

E. സംയോജന സാധ്യതകൾ

ബോക്സ് 7.7

1. മിനി/മൈക്രോ/പൈക്കോ ജല വൈദ്യുത പദ്ധതികൾ : എനർജി മാനേജ്മെന്റ് സെന്റർ പഠനത്തിലൂടെ കണ്ടെത്തിയ മിനി / മൈക്രോ / പൈക്കോ ജല വൈദ്യുത പദ്ധതികൾ എനർജി മാനേജ്മെന്റ് സെന്റർ / കെ.എസ്.ഇ.ബി ലിമിറ്റഡ് / ജില്ലാ - ബ്ലോക്ക് - ഗ്രാമ പഞ്ചായത്തുകളുടെ സഹകരണത്തോടെ "മാങ്കുളം" മാതൃകയിൽ നടപ്പിലാക്കുക.
2. ഇലക്ട്രിക് മാലിന്യ നിർമ്മാർജ്ജന പദ്ധതി : സംസ്ഥാനത്ത് ആദ്യമായി ഇലക്ട്രിക് മാലിന്യങ്ങൾ (സി.എഫ്.എൽ, ട്യൂബ്, ബൾബ്, ബാറ്ററി) സംസ്കരിക്കുന്നതിനും പുനരുപയോഗിക്കുന്നതിനുമായി ജില്ലയിലെ ഒരു കേന്ദ്രത്തിൽ ജില്ല / ബ്ലോക്ക് / മുനിസിപ്പാലിറ്റി / ഗ്രാമ പഞ്ചായത്തുകളുടെ സഹകരണത്തോടെ മാലിന്യ നിർമ്മാർജ്ജന പദ്ധതി - ഇതിനാവശ്യമായ സാങ്കേതിക പിന്തുണ എനർജി മാനേജ്മെന്റ് സെന്റർ തയ്യാറാക്കിയ മാസ്റ്റർ പ്ലാനിൽ നിന്ന് സ്വീകരിക്കാവുന്നതാണ്.

12-പൊതുമരാമത്ത് & വാർത്താവിനിമയം

A. ഹ്രസ്വകാല പരിപ്രേക്ഷ്യം

അടുത്ത അഞ്ചു വർഷത്തേക്ക് വേണ്ട വികസന നിർദ്ദേശങ്ങൾ താഴെ പറയുന്നു:

- സർക്കാറിന്റെ അധീനതയിലുള്ള സ്ഥലങ്ങൾ റവന്യൂ വകുപ്പിന്റെ ഇടപെടലോടെ തിരിച്ചറിഞ്ഞ് ചിതറിക്കിടക്കുന്ന താലൂക്ക് തലത്തിലും ബ്ലോക്ക് തലത്തിലുമുള്ള ഓഫീസുകൾ ഒരുമിച്ച് കൂടുതൽ നിലകളുള്ള ഒറ്റക്കെട്ടിടത്തിലേക്ക് മാറ്റുന്ന പ്രവൃത്തി. ജല ദൗർലഭ്യമുള്ള പ്രദേശങ്ങളിലെ സർക്കാർ കെട്ടിടങ്ങളിൽ ശാസ്ത്രീയമായ മഴവെള്ള കൊയ്ത്തിനുള്ള ക്രമീകരണവും അവയുടെ പരിപാലനവും.
- എല്ലാ സർക്കാർ കെട്ടിടങ്ങൾക്കും ഊർജ്ജ സ്വയം-പര്യാപ്തതക്ക് ഉതകുന്ന രീതിയിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി.
- എല്ലാ സർക്കാർ കെട്ടിടങ്ങളോടും അനുബന്ധമായി വാഹനങ്ങൾ നിർത്തിയിടാൻ വേണ്ട സൗകര്യങ്ങളും ഒരുക്കുക.

- കണ്ട കെട്ടിയ വാഹനങ്ങൾ എത്രയും വേഗം ലേലം ചെയ്ത് ഇവ കൂടിയിട്ടിരിക്കുന്ന പ്രദേശങ്ങൾ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗയോഗ്യമാക്കുക.
- ജില്ലാ ആസ്ഥാനത്ത് സിവിൽ സ്റ്റേഷനോട് ചേർന്ന് പൊതുജനങ്ങൾക്ക് വേണ്ടിയുള്ള പാർക്കും അതിനോടനുബന്ധിച്ച് ചെറുകിട കച്ചവടക്കാരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കച്ചവട കേന്ദ്രവും.
- കൊണ്ടോട്ടി താലൂക്കിനായി ഒരു മിനി സിവിൽ സ്റ്റേഷന്റെയും ഏറനാട് താലൂക്കിനായി മഞ്ചേരിയിൽ മിനി സിവിൽ സ്റ്റേഷൻ അനുബന്ധ കെട്ടിടത്തിന്റെയും നിർമ്മാണം.
- ജില്ലാ ആസ്ഥാനത്ത് സിവിൽ സ്റ്റേഷനോട് ചേർന്ന് ഒരു പൊതുജന ആരോഗ്യ കേന്ദ്രവും പൊതു വായനശാലയും. കൂടാതെ സിവിൽ സ്റ്റേഷനോട് ചേർന്ന് ദൂരദേശങ്ങളിൽ നിന്നുള്ള പൊതുജനങ്ങൾക്കായി കംഫർട്ട് സ്റ്റേഷനും ക്ലോക്ക് റൂമും നിർമ്മിച്ച് നൽകുക.
- ജില്ലാ ആസ്ഥാനത്തെ എല്ലാ കെട്ടിടങ്ങളുടെയും ആവശ്യാനുസരണം വേണ്ട ജലശുദ്ധീകരണ ശാലയും മലിനജല ശുദ്ധീകരണ ശാലയും അവയുടെ പരിപാലനവും.
- ജില്ലാ ആസ്ഥാനത്തെ അംഗപരിമിതർക്ക് സിവിൽ സ്റ്റേഷൻ പരിസരത്ത് തന്നെ താമസ സൗകര്യം ഒരുക്കുക.

B. ദീർഘകാല ലക്ഷ്യങ്ങൾ

അഞ്ചു വർഷത്തിനു ശേഷമുള്ള അടുത്ത പത്തു വർഷത്തേക്ക് വേണ്ട വികസന നിർദേശങ്ങൾ താഴെ പറയുന്നു:

- കായിക മേഖലയിലെ ഉന്നമനത്തിനായി ജില്ല ആസ്ഥാനത്ത് എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഉപയോഗിക്കാവുന്ന തരത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു സ്റ്റേഡിയവും അതിനോടനുബന്ധിച്ച് ഇൻഡോർ സ്റ്റേഡിയവും.
- ജില്ലാ ആസ്ഥാനത്ത് യോഗങ്ങളും പരിപാടികളും സംഘടിപ്പിക്കുന്നതിന് വേണ്ടി ഒരു ഓഡിറ്റോറിയം.
- ജില്ലയിലെ ഇ-ഡിസ്ട്രിക്ട് പദ്ധതിക്ക് വേണ്ടി ജില്ല ആസ്ഥാനത്ത് ഒരു ഡാറ്റാ സെന്റർ പ്രധാന പാതയോരങ്ങളിലെ സർക്കാർ ഭൂമിയിൽ ഒരു വരുമാന മാർഗ്ഗം എന്ന നിലക്ക് ഷോപ്പിംഗ് കോമ്പ്ലക്സുകളുടെ നിർമ്മാണം.

C. മേൽതട്ട് നിർദ്ദേശങ്ങൾ

- ദീർഘവീക്ഷണത്തോടെയുള്ളതും ശാസ്ത്രീയവുമായ പരിപ്രേക്ഷ്യം തയ്യാറാക്കുന്നതിന്, വിശിഷ്യാ, ഗതാഗത മേഖലയിലേതിന്, കൃത്യമായ പഠനം ആവശ്യമാണ്. ഗതാഗത മേഖലയിൽ മലപ്പുറം ജില്ലയിൽ ശാസ്ത്രീയമായ പഠനം നടന്നത് 2005 ലാണ്. നഗരാസൂത്രണ വിഭാഗത്തിന്റെ നേതൃത്വത്തിൽ ആ പഠനത്തിന്റെയും ലഭ്യമായ മറ്റ വിവരങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ പരിപ്രേക്ഷ്യം തയ്യാറാക്കിയിട്ടുള്ളത്. ആയതിനാൽ നിലവിലെ യാഥാർത്ഥ്യം തിരിച്ചറിയുന്നതിന് സമഗ്രവും ശാസ്ത്രീയവുമായ പഠനം നടത്തേണ്ടതാണ്.
- പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ ഗതാഗത മേഖലയിൽ നടത്തേണ്ട വികസന പ്രവർത്തനങ്ങൾ ദേശീയ പാത/ സംസ്ഥാന പാത/ ജില്ലാ പാത എന്നിങ്ങനെ വിവിധ വിഭാഗങ്ങളിൽ ഓരോന്നിലും മുൻഗണന ക്രമത്തിൽ ശാസ്ത്രീയമായി നിർണ്ണയിക്കേണ്ടതാണ്. പ്രസ്തുത മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ട റോഡുകളായിരിക്കണം വിവിധ കേന്ദ്ര-സംസ്ഥാന-ജില്ല പദ്ധതികൾ, MPLAD/MLA SDF/ADS എന്നിവയിൽ ഉൾപ്പെടുത്തി ചെയ്യേണ്ടത്. പരിപ്രേക്ഷ്യത്തിൽ ഉൾപ്പെട്ട പ്രവർത്തനങ്ങളാണ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും ഏറ്റെടുത്ത് നടത്തേണ്ടത്.
- മോട്ടോർ വാഹനവകുപ്പ് / ട്രാഫിക് പോലീസ് എന്നീ വിഭാഗങ്ങളിലെ ജീവനക്കാരുടെ കുറവ് ഗതാഗത നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിൽ തടസ്സം സൃഷ്ടിക്കുന്നുണ്ട്. ആയതിനാൽ

ഗതാഗത നിയമലംഘനങ്ങൾ തടയുന്നതിന് പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്. ആയതിലേക്കായി ആൻഡ്രോയിഡ്/ഐഒഎസ് പ്ലാറ്റ്ഫോമിൽ ഒരു ആപ്ലിക്കേഷൻ തയ്യാറാക്കുന്നത് ഉചിതമായിരിക്കും.

- ഗതാഗത നിയമങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്നും നിയമലംഘകർ യഥാവിധി ശിക്ഷിക്കപ്പെടുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്. പരിശോധനകൾക്ക് ഷാഡോ വാഹനങ്ങൾ, ഷാഡോ പോലീസ്, ഷാഡോ ആർ.ടി.ഒ ഉദ്യോഗസ്ഥർ എന്നിവരെ ഉപയോഗിക്കുന്നത് കൂടുതൽ നിയമലംഘകരെ പിടികൂടുന്നതിന് ഉപകരിക്കും.
- രാവിലെയും വൈകുന്നേരവും തിരക്കുള്ള സമയങ്ങൾ ബസ്സുകളിൽ കാണപ്പെടുന്ന തിരക്ക് പൊതുഗതാഗത സംവിധാനങ്ങളിൽ നിന്നും സ്വകാര്യവാഹനങ്ങളിലേക്ക് സ്ഥിരം യാത്രക്കാരെ മാറ്റുന്നുണ്ട്. ആയതിനാൽ ശാസ്ത്രീയമായ പഠനം നടത്തി തിരക്കുള്ള സമയങ്ങളിൽ കൂടുതൽ ബസ്സ് പെർമ്മിറ്റുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- സ്പീഡ് ഗവർണറുകൾ നിയമം മൂലം നിർബന്ധമാക്കിയിട്ടുണ്ടെങ്കിലും ആയത് ഉറപ്പു വരുത്താനാകാത്തത് അപകടങ്ങൾക്ക് കാരണമാകുന്നുണ്ട്. സ്പീഡ് ഗവർണർ പ്രവർത്തിക്കാതെ വാഹനമോടിക്കുന്നത് കടുത്ത നിയമലംഘനമായി കണക്കാക്കേണ്ടതും കനത്ത പിഴയും ലൈസൻസ് റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.
- ഓട്ടോറിക്ഷകളിൽ മീറ്ററുകൾ നിർബന്ധമാണെങ്കിലും ആയതും പാലിക്കപ്പെടുന്നില്ല. മീറ്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
- സ്വകാര്യ ബസ്സുകളിലെ കളക്ഷൻ ബത്ത സമ്പ്രദായം അശ്രദ്ധമായ വാഹനമോടിക്കലിനും അമിത വേഗതയ്ക്കും ഹേതുവാകുന്നുണ്ട്. ആയതിനു പകരം സ്ഥിരം വേതനമോ ഒരു റൂട്ടിലെ എല്ലാ ബസ്സ് ജീവനക്കാർക്കും ഒരേ ശമ്പളമോ ഏർപ്പെടുത്തേണ്ടതാണ്.
- തിരക്കുള്ള റൂട്ടുകളിൽ കുട്ടിബസ്സുകൾക്ക് പകരം വലിയ ബസ്സുകളും 3+2 പാറ്റേണിൽ കൂടുതൽ സീറ്റുകളും നിയമം മൂലം ഉറപ്പു വരുത്തേണ്ടതാണ്.
- സ്വകാര്യ ബസ്സുകളുടെ രണ്ടു ട്രിപ്പുകൾ തമ്മിൽ വളരെ കുറഞ്ഞ ഇടവേള കാരണം, ഗതാഗത കുരുക്ക് ഉണ്ടാകുന്ന വേളകളിൽ ആയത് പരിഹരിക്കുന്നതിനായി അമിതമായ വേഗതയിൽ വണ്ടി ഓടിച്ച് അപകടങ്ങൾ ക്ഷണിച്ചു വരുത്തുന്നുണ്ട്. ആയതിനാൽ രണ്ടു ട്രിപ്പുകൾ തമ്മിൽ കുറഞ്ഞത് 30 മിനുട്ട് ഇടവേള നിയമം മൂലം ഉറപ്പു വരുത്തേണ്ടതാണ്.
- പൊതുഗതാഗത സംവിധാനങ്ങൾ കൂടുതൽ ഉപയോഗിക്കുന്നതിനു വേണ്ടി Last mile connectivity ക്കു വേണ്ട സംവിധാനങ്ങളും ബസ് സ്റ്റാന്റുകളോട് ചേർന്ന് വിശാലമായ പാർക്കിംഗ് സൗകര്യങ്ങളും നിർബന്ധമായും ഉറപ്പു വരുത്തേണ്ടതാണ്.
- ശതകോടികളുടെ റോഡ് പ്രവർത്തികളിൽ പോലും നിലവിൽ ബസ് ബേകൾക്കുള്ള സംവിധാനം ഒരുക്കിയിട്ടില്ല. ആയത് സുഗമമായ ഗതാഗതത്തെ സാരമായി ബാധിക്കുന്നുണ്ട്. ആയതിനാൽ സംസ്ഥാന പാതകളും ജില്ലാ പാതകളും വികസിപ്പിക്കുമ്പോൾ പാർക്കിംഗ് ബേകൾ ഏർപ്പെടുത്തേണ്ടതും ആയത് കൃത്യമായി രേഖപ്പെടുത്തുകയും നിയമാനുസൃത പാർക്കിംഗ് ഉറപ്പു വരുത്തേണ്ടതാണ്.
- വളവുകളിൽ മധ്യരേഖ കൃത്യമായി അടയാളപ്പെടുത്തേണ്ടതും ആയത് മറികടക്കുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.
- പുതിയ ദേശീയപാത വികസനത്തിലെന്ന പോലെ സംസ്ഥാന പാതകളിലും ജില്ലാ പാതകളിലും അഴുക്കു ചാലുകളിൽ കൃത്യമായ ഇടവേളകളിൽ റീചാർജിംഗ് പിറ്റുകൾ ഏർപ്പെടുത്തേണ്ടതാണ്. ആയത് വെള്ളപ്പൊക്കവും വരൾച്ചയും തടയുന്നതിന് ഉപകരിക്കപ്പെടും.
- എല്ലാ സംസ്ഥാന/ജില്ല പാതകളും കാൽനടയാത്രക്കാർക്കും സൈക്കിൾ യാത്രികർക്കും സൗഹാർദ്ദമാക്കേണ്ടതാണ്. എല്ലാ പാതകളിലും നടപ്പാതകൾ ഉണ്ടാക്കേണ്ടതും ആയത് കൃത്യമായി പരിപാലിക്കേണ്ടതുമാണ്. അതുപോലെ തന്നെ സൈക്കിൾ പാതകളും ഒരുക്കേണ്ടതാണ്.
- ബസ്/ഓട്ടോ പെർമിറ്റുകളുടെ വില്പന അനുവദിച്ചിരിക്കുന്നതു മൂലം നിലവിൽ പല സ്ഥലങ്ങളിലും വാഹന വിലയേക്കാൾ മൂല്യം പെർമിറ്റുകൾക്കുണ്ട്. വലിയ മുതൽ മുടക്ക് ആവശ്യമായി

വരുന്നതിനാൽ ലാഭക്കൊതി അമിത വേഗതയ്ക്കും നിയമ വിരുദ്ധ പ്രവർത്തികൾക്കും വഴി വെയ്ക്കുന്നു. ആയതിനാൽ പെർമിറ്റുകളുടെ കൈമാറ്റം നിയമം മൂലം നിരോധിക്കേണ്ടതാണ്.

- റോഡ് കയ്യേറ്റങ്ങൾ പൂർണ്ണമായും ഒഴിപ്പിക്കുവാൻ പ്രത്യേക അധികാരങ്ങളോടെ കർമ്മ സേന രൂപീകരിക്കേണ്ടതാണ്.
- പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിനായി Online Taxi/Share Taxi പോർട്ടലും ആപ്ലിക്കേഷനും സർക്കാർ തലത്തിൽ തുടരേണ്ടതാണ്. പെർമ്മിറ്റുള്ള ഓട്ടോ/ടാക്സികളെയും അതിൽ ഉൾപ്പെടുത്തേണ്ടതാണ്.
- പൊതുഗതാഗത സംവിധാനങ്ങളെല്ലാം തന്നെ GDS സംവിധാനം ഏർപ്പെടുത്തേണ്ടതും ആയത് കൃത്യമായി നിരീക്ഷിക്കേണ്ടതുമാണ്.
- പൊതുഗതാഗത മേഖലയിൽ കറന്റ് റിസർവേഷൻ സൗകര്യത്തോടുകൂടിയുള്ള ഓൺലൈൻ ടിക്കറ്റ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
- സംസ്ഥാന ജില്ലാ പാതകളിൽ നഗര/ഗ്രാമ ഭേദമന്യേ എല്ലാവിധ കെട്ടിടങ്ങൾക്കും പാർക്കിംഗ് ഏരിയ നിയമം മൂലം നിർബന്ധമാക്കേണ്ടതാണ്.
- ദേശീയ പാതകളും സംസ്ഥാന പാതകളും സമയബന്ധിതമായി 4 വരി പാതയായും 6 വരി പാതയായും ഉയർത്തുക.
- വലിയ പ്രോജക്ടുകൾ നിർമ്മിക്കുമ്പോൾ ജനപ്രതിനിധികളുടെ ആസ്തിവികസന ഫണ്ടിൽ നിന്ന് ഒരു നിശ്ചിത ശതമാനം അത്തരത്തിലുള്ള പദ്ധതികളിലേക്ക് നീക്കി വെക്കുക.
- മലയോര ഹൈവേ യാഥാർത്ഥ്യമാക്കുന്നതിനു വേണ്ടി നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുക.
- പ്ലാസ്റ്റിക്ക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം വ്യാപിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.
- നടപ്പാതകൾ ഭിന്നശേഷി സൗഹൃദമാക്കുകയും കാഴ്ച്ച പരിമിതി ഉള്ളവർക്കു വേണ്ടി നടപ്പാതകളിൽ വി ഗ്രൂവ് സിസ്റ്റം കൊണ്ടു വരികയും ചെയ്യുക.
- സ്കൂൾ കോളേജ് മേഖലകളിലും കാൽനട യാത്രക്കാർ കൂടുതലായി റോഡ് ക്രോസ് ചെയ്യേണ്ടി വരുന്ന പ്രദേശങ്ങളിലും സീബ്രാലൈൻ ഇടയ്ക്കിടയക്ക് പരിഷ്കരിക്കുക.
- റവന്യു വകുപ്പും ലാൻഡ് സർവ്വേ വകുപ്പും ചേർന്ന് ജില്ലയിലെ സർക്കാർ അധീനതയിലുള്ള മുഴുവൻ ഭൂമിയും തിരിച്ചറിഞ്ഞു അവ ഡിജിറ്റൽ രൂപത്തിലാക്കി ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസിറുടെ സഹായത്തോടെ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും, ശേഷം പൊതുമരാമത്ത് വകുപ്പിന്റെ സഹായത്തോടെ മേൽപ്പറഞ്ഞ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള കെട്ടിടങ്ങൾ ഘട്ടം ഘട്ടമായി പൂർത്തിയാക്കുവാനുള്ള പദ്ധതികൾ തയ്യാറാക്കേണ്ടതാണ്.
- ബൈപാസുകൾ നിർദ്ദേശിച്ചതിൽ ഓരാടം പാലം-മാനത്തുമംഗലം ബൈപാസ് കൂടി ഉൾപ്പെടുത്തേണ്ടതാണ് (പതിമൂന്നാം ഇനമായി).
- മക്കരപ്പറമ്പ്-രാമപുരം ബൈപാസ് ചേർക്കേണ്ടതാണ് (14-ആം ഇനമായി).
- ടൂറിസം മേഖലയിൽ ജലഗതാഗതത്തിൽ ചാലിയാർ പുഴയിൽ എടവണ്ണ മുതൽ വാഴക്കാട് വരെ ബോട്ട് സർവീസ് ആരംഭിക്കുക.
- ചന്ദ്രവട്ടം മുതൽ കുറ്റിപ്പുറം പാലം വരെയുള്ള പുഴയോര നവീകരണവും, സംരക്ഷണവും, വികസനവും.
- സർക്കാർ കെട്ടിടങ്ങൾ ജന സൗഹൃദവും വയോജന സൗഹൃദവും സ്ത്രീ സൗഹൃദവുമാകേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതിനായി വയോജനങ്ങൾക്ക് കെട്ടിടങ്ങളിൽ അനായാസേന പ്രവേശിക്കുവാൻ വേണ്ട റാമ്പുകളുടെയും മുകൾ നിലകളിലേക്ക് പോകുന്നതിനായുള്ള ലിഫ്റ്റിന്റെ നിർമ്മാണം.
- പൊതുമരാമത്ത് വകുപ്പിനു കീഴിൽ ജില്ലയിൽ 701 കെട്ടിടങ്ങൾ ഉണ്ടെങ്കിലും ഇതിൽ മിക്ക കെട്ടിടങ്ങൾക്കും അവശ്യം വേണ്ട അനുബന്ധ നിർമ്മിതികൾ നിലവിലില്ല. കെട്ടിടം ഏത് വകുപ്പിനു കീഴിൽ വരുന്നു എന്നു എത്ര മാത്രം ഉപയോക്താക്കൾ കെട്ടിടം ഉപയോഗിക്കുന്നു എന്നതും

അനുസരിച്ച് ഇവയിൽ താഴെ പറയുന്ന അനുബന്ധ നിർമ്മിതികൾ ആവശ്യമാണ് 1) വാഹങ്ങൾക്കു വേണ്ട പാർക്കിംഗ് സൗകര്യം. 2) കൂടുതൽ ഓഫിസുകൾ ഉള്ള കെട്ടിടങ്ങളോടനുബന്ധിച്ച് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്. 3) എല്ലാ കെട്ടിടങ്ങൾക്കും മഴവെള്ളക്കൊയ്ത്തിനുള്ള സംവിധാനം. 4) മൂന്നു നിലകളിൽ കൂടുതലുള്ള പഴയ കെട്ടിടങ്ങളിൽ ലിഫ്റ്റ് സൗകര്യം. 5) എല്ലാ കെട്ടിടങ്ങളിലും അംഗപരിമിതർക്കും പ്രായമായർക്കും വേണ്ട റാംപ് സൗകര്യം. 6) കെട്ടിടങ്ങളുടെ ഭംഗിയും അന്തരീക്ഷവും മെച്ചപ്പെടുത്തുന്നതിനായി ഇരിപ്പിട സൗകര്യത്തോടുകൂടിയ പൂന്തോട്ടം.

- അക്ഷയ പോലുള്ള പൊതുസേവന കേന്ദ്രങ്ങൾ കൂടുതലായി ആരംഭിക്കണം. പട്ടികവർഗ കോളനികളിൽ ധാരാളം അഭ്യസ്ഥവിദ്യരായ ചെറുപ്പക്കാരുണ്ട്. ഇവർക്ക് പ്രത്യേക പരിശീലനം നൽകി മറ്റുള്ളവർക്ക് കൂടി സേവനം നൽകാൻ പദ്ധതി തയ്യാറാക്കണം.
- സർക്കാർ പദ്ധതികൾ പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിന് നവമാധ്യമങ്ങളെ ഉപയോഗപ്പെടുത്തി കൂടുതൽ പ്രചരണം നൽകാം. സർക്കാർ തലത്തിൽ കമ്മ്യൂണിറ്റി റേഡിയോ അടക്കമുള്ളയും ആരംഭിക്കാവുന്നതാണ്. പ്രകൃതി ദുരന്തം ഉണ്ടാവുകയാണെങ്കിൽ ആശയവിനിമയം നടത്തുന്നതിന് ഹാം റേഡിയോ അടക്കമുള്ളവ പ്രോത്സാഹിപ്പിക്കാനും പ്രത്യേക പദ്ധതി ആവശ്യമാണ്.
- സർക്കാർ പരിപാടികളും മറ്റ് അറിയിപ്പുകളും ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിൽ കൃത്യമായി അറിയുമെന്നതിനാൽ ഇൻഫർമേഷൻ ഓഫീസ് കേന്ദ്രീകരിച്ച് പ്രാദേശിക ഓൺലൈൻ പത്രം തുടങ്ങാവുന്നതാണ്. നിലവിലെ വാർത്തകളോടൊപ്പം പ്രധാന അറിയിപ്പുകളും ഇതിൽ ഉപയോഗപ്പെടുത്താം

- ജില്ലയുടെ സമഗ്ര വിവരം, ഫോൺ നമ്പറുകൾ, വിനോദ സഞ്ചാരം, സർക്കാർ പദ്ധതികൾ, സേവനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സഹായങ്ങൾ എന്നിവ അറിയിക്കുന്നിതനായി മൊബൈൽ ആപ്ലിക്കേഷൻ നിർമിക്കാവുന്നതാണ്.

D.കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന ഡ്രൈനേജുകൾ വർഷാവർഷം മണ്ണെടുത്തുമാറ്റി വെള്ളത്തിന്റെ സുഗമമായ ഒഴുക്ക് ഉറപ്പ് വരുത്തുകയും റോഡിലെ വെള്ളക്കെട്ട് തടയുകയും ചെയ്യുക.
- ബസ് വെയിറ്റിംഗ് ഷെഡ് പൊതുമരാമത്ത് വകുപ്പിന്റെ അനുമതിയോടു കൂടി നിർദ്ദിഷ്ട സ്ഥലങ്ങളിൽ മാത്രം നിർമ്മിക്കുകയും അറ്റകുറ്റ പണികൾ യഥാസമയം നടത്തുകയും ചെയ്യുക.
- പൊതു പാർക്കിംഗ് സൗകര്യമൊരുക്കാനായി ഓരോ മുനിസിപാലിറ്റികളും സ്ഥലം ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിക്കുക.
- ഡ്രൈവർമാർക്ക് വിശ്രമ സങ്കേതങ്ങൾ നിർദ്ദേശിച്ചിട്ടുള്ള സ്ഥലങ്ങളിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്ഥലം കണ്ടെത്തുവാനുള്ള നടപടികൾ സ്വീകരിക്കുക.
- യുവജന ക്ലബുകളെയും, സ്റ്റുഡന്റ്സ് പോലീസിനെയും മുൻ നിർത്തി ട്രാഫിക്ക് ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
- നിർദ്ദേശിക്കുന്ന റോഡ് വളരെ സ്ഥലങ്ങളെ ബന്ധിപ്പിക്കുന്നതായിരിക്കണം. നിർദ്ദേശിക്കപ്പെടുന്ന റോഡ് പൊതു സ്ഥലങ്ങളുമായി ബന്ധിപ്പെടുന്നതായിരിക്കണം. പുതിയ ബസ് റൂട്ട് തുടങ്ങാൻ ഉതകുന്നതും നിലവിലുള്ള ദൂരം കുറയ്ക്കാനും സഹായിക്കുന്നതായിരിക്കണം.
- ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ വേണ്ട റിംഗ് റോഡ് നിർമ്മിക്കുകയും അതിലേക്ക് മറ്റ് റോഡുകളെ ബന്ധിപ്പിക്കാവുന്നതാണ്.
- കേന്ദ്രാവിഷ്കൃതി പദ്ധതിയിലുൾപ്പെടുത്തിയതും നിയമാനുസൃതം ഏറ്റെടുക്കാവുന്നതുമായ റോഡുകളുടെ സംരക്ഷണവും കാര്യക്ഷമതയും ഉറപ്പ് വരുത്തുക.
- റോഡിലെ പ്രശ്നാധിഷ്ഠിത മേഖലകളിൽ എല്ലാ വാഹനങ്ങൾക്കും വേഗതാ പരിധി നടപ്പിലാക്കുക.
- വികസന ത്വരയുള്ള പ്രദേശങ്ങൾ ഇതുവരെ ബന്ധിപ്പിക്കാത്ത പ്രദേശങ്ങള്, കോളനികളിൽ എന്നിവയ്ക്കായി വേണം പുതിയ റോഡ് നിർമ്മിക്കൽ.

- ഗതാഗതം കൂടിയതും ആവശ്യത്തിന് വീതിയുള്ളതുമായ ജില്ലാ പഞ്ചായത്ത് റോഡുകളിൽ റോഡുകളിൽ BM & BC നിലവാരത്തിലേക്ക് ഉയർത്തണം.
- കുറ്റിപ്പുറം ബസ് സ്റ്റാന്റ് വികസനം നടത്തേണ്ടതാണ്.
- കുറ്റിപ്പുറം ടൗൺ, ചെങ്ങണം കടവ്, ഭാരതപുഴയുടെ തീരത്ത് പാർക്ക് നിർമ്മാണം എന്നിവ നടപ്പാക്കുക.
- വയോജനങ്ങൾക്ക് താങ്ങി നടക്കുവാൻ വരാന്തകളിലും ഗോവണികൾക്കിരുവശവും കൈവരികളുടെ നിർമ്മാണം.
- സ്ത്രീകൾക്ക് പ്രത്യേകമായി നാപ്കിൻ കില്ലർ അടക്കമുള്ള സൗകര്യത്തോടു കൂടിയ ശൗചാലയങ്ങളുടെ നിർമ്മാണം.
- സ്ത്രീകൾക്കായി ഫീഡിംഗ് മുറികളുടെ നിർമ്മാണം.
- പൊതുജനങ്ങൾക്ക് വിശ്രമിക്കുവാനുള്ള ഇരിപ്പിടങ്ങളുടെ നിർമ്മാണം.
- സർക്കാർ പദ്ധതികൾ അറിയിക്കുന്നതിനായി കലക്ടറേറ്റിൽ സ്ഥാപിച്ചിട്ടുള്ള എഎൽഇഡി വാൾ നിലവിൽ കൂടുതൽ പേർക്ക് കാണാൻ കഴിയുന്ന സ്ഥലത്തല്ല സ്ഥാപിച്ചിട്ടുള്ളത്. ആയത് മാറ്റി സിവിൽ സ്റ്റേഷന്റെ എൻട്രൻസ് ഭാഗത്ത് സ്ഥാപിച്ചാൽ കൂടുതൽ ഉപകാരപ്രദമാവും.
- പാതയോരങ്ങളിൽ വിശ്രമ കേന്ദ്രങ്ങളുടെയും, ടോയ്ലറ്റുകളുടെയും നിർമ്മാണവും പരിപാലനവും.
- ശാസ്ത്രീയമായ ബസ് ബേ നിർമ്മാണം.
- ഗതാഗതം കൂടിയ പഞ്ചായത്ത് റോഡുകളുടെ നിലവാരം ഉയർത്തൽ.
- കോഴിക്കോട് നഗരത്തിന്റെ മാതൃകയിൽ പ്രധാന നഗരങ്ങളിൽ സിറ്റി റോഡ് നവീകരണ പ്രവൃത്തി (ഫുട്പാത്ത്, ഓട, കൈവരി, നഗര സൗന്ദര്യ വൽക്കരണം, ജംഗ്ഷൻ നവീകരണം).

13-വിനോദസഞ്ചാരം

A. ഹ്രസ്വകാല പരിപ്രേക്ഷ്യം

- ജില്ലയിലെ എല്ലാ പ്രധാന വിനോദസഞ്ചാരകേന്ദ്രങ്ങളിലും അവശ്യം വേണ്ട അടിസ്ഥാന സൗകര്യ വികസനം ഒരുക്കണം.
- വയോജനങ്ങൾ, വനിതകൾ, കുട്ടികൾ, ഭിന്നശേഷിക്കാർ തുടങ്ങി എല്ലാത്തരം സഞ്ചാരികൾക്കും ജില്ലയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ഏറ്റവും ഹൃദ്യമായ അനുഭവം ഉറപ്പു വരുത്തണം.
- എല്ലാ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലും സമ്പൂർണ്ണമായ മാലിന്യനിർമ്മാജ്ജനം നടപ്പിലാക്കണം.
- വിനോദ സഞ്ചാര കേന്ദ്രങ്ങളിലെല്ലാം കൂറ്റമറ്റ രീതിയിൽ സഞ്ചാരികൾക്ക് സുരക്ഷ ഉറപ്പു വരുത്തണം.
- ജില്ലക്ക് സ്വന്തമായുള്ള സാംസ്കാരികവും പൈതൃകപരവുമായ എല്ലാത്തരം ഉത്പന്നങ്ങളുടെയും സുസ്ഥിരമായ വിപണനം പരമാവധി നടത്തണം.
- സംസ്ഥാന ടൂറിസം വകുപ്പിന്റെ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഉത്തരവാദിത്ത ടൂറിസം മിഷനിലൂടെ സുസ്ഥിരമായ വിനോദസഞ്ചാരം ഉറപ്പുവരുത്തി തദ്ദേശവാസികൾക്ക് ടൂറിസത്തിന്റെ പ്രയോജനം പരമാവധി ഉറപ്പുവരുത്തണം.

B. ദീർഘകാല ലക്ഷ്യങ്ങൾ

- ജില്ലയിലെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളും അന്താരാഷ്ട്ര നിലവാരത്തിൽ വികസിപ്പിക്കണം.

- ദൈവത്തിൻറെ സ്വന്തം നാട് എന്ന് പുകൾപെറ്റ കേരളത്തിലെ ഏറ്റവും പ്രമുഖ ടൂറിസം ബ്രാൻഡായി ജില്ലയെ മാറ്റണം.
- ജില്ലയുടെ വികസനത്തിൽ ഏറ്റവുമധികം നിക്ഷേപം വരുന്ന മേഖലയായി വിനോദസഞ്ചാരത്തെ മാറ്റണം.
- ജില്ലയിലെ എല്ലാത്തരം വിനോദസഞ്ചാര ഉത്പന്നങ്ങളുടെയും സമഗ്രവും സുസ്ഥിരവുമായ വികസനം മാസ്റ്റർ പ്ലാനിലൂടെയും വ്യത്യസ്ത പദ്ധതികളിലൂടെയും സാധ്യമാക്കും.
- തദ്ദേശീയർക്ക് വിനോദസഞ്ചാരത്തിന്റെ സമ്പൂർണ്ണ പ്രയോജനവും സാമ്പത്തികാഭിവൃദ്ധിയും മൂല്യവും ഗുണഫലങ്ങളും ലഭിക്കണം.
- സാമൂഹികവും സാംസ്കാരികവും പാരിസ്ഥിതികവുമായ സുസ്ഥിര വിനോദസഞ്ചാര വികസനത്തിൽ ജില്ലയെ ഒരു അനുകരണീയ മാതൃകയായി വികസിപ്പിക്കും.
- ഗുണനിലവാരമുള്ള മാനവവിഭവശേഷി വികസിപ്പിച്ചെടുത്ത് ടൂറിസത്തെ ജില്ലയിൽ ഏറ്റവുമധികം തൊഴിൽ സൃഷ്ടിക്കുന്ന മേഖലയാക്കും.

C.മേൽതട്ട് നിർദ്ദേശങ്ങൾ

- സംസ്ഥാനത്തെ ആകെയുള്ള ടൂറിസം ഡെസ്റ്റിനേഷനുകളെ ജനങ്ങളിലേക്ക് എത്തിക്കുക (മാർക്കറ്റ് ചെയ്യുക) എന്നതാണ് പ്രധാന ആവശ്യം.
- പ്രകൃതി കനിഞ്ഞു നൽകിയ പ്രധാന ടൂറിസം അതിലോല പ്രദേശങ്ങളെ തനത് രീതിയിൽ കാത്ത് സൂക്ഷിക്കാനുള്ള നടപടി സ്വീകരിക്കണം
- ഇക്കോ ടൂറിസം വികസനം എന്ന പേരിൽ കോൺക്രീറ്റ് സ്ട്രക്ച്ചറുകൾ നിർമ്മിക്കുന്ന രീതിയിൽ മാറ്റം വരുത്തേണ്ടത് അത്യാവശ്യമാണ്.
- ഡെസ്റ്റിനേഷനുകളിലേക്ക് ആവശ്യമായ കണക്ടിവിറ്റി സംവിധാനം (റോഡ് വാർത്താവിനിമയ സൗകര്യങ്ങൾ) മെച്ചപ്പെടുത്തേണ്ടതുണ്ട്.
- ടൂറിസം മേഖലയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ കൂടുതൽ പ്രൊഫഷണലുകളെ ആവശ്യമാണ്.
- സംസ്ഥാനടൂറിസം മേഖലകളെ ബന്ധിപ്പിക്കുന്ന രീതിയിൽ വിനോദ സഞ്ചാര ശൃംഖലയെ മെച്ചപ്പെടുത്തേണ്ടതുണ്ട്.
- ടൂറിസം മേഖലയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പ്രകൃതിക്ക് ഇണങ്ങുന്ന രീതിയിൽ ചെയ്യേണ്ടതുണ്ട്.
- സംസ്ഥാനമൊട്ടാകെയുള്ള ടൂറിസം ഡെസ്റ്റിനേഷനുകളുടെ മാസ്റ്റർപ്ലാൻ നിർമ്മിക്കേണ്ടണ്ട്. ഡെസ്റ്റിനേഷൻ വികസനത്തിനായി പ്രൈവറ്റ് പബ്ലിക് സംരംഭകത്വ പ്രൊജക്ടുകൾ ആവശ്യമാണ്. ആയതിന് വിശദമായ പ്ലാൻ തയ്യാറാക്കേണ്ടതാണ്.
- നാടുകാണി, വഴിക്കടവ്, നിലമ്പൂർ, ആഢ്യൻപാറ, കേരളാംകുണ്ട്, കൊടികുത്തിമല എന്നീ പ്രദേശങ്ങളെ ഒന്നിപ്പിച്ച കൊണ്ട് മലയോര ടൂറിസം സർക്യൂട്ട് വിഭാവനം ചെയ്യാവുന്നതാണ്.
- മലപ്പുറത്തേയ്ക്കുള്ള പ്രധാന കവാടമെന്ന രീതിയിൽ വഴിക്കടവ് പ്രദേശത്തിൽ എന്ടി ടു മലബാർ എന്ന രീതിയിൽ ടൂറിസം പദ്ധതികൾ നടപ്പാക്കാവുന്നതാണ്. ഊട്ടി, മൈസൂർ, ബാംഗ്ളൂർ, വയനാട് എന്നിവിടങ്ങളിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന സഞ്ചാരികളെ മലപ്പുറം ജില്ലയിലേയ്ക്ക് ആകർഷിക്കുന്നതിന് ഇവിടെ ഗതാഗത സൗകര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും വികസിപ്പിച്ച കൊണ്ട് പദ്ധതികൾ രൂപീകരിക്കാവുന്നതാണ്.
- വള്ളിക്കുന്ന് പക്ഷിസങ്കേതം പോലെ തന്നെ വെട്ടം തിരുത്ത് കണ്ടൽകാടുകളാൽ സമൃദ്ധമാണ്. പ്രകൃതിയെ നശിപ്പിക്കാതെ തന്നെ ഒരു കമ്മ്യൂണിറ്റി റിസർവ്വായി ഇതിനെ മാറ്റാവുന്നതാണ്.
- ഹൗസ്ബോട്ട്, സ്പീഡ് ബോട്ട്, കയാക്കിംഗ്, നീന്തൽ, ബോട്ടിംഗ്, സ്പോർട്ട് ഫിഷിംഗ് തുടങ്ങിയ ജല അധിഷ്ഠിത വിനോദസഞ്ചാര വികസനത്തിന് വലിയ സാധ്യതയുള്ള ജില്ലയാണ് മലപ്പുറം. ഇതിനായി പ്രത്യേക മാസ്റ്ററർ പ്ലാൻ തയ്യാറാക്കാവുന്നതാണ്. ഇതിൽ ജലസ്രോതസ്സുകൾ

ശ്രദ്ധീകരിച്ച് സംരക്ഷിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടുകൂടിയ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകാം.

- സമഗ്ര ടൂറിസം വികസനത്തിനും, സഞ്ചാരികൾക്ക് അത് ആസ്വദിക്കാനുമായി ടൂറിസം കേന്ദ്രങ്ങളെ കോർത്തിണക്കി ടൂറിസം സർക്യൂട്ടുകൾ രൂപികരിക്കുക.
- ജില്ലയിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളുടെ സമഗ്രവികസനത്തിനായി 30 വർഷത്തെ കാഴ്ചപ്പാടോടുകൂടി മാസ്റ്റർ പ്ലാൻ തയ്യാറാക്കുക.
- ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ ടൂറിസം ഇൻഫർമേഷൻ സെന്ററുകൾ ആരംഭിക്കുക.
- വിനോദ സഞ്ചാര മേഖലയിൽ ആരോഗ്യ തീർത്ഥാടന ടൂറിസം നടപ്പിലാക്കുക.

D. കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- ടൂറിസം വികസനത്തിനായി നിരവധി വകുപ്പുകളുടെ ഏകോപനം ആവശ്യമാണ്.
- അതിൽ പ്രധാനമായും റോഡ്, ജലസേചനം, വൈദ്യുതി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ജില്ലാതല മേധാവികളുടെ കമ്മിറ്റി രൂപീകരിക്കണം. ഇതിലൂടെ ടൂറിസം വികസനത്തിന് എടുക്കുന്ന പ്രദേശത്തിന്റെ എല്ലാ വിധ അടിസ്ഥാന സൗകര്യത്തിനുള്ള ക്ലിയറൻസ് ഏകജാലകം വഴി നടപ്പിലാക്കാൻ കഴിയും.
- ടൂറിസം വികസനത്തിനായുള്ള സ്ഥലലഭ്യത, നിർമ്മാണത്തിനുള്ള അനുമതി ഇവ ത്വരിതപ്പെടുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് പ്രധാന ചുമതല വഹിക്കാൻ കഴിയും.
- ടൂറിസം കേന്ദ്രങ്ങളിൽ സ്ഥലവാസികൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കുക. ഇതിനായി ജില്ലയിലെ പ്രധാന കലകളെയും, കരകൗശല സാധനങ്ങളെയും ഉല്പന്നങ്ങളെയും ടൂറിസം വിപണന സാധനമായി ഉൾപ്പെടുത്തി പദ്ധതികൾ ആവിഷ്ക്കരിക്കുക.
- ജില്ലയില അനന്തമായ ടൂറിസം സാധ്യതകളെക്കുറിച്ച് ഈ മേഖലയിലുള്ള പ്രശസ്തരായ വ്യക്തികളെയും, സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി സെമിനാറുകൾ നടത്തുക ഇത് ഈ രംഗത്ത് കൂടുതൽ സംരംഭകരെ ലഭിക്കാൻ അവസരം ലഭിക്കും.
- നിലവിൽ ടൂറിസം വകുപ്പ് അംഗീകാരം നൽകുന്ന സ്കീമുകളായ, ഹോംസ്റ്റേ, ആയുർവ്വേദ സെന്റർ, സർവീസ് വില്ല, ഗൃഹസ്ഥലി, ഹൗസ് ബോട്ട്, ഫാം ടൂറിസം എന്നിവയുടെ വ്യവസായ സാധ്യതകളും അതിലൂടെ ജില്ലയുടെ റവന്യൂ വർദ്ധിപ്പിക്കലിനുമായി പഞ്ചായത്ത് തലത്തിൽ തദ്ദേശീയർക്ക് ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുക.
- ഹോട്ടൽ, ഹോംസ്റ്റേ, സർവ്വീസ് വില്ല, ഫാം ടൂറിസം എന്നിവ ഉൾപ്പെടുത്തി ക്ലബ്ബ് രൂപീകരിക്കുക.
- വിദേശ ടൂറിസ്റ്റുകളെ സ്ഥലങ്ങൾ കാണിച്ചു കൊടുക്കുന്നതിന് പരിശീലനം ലഭിച്ച ഗൈഡുകളുടെ സേവനം ലഭ്യമാക്കുക
- ജില്ലയിലെ തനത് കലാരൂപങ്ങൾ പരിചയപ്പെടുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി ടൂറിസം പ്രോഗ്രാമുകൾ, ഫെസ്റ്റുകൾ, വാർഷിക ദിനാചരണം എന്നിവ സംഘടിപ്പിക്കുക.
- ജില്ലയിലെ പ്രധാന സാംസ്ക്കാരിക കേന്ദ്രങ്ങൾ ഉൾപ്പെടുത്തി കൾച്ചറൽ സർക്യൂട്ട് രൂപീകരിക്കുകയും പാക്കേജ് ടൂറുകൾ സംഘടിപ്പിക്കുകയും ചെയ്യുക.
- നിലമ്പൂർ കേന്ദ്രീകരിച്ച് ഫോറസ്റ്റ് ട്രക്കിംഗ്, ഫോറസ്റ്റ് സഫാരി എന്നിവ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- ആയുർവേദ ടൂറിസം പ്രൊമോട്ട് ചെയ്യുന്നതിനായി വെല്നസ്സ് സെന്ററുകൾ ആരംഭിക്കുക.
- ഹോട്ടൽ, ഹോംസ്റ്റേ, സർവ്വീസ് വില്ല, ഫാം ടൂറിസം, ആയുർവേദ വൈദ്യന്മാരുടെ സംഘടനകൾ എന്നിവരുടെ കൂട്ടായ്മ രൂപീകരിക്കുകയും ഇവയെല്ലാം കോ- ഓഡിനേറ്റ് ചെയ്യുന്നതിനും ടൂറിസം മാർക്കറ്റ് ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.

- ജില്ലയിലെ എല്ലാ സ്ഥലങ്ങളിലും ടൂറിസം പ്രൊമോട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഇതിനായി എല്ലാ പഞ്ചായത്തിലെയും ടൂറിസം പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വിവരങ്ങൾ വെബ് സൈറ്റിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- തനത് ഭക്ഷ്യവിഭവങ്ങൾ ബ്രാന്ഡ് ചെയ്ത് ടൂറിസ്റ്റുകൾക്ക് ലഭ്യമാക്കുന്നതിന് കൗണ്ടറുകൾ തുറക്കുക.
- ശുചിത്വമുള്ള ടോയ്ലറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുക.
- ജില്ലയിലുള്ള ഓട്ടോറിക്ഷാ, ടാക്സി ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ ജീവനക്കാർക്ക് ടൂറിസ്റ്റുകളോട് പെരുമാറേണ്ട രീതിയെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ നടത്തുക.
- ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ ശാസ്ത്രീയമായ മാലിന്യ നിർമ്മാർജ്ജനം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കുടംബശ്രീപോലുള്ള സംഘടനകളെ ഉൾപ്പെടുത്തി നടപ്പിലാക്കുക. അതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിയും.
- ഏറ്റവും കൂടുതൽ ടൂറിസം ക്ലബ്ബുകൾ മലപ്പുറം ജില്ലയിലാണ്. കോളജുകളിലേയും, സ്കൂളുകളിലേയും ടൂറിസ്റ്റ് ക്ലബ്ബുകളിലേക്ക് കൂടുതൽ കുട്ടികളെ ആകർഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക. ടൂറിസം ക്ലബ്ബുകളെ സംഘടിപ്പിച്ച് ജില്ലയിൽ ടൂറിസം ബോധവല്ക്കരണ ക്ലാസ്സുകൾക്ക് നേതൃത്വം നല്കുക.

E. സംയോജന സാധ്യതകൾ

വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട് മേഖലാതലത്തിൽ സംയോജന സാധ്യതയുള്ള പ്രവൃത്തികളും സംയോജിപ്പിക്കാവുന്ന വകുപ്പുകളും താഴെ സംഗ്രഹിക്കുന്നു.

ക്രമ നം.	സംയോജന സാധ്യതയുള്ള പ്രവൃത്തികൾ	സംയോജിപ്പിക്കാവുന്ന വകുപ്പുകൾ
1	ശൗചാലയങ്ങൾ	1. തദ്ദേശ വകുപ്പ് (ത്രിതലം) 2. ശുചിത്വ മിഷൻ
2	സാമൂഹ്യ സൗകര്യങ്ങൾ	1. തദ്ദേശ വകുപ്പ് (ത്രിതലം) 2. സാമൂഹ്യ നീതി വകുപ്പ് 3. വനിതാ വികസന കോർപ്പറേഷൻ
3	ഹെറിട്ടേജ് ടൂറിസം	1. പുരാവസ്തു വകുപ്പ് 2. സാംസ്കാരിക വകുപ്പ്
4.	ഇക്കോടൂറിസം	1. വനം 2. ഇക്കോ ടൂറിസം വകുപ്പ്
5.	സാഹസിക വിനോദ സഞ്ചാരം	1. KATPS 2.സ്പോർട്സ് കൗൺസിൽ 3. NAF
6.	ഡാമുകൾ/ നദീ ടൂറിസം	1. ജലസേചനവകുപ്പ് 2. KSEB
7.	റോഡുകൾ (വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് നയിക്കുന്നവ)	1. PWD 2. തദ്ദേശ വകുപ്പിന്റെ കീഴിലുള്ള റോഡുകൾ
8.	തീർത്ഥാടക ടൂറിസം (ക്ഷേത്രങ്ങൾ)	1. ദേവസ്വം വകുപ്പ്
9.	ഫാം ടൂറിസം	1. കൃഷി വകുപ്പ് 2. മൃഗസംരക്ഷണ വകുപ്പ് 3. ഫിഷറീസ്
10.	ഉത്തരവാദിത്ത ടൂറിസം	1. തദ്ദേശ വകുപ്പ് (ത്രിതലം) 2.കരകൗശല കോർപ്പറേഷൻ 3. സാംസ്കാരിക വകുപ്പ്

F. ജില്ലയിൽ ടൂറിസം ഡെസ്റ്റിനേഷനായി വികസിപ്പിക്കേണ്ട പ്രദേശങ്ങൾ

മലപ്പുറം ജില്ലയുടെ ടൂറിസം സാധ്യത എന്നത് പൂർണ്ണമായും ഉപയോഗപ്പെടുത്താൻ ഇതുവരെയുള്ള ടൂറിസം പദ്ധതികൾക്ക് ആയിട്ടില്ല. പൂർണ്ണമായ സാധ്യത ഉപയോഗപ്പെടുത്താൻ താഴെ പറയുന്ന പദ്ധതികൾ കൂടി ആവശ്യമാണ്.

- മുറിഞ്ഞമാട് – അരീക്കോട് – ചാലിയാർ പുഴയുടെ തീരത്ത്, സ്ഥിതി ചെയ്യുന്ന ടൂറിസം സാധ്യതയുള്ള പ്രദേശമാണ് മുറിഞ്ഞമാട് പ്രദേശം. പരിസ്ഥിതിക്ക് കോട്ട തട്ടാതെയുള്ള ടൂറിസംപദ്ധതി മേൽ പ്രദേശത്ത് വിഭാവനം ചെയ്യാവുന്നതാണ്. വാട്ടർ തീം ആക്ടിവിറ്റികൾ ഇവിടെ പരിഗണിക്കാവുന്നതാണ്.
- കുരങ്ങൻചോല – മങ്കട – പ്രകൃതിയിടെ തനത് സൗന്ദര്യം ആസ്വദിക്കാൻ ഏറ്റവും അധികം യോജിച്ച പ്രദേശമാണ് കുരങ്ങൻ ചോല. മങ്കടയിൽ നിന്ന് 6 കിലോമീറ്റർ പരിതിയിൽ സ്ഥിതിചെയ്യുന്ന മലയിട്ടുക്കിന്റെ മുകൾ പ്രദേശമാണിത്. ടൂറിസംപദ്ധതിയാക്കായി ഈ പ്രദേശം പരിഗണിക്കാവുന്നതാണ്.
- വെട്ടം മുനമ്പ്– പക്ഷിസങ്കേതം. തിരൂർ വെട്ടം പ്രദേശത്ത് സ്ഥുതിചെയ്യുന്ന പ്രകൃതി തന്നെ ഒരുക്കിയിട്ടുള്ള പക്ഷിസങ്കേതം ടൂറിസം സാദ്ധ്യത വളരെയേറെയുള്ള പ്രദേശമാണ്. മേൽ പ്രദേശത്തിന്റെ വികസനം സാധ്യമാക്കാവുന്നതാണ്. വള്ളിക്കുന്ന് പക്ഷിസങ്കേതം പോലെ തന്നെ വെട്ടം ഉരുത്ത് കണ്ടൽകാടുകളാൽ സമൃദ്ധമാണ്. പ്രകൃതിയെ നശിപ്പിക്കാതെ തന്നെ ഒരു കമ്മ്യൂണിറ്റി റിസർവ്വായി ഇതിനെ മാറ്റാവുന്നതാണ്.
- പൊന്നാനിപ്പുഴ ടൂറിസം പദ്ധതി– തദ്ദേശവാസികളുടെ സഹായത്തോടു കൂടി ടൂറിസം പദ്ധതികൾ ഫലപ്രദമായി നടപ്പാലാക്കാവുന്ന പ്രദേശമാണിത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് നടപ്പിലാക്കാവുന്ന – ബോട്ട് സർവ്വീസ്, നടപ്പാത, കിയോസ്കുകൾ– പദ്ധതിയാണിത്.
- മിനി ഊട്ടി –മലപ്പുറം ജില്ലയുടെ അരിമ്പ്ര കുന്നുകളുടെ താഴ്വരയിൽ സ്ഥിതി ചെയ്യുന്ന മിനി ഊട്ടി പ്രദേശം, പേർ സൂചിപ്പിക്കുന്നത് പോലെ ഊട്ടി കുന്നുകളുടെ തണുപ്പും മനോഹാരിതയും പ്രധാനം ചെയ്യുന്നതാണ്. ഇവിടെയുള്ള പ്രദേശം പൂർണ്ണമായും സ്വകാര്യ വ്യക്തികളുടെ അധീനതയിലാണ്. മേൽ പ്രദേശങ്ങൾ വികസിപ്പിക്കുന്നതിന് തദ്ദേശവാസികളുടെ സഹായത്തോടെ പദ്ധതി തയ്യാറാക്കാവുന്നതാണ്.
- ടൈബൽ വില്ലേജ്– കരുളായി വനത്തോടനുബന്ധിച്ച് ടൈബൽ വില്ലേജ് എന്ന രീതിയിൽ ഒരു പദ്ധതി പരിഗണിക്കാവുന്നതാണ്. പ്രകൃതിയോടിണങ്ങുന്ന മുള, ഇല എന്നിവ ഉപയോഗിച്ച് സീസണിംഗിന് വിധേയമായി നിർമ്മിക്കുന്ന പദ്ധതി കൂടുതൽ കാലം നിലനിൽക്കും. നെടുങ്കയം ടൂറിസം സങ്കേതത്തിനോടനുബന്ധിച്ചായതിനാൽ ടൂറിസം സാധ്യത വർദ്ധിക്കുന്നു.
- പൊന്നാനി ടൂറിസം സർക്യൂട്ട് – പൊന്നാനി ടൂറിസം സർക്യൂട്ട് എന്ന രീതിയിൽ ബിയ്യം ബ്രിഡ്ജ്, ബിയ്യം കായല് പദ്ധതി, മറൈൻ മ്യൂസിയം, എന്നീ പ്രദേശത്തെ ബന്ധപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.
- മലയോര ടൂറിസം സർക്യൂട്ട് – നാടുകാണി, വഴിക്കടവ്, നിലമ്പൂർ, ആഢ്യൻപാറ, കേരളാംകുണ്ട്, കൊടികുത്തിമല എന്നീ പ്രദേശങ്ങളെ ഒന്നിപ്പിച്ച കൊണ്ട് മലയോര ടൂറിസം സർക്യൂട്ട് വിഭാവനം ചെയ്യാവുന്നതാണ്.
- എൻഎച്ച് 213 മലബാർ – മലപ്പുറത്തേയ്ക്കുള്ള പ്രധാന കവാടമെന്ന രീതിയിൻ വഴിക്കടവ് പ്രദേശത്തിൽ എൻഎച്ച് 213 മലബാർ എന്ന രീതിയിൽ ടൂറിസം പദ്ധതികൾ നടപ്പാക്കാവുന്നതാണ്. ഊട്ടി, മൈസൂർ, ബാംഗ്ളൂർ, വയനാട് എന്നിവിടങ്ങളിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന സഞ്ചാരികളെ മലപ്പുറം ജില്ലയിലേയ്ക്ക് ആകർഷിക്കുന്നതിന് ഇവിടെ ഗതാഗത സൗകര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും വികസിപ്പിച്ച കൊണ്ട് പദ്ധതികൾ രൂപീകരിക്കാവുന്നതാണ്. നാടുകാണിച്ചുരമേഖലയിൽ സ്ഥിതി ചെയ്യുന്ന മലബാറിന്റെ തനിമ നിലനിർത്തിക്കൊണ്ടുള്ള ഛായാചിത്രങ്ങൾ, വിശ്രമകേന്ദ്രങ്ങൾ, എന്നിവ സ്ഥാപിക്കാവുന്നതാണ്.

- പറവണ്ണ ബീച്ച് (ഭിന്നശേഷി സൗഹൃദ ബീച്ച്) - തിരൂർ പറവണ്ണയിൽ സ്ഥിതി ചെയ്യുന്ന പറവണ്ണ ബീച്ചിൽ സഞ്ചാരികളുടെ വരവ് ക്രമാതീതമായി ഉയർന്നിരിക്കുന്നു. പ്രത്യേകിച്ച് ഭിന്നശേഷിക്കാരും കുട്ടികളുമാണ് കൂടുതലായും സന്ദർശകരായി വരുന്നത്. റോഡ് സൗകര്യം ബീച്ചിന് അടുത്തുവരെ എത്തുന്നതു കാരണമാണ് ഇവർക്ക് ഇവിടെ എത്തിപ്പെടാനും കടൽ ആസ്വദിക്കാനും കഴിയുന്നത്. ഇവിടെ ഭിന്നശേഷികാർക്ക് ബീച്ചിൽ ഇറങ്ങാനും ആസ്വദിക്കാനും കഴിയുന്ന കടലിന്റെ സമീപത്തേക്കെത്തുന്ന തരത്തിൽ ബീച്ച് റാമ്പുകൾ സ്ഥാപിക്കുക. ഭിന്നശേഷിക്കാർക്കും കുട്ടികൾക്കും ഉപയോഗിക്കാൻ കഴിയുന്ന ഒരെഡുകളും പ്ലേ ഏരിയയും സ്ഥാപിച്ചു ജില്ലയിലെ ആദ്യത്തെ ഭിന്നശേഷി സൗഹൃദ ബീച്ച് ആക്കി പറവണ്ണ ബീച്ചിനെ മാറ്റുക.
- പുല്ലൂണി മംഗലത്ത് സ്ഥിതി ചെയ്യുന്ന വള്ളത്തോൾ സ്മാരകത്തിന്റെ വികസനം ടൂറിസം പ്രാധാന്യമർഹിക്കുന്നതാണ്.
- ഹൗസ് ബോട്ട്, സ്പീഡ് ബോട്ട്, കയാക്കിംഗ്, നീന്തൽ, ബോട്ടിംഗ്, സ്പോർട്ട് ഫിഷിംഗ് തുടങ്ങിയ ജല അധിഷ്ഠിത വിനോദസഞ്ചാര വികസനത്തിന് വലിയ സാധ്യതയുള്ള ജില്ലയാണ് മലപ്പുറം. ഇതിനായി പ്രത്യേക മാസ്റ്റർ പ്ലാൻ തയ്യാറാക്കാവുന്നതാണ്.
- ടൂറിസം സർക്യൂട്ട് – നിലമ്പൂർ ടൂറിസം മേഖലകളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ഫോറസ്റ്റ് ടൂറിസം സർക്യൂട്ട് രൂപീകരിക്കാവുന്നതാണ്. കനോലിപ്ലോട്ട് ഡി.എഫ്.ഒ ബംഗ്ലാവ്, തേക്ക് മ്യൂസിയം, നെടുങ്കയം എന്നീ കേന്ദ്രങ്ങൾ ഇതിൽ ഉൾപ്പെടുത്താവുന്നതാണ്.
- ആഢ്യൻ പാറ, കോഴിപ്പാറ തൊട്ടപ്പെട്ടി, പൊട്ടൻ പാറ, പഴശ്ശി ഗ്രഹ, കോഴിപ്പാറ കക്കാടാം പൊയിൽ എന്നീ മലയോര മേഖലകൾ ഉൾപ്പെടുത്തി ഒരു അഡ്വെഞ്ചർ ടൂറിസം സർക്യൂട്ട് രൂപീകരിക്കാവുന്നതാണ്.

പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ

14–പട്ടികജാതി /പട്ടിക വർഗ്ഗ വികസനം

പട്ടികജാതി വികസനം

A. ഹ്രസ്വകാല പരിപ്രേക്ഷ്യം

- പട്ടികജാതി സങ്കേതങ്ങളുടെ പശ്ചാതല സൗകര്യ വികസനം.
- ഭൂരഹിത ഭവന രഹിത പുനരധിവാസ പദ്ധതി.
- തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട തൊഴിൽ ഉപകരണങ്ങളുടെ വിതരണം.
- ധനസഹായ ഇകയുടെ ഏകീകരണം
- സിവിൽ സർവ്വീസ്, ബാങ്കിംഗ്, പി.എസ്.സി. എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങളിലെ പരിശീലനം.
- കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന എല്ലാ പട്ടികജാതി കോളനികളിലും കുടിവെള്ള പദ്ധതികൾ നടപ്പിലാക്കൽ.
- കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന എല്ലാ പട്ടികജാതി കോളനികളിലും റിസർ റീച്ചാർജ്ജിംഗ് പദ്ധതികൾ നടപ്പിലാക്കൽ
- നിലവിൽ നിർജ്ജീവമായി കിടക്കുന്ന കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണം
- പ്രീമെട്രിക് ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യാത്ര സൗകര്യം ഏർപ്പെടുത്തുക

B. ദീർഘകാല ലക്ഷ്യങ്ങൾ

- സ്വയംതൊഴിൽ യൂണിറ്റുകളുടെ രൂപീകരണം.
- ലേബർ കോൺട്രാക്ട് സൊസൈറ്റികളുടെ രൂപീകരണം.
- എൻട്രൻസ് കോച്ചിംഗ്, സിവിൽ സർവ്വീസ് കോച്ചിംഗ്, പി.എസ്.സി. കോച്ചിംഗ്, ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ട്യൂഷൻ തുടങ്ങിയ പദ്ധതികൾ.
- പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ.
- മോഡൽ റസിഡൻഷ്യൽ സ്കൂൾ.
- ഭൂരഹിത ഭവന രഹിത പുനരധിവാസ പദ്ധതി.
- സുന്ദര ഭവനം പദ്ധതി.
- കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന എല്ലാ പട്ടികജാതി കോളനികളിലും കുടിവെള്ള പദ്ധതികൾ നടപ്പിലാക്കൽ.

C. മേൽതട്ട് നിർദ്ദേശങ്ങൾ

- 2009-10 ലാണ് അവസാനമായി പട്ടികജാതി വിഭാഗങ്ങളെപ്പറ്റി ഒരു സർവ്വേ നടത്തിയത്. മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഇപ്പോഴും പദ്ധതികളുടെ രൂപീകരണം നടക്കുന്നത്. ആയതിനാൽ അടിയന്തിരമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പുതിയ സർവ്വേ നടപടികൾ പൂർത്തീകരിക്കുക.
- പദ്ധതികൾ ആരംഭിക്കുന്നതിലുണ്ടാകുന്ന കാലതാമസമാണ് മറ്റൊരു കാരണം. ഇക്കാര്യത്തിൽ വ്യക്തമായ നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ ലഭ്യമാകുന്നുണ്ടെങ്കിലും ആയത് പ്രവർത്തി പഥത്തിൽ എത്തിക്കാൻ ഇപ്പോഴും കഴിഞ്ഞിട്ടില്ല.
- പദ്ധതി നിർവ്വഹണത്തിനാവശ്യമയ ജീവനക്കാരുടെ കുറവ് പദ്ധതികളുടെ നിർവ്വഹണത്തെ കാര്യമായിതന്നെ ബാധിക്കുന്നുണ്ട്. ആവശ്യത്തിന് ജീവനക്കാരെ നല്കുകയും സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ തന്നെ ജീവനക്കാരുടെ ട്രാൻസ്ഫർ നടപടികൾ പൂർത്തീകരിക്കുകയും ചെയ്താൽ ഇക്കാര്യത്തിൽ ഒരു പരിധിവരെ പരിഹാരമാകുന്നതാണ്.
- നിലവിൽ പ്രത്യേകമായി പരാമർശിച്ചിട്ടുള്ള എല്ലാ വ്യക്തിഗതാനുകൂല്യ പദ്ധതികളും ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനാണ് അനുമതിയുള്ളത്. എന്നാൽ ചില വ്യക്തിഗതാനുകൂല്യ പദ്ധതികൾ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് നടപ്പിലാക്കുന്നതിന് അനുമതി നൽകുമ്പോൾതന്നെ ആയത് ഗ്രാമപഞ്ചായത്തുകൾക്കും ഏറ്റെടുക്കാൻ സാധിക്കുന്നു. എന്നാൽ പ്രത്യേകമായ കൂടിയാലോചനകൾ ഇല്ലാതെ ഒരേ പദ്ധതികൾ മൂന്ന് വിഭാഗക്കാരും രൂപീകരിക്കുകയും ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ആവശ്യത്തിന് ഗുണഭോക്താക്കളെ ലഭ്യമാകാതെ വരികയും പദ്ധതി നടപ്പിലാക്കാൻ കഴിയാതെ വരികയും ചെയ്യുന്നു. ഇക്കാര്യത്തിൽ ആവശ്യമായ മാറ്റം വരുത്തേണ്ടത് അത്യാവശ്യമാണ്. ഇത്തരം പദ്ധതികളിൽ എല്ലാ വിഭാഗത്തിനും പദ്ധതി നടപ്പിലാക്കാനുള്ള അനുമതി നൽകാതിരിക്കുകയും ത്രിതല പഞ്ചായത്തുകളിൽ ഏറ്റവും താഴെ തട്ടിൽ പദ്ധതി രൂപീകരിച്ച് നടപ്പിൽ വരുത്തുകയും ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് വിഹിതം നൽകുന്നതിനുള്ള അനുമതി നൽകുകയും ചെയ്യാവുന്നതാണ്.
- ജില്ലാ, ബ്ലോക്ക് തലത്തിൽ പട്ടികജാതി വിഭാഗത്തിനായി നീക്കിവെക്കപ്പെടുന്ന തുക ചെലവഴിക്കുന്നതിനുള്ള പദ്ധതി നിർദ്ദേശങ്ങൾ വളരെ കുറവാണ്. ഇവിടെ വിനിയോഗ സാധ്യതകളുടെ വ്യാപ്തി കൂട്ടുകയെന്നതാണ് ചെയ്യാവുന്ന മാർഗ്ഗം.

D.കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- പദ്ധതി മാർഗ്ഗരേഖ നിർദ്ദേശിച്ചിട്ടുള്ളതും കാലങ്ങളായി തുടർന്ന് വരുന്നതുമായ എല്ലാ വ്യക്തിഗതാനുകൂല്യ പദ്ധതികൾക്കുമുള്ള ഗുണഭോക്താക്കളുടെ ഗ്രാമസഭാ ലിസ്റ്റ് മുൻകൂട്ടി തയ്യാറാക്കുക.
- പലപ്പോഴും പദ്ധതികളുടെ എണ്ണത്തിലുള്ള ബാഹുല്യം പദ്ധതിയുടെ പൂർത്തീകരണത്തെ ബാധിക്കുന്നുണ്ട്. മേൽ സാഹചര്യത്തിൽ ഓരോ പദ്ധതികളുടേയും പ്രാരംഭ ഘട്ടത്തിൽ തന്നെ ആവശ്യമായ തുകമാറ്റിവക്കുകയും പദ്ധതികളുടെ എണ്ണം കുറക്കുകയും ചെയ്യുക.
- പല പദ്ധതികളും ശരിയായ കൂടിയാലോചനകൾ ഇല്ലാതെ തയ്യാറാക്കുന്നതുമൂലം അവ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കഴിയാതെ വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പല പശ്ചാതല മേഖലയിലെ പ്രവർത്തികൾക്കും ഫീസിബിലിറ്റി ലഭ്യമാകുന്നതായിരിക്കില്ല. മേൽ സാഹചര്യത്തിൽ ആവശ്യമായ കൂടിയാലോചനകളിലൂടെ പദ്ധതി രൂപീകരിക്കപ്പെടേണ്ടത് അത്യാവശ്യമാണ്.
- പലപ്പോഴും ഗ്രാമസഭാ ലിസ്റ്റുകൾ ലഭ്യമാക്കുന്നത് വ്യക്തതയില്ലാതെയാണ്. ലിസ്റ്റിൽ പൂർണ്ണമായ വിലാസം ഉണ്ടായിരിക്കില്ല. പൂർണ്ണ വിലാസത്തോടെ ലിസ്റ്റുകൾ ലഭ്യമാക്കിയാൽ ഇതിന് പരിഹാരമാകുന്നതാണ്.
- സ്വയം പര്യാപ്ത ഗ്രാമം പദ്ധതി മാതൃകയിൽ ജില്ലയിലെ വിവിധ കോളനികൾ കേന്ദ്രീകരിച്ച് സമഗ്രവികസന പദ്ധതി നടപ്പിലാക്കുക.
- ഗ്രാമ പഞ്ചായത്തുകളിൽ പട്ടികജാതി വിഭാഗക്കാർക്കായി ശ്മശാനം സ്ഥാപിക്കുക.
- പട്ടികജാതി യുവാക്കൾക്ക് വിവിധ മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിനാവശ്യമായ പരിശീലനം നൽകുന്നതിന് റസിഡൻഷ്യൽ സൗകര്യത്തോടെ പരിശീലന കേന്ദ്രം നിർമ്മിക്കുക.
- ഗാർഹിക ഉപയോഗത്തിനും കൂടിവെള്ള പദ്ധതി നടത്തിപ്പിനും ആവശ്യമായ വൈദ്യുതി ലഭ്യമാക്കുന്നതിന് സോളാർ പദ്ധതി നടപ്പിലാക്കുക.
- വിവിധ പ്രൊഫഷണൽ കോഴ്സുകൾ പൂർത്തീകരിച്ചവർക്ക് വിവിധ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ അപ്രന്റീസ് ട്രെയിനികളായി നിയമനം നൽകുക.
- പ്രീമെട്രിക് ഹോസ്റ്റലുകളിൽ ചേർന്ന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കൂളിൽ പോകുന്നതിനായി വാഹന സൗകര്യം ഏർപ്പെടുത്തുക.
- പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷകൾക്ക് വേണ്ടി പരിശീലന സ്ഥാപനങ്ങൾ സ്ഥാപിക്കുക.
- വിവിധ പട്ടികജാതി സങ്കേതങ്ങളിൽ നിർജ്ജീവമായി കിടക്കുന്ന കൂടിവെള്ള പദ്ധതികൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതികൾക്ക് മുൻഗണന നൽകുക.
- പട്ടികജാതി കോളനികളിൽ കിണർ റീച്ചാർജ്ജിംഗ് പദ്ധതികൾ നടപ്പിലാക്കുക.
- മാർഗ്ഗനിർദ്ദേശത്തിൽ പറഞ്ഞിട്ടുള്ള എല്ലാ വ്യക്തിഗത ആനുകൂല്യ പദ്ധതികൾക്കും ആവശ്യമായ ഗ്രാമ സഭാ ഗുണഭോക്തൃ ലിസ്റ്റുകൾ ആദ്യ ഗ്രാമ സഭയിൽ തന്നെ തയ്യാറാക്കുക

പട്ടികവർഗ്ഗ വികസനം

A. ഹ്രസ്വകാല പരിപ്രേക്ഷ്യം

വിദ്യാഭ്യാസം

1. പ്രീപ്രൈമറി വിദ്യാഭ്യാസം

- ബാലവിജ്ഞാന കേന്ദ്രങ്ങളും പെരിപ്പതറ്റിക് കേന്ദ്രങ്ങളും മെച്ചപ്പെട്ട കെട്ടിടവും മറ്റ് സൗകര്യങ്ങളും നൽകി പ്രീ പ്രൈമറി വിദ്യാഭ്യാസത്തിനുള്ള മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുക. അതോടൊപ്പം

പ്രീ പ്രൈമറി പഠനത്തിന് പ്രായമായ അഞ്ചിൽ കൂടുതൽ കുട്ടികൾ ഉള്ള എല്ലാ കോളനികളിലും ആയതിനുള്ള സൗകര്യങ്ങൾ ഒരുക്കുക.

- അംഗനവാടി ഇല്ലാത്ത 135 പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ അംഗനവാടികളോ അല്ലെങ്കിൽ പ്രീ പ്രൈമറി വിദ്യാഭ്യാസ കേന്ദ്രങ്ങളോ ഏർപ്പെടുത്തുക.

2. പ്രീമെട്രിക് വിദ്യാഭ്യാസം

- 20 കുട്ടികളിൽ അധികമുള്ള ബദൽ സ്കൂളുകൾ എൽ.പി സ്കൂളുകളാക്കി ഉയർത്തുക.

3. പോസ്റ്റ്മെട്രിക് വിദ്യാഭ്യാസം

- ഉന്നതവിദ്യാഭ്യാസ രംഗത്ത് നേട്ടങ്ങൾ സാധ്യമാക്കുന്നതിലൂടെ അടിസ്ഥാന വിഭാഗങ്ങൾക്ക് പുരോഗതി കൈവരിക്കേണ്ടതുണ്ട്. അതിനായി ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കേണ്ട ആവശ്യകതയുണ്ട്.
- ഉന്നത വിദ്യാഭ്യാസ രംഗത്ത് നേട്ടം കൈവരിക്കാൻ നിലമ്പൂർ, മഞ്ചേരി, മലപ്പുറം, പെരിന്തൽമണ്ണ, തിരൂർ എന്നിവിടങ്ങളിലായി 5 പോസ്റ്റ്മെട്രിക് ഹോസ്റ്റൽ ആരംഭിക്കേണ്ടതുണ്ട്.
- ജില്ലയിൽ ഒരു എം.ആർ.എസ് കൂടി ആരംഭിക്കേണ്ടതുണ്ട്.
- നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 4 പ്രീമെട്രിക് ഹോസ്റ്റലുകൾക്ക് സ്ഥിരമായ കെട്ടിടം സ്ഥാപിക്കുകയും വേണം.
- പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഗോത്ര ഭാഷ ഉപയോഗിക്കുന്നതിനാൽ മലയാളഭാഷ മനസ്സിലാക്കാനുള്ള വൈഷമ്യം വിദ്യാർത്ഥികളെ കൊഴിഞ്ഞുപോക്കിലേക്ക് നയിക്കുന്നു. വയനാട് ജില്ലയിൽ നടപ്പിലാക്കിവരുന്ന ഗോത്രഭാഷയിൽ പ്രാവിണ്യം നേടിയവരെ ടീച്ചർ/ട്യൂട്ടർ ആയി നിയമിക്കുന്ന 'ഗോത്രബന്ധു' പദ്ധതി മലപ്പുറം ജില്ലയിലും നടപ്പിലാക്കണം.
- ഗോത്രസാരഥി പദ്ധതി ഗ്രാമപഞ്ചായത്തുകളുടെ പൂർണ്ണ ഉത്തരവാദിത്വത്തോടെ ആവശ്യമായ എല്ലാ മേഖലകളിലും നടപ്പിലാക്കേണ്ടതുണ്ട്. പ്ലസ് വൺ, പ്ലസ് ടു പഠനത്തിനും ഗോത്രസാരഥി പദ്ധതി നടപ്പിലാക്കണം.
- ലഹരിപദാർത്ഥങ്ങളുടെ അമിത ഉപയോഗം, മൊബൈൽ ഫോണുകളുടെ ദുരുപയോഗം, ഇവകൊണ്ടുള്ള ദൂഷ്യ ഫലങ്ങൾ, വിദ്യാഭ്യാസത്തിന്റെ ആവശ്യകത, ഇവ കുട്ടികളിലും രക്ഷിതാക്കളിലും എത്തിക്കുന്നതിനായി സ്കൂളുകൾ/ കോളനികൾ/ ഹോസ്റ്റലുകളിൽ എല്ലാമാസവും വിവിധ വകുപ്പുകളുടെ സഹായത്താൽ ലഹരി വിരുദ്ധ ബോധവൽക്കരണം, വ്യക്തിത്വ വികസന ക്ലാസ്സുകൾ, തൊഴിൽ തേടുന്നവർക്ക് കരിയർ ഗൈഡൻസ് ക്ലാസ്സുകൾ രക്ഷിതാക്കൾക്ക് കുടുംബ ബന്ധങ്ങളുടെ ആവശ്യകതയെക്കുറിച്ചും കുട്ടികൾക്ക് സമ്പൂർണ്ണ സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടതിനെക്കുറിച്ചും ബോധവൽക്കരണവും സ്കൂൾ പ്രായം കഴിഞ്ഞവർക്ക് തുടർ പഠന സൗകര്യവും ലഭ്യമാകുന്ന തരത്തിലുള്ള പദ്ധതി ആവശ്യമാണ്.
- ഹോസ്റ്റലുകളിലും സ്കൂളുകളിലും പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഹ്രസ്വകാല തൊഴിൽ പരിശീലനങ്ങൾ, കലാകായിക മേഖലയിൽ കഴിവുള്ള ധാരാളം വിദ്യാർത്ഥികൾ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉണ്ടെന്നതിനാൽ അവരുടെ കഴിവുകളെ പോഷിപ്പിക്കുന്നതിന് ഹോസ്റ്റലുകൾ/സ്കൂളുകൾ കേന്ദ്രീകരിച്ച് പരിശീലനം നൽകിയാൽ അവരുടെ സർഗ്ഗാത്മകമായ കഴിവുകൾ ഉയർത്തുനതിനൊപ്പം സ്കൂളുകളിലും ഹോസ്റ്റലുകളിലും പോകുന്നതിനുള്ള താൽപ്പര്യം വർദ്ധിപ്പിക്കുന്നതിനും സഹായകമാകും.
- കൗമാരക്കാരായ പെൺകുട്ടികൾക്കും അമ്മമാർക്കും കൗൺസിലിംഗ് കോളനികൾ കേന്ദ്രീകരിച്ച് സംഘടിപ്പിക്കുക.
- സ്കൂൾതലത്തിൽ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് വിദഗ്ധരെ ഉൾപ്പെടുത്തി വിദ്യാർത്ഥികൾക്ക് പഠനത്തോട് താൽപ്പര്യമുണ്ടാക്കുന്ന പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുകയും മക്കൾ വിദ്യാഭ്യാസം നേടേണ്ടുന്ന ആവശ്യകത സംബന്ധിച്ച് രക്ഷിതാക്കളിൽ അവബോധം സൃഷ്ടിക്കുകകയും ചെയ്യുന്നതിനായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

B. ദീർഘകാല ലക്ഷ്യങ്ങൾ

വിദ്യാഭ്യാസം

- ദാരിദ്ര്യമുള്ള കുടുംബങ്ങളെ കണ്ടെത്തി കൂടുതൽ സഹായം നൽകി പഠനത്തിനു സഹായിക്കുക.
- 2032 ഓടെ എല്ലാ എസ് ടി കോളനികളിലും അംഗൻവാടി/ കിന്റർ കാർട്ടനുകളും സ്ഥാപിക്കുക.
- സങ്കേതങ്ങളിലെ വിദ്യാസമ്പന്നരായ കുട്ടികൾക്ക് നിശ്ചിത നിരക്കിൽ ഹോണറേറിയം നൽകി കോളനിയിൽ പ്രാഥമിക വിദ്യാഭ്യാസം ഉറപ്പ് വരുത്തുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ പദ്ധതികൾ രൂപപ്പെടുത്തി നടപ്പിലാക്കുക.
- ഉന്നത വിദ്യാഭ്യാസം ഉറപ്പ് വരുത്തൽ.
- സങ്കേതങ്ങളിൽ വിവര സാങ്കേതിക വിദ്യയുടെ സൗകര്യം ഉൾപ്പെടെയുള്ള ട്യൂഷൻ സെന്ററുകൾ സ്ഥാപിക്കുന്ന പദ്ധതികൾ.
- കൊഴിഞ്ഞുപോക്ക് പഞ്ചായത്ത് തലത്തിൽ സ്കൂൾ മുഖേന കണ്ടെത്തുന്നതിനും തിരികെ സ്കൂളിൽ എത്തിക്കുന്നതിനുമുള്ള പദ്ധതികൾ അധ്യായന വർഷം ആരംഭിക്കുന്നതിനു മുമ്പ് ആരംഭിക്കുക.
- അഞ്ച് പ്രീമെട്രിക്ക് ഹോസ്റ്റലും രണ്ട് പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലും ആരംഭിക്കുന്നതിനുള്ള നടപടികൾ.
- വിദ്യാഭ്യാസ പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തി മോണിറ്ററിംഗ് ചെയ്യുന്നതിനും ജില്ലാതല സംവിധാനം സ്ഥാപിക്കുക

അടിസ്ഥാന സൗകര്യം

- ഭവന രഹിതരായ 813 കുടുംബങ്ങൾക്കും 2022 ഓടെ ലൈഫ് മിഷൻ മുഖേന വിവിധ ഫണ്ടുകൾ സമന്വയിപ്പിച്ച് ഭവനം ലഭ്യമാക്കുക.
- അടുത്ത 5 വർഷത്തിനുള്ളിൽ; ഉണ്ടാകുവാൻ സാധ്യതയുള്ള ഭ്രൂരഹിതരും ഭവനരഹിതരുമായ മുഴുവൻ കുടുംബങ്ങൾക്കും, മുൻ വർഷങ്ങളിൽ അനുവദിച്ചതിൽ വാസയോഗ്യമല്ലാത്ത വീടുകളും പരിഗണിച്ച് 2032 ആകുമ്പോഴേക്കും ഭവന രഹിത കുടുംബങ്ങൾക്ക് ലൈഫ് മിഷൻ മുഖേന ഫ്ലാറ്റുകളും ഭൂമിയുള്ള കുടുംബങ്ങൾക്ക് വീടും അനുവദിക്കേണ്ടതാണ്.
- വീട് പുനരുദ്ധാരണം ആവശ്യമുള്ള ഭവനങ്ങൾ വകുപ്പ് മുഖാന്തരവും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരവും റിപ്പയർ ചെയ്ത് വാസയോഗ്യമാക്കുക.
- കുടിവെള്ള ദൗർലഭ്യം നേരിടുന്ന എല്ലാ കുടുംബങ്ങൾക്കും 2022 ഓടെ കുടിവെള്ളം ലഭ്യമാക്കുക.
- കോളനികളിൽ നിലവിലുള്ള നവീകരിക്കേണ്ട പൊതു കിണറുകൾ, കുളങ്ങൾ, കുടിവെള്ള സ്രോതസുകൾ പഞ്ചായത്ത് തലത്തിൽ നടപ്പുവർഷം നവീകരിച്ച് കുടിവെള്ളം ലഭ്യമാക്കുന്ന പദ്ധതികൾ.
- കോളനികളിൽ പൊതുകിണർ സ്ഥാപിക്കാൻ സാധ്യമായ സ്ഥലങ്ങളിൽ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി വിവിധ തദ്ദേശ സ്വയംഭരണ വകുപ്പ് ഫണ്ടുകൾ ഉപയോഗപ്പെടുത്തി നിർമ്മിക്കുക.
- മുടങ്ങിക്കിടക്കുന്ന വിവിധ കുടിവെള്ള പദ്ധതികൾ പ്രവർത്തന സജ്ജമാക്കുന്ന പഞ്ചായത്തുതല നടപടികൾ കൈക്കൊള്ളുക.
- യാത്രാക്ലേശം ഉള്ള കോളനികളിലേക്ക് ഗതാഗത യോഗ്യമായ റോഡുകൾ പൊതുഫണ്ട്, ടൈബൽ ഫണ്ട് എന്നിവ സംയോജിപ്പിച്ച് നിർമ്മിക്കുക.
- എല്ലാ ഊരുകളിലേയും വൈദ്യുതീകരിക്കാത്ത വീടുകൾ പഞ്ചായത്ത് മുൻകൈയെടുത്ത് വൈദ്യുതീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക

ആരോഗ്യം

- നിലമ്പൂർ ആസ്ഥാനമാക്കി ഗർഭിണികൾക്ക് ഷെൽറ്റർ ഹോം

- രണ്ട് നാല് ചക്ര ആമ്പുലൻസുകൾ
- അഗതിപരിചരണത്തിന് പരിശീലനം നൽകി 10 പട്ടികവർഗ്ഗ പ്രമോട്ടർമാരെ ജില്ലയിൽ നിയമിക്കൽ
- വയോജനങ്ങൾക്കും മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുമായി ജില്ലയിൽ ചികിത്സാ സൗകര്യങ്ങളോടെയുള്ള ഷെൽറ്റർ
- എല്ലാ കോളനികളിലും പ്രീ പ്രൈമറി വിദ്യാഭ്യാസത്തിന് സൗകര്യം
- പട്ടികവർഗ്ഗക്കാർ ആശ്രയിക്കുന്ന പി എച്ച് സി കൾ താലൂക്ക് നിലവാരത്തിലേക്ക് ഉയർത്തൽ
- കോളനികൾ കേന്ദ്രീകരിച്ച് പഞ്ചായത്ത് മേൽനോട്ടത്തിൽ നിരന്തര ലഹരി വിരുദ്ധ ബോധവൽക്കരണം ഉറപ്പ് വരുത്തൽ

തൊഴിൽ മേഖല

- നിലമ്പൂർ കേന്ദ്രമാക്കി വിവിധ തൊഴിലുകൾ സംയോജിപ്പിച്ച് പരിശീലന ഉത്പാദന കേന്ദ്രം സ്ഥാപിക്കുക

കാർഷിക മേഖല

- പട്ടികവർഗ്ഗ മേഖലയിൽ ഭക്ഷ്യസുരക്ഷ ലക്ഷ്യംവെച്ച് കൃഷി ചെയ്യുകയും ഭക്ഷ്യ വിളകൾ ഉത്പാദിപ്പിച്ച് വിപണനം ചെയ്യുകയും ചെയ്യുക.

C. മേൽത്തട്ട് നിർദ്ദേശങ്ങൾ

- പുതിയ എം.ആർ.എസ്, പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കുക.
- നിലവിലെ പ്രീമെട്രിക് ഹോസ്റ്റലുകളുടെ നവീകരണം നടത്തുക
- ഗോത്രബന്ധു പദ്ധതി നടപ്പാക്കൽ
- വാഹന സൗകര്യം ഏർപ്പെടുത്തുന്ന ഗോത്രസാരഥി പദ്ധതി പ്ലസ്വൺ, പ്ലസ് ടു ക്ലാസുകൾ ഉൾപ്പെടുത്തി ആവശ്യമായ മേഖലയിൽ പൂർണ്ണമായും നടപ്പിലാക്കുക.
- ബദൽ സ്കൂളുകൾ എൽപി സ്കൂളുകളാക്കി ഉയർത്തുക.
- നിലമ്പൂർ ആസ്ഥാനമാക്കി ഏകദേശം പ്രസവം അടുത്ത ഗർഭിണികളെ പ്രസവം വരെ താമസിപ്പിക്കുന്നതിനായി ഒരു ഷെൽറ്റർ ഹോം ആരംഭിക്കേണ്ടതുണ്ട്.
- കോളനികളിൽ നിന്ന് ആശുപത്രികളിലേക്കും ആശുപത്രികളിൽ നിന്ന് കോളനികളിലേക്കും രോഗികളെ കൊണ്ടുവരാൻ രണ്ട് ആംബുലൻസ് ഫോർവീൽ സൗകര്യം ഏർപ്പെടുത്തുക.
- ആശുപത്രികളിലെത്തുന്ന രോഗികൾക്ക് പലപ്പോഴും കൂട്ടിരിപ്പിന് ബന്ധുക്കൾ തയ്യാറാവാതെ വരുന്ന ചികിത്സയെ പ്രതികൂലമായി ബാധിക്കുന്ന പ്രധാന ഘടകമാണ്. ആയതിനാൽ അപ്രകാരമുള്ളവരെ പരിചരിക്കാൻ അഗതികൾക്കായുള്ള പ്രൊമോട്ടർമാരെന്ന നിലയിൽ ചുരുങ്ങിയത് 10 പേരെ ജില്ലയിൽ നിയമിക്കുക.
- വയോജനങ്ങൾക്കായി പ്രത്യേക പരിചരണ കേന്ദ്രം ആരംഭിക്കുക. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി പ്രസ്തുത കേന്ദ്രത്തിൽ ഡോക്ടർ, നേഴ്സ് , പാരാമെഡിക്കൽ എന്നിവരുടെ സേവനം നൽകുക.
- അംഗനവാടികൾ ഇല്ലാത്ത എല്ലാ കോളനികളിലും അംഗനവാടികൾക്ക് തുല്യമായ പ്രീ പ്രൈമറി കേന്ദ്രങ്ങൾ ആരംഭിക്കുകയും, സാധാരണ അംഗനവാടികളിൽ കുട്ടികൾക്ക് നൽകുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിനേക്കാൾ രണ്ടിരട്ടി ഭക്ഷ്യധാന്യങ്ങൾ അധികമായി നൽകുകയും ചെയ്യുക.
- ഉൾക്കാട്ടുകളിലെ പട്ടികവർഗ്ഗ വിഭാഗം കൂട്ടതലായി ആശ്രയിക്കുന്ന ചാലിയാർ പി എച്ച് സി, വഴിക്കടവ് പി എച്ച് സി, വെറ്റിലപ്പാറ പി എച്ച് സി കളെ താലൂക്ക്തല നിലവാരത്തിലുള്ള ആശുപത്രികളായി ഉയർത്തുക.

- 30 കുട്ടികളിൽ അധികമുള്ള പട്ടിക വർഗ്ഗ കോളനികൾ/സമീപ കോളനികളെ സംയോജിപ്പിക്കുക. എൽപി സ്കൂൾ ആരംഭിച്ച് പ്രൈമറി വിദ്യാഭ്യാസം ഉറപ്പാക്കുക.
- ജില്ലയിലെ എല്ലാ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കും പഠിക്കുന്നതിന് ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുക.
- പട്ടിക വർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിന് റസിഡൻഷ്യൽ സൗകര്യത്തോടെ കോച്ചിംഗ് സെന്റർ ആരംഭിക്കുക.
- പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നതിന് പകരം എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തി അംഗീകൃത ഏജൻസികൾ മുഖേന വീട് നിർമ്മിച്ച് നൽകുക.
- പ്രൊഫണൽ കോഴ്സുകൾ പാസ്സാക്കുന്ന എല്ലാ പട്ടികവർഗ്ഗക്കാർക്കും സ്ഥിര വരുമാനം ലഭിക്കുന്ന സ്ഥായിയായ ജോലി നൽകുക.
- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷകൾക്ക് വേണ്ടി പരിശീലന സ്ഥാപനങ്ങൾ സ്ഥാപിക്കുക.

D. കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- തൊഴിൽ മേഖല

പട്ടികവർഗ്ഗക്കാരിൽ ഭൂരിഭാഗവും വനവിഭവ ശേഖരണത്തെ ആശ്രയിച്ചാണ് ജീവിക്കുന്നത്. എന്നാൽ വനവിഭവങ്ങളുടെ ലഭ്യത കുറഞ്ഞുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ശേഖരണ കാലഘട്ടത്തിൽ നിന്നും പുറത്തുവരാൻ തയ്യാറാണെങ്കിലും കാർഷിക മേഖലയിൽ ഉപജീവനത്തിന് ഊന്നൽ നല്കാൽവുന്ന വിധം ഭൂമി ഉള്ളവരല്ല പട്ടികവർഗ്ഗക്കാരിൽ ബഹഭൂരിപക്ഷവും. ആയതിനാൽ മറ്റ് തൊഴിൽ മേഖല കണ്ടെത്തുന്നതിന് ഊന്നൽ നൽകേണ്ടതുണ്ട്. അഭിരുചികളും സർഗ്ഗാത്മകമായ കഴിവുകളും കണ്ടെത്തി അതിൽ പരിശീലനം നൽകുക. (ഉദാഹരണം, കെട്ടിട നിർമ്മാണം, പ്ലംബിംഗ്, വയറിംഗ്, സ്ത്രീകൾക്ക് ആഭരണ നിർമ്മാണം, ബ്യൂട്ടീഷ്യൻ കോഴ്സ്, ഫാഷൻ ഡിസൈനിംഗ്, കമ്പ്യൂട്ടർ കോഴ്സുകൾ തുടങ്ങിയ നിരന്തര ജോലിസാധ്യതകൾ ഉള്ളതും മികച്ച വരുമാനം ഉറപ്പുവരുത്തുന്നതുമായ തൊഴിലുകളിൽ പരിശീലന പരിപാടികൾ ആവിഷ്കരിക്കുന്നതും ജോലി ലഭ്യത ഉറപ്പ് വരുത്തുന്ന വിധത്തിൽ പ്രവർത്തനങ്ങൾ ദീർഘിപ്പിക്കുന്നതും പ്രയോജനകരമാണ്).

- കെട്ടിട നിർമ്മാണ മേഖല

കെട്ടിട നിർമ്മാണ മേഖലയിൽ സിമന്റ് ഉപയോഗിച്ചുള്ള പ്ലാസ്റ്ററിംഗ്, കല്ല് ഉപയോഗിച്ചുള്ള നിർമ്മാണ ജോലികൾ, പെയിന്റിംഗ് തുടങ്ങിയ തൊഴിൽ നൈപുണ്യം ആവശ്യമുള്ള മേഖലയിൽ നേരിയ പരിശീലനം നൽകുന്നതിലൂടെ തൊഴിൽരംഗത്ത് ഇവർക്ക് സജീവമാകാനും അതിലൂടെ ഉപജീവനമാർഗ്ഗം തേടാനും ജീവിത നിലവാരം ഉയർത്താനും സാധിക്കും. ഇത്തരം തൊഴിൽ മേഖലയിൽ പട്ടികവർഗ്ഗക്കാർ സജീവമാകുന്നതോടെ പട്ടികവർഗ്ഗ മേഖലയിലെ നിർമാണ പ്രവർത്തനങ്ങൾ ഇവർക്ക് തന്നെ ഏറ്റെടുക്കാനാകും.

- കുട നിർമ്മാണം

വിപണിയിൽ ദിനേശ് അമ്പുല്ല പോലുള്ള സഹകരണ സ്ഥാപനങ്ങൾ വിജയകരമായി കുട ഉല്പാദിപ്പിച്ചു വിപണനം നടത്തി വരുന്നു. പട്ടികവർഗ്ഗക്കാർക്ക് ഈ മേഖലയിൽ ആവശ്യമായ പരിശീലനം നൽകി ഉല്പാദനം ആരംഭിക്കുന്നപക്ഷം ഉല്പാദന പരിശീലന കേന്ദ്രത്തിലൂടെ തൊഴിൽ ഉറപ്പുവരുത്താനാവും. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഹോസ്റ്റലുകൾ, എം.ആർ.എസുകൾ തുടങ്ങിയവക്കും സ്കൂൾ സഹകരണസംഘങ്ങൾ മുഖേനയും ആദ്യഘട്ടത്തിൽ വിപണി കണ്ടെത്താനും സാധിക്കും.

- നോട്ട്ബുക്ക് നിർമ്മാണ യൂണിറ്റ്

പരിശീലനത്തിലൂടെ നേടിയെടുക്കാവുന്നതാണ് നോട്ട്ബുക്ക് നിർമ്മാണത്തിലുള്ള അറിവ്. മേൽപറഞ്ഞ പ്രകാരം ഈ ഉല്പന്നത്തിനും വിപണി കണ്ടെത്താൻ പ്രയാസമില്ല. മുള ഉപയോഗിച്ച് സാധന സാമഗ്രികൾ നിർമ്മിക്കുന്നതിന് ബാംബൂ ക്രാഫ്റ്റ് ഉത്പാദനവും സ്വീകരിക്കാവുന്നതാണ്

- ടൈലറിംഗ്/ഫാഷൻ ഡിസൈനിംഗ് യൂണിറ്റ്

സ്ത്രീകൾക്ക് തൊഴിൽ മേഖലയിൽ സാധ്യതയുള്ളതാണ് ടൈലറിംഗ്. ഇപ്പോൾതന്നെ ധാരാളം പട്ടികവർഗ്ഗ യുവതികൾ സ്വകാര്യ ടെക്സ്റ്റൈൽസുകൾക്കുവേണ്ടി നേരിയ വേതനത്തിൽ ഈ ജോലി ചെയ്യുവരുന്നു. അപ്രകാരമുള്ള തൽപ്പരരായ 10 പേർക്ക് ഫാഷൻ ഡിസൈനിംഗിൽ ഹാൻഡ് വീവ് സൊസൈറ്റി മുഖേന പരിശീലനം നൽകിവരുന്നു. ടൈലറിംഗ് യൂണിറ്റുകൾക്ക് ഹോസ്റ്റലുകളിലും, എം.ആർ.എസുകളിലും ഇവർക്ക് യൂണിഫോം വിതരണം നൽകുന്നതിനും അനുമതി നൽകികൊണ്ട് വിപണി കണ്ടെത്താവുന്നതാണ് ടൈലറിംഗ് യൂണിറ്റുകൾ. പ്ലസ് ടു വോ അതിനു മുകളിലോ വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് കമ്പ്യൂട്ടർ മറ്റ് ആധുനിക ഇലക്ട്രിക് ഉപകരണങ്ങൾ എന്നിവയുടെ റിപ്പയറിംഗ്, പ്ലംബിംഗ്, വയറിംഗ് എന്നിവയുള്ള ഹ്രസ്വകാല പരിശീലനം, ഡിഗ്രിയോ അതിൽ കൂടുതലോ വിദ്യാഭ്യാസ യോഗ്യതയുള്ള കുട്ടികൾക്ക് മെഡിക്കൽ ട്രാൻസ്ക്രിപ്ഷൻ പരിശീലനം എന്നിവ നൽകാവുന്നതാണ്. പ്രസ്തുത കേന്ദ്രത്തിൽ താഴെപറയുന്ന വിധം വിവിധ പരിശീലന ഉത്പാദന പദ്ധതികൾ അസൂത്രണം ചെയ്യാവുന്നതാണ്.

- ഒരു കിലോമീറ്ററിലധികം ഗതാഗത യോഗ്യമായ റോഡ് നിർമ്മിക്കേണ്ട കോളനികളിൽ നബാർഡ് ഫണ്ട് മുഖാന്തിരം കൂടുതൽ സങ്കേതങ്ങൾ തിരഞ്ഞെടുത്ത് റോഡ് നിർമ്മിക്കാവുന്നതാണ്.
- പട്ടികവർഗ മേഖലയിൽ എത്തേണ്ട റോഡിന്റെ തുടക്കഭാഗങ്ങളിൽ പലപ്പോഴും ടി എസ് പി ഫണ്ട് ഉപയോഗിക്കുന്നത് ഫീസിബിൾ അല്ലാത്ത സാഹചര്യം റോഡ് നിർമ്മാണത്തിന് തടസം നിൽക്കുന്നു. ഇത്തരം സ്ഥലങ്ങളിൽ പൊതു ഫണ്ട് ഉപയോഗപ്പെടുത്തി റോഡ് നിർമ്മാണം നടത്തേണ്ടതുണ്ട്.
- തദ്ദേശ സ്ഥാപനങ്ങൾക്ക് ജനറൽ ഫണ്ട് അനുവദിക്കുന്നത് ജനസംഖ്യാ ആനുപാതത്തിലാണ്. പട്ടികവർഗ്ഗ ജനസംഖ്യയും മൊത്തം ജനസംഖ്യാ കണക്കിൽ ഉൾപ്പെടുന്നു. അപ്രകാരം പട്ടികവർഗ്ഗ ജനസംഖ്യ കൂടി ഉൾപ്പെടുന്നതിനാൽ അനുവദിക്കപ്പെടുന്ന പൊതു ഫണ്ട് പട്ടികവർഗ മേഖലയിലും ഉപയോഗിക്കപ്പെടേണ്ടതും അപ്രകാരം റോഡ് നിർമ്മാണം നടത്തേണ്ടതുമാണ്.
- കോളനികളിൽ കാർഷികയോഗ്യമായ സ്ഥലങ്ങൾ കണ്ടെത്തി കൃഷി വികസിപ്പിച്ച് സ്വയംപര്യാപ്തതയിലേക്ക് എത്തിക്കുക.
- ഉപയോഗ യോഗ്യവും, ശുചിത്വപൂർണ്ണവുമായ കക്കൂസ് ഇല്ലാത്ത മുഴുവൻ വീടുകൾക്കും കക്കൂസ് നിർമ്മിക്കുന്നതിന് ശുചിത്വ മിഷൻ മുഖേന പദ്ധതി നടപ്പിലാക്കുക
- കോളനികളുടെ ഭൂമിശാസ്ത്രപരമായ അവസ്ഥ പരിഗണിച്ച് ഭൂഗർഭത്വാകർഷണം പ്രയോജനപ്പെടുത്തി നടപ്പിലാക്കാവുന്ന കുടിവെള്ള പദ്ധതികൾക്ക് പ്രാമുഖ്യം നൽകുക.
- കോളനികൾക്ക് സമീപമുള്ളതും കുടിവെള്ളം ലഭിക്കാൻ സാധ്യതയുള്ളതുമായ ചെറു കുളങ്ങൾ, ചെക്ക്ഡാം സ്വാഭാവിക ജലസംഭരണികൾ എന്നിവ ശുചിയാക്കി ശുദ്ധജല ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- വാട്ടർ അതോറിറ്റിയുടെ ജലവിതരണ സംവിധാനം കോളനികളിൽ എത്തിക്കുന്നതിനുള്ള നടപടികൾ ഉറപ്പ് വരുത്തുക.
- വയറിംഗ് നടത്തുന്നതിനുള്ള പദ്ധതികൾ പഞ്ചായത്ത് ഉപപദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുക.
- ആശാ വർക്കർമാരുടെ പ്രവർത്തനത്തിൽ ആഴ്ചയിൽ 2 കോളനികളിലെങ്കിലും സന്ദർശനം നടത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും സഹായങ്ങളും നൽകുക.
- കോളനിയുടെ ദുർഘടാവസ്ഥ പരിഗണിച്ച് യഥാർഥ എസ്റ്റിമേറ്റ് പ്രകാരം ഭവന നിർമാണ ധനസഹായം നൽകുക.

- നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന പട്ടികവർഗ്ഗക്കാരെ ഉൾപ്പെടുത്തി സൊസൈറ്റി രൂപീകരിച്ച് ഈ സൊസൈറ്റി മുഖാന്തിരം കാര്യശേഷി ഇല്ലാത്ത ഗ്രണഭോക്തക്കളുടെ വീട് നിർമ്മാണം നടത്താവുന്നതാണ്.

15-സാമൂഹ്യസുരക്ഷിതത്വം (വനിതകൾ, വയോജനങ്ങൾ, കുട്ടികൾ, ഭിന്ന ശേഷി ഉള്ളവർ, ട്രാൻസ്ജെൻഡർ)

A. ഹ്രസ്വകാല പരിപ്രേക്ഷ്യം

ട്രാൻസ്ജെൻഡർ

- പ്രാപ്യമായ തൊഴിലുകളിൽ പരിശീലനം നൽകി സാമ്പത്തിക പിന്തുണയോടെ തൊഴിൽ അവസരങ്ങൾ ഒരുക്കികൊടുത്ത് സാമ്പത്തിക സുസ്ഥിരത നേടികൊടുക്കുക.
- മുടങ്ങിപ്പോയ വിദ്യാഭ്യസം തുടരാൻ അവസരമുണ്ടാക്കി വിദ്യാഭ്യാസ പുരോഗതി കൈവരിക്കുക.
- വിദ്യാലയങ്ങളിൽ നിന്നും കൊഴിഞ്ഞു പോക്ക് തടയാനുള്ള പരിപാടികളുണ്ടാവണം
- ട്രാൻസ്ജൻഡർ ആണെന്ന കാരണത്താൽ മാത്രം ആക്രമിക്കപ്പെടുന്ന സാഹചര്യങ്ങൾ ഒഴിവാക്കേണ്ടതുണ്ട്.
- ചികിൽസ നിഷേധിക്കപ്പെടുന്ന അവസ്ഥയിൽ നിന്നും മോചനം ലഭിക്കേണ്ടതുണ്ട്
- ജില്ലയിലെ ട്രാൻസ്ജൻഡർ വിഭാഗക്കാരെ എൽ.ജി.ബി.ടി. എന്നിങ്ങനെ ഉപവിഭാഗം തിരിച്ചുള്ള വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്.
- ട്രാൻസ്ജൻഡർ വിഭാഗക്കാർക്ക് ഐ.ഡി കാർഡ് കൊടുക്കാനുള്ള തടസ്സങ്ങൾ പരിഹരിക്കപ്പെടേണ്ടതുണ്ട്.

B. ദീർഘകാല ലക്ഷ്യങ്ങൾ

കുട്ടികൾ

കുട്ടികളുടെ ക്ഷേമപദ്ധതികൾ ആവിഷ്കരിക്കുമ്പോൾ അങ്കണവാടികളും സ്കൂളുകളും മാത്രം കേന്ദ്രീകരിക്കുന്ന വീക്ഷണമാണ് തദ്ദേശ സ്ഥാപനങ്ങളിൽ പൊതുവേ കണ്ടുവരുന്നത്. അങ്കണവാടി/നഴ്സറികളിലെത്തുന്നതിനു മുമ്പുള്ള പ്രായക്കാരും, 18 ന് താഴെയുള്ള മുഴുവൻ കുട്ടികളും വിദ്യാലയങ്ങളിൽ നിന്നും കൊഴിഞ്ഞുപോയവരും, അനാഥാലയങ്ങളിൽ കഴിയുന്നവരും പീഢനത്തിന് ഇരയായവരും മറ്റുമടങ്ങുന്ന മുഴുവൻ വിഭാഗങ്ങളെയും ഉൾക്കൊണ്ടുകൊണ്ട് വികസന കാഴ്ചപ്പാടുകൾ രൂപീകരിക്കാൻ തദ്ദേശ സ്ഥാപനങ്ങളെ പ്രാപ്തമാക്കലുമാണ് ഹ്രസ്വകാല ലക്ഷ്യമായി കാണേണ്ടത്. ക്രമേണ കുട്ടികളുടെ മേഖലയിലെ പ്രശ്നങ്ങൾ ഗൗരവ പൂർവ്വം വീക്ഷിച്ച് തത്സമയ പരിഹാരം കാണാൻ സുശക്തമായ ബാലസൗഹൃദ തദ്ദേശസ്ഥാപനങ്ങളും ജില്ലയുമാണ് ഈ മേഖല വിഭാവനം ചെയ്യുന്ന പരിപ്രേക്ഷ്യം.

C.മേൽതട്ട് നിർദ്ദേശങ്ങൾ

വനിതകൾ

- ലേഡീസ് ഓൺലി ബസ്സുകൾ സ്പെഷൽ കേന്ദ്രങ്ങളിൽ (മലപ്പുറം മുതൽ തിരൂർ വരെ) കൊണ്ടുവരിക.
- ജില്ലാ ആസ്ഥാനത്തുള്ള പൊതു ഇടങ്ങൾ സ്ത്രീ സൗഹൃദമാക്കുക.

- ജില്ലകളിൽ ഷീസ്റ്റേ ഹോമുകളുടെ നിർമ്മാണം.
- വനിതാ ലേബർ ബാങ്കുകളുടെ രൂപീകരണം.
- വിധവാ കമ്മിഷൻ രൂപീകരണം.
- സ്ത്രീ സുരക്ഷയുടെ ഭാഗമായി ലേഡീസ് ഒൺലി ബസ് സർവ്വീസ്.
- അഗ്രോ മാർക്കറ്റിംഗ്, വനിതാ ഫാർമേഴ്സ് ക്ലബ്ബ് തുടങ്ങുക.
- ചെറുകിട വനിതാ വ്യവസായ യൂണിറ്റുകൾ തുടങ്ങുക.

മുതിർന്ന പൗരൻമാർ

- വാർദ്ധക്യകാല രോഗീ പരിചരണത്തിന് അനുയോജ്യമായ കോഴ്സുകൾ ആയുഷിന്റെ കീഴിൽ തുടങ്ങാൻ നടപടികളാവശ്യമാണ്.
- വയോജന ഭവനങ്ങൾ പരമാവധി 10 പേരെ മാത്രം താമസിപ്പിക്കാവുന്ന ക്രമീകരണമുണ്ടാക്കണം. ഇത് കൂടുതൽ മെച്ചപ്പെട്ട സേവനം ലഭിക്കാൻ സഹായകമാവും.
- അൽഷിമേഴ്സ്/ഡിമെൻഷ്യ കെയറിനുള്ള സൗകര്യങ്ങൾ എല്ലാ ജില്ലകളിലും വ്യാപിപ്പിക്കാൻ അനുമതിയുണ്ടാവണം.
- വയോമിത്രം പദ്ധതി എല്ലാ പഞ്ചായത്തുകളിലും അനുവദിക്കണം.
- തമിഴ് നാട് സർക്കാരിന്റെ അമ്മ ഉണവകം (അമ്മ കാൻറീൻ) പദ്ധതിയുടെ മാതൃകയിൽ അർഹരായ മുതിർന്നവർക്ക് വളരെ ചുരുങ്ങിയ നിരക്കിൽ കുടുംബ ശ്രീ കേന്ദ്രങ്ങൾ മുഖേനയോ, മറ്റു വഴിക്കോ ഭക്ഷണം ലഭ്യമാക്കാൻ പദ്ധതികളുണ്ടാവണം.
- ഒന്നിലേറെ മുതിർന്ന പ്രായക്കാരെ സംരക്ഷിക്കേണ്ട കുടുംബാംഗങ്ങൾക്ക് പ്രോത്സാഹനവും പിന്തുണയും നൽകാൻ പദ്ധതികളുണ്ടാവണം.
- എൽഡർ ഹെൽപ്പ് ലൈൻ സംസ്ഥാനത്ത് വ്യാപകമാക്കണം.
- വാർദ്ധക്യ പഠനം, ഗവേഷണം, പരിശീലനം തുടങ്ങിയവക്ക് പ്രാദേശിക കേന്ദ്രം ആരംഭിക്കണം.
- ഷോപ്പിംഗ് നടത്തുമ്പോൾ മുതിർന്ന പൗരൻമാർക്കും, മുതിർന്ന പൗരൻമാരുമായി വരുന്നവർക്കും ഡിസ്കൗണ്ട് അനുവദിക്കാൻ നടപടികൾ വേണം.

ഭിന്നശേഷിയുള്ളവർ

- ഭിന്നശേഷിക്കാർക്കു വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കുമ്പോൾ ഭിന്നശേഷിയുടെ തരം, തോത്, സാമൂഹിക കുടുംബ പശ്ചാത്തലം എന്നിവയുടെ അടിസ്ഥാനത്തിൽ ഓരോ വിഭാഗത്തിനും അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുതകുന്ന കർമ്മ പദ്ധതി രൂപീകരിക്കുക.
- എല്ലാ പദ്ധതികളിലും പ്രതിരോധം, നേരത്തെ കണ്ടെത്തൽ, ചികിത്സാ പദ്ധതികൾ എന്നവിയ്ക്ക് മുൻഗണന നൽകുക.
- വൈകല്യങ്ങളെ പ്രതിരോധിക്കുന്നതിനും നേരത്തേ കണ്ടെത്തുന്നതിനും ആവശ്യമായ ചികിത്സാ പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്ന തെറാപ്പി സെന്ററുകൾ ബ്ലോക്കടിസ്ഥാനത്തിൽ സ്ഥാപിക്കുക.
- വിവിധ ധനസഹായ പദ്ധതികൾ ലഭിക്കുന്നതിനുള്ള വരുമാന പരിധി ഏകീകരിക്കുക.
- ഭിന്നശേഷിക്കാരായ സ്ത്രീകൾ, അഗതികളും അനാഥരുമായ ഭിന്നശേഷിക്കാർ ഗുരുതര ബഹുമുഖ ഭിന്നശേഷിക്കാർ എന്നിവർക്കായി ജില്ലയിൽ പുനരധിവാസ കേന്ദ്രവും സംരക്ഷണ ഭവനവും ഷെൽട്ടേർഡ് വർക്ക്ഷോപ്പും ആരംഭിക്കുക.
- ഭിന്നശേഷിക്കാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനുമായി ജില്ലാതലത്തിൽ ഉന്നതാധികാര സമിതികൾ രൂപീകരിക്കുക.
- ബഡ്സ്/ബി.ആർ.സി കുട്ടികൾക്ക് അവരുടെ ഉത്പന്നങ്ങൾ വിൽക്കാൻ ഒരു കിയോസ്ക്.

കുട്ടികൾ

- ജില്ല ബാല സൗഹൃദമാക്കുന്നതിനുള്ള നടപടികൾ

ട്രാൻസ്ജെൻഡർ

- സാമൂഹികാംഗീകാരത്തോടെയുള്ള കിടപ്പാടമില്ലായ്മയാണ് ട്രാൻസ്ജെൻഡർ വിഭാഗക്കാരുടെ മുഖ്യപ്രശ്നം. ആയതിനാൽ നിലവിൽ അവർക്ക് സ്വീകാര്യതയുള്ള പ്രദേശങ്ങളിൽ വീടുകൾ നിർമ്മിച്ച് നല്കാനുള്ള പദ്ധതികൾ സംസ്ഥാന സർക്കാർ തയ്യാറാക്കണം.
- ഓരോ കേസും പ്രത്യകമായി പരിഗണിച്ച് അർഹത നോക്കി എസ്.ആർ.എസ് ചെയ്യുന്നതിന് സർക്കാർ സംവിധാനമുണ്ടാക്കണം. തൊഴിലുകളിലും പഠന കോഴ്സുകളിലും സംവരണം അനുവദിക്കണം.
- പോലീസ്, ആരോഗ്യ പ്രവർത്തകർ തുടങ്ങിയവർക്ക് അവബോധ സൃഷ്ടിക്കാൻ ഉപകരിക്കുന്ന പ്രവർത്തനങ്ങൾ ഉണ്ടാവണം.
- ഐ.ഡി.കാർഡ് വിതരണത്തിനുള്ള തടസ്സം നീക്കം ചെയ്യണം.

D.കീഴ്ട്ട് നിർദ്ദേശങ്ങൾ

മുതിർന്ന പൗരൻമാർ

- 2013 ലെ മുതിർന്നവർക്കു വേണ്ടിയുള്ള സംസ്ഥാന നയത്തിലെ നിർദ്ദേശം അനുസരിച്ച് എല്ലാ തദ്ദേശ സ്ഥാപനങ്ങളും മുതിർന്നവരെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുകയും അവ ഡിജിറ്റലൈസ് ചെയ്യുകയും വേണം. ഇത് പദ്ധതി രൂപീകരണത്തിന്റെ അടിസ്ഥാന രേഖയാക്കണം.
- സായംപ്രഭാ ഭവനങ്ങൾ എല്ലാ പഞ്ചായത്തുകളിലും ആരംഭിക്കണം.
- പ്രത്യേക പിന്തുണയർഹിക്കുന്ന വിഭാഗക്കാർക്കു അനുയോജ്യമായ പ്രത്യേക സേവന പദ്ധതികൾ രൂപീകരിക്കണം.
- നാട്ടുകോടതികൾ (കാവനൂർ പഞ്ചായത്ത് മാതൃക) വ്യാപകമാക്കുക.
- മെയിന്റനൻസ് കേസുകൾ ത്വരിതപ്പെടുത്താൻ നടപടികൾ.
- 6 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികളെ ക്ലബുകൾ രൂപീകരിച്ച് പാലിയേറ്റീവ് പ്രവർത്തനവുമായി ബന്ധിപ്പിക്കുക.
- വിരമിച്ച ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗപ്പെടുത്തുക. ഹ്യൂമൺ റിസോഴ്സ് ഷെയറിംഗ് പ്രോഗ്രാം വിവിധ മേഖലകളിൽ നിന്നും വിരമിച്ച ജീവനക്കാരുടെ ഡിപ്പാർട്ട്മെന്റൽ അറിവുകൾ പ്രയോജനപ്പെടുത്താൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ അവസരമുണ്ടാക്കുക.
- വയോജന കേന്ദ്രങ്ങളുടെ എണ്ണം കൂട്ടുക.
- മുതിർന്നവരുടെ self help goup ഓരോ വാർഡിലും ആരംഭിക്കുക. റിട്ടയർ ചെയ്ത മുതിർന്ന പൗരൻമാരുടെ കൂട്ടായ്മ സംഘടിപ്പിക്കുക. ആയതിൽ പൊതു പ്രവർത്തകരും പാലിയേറ്റീവ് പ്രവർത്തകരും ഉണ്ടാവണം

ഭിന്നശേഷിയുള്ളവർ

- ബഡ്സ് സ്കൂളുകളുടെ ആധുനികവൽക്കരണം.
- സ്പെഷ്യൽ സ്കൂളിലെ എല്ലാ കുട്ടികൾക്കും സ്കോളർഷിപ്പ്.
- ശാസ്ത്രീയമായ സ്കിൽ ട്രെയ്നിംഗ് പ്രോഗ്രാം നടത്തുക.
- പൊതുജനങ്ങൾക്ക് അവബോധമുണ്ടാക്കുന്നതിനായി ബോധവൽക്കരണം.
- ഭിന്നശേഷിക്കാർക്കായി ഏകീകൃത ഓൺലൈൻ ഡയറക്ടറി.

- ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്പെഷൽ സ്കൂളുകളിൽ എത്തിച്ചേരുന്നതിനുള്ള സംവിധാനമുണ്ടാക്കുക.
- സ്കൂളുകളിൽ ഭിന്നശേഷി സൗഹൃദ കെട്ടിടങ്ങൾ നിർമ്മിക്കണം. ഭിന്നശേഷി കുട്ടികൾക്ക് വേണ്ടി വീൽചെയർ, ടോയിലറ്റ് എന്നിവ ഉണ്ടാക്കണം. ഐ.ഇ.ഡി ഉപകരണങ്ങൾ സ്കൂൾതലത്തിൽ നൽകണം. ബസ് സ്റ്റാന്റിൽ ഭിന്നശേഷി സൗഹൃദ ടോയിലറ്റുകൾ ഏർപ്പെടുത്തുക. ഓരോ പഞ്ചായത്തിലും ഒരു സ്കൂൾ കേന്ദ്രീകരിച്ച് പ്രതീക്ഷാലയങ്ങളെ ശക്തിപ്പെടുത്തുക.
- ഭിന്നശേഷി സൗഹൃദ പാർക്കുകളും ബീച്ചുകളും പഞ്ചായത്തിന്റെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ നർമ്മിക്കുക.

വനിതകൾ

- തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് വൈദഗ്ധ്യ പരിശീലനം നൽകുക.
- ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തുക.
- കൗമാര പ്രായക്കാർക്കും അമ്മമാർക്കും അങ്കണവാടികൾ വഴി കൗൺസലിംഗ് സൗകര്യം.
- ഗ്രാമപഞ്ചായത്തുകളിൽ നിരാശ്രയ വനിതകൾ, വിധവകൾ എന്നിവരുടെ കൂട്ടായ്മകളുടെ രൂപീകരണം ഇവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സഹായം.
- അയൽക്കൂട്ടങ്ങളിൽ കായിക പ്രതിരോധ ശക്തി വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം.
- കുടുംബശ്രീ ജില്ലാ മിഷനിൽ ജില്ലാ ജെൻഡർ റിസോഴ്സ് കേന്ദ്രം.
- സ്നേഹിതയുമായി സംജോജിച്ചു കൊണ്ട് സിവിൽ സ്റ്റേഷനിൽ ഒരു വനിതാ ഹെൽപ്പ് ഡെസ്ക്.
- സിവിൽ സ്റ്റേഷനിൽ ഒരു ജെ.എൽ.ജി യുടെ മേൽനോട്ടത്തിൽ ഒരു ഗാർഡൻ.
- സിവിൽസ്റ്റേഷനിൽ പച്ചക്കറി കച്ചവടം ചെയ്യുന്ന സ്ത്രീകൾക്കു വേണ്ടി ഒരു കിയോസ്ക്.
- അംഗനവാടി ഹെൽപേഴ്സിനെ കൂടി പരിശീലന പരിപാടികളിൽ കൂടുതലായി പങ്കെടുപ്പിക്കുക.
- യുവജനക്ഷേമ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളല്ലാത്ത വനിതകൾക്ക് ഗെയിംസ്, സ്പോർട്സ് പ്രാവീണ്യമുള്ളവർക്ക് പരിശീലനം നടത്തുന്നതിന് (ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം) എങ്കിലുമായി ഗ്രൗണ്ടുകളിൽ സൗകര്യമൊരുക്കുക. തദ്ദേശഭരണ സ്ഥാപനങ്ങൾ ഈ കാര്യത്തിൽ ശ്രദ്ധിക്കേണ്ടതുണ്ട്.
- ജാഗ്രതാ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പാരാ ലീഗൽ വൊളന്റിയേഴ്സിന്റെ കാലാവധി ഒരു മാസമെന്നത് കുറഞ്ഞത് മൂന്ന് മാസമെങ്കിലും ആക്കുക. സമിതി അംഗങ്ങളിൽ ഒരാൾ ലീഗൽ വൊളന്റിയർ ആകുക. പരാതി ബോക്സുകൾ പഞ്ചായത്തുകളിൽ സ്ഥാപിക്കുന്നതിന് നൽകുക.
- പൗരബോധ പരിപാടികൾ ആവിഷ്കരിക്കുക (പൊതുസ്ഥലങ്ങളിലെ പെരുമാറ്റം, സ്ത്രീകളോടുള്ള സമീപനം എന്നിവ.)
- കുടുംബബോധവൽകരണം – കുടുംബാംഗങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിന് കൂട്ടായ ചർച്ചകൾ കുടുംബത്തിലുണ്ടാകുന്നതിന്.
- ജെന്റർ റിസോഴ്സ് സെന്ററുകൾ പഞ്ചായത്തുകളിൽ ആരംഭിക്കുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാകണം.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വനിതാ മെമ്പർമാരുടെ കൂട്ടായ്മ ബ്ലോക്ക് തലത്തിൽ നടത്തുക.
- ഷീ സ്റ്റെ ഹോമുകൾ കൂടുതൽ സ്ഥലങ്ങളിൽ ആരംഭിക്കുക (കോട്ടക്കൽ, മലപ്പുറം, അങ്ങാടിപ്പുറം)
- ബ്ലോക്ക് തലത്തിൽ ഷോപ്പിംഗ് മാൾ, ആഴ്ച ചന്ത (കുടുംബശ്രീ ഉത്പന്നങ്ങൾക്കായി) തുടങ്ങുക.
- വെയ്റ്റിംഗ് ഷെഡുകൾ സ്ത്രീ സൗഹൃദമാക്കുക.
- അസംഘടിത മേഖലകളിലെ സേവന വേതന വ്യവസ്ഥകളും തൊഴിലവസരങ്ങളും സംരക്ഷിക്കുന്നതിനുള്ള പ്രൊജക്ടുകൾ രൂപപ്പെടുത്തുക.
- രാത്രിയും പകലും ഒരേ പോലെ യാത്ര ചെയ്യുന്നതിനും സ്ത്രീകളുടെ സഞ്ചാരസ്വാതന്ത്ര്യം സുരക്ഷിതമാക്കുന്നതിനും പ്രൊജക്ടുകൾ രൂപീകരിക്കുക.

- Pre marriage കൗൺസിലിംഗ് നടപ്പാക്കണം. ജില്ലാതലത്തിൽ ഫാമിലി കൗൺസിലിംഗ് സെന്റർ ആരംഭിക്കണം. ജാഗ്രതാ സമിതികൾ ഫലപ്രദമാക്കണം.
- ജില്ലയിൽ നിലവിലുള്ള വിശ്രമ കേന്ദ്രങ്ങളെ (ടൗണുകളിലുള്ള ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ പ്രധാനമായും) സ്ത്രീ സൗഹൃദമാക്കുന്നതിന് നിർദ്ദേശം.
- കുടുംബശ്രീ– ഫുഡ് പ്രൊഡക്ട് ക്വാളിറ്റി ചെക്ക് ചെയ്യുന്നതിനും ലബോറട്ടറി സംവിധാനം ജില്ലയിൽ തന്നെ ഉണ്ടാക്കുക.
- സൗജന്യമായി സേവനം ലഭിക്കുന്ന രിതിയിൽ മാമോഗ്രാം യൂണിറ്റുകൾ (മൊബൈൽ സംവിധാനം) ഏർപ്പെടുത്തുക.
- ന്യൂട്രിമിക്സ് – കുടുംബശ്രീ യൂണിറ്റുകൾ ഹൈടെക്ക് സംവിധാനത്തിലേക്ക് ഉയർത്തുക.
- മൂല്യ വർദ്ധിത യൂണിറ്റുകളുടെ ഉത്പാദനവും വിപണന സംവിധാനം ജില്ലാതലത്തിൽ തുടങ്ങുക.
- വനിതാ ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ ജൈവ ഗ്രാമങ്ങൾ സ്ഥാപിക്കുക.
- സ്ത്രീ സുരക്ഷയുടെ ഭാഗമായി ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തുക.
- ജെൻഡർ റിസോഴ്സ് തുടങ്ങുന്നതിന് ജില്ലയിൽ സംവിധാനം ഏർപ്പെടുത്തുക.
- ആദിവാസി വനിതകൾ / എസ്.സി വനിതാ ശാക്തീകരണവുമായി ബന്ധപ്പെട്ട പദ്ധതികൾ തുടങ്ങുക.

കുട്ടികൾ

- കുട്ടികൾക്ക് പൊതു കളിസ്ഥലങ്ങൾ.
- പുകയില തുടങ്ങിയ ലഹരി പദാർത്ഥങ്ങൾ നിരോധിക്കുക.
- കുട്ടികളും മാതാപിതാക്കളും തമ്മിലുള്ള ബന്ധം ഊട്ടി ഉറപ്പിക്കുന്നതിനുള്ള ബോധവൽകരണം.
- സ്കൂളുകളുടെ മുൻപിൽ സീബ്രാലൈൻ.
- അങ്കണവാടികൾ കേന്ദ്രീകരിച്ച് വായനശാലകൾ.
- മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ഒത്തുകൂടാൻ പഞ്ചായത്ത് തലത്തിൽ സൗകര്യം.
- കുട്ടികളുടെ ഗ്രാമസഭകൾ 6 മാസത്തിലൊരിക്കൽ കൂടുക. പ്രശ്നങ്ങൾ ചർച്ച ചെയ്ത് അഭിപ്രായം പ്രകടിപ്പിക്കുന്നതിന് അവസരം.
- കുട്ടികളിൽ മത സൗഹാർദ്ദം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ.
- പ്രത്യേക പരിഗണനയും പരിരക്ഷയും അർഹിക്കുന്ന വിഭാഗം കുട്ടികളുടെയും അതിക്രമത്തിന് ഇരയാവാൻ സാധ്യതയുള്ള കുട്ടികളുടെയും വൾനറബിലിറ്റി മാപ്പിംഗ് നടത്തുക. ഇതിന്റെ അടിസ്ഥാനത്തിൽ കുട്ടികളുടെ അവകാശ സംരക്ഷണത്തിനായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കുക.
- അംഗൻവാടികളിൽ ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കൗമാര ക്ലബ്ബിന്റെ പ്രവർത്തനം വിപുലപ്പെടുത്താൻ പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്.

ട്രാൻസ്ജെൻഡർ

- ട്രാൻസ്ജെൻഡർ വിഭാഗക്കാർ കേന്ദ്രീകരിക്കുന്ന സ്ഥലങ്ങളിൽ അനുയോജ്യമായ ടോയിലറ്റുകളും മറ്റും തയ്യാറാക്കണം.
- അവരുടെ സുരക്ഷാ ആവശ്യങ്ങൾക്കായി ഹെൽപ് ലൈൻ സംവിധാനങ്ങൾ ഒരുക്കാൻ പരിശ്രമിക്കണം.

- സുരക്ഷിതമായ താമസവും വരുമാനദായക തൊഴിലുകളും ലഭ്യമാക്കാനുള്ള പദ്ധതികളാവിഷ്കരിക്കണം.
- കുടുംബങ്ങളിൽ ഇവരെക്കുറിച്ച് ബോധവല്കരണം നടത്തി സംരക്ഷിക്കേണ്ടതാണ്. ഇത്തരം കുട്ടികൾ ജനിക്കാനിടയായാൽ എത്തരത്തിൽ ഈ കുട്ടികളെ വളർത്തേണ്ടത് എന്നുള്ളതിന് തുടർച്ചയായി ബോധവൽക്കരണം നടത്തുന്നതിന് പദ്ധതികൾ ആവശ്യമാണ്.
- സ്കൂൾ അധ്യാപകർ, പോലീസ് എന്നവർക്ക് ട്രാൻസ്ജെൻഡേഴ്സിനെ കുറിച്ച് ബോധവൽക്കരിക്കണം. ജില്ലാതലത്തിൽ ട്രാൻസ്ജെൻഡേഴ്സിന് ജില്ലാതല രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ലഭ്യമാക്കണം.
- സ്വത്വം വെളിപ്പെടുത്തി സമൂഹത്തിന് മുമ്പിലേക്ക് വരാനുള്ള ആർജ്ജവം ട്രാൻസ്ജെൻഡർ വിഭാഗക്കാർക്കുണ്ടാവുന്നത് സാമൂഹിക അംഗീകാരം ലഭിക്കുമ്പോഴാണ്. സമസ്ത മേഖലയിലും അതുണ്ടാവാനുള്ള പ്രവർത്തനങ്ങൾക്കാണ് മുൻഗണന കൊടുക്കേണ്ടത്.

E. സംയോജന സാധ്യതകൾ

സാമൂഹ്യ സുരക്ഷാമിഷൻ, സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ എന്നിവയുമായി ഏകോപിപ്പിച്ച് പ്രവർത്തനങ്ങൾ നടത്തി മുതിർന്നവർക്ക് സേവനമെത്തിക്കാവുന്നതാണ്. ആയുഷിന്റെ സേവനങ്ങളുമായി ഏകോപന സാധ്യതയുണ്ട്. മറ്റു വികസന മേഖലകളുമായുള്ള സംയോജന സാധ്യത താഴെ ചേർക്കുന്നു.

ആരോഗ്യം

- ബാലകേന്ദ്രീകൃത ആരോഗ്യസേവനങ്ങൾ
- അമ്മമാരുടെ ആരോഗ്യസംരക്ഷണത്തിനുള്ള പരിപാടികൾ
- 5 ആൻറിനാറ്റൽ ചെക്കപ്പ്, 100 ഐ.എഫ്.എ ഗുളികകൾ, ടെറ്റനസ്സ് കുത്തിവെയ്പ്പ് തുടങ്ങിയവ സ്ഥാപനതല പ്രസവം, എൻ.എൻ.പി ലഭ്യമാക്കൽ, കേന്ദ്ര/സംസ്ഥാന പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കൽ
- മാതൃ/ശിശു മരണ നിരക്ക് കുറയ്ക്കുക
- ജനനഭാരം സാധാരണ നിലയിൽ എത്തിക്കുക
- പ്രസവിച്ച് ഒരു മണിക്കൂറിനുള്ളിൽ മുലപ്പാൽ നൽകുക
- ആദ്യത്തെ 6 മാസം സമ്പൂർണ്ണ മുലയൂട്ടൽ
- 0–1 വയസ്സു വരെയുള്ള പ്രതിരോധ കുത്തിവെയ്പ്പ് 100% ആക്കുക
- വിറ്റാമിൻ എ യുടെ കുറവ് പരിഹരിക്കുന്നതിനുള്ള പരിപാടികൾ

സാമൂഹ്യനീതി

- 3 വയസ്സുള്ള മുഴുവൻ കുട്ടികളേയും അങ്കണവാടികളിൽ എത്തിക്കുക
- എസ്.എൻ.പി യുടെയും പ്രീസ്കൂൾ വിദ്യാഭ്യാസത്തിൻറെയും ഗുണമേന്മ വർദ്ധിപ്പിക്കൽ
- മുഴുവൻ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം, കുടിവെള്ളം, ബാലസൗഹൃദ ടൊയിലറ്റ്, ചുറ്റുമതിൽ തുടങ്ങിയവ ലഭ്യമാക്കുക
- മോഡൽ അങ്കണവാടികളുടെ നിലവിലെ നിരക്ക് മെച്ചപ്പെടുത്തുക
- കുട്ടികളുടെ പോഷകനിലവാരം ഉയർത്തുക
- എ.എൻ.സി കമ്മിറ്റി, എ.ജി.ക്ലബ്, എ.ബി.ക്ലബ് തുടങ്ങിയവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
- ഗ്രീൻ ഇനിഷ്യേറ്റീവ്സ്.
- അംഗപരിമിതി കണ്ടെത്തുന്നതിന് കാലേക്കൂട്ടിയുള്ള പരിശോധനയും നടപടികളും.

- ജില്ലാതലത്തിൽ ഭിന്നശേഷി വികസന വിഭവ കേന്ദ്രം ആരംഭിക്കുക.
- അപായസാധ്യതയുള്ള കുട്ടികളുടെ മാപ്പിംഗ് നടത്തുക .

വിദ്യാഭ്യാസം

- പ്രാഥമിക വിദ്യാഭ്യാസം മുഴുവൻ കുട്ടികൾക്കും ഉറപ്പാക്കുക.
- സ്കൂൾ കൊഴിഞ്ഞ് പോക്ക്, നിരന്തരമായി മുടങ്ങലും തീർത്തും ഇല്ലാതാക്കുക.
- സ്കൂളിൽ ആവശ്യത്തിന് കെട്ടിടങ്ങൾ, കുടിവെള്ള ലഭ്യത, കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ടോയിലറ്റുകൾ എന്നിവ ഉറപ്പാക്കുക.
- എല്ലാ സ്കൂളുകളും ലഹരി വിമുക്തമാക്കുക, സീറോ സോൺ പരിപാടി കാര്യക്ഷമമാക്കുക.
- സ്കൂളുകൾ ഉള്ള സ്ഥലങ്ങളിൽ റോഡുകളിലെ സംരക്ഷണ ബോർഡുകൾ സ്കൂളുകളിലെ ജാഗ്രതാ സമിതികളുടെ പ്രവർത്തനം എന്നിവ ഉറപ്പാക്കുക. മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ കഴിയുന്നത്ര സാധാരണ സ്കൂളിൽ ചേർക്കുക.
- ബാക്കി കുട്ടികൾക്കായി സ്പെഷ്യൽ സ്കൂളുകൾ ആരംഭിക്കുക.
- പി.ടി.എ ശാക്തീകരണം.
- ഗ്രീൻ ഇനിഷിയേറ്റീവ്സ്.

പഞ്ചായത്ത്

- എല്ലാ ജനനവും രജിസ്റ്റർ ചെയ്യുക
- കുട്ടികളുടെ ഗ്രാമസഭ വർഷത്തിൽ 2 പ്രാവശ്യമെങ്കിലും നടത്തുക. നിർദ്ദേശങ്ങൾക്ക് മതിയായ പരിഗണന നൽകുക
- എല്ലാ വർക്കിംഗ് ഗ്രൂപ്പിലും കുട്ടികൾക്ക് പങ്കാളിത്തവും കുട്ടികൾക്ക് വേണ്ടി പ്രത്യേകം വർക്കിംഗ് ഗ്രൂപ്പും സംഘടിപ്പിക്കുകയും ചെയ്യുക
- ബാലപഞ്ചായത്ത് രൂപീകരിക്കുകയും കുട്ടികളുടെ ഭരണത്തിലുള്ള പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യുക
- മുഴുവൻ അംഗപരിമിത കുട്ടികൾക്കും സ്കോളർഷിപ്പ് കഴിയുന്നത്ര ഉപകരണങ്ങളും ലഭ്യമാക്കുക
- കുട്ടികൾക്കായുള്ള കളിസ്ഥലങ്ങൾ, വായനശാലകൾ, നീന്തൽ കുളങ്ങൾ എന്നിവയ്ക്ക് വാർഷിക പദ്ധതിയിൽ അർഹമായ പരിഗണന നൽകൽ
- കുട്ടികൾക്കെതിരെയുള്ള കേസ്സുകളിലും കുട്ടികൾ ഉൾപ്പെട്ട കേസുകളിലും ക്രൈം മാപ്പിംഗ് പോലുള്ള സാങ്കേതിക ഇടപെടലുകൾ നടത്തി നിരക്ക് കുറച്ച് കൊണ്ട് വരിക

കൃഷി

- കുട്ടികൾ കൃഷിയോടുള്ള ആഭിമുഖ്യം വളർത്തുന്നതിന് എല്ലാ സ്കൂളിലും കൃഷിക്ക് വേണ്ടിയുള്ള പ്രൊജക്ടുകൾ കൃഷി വകുപ്പ് ഏറ്റെടുക്കുക.

എസ്.സി./എസ്.ടി

- പഠന നിലവാരം ഉയർത്തൽ, സ്കൂൾ കൊഴിഞ്ഞ് പോക്ക് ഇല്ലാതാക്കൽ
- ബാല വിവാഹം തടയുന്നതിനുള്ള ശക്തമായ നടപടി.
- സ്കൂൾ കുട്ടികളുടെ യാത്രാ ക്ലേശം പരിഹരിക്കാനുള്ള നടപടി.
- ശ്രദ്ധയും പരിചരണവും ആവശ്യമുള്ള പെൺകുട്ടികൾക്കായി ഭവനങ്ങൾ.
- ബാലവേല തടയുന്നതിന് ശക്തമായ പരിശോധന.
- പോക്സോ കേസുകളിൽ സമയബന്ധിതമായി തീർപ്പ് കല്പിക്കുന്നതിനുള്ള നടപടി.

- അങ്കണവാടികളിൽ പഠനപ്രവർത്തനങ്ങൾക്ക് ഐ.ടി സാങ്കേതിക വിദ്യ ഉപയോഗിക്കുകയും പഠന കളി ഉപകരണങ്ങൾ ഡിജിറ്റലൈസ് ചെയ്യുകയും ചെയ്യുക.
- കൗമാരപ്രായക്കാർക്ക് ആൺപെൺ വ്യത്യാസമില്ലാതെ പോഷകാഹാരം അങ്കണവാടി വഴി വിതരണം ചെയ്യൽ.

ബോക്സ് 7.8

1. ബാല സൗഹൃദ മലപ്പുറം ജില്ല

പതിമൂന്നാം പദ്ധതിക്കാലത്ത് ജില്ല ബാല സൗഹൃദമാക്കണമെന്ന് ജില്ലാ ആസൂത്രണ സമിതി തീരുമാനമെടുത്തിട്ടുണ്ട്. ജില്ലയിലെ എല്ലാ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ബാല സൗഹൃദമാകുമ്പോഴാണ് ജില്ല ബാല സൗഹൃദമാകുന്നത്. പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ബാല സൗഹൃദമാകണമെങ്കിൽ അവരുടെ നിയന്ത്രണത്തിലുള്ള അങ്കണവാടികൾ, സ്കൂളുകൾ തുടങ്ങി കുട്ടികളുമായി ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളും ബാല സൗഹൃദമാകണം.

III. സംയോജന സാധ്യത നിർദ്ദേശങ്ങൾ/നവീന പദ്ധതികൾ

ജില്ലാ പദ്ധതിയിൽ നിന്ന് വിവിധ വിഷയ മേഖലകളിൽ നിന്നായി ഉരുതിരിഞ്ഞു വന്ന പ്രധാനപ്പെട്ട സംയോജിത പ്രൊജക്ടുകളുടെ/നവീന പദ്ധതികളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

1. പുഴകളെ വീണ്ടെടുക്കൽ പദ്ധതി

ഹരിതകേരളം പദ്ധതിയുടെ ഭാഗമായി പ്രധാന പുഴകളുടെ കൈവഴികളെ അതിന്റെ സ്വാഭാവിക അവസ്ഥയിലേക്ക് തിരിച്ചു കൊണ്ടുവരികയും അതിൽ നിന്നുള്ള വെള്ളം ഉപയോഗപ്പെടുത്തി മിനി ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ സ്ഥാപിക്കലും. അതിർത്തി നിർണ്ണയം, മാലിന്യമുക്തമാക്കൽ, തീരസംരക്ഷണം, വനവൽക്കരണം, ജലസേചന കനാലുകൾ നിർമ്മിക്കൽ, കാർഷിക ഉൽപാദനം. (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഫോറസ്റ്റ്, റവന്യൂ തൊഴിലുറപ്പ്, ഇറിഗേഷൻ, കൃഷി, സന്നദ്ധ സംഘടനകൾ എന്നീ വകുപ്പുകളുടെ സംയോജിത പ്രൊജക്ട്.)

2. ഉപേക്ഷിക്കപ്പെട്ട ക്വാറികളെ ജലസംഭരണികളാക്കി മാറ്റി കാർഷിക ജലസേചന പദ്ധതി നടപ്പാക്കൽ.

(ഗ്രാമപഞ്ചായത്ത്, എം.ജി.എൻ.ആർ.ഇ.ജി.എസ്, കൃഷി, മണ്ണ് സംരക്ഷണം എന്നീ വകുപ്പുകൾ യോജിച്ച്)

3. കടലുണ്ടിപ്പുഴയിലേക്ക് ചാലിയാറിൽ നിന്ന് വെള്ളമെത്തിക്കുന്ന പദ്ധതി.

വേനലിൽ കടലുണ്ടിപ്പുഴ വറ്റുമ്പോഴും ചാലിയാറിൽ കവണക്കല്ല് ഷട്ടർ അടച്ചു കഴിഞ്ഞാൽ വെള്ളം നിറഞ്ഞു നിൽക്കും. ഈ വെള്ളം പൂങ്കുടിത്തോട് വഴി വള്ളുവമ്പ്രത്തേക്ക് എത്തിക്കുകയും തുടർന്ന് വലിയതോട് വഴി കടലുണ്ടിപ്പുഴയിലേക്ക് എത്തിക്കുകയും ചെയ്യാം.

(ഗ്രാമപഞ്ചായത്തുകൾ, ജലസേചന വകുപ്പ്, എം.ജി.എൻ.ആർ.ഇ.ജി.എസ്)

4. കവണക്കല്ല് ടൂറിസം പദ്ധതി

കവണക്കല്ല് റെഗുലേറ്ററിനോട് ചേർന്ന് ഇറിഗേഷൻ വകുപ്പിന്റെ കൈവശമുള്ള ഒരേക്കറോളം ഭൂമിയിൽ മലമ്പുഴ മാതൃകയിൽ ടൂറിസം പദ്ധതി നടപ്പാക്കാവുന്നതാണ്. (ഗ്രാമപഞ്ചായത്ത്, ടൂറിസം വകുപ്പ്, ഇറിഗേഷൻ വകുപ്പ്)

5. കനോലി കനാൽ മാലിന്യമുക്തമാക്കൽ പദ്ധതി

കനോലി കനാലിലെ വെള്ളം മാലിന്യം നിറഞ്ഞതും ഉപ്പുരസമുള്ളതുമാണ്. പൂരപ്പുഴയോട് ചേർന്നുള്ള റെഗുലേറ്റർ നിർമ്മാണം പൂർത്തിയായാൽ ഉപ്പുവെള്ളം കയറുന്നത് തടയാവുന്നതാണ്. എന്നാൽ മാലിന്യ നിർമ്മാർജ്ജനത്തിന് കനാലിനോട് ചേർന്ന എല്ലാ പഞ്ചായത്തുകളും മുന്നോട്ടു വരേണ്ടതാണ്. ഗ്രാമപഞ്ചായത്തുകളും മേജർ ഇറിഗേഷൻ വകുപ്പും ഒത്തു ചേർന്ന് ശ്രമിച്ചാൽ കനോലി കനാലിനെ മാലിന്യമുക്തമാക്കാൻ സാധിക്കും.

6. ഒരു വാർഡിൽ ഒരു ജലസേചന കുളം പദ്ധതി

മറ്റു ജലസേചന സൗകര്യങ്ങളില്ലാത്ത ഒരു പ്രദേശത്ത് കാർഷിക ജലസേചനത്തിനായി കുളം നിർമ്മിക്കുന്ന പദ്ധതി, മോട്ടോർ, പമ്പ് ഹൗസ്, കണക്ഷൻ കനാലുകൾ (പഞ്ചായത്ത്, കൃഷി,

ജലസേചനം, കെ.എസ്.ഇ.ബി, എം.ജി.എൻ.ആർ.ഇ.ജി.എസ്)

7. സമഗ്ര നീർത്തട വികസന പദ്ധതി

ഈ പദ്ധതിയിൽ ലക്ഷ്യമിടുന്നത് വിവിധ ഡിപ്പാർട്ടുമെന്റുകളെ ഏകോപിപ്പിച്ചു കൊണ്ടുള്ള ഒരു പദ്ധതിയാണ്. കടലുണ്ടി പുഴയുടെ പ്രധാന കൈവഴിയായ ഒലിപ്പുഴ ഉത്ഭവിക്കുന്നത് മലപ്പുറം ജില്ലയിലെ കാളിക്കാവ് ബ്ലോക്കിനോട് ചേർന്ന് കിടക്കുന്ന സൈലന്റ് വാലി വനപ്രദേശത്ത് നിന്നുമാണ്. കരുവാരക്കുണ്ട്, എടപ്പറ്റ, തുവ്വൂർ,പാണ്ടിക്കാട്, കീഴാറ്റൂർ എന്നീ ഗ്രാമ പഞ്ചായത്തിന്റെ പ്രധാന ജലസ്രോതസ്സായ ഈ പുഴ ജനുവരി മാസത്തിൽ വറ്റുകയും മൺസൂൺ, കാലവർഷങ്ങളിൽ മാത്രം ജലസമൃദ്ധമായി കാണപ്പെടുകയും ചെയ്യുന്നു. ഈ പുഴയുടെ ശോഷണം ഇതിന്റെ ചുറ്റുപ്രദേശങ്ങളുടെ പഞ്ചായത്തുകളുടെ സാമൂഹിക സാമ്പത്തിക പിന്നോക്ക അവസ്ഥയ്ക്ക് കാരണമാകുന്നു. ആയതിനാൽ ഒലിപ്പുഴയുടെ ഉത്ഭവ സ്ഥാനങ്ങൾ മുതൽക്കുള്ള റീചാർജ്ജിംഗ്, വെള്ളം ഊറ്റികൂടിക്കുന്ന കാട്ടു തീ, അടക്കമുള്ള പ്രകൃതി വിപത്തുക്കളെ തടഞ്ഞ് പുഴയിലേക്കുള്ള നീരൊഴുക്ക് വർദ്ധിപ്പിച്ച് താഴ് പ്രദേശങ്ങളിൽ വെള്ളത്തിന്റെ ലഭ്യത കൂട്ടുവാനും, ജലസേചനത്തിനും, മനുഷ്യ ജീവിതത്തിനും ആവശ്യമായ ജല ലഭ്യത വർദ്ധിപ്പിച്ച് സാമൂഹിക ജീവിതം വർദ്ധിപ്പിക്കുവാനും കൃഷി അനുബന്ധ മേഖലകളെ കൂടെ ഇതുമായി ബന്ധിപ്പിച്ച് കർഷകരുടെ സമ്പത്ത് വ്യവസ്ഥ വർദ്ധിപ്പിക്കുവാനും ലക്ഷ്യമിടുന്നു.

8. ഫോഡർ ബാങ്ക്

സർക്കാർ പുറമ്പോക്ക് ഭൂമികൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ക്ഷീരസഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ റവന്യൂ, ഇലക്ട്രിസിറ്റി ബോർഡ്, എം.ജി.എൻ.ആർ.ഇ.ജി.എസ് ഒരു ബ്ലോക്കിൽ ചുരുങ്ങിയത് ഒരു ഫോഡർ ബാങ്ക് വീതം സ്ഥാപിക്കുക (ബ്ലോക്ക് പഞ്ചായത്ത്)

9. ഡയറി ഇൻസിറ്റിറ്റ്യൂട്ട്

ജില്ലയിലെ ക്ഷീര കർഷകർക്ക് പശുപരിപാലനം, ഡയറി ഉൽപ്പന്നങ്ങളുടെ നിർമ്മാണം തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിനുള്ള ക്ഷീര പരിശീലന കേന്ദ്രം ആരംഭിക്കുക.

10. കടലാക്രമണത്തിൽ നിന്നും സംരക്ഷണം നേടുന്നതിനായി കണ്ടൽ കാടുകൾ വെച്ച് പിടിപ്പിക്കൽ

സാധ്യമായ പ്രദേശങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം വനംവകുപ്പിന്റെ സഹായത്തോടെ കണ്ടൽകാടുകൾ വെച്ച്പിടിപ്പിക്കുന്നു. ഹാച്ചറികളിൽ ഉത്പാദിപ്പിച്ച പച്ചഞെണ്ട് കാരചെമ്മീൻ എന്നിവയുടെ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നു. (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വനംവകുപ്പ്, ഫിഷറീസ്)

11. തീരദേശ ശുചിത്വം

പ്ലാസ്റ്റിക്ക് ഖര ദ്രാവക മാലിന്യങ്ങളിൽ നിന്ന് തീരദേശം മുക്തമാകുന്നതിനുള്ള പദ്ധതി. ശുചിത്വ മിഷനുമായി സംയോജിച്ച് സമഗ്ര പദ്ധതി.

12. ജില്ലയിലെ ഹരിതാഭ വർദ്ധിപ്പിക്കൽ

മൈക്രോ ക്ലൈമറ്റ് ക്രമീകരിക്കാനും കാലാവസ്ഥാ മാറ്റത്തിന്റെ ആഘാതം കുറക്കുന്നതിനും ഈ പദ്ധതിയിലൂടെ വളരെ പ്രധാനപ്പെട്ട ഒരു തുടക്കം സ്വീകരിക്കേണ്ടതുണ്ട്. ജില്ലയുടെ ഹരിതാഭ വർദ്ധിപ്പിക്കുക വഴി ഓരോ അഗ്രോ-ഇക്കോളൊജിക്കൽ യൂണിറ്റുകളിലെയും ഊഷ്മാവ് ക്രമീകരിച്ച് നിലനിർത്താൻ സാധിക്കും. ചോല വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുക, നഗരവനവൽകരണം, പരമ്പരാഗത സ്പീഷീസുകളിൽ ഉൾപെട്ട മരങ്ങൾ ഉപയോഗിച്ചുള്ള അഗ്രോഫോറസ്ടി പദ്ധതികൾ, കാവുകൾ സംരക്ഷിക്കുക. തുടങ്ങിയ പദ്ധതികൾ ഓരോ അഗ്രോ-ഇക്കോളൊജിക്കൽ യൂണിറ്റുകളിലും പൊതുജന പങ്കാളിത്തത്തോടെ നടപ്പാക്കാം.

13. കാർബൺ മുക്ത നഗരം

നഗരപ്രാന്ത പ്രദേശങ്ങളിലെ ഒഴിഞ്ഞ് കിടക്കുന്ന മേഖലകളിലും മറ്റും ഫലവൃക്ഷങ്ങൾ വച്ച്പിടിപ്പിച്ച് കാർബൺ മുക്ത നഗരം എന്ന സങ്കൽപ്പത്തിന് ആവശ്യമായ പദ്ധതികൾ തയ്യാറാക്കുക.

14. തേൻ സംസ്കരണ പ്ലാന്റ്

ലോക വ്യാപകമായി തേനിന്റെ ആവശ്യകത പ്രധാനമായും കാട്ടുതേനിന്റെ ആവശ്യകത കൂടിവരികയാണ്. കാടുകളാൽ സമൃഷ്ടമായ ജില്ലയിൽ ഇതിന്റെ ഉത്പാദനത്തിനുള്ള സാധ്യതക്ക് ഒരു സംശവുമില്ല. നിലമ്പൂർ കാടുകളോട് ചേർന്ന് ഒരു തേൻ സംസ്കരണ പ്ലാൻറിനുള്ള സാധ്യത വളരെ കൂടുതലാണ്.

15. മൂല്യവർദ്ധിത കാർഷികോത്പന്നങ്ങൾ

കാർഷികോൽപന്നങ്ങളെ മൂല്യ വർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിന് നൂതന സാങ്കേതിക വിദ്യ ലഭ്യമാക്കുന്നതിനും, ആവശ്യമായ അടിസ്ഥാന വികസനമൊരുക്കുന്നതിനും കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടെയുള്ള പദ്ധതിയാണ് SAMPADA (Scheme for agro-marine processing and development of agro clusters). ഇതുമായി ബന്ധപ്പെടുത്തി മലപ്പുറം ജില്ലയിൽ പദ്ധതികൾ രൂപീകരിക്കാവുന്നതാണ്.

16. മെഗാഫുഡ് പാർക്ക്

കാർഷിക വിഭവങ്ങൾ ഏറ്റവുമധികം ലഭ്യമാക്കുന്ന താലൂക്കുകളാണ് ഏറനാട്, നിലമ്പൂർ, പെരിന്തൽമണ്ണ എന്നിവ. ഈ മൂന്നു താലൂക്കുകളെ കേന്ദ്രീകരിച്ചുകൊണ്ട് നിലമ്പൂരിൽ ലഭ്യമാക്കുന്ന 100 ഏക്കർ സ്ഥലത്ത് ഒരു മെഗാഫുഡ് പാർക്ക് ആരംഭിക്കാവുന്നതാണ്. ഈ ഭൂമിയിൽ കാർഷിക മൂല്യവർദ്ധിത ഉല്പന്നങ്ങളുടെയും ഡയറിയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെയും സംയുക്തപാർക്ക് സ്ഥാപിക്കുന്നതായിരിക്കും ഉചിതം. ഇതിനെ കൃഷി-വ്യവസായ-മൃഗസംരക്ഷണ വകുപ്പുകളുമായി സംയോജിപ്പിക്കാവുന്നതാണ്. ഇതിനാവശ്യമായ പ്രൊജക്ട് തുകയുടെ 50% കേന്ദ്ര ഗവൺമെൻറിൻറെയും 50% സംസ്ഥാന തദ്ദേശഭരണസ്ഥാപനങ്ങളും വഹിക്കാവുന്നതാണ്.

17. അഗ്രോ പ്രോസസിംഗ് ക്ലസ്റ്റർ

പെരിന്തൽമണ്ണ താലൂക്കിൽ മങ്കട ബ്ലോക്ക് പഞ്ചായത്തിലും, കുറുവ ഗ്രാമപഞ്ചായത്തിലും വ്യവസായ ആവശ്യത്തിനുവേണ്ടി മാറ്റിവച്ച ഭൂമി ലഭ്യമാണ്. ഇവിടെ കേന്ദ്ര-സംസ്ഥാന തദ്ദേശ ഭരണ സ്ഥാപന-സ്വകാര്യ പങ്കാളിത്തത്തോടെ അഗ്രോ പ്രൊസസ്സിംഗ് ക്ലസ്റ്റർ രൂപീകരിക്കാവുന്നതാണ്.

18. വ്യവസായ ക്ലസ്റ്റർ

ജില്ലയിൽ 70 കി.മി ദൂരം തീരപ്രദേശമാണ് ജില്ലയിലെ മത്സ്യബന്ധന പ്രധാനമുഖങ്ങളായ പൊന്നാനി, താനൂർ, പരപ്പനങ്ങാടി എന്നിവയെ കേന്ദ്രീകരിച്ചുകൊണ്ട് മത്സ്യസംസ്കരണ യൂണിറ്റുകൾക്ക് വലിയ സാധ്യതയാണ് ജില്ലക്കുള്ളത്. കൂടാതെ ഇൻലാന്റ് മത്സ്യോല്പാദനത്തിനും സാധ്യതയുള്ള പ്രദേശമാണിത്. പൊന്നാനി മുൻസിപ്പാലിറ്റിയിലോ, പൊന്നാനി, തിരൂർ ബ്ലോക്കുകളിലോ ലഭ്യമാക്കാവുന്ന വ്യവസായ ഭൂമിയും നിലവിലുണ്ട്. ഇതിനെ ഉപയോഗപ്പെടുത്തികൊണ്ട് മത്സ്യ സംസ്കരണ മേഖലയിൽ കേന്ദ്ര സംസ്ഥാന സഹകരണത്തോടെ വ്യവസായ ക്ലസ്റ്റർ രൂപീകരിക്കാവുന്നതാണ്.

19. കര കൗശല ക്രാഫ്റ്റ് വില്ലേജ്

പരമ്പരാഗത കരകൗശല ജോലി സാധ്യതകളെ ജില്ല ഇതുവരെ ഉപയോഗപ്പെടുത്തിയിട്ടില്ല. ഓർണമെന്റൽ പോട്ടറി, മുളകൊണ്ടുള്ള കരകൗശല ഉല്പന്നങ്ങൾ, മൺപാത്ര നിർമ്മാണം, തടികൊണ്ടുള്ള കരകൗശല ഉല്പന്നങ്ങൾ, ചിരട്ട, തുണി, കയർ, കക്കകൾ എന്നിവയുടെ

കരകൗശലവസ്തുക്കൾ തുടങ്ങിയവയുടെ വിപണന സാധ്യതകളെ ജില്ല പൂർണ്ണമായും ഉപയോഗപ്പെടുത്തിയിട്ടില്ല. അതിനാൽ ഇത്തരം ഉത്പന്നങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവന്ന് ക്രാഫ്റ്റ് വില്ലേജ് (കോഴിക്കോട് ഇരിങ്ങൽ മോഡൽ) നിലമ്പൂർ തേക്ക് മ്യൂസിയം പോലുള്ള ടൂറിസ്റ്റ് സെന്ററുകളുമായി സംയോജിപ്പിച്ചുകൊണ്ട് ത്രിതല പഞ്ചായത്ത്-സഹകരണ മേഖലയിൽ ആരംഭിക്കേണ്ടതാണ്.

20. തവിട് കളയാത്ത ബ്രാന്റഡ് അരി

പൊന്നാനി താലൂക്ക് കേന്ദ്രീകരിച്ചുകൊണ്ട് തവിടുകളയാത്ത ബ്രാൻഡഡ് അരി ഉത്പാദിപ്പിക്കുന്ന യൂണിറ്റ് പി.പി.പി മോഡലിൽ ആരംഭിക്കുക.

21. നാനോ യൂണിറ്റുകളുടെ കോമൺ ഫെസിലിറ്റി സെന്റർ

ജില്ലാവ്യവസായകേന്ദ്രം വഴിയും കുടുംബശ്രീ വഴിയും ധാരാളം കുടിൽ വ്യവസായ യൂണിറ്റുകൾ നിലവിലുണ്ട്. ഉദാ: അച്ചാർ ഉത്പാദന യൂണിറ്റ്, പപ്പട നിർമ്മാണ യൂണിറ്റ്, മെഴുകുതിരി നിർമ്മാണ യൂണിറ്റ്, എൽ.ഇ.ഡി ബൾബ് നിർമ്മാണ യൂണിറ്റ് എന്നിവ. ഇവ വിപണി മത്സരം നേരിടുന്നതിന് ത്രിതല പഞ്ചായത്ത് കേന്ദ്രീകരിച്ചുകൊണ്ട് നാനോ യൂണിറ്റുകളുടെ കോമൺ ഫെസിലിറ്റി സെൻറർ സ്ഥാപിക്കുകയും അവയുടെ മേൽനോട്ടം പഞ്ചായത്തുകളെ ഏൽപ്പിക്കുകയും ചെയ്യുക.

22. കേന്ദ്രീകൃത തുന്നൽ കളക്ടീവ് സെന്റർ

ഒരു ബ്ലോക്കിലെ കുടുംബശ്രീ തുന്നൽ യൂണിറ്റുകൾ കോർത്തിണക്കിക്കൊണ്ട് ആധുനിക സംവിധാനത്തിലും വിപണി സാധ്യത പഠനത്തിന്റെ അടിസ്ഥാനത്തിലും ഗുണഭോക്തൃ താത്പര്യവും പരിഗണിച്ചുകൊണ്ടുള്ള ഒരു ഏകീകൃത തുന്നൽ കേന്ദ്രം.

23. ഗോത്രദളം – സമഗ്ര ആദിവാസി സുരക്ഷിത മാതൃത്വം

ജില്ലയിലെ പതിനേഴായിരത്തിൽ പരം ആദിവാസികളിൽ ബഹു ഭൂരിഭാഗവും നിലമ്പൂർ ഉൾവനങ്ങളിലും ഊർങ്ങാട്ടിരി ചോക്കാട്, കാളികാവ്, കരുവാരക്കുണ്ട്, മങ്കട, താഴേക്കോട് എന്നീ പ്രദേശങ്ങളിലാണ് അധിവസിക്കുന്നത്. കേരളത്തിൽതന്നെയുള്ള കാട്ടുനായ്ക്ക, ചോലനായ്ക്കർ, മുതുവാൻമാർ തുടങ്ങിയ ഗോത്രവർഗ്ഗക്കാർ ഇപ്പോഴും ഉൾവനങ്ങളിലാണ് താമസം. യാതൊരു വിധ അടിസ്ഥാന സൗകര്യങ്ങളും പ്രസ്തുത കോളനികളിലില്ല. വാഹന ഗതാഗത സൗകര്യം പോലും മിക്ക കോളനികളിലും ഇല്ല എന്നുള്ളതാണ് വസ്തുത. പരമ്പരാഗതമായി അനുവദിച്ചു വരുന്ന പശ്ചാത്തലം വിട്ട് പുറത്തിറങ്ങാൻ വിമുഖരാണ് ഇക്കൂട്ടർ. ഇത് ഇവർക്കിടയിൽ വലിയ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കാറുണ്ട്. പ്രത്യേകിച്ചും ഗർഭിണികളായ യുവതികളായതിനാൽ തന്നെ പാർശ്വവൽക്കരിക്കപ്പെട്ട ആദിവാസി അമ്മമാരുടെ (ഗർഭിണികളുടേയും കുട്ടികളുടേയും) സർവ്വോൻമുഖരായ പുരോഗതി ലക്ഷ്യം വച്ചുകൊണ്ടാണ് ഗോത്രദളം എന്ന ഈ പദ്ധതിക്ക് രൂപം നൽകിയത്.

24. തുവൽസ്പർശം (സഞ്ചരിക്കുന്ന മോർബിഡിറ്റി മാനേജ്മെൻറ് ക്ലിനിക്ക് :

മലപ്പുറം ജില്ലയിലെ തീരദേശ മേഖലയിൽ മന്ത് രോഗം പിടിപെട്ട് നടക്കാൻ പോലും പറ്റാതെ വീടുകളിൽ ഒറ്റപ്പെട്ട് കഴിയുന്നവർക്ക് വീടുകളിൽ ചെന്ന് അവർക്കുണ്ടാകുന്ന ശാരീരിക പ്രയാസങ്ങൾക്ക് പരിഹാരം കാണുന്ന പദ്ധതിയാണിത്. ജില്ലയിൽ പൊന്നാനി മുനിസിപ്പാലിറ്റിയിൽ 51 വാർഡുകളിലായി 1233 പേരും ഇത്തരം ചികിത്സ ആവശ്യവുമായി വരുന്നവർ ഉണ്ട്. 263 പേർ താനൂർ, പരപ്പനങ്ങാടി തുടങ്ങിയ പ്രദേശങ്ങളിൽ വേറെയുമുണ്ട്. ഇതിനായി ആരോഗ്യപത്രി, ഫീൽഡ് ജീവനക്കാർക്ക് പുറമേ ആശമാർ, സന്നദ്ധ സേവാ പ്രവർത്തകർ, ആരോഗ്യസേന പ്രവർത്തകർ എന്നിവർക്ക് പരിശീലനം നൽകി മൊബൈൽ ടീം രൂപീകരിക്കുന്നു. സാന്ത്വന പരിചരണ മാതൃകയിൽ ആഴ്ചയിൽ ഒരു ദിവസം ഓരോ രോഗികളുടേയും പരിശീലനം ലഭിച്ച വളണ്ടിയർമാർ സേവനം നൽകുന്നു.

25.ആരോഗ്യ രംഗത്ത് വിവിധ വകുപ്പുകളെ സംയോജിപ്പിച്ച് കൊണ്ടുള്ള പദ്ധതികൾ

കുടിവെള്ളം

- വാട്ടർ അതോറിറ്റി :- നിലവിൽ വിതരണം ചെയ്യുന്ന കുടിവെള്ള പദ്ധതിയിൽ വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുക, കാലഹരണപ്പെട്ട ജലവിതരണ പൈപ്പുകൾ മാറ്റി സ്ഥാപിക്കുക. സമയബന്ധിതമായി പദ്ധതികളുടെ നവീകരണം നടത്തുക.
